തിരുവിതാംകൂറു നിയമനിർമ്മാണസഭ

രണ്ടാമത്തെ കൌൺസിൽ.

പ്രെസിഡെണ്ട്.

മി. മാറിസ് ഇ. വാട്സ്, ബി. എ. ബാരിസ്റ്റർ അട്‌ലാ തിരുവിതാംകോട്ടുദിവാൻ

മെംബർമാരുടെലിസ്റ്റ്.

൧. മി. ഐ. സി. ചാക്കോ (വ്യവസായഡൈറെക്ടർ)

൨. മി. ജെ. ബി. കുക്ക് (പ്ലാന്ററർമാർ)

൩. മ. രാ. രാ. ആർ. ധനുഷ്കോടിപ്പിള്ള അവർകൾ ബി. എ. ആക്ടിങ് (വനംകൺസർവേറ്റർ)

൪. മി. കെ. ജോർജ് ബി. എ (ഗവണ്മെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി)

൫. സാഹിബ്ബഹദൂർ പി. ഹബീബ് മഹമ്മദ് എം. എ. ബി., എൽ. (ഗവണ്മെണ്ട് നിയമിച്ച മെംബർ)

൬. മി. എ. ജെ. ജാൺ ബി. എ. ബി. എൽ. (വൈക്കം സാമാന്യഗ്രാമീണം)

൭. മി. കെ. ഐ. ജോസഫ് എം. എ. ബി. എൽ. (മീനച്ചലും ദേവികുളവും- സാമാന്യഗ്രാമീണം)

൮. മി. എൻ. വി. ജോസഫ് ബി. എ. ബി. എൽ. (പറവൂർ സാമാന്യഗ്രാമീണം)

൯. മി. എസ്. ജ്ഞാനജോഷ്വാ, ബി. എ. (ഗവണ്മെണ്ട് നിയമിച്ചമെംബർ)

൧൦. മ. രാ. രാ. സി. കേരളവർമ്മകോയിത്തമ്പുരാൻ അവർകൾ (ഇടവകയും രാജകീയഅടുത്തുൺകാരും)

൧൧. മ. രാ. രാ. സി. പി. കൊച്ചുകുഞ്ഞുപിള്ള അവർകൾ (കൊട്ടാരക്കരയും കുന്നത്തൂരും—സാമാന്യഗ്രാമീണം)

൧൨. മ. രാ. രാ. എ. കെ. പിള്ള അവർകൾ ബി. എ. (കരുനാഗപ്പള്ളി സാമാന്യഗ്രാമീണം)

൧൩. മ. രാ. രാ. എൻ. കുമാരൻ അവർകൾ ബി. എ. ബി. എൽ. (ഗവണ്മെണ്ട് നിയമിച്ച മെംബർ)

൧൪. മ. രാ. രാ. ടി. കുമാരപിള്ള അവർകൾ (കല്ക്കുളവും വിളവങ്കോടും_സാമാന്യഗ്രാമീണം)

൧൫. ഡാക്ടർ. എൻ. കുഞ്ഞൻപിള്ള എം. എ. ബി. എസ്. സി. പി. എച്ച്. ഡി. (കൃഷിയും മത്സ്യവ്യവസായവും ഡൈറെക്ടർ)

൧൬. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും-സാമാന്യഗ്രാമീണം)

൧൭. എക്സ്. ജി. ലോപെസ (ഗവണ്മെൻറുനിയമിച്ചമെംബർ)

൧൮. മ. രാ. രാ. കെ. മാധവൻപിള്ള അവർകൾ എൽ. എം. എസ്. (തിരുവനന്തപുരവും നെടുമങ്ങാട്ടും-സാമാന്യഗ്രാമീണം)

൧൯. മി. കെ. സി. മാമ്മൻമാപ്പിള ബി. എ (കച്ചവടവും വ്യവസായവും—വടക്ക)

൨൦. മി. ടി. ജെ. മാത്യു ബി. എ. ബി. എൽ. (ചങ്ങനാശേരിയും പീരുമേടും-സാമാന്യഗ്രാമീണം)

൨൧. മ. രാ. രാ. കല്ലൂർ നാരായണപിള്ള അവർകൾ (പത്തനംതിട്ട-സാമാന്യഗ്രാമീണം)

൨൨. മ. രാ. രാ. ജി. നാരായണപിള്ള അവർകൾ ബി. എ. ബി. എൽ. (തിരുവല്ലാ, സാമാന്യഗ്രാമീണം.

൨൩. മ. രാ. രാ. പി. കെ. നാരായണപിള്ള അവർകൾ ബി. എ. ബി. എൽ (അമ്പലപ്പുഴ, സാമാന്യഗ്രാമീണം)

൨൪. മ. രാ. രാ. കെ. നാരായണൻ പണ്ടാല അവർകൾ ബി. എ. ബി. എൽ (ആക്ടിംഗ ഗവണ്മെണ്ട് ചീഫ്സെക്രട്ടറി)

൨൫. മ. രാ. രാ. കെ. വി. നടേശയ്യർ അവർകൾ ബി. എ. ബി. ഇ. (ചീഫ് എൻജിനീയർ)

൨൬. മ. രാ. രാ. കെ. പി. നീലകണ്ഠപിള്ള അവർകൾ ബി. എ. ബി. എൽ. (ചിറയിൻകീഴ-സാമാന്യഗ്രാമീണം)

൨൭. മ. രാ. രാ. എൻ. നീലകണ്ഠപിള്ള അവർകൾ ബി. എ. ബി. എൽ. (വിദേശകാര്യമേഖിയിൽ ഇരിക്കുന്നഗവണ്മെൻറുസെക്രട്ടറി-തൽക്കാലത്തേക്ക)

൨൮. മ. രാ. രാ. എം. എൻ. പിള്ള അവർകൾ എൽ. എം. എസ്. (ഹോമിയോ) (തിരുവനന്തപുരം നഗരം)

൨൯. മ. രാ. രാ. ആർ. പത്മനാഭൻ അവർകൾ (ഗവണ്മെൻറുനിയമിച്ചമെംബർ)

൩൦. മ. രാ. രാ. ജി. പരമേശ്വരൻപിള്ള അവർകൾ ബി. എ. ബി. എൽ. (നെയ്യാററിൻകര-സാമാന്യഗ്രാമീണം)

T P L
STOCK VERIFIED
1995

൧൧. മ. രാ. രാ. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള അവർകൾ ബി. എ. ബി. എൽ. (കൊല്ലം സാമാന്യഗ്രാമീണം)

൧൨. മ. രാ. രാ. കയ്യാലം പരമേശ്വരൻപിള്ള അവർകൾ ബി. എ. ബി. എൽ (ആക്റ്റിങ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ)

൧൩. മ. രാ. രാ. എസ്. പിറവിപ്പെരുമാൾപിള്ള അവർകൾ (കച്ചവടവും വ്യവസായവും—തെക്ക)

൧൪. മി. ഡബ്ല്യു. എച്ച്. പിററ (പൊലീസ്കമ്മീഷണർ)

൧൫. മിസസ്. എം. പുന്നൻലൂക്കോസ് ബി. എ. എം. ബി. ബി. എസ് (ലണ്ടൻ) എൽ. എം. (ററോട്ടൻഡാ) (ദർബാർഫിസിഷ്യന്റെ ജോലികൾ നോക്കുന്ന സർജൻ)

൧൬. മ. രാ. രാ. ജി. രാമൻമേനോൻ അവർകൾ എം. എ. ബി. എൽ (മാവേലിക്കരയും കാർത്തികപ്പള്ളിയും—സാമാന്യഗ്രാമീണം)

൧൭. മ. രാ. രാ. ടി. പി. രാമസുബ്ബയ്യർ അവർകൾ ബി. എ. (ഗവൺമെണ്ട് സെക്രട്ടറി നിയമസഭാസെക്രട്ടറി)

൧൮. മ. രാ. രാ. റാവുബഹദൂർ കെ. വി. രംഗസ്വാമിയയ്യങ്കാർ അവർകൾ എം. എ. (തിരുവനന്തപുരത്തെ രാജകീയ ആർട്ട്സ് കാളേജിൽ പ്രിൻസിപ്പാൾ)

൧൯. മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റെവന്യൂവും ഇൻകംടാക്സ്കമ്മീഷണർ)

൨൦. മ. രാ. രാ. കെ. ശിവരാമപ്പണിക്കർ അവർകൾ ബി. എ. എൽ. ടി. (ചേർത്തല സാമാന്യഗ്രാമീണം)

൨൧. മ. രാ. രാ. എം. ശിവതാണുപിള്ള അവർകൾ (തോവാളസാമാന്യഗ്രാമീണം)

൨൨. മി. ജെ. സ്റ്റീഫൻസൺ ബി. എസ്. സി. എ. ആർ. സി. എസ്. സി (വിദ്യാഭ്യാസഡയറക്ടർ)

൨൩. മ. രാ. രാ. വി. സുബ്ബയ്യർ അവർകൾ ബി. എ. ബി. എൽ (ഗവൺമെണ്ട് നിയമിച്ച മെംബർ ഡെപ്യൂട്ടിപ്രസിഡണ്ട്)

൨൪. മ. രാ. രാ. എസ്. സുബ്രഹ്മണ്യക്കരയാളർ അവർകൾ ബി. എ. (പത്തനാപുരവും ചെങ്കോട്ടയും—സാമാന്യഗ്രാമീണം)

൨൫. മ. രാ. രാ. എം. സുബ്രഹ്മണ്യപിള്ള അവർകൾ (അഗസ്തീശ്വരം സാമാന്യഗ്രാമീണം)

൨൬. മി. സി. പി. തരകൻ (കുന്നത്തുനാട്, സാമാന്യഗ്രാമീണം)

൨൭. മി. സി. പി. തോമസ്. ബി. എ. എൽ. ടി. (ഗവൺമെണ്ട് നിയമിച്ച മെംബർ)

൨൮. മി. കെ. കെ. തോമസ് ബി. എ. ബി. എൽ (കോട്ടയം, സാമാന്യഗ്രാമീണം)

൨൯. മ. രാ. രാ. സി. എൻ. ഇട്ടുപ്പൻനമ്പൂരി അവർകൾ (ജന്മി)

൩൦. മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ)

വിശേഷാൽ മെംബർമാർ.

൧. മ. രാ. രാ. എൻ. വേലുപ്പിള്ള അവർകൾ (നാഞ്ചിനാട്ടു വെള്ളാളബില്ലുവകക്കു)

൨. മ. രാ. രാ. എസ്. സുബ്രഹ്മണ്യപിള്ള അവർകൾ നാഞ്ചിനാട്ടുവെള്ളാളബില്ലുവകക്കു

തിരുവിതാംകോട്ടു നിയമനിർമ്മാണസഭ.

രണ്ടാമത്തെ കൌൺസിൽ.

ഒന്നാമത്തെ സെഷൻ—൧൧൦൧.

൧൯൨൫ നവംബർ ൨ —
൧൧൦൧ തുലാം ൧൭ -ാം തിങ്കളാഴ്ച.

(അഫിഷ്യൽ റിപ്പോർട്ട്.)

സഭ പതിനൊന്നര മണിക്കു തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ കൂടി. പ്രസിഡെണ്ട് എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ., ബാർ-അട്-ലാ ആദ്ധ്യക്ഷംവഹിച്ചു.

പുതിയ മെംബർമാർ.

താഴെ പേരെഴുതിയിരിക്കുന്ന മെംബർമാർ സത്യംചെയ്തു:—

൧. മ. രാ. രാ. ജി. നാരായണപിള്ള അവർകൾ ബി. എ., ബി. എൽ. (തിരുവല്ലാ)
൨. „ എം. വേലുപ്പിള്ള അവർകൾ ബി. എ. (വിശേഷാൽ മെമ്പർ)
൩. „ എസ്. സുബ്രഹ്മണ്യപിള്ള അവർകൾ (വിശേഷാൽ മെംബർ)

ചോദ്യങ്ങളും മറുപടിയും.

[സ്റ്റാൻഡിങ് ആർഡർ—൧൨-ാംനമ്പർ ആർഡർ അനുസരിച്ചു പ്രസിഡെണ്ട് നൽകിയ ആജ്ഞ:

(൧) സഭായോഗത്തിൽ ചോദിക്കുന്ന ചോദ്യങ്ങളുടെയും പറയുന്ന മറുപടികളുടെയും അച്ചടിച്ച പ്രതികൾ പ്രസിഡെണ്ട് ആസനസ്ഥനായിരിക്കുന്നതിനു കാൽമണിക്കൂറിനു മുമ്പായി സഭയിൽവച്ചു മെംബർമാർക്കു കൊടുക്കേണ്ടതാകുന്നു.

(൨) ചോദ്യങ്ങൾ ചോദിക്കയും മറുപടി പറയുകയും ചെയ്യുന്നതു താഴെ വിവരിക്കുന്ന പ്രകാരം വേണ്ടതാകുന്നു.

സെക്രട്ടറി ഓരോ പ്രശ്നകർത്താവിന്റെയും പേരു് അതിൽ എഴുതിയിരിക്കുന്ന മുറയ്ക്കു വിളിക്കുകയും ചോദ്യത്തിന്റെ ക്രമനമ്പർ പറയുകയും ചെയ്യണം. മെമ്പർ ഉപപ്രശ്നങ്ങൾ ചോദിക്കുവാൻ താല്പര്യപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹം സ്വസ്ഥാനത്തു എഴുന്നേല്ക്കുന്നതിനായി വേണ്ട സാവകാശം ലഭിക്കുന്നതിനു മതിയായ സമയം നൽകണം. ഉപപ്രശ്നങ്ങൾ അവയ്ക്കു ആസ്പദമായ പ്രധാന ചോദ്യങ്ങൾ കഴിഞ്ഞാൽ ഉടൻ ചോദിക്കേണ്ടതാകുന്നു.]

ഈ രാജ്യംവക മുതലിൽ ചില ഇനങ്ങളുടെ വിലക്കുറവു.

൧. മിസ്റ്റർ ജി. രാമൻമേനവൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും):

(എ) കോതയാറു കൃഷിസേചനപ്പണിക്കും കൊല്ലം മുതൽ തിരുവനന്തപുരം വരെയുള്ള റെയിൽവേയ്ക്കും ഉള്ള മൂലധനച്ചെലവിനെയാണ് ൧൦൯൯-ാമാണ്ടത്തേക്കുള്ള അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ ൮-ാം പുറത്തു, ഈ സംസ്ഥാനംവക മുതലുകളുടെ കൂട്ടത്തിൽ കാണിച്ചിരിക്കുന്നതു എന്നുള്ള വസ്തുതയെ ഗണിച്ചു്, ഇപ്പോഴോ ൧൦൯൯-ാമാണ്ടു അവസാനത്തിലോ ആ ഇനങ്ങളുടെ വാസ്തവവില ഉദ്ദേശമായി എന്തായിരിക്കും എന്നു ഗവൺമെണ്ട് പറയുമോ?

(ബി) മേലാൽ നിയതകാലന്തോറും ആ ഇനങ്ങളുടെ വാസ്തവവിലയെ ഉദ്ദേശമായി പരിശോധിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും ഗവൺമെണ്ട് ഏർപ്പാടുചെയ്യുമോ?

മി. കെ. ജോർജ് (ഗവൺമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): (എ)-യും (ബി)-യും ഒരു റെയിൽവേയുടെയോ ജലസേചനപദ്ധതിയുടെയോ കാലന്തോറും വില നിർണ്ണയിക്കൽ എന്നാൽ എന്തു എന്നു വ്യക്തമാകുന്നില്ല. ഒരു റെയിൽവേയുടെയോ ജലസേചനപദ്ധതിയുടെയോ ഘടകാംശങ്ങൾക്കു ആധുനികവില നിശ്ചയിക്കുന്നതു അശക്യം അത്രേ; മൂലധനമായ വിലയായി വാസ്തവത്തിൽ ചിലവായ മൊത്തം തുകയെ അംഗീകരിക്കതന്നെ വേണം. കോതയാർപ്രൊജക്റ്റിനും കൊല്ലം മുതൽ തിരുവനന്തപുരംവരെ തീവണ്ടിപ്പാതയ്ക്കും ഉള്ള ചെലവിനെ ആയവ്യയക്കണക്കിൽ മുതൽ ആയി കാണിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ പണികൾ അതാതു ആണ്ടിലെ വരവിൽനിന്നും മൂലധനത്തിൽനിന്നും ആയി രാജ്യംവക മുതൽകൊണ്ടു നടത്തിക്കപ്പെട്ട പണികൾ ആകുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ മുതലുകൾ വില കുറയാവുന്ന നിലയിൽ ഉള്ളവ അല്ലയോ?

മി. കെ. ജോർജ് (ഗവൺമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): അതേ.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): അപ്രകാരം ഉള്ള മുതലുകൾക്കെല്ലാം കാലന്തോറും വില നിർണ്ണയിക്കുക പതിവില്ലയോ?

മി. കെ. ജോർജ് (ഗവൺമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ഏതാദൃശമുതലുകളുടെ കാര്യത്തിൽ കാലന്തോറും വില നിശ്ചയിക്കുക പതിവില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): വ്യാപാരസംഘങ്ങൾ അങ്ങനെ ചെയ്യുന്ന പതിവില്ലയോ?

മി. കെ. ജോർജ് (ഗവൺമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ഉണ്ട്.

സർക്കാർ ഡിബഞ്ചർ കടത്തിന്റെ തുക.

൨. മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സംസ്ഥാനത്തിലെ ഡിബഞ്ചർ കടത്തിന്റെ തുക ൧൯൬൦-ാമാണ്ടത്തെ ഭരണറിപ്പോർട്ടിൽ ൨-ാംപേജിൽ ൧൧,൩൭,൭൯൦ രൂപയെന്നു കാണിച്ചിരിക്കെ ൧൯൬൦-ലെ അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ ൪-ാം പുറത്തിൽ ൧൪,൭൪,൮൭൬ രൂപയെന്നു കാണിച്ചിരിക്കുന്നതിനുള്ള കാരണം എന്തെന്നു ഗവണ്മെന്റ് സദയം വിവരിച്ചു പറയുമോ?

മി. കെ. ജാജ് (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): "കടങ്ങൾ" എന്ന മേജർ ഇനത്തിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

(൧)	കൃഷിവായ്പകൾ	കടം	൩,൧൨,൩൧൯ രൂപ.
(൨)	പലവക വായ്പകളും അഡ്വാൻസുകളും	,,	൨൩,൭൬൬ ,,
(൩)	വ്യവസായവായ്പകൾ	,,	൧,൦൦൦ ,,
		ആകെത്തുക	൩,൩൭,൦൮൫ രൂപ.
(൪)	സ്റ്റേറ്റ് ഡിബഞ്ചർ കടം		൧൪,൭൪,൮൭൬ രൂപ.

മേൽപറഞ്ഞവയിൽ ൧, ൨, ൩, ഈ ഇനങ്ങൾ പിരിഞ്ഞുകിട്ടേണ്ടതായ ധനവും ൪-ാംഇനം വീട്ടിതീർക്കേണ്ടതായ കടവും ആകുന്നു. ൧൯൬൦-ാമാണ്ടത്തെ അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ ഈ മേജർ ഇനത്തിൻപടി പിരിഞ്ഞുകിട്ടേണ്ട തുകയേയും വീട്ടിതീർക്കേണ്ട തുകയേയും വേറെവേറെയായി കാണിച്ചിരിക്കുന്നു; എന്നാൽ ഭരണറിപ്പോർട്ടിൽ ആകട്ടെ, അവസാനഫലത്തെമാത്രം അതായതു പിരിയേണ്ടതായ ഇനം കഴിച്ചു വീട്ടിതീർക്കേണ്ട തുകയെമാത്രം "വീട്ടിതീർക്കേണ്ടവ" എന്ന ഇനത്തിൽ കാണിച്ചിരിക്കുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): "മേല്പറഞ്ഞവയിൽ ൧, ൨, ൩ ഈ ഇനങ്ങൾ പിരിഞ്ഞുകിട്ടേണ്ടതായ ധനവും ൪-ാംഇനം വീട്ടിതീർക്കേണ്ടതായ കടവും ആകുന്നു. ൧൯൬൦-ാമാണ്ടത്തെ അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ ഈ മേജർ ഇനത്തിൻപടി പിരിഞ്ഞുകിട്ടേണ്ട തുകയേയും വീട്ടിതീർക്കേണ്ട തുകയേയും വേറെവേറെയായി കാണിച്ചിരിക്കുന്നു. എന്നാൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ആകട്ടെ അവസാനഫലത്തെമാത്രം, അതായതു പിരിയേണ്ടതായ ധനം കഴിച്ചു വീട്ടിതീർക്കേണ്ട തുകയെമാത്രം "വീട്ടിതീർക്കേണ്ടവ" എന്ന ഇനത്തിൻകീഴിൽ കാണിച്ചിരിക്കുന്നു" എന്നാണല്ലോ മറുപടി പറഞ്ഞിരിക്കുന്നതു്. പതിനാലു ലക്ഷത്തി ചില്വാനം രൂപയിൽനിന്നും മൂന്നു ലക്ഷത്തി ഏഴായിരത്തി ചില്വാനം രൂപയെന്ന തുകയെ കുറച്ചിരിക്കുന്നു എന്നാണൊ ഇതിന്റെ അർത്ഥം?

മി. കെ. ജാജ് (ഗവർണ്മെണ്ട് ഫിനാൻഷ്യൽസിക്രട്ടറി): അതെ.

ആഫീസുകളിലെ കണക്കുകൾ പരിശോധിക്കൽ.

൩. മി. ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആരാലും കണ്ടുപിടിക്കപ്പെടാതെ കൊല്ലത്തെഖജനാവിൽ വളരെക്കാലമായി അപഹരണം നടത്തുന്നതിനു മിസ്റ്റർ ശങ്കരനാരായണയ്യരെ ശക്തനാക്കിയിരുന്നതായ രീതിയെഗണിച്ചു അക്കൗണ്ടാഫീസിലെ ആഡിറ്റ് പരിശോധനാകാലത്തിൽ സംബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ഒടുവിൽകിട്ടിയ തവണക്കണക്കുകളുടെ ശരിപകർപ്പിനോടുകൂടി ഖജനാക്കളിലേയും മറ്റു സ്ഥാപനങ്ങളിലേയും കണക്കുകളെ ഒത്തുനോക്കി പരിശോധിക്കുന്നതിനും അതെ ഉദ്യോഗസ്ഥനിൽനിന്നോ അന്യമൊ വേറെ ഉദ്യോഗസ്ഥനിൽനിന്നോ, ആ സ്ഥാപനത്തെ സംബന്ധിച്ചുള്ള മറ്റു കണക്കുകൾ അക്കൗണ്ടാഫീസിൽ കിട്ടുന്ന തവണക്കണക്കുകളുടെ കൂടെ ഒത്തുനോക്കി പരിശോധിക്കുന്നതിനും ഗവർണ്മെണ്ട് സദയം ഏർപ്പാടുചെയ്യുമോ?

മി. കെ. ജാജ്, (ഗവർണ്മെണ്ട് ഫിനാൻഷ്യൽസിക്രട്ടറി): അക്കൗണ്ടാഫീസിലെ ഔട്ട് സൈഡ് ആഡിറ്റ് ഡിപാർട്ടുമെണ്ടുകാർ യാതൊരു ഖജനാവിലേയും കണക്കുകൾ പരിശോധിക്കുന്നില്ല. ഖജനാപരിശോധിക്കുന്നതിന്റെ പ്രധാനോദ്ദേശ്യം ഏർപ്പെടുത്തീട്ടുള്ള ചട്ടങ്ങൾക്കനുസരണമായി ഖജനാവിൽ ജോലി നടത്തുന്നുണ്ടോ എന്നു തിട്ടപ്പെടുത്തുന്നതിനായി ഖജനാക്കളുടെ ഉത്തരവാദികളായ റെവന്യൂഅധികാരസ്ഥന്മാരെ സഹായിക്കുന്നതിനു മാത്രമാകുന്നു. പരിശോധന ഉദ്യോഗസ്ഥൻ ഖജനാക്കളിൽ തുടർന്നുവരുന്ന നടപടികൾ ആഡിറ്റിനുള്ള നടപടിവ്യവസ്ഥകൾക്കു യോജിച്ചിരിക്കുന്നുവോ എന്നും കണക്കുകൾ ശരിയായി വയ്ക്കുന്നുണ്ടോ എന്നും നോക്കണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഭരണത്തിലും പരിശോധനത്തിലും നിയന്ത്രണാധികാരികൾക്കുള്ള ഉത്തരവാദിത്വത്തിൽനിന്നും അവരെ വിമുക്തരാക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല, ഇതു അക്കൗണ്ട് കോഡിൽ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു (അക്കൗണ്ടുകോഡു ൨-ാംഭാഗം ൩൮൭-ാം സെക്ഷനുള്ള ൨-ാംനമ്പർ കുറിപ്പുനോക്കുക) എന്നിരുന്നാലും പരിശോധനത്തിനപുറമെ ഒന്നു രണ്ടുമാസങ്ങൾക്കുള്ള പിരിവിനെ സംബന്ധിച്ചിടത്തോളം പരീക്ഷണമായി ആഡിറ്റും നടത്തപ്പെട്ടുവരുന്നു. ഈ കാര്യത്തിലേക്കായി ഖജനാവിൽനിന്നു അക്കൗണ്ടാഫീസിലേക്കു അയച്ചിട്ടുള്ള തവണക്കണക്കുകളിൽ സംബന്ധപ്പെട്ട കണക്കുകൾകൂടി കൊണ്ടുപോകുന്നതിനു പരിശോധനഉദ്യോഗസ്ഥന്മാരെ ആജ്ഞാപിച്ചിട്ടുണ്ടു.

ഖജനാവുകളിലും ഡിപ്പാർട്ട്മെണ്ട് ഉദ്യോഗസ്ഥന്മാരിൽനിന്നു അക്കൗണ്ടാഫീസിൽ കിട്ടുന്ന തവണക്കണക്കുകൾ ഉടനുടൻ പരിശോധിക്കപ്പെടുകയും കാണുന്ന ആക്ഷേപങ്ങളെ സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ഉടനടൻ എഴുതിഅയക്കയും ചെയ്യുന്നുണ്ടു.

അക്കൗണ്ടാഫീസിനെ സെൻട്രൽ അക്കൗണ്ടും ആഡിററും ആഫീസായി മാററുക.

൪. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഇപ്പോൾ അക്കൗണ്ടാഫീസിൽ ഏതെങ്കിലും പണം നേരിട്ടുവാങ്ങുകയോ ചെലവുചെയ്കയോ ചെയ്യുന്നുണ്ടോ എന്ന ഗവർണ്മെണ്ട് സദയം പറയുമോ?

(ബി) അക്കൗണ്ടാഫീസിനെ രാജ്യത്തിന്റെ ആവശ്യങ്ങൾക്കായി ഒരു സെൻട്രൽ അക്കൗണ്ടും ആഡിററും ആഫീസാക്കി മാററുകയും സെൻട്രൽ അക്കൗണ്ടും ആഡിററും ആഫീസിലെ ശമ്പളങ്ങൾ മുതലായവ ഒഴിച്ചു ഗവർണ്മെണ്ട് പണം വാങ്ങുകയും കൊടുക്കയും ചെയ്യുന്നതു സെൻട്രൽ അക്കൗണ്ടും ആഡിററും ആ

ഫീസിന്റെ ആഡിററിൻ അധീനപ്പെട്ട ഖജനാക്കളോ മററുസ്ഥാപനങ്ങളോ മുഖേന നടത്തുകയുംചെയ്യേണ്ടതാണെന്ന ഗവർമ്മെണ്ട് സദയം പ്രസ്താപിക്കുമോ?

മി. കെ. ജാജ് (ഗവർമ്മെണ്ട് ഫിനാൻഷ്യൽസെക്രട്ടറി): (എ) ആഡിററാഫീസിൽ യാതൊരുപണവും നേരിട്ട വാങ്ങിക്കാറില്ല എന്നാൽ തലസ്ഥാനത്തുള്ള എല്ലാസർവീസ് ചിലവുകളുടേയും കാര്യത്തിൽ അക്കൌണ്ടാഫീസിൽ പ്രീആഡിററു നടത്തിപ്പണം കൊടുത്തുവരുന്നു.

(ബി) ക്രമക്കേടായും തെററായും പണം കൊടുക്കാതെ തടുക്കുന്നതിൽ ആഡിട്കഴിഞ്ഞു പണംകൊടുക്കുന്ന ഇപ്പഴത്തെരീതി ഫലവത്തായിരിക്കുന്നു. പണം കൊടുത്തതിൽ പിന്നീട്ട ആഡിട് നടത്തുന്നതായാൽ പണം കൊടുത്തുതീർന്നതിൽപിന്നീട്ട മാത്രമേ ആക്ഷേപം കണ്ടുപിടിക്കാൻ സാധിക്കയുള്ളു. അതുകൊണ്ടു ഈ രീതി അധികം നല്ലതുമാകുന്നു. ഇപ്രകാരത്തെ രീതി ബ്രിട്ടീഷിൻഡ്യയിൽ നടപ്പിൽ ഇരിക്കുന്നു. ഇതിനെ വിമർശിച്ചു ആലോചിച്ചതിൽ പിന്നീടാണ് ഇവിടെ നടപ്പാക്കീട്ടുള്ളതു. നിർദ്ദേശിക്കപ്പെട്ട നവീനരീതിയെ സ്വീകരിക്കുവാൻ തൽക്കാലസ്ഥിതിക്ക ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നില്ല.

പാണ്ഡ്യൻതോടിന്റെ ഗതിയെ മാററിവെട്ടുന്നതിനു അനുവദിച്ചിരിക്കുന്ന ബഡ്ജെട്തുക

൮. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കര താലൂക്ക തൃക്കുന്നപ്പുഴ പകുതിയിൽ പാണ്ഡ്യൻ തോടിന്റെ ഗതിയെ മാററിവെട്ടുന്നതിലേക്ക ൧൧൦൧-ാമാണ്ടത്തെ പബ്ലിക്കവൊർക്സ് ഡിപാർട്ടുമെണ്ടിലേക്കുള്ള ബഡ്ജററ് എസ്റ്റിമേട്ടിൽ (പുതിയപണിഇനം ൨൧൭-ാം നമ്പർ) നീക്കിവച്ചിട്ടുള്ള ൧൫൦൦ രൂപ എന്ന തുക ആ പണിയിൽ അഞ്ചിൽ ഒരു അംശംപോലും ചെയ്തുതീർക്കുന്നതിനു മതിയായിരിക്കുന്നില്ല എന്ന ഗവർമ്മെണ്ടിനു അറിയാമോ?

(ബി) കരിങ്ങാലിച്ചാൽ പുഞ്ചയിൽ ൨൦,൦൦൦ പറയോളം പുഞ്ചനിലത്തിലെ കൃഷിക്ക വെള്ളപ്പൊക്കത്തിൽനിന്നു ദോഷം വരാതെ തടുക്കാം എന്നും ൨൦൦൦ ത്തിൽ പരം പറ നിലങ്ങളെ ഗവർമ്മെണ്ടിൽനിന്നു ലേലത്തിൽ വിൽക്കാൻ സാധിക്കയും അവയെ പുതുതായി പുഞ്ചനിലങ്ങളായി കൃഷിചെയ്യാൻ സാധിക്കയും ചെയ്യും എന്നും ഉള്ളവസ്തുതയെ ഗണിച്ചു സപ്ലിമെണ്ടറി ഗ്രാണ്ടു അനുവദിച്ചോ മററു വിധത്തിലോ കഴിയുന്നവേഗത്തിൽ ഈ കാര്യത്തിലേക്ക വേണ്ട മുഴുവൻതുകയും ഗവർമ്മെണ്ട് സദയം അനുവദിക്കുമോ?

(സി) ജനങ്ങളുടെ സഹകരണത്തോടുകൂടി ആസ്ഥലത്തുള്ള മാന്യരായ വല്ല ജനങ്ങൾ മുഖേന ഈ തോടു കുഴിപ്പിക്കുന്നതായാൽ പണി അധികം ചെലവുകൂടാതെയും വേഗത്തിലും നടത്തിക്കാം എന്നുള്ളതുകൊണ്ടു ഈ പണിയെ എഞ്ചിനീയർ ഡിപാർട്ടുമെണ്ടിന്റെ ഉപദേശത്തോടുകൂടിയും ഉപരിശോധനത്തിലും ഗവർമ്മെണ്ടു ചിലവിന്മേൽ ഗവർമ്മെണ്ടു ഈ പണി ഇവ്വിധം നടത്തിക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ടുസെക്രട്ടറി): (എ) അറിയാം—പണിതുടങ്ങിക്കാൻ ആയി തന്നെയാണ് ചിലവിനു പണം അനുവദിച്ചിട്ടുള്ളതു.

(ബി) സപ്ലിമെണ്ടറിഗ്രാണ്ടു അനുവദിക്കേണ്ടസംഗതി ആവശ്യമെന്നുകണ്ടാൽ ആലോചിക്കുന്നതാണ്.

(സി) ഇതുആലോചിക്കാം.

പെരിയാർ തടാകത്തിന്റെ പരിസരപ്രദേശങ്ങളിൽ നിലംപതിച്ചുകൊടുക്കൽ.

൯. മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പെരിയാർ തടാകത്തിന്റെ പരിസര പ്രാന്തങ്ങളിൽ വസ്തുക്കൾ പതിച്ചു കൊടുക്കുന്നതിനെ തടുക്കുന്നതു സംബന്ധിച്ചു ൧൧൦൮ നവംബർ ൧൨-ാം-ഞാൻചോദിച്ച ചോദ്യത്തിനു പറഞ്ഞമറുപടിയെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവർമ്മെണ്ടു സദയം പറയുമോ?

(എ) മേല്പറഞ്ഞ പ്രദേശത്തിൽ വസ്തുക്കൾ പതിച്ചുകൂടാ എന്നുള്ള നിരോധനം ഇപ്പഴും ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ, മേല്പടി പ്രദേശത്തു കൃഷി ചെയ്യുന്നതിലേക്കായി വസ്തുക്കൾ പതിച്ചുകൊടുക്കുന്നതിനുള്ള സാധ്യതയെ ഗവണ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

(സി) "തടാകത്തിന്റെ പരിസരപ്രാന്തങ്ങളിൽ വസ്തു പതിച്ചുകൊടുക്കുവാൻ മദ്രാസ് ഗവണ്മെണ്ടിലെ ഉദ്യോഗസ്ഥന്മാർ സമ്മതിക്കുന്നില്ല" എന്ന ഗവണ്മെന്റു മറുപടി പറഞ്ഞിരിക്കകൊണ്ടു ആ പ്രദേശത്തു കൃഷിചെയ്യാവുന്ന ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നിരോധനം ഹേതുവായി മുതലെടുപ്പിനുള്ള നഷ്ടത്തിനു പരിഹാരം ലഭിക്കുന്നതിനു വേണ്ടനടപടികൾ ഗവർമ്മെണ്ടു നടത്തുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): (എ) ഉണ്ട്; (ബി)-യും (സി)-യും ഈ വിഷയം മുഴുവനും ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

'ചാന്നാർ' സമുദായം എന്നപേരിനെ 'നാടാർ' സമുദായം എന്നുമാററിയതു്.

൰. മി. എസ്. ജ്ഞാനജോഷ്വാ (ഗവർമ്മെണ്ട് നിയമിച്ച മെംബർ): (എ) 'ചാന്നാർ' എന്നുള്ള സമുദായപ്പേരിനെ 'നാടാർ' എന്നു മാററണം എന്ന് ശ്രീമൂലംപ്രജാസഭയുടെ ൧൯-ാമത്തെ യോഗത്തിൽ നാടാർസമുദായത്തിലെ പ്രതിനിധി അപേക്ഷിച്ചിരുന്നുവോ?

(ബി) ഈ അപേക്ഷയെ അനുസരിച്ചു 'ചാന്നാർ' എന്ന ജാതിപ്പേരിനെ 'നാടാർ' എന്നുമാററിയിരിക്കുന്നതായി ഗസററിൽ ഗവർമ്മെന്റു പ്രസിദ്ധപ്പെടുത്തി എന്നുള്ളതു സത്യമാണോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവർമ്മെണ്ട് ചീഫ്സെക്രട്ടറി):

(എ) അതേ.

(ബി) അതേ; എല്ലാ സർക്കാർ രേഖകളിലും 'ചാന്നാൻ' എന്ന പേരിനുപകരം "നാടാർ" എന്ന ജാതിപ്പേരു ഉപയോഗിക്കേണ്ടതാണെന്നു ഒരു ഗവർമ്മെണ്ടാജ്ഞ നല്കീട്ടുണ്ട്.

'പറയർ' സമുദായത്തിന്റെ പേരിനെ "സാംബവർ" സമുദായംഎന്നും 'പുലയ' സമുദായത്തിന്റെ പേരിനെ 'ചേരമർ' സമുദായംഎന്നും മാററുക.

൰൧. മി. എസ്. ജ്ഞാനജോഷ്വാ (ഗവർമ്മെണ്ട് നിയമിച്ച മെംബർ): (എ) പറയർ എന്ന ജാതിപ്പേരിനെ മാററി 'സാംബവർ' എന്നും 'പുലയർ' എന്ന ജാതിപ്പേരിനെ 'ചേരമർ' എന്നും മാററേണ്ടതാണെന്നു തിരുവിതാംകോട്ട സാംബവർ സംഘത്തിലെയും തിരുവിതാംകോട്ട ചേരമർസംഘത്തിലെയും മഹാജന സെക്രട്ട

റിമാർ പ്രജാസഭയുടെ ൧൭-ാമത്തെ യോഗത്തിലും ൧൮-ാമത്തെ യോഗത്തിലും വല്ല അപേക്ഷയും ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ രണ്ടു സെക്രട്ടറിമാരുടേയും അപേക്ഷയിന്മേൽ എന്താണ് ഗവർണ്മെണ്ട് നല്കി.

മി. കെ. നാരായണൻപണ്ടാല (ആ. ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ൧൭-ാമത്തെ യോഗത്തിൽ ഉള്ള നിവേദനത്തെപ്പററി യാതൊരു ഉത്തരവും നല്കിട്ടില്ല. ൧൮-ാമത്തെ യോഗത്തിലെ നിവേദനത്തെ റിക്കാർഡുചെയ്തു.

പതിതസമുദായക്കാരിൽ ഗ്രാഡുവേട്ടുകളുടെ എണ്ണം.

൯. മി. എസ്. ജ്ഞാനജോഷ്വാ (ഗവർണ്മെൻറ നിയമിച്ചമെമ്പർ): (എ) ചെറമർ, സിദ്ധനാർ അയ്യനാർ, പാണ്ഡിയർ എന്നീ പതിതസമുദായങ്ങളിൽ യാതൊരു ഗ്രാഡുവേട്ടഇൻറർട്സും ഉണ്ടായിട്ടില്ല എന്നും സാംബവർ സമുദായത്തിൽ ഗ്രാഡുവേട്സ് ഇൻറർട്സ് ആയി നാലുപേരെ ഉള്ളുഎന്നും ഗവർണ്മെണ്ടിനു അറിയാമോ?

(ബി) അറിഞ്ഞുകൂടെങ്കിൽ അക്കാ ഗവർണ്മെണ്ട് അന്വേഷിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി):

(എ) വിവരം നോട്ടുചെയ്തിരിക്കുന്നു.

(ബി) (എ)-യ്ക്കുള്ള മറുപടിയുടെ ശേഷം ഈ പ്രശ്നം ജനിക്കുന്നില്ല.

മരുന്നുകൾ ഏൽപ്പിക്കുന്നവർക്കു ലണ്ടനിൽ ഉള്ള മെസർസ് നായർ ആൻഡ് നായരുമായുള്ള കരാറിലെ വ്യവസ്ഥകൾ.

൧൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലേക്കു വിദേശമരുന്നുകൾ മുതലായവ ഏൽപ്പിക്കുന്നവർക്കു ലണ്ടനിൽ മെസ്സേർസ് നായർ ആൻഡ് നായരുടെ ഒരാൾ ആയ മി. ഒ. കെ. പിള്ളയുമായി വല്ലകരാറും ചെയ്തിട്ടുണ്ടെങ്കിൽ, അതിലെ വ്യവസ്ഥകൾ മേശപ്പുറത്തു വെയ്ക്കാൻ ഗവർണ്മെണ്ടിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): ൧൧൦൯-ാമാണ്ടത്തെ ഒരു കച്ചവടക്കാരുമായി ചെയ്തിട്ടുള്ള കരാറ നിയമസഭാ സെക്രട്ടറിയുടെ ആഫീസിൽ ഉണ്ട്. അതു ദീർഘമായ രേഖയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ മറുപടിയിൽനിന്നു താൽക്കാലികമായ ഗുണം എനിക്കു ലഭിക്കാൻ ഇടയില്ലാത്തതുകൊണ്ടു പൂർത്തികാരപ്രശ്നങ്ങൾ ചോദിക്കുവാൻ മറെറാരു അവസരം എനിക്കു തരുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): പൂർത്തികാരപ്രശ്നങ്ങൾ മെമ്പർക്കു ഇപ്പോൾ ചോദിക്കാമല്ലോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആവശ്യപ്പെടുന്ന റിക്കാർഡുകൾ നോക്കുന്നതിനു അവസരം എനിക്കു തന്നിട്ടില്ല. അതുകൊണ്ടു പൂർത്തികാരപ്രശ്നങ്ങൾ ചോദിക്കുവാൻ മറെറാരു അവസരം എനിക്കു കിട്ടുമോഎന്ന് ഞാൻ ചോദിക്കുന്നു. നിയമസഭാ സെക്രട്ടറിയുടെ ആഫീസിൽ ഉള്ള റിക്കാർഡു ഞാൻ നോക്കികൊള്ളണം എന്നാകുന്നു മറുപടിപറഞ്ഞതു്. അതുകൊണ്ടാണ് പൂർത്തികാരപ്രശ്നങ്ങൾ ചോദിക്കുവാൻ മറെറാരു അവസരത്തിനായി അപേക്ഷിക്കുന്നതു്.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): മെമ്പർക്കു ഇനിമേൽ ഒരു പുതിയ പ്രശ്നം ചോദിക്കാവുന്നതാണല്ലൊ.

മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ നർസുകൾ.

൧൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ൧൯൨൦ ജൂലൈ ൧൧-നു യിലെ സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളിൽ വല്ലതിനേയും ലംഘിച്ചതിലേക്കായി ൧൯൨൭-ാം വർഷത്തിൽ നർസുകളിൽ വല്ലവരേയും ജീവനത്തിൽനിന്നു നീക്കീട്ടുണ്ടോഎന്നും,

(ബി) ഉണ്ടെന്നുവരികിൽ, ഈ ചട്ടങ്ങൾ ൧൧൨൬ വൃശ്ചികത്തിൽ പുതുതായി നിയമിച്ച അദ്യത്തെ നർസുകൾക്കു യോജിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നവയോ എന്നും;

(സി) ൧൧൨൬-ാമാണ്ടു ചേർന്നവയ നർസുകളിൽനിന്നു വല്ല ഉടമ്പടിയും എഴുതി വാങ്ങിച്ചിട്ടുണ്ടോ എന്നും,

(ഡി) ൧൧൨൬-ാമാണ്ടു പുതുതായി ആൾ ചേർത്തു മേൽപ്രസ്താവിച്ച ചട്ടങ്ങൾക്കു പരിച്ഛിന്നമായി യോജിച്ചിരുന്നവോ എന്നും

(ഇ) ൧൧൨൬-ാമാണ്ടിൽ ആകട്ടെ അതിൽ പിന്നിടാകട്ടെ പുതുതായിചേർത്ത നർസുകളിൽ വല്ലവരും ഈ ചട്ടങ്ങൾ അനുസരിച്ചു ചേക്കാൻ യോഗ്യതയില്ലാത്തവർ ഉണ്ടോഎന്നും

ഗവർണ്മെണ്ട് ദയവായി പറയുമോ.

മി. കെ. നാരായണൻപണ്ടാല (ആ. ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) അതേ.

(സി) ഇല്ല.

(ഡി) അതേ. എന്നാൽ ൨-ാമത്തെ യോഗ്യത, "അവർ ഇംഗ്ലീഷ് സെക്കണ്ടറി സ്കൂൾലീവിങ്ങ് സർട്ടിഫിക്കററു പരീക്ഷ ജയിക്കയോ അതിനുള്ളപാഠങ്ങൾ പൂർത്തിയാക്കയോ ചെയ്തിരിക്കണം" എന്നായിരുന്നു. ഇതിൽ വ്യത്യാസം ഉണ്ടായിരുന്നു.

(ഇ) ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) പ്രശ്നത്തിന്റെ കാര്യത്തിൽ ചട്ടങ്ങളിൽ ഏതു വ്യവസ്ഥയെ ലംഘിച്ചതിനായിട്ടാകുന്നു ഈ നർസുകളെ മാററീട്ടുള്ളതെന്നു പറഞ്ഞുതരുമൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെൻറ ചീഫ് സെക്രട്ടറി): വിവാഹം ചെയ്യരുതെന്നുള്ള വ്യവസ്ഥയെ ലംഘിച്ചതിനായി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവരെ ഉദ്യോഗത്തിൽ നിന്നു മാററിയ ഉത്തരവു കിട്ടുംമുമ്പെ അവർ ഗവർൺമെണ്ടിലേക്കു ഹർജി അയച്ചുവൊ എന്നു പറഞ്ഞുതരുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): അവർ ഹർജികൾ അയച്ചു ഹർജികൾ അയച്ചതു ഉത്തരവു കിട്ടിയതിൽ പിന്നീടൊ അതിനു മുമ്പോ എന്നു എനിക്കു നല്ല നിശ്ചയം ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഡി) യെ സംബന്ധിച്ചു ആശുപത്രി കൂട്ടത്തിലുള്ള നർസുകൾക്കു ചട്ടത്തെ വാസ്തവത്തിൽ പരിഹരിന്നമായി പ്രയോഗിപ്പിച്ചിട്ടുണ്ടോ എന്നു പറഞ്ഞുതരുമൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ഒരു ചട്ടം ഒഴിച്ചു എല്ലാ ചട്ടങ്ങളെയും പരിപൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒററ ചട്ടത്തെ ഉപയോഗിച്ചില്ലാ എന്നിരിക്കുമ്പോൾ ആശുപത്രിക്കൂട്ടം നർസുകൾക്കു ഈ ചട്ടങ്ങളെ വാസ്തവത്തിൽ പരിപൂർണ്ണമായി ഉപയോഗിച്ചില്ലാ എന്നു അർത്ഥം ആകുന്നില്ലയൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): മെമ്പറുടെ ഇഷ്ടംപോലെ ഊഹിച്ചുകൊള്ളാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നർസുകളിൽ ചിലർ ചട്ടത്തിനു വിപരീതമായി നടന്നു എന്നുള്ള വിവരം ഡർബാർഫിസിഷ്യന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടുവൊ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): അതെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡർബാർഫിസിഷ്യൻ എന്തു നടപടി നടത്തിയെന്നും അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ആ വിവരം അദ്ദേഹം ഗവർൺമെണ്ടിൽ ബോധിപ്പിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർൺമെണ്ടിനു ഡർബാർഫിസിഷ്യന്റെ റിപ്പോർട്ടു കിട്ടുന്നതിനുമുമ്പിൽ ഈ നർസുകളെ വേലയിൽനിന്നും പിരിച്ചയച്ചുവൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): അവരെ നീക്കംചെയ്യിയ ഉത്തരവു പിന്നീട്ടു കൊടുക്കപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (സി)യെ സംബന്ധിച്ചിടത്തോളം ഈ നർസുകളെ എടുക്കുമ്പോൾ ഇപ്പോൾ ഏതെങ്കിലും ഉടമ്പടി വാങ്ങുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ഉടമ്പടികൾ വാങ്ങുന്നതിനു ഡർബാർഫിസിഷ്യനു എഴുതിഅയച്ചിട്ടുണ്ട്. ഉടമ്പടികൾ വാസ്തവത്തിൽ വാങ്ങിച്ചിരിക്കുന്നതായി ഗവർൺമെണ്ടിനു റിപ്പോർട്ടു കിട്ടീട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചട്ടങ്ങൾ വേതനംവാങ്ങുന്ന വിദ്യാർത്ഥിനികൾക്കും വേതനംവാങ്ങാത്ത വിദ്യാർത്ഥിനികൾക്കും ഒന്നുപോലെ ഉദ്ദേശിക്കപ്പെട്ടതിയൊ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ചട്ടങ്ങൾ വേതനംവാങ്ങുന്ന വിദ്യാർത്ഥിനികളെ മാത്രമേ സംബന്ധിക്കുന്നുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേതനംവാങ്ങിക്കാത്ത വിദ്യാർത്ഥിനി വിവാഹംചെയ്താൽ അവളെ ജീവനത്തിൽ നിയമിക്കാൻ പാടില്ലാ എന്നാണൊ ഇതിന്റെ അർത്ഥം?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ആ പ്രശ്നത്തെപ്പററി ആലോചിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിവാഹംകഴിച്ചിട്ടുള്ള വല്ല വിദ്യാർത്ഥിനിയും ഇപ്പോൾ നർസായി ജീവനത്തിൽ ഇരിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): ഈ വിവരം ചോദിച്ചറിയേണ്ടിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആശുപത്രിക്കൂട്ടം നർസുകളിൽനിന്നു ഉടമ്പടിഎഴുതി വാങ്ങിച്ചിട്ടില്ലാ എന്നുള്ള വസ്തുതയുടെ ദൃഷ്ട്യാ ആശുപത്രിക്കൂട്ടം നർസുകളെയെങ്കിലും ഈ ചട്ടങ്ങളുടെ പ്രവർത്തനത്തിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു ഗവർൺമെണ്ട വിചാരിക്കുന്നില്ലയൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): അതു അഭിപ്രായരൂപമായ കാര്യമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവരുടെ കാര്യത്തെ ഗവർൺമെണ്ട അനുകൂലമായി ആലോചിക്കുമൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർൺമെണ്ട ചീഫ് സെക്രട്ടറി): അതെ ഗവർൺമെണ്ട ഇക്കാര്യത്തെ ആലോചിക്കാം.

വക്കലയിൽ ഒരു ആശുപത്രി സ്ഥാപിക്കൽ.

൧൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) വക്കലയിൽ ഒരു ആശുപത്രി സ്ഥാപിക്കേണ്ടതു ആവശ്യമാണ് എന്നു ഗവർൺമെന്റു സമ്മതിച്ചിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള പ്രവൃത്തിയിൽ എന്തു അഭിവൃദ്ധി ഗവർൺമെന്റു നടത്തിട്ടുണ്ടു എന്നും ഗവർമെന്റു പറയുമൊ.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമെന്റുചീഫ്സെക്രട്ടറി):

(എ) ഉണ്ടു.

(ബി) ആവശ്യമുള്ള കെട്ടിടങ്ങൾ കെട്ടുന്നപണി, പണം വല്യമാകുന്നതുവരെ, മാററിവച്ചിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണം ഇല്ലാത്തതുകൊണ്ടാണൊ ആവശ്യമുള്ള കെട്ടിടങ്ങൾ കെട്ടുന്നപണി മാററിവച്ചിരിക്കുന്നതു എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമെന്റുചീഫ്സെക്രട്ടറി): അതേ കാരണം മറുപടിയിൽനിന്നു വ്യക്തമായിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇയ്യാണ്ടത്തെക്കുള്ള ബഡ്ജട്ടിൽ ൨ ലക്ഷം രൂപയോളം രൂപ മിച്ചം ഉണ്ടായിരിക്കെ ഗവർമെന്റു ഉടനടി ശ്രദ്ധിക്കേണ്ടതായ ഏതാദൃശപണികളിൽ ഉപയോഗിക്കരുതാത്തതില്ലാ എന്നാകുന്നൊ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമെന്റുചീഫ്സെക്രട്ടറി): അതു അഭിപ്രായരൂപത്തിൽ ഉള്ള പ്രതിജ്ഞാവചനം ആണ്. അതിനുമറുപടി പറയാനുള്ള നിലയിൽ ഇപ്പോൾ ഗവർമെന്റു ഇരിക്കുന്നില്ല.

സൈൻസ്കാളേജിൽനിന്നു യൂണിയൻക്ലബ്ബിലേക്കു പോകുന്ന റോഡിനു വീതികൂട്ടുക.

൧൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സൈയൻസ് കാളേജിൽനിന്നു യൂണിയൻ ക്ലബ്ബ്വരെയുള്ള റോഡിനെ വീതികൂട്ടുകമുതലായ കാര്യത്തിൽ കൂടുതലായി എന്തു നടപടി നടത്തിട്ടുണ്ടെന്ന് ഗവർമെന്റ് പറയുമൊ?

മി. ടി. പി. രാമസ്വാമ്യയ്യർ (ഗവർമെന്റ സെക്രട്ടറി): ഈ പണിക്കുള്ള ചെലവിനു ഈ കൊല്ലത്തെ ബഡ്ജട്ടിൽ തുക നീക്കിവച്ചിട്ടുണ്ട്. വീതികൂട്ടേണ്ടതു എവിടെയെല്ലാം എന്നു കാണിച്ചു സർവെ തയ്യാറാക്കിയിരിക്കുന്നു എന്നു ബോധിപ്പിച്ചിരിക്കുന്നു. ഈ പണിക്കുള്ള അടങ്കൽ ചീഫ് എഞ്ജിനിയരുടെ പക്കൽനിന്നു കിട്ടുന്നതിനായി പ്രതീക്ഷിച്ചിരിക്കുന്നു.

നാഗരുകോവിൽ മുനിസിപ്പാലിട്ടിയിൽ ഉള്ള പൊതുക്കുളങ്ങളും കിണറുകളും.

൧൪. മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): (എ) മുനിസിപ്പൽ അതിർത്തിക്കകത്തുള്ള എല്ലാ തെരുവീഥികളേയും പബ്ലിക് കുളങ്ങളേയും കിണറുകളേയും ജാതിമതഭേദംകൂടാതെ സകല വർഗ്ഗങ്ങളിലുംഉള്ള പൗരന്മാർക്കും പ്രവേശ്യം ആക്കേണ്ടതാണെന്നു ഒരു തീർപ്പുനിശ്ചയം നാഗരുകോവിൽ മുനിസിപ്പാലിട്ടി അനുവദിച്ചതായി ഗവർമെന്റിനു അറിയാമൊ?

(ബി) അറിയാമെങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടിനടത്തി.

മി. ടി. പി. രാമസ്വാമ്യയ്യർ (ഗവർമെന്റ് സെക്രട്ടറി): (എ) അറിയാം.

(ബി) മുനിസിപ്പൽ റെഗുലേഷൻ ൧൨൮-ാംവകുപ്പു അനുസരിച്ചു ആ തീർപ്പുനിശ്ചയത്തെ ഗവർമെന്റ് റദ്ദാക്കി.

നാഗരുകോവിൽ മുനിസിപ്പാലിട്ടിയിൽ ഇപ്പഴത്തെ നഗരസഭയുടെ കാലാവധി.

൧൫. മി. എം. ശിവതാണുപിള്ള (തോവാള): (എ) നാഗരുകോവിലിലെ നഗരസഭയുടെ അവസാനദിവസം ഏതെന്നു ഗവർമെന്റ് പറയുമൊ?

(ബി) ഇപ്പഴത്തെ സഭാ അതിന്റെ നിയമാനുസൃതമായ കാലാവധി കഴിഞ്ഞതിൽപിന്നീടും പ്രവൃത്തി നടത്തിവരുന്നുണ്ട് എന്നു ഗവർമെന്റിനു അറിയാമൊ? അറിയാം എന്നാണെങ്കിൽ അതിനു കാരണംഎന്ത്? അതിനു ഉത്തരവാദിയാര്?

മി. ടി. പി. രാമസ്വാമ്യയ്യർ (ഗവർമെന്റ് സെക്രട്ടറി): (എ) ഇപ്പഴത്തെ സഭയുടെ മൂന്നുകൊല്ലത്തെ കാലാവധി ൧൧൦൦ ഇടവം ൧൫-നു-യോടുകൂടി അവസാനിച്ചു എന്നുവരികിലും പിന്നീടു വരുന്ന സഭ സംഘടിപ്പിക്കുന്നതുവരെ സാപ്രവൃത്തി മുനിസിപ്പൽറെഗുലേഷൻ ൧൧ (സി) വകുപ്പു അനുസരിച്ചു തുടന്നു നടത്തിക്കൊണ്ടിരിക്കും.

(ബി) അറിയാം. താമസംവന്നതു ൧൧൦൦-ാമാണ്ട് നാഗരുകോവിൽ നഗരത്തിന്റെ അതിർത്തികളെ കൂട്ടുകയും തന്നിമിത്തം ഏൽചുകൂറൽ നഗരാംഗങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്തതുകൊണ്ടും ഈ മാററങ്ങൾ നിമിത്തം തെരഞ്ഞെടുപ്പു നടത്തുന്നതിനു ആവശ്യമുള്ള ആചാരങ്ങൾ നടത്തേണ്ടതുകൊണ്ടും ജനിച്ചതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): വാർഡുകളുടെ എണ്ണം കൂടത്തക്കവണ്ണം നാഗരുകോവിൽ മുനിസിപ്പാലിട്ടിയുടെ വാസ്തവത്തിൽ ഉള്ള വ്യാപ്തിഎന്ത്?

മി. ടി. പി. രാമസ്വാമ്യയ്യർ (ഗവർമെന്റ് സെക്രട്ടറി): കൂടുതൽ പ്രശ്നത്തിൽ പ്രയോഗിച്ചിരിക്കുന്ന 'വ്യാപ്തി' എന്ന പദത്തിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): വിസ്താരത്തിന്റെ വ്യാപ്തി എന്നാണ്.

മി. ടി. പി. രാമസ്വാമ്യയ്യർ (ഗവർമെന്റ് സെക്രട്ടറി): വിസ്താരം മൂന്നു ചതുരശ്രമൈലിൽനിന്നു നാലു ചതുരശ്രമൈൽ ആയി കൂടീട്ടുണ്ട്. ഇപ്രകാരം ഒരു ചതുരശ്രമൈൽ കൂടുതൽ ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഗൃഹങ്ങളുടെ എണ്ണത്തിൽ എത്ര കൂടുതൽ ഉണ്ട് എന്നു എനിക്കു പറഞ്ഞുതരുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): ഗൃഹങ്ങളുടെ എണ്ണം ൩൦൦൦-ൽനിന്ന് ൪൦൦൦-ം ആയി. അതുവിധം ൧൦൦൦ എണ്ണം കൂടിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): തെരഞ്ഞെടുപ്പു നടത്തുന്നതിനു ആവശ്യം ഉള്ളതായ ആ ഏർപ്പാടുകളും ആ പാരങ്ങളും മുനിസിപ്പാലിട്ടിയുടെ നിയമാനുസൃതമായ കാലാവധി പൂർത്തിയാകുംമുമ്പെ നടത്താൻ കഴിഞ്ഞിരുന്നില്ലയോ എന്നുള്ളതി എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): നഗരത്തിന്റെ വ്യാപ്തി കൂട്ടുന്നതിനുള്ള ഉപദേശം തെരഞ്ഞെടുപ്പുകാലത്തിനു അടുത്ത മുമ്പെയായിട്ടുകിട്ടി; വാർഡുകളെ പുതുതായി മാററി ഏർപ്പെടുത്തേണ്ടിയിരുന്നു. ഇവയെല്ലാം ഇതിലധികം ത്വരമായിചെയ്യാൻ കഴിഞ്ഞില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിധം സംഭാവ്യസംഗതികൾ വളരെകാലത്തിനു മുമ്പെ തന്നെ അറിയാൻ കഴിഞ്ഞില്ലാ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): അതു ആലോചിക്കേണ്ടതു നഗരസഭയാണ്. നഗരസഭയിൽനിന്നു ഉപദേശം ഗവർമ്മെണ്ടിനുകിട്ടി. ഉപദേശം കിട്ടിയഉടൻ നടപടി നടത്തി.

മി. എം. ശിവതാണുപിള്ള (തോവാള): നഗരസഭയുടെ കാലാവധിയെ അപ്രകാരം നീട്ടികൊടുക്കുന്നതു നഗരപാലനത്തിന്റെ പൊതുക്ഷേമത്തിനു ദോഷകരമായി പ്രവർത്തിക്കുമെന്നു ഗവർമ്മെണ്ട് വിചാരിക്കുന്നുവൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): ഇപ്പഴത്തെസ്ഥിതിയിൽതന്നെയും പുതിയസഭ രൂപീകരിക്കപ്പെടുന്നതുവരെ ഈ മുനിസിപ്പേലിററി നിയമാനുസൃതം സംഘടിതമായുള്ളതുതന്നെ. അതിനു പൂർവവത്തായി പ്രവർത്തിക്കാൻ അധികാരം ഉണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): നിയന്ത്രണരേണാധികാരം ഗവർമ്മെണ്ടിൽ സ്ഥാപിതമായിരിക്കുന്ന സ്ഥിതിക്കു മുനിസിപ്പാലിട്ടികളുടെ ക്ഷേമത്തിൽ ഗവർമ്മെണ്ട് ദൃഷ്ടിവെക്കാതിരിക്കുന്നതു ന്യായമാണൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന നിലയിൽ തുടർന്നു പ്രവൃത്തിനടത്തുന്നതുകൊണ്ടു മുനിസിപ്പാലിട്ടിക്കു ദോഷം വന്നിട്ടുണ്ടു എന്നു ഗവർമ്മെണ്ടിനെ അറിയിച്ചിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഗവർമ്മെണ്ടിനു അനേകം ഹർജികൾ അയച്ചിട്ടുള്ളതായി ഗവർമ്മെണ്ടിനു അറിവുണ്ടായൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രിട്ടറി): ആ പ്രശ്നത്തിനു ഉത്തരം പറയാവുന്ന നിലയിൽ ഇപ്പോൾ ഞാൻ ഇരിക്കുന്നില്ല.

മോട്ടോർ ഡ്രൈവർമാരുടെ ശേഷിയേയും മോട്ടോർകാറുകളുടെ വിശ്വാസനീയതയേയും പരിശോധിക്കൽ.

൧൩. മി. എം. ശിവതാണുപിള്ള (തോവാള)

(എ) ഡ്രൈവർമാർ ശേഷിയുള്ളവരാണൊ അല്ലയൊ എന്നും മോട്ടോർവണ്ടികൾ സുസ്ഥിതിയിൽ ഉള്ളവയാണോ എന്നും, വണ്ടിയോട്ടിക്കുന്ന ലൈസൻസുകളും പെർമിട്ടുകളും കൊടുക്കുന്ന കാര്യത്തിലേക്കായി പരിശോധിക്കുന്ന വകക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന ഇപ്പോഴത്തെ അധികാരസ്ഥൻ ആരെന്നും,

(ബി) ഇക്കാര്യത്തിലേക്കു വേണ്ടതായ സാങ്കേതിക യോഗ്യത വല്ലതും ആ അധികാരസ്ഥനു ഉണ്ടോ എന്നും ഗവർമ്മെണ്ട് പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവർമ്മെണ്ടു ചീഫ്സെക്രിട്ടറി): (എ) മോട്ടോർവണ്ടി ഓട്ടിക്കാൻ മുമ്പിലെ ലൈസൻസു കിട്ടീട്ടില്ലാത്ത ഒരാൾ അപ്രകാരം ഉള്ള ഒരു ലൈസൻസിനായി അപേക്ഷിക്കുമ്പോൾ മോട്ടോർവണ്ടിയെ നിയന്ത്രിച്ചു ഓട്ടിക്കുന്നതിനു അയാൾക്കുള്ള ശേഷിയെപ്പററി പൊലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടെന്റോ അസിസ്റ്റന്റു സൂപ്രണ്ടെന്റോ പരിശോധിക്കുന്നു. മോട്ടോർബസ്സിനെ പരിശോധിക്കുന്നയാൾ പൊലീസ്കമ്മീഷണർ അനുവദിക്കുന്നതായ ഏതുവനോ ആയിരിക്കാം. (൧൦൯൯ മീനം ൧-നു-വരെ പുതുക്കിയിട്ടുള്ളതായ ൧൦൯൯-ാമാണ്ടത്തെ മോട്ടോർവണ്ടിവക ചട്ടങ്ങളിൽ ജി. ഫാറം നോക്കുക.)

(ബി) സുരക്ഷിതമാംവണ്ണം ഓട്ടിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്ന കാര്യത്തിലേക്കു യാതൊരു സാങ്കേതിക യോഗ്യതയും ആവശ്യമില്ല.

മോട്ടോർ ബസുകളുടെ പരിശോധനക്കാർ എല്ലാം യോഗ്യത സിദ്ധിച്ചിട്ടുള്ള എൻജിനീയർമാർ ആകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സുരക്ഷിതമാംവണ്ണം വണ്ടി ഓടിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്ന കാര്യത്തിലേക്കു യാതൊരു സാങ്കേതിക യോഗ്യതയും ആവശ്യം ഇല്ല എന്നാകുന്നു (ബി) ക്കുള്ള മറുപടി;

ഡ്രൈവർമാരുടെ ശേഷിയെ പരിശോധിക്കുന്നതിനു യാതൊരു വിശേഷാൽ സാങ്കേതിക യോഗ്യതയും ആവശ്യം ഇല്ല എന്നാണോ ഞാൻ ധരിക്കേണ്ടത്?

മി. കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്സെക്രിട്ടറി): ഡ്രൈവർമാർക്കു വേണ്ടതായ സാങ്കേതിക യോഗ്യതയെപ്പററി യാതൊന്നും റഗുലേഷനിൽ ആകട്ടെ ചട്ടങ്ങളിൽ ആകട്ടെ വിധിച്ചിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ചട്ടങ്ങളിലെ വ്യവസ്ഥ ഇരിക്കട്ടെ ഡ്രൈവർമാരുടെ യോഗ്യതയെ പരിശോധിക്കേണ്ടതു അത്യന്താവശ്യം ആണെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നില്ലയോ.

മി. കെ. നാരായണൻപണ്ടാല (ആ. ഗവർമ്മെണ്ട് ചീഫ്സെക്രിട്ടറി): ഗവർമ്മെണ്ടു ആ സംഗതി ആലോചിച്ചിട്ടില്ല. ഇതുവരെ ആ അഭിപ്രായം ഗവർമ്മെണ്ടിനു ഇല്ലാതിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഗവർമ്മെണ്ടു ഈ സംഗതി ആലോചിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവർമ്മെണ്ടു ചീഫ്സെക്രിട്ടറി): ആ സംഗതി ഗവർമ്മെണ്ടു ആലോചിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മോട്ടോർബസ്സുകൾ പരിശോധിക്കുന്നവർ എല്ലാം "യോഗ്യത സിദ്ധിച്ച" എൻജിനീയർമാർ ആണെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. അവർ മോട്ടോർ എഞ്ചിനീയറിങ്ങ് എന്ന ഈ പ്രത്യേകശില്പശാഖയിൽ യോഗ്യത സിദ്ധിച്ചവരാണോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഈ ലൈസൻസുകൾ കൊടുക്കുന്നതു പോലീസ്കമ്മീഷണർ ആണ്. ഈ ബസ്സുകളെ പരിശോധിക്കുന്നതായ എഞ്ചിനീയർമാർ എല്ലാം യോഗ്യത സിദ്ധിച്ചവർതന്നെ.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരം പരിശോധിക്കുന്നതിൽ സംബന്ധപ്പെട്ട അധികാരസ്ഥന്മാർ വാസ്തവത്തിൽ ആവശ്യമുള്ള സാങ്കേതിക യോഗ്യതയുള്ളവരാണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): അവർ സാങ്കേതികയോഗ്യതകൾ ഉള്ളവരത്രെ.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ യോഗ്യതയെപ്പററി ഗവണ്മെന്റിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഇതേവരെ ബോദ്ധ്യം വന്നിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഇക്കാര്യത്തിലേക്കു പ്രത്യേകമായി വല്ല ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ഒരു ഉദ്യോഗസ്ഥനല്ല. ഈ ഏർപ്പാടുമുഴുവന്റെയും മേൽവിചാരം പോലീസ്കമ്മീഷണർക്കാണ്. ആവശ്യപ്പെട്ട യോഗ്യതയുള്ളവരെ കാലത്തോറും തെരഞ്ഞെടുത്തു നിയമിക്കുന്നുണ്ട്. ബസുകളെ ആറു മാസത്തിലൊരിക്കൽ പരിശോധിക്കുന്നുമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അനേകം ഉദ്യോഗസ്ഥന്മാർ ഉള്ളതുകൊണ്ടു ഈ ഏർപ്പാടു ഇല്ലാതാകും എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): യാതൊരു ഏർപ്പാടും ഇല്ലാതില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഡ്രൈവർമാരുടെ യോഗ്യതയെ പരിശോധിക്കുന്നതിനായി അനേകം ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നു ഞാൻ അറിയുന്നു. ഈ ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിലേക്കു വേണ്ടും വണ്ണം യോഗ്യതയുള്ളവരാണോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഇക്കാര്യത്തിലേക്കു മതിയായ യോഗ്യത അവർക്കു ഉണ്ടു എന്നു കമ്മീഷണർ വിചാരിച്ചിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഡ്രൈവരുടെ ശേഷിയില്ലായ്മനിമിത്തം അനേകം ആപത്തുകൾ സംഭവിക്കുന്നുണ്ടു എന്നു ഗവണ്മെണ്ടിനു അറിയാമോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): ഗവണ്മെന്റിനു അറിഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): ഒന്നാംക്ലാസ്മജിസ്ത്രേട്ടന്മാരുടെ കോടതികളിൽ അസംഖ്യം സംഗതികളിൽ പ്രാസിക്യൂഷൻ നടത്തപ്പെട്ടിട്ടുണ്ടു എന്നു ഗവണ്മെണ്ടിനു അറിയാമോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഈ അറിവു ഇപ്പോൾ ഗവണ്മെന്റിന്റെ സമക്ഷം ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഡ്രൈവർമാരുടെ യോഗ്യതയെ പരിശോധിക്കുന്നതിനു സാങ്കേതികയോഗ്യത സിദ്ധിച്ചിട്ടുള്ളവരെമാത്രമേ നിയമിക്കാവൂ എന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഇക്കാര്യത്തിലേക്കു സാങ്കേതികയോഗ്യത സിദ്ധിച്ചവർ ആവശ്യം ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇക്കാര്യത്തിലേക്കു ഇപ്പോൾ നിയുക്തരായിരിക്കുന്ന ആളുകളുടെ യോഗ്യത എന്തു്?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ഓരോരുത്തന്റെ യോഗ്യതയെപ്പററി അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു.

ട്രാഫിക് ഇൻസ്പെക്ടരുടെ നിയമനം

൭൭. മി. എം. ശിവതാണുപിള്ള (തോവാള):

(എ) ഒരു ട്രാഫിക് ഇൻസ്പെക്ടരായി ഒരാളെ നിയമിക്കണമെന്നു വല്ല ഉപദേശവും ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ എന്നും,

(ബി) മേൽപറഞ്ഞ ഉദ്യോഗത്തിനു വല്ല തമിഴന്റെയുംപക്കൽനിന്നു വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഉദ്യോഗമണ്ഡലത്തിൽ അവരുടെ എണ്ണം വളരെ കുറവാകകൊണ്ടു തമിഴരുടെ സംഗതിയെ ആലോചിക്കുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമോഎന്നും ഗവർമ്മെണ്ടു സദയം പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി):

(എ) ഒരു ഉപദേശം കിട്ടിയിട്ടുണ്ട്. എന്നാൽ അവസാനമായ ഉത്തരവു കൊടുത്തിട്ടില്ല.

(ബി) ഒരാളിൽനിന്നു അപേക്ഷ കിട്ടിയിട്ടുണ്ട്. തമിഴരുടെ അപേക്ഷകളെപ്പററി മററുള്ളവരുടെ അപേക്ഷകളെ എന്നപോലെ ആലോചിക്കേണ്ടിയിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): "തമിഴരുടെ അപേക്ഷകളെപ്പററി മററുള്ളവരുടെ അപേക്ഷകളെ എന്നപോലെ ആലോചിക്കേണ്ടിയിരിക്കുന്നു" എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു.

തമിഴർസംഖ്യയിൽനിന്നു മതിയായ എണ്ണം സർക്കാർഉദ്യോഗസ്ഥന്മാർ ഇല്ല എന്നു ഗവർമ്മെണ്ടിനു അറിയാമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): ഗവർമ്മെണ്ടു കണക്കു വരുത്തിട്ടില്ല; മെമ്പർ പറയുന്നതു ശരിയാണെന്നു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞ സെഷനിൽ ഒരു ചോദ്യത്തിനു പറഞ്ഞ മറുപടിയിൽ ചേർത്തിട്ടുള്ള കണക്കുകളെ ചീഫ്‌സെക്രട്ടറി ഒന്നുകൂടി ദയവുചെയ്തു നോക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): അതു നോക്കിക്കഴിഞ്ഞു.

മി. എം. ശിവതാണുപിള്ള (തോവാള): സർക്കാരുദ്യോഗത്തിൽ എത്ര ശതമാനംപേർ തമിഴർ ഉണ്ടെന്നു ഗവർമ്മെണ്ടു ധരിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): ശതമാനം കണക്കു കൂട്ടിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർക്കാരുദ്യോഗത്തിൽ അത്യന്തം കുറവായിട്ടുള്ളതു തമിഴരാണെന്നു കാണുന്നതായാൽ അവർ അയക്കുന്ന അപേക്ഷകൾക്കു വിശേഷാൽ പ്രാധാന്യം ഗവർമ്മെണ്ടു സദയം നൽകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): അതിനു ആലോചന ആവശ്യപ്പെടും.

മി. എം. ശിവതാണുപിള്ള (തോവാള): സർക്കാരുദ്യോഗത്തിൽ മതിയായ എണ്ണം തമിഴർ ഇല്ലാഎന്ന സംശയം തീരെ ഇല്ലാത്തവിധം ഗവർമ്മെണ്ടു അറിയുമ്പോൾ അവർക്കു പ്രാധാന്യംനൽകുവാൻ ഗവർമ്മെണ്ടു തയ്യാറുണ്ടോ എന്നു ഗവർമ്മെണ്ടിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ടു ചീഫ്‌സെക്രട്ടറി): സോപാധികപ്രശ്നങ്ങൾക്കു മറുപടി [illegible] പറയാവുന്നതല്ല.

തടി വളർച്ചയുടേയും വെട്ടിയിറക്കുന്നതിന്റേയും കണക്ക്.

൧൯. മി. എം. ശിവതാണുപിള്ള (തോവാള): (എ) ഈ രാജ്യത്തു തടികൾക്കുള്ള വൃക്ഷങ്ങൾ വളരുന്ന വനത്തിന്റെ മൊത്തം വിസ്താരം എന്തെന്നും ആണ്ടൊന്നുക്കു ശരാശരി ഏക്കറൊന്നിനു എത്ര കൂടുതൽ ഉണ്ടാകുന്നുണ്ടെന്നും ഏക്കറൊന്നുക്കു ശരാശരി ആണ്ടുതോറും എത്ര തടി വെട്ടിയിറക്കുന്നുണ്ടെന്നും രാജഭോഗമായി അതിൽനിന്നുള്ള മുതലെടുപ്പു എത്രഎന്നും ഗവർമ്മെണ്ടു സദയം പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവർമ്മെണ്ടുസെക്രട്ടറി): (എ) യും (ബി)യും ആവശ്യപ്പെട്ടിരിക്കുന്ന കണക്കുകൾ ലഭ്യമല്ല.

മി. എം. ശിവതാണുപിള്ള (തോവാള): "ആവശ്യപ്പെട്ടിരിക്കുന്ന കണക്കുകൾ ലഭ്യമല്ല" എന്നു മറുപടിയിൽ കാണുന്നു.

ധനലാഭത്തിനു നമ്മുടെ വനങ്ങൾക്കുള്ള ഇപ്പോഴത്തെ യോഗ്യതയെ അറിയുന്നതിനുവേണ്ടി മേല്പറഞ്ഞ രണ്ടു ചോദ്യങ്ങളാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നവിധത്തിൽ പ്രവർത്തിക്കേണ്ടതു ആവശ്യമാണെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നില്ലയോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവർമ്മെണ്ടുസെക്രട്ടറി): അതെ അക്കാരണത്താൽ ആണല്ലോ പ്രവൃത്തിപദ്ധതി തയ്യാറാക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രശ്നത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെയുള്ള തുകകൾ മദ്രാസ് പ്രസിഡൻസിയിലെ വനം കൺസർവേറ്റർ തയ്യാറാക്കിട്ടുണ്ട് എന്നു ഗവർമ്മെണ്ടിനു അറിയാമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവർമ്മെണ്ടുസെക്രട്ടറി): ഗവർമ്മെണ്ടു അറിഞ്ഞിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ശരിയായവിധത്തിൽ വനത്തിലെ ആദായമാർഗ്ഗങ്ങളെ [illegible]ട്ടുക്കുന്നതിനായി ഇതു വാസ്തവത്തിൽ ആവശ്യമാണെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നുവോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവർമ്മെണ്ടുസെക്രട്ടറി): അതെ, അക്കാരണത്താൽതന്നെയാണു പ്രവൃത്തിപദ്ധതികൾ ഗവർമ്മെണ്ടു തയ്യാറാക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കണക്കുകൾ ഈ സഭയ്ക്കു ലഭ്യമാക്കുന്നതിനു ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നുവോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവർമ്മെണ്ടുസെക്രട്ടറി): ഉണ്ട്. ആ കണക്കുകൾ തയ്യാറാക്കുകയും സന്നദ്ധമാവുകയും ചെയ്യുമ്പോൾ.

തോവാളതാലൂക്കിൽ വനപ്രദേശങ്ങളെ വനമല്ലാതാക്കൽ.

൨൦. മി. എം. ശിവതാണുപിള്ള (തോവാള): (എ) തോവാള താലൂക്കിൽ ഉള്ള വനപ്രദേശങ്ങളിൽ കൃഷിക്കു ഉതകുന്നതായി അനേകം വിസ്താരമായ ചതുപ്പുനിലങ്ങൾ ഉണ്ട് എന്നു ഗവർമ്മെണ്ടിനു അറിയാമോ?

(ബി) ഈ രാജ്യത്തിലെ മറ്റു ഒൻപതു താലൂക്കുകളിൽ നിയമിച്ചിട്ടുള്ളതുപോലെ തോവാളതാലൂക്കിലേക്കു വല്ല വനോത്സർജ്ജനകമ്മറ്റിയും നിയമിച്ചിട്ടുണ്ടോ എന്നു ഗവർമ്മെണ്ടു പറയുമോ? ഇല്ലെങ്കിൽ അതു നിയമിക്കാൻ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസെക്രട്ടറി): (എ) മറുപടി നിഷേധവാക്യമാകുന്നു.

(ബി) ചോദ്യത്തിലെ ഒന്നാമത്തെ ഭാഗത്തിനു മറുപടി നിഷേധവാക്യംതന്നെ. ഈ താലൂക്കിലേക്കു ഒരു കമ്മിറ്റി നിയമിക്കേണ്ടതായ ആവശ്യകതയെപ്പറ്റി ഗവർമ്മെണ്ടു അന്വേഷിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ചോദ്യത്തിലെ ഒന്നാംഭാഗത്തിനു മറുപടി നിഷേധവാക്യമാണ്. കൃഷിചെയ്യാൻ ഉതകുന്നതായിവാസ്തവത്തിൽ വളരെവിസ്താരമുള്ളപ്രദേശങ്ങൾ ഉണ്ട് എന്നും അവ പതിച്ചുകിട്ടണം

എന്ന സ്ഥലത്ത സാധുക്കൾ ആയ കുടികൾ അപേക്ഷിച്ചിട്ടുണ്ട എന്നും ഞാൻ പറയുന്നതിനെ ഗവർൺമെണ്ട അംഗീകരിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രിട്ടറി): ഗവർൺമെണ്ട് ഈ വിവരത്തെ രേഖപ്പെടുത്തുന്നു.

തിരുവിതാംകോട്ടു ഡിബെഞ്ചുവർ കടപ്പത്രങ്ങൾ.

൨൦. മി. എ. ജെ. ജാൺ (വൈക്കം): (എ) തിരുവിതാംകോട്ടു ഡിബെഞ്ചുവർ കടപ്പത്രങ്ങളുടെ ആധുനികവില എന്തു എന്നു ഗവർൺമെണ്ട് സദയം പറയുമോ?

(ബി) ഈ കടപ്പത്രങ്ങളുടെ കൈമാററത്തിനുള്ള ഒരു കച്ചവടസ്ഥലം മൈസൂരിലും ബ്രിട്ടീഷിൻഡ്യയിലും ഈവിധം പത്രങ്ങളുടെ കൈമാററത്തിനു ഉണ്ടാക്കിട്ടുള്ളതുപോലെ ഉണ്ടാക്കുവാൻ വേണ്ട ഏർപ്പാടുകൾ ഗവർൺമെണ്ട് ചെയ്യുമോ?

മി. കെ. ജാജ് (ഗവർൺമെണ്ട് ഫിനാൻഷ്യൽസെക്രിട്ടറി): (എ) ഗവർൺമെണ്ട് പ്രോനോട്ടുകളുടെ ആധുനികവില അവയുടെ മുഖവിലയുടെ ൧൦൦ നു ൮൭ വീതം ഉള്ള അംശം ആകുന്നു.

(ബി) ഈ പ്രശ്നം ഗവർമ്മെണ്ട് ആലോചിച്ചുവരുന്നു.

മി. എ. ജെ. ജാൺ (വയ്ക്കം): ഈ പ്രോനോട്ടുകളെ ഇപ്പോൾ മുഖവിലയ്ക്കു മാററാൻ കഴിയുമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാജ് (ഗവർമ്മെണ്ട് ഫിനാൻഷ്യൽസെക്രിട്ടറി): അവരെ ഫിനാൻഷ്യൽസെക്രിട്ടറിയുടെ പേർക്കു ഒരു ഡെല്ലാൺമുഖേനയോ പുറത്തെഴുതിക്കൊടുക്കാം

മി. എ. ജെ. ജാൺ (വയ്ക്കം): ൧൦൦ രൂപയ്ക്കുള്ള ഒരു നോട്ടിനു ഇപ്പോൾ വില എന്തായിരിക്കും.

മി. കെ. ജാജ് (ഗവർമ്മെണ്ട് ഫിനാൻഷ്യൽസെക്രിട്ടറി): അതു മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പ്രോനോട്ടുകൾക്കു സ്ഥൂലമായി ൧൦൦-നു ൮൭ വീതം ഇപ്പോൾ വിലയുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സ്വാമിൻ, പ്രസിഡെണ്ടിന്റെ പര്യാലോചനക്കായി ഒരു കാര്യം നിർദ്ദേശിക്കുവാൻ അനുമതി നൽകുമോ ഈ സഭയിലെ സാമാജികന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടിയായി നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ ഉള്ള റെക്കാർഡുകൾ അവർ നോക്കിക്കൊള്ളട്ടെ എന്നു പറയുന്നതിൽ അതാതു സാമാജികന്മാർ അവനോക്കി ആവശ്യപ്പെട്ട വിവരങ്ങൾ അറിഞ്ഞുകൊള്ളത്തക്കവണ്ണം ഈ റിക്കാർഡുകളെ ഈ മന്ത്രശാലയിൽതന്നെ ലഭ്യമാക്കുന്നതു അഭിലഷണീയമാകുന്നു.

പ്രസിഡെണ്ട്:—അതു സാധ്യം ആണെന്നു ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ പരമേശ്വരൻപിള്ളേ; എന്തെന്നാൽ അതു ഈ മന്ത്രസഭയെ ഗ്രന്ഥശാലയാക്കിത്തീർക്കും. അഞ്ചാറു സാമാജികന്മാർ സെക്രിട്ടറിയുടെ മേശയ്ക്കു ചുററും വളഞ്ഞുനിൽക്കും. ഉദാഹരണം പറയാം. വിളംബരങ്ങൾ ഏൾപ്പിക്കുന്നതിനുള്ള ഉടമ്പടി എടുക്കാം. ഈ ഫൈൽ അനേകശതം വശങ്ങൾ ഉള്ളതാണ്. ഈ ഫൈലുകൾ നോക്കുന്നതിനായി മൂന്നുനാലു മെംബർമാർ സെക്രട്ടറിയുടെ മേശയ്ക്കുചുററും കൂടിയിരിക്കുന്നതായാൽ അതു നിശ്ചയമായും മന്ത്രശാലയുടെ മുഴുവനും പ്രവൃത്തിയേയും അപകർഷിക്കും.

മഹാറാണി റീജണ്ട് തിരുമനസ്സുകൊണ്ടു കല്പിച്ചനുമതിച്ച റഗുലേഷനുകൾ.

മി. ടി. പി. രാമസുബ്ബയ്യർ (നിയമസഭാസെക്രിട്ടറി): സർ,

(൧) തിരുവിതാംകോട്ടു കാലഹരണറഗുലേഷനെ ഭേദപ്പെടുത്തുന്നതിനായുള്ള ൧൧൦൦-മാണ്ടത്തെ ൯-ാമത്തെ റഗുലേഷനും,

(൨) തിരുവിതാംകോട്ടു സിവിൽനടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനായുള്ള ൧൧൦൦-ാമാണ്ടത്തെ ൧൦-ാമത്തെ റഗുലേഷനും,

൧൧൦൦ കർക്കടകം ൩൨-നു മഹാറാണി റീജണ്ട് തിരുമനസ്സുകൊണ്ടു കല്പിച്ചനുമതിച്ച എന്നു ഞാൻ പ്രഖ്യാപനംചെയ്യുന്നു.

മേശപ്പുറത്തു വച്ചതായ സ്റ്റേറമെന്റുകൾ.

മി. കെ. ജാജ് (ഗവർമ്മെണ്ട് ഫിനാൻഷ്യൽസെക്രിട്ടറി): സർ ൧൦൯൯-മാണ്ടത്തെ ൨-ാമത്തെ റഗുലേഷൻ ആയ നിയമസഭാ റഗുലേഷൻ ൧൦ (ൻ)-ാം വകുപ്പനുസരിച്ചു ഗവർമ്മെണ്ട് അധികാരപ്പെടുത്തിയതായ ചിലവിനു വിവരം നിയമസഭാ ചട്ടങ്ങൾ ൪൨-ാമത്തെ ചട്ടം അനുസരിച്ചു മേശപ്പുറത്തു വയ്ക്കുന്നു.

ഈ കണക്കാവിതു.

ഇനം	തുക			റിമാർക്ക്
	രൂ.			
ഡിമാണ്ഡ് XII വിദ്യാഭ്യാസം	൨൦൩൮	൨൦	൦	യൂനിവേർസിറ്റി കമ്മിട്ടിയിലെ മെംബർമാരായ ഡാക്ടർ ജാൺ മത്തായിക്കും റെവറണ്ട്ഫാദർ ഡി. ഹൊണൊരാറ്റിനും ബഹുമാനവേതനം കൊടുക്കുന്നവകക്കു

കൂടുതൽ ഗ്രാണ്ടിനുള്ള ഡിമാണ്ഡുകൾ.

ഡിമാണ്ഡ് I. ഭൂനികുതി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമിഷണർ): സർ, എന്റെ ആഫീസിൽ ഭൂനികുതിശാഖയിൽ ഇപ്പോൾ ൭൫-൧൦൦ രൂപ ശമ്പളത്തിൽ ഒരു ക്ലാർക്ക് ഉണ്ട്. അതി

നപ്രകാരം ൧൦൦—൧൨൫ രൂപ ശമ്പളത്തിൽ ഒരു ക്ലാൎക്ക ഉണ്ടായിരിക്കത്തക്കവണ്ണം ൭൦ രൂപ അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ഈ ആഫീസ് ൧൦൮൭-ാമാണ്ടു ആദ്യമായി രൂപീകരിച്ച കാലത്തു ൧൭൫ രൂപ ശമ്പളത്തിൽ റെവന്യൂബ്രാഞ്ചിലേക്ക ഒരു മാനേജരും ൧൫൦ രൂപ ശമ്പളത്തിൽ ആദായനികുതിശാഖയ്ക്കു ഒരു മാനേജരും മുണ്ടകന രണ്ടുമാനേജർമാർ ഉണ്ടായിരുന്നു. പിന്നീടു ൧൦൯൪-ാമാണ്ടു ഈ ആഫീസ് പുനസ്സംഘടിപ്പിച്ചപ്പോൾ ഈ രണ്ടുദ്യോഗങ്ങളെയും നിറുത്തലാക്കുകയും റവന്യൂശാഖയേയും ആദായനികുതിശാഖയേയുംകൂടി ഒരു ഒററ മാനേജരുടെ നിയന്ത്രണത്തിൻകീഴിൽ ആക്കുകയുംചെയ്തു. ഈ പുനസ്സംഘടനത്തിൽ റവന്യൂശാഖയിലേക്കു

൧൫—൧൦൦ രൂപാ ശമ്പളത്തിൽ ൨ ക്ലാൎക്കമാരും

൪൦—൬൦ രൂപാ ശമ്പളത്തിൽ ൧ ക്ലാൎക്കമാരും

൨൫—൪൦ രൂപാ ശമ്പളത്തിൽ ൯ ക്ലാൎക്കമാരും

നിശ്ചയിച്ചു. ഇപ്രകാരം റവന്യൂശാഖയ്ക്കു ൧൫—൧൦൦ രൂപ ശമ്പളത്തിൽ രണ്ടു ക്ലാൎക്കമാർ ഉണ്ടെന്നും ഈ സഭ കാണുന്നതാണു. ഇപ്പോഴത്തെ ഉദ്ദേശം ഈ രണ്ടു ക്ലാൎക്കുകളിൽ ഒരാളെ ൧൦൦—൧൨൫ രൂപ ശമ്പളത്തിൽ ഒന്നാംഗ്രേഡ് ക്ലാൎക്കായി നിയമിക്കണം എന്നാകുന്നു. അക്കൌണ്ടാഫീസ്, സെക്രട്ടേറിയട്, ചീഫ്എഞ്ചിനീയരുടെ ആഫീസ് മുതലായ മററു ആഫീസുകളിൽ ഒന്നാംഗ്രേഡ് ക്ലാൎക്കുകൾ ഉണ്ടു. ഈ സീനിയർ ക്ലാൎക്കുമാരിൽനിന്നു തഹശീൽദാരായി നിയമിക്ക പതിവാകുന്നു. എന്റെ ആഫീസിൽ ഉള്ള ക്ലാൎക്കുമാരിൽ യാതൊരാൾക്കും പ്രമോഷനു ഉള്ള പ്രതീക്ഷ ഒരിക്കൽ ജനിക്കാൻകൂടി ഇടയില്ല. ഈ സ്ഥിതിക്കു എന്റെ ആഫീസിൽ ഉള്ള യാതൊരു ക്ലാൎക്കിനും യാതൊരു ഉൽഗതി ലഭിക്കുന്നതിനും ഇടയില്ല. ദിവാൻപേഷ്കാരുടെ ആഫീസിൽ ഈ തരത്തിൽ ഉള്ള ക്ലാൎക്കന്മാർ അതായതു ശിരസ്തദാർ ഉണ്ടു; എന്നാൽ എന്റെ ആഫീസിൽ ആ ഗ്രേഡിൽ ആരും ഇല്ല. എന്റെ ആഫീസിൽ ഉള്ള സീനിയർ ക്ലാൎക്കിനു മററുക്ലാൎക്കുകളെക്കാൾ കൂടുതലായ ശമ്പളംകിട്ടണം. കൂടുതൽഎണ്ണം ആളുകൾവേണം ! എന്നുഞാൻഅപേക്ഷിക്കുന്നില്ല. എന്റെ ആഫീസിൽറവന്യൂശാഖയിൽഉള്ള ഉയൎന്നതരം ക്ലാൎക്കിനു ഉന്നതസ്ഥാനം ലഭിക്കാൻ ഇടയാകത്തക്കവണ്ണം ആയാളെ ൧൦൦—൧൨൫ രൂപശമ്പളത്തിൽ ഒന്നാംഗ്രേഡ് ക്ലാൎക്കാക്കണം എന്നുമാത്രമേ ഞാൻ അപേക്ഷിക്കുന്നുള്ളു. എന്നുതന്നെയുമല്ല ഒരാൾക്കു ഉന്നതസ്ഥാനം ലഭിക്കാൻഉള്ള കാലം വരുമ്പോൾ എന്റെകച്ചേരിയിൽ ഉയൎന്നതരത്തിൽഉള്ള ഉദ്യോഗം ഇല്ലാത്തതുകൊണ്ടു എന്റെആഫീസിൽ നിന്നുമററുവല്ല ആഫീസിലേക്കും അയാൾക്കു പോകേണ്ടിയിരിക്കുന്നു. ഇതിനെന്റെ ദോഷം എന്തെന്നാൽ അനേകം കൊല്ലത്തെ പരിചയം സിദ്ധിച്ചയാൾ എന്റെ ആഫീസ് വിട്ടുപോകയും തൽസ്ഥാനത്തു പുതുതായി ഒരാൾവരികയും ചെയ്യാൻ ഇടയാകുന്നു. എന്റെ ആഫീസിൽ നല്ലപരിചയം ഉള്ള ആളുകൾ ഉണ്ടായിരിക്കേണ്ടതു കാൎയ്യക്ഷമതയ്ക്കു അത്യാവശ്യം ആകുന്നു. ഇതിൽകൂടുതലായി പറയേണ്ടതുണ്ടെന്നു ഞാൻവിചാരിക്കുന്നില്ല.

മി. എസ്സ്. പി. പരമേശ്വരൻപിള്ള (കച്ചേരിപ്രതേകം): ബഡ്ജററു തയ്യാറാക്കിയകാലത്തു ഈകാൎയ്യം മിസ്റ്റർ റോബിൻസന്റെ അറിവിൽ വിട്ടുപോയതു എന്തുകാരണത്താൽ ആണെന്നു അറിയേണ്ടിയിരിക്കുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ(ഭൂനികുതിയും ആദായനികുതിയുംവകകമ്മീഷണർ): ഇതുകഴിഞ്ഞകൊണ്ടതന്നെ ബഡ്ജററിൽ ചേൎക്കണം എന്നുഞാൻ ആവശ്യപ്പെട്ടിരുന്നു. അതുബഡ്ജററിൽ എങ്ങനെവിട്ടുപോയി എന്നു ഞാൻ ഓൎമ്മിക്കുന്നില്ല.

ഡിമാൻഡിനെപ്പററി സഭയുടെ അഭിപ്രായം ഗ്രഹിച്ചതിൽ അതുഅനുവദിക്കപ്പെട്ടു.

ഡിമാൻഡ് II ആദായനികുതി.

മി. എസ്സ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): ഡിമാൻഡ് II ആദായനികുതി എന്നഇനത്തിൽ ൧൭൦ രൂപഅനുവദിക്കണം എന്നുഅപേക്ഷിക്കുവാനായി ഞാൻ എഴുനേല്ക്കുന്നു.

ഈ ഡിമാൻഡിൽ രണ്ടു അംശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

(i) ൭൦ രൂപഎന്നതുക എന്റെആഫീസിൽ ആദായനികുതി ശാഖയിൽ ൧൫—൫൦/൧—൧൦൦ രൂപ ശമ്പളത്തിൽഉള്ള ക്ലാൎക്കിന്റെ ശമ്പളത്തെ ൧൦൦—൫/൧ ൧൨൫ രൂപയാക്കി കൂട്ടുന്നതിനു വേണ്ടിയിരിക്കുന്നു. ആദായനികുതി ശാഖയിൽഉള്ള പ്രവൃത്തികളെ ശരിയായിനടത്തിക്കൊള്ളുന്നതിനു എന്റെആഫീസിലെ ആ ശാഖയിലും ഒരുസീനിയർ ക്ലാൎക്കുവേണ്ടിയിരിക്കുന്നു. അദ്ദേഹം ആശാഖയിൽ ഉള്ളപ്രവൃത്തിയുടെ പരിശോധനനടത്തുവാൻ ശക്തനായിരിക്കണം, അയാൾപരിചയപ്പെട്ടയാളായിരിക്കണം, അയാൾക്കുഉന്നതപദവിക്കുള്ളയോഗ്യതയും ഉണ്ടായിരിക്കണം. ആദായനികുതിസംബന്ധമായ പ്രവൃത്തിയിൽ പരിശീലനം ഒരുക്ലാൎക്കിനു ലഭിക്കുന്നതിനു ഏതാനുംകാലം വേണ്ടിവരും. ഈ വിഷയത്തെ സംബന്ധിച്ച ആക്ടുകളും റൂളുകളും അദ്ദേഹത്തിനു പഠിക്കണം. റെവന്യൂശാഖയിൽ ഉള്ള ഒരാൾക്കു ഈ പ്രവൃത്തിയിൽ പൂൎണ്ണമായിപരിചയപ്പെടുന്നതിനുള്ള യോഗം ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ടു എന്റെ ആഫീസിൽഉള്ള ഒരാൾക്കു ഉന്നതസ്ഥാനത്തിനുള്ളയോഗം നാംകൊടുക്കേണ്ടിയിരിക്കുന്നു. റെവന്യൂശാഖയെ സംബന്ധിച്ച പറഞ്ഞതായ അതേകാരണങ്ങൾ ഈ ശാഖയ്ക്കും സംബന്ധിക്കുന്നു.

(ii) രണ്ടാമത്തെ അംശമായ ൧൦൦ രൂപ എന്നതുക രണ്ടു ആദായനികുതിവക കേസുകളിൽ എന്റെമുമ്പാകെ ഗവർൺമെണ്ടിനുവേണ്ടി വ്യവഹാരംനടത്തിയ രണ്ടു സൎക്കാർ വക്കീൽമാരിൽ ഓരോരുത്തൎക്കും ൫൦ രൂപവീതം ഫീസു കൊടുക്കുന്നതിനായിട്ടാകുന്നു. സൎക്കാർവക്കീൽമാൎക്കു ഫീസുകൊടുക്കേണ്ടതായ ഈപ്രശ്നം ഈ സഭയ്ക്കുപുതുതല്ല. ഗവർൺമെണ്ടിനുവേണ്ടി വ്യവഹാരംനടത്തുന്ന സൎക്കാർ വക്കീൽമാൎക്കു ഫീസുകൊടുക്കുന്നതിനായി ൧൦൦൦ രൂപ എന്നതുക ൧൦൯൯-ാമാണ്ടത്തെ ബഡ്ജററിൽ ഞാൻചേൎത്തിരുന്നു. വളരെപ്രധാനപ്പെട്ടതും ക്ലിഷ്ടവും ആയ കേസുകളിൽ മാത്രമേ വ്യവഹാരംനടത്തുവാൻ സൎക്കാർവക്കീൽമാരെ ആവശ്യപ്പെടാറുള്ളു. അവൎക്കു ൫൦ രൂപഎന്ന വളരെ ചെറുതായ ഫീസ് കിട്ടുന്നു. എന്നാൽ എതിൎകക്ഷി വക്കീലിനു ആകട്ടെ ൫൦൦ രൂപ അതിലധികംതന്നെയും ഫീസ്‌കൊടുക്കുന്നുണ്ടു ക്ലിഷ്ടവും പ്രധാനവുംആയ കേസ്കളിൽ മാത്രമേ സൎക്കാർവക്കീലിനെ അപേക്ഷിക്കാറുള്ളുഎന്നുപറഞ്ഞുവല്ലോ. ഈ പ്രവൃത്തിഅവർചട്ടപ്രകാരം ചെയ്യേ

ങ്ങളായ പ്രവൃത്തിയുടെ അംശം അല്ല സർക്കാർവക്കീൽ ഹാജരായി വ്യവഹാരം നടത്തേണ്ടതായിരുന്ന പ്രസ്തുതകേസുകളാം വളരെ വിഷമങ്ങളോടുകൂടിയവയാണ്. നികുതികൊടുക്കുന്നവരുടേയും ഗവർമ്മെണ്ടിന്റേയും ഗുണത്തിനായിട്ടാകുന്നു അവരെ ഏർപ്പെടുത്തിയത്. ഈ കേസുകളിൽ ഒന്നു തെന്നിൻഡ്യാറെയിൽവെ കമ്പനിയെ സംബന്ധിച്ചതും വളരെ വഷളായതും ഉൾപ്പെട്ടതും ആയിരുന്നു. വല്ലതരത്തിലുള്ള വാദങ്ങളെ എതിർക്കേണ്ടിയിരുന്നതുകൊണ്ടു ഈ ഡിമാണ്ടിനു വളരെ ഗൌരവപ്പെട്ട യാതൊരു ആക്ഷേപവും ഉണ്ടായിരിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കാർത്തികപ്പള്ളിയും കുന്നത്തൂരും): സർക്കാർവക്കീൽമാർക്കു ഫീസ് കൊടുക്കുന്നതാണെന്നു മിസ്റ്റർ റാബിൻസൺ വാക്കുപറഞ്ഞതുകൊണ്ടാണോ അവർ അദ്ദേഹത്തിന്റെ മുമ്പാകെ ഹാജരായി കേസുകൾ നടത്തിയത്.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): വക്കീലിന്റെ സഹായം ഇല്ലാതെ സർക്കാരിനുവേണ്ടി കേസ് ശരിയായി വ്യവഹാരം നടത്തുന്നതു അസാദ്ധ്യമാണെന്നു തോന്നിച്ചു. വക്കീൽ ഏർപ്പെടുത്തിക്കൊള്ളുവാൻ എന്നോടുപറഞ്ഞു, ഞാൻ സർക്കാർവക്കീലിനെ ഏർപ്പെടുത്തി. ഈ ക്ലെയിമിന്റെ കാര്യമായി ശേഷിക്കുന്നതു ... ആണ്.

മി. എൻ. വി. ജോസഫ് (പറവൂർ): സർക്കാർവക്കീൽമാർ സർക്കാരിൽനിന്നു ശമ്പളം കൊടുക്കുന്ന ഉദ്യോഗസ്ഥന്മാർ അല്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): അവർക്കു ഏതാനും കോടതികളിൽ വ്യവഹാരം നടത്തുന്നതിനായി ശമ്പളം കൊടുത്തിരിക്കുന്നു. മറ്റുകോടതികളിൽ വ്യവഹാരം നടത്തേണ്ടതില്ല. എന്റെ മുമ്പാകെയുള്ള കേസുകളിൽ എന്റെ മുൻപാകെവന്നു വ്യവഹാരം നടത്തേണ്ടതു അവരുടെ പ്രവൃത്തിയിൽ ഒരു അംശമല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): അവർ ജൂഡിഷ്യൽ കോടതികളിൽ മാത്രമേ വ്യവഹാരം നടത്തേണ്ടതൊള്ളു എന്നു വിശേഷാൽ വല്ല കരാറും ഉണ്ടോ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): ഒരു പ്രത്യേക കേസും എനിക്കു അറിഞ്ഞുകൂടാ. അതിനെക്കുറിച്ചു അന്വേഷിക്കതന്നെവേണം. അവരെ നിയമിച്ചിരിക്കുന്ന ഏതുള്ള വ്യവസ്ഥകൾ എന്തെല്ലാം ആണെന്നു എനിക്കു അറിഞ്ഞുകൂടാ. അതു സർക്കാർവക്കീലിനും ഗവർമ്മെണ്ടിനും തമ്മിൽ ഉള്ള കാര്യം ആകുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): അപ്രകാരം ഉള്ള കരാർ ഇല്ലെന്നു വരികിൽ യാതൊരു ഫീസും കൂടാതെ ആദായനികുതി കമ്മീഷണരുടെ മുൻപാകെ കേസ് നടത്തുന്നതിനായി ഗവർമ്മെണ്ടു സർക്കാർവക്കീലിനോടു ആജ്ഞാപിക്കാൻ പാടില്ലയോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): അതു ഞാൻ തീരുമാനിക്കേണ്ടതായ സംഗതി അല്ല. അതു ഗവർമ്മെണ്ടിനും സർക്കാർവക്കീലിനും തമ്മിൽ ഉള്ള ബന്ധത്തെ സംബന്ധിച്ചകഥയാണ്. എന്റെ സംഗതി ആ കേസുകളിൽ സർക്കാർവക്കീലിനെ വ്യവഹാരം നടത്തുന്നതിനായി നിയോഗിക്കുകമാത്രം ആകുന്നു; അവർക്കു പണം കൊടുപ്പാനുള്ള തുക ൧൦൦ രൂപയിൽ ഉള്ള അവർക്കു തൊൻകൊടുക്കേണ്ടതും തന്നെ.

മി. എൻ. വി. ജോസഫ് (പറവൂർ): ഞാൻ തുകയെക്കുറിച്ചു സംസാരിക്കുന്നില്ല. വ്യതിരിക്തമായ സേവനത്തിനായി ഈ സർക്കാർവക്കീൽമാർക്കു പട്ടപ്രകാരം വല്ലതും കൊടുക്കേണ്ടതുണ്ടോ എന്നു ആകുന്നു എന്റെ പ്രശ്നം.

മി. എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ):

അതു ആനുഷംഗികമായ സംഗതിയാണ്. ആ പ്രശ്നം ഇവിടെ ജനിക്കുന്നില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): അവർക്കു ഫീസ് കൊടുക്കുന്നതാണെന്നു വല്ല വ്യതിരിക്തമായ കരാറും ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): അവരെ ഉപയോഗിച്ചു വ്യവഹാരം നടത്തിക്കണം എന്നു ഞാൻ ആജ്ഞാപ്തൻ ആയിരുന്നു; അവരെ നിയോഗിച്ചു ഉപയോഗിച്ചതിൽ പിന്നീടു അവർക്കു പ്രതിഫലം കൊടുക്കുന്നതിനു മുതൽ കിട്ടണം എന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ഡബ്ലിയു. എച്ച്. പിറ്റ്. (പോലീസ് കമ്മീഷണർ): ആ കേസിൽ സർക്കാരിനു ജയം കിട്ടിയോ തോൽവികിട്ടിയോ എന്നു മി. റാബിൻസന്റെ പക്കൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): ആദായനികുതിസംബന്ധമായി ഉള്ള വിചാരണ പരസ്യപ്പെടുത്താവുന്നതല്ല എന്നു തോന്നുന്നു (ചിരി)

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, നിശ്ചിതമായ ഈ തുക കൊടുക്കുന്നതിനെ ഞാൻ പ്രതിഷേധിക്കുന്നു: മി. റാബിൻസൺ പറഞ്ഞതുപോലെ ൧൦൦ രൂപ എന്നോ ൫൦ രൂപ എന്നോ ഉള്ള പ്രശ്നം അല്ല. സർക്കാർഭാഗം വ്യവഹാരം നടത്തുന്നതിനായി ആദായനികുതികമ്മീഷണരുടെ മുൻപാകെ ഹാജരാകാൻ അപേക്ഷിതരായ സർക്കാർവക്കീൽമാർക്കു വിശേഷാൽ വല്ലതും കൊടുക്കേണമൊ എന്നുള്ളതാകുന്നു പ്രശ്നം; അതാകുന്നു സമാസമക്ഷം ഉള്ള പ്രശ്നം. ഈ ൧൦൦ രൂപയോ ൫൦ രൂപയോ കൊടുക്കുന്നതിനു ഈ സഭ സമ്മതിക്കുന്നതായാൽ കാലക്രമേണ ഈ ഇനത്തിൽ വളരെ വലുതായ ഒരു തുക സർക്കാർ അനുവദിക്കുന്നതു നീതീകരിക്കത്തക്കതായി ഭവിക്കും.

ഒന്നാമതായി എനിക്കു അറിയിക്കാനുള്ള നിയമസംബന്ധമായ വാദം കേട്ട തീർച്ചപ്പെടുത്തേണ്ടതായ കാര്യങ്ങളെ സംബന്ധിച്ചു ഗവർമ്മെണ്ടുദ്യോഗസ്ഥനായ ആദായനികുതികമ്മീഷണരുടെ മുൻപാകെ സർക്കാരിനു വേണ്ടി വാദം നടത്തുന്നതിനായി ഒരാൾ ആവശ്യമേയില്ല എന്നുള്ളതാകുന്നു. നിയമസംബന്ധമായ ഉൾഘടവുകൾ ജനിക്കുമ്പോൾ അവയെ വ്യാഖ്യാനിക്കാനായി മാത്രം ആദായനികുതികമ്മീഷണർ ഹെഡ് സർക്കാർവ

ക്കീലിനോടും അസിസ്റ്റൻറ് ഹെഡ് സർക്കാർവക്കീലിനോടും ആവശ്യപ്പെടാമോ എന്നു ഞാൻ വിചാരിക്കുന്നു. നിയമവ്യാഖ്യാനം വേണ്ടിയിരിക്കുന്ന വാദങ്ങൾ ആലോചനക്കായി ജനിക്കുമ്പോഴും ഈ വിധം കേസ്സു ഹൈക്കോടതിയുടെ തീർച്ചക്കായി അയക്കണം എന്നു മറ്റേകക്ഷി ആവശ്യപ്പെടുമ്പോഴും ആദായനികുതി കമ്മീഷണർ ഹൈക്കോടതിയുടെ മുൻപാകെ കേസിൻെറ ഒരു വിവരണം ബോധിപ്പിക്കേണ്ടതാണെന്നു ഇപ്പോൾ ഈ സഭ അനുവദിച്ചുവരുന്ന ആദായനികുതിറഗുലേഷനെ ഭേദപ്പെടുത്തുന്നതായ റഗുലേഷനിൽ വളരെ വ്യക്തമായി വിധിച്ചിരിക്കുന്നു. ഹെഡ് സർക്കാർവക്കീൽ ആകട്ടെ അസിസ്റ്റൻറ് ഹെഡ് സർക്കാർവക്കീൽ ആകട്ടെ ആദായനികുതികമ്മീഷണരുടെ മുൻപാകെയോ മറ്റുവല്ല കോർട്ടിലെയും ഹാജരാകാൻ കടമപ്പെട്ടിരിക്കുന്നില്ല എന്നുതന്നെ വിചാരിച്ചുകൊള്ളുന്നതായാലും കേസ് ഹൈക്കോടതിയുടെ മുൻപാകെ ചെല്ലുമ്പോൾ അവർ ആ കോടതിയുടെ മുൻപാകെ ഹാജരായി സർക്കാരിനു വേണ്ടി ആ വിധം കേസുകളിൽ വാദം നടത്തുന്നതിനു കടമപ്പെട്ടവരായി ഭവിക്കും. അപ്പോൾ സർക്കാരിൻെറ ഭാഗത്തിനു യാതൊരുവിധത്തിലും ദോഷം ഭവിക്കാനിടയാവുകയില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): സംബന്ധപ്പെട്ട കക്ഷികൾ ആദായം കൊടുക്കാൻ ബാദ്ധ്യപ്പെട്ടവരല്ലാ എന്നു ഇതിനിടയ്ക്കു ആദായനികുതി കമ്മീഷണർ തീർച്ച ചെയ്യുന്നതായാൽ സർക്കാരിനു നഷ്ടം ഭവിക്കയില്ലയോ? അതു ഹൈക്കോടതിയിൽ ചെന്നില്ലാ എന്നുകൂടി സംഭവിച്ചേക്കാം. അപ്പോൾ സർക്കാർവക്കീൽ ഹാജരില്ലാതിരുന്നതുകൊണ്ടു സർക്കാരിനു ദോഷം ഭവിച്ചേക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കേസ് തള്ളേണ്ടതാണെന്നു കമ്മീഷണർ വിചാരിക്കുന്നതായാൽ എതിർകക്ഷിക്കു അതു വളരെ നല്ലതുതന്നെ. എന്നാൽ അതിൽ ആലോചിക്കാൻ വല്ലതും ഉണ്ടു എന്നും നിയമത്തിൻെറ ഉൾപ്പെട്ട വാദങ്ങളുടെ വ്യാഖ്യാനം വേണ്ടിയിരിക്കുന്നതായ വാദങ്ങളെ തീർച്ചപ്പെടുത്തുന്നതിൽ സാധാരണ അവസ്ഥകളിൽ ഉചിതമാംവണ്ണം അദ്ദേഹത്തിനു തീർച്ച ചെയ്യാൻ പാടില്ലാത്തതായി യാതൊന്നും ആ കേസിൽ ഇല്ലാ എന്നും അദ്ദേഹം വിചാരിക്കുന്നതായാൽ അപ്പോൾ നിശ്ചയമായും സംശയച്ഛേദനത്തിനായി ഹൈക്കോടതിക്കു അദ്ദേഹത്തിനു എഴുതിയയയ്ക്കാം; സർക്കാർഭാഗം സുരക്ഷിതമായിരിക്കയും ചെയ്യും. സാധാരണാവസ്ഥകളിൽ ആദായനികുതി കമ്മീഷണർ സർക്കാരിനു വിപരീതമായി കേസുകൾ തീർച്ചചെയ്യും എന്നു പ്രതീക്ഷിക്കേണ്ടതും ഇല്ല.

എന്നുതന്നെയുമല്ലാ ഒരു കാര്യംകൂടി എനിക്കു പറയാനുണ്ട്. സർക്കാരിൻെറ ഗുണത്തെ പരിരക്ഷിക്കുന്നതിലേക്കായി വല്ല വക്കീലും തൻെറ മുൻപാകെ വന്നു സർക്കാരിനുവേണ്ടി വ്യവഹാരം നടത്തേണ്ടതു ആവശ്യമാണെന്നു ആദായനികുതി കമ്മീഷണർ വിചാരിക്കുന്നതായാലും സർക്കാർ വക്കീൽമാർ ഉണ്ട്; അവർ വ്യവഹാരം നടത്തണം എന്നു അപേക്ഷിക്കാവുന്നതാണ്. ആ വിധം സഹായം ആദായനികുതി കമ്മീഷണർ ആവശ്യപ്പെടുന്നതായി ആണ്ടിൽ നാലഞ്ചുകേസിലധികം ഉണ്ടായിരിക്കയില്ല എന്നു തോന്നുന്നു. ഈ അവസരങ്ങളിൽ ആദായനികുതി കമ്മീഷണരുടെ മുൻപാകെ സർക്കാർ വക്കീൽമാർ ഹാജരാകുമ്പോൾ അവർക്കു വിശേഷാലായി വല്ല പ്രതിഫലവും കൊടുക്കുന്നതിൽ വല്ല ന്യായവും ഉണ്ട് എന്നു ഞാൻ വിചാരിക്കുന്നില്ല. സർക്കാർ വക്കീൽമാരെ നിയമിക്കുന്നതിലുള്ള വ്യവസ്ഥകൾ അനുസരിച്ചു അവർ ഹൈക്കോടതിയുടേയോ മറ്റു വല്ല നീതിസ്ഥലത്തിൻെറയോ മുൻപാകെ ഹാജരാകാൻ കടമപ്പെട്ടിരിക്കുന്നു എന്നും മറ്റു യാതൊരുസ്ഥലത്തും ഹാജരാകേണ്ടതില്ല എന്നും കരാറു ഉണ്ടെന്നു ഗവർമ്മെണ്ട് ഈ സഭയെ ബോദ്ധ്യപ്പെടുത്തും എന്നു വരികിൽ ഈ തുക കൊടുക്കുന്നതിനെ ഈ സഭ എതിർക്കുന്നതു തീരെ ന്യായമായിരിക്കയില്ല നിശ്ചയംതന്നെ.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): ഒരു കോടതിയിൽ ഹാജരാകുവാനായി നിയുക്തനായിരിക്കുന്ന ഒരു വക്കീലിനെ മറ്റൊരു കോടതിയിൽ ഹാജരാകാൻ നിയോഗിക്കുമ്പോൾ അയാൾക്കു പ്രതിഫലം കൊടുക്കേണ്ടതല്ലയോ എന്നു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു ചോദിക്കട്ടെ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആ പ്രശ്നം എങ്ങനെ ഉദിക്കുന്നു എന്നു ഞാൻ കൃത്യമായി അറിയുന്നില്ല. സർക്കാർ വക്കീൽമാരെ നിയമിക്കുന്നതിലുള്ള കരാറുകളെക്കുറിച്ചു ഞങ്ങളോടു പറയണം എന്ന് ഞാൻ ഗവർമ്മെണ്ടിനോടു അപേക്ഷിക്കുന്നു. ആ കരാറുകൾ അനുസരിച്ചു അവർക്കു പ്രതിനിധീകൃതമായ കോടതികളിൽമാത്രം അവർ വ്യവഹാരം നടത്തേണ്ടിയിരിക്കുന്നു എന്നുവരികിൽ ആ കോടതികളിൽമാത്രം ഹാജരാകാൻ അവർ കടമപ്പെട്ടിരിക്കുന്നു; അങ്ങനെയാണെന്നുവരികിൽ ഇക്കാര്യത്തിൽ ഗവർമ്മെണ്ടിൻെറ നില എനിക്കു നല്ലപോലെ ധരിക്കാൻ കഴിയും. എന്നാൽ സർക്കാർ കാര്യങ്ങൾക്കായി സർക്കാരിൽനിന്നു വക്കീലന്മാരെ നിയോഗിച്ചിരിക്കയും അവർ സമയം മുഴുവനും ഗവർമ്മെണ്ടുവക ജോലിക്കായി ഉപയോഗപ്പെടുത്തുന്ന സർക്കാരുദ്യോഗസ്ഥന്മാരായി ഇപ്പോൾ ഇരിക്കുംപോലെ ഇരിക്കയും ഇതിനുപുറമെ അവർക്കു കുടിവക വ്യവഹാരങ്ങളും നടത്താവുന്നതായ ആനുകൂല്യം ഉണ്ടായിരിക്കയും പെൻഷനുകൾ ഓഹരികൊടുക്കുക മുതലായ ചട്ടങ്ങളോടുകൂടി സർക്കാർ വക്കീൽമാരെ സർക്കാരുദ്യോഗസ്ഥന്മാരെന്നു ഗണനാപത്രികയിൽ ഉൾപ്പെടുത്തിയിരിക്കയും ചെയ്യുന്നതായാൽ ഈ വിധത്തിൽ ഗവർമ്മെണ്ട് സർക്കാർ വക്കീൽമാരെ ഉപയോഗപ്പെടുത്തിവരുമ്പോൾ ഗവർമ്മെണ്ട് ആവശ്യപ്പെടുന്നതായ സകല കാര്യങ്ങൾക്കും അവരുടെ സേവനത്തെ ഗവർമ്മെണ്ട് ഉപയോഗപ്പെടുത്തണം എന്നുള്ളതു യുക്തിയുക്തം അല്ലയോ? ഇതിലേക്കു ഒരു ഉദാഹരണംമാത്രം ഞാൻ പറയാം. ഇതാ ആദായനികുതി കമ്മീഷണർ ഇപ്പോൾവന്നു ഇപ്രകാരം പറയുന്നു. "ഹെഡ് സർക്കാർവക്കീലോ അസിസ്റ്റൻറ് ഹെഡ് സർക്കാർവക്കീലോ എൻെറ മുൻപാകെ ഹാജരായി ഗവർമ്മെണ്ടിനുവേണ്ടി ഒരു ഗവർമ്മെണ്ട് കേസിൽ വാദം നടത്തേണ്ടിയിരിക്കുന്നു അദ്ദേഹത്തിനു വിശേഷാൽ പ്രതിഫലം കൊടുക്കണം".

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമ്മീഷണർ): ഇതു എല്ലാകേസുകളിലും വേണ്ടിവരുന്നില്ല. പ്രധാനപ്പെട്ടതും വിഷമപ്രശ്നങ്ങളുള്ളതും റെയിൽവേകേസുകൾ എന്നപോലെ വലുതായ ധനബന്ധം ഉള്ളതും ആയ കേസുകളിൽ മാത്രമേ വേണ്ടിയുള്ളു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതെ; അങ്ങനെയുള്ള കേസുകളിൽ മാത്രമാണ്. പോലീസ് റെഗ്ഗുലേഷൻ, ചന്തറെഗ്ഗുലേഷൻ മുതലായി മററുവല്ല റെഗ്ഗുലേഷനിലേയും വ്യവസ്ഥകളെ സംബന്ധിച്ചു അസിസ്റ്റൻറ് സക്കാർ വക്കീലിൻെറയോ ഹെഡ് സക്കാർവക്കീലിൻെറയോ അഭിപ്രായം അറിയാൻ ഗവർണ്മെൻറിൽനിന്നു അവരോടു ആവശ്യപ്പെടുന്നുഎന്നിരിക്കട്ടെ. ഇവയെ സംബന്ധിച്ചു നിയമസംബന്ധമായ അഭിപ്രായം അറിയാനായി അവരോടു ആവശ്യപ്പെടുന്നതായാൽ അതിലേക്കു വിശേഷാൽ പ്രതിഫലം കിട്ടണം എന്നു ഗവർണ്മെൻറിനോടു ആവശ്യപ്പെടുന്നതിനു അവർക്കു അവകാശം ഉണ്ടു എന്നു ഞാൻ തീർച്ചയായും വിചാരിക്കുന്നില്ല. അങ്ങനെയല്ലെന്നുവരികിൽ ഇതേയുക്തിവാദംതന്നെ അപ്പഴും ഉപയോഗിക്കാവുന്നതും അവർ പ്രത്യേകകോടതികളുടെ മുൻപാകെ ഹാജരാകുന്നില്ലാഎന്നും തൻെറ അഭിപ്രായം ഗവർണ്മെൻറിനെ അറിയിക്കയില്ലാഎന്നു നിഷേധിക്കുന്നതും ന്യായമായിരിക്കും എന്നും വാദിക്കാവുന്നതാണ്. അതുകൊണ്ടു ഏതൊരു നിലയിൽ പണിനടത്തണംഎന്നു ഗവർണ്മെൻറു ആവശ്യപ്പെടുന്നതായാലും ആ വിധം പണി ഗവർണ്മെൻറിനുവേണ്ടിനടത്തുവാൻ സക്കാർ വക്കീൽമാർ ബദ്ധരായിരിക്കണം എന്നും ധരിക്കേണ്ടതാകുന്നു. അവർ വ്യതിരിക്തകോടതികളുടെ മുൻപാകെ മാത്രമേ വ്യവഹാരം നടത്തേണ്ടതുള്ളുഎന്നു അവരുടെ നിയമനത്തിൽ പരിച്ഛിന്നമായ വ്യവസ്ഥകളുണ്ടായിരുന്നാൽഅല്ലാതെ ആദായനികുതി കമിഷണരുടേയോ മററു ഉദ്യോഗസ്ഥൻെറയോ മുൻപാകെ വ്യവഹാരം നടത്തുന്നതിനു വിശേഷാൽ വല്ലപ്രതിഫലവും അവർക്കുകൊടുക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയുംവക കമിഷണർ): ഡിസ്ട്രിക്ട് കോടതിയിൽ വ്യവഹാരം നടത്തുന്നതിനായി ഒരു കക്ഷിയാൽ നിയുക്തനായിരിക്കുന്ന ഒരു വക്കീൽ, അതേ കേസ് ഹൈക്കോടതിയിൽ ചെല്ലുമ്പോൾ, അവിടെയും വ്യവഹാരം നടത്തണം എന്നു ആവശ്യപ്പെടുന്നതായാൽ ആ വക്കീൽ അതേഫീസിന്മേൽതന്നെ ആ പണിയും തുടർന്നു നടത്തുന്നുണ്ടോ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര) എല്ലാം ഒരാളിനെ നിയമിക്കുന്നതിലുള്ള വ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു. സക്കാർ വക്കീൽമാർ ഇന്നഇന്ന പരിച്ഛിന്നങ്ങളായ കോടതികളിൽമാത്രമേ ഹാജരാകേണ്ടതുള്ളുഎന്നാകുന്നുവ്യവസ്ഥ എന്നുവരികിൽ എനിക്കു യാതൊരു വാദവും ഇല്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ആദായനികുതികമ്മിഷണരുടെ മുൻപാകെ വ്യവഹാരം നടത്തുന്നതിനായി സക്കാർവക്കീൽമാർ ഹാജരാകുന്നതിനെ അദ്ദേഹം ആക്ഷേപിക്കുന്നുവോ അതല്ല വിശേഷാൽ പ്രതിഫലംകൂടാതെ അവർ വ്യവഹാരം നടത്തണം എന്നു അദ്ദേഹം അഭിപ്രായപ്പെടുന്നുവോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർ ആ വ്യവഹാരം നടത്തുകയേവേണ്ട എന്നു ഞാൻപറയുന്നു; അവർ ഹാജരായി വാദംനടത്തണം എന്നു നിങ്ങൾ ആവശ്യപ്പെടുന്നതായാൽ അവർ നിങ്ങളുടെ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥരാകയാൽ അവർ വേതനംഇല്ലാതെ നിങ്ങൾക്കുവേണ്ടതായ പ്രവൃത്തി ചെയ്യുവാനായി അവരെ ഏർപ്പെടുത്തേണ്ടതാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അതു അവരുമായി ചെയ്തിട്ടുള്ള കരാറിനെ ആശ്രയിച്ചിരിക്കുന്നു; അവരുടെ നിയമനത്തിലുള്ള വ്യവസ്ഥയെ ആശ്രയിച്ചിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ കരാറു എവിടെ? ആ കരാറിലെ വ്യവസ്ഥകളെ ഞങ്ങളെ കാണിക്കുന്നതായാൽ ഞങ്ങൾ തൃപ്തിപ്പെട്ടുകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഈ ബഡ്ജററു യോഗത്തിൽകൊണ്ടുവരേണ്ട വാദം അല്ലത്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര) എന്നാൽ ഈ പ്രസ്തുതവാദവും ബഡ്ജററ് യോഗംവരെ നിറുത്തിവച്ചേക്കാം.

മി. എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഇതിനു മുമ്പിൽതന്നെ നിയോഗിച്ചിട്ടുള്ള ഈ ആളുകൾക്കു പ്രതിഫലം അതിനിടയ്ക്കു കൊടുക്കേണ്ടതായുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ സക്കാർവക്കീൽമാരെ ഏർപ്പെടുത്തുകയും അവർക്കു ഫീസ് കൊടുക്കാമെന്നു പറയുകയും ഗവർണ്മെൻറു ചെയ്തതു അനുചിതമായിപ്പോയിഎന്നു എനിക്കുതോന്നുന്നു; എന്തുകൊണ്ടെന്നാൽ ഇതേപ്രശ്നം ഈ സഭയിൽ ഇതിനുമുമ്പിൽ ജനിക്കയും ഈ സഭ അതിനു അനുകൂലമല്ലാതിരിക്കയും ചെയ്തിരുന്നുവല്ലോ.

മി. എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഈ തുക ഈസഭ അനുവദിച്ചില്ലഎന്നു വിചാരിക്കുക; അദ്ദേഹത്തിനു ഈ തുക നഷ്ടമായി പോകണമെന്നോ, അതല്ലാ ഞാൻകൊടുക്കേണമെന്നോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർക്കു ഒരിക്കലും നഷ്ടം ഇല്ല. അവർ നിങ്ങളുടെ ശമ്പളംവാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ ആണല്ലോ.

മി. വി. സുബ്ബയ്യർ (ഗവർണ്മെൻറു നിയമിച്ച മെമ്പർ ഡെപ്യൂട്ടിപ്രെസിഡെണ്ടു) ഞാൻ ഇപ്പോൾ സക്കാർ വക്കീലന്മാരുടെ ഡിപാർട്ട്മെൻറിൽനിന്നുപിരിഞ്ഞിരിക്കുന്നുഎന്നുവരികിലും ആ ഡിപാർട്ട്മെൻറിൻെറ യോഗ്യതയെക്കരുതി മി. ജി. പരമേശ്വരൻപിള്ളക്കു മറുപടി എനിക്കു പറയാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. അവർ പരിച്ഛിന്നമായ കോടതിയിൽമാത്രമേ വ്യവഹാരം നടത്താവുഎന്നു അവരുടെ കരാറിലോ അവരെ നിയമിച്ചതായ ഉടമ്പടിയിലോ വ്യവസ്ഥകൾ ഉണ്ടെന്നുവരികിൽ തനിക്കുവാദംഒന്നുംഇല്ലാഎന്നും മി. റാബിൻസൺ ആവശ്യപ്പെടുന്ന തുക അനുവദിക്കേണ്ടതാണെന്നു അദ്ദേഹം പറയുന്നു; അവരെ നിയമിച്ച ഉടമ്പടിയിലെ വ്യവസ്ഥ അതുതന്നെയാണ് എന്നു തീർച്ചപ്പെടുന്നതിൽ യാതൊരു ദുർഘടവും ഉണ്ടായിരിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആ ഉടമ്പടിയിലെ വ്യവസ്ഥകൾ അദ്ദേഹത്തിന്റെ മുൻപാകെ ഉണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ട് നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): അതു പറയാം. ഒരു ഉടമ്പടിയിലെ വ്യവസ്ഥകൾ ബാഹ്യമായി എഴുതീട്ടുള്ളതോ അന്തർഭൂതമായുള്ളതോ ആയിരിക്കാവുന്നതാണ് എന്നു എന്റെ സ്നേഹിതനു ഒരു വക്കീലാകകൊണ്ടു അറിയാം എന്നു എനിക്കു നിശ്ചയം ഉണ്ട്. (ചിരി) ഈ വിധത്തിൽ ഒരു അന്തർഭൂതാർത്ഥമായ കരാറു ഉണ്ടു എന്നു അതുകൊണ്ടു ഞാൻ പറയുന്നു: ഈ ആഫീസിൽ പതിവായി തന്ന പഴയ നടപ്പു എന്തെന്നാൽ ഇന്ന സർക്കാർ വക്കീലിനെ ഇന്ന കോടതിക്കായി നിയമിച്ചിരിക്കുന്നു എന്നായിരുന്നു. കോട്ടയം ഡിസ്ത്രിക്ട് കോടതിക്കോ ആലപ്പുഴ ഡിസ്ത്രിക്ട് കോടതിക്കോ പറവൂർ ഡിസ്ത്രിക്ട് കോടതിക്കോ ആയി ഒരാളെ നിയമിക്കുന്നുണ്ട്. അതിന്റെ അർത്ഥം അയാൾ കാര്യത്തിന്റെ അവസ്ഥപോലെ കോട്ടയം ഡിസ്ത്രിക്ട് കോടതിയിലോ ആലപ്പുഴ ഡിസ്ത്രിക്ട് കോടതിയിലോ പറവൂർ ഡിസ്ത്രിക്ട് കോടതിയിലോ വ്യവഹാരം നടത്തുവാനായി അയാൾ അപേക്ഷിതനായിരിക്കുന്നു എന്നർത്ഥം ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലം ദേവികുളവും): മറ്റുവല്ല കോർട്ടിലും ഹാജരായി വ്യവഹാരം നടത്തുവാൻ ഗവർണ്മെണ്ട് അയാളോടു ആജ്ഞാപിക്കാൻ പാടില്ല എന്നു ഇതിൽ നിന്നു അർത്ഥം ആകുന്നുണ്ടോ ?

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ട് നിയമിച്ച മെംബർ): (ഡെപ്യൂട്ടിപ്രസിഡെണ്ട്) ഇല്ല എന്നുതന്നെയുമല്ല ഒരു പ്രത്യേക ഡിസ്ത്രിക്ട് കോടതിയിലേക്കു നിയമിച്ചിട്ടുള്ള സർക്കാർ വക്കീൽ മറ്റൊരു സെഷൻസ് കോടതിയിൽ നിന്നു വരുന്ന ഒരു ക്രിമിനൽ അപ്പീലിൽ ഹൈക്കോടതിയുടെ മുൻപാകെ പ്രതിക്കുവേണ്ടി ഹാജരായി വ്യവഹാരം നടത്തുവരുന്നുണ്ട്. ഇങ്ങനെയും നടന്നിട്ടുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഹെഡ് സർക്കാർ വക്കീലിന്റെയും അസിസ്റ്റന്റ ഹെഡ് സർക്കാർ വക്കീലിന്റെയും സ്ഥാനം എന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ട് നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡെണ്ട്): അതു പറയാൻ വരുന്നുണ്ട്. ഡിസ്ത്രിക്ട് കോടതി വക്കീൽമാരെ സംബന്ധിച്ചിടത്തോളം ആ സംഗതി വ്യക്തമാണ്. ഒരാളെ ഒരു വ്യക്തിയായ ഡിസ്ത്രിക്ട് കോർട്ടിലെ സർക്കാർ വക്കീലായി നിയമിക്കുന്നതായാൽ അയാൾക്കു ആ കോടതിയിൽ മാത്രമേ ജോലിനോക്കേണ്ടതുള്ളു; മറ്റൊരു കോടതിയിലേയും ജോലിനോക്കേണ്ടതില്ല. സർക്കാർ വക്കീൽ മുഴുവൻസമയവും സർക്കാർ ജോലിക്കായി ഉപയോഗപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ആണെന്നു എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചു അയാൾ ആ ഉദ്യോഗം അംഗീകരിക്കുന്നതു, ഡിസ്ത്രിക്ട് കോടതിയിൽ ഉള്ള പ്രവൃത്തിക്കു വിഘാതംകൂടാതെ കക്ഷികളുടെ വക്കാലത്തും സ്വീകരിക്കുവാൻ അയാളെ അനുവദിച്ചിരിക്കുന്നു എന്നുള്ള വ്യവസ്ഥയ്ക്കു ഉൾപ്പെട്ടു ആകുന്നു. എനിക്കു അറിയാവുന്നിടത്തോളം കഴിഞ്ഞ പതിനഞ്ചുകൊല്ലത്തെ നടപ്പു ഡിസ്ത്രിക്ട് കോടതിയിലെ സർക്കാർ വക്കീൽ ഡിസ്ത്രിക്ട് കോടതിയിൽ മാത്രമേ വ്യവഹാരം നടത്തുന്നുള്ളൂ എന്നുള്ളതത്രേ. അയാൾ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്റെ മുൻപാകെ തന്റെ അധികാരാതിർത്തിക്കുപുറമെയോ സിവിലോ ക്രിമിനലോ റെവന്യൂവോ ആയ മറ്റുവല്ല കേസിലുമോ ഹാജരാകുന്നില്ല. അയാൾ അങ്ങനെയുള്ള കേസുകളിൽ ഹാജരാകുന്നതായാൽ അതിലേക്കു അയാൾക്കു പ്രത്യേകം ഫീസ് കൊടുക്കാറുണ്ടു എന്നുള്ളതും നല്ലപോലെ അറിയപ്പെട്ടിരിക്കുന്ന കാര്യം അത്രേ. ഏതായാലും ഈ നടപ്പു കഴിഞ്ഞ പതിനഞ്ചു കൊല്ലങ്ങളായി നടപ്പിൽ ഇരിക്കുന്നു. അസിസ്റ്റണ്ട് ഹെഡ് സർക്കാർവക്കീൽ ആകട്ടെ ഹൈക്കോടതിയിലേക്കായി നിയമിക്കപ്പെട്ടിരിക്കുന്നു. ഹെഡ് സർക്കാർവക്കീൽ ഹൈക്കോടതിക്കുപുറമെ വല്ലേടത്തും പോകുന്നതായാൽ അയാൾ ഹാജരായി വ്യവഹരിക്കുന്ന കേസുകൾക്കു ഫീസ് കൊടുക്കാറുണ്ടു എന്നുള്ള വസ്തുത എനിക്കറിയാം. ഇതും കഴിഞ്ഞ പതിനഞ്ചുകൊല്ലങ്ങളായി നടന്നുവരുന്ന നടപ്പു ആകുന്നു.

മി. ജി. പരമേശ്വരപിള്ള (നെയ്യാറ്റിൻകര): ആ പ്രശ്നം ജനങ്ങളുടെ അഭിപ്രായം അനുസരിച്ചു വല്ലപ്പോഴും തീർച്ചയാക്കീട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ട് നിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രെസിഡെണ്ട്): അങ്ങനെയുണ്ടായിട്ടില്ലായിരിക്കാം. ജനങ്ങൾക്കു യാതൊരു നിയന്ത്രണവും ഇല്ലാതിരിക്കാം. എന്റെ പ്രസ്താവനയുടെ ഉദ്ദേശം ഇതേവരെയുള്ള നടപ്പു ഇതാകുന്നു എന്നുള്ളതാണ്. ഇപ്പോൾ ഉള്ള നടപ്പുമേലും തുടർന്നു നടക്കുന്നതാണ് എന്നുള്ള ബോധത്തോടുകൂടി സർക്കാർ വക്കീൽമാർ നിയമിക്കപ്പെട്ടിരുന്നാൽ ആ പഴയ ഏർപ്പാടിൻപടി അവർ മേലും ആ ഉദ്യോഗം വഹിക്കേണ്ടതു എന്നും അവരുടെ നിയമനത്തിനും ശമ്പളത്തിനും പുതിയ വ്യവസ്ഥകൾ നിശ്ചയിച്ചു സ്ഥിരപ്പെടുത്തണം എന്നും ഈ സഭ അഭിപ്രായപ്പെടുന്നതായാൽ അങ്ങനെയുള്ള കാര്യങ്ങളിൽ അതു നടത്തിത്തീരുന്നതുവരെ പൂർവ്വനിലയിൽ നിന്നു പിൻമാറിപ്പോകുന്നതായ പ്രശ്നം ജനിക്കുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു കരാറിലെയോ ഉഭയസമ്മതത്തിലെയോ വ്യവസ്ഥകൾ അനുസരിച്ചു ഹൈക്കോടതിയിലെ ഹെഡ് സർക്കാർവക്കീലോ അസിസ്റ്റന്റ ഹെഡ് സർക്കാർവക്കീലോ ഹൈക്കോടതിയിൽ മാത്രം ഹാജരായി വ്യവഹാരം നടത്തണം എന്നും അയാൾ മറ്റു യാതൊരു കോടതിയിലും ഹാജരാകേണ്ടതില്ലാ എന്നും ഉള്ളതാണെങ്കിൽ അയാൾ ചെയ്യുന്ന പ്രവൃത്തിക്കു നിവേതനം അയാൾക്കു കൊടുക്കേണ്ടതുതന്നെ. അഭിപ്രായത്തിന്റെ സംഗതിയിൽ ആകട്ടെ യാതൊരു പ്രതിഫലവും വാങ്ങിക്കാതെതന്നെ സ്വാഭിപ്രായം ഹെഡ് സർക്കാർവക്കീൽ എക്കാലത്തും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഒരു വ്യക്തിയായ വാദം തീർച്ചചെയ്യുന്നതിനായി അദ്ദേഹം ആലപ്പുഴയിൽ ഹാജരാകണം എന്നു മി. റാബിൻസൺ ആകട്ടെ വനം കൺസർവേറ്റർ ആകട്ടെ ആവശ്യപ്പെടുന്നതായാൽ അവരുടെ ആഫീസിൽ അദ്ദേഹം കാത്തിരിക്കണം എന്നുള്ളതിൽ നിന്ന് അർത്ഥമാകുന്നില്ല. മി. ജി. പരമേശ്വരൻപിള്ള വ്യാഖ്യാനിക്കുംപോലെ ഇക്കാര്യങ്ങൾ കരാറിൽ ഉൾപ്പെടുമോ എന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം സർക്കാർ ഉദ്യോഗസ്ഥൻ ആണു എന്നുള്ള കാരണത്താൽ അദ്ദേഹം അത്രയുംദൂരം യാത്രചെയ്തു ആ ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരായി വ്യവഹാരം നടത്തേണമോ ? അതുകൊണ്ടു, സർ, ഈ തുക കൊടുക്കുന്നതിൽ യാതൊരു അവശ്യതയായ ആക്ഷേപവും ഉണ്ട് എന്നു ഞാൻ വിചാരിക്കുന്നില്ല. ഇക്കാര്യത്തെസംബന്ധിച്ചു മറ്റൊരുകാലത്തു ഈ സഭ വിമതിയെ പ്രകടിപ്പിച്ചു എന്നവാസ്തവത്തിൽ എനിക്കു അറിയാം, പുതിയ റഗുലേഷൻ

അനുവദിക്കുകയും അതു നടപ്പിൽ വരികയും ചെയ്തിരിക്കെ ഇനിമേൽ സർക്കാർ വക്കീൽമാരെ നിയോഗിക്കേണ്ടതായ ആവശ്യകത മി. റാബിൻസണിനു ഉണ്ടാകാം എന്നു ഞാൻ വിചാരിക്കുന്നില്ല. ഏതാനും കേസുകളിൽ വ്യവഹാരം നടത്തുവാൻ മി. സുന്ദരരാജയ്യങ്കാരോടു അപേക്ഷിച്ചിരുന്നു. നിശ്ചയിച്ചഫീസ് ൫൦ രൂപയായിരുന്നു. അദ്ദേഹം മരിച്ചതിൽപിന്നീടു മററു രണ്ടു വക്കീൽമാർ ഹാജരായി വ്യവഹാരം നടത്തീട്ടുണ്ടു. അതു ഇന്ത്യാഗവർമ്മെണ്ട് ഇക്കാര്യങ്ങളെ വിസമ്മതിച്ചതിനു മുമ്പിൽ ആയിരുന്നുവെന്നു തോന്നുന്നു. ഈ സ്ഥിതിക്കു നാം ഈ പ്രശ്നത്തിന്റെ തത്വത്തെ പ്രതിപാദിക്കുകയും കരാറിലെ വ്യവസ്ഥകൾ എന്തായിരുന്നു എന്നു അറിയുകയും സർക്കാർ വക്കീൽമാരുടെ ന്യായമായ പ്രവൃത്തികൾ ഏതെല്ലാം എന്നു പരിശോധിക്കുകയും മററും ചെയ്യുന്നതു പ്രയോജനവത്താണെന്നു ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ സുന്ദരരാജയ്യങ്കാർക്കു പ്രതിഫലം കൊടുത്തു എന്നുള്ള വ്യക്തമായ ബോധത്തിന്മേൽ മററു രണ്ടു സർക്കാർ വക്കീൽമാർ വ്യവഹാരങ്ങൾ നടത്തി. അവർക്കു ൫൦ രൂപാ വീതം കിട്ടും എന്നു അവർ പ്രതീക്ഷിക്കയും ചെയ്തു. അങ്ങനെയായിരുന്നില്ലെങ്കിൽ അവർ വ്യവഹാരം നടത്തുകയില്ലാ എന്നു പറഞ്ഞിരുന്നേനെ; സർക്കാർ വക്കീൽമാരെ നിയോഗിക്കുന്നതിനായി യാതൊരു തുകയും ഈ ആണ്ടത്തെ ബഡ്ജെട്ടിൽ മിസ്റ്റർ റാബിൻസൺ അപേക്ഷിച്ചിട്ടുണ്ടു എന്നു ഞാൻ വിചാരിക്കുന്നുമില്ല. ഭേദപ്പെടുത്തുന്ന റഗുലേഷൻ അനുവദിക്കുന്നതിനു വളരെ കാലത്തിനു മുമ്പുതന്നെ ൧൧൦൦-ാമാണ്ടു നടന്ന പ്രവൃത്തിക്കായിട്ടാണ് ഈ തുകയും അപേക്ഷിച്ചിരിക്കുന്നതു എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു സർക്കാർ വക്കീൽമാർ ആദായനികുതി കമ്മീഷണരുടെ മുൻപാകെ ചെന്നു വ്യവഹാരം നടത്തണമെന്നുള്ളതിനെ തീർച്ചയാക്കുന്നതായ ശാസ്ത്രവാദത്തെപ്പററി വാദപ്രതിവാദം നമുക്കു നടത്താവുന്നതാണോ എന്നു എനിക്കു അറിഞ്ഞുകൂടാ. അതുകൊണ്ടു ഞാൻ മിസ്റ്റർ റാബിൻസന്റെ വാദത്തെ അനുവദിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഈ ഇനത്തിൽ (എ) (ബി) ഈ രണ്ടു അംശങ്ങളിലും ആവശ്യപ്പെട്ടിരിക്കുന്ന തുകയ്ക്കു ഞാൻ വളരെ പ്രബലമായ ആക്ഷേപം പറയുന്നു. രണ്ടാമത്തെ ഇനത്തെ സംബന്ധിച്ചു അനാവശ്യമായ വാദമുഖങ്ങൾ സർക്കാരിനായി വലിച്ചിട്ടു എന്നു ഞാൻ ആശങ്കിക്കുന്നു. സർക്കാരിനുവേണ്ടി വാദം നടത്തുവാനായി സർക്കാർ വക്കീൽമാരോടു അപേക്ഷിക്കേണ്ടതായ ആവശ്യമേ ഇല്ല, എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞു. ഈ സർക്കാർ വക്കീൽമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ ഓരോ കാലത്തും അവർ ചെയ്യുന്ന പണിക്കായി ബത്തയോ വേതനമോ ഫീസോ ലഭിക്കുന്നതിനു അവർക്കു വലുതായ അവകാശം ഉണ്ടായിരിക്കുന്നവയാണെന്നും പറയപ്പെട്ടു. ഈ രണ്ടു വാദമുഖങ്ങളും സംബന്ധപ്പെട്ടവയല്ല എന്നു ഞാൻ വിചാരിക്കുന്നു. സർക്കാർ വക്കീൽമാർ ഉണ്ടായിരിക്കുന്നതു സർക്കാരിനുള്ള ബാധ്യതയെ സംബന്ധിച്ചു വ്യവഹാരം നടത്താനായിട്ടാകുന്നു. അവരെ നിയമിച്ചിരിക്കുന്നതിനുള്ള വ്യവസ്ഥകൾ പരിച്ഛിന്നങ്ങൾ ആയിരുന്നാലും അല്ലാതിരുന്നാലും അവരെ നിയമിച്ചിട്ടുള്ള വ്യവസ്ഥകളിൽ അന്തർഭൂതമായ താല്പര്യം സർക്കാരിന്റെ ബാധ്യതകൾക്കായി വ്യവഹാരം നടത്തുന്നതിനു അവർ അവിടെ ഇരിക്കുന്നു എന്നും വ്യക്തികളുടെ കോടതികളിൽ ചെന്നു സർക്കാരിന്റെ ബാധ്യതകൾക്കായി വ്യവഹാരം നടത്തുന്നതിനു അവരോടു ആജ്ഞാപിക്കേണ്ടതാണെന്നും ഞാൻ ധരിക്കുന്നു. ഈ കാര്യത്തിൽ വ്യവസ്ഥകൾ പരിച്ഛിന്നങ്ങൾ ആയിരിക്കുന്നില്ല എന്നു പറയുന്നതു കേവലം ഭംഗിവാക്കാണ്. പലപ്പോഴും അകാലത്തും പുതുതായി സർക്കാർ വക്കീൽമാർ അനേകംപേർ സൃഷ്ടിക്കപ്പെട്ടുവരുന്നു. അവരുടെ ജോലി വർദ്ധിച്ചുവരുന്നു എന്നും ആ ജോലിയുടെ സ്വഭാവം പലമാതിരിയായതിനാൽ സർക്കാരിന്റെ ബാധ്യതകളുടെ പരിരക്ഷണത്തിനു അനേകം സർക്കാർ വക്കീൽമാർ ഉണ്ടായിരിക്കേണ്ടതാണെന്നും ജനങ്ങളെ ധരിപ്പിക്കുന്നു. ജനങ്ങൾ നേരാണെന്നു അതു അംഗീകരിക്കയും ചെയ്യുന്നു. എന്നാൽ അതിൽ ഉൾപ്പെട്ടിരിക്കുന്ന പരിച്ഛിന്നമായ വാദമുഖങ്ങളിൽ എത്തുമ്പോൾ പരിച്ഛിന്നമായ വ്യവസ്ഥകൾ ഇല്ല എന്നും വ്യവസ്ഥകൾ ഏതെങ്കിലുമൊരു മററതിനെയോ മാത്രം സംബന്ധിച്ചതാണെന്നും മററും പറയുന്നു. തന്നിമിത്തം സർക്കാർ വക്കീലിനെപ്പോലെയുള്ള ഒരു സർക്കാരുദ്യോഗസ്ഥൻ ചെയ്യുന്ന പണിക്കു ഓരോ തവണയും പ്രത്യേക വേതനം കൊടുക്കേണ്ടിയിരിക്കുന്നു. അവരോടു വ്യവഹാരം നടത്താൻ അപേക്ഷിക്കേണ്ട എന്നുള്ള മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ നിർദ്ദേശത്തെ നാം സ്വീകരിക്കുന്നതായാൽ അവർ മടിയന്മാരായിരുന്നുകൊള്ളട്ടെ എന്നുള്ള ആജ്ഞ നാം കൊടുക്കുന്നതുപോലെയായിരിക്കും. അല്ലെങ്കിൽ അവർ പരിച്ഛിന്നമായ ഒരു നീതിസ്ഥാനത്തിന്റെ മുമ്പാകെ ഹാജരാകുകയേ വേണ്ട എന്നു അർത്ഥമാകുന്നു. ഈ രണ്ടു നിർദ്ദേശങ്ങളും ദോഷകരങ്ങളാകയാൽ അവയെ ഞാൻ ആക്ഷേപിക്കുന്നു. ഈ തുക അനുവദിക്കാൻ പാടില്ലാ എന്നു ഞാൻ പറയുന്നു.

മററ അംശമായ (എ) ഭാഗത്തിനു എനിക്കുള്ള ആക്ഷേപം അന്തരമായ കാരണത്തിന്മേൽ അല്ല. മിസ്റ്റർ റാബിൻസൺ സ്വീകരിക്കുന്ന നിലയുടെ യുക്തിയുക്തതയെ അഭിനന്ദിക്കാൻ എനിക്കു കഴിയും. എന്നാൽ ഗവർമ്മെന്റിന്റെ തെററായ അററത്തിൽനിന്നു അവരുടെ ഔദാര്യം ആരംഭിക്കുന്നതിൽ അവർക്കുള്ള മനോഗതിയെക്കുറിച്ചു എനിക്കു വളരെ സംശയം ഉണ്ടു. ൫൦൦ രൂപാ ശമ്പളക്കാരനു ൨൫ രൂപാകൂടി ശമ്പളം കൊടുക്കണം എന്നു ഗവർമ്മെന്റു എപ്പോഴും ആവശ്യപ്പെടാറുണ്ടു്. എന്നാൽ ൧൫ രൂപാക്കാരനു ഒരു രൂപാ കൂട്ടികൊടുക്കുന്നതിനു അവർ ഒരിക്കലും ശ്രദ്ധിക്കുന്നില്ല. ഡിപ്പാർട്ടുമെണ്ടു മേലധികാരികളായ പ്രത്യേകം ചില ആളുകൾ അവരുടെ കീഴിൽ ഉള്ള ശമ്പളം കൂട്ടി കൊടുക്കണം എന്നു നിർദ്ദേശിച്ചുകൊണ്ടു ഗവർമ്മെന്റിലേക്കെഴുതുമ്പോൾ ഗവർമ്മെന്റു അനുകമ്പ വർദ്ധിച്ചു കാണിക്കുന്നു. എന്നാൽ സ്വല്പശമ്പളക്കാരായ ക്ലാർക്കുമാരുടെയും അദ്ധ്യാപകന്മാരുടെയും അവകാശങ്ങളേയും അവരുടെ ഗുണങ്ങളേയും ശരിയായി അറിയിക്കാറില്ല. അവരുടെ ശമ്പളത്തിൽ ഒററ രൂപാപോലും കൂട്ടുന്നതിനായി യാതൊരു വാദവും ഉണ്ടാകുന്നില്ല. ഇതാ ഒരു ൫൦൦ രൂപാ ശമ്പളക്കാരൻ ഉണ്ടു്, അയാൾക്കു ൨൫ രൂപാ കൂട്ടണം എന്നു പറയുന്നു; അതു തെററായ നീതിതത്വം ആണ്. അതിനെ ഞാൻ ആക്ഷേപിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): സ്വാമിൻ, സർക്കാരിനുവേണ്ടി ആദായനികുതി കമ്മീഷണരുടെ കോർട്ടിൽ വാദം നടത്തേണ്ട ആവശ്യം ഇല്ലാ എന്നു ചില മെമ്പർമാർ നിർദ്ദേശിച്ചിട്ടുണ്ടെന്നു തോന്നുന്നു. അവിടെ വാദം ഗവർമ്മെണ്ടിനും ഒരു കക്ഷിയായവനും തമ്മിലാകുന്നു. വല്ല കക്ഷിയും ഒരു നീതിസ്ഥാനത്തിന്റെ മുൻപാകെ വ്യവഹാരം നടത്തുന്നതിൽ വക്കീലിനെ ഏർപ്പെടുത്തേണമോ വേണ്ടയോ എന്നു നിർണ്ണയിക്കേണ്ടതു ആ കക്ഷിതന്നെയാണ്. പ്രസ്തുതസംഗതിയിൽ കക്ഷി ഗവർമ്മെണ്ടാകുന്നു. അതുകൊണ്ടു അതിനെ

പ്പററി തീൎച്ചപെയ്യുന്നതു ഈ സഭയല്ല. ഒരു നീതിന്യായക്കോടതിമുമ്പാകെ ഗവൎമ്മെണ്ടിനുവേണ്ടി വല്ലയാളും കേസു നടത്തണമോ വേണ്ടയോ എന്നു പരിശോധിക്കുന്നതിനു ഗവൎമ്മെണ്ടുതന്നെയാണു ഭേദം. ഇപ്പോൾ ഇക്കാൎയ്യം ആവശ്യപ്പെട്ടിരിക്കുന്നതു ഇതിനുമുമ്പിലെ ആദായനികുതികമ്മീഷണരുടെ മുൻപാകെ ഹാജരാകുന്നതിനു നിയുക്തരായിരുന്ന സൎക്കാർവക്കീൽമാൎക്കു കൊടുക്കുന്നതിനായുള്ള തുകയാണു്. ആ സ്ഥിതിക്കു ആദായനികുതിഡിപ്പാൎട്ടുമെന്റിൽ ഉണ്ടായിരിക്കുന്ന ഭേദഗതിനിമിത്തം മേലാൽ സംശയപരിഹാരത്തിനായി കാൎയ്യങ്ങളെ ഹൈക്കോടതിയിലേയ്ക്കു ആദായനികുതികമ്മീഷണർ അയക്കാവുന്നതാണെന്നും തന്റെമുൻപാകെ ഹാജരായി വാദംനടത്തുന്നതിനു സൎക്കാർവക്കീലന്മാരോടു അപേക്ഷിക്കേണ്ട ആവശ്യംഇല്ല എന്നും ഉള്ള നിൎദ്ദേശം സന്ദൎഭോചിതം അല്ല. ഈ സൎക്കാർവക്കീൽമാരെ ആദായനികുതികമ്മീഷണർ ഏൎപ്പെടുത്തിയകാലത്തു ആ കാൎയ്യത്തിന്റെ സംശയപരിഹാരത്തിനായി ഹൈക്കോടതിക്കു എഴുതിഅയക്കണമോ അതല്ലാ താൻതന്നെ ആ കാൎയ്യം തീൎച്ചപ്പെടുത്തേണമോ എന്നു അദ്ദേഹത്തിനു സംശയംജനിച്ചിരിക്കാം. നടന്നുകഴിഞ്ഞിരിക്കുന്ന കാൎയ്യത്തിലേയ്ക്കാകട്ടെ ആ യുക്തിവാദം യോജ്യം അല്ല. സൎക്കാർവക്കീൽ സൎക്കാരിൽനിന്നു ശമ്പളംകൊടുക്കുന്ന ഉദ്യോഗസ്ഥനാകയാൽ ഏതു സമയത്തും ഏതു കോൎട്ടിന്റെ മുമ്പാകേയും പ്രത്യേകിച്ചും ഗവൎമ്മെണ്ടിനു ബന്ധമുള്ള കാൎയ്യത്തിൽ ഹാജരാകുന്നതിനു ആവശ്യപ്പെടേണ്ടതാകുന്നു എന്നുള്ള മറെറ വാദത്തെ നിരീക്ഷിച്ചാ അംഗീകരിക്കുന്നതായാൽ ഒരു വാസ്തവത്തിൽ കഷ്ടംആയിരിക്കും. ഗവൎമ്മെണ്ടിനു ബാദ്ധ്യതയുള്ള കേസുകൾ ഉണ്ടായിരിക്കാം. വനംവക കേസുകൾ ഉണ്ടായിരിക്കാം; എക്സൈസ്കേസുകൾ ഉണ്ടായിരിക്കാം; മററുവിധത്തിലുള്ള അനേകം കേസുകൾ ഉണ്ടായിരിക്കാം. അനേകം കോടതികളുടെ മുമ്പാകേയും ഹാജരാകേണ്ടിയിരിക്കാം. ഒരു സൎക്കാർവക്കീൽ ഒരേ ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ മുമ്പാകേയും ഓരോ രണ്ടാംക്ലാസ് മജിസ്ട്രേട്ടിന്റെയും മുമ്പാകേയും ഓരോ മുൻസിഫ്കോടതിയിലും ഹാജരായി വനം കേസും എക്സൈസ്കേസും പോലീസ്കേസുതന്നെയും നടത്തണംഎന്നു ആവശ്യപ്പെടുന്നതും സൎക്കാർവക്കീലിന്റെ നിലയെ വാസ്തവത്തിലും ദയനീയമാക്കിത്തീൎക്കും. അവർ ശമ്പളംവാങ്ങിക്കുന്നതു മുഴുവൻസമയവും സൎക്കാർജോലിക്കായി ഉപയോഗപ്പെടുത്തുന്നവരുമായ സൎക്കാരുദ്യോഗസ്ഥന്മാർ ആണെന്നു എന്റെ സ്നേഹിതന്മാരിൽ ചിലർ പറഞ്ഞു.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല): അവസ്ഥ ദയനീയമാകുന്നതു എന്തു കാരണത്താൽ? അദ്ദേഹം അനേകം കോടതികളിൽ ഹാജരാകേണ്ടുകൊണ്ടോ ജോലിയുടെ ആധിക്യംകൊണ്ടോ?

മി. എം. വി. ജോസഫ് (പറവൂർ): ജോലിയുടെ വൎദ്ധനവും ആധിക്യംനിമിത്തവും അദ്ദേഹം നടത്തേണ്ടിയിരിക്കുന്ന ജോലിയുടെ വൈവിദ്ധ്യംനിമിത്തവും ആകുന്നു. അദ്ദേഹത്തിനു കക്ഷിവക വ്യവഹാരവും നടത്തിക്കൊള്ളാംഎന്നു ഒരു വിവേചനസ്വാതന്ത്ര്യവും അദ്ദേഹത്തിനു നൽകിയിരിക്കുന്നു. അതുതന്നെ അയാൾക്കു സൎക്കാരിൽനിന്നു കൊടുക്കുന്ന ശമ്പളം മുഴുവൻസമയവും സൎക്കാരിലേക്കായി ഉപയോഗപ്പെടുത്താനായിട്ടല്ല എന്നുള്ള വസ്തുതയെ കാണിക്കുന്നു. സൎക്കാർവക്കീൽ ഡിസ്ട്രിക്ട്കോടതിയുടേയോ ഹൈക്കോടതിയുടേയോ മുമ്പാകെ ഹാജരാകേണ്ടിയിരിക്കുന്ന കേസുകളുടെ സ്വഭാവത്തിൽനിന്നു ആ ജോലിക്കായി അദ്ദേഹത്തിന്റെ മുഴുവൻ സമയത്തെയും ഉപയോഗപ്പെടുത്തുകയില്ല എന്നു കാണുന്നതുകൊണ്ടു തന്റെ സേവനത്തെ മററുവിധത്തിൽ ഉപയോഗപ്പെടുത്തിക്കൊള്ളുന്നതിനു അദ്ദേഹത്തിനു സമയംകാണാവുന്നതാണു്. തരാതരം വല്ല പ്രതിഫലവും അദ്ദേഹത്തിനു ലഭിക്കാം. ആ സമയത്തെ ഗവൎമ്മെണ്ടിലേക്കുവേണ്ടി ചിലവാക്കണം എന്നു ഗവൎമ്മെണ്ടു ആവശ്യപ്പെടുന്നതായാൽ അദ്ദേഹത്തിനു കക്ഷിവക വ്യവഹാരങ്ങൾ നടത്തിക്കൊള്ളാം എന്നുള്ള അവകാശം ഉണ്ടായിരിക്കുന്നതിന്റെ ഗുണം എവിടെ? അദ്ദേഹത്തിന്റെ അവസ്ഥയേയും നാം ആലോചിക്കേണ്ടതാകുന്നു. അതു നടത്താൻ കഴികയില്ല എന്നുള്ള വിവേചനാധികാരം അദ്ദേഹത്തിനു ഉണ്ടു് എന്നുവരികിൽ സൎക്കാർവക്കീലിന്റെ അവസ്ഥ വാസ്തവത്തിൽ കഷ്ടംഅല്ല. ഇതാകുന്നു ഞാൻ അറിയിക്കുന്നതു.

എന്നുതന്നെയുമല്ല ഡിസ്ട്രിക്ട്കോൎട്ടിൽ ഉള്ള സൎക്കാർവക്കീലിനു നാം കൊടുക്കുന്ന ശമ്പളത്തേയും ആ ഉദ്യോഗസ്ഥന്റെ യോഗ്യതയേയും ഗുണനംചെയ്യുന്നതായാൽ ഡിസ്ട്രിക്ട്കോടതിയിലെ സൎക്കാർവക്കീലിനു എന്നല്ല ഹൈക്കോടതിയിലെ സൎക്കാർവക്കീലന്മാൎക്കും ഇപ്പോൾ കൊടുക്കുന്ന ശമ്പളം വളരെ വലിയതുകയല്ല എന്നു എനിക്കു തോന്നുന്നു. നമുക്കു നല്ല വക്കീൽമാർ ഉണ്ടായിരിക്കണം. ഒരു നല്ല വക്കീലിന്റെ ബുദ്ധിയെ ഗണിക്കുന്നതായാൽ ക. ൫൦ രൂപ ശമ്പളംതന്നെയും വലിയതുകയല്ല.

ഈ പ്രകൃതത്തിലുള്ള തുകയുടെ കാൎയ്യത്തിൽ ആക്ടിങ്ങ് ആദായനികുതികമ്മീഷണർ വക്കീലിനെ ഇതിനുമുമ്പിലെ ഏൎപ്പെടുത്തിയിരിക്കുന്നു. സംശയനിവാരണത്തിനായി ഹൈക്കോടതിക്കു എഴുതിഅയക്കാമോ പാടില്ലയോ എന്നു ആ കാലത്തു അദ്ദേഹം അറിഞ്ഞിരുന്നില്ല. വക്കീലിനെ നിയമിക്കേണ്ടതു സൎക്കാരിന്റെ ഗുണത്തിലേക്കു ആവശ്യമാണെന്നു അദ്ദേഹം വിചാരിച്ചു അദ്ദേഹം ഒരു വക്കീലിനെ ഏൎപ്പെടുത്തുകയുംചെയ്തു. ആ സ്ഥിതിക്കു ഇതു മേലിലുള്ള കാൎയ്യത്തിനു അല്ല, മുൻ നടന്നതായ കാൎയ്യത്തിനായിട്ടാകുന്നു. കഴിഞ്ഞ കാലത്തിന്റെ കാൎയ്യത്തിൽതന്നെയും നടന്നുതീൎന്നതായ കാൎയ്യത്തിനു കൊടുക്കാനായിട്ടുമാത്രം ആകുന്നു. ഈ സ്ഥിതിക്കു നീതിതത്വം എന്നുള്ള വാദം ഇതിൽ ഉൾപ്പെട്ടിരിക്കുന്നില്ല. അതാകുന്നു എനിക്കു അറിയിക്കാനുള്ളതു. എന്നാൽ ഭാവികാലത്തെസംബന്ധിച്ചു ഈ വാദത്തെ നമുക്കു ബലപ്പെടുത്താം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മേലാൽ സൎക്കാർവക്കീലിനു ഇതുപോലെ വേതനം കൊടുക്കുകയില്ല എന്നുള്ള ഉറപ്പാണുള്ളതു എന്നു മെമ്പർ പറയുമോ?

മി. എൻ. വി. ജോസഫ് (പറവൂർ): എന്നാൽ ആദായനികുതികമ്മീഷണരെ സംബന്ധിച്ചിടത്തോളം അദ്ദേഹം രണ്ടു കേസുകളിൽമാത്രമേ സൎക്കാർവക്കീലിന്റെ സഹായം ആവശ്യപ്പെട്ടിട്ടുള്ളു എന്നുള്ള വസ്തുതതന്നെ ഇനിമേലാൽ ഇതിലധികത്തിനായി ആവശ്യപ്പെടുകയില്ലാ എന്നുള്ളതിനു ഉറപ്പാകുന്നു. മറെറാരു കാൎയ്യംകൂടിയുണ്ടു്. നിയമം ഇപ്പോൾ ഇരിക്കുന്നനിലയിൽ നിയമസംബന്ധമായ തൎക്കവാദങ്ങൾ ഉണ്ടാകുമ്പോൾ സംശയനിവൃത്തിക്കായി ഹൈക്കോടതിക്കു അദ്ദേഹം എഴുതിഅയക്കാവുന്നതാണു. അതുകൊണ്ടു സൎക്കാർവക്കീൽമാരെ നിയമിക്കുന്നതിനുള്ള അവസരങ്ങൾ മുമ്പിലത്തെക്കാൾ കുറവായിരിക്കും. അതു ഒരു ഉറപ്പുമാത്രമേയുള്ളു. ശേഷമുള്ളവയ്ക്കു ഗവൎമ്മെണ്ടിന്റെ സദ്ബുദ്ധിയേയും ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരുടെ സദ്ബുദ്ധിയേയും നാം വിശ്വസിക്കതന്നെവേണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നന്ദികേടാണോ അതോ ഗവർമ്മെണ്ടിനുവേണ്ടി ആട്ടാ മെംബർ ഇതു പറയുന്നതു.

മി. എൻ. വി. ജോസഫ് (പറവൂർ) ഞാൻ ഗവർമ്മെണ്ടുദ്യോഗസ്ഥനല്ല. ഞാൻ ഗവർമ്മെണ്ടിനുവേണ്ടി വക്കാലത്തുവാങ്ങിച്ചിട്ടും ഇല്ല; ഇതിലേക്കായി ഗവമ്മെൻറു എനിക്കു പണം തരും എന്നു ഞാൻ പ്രതീക്ഷിക്കുന്നും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): സക്കാർവക്കീൽമാക്കു പ്രത്യേകം പണം കൊടുക്കുന്ന രീതിയെ ഞാൻ ബലമായി ആക്ഷേപിക്കുന്നു. ഈ സഭാസമക്ഷം പിച്ചിച്ചിരുട്ടും കയ്യിലേന്തിക്കൊണ്ടുവന്ന മിസ്റ്റർ റാബിൻസണെറ അഭിപ്രായത്തിൽ യോജിക്കണം എന്നു വാസ്തവത്തിൽ എനിക്കു മോഹംതോന്നി എന്നു ആദ്യമായിത്തന്നെ സമ്മതിച്ചുകൊള്ളട്ടെ. പിച്ചുവേണം എന്നു അപേക്ഷിച്ചപ്പോഠം എൻെറ ഉരക്കം ഉണർത്തപ്പെട്ടു. എന്നാൽ എന്നെ ഉത്സാഹിപ്പിച്ചതിലേക്കായി ഞാൻ എൻെറ സ്നേഹിതന്മാരോടു കൃതജ്ഞനായിരിക്കുന്നു. മുഴുവൻ സമയവും സക്കാരിലേക്കായി വിനിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാക്കു പ്രത്യേകിച്ചു സക്കാർവക്കീൽമാക്കു വിശേഷാൽ പണം കൊടുക്കുന്ന രീതി ഇക്കാരണങ്ങളാൽ നീതിസിദ്ധാന്തത്തിനു വിരുദ്ധം ആകുന്നു.

സക്കാർവക്കീൽമാരെക്കാഠം അധികം ബലവത്തായിട്ടല്ലെന്നുവരികിലും അത്രത്തോളംബലവത്തായിട്ടെങ്കിലും ഗവമ്മെൻറിനുവേണ്ടി ഈ കേസുകളിൽ വ്യവഹാരം നടത്തുവാൻ തയ്യാറുള്ളതായി അനേകം വക്കീൽമാർ എൻെറ സ്നേഹിതൻ പറഞ്ഞതുപോലെ ഉണ്ടു എന്നു ആദ്യമായിത്തന്നെ പറഞ്ഞുകൊള്ളട്ടെ. ഒരു സക്കാർ വക്കീൽ മറെറാരിടത്തുള്ള ജോലിക്കു ഏല്പെട്ടിരിക്കുന്നകാലത്തു അയാളിനെ ഗവമ്മെൻറു ഇതിലേക്കായി ഏല്പിച്ചിട്ടില്ലായിരിക്കയും ഒരു പ്രൈവററവക്കീലിനെ ഇക്കാര്യത്തിലേക്കായി ഗവമ്മെൻറു നിയമിക്കേണ്ടതു ആവശ്യമായിരിക്കയും ചെയ്യുന്നതായാൽ ഈതുക ആവശ്യപ്പെടുന്നതു ന്യായമാണെന്നു ധരിക്കാൻ എനിക്കു കഴിയും. അങ്ങനെ ചെയ്താൽ വക്കീലന്മാരുടെ ഇടയിൽ ഇപ്പോഠം ധാരാളമായുള്ള തൊഴിലില്ലായ്മ കുറയ്ക്കുവാൻ സാധിക്കുന്നതാണു്.

രണ്ടുതരം ഇപ്രകാരം ചെയ്യാം എന്നു അത്ഥാൽസിദ്ധമായോ ബാഹ്യമായോ യാതൊരു വ്യവസ്ഥയും ഇല്ലായിരുന്നു എന്നു എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള പറഞ്ഞു. ബാഹ്യമായ വ്യവസ്ഥ എന്നതു എനിക്കു മനസ്സിലാക്കാൻ കഴിയും. അത്ഥാൽസിദ്ധമായ വ്യവസ്ഥ എന്നതിനെ ഞാൻ സ്വീകരിക്കയെ ഇല്ല. സക്കാരിൻെറ ബാദ്ധ്യതകളെ പരിരക്ഷിക്കാനായി മാത്രമായിട്ടാകുന്നു അദ്ദേഹം അവിടെ ഇരിക്കുന്നതു്. സക്കാരിലേക്കുവേണ്ടി ചെയ്യേണ്ടതായി യാതൊന്നും ഇല്ലാ എന്നു വരികിൽ അവർ ഫീസുവാങ്ങിച്ചുകൊണ്ടു മററു ജോലികഠം നോക്കാവുന്നതാണു എന്നുള്ളിടത്തോളം ആനുകൂല്യം അവക്കു നൽകിയിട്ടുണ്ടു്. എന്നാൽ അവരുടെ മുഴുവൻ ശ്രദ്ധയേയും മുഴുവൻ സേവനത്തെയും സക്കാരിനുവേണ്ടി വിനിയോഗിപ്പിക്കേണ്ടതായിരിക്കുന്ന അവസരങ്ങളിൽ അവക്കു നിശ്ചയമായിട്ടും യാതൊരു ആനുകൂല്യവും അനുവദിച്ചുകൂടാ. അക്കാര്യത്തിലേക്കാകുന്നു അവരെ നിയമിച്ചിരിക്കുന്നതു്. കരാറിലെ വ്യവസ്ഥകഠം വാസ്തവത്തിൽ ഇവയാകണമെന്നുവരികിൽ അവ ധമ്മത്തെയും ന്യായത്തെയും അനുസരിച്ചായിരിക്കണം. അവരെ തെറെറ കേസുകഠംക്കു പ്രതിഫലത്തിനായി ഏല്പിച്ചതിൽ പിന്നീടു ആ പ്രതിഫലത്തിനെ അവർ ഗവമ്മെൻറിലേക്കു മടക്കികൊടുക്കണം എന്നു ആവശ്യപ്പെടുന്നതാണു ധമ്മത്തെയും ന്യായത്തെയും അടിസ്ഥാനമാക്കി പ്രവത്തിക്കുന്നു എന്നു പറയാം. ഇരുകക്ഷികളും അതുകൊണ്ടു അപ്രകാരം ഉള്ള യാതൊരു തത്വവും ഉള്ളതായി ഞാൻ വിചാരിക്കുന്നേയില്ല. എന്നു തന്നെയുമല്ല ഈ കാരണത്തിന്മേൽ വല്ല പൂവ്വോദാഹരണവും ഉണ്ടായിരുന്നാൽ അതിനെ നാം അനുവത്തിച്ചുകൊള്ളണം എന്നുള്ളതു യുക്തിയില്ല. അക്കാരണത്തെ അടിസ്ഥാനപ്പെടുത്തിതന്നെയാകുന്നു നാം അതിനെ ബലമായി പ്രതിഷേധിക്കേണ്ടതു്.

മി: എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യത്തിലും ആദായനികുതിയും കമ്മീഷണർ): ഓരോ കേസിന്റെയും ഇത്ര രൂപാവീതം ഫീസുകൊടുക്കുന്നതാണെന്നുള്ള വ്യക്തമായി കരാർചെയ്തുകൊണ്ടു രണ്ടു സക്കാർവക്കീൽമാരെ നാം നിയമിച്ചുകഴിഞ്ഞാൽ കരാർ എന്തു തന്നെയായിരുന്നാലും അവക്കു ആ ഫീസു കൊടുക്കാൻ നാം കടമപ്പെട്ടിരിക്കുന്നില്ല എന്നു മെമ്പർ അഭിപ്രായപ്പെടുന്നുവോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിച്ചുകൊള്ളട്ടെയോ?

മി: എം. ശിവതാണുപിള്ള (തോവാള): ഗവമ്മെൻറിനെ സംബന്ധിക്കുന്നതായ എല്ലാ കേസുകഠംക്കും ഓരോ മാസത്തിൻെറയും അവസാനത്തിൽ ഒരു നിശ്ചിത തുക ഗവമ്മെൻറു അവക്കു കൊടുക്കുന്നു എന്നുള്ള ഒരേ നിബന്ധനയാൽ മാത്രമേ സക്കാർവക്കീലിനെ ബന്ധിക്കാവു എന്നു എനിക്കു സമാഗ്രഹിക്കാൻ കഴിയും.

മി: എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യത്തിലും ആദായനികുതിയും കമ്മീഷണർ): അതെല്ലാം ഇരിക്കട്ടെ. ഈ രണ്ടു കേസുകളിൽ ഓരോന്നിലും ഇത്ര രൂപാവീതം ഫീസു തരുന്നതാണ് എന്നുള്ള വ്യക്തമായ വ്യവസ്ഥയിന്മേൽ നാം ഒരു സക്കാർ വക്കീലിനെ ഏല്പിക്കുന്നു എന്നു വിചാരിക്കുക. അദ്ദേഹത്തിനു ആ ഫീസുകൊടുക്കാൻ നാം കടമപ്പെട്ടിരിക്കുന്നില്ലയോ.

മി: എം. ശിവതാണുപിള്ള (തോവാള). മിസ്റ്റർ റാബിൻസൺ എൻെറ തത്വത്തെ അംഗീകരിക്കും എന്നു വരികിൽ എൻെറ പ്രതിഷേധത്തെ പിൻവലിക്കയും തുക അനുവദിക്കയും ചെയ്യുന്നതിൽ വ്യക്തിപരമായി യാതൊരു ആക്ഷേപവും എനിക്കു ഇല്ല. ഈ സഭ ശ്രദ്ധിച്ചേതീരു എന്നു നിർബന്ധമായി ഞാൻ ആവശ്യപ്പെടുന്നകാര്യം പൂർണ്ണസമയവും ഗവമ്മെൻറിലേക്കായി ചെലവുചെയ്യേണ്ട ഉദ്യോഗസ്ഥന്മാക്കു വിശേഷാൽ പ്രതിഫലം കൊടുക്കുന്ന തത്വം തെററാകുന്നു എന്നുള്ളതത്രേ.

മി: എസ്. സി. എച്ച്. റാബിൻസൺ (ധനകാര്യത്തിലും ആദായനികുതിയും കമ്മീഷണർ): ഈ കരാറുകഠം ഇതിനുമുമ്പിലെ ചെയ്തുപോയിട്ടുണ്ടെന്നുവരികിൽ ഇപ്പോഠം നമുക്കു അവയെ മാററാമോ?

മി: എം. ശിവതാണുപിള്ള (തോവാള): അതുതന്നെയാണ് ഞാൻ മെമ്പറോടു ഉറപ്പുപറഞ്ഞതു്. ധമ്മം ചെയ്യണം എന്ന കാര്യം വന്നപ്പോഠം എനിക്കു ഭയ തോന്നിത്തുടങ്ങി എന്നു സ്വല്പംമുമ്പെ ഞാൻ പറഞ്ഞു. ശരീരംകൊണ്ടു ജോലിചെയ്യുവാൻ അശക്തരായ ആളുകഠം മാത്രമെ നമ്മുടെ കരുണയെ അർഹിക്കുന്നൊള്ളു എന്നുള്ള തത്വത്തിൽ വിശ്വസിക്കുന്നവൻ ആകുന്നു ഞാൻ. ഇക്കാര്യത്തിൽ സക്കാർവക്കീൽമാർ ഗവമ്മെൻറിനുവേണ്ടി ജോലിചെയ്യേണ്ടതാണെന്നു പ്രതീക്ഷിച്ചിരിക്കുന്നു. അവക്കു കൂടുതൽ പണം കിട്ടണം എന്നു നിശ്ചയിച്ചിരിക്കയാൻ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും വക കമ്മീഷണർ). അതു അവർ ഗവണ്മെണ്ടുമായി ചെയ്തിട്ടുള്ള കരാറിലെ വ്യവസ്ഥകളെ ആശ്രയിച്ചിരിക്കുന്നില്ലയൊ.

മി. എം. ശിവതാണുപിള്ള (തോവാള): കാലാന്തരേണ ഒരു നിശ്ചിത തുക അവർക്കു കൊടുക്കുന്നുണ്ടെന്നുള്ള വസ്തുതതന്നെ, അവർ യാതൊരു കൂടുതൽഫീസും ചോദിച്ചുകൂടാ എന്നുള്ളതിനു മതിയായ തെളിവു അല്ലയോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ). ഏതു വ്യവസ്ഥകളിന്മേൽ സർക്കാർവക്കീൽമാരെ നിയമിച്ചിരിക്കുന്നു എന്നു മെമ്പർക്കു അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അതു ഒരു സങ്കല്പമായ പ്രശ്നം ആണെന്നു ഗവണ്മെന്റുദ്യോഗസ്ഥൻ പറഞ്ഞതായ അതേമറുപടിതന്നെ പറയുന്നതിനു എനിക്കു അവകാശം ഉണ്ടു.

മി. കെ. സി. മാമ്മൻമാപ്പിള (കുന്നത്തൂരും ഭൂവനന്തപുരം വടക്ക്): സർ, സർക്കാർവക്കീൽമാരെ ഏതുതരം സ്ഥലത്തേക്കു നിയമിച്ചിരിക്കുന്നുവോ അതല്ലാതുള്ള സ്ഥലങ്ങളുഃചെന്നു അവർ വ്യവഹാരം നടത്തേണ്ടിയിരിക്കുമ്പോഴം അങ്ങനെയുള്ള എല്ലാ സർക്കാർവക്കീൽമാർക്കും വിശേഷാൽ പ്രതിഫലംകൊടുത്തുവരുന്നുണ്ട് എന്നു തീർച്ചയാക്കുവാൻ, മിസ്റ്റർ സുബ്ബയ്യരുടെ വാദംഗതിയിൽ പിന്നിട്ടു, എനിക്കു അവകാശം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഈ അഭിപ്രായം തെറ്റാണെങ്കിൽ ശരിയാക്കിക്കൊള്ളുക. അവരെ നേരിട്ടു നിയമിച്ചിട്ടില്ലാത്തതായ വല്ല കോടതിയിലൊ വല്ല സ്ഥലത്തോ കച്ചേരിയിലൊ സർക്കാർവക്കീൽമാർ വ്യവഹാരം നടത്തേണ്ടിയിരിക്കുമ്പോഴം അവർക്കു വിശേഷാൽ പ്രതിഫലം കൊടുക്കാറുണ്ട് എന്നുള്ളതു തിരുവിതാംകോട്ടിൽ വ്യത്യസ്തമില്ലാതെയായ നടപ്പാണ്. ഞാൻ പറഞ്ഞതു തെറ്റാണെന്നു ആരും പറഞ്ഞില്ല. അതാണ് നടപ്പെന്നു അതുകൊണ്ടു ഞാൻ ഗ്രഹിക്കുന്നു. ആ സ്ഥിതിക്കു ഖാഗ്ലമായ കരാർ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും സർക്കാർവക്കീൽമാരെ സംബന്ധിച്ച ഇവിടത്തെചട്ടം ഇതാണ് എന്നു നമുക്കു നിശ്ചയിക്കാം. അതാണ് ഏർപ്പാട് എന്നുവരികിൽ അതു രേഖാമൂലമായിരുന്നാലും അല്ലെന്നുവരികിലും, ഗവണ്മെന്റിൽ നിന്നു ഒരു നിയതമായതുക കൊടുക്കുന്നു എന്നുള്ള കാരണത്താൽ സകലവിധ പണിയും അവർ ചെയ്യണം എന്നുപറയുന്നതിനുള്ള ന്യായം ഞാൻ കാണുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ സംഗതി ഗവണ്മെണ്ടു സമ്മതിച്ചിട്ടുണ്ടെന്നു മെമ്പർ ധരിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യവസായവും കച്ചവടവും വടക്ക): എനിക്കു ഗ്രഹിക്കുവാൻ ശക്തിയുള്ളിടത്തോളം അപ്രകാരം ഞാൻ അതിനെ ധരിച്ചിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം മറുപടിയെ വാസ്തവത്തിൽ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): എനിക്കു കഴിവുള്ളിടത്തോളം ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരുന്നു, ഞാൻപറഞ്ഞതു പൂർണ്ണമായും ശരിയാണെന്നു ഞാൻവിചാരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ). അവരുമായുള്ള ഉടമ്പടി എന്തായിരുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ എന്നും ആ വക്കീലന്മാർക്കു ഒ ം ആ ഫീസ്‌ കൊടുക്കാം എന്നുള്ള വ്യക്തമായ വ്യവസ്ഥയിന്മേൽ ഞാൻ അവരെ നിയമിച്ചു എന്നും ഞാൻ പറഞ്ഞു.

– മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴം ഈ സഭയിലെ പ്രധാനപ്രാസംഗികൻ ആരാണെന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഞാൻ എന്നെ സംബന്ധിച്ചിടത്തോളം ഒരു വിവരം പറഞ്ഞതേയുള്ളു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): ആ സ്ഥിതിക്കു അവർക്കു ഏതാണ്ടു തുക കൊടുക്കുന്നുണ്ടു എന്നുള്ള കാരണത്താൽ അവർ സകലവിധപണിയും ചെയ്യണം എന്നു പറയുന്നതു ഉചിതമല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും). ഹെഡ്സർക്കാർവക്കീലും അഡിഷണൽ ഹെഡ്സർക്കാർ വക്കീലും ഏതു പ്രത്യേകകോർട്ടിൽ ചെന്നുചെയ്യുന്നു എന്നു മെമ്പർ പറഞ്ഞറിയാൻ ആഗ്രഹിക്കുന്നു.

മി. എസ്. ജ്ഞാനദാസം (ഗവണ്മെന്റുനിയമിച്ച മെമ്പർ): ഒരു മെമ്പർ മറ്റൊരു മെമ്പറെപ്പറ്റി സംബോധനംചെയ്യുന്നതു മെമ്പർ എന്ന പദത്താൽ അല്ലാ സ്വന്തം പേരിനാൽ വേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കട്ടയോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): അക്കാര്യം ഹൈക്കോടതിയിലൊ ഈ സഭയിൽ ജ്യുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിന്റെ പ്രതിനിധിയായ മെമ്പറിനോടു ചോദിച്ചു സംശയ നിവൃത്തി വരുത്തികൊള്ളണം. ഹെഡ്സർക്കാർവക്കീലിന്റെയും അഡിഷണൽഹെഡ്സർക്കാർവക്കീലിന്റെയും കൃത്യങ്ങളെന്തെല്ലാമാണെന്നു മെമ്പർക്കു ഞാൻ മറുപടി പറയണം എന്നു പ്രതീക്ഷിക്കേണ്ടതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നിയമസഭാകാര്യങ്ങൾക്കായി ജോലിചെയ്യുന്നതായ അഡിഷണൽ ഹെഡ്സർക്കാർവക്കീലിനു, അക്കാര്യത്തിലേയ്ക്കു വിശേഷാൽ വല്ല വേതനവും നൽകുന്നുണ്ടോ എന്നു മെമ്പർ പറഞ്ഞുതരുമൊ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): ഞാൻ പറയുന്നതായ യുക്തിവാദത്തിന്റെ ഗതിയെ അതു തീരെ ബാധിക്കുന്നില്ലാത്തതുകൊണ്ടു അതു അറിയണം എന്നു ഞാൻ ആവശ്യപ്പെട്ട

ന്നില്ല. എനിക്കു പറയേണ്ടിയിരുന്നതു് എന്തെന്നാൽ അവക്കു എത്രമാനം തുകകൊടുക്കുന്നുണ്ടു് എന്നുള്ള കാൎയ്യം ഗവൺമെന്റു് ഇഷ്ടംപോലെ നിശ്ചയിക്കാവുന്നതാണു്. അവക്കു വേണ്ടിവരുന്ന ചിലവു എന്തെന്നും ഏതെല്ലാം സന്ദൎഭങ്ങളിലാണു് അതു വേണ്ടിവരുന്നതെന്നും ഗവൺമെന്റു് അറിയുന്നുണ്ടു്. സ്ഥിരമായി സകലവിധപ്രവൃത്തിയും അവർ ചെയ്യണം എന്നു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നുമാത്രം അറിയുന്നു. മി. പി ന്റെ ഒരു കേസ്സിന്നായി വാദംനടത്തുന്നതിൽ അതിസമൎത്ഥൻ ആയിരിക്കാം അദ്ദേഹം. ഒരു സൎക്കാർ വക്കീലിനെ ക്കാൾ അധികം ഫലവത്തായി ആദായനികുതി കേസിൽ വാദംനടത്തുന്നതിനു സമൎത്ഥൻ ആണെന്നു എല്ലാവ രും സമ്മതിച്ചേക്കാം എന്നുവരികിലും അദ്ദേഹം ഒരു ആദായനികുതി വ്യവഹാരം നടത്തണം എന്നു പ്രതീക്ഷി ക്കാൻ പാടില്ലാ എന്നു ഞാൻ വിചാരിക്കുന്നു. ആ വ്യവഹാരം നടത്തുന്നതിനു അദ്ദേഹം വളരെ സമൎത്ഥൻ ആണെ ന്നു ഗവൺമെന്റിനു് ബോദ്ധ്യം ഉണ്ടായിരിക്കാം എന്നുവരികിലും ഈ വിധം കേസിൽ വ്യവഹാരം നടത്തണം എന്നു അദ്ദേഹത്തിനോടു ഗവൺമെന്റു ആവശ്യപ്പെടുന്നതു ന്യായമായിരിക്കയില്ല എന്നു എനിക്കു തോന്നുന്നു. ഇവിടെ യും ഒരു വ്യത്യാസം ഉണ്ടു്. പക്ഷെ വ്യത്യാസത്തിന്റെ വലിപ്പം അത്ര അധികം ഇല്ലായിരിക്കാം. സൎക്കാർവ ക്കീൽമാൎക്കു ശമ്പളം കൊടുത്തിരിക്കുന്നതു നിശ്ചയിക്കപ്പെട്ട ചില ജോലികൾ അവർ ചെയ്യുന്നതിനായിട്ടാകുന്നു. ഈ പ്രവൃത്തികൾ ഏതുവയാണെന്നു ഏവക്കും അറിയാം. ഈ പ്രത്യേകകേസിൽ തന്റെ മുൻപായി ഹാജരാ യി വ്യവഹാരം നടത്തുന്നവകയ്ക്കു ഒരു തുക ഒരു സൎക്കാർവക്കീലിനു കൊടുക്കാം എന്നു റെവന്യുകമ്മീഷണർ കരാർ ചെയ്യുന്നതിൽ തെറ്റായി യാതൊന്നും ഇല്ല. അതുകൊണ്ടു ഗവൺമെന്റിനുവേണ്ടി റവന്യുകമ്മീഷണർ കൊടുക്കാം എന്നു ഉടമ്പടിചെയ്തിട്ടുള്ള തുക അദ്ദേഹം കൊടുക്കുന്നതിനെ ഈ സഭ ഇപ്പോൾ നിഷേധിക്കുന്നതു അനുചിതമാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഇതിൽ നീതിതത്വസംബന്ധമായ യാതൊരു വാദവും ഇല്ലാ എന്നു ഞാൻ വിചാരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) : ഏതാവശ്യം പ്രമാണിച്ചാണു ഈ സഭ ഒരി ക്കൽ വിസമ്മതിച്ച എന്നുള്ളവസ്തുത അദ്ദേഹത്തിനു അറിയാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും) : ആ സംഗതി ഞാൻ ഓൎമ്മിക്കുന്നി ല്ല ഞാൻ സ്വീകരിച്ചുനിലയിൽ ഞാൻ ഉറച്ചിരിക്കും മുൻ അവസരത്തിൽ നാം എല്ലാം തന്നെ തീൎച്ചചെയ്തി ന്നാലും ആനിലയ്ക്കു പ്രസ്തുത പ്രശ്നവുമായുള്ളബന്ധം ഞാൻ അറിയുന്നില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്) : കോടതികളിലും മറ്റും പ്രത്യേകമായി ഗവ ൺമെന്റിൽനിന്നും നിയമിക്കുന്ന സൎക്കാർ വക്കീലന്മാരെ സംബന്ധിച്ച മി. സുബ്ബയ്യർപറഞ്ഞതുകളിൽ ചില യുണ്ടെന്നു എനിക്കുതോന്നുന്നുണ്ടു. എന്നാൽ ഗവൺമെന്റിൽനിന്നും നിയമിച്ചിട്ടുള്ള ഹെഡ്സൎക്കാർ വക്കീലി നോടോ, അദ്ദേഹത്തിന്റെ അസിസ്റ്റന്റുമാരോടോ ഗവൺമെന്റു എപ്പോഴെങ്കിലും, ഏതെങ്കിലുംവിഷയത്തി ൽ അഭിപ്രായമോ സഹായമോ ആവശ്യപ്പെട്ടാൽ അവർ ചെയ്തുകൊടുക്കേണ്ട കടമയുണ്ടു. ഉദാഹരണമായി ചീഫ്സെക്രട്ടറിക്കോ പൊലിസ്കമ്മീഷണൎക്കോ തന്നെ ഏതെങ്കിലും നിയമസംബന്ധമായ സംഗതികളിൽ സംശയംതോന്നുകയും അതിനെ ഹെഡ്സൎക്കാർവക്കീലിന്റെ അഭിപ്രായത്തിന്നായി എഴുതിഅയക്കുകയും ചെ യ്യുന്നപക്ഷം അതുസംബന്ധിച്ച ഒരു പത്തോ നൂറൊ വശങ്ങൾതന്നെ വരുന്ന ഒരഭിപ്രായം എഴുതി അയക്കേ ണ്ടതായിവന്നാലും അതിനു ഫീസുകൊടുക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അതുപോലെതന്നെ നിയമ സംബന്ധമായ സംശയങ്ങൾ തീൎക്കുന്നതിനു മി. റാബിൻസനോടു അഡ്വക്കേറ്റുജനറൽ സംസാരിക്കേണ്ടി വന്നാ ൽ അതിനും ഫീസുകൊടുക്കണം എന്നു പറയുന്നതു യുക്തമായിരിക്കയില്ല.

ഇപ്പോൾ ഈ ൫൦൦ രൂപാ അനുവദിച്ചുകൊടുക്കുന്നതിൽ വലിയ തടസ്ഥമൊന്നുമില്ല. എന്നാൽ ഇതു ഒരു തത്വമായി സ്വീകരിച്ചു മേൽ പ്രവൎത്തിക്കുന്നതു അത്ര നല്ലതല്ലാ എന്നാണു എന്റെ അഭിപ്രായം.

പ്രെസിഡണ്ടു. സഭ ഈ തുക അനുവദിക്കുന്നു എന്നു ഞാൻ ഗ്രഹിക്കട്ടോ,, അതോ ഞാൻ ഇതു വോട്ടി നിടട്ടെയോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഉപക്ഷേപത്തെ രണ്ടായി പിരിക്കയും ഓരോന്നിന്റേ യും അഭിപ്രായം വെവ്വേറെ അറിയുകയും ചെയ്യണം എന്നു ഞാൻ നിൎദ്ദേശിക്കട്ടെയോ?

പ്രസിഡണ്ടു. കൊല്ലം— ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ ആഫീസിൽ ആദായനി കുതിശാഖയിൽ രൂപാ ൭൭-൫/൭-൫൦൦ രൂപാശമ്പളത്തിൽ ഉള്ള ക്ലാൎക്കിന്റെ ശമ്പളത്തെപ്പറ്റി ൫൫൦൫ വൃശ്ചികം ൫-നു മുതൽ ൫൦൦ രൂപാ ൫/൭ ൫൨൭ രൂപാ യാക്കി സ്ഥിരപ്പെടുത്തുന്നതായി ഡിമാണ്ടു (II) ആദായനികുതി, ൮൦ രൂപാ എന്ന ആദ്യത്തെ ഇനത്തെ ഈ സഭ അനുവദിക്കുന്നു എന്നു ഞാൻ ഗ്രഹിക്ക ട്ടെയോ?

തുക അനുവദിക്കപ്പെട്ടു.

പ്രെസിഡണ്ടു. ആദായനികുതികമ്മീഷണരുടെ മുൻപാകെ ആദായനികുതികേസിൽ വ്യവഹാരം നടത്തു ന്നതിനായി ഗവൺമെന്റിനുവേണ്ടി ഹാജരായിരുന്ന രണ്ടു അസിസ്റ്റന്റു ഹെഡ്സൎക്കാർ വക്കീലന്മാർ ഓരോരു ത്തൎക്കും ൭൦ രൂപാവീതം ഫീസുകൊടുക്കുന്നതിനു ൫൦൦ രൂപാ എന്നു (ബി) ഇനത്തിൽ ഉള്ളതുക സഭ അ നുവദിക്കുന്നു എന്നു ഞാൻഗ്രഹിക്കട്ടെയോ?

മി. എ. കെ. പിള്ള ഈ സഭയിൽ ഓരോരുത്തന്റെയും അഭിപ്രായം അറിയണം എന്നു ഞാൻ ആ വശ്യപ്പെടുന്നു.

ഈ തുകയെക്കുറിച്ചു സഭയുടെ അഭിപ്രായം ഗ്രഹിച്ചതിൽ ൨൨ പേർ അനുകൂലിക്കയും ൨൮ പേർ പ്രതി കൂലമായും അഭിപ്രായപ്പെടുകയാൽ അതു തള്ളപ്പെട്ടതായിപ്രസ്താവിക്കപ്പെട്ടു.

മി. കെ. ജാൎജ് (ഗവൺമെന്റു ഫിനാൻഷ്യൽസെക്രട്ടറി) അഭിപ്രായംപറഞ്ഞവരുടെ പേരു അറിയണം എന്നു ഞാൻ ആവശ്യപ്പെടുന്നു.

പേർ അറിഞ്ഞതിൽ ഇപ്രകാരം കാണപ്പെട്ടു.

മി. കെ. ജാൎജ് (ഗവൺമെന്റു ഫിനാൻഷ്യൽസെക്രട്ടറി) ഏവർ ഏതുവിധം അഭിപ്രായപ്പെട്ടു എന്നു എനിക്കറിയേണ്ടി ഇരിക്കുന്നു.

പേരറിഞ്ഞതിൽ താഴെ പറയുംപ്രകാരം കണ്ടെപ്പെട്ടു.

അനുകൂലം ൨൨.

(൧) മി. ഐ. സി. ചാക്കോ
(൨) ,, ജെ. ബി. കക്ക്
(൩) ,, കെ. ജാർജ്
(൪) ,, എൻ. വി. ജോസഫ്
(൫) ,, സി. കേരളവർമ്മകോയിത്തമ്പുരാൻ
(൬) ഡാക്ടർ. എൻ. കുഞ്ഞൻപിള്ള
(൭) മി. കെ. സി. മാമ്മൻമാപ്പിള
(൮) റ്റീ. ജെ. മാപ്പു
(൯) കെ. നാരായണൻപണ്ടാല
(൧൦) മി. കെ. വി. നടേശയ്യർ
(൧൧) ,, എൻ. നീലകണ്ഠപിള്ള
(൧൨) മി. കണ്ണാലം പരമേശ്വരൻപിള്ള
(൧൩) മി. ഡബ്ലിയു. എച്ച്. പിററ
(൧൪) മിസ്സസ് പുന്നൻലൂക്കോസ്
(൧൫) മി. റ്റി. പി. രാമസുബ്ബയ്യർ
(൧൬) റാവുബഹദൂർ. കെ. വി. രംഗസ്വാമിഅയ്യങ്കാർ
(൧൭) മി. എസ്. സി. എച്ച്. റാബിൻസൺ
(൧൮) ,, ജെ. സ്റ്റീഫൻസൺ
(൧൯) ,, വി. സുബ്ബയ്യർ
(൨൦) ,, സി. പി. തോമസ്
(൨൧) ,, കെ. കെ. തോമസ്
(൨൨) ,, എ. ജെ. വാൻറാസ്

പ്രതികൂലം ൨൪.

(൧) സാഹിബ്ബഹദൂർ പി. ഹബീബ്മഹമ്മദ്
(൨) മി. കെ. ഐ. ജോസഫ്
(൩) ,, എസ്. ജ്ഞാനജോഷ്വാ
(൪) ,, സി. പി. കൊച്ചുകുഞ്ഞുപിള്ള
(൫) എ. കെ. പിള്ള
(൬) ,, എൻ. കുമാരൻ
(൭) ,, റ്റി. കുമാരപിള്ള
(൮) ,, എക്സ്. ജി. ലോപ്പസ്
(൯) ,, കെ. മാധവൻപിള്ള
(൧൦) ,, ജി. നാരായണപിള്ള
(൧൧) ,, കല്ലൂർനാരായണപിള്ള
(൧൨) ,, കെ. പി. നീലകണ്ഠപിള്ള
(൧൩) മി. എം. എൻ. പിള്ള
(൧൪) ,, എ. ജെ. ജാൺ
(൧൫) ,, ജി. പരമേശ്വരൻപിള്ള
(൧൬) ,, ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള
(൧൭) ,, എസ്. പിറവിപെരുമാൾപിള്ള
(൧൮) ,, ജി. രാമമേനോൻ
(൧൯) ,, കെ. ശിവരാമപണിക്കർ
(൨൦) ,, എം. ശിവതാണുപിള്ള
(൨൧) ,, എസ്. സുബ്രഹ്മണ്യകരയാളർ
(൨൨) ,, എം. സുബ്രഹ്മണ്യപിള്ള
(൨൩) ,, സി. പി. തരകൻ
(൨൪) ,, സി. എൻ. ഉപ്പൻനമ്പൂതിരി

നിഷ്പക്ഷനില ൧.

മി. ആർ. പത്മനാഭൻ

ഈ ഉപക്ഷേപം തള്ളിയതായി പ്രസ്താവിച്ചു.

ഡിമാണ്ട് (III) എക്സൈസ്ഡിപ്പാർട്ടുമെൻറ്

മി. എ. ജെ. വാൻറാസ് (എക്സൈസ്കമ്മീഷണർ) താമരക്കുളത്തുനിന്ന കൊല്ലത്തേക്ക ൨ ലക്ഷം ഉപ്പു കടത്തിക്കൊണ്ടുപോകുന്നവക്കുള്ള ചെലവു നിവഹിക്കുന്നതിനായി (III) ബി. ഉപ്പു-ഉപ്പുകടത്തിക്കൊണ്ടുപോകുന്നതിനുള്ള ചെലവു എന്ന ഇനത്തിൽ ൨൫,൦൦൦ രൂപാ എന്നുകൂടുതൽ തുക അനുവദിക്കണംഎന്ന അപേക്ഷിക്കുവാനായി ഞാൻ എഴുന്നേൽക്കുന്നു. കഴിഞ്ഞ മീനമാസത്തിൽ ൧൧൦൧-ാമാണ്ടത്തേക്കുള്ള ബഡ്ജറ്റ തയ്യാറാക്കിയ കാലത്തു അകാലവർഷം നിമിത്തം താമരക്കുളത്തു ഉപ്പുവിളവിന്റെ ഭാവി വളരെ അനിശ്ചിതമായിരിക്കയും അതുവരെയുള്ള ഉപ്പുവിളവുകൾ വളരെ കുറവും ആയിരുന്നതുകൊണ്ടു കൊല്ലത്തേക്ക കടത്തിക്കൊണ്ടുപോകുവാനായി ഒരു ലക്ഷത്തിൽ കൂടുതൽമന ഉപ്പു ഉണ്ടായിരിക്കും എന്നു ഞാൻ പ്രതീക്ഷിച്ചില്ല. അതുകൊണ്ടു ആ ഇനത്തിൽ ൩൦,൦൦൦ രൂപാ ചെലവിനമാത്രമെ വ്യവസ്ഥചെയ്തിരുന്നുള്ളു. ആണ്ടവസാനിക്കാറായപ്പോൾ കാര്യസ്ഥിതി ഗുണകരമായിവന്നിട്ടുള്ളതായി. ഇപ്പോൾ ൨ ലക്ഷംമന ഉപ്പു കൊല്ലത്തേക്ക കടത്തികൊണ്ടുപോകേണ്ടതായി അവിടെയുണ്ട്. ഇതുവരെ ലഭിച്ചതായ എത്രയും കുറഞ്ഞതായ തിന്നുള്ള ടെൻഡറിൻപടി ൨ ലക്ഷം മന ഉപ്പു കൊല്ലത്തേക്ക കടത്തികൊണ്ടുപോകുന്നവകക്കു ൫൪,൭൧൦ രൂപാ ആവശ്യപ്പെടും എന്നു ഞാൻ കാണുന്നു. ഇതിനുമുമ്പിലെതന്നെ ൩൦,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടു ഇതിനുപുറമെ ൨൫,൦൦൦ രൂപാകൂടി വേണ്ടിയിരിക്കുന്നു. ഈ തുക അനുവദിക്കുവാനുള്ള സന്മനസ്സു ഈ സഭയ്ക്കു ഉണ്ടായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഇനത്തിൽ ചെലവാകുന്ന പണം ഉപ്പു വിൽക്കുമ്പോൾ ഈടായിപ്പോരും എന്നുള്ളതുകൊണ്ടു ഈ ചെലവു ഒരു അഡ്വാൻസ് ആയി മാത്രമേ കരുതേണ്ടു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും) താമരകുളത്തുനിന്ന കൊല്ലത്തേക്ക ഉപ്പുകടത്തിക്കൊണ്ടു പോകുന്നവകക്കു ഈസഭ എത്രരൂപാ അനുവദിച്ചിട്ടുണ്ടെന്ന എക്സൈസ്കമ്മീഷണരിൽനിന്ന എനിക്ക അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ൩൦,൦൦൦ രൂപാ.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും): എത്ര മനം ഉപ്പിനു?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഒരു ലക്ഷം.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും കൊട്ടാരക്കരയും): ഇനിയും ഒരു ലക്ഷം മനംകൂടി ചെലവിനു വേണം എന്നാണോ കമ്മിഷണർ ആവശ്യപ്പെടുന്നത്?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതേ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പുതുതായി ഉണ്ടാകുന്ന വിളവിനെ മുൻകൂട്ടി പ്രതീക്ഷിച്ചിട്ടാണോ ഈ തുക ആവശ്യപ്പെടുന്നതു എന്നു ഞാൻ എക്സൈസ് കമ്മീഷണരോടു ചോദിക്കട്ടെയോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അല്ല; ഇതിനു മുമ്പിലെ വിളഞ്ഞിട്ടുള്ള ഉപ്പിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉപ്പു ഉള്ള വിവരം അദ്ദേഹത്തിനു അറിയാൻപാടില്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): എനിക്കു അറിഞ്ഞുകൂടായിരുന്നു എന്നു ഞാൻ സഭയെ അറിയിച്ചു. ബഡ്ജറ്റു തയ്യാറാക്കിയകാലത്തു ഉപ്പുവിളവു ചുരുക്കം ആയിരുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മുൻ കൊല്ല അവസരത്തിലും ഒരു ലക്ഷം മണ ഉപ്പു താമരകുളത്തുനിന്നു കൊല്ലത്തേക്കു അയച്ചിട്ടുണ്ടോ എന്നു മിസ്റ്റർ വാൻറാസിങ്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): കഴിഞ്ഞതന്റെ ൧൫,൦൦൦ മണ്ണോളം ഉപ്പു കൊണ്ടുപോയി.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിലേക്കു ചെലവായ വാസ്തവത്തുക എന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതിന്റെ നിരക്ക—

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എനിക്കു നിരക്കു അറിയേണ്ടാ; വാസ്തവത്തിലുള്ള തുക വേണം.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ൧൦൦ മന്നിനു ൨൫ രൂപാ വീതം കടത്തുകൂലിയായി. പിന്നീടു കണക്കു കൂട്ടേണ്ടതേയുള്ളു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഇപ്പോഴം കിടപ്പുള്ള ഉപ്പു കടത്തിക്കൊണ്ടുപോകണം എന്നോ അതോ ഇനിമേൽ ഉണ്ടാകാൻപോകുന്ന ഉപ്പു കൊണ്ടുപോകണം എന്നോ എക്സൈസ് കമ്മീഷണർ ആവശ്യപ്പെടുന്നതു എന്നു അദ്ദേഹത്തിന്റെ പക്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഇപ്പോൾ ഇരിപ്പുള്ള ഉപ്പു മാത്രമാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): കൂടുതൽ ചെലവിനു ആവശ്യപ്പെടുന്ന തുകയെപ്പറ്റിയുള്ള അച്ചടിച്ച ലിസ്റ്റിൽ,

"വിളവും എന്നു പ്രതീക്ഷിക്കുന്ന കൂടുതൽ ഒരു ലക്ഷം മണ ഉപ്പു കൊല്ലത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവു നിർവഹിക്കുന്നതിലേക്കു" എന്നു കാണുന്നു.

അതു തെറ്റാണോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതിനു ഞാൻ ഉത്തരവാദിയല്ല. അതു എഴുത്തുപിശകായിരിക്കാം.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): താമരകുളം അളങ്ങളിൽ ഇപ്പോൾ എത്ര ഉപ്പു കിടപ്പുണ്ട്?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): തുക കൈവശം ഇല്ല.

മി. എ. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഗവൺമെന്റിലേക്കു ആവശ്യമായ ഉപ്പിന്റെ ഉദ്ദേശം തുക എങ്കിലും ഞാൻ ആവശ്യപ്പെടുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു ൨ ലക്ഷംമണ്ണിൽ വളരെ അധികം കൂടുതൽ ആയിരിക്കും.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഈ സ്ഥിതിയിൽ ഈ രണ്ടു ലക്ഷം മണ ഉപ്പു മുഴുവനേയും കൊല്ലത്തേക്കു കൊണ്ടുപോകാൻ നിങ്ങൾ ഏർപ്പാടു ചെയ്യുകയാണ്.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതെ.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): തെക്കൻ തിരുവിതാംകോട്ടിൽ അപ്രതീക്ഷിതമായ വല്ല യുദ്ധമോ ക്ഷാമമോ ഉണ്ടായാലും ഉതകുന്നതിനായി രണ്ടു ലക്ഷം മണ ഉപ്പെങ്കിലും വച്ചിരിക്കണം എന്നു എക്സൈസ് കമ്മീഷണർ വല്ലകാലത്തും ഗവൺമെന്റിനോടു ഉപദേശിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): ഇല്ലാ; എന്നാൽ സർക്കാർവക ഉപ്പിൽ ഒരംശം ഞാൻ എല്ലായ്പോഴും അളങ്ങളിൽ റിസർവായി വച്ചിരിക്കാറുണ്ട്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): എത്ര ലക്ഷം മണ്?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു തൽക്കാലസ്ഥിതി അനുസരിച്ചിരിക്കുന്നു. ചിലയാണ്ടിൽ ഒരു ലക്ഷം; ചിലയാണ്ടിൽ അരലക്ഷം; മറ്റൊരാണ്ടിൽ സ്വല്പം കൂടുതൽ.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): മെമ്പർ ആണ്ടുതോറും ഗവൺമെന്റിലേക്കു ശുപാർശ ചെയ്യാറുണ്ടോ?

മി. എ. ജെ. വാൻറാസ് (എക്സയിസ് കമ്മീഷണർ): ആണ്ടുതോറും റിസർവായി ഉപ്പു വച്ചുകൊള്ളുന്നതിനു ഗവൺമെണ്ടനുവാദം ഞാൻ വാങ്ങിക്കാറില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): താമരക്കുളം അളത്തിൽ ആണ്ടുതോറും രണ്ടുലക്ഷംമണ് റിസർവായി വച്ചുകൊള്ളുന്നതിനു അദ്ദേഹം ഗവൺമെണ്ടിനോടു ഉപദേശിച്ചിട്ടില്ലയോ?

മി. എ. ജെ. വാൻറാസ് (എക്സയിസ് കമ്മീഷണർ) ഇല്ല, ഞാൻ അങ്ങനെ ചെയ്തിട്ടില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹം അങ്ങനെ ചെയ്തിട്ടുണ്ട്.

മി. എ. ജെ. വാൻറാസ് (എക്സയിസ് കമ്മീഷണർ): ഇല്ല, ഞാൻ അങ്ങനെ ചെയ്തിട്ടില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഗവൺമെണ്ട് എന്നോടു—

പ്രസിഡെണ്ട്: മി. വാൻറാസ് അങ്ങനെ ചെയ്തിട്ടില്ല എന്നു തീർച്ചയായി പറഞ്ഞുവല്ലോ.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): സർ, ഞാൻ അതു തെളിയിച്ചുതരട്ടയോ?

അദ്ദേഹം ഗവർൺമെണ്ടിനോടു ഉപദേശിച്ചിട്ടുള്ളതു ഇപ്രകാരം ആണ്. രണ്ടുലക്ഷം മൺ ഉപ്പ്.

പ്രസിഡെണ്ട്: നിങ്ങൾ ഏതിൽനിന്ന് എടുത്തുപറയുന്നു എന്ന് ഞാൻ ചോദിക്കട്ടെ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അദ്ദേഹം ഗവർൺമെണ്ടിനോടു ഉപദേശിച്ചിട്ടുണ്ട് എന്നുള്ളകാരണത്തിന്മേൽ ഈ ഉപക്ഷേപത്തെ ഞാൻ പ്രതികൂലിക്കുന്നു.

പ്രസിഡെണ്ട്: അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ലെന്ന് തീർച്ചപറഞ്ഞു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (ചെങ്കോട്ടയും പത്തനാപുരവും): ഇതു് ഞാൻ പറയുന്നതിനെ തെളിയിക്കുന്നതായി എന്റെപക്കൽ ഉള്ള എഴുത്താകുന്നു.

പ്രസിഡെണ്ട്. ആര് ആർക്ക് അയച്ചതു്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഇതു് എക്സൈസ് കമ്മീഷണർ ഗവർൺമെണ്ടിലേക്കു അയച്ച ഒരു എഴുത്തിന്റെ പകർപ്പു ആണ്.

പ്രസിഡെണ്ട്: അതു് നിങ്ങൾക്കു എങ്ങനെകിട്ടി? ഏതു് ഉദ്യോഗസ്ഥനിലയിൽ നിങ്ങൾക്കു അയച്ചുതന്നതാണോ?

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ഇല്ല; അതു് എനിക്കുകിട്ടി.

പ്രസിഡെണ്ട്: സർക്കാർവക രഹസ്യസംഗതികളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ പേരിൽ കുറ്റം ചുമത്താവുന്നതാണ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): സർ, എനിക്കു ലേഖനംകിട്ടി; അതിൽ അടങ്ങിയിരിക്കുന്ന കാര്യം സത്യമാണെന്നു ഞാൻ ഉറപ്പുപറയുകയും ചെയ്യുന്നു.

പ്രസിഡെണ്ട്: ആ ലേഖനം നിങ്ങളുടെ കച്ചേരിയിൽ [illegible] ഒരു രേഖ നിങ്ങളുടെ കൈവശം ഉണ്ടായിരിക്കയും അതു ശരിയായ മാർഗ്ഗത്തിലൂടെ നിങ്ങൾക്കു ലഭിച്ചിരിക്കയും ചെയ്തിരുന്നാൽ അല്ലാതെ നിങ്ങൾക്കു അതിനെ ഹാജരാക്കാൻ പാടില്ല.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): എന്നാൽ ഞാൻ അതിനെ പിൻവലിക്കുന്നു.

പ്രസിഡെണ്ട്: തെറ്റായവിധത്തിൽ നിങ്ങൾ ലഭിച്ചിട്ടുള്ളതോ നിങ്ങളുടെ കയ്യിൽ വന്നുചേർന്നിട്ടുള്ളതോ ആയ ഒരു രേഖയെ നിങ്ങൾ വായിക്കുന്നതു തീരെ നടപടിക്രമവിരുദ്ധം ആകുന്നു.

നിങ്ങൾ വായിച്ചതായ ലേഖനഭാഗം ശരിയായിട്ടുള്ളതാണെന്നു നിങ്ങൾക്കു ഉറപ്പുപറയാൻ കഴിയുന്നതായാൽ അല്ലാതെ ആ ഭാഗത്തെയും നിങ്ങൾ പിൻവലിക്കണമെന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അതു് ഞാൻ പിൻവലിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താമരക്കുളത്തുനിന്നു കൊല്ലത്തേക്കു ഒരുലക്ഷംമൺ ഉപ്പു കടത്തിക്കൊണ്ടുപോകുന്നതിനു ൩൦,൦൦൦ രൂപാ [illegible] വിചാരിച്ചിട്ടുള്ള വസ്തുതയെയും [illegible] കൊല്ലത്തേക്കു ൧൦൦ മൺ ഉപ്പ് കൊണ്ടുപോകുന്ന വകയ്ക്കു വന്ന രൂപയെ ആവശ്യമുള്ളു എന്നുള്ളവസ്തുതയെയും ഗണിച്ചതിൽ.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): അതു് കഴിഞ്ഞകാലത്തെ ഉടമ്പടിപ്രകാരം ആയിരുന്നു. ഇപ്പോഴുണ്ടു ൧൦൦ മൺ ഉപ്പ് കൊണ്ടുപോകുന്നവകയ്ക്കു വന്ന രൂപാ ൧൪ അണാ ഞങ്ങൾക്കു വേണ്ടിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ വ്യത്യാസം എങ്ങനെവരുത്തപ്പെട്ടു എന്നു പറയാമോ?

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): മർക്കാസുവിളിച്ചുവരുത്തി; ഏറ്റവും താണനിരക്കു വന്ന രൂപാ ൧൪ അണ ആയിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മർക്കാസ് വിളിച്ചുവരുത്തി എന്നു എക്സൈസ് കമ്മീഷണർ പറയുന്നതുകൊണ്ടു ഞാൻ ഇതിനെ അനുവദിക്കുന്നതിനെ തടുക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ ഈ ഉപക്ഷേപത്തെ ആക്ഷേപിക്കുന്നില്ല; എന്നാൽ ഒരു നിർദ്ദേശം എനിക്കു പറയാനുണ്ട്. ഈ അനാവശ്യച്ചെലവിന്റെ അർത്ഥം എന്തു് എന്നുള്ളതിനെ കുറിച്ചു പണ്ടേ ഉള്ള [illegible] ഒരു പുത്തൻസമ്പ്രദായത്തിൽ പുറപ്പെടുവിക്കുന്നു എന്നേ ഉള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ ഈ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നുവോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നില്ല. ഞാൻ ഒരു നിർദ്ദേശം പറയുന്നേയുള്ളു. കൊല്ലത്തിനു സമീപത്തുള്ള സ്ഥലങ്ങളിൽ ഉപ്പുവിളയിക്കുന്നതിനു ആവശ്യമുള്ള ഏർപ്പാടുകൾ ഗവർൺമെണ്ട് ചെയ്യും എന്നുവരികിൽ ഉപ്പുകൊണ്ടുപോകുന്ന വകയ്ക്കായി ഇങ്ങനെയുള്ള ചെലവാകുന്ന ഈ അനാവശ്യച്ചെലവു ഇല്ലാതെയാക്കാൻ പൂർണ്ണമായി കഴിയുന്നതായിരിക്കും.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): മെമ്പർ ഇപ്പോഴത്തെ നിലയെ മനസ്സിലാക്കീട്ടില്ല എന്നു ഞാൻ വ്യസനിക്കുന്നു. താമരക്കുളത്തു വിളയുന്ന ഉപ്പ് കൊല്ലത്തു കൊണ്ടുപോകേണ്ടിയിരിക്കുന്നു. കൊല്ലത്തു ഉപ്പുവിളയിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. എന്നുതന്നെയുമല്ല, ചെലവാകുന്നപണം ഉപ്പുവില്പനയാൽ ഈടാക്കാവുന്നതും ആണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കായംകുളത്തിനു സമീപത്തുള്ള സ്ഥലങ്ങളിൽ ഉപ്പുവിളയിക്കുന്നതു പൂർണ്ണമായി സാദ്ധ്യമാണെന്നു കായംകുളത്തിലെയും കാർത്തികപ്പള്ളിയിലെയും പ്രതിനിധികൾ ശ്രീമൂലം പ്രജാസഭയുടെ അനേകം യോഗങ്ങളിൽ വ്യക്തമാക്കി അറിയിച്ചിട്ടുണ്ട് എന്നു ഞാൻ ഗവർൺമെണ്ടിനെ ഓർമ്മപ്പെടുത്തട്ടെ.

മി. എ. ജെ. വാൻറാസ് (എക്സൈസ് കമ്മീഷണർ): കായംകുളത്തു ഉണ്ടാകുന്ന ഉപ്പു ചീത്തയാണെന്നു അനേകം കൊല്ലങ്ങൾക്കു മുമ്പേതന്നെ അഭിപ്രായപ്പെട്ടു ഉപേക്ഷിച്ചു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു വിചാരണീയമായ വിഷയംതന്നെ.

പ്രെസിഡണ്ട്: സഭ ഈ തുക അനുവദിക്കുന്നതായി ഞാൻ ഗ്രഹിക്കട്ടെയോ?

തുക അനുവദിക്കപ്പെട്ടു.

ഡിമാൻഡ് VII. സാമാന്യരാജ്യഭരണം—ഹജൂർകച്ചേരി മുതലായതു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി). ൧൧൦൮ തുലാം ൧൬-ാം-നു മുതൽ ഒന്നരമാസത്തേക്കു സ്പെഷ്യൽ ആഫീസരുടെ ആഫീസും കീഴ്ജീവനക്കാരും ഉടൻനടത്തുന്ന വകയ്ക്കു ഗവർമ്മെണ്ടു ചെലവാക്കേണ്ടതായ വിശേഷാൽ ചെലവു നിർവഹിക്കുന്നതിനു കൂടുതലായി ൪൫൦ രൂപാ അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ൧൧൦൯ മേടം ൧൭-ാം-നു മുതൽ ൯ മാസം കാലത്തേക്കു സ്പെഷ്യൽ ആഫീസരെ നിയമിച്ചിരുന്നു എന്നു ഈ സഭയ്ക്കു അറിയാം. ആ സ്പെഷ്യൽ ആഫീസർക്കു നിയോഗിച്ചിരുന്ന പ്രവൃത്തി ഈ രാജ്യത്തിലെ വിവിധഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു വ്യവസ്ഥിതിരൂപത്തിലും ഭരണരൂപത്തിലും ഉള്ള അധികാരങ്ങളുടെ നിക്ഷേപണത്തിനായി വേണ്ട നിർദ്ദേശങ്ങളും ഓരോ ഡിപ്പാർട്ടുമെൻറിനും ചേർന്നതായ മുതലെടുപ്പു ഇനവയാണെന്നും നിർണ്ണയിച്ചു സ്ഥിരപ്പെടുത്തുന്നതും പിരിക്കുന്നതും അടങ്ങുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ഗവർമ്മെണ്ടിലേക്കു സമർപ്പിക്കണം എന്നായിരുന്നു. ആദ്യം ഈ സ്പെഷ്യൽ ആഫീസർ മിസ്റ്റർ എം. വി. സുബ്രഹ്മണ്യയ്യർ ആയിരുന്നു; അദ്ദേഹം രണ്ടു മാസത്തോളം ജോലിചെയ്തു; പിന്നീടു ആ സ്ഥാനത്തു മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള വന്നു. മിസ്റ്റർ എം. വി. സുബ്രഹ്മണ്യയ്യർ ഈ ജോലിയിൽനിന്നു മാറുമ്പോൾ ൧൭ എണ്ണത്തോളം ഡിപ്പാർട്ടുമെൻറുകളുടെ വകയ്ക്കു നിർദ്ദേശങ്ങൾ അയച്ചിരുന്നു; അദ്ദേഹം പോയതിൽ പിന്നീടു മിസ്റ്റർ എൻ. നീലകണ്ഠപ്പിള്ള ആ ജോലി ഉടൻനടത്തി; അദ്ദേഹം ഒൻപതു ഡിപ്പാർട്ടുമെൻറുകൾക്കുള്ള നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ട്. ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കും ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലേക്കും ഉള്ള അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾക്കു നക്കൽ എഴുതി തീർന്നിട്ടുണ്ടെന്നും അക്കൗണ്ടാഫീസ് ഉൾപ്പെടെ സാമാന്യരാജ്യഭരണം, നീതിന്യായഭരണം, പൊലീസ്, വിദ്യാഭ്യാസം, വ്യവസായം, സ്റ്റേഷനറി, രൂപകല്പനങ്ങളുടെയും ആത്മസൂത്രനിർമ്മാണങ്ങളുടെയും നിയന്ത്രണം, ധനപരിശോധനബോർഡ് ഇവയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നു എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഈ ആഫീസിൽ മേൽവിചാരം കയ്യേറ്റതിൽപിന്നീടു മിസ്റ്റർ നീലകണ്ഠപ്പിള്ള ഓരോ ഡിപ്പാർട്ടുമെൻറു പ്രധാനികളും മറുപടി പറയുന്നതിനായി ഒട്ടേറെ ചോദ്യങ്ങൾ തയ്യാറാക്കി. കിട്ടിയ മറുപടികൾ അപൂർണ്ണമായിരുന്നുവെന്നു അദ്ദേഹം കണ്ടതുകൊണ്ടു അദ്ദേഹംതന്നെ ചില ആഫീസുകളിൽചെന്നു അവിടങ്ങളിൽ എഴുതിവച്ചുവരുന്ന രജിസ്റ്ററുകൾ പരിശോധിക്കയും നിർദ്ദേശങ്ങൾ സ്വയം ഉണ്ടാക്കയും ചെയ്യേണ്ടിവന്നു. ഇവയെ വീണ്ടും ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു അയച്ചു അവരുടെ മറുപടി കിട്ടിയതിന്മേൽ സ്വാഭിപ്രായം അദ്ദേഹത്തിനു രൂപീകരിക്കേണ്ടിയിരുന്നു.

ഇതിനുംപുറമെ, കഴിഞ്ഞതവണ നിയമസഭ സംബന്ധിച്ചും മിസ്റ്റർ നീലകണ്ഠപ്പിള്ളയ്ക്കു ജോലി ചെയ്യേണ്ടിയിരുന്നു. അതുകൊണ്ടു ഗവർമ്മെണ്ടു നിശ്ചയിച്ചിരുന്ന കാലത്തിനുള്ളിൽ ജോലി പൂർത്തിയാക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. ആ ജോലിയിൽ നല്ല അഭിവൃദ്ധി ഇപ്പോൾ ഉണ്ടായിരിക്കുന്ന സ്ഥിതിക്കു അതിനെ പൂർത്തിയാക്കുവാനായി ഒന്നരമാസത്തേക്കുകൂടി ആ ജോലി നടത്തുന്നതു ആവശ്യംതന്നെ എന്നു ഗവർമ്മെണ്ടു വിചാരിച്ചു. ഈ ആഫീസിൽ ഉള്ള ജീവനക്കാർക്കു ശമ്പളം കൊടുക്കേണ്ടതിനായിട്ടാകുന്നു കൂടുതലായി ൪൫൦ രൂപ അനുവദിക്കണം എന്നു ഗവർമ്മെണ്ടു ഈ സഭയോടു ഇപ്പോൾ അപേക്ഷിക്കുന്നതു. അതുകൊണ്ടു ഈ തുക ഈ സഭ അനുവദിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രെസിഡണ്ട്: ഈ ഉപധക്ഷേപം ഈ സഭ അനുവദിക്കുന്നതായി ഞാൻ അംഗീകരിക്കട്ടെയോ?

തുക അനുവദിക്കപ്പെട്ടു.

ഡിമാൻഡ് IX. നീതിന്യായഭരണം.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): വിസ്താരത്തിനു കിടക്കുന്ന തടവുകാരുടെയും സ്വല്പകാലത്തെ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെയും സ്ഥിതിയെ നന്നാക്കുന്നതിലേക്കായി ൫൦,൦൦൦ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ തടവുകാരുടെ സ്ഥിതിയെപ്പററി ഈ നാട്ടിലും മററു സ്ഥലങ്ങളിലും അധികമായ വിവാദം നടന്നു. ഈ തടവുകാരുടെ സ്ഥിതിയെ കഴിയുന്നിടത്തോളം നന്നാക്കുന്നതിനു ഗവർമ്മെണ്ടു ഉൽകണ്ഠിതരായിരിക്കുന്നു എന്നു ഈ സഭയ്ക്കു ഇതിനുമുമ്പിലെ അറിയാം. ആക്ഷേപാർഹങ്ങൾ ആയ സകല സംഗതികളെയും ഉടനെതന്നെ പരിഹരിക്കുന്നതു ഗവർമ്മെണ്ടിനു സാദ്ധ്യമല്ലാ എന്നു കഴിഞ്ഞ യോഗത്തിൽതന്നെ ഞാൻ ഈ സഭയെ അറിയിച്ചിട്ടുണ്ടല്ലോ. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തുകകൊണ്ടു തടവുകാർക്കു അധികം നല്ല വസ്ത്രവും കിടക്കയും ആഹാരവും കൊടുക്കുന്നതിനും തടവുമുറിയെ അധികം ശുചിയാക്കി വച്ചുകൊള്ളുന്നതിനും വ്യവസ്ഥചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിലേക്കു ഈ സഭയുടെ സഹായം ലഭിക്കാൻ ഞാൻ അധികം വാദംചെയ്യേണ്ട ആവശ്യം ഇല്ല എന്നു ഞാൻ വിചാരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മേലധികാരത്തെ പൊലീസിൽനിന്നു ഡിസ്ട്രിക്ട്കോടതിക്കു മാററുവാൻ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു. ഞാൻ പറയുന്നതിൻെറ അർത്ഥം ഇതത്രെ. വിസ്താരത്തിൽകിടക്കുന്ന തടവുകാർ ഇപ്പോൾ കേസിൻെറ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരായ പൊലീസുകാരുടെ ബന്തോവസ്തിൽ ഇരിക്കുന്നു. പൊലീസിൻെറ മേലധികാരത്തെ വേർതിരിക്കുവാൻ ഗവർമ്മെണ്ടു ഏർപ്പാടുചെയ്യുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): വിസ്താരത്തിൽ കിടക്കുന്ന തടവുകാരെ പൊലീസുകാർ സൂക്ഷിച്ചുവരുന്നു എന്നുവരികിലും ഇപ്പോൾതന്നെയും അവർ നിയമപ്രകാരം മജിസ്ട്രേട്ടന്മാരുടെ ബന്തോവസ്തിൽ ആകുന്നു. നിർലിപ്തമാററത്തിനു പ്രത്യേകം ഒരുകൂട്ടം ജീവനക്കാർക്കു

വശ്യപ്പെട്ടം; പ്രത്യേകം കെട്ടിടങ്ങളും വേണ്ടിവരാം എന്നുള്ളതും പ്രായേണ സംഭാവ്യമാണ്. ഇതിനു പണച്ചിലവു ഉണ്ട്; ഈമാററം ഉടനടി നടത്താൻ പാടില്ല.

മി. കെ. കെ. താമസ് (കോട്ടയം): നടത്താൻ ഉദ്ദേശിച്ചിരിക്കുന്നതായ ഗുണകരമായ വ്യവസ്ഥകളുടെ ഒരു സ്വരൂപം അറിയിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): വിസ്താരത്തിൽ കിടക്കുന്ന തടവുകാർക്കും സ്വല്പകാലത്തെ തടവുകാർക്കും ഓരോ തൊഴിൽ കിട്ടക്കകൊടുക്കും; അവർക്ക നല്ല വസ്ത്രവും നല്ല ഊണും ഉപയോഗിക്കാൻ നല്ല പാത്രവും കൊടുക്കും. ഇതു ഉദ്ദേശമായിട്ടുള്ള കണക്കമാത്രമാകുന്നു.

മി. കെ. കെ. താമസ് (കോട്ടയം): വിസ്താരത്തിൽകിടക്കുന്ന തടവുകാർ എത്രപേർ ഉണ്ടായിരിക്കും?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ആ തുക ഇത്രയാണെന്നു ഏകദേശം എങ്കിലും സൂക്ഷ്മമായി പറയുന്നതു സാധ്യമല്ല. ൫൦൦ ആയിരിക്കാം; ആയിരംപോലും ആയിരിക്കാം.

മി. എൻ. കുമാരൻ (ഗവർമ്മെന്റു നിയമിച്ച മെംബർ): ഈ പണം ചെലവുചെയ്യുന്നതു ആരായിരിക്കും എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): പരിചയിന്നമായി പറയുന്നതായാൽ ഈ പണം ചെലവാക്കേണ്ടതു മാജിസ്ട്രേട്ട്മാരാണ്. എന്നാൽ ഇതിലേക്കുള്ള നിർദ്ദേശം അയച്ചതു മിസ്റ്റർ പിറാങ്കുകന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പുതുക്കിയ ഏർപ്പാടിനെ ഈ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിക്കുവാൻ ഗവർമ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇപ്പോഴത്തെ നിർദ്ദേശങ്ങളെസംബന്ധിച്ചിടത്തോളം ഇതിനെ വീണ്ടും സഭയിൽ സമർപ്പിക്കുന്നതല്ല. കൂടുതൽതുക ആവശ്യപ്പെടുന്നതായാൽ അതു സംശയംകൂടാതെ സഭയിൽ സമർപ്പിക്കുന്നതായിരിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി), തടവുകാരുടെ സ്ഥിതിയെ ജനപ്രതിനിധികൾ പരിശോധിക്കുവാൻ സമ്മതിക്കുന്നതിനു ഗവർമ്മെന്റിനു വല്ല ആക്ഷേപവുംഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അതു ആലോചിക്കേണ്ടതായ സംഗതിയാണു. ഇപ്പോഴും നിയമസഭാമെമ്പർമാർക്കു തടവുകാരെകണ്ടു സംസാരിക്കുന്നതിനുള്ള അവകാശംഉണ്ട്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തടവുകാർക്ക താമസത്തിനു കൂടുതൽ സൌകര്യം ഉണ്ടാക്കികൊടുക്കുന്നതു സാധ്യമായിരിക്കയില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): പുത്തൻ കെട്ടിടങ്ങൾ പണിയിക്കുവാൻ സാധിക്കയില്ല. എന്നാൽ ഇപ്പോഴത്തെ മുറികൾ കഴിയുന്നതും നന്നാക്കുന്നതായിരിക്കും.

പ്രസിഡെണ്ട്: സഭ ഈ തുക അനുവദിക്കുന്നതായി ഞാൻ ഗ്രഹിക്കട്ടെയോ?

തുക അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൪൭ വ്യവസായങ്ങൾ.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഡിമാൻഡ് ൪൭ വ്യവസായങ്ങൾ എന്ന ഇനത്തിൽ ൨൩൭൯ രൂപയിൽ കവിയാത്ത തുക അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

നാഗർകോവിലുള്ള ശ്രീമൂലരാമവർമ്മ സാങ്കേതിക വിദ്യാലയത്തിൽ നൂൽനൂല്പ നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ചെലവിനു ഈ തുക ആവശ്യപ്പെട്ടിരിക്കുന്നു. മാസം ൪-ക്ക ൫൦ രൂപാവീതം ശമ്പളത്തിൽ ആറുമാസം കാലത്തേക്ക ഒരു വാദ്ധ്യാർക്ക ശമ്പളം ൩൦൦ രൂപയും ചക്രികൾവാങ്ങുന്നവകക്ക ൪൦൪ രൂപയും പഞ്ഞിയുടെവില മുതലായ ചിലവിനും സാമഗ്രികൾക്കും ... രൂപയും കൂടിച്ചേർന്ന തുകയാണ് ഇതു. സഭ ഈ തുക അനുവദിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നൂൽനൂല്പ വ്യവസായം തിരുവിതാംകോട്ടിൽ ഗുണകരമായവിധത്തിൽ നടത്താമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): പ്രോത്സാഹിപ്പിച്ചാൽ വർദ്ധിക്കുമായിരിക്കാം.

മി. വി. സുബ്ബയ്യർ (ഗവർമ്മെന്റു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡെണ്ട്), ഈ സഭ അനുവദിച്ചതായ ഒരു പ്രമേയം അനുസരിച്ചു നൂൽനൂല്പ നടപ്പാക്കിട്ടില്ലയോ എന്നു ചോദിക്കട്ടെയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) ആ പ്രമേയം ലോയർ പള്ളിക്കൂടങ്ങൾക്കുമാത്രം സംബന്ധിക്കുന്നതായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഡിമാൻഡിനെസംബന്ധിച്ചു നേരമ്പോക്കായിട്ടാണോ മെംബർ സംസാരിക്കുന്നതു?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ഇല്ലാ ഞാൻ യാതൊരു നേരമ്പോക്കും ഉദ്ദേശിക്കുന്നില്ല. (ചിരി)

മി. എം. ശിവതാണുപിള്ള (തോവാള): നൂൽനൂല്പ പഠിപ്പിക്കുന്ന വാദ്ധ്യാരെ ഗവർമ്മെന്റു സ്ഥിരപ്പെടുത്തുവാൻപോകുന്നുവോ ഇതു ആ വ്യവസായത്തിന്റെ വിജയത്തെ ആശ്രയിച്ചിരിക്കുമോ?

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): സഭയിൽ ഇപ്പോൾ പ്രധാന പ്രസംഗികൻ ഞാൻ അല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ പ്രധാന പ്രസംഗികൻ ഇല്ലഎന്നു ഞാൻ വിചാരിക്കുന്നു.

പ്രെസിഡണ്ട്: മിസ്റ്റർ ചാക്കോ പ്രധാന പ്രാസംഗികൻ ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിൽപിന്നീട യാതൊരു മെമ്പരും അതിനു അനുകൂലമായോ പ്രതികൂലമായോ സംസാരിക്കാനായി എഴുനേല്ക്കുന്നതു ഞാൻ കണ്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, എന്റെ ചോദ്യത്തെ ഞാൻ തുടന്നു ചോദിക്കുന്നുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഫിതാദ്രശവിദ്യാഭ്യാസം ആരംഭിക്കുന്നതിനുള്ള ആലോചനയെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. എന്നാൽ വാദ്ധ്യാർക്കു ൫൦ രൂപാ ശമ്പളം കൊടുക്കേണ്ടതു ആവശ്യമാണോ എന്നു പലരെ സംശയം ഏതിക്കളുണ്ട്. മലയാം പള്ളിക്കൂടം വാദ്ധ്യാർമാർക്കു തൽപിരിമാരെൻ പഠിപ്പിക്കുന്നതിനു ഒരു പ്രത്യേക പാഠശാല തിരുവനന്തപുരത്തു ഉണ്ടായിരുന്നു. ഈ വാദ്ധ്യാർമാരെ ഇപ്പോഴും ഗവർമെന്റ ഉപയോഗപ്പെടുത്തുന്നു. തന്റെ സമയം മുഴുവനും ഇതിലേക്കായി നയിപ്പിക്കാൻ ശക്തിയുള്ള ജനങ്ങൾ ൨൦ രൂപായിൽ കുറവായ ശമ്പളത്തിനു ഈ ജോലി ഏല്ക്കാൻ തയ്യാറാകുമ്പോൾ ൫൦ രൂപാ ശമ്പളം കൊടുക്കേണ്ടതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. വാദ്ധ്യാർക്കു ൨൫ രൂപാ ശമ്പളം കൊടുക്കാം എന്നു കാര്യമായി ഞാൻ നിർദ്ദേശിക്കുന്നു. അനേകം വിദഗ്ധന്മാരെ ലഭിക്കാൻ സാധിക്കുമെന്നു നമുക്കു അറിയാം എന്നു എനിക്കു നിശ്ചയമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഫിതൽസംബന്ധമായി ഏതാനും വാക്കുകൾ പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ അത്യന്ത പ്രത്യേകിച്ചും നാഞ്ചിനാട്ടിലുള്ള ശ്രീമൂലരാമവർമ്മ വിദ്യാലയത്തെ സംബന്ധിച്ചു വ്യവസായ ഡയറക്ടർ കൊണ്ടുവന്നിട്ടുള്ളതു എനിക്കു വാസ്തവത്തിൽ ചാരിതാർത്ഥ്യജനകമായ കാര്യമാകുന്നു. ഒന്നാമതു തന്നെ നെയ്ത്തു തൽപിരിക്കലുംകഴിഞ്ഞ ഏതാനും കാലമായി ഒരു പുത്തൻ ഭാഗിക്കുന്നതിലുള്ള ചൂഷണമായി ഏറെക്കുറെ ഗ്രഹിക്കപ്പെട്ടിരുന്നു. പിന്നീട ആ വ്യവസായത്തിന്റെ വാസ്തവത്തിൽ ഉള്ള ഉപയോഗത്തെ ജനങ്ങൾ ധരിക്കാൻ ഇടയാക്കി. കൊട്ടാരത്തിലുള്ള പാവപ്പെട്ട സൗരാഷ്ട്രരെ നിയമിക്കാവുന്നതാണെന്നുള്ള വസ്തുത വ്യവസായ ഡയറക്ടർ ശ്രദ്ധിക്കണമെന്നു ഞാൻ ഇച്ഛിക്കുന്നു. സൗരാഷ്ട്രർ നെയ്ത്തിനെ തൊഴിലായി വച്ചുകൊണ്ടിരിക്കുന്ന സമുദായക്കാരാകുന്നു. രാജ്യത്തിന്റെ തെക്കേ ഭാഗമായി താമസിക്കുന്ന അവർ അത്യാസന്നമായി കുടികളുടെ നമ്പർ കൊണ്ടു അവർക്കു വേണ്ടിടത്തോളം നെയ്യുകിലും ഒരു പ്രവൃത്തിയായിട്ടില്ല. ഏതായിരത്തോളം ജനങ്ങൾ നാഞ്ചിനാട്ടിൽ തൊഴിലില്ലാതായി ഇപ്പോൾ പട്ടിണിയും ചോദിച്ചുകൊണ്ടുവരുന്നു. വാദ്ധ്യാരെ നിയമിക്കുന്നു എന്നു മനഃപൂർവമായ വിചാരം ഡയറക്ടർക്കു ഉണ്ടെങ്കിൽ ജോലിയില്ലാതെ വാസ്തവത്തിൽ കഷ്ടപ്പെട്ടുവരുന്ന ഈ സമുദായത്തിൽ ചേർന്നവരെ നിയമിക്കാവുന്നതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു. ഇതു നടപ്പാക്കുന്നതുകൊണ്ടു ഈ വ്യവസായം ഏതു അഭിവൃദ്ധിയിൽ കൊണ്ടുവരണമെന്നു നാം ആഗ്രഹിക്കുന്നുവോ ആ നിലയിൽ കൊണ്ടുവരാവുന്നതാണ്.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): വാദ്ധ്യാരുടെ ശമ്പളം ൫൦ രൂപായിൽനിന്നും ൨൫ രൂപായായി കുറയ്ക്കാവുന്നതാണെന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞു. ആ ശമ്പളത്തിനു വാദ്ധ്യാർമാർ മിസ്റ്റർ എ. കെ. പിള്ള വരുത്തിത്തരും എന്നുവരികിൽ എനിക്കു യാതൊരു ആക്ഷേപവുമില്ല. വാദ്ധ്യാരെ ആറുമാസത്തേക്കു നിയമിക്കുന്നതാണു; അദ്ദേഹം ആദ്യം വാദ്ധ്യാർമാരെ പഠിപ്പിക്കണം. അവർ പിന്നീട വിദ്യാർത്ഥികളെ പഠിപ്പിക്കണം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഈ ഉപഭേദത്തെ പ്രേരിപ്പിക്കുന്നില്ല എന്നു പ്രസിഡണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. എന്നാൽ ൨൫ രൂപായ്ക്കു ആളുകൾ കിട്ടും എന്നു ഒരു നിർദ്ദേശം പറഞ്ഞതേയുള്ളു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): അതു എനിക്കു അറിയാമായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ൨൫ രൂപായ്ക്കു ആളുകൾ കിട്ടും എങ്കിൽ അവരെ നിയമിക്കാവുന്നതാണെന്നു ഞാൻ നിർദ്ദേശിക്കുന്നു.

മി. വി. സംപ്സൂർ (ഗവർമെന്റ നിയമിച്ച മെമ്പർ—ഡെപ്യൂട്ടി പ്രസിഡന്റ): ഞാൻ നടപടിക്രമത്തെപ്പറ്റി സംസാരിക്കുന്നതിനായി എഴുനേല്ക്കുന്നു. മിസ്റ്റർ ചാക്കോ മറുപടി പറഞ്ഞുകഴിഞ്ഞു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ ഒരു നിർദ്ദേശം പറഞ്ഞതേയുള്ളൂ.

പ്രസിഡന്റ: സഭ ഈ തുക അനുവദിക്കുന്നതായി ഞാൻ ഗ്രഹിക്കട്ടേയോ?

തുക അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൩.

കെമിക്കൽ എക്സാമിനർ, ആയുർവേദം മുതലായവ.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർമെന്റ ചീഫ് സെക്രട്ടറി): ആയുർവേദ കാളേജിൽ മോഡേൺ അനാട്ടമി ഫിസിയോളജിയും അഭ്യസിപ്പിക്കുന്ന മിസ്റ്റർ കെ. കേശവപിള്ള മൂന്നു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധിച്ചു ചെയ്തിട്ടുള്ള ജോലിക്കായി അദ്ദേഹത്തിനു ബഹുമതിവേതനം കൊടുക്കുന്നവകയ്ക്കു ൭൫൦ രൂപാ എന്നതുക കൂടുതലായി അനുവദിക്കണം എന്നു അപേക്ഷിക്കുവാൻ ഞാൻ എഴുനേല്ക്കുന്നു. മിസ്റ്റർ കേശവപിള്ള ഇപ്പോൾ ഏഴുകൊല്ലമായി ആയുർവേദകാളേജിൽ ഒരു അദ്ധ്യാപകൻ ആയിരിക്കുന്നു. എന്നാൽ അദ്ദേഹം പഠിപ്പിക്കുന്ന വിഷയത്തിനുവേണ്ട പാഠപുസ്തകങ്ങൾ ലഭിക്കുന്നതിനു വളരെ ബുദ്ധിമുട്ടു അദ്ദേഹം അനുഭവിച്ചിട്ടുണ്ടു. അതുകൊണ്ടു ഫിസിയോളജി, അനാട്ടമി എന്നീ വിഷയങ്ങളിൽ പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു അദ്ദേഹം മുതിർന്നു. അദ്ദേഹം ഇപ്പോൾ മൂന്നു പുസ്തകം ഉണ്ടാക്കിയിട്ടുണ്ടു. അവയ്ക്കു ൩൦൦ രൂപയോളം അദ്ദേഹത്തിനു ചെലവായിക്കഴിഞ്ഞിരുന്നു. ഇതു ഒരു ശാസ്ത്രഗ്രന്ഥം ആകയാൽ ഈ പുസ്തകം വേഗത്തിൽ വിലപ്പോകുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. അതുകൊണ്ടു മിസ്റ്റർ കേശവപിള്ളയ്ക്കു ആയുർവേദ ഡയറക്ടരുടെ ഉപദേശപ്രകാരം ബഹുമതിവേതനമായി ഈ തുക കൊടുക്കണം എന്നു ഉദ്ദേശിച്ചിരിക്കുന്നു. ഇതിലേക്കു അദ്ദേഹം ൩൦൦ പുസ്തകം വിലകൂടാതെ സർക്കാരിലേക്കു തരുന്നതാണ്.

മി. എ. ജെ. ജാൺ (വൈക്കം): പുസ്തകത്തിന്റെ വില എന്തുഎന്നു പറഞ്ഞുതരുമോ?

മി. കെ. നാരായണൻപണ്ടാല (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പുസ്തകം ഫ-ക്ക റ രൂപാ.

മി. സി. പി. തോമസ് (ഗവണ്മെൻറ നിയമിച്ച മെംബർ): ഈ പുസ്തകങ്ങൾ ശരീരശാസ്ത്രത്തിൻെറ തുടർച്ചയായ പുസ്തകങ്ങളോ ഭിന്നങ്ങളായ പാഠപുസ്തകങ്ങളോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിങ്ങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): പ്രത്യക്ഷശാരീരം എന്ന പുസ്തകം രണ്ടു ഭാഗങ്ങളായിട്ടാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ പുസ്തകങ്ങൾ വിലയ്ക്കുവിൽക്കാനാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ പുസ്തകങ്ങളെ എങ്ങനെ ഉപയോഗിക്കണം എന്നോ വിലയ്ക്കു കൊടുക്കണമെന്നോ തീർച്ചയാക്കിട്ടില്ല.

പ്രെസിഡെൻറ: ഈ തുക സഭ സമ്മതിക്കുന്നതായി ഞാൻ ധരിക്കട്ടയോ?

തുക അനുവദിക്കപ്പെട്ടു.

നിയമനിർമ്മിതി.

നാഞ്ചിനാട്ടു വെള്ളാളബിൽ.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): സർ, അടുത്ത സംഗതി നാഞ്ചിനാട്ടു വെള്ളാളബില്ലിൻെറ പര്യാലോചനം ആകുന്നു. പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട് ഇതിനുമുമ്പെ മേശമേൽ സമർപ്പിച്ചിട്ടുണ്ടു. പ്രത്യേകകമ്മിററി ഭേദപ്പെടുത്തിയരീതിയിൽ ഉള്ള ബിൽ പര്യാലോചനയ്ക്കായി എടുക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ നടപടിക്രമസംബന്ധമായ ഒരു സംഗതിക്കായി എഴുന്നേൽക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ കല്ല്യാലം പരമേശ്വരൻപിള്ളയുടെ അഭിപ്രായം അനുവദിക്കപ്പെട്ടിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ നടപടിക്രമസംബന്ധമായ ഒരു സംഗതിക്കായി എഴുന്നേൽക്കുന്നു. മിസ്റ്റർ സുബ്രഹ്മണ്യപിള്ള ഭിന്നാഭിപ്രായം എഴുതിയയച്ചിരിക്കുന്നതായി പ്രത്യേക കമ്മിററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ആവിധം ഭിന്നാഭിപ്രായം അച്ചടിക്കയോ എല്ലാവർക്കും അയക്കുകയോ ചെയ്തിട്ടില്ല. കമ്മിററിയിലെവല്ല മെംബരും പ്രത്യേകമായ സ്വാഭിപ്രായവും എഴുതിവച്ചിരുന്നാൽ അതിനെയും ബില്ലിനെ ഭേദപ്പെടുത്തിയിരുന്നാൽ ഭേദപ്പെടുത്തിയ ബില്ലിനെയും അച്ചടിച്ച് കമ്മിററിയിലെ ഓരോ മെംബർക്കും അയക്കണം എന്നു ന ഒ-ാമത്തെ സ്ഥിരം ഉത്തരവിനാൽ ആവശ്യപ്പെട്ടിരിക്കുന്നു. അതു ചെയ്തിട്ടില്ല. ആ സ്ഥിതിക്കു പ്രത്യേകകമ്മിററിയുടെ റിപ്പോർട്ടിനെ ഈ ഘട്ടത്തിൽ ആലോചിച്ചുകൂടാ.

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): സർ, നിങ്ങൾ ഒരു വിധിപറയുംമുമ്പെ എനിക്കു സ്വല്പം പറവാനുണ്ടു. ഈ ബില്ലിനെ വീണ്ടും ഒരു പ്രത്യേകകമ്മിററിക്കു അയക്കണംഎന്നു ഉപക്ഷേപം കൊണ്ടുവരുന്നതിനായി അദ്ദേഹവും മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും നോട്ടീസുകൊടുത്തിട്ടുണ്ടു. അതിൻെറ വാദപ്രതിവാദത്തിനിടയിൽ മിസ്റ്റർ ശിവതാണുപിള്ള പറയുന്ന സംഗതിയും വരുന്നതാണ്. അതിൽ വിവാദത്തിനായി ചേർത്തിരിക്കുന്ന സംഗതികളിൽ ഒന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ഭിന്നാഭിപ്രായം എന്തുകൊണ്ടു പ്രസിദ്ധപ്പെടുത്തിട്ടില്ലാ എന്നുള്ളതാകുന്നു. അതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്താത്തതിനു ചില കാരണംഉണ്ട്. എന്നാൽ ഈ ആക്ഷേപത്തെ നിരാകരിക്കാൻ ഉള്ള അധികാരം പ്രസിഡെണ്ടിനു ഉണ്ടു എന്നു പറയാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിനിട്ടുകളെ മെംബർമാർക്കു അയച്ചുകൊടുക്കണം എന്നു ഒരു ചട്ടം ഇല്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഉണ്ടു; എന്നാൽ അങ്ങിനെ ചെയ്തിട്ടില്ല. അതുകൊണ്ടെന്താണ്?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതിനെ മെംബർമാർക്കു അയക്കാതിരിക്കാൻ ഇടയാകുന്നതു എങ്ങനെ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അതു മെംബർമാർക്കു അയച്ചിട്ടില്ലാ എന്നുവരികിൽ അതിൻെറ ഭവിഷ്യത്തു എന്തു എന്നാകുന്നു ഞാൻ ചോദിക്കുന്നത്.

അതിൻെറ ഭവിഷ്യത്തു എന്തെന്നാൽ ഒരു സ്ഥിരം ഉത്തരവുഅനുസരിച്ചു ബില്ലിനെ പര്യാലോചനയ്ക്കായി എടുത്തുകൂടാഎന്നുള്ളതത്രേ. എന്നാൽ ആ സ്ഥിരം ഉത്തരവിൻെറപ്രയോഗത്തെ നിറുത്തിവയ്ക്കുന്നതിനും ബില്ലിനെ പര്യാലോചനയ്ക്കായി സ്വീകരിക്കാംഎന്നു പറയുന്നതിനുംഉള്ള അധികാരം പ്രെസിഡെണ്ടിനു ഉണ്ടു. ന൭-മത്തെ സ്ഥിരം ഉത്തരവിൽ അപ്രകാരം പറഞ്ഞിരിക്കുന്നു. ആ ഉത്തരവു എന്തെന്നാൽ:—

"ഒരു ബില്ലിന്മേൽ പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട് സമർപ്പിച്ചതിൽപിന്നീടു അതിനു ചുമതലപ്പെട്ടമെംബർ, പ്രത്യേകകമ്മിററിയാൽ അറിയിക്കപ്പെട്ടിട്ടുള്ള ബില്ലിനെ പര്യാലോചനക്കായി എടുക്കണം എന്നു അഭിപ്രായപ്പെടാവുന്നതാകുന്നു. എന്നാൽ ആ റിപ്പോർട്ടിൻെറ ഒരു പ്രതി ഏഴു ദിവസം മുമ്പായി മെംബർമാരുടെ ഉപയോഗത്തിനു കിട്ടിയില്ലെന്നിരിക്കയോ അല്ലെങ്കിൽ ബിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തി മൂന്നുമാസം കഴിഞ്ഞിട്ടില്ലെന്നിരിക്കയോ ചെയ്യുന്നപക്ഷം അതിനെ പര്യാലോചനക്കായിഎടുക്കുന്നതു എന്നു ഏതുമെംബർക്കും ആക്ഷേപം പറയാവുന്നതും. ഈ സ്ഥിരം ഉത്തരവിൻെറ പ്രയോഗത്തെ നിറുത്തിവക്കുന്നതിനു തനിക്കുള്ള അധികാരം പ്രെസിഡെണ്ടു പ്രയോഗിച്ചു ആ റിപ്പോർട്ടിനെ പര്യാലോചനക്കായി സ്വീകരിക്കുവാൻ അനുവദിക്കാത്തപക്ഷം ആ ആക്ഷേപം പ്രബലമായിൽ ഇരിക്കുന്നതും ആകുന്നു"

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (ചെങ്ങന്നൂരും കുന്നത്തൂരും): മിസ്റ്റർ ശിവതാണുപിള്ള വാദിച്ചതായ കാരണം ഈ വകുപ്പുകളിൽ യാതൊന്നിലും ഉൾപ്പെടുന്നില്ല എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിങ്ങ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അദ്ദേഹത്തിന്റെ ആക്ഷേപം പൂർണ്ണമായ റിപ്പോർട്ട് വഴിക്കുവഴി അയക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നുള്ളതാകുന്നു എന്നു ഞാൻവിചാരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ ശിവതാണുപിള്ളയുടെ ആക്ഷേപം നം ൮-ാമത്തെ സ്ഥിരാജ്ഞയെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണ്. എന്നാൽ ചാകമെമ്പർകളുടെ ആക്ഷേപം നം ൭-ാമത്തെ സ്ഥിരാജ്ഞയെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാകുന്നു എന്നു തോന്നുന്നു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ആ റിപ്പോർട്ടിന്റെ ഒരു പ്രതി ഏഴുദിവസങ്ങളോളം തന്റെ ഉപയോഗത്തിലേക്കായി ലഭ്യമാകാതിരിക്കയോ അല്ലെങ്കിൽ ബിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തി മൂന്നുമാസം കഴിഞ്ഞിട്ടില്ലാതിരിക്കയോ ചെയ്യുന്നതായാൽ അതിനെപശ്ചാലോചനക്കായി എടുക്കരുത് എന്ന ആക്ഷേപം ഏതുമെമ്പർക്കും പറയാവുന്നതും ആ സ്ഥിരാജ്ഞയുടെ പ്രയോഗത്തെ നിറുത്തി വെക്കുന്നതിനു തനിക്കുള്ള അധികാരം പ്രെസിഡണ്ടു പ്രയോഗിച്ചു ആ റിപ്പോർട്ടിനെ പശ്ചാലോചനക്കായി സ്വീകരിക്കുവാൻ അനുവദിക്കാത്ത പക്ഷം ആ ആക്ഷേപം പ്രബലമായിരിക്കുന്നതും ആകുന്നു"

മി. ശിവതാണുപിള്ള പറഞ്ഞകാരണം ഈ വകുപ്പിൽ ഉൾപ്പെടുന്നില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിങ്ങ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ ശിവതാണുപിള്ളയുടെ ആക്ഷേപത്തിനു അടിസ്ഥാനമായി പറഞ്ഞിരിക്കുന്നകാരണം നം ൪-ാംനമ്പർ സ്ഥിരാജ്ഞ അനുഷ്ഠിക്കപ്പെട്ടിട്ടില്ലാ എന്നുള്ളതാകുന്നു. അങ്ങനെചെയ്യാതിരുന്നതുകൊണ്ടുള്ള ദോഷം എന്തു എന്നു ഞാൻ ചോദിക്കുന്നു? ഭവിഷ്യത്തു ഇന്നതായിരിക്കും എന്നും നം ൭-ാമത്തെ സ്ഥിരാജ്ഞയിൽ പറഞ്ഞിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഭിന്നാഭിപ്രായവും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

പ്രെസിഡണ്ട്: ചട്ടം അനുസരിച്ചു റിപ്പോർട്ടു അച്ചടിച്ചു അയക്കേണ്ടതാണെന്നും "റിപ്പോർട്ട്" എന്നപദത്തിൽ 'മിനിട്സും' ഉൾപ്പെടുന്നു എന്നും 'മിനിട്സി'നെ റിപ്പോർട്ടിൽനിന്നു വിട്ടുകളഞ്ഞിരിക്കുന്നതുകൊണ്ടു ബില്ലിനെവീണ്ടും പ്രത്യേകകമ്മിററിക്കു അയക്കണം എന്നും ആണ് നിങ്ങളുടെ ആക്ഷേപം എന്നു ഞാൻ ധരിക്കട്ടെയോ?

മി. എം. ശിവതാണുപിള്ള (തോവാള): ചട്ടപ്രകാരം അഭിപ്രായമായി ഉൾപ്പെടുന്നു. അതിലെ പദപ്രയോഗം ഇപ്രകാരമാണു. "ചേർക്കപ്പെടുത്തിയിരിക്കാവുന്ന വല്ലമിനിട്ടുകളും"

പ്രെസിഡന്റ്: നം ൪-ാംനമ്പർ ചട്ടത്തെ ഞാൻ ഇപ്രകാരംവായിക്കുന്നു.

"പ്രത്യേകകമ്മിററിയുടെ റിപ്പോർട്ടും കമ്മിററിയിലെ വല്ലമെമ്പർമാരോ ഓരോരുത്തരായി വല്ലഭിന്നാഭിപ്രായവും ചേർക്കപ്പെടുത്തിയിരുന്നാൽ ആ വല്ലമിനിട്ടുകളും ബില്ലിനെ ഭേദപ്പെടുത്തിയിരുന്നാൽ കമ്മിററി ഭേദപ്പെടുത്തിയ ക്രമത്തിലുള്ള ബില്ലും അച്ചടിക്കയും അവയുടെ പ്രതികൾ സഭയിലെ ഓരോമെമ്പർക്കും അയക്കുകയും ചെയ്യേണ്ടതാകുന്നു"

റിപ്പോർട്ടുകളും മിനിട്ടുകളും വല്ലതും ഉണ്ടെങ്കിൽ ആ മിനിട്ടുകളും ഈ റിപ്പോർട്ടും മിനിട്ടുകളും ചേർന്നുആവശ്യമുള്ള ഒരേ ഒന്നായി പരിണമിക്കുന്നു. വല്ലഭേദഗതികളും ചെയ്തിട്ടുണ്ടെന്നുവരികിൽ ഈ ഭേദഗതികളേയും അച്ചടിച്ചു അവക്കു അയക്കേണ്ടതാകുന്നു. അങ്ങനെയായാൽ മാത്രമേ നം ൪-ാംനമ്പർ ചട്ടത്തിലെ വ്യവസ്ഥകൾ അനുഷ്ഠിക്കപ്പെട്ടിരിക്കയുള്ളു. നം ൪-ാംനമ്പർ ചട്ടത്തിലെ വ്യവസ്ഥകൾ അനുഷ്ഠിക്കപ്പെട്ടിട്ടില്ലാ, എന്നുവരികിൽ നം ൭-ാംവകുപ്പു അനുസരിച്ചു ഒരു ആക്ഷേപം നിങ്ങൾക്കു ബോധിപ്പിക്കാവുന്നതാണ്. നിങ്ങളുടെ ആക്ഷേപത്തെ നിങ്ങൾ ഈ കാരണത്തിൽ അടിസ്ഥാനപ്പെടുത്തുന്നുവോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇല്ല.

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ടു നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡെണ്ടു): ഞാൻ അഭിവന്ദ്യനായ മുൻപുള്ള ലൈൻ, എന്റെ സ്നേഹിതൻ മിസ്റ്റർ കല്ലാലം പരമേശ്വരൻപിള്ള നോക്കിട്ടില്ല എന്നു ഞാൻ വ്യസനിക്കുന്നു. അദ്ദേഹം അങ്ങനെ ചെയ്തിരുന്നാൽ മിസ്റ്റർ ശിവതാണുപിള്ളയുടെ വാദത്തെ എതിർക്കുന്നതിനു അദ്ദേഹത്തിനു കഴിയുമായിരുന്നു. മിസ്റ്റർ സുബ്രഹ്മണ്യപിള്ളേ ഒരു ഭിന്നാഭിപ്രായം അയച്ചു എന്നും അതുപ്രസിദ്ധം ചെയ്തിട്ടില്ലാ എന്നും ഉള്ളതുസത്യംതന്നെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു ആരാണ് ശിക്ഷിച്ചെയ്യേണ്ടതു?

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ടു നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡെണ്ടു): ആ സംഗതി ഇതാ പ്രസ്താവിക്കാം, ഞാൻഒരുവാചകം പറഞ്ഞു തീർന്നതേയുള്ളു. മേൽപറയുന്നതിനു മുമ്പെ വിഘ്നം വരുത്തിയിരിക്കുന്നു. അതിനെകുറിച്ചു ഞാൻ പറയാം വിഷയത്തെക്കുറിച്ചു ആലോചിച്ചു തീർന്നിരിക്കയും ഭിന്നാഭിപ്രായം പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനു സാധുവായകാരണം ഉണ്ടായിരിക്കയും ആ വിഷയത്തെക്കുറിച്ചു അവസാനമായതീർച്ചചെയ്തിരിക്കയും ചെയ്താൽ അക്കാര്യം പരിചരിന്നമായി തീർച്ചപ്പെട്ടുപോയി. ഭിന്നാഭിപ്രായം നടപടിക്രമം അനുസരിച്ചുള്ളതിരുന്നു. അതാവിതു പ്രത്യേകകമ്മിററിയിലെ അംഗങ്ങൾ തമ്മിൽ നടന്നതായ വാദപ്രതിവാദങ്ങൾ പരിചിന്നമായി ഗ്രന്ഥമായി വക്കേണ്ടവയാണു. വാദങ്ങൾ അതിൽ അടങ്ങിയിരുന്നു.

മി കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എല്ലാനിയമസഭകളിലും അനുഷ്ഠിച്ചുവരുന്ന നിയമം ഇതാണോ?

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ടു നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡൻണ്ടു): അതു സർവ്വത്രഅനുഷ്ഠിക്കപ്പെട്ടിരിക്കുന്നു. അതാണു നടപ്പു സർവ്വത്രപ്രത്യേകകമ്മിററിയിലെ നടപടി ഗ്രന്ഥമായിട്ടുള്ളവയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അതുബ്രിട്ടീഷിൻഡ്യയിൽ നടപ്പുണ്ടോ എന്നു അറിവാനാഗ്രഹിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ(ഗവർൺമെണ്ടു നിയമിച്ചമെമ്പർ)(ഡെപ്യൂട്ടിപ്രെസിഡെണ്ടു): ഇതുപാർലിമെണ്ടിലെനടപ്പാണ്. ബ്രിട്ടീഷിൻഡ്യയിലെ നിയമസഭകളിലും നടപ്പുള്ളതാണ്. ഇവിടെയും ഇതു നടപ്പായിരിക്കേണ്ടതാണ്, എന്നുഞാൻ വിചാരിക്കുന്നു. ഉച്ചരിക്കുന്ന അക്ഷരംപ്രതി എഴുതിഎടുക്കുന്ന ചുരുക്കെഴുത്തു ലേഖകന്മാർ ഇല്ലാത്ത-

കാരണത്താൽ വാസ്തവത്തിൽ ഉള്ള പ്രൊസീഡിംഗ്സ് എഴുതി എടുത്തിട്ടില്ല. നടപടികൾ ഗൂഢമാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ആ വാക്കുകളെ വെളിപ്പെടുത്തിക്കൂടാ. പ്രത്യേകകമ്മിററിയിലെ നടപടികൾ തടവെന്നിയെ പ്രത്യേക ചട്ടങ്ങളാൽ ചുററപ്പെട്ടിരിക്കുന്ന യഥേഷ്ടം നടത്തുന്ന വാദങ്ങളായിട്ടാണ് സഭാ വിചാരിക്കപ്പെട്ടിരിക്കുന്നതു്. ചിലപ്പോൾ ക്രമാനുസൃതം അല്ലാത്തവാദങ്ങളായും ആയിരിക്കാം. സന്ദർഭാനുസാരം വരുന്ന വിവിധവാദങ്ങളെ സംബന്ധിച്ചു സ്വന്തം അഭിപ്രായം പറയുന്നതിനു ഓരോ മെംബർക്കും അധികാരം ഉണ്ട്. പ്രകാരാന്തരേണ പറയുന്നതായാൽ ഈ സഭയിൽ വാഗ്വാദങ്ങൾ നടത്തിവരുന്ന രീതിയിലെ അത്ര ക്രമാനുസൃതങ്ങൾ അല്ല അതിലെ വാഗ്വാദങ്ങൾ. ആ സ്ഥിതിക്കു അവസാനമായ റിപ്പോർട്ടും മെംബർമാർ ഭിന്നാഭിപ്രായം വല്ലതും എഴുതുന്നുണ്ടെങ്കിൽ അതും മാത്രമേ പ്രസിദ്ധപ്പെടുത്താറുള്ളു.

മി. സുബ്രഹ്മണ്യപിള്ളയുടെ ഭിന്നാഭിപ്രായത്തിൽ മെംബർമാരിൽ ചിലരെക്കുറിച്ചു ഏതാനും നിന്ദാക്ഷേപങ്ങൾ അടങ്ങിയിരുന്നു. അതുകൊണ്ടു അതു പ്രസിദ്ധപ്പെടുത്തിയില്ല. ഞാൻ പ്രത്യേകകമ്മിററിയിലെ അദ്ധ്യക്ഷൻ ആയിരുന്നു. ആ ഭിന്നാഭിപ്രായത്തെ പ്രസിദ്ധപ്പെടുത്തണം എന്നുണ്ടെങ്കിൽ ആ ആക്ഷേപാർഹമായ ഭാഗത്തെ എടുത്തുകളയേണ്ടതാണെന്നും ശേഷമുള്ളതുമാത്രം പ്രസിദ്ധപ്പെടുത്തുന്നതാണെന്നും ഞാൻ പറഞ്ഞു. എന്നാൽ മിസ്റ്റർ സുബ്രഹ്മണ്യപിള്ള അപ്രകാരം ചെയ്കയില്ല എന്നു പറഞ്ഞു ഈ സംഗതിയെ പ്രത്യേകകമ്മിററി പര്യാലോചിക്കയും അതു പ്രസിദ്ധപ്പെടുത്തേണ്ടാ എന്നു നിശ്ചയിക്കയും ചെയ്തു. ഇക്കാര്യത്തെപ്പററി തീർച്ചക്കായി പ്രസിഡണ്ടിനു എഴുതിയയച്ചു. മിസ്റ്റർ സുബ്രഹ്മണ്യപിള്ള തന്റെ വാദം കേൾക്കണം എന്നു ആഗ്രഹിക്കയാൽ പ്രസിഡണ്ടു അദ്ദേഹത്തിന്റെ വാദം കേട്ടു. ആക്ഷേപങ്ങളുടെ ഭാഗങ്ങളെ പിൻവലിക്കുന്നതായാൽ അല്ലാതെ, അതിൽ വെളിവാക്കിക്കൂടാത്തതായ കാര്യങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടു, ആ ഭിന്നാഭിപ്രായത്തെ പ്രസിദ്ധപ്പെടുത്തുകയില്ല എന്നു പ്രസിഡണ്ടു പറഞ്ഞു

മിസ്റ്റർ ശിവതാണുപിള്ളയുടെ ആക്ഷേപം ഇവിടെ അസ്ഥാനത്തിൽ ആണെന്നു ഞാൻ അറിയിക്കുന്നു. വിശിഷ്യ ഈ സഭയിലെ അംഗവും സ്വയം ഈ ആക്ഷേപം പുറപ്പെടുവിക്കാൻ അധികാരം ഉള്ള ആളും ആയ മിസ്റ്റർ സുബ്രഹ്മണ്യപിള്ളതന്നെയും ഈ ആക്ഷേപവാദം നടത്തുന്നതു യുക്തമാകുന്നു എന്നു വിചാരിച്ചിട്ടില്ലാത്തതുകൊണ്ടു ഇതു അസ്ഥാനത്തിൽ തന്നെ.

പ്രസിഡണ്ടു: എന്റെ തീർച്ച എന്തെന്നാൽ "റിപ്പോർട്ടു" എന്നതിൽ "മിനിട്ടും" ഉൾപ്പെടുന്നു. "മിനിട്ടു" എന്നതു നിയമാനുസൃതമായ അഭിപ്രായം ആയിരുന്നാൽ മാത്രം. മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ഈ അഭിപ്രായം ശരിയായ അധികാരസ്ഥനാൽ അക്രമമാണെന്നു തള്ളപ്പെട്ടു. പ്രസിദ്ധപ്പെടുത്തേണ്ടതായി നിയമാനുസൃതമായ മിനിട്ട് ഇല്ലാത്തതുകൊണ്ടു ഇല്ലാത്തതായ ഒരു മിനിട്ടിനെ അടിസ്ഥാനപ്പെടുത്തി ഒരു ആക്ഷേപം ഇപ്പോൾ മിസ്റ്റർ ശിവതാണുപിള്ളക്കു പറവാൻ പാടില്ല. അതുകൊണ്ടു മിസ്റ്റർ ശിവതാണുപിള്ളയുടെ ആക്ഷേപത്തെ ഞാൻ നിരാകരിക്കുന്നു.

മി. കെ. ജോർജ്ജ് (ഗവർമ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): ഞാൻ മിസ്റ്റർ കല്യാണം പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ബില്ലിനെ പുതുതായി ഒരു പ്രത്യേകകമ്മിററിക്കു വീണ്ടും അയക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രത്യേകകമ്മിററിയാൽ ഭേദപ്പെടുത്തപ്പെട്ടിട്ടുള്ള ബിൽ സമുദായത്തിനു വളരെ ഉപദ്രവങ്ങൾക്കു ഇടയാക്കീട്ടുണ്ട് എന്നു ആദ്യമേതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇപ്പോൾ ഉള്ള നടപ്പുകളെ ശരിയായി മനസ്സിലാക്കുന്നതിനു ഈ നാട്ടിലെ കോടതികൾ അശക്തരായിരിക്കുന്നു എന്നു കാണുകയാൽ അവയെ നിയമരൂപത്തിൽ ചേർത്തു നിയമം ഉണ്ടാക്കുന്നതിനായിട്ടല്ലാതെ പരിവർത്തകമായ യാതൊരു നിയമവും ഉണ്ടാക്കുന്നതിനല്ല ഈ സമുദായം വിവരിച്ചുകൊണ്ടിരുന്നതു്. ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഈ ബിൽ കാര്യത്തിന്റെ ഈ ഭാഗത്തെപ്പററി ആലോചിക്കുന്നില്ല എന്നു മാത്രമല്ല ഈ സമുദായത്തിൽ ഇപ്പോൾ നടപ്പുള്ളതായ അത്യന്തം പ്രധാനപ്പെട്ട മുതലവകാശങ്ങളിൽ ചിലവയെ തീരെ അവഗണിക്കുന്നതിൽ അധികം സഹായിക്കയും ചെയ്യുന്നു മരിച്ചുപോയ ഒരു പുരുഷന്റെ കുട്ടികൾക്കു അയാളുടെ തറവാട്ടുസ്വത്തിൽ ഉള്ള അവകാശം ആയ ഉടമസ്ഥതയും കുഞ്ഞുങ്ങൾ ഇല്ലാത്തവിധവക്കു അവരുടെ മരിച്ചുപോയ ഭർത്താവിന്റെ തറവാട്ടുസ്വത്തിൽ ഉള്ള അവകാശം ആയ നങ്കടമയെയും യാതൊരേടത്തും അംഗീകരിക്കപ്പെട്ടിട്ടില്ല; അവയ്ക്കു ഈ ബില്ലിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടുംഇല്ല. ഇങ്ങനെവന്നതു നാഞ്ചിനാട്ടു വെള്ളാളർ മരുമക്കത്തായികൾ ആകുന്നു എന്നുള്ള തത്വത്തെ മനഃപൂർവമായോ മനഃപൂർവ്വം അല്ലാതെയോ പ്രത്യേകകമ്മിററിക്കാർ സ്വീകരിച്ചു എന്നുള്ള വസ്തുത നിമിത്തം ജനിച്ചതാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവർ ഈ വിധം മനോഗതിയെ സ്വീകരിച്ചുകഴിഞ്ഞപ്പോൾ അവർക്കു മരുമക്കത്തായനിയമത്തെ ഈ സമുദായത്തിലേക്കു സംബന്ധിപ്പിക്കുന്നതിൽ യാതൊരു ശങ്കയും ഉണ്ടായിരുന്നില്ല. ഈ അവകാശങ്ങളെ മതിയാകുംവണ്ണം അംഗീകരിക്കുന്നതു വസ്തുവിഭാഗത്തെ സംബന്ധിച്ച വ്യവസ്ഥകളിൽമാത്രമേ സാദ്ധ്യമാകയുള്ളു. ആ വ്യവസ്ഥകൾ നാഞ്ചിനാട്ടു വെള്ളാളർ മരുമക്കത്തായികൾ ആണ് എന്നുള്ള തത്വത്തിനു പൂർണ്ണമായി യോജിച്ചിരിക്കുന്നു. ഈ ബില്ലിൽ അത്യന്തം പ്രധാനപ്പെട്ട വ്യവസ്ഥ വസ്തുവിഭാഗത്തെ സംബന്ധിച്ചുള്ളതാണ്. ഈ വകുപ്പിന്റെ ഗുണാഗുണത്തിന്മേൽ ആകുന്നു ബില്ലിന്റെ ഗുണാഗുണത്തെ മുഴുവനും നിർണ്ണയിക്കുന്നതു്.

പ്രത്യേകകമ്മിററിയുടെ നില വളരെ ആപൽക്കരവും തെററായിട്ടുള്ളതും ആണെന്നു ദൂഷിക്കുന്നതിൽ യാതൊരു ശങ്കയും എനിക്കു ഇല്ല. നാഞ്ചിനാട്ടുവെള്ളാളർ ഒരിക്കലും മരുമക്കത്തായികൾ അല്ല; പ്രത്യുത, മരുമക്കത്തായ നിയമത്തിനുള്ള ചില നിബന്ധനകളെ പിന്നീടു കൂട്ടിക്കലർത്തീട്ടുള്ള മക്കത്തായികൾ അത്രേ. നാഞ്ചിനാട്ടു വെള്ളാളർ പൂർവകാലത്തു മക്കത്തായികൾ ആയിരുന്നു എന്നും കാണിക്കുവാൻ വിസ്താരമായ തെളിവു സ്റ്റേറ്റുമാനുവൽ എന്ന ഗ്രന്ഥത്തിൽ ഉണ്ടു. അവർ ഏതുകാലത്തിൽ ഏതുകാരണത്താൽ മരുമക്കത്തായാചാരങ്ങളിൽ ചിലവയെ സ്വീകരിച്ചു എന്നും അതിൽ പ്രതിപാദിച്ചിരിക്കുന്നു. ഗവർമ്മെന്റു നിയമിച്ചതായ രണ്ടു വിചാരണസംഘങ്ങളും ഈ അഭിപ്രായം സ്വീകരിക്കുന്നു. അവർ ഏതു തീയതിയിൽ തിരുവിതാംകോട്ടു രാജാക്കന്മാരുടെ പ്രജകളായി ഭവിച്ചു എന്നു പാണ്ഡ്യൻ അണയിൽ കൊത്തിയിരിക്കുന്ന ഒരു ശിലാശാസനം വെളിവാക്കുന്നു. അ

ത്താചരിച്ചു മാത്രമേ അവർ ഇപ്പോഴുള്ള മരുമക്കത്തായാചാരങ്ങളെ സ്വീകരിച്ചിട്ടുള്ളു. ഈ പ്രശ്നത്തെപ്പറ്റി പാലിക്കുന്നതിനുള്ള കാലം കഴിഞ്ഞുപോയി എന്നു എനിക്കു അറിയാം. ഈ വിഷയത്തെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ തീർച്ചപ്പെടുത്തണം എന്നു സമുദായത്തെത്തന്നെയും ആവശ്യപ്പെടുന്നതല്ല. എന്നാൽ സമുദായം നിർബന്ധമായി ആവശ്യപ്പെടുകയുള്ള എന്തെന്നാൽ, അതിലെ നടപ്പുകൾ മുഴുവൻ തന്നെയായിത്തന്നെയും അംഗീകരിക്കണം എന്നാകുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നാഞ്ചിനാട്ടുവെള്ളാളർ ഇന്നു മരുമക്കത്തായികളോ മക്കത്തായികളോ എന്നു മി. സുബ്രഹ്മണ്യപിള്ളയോടു ഞാൻ ചോദിക്കട്ടെയോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവർ ഏതാണ്ടൊക്കെ മരുമക്കത്തായികൾ തന്നെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവർ മുഴുവനെ മരുമക്കത്തായികൾ ആണോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അല്ല; അവർ മുഴുവനെ മരുമക്കത്തായികൾ അല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതുസംബന്ധിച്ചു ഹൈക്കോർട്ടിലെ വിധി എന്താണെന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഹൈക്കോടതിയിലെ തീർച്ച ഇവർ ചിലസംഗതികളിൽ മരുമക്കത്തായാചാരങ്ങളെ അനുഷ്ഠിക്കുന്നുണ്ടു എന്നാകുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവർക്കു ആധാരങ്ങളിൽ എഴുതുന്നതു് എങ്ങനെ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വെള്ളാളർ എന്നുമാത്രമാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മക്കത്തായികൾ ആണെന്നു എഴുതിയിട്ടുള്ള ആധാരം വല്ലതും ഉണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നോക്കിട്ടേ മറുപടി പറയാൻ കഴിയൂ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മരുമക്കത്തായികൾ ആണെന്നു വിവരിച്ചിട്ടുള്ള ഏതാനും ആധാരങ്ങൾ ഇല്ലയോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉണ്ടായിരിക്കാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വെള്ളാളസമുദായത്തിൽ ചേർന്നയാളും ഈ സഭയിൽ ആ സമുദായത്തിന്റെ പ്രതിനിധിയായിരിക്കുന്ന ആളുമായ മി. സുബ്രഹ്മണ്യപിള്ളക്കു, തന്റെ സമുദായത്തിൽ ചേർന്നവർ മക്കവഴിക്കാരാണെന്നു സ്വയം വിവരിച്ചിട്ടുള്ള യാതൊരു ഉദാഹരണവും ഉദ്ധരിക്കാൻ കഴിയുകയില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവർ മരുമക്കത്തായികളും മക്കത്തായികളും രണ്ടും ചേർന്നവരാണെന്നു ഞാൻ പറയുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): നാഞ്ചിനാട്ടു വെള്ളാളസമുദായത്തിലെ അംഗങ്ങൾ മക്കത്തായികളാണെന്നു സ്വയം വിവരിച്ചിട്ടുള്ളതായി യാതൊരു ഉദാഹരണവും ഉദ്ധരിക്കുവാൻ മി. സുബ്രഹ്മണ്യപിള്ള ശക്തനല്ലയോ എന്നും അല്ലെങ്കിൽ അപ്രകാരമുള്ള യാതൊരു ഉദാഹരണവും അദ്ദേഹം അറിഞ്ഞിട്ടില്ലയോ എന്നാ ആകുന്നു എന്റെ ചോദ്യം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവർ ചിലപ്പോൾ ചില ആധാരങ്ങളിൽ മരുമക്കത്തായികൾ എന്നെഴുതിവരുന്നതായി എനിക്കു അറിയാം.

മി. വി. സുബ്ബയ്യർ (ഗവർന്മെന്റു നിയമിച്ചമെമ്പർ ഡെപ്യൂട്ടിപ്രസിഡന്റ്): മെമ്പർ ദയവുചെയ്തു ബില്ലിൽതന്നെ നോക്കുമോ? അതു് "നാഞ്ചിനാട്ടു മരുമക്കത്തായ വെള്ളാളബില്ല്" ആണ്. 'മരുമക്കത്തായം' എന്ന പദത്തെ എഴുത്തുകളുടെയും എന്റെ വല്ലഭേഗതിയും മെമ്പർ തന്നെയാകട്ടെ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ വല്ലവരും ആകട്ടെ കൊണ്ടുവന്നിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു വിട്ടുപോയതായിരിക്കാം.

മി. കെ. കെ. താമസ് (കോട്ടയം): ഈ സമുദായം മരുമക്കത്തായികൾ മാത്രം ചേർന്നതാണോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എനിക്കു അറിയാവുന്നിടത്തോളം അതിൽ മരുമക്കത്തായികൾ മാത്രമേയുള്ളു; എന്നാൽ അവർ മുഴുവനെ മരുമക്കത്തായികൾ അല്ല.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നാഞ്ചിനാട്ടു വെള്ളാളമക്കത്തായക്കാരും മരുമക്കത്തായക്കാരും തമ്മിൽ വിവാഹം നടപ്പുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) ഉണ്ട്.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മക്കത്തായിയായ ഒരു സ്ത്രീയെ മരുമക്കത്തായിയായ ഒരുപുരുഷൻ വിവാഹംചെയ്താൽ മക്കളുടെ അവകാശം എങ്ങനെ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആരുടെസ്വത്തിൽ അവകാശം?

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പുരുഷന്റെ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉടമ്പടിമാവകാശം മാത്രമേയുള്ളു.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മരുമക്കത്തായിയായ ഒരുസ്ത്രീയെ മക്കത്തായിയായ ഒരു പുരുഷൻ വിവാഹംചെയ്താൽ സ്വത്തവകാശം എങ്ങിനെ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മക്കത്തായമായി മുഴുവൻസ്വത്തുംകിട്ടും.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പുരുഷന്റെ സകലസ്വത്തിനും ഈ സംഗതിയിൽ അവകാശംകിട്ടുകയും മറെറതിൽ ഉടമ്പടിമാവകാശം മാത്രം കിട്ടുകയും ചെയ്യുന്നു എന്നാണോ പറയുന്നതു?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതേ.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനുള്ള കാരണം എന്താണെന്നു പറയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അച്ഛന്റെ സമുദായത്തിൽ അവകാശം എങ്ങിനെയോ അതുപോലെ.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നാഞ്ചിനാട്ടു വെള്ളാളസമുദായം വെറും മക്കത്തായമെന്നോ മരുമക്കത്തായമെന്നോ എങ്ങിനെ അറിയാൻ സാധിക്കും?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രണ്ടും ചേർന്നതാണ്.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനു എന്തുപേരാണ് കൊടുക്കേണ്ടത്?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രണ്ടും ചേർത്തുകൊടുക്കുന്നതിൽ ഒരാക്ഷേപവുമില്ല.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒരു സമുദായത്തെ മക്കത്തായികളെന്നും മരുമക്കത്തായികളെന്നും പറയുന്നതെങ്ങിനെ? ഇവക്കു എന്തെങ്കിലും ഒരുപേർ കല്പിക്കണമെല്ലോ? അതെന്താണ്?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രണ്ടും ഉണ്ടെന്നുകല്പിക്കാം.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): രണ്ടുമായും സ്വീകരിക്കുന്നതിനു എന്താണ് പ്രയോജനമെന്നു പറഞ്ഞാൽമാത്രമേ അറിയാൻസാധിക്കൂ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രണ്ടുംചേർത്തുള്ള ഒരുപേർ സൌകര്യമായി ആലോചിച്ചു പറയാം.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മി. സുബ്രഹ്മണ്യപിള്ള ഉകന്നുടമാവകാശം വാങ്ങീട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): സർ, പ്രത്യേകം ആളിനെപ്പററി ഇവിടെ പ്രസ്താവിക്കുന്നതു ഉചിതമാണോ?

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഈ ആളിനെക്കുറിച്ചുള്ള പ്രസ്താവം അല്ല. ഞാൻ അയാളുടെ പേരു പറകയില്ല.

ഒരു മരുമക്കത്തായിയായ പുരുഷൻ മക്കത്തായത്തിൽ ഉൾപ്പെട്ട ഒരു സ്ത്രീയെ വിവാഹം ചെയ്താൽ ആ സ്ത്രീക്ക് ഉകന്നുടമാവകാശം മാത്രമേയുള്ളു എന്നാണ് പറഞ്ഞത്. അങ്ങനെ ഉകന്നുടമാവകാശം കിട്ടീട്ടുള്ളതായി ദൃഷ്ടാന്തങ്ങൾ പറയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവകാശം കിട്ടീട്ടുണ്ട്.

മി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കോടതിമുഖേന കേസുകൊടുത്തതിൽ ആ അവകാശം വിധിച്ചുകൊടുത്തിട്ടുള്ളതായി ദൃഷ്ടാന്തങ്ങൾ പറയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോൾ അറിഞ്ഞുകൂടാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): സെലക്ട് കമ്മിററിയിൽ ൨൨ പ്രമാണങ്ങൾ മെമ്പർ ഹാജരാക്കിട്ടുള്ളതായും ൨൫ പ്രമാണങ്ങൾ മി. ചിതംബരതാണുപിള്ള ഹാജരാക്കിയതായും ഒരു ടൈപ്പുറിക്കാർഡ് നിങ്ങൾക്കു കിട്ടീട്ടുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ടയിപ്പുചെയ്തു കിട്ടീട്ടുണ്ട്. ൨൨ പ്രമാണങ്ങൾ ഞാനും, മി. ചിതംബരതാണുപിള്ള ൨൫-ം ഹാജരാക്കി.

അവർ യാതൊരുകാലത്തും ശുദ്ധമേ മക്കത്തായികളായിരുന്നിട്ടില്ലാ എന്നു അവർ പറയുന്നു. അവരെ അപ്രകാരം സംക്രാന്തരാക്കാൻ യാതൊരാൾക്കും യാതൊരു അവകാശവും ഇല്ല. പ്രത്യേകിച്ചും പ്രത്യേക കമ്മിററിക്കു തീരെ അവകാശംഇല്ല; അതിന്റെ കൃത്യം അവർ വാസ്തവത്തിൽ ഏതുസ്ഥിതിയിൽ ഇരുന്നു എന്നും ഇപ്പോൾ ഏതുസ്ഥിതിയിൽ ഇരിക്കുന്നു എന്നും കണ്ടറിയുകആയിരുന്നു. ഈ സംഗതി പ്രജാസഭയുടെ ആറാമത്തെയോഗത്തിൽ ഗവൺമെന്റിനു സമർപ്പിച്ചതായ അവരുടെ ഒന്നാമത്തെ മെമ്മോറിയലിൽ അവർ പൂർണ്ണമായി വ്യക്തമാക്കീട്ടുണ്ടു. ഈ ബില്ലിനെസംബന്ധിച്ച സകല പ്രവൃത്തികളും ആ മെമ്മോറിയലിൽ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാകുന്നു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു,

"ഞങ്ങൾ ആദിയിൽ മക്കൾവഴി വെള്ളാളർ ആയിരുന്നു. ഞങ്ങളുടെ പൂർവന്മാർ തിരുവിതാംകോട്ടു മഹാരാജാഅവർകളുടെ പ്രജകളായി സ്വയമേവ വന്നുചേർന്നതായ കാലംതുടങ്ങി മഹാരാജാഅവർകളുടെനേർക്കു ഞങ്ങൾക്കുള്ള രാജഭക്തിയുടെ സ്മാരകമായി മരുമക്കൾവഴി അവകാശമുറകൾ കൈക്കൊണ്ടു. എന്നാൽ മക്കൾവഴി ബാധ്യതകളെ വിടാതെതന്നെ ഉകന്നുടമ എന്ന ഒരു നിരാക്ഷേപമായ അവകാശം ഞങ്ങൾ വച്ചുകൊണ്ടിരിക്കുന്നു. വിവാഹച്ചടങ്ങുകളും പിതൃകർമ്മങ്ങളും മുൻകാലംപോലെതന്നെ ഞങ്ങൾ നടത്തിവരുന്നു.

"മുഴുവനും മരുമക്കത്തായികളായ മററുസമൂഹങ്ങളെസംബന്ധിച്ചു ഉണ്ടാകുന്ന ചട്ടങ്ങൾ തീർപ്പുകൾ മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് ഞങ്ങൾക്കു ന്യായം പറയുന്നതു. ഇതുനിമിത്തം ഞങ്ങളുടെ പൂർവാചാരങ്ങൾക്കും മനോഭാവങ്ങൾക്കും വിപരീതമായ അനേകംമാററങ്ങൾ ഞങ്ങളുടെ സമുദായത്തിൽ നാൾക്കുനാൾ വന്നുകയറിക്കൊണ്ടിരിക്കുന്നു.

മരുമക്കത്തായനിയമത്തെ ഞങ്ങളെ സംബന്ധിപ്പിക്കുന്നതിൽനിന്നു ജനിക്കുന്ന മററു ന്യൂനതകളെ എടുത്തുപറഞ്ഞുകൊണ്ടു "മേൽപറഞ്ഞ കുറവുകൾ ഇല്ലാതാക്കുന്നതിനായി" ഒരു നിയമം ഉണ്ടാക്കണം എന്നു ഈ സമുദായം പ്രാർത്ഥിക്കുന്നു.

അതുകൊണ്ടു ഈ സമുദായം പ്രക്ഷോഭിച്ചു വാദിച്ചതു അവരുടെ നടപ്പുകൾക്കും മനോഭാവങ്ങൾക്കും പററിയുള്ള ഏതാദൃശബോധങ്ങൾക്കു വിപരീതമായിട്ടാകുന്നു എന്നു വ്യക്തമാകുന്നു; ആ അയഥാർത്ഥബോധത്തെ അടിസ്ഥാനപ്പെടുത്തി പ്രത്യേകകമ്മിട്ടി നിശ്ചയിച്ചിരിക്കുന്ന നിർണ്ണയങ്ങളെ ഒരിക്കലും സ്വീകരിക്കാൻ സമുദായത്തിനു കഴിവുള്ളതല്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ തെററു കാണിച്ചതു പ്രത്യേക കമ്മിട്ടിയോ നാഞ്ചിനാട്ടുവെള്ളാളകമ്മിട്ടിയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നാഞ്ചിനാട്ടു വെള്ളാളകമ്മിട്ടിയുംകൂടി.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മി. സുബ്രഹ്മണ്യപിള്ള ആ കമ്മിറ്റിയിലെ ഒരു മെംബർ ആയിരുന്നില്ലയോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അദ്ദേഹം ആ തെററിനെ ചൂണ്ടിക്കാണിക്കാഞ്ഞതു എന്തു?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആ തെററിനെ ഞാനും സമ്മതിക്കുന്നുണ്ടല്ലോ.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ തെററ അദ്ദേഹം എപ്പോഴാണ് അറിഞ്ഞു?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): റിപ്പോർട്ടു ഒപ്പിട്ടതിൽപിന്നീട്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): അദ്ദേഹം ഈ ബില്ലിനെ എതിരായി വാദിക്കുന്ന ഈ അവസരത്തിൽ അദ്ദേഹം തെററ കാണിക്കുന്നില്ല എന്നുള്ളതിനു വല്ല ഉറപ്പുമുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ കാണിക്കുന്നതു തെററായിരിക്കാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അദ്ദേഹം സമുദായത്തിന്റെ അഭിപ്രായമോ സമുദായത്തിന്റെ ഇഷ്ടമോ എന്താണെന്നു അറിയുന്നതിനു ശ്രമിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു മറുപടിപറയാൻ പ്രയാസമുള്ള ഒരു പ്രശ്നം ആണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതെ അതു പ്രയാസമുള്ള പ്രശ്നംതന്നെ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതുകൊണ്ടു അതിനു മറുപടിപറയാൻ ഞാൻ ഭാവിക്കുന്നില്ല.

ജഡ്ജിമാർ ഉണ്ടാക്കിയിട്ടുള്ള കോടതിത്തീർപ്പുകളെ അടിസ്ഥാനപ്പെടുത്തി പ്രത്യേക കമ്മിറ്റിക്കാർ തങ്ങളുടെ തീർപ്പുകൾ നിശ്ചയിക്കുന്നു എന്നുള്ളതു് അത്ഭുതംതന്നെ. സമുദായത്തിന്റെ പ്രക്ഷോഭം പ്രാധാന്യേന ഈ തീർപ്പുകളുടെ നേർക്കായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ ജനങ്ങളുടെ നടപ്പും മനോഭാവവും ആയി യാതൊരു പരിചയവും ഇല്ലാത്തവരും അവർ മരുമക്കത്തായികൾ ആണെന്നു തെററായി ധരിച്ചിട്ടുള്ളവരും ആയ ജഡ്ജിമാരാൽ ചെയ്യപ്പെട്ട തീർപ്പുകൾ ആകുന്നു. വിവാഹഹേതുവായ നിയമങ്ങളെത്തന്നെ അവലംബമാക്കുന്നതു വാദോല്പത്തിയാൽ അതിനെ സ്ഥാപിക്കുന്നദോഷം ഉള്ളതാകുന്നു. ഈ വസ്തുത ഗുണം ജനിപ്പിക്കയില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡൻറ): ഈ ജഡ്ജിമാർ ഉണ്ടാക്കിയ ഈ തീർപ്പുകൾ എത്രകാലംമുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു; അവ അർദ്ധശതാബ്ദത്തോളംകാലം എങ്കിലും പഴക്കം ഉള്ളവയല്ലയോ?

മി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം). അദ്ദേഹത്തിന്റെ ചോദ്യത്തിനു എനിക്കു മറുപടിപറയാൻ കഴിയുകയില്ല. ജഡ്ജിമാരാൽ ചെയ്യപ്പെടുന്ന നിയമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

ഈ കമ്മറ്റിയുടെ തീർപ്പുകളെ അടിസ്ഥാനമായി അവർ ഉദ്ധരിക്കുന്ന മറെറാരുസംഗതി രണ്ടാമത്തെ വിചാരണക്കമ്മിട്ടി ആളോഹരി ഭാഗംവേണം എന്നു ഉപദേശിച്ചിരിക്കുന്നു എന്നുള്ളതാകുന്നു. വസ്തുവിഭാഗം ഈ സമുദായത്തിന്റെ സാമാന്യലക്ഷണം ആണെന്നു തടവെന്നിയെ സമ്മതിച്ചിരുന്നു എന്നുവരികിലും, വസ്തുവിഭാഗത്തെക്കുറിച്ചു രേഖാമൂലമായ തെളിവു യാതൊന്നും ശേഖരിച്ചിട്ടില്ലായ്കയാണു വിചാരണക്കമ്മിട്ടിയുടെ നേർക്കുള്ള പ്രധാനപ്പെട്ട പരാതിയായിരുന്നു. വിചാരണക്കമ്മിട്ടിയുടെ റിപ്പോർട്ടു ഈ വിഷയത്തിൽ അപര്യാപ്തം ആയിരുന്നു എന്നുള്ള അഭിപ്രായത്തെ പ്രത്യേകക്കമ്മിട്ടിതന്നെയും അംഗീകരിക്കയും വ്യക്തമായി അവരു രേഖപ്പെടുത്തുകയും ചെയ്തു. വിചാരണക്കമ്മിട്ടിയുടെ ഈ ന്യൂനതയെ പരിഹരിക്കാനായി ആരംഭിച്ച പ്രത്യേക കമ്മിട്ടിക്കാർ ഇതിലധികം നല്ല സ്ഥിതിയിൽ പ്രവർത്തിച്ചില്ല. നാഞ്ചിനാട്ടുവെള്ളാളർ മരുമക്കത്തായികൾ ആകുന്നു എന്നുള്ള വിചാരത്താൽ നിറഞ്ഞിരുന്ന അവർ വസ്തുവിഭാഗത്തിനുള്ള ഒരേ ശരിയായരീതി ആളോഹരിഭാഗം ആണെന്നു അഭിപ്രായപ്പെട്ടുകളഞ്ഞു. യാതൊരു പരിഷ്കരണമായ ഉള്ളതായി ആധാരങ്ങളാൽ തെളിഞ്ഞിട്ടില്ലാ എന്നു അവർ പറയുന്ന പരിഷ്കരണമായ നടപ്പുണ്ടെന്നു ഞാൻ പറയുന്നു. അതു ആളോഹരിഭാഗം അല്ല താനും "ആളോഹരിഭാഗം നടന്നിട്ടുള്ളതായി വ്യക്തമായി കാണിക്കുന്ന ഒററയാധാരംപോലും ഇല്ല. വസ്തുവിഭാഗം ഈ സമുദായത്തിന്റെ സാമാന്യലക്ഷണം ആകുന്നു എന്നുള്ളതു എല്ലാവരാലും സമ്മതിക്കപ്പെട്ടിരിക്കുന്നു. പൂർവവിഭാവിതമായ യാതൊരു ദോഷവിചാരത്താലും ഉദ്ബോധിതനാകാതെ ആധാരങ്ങളെ പൂർണ്ണമായും അനപഗ്രമായും പരിശോധിക്കുന്നതായാൽ നടപ്പുതാവഴിഭാഗം ആണെന്നും അസന്ദിഗ്ദ്ധമായ പ്രാമാണ്യത്തോടെ ആ പരിശോധനം തെളിയിക്കുക എന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. താവഴിഭാഗപത്രങ്ങളായ ആധാരങ്ങളിൽ അനേകങ്ങളിലും മുഖവുരയിൽ "നാട്ടുനടപ്പനുസരിച്ചു" വിഭാഗംനടത്തുന്നു എന്നുള്ള വാക്യം വ്യക്തമായി പ്രയോഗിച്ചിരിക്കുന്നു. ആളോഹരിഭാഗപത്രങ്ങൾ എന്നു വിളിക്കപ്പെടുന്ന ആ ആധാരങ്ങൾ വാസ്തവത്തിൽ തായ്‌വഴിവിഭാഗപത്രങ്ങൾതന്നെ; ഇവയിൽ വസ്തുവിനെ ഇഷ്ടാഹരിയായി വിഭജിക്കുന്ന അംഗങ്ങളുടെപേരുകൾമാത്രം അവരുടെ സന്തതികളുടെ പേരുവിട്ടേച്ചു എഴുതിയിരിക്കുന്നു.

വിചാരണക്കമ്മിട്ടയിൽ കാണിച്ചിരിക്കുന്നതായ ഈവിധം ന്യൂനതകൾ എല്ലാം ഉണ്ടായിരുന്നിട്ടും വിചാരണക്കമ്മിട്ടിയുടെ റിപ്പോർട്ടിനെ അനുവർത്തിക്കണം എന്നു പറയുന്നതിൽ പ്രത്യേക കമ്മിട്ടിക്കു യാതൊരു ശങ്കയും ഇല്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടമായിചേർത്ത മെംബർ): എൻക്വയറി കമ്മിട്ടിറിപ്പോർട്ടു മുഴുവൻ നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവർ അയച്ച റിപ്പോർട്ടു ആണെന്നു ഞാൻസമ്മതിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): പ്രത്യേകകമ്മിട്ടിയുടെ റിപ്പോർട്ടു തെററാണെന്നു അദ്ദേഹം പറയുന്നുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതെ.

മി. കെ. കെ. താമസ് (കോട്ടയം): ഞാൻ പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിൽ നിന്നു ഒരു ഭാഗം വായിക്കാം.

"ആറുവീതം വിഭാഗത്തിനും താവഴിവിഭാഗത്തിനും രണ്ടിനും തെളിവായി ആധാരങ്ങൾ ഉണ്ട്"

ആറുവീതം വിഭാഗത്തിനു തെളിവായി യാതൊരു ആധാരങ്ങളും ഇല്ല എന്നു മെംബർ പറയുന്നുവൊ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആറുവീതം വസ്തുവിഭാഗം ഉള്ളതായി യാതൊരു ആധാരവും ഞാൻ കണ്ടിട്ടില്ല.

മി. കെ. കെ. താമസ്സ് (കോട്ടയം): അതുകൊണ്ടു ഈ രേഖ വാസ്തവത്തിനു വിരുദ്ധം ആണോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആറുവീതം ഭാഗത്തിനുള്ള ആധാരം ഒന്നെങ്കിലും ഉള്ളതായി സംഗ്രഹത്തിൽ നിന്നു കാണുന്നില്ല. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു വസ്തുതയല്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തിലായി നിയമിച്ച മെംബർ): നിങ്ങൾകൂടി ചേർന്നാണൊ സിലക്ട്കമ്മിറ്റി റിപ്പോർട്ടു അയച്ചതു്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ അതുമുമ്പേ സമ്മതിക്കുന്നു. എനിക്കു പറയാനുള്ളതു പറയുന്നതിനു സമ്മതിക്കണം എന്നു ഞാൻ അദ്ധ്യക്ഷനോടു അപേക്ഷിക്കുന്നു. അനേകം മെമ്പർമാർ എന്നോടു എതിർ ചോദ്യങ്ങൾ ചോദിച്ചുവരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതു എതിർചോദ്യങ്ങൾ ചോദിക്കലല്ല. പ്രത്യേക കമ്മിറ്റിയുടെ മുമ്പിൽ ഹാജരാക്കിയ നാലാമത്തെ ആധാരം ൧൦൩൯-ൽ മകരം ൩-നു രജിസ്റ്റർ ചെയ്തതാണ്. പ്രാപ്തിയായ അംഗങ്ങളുടേയും പ്രാപ്തിയാകാത്ത അംഗങ്ങളുടേയും ഇടയിൽ ആറുവീതം തുല്യമായി വിഭജിക്കണം എന്നു ആ ആധാരം അനുസരിച്ചു നിശ്ചയിച്ചിട്ടില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു ൧൦൩൯-ൽ മകരം ൩-നു രജിസ്റ്ററാക്കിയ ആധാരം ആണ്. ആറുവീതം വിഭജിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു മാത്രമെ അതിൽ പറഞ്ഞിട്ടുള്ളു. എന്നാൽ പ്രത്യേക കമ്മിറ്റി ആലോചന നടത്തി വന്ന കാലത്തിനിടയിലെ രെജിസ്റ്റർ ചെയ്തിട്ടുള്ളു, അതു "ആറുവീതമായി തീരുമാനിച്ചതിൻവണ്ണം" എന്നു പറഞ്ഞിരിക്കുന്ന ഒരു ആധാരം ആകുന്നു.

എന്നാൽ അതു ആറുവീതഭാഗം എന്നതത്വം വാസ്തവത്തിൽ പ്രയോഗിച്ചിട്ടുള്ളതായ ആധാരം അല്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്ത മെംബർ): അപ്പെൻഡിക്സ് ൭ എന്നു പറയുന്നതു്—

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കുറച്ചു കഴിഞ്ഞിട്ടു പറയാം.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്ത മെംബർ): അപ്പെൻഡിക്സ് ൭ നിങ്ങൾ നോക്കിയിട്ടുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതിൽ ഭാഗത്തെപ്പററി രണ്ടുവകുപ്പുകൾ ഉണ്ട്. അതിൽ ഒന്നു സമാവകാശത്തെപ്പററിയാണ് എന്നാൽ മറെറതു താവഴിഭാഗമാണ്.

എനിക്കു പ്രസിഡൻറിനോടു ഒന്നു അപേക്ഷിക്കാൻ ഉണ്ട്. എൻെറ പ്രസംഗത്തെ തുടർന്നു പറയുന്നതിനു സമ്മതിക്കുവാൻ ദയവുണ്ടാകണം എന്നു അദ്ധ്യക്ഷനോടു ഞാൻ അപേക്ഷിക്കുന്നു. മെംബർമാർ ചോദ്യങ്ങൾ അവസാനത്തിൽ ചോദിക്കാനായി വച്ചുകൊള്ളട്ടെ.

പ്രസിഡൻറ്, അങ്ങനെയാവട്ടെ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വിചാരണകമ്മിറ്റിയുടെ റിപ്പോർട്ടിനെ പ്രത്യേക കമ്മിറ്റി ഉപേക്ഷിച്ചിരിക്കുന്നതിനു എതിരെന്നുള്ള ഏകകാരണം പ്രത്യേക കമ്മിറ്റിയുടെ പൂർവകല്പിതമായ ആറുവീതംഭാഗം എന്നുള്ള വിചാരം വിചാരണകമ്മിറ്റിയാൽ ഉപേക്ഷിക്കപ്പെട്ടതാണ് എന്നുള്ള വസ്തുത ആകുന്നു.

അന്വേഷണകമ്മിററി യാതൊരു ആധാരവും പരിശോധിച്ചില്ല എന്നു ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. റിപ്പോർട്ടിൻെറ വിലയെ കുറയ്ക്കാൻ ഉതകുന്ന വേറെ ഒരുഭാവം എന്തെന്നാൽ അതു അഭിപ്രായത്തിന്മേൽ സ്ഥാപിതമായിരിക്കുന്നു എന്നുള്ളതാണ്. സമുദായം മുഴുവനേയും ബാധിക്കുന്ന ഒരു സാമുദായിക നിയമത്തെ ജനസംഖ്യയുടെ ശതമാനംപോലും ആകാത്ത ആളുകളുടെ അഭിപ്രായത്തിന്മേൽ സ്ഥാപിക്കുന്നതു എത്രത്തോളം ആശാസ്യം ആയിരിക്കുമെന്നുള്ളതു വളരെ സംശയഗ്രസ്തമാണ്.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെമ്പർ): നായർറെഗുലേഷൻ പാസാക്കിയ കമ്മിറ്റിയിൽ നിങ്ങൾ ഒരു മെംബറായിരുന്നു എന്നു സമ്മതിക്കുന്നുണ്ടോ?

പ്രെസിഡൻറ്—മെംബർ അദ്ദേഹത്തിൻെറ പ്രസംഗം പൂർത്തിയാക്കുവാൻ സമ്മതിക്കണേ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അഭിപ്രായം കൊടുത്തതായവിധവും രസകരമാണ്: സ്വയമേവ സാക്ഷ്യം പറയാൻ വന്നവരാണെന്നു വിളിക്കപ്പെട്ടവരുന്ന ചില താല്പര്യമുള്ള ചിലമഹാന്മാർ അകത്തോട്ടു തള്ളിവിട്ടു അവർ ആകട്ടെ "ഇന്നാർപറഞ്ഞതു ഞാനും സമ്മതിക്കുന്നു" എന്നല്ലാതെ കൂടുതൽ യാതൊന്നും അവർ പറഞ്ഞുമില്ല. ഇതിനുദാഹരണമായി തെളിവുശേഖരിച്ചതായ രണ്ടു സ്ഥലങ്ങളുനടന്ന സംഗതികൾ എടുത്തുപറയാം. മർത്താണ്ഡംകോപ്പിൽ ൩൯ സാക്ഷികൾ മൊഴി കൊടുത്തു, അതിൽ ൩൨ പേർ മററുള്ളവരോടു യോജിച്ചതായി പറഞ്ഞു. ഒരു പക്ഷത്തു ൧൭ പേർ മൊഴികൊടുത്തു. അതിൽ ൧൬ പേർ ഞാൻ ....യുടെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു. അതിൽ കൂടുതലായി എനിക്കു യാതൊന്നും ബോധിപ്പിക്കാനില്ല" എന്നു പറഞ്ഞു. വിചാരണകമ്മിറ്റി അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതും പ്രത്യേക കമ്മിറ്റി അവലംബത്തിനായി നിസ്സംശയം സ്വീകരിച്ചിരിക്കുന്നതും ഈ വിധത്തിൽ ഉള്ള അഭിപ്രായം ആണ്.

ഇവയെല്ലാററിനും പുറമെ, ബില്ലിൽ ആറുവീതം ഭാഗത്തിനു ചെയ്തിരിക്കുന്ന വ്യവസ്ഥയിൽ മറെറാരു ഗൌരവപ്പെട്ട ആക്ഷേപം ഉണ്ട്. തറവാട്ടുസ്വത്തുക്കളും സബ്‌തറവാട്ടുസ്വത്തുക്കളും തമ്മിൽ യാതൊരു ഭേദവും ഉണ്ടാക്കിട്ടില്ല. നായർബിൽപോലും ഈ പ്രത്യാസത്തെ അംഗീകരിക്കുന്നു. സബ്‌തറവാട്ടുവസ്തുക്കൾ മിക്കതും ഒരാൾ തൻെറ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ആയി കൊടുത്തിട്ടുള്ള സ്വത്തും അതിനോടുകൂടി ഉള്ളതുമായ സ്വത്തും തങ്കടസ്വത്തും ദായക്രമസ്വത്തും കൂട്ടിച്ചേർത്തതും ആകുന്നു. അങ്ങനെയുള്ള സ്വത്തിനു ആറുവീതം ഭാഗത്തെ സംബന്ധിക്കുന്നതു നീതിയെ മാത്രമല്ല ദാതാവിൻെറ ഉദ്ദേശങ്ങളേയും വിഫലീകരിക്കുന്നു. അങ്ങനെയുള്ള വസ്തുക്കളെ ആറുവീതം വിഭജിക്കണം എന്നുള്ള വാദത്തിൻെറ ഉദ്ദേശം നാഞ്ചിനാട്ടുവെള്ളാളരെ മക്കത്ത

അവകാശികളുടെ അധികമായി ഉണ്ടായികൾ ആക്കുവാൻ പ്രത്യേക കമ്മിറ്റിക്കാർ ഉദ്ദേശിക്കുന്നു എന്നുള്ളതാകുന്നു.

ഈ എല്ലാ കാരണങ്ങളാലും ബിൽ ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഇതിനെ അംഗീകരിക്കുന്നതിനുള്ള വഴി ഈ സമുദായം കാണുന്നില്ല. അവർ ഈ ബില്ലിനു തങ്ങൾക്കുള്ള പ്രാതികൂല്യത്തെ അസന്ദിഗ്ധമായ വാക്യങ്ങളിൽ വെളിവാക്കീട്ടുണ്ട്. സമുദായം ആൺവഴി വിഭാഗത്തിന്നു അനുകൂലം അല്ലെന്നുള്ള വസ്തുതയെ പ്രത്യേക കമ്മിറ്റിക്കു കിട്ടീട്ടുള്ള അനുമതിപ്പത്രം ഹർജികളെ പരിശോധിക്കുന്നതായാൽ അവ അനായാസേന ബോധ്യപ്പെടുന്നതായിരിക്കും. രണ്ടു അംഗങ്ങൾ ഒഴികെ പ്രത്യേക കമ്മിറ്റിക്കാർ ബില്ലിനു സമുദായത്തിനുള്ള പ്രാതികൂല്യത്തെ ഗണിക്കുകയാകട്ടെ അതിൻ്റെ ബലത്തെയോ നിബിഡതയെയോ മതിക്കുവാൻ ശ്രമിക്കുകയാകട്ടെ ചെയ്തിട്ടില്ലാ എന്നുള്ളതു കഷ്ടം തന്നെ.

എന്നുതന്നെയുമല്ല ആൺവഴി വിഭാഗത്തിനു അനുകൂലമായി വാദിക്കുന്നതിൽ ഒന്നാമനായ ഒരു എന്നു വാദിക്കാതിരുന്നിട്ടില്ലാ ഡെപ്യൂട്ടി കാലത്തല്ലെങ്കിൽ മറ്റൊരുകാലത്തും താൻ അതിനു അനുകൂലിയല്ല. എന്നു വിചാരണക്കമ്മിറ്റിയുടെ കാൺസെർവെട്ടറും ഈ സഭയിൽ മുൻപെ മെമ്പറുമായ മിസ്റ്റർ എം. വേലുപ്പിള്ള വിചാരണക്കമ്മിറ്റിയുടെ ചോദ്യങ്ങൾക്കു മറുപടിയായി താൻ ആൺവഴി വിഭാഗത്തിനു പ്രതികൂലിയാണെന്നും തായ്‌വഴിക്കു കോട്ടം തട്ടാതെ വിഭാഗത്തിനു അനുകൂലി ആണെന്നും അസന്ദിഗ്ധമായ വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നതു ഇപ്രകാരമാകുന്നു.

"ആൺവഴിവിഭാഗം ചെയ്യുന്നതായാൽ വസ്തുവിനെ ആദ്യം തായ്‌വഴികളുടെ ഇടയിലായി ഭാഗിക്കയും പിന്നീടു ഓരോ തായ്‌വഴിയുടെയും അംഗങ്ങൾക്കായി വിഭജിക്കയും ചെയ്യണം. രണ്ടു സഹോദരികളും അവരുടെ കുഞ്ഞുങ്ങളും രണ്ടു സോദരന്മാരും ഉള്ള ഒരു കുടുംബത്തിൽ ഭാഗിക്കേണ്ടതു എങ്ങനെയെന്നാൽ"

മി. എം. വേലുപ്പിള്ള (കുട്ടിച്ചേർത്ത മെമ്പർ): ഞാൻ എവിടെയാകുന്നു അങ്ങനെ പറഞ്ഞിരിക്കുന്നതു എന്നു പറഞ്ഞുതരുമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വിചാരണക്കമ്മിറ്റി തയ്യാറാക്കിയ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ.

മി. എം. വേലുപ്പിള്ള (കുട്ടിച്ചേർത്ത മെമ്പർ): ഏതാണ്ടിൽ ആണെന്നു പറഞ്ഞുതരുമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൫ ൦ ൻ ൭-ൽ.

മി. എം. ശിവതാണുപിള്ള (തോവാള): മി. സുബ്രഹ്മണ്യപിള്ള ഇപ്പോൾ ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതിനു തയ്യാറുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കൂട്ടമായി ഓരോരോ ചോദ്യത്തിനും ഉത്തരം പറയുവാൻ ഇപ്പോൾ ഞാൻ തയ്യാറില്ല.

അദ്ദേഹത്തിൻ്റെ സോദരനും അസിസ്റ്റൻറ് എക്സൈസ് കമ്മീഷണരും ആയ മിസ്റ്റർ എം. പരമുപിള്ള ബി. എ. യും അദ്ദേഹത്തിൻ്റെ മൊഴിയിലും ചോദ്യങ്ങൾക്കു അയച്ച മറുപടിയിലും അതേ അഭിപ്രായംതന്നെ പറഞ്ഞിരിക്കുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായത്തിനു ഒരു നിയമം വേണ്ടതാണെന്നുള്ള വാദം ആദ്യമായി ജനിപ്പിച്ചതു ഇവരുടെ അച്ഛൻ മി. പി. മാധവൻപിള്ള ആയിരുന്നു. ഇപ്പഴത്തെ ബിൽനിയമം ആയാൽ ഈ സമുദായം ജീവിതമത്സരത്തിൽ യാതൊരുനേട്ടവും ഉണ്ടായിരിക്കയില്ല എന്നു എഴുതിയയച്ചിരിക്കുന്നു. ഇപ്പോൾ അവധിയിൽ ഇരിക്കുന്ന പൊലീസ് ഡിസ്ട്രിക്റ്റ് സൂപ്രണ്ടു മി. എൻ. കുമാരപിള്ള ആൺവഴി വിഭാഗത്തെ അനുകൂലിച്ച ഒരു ഹർജി പ്രത്യേകകമ്മിറ്റിക്കു അയച്ചിരുന്നു. അദ്ദേഹവും ഇപ്പോൾ അഭിപ്രായം മാറി ആ വിവരത്തിനു അദ്ദേഹവും എനിക്കു എഴുതിഅയച്ചിരിക്കുന്നു.

എന്നുതന്നെയുമല്ലാ ഈ ആൺവഴിവിഭാഗവും നേതാക്കന്മാരുടെ ഇടയിൽ വിഭാഗം നടത്തിയിരിക്കുന്ന മാർഗ്ഗവും വളരെ രസകരമായിരിക്കുന്നു. വിചാരണക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ആൺവഴിവിഭാഗത്തിനു അനുകൂലമായി ഒപ്പിട്ടവരിൽ ഒരാൾ ആയ മി. ജി. എം. ചിദംബരതാണുപിള്ള ഈയിടെ അദ്ദേഹത്തിൻ്റെ കുടുംബത്തിൽ ഭാഗംനടത്തിയതു തായ്‌വഴിക്രമത്തിനായിരുന്നു. ഇതാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ആയത്താരം എൻ്റെ കൈവശം ഉണ്ട്. രണ്ടു സോദരന്മാരും നാലു സോദരികളുമുണ്ട്. അതിൽ ഒരു സോദരി മരിച്ചുപോയി. ഭാഗപത്രത്തിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന രണ്ടു സോദരന്മാരും ജീവിച്ചിരിക്കുന്ന മൂന്നു സോദരിമാരും മാത്രം കക്ഷികൾ ആയിരിക്കുന്നു. എന്നാൽ ആധാരത്തിൽ മരിച്ചുപോയ മൂത്ത സോദരിക്കു രണ്ടു കുഞ്ഞുങ്ങളും രണ്ടാമത്തെ സോദരിക്കു മൂന്നു കുഞ്ഞുങ്ങളും നാലാമത്തെ സോദരിക്കു നാലു കുഞ്ഞുങ്ങളും ഉണ്ട് എന്നും പറഞ്ഞു അവരുടെ പേരും പറഞ്ഞിട്ടുണ്ട്. ഈ കക്ഷി വിചാരണക്കമ്മിറ്റിയിലെ ഒരു മെമ്പർ ആയിരുന്ന മി. ചിദംബരതാണുപിള്ളയാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ആധാരത്തിൻ്റെ പകർപ്പുകൾ മെമ്പർമാരുടെ ഇടയിൽ വഴിക്കുവഴി അയയ്ക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇല്ല, അതിനു യോഗ്യതയുള്ളിടത്തോളം വിലമതിക്കാവുന്നതാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആധാരത്തിനെ മെമ്പർ പറയുന്നതിനോ,

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ പറയുന്നതിനു "ഒരു സമഭാഗമായി വീതിച്ചതിൽ ഭാഗംഒന്നിനു ൫൦,൦൭൭ പണത്തിൻ്റെ ധനവും ൭,൦൦൦ പണത്തിൻ്റെ കടവും ആയ വീതംവരുന്നതും ഈ രീതിയനുസരിച്ചു കടങ്ങൾ കൂട്ടമായി ഏറ്റുകൊണ്ടവർക്കു അതിനു തക്ക പട്ടികവസ്തുക്കൾ കൂട്ടമായും കടങ്ങൾ കുറച്ചേറ്റുകൊണ്ടവർക്കു വസ്തുക്കൾ കുറവായും ഭാഗിച്ചുകൊള്ളത്തക്കവണ്ണം തീർച്ചപ്പെടുത്തീട്ടുള്ളപ്രകാരം ...

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): മെമ്പർമാരുടെ വാദപ്രതിവാദം നടക്കുമ്പോഴും നടക്കുന്നതായാലും ഇവയ്ക്കെല്ലാം അധികമായ ബന്ധം ഉണ്ടായിരിക്കും എന്നു ഞാൻ മെമ്പറോടു പറയട്ടെ? ഇപ്പോൾ സഭാസമക്ഷം ഉള്ള പ്രശ്നം ബില്ലിനെ വീണ്ടും കമ്മിറ്റിക്കു അയക്കണമോ വേണ്ടയോ എന്നുള്ളതാകുന്നു.

പ്രസിഡണ്ട്: സഭായോഗം ഇപ്പോൾ പിരിഞ്ഞു മൂന്നു മണിക്കു വീണ്ടും കൂടുന്നതാണ്.

സഭായോഗം ഉച്ചയ്ക്കുമേൽ ഒന്നേകാൽ മണിക്കു ഭക്ഷണത്തിനായി പിരിയുകയും ൩ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) സർ, അപ്രകാരം ഒപ്പിട്ടവരിൽ മററാരാളായ മിസ്റ്റർ ശിവഗണപിള്ള റിപ്പോർട്ടു ഒപ്പിട്ട ഏതാനും മാസത്തിനുള്ളിൽ ഈ വിധത്തിൽ സ്വകുടുംബത്തിൽ ഭാഗം നടത്തിച്ചിരിക്കുന്നു. അവയെ ഇവിടെ വിസ്തരിച്ചു പറയുന്നതു സമയത്തിന്റെ വ്യർത്ഥവ്യയം ആയിരിക്കും എന്നുള്ളതുകൊണ്ടു അപ്രകാരം ചെയ്യുന്നില്ല.

ആളോഹരിഭാഗം വേണം എന്നുള്ള ആളുകൾ ഈ സമുദായത്തിൽ കുറവാകുന്നു എന്നു ഇപ്രകാരം കാണുന്നതാണ്. അവരിൽ ചിലർ ആളോഹരിഭാഗം എന്നുള്ളതിനെ വാചാ അനുകൂലിക്കുകയും വാസ്തവത്തിൽ അവരുടെ സ്വന്തം കുടുംബങ്ങളിൽ തായ്വഴിഭാഗം നടത്തുകയും ചെയ്യുന്നുണ്ട് എന്നുള്ളതിൽ സംശയം ഇല്ല.

ഒടുവിലായി ആണെങ്കിലും തീരെ അപ്രധാനമല്ലാത്തതായി എനിക്കു പറയാനുള്ളതു ഇതാകുന്നു. നാഞ്ചിനാട്ടു വെള്ളാളരിൽ ൮൦ ശതമാനം വീതം ജനങ്ങളും അധിവസിക്കുന്നതായ തോവാള, അഗസ്തീശ്വരം എന്നീ രണ്ടു താലൂക്കുകളിൽ നിയമസഭയ്ക്കു മെംബറെ തെരഞ്ഞെടുത്തതുതന്നെ ഇതേ പ്രശ്നത്തെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു. മിസ്റ്റർ ശിവഗണപിള്ളയുടെയും എന്റെയും അഭിപ്രായം നല്ലപോലെ അറിയപ്പെട്ടതാണ്. ഞങ്ങളെ വമ്പിച്ചായ ഭൂരിപക്ഷം ജനങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നു. ആളോഹരിഭാഗക്കാരനും സമുദായനേതാവും ആയ എന്റെ എതിരാളിയായിരുന്ന മിസ്റ്റർ തിരുച്ചിററമ്പലംപിള്ള തെരഞ്ഞെടുപ്പിൽ തോല്ക്കുകയും മുൻപേറായി കെട്ടിവച്ച തുകപോലും ഇല്ലാതായിപ്പോകുകയും ചെയ്തു. മിസ്റ്റർ എം. ശിവതാണുപിള്ളയ്ക്കു എതിരായി മത്സരിച്ചിരുന്ന മിസ്റ്റർ എൻ. എ. സുന്ദരംപിള്ള ജനസമ്മതനായ വൈദ്യനാണ് അദ്ദേഹത്തിനു ഈ ദുരവസ്ഥ പററാതെ രക്ഷപ്പെട്ടു എന്നേ പറയേണ്ടതുള്ളു.

അതുകൊണ്ടു സർ, വസ്തുവിഭാഗത്തെ സംബന്ധിച്ചു ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥ സമുദായത്തിനു തീരെ സ്വീകാര്യമല്ല എന്നു ആവർത്തിച്ചു പറയേണ്ടിയിരിക്കുന്നു. അവരുടെ മക്കത്തായബോധം നിമിത്തം വസ്തുവിഭാഗം ഈ സമുദായത്തിൽ സാധാരണമാണ് എന്നും ഉററതാവഴികളോടുകൂടിയും അവയിൽ ഒന്നിലെ ഒരു മെമ്പർ കാരണവനായും ഉള്ള തറവാടു ഇക്കാരണത്താൽ വളരെ ചുരുക്കം ആകുന്നു എന്നും ഞാൻ പ്രസ്താവിക്കുന്നു. വിസ്തുവിഭാഗം നടക്കുന്നതു പ്രായേണ എല്ലായിടത്തും ഏററവും ഉയർന്ന മുറയിലുള്ള അംഗങ്ങളുടെ ഇടയിൽ ആണുങ്ങളേയും പെണ്ണുങ്ങളേയും ചേർത്തു സമാംശമായും തായ്വഴിവീതത്തിലും ആകുന്നു; എന്നാൽ ആ മുറയിലുള്ള സ്ത്രീകളുടെ സന്താനങ്ങളുടെ എണ്ണത്തെ തീരെ ഗണിക്കാറില്ല. ഈ ചട്ടത്തിൽനിന്നു വല്ല വ്യത്യാസവും വരുത്തുന്നതായിരുന്നാൽ അതു ഭാഗപത്രത്തിൽതന്നെ, പ്രായേണ എല്ലാ സംഗതികളിലും, വിവരിച്ചിരിക്കുന്ന പ്രത്യേക കാരണങ്ങളിന്മേൽ ആയിരിക്കും എന്നു കാണുന്നതാണ്. ആളോഹരി വിഭാഗത്തിനുള്ള തത്വത്തെ വ്യക്തമായി എഴുതിയിട്ടുള്ള ഒരു ഭാഗപത്രംപോലും എന്റെ ഇത്രകാലത്തെ അനുഭവത്തിൽ ഞാൻ കണ്ടിട്ടില്ല. ഈ സമുദായത്തിലെ ഭാഗക്രമം മക്കത്തായ നിയമത്തിന്റെയും മരുമക്കത്തായ നിയമത്തിന്റെയും സമ്മിശ്രണം ആണെന്നും ഇളമുറക്കാർ തറവാട്ടിനു പുറമെ താമസിക്കുമ്പോൾ ചെലവിനു കിട്ടുന്നതിനു അവർക്കുള്ള അവകാശം മുഖ്യമായി മക്കത്തായക്കാരുടെ നിയമത്തിൽനിന്നു കൊണ്ടുവന്നിട്ടുള്ളതാണെന്നും ഇയ്യിടെ അതിനെ നടപ്പിൽ കൊണ്ടുവന്നിരിക്കുന്നതു ഒട്ടാകെ സമുദായത്തിൽ യാതൊരു ശല്യമായ ബോധത്തെയും ഇതേവരെ ജനിപ്പിച്ചിട്ടില്ലാ എന്നുവരികിലും അതു നടപ്പാക്കിയതു നാഞ്ചിനാട്ടുവെള്ളാളർ ആചരിച്ചുവരുന്ന കുടുംബജീവിതത്തെയും പൂർണ്ണമായി മനസ്സിലാക്കാതെ ചെയ്തിട്ടുള്ളതാണെന്നും, ആധാരങ്ങളാൽ തെളിയിക്കപ്പെട്ടിരിക്കുന്ന വിധത്തിൽ ഉള്ള വസ്തുവിഭാഗക്രമം വ്യക്തമായി കാണിക്കും. നമ്പ്യാത്തിൽ മക്കത്തായികളായിരുന്നിട്ടുള്ളവരും ഇരിക്കുന്നവരും ആയ നാഞ്ചിനാട്ടുവെള്ളാളർക്കു നീതിന്യായക്കോടതികൾ മുഖ്യ മരുമക്കത്തായ നിയമത്തെ ഇപ്രകാരം വിവേചനശൂന്യമായി സംബന്ധിപ്പിക്കുന്നതിനെ നിർത്തിക്കണം എന്നുള്ളതിനെ പ്രധാനമായി ദൃഷ്ടിയിൽ വച്ചുകൊണ്ടാകുന്നു ഈ സമുദായത്തിലെ ആചാരങ്ങളെക്കുറിച്ചു അന്വേഷണം നടത്തുന്നതിനായി ഒരു കമ്മിററിയെ നിയോഗിക്കണം എന്നു ഈ സമുദായം വാദിച്ചത്. ആ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാകുന്നു ആദ്യത്തെ അന്വേഷണക്കമ്മിററി ജനിച്ചത്. രണ്ടാമത്തെ കമ്മിററിയും അതുപോലെതന്നെ പ്രത്യേകക്കമ്മിററിയും ചെയ്തിട്ടുള്ള പ്രവൃത്തിയുടെ പരിണാമഫലം നടപ്പു എന്ന രൂപത്തിൽ ഉള്ള ഏതാണെന്നു അറിയാനായിട്ടില്ലാതിരുന്നു എന്നും കിന്തു, കോടതികളിലെ ജഡ്ജിമെന്റുകളെ അടിസ്ഥാനപ്പെടുത്തി അവ ഏതു വിധത്തിൽ ആയിരിക്കേണ്ടതാണെന്നു ഞാൻ വിചാരിച്ചുവോ അതിനെ നിർണ്ണയിക്കാനാണെന്നുംകൂടി പറയേണ്ടിയിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു.

അതുകൊണ്ടു പ്രത്യേക കമ്മിട്ടിക്കാർ ഈ ബില്ലിനെ വേണ്ടപോലെ പര്യാലോചിച്ചിട്ടില്ല എന്നു ഞാൻ അഭിപ്രായപ്പെടുന്നു. വസ്തുവിഭാഗത്തെ സംബന്ധിച്ചു സമുദായത്തിൽ നടപ്പുള്ള നടപ്പിനെ തങ്ങൾ നിർണ്ണയിച്ചുറിഞ്ഞിട്ടുണ്ടെന്നു യാതൊരു അവകാശവും പ്രത്യേക കമ്മിട്ടിക്കാർക്കു ബോധിപ്പിക്കാൻ കഴിയുന്നതല്ല. സമുദായികനിയമമായ ഈ ബില്ലിന്റെ ഉൽഗതിക്കു പ്രത്യേക കമ്മിട്ടിയുടെ റിപ്പോർട്ടു തീരെ പ്രയോജനം ഇല്ലാത്തതാകുന്നു. രേഖാമൂലമായ സാക്ഷ്യം ശേഖരിക്കേണ്ടതു അത്യാവശ്യം ആണെന്നു ഞാൻ ബലമായി വാദിക്കുന്നു.

സർ, പ്രത്യേക കമ്മിട്ടിയെക്കുറിച്ചുള്ള എന്റെ പ്രസ്താവം ക്രമത്തിലധികം പരുഷം ആയിരുന്നു എന്നു, വിശ്രമകാലത്തു, എന്നോടു പറയുകയുണ്ടായി. ആവിധം ബോധം ഞാൻ ജനിപ്പിച്ചതിനെക്കുറിച്ചു, സ്വാമിൻ, ഞാൻ വ്യസനിക്കുന്നു. വിദ്യാഭ്യാസത്തിൽ തീരെ പിന്നോക്കമായും കേവലം കൃഷിക്കാരായും ഉള്ള ഒരു സമുദായത്തിനുവേണ്ടി ഞാൻ, എന്റെ ഉപക്ഷേപത്തെ അംഗീകരിക്കണം എന്നു വാദിക്കുന്നു. എന്തുകൊണ്ടെന്നാൽ അപ്രകാരം ചെയ്യുന്നതുകൊണ്ടു ഈ സഭ എന്റെ സമുദായത്തിനു ഏററവും ഉപകാരം ചെയ്യുന്നതായിരിക്കും. സ്വാമിൻ, ഇതു ഗവൺമെന്റു ആരംഭിച്ചതായ ഒരു സാമുദായിക നിയമം ആണ് എന്നുകൂടി ഞാൻ അറിയിക്കുന്നു. ഈ സ്ഥിതിക്കു ഗവൺമെന്റും ഞാൻ ഈ സഭാസമക്ഷം സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തെ സ്വാനുഭാവം പര്യാലോചിക്കും എന്നും ഞാൻ ആശംസിക്കുന്നു. എന്റെ ഉപക്ഷേപത്തെ ഈ സഭയും ബില്ലിന്റെ പ്രയോക്താവും അംഗീകരിക്കുന്നതായാൽ ബില്ലിനെ വീണ്ടും ഒരു പ്രത്യേക കമ്മിട്ടിക്കു അയക്കുന്നതുകൊണ്ടു സമുദായത്തിനു ഉണ്ടാ

കരമായ വല്ല അംഗീകാര്യമായ പരിണാമത്തിലും എത്തുന്നതിനു ആ കമ്മിറ്റി ശക്തം ആകും എന്നു ഞാൻ അനുശംസിക്കുന്നു. ഈ സംഗതി വീണ്ടും അന്വേഷിക്കുന്നതിനായി എത്രതന്നെ സമയം ചിലവാക്കുന്നതായാലും അതു വൃഥാ വ്യയം ആയി തീരുന്നതല്ല എന്നു ഞാൻ വിചാരിക്കുന്നു. കമ്മിറ്റിയുടെ പ്രവൃത്തിക്കു മൂന്നോ നാലു മാസം നിശ്ചയമായും വേണ്ടിവരും. പ്രത്യേക കമ്മിറ്റി ആ കാലാവധിക്കുള്ളിൽ റിപ്പോർട്ടു് അയക്കുന്നില്ല എന്നുവരികിൽ പ്രത്യേക കമ്മിറ്റി ഇപ്പോൾ രൂപീകൃതമായിട്ടുള്ള തീർച്ചയെ അനുസരിക്കുന്നതിനും ബില്ലിന്റെ ഉൾഗതിയിൽ പ്രവേശിക്കുന്നതിനും ഞാൻ സന്നദ്ധൻ ആണ്. ഈ വാക്കുകളോടുകൂടി ഞാൻ എന്റെ നിർദ്ദേശത്തെ സഭ അംഗീകരിക്കണം എന്നു ഉപദേശിക്കുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വസ്തുവിഭാഗം എന്ന ഒരു വിഷയത്തെക്കുറിച്ചു മാത്രമാണോ പ്രത്യേക കമ്മിറ്റിക്കു വീണ്ടും അയക്കണം എന്നു അദ്ദേഹം ആവശ്യപ്പെടുന്നതു് എന്നു ഞാൻ ചോദിക്കുന്നു?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതാണ് അത്യന്തം പ്രധാനപ്പെട്ട വിഷയം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ബിൽ സംബന്ധമായി മറ്റു വല്ല വിഷയത്തെക്കുറിച്ചു വീണ്ടും പ്രത്യേക കമ്മിറ്റിക്കു അയക്കേണ്ടതുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഒന്നുരണ്ടു മററു വിഷയങ്ങളുംകൂടി എനിക്കു ഉണ്ട്. ഏകപത്നീവ്രതം എന്നും മററു സംഗതികളെയുംകുറിച്ചു പര്യാലോചിക്കാൻ കമ്മിറ്റി ശക്തം ആയിരിക്കും. അങ്ങിനെ തിരിച്ചു അയക്കുന്നതായാൽ ഒരു വിഷയത്തെമാത്രം ആലോചിച്ചാൽ മതി എന്നു നാം സ്വയം നിയന്ത്രിക്കുന്നതു ഉചിതമായിരിക്കയില്ല എന്നു ഞാൻ വിചാരിക്കുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു ഒരു വലിയ വിഷയം ആണ്. ഈ സംഗതികളെ സംബന്ധിച്ച ഭേദഗതികൾ വാദപ്രതിവാദത്തിനായി അദ്ദേഹം അയച്ചിട്ടില്ലയോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉണ്ട്; ഞാൻ അയച്ചിട്ടുണ്ട്. എന്റെ പ്രമേയത്തിനു ആധാരമായി രേഖാസാക്ഷ്യം വെളിപ്പെടുന്നതായാൽ അല്ലാതെ സമുദായത്തിൽ നടപ്പുള്ളതായ നടപ്പിനു വല്ല വ്യവസ്ഥിതിയിൽ ഈ സഭ മനസ്സിലാക്കുമോ എന്നു എനിക്കു നിശ്ചയം ഇല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) ഈ സ്ഥിതിക്കു മെംബർ പറയുന്നതു നിയമിക്കേണ്ടതായ പ്രത്യേക കമ്മററിയുടെ വിഷയത്തെപ്പററി വീണ്ടും തെളിവുശേഖരിക്കയും തീർച്ച നിശ്ചയിക്കയും ചെയ്യണം എന്നാകുന്നതല്ലേ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): രേഖാമൂലമായ തെളിവുമാത്രം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നിങ്ങളുടെ കാര്യംമാത്രം പറയുന്നതായാൽ നിങ്ങൾ രേഖാമൂലമായ സാക്ഷ്യം മാത്രം മതി എന്നു വിചാരിക്കുന്നതായിരിക്കാം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതാണു എന്റെ ഉദ്ദേശ്യം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇപ്പോൾ ഉള്ളതായ തെളിവിനെ അവലംബിച്ചുകൊണ്ടു പ്രത്യേക കമ്മററിക്കു അയക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കയില്ല എന്നു മെംബർ വിചാരിക്കുന്നുണ്ടോ

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതേ.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും മീനച്ചിലും): ഈഴവലാ കമ്മിറ്റി എത്ര സാക്ഷികളെ വിസ്തരിച്ചിട്ടുണ്ടു എന്നു മെംബർക്കു അറിയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എനിക്കു അറിഞ്ഞുകൂടാ.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും മീനച്ചിലും): ഈഴവലാകമ്മിറ്റി എണ്ണൂററിൽപരം സാക്ഷികളെ മാത്രമേ വിസ്തരിച്ചിട്ടുള്ളു എന്നു മെംബർക്കു അറിയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അങ്ങനെയായിരിക്കാം.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും മീനച്ചിലും): നാഞ്ചിനാട്ടു വെള്ളാളകമ്മിറ്റി വിസ്തരിച്ചതായ സാക്ഷികളുടെ അനുഭവം ഈഴവലാകമ്മിറ്റി വിസ്തരിച്ച സാക്ഷികളുടെ അനുഭവത്തേക്കാൾ കൂടുതൽ ആണെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തന്റെ സമുദായത്തെക്കുറിച്ചുമാത്രമേ ഞാൻ സംസാരിക്കുന്നുള്ളു.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും മീനച്ചിലും): നാഞ്ചിനാട്ടു വെള്ളാള സമുദായത്തിന്റെ ഇടയിൽ ഏതിനെ അടിസ്ഥാനപ്പെടുത്തി ജീവനാംശങ്ങൾ നിർണ്ണയിക്കപ്പെടുന്നു എന്നു മെംബർ പറഞ്ഞുതരുമോ? അതുകളും പിതൃ അനുസരിച്ചോ തായ്‌വഴി ക്രമത്തിനോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അക്കാര്യത്തിൽ വല്ല നിശ്ചിതമായ തത്വത്തെയും അനുവർത്തിക്കുന്നുണ്ടു എന്നു ഞാൻ വിചാരിക്കുന്നില്ല അതു ഓരോ സംഗതിയുടേയും യോഗ്യത അനുസരിച്ചിരിക്കുന്നു.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും മീനച്ചിലും): അതു തായ്‌വഴി ക്രമത്തിനല്ലാ എന്നു അദ്ദേഹം പറയുന്നുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): പ്രത്യേക കമ്മററിയുടെ മുൻപാകെ ഹാജരാക്കിയ ആധാരങ്ങളെ പരിശോധിച്ചിട്ടേ ഇല്ല എന്നു അദ്ദേഹം പറയുന്നുവോ അതോ വേണ്ടിടത്തോളം പരിശോധിച്ചില്ല എന്നു പറയുന്നുവോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അവയെ പ്രത്യേകകമ്മിറ്റി പരിശോധിച്ചില്ല എന്നു ഞാൻ പറയുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഞങ്ങളുടെയിടയിൽ മി. സുബ്രഹ്മണ്യപിള്ളയും മി. ചിദംബരതാണുപിള്ളയും പരസ്പരവിരുദ്ധങ്ങൾ ആയ അഭിപ്രായങ്ങൾ ധരിച്ചിരിക്കുന്നു. അവരുടെ ഭിന്നങ്ങളായ ദൃഷ്ടികളെ ഞങ്ങളെ കാണിക്കുവാൻ അവർ എത്രയും നന്നായി പ്രവർത്തിച്ചിട്ടും ഉണ്ട്. ഈ വിഷയത്തെക്കുറിച്ച് ഇരുകക്ഷികളിൽനിന്നും നിവേദനങ്ങൾ ഞങ്ങളോടു [illegible] സംഗതികൾ പറകയും ചെയ്തിരിക്കുന്നു. ഞങ്ങൾക്കു അയച്ചുതന്ന വിവിധഹർജികളും ഞങ്ങൾ വായിച്ചിട്ടുണ്ട്. അവർ ഓരോരുത്തരുടെയും വാദങ്ങളെ സ്ഥാപിക്കുന്നതായി ഞങ്ങളുടെ മുൻപാകെ ഹാജരാക്കിട്ടുള്ള ആധാരങ്ങളെ ഞങ്ങൾ പരിശോധിക്കയും ചെയ്തു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ എന്റെ വാചകത്തിനു വിശേഷണം നൽകിയിട്ടുണ്ട്. വാസ്തവത്തിൽ അവിടെനടന്നതു ശരിയായ പരിശോധനം അല്ല എന്നു ഞാൻ വിവരിച്ചിട്ടുണ്ട്.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): മി. സുബ്രഹ്മണ്യപിള്ള മരുമക്കത്തായംഎന്ന സെക്കണ്ടുസെക്ഷൻ ഫസ്റ്റ്സബ്സെക്ഷനെ ആക്ഷേപിച്ചിട്ടുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) അർത്ഥവിവരം പൂർണ്ണമായി ശരിയായിട്ടുള്ളതുതന്നെ.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): ക്ലാസ് (ഡ) സബ്സെക്ഷൻ (ഢ) കണ്ടിട്ടുണ്ടോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അർത്ഥവിവരണത്തിൽ യാതൊരു തകരാറുമില്ല.

മി. എസ്, സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): തറവാട്, എന്നാൽ പൊതുവിൽ തറവാട്ടുമുതലോടുകൂടിയ ഒരു മരുമക്കത്തായകുടുംബത്തിലെ എല്ലാ അംഗങ്ങൾ എന്നർത്ഥമാകുന്നതും അവർ അതിൽ ഉൾപ്പെടുന്നതും ആകുന്നു, അതു ശരിയാണോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അർത്ഥവിവരണംഎന്ന രീതിക്കു അതിനെ ഞാൻ ആക്ഷേപിക്കുന്നില്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): മി. സുബ്രഹ്മണ്യപിള്ള ഇതിനുമുൻപു ഈ സംസ്ഥാനത്തുള്ള മരുമക്കത്തായികളുടെ ഇടയിലുള്ള ഭാഗത്തെസംബന്ധിച്ചു അഭിപ്രായം പറഞ്ഞിട്ടുണ്ടോ?

മി. കെ. കെ. ഥാമസ് (കോട്ടയം): സർ, രീതിസംബന്ധമായ ഒരുകാര്യത്തിനായി ഞാൻ എഴുന്നേൽക്കുന്നു. ക്രാസ്‌വിസ്താരം ചട്ടത്താൽ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): ഞാൻ ഒരു പുതിയമെംബർ ആണ്. ഞാൻ ചട്ടങ്ങൾ ഇതുവരെയും നോക്കീട്ടില്ല. ഞാൻ ഉദ്യോഗസ്ഥലത്തുനിന്നു ഇപ്പോൾ വന്നതേയുള്ളു. ചട്ടങ്ങൾ ഇന്നലെയോ മിനിഞ്ഞാന്നോ മാത്രമാണ് കിട്ടിയതു.

പ്രെസിഡണ്ട്: മറ്റൊരുമെംബരെ ക്രാസ്‌വിസ്താരം ചെയ്യരുതു.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): മരുമക്കത്തായികളുടെ ഇടയിൽ ഇന്നപ്രകാരമാണ് ഭാഗം വേണ്ടതെന്നു അഭിപ്രായം ഈ കൌൺസിലിൽ പുറപ്പെടുവിക്കാൻ ഇടയായെ.

ആവശ്യം ഉണ്ടെങ്കിൽ ഞാൻ വായിച്ചുകേൾപ്പിക്കാം—ൽ മീനം ൨൬-ാംനു ബുധനാഴ്ചദിവസം ദിവാൻജി അവർകളുടെ മുറിയിൽവച്ചു കൂടിയ യോഗത്തിൽ "സംസ്ഥാനത്തെ മരുമക്കത്തായികളുടെഇടയിൽ ഉള്ളഭാഗത്തെ സംബന്ധിച്ചു അഭിപ്രായം പറയാനിടവന്നതിൽ ഞാൻ സന്തോഷിക്കുന്നു" പ്രധാനഭാഗം മാത്രമേ ഞാൻ വായിച്ചുകേൾപ്പിക്കുന്നുള്ളു. മരുമക്കത്തായത്തിന്റെ പ്രധാനഭാഗത്തെ ഉപേക്ഷിച്ചിരിക്കുന്ന സ്ഥിതിക്കു ഇതിനുള്ള ഏകമാർഗ്ഗം മക്കത്തായം സ്വീകരിക്കയാണു വേണ്ടതെന്നു പറഞ്ഞില്ലേ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതു മരുമക്കത്തായത്തിനു വേണ്ടിയാണു പറഞ്ഞിട്ടുള്ളതു്.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്തമെംബർ): ഈ സംസ്ഥാനത്തുള്ളവർ മരുമക്കത്തായികളാണെന്നറിയാമോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മക്കത്തായികളും മരുമക്കത്തായികളും ഉണ്ട്.

മി. എ. ശിവതാണുപിള്ള (തോവാള): സർ, മി. എം. സുബ്രഹ്മണ്യപിള്ള പ്രയോഗിച്ചതായ ഉപക്ഷേപത്തെ വളരെ വലിയ സന്തോഷത്തോടും വളരെ വലിയ അഭിപ്രായത്തോടും കൂടി ഞാൻ അനുവദിക്കുന്നു. പ്രത്യേക കമ്മററിയുടെ നടപടികളെ സംബന്ധിച്ചു പറഞ്ഞതായ ചില വാക്യങ്ങൾ ഒഴിച്ചു മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ളയുടെ അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഞാൻ നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽ ചേർന്നവനാണ് എന്നുള്ള മഹാഭിമാനം എനിക്കു ഉണ്ട്. ആ സമുദായത്തെ സംബന്ധിക്കുന്നതായ ഈ ബില്ല് കഴിഞ്ഞ പതിനഞ്ചു കൊല്ലമായി ഗവർമെണ്ടിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. അതിൽ യാതൊരുസംശയവും ഇല്ല. വിവാഹം, വസ്തുവിഭാഗം, മരണശാസനം, എഴുതിവെയ്ക്കാത്ത സ്വത്തുക്കളുടെ ദായക്രമം ഇവയെ സംബന്ധിച്ചു സമുദായത്തിൽ നടപ്പുള്ള ആചാരങ്ങളെ ക്രോഡീകരിച്ചു നിയമം ആക്കുന്നതിനുള്ള ആവശ്യകതയെ നിവേദിച്ചിട്ടു അനേകം കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ ചെറിയ സമുദായത്തിന്റെ ക്ഷേമത്തിൽ തീക്ഷ്ണമായ താല്പര്യം ഗവർമെണ്ടു കാണിച്ചിട്ടുള്ളതിനെപ്പറ്റി ഞങ്ങൾ വാസ്തവത്തിൽ ഗവർമെണ്ടിനോടു കൃതജ്ഞരായിരിക്കുന്നു. കഴിഞ്ഞ സഭയിൽ ഈ ബില്ലിനെ പ്രയോഗിച്ചതായ മെംബരെപ്പറ്റി ഈ സഭയെ ഞാൻ സ്മരിപ്പിക്കാം. കഴിഞ്ഞ സഭയിൽ ഞങ്ങളുടെ സമുദായത്തിൽ ചേർന്നതായി ജനങ്ങൾ തെരഞ്ഞെടുത്ത ഒരു മെംബർ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ മെംബർതന്നെയും തോവാളതാലൂക്കിനാൽ തെരഞ്ഞെടുക്കപ്പെട്ടവൻ ആയിരുന്നു; അതു ആ നിയോജകമണ്ഡലത്തിലെ പകുതിയെ [illegible] യായിരുന്നുള്ളു. വടക്കേ തിരുവിതാംകോട്ടിൽനിന്നുവന്നിരിക്കുന്ന എന്റെ സ്നേഹിതൻ സുബ്രഹ്മണ്യപിള്ള മി. എം. സുബ്രഹ്മണ്യപിള്ളയെ പക്ഷമായി ക്രാസ്‌എക്സാമിൻ ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ വാസ്തവത്തിൽ ഉള്ള ഉദ്ദേശ്യം എനിക്കറിയാം. എന്റെ ഭാഗത്തെ കേവലം വാക്കുകളിൽ ഞാൻ അടിസ്ഥാനപ്പെടുത്തുന്നില്ല എന്നു ആദ്യമേതന്നെ ഈ സഭയോടു ഞാൻ ഉറപ്പുപറയാം. അതു ശുദ്ധമേ മക്കത്തായം ആണെന്നോ

ശുദ്ധമരുമക്കത്തായക്കാരാണെന്നോ ഉള്ളതിനെ ഞാൻ അധികം കൂട്ടാക്കുന്നില്ല. ഈ സമുദായത്തിലും ഭൂരിപക്ഷത്തിൽ ഇക്കാലത്തു നടപ്പിലിരിക്കുന്ന നടപ്പുകളെ അടിസ്ഥാനപ്പെടുത്തി എന്റെ വാദം ഞാൻ വാദിക്കുന്നതിനു സഭ സമ്മതിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഉദ്ദേശപ്പെടുത്തിപ്പറയണം എന്നു ആഗ്രഹിക്കുന്നതെന്തെന്നാൽ കഴിഞ്ഞ സഭയിലുള്ള പ്രത്യേകക്കമ്മിറ്റി നടന്ന കാലങ്ങൾക്കിടയിൽ ഞങ്ങളുടെ സമുദായത്തിൽചേർന്നവരായി ജനങ്ങൾ തെരഞ്ഞെടുത്തതായ ഒരു മെമ്പർമാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ആ മെമ്പർ തോവാളയും കൽക്കുളവും ചേർന്നതായ നിയോജകമണ്ഡലത്താൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്നും ഉള്ളതാകുന്നു. തോവാളതാലൂക്കിലെ ജനങ്ങളിൽ മിക്കവരും നാഞ്ചിനാട്ടുവെള്ളാളരാണ്; എന്നാൽ കൽക്കുളം താലൂക്കിൽ ആകട്ടെ എത്ര നാഞ്ചിനാട്ടുവെള്ളാളരുണ്ടോ അത്രയും എണ്ണം നായന്മാരും വാസ്തവത്തിൽ ഉണ്ട്. എന്നിരുന്നാലും നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന്റെ മേൽ നിയോജകമണ്ഡലം ആയ [illegible] താലൂക്കിലെയും ജനങ്ങൾ തെരഞ്ഞെടുത്ത മെമ്പർ നാഞ്ചിനാട്ടുവെള്ളാളസമുദായത്തിൽ ചേർന്നയാൾ അല്ലായിരുന്നു. [illegible] മി. പി. വി. ഡാനിയൽ ആയിരുന്നു. [illegible]കളെപ്പറ്റി അഭിപ്രായം [illegible] ബിൽ അനുവദിക്കുന്നതിനെ [illegible] കൂടുതലായി ഒരു മെമ്പറെ ചേർക്കേണ്ട ആവശ്യം ആരും [illegible] വിചാരിച്ചു. കഴിഞ്ഞസഭയിൽ കൂട്ടിച്ചേർത്ത മെമ്പർ എന്റെ സ്നേഹിതൻ മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ള ആയിരുന്നു. ബിൽ സഭയിൽ പ്രയോഗിക്കപ്പെട്ടപ്പോൾ, വസ്തുവിഭാഗത്തെ സംബന്ധിച്ചുള്ള വ്യവസ്ഥ പാസ്സായതിൽ തെറ്റായിരിക്കുന്നു എന്നു മി. സുബ്രഹ്മണ്യപിള്ള സഭയെ ഗ്രഹിപ്പിച്ചു. പിന്നീട്, യഥാക്രമം അതിനെ പ്രത്യേകകമ്മിറ്റിക്ക അയച്ചു. നകൽബില്ലിൽ വസ്തുവിഭാഗത്തെ സംബന്ധിക്കുന്ന വ്യവസ്ഥകളുടെ കാര്യത്തിൽ ഏതെങ്കിലും ഭേദഗതി ഉണ്ടെന്ന പ്രത്യേകകമ്മിറ്റി വാസ്തവത്തിൽ നടത്തിയില്ല. അക്കാരണത്താലാണ് ഈ സമുദായത്തിൽ വസ്തുവിഭാഗം ചെയ്യുന്നതിൽ നടപ്പുള്ള രീതി ഏതാണെന്ന അറിയുന്നതിനുവേണ്ടി അനേകം ആളുകളെ [illegible] അത്യന്താവശ്യം ആണെന്ന പ്രത്യേകകമ്മിറ്റി തീർച്ചയായും [illegible] ഞാൻ വിശ്വസിക്കുന്നു. നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന അതിനെ ചുവടെ വ്യത്യാസപ്പെടുത്തി കാണിക്കുന്നതായ ലക്ഷണങ്ങൾ ഉണ്ട്; ആ ലക്ഷണങ്ങൾ ശുദ്ധമരുമക്കത്തായം നിയമത്താൽ ഭരിക്കപ്പെട്ടിരിക്കുന്ന നായർസമുദായത്തിൽനിന്ന ഭിന്നങ്ങളായുള്ളതാകുന്നു. ഈ വിധം ഞാൻ പറയുന്നതിനുള്ള കാരണങ്ങൾ ഞാൻ ബോധിപ്പിക്കാം.

ഈ സമുദായത്തിൽ വസ്തുവിഭാഗം അടിക്കടി നടക്കുന്നുണ്ട് എന്ന ആദ്യമായിതന്നെ പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്ന ഈ സഭ കാണുന്നതായിരിക്കും. ഈ സമുദായത്തിൽ വാസ്തവത്തിൽ മരുമക്കത്തായസമ്പ്രദായം വല്ലതും ഉണ്ടെങ്കിൽ ഇവരുടെ ഇടയിൽ അത്രയധികം [illegible] വസ്തുവിഭാഗങ്ങൾ ഉണ്ടായിരിക്കയില്ല എന്ന എന്റെ സ്നേഹിതൻ മിസ്റ്റർ സുബ്രഹ്മണ്യപിള്ള സമ്മതിക്കും എന്ന ഞാൻ വിശ്വസിക്കുന്നു.

നാഞ്ചിനാട്ടുവെള്ളാളസമുദായത്തെയും നായർസമുദായത്തെയും തമ്മിൽ ചുവടെ വ്യത്യാസങ്ങളുള്ള ലക്ഷണങ്ങൾ ഉണ്ട് എന്ന കാണിക്കുന്നതിനുള്ള ഒന്നാമത്തെ കാരണം മരിച്ചുപോയ പുരുഷന്റെ കുഞ്ഞുങ്ങൾക്കുള്ള അവകാശങ്ങളെ അംഗീകരിച്ചിരിക്കുന്നതായ രീതി ആകുന്നു. ചട്ടങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതിൽ കൂടുതൽ ആദായസമയം എനിക്ക അനുവദിക്കുന്നതായ അത്രയധികം അനുഗ്രഹം അദ്ധ്യക്ഷൻ തരും എന്ന ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ സഭയുടെ ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാരിൽ അനേകംപേർ, എന്റെ സമുദായത്തെയും നായർസമുദായത്തെയും ചുവടെ വ്യത്യാസപ്പെടുത്തി കാണിക്കുന്ന ലക്ഷണങ്ങളെ ശരിയാകുന്നിടത്തോളം ധരിച്ചിട്ടില്ല എന്ന ഞാൻ കാണുന്നു. ഉകന്നുടമ എന്നത് മക്കത്തായികൾ ആയിരുന്ന നാഞ്ചിനാട്ടുവെള്ളാളരുടെ ഇടയിൽ ഒരിക്കൽ നടപ്പുണ്ടായിരുന്നതിന്റെ അവശിഷ്ടം ആകുന്നു. ഈ വസ്തുത വിചാരണക്കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്നും സ്റ്റോക്സ് മാനുവൽഗ്രന്ഥത്തിൽനിന്നും കാണുന്നതാകുന്നു. അതുകൊണ്ട് ആദികാലത്തു നാഞ്ചിനാട്ടുവെള്ളാളർ മക്കത്തായികൾ ആയിരുന്നു. [illegible]മായ [illegible]ത്തെ ആവശ്യം നിമിത്തം അവർക്ക മരുമക്കത്തായനിയമത്തിൽനിന്ന ഏതാനും ആചാരങ്ങളെ സമുദായത്തിൽ ഒട്ടിച്ചുചേർക്കേണ്ടി വന്നുപോയി. അതു അന്നു അവരെ ഭരിച്ചിരുന്ന രാജാവു മരുമക്കത്തായത്തെ അനുസരിക്കുന്ന ആളായിരുന്നതുകൊണ്ടാണ്. എന്നിരുന്നിട്ടും അവരുടെ പൂർവാചാരങ്ങളെ എല്ലാം ഒന്നോടെ ഉപേക്ഷിക്കുവാൻ അവർ സന്നദ്ധരായിരുന്നില്ല. ഉകന്നുടമയും നങ്കുടമയും അവരുടെ മക്കത്തായക്രമത്തെ സംബന്ധിച്ചുള്ള പൂർവാചാരങ്ങളുടെ അവശിഷ്ടങ്ങളെ ആകുന്നുള്ളു. ഉകന്നുടമ എന്നു ഒരു കുടുംബത്തിൽ എത്രതന്നെ സ്ത്രീകൾ ഉണ്ടായിരുന്നാലും അതിലുള്ള ഒരു പുരുഷൻ മരിച്ചാൽ മരിച്ചവന്റെ കുഞ്ഞുങ്ങൾക്കുള്ള അവകാശം ആകുന്നു. ഉകന്നുടമ കണക്കാക്കുന്നതിൽ ആൺവഴിയ അംഗങ്ങളെമാത്രമേ കണക്കിലെടുക്കുന്നുള്ളു. അങ്ങനെയാണ് [illegible] റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. [illegible] മി. ചെല്ലപ്പാപിള്ള ആയിരുന്നു. അദ്ദേഹം തമിഴൻ ആണ്. "ഉകന്നുടമ" എന്ന പദത്തിന്റെ അർത്ഥം "സ്നേഹംനിമിത്തം കൊടുത്ത ധനം" എന്ന അദ്ദേഹം അതിൽ വിവരിച്ചിരിക്കുന്നു. ആൺപുരുഷനായ അംഗങ്ങൾക്കുമാത്രം സ്വാഭാവേന അവകാശം ഉള്ളതായ ആ ഓഹരിയുടെ നേർപകുതിയാകണമെന്നും ആദ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉകന്നുടമ പണമായിട്ടല്ലാതെ വല്ലപ്പോഴും കൊടുത്തിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വസ്തുവായി കൊടുത്തിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയം ആയിട്ടും ഉണ്ട്. എന്തെന്നാൽ അതു കുടുംബസ്വത്തിന്മേൽ ഉള്ള ഒരു കടംബാദ്ധ്യതയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മരിച്ചവന്റെ അപരക്രിയകൾ നടത്തിയതിനുള്ള പ്രതിഫലമായി അതിനെ ഗണിക്കാൻ പാടില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): പാടില്ല. മരിച്ചപുരുഷന്മാർക്ക അവരുടെ പുത്രന്മാർ അപരക്രിയകൾ നടത്തുന്നതു മക്കത്തായികളുടെ ഇടയിൽ മാത്രമേയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു നാഞ്ചിനാട്ടുവെള്ളാളകുടുംബത്തിലെ [illegible] അംഗം ഒരു പുരുഷനാണെന്നും അവന ഒരുപുത്രൻ ഉണ്ടെന്നും ഇരിക്കട്ടെ അവൻ മരിക്കുമ്പോൾ അവന്റെ വസ്തു ആർക്കും ചെല്ലും?

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിഷയത്തിൻെറ നിയമസംബന്ധമായ ദൃഷ്ടിയെപ്പററി ഞാൻ പിന്നീടു പ്രസ്താവിക്കാം.

മി. ശിവരാമപ്പണിക്കർ (ചേർത്തല): അതു അന്യംനില്പായി ഗവർൺമെൻറിനു ചേരുകയില്ലയോ?

മി. ശിവതാണുപിള്ള (തോവാള). അവൻ മരണശാസനം എഴുതിവയ്ക്കാതെ മരിക്കുന്നതായാൽ അന്യംനില്പായിത്തീരും.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മരുമക്കത്തായം ആചരിക്കുന്നവരുടെ ഇടയിൽ കുഞ്ഞുങ്ങൾ അച്ഛൻെറ അപരകർമ്മങ്ങൾ നടത്തുന്നില്ല എന്നാണൊ മെമ്പരുടെ അഭിപ്രായം എന്നു മിസ്റ്റർ ശിവതാണുപിള്ളയോടു ഞാൻ ചോദിക്കട്ടെ.

മി. എം. ശിവതാണുപിള്ള (തോവാള), ഞാൻ അങ്ങനെ പറയുന്നില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം), അച്ഛൻെറ പിതൃകർമ്മം നടത്തുന്ന നടപ്പു നായന്മാരുടെ ഇടയിലുണ്ട് എന്നു മെമ്പർക്കു അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ടായിരിക്കാം.

അതുപോലെ നമ്മുടെ എന്നുള്ളതു വിധിവശ്യമുള്ള അവകാശങ്ങളാണ് യാഥാർത്ഥ്യകൂടമെ എന്നുള്ള നാഞ്ചിനാട്ടുവെള്ളാളതറവാട്ടിൽ പുരുഷനായ ഒരു അംഗം ദായാവകാശം സംബന്ധിച്ച സകലകാര്യങ്ങളിലും അവൻെറ കുഞ്ഞുങ്ങളോടു ഏകീഭവിച്ചിരിക്കുന്ന അവസ്ഥയിൽ ജനിക്കുന്നു. ഒരു പുരുഷൻ തൻെറ കുഞ്ഞുങ്ങളുമായി ഏകീകരിച്ചിരിക്കാം എന്നുള്ള അനുഗ്രഹം വെളിവാക്കുമ്പോൾ തറവാട്ടിലെ മററു മെമ്പർമാർ അതു സമ്മതിക്കുന്നു. അയാൾ കൃത്യമായ ക്രമത്തിൽ നടക്കേണ്ടതാണ്. പൂർവകാലത്തു ഈ ജനങ്ങൾ അനുഷ്ഠിച്ചു വന്നതായ മക്കത്തായ രീതിയിലെ അവശിഷ്ടങ്ങൾ ഇപ്പോഴും ഉണ്ടു എന്നു കാണിക്കാനായി ഞാൻ ശ്രമിക്കുന്നതേയുള്ളു. കല്യാണപ്പന്തലിൽവച്ചു അച്ഛൻ പുത്രിക്കു സ്ത്രീധനം കൊടുത്തുവരുന്ന പതിവു ഇന്നും നടപ്പിൽ ഇരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): [illegible] സ്ത്രീധനം അമ്മാവൻ അനന്തിരവർക്കു കൊടുക്കുന്നതോ അല്ല അച്ഛൻ മകൾക്കു കൊടുക്കുന്നതോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇക്കാര്യത്തിൽ സ്ഥിരമായ നീതിയൊന്നും ഇല്ല, രണ്ടുപേരും സ്ത്രീധനം കൊടുക്കാറുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അച്ഛൻ ഇഷ്ടംപോലെ ദാനമായി സ്ത്രീധനം കൊടുക്കാം, എന്നാൽ അമ്മാവൻ അനന്തരവർക്കു കൊടുക്കുന്ന പതിവു ഇല്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): സ്ത്രീധനംകൊടുക്കാൻ തയ്യാറുള്ളവർ കൊടുക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ മിസ്റ്റർ എം. ശിവതാണുപിള്ളയോടു ഒരു ചോദ്യം ചോദിച്ചു കൊള്ളട്ടെ, അച്ഛൻ മകൾക്കു സ്ത്രീധനം കൊടുക്കുന്നതിനു തറവാട്ടു സ്വത്തു എഴുതികൊടുത്തിട്ടുള്ളതായി അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): എഴുതി കൊടുത്തിട്ടുണ്ടെന്നുതന്നെ പറയുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ആധാരം എഴുതിയിട്ടുള്ളതായി ദൃഷ്ടാന്തം കാണിക്കാമോ?

മി. എം. ശിവതാണുപിള്ള (തോവാള): കാണിക്കാം. പ്രമാണം ഉണ്ടു.

സ്ത്രീധനത്തിനായി തിരിച്ചു വച്ചിരിക്കുന്ന പ്രത്യേക സ്വത്തൊഴികെ ശേഷമുള്ള കുടുംബ സ്വത്തിനെ വിഭജിക്കേണ്ടതാണെന്നു ആധാരത്തിൽ വ്യക്തമായി വചനം പറഞ്ഞിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ പ്രമാണം കോടതിയിൽ വന്നിട്ടുണ്ടോ.

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ടു. അതുകൊണ്ടാണു ഞാൻ ഈ ഭേദഗതി സപ്പോർട്ടുചെയ്യുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ പ്രമാണം അനുസരിച്ചു കോടതികളിൽനിന്നും വിധികൊടുത്തിട്ടുണ്ടോ.

മി. എം. ശിവതാണുപിള്ള (തോവാള): കോടതികളിൽനിന്നും അങ്ങനെ കൊടുക്കാത്തതു കൊണ്ടാണ് ഞങ്ങളുടെ കസ്റ്റം എങ്ങനെ എന്നു ഗവൺമെൻറു അന്വേഷിക്കണമെന്നു പറയുന്നതു. കോടതികളിലെ ജഡ്ജ്മെൻറു വിപരീതമാകയാലാണ് ഞങ്ങൾ സ്വന്തമായി ഒരു ബില്ലുണ്ടാക്കാൻ ഇടയായതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതുവരെ എങ്കിലും ഒരു ദൃഷ്ടാന്തം പറയത്തക്കവണ്ണം കോടതികളിൽ നിന്നും വിധിച്ചു കൊടുത്തിട്ടുണ്ടോ.

മി. ശിവതാണുപിള്ള (തോവാള): പ്രമാണം ഉണ്ടു.

സ്വാമിൻ കഴിഞ്ഞസഭയിൽ ഈ സമുദായത്തിൽ ചേർന്നവരായി രണ്ടുമെമ്പർമാർ ഉണ്ടായിരുന്നു. കൂട്ടിച്ചേർത്ത മെമ്പരും മററൊരു ജനപ്രതിനിധിയും ആയിരുന്നു. ആദ്ദേഹത്തെ തെരഞ്ഞെടുത്ത നിയോജകമണ്ഡലത്തിലെ പകുതിമാത്രം ആയിരുന്ന തോവാള എനിക്കുമുമ്പായി അറിയാനുള്ളതു സമുദായം ഞങ്ങളുടെ പിന്നാലെ ഞങ്ങളാൽ നീതരായി നിൽക്കുന്നു എന്നുള്ളതത്രെ ഈ വിവരം മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ള ചൂണ്ടിക്കാണിച്ചു. ഇപ്പോൾ വീണ്ടും മെമ്പരായിവന്നിരിക്കുന്നതായ ബഹുമാനം ഉള്ളവരായ ഇപ്പഴത്തെ സഭയിലെ മെമ്പർമാർക്കു നല്ലപോലെ അറിയാവുന്നതായ കാര്യവും ആകുന്നു.

മി. എൻ. കുമാരൻ (ഗവർൺമെൻറു നിയമിച്ച മെമ്പർ): മിസ്റ്റർ ശിവതാണുപിള്ളയും മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ളയും ഇപ്പഴത്തെ കൗൺസിലിൽ അവർക്കുള്ള സാമാജികസ്ഥാനം രാജിവെക്കുകയും ഈ അടിസ്ഥാനത്തിന്മേൽ നടത്തപ്പെടുന്നതായ പുതിയതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിന്നു പോരാടുകയും ചെയ്യുന്നതിനു സന്നദ്ധരാണോ?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ മിസ്റ്റർ കുമാരൻെറ വെല്ലുവിളിയെ വളരെ സന്തോഷത്തോടുകൂടി അംഗീകരിക്കുന്നു. ഞാൻ കേവലം വ്യർത്ഥമായ ആശങ്കകൾ ജനിപ്പിക്കാനായിട്ടല്ല ഇവിടെയിരിക്കുന്നതു.

മി. എ. സുബ്രഹ്മണ്യപിള്ള (കൂട്ടിച്ചേർത്ത മെമ്പർ): കൗൺസിലിൽ മെമ്പർമാരായിട്ടു ഇന്ന ഉദ്ദേശത്തോടുകൂടിയാണ് നിൽക്കുന്നതെന്നു മാനിഫെസ്റ്റോ പബ്ലിഷ് ചെയ്തിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇല്ല; അതിന്റെ അർത്ഥംകൂടി അവർക്കറിഞ്ഞുകൂടാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായിരചേർത്ത മെമ്പർ): മലയാളത്തിൽ വിജ്ഞാപനം എന്നുണ്ട്. ആ സാധനം നിങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇല്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായിരചേർത്ത മെമ്പർ): സമുദായത്തിലെ അഭിപ്രായം ഇന്നവിധത്തിലാണെന്നു ധരിച്ചിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള വോട്ടർമാരിൽ 90 ശതമാനം ആളുകൾ എന്റെ സമുദായത്തിൽ ഉള്ളവരാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വോട്ടർമാർ കാരണവരോ അനന്തരവരോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇരുകൂട്ടരുമുണ്ട്. കാരണവർ വളരെ ചുരുക്കമേയുള്ളു. എന്റെ സമുദായത്തിൽപെട്ട ജനങ്ങളിൽ നേർപകുതിയിലധികം പേരാണ്ടിലും അവരുടെ തനിയെപ്പേരിൽ പേരുകളുള്ളവരാണെന്നു ഞാൻ പറയുമ്പോൾ എന്റെ സമുദായത്തിൽ നടക്കുന്ന വസ്തുവിഭാഗങ്ങളുടെ എണ്ണം നിങ്ങൾക്കു ഗ്രഹിക്കാൻ കഴിയും. വസ്തുവിഭാഗം ചെയ്യൽ അത്ര അടുപ്പിച്ചു നടക്കാറുണ്ട്. ജ്യേഷ്ഠസഹോദരൻ നിയമേന കാരണവനായിരിക്കുന്നു. മറ്റു കൂടകളുടെ വസ്തു വിഭജനം നടക്കുന്നതിന്റെ ഫലം ആണ്. മരുമക്കത്തായം തറവാടുകളിൽ കാരണവർ സാധാരണമായി അമ്മാവൻ ആകുന്നു.

മി. കെ. കെ. താമസ് (കോട്ടയം): തോവാള, അഗസ്തീശ്വരം എന്നീ രണ്ടു താലൂക്കുകളിലും കൂടി നിങ്ങളുടെ സമുദായത്തിൽ ചേർന്നതായി മൊത്തത്തിൽ എത്ര ജനങ്ങളുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ എണ്ണം രണ്ടായിരത്തിനുമേൽ മൂവായിരത്തിനകം കാണും എന്നു തോന്നുന്നു.

മി. കെ. കെ. താമസ് (കോട്ടയം): അതു എന്റെ ചോദ്യത്തിനു ഉത്തരം ഇല്ല. ഈ രണ്ടു താലൂക്കുകളിലെയും മൊത്തം ജനസംഖ്യ എത്ര.

മി. എം. ശിവതാണുപിള്ള (തോവാള): എനിക്കു സമയം തരുന്നതായാൽ ഞാൻ സെൻസസ് റിപ്പോർട്ട് നോക്കിപറയാം. അതു മെമ്പർക്കും നോക്കിക്കൊള്ളാവുന്നതാണ്. നാഗർകോവിലിൽ മുപ്പതിനായിരം ജനങ്ങളുണ്ട്. ഞങ്ങൾ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു സമുദായത്തിലെ ഭൂരിപക്ഷക്കാരും ഞങ്ങൾക്കതന്നിട്ടുള്ള വ്യക്തമായ ആജ്ഞയോടുകൂടിയാകുന്നു. ഞങ്ങളുടെ ഇടയിൽ എതിർകക്ഷികളും ഉണ്ട് സംശയമില്ല. എതിർകക്ഷികൾഉള്ള രണ്ടു മഹാന്മാരെ ഇവിടെ മെമ്പർമാരായി ചേർത്തിരിക്കുന്നുണ്ട് എന്നു കാണുന്നതിൽ ഞങ്ങൾക്കു വാസ്തവത്തിൽ സന്തോഷമുണ്ട്. ഗവർമ്മെണ്ടിന്റെ സഹൃദയങ്ങളെ ഞങ്ങൾ പൂർണമായി അഭിനന്ദിക്കുന്നു. കഴിഞ്ഞസഭയിലെയും കഴിഞ്ഞ പ്രത്യേകകമ്മിറ്റിയിലെയും മെമ്പർമാരെ ഈ ബില്ലിൽ പ്രത്യേകവ്യവസ്ഥ ആവശ്യപ്പെട്ടിരിക്കുന്നതായി എന്റെ സമുദായത്തെ ചുവടെ വ്യതിരേകിച്ചു കാണിക്കുന്ന ലക്ഷണങ്ങളെ ധരിപ്പിക്കത്തക്കവണ്ണം അവരുടെ മുൻപാകെ വിവരമായ സംഗതികളെ മതിയാംവണ്ണം അറിയിക്കുകയും വേണ്ടുംവണ്ണം പ്രകടിപ്പിക്കുകയും ചെയ്തിട്ടില്ലാ എന്നുള്ള ബോധം എനിക്കു വാസ്തവത്തിൽ ഉണ്ട്. പ്രത്യേകകമ്മിറ്റിക്കാർ ഏതോ ഒരുവിധം പരിശോധന നടത്തിഎന്നു റിപ്പോർട്ടിൽ നിന്നു കാണുന്നതാണ്. ചില ആധാരങ്ങളിൽ തായ്‌വഴിവിഭാഗവും ചില ആധാരങ്ങളിൽ ആൾവീതംഭാഗവും കണ്ടിരിക്കുന്നു എന്നു അവർ പറയുന്നു.

അതുകൊണ്ടു ആൾവീതംഭാഗത്തെ മാത്രമേ സ്വീകരിക്കാവൂ എന്നു നിർണയിക്കേണ്ടതു ആവശ്യമല്ല. ഇതിലുള്ള യുക്തി ഞാൻ ഗ്രഹിക്കുന്നില്ല. അവർ പരിശോധിച്ചതായ എല്ലാ ആധാരങ്ങളിലും അടങ്ങിയിരിക്കുന്ന ഈ എല്ലാ ഭിന്നങ്ങളായ വിഭജനരീതികളും ഉൾപ്പെടുത്താവുന്നതായ ഒരുരീതി കണ്ടുപിടിക്കേണ്ടതു കമ്മിറ്റി മെമ്പർമാരുടെ കടമയല്ലയോ? എത്രയോവിധം എണ്ണം ഭാഗപത്രങ്ങൾ കാണുന്നസ്ഥിതിക്കു വിഭജനത്തിനു അടിസ്ഥാനമായ തത്വത്തെക്കുറിച്ചുള്ള ഐകമത്യമായ തെളിവു പരിശോധിക്കേണ്ടതു ആവശ്യമാണെന്നുള്ള തത്വത്തെ പ്രത്യേകകമ്മിറ്റിതന്നെയും അംഗീകരിച്ചിട്ടുണ്ട്. ൧൦൦ എണ്ണത്തോളം ഭാഗപത്രങ്ങൾ അവരെ കാണിച്ചു. അതിൽ ൫൦ എണ്ണത്തോളം തായ്‌വഴിവിഭാഗവും ൨൦ മറവിധത്തിലുള്ളവയും ആയിരുന്നു. ആധാരങ്ങൾവഴിയായി തെളിവായിട്ടുള്ള അടിസ്ഥാനതത്വം തായ്‌വഴിവിഭാഗം ആണെന്നു പ്രത്യേകകമ്മിറ്റി ഈ ആധാരങ്ങളെ വായിച്ചതിന്മേൽ തിട്ടപ്പെടുത്തിയിരുന്നാൽ എനിക്കു അതു മനസ്സിലാക്കാൻ കഴിയും. അപ്രകാരം പറയുന്നതിനു പകരം അവർ പറയുന്നതെന്തെന്നാൽ

"തായ്‌വഴിപ്രകാരം ഭാഗം തെളിയിക്കുന്ന ഭാഗപത്രങ്ങൾ ഉണ്ട്. ആൾവീതംഭാഗം തെളിയിക്കുന്ന ഭാഗപത്രങ്ങളും ഉണ്ട്. എന്നുതന്നെയുമല്ല അതോ ഇതോ സ്ഥാപിക്കാത്തതായ ഭാഗപത്രങ്ങളും ഉണ്ട്.

വാസ്തവസംഗതി ഇപ്രകാരമാണെന്നു വരികിൽ ഈ എല്ലാ സംഗതികളെയും തൃപ്തിപ്പെടുത്തുന്നതായ ഒരു വ്യവസ്ഥ ബില്ലിൽ പ്രത്യേകകമ്മിറ്റിക്കാർ ഉണ്ടാക്കേണ്ടതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിൽ പിൻതുടർച്ചാവകാശത്തെപ്പറ്റിയുള്ള ബില്ലിന്റെ വാദപ്രതിവാദം നടന്നകാലത്തു ദിവാൻബഹദൂർ എം. കൃഷ്ണൻനായർ പറഞ്ഞ വാക്കുകളെ ഈ സഭയിൽ ഇതുസംബന്ധമായി ഞാൻ സ്മരിപ്പിക്കാം. അവിടെയും നിശ്ചയമായും എതിർകക്ഷി ഉണ്ടായിരുന്നു. എന്നിരുന്നാലും നാം കഴിയുന്നിടത്തോളം എതിർകക്ഷിയുടെ അഭിപ്രായത്തെ അംഗീകരിച്ചിട്ടുണ്ട് എന്നു അദ്ദേഹം പറയുന്നു. ബിൽ ഇപ്പോൾഇരിക്കുന്ന നിലയിൽ സഭയുടെ വാദപ്രതിവാദം മുഴുവനും തീർന്നതിൽപിന്നീടു പ്രായേണ എല്ലാം എതിർകക്ഷികളെയും അംഗീകരിക്കേണ്ടിയിരിക്കുന്നു. ബില്ലിനെ രണ്ടാമതുംകൂടി അവലോകിക്കേണ്ടിയിരിക്കുന്നു. എനിക്കു ബോധപ്പെടുത്തി പറയേണ്ടിയിരിക്കുന്നതു എതിരഭിപ്രായങ്ങളെ അംഗീകരിക്കണം എന്നുള്ളതാണ്. പ്രത്യേകിച്ചു ഒരു സാമുദായികനിയമം ഉണ്ടാക്കുമ്പോൾ അങ്ങനെ ചെയ്യേണ്ടതാകുന്നു. ഭൂരിപക്ഷം അംഗങ്ങളും അന്യസമുദായക്കാരായിരിക്കുന്ന ഈ സഭ ന്യൂനപക്ഷക്കാരുടെമേൽ അധികാരം ചെലുത്തി പ്രവർത്തിക്കണം എന്നുള്ളതു ഞാൻ ആവശ്യപ്പെടുന്നില്ല. ഒരു സാമു

ദായത്തിലെ നടപ്പുകളേയും ദായക്രമത്തേയും അവഗണിക്കയും ശുദ്ധമതക്കാരായിത്തീരുവാൻ പ്രവർത്തനത്താൽ ഇതിൽ ചേക്കയും ചെയ്യുന്നു എന്നുള്ള കാരണത്താൽ ആ സമുദായം ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന എല്ലാ ആചാരങ്ങളേയും ക്രോഡീകരിച്ചു നിയമം ഉണ്ടാക്കണം എന്നു ഗവൺമെന്റിനോടു അപേക്ഷിക്കേണ്ടതു ആവശ്യമാകുന്നു എന്നു വിചാരിക്കുന്നതായ ഒരു സംഗതിയാണ് ഇത്. ആ സ്ഥിതിക്കു ഇപ്പോൾ എനിക്കു ഊന്നിപ്പറയുവാനുള്ളതു ഇതാണ്. ഇതു പുതിയ സഭയാണ്. കഴിഞ്ഞ സഭയിൽ രണ്ടു മെമ്പർമാർ ഉണ്ടായിരുന്നിരിക്കെ ഇതിൽ നാലു മെമ്പർമാർ ഉണ്ടു. സകല സാമുദായികനിയമങ്ങളിലും ഒരു നിയമം ഉണ്ടാക്കുന്നതിനു ചുമതലപ്പെട്ടവരാണെന്നു ഗണിക്കപ്പെടേണ്ടവരായി സമുദായപ്രതിനിധികളുടെ ഭൂരിപക്ഷാഭിപ്രായം ഉണ്ടായിരിക്കേണ്ടതാണെന്നു മുസ്ലീമാൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്നു നിങ്ങൾ കാണുന്നതാകുന്നു. നിയമം ഉണ്ടാക്കുന്നതിനു ചുമതലപ്പെട്ടതായ ജനസംഘത്തിൽ, സകലസാമുദായിക നിയമനിർമ്മിതിയിലും അതിനാൽ ബാധിക്കപ്പെടാവുന്ന സമുദായത്തിലെ ഭൂരിപക്ഷം പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണെന്നുള്ള സംഗതിയെ മുസ്ലീമാൻ കമ്മിറ്റിയുടെ ഭൂരിപക്ഷക്കാരുടെ റിപ്പോർട്ടിൽ വ്യക്തമാക്കി പറഞ്ഞിരിക്കുന്നു. കഴിഞ്ഞതവണയിലെ സഭയിൽ ഈ സമുദായത്തിൽ ചേർന്നവരായി രണ്ടു മെമ്പർമാർ ഉണ്ടായിരുന്നിരിക്കെ ഇത്തവണയിലെ സഭയിൽ നാലു മെമ്പർമാർ ഉണ്ടു. ഇതാകുന്നു ഭൂരിപക്ഷാഭിപ്രായം എന്നും ഇതാകുന്നു സമുദായത്തിൽ നടപ്പുള്ളതായ വസ്തുവിഭജനക്രമം എന്നും യഥാർത്ഥ്യം ഞാൻ ശ്രമിച്ചിട്ടുണ്ട് എന്നു എനിക്കു ആത്മതൃപ്തിയും എന്റെ നിയോജകജനങ്ങളുടെ തൃപ്തിയും വരുത്തേണ്ടിയിരിക്കുന്നു; അത്രേ എനിക്കു ചെയ്യാനുള്ളു, അങ്ങനെ ചെയ്യെങ്കിൽ ഞാൻ കൃതകൃത്യനായി. ഈ സഭയിലെ ചില മെമ്പർമാർ ഈ സമുദായത്തിന്റെനേക്കു കേവലം അനുഭാവയുക്തരായിരുന്നു; എന്നാൽ അവർ ഉൽകണ്ഠതയുടേയും സങ്കടതയുടേയും വാസ്തവത്തിലുള്ള ഉത്പത്തിയെ ഗ്രഹിച്ചിട്ടില്ല. പ്രത്യേകകമ്മിറ്റിയുടെ മുൻപാകെ ഹാജരാക്കിട്ടുള്ള ആധാരങ്ങളുടെ സഹായത്തോടുകൂടി പുതുതായി കൂട്ടിച്ചേർത്തിരിക്കുന്ന മെമ്പർമാരെ ബോധ്യപ്പെടുത്തുന്നതിനു ഒരു അവസരം ലഭിച്ചതായ തൃപ്തി എങ്കിലും എനിക്കു ഉണ്ടായിരിക്കത്തക്കവണ്ണം എനിക്കു സമയം തരേണ്ടതാണെന്നു ഞാൻ ഈ സഭയോടു പ്രാർത്ഥിക്കുന്നു. പ്രത്യേകകമ്മിറ്റിയിൽ വാദപ്രതിവാദം നടന്നുകഴിഞ്ഞാൽ ഭിന്നാഭിപ്രായം ഉള്ള യാതൊരു വാക്യവും പറയാതെ പ്രത്യേകകമ്മിറ്റിയുടെ തീർച്ചയനുസരിച്ചു ഞാൻ നടന്നുകൊള്ളാം എന്നു ഈ സഭയിലെ അംഗങ്ങളോടു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു ഞാൻ സമയം ആവശ്യപ്പെടുന്നേയുള്ളു. അതു ഒരുമാസമായാലും രണ്ടുമാസമായാലും ശരി; അതല്ല അദ്ധ്യക്ഷൻ അനുവദിക്കുന്നപക്ഷം ഈ സഭമുഴുവനും ഇപ്പോൾതന്നെ കമ്മിറ്റിയായിച്ചേർന്ന് ഈ സംഗതിയെ തീർച്ചപ്പെടുത്താം.

പ്രത്യേകകമ്മിറ്റി ഇതിനുമുമ്പിലെ ഇതു പര്യാലോചിച്ചിട്ടുണ്ടു എന്നും അതിനെ സഭവീണ്ടും പര്യാലോചിക്കുന്നതു ശരിയല്ല എന്നും ഒരു ആക്ഷേപം മെമ്പറിൽ ഒരാൾ പുറപ്പെടുവിച്ചു. ആധാരങ്ങളോടുകൂടി എന്റെ വാദങ്ങളെ കേൾക്കുന്നതിനു, യാതൊരു വാചാസാക്ഷ്യവും ഹാജരാക്കുന്നതിനല്ല ഒരു അവസരം ഞാൻ ആവശ്യപ്പെടുന്നതേയുള്ളു. മിസ്റ്റർ ചിതമ്പരനാണപിള്ള പ്രത്യേകകമ്മിറ്റിയുടെ മുൻപാകെ ഹാജരാക്കിട്ടുള്ള ആധാരങ്ങളെയാണ് ഞാൻ ഗണിക്കുന്നതു. വാസ്തവത്തിലുള്ള ആ മോഹത്തോടുകൂടി ഇവിടെ യാതൊരുവിധ ശ്രമത്തിനും വിജയം നേടുന്നതിൽ ഞാൻ നിരാശിക്കുന്നു. ആകപ്പാടെ നോക്കുന്നതായാൽ താമസം എന്നുള്ള തക്കമേയുള്ളു. അധികമായാൽ രണ്ടുമാസം ഇതിനെപ്പറ്റി എന്റെ വാദത്തെ ശ്രദ്ധിക്കുന്നതിനു ഈ സഭ ഒരുക്കമില്ലെന്നുവരികിൽ ജനപ്രതിനിധിയായി ഇവിടെ ഞാൻ അയക്കപ്പെട്ടിരിക്കുന്നതായ എന്റെ സ്ഥാനം തീരെ നിഷ്പ്രയോജനം ആണെന്നു എനിക്കു ബോധ്യപ്പെട്ടിരിക്കേണ്ടിവരും എന്നു തോന്നുന്നു; എന്തുകൊണ്ടെന്നാൽ എന്നെ നിയോഗിച്ചയച്ച ജനങ്ങൾ ഈ ബില്ലിനെ യുദ്ധംചെയ്തു പുറത്താക്കണം എന്നുള്ള പ്രത്യേകശാസനം എനിക്കു നല്കിയിരിക്കുന്നു. മെമ്പർമാർ ഈ സമുദായത്തിലെ ശരിയായ നടപ്പുകളെ ഗ്രഹിക്കട്ടെ. അവർ ഈ ആചാരങ്ങളെ ക്രോഡീകരിച്ചു നിയമമാക്കട്ടെ. എന്റെ സമുദായത്തിൽ ചേർന്നവരല്ലാത്ത ഓരോ മെമ്പറും എന്റെ സമുദായത്തെ സംബന്ധിച്ച സംഗതികളെ കുറിച്ചു നിർണ്ണയം ഉണ്ടാക്കുന്നതായ തനിത്തനിയായ നിർണ്ണയങ്ങളെ ഏകാന്തമാക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഗവർമ്മെണ്ട് ഈ സമുദായത്തിലെ ആചാരങ്ങളെ മനസ്സിലാക്കി അവയെ നിയമമാക്കണം എന്നാകുന്നു ഞാൻ ആവശ്യപ്പെടുന്നതു. അതാകുന്നു എനിക്കു കിട്ടിയുള്ള ശാസനം. അക്കാര്യത്തിലേക്കായിട്ടാകുന്നു പ്രത്യേകകമ്മിറ്റി വേണമെന്നു ഞാൻ ആവശ്യപ്പെടുന്നതു. എനിക്കു ന്യായമായ വാദം ഉണ്ടു. പ്രത്യേകകമ്മിറ്റിയുമായി വാദംനടത്തി ജയം നേടാൻ എനിക്കു കഴിയും എന്നു എനിക്കു ധൈര്യം ഉണ്ടു; കമ്മിറ്റിയിലെ നാലുമെമ്പർമാർ ഇവിടെ ഉണ്ട്. പ്രത്യേകകമ്മിറ്റി ഈ വിഷയത്തെ അരിച്ചുപാറുന്നതിന്റെ ഫലമായി എത്തുന്നതായ ഏതു അഭിപ്രായവും വാസ്തവത്തിൽ അംഗീകാരയോഗ്യമായിരിക്കും. ഈ ഭേദഗതിയെ ഈ സഭ സ്വീകരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): വിചാരണക്കമ്മിറ്റിയുടേയും പ്രത്യേകകമ്മിറ്റിയുടേയും റിപ്പോർട്ടുകളെ സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ മിസ്റ്റർ ശിവതാണുപിള്ള പറയുമോ? ഈ രണ്ടു റിപ്പോർട്ടുകളും കളവാണെന്നു പറയുന്നതു എന്തുകാരണങ്ങളാൽ നിരാകരിക്കാവുന്നതായിരിക്കും?

മി. എം. ശിവതാണുപിള്ള (തോവാള): അവ കളവാണെന്നു ഞാൻ പറയുന്നില്ല. ആധാരരൂപത്തിലുള്ള തെളിവു കാണുന്നതു അന്വേഷണീയം ആകുന്നു എന്നു പ്രത്യേകകമ്മിറ്റിക്കാർ വിചാരിച്ചു എന്നുള്ള വസ്തുതതന്നെയും അന്വേഷണക്കമ്മിറ്റിയുടെ പ്രവൃത്തി തീരെ തൃപ്തികരമായിരുന്നില്ല എന്നും മതിയാകുംവണ്ണം സഭയിൽ ബോധിപ്പിക്കപ്പെട്ടിട്ടില്ലാ എന്നും ഉള്ളതിനെ തെളിയിക്കുന്നു. വാസ്തവത്തിൽ നടപ്പു ഇന്നതാണെന്നു അറിയുന്നതിലേക്കായി ആധാരങ്ങൾ പരിശോധിക്കേണ്ടതു ആവശ്യം ആണെന്നു ബില്ലിനെ പരിശോധിക്കാൻ നിയുക്തരായ പ്രത്യേകകമ്മിറ്റി കാണുകയും അതുകൊണ്ടു പരസ്പരവിരുദ്ധാഭിപ്രായങ്ങൾ അറിയിച്ചവരായ രണ്ടു മെമ്പർമാരും അവരവരുടെ വാദത്തിനു അവലംബമായ ആധാരങ്ങൾ ഹാജരാക്കണം എന്നു അവരോടു ആവശ്യപ്പെടുകയുംചെയ്തു എന്നുള്ള പ്രസ്തുത വിചാരണക്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ന്യൂനതയെ പ്രത്യേകകമ്മിറ്റി അംഗീകരിച്ചു എന്നു കാണിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): അന്വേഷണക്കമ്മിറ്റിയുടെ റിപ്പോർട്ടു തൃപ്തികരമല്ലാ എന്നുള്ള കാരണത്തിന്മേൽ അതിനെ വിഗണിക്കണം എന്നു അദ്ദേഹം സഭയോടു അപേക്ഷിക്കുന്നു അല്ലേ?

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ ആശയം അദ്ദേഹം മനസ്സിലാക്കിട്ടില്ല എന്ന വ്യസനം ഉണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): നമുക്ക ആ റിപ്പോർട്ടിനെ അവഗണിക്കാൻ പാടില്ലാ എന്നുള്ള കാരണത്തിന്മേൽ എന്ന ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): വിചാരണക്കമ്മിറ്റി ആധാരരൂപത്തിൽ തെളിവു കണ്ടിട്ടില്ല. അതു കാരണങ്ങളു അഭികാമ്യമല്ല എന്നു പ്രത്യേക കമ്മിറ്റി സമ്മതിച്ചു. വാസ്തവത്തിൽ അവർ ആധാരരൂപത്തിൽ ഉള്ള കാരണം എന്ന പറയുകയും ചെയ്തു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആധാരങ്ങളെ സ്വീകരിച്ച പ്രത്യേക കമ്മിറ്റി ആധാരങ്ങളെ വായിച്ചുനോക്കിയതിൽപിന്നീടും, ആറുവീതംഭാഗം നടപ്പായിരിക്കുന്നു എന്നു തങ്ങൾക്കു ബോദ്ധ്യം വന്നിരിക്കുന്നതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്നു അദ്ദേഹത്തിനു അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും ഇല്ലാ. ഞാൻ ആ ഭാഗം വായിച്ചുകേൾപ്പിക്കാം.

"ഞങ്ങൾ ഞങ്ങളുടെ മുൻപിൽ ഉള്ള വിവിധ ലേഖനങ്ങളെയും കുറിച്ചു സവിസ്തരമായി വാദം നടത്തുകയും പരിചിന്തനം ചെയ്യുകയും ചെയ്തു. ആളോഹരി ഭാഗം ആണ് നാം സ്വീകരിക്കേണ്ടതായ നിയമത്തിനും അധികം ന്യായവും ആയ മാർഗ്ഗം എന്നു ഞങ്ങൾ വിചാരിക്കുന്നു. തായ്‌വഴിവിഭാഗം ആണ് പൂർവ്വസ്ഥിതമായ നടപ്പ് എന്നു ഹാജരാക്കിയ പ്രമാണങ്ങൾ കാണിച്ചിരുന്നു എങ്കിൽ ഈ അഭിപ്രായം സ്വീകരിക്കുന്നതിനു ഞങ്ങൾ സംശയിച്ചേക്കുമായിരുന്നു. എന്നാൽ ആധാരങ്ങൾ യാതൊരു നടപ്പിനേയും തെളിയിക്കുന്നില്ല. ആളോഹരിഭാഗം തെളിയിക്കുന്ന പ്രമാണങ്ങൾ ഉണ്ട്. തായ്‌വഴിഭാഗം തെളിയിക്കുന്ന പ്രമാണങ്ങളും ഉണ്ട്. എന്നുതന്നെയുമല്ലാ അതോ, ഇതോ സ്ഥാപിക്കത്തക്കതായ ഭാഗപത്രങ്ങളും ഉണ്ട്. അതുപോലെ മരുമക്കത്തായം ആചരിക്കുന്ന സമുദായങ്ങളുടെ സുസ്ഥാപിതമായ അവകാശങ്ങളെ ബാധിക്കുന്നതായി തായ്‌വഴിവിഭാഗത്തെ സംബന്ധിച്ച പരിഷ്കരിച്ചതായ നടപ്പു സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നു കാണുന്നതിനു ഞങ്ങൾ അശക്തരായിരിക്കുന്നു"

സന്ധിപ്പെടാനുള്ള വഴി കണ്ടറിയാൻ ശ്രമിക്കുന്നതായ മാർഗ്ഗത്തിൽ പ്രതിബന്ധമായിനിന്നതും ഇതാണ്.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെംബർ): ഒടുവിൽ ചെയ്തതെന്ത്?

മി. എം. ശിവതാണുപിള്ള (തോവാള): അതു റിപ്പോർട്ടിൽ തന്നെ ഉണ്ട്. എന്റെ സ്നേഹിതനു അതു നോക്കിക്കൊള്ളാം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): വിചാരണക്കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള റിപ്പോർട്ടിനെ അനാവശ്യമായി തള്ളിക്കളയുന്നതാകുന്നു എന്നു പ്രത്യേക കമ്മിറ്റിക്കാർ അഭിപ്രായപ്പെടുന്നതായി അവർ പറയുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അതുകൊണ്ടാണ് അതിനു ഖണ്ഡനമായി ഞാൻ സംസാരിക്കുന്നത്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഹാജരാക്കിയ ആധാരങ്ങളെ വായിച്ചതുകൊണ്ടു നടപ്പിനെപ്പറ്റി ഒരു നിർണ്ണയത്തിൽ എത്തുന്നതിനു കമ്മിറ്റി ശക്തരായിരുന്നില്ല. ഈ സംഗതി ഇപ്പോൾ വായിച്ചഭാഗത്തിൽനിന്നു തെളിവാക്കപ്പെട്ടും ഇരിക്കുന്നു.

മി. ശിവതാണുപിള്ള (തോവാള): അവർ ആധാരങ്ങളെ വായിച്ചുനോക്കി പരിശോധിച്ചിട്ടേയില്ല. അങ്ങനെ ചെയ്യണം എന്നാകുന്നു ഞാൻ ആവശ്യപ്പെടുന്നത്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതുകൊണ്ടു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു സത്യം അല്ലാ എന്നു ഞങ്ങൾ തീർച്ചപ്പെടുത്തണം എന്നാണോ മെംബർ ആവശ്യപ്പെടുന്നത്?

മി. എം. ശിവതാണുപിള്ള (തോവാള): അതു സത്യം അല്ല എന്നു ഞാൻ പറയുന്നില്ല. അതു മതിയായിടത്തോളം മനസ്സിലാക്കപ്പെട്ടില്ല എന്നാണ് ഞാൻ പറയുന്നത്. എന്റെ ആക്ഷേപത്തെ ശരിയായ ദൃഷ്ടിയിൽ മെംബർമാരെ മനസ്സിലാക്കിക്കുന്നതിനു എനിക്കു സമയം കിട്ടണം. അതു സത്യമല്ല എന്നോ ആവിധത്തിൽ യാതൊന്നുമോ ഞാൻ ഒരിക്കലും പറഞ്ഞില്ല. വാസ്തവത്തിൽ ഉള്ള ദൃഷ്ടിയിൽ ധരിക്കാൻ അവർ ശക്തരാകത്തക്കവണ്ണം മതിയായിടത്തോളം സംഗതികളെ അവരെ ധരിപ്പിച്ചിട്ടില്ലാ എന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അവരുടെ മുൻപിൽ വേണ്ടവിധം പറഞ്ഞു കേൾപ്പിക്കാതിരുന്നതു ആരുടെ ദോഷം ആണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഏതായാലും അതു എന്റെ സമുദായത്തിലുള്ള ഊമയായ സാധുജനങ്ങളുടെ ദോഷം അല്ലായിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): മെംബർ ആക്കാലത്തു ഊമയായിരുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഒന്നുകൂടി പറയാമോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സമുദായത്തിൽ നടപ്പുള്ള ആറുവീതംവിഭാഗം ആണെന്നു വിചാരണക്കമ്മിറ്റി ബോധിപ്പിച്ചിട്ടുള്ള വസ്തുത അക്കാലത്തു മി. ശിവതാണുപിള്ള അറിഞ്ഞിട്ടുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം എന്റെനേർക്കു കരുണകാണിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. അക്കാലത്തെ സ്ഥിതിക്കു എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ഞാൻ ചെയ്തിട്ടുണ്ട് എന്നു ഞാൻ അദ്ദേഹത്തിനോടു ഉറപ്പുപറയുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പ്രത്യേകകമ്മിറ്റി രൂപീകരിക്കുംമുമ്പേ ചെയ്യാവുന്നതെല്ലാം ചെയ്തുതീർത്തിട്ടുണ്ടെന്നു വരികിൽ തായ്‌വഴിവിഭാഗത്തിനായി വാദിക്കാം എന്നു പ്രത്യേകകമ്മിറ്റിക്കു അറിയാൻ കഴിഞ്ഞില്ല എന്നുവരികിൽ ഏതുകാരണത്തിന്മേൽ നാം ആ റിപ്പോർട്ടിനെ അവഗണിക്കണം എന്നു ഞാൻ ചോദിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): കമ്മിറ്റിയെ അവഗണിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല; എനിക്കു ബലമായ വാദങ്ങൾ അറിയിക്കാനുണ്ട് എന്നു ഞാൻ പറയുന്നു. എന്റെ വാദങ്ങൾ കേൾക്കാൻ അവർ സന്നദ്ധരാണെന്നു വരികിൽ അവരെ ബോദ്ധ്യപ്പെടുത്താൻ എനിക്കു കഴിയും; അവരെ ബോദ്ധ്യപ്പെടുത്തുന്നതിനു ശ്രമിച്ചിട്ടുണ്ടെന്നുള്ള ആത്മതൃപ്തി എങ്കിലും എനിക്കു ഉണ്ടാകും.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മൂന്നാമതൊരു അവസരംകൂടി തരുന്നതായാൽ സമുദായത്തിന്റെ വാസ്തവത്തിലുള്ള അഭിലാഷം റിപ്പോർട്ടിൽ പ്രതിബിംബിക്കപ്പെടും എന്നുള്ളതിനു എന്തു ഉറപ്പുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഉറപ്പു ഈ സഭയുടെ ഉത്തരവാദിത്വത്തെ അവലംബിച്ചിരിക്കുന്നു. ഈ സഭയുടെ ഈ കക്ഷിയിലുള്ള എന്റെ സ്നേഹിതന്മാർ ഉത്തരവാദിത്വത്തെ നല്ലപോലെ അറിയും എന്നു വിചാരിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതുകൊണ്ടു പ്രത്യേക കമ്മിറ്റിയിലെ മെമ്പർമാർ റിപ്പോർട്ടിനു ചുമതലപ്പെട്ടവരാകണമെന്നു ബോധ്യപ്പെട്ടിരുന്നില്ലാ എന്നു ഞാൻ ഗ്രഹിക്കേണ്ടതാണോ?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ അങ്ങനെ പറഞ്ഞില്ല. പ്രത്യേക കമ്മിറ്റിയിലെ മെമ്പർമാരുടെ ഭാവത്തെയോ പ്രാവണ്യത്തെയോ കുറിച്ചു യാതൊന്നുംതന്നെ തീർച്ചയായിട്ടു ഞാൻ പറഞ്ഞില്ല. ഈ പ്രശ്നം അവരുടെ മുൻപാകെ പൂർണ്ണരശ്മിയിൽ കാണിക്കപ്പെട്ടിട്ടില്ലെന്നു എനിക്കു ബോദ്ധ്യം ഉണ്ടു; എനിക്കു അവസരം നല്കുന്നതായാൽ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ ശക്തനായിരിക്കും എന്നും എനിക്കു ബോദ്ധ്യം ഉണ്ടു. ഇതാകുന്നു എന്റെ നില. പ്രത്യേക കമ്മിറ്റിയിലെ മെമ്പർമാർ പക്ഷപാതികൾ ആയിരുന്നു എന്നു അപവദിക്കുന്നതിൽ ഞാൻ അന്യൻ ആണ്

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മിസ്റ്റർ ശിവതാണുപിള്ള വിഷയമാക്കിയതിനെ ഗ്രഹിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു പര്യാലോചനത്തിനായി ഇതാ സ്വീകരിക്കപ്പെട്ടിരിക്കുന്ന പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ടിനെ, വെള്ളാളസമുദായത്തിനു മൂന്നാമതു ഒരു അവസരം നല്കേണ്ടതാണെന്നുള്ള കാരണത്തിന്മേൽ മാത്രമേ വിഗണിക്കാൻ പാടുള്ളുവോ എന്നു അദ്ദേഹത്തിങ്കൽനിന്നു അറിയാൻ ആഗ്രഹിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും അല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതാവിതു വീണ്ടും പര്യാലോചിക്കണം എന്നു അപേക്ഷിക്കുന്നതിനുള്ള ഏക കാരണം മൂന്നാമതൊരവസരം നല്കാവുന്നതാണ് എന്നുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അല്ല. ബലവത്തായ എതിരഭിപ്രായക്കാരുണ്ട്; അതു പ്രത്യേക കമ്മിറ്റി സമ്മതിച്ചും ഇരിക്കുന്നു. എന്റെ സമുദായത്തിന്റെ പ്രതിനിധികൾ ആയി ഇവിടെ ഹാജരായിരിക്കുന്ന ആളുകൾ അതിനു ലക്ഷ്യവും ആണ്. ബില്ലിലെ വ്യവസ്ഥകൾക്കു എതിരായി, പ്രത്യേകിച്ചും വസ്തുവിഭാഗത്തെസംബന്ധിച്ചുള്ളവയ്ക്കു എതിരായി, വളരെ പ്രബലവും, അംഗീകരിച്ചേതീരൂ എന്നുള്ളതും ചിന്താഹേതുകവും ആയ വിപരീതാഭിപ്രായം ഉണ്ടെന്നു ഗവർമെന്റിനു തന്നെയും അറിയാം. ഈ എതിരഭിപ്രായത്തെ ഈ സഭ സകലവിധസംഭാവത്തോടുംകൂടി അംഗീകരിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. ഈ വിപരീതാഭിപ്രായത്തെ അംഗീകരിക്കാൻ വ്യവസ്ഥ ഇല്ലയോ എന്നു എനിക്കു അറിഞ്ഞുകൂടാതെയും ഇരിക്കുന്നു. താദൃശമായ എതിരഭിപ്രായത്തെ അവഗണിക്കുന്നതു വാസ്തവത്തിൽ ന്യായമാണോ എന്നും സഭയുടെ ഈ കക്ഷിയോടു ഞാൻ ചോദിക്കാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒടുവിലത്തെ കമ്മിറ്റിയുടെ മുൻപാകെ അദ്ദേഹത്തിന്റെ കക്ഷികൾ ഹാജരാക്കിയ ആധാരങ്ങളെ ഒരു പുതിയ കമ്മിറ്റി വീണ്ടും പരിശോധിക്കണം എന്നുമാത്രമേയുള്ളോ അദ്ദേഹം ആവശ്യപ്പെടുന്നതു? പുതിയ കമ്മിറ്റി എന്തുചെയ്യണം എന്നാകുന്നു മിസ്റ്റർ ശിവതാണുപിള്ള ആവശ്യപ്പെടുന്നതു എന്നു പരിഷ്കരിച്ചുപറയുമോ?

മി. എം. ശിവതാണുപിള്ള (തോവാള): നിയമാനുസരണമായും വിധ്യനുസരണമായും എന്തെല്ലാം ചെയ്വാൻ കഴിയുമോ അതെല്ലാം പുതിയ കമ്മിറ്റി ചെയ്യണം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു മറുപടിയല്ല; മേലാലുള്ള പ്രത്യേക കമ്മിറ്റി എന്താകുന്നു ചെയ്യേണ്ടതു, പ്രത്യേകിച്ചും, ഭാഗക്കാര്യത്തെക്കുറിച്ചു, എന്നു പരിഷ്കരിച്ചതായ ഒരു രൂപം അങ്ങേക്കു ഉണ്ടായിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): വസ്തുവിഭാഗത്തെസംബന്ധിച്ച വകുപ്പിനെ അവർ വീണ്ടും പരിശോധിക്കണം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): കഴിഞ്ഞ കമ്മിറ്റിയുടെ മുൻപാകെ ഹാജരാക്കിയ ആധാരങ്ങളെ അവർ പരിശോധിച്ചതു തൃപ്തികരം ആയില്ല എന്നു അദ്ദേഹം വിചാരിക്കുന്നതുകൊണ്ടു ആ ആധാരങ്ങളെ വീണ്ടും പരിശോധിക്കാനായിട്ടാണോ?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ വാചാസാക്ഷ്യത്തിൽ തീരെ വിശ്വാസം ഉള്ളവൻ അല്ല എന്നുള്ളതുകൊണ്ടു പ്രത്യേക കമ്മിറ്റി വാചാസാക്ഷ്യത്തെ പരിശോധിക്കേണ്ട ആവശ്യമേ ഇല്ല എന്നു മെമ്പരോടു ഉറപ്പുപറയാൻ എനിക്കു കഴിയും.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇരു കക്ഷികളും പ്രത്യേക കമ്മിറ്റിയുടെ മുൻപാകെ വക്കീൽമാരുടെ സഹായത്തോടുകൂടി അവരവരുടെ വാദങ്ങൾ വാദിച്ചു എന്നു മെമ്പർക്കു അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും അതെനിക്കറിയാം. ഒരു അവസരംകൂടി എനിക്കു തന്നതായാൽ പ്രത്യേക കമ്മിറ്റിയിലെ മെമ്പർമാരെ ബോദ്ധ്യപ്പെടുത്തുന്നതിനു എനിക്കു കഴിയും എന്നു എനിക്കു ബോദ്ധ്യം ഉണ്ടു. ഞാൻ പ്രത്യേക കമ്മിറ്റിയിലെ മെമ്പരായിരുന്നില്ല എന്നു വരികിലും ഞാൻ ഞങ്ങൾക്കു വേണ്ടി സംസാരിച്ചവരിൽ ഒരാൾ ആയിരുന്നു. ഞാൻ സംഗതി പ്രത്യേക കമ്മിറ്റിയെ അറിയിക്കയുംചെയ്തു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതിന്റെ ഭാവാർത്ഥം എന്തെന്നാൽ നിങ്ങൾ

നിയോഗിച്ചിരുന്ന വക്കീൽമാർ നിങ്ങൾ വാദിക്കുമ്പോൾ പ്രത്യേക കമ്മിറ്റിയുടെ മുൻപാകെ നിങ്ങളുടെ ഭാഗം വാദിച്ചില്ലെന്നത്രേ.

മി. എം. ശിവതാണുപിള്ള (തോവാള): അതല്ലാ ഞാൻ പറഞ്ഞതു്. ഒരു വക്കീലിനെക്കാൾ അധികം നന്നായി സംഗതിയെ അറിയിക്കാൻവേണ്ട കോപ്പുകൾ എനിക്കു ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഒരു വിഷയത്തെപ്പറ്റി ബലമായ സങ്കടബോധ്യമുള്ളയാൾ അധികം നന്നായി സംഗതി വാദിക്കാൻ ശക്തനായിരിക്കും എന്നു എന്റെ സ്നേഹിതൻ പരമേശ്വരൻപിള്ളതന്നെയും സമ്മതിക്കുന്നതാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതു നിഷേധിക്കുന്നു. ആ അഭിപ്രായം എനിക്കില്ല; സങ്കടം ബോധ്യപ്പെട്ടിരിക്കുന്നയാൾ സംഗതികളെ ചിന്താകുലമാക്കുകകൂടി ചെയ്യുമെന്നു വാസ്തവത്തിൽ ഞാൻ വിചാരിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എനിക്കു ചില കാര്യങ്ങൾ അറിയേണ്ടതുണ്ടു. ഉകന്തുടമ എന്നതു വസ്തുവിൽ അച്ഛനുള്ള അവകാശത്തിന്റെ ഒരു ഓഹരിയാണെന്നു പറഞ്ഞു. അച്ഛന്റെ ഓഹരി ഇന്നതാണെന്നു നിർണ്ണയിച്ചതിൽ പിന്നീടാണോ ആ ഓഹരി നിർണ്ണയിക്കുന്നതു എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അങ്ങനെതന്നെയാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): അപ്രകാരം നിർണ്ണയിക്കുന്നതു തായ്‌വഴി വിഭാഗരീതിക്കോ ആൾവീതം രീതിക്കോ.

മി. എം. ശിവതാണുപിള്ള (തോവാള): സമാവകാശികളായ ആണുങ്ങളെമാത്രമേ കണക്കിൽ കൂട്ടാവുള്ള തറവാട്ടുവസ്തു മുഴുവനേയും ആ അംശങ്ങളുടെ ഇടയിൽ തുല്യമായി വിഭജിച്ചു ഉകന്തുടമ അവകാശത്തെ ഓരോരുത്തന്റെയും ഓഹരിയുടെ നേർപകുതിയായി കണക്കുകൂട്ടുകയും പിന്നീടു അതിനെ നാലിൽ ഒരു പങ്കായി കുറയ്ക്കുകയും ചെയ്യുന്നു. നിശ്ചയമായും ഇതു ആൾവഴിവിഭാഗം അല്ലാ. ഈ സംഗതിയെ പൂർണ്ണമായി വ്യക്തമാക്കാം. രണ്ടു സോദരന്മാരും നാലു സോദരികളും ഓരോ സോദരിക്കും രണ്ടു കുഞ്ഞുങ്ങൾ വീതവും ഉണ്ടു എന്നിരിക്കട്ടെ; രണ്ടു സോദരന്മാരിൽ ഒരാൾ മരിച്ചുപോയി എന്നും അയാൾക്കു കുഞ്ഞുങ്ങൾ ഉണ്ടു എന്നും ഇരിക്കട്ടെ; മരിച്ച സോദരന്റെ കുഞ്ഞുങ്ങളിൽ ഓരോരുത്തർക്കും, സോദരിമാരുടെ എണ്ണത്തേയും അവരുടെ കുഞ്ഞുങ്ങളുടെ എണ്ണത്തേയും വകവയ്ക്കാതെ ഉകന്തുടമ കിട്ടുന്നു. ആൺ ആയ അംശങ്ങളെ മാത്രമേ ഗണനയിൽ ചേർക്കുന്നുള്ളു. സ്വത്തു മുഴുവനേയും രണ്ടു സമഭാഗങ്ങളായി വിഭജിക്കുന്നു. ഒരു ഓഹരി എടുത്തുകൊണ്ടു അതിൽ നേർപകുതിയെ ഓരോരുത്തർക്കും ഉകന്തുടമയവകാശം ആയികൊടുക്കുന്നു. മരുമക്കത്തായം സ്വഭാവത്തെ ക്രമേണ ഉൾപ്പെടുത്തുന്നകാര്യത്തിൽ സ്ഥിരമായ യാതൊരു ചട്ടവും ഇല്ലാ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): കോർട്ടു തീർപ്പുകളിൻപ്രകാരം ഉകന്തുടമപകുതി ഭാഗമാകും അല്ലയോ.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ അതുകൊണ്ടു തീർപ്പുകളെ അടിസ്ഥാനപ്പെടുത്തീട്ടുള്ള നിയമം ആണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും); ഉകന്തുടമയുടെ കാര്യത്തിൽ മരിച്ചുപോയ അഛൻ അമ്മയുടെ മൂന്നു പുത്രന്മാരിൽ ഒരാൾ ആണെന്നും അവരുടെ അമ്മാവന്മാരിൽ രണ്ടുപേർ ജീവിച്ചിരിക്കുന്നു എന്നും വിചാരിക്കുക.

മി. എം. ശിവതാണുപിള്ള (തോവാള): അതാവിതു അവർ മരിച്ചുപോയ അഛന്റെ സോദരന്മാരാണോ?

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും); കാരണവന്റെ എന്നാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഉകന്തുടമ എന്നതു കാരണവന്റെ വസ്തുവിനെമാത്രം സംബന്ധിച്ചുള്ളതാണ്. എന്റെ സ്നേഹിതൻ ഞാൻ വിവരിച്ചുപറയുന്നതിനെ സമ്മതിക്കുന്നില്ല. ഞാൻപറയുന്നതിനെ കേൾക്കാനുള്ള ക്ഷമയും അദ്ദേഹത്തിനു ഇല്ലാ, അതുകൊണ്ടത്രേ എല്ലാം വിവരിച്ചുപറയുന്നതിനു എനിക്കു സമയം തരണം എന്നു ഞാൻ അപേക്ഷിച്ചതു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതിനെപ്പറ്റി ഏതാനും അറിയാനുള്ള അവകാശം എനിക്കുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ട്.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉകന്തുടമയവകാശം കാണിക്കുന്നതിനു ഏതെങ്കിലും അവസരങ്ങളിൽ സ്ത്രീകളെക്കൂടി ചേർക്കാറുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ശേഷക്കാരുടെ നിലയിൽ സ്ത്രീകളെക്കൂടി ചേർക്കാറുണ്ട്.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സ്ത്രീകൾക്കും ഉകന്തുടമയവകാശം കൊടുക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഒരിക്കലും ഇല്ലാ. സ്ത്രീകൾക്കു ഉകന്തുടമാവകാശം ഇല്ല.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒരു കുടുംബത്തിൽ മൂന്നു പുരുഷന്മാരും ഒരു സ്ത്രീയുമുണ്ട്. ആ സ്ത്രീയുടെ മകൻ മരിച്ചുപോയി. അയാളുടെ ഉകന്തുടമയവകാശം ചേർക്കുന്നതിനു ആ സ്ത്രീയെ കൂടി ചേർക്കുന്നില്ലേ?

മി. എം. ശിവതാണുപിള്ള (തോവാള): ഒരിക്കലും ഇല്ലാ. ആൺമക്കൾക്കു മാത്രമേ കണക്കാക്കി കൊടുക്കുകയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മൂന്നു സഹോദരന്മാരും ഒരു സഹോദരിയും ഒരു കുടുംബത്തിൽ ഉണ്ടെന്നു വിചാരിക്കുക. ആ സഹോദരിക്കു നാലു കുട്ടികളുമുണ്ടു. അതിലൊരാൾ മരിക്കുമ്പോൾ അയാളുടെ കുട്ടികൾക്കു ഉകന്തുടമ കൊടുക്കുന്നതിനു ആ സ്ത്രീയെക്കൂടി കണക്കാക്കുകയും അവർക്കു എത്രകുട്ടികൾ ഉണ്ടോ അത്രയും വീതിക്കുകയും ചെയ്തിട്ടല്ലയോ കൊടുക്കുന്നതു?

മി. എം. ശിവതാണുപിള്ള (തോവാള): സ്ത്രീകൾക്ക എത്ര ആൺമക്കൾ ഉണ്ടെന്നു കണക്കാക്കികൊടുക്കുകയാണ് ചെയ്യുന്നത്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മുഴുവൻ ബില്ലിനേയും ആലോചിക്കണമെന്നോ അതല്ല ഭാഗത്തെസംബന്ധിച്ച വ്യവസ്ഥയെമാത്രം ആലോചിക്കണമെന്നോ അദ്ദേഹം ആവശ്യപ്പെടുന്നത്.

മി. എം. ശിവതാണുപിള്ള (തോവാള): ഭാഗത്തെക്കുറിച്ചുമാത്രമേ ഞാൻ താല്പര്യപ്പെടുന്നുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ വിഷയത്തെസംബന്ധിച്ച ഭേദഗതികളെപ്പററിയാലോചിക്കുന്നകാലത്തു താൽക്ഷിവിഭാഗം വേണ്ടതു അഭിലഷണീയം ആണെന്നു ഈ സഭയെ ബോധ്യപ്പെടുത്തുന്നതു ശക്യംഅല്ലാ എന്നു അദ്ദേഹം വിചാരിക്കുകയോ.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ സഭയെ ബോധ്യപ്പെടുത്തുന്നതിനു എനിക്കുള്ള സാമർത്ഥ്യത്തെക്കുറിച്ചു ഞാൻ നിരാശനായിരിക്കേണ്ട മറ്റേതെ ഞാൻ അവലംബിക്കുന്നതു തീരെ ന്യായമായിരിക്കയില്ലാ. പ്രത്യേക കമ്മിററിവിഭാഗം എന്ന വിഷയത്തെമാത്രം ആലോചിച്ചാൽ മതിയെന്നു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. അതിൽ ഞാൻ നിഷ്കപടനാണ്.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ): അന്നത്തെ ലാമെംബറും ഇന്നത്തെ ഡെപ്യൂട്ടി പ്രസിഡന്റും ആയ മിസ്റ്റർ സബ്ബയ്യർ ആയിരുന്നു സെലക്ട് കമ്മററിപ്രസിഡണ്ടു എന്നു ധരിച്ചിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): എന്നാണു തോന്നുന്നതു.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ): ബിൽ കമ്മിററിയുടെ റിപ്പോർട്ടു വായിച്ചിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ സാക്ഷിക്കൂട്ടിൽ നിൽക്കുന്നില്ല; എന്നോടു എതിർചോദ്യം ചോദിക്കരുതേ എന്നു അപേക്ഷിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായിചേർത്ത മെംബർ): എൻക്വയറി കമ്മിററിയിൽ ആകമാനം ൩൭൮ സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): കുറച്ചു ഓർമ്മയുണ്ടു.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ): ൧൩൭ കാരണവന്മാരും, ൧൩൩ അനന്തരവന്മാരും ആണ് ആ കമ്മിററി റിപ്പോർട്ടിൽ ഉള്ളതായി ഓർക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള); അങ്ങനെയായിരിക്കാം.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ): കാരണവന്മാരിൽനിന്നു ൮൮ പേർ ആളോഹരി ഭാഗത്തിനു മൊഴി കൊടുത്തിട്ടുള്ളതായി ആ റിപ്പോർട്ടിൽ കണ്ടിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഓർക്കുന്നില്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ); ൩൭൮ സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. അതിൽ ൨൨൪ പേർ പെർക്യാപ്പിററാപാർട്ടീഷനും ൪൮ പേർ താൽക്ഷിക്കും മൊഴി കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്. അതിൽ ൧൩൩ പേർ അനന്തരവന്മാരുള്ളതിൽ.. ...

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ ഇപ്പോൾ വായിക്കുന്ന മാതിരി പത്രങ്ങളെ ഒട്ടുവക വയ്ക്കാറില്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂട്ടത്തലായി ചേർത്ത മെംബർ): റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നുണ്ട്. ൨൨൪ പേർ പെർക്യാപ്പിററാപാർട്ടീഷനുവേണ്ടി മൊഴികൊടുത്തിട്ടുള്ളതായി പറയുന്നു.

മി. റി. ജെ. മാത്യൂ (ചങ്ങനാശേരിയും പീരുമേടും): ഒരു സംഗതിയെപ്പററിയുള്ള നടപ്പു എനിക്കു അറിയേണ്ടിയിരിക്കുന്നു. ഒരു തറവാട്ടിൽ രണ്ടു സോദരിമാരും അവരിൽ ഒരുത്തിക്കു നാലു പുത്രന്മാരും മറേറയാൾക്കു ഒരു പുത്രൻ മാത്രവും ആ പുത്രനു ഏതാനും കുഞ്ഞുങ്ങളും ഉണ്ടു എന്നിരിക്കട്ടെ. ഈ കുഞ്ഞുങ്ങൾക്കു കൊടുക്കേണ്ടതായ ഉടമ്പടി ആ ഏകപുത്രന്റെ ഓഹരിയെത്തു നിർണ്ണയിച്ചതിന്മേൽ കൊടുക്കുമോ എന്നും അതു നിർണ്ണയിക്കുന്നതിൽ മുഴുവൻ സ്വത്തിനേയും രണ്ടായി വിഭജിക്കുമോ അഞ്ചു ഓഹരിയായി വിഭജിക്കുമോ എന്നും എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മി. ടി. ജെ. മാത്യുവിനെ ബോധ്യപ്പെടുത്തുന്നതിനു വിശാലമായ അവസരം എനിക്കു ഉണ്ടായിരിക്കത്തക്കവണ്ണം പുതിയ പ്രത്യേകകമ്മിട്ടിയിൽ അദ്ദേഹംകൂടി ഉണ്ടായിരിക്കുന്നതിൽ എനിക്കു പെരുത്തു സന്തോഷം ഉണ്ടായിരിക്കും; അദ്ദേഹം പറഞ്ഞതിനെ ഞാൻ നല്ലപോലെ ഗ്രഹിക്കുന്നില്ല.

മി. ടി. ജെ. മാത്യൂ (ചങ്ങനാശേരിയും പീരുമേടും): ഞാൻ ചോദ്യത്തെ ആവർത്തിച്ചുപറയാം. ഒരു തറവാട്ടിൽ രണ്ടു സോദരികൾ ഉണ്ട്. ഒരുത്തിക്കു നാലു പുത്രന്മാരുണ്ട്; മറേറയാൾക്കു ഒരു പുത്രനേയുള്ളു. ഈവിധം ഈ കുടുംബത്തിൽ മൊത്തം അഞ്ചു പുരുഷന്മാർ ഉണ്ടു. ഒരു പുത്രൻമാത്രമുള്ള സോദരിയുടെ മകൻ കല്യാണം കഴിക്കുന്നു. ഏതാനും കുഞ്ഞുങ്ങൾ അയാൾക്കു ജനിച്ചതിൽപിന്നീടു അയാൾ മരിക്കുന്നു: അവന്റെ കുഞ്ഞുങ്ങൾക്കു ഉടമ്പടി കൊടുക്കേണ്ടതായ വാദംജനിക്കുന്നു. ആ പ്രശ്നം ജനിക്കുമ്പോൾ മരിച്ചവന്റെ ഓഹരിയെ നിർണ്ണയിക്കുന്നതു മുഴുവൻ തറവാട്ടുസ്വത്തിനേയും കണക്കുകൂട്ടി തറവാട്ടുസ്വത്തിന്റെ നേർപകുതിയെയോ അഞ്ചിലൊരു അംശത്തെയോ അടിസ്ഥാനപ്പെടുത്തിയാണ് ഉടമ്പടി നിർണ്ണയിക്കുന്നതു എന്നറിയാൻ ആഗ്രഹിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉദാഹരണം വിശേഷപ്പെട്ടതായി തോന്നുന്നു; എന്തുകൊണ്ടെന്നാൽ സഹോദരികളും അവരുടെ കുഞ്ഞുങ്ങളുംമാത്രം ഉള്ളപ്പോൾ അവർക്കു പൊതുവായി ഒരു സോദരൻ ഇല്ലെന്നുവരികിൽ സമുദായത്തിന്റെ സഹജവാസന അവർതമ്മിൽ ഭാഗംപിരിയണം എന്നായിരിക്കും; അപ്രകാരമുള്ള സംഗതി ഉണ്ടായിരുന്നാലും മരുമക്കത്തായവാസനനിമിത്തം അതിനെ അഞ്ചു തുല്യമായ ഓഹരികളായി വിഭജിക്കയും പത്തിലൊന്നു ഉടമ്പടിത്തുകയായി കൊടുക്കയും ചെയ്യേണ്ടതുതന്നെ; എന്നാൽ പത്തിലൊന്നു വാങ്ങിക്കുന്നതിനുപകരം അവർ പഴയ നടപടിക്കു ചെല്ലരുതേ എന്നേ ഞാൻ അവരോടു പറയുകയുള്ളു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഒരു കാരണവൻ മരിച്ചാൽ വസ്തുവിഭാഗം ഉണ്ടാകും എന്നു അദ്ദേഹം പറഞ്ഞു— കാരണവൻ ജീവിച്ചിരിക്കുന്നു എന്നിരിക്കട്ടെ എന്നാൽ ഉകന്തുടമ മൂന്നിലൊന്നായിട്ടോ ആറിലൊന്നായിട്ടോ കണക്കു കൂട്ടുന്നതു്.

മി. എം. ശിവതാണുപിള്ള (തോവാള): കുടുംബസ്വത്തിൽ ശേഷമുള്ളതിനെ രണ്ടു തുല്യാംശങ്ങളായി വിഭജിക്കും; അതിൽനിന്നു നാലിലൊന്നോ പത്തിലൊന്നോ കൊടുക്കും: ഇതു ജഡ്ജിമെണ്ടിൽ കാണുന്നതുപോലെ ഭിന്നഭിന്നമായിരിക്കും: അതിനെ അഞ്ചു തുല്യാംശങ്ങളായി വിഭജിക്കാം; മരിച്ചുപോയ സോദരന്റെയോ സോദരന്റെയോ മക്കൾക്കു അവന്റെ ഓഹരിയുടെയോ പത്തിലൊന്നു കിട്ടുമായിരിക്കാം.

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ടു് നിയമിച്ചമെംബർ) (ഡെപ്യൂട്ടി പ്രെസിഡെണ്ടു്): പ്രത്യേക കമ്മിറ്റിക്കു വീണ്ടും ബില്ലിനെ അയക്കണം എന്നുള്ള ഭേദഗതിയെ സംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ എനിക്കു ചേരണം എന്നില്ല: ആ പ്രത്യേക സംഗതിയെക്കുറിച്ചു ഞാൻ സംസാരിക്കാൻ ഭാവിക്കുന്നും ഇല്ല. എന്നാൽ മി. സുബ്രഹ്മണ്യപിള്ള പ്രത്യേക കമ്മിറ്റിയുടെപേരിൽ ഏതാനും കുററങ്ങൾ ചുമത്തി: എന്റെനേക്കം പ്രത്യേക കമ്മിറ്റിയിലുള്ള എന്റെ കൂട്ടുകാരുടെപേക്ഷം ഞാൻ ഒരു ധർമ്മം പ്രവർത്തിക്കാൻ കടമപ്പെട്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഈ കുററങ്ങൾ തീരെ അടിസ്ഥാനഹീനങ്ങൾ ആകുന്നു എന്നിക്കു പറയേണ്ടതുണ്ടു്.

ഒന്നാമതുതന്നെ, ഉകന്തുടമയ്ക്കു കുഞ്ഞുങ്ങൾക്കുള്ള അവകാശത്തെ ഞങ്ങൾ മുഴുവനും വിസ്തരിച്ചിരിക്കുന്നു എന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടു. അദ്ദേഹം നാഞ്ചിനാട്ടുവെള്ളാളരുടെ വസ്തുവിഭാഗത്തിനുള്ള ബില്ലിനെ ബലമായി അനുകൂലിക്കുന്നയാളും ആണെന്നുവരികിലും അദ്ദേഹത്തിനു ബിൽ മനസ്സിലായിട്ടില്ലാ എന്നു ഞാൻ വളരെ വ്യസനിക്കുന്നു. ഉകന്തുടമ എന്നതിന്റെ അർത്ഥം തറവാട്ടുവസ്തുവിനെ വിഭജിക്കുമ്പോൾ ഒരു നാഞ്ചിനാട്ടു വെള്ളാളനായ അച്ഛനു എന്തു ഓഹരികിട്ടുമോ ആ ഓഹരിയുടെ പത്തിലൊരു ഭാഗത്തിനു അയാളുടെ കുഞ്ഞുങ്ങൾക്കു അവകാശമുണ്ടു് എന്നാകുന്നു ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു. മരുമക്കത്തായം തറവാട്ടിനെ വിഭജിക്കുമ്പോൾ ഒരു പുരുഷനു എന്തുകിട്ടുമോ ആ ഓഹരി മുഴുവനും അയാളുടെ കുഞ്ഞുങ്ങൾക്കു ലഭിക്കണം എന്നാകുന്നു. ആ ഓഹരി ഒരു പ്രത്യേകമായവിധത്തിൽ കണക്കുകൂട്ടിയും ഇരിക്കുന്നു. പത്തിലൊന്നു അംശം കുഞ്ഞുങ്ങൾക്കും പത്തിലൊൻപതു തറവാട്ടിലേക്കും ചെല്ലണം എന്നുള്ളതാണ് ചട്ടം എന്നിരിക്കെ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നതു അതുമുഴുവനും കുഞ്ഞുങ്ങൾക്കു ചെല്ലണം എന്നാകുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉകന്തുടമ തായ്വഴിക്രമത്തിനോ ആൾവീതക്രമത്തിനോ ?

മി. വി. സുബ്ബയ്യർ (ഗവർണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രെസിഡെണ്ടു്): അതിനെ കുറിച്ചു പറയാൻ വരുന്നുണ്ടു്. ഉകന്തുടമ എന്നതു വസ്തുവിഭജനത്തിൽനിന്നു തീരെ ഭിന്നമായുള്ളതാണ് മി. സുബ്രഹ്മണ്യപിള്ളയുടെ ഭേദഗതിയെ അനുകൂലിച്ചു വോട്ടുചെയ്യുന്ന മെംബർമാർക്കു വിചാരഭ്രമം ഉണ്ടായിരിക്കുന്നു: ഭേദഗതിയെപ്പററി എന്റെ അഭിപ്രായം ആകുന്ന ഭാരത്തെ കയററിവച്ചു ആ മെംബർമാരുടെ മനസ്സിൽ വികാരം ജനിപ്പിക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. പ്രത്യേകകമ്മിറ്റി അവലംബിച്ച നിലയെ നീതീകരിക്കയും ആരോപിച്ച കുററങ്ങളെ നിരാകരിക്കയുംമാത്രമേ ഞാൻ ചെയ്യേണ്ടതൊള്ളു. ആ സ്ഥിതിക്കു മുഴുവൻസ്വത്തിലേക്കും ഞങ്ങൾ വ്യവസ്ഥചെയ്തിരിക്കുമ്പോൾ അവിടെ ഉകന്തുടമ എന്ന പദത്തെക്കൂടി ചേർക്കുന്നതിനു വല്ല ന്യായവും ഉണ്ടോ എന്നു ഞാൻ അറിയുന്നില്ല. വസ്തുവിനെ വിഭജിക്കുന്നകാലത്തു അച്ഛൻ ജീവിച്ചിരുന്നാൽ എന്തു ഓഹരി അവർക്കു കിട്ടുമായിരുന്നുവോ അതിനെ സംബന്ധിച്ചു ആ ഓഹരിയെ കണക്കുകൂട്ടേണ്ടതാണെന്നു ഒരു വ്യവസ്ഥ ചേർക്കുന്നതിൽ ഞാൻ ശ്രദ്ധിച്ചിട്ടുണ്ടു. അതുകൊണ്ടു അവൻ അവിഭക്തനായി മരിക്കുന്നതായാലും, അവൻ ജീവിച്ചിരുന്നാൽ കുഞ്ഞുങ്ങൾക്കു എന്തുകിട്ടുമോ അതു അവർക്കു കിട്ടും. നായർ തറവാട്ടിൽ അങ്ങനെയില്ല. ഉകന്തുടമയുടെ കാര്യത്തിൽ ആകട്ടെ അതിലേക്കു വ്യവസ്ഥചെയ്തിരുന്നാൽ നാഞ്ചിനാട്ടു വെള്ളാള കുഞ്ഞുങ്ങൾക്കു എന്തുകിട്ടുമോ അതിനെക്കാൾ അധികം നല്ലസ്ഥിതിയിൽ അവർ ഇപ്പോൾ ഇരിക്കുന്നു.

അടുത്ത കുററംചുമത്തൽ ഉകന്തുടമ വസ്തുവിഭാഗസംബന്ധിച്ചിടത്തോളം അച്ഛൻകെട്ടുത്ത മുതലിനെയും ആൾവീതം വിഭജിക്കണം എന്നുള്ളതാണ്. ഇതിനുശരിയായ വഴി അക്കാര്യം പ്രമാണിച്ചു ഒരു ഭേദഗതി കൊണ്ടുവരികയും അതിനെ ശരിയാക്കുകയും ചെയ്യുകയാണ്. എന്നാൽ തത്സംബന്ധമായി യാതൊരു ഭേദഗതിയും എഴുതിയയച്ചിട്ടുള്ളതായി ഞാൻ കാണുന്നില്ല.

പ്രധാനപ്പെട്ട മറെറാരുകുററംചുമത്തൽ ഞങ്ങൾ ആധാരങ്ങളെ പരിശോധിച്ചിട്ടില്ല എന്നുള്ളതാകുന്നു. തായ്വഴി ഭാഗിക്കലിനെ കാണിക്കുന്ന ആധാരങ്ങളും ആൾവീതം ഭാഗിക്കലിനെ കാണിക്കുന്ന ആധാരങ്ങളും ഉണ്ടായിരുന്നു. എന്നുവരികിലും തായ്വഴി വിഭാഗത്തെക്കാൾ ആൾവീതം വിഭാഗത്തെ അംഗീകരിക്കുവാൻ ഞങ്ങൾക്കു പ്രവണതയുണ്ടായി ആദ്യമായിതന്നെ ഞാൻ പറയേണ്ടതു നാഞ്ചിനാട്ടുവെള്ളാളർ മക്കത്തായികൾ എന്നു സ്വയം വിളിച്ചുവരുന്ന അവർ സാരാംശത്തിൽ മരുമക്കത്തായികൾ ആണെന്നു ഒരു ശതവർഷത്തിൽപരംകാലം കോടതികൾ വിധിച്ചിരിക്കുന്നു. അതുകൊണ്ടു അവർ ഏതു വിധക്കാരാണെന്നു കോടതികൾ നിശ്ചയിച്ചിട്ടുണ്ടോ അതിനെ ഞങ്ങൾ അനുവർത്തിച്ചു. അവർ ഒരിക്കൽ മക്കത്തായികൾ ആയിരുന്നുവോ അതല്ലമരുമക്കത്തായത്തിലെ ലക്ഷണങ്ങളിൽ ചിലതു പിൻകാലത്തുമാത്രം വന്നുചേർന്നതാണോ എന്നും ഉള്ളതു പുരാണകഥയാണ്. അതിനെ നാം അന്വേഷിക്കേണ്ട ആവശ്യം ഇല്ല. മരുമക്കത്തായം നീതികൾ ഇവർക്കു സംബന്ധിക്കുന്നതാണെന്നു കോടതികൾ ഇന്നോളംവരെ വിധിച്ചുകൊണ്ടിരിക്കുന്നു. ഒരാൾ മരണശാസനം എഴുതാതെ മരിക്കുന്നു എന്നിരിക്കട്ടെ, അയാളുടെസ്വത്തു സാധാരണ മരുമക്കത്തായനിയമം അനുസരിച്ചു തറവാട്ടിലെ ഏത്രയും അടുത്ത അംഗങ്ങൾക്കു ചെല്ലും. ജീവനാംശത്തിന്റെ കാര്യവും ഇപ്രകാരംതന്നെ, അതായതു എല്ലാ അംഗങ്ങൾക്കും തുല്യമായ ജീവനാംശത്തിനു അവകാശം ഉണ്ടു. മററുവിധത്തിൽ പറയുന്നതായാൽ മരുമക്കത്തായനിയമത്തിലെ സാരാംശമായ സിദ്ധാന്തങ്ങൾ നാഞ്ചിനാട്ടുവെള്ളാളർക്കു യോജിക്കുന്നതാണെന്നു വിധിച്ചിരിക്കുന്നു. മരുമക്കത്തായശാസ്ത്രത്തിന്റെ സാരാംശമായ തത്വം ആകട്ടെ ഓരോ അംഗത്തിനും വസ്തുവിൽ തുല്യമായ അവകാശം ഉണ്ടു എന്നുള്ളതാകുന്നു; ജീവനാംശം വിധിക്കുന്നതിൽ ആ തത്വം അനുഷ്ഠിക്കപ്പെട്ടുവരുന്നു. അതു ഭാഗം നടത്തുമ്പോൾ ആൾവീതം ഭാഗം ആകുന്ന സാധാരണമായുള്ളതു എന്നു യാതൊരു തെളിവുംകൂടാതെതന്നെ ഞങ്ങൾ സാധാരണ-

സ്ഥിതിയിൽ ഞങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ നടപ്പുവ്യവസ്ഥ വിപരീതം ആണെന്നു ഞങ്ങൾക്കു അറിയാം. അതുകൊണ്ടു സമുദായത്തിന്റെ അഭിപ്രായം എന്തെന്നു അറിയുവാൻ ഞങ്ങൾ ബന്ധപ്പെട്ടവരായി. അതു കൊണ്ടു ഇരുഭാഗത്തേയും വാദങ്ങളെ കേൾക്കുന്നതിനു ഞങ്ങൾ ശ്രമിച്ചു. ഈ സഭയിൽ ഒരു വിധം അഭിപ്രായത്തിനു പ്രതിനിധികളായി മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും എതിരഭിപ്രായത്തിനു പ്രതിനിധികളായി മിസ്റ്റർ വേലുപ്പിള്ളയും സുബ്രഹ്മണ്യപിള്ളയും ഉണ്ടായിരിക്കുന്നതുപോലെ ഈ രണ്ടു വിധം അഭിപ്രായങ്ങളും ഉള്ള അംഗങ്ങൾ ഉഭയപക്ഷങ്ങളുടെ പ്രതിനിധികളായി വന്നിട്ടുള്ള സാക്ഷികളുടെ വാദങ്ങൾ ഞങ്ങൾ കേട്ടു. ഈ സഭയിൽ വന്നിരിക്കുന്ന ഇവർ എല്ലാവരും വളരെ വ്യുല്പന്നന്മാരും സമർത്ഥന്മാരും ആയിരിക്കുന്നതിനു പുറമെ അവർക്കു വാസ്തവത്തിൽ ആവശ്യം ഉള്ളതു ഏതാണെന്നു സഭയിൽ മനസിലാക്കിക്കാൻ ശക്തിയുള്ളവരും ആകുന്നു. ഞങ്ങൾ യാതൊന്നും തന്നെ ചെയ്തിട്ടില്ല എന്നുള്ള ദോഷാരോപണത്തിന്റെ കാര്യത്തിൽ ആ കെട്ടു ആധാരങ്ങളെ പരിശോധിക്കുന്നതായാൽ ഞങ്ങൾ എന്തു ചെയ്തിട്ടുണ്ട് എന്നു അവ കാണിക്കും.

കമ്മിറ്റി ആധാരങ്ങളെ പരിശോധിച്ചിട്ടില്ല എന്ന കുറ്റാരോപണത്തിനു പരിശോധനം എന്നുവച്ചാൽ എന്താണെന്നു മെമ്പർ അർത്ഥമാക്കുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ. മി. സുബ്രഹ്മണ്യപിള്ളയുടെ മുമ്പാകെ ഓരോ ആധാരവും ഞാൻ തന്നെ വായിച്ചു നോക്കുന്ന ശ്രമം വഹിക്കയും അതിന്റെ ചുരുക്കം എഴുതി കുറിച്ചുവക്കയും ചെയ്തു. പിന്നീടു ആ കുറിപ്പുകളെ ഞാൻ തന്നെ തിയതിക്രമത്തിനു ചേർത്തുവച്ചു പിന്നീടുള്ളവയെ ടൈപ്പ് ചെയ്തു മെമ്പർമാർക്കു അയച്ചു. മെമ്പർ ഇവയെ പര്യാലോചിക്കയും ചെയ്തു. ഇതിൽ കൂടുതലായി വല്ലതും ആവശ്യം ഉണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. ആ വിഷയത്തെപ്പറ്റി ഇത്രത്തോളം പറയണം എന്നുമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

ബില്ലിനെ വീണ്ടും പ്രത്യേക കമ്മിറ്റിക്കു അയക്കണം എന്നുള്ള എന്റെ സ്നേഹിതന്റെ നിർദ്ദേശം ശരിയാംവണ്ണം ശ്രദ്ധിക്കപ്പെട്ടുവോ എന്നുള്ള സംഗതി എതിർകക്ഷിയിലുള്ള രണ്ടു മെമ്പർമാരുടെ പ്രസംഗത്തിൽ പിന്നീടു ഈ സഭ തീർച്ചപ്പെടുത്തേണ്ടതാകുന്നു. ആ വിഷയത്തെ കുറിച്ചു എന്റെ അഭിപ്രായം എന്താണെന്നു പറയാൻ ഞാൻ നിശ്ചയിക്കുന്നില്ല. ഞാൻ വോട്ടു ചെയ്യുമ്പോൾ അതു അറിയപ്പെടുന്നതാണ്. പ്രത്യേക കമ്മിറ്റിയുടെ പേരിൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ തീരെ അടിസ്ഥാനരഹിതങ്ങൾ എന്നുമാത്രമേ എനിക്കു പറയേണ്ടിയുള്ളു. ആധാരങ്ങൾ പരിശോധിക്കയും ചുരുക്കം എഴുതുകയും ചെയ്യുന്നതിൽ അധികമായ ശ്രമം ഞങ്ങൾ വഹിച്ചു. ചുരുക്കം എഴുതിയതായ കുറിപ്പിന്റെ ഒരു പ്രതി മി. സുബ്രഹ്മണ്യപിള്ളയ്ക്കു കിട്ടിട്ടുണ്ടു എന്നു ഞാൻ നിശ്ചയമായും പറയാം. അതുകൊണ്ടു ഈ നില അദ്ദേഹം അറിഞ്ഞിട്ടുണ്ടായിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): നക്കൽബില്ലിനെ നടപ്പാക്കുന്നതിൽ എതിർവാദത്തിന്റെ ശക്തിയെ മി. സുബ്ബയ്യർ പ്രത്യേക കമ്മിറ്റിയുടെ പ്രസിഡെന്റ് എന്ന നിലയിൽ സമ്മതിച്ചിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റു നിയമിച്ച മെമ്പർ): ഡെപ്യൂട്ടിപ്രസിഡെന്റു ഉണ്ടു. അങ്ങനെ പറയുന്നതിൽ ജീവനാംശം കൊടുക്കുന്നതായാൽ ഉപയോഗിച്ചിരിക്കുന്ന നിശ്ചയം മരുമക്കത്തായം ചട്ടത്തിനോടൊപ്പം ഉള്ളതാണ്. അതുകൊണ്ടു നടപ്പു വിപരീതം ആണെന്നു സ്ഥാപിക്കപ്പെടുന്നില്ലാ. എന്നുവരികിൽ ഓരോ അംശത്തിനും സമാവകാശം ഉണ്ടു. ആറാം ഭാഗം വിഭാഗത്തിനു വാദിക്കുന്നതായ ഏതിനും ആധാരങ്ങളും ഒസ്യത്തു വിഭാഗത്തിനു വാദിക്കുന്നതായ ഏതാനും ആധാരങ്ങളും ഉണ്ടു എന്നു സമ്മതിക്കപ്പെട്ടിരിക്കുമ്പോൾ ഒസ്യത്തുവിഭാഗം ആണു നടപ്പു എന്നു സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി പരിഗണിക്കാൻ വ്യക്തമായിട്ടില്ല എന്നു ഞങ്ങൾ പറഞ്ഞു. എന്റെ സ്നേഹിതനു ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ കഴിയും എന്നുവരികിൽ റിപ്പോർട്ടിനെ വീണ്ടും കമ്മിറ്റിക്കു അയക്കാം.

പ്രത്യേക കമ്മിറ്റിയിലെ ഓരോ മെമ്പരും ഇക്കാര്യത്തിൽ വളരെ ക്ലേശം വഹിച്ചിരിക്കുന്നു. കമ്മിറ്റി അവരുടെ കൃത്യം ചെയ്തിട്ടില്ലാ എന്നു പറയുന്നതു അനുചിതം എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഈ പ്രശ്നം സംബന്ധിച്ചുള്ള ഓരോ ആധാരവും ഹാജരാക്കുന്നതിനു ധാരാളം സമയം മെമ്പർമാർക്കു കൊടുത്തിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പ്രത്യേകകമ്മിറ്റിയിലെ മെമ്പർമാരിൽ വല്ലവരും ആധാരങ്ങളെ ചെന്നു നോക്കിയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റു നിയമിച്ച മെമ്പർ) (ഡെപ്യൂട്ടിപ്രസിഡെന്റ്) അവർ എല്ലാ ആധാരങ്ങളേയും ചെന്നു നോക്കിയില്ല. ചില ആധാരങ്ങൾ മുഴുവനായി വായിക്കപ്പെട്ടു. ആരും യാതൊരു ആക്ഷേപവും പറഞ്ഞില്ല. സംഗ്രഹം എഴുതിയ കുറിപ്പു മെമ്പർമാർക്കു അയക്കപ്പെട്ടു. ഓരോ മെമ്പരും വാദപ്രതിവാദത്തിൽ പങ്കുകൊള്ളുകയും ചെയ്തു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) കമ്മിറ്റിയിലെ പ്രസിഡെന്റു ഓരോ ആധാരവും വായിച്ചുനോക്കി പരിശോധിക്കയും സംഗ്രഹം തയ്യാറാക്കുകയും ചെയ്തുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റു നിയമിച്ച മെമ്പർ) (ഡെപ്യൂട്ടിപ്രസിഡെന്റ്) അതേ; ചില ആധാരങ്ങൾ മെമ്പർമാരുടെ മുൻപാകെ വച്ചു വായിക്കയും ചെയ്തു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) ആധാരങ്ങൾ റിക്കാർഡുകളായി സൂക്ഷിച്ചുവച്ചിരിക്കുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റ് നിയമിച്ച മെമ്പർ) (ഡെപ്യൂട്ടിപ്രസിഡെന്റ്) ഇല്ല, ആധാരങ്ങളുടെ പകർപ്പുകൾ റിക്കാർഡുകളിൽ ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള) പകർപ്പുകൾ എഴുതിയതു പ്രസിഡെന്റോ മെമ്പർമാരോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ട് നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രെസിഡണ്ട്) മി. സുബ്രഹ്മണ്യപിള്ള അദ്ദേഹത്തിന്റെ സ്വന്തം പകർപ്പുകൾ കൊണ്ടുവന്നു എന്നു തോന്നുന്നു. ഞാൻതന്നെ അവയുടെ സംഗ്രഹം എഴുതിയല്ല. പകർപ്പുകൾ അഡിഷണൽ ഹെഡ്സർക്കാർവക്കീലിന്റെ ആഫീസിലുണ്ട്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) പ്രെസിഡണ്ടിനു വല്ലകാലത്തും തന്റെ അടുക്കൽ അസൽ ആധാരങ്ങൾ ഉണ്ടായിരുന്നോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ട് നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) എന്റെ സ്നേഹിതൻ പറഞ്ഞതിന്റെ സാരം എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. ഞാൻ ആധാരങ്ങൾ വായിച്ചപ്പോൾ ഞാൻ നോട്ടു എഴുതിയെടുത്തു, അവ പലരുകൾ മടക്കിക്കൊടുക്കയും ചെയ്തു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) ഞാൻ എഴുതിയിരുന്നതായ സംഗ്രഹത്തിൽനിന്നു പ്രത്യേകകമ്മിറ്റിയിലെ പ്രെസിഡണ്ടു നോട്ടെഴുതിയെടുത്തു എന്നു ഞാൻ പറയുന്നതു ശരിയാണോ?

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ട് നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) ചിലഭാഗങ്ങൾ മി. സുബ്രഹ്മണ്യപിള്ള വായിച്ചു അവയുടെ സംഗ്രഹം ഞാൻ എഴുതി.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) ഞാൻ ആധാരങ്ങൾ വായിച്ചു എന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവർൺമെണ്ട് നിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) അതെ, ആധാരങ്ങളിലെ അനേകം ഭാഗങ്ങൾ വായിച്ചതു അദ്ദേഹമാണ്. പ്രധാനപ്പെട്ടവയായ ഭാഗങ്ങളെ അദ്ദേഹം അടയാളപ്പെടുത്തി എന്നുകൂടി ഞാൻ ഓർക്കുന്നുണ്ട്.

മി. എം. വേലുപ്പിള്ള (കുട്ടിച്ചേത്തമെംബർ) സ്വാമിൻ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കാനായി എഴുന്നേല്ക്കുന്നു. പ്രത്യേക കമ്മിറ്റിക്കു തിരിച്ചയക്കണം എന്നു ഇപ്പോൾ ആവശ്യപ്പെടുന്നതായ ഈ ബിൽ പതിനെട്ടു കൊല്ലം ചെന്ന ദീർഘകാലത്തോളം വ്യാപിക്കുന്ന അനന്യമായ പ്രക്ഷോഭണത്തിന്റെ ഫലമാണ്. പ്രധാനപ്പെട്ട കാര്യങ്ങൾ സംഭവിച്ചിരിക്കുന്ന ഈ കാലത്തിനുള്ളിലാണ് ഈ സംസ്ഥാനത്തിലെ അത്യന്തം പ്രധാനപ്പെട്ട സമുദായങ്ങളുടെ ഇരുപത്തഞ്ചു ലക്ഷം ജനങ്ങൾ ഉള്ളവയും ഈ രാജ്യത്തിലെ നിവാസികളിൽ മൂന്നിൽ രണ്ടു എണ്ണത്തോളം പോരുന്നവയും ആയ സമുദായങ്ങളുടെ ക്ഷേമത്തെ ബാധിക്കുന്നതായ നിയമങ്ങളെ നിയമമായി നിയമഗ്രന്ഥത്തിൽ ചേർത്തുവയ്ക്കാൻ ഇതേ നാതെന്ന യത്നിച്ചിട്ടുള്ളതു. ഈ സമുദായങ്ങളുടെ കാര്യത്തിൽ നിയമനിർമ്മിതിക്കുള്ള ആവശ്യപ്പെടലിനെ ഗവർൺമെണ്ടു ഉടനടി സാധിപ്പിച്ചുകൊടുത്തു. അവർ നിയോഗിച്ചതായ പരിശോധകകമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി നിയമനിർമ്മിതി നടത്തപ്പെട്ടു. ഈ സംഗതികളിൽ യാതൊന്നിലും രണ്ടാമതു ആലോചിക്കുന്നതിനുള്ള യാതൊരു ആവശ്യകതയും ഗവണ്മെണ്ടിനു ഉണ്ടായിരുന്നില്ല. ശ്രീമൂലം പ്രജാസഭയുടെ മൂന്നാമത്തെ യോഗത്തിൽ ൧൦൯൬-ാമാണ്ടിൽ ആണെന്നു തോന്നുന്നു. നായർ മെംബരും നാഞ്ചിനാട്ടു വെള്ളാളമെംബർമാരും അവരവരുടെ സമുദായങ്ങൾക്കു വേണ്ടതായ നിയമം ഉണ്ടാക്കേണ്ട ആവശ്യകതയെപ്പററി നിവേദനങ്ങൾ അറിയിച്ചു. ൧൦൯൬-ാം വർഷത്തിൽ ഫെബ്രുവരി മാസത്തിൽ ഗവണ്മെണ്ടു മരുമക്കത്തായം കമ്മിറ്റി നിയമിച്ചു ആ കമ്മിറ്റി അതേയാണ്ടു ആഗസ്റ്റ് മാസത്തിൽ അവരുടെ റിപ്പോർട്ടു സമർപ്പിച്ചു. വേഗത്തിൽ നിയമനിർമ്മിതിയും ആരംഭിച്ചു. നായർ സമുദായത്തിനു ൧൦൯൭-ാണ്ടത്തെ (൧൧൦൦-ജൂലൈ) ഒരു നിയമം ലഭിക്കയും ചെയ്തു. ഇതിനിടയ്ക്കു നാഞ്ചിനാട്ടുവെള്ളാളരുടെ നിവേദനത്തിന്റെ ഫലമായി ൧൧൦൦ ജൂലൈ മാസത്തിൽ അവർക്കുവേണ്ടി ഒരു കമ്മിറ്റി ഗവണ്മെണ്ടു നിയമിച്ചു ൧൧൦൧ ജൂൺമാസത്തിൽ ആ കമ്മിറ്റിക്കാർ അവരുടെ റിപ്പോർട്ടു ഗവണ്മെണ്ടിലേക്കു അയച്ചു ഈ റിപ്പോർട്ടിലെ വ്യവസ്ഥകൾ അനുസരിച്ചു എഴുതിയുണ്ടാക്കിയ ബിൽ ൧൧൦൨ ജൂൺമാസത്തിൽ ഈ സഭയിൽ പ്രയോഗിക്കപ്പെട്ടു അതു പ്രയോഗിക്കുന്നതിനുള്ള അനുവാദം ൧൧൦൩ ജൂൺ മാസത്തിലായിരുന്നു, അപ്പോൾ ഒരു പ്രത്യേകകമ്മിറ്റി നിയമിക്കപ്പെട്ടു. അവർ ഈ സഭയിൽ റിപ്പോർട്ടു സമർപ്പിച്ചു എന്നുവരികിലും, മരണശാസനം എഴുതിവയ്ക്കാതെ മരിക്കുന്നവരുടെ പിന്തുടർച്ചാവകാശം മുതലായ കാര്യങ്ങളെക്കൂടി ഉൾപ്പെടുത്തി അധികം വ്യാപിയായ നിയമം വേണ്ടതാണെന്നു സമുദായം ആവശ്യപ്പെടുന്നു എന്നുള്ള കാരണത്തിന്മേൽ, പ്രത്യേക കമ്മിറ്റി ഭേദപ്പെടുത്തിയ ബില്ലിനെ പിൻവലിക്കുന്നതിനു അനുവാദത്തിനായി പണ്ഡിതരായ ചാർജമെംബർ ൧൧൦൫ ഡിസംബർ മാസത്തിൽ അപേക്ഷിച്ചു ഈ വിഷയം വീണ്ടും പ്രജാസഭയിൽ നിവേദനംവഴിയായും ഈ സഭയിൽ ചോദ്യങ്ങൾവഴിയായും ഗവർണ്മെണ്ടിന്റെ അറിവിൽ കൊണ്ടുവരപ്പെട്ടു. ഒരു പുതിയകമ്മിറ്റി നിയമിക്കണം എന്നു ഗവർണ്മെണ്ടു തീർച്ചചെയ്തു. ൧൧൦൬ ഫെബ്രുവരിമാസത്തിൽ കമ്മിറ്റി നിയമിക്കപ്പെട്ടു. ൧൧൦൬ ജൂൺമാസത്തിൽ കൂട്ടമായി നാലുമെംബർമാരെ ഈ കമ്മിറ്റിയിൽ നിയമിച്ചു. കമ്മിറ്റി സംസ്ഥാനം ഒട്ടുക്കു സഞ്ചരിക്കയും അവരോടു ചോദിച്ചിരുന്ന കാര്യങ്ങളെക്കുറിച്ചു തെളിവുശേഖരിക്കുന്നതിനു മഹത്തരങ്ങളായ ക്ലേശങ്ങൾ വഹിക്കയും ചെയ്തു. ൧൧൦൭ ജൂൺമാസത്തിൽ കമ്മിറ്റി ഏകകണ്ഠമായ ഒരു റിപ്പോർട്ടു അയച്ചു, ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തയാറാക്കിയിട്ടുള്ള ബില്ലാണു ഇപ്പോൾ പര്യാലോചനത്തിൽ ഇരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): വിചാരണകമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രതിപാദിക്കപ്പെട്ടിരുന്ന ഒരു ചട്ടം പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചേത്ത മെംബർ): എനിക്കു നിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): കാരണവന്റെ ഓഹരി മുതലായവയെപ്പററി പ്രതിപാദിക്കുന്ന വകുപ്പിനെ സംബന്ധിച്ചു പ്രത്യേകകമ്മിറ്റിയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു വ്യവസ്ഥ വിചാരണകമ്മിറ്റിയിൽ പ്രതിപാദിക്കപ്പെട്ടിരുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചേത്ത മെംബർ): അതെ, നാം ക്രമേണ മക്കത്തായം നിയമമുള്ളവരായി ഭവിക്കുന്നു, അതുകൊണ്ടു കാരണവനുള്ള ഓഹരിക്കു വ്യവസ്ഥചെയ്യേണ്ടതായ ആവശ്യമില്ല. അതുകൊണ്ടു ആ വ്യവസ്ഥകളെ പ്രത്യേകകമ്മിറ്റി എടുത്തുകളഞ്ഞിരിക്കുന്നു.

ഈ കമ്മിറ്റിയിലെ മെംബറായിരുന്ന മി. സുബ്രഹ്മണ്യപിള്ള ഈ റിപ്പോർട്ടിനെപ്പററി സംസാരിച്ച അവസരത്തിൽ ഈ സഭയിൽ നടന്ന വാദപ്രതിവാദത്തിനിടയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ജനങ്ങളുടെ നേരായ ആവശ്യങ്ങളെ നിർണ്ണയിച്ചറിയുന്നതിൽ കമ്മിറ്റി യാവഛക്യം എല്ലാം ചെയ്തിട്ടുണ്ടെന്നു ഈ സഭയിൽ ഉറപ്പുപറയാവുന്ന നിലയിൽ ഇപ്പോൾ ഞാൻ ഇരിക്കുന്നു. ഈ സമുദായത്തിനുവേണ്ടി പ്രസിഡൻറു കണ്ണിച്ചുതായ ശല്ല്യത്തിനായി സമുദായത്തിൻെറ കൃതജ്ഞതയെ ഏതസംബന്ധമായി റിയിക്കവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിൻെറ നേരുള്ള പ്രവൃത്തിയും നിഷ്പക്ഷപാതവും ഉദാഷഹിനവും ആയ പരിശ്രമവും അദ്ദേഹത്തെപ്പററി സമുദായത്തിൻെറ നല്ല അഭിപ്രായത്തെ അദ്ദേഹത്തിനു നേടിയിരിക്കുന്നു. അവർ ഇപ്പോൾ അദ്ദേഹത്തിൻെറനേക്ക് കൃതജ്ഞതയാൽ വളരെ കടപ്പെട്ടാഇരിക്കുന്നു. ഈ റിപ്പോർട്ടു വസ്തുതകളുടെയും കമ്മിറ്റി വിചാരണ നടത്തിയകാലത്തിനിടയ്ക്കു സമുദായം വെളിവാക്കിയ അഭിപ്രായങ്ങളുടെയും ഏററക്കുറെ സത്യമായവിവരണം ആണെന്നു എനിക്കു ഈ സഭയിലെ മെംബർമാരോടു ഉറപ്പുപറയാൻ കഴിയും".

മി. എം. ശിവരാമപിള്ള (തോവാള): മെംബർ എത്രകാലമായി സർക്കാരുദ്യോഗത്തിൽ ഇരിക്കുന്നുണ്ടു എന്നു പറഞ്ഞുതരാമോ?

മി. എം. വേലുപ്പിള്ള (കുട്ടിച്ചേർത്ത മെംബർ): ഞാൻ പറഞ്ഞുതരാം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ പ്രസംഗത്തിൽനിന്നു ഉദ്ധൃതഭാഗം മെംബർ വായിച്ചുവോ. അതിൻെറ മററൊരു ഭാഗത്തു വസ്തുവിഭാഗത്തെസംബന്ധിച്ച വ്യവസ്ഥയെ ഞാൻ എതിർത്തുപറഞ്ഞിട്ടുണ്ട് എന്ന് ഞാൻ മെംബറെ അറിയിക്കട്ടെ?

മി. വേലുപ്പിള്ള (കുട്ടിച്ചേർത്ത മെംബർ): അതു ഞാൻ നിഷേധിക്കുന്നു.

ഈ സമുദായത്തിൽ ൨൩,൦൦൦ ജനങ്ങളെ ഉള്ളൂ എന്നും ൩൧൭ സാക്ഷികളെ വിസ്തരിച്ചിട്ടുണ്ടെന്നും ൨൪ പേർ ചോദ്യങ്ങൾക്കു മറുപടി എഴുതി അയച്ചിട്ടുണ്ടു എന്നും കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്നു നാം കാണുന്നു. ഈഴവ ചാകമ്മിറ്റി ൧൯൧൭-ൽ വിസ്തരിച്ച സാക്ഷികളുടെ മൊത്തം എണ്ണം ആറുലക്ഷത്തിൽപരം ജനങ്ങൾ ഉള്ളവരിൽ നൂറു മാത്രം ആകുന്നു. ൧൯൧൦-ൽ മരുമക്കത്തായം കമ്മിറ്റിയാകട്ടെ ആറുലക്ഷത്തിൽപരം ഉള്ള ജനങ്ങളിൽനിന്നു ൧൦൨൧ പേരെ മാത്രമേ വിസ്തരിച്ചിട്ടുള്ളൂ. ഇക്കാര്യത്തിൽ അന്വേഷണം താരതമ്യേന അധികം പൂർണ്ണമായിരുന്നു എന്നും ശേഖരിച്ച തെളിവിൻെറ വലുപ്പം മററു രണ്ടു സമൂഹങ്ങളെ സംബന്ധിച്ച അന്വേഷണങ്ങൾ ഗവണ്മെൻറു നടത്തിയതു അവയിൽ ഏതിനേയുംകാൾ താരതമ്യേന വളരെ അധികം വലുതാണെന്നും വ്യക്തമാകുന്നു. ഈ ബില്ലിൽ ഉള്ള വ്യവസ്ഥകളിൽ വിവാദം ഉള്ള ഏകസംഗതി ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന വസ്തുവിഭാഗരീതിയെക്കുറിച്ചുള്ളതാകുന്നു. വിഭാഗരീതിയെക്കുറിച്ചുള്ള ഈ വിഷയം റിപ്പോർട്ടിൻെറ ൧൩-ാംവകുപ്പിൽ കമ്മിറ്റി പറഞ്ഞിരിക്കുന്ന നിരൂപണങ്ങൾ ധാരാളമായി സാക്ഷീകരിക്കുംപോലെ അതിൻെറ ൨൨-ാം വകുപ്പു ൭-ാം നമ്പറായി ചേർത്തിരിക്കുന്ന ചോദ്യത്തിൻെറ രൂപത്തിൽ അതിപ്രധാനമായി സാക്ഷികളോടു ചോദിക്കപ്പെട്ടിരുന്നു എന്നുള്ളതും കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്നു വ്യക്തമാകുന്നു.

ഈ കമ്മിറ്റി ഇത്രയധികം ക്ലേശവും ഉപദ്രവവും സഹിച്ചു തീർച്ചപ്പെടുത്തിട്ടുള്ള ഏകകണ്ഠമായ പരിശോധനയെയാണ് പ്രത്യേകകമ്മിറ്റിക്കാർ അവരുടെ റിപ്പോർട്ടിൽ അനുവർത്തിച്ചിരിക്കുന്നതു. ഈ വിഷയത്തിൽ കൂടുതലായ തെളിവുഎടുക്കാൻ പ്രത്യേകകമ്മിറ്റിക്കു നിസ്സംശയം അധികാരമുണ്ടുഎന്നുവരികിലും ആ വിധം യാതൊരു തെളിവും എടുത്തേതീരു എന്നുനിർബന്ധംഇല്ലായിരുന്നു. എന്നാൽ ബില്ലിനെ വീണ്ടും പുനരാലോചനത്തിനായി പ്രത്യേകകമ്മിറ്റിക്കു അയക്കണംഎന്നു ഇപ്പോൾ വാദിക്കുന്ന മെംബർമാരുടെ അപേക്ഷയിന്മേൽ ആയിരിക്കാമെന്നു തോന്നുന്നു, ആ പ്രത്യേകകമ്മിറ്റി തെളിവുശേഖരിക്കയും സുവിചാരിതമായ ഒരു വിജ്ഞാപനപത്രം സമർപ്പിക്കയുംചെയ്തിട്ടുണ്ടു. തെളിവിനെ ആലോചിച്ചു എന്നുമാത്രമല്ല കമ്മിറ്റി. ഇരുകക്ഷികളുടേയും നിയോജകജനപ്രതിനിധികളെ അംഗീകരിക്കയും ഈ വിഷയത്തിൻെറഇരുഭാഗങ്ങളേയും വക്കീൽമാർ വാദിക്കുന്നതിനു അനുവദിക്കയുംചെയ്തു. ഈ കമ്മിറ്റി ഈ സംഗതിയിൽ നൽകീട്ടുള്ളതിൽ കൂടുതലായി അധികം സശ്രദ്ധമായ പര്യാലോചനം യാതൊരു ബില്ലിലും നടത്താവുന്നതല്ല. എന്നിട്ടും രേഖകൾ വായിച്ചുനോക്കീട്ടില്ലാഎന്നും വാസ്തവത്തിൽ യാതൊരു തെളിവും ശേഖരിച്ചിട്ടില്ലാ എന്നും ചുരുക്കത്തിൽ ഇപ്പോൾ സങ്കടമെന്നു ഇരിക്കുന്ന റിപ്പോർട്ട് 'വസ്തുതകളുടെ സത്യമായ വിവരണം അടങ്ങിയിരിക്കുന്നില്ല' എന്നും മിസ്റ്റർ സുബ്രഹ്മണ്യപിള്ള പറയുന്നു. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനെ അധികരിച്ചു ഈ നിവേദനത്തിൻമേൽ വേണ്ടതു നാം പ്രവർത്തിക്കേണമോ? പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഞങ്ങളിൽ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും പിതാംബരംപിള്ളയും പരസ്പരം എതിർവാദങ്ങൾ പുറപ്പെടുവിക്കുകയും അവരുടെ അഭിപ്രായഗതികളെ ഞങ്ങളെ വിശദമായി മനസ്സിലാക്കുന്നതിനു നല്ലവണ്ണം ശ്രമിക്കയുംചെയ്തു. ഈ വിഷയത്തെസംബന്ധിച്ചു ഇരുകക്ഷികളുടേയും നിയുക്തരായ പ്രതിനിധികളുടെ നിവേദനങ്ങളും ഞങ്ങൾ കേട്ടു. ജനങ്ങൾ അയച്ചിട്ടുള്ള അനേകം ഹർജികൾ ഞങ്ങൾ വായിക്കുകയും ഇരുകക്ഷികളുടേയും വാദങ്ങൾ സ്ഥാപിക്കുന്നതിനായി ഹാജരാക്കീട്ടുള്ള ആധാരങ്ങൾ വായിച്ചുനോക്കുകയുംചെയ്തു. ഈ സമുദായത്തിൽചേർന്നവരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉള്ള ഏകസംഗതി ഇതാകയാൽ ഈ വിഷയത്തെ അധികം വിവരമായി പരിശോധിക്കേണ്ടതു ആവശ്യമാണെന്നു ഞങ്ങൾ വിചാരിച്ചു.............................

ഞങ്ങൾ ഞങ്ങളുടെമുമ്പാകെ കിട്ടിട്ടുള്ള പലവിധ വാദമുഖങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുകയും പര്യാലോചിക്കയുംചെയ്തു. ആൾപ്രതിഭാഗംതോറുമുള്ള വിഭാഗമാണ് സ്വീകാര്യവും ന്യായവും അധികം യുക്തിയുക്തവുമായ മാർഗ്ഗം എന്നു ഞങ്ങൾ വിചാരിക്കുന്നു. കമ്മിറ്റിയുടെ ഏകകണ്ഠവും ശ്രദ്ധാപൂർവ്വം തയാറാക്കപ്പെട്ടിട്ടുള്ളതുമായ റിപ്പോർട്ടിനെ അനുവർത്തിക്കേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

മി. എം. ശിവരാമപിള്ള (തോവാള): മെംബർക്കു അയച്ചിരുന്ന ചോദ്യങ്ങൾക്കു മറുപടി അദ്ദേഹം അയച്ചിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചേർത്ത മെംബർ): ഉണ്ട്,

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം അന്നു വാദിച്ചതു് ഏതു തീയതിയിൽ ഉള്ള വസ്തു വിഭാഗം ആയിരുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): അന്നു ഞാൻ വാസ്തവത്തിൽ [illegible] ഉദ്ദേശിച്ചിരുന്നു. എന്നാൽ അതിൽപിന്നീടു എന്റെ അഭിപ്രായം ഞാൻ മാറ്റീട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): താങ്കളുടെ അഭിപ്രായം മാറുന്നതിനു [illegible] കാരണം ഉണ്ടായിരുന്നുവോ?

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): ഉണ്ടായിരുന്നു. [illegible]

മി. എം. ശിവതാണുപിള്ള (തോവാള): അക്കാരണങ്ങളിൽ ഒന്നെങ്കിലും എടുത്തു പറയാമോ?

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): കാരണവന്മാർ [illegible] ഇല്ലാതെ [illegible] മാറുന്നതു്; പണ്ടു കൊല്ലത്തിനുമുമ്പു എനിക്കു ഉണ്ടായിരുന്ന അഭിപ്രായം [illegible] ഇല്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അന്വേഷണക്കമ്മിറ്റി സ്ഥാപിച്ചിട്ടു എത്രപ്പോൾ [illegible]

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): നാലു കൊല്ലം കഴിഞ്ഞു.

മി. എം. ശിവതാണുപിള്ള (തോവാള): കാലക്രമംകൊണ്ടു താങ്കളുടെ അഭിപ്രായം മാറിപ്പോകും എന്നു മെമ്പർ പറയുന്നുണ്ടോ?

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): അതേ; അഭിപ്രായങ്ങൾ മാറാം.

മി. എം. ശിവതാണുപിള്ള (തോവാള): മരുമക്കത്തായം നടപ്പുള്ളതിനും നാഞ്ചിനാട്ടു വെള്ളാള സമുദായത്തിനും തമ്മിൽ വല്ല വ്യത്യാസവും ഉള്ളതായി മെമ്പർക്കു അറിയാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): ഇല്ല.

മി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ സമുദായത്തിനു പ്രത്യേകമായ വല്ല വ്യത്യാസവും ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): ഒന്നുണ്ട് [illegible] ൽമാത്രം ഈ സമുദായത്തിനു പ്രത്യേകമായുള്ളതാണ്. ഈ ആചാരങ്ങൾ വടക്കൻ തിരുവിതാംകൂറിൽ ഉള്ള വെള്ളാളരുടെ ഇടയിൽ നടപ്പില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള ([illegible] വ്യവസായവും—വടക്ക): ഏകദേശം നാഞ്ചിനാട്ടു വെള്ളാളർ എത്രയുണ്ടായിരിക്കും.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): എനിക്കു പറയാൻ കഴികയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): വളരെ കൂടിയാൽ പത്തിലൊന്നിൽ കൂടുതലായിരിക്കയില്ല എന്നു മെമ്പർക്കു എന്നോടു ഉറപ്പുപറയാൻ കഴിയുമോ.

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): ഇരിക്കാം.

ഈ വാക്യങ്ങൾ എല്ലാം ശരിയല്ലാത്തവയാണെന്നും മി. സുബ്രഹ്മണ്യപിള്ള ഇപ്പോൾ പറയുന്നതിൽ [illegible] കക്ഷികൾക്കും വക്കീന്മാർ ഉണ്ടായിരുന്നു എന്നുള്ളതു സത്യംകൂടെയല്ല എന്നും നാം പറയേണ്ടതാണോ? [illegible] കമ്മിറ്റിയുടെ മുൻപാകെ [illegible] അവർ അവരവരുടെ നിലയെപ്പറ്റി [illegible] സംഗ്രഹവും [illegible] കൊടുത്തു എന്നും [illegible] കമ്മിറ്റിയിൽ [illegible] അടങ്ങിയിരിക്കുന്ന സംബന്ധപ്പെട്ട സംഗതികളുടെ സംഗ്രഹവും [illegible] മെമ്പർമാരിൽ ഇപ്പോൾ ഈ സഭയിൽ ഉള്ളവർ ഓർക്കുന്നതാണ്. [illegible] ആലോചനാക്രമത്തിനെ [illegible] എന്നുള്ള [illegible] പ്രശ്നം ഈ സഭയിൽനിന്നുമാത്രം തീർപ്പു [illegible] ഈ വിഷയത്തെക്കുറിച്ചു വീണ്ടും വാദപ്രതിവാദം നടത്തി തീർച്ചചെയ്യേണ്ടിയിരിക്കുന്ന [illegible] വിഷയം ആണ്. ഈ വിഷയത്തെക്കുറിച്ചു വീണ്ടും [illegible] ഈ ബില്ലിനെ വീണ്ടും ഒരു പ്രത്യേകകമ്മിറ്റിയുടെ തീർച്ച ഈ സഭയെ തീരെ ബന്ധിക്കുകയില്ല. പ്രത്യേകകമ്മിറ്റിയുടെ തീർച്ച ഈ സഭയെ തീരെ ബന്ധിക്കുകയില്ല. ഈ വിഷയത്തെ ഒന്നുകൂടി ആലോചിച്ചു തീർച്ചചെയ്യുന്നതിനോ [illegible] കമ്മിറ്റിക്കു അയക്കുന്നതിനുള്ള ഉദ്ദേശം എന്തു? [illegible] കൂടുതൽ തെളിവു വാങ്ങിക്കുന്നതിനെന്നു് കൂടുതൽ തെളിവു വാങ്ങിക്കേണ്ട കാര്യങ്ങൾ [illegible] ശരിയായ മറ്റൊരു വിചാരണക്കമ്മിറ്റിയെ നിയമിക്കുകയും അവർ തെളിവു [illegible] സ്വീകരിക്കേണ്ടതായ ശരിയായ [illegible] ആകുന്നു. തെളിവുശേഖരിക്കുന്നതു പ്രത്യേക[illegible] ശേഖരിച്ചു ബോധിപ്പിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്യുക ആകുന്നു. [illegible] തെളിവു റിക്കാർഡിൽ ഉള്ളതായ കാര്യങ്ങൾ, പ്രത്യേകകമ്മിറ്റിയുടെ ശരിയായ കൃത്യമായ സാക്ഷ്യം വിശാലമായ തെളിവു [illegible] സാധാരണസ്ഥിതിയിൽ ഉള്ള കൃത്യമൊന്നല്ല; അങ്ങനെയുള്ള കാര്യങ്ങളിൽ ആവശ്യം ഉള്ള വിചാരണക്കമ്മിറ്റിയെ [illegible] പ്രത്യേകകമ്മിറ്റി വാദപ്രതിവാദം നടത്തിതീർച്ചപ്പെടുത്തേണ്ടതായ പുതിയ സംഗതികൾ ഒന്നും ഇല്ല എന്നു സമ്മതിക്കപ്പെട്ടും ഇരിക്കുന്നു. ഇന്നത്തെ വാദത്തിനായി അറിയിപ്പുകൊടുത്തു ചേർത്തിരിക്കുന്ന സംഗതികളിൽ കമ്മിറ്റി വാദപ്രതിവാദം നടത്തി തീർച്ചപ്പെടുത്തേണ്ടതായി യാതൊന്നും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): തെളിവുശേഖരിക്കുന്നതിനു പ്രത്യേകകമ്മിറ്റിക്കു അധികാരം കൊടുക്കുന്നതായി സ്ഥിരാജ്ഞകളിൽ ഒരു വ്യവസ്ഥയുണ്ടു എന്നു മെമ്പർക്കു അറിയാമോ എന്നു ഞാൻ ചോദിക്കട്ടെയോ?

മി. എം. വേലുപ്പിള്ള (കുട്ടിച്ചാത്തമെമ്പർ): ഉണ്ടായിരിക്കാം.

ഈ സ്ഥിതിക്കു ഇനി [illegible] ആവശ്യം എന്തു്?

ഈ ബില്ലിന്റെ ഗതിയിൽ ഓരോ ദശയിലും അതിന്റെ അഭിവൃദ്ധിയെ തടയുവാൻ ശ്രമങ്ങൾ ചെയ്തു വന്നിട്ടുണ്ട് എന്നുള്ളതു കഷ്ടംതന്നെ. നാഞ്ചിനാട്ടു വെള്ളാളരുടെ ഇടയിൽ സാമുദായികമായ നിയമനിർമ്മാണങ്ങളുടെ ആവശ്യകതയെക്കുറിച്ചു റിപ്പോർട്ടു ചെയ്യുവാനായി ആദ്യത്തെ കമ്മിറ്റി നിയമിക്കപ്പെട്ടതായ കാലംമുതൽ വളരെ പ്രധാനപ്പെട്ട മൂന്നു നിയമങ്ങൾ ഈ സഭയാൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്നു ഞാൻ ഇതിനുമുമ്പിൽ [illegible] യിരുന്നല്ലോ. [illegible] അതിനുപിന്നീട്ടു വളരെ പ്രധാനപ്പെട്ട [illegible] കൂട്ടി ചേർപ്പെടുത്തുകയും അംഗീകരിക്കയും ചെയ്തിട്ടുണ്ട്. ഈ [illegible] സമുദായത്തിലെ [illegible] വിചാരണക്കമ്മിറ്റികൾ [illegible] റിപ്പോർട്ടുകളുടെ അടിസ്ഥാനപ്പെടുത്തി നിയമങ്ങൾ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ [illegible]

യമസംബന്ധമായ ഈ എല്ലാ മാററങ്ങളിലും സ്വല്പപക്ഷക്കാരിൽനിന്നു എതിർവാദം ഉണ്ടായിരുന്നു. എന്നാൽ എതിരഭിപ്രായക്കാരുടെ ഗതികളുമായി പരിചിതമായ ഈ സഭ യാതൊരു ഗുണകരമായ നിയമങ്ങളെ നിയമമായി പ്രതിഷ്ഠിച്ചിട്ടുണ്ട്. അതെല്ലാം ദീർഘകാലത്തിനു ശേഷം വിജയമായി കലാശിച്ചിരിക്കുന്നു. ഇപ്രകാരം തന്നെ ബില്ലിന്റെ കാര്യത്തിൽ ഇതിന്റെ ഗതിയെ താമസിപ്പിക്കുന്നതിനു ശക്തമായ സകല പരിശ്രമങ്ങളും ഇപ്പോൾ ചെയ്തു വരുന്നുണ്ട്. വസ്തുവിഭാഗം എന്ന വിഷയത്തെക്കുറിച്ചു കമ്മിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ ചെയ്യാമെന്നു വിചാരണക്കമ്മിറ്റിയുടെ റിപ്പോർട്ടു പൂർണ്ണമായി മതി എന്നുള്ളതുകൊണ്ടു പ്രത്യേകക്കമ്മിറ്റി കൂടുതൽ തെളിവുകളെ ശേഖരിക്കേണ്ടതില്ലെന്നും സമാവലി പ്രമാണത്തിന്റെ വിധം ആയിരുന്നു. ഈ ഭേദഗതിയുടെ ഇപ്പോഴത്തെ പ്രയോജനം അതാവശ്യം ഒരു പ്രത്യേകക്കമ്മിറ്റി ഏകകണ്ഠമായി ചെയ്ത റിപ്പോർട്ടു അന്വേഷണം സംബന്ധിച്ചിടത്തോളം ഈ വിഷയത്തെ തീർച്ചപ്പെടുത്തിയിട്ടുള്ളതായി ഗ്രഹിക്കേണ്ടതാകുന്നു. പ്രത്യേകക്കമ്മിറ്റി മേലുദ്ധരിച്ച സൗജന്യത്തെ സഭാംഗങ്ങൾക്കു കൂടുതൽ അവകാശങ്ങൾ [illegible] കൂടുതൽ അവകാശങ്ങളെ പുനഃസ്ഥാപിക്കുന്നതിനായി ഇപ്പോൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അതു സൗജന്യമാണോ എന്നു ഞാൻ ചോദിക്കട്ടെ.

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ) അതു, സൗജന്യം എന്നാകുന്നു എന്റെ മതം. നിങ്ങൾക്ക ഏതു വിധത്തിലും അതിനെ വിളിക്കാവുന്നതാണ്. പ്രത്യേകക്കമ്മിറ്റിയുടെ റിപ്പോർട്ടു കഴിഞ്ഞ സഭയിൽ വച്ചു പ്രതിപക്ഷത്തിനായി സമ്മതമായിരുന്നു; ഒരു കൂട്ടിച്ചേർത്ത മെമ്പർ സംഗതി പഠിച്ചിട്ടില്ലാ എന്നായിരുന്നു ആക്ഷേപം. ബില്ലിനെ വീണ്ടും പ്രത്യേകക്കമ്മിറ്റിക്കു അയക്കണം എന്നുള്ള വാദം അപ്പോൾ ഉണ്ടായിരുന്നില്ല. വിചാരണക്കമ്മിറ്റി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയതായ ഒരു റിപ്പോർട്ടും ചേർക്കപ്പെട്ടിരുന്ന എല്ലാ വിഷയങ്ങളെപ്പറ്റിയും സശ്രദ്ധം പര്യാലോചിച്ചിട്ടുണ്ടു എന്നു വാദിക്കുന്നതായ പ്രത്യേകക്കമ്മിറ്റിയുടെ റിപ്പോർട്ടും നമുക്കു ഇവിടെ ലഭിച്ചിരിക്കുന്നു. ഈ കമ്മിറ്റികളിൽ വല്ലതും സ്വീകരിച്ചതായ നടപടിയിലോ രീതിയിലോ തെററായി യാതൊന്നും തന്നെ ഇല്ല. വിചാരണക്കമ്മിറ്റി സ്വപ്രവൃത്തിയെ അത്യന്തം തൃപ്തികരമായി നടത്തീട്ടുണ്ടു എന്നും പ്രത്യേകക്കമ്മിറ്റി തീർച്ചപ്പെടുത്തേണ്ടതായ ഏതു സംഗതി ഭാഗവുംകയും ചെയ്തുവെന്നും മിസ്റ്റർ സുബ്രഹ്മണ്യപിള്ളതന്നെയും സമ്മതിക്കുന്നുണ്ട്. ഈ റിപ്പോർട്ടു ഒരു കക്ഷിയെ തൃപ്തിപ്പെടുത്തില്ലാ എന്നുള്ള കാരണത്താൻമാത്രം അതിനെ പിന്നീടു വീണ്ടും നടത്തേണ്ടതാകുന്നു എന്നുള്ള വാദം തീരെ നിരർത്ഥകവും ബില്ലിനെ വൈകിക്കുന്നതിനെ താമസിപ്പിക്കുന്നതിനു മാത്രം ഉതകുന്നതും ആകുന്നു. പ്രകടമായും അത്യധികം അന്യായവും അയുക്തികവും ആയ ഒരു മാർഗ്ഗം സമ്മതിക്കുന്നതു ഈ സഭയുടെ പ്രതിഷ്ഠിതമായ ഗൌരവത്തിനും പാരമ്പര്യത്തിനും നാശകരം ആയിരിക്കും എന്നു ഞാൻ അറിയിക്കുന്നു.

ഈ ബില്ലിനെ ഇനിയും വല്ല കാലത്തേക്കും താമസിപ്പിക്കണമോ എന്നു തീർച്ചപ്പെടുത്തുന്നതിൽ ഈ നിയമപരിഷ്കാരം കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിൽപരം തീപിടിച്ചിരിക്കുന്ന എന്നുള്ള സംഗതിയെ ഈ സഭ സശ്രദ്ധം പരിചിന്തനം ചെയ്യും എന്നും ഞാൻ ആശിക്കുന്നു. ഭേദഗതിക്കു നിയമം മാററാൻ ഇടയുണ്ടെന്നുള്ള ശങ്കനിമിത്തം കാരണവന്മാർ ദുർവ്യയം നടത്തുന്നതിനും ഒരുങ്ങിയതായി മുതൽ സ്വത്തു മാററുന്നതിനും കാരണം ആയിട്ടുണ്ട്; ഇതുനിമിത്തം മിക്ക കുടുംബങ്ങളിലും കലഹവും വ്യവഹാരവും അസാധാരണം അല്ല. നഷ്ടപ്പെടുന്നവൻ എന്നു ജനങ്ങൾ പ്രതീക്ഷണം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ നിയമത്തിന്റെ കാര്യത്തിൽ യാതൊരു പരിഹാരവും ലഭിച്ചില്ലാ എന്നുവരികിൽ അതു നാശകരമായിരിക്കും. ഈ ബില്ലിന്റെ ഗതിയിൽ ഉള്ള താമസത്തിലും ഒഴിവിൽ അല്ലെങ്കിൽ മററുവിധത്തിൽ ഉള്ള ആക്ഷേപങ്ങൾ പുറപ്പെട്ടുവരുന്നതുകൊണ്ടു ഈ ബിൽ ഡെമോക്രസിയുടെ ബലിഷ്ഠവുമായ ജനങ്ങളുടെ തടസ്സം കൂടാതെ തൂങ്ങിക്കിടക്കുവാൻ സമ്മതിക്കുന്നതായിരുന്നാൽ അതു സമുദായത്തിനു ആപല്ക്കരം ആയ വലിയ ദോഷങ്ങളെ ജനിപ്പിക്കും എന്നു ആലോചിക്കേണ്ടതാണെന്നു ഈ സഭയിലെ മെമ്പർമാരോടു ഞാൻ അത്യാദരപൂർവ്വമായി അപേക്ഷിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): രണ്ടുമാസക്കാലം ഈ ഭേദഗതി ഉച്ചസ്ഥാനത്തിൽ എത്തിക്കുമോ എന്നു ചോദിച്ചുകൊള്ളുന്നു.

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ): അതേ, ആകും.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിന്റെ തറവാട്ടുവസ്തുവിനെ ഭാഗം ചെയ്യുകയാണോ എന്നു സ്വന്തം തറവാട്ടിന്റെ കാര്യത്തിൽ അദ്ദേഹം ഒരുങ്ങിയിട്ടില്ലയോ എന്നു ഞാൻ ചോദിക്കട്ടെ.

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ): ഞാൻ എന്റെ തറവാട്ടിലെ കാരണവൻ അല്ല. ഞാൻ ഭാഗം ചെയ്യുന്നതിനെ വിരോധിച്ചിട്ടും ഇല്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—മീനച്ചിലും): അദ്ദേഹം തൊടുപുഴ വാരണാസി ചെറുകുന്നത്തുകാരനല്ലയോ?

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ): ഞാൻ ഭാഗസ്ഥിതിവാദക്കാരൻ ആകുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും—മീനച്ചിലും): വസ്തുവിഭാഗം എന്ന ഈ വാദത്തെ അടിസ്ഥാനപ്പെടുത്തിട്ടാണോ അസംബ്ലിയിലേക്കു തെരഞ്ഞെടുപ്പു ലഭിച്ചതു എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ): ഈ വാദത്തെ അടിസ്ഥാനപ്പെടുത്തിയിട്ടല്ലാ മിസ്റ്റർ ചിദംബരംപിള്ള തെരഞ്ഞെടുപ്പിനു അപേക്ഷിച്ചില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ സമുദായത്തിൽ ചെന്നവരിൽ എതിരാളി ആരും ആയിരുന്നു.

മി. എം. വേലുപ്പിള്ള (കൂട്ടിച്ചേർത്ത മെമ്പർ): മിസ്റ്റർ സുബ്രഹ്മണ്യപിള്ള സ്ഥാനാർത്ഥിയാണെന്നു അറിയപ്പെട്ടിരുന്നില്ല. അന്ത്യക്ഷണത്തിൽ മാത്രമാണു് അദ്ദേഹം സ്ഥാനാർത്ഥിയാണെന്നു അവർ അറിഞ്ഞതു. പിന്നീടു അവർ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയെ തെരഞ്ഞെടുക്കുന്നതിനു താത്പര്യപ്പെട്ടു.

*മി. എം. ശിവതാണുപിള്ള (തോവാള): തെരഞ്ഞെടുപ്പുസമയത്തു മെംബർ തോവാള ഡിസ്ട്രിക്ടിൽ സന്നിഹിതൻ ആയിരുന്നുവോ എന്നു ഞാൻ ചോദിക്കട്ടെ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): തെരഞ്ഞെടുപ്പു മത്സരംആയി നമുക്കു ഇവിടെ വല്ല ബന്ധവും ഉണ്ടോ?

പ്രെസിഡെണ്ട്: അതു തീരെ അസംബന്ധം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഈ അതിവിശിഷ്ടമായ പ്രത്യേക കമ്മിട്ടിയിലെ ഒരു അംഗം ആയിരിക്കുന്നതിനുള്ള ഭാഗ്യം മിസ്റ്റർ സബ്ബ്യൂറൽപ്പോലെ എനിക്കും ഉണ്ടായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ സഭാസമക്ഷം ഉള്ള വാദവിഷയം ബില്ലിനെ മാററാതെ പ്രത്യേക കമ്മിട്ടിക്കു [illegible] യുക്തമായ കാരണങ്ങൾ കാണിച്ചിട്ടുണ്ടോ എന്നതാകുന്നു. ഒരു കമ്മിട്ടിയുടെ ഉപേക്ഷപത്തിന്റെ പ്രയുക്തതാവു മതിയായ കാരണങ്ങൾ കാണിച്ചിട്ടുണ്ടോ [illegible] ഈ വിഷയത്തെക്കുറിച്ചു ഒരിക്കൽ പരിചിന്തനം ചെയ്തുകഴിഞ്ഞിരിക്കുന്ന [illegible] കമ്മിട്ടിക്കു അയക്കുന്നതിൽ ഗുരുവായ ഉത്തരവാദം വഹിക്കുന്നതായിരിക്കും എന്നു, സർ, [illegible]. റിപ്പോർട്ടിനെ അംഗീകരിച്ചുകൂടാ എന്നുള്ളതിനു പ്രബലമായ കാരണം ഉണ്ടു് എന്നു കാണിച്ചിട്ടില്ലാ എന്നു വരികിൽ ഈ വിഷയത്തെ പരിശോധിക്കുന്നതിനായി ഒരു കമ്മിററിയെ ഈ സഭ നിയമിക്കുന്നതു നീതിയായിരിക്കയില്ല. അതുകൊണ്ടു സഭാസമക്ഷം ഉള്ള പ്രശ്നം [illegible] കൂടി ഈ ഉപേക്ഷപത്രത്തെ അംഗീകരിക്കുന്നതിനു ബലമായ കാരണങ്ങൾ മെംബർ കാണിച്ചിട്ടുണ്ടോ എന്നതാകുന്നു. അദ്ദേഹം കാണിച്ചിട്ടില്ലാ എന്നാണ് എന്റെ താഴ്മയായ അഭിപ്രായം. നാഞ്ചിനാട്ടുവെള്ളാളർ ഒരുകാലത്തു മക്കത്തായികൾ ആയിരുന്നു എന്നും മക്കത്തായികൾ ആചരിച്ചുവരുന്ന ചില ആചാരങ്ങൾ ഇവർ ഇപ്പോഴും ആചരിച്ചുവരുന്നുണ്ടെന്നും അതുകൊണ്ടു വസ്തുവിഭാഗത്തിനുള്ള രീതിയെ തീർച്ചപ്പെടുത്തുന്നതിൽ മക്കത്തായനിയമം അവർക്കു ബാധകമാക്കിയിരിക്കേണ്ടതാണെന്നും ഉള്ള വസ്തുതയെ പ്രത്യേകകമ്മിട്ടി മതിയായിടത്തോളം ശ്രദ്ധിച്ചില്ലാ എന്നും ആ വസ്തുത മററുവിധം ശ്രദ്ധിച്ചില്ലാ എന്നും ആകുന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും പറഞ്ഞിട്ടുള്ളതായ [illegible]ങ്ങൾ. അതുകൊണ്ടു ചിന്തനീയവിഷയം, സംഗതികളുടെ ഈ മുഖ്യമായ പ്രത്യേകകമ്മിട്ടിയുടെ ശ്രദ്ധയിൽ [illegible]പ്പെട്ടിരുന്നുവോ എന്നു അവർ അതിനെ ആലോചിച്ചുവോ എന്നും ആകുന്നു. പ്രത്യേകകമ്മിററിയുടെ റിപ്പോർട്ടിൽ "ഭാഗം" എന്ന വിഷയത്തെപ്പററി പറഞ്ഞിരിക്കുന്നതായ താഴെ ചേർക്കുന്ന വാക്യങ്ങളെ ഈ സംഗതി സംബന്ധമായി ശ്രദ്ധിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു:—

"ഒരു തറവാട്ടിൽ ഒരേ നിലയിലുള്ള അംഗങ്ങൾക്കു അമ്മവഴിയിലുള്ള [illegible] ഒരു സ്ത്രീയുടെ അംഗത്തിനുള്ള മക്കളുടെയോ, സന്താനങ്ങളുടെയോ എണ്ണത്തെ പരിഗണിക്കാതെ സമമായ ഓഹരി കൊടുക്കുന്ന ആചാരം അനുഷ്ഠിക്കുന്നു എന്നു ഒരു കക്ഷിക്കാർ വാദിക്കുന്നു. മരുമക്കത്തായത്തിൽ പറയുന്ന [illegible] ഭാഗം ആവശ്യപ്പെടുന്നു. മറേറ കക്ഷിക്കാരുടെ വാദം തറവാട്ടുമുതലിൽ എല്ലാ അംഗങ്ങൾക്കും സ്ഥാനവ്യത്യാസമില്ലാതെ സമമായ അവകാശം ഉണ്ടെന്നും അവർക്കു സമമായ ഓഹരി കൊടുക്കേണ്ടതാണെന്നും ആകുന്നു. അതായതു ഈ കക്ഷിക്കാർക്കു ആളോഹരിഭാഗം വേണമെന്നു് [illegible] നാഞ്ചിനാട്ടുവെള്ളാളക്കമ്മിററിയുടെ റിപ്പോർട്ടിലും കമ്മിററി രൂപീകരിച്ച നക്കൽ ബില്ലിലും രണ്ടാമതുപറഞ്ഞ അഭിപ്രായത്തെ പിൻതാങ്ങിയിരിക്കുന്നു.

തെളിവിൽ മെസ്സേഴ്സ് എസ്. സുബ്രഹ്മണ്യപിള്ളയും, ചിദംബരതാണുപിള്ളയും വിപരീതവാദം പുറപ്പെടുവിക്കുകയും അവരുടെ അഭിപ്രായഗതികളെ ഞങ്ങളെ വിശദമായി മനസ്സിലാക്കുന്നതിനു നല്ലവണ്ണം ശ്രമിക്കുകയും ചെയ്തു. ഈ വിഷയത്തെ സംബന്ധിച്ച രണ്ടു കക്ഷിക്കാരുടെയും വക്താക്കളുടെ [illegible] നിവേദനങ്ങളും ഞങ്ങൾ കേട്ടു. ഞങ്ങൾക്കയച്ചിട്ടുള്ള പല മെമ്മോറിയലുകളും ഞങ്ങൾ വായിക്കയും ഇരുകക്ഷികളുടെയും വാദങ്ങളെ സ്ഥാപിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള പ്രമാണങ്ങളെ പരിശോധിക്കയും ചെയ്തു. കമ്മിററിയിലെ അംഗങ്ങളുടെ ഭിന്നാഭിപ്രായം വന്നിട്ടുള്ള ഏകസംഗതി ഇതാകയാൽ ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. തായ്‌വഴിഭാഗത്തിനനുകൂലമായി താഴെ പറയുന്ന കാരണങ്ങളെ പുറപ്പെടുവിച്ചിരിക്കുന്നു.

(൧) നാഞ്ചിനാട്ടുവെള്ളാളന്മാർ പണ്ടു മക്കത്തായികളായിരുന്നു. പിന്നീടാണ് മരുമക്കത്തായനിയമം സ്വീകരിച്ചതു്. ഇതു്,

(ഏ) ഭാര്യയ്ക്കും കുട്ടികൾക്കും [illegible] ഉണ്ടെന്നുള്ള വസ്തുതയിൽ നിന്നും,

(ബി) വിവാഹസമയത്തു് പുത്രിക്കു് സ്ത്രീധനത്തിനവകാശമുണ്ടെന്നുള്ള വസ്തുതയിൽനിന്നും,

(സി) വിവാഹസംബന്ധമായി ആചരിച്ചുപോന്ന അടിയന്തിരങ്ങളിൽനിന്നും,

(ഡി) ഒരു പുരുഷന്റെ വിവാഹച്ചെലവു തറവാട്ടുമുതലിൽ ചുമത്തിപ്പോരുന്നു എന്നുള്ള വസ്തുതയിൽ നിന്നും തെളിയുന്നതാണ്.

(൨) തറവാട്ടുഭാഗങ്ങൾ കൂടക്കൂടെ നടക്കുന്നതെന്നും അതുസംബന്ധിച്ചുള്ള പ്രമാണങ്ങൾ പരിശോധിച്ചാൽ തായ്‌വഴി അനുസരിച്ചുള്ള ഭാഗമാണ് നടക്കുന്നതെന്നും അറിയാം.

ആളോഹരിഭാഗത്തിന്നനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള കാരണങ്ങൾ ചുരുക്കത്തിൽ താഴെ കാണുന്നവയാണ്,

൧. ഇടയ്ക്കുവെച്ചിട്ടുള്ള ചില ആചാരവിശേഷങ്ങളോടുകൂടിയ മരുമക്കത്തായികളാണ് നാഞ്ചിനാട്ടുവെള്ളാളന്മാർ.

൨. വിപരീതമായി അംഗീകാരം സിദ്ധിച്ചിട്ടുള്ള ചില ആചാരങ്ങളുടെ സംഗതിയിൽ ഒഴിച്ചു ഈ സമുദായത്തെ സംബന്ധിച്ച കോടതികൾ മരുമക്കത്തായ നിയമതത്വങ്ങൾ അനുസരിച്ചുപോരുന്നു.

൩. ഒരു തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും ജീവനാംശം കിട്ടുന്നതിനുള്ള അവകാശങ്ങളും സ്ഥാനവ്യത്യാസം കൂടാതെ എല്ലാ പ്രായംപൂർത്തിവന്ന അംഗങ്ങൾക്കും അതു സമമായി കിട്ടാനുള്ള അവകാശമുള്ളതാകുന്നു ([illegible] ടി. എൽ. ജെ. [illegible]) തായ്‌വഴിഭാഗം അനുവദിക്കുകയാണെങ്കിൽ അതു് ഈ അവകാശങ്ങളെ ബാധിക്കുന്നതാണ്.

൪. നാഞ്ചിനാട്ടു വെള്ളാളന്മാർ എല്ലാ പ്രമാണങ്ങളിലും അവർ മരുമക്കത്തായികളാണെന്നു പറഞ്ഞു വരുന്നു.

൫. കമ്മിററി ന.. സാക്ഷികളെ വിസ്തരിക്കുകയും അവരിൽ ..... പേർ ആളോഹരിഭാഗം വേണമെന്നാവശ്യപ്പെടുകയും ചെയ്തു.

൬. ഈ വിഷയത്തിൽ കമ്മററിക്ക് ഏകാഭിപ്രായമായിരുന്നു.

൭. കമ്മിററി രൂപീകരിച്ച ബില്ലിനെസംബന്ധിച്ച സമുദായത്തിലെ യാതൊരംഗവും ആക്ഷേപം പുറപ്പെടുവിച്ചില്ല.

൮. ബിൽ നിയമസഭയിൽ ഹാജരാക്കിയപ്പോൾ മാത്രമാണ് വിപരീതാഭിപ്രായം പുറത്തുവന്നിട്ടുള്ളത്.

ഇതേ ചോദ്യങ്ങൾ തന്നെയാണ്, കമ്മിറ്റി വിസ്തരിച്ചതായി എന്റെ പണ്ഡിതരായ സ്നേഹിതന്മാർ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും, മിസ്റ്റർ ശിവതാണുപിള്ളയും പറഞ്ഞത്.

മിസ്റ്റർ ശിവതാണുപിള്ള (തോവാള): ഈ സഭയിൽ നാം ഈ ബില്ലിനെ പരിചിന്തനം ചെയ്തപ്പോൾ ഇദ്ദേഹം ആളോഹരി ഭാഗത്തിനു ബലമായി വാദിച്ചയാളല്ലയോ?

മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നിസ്സംശയമായും അങ്ങനെയായിരുന്നു. നമ്മുടെ മുൻപാകെ യാതൊരു പക്ഷാന്തരവും ഉണ്ടായിരുന്നില്ല.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ നമ്മേക്കളും ... ആളോഹരിഭാഗം വേണം എന്നു വാദിച്ച ആൾ ആയിരുന്നില്ലയോ എന്ന് ഞാൻ ചോദിക്കട്ടെ.

മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) അതെ.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ പി. കെ. നാരായണപിള്ള ആളോഹരിഭാഗത്തിനായി വാദിച്ച ആൾ ആയിരുന്നില്ലയോ?

മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവക്കുവേണ്ടി അവർ തന്നെ സംസാരിച്ചുകൊള്ളും എന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ രീതിസംബന്ധമായ കാര്യത്തിനായി എഴുനേൽക്കുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതു സംഗതികൾ അറിയാനായിട്ടാകുന്നു. എന്നാൽ സംസാരിക്കുന്ന ഓരോ മെംബരും സാക്ഷിക്കൂട്ടിൽ നിൽക്കുന്നതുപോലെയും, ചോദ്യങ്ങൾ ചോദിക്കുന്ന ഓരോ മെംബരും ഒരു വക്കീൽ ആണ് എന്ന പോലെയും തുടരെത്തുടരെ ചോദ്യങ്ങൾ നാം കേട്ടുവരുന്നുണ്ട്. ഈ ചോദ്യങ്ങൾ ചോദിക്കുന്നതു സംഗതികൾ വെളിപ്പെടുത്തി അറിയാനായിട്ടല്ല, കിന്തു അവരുടെ വകയായ പ്രത്യേകമായ വല്ല യുക്തിവാദങ്ങളും പുറപ്പെടുവിക്കാനായിട്ടാകുന്നു. അതിനെ തടയേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതുകൊണ്ടു ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നതു എന്തെന്നാൽ, നാഞ്ചിനാട്ടു വെള്ളാളന്മാരുടെ ഇടയിൽ വസ്തുവിഭാഗത്തിനു നടപ്പുള്ള ക്രമത്തെക്കുറിച്ചു പ്രത്യേക കമ്മിററിക്കാർ ശ്രദ്ധിക്കാതെ വിട്ടുപോയി എന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും പറഞ്ഞതായ ഓരോ സംഗതിയും അവർ തക്കവണ്ണം ആലോചിച്ചു തീർത്തിട്ടുണ്ട് എന്നുള്ളതത്രെ. അവർ തീർച്ചപ്പെടുത്തിയ പരിഷ്കാരം ശരിയോ അല്ലയോ എന്നു തീർച്ചപ്പെടുത്തേണ്ടതു ഈ സഭ ആകുന്നു എന്നാൽ വസ്തുതകളെ തെററായി പറഞ്ഞു കേൾപ്പിക്കുന്നതു—എന്റെ സ്നേഹിതന്മാർ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും അതു വായിച്ചിട്ടുണ്ടായിരുന്നാൽ പ്രത്യേക കമ്മിററിയുടെ പേരിൽ ആ കുററം അവർ ആരോപിക്കയില്ലയായിരിക്കാം. കമ്മിററിയുടെ സമക്ഷം മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ചിദംബരതാണുപിള്ളയും സ്വീകരിച്ചിരുന്ന നിലകളെ തെളിയിക്കുന്നതിനായി അവർ ഹാജരാക്കിയിരുന്ന എല്ലാ റിക്കാർഡുകളേയും ആധാരങ്ങളേയും പ്രത്യേക കമ്മിററി ശരിയായി വായിച്ചില്ലാ എന്നാകുന്നു മറെറാരു കുററാരോപണം. ... പുതിയ തെളിവു അംഗീകരിക്കുന്നതിൽ കമ്മിററി സമ്പന്നമായിട്ടു വെളിയിൽ പോയതുകൊണ്ടു തങ്ങളുടെ മേൽ ഈ കുററം ചുമത്തിയിരിക്കുന്നതിനായി കമ്മിററി സ്വയം അഭിനന്ദിച്ചുകൊള്ളുകയേ വേണ്ടു എന്നു എനിക്കു തോന്നുന്നു. സ്ഥിരാജ്ഞകൾ അതു അനുവദിക്കുന്നില്ല. ഏതദ്വിഷയകമായ സ്ഥിരാജ്ഞകൾ ൩൩ (൪)-ം നമ്പർ ആജ്ഞയും ൩൪ (൬)-ം നമ്പർ ആജ്ഞയുമാകുന്നു. ൩൩ (൪)-ം നമ്പർ ആജ്ഞയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പ്രത്യേകകമ്മിററിയാകട്ടെ, അവരുടെ മുൻപാകെയുള്ള നിയമങ്ങളാൽ ബാധിക്കപ്പെടുന്ന വല്ല പ്രധാനസംഗതികളെക്കുറിച്ചു വിദഗ്ദ്ധാഭിപ്രായവും നിവേദനങ്ങളും കേൾക്കാവുന്നതാകുന്നു"

൩൪ (൬)-ം നമ്പർ സ്ഥിരാജ്ഞയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"വിവരങ്ങൾ അറിയുന്ന കാര്യത്തിലേക്കായി വല്ലവരേയും കമ്മിററിയുടെ യോഗത്തിൽ ഹാജരായിരിക്കുവാൻ ക്ഷണിക്കാവുന്നതാകുന്നു."

ആധാരങ്ങളുടെ രൂപത്തിൽ ഉള്ള തെളിവു വല്ല പ്രത്യേകകമ്മിററിയും അംഗീകരിക്കുന്നതു "വിദഗ്ദ്ധാഭിപ്രായം" എന്നതിലോ "വല്ല പ്രത്യേകകാര്യത്തെക്കുറിച്ചുള്ള നിവേദനം" എന്നതിലോ വിവരങ്ങൾ അറിയുന്നതിനായി "വല്ലവരേയും യോഗത്തിൽ ഹാജരായിരിക്കുന്നതിലോ" ഉൾപ്പെടുന്നില്ല. ഏതായാലും അതു ക്ഷന്തവ്യമായ ഒരു ന്യൂനതയായിരുന്നു. ഈ സഭയിൽ ... പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളുടെ കാര്യത്തിൽ മററു സമുദായങ്ങളിലുള്ള മെംബർ ധർമ്മസങ്കടമായ നിലയിൽ ഇരിക്കുന്നു. അവർ ഒരു പക്ഷത്തിൽ ... വാദിക്കുമ്പോൾ ദുരുദ്ദേശത്തിന്മേൽ അങ്ങനെ ചെയ്യുന്നതാണെന്നു കുററം ആരോപിക്കപ്പെടുന്നു. അവർ മറെറ പക്ഷത്തിൽ ചേരുന്നതായാൽ അപ്പോഴും അവരുടെ പേരിൽ കുററം ആരോപിക്കുന്നു. ഈ വസ്തുതനിമിത്തം ഈ സംഗതിയെ വളരെ ശ്രദ്ധയോടുകൂടി ആലോചിക്കയും സംബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും സ്വീകാര്യം ആയിരിക്കാവുന്ന ഒരു തീർച്ചയിൽ എത്തുകയും ചെയ്യേണ്ടതാണെന്നു പ്രത്യേകകമ്മിററിക്കാർ അവരുടെ ബദ്ധചിന്തയിൽ വിചാരിച്ചു. ആധാരരൂപത്തിലുള്ള തെളിവു വായിക്കുന്നതായ ഗുണം വിചാരണക്കമ്മിററിക്കു ഇല്ലാതിരുന്നു എന്നു ചൂണ്ടിക്കാണിക്കപ്പെട്ടതുകൊണ്ടു പുതിയ തെളിവു കാണിക്കുന്നതിനു അവസരങ്ങൾ ഇരുകക്ഷികൾക്കും നൽകി. കമ്മിററിയിൽ ഹാജരാക്കിയ ആധാരങ്ങളെക്കുറിച്ചു എന്തു ചെയ്തു എന്നു മിസ്റ്റർ സുബ്ര

ള്ളത് പറഞ്ഞുവല്ലോ, ഞങ്ങൾ ആധാരങ്ങളെത്തന്നെ വായിച്ചില്ലാ എന്നു പറയുന്നതു തെററാണ്. അതു അസാദ്ധ്യം ആയിരുന്നു. കമ്മിററി മെമ്പർമാരോ ആധാരവും വായിച്ചുനോക്കി അതിൽ പറഞ്ഞിരിക്കുന്ന ഭാഗത്തിന്റെ രീതി [illegible] മോ അഭിപ്രായം [illegible] നിശ്ചയിക്കുന്ന [illegible] പൊതു [illegible] ത്തിന്റെ [illegible] വ്യത്യാസം [illegible]. കൂടാതെ വസ്തുതകൾ [illegible] ഈ ആധാരങ്ങൾ വായിക്കുന്നതുകൊണ്ടു ഈ പ്രശ്നം തീർച്ചപ്പെടുത്തുവാൻ ആർക്കും കഴിയില്ലാ. ഞങ്ങൾ [illegible] മിസ്റ്റർ സുബ്രഹ്മണ്യപിള്ള [illegible] ചെയ്യണം എന്നു അപേക്ഷിക്കയുണ്ടായി. അദ്ദേഹം മിസ്റ്റർ സുബ്രഹ്മണ്യപിള്ള [illegible] തൊടുകളും [illegible] പ്രവൃത്തി ചെയ്തു. പിന്നീട് അദ്ദേഹം ഞങ്ങളുടെ ഉപയോഗത്തിനു [illegible] വിവരങ്ങളെ പട്ടികയാക്കിച്ചേർത്തു തരികയും ഞങ്ങൾ പഠിച്ചു. ഞങ്ങൾ ഈ കക്ഷികളുടെ [illegible] വാദങ്ങളും കേട്ടു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): [illegible] പ്രത്യേകകമ്മിററി വാദപ്രതിവാദം നടത്തിയോ.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): [illegible] വാദപ്രതിവാദം നടത്തി ഏക [illegible] വല്ല [illegible] ആധാരങ്ങളിൽനിന്നു [illegible] മിസ്റ്റർ സുബ്രഹ്മണ്യ ഇതു [illegible] എന്നു ഞങ്ങൾ [illegible] ചോദിച്ചു. [illegible] സംഗ്രഹം ഞങ്ങൾ [illegible] സ്ഥിരപ്പെട്ടു. പ്രത്യേകകമ്മിററിയെ [illegible] കൂട [illegible] അല്ല എന്നു ഞാൻ വിചാരിക്കുന്നു. [illegible] സുബ്രഹ്മണ്യ [illegible] എല്ലാ ആധാരങ്ങളും [illegible] എന്നു ഞങ്ങൾ അംഗീകരിക്കുന്നു [illegible] എനിക്കു തോന്നുന്നു. അതുകൊണ്ടു പ്രത്യേകകമ്മിററി [illegible] യാത്രാപഥത്തിൽ ഉള്ള വല്ല [illegible] അംഗീകരിക്കുന്ന [illegible] വിട്ടു [illegible] അതുകൊണ്ടു ഈ അഭിപ്രായം [illegible] അവരുടെ [illegible] സ്വയമേവ [illegible] എന്നു [illegible] ആയി അനുഭവിക്കേണ്ടതു തന്നെ എന്നും ഞാൻ അറിയിക്കുന്നു. അതുകൊണ്ടു ഈ [illegible] പ്രത്യേകകമ്മിററിക്കു [illegible] എന്നു ഉപദേശിക്കുന്നതിൽ ആ പ്രത്യേകകമ്മിററി [illegible] ശ്രമിച്ചിട്ടുണ്ട് എന്നു [illegible] വീണ്ടും പ്രത്യേകകമ്മിററിക്കു [illegible] ഉദ്ദേശ്യം [illegible] എല്ലാം പരിശോധിക്കേണ്ടതായിട്ടാണെന്നുവരികിൽ ആ ഉദ്ദേശത്തെ [illegible] എനിക്കു നല്ലതുപോലെ [illegible] എന്നു ഞാൻ വിചാരിക്കുന്നു. എന്റെ [illegible] അവിടെയുള്ള [illegible] എന്നുവരികിൽ, ഗവർമ്മെണ്ടും അപ്രകാരം ചെയ്യുവുന്നതാണ്. എന്നുതന്നെയാണല്ലോ പ്രത്യേകകമ്മിററി പരിശോധിക്കണം എന്നു അവർ ആവശ്യപ്പെട്ടതായ ഏകവിഷയം [illegible] സ്വീകരിക്കേണ്ടതു [illegible] ഗുണദോഷങ്ങളെയും ഈ സഭയിൽ [illegible] വാദപ്രതിവാദംനടത്തി ചെയ്യാവുന്നതാണ്. ഈ വിഷയത്തെപ്പററി വാദപ്രതിവാദം [illegible] ഈ സഭ [illegible] കമ്മിററിയായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്; ഓരോ മെമ്പർക്കും പറയാനുള്ളതെല്ലാം പറഞ്ഞുതീർന്നതിൽ പിന്നീടു ഈ സഭ ശരിയായ പരിശോധനത്തിൽ എത്തും. ഈ ബില്ലിനെ വീണ്ടും കമ്മിററിക്കു അയക്കുന്നതുകൊണ്ടു [illegible] പ്രയോജനവും [illegible] സാധിക്കപ്പെടുകയില്ല. അതു പൊതുജനത്തിന്റെയും [illegible] വ്യത്യാസം [illegible] എന്നാണ് എന്റെ താഴ്മയായ അഭിപ്രായം. [illegible] ബിൽവേണ്ട എന്നുള്ള മെമ്പർമാർ ബില്ലിനെ ഒരു പ്രത്യേകകമ്മിററിക്കു വീണ്ടും അയക്കണം എന്നു അപേക്ഷിക്കുക [illegible] എന്റെ അനുഭവം.

മി. എം. ശിവതാണുപിള്ള (തോവാള): നാഞ്ചിനാട്ടു വെള്ളാളബില്ലിന്റെ കാര്യത്തിൽ അപ്രകാരം ഉള്ള വല്ല ആജ്ഞയും ഉണ്ടായിരുന്നുവോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വല്ല [illegible] ഉള്ളതായി എനിക്കു അറിവില്ല. അതു അദ്ദേഹത്തിനുതന്നെ അറിയാം. ഈഴവബില്ലിന്റെ കാര്യത്തിൽ ഇതേ ഉപദേശം ഉണ്ടാകയും പ്രത്യേകകമ്മിററിയുടെയും വിചാരണക്കമ്മിററിയുടെയും റിപ്പോർട്ടുകളെസംബന്ധിച്ചു ഇതേ [illegible] തന്നെ [illegible] ചെയ്തു [illegible] ബില്ലിന്റെ വാദപ്രതിവാദം [illegible] നടന്നപ്പോൾ കമ്മിററി ഉപദേശിച്ചതായ വ്യവസ്ഥകൾക്കു വിപരീതമായി ഇതേ യുക്തിവാദങ്ങൾ [illegible]. [illegible] ന്യൂനമായിരുന്നു എന്നും ഏതാനും സാക്ഷികളെമാത്രമെ വിസ്തരിച്ചിട്ടുള്ളു എന്നും [illegible] മാത്രമെ പറഞ്ഞിട്ടുള്ളു എന്നും പറയപ്പെട്ടിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നായർസമുദായത്തെ [illegible] ബില്ലിനെ പുതിയ നിയമസഭയ്ക്കു [illegible] വിട്ടിരുന്നില്ലയോ എന്നു ഞാൻ ചോദിക്കട്ടെ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതേ, അതു ഈ സഭ അനുവദിച്ചു. പ്രത്യേകകമ്മിററി ആധാരങ്ങളെ പരിശോധിച്ചതിന്റെ ഫലമായി [illegible] ചിലതു [illegible] ചിലതു [illegible] വ്യക്തപ്പെടുത്തിയതായി [illegible] സ്വീകരിക്കാതെ [illegible] സ്വീകരിച്ചു എന്നു മി. ശിവതാണുപിള്ള ചോദിച്ചു. [illegible] വളരെ [illegible] ഉണ്ട് എന്നു എനിക്കു തോന്നുന്നു. വിചാരണക്കമ്മിററി [illegible] വ്യക്തമായി വിജ്ഞാപനംചെയ്തിരുന്നു. [illegible] ബിൽ എഴുതിയതു [illegible] ആയിരുന്നു. [illegible] ബില്ലിലെ വ്യവസ്ഥകളെ മാററുന്നതിനു വളരെ പ്രബലങ്ങളായ കാരണങ്ങളും കാണിച്ചാൽ [illegible] അതിൽനിന്നു പ്രത്യേകകമ്മിററി വ്യതിയാനിക്കുന്നതു നിഷേധിക്കപ്പെടുകയില്ല. അപ്രകാരം ഉള്ള കാരണങ്ങൾ കാണിക്കപ്പെട്ടിട്ടില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം). പ്രത്യേകകമ്മിററി വിചാരണക്കമ്മിററിയുടെ റിപ്പോർട്ടിനു നേരെ വിപരീതമായ റിപ്പോർട്ടു അയച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അ പ്രകാരംചെയ്യുന്നതിനു പൂർണ്ണമായ അധികാരം ഞങ്ങൾക്കുണ്ടു. എന്തുകൊണ്ടെന്നാൽ മാററം ഉണ്ടാകുന്നതിനു നല്ലകാരണം ഉണ്ടായിരുന്നുഎന്ന് ഞങ്ങൾക്കു പൂർണ്ണമായി ബോദ്ധ്യംവന്നിട്ടുണ്ട്. നക്കൽബില്ലിൽതന്നെ വല്ല മാററവും വരുത്തുന്നതിനു മതിയായകാരണം ഉണ്ടോ എന്നുള്ള പ്രശ്നംഉണ്ടു. ഒരോ വിവരമായ സംഗതിയി ലും ബില്ലിനെ മാററേണ്ട കാര്യത്തിലേക്കായി അതിനെ സമർപ്പിക്കാറില്ല. ബില്ലിലെ പ്രത്യേകമായ ഒരു ഭാഗ ത്തെ ഭേദപ്പെടുത്തുന്നതിനു ശരിയായ കാരണം കാണിച്ചാലല്ലാതെ യാതൊരുമാററവും ഉണ്ടാക്കുന്നതിനു ഞ ങ്ങൾക്കു അധികാരംഇല്ല

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ വിഷയത്തെപ്പററി മെമ്പർമാരുടെ അഭിപ്രായം ഇ പ്പോൾ ഗ്രഹിക്കണംഎന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ ഉപക്ഷേപം അനുവാദകന്റെ അഭാവത്താൽ പ്രൃതമായി.

പിറേറദിവസം ഉച്ചയ്ക്കുമുമ്പു ൧൧ മണിക്കു കൂടുന്നതിനായി സഭ വൈകുന്നേരം മണി ൪ അടിച്ചു ൫൯ മിനിട്ടായപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി,
ടി. പി. രാമസുബ്ബയ്യർ.

അനുബന്ധം എ.

൧൧൦൧-ാമാണ്ടത്തേക്കുള്ള

സ്ഥിരം ധനംവക കമ്മിട്ടിയുടെ മിനിട്സ്.

൧൯൨൫ അക്ടോബർ ൨൪-ാം ശനിയാഴ്ച.

നിയമനിർമ്മാണസഭയുടെ ൧൧൦൧-ാമാണ്ടത്തേക്കുള്ള സ്ഥിരം ധനംവക കമ്മിട്ടിയുടെ പ്രഥമയോഗം ൧൯൨൫ അക്ടോബർ ൨൪-ാംക്കു ൧൧൦൧-ാമാണ്ടു തുലാമാസം ൮-ാം ശനിയാഴ്ച ഉച്ചയ്ക്കു ൧൨ മണിക്കു ഹജൂർക്കച്ചേരിയിൽ ദിവാൻജിയുടെശാലയിൽകൂടി. താഴെ പേർപറയുന്ന മെമ്പർമാർ ഹാജരായിരുന്നു:—

൧. എം. ഇ. വാട്സ് എസ്ക്വയർ ബി. എ. ബാരിസ്റ്റർഅട്ലാ ദിവാൻ, പ്രസിഡെണ്ട്.
൨. ജി. പരമേശ്വരൻപിള്ള എസ്ക്വയർ ബി. എ., ബി. എൽ.
൩. എൻ. വി. ജോസഫ് എസ്ക്വയർ ബി. എ., ബി. എൽ.
൪. കെ. നാരായണൻപണ്ടാല എസ്ക്വയർ ബി. എ. ബി. എൽ.
൫. കെ. ജാജ് എസ്ക്വയർ ബി. എ.
൬. ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ.

൧. (i) പ്രത്യക്ഷശാരീരം രണ്ടാംഭാഗം (ii) ശാരീര വ്യവച്ഛേദം (iii) ശരീരധർമ്മം ഒന്നാംഭാഗം എന്നീ മൂന്നുപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയവകക്കു നാനൂററൻപതു (൪൫൦) രൂപ ഇനാം ആയുർവേ ദകാളേജിൽ ആധുനികശാരീര ശാസ്ത്രത്തിൽ പണ്ഡിതരായ മിസ്റ്റർ കെ. കേശവപിള്ളയ്ക്കു കൊടുക്കുന്നതിനു ക മ്മിട്ടി സമ്മതിച്ചു. സർക്കാർവക ആയുർവേദശാലകൾക്കും ഗ്രാണ്ടു വാങ്ങിക്കുന്ന വൈദ്യന്മാർക്കും കൊടുക്കുന്നതിനാ യി ഓരോന്നിലും ൧൦൦ പുസ്തകംവീതം വിലകൂടാതെ അദ്ദേഹം ഗവർൺമെണ്ടിനു കൊടുക്കണം എന്നും നി ശ്ചയിച്ചു.

൨. തെക്കൻ തിരുവിതാംകോട്ടിലെ ഉപ്പളങ്ങളിൽ കൂടുതലായി വിളയും എന്നു പ്രതീക്ഷിക്കുന്ന ഒരുലക്ഷം മന്നു ഉപ്പിന്റെ കാര്യത്തിൽ കൊല്ലത്തേക്കു അളുകടത്തികൊണ്ടു പോകുന്നതിനുള്ള ചിലവു വഹിക്കുന്നതിനായി ൧൧൦൧-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ ൩ ബി ഉപ്പു കടത്തികൊണ്ടുപോകുന്നതിനുള്ള ചെലവു എന്നഇ നത്തിൽ ൨൫,൦൦൦ രൂപ തന്നെകൂടുതൽ തുകകൊടുക്കാൻ കമ്മിട്ടി സമ്മതിച്ചു.

൩. നാഗർകോവിൽ ശ്രീമൂലരാമവർമ്മ പാഠശാലയിൽ മാസം ഒന്നുക്കു (൫൦) രൂപ ശമ്പളത്തിൽ നൂൽനൂ ല്പ് പഠിപ്പിക്കുന്ന വാധ്യാരുടെ ശമ്പളത്തിലേക്കു ൧൧൦൧-ാമാണ്ടത്തെ വ്യവസായ ഡിപാർട്ടുമെണ്ടിനുള്ള ബഡ്ജറ്റി ൽ (൪൩൭) നാനൂററിമുപ്പത്തേഴ് രൂപ കൂടുതലായി അനുവദിക്കണം എന്നുള്ള നിർദ്ദേശത്തെ കമ്മിട്ടി സമ്മ തിച്ചു.

൪. ഹൈക്കോടതിയിൽ അരിക്കാർ വിചാരിപ്പു ഒരുസ്ഥിരം ഡഫേദാർ, ഒരുതൽക്കാല ഡഫേദാർ, ഇവരു ടെ ശമ്പളത്തെ ൧൪-½-൧൭ രൂപയായി കൂട്ടുന്നതിനുള്ള നിർദ്ദേശത്തെ കമ്മിട്ടി സമ്മതിച്ചു. ഇതുനിമിത്തം യാതൊരു കൂടുതൽ ചെലവും ഉണ്ടാകുന്നില്ല എന്നുകണ്ടിരിക്കുന്നു.

൫. ഫാറസ്റ്റ് ഡിപാർട്ട്മെണ്ടിൽ ൫൦ രൂപശമ്പളത്തിൽ ൧൦ ൭൫ രൂപവീതം ശമ്പളത്തിൽ ൨-ാം ഇങ്ങനെ മൂന്നു താൽകാലിക സർവ്വേയർമാരെ സ്ഥിരവും അടുത്തുൺ ഉള്ളതും ആയ ജീവനക്കാരുടെ കൂട്ടത്തിൽഉ ൾപ്പെടുത്തണം എന്നും അവർക്കു ൫൦-½-൬൦ രൂപശമ്പളവും കൊടുക്കണം ഇപ്പോൾ ൫൫ രൂപശമ്പളം ഉ ള്ളവർക്കു ൧ രൂപ പെർസണൽ അലവൻസോടുകൂടി ൫൪ രൂപ ശമ്പളത്തിൽ തുടങ്ങണം എന്നും ഉള്ള നിർദ്ദേ ശത്തെ കമ്മിട്ടി സമ്മതിച്ചു.

൬. ഫിനാൻസ് കമ്മിട്ടിയുടെ യോഗങ്ങളിൽ കമ്മിട്ടിചെയ്യുന്ന തീർച്ചകളുടെ ഒരുസംഗ്രഹം മദ്രാസിൽഎ ന്നപോലെ എഴുതി പ്രസിദ്ധപ്പെടുത്തുകയും അതിനെ നിയമസഭാപ്രോസീഡിങ്സിനു അനുബന്ധമായി ചേർക്ക യും ചെയ്യണം എന്നും ഭൂരിപക്ഷത്തിന്റെ തീർച്ചമാത്രം വിവരിച്ചാൽ മതിഎന്നും കമ്മിട്ടി നിശ്ചയിച്ചു.

൭. ആദായനികുതി കമ്മീഷണരുടെ മുൻപാകെ ഗവർൺമെണ്ടിനുവേണ്ടി രണ്ടു ആദായനികുതി കേ സുകളിൽ വ്യവഹാരം നടത്തിയതിലേക്കു സർക്കാർവക്കീൽമാർക്കു ഫീസുകൊടുക്കുന്നതിനായി ൧൧൦൧-ാമാണ്ട ത്തേക്കുള്ള ആദായനികുതി വക ബഡ്ജറ്റിൽ വ്യവഹാരച്ചെലവു എന്ന ഒരുപുതിയ ഇനമായി ൧൦൦ രൂപ അനു വദിക്കണം എന്നുള്ളനിർദ്ദേശം ഭൂരിപക്ഷം സമ്മതിച്ചു.

ആദായനികുതികമ്മീഷണരുടെ മുൻപാകെ ആദായനികുതി കേസുകളിൽ വ്യവഹാരം നടത്തുന്നതിനു അ
ഡിഷണൽ ഹെഡ് സർക്കാർവക്കീൽ മാത്രമെ സഹായംവേണം എന്നു അപേക്ഷിക്കുന്നതായാൽ അവർക്കു പ്രതിഫല
ത്തിനു അവകാശപ്പെടാൻ നിരുധികാരം ഉണ്ടെന്നും കമ്മിറ്റിയിലെ ഭൂരിപക്ഷം സമ്മതിച്ചു.

൮. ഭൂനികുതിയും ആദായനികുതിയും കമീഷണരുടെ ആഫീസിൽ ഭൂനികുതിശാഖയിലും ആദായനികുതി
ശാഖയിലും ൭൫-൧/൭൦-൧൦൦ രൂപശമ്പളത്തിൽ ഉള്ള ഒരു ക്ലർക്കിന്റെ ശമ്പളത്തെ പുതുക്കി മാസം ൧൫
൧൦൦/൭ ൧൨൫ പയോനി സ്ഥിരപ്പെടുത്തണം എന്നുള്ള നിർദ്ദേശം കമ്മിട്ടി സമ്മതിച്ചു.

൯. പരിഷ്കാരത്തിൽ ഇരിക്കുന്ന തടവുകാരുടെ സ്ഥിതിയെ [illegible] ൨൦,൦൦൦ രൂപ [illegible]
വദിക്കണം എന്നുള്ള നിർദ്ദേശത്തെ കമ്മിട്ടി അംഗീകരിച്ചു.

൧൦. അധികാര വികേന്ദ്രീകരണത്തെയും മുതലെടുപ്പു ശോധനയെയും സംബന്ധിച്ച വിഷയത്തെ കുറിച്ചു പ്രവ
ർത്തിച്ചുവരുന്ന സ്പെഷ്യൽ ആഫീസരുടെ കാലാവധിയെ ൧൧൦൧ വൃശ്ചികമാസം അവസാനംവരെ നീട്ടിക്കൊടു
ക്കുന്നതിനുള്ള നിർദ്ദേശത്തെ കമ്മിട്ടി അംഗീകരിക്കയും കൂടുതൽ അനുവദിച്ച കാലത്തേക്ക് കൂടുതലായി ഉദ്യോഗ
സ്ഥ ഉള്ള ശമ്പളത്തിനായി ഇന്നാണ്ടത്തെ ബഡ്ജറ്റിൽ ൪൫൦ രൂപ കൂടുതലായി അനുവദിക്കുകയും ചെയ്തു.

൧൧. ലാൻഡ്റിക്കാർഡ്സ് സ്കീം കമ്മിട്ടിയുടെ റിപ്പോർട്ടിൽ ഭൂവിവര റെക്കാർഡുകളുടെ സംരക്ഷണ
ത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെ നിയമസഭയിൽ സമർപ്പിക്കണം എന്നുള്ളതും കമ്മിട്ടി സമ്മതിച്ചു.

കമ്മിട്ടി ഉച്ചയ്ക്കുമേൽ മണി ൧ അടിച്ചു ൧൦ മിനിട്ടുകഴിഞ്ഞു പിരിഞ്ഞു.

സ്ഥിരം ഫിനാൻസ് കമ്മിട്ടി വിളിച്ചുകൂട്ടുന്ന ഉദ്യോഗസ്ഥൻ ടി. പി. രാമസുബ്ബയ്യർ.

൧൧൦൫ അക്ടോബർ ൨൯-ം.

അനുബന്ധം ബി.

ലെജിസ്ലേറ്റിവ് ഡിപ്പാർട്ടുമെണ്ട്.

നാഞ്ചിനാട്ടു വെള്ളാളരു ബില്ലിനെപ്പറ്റി പര്യാലോചിക്കാൻ ഏർപ്പെടുത്തിയ പ്രത്യേക
കമ്മിററിയുടെ റിപ്പോർട്ട്.

നാഞ്ചിനാട്ടു വെള്ളാളബില്ലിനെപ്പറ്റി പര്യാലോചിക്കാൻ നിയുക്തരായ ഞങ്ങൾ താഴെപറയുന്ന റിപ്പോർ
ട്ടു സമർപ്പിച്ചുകൊള്ളുന്നു.

അനുബന്ധത്തിൽ കാണിച്ചിട്ടുള്ള മെമ്മോറിയലുകൾ ഞങ്ങൾ അവധാനപൂർവം വായിച്ചു. മെസ്സേഴ്സ്
ചിദംബരംപിള്ള, അഴകപ്പാപിള്ള എന്നീ നായകന്മാരുടെ നായകത്വത്തിൽ വന്ന ഡെപ്യൂട്ടേഷനുകളുടെയും
നിവേദനങ്ങൾ ഞങ്ങൾ കേട്ടു. ഈ കമ്മിററിയിലെ അംഗങ്ങളായ മെസേഴ്സ് എം. സുബ്രഹ്മണ്യപിള്ളയും
ചിതംബരതാണുപിള്ളയും ഹാജരാക്കിയ ഭാഗത്തെ സംബന്ധിച്ച പ്രമാണങ്ങളും ഞങ്ങൾ പരിശോധിച്ചു.

പീഠിക. ൨-ാംവരി ബില്ലിൽ കുടുംബകാര്യാന്വേഷണത്തിനായി യാതൊരു വ്യവസ്ഥയുമില്ല. അതു
കൊണ്ടു "കുടുംബകാര്യാന്വേഷണത്തെയും" എന്നുള്ളതു വിട്ടുകളയണം.

വരി ൧. "നാഞ്ചിനാട്ടു വെള്ളാളൻ" എന്നതിനു സാധാരണ മരുമക്കത്തായവെള്ളാളൻ എന്നാണു അ
ർത്ഥം കല്പിച്ചുപോരുന്നതു. അതുകൊണ്ടു ൧-ാംവരിയിൽ "മരുമക്കത്തായം" എന്നുള്ളതു വിട്ടുകളഞ്ഞു.

ഭാഗം ൧.

പ്രാരംഭം.

ഖണ്ഡം ൧. ഉപഖണ്ഡം (൨) ൧-ാംവരിയിൽ "മരുമക്കത്തായ" എന്നുള്ളതു വിട്ടുകളകയും [illegible]
കോട്ട നാട്ടുകാരായി തീർന്നിട്ടുള്ള നാഞ്ചിനാട്ടു വെള്ളാളരുമായി വിവാഹബന്ധമുള്ളവരോ മേൽ പറയുന്നവരോ
ടുയി തിരുചിതാംകോട്ട നാട്ടുകാരായി തീർന്നിട്ടില്ലാത്ത നാഞ്ചിനാട്ടുവെള്ളാളർക്കും' എന്നു ചേർക്കുകയും ചെയ്യണം.

ഖണ്ഡം ൨. സാമ്യമുള്ള നിയമങ്ങളിലെ പദപ്രയോഗങ്ങൾ ഒന്നുപോലെയിരിക്കേണ്ടതാണെന്നു വിചാരി
ക്കുന്നു. "മരുമക്കത്തായം എന്നതിന്റെ അർത്ഥവിവരണം" പരമ്പരയായി പെൺവഴിക്കു തുടരുന്നദായക്രമം എ
ന്നു മാററിയിട്ടുണ്ടു.

"തറവാട്ടു" എന്നതിന്റെ അർത്ഥവിവരണം നായർ റെഗുലേഷൻ ഭേദഗതിബില്ലിലും ഈഴവബില്ലിലും
അംഗീകരിച്ചിട്ടുള്ളതിനെ സ്വീകരിച്ചിരിക്കുന്നു. തറവാട്ടു എന്നതിന്റെ അർത്ഥവിവരണത്തിനുപകരം താഴെ
പ്പറയുന്നതു ചേർക്കണം:—

തറവാട്ടു എന്നാൽ പൊതുസ്വത്തിനു അവകാശികളായി ഒരു മരുമക്കത്തായ കുടുംബത്തിൽചേർന്ന എ
ല്ലാ അംഗങ്ങളും എന്നു അർത്ഥമാകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെടുന്നതും ആകുന്നു.

ബില്ലിൽ വരുത്തിയിട്ടുള്ള മാററങ്ങളെ പരിഗണിച്ചു, ഒരു സ്ത്രീയുടെ തായ്വഴി, ഒരു പുരുഷന്റെ തായ്വഴി
ഇവയുടെ അർത്ഥവിവരണം വിട്ടുകളഞ്ഞിരിക്കുന്നു.

൧൧൦൦ ചിങ്ങം ൧-നു മുതൽ പ്രായപൂർത്തിറെഗുലേഷൻ നടപ്പിൽവന്നിരിക്കുന്നതുകൊണ്ടു "മൈനർ"
എന്നതിന്റെ അർത്ഥവിവരണം വിട്ടുകളയാവുന്നതാകുന്നു.

ഭാഗം ൨.

വിവാഹവും വിവാഹമോചനവും.

ഖണ്ഡം ൩. ൧-ം, ൨-ം വരികൾ "മരുമക്കത്തായം" എന്നുള്ളതു വിട്ടുകളയണം.

ഈ ഖണ്ഡത്തെ നായർബില്ലിൽ ഇതേവിഷയത്തെസംബന്ധിച്ചുള്ള ഖണ്ഡത്തോടു സാമ്യമുള്ളതാക്കുന്ന
'തിനു' താഴെപറയുന്ന ഭേദഗതികൾ വരുത്തിയിരിക്കുന്നു.

വരികൾ ൪-ം, ൫-ം "ഈ റെഗുലേഷന്റെ .... വിവാഹമായിരിക്കുന്നതാണ്" എന്നതി
നുപകരം "നിയമസംബന്ധമായ എല്ലാ കാര്യങ്ങൾക്കും സാധുവായ വിവാഹമായി ഗണിക്കപ്പെടേണ്ടതാണ്"
എന്നു ചേർക്കണം.

വരി ൭. "നടക്കുന്നില്ലെങ്കിൽ" എന്നതിനുപകരം "നടക്കുകയാകട്ടെ അല്ലെങ്കിൽ സംബന്ധപ്പെട്ട
കക്ഷിയോ കക്ഷികളോ കാര്യത്തിന്റെ അവസ്ഥപോലെ പതിനെട്ടോ പതിനാറോ വയസ്സു തികഞ്ഞതിനു

ശേഷം അപ്രകാരമുള്ള ദാമ്പത്യബന്ധത്തെ അംഗീകരിച്ചു തുടൎന്നു നിലനിൎത്തുകയോ ആകട്ടെ ചെയ്യുന്നതല്ലെങ്കിൽ ഒരു സാധുവായ വിവാഹമായി ഗണിക്കേണ്ടതല്ല" എന്നു ചേൎക്കണം. അതു കഴിഞ്ഞിട്ടു താഴെപ്പറയുന്നതു ചേൎക്കണം.

ഉദാഹരണങ്ങൾ.

(എ) ഏ-യെ വിവാഹംചെയ്തിരിക്കുന്ന ബി-യെന്ന സ്ത്രീയോടുകൂടി സി-എന്ന പുരുഷൻ വ്യഭിചാരം ചെയ്യുന്നു. അല്ലെങ്കിൽ ബി ഏ-യെ വിവാഹം ചെയ്തിട്ടുള്ളതാണെന്നു അറിഞ്ഞിരിക്കുന്ന സി അവളെ വശീകരിച്ചുകൊണ്ടുപോകുന്നു; സി ശിക്ഷാനിയമം ൪൦൭-ാം വകുപ്പോ ൪൦൮-ാം വകുപ്പോ പ്രകാരം ശിക്ഷായോഗ്യനാകുന്നു.

(ബി) ഏ-യെ വിവാഹംചെയ്തിട്ടുള്ള ബി-യെന്ന സ്ത്രീയെ അവരുടെ വിവാഹബന്ധം നിലനിൽക്കെ സി എന്ന പുരുഷൻ വിവാഹം ചെയ്യുന്നു. ആ വിവാഹം ൪-ാം വകുപ്പുപ്രകാരം അസാധുവാകയാൽ ബി-യും സി-യും തിരുവിതാംകോട്ടു ശിക്ഷാനിയമം ൪൯൧-ാം വകുപ്പുപ്രകാരം ബഹുഭൎത്തൃത്വത്തിനും അതിനു ഉത്സാഹിപ്പിച്ച കുറ്റത്തിനും യഥാക്രമം ശിക്ഷായോഗ്യരാകുന്നു.

(സി) ഏ എന്ന പുരുഷൻ വേണ്ട മുതൽ ഉണ്ടായിരിക്കെ അയാൾ താൻ വിവാഹംചെയ്ത ബി-ക്കു ചിലവിനു കൊടുക്കുന്നതിൽ ഉപേക്ഷ കാണിക്കയോ ചിലവിനു കൊടുക്കാതിരിക്കയോ ചെയ്യുന്നു. ക്രിമിനൽ നടപടിനിയമം ൫൮-ാം അദ്ധ്യായപ്രകാരം ചിലവിനു കിട്ടാൻ അപേക്ഷിക്കുന്നതിനു ബി-ക്കു അവകാശമുണ്ട്.

(ഡി) ഏ-യെ വിവാഹംചെയ്തിട്ടുള്ള ബി എന്ന സ്ത്രീ ഏ-യുമായി സഹവാസം ചെയ്യുന്നതിനു ന്യായമായ കാരണംകൂടാതെ വിസമ്മതിക്കുന്നു. ഏ-ക്കു ദാമ്പത്യബന്ധാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു സിവിൽവ്യവഹാരം കൊണ്ടുവരാം".

അവസാനത്തെ ഖണ്ഡിക.

൩-ാം ഖണ്ഡത്തിലെ അവസാനത്തെ ഖണ്ഡിക വിട്ടുകളയേണ്ടതാണെന്നു ഞങ്ങളിൽ ഒരാൾ നിൎദ്ദേശിച്ചു. പക്ഷേ ഞങ്ങളിൽ ഭൂരിപക്ഷംപേരും വിപരീതമതക്കാരാണ്.

ഇപ്പോൾ ഖണ്ഡികവായിച്ചാൽ നിയമപ്രകാരം ബഹുഭൎത്തൃത്വം അനുവദിച്ചിട്ടുണ്ടെന്നു തോന്നിയേക്കാം സമുദായത്തിൽ ബഹുഭൎത്തൃത്വം ഇല്ലാത്തതുകൊണ്ടു അതു പാടില്ലെന്നു പ്രത്യേകം വ്യവസ്ഥചെയ്തിട്ടില്ലെന്നേയുള്ളു. സംശയം ഇല്ലാതിരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിധത്തിൽ ഖണ്ഡികയെ മാററിയിരിക്കുന്നു. "ഒരു പുരുഷന്റെയോ സ്ത്രീയുടെയോ മുൻവിവാഹം നിലനില്ക്കുന്ന കാലത്തുള്ള അനന്തരവിവാഹം അസാധുവാകുന്നു. ഈ ഖണ്ഡികയെ ഒരു പ്രത്യേക ഖണ്ഡമായി നമ്പർ ഇടുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു.

ഖണ്ഡം ൪. ഈ ഖണ്ഡം വിട്ടുകളഞ്ഞിട്ടു ശേഷം ഖണ്ഡങ്ങളുടെ നമ്പർ മാററിയിടണം. ഇപ്പോഴത്തെ ഖണ്ഡപ്രകാരം ഒരു മൃതപത്നികൻ ഒരു വിധവയേയും ഒരു വിധവ ഒരു മൃതപത്നികനേയും മാത്രം വിവാഹം ചെയ്യാൻ പാടുള്ളു എന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്രകാരം ഒരു വ്യവസ്ഥയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കൂടാതെ ൩-ാം ഖണ്ഡത്തിന്റെ ൧-ാം ഖണ്ഡികയിൽ "പരസ്യമായും അംഗീകൃതമായും നടപ്പും ആചാരവും അനുസരിച്ചും നടത്തിയ" എന്നുള്ളതു ഇപ്രകാരമുള്ള എല്ലാ വിവാഹങ്ങൾക്കും സംബന്ധിക്കത്തക്കവണ്ണം അത്ര വിപുലമാണ്.

ഖണ്ഡം ൭. ഉപഖണ്ഡം (൨) വിവാഹമോചനം ൩-ാം ഉപഖണ്ഡത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ കോടതിമൂലം മാത്രമേ അല്ലാതെ കക്ഷികളുടെ പരസ്പരസമ്മതപ്രകാരം മാത്രം നടത്താൻ പാടില്ലെന്നുള്ള കാരണത്തിന്മേൽ ഈ ഉപഖണ്ഡം വിട്ടുകളയേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തെ സ്വീകരിക്കുന്നതു ആശ്വാസജനകമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. രണ്ടു കക്ഷികളും തങ്ങളുടെ വിവാഹബന്ധം മോചിപ്പിക്കേണ്ടതാണെന്നു വിചാരിക്കുമ്പോൾ അവരെ കോടതിയിലേയ്ക്കു തള്ളിവിടുകയും ഒരു കക്ഷിയെക്കൊണ്ടു ഒരു ഹൎജി കൊടുപ്പിക്കയും മറേറ കക്ഷിയെക്കൊണ്ടു വിവാഹമോചനത്തിനുള്ള വിധിക്കുവേണ്ടി സമ്മതിപ്പിക്കയും ചെയ്യുന്നതു ആവശ്യമാണെന്നു തോന്നുന്നില്ല. ൨-ാം ഉപഖണ്ഡത്തിലുള്ള വ്യവസ്ഥ ലാഭകരവും കൂടുതൽ തൃപ്തികരവും ആകുന്നു.

ഉപഖണ്ഡം (൩) (എ) ഭൎത്താവിന്റെ വ്യഭിചാരവും വിവാഹമോചനത്തിനു ഒരു കാരണമായിരിക്കത്തക്കവണ്ണം "ഭാൎയ്യയുടെ" എന്നുള്ളതു വിട്ടുകളയണം.

ഉപഖണ്ഡം (൨) ഒരു രജിസ്റ്റർചെയ്ത പ്രമാണപ്രകാരം എന്നുള്ളതിനുപകരം "രജിസ്റ്റർചെയ്ത രേഖാമൂലം" എന്നു ചേൎക്കണം.

ഉപഖണ്ഡം (൩) ഇപ്പോൾ ഉള്ളതിനുപകരം താഴെ പറയുന്നതു ചേൎക്കണം.

"താഴെ പറയുന്ന കാരണങ്ങളിൽ ഒന്നിന്മേൽ വിവാഹം വേൎപെടുത്തിയിരിക്കുന്നതായി ഇതിന്മേൽ വ്യവസ്ഥചെയ്യുന്നപ്രകാരം കൊടുക്കുന്ന ഉത്തരവിനാൽ".

ഉപഖണ്ഡം (൩) (സി) "ഹിന്ദുമതം മാറുക" എന്നതിനു പകരം "മതംമാറുക" എന്നു ചേൎക്കണം.

ഉപഖണ്ഡം (൩) (ഇ) "ക്രൂരത" എന്നതിനുപകരം "നിന്ദ്യമായ നിത്യപെരുമാററം" എന്നു ചേൎക്കണം.

ഖണ്ഡം (൬) ഉപഖണ്ഡം (൧).

(൫)-ാം ഖണ്ഡം ൩-ാം ഉപഖണ്ഡം അനുസരിച്ചു പ്രത്യേക കാരണങ്ങളിൽമാത്രം വിവാഹമോചനം അനുവദിക്കാവു എന്നുള്ള പ്രധാന സംഗതിയെ പരിഗണിക്കുമ്പോൾ വിവാഹമോചനത്തെ സംബന്ധിച്ചുള്ള അധികാരം മുൻസിഫ് കോടതിക്കു പകരം ഡിസ്ത്രിക്ട് കോടതിക്കു നല്കുന്നതാണു ആശാസ്യമായിരിക്കുന്നതു. അതുകൊണ്ടു "ഡിസ്ത്രിക്ട് മുൻസിഫിന്റെ കോടതി" എന്നതിനുപകരം "ഡിസ്ത്രിക്ട് കോടതി" എന്നു മാററീട്ടുണ്ട്.

൭-ാംവരിയിൽ "ഭാൎയ്യയോ ഭൎത്താവോ" എന്നതിനു മുമ്പിൽ താഴെ പറയുന്നതുകൂടി ചേൎക്കണം.

"തിരുവിതാംകോട്ടിനു വെളിയിൽ വല്ല സ്ഥലത്തും പ്രതി പാൎക്കുകയോ തൊഴിൽ നടത്തിക്കൊണ്ടിരിക്കുകയോ ആദായത്തിനായി വേലചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്നതായാൽ ഏതു ഡിസ്ത്രിക്ട്കോൎട്ടിന്റെ അധികാരാതിൎത്തിക്കകത്തു ഹൎജി ബോധിപ്പിച്ചയാൾ പാൎക്കുന്നോ ആ ഡിസ്ത്രിക്ട് കോടതിയിലോ"

ഈ ഭേദഗതി നായർറെഗുലേഷൻ ഭേദഗതി ബില്ലിലും ഈഴവ ബില്ലിലും ഇതുസംബന്ധിച്ചുള്ള വ്യവസ്ഥയെ അനുസരിച്ചുള്ളതാകുന്നു.

(൧)-ാം ഉപഖണ്ഡത്തിന്റെകൂടി താഴെപറയുന്ന കണ്ഡികകൂടി ചേർക്കണം.

"എന്നാൽ പതിനാറുവയസ്സു പൂർത്തിയായാൽ ഭാര്യക്കു വിവാഹമോചനത്തിനു ഒരു ഹർജി സ്വയമായി കൊടുക്കാവുന്നതാകുന്നു"

ഖണ്ഡം ൩. (൨)-ാം ഉപഖണ്ഡം താഴെ പറയുന്നതിനെ പകരമായിചേർത്തു നമ്പർ മാററിയിടുക.

"മേല്പറഞ്ഞ ഹർജിയുടെ ഒരു പകർപ്പു ഹർജിക്കാരന്റെ ചെലവിലും സിവിൽനടപടിനിയമത്തിൽ പ്രതികളുടെമേൽ സമൻസു നടത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരത്തിലും പ്രതിയുടെമേൽ നടത്തേണ്ടതാകുന്നു".

താഴെ പറയുന്നതിനെ ൪-ം ൫-ം ഖണ്ഡങ്ങൾക്കു പകരംചേർത്തു നമ്പർ മാററിയിടണം.

൪ മേൽപറഞ്ഞ ഹർജി പകർപ്പുനടത്തികഴിഞ്ഞു മൂന്നുമാസത്തിനുശേഷം:—

(൧) അതിനിടയ്ക്കു ഹർജി പിൻവലിക്കാതിരിക്കുകയും വിവാഹമോചനത്തിനു പ്രതി അനുകൂലിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം കോടതി ഹർജിയെപ്പററി വിചാരണനടത്തേണ്ടതും അതിനു യുക്തമെന്നു തോന്നുന്നതുപോലെ ഹർജിയെ അനുവദിക്കുകയോ തള്ളുകയോ ചെയ്യേണ്ടതുമാകുന്നു.

(൨) ഹർജി കൊടുത്തിരിക്കുന്നയാൾ ഭർത്താവായിരിക്കയും അയാളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ൫-ാം വകുപ്പു (൩) ഖണ്ഡം (എ) മുതൽ സി വരെ ഉപഖണ്ഡങ്ങൾപ്രകാരമുള്ള സംഗതികളിൽ ഒഴികെ അയാളുടെ അന്തസ്സും മുതലും അവസ്ഥാഭേദങ്ങളും നോക്കി ഭാര്യയ്ക്കു യുക്തമായ പ്രതിഫലമോ അവളുടെ പുനർവിവാഹംവരെ മാസംതോറും ജീവനാംശമോ കൊടുക്കാൻ വിധിക്കേണ്ടതാകുന്നു.

(൩) ഹർജി കൊടുത്തിരിക്കുന്നയാൾ ഭാര്യയായിരിക്കുകയും അവളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നവെങ്കിൽ ഭർത്താവിന്റെ അന്തസ്സും മുതലും അവസ്ഥാഭേദങ്ങളും നോക്കി, ഭാര്യക്കു യുക്തമായ പ്രതിഫലമോ പുനർവിവാഹംവരെ മാസംതോറും ജീവനാംശമോ അവൾക്കു കൊടുക്കാൻ വിധിക്കേണ്ടതാകുന്നു.

൯. സിവിൽനടപടി നിയമത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കഴിയുന്നിടത്തോളം ൭-ാം വകുപ്പിൻപ്രകാരമുള്ള ഒരു വിചാരണയെ സംബന്ധിക്കുന്നതാണ്.

൧൦. ആദ്യ വിധികളിന്മേലുള്ള അപ്പീലുകൾക്കു സംബന്ധിക്കുന്നതായി സിവിൽനടപടി നിയമത്തിലും കാലഹരണറെഗുലേഷനിലുമുള്ള വ്യവസ്ഥകൾക്കുൾപ്പെട്ട ൭-ാം വകുപ്പിൻപ്രകാരം വിവാഹമോചനമോ പ്രതിഫലമോ മാസന്തോറുമുള്ള ജീവനാംശമോ അനുവദിക്കുകയോ അനുവദിക്കാതിരിക്കയോ ചെയ്യുന്ന ഒരു ഉത്തരവിന്മേൽ ഹൈക്കോട്ടിലേക്കു ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

൧൧. പ്രതിഫലമോ മാസന്തോറുമുള്ള ജീവനാംശമോ കോടതിച്ചെലവോ കൊടുക്കുന്നകാര്യത്തെ സംബന്ധിച്ചിടത്തോളം ഡിസ്ട്രിക്ട്കോട്ടിലെ ഉത്തരവിനേയും അതിന്മേലുള്ള ഒരു അപ്പീൽ ഉത്തരവിനേയും വിധിനടത്തിനെ സംബന്ധിച്ച കാലഹരണറെഗുലേഷനിലുള്ള വ്യവസ്ഥകൾക്കു ഉൾപ്പെട്ട ഒരു ഡിക്രി എന്നവണ്ണം നടത്തേണ്ടതാകുന്നു.

എന്നാൽ പ്രതിഫലമോ മാസന്തോറുമുള്ള ജീവനാംശമോ കൊടുക്കാൻ വിധിക്കുന്നതായ ഡിസ്ട്രിക്ട് കോട്ടിന്റെ ഉത്തരവു വിധിയുകയിന്മേലുള്ള കോർട്ടുഫീസു കൊടുത്തതിനുശേഷം മാത്രം നടത്തപ്പെടാവുന്നതായിരിക്കും.

ഭാഗം ൩.

ഭാഗം.

ഖണ്ഡങ്ങൾ ൯-ം ൧൦-ം നാഞ്ചിനാട്ടു വെള്ളാളകമ്മിററി രൂപീകരിച്ച ആദ്യത്തെ ബില്ലിൽ അതു ജീവിച്ചിരിക്കുമ്പോൾ ഭാഗം ആവശ്യപ്പെടുന്നതിനു ഒരാൾക്കുള്ള അവകാശത്തെ സംബന്ധിച്ച ബില്ലിലെ ൧൧-ാം ഖണ്ഡത്തിലുള്ള ഭാഗം ഉണ്ടായിരുന്നില്ല. കമ്മററിയുടെ നക്കൽബില്ലിലെ ൧൧-ാം ഖണ്ഡത്തെസംബന്ധിച്ചുള്ള ഒരു തെററിദ്ധാരണമൂലം ഈ ബില്ലിൽ ഉൾപ്പെടുത്തിപോയതാകണമെന്നു തോന്നുന്നു. അതുകൊണ്ടു ൧൧-ാംഖണ്ഡവും ൯-ാംഖണ്ഡത്തിൽ ൧൧-ാംഖണ്ഡത്തിലെ വ്യവസ്ഥകൾക്കുൾപ്പെട്ട എന്നുള്ളഭാഗവും വിട്ടുകളയേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

ബില്ലിലെ ൯-ാംഖണ്ഡത്തിനുപകരം താഴെപറയുന്നതു ചേർക്കണം.

൯. തറവാട്ടിലെ ഏതൊരംഗത്തിനും തറവാട്ടുമുതലിൽ അവനവന്റെയോ അവളുടെയോ വീതം ഭാഗിച്ചുകിട്ടുന്നതിനു അവകാശപ്പെടാൻ അധികാരമുണ്ടായിരിക്കുന്നതാകുന്നു.

ഖണ്ഡം ൧൦. ഇതാകുന്നു ബില്ലിലെ ഏററവും പ്രധാനമായഖണ്ഡം. ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള മാതിരിയിലുള്ള ഭാഗത്തെസംബന്ധിച്ചു ഭിന്നാഭിപ്രായമുണ്ട്. ഈ ഭിന്നാഭിപ്രായം താഴെപറയുന്നവിധത്തിൽ ചുരുക്കത്തിൽ പ്രസ്താവിക്കാവുന്നതാണ്.

ഒരു തറവാട്ടിൽ ഒരേനിലയിലുള്ള അംഗങ്ങൾക്കു അതേനിലയിലുള്ള ഏതെങ്കിലും ഒരു സ്ത്രീയായ അംഗത്തെയുള്ള മക്കളുടേയോ സന്താനങ്ങളുടേയോ എണ്ണത്തെ പരിഗണിക്കാതെ സമമായ ഓഹരികൊടുക്കുന്നതു ആചാരം അനുകൂലിക്കുന്നു എന്നും ഒരു കക്ഷിക്കാർ വാദിക്കുന്നു. മററവിധത്തിൽ പറയുകയാണെങ്കിൽ ഇവർ തായ്വഴിഭാഗം ആവശ്യപ്പെടുന്നു. മററകക്ഷിക്കാരുടെവാദം തറവാട്ടുമുതലിൽ എല്ലാ അംഗങ്ങൾക്കും സ്ഥാനവ്യത്യാസമില്ലാതെ സമമായ അവകാശമുണ്ടെന്നും അവർക്കു സമമായ ഓഹരി കിട്ടേണ്ടതുമാണെന്നുമാണ്. അതായതു ഈ കക്ഷിക്കാർ ആളോഹരിഭാഗം വേണമെന്നു വാദിക്കുന്നു. നാഞ്ചിനാട്ടു വെള്ളാളകമ്മിററിയുടെ റിപ്പോർട്ടിലും കമ്മിററി രൂപീകരിച്ച നക്കൽബില്ലിലും രണ്ടാമതുപറഞ്ഞ അഭിപ്രായത്തെ പിൻതാങ്ങിയിരിക്കുന്നു.

ഞങ്ങളിൽ മെസേഴ്സ് എസ്. സുബ്രഹ്മണ്യപിള്ളയും ചിദംബരതാണുപിള്ളയും വിപരീതവാദം പുറപ്പെടുവിക്കയും അവരുടെ അഭിപ്രായഗതികളെ ഞങ്ങളെ വിശദമായി മനസ്സിലാക്കുന്നതിനു വല്ലവണ്ണം ശ്രമി

ക്കുകയുംചെയ്തു. ഈ വിഷയത്തെസംബന്ധിച്ചു രണ്ടുകക്ഷിക്കാരുടേയും വകയായുള്ള ഡെപ്യൂട്ടേഷനുകളുടെ നിവേദനങ്ങളും ഞങ്ങൾ കേട്ടു. ഞങ്ങൾക്കു അയച്ചിട്ടുള്ള പല മെമ്മോറിയലുകളും ഞങ്ങൾ വായിക്കുകയും ഇരുകക്ഷികളുടേയും വാദങ്ങളെ സ്ഥാപിക്കുന്നതിനായി ഹാജരാക്കിട്ടുള്ള പ്രമാണങ്ങളെ പരിശോധിക്കയും ചെയ്തു. കമ്മിററിയിലെ അംഗങ്ങളുടെ ഭിന്നാഭിപ്രായം വന്നിട്ടുള്ള ഏകസംഗതി ഇതാകകൊണ്ടു ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. തായ്വഴിഭാഗത്തിനു അനുകൂലമായി താഴെപറയുന്ന കാരണങ്ങളെ പുറപ്പെടുവിച്ചിരിക്കുന്നു.

(൧) നാഞ്ചിനാട്ടു വെള്ളാളന്മാർ പണ്ടു മക്കത്തായികൾ ആയിരുന്നു. പിന്നീടാണ് അവർ മരുമക്കത്തായനിയമം സ്വീകരിച്ചത്.

(എ) ഭാര്യയ്ക്കും കുട്ടികൾക്കും മുതലുടമാവകാശം ഉണ്ടെന്നുള്ള വസ്തുതയിൽനിന്നും,

(ബി) വിവാഹസമയത്തു പുത്രിക്കു സ്ത്രീധനത്തിനു അവകാശം ഉണ്ടെന്നുള്ള വസ്തുതയിൽനിന്നും

(സി) വിവാഹസംബന്ധമായി ആചരിച്ചുപോരുന്ന ചടങ്ങുകളിൽനിന്നും,

(ഡി) ഒരു പുരുഷന്റെ വിവാഹച്ചെലവു തറവാട്ടുമുതലിൽനിന്നു കൊടുക്കേണ്ടതാണു എന്നുള്ള വസ്തുതയിൽനിന്നും, തെളിയുന്നതാണ്.

(൨) തറവാട്ടുഭാഗങ്ങൾ കൂടെക്കൂടെ നടക്കുന്നതും അതു സംബന്ധിച്ചുള്ള പ്രമാണങ്ങൾ പരിശോധിച്ചാൽ തായ്വഴിയനുസരിച്ചുള്ള ഭാഗമാണു നടക്കുന്നതെന്നു കാണാം.

ആളോഹരിഭാഗത്തിനു അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള കാരണങ്ങൾ ചുരുക്കത്തിൽ താഴെ കാണുന്നവയാണ്.

൩. പരമ്പരയായിട്ടുള്ള ചില ആചാരവിശേഷങ്ങളോടുകൂടിയ മരുമക്കത്തായികളാണ് നാഞ്ചിനാട്ടുവെള്ളാളന്മാർ.

൪. വിപരീതമായ അംഗീകാരം സിദ്ധിച്ചിട്ടുള്ള ചില ആചാരങ്ങളുടെ സംഗതികൾ ഒഴിച്ചു ഈ സമുദായത്തെസംബന്ധിച്ചു കോടതികൾ മരുമക്കത്തായ നിയമതത്വങ്ങൾ അനുകരിച്ചുപോരുന്നു.

൫. ഒരു തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും ജീവനാംശം കിട്ടുന്നതിനുള്ള അവകാശം ഉള്ളതും സ്ഥാനവ്യത്യാസംകൂടാതെ എല്ലാ പ്രായപൂർത്തിവന്ന അംഗങ്ങൾക്കും അതു സമമായി കിട്ടാനുള്ള അവകാശം ഉള്ളതും ആകുന്നു. (൧൧ ടി. എൽ. ജെ. ൫൬൰) തായ്വഴിഭാഗം അനുവദിക്കുകയാണെങ്കിൽ അതു ഈ അവകാശങ്ങളെ ബാധിക്കുന്നതാണ്.

൬. നാഞ്ചിനാട്ടു വെള്ളാളന്മാർ എല്ലാപ്രമാണങ്ങളിലും അവർ മരുമക്കത്തായികൾ ആണെന്നു പറഞ്ഞുവരുന്നു.

൭. കമ്മിററി ൫൧൧ സാക്ഷികളെ വിസ്തരിക്കുകയും അവരിൽ ൪൪൬ പേർ ആളോഹരിഭാഗം വേണമെന്നു ആവശ്യപ്പെടുകയുംചെയ്തു.

൮. ഈ വിഷയത്തിൽ കമ്മിററിക്കു ഏകാഭിപ്രായം ആയിരുന്നു.

൯. കമ്മിററി രൂപീകരിച്ച ബില്ലിനെസംബന്ധിച്ചു സമുദായത്തിലെ യാതൊരംഗവും ആക്ഷേപം പുറപ്പെടുവിച്ചില്ല.

൰. ബില്ലു നിയമസഭയിൽ ഹാജരാക്കിയപ്പോൾ മാത്രമാണ് വിപരീതാഭിപ്രായം പുറത്തു വന്നിട്ടുള്ളതു.

ഞങ്ങൾ ഈ വാദമുഖങ്ങളെപ്പററിയെല്ലാം വാദപ്രതിവാദം നടത്തുകയും പരിചിന്തനം ചെയ്യുകയുംചെയ്തു. ആളോഹരിഭാഗം സ്വീകരിക്കയാണ് ന്യായവും ബുദ്ധിപൂർവ്വവും എന്നു ഞങ്ങൾ വിചാരിക്കുന്നു. ഹാജരാക്കിയപ്രമാണങ്ങളിൽ തായ്വഴിഭാഗത്തെസംബന്ധിച്ചു ഒരു വ്യവസ്ഥിതമായ ആചാരം ഉള്ളതായികണ്ടിരുന്നു എങ്കിൽ ഈ അഭിപ്രായം സ്വീകരിക്കുന്നതിനു ഞങ്ങൾക്കു സംശയിക്കേണ്ടതായിരുന്നു. എന്നാൽ പ്രമാണങ്ങൾ വ്യവസ്ഥിതങ്ങളായ യാതൊരാചാരത്തെയും തെളിയിക്കുന്നില്ല. ആളോഹരിഭാഗം തെളിയിക്കുന്ന പ്രമാണങ്ങളും തായ്വഴിഭാഗം തെളിയിക്കുന്ന പ്രമാണങ്ങളും ഇവരണ്ടും തെളിയിക്കുന്ന പ്രമാണങ്ങളും ഉണ്ട്. അതുകൊണ്ടു മരുമക്കത്തായതറവാട്ടു അംഗങ്ങളുടെ സ്ഥാപിതമായ അവകാശങ്ങളെ സ്ഥാപിക്കാതെ തായ്വഴിഭാഗത്തിനു അനുകൂലമായി യാതൊരു വ്യവസ്ഥാചാരവും ഞങ്ങൾ കാണുന്നില്ല.

അതുകൊണ്ടു കമ്മിററിയുടെ ഏകകണ്ഠ്യമായിട്ടുള്ളതും സൂക്ഷിച്ചു തയ്യാറാക്കിട്ടുള്ളതും ആയ റിപ്പോർട്ടിനെ അംഗീകരിക്കേണ്ടതാണെന്നാണു ഞങ്ങളുടെ അഭിപ്രായം.

തെളിവുകളിൽനിന്നും വെളിവായിട്ടുള്ള ഒരു കാര്യം ഭാഗംചെയ്യുമ്പോൾ കാരണവനു മററുള്ളവരുടെ ഓഹരിയെക്കാൾ കൂടുതലായ ഒരു ഓഹരി കിട്ടിയിരുന്നു എന്നുള്ളതാണ്.

ഇതിനെവേണ്ടി ഈ അദ്ധ്യായത്തിൽ ഞങ്ങൾ വ്യവസ്ഥചെയ്തിട്ടുണ്ട്.

ഖണ്ഡം ൧൨.

ഈ വ്യവസ്ഥ ആവശ്യമില്ലാത്തതാണ്.

൧൨-ാംഖണ്ഡം വിട്ടുകളഞ്ഞിട്ടു താഴെപറയുന്നതിനെ ഒരു പുതിയഖണ്ഡമായി ചേർക്കുക.

“൧൩. തന്റെ തറവാട്ടുഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീക്കാകട്ടെ പുരുഷനാകട്ടെ തറവാട്ടു മുതലിൽനിന്നുള്ള ആദായത്തിന്റെ സഹായത്തോടുകൂടി ആ ഭരണകാലത്തു ആ ആൾ എന്തെങ്കിലും സമ്പാദിച്ചിട്ടുണ്ടെങ്കിൽ ഭാഗകാലത്തു മററുവിധത്തിൽ കിട്ടേണ്ടതായ ഓഹരിക്കുപുറമെ ആ സമ്പാദ്യത്തിന്റെ നാലിലൊന്നു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

ഭാഗം ൪.

മരണശാസനപ്രകാരമല്ലാത്ത പിന്തുടർച്ചാവകാശം.

ഖണ്ഡം ൧൫. ൨-ാം വരിയിൽ “ഈ ഭാഗത്തിലെ” എന്നതിനുപകരം “ഈ അദ്ധ്യായത്തിലെ” എന്നും “പറയപ്പെടുന്ന” എന്നതിനുപകരം “ഗണിക്കപ്പെടുന്ന” എന്നും ചേർക്കണം.

ഖണ്ഡം ൧൬. ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള തത്വത്തെ യാതൊരുവിധത്തിലും ഭേദപ്പെടുത്താതെ, നായർറെഗുലേഷൻ ഭേദഗതിബില്ലിലെ വാചകരീതിതന്നെ അനുകരിക്കുന്നതു നന്നായിരിക്കുമെന്നു ഞങ്ങൾ വിചാ

രിക്കുന്നു. ഞങ്ങൾക്ക അയച്ചിട്ടുള്ള നിവേദനങ്ങൾ അനുസരിച്ച വിധവയ്ക്കുശേഷം അമ്മയ്ക്കും അമ്മയില്ലെങ്കിൽ അഛനും മുതൽ ലഭിക്കത്തക്കവണ്ണം ഞങ്ങൾ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇവരെല്ലാവരുടെയും അഭാവത്തിൽ അവരുടെ പിൻതുടർച്ചാവകാശികൾക്ക അതായത് സഹോദരിമാർക്കും സഹോദരന്മാർക്കും അവരുടെ സന്താനങ്ങൾക്കും മുതൽ കിട്ടുന്നതാകുന്നു. ഒരു സ്ത്രീ മരണശാസനംകൂടാതെ മരിക്കുമ്പോൾ അവളുടെ സന്താനങ്ങൾക്ക അവളുടെ അഛനെക്കാൾ മുൻവകാശമുണ്ടായിരിക്കുന്നതാണ്.

൧൪-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന രണ്ടു ഖണ്ഡങ്ങൾചേർത്തു വായിക്കേണ്ടതാകുന്നു:—

൧൪. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ മക്കളോ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ, രണ്ടുകൂട്ടരുമോ ജീവിച്ചിരിക്കുന്നപക്ഷം, അവർക്ക വിധവയോ വിധവകളോ [illegible] കഴിക്കുകയോ ചെയ്യുന്നതുവരെ ജീവനാംശത്തിനുള്ള അവകാശത്തിന്മേൽ [illegible] മരിച്ചയാളുടെ മുതലിന്മേൽ മുഴുവനും അവകാശമുള്ളതാകുന്നു.

൧൫. ൧൪-ാം വകുപ്പിൻപ്രകാരം മുതലിന്റെ വിഭാഗം താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ചിരിക്കുന്നതാകുന്നു:—

൧. പുത്രന്മാർക്കും പുത്രിമാർക്കും മുതലിന്റെ സമഭാഗത്തിന്ന അവകാശമുള്ളതാകുന്നു. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ മക്കളോ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ രണ്ടുകൂട്ടരുമോ ജീവിച്ചിരിക്കുന്നപക്ഷം അവർക്ക ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുമെന്നുള്ളതാകുന്നു.

൨. മരണശാസനംകൂടാതെ മരിക്കുന്ന ആളിന്റെ മക്കളുടെ മക്കൾക്ക ആ ആളിന്റെ മരണശേഷം തങ്ങളുടെ അഛനോ അമ്മയോ ജീവിച്ചിരുന്നാൽ അവർക്ക കിട്ടുമായിരുന്ന മുതലിന്റെ സമഭാഗം ഉണ്ടായിരിക്കുന്നതാണ്. മരണശാസനം എഴുതിവയ്ക്കാത്ത ആളിന്റെ മരണശേഷം ജീവിച്ചിരിക്കുന്ന സന്താനപരമ്പരകൾക്ക അയാളുടെ മക്കളുടെ, മക്കളുടെ മക്കളോ അതിലും അകന്നവരോ ആയിരുന്നാലും ഇപ്രകാരംതന്നെ മുതലിന്ന അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

ഉദാഹരണങ്ങൾ.

(എ) ഇസഡ് എന്നയാൾ മരണശാസനംകൂടാതെ മരിക്കുമ്പോൾ ഏ എന്നൊരു മകനും, ബി. എന്നൊരു മകളും മരിച്ചുപോയ സി. എന്നമകന്റെ മക്കളും ജീവിച്ചിരിക്കുന്നു. ഏയ്ക്കും ബിയ്ക്കും ആ മുതലിൽ മൂന്നിൽ ഒരുഭാഗംവീതവും സിയുടെ സന്താനങ്ങൾക്ക എല്ലാപേർക്കുംകൂടി ആ മുതലിൽ മൂന്നിലൊരുഭാഗവും കിട്ടും.

(ബി) ഇസഡ് എന്നയാൾ മരിക്കുമ്പോൾ ഏ എന്നമകനും ബി എന്നമകളും മരിച്ചുപോയ സി എന്നമകളുടെ രണ്ടു മക്കളും മരിച്ചുപോയ ഡി എന്നമകന്റെ രണ്ടു മക്കളും മക്കളുടെ ഒരു കുട്ടിയും ജീവിച്ചിരിക്കുന്നു. ഇസഡിന്റെ മുതലിൽ എ, ബി. എന്ന രണ്ടുപേർക്കും നാലിൽ ഒരു ഭാഗവും, സിയുടെ മക്കളിൽ ഓരോരുത്തർക്കും എട്ടിൽ ഒരു ഭാഗത്തിനും, ഡിയുടെ മക്കളിൽ ഓരോരുത്തർക്കും പന്ത്രണ്ടിൽ ഒരുഭാഗത്തിനും ഡിയുടെ മക്കളുടെ കുട്ടികൾക്ക പന്ത്രണ്ടിൽ ഒരു ഭാഗത്തിനും അവകാശം ഉണ്ടായിരിക്കും.

ഖണ്ഡങ്ങൾ ൧൬ മുതൽ ൧൭ വരെ താഴെ പറയുന്നവയെ ൧൬, ൧൫, ൧൭ ഈ ഖണ്ഡങ്ങൾക്കപകരം ചേർക്കണം.

" ൧൭. ഒരു പുരുഷൻ മരണശാസനംകൂടാതെ മരിക്കുമ്പോൾ മക്കളോ അല്ലെങ്കിൽ മരിച്ചുപോയമക്കളുടെ സന്താനങ്ങളോ ഇല്ലാതിരിക്കയും, എന്നാൽ അയാളുടെ വിധവയോ വിധവകളോ ഇവരും അമ്മയും മാത്രം ഉണ്ടായിരിക്കുന്ന സംഗതിയിൽ വിധവയ്ക്കോ വിധവകൾക്കോ അവളുടെയോ അവരുടെയോ മരണംവരെയോ പുനർവിവാഹംവരെയോ, അന്യാധീനപ്പെടുത്താൻ അധികാരംകൂടാതെ, അയാളുടെ മുതൽ മുഴുവൻ അനുഭവിക്കാവുന്നതാകുന്നു. എന്നാൽ ആ മുതലിൽനിന്നുള്ള ആദായം വെറും ജീവനാംശത്തിനുപോലും മതിയാകാതെവരുന്ന സംഗതിയിൽ ആ മുതലിനെ വിധവയ്ക്കും, വിധവകൾക്കോ അന്യാധീനപ്പെടുത്താവുന്നതാകുന്നു.

വിധവയുടെ വിധവകളുടെയോ മരണത്തിനോ പുനർവിവാഹത്തിനോ ശേഷം ആ മുതൽ മാതാവിന്ന കിട്ടുന്നതാകുന്നു.

൧൮. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയാകട്ടെ മക്കളാകട്ടെ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളാകട്ടെ ഇല്ലാതിരിക്കയും അയാളുടെ അമ്മമാത്രം ജീവിച്ചിരിക്കുകയും ചെയ്താൽ അയാളുടെ മുതൽ അയാളുടെ അമ്മക്ക കിട്ടുന്നതാകുന്നു.

൧൯. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയാകട്ടെ, അമ്മയാകട്ടെ, മക്കളാകട്ടെ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളാകട്ടെ ഇല്ലാതിരിക്കയും അച്ഛൻമാത്രം ജീവിച്ചിരിക്കുകയും ചെയ്താൽ അയാളുടെ മുതൽ അയാളുടെ അഛന ലഭിക്കുന്നതാകുന്നു.

൨൦. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ ൧൪ മുതൽ ൧൯ വരെ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ജീവിച്ചിരിപ്പില്ലാത്തപക്ഷം അയാളുടെ മുതൽ അയാളുടെ അമ്മയുടെ മക്കളുടെ സന്താനങ്ങൾക്ക ചെല്ലുന്നതാകുന്നു.

" ഖണ്ഡങ്ങൾ ൧൮ മുതൽ ൨൦ വരെ ഖണ്ഡങ്ങൾക്കപകരം താഴെ പറയുന്നതുചേർക്കണം.

൨൧. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ അവളുടെ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ രണ്ടുകൂട്ടരുമോ ജീവിച്ചിരുന്നാൽ അവളുടെ മുഴുവൻമുതലിനും അവർക്ക അവകാശം ഉണ്ടായിരിക്കുന്നതാണ്.

൨൨. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ അവളുടെ മക്കളാകട്ടെ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളാകട്ടെ ഇല്ലാതിരിക്കുകയും ഭർത്താവുമാത്രം ജീവിച്ചിരിക്കുകയും ചെയ്യുമ്പോൾ, അന്യാധീനപ്പെടുത്താൻ അധികാരംകൂടാതെ, അയാളുടെ മരണമോ പുനർവിവാഹമോവരെ അവളുടെ മുഴുവൻമുതലും ഭർത്താവിന്നനുഭവിക്കാവുന്നതാകുന്നു.

൨൩. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ മക്കളാകട്ടെ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളാകട്ടെ ഭർത്താവാകട്ടെ ഇല്ലാതിരിക്കുകയോ, ൨൨-ാം വകുപ്പിൻപ്രകാരം പിൻതുടർച്ചാവകാശിയായിവരു

ന്ന ഭർത്താവു മരിക്കുകയോ പുനർവിവാഹം കഴിക്കുകയോ ചെയ്യുന്നപക്ഷം അവളുടെ മുതൽ അവളുടെ അമ്മയുടെ മക്കളുടെ സന്താനങ്ങൾക്കു ചെല്ലുന്നതാകുന്നു.

അമ്മയുടെ മക്കളുടെ സന്താനങ്ങൾ ഇല്ലാത്തപക്ഷം അവളുടെ അച്ഛനു മുഴുവൻമുതലും കിട്ടുന്നതാണ്.

ഖണ്ഡം ൨൧. ഈ ഖണ്ഡത്തിനുപകരം താഴെപറയുന്നതു ചേർക്കണം.

"൧൭. മരണശാസനംകൂടാതെ ഒരു പുരുഷനോ സ്ത്രീയോ മരിക്കുമ്പോൾ മേൽപറഞ്ഞ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികൾ ആരുംതന്നെ ഇല്ലാതിരിക്കുകയും കാര്യത്തിന്റെ അവസ്ഥപോലെ വിധവയോ ഭർത്താവോ മാത്രം ജീവിച്ചിരിക്കുകയും ചെയ്യുമ്പോൾ ആ വിധവയ്ക്കോ ഭർത്താവിനോ അയാളുടെയോ അവളുടെയോ മുഴുവൻമുതലിനും അവകാശമുണ്ടായിരിക്കുന്നതാകുന്നു".

൧൭-ാം ഖണ്ഡം കഴിഞ്ഞു താഴെപറയുന്ന രണ്ടു ഖണ്ഡങ്ങൾ ചേർക്കണം.

"൧൮. ൧൫-ാം വകുപ്പിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ൧൭-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവണ്ണം മരണശാസനംകൂടാതെ മരിക്കുന്ന സ്ത്രീയുടെ മക്കളുടെ സന്താനങ്ങൾക്കു ൧൦-ം ൧൩-ം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അമ്മയുടെ മക്കളുടെ സന്താനങ്ങൾക്കും മുതൽ വീതിച്ചുകൊടുക്കുന്നതിൽ കഴിയുന്നിടത്തോളം സംബന്ധിക്കുന്നതാകുന്നു.

൧൯. ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി പുരുഷന്റെയോ സ്ത്രീയുടെയോ മുതലിൽ ദാനം ചെയ്യാത്തുള്ളതു അവന്റെയോ അവളുടെയോ മുതലായി ഗണിക്കേണ്ടതാണ്".

ഭാഗം ൩.

ചെലവിനു കൊടുക്കലും രക്ഷാകർത്തൃത്വവും.

ഖണ്ഡം ൨൨. ൨-ാം വരി "വിവാഹംകഴിയാത്ത പ്രായപൂർത്തിയായ പുത്രികൾക്കു" എന്നുള്ളതു വിട്ടുകളയുകയും "പ്രായംതികയാത്ത കുട്ടികൾ" എന്നതിനുമുമ്പിൽ "തങ്ങളുടെ ഭർത്താക്കന്മാരുടെ രക്ഷാകർത്തൃത്വത്തിൽ ഇരിക്കുന്നതായ വിവാഹിതകളായ പുത്രികൾ ഒഴി" എന്നു ചേർക്കണം.

ടിപ്പ. "ഭർത്താവിനോടുകൂടി" എന്നതിനുമുമ്പിൽ "ന്യായമായകാരണംകൂടാതെ" എന്നു ചേർക്കണം.

൨-ാം വരിയിൽ "ഹിന്ദുമതത്തെ ഉപേക്ഷിക്കുകയോ" എന്നതിനുപകരം "മതംമാറുകയോ" എന്നു ചേർക്കണം.

ഖണ്ഡം ൨൩. ഇതിനെ ഈ ഖണ്ഡത്തിലെ (൧)-ാം ഉപഖണ്ഡമായി നമ്പർമാററിയിടണം. "പ്രായംതികയാത്ത കുട്ടികൾ" എന്നതിനുമുമ്പിൽ തങ്ങളുടെ ഭർത്താവിന്റെ രക്ഷാകർത്തൃത്വത്തിൽ ഇരിക്കുന്ന വിവാഹിതകളായ പുത്രികൾ ഒഴികെ" എന്നുചേർക്കണം.

ഖണ്ഡം ൨൪. "ഭാര്യക്കു" എന്നുള്ളതിനു പകരം "സ്ത്രീക്കു" എന്നു ചേർക്കണം.

"അവർ അവരുടേയും,..... .... രക്ഷകർത്താവായിരിക്കുന്നതാകുന്നു"

എന്നുള്ളതിനു പകരം "അവർ അവരുടേയും അവർക്കുള്ള പ്രത്യേകസ്വത്തിന്റെയും നിയമപ്രകാരമുള്ള രക്ഷാകർത്താവായിരിക്കുന്നതാകുന്നു". എന്നു മാററണം.

ഭാഗം ൬.

ഒസ്യത്തു്.

ഖണ്ഡം ൨൬. ൩-ാംവരിയിൽ "[illegible]" എന്നതിനു മുമ്പിൽ "കാര്യത്തിന്റെ അവസ്ഥപോലെ" എന്നു ചേർക്കണം.

ഭാഗം ൭.

പ്രവർത്തനവ്യാപ്തി.

ഖണ്ഡം ൨൮. ഈ ഖണ്ഡത്തെ വിട്ടുകളഞ്ഞിട്ടു് താഴെ പറഞ്ഞിട്ടുള്ള ഖണ്ഡത്തെ ചേർക്കണം:—

"൩൩. ഈ റെഗുലേഷൻ നടപ്പിൽവന്നതിന്റെശേഷം മരിക്കുന്ന ഒരു നാഞ്ചിനാട്ടുവെള്ളാളന്റെ ഭാര്യയും കുട്ടികളും നടപ്പിലുള്ളതായ നാംകൂട്ടമയും ഉകന്തുട്ടമയും അവകാശങ്ങൾക്കു അർഹരായിരിക്കുന്നില്ല.

൩൪. ഈ റെഗുലേഷനിലുള്ള യാതൊന്നും:—

(എ) ഈ റെഗുലേഷൻ ആരംഭിക്കുന്ന തീയതിക്കുമുമ്പു നടപ്പനുസരിച്ചു ലഭിച്ചിട്ടുള്ള അവകാശങ്ങളെ ബാധിക്കുകയാകട്ടെ, അല്ലെങ്കിൽ,

(ബി) ഇതിനുമുകളിൽ വ്യവസ്ഥചെയ്തിടത്തോളം ഒഴിച്ചു ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമചട്ടങ്ങളേയൊ, നടപ്പിനേയൊ, ആചാരത്തിനേയൊ, ബാധിക്കുകയാകട്ടെ, ചെയ്യുന്നതല്ല.

ബില്ലിന്റെ ഭാഗങ്ങളുടെ താഴെപ്പറയുന്ന മാററങ്ങളെ അദ്ധ്യായങ്ങളുടെ തലക്കെട്ടുകളുടെ മാററങ്ങളോടുകൂടി അംഗീകരിക്കുന്നതും ഖണ്ഡങ്ങളുടെ നമ്പരുകളനുസരിച്ചു മാററിയിടുന്നതുമാകുന്നു.

അദ്ധ്യായം	൧	പ്രാരംഭം.
"	൨	വിവാഹവും വിവാഹമോചനവും.
"	൩	ചെലവിനുകൊടുക്കലും രക്ഷാകർത്തൃത്വവും.
"	൪	മരണശാസനപ്രകാരമല്ലാത്ത പിന്തുടർച്ചാവകാശം.
"	൫	മരണശാസനപ്രകാരമുള്ള പിന്തുടർച്ചാവകാശം.
"	൬	ഒസ്യത്തു്.
"	൭	തറവാട്ടുമുതലിന്റെ ഭാഗം.
"	൮	കൂടുതൽ വ്യവസ്ഥകൾ.

പോൾ വി. ഡാനിയൽ (ഇതിനോടു സംബന്ധിച്ചിട്ടുള്ള കുറിപ്പിനാൽപ്പെട്ടു).

ടി. കുമാരപിള്ള

കെ. പരമേശ്വരൻപിള്ള.

എൻ. രാമകൃഷ്ണപിള്ള.

പി. കെ. നാരായണപിള്ള (എന്റെ പ്രത്യേകം കുറിപ്പിനാൽപ്പെട്ടു).

എം. സുബ്രഹ്മണ്യപിള്ള (എന്റെ വിസമ്മതറിപ്പോർട്ടിനധീനപ്പെട്ടു).
ടി. എൻ. ചിദംബരതാണുപിള്ള.
എം. രാജരാജവമ്മ.
പി. സുബ്ബയ്യർ.

അനുബന്ധം.

കോട്ടയം പോലീസ് ഡിസ്ത്രിക്ട് സൂപ്രണ്ട മിസ്റ്റർ എസ്സ്. കുമാരപിള്ള മുതൽപേർ ൧൦൮൭ ആഗസ്റ്റ് ൩൦-നു അയച്ച ഹജി.

൧൦൮൮ ചിങ്ങം ൨-നു കരുനാഗപ്പള്ളി മി: ആറുമുഖംപിള്ളയും ൧൦൮൮ ചിങ്ങം ൧൨-നു പത്മനാഭപുരം കോട്ടിൽ മിസ്റ്റർ എം. ശിവസുബ്രഹ്മണ്യപിള്ളയും അദ്ധ്യക്ഷം വഹിച്ചു നടത്തിയ നാഞ്ചിനാട്ടു വെള്ളാളസഭകളിൽ ദായവിഷയത്തെപ്പറ്റി പാസാക്കീട്ടുള്ള ഐകമത്യമായ നിശ്ചയങ്ങൾ.

നാഗർകോവിലിൽ വക്കീൽ മിസ്റ്റർ ശിവതാണുപിള്ള ൧൦൮൮ ചിങ്ങം ൩-നു അയച്ച എഴുത്തു.

വയ്ക്കത്തുനിന്നും മിസ്റ്റർ സി. പി. മുത്തുപിള്ള ബി. എ, എൽ. റി.-യും മററു ചിലരും ൧൦൮൭ കർക്കടകം ൨൯-നു അയച്ച ഹജി.

അഗസ്തീശ്വരം താലൂക്കിൽനിന്നും മിസ്റ്റർ ബ്രഹ്മനായകംപിള്ള മുതൽപേർ തീയതി കൂടാതെ അയച്ച ഹജി.

ചേർത്തല-കുത്തിയതോട്ടിൽനിന്നും കണക്ക മാരായക്കുട്ടിപ്പിള്ള ശിവസുബ്രഹ്മണ്യപിള്ള മുതൽപേർ ൧൦൮൮ കന്നി ൨൨-നു അയച്ച ഹജി.

പറക്കയിൽ മിസ്റ്റർ എം. പെരുമാൾപിള്ള ബി. എ. ൧൦൮൮ ചിങ്ങം ൧൪-നു അയച്ച ഹജി.

മീനച്ചിൽ താലൂക്കിൽനിന്നും മിസ്റ്റർ ഇ. കെ. ഗോപാലപിള്ള മുതൽപേർ ൧൦൮൮ കന്നി ൪-നു അയച്ച ഹജി.

പത്മനാഭപുരത്തെ മിസ്റ്റർ പി. എസ്. ശങ്കരനാരായണംപിള്ള അദ്ധ്യക്ഷം വഹിച്ചു ആ സ്ഥലത്തിൽ നടത്തിയ സഭയിൽനിന്നും ൧൦൮൭ ഒക്ടോബർ ൨-നു പാസാക്കിയ നിശ്ചയങ്ങൾ.

നാവൽക്കാട്ടു കണക്ക ആർ. വെള്ളപ്പെരുമാൾപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൨൧-നു അയച്ച ഹജി.

അനന്തപുരത്തു മിസ്റ്റർ ചിന്നതമ്പിയാപിള്ള മുതൽപേർ ൧൦൮൮ കന്നി ൨൦-നു അയച്ച ഹജി.

ഇരച്ചകുളത്തു മിസ്റ്റർ പപ്പുപിള്ള മുതൽപേർ ൧൦൮൮ കന്നി ൧൯-നു അയച്ച ഹജി.

മിസ്റ്റർ എസ്. മഹാരാജപിള്ളയുടെ അദ്ധ്യക്ഷത്തിൽ ൧൦൮൮ കന്നി ൩൦-നു വടിവീശ്വരത്തു നടത്തിയ സഭയിൽ പാസാക്കിയ നിശ്ചയം.

തിരുവനന്തപുരത്തു ജനറൽ ആസ്പത്രിയിൽ സ്റ്റീവാർഡ് മിസ്റ്റർ സി. എസ്. ശിവതാണുപിള്ള ൧൦൮൭ കർക്കടകം ൧൫-നു അയച്ച ഹജി.

തിരുവനന്തപുരം മഹാകാളേജിൽ എഫ്. എൽ. ക്ലാസിൽ മിസ്റ്റർ പി. എം. നാരായണപിള്ള ബി. എ. ൧൦൮൮ ചിങ്ങം ൨൮-നു അയച്ച ഹജി.

ചേർത്തല മിസ്റ്റർ സി. പത്മനാഭപിള്ള ൧൦൮൮ ചിങ്ങം ൨൫-നു അയച്ച ഹജി.

കടയ്ക്കര മിസ്റ്റർ എസ് നീലകണ്ഠപ്പിള്ള ൧൦൮൮ ചിങ്ങം ൨൩-നു അയച്ച ഹജി.

പാമ്പാക്കോട്ടിയിൽ മിസ്റ്റർ പി. എൻ. പരമേശ്വരൻപിള്ള ൧൦൮൭ കർക്കടകം ൨൧-നു അയച്ച ഹജി.

തിരുവിതാംകോട്ടിലെ വടക്കൻതാലൂക്കുകളിൽ താമസിക്കുന്ന മിസ്റ്റർ സി. കെ. കൃഷ്ണപിള്ള ബി. എ. മുതൽപേർ ൧൦൮൮ ചിങ്ങം ൩-നു അയച്ച ഹജി.

മിസ്റ്റർ മാണിക്യവാശകംപിള്ളയുടെ അദ്ധ്യക്ഷതയിൽ പറക്കയിൽ നടത്തിയ സഭയിൽ പാസാക്കിയ നിശ്ചയം.

ശ്രീമൂലംപ്രജാസഭ മെമ്പർ മിസ്റ്റർ പെരുമാൾപിള്ളയുടെ അദ്ധ്യക്ഷത്തിൽ കുലശേഖരപുരത്തുവച്ചു നടത്തിയ സഭയിൽ പാസാക്കിയ നിശ്ചയം.

മിസ്റ്റർ എ. വെള്ളപ്പെരുമാൾപിള്ള മുതൽപേർ ൧൦൮൮ കന്നി ൩-നു അയച്ച ഹജി.

തിരുവനന്തപുരത്തു മിസ്റ്റർ സി. എസ്. പത്മനാഭപിള്ള മുതൽപേർ ൧൦൮൭ സെപ്റ്റംബർ ൧൨-നു അയച്ച ഹജി.

താഴക്കുടിയിൽ മി. എം. ഭഗവതിപെരുമാൾപിള്ള ൧൦൮൮ കന്നി ൨-നു അയച്ച ഹജി.

കുലശേഖരൻപുത്തൂരിൽ മി. എ. സുബ്രഹ്മണ്യപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൧൪-നു അയച്ച ഹജി.

ഇടക്കോട്ടു മിസ്റ്റർ വൈരനാഥപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൨൫-നു അയച്ച ഹജി.

പുത്തഗ്രാമത്തു മിസ്റ്റർ റി. തിരവിയംപിള്ള മുതൽപേർ ൧൦൮൭ കർക്കടകം ൩-നു അയച്ച ഹജി.

ഇരച്ചകുളത്തു മിസ്റ്റർ എസ്. പത്മനാഭപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൨൧-നു അയച്ചഹജി.

പുത്തേരിയിൽ മിസ്റ്റർ ഷണ്മുഖംപെരുമാൾപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൩൨-നു അയച്ചഹജി.

കരപ്പുക്കോട്ടയിൽ കണക്ക രാമകൃഷ്ണപിള്ള മുതൽപേർ ൧൦൮൭ മിഥുനം ൧൪-നു അയച്ച ഹജി.

വടിവീശ്വരത്തു ഭഗവതിഅമ്മ മുതൽപേർ ൧൦൮൭ ആഗസ്റ്റ് ൩൦-നു അയച്ച കമ്പിവാർത്ത.

നാഗർകോവിലിലെ നാഞ്ചിനാട്ടു വെള്ളാളസ്ത്രീകൾ അയച്ച ഹജി.

നാവൽക്കാട്ടിൽ നാഞ്ചിനാട്ടു വെള്ളാളസ്ത്രീകൾ അയച്ച ഹജി.

പറക്കയിൽ മിസ്റ്റർ എസ്. പത്മനാഭപിള്ള മുതൽപേർ അയച്ച ഹജി.

നാവൽക്കാട്ടിൽ എം. ആറുമുഖപെരുമാൾപിള്ള മുതൽപേർ ൧൦൮൭ കർക്കടകം ൩൨-നു അയച്ചഹജി.

ഇരച്ചകുളത്തു ഭഗവതിഅമ്മ മുതലായ നാഞ്ചിനാട്ടു വെള്ളാളസ്ത്രീകൾ ൧൦൮൭ കർക്കടകം ൨൭-നു അയച്ച ഹജി.

കട്ടക്കരയിലുള്ള ചില വെള്ളാളസ്ത്രീകളുടെ ഹർജി.

ഇറച്ചികുളത്തു മിസ്റ്റർ അമ്മയപ്പപിള്ള മുതൽപേർ ൧൦൯൯ കക്കടകം ൨൨-നു അയച്ച ഹർജി.

ശ്രീമൂലംപ്രജാസഭയിലെ മെംബറായിരുന്ന മിസ്റ്റർ താണുമാലയപ്പെരുമാൾപിള്ള മുഖാന്തരമായി തോവാളനിന്ന ചിലർ ൧൦൯൯ കക്കടകം ൨൩-നു അയച്ച ഹർജി.

വള്ളൂരു വക്കീൽ മി. പി. പി. ബാലകൃഷ്ണപിള്ള മുതൽപേർ അയച്ച ഹർജി.

തിരുവനന്തപുരത്തു മി. സി. എസ്സ്. പത്മനാഭപിള്ള മുതൽപേർ ൧൦൯൯ കക്കടകം ൩൧-നു അയച്ച ഹർജി.

പത്മനാഭപുരത്തു മി. പി. എസ്. മരുതനായകംപിള്ള മുതൽപേർ ൧൦൯൯ മിഥുനം ൨൯-നു അയച്ച ഹർജി.

ഈശാന്തിമംഗലത്തു മി. ഏ. രാമനാഥപിള്ള മുതൽപേർ അയച്ച ഹർജി.

കട്ടക്കരയിൽ മി. തമ്പുരാങ്കുട്ടിപിള്ള മുതൽപേർ അയച്ച ഹർജി.

കട്ടക്കരയിൽ മി. അണ്ണാമലപെരുമാൾപിള്ള മുതൽപേർ അയച്ച ഹർജി.

തൊട്ടപ്പുഴതൊക്കൽ മി. കെ. എൻ. രാമൻപിള്ള മുതൽപേർ ൧൧൦൦ ചിങ്ങം ൧൦-നു അയച്ച ഹർജി.

പറക്കയിൽ മി. എം. ഭൂതലിംഗംപിള്ള മുതൽപേർ അയച്ച ഹർജി.

നാഗരുകോവിൽ വക്കീൽ മി. ഏ. അഴകപ്പാപിള്ള അയച്ച ഹർജി.

മി. എൻ. ആറുമുഖംപിള്ള മുതൽപേർ അയച്ച ഹർജി.

വളവംകോട്ട് മി. എൻ. മഹാദേവൻപിള്ള മുതൽപേർ അയച്ച ഹർജി.

ഇരവിപുത്തൂർ മി. ഈ. ചിത്രപുത്രപിള്ള മുതൽപേർ ൧൦൯൯ തുലാം ൨൩-നു അയച്ച ഹർജി.

നാഗരുകോവിലിൽ വക്കീൽ മി. എം. ശിവതാണുപിള്ള ൧൦൯൯ തുലാം ൨൩-നു അയച്ച ഹർജി.

തിരുവനന്തപുരത്തു വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ മാനേജർ മി. സി. സദാശിവൻപിള്ള ൧൯൨൩ അക്ടോബർ ൨൭-നു അയച്ച ഹർജി.

ആറ്റങ്ങൽനിന്നും ഡാക്ടർ എം. പത്മനാഭപിള്ള ൧൯൨൪ ജൂലായി ൧൦-നു അയച്ച ഹർജി.

ഒത്രൂർ മി. എസ്സ്. അഴകംപെരുമാൾപിള്ള ൧൦൯൯ കക്കടകം ൧൦-നു അയച്ച ഹർജി.

തേരൂരിൽനിന്നും മി. ചിദംബരംപിള്ള, ഉമതാണുപിള്ള മുതൽപേർ ൧൦൯൯ ഇടവം ൧൭-നു അയച്ച ഹർജി.

തൊല്ലൂരിൽ മി. എൻ. സ്വാമിനാഥപിള്ള മുതൽപേർ ൧൦൯൯ ഇടവം ൧൯-നു അയച്ച ഹർജി.

പത്മനാഭപുരത്തെ മി. പി. എസ്. മരുതായകംപിള്ളയുടെ അദ്ധ്യക്ഷതയിൽ ആ സ്ഥലത്തു ൧൦൯൯ ഇടവം ൧൯-നു നടന്ന സഭയിൽനിന്നും അദ്ധ്യക്ഷൻ അയച്ച ഹർജി.

കാക്കമൂത്തൂർ മി. ഏ. താണുകൃഷ്ണപിള്ള മുതൽപേർ അയച്ച ഹർജി.

മി. പി. സുബ്രഹ്മണ്യപിള്ളയുടെ അദ്ധ്യക്ഷതയിൽ മുവാററുപുഴ ൧൦൯൯ മീനം ൨൩-നു നടത്തിയ സഭയിൽ പാസാക്കിയ നിശ്ചയങ്ങൾ.

മി. പി. കെ. നാരായണപിള്ളയുടെ പ്രത്യേക റിപ്പോർട്ട്.

ഒരു പ്രത്യേക റിപ്പോർട്ട എഴുതേണ്ടതിന്റെ ആവശ്യം നേരിട്ടിട്ടുള്ളതു താഴെവരുന്ന ഖണ്ഡികകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾകൊണ്ടാണ്.

(൧) വിവാഹമോചനത്തിനുള്ള കാരണങ്ങളിൽ ഉപേക്ഷിച്ചുപോകുന്നതു ഒരു പ്രധാനസ്ഥാനത്തെ അർഹിക്കുന്നു. അതു ഈ ബില്ലിൽ വിട്ടുകളഞ്ഞിരിക്കുന്നു. അപ്രകാരം ചെയ്യുന്നതിന്റെ ന്യായം എനിക്കു മനസ്സിലാകുന്നില്ല. നായർറഗുലേഷൻ ഭേദഗതി ബില്ലിന്റെ സംഗതിയിൽ, വിവാഹമോചനത്തെ സംബന്ധിച്ച വിഷയത്തിന്റെ അവിചാരിതമായ പരിവർത്തനത്താൽ ഉപേക്ഷിക്കൽ എന്നതുകൂടി നിർദ്ദയമായ നിത്യപീഡനമാരാംത്തിൽ ഉൾപ്പെടുത്തേണ്ടിവന്നു. നായർബില്ലിൽ ഇപ്രകാരം ചെയ്തതു വിചാരിക്കാതെവന്നുകൂടിയ ചില കാരണങ്ങൾകൊണ്ടു മാത്രം സാധൂകരിക്കാമെന്നുള്ളതാണ്. അതുകൊണ്ടു ഉപേക്ഷിച്ചിട്ടുപോകുന്നതിനെ ഒരു പ്രത്യേക കാരണമായി ചേർത്തു ഈ ബില്ലിൽ ഈ തെററു പരിഹരിക്കാവുന്നതാകുന്നു.

(൨) ശരീരസംബന്ധമോ മാനസികമോ ആയ തീരാവ്യാധി വിവാഹമോചനത്തിനു ഒരു കാരണമായി പറഞ്ഞിരിക്കുന്നതു വ്യക്തമോ ശരിയോ ആയിരിക്കുന്നില്ല. ചിത്തഭ്രമത്തിന്റെ സംഗതിയിൽപോലും എല്ലാതരം ചിത്തഭ്രമവും വിവാഹമോചനത്തിനു കാരണമായിത്തീരുന്നില്ല. "Divorce & Separation" എന്ന പുസ്തകത്തിൽ നെൽസൺ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "വിവാഹ ഉടമ്പടിയുടെ സ്വഭാവം മനസ്സിലാക്കുന്നതിനുള്ള ശക്തിയാണ് ഏററവും ന്യായമായ പരീക്ഷ. അല്ലാതെ സാധാരണയുള്ള ഉടമ്പടികളിൽ ഏർപ്പെടുന്നതിനോ ഒരു മരണശാസനം എഴുതിവയ്ക്കുന്നതിനോ ഉള്ള ശക്തിയല്ലാ നോക്കേണ്ടതു". ഈ വിഷയത്തെപ്പററിയുള്ള ഒരു അമേരിക്കൻ കേസിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. "ചിത്തഭ്രമബാധിതനെന്നു പറയപ്പെടുന്ന പുരുഷനോ സ്ത്രീയോ മറെറാരാളുമായി ചെയ്യുന്ന ഒരു ഉടമ്പടിയുടെ സ്വഭാവങ്ങളും ബാദ്ധ്യതകളും മനസ്സിലാക്കത്തക്കവണ്ണം അവരുടെ ഗ്രഹണശക്തിക്കും ബുദ്ധിക്കും തരക്കേട് ഒന്നും വന്നിട്ടില്ലെങ്കിൽ ആ ഉടമ്പടിയിൽനിന്നു മോചിപ്പിക്കേണ്ട ആവശ്യമില്ലാത്തതാകുന്നു." ശരീരസംബന്ധമായ സുഖക്കേടിനെപ്പററിയുള്ള വ്യവസ്ഥയും അവ്യവസ്ഥിതമായിരിക്കുന്നു. പല സുഖക്കേടുകളും തീരാവ്യാധികളാണെന്നു പല വൈദ്യശാസ്ത്രപ്രകാരവും ഉണ്ട്. ഉദാഹരണമായി ആയുർവേദശാസ്ത്രപ്രകാരം അരിശസ്സ് ഒരു തീരാവ്യാധിയാണ്. അതനുസരിച്ചു ഭാര്യയ്ക്കോ ഭർത്താവിനോ അരിശസ്സു സുഖക്കേടുണ്ടെന്നു വിചാരിച്ചു വിവാഹമോചനം അനുവദിക്കേണ്ടതാണോ? അതുകൊണ്ടു ഇതു സംബന്ധിച്ചുള്ള കാരണങ്ങളിൽ കുഷ്ഠം മുതലായി ആപൽകരമായുള്ള പകച്ചവ്യാധികളെ ഉൾപ്പെടുത്തേണ്ടു. അതുകൊണ്ടു ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്ന ഖണ്ഡത്തിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ടതാകുന്നു.

(൩) പ്രത്യേകം വ്യവസ്ഥചെയ്യേണ്ട വേറൊരുകാര്യം വിവാഹമോചനത്തിലേക്ക കോടതിമുമ്പാകെ എത്തുന്ന മാതാപിതാക്കളുടെ മൈനർ സന്താനങ്ങളുടെ സൂക്ഷിപ്പിനേയും രക്ഷാകർത്തൃത്വത്തിനേയും പറ്റിയാണ്. അതുമാതിരിസംഗതികളിൽ നായർ ബില്ലിലേപ്പോലെ സംബന്ധപ്പെട്ട മൈനർ കുട്ടിയുടെ നന്മയെ പരിഗണിച്ച് തങ്ങളുടെ യുക്തംപോലെ തീർച്ചചെയ്യുവാനുള്ള അധികാരം കോടതിക്ക നൽകേണ്ടതാണ്.

(൪) ദായക്രമത്തെ സംബന്ധിച്ചിടത്തോളം വൈമാത്രേയന്മാരുടെ സഹോദരിമാരും സഹോദരന്മാരും തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ല. ഈ കുഴപ്പം പലപ്പോഴും ഉണ്ടാകുന്നതും അതിനവേണ്ടി വ്യവസ്ഥ കൾ ചെയ്യുന്നതു നന്നായിരിക്കുന്നതും ആകുന്നു.

(൫) അവസാനമായി, ഭാഗത്തെസംബന്ധിച്ച വിഷയം തീരെ കുഴപ്പം ഇല്ലാത്തതല്ലല്ലൊ. ഈ വിഷയത്തെ സംബന്ധിച്ച സമുദായം രണ്ടായി പിരിഞ്ഞിരിക്കുന്നു. ഇതു പ്രത്യേക കമ്മിററിക്കാരുടെ അടുക്കൽ അയച്ച മെമ്മോറാണ്ടങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. സമുദായത്തിലെ മുഴുവൻ അംഗങ്ങളേയും തൃപ്തിപ്പെടുത്തുക എപ്പോഴും ഒരു ഇടനിലയാണല്ലോ. ഇതുമാതിരിയുള്ള സംഗതിയിൽ സംബന്ധപ്പെട്ട സമുദായത്തിൽ പ്രചാരത്തിൽ ഇരിക്കുന്ന അഭിമതത്തിനെതിരായി, തങ്ങളുടെ സമുദായത്തിൽനിന്നും വ്യത്യസ്തമായ ഒരു സമുദായത്തിലെ ആചാരങ്ങളും, നടപ്പുകളും, അപൂർണ്ണമായിമാത്രം അറിയാവുന്ന ജഡ്ജിമാരുടെ വിധികൾ ഉദ്ധരിച്ചു കാണിക്കുന്നതിൽ ഒരാൾക്ക നിർവാഹമായും സന്ദേഹം ഉണ്ടാകുന്നതാണ്. ഏകകണ്ഠമായ അഭിപ്രായത്തിന്റെ അഭാവത്തിൽ മററുസംഗതികളെക്കൂടി പരിഗണിച്ച നിയമം രൂപീകരിക്കേണ്ടതാണ്. നിയമത്തെസംബന്ധിച്ച ലാർഡ് ഹാൽഡേയിൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അതിന്റെ മുഴുവൻ സാരവും ഗ്രഹിക്കണമെങ്കിൽ വക്കീലന്മാരുടെ ആശയങ്ങളേക്കാൾ വിപുലതരങ്ങളായ ആശയങ്ങൾ അത്യാവശ്യമാണ്. ഈ ആശയങ്ങൾ സന്മാർഗ്ഗപ്രബോധകന്മാരുടേയും സാമുദായിക ശാസ്ത്രജ്ഞന്മാരുടേയും ആയിരിക്കണം. ഇവയുണ്ടാകാത്ത നിയമം എങ്ങിനെ ഉണ്ടായി എന്നു നമുക്ക സങ്കല്പമല്ല."

പി. കെ. നാരായണപിള്ള.

൨—൪—൧൧൦൦.

ആലോചനഭാഗത്തിനു വിപരീതക്കാരായി അനേകം നാഞ്ചിനാട്ടു വെള്ളാളന്മാർ ഉണ്ടെന്നു ഈ അവസരത്തിൽ പ്രസ്താവിക്കാതിരിക്കാൻ എനിക്ക തരമില്ല. കോർട്ടുകൾ സമുദായത്തെ സംബന്ധിച്ചിടത്തോളം മരുമക്കത്തായ നിയമതത്വങ്ങളെ അംഗീകരിച്ചുപോരുന്നെങ്കിലും, ഈ സമുദായക്കാർ മക്കത്തായ നിയമതത്വങ്ങളും കൂറെ ആചരിച്ചുപോരുന്നു എന്നുള്ളതു അവരുടെ ഇടയിലുള്ള ചില ആചാരങ്ങളും, അടിയന്തിരങ്ങളും, വ്യക്തമാക്കുന്നുണ്ട്. ഒന്നുകിൽ മക്കത്തായനിയമതത്വങ്ങൾ മുഴുവനും അവർ വിട്ടുകളഞ്ഞിട്ടില്ല, അല്ലെങ്കിൽ അവർ പൂർണ്ണമരുമക്കത്തായികളായിരുന്നില്ല. അതുകൊണ്ടു ഇവിടെ യോജ്യമായുള്ളതു, ഒരു ഇടനിലയാകുന്നു. തറവാട്ടുമുതലിൽ പകുതി തറവാട്ടിഭാഗമായിട്ടും പകുതി ആലോചനഭാഗമായിട്ടും ഭാഗിക്കുന്നപക്ഷം ആശാസ്യമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ബിൽ കൌൺസിലിൽ വരുമ്പോൾ ഇപ്രകാരം ഒരു വ്യവസ്ഥ അതിൽ ചേർപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

പി. വി. ഡാനിയൽ

൩൦—൩—൧൧൦൦.

നാഞ്ചിനാട്ടു വെള്ളാളബിൽ.

(പ്രത്യേകം കമ്മിററി പുതുക്കിയതു്)

(അടിയിൽ വരയിട്ടു കാണിച്ചിട്ടുള്ള ഭാഗം പ്രത്യേകകമ്മിററി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളെ കാണിക്കുന്നു).

പീഠിക. നാഞ്ചിനാട്ടു വെള്ളാളരുടെ ഇടയിൽ വിവാഹത്തേയും പിൻതുടർച്ചാവകാശത്തേയും ഭാഗത്തേയും സംബന്ധിച്ച നിയമത്തെ നിർണ്ണയപ്പെടുത്തുകയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കകൊണ്ടു, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം ൧.

പ്രാരംഭം.

ചുരുക്കപ്പേര. ൧. (൧) ഈ റഗുലേഷനെ   ൽ വെച്ചത്തെ നാഞ്ചിനാട്ടു വെള്ളാളറഗുലേഷൻ എന്നു പറയേണ്ടതാകുന്നു.

സംബന്ധം. (൨) തിരുവിതാംകോട്ടുനാട്ടുകാരായി തീർന്നിട്ടുള്ള എല്ലാ നാഞ്ചിനാട്ടു വെള്ളാളർക്കും തിരുവിതാംകോട്ടുനാട്ടുകാരായി തീർന്നിട്ടുള്ള നാഞ്ചിനാട്ടു വെള്ളാളരുമായി വിവാഹബന്ധമുള്ള വരോ മേൽ ഉണ്ടാകുന്നവരോ ആയിതിരുവിതാംകോട്ടുനാട്ടുകാരായി തീർന്നിട്ടില്ലാത്തനാഞ്ചിനാട്ടുവെള്ളാളർക്കും ഇതു സംബന്ധിക്കുന്നതാണ്.

ആരംഭം. (൩) ഇതു   മുതൽ നടപ്പിൽ വരുന്നതാകുന്നു.

അർത്ഥവിവരണം. ൨. ഈ റഗുലേഷനിൽ വിഷയത്തിനോ പ്രകരണത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം:—

"മരുമക്കത്തായം" (൧) "മരുമക്കത്തായം" എന്നാൽ പരമ്പരയായി പെൺവഴിക്ക തുടരുന്ന ദായക്രമം ആകുന്നു.

തറവാട്. (൨) തറവാട് എന്നാൽപൊതു സ്വത്തിനു അവകാശികളായി ഒരു മരുമക്കത്തായ കുടുംബത്തിൽചേർന്ന എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെടുന്നതും ആകുന്നു.

അദ്ധ്യായം ൨.

വിവാഹവും വിവാഹമോചനവും.

നിയമാനുസൃതമായ വിവാഹം. ൩. രക്തസംബന്ധത്താലും ചാർച്ചയാലും ഉള്ള നിയന്ത്രണങ്ങളെ അനുസരിച്ചു ഒരു നാഞ്ചിനാട്ടുവെള്ളാളൻ, നടപ്പിൻപ്രകാരം, ഒരു നാഞ്ചിനാട്ടു വെള്ളാളസ്ത്രീയുമായി പരസ്പരമായും അംഗീകൃതമായ നടപ്പും ആചാരവും അനുസരിച്ചു ഈ റെഗുലേഷൻ നടപ്പിൽവരുന്നതിനുമുമ്പോ പിമ്പോ നടത്തുന്ന ദാമ്പത്യബന്ധം നിയമസംബന്ധമായ എല്ലാ കാര്യങ്ങൾക്കും സാധുവായ വിവാഹമായി ഗണിക്കപ്പെടേണ്ടതാകുന്നു.

എന്നാൽ ഈ റഗുലേഷൻ നടപ്പിൽവന്നതിൽപിന്നീട് മേൽവിവരിച്ചപ്രകാരം നടത്തുന്ന യാതൊരു ദാമ്പത്യബന്ധവും പതിനെട്ടു വയസ്സുതികയാത്ത പുരുഷന്റെയും പതിനാറുവയസ്സുതികയാത്ത സ്ത്രീയുടേയും വിഷയത്തിൽ അവന്റെയോ അവളുടേയോ നിയമാനുസൃതമായ രക്ഷകന്റെ സമ്മതത്തോടുകൂടി നടക്കുകയാകട്ടെ അല്ലെങ്കിൽ സംബന്ധപ്പെട്ട കക്ഷികളുടെ കാര്യത്തിൽ അവസ്ഥ പോലെ പതിനെട്ടോ പതിനാറോ വയസ്സു തികഞ്ഞതിനുശേഷം അപ്രകാരമുള്ള ദാമ്പത്യബന്ധത്തെ അംഗീകരിച്ചു ഇടവിടാതെ നിലനിർത്തുകയോ ചെയ്യുന്നതല്ലെങ്കിൽ ഒരു സാധുവായ വിവാഹം ആയി ഇരിക്കുന്നതല്ല.

ഉദാഹരണങ്ങൾ.

(എ) എയെ വിവാഹം ചെയ്തിരിക്കുന്ന ബി എന്ന സ്ത്രീയോടുകൂടി സി എന്ന പുരുഷൻ വ്യഭിചാരം ചെയ്യുന്നു; അല്ലെങ്കിൽ ബി വിവാഹം ചെയ്തിട്ടുണ്ട് എന്നു അറിഞ്ഞിരിക്കെ സി അവളെ വശീകരിച്ചു കൊണ്ടുപോകുന്നു; സി, തിരുവിതാംകോട്ടു ശിക്ഷാനിയമം ൫൦൦-ാം വകുപ്പോ ൫൦൧-ാം വകുപ്പോ പ്രകാരം ശിക്ഷായോഗ്യനാകുന്നു.

(ബി) എയെ വിവാഹം ചെയ്തിട്ടുള്ള ബി എന്ന സ്ത്രീയെ അവരുടെ വിവാഹബന്ധം നിലനിൽക്കവെ സി എന്ന പുരുഷൻ വിവാഹം ചെയ്യുന്നു. ആ വിവാഹം ൪-ാം വകുപ്പിൻപ്രകാരം അസാധുവാകയാൽ ബി-യും സി-യും തിരുവിതാംകോട്ടു ശിക്ഷാനിയമം ൪൯൧-ാം വകുപ്പിൻപ്രകാരം ബഹുഭർത്തൃകത്വത്തിനും അതിനു ഉത്സാഹിപ്പിച്ച കുറ്റത്തിനും യഥാക്രമം ശിക്ഷാർഹർ ആകുന്നു.

(സി) എ എന്ന പുരുഷനുവേണ്ടി മുതൽ ഉണ്ടായിരുന്നിരിക്കെ അയാൾ വിവാഹം ചെയ്ത ബിക്കു ചിലവിനു കൊടുക്കുന്നതിൽ ഉപേക്ഷ കാണിക്കയോ ചിലവിനു കൊടുക്കാതിരിക്കയോ ചെയ്യുന്നു. ക്രിമിനൽനടപടി നിയമം ൩൯-ാം അധ്യായപ്രകാരം ചിലവിനു കിട്ടുവാൻ അപേക്ഷിക്കുന്നതിനു ബിക്കു അവകാശം ഉണ്ട്.

(ഡി) എയെ വിവാഹം ചെയ്തിട്ടുള്ള ബി എന്ന സ്ത്രീ എയുമായി സഹവാസം ചെയ്യുന്നതിനു ന്യായമായ കാരണംകൂടാതെ വിസമ്മതിക്കുന്നു. എക്കു ദാമ്പത്യബന്ധാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു സിവിൽ വ്യവഹാരം കൊണ്ടുവരാം.

അനന്തരവിവാഹം എപ്പോഴും അസാധുവാകുന്നു.

൪. ഒരു പുരുഷന്റെയോ സ്ത്രീയുടെയോ മുൻവിവാഹം നിലനിൽക്കുന്ന കാലത്തുള്ള അനന്തരവിവാഹം അസാധുവാകുന്നു.

വിവാഹമോചനം.

൫. വിവാഹത്തെ താഴെ പറയുന്ന മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിനാൽമാത്രം വേർപെടുത്താവുന്നതാണ്. അതായതു,

(൧) രണ്ടിൽ ഏതെങ്കിലും ഒരു കക്ഷിയുടെ മരണത്താൽ, അല്ലെങ്കിൽ,

(൨) രജിസ്റ്റർചെയ്ത രേഖാമൂലം സാക്ഷ്യപ്പെടുത്തിട്ടുള്ള പരസ്പരസമ്മതത്താൽ, അല്ലെങ്കിൽ,

(൩) താഴെ പറയുന്ന കാരണങ്ങളിൽ ഒന്നിന്മേൽ വിവാഹം വേർപെടുത്തിയിരിക്കുന്നതായി വ്യവസ്ഥ ചെയ്യുന്നപ്രകാരം കോടതി കൊടുക്കുന്ന ഉത്തരവിനാൽ,

(എ) വ്യഭിചാരം, അല്ലെങ്കിൽ,
(ബി) ചിത്തഭ്രമമൊ ചിത്തഭ്രംശമൊ, അല്ലെങ്കിൽ,
(സി) മതംമാററം, അല്ലെങ്കിൽ,
(ഡി) തീരാവ്യാധി, അല്ലെങ്കിൽ,
(ഇ) ഭാര്യയുടെനേർക്കു നിർദ്ദയമായ നിത്യപെരുമാററം.

വിവാഹമോചനത്തിനു ഹർജി.

൬. (൧) വിവാഹമോചനത്തിനു അവകാശപ്പെടുന്നവകയ്ക്കു ഹേതുവായിത്തീർന്നിട്ടുള്ള സംഗതികളെ വിവരിച്ചു ൫-ാം വകുപ്പു ൩-ാം ഖണ്ഡപ്രകാരം വിവാഹത്തിനുള്ള ഹർജി ഏതു ഡിസ്ത്രിക്ട് കോടതിയുടെ അധികാരാതിർത്തിക്കകത്തു പ്രതിപാർക്കുകയോ തൊഴിൽ നടത്തിക്കൊണ്ടിരിക്കയോ ചെയ്യുന്നുവോ ആദായത്തിനായി വേലചെയ്യുകയോ ചെയ്യുന്നുവോ ആ ഡിസ്ത്രിക്ട്കോടതിയിലോ തിരുവിതാംകോട്ടിനു വെളിയിൽ വല്ല സ്ഥലത്തും പ്രതിപാർക്കുകയോ തൊഴിൽ നടത്തിക്കൊണ്ടിരിക്കുകയോ ആദായത്തിനായി വേലചെയ്യുകയോ ചെയ്യുന്നതായാൽ ഹർജി ബോധിപ്പിക്കുന്നയാൾ ഏതു ഡിസ്ത്രിക്ട്കോർട്ടിന്റെ അധികാരാതിർത്തിക്കകത്തു പാർക്കുന്നുവോ ആ ഡിസ്ത്രിക്ട്കോടതിയിലൊ ഭാര്യയോ ഭർത്താവോ ബോധിപ്പിക്കാവുന്നതാകുന്നു. ഹർജിക്കാരൻ ഭർത്താവായിരിക്കുമ്പോൾ ൫-ാംവകുപ്പു ൩-ാംഖണ്ഡം (എ) മുതൽ (സി) വരെ ഉപഖണ്ഡത്തെ അടിസ്ഥാനമാക്കി വ്യവഹാരകാരണം ജനിച്ചിരിക്കുന്ന സംഗതിയിൽ ഒഴികെ, പ്രതിക്കു ന്യായമായ പ്രതിഫലം കൊടുക്കാമെന്നു എല്ലാ സംഗതിയിലും അയാൾ ഹർജിയിൽ പറഞ്ഞിരിക്കേണ്ടതാകുന്നു.

എന്നാൽ പതിനാറുവയസ്സു പൂർത്തിയായാൽ ഭാര്യക്കു വിവാഹമോചനത്തിനു ഒരു ഹർജി സ്വയമായി കൊടുക്കാവുന്നതാണ്.

പ്രതിക്കു നോട്ടീസ് കൊടുക്കണം എന്നു.

൧. മേൽപറഞ്ഞവിധത്തിലുള്ള ഹർജിയുടെ ഒരു പകർപ്പ് ഹർജിക്കാരന്റെ ചിലവിലും സിവിൽനടപടിനിയമത്തിൽ പ്രതികളുടെ മേൽ സമൻസ് നടത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരത്തിലും പ്രതിയുടെ മേൽ നടത്തേണ്ടതാകുന്നു.

൨. മേൽപറഞ്ഞ വിധം ഹർജി പകർപ്പുനടത്തികഴിഞ്ഞു മൂന്നു മാസത്തിനുശേഷം

(൧) അതിനിടയ്ക്കു ഹർജി ഫിൻവലിക്കാതിരിക്കയും വിവാഹമോചനത്തിനു പ്രതി അനുകൂലിക്കാതിരിക്കയും ചെയ്യുന്നപക്ഷം കോടതി ഹർജിയെപ്പററി വിചാരണനടത്തേണ്ടതും അതിനു യുക്തമെന്നു തോന്നുന്നതുപോലെ ഹർജി അനുവദിക്കുകയോ തള്ളുകയോ ചെയ്യേണ്ടതും ആകുന്നു.

വിവാഹമോചന ഉത്തരവു എപ്പോൾ ഏതുവിധം കല്പിക്കണം എന്നു.

(൨) ഹർജി കൊടുത്തിരിക്കുന്നയാൾ ഭർത്താവായിരിക്കയും അയാളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ൭-ാം വകുപ്പു (൩)-ാം ഖണ്ഡം (എ) മുതൽ (സി) വരെ ഉപഖണ്ഡങ്ങൾപ്രകാരം ഉള്ള സംഗതികളിൽ ഒഴികെ അയാളുടെ അന്തസ്സും മുതലും അവസ്ഥാഭേദങ്ങളും നോക്കി ഭാര്യയ്ക്കു യുക്തമായ പ്രതിഫലമോ അവളുടെ പുനർവിവാഹംവരെ മാസംതോറും ജീവനാംശമോ കൊടുക്കാൻ വിധിക്കേണ്ടതാകുന്നു.

(൩) ഹർജികൊടുത്തിരിക്കുന്നയാൾ ഭാര്യയായിരിക്കയും അവളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ഭർത്താവിന്റെ അന്തസ്സുംമുതലും അവസ്ഥാഭേദങ്ങളും നോക്കി യോഗ്യതയുള്ളതായ പ്രതിഫലമോ പുനർവിവാഹംവരെ മാസംതോറും ഒരു ജീവനാംശമോ അവൾക്കു കൊടുക്കാൻ വിധിക്കേണ്ടതാകുന്നു.

൯. സിവിൽ നടപടിയിൽ അടങ്ങിട്ടുള്ള വ്യവസ്ഥകൾ കഴിയുന്നിടത്തോളം ൮-ാം വകുപ്പിൻപ്രകാരം ഉള്ള വിചാരണയ്ക്കു സംബന്ധിക്കുന്നതാകുന്നു.

വിചാരണയിൽ സിവിൽനടപടി നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിപ്പിക്കണം എന്നു.

൧൦. ആദ്യവിധിയിന്മേൽ ഉള്ള അപ്പീലുകൾക്കു സംബന്ധിക്കുന്നതായി സിവിൽനടപടിനിയമത്തിലും കാലഹരണ ചട്ടത്തിലും ഉള്ള വ്യവസ്ഥകൾക്കുൾപ്പെട്ടു ൮-ാം വകുപ്പിൻപ്രകാരം വിവാഹമോചനമോ പ്രതിഫലമോ മാസംതോറുമുള്ള ജീവനാംശമോ അനുവദിക്കയോ അനുവദിക്കാതിരിക്കയോ ചെയ്യുന്ന ഒരു ഉത്തരവിന്മേൽ ഹൈക്കോർട്ടിലേക്കു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

ഹൈക്കോട്ടിലേക്കു അപ്പീലുള്ള ഉത്തരവു.

൧൧. പ്രതിഫലമോ മാസംതോറുമുള്ള ജീവനാംശമോ കോടതിച്ചിലവോ കൊടുക്കുന്നകാര്യത്തെസംബന്ധിച്ചിടത്തോളം ഡിസ്ട്രിക്ട്കോർട്ടിലെ ഒരു ഉത്തരവിനേയോ ഒരു അപ്പീൽ ഉത്തരവിനെയോ വിധിനടത്തുന്നതിനെ സംബന്ധിച്ചു കാലഹരണചട്ടത്തിലുള്ള വ്യവസ്ഥകൾക്കുൾപ്പെട്ടു ഒരു ഡിക്രി എന്നവണ്ണം നടത്തേണ്ടതാകുന്നു.

പ്രതിഫലംമുതലായതു കൊടുക്കുന്നതിനുള്ള ഉത്തരവു വിധിനടത്തുന്നതുപോലെ നടത്തണം എന്നു.

എന്നാൽ പ്രതിഫലമോ മാസംതോറുമുള്ള ജീവനാംശമോ കൊടുക്കാൻ വിധിക്കുന്ന ഡിസ്ട്രിക്ട് കോർട്ടിന്റെ ഉത്തരവു വിധിച്ചതുകയിന്മേലുള്ള കോർട്ടുഫീസ് കൊടുക്കുന്നതിനുശേഷംമാത്രം നടത്തപ്പെടാവുന്നതായിരിക്കും.

കോർട്ട്ഫീസ് ചുമത്തൽ.

അദ്ധ്യായം ൩.

ചെലവിനു കൊടുക്കലും രക്ഷാകർത്തൃത്വവും.

൧൨. ഭാര്യക്കു ഭർത്താവിൽനിന്നു, ഭർത്താക്കന്മാരുടെ സംരക്ഷണത്തിൽ ഇരിക്കുന്ന വിവാഹംകഴിഞ്ഞ പുത്രികൾ ഒഴികെ, പ്രായംതികയാത്ത മക്കൾക്കു അച്ഛനിൽനിന്നു ചെലവിനു കിട്ടാൻ അവകാശം ഉണ്ടു.

എന്നാൽ ഭാര്യ വ്യഭിചാരിണിയായിരിക്കയോ ന്യായമായ കാരണംകൂടാതെ ഭർത്താവിനോടൊന്നിച്ചു പാർക്കുന്നതിനു വിസമ്മതിക്കുകയോ മറെറാരുകയോ ചെയ്യുന്നതായാൽ അവൾക്കു ചെലവിനു കിട്ടുന്നതിനു അവകാശം ഇല്ലാത്തതാകുന്നു.

ഭാര്യക്കും മൈനരായ മക്കൾക്കും ചിലവിനുകൊടുക്കണം എന്നു.

൧൩. (൧) പ്രായം തികയാത്ത ഭാര്യക്കു ഭർത്താവും തങ്ങളുടെ ഭർത്താക്കന്മാരുടെ രക്ഷാകർത്തൃത്വത്തിൽ ഇരിക്കുന്ന വിവാഹംകഴിഞ്ഞ പുത്രികൾ ഒഴികെ പ്രായംതികയാത്ത മക്കൾക്കു അച്ഛനും ദേഹത്തിന്മേലും സ്വത്തിന്മേലും നിയമപ്രകാരം ഉള്ള രക്ഷകനായിരിക്കുന്നതാകുന്നു. അച്ഛന്റെ മരണശേഷം അമ്മ പ്രായംതികയാത്തമക്കളുടെ നിയമാനുസൃതയായ രക്ഷകയായിരിക്കുന്നതാകുന്നു.

മൈനരായ ഭാര്യയുടെയും മക്കളുടെയും രക്ഷാകർത്തൃത്വം.

(൨) ഒരു സ്ത്രീക്കു മരിച്ചുപോകയോ ഒഴിയുകയോ ചെയ്തഭർത്താവികളിൽനിന്നും പ്രായം തികയാത്ത മക്കൾ ഉണ്ടായിരുന്നാൽ അവൾ അവരുടെയും അവർക്കുള്ള പ്രത്യേക സ്വത്തിന്റെയും നിയമപ്രകാരം ഉള്ളരക്ഷകയായിരിക്കുന്നതാകുന്നു.

അദ്ധ്യായം ൪.

മരണശാസനപ്രകാരം അല്ലാത്ത പിൻതുടച്ച്യാവകാശം.

ഒരാൾ മരണശാസനംകൂടാതെ മരിക്കുന്നു എന്നു എപ്പോൾ ഗണിക്കപ്പെടുന്നു.

൫൮. ഒരു നാഞ്ചിനാട്ടുവെള്ളാളൻ ഒരുവസ്തുവിനെ സംബന്ധിച്ചു മരണശാസനപ്രകാരം ഉള്ള ഫലവത്തായ വിനിയോഗംകൂടാതെ മരിക്കുമ്പോൾ ആയാൾ ഈ അദ്ധ്യായത്തിലെ ആവശ്യങ്ങൾക്കായി ആ വസ്തുവിനെ സംബന്ധിച്ചു മരണശാസനംകൂടാതെ മരിച്ചു എന്നു ഗണിക്കപ്പെടുന്നതാകുന്നു.

മരണശാസനം കൂടാതെ ഒരുപുരുഷൻ മരിക്കുമ്പോൾ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ജീവിച്ചിരുന്നാൽ.

൫൯. മരണശാസനംകൂടാതെ ഒരുപുരുഷൻ മരിക്കുമ്പോൾ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ രണ്ടുകൂട്ടരുമോ ജീവിച്ചിരിക്കുന്നപക്ഷം അവർക്കു വിധവയോ വിധവമാരോ മരിക്കുകയോ പുനർവിവാഹം കഴിക്കയോ ചെയ്യുന്നതുവരെ അവർക്കു ജീവനാംശത്തിനുള്ള അവകാശത്തിനുൾപ്പെട്ടു മരണശാസനം കൂടാതെ മരിച്ചയാളുടെ മുതലിനു മുഴുവനും അവകാശം ഉള്ളതാകുന്നു.

൫൯-ാം വകുപ്പിൻപ്രകാരം മുതൽ വിഭജിജനം ചെയ്യുന്നതിനെ സംബന്ധിച്ച വ്യവസ്ഥകൾ.

൬൦. ൫൯-ാം വകുപ്പിൻപ്രകാരം മുതലിൻറെ വിഭാഗം താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ചു വേണ്ടതാകുന്നു.

(൧) പുത്രന്മാർക്കും പുത്രിമാർക്കും മുതലിൻറെ സമമായ ഭാഗത്തിനു അവകാശമുണ്ട്.

എന്നാൽ മരണശാസനം എഴുതിവയ്ക്കാത്ത ആളിൻറെ മരണത്തിനുമുമ്പു ഒരു പുത്രനോ ഒരു പുത്രിയോ മരിച്ചുപോകുന്നതായാൽ ആ പുത്രൻറെയോ പുത്രിയുടെയോ സന്താനങ്ങൾക്കു അപ്രകാരമുള്ള ആളിൻറെ കാലശേഷം ആ പുത്രനോ പുത്രിയോ ജീവിച്ചിരിക്കുന്നെങ്കിൽ അവർക്കു ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുന്നതാകുന്നു.

(൨) മരണശാസനംകൂടാതെ മരിക്കുന്ന ആളിൻറെ മക്കളുടെ മക്കൾക്കു ആ ആളിൻറെ മരണശേഷം തങ്ങളുടെ അഛനോ അമ്മയോ ജീവിച്ചിരുന്നാൽ അവർക്കു കിട്ടുമായിരുന്ന മുതലിൽ സമാവകാശം ഉണ്ടായിരിക്കുന്നതാണ്. മരണശാസനം എഴുതിവയ്ക്കാത്ത ആളിൻറെ മരണശേഷം ജീവിച്ചിരിക്കുന്ന സന്താനപരമ്പരകൾക്കും അവർ ആയാളുടെ മക്കളുടെ മക്കളുടെ മക്കളോ അതിലും അകന്നവരോ ആയിരുന്നാലും ഇപ്രകാരം തന്നെ മുതലിൻ അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

ഉദാഹരണങ്ങൾ.

(എ) ഇസഡ് എന്നയാൾ മരണശാസനംകൂടാതെ മരിക്കുമ്പോൾ എ എന്നൊരുമകനും ബി എന്നൊരു മകളും മരിച്ചുപോയ സി എന്ന മകൻറെ സന്താനങ്ങളും ശേഷം ജീവിച്ചിരിക്കുന്നു. എ-ക്കും ബി-ക്കും ആ മുതലിൽ മൂന്നു ഒന്നുവീതവും സി-യുടെ സന്താനങ്ങൾ എല്ലാപേർക്കുംകൂടി ആ മുതലിൽ മൂന്നിലൊന്നും കിട്ടുന്നതാകുന്നു.

(ബി) ഇസഡ് മരിക്കുമ്പോൾ എ എന്ന മകനും ബി എന്ന മകളും മരിച്ചുപോയ സി എന്ന മകളുടെ രണ്ടുമക്കളും മരിച്ചുപോയ ഡി എന്ന മകൻറെ രണ്ടു മക്കളും മക്കളുടെ ഒരു കുട്ടിയും ജീവിച്ചിരിക്കുന്നു. ഇസഡിൻറെ മുതലിൽ എ, ബി ഇവരിൽ ഓരോരുത്തർക്കും നാലിൽ ഒരു ഭാഗത്തിനു അവകാശം ഉണ്ടായിരിക്കുന്നതാകുന്നു. സി-യുടെ മക്കളിൽ ഓരോരുത്തർക്കും എട്ടിൽ ഒരുഭാഗത്തിനും ഡി-യുടെ മക്കളിൽ ഓരോരുത്തർക്കും ൧൨-ൽ ഒരുഭാഗത്തിനും ഡി-യുടെ മക്കളുടെ കുട്ടിക്കു ൧൨-ൽ ഒരുഭാഗത്തിനും അവകാശം ഉണ്ട്.

പുരുഷൻ മരണശാസനം കൂടാതെ മരിക്കുമ്പോൾ വിധവയും അമ്മയുംമാത്രം ജീവിച്ചിരുന്നാൽ

൬൧. ഒരുപുരുഷൻ മരണശാസനംകൂടാതെ മരിക്കുമ്പോൾ മക്കളോ അല്ലെങ്കിൽ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ഇല്ലാതിരിക്കയും എന്നാൽ ആയാളുടെ വിധവയോ വിധവകളോ ഇവരും അമ്മയുംമാത്രം ഉണ്ടായിരിക്കയും ചെയ്യുന്ന സംഗതികളിൽ വിധവയ്ക്കോ വിധവകൾക്കോ അവളുടെയോ അവരുടെയോ മരണംവരെയോ പുനർവിവാഹംവരെയോ അന്യാധീനപ്പെടുത്തുന്നതിനുള്ള അധികാരം ഇല്ലാതെ ആയാളുടെ മുതലിൽ മുഴുവനും അനുഭവിക്കാവുന്നതാകുന്നു. എന്നാൽ ആ മുതലിൽനിന്നുള്ള ആദായം അവരുടെ ജീവനാംശത്തിനുപോലും മതിയാകാതെ വരുന്ന സംഗതിയിൽ ആ മുതലിനെ വിധവക്കോ വിധവകൾക്കോ അന്യാധീനപ്പെടുത്താവുന്നതാകുന്നു.

വിധവയുടെയോ വിധവകളുടെയോ മരണത്തിനോ പുനർവിവാഹത്തിനോ ശേഷം ആ മുതൽ മാതാവിനു കിട്ടുന്നതാകുന്നു.

പുരുഷൻ മരണശാസനം ഇല്ലാതെ മരിക്കുമ്പോൾ അമ്മമാത്രം ജീവിച്ചിരുന്നാൽ.

൬൨. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ ആയാളുടെ വിധവയോ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ആരുംതന്നെ ഇല്ലാതിരിക്കയും ആയാളുടെ അമ്മമാത്രം ജീവിച്ചിരിക്കയുംചെയ്താൽ ആയാളുടെ മുതൽ ആയാളുടെ അമ്മയ്ക്കു ചെല്ലുന്നതാകുന്നു.

പുരുഷൻ മരണശാസനം ഇല്ലാതെ മരിക്കുമ്പോൾ അഛൻമാത്രം ജീവിച്ചിരുന്നാൽ

൮൯. മരണശാസനംകൂടാതെ ഒരു പുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയാകട്ടെ അമ്മയാകട്ടെ മക്കൾ ആകട്ടെ മക്കളുടെ സന്താനങ്ങൾ ആകട്ടെ ഇല്ലാതിരിക്കയും അമ്മമാത്രം ജീവിച്ചിരിക്കയും ചെയ്താൽ അയാളുടെ മുതൽ അയാളുടെ അഛനു ചെല്ലുന്നതാകുന്നു.

മരണശാസനം ഇല്ലാതെ പുരുഷൻ മരിക്കുമ്പോൾ ൮൪ മുതൽ ൮൯ വരെ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികൾ ഇല്ലാതിരിക്കുമ്പോൾ.

൯൦. മരണശാസനം കൂടാതെ പുരുഷൻ മരിക്കുമ്പോൾ ൮൪ മുതൽ ൮൯ വരെ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ അനന്തരാവകാശിയാകാത്ത പക്ഷം അയാളുടെ മുതൽ അയാളുടെ അമ്മയുടെ മക്കളുടെ സന്താനങ്ങൾക്കു ചെല്ലുന്നതാകുന്നു.

മരണശാസനം ഇല്ലാതെ സ്ത്രീ മരിക്കുമ്പോൾ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ജീവിച്ചിരുന്നാൽ.

൯൧. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ അവളുടെ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ജീവിച്ചിരുന്നാൽ അവരെല്ലാം മുഴുവൻ മുതലിനും അവർക്കു അവകാശമുള്ളതാകുന്നു.

മരണശാസനംകൂടാതെ സ്ത്രീ മരിക്കുമ്പോൾ ഭർത്താവുമാത്രം ജീവിച്ചിരുന്നാൽ

൯൨. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ അവളുടെ മക്കൾ ആകട്ടെ അവളുടെ മരിച്ചുപോയ മക്കളുടെ സന്താനങ്ങൾ ആകട്ടെ ഇല്ലാതിരിക്കയും ഭർത്താവുമാത്രം ജീവിച്ചിരിക്കയും ചെയ്യുമ്പോൾ അയാൾ മരിക്കയോ പുനർവിവാഹം നടത്തുകയോ ചെയ്യുന്നതുവരെ അവളുടെ മുതൽ മുഴുവനും അന്യാധീനപ്പെടുത്തുന്നതിനുള്ള അധികാരം ഇല്ലാതെ അനുഭവിക്കാവുന്നതാകുന്നു.

മരണശാസനം ഇല്ലാതെ സ്ത്രീ മരിക്കുമ്പോൾ അമ്മയുടെ മക്കളുടെ സന്താനങ്ങൾ മാത്രം ജീവിച്ചിരുന്നാൽ.

൯൩. മരണശാസനംകൂടാതെ ഒരു സ്ത്രീ മരിക്കുമ്പോൾ മക്കൾ ആകട്ടെ മരിച്ചുപോയ മക്കളുടെ സന്താനങ്ങൾ ആകട്ടെ ഭർത്താവാകട്ടെ ഇല്ലാതിരിക്കയോ ൯൨-ാം വകുപ്പിൻപ്രകാരം ക്രമാവകാശിയായി വന്നിരിക്കുന്ന ഭർത്താവു മരിക്കയോ പുനർവിവാഹം കഴിക്കയോ ചെയ്യുന്നപക്ഷം അവളുടെ മുതൽ അവളുടെ അമ്മയുടെ മക്കളുടെ സന്താനങ്ങൾക്കു ചെല്ലുന്നതാകുന്നു.

മരണശാസനം ഇല്ലാതെ സ്ത്രീ മരിക്കുമ്പോൾ അഛൻമാത്രം ഉണ്ടായിരുന്നാൽ.

അമ്മയുടെ മക്കളുടെ സന്താനങ്ങൾ ഇല്ലാത്തപക്ഷം മുഴുവൻ മുതലും അവളുടെ അഛനു കിട്ടുന്നതാണ്.

മരണശാസനം ഇല്ലാതെ പുരുഷനോ സ്ത്രീയോ മരിക്കുമ്പോൾ മേല്പറഞ്ഞ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികൾ ആരുംതന്നെ ഇല്ലാതിരുന്നാൽ.

൯൪. മരണശാസനംകൂടാതെ ഒരു പുരുഷനോ സ്ത്രീയോ മരിക്കുമ്പോൾ മേല്പറഞ്ഞ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരിക്കയും കുടുംബത്തിന്റെ അവസ്ഥപോലെ വിധവയോ ഭർത്താവോ മാത്രം ജീവിച്ചിരിക്കയും ചെയ്യുമ്പോൾ ആ വിധവയ്ക്കോ ഭർത്താവിനോ അയാളുടെയോ അവളുടെയോ മുഴുവൻ മുതലിനും അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

൮൯-ാം വകുപ്പിലെ വ്യവസ്ഥകൾ ൯൦-ാം ൯൩-ാം വകുപ്പുകളിലെ മുതൽ വിഭജിക്കുന്നതിനു സംബന്ധിക്കുന്നതാകുന്നു.

൯൫. ൮൯-ാം വകുപ്പിൽ അടങ്ങീട്ടുള്ള വ്യവസ്ഥകൾ ൯൩-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ മരണശാസനംകൂടാതെ മരിക്കുന്ന സ്ത്രീയുടെ മക്കളുടെ സന്താനങ്ങൾക്കും ൯൦-ാം ൯൩-ാം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അമ്മയുടെ മക്കളുടെ സന്താനങ്ങൾക്കു മുതൽ വീതിച്ചു കൊടുക്കുന്നതിൽ കഴിയുന്നിടത്തോളം സംബന്ധിക്കുന്നതാകുന്നു.

തറവാട്ടുമുതലിൽ ഭാഗം ചെയ്യാവുന്ന ഓഹരി പുരുഷന്റെയോ സ്ത്രീയുടെയോ മുതലായി ഗണിക്കപ്പെടുന്നു.

൯൬. ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി പുരുഷന്റെയോ സ്ത്രീയുടെയോ തറവാട്ടു മുതലിൽ ഭാഗം ചെയ്യാവുന്ന ഓഹരി അവന്റെയോ അവളുടെയോ മുതലായി ഗണിക്കേണ്ടതാണ്.

അദ്ധ്യായം ൭.

മരണശാസനപ്രകാരമുള്ള പിന്തുടർച്ചാവകാശം.

തിരുനാഞ്ചിനാട്ടുവെള്ളാളന്നുള്ള പ്രത്യേകസ്വത്തിനെയും സ്വാർജ്ജിതത്തെയും മരണശാസനത്താൽ വിനിയോഗിക്കാൻ പൂർണ്ണാധികാരം ഉണ്ടു്.

൨൭. ൧൦൭൪-ാമാണ്ടിലെ ൩-ാംറെഗുലേഷൻ ആയ മരണശാസന റെഗുലേഷനിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു നാഞ്ചിനാട്ടുവെള്ളാളനു അവന്റെയോ അവളുടെയോ പ്രത്യേകമായോ സ്വാർജ്ജിതമായോ ഉള്ള സ്വത്തു മുഴുവനേയും മരണശാസനത്താൽ വിനിയോഗിക്കാവുന്നതാകുന്നു.

അദ്ധ്യായം ൮.

ദത്തു്.

ഭർത്താവിന്റെയും ഭാര്യയുടെയും പരസ്പരസമ്മതപ്രകാരം ദത്തു്.

൨൮. തങ്ങൾക്കു പുത്രൻ ഇല്ലാതിരുന്നാൽ ഭർത്താവു ഭാര്യയുടെ സമ്മതത്തോടുകൂടി ഒരു അന്യനായ ആൺകുട്ടിയെ ദത്തെടുക്കാവുന്നതും ആ ദത്തുപുത്രനു ഒരു ഔരസപുത്രന്റെ സകലാവകാശങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു.

വിധവയോ മൃതപത്നികനോ ദത്തെടുക്കുക.

൨൯. ഒരു വിധവയോ മൃതപത്നികനോ തനിച്ചു ഒരു അന്യനായ ആൺകുട്ടിയെ ദത്തെടുക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെയുള്ള ദത്തുപുത്രനു കാര്യത്തിന്റെ അവസ്ഥപോലെ ദത്തെടുത്ത അമ്മയുടേയോ അച്ഛന്റെയോ പ്രത്യേക സ്വത്തിനും സ്വാർജ്ജിതത്തിനും മാത്രമേ അവകാശം സിദ്ധിക്കയുള്ളു.

അദ്ധ്യായം ൯.

തറവാട്ടുമുതലിന്റെ ഭാഗം.

ഭാഗം ആവശ്യപ്പെടാൻ അവകാശം.

൩൦. തറവാട്ടിലെ ഏതൊരംഗത്തിനും തറവാട്ടുമുതലിൽ അവന്റെയോ അവളുടേയോ ഓഹരി ഭാഗിച്ചുകിട്ടുന്നതിനു അവകാശപ്പെടുവാൻ അധികാരം ഉണ്ടു്.

തറവാട്ടുമുതൽ എങ്ങനെ ഭാഗിക്കാം.

൩൧. തറവാട്ടുമുതൽ തറവാട്ടിലെ അംഗങ്ങൾക്കു എല്ലാവർക്കും തുല്യമായി ഭാഗിച്ചുകൊടുക്കേണ്ടതാകുന്നു.

തറവാട്ടാദായത്തിന്റെ സഹായത്തോടുകൂടി ഉണ്ടായിട്ടുള്ള കൂട്ടത്തിൽ ഓഹരിക്കു കാര്യവിചാരം നടത്തുന്ന മെമ്പർക്കു എപ്പോഴും അവകാശപ്പെടാം എന്നു.

൩൨. തറവാട്ടുഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീക്കാകട്ടെ പുരുഷനാകട്ടെ തറവാട്ടുമുതലിൽനിന്നുള്ള ആദായത്തിന്റെ സഹായത്തോടുകൂടി ആ ഭരണകാലത്തു ആയാൾ വല്ലതും സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാൽ പങ്കിനു മേൽവിധത്തിൽ ലഭിക്കേണ്ടതായ ഓഹരിക്കുപുറമെ അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

അദ്ധ്യായം ൧൦.

കൂടുതൽ വ്യവസ്ഥകൾ.

ഈ റെഗുലേഷൻ ആരംഭിച്ചതിനുശേഷം ഭാര്യക്കും കുട്ടികൾക്കും നങ്കടകൾക്കും ഉകന്തുടകൾക്കും അവകാശം ഇല്ലാ.

൩൩. ഈ റെഗുലേഷൻ നടപ്പിൽവന്നതിൽപിന്നിട്ടു മരിക്കുന്ന ഒരു നാഞ്ചിനാട്ടുവെള്ളാളന്റെ ഭാര്യക്കും കുട്ടികൾക്കും നടപ്പിൻപ്രകാരം ഉള്ള നങ്കടകൾക്കും ഉകന്തുടകൾക്കും അവകാശം ഇല്ലാത്തതാകുന്നു.

ഒഴിവാക്കൽ.

൩൪. ഈ റെഗുലേഷനിൽ ഉള്ള യാതൊന്നും

(എ) ഈ റെഗുലേഷൻ ആരംഭിക്കുന്ന തിയതിക്കു മുൻപു നടപ്പനുസരിച്ചു ലഭിച്ചിട്ടുള്ള അവകാശങ്ങളെ ബാധിക്കുകയാകട്ടെ അല്ലെങ്കിൽ

(ബി) ഇതിനു മുമ്പിൽ വെളിവായി വ്യവസ്ഥചെയ്തിട്ടുള്ളടത്തോളം ഒഴിച്ചു ഇപ്പോൾ ഇരിക്കുന്ന നിയമപ്രകാരം ഉള്ള ചട്ടങ്ങളെയോ നടപ്പിനെയോ ആചാരത്തെയോ ബാധിക്കുകയാകട്ടെ

ചെയ്യുന്നതല്ലാ.

നിയമസഭാസെക്രിട്ടറി, എസ്. പരമേശ്വരയ്യർ.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ട നിയമസഭ

രണ്ടാമത്തെസഭ

ഒന്നാമത്തെയോഗം ൧൧൦൧.

൧൯൨൫ നവംബർ ൩-ാംതിയതി ചൊവ്വാഴ്ച

അഫിഷ്യൽറിപ്പോർട്ട്.

സഭായോഗം വിക്ടോറിയാജൂബിലിടൌൺഹാളിൽ പതിനൊന്നടിച്ചു മുപ്പത്തഞ്ചുമിനിട്ടായപ്പോൾ വീണ്ടും കൂടി. ഡിപ്യൂട്ടിപ്രസിഡെൻറ് ആദ്ധ്യക്ഷ്യംവഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

[സ്റ്റാൻഡിംഗ് ആർഡർ നമ്പർ ൧൨ പ്രകാരം അദ്ധ്യക്ഷൻ ക്രമപരിപാലനാജ്ഞനല്കി.

൧. സഭയുടെ ഓരോയോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനുമുമ്പായി മേശപ്പുറത്തു വച്ചിരിക്കണം.

൨. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടിപറയുന്നതും താഴെപറയുന്ന ക്രമപ്രകാരം ആയിരിക്കണം. സെക്രട്ടറി മെമ്പരാ പ്രശ്നകർത്താവിൻെറയും പേരു നമ്പർ ക്രമത്തിനു വിളിക്കുകയും ഓരോരുത്തരുടെ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കയും ചെയ്യണം. അവരിൽ ആരെങ്കിലും വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യമുണ്ടാകത്തക്കവണ്ണം പ്രശ്നകർത്താക്കൾ തങ്ങളുടെസ്ഥാനത്തു എഴുനേററു നില്ക്കുന്നതിനു അല്പസമയം കൊടുക്കുകയും വേണം. പ്രധാനചോദ്യങ്ങളെ ഉടൻ അവയെസംബന്ധിച്ച ഉപചോദ്യങ്ങൾ ചോദിക്കേണ്ടതാകുന്നു].

കൃഷിഡിപ്പാർട്ടുമെൻറിൽ മണ്ണുകൾ പരിശോധിക്കുന്ന വിദഗ്ദ്ധന്മാർ.

൨൧ മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിൽ അന്തപഭൂമികളിലും ക്ഷാരഭൂമികളിലും അന്വേഷണങ്ങളും പരീക്ഷണങ്ങളും നടത്തുന്നതിനു ശേഷിയുള്ളവരായ ഉദ്യോഗസ്ഥന്മാരുടെ പേരുകളും യോഗ്യതകളും കാണിക്കുന്ന ഒരു സ്റ്റേററുമെൻറ് ഗവണ്മെൻറ് സഭയുടെ മേശപ്പുറത്തു വയ്ക്കുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): പറഞ്ഞപ്രകാരമുള്ള അന്വേഷണങ്ങൾ നടത്തുന്നതിനു യോഗ്യതയും ശേഷിയുമുള്ള ഒരു ഒററ ഉദ്യോഗസ്ഥൻമാത്രമെ ഡിപ്പാർട്ടുമെൻറിൽ ഉള്ളു. അദ്ദേഹത്തിൻെറ പേരും യോഗ്യതകളും താഴെകൊടുത്തിരിക്കുന്നു.

പേരു	യോഗ്യതകൾ
മി: കെ. ആർ. നാരായണയ്യർ, അസിസ്റ്റൻറ കൃഷിരസതന്ത്രജ്ഞൻ.	൧. രസതന്ത്രത്തിൽ മദ്രാസു സർവകലാശാലയിലെ ബി.എ. പരീക്ഷ ജയിച്ചിട്ടുണ്ട്.
	൨. ഡിപ്പാർട്ടുമെൻറിൽ അസിസ്റ്റൻറ് കൃഷിയരസതന്ത്രജ്ഞനായി നിയമിക്കപ്പെടുന്നതിനുമുമ്പ്, ബങ്കളൂരിൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ടുവർഷത്തേക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.
	൩. ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചതിൽപിന്നെ ഗവണ്മെൻറ ചിലവിന്മേൽ പൂസായിൽ സാമ്രാജ്യ അന്വേഷണാലയത്തിൽ മണ്ണ്സംബന്ധിച്ച അണുശാസ്ത്രത്തിൽ പരിശീലനം കഴിഞ്ഞിട്ടുണ്ട്.

അന്തപഭൂമികളിലും ക്ഷാരഭൂമികളിലും കൃഷിഡിപ്പാർട്ടുമെൻറ് നടത്തിട്ടുള്ള അന്വേഷണങ്ങൾ.

൨൨. മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപറയുന്ന വിവരങ്ങൾ അടങ്ങുന്ന ഒരു സ്റ്റേററുമെൻറ് ഗവണ്മെൻറ് സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

(എ) രാജ്യത്തിൽ അന്തപഭൂമികളിലും ക്ഷാരഭൂമികളിലും കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ആദ്യമായി അന്വേഷണങ്ങളും പരീക്ഷണങ്ങളും നടത്തിതുടങ്ങിയ തിയ്യതിയും,

(ബി) ഈ ജോലിയിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുകളും യോഗ്യതകളും ഔദ്യോഗികസ്ഥാനങ്ങളും,

(സി) ഈ വിഷയത്തിൽ ഓരോ ഉദ്യോഗസ്ഥനും ജോലിചെയ്തിട്ടുള്ളതിൻെറ കാലദൈർഘ്യവും,

(ഡി) ഓരോരുത്തരുടേയും ജോലികളുടെ ഫലങ്ങളും,

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി):

(എ) ഉദ്ദേശം പത്തുവർഷങ്ങൾക്കുമുമ്പ്.

(ബി) താഴെപറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഈ ജോലിയിൽ ഏർപ്പെട്ടിരുന്നു,

(൧) മി. കെ. പരമേശ്വരൻപിള്ള ബി. എ., ബി. എസ്.സി., എഫ്. സി. എസ്. കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിൽ ഇപ്പോഴത്തെ അസിസ്റ്റൻറ് കൃഷിഡയറക്ടർ അദ്ദേഹം കൃഷിയ രസതന്ത്രജ്ഞനായിരുന്നപ്പോൾ, അന്തപഭൂമികളുടെയും ക്ഷാരഭൂമികളുടെയും അന്വേഷണം ആദ്യമായി അദ്ദേഹം നടത്തി. അദ്ദേഹത്തിനു അപ്പോൾ ഉണ്ടായിരുന്ന യോഗ്യതകൾ, രസതന്ത്രവിഷയത്തിൽ ബി.എ. ഡിഗ്രിപരീക്ഷ ജയിച്ചു എന്നും, രണ്ടുവർഷത്തേക്കു പൂസായിൽ കൃഷിയരസതന്ത്രത്തിൽ പരിശീലനം ലഭിച്ചു എന്നുമായിരുന്നു.

(൨) മി: കെ. ആർ. നാരായണയ്യർ ബി.എ. (മദ്രാസുസർവകലാശാല) രസതന്ത്രം ഐച്ഛികവിഷയം. അദ്ദേഹം ഇപ്പോൾ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറ് രസതന്ത്രവിദഗ്ദ്ധനാണ്. ഈ ഉദ്യോഗത്തിനു അദ്ദേഹത്തിനുള്ള പ്രത്യേകയോഗ്യതകൾ, രണ്ടുവർഷത്തേക്കു ബങ്കളൂരിലുള്ള ഇൻഡ്യൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉയർന്നതരം രസതന്ത്രത്തിൽ പരിശീലനവും, പൂസായിലുള്ള അന്വേഷണസ്ഥാപനത്തിൽ ഒരുവർഷത്തേക്കു കാർഷികാണുപ്രാണിശാസ്ത്രത്തിൽ പരിശീലനവും സിദ്ധിച്ചിട്ടുണ്ട് എന്നുള്ളതാണ്.

(സി) കാർഷിക പരീക്ഷണശാലയത്തിലെ ഉദ്യോഗസ്ഥന്മാർ മററുജോലിക്കിടയിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്; അതിനാൽ ഈ പ്രത്യേകാന്വേഷണത്തിൽ അവർ ഏർപ്പെട്ടിരുന്നതായ സൂക്ഷ്മമായ കാലാവധി എത്രയെന്നുള്ളതു നിർദ്ദേശിക്കുന്നതു സാദ്ധ്യമല്ല.

(ഡി) മി: കെ. പരമേശ്വരൻപിള്ള കാർഷികരസതന്ത്രവിദഗ്ദ്ധനായിരുന്നപ്പോൾ, അദ്ദേഹം അമ്ലപങ്ങളും ക്ഷാരമയങ്ങളുമായ ഭൂമികളെസംബന്ധിച്ച സ്ഥൂലമായും രാസമായും വിവരമായ ഒരു പരിശോധന നടത്തുവാൻ തുടങ്ങി. ഇപ്പറഞ്ഞ ഭൂമികളെ കൃഷിക്കു ഉപയുക്തങ്ങളാക്കിതീർക്കുന്നതിനെസംബന്ധിച്ച എല്ലാ വിവാദസംഗതികളുടേയും സൂക്ഷ്മവും പരിപൂർണ്ണവുമായ അന്വേഷണത്തിന് മണ്ണിന്റെ അണുശാസ്ത്രജ്ഞാനം ആവശ്യമായിരുന്നതിനാൽ, ആ വിഷയത്തിൽ ആവശ്യമുള്ള പരിശീലനം സിദ്ധിക്കുന്നതിലേക്ക് അസിസ്റ്റൻറ് കാർഷികരസതന്ത്രവിദഗ്ദ്ധൻ മി: കെ. ആർ. നാരായണയ്യരെ ൧൦൯൪-ാമാണ്ടവസാനത്തിൽ ഗവണ്മെൻറ് ചിലവിന്മേൽ ഡെപ്യൂട്ടേഷനായി പ്യൂസായിലേക്കു അയക്കുകയുണ്ടായി. അദ്ദേഹം ഈ ജോലിനിർവ്വഹണത്തിനു വേണ്ട പൂർണ്ണയോഗ്യതകളോടുകൂടി ൧൦൯൮-ാമാണ്ടിന്റെ അവസാനത്തോടെ പ്യൂസായിൽനിന്നും തിരിച്ചുവന്നു. അതിൽപിന്നെ, അദ്ദേഹം അമ്ലപക്ഷാരഭൂമികളുടെ സംസ്കരണത്തെസംബന്ധിക്കുന്ന വിവാദവിഷയങ്ങളുടെ അന്വേഷണത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. കഴിഞ്ഞവർഷത്തിൽ അദ്ദേഹം സംസ്ഥാനത്തിലുള്ള അമ്ലപഭൂമികളുടെ വിവരമായ ഒരു ജീവശാസ്ത്രീയപരിശോധന നടത്തിയതിന്റെ ഫലമായിട്ടുകണ്ടതു് മണ്ണിൽ വേണ്ടുന്ന അണുക്കൾ, അമ്മോണ്യജനകങ്ങൾ, നൈട്രോജൻ സ്ഥിരീകാരികൾ എന്നപോലെയുള്ള കൃഷിക്കുപയുക്തങ്ങളുള്ളാത്ത, മണ്ണിലുള്ള ഇംഗാലമയങ്ങളും നൈട്രോജനീയങ്ങളുമായ വസ്തുക്കളെ സസ്യങ്ങൾക്കു എളുപ്പത്തിൽ സ്വീകരിക്കാവുന്ന രൂപങ്ങളായി മാററുന്നതിൽ പ്രധാനപ്രവൃത്തകങ്ങളായവ തീരെ കാണാനില്ല എന്നാകുന്നു. ഇപ്പറഞ്ഞ അണുക്കളെ മണ്ണിൽ പ്രവേശിപ്പിക്കുന്നതിനു അദ്ദേഹം ചെയ്ത യത്നങ്ങളെല്ലാററിന്റേയും ഫലമായിട്ട്, അതിൽ വളരുന്നതിനു അവ വലുതായ വിരസം പ്രദർശിപ്പിച്ചു എന്നു കണ്ടു്. അനന്തരം അണുക്കൾ വളരുന്നതിനും അതുനിമിത്തം, സസ്യങ്ങളുടെ വളർച്ചയ്ക്കും പ്രതിബന്ധങ്ങളായി, മണ്ണിൽ കാണപ്പെടാവുന്ന ഹേതുക്കളെ കണ്ടുപിടിക്കുന്നതിനായിട്ടു അദ്ദേഹം പരീക്ഷണങ്ങൾ നടത്തി. ഈ പരീക്ഷണങ്ങളിൽനിന്നു വെളിപ്പെട്ടതു് ഇത്തരം ഭൂമികളിൽ വിളവുകളുടെ അപജയത്തിനു ഹേതുക്കളായ ദൂഷ്യങ്ങളായ സംഗതികൾ താഴെപറയുന്നവയാണെന്നാകുന്നു:—

(എ) അധികമായ അമ്ലത്വം;

(ബി) വെള്ളത്തിൽ അലിയുന്ന ക്ഷാരദ്രവ്യങ്ങളുടെ വിഷമയങ്ങളായ ലക്ഷ്യങ്ങൾ;

(സി) അലൂമിനിയത്തിന്റെ വിഷസ്വഭാവം;

(ഡി) ഹൈഡ്രോക്സിസ്റ്റിയറിക് ആസിഡ് മുതലായവപോലെയുള്ള സജീവ വിഷദ്രവ്യങ്ങളുടെ സാന്നിദ്ധ്യം;

(ഇ) ഫാസ്ഫേററുകളുടെ തിക്തത.

ഇപ്പോൾ അസിസ്റ്റൻറ് രസതന്ത്രവിദഗ്ദ്ധൻ മണ്ണിന്റെ ശരിയായ സംസ്കാരത്താലും, ഉചിതമായവിധത്തിൽ മണ്ണിനെ മെച്ചപ്പെടുത്തുന്നതിനാലും, ഈ ദൂഷ്യകാരണങ്ങളെ വിഫലീകരിക്കുന്നതിനു ചിലവുകുറഞ്ഞതും പ്രായോഗികവുമായ ഒരു സമ്പ്രദായം കണ്ടുപിടിക്കുന്നതിലേക്ക് രാസക്രിയാശാലയിൽ പരീക്ഷണങ്ങൾ നടത്തുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. വലുതായ തോതിൽ ഈ സമ്പ്രദായങ്ങളെ പരീക്ഷിക്കുന്നതിനായിട്ടു പുറക്കാട്ട് ഒരു പരീക്ഷണക്ഷേത്രം ഏർപ്പെടുത്തീട്ടുണ്ട്, അവിടെ അടുത്ത അവസരത്തിൽ കൃഷി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പ്രബലപ്പെട്ടുവരുന്നു എന്നു റിപ്പോർട്ടു കിട്ടീട്ടുണ്ട്.

ക്ഷാരമയങ്ങളായ ഭൂമികളെ സംബന്ധിച്ച്, ഭൗതികമായ ഗന്ധകത്തെ സജീവമായ (Biological) ജാതിത്താൽ ക്ഷാരസ്വഭാവത്തെ പരിണമിപ്പിക്കുന്നതിനു ശക്തിയുള്ള ഗന്ധകജാരണജീവിയെ (അണുവിനെ) കണ്ടുപിടിച്ചിട്ടുണ്ട്. ധാരാളം ഈർപ്പവും വായുവും ഉള്ള പക്ഷം, ഏക്കർ ഒന്നിനു ഒരു ടൺ ഗന്ധകം ഉപയോഗിക്കുന്നതിനാൽ, ആദ്യമുണ്ടായിരുന്ന ക്ഷാരസ്വഭാവം, ഈ ഗന്ധകപ്രയോഗത്താൽ രണ്ടു മാസത്തിനകം വളരെ താഴ്ന്നതോളം കുറയുന്നു എന്നു രാസക്രിയാശാലയിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്നു കണ്ടിരിക്കുന്നു എന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നു. കൃഷിവയലുകളുടെ അവസ്ഥാനങ്ങളനുസരിച്ച രസക്രിയാശാലയിലെ ഫലങ്ങളെ വലുതായ തോതിൽ പരീക്ഷിക്കുന്നതിനായിട്ടു ദക്ഷിണ തിരുവിതാംകോട്ടിൽ പരീക്ഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പരീക്ഷണങ്ങൾ തൃപ്തികരമായി മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു എന്നു റിപ്പോർട്ടുകിട്ടിയുമിരിക്കുന്നു. അമ്ലപവും ക്ഷാരമയവുമായ ഭൂമികളെപ്പററിയുള്ള അന്വേഷണങ്ങൾ തുടർന്നു കൊണ്ടു തന്നെയിരിക്കുന്നു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (ബി) (എ) ഭാഗത്തിനു കൊടുത്ത ഉത്തരം സംബന്ധിച്ച്, മണ്ണിന്റെ അണുശാസ്ത്രവിദഗ്ദ്ധന്റെ അറിവു കൂടാതെയായിരുന്നോ മിസ്റ്റർ കെ. പരമേശ്വരൻ പിള്ള അന്വേഷണങ്ങൾ തുടങ്ങിയതു?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): സയൻസു സംബന്ധമായ സംഗതികളിൽ ഒരാൾക്കു സാമാന്യജ്ഞാനമോ പ്രത്യേക ജ്ഞാനമോ ഉണ്ടായിരിക്കാം. അദ്ദേഹം തന്റെ സാമാന്യ ജ്ഞാനത്തിൽ നിന്നാകുന്നു അന്വേഷണങ്ങൾ തുടങ്ങിയതു്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്യൂസായിലെ പരിശീലനം സംബന്ധിച്ച വിദഗ്ദ്ധനെ മണ്ണിന്റെ അണുശാസ്ത്രം പഠിപ്പിച്ചിട്ടില്ലേ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറു സെക്രട്ടറി): അദ്ദേഹത്തിനു സാമാന്യമായ കാർഷികരസതന്ത്രത്തിൽ പരിശീലനമുണ്ടായിരുന്നു. മണ്ണിന്റെ അണുശാസ്ത്രം അതിലൊരു ഭാഗമാണ്. അദ്ദേഹം അതിൽ പ്രത്യേകപരിശീലനം സമ്പാദിച്ചിട്ടില്ലാ.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെയിരിക്കെ വല്ല അന്വേഷണവും ഒരാൾ നടത്തുന്നതിനു അദ്ദേഹത്തിനു യോഗ്യതയുണ്ടോ?

മി: എൻ. നീലകണ്ഠപിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറു സെക്രട്ടറി): അദ്ദേഹം അതിൽ വിശേഷാൽ പരിചയം സമ്പാദിച്ചിട്ടില്ലായിരുന്നു എന്നു മാത്രമെ ഞാൻ പറഞ്ഞുള്ളു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷിഡയറക്ടർക്കു തന്റെ കീഴുദ്യോ

സ്ഥന്മാരുടെ സഹായത്തോടുകൂടി അങ്ങിനെയുള്ള അന്വേഷണങ്ങൾ നടത്തുന്നതിന് പ്രാപ്തനാണോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഒരുവിധത്തിൽ അദ്ദേഹം പ്രാപ്തനാണ്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ദേഹത്തിന് ആവശ്യം വേണ്ടതായ വിദഗ്ദ്ധജ്ഞാനമുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ജ്ഞാനത്തിനു പലപടികളുണ്ട്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ അതു പ്രായോഗികമായ കാര്യങ്ങൾക്കു മതിയാകുന്നതാണോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): ഏതാനും അളവിൽ അതു മതിയാകുന്നതാണ്. മിസ്റ്റർ നാരായണയ്യരുടെ ജ്ഞാനവും പൂർണ്ണമായി മതിയാകുന്നതല്ല.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അറിയുന്നതിനാവശ്യപ്പെട്ടത്, അദ്ദേഹത്തിൻെറ അറിവു പ്രായോഗികമായ കാര്യങ്ങൾക്കു മതിയാകുന്നതോ എന്നാകുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി): അതെ. ഏതാനും അളവിൽ.

ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പേരിലുള്ള
പരാതികളുടെ തീർച്ച.

൨൩. മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഇപ്പോഴത്തെ വൃത്തികളിൽ ഉയർന്നതരം ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരുടെ ദുഷ്പ്രവൃത്തികളിലും ജനസാമാന്യത്തോടു തങ്ങളുടെ കൃത്യാന്തരസ്ഥാനങ്ങളിലുള്ള വീഴ്ചകളിലും, ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ പക്ഷത്തു നിന്നുള്ള ദുഷ്പ്രവൃത്തികളേയും അഴിമതികളേയും പററിയുള്ള ഡിപ്പാർട്ടുമെൻറ സംബന്ധിച്ച പരാതികളെ ന്യായമായി തീർച്ചചെയ്യുന്നതിനു കഴിവില്ലാത്തവണ്ണം അത്രയ്ക്കു തങ്ങളുടെ കീഴുദ്യോഗസ്ഥന്മാരോടു സഹഭാവമുള്ളവരായിരിക്കുന്നു എന്നു ജനങ്ങളുടെ ഇടയിൽ പരക്കെ ഒരു ബോധമുള്ളതായിട്ടു, ശ്രീമൂലംപ്രജാസഭയിലും നിയമസഭയിലും ചെയ്തിട്ടുള്ള നിവേദനങ്ങളിൽ നിന്നും മററും ഗവണ്മെൻറിനു അറിവില്ലേ?

(ബി) (എ) ഭാഗത്തു സൂചിപ്പിച്ചിട്ടുള്ള സംഗതി ആലോചിച്ചു, പ്രതിമാസം ൫൦ രൂപായോ അധികമോ ശമ്പളമുള്ള ഉദ്യോഗങ്ങൾ വഹിക്കുന്ന ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പേരിൽ പൊതുജനാംഗങ്ങളുടെ ഗൌരവമുള്ളതായ പരാതികളെപ്പററി നടത്തുന്ന എല്ലാ അന്വേഷണങ്ങളിലും ഏതാനും ജനപ്രതിനിധികളെ കൂടി ചേർക്കുന്നതിനു വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനു ഗവർണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഈ വിഷയത്തിൽ ജനങ്ങളുടെ ഇടയിൽ കുറെ അസ്വാസ്ഥ്യമുള്ളതായി ഗവണ്മെൻറിനറിയാം.

(ബി) ഉപദേശം ഗവർണ്മെൻറിനു സ്വീകാര്യമായിരിക്കുന്നില്ല.

ജനസമുദായങ്ങളുടെ ശരാശരി ധനസ്ഥിതി.

൨൪. മി: എക്സ്. ജി. ലോപ്പസ് (ഗവണ്മെൻറ നിയമിച്ച മെംബർ): (എ) സംസ്ഥാനത്തുള്ള സമുദ്രതീരക്രിസ്ത്യാനികളുൾപ്പെട്ട വിവിധസമുദായങ്ങളുടെ ശരാശരി ധനസ്ഥിതിയെപ്പററി സൂക്ഷ്മമായ അറിവുകിട്ടുന്നതിനു ഗവണ്മെൻറ ശ്രമിച്ചിട്ടുണ്ടോ?

(ബി) അങ്ങിനെയാണെങ്കിൽ, ആയതു കാണിക്കുന്ന താരതമ്യേനയുള്ള ഒരു സ്റ്റേറമെൻറ മേശപ്പുറത്തു വയ്ക്കുന്നതിനു അവർക്കു ദയവുണ്ടാകുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സിക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) (എ) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ടു ഈ ചോദ്യം അസംഗതമാകുന്നു.

കൂലിവേലക്കാരെ ശേഖരിക്കുന്നതു.

൨൫. മി: എം. ശിവതാണുപിള്ള (തോവാള): (എ) സംസ്ഥാനത്തിനു പുറമെയുള്ള സ്ഥലങ്ങളിലേക്കു കൂലിവേലക്കാരെ ശേഖരിക്കുന്നതിനു അനുവദിക്കപ്പെട്ടിരിക്കുന്നുവൊ എന്നു ഗവർണ്മെൻറ സദയം പ്രസ്താവിക്കുമൊ?

(ബി) അങ്ങിനെയാണെങ്കിൽ, സംസ്ഥാനത്തെ കൂലിവേലക്കാരുടെ സ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനും വിദേശങ്ങളിൽ അവരുടെ കാര്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിനും വല്ല മാർഗ്ഗങ്ങളും സ്വീകരിക്കപ്പെട്ടിരിക്കുന്നുവൊ?

(സി) സംസ്ഥാനത്തുള്ള തോട്ടങ്ങളിൽ വേലചെയ്യുന്നതിനായി ശേഖരിച്ചിട്ടുള്ള വേലക്കാരുടെ സ്ഥിതികളെപ്പററി അന്വേഷണം കഴിക്കുന്നതിനു ആവശ്യമുണ്ടെന്നു ഗവണ്മെൻറ അറിയുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പററി ആലോചിക്കുന്നതിനായി ഒരു കമ്മിററിയെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടൊ?

മി: നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ബി) പ്രത്യേക കരുതലുകൾ യാതൊന്നും ചെയ്തിട്ടില്ല.

(സി) ചോദ്യത്തിൻെറ പൂർവഭാഗത്തിനു മറുപടി നിഷേധരൂപത്തിലാണ്, അതിനാൽ ഉത്തരഭാഗം അസംഗതം.

മി: എം. ശിവതാണുപിള്ള (തോവാള): (ബി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടി, 'കരുതലുകൾ യാതൊന്നും ചെയ്തിട്ടില്ലാ' എന്നാകുന്നു. വല്ലകരുതലും ചെയ്തിട്ടുണ്ടോ എന്നു ഗവണ്മെൻറിൽ നിന്നും ഞാൻ അറിഞ്ഞുകൊള്ളട്ടെയോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): സാധാരണനിയമപ്രകാരം ജനങ്ങൾക്കു ലഭ്യമായ കരുതലുകൾ തന്നെ ഈ പുറം വേലക്കാരെയും സംബന്ധിക്കുന്നതാണ്.

മി: എം. ശിവതാണുപിള്ള (തോവാള): (സി) ഭാഗത്തിനകൊടുത്തിട്ടുള്ള മറുപടിയെ സംബന്ധിച്ച തോട്ടങ്ങളിലെ വേലക്കാരുടെ സ്ഥിതികൾ വല്ല അന്വേഷണവും കഴിക്കുന്നതിനാവശ്യമില്ലാത്ത നിലയിലാകുന്നു എന്ന ഗവണ്മെന്റ അറിയുന്നുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): രണ്ടുപ്രകാരത്തിലും ഗവണ്മെന്റിനു യാതൊരറിവുമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): തോട്ടങ്ങളിലെ വേലക്കാരുടെ സാമാന്യക്ഷേമസൗഖ്യത്തെ സംരക്ഷിക്കുന്നതിലേക്ക വല്ല പ്രത്യേക കരുതലും ചെയ്തിട്ടുണ്ടോ എന്ന ഗവണ്മെന്റിനറിയാമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇല്ലാ. ഗവണ്മെന്റിനറിഞ്ഞുകൂടാ?

മി: എം. ശിവതാണുപിള്ള (തോവാള): തോട്ടങ്ങളിലെ സാധുക്കളായ വേലക്കാരുടെ ക്ഷേമസൗഖ്യത്തെ സംരക്ഷിക്കുന്നതിനായി അവിടവിടെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നത് ആവശ്യമെന്നിയാകുന്നു എന്ന ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ: ചീഫ് സി): മെമ്പർ മുന്നറിയിച്ചുകൊടുത്തിട്ടുള്ള പ്രധാനചോദ്യത്തിൽനിന്നും ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): തോട്ടങ്ങളിലെ വേലക്കാരുടെ സാമ്പ്രദായികസ്ഥിതികൾ വാസ്തവത്തിൽ ക്ഷേമകരങ്ങളാണെന്ന ഗവണ്മെന്റിനു ബോധ്യമായിരിക്കുന്നുവോ?

മി: കെ. നാരായണൻപണ്ടാല (ആ. ഗ. ചീ. സി.): ഗവണ്മെന്റ ഈ സംഗതിയെക്കുറിച്ച യാതൊരന്വേഷണവും നടത്തീട്ടില്ല. ആയതിനാൽ അവർക്ക വ്യക്തമായ യാതൊരറിവും കിട്ടീട്ടുമില്ല.

൬൭. ഒരു പരസ്പരസഹായസംഘം ഇൻസ്പെക്ടർ മദ്ധ്യവർജ്ജനത്തെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിന്മേൽ മിസ്റ്റർ ആർ. കുഞ്ഞുണ്ണിപ്പുരുവാൾ എടുത്ത നടപടി.

മി: സി. പി. തരകൻ (കുന്നത്തുനാട്): (എ) കോട്ടയം അസിസ്റ്റൻറ എക്സൈസ് കമ്മീഷണരായ മി: ആർ. കുഞ്ഞുണ്ണിപ്പുരുവാൾ ചങ്ങനാശ്ശേരി പരസ്പരസഹായസംഘം ഇൻസ്പെക്ടരുടെ പേരിൽ അദ്ദേഹം പരസ്പരസഹായസംഘത്തിന്റെ ഒരു യോഗത്തിൽ മദ്ധ്യപാനത്തിന്റെ ദോഷങ്ങളെ വിവരിച്ചുകൊണ്ടുചെയ്ത പ്രസംഗത്തെ ആക്ഷേപിച്ചുകൊണ്ടും വീണ്ടും അങ്ങിനെയുള്ള പ്രസംഗങ്ങൾ നടത്തുന്നതായാൽ ഗവണ്മെന്റിലേയ്ക്കു റിപ്പോർട്ടു ചെയ്യുന്നതായിരിക്കുമെന്ന പ്രസ്താവിച്ചുകൊണ്ടും എഴുതി അയച്ചിട്ടുള്ളതായി ഗവണ്മെന്റ അറിയുന്നുണ്ടോ?

(ബി) ഗവണ്മെന്റ അറിയുന്നില്ലെങ്കിൽ, ഈ സംഗതിയെപ്പറ്റി എക്സൈസ് കമ്മീഷണരോടും പ. സ. സംഘം രജിസ്ട്രാരോടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും മി: കുഞ്ഞുണ്ണിപ്പുരുവാളോടു അദ്ദേഹം അങ്ങിനെ ഒരു കത്ത് എഴുതീട്ടുണ്ടെങ്കിൽ സമാധാനം ബോധിപ്പിക്കുന്നതിനും ഗവണ്മെന്റ സദയം ആവശ്യപ്പെടുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) എക്സൈസ് കമ്മീഷണർ റിപ്പോർട്ടു ചെയ്യുന്നത് അങ്ങിനെ ഒരെഴുത്തയച്ചതിനെപ്പറ്റി തനിക്ക അറിവില്ലാ എന്നും ഇപ്പോൾ അതിനെപ്പറ്റി അന്വേഷിച്ചുവരികയാണെന്നും ആകുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഗവണ്മെന്റിൽനിന്നും പ: സ: സംഘം രജിസ്ട്രാർ മുഖാന്തിരം അന്വേഷണം നടത്തിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): നടത്തിട്ടില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): എന്റെ ചോദ്യത്തിൽ അദ്ദേഹത്തോടു പ്രത്യേകമായിട്ടു ചോദിക്കണമെന്ന എഴുതിയിരുന്നില്ലേ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): എക്സൈസ് കമ്മീഷണരാണ് അന്വേഷണം നടത്തിയത്.

മി: സി. പി. തരകൻ (കുന്നത്തുനാട്): പരസ്പരസഹായസംഘം രജിസ്ട്രാർ മുഖാന്തിരം അന്വേഷണം നടത്തീട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റിന്റെ അന്വേഷണം അവസാനിച്ചിട്ടില്ല.

൬൮. ഗ്രാഡുവെയിററല്ലാത്ത വക്കീലന്മാരെ സർവീസിൽ നിയമിക്കുന്നത്.

മി: സി. പി. തരകൻ (കുന്നത്തുനാട്): (എ) ഗ്രാഡുവെയിററല്ലാത്ത വക്കീലന്മാരിൽ വല്ലവരെയും പബ്ലിക്ക സർവീസിൽ എടുത്തിട്ടുണ്ടോ എന്ന ഗവണ്മെന്റ സദയം പറയുമോ?

(ബി) മറുപടി നിഷേധരൂപത്തിലാണെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെന്റ അവലംബിച്ചിട്ടുള്ള നിലയ്ക്കുള്ള കാരണങ്ങൾ സദയം പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) വ്യക്തമായ അറിവു ഒന്നും ലഭ്യമല്ല.

(ബി) ചോദ്യം ദുർഗ്രാഹ്യമായിരിക്കുന്നു.

൬൯. മുഹമ്മദീയരെ പബ്ലിക്ക സർവീസിൽ നിയമിക്കുന്നത്.

മി: പി. ഹബീബ്മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): (എ) മുഹമ്മദീയരേയും വിദ്യാഭ്യാസത്തിൽ പിന്നോക്കമായ ഇതരസമുദായങ്ങളേയും പബ്ലിക്ക സർവീസിൽ നിയമിക്കുന്നതിനെ സംബന്ധിച്ച സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചതിൽ ഗവണ്മെന്റിനുണ്ടായിരുന്ന ഉദ്ദേശമെന്തായിരുന്നു എന്ന സദയം പറയുമോ?

(ബി) കഴിഞ്ഞ ഏതാനുംകൊല്ലങ്ങളിൽ ഗവണ്മെന്റിന്റെ ഉദ്ദേശം എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന ഗവണ്മെന്റിനറിയാമൊ?

(സി) മേൽപ്രസ്താവിച്ച ഉത്തരവുകളെ ഡിപ്പാർട്ടുമെന്റ മേലധ്യക്ഷന്മാർ എത്രത്തോളം അനുസരിച്ചിട്ടുണ്ടെന്ന ഗവണ്മെന്റ അന്വേഷിച്ചിട്ടുണ്ടോ എന്ന സദയം പറയുമോ?

(ഡി) അങ്ങിനെയാണെങ്കിൽ തങ്ങളുടെ അന്വേഷണത്തിന്റെ ഫലമെന്തായിരുന്നു എന്നു ഗവണ്മെന്റു സദയം പ്രസ്താവിക്കുമോ?

(ഇ) ഈ സർക്കുലർകളും ഉത്തരവുകളും ഇപ്പോഴും ഊർജ്ജിതത്തിൽ ഇരിക്കുന്നുണ്ടോ എന്നു ഗവണ്മെന്റു സദയം പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) കാര്യക്ഷമത, യോഗ്യതകൾ മുതലായവക്കു ഭംഗം വരാതെ വിദ്യാഭ്യാസത്തിൽ പിന്നോക്കമായ ഈഴവർ, മുഹമ്മദീയർ മുതലായ സമുദായാംഗങ്ങളോടു പ്രത്യേകദാക്ഷിണ്യം കാണിക്കേണ്ടതാണെന്നായിരുന്നു ഗവണ്മെന്റിന്റെ ഉദ്ദേശം.

(ബി) വിവിധസമുദായങ്ങളുടെ അവകാശങ്ങളോടു അനാദരം കാണിച്ചിട്ടില്ലെന്നു ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാർ സമർപ്പിച്ചിട്ടുള്ള കണക്കുകളിൽ നിന്നു വെളിപ്പെടുന്നു എന്നു ഗവണ്മെന്റു നോട്ടുചെയ്യുന്നു.

(സി) അന്വേഷണങ്ങൾ നടത്തീട്ടുണ്ട്.

(ഡി) ഗവണ്മെന്റും ഗവണ്മെന്റും ചെയ്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ കണക്കുകളെ പുനരീക്ഷിക്കുന്നതായ ഗവണ്മെന്റു ഏപ്രിൽ ൧൭-ാംനു-യിലെ ആർ. ഡിസ്. നമ്പർ ഗവർണ്മെന്റുത്തരവിൽ തങ്ങളുടെ അന്വേഷണത്തിന്റെ ഫലം ക്രോഡീകരിച്ചിരിക്കുന്നു (സംക്ഷേപിച്ചിരിക്കുന്നു).

(ഇ) സർക്കുലറുകളും ഉത്തരവുകളും ഇപ്പോഴും ഊർജ്ജിതത്തിൽതന്നെ ഇരിക്കുന്നു.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഗവണ്മെന്റുദ്യോഗങ്ങൾക്കായി അപേക്ഷകൾ കൊടുത്തിട്ടുള്ള ഏതാനുംപേരുടെ ന്യായമായ അവകാശങ്ങളെ ചില ഉദ്യോഗസ്ഥന്മാർ മുടർച്ചയായി വിസ്മരിക്കുന്നുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗവണ്മെന്റു അറിയുന്നില്ല.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഉദ്യോഗനിയമനങ്ങൾക്കായി തിരഞ്ഞെടുക്കുന്ന സംഗതിയിൽ ഗവണ്മെന്റിന്റെ ആലോചനാവിഷയമായിരിക്കുന്നതു യോഗ്യതകളും കാര്യക്ഷമതയും സാമുദായിക പ്രാതിനിധ്യവും മാത്രമാണോ എന്നു ഗവണ്മെന്റു സദയം പ്രസ്താവിക്കുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): സാധാരണയായിട്ടു ഇവയത്രേ പ്രധാനമായ ആലോചനാവിഷയം.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ന്യൂനപക്ഷക്കാരായ സമുദായങ്ങളുടെ ക്ഷേമത്തെ സംരക്ഷിക്കുന്നതിലേക്കു വേറെ വല്ല ഫലോൽപ്പാദകങ്ങളായ ഉപായങ്ങളേയും പ്രയോഗിക്കുന്നതിന്റെ അഭിലഷണീയതയെക്കുറിച്ചു ഗവണ്മെന്റു സദയം ആലോചിക്കുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഈ സംഗതിയിൽ ആവശ്യമുള്ള നിർദ്ദേശങ്ങൾ ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകളുടേയും ആഫീസുകളുടേയും മേധാവികൾ ആ നിർദ്ദേശങ്ങളെ അനുകരിച്ചുവരുന്നുണ്ടോ എന്നുള്ളതിനെപ്പറ്റി അവർ ജാഗരൂകന്മാരായിരിക്കയും ചെയ്യുന്നു.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ചമെമ്പർ): കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ചില ഉദ്യോഗസ്ഥന്മാർ ഏതാനും മുഹമ്മദീയഅപേക്ഷകന്മാരുടെ അവകാശങ്ങളെ തുടർച്ചയായി അവഗണിച്ചുകളഞ്ഞു എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ലാ. കണക്കുകൾക്കായി ഗവണ്മെന്റു ആവശ്യപ്പെടുകയും ആ കണക്കുകളെ പരിശോധിച്ചപ്പോൾ ചില ഡിപ്പാർട്ടുമെന്റുകളിൽ പിന്നോക്കമുള്ള സമുദായങ്ങളിലെ അംഗങ്ങളുടെ ഒരു അധികരിച്ച ശതമാനം ആളുകളെ നിയമിക്കുന്നതിനു കഴിയുമായിരുന്നു എന്നുകാണുകയും ആ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരോടു സമാധാനം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഡിപ്പാർട്ടുമെന്റുമേധാവികൾ ഗവണ്മെന്റുത്തരവുകളെ എത്രത്തോളം അനുകരിക്കുന്നുണ്ട് എന്നു അറിയുന്നതിലേക്കു കാലാകാലം അന്വേഷണം നടത്തുന്നതു അഭിലഷണീയമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരിൽനിന്നു പാദവർഷംതോറുമുള്ള നിയമനങ്ങളുടെ കണക്കുകൾ സമർപ്പിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): എന്നാൽ നിയതകാലങ്ങളിൽ അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തുന്നതു അഭിലഷണീയമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതേ, ആവശ്യമാണെന്നു കാണുന്ന സമയങ്ങളിലൊക്കെയും ഗവണ്മെന്റു അന്വേഷണം നടത്തുന്നതാണ്.

മി: പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ) മുഹമ്മദീയരായ അപേക്ഷകന്മാരെ സംബന്ധിക്കുന്നിടത്തോളം ഇപ്പോൾ നില വിവരിക്കുന്ന സർക്കുലറുകളും ഉത്തരവുകളും പ്രായോഗികമായി വിഫലങ്ങളാണെന്നു ഗവണ്മെന്റു അറിയുന്നുണ്ടോ?

മി: കെ. നാരായണൻ പണ്ടാല (ആ. ഗ. ചീ. സി.): ഇല്ലാ. ഗവർണ്മെന്റു അറിയുന്നില്ലാ.

മി: പി. ഹബീബ് മഹമ്മദ് (ഗ. നി. മെ.): അവയെകർശനമായി ഊർജ്ജിതത്തിൽ കൊണ്ടുവരുന്നതിനോ, അല്ലെങ്കിൽ അവയ്ക്കു പകരമായി വേറെ വല്ലമാർഗ്ഗങ്ങളും ഏർപ്പെടുത്തുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഗവർണ്മെന്റു സദയം പുറപ്പെടുവിക്കുമോ?

മി: കെ. നാരായണൻ പണ്ടാല (ആ. ഗ. ചീ. സി.): ആനിർദ്ദേശങ്ങൾ നിരാകരിക്കപ്പെടുന്നു എന്നു ഇപ്പോൾ ഗവർണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടില്ല. അധികരിച്ചതായ ഒരു ശതമാനം ആളുകളെ നിയമിക്കാമായിരുന്ന പ്രത്യേകം ചില ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിൽ, അവർ സമാധാനം ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസം സിദ്ധിച്ച സമുദായങ്ങളിലെ തൊഴിലില്ലായ്മ.

൨൮. മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായവും വാണിജ്യവും മെക്ക്): (എ) വിദ്യാഭ്യാ

സാംസിദ്ധിച്ചിട്ടുള്ള ആളുകളുടെ തൊഴിലില്ലായ്മ ഗൌരവമായ പരിമാണത്തിലെത്തിയിരിക്കുന്നു എന്ന് ഗവർമ്മെൻറിനറിയാമോ?

(ബി) അങ്ങിനെ ആണെങ്കിൽ, ഈ സംഗതിയെ പരിഹരിക്കുന്നതു് ഏതുവഴികളിലാണെന്ന് അവർ നിശ്ചയിച്ചിരിക്കുന്നു എന്ന് ഗവർമ്മെൻറ് സദയം പ്രസ്താവിക്കുമോ?

മി: കെ. നാരായണൻ പണ്ടാല (ആ. ഗ. ചീ. സി):

(എ) അറിയാം.

(ബി) ഉടനടിയായ പ്രതിവിധിയും ലഭ്യമല്ല. അനേകം സംഗതികളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാരണങ്ങളാണ് നമ്മെ ഈ അവസ്ഥയിലെത്തുന്നതിന് ഇടയാക്കിട്ടുള്ളതു്. ഒരു സാമ്പത്തികമായ മാർഗ്ഗത്തിൻറെ ആയതിനെ മാറ്റേണ്ടിയിരിക്കുന്നതിനാൽ, സമുന്നതരായ അതിനിപുണന്മാരുടെ അഭിപ്രായം അറിയേണ്ടതാണ്. ഈ സംഗതിയിൽ നമ്മെ സഹായിക്കുന്നതിന് തങ്ങൾക്കുള്ള പരിചയത്തെക്കുറിച്ച് പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ, സംഗതി മുഴുവൻ ഗവൺമെൻറിൻറെ ഉദാസീനമായ ആലോചനയ്ക്കു വിധേയമാക്കിയിട്ടുണ്ട്.

വിഷൂചികയും മസൂരിയും.

൯൦. മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായവും വാണിജ്യവും തെക്ക്): വിഷൂചികയുടെയും മസൂരിയുടെയും പ്രചാരം സംബന്ധിച്ചു് ആവശ്യമുള്ള നിവാരണവും രോഗഹരവുമായ ഉപായങ്ങളെ വേണ്ടുന്ന ഊർജ്ജിതത്തോടുകൂടി പ്രയോഗിക്കുന്നതിന് ഗവർമ്മെൻറ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് സദയം പറയുമോ?

മി: കെ. നാരായണൻ പണ്ടാല (ആ. ഗ. ചീ. സി.): എപ്പോഴെങ്കിലും പ്രത്യേക സ്ഥലങ്ങളിൽ വിഷൂചികയോ മസൂരിയോ പിടിപെട്ടിരിക്കുമ്പോൾ, സൌഖ്യംപോഷക, സാനിട്ടറി ഡിപ്പാർട്ടുമെൻറോ മുനിസിപ്പാലിറ്റിയോ ഉടൻതന്നെ നിവാരണങ്ങളും രോഗഹരങ്ങളുമായ പ്രതിവിധികൾ പ്രയോഗിച്ചിട്ടുണ്ട്; സാംക്രമികാവസ്ഥയാണെങ്കിൽ പ്രത്യേക മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ വിശേഷാൽ ഡ്യൂട്ടിയിൽ നിയമിക്കയും ചെയ്യുന്നുണ്ട്.

തിരുവനന്തപുരം പട്ടണത്തിലേക്ക്

വേണ്ടുന്ന ജല സംഭരണം.

൯൧. മി: എസ്. പിറവിപെരുമാൾ പിള്ള (വ്യവസായവും വാണിജ്യവും തെക്ക്): "൧൯൩൪ ജനുവരി ൧൭-ാം തീയതി ൧൦൫-ാം ചോദ്യത്തിനു ഗവർമ്മെൻറു കൊടുത്തിട്ടുള്ള മറുപടിയിലും, ൧൯൩൩ നവംബർ ൨൨-ാംതീയതി കൂടിയ കൌൺസിൽ യോഗത്തിൽ ൫൫-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടിയിലേക്ക മെംബറുടെ ശ്രദ്ധയെ ക്ഷണിക്കുന്നു" എന്ന് അവർ കൊടുത്തിട്ടുള്ള മറുപടി സംബന്ധിച്ച്, തിരുവനന്തപുരം പട്ടണത്തിലേക്ക കുടിക്കുന്നതിനുള്ള ജലത്തിൻറെ സംഭരണത്തിനായുള്ള നടപടി എടുക്കൽ ഏതുനിലയിലിരിക്കുന്നു എന്ന് ഗവർമ്മെൻറു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബഅയ്യർ (ഗ. സി): നിർദ്ദിഷ്ടങ്ങളായ പ്രതിജ്ഞകൾ കിട്ടുകയും ജലവൈദ്യുതശക്തികളുടെ സംഭരണത്തിനായുള്ള ഒരു സംയുക്തപദ്ധതി ആലോചനയ്ക്കെടുക്കയും ചെയ്തിട്ടുണ്ട്. അതിൻറെ അംഗീകരണ വിഷയം മുനിസിപ്പാലിറ്റിയുമായി എഴുത്തുകുത്തുകഴിച്ചുതന്നിമിത്തം ആലോചിക്കുന്നതിന് താമസിച്ചുപോയി; ആപദ്ധതിക്കു വേണ്ടിവരുന്ന മുതലുണ്ടാക്കുന്നതിനോ, അതിലേക്കവേണ്ടുന്ന സഹായവും ചെയ്യുന്നതിനോ തങ്ങളുടെ കഴിവില്ലായ്മയെ പ്രസ്താവിക്കുന്നതായ അവരുടെ മറുപടി ൧൯൩൪ അക്ടോബർ ൧൧-ാം-നു മാത്രമേ കിട്ടിയുള്ളു.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായവും വാണിജ്യവും, തെക്ക്): മുനിസിപ്പാലിറ്റിക്ക് പദ്ധതിക്കുവേണ്ടി മുതൽ ഉണ്ടാക്കുന്നതിനോ ധനസഹായം ചെയ്യുന്നതിനോ കഴിവില്ലെന്ന് പ്രസ്താവിച്ചിരിക്കുന്നതിനാൽ, ഈ സംഗതിയിൽ ഗവർമ്മെൻറ് എന്തുനടപടി എടുക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു എന്നു പറയാമോ?

മി: ടി. പി. രാമസുബ്ബഅയ്യർ (ഗ. സി.): റിപ്പോർട്ട് ഇപ്പോൾമാത്രം കിട്ടിയിരിക്കുന്നു. അതു് ആലോചനയിലിരിക്കയുമാണ്.

പോലീസ്ഡിപ്പാർട്ടുമെൻറിൽ

ഈഴവക്കുള്ള പ്രവേശനം.

൯൨. മി: ആർ. പത്മനാഭൻ (ഗ. നി. മെ.): പൊലിസ് ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടർമാരായിട്ട എത്ര ഈഴവ ബി. എക്കാരുണ്ടെന്ന് ഗവർമ്മെൻറ് സദയംപറയുമോ?

മി: കെ. നാരായണൻ പണ്ടാല (ആ. ഗ. ചീ. സി.): മൂന്നു ഈഴവ പൊലീസ് ഇൻസ്പെക്ടർമാരുള്ളതിൽ ഒരാൾ മാത്രം ബി. എ. യാണ്. അയാൾ ഒരു ബി. എല്ലും ആണ്.

മി: ആർ. പത്മനാഭൻ (ഗ. നി. മെ): പൊലീസ് ഇൻസ്പെക്ടർ ആയിരിക്കുന്ന ഈഴവ ബി.എ.യെ ഉദ്യോഗത്തിൽ നിയമിച്ചിട്ട് ഇപ്പോൾ എത്രകാലമായിട്ടുണ്ട് എന്ന് എന്നോട് പറയാമോ?

മി: കെ. നാരായണൻപണ്ടാല (ആ. ഗ. ചീ. സി): ചോദ്യത്തിൽ ആവിവരം ആവശ്യപ്പെട്ടിട്ടില്ലായ്കയാൽ, അതുഗവർമ്മെൻറ് മുമ്പാകെ ഇല്ലാ. മെംബർ ആവശ്യപ്പെട്ടതു് പൊലീസ് ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടർമാരായി നിയമിക്കപ്പെട്ടിട്ടുള്ള ഈഴവ ബി. എക്കാരുടെ എണ്ണംമാത്രമാകുന്നു. അവരുടെ സർവ്വീസിനെക്കുറിച്ചുള്ള വിവരംഇപ്പോൾ ലഭ്യമല്ലാ.

ഈഴവറഗുലേഷൻ ൯൯-ാം വകുപ്പു

പ്രകാരം ഒഴിവാക്കലിനുള്ള അപേക്ഷകൾ.

൯൩. മി: എൻ. കുമാരൻ (ഗ. നി. മെ): ഈഴവറെഗുലേഷൻ ൯൯-ാം വകുപ്പുപ്രകാരം ൧൧൦൯ കന്നി ൩൦-ാംനു- വരെ ഒഴിവാക്കലിനായി താലൂക്ക്തോറും ഗവർമ്മെൻറിലേക്ക് വന്നിട്ടുള്ള അപേക്ഷകളുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവർമ്മെൻറ് സദയം മേശപ്പുറത്തു് വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബഅയ്യർ (ഗ. സി.): ൧൧൦൯-ലെ ൩-ാം റഗുലേഷൻ ൯൯-ാം വകുപ്പുപ്രകാരം ഒഴിവാക്കലിനായുള്ള അപേക്ഷകൾ ഒന്നുംതന്നെ ഗവൺമെൻറിന് കിട്ടീട്ടില്ലാ.

കൃഷിഡിപ്പാർട്ടുമെൻറിലുള്ള ചില താണ ഉദ്യോഗസ്ഥന്മാരെ
സംബന്ധിച്ചുള്ള വിവരങ്ങൾ.

൩൪. മി: സി. പി. തരകൻ (കുന്നത്തുനാടു): സൈദാപ്പേട്ടയിലെ കോയമ്പത്തൂരോ, നാഗപ്പൂരിലോ ഉള്ള ചികിത്സാസ്ഥാനിക കോളേജുകളിൽ മൂന്നുവർഷത്തേക്കുള്ള പദ്ധതിപരിശീലനം കഴിച്ചശേഷം എൽ. എഗ്. അല്ലെങ്കിൽ അതിനോടുസമമായ വല്ല ബിരുദവും കരസ്ഥമാക്കീട്ടുള്ളവരും രണ്ടുവർഷത്തിൽ കുറയാത്ത സർവീസുള്ളവരുമായി കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിലുള്ള കീഴുദ്യോഗസ്ഥന്മാരുടെ പേരുകളും, ഉദ്യോഗസംജ്ഞകളും, വിദ്യാഭ്യാസയോഗ്യതകളും, സർവീസിൻെറ ദൈർഘ്യവും, പ്രാരംഭശമ്പളവും വർദ്ധനക്രമവും, ഡിപ്പാർട്ടുമെൻറ് പരിഷ്കരണത്തിൻെറശേഷമുള്ള വർദ്ധനസ്ഥിതിയിലും, ഇപ്പോൾ അവർക്കു കിട്ടിവരുന്നസ്ഥിരശമ്പളവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവർമ്മെൻറ് സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: എൻ. നീലകണ്ഠപിള്ള (പ്രോസിക്യൂഷൻ ഗവർമ്മെൻറുസെക്രട്ടറി): മെംബർ ആവശ്യപ്പെട്ട സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

ലാകാളേജുഹോസ്റ്റൽ

൩൬. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): (എ) താഴെ കാണിച്ചിരിക്കുന്ന സംഗതികൾ ഗവർമ്മെൻറു സദയം പറയുമോ?

(൧) കഴിഞ്ഞമൂന്നു കൊല്ലങ്ങളിൽ ആണ്ടുതോറും ലാകാളേജുഹോസ്റ്റൽ നടത്തുന്നതിലേക്ക് ഗവർമ്മെൻറിൽനിന്നും നിർവഹിച്ച (വരവുനീക്കി) ചിലവ്:

(൨) ഈ രാജ്യത്തെ പ്രജകളായി ഈ വർഷമായ ൧൦൮൬-ാമാണ്ടിൽ ലാകാളേജിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികളുടെ ആകെയുള്ള എണ്ണവും ഹോസ്റ്റലിൽ താമസിപ്പിച്ചിട്ടുള്ളവരുടെ ആകെയുള്ള എണ്ണവും;

(൩) ഈ രാജ്യക്കാരായി ഹോസ്റ്റലിൽ താമസിക്കുന്നവരുടെ എണ്ണവും, വിദേശിയരായി അവിടെ താമസിക്കുന്നവരുടെ എണ്ണവും.

(ബി) ഈ വർഷമായ ൧൦൮൬-ാമാണ്ടിൽ ഈ രാജ്യക്കാരായി ലാകാളേജുവിദ്യാർത്ഥികളായിരിക്കുന്നവരുടെ ജാതിക്രമമനുസരിച്ചുള്ള എണ്ണവും ഹോസ്റ്റലിൽ താമസക്കാരായവിദ്യാർത്ഥികളുടെ ആകെയുള്ള എണ്ണവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് ഗവർമ്മെൻറ് സദയം തരുമോ?

(സി) ലാകാളേജുഹോസ്റ്റലിൽ ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന പക്ഷപാതപരമായ പെരുമാററം എത്രകാലത്തേക്ക് തുടരുന്നതിന് ഗവർമ്മെൻറ് ഉദ്ദേശിക്കുന്നു?

(ഡി) ൧൦൮൫ ആഗസ്റ്റ് ൧൦-ാനു കൂടിയ കൌൺസിൽയോഗത്തിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം, അവർ മൈസൂർക്കാർട്ടിൽനിന്ന് പ്രതീക്ഷിച്ചിരുന്നതായ നിർദ്ദേശങ്ങളോ ശുപാർശകളോ ഗവർമ്മെൻറിനു കിട്ടിട്ടുണ്ടോ?

(ഇ) അങ്ങിനെ ആണെങ്കിൽ, ആ ശുപാർശകളിന്മേൽ ഗവർമ്മെൻറ് എന്തുനടപടി എടുത്തിട്ടുണ്ട്?

(എഫ്) അങ്ങിനെ അല്ലെങ്കിൽ, അവരെ താമസിപ്പിച്ചുകൊണ്ടിരിക്കുന്നതിന് കാരണമെന്തെന്ന് ഗവർമ്മെൻറിനറിയാമോ?

മി: കെ. നാരായണൻപണ്ടാല (ആ. ഗ. ചീ സെ.):

(എ) (൧) ൧൦൮൬, ൧൦൮൭, ൧൦൮൮ എന്നീകൊല്ലങ്ങളിൽ ലാകാളേജ്ഹോസ്റ്റൽ നടത്തുന്നതിലേക്കു വരവുകഴിച്ചു ഗവർമ്മെൻറ് വഹിച്ച ചിലവ് യഥാക്രമം ൩,൩൭൩ രൂ. ൨൭ ച. ൬ കാ. ൩,൨ ൯൯ രൂ. ൧൩൨ ച. ൧൧ കാ. ൩,൩൬൬ രൂ. ൧൯ ച. ൧ കാ. എന്നിങ്ങനെ ആകുന്നു.

(൨) ആകെ എണ്ണം യഥാക്രമം ൩൦൬-ം, ൯൫-ം ആകുന്നു.

(൩) ഹോസ്റ്റലിൽ താമസക്കാരായ വിദ്യാർത്ഥികൾ എല്ലാവരും തിരുവിതാംകോട്ടുകാരല്ലാത്തവരാകുന്നു.

(ബി) . ഈ വർഷത്തിൽ ഈ രാജ്യക്കാരായ ലാകാളേജുവിദ്യാർത്ഥികളുടെ ജാതിക്രമപ്രകാരമുള്ള ഒരു സ്റ്റേറ്റുമെൻറ് താഴെ കൊടുത്തിരിക്കുന്നു: —

ജാതി	എണ്ണം
നായന്മാർ	൧൨൫
ബ്രാഹ്മണർ	൫൨
മററു സവർണ്ണഹിന്ദുക്കൾ	൧൯
ക്രിസ്ത്യാനികൾ	൭൯
മുഹമ്മദീയർ	൩
ഈഴവർ	൨൭
നാടാർ	൧
ആകെ	൩൦൬

ഹോസ്റ്റലിൽ താമസക്കാരായ വിദ്യാർത്ഥികളുടെ ജാതിക്രമപ്രകാരമുള്ള ഒരു സ്റ്റേറ്റുമെൻറ് താഴെ കൊടുത്തിരിക്കുന്നു:—

ജാതി	എണ്ണം
ബ്രാഹ്മണർ	൧൯
നായന്മാർ	൯
മററു സവർണ്ണഹിന്ദുക്കൾ	൨൦
ആകെ	൪൮

(സി) പക്ഷപാതമായ പെരുമാററമെന്ന് മെംബർ പറഞ്ഞിട്ടുള്ളതിൻെറ അർത്ഥം സ്പഷ്ടമാകുന്നില്ല. താൻ അർത്ഥമാക്കിയത് എന്താണെന്ന് മെംബർ വിവരിക്കുമെങ്കിൽ, മറുപടി കൊടുക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കുന്നതായിരിക്കും.

(ഡി) കിട്ടീട്ടുണ്ട്. എല്ലാവരും സവർണ്ണഹിന്ദുക്കളായ (ബ്രാഹ്മണരും നായന്മാരും) ഹോസ്റ്റൽ അംഗങ്ങളിൽ ചിലർ അവർണ്ണഹിന്ദുക്കളെ അംഗങ്ങളായി സ്വീകരിക്കുന്ന കാര്യത്തിൽ എതിർപ്പു പറയുന്നതിനാൽ സവർണ്ണരല്ലാത്ത ഹിന്ദുക്കളെക്കൂടി അംഗങ്ങളായി സ്വീകരിക്കുന്നപക്ഷം, വേറൊരു കെട്ടിടം വാടകയ്ക്കെടുക്കുന്നതിനും, ഒരു പുതിയ സംഘം പാചകന്മാരേയും മററും നിയമിക്കുന്നതിനും ഒരു പുതിയ ഏർപ്പാടുചെയ്യുന്നതിനും ആവശ്യമായി വരുന്നതായിരിക്കും എന്നാണു ഹൈക്കോർട്ടിൻെറ അഭിപ്രായം. ഹൈക്കോർട്ടിൻെറ അഭിപ്രായത്തെ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നു.

(ഇ)-ം (എഫ്)-ം (ഡി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ട് ഈ ചോദ്യങ്ങൾ അസാംഗതമാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): (സി) ഭാഗത്തെ സംബന്ധിച്ച് സവർണ്ണഹിന്ദുക്കൾക്കു മാത്രമേ ഹോസ്റ്റലിൽ പ്രവേശനമുള്ളു എന്നുള്ള വസ്തുത പക്ഷപാതപൂർവമായ പെരുമാററമാണെന്ന് ഗവൺമെൻറു വിചാരിക്കുന്നില്ലേ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഇല്ല. ഈ ഉപചോദ്യത്തിനുള്ള മറുപടി (ബി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടിയിൽ കാണാവുന്നതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): കഴിഞ്ഞസഭയിൽ ബഡ്ജററ് വിമർശനസമയത്ത് സവർണ്ണരല്ലാത്ത ഹിന്ദുക്കൾക്കുംകൂടി ഹോസ്റ്റലിൽ പ്രവേശനം നൽകുന്നതിന് വേണ്ട ഏർപ്പാടുകൾ താമസംകൂടാതെ ചെയ്യുന്നതാണെന്ന് ഒരു വാഗ്ദാനം നൽകിട്ടില്ലേ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): മെംബർ ദയവുചെയ്തു പ്രൊസീഡിംഗ്സിൻെറ ആ ഭാഗം ചൂണ്ടിക്കാണിക്കുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): നിർഭാഗ്യവശാൽ ആ പ്രൊസീഡിംഗ്സ് ഇപ്പോൾ എൻെറ കൈവശമില്ല. സവർണ്ണരല്ലാത്ത ഹിന്ദുക്കൾക്കുംകൂടി അവസരങ്ങൾ നൽകുന്നത് ആവശ്യമില്ലെന്നു ഹൈക്കോർട്ടുകാർ റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി: നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ് ചീഫ്സെക്രട്ടറി) ഇല്ല. അവർ റിപ്പോർട്ടുചെയ്തിട്ടുള്ളത് അങ്ങിനെയല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും) സവർണ്ണരല്ലാത്ത ഹിന്ദുക്കൾക്ക് വല്ല അവസരവും നൽകുന്നതാണെന്ന് ഗവർമ്മെൻറ് നിശ്ചയിക്കുന്നുണ്ടോ എന്ന് സദയം പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവർമ്മെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യം വീണ്ടും ആലോചിക്കാനുള്ളതാണ്.

മി: ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വല്ല തീർച്ചയിലെങ്കിലും എത്തിട്ടുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല.

ഇൻസാൾവെൻസി റഗുലേഷൻെറ പ്രവർത്തനം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): (എ) ഇൻസാൾവെൻസിറഗുലേഷൻെറ പ്രവർത്തനത്തെപ്പററി ഗവൺമെൻറു താഴെ കാണിക്കുന്ന സംഗതികൾ സദയം പറയുമോ?

(൧) ഇൻസാൾവെൻസിറഗുലേഷൻ നടപ്പായതിൽപിന്നെ, സംസ്ഥാനത്തുള്ള ഡിസ്ട്രിക്ട്കോർട്ടുകൾ എല്ലാററിലുംകൂടി ഫയലാക്കീട്ടുള്ള ആപ്ലിക്കേഷനുകളുടെ എണ്ണവും,

(൨) എത്ര കേസുകളിൽ ഋണമോചനത്തിനുള്ള അവസാനഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും

(൩) ഇവയിൽ എത്ര കേസുകളിൽ ഡിക്രികൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും,

(൪) നിർദ്ധനഹർജികളെ അവസാനതീർച്ച ചെയ്യുന്നതിനു ഏററവും ദീർഘമായ സമയം വേണ്ടിവന്ന കോർട്ടുകൾ ഏവ എന്നും

(ബി) നിർദ്ധനഹർജികളെ തീർച്ചചെയ്യുന്നതിനു കാശ്മീരരാജ്യത്തും ബ്രിട്ടീഷ്ഇൻഡ്യയിലും ഉള്ള കോർട്ടുകളിൽ എന്തുമാത്രം സമയം പിടിക്കുന്നുണ്ടെന്നു ഗവൺമെൻറിനറിയാമോ?

(സി) ഈ രാജ്യത്തുള്ള നീതിന്യായകോർട്ടുകളിൽ ഉപയോഗപ്പെടുത്തുന്ന സമയം ക്രമാതീതമായി കൂടുതലാണെന്നു ഗവൺമെൻറിനറിയാമോ

(ഡി) ഇപ്രകാരം താമസിച്ചു തീരുമാനം കല്പിക്കുന്നതിനാൽ ഇൻസാൾവെൻസി റഗുലേഷൻെറ ഉ

ദ്ദേശം സാധ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുവോ?

(ഇ) ഈ റഗുലേഷൻപ്രകാരം ഫയലാക്കുന്ന ഹർജികളെ ശീഘ്രത്തിൽ തീർച്ചചെയ്യുന്നതിനു ൮൦-ാം സെക്ഷൻ അനുസരിച്ചു അധികാരപ്പെടുത്തീട്ടുള്ള പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഹൈക്കോർട്ടിനോടു സദയം ഉപദേശിക്കുമോ? 48

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) എ മുതൽ ഡി വരെ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെന്റ മേശമേൽ വച്ചിരിക്കുന്നു

(ബി) ഇല്ലാ.

(സി) മറുപടി നിഷേധരൂപത്തിലാണ്.

(ഡി) സി ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(ഇ) സംഗതി ഹൈക്കോർട്ടിന്റെ അഭിപ്രായത്തിനായി അവർക്കു അയച്ചുകൊടുക്കുന്നതായിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പതിനെട്ടു മാസക്കാലം അസാധാരണ ദീർഘകാലമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലേ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അനുബന്ധമായി കൊടുത്തിരിക്കുന്ന സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന കാലമാണോ അതു്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതെ. അനുബന്ധം ൨-നെ ആണു ഞാൻ ഉദ്ദേശിക്കുന്നതു്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഒരു കേസിൽ വേണ്ടിവന്ന സമയം ൧൮ മാസമാണെന്നു കാണുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ ചോദിക്കുന്നതു ഒരു നിശ്ചനഹർജിയെ തീർച്ച ചെയ്യുന്നതിനുവേണ്ടിവന്ന ൧൮ മാസക്കാലം ക്രമത്തിലധികം ദീർഘകാലമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലേ എന്നാണ്.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ഓരോ കേസിന്റെയും വ്യത്തികളെ അനുസരിച്ചിരിക്കും. സാമാന്യമായ ചട്ടമൊന്നും ഏർപ്പെടുത്താൻ പാടില്ല. തീർച്ചചെയ്യുന്നതിനു വേണ്ടിവരുന്ന സമയം കേസിന്റെ സ്വഭാവമനുസരിച്ചാണ ഇരിക്കുന്നതു്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): മൊത്തമായി പറയണമെങ്കിൽ, ഒരു കോർട്ടിനുവേണ്ടിവന്ന ശരാശരി സമയം ൧൮ മാസവും വേറൊരു കോർട്ടിനു വേണ്ടിവന്ന ശരാശരി സമയം മൂന്നുമാസം മാത്രവും ആകുന്നു.

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതെ, വിവരങ്ങൾ പരിശോധിച്ചതിനു ശേഷമേ വ്യക്തമായ മറുപടി പറയുന്നതിനു സാധിക്കയുള്ളു.

൩൭. നെടുംകുന്നത്തു ഡിസ്പെൻസറി.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): താഴെ കൊടുത്തിരിക്കുന്ന സംഗതികൾ ഗവണ്മെന്റു സദയം പറയുമോ?

(എ) വാഴൂർ, വെള്ളാവൂർ, നെടുംകുന്നം, മണിമല, മാടപ്പള്ളി എന്നീ പകുതികളിലെ നിവാസികൾ അവിടെ ഒരു ഡിസ്പെൻസറിയോ, വൈദ്യശാലയോ ഇല്ലാഞ്ഞിട്ടു വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചു വരുന്നില്ലേ

(ബി) നെടുംകുന്നത്തോ മറ്റുവല്ല മദ്ധ്യസ്ഥലത്തോ ഒരു ഡിസ്പെൻസറി തുറക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) പറഞ്ഞിട്ടുള്ളതായ കഷ്ടപ്പാടുകളെപ്പറ്റി ഗവണ്മെന്റിനറിവില്ല. മണിമലയിൽ ഗ്രാന്റുസഹായം വാങ്ങുന്ന ഒരു ആയുർവേദവൈദ്യശാലയുണ്ട്.

(ബി) എ ഭാഗത്തിനു കൊടുത്ത മറുപടി കൊണ്ടു ഈ ചോദ്യം അസംഗതമാണ്.

അധഃകൃതവർഗ്ഗക്കാർ പതിച്ചുകിട്ടിയ കുളക്കരകളെ വീണ്ടും വിൽക്കുന്നതു്.

൩൮. മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) കോതയാർപ്രാജക്ടിലുൾപ്പെട്ടതും തങ്ങളുടെ പേരിൽ സൌജന്യനിരക്കുകൾക്കു രജിസ്റ്റർ ചെയ്യപ്പെട്ടതുമായ കുളക്കരകളെ കൂടുതൽവിലക്കു അധഃകൃതർ മറ്റാളുകൾക്കു വിറ്റുവരുന്നു എന്നു ഗവണ്മെന്റിനറിവുണ്ടോ?

(ബി) അങ്ങനെ വല്ല വില്പനയും നടന്നിട്ടുണ്ടെങ്കിൽ, അവയെപ്പറ്റിയുള്ള വിവരങ്ങളും ആ വില്പനകൾമൂലം ഉടമസ്ഥന്മാർക്കു കിട്ടിയ തുകകളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു ഗവണ്മെന്റു സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഏയും ബീയും കൽക്കുളം, താലൂക്കിൽ ഒരു കേസിലല്ലാതെ കോതയാർ പ്രാജക്ടിന്റെ വിസ്തൃതിയിലുൾപ്പെട്ടതും അധഃകൃതവർഗ്ഗത്തിലുള്ള ആളുകൾക്കു ദാക്ഷിണ്യവ്യവസ്ഥകളിന്മേൽ പതിച്ചു കൊടുത്തിട്ടുള്ളതുമായ കുളനിലങ്ങളൊന്നും ഒരു താലൂക്കിലും പതിവുടമസ്ഥന്മാർ അന്യാധീനപ്പെടുത്തിട്ടില്ല. ഈ കുളനിലത്തിന്റെ വില്പനയെപ്പറ്റിയുള്ള വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിരിക്കുന്നു. ഈ പതിവിനെ റദ്ദുചെയ്യുന്നതിലേക്കുള്ള നടപടികൾ നടന്നുവരുന്നതേയുള്ളു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തോവാളതാലൂക്കിൽ സൌജന്യനിരക്കിൽ പതിച്ചുകൊടുത്തിട്ടുള്ള കുളങ്ങളിൽ ഏതെങ്കിലുംഭാഗം കൂടുതൽവിലക്കു വിറ്റിട്ടുള്ളതായി അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കൂടുതൽ വിലക്കു വിറ്റിട്ടുള്ളതായി അറിഞ്ഞുകൂടാ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തോവാളത്താലൂക്കിൽ താഴക്കുടി എന്ന സ്ഥലത്തു പുലിയൂർ കുറിച്ചിക്കുളം അങ്ങിനെ കൂടുതൽ വിലക്കു വിറ്റിട്ടുണ്ടോ എന്നു ഗവണ്മെന്റു അന്വേഷിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): അന്വേഷിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുളംവിററുകിട്ടുന്ന പണത്തെ കോതയാർ പ്രാജക്ട് വക ആകെ ചിലവിൽ നിന്നും കുറച്ചുവരുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): തറവില കൂടാതെ സൌജന്യമായി പതിച്ചുകൊടുക്കുന്ന കുളങ്ങളൊഴിച്ചു ശേഷം കുളങ്ങളുടെ വിഷയത്തിൽ തറവില ക്യാപ്പിററൽ അക്കൌണ്ടിൽ നിന്നു കുറച്ചു വരുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കോതയാർ പ്രാജക്ടിൽ ഉൾപ്പെട്ട കുളങ്ങളെ ലേലത്തിൽ വിൽക്കയോ പതിച്ചുകൊടുക്കയോ ചെയ്യുന്നതിൽ നിന്നുണ്ടാകുന്ന പണത്തെ അതിൻെറ ആകെ തുകയിൽ നിന്നും കുറവുചെയ്യുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): ഉണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സൌജന്യനിരക്കിൽ പതിച്ചുകൊടുക്കുമ്പോൾ ആ തുകയിൽ ആകെ ചിലവിൽ നിന്നു കുറയ്ക്കുന്ന രീതി എങ്ങിനെയാണ്?

ഡിപ്യൂട്ടിപ്രസിഡെൻറ: അതു ഒരു ഉപചോദ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ചോദ്യംതന്നെ ഈ പ്രകാരമാണ്:—

"അധാകൃതർ കോതയാർ പ്രാജക്ടിലുൾപ്പെട്ടതും തങ്ങൾക്കു ദാക്ഷിണ്യനിരക്കുകളിൽ പതിച്ചുകിട്ടീട്ടുള്ളതുമായ കുളക്കരകളെ അധികരിച്ചനിരക്കുകളിന്മേൽ ഇതരന്മാർക്കു വിററു വരുന്നതായി ഗവർണ്മെൻറിനറിവുണ്ടോ?

"അങ്ങിനെയുള്ള വില്പനകൾ വല്ലതുമുണ്ടായിട്ടുണ്ടെങ്കിൽ അവയുടെ വിവരങ്ങളും, അങ്ങിനെയുള്ള വില്പനകളിൽ പതിവുടമസ്ഥന്മാർക്കു ലഭിച്ചിട്ടുള്ള തുകയും കാണിക്കുന്ന ഒരു സ്റ്റേററുമെൻറ ഗവർണ്മെൻറ സഭാമേശപ്പുറത്തുവയ്ക്കുമോ?

ആ പ്രത്യേകതുക എവിടെ ചെലവഴിച്ചിരിക്കുന്നു എന്നും മററുമുള്ള സംഗതികളുമായി അതിന്നു യാതൊരു സംബന്ധവുമില്ല. അതു ഒരു നൂതനചോദ്യമാണ്.

പുതുവൽ ഭൂമികൾ പതിച്ചുകൊടുക്കുന്നതു.

൩൮൫ മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൧൦൬-ാമാണ്ടുമുതൽ ൧൧൦൯-ാമാണ്ടവസാനം വരെ ൫൦ ഏക്കറിലധികം പുതുവൽ നിലങ്ങൾ പതിച്ചുകൊടുത്തിട്ടുള്ളവരായ ആളുകളുടെ പേരുകളും, അപ്രകാരം പതിച്ചുകൊടുത്തിട്ടുള്ള നിലങ്ങളുടെ വിസ്തീർണ്ണങ്ങളും കാണിക്കുന്നതായ ഒരു സ്റ്റേററുമെൻറ ഗവർണ്മെൻറ സഭാമേശപ്പുറത്തുവയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): മെംബർ ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു * സ്റ്റേററുമെൻറ മേശപ്പുറത്തുവച്ചിരിക്കുന്നു. (*അനുബന്ധം ൪-ഏ, ൫-ഏ വ പുറങ്ങൾ നോക്കുക)

അനുബന്ധം ൫.

൩൪-ാം ചോദ്യത്തിനു കൊടുത്ത മറുപടി കാൺക.

കൃഷി ഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള വിവരങ്ങളടങ്ങുന്ന സ്റ്റേറമെൻറ്.

ഇടച്ചുനമ്പർ	പേര്	ഉദ്യോഗിക സംജ്ഞ	യോഗ്യതകൾ		സർവീസ് വർഷങ്ങളായിട്ട്	പ്രാരംഭശമ്പളം	പരിഷ്കരണകാലത്തുണ്ടായിരുന്ന ശമ്പളസ്കെയിൽ	പരിഷ്കരണത്തിൻപിമ്പുള്ള സ്കെയിൽ	ഇപ്പോഴത്തെ ശമ്പളം	റിമാർക്സ്
			സാമാന്യം	പ്രത്യേകം						
						രൂ	രൂ.	രൂ.	രൂ.	
൧	ജി. ശിവരാമപിള്ള	കൃഷിഇൻസ്പെക്ടർ	ഇല്ലാ	ഡിപ്ളോമാലഭിച്ച കൃഷിശാസ്ത്രജ്ഞൻ	൧൬	൫൦	൫൦-൫-൧൨൫	൬൦-൫-൧൦൦-൧൦-൧൫൦	൧൫൦	
൨	ആർ. മാധവൻപിള്ള	പ്രാണിശാസ്ത്രവിദഗ്ദ്ധൻ	ടി	ടി പ്രാണിശാസ്ത്രത്തിൽ പ്രത്യേകപരിശീലനം	൧൬	൫൦	ടി	൧൦൦-൧൦-൧൫൦	൧൫൦	
൩	ജോജ് എം. ഇടപ്പൻ	കൃഷിഇൻസ്പെക്ടർ	മെട്രിക്കുലേഷൻ	എൽ. അഗ്	൧൩	൫൦	ടി	൬൦-൫-൧൦൦-൧൦-൧൫൦	൧൨൦	
൪	കെ. സുബ്രഹ്മണ്യപിള്ള	ടി	ടി	ടി	൧൧	൫൫	ടി	ടി	൭൫	
൫	പി. സാമുവേൽ	ടി	ടി	ടി	൧൦	൩൫	ടി	ടി	൬൦	൧വഷം ൭ മാസത്തേക്കഅസാധാരണഅവധിഎടുത്തിട്ടുണ്ട്
൬	എൻ. നാരായണൻതമ്പി			ടി	൨൧	൩൫	൩൫-൫-൨-൪൦	൫൦-൫-൩-൬൦	൫൫	൧൦൯൧ കുംഭം ൧൩-നു മാത്രമെ കൃഷിഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചിട്ടുള്ളു
൭	വി. സുബ്രഹ്മണ്യപിള്ള			ടി	൯	൩൫	ടി	ടി	൫൫	
൮	എം. സി. ജോജ്			ടി	൧൧	൩൫	ടി	ടി	൫൫	

അനുബന്ധം വ.

വ ന്ന-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി കാണുക.

സംസ്ഥാനത്തുള്ള പല ഡിസ്ട്രിക്ട് കോർട്ടുകളിലായി ഇൻസാംവെൻസി റെഗുലേഷൻ നടപ്പിലായതിൽപിന്നെ ഫയലാക്കപ്പെട്ടതും വിധിയായതുമായ നിർധനാവസ്ഥകളുടെ എണ്ണം കാണിക്കുന്ന

സ്റ്റേററ്മെൻറ്.

കോർട്ടിന്റെ പേര്	റഗുലേഷന്റെ പ്രവർത്തനം മുതൽ സംസ്ഥാനത്തുള്ള കോട്ടുകളിൽ ഇതേവരെ ഫയലായിട്ടുള്ള ഇൻസാംവൻസി ആദ്യഹർജികളുടെ എണ്ണം	വിട്ടയക്കുന്നതിനുള്ള അവസാന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ള കേസുകളുടെ എണ്ണം	വിധി ഉത്തരവുകൾ പുറപ്പെടുവിക്കപ്പെട്ട കേസുകളുടെ എണ്ണം	ഇൻസാംവെൻസി ഹർജികളുടെ അവസാനതീർപ്പു് ഏററവും ദീർഘമായ കാലം വേണ്ടിവന്ന എന്നു കാണപ്പെടുന്ന കോർട്ടുകൾ	റിമാർക്സ്
നാഗർകോവിൽ ഡിസ്ട്രിക്ട്കോർട്ട്	വ. ഠ ന.	...	൧൯൯	...	വ. ഠ ന. ഹർജികളിൽ വിധിഉത്തരവുകൾ നടപ്പാക്കപ്പെട്ടവ ൧൯൭ റദ്ദാക്കപ്പെട്ടവ വ. തള്ളപ്പെട്ടവ ൬൧ തീർപ്പുചെയ്യാനുള്ളവ ന.
തിരുവനന്തപുരം ടി	ർ ൬വ.	൧	൧൬ ഠ	ന. മാസം	... ...
കൊല്ലം ടി	൯ ൫ വ.	....	൧൬ ൯	...	തള്ളപ്പെട്ട ഹർജികൾ ന്യൂനതകൾക്കും മററും ൧൫൭ തീർപ്പുചെയ്യാനുള്ളവ ൯൬
ആലപ്പുഴ ടി	൩. ഠ ഠ	...	൧ വ്യ ൧	൧വ്യ മാസം	... ...
കോട്ടയം ടി	൧൯൫	...	൬൭	...	തീർപ്പുചെയ്യാനുള്ളവ ൧൫
പറവൂർ ടി	൧൧൯.	൧	൬൯	...	൧൧൯. ഹർജികളിൽ വിധിയായവ ൬൯. മററുകോർട്ടുകളിലേക്കു മാററിയവ ൧ തള്ളപ്പെട്ടവ ർർ തീർപ്പുചെയ്യാനുള്ളവ ൫

൮൪

അനുബന്ധം ൩.

൩൭-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി കാണ്ക.

കല്ക്കുളംതാലൂക്കിൽ സൌജന്യനിരക്കിൽ പതിച്ചുകൊടുത്തിട്ടുള്ള കുളക്കരകളുടെ അന്യാധീനപ്പെടുത്തൽ കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ്.

പകുതി	സർവെ		വിസ്തീർണ്ണത		പുതുവൽ കേസ് നംബർ	പതിവുടമസ്ഥന്റെ പേര്	അന്യാധീനപ്പെടുത്തിയ തിയ്യതി	വിറ്റ വില	വാങ്ങിച്ച ആളുകളുടെ പേര്
	നംബർ	അക്ഷരം	ഏ.	സെ.					
തലക്കുളം	൩൲൯൦	൩൩	....	൩	൧൦൯൯-ലെ ൧൩൩	പെരുമാൾ ആഴ്വർ (ജാതി പറയൻ) മണ്ണൂക്കോട്, താമസ്സ് വിളക്കൂരി, തലക്കുളം	൧൦൦൦ മേടം ൨൭-ാം തിയ്യതി	൩൭൦ പണം	ഉത്തനാരായണപിള്ള മാധവൻപിള്ള പുത്തൻവീട്, പൂവണിവിളാകം, മണ്ണൂക്കോട്

അനുബന്ധം ൪.

[illegible]-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടിക്കാണ്.

[illegible]-ാമാണ്ടു മുതൽ [illegible]-ാമാണ്ടവസാനം വരെ [illegible] ഏക്കറിലധികം പുതുവൽ ഭൂമികൾ പേരിൽ പതിച്ചു കൊടുക്കപ്പെട്ട ആളുകളെയും അപ്രകാരം പതിച്ചു കൊടുക്കപ്പെട്ട ഭൂമികളുടെ വിസ്തീർണ്ണവും കാണിക്കുന്ന സ്റ്റേറ്റുമെന്റു.

താലൂക്ക്	ഭൂമികൾ പേരിൽ പതിച്ചു കൊടുക്കപ്പെട്ട ആളുകളുടെ പേരുകൾ	വിസ്തീർണ്ണം		റിമാർക്സ്
		ഏക്കർ	സെന്റു	
കൊല്ലം	നല്ലതമ്പി നാടാൻ ഡാനിയേലും മറ്റും പഴവിളയിൽ, മുഖത്തല	[illegible]	[illegible]	
ടി	ടി ജ്ഞാനമുത്തുവും മറ്റും ടി	[illegible]	[illegible]	
വിളവങ്കോട്ട്	മത്തായി ഔസേഫ് പുത്തനങ്ങാടി, ആലപ്പുഴ	[illegible]	[illegible]	
തിരുവനന്തപുരം	കേശവപിള്ള പേഷ്കാർ രജിസ്ട്രാർ ഹൈക്കോർട്ട്	[illegible]	[illegible]	
നെടുമങ്ങാട്ട്	നാരായണഅയ്യർ സുബ്രഹ്മണ്യഅയ്യർ റിട്ടയാർഡ് ദിവാൻപേഷ്കാർ, തിരുവനന്തപുരം	[illegible]	[illegible]	
...	ടി. കെ. വേലുപിള്ള, ഹൈക്കോർട്ടുവക്കീൽ തിരുവനന്തപുരം	[illegible]	...	
...	ആർ. അനന്തറാവ് റിട്ടയാർഡ് ഹെഡ് സർക്കാർ വക്കീൽ	[illegible]	[illegible]	
...	ഗൌരിപിള്ള തങ്കമ്മിണിപിള്ളതങ്കച്ചി, വാമവിളാകത്തുവീട്, തിരുവനന്തപുരം	[illegible]	[illegible]	
...	ഗോവിന്ദക്കുറുപ്പ കൃഷ്ണക്കുറുപ്പ	[illegible]	[illegible]	
കുന്നത്തൂർ	കൃഷ്ണൻപണ്ടാല ശങ്കരൻപണ്ടാല, വഴിയമ്പലം, മാവേലിക്കര	[illegible]	[illegible]	
...	കാമാക്ഷിഅമ്മ, മാധവിഅമ്മ മേലേവീട്, തിരുവനന്തപുരം	[illegible]	[illegible]	
...	കൃഷ്ണൻ കേശവനുണ്ണിത്താൻ, നടുവിലേത്തു ആതക്കോട്ടുവീട്, അടൂർ	[illegible]	[illegible]	
അമ്പലപ്പുഴ	കൃഷ്ണപ്പണിക്കർ ഗംഗാധരപ്പണിക്കർ പാലത്തറവീട്, കുട്ടമംഗലംമുറി; കൈനകരി പകുതി	[illegible]	...	
...	പത്മനാഭപ്പണിക്കർ ടിയാന്റെ സഹോദരൻ			
...	ചാക്കൊ അന്തോനി അട്ടുവത്തലമുറി കൈനകരി പകുതി			
പത്തനംതിട്ട	പരമേശ്വരൻപിള്ള നാരായണപിള്ള കല്ലൂർവീട്ട ചെങ്ങന്നൂർ	[illegible]	[illegible]	
...	ചാക്കൊ ചാക്കൊ താഴത്തില്ലത്തു പുത്തൻവീട്ട റാന്നി			
...	കൊച്ചെപ്പെ കൊച്ചെപ്പ, മല്ലശ്ശേരിൽവീട്, ചെങ്ങന്നൂർ	[illegible]	[illegible]	

അനുബന്ധം ൭ (ഇടച്ച്).

താലൂക്ക	ഭൂമികരം പേരിൽപതിച്ചുകൊടുക്കപ്പെട്ട ആളുകളുടെ പേരുകൾ	വിസ്തീർണ്ണത ഏക്കർ	വിസ്തീർണ്ണത സെൻറ്	റിമാർക്സ
പത്തനംതിട്ട	ഈവോ ഈനോ ബെബാർകൊർപ്പൊറേഷൻ കമ്പനി (മാനേജർ)	വ്ൻ	ന്ത൭	
...	പുത്തൻപുരയ്ക്കൽതോപ്പിൽ ചാക്കോ ചാക്കോ			
...	പുത്തൻപുരയ്ക്കൽ മാത്തൻ ചാക്കോ	x വ്യ൮	ന്ത൭	
...	ചെമ്പഞ്ചിറാതക്കേതിൽ കുഞ്ഞൻ പുത്തൻകാവ്			
...	പെരുമാൾപിള്ള വേലുപ്പിള്ള വയലത്തുവീട്ട കോന്നി മങ്ങാരംമുറി	൫൯	൫൦	
...	പത്മനാഭൻ കേശവൻ, തോന്നല്ലൂർവീട്ട കോന്നി അയിരാവുമുറി	൫൦	൮൧	
പത്തനാപുരം	കണ്ടത്തിൽ മാത്തുളമാപ്പിള്ള മാമ്മൻ പുത്തൻമഠം, പാലിയക്കരമുറി തിരുവല്ലാ	൨൭൩	വ്യ	
...	പുന്നൻഫിലിപ്പോസ് മോടയിൽ വീട്ട, മല്ലപ്പള്ളി മുറി തിരുവല്ലാ			
...	പത്മനാഭപിള്ള ചന്ദ്രശേഖരപിള്ള പുതിയാത്തവീട്ട, ജഗതി തിരുവനന്തപുരം			
...	ഗോവിന്ദൻ ശങ്കരൻ വലിയത്താൻവട്ടപ്പറമ്പിൽ കീരിക്കാട്ട പുതിയവിളമുറി	൧൧൯	...	
...	കൃഷ്ണപിള്ള പരമേശ്വരൻപിള്ള, ഒണിച്ചിക്കംവീട്ട കൊല്ലം വടക്കുംഭാഗം			
...	രാമൻപിള്ള ശ്രീകണ്ഠപിള്ള, മണ്ണുവിളവീട്ട, തമ്പാനൂർ തിരുവനന്തപുരം		..	
...	സദാശിവവിഷ്ണു റാണഡെവിഷ്ണുരാമചന്ദ്രറാണഡെയു പുത്രൻ, ൧൦൧ാംനമ്പർവീട്ട് പൂനാനഗരം	൧൦ൻ	ൻ൩	
...	ചെറിയ ഉലജോജ് മനമേൽ, പാലമറ്റം, നെടുമ്പ്രപകുതി തിരുവല്ലാ	൫൭	ന്ത൧	
കോട്ടയം	മാർദീവന്നാസ്യോസ്, മെത്രാപ്പോലീത്താ	൧൭വ്യ	൮൦	
മൂവാററുപുഴ	വക്കിമാണി, ഓലിപ്പുറത്തുവീട്ട	൭൮	൫വ്യ	
...	വക്കി ഉലഹപ്പ, പീത്തപ്പള്ളിവീട്ട	൩൨ൻ	ന്ത൧	
...	കുഞ്ഞൻഅവുസേഫ്, എലഞ്ഞിക്കൽവീട്ട	വ്യ൦	൩വ്യ	
...	പൈലി ഇട്ടീച്ചൻ കുളങ്ങര വീട്ട	ൻ൫	വ്യവ്യ	
...	ഇട്ടൂപ്പൻ ഈപ്പൻ വല്ലാഴത്തുപടവുപുരയ്ക്കൽവീട്ട	൧൮൦	ൻവ്യ	
...	ചെറിയപൈലോസ് ചിറ്റേത്തുവീട്ട	ന്ത൭	ന്തന്ത	
...	പൈലിമത്തായി മഞ്ഞുമ്മേൽകുടിമുതലായവർ	൫ന്ത	൮൧	

അനുബന്ധം ൪ (തുടർച്ച)

താലൂക്ക	ഭൂമികൾ പേരിൽ പതിച്ചു കൊടുക്കപ്പെട്ട ആളുകളുടെ പേരുകൾ	വിസ്തീർണ്ണത		റിമാർക്ക്സ
		ഏക്കർ	സെൻറ	
മൂവാററുപുഴ	മാത്തുവക്കി, വെള്ളത്തോടത്തുപറമ്പിൽ വീടു	൧൮൦	...	
...	കൃഷ്ണൻ ശങ്കരവാര്യർ, മഴുവന്നൂർ	൨൨൦	൮൮	
...	സി. ആർ. പരമേശ്വരൻപിള്ള കളപ്പുറമ്പിൽ	൭൫	൩൫	
...	കുഞ്ഞൻതൊമ്മാ അയ്ക്കര	൬൦	...	
തൊടുപുഴ	സി. ആർ. പരമേശ്വരൻപിള്ള കളപ്പുറമ്പിൽ	൯൭	...	
...	ഹാസ്സ്ലാം	൨൧൪	൫൦	
...	തൊമ്മി തോമസമുതലായവർ	൮൪	൧൧	
...	പി. റി. തോമസ്	൨൨൦	൫൨	
...	ടി	൫൫൨	൫൪	
...	മൂലംതിരുനാൾ തമ്പുരാൻ മണ്ണൂർമഠം	൧൦൨	൨൮	
...	എം. കെ. അന്തോനി	൩൩	൩൬	
കുന്നത്തുനാടു	കൃഷ്ണൻഗോവിന്ദൻ, കയ്യിള്ളിവീടു	൧൨൫	൬൪	
...	കൃഷ്ണൻനീലകണ്ഠൻ, കല്ലേലിൽ	൮൭	൧൪	
...	ഗണപതിഅയ്യർ, സുബ്രഹ്മണ്യഅയ്യർ	൩൬	൨	
...	രാമൻപിള്ള ഗോപാലപിള്ള, ശാസ്ത്രാങ്ങലത്തു	൮൩	൪൬	
...	ഇട്ടിവർഗ്ഗീസ്, പുളിക്കപ്പുറമ്പിൽ	൬൪൮	൪൨	
...	കരുവിളകുഞ്ഞൻ, മുണ്ടകവട്ടക്കേരെ	൧൧൧	൪	
പീരുമേടു	പീ. റി. തോമസ്, കോട്ടയം	൧൯൩	൯൭	
...	ഇൻഡ്യൻമിഷ്യനറിസംഘം, തിരുനൽവേലി	൨൩൯	൧൯	
...	മാത്തൻകുഞ്ഞൻ തിരുവല്ലാ	൩൨	൩	

നാഞ്ചിനാട്ട് വെള്ളാളബിൽ (തുടർച്ച).

ഡിപ്യൂട്ടി പ്രസിഡൻറ്: നമുക്ക ഇപ്പോൾ നാഞ്ചിനാട്ട് വെള്ളാളബിൽ ആലോചിക്കുന്നതിനാരംഭിക്കാം.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ഇന്നലെ സായാഹ്നത്തിൽ പിന്നീട്ട തറവാട്ടുവസ്തുവിൻെറ വിഭാഗത്തെ സംബന്ധിച്ചുള്ള എതിരഭിപ്രായക്കാർ തമ്മിൽ ഒരു തീർച്ചയുണ്ടാക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി കൌൺസിൽ മെംബർമാരുടെ വിധ്യുക്തരൂപമല്ലാത്ത ഒരു യോഗം അവർ തമ്മിൽ തന്നെ കൂടുകയുണ്ടായി. പകുതി ആളോഹരി ആയിട്ടും, പകുതി താവഴിയായിട്ടും, വിഭാഗിക്കപ്പെടുന്നതാണെന്ന് പൊതുവെ ഒരു വിധത്തിൽ അവർ തമ്മിൽ മിക്കവാറും യോജിച്ചിരിക്കുന്നു എന്ന് ഞാൻ ഗ്രഹിക്കയും ചെയ്യുന്നു. നാഞ്ചിനാട്ടു വെള്ളാള സമുദായാംഗങ്ങൾ കൌൺസിൽ മെംബർമാരിൽ ചിലരുമായി ആലോചിച്ചുകൊണ്ടു ചെയ്ത തീർച്ച ഇതാണെന്ന് ഞാൻ വിചാരിക്കുന്നു. ഈ തീർച്ചയുടെ ഫലമായി ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ കൌൺസിലിൻെറ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾക്ക ഭേദഗതി പിൻവലിക്കണം; അല്ലേ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതേ. എത്തീട്ടുള്ള തീർച്ച അടങ്ങിയിരിക്കുന്നതായ മറെറാരു ഭേദഗതി ഇനിയുമൊരവസരത്തിൽ ഹാജരാക്കികൊള്ളുന്നതിനു എനിക്ക അനുവാദം തരണമെന്ന് പ്രസിഡെൻറിനോട്ട് ഞാൻ അപേക്ഷിക്കയും ചെയ്യുന്നു.

ഡിപ്യൂട്ടി പ്രസിഡെൻറ്: പിൻവലിച്ചുകൊള്ളുവാൻ അനുവദിക്കുന്നതിന് വല്ല വിരോധവുമുണ്ടോ? മി: എം. സുബ്രഹ്മണ്യപിള്ള തൻെറ ഭേദഗതി പിൻവലിച്ചുകൊള്ളുന്നതിന് സഭ അനുവദിക്കുന്നു എന്ന് ഞാൻ ഗ്രഹിക്കട്ടെയൊ?

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെംബർ): മിസ്റ്റർ സുബ്രഹ്മണ്യപിള്ള പുതിയ സിലക്ട് കമ്മററി വേണമെന്നുള്ള പ്രമേയത്തെ പിൻവലിക്കുന്നതായി പ്രസ്താവിച്ചു. തറവാട്ടുസ്വത്തു താളുമവര പിതാക്കന്മാർ ആർജിതമായി കുഡുംബത്തിലുള്ളതായ സ്വത്തുക്കൾ ഒക്കെ ചേർത്തു ഒന്നു പകുതി തായ്‌വഴിയായും ഒന്നു പകുതി ആളോഹരിതമായും ആക്കുന്നത് ഞങ്ങളുടെ മരുമക്കത്തായ തത്വത്തിന് അടുത്തതല്ലെങ്കിലും, ഞാനും ചില സ്നേഹിതന്മാരും ആലോചിച്ചു വഴക്കിന് ഇടവരാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അമെൻഡുമെൻറ് കൊണ്ടുവന്നാൽ ഞാൻ കൂടി അനുകൂലിക്കാമെന്നഭിപ്രായപ്പെടുന്നു.

മി: എം. വേലുപിള്ള (സംയുക്തമെംബർ): അദ്ദേഹം മുന്നറിയിപ്പു കൊടുത്തിട്ടുള്ള എല്ലാ ഭേദഗതികളും ഭാഗവിഷയത്തെ മാത്രം സംബന്ധിക്കുന്നവയാകുന്നു.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാററിങ്കര): ഞാൻ വിചാരിച്ചതു അപക്രമണം ഭാഗത്തെ സംബന്ധിച്ച ഭേദഗതികളെ മാത്രമെ ബാധിക്കയുള്ളു എന്നാണ്.

ഡിപ്യൂട്ടി പ്രസിഡെൻറ്: നാം ഭാഗവിഷയത്തിൽ മാത്രമെ എത്തീട്ടുള്ളു. പ്രസ്തുതപ്രശ്നം പ്രധാനമായി അതു സംബന്ധിച്ചു മാത്രമാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഇതിനിടയിൽ രണ്ടു മെംബർമാർ തമ്മിൽ ഉണ്ടാക്കി സമ്മതിച്ചിട്ടുള്ള ഉടമ്പടി സഭയെ ബാധിക്കുന്നതാണൊ എന്ന് അറിഞ്ഞാൽ കൊള്ളാം.

ഡിപ്യൂട്ടി പ്രസിഡൻറ്: തീർച്ചയായിട്ടും അല്ല; കാരണം അതു ഒരു പുതിയ ഭേദഗതി രൂപത്തിൽ പ്രയോഗിക്കുകയും, സഭയുടെ അനുവാദത്തിനൊ, സഭ നിർണ്ണയിക്കുന്ന വല്ല വ്യത്യാസത്തിനൊ, കീഴ്പെടുകയും ചെയ്യുന്നതായിരിക്കുമെന്ന് ഞാൻ ഗ്രഹിക്കുന്നു. അദ്ദേഹം തൻെറ ഭേദഗതി പിൻവലിക്കുന്നതിന് സഭയുടെ സമ്മതമുണ്ടെന്ന് ഞാൻ ഗ്രഹിക്കട്ടെയൊ?

സഭയുടെ സമ്മതപ്രകാരം ഭേദഗതി പിൻവലിക്കപ്പെട്ടു. താഴെ പറയുന്ന ഭേദഗതി ഉപന്യസിക്കപ്പെട്ടില്ല:—

മി: എം. ശിവതാണുപിള്ള:

"ബിൽ ഒരു പുതിയ സിലക്ട് കമ്മിററിയുടെ ആലോചനയ്ക്കായി തിരിച്ചയക്കേണ്ടതാണ്"

൧-ം ൨-ം ഖണ്ഡികകൾ.

ഡിപ്യൂട്ടി പ്രസിഡൻറ്: നമുക്കിപ്പോൾ ബില്ലിനെ തന്നെ ആലോചന തുടങ്ങാം. ൧-ം ൨-ം ഖണ്ഡികകൾക്ക വല്ല ഭേദഗതിയും ഹാജരാക്കിയതായി ഞാൻ കാണുന്നില്ലാ. അതിനാൽ വാസ്തവം ൧-ം ൨-ം ഖണ്ഡികകൾ ബില്ലിൻെറ ഭാഗമായി നില്ക്കുന്നു എന്നാകുന്നു.

൧-ം ൨-ം ഖണ്ഡികകൾ സിലക്ട് കമ്മിററി ഭേദപ്പെടുത്തിയ രൂപത്തിൽ ബില്ലിനോടു ചേർക്കപ്പെട്ടു.

൩-ാം ഖണ്ഡിക

മി: ജി. രാമൻ മേനവൻ (മവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെ പറയുന്ന ഭേദഗതി ൩-ാം ഖണ്ഡിക ൩-ാം വരിയിൽ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. "ആചാരം" എന്ന പദത്തിനു പിമ്പു "അല്ലെങ്കിൽ ഒരു രജിസ്ത്രാക്കപ്പെട്ട പ്രമാണത്താൽ" എന്നുള്ള വാക്കുകൾ ചേർക്കണം.

പ്രമേയത്തിൻെറ ഉദ്ദേശം മിക്ക സമുദായങ്ങളിലും ഇപ്പോൾ നടപ്പായി വന്നുകൊണ്ടിരിക്കുന്ന ഒരു വിധം വിവാഹബന്ധത്തെ അംഗീകരിക്കുന്നതിലേക്കത്രെ. നായർ റെഗുലേഷൻ പാസാക്കിയപ്പോൾ ഒരു രജിസ്റ്റർ ഉടമ്പടി പ്രകാരം നടത്തിയ വിവാഹം റെഗുലേഷൻ പ്രകാരം സാധുവായ വിവാഹമല്ലാ എന്നു പത്രങ്ങളിൽ കുറഞ്ഞൊരു ശങ്കയുണ്ടായിരുന്നു. എന്നാൽ സാധാരണ ജനങ്ങളുടെ ഇടയിൽ ഒരു രജിസ്റ്റർ പ്രമാണം മൂലം നട

ത്തപ്പെട്ട വിവാഹം മററു വിധത്തിലുള്ള വിവാഹങ്ങളെക്കാൾ പോലും കൂടുതൽ സംസ്കൃതമുള്ളതാണെന്ന് വിശ്വസിക്കപ്പെട്ടിരിക്കുന്നു. അതാണ് സാമാന്യാഭിപ്രായം; സംബന്ധിച്ച സമുദായങ്ങളും എന്റെ അറിവിൽ പെട്ടിടത്തോളം, അങ്ങിനെയുള്ള വിവാഹങ്ങളെ അംഗീകരിച്ചുവരുന്നു.

ഡിപ്യൂട്ടി പ്രെസിഡൻറ: നായർ റെഗുലേഷൻ അതിനെ അംഗീകരിക്കുന്നുണ്ടോ: (ഇല്ല, ഇല്ല എന്നുള്ള ഉൽഘോഷണശബ്ദങ്ങൾ).

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ എല്ലാ ജാതിക്കാരുടേയും ഇടയിൽ ഉള്ളതായി എനിക്കറിയാം. വെള്ളാളരുടെ ഇടയിലും അങ്ങിനെയുള്ള വിവാഹങ്ങൾ അപൂർവമല്ലെന്ന് ഞാൻ വിചാരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വെള്ളാളർ വിചാരിച്ചു വരുന്നതു് വിവാഹം ഒരു ഉടമ്പടി മാത്രമെന്നോ, അതു് ഒരു വിശുദ്ധകർമ്മം കൂടി ആകുന്നു, എന്നോ, എന്നു ഞാൻ മി: രാമൻ മേനവനോട്ട് ചോദിക്കട്ടെയോ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രജിസ്റ്റർ ഉടമ്പടി പ്രകാരമുള്ള വിവാഹങ്ങൾ അവരുടെ ഇടയിൽ അപൂർവങ്ങളല്ലായിരിക്കുന്നിടത്തോളം അവയും അംഗീകരിക്കപ്പെട്ടവതന്നെ എന്ന് ഞാൻ വിചാരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): അതിലേക്ക് വല്ല ദൃഷ്ടാന്തവും അറിയുന്നുണ്ടോ എന്നു ഞാൻ മെമ്പറോട്ട ചോദിക്കട്ടെയോ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ പ്രത്യേക ഉദാഹരണങ്ങൾ എടുത്തു പറയുന്നതിന് എനിക്കു സാധിക്കുകയില്ല. ഏതായാലും അപ്രകാരമുള്ള വിവാഹങ്ങളെ സ്വീകരിക്കുന്നതുകൊണ്ട് ദോഷമൊന്നും വരായില്ല. കാരണം വിവാഹകാര്യത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയാണ് ഇക്കാലത്തിന്റെ ഗതി. ഏതാനും വിശേഷകർമ്മങ്ങൾ മൂലം നടത്തുന്ന വിവാഹങ്ങൾ മാത്രം നിയമസാധുവായ വിവാഹങ്ങളായി ഗണിക്കപ്പെടുന്നെങ്കിൽ, അതു് വ്യക്തിയുടെ ന്യായമായ സ്വാതന്ത്ര്യത്തെ അതിക്രമിക്കുകയാണെന്ന് ഞാൻ വിചാരിക്കുന്നു. ഖണ്ഡികയിൽ പറയുന്നതു് ഇപ്രകാരമാണ്:—"അംഗീകരിക്കപ്പെട്ട ആചാരവും പതിവുമനുസരിച്ച് പരസ്യമായി നടത്തപ്പെടുന്ന ദാമ്പത്യബന്ധം......" രജിസ്റ്റ് ഉടമ്പടി പ്രകാരം നടത്തപ്പെട്ട വിവാഹങ്ങൾ സാധുവായ വിവാഹങ്ങളാണെന്ന് സമുദായം സ്വീകരിക്കുന്ന പക്ഷം, അവയും അംഗീകരിക്കപ്പെട്ട പതിവിലും ആചാരത്തിലും ഉൾപ്പെടുന്നതായിരിക്കും, എന്നാൽ അതു നീതിന്യായകോർട്ടുകളാൽ തീർച്ചയാക്കപ്പെടേണ്ട ഒരു സംഗതിയാണ്. ഇങ്ങിനെയുള്ള വൃത്തികളിൽ നീതിന്യായകോർട്ടുകളുടെ തീർച്ചകൾ വ്യത്യസ്തങ്ങളായിരിക്കുന്നു എന്ന് നമുക്കു അറിയാവുന്ന കാര്യവുമാകുന്നു. അതിനാൽ ശരിപ്പെടുത്തുന്നതിന് നമുക്ക് ഒരവസരം കിട്ടിയിട്ടുള്ളപ്പോൾ, കഴിവുള്ളിടത്തോളം സ്പഷ്ടമായ ഒരു വ്യവസ്ഥ ഏർപ്പെടുത്തുന്നതു് അധികം നന്നായിരിക്കും.

മി: സി. പി. തോമസ് (ഗ. നി. മെ.): അങ്ങിനെ ഒരു വ്യവസ്ഥ ഏർപ്പെടുത്തേണ്ടതാണെന്ന് വല്ല വെള്ളാളസമുദായാംഗത്തിൽ നിന്നും വല്ല നിർദ്ദേശവും മെമ്പർക്കു കിട്ടിയിട്ടുണ്ടോ എന്ന് ഞാൻ അദ്ദേഹത്തോടു ചോദിക്കട്ടെയോ?

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇല്ലാ. ഞാൻ അന്വേഷിച്ചിട്ടില്ല. എങ്കിലും ആ വ്യവസ്ഥ മൂലം യാതൊരുത്തർക്കും വല്ല വിധത്തിലും ദോഷം നേരിടുന്നതായിരിക്കയില്ല.

മി: സി. പി. തോമസ് (ഗ. നി. മെ): ഈ വ്യവസ്ഥ കൊണ്ടുവരുന്നതിലേക്ക് വല്ല വെള്ളാളസമുദായാംഗവും അദ്ദേഹത്തോട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് മെമ്പറിൽ നിന്ന് അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെ ഞാൻ നിർദ്ദേശിക്കുന്നതു് സ്വമനസ്സനുസരിച്ചാകുന്നു.

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): വെള്ളാളസമുദായത്തിൽ ഉള്ള ആളിന് ആ സമുദായത്തിൽ നിന്നു മാത്രമേ വിവാഹം പാടുള്ളു എന്ന് എന്റെ മാന്യസ്നേഹിതൻ ധരിച്ചിട്ടുണ്ടോ?

മി: ജി രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനെ ഭേദപ്പെടുത്തിയിട്ടില്ല.

അതു് ഒരു സ്വാഭാവികമായ പരിണാമമാണെന്നും വിവാഹസംഗതിയിൽ വ്യക്തികൾക്കുള്ള അവകാശങ്ങളെ അംഗീകരിക്കേണ്ടതാണെന്നുമത്രേ ഞാൻവിചാരിക്കുന്നതു്. നായർറെഗുലേഷനിൽക്കൂടിയും അപ്രകാരമുള്ള ഭേദഗതി ആവശ്യമായിരിക്കുന്നു. തീർച്ചയായിട്ട് അന്ന് ഞാൻ ഒരുമെമ്പർ അല്ലായിരുന്നതിനാൽ അങ്ങിനെ ഒരു ഭേദഗതി ഹാജരാക്കുന്നതിന് എനിക്ക് സാധിക്കാതെവന്നു. അതിനാൽ ഇപ്പോൾ എനിക്കു ഒരവസരം കിട്ടിയിട്ടുള്ളതുകൊണ്ട്, ഈ നിർദ്ദേശം ഞാൻ ഉപന്യസിക്കുന്നു. അതിനാലത്രെ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

ഡിപ്യൂട്ടിപ്രസിഡെൻറ്: ഭേദഗതിയെ വല്ലവരും പിൻതാങ്ങുന്നുണ്ടോ?

മി: എൻ. കുമാരൻ (ഗ. നി. മെ.): ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു. അധികം കാലതാമസംകൂടാതെ ഈ സഭയ്ക്ക് ഒരു സിവിൽവിവാഹബില്ലിനെപ്പററി വാദപ്രതിവാദം നടത്തേണ്ടതായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): മെമ്പർ ഉണ്ടായിരിക്കുന്നതിലും ഉറക്കെ പറയണം.

മി: എൻ. കുമാരൻ (ഗ. നി. മെ): സാധാരണമാർഗ്ഗങ്ങളിൽക്കൂടി ചരിത്രഗതിയായിപോകയാണെന്ന് ഞാൻ വിശ്വസിക്കുന്നു. സംശയമെന്യേ, മി: ജി. രാമൻമേനവൻ പ്രയോഗിച്ചിട്ടുള്ള ഭേദഗതി വിവാഹങ്ങൾ സംബന്ധിച്ച് നാഞ്ചിനാട്ട് വെള്ളാളസമുദായത്തിൽ ഒരുതരം നവീകരണമുണ്ടാക്കുന്നതായിതോന്നുന്നു. ഇങ്ങിനെ ഒരുവ്യവസ്ഥ നായർറെഗുലേഷനിലാകട്ടെ, ഈഴവറെഗുലേഷനിലാകട്ടെ ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ഇപ്പോഴത്തെ

ഭേദഗതി നിരാകരിക്കുന്നതിന് അതു് ഒരു കാരണമാകുന്നില്ല. എന്തുകൊണ്ടെന്നാൽ, ഈ സഭയ്ക്കു തൃപ്തിയായിരിക്കുന്നെങ്കിൽ- ഭേദഗതിയിൽ തൃപ്തികരമായിട്ട് ഒരു സംഗതിയുണ്ട്, ഈ സമുദായത്തിനുവേണ്ടി നിയമനിർമ്മാണം ചെയ്യുന്നതിന് കടപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനതത്വത്തിന്നെ തിരായിരിക്കാത്ത ഒരു സംഗതി—ഈഭേദഗതി സ്വീകരിക്കാതിരിക്കുന്നതിലേക്ക് ഞാൻയാതൊരുന്യായവും കാണുന്നില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): ഈഴവറഗുലേഷനിൽ ഇങ്ങിനെ ഒരുവ്യവസ്ഥയുണ്ടോ എന്ന്മെമ്പറിൽനിന്ന് അറിഞ്ഞാൽകൊള്ളാം.

ഡിപ്ട്യൂട്ടിപ്രസിഡെന്റ്: ഇല്ലാ. അദ്ദേഹം ഇതിനുമുമ്പുതന്നെഅതു് പറഞ്ഞിട്ടുണ്ട്.

മി: എൻ. കുമാരൻ (ഗ. നി. മെ): നായന്മാരുടെ ഇടയിലും ഈഴവരുടെ ഇടയിലും രജിസ്റ്റ്ഉടമ്പടികളുടെ ബലത്തെ ആശ്രയിച്ച് അനേകം വിവാഹങ്ങൾനടന്നുവരുന്നുണ്ട്. സംശയം കൂടാതെ, അതുഉടമ്പടി എന്ന സംഗതിയാണ്; എന്നാൽമററുസംഗതികളിൽ ഒരു ഉടമ്പടി കരാർ ചെയ്യുന്നതിനവകാശമുള്ളരണ്ടാളുകൾക്ക് വിവാഹസംബന്ധമായ ഉടമ്പടിയിലേർപ്പെടുന്നതിന് സമ്മതിക്കാതിരിക്കുന്നതിന് കാരണമൊന്നും തന്നെഇല്ലാ.

ഡിപ്ട്യൂട്ടിപ്രസിഡെന്റ്: അതിനാൽ എല്ലാസമുദായങ്ങൾക്കും സാമാന്യമായഒരു നിയമമുണ്ടാക്കുന്നതല്ലെ അധികംനല്ലതു്?

മി: എൻ. കുമാരൻ (ഗ. നി. മെ): ഇതാകുന്നുസഭയ്ക്ക് ഭാവികാലത്തു അംഗീകരിക്കേണ്ടതായിരിക്കുന്നയുക്തിപൂർവമായഅഭിപ്രായം. തീർച്ചയായിട്ടും വെള്ളാളമെമ്പർമാക്ക് ഈ പ്രകാരമൊരു പുതുമയിൽ ഇഷ്ടമില്ലെങ്കിൽ, ഇനിക്ക അതിനെ നിർബന്ധിക്കുന്നതിനാഗ്രഹമില്ലാ. പ്രമേയത്തെ ഈസഭയിൽ വാദപ്രതിവാദം ചെയ്യുന്നതിനുവേണ്ടിമാത്രം ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും): ഇവിടെ ഒരു സിവിൾ മാരിയേജ്ബിൽ പാസ്സാകുന്നതുവരെ ഈ സംസ്ഥാനത്തിന്റെ തെക്കേഅറ്റത്തുനിവസിക്കുന്ന നാഞ്ചിനാട്ടുവെള്ളാളസമുദായത്തിനുമാത്രം ഇപ്പോൾ ഒരുവ്യത്യാസം ചെയ്യേണ്ട ആവശ്യമുണ്ടെന്ന് മിസ്റ്റർ കുമാരൻ വിചാരിക്കുന്നോ?

മി: എൻ. കുമാരൻ (ഗ. നി. മെ.): സമുദായങ്ങൾക്കുവേണ്ടി നിയമങ്ങളുണ്ടാകുന്നതിനെസംബന്ധിച്ച്, എല്ലാ സന്ദർഭങ്ങളിലും ഒരേപ്രമാണം അനുകരണീയമാണെന്ന് എന്റെസ്നേഹിതൻ പറയുന്നതു ശരിയല്ലാ.

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): വിവാഹത്തെപ്പററി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതായ പ്രമേയം ഡാക്കുമെന്റ് മൂലം നടത്താംഎന്നുള്ളതു് ഞാൻഒരിക്കലും സ്വീകരിക്കുന്നില്ലാ.

ഞങ്ങളുടെ ഇടയിൽ വെള്ളാളസമുദായത്തിൽനിന്നുമാത്രമേ വിവാഹം ചെയ്യാൻപാടുള്ളുഎന്ന് ഒരു പൂർവ്വിക നടപടിയിരിക്കുന്നതുകൊണ്ട് ആരെങ്കിലും ഒരു പുരുഷനേയൊ സ്ത്രീയേയൊ സ്വാധീനപ്പെടുത്തി വിവാഹം നടത്താൻ വിഷമമുണ്ട്. അതുകൊണ്ട് ആ പ്രൊവിഷൻ ഒരിക്കലും അനുവദിക്കാൻപാടില്ലാ. അതു് സമുദായത്തിനു ദോഷമാണ്.

മി: സി. പി. തോമസ് (ഗ. നി. മെ.): വിവാഹമോചനത്തിനു രണ്ടുപേരുടേയും സമ്മതം മാത്രം മതിഎന്നുള്ളതും സമുദായത്തിനു ദോഷകരമാണെന്നൊ?

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): വിവാഹമോചനം പ്രായപൂർത്തിവന്നതിനു ശേഷമാണുനടക്കുന്നതു്. അതുകൊണ്ടുദോഷമില്ലാ.

മി: സി. പി. തോമസ് (ഗ. നി. മെ.): സ്വന്തസമുദായത്തിലാകുന്നെങ്കിൽ ദോഷമുണ്ടോ?

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഈവകുപ്പിലുണ്ട്.

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): രജിസ്റ്റ്ഉടമ്പടിമൂലമായുള്ള ഈ ഏർപ്പാട് ഞങ്ങൾക്കാവശ്യമില്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഈപ്രത്യേകഭേദഗതി എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻ മേനവൻ പ്രയോഗിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുള്ളതു് എന്താണെന്ന് വാസ്തവത്തിൽ എനിക്കഗ്രഹിക്കാൻ കഴിയുന്നില്ലാ. നമ്മുടെരാജ്യത്തു് വിവാഹങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന അർത്ഥം പാശ്ചാത്യ രാജ്യങ്ങളിൽ നടപ്പുള്ള അർത്ഥത്തോടു നേരെഎതിരായിരിക്കുന്നു എന്നാണ് എന്റെ പക്ഷം. ഇവിടെനാം കരുതിയിരിക്കുന്നതു്, വിവാഹം വെറും ഒരുടമ്പടി അല്ലാതെ, അധികമായിട്ടും മരണശേഷവും നിലനില്ക്കുന്നതായ ഒരുപവിത്രമായ ബന്ധമാകുന്നു എന്നാണ്. പ്രത്യുത, വിവാഹബന്ധത്തിലുൾപ്പെടുന്നകക്ഷികൾതമ്മിലുള്ള ഒരു ഉടമ്പടിക്കടമ എന്ന അർത്ഥത്തെമററുപ്രകാരത്തിൽ അതു് എത്രതന്നെന്യായാനുസരണമായിരുന്നാലും, നാം അവഗണിക്കകൂടി ചെയ്തുവരുന്നു.

മി: സി. പി. തോമസ് (ഗ. നി. മെ.): ഈ അഭിപ്രായം വിവാഹം ഉടമ്പടിമേൽ അടിസ്ഥാനപ്പെടുത്തിട്ടുള്ളപ്രകാരം അതിനെ പിരിക്കാവുന്നതാണെന്നുള്ള അനുവാദത്തോട്യോജിക്കുന്നുണ്ടോ?

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ പറയാൻ വിചാരിച്ചതു് ഇതായിരുന്നു. പൌരസ്ത്യരായ നാം പ്രത്യേകിച്ചും ഇൻഡ്യാക്കാർ വിവാഹത്തെ ഒരു ഉടമ്പടിക്കടമയെക്കാൾ അധികമായിട്ടും പവിത്രമായ ഒരു ബന്ധമായിട്ടാണു കരുതിവരുന്നതു്.

മി: സി. പി. തോമസ് (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഞാൻ ചോദിക്കുന്നതും സൂക്ഷ്മത്തിൽ അതു തന്നെ. അതിനോടു യോജിച്ചുകൊണ്ടു വിവാഹമോചനത്തെപ്പററിയുള്ള വ്യവസ്ഥയെ ഒരാൾക്ക എങ്ങിനെ സ്വീകരിക്കാൻ കഴിയും.

മി: എം. ശിവതാണുപിള്ള (തോവാള). വിവാഹബന്ധം സംബന്ധിച്ച കക്ഷികൾക്ക വലുതായ ആദരവില്ലെങ്കിൽ, അങ്ങിനെയുള്ള ബന്ധം വേർപെടുത്തുന്നതിനു അവക്ക സ്വാതന്ത്ര്യം നൾകുന്നു. വിവാഹബന്ധത്തെ പവിത്രമായുള്ളതായി കരുതുന്നവരുടെ കാര്യത്തിൽ, പ്രയോഗിക്കുന്നതിനുദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥ ആവശ്യമില്ലാത്തതാണ്. പ്രത്യേകിച്ചു, എന്റെ സ്വന്തസമുദായത്തെ സംബന്ധിച്ച അങ്ങിനെ ഉടമ്പടിപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹങ്ങൾ ഒന്നും നടന്നുവരുന്നില്ല.

മി: എൻ. കുമാരൻ (ഗവൺമെൻറു നിയമിച്ചമെമ്പർ). അവസാനത്തിൽ ബന്ധത്തെ മോചിക്കുന്നതിനു അനുവദിക്കപ്പെടുന്ന സ്വാതന്ത്ര്യം ബന്ധത്തിന്റെ ആദ്യഘട്ടത്തിൽ സമുദായത്താൽ അനുവദിക്കപ്പെടുകയില്ലെന്നു ഞാൻ ഗ്രഹിക്കട്ടെയോ?

മി: എം. ശിവതാണുപിള്ള (തോവാള): അതു സ്വാതന്ത്ര്യമാണെന്നും പഥ്യമാണെന്നും ഞാൻ വിചാരിക്കുന്നില്ല.

ഈ പ്രസ്താവനകളോടുകൂടി ഭേദഗതിയെ ഞാൻ എതിർക്കുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം), ഞാൻ ഭേദഗതിയെ എതിർക്കുന്നു. വിവാഹം കേവലം ഒരു ഉടമ്പടി മാത്രമാണെന്നു കരുതുന്നതു സൂക്ഷ്മമായിട്ടും സമുദായത്തിന്റെ ഇഷ്ടത്തിനു വിപരീതമായിട്ടുമുള്ളതാകുന്നു. സഭ അതിനെ സ്വീകരിക്കുകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മി: എം. വേലുപ്പിള്ള (സംയുക്തമെമ്പർ). ഞാനും ഭേദഗതിയെ എതിർക്കുന്നു. സമുദായത്തിനു അതു ആവശ്യമില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). സമുദായാംഗങ്ങൾക്കു ഭേദഗതി സ്വീകരിക്കുന്നതു രുചിക്കുന്നതല്ലാത്തതിനാൽ അതിനെ നിർബന്ധിക്കുന്നതിനു എനിക്കു താല്പര്യമില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ ഭേദഗതി പിൻവലിക്കുന്നുവോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഉവ്വ്, സർ, ഞാൻ ഭേദഗതി പിൻവലിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്. അദ്ദേഹം ഭേദഗതി പിൻവലിക്കുന്നതിനു സഭയുടെ സമ്മതമുണ്ടോ?

സമ്മതപ്രകാരം ഭേദഗതി പിൻവലിക്കപ്പെട്ടു.

ഡിപ്യൂട്ടിപ്രസിഡൻറ്: നാലാംഖണ്ഡിക ബില്ലിന്റെ ഭാഗമായിരിക്കണമെന്നാണു പ്രമേയം. പ്രമേയം പാസാക്കപ്പെടുകയും വകുപ്പു ബില്ലിനോടു ചേർക്കപ്പെടുകയും ചെയ്തു.

൫-ാംവകുപ്പ്.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ൫-ാംവകുപ്പിൽ ൨-ാംവരിയിൽ ഒരു പുരുഷന്റെ എന്നുള്ള വാക്കുകൾ ഉപേക്ഷിക്കപ്പെടേണ്ടതാകുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഭേദപ്പെടുത്തപ്പെട്ട വകുപ്പു ഇപ്രകാരമായിരിക്കും.

“ഒരു സ്ത്രീയുടെ പൂർവ്വവിവാഹം നിലവിലിരിക്കെ, ഈ റഗുലേഷൻ ഊർജ്ജിതത്തിൽ വന്നതിൽപിന്നീടു നടത്തപ്പെട്ടതായ അനന്തരവിവാഹം അസാധുവായിരിക്കുന്നതാണ്”

ഏകഭാര്യത്വം ഊർജ്ജിതമാക്കുന്നതിനുവേണ്ടി പുരുഷന്മാരുടെ വിവാഹത്തെ ഉദ്ദേശിച്ചു ഈ സെക്ഷനിൽ സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണം സമുദായത്തിനാവശ്യമായ ഒരു മാറ്റമായിരിക്കുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു. ലോകഗതിയനുസരിച്ചല്ലാതെ ഏകഭാര്യത്വം ഊർജ്ജിതമാക്കണമെന്നു സമുദായം ആവശ്യമെന്നു കണ്ടിട്ടില്ല ഈ തത്വം ബില്ലിൽ രൂപീകരിക്കപ്പെട്ടതു എന്നു ഞാൻ കരുതുന്നു. ഈ സമ്പ്രദായം ബന്ധത്തിലേർപ്പെടുന്ന കക്ഷികൾതന്നെ ഭർത്താവിനെയൊ ഭാര്യയെയൊ വരിക്കുന്നതും പുരുഷന്മാരും സ്ത്രീകളും നാഗരികത്വത്തിന്റെ ഉന്നതപദവിയിൽ എത്തിട്ടുള്ളതും ആയ ശുദ്ധപാശ്ചാത്യസമ്പ്രദായമാകുന്നു. എന്റേതുപോലെ വിദ്യാഭ്യാസത്തിൽ പിന്നോക്കമുള്ളതും കൃഷിത്തൊഴിൽകാരുമായ ഒരു സമുദായത്തിനു അതിൽനിന്നു വിട്ടു നിൽക്കുന്ന യാതൊരു ഗുണവും സിദ്ധിക്കുന്നതിനിടയില്ലെന്നു ഞാൻ വിചാരിക്കുന്നു. അച്ഛന്റെ ശേഷക്രിയകൾ പുത്രനാൽ നടത്തപ്പെടുന്നതു മതവിഷയമായ ഒരു ആവശ്യമാണെന്നു സമുദായാംഗങ്ങൾ കരുതിപ്പോരുന്നു. ആദ്യഭാര്യ വന്ധ്യയൊ രോഗിണിയൊ ആയിരിക്കുന്നപക്ഷം സന്താനമുണ്ടാകുന്നതിലേക്കു ഭർത്താവിനു രണ്ടാമതൊരു വിവാഹം നടത്തുന്നതു സമുദായത്തിൽ സാധാരണയായ ഒരേർപ്പാടാണ്. വിവാഹങ്ങളെ നിയന്ത്രിക്കുന്നതിനു യാതൊരാവശ്യവുമുണ്ടെന്നു എനിക്കു ബോദ്ധ്യമാകുന്നില്ല. ഏകഭാര്യത്വം നിർബന്ധമാക്കുന്നതുകൊണ്ടു വേർപിരിയുന്നതിനു നല്ല മനസ്സില്ലാത്തപക്ഷവും ദമ്പതിമാരെ വിവാഹമോചനത്തിൽ അഭയം പ്രാപിച്ചുകൊള്ളുന്നതിനു നിർബന്ധിക്കുന്ന ഫലമുണ്ടാകാനിടയുണ്ട്. പിന്നെയും, വ്യഭിചാരം വിവാഹമോചനം സാധിപ്പിക്കുന്നതിനു ഏറ്റവും എളുപ്പമായ വഴിയാകയാൽ വ്യഭിചാരം കാരണമാക്കി വിവാഹമോചനത്തിനായി നിസ്സാരവ്യവഹാരങ്ങൾ വർദ്ധിക്കുന്നതിനും ഇടയാകുന്നതാണ്. അങ്ങനെയുള്ള വ്യവഹാരങ്ങളിൽ ബലഹീനകക്ഷിയായ സ്ത്രീക്കു എപ്പോഴും പരാജയമുണ്ടാകുന്നതുമായിരിക്കും. ഈ സമുദായത്തിലുള്ള സ്ത്രീജനങ്ങൾക്കു അങ്ങിനെയുള്ള വ്യവഹാരങ്ങളിൽ തങ്ങളെത്തന്നെ പരിരക്ഷിക്കുന്നതിനു അവരെ പ്രാപ്തകളാക്കുന്നതിനുള്ള വിദ്യാഭ്യാസത്തിന്റെയൊ നാഗരികത്വത്തിന്റെയൊ പദവിയിലൊ സ്വാതന്ത്ര്യത്തിന്റെയൊ സ്വാശ്രയത്വത്തിന്റെയൊ പദവിയിലൊ അവർ എത്തിട്ടില്ല. പിന്നെയും, അങ്ങിനെയുള്ള വ്യവഹാരം ഒരിക്കൽ തുടങ്ങിയശേഷം അവൾ കുറ്റക്കാരിഎന്നു പ്രസ്താവിക്കപ്പെടുകയോ വിടപ്പെടുകയൊ ചെയ്താൽ, രണ്ടു സന്ദർഭങ്ങളിലും അവളുടെ അനന്തരജീവിതം നഷ്ടമായിത്തീരുന്നതായിരിക്കും. സമുദായത്തിലെ സ്ത്രീജനങ്ങളുടെ ഇപ്പോഴത്തെസ്ഥിതി ആലോചിച്ചാൽ അതു അവർക്കു ഒരു രക്ഷയായിരിക്കുന്നതിനുപകരം വലുതായ ഒരു ആപത്തായിരിക്കാനാണ് പോകുന്നതു. എന്റെ അഭിപ്രായത്തിൽ ഏകഭാര്യത്വം നിർബന്ധമാക്കുന്നതു സ്ത്രീജനങ്ങൾ പുരുഷന്മാരോടൊപ്പമായ നാഗരികത്വം പ്രാപിച്ചിട്ടുള്ള സമുദായങ്ങൾക്കുമാത്രം യോജിക്കുന്നതായിരിക്കും. ആയതിനാൽ ഞാൻ വിചാരിക്കുന്നതു സമുദായത്തിന്റെ യഥാസ്ഥിതി വേണ്ടപോലെ ആലോചിക്കാതെ സാമൂഹ്യാചാരങ്ങളെ പകർത്തുന്നതിൽ കിഴക്കാംതൂക്കായിട്ടു ബദ്ധപ്പെട്ടുപോകാതെ മന്ദഗതിയിൽ പോകുന്നതു ഏറെ നന്നായിരിക്കും എന്നാകുന്നു. വിവാഹങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകളേർപ്പെടുത്തുന്നതിനാൽ, നാം വിവാഹങ്ങളെ വേണ്ടവോളം നിർബന്ധമാക്കിത്തീർക്കുന്നു. പുരുഷൻ തന്റെ ഭാര്യയേയും മക്കളേയും പുലർത്തുന്നതിനു ചുമതലപ്പെട്ടവനായി തീരുന്നതും, അതുകാരണത്താൽ ഭാവിയിൽ അവൻ തന്റെ ചുമതലകളെപ്പറ്റി കൂടുതൽ ബോധമുള്ളവനായി തീരുന്നതും, ഇതുവരെ ആചാരമനുസരിച്ചു അനുഭവിച്ചിട്ടുള്ള ബഹുഭാര്യത്വത്തിനുള്ള സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തിട്ടുണ്ടെങ്കിൽ, ആ ദുരുപയോഗത്തെ അതു നീക്കുന്നതുമായിരിക്കും. ഈ ചെറുസമുദായം സംസ്ഥാനത്തുള്ള ഇതര ഇൻഡ്യാക്കാരായ ഹിന്ദുസമുദായങ്ങളിൽനിന്നു അധികമധികം അകന്നുപോകാതിരിപ്പാൻ ജാഗ്രതയുള്ളവരായിരിക്കട്ടെ. ഈ വാക്കുകളിൽ ഞാൻ ഭേദഗതിയെ സഭയുടെ സ്വീകരണത്തിനായി സമർപ്പിക്കുന്നു.

മി: കെ. കെ. തോമസ് (കോട്ടയം) ഈ സംഗതിയെപ്പററി സമുദായത്തിന്റെ അഭിപ്രായം എന്താണെന്നു അദ്ദേഹം അറിഞ്ഞിട്ടുണ്ടോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) ഏകഭാര്യാത്വത്തെ അനുകൂലിക്കുന്നവരായി ചിലരുണ്ട്.

മി: കെ. കെ. തോമസ് (കോട്ടയം) സാധാരണയായി അഭിപ്രായമെന്താകുന്നു? അദ്ദേഹം റിപ്പോർട്ടു വായിച്ചിട്ടുണ്ടോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) ഉണ്ട്.

മി: കെ. കെ. തോമസ് (കോട്ടയം) റിപ്പോർട്ടിൽ എന്തുപറയുന്നു?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) സാക്ഷികളിൽ ഭൂരിപക്ഷക്കാരും ഏകഭാര്യാത്വത്തിനു അനുകൂലികളാണെന്നു അതു പറയുന്നു.

മി: എം. ശിവതാണുപിള്ള (തോവാള). ഇതുപോലെതന്നെ ഒരു പ്രമേയം എന്റെപേരിൽ ഉള്ളതിനാൽ, ഞാൻ ഈ അവസരത്തെ, ഈ ഭേദഗതിയെ താങ്ങുന്നതിനായി ഉപയോഗിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡന്റ: ദയവുണ്ടായി കുറേക്കൂടെ ഉറക്കെപ്പറയണം.

മി: എം. ശിവതാണുപിള്ള (തോവാള): ഈ വിഷയത്തിലും മിസ്റ്റർ സുബ്രഹ്മണ്യപിള്ളക്കും എനിക്കും തമ്മിൽ ഭാഗ്യവശാൽ അഭിപ്രായയോജ്യതയുണ്ടെന്നു കാണുന്നതിൽ പക്ഷെ സഭക്കു ആശ്ചര്യംതോന്നുമായിരിക്കും. ഇവിടെയും, ഇതു എന്റെ വാസ്തവമായ ബോധത്തിന്റെ ഫലമാണ് എന്നു സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ തോമസ് വിവാഹം സംബന്ധിച്ചു ഏതെങ്കിലും നിയന്ത്രണത്തിനെതിരായി ശക്തിയോടെ പ്രതിഷേധിച്ചു കൊണ്ടിരുന്നതുകൊണ്ടു വിവാഹത്തെ യാതൊരുപ്രകാരത്തിലും നിയന്ത്രിച്ചുകൂടാ എന്നുള്ള എന്റെ ഭേദഗതിയിൽ അദ്ദേഹം ഉൽക്കടമായി എന്നെ താങ്ങുന്നതിനു ഒരുക്കമുള്ളവനാണെന്നു ഞാൻ വിചാരിക്കുന്നു. ഒന്നാമതു ബിൽ റഗുലേഷനായി തീരുന്ന ഉടൻ, സമുദായം മക്കത്തായ സമ്പ്രദായത്തിലുള്ള അവകാശക്രമത്തെ സ്വീകരിച്ചുകൊള്ളേണ്ടതാകുന്നു. വാസ്തവമായ ഫലം അതാണെങ്കിൽ ഇതേ അവകാശക്രമം ഏറക്കുറെ അനുസരിക്കുന്നതായ മററുവല്ല സമുദായത്തിലും, ദൃഷ്ടാന്തമായിട്ടു, ഏകഭാര്യാത്വം ഉദ്ഘോഷിക്കാത്തതായ ഹിന്തുദായക്രമമനുസരിക്കുന്ന ഹിന്ദുസമുദായത്തിന്റെ ഇതരവകുപ്പുകളും ജാത്യാവസാനയുടെ പ്രവൎത്തനത്തിനു പൂൎണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതിനും തങ്ങളുടെ കുഞ്ഞുങ്ങളോടുള്ള വാത്സല്യം പ്രകാശിപ്പിക്കുന്നതിനും വേണ്ടുവോളം കരുതൽ ചെയ്തിട്ടുണ്ടോ എന്നു നാം സൂക്ഷിക്കേണ്ടതായിരിക്കും. നിശ്ചയമായിട്ടും, ഒരു മനുഷ്യനു തന്റെ ശക്തി മുഴുവനേയും സമ്പാദിക്കുന്നതിനുള്ള ശേഷിയേയും ക്ഷയിപ്പിക്കുന്നതിനെ നിയന്ത്രിക്കുന്നതു സ്വാഭാവികം മാത്രമാകുന്നു. അങ്ങിനെ തന്നെ സമുദായം മക്കത്തായ സമ്പ്രദായത്തിലുള്ള അവകാശക്രമം സ്വീകരിക്കുന്നതിനാഗ്രഹപ്പെടുമ്പോൾ, സംബന്ധിച്ച ആളുകളുടെ അവകാശത്തെ തീക്ഷ്ണതയോടെ കരുതേണ്ടതു അതിന്റെ ആചാരന്മാരുടെ ചുമതലയും കടമയുമത്രെ. അവകാശങ്ങൾ നിയന്ത്രിക്കപ്പെടുന്നതായിരുന്നാൽ, ബഹുഭാര്യാത്വമനുവദിക്കുന്നതിൽ യാതൊരുപകടവും വരുന്നതല്ലായിരിക്കും, അതായതു്. മക്കത്തായവകാശക്രമമനുസരിക്കുന്ന ബ്രാഹ്മണസമുദായത്തിന്റെയോ മക്കത്തായക്കാരായ വെള്ളാളസമുദായത്തിന്റെയോ, നിയമേന അവർ ഏകഭാര്യാത്വത്തിനു നിയന്ത്രിതരായിരിക്കുന്നില്ലെങ്കിലും, സാധാരണയായി പുരുഷന്മാർ ഒന്നിലധികം ഭാര്യമാരെ പരിഗ്രഹിച്ചതായ ഉദാഹരണങ്ങൾ കണ്ടുവരുന്നില്ല. അതിനാൽ ബഹുഭാര്യാത്വം സംബന്ധിച്ച നിയന്ത്രണം തീരെ ഉണ്ടായിരിക്കരുതെന്നുള്ളതു യുക്തിക്കും അനുഭവത്തിനും യോജിച്ചതാണു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഭേദഗതിയെ താങ്ങുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): ബില്ലിലെ ഈ വകുപ്പിനെ സംബന്ധിച്ചു നാഞ്ചിനാട്ടുവെള്ളാളസമുദായം ശക്തിയായ ഒരു പ്രതിഷേധം രേഖപ്പെടുത്തീട്ടുള്ളതായി അറിയാമോ?

മി: എം. ശിവതാണുപിള്ള (തോവാള): ഉണ്ടെന്നാണു തോന്നുന്നതു്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ആരാണ്

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ തന്നെ എന്റെ ഒരു ഹർജിയിൽ ഡിപ്യൂട്ടേഷനെപ്പററി പ്രസ്താവിച്ചിട്ടുണ്ട്.

മി: സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ ശിവതാണുപിള്ളയല്ലാതെ നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നും ആരെങ്കിലും ബില്ലിലെ ഈ ഭാഗത്തെ പററി ആക്ഷേപിച്ചിട്ടുണ്ടോ?

മി: എം. ശിവതാണുപിള്ള (തോവാള): ധാരാളം ഉണ്ട്. ഹർജിമുഖേനയും മെമ്മോറിയൽ മുഖേനയും ആക്ഷേപിച്ചിട്ടുണ്ട്: സിലക്ട്കമ്മിററിയിലെന്ന ഡിപ്യൂട്ടേഷൻതന്നെ അതിനെപ്പററി പറകയുണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സമുദായത്തിലുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും ഏകദേശമായ സംഖ്യ പറയാമോ?

മി: എം. ശിവതാണുപിള്ള (തോവാള): അതു പെട്ടെന്നു മറുപടി പറയുന്നതിനു വളരെ വിഷമമുള്ളൊരു സംഗതിയാണ്. എങ്ങിനെ എങ്കിലും സ്ത്രീകൾ എണ്ണത്തിൽ പുരുഷന്മാരെ അധികരിക്കുന്നു എന്നു ഞാൻ വിചാരിക്കയും ഇതരസമുദായങ്ങളെ അപേക്ഷിച്ചും വാസ്തവം അങ്ങിനെതന്നെയാണെന്നു വിശ്വസിക്കയും ചെയ്യുന്നു.

മി: കെ. കെ. തോമസ് (കോട്ടയം): സർ, മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും ചെയ്തിട്ടുള്ള പ്രസംഗങ്ങളെ ഞാൻ കേട്ടുകൊണ്ടിരിക്കയായിരുന്നു. ഏകഭാര്യാത്വമോ ബഹുഭാര്യാത്വമോ അനുവദിക്കേണ്ടതു എന്നുള്ള പ്രത്യേകപ്രശ്നം സംബന്ധിച്ചു സമുദായത്തിന്റെ അഭിപ്രായമിന്നതാണെന്നു സ്പഷ്ടമാക്കുന്നതിനു അവക്കു കഴിയാതെ വന്നതിൽ ഞാൻ വ്യസനിക്കയും ചെയ്യുന്നു. റിപ്പോർട്ടിൽ കാണുന്നതു ഏകഭാര്യാത്വം ഉൽഭാവിതപ്പെടുത്തുന്നതിനു വളരെ അനുകൂലമായിട്ടാണു തെളിവുകൾ ഉള്ളതു് എന്നാകുന്നു. ഞാൻ റിപ്പോർട്ടു വായിക്കുന്നു.

എന്തായാലും എങ്കിലും സമുദായത്തിൽ പ്രബലമായ പൊതുജനാഭിപ്രായമുണ്ടായിരുന്നാൽ അതു ഏകഭാര്യാത്വത്തെ നിഷ്കർഷിക്കുന്നതായിരിക്കും. എന്നാൽ പല സാക്ഷികളും അഭിപ്രായപ്പെടുന്നതു് ആദ്യവിവാഹം നിലവിലിരിക്കുമ്പോൾ ചില അവസ്ഥാന്തരങ്ങളിൽ ഒരു പുരുഷൻ രണ്ടാമതൊരു ഭാര്യയെ വിവാഹം കഴിക്കുന്ന

ത്തിനു അനുവദിക്കപ്പെടണമെന്നാകുന്നു. ഭാര്യ മാറാവ്യാധിയായോ മാനസികരോഗത്താലോ ബാധിക്കപ്പെടുകയും ശാരീരികമായി ഒരു ഭാര്യയുടെ മുറകൾ നിർവഹിക്കുന്നതിനു അപ്രാപ്തയായിത്തീരുകയും ചെയ്യുമ്പോഴോ അവൾ വന്ധ്യയായിരിക്കുകയോ മതംമാറുകയോ പാതിവ്രത്യമില്ലാത്ത ജീവിതം നയിക്കുകയോ ചെയ്യുമ്പോഴോ, നിഷ്കർഷയായ ഏകഭാര്യാത്വപ്രമാണത്തിനു വർജ്ജനങ്ങളുണ്ടാകുന്നതിനെ അവർ അനുകൂലിക്കുന്നുണ്ട്. ഏകഭാര്യാത്വം നിഷ്കർഷയായി ആചരിക്കുന്നതിൽനിന്നു ഒഴിവാക്കണമെന്നുള്ള മേൽപറഞ്ഞ അഭിപ്രായത്തിൻ പിന്നിലായുടെ മനുഷ്യശക്തി അധഃപതിതമായിരിക്കുന്നതായി കാണപ്പെടുന്നതായിരിക്കും. ചില സാക്ഷികൾ യഥാർത്ഥ്യം ചൂണ്ടിക്കാണിച്ചതു വിവാഹനിയമം സമമായ ഉടമ്പടികൾ നൽകണമെന്നും പുരുഷനും സ്ത്രീക്കും ഇതുപോലെയുള്ള നിഷ്കർഷകൾ ചുമത്തേണ്ടതാണെന്നും ആകുന്നു. ഒഴിവാക്കപ്പെടുന്ന സന്ദർഭങ്ങൾ സ്ത്രീകൾക്കും വ്യാപിക്കുന്നെങ്കിൽ ഈ സമുദായത്തിൽ നടപ്പില്ലാത്തതും എല്ലാവരാലും ഒരുപോലെ വെറുക്കപ്പെടുന്നതുമായ ബഹുഭാര്യാത്വത്തിലേക്കു വഴികാണിക്കുന്നതായിരിക്കും. മേൽപറഞ്ഞിട്ടുള്ള വർജ്ജനങ്ങളുടെ അനുവാദം സമുദായം ശക്തിപ്പെടുത്തണമെന്നാഗ്രഹിക്കുന്നതായ വിവാഹബന്ധത്തിന്റെ നിർമ്മലസ്വഭാവത്തിനു ഹാനി വരുത്തുന്നതിനു അനിവാര്യമായി സംഗതിയാകും. മാറാവ്യാധിയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതു എളുപ്പമാകുന്നു. എന്നാൽ ആ വാദത്തെ ഒരു നീതിന്യായകോടതിമുമ്പാകെ സ്ഥിരപ്പെടുത്തുന്നതിനു വിഷമമുണ്ടായിരിക്കാം, ഈ സംഗതിയെപ്പറ്റിയുള്ള ഒരു വിധി ഒരു പുരുഷന്റെ രണ്ടാമത്തെ വിവാഹത്തിനു മുമ്പു വരുന്നതായ ഒരു സംഗതിയായിത്തീരണമെന്നു എന്നുള്ളതു സ്പഷ്ടമാകുന്നില്ല. വന്ധ്യത്വം പലകാരണങ്ങളാൽ ഉണ്ടാകാവുന്നതാണ്. രണ്ടാമത്തെ ഭാര്യക്കു സന്താനമുണ്ടാകുമോ എന്നു ഉറപ്പുപറയാൻ കഴിയുന്നതല്ല. സന്താനമില്ലാത്ത ഒരു പുരുഷന്റെ ശേഷക്രിയകൾ സഹോദരന്റെ മക്കളാൽ നിർവഹിക്കപ്പെടുന്നതു സാധാരണയാണ്, അവരുടെ ക്ഷമതയെപ്പറ്റി തർക്കമുണ്ടായിട്ടില്ല. സന്താനമില്ലാത്ത ദമ്പതികൾക്ക് ദത്തെടുക്കുവാൻ അവകാശവുമുണ്ട്. ഒരു സ്ത്രീ എപ്പോഴാണു കുട്ടികളെ പ്രസവിക്കുന്ന വയസ്സു കഴിയുന്നതു എന്നതിനെക്കുറിച്ചു വൈദ്യന്മാരുടെ അഭിപ്രായങ്ങൾ തമ്മിൽ യോജിക്കുന്നില്ല. ഒരു പുരുഷൻ രണ്ടാമതു വിവാഹം കഴിക്കുന്നതിനുമുമ്പു എത്രകാലം കാത്തിരിക്കണമെന്നു നിയമത്തിനു നിർദ്ദേശിക്കുവാനും തീരെ കഴിയുന്നില്ല. ഭാര്യയുടെ മതപരിവർത്തനം രണ്ടാമതൊരു വിവാഹത്തിനു കാരണമായിത്തീരാതെ അവരുടെ വിവാഹമോചനം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യത്തെ ഭർത്താവിനു കൊടുക്കുന്നു. പിന്നെയും ഭാര്യ വ്യഭിചാരിണിയായി ജീവിക്കുന്ന ഭർത്താവിനു ശരിയായ പ്രതിവിധി വിവാഹമോചനം തന്നെ ആകുന്നു. കമ്മിററിയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ള കാരണങ്ങൾ നിഷ്കർഷമായ ഏകഭാര്യാത്വം ആചരിക്കുന്നതിൽനിന്നു യാതൊരു വ്യതിചലനവും അനുവദിക്കുന്നതിനു അവയെ അധികാരപ്പെടുത്തുന്നില്ല. ശരീരശാസ്ത്രസംബന്ധമായും, സാമുദായികമായും, ആരോഗ്യശാസ്ത്രസംബന്ധമായും, വ്യവസായസംബന്ധമായും, ഉള്ള പര്യാലോചനകളെല്ലാം ഏകഭാര്യാത്വമെന്ന പ്രമാണത്തെ താങ്ങുന്നു. ആയതിനാൽ കമ്മിററി തീർച്ചയായി അഭിപ്രായപ്പെടുന്നതു ഇതിനെ നിയമത്താൽ ഊർജ്ജിതപ്പെടുത്തണമെന്നും, ഇതിന്റെ ലംഘനം ശിക്ഷാർഹമാക്കണമെന്നും ആകുന്നു.''

ഒരു കമ്മിററി നിഷ്പക്ഷമായി ഈ പ്രശ്നവിഷയത്തെ പര്യാലോചിക്കയും, ഏതാനും പ്രധാനന്മാരായ സാക്ഷികളെ വിസ്തരിക്കയും, അവരുടെ അഭിപ്രായങ്ങളെ (തെളിവുകളെ) ക്രോഡീകരിക്കയും, ഏകഭാര്യാത്വം നിഷ്കർഷിക്കപ്പെടണമെന്നു തീരുമാനിക്കയും ചെയ്തിരിക്കമ്പോൾ, നമ്മുടെ സ്നേഹിതന്മാർ സമുദായത്തിന്റെ അഭീഷ്ടമിന്നതെന്നുള്ളതിനു അധികം സ്പഷ്ടമായ തെളിവുകളെ കൊണ്ടുവരാൻ സാധിക്കാത്തപക്ഷം, ഈ സഭ ബഹുഭാര്യാത്വമനുവദിക്കുന്നതു നീതീകരിക്കപ്പെടുകയില്ലെന്നു ഞാൻ വിചാരിക്കുന്നു. സംഗതി ഇരിക്കുന്നപ്രകാരം ഈ സഭയിൽ വെളിപ്പെട്ട വിവിധങ്ങളായ അഭിപ്രായങ്ങളിൽനിന്നും, റിപ്പോർട്ടിൽനിന്നും, സമുദായത്തിനു അനുകൂലമല്ലെന്നു നാം കാണുന്നു, അതിനാൽ ബഹുഭാര്യാത്വമനുവദിക്കുന്ന വിഷയത്തിൽ ഞാൻ ഭാഗഭാക്കായിരിക്കുന്നതിനു ആഗ്രഹിക്കുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള) ബഹുമാനപ്പെട്ട അദ്ദേഹം ഇതിനു പൂർവ്വകാലസംക്രമണശക്തി കൊടുക്കുന്നതിനു ഒരുങ്ങുന്നുവോ?

മി: കെ. കെ. തോമസ് (കോട്ടയം). ഇല്ല.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മനസ്സില്ലാത്ത ഒരു സമുദായത്തിന്മേൽ ഇതു നിഷ്കർഷയായി ചുമത്തപ്പെടാൻ പോകുന്നു എന്നു അദ്ദേഹം അറിയുന്നുണ്ടോ?

മി: കെ. കെ. തോമസ് (കോട്ടയം): റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യത്യസ്തമായ പൊതുജനാഭിപ്രായമുണ്ടല്ലോ.

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ബഹുഭാര്യാത്വം ഞങ്ങളുടെ ഇടയിൽ ധാരാളം നടന്നുവരുന്നതുകൊണ്ട്, അതിനെ നിയമത്താൽ ബന്ധിപ്പാൻ പാടില്ല. ലിബർട്ടി എന്നുള്ളതു നടപ്പില്ലാത്തതാണ്. അതുകൊണ്ടു ലിബർട്ടി ഒരിക്കലും ഉണ്ടാകയില്ല, ബഹുഭാര്യാത്വം ആവശ്യമാണ്.

മി: എം. സുബ്രഹ്മണ്യപിള്ള (കൂടുതൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർ): ബഹുഭാര്യാത്വത്തെ മെമ്പർ അനുകൂലിക്കുന്നോ?

ഡിപ്യൂട്ടിപ്രസിഡെണ്ട്: അദ്ദേഹം ഭേദഗതിയെ താങ്ങുന്നു.

മി: എം. വേലുപ്പിള്ള (സംയുക്തമെമ്പർ): ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഈ വിഷയം കമ്മിററിയുടെ ആലോചനയിലിരിക്കയും അവർ ഏകാഭിപ്രായമായ ഒരു തീർച്ചയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായത്തെ മിസ്റ്റർ തോമസ് എടുത്തുപറഞ്ഞിട്ടുണ്ട്.

''ശരീരശാസ്ത്രസംബന്ധമായും, സാമുദായികമായും, ആരോഗ്യശാസ്ത്രീയമായും, വ്യവസായസംബന്ധമായും, ഉള്ള പര്യാലോചനകളെല്ലാം ഏകഭാര്യാത്വമെന്നുള്ള പ്രമാണത്തെ താങ്ങുന്നു. അതിനാൽ കമ്മിററിയുടെ തീർച്ചയായ അഭിപ്രായം ഇതിനെ നിയമത്താൽ നിഷ്കർഷിക്കണമെന്നും, ഇതിന്റെ ലംഘനം ശിക്ഷാർഹമാക്കണമെന്നും ആകുന്നു.

അതിനോടു ഞാൻ പൂർണ്ണമായി യോജിക്കുകയും ഭേദഗതിയെ എതിർക്കുകയും ചെയ്യുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവമെന്റിനെ സംബന്ധിച്ചിടത്തോളം, അവർ നിഷ്പക്ഷനിലയെ അവലംബിച്ചിരിക്കയാണ്. അതുകൊണ്ടു ഞാൻ അതിനെ സഭയുടെ അഭിപ്രായത്തിനായി മുഴുവനായിട്ടു വിട്ടുകൊടുക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ഭേദഗതിയെ ഞാനും എതിർക്കുന്നു. അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും, സിലക്ട്കമ്മിററി അവരുടെ മുമ്പാകെ ഹാജരായി ബോധിപ്പിച്ച ഡിപ്യൂട്ടേഷൻകാരിൽനിന്നു കേട്ടശേഷം എത്തിട്ടുള്ള തീർച്ചയിൽനിന്നും, സമുദായത്തിന്റെ അഭിമതങ്ങളും അഭിലാഷങ്ങളും ഗ്രഹിക്കാവുന്നിടത്തോളം അവയിൽനിന്നും, സമുദായമൊ, അഭിപ്രായമോ പ്രതിപക്ഷമൊ, സംശയംകൂടാതെ, ഏകഭാര്യാത്വം ഊർജ്ജിതമാകണമെന്നുള്ളതിനെ അനുകൂലിക്കുന്നതാകുന്നു. റിപ്പോർട്ടിൽനിന്നും ഞാൻ കാണുന്നതു ഏകദേശം ൨൭൦ സാക്ഷികളും ഏതാനും ചില വ്യവസ്ഥകളിന്മേൽ ഏകഭാര്യാത്വം ഊർജ്ജിതപ്പെടുത്തണമെന്നുള്ളതിനെ അനുകൂലിക്കുന്നവരും, ൧൭ പേർമാത്രം ബഹുഭാര്യാത്വത്തെ നിലനിറുത്തണമെന്ന അഭിപ്രായക്കാരുമാണെന്നാകുന്നു. ബഹുഭാര്യാത്വം നിലനിറുത്തുന്നതിനെതിരായിട്ടുള്ള പ്രതിപക്ഷാഭിപ്രായം കരുതി, ഈ ഭേദഗതി അംഗീകരിക്കപ്പെടുന്നതിൽ ഈ സഭ നീതീകരിക്കപ്പെടുന്നതല്ലായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. സംബന്ധമുള്ളതല്ലെങ്കിലും എനിക്കു വിശേഷാൽ പറയാനുള്ളതു നാം പാസ്സാക്കിട്ടുള്ള മററു സാമുദായികനിയമങ്ങളെപ്പററി, അതായതു നായർ റെഗുലേഷനും ഈഴവറഗുലേഷനും, ബഹുഭാര്യാത്വം ഈ സഭയാൽ വിസമ്മതിക്കപ്പെടുകയാണു ചെയ്തിട്ടുള്ളതു എന്നാകുന്നു. എന്റെ സ്നേഹിതന്മാരായ മി: ശിവതാണുപിള്ളയും മി: സുബ്രഹ്മണ്യപിള്ളയും മുമ്പേ ഉണ്ടായ ഏതാനും ഭേദഗതികളെ കൂലംകഷമായി വിമർശനംചെയ്തപ്പോൾ ചൂണ്ടിക്കാണിച്ചതായ വിവാഹത്തിന്റെ പവിത്രതയെ പ്രത്യേകം കരുതി, അവരിൽനിന്നു ഇങ്ങിനെ ഒരു ഭേദഗതി ഉൽഭവിക്കുന്നതു് അഭംഗിയായിട്ടുള്ളതെന്നത്രെ ഞാൻ നിശ്ചയമായിട്ടും വിചാരിക്കുന്നതു്. അതിനാൽ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാനും ഭേദഗതിയെ എതിർക്കുന്നു. ഇന്നലെ മിസ്റ്റർ സുബ്രഹ്മണ്യപിള്ള ബില്ലു മുഴുവനായി വേറൊരു സിലക്ട്കമ്മിററിക്കു തിരിച്ചു അയക്കേണ്ടതാണെന്നുള്ള തന്റെ ഭേദഗതി ഉപന്യസിച്ചപ്പോൾ തന്റെ തർക്കത്തിന്റെ പ്രധാനഭാഗത്തെ മാത്രം സംബന്ധിച്ചുള്ളതായിരുന്നു എന്നും, മററുസംഗതികൾ അത്ര പ്രാധാന്യമുള്ളവയായി വിചാരിക്കപ്പെട്ടില്ലെന്നുമായിരുന്നു് അദ്ദേഹത്തിന്റെ അർത്ഥമെന്നു ഞാൻ മനസ്സിലാക്കി. ഈ ഭേദഗതി പാസാക്കപ്പെടണമെന്നു അദ്ദേഹത്തിനുതന്നെ നിർബന്ധമില്ലെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഏകഭാര്യാത്വത്തിൽനിന്നുണ്ടാകുന്ന ഗുണങ്ങളെപ്പററി വളരെ വാദിച്ചിട്ടാവശ്യമില്ലെന്നാണ് എന്റെ വിചാരം. മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതുപോലെ ഈ സഭ ഒന്നിലധികം പ്രാവശ്യം ഏകഭാര്യാത്വത്തെ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മറുപടിയായിട്ടു എനിക്കധികമൊന്നും പറയാനില്ല. ഈ സംഗതിയെപ്പററി സഭയുടെ അഭിപ്രായമെന്തെന്നറിവാൻ എനിക്ക് ആഗ്രഹമുണ്ട്.

ഡിപ്യൂട്ടിപ്രസിഡെൻറ്: ഈ ഭേദഗതിയെപ്പററി സഭയുടെ വോട്ടെടുക്കണമെന്നു നിങ്ങൾക്കു നിർബന്ധമുണ്ടോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉണ്ട്.

ഭേദഗതി വോട്ടിനിടുകയും തള്ളപ്പെട്ടുപോകയും ചെയ്തു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): സർ, സഭയുടെ അനുകൂലപ്രതികൂലഭാവമറിയുന്നതിനു ഞാൻ ആവശ്യപ്പെടുന്നു.

സഭയുടെ അനുകൂലപ്രതികൂലഭാവം നോക്കിയതിൽ ഫലം താഴെകാണിച്ചിരിക്കുന്നപ്രകാരമാകുന്നു.

അനുകൂലപക്ഷക്കാർ ൧൦.

൧.	മി: സി. കേരളവർമ്മകോയിത്തമ്പുരാൻ	൬.	രാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ
൨.	മി: കെ. നാരായണൻപണ്ടാല	൭.	മി: എം. ശിവതാണുപിള്ള
൩.	മി: കെ. വി. നടേശയ്യർ	൮.	മി: എസ്. സുബ്രഹ്മണ്യകരയാളർ
൪.	മി: എം. എൻ. പിള്ള	൯.	മി: എം. സുബ്രഹ്മണ്യപിള്ള
൫.	മി: എസ്. പിറവിപ്പെരുമാൾപിള്ള	൧൦.	മി: എസ്. സുബ്രഹ്മണ്യപിള്ള

പ്രതികൂലപക്ഷക്കാർ ൨൫.

൧.	മിസ്റ്റർ.	ഐ. സി. ചാക്കോ	൧൪.	മിസ്റ്റർ.	കെ. സി. മാമൻമാപ്പിള
൨.	,,	കെ. ജോർജ്	൧൫.	,,	ടി. ജെ. മാത്യു
൩.	,,	പി. ഹബീബ്മഹമ്മദ്	൧൬.	,,	എ. ജെ. ജോൺ
൪.	,,	കെ. ഐ. ജോസഫ്	൧൭.	,,	ജി. പരമേശ്വരൻപിള്ള
൫.	,,	എൻ. വി. ജോസഫ്	൧൮.	,,	ടി. പി. രാമസുബ്ബയ്യർ
൬.	,,	എസ്. ജ്ഞാനജോഷ്വാ	൧൯.	,,	ജി. രാമൻമേനോൻ
൭.	,,	എ. കെ. പിള്ള	൨൦.	,,	ശിവരാമപ്പണിക്കർ
൮.	,,	എൻ. കുമാരൻ	൨൧.	,,	സി. പി. തരകൻ
൯.	,,	ടി. കുമാരപിള്ള	൨൨.	,,	സി. പി. തോമസ്
൧൦.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൩.	,,	കെ. കെ. തോമസ്
൧൧.	,,	തയ്യുളകുഞ്ഞിത്തൊമ്മൻ	൨൪.	,,	സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി
൧൨.	,,	എക്സ്. ജി. ലോപ്പസ്	൨൫.	,,	എം. വേലുപ്പിള്ള
൧൩.	,,	കെ. മാധവൻപിള്ള			

നിഷ്പക്ഷനില്ക്കാർ ൧൧.

൧.	മിസ്റ്റർ	ജെ. ബി. ക്ലർക്ക്	൭.	മിസ്റ്റർ	ആർ. പത്മനാഭൻ
൨.	,,	ആർ. ധനകോടിപ്പിള്ള	൮.	,,	കല്യാണം പരമേശ്വരൻപിള്ള
൩.	,,	സി. പി. കൊച്ചുണ്ണിപ്പിള്ള	൯.	,,	എച്ച്. സി. എച്ച്. റാബിൻസൺ
൪.	,,	കല്ലൂർനാരായണപിള്ള	൧൦.	,,	..സ്റ്റീഫൻസൺ
൫.	,,	കെ. പി. നീലകണ്ഠപ്പിള്ള	൧൧.	,,	എ. ജെ. വാൻ ഗോസ്
൬.	,,	എൻ. നീലകണ്ഠപ്പിള്ള			

ഭേദഗതി തള്ളപ്പെട്ടുപോയതായി പ്രസ്താവിക്കപ്പെട്ടു.

ഡിപ്യൂട്ടിപ്രസിഡെൻറ്: പിന്നത്തെ ഭേദഗതി മുമ്പിലത്തേതിനോടു സാദൃശ്യമുള്ളതാകയാൽ, ഹാജരാക്കുന്നതിനു നിർവാഹമില്ല.

താഴെപറയുന്ന ഭേദഗതി അതിനാൽ ഹാജരാക്കപ്പെട്ടില്ല.

മി: എം. ശിവതാണുപിള്ള:

൧-ാം വരി. 'ഒരു പുരുഷൻേറയോ അല്ലെങ്കിൽ' എന്നുള്ള വാക്കുകൾ എടുത്തുകളയണം.

ഡിപ്യൂട്ടിപ്രസിഡെൻറ്: ൪-ാം ഖണ്ഡിക ബില്ലിൻെറ ഭാഗമായിനില്ക്കണമെന്നാകുന്നു പ്രമേയം.

ഉപക്ഷേപം പാസ്സാക്കപ്പെടുകയും ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെടുകയും ചെയ്തു.

൫-ാം ഖണ്ഡിക.

മി: സി. പി. തരകൻ (കുന്നത്തുനാടു): താഴെ പറയുന്ന ഭേദഗതി ഞാൻ ഹാജരാക്കുന്നു.

ഉപ ഖണ്ഡിക (൨) 'ഇല' എന്നതിനു 'അല്ലെങ്കിൽ' എന്നു ചേർക്കണം.

ഡിപ്യൂട്ടിപ്രസിഡെൻറ്: അതു അച്ചടിക്കാരൻെറ തെററാണെന്നു എനിക്കുതോന്നുന്നു. അതിനാൽ അതു തിരുത്തിക്കൊള്ളാവുന്നതാണ്.

താഴെ പറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള: ഉപഖണ്ഡിക (൩) (ബി) ഉപേക്ഷിക്കയും പിന്നീടു വരുന്ന ഖണ്ഡികകൾക്കുള്ള അക്കം മാററുകയും ചെയ്യണം.

മി: സി. പി. തരകൻ (കുന്നത്തുനാടു): താഴെപറയുന്ന ഭേദഗതി ഞാൻ ഹാജരാക്കുന്നു.

ഉപഖണ്ഡിക (൩) (ഇ) അവസാനത്തിൽ 'ഭാര്യ' എന്ന വാക്കിനെറ പിന്നാലെ 'അല്ലെങ്കിൽ' എന്ന വാക്ക ചേർക്കയും, അതിൽപിന്നെ താഴെപ്പറയുന്നതിനെ ചേർക്കുകയും ചെയ്യു.

"(എഫ്) അഞ്ചുവർഷമോ അധികമോ ആയ കാലത്തേക്ക മനഃപൂർവമായി ത്യജിക്കുക."

ഡിപ്യൂട്ടിപ്രസിഡെൻറ്: ഇതു 'പതിവായക്രൂരത' എന്ന അധികരണത്തിലുൾപ്പെടുകയില്ലയോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): അങ്ങനെ എങ്കിൽ, ഭേദഗതി പിൻവലിക്കുന്നതിനു എനിക്കു വിരോധമില്ലാ.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: കല്യാണം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ സംഗതിയെപ്പററി ഗവർമെൻറിനു യാതൊന്നും പറയാനില്ല. ഞാൻ അതിനെ സഭയുടെ തീർപ്പിനായി വിട്ടുകൊടുക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നായർ റഗുലേഷനിൽ ഇതുപോലെയുള്ള വല്ല വ്യവസ്ഥയുമുണ്ടോ എന്നു എന്നോടു പറയുമോ?

ഡിപ്യൂട്ടിപ്രസിഡെൻറ്: അങ്ങനെ ഒരു വ്യവസ്ഥയുണ്ട്.

മി: തരകൻ! 'ത്യജിക്കൽ' പതിവായ ക്രൂരത എന്നു വിചാരിക്കപ്പെടുന്നതായ നായർ റഗുലേഷൻെറ വ്യവസ്ഥകളെ സ്വീകരിക്കുന്നതു അധികം നന്നായിരിക്കയില്ലേ?

മി: സി. പി. തരകൻ (കുന്നത്തുനാടു): എന്നാൽ, നായർ റഗുലേഷനിൽ ഒരു വിവരണം കൊടുത്തിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡെൻറ്: അതിനെ ഒരു വിവരണമായിട്ടു ഈ ബില്ലിലും നിങ്ങൾ ചേർക്കാൻ ശ്രമിയാത്തതു എന്തുകൊണ്ട്?

മി: സി. പി. തരകൻ (കുന്നത്തുനാടു): എനിക്കു വിരോധമില്ലാ.

ഡിപ്യൂട്ടിപ്രസിഡെൻറ്: അതിനാൽ, നിങ്ങൾ അതു ദയവുചെയ്തു വിധ്യനുസാരമായി ഉപന്യസിക്കുമോ? ഇതാകുന്നു നായർ റഗുലേഷൻ ൭ (൩)-ാം ഖണ്ഡത്തിൽ കാണുന്നതു.

"'പതിവായക്രൂരത'യിൽ രണ്ടുവർഷമോ അധികമോ ആയ കാലത്തേക്കുള്ള മനഃപൂർവമായ ത്യജിക്കൽ ഉൾപെടുന്നതാകുന്നു, കൂടാതെ ഭാര്യയെ സംരക്ഷിക്കുന്ന കാര്യത്തിൽ ഭർത്താവിൻെറ പക്ഷത്തുനിന്നുള്ള ഇടച്ചായായ ഉപേക്ഷയുമുൾപെടുന്നതാകുന്നു."

മി: സി. പി. തരകൻ (കുന്നത്തുനാടു): അങ്ങനെ ഒരു വിവരണം മതിയാകുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡെൻറ്: നിങ്ങൾ ഇതു ഒരു ഭേദഗതി രൂപത്തിൽ ഉപന്യസിക്കുകയാണോ?

മി: സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ താഴെപറയുന്ന ഭേദഗതി ഹാജരാക്കുന്നു. ൫-ാം ഖണ്ഡികയുടെ അവസാനത്തിൽ താഴെ കൊടുത്തിരിക്കുന്ന വിവരണം ചേർക്കുക.

"വിവരണം—'പതിവായക്രൂരത' രണ്ടുവർഷമോ അധികമോ ആയ കാലത്തേക്കുള്ള മനഃപൂർവമായ ത്യജിക്കൽ ഉൾപെടുന്നതാകുന്നു. കൂടാതെ ഭാര്യയെ സംരക്ഷിക്കുന്നതിനു ഭർത്താവിൻെറ പക്കത്തുനിന്നുള്ള ഇടച്ചായായ ഉപേക്ഷയും ഉൾപ്പെടുന്നതാകുന്നു."

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): വർഷങ്ങളുടെ തുക അഞ്ചു വർഷങ്ങളായി മാററുന്നതാണെന്നു ഞാൻ പറയട്ടെയോ?

ഡിപ്പ്യൂട്ടിപ്രസിഡൻറ്: വാക്കുകൾ 'മനഃപൂർവ്വമായ ക്രൂരതകൾ' എന്നാക്കിയാൽ, ഇതിൽ നാം പൂർവ്വാപരവിരുദ്ധമില്ലാതിരിക്കണമെങ്കിൽ, അതു് അധികം നന്നായിരിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നില്ലേ?

മി: കെ. കെ. തോമസ് (കോട്ടയം): അഞ്ചുവർഷങ്ങൾ എന്ന് ചേർക്കാവുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഞാൻ മി: സി. പി. തരകൻെറ ഭേദഗതിയെ പിൻതാങ്ങുന്നു.

മി: എം. വേലുപ്പിള്ള (സംയുക്തമെംബർ): കാലാവധി അഞ്ചുവർഷങ്ങളായി മാററുന്നതിനുള്ള മി: കെ. കെ. തോമസിൻെറ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

കാലാവധി അഞ്ചുവർഷങ്ങളായിരിക്കണമെന്നുള്ള മി: കെ. കെ. തോമസിൻെറ ഭേദഗതി വോട്ടിനിടുകയും തള്ളപ്പെട്ടുപോകയും ചെയ്തു. അതിനാൽ മി: സി. പി. തരകൻെറ ആദ്യഭേദഗതി വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: പ്രമേയം ൬-ാം ഖണ്ഡിക ഭേദപ്പെടുത്തിയ രൂപത്തിൽ ബില്ലിൻെറ ഭാഗമായി ഗണിക്കപ്പെടണമെന്നാകുന്നു.

പ്രമേയം പാസ്സാക്കപ്പെടുകയും ഖണ്ഡിക ഭേദപ്പെടുത്തിയ രൂപത്തിൽ ബില്ലിനോടു ചേർക്കപ്പെടുകയും ചെയ്തു.

൭ മുതൽ ൮ വരെയുള്ള ഖണ്ഡികകൾ.

൭ മുതൽ ൮ വരെയുള്ള ഖണ്ഡികകൾ സിലക്ട്കമ്മിററി തീർച്ചപ്പെടുത്തിയപ്രകാരം ബില്ലിൻെറ ഭാഗമായി ഗണിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡികകൾ ബില്ലിനോടു് ചേർക്കപ്പെട്ടു.

൯-ാം ഖണ്ഡിക.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ താഴെപറയുന്ന ഭേദഗതി ഹാജരാക്കുന്നു.

ഖണ്ഡികയോടു താഴെപറയുന്ന വ്യവസ്ഥ ചേർക്കുക.

“ഈ വകുപ്പനുസരിച്ചു്, ഒരു കോർട്ടുമുമ്പാകെയൊ, ഒരു കോർട്ടിനാൽ നിയമിക്കപ്പെട്ട കമ്മിഷൻ മുമ്പാകെയൊ നടത്തപ്പെടുന്ന എല്ലാ നടപടികളും രഹസ്യത്തിൽ നടത്തപ്പെടേണ്ടതും, അങ്ങനെയുള്ള നടപടികളുടെ അവസാന ഉത്തരവും അതിന്മേലുള്ള ഡിക്രിയും ഒഴിച്ചു്, വല്ല വൃത്താന്തത്തിൻെറയും പ്രസിദ്ധീകരണത്തിന്നു് ആറുമാസത്തേക്കുള്ള വെറും തടവൊ, ൧൦൦൦ രൂപാ വരെ ആയിരിക്കാവുന്ന പിഴയൊ, ഇവരണ്ടുമൊ, ശിക്ഷയായിരിക്കയും ചെയ്യുന്നപക്ഷം”

ഡൈവോർസ് സംബന്ധിച്ചു് വ്യവഹാരങ്ങൾ കോടതിയിൽ നടക്കുമ്പോൾ, ഇങ്ങനെ ഒരു നിബന്ധന അത്യാവശ്യമാണെന്നാണ് എൻെറ അഭിപ്രായം. അതിനാൽ ഇതു സഭയുടെ അംഗീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി: എം. വേലുപ്പിള്ള (സംയുക്തമെംബർ): മി: തരകൻ ഹാജരാക്കിയ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ തത്വം സ്വീകരിക്കുന്നതിന് എനിക്കുയാതൊരു വിരോധവുമില്ല, എന്നാൽ പ്രായോഗികമായ ചില വിഷമങ്ങൾ ഉണ്ടായേക്കാം. ബിൽ നാഞ്ചിനാട്ടുവെള്ളാളരെ മാത്രമെ സംബന്ധിക്കുന്നുള്ളു. വ്യവസ്ഥയുടെ ഉദ്ദേശം അങ്ങനെയുള്ള നടപടികളെ പ്രസിദ്ധീകരിക്കുന്നതിൽ നിന്ന് എല്ലാവരേയും, വെള്ളാളരായിരുന്നാലും അല്ലെങ്കിലും, വിരോധിക്കുന്നതുമാകുന്നു. അതു് ഇരിക്കുന്നസ്ഥിതിയിൽ ബിൽ സംബന്ധിക്കുന്നവരായ വെള്ളാളരെമാത്രം, നിരോധനം ബാധിക്കുന്നതായിരിക്കും, രണ്ടാമത്, വ്യവസ്ഥ പ്രസിദ്ധീകരണത്തെ ഉദ്ദേശിക്കുന്നു. പ്രസിദ്ധീകരണം വളരെ വിസ്തൃതമായ പദമാകുന്നു. ഞാൻ ശരിയായി ഗ്രഹിക്കുന്നെങ്കിൽ, മെംബറുടെ മനസ്സിലിരിക്കുന്നതു് പത്രങ്ങളിൽ മാത്രമുള്ളതൊ, അതു പോലെയുള്ള വല്ലപ്രസിദ്ധീകരണമൊ ആകുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): നായർ റഗുലേഷനിൽ ഇങ്ങനെ ഒരു വ്യവസ്ഥ ഉള്ളതായി അറിയാമൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അറിയാം, അതുകൊണ്ടാണ് ഇപ്പോഴിതു പറയാനിടയായതു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അദ്ദേഹം ആ വകുപ്പ് എങ്ങനെ ഭേദപ്പെടുത്തുമെന്ന് ഞാൻ ചോദിക്കട്ടെയോ? എന്താണ് അദ്ദേഹത്തിൻെറ പ്രവൃത്തി പരമായ നിർദ്ദേശം.

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പ്രസിദ്ധീകരണം സംബന്ധിച്ചിടത്തോളം, പത്രങ്ങളിലൊ മററാ വൃത്താന്തം ആയിട്ടുള്ള പ്രസിദ്ധീകരണം എന്നു ചേർക്കാവുന്നതാണ്. പിന്നെ—

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതു് നാഞ്ചിനാട്ടു വെള്ളാളരെ മാത്രം ബാധിക്കുന്നതായിരിക്കും എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചതായ വിഷമത്തെ അതു് എങ്ങനെ ഇല്ലാതാക്കുമെന്ന് ഞാൻ അറിയാമൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു് എൻെറ ആക്ഷേപത്തിൻെറ ആദ്യഭാഗത്തെ മാത്രമെ സംബന്ധിക്കുന്നുള്ളു. റഗുലേഷൻെറ പ്രയോഗക്ഷമതയെപ്പററിയുള്ള ഒന്നാം വകുപ്പിനെ, പുതിയ വ്യവസ്ഥ എല്ലാവർക്കും സംബന്ധിക്കത്തക്കവണ്ണം, ഭേദപ്പെടുത്തേണ്ടതായിരിക്കും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹത്തിൻെറ മനസ്സിലിരിക്കുന്ന വിഷമമെന്താണ് അദ്ദേഹം തൻെറ വിഷമത്തെ ദയവുചെയ്തു വിസ്തരിച്ചു പറയുമൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു് ഇരിക്കുന്ന സ്ഥിതിയിൽ ഒരു ക്രിസ്ത്യാനിയോ നായരോ നടപടികളെ പ്രസിദ്ധീകരിക്കുന്നതായാൽ, റഗുലേഷൻ അയാളെ ബാധിക്കാത്തതിനാൽ, അയാൾ ശിക്ഷാർഹനായിതീരുന്നതല്ല. വിരോധിക്കണമെന്നുദ്ദേശിച്ചിരിക്കുന്നതു് ഇല്ലാഞ്ഞു് സ്ത്രീകളെ പ്രസിദ്ധീകരണമത്രെ. അല്ലാത്തപക്ഷം, കേസുകളിൽപ്പെട്ടിരിക്കുന്ന ഒരു കക്ഷിയിൻെറ സംഭാഷണമോ, കോടതികളിൽ നടപടികളുടെ പ്രസ്താവനയോ കൂടി, പ്രസിദ്ധീകരണമായി തീരുന്നു, അയാളെ ശിക്ഷയ്ക്കു് അർഹനാക്കുകയും ചെയ്യുന്നതായിരിക്കും.

ഡിപ്യൂട്ടിപ്രസിഡൻറ്: വൃത്താന്തപത്രം, ക്രിസ്ത്യാനികളുടെയോ, നായന്മാരുടെയോ മറ്റോ വല്ലവരുടെയും ആയിരുന്നാലും, നടപടികളെ പ്രസിദ്ധീകരിക്കുന്നതു് വിരോധിക്കണമെന്നു് ഉദ്ദേശിക്കുന്നില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഒരു വാദിയുടെയോ പ്രതിയുടെയോ പ്രസ്താവനയെ സംബന്ധിക്കുന്നതോ, കോടതിയിൽ ഒരു വാദം കൃത്യമായ സംഗതിയെ സംബന്ധിച്ചോ ഉള്ളതോ ആയ വാർത്ത പ്രസിദ്ധീകരിക്കപ്പെടുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതെ. എന്നാൽ ശിക്ഷാർഹമായ ഒരു വ്യവസ്ഥ ഏർപ്പെടുത്തുമ്പോൾ, പ്രതികൾ, വാദികൾ എന്നിവരെയൊക്കെ ക്ലിപ്തമായ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ, വകുപ്പു് അവരെ ബാധിക്കുന്നില്ലാ എന്നിപ്രകാരമുള്ള പല വിധത്തിലുള്ള സംഗതികൾ ഒഴിയുന്നതാകുന്നു. അതിനാൽ ഞാൻ നിർദ്ദേശിക്കുന്നതു്, അങ്ങനെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു് ഒരു നിർവചനം ഖണ്ഡികയിൽ വാക്കുകൾ ഉപയോഗിക്കണമെന്നാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): വൃത്താന്തം വാർത്തയായിട്ടല്ല, ആളുകൾ തമ്മിലുള്ള ഒരു തർക്കവിഷയമായിട്ടാണെന്നു് ഗ്രഹിക്കുന്നപക്ഷം, അതും ആശങ്കനീയമായിരിക്കയില്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെയുള്ള വ്യക്തികൾകൂടി സഭയുടെ ആലോചനയിൽ ഉൾപ്പെട്ടതാവുന്നതാണ്. ഞാൻ വിചാരിച്ചതു് വർത്തമാനപത്രങ്ങളിൽ ചെയ്യുന്ന പ്രസിദ്ധീകരണം, അതായതു്, വെറും വാർത്തയായിട്ടുള്ളതു് മാത്രമേ വിരോധിക്കുന്നതിനുദ്ദേശിച്ചിട്ടുള്ളു എന്നായിരുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഉദാഹരണമായിട്ടു്, ഏതെങ്കിലുമൊരാൾ വാർത്തയായിട്ടുള്ളതു് ഉദ്ധരിക്കുന്ന പ്രസിദ്ധീകരണമല്ലെങ്കിലും കൃത്യവിചാരത്തിൻെറ മററോ നടപടികളെ പ്രസിദ്ധീകരിക്കുന്നതായ ഒരു വ്യക്തി ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): അങ്ങിനെയുള്ള വ്യക്തികളിൽ ഉത്ഭവിക്കുന്നതിനിടവരുന്നതാണെന്നു സഭ വിചാരിക്കുന്നെങ്കിൽ, അതിനും വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണ്. ഞാൻ വിചാരിച്ചതത്രെയും വാർത്തയായിട്ടുള്ള പ്രസിദ്ധീകരണം ആയിരുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: മേഖാമൂലമായ പ്രസിദ്ധീകരണമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): വാങ്മൂലമായിട്ടുപോലും എന്നാൽ വാർത്തയായിട്ടുമാത്രം അല്ലെന്നായിരിക്കിൽ, ഒരു ജൂണിയർ വക്കീലിനു വാസ്തവങ്ങൾ തൻെറ സീനിയർ വക്കീലിനോടു പറയേണ്ടതായിരിക്കാമെന്നു സംഭാവ്യമാണെന്നല്ലാ അതും പ്രസിദ്ധീകരണമായി വരാവുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ വ്യക്തികൾ തമ്മിൽ വേർതിരിക്കുന്നതിനു വിഷമമുണ്ടാകുന്നതായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): സഭക്കു അതിനെ കൂട്ടിച്ചേർക്കാം വിട്ടുകളക്കാം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നിയമനിർമ്മാണസഭയുടെ ഉദ്ദേശം സ്പഷ്ടമാക്കുന്നതിനായിട്ടുവല്ല ക്ലിപ്തവ്യവസ്ഥയുമുണ്ടാക്കുന്നതു് അധികം നന്നായിരിക്കയില്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): താഴെ പറയുന്ന സ്വഭാവമുള്ള ഒരു വ്യവസ്ഥ ചേർക്കാവുന്നതാണ്.

"വകുപ്പ് ൧, ഉപവകുപ്പ് (൨)-ൽ ഉൾപ്പെട്ട വല്ലതുമിരിക്കെപ്പോലും ഈ വകുപ്പു എല്ലാവരേയും ബാധിക്കുന്നതായിരിക്കും" എന്നോ, അങ്ങിനെ വല്ലതുമോ.

നായർ റഗുലേഷനിലുള്ള വ്യവസ്ഥയും കണിശമായി ഇതു തന്നെ എന്നുള്ളതു ഞാൻ നിഷേധിക്കുന്നില്ലാ. സഭ അങ്ങിനെ ആവശ്യപ്പെടുന്നെങ്കിൽ, അതു ഇരിക്കുന്ന നിലയിൽ തന്നെ, അങ്ങിനെ അനുവദിക്കാവുന്നതാണ്. കാരണം നായർ റഗുലേഷനിലും; ഈ റഗുലേഷനിലും ഗുണവും ദോഷവും ഒരുപോലെ ആയിരിക്കുന്നതാകുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: എൻെറ അഭിപ്രായത്തിൽ ഒരു വിഷമമുണ്ടെന്നു തോന്നുന്നു. മിസ്റ്റർ ശങ്കർ നായർ റഗുലേഷനിൽ നിന്നാണു വാക്കുകളെ എടുത്തിട്ടുള്ളതു എന്നു സ്പഷ്ടമാകുന്നു. നായർ റഗുലേഷനിൽ ഇതു സംബന്ധിച്ച ഒരു വകുപ്പു മാത്രമേയുള്ളു; അതിനാൽ ആ തെററുതിരുത്തൽ ഉണ്ടാകുന്ന ഒരു ഭേദഗതി നായന്മാരുടെ ബില്ലിനോടുയോജിക്കുന്നതല്ലാ. ൩-ാം ഖണ്ഡിക ഹർജികൾ സമർപ്പിക്കുന്നതിനെപ്പററിയുള്ളതാകുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അന്വേഷണത്തെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ ഒരു സെക്ഷൻ മാത്രമേയുള്ളു. അതു ൨-ാമത്തെ വകുപ്പാണ്. പക്ഷെ, അതു ഈ ബില്ലിനോടു യോജിക്കത്തക്കവണ്ണം ഭേദപ്പെടുത്തേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: അവിടെ വ്യവസ്ഥ ഒരു ക്ലിപ്തമായിട്ടാണു ചേർത്തിരിക്കുന്നതു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ൧൦-ാമത്തെ വകുപ്പിലുള്ള വ്യവസ്ഥ ഇങ്ങനെയാണ്.

"സിവിൽ പ്രൊസീഡ്യുവർകോഡിലടങ്ങിയ വ്യവസ്ഥകൾ കഴിവുള്ളേടത്തോളം, ൨-ാം വകുപ്പിൻപ്രകാരമുള്ള അന്വേഷണത്തിനും ബാധകമായിരിക്കും",

"ഭേദഗതിയിൽ അദ്ദേഹം "ഈ വകുപ്പു" എന്നു പറയുന്നു. "ഈ" എന്നുള്ളതു ൧൦-ാം വകുപ്പിനെ സൂചിപ്പിക്കുന്നതായിരിക്കും"

ഡിപ്പ്യൂട്ടിപ്രസിഡൻറ: അത് ൪൮-ാം വകുപ്പ് എന്നായിരിക്കണം. മിസ്റ്റർ തരകൻ; "ഈ വകുപ്പ്" എന്നുള്ളതിനു പകരമായി "൮-ാം വകുപ്പ്" എന്നു തിരുത്തൽ ചെയ്യേണ്ടതാണ്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ ആ ഭേദഗതിയെ സ്വീകരിച്ചിരിക്കുന്നു.

മി: തരകൻെറ ഭേദഗതി മാററപ്പെട്ട രൂപത്തിൽ വോട്ടിനിടുകയും, പാസ്സാക്കപ്പെടുകയും ചെയ്തു.

൯-ാം ഖണ്ഡിക ഭേദപ്പെടുത്തപ്പെട്ട രൂപത്തിൽ ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൧൦ മുതൽ ൧൫ വരെയുള്ള ഖണ്ഡികകൾ.

൧൦ മുതൽ ൧൫ വരെയുള്ള ഖണ്ഡികകൾ ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും, പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡികകൾ ബില്ലിനോടു ചേർക്കപ്പെട്ടു.

൧൬-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൩-ം, ൮-ം വരികളിൽ രണ്ടു സ്ഥലങ്ങളിലും 'മാതാവ്' എന്ന വാക്കിനു പകരമായി 'പിതാവ്' എന്നു ചേർക്കണം.

൧൬-ാം ഖണ്ഡിക സിലക്ടുകമ്മിററിയിൽ ശരിയാക്കപ്പെട്ട രൂപത്തിൽ ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൧൮-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതി പ്രയോഗിക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൩-ാം വരി രണ്ടു സ്ഥലങ്ങളിൽ 'മാതാവ്' എന്ന വാക്ക വരുന്നിടത്തു പകരമായി 'പിതാവ്' എന്നു ചേർക്കണം.

൧൮-ാം ഖണ്ഡിക ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡികബില്ലിനോടു ചേർക്കപ്പെട്ടു.

൧൯-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതികൾ ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൨-ാം വരി 'മാതാവ്' എന്ന വാക്കിനുപകരമായി 'പിതാവ്' എന്നു ചേർക്കണം.

മി: എം. സുബ്രഹ്മണ്യപിള്ള.

൩-ാം വരി രണ്ടു സ്ഥലങ്ങളിൽ വരുന്ന 'പിതാവ്' എന്ന വാക്കിനു പകരമായി 'മാതാവ്' എന്നു ചേർക്കണം.

൧൯-ാം ഖണ്ഡിക ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൨൦-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള

൨-ാം വരി 'മാതാവിൻെറ' എന്ന വാക്കിനു പകരമായി 'പിതാവിൻെറ' എന്നു ചേർക്കണം.

൨൦-ാം ഖണ്ഡിക ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡികബില്ലിനോടുചേർക്കപ്പെട്ടു.

൨൧-ം, ൨൨-ം ഖണ്ഡികകൾ.

൨൧-ം, ൨൨-ം ഖണ്ഡികകൾ ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൨൩-ം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതികൾ ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൪-ാം വരി 'അവളുടെ' എന്നും 'മാതാവിൻെറ' എന്നുമുള്ള വാക്കുകളുടെ ഇടയ്ക്കു 'മാതാവും അവളുടെ മാതാവിൻെറ അഭാവത്തിൽ അവളുടെ ... ... മേൽ' എന്നുള്ള വാക്കുകൾ ചേർക്കണം.

മി: എം. സുബ്രഹ്മണ്യപിള്ള. ..

൫-ാംവരി 'അവളുടെ' എന്നും 'മാതാവിൻെറ' എന്നുമുള്ളവാക്കുകൾക്കിടയിൽ 'മാതാവും അവളുടെ' എന്നവാക്കുകൾ ചേർക്കണം.

൨൩-ാം ഖണ്ഡിക ബില്ലിൻെറ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൧൮-ാം ഖണ്ഡിക.

൧൮-ാം ഖണ്ഡിക ബില്ലിന്റെ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും, പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു

൧൯-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൪-ാം വരി "൧൦-ം, ൧൩-ം വകുപ്പുകൾ" എന്നുള്ള വാക്കുകൾക്കു പകരമായി '൧൩-ാം വകുപ്പ്' എന്ന വാക്കുകൾ ചേർക്കണം.

൧൯-ാം ഖണ്ഡിക സിലക്റ്റ് കമ്മിററിയിൽ തീർച്ചയാക്കപ്പെട്ട രൂപത്തിൽ ബില്ലിന്റെ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും, പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൨൦-ാം ഖണ്ഡിക.

താഴെ പറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

മി: എം. സുബ്രഹ്മണ്യപിള്ള.

൨൦-ാം ഖണ്ഡിക എടുത്തു കളയണം.

൨൦-ാം ഖണ്ഡിക സിലക്റ്റ് കമ്മിററിയിൽ തീർച്ചയാക്കപ്പെട്ട രൂപത്തിൽ ബില്ലിന്റെ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡിക ബില്ലിനോടു ചേർക്കപ്പെട്ടു.

൨൧ മുതൽ ൩൦ വരെയുള്ള ഖണ്ഡികകൾ സിലക്റ്റ് കമ്മിററിയിൽ തീർച്ചയാക്കപ്പെട്ട രൂപത്തിൽ ബില്ലിന്റെ ഭാഗമായി സ്വീകരിക്കപ്പെടണമെന്നുള്ള പ്രമേയം വോട്ടിനിടുകയും പാസ്സാക്കപ്പെടുകയും ചെയ്തു.

ഖണ്ഡികകൾ ബില്ലിനോടു ചേർക്കപ്പെട്ടു.

൩൧-ാം ഖണ്ഡിക.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൩൧-ാം ഖണ്ഡികയും ബില്ലിൽ ശേഷമുള്ള ഭാഗവും സംബന്ധിച്ചു, ഈ ഖണ്ഡികകളുടെ പര്യാലോചന ഇനിയുമൊരവസരത്തിലേക്കു മാററിവെയ്ക്കണമെന്നു ഞാൻ അദ്ധ്യക്ഷനോട് അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡെന്റ: എന്നാൽ ദയവുചെയ്തു അതിനായിട്ടു ഒരു ഉപക്ഷേപം ഉപന്യസിക്കുക. ദയവുചെയ്തു. ൩൧-ാം ഖണ്ഡികയുടേയും, ബില്ലിൽ ശേഷമുള്ള ഭാഗത്തിന്റേയും പര്യാലോചന നാളത്തേക്കു മാററിവെയ്ക്കുന്നതിനു ഉപക്ഷേപിക്കുക. ഈ ഖണ്ഡികകൾക്കു ഒരു ഭേദഗതി രചിക്കുന്നതിനു വേണ്ട സമയം ഇന്നു ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ദയവുചെയ്തു അങ്ങിനെ ഉപക്ഷേപിക്കുക.

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ബില്ലിനെപ്പററിയുള്ള കൂടുതൽ വിമർശനം നാളത്തേക്കു മാററിവെയ്ക്കണമെന്നു ഞാൻ ഉപക്ഷേപിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശേഷിപ്പുള്ള ഖണ്ഡികകളുടെ വിമർശനം മാററിവെയ്ക്കുന്നതിലേക്കുള്ള ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

തിരുവിതാംകോട്ടെ ഖനികളും ഖനിജങ്ങളും ബിൽ.

മി: കല്ല്യാലം പരമേശ്വരൻ പിള്ള (ആ: അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): സർ, ഞാനിപ്പോൾ തിരുവിതാംകോട്ടെ ഖനികളും ഖനിജങ്ങളും ബിൽ ആലോചനയ്ക്കെടുക്കണമെന്നു ഉപന്യസിച്ചുകൊള്ളുന്നു. ഈ ബില്ലിനെ സംബന്ധിച്ചുള്ള സിലക്റ്റ് കമ്മിററിയെ ൧൦൯൮-ാമാണ്ടത്തെ ഒന്നാമത്തെ യോഗത്തിൽ നിയമിക്കയുണ്ടായി. എന്നാൽ ആ സമയം മുതൽ ഇതിനു മദ്ധ്യേ ൧൦൯൮-ാമാണ്ടത്തെ രണ്ടാമത്തെ യോഗവും ൧൦൯൯-ാമാണ്ടത്തെ ഒന്നാമത്തെ യോഗവും നടന്നിരിക്കുന്നു. ബില്ലിനെ സംബന്ധിച്ച അവസാന ഉപക്ഷേപം ഉപന്യസിച്ചതിൽ പിന്നെ രണ്ടിലധികം യോഗങ്ങൾ നടന്നിരിക്കുന്നു. ഈ കൌൺസിൽ അതിനെ തുടരേണമെന്നു ഉണ്ടാപിച്ചെങ്കിലല്ലാതെ, സ്റ്റാൻഡിംഗ് ആർഡർ ൪ പ്രകാരം ബിൽ കാലഹരണമായിപ്പോയി എന്നു വിചാരിക്കാവുന്നതാണ്. അതിനാൽ ബില്ലിന്റെ തുടർച്ചയായ പ്രയോഗം അനുവദിക്കണമെന്നു ഞാൻ ഉപന്യസിക്കുന്നു.

മി: എൻ. നീലകണ്ഠപിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവർമ്മെന്റ സിക്രട്ടറി): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡിപ്യൂട്ടിപ്രസിഡെന്റ: ബില്ലിന്റെ തുടർച്ചയെ സഭ അനുവദിക്കുന്നു എന്നു ഞാൻ ഗ്രഹിക്കട്ടെയോ?

പ്രമേയം പാസ്സാക്കപ്പെട്ടു.

മി: കല്ല്യാലം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): (൧) മിസ്റ്റർ ഐ. സി. ചാക്കോ, സ്റ്റാൻഡിംഗ് ആർഡർകൾപ്രകാരം ഉൾപ്പെട്ടതേണ്ട മെംബർ, (൨) മിസ്റ്റർ എ. ജെ. വാൻമറാസ്സ്, (൩) മി: പി. കെ. നാരായണപിള്ള, മുമ്പിലത്തെ കമ്മിററിയിൽ മെംബർ ആയിരുന്ന ആൾ (൪) മിസ്റ്റർ. ജി. പരമേശ്വരൻപിള്ള (൫) ഞാൻ തന്നെയും, ഉൾപ്പെടുന്ന ഒരു സിലക്റ്റ് കമ്മിററിക്കു ബില്ലിനെ ആലോചനയ്ക്കായി ഏൾപ്പിക്കേണ്ടതാണെന്നു ഞാൻ ഉപന്യസിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡെന്റ: മി: കല്ല്യാലം പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ സഭ സ്വീകരിക്കുന്നുവോ?

മി: കല്ല്യാലം പരമേശ്വരൻ പിള്ള (ആ: അഡിഷനൽ ഹെഡ് സക്കാർ വക്കീൽ): മിസ്റ്റർ ധനുക്കോടിപിള്ളയേയും മി: ടി. കുമാരപിള്ളയേയും കൂടി ഉൾപ്പെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: വി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ സിക്രട്ടറി): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ: പ്രമേയത്തെ സഭ സ്വീകരിക്കുന്നുവൊ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ദയവുചെയ്തു പേരുകൾ പറയണം.

മി: കല്ലൂരം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ്സർക്കാർവക്കീൽ):

(൧) മി: ഏ. സി. ചാക്കോ (൫) മി: പി. കെ. നാരായണപിള്ള

(൨) ,, ഏ. ജെ. വാൻറോസ്സ് (൬) ,, ജി. പരമേശ്വരൻപിള്ള

(൩) ,, ആർ. ധനക്കോടിപിള്ള (൭) ,, ടി. കുമാരപിള്ള

(൪) ,, കല്ലൂരം പരമേശ്വരൻപിള്ള

ഡിപ്യൂട്ടിപ്രസിഡൻറ: കമ്മിററി മൂന്നുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കേണ്ടതാണ്.

പ്രമേയം പാസ്സാക്കപ്പെട്ടു.

ഡിപ്യൂട്ടിപ്രസിഡൻറ: മി: കല്ലൂരം പരമേശ്വരൻപിള്ളയെ ഞാൻ കമ്മിററിയുടെ അദ്ധ്യക്ഷനായി നിയമിക്കുന്നു.

സിനെമറ്റോഗ്രാഫ് (ചലനചിത്രപ്രദർശനബിൽ).

മി: കല്ലൂരം പരമേശ്വരൻപിള്ള (ആ: അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): സർ, ചലനചിത്രപ്രദർശനങ്ങളെ ക്രമീകരിക്കുന്നതിനുള്ള ഒരു ബില്ലിനെ അവതരിപ്പിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. ബിൽ ഉദ്ദേശങ്ങളുടേയും കാരണങ്ങളുടെയും മുഴുപനായ ഒരു പ്രസ്താവനയോടുകൂടി, ഗസററിൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. ബിൽ കൌൺസിലിൽ വായിക്കപ്പെടണമെന്നു ഞാൻ ഉപന്യസിക്കുന്നു.

മി: കെ. ജോർജ് (ഗവൺമെൻറ ധനകാര്യ സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: കല്ലൂരം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, രണ്ട് പ്രധാനഉദ്ദേശങ്ങൾ ഈ ബില്ലിനാൽ സാധിക്കേണ്ടതായിട്ടുണ്ട്. ഒന്ന് ചലനചിത്രപ്രദർശനങ്ങൾ പോയികാണുന്നവരുടെ രക്ഷയെ കരുതുന്നതാകുന്നു. ചലനചിത്രം വളരെ ജനരഞ്ജിതമായ ഒരു നേരംപോക്കായിതീർന്നിരിക്കുന്നു. വിശ്രുതനായ ഒരു ലേഖകൻ ഒരു വർത്തമാനപത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ ഈയിടെ പറഞ്ഞതുപോലെ, അതു ഇക്കാലത്തുള്ള നിഷേധം കമ്പിയില്ലാതപാലിനമാത്രം കീഴ്പ്പെടുന്ന ഏററവും പ്രധാനമായ ഒരു കണ്ടുപിടിത്തമാകുന്നു: അതുകൊണ്ട് ചലനചിത്രപ്രദർശനങ്ങളിൽ ആളുകൾ ധാരാളമായി പൊയ്ക്കൊണ്ടിരിക്കുന്നു; അങ്ങിനെയുള്ള പ്രദർശനങ്ങൾക്കു പോകുന്നവരുടെ രക്ഷയേയും ക്ഷേമത്തേയും കരുതേണ്ടത് ആവശ്യമായിട്ടാണ് വന്നിരിക്കുന്നത്. ആൾതിരക്കുണ്ടായിരിക്കരുത്, വേണ്ടുവോളം വായുസഞ്ചാരവും മലമൂത്രവിസർജ്ജനത്തിനു സ്ഥലസൗകര്യവും മററും ഉണ്ടായിരിക്കുന്നതുകൂടാതെ, എല്ലാററിലും മീതെ, അതിനു പോകുന്നവരെ അഗ്നിഭയത്തിൽനിന്നും രക്ഷിക്കേണ്ടതുമാകുന്നു. ചലനചിത്രയന്ത്രം എളുപ്പത്തിൽ തീപിടിക്കുന്നസാധനംകൊണ്ടു ഉണ്ടാക്കപ്പെട്ടതത്രെ, ചലനചിത്രപ്രദർശനശാലകളിൽ അഗ്നിബാധയുണ്ടാകുന്നതായി, നാം പലപ്പോഴും വായിച്ചിട്ടുമുണ്ട്. അതിനാൽ ബില്ലിലെ വ്യവസ്ഥകളിലൊന്ന് ചലനചിത്രപ്രദർശനങ്ങൾ ലൈസൻസുവാങ്ങിയിട്ടുള്ള ശാലകളിൽവച്ചുമാത്രം നടത്തേണ്ടതാണെന്നുള്ളതാണ്. പ്രധാനവ്യവസ്ഥകളിലൊന്ന് പ്രദർശനങ്ങൾക്ക് പോകുന്നവരുടെ ക്ഷേമത്തെ നിശ്ചിതമാക്കുന്നതിലേക്ക് വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തിരിക്കണമെന്നും ആകുന്നു.

ബില്ലിലെ വേറൊരു മുഖ്യമായ വ്യവസ്ഥയും, പ്രസ്തുതനിയമത്താൽ സാധിക്കണമെന്നു സങ്കല്പിച്ചിട്ടുള്ള വേറൊരുദ്ദേശവും, അയോഗ്യങ്ങളായ ചിത്രങ്ങളുടെ പ്രദർശനത്തെ വിരോധിക്കുന്നതാകുന്നു. ചലനചിത്രങ്ങൾകൊണ്ടുള്ള പ്രദർശനം അതിനു പോകുന്നവരുടെ മനസ്സുകളിൽ അത്രഗാഢമായ ഒരു ബോധവും, പ്രദർശിപ്പിക്കപ്പെട്ട വസ്തുവിനോടു ഉററ സംസർഗ്ഗവും, ഉണ്ടാകുന്നതിനാൽ, അനേകംപേർ വിശേഷിച്ചും കുട്ടികൾ പ്രദർശിപ്പിക്കപ്പെട്ട വസ്തുവിൻെറ ഛായകൊണ്ടു സ്ഥിരമായി ആവിഷ്ടരായിത്തീരുന്നു. അതിനാൽ ചലനചിത്രങ്ങൾക്ക് പോകുന്നവരുടെ വിശേഷിച്ചും അധികം ചെറുപ്പക്കാരുടെ സന്മാർഗ്ഗബോധം അസഭ്യങ്ങളായ ചിത്രങ്ങളാൽ കളങ്കപ്പെടുത്തപ്പെടാതിരിക്കുന്നതിലേക്ക് പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ നല്ല സ്വഭാവമുള്ളവയായിരിക്കേണ്ടതാവശ്യമാകുന്നു. ചലനചിത്രയന്ത്രം രാജദ്രോഹകരമായ വിഷയത്തെയൊ, പ്രത്യേകസമുദായങ്ങളുടെ മതവിശ്വാസത്തെ ഉളപ്പിക്കുന്നതായ വിഷയത്തെയൊ, പ്രചരിപ്പിക്കുന്നതിനു ഹേതുവാക്കാവുന്നതാണെന്നുകൂടി ഞാൻ പറയട്ടെ. അതിനാൽ ചലനചിത്രംമൂലമുള്ള പ്രദർശനത്തിന്മേലും, പ്രദർശിപ്പിക്കപ്പെടുന്ന ചിത്രങ്ങളുടെ സ്വഭാവത്തിന്മേലും ഗവൺമെൻറിനു ഏതാനും നിയന്ത്രണാധികാരമുണ്ടായിരിക്കണമെന്നു ഈ സഭയ്ക്കു ബോദ്ധ്യംവരുത്തുന്നതിലേക്കു ഞാൻ വളരെ പറയേണമെന്ന് എനിക്കു തോന്നുന്നില്ല. ആയതുകൊണ്ടു പരസ്യമായ പ്രദർശനത്തിനുതകത്തക്കതെന്നു മതിയായ അധികാരസ്ഥാനത്തുനിന്ന് സാക്ഷ്യപ്പെടുത്തീട്ടുള്ള ചിത്രങ്ങളെമാത്രമെ, ചലനചിത്രശാലകളിൽ പ്രദർശിപ്പിക്കാവു എന്നുള്ളതു ലൈസൻസിൻെറ നിബന്ധനകളിലൊന്നായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ടു ബിൽ, തർക്കമെന്യെ, സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എങ്ങിനെയായാലും, പബ്ലിക്കായ വിനോദങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ള ശാലകൾക്കു ലൈസൻസുകൊടുക്കുന്നതിനെസംബന്ധിച്ചുള്ള മുനിസിപ്പാൽറഗുലേഷനിൽ ഏതാനും കുഴപ്പങ്ങൾ ചെയ്തിട്ടുണ്ടെന്നു എനിക്കു പറയാവുന്നതാണ്; അതിലെ ചില വ്യവസ്ഥകൾ ഇപ്പോഴത്തെ ബില്ലിൻെറ വ്യവസ്ഥകളെ കവിഞ്ഞുകിടക്കുന്നതായിവരുന്നതാക്കാവുന്നതുമാകുന്നു. അതുകൊണ്ടു ഈ ലൈസൻസുകൾ കൊടുക്കുന്നതിലേക്കു, ഗവർമ്മെൻറിനു യാതൊരാളേയും അധികാരപ്പെടുത്താവുന്നതാണെന്നു ഒരു വ്യവസ്ഥ ഞാൻ ഏർപ്പെടുത്തിട്ടുണ്ട്. സാധാരണയായി ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനു ലൈസൻസുകൊടുക്കുന്നതിനധികാരമുണ്ടായിരുന്നാലും, മുനിസിപ്പൽ ചെയർമാനെപ്പോലെ മതിയായ അധികാരമുള്ള ആളായി നിയമിക്കാവുന്നതാണ്.

ഈ നിയമം സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആസ്ഥിതിക്കു നഗരസഭാദ്ധ്യക്ഷൻ ഉപയോഗിക്കുന്ന യുക്ത്യധികാരം ഈ സഭയുടെ തീർച്ചയുമായി ഇടച്ചിലിനു കാരണമാകയില്ലേ എന്നു ഞാൻ ചോദിക്കട്ടെയോ?

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അത് അധികം വിവരമായ ഒരു സംഗതിയല്ലേ, അതു സിലക്ട് കമ്മിററിയിൽ ആലോചിച്ചു തീർച്ചയാക്കാവുന്നതാണെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. സാധാരണയായി ഡിസ്ട്രിക്ട് മജിസ്ട്രേട്ടാണ് ലൈസൻസുകൊടുക്കുന്നതിനു അധികാരപ്പെടുത്തപ്പെട്ട ആൾ. എന്നാൽ ബില്ലിന്റെ നാലാംഖണ്ഡികയോടു ചേർത്തിരിക്കുന്ന ഷെഡ്യൂളിൽ ഇങ്ങനെ കാണുന്നു.

"എന്നാൽ ഗവർമെന്റു ഗസററിൽ പ്രസിദ്ധംചെയ്യുന്നതിനാൽ, അങ്ങിനെയുള്ള പരസ്യത്തിൽ നിശ്ചയിക്കുന്ന താലൂക്കുമുഴുവനിലേക്കോ അതിൽ വല്ല ഭാഗത്തേക്കോ ലൈസൻസുകൊടുക്കുന്നതിനധികാരപ്പെടുത്തപ്പെട്ട ആൾ എന്നു നിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥനെ ഗവർമെന്റിനു നിയമിക്കാവുന്നതാണ്".

ഡിപ്യൂട്ടിപ്രസിഡന്റ്: അങ്ങിനെ ഒരു പരസ്യം ചെയ്തിട്ടില്ലെന്നു വിചാരിക്കുന്നപക്ഷമോ?

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അപ്പോൾ ഡിസ്ട്രിക്ട്മജിസ്ട്രേട്ടായിരിക്കാം ലൈസൻസുകൊടുക്കുന്നതിനധികാരമുള്ള ആൾ.

ഡിപ്യൂട്ടിപ്രസിഡന്റ്: നഗരസഭാറഗുലേഷനിൽ പറയുന്നത് നഗരസഭയാണോ ലൈസൻസ് കൊടുക്കുന്നതിനധികാരപ്പെടുത്തപ്പെട്ട ആൾ എന്നാകുന്നു.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ, ഏതാനും ചില ഉദ്ദേശങ്ങൾ സാധിക്കുന്നതിനുവേണ്ടി അങ്ങിനെയുള്ള പ്രാദേശികസ്ഥാപനങ്ങളിൽ, ഈ റഗുലേഷന്റെ ആവശ്യത്തിലേക്കുകൂടി ലൈസൻസുകൊടുക്കുന്നതിലേക്ക് നഗരസഭാദ്ധ്യക്ഷനോ നഗരസഭയോ നിയമിക്കപ്പെടാവുന്നതാണ്.

മി: എൻ. കുമാരൻ (ഗവർമെന്റുനിയമിച്ചമെംബർ): ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധികാരം ബഹിഷ്കരിക്കപ്പെട്ടുപോകുമൊ എന്നു ഞാൻ അറിയാമൊ?

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മുനിസിപ്പാൽകൗൺസിലിന് ആ അധികാരം നൽകപ്പെടുന്നെങ്കിൽ, ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ അധികാരം ഏതാനും അളവിൽ ബഹിഷ്കരിക്കപ്പെടുന്നതായിരിക്കാം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ബില്ലിന്റെ വ്യാപ്തി നഗരസഭാതിർത്തികൾക്കു വെളിയിലുള്ള സ്ഥലങ്ങൾക്കും നിർദ്ദേശിക്കാവുന്നതാണെന്നുള്ള നിലയെ മി: കല്ലാഴം പരമേശ്വരൻപിള്ള സ്വീകരിക്കുമൊ എന്ന് അറിയേണ്ടിയിരിക്കുന്നു.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇതു സിലക്ട് കമ്മിററിയിൽ പരിശോധിക്കപ്പെടാവുന്ന ഒരു വിവരമായ സംഗതിയാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അല്ലാത്തപക്ഷം, അധികാരസീമകൾക്ക് തമ്മിൽ ഇടച്ചിലുണ്ടാകുന്നതിന് സംഗതിവരുന്നതാണ്.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ആ സംഗതിയെപ്പററിയും ആലോചിച്ചിട്ടുണ്ട്: ഖണ്ഡിക ൨ (ഇ)-യാൽ ഗവർമെന്റിനു ചട്ടങ്ങൾ ഏർപ്പെടുത്തുന്നതിനാൽ ഏതു മുനിസിപ്പൽ അന്തരാളത്തെയും ഈ റഗുലേഷനിലെ വല്ല വ്യവസ്ഥകളിൽനിന്നും ഒഴിവാക്കാവുന്നതാണെന്നു ഞാൻ കരുതൽ ചെയ്തിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്: ഉദ്ദേശം മുനിസിപ്പാൽവ്യവസ്ഥകൾ റദ്ദുചെയ്യപ്പെടരുതെന്നാണ് എന്നുള്ളതാണ്.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): വല്ല വൈഷമ്യവുമുണ്ടെന്നു ഗവർമെന്റിനു ബോദ്ധ്യമാവുന്നപക്ഷം, ആ അന്തരാളത്തെ ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കാവുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: റഗുലേഷനെ ഭേദപ്പെടുത്തേണ്ടതായിരിക്കുമൊ എന്നാണ് പ്രശ്നവിഷയം.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങിനെ ഒരു വൈഷമ്യം ഒഴിക്കുന്നതിനാണ് നഗരസഭയെ ലൈസൻസുകൊടുക്കുന്നതിന് അധികാരമുള്ള ഒരു വ്യക്തിയാക്കുന്നതിന് ഗവർമെന്റിനധികാരം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നത്.

ഡിപ്യൂട്ടിപ്രസിഡന്റ്: അതു പരിശോധിക്കേണ്ട ഒരു സംഗതിയായിരിക്കാം.

മി: കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു സിലക്ട് കമ്മിററി ആലോചിപ്പാനിരിക്കുന്ന വിവരമായ ഒരു സംഗതിയാണ്.

ബിൽ കൗൺസിലിൽ വായിക്കപ്പെടണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറൊരു ജോലിയിലിരിക്കുന്ന ഗവർമെന്റുസെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): സർ, ബില്ലിന്റെ വ്യാപ്തിയെ മുനിസിപ്പൽ അന്തരാളങ്ങളെ സംബന്ധിക്കുന്നിടത്തോളം ഞാൻ പ്രതിഷേധിക്കുന്നു. ബില്ലിന്റെ പ്രവൃത്തനവ്യാപ്തിയിൽ മുനിസിപ്പൽ അന്തരാളങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നുദ്ദേശിച്ചിരിക്കുന്നു. ചലനചിത്രങ്ങളും മററും മൂലമുള്ള പ്രദർശനങ്ങൾ മുനിസിപ്പൽ അന്തരാളങ്ങൾക്കുള്ളിൽവച്ച് നടത്തുന്നതിന് ലൈസൻസുകൾ കൊടുക്കുന്നസംഗതിയിൽ മുനിസിപ്പൽകൌൺസിലുകൾക്ക് മുമ്പുതന്നെ നൽകീട്ടുള്ള അധികാരത്തെ ആക്രമിക്കുന്നതിന് ഞങ്ങൾക്കുദ്ദേശമില്ലെന്നുള്ളതിന്റെ ഫലത്തെ ഈ ഘട്ടത്തിൽതന്നെ ഗവർമെന്റ് സ്പഷ്ടമാക്കേണ്ടതാണ്. ഇപ്പോൾ നമ്മുടെ മുമ്പാകെ ഇരിക്കുന്ന ബില്ലിന്റെ വ്യവസ്ഥകൾപ്രകാരം ഏതു മുനിസിപ്പാൽ അന്തരാളത്തെയും ഒഴിവാക്കുന്നകാര്യം ഗവർമെന്റിനു വിട്ടുകൊടുത്തിരിക്കുന്നു എന്ന് ഇപ്പോൾ സഭയോടു ഗവർമെന്റ് പറയുന്നതു ശരിയല്ല. മുനിസിപ്പൽ അന്തരാളങ്ങളെ സംബന്ധിച്ചുള്ള അധികാരത്തെ മുമ്പുതന്നെ മുനിസിപ്പാലിററിയിൽ നിക്ഷേപിച്ചിരിക്കെ, അങ്ങിനെ ഒഴിവാക്കുന്നതിനോ മറിച്ചോ ഉള്ള അധികാരത്തെ ഗവർമെന്റിൽ സ്ഥാപിക്കുന്നതായ വേറൊരു ബില്ലു

ഷം വല്ല വഴിയിലും ആ അധികാരത്തെ ഗവണ്മെൻറുതന്നെ നിയന്ത്രിക്കണമെന്നുള്ള നിർബന്ധം ന്യായമായിരിക്കുന്നില്ല. അതിനാൽ ഞാൻ ചാമ്പെമ്പരോട് അപേക്ഷിക്കുന്നതിനാഗ്രഹിക്കുന്നതു് ഈ ബില്ലിനെ പററി ഇനിയും പര്യാലോചിക്കുന്നതിന് മുമ്പായിട്ട, മുനിസിപ്പൽ റെഗുലേഷൻ വ്യവസ്ഥകളെ അതിക്രമിക്കുന്നതിനല്ല പിന്നെയോ മുനിസിപ്പൽ അന്തരങ്ങളുള്ളാത്ത അന്തരാളങ്ങൾക്ക മാത്രം പ്രസ്തുത റെഗുലേഷനെ സംയോജനം ചെയ്യുന്നതിനാത്രെ ഉദ്ദേശിച്ചിരിക്കുന്നതു് എന്നുള്ള വസ്തുത സ്വീകരിക്കണമെന്നാകുന്നു.

ഡിപ്യൂട്ടിപ്രസിഡെൻറ്: ഏതെങ്കിലും ചലനചിത്രം പ്രദർശിപ്പിക്കപ്പെടത്തക്കതോ അല്ലയോ എന്നുള്ളതിനെ സാക്ഷ്യപ്പെടുത്തുന്നതിലേക്ക പ്രത്യേകാധികാരമുള്ള ഒരു വ്യക്തിയെ ഏർപ്പെടുത്തുന്നതിന് നിങ്ങൾക്ക വല്ല ഭാവവുമുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു മുനിസിപ്പാലിററി ആലോചിക്കേണ്ട ഒരു സംഗതിയാണ്.

ഡിപ്യൂട്ടിപ്രെസിഡെൻറ്: ഒരധികാരത്താൽ പ്രദർശിപ്പിക്കപ്പെടത്തക്കതെന്ന പ്രസ്താവിക്കപ്പെട്ട ഒരു ചലനചിത്രം വേറൊരധികാരത്താൽ അങ്ങിനെയുള്ളതല്ലെന്ന് വരാവുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഐകരൂപ്യം വേണ്ടതാണെന്ന് നിങ്ങൾ വിചാരിക്കുന്നില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു് ആലോചിക്കാവുന്ന ഒരു സംഗതിയാണ്; എന്നാൽ ലൈസൻസുകൊടുക്കുന്ന സംഗതിയെ സംബന്ധിച്ചിടത്തോളം, അതു നിയമമായിട്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മി: എൻ. വി. ജോസഫ് (പറവൂർ): ഞാൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ളയെ താങ്ങുന്നു. ഐകരൂപ്യം സംബന്ധിച്ചിടത്തോളം, മുനിസിപ്പാൽകൌൺസിലിനോട്ട ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനാവശ്യപ്പെടാവുന്ന അധികാരം ഗവണ്മെൻറിനുണ്ട്. ഗവണ്മെൻറുതന്നെ പ്രാരംഭമായിട്ട ഉപചട്ടങ്ങൾ ഉണ്ടാക്കുകയോ അല്ലെങ്കിൽ അങ്ങിനെ ചെയ്യുന്നതിന കൌൺസിലിനോടാവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. ഈ ബില്ലിൻെറ പ്രവൎത്തനവ്യാപ്തിയിൽനിന്ന് മുനിസിപ്പാലിററികളെ ഒഴിവാക്കുന്നതു് അധികം നന്നായിരിക്കും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ബില്ലിൻെറ തത്വത്തെ താങ്ങുന്നതോടുകൂടെ, ബില്ലിൻെറ വ്യാപ്തി മുനിസിപ്പൽ റെഗുലേഷനിൽ ഉദ്ദേശിച്ചിട്ടുള്ളതിനെക്കാൾ, അധികം വിസ്തൃതിയുള്ളതാകണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. മിസ്റ്റർ കയ്യാലപ്പരമേശ്വരൻപിള്ള വിവരിക്കുന്നപ്രകാരം ചലനചിത്രങ്ങളുടെ സ്വഭാവത്തിന്മേൽ ഏതാനും നിയന്ത്രണാധികാരവും, പൊതുജനങ്ങളുടെ കാര്യത്തിൽ ആവശ്യപ്പെടുന്ന രക്ഷാമാർഗ്ഗങ്ങളും ഉണ്ടായിരിക്കുന്നതത്രെ ബില്ലിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്യാപ്തി അവർ സംരക്ഷിക്കപ്പെടണമെന്നുള്ളതു ഗവണ്മെൻറിൻെറ സമീക്ഷയുമാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മുനിസിപ്പൽ റെഗുലേഷനിൽ തന്നെ ആവശ്യപ്പെട്ട രക്ഷാവഴികൾ കരുതിട്ടുണ്ട് എന്നുള്ള വസ്തുത മി: എ. കെ. പിള്ള അറിയുന്നുണ്ടോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ചലനചിത്രങ്ങളെ സംബന്ധിച്ച് മാനസികമായും സാന്മാർഗ്ഗികമായും അവയ്ക്കുള്ള പ്രേരകശക്തി പ്രത്യേകതരവും വളരെ സാരമേറിയതുമത്രെ. അതുകൊണ്ട് ഒരു പ്രത്യേക ചലനചിത്രം നിർമിക്കേണ്ടതാണോ, അല്ലയോ, എന്നുള്ളതിനെപ്പററി ശരിയായ ഒരു നിയന്ത്രണാധികാരം ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. ബിൽ അധികം വ്യാപ്തിയുള്ള ഒരു പ്രശ്നത്തെയാണു വ്യവഹരിക്കുന്നതു്, അതിനാൽ ബില്ലിൻെറ പ്രവൎത്തനത്തിൽ മുനിസിപ്പാലിററികളെ കൂടി ഉൾപ്പെടുത്തേണ്ടതാണു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. പ.): മുനിസിപ്പൽ കൌൺസിലുകളുടെ പ്രവൎത്തനങ്ങളെ അതിക്രമിക്കുന്നതിന ഗവണ്മെൻറിനാഗ്രഹമില്ലെന്ന് ഞാൻ പറയാം, എന്നാൽ മുനിസിപ്പൽ റെഗുലേഷനിലെ വ്യവസ്ഥകൾ ഈ ബില്ലിലെവ്യവസ്ഥകൾ പോലെ, അത്രഫലപ്രദങ്ങളോ അത്ര ദൂരം പോകുന്നവയോ അല്ലെന്ന് കൂടി ഞാൻചൂണ്ടിക്കാണിക്കാം. ഉദ്ദാഹരണമായിട്ട പ്രദർശിക്കപ്പെടുന്ന ചലനചിത്രങ്ങളുടെനിയന്ത്രണത്തെ സംബന്ധിക്കുന്നയാതൊരുവ്യവസ്ഥയുമില്ല: അതാകുന്നു ഈബില്ലിലെപ്രധാന വ്യവസ്ഥകളിലൊന്ന്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അങ്ങിനെയുള്ള സംഗതികളെപ്പററി ഉപചട്ടങ്ങളുണ്ടാക്കുന്നതിലേക്ക് മുനിസിപ്പൽ സഭകളെ ഗവണ്മെൻറ അധികാരപ്പെടുത്തിട്ടുണ്ടെ എന്നതാൻ അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. പ.): അങ്ങനെയുണ്ടായിരിക്കാം. എന്നാൽ അതു് അങ്ങിനെയുള്ള പ്രദർശനങ്ങൾക്ക പോകുന്നവരുടെ ക്ഷേമത്തെ ഉദ്ദേശിക്കുന്നതല്ലാതെ, പ്രദർശിപ്പിക്കപ്പെടുന്ന ചലന ചിത്രങ്ങളുടെ സത്തയെ നിർണ്ണയിക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതല്ല. ഏതായാലും അതു സിലക്ട്കമ്മററിയിൽ പരിശോധന ചെയ്യാവുന്ന ഒരു സംഗതിമാത്രമാണു.

ഡിപ്യൂട്ടിപ്രസിഡെൻറ്: പ്രമേയം വോട്ടിനിടുന്നതിന മുമ്പായി, ഈ വാദപ്രതിവാദത്തെക്കുറിച്ച് ഞാൻ ഒരുവാക്ക് പറഞ്ഞുകൊള്ളട്ടെ. ക്രോസ് ആക്ടിൽ ലൈസൻസു കൊടുക്കുന്നതു് മുനിസിപ്പാലിററികളെ അധികാരപ്പെടുത്തുന്നതായി ഒരു വ്യവസ്ഥയുമില്ലെന്ന് കാണുന്നതാണ്. എൻറെ വ്യാഖ്യാനത്തെ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഈ വിഷയത്തെ പ്പററി ഒരുവ്യവസ്ഥയുണ്ട്, അതിനാൽ മുനിസിപ്പൽ ആക്ടിൽ പ്രത്യേക വ്യവസ്ഥയൊന്നുമില്ല, എൻറെ വ്യാഖ്യാനത്തെ ആക്ടപാസ്സാകുന്നതിന് മുമ്പുള്ള പഞ്ചാബ് ആക്ടിൽ നിന്നാണ് മുനിസിപ്പൽ റെഗുലേഷനിലെ നമ്മുടെവ്യവസ്ഥകൾ എടുത്തിട്ടുള്ളതു് എന്നാണ് എൻെറവിശ്വാസം. അതിനാൽ തിരുവിതാംകോട്ടുള്ള മുനിസിപ്പാലിററികൾ ചലനചിത്രങ്ങൾക്ക് ലൈസൻസുകൾ കൊടുക്കുന്നതിനായി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നുള്ളതിനെപ്പററി യാതൊരു സംശയവുമില്ല. മുനിസിപ്പൽ അധികാരികൾക്കും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനും തമ്മിൽ അധികാരസീമയെപ്പററി തർക്കമുണ്ടാകുമെന്ന് പറയാവുന്നതുമാകുന്നു. എന്നാൽ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരസ്ഥനാരെന്ന സംബന്ധിക്കുന്നിടത്തോളം, അതു് കലക്ടർ, മുനിസിപ്പൽ അധികാരികളോ അല്ലെങ്കിൽ, ഡിസ്ട്രിക്ട്മജിസ്ട്രേട്ടോ ആയിരിക്കേണ്ടതാണെന്ന് സമ്മതിക്കുന്നസംഗതിയാണ്. ഒന്ന്മറെറതിന വിപരീതമായിരിക്കുന്നതെന്നോ ഇപ്പോഴത്തെ റെഗുലേഷൻെറ ഉദ്ദേശം

മുനിസിപ്പൽ റഗുലേഷനിലെ വ്യവസ്ഥകളെ റദ്ദ് ചെയ്യാവുന്നതല്ലെന്നോ, കരുതേണ്ടത് ആവശ്യമാകുന്നു. ഈ സംഗതിയെപ്പററി വ്യക്തമായ ഒരു പ്രസ്താവന ചെയ്യുന്നത് അധികം നന്നാണ്. മുനിസിപ്പാലിററികൾ ലൈസൻസു കൊടുക്കുന്നകാര്യത്തിൽ അതുപ്രകാരം രൂപീകരിക്കപ്പെട്ട ചട്ടങ്ങളനുസരിച്ചുള്ള വ്യവസ്ഥകളും മററും ഉൾക്കൊണ്ടതായിരിക്കണമെന്ന് പ്രസ്താവിക്കുന്നത് അധികം നന്നായിരിക്കുമെന്നാണ് എൻെറ വിശ്വാസം. അതു സിലക്ട് കമ്മററിയിൽ ആലോചിക്കുന്നതു ക്ഷേമകരമായിരിക്കാവുന്ന സംഗതിയാണ് എന്നു ഞാൻ വിശ്വസിക്കുന്നു. ബില്ലിൻെറ തത്വത്തെ വിസംവദിക്കുന്നതിനാവശ്യമില്ലെന്ന് ഞാൻ വിചാരിക്കുന്നു. ബിൽ സംബന്ധിച്ചു പ്രാരംഭനടപടികൾ എല്ലാം കഴിഞ്ഞുവെങ്കിൽ സഭയ്ക്ക് ഇപ്പോൾ തീർച്ചയാക്കാവുന്നതാണെന്ന് ഞാൻ വിചാരിക്കുന്നു.

ബില്ലിൻെറ തത്വം സഭയ്ക്കു സ്വീകാര്യമായിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കട്ടെയോ?

ബില്ലിൻെറ തത്വം സഭയാൽ അംഗീകരിക്കപ്പെട്ടു.

സെക്രട്ടറി ബില്ലിൻെറ പേരു വായിച്ചു.

മി: കല്ലാവാം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ബിൽ, താഴെപ്പറഞ്ഞിരിക്കുന്ന അംഗങ്ങളടങ്ങിയ ഒരു സിലക്ട് കമ്മിററിയുടെ പര്യാലോചനയ്ക്കു വിടേണ്ടതാണെന്നും മൂന്നുമാസങ്ങൾക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

(എ) മി: ജി. പരമേശ്വരൻപിള്ള.
(ബി) മി: ഏ. കെ. പിള്ള.
(സി) മി: ഡബ്ല്യു. എച്ച്. പീററ്.
(ഡി) മി: കെ. വി. നടരാജ അയ്യർ.
(ഇ) ഞാനും.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ പേരുകൾ സഭയ്ക്കു സ്വീകാര്യങ്ങളാണോ?

മി: ജി. പരമേശ്വരൻപിള്ള (നോമിനേററഡ്): മി: എം. എൻ. പിള്ളയെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: കല്ലാവാം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): അങ്ങിനെ ആവാം. ഡാക്ടർ മാധവൻപിള്ളയുടെ പേരുകൂടി ചേർക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിൻെറ വിസ്തൃതപരിചയം കമ്മിററിക്ക് വളരെ സഹായമായിരിക്കും.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ പേരുകളെ സഭ സ്വീകരിക്കുന്നുവോ?

പേരുകൾ സഭയാൽ സ്വീകരിക്കപ്പെട്ടു.

ഡിപ്യൂട്ടിപ്രസിഡൻറ്: മി: കല്ലാവാം പരമേശ്വരൻപിള്ള സിലക്ട് കമ്മിററിയുടെ അദ്ധ്യക്ഷനായിരിക്കും.

തിരുവിതാംകോട്ടു കായഹാനി റഗുലേഷൻ ഭേദഗതി
ബിൽ

മി: കല്ലാവാം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): സർ, തിരുവിതാംകോട്ടു കായഹാനി റഗുലേഷനെ ഭേദപ്പെടുത്തുന്ന ഒരു ബിൽ ഞാൻ ഹാജരാക്കുന്നു.

മി: എൻ. നീലകണ്ഠപിള്ള (ഡെ. ജോ. ഇ. ഗ. ബി): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: കല്ലാവാം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഭേദഗതി, റഗുലേഷൻെറ ഒരു വകുപ്പിനെസംബന്ധിക്കുന്നതാകുന്നു. ആ വകുപ്പിൻപ്രകാരം, ക്രി: ശിക്ഷാനിയമത്തിൻറ ചില വകുപ്പുകൾ പ്രകാരമുള്ള കുററങ്ങളെക്കുറിച്ചുള്ള പരാതികൾ ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിച്ചിരിക്കേണ്ടതാണ്. ആ വകുപ്പിൽ പ്രസ്താവവകുപ്പുകളെ പ്രസ്താവിച്ചിട്ടുമുണ്ട്. എന്നാൽ ആ വകുപ്പിൽ കേവലം ക്രി: ശിക്ഷാനിയമത്തിനെപ്പററി പ്രസ്താവിച്ചിട്ടുള്ളപ്പോൾ അതു തിരുവിതാംകോട്ടു ക്രി: ശിക്ഷാനിയമമാകണമെന്നു പറഞ്ഞിട്ടില്ല. ഈ വകുപ്പുകൾ വാസ്തവത്തിൽ ഇൻഡ്യൻ പീനൽ കോഡിൻെറ വകുപ്പുകളെ ലക്ഷ്യമാക്കിയിട്ടുള്ളതാണെന്ന് കാണാവുന്നതാണ്. വകുപ്പിൽ ചേർത്തിട്ടുള്ള അനുഭവങ്ങൾക്കു സംബന്ധമുള്ള ഉൾക്കൊള്ളിച്ചിരിക്കുന്ന മറവനയമങ്ങളോട് ഏകരീതിയുണ്ടാക്കിത്തീർക്കുന്നതിനുവേണ്ടി വകുപ്പുകളുടെ നമ്പർ മാററുകയും തിരുവിതാംകോട്ടു ക്രി: ശി: നിയമത്തിൽ അവയ്ക്കു ശരിയായ വകുപ്പുകളെ പകരമായി വയ്ക്കുകയാണ് ഞാൻ ഈ ഭേദഗതികൊണ്ടുവന്നിട്ടുള്ളത്. ഇതു സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: ബില്ലിനെ സഭ സ്വീകരിക്കുന്നു എന്ന് ഞാൻ ഗ്രഹിക്കട്ടെയോ?

ബില്ലിൻെറ തത്വം സഭയാൽ സ്വീകരിക്കപ്പെട്ടു.

അതിൽ പിന്നെ സെക്രട്ടറി ബില്ലിൻെറ സംജ്ഞ വായിച്ചു.

മി: കല്ലാവാം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): പ്രസ്തുത ബിൽ ഒരു ലഘുവായ സംഗതിയാണ്. അതിനാൽ ഒരു സിലക്ട് കമ്മിററിയുടെ ആലോചനയ്ക്കു അതിനെ അയയ്ക്കേണ്ട ആവശ്യമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ കായഹാനി റഗുലേഷൻ ഉടനെ പരിഷ്കരിക്കേണ്ട പ്രവർത്തനത്തിൽ വരാനിരിക്കുന്നു എന്നുകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. ആ തീയതിയ്ക്കു മുമ്പായിട്ടു ഈ ഭേദഗതിയുംകൂടി നടപ്പിൽ വരുന്നത് അഭിലഷണീയമാകുന്നു. അതിനാൽ ബില്ലിനെ ഉടൻതന്നെ ആലോചനയ്ക്കെടുക്കേണ്ടതാണെന്നും, സർ, ആ പ്രമേയം ഹാജരാക്കുന്നതിന് എനിക്കു അനുവദിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: അങ്ങിനെതന്നെ; ഞാൻ അതു അനുവദിക്കുന്നു.

മി: എൻ. നീലകണ്ഠപിള്ള (ഡെപ്യൂട്ടേഷനിൽ ഇരിക്കുന്ന ഗവൺമെൻറ് സെക്രട്ടറി) ആ പ്രമേയത്തെ അനുകൂലിക്കുന്നു.

ബിൽ, ഈ സമ്മേളനത്തിൽതന്നെ മെമ്പർമാരെ നോട്ടീസുമൂലം അറിയിക്കുന്നതോടെ അടുത്ത ഒരു ദിവസം അവസാനവായനയ്ക്കായി എടുക്കപ്പെടുകയും പാസ്സാക്കപ്പെടുകയും ചെയ്യേണ്ടതാണെന്നുകൂടെ ഞാൻ അഭിപ്രായപ്പെടുന്നു.

മി: കെ. ജോർജ്ജ് (ഗ: ഫി: സെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

പ്രമേയം പാസ്സാക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. പ.): സർ, ആദായനികുതി റഗുലേഷനെ ഭേദപ്പെടുത്തുന്നതിനായി ഒരു ബിൽ ഞാൻ ഹാജരാക്കുന്നു. ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയോടുകൂടി ബില്ലിനെ ഗസററിൽ പരസ്യം ചെയ്തിരിക്കുന്നു. ബിൽ കൌൺസിലിൽ വായിക്കപ്പെടണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (ദേവ. ജോ. ഇ. ഗ. സി.): ഞാൻ അതിനെ പിന്താങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. പ.): പ്രസ്തുതഭേദഗതിയാൽ സാധിക്കണമെന്നുദ്ദേശിച്ചിരിക്കുന്നതു് ആദായനികുതി റഗുലേഷനിൽ ഉപയോഗിച്ചിട്ടുള്ള 'കൃഷിയാദായം' എന്നുള്ളവാക്യത്തിന്റെ നിർദ്ദേശത്തെസംബന്ധിക്കുന്നു. 'കൃഷിയാദായം' എന്നതിന്റെ അർത്ഥം കൃഷിചെയ്യുന്നവിളവിന്റെ ആദായം എന്നാകുന്നു. സാധാരണ സംഭാഷണരീതിയിൽ അതാണ് അർത്ഥം, എന്നാൽ ആദായനികുതി റഗുലേഷനിൽ 'കൃഷിയാദായം' എന്നതിന്റെ നിർവചനത്തിൽ ചില വിനിയമനങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ട്. വിധിപ്രോക്തമെന്ന് പറയാവുന്ന ഈ നിർവചനത്തിന്റെ പ്രാധാന്യം ഇതിലടങ്ങുന്നു, അതായതു്. റഗുലേഷനിൽ വരുന്ന നിർവചനത്തിലുൾപ്പെടുന്ന 'കൃഷിയാദായം' ആദായനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു. ഒരു കൃഷിവിളവിൽനിന്നുള്ള ആദായം നേരെ നിലത്തിൽനിന്നാകുന്നു. നിലത്തോ സാധാരണയായി ഭൂനികുതി ചുമത്തപ്പെടുന്നതാകുന്നു. ആ നികുതി, നിലത്തെ കൃഷിയ്ക്കായ ആവശ്യങ്ങൾക്കായിട്ട് ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിൽ നിന്നു ലഭിക്കാവുന്ന ആദായത്തിന്റെ നിശ്ചിതമായ ഒരു സമ്മിതിയാകുന്നു. ആദായനികുതി റഗുലേഷൻ സംബന്ധിച്ചിടത്തോളം നികുതിചുമത്തണമെന്നുദ്ദേശിക്കുമ്പോൾ, മുമ്പുതന്നെ ഭൂനികുതിക്കധീനമായ നിലങ്ങളിന്മേൽ നികുതി ചുമത്തിക്കൂടാ എന്നു് കരുതൽ എടുക്കുന്നുണ്ട്. നേരെമറിച്ച്, നിലത്തിനു ഭൂനികുതിഇല്ലെങ്കിൽ, ആ നിലത്തിൽ നിന്ന് ലഭ്യമായ ആദായത്തിന്മേൽ ആദായനികുതി ചുമത്തുന്നതിനുദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഭൂനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്ന നിലങ്ങളിന്മേൽ ആദായനികുതി ചുമത്തേണ്ടതാണെന്നുള്ള തത്വം ആദായനികുതി വിഷയത്തിൽ സ്വീകൃതമായിരിക്കുന്നു. അതാകുന്നു ബ്രിട്ടീഷ് ഇൻഡ്യയിലെനിയമം.

മി: കെ. കെ. തോമസ് (കോട്ടയം): ജെമിന്മാരന്മാരുടെ നിലങ്ങൾ ഭൂനികുതി ചുമത്തപ്പെട്ടവയാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സർക്കാർ വക്കീൽ.): അവ നികുതിചുമത്തപ്പെട്ടവയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അവർ ഗവണ്മെന്റിലേക്കു വല്ല ഭൂനികുതിയും കൊടുത്തുവരുന്നില്ലെങ്കിൽ ആ നിലങ്ങളിന്മേൽ നികുതിചുമത്തുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ജെമിന്മാരന്മാരും കുടിയാന്മാരും പ്രത്യേകം പ്രത്യേകം നികുതിചുമത്തപ്പെടുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): എനിക്കുപറയാൻ സാധിക്കുകയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ജെമിന്മാർക്ക ഗവർമ്മെന്റിലേക്ക് അടയ്ക്കേണ്ടിയ പാട്ടം ലഭിക്കുന്ന അവസ്ഥയ്ക്ക് എന്താണ് ചെയ്തുവരുന്നതു് എന്നു അറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ആ സ്ഥിതിക്ക്, നിലത്തിൽനിന്നുള്ള ആദായം ആദായനികുതിയിൽനിന്നു ഒഴിവാക്കപ്പെട്ടിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈവക ഭൂമികളെപ്പററി നിങ്ങൾ എന്തുപറയുന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഞാൻ അതിലേക്ക് വരികയാണ്, നമ്മുടെ റഗുലേഷനിലുള്ള നിർവചനത്തിന്റെ അടിയിൽകിടക്കുന്ന തത്വവും മുൻപറഞ്ഞതിനോട് അനുരൂപമായിരിക്കുന്നു; കാരണം ൨-ാം വകുപ്പിലുള്ള കൃഷിയാദായം എന്നവാക്കിന്റെ നിർവചനത്തിൽനിന്നു കാണുന്നതു് ഭൂമി ഗവണ്മെന്റിലേക്കു മുമ്പുതന്നെ നികുതികൊടുത്തുവരുന്ന ഭൂമിയായിരിക്കണം എന്നാകുന്നു. നിർവചനം താഴെ പറയുന്നതാകുന്നു:

"കൃഷിയാദായം എന്നുവച്ചാൽ കൃഷിആവശ്യങ്ങൾക്കുപയോഗപ്പെടുത്തുന്നതും, ഒന്നുകിൽ ഭൂനികുതിചുമത്തപ്പെട്ടതോ അല്ലെങ്കിൽ ഗവർമ്മെന്റിനായിട്ടും ഗവർമ്മെന്റിനുവേണ്ടി, നമ്മുടെ ഗവർമ്മെന്റുദ്യോഗസ്ഥന്മാരാൽ ആ നിലയിൽ ചുമത്തപ്പെടുന്നതും വാങ്ങപ്പെടുന്നതും ആയഭൂമിയിൽനിന്നു ലഭിച്ചുവരുന്ന വല്ല പാട്ടമോ കരമോ ആകുന്നു എന്നർത്ഥമാകുന്നു."

അപ്രകാരം നിലത്തിൽ നിന്നുമുള്ള ആദായം ആദായനികുതിയിൽ, നിന്നൊഴിവാക്കപ്പെടുന്നെങ്കിൽ, ആ നിലം മുമ്പുതന്നെ ഭൂനികുതികൊടുത്തുവരുന്നതായിരിക്കണം.

എങ്ങിനെ ആയാലും, നിർവചനത്തിന്റെ പിന്നീടുവരുന്ന ഭാഗത്തിൽ നിന്നും, അതായതു്, കൃഷിചെയ്യപ്പെടുന്ന നിലങ്ങളിൽ നിന്നുള്ള മററിനങ്ങളിലുള്ള ആദായത്തിന്റെ നിർവചനത്തിൽനിന്നും കാണാവുന്നതു്, ൧-ാം ഖണ്ഡികയിലെന്നപോലെ, നിലം ഭൂനികുതികൊടുക്കുന്ന ഒന്നായിരിക്കണമെന്ന് സ്പഷ്ടമായി പറഞ്ഞിട്ടില്ല. അതുകൊണ്ട് ഈ നിയന്ത്രണം, അതായതു്, നിലം മുമ്പുതന്നെ ഭൂനികുതി കൊടുക്കുന്നഒന്നായിരിക്കണമെന്നുള്ളതു് കരമോ പാട്ടമോ അല്ലാതെ, കൃഷിചെയ്യപ്പെടുന്ന നിലത്തിൽനിന്നുള്ള ആദായത്തെ സംബന്ധിക്കുന്നതായ നിർവചനത്തിന്റെ ആ ഭാഗത്തിനു പററുന്നതല്ല. ഈ റഗുലേഷന്റെ ഉദ്ദേശം, ഏതു നിലത്തിന്റെയും വിഷയത്തിൽ, അതിൽനിന്നുള്ള ആദായം ആദായനികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നെങ്കിൽ, ആ നിലം ഭൂനികുതി കൊടുക്കുന്ന ഒന്നായിരിക്കണമെന്ന് സ്പഷ്ടമാക്കുന്നതിനാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആ ഭാഗം ആലോചനാപൂർവ്വമായി അങ്ങിനെ വാക്കുകളുപയോഗിച്ചിട്ടുള്ളതല്ലയോ എന്നു് അറിഞ്ഞാൽകൊള്ളാം.

മി: ക[illegible] പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഞാൻ അതിനെപ്പററിപ്പറയാം. കൃഷി യാദായത്തിന്റെ നിർവചനത്തിന് ആദായനികുതി കൊടുക്കേണ്ടിയ അർഹതയോടു [illegible] ഫലമായ [illegible] യാദായത്തിന്റെ നിർവചനത്തിന് [illegible] ന്ധമുള്ളതാകുന്നു. അതുകൊണ്ടു [illegible] ആദായങ്ങളെ കൃഷിയാദായ [illegible] ഒഴിവാക്കുവാൻ ശ്രമിക്കുന്നതു കരം കൊടുക്കുന്ന ആളിന്റെ നോട്ടമായിരിക്കും. [illegible] ള്ള വരുമാനം കൃഷിയാദായത്തിൽനിന്നും ഒഴിവാക്കുന്നതു [illegible] ആദായങ്ങളെ [illegible] ട്ടമായിരിക്കുമെന്ന് ഞാൻ പറയാം. അതുകൊണ്ട് ഈ ബില്ലിലെ [illegible] പ്രായോഗികമായ ഫലത്തെ ഈ [illegible] വ്യവഹിതമായി കാരണമായിത്തീർന്ന സംഭവത്തെ ഞാൻ പറയാം.

മുന്നേക്കൂട്ടിയുള്ള ഒരു തേയില കമ്പനിയുള്ളതും, അതിന്റെ [illegible] നങ്ങളെപ്പോലെ ഭൂനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടു [illegible] വുന്നതുപോലെ തേയില വ്യവസായത്തിൽ നിന്ന് [illegible] കുന്നതല്ല. തേയില, മറ്റു വ്യവസായങ്ങളിൽ നിന്നു [illegible] ടികം കൃഷിചെയ്യുണ്ടാക്കുന്നവയും അതിന്റെ ഇലകൾ യന്ത്രസഹായത്താൽ ഉണക്കി വില്പനക്കു [illegible] യില ആക്കപ്പെടുന്നതും ആകുന്നു. സ്ഥൂലമായി പറയുമ്പോൾ, തേയില വ്യവസായത്തിൽ നിന്നുള്ള ആദായ ത്തിൽ നാലിലൊരു ഭാഗം വ്യവസായശാലയിൽ വന്നതും ശേഷം ഭാഗം കൃഷിത്തൊഴിലിൽ നിന്നുള്ളതും ആകുന്നു. ഈ നാലിലൊന്നു കൃഷിയാദായമല്ലാത്തതുകൊണ്ട് ആദായനികുതിക്കർഹമായുള്ളതാകുന്നു. എന്നാൽ [illegible] ഗമായ നാലിൽ മൂന്നുഭാഗത്തെ സംബന്ധിച്ച് ആദായനികുതിപിരിക്കുന്ന അധികൃതന്മാർ, അതു കൃഷിയുടെ ഫലമായ ആദായമാണെങ്കിലും, അതു കൃഷിചെയ്യുവരുന്ന നിലം ഭൂനികുതി കൊടുക്കുന്നതല്ലെന്നുള്ള [illegible] മേൽ, ആദായനികുതി ചുമത്തുകയുണ്ടായി. കമ്പനിക്കാരോ നിലം [illegible] [illegible] ന്നുള്ളസംഗതി അശേഷം വിസ്മരിച്ചുകൊണ്ട്, ആദായം കൃഷിനിമിത്തമുണ്ടായിട്ടുള്ളതിനാൽ [illegible] ആദായ നികുതിയിൽ നിന്നൊഴിവാക്കപ്പെട്ടതാണെന്ന് വാദിച്ചു.

മി: കെ. കെ. തോമസ് (കോട്ടയം): കമ്പനിക്കാർ സംബന്ധിച്ച [illegible] ടുക്കുന്നുണ്ടോ?

മി: ക[illegible] പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഭൂരിപക്ഷവും അവർ [illegible] ന്നാണ് തോന്നുന്നത്. ആ ചോദ്യം ഇവിടെ അസംഗതമാണ്.

ഹൈക്കോർട്ടു അഭിപ്രായപ്പെട്ടത് നിലം ഭൂനികുതി കൊടുക്കുന്ന ഒന്നായിരിക്കണമെന്നുള്ള [illegible] കൃ ഷി നിമിത്തമുണ്ടാകുന്ന ആദായത്തെസംബന്ധിച്ചുള്ള ഖണ്ഡികയിൽ വ്യക്തമായി പറഞ്ഞിട്ടില്ലാത്തതിനാൽ ക മ്പനിക്കാരുടെ വാദം ശരിയാണെന്നും, അതുകൊണ്ടു പ്രസ്തുത ആദായം നികുതിചുമത്തുന്നതിനർഹമല്ലെന്നു എന്നും ആകുന്നു. അതുകൊണ്ടാകുന്നു, ഗവർമെന്റു ഈ ഭേദഗതിയുംകൊണ്ടു ഈ സഭയിൽ വന്നിട്ടുള്ളതു്.

ആ ഖണ്ഡിക ആലോചനാപൂർവം അപ്രകാരം വാക്കുകളുപയോഗിച്ചിട്ടുള്ളതല്ലെ എന്നു മി: മാത്യു ചോദി ക്കുകയുണ്ടായി. പക്ഷെ, മി: മാത്യുവിന്റെ മനസ്സിലുണ്ടായിരുന്നതു് ഈ സഭ ആദായനികുതി റെഗുലേഷനെ ഭേദപ്പെടുത്തിയതു് നന്നല്ലെന്നു, അതായതു കഴിഞ്ഞ [illegible] വസ്തുതയും കൂടിയായിരുന്നു റെഗുലേഷനെ കഴിഞ്ഞസഭയിൽ ഭേദപ്പെടുത്തിയതിനു പിന്നെ ഇത്രവേഗത്തിലാണ് റെഗുലേഷന്റെ ഈ ഭേദഗതി സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു് എന്നസംഗതി, സംശയം കൂടാതെ [illegible] ട്ടുള്ളതാണ്. എന്നാൽ ഈ ഭേദഗതി ഇത്രവേഗത്തിൽ കൊണ്ടുവരുന്നതിനു ഗവൺമെന്റിനെ പ്രേരിപ്പിച്ചതായ ബലമായകാരണങ്ങളുണ്ട്. ആദായനികുതി റെഗുലേഷനിൽ വരുന്ന കൃഷിയാദായത്തിന്റെ നിർവചനത്തി നു കൊടുക്കേണ്ടതായ അർത്ഥത്തെ കുറിച്ചുള്ള ഹൈക്കോർട്ടിന്റെ വിധിനിമിത്തം, ഗവൺമെന്റ് [illegible] ന്ധമായിട്ട് ഭീമമായ നഷ്ടം സഹിക്കേണ്ടിവന്നു. കൃഷിയാദായത്തിൽ നിന്നു ലഭ്യമായ ആദായനികുതിയുടെ [illegible] പത്തിൽ രണ്ടോ മൂന്നോ ലക്ഷം രൂപയുടെ നഷ്ടം ഗവൺമെന്റിനു ഇതുവരെയുണ്ടായിട്ടുണ്ട്. അതു കൂ ടാതെ, പക്ഷെ, മുമ്പുതന്നെ പിരിച്ചിട്ടുള്ളതായ ഉദ്ദേശം ഒരുലക്ഷം രൂപയോളം ഗവൺമെന്റു മടക്കി കൊടുക്കേണ്ടതായും ഉണ്ട്. മേലാലും ഹൈക്കോർട്ടിന്റെ വിധിനിമിത്തം ഒന്നോരണ്ടോ ലക്ഷമോ, [illegible] ട്ടതോ രൂപയുടെ നഷ്ടം വർഷംതോറും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമാകുന്നു. ഈ സഭയോടു നിയമം ഭേദപ്പെടുത്തുന്നതിനായിട്ട് ഇത്രവേഗത്തിൽ ഗവൺമെന്റ് ആവശ്യപ്പെടുന്നതിനു [illegible] കാരണമാ ണെന്ന് സഭ വിചാരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാൻ അവതരിപ്പിക്കുന്നതിനുദ്ദേശിക്കുന്ന നിർവചനം നൂതനമല്ലെന്നുള്ള സംഗതിയും ഞാൻ സഭയുടെ ദൃഷ്ടി ക്കു വിഷയീഭവിപ്പിക്കാം. അതു് ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിലും, മൈസൂർ റെഗുലേഷനിലും കൂടെ [illegible] ണ്ട്. ഈ ഇടവകകൾ ഗവൺമെന്റിലേക്ക് ആദായനികുതി കൊടുക്കുന്നില്ലെന്നുള്ള ഒരു ചോദ്യം ചോദിക്കപ്പെട്ടേക്കാം. ഞാൻ അവതരിപ്പിക്കുന്നതിനുദ്ദേശിക്കുന്ന വ്യവസ്ഥ ഇടവകത്തമ്പുരാനെയോ [illegible] നെയോ ബാധിക്കു ന്നതല്ല എന്ന് ഇതു് സംബന്ധിച്ചു ഞാൻ പറയാം. അതു് ഇരിക്കുന്നപ്രകാരം തന്നെയും, റെഗുലേഷനിലുൾപ്പെ ന്നതാണ്. താഴെ പറഞ്ഞിരിക്കുന്നപ്രകാരമുള്ള കൃഷിയാദായത്തിന്റെ നിർവചനത്തിന്റെ ആദ്യത്തെ ഭാഗത്തു നിന്നു ഇതു് സ്പഷ്ടമാകുന്നു.

"(എ) കൃഷി ആവശ്യങ്ങൾക്കുപയോഗിച്ചുവരുന്നതും, ഒന്നുകിൽ ഭൂനികുതിചുമത്തപ്പെട്ടതോ അല്ലെങ്കിൽ പ്രാദേശികമായ കരത്തിനധീനമോ ആയ നിലത്തിൽ നിന്നും ഉള്ള വല്ല പാട്ടമോ കരമോ."

ഇടവകത്തമ്പുരാന്റെ ആദായം [illegible] കരമോ പാട്ടമോ ആകുന്നു. അതിനാൽ നിലം ഭൂനികുതി കൊടുക്കുന്നില്ലാത്തതുകൊണ്ട്, അതു ഈ റെഗുലേഷന്റെ പരിധിയിലാണ് ഇപ്പോൾ തന്നെയും ഇരിക്കുന്നതു. ഉൽക്ഷേപിക്കപ്പെട്ട വേറൊരു സംഗതി കൃഷിക്കാർക്ക് ഇതു് ബാധകമായി വരികയില്ലെന്നാണ്. [illegible] അതു് ഈ സഭയാൽ പര്യാലോചിക്കപ്പെടേണ്ട ഒരു സംഗതിയാണ്. ആ സംഗതിയെസംബന്ധിച്ചു ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നതു്, ആദായനികുതി റെഗുലേഷൻ ധനികന്മാരെ അല്ലാതെ സാധുക്കളെ ബാധിക്കാതിരിക്കുന്നതുകൊണ്ട്, വാസ്തവത്തിൽ നിലം കൃഷി ചെയ്യുന്നവരായ സാധാരണക്കാരെ ഈ ഭേദഗതിബാധിക്കുന്നതല്ല എന്നാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): കുടിയാന്മാരുടെ ഇടയിൽ ഒരു ധനിക വർഗ്ഗം ഉണ്ടായിരിക്കുമെങ്കിൽ ഈ ഭേദഗതി അവരെ ബാധിക്കയില്ലെന്ന് വരുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): ആണ്ടൊന്നുക്കു ൨൦൦൦ ഉറുപ്പികയിൽ കുറവുള്ള ആദായങ്ങളിന്മേൽ ആദായനികുതി ചുമത്തപ്പെടുന്നില്ല. സാധാരണയായി വാസ്തവത്തിൽ കൃഷിചെയ്യുന്ന ആളുകൾ ൨൦൦൦ ഉറുപ്പികയോളം ആണ്ടൊന്നുക്കു സമ്പാദിക്കുന്നില്ല, അതിനാൽ, വാസ്തവത്തിൽ, കൃഷിക്കാരായവരെ ഈ ഭേദഗതി പ്രായോഗികമായി ബാധിക്കുന്നതല്ല. എന്നാൽ വളരെ മുതൽമുടക്കി വലുതായ തോതിൽ കൃഷി നടത്തുന്നവരായ സമ്പാദ്യമുള്ള കൃഷിക്കാരെ—അങ്ങിനെ അവരെ പറയുന്നതായിരുന്നാൽ—അതു ബാധിക്കുന്നതായിരിക്കും.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ധനവ്യയസംബന്ധമായി പരീക്ഷയാണെങ്കിൽ കൂടുതൽ ഫലപ്രദമായ വലുതായതോതിലുള്ള കൃഷിവ്യവസായത്തെ ഭേദഗതി ദുഷ്ടമായി ബാധിക്കുന്നതാണെന്ന് മെമ്പർക്ക് ബോദ്ധ്യപ്പെടുന്നുവൊ? ഇന്നത്തെ ലോകാഭിപ്രായം ഭൂസ്വത്തുക്കളെ ചെറിയ ചെറിയ കഷണങ്ങളായി ഭാഗിക്കുന്നതിന് എതിരാണെന്ന് അദ്ദേഹം അറിയുന്നുണ്ടൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.) ആ സംഗതിയിൽ മെമ്പരുടെ സ്ഥിരപ്രതിജ്ഞയെ ഞാൻ സ്വീകരിക്കാം. എന്നാൽ അതു വിഷയത്തെ ബാധിക്കുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ലോകാഭിപ്രായം വലുതായ തോതിലുള്ള കൃഷിസമ്പ്രദായത്തെ അനുകൂലമാണെന്ന് മെമ്പർക്കറിയാമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): ലോകാഭിപ്രായം വലുതായ തോതിലുള്ള കൃഷിസമ്പ്രദായത്തെ അനുകൂലിക്കുന്നുണ്ടെന്ന് സമ്മതിക്കുന്നതിന് തോന്നുന്നില്ല. ഏതാനും അളവിൽ ലോകാഭിപ്രായം വലുതായ തോതിൽ കൃഷിനടത്തുന്ന സമ്പ്രദായത്തെ അനുകൂലിക്കുന്നുണ്ടായിരിക്കാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആണ്ടിൽ ൨൦൦൦ ഉറുപ്പിക ആദായം കിട്ടുന്നത് വളരെ വളരെ വലുതായ ആദായമാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): തിരുവിതാംകോട്ടിന്റെ സ്ഥിതിഗതികളെ ആലോചിച്ചു വെറും കൃഷിപ്രയത്നത്തിൽനിന്നു ൨൦൦൦ ഉറുപ്പിക ആണ്ടൊന്നുക്ക് ആദായമുണ്ടാക്കുന്നത് വേണ്ടിടത്തോളം വലുതായ ആദായമാണെന്ന് ഞാൻ വിചാരിക്കേണ്ടിയിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ടും): ഒരു നിയമം നിർമ്മിക്കുന്ന വിഷയത്തിൽ അങ്ങിനെയുള്ള ഒരു ധാരണയിന്മേൽ പുറപ്പെടുന്നതു ക്ഷേമകരമാണൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): നാം തിരുവിതാംകോട്ടിലെ അവസ്ഥകൾ നോക്കി സഭ ഒഴിവാക്കാൻ ആഗ്രഹിക്കുന്ന ആളുകളെ നിയമം വാസ്തവത്തിൽ ബാധിക്കുന്നുണ്ടൊ എന്നാലോചിക്കേണ്ടിയിരിക്കുന്നു. നേരെ മറിച്ച്, തെങ്ങും നെല്ലുംപോലെയുള്ള പ്രത്യേകവിളവുകൾ കൃഷിചെയ്യുന്നവരെ സഭ ഒഴിവാക്കുന്നതിനാവശ്യപ്പെടുകയും, ൨൦൦൦ ഉറുപ്പികയിൽ കവിഞ്ഞുള്ള ആദായം ആണ്ടൊന്നുക്ക കിട്ടുന്നതായി ധാരാളം എണ്ണം ആളുകൾ അങ്ങിനെയുള്ള കൃഷിക്കാരുണ്ടായിരിക്കയും ചെയ്യുന്നെങ്കിൽ, റഗുലേഷൻ ൪൩-ാം വകുപ്പുപ്രകാരം അങ്ങിനെയുള്ളവരെ ഒഴിവാക്കുന്നതിനുള്ള അധികാരം ഗവർമ്മെന്റിനുണ്ട്. ൪൩-ാം വകുപ്പു പറയുന്നതിപ്രകാരമാണ്;

"നമ്മുടെ ഗവർമ്മെന്റ് നമ്മുടെ ഗവർമ്മെന്റു ഗസറ്റിൽ ചെയ്യുന്ന ഒരു പരസ്യത്തിൽ, ആദായനികുതി സംബന്ധിച്ച് ഏതുവിധമായ ആദായത്തിന്റേയൊ ഏതുതരക്കാരായ ആളുകളുടേയും മുഴുവൻ ആദായത്തെയൊ, അതിലെ ഏതുഭാഗത്തേയൊ അനുകൂലമായി ഒഴിവാക്കുകയൊ, നിരക്കിൽ കുറവു വരുത്തുകയൊ ചെയ്യാവുന്നതാണ്."

ഞാൻ മുമ്പെ സമർപ്പിച്ചിട്ടുള്ളതുപോലെ, നിലം കൃഷി ചെയ്യുന്ന സാധാരണ കൃഷിക്കാരെ ഉദ്ദേശിച്ച് ഈ ഭേദഗതി ബാധിക്കുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): മെമ്പർ ദയവുചെയ്തു അതു വിവരിച്ചു പറയുമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): സാധാരണക്കാരായ കൃഷിക്കാർക്ക് കൃഷിത്തൊഴിലിൽ നിന്ന് ആണ്ടൊന്നുക്ക് ൨൦൦൦ ഉറുപ്പികയൊ അധികമൊ ആയ ആദായം കിട്ടുന്നതുപതിവല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഒഴിവാക്കുന്നതിനധികാരം നൽകുന്ന ഖണ്ഡികയെ സംബന്ധിച്ച് മെമ്പർ പറഞ്ഞിട്ടുള്ളത് ഗവർമ്മെന്റിന് ഏതുതരം തരക്കാരായ കൃഷിക്കാരെ ഒഴിവാക്കാവുന്നതാണെന്നത്രെ. അതു ഇടവകകളെ ഏതുപ്രകാരത്തിൽ സഹായിക്കുമെന്ന് ഇനിക്കു അറിയേണ്ട ആവശ്യമുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): അതു ഇടവകകളെ സഹായിക്കുമെന്നു ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞതു് പല്ല തരം കൃഷിക്കാരേയും, ഉദാഹരണം നെൽകൃഷിക്കാരെ ആദായനികുതി കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കപ്പെടുന്നതിനു അർഹതയുള്ളവരാണെന്നു ഗവർമ്മെന്റു വിചാരിച്ചെങ്കിൽ, അപ്രകാരം ചെയ്യുന്നതിനുള്ള അധികാരം ഗവർമ്മെന്റിനുണ്ട് എന്നായിരുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): യാതൊരു വൃത്തിയിലും രണ്ടുനികുതികൾ കൊടുക്കേണ്ടി വരികയില്ലെന്ന് ഞങ്ങൾ മനസിലാക്കണമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹോ. സ. വ.): അതെ, മെമ്പർക്ക് അങ്ങിനെ മനസ്സിലാക്കാം. എന്നാൽ എന്തെങ്കിലും നികുതി ഗവർമ്മെന്റിനു കൊടുക്കേണ്ടതാണ്. ഗവർമ്മെന്റിന് കൊടുക്കേണ്ടതായ ഭൂനികുതി നിലത്തിൽനിന്ന് ലഭ്യമായ ആദായത്തിൽ ഒരു നിയതപരിമാണമായിട്ടിരിക്കുന്നു. അതു് ഗവർമ്മെന്റ് മുതലെടുപ്പിലേക്ക നിലത്തിന്റെ ആദായത്തിൽനിന്ന് നേരെകൊടുക്കുന്ന ഒരു തുകയത്രെ. ആദായനികുതിയും ആദായത്തിൽനിന്നു നേരെയുള്ള ഒരു ഒത്താംശമാകുന്നു. ഒരു നിലത്തിനു ഭൂനികുതി എന്നരൂപത്തിൽ നേരെയുള്ള ഒത്താംശം കൊടുത്തുവരുന്നുണ്ടെങ്കിൽ, അതിൽ നിന്നുള്ള ആദായത്തിന്മേൽ ആദായനികുതി കൊടുക്കേണ്ടതായി വരികയില്ല. എങ്ങിനെയെങ്കിലും, ഒരു പ്രത്യേകനിലത്തിനു ഭൂനികുതിരൂപത്തിൽ ഗവർമ്മെ

ന്റിലേക്ക വല്ല നികുതിയും അതിന്റെ ആദായത്തിൽനിന്ന കൊടുത്തുവരുന്നില്ലെങ്കിൽ, അപ്രകാരമുള്ള നിലത്തിൽനിന്നുള്ള ആദായത്തിന്മേൽ ആദായനികുതി ചുമത്തേണ്ടതായിവരുന്നത് ന്യായാനുസൃതമായിട്ടുള്ളതുമാത്രമാകുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്ക്): ഇടവകകളിലുള്ള കൃഷിക്കാർ ഇടവകത്തമ്പുരാക്കന്മാൎക്ക ഭൂനികുതി കൊടുത്തുവരുന്നുണ്ട്. ആ ഭൂമികളിന്മേൽ ഇരട്ടിക്കരം ചുമത്തുന്നതായിരിക്കുമോ?

മി: കല്ലാലംപരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ): അങ്ങിനെ ചെയ്യപ്പെടുന്നതല്ല. അവർ ഗവർമ്മെൻറിലേക്ക് ഭൂനികുതി കൊടുത്തുവരുന്നില്ല.

മി: കെ. സി. മാമ്മൻ മാപ്പിള (വാണിജ്യവും വ്യവസായവും-വടക്ക്): ഇടവക കുടിയാന്മാർ ജനങ്ങളും ഗവൎമ്മെൻറിലേക്ക കൊടുക്കുന്ന ഭൂനികുതിക്കൊത്തതായ നികുതി തമ്പുരാക്കന്മാൎക്ക കൊടുക്കുകയാണ് ചെയ്തുവരുന്നത്.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): കൊള്ളാം, അവർ പാട്ടമായിട്ടാണ് നികുതിയായിട്ടല്ല കൊടുത്തുവരുന്നത്. ഏതു വൃത്തിയിലും, അതു അവർ ഗവർമ്മെൻറിലേക്ക് കൊടുക്കുന്നതായ നികുതിആയിരിക്കുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഗവർമ്മെൻറിന്റെ കുടിയാന്മാരുടെ പേരിൽ, ഗവർമ്മെൻറിലേക്ക കൊടുക്കേണ്ടതായ ഭൂനികുതികഴിച്ചുള്ള തങ്ങളുടെ കൃഷി ആദായത്തിന്മേൽ ആദായനികുതി ചുമത്തിവരുന്നുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഗവർമ്മെൻറിലേക്ക ഭൂനികുതി അടയ്ക്കുന്നതിനർഹങ്ങളായ ഭൂമികളിൽനിന്നുള്ള ആദായത്തിന്ന ആദായനികുതി അശേഷം ഇല്ലതന്നെ. അതിനാൽ ആ ചോദ്യം അസംഗതമാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇടവക കുടിയാന്മാർ തങ്ങളുടെ ആദായത്തിൽനിന്ന് അതിന്മേൽ ആദായനികുതി ചുമത്തപ്പെടുന്നതിനുമുമ്പായി, തങ്ങളുടെ തമ്പുരാക്കന്മാൎക്ക് കൊടുത്തുവരുന്ന പാട്ടം കുറയ്ക്കപ്പെടാമെന്നുള്ള സംഗതിനിമിത്തം വല്ലതെ ക്ലേശപ്പെടുന്നില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മി: കല്ലാലംപരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ റെഗുലേഷന്റെ അക്ഷരത്തിന്ന കീഴ്പെടുന്നതായിരിക്കുമെങ്കിലും, വാസ്തവത്തിൽ അതു അവരെ തീരെ ബാധിക്കുന്നില്ലെന്ന് ഞാൻ പറയാം; കാരണം സാധാരണയായി, അവൎക്ക് ആണ്ടൊന്നുക്ക് ൨൦൦൦ രൂപായിൽ കവിഞ്ഞ ആദായമല്ല കിട്ടിവരുന്നത്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആണ്ടൊന്നുക്ക് ൨൦൦൦ രൂപായിൽ കവിഞ്ഞതായ ആദായംകിട്ടുന്ന കുടിയാന്മാരുടെ ഒരുപട്ടിക ഗവർമ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): തിരുവിതാംകോട്ടുള്ള അവസ്ഥാനങ്ങളെപ്പറ്റിയുള്ള അറിവിൽനിന്ന് ഒരാൾക്ക ഏറെക്കുറെ അപ്രകാരം സങ്കല്പിക്കാവുന്നതാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എന്തടിസ്ഥാനത്തിന്മേലാണ് ബ. മെമ്പർ അപ്രകാരമുള്ള പ്രസ്താവനകൾ ചെയ്യുന്നത്?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): രാജ്യത്തിൽ ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്നതിന് അവസരങ്ങൾ കിട്ടീട്ടുള്ള കാര്യനിർവഹണഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടീട്ടുള്ള സാമാന്യമറിവിന്മേലത്രെ.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അപ്രകാരം വല്ലരേഖാമൂലമായ അഭിപ്രായവുമുണ്ടായിട്ടുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്ന നിർവഹണ ഉദ്യോഗസ്ഥന്മാരിൽനിന്ന് ഏതുപ്രകാരത്തിലാണ് എനിക്ക അറിവുകിട്ടീട്ടുള്ളത് എന്നതിനെപ്പറ്റി മെമ്പർ അങ്ങിനെ ചോദ്യംചെയ്യുന്നത് വിഹിതമല്ലെന്ന ഞാൻ വിചാരിക്കുന്നു. ഇടവകകളിലുള്ള കുടിയാന്മാർ ആണ്ടേതോറും ൨൦൦൦ രൂപായിൽ കവിഞ്ഞ ആദായം കിട്ടുന്നതിന കഴിവുള്ള സ്ഥിതിയിലുള്ളവരല്ലെന്ന് ഞാൻ വിചാരിക്കുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും—വടക്ക്): ഇടവകഭൂമികളിൽ തെങ്ങിന്റെയും മുളകിന്റെയും വിളവുകളിൽനിന്നും ആണ്ടേതോറും ൨൦൦൦ രൂപായിൽകവിഞ്ഞ ആദായമുണ്ടാകുന്നവരുണ്ടെന്നാണ് ഞാൻവിചാരിക്കുന്നത്. മി: മാത്യുതന്നെ അങ്ങിനെയുള്ളവരിൽ ഒരാളാണെന്ന് ഞാൻ വിചാരിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അല്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഭേദഗതിമൂലം വരുത്തുന്നതിന ശ്രമിക്കുന്നതായ അന്തരവും അതിന്റെ പ്രായോഗികമായ ഫലവും ഗവർമ്മെൻറിലേക്ക യാതൊന്നും കൊടുത്തു വരുന്നില്ലാത്ത ഭൂമികളിൽനിന്ന് വലുതായ ആദായങ്ങളെടുത്തുവരുന്ന വലിയ ജന്മിമാരായ കൃഷിക്കാരുടെമേൽ നികുതി ചുമത്തുന്നതു മാത്രമായിരിക്കുമെന്ന് സഭ കരുതേണ്ടതാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): കുടിയാന്മാർ ഇടവകത്തമ്പുരാക്കന്മാൎക്ക കൊടുത്തുവരുന്ന പാട്ടമോ നികുതിയോ ഗവർമ്മെൻറിൽനിന്നും നിശ്ചയിച്ചതോ, അതൊ കുടിയാന്മാരും തമ്പുരാക്കന്മാരും തമ്മിൽ ഉണ്ടായിട്ടുള്ള ഒരു ഉടമ്പടിയുടെ സംഗതിമാത്രമേ ആയിരിക്കുന്നുള്ളോ എന്ന് മി: കല്ലാലം പരമേശ്വരൻപിള്ളയിൽനിന്ന് അറിഞ്ഞുകൊള്ളട്ടെയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): സാധാരണയായി പറയുന്നെങ്കിൽ, അതു കുടിയാന്മാരും തമ്പുരാക്കന്മാരും തമ്മിൽ ഉണ്ടായിട്ടുള്ള ഒരു ഉടമ്പടിയുടെ സംഗതിമാത്രമാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ റെഗുലേഷൻ ശ്രീപാദംഭൂമികൾക്ക ബാധകമോ എന്ന് അറിഞ്ഞാൽകൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): പൊട്ടന്നനവെ ഇനിക്കു അതിനു മറുപ ടിപറയാൻ കഴിയുന്നതല്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആദായം രാജകുടുംബാംഗങ്ങൾക്കു ദേവൽ ചേരുന്നഭൂ മികളെപ്പററിയാണ് ഞാൻ പറയുന്നത്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ശ്രീപാദഭൂമികളെപ്പററിയുള്ള വിമർശ നങ്ങൾ അനുവദിക്കത്തക്കതല്ലെന്ന് ഞാൻ വിചാരിക്കുന്നു.

ഡിപ്പ്യൂട്ടിപ്രസിഡെൻറ്: അതിനുംപുറമെ, അവ ആദായനികുതിക്കർഹങ്ങളാണെന്ന് ഞാൻ വിചാര ക്കുന്നില്ല. ഏതായാലും ഗവർണ്മെൻറ് ഉദ്ദേശിച്ചിട്ടില്ലാത്ത കാര്യങ്ങളെ നിങ്ങൾ എന്തിനാണ് വലിച്ചുകൊണ്ടു വരുന്നത്?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): സഭയുടെ ദൃഷ്ടിക്ക് ഞാൻ പ്രധാനമായി വിഷയീഭവിപ്പിക്കുന്നതിനാവശ്യപ്പെടുന്നത്, ഈ ഭേദഗതി സാക്ഷാൽ ബാധിക്കുന്നത് ഗവർണ്മെൻറിലേക്കു യാതൊന്നും കൊടുക്കാതെ ഭൂമികളിൽനിന്ന് വലുതായ ആദായങ്ങൾ ലഭിച്ചുവരുന്ന മുതലാളികൃഷിക്കാർ മാത്രമാ യിരിക്കുമെന്നാകുന്നു.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തങ്ങൾ തമ്പുരാക്കന്മാർക്ക് വല്ലതും കൊടുത്തുവരുന്നതുകൊണ്ട് തങ്ങളുടെ ഭൂമികൾ ഇപ്പോൾതന്നെ ഗവണ്മെൻറിനു നികുതികൊടുക്കുന്നവയാണെന്ന് പിന്നെയും അവക്കു വാദിക്കാൻ കഴിയുകയില്ലെ? ഹൈക്കോർട്ടിൽനിന്നും അവരിപ്പോൾ ചെയ്തിരിക്കുന്നതുപോ ലെ പിന്നെയും നിർവചനാത്ത വ്യാഖ്യാനിക്കുകയില്ലെന്ന് ഞാൻ അറിയുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): നികുതി ഗവർണ്മെൻറിലേക്കാണ് ഒടുക്കേ ണ്ടത്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇടവകതമ്പുരാക്കന്മാർ ഗവർണ്മെ ൻറിലേക്കു നികുതികൊടുത്തുവരുന്നുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഇല്ല. ഉദാഹരണമായി, പൂഞ്ഞാററിൽത മ്പുരാൻ യാതൊരുനികുതിയും ഗവർണ്മെൻറിലേക്ക് കൊടുത്തുവരുന്നില്ല. അദ്ദേഹത്തിനു ലഭിക്കുന്ന ആദായത്തി ന്മേൽ ആദായനികുതി ചുമത്തപ്പെടുന്നതിനർഹതയുള്ളയാളുമാകുന്നു.

മി: ജി. രാമൻ മേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെയുള്ള ഭൂമി ഇപ്പോൾതന്നെ നികുതിചുമത്തപ്പെട്ടുവരുന്നവയാണെന്ന് അവക്കു പറയാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഭൂമിയല്ല നികുതിചുമത്തപ്പെടുന്നത്, ഭൂ മികളിൽനിന്നു ലഭിക്കാവുന്ന കൃഷി ആദായമത്രെ നികുതിചുമത്തപ്പെടുന്നത്. ഇപ്പോഴത്തെ ഭേദഗതി തമ്പുരാ ക്കന്മാരെ ബാധിക്കുന്നില്ല. അവർ ഇപ്പോൾതന്നെ ആദായനികുതി റഗുലേഷന്റെ സീമയിലുൾപ്പെട്ടവയാണ്. ഞാൻമുമ്പുതന്നെ സമർപ്പിച്ചിട്ടുള്ളതുപോലെ, സാധാരണക്കാരനായ കൃഷിക്കാരൻ ഈ നൂതനനിയമത്താൽ ബാധി തനാകുന്നതിനു ഇടയുണ്ടാകുന്നതല്ല: കാരണം സാധാരണയായി അവക്ക് ആണ്ടൊന്നുക്കു ൨൦൦൦ രൂപയിൽ അധികരിച്ച ആദായം ലഭിക്കുന്നതായിരിക്കയില്ല. വലിയ മുതലാളി കൃഷിക്കാർ ഗവർണ്മെൻറിലേക്കു ഒന്നുംകൊ ടുക്കാതെ വലുതായ ആദായങ്ങളുണ്ടാകുന്നതുനിമിത്തം വല്ലതും ഗവർണ്മെൻറിലേക്കു കൊടുക്കണമെന്ന് നിർബ ന്ധിക്കുന്നതു ന്യായംമാത്രമാകുന്നു.

മി: എക്സ്. ജി. പോപ്പസ് (ഗ. നി. മെ.): കണ്ടകൃഷി നിലം നടക്കുന്ന ആളുകളെ ഈ ഭേദഗതി ബാധിക്കയില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഇപ്പോൾ നിലവിലിരിക്കുന്ന നിർവചന ത്തിനു റഗുലേഷനിൽ ഒരു വിവരണമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് കണ്ടകൃഷി നിലങ്ങൾ നടക്കുന്ന ആളു കൾ ഗവർണ്മെൻറിലേക്കു ഒടുക്കിവരുന്നപാട്ടം "ഭൂനികുതി" എന്ന വചനത്തിന്റെ അർത്ഥത്തിലുൾപ്പെടുന്നതാകു ന്നു എന്നത്രെ. അതിനാൽ അവർ ആദായനികുതി കൊടുക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): കൃഷിസംബന്ധമായ ധനത്തിലേക്ക് നിലത്തിന്റെ ഇനത്തിൽ കൊടുത്തുവരുന്ന അംശത്തെ സംബന്ധിക്കുന്നിടത്തോളം ഗവർണ്മെൻറ് വകനിലവും ഇടവകനിലവും തമ്മിൽ വല്ലവ്യത്യാസവുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ചോദ്യം ഇനിക്കു നല്ലപോലെ മനസ്സിലാ കാതെയാണിരിക്കുന്നത്.

മി: എൻ. വി. ജോസഫ് (പറവൂർ): കൃഷിയധനത്തിനു സഹായിക്കുന്ന തത്വങ്ങൾ. വേലക്കാരും ഭൂമി യും മൂലധനവും എന്നിവയാണ്. ഭൂമിയിൽനിന്നും കിട്ടുന്ന അംശത്തെ ആലോചിക്കുമ്പോൾ, ഗവർണ്മെൻറ് വകഭൂമിക്കും ഇടവകഭൂമികൾക്കും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഗവർണ്മെൻറ് വക ഭൂമികൾ എന്ന് മെം ബർ പറഞ്ഞതിനു പണ്ടാരപ്പാട്ടഭൂമികൾ എന്നു അദ്ദേഹം അർത്ഥമാക്കുന്നുണ്ടോ?

മി: എൻ. വി. ജോസഫ് (പറവൂർ): ഉണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഞാൻ ഒരു വ്യത്യാസവും കാണുന്നില്ല.

മി: എൻ. വി. ജോസഫ് (പറവൂർ): അപ്പോൾ ഒരിനം ഭൂമിക്കുമാത്രം ആദായനികുതിചുമത്തുന്നത് എ ന്തുകൊണ്ടാണെന്ന് ഞാൻ അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഗവർണ്മെൻറിലേക്കു ഇപ്പോൾതന്നെ ഭൂമി കരംഅടച്ചുവരുന്ന ഭൂമികൾ വാസ്തവത്തിൽ കൃഷിയാദായത്തിൽനിന്നാണ് ഗവർണ്മെൻറ്കരം അടച്ചുവരുന്നതു; കാരണം ഭൂമിയെ കൃഷിആവശ്യങ്ങൾക്കുപയോഗപ്പെടുത്തുന്നതിൽ നിന്നുള്ള ആദായത്തിന്മേലാണ് ഭൂനികുതിക ണക്കാക്കപ്പെടുന്നത്. ആദായത്തിന്മേൽ യാതൊരുവക നികുതിയും ഗവർണ്മെൻറിലേക്കു അടയ്ക്കാത്തനിലങ്ങ ളെ സംബന്ധിച്ച്, അവ ആദായനികുതി അടയ്ക്കുന്നതിനു നിർബന്ധിക്കപ്പെടുന്നതു യുക്ത്യനുസരമാണെന്ന് വിചാരിക്കപ്പെടുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ഈ ഭൂമികൾക്ക് ഇതുവരെ ഭൂനികുതി ചുമത്താതെയിരുന്നതിന്റെ കാരണമെന്താണെന്ന് അറിയേണ്ടിയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അത് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതായ പല അവസ്ഥകൾ നിമിത്തമായിരിക്കാം.

മി: എൻ. വി. ജോസഫ് (പറവൂർ): ഭൂനികുതി കൊടുക്കുന്നതിൽ നിന്ന് ഗവണ്മെന്റ ഈ ഭൂമികളെ ഒഴിവാക്കീട്ടില്ലേ? ഇപ്പോൾ നേരെയല്ലാത്തവിധത്തിൽ അവയ്ക്കു കരം ചുമത്തുന്നതു ന്യായമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അത് ഗുണദോഷത്തെപ്പററിയുള്ള ഒരു സംശയമാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): ഇടവക ഭൂമികളിൽ നിന്ന് ലഭിക്കാവുന്ന കരം തമ്പുരാക്കന്മാരുടെ സ്വാതന്ത്ര്യമായി വിട്ടുകൊടുത്തിരുന്നു. അതിനുപകരമായി ഇപ്പോൾ ഗവണ്മെന്റ അവയിന്മേൽ കരം ചുമത്തുന്നതു നീതീകരിക്കത്തക്കതാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.), ഇടവക തമ്പുരാക്കന്മാരെ ഈ രേഗുലേഷൻ പ്രകാരമല്ല നികുതി ചുമത്തുന്നതു്. ഈ രേഗുലേഷൻ ആ വിഷയത്തെ തീരെ സ്പർശിക്കുന്നതേയില്ല. ഇപ്പോൾ നിലവിലിരിക്കുന്ന നിയമപ്രകാരം പോലും തമ്പുരാക്കന്മാർ അർഹന്മാരാണ്. ഈ സഭ അങ്ങിനെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. ആ നില ഇപ്പോൾ തന്നെ സഭയാൽ അംഗീകരിക്കപ്പെട്ടതായുമിരിക്കുന്നു. അതിനാൽ ആ ചോദ്യം ഇവിടെ ജനിക്കുന്നില്ലെന്ന് ഞാൻ വിചാരിക്കുന്നു. ഗവണ്മെന്റും ഇടവക തമ്പുരാക്കന്മാരും തമ്മിലുണ്ടെന്ന് പറയുന്ന ഉടമ്പടിയുടെ സംഗതി ഇപ്പോൾ തർക്കവിഷയമായിരിക്കുന്ന മുതലാളി കൃഷിക്കാർ തങ്ങൾ അനുഭവിച്ചുപോരുന്ന തൃപ്തികരമായ ഭരണത്തിന്റെ നന്മയെ ഉദ്ദേശിച്ച്, വല്ലതും ഗവണ്മെന്റിലേക്ക കൊടുക്കണമെന്ന് നിർബന്ധിക്കപ്പെടണമെന്നുള്ളതാകുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): പണ്ടാരപ്പാട്ടവസ്തുക്കളുടെ സംഗതിയിൽ ആ തത്വം എന്തുകൊണ്ടാണ് പ്രയോഗിക്കാൻ കഴിയാത്തത്?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അവ ഇപ്പോൾതന്നെ നേരേയുള്ള ഒരു തുകയെ ഭൂനികുതിയെന്ന ഇനത്തിൽ ഗവണ്മെന്റിലേക്ക് കൊടുത്തുവരുന്നുണ്ട്. ഇടവകഭൂമികൾ അങ്ങിനെ ഒരു തുക കൊടുത്തുവരുന്നില്ല.

മി: എൻ. വി. ജോസഫ് (പറവൂർ: അവർചെയ്തിട്ടുണ്ടായിരുന്ന ഉപകാരങ്ങൾക്ക് പ്രതിഫലം ആയി, കരം കൊടുക്കുന്നതിൽ നിന്നു ഗവണ്മെന്റിനാൽ ഒഴിവാക്കപ്പെട്ടിരിക്കുന്നതുകൊണ്ടല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ആ ചോദ്യം ഇപ്പോൾ അസംഗതമാണ്. അവ അന്വേഷണം കഴിച്ചിട്ട് തീർച്ചയാക്കേണ്ട ഒരു സംഗതിയാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു മുതലാളി കൃഷിക്കാരൻ കരം കൊടുക്കുന്നതിനർഹതയുള്ള ഭൂമികൾ പാട്ടത്തിന് വാങ്ങുകയും ആണ്ടൊന്നക്ക് ൨,൦൦൦ രൂപായ്ക്കുമേൽ ആദായമുണ്ടാക്കുകയും ചെയ്യുന്നു എന്നിരിക്കട്ടെ. അയാൾ ആദായനികുതിചുമത്തപ്പെടുന്നതിനർഹനോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അയാൾ അർഹനല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്തുകൊണ്ട്?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഗവണ്മെന്റിന് ആ ഭൂമിയിൽ നിന്നു നേരേയുള്ള ഒരുകരം മുമ്പുതന്നെ കിട്ടിവരുന്നതുകൊണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല). ആരാണ് ആ നികുതി അടയ്ക്കുന്നതു്? ഭൂമിയുടമസ്ഥനോ, അതോ കൃഷിക്കാരനോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഈ രഗുലേഷന്റെ ആവശ്യങ്ങൾക്ക് ആ സംഗതി സാരമായിട്ടുള്ളതല്ല. ഗവണ്മെന്റിനു ആ ഭൂമികളിൽ നിന്നു കരം കിട്ടുന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കരം അടയ്ക്കുന്ന ഏജന്റു വേറൊരാളാണ്. ഇടവകഭൂമികളുടെ സംഗതിയിൽ കൃഷിചെയ്യുന്ന ആളാണ് കരം ചുമത്തപ്പെടുന്നതു്. ഇടവക ഉടമസ്ഥനാണ കരം കൊടുക്കുന്നതിനു ബാദ്ധ്യതപ്പെട്ടയാൾ.

ഡിപ്യൂട്ടിപ്രസിഡെന്റ്: നിങ്ങൾ തർക്കിക്കയാണ് മി: പണിക്കരെ, മി: പരമേശ്വരൻ പിള്ള മുമ്പുതന്നെ നിങ്ങളുടെ ചോദ്യത്തിന് മറുപടി തന്നിട്ടുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇടവകകൾ പകുതിയാംകോടിന്റെ ഭാഗങ്ങൾ അല്ല എന്ന് അറിഞ്ഞുകൊള്ളട്ടെയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അതേ, അവ അങ്ങിനെ തന്നെയാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇടവക കുടിയാന്മാർ തങ്ങളുടെ തമ്പുരാക്കന്മാർക്ക് കരം കൊടുക്കുന്നപതിവ് എങ്ങിനെയുണ്ടായി എന്നുഞാൻ അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.):) കുടിയാന്മാർ തങ്ങളുടെ തമ്പുരാക്കന്മാർക്ക കൊടുക്കുന്നതു് കരമാണെന്നുള്ളനില ഞാൻ സ്വീകരിക്കുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതു് കരമല്ലാതെ പാട്ടമാണെന്നു വിചാരിക്കുന്നെങ്കിൽ അതു് എങ്ങിനെയാണു തമ്പുരാക്കന്മാർക്ക കൊടുക്കുന്ന പതിവു ഉണ്ടായിത്തീർന്നതു് എന്നു മെംബർ അറിയുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ): ഭൂമികൾ കുടിയാന്മാർക്ക വിട്ടുകൊടുത്തിട്ടുള്ളതു് ഉടമ്പടിയിന്മേലാണെന്ന് ഞാൻവിചാരിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഗവണ്മെന്റിന് ഇടവക ഭൂമികളിൽ നിന്നുയാതൊരു കരവും കിട്ടാതെയിരിക്കുന്നതു് എങ്ങിനെയാണ്?

ഡിപ്പ്യൂട്ടിപ്രസിഡൻറ: ഓരോ ഇടവകയ്ക്കും സ്വന്തമായ ചരിത്രമുണ്ട്. അതിനാൽ എല്ലാ ഇടവകകൾക്കും യോജിക്കുന്ന എളുപ്പമായ ഒരു മറുപടി തരുന്നതു സാദ്ധ്യമല്ലായിരിക്കാം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അറിയുന്നതിനാവശ്യപ്പെടുന്നതു ഗവണ്മെൻറു തിരുവിതാംകോട്ടിൻെറ ഈ ഭാഗങ്ങൾ തമ്പുരാക്കന്മാർക്ക് ദാനം ചെയ്തിട്ടുള്ളതല്ലെ എന്നാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അതു പൊടുന്നനവെ മറുപടിപറയത്തക്ക ഒരു ചോദ്യമല്ല, അതു അതതു ഇടവകകളെപ്പറ്റിയുള്ള ചരിത്രവസ്തുതകളുടെ അന്വേഷണവും പരിശോധനയും ആവശ്യപ്പെടുന്ന ഒരു സംഗതിയാണ്. ഞാൻ സഭയുടെ ആലോചനയ്ക്കായി സമർപ്പിക്കുന്നതു തമ്പുരാക്കന്മാരും ഗവണ്മെൻറും തമ്മിലുള്ള ചോദ്യം ഇപ്പോൾ തീരെ അസംഗതമാണെന്നാണ്. ഇപ്പോഴത്തെ റെഗുലേഷൻ പാസ്സാക്കിയ സമയത്ത്, തമ്പുരാക്കന്മാർക്ക് കിട്ടിവരുന്ന ആദായത്തിന്മേൽ ആദായനികുതി ചുമത്തപ്പെടേണ്ടതാണെന്ന് ഈ സഭ മുമ്പുതന്നെ തീർച്ചചെയ്തിട്ടുള്ളതാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇനിക്ക് ഒരു തർക്കവും ആവശ്യമില്ല. എൻെറ നിലയെപ്പറ്റി ഞാൻ തന്നെ വാദിച്ചുകൊള്ളാം. ഈ തമ്പുരാക്കന്മാർ ഇടവകകളുടെ ഉടമസ്ഥരായതീർന്നിട്ടുള്ളതു ഗവണ്മെൻറിൻെറ പ്രവൃത്തിമൂലമല്ലയൊ എന്നാണ് ഞാൻ അറിയാൻ ആവശ്യപ്പെടുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഇപ്പോൾ ഈ അവസരത്തിൽ ആ ചോദ്യത്തിനു വ്യക്തമായ മറുപടിതരുന്നതു സാദ്ധ്യമല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ചില ഇടവകകളുടെ സംഗതിയിൽ നിന്നും മാനേജർമാരെ നിയമിച്ചിട്ടുള്ളതായി ബാ. മെമ്പർ അറിയുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഗവണ്മെൻറു എന്ന നിലയിലല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പിന്നെ ഏതു നിലയിലാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): പ്രായേണ സ്വകാര്യഏർപ്പാട് ആയിരിക്കാം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എങ്ങിനെ എങ്കിലും, ഗവണ്മെൻറിൽനിന്നും നിയമിതരായ മാനേജർമാർ ഇടവകയിലുണ്ടായിട്ടുള്ളതായി ബാ. മെമ്പർ അറിയുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): മെമ്പർ പ്രത്യേക ഉദാഹരണങ്ങളെ എടുത്തുപറയുന്നില്ലെങ്കിൽ, ഞാൻ അദ്ദേഹത്തിനു മറുപടി കൊടുക്കത്തക്ക നിലയിലായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പൂഞ്ഞാർ ഇടവകയുടെ സംഗതിയിൽ, ഗവണ്മെൻറിനാൽ നിയമിതരായ വല്ല മാനേജരുമുണ്ടായിരുന്നോ? അറിഞ്ഞാൽകൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ആ ഉദാഹരണത്തിൽ ഗവണ്മെൻറു നിയമിച്ച ഉദ്യോഗസ്ഥന്മാരില്ലായിരുന്നു. ഞാൻ അറിയുന്നിടത്തോളം സർവീസു കടം കൊടുക്കുക മാത്രമെ ഉണ്ടായിട്ടുള്ളു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തമ്പുരാൻെറ തന്നെ ആവശ്യത്തിന്മേൽ ആണ് മാനേജരെ നിയമിച്ചിട്ടുള്ളതു എന്നതു വാസ്തവം തന്നെയൊ?

മി: കയ്യാലംപരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ): പ്രായേണ അങ്ങിനെ തന്നെ, ഇനിക്കുനിശ്ചയം പോരാ.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഗവണ്മെൻറ് കണ്ടെഴുത്തുകാലത്ത് ഇടവക ഭൂമികളിൽ നിന്നു കൊടുക്കുന്നതിനർഹയുള്ളകരം ഗവണ്മെൻറിനു കൊടുക്കേണ്ടിയകരം പോലെ തന്നെ കണക്കാക്കപ്പെട്ടു എന്നു ബാ. മെമ്പർ അറിയുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ): ഇല്ല, ഞാൻ അറിയുന്നില്ല.

ഡിപ്പ്യൂട്ടിപ്രസിഡൻറ: നാം വിഷയംവിട്ടു ദൂരെപോയിരിക്കയാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ): തർക്കവിഷയമായിരിക്കുന്ന വാസ്തവം മാത്രമാലോചിക്കേണ്ടതാണെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നതിനാഗ്രഹിക്കുന്നു. ഇടവകയുടമസ്ഥന്മാരും ഗവണ്മെൻറും തമ്മിലൊ, കുടിയാനും ഇടവകയുടമസ്ഥരും തമ്മിലൊ ഉള്ള സംബന്ധമെന്ന പ്രശ്നമെയില്ല. പ്രായോഗികമായവിഷയം താൻ അനുഭവിക്കുന്ന തൃപ്തികരമായ ഭരണത്തിനുവേണ്ടി ഗവണ്മെൻറിലേക്കു യാതൊന്നും കൊടുക്കാതെ വലുതായ ആദായമുണ്ടാക്കുന്നമുതലാളി കൃഷിക്കാരനെ സംബന്ധിക്കുന്നതാകുന്നു. വിഷയം, ആ ആദായമുണ്ടാക്കുന്നതിന്നു തങ്ങളെ പ്രാപ്തരാക്കുന്നതായ നല്ലഭരണത്തിൻെറ നന്മകളെ കരുതി, അങ്ങിനെയുള്ള മുതലാളി കൃഷിക്കാർ ഗവണ്മെൻറിലേക്കു വല്ലതും കൊടുക്കണമെന്ന് ആവശ്യപ്പെടേണ്ടതല്ലയൊ എന്നാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സർ, ഞാൻ പ്രമേയത്തെ എതിർക്കുന്നു. ബാ. മെമ്പർ പ്രസ്താവിച്ചതിൽ നിന്നും ഞാൻഗ്രഹിച്ചിട്ടുള്ളതു ഗവണ്മെൻറിൻെറ ഉദ്ദേശം വലിയമുതലാളി കൃഷിക്കാരുടെ പേരിൽ മാത്രം നികുതിചുമത്തേണ്ടതാണെന്ന് ആയിരുന്നു. ഭേദഗതികൊണ്ടുവന്നിട്ടുള്ളതു ആ ഉദ്ദേശത്തോടുകൂടിയാണെങ്കിൽ അതു അധികം കാര്യക്ഷമമായിരിക്കുമായിരുന്നു. എന്നാൽ വലിയ മുതലാളിമാരെ പിടികൂടുന്ന വ്യാജേന ഗവണ്മെൻറ് ഇപ്പോൾ ചെയ്തിട്ടുള്ളതു ഇടവകകളിലുള്ള ഭൂമിയുടമസ്ഥന്മാരെ കൃഷിമൂലം തങ്ങൾക്കു ലഭിച്ചുവരുന്ന ആദായത്തിന്മേൽ ആദായനികുതി കൊടുക്കുന്നതിനു നിർബ്ബന്ധിക്കുകയാണ്.

വലിയമുതലാളിമാരെക്കൊണ്ടു ആദായനികുതികൊടുപ്പിക്കുന്ന പ്രമേയത്തെ സംബന്ധിച്ചോ, ഞാൻ സമ്മതിക്കുന്നതു, ഇതു അശേഷം യോഗ്യമായ മന്ത്രമായമല്ലെന്നാണ്. ഈ സംഗതിയെ ഉദ്ദേശിച്ചു കൊടുക്കാവുന്ന വല്ല നിർദ്ദേശത്തേയും പററിയൊ, അതിനുചേരുന്നസ്ഥലം ഇതല്ല എന്നു ഞാൻ വിചാരിക്കുന്നു; കാരണം ഇപ്പോൾ കൌൺസിലിൽ അവതരിപ്പിച്ചിരിക്കുന്നതു നിലവിലിരിക്കുന്ന ആദായനികുതി റെഗുലേഷൻെറ ഒരു സെക്ഷൻെറ ഭേദഗതി ആയിരിക്കയും, ആ ഭേദഗതി ഒരു വ്യക്തമായ ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ളതും ആകുന്നു. എങ്ങിനെ എങ്കിലും, ഇപ്പോൾതന്നെയും ഗവർമ്മെൻറിലേക്കുയാതൊന്നും കൊടുക്കാതെ വലുതായ ആദായമുണ്ടാക്കുന്നുണ്ട് എന്ന് പറയപ്പെടുന്നവലിയ മുതലാളിമാർ തങ്ങളുണ്ടാക്കുന്ന ലാഭത്തെ

[illegible]ന്റെ ന[illegible]മേൽ ആദായനികുതി കെട്ടിവരുന്ന എന്ന് ഞാൻ പറയാം. ഇടവകക്കാരുടെ ഇടയിൽ മാത്രമല്ല, [illegible] വെളിയിലുംകൂടെ വലിയ മുതലാളിമാരുണ്ട്. എന്നുള്ള വസ്തുത ഈ സഭയുടെ ദൃഷ്ടിയിൽ ഞാൻ [illegible]. ഈ വലിയ മുതലാളിമാർ—എടവകക്കു വെളിക്കുള്ള റബ്ബർ, തേയില, തോട്ടങ്ങളുടെ [illegible]. ഈ [illegible]ഉദ്ദേശിക്കുന്നത്—കൂടിയും വലുതായ ലാഭങ്ങളുണ്ടാക്കിവരുന്ന. അവരിൽനിന്നു [illegible] ഗവർണ്മെന്റിനു അവരുടെ ലാഭങ്ങളിൽ വല്ല അംശവും കിട്ടിവരുന്നുണ്ടോ? ഗവർണ്മെന്റ് അവരെ [illegible] വിട്ടുകളയുന്നതിന് സമ്മതിച്ചിരിക്കയാണ്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): [illegible] തേയില തോട്ടങ്ങളും റബ്ബർതോട്ടങ്ങളും ഭൂനികുതി ചുമത്തപ്പെടുന്നവയാണ്.

[illegible] ആദായനികുതി [illegible] ഞാൻ [illegible]

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആദായനികുതി [illegible] വലിയ മുതലാളിമാർ തങ്ങളുടെ [illegible] ഞാൻ സമർപ്പിക്കുന്നതു ഇടവകകൾക്കു വെളിക്കുള്ള [illegible] നികുതിയും കൊടുക്കുന്നതിനു നിർബന്ധിക്കപ്പെട്ട [illegible] ലാഭങ്ങളിൽ [illegible] നികുതിയും [illegible] എന്നാണ്. സംശയം [illegible] അനുഭവിച്ചുവരുന്ന നിലങ്ങൾക്കുള്ളവർ ഭൂനികുതി കൊടുത്തുവരുന്നുണ്ട്.

മി: ജെ. ബി. കുക്ക് (നാമനിർദ്ദേശം ചെയ്യപ്പെട്ട): തേയിലയിന്മേൽ കയറ്റുമതിച്ചുങ്കം ചുമത്തുന്നുണ്ടെന്നുള്ള വസ്തുത മെംബർ അറിയുന്നുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതെ [illegible]ണ്ട്. അതു ഇടവകകൾക്കു വെളിക്കുള്ള മുതലാളിമാർക്ക് [illegible] മുതലാളിമാരെ പറ്റിമാത്രമല്ലാ വാസ്തവമായിരിക്കുന്നതു. എടവകകൾക്കുള്ളിലുള്ള മുതലാളിമാർക്കും [illegible] തേയിലയിന്മേൽ കയറ്റുമതിച്ചുങ്കം കൊടുക്കേണ്ടതായിട്ടുണ്ട്. അതിനാൽ അതു വിഷമത്തെ [illegible] പ്രകാരത്തിലും [illegible]ക്കുന്നില്ല. കയറ്റുമതിച്ചുങ്കം എല്ലാവരെയും ഒരുപോലെ ബാധിക്കുന്ന ഒരു നികുതിയാണ്.

ഗവണ്മെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതു ഇടവകകൾക്കു [illegible]. ആദായത്തിലൊരംശം [illegible] കൊടുത്തുവരുന്നതിനും, അതുപോലെ തന്നെ, എടവകകൾക്കു പുറമേയുള്ള [illegible] സംഗതിയിൽ അവർകൊടുത്തുവരുന്ന ഭൂനികുതികൊണ്ടുമാത്രം തൃപ്തിപ്പെട്ടിരിക്കുന്നതിനുമാകുന്നു. ഞാൻ ഈ സഭയുടെ ദൃഷ്ടിയിൽ [illegible]വരുത്തുന്നതിനാവശ്യപ്പെടുന്നതു ഭൂമിയുടെ വിസ്തീർണ്ണത്തിന്മേൽ നികുതി കൊടുക്കുന്നതും ആദായത്തിന്മേൽ നികുതി കൊടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളതാകുന്നു. ഒരു ഉദാഹരണത്താൽ ഞാൻ അതു തെളിയിക്കാം. ഉദാഹരണമായിട്ട ഇടവകയ്ക്കു പുറമേയുള്ള [illegible] രൂപായോളം ഭൂനികുതിയായി കൊടുക്കുന്ന [illegible] ഏക്കർ തേയി[illegible] എടുക്കുക. എന്നാൽ ഈ [illegible] ഏക്കർ ഭൂമിയും തേയില കൃഷി ചെയ്യുന്നതായിരുന്നാൽ, [illegible] രൂപായോളമുള്ള ആദായം അതിൽനിന്നു ലഭിക്കുന്നതായിരിക്കും. അതു സൂക്ഷ്മമായ ഒരു കണക്കല്ലായിരിക്കാം. ഈ സഭയുടെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നതു അതു ഒരുവിധത്തിലും മേൽപറഞ്ഞ [illegible] രൂപായോടു അടുത്തുവരുന്നതല്ലെന്നാണ്. എന്നാൽ തേയില എടവകയ്ക്കു പുറമേ കൃഷിചെയ്യപ്പെടുന്നെങ്കിൽ, ഗവർണ്മെന്റ് [illegible] ഭൂനികുതിയായി കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇടവകകൾക്കുള്ള [illegible] ഗവർണ്മെന്റിൽനിന്നും [illegible] ലഭിച്ചുവരുന്ന സൗജന്യങ്ങൾക്കു വേണ്ടി [illegible]യും ഗവണ്മെന്റിനു കൊടുക്കുന്നുണ്ടോ എന്നു ഞാൻ മി: മാത്യുവിനോടു ചോദിക്കട്ടെയോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇതു ഒരു [illegible] ഗവണ്മെന്റ് ഇടവകകൾക്ക് [illegible] കൊടുക്കുന്ന ഉതവികൾക്കു ബദലായി അവയിൽനിന്നും [illegible] ആദായം [illegible] ചോദ്യത്താൽ ഞാൻ അദ്ദേഹത്തിനു മറുപടി കൊടുക്കുന്നതിനാഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡെന്റ്: അദ്ദേഹമുദ്ദേശിച്ചത് [illegible] പ്രധാനപ്പെട്ട [illegible] മറുപടിയിൽ അദ്ദേഹം ഇതിനെന്തെങ്കിലും പറയുന്നതായിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): [illegible] കൊടുക്കാനുദ്ദേശിക്കുന്ന മറുപടി, എടവകകൾക്കു പുറമേയുള്ള [illegible] എടവകകൾക്കുള്ളിലുള്ളവർക്കും തമ്മിൽ ഒരു വ്യത്യാസം സൃഷ്ടിക്കുന്നതിനാണ ഗവർണ്മെന്റ് ആവശ്യപ്പെടുന്നതു എന്നായിരുന്നു ഞാൻ പറഞ്ഞുകൊണ്ടിരുന്നതു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പ്രായോഗികമായി, തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം—

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അദ്ദേഹം പറയുന്നതു കേൾക്കുന്നില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏകദേശം തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം, തിരുവിതാംകോട്ടുമുഴുവന്റെയും സംരക്ഷണത്തിനുള്ള നികുതി കൊടുത്തുവരുന്നുണ്ടെന്നു മെംബർ അറിയുന്നുണ്ടോ?

ഡിപ്യൂട്ടിപ്രസിഡെന്റ്: മി: റാബിൻസൺ പറയുന്നതു തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം തിരുവിതാംകോട്ടുമുഴുവന്റെയും സംരക്ഷണത്തിനു വേണ്ടിവരുന്ന ചിലവു നിർവഹിക്കുന്നു എന്നാണ്. അദ്ദേഹം പറയുന്നതു ഇടവകകൾ തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗവും, [illegible] മുന്നിലൊരുഭാഗവും, പണ്ടാരപ്പാട്ടഭൂമികൾ മുന്നിലൊരുഭാഗവും ആണെന്നാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ പറയുന്നതായി ഗ്രഹിക്കുന്നതു ഇടവകക്കാർ [illegible]കൾക്കു [illegible] അല്ലഎന്നാണ്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഉദ്ദേശം തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം [illegible] വനങ്ങളും, ഉദ്ദേശം തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം എടവകകളും കരം കൊടുത്തുവരാത്ത മററു ഭൂമികളും, ഉദ്ദേശം മുന്നിലൊരുഭാഗം കരംകൊടുത്തുവരുന്ന [illegible] ഭൂമികളുമാണെന്നു മെംബർ അറിയുന്നുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): തിരുവിതാംകോട്ടിന്റെ മുന്നിലൊരുഭാഗം [illegible] ഭൂമികളാണെന്നു ഞാൻ സമ്മതിക്കുന്നില്ല.

ഡിപ്യൂട്ടി പ്രസിഡെൻറ്: അദ്ദേഹം അതു സമ്മതിക്കുന്നില്ല. മി: റാബിൻസൺ: നിങ്ങൾക്കു അതു നിങ്ങളുടെ പ്രസംഗത്തിൽ വിവരിച്ചുപറയാം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇടവകകൾക്കുള്ള ചെറിയ മുതലാളിമാർ അവരുണ്ടാക്കുന്ന ആദായങ്ങളുടെ നാലിലൊന്നിന്മേൽ ആദായനികുതി കൊടുക്കേണ്ടതാണെന്നുള്ള വേറൊരു സംഗതി ഞാൻ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇടവകയിലുള്ള ചെറിയ മുതലാളിമാർ ഗവർണ്മെന്റിലേക്കു യാതൊന്നും കൊടുത്തുവരുന്നില്ലെന്നു പറയുന്നതു യഥാർത്ഥമല്ല.

മി: കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്ക്): ആദായനികുതി റബ്ബറിന്മേലും തേയിലമേലുമോ, തേയിലയെ മാത്രമോ ബാധിക്കുന്നതെന്നു മെമ്പർ എന്നോടുപറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): തേയിലവ്യവസായത്തിൽനിന്നുള്ള ലാഭത്തിൽ നാലിലൊന്നിന്മേലുള്ള ഭാഗത്തെ മാത്രമേ അതു ബാധിക്കുന്നൊള്ളു എന്നു ഞാൻ മെമ്പർക്കു ചൂണ്ടിക്കാണിക്കാമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): തീർച്ചയായിട്ടും അതുമറ്റുള്ള സംഗതികളെക്കൂടി ബാധിക്കുന്നതാക്കിത്തീർക്കുന്നതാണ്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എല്ലാവരും ഭാഗങ്ങളുടെകരം കൊടുക്കുന്നെങ്കിൽ—

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അദ്ദേഹം പറയുന്നതെന്തെന്ന് സൂക്ഷ്മമായിഗ്രഹിക്കുന്നില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തിരുവിതാംകോട്ടിന്റെ എല്ലാഭാഗങ്ങളും കരംകൊടുക്കുന്നെങ്കിൽ, മൂന്നിലൊരുഭാഗം കൊടുത്തുവരുന്നവരാണെന്ന അതുവ്യക്തമാകുന്നതല്ലേ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എന്റെ അഭിപ്രായത്തിൽ തിരുവിതാംകോട്ടിന്റെ എല്ലാഭാഗങ്ങളും കരംകൊടുക്കുന്നുണ്ട്. കരംകൊടുക്കുന്നതിൽനിന്നൊഴിവാക്കപ്പെട്ടതായ ഒരു ഭാഗവുമില്ല.

ഡിപ്യൂട്ടിപ്രസിഡെൻറ്: മി: റാബിൻസന്റെ അഭിപ്രായപ്രകാരം ഇടവകഭൂമികൾക്കു കരം കൊടുത്തുവരുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതു ഗവണ്മെന്റിന്റെ സ്വന്ത ഇച്ഛയിൽനിന്നുള്ളതാകുന്നു.

ഡിപ്യൂട്ടിപ്രസിഡെൻറ്: ഞാൻവിചാരിക്കുന്നപ്രകാരം ഈ ബില്ലിനാൽ ആവിഷമതയെ പരിഹരിക്കുന്നതിനാലോചിച്ചിരിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ സമർപ്പിക്കുന്നതു അതുഇടവകയിലുള്ളകുടിയാന്മാരുടെമേൽ ഒരു ഭാരമായി തീരുന്നതെന്നും എന്നാൽ ഇടവകകൾ ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആളുകളിൽനിന്നു, അവരിൽനിന്നു ഈടാക്കേണ്ട കരങ്ങൾ അവർക്കു ദാനമായികൊടുത്തിട്ടുള്ളതുകൊണ്ട്, അതുന്യായീകരിക്കാവുന്നതാണ്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇടവകഭൂമികളിലുള്ള ധനികന്മാർ റോഡുകൾ, ആശുപത്രികൾ മുതലായവനിമിത്തം അനുഭവിച്ചുപോരുന്ന നന്മകൾക്കു വേണ്ടിവല്ലതും ഗവർണ്മെന്റിലേക്കു കൊടുക്കുന്നുണ്ടോഎന്നു മെമ്പർഎന്നോടുപറയുമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഉണ്ട്, തിരുവിതാംകോട്ടുമറ്റുകുടിയാന്മാർ കൊടുത്തുവരുന്നതിലധികമായി അവർകൊടുത്തുവരുന്നുണ്ട്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അവർ ഏതെങ്കിലുംസംഖ്യ ഗവർണ്മെന്റിലേക്ക് കൊടുക്കുന്നുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ ഈ സഭയിൽ എന്റെസ്വന്തം സമർപ്പണമാണു ചെയ്തുകൊണ്ടിരിക്കുന്നതു. ഈ ചോദ്യങ്ങൾ ഇടയ്ക്കുഉത്ഭവിക്കുന്നവ ആകയാൽ, ഒരേസമയത്തു അവയെ എല്ലാറ്റിനേയും പറ്റി ചിന്തിച്ചു തീർച്ചയാക്കുന്നതു എനിക്കു അസാദ്ധ്യമാണ്. ഇടവകകളിലുള്ള മുതലാളിമാർ മേൽപ്പാടും ആദായനികുതി എന്ന രൂപത്തിൽ ഗവർണ്മെന്റിലേക്കു വരികൊടുത്തുവരുന്നുണ്ട് എന്നാണു ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നതു.

മി: കല്ലാവം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഇടവക വസ്തുവുടമസ്ഥന്മാരെപ്പറ്റി വല്ല അറിവും തനിക്കുണ്ടോ എന്നു മെമ്പരോടു ഞാൻ ചോദിക്കട്ടെയോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): നിശ്ചയമായിട്ടുമുണ്ട്. അതുകൊണ്ടാകുന്നു ഇടവക കുടിയാന്മാർ ഗവർണ്മെന്റിലേക്കുയാതൊന്നുംതന്നെ കൊടുത്തുവരുന്നില്ലെന്നുള്ളതു പരമാർത്ഥമല്ലെന്നു ഞാനറിയാനിടയായതു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അവർ എന്തു വരി കൊടുത്തുവരുന്നു എന്നു പറയാമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അതുപറഞ്ഞിട്ടുണ്ട്, അതായതു, തേയിലയിന്മേൽ ആദായനികുതിരൂപത്തിൽ അവർ അതുകൊടുക്കുന്നുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഇടവകകളിലുള്ള കുടിയാന്മാരെല്ലാം തേയിലകൃഷിചെയ്യുന്നവരാണോ എന്നു മെമ്പർക്കു എന്നോടു പറയാമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ആ മെമ്പർ പറഞ്ഞതു വലിയകൃഷിക്കാർ തേയിലകൃഷിക്കാരാണെന്നാകുന്നു.

മി: കെ. സി. മാമ്മൻ മാപ്പിള (വാണിജ്യവും വ്യവസായവും വടക്ക്): റബ്ബർ കൃഷിക്കാരെ പറ്റിയോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അവരെസംബന്ധിച്ചു ആദായനികുതി ഈടാക്കു

ങ്ങതിനുവല്ല നിയമങ്ങളും ഏർപ്പെട്ടതാവുന്നതാണെന്ന ഞാൻ നിർദ്ദേശിക്കുന്നു. എന്നാൽ എന്റെ പരിദേവ
ന്റെ റബ്ബർ വ്യവസായക്കാരേയും തേയിലത്തോട്ടങ്ങളേയും പിടിച്ചുകൂടുന്നതിനായുള്ള ഇപ്പോഴത്തെ പ്രമേയം അ
നുസരിച്ച് നാം തിരുവിതാംകോട്ടെ കുടിയാന്മാർക്കും ഇടവകക്കുടിയാന്മാർക്കും തമ്മിൽ ഒരു ദോഷജനകമായ വ്യത്യാ
സമുണ്ടാക്കിവയ്ക്കുന്നതിനുയതിക്കയാണ് എന്നത്രെ. ഇടവകകളുടെ പൂർവ്വവൃത്തത്തെപ്പറ്റി ഈ സഭയ്ക്കു വ്യക്തമായ
വിജ്ഞാനം നൽകുന്നതിനു ബഹു മെമ്പർക്കു കഴിഞ്ഞിട്ടില്ല. ഇടവക തമ്പുരാക്കന്മാർ ഈ ഇടവകകളിൽനിന്നും
കരം ഈടാക്കുന്ന പതിവ് നടപ്പായതെങ്ങിനെയാണ് എന്നു ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചുകൊ
ള്ളുന്നു. ഞാൻ ശരിയായി ഓർമ്മിക്കുന്നെങ്കിൽ, കഴിഞ്ഞ സഭയിൽ ബഹു മെമ്പർ റഗുലേഷൻ സംബന്ധിച്ചുള്ള
വാദപ്രതിവാദമദ്ധ്യേ ഇടവകകളിലെ കുടിയാന്മാർ രാജാവിനു ചെല്ലേണ്ടുന്ന കരം ആയ രാജഭോഗത്തെ തമ്പുരാക്ക
ന്മാർക്കു കൊടുത്തുവരുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതു വളരെ ശരിയാണ്.

മി: എസ്. സി. എച്ച്. റാബിൻസൺ (നോമിനേറ്റഡും ഔദ്യോഗികനും കമ്മീഷണർ): രാജഭോഗം
എന്നതിന്റെ നിർവചനം സൂക്ഷ്മത്തിൽ ശരിയല്ല എന്നു ഞാൻ വിചാരിക്കുന്നു. അതു ഗവർമ്മെന്റിലേക്ക് അട
യ്ക്കുന്ന ഒരു കരമല്ല ഗവർമ്മെന്റ് തറവാട്ടിലെ, കാരണവരായിരിക്കും പൊതുഖജനാവിൽ അതു ചേരാതിരിക്ക
യും ആകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സർ, ഞാൻ പ്രസംഗം ചെയ്യുന്ന മദ്ധ്യേ ബഹു
റവന്യൂ കമ്മീഷണർ വിജ്ഞാനം നൽകുന്നതു ക്രമമായിരിക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (നോമിനേറ്റഡും ഔദ്യോഗികനും കമ്മീഷണർ): ഞാൻ മി:
മാത്യുവിനോടു ഒരു ചോദ്യം ചോദിക്കുകയായിരുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ തെറ്റായ പ്രസ്താവന വല്ലതും ചെയ്യുന്നതെ
ങ്കിൽ, അതു അദ്ദേഹം പ്രസംഗിക്കുമ്പോൾ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യ
മുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇടവക തമ്പുരാക്കന്മാർ രാജാക്കന്മാരെന്നും [illegible]
പ്പെടുന്നവരോ എന്നു മെമ്പറോടു ഞാൻ ചോദിക്കട്ടെയോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അവർ അങ്ങിനെ ആണ്. ഇപ്പോൾ ഇടവക
കളായി വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന തിരുവിതാംകോട്ടിന്റെ ഭാഗങ്ങൾ തിരുവിതാംകോട്ടു ഗവർമ്മെന്റിൽ
നിന്നും സ്വാധീനപ്പെടുത്തിയപ്പോൾ—

ഡിപ്യൂട്ടി പ്രസിഡെന്റ്: ഈ വാദപ്രതിവാദത്തിനു പുരാതന ചരിത്രം യോജിക്കുന്നതല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതു യോജിക്കുന്നതല്ലായിരിക്കാം. എന്നാൽ അ
തു പ്രയോജനകരമാണ്. ഞാൻ സമർപ്പിക്കുന്നതു ഈ ഇടവകകൾ
ളു കുടിയാനവന്റെ വീഴ്ചയല്ലെന്നു പറയുന്നതു പ്രയോജനകരമാണ്.
എടവക തമ്പുരാക്കന്മാരുടെ പേരിൽ രാജസ്ഥാനത്തു നിന്നും ചെയ്തിട്ടുള്ള ദാനങ്ങളാണെന്നാകുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അങ്ങിനെയുള്ള ദാനങ്ങൾ ചെയ്യപ്പെട്ടപ്പോൾ വലു
തായ തോതിലുള്ള റബ്ബർ, തേയില എന്നീ വ്യവസായങ്ങളെ പറ്റി ആലോചിച്ചിട്ടുണ്ടായിരുന്നുവോ എന്നു ഞാ
ൻ മെമ്പറിൽ നിന്നറിയാമോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അവർ അതു ആലോചിച്ചിട്ടുണ്ടായിരിക്കണം.
സഭയുടെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരാൻ ആഗ്രഹിക്കുന്നതു, ഗവർമ്മെന്റ് അങ്ങിനെയുള്ള ദാനം ചെയ്യുമ്പോ
ൾ ആ ദാനത്തിലുൾപ്പെട്ട ഭൂമിയുടെ സ്ഥാനത്തിൽനിന്നു അവർക്കു ഈടാക്കേണ്ടതായ കരമാണ് ദാനം ചെയ്തതു എ
ന്നാകുന്നു. എടവക ഭൂമികളിൽ കുടിയിരിക്കുന്നവരുടെ കരം ഗവർമ്മെന്റിലേക്കു കൊടുത്തുവരേണ്ടതായിരിക്കെ
ന്നതു അങ്ങിനെയുള്ള കുടിയാന്മാരുടെ വീഴ്ചയല്ല, കുടിയാന്മാർക്കു [illegible] നേരെ ഗവർമ്മെന്റിലേക്കു [illegible]
സംഗതിയിൽ യാതൊരു വിരോധവുമില്ല എന്നു ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു.

മി: കല്ലുമ്പം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇടവക തമ്പുരാക്ക
ന്മാരെ സിവിലും ക്രിമിനലുമായ ഭരണം നടത്തുന്നതിനും, റോഡുകൾ, ആസ്പത്രികൾ മുതലായവ പണിചെയ്യിക്കുന്നതിനും
അനുവദിക്കുന്നതു മെമ്പർക്കു മനസ്സാണോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): കുടിയാന്മാരെ സംബന്ധിക്കുന്നിടത്തോളം ബഹു
മെമ്പർ ചെയ്തിട്ടുള്ള നിർദ്ദേശം സ്വീകരിക്കുന്നതിനു അവർക്കു നല്ല മനസ്സാണ്.

മി: കല്ലുമ്പം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇടവകകളെ സം
ബന്ധിക്കുന്നിടത്തോളം അങ്ങിനെയുള്ള എല്ലാ ഉത്തരവാദിത്വങ്ങളും ഗവർമ്മെന്റ് പിൻവലിക്കണമെന്നു വരുന്നപ
ക്ഷം, അതു ജനങ്ങൾക്കു ഇഷ്ടമായിരിക്കുമോ എന്നു മെമ്പറോടു ഞാൻ ചോദിക്കട്ടെയോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞങ്ങൾക്കു യാതൊരു വിരോധവുമില്ല.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിൻകര): അങ്ങിനെയൊരു ആഗ്രഹം സംഭവമുണ്ടാകുന്നതല്ല
ന്നു മെമ്പർ അറിയുന്നുണ്ടോ? (ചിരി)

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അങ്ങിനെയൊരു ആഗ്രഹം സംഭവമുണ്ടായാലും
ഇല്ലെങ്കിലും, ഞാൻ സമർപ്പിക്കുന്നതു കുടിയാന്മാർ തമ്പുരാക്കന്മാർക്കു കൊടുത്തുവരുന്ന കരം ഗവർമ്മെന്റിലേക്കു കൊ
ടുത്തതായി ഗണിക്കപ്പെടണമെന്നാകുന്നു.

ഡിപ്യൂട്ടി പ്രസിഡെന്റ്: നാം ഇപ്പോൾ സഭ പിരിഞ്ഞിട്ടു വീണ്ടും 2 മണിക്കു കൂടുന്നതാണ്.

ഉപഭക്ഷണത്തിനായി സഭ, മണി 1 അടിച്ചു 5 മിനിട്ടായപ്പോൾ പിരിഞ്ഞു. മണി 2 അടിച്ചു 8 മി
നിട്ടായപ്പോൾ വീണ്ടും കൂടി പ്രസിഡെന്റ് അദ്ധ്യക്ഷ്യം വഹിച്ചു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇടവകകളുടെ ഉത്ഭവത്തെപ്പറ്റി ഞാൻ പറഞ്ഞു
കൊണ്ടിരുന്നു. അവയെ വ്യവസ്ഥപ്പെടുത്തിയതും അവയ്ക്കുള്ളിലുള്ള ഭൂമികളിൽ നിന്നും ഈടാക്കേണ്ടിയ കരം
ഗവർമ്മെന്റുദ്യോഗസ്ഥന്മാർ പിരിക്കുന്നതിനു പകരമായി തമ്പുരാക്കന്മാർ തന്നെ പിരിച്ചു കൊള്ളേണ്ടതാണെന്നു
ഏർപ്പാടു ചെയ്തതും ഗവർമ്മെന്റുതന്നെയാകുന്നു എന്നത്രെ. 1 0 [illegible] കണ്ടെഴുത്തിൽ സർക്കാർ ഭൂമി
കളും എടവകകളിലുൾപ്പെട്ട ഭൂമികളും ഒരു പോലെ കണ്ടെഴുത്തു കഴിച്ചു. ഇടവകകളിലുൾപ്പെട്ട പുരയിട

ഒട്ടും വയലുകളും കണ്ടെഴുത്തു കഴിച്ചപ്പോൾ, ഇടവകകൾക്ക പുറമെയുള്ള ഭൂമികൾക്ക കരം ചുമത്തിയതു പോലെയുള്ള രീതിയിൽ തന്നെ ഇടവക ഭൂമികൾക്കും കരം ചുമത്തുകയുണ്ടായി; ആ പ്രകാരം കണക്കാക്കപ്പെട്ട മുഴുവൻ ഭൂവും ഗവണ്മെന്റു തമ്പുരാക്കന്മാർക്ക ദാനമായി കൊടുക്കുകയും ചെയ്തു. ഈ ഇടവകകളുടെ അനന്തരചരിത്രവും അവ തിരുവിതാംകൂറിന്റെ ഭാഗങ്ങളാണെന്നും, കരം നേരെ ഗവണ്മെന്റിലേക്ക അടയ്ക്കുന്നതിനു പകരം തമ്പുരാക്കന്മാർക്ക കൊടുക്കുന്നു എന്നുള്ള വ്യത്യാസം മാത്രമല്ലാതെ, അവ തിരുവിതാംകൂർ ഗവണ്മെന്റധികാരത്തിലുൾപ്പെട്ടതാണെന്നും ഞാൻ പറയാം. ഇടപ്പള്ളിയും കിളിമാനൂരും ഇടവകകൾ ഇപ്പോൾ ഫസ്റ്റ്-ക്ലാസ്സുകളുടെ ൧-ാം റഗുലേഷൻ പ്രകാരം ഭരിക്കപ്പെട്ടുവരുന്നു എന്നുള്ളതു ഈ സഭയ്ക്കറിയാവുന്ന സംഗതിയാണ്. ആ റഗുലേഷൻ പ്രകാരം തിരുവിതാംകൂറിൽ നടപ്പുള്ള നികുതി നിരക്കിൻ പ്രകാരമുള്ള നിരക്ക വേണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടിയാന്മാർ ഗവണ്മെന്റിലേക്ക അടയ്ക്കുന്ന കരത്തിന്റെ വ്യവസ്ഥപ്രകാരം കരം കെട്ടിക്കേണ്ടതാണ്. ഇക്കഴിഞ്ഞ കണ്ടെഴുത്തിൽ ഈ രണ്ടു ഇടവകകളെയും കണ്ടെഴുത്തിലുൾപ്പെടുത്തുകയുണ്ടായി, ഇടവകകൾക്ക പുറമെയുള്ള നിരക്കതന്നെ നടപ്പായിരിക്കയും ചെയ്യുന്നു. ഈ രണ്ടു ഇടവകകളിലുമുള്ള കുടിയാന്മാർ ചെയ്യുന്നതു തങ്ങളുടെ പുരയിടങ്ങൾക്കും വയലുകൾക്കും അടയ്ക്കേണ്ടതായ കരം ഗവണ്മെന്റിലേയ്ക്കു അടയ്ക്കുന്നതിനുപകരം അവരുടെ തമ്പുരാക്കന്മാർക്ക കൊടുത്തുവരുന്നു എന്നുള്ളതത്രെ. അതിനാൽ ഇടവകകൾക്കകത്തുള്ള കുടിയാന്മാർ അവരുടെ കരം തങ്ങളുടെ തമ്പുരാക്കന്മാർക്ക കൊടുത്തുവരുന്നെങ്കിൽ അതു അവരിൽനിന്നു ഉണ്ടായവട്ടയായിരിക്കുന്നില്ല. അതു ഗവണ്മെന്റും തമ്പുരാക്കന്മാരും തമ്മിലുണ്ടായിട്ടുള്ള ഒരു സംബന്ധം നിമിത്തമല്ലാതെ, കുടിയാന്മാരും ഗവണ്മെന്റും തമ്മിലുണ്ടായ ഒരു സംബന്ധത്തിന്റെ ഫലമായിട്ടല്ല എന്നു പറയുന്നതിനെ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു കുടിയാന്മാർ കരം ഗവണ്മെന്റിലേക്ക അടയ്ക്കുന്നില്ലെന്നു പറയാൻ സാധിക്കാത്തതാണ്. ഉദാഹരണമായി ഒരു സങ്കല്പിതവൃത്താന്തമെടുക്കാം. തിരുവിതാംകൂർ ഗവണ്മെന്റു ഒരു താലൂക്കിൽ ഉത്സവമായി തിരുവനന്തപുരം താലൂക്കിൽനിന്നു ഈടാക്കുന്നുള്ള ഭൂനികുതി ദേവസ്വങ്ങൾക്ക ദാനമായി കൊടുക്കുന്നതിനു വിചാരിച്ചു എന്നിരിക്കട്ടെ. ആ പ്രകാരമുള്ള ദാനത്തിനു ശേഷമായി കരം ആ ദേവസ്വങ്ങൾക്ക കൊടുക്കേണ്ടതായിരിക്കും. കരംവെന്നാൽ ഈടാക്കിവരുന്നതു നിമിത്തം അതു ഗവണ്മെന്റിലേക്ക അടയ്ക്കുന്നില്ലെന്നു പറഞ്ഞുകൂടാത്തതാണ്. തമ്പുരാക്കന്മാരെ സംബന്ധിച്ചും സൂക്ഷ്മത്തിൽ ഇതു തന്നെ കഥ. കുടിയാന്മാർ കൊടുത്തുവരുന്ന കരത്തിന്റെ ഗുണഫലം അവർ അനുഭവിച്ചുവരുന്നതു അതിനെ ഇടവക തമ്പുരാക്കന്മാർക്കായിട്ടു ഗവണ്മെന്റ ദാനം ചെയ്തിട്ടുള്ളതുകൊണ്ടു മാത്രമാകുന്നു. അതിനാൽ ചോദ്യം ഉത്ഭവിക്കുന്നതു കുടിയാന്മാരിൽ വല്ലവിധത്തിലും കുറവു വരുത്തിക്കാവുന്നതാണോ എന്നത്രെ. തിരുവിതാംകൂറുള്ള പ്രജകളെപ്പോലെ തന്നെ ഈ ഇടവകകളിലെ നിവാസികളും തിരുവിതാംകൂർ പ്രജകളാണ്. ഞാൻ സമർപ്പിക്കുന്നതിനാഗ്രഹിക്കുന്നതു അവരെ തിരുവിതാംകൂർ മറ്റുള്ള അതായതു ഇടവകകൾക്ക പുറമെയുള്ള പ്രജകളോടു വേറെയായ രീതിയിൽ നിന്നു വ്യത്യാസപ്പെട്ട രീതിയിൽ പെരുമാറുന്നതു നീതിവിരുദ്ധമാകുന്നു എന്നത്രെ. ആയതിനാൽ ഇനി കണ്ടെഴുത്ത ഇടവകകൾക്ക പുറമെയുള്ള കുടിയാന്മാരുടെമേൽ ഈ ചുമത്തപ്പെടുന്ന ബില്ലിനെ ചുമത്തുന്നതിനു ഉദ്ദേശിച്ചിട്ടുള്ള വിധത്തിൽ കരം വസൂലാക്കുന്നതു ന്യായവിരുദ്ധമാണെങ്കിൽ, ഇടവകകൾക്കകത്തുള്ള കുടിയാന്മാരുടെ മേൽ നികുതി ചുമത്തുന്നതിനു കാരണമോ നീതീകരണമോ ഇല്ല എന്നാകുന്നു. ഇടവകകൾക്ക പുറമെയുള്ള കുടിയാന്മാർ തങ്ങളുടെ നെൽകൃഷിവയലുകളിൽ നിന്നും പുരയിടങ്ങളിൽ നിന്നും ഒരു ലക്ഷം രൂപാ സമ്പാദിക്കുകയായിരുന്നെങ്കിൽ, ഒരു ലക്ഷം രൂപാ ആദായമുണ്ടാക്കുന്ന ഒരാളുടെ സംഗതി ആലോചിക്കുക. തിരുവിതാംകൂറിൽ അങ്ങിനെയുള്ള ഉദ്യോഗങ്ങൾ വളരെ ദുർല്ലഭമല്ല. എന്നിട്ടും ആദായ സംഖ്യയ്ക്കു അയാൾ ഒരു ആദായനികുതി കൊടുക്കുന്നില്ല. എന്നാൽ തന്റെ കൈവശമിരിക്കുന്ന ഭൂമിക്കമാത്രം കരം കൊടുക്കുന്നുള്ളു. അനുപാതമായി ഈ കരം തുച്ഛമാണ്. ഇടവകയിലുള്ള കുടിയാന്മാരുടെ ഉദ്യോഗമെടുക്കുക. തമ്പുരാനു കരം കൊടുക്കുകയും ഗവണ്മെന്റിലേക്ക കരം കൊടുക്കാതിരിക്കുകയും രണ്ടായിരം രൂപായോളം ലഭിക്കുകയും ചെയ്യുന്ന ഒരാൾ ഒരാദായനികുതി കൊടുക്കുന്നതിനു നിർബന്ധിക്കപ്പെടുകയും അനുഭവമുള്ള ധനമുള്ളവൻ ഒരാദായനികുതി കൊടുക്കാതിരിക്കയും ചെയ്യുന്നു. ഇടവകയിലുള്ള കുടിയാന്മാർ തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഗുണകരമായ ഭരണത്തിന്റെ നന്മ അനുഭവിച്ചുവരുന്നതിനാൽ അതിനായിട്ടു വല്ല വരിയും കൊടുക്കേണ്ടതാണെന്നു പറയുന്നു. ഞാൻ മുമ്പു തന്നെ പറഞ്ഞിട്ടുള്ളതു അയാൾ ഇടവകയ്ക്കു കൊടുക്കുന്ന വരി വാസ്തവത്തിൽ സർക്കാരിനു കൊടുക്കുന്ന വരിയാണെന്നാകുന്നു. അതു അങ്ങിനെയല്ലെന്നു പറഞ്ഞാൽ പോലും, ഇടവകയിലുള്ള കുടിയാന്മാർക്ക ലഭിക്കുന്ന പെരുമാററവും, പുറമെയുള്ള കുടിയാന്മാർക്ക കിട്ടുന്ന പെരുമാററവും തമ്മിൽ സമത്വമുണ്ടായിരിക്കേണ്ടതാണ്. ഞാൻ ഇപ്പോൾ തന്നെ പറഞ്ഞതായ ഉദ്യോഗത്തിന്റെ സംഗതിയിൽ തന്റെ ഭൂമികളിൽ നിന്നു ഒരു ലക്ഷം രൂപാ ആദായമുണ്ടാക്കുന്ന ഒരാൾ തന്റെ ഉടമസ്ഥതയിലിരിക്കുന്ന ഭൂമിക്ക ഭൂനികുതി മാത്രമേ കൊടുക്കുന്നുള്ളു. എന്നാൽ ഇടവകയിലുള്ള ഒരാൾ തന്റെ ഭൂമികളിൽ നിന്നു രണ്ടായിരം രൂപാ ആദായമുണ്ടാക്കുന്നെങ്കിൽ, നല്ലതു രൂപാ കൊടുക്കുന്നതായിരിക്കാം. അതുകൊണ്ടു ഞാൻ വാദിക്കുന്നതു യാതൊരു ന്യായവും ഇക്കാര്യത്തിലില്ലെന്നാണ്. ഇടവകയിലെ കുടിയാന്മാർ ഗവണ്മെന്റിലേക്ക യാതൊരു കരവും കൊടുക്കുന്നില്ലെന്നുള്ള കാരണത്തിന്മേൽ അവർ വല്ലതും കൊടുക്കേണ്ടതാണെങ്കിൽ ഈ സംസ്ഥാനത്തിൽ ഇടവകകൾക്ക പുറമെയുള്ള പ്രജകൾ കൊടുത്തുവരുന്ന തുകയോടു അനുരൂപമായിരിക്കേണ്ട വല്ലതും കൊടുക്കുന്നതിനു അവരോടു ആവശ്യപ്പെടാവുന്നതാണ്.

ഈ സഭയുടെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവരേണ്ടതായിരിക്കുന്ന വേറൊരു യഥാർത്ഥം ഇടവകയിലെ കുടിയാന്മാർ വാസ്തവത്തിൽ ഗവണ്മെന്റിനു ആദായനികുതി കൊടുക്കുന്നുണ്ടെന്നുള്ളതാകുന്നു. ഇപ്പോഴത്തെ റഗുലേഷനനുസരിച്ചു ഇടവകകളിലെ തമ്പുരാക്കന്മാർ തങ്ങളുടെ കുടിയാന്മാരിൽനിന്നു ഈടാക്കുന്ന പാട്ടത്തിന്റെ ആകെത്തുകയിന്മേൽ ആദായനികുതി കൊടുക്കേണ്ടതാണെന്നുള്ള വസ്തുതയെ മെമ്പർ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതുകൊണ്ടു ഇടവകയ്ക്കുള്ളിൽ സമ്പാദിക്കുന്ന ലാഭത്തിൽനിന്നു ഒരംശം ആദായനികുതിയായി ഗവണ്മെന്റിലേക്ക കൊടുക്കുന്നുണ്ട്.

കഴിഞ്ഞ സഭയിൽ തമ്പുരാക്കന്മാർ ഗവണ്മെന്റിലേക്ക ആദായനികുതി കൊടുക്കേണ്ടതാണോ എന്നുള്ള സംഗതിയെപ്പററി വാദപ്രതിവാദം ചെയ്യപ്പെട്ടപ്പോൾ ആ സമയത്തു ബഹുമെമ്പർ ആയിരുന്ന ആൾ പ്രസ്താവിച്ചതു ഒരേ നിലയിൽനിന്നുള്ള ആദായത്തിന് ഉടമസ്ഥനേയും കുടിയാനേയും ഇരട്ടയായി ഭാരപ്പെടുത്തുന്നത

[illegible]ച്ചു കരം ചുമത്തുവാൻ പാടില്ലെന്നായിരുന്നു എന്നു ഞാൻ ഓർമ്മിക്കുന്നു. [illegible] നടപടികളിൽ ഞാൻ [illegible] ച്ചു കരം ചുമത്തുവാൻ [illegible] ഇപ്പോൾ ഇടവകകളിലെ കുടിയാന്മാരുടെ പേരിൽ ചുമത്തപ്പെടുന്നതു അവിടെ സമ്മതിച്ചിട്ടില്ലാത്തതു [illegible] വിപരീതമാകുന്നു. കഴിഞ്ഞ സഭയിൽ ആദായനികുതി റഗുലേഷൻ [illegible]പ്പെടുത്തുന്ന ബില്ല് വിചാരണം ചെയ്യപ്പെട്ടപ്പോൾ തമ്പുരാനെക്കൂടി നികുതി ചുമത്തുന്ന പ്രമേയം [illegible] വിമ[illegible] മാത്രം കുടിയാന്റെയും തമ്പുരാന്റെയും രണ്ടുപേരുടെയും മേൽ ആദായനികുതി ചുമത്തുവാൻ പാടില്ലെന്നു സമ്മതിക്കപ്പെട്ടു. അതു ന്യായവിരുദ്ധമായിരിക്കുമെന്നു സമ്മതിക്കപ്പെട്ടു. കഴിഞ്ഞ സഭയിൽ ജേഗതി [illegible] ബില്ല് [illegible]പ്പിക്കപ്പെട്ടപ്പോൾ കുടിയാന്റെയും [illegible] പ്രസ്താവിക്കപ്പെട്ടു എന്നു [illegible]ൻ പറയാം. എന്നാൽ ഈ സഭ ആ നടപടി [illegible] ഈ സഭയാൽ പാസ്സാക്കപ്പെട്ട ഇപ്പോഴത്തെ റഗുലേഷൻ, [illegible] തമ്പുരാനു [illegible] രണ്ടുപ്രാവശ്യം കൊടുക്കേണ്ടി വരുന്നതു [illegible]. അല്ലാ [illegible] ഈ സഭ [illegible] ചെയ്തിരിക്കുന്നു. [illegible] തീർച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്ന ഒരു സംഗതി [illegible] പ്രമാണിക്കുന്നതിൽ [illegible] [illegible] ഞാൻ ഈ സഭയുടെ സൽബുദ്ധിക്കു സമർപ്പിച്ചുകൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള (തെക്കുംഭാഗം): [illegible] ഈ സഭയാൽ [illegible] [illegible] മാത്രമേ വിപരീതമായി തീർച്ചയാക്കപ്പെട്ടിട്ടുള്ളു എന്നും [illegible] [illegible]ക്കണമെന്നുണ്ടോ?

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ വിചാരിക്കുന്നതു സിലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടു ഈ സഭയിൽ സമർപ്പിക്കപ്പെടുകയും ഈ സഭ അതിനെ സമ്മതിക്കയും ചെയ്തപ്പോൾ, [illegible] പാസാക്കപ്പെട്ട റഗുലേഷൻ സിലക്ട് കമ്മിറ്റിയുടെ അഭിപ്രായത്തിൽനിന്നും സ്വാതന്ത്ര്യമായി ഈ സഭയിൽ പാസ്സാക്കപ്പെട്ട എന്നാകുന്നു; ജേഗതിബില്ല്, [illegible] ഇരിക്കുന്ന നിലയിൽ ഈ സഭയാൽ പാസ്സാക്കപ്പെട്ടിരുന്നു എന്നും. കുടിയാന്മാരുടെ മേൽ കരം ചുമത്തുന്നതു [illegible] ഈ സഭ സമ്മതിച്ചിട്ടുണ്ടായിരുന്നു എന്നും ഞാൻ പറയുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കയും ചെയ്യുന്നു.

ഇടവകകളിലെ കുടിയാന്മാരുടെ മേൽ കരം ചുമത്തുന്നതിനുള്ള പൂർണ്ണ അധികാരം ഈ [illegible]ക്കുണ്ടെന്നുള്ള വാസ്തവത്തെ ഞാൻ നിഷേധിക്കുന്നില്ല. അവർക്കു അതിനു അധികാരമുണ്ട്. [illegible] കുടിയാന്മാരുടെമേൽ മാത്രമല്ല ഇടവകകൾക്കു പുറമേയുള്ളവരുടെ മേലും കരം ചുമത്തുന്നതിനു, അവരെല്ലാവരുടെയും മേൽ [illegible] ചുമത്തുന്നതിനുള്ള അധികാരം അവർക്കുണ്ട്. ഞാൻ സഭയോടു അപേക്ഷിക്കയും സംഗതിയുടെ നീതിസ്വഭാവത്തെ സഭയുടെ ശ്രദ്ധയെ വിചാരിപ്പിക്കയും ചെയ്യുന്നു. ഇടവകകൾക്കകത്തുള്ള കുടിയാന്മാരോടും അവയ്ക്കു പുറമേയുള്ളവരോടും രണ്ടുകൂട്ടരും തിരുവിതാംകൂർ മഹാരാജാവിന്റെ സാമന്തപ്രജകളായിരിക്കെ, വ്യത്യസ്തനിലകളിൽ പെരുമാറുന്നതു സമദർശിത്വമായിട്ടുള്ളതാണോ എന്നാലോചിക്കുന്നതിനു ഈ സഭാമെമ്പർമാരോടു ഞാൻ ചോദിക്കുന്നു. തന്റെ പ്രസംഗമദ്ധ്യേ ഈ സഭയ്ക്കു അതിനാ[illegible] [illegible] ഒരു മെമ്പർ പ്രസ്താവിക്കയുണ്ടായി. എന്നാൽ അതു വേറൊരു സംഗതിയാണ്. തീർച്ചയാക്കാനുള്ള സംഗതി ഇടവകകളിലെ കുടിയാന്മാരോടു അവർ തങ്ങളുടെ തമ്പുരാക്കന്മാർക്കു മാത്രമേ കരം കൊടുക്കേണ്ടതുള്ളു എന്ന കാരണത്തിന്മേൽ അമിതമായ ഇരട്ടകരമായിട്ട് കൊടുക്കേണ്ടതാണെന്നാവശ്യപ്പെടുന്നതു സമദർശിത്വവും നീതിയും ആകുന്നുവോ എന്നത്രെ. [illegible]മെമ്പറോടു ചോദ്യം ചെയ്തുകൊണ്ടിരുന്നസമയത്തു ഇടവകകളുടെ ചരിത്രം പരിശോധിക്കുന്നതിനോ കുടിയാന്മാർ തമ്പുരാക്കന്മാർക്കു കരം കൊടുക്കുന്നതിനിടയായതു എങ്ങിനെയായിരുന്നെന്നു ചിന്തിക്കുന്നതിനോ ആവശ്യമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ [illegible] [illegible]. നിയമത്തിന്റെ നീതിസ്വഭാവത്തെ പറ്റി ആലോചിക്കുമ്പോൾ, ആ സംഗതിയും ആലോചിക്കേണ്ടതു [illegible] ആവശ്യമായിട്ടുള്ളതാണ്. എഴുമറ്റൂർ പകുതിയെ സംബന്ധിച്ചു ഇവിടെ നടന്നതായ ഒരു സംഭവം നമുക്കു [illegible]മായിട്ടുണ്ടായിരിക്കുന്നു. ഗവണ്മെന്റിൽനിന്നും എഴുമറ്റൂർ പകുതിയും മററും തിരുവിതാംകൂറുള്ള മററു പ[illegible] [illegible] വസ്തുക്കളിന്മേൽ കരം ചുമത്തുന്നതുപോലെ തന്നെ ആ പകുതിയിലും കരം [illegible]യുണ്ടായി. എന്നാൽ ഹൈക്കോർട്ടിലുണ്ടായ ഒരു തീരുമാനംനിമിത്തം എഴുമറ്റൂർ പകുതി എഴുമറ്റൂർ തമ്പുരാക്കന്മാരുടെ വകയാണെന്നു കാണുകയും, അവർക്കു ആ വസ്തുക്കളിന്മേൽ ഗവണ്മെന്റു ചുമത്തിട്ടുള്ള കരം പിരിച്ചെടുക്കുന്നതിനവകാശമുണ്ടെന്നു ഹൈക്കോർട്ടിൽ തീർപ്പുകല്പിക്കയും ചെയ്തിരിക്കുന്നു. അതിന്മേൽ അവർക്കു പൂർണ്ണതൃപ്തിയുണ്ടായിരിക്കുന്നു. [illegible] ഗവണ്മെന്റ് കരമെന്നു ഗവണ്മെന്റിനാൽ തീർച്ചയാക്കപ്പെട്ടതായി ഗവണ്മെന്റിലേക്കു അടയ്ക്കേണ്ട കരം അവർ വസൂൽ ചെയ്യുകയാണ്. ഹൈക്കോർട്ടിന്റെ തീർച്ചനിമിത്തം ആ കുടിയാന്മാർ കരം അവരുടെ തമ്പുരാക്കന്മാർക്കു കൊടുത്തുവരികയാണ്. അതു ഗവണ്മെന്റുകരമല്ലെന്നു [illegible] പറയുന്നതും യുക്തിപൂർവ്വമായിട്ടുള്ളതാണോ? ഗവണ്മെന്റു ആ വസ്തുക്കളെ ഗവണ്മെന്റുവസ്തുക്കളായി നികുതി ചുമത്തുകയുണ്ടായി. മററുള്ള ഇടവകകളുടെ ചരിത്രം, [illegible], അധികം പുരാതനമാണ്; അതിനാൽ അവ ഏതു [illegible] വിധത്തിലാണ് തിരുവിതാംകൂറു ഗവണ്മെന്റുടമസ്ഥതയിൽനിന്നു വിട്ടുപോയതെന്നു വ്യക്തമായി നിർദ്ദേശിക്കുന്നതിനു നിങ്ങൾക്കു കഴിവില്ലാതെയിരിക്കുന്നു. ആയതിനാൽ ഈ റഗുലേഷൻ ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിനു അനുവദിക്കരുതാത്തതാണെന്നു ഈ സഭയോടു ഞാൻ അപേക്ഷിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ബില്ലിൽ അന്തർഭവിച്ചിരിക്കുന്ന [illegible] തോന്നും എതിർക്കുന്നു. ആലോചിക്കേണ്ടതായ പ്രധാനസംഗതികൾ എടവക ഭൂമികളുടെ സ്വഭാവവും അവയിലെ കുടിയാന്മാരുടെ നിലയും ആകുന്നു. ഞാൻ ശരിയായി ഗ്രഹിക്കുന്നെങ്കിൽ, എടവക ഭൂമികൾ ഗവണ്മെന്റിലേക്കു യാതൊരു കരവും കൊടുക്കുന്നതിനർഹതയില്ലാത്ത നിഷ്കരഭൂമികൾ ആകുന്നു. [illegible]മെമ്പർ വാദിക്കുന്നതു തോന്നുന്നതു വാസ്തവത്തിൽ ഭൂമിയായ മണ്ണുമാത്രമേ കരത്തിനർഹതയില്ലാത്തതായിട്ടുള്ളു എന്നും, എന്നാൽ ആ മണ്ണിൽ എന്തെങ്കിലും നട്ടുപിടിപ്പിച്ചാൽ അതിനു കരം ചുമത്തപ്പെടാവുന്നതാണെന്നും അത്രെ. അങ്ങിനെയുള്ള ഒരു നിലയുടെ യുക്തിയോ ന്യായമോ കാണുന്നതിനു ഞാൻ ശക്തനാകുന്നില്ല. നേരെ വിരോധിച്ചിട്ടു

ളുടെ മേൽ നേരെയല്ലാത്ത കരം ചുമത്തുന്ന സമ്പ്രദായം മാത്രമാണിതു്. പ്രസ്തുത ഭൂമികൾ വാസ്തവത്തിൽ മറ്റൊരു കരവും കൊടുക്കുന്നതിനർഹതയുള്ളവയല്ലെങ്കിൽ, അവയിൽ നട്ടുണ്ടാക്കുന്നതിന്മേൽ വല്ല കരവും ചുമത്തുന്നതു് അശേഷം ഔചിത്യയുക്തമായിരിക്കുന്നില്ല. ഈ വസ്തുക്കൾ നിഷ്കരഭൂമികളാണെന്നു് ഗവണ്മെന്റു പറയുന്നതിൽ അവരുടെ ഉദ്ദേശം ആ വസ്തുക്കൾ കാടുപിടിച്ചു കൃഷിചെയ്യാതെ ഇടപ്പെടുന്നെങ്കിൽ, കരം ഒന്നും കൊടുക്കേണ്ടവയല്ലെന്നും എന്നാൽ ആ നിലങ്ങൾ കൃഷിചെയ്യപ്പെടുന്നപക്ഷം, ആ പ്രത്യേകനിമിഷത്തിൽ അവ കരം കൊടുക്കുന്നതിനർഹങ്ങളായി തീരുമെന്നും ആകുന്നുവെങ്കിൽ, അങ്ങിനെയുള്ള ഒരു നില യുക്തായുക്തവിധത്തിൽ ന്യായീകരിക്കത്തക്കതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പണ്ടാരപ്പാട്ടഭൂമികളിൽ തന്നെ വൃക്ഷങ്ങൾ വച്ചുണ്ടാക്കുമ്പോൾ അതിലേക്കു പ്രത്യേകം കരം വയ്ക്കുന്നുണ്ടെന്നു മെംബർക്കു അറിയാമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതാണു ഞാനും പറയുന്നതു്. വാസ്തവത്തിൽ കൃഷിനടത്തുന്നതായ ഭൂമികൾക്കല്ലാതെ ഗവണ്മെന്റ് കരം ചുമത്തിവരുന്നില്ല. ഏതെങ്കിലും സ്ഥലം കൃഷിചെയ്യപ്പെടാതിരുന്നാൽ, അതു ഗവണ്മെന്റുവക ആയിരിക്കുന്നെടത്തോളം അതിനു കരം ചുമത്തുന്നില്ല. എന്നാൽ ആരുടെ എങ്കിലും ഒരു പ്രത്യേകവ്യക്തിയുടെപേരിൽ പണ്ടാരവക ഭൂമി രജിസ്റ്റർചെയ്യപ്പെട്ടിരിക്കുമ്പോൾ, അതു കൃഷിചെയ്യപ്പെടാതിരുന്നാലും, ആ വ്യക്തിയുടെപേരിൽ ഗവണ്മെന്റിലേക്കുള്ള കരം ചുമത്തപ്പെടുന്നു. എന്നാൽ ഈ നിഷ്കരവസ്തുക്കളുടെ സ്വഭാവത്തിൽ തന്നെ, ഞാൻ പറയുന്നതു്, ഈ വസ്തുക്കൾ ഏതുതരുകരത്തിൽനിന്നും പൂർണ്ണമായി സ്വതന്ത്രങ്ങളാകയാൽ, ആ വസ്തുക്കളിൽ കൃഷിചെയ്യപ്പെടുന്ന വിളവുകളിന്മേൽ, യാതൊരു കരവും ചുമത്തത്തക്കതല്ലാത്തതാകുന്നു. മണ്ണു വെറും ഭൂമി നികുതികൊടുക്കുന്നതിനർഹമല്ല എന്നും എന്നാൽ അതിൽ വല്ലതും കൃഷിചെയ്താൽ, ഒരു മരച്ചീനിക്കമ്പുപോലും ആ നിലത്തു നട്ടുപിടിപ്പിക്കുന്നെങ്കിൽ, ആ നിലത്തിൽനിന്നു കിട്ടുന്ന ആദായം എത്രതന്നെ കുറച്ചായിരുന്നാലും കരംകൊടുക്കുന്നതിനർഹതയുള്ളതായിത്തീരുന്നു എന്നും പറഞ്ഞുകൂടാ. അങ്ങിനെയുള്ള ഒരു നില എനിക്കു ഗ്രഹിക്കുന്നതിനു കഴിയുന്നില്ല. ഒരു സെന്റു വിസ്തീർണ്ണമുള്ള ഒരു നിലമുണ്ടെന്നിരിക്കട്ടെ. ആ ഒരു സെന്റ് ഭൂമി കൃഷിചെയ്യപ്പെടാതെ കിടക്കുന്നിടത്തോളം അതിനു കരം കൊടുക്കേണ്ടതില്ലെന്നു പറയുന്നു. എന്നാൽ അതിൽ പത്തു മരച്ചീനിക്കമ്പു കുഴിച്ചിടുകയും അതിൽനിന്നു പത്തുചക്രം കിട്ടുകയും ചെയ്തുപോയെങ്കിൽ, അപ്പോൾ ആ പത്തുചക്രവും നികുതിക്കർഹമായിത്തീരുന്നു. അങ്ങിനെയൊരു നില ഗ്രഹിക്കുന്നതിനു എനിക്കു സാധിക്കുന്നില്ല. അതു അശേഷം നിരർത്ഥകമത്രെ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അങ്ങിനെയുള്ള ഒരു നിലത്തിൽ ഒരു കെട്ടിടം പണികഴിക്കുന്നെങ്കിൽ, അതിനു കരം കൊടുക്കേണ്ടതായി വരുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു വേറെ സംഗതിയാണ്. നമുക്കിപ്പോൾ ആലോചിക്കാനുള്ളതു് കൃഷിആദായത്തിന്റെ സംഗതിമാത്രമാണ്. ആ ഭൂമികളിലുണ്ടാക്കുന്ന കെട്ടിടങ്ങളുടെ കാര്യം നമുക്കു ആലോചിക്കേണ്ടതില്ല. കരം കൊടുക്കേണ്ടതല്ലാത്ത ഈ ഭൂമികളിൽനിന്നുണ്ടാകുന്ന കൃഷിയാദായത്തെക്കുറിച്ചാണ് നാം ആലോചിക്കുന്നതു്. യാതൊരു മനുഷ്യനും അങ്ങിനെയുള്ള ഒരു തത്വത്തെക്കുറിച്ച് വല്ല വിധത്തിലും പക്ഷംപിടിച്ചു പറയാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഭൂമികൾതന്നെ കരംകൊടുക്കുന്നതിനർഹങ്ങളല്ലെന്നുവരികിൽ അവയിൽനിന്നു ലഭിക്കുന്ന ആദായത്തിന്മേൽ ആർക്കെങ്കിലും കരം ചുമത്തുവാൻ എങ്ങിനെ കഴിയും?

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കൃഷിയാദായം ആദായനികുതിയിൽനിന്നൊഴിവാക്കപ്പെടുന്നതിനുള്ള കാരണമെന്തെന്നു ഞാൻ മിസ്റ്റർ ജോസഫിനോടു ചോദിക്കട്ടെയോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഞാൻ പറയാൻപോയതു അതുതന്നെയാണ്. ഗവണ്മെന്റ് ഭൂമികളുടെ സംഗതിയിൽ, ആ ഭൂമികളിൽനിന്നു ഒരു കരം ഈടാക്കിവരുന്നതുകൊണ്ട്, കൃഷിആദായം ഒഴിവാക്കപ്പെട്ടിരിക്കുന്നു. നിഷ്കരഭൂമികളുടെ കാര്യത്തിൽ ആവക ഭൂമിയിന്മേൽ വല്ല കരവും ചുമത്തുന്നതിനു ഗവണ്മെന്റിനവകാശമില്ല. അതാകുന്നു ഒരൊററവ്യത്യാസമുള്ളതു. പണ്ടാരവക ഭൂമികളുടെ സംഗതിയിൽ ആവക ഭൂമികളിന്മേൽ ഗവണ്മെന്റിനു വാസ്തവത്തിൽ ഒരു ഉടമസ്ഥതാവകാശമുണ്ട്. എടവക ഭൂമികളുടെ കാര്യത്തിൽ ഗവണ്മെന്റിനുണ്ടായിരുന്ന അവകാശമെല്ലാം ആ നിഷ്കരവസ്തുവിന്റെ തമ്പുരാനു ദാനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ, അതിൽനിന്നു വല്ലതും കൊടുക്കണമെന്നു ഗവണ്മെന്റ് ആവശ്യപ്പെടുന്നതു് ന്യായമല്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തിരുവിതാംകോടിനു പുറമെ കിടക്കുന്ന നെൽകൃഷി ഭൂമികളിൽനിന്നുണ്ടാകുന്ന ആദായം തിരുവിതാംകോട്ടേയ്ക്കു കൊണ്ടുവരപ്പെടുന്നതു ആദായനികുതിയിൽനിന്നും ഒഴിവാക്കപ്പെടണമെന്നുകൂടെ മെംബർ വാദിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആ സംഗതിയിൽ—

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അങ്ങിനെയുള്ള ആദായം ആദായനികുതിയിൽനിന്നൊഴിവാക്കപ്പെടണമെന്നോ ആദായനികുതിയിൽനിന്നൊഴിവാക്കപ്പെടരുതെന്നോ മെംബർ വാദിക്കുന്നതിനാഗ്രഹിക്കുന്നതു?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതെ എന്നോ അല്ല എന്നോ മറുപടിപറയുന്നതിനു എന്നെ നിർബന്ധിക്കാൻ പാടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സംഗതിയുടെസ്ഥിതി എന്തെന്നു വിവരിച്ചു പറയുന്നതിനു എനിക്കു സ്വാതന്ത്ര്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ആലോചനാവിഷയമായിരിക്കുന്ന സംഗതിയിൽനിന്നും ആ സംഗതി തീരെ വ്യത്യാസപ്പെട്ടതാണെന്നു ഞാൻ പറയുന്നു. തിരുവിതാംകോടിനു പുറമേനിന്നു കിട്ടുന്ന ആദായത്തിന്റെ സംഗതിയിൽ, തിരുവിതാംകോട്ടു പ്രജ ആയിരുന്നാലും, അതു തിരുവിതാംകോട്ടേയ്ക്കു കൊണ്ടുവരപ്പെടുമ്പോൾ, അങ്ങിനെയുള്ള ആദായത്തിന്മേൽ നികുതി വസൂൽചെയ്യേണ്ടതു ന്യായം മാത്രമാകുന്നു. ആ നില എനിക്കു നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. എന്നാൽ ഇടവക ഭൂമികളെ സംബന്ധിച്ചോ സംഗതി അശേഷം വ്യത്യാസപ്പെട്ടതാകുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തിരുവിതാം കോടിനു പുറമെ ബ്രിട്ടീഷ് ഇൻഡ്യയിലുള്ളതും ഭൂമികളിൽനിന്നും ലഭിക്കുന്ന ആദായത്തെ തിരുവിതാംകോട്ടുകാരൻെറമേൽ ആദായം ബ്രിട്ടീഷ്ഗവണ്മെൻറിലേക്ക കരം അടയ്ക്കുന്നുണ്ടു കൊണ്ടു വരുന്ന ഒരു തിരുവിതാംകോട്ടുകാരൻെറമേൽ ആദായം ബ്രിട്ടീഷ്ഗവണ്മെൻറിലേക്ക കരം അടയ്ക്കുന്നു എന്നുള്ള വാസ്തവത്തെ ഗണിക്കാതെ വീണ്ടും നികുതി ചുമത്തപ്പെടേണ്ടതാണെന്ന മെമ്പർ ആവശ്യപ്പെടുന്നു എന്നുള്ള വാസ്തവത്തെ ഗണിക്കാതെ വീണ്ടും നികുതി ചുമത്തപ്പെടേണ്ടതാണെന്നു മെമ്പർ ആവശ്യപ്പെടുന്നു ഉദ്ദേശിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആദായം ബ്രിട്ടീഷ്ഗവണ്മെൻറിലേക്ക വല്ലതും കൊടുക്കുന്നവോ ഇല്ലയോ എന്നു തിരുവിതാംകോട്ടുഗവണ്മെൻറ് ആലോചിച്ചിട്ടാവശ്യമില്ല. ഒരു ... ആദായം തിരുവിതാംകോട്ടുകാരൻ എവിടെ വെച്ചു അല്ലാതെയോ ആദായം ഉണ്ടാക്കിയാലും ... തിരുവിതാംകോട്ടിനു പുറമെനിന്നു കൊണ്ടുവരുന്നിടത്തോളം ആദായങ്ങളുടെ മേൽ, ... ന്യായം ... എന്നാൽ ഒരു നിശ്ചിത ഭൂമിയിൽനിന്നു കിട്ടുന്ന ... ആദായം ... ഈ ഭൂമികൾ ... ഗവണ്മെൻറ് ... എങ്കിലും വല്ല പ്രതിഫലമുണ്ടോ എന്നു ... സമ്പ്രദായം ... എന്നാൽ ഈ ഇടവകകളുടെ ചരിത്രത്തെപ്പറ്റി വായിച്ചിട്ട് എനിക്ക ... ആവശ്യം ഉണ്ടായിട്ടുള്ളതു്. എന്നാൽ ഈ ഇടവകകളുടെ ചരിത്രത്തെപ്പറ്റി വായിച്ചിട്ട് എനിക്ക ... ഇല്ല. അതിനിടയിൽ ... എന്തെങ്കിലും എനിക്ക തോന്നുന്നില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ ഭൂമികളിന്മേലുള്ള എല്ലാ അവകാശങ്ങളും ഗവണ്മെൻറ് ഉപേക്ഷിച്ചിരിക്കുന്നു എന്നു പറയുന്നതിൻെറ അത്ഥമെന്താണെന്നു ഞാൻ മി: ജോസഫിനോടു ചോദിക്കട്ടെയോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നികുതിചുമത്തുന്നതിനുള്ള അവകാശം എന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. അതായതു്, ഈ ഭൂമികളിന്മേൽ വല്ല കരവും വസൂൽചെയ്യുന്നതിനുള്ള അവകാശം ഗവണ്മെൻറിനില്ല.

മി: കുഴുവേലി പരമേശ്വരൻപിള്ള (ആ: അർഹഫഡ്. സ. വ.): വല്ല കയററുമതിയൊ ഇറക്കുമതിയൊ ആയ ചരക്കുകളിന്മേൽ നികുതിവസൂൽചെയ്യുന്നതിനുള്ള അധികാരം, അതായതു്, കയററുമതിച്ചുങ്കമോ ഇറക്കുമതിച്ചുങ്കമോ എന്നരൂപത്തിൽ ഇടവകഭൂമികളിന്മേൽ നേരെയല്ലാത്ത വിധത്തിൽ നികുതിചുമത്തുന്നതിനുള്ള അധികാരം ഗവണ്മെൻറിനുണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടൊ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കയററുമതിച്ചുങ്കത്തെ സംബന്ധിച്ചു്, അതു തീരെ വ്യത്യാസപ്പെട്ടനിലയിലാണു്. നമുക്ക ആലോചിക്കേണ്ടവിഷയം കൃഷിയാദായം മാത്രമാണു്.

മി: ഐ. കെ. പിള്ള (കരുനാഗപ്പള്ളി): കൃഷിവിളവുകൾ കയററുമതി ചെയ്യപ്പെടുന്നുണ്ടെങ്കിൽ, നികുതിചുമത്തപ്പെടാവുന്നവയല്ലെ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അവിടെയുള്ള പലതരം വിളവുകളും ... ഉല്പാദിപ്പിക്കുന്നു. അവിടെ അശേഷം വ്യത്യസ്തമായനിലയാണു്. ഈ കാര്യങ്ങളുടെ മൂലസ്ഥാനങ്ങളായ സംബന്ധങ്ങളെ ആസ്പദമാക്കിനോക്കുന്നപക്ഷം, ഒരു പ്രസാനവും കാണുകയില്ല. അധുനാതനവും നേരേയുള്ളവയുമായ ഫലങ്ങളെ മാത്രമേ നമുക്ക ആലോചിക്കാനുള്ളു. വെറും ഭൂമിയെ മണ്ണിനെമാത്രം നികുതികൊടുക്കുന്നതിനർഹതയില്ലാത്തതാക്കുന്നു എന്നും, ആഭൂമിയിൽ ഉണ്ടാകുന്നവല്ല വിളവിന്മേലും നികുതിചുമത്താമൊ എന്നുമാണു പ്രശ്നം. ... അതുമാത്രമാണു്. അതിനാൽ സഭയുടെ ആലോചനയ്ക്കായി ഞാൻസമപ്പിക്കുന്നതു് ഇടവകഭൂമികളുടെ സ്വഭാവത്തിൽതന്നെ, അവയിൽനിന്നുകിട്ടുന്ന കൃഷിയാദായത്തിന്മേൽ നേരെയുള്ളതോ അല്ലാത്തതോ ആയ ... ഒരു ഗവണ്മെൻറു കരവും ചുമത്തിക്കൂടാത്തതാകുന്നു എന്നത്രെ.

രണ്ടാമതായി ഞാൻഎതിർക്കുന്നതു്, ഈ ഭൂമികളിൽ കുടിയിരിക്കുകയും അവ കൃഷിചെയ്കയും ചെയ്യുന്നകുടിയാന്മാരുടെ സ്ഥിതിയെപററിയാണു്. ഈ കുടിയാന്മാർന്യായമായി അവർകൊടുക്കേണ്ടതായ കരം ആ ഇടവകകളുടെ തമ്പുരാക്കന്മാർക്ക കൊടുത്തുവരുന്നു. പണ്ടാരവക ഭൂമികളും കൃഷിചെയ്യുന്ന കുടിയാന്മാരിൽനിന്നു വ്യത്യസ്തമായി ഇടവകകളിൽ നിവസിക്കുന്നകുടിയാന്മാരെ ... ക്ലേശിപ്പിക്കുന്നതിനു നമുക്ക പാടില്ലാത്തതാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പാട്ടം നിർണ്ണയിക്കുന്ന അധികൃതന്മാർ ആരാണു്?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എന്തിനു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇടവകഭൂമികൾക്ക.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): തീച്ചയായിട്ടും അധികൃതന്മാർ ആ തമ്പുരാന്മാർതന്നെയായിരുന്നു. ... വാസ്തവത്തെപററിമാത്രമെ എനിക്ക ആലോചിക്കാനുള്ളു. കുടിയാന്മാർ തമ്പുരാക്കന്മാർക്ക ഒരു നിശ്ചിതനിരക്ക കൊടുത്തുവരുന്നുണ്ടു് എന്നുള്ളതാണു് വാസ്തവം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർ കൊടുത്തുവരുന്നതു ഒരു ന്യായമായനിരക്കാണെന്നു നമുക്ക എങ്ങിനെ പറയാൻകഴിയുമെന്നു ഞാൻ മി: ജോസഫിൽനിന്നറിയുന്നതിനാഗ്രഹിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഗവണ്മെൻറു നിരക്കിനേക്കാൾ ചില സംഗതികളിൽ അല്പം കുറഞ്ഞും, മററുചില സംഗതികളിൽ അല്പം അധികരിച്ചുംഉള്ള നിരക്കുകളാണു എന്നു ഞാൻ പറയുന്നു. പല സംഗതികളിലും, കുടിയാന്മാർ പണ്ടാരപ്പാട്ടക്കുടിയാന്മാർ കൊടുത്തുവരുന്ന നിരക്കിനേക്കാൾ വളരെക്കുറഞ്ഞ നിരക്കിലാണു കൊടുത്തുവരുന്നതെന്നു എനിക്കറിയാം. തീച്ചയായിട്ടും കുടിയാന്മാർ വളരെക്കുറഞ്ഞ നിരക്കിനു കൊടുത്തുവരുന്ന വ്യക്തികളുമുണ്ടായേക്കാം. എന്നാൽ എല്ലാ സംഗതിയിലും അവർ ഈ ഇടവകകളുടെ തമ്പുരാക്കന്മാർക്ക എന്തെങ്കിലും നികുതി കൊടുത്തുവരുന്നുണ്ടെന്നുള്ളതു വാസ്തവമാണു്. ഈ ആളുകളോടും ഗവണ്മെൻറിലേക്ക വരികൊടുക്കണമെന്നാവശ്യപ്പെടുന്നെങ്കിൽ, അതു ഇരട്ടിക്കരം ഈടാക്കുകയാണെന്നു ഞാൻ പറയും. ഒരേവസ്തുവിനു രണ്ടുപ്രാവശ്യം കരംതിക്കുന്നതിനുള്ള ആളുകളോടു, ഒരിക്കൽ തമ്പുരാനുകൊടുക്കുന്നതിനും പിന്നീടു് ഗവണ്മെൻറിനു കൊടുക്കുന്നതിനും ആവശ്യപ്പെടാൻ പാടില്ലാത്തതാണു്. അതുതീരെന്യായവിരുദ്ധമായ ഒരു നിലയാണു്. അതിനാൽ ബില്ലിൻെറതത്വത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവങ്കോടും): ടെനൻറ്സ് എന്നുപറഞ്ഞതു് നെല്ല്, തെങ്ങ്, മുളക് മുതലായവ കൃഷിചെയ്യുന്ന ആളുകളേയോ, അതല്ല പത്തോ, നൂറോ, ആയിരമോ ഏക്കർ സ്ഥലങ്ങളിൽ കാപ്പി, റബ്ബർ, തേയില മുതലായവ കൃഷിചെയ്യുന്ന ആളുകളേയോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): തീർച്ചയായിട്ടും, ടെനൻറ്സ് (കുടിയാന്മാർ) എന്നു പറഞ്ഞതിനെ ഞാൻ അർത്ഥമാക്കുന്നതു് ജന്മിമാരിൽനിന്നും ഭൂമി കൈവശം കിട്ടിയവരും ആ ഭൂമികളിൽ സാക്ഷാൽ കൃഷിചെയ്യുന്നവരും ആകുന്നു എന്നത്രേ.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവങ്കോടും): എത്ര ഏക്കർ ഉണ്ടായിരിക്കണം?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കു പറവാൻ കഴിയുന്നതു ഇത്രമാത്രമേ ഉള്ളൂ. ഒരേക്കർ മാത്രം ഭൂമി കൈവശമുള്ള ആളുകളുടെ സംഗതിയും ൫൦൦൦ ഏക്കർ കൈവശമുള്ള ആളുകളുടെ സംഗതിയും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നതു ശരിയായിരിക്കയില്ല. അങ്ങിനെയൊരു വ്യത്യാസമുണ്ടാക്കുന്നതിൽ വല്ല ന്യായവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ചാമെംബർ സ്ഥിതിവിവരിച്ചു പറയുമ്പോൾ, ഈ സഭയിലുള്ള മെംബർമാരുടെ ആനുകൂല്യം സമ്പാദിക്കുന്നതിനുവേണ്ടി വിദേശീയ തോട്ടക്കാർ വളരെ വലുതായ തോതിൽ ഭൂമികളെ കൃഷിചെയ്യുകയും തേയില മുതലായ ചെടികളിൽ നിന്നും വളരെ വ്യവസായലാഭമെടുക്കുകയും ചെയ്യുന്നുണ്ടെന്നു പ്രസ്താവിക്കുമെന്നായി എന്നു ഞാൻ വിചാരിക്കുന്നു. വിദേശീയ തോട്ടക്കാരുടെ കാര്യത്തിൽ, അവരിൽനിന്നു ഏതെങ്കിലും ആദായം ലഭിക്കാവുന്നതാണെന്നു പറയുമ്പോൾ, ഗവർമെണ്ടിൻെറ നയത്തോടു ഇക്കാര്യങ്ങളുടെ നിലയോടു ഞാൻ പൂർണ്ണമായ ആനുകൂല്യമുള്ളവനാകുന്നു. എന്നാൽ തിരുവിതാംകൂർ പ്രജകളുടെ കാര്യംസംബന്ധിച്ചേടത്തോളം, പണ്ടാരപ്പാട്ടം കുടിയാന്മാരോടു മററുള്ള കുടിയാന്മാരെ അപേക്ഷിച്ചു യാതൊരുവിധം പക്ഷപാതവും ഉണ്ടായിരിക്കരുതെന്നതാണെന്നു ഞാൻ പറയുന്നു. വിദേശീയ തോട്ടക്കാരിൽനിന്നു വല്ലതും എടുപ്പാൻ കിട്ടുന്ന ഉദ്ദേശത്തോടുകൂടി വല്ല ബില്ലും ഈ സഭയിൽ അവതരിപ്പിക്കുന്നപക്ഷം, എനിക്കു യാതൊരു വിരോധവുമുണ്ടായിരിക്കുന്നതല്ല. അതിനാൽ ഞാൻ ഈ സഭയുടെ ആലോചനയ്ക്കായി സമർപ്പിക്കുന്നതു ഈ അഭിപ്രായത്തിലേക്കു മെംബർമാരെ പ്രേരിപ്പിക്കുകയല്ലാത്തതാണെന്നാകുന്നു. തീർച്ചയായിട്ടും വിദേശീയ തോട്ടക്കാർ വളരെ പണം സമ്പാദിക്കുന്നുണ്ടെന്നു കൂടി ഞാൻ അറിയുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇടവകവസ്തുക്കളിൽനിന്നു ഗവർമെൻറ് ഈ ആദായനികുതി ഈടാക്കുന്നതിനു മാത്രമേ മെംബർക്കു വിരോധമുള്ളോ എന്നു മി: ജോസഫ് എന്നെ അറിയിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മെംബർ ദയവുചെയ്തു വിവരിച്ചു പറയുമോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആദായനികുതി പിരിക്കുന്നതിനുള്ള അധികാരം ഇടവകയുടമസ്ഥനു കൊടുക്കുന്നതായാൽ മെംബർക്കു വല്ല വിരോധവുമുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇടവകയിലുള്ള കുടിയാന്മാരുടെ പേരിൽ കൃഷിയാദായത്തിന്മേൽ നികുതി ചുമത്തുന്നതിനു ഗവർമെൻറിനു യാതൊരധികാരവുമില്ലെന്നു ഞാൻ പറയുന്നു. നികുതിപിരിക്കുന്നതിനെ സംബന്ധിച്ചു എനിക്കു യാതൊരു കാര്യവുമില്ല.

മി: കെ. സി. മാമ്മൻ മാപ്പിള (വാണിജ്യവും വ്യവസായവും,—വടക്ക്). ഇടവകകളിൽ റബ്ബറോ തേയിലയോ കൃഷിചെയ്തിട്ടുള്ള വിദേശീയരിൽനിന്നും ആദായനികുതി വാങ്ങുന്നതിനു മെംബർക്കു വിരോധമില്ലെന്നു ഞാൻ മനസ്സിലാക്കണമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കു അശേഷം വിരോധമില്ല.

മി: കെ. സി. മാമ്മൻ മാപ്പിള (വാണിജ്യവും വ്യവസായവും,—വടക്ക്): എന്നാൽ ഒരു ഇൻഡ്യാക്കാരൻ ൫൦൦-ഓ, ൫൦൦൦-ഓ ഏക്കർ ഭൂമി കൃഷി ചെയ്യുന്നതായാൽ, മെംബറുടെ നില എന്തായിരിക്കും?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങിനെയുള്ള ഒരു വ്യത്യാസമുണ്ടാക്കുന്നതിൽ യാതൊരു ന്യായവും ഞാൻ കാണുന്നില്ലെന്ന് ഞാൻ മുമ്പുതന്നെ മി: കുമാരപിള്ളയോടു പറഞ്ഞിട്ടുണ്ട്. എന്നാൽ കാര്യക്ഷമതയെ ആലോചിച്ച്, അങ്ങിനെ ഒരു ബില്ലും അവതരിക്കപ്പെടുന്നെങ്കിൽ, കേവലം കാര്യക്ഷമതയെ ആലോചിച്ചുമാത്രം, അതിനെ താങ്ങുന്നതിൽ എനിക്കു ഒരു വിരോധവുമുണ്ടായിരിക്കുന്നതല്ല. അതുസംബന്ധിച്ചുപോലും വല്ല തത്വവും അടിസ്ഥാനമായിട്ടു ഞാൻ കാണുന്നില്ല.

ഈ സംഗതിയിൽ വല്ല വൈപരീത്യവും ഉത്ഭവിപ്പിക്കുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. വല്ല വ്യത്യാസവും നാം ഉണ്ടാക്കേണമെന്നു സാമാന്യ സംഗതികളെപ്പററി മെംബർ വാദിക്കുന്നെങ്കിൽ, അങ്ങിനെയുള്ള ഒരു നില എനിക്കു ഗ്രഹിക്കുന്നതിനു കഴിയുന്നതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ജന്മികുടിയാൻ റഗുലേഷൻപ്രകാരമുള്ള ഒരു ജന്മിക്കും ഒരു ഇടവകതമ്പുരാനും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്ന് മെംബർ എന്നെ അറിയിക്കുമോ?

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതുവരെ ഞാൻ അതിനെ ഒരു പ്രത്യേക പഠനവിഷയമാക്കിട്ടില്ല, അതിനാൽ ചോദ്യത്തിനു മറുപടികൊടുക്കുന്നതിനുള്ള ഒരു നിലയിലല്ലാ ഞാനിരിക്കുന്നതു.

മി: കെ. കെ. തോമസ് (കോട്ടയം): ഈ സംഗതിയെപ്പററി ഉച്ചയ്ക്കുമുമ്പും പിമ്പും നടന്നുകൊണ്ടിരുന്ന വാദത്തെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതിലുൾപ്പെട്ടിരിക്കുന്ന പ്രധാനസംഗതി സമദർശിത്വത്തെ ആലോചിക്കയെന്നുള്ളതാകുന്നു. ഗവർമെൻറിനാൽ ഭൂനികുതി ചുമത്തപ്പെട്ടിട്ടില്ലാത്തതായ ഇടവകകളായി കിടക്കുന്നതായ ഭൂമികളിന്മേൽ ആദായനികുതികൊടുക്കുന്നതിനു ഗവർമെൻറിനെ പ്രേരിപ്പിച്ചതു് സമദർശിത്വമെന്നുള്ളതിനെ ആലോചിച്ചുകൊണ്ടാണ്. സമദർശിത്വാലോചനതന്നെയായിരിക്കണം, ഒരിക്കൽ ഒരു വസ്തുവിന്മേൽ ഇടവകക്കാർ കരംചുമത്തിപ്പോയാൽ, അതിന്മേൽ വീണ്ടും കരം ചുമത്തുകയും, നേരെ ഗവർമെൻറിലേക്കു ഭൂനികുതി കൊടുത്തുവരുന്ന പണ്ടാരപ്പാട്ടവസ്തുവിൽനിന്നു വേർതിരിച്ചു അതിനെ വ്യത്യസ്ഥമായ ഒരു നിലയിൽ വയ്ക്കുന്നതു് സമദർശിത്വമല്ലായിരിക്കുമെന്നു നിർബന്ധിക്കുന്നതിനു സഭയുടെ ഈ പക്ഷത്തുള്ളവരെ പ്രോത്സാഹിപ്പിച്ചതു എന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെ വക്കീലന്മാരുടെ ഭാഷയിൽ സമദർശിത്വമോ

വും ആവശ്യപ്പെടുന്നവർ സമാധാനപ്രവൃത്തിയും വേണം. ഗവർമ്മെന്റ് സമർത്ഥമായിരുന്ന ഒരു സ്ഥാനത്തിരുന്നാണു നിൽക്കുന്നതു്. അവർ ഇങ്ങിനെയാണു പറയുന്നതു്, "ഞങ്ങൾ എല്ലാപ്രജകളേയും ഒരു പോലെ കരുതുന്നു. ഈ ആളുകൾ, അതായതു്, ഇടവകവസ്തുക്കൾ കൈവശമുള്ളവർ ഭൂനികുതി കൊടുക്കേണ്ടതല്ലാത്തതിനാൽ, ഞങ്ങൾ അവരുടെ പേരിൽ ആദായനികുതി ചുമത്തുന്നു." അതാകുന്നു ഗവർമ്മെന്റ് അവലംബിച്ചിരിക്കുന്ന നില. അവർ പറയുന്നതു, "ഭൂനികുതിയെ ഒഴിവാക്കിയിട്ടുള്ളതിനാൽ ആദായനികുതി ചുമത്തുന്നതു് ശരിയും ന്യായവുമാകുന്നു" എന്നത്രെ. ഈ ഭൂമികളിന്മേൽകരം ചുമത്താതിരിക്കുന്നെങ്കിൽ, അവരോടുള്ള ഉന്നതലക്ഷ്യം തൃപ്തിയോടും നഷ്ടമുണ്ടാകുമെന്നുള്ളവാദത്തെ ഞാൻ ബഹുമാനിക്കുകയും ചെയ്യുന്നു. ആ ലക്ഷ്യം തൃപ്തിയോടും നാം രക്ഷിക്കേണ്ടതാണെന്നു ഇരിക്കുന്നു എന്നു ഈ സഭയിൽ ..... ൽ ..... വരുടെയും, അതാകുന്നു ഗവർമ്മെന്റിന്റെ ദൃഷ്ടി (പക്ഷം).

കുടിയാന്റെ പക്ഷം വിചാരിച്ചു ഞാൻ പലതും പറയാനാഗ്രഹിക്കുന്നു. കുടിയാൻ ഭൂനികുതി ഇടവകതമ്പുരാനു കൊടുക്കുന്നു. ആനിലയ്ക്കു്, നികുതി നിശ്ചയിക്കുന്ന സമയത്തു് ..... ഈ ഭൂമികളെ ഇനിയുമൊരിക്കൽ ഗവർമ്മെന്റ് വീണ്ടും കരംചുമത്തുന്നനിലയിൽ പരിശോധിച്ചു എന്നായിരുന്നു. ഇപ്രകാരം ഈ ഭൂമികളെ നിഷ്കരങ്ങളാക്കിയതു് മുമ്പിൽ ചെയ്യപ്പെട്ടിട്ടുള്ള ഉതവികളെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ ജാതിയെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ ആ ഇടവകകളിൽ അവർക്കുണ്ടായിരുന്ന അവകാശങ്ങളെ ഉദ്ദേശിച്ചോ ആയിരുന്നേക്കാം. സഭയുടെ ശ്രദ്ധയെ ഞാൻ ബ്രിട്ടീഷ് ഇൻഡ്യയിലെ സാമ്രാജ്യത്തിലേക്ക ക്ഷണിക്കാം. തിരുവിതാംകോട്ട ബ്രിട്ടീഷ് ഇൻഡ്യയെ അപേക്ഷിച്ച് ഇടവകയ്ക്കു തുല്യമാണ്. നാം മഹത്തായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഒരു ചെറിയ ഭാഗമത്രെ. "ഞങ്ങൾ ഇടവകകൾക്ക എല്ലാതരം സൌകര്യങ്ങളും നൽകുന്നുണ്ട്, ഞങ്ങൾ നിങ്ങൾക്കു റോഡുകൾ തരുന്നുണ്ട്, ഞങ്ങൾ നിങ്ങൾക്ക വിദ്യാഭ്യാസം തരുന്നുണ്ട്, ഞങ്ങൾ നിങ്ങൾക്കു സമാധാനം തരുന്നു. അതിനെല്ലാറ്റിനും വേണ്ടിവരുന്നചിലവു് വകയായി ഞങ്ങൾക്ക നിങ്ങൾ പണം തരണം," എന്നിങ്ങിനെ ഇപ്പോൾ തിരുവിതാംകോട്ട ഗവർമ്മെന്റ് പറയുന്നതുപോലെതന്നെ; ബ്രിട്ടീഷ് ഗവർമ്മെന്റിൽനിന്നും, "ഞങ്ങൾ നിങ്ങളുടെ സമുദ്രതീരങ്ങളെസംരക്ഷിക്കുകമുതലായതു് ചെയ്യുന്നുണ്ട്" എന്നു പറയപ്പെടുന്നതാണു. "നിങ്ങൾ ഞങ്ങൾക്കു യാതൊരു കരവും തരുന്നില്ല" എന്നു ബ്രിട്ടീഷ് ഗവർമ്മെന്റ് പറയുകയാണെങ്കിൽ, നമ്മുടെനില എന്തായിരിക്കും?

മി: വി. സുബ്ബയ്യർ (ഗവർമ്മെന്റ നിയമിച്ചമെംബർ): (ഡിപ്യൂട്ടിപ്രെസിഡന്റ): നമ്പൂതിരിമാർ അനുസരിച്ചുള്ള ഒരു സംഗതിയായ ആ ദൃഷ്ടാന്തം കൊടുക്കുന്നതിൽ എന്റെ സ്നേഹിതൻ ക്രമാനുസാരമായിരിക്കുന്നുവോ എന്നു ഞാൻ അറിയുന്നില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഞാൻ അതു് ഒരു ദൃഷ്ടാന്തമായിട്ടുമാത്രമെ പറഞ്ഞുള്ളൂ. ..... യാതൊന്നിനെയും ഞാൻ ലക്ഷ്യമാക്കുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു പലരെ വഴിതെറ്റിക്കുന്ന ഒരു സാദൃശ്യമാണെന്നു മെംബർ അറിയുന്നുണ്ടോ?

മി: കെ. കെ. തോമസ് (കോട്ടയം): ഞാൻ കാണുന്നില്ല. കപ്പംമുഴികെ ബ്രിട്ടീഷ്ഗവർമ്മെന്റ തിരുവിതാംകോട്ടനിന്നു യാതൊരുകരവും വാങ്ങുന്നില്ല. ഇതിനു തുല്യമായ ഒരു വ്യവസ്ഥയിന്മേലാണ് തിരുവിതാംകോട്ട ഗവർമ്മെന്റ് ഈ ഇടവകകളുടെ അധിരാജത്വമേൽക്കയും ഈ ഇടവകവസ്തുക്കൾക്ക കരംചുമത്തുന്നതിനുള്ള അവകാശം വിട്ടുകൊടുക്കയും ചെയ്തിട്ടുള്ളതു്. ബ്രിട്ടീഷ്ഗവർമ്മെന്റ ഇങ്ങിനെ പറഞ്ഞേക്കാം. "ഞങ്ങൾ നിങ്ങളുടെ സമുദ്രതീരങ്ങളെ കാവൽചെയ്യുകയും നിങ്ങളുടെ വസ്തുക്കളെ ആഭ്യന്തരയുദ്ധങ്ങളിൽ നിന്നു സംരക്ഷിക്കുകയും ചെയ്യുന്നെങ്കിലും, നിങ്ങൾ ഞങ്ങൾക്ക യാതൊന്നും തരുന്നില്ല. അതിനാൽ തിരുവിതാംകോട്ട ബ്രിട്ടീഷ്ഇൻഡ്യയോടു ഏതുനിലയിൽ ഇരിക്കുന്നുവോ അതേനിലയിൽതന്നെ ഇടവകയും തിരുവിതാംകോട്ടിനോടു ഇരിക്കുന്നു.

പിന്നെ, ഉണ്ടാകുന്നതിനനുമിച്ചതായ ചില വ്യത്യാസത്തേയും റെഗുലേഷൻപ്രകാരം ഒഴിവാക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ചില ഭൂമികളുടേയും, ചില ജനങ്ങളിലുള്ള ആദായത്തേയും സംബന്ധിച്ച്, ഈ യത്നം അശേഷം നാം ഉപേക്ഷിക്കുന്നെങ്കിൽ, ഗവർമ്മെന്റിലേക്ക് വളരെ പണം നഷ്ടമാകുമെന്നുള്ളതുകൊണ്ടു് ഈ ഇടവകകളിൽ കൃഷിചെയ്യപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങളിൽനിന്നുള്ള ആദായത്തെ തള്ളുന്നതു് ന്യായവും രാജ്യത്തിനു ഏററവും ക്ഷേമകരവുമായിരിക്കയില്ലേ എന്നുള്ളതിനെ ഞാൻ ഈ സഭയുടെ ആലോചനയ്ക്കു വിഷയീഭവിപ്പിക്കുന്നതിനാഗ്രഹിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, സമർത്ഥതയാവശ്യപ്പെടുന്ന ഒരാൾ സമർത്ഥമായി പ്രവർത്തിക്കയുംവേണം; ആയതിനാൽ ഒരു മദ്ധ്യവഴിയുണ്ടായിരിക്കണമെന്നു സഭയോടു നിർദ്ദേശിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഭൂസ്വത്തുക്കളിന്മേൽ കരം ചുമത്താം, എന്നാൽ നെല്ല്, തേങ്ങ, തേയില മുതലായ ഭക്ഷ്യസാധനങ്ങളിന്മേൽ അങ്ങിനെ ചെയ്യരുതാത്തതാകുന്നു.

മി: വി. സുബ്ബയ്യർ (ഗവർമ്മെന്റനിയമിച്ച മെംബർ) (ഡിപ്യൂട്ടിപ്രെസിഡന്റ): തേയില ഒരു ഭക്ഷ്യസാധനമാണോ എന്നു ഞാൻ അറിയാമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തേയില ആഹാരമാണോ?

മി: കെ. കെ. തോമസ് (കോട്ടയം): എനിക്ക് അതറിയാൻ പാടില്ല. അതിനെ ഉപേക്ഷിക്കാം. നാട്ടിന്റെ ആലംബമായിരിക്കുന്നതു് അതിന്റെ നെല്ലും തേങ്ങയും ആണ്. ഈ ഭൂമികളിലുള്ള കുടിയാന്മാരെ, നെല്ല്, തേങ്ങ കുരുമുളക് എന്നിവയിൽ നിന്നു കിട്ടുന്ന ആദായത്തിന്മേൽ ആദായനികുതി ചുമത്തുന്നതിൽനിന്നു ഒഴിവാക്കുന്നതിനു നിങ്ങൾക്ക സാധിക്കുമെങ്കിൽ, ഈ നിയമത്തിനു വലുതായ എതിർപ്പുണ്ടാകുന്നതല്ലെന്നു ഞാൻവിചാരിക്കുന്നു. പിന്നെ, വലിയ മുതലാളിമാർ മാത്രമെ ഈ ആദായനികുതിയാൽ ബാധിക്കപ്പെടുകയുള്ളു എന്നു പറഞ്ഞു. വലിയമുതലാളിമാരെ മാത്രമല്ല അതു ബാധിക്കുന്നതു്. ഞാൻ അറിയുന്നിടത്തോളം ഈ രാജ്യത്തു അനേകം വലിയ മുതലാളിമാരില്ല. കൃഷിയിൽനിന്നുള്ള ആദായത്തിൽ ൨൦൦൦ രൂപ ആദായം വരുന്നതു് മുതലായി വിചാരിക്കപ്പെടുകയില്ല. കാരണം കൃഷിക്കാർക്ക യാതൊരു ലാഭവുമുണ്ടാകയില്ല. കൃഷിക്കാരായ സാധാരണ കുടിയാന്മാരുടെ ആദായം കണക്കാക്കുവാൻപോകുന്നതെങ്ങിനെയാണെന്നുള്ളതിനെക്കുറിച്ച് എനിക്ക ചില സംശയങ്ങളുമില്ലെന്നില്ല. അതുകൊണ്ടു്, ഈ ഇടവകകൾക്കുള്ളിൽ നിവാസികളായ കൃഷിക്കാരുടെ ഗതി

തയെ ഉദ്ദേശിച്ച്, ഈ ആളുകളുടെമേലും ആദായനികുതി ചുമത്തുവാൻ താല്പര്യപ്പെടുന്നെങ്കിൽ, നെല്ല്, തേങ്ങ മുതലായവയുടെ സംഗതിയിൽ ഒരു വ്യത്യാസം വരുത്തേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കുന്നതിനാഗ്രഹിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): സർ, പ്രജകൾ ഗവണ്മെന്റിന്റെ നിലനില്പിലേക്ക് ഗവണ്മെന്റിനു വല്ലതും കൊടുക്കണമെന്നുള്ളതു് യുക്തിപൂർവ്വമായ ഒരു പ്രമേയമത്രെ. ആ പങ്കു ഈടാക്കുന്നതിൽ ഗവണ്മെന്റ് പലവെ സമ്പ്രദായങ്ങളും സ്വീകരിച്ചിട്ടുണ്ട് ഒന്നു ഭൂനികുതിയാണ്, വേറൊന്ന് ആദായത്തിന്മേലുള്ള നികുതിയുമാണ്, എന്നാൽ ഭൂമിയിന്മേൽ കരം ചുമത്തുന്നതിനുമുമ്പായിട്ടു—

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെംബർ രണ്ടാമത്തെ പ്രാവശ്യമാണ് സംസാരിക്കുന്നതെന്നു ഞാൻ ശങ്കിക്കുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): അതു് ഒരു ശങ്കമാത്രമാണ് (ചിരി).

അപ്രകാരം, ഗവണ്മെന്റ് ആദായത്തിന്മേൽ കരം ചുമത്തുന്നു. ആദായനികുതിയുടെ അടിസ്ഥാനതത്വം മൂലധനത്തിന്മേൽ കരം ചുമത്തുകയാണ്, കാരണം, ഒരു മനുഷ്യന്റെ ആദായത്തിൽ, വേലക്കാർ, ഭൂമി മൂലധനം എന്നീ മൂന്നും സഹായിക്കുന്നുണ്ട്. മൂലധനത്തിന്മേൽ ആദായനികുതി ചുമത്തുന്നു, ഭൂമിയിന്മേൽ ഭൂനികുതി സമ്പ്രദായമനുസരിച്ചുള്ള കരം ചുമത്തുന്നു. ഇടവകകൾക്കുപുറമെ താമസക്കാരായ കുടിയാന്മാരെ സംബന്ധിക്കുന്നിടത്തോളം ഇതാകുന്നു അവസ്ഥ. ഭൂസ്വത്തുക്കളിൽനിന്നു അവനു കിട്ടുന്ന ആദായത്തിന്മേൽ ഭൂമിക്കു കരം കൊടുക്കുന്നതുകൊണ്ട്, ഗവണ്മെന്റിലേക്കു യാതൊന്നും കൊടുക്കേണ്ട ആവശ്യമില്ല, മറെറ വല്ല മാർഗ്ഗത്തിലൂടെയും തനിക്കു കിട്ടുന്ന ആദായത്തിന്റെ കാര്യത്തിൽ, ൨൦൦൦ രൂപായിലോ മറേറാ അധികരിച്ചുള്ള ആദായത്തിന്മേൽ അവൻ ആദായനികുതി കൊടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇടവക ഭൂമികളിലെ കുടിയാന്മാരുടെ സംഗതി ആലോചിക്കുക. അവനും ഭൂമികളിൽ കൃഷിചെയ്തു് ആദായമുണ്ടാക്കുന്നു. ഭൂമിയിൽനിന്നുകിട്ടുന്ന ആദായത്തിനുവേണ്ടി അവൻ വല്ലതും തമ്പുരാനു കൊടുക്കുന്നു, ഗവണ്മെന്റിലേക്കു കൊടുക്കുന്ന തുകയ്ക്കു സമമായ ഒരു തുകയാണിതു്. ഇപ്രകാരം അവനു ഭൂനികുതി കൊടുക്കുന്നു. അതിൽപിന്നെ, അയാളുടെ, തനിക്കു ഭൂമിയിൽനിന്നു കിട്ടുന്ന ആദായത്തിനുവേണ്ടി ഗവണ്മെന്റ് ഭണ്ഡാരത്തിലേക്കു വല്ലതും കൂടുതലായി വീണ്ടും കൊടുക്കണമെന്നാവശ്യപ്പെടുന്നതു് യുക്തമായിട്ടുള്ളതാണോ? അതാണ് അവസ്ഥ. എന്റെ സ്നേഹിതൻ മിസ്റ്റർ മാത്യു ആ സ്ഥിതിയെ സ്പഷ്ടമാക്കി പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഒരിക്കൽ കരം തമ്പുരാനു കൊടുക്കയും, ആ പണം തമ്പുരാനു നൽകുകയും ചെയ്യുമ്പോൾ, ഗവണ്മെന്റ് തിരിച്ചുനിന്നു് കിട്ടാനുള്ളതിനെ തമ്പുരാനിൽനിന്നു വാങ്ങുന്നതിൽ അനുശേഷം വിരോധമുണ്ടാകുന്നതല്ല. എന്നാൽ കുടിയാന്മാരെ വീണ്ടും കരം ചുമത്തേണ്ടതായതാണ്, എന്നാൽ വേറെയൊരു നിലയുള്ളതിനു ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ഒരാൾക്കു ൫൦ ഏക്കർ ഭൂമിയുണ്ടായിരിക്കയും, അയാൾ അതിൽ കുരുമുളകു് കൃഷിചെയ്തു്, ഇപ്പോഴത്തെ വിലയ്ക്കു് ഏകദേശം ൩൦൦൦ രൂപായോളം കിട്ടുന്നതാണെന്നു വിചാരിക്കുകയും ചെയ്യു. കുരുമുളകു കൃഷിയിൽനിന്നു ഈ ൩൦൦൦ രൂപാ ആദായംകിട്ടുന്നതിനു, ഭേദപ്പെടുത്തുന്ന ബില്ലുപ്രകാരം അയാൾക്കു ഗവണ്മെന്റിലേക്കു് ഒരു ആദായനികുതിയും കൊടുക്കാനുണ്ടായിരിക്കും, അതുകൂടാതെ, അയാൾക്കു തമ്പുരാനു ഭൂനികുതിയും കൊടുക്കാനുണ്ടായിരിക്കും. അങ്ങിനെ അയാൾക്കു ഇരട്ടിക്കരം കൊടുക്കാനുണ്ടായിരിക്കും ആദായനികുതി ഒരു വലിയ തുകയായിരിക്കുന്നതുകൂടാതെ അയാൾ ഇരട്ടിക്കരം കൊടുക്കേണ്ടതായിട്ടും വരും, നേരേമറിച്ച്, ആ കുടിയാൻ ഇടവകയ്ക്കു പുറമേയുള്ള ൫൦ ഏക്കർ പണ്ടാരപ്പാട്ടവസ്തു കൃഷിചെയ്യുന്നപക്ഷം, അയാൾക്കു ഭൂനികുതിയല്ലാതെ ആദായനികുതി കൊടുക്കാനുണ്ടായിരിക്കയില്ല. അങ്ങിനെ ഒരു പ്രജയും വേറൊരു പ്രജയും തമ്മിൽ വിഭേദമുണ്ടാക്കിത്തീർത്തിരിക്കുന്നു. കൂടാതെ, ദോഷകരമായ വേറൊരു നിലയും ഇതിലുണ്ട്. കൃഷി പ്രചാരപ്പെടുത്തുന്നതിനു അതൊരു ഉത്സാഹഭംഗമായിരിക്കുന്നു എന്നത്രെ. ഒരു മനുഷ്യൻ അധികം ഭൂമി സമ്പാദിക്കുകയും ൨൦൦൦ രൂപായിൽ കവിയുന്ന ആദായം അവനു കിട്ടത്തക്കവണ്ണം കൃഷി വിസ്തൃതമാക്കുകയും ചെയ്യുന്നെങ്കിൽ, ഗവണ്മെന്റ് എതിരിട്ട് അവന്റെമേൽ കരം ചുമത്തുന്നു, തൽഫലം അതു തൊഴിലിന്മേലുള്ള കരമല്ലാതെ, ഒരു ആദായകരമായിരിക്കുന്നില്ല. അതു ആദായകരമാണെങ്കിൽ പണ്ടാരപ്പാട്ടവസ്തുഉടമസ്ഥൻ ആദായനികുതി റെഗുലേഷനിൽനിന്നു എന്തുകൊണ്ടാണു ഒഴിവാക്കപ്പെട്ടിരിക്കുന്നതു്? കാരണം അയാൾ ഭൂനികുതി എന്ന രൂപത്തിൽ മുമ്പുതന്നെ തന്റെ വരി കൊടുത്തുവരുന്നതുകൊണ്ട് തന്നെ; എന്നാൽ ഇടവക കുടിയാന്മാരുടെ സംഗതിയിൽ അയാളും വരികൊടുക്കുന്നുണ്ട്, എങ്കിലും ആ വരി ഗവണ്മെന്റ് അംഗീകരിക്കുന്നില്ല; അത്രമാത്രമേയുള്ളു. കൃഷിയമായ ആദായത്തിന്മേൽ വീണ്ടും കരം ചുമത്തുന്നെങ്കിൽ, അതു തൊഴിലിന്മേലുള്ള ഒരു കരമാണ്. ആദായത്തിന്മേലുള്ളതല്ല.

വേറൊരു നിലയുണ്ട്. അങ്ങിനെയുള്ള കുടിയാന്മാരുടെ മേൽ കരം ചുമത്തുന്നു എന്നിരിക്കട്ടെ, ഭവിഷ്യമെന്തായിരിക്കുമെന്നു നമുക്കു നോക്കാം. പ്രായോഗികമായി, ഈ കുടിയാന്മാർക്കു ചില്ലറയായ ഭൂസ്വത്തുക്കളുണ്ടായിരിക്കയും, ആണ്ടൊന്നുക്കു് ൨൦൦൦ രൂപായിൽ കവിയുന്നതായ ആദായം ഇല്ലാതിരിക്കയും ചെയ്യാം. എന്നാൽ അതല്ല പ്രശ്നം. ഞാൻ സമർപ്പിക്കുന്നതു് പ്രമാണരൂപമായ ഒരു പ്രശ്നമാണ്. എങ്കിലും അതും ഗവണ്മെന്റിന്റെയും ഈ സഭയുടേയും ആലോചനയ്ക്കുള്ളിൽ വരേണ്ടതായ വിഷയമാണ്, കാരണം, അതിനാൽ ഇടവകകളിലുള്ള പല കുടിയാന്മാരും അധികം ഭൂസ്വത്തു സമ്പാദിക്കാതിരിക്കുന്നതിനും, തങ്ങളുടെ ആദായം ൨൦൦൦ രൂപായിൽ കവിയാതിരിക്കേണ്ടതിനു വിസ്തീർണ്ണമായി കൃഷി ഇറക്കാതിരിക്കേണ്ടതിനും പ്രേരകമായിതീരും.

വേറൊരു വാദം, നാം മുതലാളിമാരുടെമേൽ മാത്രമെ നികുതിചുമത്തുന്നുള്ളു എന്നാണ്. എന്നാൽ യാഥാർത്ഥ്യത്തിൽ നാം മുതലാളിമാരുടെമേൽ അല്ല നികുതി ചുമത്തുന്നതു്. അതു മൂലധനത്തിന്മേലുള്ള നികുതിയാണെങ്കിൽ, ഇടവകയ്ക്കു പുറമേയുള്ള മുതലാളിമാരെ നാം ഒഴിവാക്കേണ്ടതു് എന്തുകൊണ്ടാണ്? ഇടവകകൾക്കു പുറമേ, വലുതായ തോതിൽ റബ്ബർകൃഷി, തേയിലകൃഷി, കാപ്പികൃഷി, എന്നീകൃഷികൾ നടക്കുന്നുണ്ട്; എങ്കിലും നാം അവരെ ഒഴിവാക്കുന്നു, എന്തുകൊണ്ട്? വേറൊരു പ്രമാണത്തിന്മേൽ അപ്രകാരം മുതലാളിമാരുടെമേൽ കരം ചുമത്തുന്ന പ്രമാണമനുസരിച്ചുപോലും, ഇതു് ഉദ്ദേശം സാധിപ്പിക്കുന്നതായിരിക്കുന്നില്ല. നാം ഇടവകകളെ മാത്രം ശ്രദ്ധാവിഷയമാക്കുന്നതു് എന്തുകൊണ്ടാണ്? ഗവണ്മെന്റിനു മുതലാളിമാരുടെമേൽ കരം നേരേയൊ,

നേരേയല്ലാതേയോ ചുമത്തണമെന്നുണ്ടെങ്കിൽ, നമുക്ക് സാർവ്വത്രികമായ കരം ചുമത്തൽ ആവാം. പിന്നെ, ഈ പതിവു സംബന്ധിച്ചിടത്തോളം എല്ലാ കരംചുമത്തലും, തീർച്ചയായിട്ടും, നിയാമകമായ ഒരേർപ്പാടാണ്. കരം ചുമത്തുന്നതിനും, കരം ചുമത്തുന്നതിൽകൂടി ഒരു ഭേദം കല്പിക്കുന്നതിനുമുള്ള പൂർണ്ണസ്വാതന്ത്ര്യം ഈ സഭയ്ക്കുണ്ട്. അതു മുതൽപെട്ടപ്പു വർദ്ധിക്കുന്നതിനുള്ള ഒരു വഴിയാകയാൽ, ചില വൃത്തികളിൽ സാധനോപായം ഉത്തരഫലത്താൽ സാധൂകരിക്കപ്പെടാവുന്നതാണ്. കൊള്ളാം, നമുക്ക് അത് ആവാം. എന്നാൽ ആ വൃത്തിയിൽ, ഒരു വിദേശിയൻ, വിദേശീയ മൂലധനവും കൊണ്ടുവന്നു നമ്മുടെ ഭൂമികളിൽ കൃഷിചെയ്ത് ആദായമുണ്ടാക്കുന്നതുകൊണ്ട്, നാം കരം ചുമത്തിക്കൂടാത്തതാകുന്നു. അത് നീതിപൂർവ്വമായ ഒരു ദൃഷ്ടിയല്ല. നമ്മുടെ ആളുകൾ സാധാരണയായി കൃഷിചെയ്യുന്ന വിളവുകളായ നെല്ല്, കുരുമുളക്, ഇഞ്ചി, തേങ്ങ മുതലായവയെപ്പറ്റി നമുക്ക് ഒരു പൃഥക്ത്വം കല്പിക്കാം. ആ സ്വരൂപത്തിൽ നമുക്കു അവയെ ഒഴിവാക്കാം. അപ്പോൾ സാധാരണ ജനങ്ങൾ തൃപ്തിപ്പെടുന്നതായിരിക്കും.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദേശീയ മൂലധനവും, രാജ്യത്തെ പ്രജകളുടെ മൂലധനവും തമ്മിലുള്ള വിഭേദമെന്തു?

മി: എൻ. വി. ജോസഫ് (പറവൂർ): മുമ്പുതന്നെ വിഭേദമുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ പ്രത്യേക സംഗതിയിലുള്ള വിഭേദമെന്താണ്? താൻ ഉപയോഗിച്ചിട്ടുള്ള വാക്കുകളിലേക്ക് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിക്കാമോ? തത്വം വിദേശീയരുടെമേൽ നികുതി ചുമത്തണമെന്നും സ്വദേശികളുടെമേൽ കരം ചുമത്തരുതെന്നുമാണെന്നു അദ്ദേഹം പറഞ്ഞു. പിന്നെ അദ്ദേഹം നിർദ്ദേശിക്കുന്നത് രാജ്യനിവാസികൾ കൃഷിചെയ്യുന്ന ഇഞ്ചി മുതലായ വിളവുകൾക്ക് കരം ചുമത്തരുതെന്നാകുന്നു. തൽഫലമായി വിദേശിയും സ്വദേശിയായ പ്രജയും തമ്മിൽ അതിസൂക്ഷ്മമായ ഒരു വിഭേദം കല്പിക്കുന്ന ഏർപ്പാടു സ്പഷ്ടമാകുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): വിദേശിയർ വന്നു തേങ്ങ, ഇഞ്ചി മുതലായവ കൃഷിചെയ്യുന്നതിനു ശ്രമിക്കട്ടെ, അപ്പോൾ ഞാൻ ഒരു വിഭേദവും കല്പിക്കുന്നതല്ലായിരിക്കും. അവർ റബ്ബറും തേയിലയും കൃഷിചെയ്യുന്നതു ഇനിക്കിഷ്ടമല്ല. അപ്പോൾ വിഭേദമെവിടെ? ഞാൻ അത് അവരുടെ വിവേകപൂർവ്വമായ ആലോചനയ്ക്കു വിട്ടേക്കുന്നു. നെല്ല്, കുരുമുളക്, ഇഞ്ചി, തേങ്ങ മുതലായവയെ ഒഴിവാക്കണമെന്നു ഞാൻ വാദിച്ചതിന്റെ കാരണമതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ വിഭേദം എന്തു പ്രമാണത്തിന്മേലാണു അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതെന്നു ഞാൻ അറിയാമൊ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഏതെല്ലാം വിളവുകൾക്കു കരം ചുമത്താമെന്നു ഞാൻ അറിയാമോ?

മി: എൻ. വി. ജോസഫ് (പറവൂർ): എത്ര ചോദ്യങ്ങൾ? (ചിരി) ഇതെല്ലാവർക്കും ഗ്രാഹ്യമാണ്. അതിനാൽ ഞാൻ വിവരിച്ചു പറയേണ്ട ആവശ്യമേയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ സാധനങ്ങളെ ഒഴിവാക്കുന്നതിനും മററു സാധനങ്ങളെ ഒഴിവാക്കാതിരിക്കുന്നതിനുമുള്ള പ്രമാണം ഞാൻ അറിയാമൊ?

മി: എൻ. വി. ജോസഫ് (പറവൂർ): കരം ചുമത്തലിന്റെ ആഗന്തുകത്വമാലോചിച്ചു കുറവായ ആദായം കിട്ടുന്ന ആളുകളെ ഒഴിവാക്കുന്നതും അധികരിച്ച ആദായമുള്ള ആളുകളുടെമേൽ കരം ചുമത്തുന്നതും അധികം നന്നായിരിക്കും. സാധാരണയായി മൂലധനമുള്ള മുതലാളിമാർ മാത്രമെ തേയിലയും റബ്ബറും കൃഷിചെയ്യാൻ പോകയുള്ളു. തിരുവിതാംകോട്ടിലെ സാധാരണ ജനങ്ങൾ അമ്പതുമുതൽ ഏതാനും ഏക്കറുവരെയുള്ളിടങ്ങളിലും കൃഷിചെയ്യുന്നവരാണ്. കഷ്ടിച്ചു അഹോവൃത്തികഴിച്ചു ജീവിക്കുന്നവരായ സാധാരണന്മാർ ഇവരാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വിസ്തീർണ്ണമായ സ്ഥലങ്ങളിൽ തെങ്ങും മുളകും കൃഷിചെയ്യുന്ന അനേകം പേരുണ്ടെന്നു അദ്ദേഹം അറിയുന്നുണ്ടോ

മി: എൻ. വി. ജോസഫ് (പറവൂർ): ഇനിക്കറിവാൻ കഴിയുന്നേടത്തോളം അങ്ങിനെയുള്ളവർ വളരെ ചുരുക്കമാണ്. അവരുടെ എണ്ണം കൈവിരലുകളിന്മേൽ കണക്കാക്കുന്നതിനു മാത്രമെയുള്ളു. അവർ അനേകംപേരുണ്ടായിരുന്നെങ്കിൽ വിദേശീയമൂലധനം രാജ്യത്തു കൊണ്ടുവരുന്നതിനും വിനിയോഗിക്കുന്നതിനും ഇടയുണ്ടാകുന്നതല്ലായിരുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ചില്ലറ കൃഷിക്കാരുടെ കാര്യം തനിക്കു മനസ്സിലുണ്ടോ എന്നു ഞാൻ അറിയാമൊ? ൨൦൦൦ രൂപായിൽ കുറവായ ആദായമുള്ള ആളുകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നു അദ്ദേഹത്തിനു ബോദ്ധ്യമായിരിക്കുന്നില്ലേ

മി: എൻ. വി. ജോസഫ് (പറവൂർ): അതെ, ഞാൻ അതു മനസ്സിലാക്കുന്നുണ്ട്. എന്നാൽ അവിടെയും അതു നമ്മുടെ വ്യവസായത്തിന്മേൽ ഒരു പ്രതിബന്ധമായിരിക്കും. ൨൦൦൦ രൂപാമാത്രം സമ്പാദിക്കുന്നവന്റെ മേൽമാത്രം നമ്മുടെ ശ്രദ്ധ പതിക്കുന്നതെന്തിനാണ് അവർ അതിലുമധികം സമ്പാദിക്കട്ടെ.

സർ, ഇനിക്കു വേറൊരു പ്രമേയവും മുമ്പോട്ടു കൊണ്ടുവരാനുണ്ട്. ഈ ഇടവക ഭൂസ്വത്തുക്കളിൽ പലതും, നെല്ലും കുരുമുളകും ഒഴിച്ചുള്ള കൃഷിവിളവുകളെ സംബന്ധിക്കുന്നേടത്തോളം സംസ്ഥാനത്തുള്ള ജനങ്ങളുടെ കൈവശമാണിരിക്കുന്നത്. ഈ ഭൂമികളുടെ ചില ഭാഗങ്ങളിൽ വിദേശീയമൂലധനമിറക്കി വലുതായ തോതിൽ വേലചെയ്തു റബ്ബറും തേയിലയും കൃഷിചെയ്യാവുന്നതാണ്. അങ്ങിനെ നാം റബ്ബറും തേയിലയും ഒഴിവാക്കുന്നെങ്കിൽ ഒഴിവാക്കാൻ നാം ആവശ്യപ്പെടുന്നവരേയും ഒഴിവാക്കേണ്ടതാണ്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ തത്വം ഈ സഭയാൽ പ്രസ്താവിക്കപ്പെടണമെന്നു ഇനിക്കു തോന്നുന്നു. അതു വളരെ പഥ്യമായ ഒരു തത്വമാകുന്നു. രാജ്യത്തിൽ മൂന്നിലൊന്നു റിസർവുവനമാണെന്നും മൂന്നിലൊന്നു ഇടവകഭൂമികളും ഭൂനികുതി ചുമത്തുവാൻ അർഹങ്ങളല്ലാത്ത ഭൂമികളുമാണെന്നും ശേഷിപ്പുള്ള മൂന്നിലൊരുഭാഗം ഭൂനികുതി ചുമത്താൻ അർഹങ്ങളും ഗവൺമെൻറിനാൽ നികുതി ചുമത്തപ്പെട്ടിട്ടുള്ളവയുമാണെന്നു മിസ്റ്റർ റാബിൻസൺ അവേക്ഷിച്ചിരിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഭൂനികുതിയൊന്ന എടവകഭൂമികളെപ്പററിയുള്ള പ്രസ്താവനയുടെ വാസ്തവത്തെക്കുറിച്ചു മിസ്റ്റർ പരമേശ്വരൻപിള്ള ദൃഢീകരിക്കുന്നുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മിസ്റ്റർ റാബിൻസൺ അങ്ങനെ അഭിപ്രായപ്പെട്ടു എന്നു ഞാൻ ഇപ്പോൾതന്നെ പറഞ്ഞു, തീർച്ചയായിട്ടും അതു ഒരു സ്ഥൂലമാനം മാത്രമേ ആയിരുന്നുള്ളു എങ്കിലും ഉത്തരവാദിത്വമുള്ള ഭൂനികുതികമ്മീഷണറിൽ നിന്ന വന്നിട്ടുള്ളതിനാൽ ആ പ്രസ്താവനക്കു കുറച്ചെങ്കിലും പ്രാധാന്യം കല്പിക്കുന്നതിനു ഇനിക്കു ന്യായമുണ്ട്.

സർ, എന്നാൽ പ്രമാണത്തെത്തന്നെ സംബന്ധിച്ചു, വിഷയം വളരെ ലഘുവായ ഒന്നാണ്, പ്രായോഗികഫലങ്ങളെ കുറിച്ചിട്ടാവശ്യമില്ലായിരുന്നു, നമ്മുടെ മുമ്പിൽ ഇരിക്കുന്ന പ്രശ്നം ഇതുമാത്രമാകുന്നു. ഭൂനികുതി ഇതുവരെ ചുമത്തപ്പെടാത്ത ഭൂമികളിൽനിന്നു കിട്ടുന്ന കൃഷിയാദായം സംബന്ധിച്ചു അങ്ങിനെയുള്ള ആദായം ആദായനികുതിറെഗുലേഷന്റെ വ്യവസ്ഥകളിൽനിന്നൊഴിവാക്കപ്പെടുന്നതിലേക്കു കൃഷിയാദായമായി ഗണിക്കപ്പെടണമോ എന്നത്രെ ആലോചിക്കാനുള്ള ഏകവിഷയം അതാണ്, ഭൂമികളിന്മേൽ ഗവണ്മെൻറ കരം ചുമത്തിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ള ഭൂമികളിൽനിന്നു കിട്ടുന്ന കൃഷിയാദായം ആദായനികുതിയിൽനിന്നും ഇപ്പോൾതന്നെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇടവകകളിലുൾപ്പെടാത്ത ഭൂമികളിൽനിന്നു കിട്ടുന്ന കൃഷിയാദായത്തെ സംബന്ധിച്ചു അവഎല്ലാനികുതികളിൽനിന്നും ഒഴിവാക്കപ്പെടുന്നുഎന്നു സൂചിപ്പിക്കുന്നതുപോലും ആശയവ്യതിക്രമമാകുന്നു. അങ്ങിനെയുള്ള ആദായം കിട്ടുന്ന ഭൂമികൾ ഗവണ്മെൻറ കരം ചുമത്തപ്പെട്ടവയും ഗവണ്മെൻറ മുതലെടുപ്പിലേക്കു അവയുടെ വരിപ്രകാരം കൊടുക്കുന്നവയും ആകുന്നു. ആലോചനയ്ക്കുള്ള ഏകവിഷയം ഇതാകുന്നു, ഗവണ്മെൻറ കരംകൊടുത്തിട്ടില്ലാത്തതായ ഭൂമികൾ അവയുടെ ഉടമസ്ഥന്മാർ രാജ്യത്തിൻ മററിനങ്ങളിലുള്ള വസ്തുവുടമസ്ഥന്മാരെപ്പോലെ, ഗവണ്മെൻറമൂലം തങ്ങളും അനുഭവിച്ചു പോരുന്ന എല്ലാ ഗുണങ്ങൾക്കായിട്ടും തങ്ങളുടെ പങ്കു കൊടുക്കത്തക്കവണ്ണം കരം ചുമത്തലിനു അധീനമാക്കപ്പെടുന്നതിനു ഗവണ്മെൻറ ആവശ്യപ്പെടുന്നു എന്നാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ ഭൂമികൾ എന്തുകൊണ്ടാണു കരം ചുമത്തപ്പെടാതെയിരിക്കുന്നതെന്നു അറിഞ്ഞാൽകൊള്ളാം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവയിന്മേൽ ഗവണ്മെൻറ കരം ചുമത്തിട്ടില്ല, അതിനു ചരിത്രസംബന്ധമായ കാരണങ്ങൾ ഉണ്ടായിരിക്കാം, ആ വിഷയത്തിലേക്കു പ്രവേശിക്കുന്നതിനു ഇനിക്കു യോഗ്യതയുണ്ടായിരിക്കയും ഈ വിസ്തരകാലത്തു ഭാഗ്യവശാൽ ആ വിഷയം വീണ്ടും ആലോചനക്കെടുക്കുന്നതിനു നമുക്കു സാധിക്കയും ചെയ്യുന്നെങ്കിൽ സംഗതികളുടെ സ്ഥിതി പൂർണ്ണമായി തെളിപ്പെട്ടു കാണാമായിരുന്നു. എന്നാൽ നമുക്കു വാസ്തവങ്ങളെ യഥാസ്ഥിതി ഗ്രഹിക്കുകയും മുമ്പോട്ടുപോകയും വേണ്ടതാണ്. ഈ ഭൂമികൾ ഏതോ ചരിത്രസംബന്ധമായ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടിരുന്നതായിരിക്കാം. ഭൂനികുതിയുടെ പ്രത്യേകവശം സംബന്ധിച്ചെടത്തോളം എടവകകളിലുൾപ്പെട്ട വസ്തുക്കൾ കരംകൊടുക്കുന്നതിൽ നിന്നൊഴിവാക്കപ്പെട്ടിരിക്കുന്നു. എങ്കിലും ആ ആനുകൂല്യം നിമിത്തം മററു കരങ്ങൾ ഈ ഭൂമികളിന്മേൽ ചുമത്തുന്നതിൽനിന്നു ഗവണ്മെൻറ തടയപ്പെട്ടിട്ടില്ല എന്നാണ് എന്റെ അഭിപ്രായം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ എടവകഭൂമികളിൽനിന്നുള്ള ആദായത്തിന്മേൽകരം ചുമത്തുന്നതിനാൽ ഈ ഭൂമികളിന്മേൽ നേരെയല്ലാത്തവിധത്തിൽ കരം ചുമത്തുകമാത്രമേ ചെയ്യുന്നുള്ളു എന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതങ്ങിനെയാണെങ്കിൽ ഞാൻ അതിനെ സന്തോഷത്തോടെ സ്വീകരിക്കുന്നതായിരിക്കും. ഈ ഭൂമികളെ നേരെ കരംചുമത്തുന്നതു ഇനിക്കു ബഹുസന്തോഷമായിരിക്കുമായിരുന്നു. നേരെയല്ലാത്ത വിധത്തിൽപോലും കുറഞ്ഞൊരു മുതലെടുപ്പു കിട്ടുന്നതിനു നമുക്കു കഴിയുന്നതാണ്, നാം ഈ അവസരത്തെ തക്കത്തിൽ ഉപയോഗിക്കുന്നതും ഭരണകാര്യച്ചിലവിലേക്കു അവരും ഒരുപങ്കു കൊടുക്കുന്നതിനു നിർബന്ധിക്കുന്നതും അത്യാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ ഭൂമികളിൽ നിന്നു കരംപിരിക്കുന്നതിനു ഗവണ്മെൻറിനെ അധികാരപ്പെടുത്തുന്നതായ വേറൊരു ബില്ലു മെമ്പർക്കു അവതരിപ്പിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇവിടെ നാം കരുതുന്നതു ആദായനികുതിയെപ്പററിയല്ലാതെ ഭൂനികുതിയിൽനിന്നുള്ള മുതലെടുപ്പിനെപ്പററിയല്ല. ആദായനികുതി സംബന്ധിച്ചെടത്തോളം വിരോധമെന്താണെന്നു ഞാൻ അറിയുന്നില്ല, കുടിയാന്മാർ തങ്ങൾ കൊടുക്കേണ്ട കരം തങ്ങളുടെ തമ്പുരാക്കന്മാർക്കു കൊടുത്തുവരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു കരമോ പാട്ടമോ എന്നു ഞാൻ അറിയാമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എന്റെ അർത്ഥപ്രകാരം അതു വെറുംകുടിപ്പാട്ടമാണ്.

മി: എൻ. വി. ജോസഫ് (പറവൂർ): എല്ലാ ഭൂമികളും ഭൂനികുതിയിൽനിന്നൊഴിവാക്കപ്പെടുന്നതു അധികം നന്നായിരിക്കയില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിലുള്ള ഭൂനികുതി നിർത്തലാക്കണമെന്നുള്ളതു ഏററവും വിശേഷമായ പ്രമേയങ്ങളിലൊന്നാകുന്നു. അതാണ് ഞാൻ ഇതുവരെ പിടിച്ചു പറഞ്ഞുകൊണ്ടിരുന്നത്. എല്ലാ ഭൂനികുതിയേയും നിർത്തൽചെയ്യുകയും പകരമായി കൃഷിയാദായത്തിന്മേൽ കരം ചുമത്തുന്നതിനു തുടങ്ങുകയും ചെയ്യുന്നതിനു നമുക്കു കഴിയുന്നതായിരുന്നാൽ അതു ഇനിക്കു വാസ്തവത്തിൽ വളരെ സന്തോഷമായിരിക്കുന്നതാണ്. എന്നാൽ അതു തീരെ വ്യത്യസ്ഥമായ ഒരു സംഗതിയാണ്. നമുക്കിപ്പോൾ ഏർപ്പെട്ടിട്ടില്ലാത്തതായ ഒരു കാര്യം അതിലടങ്ങിയിരിക്കുകയും ചെയ്യുന്നു. ഒരുവിധത്തിൽ പറയുന്നെങ്കിൽപാട്ടുടമസ്ഥനും പാട്ടക്കാരനും തമ്മിലുള്ള ഉടമ്പടിസംബന്ധമായ കുടിയാന്മാർ ഗവണ്മെൻറിനു കരംകൊടുക്കുന്നതിനു പകരമായിട്ടു തമ്പുരാനു പാട്ടംകൊടുത്തുവരുന്നു എന്നർത്ഥമാക്കിയതിനാൽ കുഴപ്പത്തിനിടവരുത്തിയിരിക്കുന്നു. എടവക ജനങ്ങൾ അവരുടെ തമ്പുരാക്കന്മാരുടെ കീഴാണെന്നും ഭരണകാര്യച്ചിലവിലേക്കു ഗവണ്മെൻറിലേക്കു വല്ലതും കൊടുത്തുവരുന്നുണ്ടെന്നുമല്ല അതു ഉടമ്പടി സംബന്ധമെന്ന രൂപത്തിൽ പാട്ടുടമസ്ഥന്റെയോ തമ്പുരാന്റെയോ പക്കൽ കൊടുക്കപ്പെടുന്ന വല്ല പാട്ടവുമല്ലാതെ ഭരണകാര്യത്തിന്റെ ആവശ്യങ്ങൾക്കായിട്ടു ആ ജനങ്ങ

ളുടെ പേരിൽ കരം ചുമത്തുന്നതിൽനിന്നു അതു ഗവണ്മെൻറിനെ യാതൊരുവിധത്തിലും തടസ്ഥപ്പെടുത്തുന്നില്ല. വാസ്തവത്തിൽ ഇപ്പോൾ ഒഴിവാക്കപ്പെടുന്നതിനാവശ്യപ്പെടുന്ന കുടിയാന്മാർ ആധുനികഭരണരീതിയുടെ ക്രമപ്രവൃദ്ധമായ ആവശ്യങ്ങളെ സംബന്ധിച്ചേടത്തോളം ഇടവകയുടെ വിസ്തൃതിയിൽ നടത്തപ്പെടുന്ന ഭരണപ്രവൃത്തികളിൽനിന്നു ഗവണ്മെൻറ വിരമിക്കുന്നതു് സമ്മതമായിരിക്കുമൊ എന്നറിയുന്നതിനു ഞാൻ ഉൽസുകനായിരിക്കുന്നു. നേരെമറിച്ചു എടവകയുടെ അന്തരാളത്തിൽ ഗതാഗതസൌകര്യം പൂർണ്ണമായ അഭിവൃദ്ധിയിലാക്കാൻവേണ്ടി പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനത്തിൽ ഇടവക കുടിയാൻ അധികമധികം പണമനുവദിക്കണമെന്നു് ആവശ്യപ്പെടുന്നതായിരിക്കും. ഇടവകയിലുൾപ്പെടാത്ത നാട്ടിലൊരുഭാഗം ജനങ്ങളാണോ എടവക അന്തരാളങ്ങളുടെ അററകുററപ്പണിക്കും സംരക്ഷണവേലക്കുമായി പണം ചിലവാക്കേണ്ടതു? ഇടവകകളിലെ കുടിയാന്മാർ തങ്ങളുടെ തമ്പുരാക്കന്മാർക്കു വല്ലപാട്ടവും കൊടുത്തുവരുന്നതുകൊണ്ടു കരം കൊടുക്കുന്നതിൽനിന്നു തങ്ങളെ ഒഴിവാക്കണമെന്നു് ആവശ്യപ്പെടുന്നതു നീതീകരിക്കപ്പെടാവുന്നതല്ല. മററുള്ളവർ ഗവണ്മെൻറിലേക്കു കരം ഒടുക്കിവരുന്ന അതേനിരക്കുകളനുസരിച്ചു ഇവരും തങ്ങളുടെ തമ്പുരാക്കന്മാർക്കു പാട്ടം കൊടുത്തുവരുന്നുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഞാൻ ഇപ്പോൾതന്നെ പറഞ്ഞിട്ടുള്ളതു—തെററുതിരുത്തലിനു ഞാൻ വിധേയനാണ്.— കുടിയാന്മാരെ തമ്പുരാക്കന്മാർ ഞെരുക്കുന്നതിൽനിന്നു രക്ഷിക്കേണ്ടതിലേക്കു ഇടവകകളിൽനിന്നു മററുപ്രകാരത്തിൽ ഗവണ്മെൻറ വസൂൽചെയ്യുമായിരുന്ന തുകയിൽ കവിയാത്ത നിരക്കു ഈ കുടിയാന്മാരുടെമേൽ ഏർപ്പെടുത്തിക്കൊള്ളുന്നതിനു ഇടവകക്കാരോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നാകുന്നു. ഗവണ്മെൻറ ഈ കുടിയാന്മാരുടെ പക്ഷം വല്ലപ്പോഴും ഇടയ്ക്കു പ്രവേശിക്കുമ്പോൾ തമ്പുരാക്കന്മാരോടു "അവരെ അന്യായമായി കരം ചുമത്തിക്കൂടാ" എന്നു ഇടയ്ക്കു പ്രവേശിച്ചു പറയുന്നതു കുടിയാന്മാരുടെ നന്മയെക്കരുതിയാകുന്നു. കുടിയാന്മാരും പാട്ടമുടമസ്ഥനും തമ്മിലുള്ള രഹസ്യ ഉടമ്പടി സംബന്ധം എടവകവസ്തു അനുഭവക്കാരുടെ പേരിൽ അവരിൽനിന്നു ന്യായമായി ഈടാക്കേണ്ടതായ കരം ചുമത്തുന്നതിൽനിന്നു ഗവണ്മെൻറിനെ തടസ്ഥപ്പെടുത്തിക്കൂടാത്തതാണ്. ബില്ലിലെ തത്വത്തെ എതിർത്തു കഴിഞ്ഞിരുന്നവരായ എൻെറ സ്നേഹിതന്മാരുടെ നിലതന്നെ അനുവദിക്കത്തക്കതല്ല.

മി: എൻ. വി. ജോസഫ് (പറവൂർ): കുടിയാൻ പാട്ടക്കാരനും പാട്ടമുടമസ്ഥനുമാകുന്നു, ആരുടെമേൽ ആണ് കരം ചുമത്തേണ്ടതെന്നു ഞാൻ അറിയാമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇരുവരും കരംകൊടുക്കുന്നതിനു ബാദ്ധ്യതയുള്ളവരാണ്. കരം ചുമത്തിവരുന്നതു വ്യക്തികളെ ഉദ്ദേശിച്ചാണ്. പാട്ടമുടമസ്ഥനും പാട്ടക്കാരനും തമ്മിലുള്ള സംബന്ധത്തെക്കുറിച്ചു അതിനു യാതൊരു ഇടപാടുമില്ല. കരം ചുമത്തപ്പെടുന്നതു അവർ പാട്ടമുടമസ്ഥനൊ പാട്ടക്കാരനൊ ആയിരിക്കുന്നതുകൊണ്ടല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഇടവകകരം തിരുവിതാംകോടിൻെറ ഭാഗമാണെന്നു മി: ജി. പരമേശ്വരൻപിള്ള അറിയുന്നുണ്ടൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവ അങ്ങിനെയാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ ഭാഗങ്ങളിൽനിന്നും ഭൂനികുതി വസൂൽചെയ്യുന്നതിനു ഗവണ്മെൻറിനവകാശമുണ്ടായിരുന്നുവൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർ അതു സൌജന്യം എന്നരൂപത്തിൽ ഉപേക്ഷിച്ചിട്ടുണ്ടായിരിക്കണം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആരുടെ പേർക്കു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആർക്കെങ്കിലുമൊരാൾക്കു്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): കുടിയാന്മാരുടെ പേർക്കാണൊ

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു കുടിയാൻെറ പേർക്കൊ, അതല്ല, തമ്പുരാൻെറ പേർക്കൊ ആയിരിരിക്കാം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എന്തു പ്രതിഫലത്തിന്

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ അറിയുന്നില്ല, ഇടവകകളുടെ ചരിത്രം ഞാൻ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഓരോ ഇടവകയ്ക്കും അതിൻെറ സ്വന്ത ചരിത്രമുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ സൌജന്യം ഗവണ്മെൻറ പിൻവലിക്കണമെന്നു മെമ്പർ സൂചിപ്പിക്കുന്നുവൊ?

പ്രസിഡെൻറ: മിസ്റ്റർ. മാത്യു! മിസ്റ്റർ. ജി. പരമേശ്വരൻപിള്ള ഇപ്പോൾ സാക്ഷിക്കൂട്ടിലല്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): എൻെറ സ്നേഹിതൻെറ അറിവിനായിട്ടു. പ്രത്യേക ഇടവകകളുടെ ചരിത്രം ഞാൻ പരിശോധിക്കണമെന്നു അദ്ദേഹം എന്നോടു ആവശ്യപ്പെടുമെങ്കിൽ, തീർച്ചയായിട്ടും ഞാൻ അങ്ങിനെ ചെയ്തിട്ടു അദ്ദേഹത്തെ അറിയിക്കുന്നതായിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഗവണ്മെൻറ അവർക്കുള്ള അവകാശങ്ങളെ ഉപേക്ഷിച്ചതു സ്വന്തമനസ്സാലെയൊ അതൊ കുടിയാന്മാർക്കു ഔദാര്യമായിട്ടൊ എന്നു ഞാൻ അറിയാമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതും ഞാൻ അറിയുന്നില്ല. ആ ചോദ്യത്തിനു മറുപടികൊടുക്കണമെങ്കിൽ, ഓരോ ഇടവകയുടേയും ചരിത്രം ഞാൻ പരിശോധിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ചു ഇടവക കുടിയാന്മാരും അവരുടെ തമ്പുരാക്കന്മാരും ഗവർണ്മെൻറും തമ്മിൽ വലിയ തർക്കമുണ്ടായിട്ടുണ്ട്. ഇടവക തമ്പുരാക്കന്മാർ ആവശ്യപ്പെട്ടിട്ടായ അവകാശങ്ങളെ ഗവണ്മെൻറ അനുവദിക്കാഞ്ഞതായി അപ്രകാരമുള്ള പല കേസുകളും എൻെറ അറിവിൽ വന്നിട്ടുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഭൂമികളിന്മേൽ ഇപ്പോൾ ഭൂനികുതി ചുമത്തുന്നതിനു വല്ല അധികാരവും ഗവണ്മെൻറിനുണ്ടൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതുമായി നമുക്കു യാതൊരു ഇടപാടുമില്ല. ആദായനികുതിയെപ്പററിയാണ് നാമാലോചിക്കുന്നതു. ആദായനികുതി ചുമത്തുന്നതിനു ഗവർണ്മെൻറിനവകാശമുണ്ടൊ ഇല്ലയൊ എന്ന ഏകപ്രശ്നം മാത്രമെ നമുക്കാലോചിപ്പാനുള്ളു. കുടിയാന്മാരിൽ നിന്നു പാട്ടങ്ങൾ ഈടാക്കുന്നതിനു ഗവണ്മെൻറ അവർക്കു ഒരനുവാദം നൽകീട്ടുണ്ട്. എന്നാൽ അതു ഈ കൌൺസിലിൻെറ അനു-

വാദത്തോടുകൂടി ചെയ്യുന്നപക്ഷം വേറെ ഏതൊരു കരവും ചുമത്തുന്നതിനുള്ള അവകാശത്തെ ഗവണ്മെന്റിൽ നിന്നും എടുത്തുകളയുന്നില്ല. ഈ കൗൺസിലിനും ഗവണ്മെന്റിനും ഏതു കരങ്ങളും ചുമത്തുന്നതിനുള്ള പൂർണ്ണ അധികാരമുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു ഗവണ്മെന്റ സ്വന്തമനസ്സാലെ തമ്പുരാക്കന്മാർക്ക് ദാനം ചെയ്തിട്ടുള്ളതാണോ എന്നാകുന്നു.

പ്രസിഡെന്റ: ഗവണ്മെന്റ ഭാഗത്തു നിന്നും സംസാരിക്കുമ്പോൾ നിങ്ങൾക്കു ആ ചോദ്യം അവിടെക്കു തിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇന്നു രാവിലെ ഗവണ്മെന്റ മെമ്പർമാർ ഇനിക്കു ഒരു മറുപടിയും തരുന്നതിനു കഴിയാതിരുന്നു എന്നുള്ള വസ്തുത ഞാൻ പ്രസിഡെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാഗ്രഹിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): എതിരഭിപ്രായക്കാരായ എന്റെ സ്നേഹിതന്മാരോടു ഞാൻ ഒരു ചോദ്യം ചോദിക്കുന്നതിനാഗ്രഹിക്കുന്നു. തമ്പുരാനു തന്നെ വിസ്തീർണ്ണമായ തോട്ടങ്ങൾ ഉണ്ടായിരിക്കയും വലുതായ തോതിൽ അവയെ കൃഷി ചെയ്യുകയും അതിൽ നിന്നു വലുതായ ആദായം കിട്ടുകയും ചെയ്യുന്നു? എന്നു വിചാരിക്കുക. അദ്ദേഹത്തിന്റെ സ്ഥിതി എന്തായിരിക്കും; തമ്പുരാൻ ഒരു സാക്ഷാൽ കൃഷിക്കാരൻ എന്ന നിലയിൽ കരം കൊടുക്കുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെടണമോ? അദ്ദേഹം തീരെ സ്വതന്ത്രനായി തീരുന്നു. ഗവണ്മെന്റിനു ഭൂനികുതിയാകട്ടെ ആദായനികുതിയാകട്ടെ യാതൊന്നും തന്നെ ലഭിക്കുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): കാടു പിടിച്ച സ്ഥലങ്ങൾ മാത്രം ഭൂനികുതിയിൽ നിന്നൊഴിവാക്കപ്പെടണമെന്നാണോ പറയുന്നതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഇനിക്കു അദ്ദേഹം പറയുന്നതു മനസ്സിലാകുന്നില്ല എന്നു ഞാൻ സമ്മതിച്ചു പറയുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എന്റെ നിലയെ ഞാൻ വിവരിച്ചു പറയാം. തമ്പുരാന്റെ വകയായിട്ടു ൫൦ ഏക്കർ ഭൂമി കാടുപിടിച്ചു കിടക്കുന്ന പക്ഷം തമ്പുരാൻ അതിനു യാതൊന്നും കൊടുക്കേണ്ടതില്ല. എന്നാൽ ഈ ൫൦ ഏക്കർ ഭൂമികൃഷിചെയ്യപ്പെടുന്നതായിരുന്നാൽ അപ്പോൾ മാത്രമെ അദ്ദേഹം കരം കൊടുക്കേണ്ടതായിട്ടുള്ളു.

മി. ജി. പരമേശ്വരൻ പിള്ള (നെയ്യാറ്റിങ്കര): ആദായത്തിന്മേൽ മാത്രമെ കരം ചുമത്തപ്പെടുന്നൊള്ളു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഭൂമികൾ തരിശായികിടക്കുന്നിടത്തോളം, തമ്പുരാനു ആദായമൊന്നും കിട്ടുന്നില്ല. തമ്പുരാൻ ആ ഭൂമികളെ കൃഷി ചെയ്യുമ്പോൾ, അദ്ദേഹത്തിനു ആദായം കിട്ടുന്നു. അപ്പോൾ അദ്ദേഹം കരം കൊടുക്കേണ്ടിവരുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഭൂമി തരിശായി കിടക്കുന്നതിനു അദ്ദേഹം അനുവദിക്കുന്നെങ്കിൽ, അദ്ദേഹത്തിന്റെ പേരിൽ കരം ചുമത്തുകയില്ല. അദ്ദേഹത്തിനു വല്ല ആദായവും ലഭിക്കുന്നെങ്കിൽ, കരവും ചുമത്തുന്നതായിരിക്കും. ൨൦൦൦ രൂപായിൽ കുറഞ്ഞ ആദായം കിട്ടുന്ന വസ്തുവന്തിൽ ഭൂമി കൃഷി ചെയ്യുന്ന ആളുകളുടെ പേരിൽ കരം ചുമത്തിക്കൂടാ എന്നുള്ളതു വളരെ ന്യായമായിട്ടുള്ളതാകുന്നു.

ബ്രിട്ടീഷു ഗവണ്മെന്റും തിരുവിതാംകോട്ടു ഗവർണ്മെന്റും തമ്മിലും, തിരുവിതാംകോട്ടു ഗവണ്മെന്റും എടവകകളും തമ്മിലും മിസ്റ്റർ തോമസ് കൊണ്ടുവന്നിട്ടുള്ള സാദൃശ്യത്തെ സംബന്ധിച്ചു സ്പഷ്ടമായിട്ടും സാദൃശ്യം തെറ്റിപ്പോയിരിക്കുന്നു എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഭക്ഷ്യസാധനങ്ങളായ വിളവുകളെ ഒഴിവാക്കുന്നതു സംബന്ധിച്ചിടത്തോളം, അതു വിവരമായ ഒരു സംഗതിമാത്രമാണ്. വല്ല പ്രത്യേകകാരണത്തിന്മേലൊ വല്ല ഭക്ഷ്യസാധനമായ വിളവിന്മേലും കരം ചുമത്തുന്നതു നിമിത്തം ജനങ്ങൾ കഷ്ടം സഹിക്കുന്നതായി കാണപ്പെടുന്നെങ്കിൽ, അതു ബില്ലിന്റെ പിന്നീടുള്ള പടികളിൽ സിലക്ട്കമ്മിറ്റിയുടെ ആലോചനയ്ക്കു വരുമ്പോൾ ആലോചിച്ചാൽ മതിയാകുന്ന ഒരു സംഗതിമാത്രമാണ്. തൽക്കാലത്തേക്കു ഈ സംഗതികളെ നാം ആലോചിച്ചിട്ടു ആവശ്യമില്ലാത്തതാകുന്നു. ഈ ഭൂമികളിൽ നിന്നു കിട്ടുന്ന ആദായത്തിന്മേൽ കരം ചുമത്തുന്ന തത്വത്തെ ഞാൻ ശക്തിയായിട്ടും അനുകൂലിക്കുന്നതിനാഗ്രഹിക്കുന്നു. പ്രസ്തുത ആദായത്തിന്മേൽ തീരെ കരം ചുമത്താതിരിക്കുന്നതിലേക്കു മറുപക്ഷക്കാർ യാതൊരു കാരണവും സ്പഷ്ടമാക്കീട്ടില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഞാൻ പറഞ്ഞതിനെക്കുറിച്ചു ഒരു വാക്ക്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ,——

മി: കെ. കെ. തോമസ് (കോട്ടയം): സർ എനിക്കു ഒരു വാക്കു പറയാനുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആരാണ് ഇപ്പോഴത്തെ പ്രധാനപ്രാസംഗികൻ?

പ്രസിഡെന്റ: മിസ്റ്റർ തോമസ്സ് പറഞ്ഞതിനെക്കുറിച്ചു അദ്ദേഹത്തിനു ഒരു വാക്കു പറയാനുണ്ട്. അദ്ദേഹത്തിനു ഇപ്പോൾ അതു പറഞ്ഞു കൊള്ളാം.

മി: കെ. കെ. തോമസ് (കോട്ടയം): എന്റെ നിലയെപ്പറ്റി വിവരിച്ചു പറയുന്നതിനു എനിക്കവകാശമുണ്ട്. ബ്രിട്ടീഷ് ഗവണ്മെന്റ തിരുവിതാംകോട്ടു ഗവണ്മെന്റ വകയായ ഭൂമികളിൽ വല്ല ഭാഗത്തിന്മേലും കരം ചുമത്തുന്നതു അക്രമമായിരിക്കുമെന്നുള്ളതിനെ സ്പഷ്ടമാക്കാൻ വേണ്ടിമാത്രമാണ്. ഞാൻ എന്റെ വാദങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു ആ ആശയത്തെ കരുതിമാത്രമാണ് ഞാൻ ആ സാദൃശ്യത്തെകൊണ്ടുവന്ന സമയത്തു ഞാൻ നിങ്ങളുടെ നീതിബോധത്തെ സ്പർശിക്കയാണു ചെയ്തതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ന്യായമായ വിധത്തിൽ രാജ്യത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിലേക്കു സഭ മുമ്പാകെ ഇരിക്കുന്ന പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഇതു ഒരു അനൗദ്യോഗസ്ഥ മെമ്പരിൽ നിന്നുത്ഭവിച്ചിരുന്നുവെങ്കിൽ ഞാൻ കൂടുതലായ സന്തോഷമുള്ളവ

നായിരിക്കുമായിരുന്നു. രാജ്യത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു സൃഷ്ടിപരമായ പ്രമേയവും ഞങ്ങൾ കൊണ്ടുവന്നിട്ടില്ലെന്നു പറഞ്ഞ ഫിനാൻഷ്യൽ സെക്രട്ടറി മിസ്റ്റർ ജോർജിന്റെ ആക്ഷേപത്തിനു മറുപടിപറയുന്നതിനു കഴിവുള്ള നിലയിൽ അപ്പോൾ ഞങ്ങൾ എത്തുന്നതായിരിക്കും. ഏതാനും പ്രധാനപ്പെട്ട വാദമുഖങ്ങളെ ഇപ്പോൾ നാം ഇവിടെ വിമർശനം ചെയ്തിട്ടുള്ളവയെക്കാൾ അധികം പ്രധാനപ്പെട്ടവയെപ്പററി നമുക്കാലോചിക്കാനുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഉടമസ്ഥരും കുടിയാനും, പാട്ടക്കാരനും പാട്ടയുടമസ്ഥനും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തിട്ടുള്ള ചില വാദങ്ങളെ ഉൾപ്രവേശിപ്പിച്ചതിനാൽ വാദമുഖങ്ങൾക്കു കുഴപ്പം നേരിടുകയുണ്ടായി. അവ സംബന്ധമില്ലാത്തവയാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഗവണ്മെന്റിനു പണ്ടാരപ്പാട്ട വസ്തുക്കളിന്മേൽ ഒരു ഉടമസ്ഥാവകാശമുള്ളതാണെന്നും എടവക വസ്തുക്കളിന്മേൽ ഉടമസ്ഥാവകാശമില്ലാത്തതാണെന്നും എന്റെ സ്നേഹിതൻ പറഞ്ഞപ്പോൾ, ഗവണ്മെന്റ എല്ലാ പ്രകാരത്തിലും ഒരു വസ്തുവുടമസ്ഥനാണെന്നുള്ള പൊടിഞ്ഞുപോയ ഒരു സിദ്ധാന്തത്തിന്മേൽ താൻ നിലകൊള്ളുകയായിരുന്നു. എന്റെ അഭിപ്രായത്തിലും പരിഷ്കൃതാഭിപ്രായത്തിലും ഗവണ്മെന്റ ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിന്യസ്തമായ ഒരു സംഘമാത്രമാണ്. ഗവണ്മെന്റ തന്നെ രാജ്യത്തിന്റെ അതിർത്തിക്കകത്തുള്ള ജനങ്ങളെയും ജനങ്ങളുടെ വസ്തുവകകളെയും സംരക്ഷിക്കുന്നതിനുള്ള ചുമതലയേൽക്കുന്നെങ്കിൽ, ഗവണ്മെന്റിന്റെ മുതലെടുപ്പിനുക്കു പണം കൊടുക്കുന്നതിനു ജനങ്ങൾക്കുള്ള ചുമതലയും അത്രത്തോളം തന്നെയുണ്ട്. എടവകകൾക്കകത്തു പാർക്കുന്ന ജനങ്ങൾ ഗവണ്മെന്റിനാൽ ചെയ്യപ്പെടുന്ന നന്മകൾ അനുഭവിക്കുന്നില്ലെന്നു ആർക്കും തന്നെ പറയാൻ കഴിയുന്നതുമല്ല.

വാസ്തവമിതാണ്. ഇടവകകൾക്കകത്തുള്ള ജനങ്ങൾ ഗവണ്മെന്റിലേക്കു യാതൊന്നും തന്നെ കൊടുത്തുവരുന്നില്ല. എന്നാൽ പുറമേയുള്ളവർ തങ്ങളുടെ പങ്കു കൊടുത്തുവരുന്നുമുണ്ട്. സമദർശിത്വപ്രകാരം ഒരു കൂട്ടം ജനങ്ങളുടെ മേൽ കരം ചുമത്തേണ്ടതാണെന്നും മറെറാരു കൂട്ടം ആളുകളുടെ മേൽ കരം ചുമത്തരുതാത്തതാണെന്നും സൂചിപ്പിക്കപ്പെട്ടു. എല്ലാ ജനങ്ങളും കരം ചുമത്തലിന്റെ ഒരേ തരം ചട്ടങ്ങൾക്കു വിധേയരാക്കപ്പെടേണ്ടതാണ്. എന്റെ വിനീതമായ അഭിപ്രായം ജനങ്ങളുടെ മേൽ ഒരേ അളവിൽ കരം ചുമത്തേണ്ടതാണെന്നു നോക്കിക്കൊള്ളേണ്ടതു ജനങ്ങളുടെ സ്വന്തം കടമയാണെന്നാകുന്നു. ജനങ്ങളെ സംരക്ഷിപ്പാൻ ഒരു ഗവണ്മെന്റുള്ളതുകൊണ്ടു മാത്രമാണ് ജനങ്ങൾ ഗവണ്മെന്റിനു കരം കൊടുക്കേണ്ടതായിരിക്കുന്നതു. ജനങ്ങളുടെ സംരക്ഷണത്തിനും റോഡുകൾ മുതലായ സൌകര്യങ്ങൾക്കും കൂടി ഗവണ്മെന്റ മുതലെടുപ്പിലേക്കു പങ്കുകൊടുക്കേണ്ടതു അവരുടെ കടമയാകുന്നു. നൂതനമായ റോഡുകൾക്കും മററു സൌകര്യങ്ങൾക്കും വേണ്ടി പണം ആവശ്യപ്പെടുന്നുണ്ട്. ജനങ്ങൾ ഈ ആനുകൂല്യങ്ങൾ അനുഭവിച്ചാൽ മാത്രം പോരാ. ഈ പ്രമാണത്തിന്മേലത്രേ നാമെല്ലാവരും ഗവണ്മെന്റിലേക്കു കരമടയ്ക്കേണ്ടതു. മററുള്ളവർ അല്പമധികമായിട്ടു കരം ചുമത്തപ്പെടണമെന്നു പറയുന്നതു വളരെ ശരിയായി തോന്നാം. എന്നാൽ അതു വെറും വാദം മാത്രമാണു.

മി: എൻ. വി. ജോസഫ് (പറവൂർ): എടവകയിലുള്ള കുടിയാന്മാർ ഭൂനികുതി അല്ലാതെ വേറെ വല്ല വിധമായ കരമെന്ന രൂപത്തിൽ ഗവണ്മെന്റ ഖജനാവിലേക്കു പണം അടച്ചു വരുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ അങ്ങിനെ കൊടുത്തുവരുന്നില്ല.

മി: എൻ. വി. ജോസഫ് (പറവൂർ): അവർ കൊടുത്തുവരുന്നുണ്ട്. അവർ ആദായ നികുതി എക്സൈസ് ചുങ്കം മുതലായവ കൊടുത്തുവരുന്നുണ്ട്. അവർ ഭൂനികുതിമാത്രം കൊടുക്കുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം എന്തെന്നാൽ ——

മി: എം. ശിവതാണുപിള്ള (തോവാള): കുടിയാന്മാർ ടോൾ ചുങ്കങ്ങൾ കൊടുക്കുന്നുണ്ടോ എന്നു താൻ അറിയാമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു വേറെ സംഗതിയാണ്. എന്നാൽ ടോൾ ചുങ്കങ്ങൾ മാത്രം റോഡുകളുണ്ടാക്കുന്നതിനു മതിയാകുന്ന മുതൽ വരുത്തുന്നില്ല. ഈ ജനങ്ങൾ ഇതുവരെ പൂർണ്ണസ്വാതന്ത്ര്യത്തിൽ വിടപ്പെട്ടിരുന്നുവെങ്കിലും ഈ അവസരത്തിൽ കരം ചുമത്തപ്പെടുന്നതു വളരെ ന്യായമായിട്ടുള്ളതുമാത്രമാണ്. മററുള്ളവർ ഭൂനികുതി മാത്രം കൊടുക്കുന്നു എന്നുള്ളതിനാൽ അവർ തങ്ങൾക്കു അധികമായി മിച്ചമുണ്ടാക്കുന്നു എന്നു പറയുന്നതു വേറെ ഒരു പ്രമേയമാകുന്നു. പുകയില, കുരുമുളകു, അഫീൻ എന്നിവയെ പൊതുകൃഷിയിൽപെടുത്തുന്നതിനു കല്പനാശക്തിയെ വളരെ ദൂരം ബലാൽക്കാരം ചെയ്യേണ്ടതാണ്. കാരണം, കൃഷി എന്നതു ഭക്ഷ്യപദാർത്ഥങ്ങളെ കൃഷിചെയ്യുന്നതാണെന്നാകുന്നു നാം അർത്ഥമാക്കി വരുന്നതു. റബ്ബർ, അഫീൻ, പൊപ്പിച്ചെടി എന്നിവകൾ കൃഷികൾ പൊതുകൃഷിയിൽപെടുന്നതാണെന്നു പറയുന്നതു വാസ്തവത്തിൽ വേണ്ടതിലധികമാണ്. കൃഷിക്കാരായ ആളുകളെ നാം ഒഴിവാക്കുമ്പോൾ ആവശ്യപ്പെടുന്ന ഭക്ഷ്യസാധനങ്ങളെയും രാജ്യത്തെ മുതലെടുപ്പിനേയും സഹായിക്കുന്നതിനായി ഭൂമി കൃഷിചെയ്യുന്നവരായ ആളുകളെയാണ് ഒഴിവാക്കുന്നതു്, ഈ വ്യവസ്ഥയനുസരിച്ചു അങ്ങിനെയുള്ളവർ ഒഴിവാക്കപ്പെട്ടുമിരിക്കുന്നു.

ലാമെമ്പർ കഴിഞ്ഞ സഭയിൽ ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്ന ഒരു പ്രസ്താവനയെ പിടിച്ചു ഒരു ശക്തിയായ ആക്ഷേപം പുറപ്പെടുവിക്കുന്നതിനു മിസ്റ്റർ മാത്യു യത്നിച്ചു. എന്നാൽ ആ പ്രസ്താവന എന്തു തന്നെയായിരുന്നാലും അതിന്റെ ഗുണദോഷങ്ങൾ എന്തു തന്നെയായിരുന്നാലും ആ തെററിനെ സമ്മതിച്ചു പറയുന്നതിനു ഈ സഭയ്ക്കു ഔത്സുക്യമെയില്ല. ഈ സഭയിൽ മുമ്പു ചെയ്തിട്ടുണ്ടായിരുന്ന പ്രസ്താവനകളെന്തുതന്നെയായിരുന്നാലും വിഷയത്തെ അതിന്റെ ഗുണദോഷങ്ങളെക്കരുതി വിമർശനം ചെയ്യുന്നതിനു നമുക്കു സ്വാതന്ത്ര്യമുണ്ട്. ആയതിനാൽ ഈ പ്രമേയത്തെ താങ്ങുന്നതിൽ എനിക്കു അത്യധികം സന്തോഷമുണ്ട്.

മി: കെ. സി. മാമ്മൻ മാപ്പിള (വാണിജ്യവും വ്യവസായവും-വടക്കു): സർ, ഈ നിയമം പാസ്സാക്കുന്നതിനാൽ നമുക്കു ഒന്നോ രണ്ടോ ലക്ഷം രൂപായോളം ആദായം കിട്ടുന്നതാകുന്നു എന്നു മിസ്റ്റർ റാബിൻസനും ലാ മെംബറും പറഞ്ഞപ്പോൾ, സംശയമെന്യേ അതു വളരെ ആകർഷകമായ ഒരു പ്രമേയമായിരുന്നു. നികുതിഭാരം വല്ല വിധത്തിലും ലഘൂപ്പെടുത്തുന്നതിനു കഴിയുമെങ്കിൽ നികുതിദായകന്മാരായ ഞങ്ങൾക്കു വളരെ ആശ്വാസമുണ്ടാവുന്നതായി തോന്നുന്നതാണ്, കൂടാതെ ഞങ്ങളിൽ പലരും എടവകകളുമായി യാതൊരു സംബന്ധവുമില്ലാത്തവരാകയാൽ നമ്മുടെ പരിചയം വന്നിട്ടുള്ള സ്നേഹിതൻ മിസ്റ്റർ മാത്യുവിനു കഴിവുണ്ടായിരുന്നതുപോലെ, അതേക്കുറിച്ചു അത്ര ഫലപ്രദമായി സംസാരിപ്പാൻ ഞങ്ങൾക്കു കഴിയുന്നതല്ല. ആയതിനാൽ, നേരമ്പോ

ധിക്കപ്പെടുന്ന ആളുകളുടെ അഭിപ്രായങ്ങളെ ഈ സഭയിൽ പ്രകടിപ്പിക്കുന്നതിനു കഴിവില്ലാതായിരിക്കുന്നതിനാൽ നാം ഈ വിഷയത്തെ നീതി, സമത്വം, സന്മനസ്സാക്ഷി എന്നിവയിൽ നിന്നു വീക്ഷിക്കുന്നതിനു അധികമായ ന്യായമുണ്ട്.

ഇടവക ഭൂമികളിന്മേൽ ആദായനികുതി ചുമത്തേണ്ടതാണെന്നു നിർദ്ദേശിക്കുന്നതിനുള്ള കാരണം അവർ ഭൂനികുതി ഒന്നും കൊടുത്തുവരുന്നില്ലെന്നുള്ളതാണ്. ഈ ഇടവകഭൂമിയുടമസ്ഥന്മാർ ഗവർമ്മെന്റിലേക്ക് ഭൂനികുതി അടക്കാതിരിക്കുന്നതു ഭൂമിയുടമസ്ഥന്മാർക്ക് അങ്ങിനെ ചെയ്യുന്നതിൽ വൈമനസ്യമുണ്ടായിട്ടല്ല എന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കുടിയാന്മാരോടാലോചിക്കാതെതന്നെ ഗവർമ്മെന്റും ഇടവകതമ്പുരാക്കന്മാരുമായി ചെയ്തിട്ടുള്ള ഏതാനും വ്യവസ്ഥകൾ നിമിത്തമായിട്ടാണ് അങ്ങിനെ വന്നിട്ടുള്ളതു. ഇടവകയിലെ നിവാസികൾ മഹാരാജാവുതിരുമനസ്സിലെ പ്രജകളാണെന്നു സർവസമ്മതമായിരിക്കയാൽ, രാജ്യത്തിൽ മററു ഭാഗങ്ങളിലുള്ള ജനങ്ങൾ അനുഭവിച്ചു വരുന്നതുപോലെയുള്ള പരിപാലനത്തിനു അവക്കും അവകാശമുള്ളതാകുന്നു. അതിനാൽ കൃഷിക്കാരുടേയോ കുടിയാന്മാരുടെയോ യാതൊരു സഹകരണമോ സമ്മതമോ കൂടാതെ കുടിയാന്മാർ ഗവർമ്മെന്റിലേക്കു യാതൊരു ഭൂനികുതിയും കൊടുക്കാതിരിക്കത്തക്കവണ്ണം ഗവർമ്മെന്റു വല്ല വ്യവസ്ഥയും ഏർപ്പെടുത്തീട്ടുണ്ടെങ്കിൽ, ആ സംഗതി നിമിത്തം അവർ ശിക്ഷാർഹന്മാരാക്കപ്പെടുന്നതു നീതീകരിക്കപ്പെടാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. കണ്ണൻദേവൻ മലവിളവുകമ്പനിയുടമസ്ഥന്മാർ ഭൂനികുതി സാധാരണയുള്ള തോതിൽ ഒടുക്കാൻ ബാധ്യസ്ഥന്മാരാക്കപ്പെട്ടിരുന്നെങ്കിൽ, കൊടുക്കേണ്ടിയിരുന്ന ഭൂനികുതിയുടെ വളരെ കുറഞ്ഞതായ ഒരംശം മാത്രം കൊടുത്തുവരത്തക്കവണ്ണമുള്ള ഒരു പ്രത്യേക ഏർപ്പാടുണ്ട്. മററുള്ള ഭാഗങ്ങളിൽ റബ്ബറിനു ഏക്കർ ഒന്നിനു ൨ രൂപായും തേയിലക്കു ഏക്കർ ഒന്നിനു ൧ രൂപായുമാണു കൊടുത്തുവരുന്നതു. ആ പ്രതിജ്ഞയിന്മേൽ കണ്ണൻദേവൻ മലവിളവു കമ്പനിയുടമസ്ഥന്മാരുടെ മേൽ, ഗവർമ്മെന്റു സാധാരണ നിരക്കിലുള്ള ഭൂനികുതി ചുമത്തിയെങ്കിൽ അതു അവർ ഇപ്പോൾ കൊടുത്തുവരുന്നതിനെക്കാൾ അത്യധികം കൂടുതലായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്രകാരം ഇടവകകളെ ബാധിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്തിരിക്കുന്ന സ്ഥിതിക്കു കണ്ണൻദേവൻ മലവിളവു കമ്പനിക്കു ബാധിക്കത്തക്കവണ്ണം വിസ്തൃതമാക്കുകയും സാധാരണ സംഗതികളിലെന്നപോലെ അവരിൽ നിന്നും ആദായനികുതി ഈടാക്കുകയും ചെയ്യുമോ എന്നറിവാൻ ഞാൻ ഉത്സുകനായിരിക്കുന്നു. കണ്ണൻദേവൻ മലവിളവു കമ്പനിയും ഗവർമ്മെന്റും തമ്മിൽ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ഉണ്ടാക്കിട്ടുള്ള ചില വ്യവസ്ഥകളാൽ ഇതു പ്രായോഗികമായിരിക്കുന്നില്ല. അതുപ്രകാരം തന്നെ തമ്പുരാക്കന്മാരും ഗവർമ്മെന്റും തമ്മിലുണ്ടാക്കിട്ടുള്ള ചില വ്യവസ്ഥകൾ പ്രകാരം ഇടവകകൾ വല്ല ഭൂനികുതിയും കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടിരിക്കുന്നു. അതായിരുന്നു മിസ്റ്റർ മാത്യു ഉന്നയിപ്പിച്ചതായ വാദമുഖം. അതിനു തൃപ്തികരമായ ഒരു മറുപടി കൊടുത്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂനികുതി കൊടുക്കുന്നതിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്നു ഇടവക ഭൂമികളിലെ കുടിയാന്മാർ അശേഷം ആഗ്രഹിക്കുന്നില്ല. അവർ മഹാരാജാവു തിരുമനസ്സിലെ പ്രജകളാണെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. അതിനാൽ വല്ല ഏർപ്പാടുമുഖേനയും ഭൂനികുതി ഗവർമ്മെന്റിലേക്കു കൊടുത്തുകൊള്ളത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നെങ്കിൽ അവർക്കു വളരെ സന്തോഷമായിരിക്കും.

മി: സി. പി. തോമസ് (ഗവർമ്മെന്റു നിയമിച്ച മെമ്പർ): ഇടവക ഭൂമിയുടമസ്ഥന്മാർ മഹാരാജാവുതിരുമനസ്സിലെ പ്രജകളല്ലായിരുന്നകാലത്തു് ഏർപ്പാടു എന്തായിരുന്നു?

മി: കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും—വടക്ക്). ഞാൻ അറിയുന്നിടത്തോളം അവർ എപ്പോഴും മഹാരാജാവുതിരുമനസ്സിലെ പ്രജകൾ തന്നെയായിരുന്നു. അവർ തിരുവിതാംകോട്ടു പ്രജകളായിതീർന്ന സമയത്തെ സംബന്ധിച്ചു്, അതു എനിക്കു ഇപ്പോൾ പ്രവേശിപ്പാൻ യോഗ്യതയുണ്ടെന്നു തോന്നുന്നില്ലാത്ത ഒരു പുരാതന സംഗതിയായിട്ടാണ് ഇപ്പോൾ ഇരിക്കുന്നതു്.

പൂർവാഭിപ്രായമൊന്നുമില്ലാത്ത മനസ്സോടെയാണ് ഞാൻ ഇവിടെ വന്നതു്. നമുക്കു ഒരു ലക്ഷംരൂപായോളം കിട്ടുന്നതിനിടയാകയാണെന്നു ഞാൻ കേട്ടപ്പോൾ പ്രമേയത്തെ താങ്ങുന്നതിനു ഞാൻ നിർബന്ധിതനായിതീർന്നു. എന്നാൽ ഉന്നയിപ്പിച്ച ആക്ഷേപങ്ങൾക്കു തൃപ്തികരമായ മറുപടികളൊന്നും ഞാൻ കണ്ടില്ല. ഇടവകഭൂമികളിലെ ആളുകൾ സാക്ഷാൽ കരം കൊടുത്തുവരുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു. കരവും പാട്ടവും തമ്മിൽ അല്പം വ്യത്യാസം മിസ്റ്റർ ജി. പരമേശ്വരൻപിള്ള കല്പിക്കയുണ്ടായി. രണ്ടിനും തമ്മിലുള്ള വ്യത്യാസം എനിക്കു മനസ്സിലായിട്ടില്ല. ഇടവകകളിലെ ഭൂമിയുടമസ്ഥന്മാർ ഏക്കർ ഒന്നിനു ഒന്നോ രണ്ടോ രൂപാവീതം തമ്പുരാക്കന്മാർക്കു കൊടുത്തുവരുന്നു എന്നു എനിക്കറിയാം. 'തിരുവിളം' എന്നപോലെ ഏതാനും അനുകൂല്യമായ ആചാരത്തിന്മേൽ ഭൂമിയുള്ള കുടിയാന്റെ പക്ഷം കരം കുറവായിരുന്നേക്കാം. അവർ തങ്ങളുടെ തമ്പുരാക്കന്മാർക്കു ഉതവികൾ ചെയ്വാൻ ബാധ്യതയുള്ളവരും അതിനാൽ സാധാരണ സംഗതികളിൽ കൊടുക്കുന്നതിനു മറുപ്രകാരം ബാധ്യതപ്പെട്ട മുഴുക്കരങ്ങൾ കൊടുക്കുന്നതിൽനിന്നു ഒഴിവാക്കപ്പെട്ടവരുമാണ്. മിക്കസംഗതികളിലും, ഗവർമ്മെന്റിനാൽ കണക്കാക്കപ്പെടുന്ന കരം തമ്പുരാക്കന്മാരാൽ ചുമത്തപ്പെടുന്ന കരത്തോടു തുല്യമാകുന്നു.

ഞാൻ പറയാൻ ആഗ്രഹിക്കുന്ന വേറൊരുസംഗതി ഇപ്പോഴത്തെസമയത്തു റബ്ബർവ്യവസായം ലാഭമുള്ള ഒരേർപ്പാടാണെങ്കിലും അതു നഷ്ടമായിത്തീരുന്ന ഒരു കാലം വന്നേക്കാവുന്നതാണ് എന്നത്രേ. ഈ സമയത്തു് ഏക്കർ ഒന്നിനു കിട്ടിവരുന്ന ആദായം ൨൦൦ രൂപാ ആയിരുന്നേക്കാം. ഈ സംഗതികളിൽ റബ്ബർതോട്ടക്കാരുടെമേൽ ആദായനികുതി ചുമത്തുന്നതായിരുന്നാൽ അതു് ഏക്കർ ഒന്നിന് ഏകദേശം ൨൦ രൂപാവീതം വരാവുന്നതാണ്. ഈ വ്യവസായം അഭിവൃദ്ധിയിലിരിക്കുമ്പോഴെന്നപോലെതന്നെ, അതു അധോഗതിയിലാകുമ്പോഴും ഒരേനിരക്കിലുള്ള ആദായനികുതിക്കു ജനങ്ങളെ നിർബന്ധിക്കുന്നതു അനീതിയായ ഒരു അവസ്ഥതന്നെയാകുന്നു. കൂടാതെ വിദേശിയരായ തോട്ടക്കാരെ നാം ഞെരുക്കം ചെയ്തുകൂടാത്തതാകുന്നു. അവർ വിദേശികളായതുകൊണ്ടുമാത്രം നാം അവരോടു അനീതിയായി പെരുമാറിക്കൂടാത്തതാകുന്നു. നമ്മുടെ പ്രവൃത്തികൾക്കു യുക്തിയും ന്യായവുമുണ്ടായിരിക്കണം. വളരെ വർഷങ്ങളായിട്ടു റബ്ബർതോട്ടക്കാർക്കു ചിലവിനു തക്ക വരവുണ്ടാകുന്ന വിഷമം നേരിട്ടുകൊണ്ടിരുന്നു. വാസ്തവത്തിൽ അവർ സ്വന്തം പണത്തിൽനിന്നും വല്ലതും ചിലവാക്കിക്കൊണ്ടാണിരിക്കുന്നതു്. അതു വളരെ കാല്പനികമായ ഒരേർപ്പാടാണ്. അഭിവൃദ്ധിക്കാലമുണ്ടെങ്കിലും അധോഗതിയെയും ആശങ്കിക്കേണ്ടി

യിരിക്കും. ആയതിനാൽ, അതു നമ്മെ സംഗതികളുടെ വാസ്തവസ്ഥിതിയെപ്പററി അന്ധരാക്കിത്തീക്കുന്നതാണ്. റബ്ബർ വ്യവസായം വിദേശിയരുടെ കൈയിലായിരിക്കുന്നുണ്ടെങ്കിലും അവരോടു അനീതിയായി പെരുമാറിക്കൊള്ളണമെന്നു നാം വിചാരിക്കേണ്ടതാണ്. ഭൂമി തിരുവിതാംകോട്ടുകാർക്കു നീക്കിവയ്ക്കുകയോ വിദേശിയർക്കു കൊടുക്കാതിരിക്കുകയും ചെയ്യേണ്ടതാണെന്നുള്ള നില എനിക്കു ഗ്രഹിപ്പാൻ കഴിയും; വിദേശിയരുടെമേൽ നികുതിചുമത്തുകയും തിരുവിതാംകോട്ടുകാരെ ഒഴിവാക്കുകയും ചെയ്യേണ്ടതാണെന്നു നിർദ്ദേശിക്കയുണ്ടായി. അങ്ങിനെ വല്ല വേർതിരിവുമുണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ വന്നിരിക്കുന്ന തോട്ടക്കാർ അങ്ങിനെ വന്നിട്ടുള്ളതു നമ്മുടെ ഗവർമ്മെന്റിൽനിന്നും തങ്ങൾക്കു നീതി കിട്ടുമെന്നുള്ള നിശ്ചയം അവർക്കുള്ളതുകൊണ്ടാകുന്നു; അതിനാൽ തിരുവിതാംകോട്ടുകാർക്കും വിദേശിയർക്കും തമ്മിൽ ഒരു വേർതിരിവുണ്ടായിരിക്കരുതാത്തതാണ്.

ഈ അവസ്ഥകളാൽ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ബഹുമാനപ്പെട്ട ഒരു മെമ്പർ ഇടവകകളിൽനിന്നും ആദായനികുതി പ്രകാരത്തിൽ കുറെ പണം വസൂലാക്കണമെന്നു മിസ്റ്റർ മാത്യു പറഞ്ഞതുപോലെ ഗവർമ്മെന്റുദ്ദേശത്തോടു പൂർണ്ണ അനുകൂലമല്ലാത്ത അഭിപ്രായം ആണുള്ളത്. എങ്കിലും എനിക്കു തോന്നുന്നതു ഉദ്ദേശം ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽ അധികം ന്യായവും സംഗതമാകുന്ന വിധത്തിൽ അനുസന്ധാനം ചെയ്യപ്പെടണമെന്നാകുന്നു. ഗവർമ്മെന്റിനു യഥാർത്ഥമായ ഒട്ടും അധികാരമായിട്ടു വല്ലതും ചുമത്താൻ കഴിവുള്ളതാകുന്നു. കുടിയാന്മാർ, ജന്മികളായിരുന്നാലും വെറും വ്യക്തികളായിരുന്നാലും ഇടവകകൾക്കു പുറമെ ഭൂമികൾ കൃഷിചെയ്യുന്ന കുടിയാന്മാരിൽനിന്നും കമ്പനികളിൽനിന്നും വ്യത്യസ്തമായ നിലയിൽ അവരോടു പെരുമാറുന്നതിൽ അനീതി കാണിക്കുന്നതായ ഒരു ദൃഷ്ടാന്തമുണ്ടായിരിക്കുന്നതായി കാണുമെന്നു മി: മാത്യുവും മിസ്റ്റർ മാമ്മൻമാപ്പിളയും സൂക്ഷ്മമാക്കിട്ടുണ്ട്. ഇങ്ങിനെയുള്ള സംഗതികളിൽ, അവശ്യമായ വ്യത്യാസമുണ്ടായിരിക്കരുതെന്ന് എനിക്കു തോന്നുന്നു. ഇങ്ങിനെയുള്ള എല്ലാ പ്രവൃത്തികളിലും, ഗവർമ്മെന്റു നീതിയായി പ്രവർത്തിച്ചുകൊള്ളേണ്ടതാകുന്നു. അധികം പണം ആവശ്യമാണെന്നും ധനികന്മാരായവർക്കു കൊടുക്കുന്നതിനു സാധിക്കുമെന്നും ബോദ്ധ്യപ്പെട്ടെന്നെങ്കിൽ അപ്പോൾ അവർക്കു കരങ്ങൾ ചുമത്തുവാൻ കഴിയും. എന്നാൽ അവർ ചില ആളുകളെ ഒഴിവാക്കുകയും മററുചിലരുടെമേൽ കരങ്ങൾ ചുമത്തുകയും ചെയ്യരുതാത്തതാകുന്നു. എല്ലാ ആളുകൾക്കും അവർ മഹാരാജാവുതിരുമനസ്സിലെ പ്രജകളായിരുന്നാലും അല്ലെങ്കിലും ഒരുപോലെയുള്ള അളവിൽ നീതികാണിക്കേണ്ടതാണ്. അവരോടു എല്ലാവരോടും നീതിയുടെ ഒരേ തോതുപ്രകാരം പെരുമാറേണ്ടതാണ്. നമ്മുടെ സ്നേഹിതന്മാരിൽ പലരും വിദേശങ്ങളിൽ അധിവസിച്ചുവരുന്നു. നമ്മുടെ രാജ്യത്തിൽ അധിവസിക്കുന്നവരോടു പെരുമാറുന്നതിനു നാം ഇപ്പോൾ നിർദ്ദേശിക്കുന്നതുപോലെ അവിടങ്ങളിലെ ഗവർമ്മെന്റുകൾ ആവരോടു പെരുമാറണമെന്നു നാം ആഗ്രഹിക്കുന്നതുമില്ല.

മി: സി. പി. തോമസ് (ഗവർമ്മെന്റു നിയമിച്ചമെമ്പർ). ഇതുസംബന്ധിച്ച് ഒരു സംഗതിയെപ്പററി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഇടവക വസ്തു ഉടമസ്ഥന്മാരിൽനിന്നു ഗവർമ്മെന്റിലേക്കു ഭൂനികുതി കിട്ടുന്നില്ലെന്നുള്ള പ്രമേയത്തിന്മേലാണ് വിമർശനം മുഴുവനും ആശ്രയിച്ചു നിൽക്കുന്നതു്. തീർച്ചയാക്കേണ്ട പ്രശ്നം കുടിയാന്മാർ ഇപ്പോൾ വിടപ്പെടുന്ന അവസ്ഥയ്ക്കു അവർതന്നെ ഉത്തരവാദികളോ എന്നാണ്. ഈ കുടിയാന്മാരൊ അവരുടെ പൂർവികന്മാരൊ ഗവർമ്മെന്റിനു കരം കൊടുക്കുന്നില്ലാത്ത വൃത്തികൾക്കു ഉത്തരവാദികൾ എന്നുള്ളസംഗതി തെളിയിക്കാൻ സാധിക്കുന്നില്ലെങ്കിൽ തങ്ങൾ ഉത്തരവാദികളല്ലാത്ത വൃത്തികൾക്കായിട്ടു അവരെ ശിക്ഷാർഹന്മാരായി കരുതുന്നതിനു ഞാൻ യാതൊരു നീതികരണമാർഗ്ഗവും കാണുന്നില്ല.

മി: വി. സുബ്ബയ്യർ (ഗവർമ്മെന്റു നിയമിച്ച മെമ്പർ) (ഡിപ്പ്യൂട്ടിപ്രസിഡന്റ്): സർ, ബഹുമാനപ്പെട്ട മെമ്പർമാർ തങ്ങളുടെ വാദങ്ങളെ താങ്ങുന്നതിനായിട്ടു എന്റെ പേരും ഇതിലേക്കു വലിച്ചുകൊണ്ടുവന്നിരിക്കുന്നതുകൊണ്ടു ഏതാനും വാക്കുകളെ പറയുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു. രാജ്യത്തുള്ള ഓരോ പ്രജയും മരണകാര്യത്തിനായിട്ടും ഗവർമ്മെന്റിന്റെ കീഴിൽ താൻ അനുഭവിച്ചുവരുന്നതായ നന്മകൾക്കും സൌകര്യങ്ങൾക്കുമായിട്ടും വരികൊടുക്കേണ്ടതാണെന്നുള്ളതു എല്ലാവരും സമ്മതിക്കുന്നതായിരിക്കും. അതു സമ്മതിക്കപ്പെട്ടെന്നെങ്കിൽ, ബില്ലിന്റെ തത്വത്തെ താങ്ങുന്നതിൽ യാതൊരുവിഷമവും നേരിടുന്നതല്ല. എല്ലാവരോടും താങ്ങുന്നതിനാവശ്യപ്പെട്ടിരിക്കുന്നതു മരണകാര്യച്ചിലവിലേക്കു ഓരോരുത്തരും ഭൂനികുതി ആദായനികുതി മററു കരങ്ങൾ എന്നിവപോലെയുള്ള വിവിധതരം കരങ്ങളുടെ രൂപത്തിൽ വരികൾ കൊടുക്കേണ്ടതാണെന്നുള്ളതാകുന്നു. ഒരേആൾ ഒരേസമയത്തുതന്നെ രണ്ടു കരങ്ങൾ കൊടുക്കുന്നതിനിടയാകാതിരിക്കുന്നതിലേക്കു ഇവിടെ പാസാക്കപ്പെട്ട ആദായനികുതിറഗുലേഷനിൽ ഭൂനികുതിക്കു ബാധ്യതപ്പെട്ട ഭൂമികളിൽനിന്നുള്ള കൃഷ്യാദായം ആദായനികുതി ബാധ്യതയിൽ നിന്നൊഴിവാക്കപ്പെടണമെന്നു വ്യവസ്ഥ ചെയ്യപ്പെട്ടു. എന്റെ സ്നേഹിതൻ മിസ്റ്റർ മാത്യു മുതൽപേർ പറയുന്നതു ഇടവക ഭൂമികളിന്മേൽ കരം ചുമത്തപ്പെട്ടിട്ടില്ലെങ്കിൽ അതു അവരുടെ വീഴ്ചയല്ലെന്നു അതുകൊണ്ടു അവർക്കു ആദായനികുതി ചുമത്തരുതെന്നും ആകുന്നു. ഒരു പ്രത്യേക ആൾ തിരുവിതാംകൂറിന്റെ ഒരു പ്രത്യേകഭാഗത്തു അധിവാസം തുടങ്ങിയതായ സംഗതികളെ ആലോചിക്കുന്നതിനു നാം കടപ്പെട്ടിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു് പ്രായേണ പുരാതന ചരിത്രവിഷയമാകുന്നതുകൊണ്ടു അതു നമ്മുടെ ആലോചനക്കു വിഷയമായി ഭവിക്കുന്നില്ല. ബില്ലിനെ എതിർത്തവരായ എന്റെ സ്നേഹിതന്മാർ പറഞ്ഞതു ഇടവകകൾ പല കാരണങ്ങളാൽ നിഷ്കരഭൂമികളായി ദാനം ചെയ്യപ്പെട്ടവയാകയാൽ അവയ്ക്കു കരം ചുമത്തരുതാത്തതാണെന്നാകുന്നു. അതു അങ്ങിനെയായാൽ ആദായനികുതികൊടുക്കുന്നതിൽ നിന്നൊഴിവാക്കപ്പെടണമെന്നുള്ള അവകാശത്തെ പ്രഖ്യാപനം ചെയ്യുന്നതിനർഹതയുള്ള ആളുകൾ ഇടവകയുടമസ്ഥന്മാരാണ്. അവർക്കു വല്ല സങ്കടവുമുണ്ടായിരുന്നെങ്കിൽ നിഷ്പ്രയാസേന അവർക്കു നിവൃത്തി കിട്ടുമായിരുന്നു. ആദായനികുതിറഗുലേഷൻ പാസാക്കപ്പെട്ടസമയം മുതൽക്കു ഇടവകയുടമസ്ഥന്മാരുടെ പേരിൽ ആദായനികുതി ചുമത്തുകയും അവർ അതിനു വിധേയരായിരിക്കയും ചെയ്തിരിക്കുന്നു. അവരും ഗവർമ്മെന്റും തമ്മിലുള്ള ഉടമ്പടികളിലെ വ്യവസ്ഥകൾ അവരുടെ ഭൂമികളിൽനിന്നും അവർക്കു കിട്ടുന്ന ആദായത്തിന്മേൽ യാതൊരുവൃത്തികളിലും ആദായനികുതി ചുമത്തിക്കൂടാ എന്നായിരുന്നെങ്കിൽ, അവർക്കു നീതി ചെയ്തുകൊടുക്കുന്നതിനു നീതിന്യായക്കോർട്ടുകളു

ണ്ടായിരുന്നു; ഞാൻ വിശ്വസിക്കുന്നതുപോലെ സിംഗമ്പട്ടിസെമിന്ദാർ ബ്രിട്ടീഷ ഗവൺമെൻറിൽനിന്നു തനിക്കു കിട്ടീട്ടുള്ള സനതിൻപ്രകാരം താൻ യാതൊരു വൃത്തികളിലും യാതൊരു കരവും കൊടുക്കുന്നതിനർഹനല്ലാത്തതിനാൽ, ആദായനികുതി കൊടുക്കുന്നതിനു താൻ ബാദ്ധ്യതപ്പെട്ടവനല്ലെന്നു പറഞ്ഞുകൊണ്ടു മദ്രാസ്ഗവൺമെൻറിൻെറപേരിൽ അന്യായപ്പെടുകയുണ്ടായി. കോർട്ടുകൾ സനതിനെ വ്യാഖ്യാനിച്ചപ്പോൾ സെമിന്ദാരി സംസ്ഥാനത്തുള്ള വനങ്ങളിൽനിന്ന് തനിക്കു കിട്ടിവരുന്ന ആദായത്തിന്മേൽ ആദായനികുതി കൊടുക്കുന്നതിനു താൻബാദ്ധ്യതപ്പെട്ടവനല്ലെന്നു അദ്ദേഹം വാദിച്ചു. ഇതേമാതിരിയിൽ വല്ല ഇടവകയുടമസ്ഥനും വല്ല സങ്കടവുമുണ്ടായിരുന്നെങ്കിൽ തനിക്കും ഗവൺമെൻറിനും തമ്മിലുള്ള ഉടമ്പടിപ്രകാരം താൻ വല്ല കരവും കൊടുക്കുന്നതിനുബാദ്ധ്യതപ്പെട്ടവനല്ലെങ്കിൽ തൻെറ അവകാശത്തെപ്പററി ഒരു നീതിന്യായക്കോർട്ടിൽ വ്യവഹാരം നടത്തുന്നതിനു അദ്ദേഹത്തിനു ധാരാളം സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇപ്പോൾ നാം കണ്ടിട്ടുള്ളതു അവർ ഇപ്പോഴത്തെ റഗുലേഷനനുസരിച്ചുള്ള നികുതി ചുമത്തലിനു അവർ വിധേയരായിരുന്നു എന്നാണ്. ക്ലിപ്തപ്പെടുത്തുന്ന റഗുലേഷൻ ആ നിലയെ ദൃഢീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അവരിൽനിന്നു യാതൊരെതിർപ്പുമുണ്ടായിട്ടുമില്ല. ആയതുകൊണ്ടു പൌരാണിക ചരിത്രത്തിൽനിന്നു ഈ ഇടവകകൾ എല്ലാവിധമായ കരം ചുമത്തലിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നുവാദിക്കുന്നതു് നിഷ്പ്രയോജനമത്രെ. അതിനാൽ ഞാൻ സമർപ്പിക്കുന്നതു്, ആ വിഷയം നമ്മുടെ മുമ്പാകെ ഇരിക്കുന്ന വാദമുഖത്തിൽനിന്നും വിദൂരമായിരിക്കുന്നതാണ്. കുടിയാന്മാർ എടവകകൾക്കകത്തുള്ള ഭൂമികളിൽ അവർ കൃഷിചെയ്യുന്ന കാരണത്താൽമാത്രം ശിക്ഷാർഹന്മാരായി കരുതപ്പെടരുതാത്തതാണെന്നും പ്രസ്താപിക്കപ്പെട്ടു. സംഗതികളെ യഥാസ്ഥിതി നാം നോക്കേണ്ടതാകുന്നു. തിരുവിതാംകോട്ടിലുൾപ്പെട്ട ഏതാനും സ്ഥലങ്ങളെ വേറെചില സ്ഥലങ്ങൾക്കു പകരമായി ബ്രിട്ടീഷ്ഗവൺമെൻറിലേക്കു വിട്ടുകൊടുക്കപ്പെട്ടതു് എൻേറയോ മറേറാരുടെയുമൊ വീഴ്ചനിമിത്തമല്ല. തങ്ങളുടെ സ്വന്തംനെല്ല തിരുവിതാംകോട്ടേക്കു കൊണ്ടുവരുന്ന തിരുവിതാംകോട്ടുകാരും, അവർ കൃഷിചെയ്തിട്ടുള്ള ഭൂമികളിന്മേൽ തിരുവിതാംകോട്ടു ഗവൺമെൻറിലേക്കു യാതൊന്നും കിട്ടുന്നില്ലെന്നുള്ള കാരണത്താൽമാത്രം തങ്ങളുടെ കൃഷിയാദായത്തിന്മേൽ ആദായനികുതികൊടുക്കുന്നതിന് ആവശ്യപ്പെടുന്നുണ്ട്. അപ്രകാരമുള്ള വസ്തു ബ്രിട്ടീഷ്ഗവൺമെൻറിലേക്കു വേറെചില വസ്തുവിനുപകരമായി കൊടുക്കപ്പെട്ടിട്ടുണ്ടായിരുന്നെങ്കിൽ അതു് അവരുടെ വീഴ്ചയല്ല. ആയതുകൊണ്ടു ഇപ്പോൾ തീർച്ചയാക്കേണ്ട ഏകപ്രശ്നം, ആദായത്തിന്മേൽ നികുതിചുമത്തുന്നതിനുദ്ദേശിച്ചിട്ടുള്ള ഭൂമികളിൽനിന്നു തിരുവിതാംകോട്ടു ഗവൺമെൻറിലേക്കു വല്ലതും കിട്ടുന്നുണ്ടോ എന്നാകുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): പകരമായി വിട്ടുകൊടുക്കപ്പെട്ടഭാഗങ്ങൾ ഇപ്പോൾ തിരുവിതാംകോടിൻെറ ഭാഗമായിരിക്കുന്നുവൊ എന്നു ഞാൻ ഡിപ്പ്യൂട്ടിപ്രസിഡെൻറിൽനിന്നു അറിയാമൊ?

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്പ്യൂട്ടിപ്രസിഡെൻറ): ആയതുകൊണ്ടു എൻെറ വാദസംഗതി എടവകകളിലുള്ള ഭൂമികളെ വേറൊരുവിധത്തിലും കരം ചുമത്തുവാൻ നമുക്കു പാടില്ല എന്നാകുന്നു. പണ്ടാരപ്പാട്ടം വസ്തുവുടമസ്ഥന്മാർ അനേകശതവർഷങ്ങളായി ഗവൺമെൻറിനു കരങ്ങൾ കൊടുത്തുകൊണ്ടിരിക്കയാണ്. എന്നാൽ എടവകകൾക്കകത്തുള്ള ആളുകൾ ഒരു നല്ല ഗവൺമെൻറിൻകീഴ് അവരനുഭവിച്ചുവരുന്ന സൌകര്യങ്ങൾക്കുവേണ്ടി ഒന്നും ഗവൺമെൻറിലേക്കു കൊടുത്തുവരുന്നില്ല. രണ്ടിനും തമ്മിലുള്ള സാദൃശ്യം എവിടെ എന്നു ഞാൻ ചോദിക്കുന്നു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എടവകകുടിയാന്മാർ എടവകതമ്പുരാക്കന്മാർക്കു കരംകൊടുത്തുവരുന്നു.

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്പ്യൂട്ടിപ്രസിഡൻറ): അവർ എടവകയുടമസ്ഥന്മാർക്കു കൊടുക്കുന്നതായിരിക്കാം. നമുക്കു് അതിനെപ്പററി ആലോചിച്ചിട്ടാവശ്യമില്ല. അതാണു് വാദസംഗതി.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ബ്രിട്ടീഷ്ഇൻഡ്യയിൽ ഒരു സെമിന്ദാരിയിലൊ മിട്ടായിലൊ ഉള്ള ഒരു കുടിയാനും എടവകകളിലെ കുടിയാനുംതമ്മിൽ വല്ല വ്യത്യാസവുമുണ്ടോ എന്നു ഞാൻ അറിയാമോ?

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്പ്യൂട്ടിപ്രസിഡെൻറ): അതു് ഒരു കല്പിതവൃത്തിയാകയാൽ എനിക്കു അതുമായി യാതൊരു സംബന്ധവുമില്ല.

മി: എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ഞാൻ അറിയാൻ ആവശ്യപ്പെട്ടതു് എടവക കുടിയാന്മാരുടേയും ബ്രിട്ടീഷ് ഇൻഡ്യയിലെ സെമിന്ദാരികുടിയാന്മാരുടേയും നിലകൾ തമ്മിൽ വ്യത്യാസമുള്ളതു് എന്താണെന്നാകുന്നു. അതു് ഒരു സാങ്കേതിക വൃത്തിയാകുന്നതെങ്ങിനെയാണെന്ന് ഞാൻ കാണുന്നില്ല.

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്പ്യൂട്ടിപ്രസിഡെൻറ): ആ ചോദ്യം ഇവിടെ ജനിക്കുന്നില്ല. ഒരു വാസ്തവസംഗതിയായിട്ട ഞാനറിയുന്നതു് സെമിന്ദാർ ബ്രിട്ടീഷ്ഗവൺമെൻറിനു ഒരു സമാഹൃതമായ കരംകൊടുക്കേണ്ടതായിട്ടുണ്ട്. അപ്പോൾ അയാൾ ഗവൺമെൻറിനു വല്ലതും കൊടുക്കുന്നില്ലയൊ എന്നുള്ളചോദ്യം ജനിക്കുന്നു. സെമിന്ദാർമാരുടെ കാര്യത്തിൽ അതു് ഒരു സ്ഥിരമായ കണ്ടെഴുത്തുസംഗതിയാണ്. അതുകൊണ്ടുതന്നെയാണ് ആ ചോദ്യം ജനിക്കുന്നില്ലെന്നു് ഞാൻ പറയുന്നതു്

പണ്ടാരപ്പാട്ടം ഭൂമിയുടമസ്ഥന്മാരും ഇടവക കുടിയാന്മാരും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നു പറയുന്നതിൽ വാദമുഖമൊന്നുമില്ലെന്നാണ് ഞാൻ പറയുന്നതു്. സാദൃശ്യംനോക്കി പോകുന്നെങ്കിൽ തിരുവിതാംകോട്ടു പ്രജകളാൽ തിരുവിതാംകോട്ടേയ്ക്കു ഇറക്കുമതിചെയ്യപ്പെടുന്നനെല്ലും എടവകകളിൽ കൃഷിചെയ്യപ്പെടുന്ന നെല്ലും തമ്മിൽ അശേഷം വ്യത്യാസമുണ്ടായിരിക്കുന്നതല്ലെന്നു ഞാൻ പറയുന്നു. രണ്ടു സംഗതികളിലും തിരുവിതാംകോട്ടുഗവൺമെൻറിനു ഭൂമിയിൽനിന്നു യാതൊന്നും കിട്ടുന്നില്ല. തിരുവിതാംകോട്ടുള്ള വസ്തുവും അയൽദേശത്തുള്ള വസ്തുവും തമ്മിൽ നിങ്ങൾ എന്തുകൊണ്ടാണു വിഭേദം കല്പിക്കേണ്ടതു? രണ്ടു സംഗതികളിലും ആദായം കൃഷിയിൽനിന്നാകുന്നു. രണ്ടുസംഗതികളിലും കൃഷിചെയ്യുന്ന ആളുകൾ തിരുവിതാംകോട്ടു ഗവൺമെൻറിൻെറ പ്രജകളാണ്. രണ്ടുസംഗതികളിലും ഭൂമികളിൽനിന്നു തിരുവിതാംകോട്ടു ഗവൺമെൻറിലേക്കു യാതൊന്നും കിട്ടുന്നില്ല: ദൃഷ്ടാന്തങ്ങൾ തുല്യസാദൃശ്യമുള്ളവയാണ്. ആയതിനാൽ ഒരു തിരുവിതാംകോട്ടു പ്രജയാൽ തിരുവിതാംകോട്ടേയ്ക്കു ഇ

ക്കമതിചെയ്യപ്പെടുന്ന നെല്ലിന്മേൽ തിരുവിതാംകോട്ട ഗവണ്മെൻറിനു ആ ഭൂമിയിൽനിന്നു യാതൊന്നും കിട്ടുന്നില്ലെന്നുള്ള ഏകകാരണത്താൽ ആദായനികുതി ചുമത്തേണ്ടതാണെങ്കിൽ അവയിൽനിന്നും തിരുവിതാംകോട്ട ഗവർമ്മെൻറിനുതക്ക യാതൊന്നും കിട്ടാത്തതായ ഭൂമികളിൽ നിന്നുമുള്ള കൃഷിയാദായത്തിനുവേണ്ടി ഇടവക കുടിയാൻറപേരിലും ആദായനികുതി ചുമത്തിക്കൂടാ എന്നുള്ളതിനു ഞാൻ ഒരു കാരണവും കാണുന്നില്ല. സാദൃശ്യം നോക്കി നിങ്ങൾ പോകുന്നെങ്കിൽ എല്ലാ സംഗതികളിലും സാദൃശ്യമുണ്ടായിരിക്കേണ്ടതാണ്.

പിന്നെയും അവതരിപ്പിക്കപ്പെട്ട ഭേദപ്പെടുത്തുന്ന ബില്ലിനെപ്പററി യാതൊരാശങ്കയ്ക്കുമാവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പണ്ഡിതരായ ലാ മെംബർ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിലെ ഭാഷതന്നെ ഉപയോഗപ്പെടുത്തുകമാത്രം ചെയ്തിട്ടേ ഉള്ളു. അവിടെയും ഗവണ്മെൻറിനു യാതൊന്നും കിട്ടാത്തതായ ഭൂമികളിന്മേൽ ആദായനികുതി ചുമത്തപ്പെടുന്ന നിനർഹതയുണ്ടായിരിക്കും. പ്രമേയത്തെ എതിർത്തവരായ എന്റെ വക്കീൽ സ്നേഹിതന്മാർക്ക് അറിയാവുന്നതു് നിയമം എല്ലായ്പോഴും തർക്കാനുരൂപമായിരിക്കുന്നില്ലെന്നാണ്. എന്റെ സ്വന്തമനസ്സാക്ഷ്യ അല്ല ഞാൻ ഇങ്ങിനെ പറയുന്നതു്. തീർച്ചചെയ്യപ്പെട്ട കേസുകളിലൊന്നിൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളതു് ഹാത്സ്ബറിപ്രഭുവായിരുന്നു എന്നു് ഞാൻ വിചാരിക്കുന്നു. ഇതിനെ പല തിരുവിതാംകോട്ട ലാ റിപ്പോർട്ടിലെ മററു ജസ്റ്റീസ് സദാശിവഅയ്യരും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. നിയമം എല്ലായ്പോഴും തർക്കാനുരൂപമായിരിക്കുന്നില്ലെന്നു അദ്ദേഹം കല്പിക്കപ്പെടുന്നു.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നമ്മുടെ ഉദ്ദേശം അതിനെ കഴിയുന്നിടത്തോളം തർക്കാനുരൂപമാക്കണമെന്നാകുന്നു.

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്യൂട്ടിപ്രസിഡെൻറ): ആ വൃത്തിയിൽപോലും കഴിയുന്നിടത്തോളം എന്നുള്ള ഒരു വിശേഷണവാച്യംകൂടെ ചേർക്കേണ്ടതായിരിക്കും.

മി: സി. പി. തോമസ് (ഗ-നി-മെ): അതു തർക്കാനുരൂപമായിരുന്നാലും അല്ലെങ്കിലും നീതിയുടെ തത്വങ്ങളോട് അതു് അനുകൂലമായിരിക്കേണ്ടതല്ലെ?

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്യൂട്ടിപ്രസിഡെൻറ): നിങ്ങൾ നീതിനോക്കിപോകയാണെങ്കിൽ, ബില്ലിൽ ഉപന്യസിച്ചിരിക്കുന്ന തത്വം വളരെ നീതിയായിട്ടുള്ളതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഗവണ്മെൻറ ഏതുപ്രകാരത്തിലാണ് കുറവുനികത്തേണ്ടതു്? ഗവണ്മെൻറിലേക്ക മുമ്പുതന്നെ കരം കൊടുത്തുവരുന്നവരുടെ പേരിൽ കരംചുമത്തുന്നതിനായൊ? മി: ജി. പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ശേഷിച്ച കുന്നിലെരുഭാഗത്തു താമസിക്കയും ഇപ്പോൾതന്നെ എല്ലാവിധത്തിലുമുള്ള കരങ്ങളാലും ഞെരുക്കം സഹിക്കുകയും ചെയ്യുന്ന ആളുകളോട കുറവുനികത്തുന്നതിലേക്ക വീണ്ടും കരംകൊടുക്കണമെന്നാവശ്യപ്പെടുന്നതു് നീതിയാണോ? ഗവണ്മെൻറിനു യാതൊന്നും കിട്ടിവരാത്തതായ ഭൂമിയിൽനിന്നു കിട്ടുന്ന ആദായത്തിന്മേൽ ആദായനികുതി രൂപത്തിൽ ഇതെവരെ ഗവണ്മെൻറിനു വാസ്തവത്തിൽ ഒന്നും കൊടുക്കാത്തവരായ ആളുകളോട് വല്ലതും കൊടുക്കണമെന്നു ചോദിക്കുന്നതു് നീതിയല്ലായിരിക്കുമൊ? എല്ലാം ആലോചിച്ചശേഷം ആദായനികുതിയുടെ നീതി എന്ന ചോദ്യം എവിടെ? ആദായനികുതി എല്ലാവരുടെ മേലും ഒരുപോലെ ചുമത്തപ്പെടുന്നില്ല. ഒരതിരിന്നപ്പുറം ആദായം കിട്ടുന്ന ധനികന്മാരുടെ മേലത്രെ അതു് ചുമത്തപ്പെടുന്നതു്. അതു ചുമത്തപ്പെടുന്നതു് ഗവണ്മെൻറ മുതലെടുപ്പിലേക്ക കൊടുക്കുന്നതിനു പാങ്ങുള്ള ആളുകളുടെ മേലത്രെ. അത്രവലുതായ ആദായംകിട്ടിവരുന്ന അധികമാളുകൾ ഇടവക കുടിയാന്മാരുടെ ഇടയിൽ ഉണ്ടായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല ൨൦൦൦ രൂപായിൽ കവിഞ്ഞ ആദായംകിട്ടുന്ന അനേകമാളുകൾ ഇടവകകളിൽ കാണുകയില്ലെന്ന് എന്റെ സ്നേഹിതൻ മി: ജോസഫ്‌ഫെറാം സമ്മതിച്ചേക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ സ്നേഹിതന്മാരിൽ ചിലർ നിർദ്ദേശിച്ചതു് ഇൻഡ്യാക്കാരുടെമേൽ കരം ചുമത്തരുതെന്നും യൂറോപ്യന്മാരുടേയും മററ വിദേശിയരുടേയും മേൽമാത്രം കരം ചുമത്തേണ്ടതാണെന്നും ആകുന്നു. ഞാൻ വിചാരിക്കുന്നതു് നാം ഒരു തത്വത്തിനുവേണ്ടി യുദ്ധം നടത്തണമെന്നാകുന്നു. ഒരു പ്രത്യേക ഭൂമി ഒരു ഇൻഡ്യക്കാരന്റെ ഉടമസ്ഥതയിലൊ ഒരു യൂറോപ്യന്റെ ഉടമസ്ഥതയിലൊ ആയിരുന്നാലും, ഗവണ്മെൻറിന് അതാലോചിക്കേണ്ട ആവശ്യമില്ല. ഗവണ്മെൻറ കരം ചുമത്തുന്നതു ഒരു പ്രത്യേക വ്യക്തിയുടെ മേലത്രെ അയാൾ ഇൻഡ്യാക്കാരനൊ യൂറോപ്യനൊ മററു വല്ല വിദേശിയനൊ ആയിരുന്നാലും ശരി സംഗതി അതായിരിക്കെ, ആ ചിന്തനങ്ങൾ നമുക്ക മാർഗ്ഗദർശിയായിരിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പ്രത്യേകസംഗതികളിൽ വല്ല അനീതിയും ഉണ്ടായിരുന്നാലും തിരുവിതാംകോട്ടിൻെറ ധനസ്ഥിതികളാലോചിച്ച് വല്ല പ്രത്യേക വിളവുകളേയും ആദായനികുതി ചുമത്തുന്നതിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു പൂർണ്ണ ആവശ്യമുണ്ടെന്നു കാണുന്നതായാലും, ലാ മെംബർ വിളിച്ചുപറഞ്ഞിട്ടുള്ളതായ ഒഴിവാക്കൽ സെക്ഷൻപ്രകാരം എല്ലാവിധത്തിലും ഗവണ്മെൻറിനാൽ ആവശ്യപ്പെടാവുന്നതാണ്. അങ്ങിനെ ചെയ്യുന്നതിനുപകരം ഇൻഡ്യാക്കാരൻ ഒഴിവാക്കപ്പെടണമെന്നും, യൂറോപ്യന്റെ മേൽ കരം ചുമത്തേണ്ടതാണെന്നും പ്രസ്താവിക്കുമ്പോൾ, അങ്ങിനെയുള്ള വാദത്തിൽ യാതൊരു പ്രമാണവുമില്ല എന്നു ഞാൻ വിചാരിക്കുന്നു. അതെല്ലാം സാമുദായിക വ്യത്യാസങ്ങളാണ്. ആയവയെ പരക്കെ, ഗവണ്മെൻറ സർവ്വീസിനെ സംബന്ധിക്കുന്നിടത്തോളമല്ലാതെ കഴിയുന്നത്ര വർജ്ജിക്കേണ്ടതാണ്. (ചിരി).

റബ്ബർ വ്യവസായം എല്ലായ്പോഴും ആദായകരമല്ലെന്നും ചിലപ്പോഴെക്കെയും തോട്ടമുടമസ്ഥന്മാർ നഷ്ടം സഹിച്ചും ജോലിനടത്തേണ്ടതായിരിക്കുമെന്നും എന്റെ സ്നേഹിതൻ മി: മാമ്മൻമാപ്പിള പ്രസ്താവിക്കയുണ്ടായി. ആദായനികുതിറെഗ്ഗുലേഷൻ സംബന്ധിച്ചിടത്തോളം അവർക്ക ചിലവുകഴിച്ചുള്ള ആദായം കിട്ടുന്നുണ്ടൊ എന്നുമാത്രമാണ് പ്രശ്നം എന്ന് ഞാൻ വിചാരിക്കുന്നു. മൊത്തത്തിലുള്ള ആദായമല്ല മി: റാബിൻസൺ കണക്കാക്കുന്നതു്, വിളവുണ്ടാക്കുന്നതിലേക്കവേണ്ടിവരുന്ന സർവ്വചിലവുകളും കഴിച്ചുള്ള ആദായമത്രെ. അവർക്ക ആദായമൊന്നും കിട്ടുന്നില്ലെന്ന് കാണുന്നതായാൽ, തീർച്ചയായിട്ടും വല്ല കരത്തിനും അവർ അശേഷം ബാദ്ധ്യതയുള്ളവരായിരിക്കയില്ല. ആയതിനാൽ റബ്ബറിന്റെ വില താണുപോകുമ്പോൾ തോട്ടമുടമസ്ഥന്മാർ ആദായനികുതി കൊടുക്കുന്നതിനു ഒട്ടും ബാദ്ധ്യതയുള്ളവരായിരിക്കുന്നതല്ല, അതിനാൽ ആ സംഗതി ആലോചിച്ചു യാതൊരു വിഷമവും നേരിടുന്നതായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ കാരണങ്ങളാൽ, ബില്ലിന്റെ തത്വത്തെ താങ്ങി പറയുന്നതിൽ ഇനിക്കു വളരെ സന്തോഷമാണുള്ളതു്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇടവകകളിലെ നിവാസികൾ ഇപ്പോൾ എക്സൈസ് നികുതിയും മററും പോലെയുള്ള കരങ്ങൾ ഗവൺമെൻറിലേക്കു കൊടുത്തുവരുന്നുണ്ടെന്നു മെമ്പർക്കു അറിവുണ്ടോ?

മി: വി. സുബ്ബയ്യർ (ഗ-നി-മെ) (ഡിപ്പ്യൂട്ടിപ്രസിഡെൻറ): അവർ ആ നികുതികളെ മററു ഏതു മനുഷ്യനും കൊടുക്കുന്നതുപോലെ മാത്രമേ കൊടുക്കുന്നൊള്ളു. ഏതൊരുവനും അവൻ ഇടവകകൾക്കകത്തോ പുറമെയോ ആയിരുന്നാലും, ആ വക നികുതികൾ അടച്ചുവരുന്നുണ്ട്. നമുക്കിപ്പോൾ ചിന്താവിഷയമായിരിക്കുന്നതു ഗവൺമെൻറിനു യാതൊരു മുതലെടുപ്പും കിട്ടിവരാത്ത ഭൂമികളിൽനിന്നും ലഭിക്കുന്ന കൃഷിയാദായത്തിന്മേലുള്ള ആദായനികുതി കൊടുക്കുന്നതിനെപ്പററിയാണ്.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ, ഇതുവരെ ഗവൺമെൻറിനു നികുതികൊടുക്കുന്ന ആളുകളേയും ഇടവകയ്ക്കു നികുതികൊടുക്കുന്ന ആളുകളേയും ഒരേരീതിയിലാണ് ഗവൺമെൻറു വിചാരിച്ചു പ്രവർത്തിച്ചുവന്നിട്ടുള്ളതെന്നുള്ളതിനു ഉദാഹരണമായി ഈ നിയമസഭയിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുതന്നെ ഗവൺമെൻറിലേക്കു അഞ്ചുരൂപാ കരംതീരുവയുള്ള ആളുകൾക്കും ഇടവകയ്ക്കു അഞ്ചുരൂപാ കരംകൊടുക്കുന്ന ആളുകൾക്കും ശരിയായ അവകാശങ്ങൾ ഗവൺമെൻറിൽനിന്നും കൊടുത്തിട്ടുണ്ട്. എന്നുള്ളതുതന്നെ ഒരു പ്രത്യക്ഷലക്ഷ്യമാണ്. അതിൽനിന്നും ഈ രണ്ടുതരം നികുതി കൊടുക്കുന്നയാളുകളും ഒരേരീതിയിൽ അവകാശം ഉള്ള ആളുകളാണെന്നു ഗവൺമെൻറു ഗണിച്ചു പ്രവർത്തിച്ചിട്ടുള്ളതായി മനസ്സിലാകുന്നു. എന്നാൽ ഈ തത്വത്തെ അവഗണിച്ചു ഇപ്പോൾ ഇടവകയ്ക്കു നികുതികൊടുക്കുന്ന ആളുകൾ ഒരു വർഗ്ഗക്കാരും ഗവൺമെൻറിലേക്കു നികുതികൊടുക്കുന്ന ആളുകൾ മററൊരു വർഗ്ഗക്കാരും ആണെന്നു തോന്നുന്നവിധത്തിൽ ഒരു നിയമം ഈ സഭയിൽനിന്നും പാസ്സാക്കുന്നതു ശരിയായിരിക്കയില്ല. ഇടവകയിലേക്കു കരംകൊടുക്കുന്ന കുടിയാനവന്മാർ തങ്ങൾക്കു ഗവൺമെൻറിൽനിന്നും ലഭിക്കുന്ന സുഖസൗകര്യങ്ങൾക്കു പ്രതിഫലമായി ഒന്നും കൊടുക്കുന്നില്ലെന്നു ചിലർ പറകയുണ്ടായി. അതു ശരിയായ അഭിപ്രായമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂമിയിന്മേലുള്ള നികുതി ഒഴിച്ചു മററെല്ലാവിധത്തിലും ഗവൺമെൻറു ഭൂമി അനുഭവിക്കുന്ന ആളുകൾ കൊടുക്കുന്ന എല്ലാ വിധത്തിലുള്ള നികുതിയും ഇടവക കുടിയാനവന്മാർ കൊടുക്കുന്നുണ്ട്. ഇവരും മഹാരാജാവു തിരുമനസ്സിലെ വിശ്വാസമുള്ള പ്രജകളാണ്.

ആദായനികുതി റഗുലേഷൻ പാസ്സാക്കിയ അവസരത്തിൽ ഇടവകയിലെ പ്രൈററർ നികുതികൊടുത്താൽമതി എന്നും കുടിയാനവന്മാർ നികുതികൊടുക്കേണ്ട എന്നും തീർച്ചപ്പെടുത്തിയതു ഭൂമിയിൽ കൃഷിചെയ്യുന്ന ആളുകൾക്കു കൃഷിചെയ്യുന്നതിനുള്ള ഉത്സാഹത്തെ കുറയ്ക്കുന്ന യാതൊരു കർമ്മവും ഏർപ്പെടുത്താൻ പാടില്ലെന്നുള്ള തത്വത്തെ ആശ്രയിച്ചായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോഴത്തെ നിയമപ്രകാരം ആ തത്വത്തിനു ലംഘനമാണ് വരുന്നതു. കുടിയാനവന്മാരെ ഭൂമി വെറുതെ ഇടാൻ ഉത്സാഹിപ്പിക്കുന്ന ഒരു നിയമമാണ് ഇതു. അതിനാൽ ഇപ്രകാരമുള്ള ഒരു നിയമം പാസ്സാക്കുന്നതു ശരിയായിരിക്കയില്ലെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): സർ, പാസ്സാക്കപ്പെടുന്നതിനു നിർദ്ദേശിക്കപ്പെട്ട നിയമത്തിനു കുറഞ്ഞൊരു എതിർപ്പുണ്ടായിരുന്നെങ്കിലും, അനുദ്യോഗസ്ഥ പക്ഷത്തുനിന്നുതന്നെ, പ്രത്യേകിച്ചു മി: സുബ്ബയ്യരിൽനിന്നും മി: ജി. പരമേശ്വരൻപിള്ളയിൽനിന്നും വന്നിട്ടുള്ള അപേക്ഷണങ്ങളാൽ എതിർപ്പിനു മറുപടി പറയാനുള്ള എൻെറ ഭാരം നന്നേ ലഘുവാക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിൽ എനിക്കു സന്തോഷമുണ്ട്. ആക്ഷേപങ്ങൾ മിക്കതിനും മറുപടികൊടുത്തുകഴിഞ്ഞിരിക്കുന്നു. ഞാൻ ഏതാനും മിനിട്ടുകൾ ചിലവാക്കുന്നെങ്കിൽ, അതു ചില വാദമുഖങ്ങളെ ശക്തിപ്പെടുത്തുന്നതിനുമാത്രമാണ്.

എതിർപക്ഷത്തുനിന്നും പുറപ്പെടുവിച്ച വാദങ്ങളിലൊന്നു ഇടവകകളിലെ കുടിയാന്മാർ തമ്പുരാക്കന്മാർക്കു വല്ലതും കൊടുത്തുവരുന്നുഎന്നും, ആയതുകൊണ്ടു ആദായനികുതി രൂപത്തിൽ അവരുടെമേൽ ഇനിയും കരം ചുമത്തുന്നതു യുക്തിപൂർവമായിരിക്കുന്നില്ലെന്നും ആകുന്നു. ആ വാദത്തിനു ഒരു മറുപടി ഗവൺമെൻറിനു ആ വക ഭൂമികളിൽനിന്നു യാതൊന്നും കിട്ടുന്നില്ലെന്നും രാജ്യത്തിലെ ഭരണകാര്യം അനുഷ്ഠിക്കുന്നഭാരം ഗവൺമെൻറിനാണുള്ളതു എന്നും ആകുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്ക്): ഗവൺമെൻറിലേക്ക് അവരിൽനിന്നും എക്സൈസ്‌റവന്യൂകോർട്ടുഫീസ്സ് മുതലായവ കിട്ടുന്നില്ലേ?

മി: കല്ലാലംപരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): രാജ്യത്തിൻെറ ഭരണകാര്യനിർവഹണത്തിനു അതുകൊണ്ടുമാത്രം മതിയാകയില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ജന്മവസ്തുക്കളെസംബന്ധിച്ചു, അവ എല്ലാററിന്മേലും തുല്യനിലയിൽ കരം ചുമത്തപ്പെടുന്നില്ല. ചില വസ്തുക്കളുടെ സംഗതിയിൽ, പൂർണ്ണനിരക്കു മററുള്ളവയുടെ സംഗതിയിൽ എട്ടിലൊന്നുമാത്രവും മററു ചിലവയുടെ കാര്യത്തിൽ നാലിലൊന്നുമാത്രവും ആണ് ഉള്ളതു. അങ്ങിനെയുള്ള വൃത്തികളിൽ കൃഷിയാദായത്തിൻെറ ശേഷിപ്പുള്ള ഭാഗത്തിന്മേൽ ആദായനികുതി ചുമത്തേണ്ടതാണെന്നു മെമ്പർ പറയുന്നൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സക്കാർവക്കീൽ): ഒരു വസ്തു ഭൂനികുതിയിൽനിന്നു പൂർണ്ണമായി ഒഴിവാക്കപ്പെട്ടിരുന്നാൽ, അതു ആദായനികുതിക്കു ബാദ്ധ്യതയുള്ളതല്ല. ഇടവകക്കുടിയാന്മാർ തമ്പുരാക്കന്മാർക്കു വല്ലതും കൊടുത്തുവരുന്നുണ്ടെന്നുള്ളതു സംശയംകൂടാതെ യഥാർത്ഥമാണ് എങ്കിലും തനിക്കു നല്ല രാജ്യഭരണത്തിൻെറ ഗുണം നല്കുന്ന ഗവൺമെൻറിലേക്ക് അയാൾ യാതൊന്നും കൊടുത്തുവരുന്നില്ല. മി: സുബ്ബയ്യർ സൂചിപ്പിച്ചതുപോലെ ജീവിതത്തിലുണ്ടാകുന്ന അസമതകളെ നീക്കുന്നതിനു നമുക്കു കഴിയുന്നതല്ല. എൻെറ സ്നേഹിതനു പബ്ലിക്കു റോഡിൻെറ അരികത്തുതന്നെ ഒരു കെട്ടിടമുണ്ടാകുന്നതിനുള്ള ഭാഗ്യമുണ്ടായേക്കാവുന്നതും അതിനു അയാൾക്കു നല്ല വില കിട്ടിയേക്കാവുന്നതുമാകുന്നു. എന്നാൽ എനിക്കു എൻെറ യാതൊരു കുററവും കൊണ്ടല്ല, പബ്ലിക്കുറോഡിൽനിന്നും വളരെദൂരത്തായിട്ടു ഒരു വീടു ഉണ്ടായിരിക്കയും അതുകൊണ്ടു അതിനു വലു

തായ വില കിട്ടുന്നതിനിടയാകുന്നതേയും ഇരുന്നേക്കാം. ജീവിതത്തിലുണ്ടാകുന്ന അങ്ങിനെയുള്ള അസമത്വങ്ങളെ നീക്കുന്നതിനു നമ്മാൽ അസാദ്ധ്യമാണ്. തമ്പുരാനു കുടിയാന്മാർ കൊടുത്തുവരുന്ന ഈ വസ്തു അനുഭവിക്കുന്നതിനും കൃഷിചെയ്യുന്നതിനുമുള്ള ആവശ്യംപ്രമാണിച്ച് കൂടുതലായി മുടക്കിട്ടുള്ള ഒരു സംഖ്യയായി ഗണിച്ചുകൊള്ളേണ്ടതാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ ഇടവകകളിലെ കുടിയാന്മാർക്കു സ്ഥിരമായ കൈവശാവകാശങ്ങളുണ്ടോ എന്നു ഞാൻ അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): പൂഞ്ഞാറും പഞ്ഞിപ്പുഴയും ഇടവകകളിൽ അവർക്കു സ്ഥിരമായ കൈവശാവകാശമില്ല.

ഞാൻ മുമ്പുതന്നെ സമർപ്പിച്ചിട്ടുള്ളതുപോലെ തമ്പുരാക്കന്മാർക്കു കുടിയാന്മാർ കൊടുക്കുന്നതായിരുന്നേക്കാവുന്നതു ഭൂമികളെ കൃഷിചെയ്യുന്നതിനാവശ്യപ്പെടുന്ന കൂടുതൽ മുടക്കു മുതലായിട്ടു വക വെയ്ക്കേണ്ടതാണ്. അങ്ങിനെയുള്ള വസ്തുക്കളിൽനിന്ന് ഗവണ്മെന്റിനു യാതൊന്നും കിട്ടുന്നതുമില്ല. ആ വസ്തുവത്തെ കരുതി അങ്ങിനെയുള്ള കൃഷിക്കാരോടു അങ്ങിനെയുള്ള വസ്തുക്കളിൽനിന്നു കിട്ടുന്ന കൃഷിയാദായത്തിന്മേൽ ആദായനികുതി കൊടുക്കുന്നതിനാവശ്യപ്പെടുന്നതു നീതിയായിട്ടുമാത്രമിരിക്കുന്നു. തീർച്ചയായിട്ടും സാധാരണ കൃഷിക്കാരനു ഈ നിയമം ബാധകമായിട്ടുവരുമായിരിക്കുമോ എന്നുള്ള ചോദ്യമുണ്ട്. ഞാൻ മുമ്പുതന്നെ ഈ സഭയ്ക്കു വിശദമാക്കിട്ടുള്ളപ്രകാരം ഈ സാധാരണ കൃഷിക്കാർക്കു ഈ നിയമം ബാധകമായിരിക്കയില്ല, കാരണം സാധാരണയായി അവരുടെ ആദായം ആണ്ടൊന്നുക്കു ൨൦൦൦ രൂപായിൽ കവിഞ്ഞുവരുന്നതല്ല. മുതലാളി കൃഷിക്കാരനു മാത്രമെ ഈ വ്യവസ്ഥ ബാധകമായിവരൂ. നാം അതിന്റെ വ്യാപകമായ തത്വമനുസരിച്ച് അവേക്ഷിക്കുന്നപക്ഷം യാതൊരു ദുർഘടവുമില്ല.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴും ഇടവകതമ്പുരാൻ ഗവർണ്മെന്റു ഭൂനികുതിയുടെ പ്രതിപുരുഷന്റെ നിലയിലല്ലെ എന്നു ഞാൻ അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): അങ്ങിനെ ഒരു നില സമ്മതിച്ചുകൊടുക്കുന്നതിനു ഞാൻ തയ്യാറില്ല. കൂടാതെ, ആ വാദം അസംഗതമാണ്.

മി: ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെന്റു തങ്ങൾക്കുള്ള അവകാശങ്ങളെ അന്യാധീനപ്പെടുത്തിട്ടില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ആ ചോദ്യം തീരെ ഉത്ഭവിക്കുന്നില്ല. സംഗതികളിപ്പോൾ ഇരിക്കുന്ന പ്രകാരം ഗവണ്മെന്റു ഈ സ്ഥലങ്ങളുടെ ഭരണകാര്യമന്വേഷിച്ചുവരികയും അവിടെയുള്ള ജനങ്ങളുടെ ഗുണത്തിനുവേണ്ടി ആസ്പത്രികൾ, റോഡുകൾ മുതലായവയെ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു.

മി: എൻ. വി. ജോസഫ് (പറവൂർ): ഒരു കുടിയാൻ തമ്പുരാനു കൊടുത്തുവരുന്ന കരം ഗവണ്മെന്റിലേക്കു താൻ കൊടുക്കേണ്ട കരത്തിനു ബദൽ ആയിഗണിക്കപ്പെട്ടുവരുന്നില്ല എന്നും, രണ്ടായിരംരൂപായിൽ കുറഞ്ഞ ആദായം കിട്ടുന്നവരെ എന്തുകൊണ്ടാണ് ഒഴിവാക്കിട്ടുള്ളതെന്നും ഞാൻ ലാ മെമ്പറിൽനിന്നു അറിയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): കുടിയാന്മാർ തമ്പുരാനുകൊടുക്കുന്നപാട്ടം ഗവർണ്മെന്റിനു കൊടുക്കുന്നകരത്തിനു ബദൽ ആയിരിക്കുന്നില്ല, കാരണം ഗവർണ്മെന്റിനു അതു കിട്ടുന്നില്ല.

സഭയുടെ എതിർവശത്തിരിക്കുന്ന മെമ്പർമാരാൽ പല പ്രാവശ്യവും ഉദ്ധരിക്കപ്പെട്ടിട്ടുള്ളപ്രകാരം നമുക്കു പുരാതന സംഭവങ്ങളിലേക്കെല്ലാം പ്രവേശിക്കാൻ കഴിയുന്നതല്ല. നാം സംഗതികളെ അവ ഇന്നുഇരിക്കുന്നപ്രകാരം എടുക്കേണ്ടതാകുന്നു. സംഗതികളുടെ ഇന്നത്തെ ഇരിപ്പിൻ പ്രകാരം ഇടവകകളിലെ കുടിയാന്മാർ ഗവർണ്മെന്റിലേക്ക് യാതൊരുഅംശവും തന്നെ കൊടുത്തുവരുന്നില്ല.

മി: എൻ. കുമാരൻ (ഗ. നി. മെ.) ഇടവകയ്ക്കകത്തുള്ള ഭൂമിയെല്ലാം ഇടവകതമ്പുരാന്റെ കൈവശമിരിക്കുകയും അദ്ദേഹം മാത്രം ഭൂമികൃഷിചെയ്യുകയും മുഴുവൻ ആദായമെടുക്കുകയും ചെയ്യുന്നു എന്ന് വിചാരിക്കുക; എന്നാൽ സർക്കാരിനു ആദായനികുതികൊടുക്കുന്ന കാര്യത്തിൽ വല്ല വ്യത്യാസവും അതു വരുത്തുന്നതായിരിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.): ഇല്ല. ആ സംഗതിയിൽ ആദായനികുതി കണക്കാക്കുന്നതിലേക്കു പാട്ടമൊന്നുമുണ്ടായിരിക്കയില്ലെന്നുള്ളതൊഴികെ, അതു വ്യത്യാസമൊന്നുമുണ്ടാക്കുകയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഭൂനികുതിമാന്യവലിൽ ഇടവകതമ്പുരാന്റെ നില ഒരു ജന്മിയുടേതിനോടു തുല്യമാണെന്ന് ഗവർണ്മെന്റ് പ്രസ്താവിച്ചിട്ടില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ.); നമ്മുടെ തല്ക്കാലികഉദ്ദേശങ്ങൾക്കായിട്ട്, അദ്ദേഹത്തെ ഒരു വലിയ വസ്തുവുടമസ്ഥനായിട്ടു മാത്രം വിചാരിച്ചുകൊള്ളാം.

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരി (ജന്മിമാർ): എടവകവസ്തുക്കളോടു ഏറക്കുറെ സാമ്യമുള്ളതായ ജന്മവസ്തുക്കൾക്ക്തന്നെ നികുതികൊടുക്കാത്തതായ വസ്തുക്കളിൽനിന്നും നികുതിചുമത്തിവരുന്നുണ്ട്. ആ വസ്തുവിൽതന്നെ ൨൦൦൦ രൂപായ്ക്കുമേൽ ആദായം കിട്ടുന്നതരങ്ങും കരുമുളകും വച്ച് ദേഹണ്ഡിച്ചിരുന്നാൽ, ജന്മിക്കു കിട്ടുന്നആദായമൊഴിച്ചു, ബാക്കികൂടി ഇതിലുൾപ്പെടുന്നതാണൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (ആ. അ. ഹെ. സ. വ): ഈ വസ്തു സർക്കാരിലേക്ക് കരംകൊടുക്കുന്നതല്ലെങ്കിൽ, ഉൾപ്പെടുന്നതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ജന്മഭൂമികളുടെ സംഗതിയിൽ, ഈ ജന്മികളുടെ കുടിയാന്മാർക്കു അനുകൂലമായി റവന്യൂസംബന്ധിച്ച് ഗവർണ്മെന്റിൽനിന്നും സൌജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ എന്ന് ലാമെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ഭൂമികളിൽ ചിലതിന്മേൽ ലഘുവായ നിരക്കുകളിൽ കരം ചുമത്തപ്പെടുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങിനെയുള്ള സൌജന്യങ്ങളോ, ഒഴിവാക്കലുകളോ, ഇടവകകളിലെ കുടിയാന്മാരുടെപക്ഷവും, ചെയ്തുകൊടുക്കുന്നതു യോഗ്യമല്ലാതെയിരിക്കുന്നില്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ആ ചോദ്യം അസംഗതമാണ്. മാനുഷികമായ സർവ്വ സംഗതികളേയും സംബന്ധിച്ച്, ചില വ്യത്യാസങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഗവർമ്മെൻറിലേക്ക വല്ല പങ്കും കിട്ടുന്നുണ്ടോ എന്നാണ് പ്രശ്നം രാജ്യത്തിൻെറ ഭരണകാര്യ നിർവഹണത്തിൻെറ ചെലവിലേക്ക് ഗവർമ്മെൻറിന് വല്ലതും കിട്ടേണ്ടതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ജന്മഭൂമികളുടെ സംഗതിയിൽ, ഗവർമ്മെൻറിനു വളരെ കുറവായനിരക്കിൽ മാത്രമേ കിട്ടുന്നുള്ളു എന്നതു ഒരു വാസ്തവമല്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): എങ്ങിനെയാണ് അധികം കൂടുതലായ നിരക്കാകുന്നത്? ജന്മംവക ഭൂമികൾ ഗവർമ്മെൻറിലേക്ക് പല്ലതും കൊടുത്തുവരുന്നുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ അസമതകൾ ഏതാനും സുസമ്മതങ്ങളായ തത്വങ്ങളിന്മേൽ അടിസ്ഥാനപ്പെട്ടതപ്പെട്ടവയാണെന്ന് ഞാൻ മെംബർക്ക ചൂണ്ടിക്കാണിക്കാമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): അതെ, ഇപ്പോൾ ഉദിക്കുന്നതററ പ്രായോഗികമായപ്രശ്നം ഭരണകാര്യനിർവഹണത്തിലേക്ക് മൂലധനം മുടക്കിട്ടുള്ള കൃഷിയിൽനിന്നു വലുതായ ആദായമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളിൽനിന്ന് ഗവർമ്മെൻറിനു വല്ലതുംകിട്ടുന്നതിനു വകാശമില്ലേ?

മി: സി. പി. തോമസ് (ഗ. നി. മെ.): ഈ തമ്പുരാക്കന്മാർ കൊടുക്കുന്ന ആദായനികുതി പ്രായോഗികമായി കുറവുനികത്തുന്നില്ലേ എന്ന് മെംബറിൽനിന്ന് അറിയേണ്ടിയിരിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.) ഇല്ല. അതു നികത്തുന്നില്ല. തമ്പുരാൻ കൊടുക്കേണ്ട ആദായനികുതി, തനിക്കുകിട്ടുന്ന പാട്ടത്തിന്മേലൊ നികുതിയിന്മേലൊ ആകുന്നു; ആയതുകൊണ്ടു അതു ഭൂമികളിൽനിന്നുള്ള ആദായത്തിൻെറ ഒരു ചെറിയ ഭാഗത്തിന്മേൽ മാത്രമെ ആകയുള്ളു. അതു ഇരുപ്പതാമെടുക്കാം, പാട്ടം ഭൂമിയിൽനിന്നുള്ള ആദായത്തിൻെറ മുപ്പതിലൊരുഭാഗമായിരിക്കാം, പാട്ടത്തിന്മേലുള്ള ആദായനികുതി ആ മുപ്പതിലൊരുഭാഗത്തിന്മേലാണ് ചുമത്തപ്പെടുന്നതു.

മി: സി. പി. തോമസ് (ഗ. നി. മെ.): അവരെ മുഴുവനും കൊടുക്കാൻ ചുമതലപ്പെടുത്തുന്നതിനു കഴിയാത്തതെന്തുകൊണ്ട്?

മി: കല്ലാലം പരമേശ്വരൻപിള്ള (ആ. അ. ഹേ. സ. വ.): ആദായംമുഴുവനും അവർക്ക കിട്ടുന്നില്ല.

ഈ വാക്കുകളോടുകൂടി ഞാൻ ബിൽസഭയിൽ വായിക്കപ്പെടണമെന്ന് അഭിപ്രായപ്പെടുന്നു.

പ്രമേയം വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും) പ്രമേയത്തിന്മേൽ അനുകൂലപ്രതികൂലഭാവമറിയണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

അനുകൂലപ്രതികൂലഭാവമറിഞ്ഞതിൽ ഫലം താഴെപറയുംപ്രകാരമാണ —

അനുകൂലിച്ചവർ ൩൩.

൧. മി: ഐ. സി. ചാക്കോ.
൨. മി: ജെ. ബി. കുക്ക്.
൩. മി: ആർ. ധനക്കോടിപ്പിള്ള.
൪. മി: കെ. ജോർജ്ജ്.
൫. മി: എസ്. ജ്ഞാന ഗൊഷാ.
൬. മി: സി. പി. കൊച്ചുകൃഷ്ണപിള്ള.
൭. മി: എ. കെ. പിള്ള.
൮. മി: എൻ. കുമാരൻ.
൯. മി: ടി. കുമാരപിള്ള.
൧൦. മി: ഡാക്ടർ. എൻ. കുഞ്ഞൻപിള്ള.
൧൧. മി: കെ. മാധവൻപിള്ള.
൧൨. മി: കല്ലൂർ നാരായണപിള്ള.
൧൩. മി: കെ. നാരായണൻപണ്ടാല.
൧൪. മി: കെ. വി. നടേശ്വരഅയ്യർ.
൧൫. മി: കെ. പി. നീലകണ്ഠപിള്ള.
൧൬. മി: എൻ. നീലകണ്ഠപിള്ള.
൧൭. മി: എം. എൻ. പിള്ള.
൧൮. മി: ആർ. പത്മനാഭൻ.
൧൯. മി: ജി. പരമേശ്വരൻപിള്ള.
൨൦. മി: കല്ലാലം പരമേശ്വരൻപിള്ള.
൨൧. മി: എസ് പിറവിപെരുമാൾപിള്ള.
൨൨. മി: ഡബ്ലിയു. എച്ച്. പിററ്.
൨൩. മിസ്സസ്സ്. എം. പുന്നൻ ലൂക്കോസ്.
൨൪. മി: ടി. പി. രാമസുബ്ബഅയ്യർ.
൨൫. റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ.
൨൬. മി: എസ്. സി. എച്ച് റാബിൻസൺ.
൨൭. മി: കെ. ശിവരാമപണിക്കർ.
൨൮. മി: എം. ശിവതാണുപിള്ള.
൨൯. മി: ജെ. സ്റ്റീഫൻസൺ.
൩൦. മി: വി. സുബ്ബഅയ്യർ.
൩൧. മി: എസ്. സുബ്രഹ്മണ്യരായർ.
൩൨. മി: സി. എൻ. ഉപ്പൻ നമ്പൂതിരി.
൩൩. മി: എ. ജെ. വാൻറോസ്സ്.

പ്രതികൂലിച്ചവർ. ൧൨.

൧. മി: കെ. ഐ. ജോസഫ്.
൨. മി: എൻ. വി. ജോസഫ്.
൩. മി: സി. കേരളവർമ്മകോയിൽ തമ്പുരാൻ.
൪. മി: തയ്യിലുകുഞ്ഞിതൊമ്മൻ.
൫. മി: കെ. സി. മാമ്മൻമാപ്പിള.
൬. മി: ടി. ജെ. മാത്യു.
൭. മി: ജി. നാരായണപിള്ള.
൮. മി: എ. ജെ. ജോൺ.
൯. മി: ജി. രാമൻ മേനവൻ.
൧൦. മി: സി. പി. തരകൻ.
൧൧. മി: സി. പി. തോമസ്.
൧൨. മി: കെ. കെ. തോമസ്.

നിഷ്പക്ഷനിലക്കാർ ൨.

൧. മി: എക്സ്. ജി. ചോപ്പ്രസ്. ൨. മി: എം. സുബ്രഹ്മണ്യപിള്ള.

അതിൽ പിന്നെ സെക്രട്ടറി ബില്ലിന്റെ സംജ്ഞവായിച്ചു.

മി: കല്ലാടം പരമേശ്വരൻപിള്ള (അ. അ. ഹെ. സ. വ.): സർ, ആദായനികുതി റഗുലേഷനെ താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സിലക്ട് കമ്മിററി ഒരു മാസത്തിനകം റിപ്പോർട്ടു സമർപ്പിക്കുന്നതിനായിട്ടു ആലോചനയ്ക്കു വിടേണ്ടതാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. (൧) മി: എസ്. സി. എച്ച്. റാബിൻസൺ, (൨) മി: ടി. പി. രാമസുബ്ബഅയ്യർ, (൩) മി: വി. സുബ്ബഅയ്യർ, (൪) മി: ടി. ജെ. മത്തു, (൫) മി: കെ. ഐ. ജോസഫ്, (൬) മി: സി. കേരളവർമ്മ കോയിത്തമ്പുരാൻ, (൭) മി: ജി. പരമേശ്വരൻപിള്ള, (൮) ഞാൻ.

മി: എൻ. നീലകണ്ഠപിള്ള (റവന്യൂ ജോലിയിലിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

പ്രമേയം പാസ്സാക്കപ്പെട്ടു.

പ്രസിഡെന്റ്: മി: സുബ്ബയ്യരെ സിലക്ട്കമ്മിററിയുടെ പ്രസിഡെന്റായി ഞാൻ നിയമിക്കുന്നു.

മണി ൫ അടിച്ചു ൧൦ മിനിട്ടായപ്പോൾ സഭപിരിയുകയും, പിറെറ ദിവസം മണി ൧൧ അടിച്ചു ൩൦ മിനിട്ടാകുമ്പോൾ വീണ്ടും കൂടണമെന്നു നിശ്ചയിക്കയും ചെയ്തു.

ടി. പി. രാമസുബ്ബഅയ്യർ,
നിയമസഭാസിക്രട്ടറി.

പരിശിഷ്ടം സി.

താഴെ പറയുന്ന ബിൽ അതു സഹിതമുള്ള ഉദ്ദേശങ്ങളോടും കാരണങ്ങളോടും കൂടി ൧൦൮൫-ാമാണ്ട് അക്ടോബർ ൨-ാം തീയതിയിലുണ്ടാക്കിയ നിയമസഭ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം സകലമാനപേരുടേയും അറിവിലേക്കു പ്രസിദ്ധം ചെയ്തിരിക്കുന്നു.

ഖനികളെ ക്രമീകരിക്കുന്നതിനും പരിശോധിക്കുന്നതിനും ലോഹങ്ങളും ഖനിജങ്ങളും കണ്ടുപിടിക്കുന്നതിനും വ്യവസ്ഥകളുണ്ടാക്കുന്നതിലേക്കുള്ള ഒരു റഗുലേഷൻ.

ഖനികളുടെ ക്രമീകരണത്തേയും പരിശോധനയേയും ലോഹങ്ങളും ധാതുപദാർത്ഥങ്ങളും കണ്ടുപിടിക്കുന്നതിനേയും വ്യവസ്ഥചെയ്യുന്നതു യുക്തമെന്നു തോന്നുന്നതിനാൽ, താഴെപറഞ്ഞിരിക്കുന്നപ്രകാരം ഇതിൽ വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു:—

അദ്ധ്യായം ൧.

പ്രസ്താവന.

ചുരുക്കമായ സംജ്ഞയും വ്യാപ്തിയും പ്രാരംഭവും.

൧. (൧) ഈ റഗുലേഷൻ തിരുവിതാംകോട്ടു ഖനികളും ഖനിജനങ്ങളും റഗുലേഷൻ എന്നു പറയപ്പെടാവുന്നതാകുന്നു.

(൨) അതു തിരുവിതാംകോട്ടു മുഴുവനേയും വ്യാപിക്കുന്നതാകുന്നു.

(൩) അതു ഉടൻതന്നെ ഉൗർജിതത്തിൽ വരുന്നതായിരിക്കും.

നിർവചനങ്ങൾ

൨. ഈ റഗുലേഷനിൽ വിഷയത്തെയോ സന്ദർഭത്തെയോ സംബന്ധിച്ചു വിപരീതമായി യാതൊന്നുമില്ലാത്തപക്ഷം,

(എ) ഒരു ഖനിസംബന്ധിച്ച് ഏജന്റു എന്നു ഉപയോഗിക്കപ്പെട്ടിരിക്കുമ്പോൾ, ഒരു ഖനിയുടേയോ അതിൽ വല്ലഭാഗത്തിന്റേയോ നടത്തിപ്പിലേക്കു ഉടമസ്ഥന്റെ പ്രതിനിധിയായി നിയമിക്കപ്പെട്ടതോ, പകരം ജോലിനോക്കുന്നതോ ആയ വല്ല ആൾ എന്നും, അങ്ങിനെയുള്ള നിലയിൽ ഈ റഗുലേഷൻപ്രകാരം ഒരു മാനേജരിലും ഉന്നപദത്തിലുള്ള ആൾ എന്നും അർത്ഥമാകുന്നു.

(ബി) കുട്ടി എന്നതു പതിമൂന്നു വയസ്സിൽ താഴെയുള്ള ഒരാൾ എന്നർത്ഥമാകുന്നു.

(സി) ഒരാൾ ഖനിയിൽ നിയമിക്കപ്പെട്ടു എന്നുപറഞ്ഞിരിക്കുമ്പോൾ, അയാൾ മാനേജരാൽ നിയമിതനായിട്ടോ, അല്ലാതെയോ വല്ലഖനന പ്രവൃത്തിയിലോ, ഖനിക്കകത്തോ, അടുത്തോ ഉപയോഗിക്കപ്പെടുന്ന വല്ലയന്ത്രത്തിന്റേയും വല്ലഭാഗത്തേയും വെടിപ്പാക്കുകയോ എണ്ണയിടുകയോ, ഖനനപ്രവൃത്തിയിൽ സംഭവിക്കാവുന്നതോ അവയെ സംബന്ധിച്ചതോ ആയ മററുവല്ലതരം വേലയോ ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു എന്നർത്ഥമാകുന്നു.

(ഡി) 'ഗസററ്' എന്നതു തിരുവിതാംകോട്ടു ഗവണ്മെന്റ് ഗസററ് എന്നർത്ഥമാകുന്നു.

(ഇ) 'പരിശോധകൻ' എന്നതു ഈ റഗുലേഷൻപ്രകാരം നിയമിക്കപ്പെടുന്ന ഖനികളുടെ പരിശോധകൻ എന്നർത്ഥമുള്ളതും, ഈ റഗുലേഷൻപ്രകാരം പ്രയോഗിക്കുന്നതിനോ പ്രവൃത്തിക്കുന്നതിനോ അധികൃതരായ പരിശോധകന്റെ വല്ല അധികാരവും പ്രയോഗിക്കുകയോ, വല്ലകൃത്യവും ചെയ്കയോ ചെയ്യുന്നനിലയിൽ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെക്കൂടി ഉൾപ്പെടുത്തുന്നതുമാകുന്നു.

(എഫ്) ഖനി എന്നതു ധാതുപദാർത്ഥങ്ങളെ കണ്ടുപിടിക്കുന്നതിനോ എടുക്കുന്നതിനോ, വേണ്ടിയുള്ള വല്ല പ്രവൃത്തിയും നടത്തിവരുന്നതോ, നടത്തപ്പെടുന്നതോ ആയ ഏതെങ്കിലും ഉൽഖനനമാണെന്നർത്ഥമുള്ളതും ഭൂമിക്കുമീതെയോ അടിയിലോ ഖനിക്കുള്ളിലോ അടുത്തോ, സംബന്ധിച്ചതോ ആയ എല്ലാവേലകളും യന്ത്രസാമഗ്രിയും ട്രാംവേകളും കോടികളും ഉൾപ്പെടുത്തുന്നതുമാകുന്നു. എന്നാൽ അതു ഒരു വ്യവസായ പ്രസംഗം, അങ്ങിനെയുള്ള പ്രസംഗം കഴിഞ്ഞുകൊണ്ടിരിക്കുന്നതിനോ ധാതുപദാർത്ഥങ്ങളെ സംസ്കരിക്കുന്നതിനോ ആയുള്ളതല്ലാത്തപക്ഷം, നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന പരിസരങ്ങളെ ഉൾപ്പെടുത്താതിരിക്കയും വേണം.

(ജി) 'ഉടമസ്ഥൻ' എന്നതു ഒരു ഖനിസംബന്ധിച്ച് ഉപയോഗിക്കപ്പെടുമ്പോൾ, ഗവണ്മെന്റിൽനിന്നും ഖനിയിൽവേലനടത്തുന്നതിനോ ലോഹങ്ങൾക്കോ ധാതുപദാർത്ഥങ്ങൾക്കോ വേണ്ടി അന്വേഷണം കഴിക്കുന്നതി

നോമതപാട്ടപ്പിട്ടു ലൈസൻസോ കൊടുക്കപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നതും, പല്ലവേലപ്പോഴോ അത് ലൈസ ഭാഗമോ ചെയ്യുന്നതിലേക്ക് ഉടമ്പടി ഏറ്റിട്ടുള്ള ഒരു കോൺട്രാക്ടറെ ഉൾപ്പെടുത്തുന്നതുമാണ്.

(എച്ച്) 'നിർദ്ദിഷ്ടം' എന്നതു് ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളനുസരിച്ചു് നിർദ്ദേശിക്കപ്പെട്ടതു് എന്നർത്ഥമാകുന്നു.

(ഐ) 'യോഗ്യതസിദ്ധിച്ചിട്ടുള്ള വൈദ്യവൃത്തി', എന്നതു് ഈ റഗുലേഷന്റെ ആവശ്യങ്ങൾക്കുവേണ്ടി യോഗ്യതസിദ്ധിച്ചിട്ടുള്ള ഒരു വൈദ്യവൃത്തിയാണെന്നു് ഗസററിൽ ഒരു പരസ്യം മൂലം പ്രസ്താവിക്കപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു.

(ജെ) 'കഠിനമായ ദേഹോപദ്രവം' എന്നതു് ഏതെങ്കിലും അവയവത്തിന്റെ പ്രവൃത്തിയെ സദാകാലത്തേക്കും ഇല്ലാതാക്കുന്നതോ അതിനു നിരന്തരമായ ഉപദ്രവം വരുത്തിവയ്ക്കുന്നതോ കാഴ്ചയ്ക്കോ, കേൾവിക്കോ, സ്ഥിരമായ ഹാനിയോ ഉപദ്രവമോ, വല്ല അവയവത്തിന്റെയും ഉടവോ, ഉപദ്രവമേററ ആളെ ഇരുപത്തിവ സത്തിലധികമായ കാലത്തേക്ക് ജോലിക്കുപോകുന്നതിൽ നിന്നും നിർബന്ധമായി തടുക്കുന്നതോ, ഉൾപ്പെടുന്നതോ, ഉൾപ്പെടുന്നതിനു സർവ്വപ്രകാരേണയും കാരണമാകുന്നതോ ആയ ഏതെങ്കിലും ഉപദ്രവം എന്നർത്ഥമാകുന്നു.

(കെ) 'ആഴ്ച' എന്നതു് ശനിയാഴ്ച അർദ്ധരാത്രിക്കും പിൻവരുന്ന ശനിയാഴ്ച അർദ്ധരാത്രിക്കും ഇടയ്ക്കുള്ള സമയം എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ലോഹങ്ങൾക്കും ധാതുപദാർത്ഥങ്ങൾക്കുമായി അപേക്ഷ നടത്തുന്നതു്.

ഗവൺമെൻറവകയല്ലാത്ത ഭൂമിയെ അപേക്ഷനടത്തുന്നതിനു മുമ്പായി നോട്ടീസു കൊടുക്കുന്നതു

൩. (൧) ഗവൺമെൻറവകയല്ലാത്ത വല്ല ഭൂമിയുടേയും മേൽമണ്ണിനടിയിൽ ഏതെങ്കിലും ലോഹമോ, ധാതു പദാർത്ഥമോ കണ്ടേക്കാവുന്നതാണെന്നും അപ്രകാരമുള്ള ഭൂമിയിൽ അടിമണ്ണു പരിശോധിക്കുന്നതു് ആവശ്യമോ അഭിലഷണീയമോ ആണോ ഇതിലേക്കു നിയമിക്കപ്പെട്ട ഏതെങ്കിലും ഗവൺമെൻറുദ്യോഗസ്ഥനു തോന്നുമ്പോഴൊക്കെയും, അങ്ങിനെയുള്ള ഉദ്യോഗസ്ഥൻ ഭൂമി സർവ്വേ ചെയ്യുന്നതിനും അടിമണ്ണു പരിശോധിക്കുന്നതിനും തനിക്കുള്ള ഉദ്ദേശത്തെപ്പററി നിർദ്ദേശിക്കപ്പെട്ട പ്രകാരത്തിൽ നോട്ടീസു കൊടുക്കേണ്ടതായിരിക്കും.

(൨) ഉപവകുപ്പ് (൧) പ്രകാരം നോട്ടീസുകൊടുക്കുന്ന ഉദ്യോഗസ്ഥനു അപ്രകാരമുള്ള നോട്ടീസിന്റെ തീയതിയുടെ പതിനാലുദിവസങ്ങൾക്കുശേഷം ഏതെങ്കിലും സമയത്തു് —

(എ) അങ്ങിനെയുള്ള ഭൂമിയിൽ പ്രവേശിച്ചു സർവ്വേ നടത്തുന്നതിനും,

(ബി) അടിമണ്ണു കുഴിക്കുകയോ തുരക്കുകയോ ചെയ്യുന്നതിനും ആ അടിമണ്ണിന്റെ മാതിരികൾ എടുക്കുന്നതിനും,

(സി) അടയാളങ്ങൾ വയ്ക്കുന്നതിനും ചാലുകൾ കീറുന്നതിനും ആവശ്യമുള്ളേടത്തു് ഭൂമിമേൽ നിൽക്കുന്ന വിളവിനെയോ വേലിയേയോ, കുറുങ്കാടിനെയോ, വെട്ടിനീക്കിക്കളയുന്നതിനും

(ഡി) അങ്ങിനെയുള്ള ഭൂമിയിൽ ഉണ്ടെന്നു വിശ്വസിക്കപ്പെടുന്നതായ ഏതെങ്കിലും ലോഹത്തിന്റെയോ ധാതുദ്രവ്യത്തിന്റെയോ അസ്തിത്വവും വ്യാപ്തിയും നിർണ്ണയിക്കുന്നതിനാവശ്യമായ മറെറല്ലാ പ്രവൃത്തികളും ചെയ്യുന്നതിനും,

അവകാശവും അധികാരവുമുണ്ടായിരിക്കുന്നതാണ്.

(൩) ഉപവകുപ്പ് (൨)-ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ നോട്ടീസു കൊടുക്കുന്നഉദ്യോഗസ്ഥനാലോ ആ പ്രവൃത്തികൾ ചെയ്യുന്നതിനു അദ്ദേഹം രേഖാമൂലമായി അധികാരപ്പെടുത്തിട്ടുള്ള ആളിനാലോ ചെയ്യപ്പെടുന്നതാണ്.

പ്രതിഫലം നൽകുന്നതു്.

൪. വകുപ്പ് ൩-ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥനു്, അങ്ങിനെയുള്ള പ്രവേശനത്തിന്റെ സമയത്തു് മേൽ വിവരിച്ചതായ പ്രവൃത്തികൾനിമിത്തം ചെയ്യപ്പെട്ടാവുന്നവല്ല നഷ്ടത്തിനും പണം കൊടുക്കുകയോ കൊടുക്കുന്നതിനു വാഗ്ദാനം ചെയ്യുകയോ ചെയ്യേണ്ടതാണ്. അങ്ങിനെ വാഗ്ദാനം ചെയ്യപ്പെടുന്ന തുകയുടെ പര്യാപ്തതയെപ്പററി തർക്കമുണ്ടാകുന്നപക്ഷത്തിൽ, സാധാരണമായോ പ്രത്യേകമായോ ആയ ഉത്തരവിനാൽ, ഇതിലേക്കു ഗവൺമെൻറിൽ നിന്നും നിയമിക്കാവുന്ന അധികാരിയുടെ തീർപ്പിനായി അദ്ദേഹം ഉടൻതന്നെ തക്ക സംഗതി അയച്ചുകൊടുക്കേണ്ടതുമാകുന്നു. അങ്ങിനെ ചെയ്യപ്പെടുന്ന തീർപ്പു അവസാന തീർപ്പായിരിക്കുന്നതും അതനുസരിച്ചു പണം കൊടുക്കേണ്ടതുമാകുന്നു.

ചട്ടങ്ങളുണ്ടാക്കുന്നതിനു ഗവൺമെൻറിനുള്ള അധികാരം

൫. ഗവൺമെൻറിനു താഴെ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

(എ). വകുപ്പു ൩ പ്രകാരമുള്ള നോട്ടീസിന്റെ നടപടി നടത്തിപ്പിന്റെ രീതിയെപ്പററിയും,

(ബി). വകുപ്പ് ൪ പ്രകാരം തീർപ്പിനായി അയക്കുന്നതിൽ നടത്തപ്പെടുന്ന അന്വേഷണത്തിന്റെ സ്വഭാവത്തെപ്പററിയും,

(സി) സാമാന്യമായി പറയുമ്പോൾ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ നിർവഹണത്തിലേക്കും തന്നെ.

അദ്ധ്യായം ൩.

ഇൻസ്പെക്ടർമാർ:

ഇൻസ്പെക്ടർമാർ

൬. (൧) ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ തിരുവിതാംകോട്ടുള്ള ഖനികളുടെ ഇൻസ്പെക്ടർ ആയിട്ടു മതിയായ യോഗ്യത സിദ്ധിച്ചിട്ടുള്ള ഒരാളെ ഗവൺമെൻറിൽ നിന്നും നിയമിക്കാവുന്നതാണ്.

(൨) ഈ വകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഖനികളുടെ ഇൻസ്പെക്ടർ തിരുവിതാംകോട്ട പീനൽ കോഡിന്റെ അർത്ഥമനുസരിച്ചു ഒരു പബ്ളിക്ക സർവന്റ് (ഗവണ്മെന്റുദ്യോഗസ്ഥൻ) ആയി ഗണിക്കപ്പെടുന്നതായിരിക്കും.

(൩) നേരെയായോ അല്ലാതെയോ തിരുവിതാംകോട്ടിൽ വല്ല ഖനിയുമായോ; ഖനനാവകാശവുമായോ സംബന്ധമുള്ളതോ ആയ യാതൊരാളേയും ഒരു ഇൻസ്പെക്ടർ ആയിരിക്കുന്നതിനോ അങ്ങിനെ ആയിരുന്നിട്ട അങ്ങിനെയുള്ള ഉദ്യോഗം തുടൎന്നുകൊള്ളുന്നതിനോ പാടില്ലാത്തതാകുന്നു.

(൪) ഈ റഗുലേഷൻപ്രകാരം ഏർപ്പെടുത്തപ്പെടുമ്പോൾ ഇൻസ്പെക്ടർ ഖനികളുടെ ഉടമസ്ഥന്മാൎക്കും പ്രതിനിധികൾക്കും മാനേജർക്കും അവരെയഥാക്രമം ബാധിക്കുന്നതായ വല്ല ന്യൂനതകളെപ്പററിയും അങ്ങിനെയുള്ള ന്യൂനതകളുടെ പരിഹാരം കിട്ടാവുന്ന ഫലങ്ങളെപ്പററിയും അറിവു കൊടുക്കേണ്ടതാണ്.

ഡിസ്ത്രിക്റ്റ മജിസ്ത്രേട്ടിന്റെ അധികാരങ്ങൾ.

൭. ഗവർണ്മെന്റിന്റെ സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവുകൾ പ്രമാണിച്ചുകൊണ്ട്, ഡിസ്ത്രിക്റ്റ മജിസ്ത്രേട്ടിന് ഒരു ഇൻസ്പെക്ടരുടെ അധികാരങ്ങളെ പ്രയോഗിക്കുകയും കൃത്യങ്ങളെ നിർവഹിക്കുകയും ചെയ്യാവുന്നതാകുന്നു.

എന്നാൽ, ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന യാതൊന്നും, ഒരു ഡിസ്ത്രിക്റ്റ മജിസ്ത്രേട്ടിനെ, വകുപ്പ ൧൭-ാം വകുപ്പ ൨൯ ാം പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളിൽ വല്ലതിനേയും പ്രയോഗിക്കുന്നതിന്, അനുവദിക്കുന്നതല്ലാത്തതാകുന്നു.

ഖനികളുടെ ഇൻസ്പെക്ടൎക്കുള്ള അധികാരങ്ങൾ.

൮. ഇൻസ്പെക്ടർക്ക ചെയ്യാൻ അനുവാദമുള്ള സംഗതികൾ താഴെ പറയുന്നവയാണ്:—

(എ) ഏതെങ്കിലും ഖനിയുടെ സംഗതിയിൽ ഈ റഗുലേഷന്റെയും അതനുസരിച്ചുണ്ടാക്കിട്ടുള്ള ചട്ടങ്ങളുടേയും ഉപചട്ടങ്ങളുടേയും (ബൈലാകളുടേയും) വല്ല ഉത്തരവുകളുടേയും വ്യവസ്ഥകളനുസരിച്ച് വന്നിട്ടുണ്ടൊ എന്നു നിർണ്ണയിക്കുന്നതിലേക്ക് തനിക്കു യുക്തമെന്നു തോന്നുന്ന പരിശോധനകളും അന്വേഷണങ്ങളും നടത്തുന്നതിനും;

(ബി) ഏതെങ്കിലും വല്ല ഖനിയിലൊ അതിൽ വല്ലഭാഗത്തോ, രാത്രിയിലൊ പകലൊ ന്യായമായിട്ടുള്ള എല്ലാ സമയങ്ങളിലും, എന്നാൽ ഖനിയുടെ പ്രവൃത്തിയെ അന്യായമായി നിരോധിക്കത്തക്കവണ്ണമൊ തടസ്ഥപ്പെടുത്തത്തക്കവണ്ണമൊ ആയിരിക്കാത്തവിധത്തിലും, തനിക്കു യോഗ്യമെന്നു തോന്നുന്നതായാൽ, വല്ല സഹായികളുമുണ്ടായിരുന്നാൽ അവരോടുകൂടി പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും പരിക്ഷിക്കുന്നതിനും;

(സി) ഏതെങ്കിലും ഖനിയുടേയൊ അതിലൊരു ഭാഗത്തിന്റെയൊ സ്ഥിതിയേയും അവസ്ഥാന്തരത്തേയുമൊ ഖനിയുടെ വായുസഞ്ചാരത്തെയൊ, അതിനകത്തോ സമീപത്തോ, വേലചെയ്യുന്ന ആളുകളുടെ രക്ഷയെക്കുറിച്ചുള്ളതൊ സംബന്ധിക്കുന്നതൊ ആയ എല്ലാ കാൎയ്യങ്ങളേയും സംഗതികളേയും പററി തല്ക്കാലം ഉപയോഗിച്ചിരിക്കുന്ന ഉപകരണങ്ങളുടെ പൎയ്യാപ്തതയെ ലക്ഷ്യമാക്കി പരിശോധിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും.

പ്രവേശിക്കുന്നതിനും അളക്കുന്നതിനുംമററുമുള്ള പ്രത്യേകയുദ്യോഗസ്ഥന്റെ അധികാരങ്ങൾ.

൯. ഇതിലേക്ക് ഇൻസ്പെക്ടരുടെ ഒരു പ്രത്യേക ഉത്തരവിനാലൊ എഴുത്തുമുഖേനെ ക്രമാനുസരണം അധികാരപ്പെടുത്തപ്പെട്ട ഗവർണ്മെന്റ സർവീസിലുള്ള ഏതെങ്കിലും ഒരാൾക്ക്, വല്ല ഖനിയിലും സർവെ ചെയ്യുന്നതിനൊ നിരപ്പാക്കുന്നതിനൊ അളക്കുന്നതിനൊ ഉള്ള ഉദ്ദേശത്തോടുകൂടി, അങ്ങിനെയുള്ള ഖനിയുടെ മാനേജർക്ക മൂന്നുദിവസത്തിൽ കുറയാതെയുള്ള നോട്ടീസ കൊടുത്തതിൽപിന്നെ, പകലൊ രാത്രിയിലൊ ഏതെങ്കിലും ന്യായമായസമയത്തു്, എന്നാൽ ഖനിയുടെ ജോലിയെ ന്യായരഹിതമായ വിഘ്നപ്പെടുത്തുകയൊ തടസ്ഥപ്പെടുത്തുകയൊ ചെയ്യുന്നതിനിടയാകാത്തവണ്ണം-ഖനിയിൽ പ്രവേശിക്കുകയും, ഖനിയേയൊ, അതിൽവല്ലഭാഗത്തേയോ സർവ്വെചെയ്യുകയൊ നിരപ്പാക്കുകയൊ ചെയ്യാവുന്നതാകുന്നു.

ഇൻസ്പെക്ടർമാർക്ക ചെയ്തു കൊടുക്കേണ്ട സൌകൎയ്യങ്ങൾ.

൧൦. എല്ലാ ഖനിയുടമസ്ഥന്മാരും ഏജന്റുമാരും മാനേജർമാരും ഇൻസ്പെക്ടർക്കും വകുപ്പിൻപ്രകാരം അധികാരപ്പെടുത്തപ്പെട്ട എല്ലാ ആളുകൾക്കും ഈ റഗുലേഷൻ അനുസരിച്ചുള്ള പ്രവേശനത്തിനും, പരിശോധനയ്ക്കും, സർവേക്കും, അളവിനും, പരിക്ഷക്കും അന്വേഷണത്തിനും വേണ്ടുന്ന എല്ലാ ന്യായമായ സൌകൎയ്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്.

കിട്ടിയവിവരം വളരെ രഹസ്യമായി കരുതണമെന്നു.

൧൧. (൧) ഏതെങ്കിലും ഖനിസംബന്ധിച്ച രജിസ്റ്റർകളിൽനിന്നും മററു റിക്കാർഡുകളിൽനിന്നുമുള്ള പകർപ്പുകളും സംക്ഷേപങ്ങളും ഈ റഗുലേഷൻ അനുസരിച്ച വല്ല ഖനിയുടേയും പരിശോധന നടത്തുന്നതിനിടയ്ക്ക് ഇൻസ്പെക്ടറാലൊ അദ്ദേഹത്തെ സഹായിക്കുന്ന വല്ലവരാലൊ അല്ലെങ്കിൽ വകുപ്പ൯ പ്രകാരം അധികാരപ്പെടുത്തപ്പെട്ട വല്ല ആളിനാലൊ സമ്പാദിക്കപ്പെട്ട മററു എല്ലാ അറിവും കണിശമായി വിശ്രംഭങ്ങളായി കരുതപ്പെടുന്നതാകുന്നു.

(൨) ഇൻസ്പെക്ടറൊ ഉപവകുപ്പ (൧)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആളൊ ഒരു മജിസ്ത്രേട്ടൊ തന്റെ മേലുദ്യോഗസ്ഥനൊ അല്ലാതെയുള്ള വല്ല ആളുകളോടും ഗവണ്മെന്റനുവാദംകൂടാതെ മുൻ വിവരിച്ചതായ വല്ല അറിവും വെളിപ്പെടുത്തുന്നതായാൽ ആറുമാസത്തേക്കുള്ള തടവുശിക്ഷ അനുഭവിക്കേണ്ടതും, കൂടാതെ ഒരു പിഴയും ഒടുക്കേണ്ടതുമാകുന്നു.

(൩) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു കുററത്തിന്റെയും വിചാരണയ്ക്കായി ഗവണ്മെന്റുത്തരവിൻപ്രകാരമൊ ഗവർണ്മെന്റധികാരത്തിലൊ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേലൊ കുററം നിമിത്തം സങ്കടമനുഭവിക്കുന്ന ഒരാൾ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേലൊ അല്ലാതെ, യാതൊരു കോർട്ടിനും പുറപ്പെടുന്നതിനു പാടില്ലാത്തതാകുന്നു.

അദ്ധ്യായം ൪.

ഖനനപ്രവൃത്തികളും ഖനികളുടെ നടത്തിപ്പും.

ഖനികളെപ്പറ്റിയുള്ള നോട്ടീസ്.

൧൫. ഖനിയുടമസ്ഥനോ, ഏജന്റോ, മാനേജരോ നിലവിലിരിക്കുന്ന ഒരു ഖനിയുടെ സംഗതിയിൽ ഈ റെഗ്യുലേഷൻ നടപ്പിലായിട്ടു ഒരു മാസത്തിനകവും ഒരു പുതിയ ഖനിയുടെ സംഗതിയിൽ ഖനനവേലകളാരംഭിച്ചു മൂന്നുമാസങ്ങൾക്കുശേഷവും, ഖനി ഇരിക്കുന്ന ഡിസ്ട്രിക്ടിലെ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു നിർദ്ദേശിക്കപ്പെട്ട രൂപത്തിലും ഖനിയെക്കുറിച്ചുള്ള വിവരങ്ങളടങ്ങുന്ന രേഖാമൂലമായ നോട്ടീസ് കൊടുക്കേണ്ടതാകുന്നു.

മാനേജർമാർ.

൧൬. (൧) ൨൦-ാംപ്രകാരത്തിൽ നിർദ്ദേശിക്കപ്പെടുന്നപോലല്ലാതെ ഓരോ ഖനിയും നിർദ്ദേശിക്കപ്പെട്ട യോഗ്യതകളുള്ളതും ഖനിയുടെ ഭരണത്തിനും നടത്തിപ്പിനും മേലന്വേഷണത്തിനും ചുമതലപ്പെട്ടതായ ഒരു മാനേജരുടെകീഴിൽ ആയിരിക്കേണ്ടതും; ഓരോ ഖനിയുടേയും ഉടമസ്ഥനോ ഏജന്റോ തന്നെത്തന്നെയോ, അങ്ങിനെയുള്ള യോഗ്യതകളുള്ള മറ്റു വല്ല ആളിനേയോ അങ്ങിനെയുള്ള മാനേജർ ആയിരിക്കുന്നതിലേക്ക് നിയമിച്ചുകൊള്ളേണ്ടതാകുന്നു.

(൨) ഉപവകുപ്പ് (൧)-ൽ ആവശ്യപ്പെട്ടിരിക്കുന്നപ്രകാരം ഒരു മാനേജർ ഇല്ലാതിരിക്കെ വല്ല ഖനിയും നടത്തപ്പെടുന്നതായിരുന്നാൽ ഉടമസ്ഥനും ഏജന്റും ഓരോരുത്തരും ഈ വകുപ്പിന്റെ വ്യവസ്ഥകൾക്കെതിരായി പ്രവർത്തിച്ചതായി വിചാരിക്കപ്പെടുന്നതാണ്.

ഉടമസ്ഥന്മാരുടേയും ഏജന്റുമാരുടേയും മാനേജർമാരുടേയും കൃത്യങ്ങളും ചുമതലകളും.

൧൭. (൧) ഓരോഖനിയുടേയും ഉടമസ്ഥനും ഏജന്റും മാനേജരും അതു സംബന്ധിച്ചു നടത്തപ്പെടുന്നതായ എല്ലാപ്രവൃത്തികളും ഈ റെഗ്യുലേഷന്റെ വ്യവസ്ഥകളും അവയനുസരിച്ചുണ്ടാക്കപ്പെടുന്ന ചട്ടങ്ങളും ഉപചട്ടങ്ങളും ഉത്തരവുകളുമനുസരിച്ചു നടത്തപ്പെടുന്നു എന്നുള്ളതിനു ഉത്തരവാദികളായിരിക്കേണ്ടതാണ്.

(൨) ആരെങ്കിലും അങ്ങിനെയുള്ള വ്യവസ്ഥകളെ വല്ലവിധത്തിലും നിഷേധിക്കുന്നതായിരുന്നാൽ ഖനിയുടമസ്ഥനും ഏജന്റും മാനേജരും, ഓരോരുത്തരും പരസ്യം ചെയ്യുന്നതിനാലും അങ്ങിനെയുള്ള നിഷേധങ്ങളെ തടയുന്നതിനായിട്ടു ആ വ്യവസ്ഥകളെ തന്നാൽ കഴിയുന്നതു ഉൗർജിതപ്പെടുത്തുന്നതിനാലും എല്ലാ ന്യായമായ കരുതലുകളും താൻ ചെയ്തിട്ടുണ്ടായിരുന്നു എന്നു തെളിയിക്കാത്തപക്ഷം അങ്ങിനെയുള്ള നിഷേധങ്ങൾ വരുത്തിട്ടുള്ളതായി വിചാരിക്കപ്പെടുന്നതാകുന്നു.

എന്നാൽ, താഴെ പറയുന്നപ്രകാരം തെളിയിക്കുന്നതായാൽ ഉടമസ്ഥനും ഏജന്റും അപ്രകാരം കുറ്റക്കാരായി ഗണിക്കപ്പെടുന്നതല്ലായിരിക്കും:—

(എ) ഖനിയുടെ നടത്തിപ്പിൽ താൻ യാതൊരുപങ്കും എടുക്കുകയോ പതിവായിരിക്കുകയോ തൽസംഗതിയെ സംബന്ധിച്ചിടത്തോളം എടുക്കുകയോ ഉണ്ടായിട്ടില്ല എന്നും;

(ബി) പണമിടപെട്ട സംഗതികളും മാനേജർ തന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനായിട്ടു പ്രാപ്തിയുണ്ടാകുന്നതിലേക്ക് ആവശ്യമുള്ള മററു കരുതലുകളും താൻ ചെയ്തിട്ടുണ്ടായിരുന്നു എന്നും;

(സി) നിഷേധനം ചെയ്യപ്പെട്ടതു തന്റെ അറിവോ സമ്മതമോ പ്രേരണയോ കൂടാതെയായിരുന്നു എന്നും.

(൩). മേൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളപ്രകാരമല്ലാതെ ഒരു ഖനി മാനേജരുടേയോ ഏജന്റിന്റേയോ പേരിൽ കൊണ്ടുവരപ്പെടുന്ന അഭിയോഗങ്ങളിൽ ഈ റെഗ്യുലേഷന്റെ വ്യവസ്ഥകളനുസരിച്ച് ഖനിയുടെ ഒരു മാനേജരെ നിയമിച്ചിട്ടുണ്ട് എന്നുള്ളസംഗതി ഒരു രക്ഷ ആയിരിക്കുകയില്ല.

അദ്ധ്യായം ൫.

ആരോഗ്യസ്ഥിതിയും ക്ഷേമവും സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

സംരക്ഷണം.

൧൮. ഓരോ ഖനിക്കും നിർദ്ദേശിക്കപ്പെടാവുന്ന ഉപയോഗയുള്ള തരത്തിലും വലിപ്പത്തിലുമുള്ള കക്കൂസുകളും മൂത്രപ്പുരകളുമുണ്ടായിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഏർപ്പാടു ചെയ്തിട്ടുള്ളതുകൂടാതെ കുടിപ്പാൻതക്ക ജലസംഭരണമുണ്ടായിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഏർപ്പാടു ചെയ്തിരിക്കേണ്ടതുമാകുന്നു.

ചികിത്സോപകരണങ്ങൾ.

൧൯. ഗവർമെന്റ് ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ ഈ വകുപ്പു ബാധിക്കുമെന്നു പ്രസ്താവിക്കാവുന്നതായ ഓരോ ഖനിയിലും നിർദ്ദേശിക്കപ്പെടാവുന്നതരത്തിലുള്ള അന്തോളങ്ങൾ അല്ലെങ്കിൽ ശിബികകളും, വിരിപ്പുകളും, പട്ടകളും, മററു ചികിത്സോപകരണങ്ങളും ഒരു സൌകര്യമായസ്ഥലത്തും ഉപയോഗയോഗ്യമായ സ്ഥിതിയിലും സജ്ജീകൃതമായി അടുത്തുതന്നെ സൂക്ഷിച്ചുവയ്ക്കപ്പെടേണ്ടതാകുന്നു.

പ്രത്യക്ഷമായി പ്രതിവിധി കാണാത്ത അപകടങ്ങളുടെ ഹേതുവുള്ളപ്പോൾ ആളുകളെ നിയമിക്കുന്നത് അപായകരമായിരിക്കുമ്പോൾ ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.

൨൦. (൧) ഈ റെഗ്യുലേഷന്റെയോ അതനുസരിച്ചുണ്ടായിട്ടുള്ള ചട്ടങ്ങളുടേയോ ഉപചട്ടങ്ങളുടേയോ വല്ല ഉത്തരവുകളുടേയോ സാക്ഷാലുള്ള വ്യവസ്ഥപ്രകാരം കരുതൽ ചെയ്തിട്ടില്ലാത്ത വല്ല വിധത്തിലും ഏതെങ്കിലും ഖനിയോ അതിൽ വല്ല ഭാഗമോ അല്ലെങ്കിൽ ഖനിയിലോ ഖനിസംബന്ധിച്ചതോ ആയ വല്ല സംഗതിയോ സാധനമോ പ്രവൃത്തിയോ അല്ലെങ്കിൽ ഖനിയുടെ ഭരണമോ നടത്തിപ്പോ മേലന്വേഷണമോ സംബന്ധിച്ച വല്ല സംഗതിയോ, സാധനമോ, പ്രവൃത്തിയോ, മനുഷ്യജീവനോ, രക്ഷയ്ക്കോ അപകടകരമെന്നോ, അല്ലെങ്കിൽ വല്ല ആളിനും ദേഹോപദ്രവം ആസന്നമായിരിക്കുന്നതിനോ അതിനു സഹായിക്കുന്നതിനോ തക്കവണ്ണം അപൂർണ്ണമായിരിക്കുകയോ ചെയ്യുന്നതാണെന്ന് ഇൻസ്പെക്ടർക്കു തോന്നുന്നതായിരുന്നാൽ അദ്ദേഹം രേഖാമൂലമായി ഖനിയുടമസ്ഥനോ ഏജന്റിനോ മാനേജർക്കോ നോട്ടീസുകൊടുക്കാവുന്നതും അങ്ങിനെ കൊടുക്കുന്ന നോട്ടീസിൽ ഖനിയോ അതിന്റെ ഭാഗമോ അല്ലെങ്കിൽ സംഗതിയോ, സാധനമോ,

പ്രവൃത്തിയോ അപകടകരമൊ അപൂർണ്ണമൊ ആയിരിക്കയും താൻ നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആയതിനെ ശരിപ്പെടുത്തുന്നതിനാവശ്യപ്പെടുകയും ചെയ്യുന്നതായ വിവരങ്ങളെ നോട്ടീസിൽ കാണിച്ചിരിക്കേണ്ടതുമാകുന്നു.

(൨) ഏതെങ്കിലും ഖനിയിലൊ, അതിലെ ഒരു ഭാഗത്തോ, വേല ചെയ്യുന്ന വല്ല ആളിൻെറയും ജീവനോ രക്ഷയ്ക്കോ അനിവാര്യമായും ആസന്നമായുമുള്ള ആപത്തുണ്ടെന്ന ഇൻസ്പെക്ടർക്ക് അഭിപ്രായമുണ്ടെങ്കിൽ, തൻെറ അഭിപ്രായത്തിനുള്ള കാരണങ്ങളെ പ്രസ്താവിക്കുന്നതായ രേഖാമൂലമായ ഒരുത്തരവാൽ, ഖനിയിലൊ സമീപത്തോ അതിൽ ഒരു ഭാഗത്തോ ആപത്തു നീക്കുന്നതിനായി വേല ചെയ്യിക്കുന്നതിന ന്യായമായ ആവശ്യമില്ലെന്ന തനിക്കഭിപ്രായമുള്ളതായ വല്ല ആളിനേയും വേല ചെയ്യിക്കുന്നതിൽ നിന്ന, ആപത്തു നീക്കപ്പെടുന്നതുവരെ, വിരോധിക്കാവുന്നതാണ്.

(൩) ഉപവകുപ്പ (൧) പ്രകാരം ആവശ്യപ്പെടുകയൊ, ഉപവകുപ്പ (൨) പ്രകാരം ഉത്തരവു കൊടുക്കയൊ ചെയ്യുന്ന ഇൻസ്പെക്ടർ, ഉടൻ തന്നെ അതെപ്പററി ഗവണ്മെൻറിലേക്ക റിപ്പോർട്ട ചെയ്യേണ്ടതും അങ്ങിനെ റിപ്പോർട്ട ചെയ്തിട്ടുണ്ടെന്ന ഖനിയുടമസ്ഥനേയൊ, ഏജൻറിനേയൊ, മാനേജരേയൊ തെര്യപ്പെടുത്തേണ്ടതുമാകുന്നു.

(൪) ഒരു ഖനിയുടമസ്ഥനൊ, ഏജൻറൊ, മാനേജരൊ ഉപവകുപ്പ (൧) പ്രകാരം ആജ്ഞയ്ക്കോ ഉപവകുപ്പ (൨) പ്രകാരം ഇൻസ്പെക്ടർ പുറപ്പെടുവിച്ച ഉത്തരവിനൊ, തക്കം പറയുന്നെങ്കിൽ, ആജ്ഞ അടങ്ങീട്ടുള്ള നോട്ടീസൊ ഉത്തരവൊ അതതു വ്യക്തിയിൽ കിട്ടിയതിന ശേഷം ഇരുപതു ദിവസത്തിനകം തൻെറ തക്കം രേഖാമൂലം അതിൻെറ കാരണപ്രസ്താവന സഹിതം ഗവണ്മെൻറിലേക്ക അയയ്ക്കാവുന്നതാണ്. ഗവണ്മെൻറു സ്വമനസ്സാലെയൊ, അതിലേക്ക നിയമിക്കപ്പെടുന്ന കമ്മീഷൻെറ റിപ്പോർട്ട കിട്ടിയതിന ശേഷമൊ തക്കത്തെപ്പററി തീരുമാനിക്കാവുന്നതാണ്.

(൫) ഉപവകുപ്പ (൧) പ്രകാരമുള്ള ഓരോ ആജ്ഞയും, ഉപവകുപ്പ (൨) പ്രകാരമുള്ള ഉത്തരവൊ ഖനിയിൽ ഗവണ്മെൻറിൻെറ തീർച്ച എത്തുന്നതുവരെ, അനുകരിച്ചു നടക്കേണ്ടതായിരിക്കും.

ഉടമസ്ഥൻെറയൊ ഏജൻറിൻെറയൊ മാനേജരുടേയൊ അപേക്ഷയിന്മേൽ ഉപവകുപ്പ (൧) പ്രകാരം ഉണ്ടായിട്ടുള്ള ആജ്ഞയുടെ പ്രവർത്തനത്തെ ഗവണ്മെൻറിന അവരുടെ തീരുമാനത്തെ കരുതി നിറുത്തി വയ്ക്കാവുന്നതാണെന്നുള്ള വൃത്തിയിൽ ഒഴികെ.

(൬) ഈ വകുപ്പിലുള്ള യാതൊന്നും ക്രിമിനൽ പ്രൊസീഡ്യൂവർകോഡ് ൧൨൭-ാം സെക്ഷൻ പ്രകാരം ഒരു മജിസ്ട്രേട്ടിനുള്ള അധികാരത്തെ ബാധിക്കുന്നതല്ലായിരിക്കും.

യാദൃച്ഛിക സംഭവങ്ങളെപ്പററി നോട്ടീസ കൊടുക്കണമെന്ന.

൧൭. ജീവഹാനിയൊ കഠിനമായ ദേഹോപദ്രവമൊ ഒരു ഖനിയ്ക്കകത്തോ സമീപത്തോ സംഭവിക്കുമ്പോഴൊ, യാദൃച്ഛികമായ വെടിപൊട്ടലൊ, തീപാളലൊ, അഗ്നിബാധയൊ, ജലപ്രവാഹമൊ ഉണ്ടാകുമ്പോഴൊ, ഖനിയുടമസ്ഥനൊ ഏജൻറിനൊ മാനേജർക്ക നിർദ്ദേശിക്കപ്പെടുന്ന പ്രകാരമുള്ള വിധത്തിലും സമയത്തിലും സംഭവത്തെപ്പററി നിർദ്ദേശിക്കപ്പെട്ട അധികൃതന്മാർക്ക നോട്ടീസയക്കാവുന്നതാണ്.

യാദൃച്ഛികസംഭവങ്ങളുണ്ടാകുമ്പോൾ അന്വേഷണകോടതിയെ നിയമിക്കുന്നതിന ഗവണ്മെൻറിനുള്ള അധികാരം.

൧൮. (൧) ഏതെങ്കിലും ഖനിക്കകത്തോ സമീപത്തോ യാദൃച്ഛികമായ വെടിപൊട്ടലോ തീപാളലൊ തീ പിടിത്തമൊ ജലപ്രവേശനമൊ മററൊ ഉണ്ടാകുമ്പോൾ, യാദൃച്ഛികസംഭവത്തിൻെറ കാരണങ്ങളേയും അവസ്ഥാനങ്ങളേയും പററി വിധ്യുക്തരൂപമായ അന്വേഷണം നടത്തേണ്ടതാണെന്ന ഗവണ്മെൻറു അഭിപ്രായപ്പെടുന്നെങ്കിൽ, മതിയായ യോഗ്യതയുള്ള ഒരാളെ അങ്ങിനെയുള്ള അന്വേഷണം നടത്തുന്നതിനായിട്ട ഗവണ്മെൻറിന നിയമിക്കാവുന്നതാണ്. കൂടാതെ അന്വേഷണം നടത്തുന്നതിൽ, അസ്സെസ്സരൊ, അസ്സെസ്സരന്മാരൊ ആയിരിക്കുന്നതിന നിയമപരിജ്ഞാനമൊ പ്രത്യേകജ്ഞാനമൊ ഉള്ള ആളിനേയൊ ആളുകളേയൊ കൂടി നിയമിക്കാവുന്നതുമാകുന്നു.

(൨) അങ്ങിനെയുള്ള അന്വേഷണവും നടത്തുന്നതിലേക്ക നിയമിക്കപ്പെട്ട ആൾക്ക, സാക്ഷികളുടെ ഹാജരും, പ്രമാണങ്ങളും, സാധനങ്ങളും ഹാജരാക്കുന്നതിനേയും നിർബന്ധിക്കുന്നതിന ൧൦൯൦-ാമാണ്ടത്തെ ൨-ാം റെഗുലേഷനും, ൧൦൯൬-ാമാണ്ടത്തെ ൭-ാം റെഗുലേഷനും പ്രകാരം ഭേദപ്പെടുത്തപ്പെട്ട ൧൦൭൯-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ സിവിൽ പ്രൊസീഡ്യൂവർകോഡ് പ്രകാരം ഒരു സിവിൽ കോർട്ടിനുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങിനെ മേൽ പറയപ്പെട്ട ആളാൽ വല്ല തെളിവും കൊടുക്കുന്നതിനാവശ്യപ്പെടുന്ന എല്ലാ ആളുകളും തിരുവിതാംകോട്ട പീനൽകോഡ് വകുപ്പ ൧൭൬-ൽ അടങ്ങിയിരിക്കുന്ന താല്പര്യപ്രകാരം, അങ്ങിനെ ചെയ്യുന്നതിന നിർബന്ധിതരായിരിക്കുന്നതുമാകുന്നു.

(൩) ഈ വകുപ്പുപ്രകാരം അന്വേഷണം നടത്തുന്ന ആളിന അന്വേഷണത്തിൻെറ ആവശ്യത്തിലേക്ക പ്രയോഗിക്കണമെന്ന ആവശ്യമെന്നൊ യുക്തമെന്നൊ അദ്ദേഹത്തിന തോന്നുന്നിടത്തോളം ഈ റെഗുലേഷൻ പ്രകാരം ഒരു ഇൻസ്പെക്ടർക്കുള്ള അധികാരം പ്രയോഗിക്കാവുന്നതാണ്.

(൪) ഈ വകുപ്പ പ്രകാരം അന്വേഷണം നടത്തുന്ന ആൾ യാദൃച്ഛിക സംഭവത്തിൻെറ കാരണങ്ങളേയും അതിൻെറ അവസ്ഥാനങ്ങളേയും പ്രസ്താവിക്കുന്നതും, തനിക്ക തന്നേയൊ, അസ്സെസ്സരന്മാരിൽ വല്ലവക്കുമൊ യുക്തമാണെന്ന തോന്നുന്ന അവേക്ഷണങ്ങളെ ചേർത്തിട്ടുള്ളതുമായ ഒരു റിപ്പോർട്ട ഗവണ്മെൻറിലേക്ക അയച്ചുകൊള്ളേണ്ടതാകുന്നു.

റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം.

൨൦. വകുപ്പ ൧൬ പ്രകാരം കമ്മിഷനാൽ സമർപ്പിക്കപ്പെട്ടതൊ, വകുപ്പ ൧൮ പ്രകാരം അന്വേഷണകോർട്ടിനാൽ സമർപ്പിക്കപ്പെട്ടതൊ ആയ റിപ്പോർട്ടിനെ ഗവണ്മെൻറിന യുക്തമാണെന്ന തോന്നുന്നതായ സമയത്തും വിധത്തിലും പ്രസിദ്ധപ്പെടുത്താവുന്നതാണ്.

അദ്ധ്യായം ൬.

ജോലി ചെയ്യുന്നതിനുള്ള മണിക്കൂറുകളും പരിമിതത്വവും

വേലയുള്ള മണിക്കൂറുകൾ.

വ. ൫൪. താഴെ പറഞ്ഞിരിക്കുന്ന പ്രകാരം യാതൊരുത്തനും വേലയ്ക്കു നിയമിക്കപ്പെട്ടുകൂടാത്തതാകുന്നു:—

(എ) ഏതെങ്കിലും ഒരാഴ്ചവട്ടത്തിൽ ആറു ദിവസത്തിൽ കൂടുതലായിട്ടും,

(ബി) അവൻ ഖനിക്കു മീതെ വേലചെയ്യുന്നവനാണെങ്കിൽ, ഏതെങ്കിലും ആഴ്ചവട്ടത്തിൽ അറുപതു മണിക്കൂറുകളിലധികരിച്ചും,

(സി) ഖനിയുടെ അടിയിൽ വേല ചെയ്യുന്നവനാണെങ്കിൽ, ഏതെങ്കിലും ആഴ്ചവട്ടത്തിൽ അമ്പതു മണിക്കൂറുകളിലധികരിച്ചും.

മേലന്വേഷണ ഉദ്യോഗസ്ഥന്മാർ.

വ. ൫൫. വകുപ്പ് ൫൪ ൽ പറഞ്ഞിരിക്കുന്ന യാതൊന്നും റഗുലേഷൻപ്രകാരം മേലന്വേഷണമോ നിർവഹണമോ ചെയ്യുന്നവരായിരിക്കുന്നവരെന്നോ വിശ്വസ്തനിലയിൽ നിയമിക്കപ്പെട്ടവരെന്നോ നിർദ്ദേശിക്കപ്പെടാവുന്ന ആളുകളെ സംബന്ധിക്കുന്നതല്ല.

നിയമനത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ നിന്നൊഴിവാക്കൽ.

വ. ൫൬. ഖനിയുടെ രക്ഷയ്ക്കോ അതിൽ ജോലിചെയ്യുന്നവരുടെ രക്ഷയ്ക്കോ വലുതായ ഹാനി വരുത്തുന്നതായ അവസരോചിതമായ വൃത്തിയിൽ, വകുപ്പ് ൫൭-ലെ വ്യവസ്ഥകളനുസരിച്ച്, മാനേജർക്ക് വകുപ്പ് ൫൪-ന് വിപരീതമായി, ഖനിയുടേയോ അതിൽ ജോലി ചെയ്യുന്നവരുടേയോ രക്ഷയ്ക്കു ആവശ്യമെന്നു തോന്നുന്നതായ വേലയ്ക്കു ആളുകളെ നിയമിക്കാവുന്നതാണ്.

എന്നാൽ, അങ്ങിനെയുള്ള അവസരങ്ങൾ ഉൽഭവിക്കുമ്പോൾ, ആ വസ്തുതയുടെ ഒരു രേഖ മാനേജരാൽ ഉണ്ടാക്കപ്പെടുകയും, ഖനിയുടെ പിന്നത്തെ പരിശോധനസമയത്തു ഇൻസ്പെക്ടരുടെ മുമ്പാകെ വയ്ക്കപ്പെടുകയും വേണ്ടതാകുന്നു.

കുട്ടികൾ.

വ. ൫൭. യാതൊരുകുട്ടിയും ഒരു ഖനിക്കകത്തു വേലക്കു ആക്കപ്പെടുകയോ, ഭൂമിക്കടിയിൽ കിടക്കുന്ന ഖനിയുടെ ഏതെങ്കിലും ഭാഗത്തും കാണപ്പെടുന്നതിനനുവദിക്കപ്പെടുകയോ അരുതാത്തതാകുന്നു.

വയസ്സിനെക്കുറിച്ചുള്ള തക്കങ്ങൾ.

വ. ൫൮. (എ) ഇൻസ്പെക്ടരും ഒരു ഖനി മാനേജരും തമ്മിൽ ഏതെങ്കിലും ഒരാൾ ഒരു കുട്ടിയാണോ എന്നുള്ളവല്ലപ്രശ്നവും ഉൽഭവിക്കുന്നെങ്കിൽ, നിർദ്ദേശിക്കപ്പെട്ട രൂപത്തിൽ, ആ ആളിന്റെ വയസ്സിനെക്കുറിച്ചുള്ള ഒരു സാക്ഷിപത്രത്തിന്റെ അഭാവത്തിൽ, പ്രശ്നം തീർച്ചക്കവേണ്ടി യോഗ്യത സിദ്ധിച്ചിട്ടുള്ള ഒരു വൈദ്യവൃത്തിയുടെ അടുക്കൽ അയക്കേണ്ടതാകുന്നു.

(ബി) നിർദ്ദേശിക്കപ്പെട്ട വിധത്തിൽ കൊടുക്കപ്പെട്ടതായ ഒരാളുടെ വയസ്സിനെ പറ്റിയുള്ള സാക്ഷിപത്രവും, ഉപവകുപ്പ് (എ) പ്രകാരമുള്ള നിർദ്ദേശത്തിന്മേൽ ഒരു യോഗ്യതസിദ്ധിച്ച വൈദ്യവൃത്തിയാൽ കൊടുക്കപ്പെട്ട സാക്ഷിപത്രവും, ഈ റഗുലേഷന്റെ ആവശ്യത്തിലേക്കു, സംബന്ധിച്ച ആളുടെ വയസ്സിനെക്കുറിച്ചുള്ള അവസാനതെളിവായിരിക്കുന്നതാകുന്നു.

ജോലിക്കാരുടെ രജിസ്റ്റർബുക്ക്.

വ. ൫൯. ഓരോഖനിക്കും നിർദ്ദിഷ്ടരൂപത്തിലും സ്ഥലത്തും ഖനിയിൽ ജോലിചെയ്യുന്നവരായ എല്ലാ ആളുകളുമടങ്ങുന്നതും അവർ ജോലിചെയ്യുന്ന മണിക്കൂറുകളേയും അവരുടെ വിശ്രമദിവസങ്ങളേയും, അവരുടെ അതാതുജോലിയുടെ സ്വഭാവത്തേയും കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കപ്പെടേണ്ടതാകുന്നു.

അദ്ധ്യായം ൭.

റൂളുകളും ഉപറൂളുകളും.

ചട്ടങ്ങളുണ്ടാക്കുന്നതിനു ഗവണ്മെന്റിനുള്ള അധികാരം.

വ. ൬൦. ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ, റഗുലേഷനനുരൂപങ്ങളായ റൂളുകളെ, താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സാദ്ധ്യത്തിനായി ഗവണ്മെന്റിനുണ്ടാക്കാവുന്നതാകുന്നു:—

(എ) ഇൻസ്പെക്ടർ ആയിട്ടു നിയമിക്കപ്പെടുന്നതിനാവശ്യമായ യോഗ്യതകൾ നിർദ്ദേശിക്കുന്നതിലേക്കും,

(ബി) ഈ റഗുലേഷൻപ്രകാരം ഖനികളെ പരിശോധിക്കുന്നതു സംബന്ധിച്ച്, ഇൻസ്പെക്ടരുടെ കൃത്യങ്ങളേയും അധികാരങ്ങളേയും നിർദ്ദേശിക്കയും ക്രമീകരിക്കയും ചെയ്യുന്നതിലേക്കും,

(സി) ഉടമസ്ഥന്മാരുടേയും, ഏജന്റുമാരുടേയും മാനേജർമാരുടേയും അവരുടെകീഴിൽ പ്രവൃത്തിക്കുന്നവരുടേയും കൃത്യങ്ങളെ നിർദ്ദേശിക്കുന്നതിലേക്കും,

(ഡി) ഖനി മാനേജർമാരുടേയും അവരുടെകീഴിൽ ജോലിചെയ്യുന്ന ആളുകളുടേയും കൃത്യങ്ങളെ നിർദ്ദേശിക്കുന്നതിലേക്കും,

(ഇ) പരീക്ഷമൂലമോ മറ്റുപ്രകാരത്തിലോ ഖനിമാനേജർമാരുടേയും അവരുടെകീഴിൽ ജോലിചെയ്യുന്നവരുടേയും യോഗ്യതകളെ തീർച്ചയാക്കുന്നവിധത്തെ ക്രമീകരിക്കയും യോഗ്യതാസർട്ടിഫിക്കേററുകൾ നൽകുകയും പുതുക്കുകയും ചെയ്യുന്നതിലേക്കും,

(എഫ്) അങ്ങിനെയുള്ള പരീക്ഷകൾക്ക് അടയ്ക്കേണ്ടുന്ന ഫീസ് വല്ലതുമുണ്ടായിരുന്നാൽ, അതു തീരുമാനിക്കുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നതിലേക്കും,

(ജി) ഒന്നിലധികം ഖനികൾ ഒരു മാനേജരുടെ കീഴിലായിരിക്കാവുന്നതും, ഒന്നോ അധികമോ ഖനികൾ നിർദ്ദിഷ്ടയോഗ്യതകളില്ലാത്ത ഒരു മാനേജരുടെകീഴിൽ ആയിരിക്കാവുന്നതും ആയ വൃത്തികളേയും അവസ്ഥാന്തരങ്ങളേയും നിർണ്ണയിക്കുന്നതിലേക്കും,

(എച്ച്) ഖനിമാനേജർമാരുടേയും അവരുടെകീഴിൽ ജോലിചെയ്യുന്ന ആളുകളുടേയും പേരിൽ കുറ്റമോ യോഗ്യതക്കുറവോ ആരോപിച്ചുള്ള പരാതികളെപ്പററി അന്വേഷിക്കുന്നതിനുള്ള വ്യവസ്ഥചെയ്യുന്നതിലേക്കും, യോഗ്യതാസർട്ടിഫിക്കേററുകളെ നിറുത്തിവയ്ക്കുകയോ, റദ്ദാക്കുകയോ ചെയ്യുന്നതിലേയ്ക്കും,

(ഐ) തിരുവിതാംകോട്ട വെടിപൊട്ട സാധനങ്ങളുടെ റെഗുലേഷനിലേയും അതനുസരിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള വല്ല ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കധീനമായി വെടിപൊട്ടസാധനങ്ങളുടെ സംഭരണത്തേയും ഉപയോഗത്തേയും ക്രമീകരിക്കുന്നതിലേക്കും,

(ജെ) ഖനികളിലോ, അവയിൽ ഏതെങ്കിലും ഭാഗത്തിലുള്ളവയിലോ, ഭൂമിക്കടിയിലോ നിയമിക്കപ്പെടുന്ന സ്ത്രീകളുടെ ജീവനോ ക്ഷേമത്തിനോ ആരോഗ്യത്തിനോ ആപൽക്കരങ്ങളായ പ്രത്യേകതരത്തിലുള്ള ജോലികളിലോ സ്ത്രീകളുടെ നിയമനത്തെ വിരോധിക്കുകയോ, വ്യാവർത്തിക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്നതിലേക്കും,

(കെ) ഒരു ഖനിയിൽ വേലചെയ്യുന്നവരുടെ രക്ഷയ്ക്കും, അതിലേക്കും അതിൽനിന്നുമുള്ള പ്രവേശനനിർഗ്ഗമമാർഗ്ഗങ്ങളേയും, ഉണ്ടാക്കിയിരിക്കേണ്ടതായ നാളങ്ങളുടേയോ നിർഗ്ഗമനങ്ങളുടേയോ എണ്ണത്തേയും, നാളങ്ങൾ, കുഴികൾ, നിർഗ്ഗമനങ്ങൾ, പടികകൾ, താഴ്ചകൾ എന്നിവയ്ക്കുള്ള വേലികളേയും പററി വ്യവസ്ഥചെയ്യുന്നതിലേയ്ക്കും,

(എൽ) ഖനികളിലുള്ള റോഡുകളുടേയും വേലസ്ഥലങ്ങളുടേയും തൂണുകളുടെ സ്ഥാനങ്ങളും സംരക്ഷണവും, ഖനിയും ഖനിയും തമ്മിൽ പശ്ചാത്തലങ്ങളുടെ വപ്രങ്ങളെ സംരക്ഷിക്കുന്നതുൾപ്പടെ, രക്ഷയെപ്പററി വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കും,

(എം) ഖനികളിലെ വായുസഞ്ചാരത്തേയും പൂളിയും വിഷബാഷ്പങ്ങളും സംബന്ധിച്ചു ചെയ്യേണ്ടതായ കരുതലുകളേയും പററി വ്യവസ്ഥ ചെയ്യുന്നതിലേയ്ക്കും,

(എൻ) എല്ലാ യന്ത്രസാമഗ്രിയുടെയും സ്ഥാപനത്തിന്റേയും അടയാളങ്ങൾ കൊടുക്കുന്നതിനുള്ള എല്ലാവിദ്യുച്ഛക്തിയുപകരണങ്ങളുടേയും സംരക്ഷണത്തിനും ക്രമീകരണത്തിനും വേണ്ടി വ്യവസ്ഥയുണ്ടാക്കുന്നതിലേക്കും,

(ഓ) ഖനികളിൽ നിർഭയദീപികകളുടെ ഉപയോഗത്തെ ആവശ്യപ്പെടുകയും ക്രമീകരിക്കുകയും ചെയ്യുന്നതിലേക്കും,

(പി) ഖനികളിൽ ജലംകെട്ടിനിൽക്കുകനിമിത്തം ഉണ്ടാകാവുന്ന ആപത്തുകൾ സംഭവിക്കാതിരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യുന്നതിലേക്കും,

(ക്യൂ) ഈ ആക്ടുപ്രകാരം ഉടമസ്ഥന്മാരാലും ഏജൻറന്മാരാലും മാനേജർമാരാലും സമർപ്പിക്കപ്പെടണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതായ യാദൃച്ഛികസംഭവങ്ങളേയും ആപത്തുകളേയും പററിയുള്ള നോട്ടീസുകളേയും ഖനിജോൽപന്നങ്ങളും വേലചെയ്യുന്ന ആളുകളും മററുസംഗതികളും സംബന്ധിച്ച നോട്ടീസുകളേയും റിപ്പോർട്ടുകളേയും കണക്കുകളേയും നിർദ്ദേശിക്കുന്നതിലേക്കും അങ്ങിനെയുള്ള നോട്ടീസുകളുടേയും കണക്കുകളുടേയും റിപ്പോർട്ടുകളുടേയും മാതൃകകളേയും അവ അയക്കപ്പെടേണ്ടതായ ആളുകളേയും അധികൃതന്മാരേയും അവയിലടങ്ങിയിരിക്കേണ്ട വിവരങ്ങളേയും അവ സമർപ്പിക്കപ്പെടേണ്ടതായ കാലാവധിയേയും നിർദ്ദേശിക്കുന്നതിലേക്കും,

(ആർ) ഖനിയുടമസ്ഥന്മാർ, ഏജൻറന്മാർ, മാനേജർമാർ എന്നിവരാൽ സൂക്ഷിക്കപ്പെടേണ്ടതായ പ്ലാനുകളേയും അങ്ങിനെയുള്ള പ്ലാനുകൾ റിക്കാർഡിന്റെ ആവശ്യത്തിലേക്ക സൂക്ഷിക്കപ്പെടേണ്ട സ്ഥലങ്ങളേയും നിർദ്ദേശിക്കുന്നതിലേക്കും,

(എസ്) ഖനികൾക്കകത്തോ വെളിയിലോ, യാദൃച്ഛിക സംഭവങ്ങളോ യാദൃച്ഛിക വെടിപൊട്ടുകളോ, തീപാളലുകളോ ഉണ്ടാകുമ്പോൾ അനുഷ്ഠേയങ്ങളായ നടപടികളെ നിർദ്ദേശിക്കുന്നതിലേക്കും,

(ററി) വകുപ്പ് ൧൬ പ്രകാരം ഒരു ഖനിയുടമസ്ഥനോ ഏജൻറോ, മാനേജരോ, കൊടുക്കേണ്ടതായ നോട്ടീസിന്റെ മാതൃകകളും അവയിലടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർദ്ദേശിക്കുന്നതിലേക്കും,

(യു) ഗവർമെന്റു ഇതിലേക്ക സാധാരണയോ പ്രത്യേകമോ ആയ ഉത്തരവിനാൽ വ്യക്തമാക്കുന്നവല്ല പൊതുക്കാര്യ വേലയുടേയോ, പൊതുക്കാര്യ വേലത്തരങ്ങളുടേയോ അമ്പതു വാരയ്ക്കുള്ളിൽ ഒരു സ്ഥലത്തു ഖനനപ്രവൃത്തികളാരംഭിക്കുന്നതിനോ, അവിടംവരെ വിസ്തൃതമാക്കുന്നതിനോ മുമ്പായി ഒരു ഖനിയുടമസ്ഥനോ ഏജൻറോ മാനേജരോ കൊടുക്കേണ്ടതായ നോട്ടീസ് നിർദ്ദേശിക്കുന്നതിലേക്കും,

(വി) വകുപ്പ് ൧൨-ൽ പറഞ്ഞിരിക്കുന്ന വല്ല കമ്മിഷന്റേയും ഘടന വ്യവസ്ഥചെയ്യുന്നതിലേക്കും, അപ്രകാരമുള്ള കമ്മീഷൻ അനുകരിക്കേണ്ടതായ നടപടിയെ ക്രമീകരിക്കുന്നതിലേക്കും,

(ഡബ്ലിയു) വകുപ്പ് ൨൪ പ്രകാരം അന്വേഷണകോർട്ടുകളുടെ നിയമനം വ്യവസ്ഥപ്പെടുത്തുന്നതിലേക്കും കോർട്ടിന്റെ അംഗങ്ങൾക്ക സഞ്ചാരപ്പടി കൊടുക്കുന്നതിലേക്കും, സംബന്ധിച്ച ഖനിയുടെ മാനേജരിൽനിന്നോ ഉടമസ്ഥനിൽ നിന്നോ ഏജൻറിൽ നിന്നോ അങ്ങിനെയുള്ള കോർട്ടുകളുടെ ചിലവുകൾ ഈടാക്കുന്നതിലേക്കും അങ്ങിനെയുള്ള കോർട്ടുകളുടെ നടപടിയേയും അധികാരങ്ങളേയും ക്രമീകരിക്കുന്നതിലേക്കും,

(എക്സ്) ഖനികളിൽ ഏർപ്പെടുത്തിയിരിക്കേണ്ടതായ കയ്യുറകളുടേയും മുഖാവരണങ്ങളുടേയും തോളും ഉലുവയും സംഭരണത്തിനാവശ്യമുള്ള ഏർപ്പാടുകളും, വൈദ്യസാമഗ്രികളും സ്റെറച്ചറുകളും സംഭരിക്കുന്നതും സൂക്ഷിക്കുന്നതും ആപത്തു സമയത്തു രക്ഷയ്ക്കായുള്ള സംഘങ്ങളെ പരിശീലിപ്പിക്കുന്നതും, അന്തോള വേലയിൽ ആളുകളെ പരിശീലിപ്പിക്കുന്നതും നിർദ്ദേശിക്കുന്നതിലേക്കും,

(വൈ) വകുപ്പ് ൨൨-ന്റെ ആവശ്യാർത്ഥം മേലന്വേഷണത്തിന്റേയോ നിർവഹണത്തിന്റേയോ

പദങ്ങൾ വഹിക്കുന്ന ആളുകളെന്നോ, വിശ്വസ്തനിലയിൽ നിയമിക്കപ്പെട്ടവരെന്നോ ഗണിക്കപ്പെടാവുന്ന ആളുകളെ ലക്ഷണം ചെയ്യുന്നതിലേക്കും,

(ഇസഡ്) ഒരു വയസ്സിലെ കുട്ടിയപ്രായമുള്ളവരെന്നു യോഗ്യത സിദ്ധിച്ച ഒരു വൈദ്യവൃത്തിയാൽ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ആളുകളെയോ വല്ല തരം ആളുകളേയോ ഖനികളിൽ വേലയ്ക്കു നിയമിക്കുന്നതിനെ വിരോധിക്കുന്നതിലേക്കും, അപ്രകാരമുള്ള സർട്ടിഫിക്കേറ്റുകൾ കൊടുക്കപ്പെടുകയും പിൻവലിക്കപ്പെടുകയും ചെയ്യുന്ന വിധത്തേയും വ്യവസ്ഥകളേയും നിർദ്ദേശിക്കുന്നതിലേക്കും,

(എ എ) വകുപ്പു ൨൭ പ്രകാരം ആവശ്യപ്പെടുന്ന രജിസ്റ്റർ മാതൃക നിർദ്ദേശിക്കുന്നതിലേക്കും,

(എ ബി) വകുപ്പു ൨൮-ാം, ൩൦-ാം പ്രകാരം ഈ റഗ്ഗുലേഷന്റെ സംക്ഷേപങ്ങളും, ചട്ടങ്ങളും, ഉപചട്ടങ്ങളും പരസ്യപ്പെടുത്തേണ്ട നാട്ടുഭാഷയും, നിർദ്ദേശിക്കുന്നതിലേക്കും,

(എ സി) ഏതെങ്കിലും ഖനിയുടെ അതിരിലോ ഉടമസ്ഥാ, അതു വേല ചെയ്യപ്പെടുന്നതായാലും അല്ലെങ്കിലും, അങ്ങിനെയുള്ള വേല പൊതുജനരക്ഷയ്ക്കായി ആവശ്യപ്പെടുന്നപക്ഷം, വേലികെട്ടി അടയ്ക്കുന്നതിനാവശ്യപ്പെടുന്നതിലേക്കും,

(എ ഡി) മജിസ്ട്രേട്ടുമാരുടെ പരിസരത്തിൽ ഏതെങ്കിലും ഒരു ഖനി സംബന്ധിച്ച ഗവൺമെന്റിലോ, വല്ല പ്രദേശാധികാരത്തിലോ, മീൻപിടിക്കുന്നവരിലോ നിക്ഷേപിച്ചിരിക്കുന്ന വസ്തുവിനെ കേടുവരാതെ സൂക്ഷിക്കുന്നതിലേക്കും,

(എ ഇ) ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ട വല്ല സംഗതിയെ സംബന്ധിച്ചും ഖനികളുടെ ഉടമസ്ഥന്മാരോ, ഏജന്റുമാരോ മാനേജർമാരോ സമർപ്പിക്കപ്പെടണമെന്നാവശ്യപ്പെടുന്ന നോട്ടീസുകളും കണക്കുകളും റിപ്പോർട്ടുകളും ആവശ്യപ്പെടുന്നതിലേക്കും, അങ്ങിനെയുള്ള നോട്ടീസുകളുടേയും കണക്കുകളുടെയും റിപ്പോർട്ടുകളുടേയും മാതൃകകളും അവ സമർപ്പിക്കപ്പെടേണ്ടുന്ന ആളുകളേയും അധികൃതന്മാരേയും അവയിലടങ്ങിയിരിക്കേണ്ട വിവരങ്ങളും അവ സമർപ്പിക്കപ്പെടേണ്ട സമയങ്ങളും നിർദ്ദേശിക്കുന്നതിലേക്കും,

(എ എഫ്) സാമാന്യമായി, ഈ റഗ്ഗുലേഷനെ ഉർജ്ജിതപ്പെടുത്തുന്നതിനായിട്ടു വ്യവസ്ഥ ആവശ്യപ്പെടുന്നതായി, ഈ റഗ്ഗുലേഷനിലൊ ചട്ടങ്ങളിലോ പറഞ്ഞിട്ടില്ലാത്ത വല്ല സംഗതിയെപ്പറ്റിയും വ്യവസ്ഥ ചെയ്യുന്നതിലേക്കും,

൩൦. (൧) ൨൯-ാം വകുപ്പു പ്രകാരം ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം ചട്ടങ്ങളെ മുമ്പു കൂട്ടി പ്രസിദ്ധം ചെയ്യണമെന്നുള്ള വ്യവസ്ഥയ്ക്കധീനമായിരിക്കുന്നതാകുന്നു.

മുമ്പുതന്നെ ചട്ടങ്ങളെ പ്രസിദ്ധം ചെയ്യുന്നതു്.

(൨) ൧൦൭൨-ാമാണ്ടത്തെ തിരുവിതാംകോട്ട സാധാരണ നിയമങ്ങൾ (വാച്യങ്ങൾ) ആയ ൨-ാം റഗ്ഗുലേഷനിൽ ൨൦-ാം വകുപ്പു (സി) വാക്യപ്രകാരം നിശ്ചിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള നക്കൽ ചട്ടങ്ങൾ അതിൽ പിന്നീടു ആലോചനയ്ക്കെടുക്കേണ്ടതാണെന്നു വ്യവസ്ഥപ്പെടുത്തിട്ടുള്ളതായി വ്യക്തമാക്കപ്പെട്ട തിയതി നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളുടെ നക്കൽ പ്രതി പൊതുജനങ്ങളുടെ അറിവിനായി പരസ്യം ചെയ്യപ്പെടുന്നതീയ്യതി തുടങ്ങി മൂന്നു മാസങ്ങളിൽ കുറയാതെ കഴിഞ്ഞിട്ടായിരിക്കണം.

(൩) ചട്ടങ്ങൾ ഗസറ്റിൽ പരസ്യം ചെയ്യപ്പെടേണ്ടതും അങ്ങിനെ പരസ്യം ചെയ്യപ്പെട്ടുടൻ ഈ റഗ്ഗുലേഷനിൽ നിശ്ചയിക്കപ്പെട്ടതു പോലെയുള്ള ഫലം അവയ്ക്കു ഉണ്ടായിരിക്കുന്നതാകുന്നു.

൩൧. (൧) ഒരു ഖനിയുടമസ്ഥനൊ, ഏജന്റൊ, മാനേജരൊ, അപ്രകാരം ചെയ്യുന്നതിനു ഇൻസ്പെക്ടറാൽ ആവശ്യപ്പെട്ടെങ്കിൽ യാദൃച്ഛികസംഭവങ്ങളെ തടയുന്നതിനും ഖനിയിൽ നിയമിക്കപ്പെട്ട ആളുകളുടെ രക്ഷയ്ക്കും സൌകര്യത്തിനും ശാസനത്തിനും വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടി ഖനിയിൽ ഉടമസ്ഥന്റേയൊ ഏജന്റിന്റേയൊ മാനേജരുടേയൊ നിലയിൽ ആവശ്യമെന്നു വിചാരിക്കപ്പെടുന്നതായി ഖനിയുടെ നിർവ്വഹണത്തിൽ ജോലിചെയ്യുകയോ ജോലിക്കു നിയമിക്കപ്പെട്ടവരോ ആയ ആളിന്റെ ഭരണത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി ഈ റഗ്ഗുലേഷനോടൊ തല്ക്കാലത്തേക്കു ഉർജ്ജിതത്തിലിരിക്കുന്ന വല്ല ചട്ടങ്ങളോടൊ വിസംവാദമുള്ളതൊ ആയ അങ്ങിനെയുള്ള ഉപചട്ടങ്ങളുടെ ഒരു നക്കൽപ്രതി എഴുതിയുണ്ടാക്കി ഇൻസ്പെക്ടർക്കു സമർപ്പിക്കേണ്ടതാകുന്നു.

ഉപചട്ടങ്ങൾ.

(൨) അങ്ങിനെയുള്ള വല്ല ഉടമസ്ഥനോ, ഏജന്റോ, മാനേജരൊ,

(എ) ഇൻസ്പെക്ടറാൽ അങ്ങിനെ ചെയ്വാൻ ആവശ്യപ്പെട്ടിട്ടു രണ്ടു മാസത്തിനകം ഉപചട്ടങ്ങളുടെ ഒരു നക്കൽ പ്രതി സമർപ്പിക്കുന്നതിനു വീഴ്ചവരുത്തുന്നെങ്കിൽ,

(ബി) ഇൻസ്പെക്ടരുടെ അഭിപ്രായത്തിൽ ഉപചട്ടങ്ങളുടെ പര്യാപ്തമല്ലാത്ത ഒരു നക്കൽ പ്രതി സമർപ്പിക്കുന്നതായിരുന്നാൽ ഇൻസ്പെക്ടർക്കു—

(i) പര്യാപ്തമെന്നു തനിക്കു തോന്നുന്നതായ അങ്ങിനെയുള്ള ഉപചട്ടങ്ങളുടെ നക്കൽ നിർദ്ദേശിക്കുകയോ,

(ii) തന്റെ അഭിപ്രായത്തിൽ അതിനെ പര്യാപ്തമാക്കുന്നതായ ഭേദഗതി ഉടമസ്ഥനോ ഏജന്റോ മാനേജരൊ സമർപ്പിച്ച നക്കലിൽ നിർദ്ദേശിക്കാവുന്നതാണ്. അങ്ങിനെയുള്ള നക്കൽ ഉപചട്ടങ്ങളും നക്കൽഭേദഗതികളും, ആലോചനയ്ക്കായി യഥാവൃത്തി ഉടമസ്ഥനൊ ഏജന്റിനൊ മാനേജർക്കൊ അയക്കേണ്ടതുമാകുന്നു.

(൩) ഉപസെക്ഷൻ (൨)-ലെ വ്യവസ്ഥകളനുസരിച്ചു വല്ല നക്കൽ ഉപചട്ടങ്ങളൊ നക്കൽ ഭേദഗതികളൊ, ഇൻസ്പെക്ടറാൽ ഉടമസ്ഥനൊ, ഏജന്റിനൊ മാനേജർക്കൊ അയക്കപ്പെടുന്ന തീയതി മുതല്ക്കു രണ്ടു മാസത്തിനകം ഉപവകുപ്പു (൧) പ്രകാരം ഉണ്ടാക്കേണ്ടിയ ഉപചട്ടങ്ങളുടെ വ്യവസ്ഥകളെപ്പറ്റി ഇൻസ്പെക്ടർക്കും ഉടമസ്ഥനും ഏജന്റിനും മാനേജർക്കുമൊ യോജിക്കുന്നതിനു കഴിവില്ലാതെ വരുന്നെങ്കിൽ, ഇൻസ്പെക്ടർ നക്കൽ ഉപചട്ടങ്ങളെ തീർച്ചയ്ക്കായി ഗവൺമെന്റ ഇതിലേക്കു സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവിനാൽ നിയമിച്ചിട്ടുള്ളതായ ഉദ്യോഗസ്ഥന്റെ പക്കൽ അയക്കേണ്ടതാകുന്നു.

(൯) (എ) അപ്രകാരമുള്ള ഉപറൂളുകൾ ഉടമസ്ഥൻ അല്ലെങ്കിൽ ഏജൻറ് അല്ലെങ്കിൽ മാനേജർ ഇവരിൽ ആരാലും ഇൻസ്പെക്ടരാലും സമ്മതിക്കപ്പെട്ടപ്പോഴൊ അവർ സമ്മതിക്കുന്നതിനു കഴിയാതെയിരിക്കുമ്പോൾ മേൽപറഞ്ഞിട്ടുള്ളപ്രകാരമുള്ള ഉദ്യോഗസ്ഥനാലൊ അധികൃതനാലൊ തീരുമാനിക്കപ്പെട്ടപ്പോഴൊ അനുമതിക്കായി നക്കൽ ഉപറൂളുകളുടെ ഒരു പകർപ്പ് ഇൻസ്പെക്ടർ ഗവർമ്മെൻറിലേക്ക് അയക്കേണ്ടതാകുന്നു.

(ബി) നക്കൽ ഉപറൂളുകളിൽ തങ്ങൾക്കു യുക്തമെന്നുതോന്നുന്ന മാററങ്ങൾ ഗവർമ്മെൻറിനു വരുത്താവുന്നതാകുന്നു;

(സി) മാററങ്ങളോടുകൂടിയൊ കൂടാതെയൊ ഗവർമ്മെൻറ് നക്കൽ ഉപറൂളുകൾക്ക് അനുമതി നല്കുന്നതിനു മുമ്പായി ഉപറൂളുകളുണ്ടാക്കുന്നതിനുള്ള പ്രഖ്യാപനത്തെയും നക്കൽ ഉപറൂളുകളുടെ പകർപ്പുകൾ കിട്ടാവുന്നസ്ഥലത്തെയും നക്കൽ ഉപറൂളുകൾ സംബന്ധിച്ച് അവ ബാധിക്കുന്നതായ ആളുകൾ അയക്കുന്ന വല്ല പ്രതിഷേധങ്ങളും ഗവർമ്മെൻറിലേക്ക് അയക്കപ്പെടേണ്ടതായ സമയത്തെയും (ഇതു ൩൦ ദിവസത്തിൽ കുറയാതെ ഇരിക്കണം) കുറിച്ചുള്ള ഒരു നോട്ടീസ് ബാധിക്കപ്പെട്ട ആളുകളെ അറിയിക്കുന്നതിനു ഏററവും യുക്തമെന്നു ഗവർമ്മെൻറിനു തോന്നുന്നവിധത്തിൽ പരസ്യം ചെയ്യപ്പെടേണ്ടതാകുന്നു.

(ഡി) പ്രതിഷേധങ്ങളെല്ലാം രേഖാമൂലമായിരിക്കേണ്ടതും താഴെപറഞ്ഞിരിക്കുന്ന സംഗതികളെ പ്രസ്താവിച്ചിരിക്കേണ്ടതുമാകുന്നു.

(i) പ്രതിഷേധത്തിനുള്ള പ്രത്യേകകാരണങ്ങളും,

(ii) ആവശ്യപ്പെട്ട ലോപങ്ങളൊ ആധിക്യങ്ങളൊ മാററങ്ങളൊ ഏതെങ്കിലും,

(ഇ) ബാധിക്കപ്പെട്ടതു എന്ന് ഗവർമ്മെൻറിനു തോന്നുന്നതായ ആളുകളാലൊ ആളുകളുടെ പേരിലൊ ആവശ്യപ്പെട്ട സമയത്തിനകം ചെയ്യപ്പെട്ടുന്ന വല്ല പ്രതിഷേധത്തെയും ഗവർമ്മെൻറ് ആലോചിക്കേണ്ടതും ഉപറൂളുകളെ പരസ്യം ചെയ്യപ്പെട്ടുന്ന രൂപത്തിലൊ അവക്കു യുക്തമെന്നു തോന്നുന്നതായ മാററങ്ങളെ അവയോടു ചേർത്തതിൻറശേഷമൊ അനുവദിക്കാവുന്നതുമാകുന്നു.

(എഫ്) അപ്രകാരം അനുവദിക്കപ്പെട്ടുന്ന ഉപറൂളുകൾക്ക് അവ ഈ റെഗുലേഷനിൽ വ്യവസ്ഥചെയ്യപ്പെട്ടുന്നെങ്കിൽ എന്നപോലെ ബലമുണ്ടായിരിക്കുന്നതും ഖനിയുടമസ്ഥനൊ ഏജൻറൊ മാനേജരൊ ഉപറൂളുകളുടെ ഒരു പകർപ്പ് ഇംഗ്ലീഷിലൊ നിർദ്ദേശിക്കപ്പെടാവുന്ന നാട്ടുഭാഷയിലൊ നാട്ടുഭാഷകളിലൊ ഉപറൂളുകൾ ഖനിയിൽ വേലചെയ്യുന്നതിനു നിയമിക്കപ്പെട്ട ആളുകളാൽ സൌകര്യമായി വായിക്കപ്പെടുകയൊ ദർശിക്കപ്പെടുകയൊ ചെയ്യാവുന്നതായ ഖനിയിങ്കലൊ സമീപസ്ഥലത്തൊ വല്ല ദൃശ്യസ്ഥലത്തും തൂക്കിയിടുന്നതിന് ഏർപ്പാട് ചെയ്യേണ്ടതുമാകുന്നു.

(ജി) അപ്രകാരമുണ്ടാക്കപ്പെട്ട ഉപറൂളുകൾ മുഴുവനേയൊ അതിലൊരു ഭാഗത്തെയൊ രേഖാമൂലമായ ഉത്തരവിനാൽ ഗവർമ്മെൻറിനു റദ്ദ്ചെയ്യാവുന്നതും ആ ഖണ്ഡവികൾ അപ്രകാരമുള്ള ഉപറൂളിനു അങ്കുരണത്താൽ ബലമില്ലാതെ ആയിതീരുന്നതുമാകുന്നു.

൩൦. ഓരോ ഖനിയിലൊ അതിനു സമീപത്തൊ ഇംഗ്ലീഷിലും നിർദ്ദേശിക്കപ്പെടാവുന്ന നാട്ടുഭാഷയിൽ അല്ലെങ്കിൽ നാട്ടുഭാഷകളിലും ഈ റെഗുലേഷൻറയും ചട്ടങ്ങളുടേയും നിർദ്ദിഷ്ടങ്ങളായ സംക്ഷേപങ്ങളെ തൂക്കിയിട്ടുകൊള്ളേണ്ടതാകുന്നു.

റെഗുലേഷനിൽനിന്നും ചട്ടങ്ങളിൽനിന്നും മററും ഉദ്ധരണികൾ പരസ്യം ചെയ്യുന്നതു സംബന്ധിച്ച്.

അദ്ധ്യായം ൬.

ശിക്ഷകളും നടപടിയും.

൩൧ (൧) ഏതെങ്കിലും ഖനിയെസംബന്ധിച്ചും ഈ റെഗുലേഷനാലൊ ഈ റെഗുലേഷൻപ്രകാരമൊ അധികാരപ്പെടുത്തിട്ടുള്ള പ്രവേശനമൊ പരിശോധനയൊ അന്വേഷണമൊ നടത്തുന്നതിൽ ഇൻസ്പെക്ടർക്കൊ അപ്രകാരമുള്ള ആളിനൊ എന്തെങ്കിലും ന്യായമായ സൌകര്യവും കൊടുക്കുന്നതിന്

തടസ്ഥംചെയ്ക.

ഇൻസ്പെക്ടർക്കൊ സെക്ഷൻ (൯) പ്രകാരം അധികൃതനായ വല്ല ആളിനൊ ഈ റെഗുലേഷനനുസരിച്ച് തൻെറ കൃത്യങ്ങളെ നിർവഹിക്കുന്നതിൽ നിഷേധിക്കുകയൊ മനഃപൂർവമായ ഉപേക്ഷ കാണിക്കുകയൊ ചെയ്യുന്ന ആരെങ്കിലും മൂന്നുമാസത്തേക്ക് ദീർഘമാക്കാവുന്ന തടവുശിക്ഷയ്ക്കൊ അഞ്ഞൂറുരൂപാവരെ എത്താവുന്ന പ്രായശ്ചിത്തത്തിനൊ ഇവ രണ്ടിനുമൊ അർഹനായിതീരാവുന്നതാണ്.

(൨) ഈ റെഗുലേഷനനുസരിച്ച് സൂക്ഷിക്കപ്പെട്ടുന്ന വല്ല രജിസ്റ്ററുകളൊ മററു രേഖകളൊ ഇൻസ്പെക്ടർ ആവശ്യപ്പെട്ടുന്നസമയത്ത് ആരെങ്കിലും ഹാജരാക്കുന്നതിനു വിസമ്മതിക്കുകയൊ ഈ റെഗുലേഷൻപ്രകാരമുള്ള തൻെറ കൃത്യങ്ങളെ നിർവഹിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്ന പരിശോധനയുദ്യോഗസ്ഥൻെറ മുമ്പാകെ ഹാജരാകുന്നതിൽനിന്നൊ അദ്ദേഹത്താൽ വിചാരണചെയ്യപ്പെട്ടുന്നതിൽനിന്നൊ വല്ല ആളിനെയും തടസ്ഥംചെയ്കയൊ തടസ്ഥംചെയ്യുന്നതിനുദ്യമിക്കുകയൊ തടസ്ഥംചെയ്യുന്നതിനിടയാക്കുമെന്ന് അദ്ദേഹത്തിനു വിശ്വസിപ്പാൻ ന്യായമുള്ള വല്ലതും പ്രവർത്തിക്കുകയൊ ചെയ്യുന്നതായാൽ മുന്നൂറുരൂപാവരെ എത്താവുന്ന പ്രായശ്ചിത്തത്തിനർഹനായി തീരുന്നതായിരിക്കും.

൩൨. ആരെങ്കിലും:—

റിക്കാർഡുമുതലായവകളിൽ വ്യാജം ചെയ്യുന്നതു്.

(എ) ഈ റെഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള വല്ല സർട്ടിഫിക്കേററിലൊ സർട്ടിഫിക്കേററിൻെറ ഔദ്യോഗിക പകർപ്പുകളിലൊ വ്യാജം കാണിക്കുകയൊ അറിവോടുകൂടി വ്യാജപ്രസ്താവനചെയ്കയൊ,

(ബി) അങ്ങിനെയുള്ള വല്ല വ്യാജമൊ കള്ളമൊ ആയ സർട്ടിഫിക്കേററിനെ പരമാർത്ഥമെന്നതുപോലെ ഉപയോഗിക്കുകയൊ;

(സി) തനിക്കറിയാവുന്നതോ മററു വല്ലവരുടെയോ ഈ റഗുലേഷൻപ്രകാരമുള്ള ഒരു സർട്ടിഫിക്കററോ, ഒരു സർട്ടിഫിക്കററിൻെറ നവീകരണമോ ഒരു ഖനിയിൽ വല്ല ജോലിയും ചെയ്യുന്നതിലേക്ക് വ്യാജമാണെന്ന് താൻ അറിഞ്ഞിരിക്കെ വല്ല കളവായ പ്രസ്താവനയോ, മൊഴിയോ, തെളിവോ ഉണ്ടാക്കുകയോ, ഹാജരാക്കുകയോ, ഉപയോഗിക്കുകയോ;

(ഡി) ഈ റഗുലേഷനയോ റഗുലേഷൻപ്രകാരമോ സൂക്ഷിക്കപ്പെടേണ്ടതാവശ്യപ്പെടുന്ന വല്ല പ്ലാനോ, രജിസ്റ്ററോ, റിക്കാർഡോ വ്യാജമാക്കുകയോ;

(ഇ) തൻെറ ഉത്തമമായ അറിവിലും വിശ്വാസത്തിലും സത്യമല്ലാതിരിക്കുന്ന വല്ല മൊഴിയോ, രേഖയോ വിവരമോ അടങ്ങിയിരിക്കുന്ന വല്ല പ്ലാനോ, കണക്കോ, നോട്ടീസോ, റിക്കാർഡോ, റിപ്പോർട്ടോ നിർമ്മിക്കുകയോ കൊടുക്കുകയോ ഏല്പിക്കുകയോ ചെയ്യുന്നതായാൽ, മൂന്നുമാസത്തോളം ദീർഘിക്കാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയ്ക്കോ, അഞ്ഞൂറുരൂപാവരെ എത്താവുന്ന പിഴശിക്ഷയ്ക്കോ, ഇവരണ്ടിനുമോ അർഹനായിതീരുന്നതായിരിക്കും.

പ്ലാൻമുതലായവ സമർപ്പിക്കുന്നതിനു വീഴ്ചവരുത്തുന്നത്.

൩൩. ഈ റഗുലേഷനാലോ, റഗുലേഷൻപ്രകാരമോ, ഉണ്ടാക്കുന്നതിനോ സമർപ്പിക്കുന്നതിനോ ആവശ്യപ്പെടുന്നതായ വല്ല പ്ലാനോ, കണക്കോ, നോട്ടീസോ, രജിസ്റ്ററോ, റിക്കാർഡോ, റിപ്പോർട്ടോ, നിർദ്ദേശിക്കപ്പെട്ട രൂപത്തിലോ, പ്രകാരത്തിലോ, നിർദ്ദിഷ്ടസമയത്തോ, അതിനകമോ, നിർമ്മിക്കുന്നതിനോ, സമർപ്പിക്കുന്നതിനോ, തെളിയിക്കുന്നതിനുള്ള ചുമതല തൻെറമേൽതന്നെ ഇരിക്കുന്നതായ ന്യായമായ ഒഴികഴിവുകൂടാതെ, ആരെങ്കിലുംവീഴ്ചവരുത്തുന്നപക്ഷം, ഇരുനൂറുരൂപവരെ എത്താവുന്ന പിഴശിക്ഷക്ക അർഹനായിത്തീരുന്നതായിരിക്കും.

വേലക്കാരെ നിയമിക്കുന്നതിനെ കുറിച്ചുള്ള വ്യവസ്ഥകളെ ലംഘിക്കുന്നത്.

൩൪. ആരെങ്കിലും വകുപ്പ് ൩൫-ലെ വ്യവസ്ഥകളാൽ അനുവദിക്കപ്പെട്ടപ്രകാരമല്ലാതെ, ഒരു ഖനിയിലൊ, അതിനടുത്തോ ആളുകൾ വേലചെയ്യുന്നതിന നിയമിക്കപ്പെടുന്നതിനേയൊ അവരുടെ സാന്നിദ്ധ്യത്തെയോ വിരോധിക്കുന്നതോ, പരിമിതമാക്കുന്നതോ, ക്രമീകരിക്കുന്നതോ ആയ ഈ റഗുലേഷൻെറയോ അതനുസരിച്ചുണ്ടാക്കിട്ടുള്ള വല്ല റൂളിൻെറയൊ ഉപറൂളിൻെറയൊ ഉത്തരവിൻെറയോ ഏതെങ്കിലും വ്യവസ്ഥക്കെതിരായി പ്രവർത്തിക്കുന്നതായാൽ അഞ്ഞൂറുരൂപാവരെ എത്താവുന്നപിഴശിക്ഷക്ക അർഹനായിത്തീരുന്നതായിരിക്കും.

യാദൃച്ഛികസംഭവങ്ങളെക്കുറിച്ചുള്ള നോട്ടീസ്.

൩൫. ആരെങ്കിലും വകുപ്പ് ൧൮-ലെ വ്യവസ്ഥകൾക്കെതിരായി വല്ല യാദൃച്ഛികസംഭവങ്ങളേയും പററി നോട്ടീസുകൊടുക്കുന്നതിനു വീഴ്ചവരുത്തുന്നതായാൽ അങ്ങിനെയുള്ള യാദൃച്ഛികസംഭവം കഠിനമായ ദേഹോപദ്രവത്തിനിടയാക്കുന്നെങ്കിൽ, അഞ്ഞൂറുരൂപാവരെ എത്താവുന്ന പിഴശിക്ഷക്കൊ, സംഭവം ജീവഹാനിക്കിടയാക്കുന്നെങ്കിൽ, മൂന്നുമാസത്തോളം ദീർഘമായിരിക്കാവുന്ന തടവുശിക്ഷക്കൊ, അഞ്ഞൂറുരൂപാവരെ എത്താവുന്ന പിഴശിക്ഷക്കൊ, ഇവരണ്ടിനുമോ അർഹനായിത്തീരുന്നതായിരിക്കും.

ഉത്തരവുകൾ ലംഘിക്കുന്നത്.

൩൬. ആരെങ്കിലും (അതിൻെറ) നിഷേധത്തിനുമുമ്പായി യാതൊരുശിക്ഷയും വ്യവസ്ഥചെയ്തിട്ടില്ലാത്തതായി ഈ റഗുലേഷനിലെ വല്ല വ്യവസ്ഥകളെയൊ അതനുസരിച്ചുണ്ടാക്കിട്ടുള്ളവല്ല റൂളിനെയൊ ഉപറൂളിനേയോ വല്ല ഉത്തരവിനെയൊ നിഷേധിക്കുന്നെങ്കിൽ ആയിരം രൂപാവരെ എത്താവുന്ന പിഴശിക്ഷയും നിഷേധം ഇടവിടാതെ തുടർന്നുകൊണ്ടിരിക്കുന്നപക്ഷം ആദ്യത്തെ കുററസ്ഥാപനത്തിൻെറ തീയ്യതിക്ക പിമ്പ നിഷേധത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു എന്നു തെളിയിക്കപ്പെടുന്ന ഓരോദിവസത്തിനും നൂറുരൂപാവരെ എത്താവുന്ന കൂടുതൽപിഴക്കും അർഹനായിത്തീരുന്നതായിരിക്കും.

അപകടകരമായ ഫലങ്ങളോടുകൂടിയ നിയമനിഷേധം.

൩൭. (എ) ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ള വല്ലതിനേയും വകവയ്ക്കാതെ, ആരെങ്കിലും ഈ റഗുലേഷനിലെ വല്ല വ്യവസ്ഥയേയൊ അതനുസരിച്ചുണ്ടാക്കിട്ടുള്ള വല്ല റൂളിനേയോ ഉപറൂളിനേയോ വല്ല ഉത്തരവിനേയോ നിഷേധിക്കുന്നെങ്കിൽ അങ്ങിനെയുള്ള നിഷേധം ജീവഹാനിക്കിടയാക്കുന്നപക്ഷം, ഒരു വർഷത്തേക്ക ദീർഘിപ്പിക്കാവുന്ന തടവുശിക്ഷക്കൊ രണ്ടായിരംരൂപാവരെ എത്താവുന്ന പിഴശിക്ഷക്കൊ ഇവരണ്ടിനുമൊ അർഹനായിത്തീരുന്നതായിരിക്കും. അങ്ങിനെയുള്ള നിഷേധം കഠിനമായ ദേഹോപദ്രവത്തിനിടയാക്കുന്നെങ്കിൽ ആറുമാസത്തേക്ക ദീർഘിപ്പിക്കാവുന്ന തടവുശിക്ഷക്കൊ, ആയിരം രൂപാവരെ എത്താവുന്ന പിഴശിക്ഷക്കൊ, ഇവരണ്ടിനുമൊ അർഹനായിത്തീരുന്നതായിരിക്കും. അങ്ങിനെയുള്ള നിഷേധം മററുപ്രകാരത്തിൽ ഖനിയിലൊ അതിനുസമീപത്തോ വേലചെയ്യുന്ന ആളുകൾക്കൊ മററൊ ഉപദ്രവമോ അപകടമോ വരുത്തുന്നതായിരുന്നാൽ, ഒരുമാസത്തോളം ദീർഘിപ്പിക്കാവുന്ന തടവുശിക്ഷക്കൊ അഞ്ഞൂറുരൂപാവരെ എത്താവുന്ന പിഴശിക്ഷക്കൊ ഇവരണ്ടിനുമൊ അർഹനായിത്തീരുന്നതായിരിക്കും.

(ബി) ഈ വകുപ്പുപ്രകാരം ശിക്ഷിക്കപ്പെട്ട ഒരുവൻെറമേൽ അതിൻപ്രകാരം വീണ്ടും കുററം സ്ഥാപിക്കപ്പെടുന്നതായാൽ ഉപവകുപ്പ് (എ) പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ശിക്ഷയുടെ ഇരട്ടിശിക്ഷക്ക അയാൾ അർഹനായിത്തീരുന്നതായിരിക്കും.

(സി) ഈ വകുപ്പുപ്രകാരം വിധിക്കപ്പെട്ട ഒരു പിഴശിക്ഷയെ ചുമത്തുകയോ അപ്പീലിലോ പുനരീക്ഷണത്തിലോ മററൊ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്ന ഏതെങ്കിലും കോർട്ടിനു വിധി പ്രസ്താവിക്കുന്ന സമയത്തു ഈടാക്കുന്ന പിഴ മുഴുവനായോ അതിൽ വല്ലഭാഗമൊ ദേഹോപദ്രവമനുഭവിച്ച ആൾക്കൊ, അയാൾക്ക മരണം നേരിടുന്നപക്ഷം അയാളുടെ ന്യായമായ പ്രതിനിധിക്കൊ കൊടുക്കേണ്ടതാണെന്നു ഉത്തരവിടാവുന്നതാകുന്നു.

എന്നാൽ പിഴ ചുമത്തപ്പെടുന്നതു അപ്പീലുള്ള ഒരു കേസിലാണെങ്കിൽ അപ്പീൽ കൊടുക്കുന്നതിനുള്ള സമയം തീരുന്നതിനുമുമ്പായിട്ടോ അപ്പീൽ കൊടുത്തിരിക്കുന്നെങ്കിൽ അപ്പീൽ തീർച്ചയാകുന്നതിനുമുമ്പായിട്ടോ അങ്ങിനെയുള്ള പിഴ കൊടുക്കേണ്ടാത്തതായിരിക്കും.

൩൮. ഡിസ്ത്രിക്ട്മജിസ്ത്രേട്ടിന്റെ ആവശ്യത്തിന്മേലല്ലാതെ, ഉടമസ്ഥന്റെയൊ ഏജന്റിന്റെയൊ, മാനേജരുടേയൊ, മേൽ ഈ റഗുലേഷൻപ്രകാരമുള്ള വല്ല കുററത്തിനും യാതൊരു കുററാരോപണവും (നടപടിയും) നടത്തിക്കൂടാത്തതാകുന്നു.

ഉടമസ്ഥനേയൊ ഏജന്റിനേയൊ മാനേജരേയൊ കുററാരോപണം ചെയ്യുന്നത്.

൩൯. ഈ റഗുലേഷൻപ്രകാരമുള്ള യാതൊരുകുററത്തേയും കുററംചെയ്യപ്പെട്ട എന്നുപറയുന്ന തീയ്യതി മുതൽ ആറുമാസത്തിനകം അതിനെക്കുറിച്ചു ആവലാതിയുള്ളപക്ഷമല്ലാതെ യാതൊരു കോർട്ടിനും ഗൌനിച്ചുകൂടാത്തതാകുന്നു.

കുററാരോപണത്തിനു കാലഹരണം.

൪൦. ഒന്നാംക്ലാസ്സ് മജിസ്ത്രേട്ടിന്റെ താഴെയുള്ള യാതൊരു കോർട്ടിനും ഏതെങ്കിലും ഖനിയുടമസ്ഥനൊ ഏജന്റിനാലൊ മാനേജരാലൊ ചെയ്യപ്പെട്ട എന്നു പ്രസ്താപിക്കപ്പെടുന്നതായ ഈ റഗുലേഷൻപ്രകാരമുള്ള യാതൊരു കുററത്തേയൊ ഈ റഗുലേഷനാൽ തടവുശിക്ഷ കൊണ്ടു ശിക്ഷിക്കപ്പെടുന്നതിനർഹതയുള്ള യാതൊരുകുററത്തേയൊ വിചാരണചെയ്യക്കൂടാത്തതായിരിക്കും.

കുററങ്ങളുടെ വിസ്താരസന്ധാനം.

൪൧. (൧) ഈ റഗുലേഷൻപ്രകാരം ഡിസ്ത്രിക്ട്മജിസ്ത്രേട്ടിന്റെ ആവശ്യപ്രകാരം ആരംഭിച്ചിട്ടുള്ള വല്ലകേസ്സും വിചാരണചെയ്യുന്ന കോർട്ടിനും കേസു കുററാരോപണത്തിനുപകരം കമ്മീഷൻ വിചാരണനടത്തപ്പെടേണ്ടതാണെന്നു അഭിപ്രായപ്പെട്ടാൽ അങ്ങിനെയുള്ള വിചാരണയ്ക്ക് ആവശ്യമായ ക്രിമിനൽനടപടി നിറുത്തിവച്ചു സംഗതി ഗവന്മെന്റിലേക്കു റിപ്പോർട്ടുചെയ്യാവുന്നതാകുന്നു.

ചില കേസ്സുകളിൽ കുററാരോപണത്തിനു പകരം കമ്മിഷൻവിചാരണയെപ്പററി.

(൨) ഉപവകുപ്പ (൧) പ്രകാരം ഒരു റിപ്പോർട്ടുകിട്ടിയാലുടൻ കേസിനെ, ഗവന്മെന്റിനു ഒരു കമ്മീഷൻ വിചാരണക്കായക്കാവുന്നതും, വിചാരണ തുടർന്നുകൊള്ളുന്നതിനു കോർട്ടിനെ പ്രേരിപ്പിക്കാവുന്നതും ആകുന്നു.

അദ്ധ്യായം

പലവക.

൪൨. വല്ല ഉൽഖനനമൊ വേലയൊ ഈ റഗുലേഷന്റെ അർത്ഥവ്യാപ്തിയിലുൾപ്പെട്ടതായ ഖനിയാകുന്നു എന്നു വല്ല തർക്കവുമുണ്ടാകുമ്പോൾ ഗവന്മെന്റിനു ആ തർക്കത്തെ തീരുമാനിക്കാവുന്നതും, ഗവന്മെന്റ ചീഫ്സെക്രട്ടറിയാൽ കയ്യൊപ്പുവച്ചിട്ടുള്ള ഒരു സർട്ടിഫിക്കേറ്റ് ഈ സംഗതിയെ സംബന്ധിച്ചുള്ള തീരുമാനമായിരിക്കുന്നതുമാകുന്നു.

ഒരു ഖനി ഈ റഗുലേഷൻ പ്രകാരമുള്ളതൊ എന്നുള്ള തർക്കത്തിന്റെ തീർച്ച.

൪൩. ഗസററിൽ പരസ്യംചെയ്യുന്നതിനാൽ ഗവന്മെന്റിനു ഏതെങ്കിലും പ്രത്യേകപ്രാദേശികാന്തരത്തെയൊ, ഏതെങ്കിലും ഖനിയേയൊ ഏതെങ്കിലുംകൂട്ടമൊ തരമൊ ആയ ഖനികളേയൊ, ഒരു ഖനിയുടെ ഏതെങ്കിലും ഭാഗത്തേയൊ, ഏതെങ്കിലുംകൂട്ടം ആളുകളേയൊ, ഈ റഗുലേഷനിലെ വ്യവസ്ഥകളെല്ലാററിൽനിന്നുമൊ നിർദ്ദിഷ്ടങ്ങളായ വല്ല വ്യവസ്ഥകളിൽനിന്നുമൊ ഒഴിവാക്കാവുന്നതാണ്.

ഈ റഗുലേഷന്റെ പ്രവർത്തനത്തിൽ നിന്നൊഴിവാക്കുന്നതിനുള്ള അധികാരം.

എന്നാൽ, യാതൊരു പ്രാദേശികാന്തരമൊ ഖനിയൊ ഖനികളുടെക്കൂട്ടമൊ, തരമൊ, ഈ റഗുലേഷനിലെ മററല്ലാ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നെങ്കിലല്ലാതെ, വകുപ്പ് ൨൮-ലെ വ്യവസ്ഥകളിൽനിന്നു ഒഴിവാക്കപ്പെടുന്നതായിരിക്കയില്ല.

എന്നാൽപിന്നെയും അങ്ങിനെയുള്ള വല്ല ഒഴിവാക്കലും അടിയന്തിരമായ പൊതു ആവശ്യം നേരിടുമ്പോൾ ഗവന്മെന്റിനു രേഖാമൂലമായ ഉത്തരവിനാൽ ചെയ്യാവുന്നതുമാകുന്നു.

൪൪. ഗവന്മെന്റിനു തങ്ങളുടെ അധികാരത്തിലുൾപ്പെടുന്ന ഒരധികൃതനാൽ ഈ റഗുലേഷൻപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിനെ റദ്ദുചെയ്കയൊ ഭേദപ്പെടുത്തുകയൊ ചെയ്യാവുന്നതാകുന്നു.

ഉത്തരവുകൾ ഭേദപ്പെടുത്തുകയൊ റദ്ദ് ചെയ്കയൊ ചെയ്യുന്നതിനുള്ള അധികാരം.

൪൫. ഈ റഗുലേഷൻ അനുസരിച്ചു ഉത്തമവിശ്വാസത്തിന്മേൽ ചെയ്യപ്പെട്ടതൊ ചെയ്യുന്നതിനുദ്ദേശിക്കപ്പെട്ടതൊ ആയ യാതൊന്നിനും വേണ്ടി യാതൊരാളുടെ നേരേയും യാതൊരുവ്യവഹാരമൊ കുററാരോപണമൊ മററു നിയമസംബന്ധമായ നടപടിയൊ നടത്തുന്നതിനാവകാശമില്ലാത്തതായിരിക്കും.

ഒഴിവാക്കൽ.

൪൬. (൧) വല്ല ഖനിജത്തേയും കണ്ടുപിടിക്കുന്നതിനൊ വല്ല ഖനിയിലേയും ജോലി വിജയകരമായി ചെയ്യുന്നതിനൊ, ഈ റഗുലേഷനനുസരിച്ചുള്ള മററുവല്ല സദ്ദ്യത്തിനൊ, വല്ല ഭൂമിയുടേയും ഉപരിതലം സംബന്ധിച്ചുള്ള ഉടമസ്ഥാവകാശം ആവശ്യമാണെന്നു വിചാരിക്കപ്പെടുമ്പോഴൊക്കെയും, ഗവന്മെന്റിനു യുക്തമാണെന്നു തോന്നാവുന്ന പരിമാണത്തിലും സമയത്തേക്കും, അങ്ങിനെയുള്ള അവകാശത്തെ മതിയായ പ്രതിഫലംകൊടുത്തു ഗവന്മെന്റിനു വാങ്ങാവുന്നതാണ്. ഗവന്മെന്റ ചീഫ്സെക്രട്ടറിയാൽ കയ്യൊപ്പുവക്കപ്പെട്ട രേഖാമൂലമായ ഒരു സർട്ടിഫിക്കേറ്റു അതിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരമുള്ള അവകാശം ആവശ്യമാണെന്നുള്ളതിലേക്ക് അഖണ്ഡ്യമായ തെളിവായിരിക്കുന്നതും അങ്ങിനെയുള്ള സമ്പാദനമാക്കുന്നതിനെപ്പററി യാതൊരു സിവിൽക്കോർട്ടിനും ചോദ്യം ചെയ്യക്കൂടാത്തതും ആകുന്നു.

ഭൂമിസമ്പാദിക്കുന്നതിനെസംബന്ധിച്ചു.

(൨) വസ്തു കൈവശപ്പെടുത്തുന്ന സമയത്തു കൊടുക്കേണ്ടതായ പ്രതിഫലത്തെ ഉടമ്പടിയാലൊ, അങ്ങിനെ ഉടമ്പടി ഉണ്ടായിട്ടില്ലാത്തപക്ഷം, അങ്ങിനെയുള്ള വസ്തു ഏതു ഡിസ്ട്രിക്ട്കോർട്ടിന്റെ അധികാരസീമയിൽ കിടക്കുന്നുവൊ ആ കോർട്ടിന്റെ വിധിയാലൊ തീർച്ചയാക്കാവുന്നതായിരിക്കും.

(൩) ഡിസ്ട്രിക്ട്കോർട്ടിന്റെ തീർച്ചയിന്മേൽ ഹൈക്കോർട്ടിലേക്കു അപ്പീൽ കൊടുക്കാവുന്നതും അവസാനവിധിപ്രകാരം പ്രതിഫലം കൊടുക്കാവുന്നതുമായിരിക്കും.

(൪) ഡിസ്ട്രിക്ട്കോർട്ടിലേയും ഹൈക്കോർട്ടിലേയും നടപടികളെ, കഴിവുള്ളിടത്തോളം, സിവിൽ പ്രൊസിഡ്യുവർ കോഡിലേയും കാലഹരണറഗുലേഷനിലേയും വ്യവസ്ഥകൾ ബാധിക്കുന്നതായിരിക്കും.

ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും വിവരം.

(൧). ഈ റഗുലേഷന്റെ ഉദ്ദേശങ്ങളാവിത്:—

(എ) സംസ്ഥാനത്തിൽ ഖനിജങ്ങളെ കണ്ടുപിടിക്കുന്നതിനു കഴിവുണ്ടാക്കുന്നതും,

(ബി) ഖനികളിൽ വേലചെയ്യുന്നതിനെ ക്രമീകരിക്കുന്നതും,

(സി) ഖനികളെ പരിശോധിക്കുന്നതും,

തൽക്കാലം പ്രവർത്തനത്തിലിരിക്കുന്ന ഖനികൾ, വേലചെയ്യുന്നവരുടെ ആരോഗ്യത്തിനും രക്ഷയ്ക്കും ഉറപ്പുവരുത്താത്തവണ്ണം അവരുടെ കാര്യാദികളെ സംരക്ഷിക്കുന്നതിനു ബഹുശ്രമസാദ്ധ്യമായ കരുതലുകൾ ആവശ്യമല്ലാതിരിക്കാവുന്ന ഉപരിതലസ്ഥ ഖനികൾ മാത്രമാണെങ്കിലും വേല നിർത്തിക്കളഞ്ഞു എന്നുപറയാൻ വഹിയാത്ത മററുഖനികളുണ്ടായിരുന്നു. വേലക്കാരുടെ ക്രമീകരണം ആവശ്യമായിരുന്നതും ആവശ്യമായി വന്നേക്കാവുന്നതുമായ മററു ഖനികൾ ഉണ്ടായിവരുന്നതിനിടയുമുണ്ട്. വേലക്കാരുടെ സൌകര്യങ്ങളെയും, ഖനികളുടെ പാട്ടയുടമ്പടികളേയും സംരക്ഷിക്കുന്നതിനു ഗവർമെണ്ടിനെ പ്രാപ്തരാക്കുന്നതായ യാതൊരു വ്യവസ്ഥയും ഇപ്പോൾ ഉള്ളതിൽ ഇല്ല. ബ്രിട്ടീഷ് ഇൻഡ്യയിൽ ഖനികളെ സംബന്ധിച്ചു പാസാക്കപ്പെട്ട ഒന്നാമത്തെ ആക്ടിൻപ്രകാരം ൧൯൨൩-ാമാണ്ടത്തെ ൪-ാം ആക്ട് നടപ്പാക്കപ്പെട്ടിട്ടുണ്ട്. ആ ആക്ടിലെ വ്യവസ്ഥകളും തത്വങ്ങളും, തിരുവിതാംകോട്ടിനെ സംബന്ധിക്കുന്നെടത്തോളം അംഗീകരിക്കപ്പെട്ടുമിരിക്കുന്നു.

(൨) വാക്യങ്ങളിന്മേൽ യാതൊരു കുറിപ്പുകളും ഉപയോഗമുള്ളവയായി വിചാരിക്കപ്പെടുന്നില്ല. എന്നാൽ സ്വകാര്യ വ്യക്തികളുടെ ഭൂമികളിന്മേൽ കണ്ടുപിടിത്തത്തിനായി അന്വേഷണങ്ങൾ കഴിക്കുന്നതിനാൽ വല്ല നഷ്ടത്തിനും കാരണമായി തീരാവുന്നപക്ഷം പ്രതിഫലം കൊടുക്കേണ്ടതാണെന്നു വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കാവുന്നതാകുന്നു. ഉപരിതലത്തിന്റെ ഉടമസ്ഥനു നഷ്ടം നേരിടുന്നതിനിടയാകാതിരിപ്പാനൊ ഖനിയുടെ വേല വിജയകരമാംവണ്ണം ചെയ്യുന്നതിനു കഴിവുണ്ടാകുന്നതിനൊ അങ്ങിനെയുള്ള സമ്പാദ്യം ആവശ്യമെന്നു കാണുന്നപക്ഷം ശാശ്വതമായൊ ക്ലിപ്തമായ സമയത്തേക്കൊ ഭൂമി വാങ്ങുന്നതിനൊ ഭൂമിയിൽ ക്ലിപ്തമായ അവകാശം സമ്പാദിക്കുന്നതിലേക്കുള്ള അധികാരവും സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോർട്ടിലേക്കുള്ള അപ്പീലിനധീനമായി ഉടമ്പടിയാലൊ ഒരു ഡിസ്ട്രിക്ട്കോർട്ടിന്റെ വിധിയാലൊ നിർണ്ണയിക്കപ്പെടാവുന്നതായ മതിയായ പ്രതിഫലം കൊടുക്കുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്. സമ്പാദനത്തിന്റെ ആ ക്ലിപ്തമായ രീതികൾക്കു വിസ്തീർണ്ണതയ്ക്കും ഭൂസമ്പാദന റഗുലേഷൻ ബാധകമായിരിക്കണമെന്നുള്ളത് അഭിലഷണീയമല്ലാത്തതിനാൽ കോർട്ടുകൾ ആതതു പ്രത്യേക സംഗതിയിൽ അങ്ങിനെയുള്ള സംഗതിയുടെ സമഗ്രതത്വങ്ങളോടു യോജിച്ചിരിക്കത്തക്കവണ്ണം വിധികളെ രൂപീകരിക്കുന്നതിലേക്കു അങ്ങിനെയുള്ള സംഗതികളിൽ തക്കതായ പ്രതിഫലമെന്നു വിചാരിക്കപ്പെടാവുന്നതിന്റെ നിർദ്ദേശം കൊടുക്കുന്നതിനു യത്നിച്ചിട്ടില്ല.

(ഉത്തരവിൻപ്രകാരം),
എസ്. പരമേശ്വരയ്യർ,
നിയമസഭാ സിക്രട്ടേറി.

പരിശിഷ്ടം ഡി.

നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം പൊതുജനങ്ങളുടെ
അറിവിനായി താഴെ പറയുന്ന ബിൽ ഉദ്ദേശ
കാരണ വിവരസഹിതം ഇതിനാൽ
പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ചലനചിത്ര (സിനെമറോഗ്രാഫ്) ങ്ങൾ മൂലമുള്ള പ്രദർശനങ്ങളെ ക്രമപ്പെടുത്തുന്നതിനു വ്യവസ്ഥചെയ്യുന്നതിലേക്കുള്ള ഒരു ബിൽ.

മുഖവുര. ചലന ചിത്രങ്ങൾ മൂലമുള്ള പ്രദർശനങ്ങളെ ക്രമീകരിക്കുന്നതിനു വ്യവസ്ഥചെയ്യുന്നതു യുക്തമെന്നു തോന്നുന്നതിനാൽ,

താഴെ പറയുന്ന പ്രകാരം ഇതിനാൽ വ്യവസ്ഥചെയ്തിരിക്കുന്നു:—

ചുരുക്കമായ സംജ്ഞയും വ്യാപ്തിയും പ്രാരംഭവും. ൧. (൧) ഈ റഗുലേഷൻ തിരുവിതാംകോട്ട സിനെമറോഗ്രാഫ് (ചലനചിത്ര പ്രദർശന) റഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(൨) ഇതു തിരുവിതാംകോട്ട മുഴുവനിലും വ്യാപ്തിയുള്ളതാകുന്നു.

(൩) ഇതു —തിയ്യതി മുതൽ നടപ്പിൽ വരുന്നതായിരിക്കും.

൨. ഈ റഗുലേഷനിൽ വിഷയത്തിലൊ അന്വയത്തിലൊ വിപരീതമായി എന്തെങ്കിലുമില്ലാത്തപക്ഷം —

നിർവചനങ്ങൾ.

'സിനെമെറ്റോഗ്രാഫ്' എന്നതിൽ ചലനചിത്രങ്ങളേയോ അങ്ങിനെയുള്ള ചിത്രങ്ങളുടെ ഒരു പരമ്പരയേയോ പ്രദർശിപ്പിക്കുന്നതിനുള്ള യന്ത്രസാമഗ്രി ഉൾപ്പെടുന്നതാകുന്നു.

'സ്ഥലം' എന്നതിൽ ഒരു വീടോ കെട്ടിടമോ കൂടാരമോ യാനപാത്രമോ ഉൾപ്പെടുന്നതും,

'നിർദ്ദേശിക്കപ്പെട്ടത്' എന്നതിന് ഈ റെഗുലേഷൻ പ്രകാരമുണ്ടാക്കീട്ടുള്ള ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെട്ടത് എന്നർത്ഥമുള്ളതും ആകുന്നു.

൩. ഈ റെഗുലേഷനിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിരുന്നാൽ ഒഴികെ യാതൊരുത്തനും ഈ റെഗുലേഷൻ പ്രകാരം ലൈസൻസു വാങ്ങിയിട്ടുള്ള സ്ഥലത്തല്ലാതെ വേറെ സ്ഥലങ്ങളിലോ അങ്ങിനെയുള്ള ലൈസൻസിനാൽ ചുമത്തപ്പെട്ട വല്ല വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും അനുസരണമായി അല്ലാതെയോ ചലനചിത്രങ്ങൾ മുഖേനയുള്ള ഒരു പ്രദർശനം നടത്തുവാൻ പാടില്ലാത്തതായിരിക്കും.

സിനെമറ്റോഗ്രാഫ് പ്രദർശനങ്ങൾക്ക് ലൈസൻസു ചുമത്തേണ്ടത്.

൪. ഈ റെഗുലേഷൻ പ്രകാരം ലൈസൻസുകൾ കൊടുക്കുന്നതിനധികാരമുള്ള അധികൃതൻ (ഇതുമുതൽ ലൈസൻസു കൊടുക്കുന്ന അധികൃതൻ എന്നു പറഞ്ഞിരിക്കുന്നു) ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ആയിരിക്കും.

ലൈസൻസനുവദിക്കുന്നതിനുള്ള അധികൃതൻ.

എന്നാൽ ഗവർമ്മെന്റു ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ, നിരുപാധികമായിട്ടു മുഴുവനോ വല്ല ഭാഗത്തിനുമോ വേണ്ടി പരസ്യത്തിൽ ഈ റെഗുലേഷന്റെ ആവശ്യത്തിലേക്ക ലൈസൻസുകൊടുക്കുന്നതിനധികാരമുള്ളവരായി നിർദ്ദേശിക്കപ്പെടാവുന്ന മററു അധികൃതന്മാരെ ഗവർമ്മെന്റിനു നിയമിക്കാവുന്നതാകുന്നു.

൫. (൧) ഈ റെഗുലേഷൻ പ്രകാരം ലൈസൻസു കൊടുക്കുന്ന അധികൃതന്മാർ, താഴെ പറയുന്ന വ്യവസ്ഥകളെപ്പററി തൃപ്തിതോന്നിയല്ലാതെ ഒരു ലൈസൻസു കൊടുക്കാത്തതായിരിക്കും.

ലൈസൻസു കൊടുക്കുന്ന അധികൃതന്മാരുടെ അധികാരത്തിന്റെ നിയന്ത്രണങ്ങൾ.

(എ) ഈ റെഗുലേഷൻ പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള ചട്ടങ്ങൾ അനുകരിക്കപ്പെട്ടിട്ടുണ്ടെന്നു.

(ബി) ലൈസൻസുകൊടുക്കേണ്ടതായ സ്ഥലത്തു പ്രദർശനങ്ങൾ കാണുന്നതിനു അവിടെ പോകുന്ന ആളുകളുടെ ജീവരക്ഷയ്ക്കു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനു മതിയായ മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നും,

(സി) ലൈസൻസുവാങ്ങുന്ന ആൾ അങ്ങിനെയുള്ള സ്ഥലത്തു് വകുപ്പ് ൭ പ്രകാരം നിയമിക്കപ്പെട്ട വല്ല അധികൃതന്മാരാൽ പബ്ലിക്ക് പ്രദർശനത്തിനു യോഗ്യമെന്നു സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ളതും പ്രദർശിക്കപ്പെടുമ്പോൾ ആ അധികാരത്തിന്റെ നിർദ്ദിഷ്ടമായ മുദ്ര പതിച്ചിട്ടുള്ളതും അങ്ങിനെയുള്ള മുദ്ര അതിനു പതിച്ചതിന്റെശേഷം യാതൊരുവിധത്തിലും ഭേദപ്പെടുത്തുകയോ വിരൂപമാക്കുകയോ ചെയ്തിട്ടില്ലാത്തതും ആയ ഒരു ചലനചിത്രമൊഴികെ, വേറെ യാതൊരു ചലനചിത്രവും പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കപ്പെടുന്നതിനു അനുവദിക്കുകയോ ചെയ്യുന്നതല്ലെന്നു് ഒരു വ്യവസ്ഥ എല്ലാ ലൈസൻസിലും ചേർക്കപ്പെടേണ്ടതാകുന്നു.

(ഡി) ഈ വകുപ്പിൽ മുമ്പു പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും ഗവർമ്മെന്റിന്റെ നിയന്ത്രണത്തിനും അധീനമായി ലൈസൻസുകൊടുക്കുന്നതിനുള്ള അധികൃതന്മാർക്ക് തങ്ങൾക്കു യോഗ്യമെന്നു തോന്നുന്ന ആളുകൾക്കു അവർ ചുമത്തപ്പെടത്താവുന്നതായ പ്രതിജ്ഞകളിന്മേലും വ്യവസ്ഥകളിന്മേലും നിയന്ത്രണങ്ങൾക്കധീനമായും ലൈസൻസുകൾ കൊടുക്കാവുന്നതാകുന്നു.

൬. (൧) ഈ റെഗുലേഷനിലെ വ്യവസ്ഥകളേയോ, അതനുസരിച്ചുണ്ടാക്കപ്പെട്ട ചട്ടങ്ങളേയോ, ഈ റെഗുലേഷൻപ്രകാരം വല്ല ലൈസൻസും അവയിന്മേലോ അവയ്ക്കധീനമായോ, കൊടുക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളേയോ നിയന്ത്രണങ്ങളേയോ നിഷേധിച്ചുകൊണ്ടു്, ഒരു സിനെമെറ്റോഗ്രാഫ് ഉടമസ്ഥനോ ചുമതലവഹിക്കുന്ന ആളോ അതിനെ ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിനനുവദിക്കുകയോ, അല്ലെങ്കിൽ ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോ നിവാസിയോ ആ സ്ഥലം ഉപയോഗപ്പെടുത്തുന്നതിനനുവദിക്കുകയോ ചെയ്യുന്നതായിരുന്നാൽ, ആയിരം രൂപാവരെ എത്താവുന്ന പിഴശിക്ഷയ്ക്കും, തുടർച്ചയായ ലംഘനത്തിന്റെ സംഗതിയിൽ തന്റെ ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും നൂറു് രൂപാ വരെ എത്താവുന്ന കൂടുതൽ പിഴശിക്ഷയ്ക്കും അർഹനായിരിക്കുന്നതും, ലൈസൻസുവല്ലതുമുണ്ടായിരുന്നാൽ, ആയതു ലൈസൻസു കൊടുക്കുന്ന അധികൃതന്മാരാൽ പിൻവലിക്കപ്പെടുന്നതിനിടയാകുന്നതുമാകുന്നു.

ഈ റെഗുലേഷനേയോ അതനുസരിച്ചുണ്ടാക്കപ്പെടുന്ന ചട്ടങ്ങളേയോ നിഷേധിക്കുന്നതിനുള്ള ശിക്ഷ.

(൨) യാതൊരാളും വല്ല ചലനചിത്രം സംബന്ധിച്ചും ഈ റെഗുലേഷൻപ്രകാരം ശിക്ഷാർഹമായ ഒരു കുററം ചെയ്തതായി വിധിക്കപ്പെടുന്നെങ്കിൽ കുററം വിധിക്കുന്ന കോർട്ടിനു ചലനചിത്രയന്ത്രം ഗവർമ്മെന്റിലേക്കു കണ്ടുകെട്ടപ്പെട്ടതായിരിക്കുമെന്നും, കൂടുതലായി, പ്രണയനം ചെയ്യാവുന്നതാകുന്നു.

൭. (൧) ഗവർമ്മെന്റു് ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ, ഗവർമ്മെന്റിനു് ചലനചിത്രാവലികൾ പരിശോധിക്കുന്നതിനും, അവ പബ്ലിക്ക് പ്രദർശനത്തിനു തക്കതെന്നു് സാക്ഷ്യപ്പെടുത്തുന്നതിനായി ആവശ്യമെന്നു് തോന്നുന്നെടത്തോളം അധികൃതന്മാരെ നിയമിക്കാവുന്നതാകുന്നു. അങ്ങിനെയുള്ള ഏതെങ്കിലും അധികൃതന്മാരുടെ സർട്ടിഫിക്കേറുകൾ സർട്ടിഫിക്കേററിൽ നിർദ്ദേശിച്ചിരിക്കാവുന്ന അന്തരാളത്തിൽ സാധുവായിരിക്കുന്നതുമാകുന്നു.

ചലനചിത്രാവലികളുടെ സാക്ഷ്യപ്പെടുത്തൽ.

(൨) അങ്ങിനെയുള്ള വല്ല അധികൃതനും പരിശോധനക്കുശേഷം ചലനചിത്രാവലി പബ്ലിക്കപ്രദ

ർശനത്തിന് തക്കതാണെന്ന് വിചാരിക്കപ്പെട്ടെങ്കിൽ, ആ വ്യവസ്ഥക്ക് ഒരു സർട്ടിഫിക്കെററ് അതിനുവേണ്ടി അപേക്ഷിക്കുന്ന ആളിന് കൊടുക്കാവുന്നതും, ചലനചിത്രാവലിയെ നിർദ്ദേശിക്കപ്പെട്ട വിധത്തിൽ അടയാളപ്പെടുത്തുന്നതിനു ചട്ടം കെട്ടേണ്ടതും ആകുന്നു.

(ഇ) അധികൃതന്മാർ ഒരു ചലനചിത്രാവലി പബ്ളിക്ക് പ്രദർശനത്തിനു യോഗ്യമല്ലെന്ന് അഭിപ്രായപ്പെട്ടെങ്കിൽ അവർ സർട്ടിഫിക്കെററിന് അപേക്ഷിക്കുന്ന ആളിന് തങ്ങളുടെ തീർച്ചയെപ്പററി അറിവുകൊടുക്കേണ്ടതും അങ്ങിനെയുള്ള ആളിന് അങ്ങിനെയുള്ള തീർച്ചയുടെ തീയതികഴിഞ്ഞു മുപ്പതുദിവസത്തിനകം സംഗതിയെപ്പററി ഗവണ്മെൻറിന്റെ പുനരാലോചനക്കുവേണ്ടി അപ്പീൽകൊടുക്കാവുന്നതും അവരുടെ തീർച്ചഅവസാനമായിരിക്കുന്നതും ആകുന്നു.

(എഫ്) ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന് രേഖാമൂലമായ തന്റെ കാരണങ്ങളെ പ്രസ്താവിച്ചതിൽപിന്നെ ഒരു ഉത്തരവിനാൽ ഗവണ്മെൻറു തീർച്ചയെ പ്രതിക്ഷിച്ചുകൊണ്ട് വല്ല ചലനചിത്രാവലിയുടേയും സർട്ടിഫിക്കെററ്, നിർത്തിവയ്ക്കാവുന്നതും അങ്ങിനെയുള്ള നിർത്തിവയ്ക്കൽ കാലത്തിൽ ചലനചിത്രാവലി സാക്ഷ്യപ്പെടുത്തിട്ടില്ലാത്തതെന്നായി ഗണിക്കപ്പെടുന്നതുമായിരിക്കും. അദ്ദേഹം ഉടൻതന്നെ തന്റെ ഉത്തരവിന്റെ ഒരു പകർപ്പ് ഗവണ്മെൻറിലേക്ക് അയക്കേണ്ടതും, ഗവണ്മെൻറ് തങ്ങളുടെ വിവേകബുദ്ധിയുപയോഗിച്ച് അദ്ദേഹത്തിന്റെ ഉത്തരവിനെ റദ്ദാക്കുകയോ ഗവണ്മെൻറ്ഗസററിൽ പരസ്യംമൂലം ആ ചലനചിത്രാവലി തിരുവിതാംകോട്ടൊട്ടുക്കൊ അതിൽ വല്ല ഭാഗത്തോ സാക്ഷ്യപ്പെടുത്തിട്ടില്ലാത്തതായി എണ്ണപ്പെടുന്നതും ആയിരിക്കും.

(ജി) ഗവണ്മെൻറിനു തനിയെതന്നെ ഗവണ്മെൻറ്ഗസററിൽ പരസ്യം ചെയ്യുന്നതിനാൽ, ഒരു സാക്ഷ്യപ്പെടുത്തപ്പെട്ട ചലനചിത്രാവലി തിരുവിതാംകോട്ട മുഴുവനിലൊ വല്ലഭാഗത്തിലുമൊ സാക്ഷ്യപ്പെടുത്തപ്പെടാത്തതെന്നായിട്ട നിർദ്ദേശിക്കാവുന്നതാണ്.

(എച്ച്) ഉപവകുപ്പ് (എഫ്)-ഓ, (ജി)-ഓ പ്രകാരമുള്ള വല്ല ഉത്തരവൊ പ്രണയനമൊ (നിർദ്ദേശമൊ) താല്ക്കാലികമായി ബാധിക്കുന്നതായ ഒരു ചലനചിത്രാവലിയുടെ പ്രദർശനം അങ്ങിനെയുള്ള ഉത്തരവൊ നിർദ്ദേശമൊ സാബന്ധിക്കുന്നതായ അന്തരാളത്തിൽ വകുപ്പ് ൫ (൧)-ൽ കൊടുത്തിട്ടുള്ള വ്യവസ്ഥയെ നിഷേധിച്ചതായി എണ്ണപ്പെടുന്നതായിരിക്കും.

൮. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകളെ നടപ്പിൽ വരുത്തുന്നതിനായിട്ട് ഗവർമ്മെൻറിനു ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം. ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(൨) പ്രത്യേകമായിട്ടും മേൽ പറഞ്ഞിരിക്കുന്ന അധികാരത്തിന്റെ സാമാന്യതയ്ക്ക് പ്രതികൂലമല്ലാതെയും, ഈ വകുപ്പ്പ്രകാരമുള്ള ചട്ടങ്ങൾ താഴെപറയുന്നസംഗതികളെ വ്യവസ്ഥചെയ്യാവുന്നതാണ്

(എ) പൊതുജനരക്ഷയെ ഉറപ്പുവരുത്തുന്നതിലേക്ക് സിനെമറേറാഗ്രാഫ് പ്രദർശനങ്ങളുടെക്രമീകരണം

(ബി) ചലന ചിത്രാവലികൾ പബ്ളിക്ക് പ്രദർശനങ്ങൾക്ക് യോഗ്യമെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഏർപ്പെടുത്തിട്ടുള്ള അധികൃതന്മാരുടെനടപടിയും അതിനുസഹായിക്കുന്നഎല്ലാസംഗതികളും ആ അധികൃതന്മാരാൽ ചുമത്തപ്പെടേണ്ടതായ ഫീസുകൾ.

(സി) ഈ റഗുലേഷനിലെ വ്യവസ്ഥകൾ വല്ലതിന്റെയും പ്രവൃത്തനത്തിൽ നിന്നും വല്ല മുനിസിപ്പാൽ അന്തരാളത്തെയും ഒഴിവാക്കുന്ന സംഗതി.

(ഡി) ഈ റഗുലേഷനനുസരിച്ച് നിർദ്ദേശിക്കപ്പെടേണ്ടതായ മററു വല്ലസംഗതിയും,

(ഇ) ഈ റഗുലേഷനനുസരിച്ച് ഉണ്ടാക്കപ്പെട്ട എല്ലാചട്ടങ്ങളേയും ഗവണ്മെൻറു ഗസററിൽ പ്രസിദ്ധംചെയ്യുന്നതും, അങ്ങിനെ പ്രസിദ്ധപ്പെടുത്തുമ്പോൾ അവയ്ക്കു ഈ റഗുലേഷനിൽ വ്യവസ്ഥചെയ്തിരുന്നാൽ എന്നതുപോലെയുള്ള ബലമുണ്ടായിരിക്കുന്നതുമായിരിക്കും.

൯. ഗവണ്മെൻറിനു രേഖാമൂലമായ ഉത്തരവിനാൽ, അവർ ചുമത്താവുന്ന വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും അധീനമാകുന്നടത്തോളം, ഈ റഗുലേഷനിലെ വ്യവസ്ഥകൾ വല്ലതിൽ നിന്നുമൊ അതനുസരിച്ചുണ്ടാക്കപ്പെട്ട വല്ലചട്ടങ്ങളിൽനിന്നുമൊ വല്ലസിനെമറേറാഗ്രാഫ് പ്രദർശനത്തെയോ, വല്ലതരത്തിലുള്ള സിനെമറേറാഗ്രാഫ് പ്രദർശനങ്ങളേയൊ ഒഴിവാക്കാവുന്നതാകുന്നു.

൧൦. മുമ്പു കൊടുത്തിട്ടുള്ള വകുപ്പുകളിലടങ്ങിയിട്ടുള്ള വല്ലസംഗതിയുമിരിക്കെ, ഈ റഗുലേഷനിലെ വ്യവസ്ഥകൾ അസല്യസ്വഭാവമില്ലാത്തതും പണംകൊടുത്തൊ കൊടുക്കാതെയൊ ജനസാമാന്യത്തിനു പ്രവേശനം അനുവദിക്കപ്പെടാത്ത സ്വകാര്യഭവനങ്ങളിൽ നടത്തുന്നതുമായ യാതൊരു സിനെമറേറാഗ്രാഫ് പ്രദർശനത്തെയും ബാധിക്കുന്നതല്ലായിരിക്കും.

ഉദ്ദേശകാരണവിവരം.

ബില്ലിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് സിനെമറേറാഗ്രാഫ്പ്രദർശനങ്ങളുടെ ശരിയായ നിയന്ത്രണം അവയെ കാണ്മാൻ പോകുന്ന ജനങ്ങളുടെ രക്ഷയെ പ്രത്യേകം മുൻനിറുത്തിക്കൊണ്ട് ഉറപ്പുവരുത്തുന്നതും പൊതുജനങ്ങൾക്കു യോഗ്യമല്ലാത്തതൊ ദുഷ്പ്രഫലങ്ങളുള്ളതൊ ആയ ചലന ചിത്രാവലികളെ പ്രദർശിപ്പിക്കുന്നതിനെ തടയുന്നതും ആകുന്നു. സിനെമറേറാഗ്രാഫ് പ്രദർശനങ്ങളിൽ കണ്ടുവരുന്നതായ അഗ്നിബാധയിൽ നിന്നുള്ള പ്രത്യേക അപകടം, ഇക്കാരണത്താൽ മററുരാജ്യങ്ങളിലുണ്ടായിട്ടുള്ള ഭയങ്കര ആപത്തുകളാൽ ദൃഷ്ടാന്തീകരിക്കപ്പെട്ടിട്ടുള്ളതുപോലെ, കാഴ്ചക്കാരുടെ രക്ഷയെകരുതി ഉപയോഗപ്പെടുത്തപ്പെട്ട സ്ഥലത്തിന്റെ നിർമ്മാണാവസ്ഥാന്തരങ്ങളെപ്പററി ശരിയായ കരുതൽ ഉണ്ടാക്കുന്നതിനെ ഒരു പ്രധാനവിഷയമാക്കിത്തീർക്കുന്നു.

അതനുസരിച്ച് നിർദ്ദേശിക്കപ്പെട്ട അധികാരത്താൽ കൊടുക്കപ്പെട്ട ലൈസൻസിലെ വ്യവസ്ഥകളനുസരിച്ചല്ലാതെ, യാതൊരു പ്രദർശനവും നടത്തപ്പെടരുതെന്നു ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ലൈസൻസ് ഉദ്ദേശിക്കുന്നതു് റഗുലേഷന്റെ ഉദ്ദേശങ്ങൾ അനുകരിക്കപ്പെട്ടിരിക്കുന്നു എന്നും അതുൾപ്പെടുത്തുന്ന പ്രദർശനകാഴ്ചക്കാരുടെ രക്ഷയ്ക്കുവേണ്ടി മതിയായ കരുതലുകൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായിട്ടത്രെ.

സംസ്ഥാനത്തു് പ്രദർശനത്തിനായി ഉദ്ദേശിക്കപ്പെട്ട എല്ലാചലന ചിത്രാവലികളും പാസ്സാക്കുന്നതിനു ആവശ്യമായിരിക്കുന്നതും മുമ്പുതന്നെ പ്രസ്താവിക്കപ്പെട്ട കാരണങ്ങളാൽ, അതിന്റെ നിർമ്മാണം പൊതുജനക്ഷേമത്തിനു ദൂഷ്യമാണെന്നു് വിചാരിക്കപ്പെടുന്നവല്ലചലന ചിത്രാവലിയുടെ വിഷയത്തിൽ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനു് അധികാരമുണ്ടായിരിക്കുന്നതും ആയ അധികാരങ്ങളെ ഏർപ്പെടുത്തുന്നതിനുകൂടി ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

ബില്ലിൽ സാധാരണയായി ആളുകളുണ്ടാകുന്ന വ്യവസ്ഥയുണ്ടാക്കപ്പെടുത്തുകയും വല്ല സിനെമറ്റോഗ്രാഫ് പ്രദർശനത്തേയോ, വല്ലതരത്തിലുമുള്ള സിനെമറ്റോഗ്രാഫ് പ്രദർശനങ്ങളേയോ നിയമത്തിന്റെ വ്യവസ്ഥകളിൽ നിന്നൊഴിവാക്കുന്നതിനു ഗവർമ്മെന്റിനു കഴിവുണ്ടാക്കുകയും ചെയ്യുന്നു. കടശ്ശിയായി ആ റെഗുലേഷനു വിരോധമായോ, അപ്രകാരമുണ്ടാക്കപ്പെട്ടവകൾക്കെതിരായോ ചെയ്യപ്പെടുന്ന കുറ്റങ്ങൾക്ക ശിക്ഷയെവ്യവസ്ഥചെയ്യുന്നു.

ബിൽ ൧൯൧൮-ാമാണ്ടത്തെ ൨-ാമത്തെ റെഗുലേഷനായ ബ്രിട്ടീഷ് ഇൻഡ്യാ ആക്ടിന്റെ രീതിയിൽ തയ്യാറാക്കിയിട്ടുള്ളതാണെങ്കിലും പ്രസ്തുത നിയമത്തിന്റെ പ്രവർത്തനത്തിൽ നിന്നു അസഭ്യ സ്വഭാവമില്ലാത്തതും സ്വകാര്യഭവനങ്ങളിൽ നടത്തപ്പെടുന്നതും ആയ സിനെമറ്റോഗ്രഫ് പ്രദർശനങ്ങളെ ഒഴിവാക്കുന്നതിൻ പ്രത്യേക വ്യവസ്ഥചെയ്തിട്ടുണ്ടു്.

ആജ്ഞപ്രകാരം,
ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

പരിശിഷ്ടം- ഇ.

താഴെപറയുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം നിയമസഭാ റൂൾസിൽ ൨൯-ാംറൂൾ പ്രകാരം പൊതുജനങ്ങളുടെ അറിവിനായിപ്രസിദ്ധം ചെയ്തിരിക്കുന്നു.

൧൧൦൦-ാമാണ്ടത്തെ ൩-ാം റെഗുലേഷനായ തിരുവിതാംകോട്ട കാലഹരണ റെഗുലേഷൻ ൧൧൦൦-ാമാണ്ടത്തെ ൯-ാം റെഗുലേഷൻ പ്രകാരം ഭേദപ്പെടുത്തിട്ടുള്ളതിനെ വീണ്ടും ഭേദപ്പെടുത്തുന്നതിലേക്കുള്ള ഒരു ബിൽ

൧൧൦൦-ാമാണ്ടത്തെ ൩-ാം റെഗുലേഷനായ തിരുവിതാംകോട്ട കാലഹരണ റെഗുലേഷൻ ൧൧൦൦-ാമാണ്ടത്തെ ൯-ാം റെഗുലേഷൻ പ്രകാരം ഭേദപ്പെടുത്തിട്ടുള്ളതിനെ താഴെ വെളിപ്പെടുന്ന സാദ്ധ്യത്തിന്നായിട്ട വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമെന്നു തോന്നുന്നതിനാൽ,

താഴെ പറയുന്നപ്രകാരം ഇതിനാൽ വ്യവസ്ഥചെയ്തിരിക്കുന്നു.

൧. ൧൧൦൦-ാമാണ്ടത്തെ ൩-ാം റെഗുലേഷനായ തിരുവിതാംകോട്ട കാലഹരണ റെഗുലേഷന്റെ ഒന്നാം പട്ടികയിൽ മൂന്നാംഭാഗത്തു്

(എ) ൧൪൯ (എ) ഖണ്ഡത്തിൽ ഒന്നാമത്തെ കാളത്തിൽ ചേർത്തിരിക്കുന്ന ൨൯൪, ൯൯൦, ൯൯൨ എന്നീ സംഖ്യകൾക്ക പകരമായി യഥാക്രമം ൨൯൭, ൯൯൩, ൯൯൬ എന്നുള്ള സംഖ്യകൾ ചേർത്തുകൊള്ളേണ്ടതും 'പീനൽ കോർഡു, എന്നുള്ളതിനു മുമ്പിൽ 'തിരുവിതാംകോട്ടു, എന്നവാക്ക ചേർക്കേണ്ടതുമാകുന്നു.

(ബി) ൧൪൯ (ബി) ഖണ്ഡത്തിൽ ഒന്നാമത്തെ കാളത്തിൽ ചേർത്തിരിക്കുന്ന ൪൪൭, ൫൦൦. ൫൦൧, ൫൦൨ എന്നീസാംഖ്യകൾക്ക പകരമായി യഥാക്രമം ൪൯൪, ൫൦൩, ൫൦൪, ൫൦൬ എന്നീസംഖ്യകൾ ചേർത്തുകൊള്ളേണ്ടതും 'പീനൽ കോഡു' എന്നുള്ളതിനു മുമ്പിൽ 'തിരുവിതാംകോട്ടു, എന്നവാക്ക ചേർക്കേണ്ടതുമാകുന്നു.

ഉദ്ദേശകാരണവിവരം.

൧൧൦൦-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ തിരുവിതാംകോട്ട കാലഹരണ റെഗുലേഷന്റെ ൧൪൯-ാം ഖണ്ഡത്തിൽ ൧-ാം കാളത്തിൽ പറഞ്ഞിരിക്കുന്ന പീനൽ കോഡിന്റെ സെക്ഷനുകൾ ഇൻഡ്യൻ പീനൽ കോഡിന്റെ സെക്ഷനുകളെ ഉദ്ദേശിക്കുന്നു എന്നുള്ളതുസ്പഷ്ടമാകുന്നു. ആയവയെ തിരുവിതാംകോട്ട പീനൽ കോഡിലെ വ്യവസ്ഥകളുമായി അനുക്രമണം ചെയ്യുന്നതിലേക്കാകുന്നു ഈഭേദഗതിബിൽ തയ്യാറാക്കപ്പെട്ടിട്ടുള്ളതു്

ഉത്തരവിൻപ്രകാരം,
ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സിക്രട്ടറി,

പരിശിഷ്ടം- എഫ്.

താഴെ പറയുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം നിയമസഭാറൂൾസിൽ ൨൯-ാം റൂൾ പ്രകാരം പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

൧൦൯൬-ാമാണ്ടത്തെ ൭-ാം റെഗുലേഷനായ തിരുവിതാംകോട്ട ആദായനികുതി റെഗുലേഷൻ ൧൧൦൦-മാണ്ടത്തെ ൫-ാം റെഗുലേഷൻ പ്രകാരം ഭേദപ്പെടുത്തിട്ടുള്ളതിനെ വീണ്ടും ഭേദപ്പെടുത്തുന്നതിലേക്കുള്ള ഒരുബിൽ

൧൦൯൬-ാമാണ്ടത്തെ ൭-ാം റെഗുലേഷനായ തിരുവിതാംകോട്ട ആദായനികുതി റെഗുലേഷൻ ൧൧൦൦-ാമാണ്ടത്തെ ൫-ാം റെഗുലേഷൻപ്രകാരം ഭേദപ്പെടുത്തിട്ടുള്ളതിനെ താഴെ വെളിപ്പെടുന്ന സാദ്ധ്യത്തിനായിട്ട വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമെന്നു തോന്നുന്നതിനാൽ, താഴെപറയുന്ന പ്രകാരം ഇതിനാൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

൧. ൧൧൦൦-ാമാണ്ടത്തെ ൫-ാം റെഗുലേഷൻ പ്രകാരം ഭേദപ്പെടുത്തപ്പെട്ട ൧൧൦൦-ാമാണ്ടത്തെ ൭-ാം റെഗുലേഷനായ (മേലാൽ 'പ്രസ്തുത റെഗുലേഷൻ' എന്നു പറയപ്പെടുന്ന) തിരുവിതാംകോട്ട ആദായനികുതി റെഗുലേഷൻ; വകുപ്പ ൨. ഉപവകുപ്പ് (൧) (ബി) യിൽ തിരുവിതാംകോട്ടുള്ള ഭൂസ്വത്തു, എന്നുള്ളതിനുപകരമായി (എ) വാചകത്തിൽ പറഞ്ഞിട്ടുള്ളപ്രകാരമുള്ള തിരുവിതാംകോട്ടിൽ സ്ഥിതിചെയ്യുന്നതു മായ ഭൂസ്വത്തു, എന്നു ചേർക്കേണ്ടതാകുന്നു.

൧൦൯൬-ലെ ൭-ാം റെഗുലേഷൻ ൨-ാംവകുപ്പിന്റെ ഭേദഗതി

൨. പ്രസ്തുത റഗുലേഷൻ വകുപ്പ് ൯൨-ന കൊടുത്തിട്ടുള്ള അനുസന്ധിയിൽ (സാങ്കേതത്തിൽ) 'അപേക്ഷകൻ' എന്നുള്ളതിനു പകരമായി 'അപ്പീൽ വാദി' എന്നു ചേർക്കേണ്ടതാകുന്നു.

൧൦൯൬-ലെ ൮-ാം റഗുലേഷനിലെ ൨൨-ാം വകുപ്പിന്റെ ഭേദഗതി.

൩. (൧) പ്രസ്തുത റഗുലേഷനിൽ വകുപ്പ് ൨൪-ൽ ഒന്നാമത്തെ ഖണ്ഡത്തിന് പകരമായി താഴെ പറയുന്നത് ചേർക്കേണ്ടതാകുന്നു, അതായത്:—

ആദായം മറച്ചുവയ്ക്കുന്നതിനുള്ള ശിക്ഷ.

"ഈ റഗുലേഷൻ പ്രകാരമുള്ള നടപടികൾക്കിടയിൽ കളക്ടർക്കോ, കമ്മീഷണർക്കോ നികുതി ചുമത്തപ്പെടുന്ന ഒരാൾ തന്റെ ആദായത്തിന്റെ വിവരങ്ങളെ മറച്ചുവയ്ക്കുകയോ അങ്ങിനെയുള്ള ആദായത്തെപ്പറ്റി അതിന്റെ യഥാർത്ഥമായതുകയിൽ കുറവായി കണക്കുകാട്ടുകയോ ചെയ്തിട്ടുണ്ടെന്നും അവാസ്തവങ്ങളായ വിവരങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം നികുതി ചുമത്തപ്പെടുന്ന ആൾ കണക്കുകൊടുത്തിട്ടുള്ള ആദായം ശരിയായ ആദായമാണെന്ന് അംഗീകരിക്കപ്പെട്ടിരുന്നെങ്കിൽ ഒഴിഞ്ഞുകളയാമായിരുന്ന ആദായനികുതിയിൽ കുറയാത്തതായ ഒരു തുക പിഴശിക്ഷയായി കൂടുതൽ കൊടുക്കേണ്ടതാണെന്ന് അദ്ദേഹത്തിനു നിർദ്ദേശിക്കാവുന്നതാകുന്നു.

(൨) മേല്പറഞ്ഞ സെക്ഷൻ ൨൪-ന് കൊടുത്തിട്ടുള്ള രണ്ടാംസങ്കേതത്തിൽ 'ഒരു ശിക്ഷാരൂപമായ നികുതിചുമത്തൽ ചെയ്യപ്പെടുന്നു' എന്നുള്ളതിനു പകരമായി 'ഒരു പിഴശിക്ഷ ചുമത്തപ്പെട്ടിരിക്കുന്നു' എന്നുള്ള വാക്കുകൾ ചേർക്കപ്പെടേണ്ടതാകുന്നു.

ഉദ്ദേശകാരണവിവരം.

൧. ആദായനികുതിറഗുലേഷനിൽ 'കൃഷിയാദായം' അതിനു കൊടുത്തിട്ടുള്ള നിർവചനമനുസരിച്ച് ആദായനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. റഗുലേഷന്റെ (൧൦൯൬-ാമാണ്ടത്തെ ൮-ാം റഗുലേഷൻ) സെക്ഷൻ ൨-ൽ അടങ്ങീട്ടുള്ള ആ നിർവചനപ്രകാരം കൃഷിയാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന ഭൂസ്വത്തിൽനിന്നു കിട്ടുന്ന പാട്ടമോ കരമോ കൃഷിയാദായമായിരിക്കുന്നതും അതിനാൽ പ്രസ്തുത ഭൂസ്വത്തിന്മേൽ ഭൂനികുതി ചുമത്തപ്പെടുകയോ അത് ഗവണ്മെന്റിൽനിന്നും ചുമത്തപ്പെടുന്നതും വസൂൽചെയ്യുന്നതുമായ വല്ല പ്രാദേശിക വരിയിലുൾപ്പെടുകയോ ചെയ്തിരുന്നെങ്കിൽ മാത്രമേ ആദായനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടതായിരിക്കയുള്ളു. എന്നാൽ ഹൈക്കോർട്ടിന്റെ ഒരു ഫുൾബെഞ്ച് അവരുടെ ൧൧൦൦-ാമാണ്ടത്തെ ൧൦൯൬-ാം നമ്പർ നടപടിയിൽ സെക്ഷൻ ൨ ഉപസെക്ഷൻ (൧) വാചകം (ബി)യിൽ ഉപവാചകം (൧)-ന്റെ പരിധിയിലുൾപ്പെടുന്ന കൃഷിയിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ സംഗതിയിൽ അങ്ങിനെയുള്ള ആദായം അതു ലഭിച്ചിട്ടുള്ള ഭൂസ്വത്തിന്മേൽ നികുതി ചുമത്തപ്പെടുന്നെങ്കിലും ഇല്ലെങ്കിലും കൃഷിയാദായമാണെന്നും അതുകൊണ്ടു ആദായനികുതിയിൽനിന്നു ഒഴിവാക്കപ്പെട്ടതാണെന്നും വ്യാഖ്യാനിച്ചിരിക്കുന്നു. ഭൂസ്വത്തിൽനിന്നു ലഭിച്ചിട്ടുള്ള ആദായത്തിന്റെ ഭാരാചതിന്നും ഭൂമിയിന്മേൽ മുമ്പുതന്നെ നികുതിചുമത്തപ്പെട്ടിരുന്നുവെങ്കിൽ മാത്രമേ ഭാഗിയായിരിക്കയുള്ളു എന്നതിനാൽ ഭൂമിയിൽനിന്നു കിട്ടുന്ന യാതൊരാദായവും അങ്ങിനെയുള്ള ഭൂമിയിന്മേൽ വല്ല കരമോ പ്രാദേശികവരിയോ ഗവണ്മെന്റിലേക്ക് മുമ്പുതന്നെ ഒടുക്കിവരുന്നെങ്കിലല്ലാതെ കൃഷിയാദായമായിരിക്കയും അപ്രകാരം ആദായനികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടതായിരിക്കയും ചെയ്യുകയുള്ളു എന്നുള്ളതിനെ സ്പഷ്ടമാക്കുന്നതിലേക്ക് സെക്ഷൻ ൨-നെ ഭേദപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

൨. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മററു ഭേദഗതികൾ ഏറെക്കുറെ ഫലത്തിൽ വാക്പ്രയോഗസംബന്ധിച്ചിട്ടുള്ളവയും ഈ വ്യവസ്ഥകളെ ബ്രിട്ടീഷ്ഇൻഡ്യയിൽ നടപ്പിലിരിക്കുന്ന വ്യവസ്ഥകളുമായി അനുക്രമണംചെയ്യുന്നതിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നവയും ആകുന്നു.

ഉത്തരവിൻപ്രകാരം,
ടി. പി. രാമസുബ്ബയ്യർ
നിയമസഭാസെക്രട്ടറി.

(A true Translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെസഭ.

ഒന്നാമത്തെ സെഷൻ. ൧൧൦൧.

൧൯൩൪ നവംബർ ൨൮-ാം ബുധനാഴ്ച.

(അഫിഷ്യൽറിപ്പോർട്ട്)

സഭകൂടെയോഗം പകൽ ൧൧-നു ൧ മണിക്ക് വിക്ടോറിയാജൂബിലിടൗൺഹാളിൽ വീണ്ടും കൂടി. പ്രസിഡന്റു അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാന്റിങ്ങ് ഓർഡർ ൧൨ പ്രകാരം പ്രെസിഡന്റു പുറപ്പെടുവിച്ച ഉത്തരവു:—

൧. സഭയുടെ ഒരു യോഗത്തിൽ ചോദിപ്പാനുള്ള ചോദ്യങ്ങളുടെയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടെയും അച്ചടിച്ച പകർപ്പുകൾ പ്രെസിഡന്റു ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനുമുൻപായി മേശപ്പുറത്തു വച്ചിരിക്കണം.

൨. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിരിക്കുന്നക്രമപ്രകാരം ആയിരിക്കണം:—

ഓരോ പ്രശ്നകർത്താവിന്റെയും പേർ വിളിക്കുമ്പോൾ ക്രമപ്രകാരം സെക്രട്ടറി വിളിക്കും, അദ്ദേഹത്തിന്റെ ചോദ്യങ്ങൾ അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തിട്ട് അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിപ്പാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവിധം തന്റെ സ്ഥാനത്തു എഴുന്നേറ്റു നിൽക്കാൻ അദ്ദേഹം ശ്രദ്ധിക്കണം. പ്രധാനചോദ്യങ്ങളെ തുടർന്നുവരുന്ന അതാതുസംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കാവുന്നതാകുന്നു.]

വിദ്യാലയങ്ങളിൽ പിഴചുമത്തുന്നതിനെസംബന്ധിച്ചു.

൨൦. മി: സി. പി. ചെറിച്ചുകുഞ്ഞുപിള്ള (കോട്ടയവും കുന്നത്തുനാടും): ൧൧൦൯ ആഗസ്റ്റ് ൨൨-ാംനു കൂടിയ നിയമസഭയുടെ യോഗത്തിൽ ൫൧-ാമതു ചോദ്യം (ജി), (എച്ച്), (ഐ) എന്നിവയ്ക്കു ഗവൺമെന്റ നൽകിയ മറുപടിയെസംബന്ധിച്ചിടത്തോളം ഫീസാദികളിൽ അക്രമമായി പിഴ ചുമത്തുന്നവിഷയത്തിൽ വീണ്ടും കൂടുതലായ വല്ലതിലും നടപടി ഗവൺമെന്റ നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ ഫലം എന്താണെന്നും ദയവായിപറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെന്റസെക്രട്ടറി): അക്രമമായി പിഴചുമത്തിയ ഹെഡ്മാസ്റ്റരന്മാരെ ശാസിച്ചിട്ടുള്ളതും അപ്രകാരം അവർ ഈടാക്കിയ പിഴ സംബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് തിരിച്ചുകൊടുക്കുന്നതിനു ആജ്ഞാപിച്ചിട്ടുള്ളതും ആകുന്നു.

മറവസമുദായത്തിലെ അംഗങ്ങൾക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനെസംബന്ധിച്ചു.

൨൧. മി: എസ്സ്. ജ്ഞാനജോഷ്വ (നിയമിക്കപ്പെട്ടമെംബർ): (എ) തോവാള, അഗസ്തീശ്വരം, ചെങ്കോട്ട എന്നീ താലൂക്കുകളിൽ പുതുവൽഭൂമികളും പുറമ്പോക്കുഭൂമികളും പതിച്ചുകൊടുക്കുന്നതിലേക്കു നിർധനമറവർ കുടുംബങ്ങളിൽനിന്നു അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(ബി) അപ്രകാരമുള്ള കുടുംബങ്ങളുടെപേരിൽ ഇതുവരെയും പതിച്ചുകൊടുത്തിട്ടുള്ള ഭൂമികളുടെ മൊത്തം വിസ്തീർണം എന്താണ്?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെന്റസെക്രട്ടറി).

(എ) തോവാള, ചെങ്കോട്ട എന്നീതാലൂക്കുകളിലുള്ള മറവർകുടുംബങ്ങളിൽനിന്നും പുതുവൽഭൂമികളോ പുറമ്പോക്കുഭൂമികളോ പതിച്ചുകൊടുക്കുന്നതിനു അപേക്ഷ കിട്ടിയിട്ടില്ല. അഗസ്തീശ്വരം താലൂക്കിൽനിന്നു അപ്രകാരമുള്ള മൂന്നു അപേക്ഷകൾ വന്നിട്ടുണ്ടായിരുന്നതിൽ രണ്ടു അപേക്ഷകളെ സംബന്ധിച്ചിടത്തോളം പതിച്ചുകൊടുക്കാതെതന്നെ മറുവിധം തീരുമാനിച്ചു; ഒരെണ്ണം തീരുമാനിക്കാതെ കിടക്കുന്നു.

(ബി) അപ്രകാരമുള്ള കുടുംബങ്ങളുടെപേരിൽ തോവാളതാലൂക്കിലൊ അഗസ്തീശ്വരംതാലൂക്കിലൊ ചെങ്കോട്ടതാലൂക്കിലൊ നാളിതുവരെ ഭൂമി പതിച്ചുകൊടുത്തിട്ടില്ല.

സാമ്പവർജാതിക്കാരുടെ ഗ്രാമങ്ങളിലേക്കുള്ള അപ്രോച്ചുറോഡുകൾക്കായി പൊന്നുംവിലകൊടുത്തു ഭൂമി എടുക്കുന്നതിനെസംബന്ധിച്ചു.

൨൨. മി: എസ്സ്. ജ്ഞാനജോഷ്വ (നിയമിക്കപ്പെട്ടമെംബർ): (എ) സാമ്പവർജാതിക്കാരുടെ ഗ്രാമങ്ങളിലേക്കുള്ള അപ്രോച്ചുറോഡുകൾക്കായി എടുക്കപ്പെടുന്ന ഭൂമികൾക്കു അവരുടെപക്കൽനിന്നും പ്രതിഫലം ആവശ്യപ്പെടാൻ പാടില്ലെന്നു ഒരു ഗവൺമെന്റുത്തരവുണ്ടോ?

(ബി) ഈ ഉത്തരവു എന്നാണു പാസ്സാക്കിയതു്?

(സി) പ്രസ്തുതഉത്തരവു തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു, ചെങ്കോട്ട എന്നീ താലൂക്കുകളിലെ തഹശീൽദാരന്മാർക്കു അയച്ചുകൊടുത്തിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ എന്നാണു അയച്ചുകൊടുത്തതു്?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെന്റസെക്രട്ടറി):

(എ) ഉണ്ടു്. അധഃകൃതവർഗ്ഗക്കാരുടെ ഉപയോഗത്തിനു ആവശ്യമുള്ള റോഡുകൾ ആകുന്നിടത്തോളം ഗവൺമെന്റചെലവിന്മേൽ തീർക്കപ്പെടണമെന്നു ഒരു ഉത്തരവുണ്ടു്.

(ബി) ൧൧൦൮ മേയ് ൨൭-ാംനു-യാണ് പ്രസ്തുത ഉത്തരവു പാസ്സാക്കപ്പെട്ടതു്.

(സി)യും (ഡി)യും— പ്രസ്തുത ഉത്തരവു ൧൧൦൯ കർക്കടകം ൩-ാംനു- തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിലെ തഹശീൽദാരന്മാർക്കും ൧൧൦൯ മിഥുനം ൪-ാംനു- കൽക്കുളം, വിളവംകോടു എന്നീ താലൂക്കുകളിലെ തഹശീൽദാരന്മാർക്കും അയച്ചുകൊടുത്തിട്ടുള്ളതായി റിപ്പോർട്ടുചെയ്തിരിക്കുന്നു. ചെങ്കോട്ടതഹശീൽദാരന്മാർക്കു പ്രസ്തുത ഉത്തരവു അയച്ചുകൊടുത്തിട്ടില്ലെന്നു റിപ്പോർട്ടുചെയ്തിരിക്കുന്നു.

പ്ലാന്റിംഗ്ഡിസ്ത്രിക്റ്റുകളിലുള്ള വൈദ്യസഹായവും ശുചീകരണ ഏർപ്പാടും

൨൩. മി: എസ്സ്. ജ്ഞാനജോഷ്വ (നിയമിക്കപ്പെട്ടമെംബർ):

(എ) പ്ലാന്റിംഗ് ഡിസ്ത്രിക്റ്റുകളിൽ ഗവൺമെന്റവകയായും സഹായധനമായും നൽകപ്പെടുന്നവയുമായി എത്ര ആശുപത്രികളും ഡിസ്പെൻസറികളും സംരക്ഷിക്കപ്പെട്ടുവരുന്നുണ്ടു്?

(ബി) പ്ലാന്റിംഗ് ഡിസ്ട്രിക്ടുകളിൽ കൂലിവേലക്കാരും തോട്ടങ്ങളിൽ വേല ചെയ്യുന്ന മററു ജോലിക്കാരും താമസിക്കുന്ന പ്രദേശങ്ങളെ എന്തെങ്കിലും ഗവണ്മെൻറ ഉദ്യോഗസ്ഥൻ ക്ലിപ്ത സമയങ്ങളിൽ പരിശോധിച്ചു അപ്രകാരമുള്ള പ്രദേശങ്ങളിലെ ശുചീകരണ സ്ഥിതിയെപ്പററി റിപ്പോർട്ടുകൾ സമർപ്പിച്ചുവരുന്നുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഈ സ്ഥലങ്ങളെ യാതൊരു ഗവണ്മെൻറ ഉദ്യോഗസ്ഥനും ക്ലിപ്തസമയങ്ങളിൽ പരിശോധിക്കുന്നില്ല. സംബന്ധപ്പെട്ട തോട്ടങ്ങളുടെ ഉടമസ്ഥന്മാരാണ് പ്രസ്തുതജോലി നോക്കിവരുന്നത്.

ചാന്നാൻകരതോട്ടിൽകൂടി കാൽനടയ്ക്കു ഒരു പാലം പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ച്.

൪൪. മി: എസ്സ്. ജ്ഞാനജോഷ്വാ (നിയമിക്കപ്പെട്ടമെമ്പർ):

(എ) പള്ളിത്തുറ നിന്നു കഴക്കൂട്ടത്തേക്കു പോകുന്ന റോഡിൽ ചാന്നാൻകരതോട്ടിൽകൂടി കാൽ നടക്ക് ഒരു പാലം പണികഴിപ്പിക്കുന്നതിലേക്ക് ഒരു എസ്റ്റിമേററ സമർപ്പിക്കുന്നതിനു ചീഫ് എഞ്ചിനീയരോട് എപ്പോൾ ആവശ്യപ്പെട്ടു എന്നു ഗവണ്മെൻറ ദയവായി പറയുമോ?

(ബി) ൧൧൨൯-ാമാണ്ടത്തേക്കുള്ള പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ പ്രസ്തുതജോലിക്കായി പണം നീക്കിവയ്ക്കുന്നതിനു അദ്ദേഹത്തോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

(സി) ഇക്കാര്യം ഇപ്പോൾ ഏതു സ്ഥിതിയിലാണിരിക്കുന്നത്?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി):

(എ) ൧൯൫൩ ആഗസ്റ്റ് ൫-ാംനു.

(ബി) ഉണ്ട്.

(സി) എസ്റ്റിമേററ ചീഫ് എഞ്ചിനീയരുടെ ആഫീസിൽ പരിശോധനയിലിരിക്കുന്നു.

മി: എസ്സ്. ജ്ഞാനജോഷ്വാ (നിയമിക്കപ്പെട്ടമെമ്പർ):

(എ) വിഷയത്തെ സംബന്ധിച്ചിടത്തോളം വെളിയിലുള്ള പാരിഷ് പാതിരിക്ക് അയച്ചുകൊടുത്തിട്ടുള്ള ഗവണ്മെൻറ ഉത്തരവിൽ നിന്നും കാൽനടയ്ക്കു ഒരു പാലം പണികഴിപ്പിക്കുന്നതിനായി ഒരു എസ്റ്റിമേററ സമർപ്പിക്കുന്നതിനു ൧൯൫൪ ജൂൺ ൨൮-ാംനു ചീഫ് ഇഞ്ചിനീയരോടു ആവശ്യപ്പെട്ടതായും മറുപടിയിൽ പറഞ്ഞിരിക്കുന്നപ്രകാരം ൧൯൫൩ ആഗസ്ററ ൫-ാംനു അല്ലെന്നും കാണുന്നു.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): ൧൯൫൪ ജൂൺ ൨൯-ാംനു-യാണ് പാരിഷ് പാതിരിയെ അറിയിച്ചത്; എന്നാൽ എസ്റ്റിമേററ അയക്കുന്നതിനു ൧൯൫൩ ആഗസ്റ്റ് ൫-ാംനു മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

മി: എസ്സ്. ജ്ഞാനജോഷ്വാ (നിയമിക്കപ്പെട്ടമെമ്പർ): കാൽനടക്കുള്ള ഒരു പാലം ഇല്ലാത്തതുകൊണ്ട് പാരിഷ് പാതിരി ഗവണ്മെൻറിനോടു റിപ്പോർട്ടു ചെയ്തിരിക്കുമ്പോലെ മഴക്കാലത്തു പ്രസ്തുത തോട്ടിൽ ഉണ്ടാകുന്ന അനേകം ശോചനീയമായ മുങ്ങിമരണകേസുകളെ പരിഗണിച്ച് ഈ കൊല്ലവർഷത്തിൻെറ അവസാനത്തിനുമുൻപായി ഒരു പാലം പണികഴിപ്പിച്ചു പൂർത്തിയാക്കുന്നതിനു ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): പണമില്ലാത്തതു കൊണ്ടാണു ഈ ജോലിമാററിവയ്ക്കാൻ ഇടയായതു. പണം ഉണ്ടാകുന്ന പക്ഷം ജോലി തുടങ്ങുന്നതാണ്.

മി: എസ്സ്. ജ്ഞാനജോഷ്വാ (നിയമിക്കപ്പെട്ടമെമ്പർ): ഇതു പാരിഷിലുള്ള ആളുകൾക്കു ഒരു അപായകരമായ സംഗതിയാണ്. ഇപ്പോൾ തന്നെ പല മരണങ്ങളും ഉണ്ടായിട്ടുണ്ട്; ആ സ്ഥലത്തു കാൽ നടയ്ക്കുള്ള ഒരു പാലമുണ്ടായിരുന്നെങ്കിൽ അപ്രകാരമുള്ള മരണങ്ങൾ തടയപ്പെടാമായിരുന്നു.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഈ വിഷയത്തെപ്പററി ചീഫ് ഇഞ്ചിനീയരുമായി എഴുത്തുകുത്തു നടത്തി വേണ്ടതു ചെയ്യാം.

കൃഷിഡിപ്പാർട്ടുമെൻറിനും വ്യവസായഡിപ്പാർട്ടുമെൻറിനും ചെലവാക്കുന്നതിനെ പരിഗണിച്ചു കൃഷിസേചനത്തിനും ഗതാഗതത്തിനും കൂടുതൽ പണം ചിലവാക്കൽ.

൪൫. മി: ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും കൃഷിസേചനം സംബന്ധിച്ച സംരക്ഷണജോലികൾക്കും ഉൽപ്പാദനജോലികൾക്കും ഗതാഗതസൌകര്യങ്ങൾക്കും കൂടുതൽ പണം ചിലവാക്കുന്ന പക്ഷം സംസ്ഥാനത്തിലെ വിളവുകളും ജനങ്ങളുടെ ആദായവും സാരമായ വിധത്തിൽ വർദ്ധിപ്പിക്കപ്പെടാവുന്നതാണെന്നു ജനങ്ങളുടെ പക്കൽ നിന്നും കിട്ടിയിട്ടുള്ള ഹർജികൾ മൂലവും ശ്രീമൂലം പ്രജാസഭയിലേയും നിയമസഭയിലേയും മെമ്പറന്മാരുടെ നിവേദനങ്ങൾ മൂലവും ഗവണ്മെൻറിനു അറിവുകിട്ടിയിട്ടില്ലയോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): കൃഷിസേചനം പരിഷ്കരിക്കപ്പെടാവുന്നതാണെന്നു ഗവണ്മെൻറിനു അറിയാം; അപ്രകാരം പരിഷ്കരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ നടപടികൾ നടത്തിയിട്ടുള്ളതുമാകുന്നു. കൃഷിസേചനം സംബന്ധിച്ചു എന്തെല്ലാം ചെയ്യാമെന്നുള്ളതിനെ അന്വേഷിച്ചറിയുന്നതിനു തൽക്കാലത്തേക്കു ഒരു സ്റ്റാഫ് അനുവദിച്ചിട്ടുള്ളതും അവരെ നിയമിക്കുന്നതു സംബന്ധിച്ചു ചീഫ് ഇഞ്ചിനീയരുടെ നിർദ്ദേശങ്ങളെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നതും ആകുന്നു. ഗതാഗതസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം അവയെ പരിഷ്കരിക്കുന്നതിനു കഴിവുള്ളതെല്ലാം ചെയ്തു വരുന്നുണ്ട്. ജോലികൾക്കും അററകുററപണികൾക്കും ഈയാണ്ടത്തെ ബഡ്ജററിൽ മൊത്തം നീക്കിവച്ചിട്ടുള്ള തുകയിൽ ൭൫ ശതമാനവും ഗതാഗതസൌകര്യങ്ങൾക്കായിട്ടാണു; ഗതാഗതങ്ങൾക്കു നീക്കിവച്ചിട്ടുള്ള മൊത്തം തുകയിൽ ഏകദേശം ൨൫ ശതമാനവും ഉത്തരതിരുവിതാംകൂറിനും മദ്ധ്യതിരുവിതാംകൂറിനുമാണു നീക്കിവച്ചിട്ടുള്ളത്.

ഭരണപരിഷ്കാരങ്ങളെപ്പററി റിപ്പോർട്ടു ചെയ്യുന്നതിനു ഒരു കമ്മിററിയെ നിയമിക്കേണ്ടതിനെ സംബന്ധിച്ച്.

൪൬. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെൻറിൻെറ പൊതുനയത്തിലും ഭരണത്തിലും ഉടൻതന്നെ ആവശ്യമെന്നു കാണപ്പെടുന്ന പരിഷ്കാരങ്ങളെ ക്രോഡീകരിച്ചു റിപ്പോർട്ടു

ഏർപ്പാടുചെയ്യുവാൻ അനുദ്യോഗസ്ഥ ഭൂരിപക്ഷം അടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇതു അറിവു കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചോദിക്കുന്ന ഒരു പ്രശ്നമല്ല; ഇതു ഒരു പ്രമേയത്തിന്റെ പ്രകൃതമായ വിഷയമാണ്.

മത്സ്യവ്യവസായത്തിന്റെ അഭിവൃദ്ധി.

൪൭. മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ):

(എ) സംസ്ഥാനത്തിലെ മത്സ്യവ്യവസായ അഭിവൃദ്ധിയെ സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ എന്നു ഗവണ്മെൻറ ദയവുണ്ടായി പറയുമോ?

(ബി) ഉണ്ടെങ്കിൽ, അപ്രകാരമുള്ള അന്വേഷണഫലങ്ങൾ പൊതുജനങ്ങൾക്കു സൗകര്യമായി കിട്ടത്തക്കവണ്ണം ഏതെങ്കിലും വിധത്തിൽ ഗവണ്മെൻറ രൂപീകരിച്ചിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ, പ്രസ്തുതപദ്ധതിയെപ്പററി ഉടൻ തന്നെ ആലോചിക്കണമെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ലയോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറ സെക്രട്ടറി):

(എ) സംസ്ഥാനത്തിലെ മത്സ്യവ്യവസായം പോഷിപ്പിക്കുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളമാപണത്തിന്റെയും പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകളുടേയും സ്ഥിതി അനുസരിച്ചു അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ഇതുവരെയും നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെ ഫലങ്ങളെ ആസ്പദമാക്കിയിട്ടാണ് കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിലെ മത്സ്യവകുപ്പിലുള്ള ഇപ്പോഴത്തെ പ്രവത്തനം നടക്കുന്നത്.

(ബി) ഇതു വരെയും നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെ ഫലങ്ങൾ പൊതുജനങ്ങൾക്കു കിട്ടത്തക്കവിധത്തിൽ ആണ്ടുതോറുമുള്ള ഭരണറിപ്പോർട്ടുകളിലും ചെറിയ പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധം ചെയ്തിട്ടുള്ളതാകുന്നു.

(സി) (എ) ഭാഗത്തിനുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉണ്ടാകാനിടയില്ല.

കക്കാ പാട്ടംകൊടുക്കുന്നതിനെസംബന്ധിച്ച്.

൪൮. മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ):

(എ) കക്ക പാട്ടംകൊടുക്കുന്നഏർപ്പാട്ട കടൽതീരങ്ങളിൽ വെള്ളം അടിച്ചുകയററുന്ന കക്കകളെ ബാധിക്കുന്നുണ്ടോ എന്നു ഗവണ്മെൻറ ദയവുണ്ടായി പറയുമോ?

(ബി) കക്കാ പാട്ട കൊടുക്കുന്നതിനെസംബന്ധിച്ചു കഠിയപട്ടണം, വിഴിഞ്ഞം എന്നീസ്ഥലങ്ങളിലുള്ള കടലിന്റെ അടിഭാഗങ്ങളെ എത്രത്തോളം വിസ്താരംകൂട്ടാൻ ഉദ്ദേശിക്കുന്നു എന്നു ഗവണ്മെൻറ ദയവുണ്ടായി പറയുമൊ?

(സി) പാട്ടം ഏർപ്പാടിനു മുമ്പും പിമ്പും ഗവണ്മെൻറ ആണ്ടൊന്നുക്കു ശരാശരി എത്രപണമായിട്ടു വരവുവന്നിരുന്നു എന്നും, അതിനുള്ള ശരാശരിവില എന്തായിരുന്നു എന്നും ഗവണ്മെൻറ ദയവുണ്ടായി പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി):

(എ) കക്കകളെ പാട്ടംകൊടുക്കുന്നതുകൊണ്ടു കടൽതീരങ്ങളിൽ തിരകൾ അടിച്ചുകൊണ്ടുവന്നിടുന്ന കക്കകളെ ബാധിക്കുന്നില്ല

(ബി) കഠിയപട്ടണം, വിഴിഞ്ഞം എന്നിവിടങ്ങളിൽ കക്കവാരുന്നതിനു പാട്ടംകൊടുത്തിട്ടുള്ളസ്ഥലങ്ങൾ തിരുവിതാംകൂർ സംസ്ഥാനത്തിൽചേർന്ന കായൽപ്രദേശങ്ങളിൽ ഉൾപ്പെട്ടസ്ഥലങ്ങൾ മാത്രമാകുന്നു:

(സി) തിരുവിതാംകോട്ടുനിയമസഭാ പ്രൊസീഡിംഗ്സ് ൨-ാംവാല്യം ൪൧-ാംവകുപ്പു പ്രസിദ്ധപ്പെടുത്തിയിരുന്നതും ൧൧൨൨ നവംബർ ൨൭-ാംനു നൽകിയിട്ടുള്ളതും ആയ റെവറൻറഫാദർ കയ്യാകോസ് വെട്ടിക്കാപ്പള്ളിയുടെ ൧൧൨൨ (൨)-ാമത്തെ ചോദ്യത്തിന്റെ (ഡി)-ും (ഇ)-ും ഭാഗങ്ങൾക്കു കൊടുത്തിട്ടുള്ള മറുപടി മെമ്പർ നോക്കേണ്ടതാണ്.

മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ): ഈ ചോദ്യത്തിലെ (ഡി) ഭാഗത്തിനുള്ളമറുപടിയെസംബന്ധിച്ചിടത്തോളം കക്കാ പാട്ടംകൊടുക്കുന്നസംഗതിയിൽ കഠിയപട്ടണത്തിന്റെ തെക്കും വടക്കും അതൃത്തികൾഏതെല്ലാമാണ്.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി): ഈ ചോദ്യത്തിനു മറുപടിതരാൻ പാട്ടംസംബന്ധിച്ചുള്ള ആധാരം നോക്കേണ്ടതാണ്; അതിനാൽ എനിക്കു നോട്ടീസുവേണം.

മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ): വിഴിഞ്ഞത്തിന്റെ വടക്കും തെക്കും ഉള്ള അതൃത്തികൾ ഏതെല്ലാമാണ്?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി): മറുപടി മുമ്പു പറഞ്ഞതുതന്നെയാണ്.

മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ): പാട്ടംസംബന്ധിച്ചുള്ള ആധാരത്തിൽ അതൃത്തികൾ കൊടുത്തിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി): ഉണ്ട്. പാട്ടംസംബന്ധിച്ചുള്ള ആധാരത്തിൽ അവയെ വിസ്തരമായി പറഞ്ഞിട്ടുണ്ട്.

മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ): അതൃത്തികൾ പാട്ടഏർപ്പാടാരംഭത്തിലുണ്ടായിരുന്നവതന്നെയാണൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെജോലിയിലിരിക്കുന്ന ഗവണ്മെൻറസെക്രട്ടറി): അതു അനേകകൊല്ലങ്ങൾക്കു മുമ്പാണല്ലൊ?

മി: എക്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ടമെംബർ): അതെ; പാട്ടംഏർപ്പാടാരംഭത്തിൽ അതൃത്തികൾ മുമ്പുണ്ടായിരുന്നവതന്നെയാണൊ, അതല്ല അവയിൽ മാററങ്ങളുണ്ടായിട്ടുണ്ടൊ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): അതിനെപ്പററി എനിക്കു ഇപ്പോൾ പറയാൻ സാധിക്കയില്ല.

മി: എസ്സ്. ജി. ലോപ്പസ് (നിയമിക്കപ്പെട്ട മെംബർ): യെനയം എന്ന സ്ഥലം കരിയപട്ടണത്തിൻെറ അതൃത്തികളിൽ ഉൾപ്പെട്ടിട്ടുണ്ടോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): മറുപടി തരുന്നതിനു മുൻപായി പാട്ടയാധാരം നോക്കേണ്ടിയിരിക്കുന്നു.

മി: എം. ഇ. നായിഡുവിൻെറമേലുള്ള നിരോധന ഉത്തരവിനെ സംബന്ധിച്ച്.

൭൯. മി: എ. കെ. പിള്ള (കരുനാഗപ്പള്ളി):

(എ) മി: എം. ഇ. നായിഡുവിൻെറമേലുള്ള നിരോധന ഉത്തരവു ഇപ്പോഴും ഊർജ്ജിതത്തിൽ തന്നെ ഇരിക്കുന്നു-എന്നുള്ള വിവരം ഗവൺമെൻറിനു അറിയാമോ?

(ബി) ഇതിലേക്കുള്ള താമസത്തിൻെറ കാരണങ്ങൾ എന്താണെന്നു ഗവൺമെൻറു ദയവായി പറയുമോ?

(സി) കഴിഞ്ഞയോഗത്തിൽ ഇതേ സംഗതിയെക്കുറിച്ചു കരുനാഗപ്പള്ളി മെംബർ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഈ സഭയിൽ നൽകിയ വാഗ്ദാനത്തെ ഗവൺമെൻറു ദയവുണ്ടായി സ്മരിക്കുമോ?

(ഡി) ഗവൺമെൻറു എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നു ദയവുണ്ടായി പറയുമോ?

മിസ്റ്റർ കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): മിസ്റ്റർ എം. ശിവതാണുപിള്ള ചോദിച്ച ചോദ്യത്തിനു നൽകിയ ഉത്തരം മെംബർ നോക്കേണ്ടതാണ്. *

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ ഉത്തരവു മിസ്റ്റർ നായിഡുവിനെ അറിയിച്ചിട്ടുണ്ടോ എന്നു ഗവൺമെൻറിനു പറയാൻ സാധിക്കുമോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): ഉത്തരവു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ അറിയിച്ചിട്ടുണ്ട്. അദ്ദേഹം ആയതു മിസ്റ്റർ നായിഡുവിനെ അറിയിച്ചിരിക്കണം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആയതു മിസ്റ്റർ നായിഡുവിനെ അറിയിച്ചിട്ടുണ്ടെന്നു ക്ലിപ്തമായി പറയുന്നതിനു ഗവൺമെൻറിനു സാധിക്കുമോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): അപ്രകാരം പറയുന്നതിനു എനിക്കു ഇപ്പോൾ സാധിക്കയില്ല.

ഉപ്പുവ്യവസായം പരിഷ്കരിക്കുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ചു.

൮൦. മി: സി. പി. തരകൻ (കുന്നത്തുനാട്): (എ) ഉപ്പുവ്യവസായം പരിഷ്കരിക്കുന്നതിനു ഏതെങ്കിലും പദ്ധതി ഉപ്പളങ്ങളുടെ ചാർജ്ജു വഹിക്കുന്ന അസിസ്റ്റൻറു കമ്മീഷണർ മിസ്റ്റർ ജി. നീലകണ്ഠൻ സമർപ്പിച്ചിട്ടുണ്ടോ എന്നു ഗവൺമെൻറു ദയവുണ്ടായി പറയുമോ?

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത പദ്ധതിയും എക്സൈസ് കമ്മിഷണരുടെ നിർദ്ദേശങ്ങളും അതിന്മേൽ ഗവൺമെൻറു ചെയ്ത ഉത്തരവുകളും ഗവൺമെൻറു ദയവുണ്ടായി മേശമേൽ വയ്ക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): (എ) ഉണ്ട്.

(ബി) മിസ്റ്റർ നീലകണ്ഠൻ അയച്ചിട്ടുള്ള നിർദ്ദേശങ്ങളും കെട്ടിടങ്ങൾ പണി കഴിപ്പിക്കേണ്ടിവരുന്ന എക്സൈസ് കമ്മിഷണരുടെ നിർദ്ദേശങ്ങളും ചീഫ് ഇഞ്ചിനീയരുടെ പരിശോധനയിൽ ഇരിക്കയാണ്. താമസം കൂടാതെ തൻെറ റിപ്പോർട്ടു അയയ്ക്കുന്നതിനു ചീഫ് ഇഞ്ചിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഘട്ടത്തിൽ എഴുത്തുകുത്തു മേശമേൽ വച്ചതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നു ഗവൺമെൻറു വിചാരിക്കുന്നു.

തഹശീൽദാരന്മാരുടെ പക്കൽനിന്നു മജിസ്റ്റീരിയൽജോലി വേർപെടുത്തേണ്ടതിനെ സംബന്ധിച്ചു.

൮൧. മി: സി. പി. തരകൻ (കുന്നത്തുനാട്): തഹശീൽദാരന്മാർ ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്ന മജിസ്റ്റീരിയൽ അധികാരത്തെ അവരിൽനിന്നും വേർപെടുത്തേണ്ടതായിട്ടും ഗവൺമെൻറു ആലോചിക്കുന്നുണ്ടോ എന്നു ദയവുണ്ടായി പറയുമോ?

---

* പ്രശ്നസമയത്തു മെംബർ ഹാജരില്ലാതിരുന്നതിനാൽ ചോദ്യവും ഉത്തരവും ഉൾപ്പെടുത്തപ്പെട്ടില്ല. അവയെ വീണ്ടും ചുവടെ ചേർത്തിരിക്കുന്നു:—

മി: എം. ശിവതാണുപിള്ള (തോവാള);

(എ) കോട്ടാർ മെഡിക്കൽ പ്രാക്ടീഷണർ മിസ്റ്റർ എം. ഇ. നായഡു വൈക്കം സത്യാഗ്രഹംസംബന്ധിച്ചു യാതൊരു പബ്ലിക്കു മീറ്റിംഗുകളിലും പങ്കുകൊള്ളാൻപാടില്ലെന്നു വിരോധിച്ച് ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായും;

(ബി) അടുത്തകാലത്തുണ്ടായ ഒരു ഗവൺമെൻറു പരസ്യംമൂലം കൊല്ലം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം ആ ഉത്തരവിനെ റദ്ദാക്കിയിരിക്കെ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ആയതു ഇടന്നു ഊർജ്ജിതത്തിൽ തന്നെ ഇരിക്കുന്നതായും ഗവൺമെൻറിനറിയാമോ?

(സി) വൈക്കം സത്യാഗ്രഹത്തിൻെറ ഉദ്ദേശം ഏകദേശം സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുതയെ പരിഗണിച്ച് പ്രസ്തുത ഉത്തരവിനെ തിരുവനന്തപുരം ഡിസ്ട്രിക്ടിനെസംസംബന്ധിച്ചും റദ്ദാക്കുന്നതിനു ഗവൺമെൻറു ഉദ്ദേശിച്ചിട്ടുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി);

(എ) അറിയാം.

(ബി) അറിവില്ല. തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു അയച്ചിട്ടുള്ള ൧൧൦൮ ആഗസ്റ്റ് ൨൮-ാം തീയതിയിലെ ജുഡിഷ്യൽ ൨൭-ാംനമ്പ്ര്യിലെ ആർ. ഓ. സി. ൩൫൬൬-ാംനമ്പർ ഉത്തരവുമൂലം അതിനെ റദ്ദാക്കിയിട്ടുണ്ട്.

(സി) (ബി) ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉണ്ടാകുന്നില്ല.

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എക്സിക്യൂട്ടീവ് ജോലിയിൽ നിന്നു മജിസ്റ്റീരിയൽ ജോലിയെ വേർപെടുത്തുന്നതിനുള്ള പദ്ധതി റവന്യൂഡിപ്പാർട്ടുമെന്റ മുഴുവനുമായുള്ള അതിന്റെ സംബന്ധവുമായി ആലോചിക്കപ്പെട്ടുവരുന്നു. അതിനാൽ പ്രത്യേകം ഒന്നാംക്ലാസ്സ് മജിസ്റ്റ്രേട്ടുമാരും പ്രത്യേകം ഡിവിഷൻ അസിസ്റ്റന്റുമാരും ഉണ്ടായിരിക്കണമൊ എന്നുള്ള സംഗതിയുമായി ഇതു സംബന്ധപ്പെട്ടതാണ്. ഇതു സംബന്ധിച്ചുള്ള പണച്ചിലവിന്റെ സംഗതിയും അവധാനമായി ചിന്തിക്കേണ്ടതായുണ്ട്. ഈ വിഷയം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

ഡിവിഷൻ അസിസ്റ്റൻറന്മാരുടെ മജിസ്റ്റീരിയൽജോലിയും റവന്യൂജോലിയും വേർപെടുത്തേണ്ടതിനെ സംബന്ധിച്ച്.

൭൨. മി: സി. പി. തരകൻ (കുന്നത്തുനാട്): ഡിവിഷൻ അസിസ്റ്റൻറന്മാരുടെ റവന്യൂജോലിയും മജിസ്റ്റീരിയൽ ജോലിയും വേർപെടുത്തി ഈ ജോലികൾക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ട സംഗതി ഗവണ്മെന്റ ആലോചിച്ചുവരുന്നുണ്ടെന്നു പ്രജാസഭയിൽ ചെയ്ത തന്റെ ഉപക്രമപ്രസംഗത്തിൽ മുൻപിലത്തെ ദിവാനായിരുന്ന മിസ്റ്റർ ടി. രാഘവയ്യാ പറഞ്ഞിരുന്നതിനുശേഷം ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ നടപടികളുടെ ഫലം എന്താണെന്നും ഗവണ്മെന്റ ദയവുണ്ടായി പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): ൭൧-ാമതു ചോദ്യത്തിനുള്ള മറുപടി മെമ്പർ നോക്കേണ്ടതാണ്.

ഇംഗ്ലീഷ് പ്രൊഫസറായി മിസ്റ്റർ സി. വി. ചന്ദ്രശേഖരനെ നിയമിച്ചതിനെ സംബന്ധിച്ച്.

൭൩. മി: സി. പി. തരകൻ (കുന്നത്തുനാട്): സയൻസ് കാളേജിൽ ഇപ്പോൾ ഇംഗ്ലീഷ് പ്രൊഫസരായിരിക്കുന്ന മിസ്റ്റർ ചന്ദ്രശേഖരൻ ഇംഗ്ലീഷ് സാഹിത്യത്തിൽ സമ്പാദിച്ചിട്ടുള്ള ഏററവും ഉയർന്ന സർവകലാശാല ബിരുദ് എന്താണെന്നും, ഒരു ചരിത്രം പ്രൊഫസരെ ഇംഗ്ലീഷ് പ്രൊഫസറായി നിയമിക്കുന്നതു തെററും അതൃപ്തികരമായി വിചാരിക്കുന്നൊ എന്നും ഗവണ്മെന്റ ദയവുണ്ടായി പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): മിസ്റ്റർ സി. വി. ചന്ദ്രശേഖരൻ എം. ഏ. (ഓക്സൺ) മദ്രാസ് സർവകലാശാലയിലെ ബി. ഏ. ഡിഗ്രിപരീക്ഷയിൽ ഇംഗ്ലീഷിൽ ഒന്നാംക്ലാസ്സിൽ ജയിച്ചിട്ടുണ്ട്. അദ്ദേഹം കേംബ്രിഡ്ജിൽ ആയിരുന്നപ്പോൾ ഇംഗ്ലീഷ് സാഹിത്യം സംബന്ധിച്ചു നടത്തപ്പെട്ട ചില പ്രസംഗങ്ങളും കേട്ടിട്ടുണ്ട്. ഇംഗ്ലീഷ് പ്രൊഫസർ ഉദ്യോഗം വഹിക്കുന്നതിനു അദ്ദേഹത്തിനു പ്രാപ്തിയുണ്ടെന്നു ഗവണ്മെന്റ വിചാരിക്കുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാട്): കാളേജ്ക്ലാസിൽ ഓരോവിഷയം പഠിപ്പിക്കുന്ന ആളുകളും അതതു വിഷയത്തിൽ എം. ഏ-യൊ അതിനു തുല്യമായ മററു പരീക്ഷകളോ പാസ്സായിരിക്കണമെന്നു നിബന്ധനയില്ലേ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റസെക്രട്ടറി): അങ്ങനെ നോക്കിയാണ നിയമിക്കുന്നത്.

മി: സി. പി. തരകൻ (കുന്നത്തുനാട്): മിസ്റ്റർ ചന്ദ്രശേഖരൻ ഇംഗ്ലീഷിൽ എം. ഏ. പാസ്സായിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): എം. ഏ. പാസ്സാകണമെന്നുള്ള നിബന്ധന മിസ്റ്റർ ചന്ദ്രശേഖരനെ നിയമിച്ച കാലത്തില്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഇംഗ്ലീഷ് പ്രൊഫസറായി നിയമിച്ച കാലത്തുണ്ടായിരുന്നോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റസെക്രട്ടറി): ആ ചട്ടം ഒരു ഉദ്യോഗസ്ഥൻ സർക്കാർജോലിയിൽ പ്രവേശിച്ചശേഷം പ്രമോഷൻ കൊടുക്കുമ്പോൾ ബാധിക്കുന്നതല്ല.

മി: സി. പി. തരകൻ (കുന്നത്തുനാട്): മാത്തമാററിക്സ് പ്രൊഫസരെ സയൻസ് പ്രൊഫസരാക്കുമ്പോൾ ഈ നിയമം ബാധിക്കയില്ലെ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): മിസ്റ്റർ ചന്ദ്രശേഖരനു ഇംഗ്ലീഷിലും ചരിത്രത്തിലും വേണ്ട യോഗ്യതയുണ്ട്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഓരോ വിഷയത്തിലും കാളേജിൽ പഠിപ്പിക്കുന്ന ആളുകൾ അതതു വിഷയത്തിൽ എം. ഏ. പാസായിരിക്കണമെന്നു നിബന്ധനയില്ലേ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആദ്യമായി നിയമിക്കുമ്പോൾ യോഗ്യത നോക്കിയാണ നിയമിക്കുന്നത്.

മി: സി. പി. തരകൻ (കുന്നത്തുനാട്) ആദ്യമായി നിയമിക്കുമ്പോൾ എം. ഏ. പാസ്സായിരിക്കണമെന്നുള്ളതു സാധാരണചട്ടം അതുകൂടാതെ ഓരോവിഷയത്തിലും എം. ഏ. പാസ്സായിരിക്കണമെന്നില്ലേ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റസെക്രട്ടറി): അങ്ങനെ പ്രത്യേകചട്ടമില്ല.

നിയമനിർമ്മാണം.

കാലഹരണറെഗുലേഷൻ ഭേദഗതിബിൽ.

മി: കല്ലാടം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, കാലഹരണറഗുലേഷൻ ഭേദഗതിബിൽ ആലോചനക്കായി എടുത്തു പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെന്റ സെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

നഞ്ചനാട്ടു വെള്ളാളർബിൽ.

അദ്ധ്യക്ഷൻ: നമുക്കിനി നാഞ്ചനാട്ടു വെള്ളാളബില്ലിനെപററി ആലോചിക്കാം.

മി: എം. ശിവതാണുപിള്ള (തോവാള): അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി ഒരു രാജിയുടെ ഫലമായി ഉണ്ടായിട്ടുള്ള ഒരു ഭേദഗതിയെ ഹാജരാക്കുന്നതിനു അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: നമ്പ്രഖണ്ഡത്തെ സംബന്ധിച്ചാണൊ?

മി: എം. ശിവതാണുപിള്ള (തോവാള) : അതെ, എന്നാൽ ഭേദഗതിയുടെ പ്രതികൾ മെമ്പറന്മാക്കു
വിതരണം ചെയ്തിട്ടുണ്ടോ എന്നു എനിക്കു അറിയാൻപാടില്ല.
മി: ടി. പി. രാമസ്വാമ്മയ്യർ (ഗവണ്മെൻറു സെക്രട്ടറി) : അതു ഇപ്പോഴാണ് തന്നതു്, പ്രതികൾ അച്ചടി
ക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ട്.
മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറു): ഭേദഗതിയുടെ പ്രതി കിട്ടുമ്പോൾ മെംബ
ന്മാർക്കും കിട്ടുന്നതിലേക്കായി ലഘുഭക്ഷണം കഴിഞ്ഞതിനുശേഷം അതിനെപ്പററി ആലോചിക്കാം.
അദ്ധ്യക്ഷൻ: ലഘുഭക്ഷണം കഴിഞ്ഞു നമുക്കു അതിനെപ്പററി ആലോചിക്കുന്നതായിരിക്കും നല്ലതു. കാ
ര്യപരിപാടി അനുസരിച്ചുള്ള അടുത്ത വിഷയത്തിലേക്കു നമുക്കു പ്രവേശിക്കാം.

പൊതുവിഷയങ്ങളെപ്പററിയുള്ള പ്രമേയങ്ങൾ.

ഭൂരിക്കാർഡുസംരക്ഷണപദ്ധതി സംബന്ധിച്ചുള്ള പ്രമേയം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ആദായനികുതിയും കമ്മീഷണർ): സർ,
എൻെറ പേരിനു എതിരായി ചേർത്തിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന പ്രമേയത്തെ ഞാൻ ഹാജരാക്കിക്കൊ
ള്ളുന്നു.

൧൯൨൭ ആഗസ്റ്റ് ൨൫-ാംനു-യിലെ റവന്യൂവക ൨൩-ാം ആർ. ഓ. സി. നം. ൭൧൨൦ നമ്പർ
ഗവണ്മെൻറു ഉത്തരവിൻപ്രകാരം നിയമിക്കപ്പെട്ട കമ്മിററി ൧൯൨൭ ഒക്ടോബർ ൧൯-ാംനു- സമർപ്പിച്ച
അവരുടെ റിപ്പോർട്ടിൽനിർദ്ദേശിച്ചിട്ടുള്ള പുതുക്കിയ ഭൂമിറിക്കാർഡ് സംരക്ഷണപദ്ധതി പൊതുവിൽ ഗവണ്മെ
ൻറു സ്വീകരിക്കേണ്ടതാണെന്നു ഈ സഭ ഗവണ്മെൻറിനോടു ശുപാർശചെയ്യുന്നു.
ഈ പ്രമേയം ഹാജരാക്കുന്നതോടുകൂടി അതിനെപ്പററി അധികം പറയണമെന്നു ഞാൻ ഉദ്ദേശിക്കു
ന്നില്ല. പ്രസ്തുത റിപ്പോർട്ടു രൂപീകരണം സംബന്ധിച്ചു ചുമതല വഹിച്ചിരുന്ന കമ്മിററിയിലെ അനുദ്യോഗസ്ഥാം
ഗങ്ങളാകകൊണ്ടു അതിനെപ്പററി സംസാരിക്കേണ്ടതു അവരാണ്. ഗവണ്മെൻറു പ്രവൃത്തനത്തിൽ കൊണ്ടു
വരേണ്ടതായ പ്രാധാന്യമുള്ളതും ചുമതലയുള്ളതും ആയ ചട്ടങ്ങളെ രൂപീകരിക്കുന്നതിനു അനുദ്യോഗസ്ഥഭൂരിപ
ക്ഷത്തോടു നിയമിച്ചിട്ടുള്ള ഈ കമ്മിററി തിരുവിതാംകൂറിൽ ആദ്യമായിട്ടുള്ളതാണെന്നു മെംബർമാക്കു അറിയാമെ
ന്നുള്ളതാണു. അനുദ്യോഗസ്ഥന്മാർ തയ്യാറാക്കിയിട്ടുള്ള പ്രസ്തുതപദ്ധതിയിൽ രണ്ടു ഉദ്യോഗസ്ഥമെംബറന്മാർ ചേ
ർത്തിട്ടുള്ളതായ ഒരുവാക്കു പോലും കാണിക്കുന്നതിനു പ്രയാസമായിട്ടുള്ളതാണെന്നാണ് ഞാൻ വിചാരിക്കുന്നതു്.
സംഗതികൾ വ്യാഖ്യാനിച്ചു കൊടുക്കുകമാത്രമേ ഉദ്യോഗസ്ഥന്മാർ ചെയ്തിരുന്നുള്ളു. ഈ വിഷയത്തിൽ കമ്മി
ററിയിലെ അനുദ്യോഗസ്ഥാംഗങ്ങൾ വളരെ ബുദ്ധിമുട്ടു അനുഭവിച്ചിട്ടുണ്ട്. ഭൂറിക്കാർഡ് സൂപ്രണ്ടാഫീസിലെ ക
ണക്കുകൾ അവർ നല്ലതിനണ്ണം പരിശോധിച്ചിട്ടുള്ള ഒരു ഉദാഹരണം ഞാൻ പറയാം. അദ്ദേഹത്തിൻെറ ആ
ഫീസിൽ അവർ രാവിലെ ൯ മണിക്കു പോയി വൈകുന്നേരം ൫ മണിവരെ അവർ എല്ലാത്തിനേയും പരി
ശോധിച്ചു വന്നിരുന്നു അതിനുശേഷം അവർ കടയ്ക്കാവൂർ ചെന്നു വൈകുന്നേരം ൫ മണിവരെ അതു ഷ്ണമായ
സമയത്തു പുറമ്പോക്കുജോലിമുതലായവ പരിശോധിച്ചു ഭൂറിക്കാർഡുകമ്മിററി കണ്ടുപ്പെട്ടു നല്ലതിനണ്ണം ജോലി
ചെയ്തിട്ടുള്ളതുപോലെ വേറെ യാതൊരു കമ്മിററിയും ജോലി ചെയ്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പദ്ധതി
യുടെ പ്രവൃത്തനത്തിൽ കാണപ്പെട്ട ചില ന്യൂനതകളുടെ പരിഹാരമാർഗ്ഗങ്ങൾ അവരുടെ റിപ്പോർട്ടിൽ അവർ
നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. നടപ്പിലിരിക്കുന്ന ഇപ്പോഴത്തെ ഏർപ്പാടിൽ കമ്മിററി കാണപ്പെട്ട പ്രധാനന്യൂനത
കൾ താഴെപ്പറയുന്നവയാണ്:—ഒന്നാമതായി ഭൂറിക്കാർഡ് അക്കൌണ്ടന്മാരുടേയും അസിസ്റ്റൻറു തഹശീൽദാര
ന്മാരുടേയും ജോലി സംബന്ധിച്ചേടത്തോളം; പ്രത്യേകിച്ചും കല്ലിടുന്ന സംഗതിയിൽ വേണ്ടിടത്തോളം നിയന്ത്ര
ണം ഇല്ലായ്മ, രണ്ടാമതായി, ൩൭-ാം ചട്ടത്തേയും മററു ഭൂറിക്കാർഡുചട്ടങ്ങളേയും ഭൂമിറിക്കാർഡ് സംരക്ഷ
ണനിയമസംബന്ധികൾ തെററായി വ്യാഖ്യാനിച്ചു ദുരുപയോഗപ്പെടുത്തുക, മൂന്നാമതായി, കയ്യേററം സംബന്ധി
ച്ചുള്ള കേസുകളിൽ പിഴകളും നിരോധനക്കരങ്ങളും ചുമത്തുന്ന ഭൂമിസംരക്ഷണറഗുലേഷനിലെ ശിക്ഷാവ്യവ
സ്ഥകളെ ഉപയോഗപ്പെടുത്തുക, നാലാമതായി കക്ഷികൾക്കു അയക്കുന്ന നോട്ടീസുകളെ സംബന്ധിച്ചു സർവെ
യും അതിർത്തികളും റഗുലേഷനിലെ വ്യവസ്ഥകളെ ഭൂമിറിക്കാർഡ് സിൽബന്തികൾ ഉപയോഗപ്പെടുത്താതിരി
ക്കുക, കമ്മിററിക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനണ്ണം മേലാൽ ജോലിനടത്തുന്നതായാൽ മേൽവിവരിച്ച ന്യൂനതക
ളെ പരിഹരിക്കാമെന്നാണു അവരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായം. ഈ വിഷയത്തെപ്പററി പൂർണ്ണമ
ായി വിവരിച്ചിട്ടില്ലെന്നുള്ള ഒരു ആക്ഷേപം റിപ്പോർട്ടിനെ സംബന്ധിച്ചേടത്തോളം ഉണ്ടായി എന്നു വന്നേ
ക്കാം. നടപ്പിലിരിക്കുന്ന പദ്ധതി അനുസരിച്ചുള്ള അസിസ്റ്റൻറു തഹശീൽദാരന്മാരെ നിറുത്തൽചെയ്യുന്നതിനു ക
മ്മിററിക്കാർ ഉദ്യമിച്ചിട്ടുണ്ടെന്നു വരികിലും അതേമാതിരിയിലുള്ള വേറൊരുതരം ഉദ്യോഗസ്ഥന്മാരെ കുറഞ്ഞ ശ
മ്പളത്തിൽ വേറൊരു ഉദ്യോഗപ്പേരും നൽകി നിയമിക്കുന്നതിനു അവർ അനുവദിച്ചിട്ടുള്ളതാകുന്നു. ഈപ്രകാ
രമുള്ള മാററത്തെപ്പററി കമ്മിററി അവധാനപൂർവ്വം ചിന്തിച്ചിട്ടുണ്ടെന്നാണു ഞാൻ പറയുന്നതു്. തഹശീൽദാര
ന്മാരുടേയും ഭൂറിക്കാർഡ് അക്കൌണ്ടന്മാരുടേയും മദ്ധ്യേയായി ഏതെങ്കിലും മററുദ്യോഗസ്ഥന്മാരുടെ സഹായം
കൂടാതെ ഭൂറിക്കാർഡ്ജോലി പരിശോധിക്കുന്നതിനു തഹശീൽദാരന്മാരെ അനുവദിക്കുന്നതു ഗവണ്മെൻറിൻേറയും
സംബന്ധപ്പെട്ട ഭൂമി ഉടമസ്ഥന്മാരുടേയും നന്മയെ ഉദ്ദേശിച്ചു ആശാസ്യകരമോ സാധ്യമോ ആയിരിക്കുമോ എ
ന്നുള്ള സംഗതിയായിരുന്നു കമ്മിററിയിൽ നടന്ന വാദപ്രതിവാദത്തിലെ പ്രധാനവാദമുഖം. ഇപ്പോഴുള്ള തൻെറ
ജോലിക്കുപുറമെ തഹശീൽദാർ ഒരു സർവെ സൂപ്രവൈസർകൂടിയായിരിക്കുന്നതു വളരെ ഹാനികരമായിട്ടുള്ളതാകു
ന്നു. സർവെ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതായ ഫീൽഡുജോലി പരിശോധിക്കേണ്ട ചുമതല തഹശീൽദാരെ ഏൽ
പ്പിക്കുന്നതു ഉപയോഗശൂന്യമായിരിക്കുമെന്നു കമ്മിററിക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ കമ്മി
ററിക്കാരുടെ ശ്രദ്ധ നല്ലതിനണ്ണം പതിഞ്ഞിട്ടുണ്ടെന്നു സഭ സമ്മതിക്കുമെന്നു എനിക്കു തീർച്ചയുണ്ട്, പ്രസ്തുതപ
ദ്ധതിയുടെ പ്രവൃത്തനംമൂലം അധികം ചിലവുനേരിടാത്തവിധത്തിൽ ഒരുതരം ഉദ്യോഗസ്ഥന്മാരെ നിയമിക്കണ
മെന്നു നിർദ്ദേശിക്കുന്നതായിരിക്കും ഈ ഘട്ടത്തിൽ ചെയ്യാൻ സാധിക്കുന്നതെന്നു സഭ റിപ്പോർട്ടു നല്ലതിനണ്ണം
വായിച്ചു നോക്കിയാൽ സഭ മനസ്സിലാക്കുമെന്നു ഞാൻ വിചാരിക്കുന്നു. കമ്മിററിമുൻപാകെ തെളിവുകൊടുത്ത
അനുദ്യോഗസ്ഥമാന്യന്മാർ സാഗതികൾ വ്യാഖ്യാനിക്കുന്നതിനു അധികം സമയം ചിലവാക്കിയിട്ടുണ്ടെന്നും അ

പ്രകാരം ഏർപ്പെടുത്തി അനുഭവിച്ചിട്ടുണ്ടെന്നും കൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഗവണ്മെന്റിനാൽ നിയമിക്കപ്പെട്ട കമ്മിറ്റിയിൽ ഇങ്ങനെ ഞങ്ങൾക്ക് പോലുള്ള ജോലികളുടെ ഏററവും പ്രാപ്തിയോടെ ചെയ്യേണ്ടതിനും സർവ്വ സൗകര്യങ്ങളും മേൽവിധത്തിൽ പ്രത്യേകം നടത്തിവരുന്ന അനന്ത്യോദ്യോഗസ്ഥാംഗങ്ങളുടെ സഹായം ആവശ്യമായിരിക്കും. ഈ വിമർശനങ്ങളോടുകൂടി പ്രമേയം പാസാക്കുന്നതിനു നിർവഹിക്കേണ്ട ഞാൻ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അസിസ്റ്റന്റ് തഹശീൽദാരന്മാരാ താലൂക്കാഫീസിലുള്ള സ്ഥിരം എസ്റ്റാബ്ലിഷ്മെന്റിൽ ചേർക്കേണ്ട വിഷയത്തെപ്പറ്റി ആലോചിക്കുന്നതിനു കമ്മിറ്റിക്കാരെ നിയമിച്ച ഉത്തരവിൽ അവരോട് ഗവണ്മെന്റ ആവശ്യപ്പെട്ടിട്ടുണ്ടോ? റിപ്പോർട്ടിൽ ഇതിനെപ്പറ്റി യാതൊന്നും പറഞ്ഞിട്ടുള്ളതായി ഞാൻ കാണുന്നില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർവേസ്റ്റേറ്റിന്റെ ആഫീസിലുള്ള സർവ്വേസംബന്ധികളിൽ ഏറെ പേരും ഏററവും ഇഷ്ടികരമായി ജോലിചെയ്തിട്ടുള്ള വിശ്വസ്തരായ അസിസ്റ്റന്റ തഹശീൽദാരന്മാരിൽനിന്നു ഏറെ പേരും ഇപ്രകാരം പുതിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നു മെമ്പർ റിപ്പോർട്ടു വായിച്ചുനോക്കിയാൽ മനസ്സിലാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ സ്ഥിരം ശമ്പളമുള്ള അസിസ്റ്റന്റ തഹശീൽദാരന്മാരുടെ മറ്റ് സിൽബന്തികളും അവരുടെ സ്ഥിരം ഉദ്യോഗങ്ങളിൽ തിരിച്ചുപോകേണ്ടിവരും. ജോലിപ്പുള്ളവരുടെ കാര്യത്തിൽ മററ് ആഫീസുകളിൽ ജോലികൊടുക്കുന്നതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റിപ്പോർട്ടിൽ അപ്രകാരം പ്രസ്താവിച്ചിട്ടുണ്ടോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏഴാം ഖണ്ഡികയിൽ ഇതിനെപ്പററി പറയുന്നുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അസിസ്റ്റന്റതഹശീൽദാരന്മാരെ നിറുത്തൽചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള വിഷയം ഇപ്പോൾ ആലോചിക്കേണ്ടതായിട്ടില്ലെന്നുമാത്രമേ ഏഴാംഖണ്ഡികയിൽ പറഞ്ഞിട്ടുള്ളു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പുതിയ ആളുകളെ നിയമിക്കുന്നതിനെപ്പററി പറയുന്നതിനു കമ്മിററിക്കു അധികാരമില്ലാത്തതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹം എന്നെ തെററിദ്ധരിക്കുന്നു. അസിസ്റ്റന്റതഹശീൽദാരന്മാരെ ഏതുവിധത്തിൽ ഉപയോഗപ്പെടുത്താമെന്നുള്ളതിനെപ്പററി ആലോചിക്കണമെന്നു കമ്മിററിയോടാവശ്യപ്പെട്ടിട്ടുള്ളതുകൊണ്ടു അവർ അതിനെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പ്രൊസീഡിംഗ്സിന്റെ മിനിട്ടുകളിൽനിന്നു അദ്ദേഹത്തിനു അതു മനസ്സിലാക്കാൻ കഴിയുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു ഇപ്പോൾ ഞങ്ങളുടെപക്കൽ ഇല്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതിനെപ്പററി ഞാൻ മനസ്സിലാക്കുന്നു. ആ വിഷയത്തെക്കുറിച്ചു അവർ ചിന്തിച്ചിട്ടുണ്ടെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി: സി. പി. കരകൻ (കുന്നത്തുനാട്): സർ, കമ്മിററിയുടെ അഭിപ്രായം അതേവിധത്തിൽ സ്വീകരിക്കുന്നതിൽ എനിക്കു വിപരീതാഭിപ്രായമാണുള്ളതു്. റിപ്പോർട്ടയച്ചതിൽ അസിസ്റ്റന്റതഹശീൽദാരന്മാരുടെ പ്രവൃത്തിസംബന്ധിച്ചു് ഗവണ്മെന്റോ അല്ലെങ്കിൽ ഗവണ്മെന്റ അതിനായിട്ടു ചുമതലപ്പെടുത്തീട്ടുള്ള ഉദ്യോഗസ്ഥന്മാരോ ഗവണ്മെന്റനിയമത്തെ വ്യാഖ്യാനിച്ചതിൽ ഉള്ള തരക്കേടുകൊണ്ടാണു് സംസ്ഥാനം ഒട്ടുക്കു വലിയ കുറവില്ലാ ഉണ്ടാകാൻ ഇടയായതെന്നു ഉദ്യോഗസ്ഥമെമ്പറന്മാരും അനുദ്യോഗസ്ഥമെമ്പറന്മാരും പറഞ്ഞുകാണുന്നുണ്ട്.

ഇപ്പോഴത്തെ ഏർപ്പാടിനെ വ്യത്യാസപ്പെടുത്തി മററൊരുസിസ്റ്റം സ്വീകരിച്ചു അസിസ്റ്റന്റതഹശീൽദാരന്മാർ ഇതുവരെ ചെയ്തുകൊണ്ടിരുന്ന ജോലി മേലും ചെയ്തുകൊണ്ടിരിക്കണമെന്നുള്ളവിധത്തിലാണ് കമ്മിററി അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ ആ ജോലി ചെയ്യേണ്ടതു ഇതുവരെ നിയമിച്ചിരുന്ന ഉദ്യോഗസ്ഥന്മാരേക്കാൾ താണതരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു് വേണമെന്നാണു കമ്മിററിയുടെ അഭിപ്രായം. അസിസ്റ്റന്റതഹശീൽദാരന്മാർ സാധാരണയായി ചെയ്യേണ്ടതായ ജോലി വേണ്ടതുപോലെ ചെയ്യാതിരുന്നാൽ ജനസാമാന്യത്തിനു വലിയ ഉപദ്രവം ഉണ്ടാകാൻ ഇടയുള്ളതാണ്. ഒരു വലിയ ഉദ്യോഗസ്ഥൻ ചെയ്താൽതന്നെയും പലവിധത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാകുന്നതായ ജോലിയാണ് ഇതു്. ആ ജോലി കുറേക്കൂടി താണതരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു ചെയ്യിപ്പിക്കണമെന്നതീർച്ചയാക്കുന്നതു എല്ലാവിധത്തിലും അപകടകരവും കൂടുതൽ സങ്കടകരവുമാണ് എന്നാണു എന്റെ അഭിപ്രായം. അതിനു ഒരു തടസ്ഥമായി ചില ആളുകൾ പറഞ്ഞതു തഹശീൽദാരുടെ കീഴിലാണ് ഈ ഉദ്യോഗസ്ഥൻ ജോലിചെയ്യേണ്ടതെന്നും തഹശീൽദാരുടെകീഴിൽ ഒരു ഉദ്യോഗസ്ഥൻ ഇരിക്കണമെങ്കിൽ താണശമ്പളക്കാരായിരിക്കണം എന്നുമാണ്. ൫൦൦ രൂപാ ശമ്പളം ഉള്ള പോലീസുകമ്മീഷണരെ ൨,൦൦൦ രൂപാ ശമ്പളമുള്ള ദിവാൻജി ഭരിക്കാമെങ്കിൽ, ൯൦൦ രൂപാ ശമ്പളമുള്ള ലാന്റുറവന്യുകമ്മീഷണർ ൭൦൦ രൂപാ ശമ്പളമുള്ള പേഷ്കാരെ ഭരിക്കാമെങ്കിൽ, നിശ്ചയമായും ൫൦൦ രൂപാ ശമ്പളമുള്ള അസിസ്റ്റന്റതഹശീൽദാരന്മാരെ ഭരിക്കാൻ തഹശീൽദാരന്മാർക്കു സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അസിസ്റ്റന്റതഹശീൽദാരന്മാരെക്കൊണ്ടു ചെയ്യിക്കേണ്ടജോലി ഒരു ഗ്രാഡുവേററിനെക്കാൾ താണതരത്തിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചെയ്യിച്ചുകൂടാ. അതിനുംപുറമെ ഇവർക്കു റവന്യൂസൂപ്രവൈസേർസ് എന്നു പേരു വ്യത്യാസം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അസിസ്റ്റന്റതഹശീൽദാർ എന്ന പേർതന്നെ വച്ചുകൊണ്ടിരുന്നാലും എനിക്കു വിരോധമില്ല. അങ്ങനെ പേരുമാററാതിരുന്നാൽ സർവേജോലിക്കും തഹശീൽദാരു

ടെ എക്സിക്യൂട്ടീവ് അസിസ്റ്റൻറ എന്നുള്ള നിലയിൽ കുറെക്കൂടി പ്രയോജനകരമായ ജോലികൂടി ചെയ്യുന്നതിനും സാധിക്കുമെന്നും നല്ലനിലയിലുള്ള ഉദ്യോഗസ്ഥനായിരുന്നാൽ ജനങ്ങൾക്കു അധികം സങ്കടമുണ്ടാകാതെയിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഈ വ്യത്യാസത്തോടുകൂടി കമ്മററിയുടെ റിപ്പോർട്ടു സ്വീകരിക്കുന്നതിനു എനിക്കു വിരോധമില്ല.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ, ഡിപ്പ്യൂട്ടിപ്രസിഡൻറ): സർ, ഐകകണ്ഠ്യേന നമുക്കു ഒരു റിപ്പോർട്ടു സമർപ്പിക്കാൻ സാധിച്ചതിൽ കമ്മിററിയെ ഞാൻ അഭിനന്ദിക്കുന്നു. അധികമായിട്ടുള്ള ആക്ഷേപത്തിനു പാത്രീഭവിച്ചിരുന്ന ഗ്രീമിറിക്കാർഡ് സംരക്ഷണഏർപ്പാടിനെ സംബന്ധിച്ചിടത്തോളം അവരുടെ അനുഗ്രഹം സിദ്ധിച്ചിട്ടുള്ളതുകൊണ്ടും അതിനെ ഇനിയും വച്ചുകൊണ്ടിരിക്കണമെന്നു അവർ ആവശ്യപ്പെട്ടതുകൊണ്ടും ഞാൻ സന്തോഷിക്കുന്നു. ഇപ്രകാരമിരുന്നാലും മിസ്റ്റർ തരകനോടുയോജിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. എൻെറ ഓർമ്മ ശരിയാണെന്നു വരികിൽ എല്ലാ അസിസ്റ്റൻറു തഹശീൽദാരന്മാരും ഗ്രാഡ്വേററുകളാണ്. അവർ ഗ്രീമിറിക്കാർഡ് ജോലി ഇടതന്നചെയ്യണമെന്നുദ്ദേശിക്കുന്ന പക്ഷം ഇതുവരെയും അവർക്കു കിട്ടിക്കൊണ്ടുവന്നിരുന്നതിനേക്കാളും കുറവായ ശമ്പളത്തിൽ അവരിൽ ചിലർ ജോലിചെയ്യുന്നതു എന്തിനായിട്ടാണെന്നും ഗ്രാഡ്വേററന്മാരല്ലാത്ത മററാളുകളെ എന്തിനായിട്ടാണ് ഇറക്കമതിചെയ്യുന്നതെന്നും എനിക്കു മനസ്സിലാകുന്നില്ല. അവരെ വേറെ വല്ല തുറകളിലും നിയമിക്കുന്നതിനു ഗവൺമെൻറു ആകുന്നിടത്തോളം ശ്രമിക്കുന്നതാണെന്നും അപ്രകാരം ചെയ്യുന്നതിനു സാധിക്കാത്ത പക്ഷം അവരുടെ സ്ഥിരംജോലികളിൽ അവരെ തിരിച്ചയക്കുന്നതാണെന്നും മിസ്റ്റർ റാബിൻസൺ പറകയുണ്ടായി. അപ്രകാരം ചെയ്യുന്നതിനു പകരം, അവർക്കു ഇതുവരെയും കിട്ടിക്കൊണ്ടുവന്നിരുന്ന സ്കെയിൽ അനുസരിച്ചുള്ള ശമ്പളം നൽകി അവരെ എല്ലാവരേയും ഇപ്പോഴത്തെ സ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തി കൂടുതൽ ശമ്പളം കിട്ടുന്നവരെ സംബന്ധിച്ചിടത്തോളം ഒഴിവു കാലംവരുമ്പോൾ അവരെ അതിൽ നിയമിക്കുന്നതല്ലയോ ആശാസ്യകരമായിട്ടുള്ളത്? ഇപ്രകാരം പ്രവർത്തിക്കുന്നതായാൽ അസിസ്റ്റൻറുതഹശീൽദാരന്മാർക്കു സങ്കടമില്ലാതിരിക്കുന്നതും, കുറെക്കൂടി വിശ്വാസയോഗ്യമായി ജോലിചെയ്യുന്ന ഗ്രാഡ്വേററുകൾ തങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്നുള്ള തൃപ്തി പൊതുജനങ്ങൾക്കു ഉണ്ടായിരിക്കുന്നതും അതിനാൽ പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു അവർ ആകുന്നിടത്തോളം ജോലിചെയ്യുന്നതും ആകുന്നു. അസിസ്റ്റൻറു തഹശീൽദാരന്മാരുടെ പ്രവൃത്തിയെയാണു ഈ സഭ ആക്ഷേപിച്ചിട്ടുള്ളതെന്നു പ്രത്യക്ഷത്തിൽ കാണുന്നതെന്നു വരികിലും വാസ്തവത്തിൽ അങ്ങിനെയല്ലാ ചെയ്തിട്ടുള്ളത്. മിസ്റ്റർ തരകൻ പ്രസ്താവിച്ചിട്ടുള്ള ഉപായ വളരെക്കാലമായിട്ടു തങ്ങളുടെ ജോലിയോടുസംബന്ധിച്ചിരുന്ന അതൃപ്തിക്കുള്ള കാരണഭൂതന്മാർ അസിസ്റ്റൻറുതഹശീൽദാരന്മാരല്ലെന്നും, എന്നാൽ അതിനുള്ള വാസ്തവകാരണം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനരീതിയാണെന്നും കമ്മിററിക്കാർ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ടു ഈ അതൃപ്തിയെ സംബന്ധിച്ചിടത്തോളം അസിസ്റ്റൻറു തഹശീൽദാരന്മാർ കുററക്കാരാണെന്നു സ്ഥാപിപ്പാൻ നിർവാഹമില്ല. അപ്രകാരമിരിക്കെ കമ്മിററിക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനുമുന്നം അസിസ്റ്റൻറു തഹശീൽദാരന്മാർ ആകുന്നിടത്തോളം ഗ്രാഡ്വേററന്മാരായിരിക്കേണ്ടതാണെന്നും ഇപ്പോഴുള്ള ശമ്പളംതന്നെ അവർക്കു കൊടുക്കേണ്ടതാണെന്നും ഗവൺമെൻറിനോടു ഞാൻ ശുപാർശ ചെയ്യുന്നു. അതിനാൽ, "നിയമിതരാകുന്ന അസിസ്റ്റൻറു തഹശീൽദാരന്മാർക്കു ഇപ്പോൾ കിട്ടുന്ന ശമ്പളം നൽകണമെന്നുള്ള ക്ലിപ്തത്തിനുൾപ്പെട്ടു" എന്നൊരു ഭേദഗതി പ്രമേയത്തിൽ ചേർക്കേണ്ടതാണെന്നും കൂടി ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ കെ. കെ. താമസ്സ് (കോട്ടയം). അസിസ്റ്റൻറു തഹശീൽദാരന്മാർ അവരുടെ ജോലി തൃപ്തികരമായി ചെയ്യുന്നില്ലെന്നു ഉദ്യോഗസ്ഥന്മാരും ഈ സഭയും ആവലാതിപ്പെട്ടിട്ടുണ്ടെന്നു അദ്ദേഹത്തിനറിയാമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ ഡിപ്പ്യൂട്ടിപ്രസിഡൻറ്): അവരുടെ ജോലി തൃപ്തികരമായിരിക്കുന്നില്ലാത്തപക്ഷം അവരെ പിരിച്ചുവിടാമെന്നുള്ളതാണല്ലോ. അസിസ്റ്റൻറു തഹശീൽദാരന്മാരുടെ ജോലിയെ സംബന്ധിച്ചിടത്തോളം അവരെ ഒരു സമൂഹമായി ആരുംതന്നെ ആക്ഷേപിച്ചിട്ടുണ്ടെന്നു എനിക്കുതോന്നുന്നില്ല. നേരെമറിച്ചു കമ്മററിക്കാരുടെ റിപ്പോർട്ടു ശരിയായവിധത്തിൽ ഞാൻ മനസ്സിലാക്കുന്നപക്ഷം അസിസ്റ്റൻറു തഹശീൽദാരന്മാരിൽ പതിനാലുപേരെയെങ്കിലും വച്ചുകൊണ്ടിരിക്കേണ്ടതാണെന്നു അവർ ശുപാർശചെയ്കയും ചെയ്തിട്ടുള്ളത്. അവരിൽ പതിന്നാലുപേരുടെ ജോലിയെ സംബന്ധിച്ചടത്തോളം കമ്മിററിക്കാർക്കു തൃപ്തിയാണുണ്ടായിട്ടുള്ളത്. അതുകൊണ്ടു ഇരുപത്തിഎട്ടു അസിസ്റ്റൻറു തഹശീൽദാരന്മാരുടേയും ജോലി അതൃപ്തികരമാണെന്നു പറയാൻ പാടില്ല. അതിനാൽ ഈ പതിന്നാലു ആളുകളും വച്ചുകൊണ്ടിരിക്കപ്പെടുന്നതിനു അർഹതയുള്ളവരും—അവർ കഴിഞ്ഞ, നാലോ അഞ്ചോ കൊല്ലങ്ങളായി ഒരു ക്ലിപ്തസ്കെയിൽ അനുസരിച്ചു ശമ്പളം വാങ്ങിവരികയാണ്—അവർ ഗ്രാഡ്വേററുകളും ആയിരിക്കുന്നപക്ഷം അവർ യാതൊരുവീഴ്ചയും ചെയ്തിട്ടില്ലാത്തസ്ഥിതിക്കു മുൻപു അവർ ചെയ്തുകൊണ്ടിരുന്ന ജോലിതന്നെ ചെയ്യുന്നതിനു അൻപതുമുതൽ എഴുപത്തഞ്ചുവരെയുള്ള കുറഞ്ഞ ശമ്പളം അവർ വാങ്ങണമെന്നു പറയുന്നതിൽ യാതൊരു ന്യായവും ഞാൻ കാണുന്നില്ല. അസിസ്റ്റൻറു തഹശീൽദാരന്മാർ കൂടുതൽ ശമ്പളം വാങ്ങിവന്നിരുന്നവരും യാതൊരുവിധത്തിലും എളുപ്പമല്ലാത്ത ഫീൽഡുജോലിസംബന്ധിച്ചു വളരെ ബുദ്ധിമുട്ടിയിട്ടുള്ളവരുമാണ്. ഇപ്രകാരമിരിക്കെ കുറഞ്ഞ സ്കെയിലിൽ അവരെ നിയമിക്കാൻ പാടുള്ളതല്ല. അവരുടെ ശമ്പളം കുറയ്ക്കുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): തഹശീൽദാരന്മാരുടെ നിയന്ത്രണത്തിൻകീഴിൽ പ്രസ്തുതജോലി കുറഞ്ഞ ശമ്പളം വാങ്ങുന്ന ഒരു ഉദ്യോഗസ്ഥനാൽ ചെയ്യപ്പെടാൻ സാധിക്കുമെങ്കിൽ അസിസ്റ്റൻറു തഹശീൽദാരന്മാർ തുടരുന്നതിനു വല്ല ആവശ്യവും ഉണ്ടോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെംബർ ഡിപ്പ്യൂട്ടിപ്രസിഡൻറ്): അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻേറയോ ഈ സഭയുടേയോ നയം അപ്രകാരം ആയിരിക്കണമോ എന്നുള്ളതിനെപ്പററി എനിക്കുഅറിഞ്ഞുകൂടാ. ആ വിധമാണെങ്കിൽ കുറഞ്ഞശമ്പളം കൊടുത്തു ഏതുജോലിയും ആരെക്കൊണ്ടെങ്കിലും അവർക്കു ചെയ്യിക്കാമെന്നുള്ളതാണ്. ജോലിയെ സംബന്ധിച്ചിടത്തോളം വിശ്വാസ്യം, സമർത്ഥത, ഗുണം എന്നിവ എല്ലായ്പോഴും ഒന്നിച്ചു കാണാൻ സാധിക്കയില്ലെന്നു എൻെറ സ്നേഹിതൻ മിസ്റ്റർ ജോസഫിനെ അറിയിച്ചുകൊള്ളുന്നു. അതിനാൽ ശരിയായിട്ടുള്ളവരും യോഗ്യത സമ്പാദിച്ചിട്ടുള്ളവരുമായ ആളുകളെ കിട്ടണമെങ്കിൽ കൂടു

ങ്ങൾ പണം കൊടുക്കേണ്ടതായി വരുന്നതായിരിക്കുന്നു. ഇത് ഒരു പ്രത്യേക തരം ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് മാത്രമുള്ളതല്ല. എല്ലാത്തരം ഉദ്യോഗസ്ഥന്മാരേയും സംബന്ധിച്ചുള്ള ഒരു വാസ്തവമാണ്. അതിനെപ്പറ്റി സാവധാനം ആലോചിച്ചാൽ മതിയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ സർവേയറന്മാരിൽ പതിനാലു പേരെങ്കിലും ഈ ജോലി ചെയ്യുന്നതിനു പ്രാപ്തന്മാരാണെന്നു കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുള്ള വിവരം മെമ്പർക്ക് അറിയാവുന്നതല്ലേ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): അറിയാം. അതിനെക്കുറിച്ച് ഞാൻ കുറ്റം പറയുന്നില്ല. അവരെ മേൽപരീക്ഷിച്ചു നോക്കേണ്ടതായിത്തന്നെയിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): പ്രസ്തുത ജോലി കുറഞ്ഞ ശമ്പളം നൽകപ്പെടുന്ന ആളുകളാൽ ചെയ്യപ്പെടാൻ സാധിക്കുമെങ്കിൽ അസിസ്റ്റന്റ് തഹശീൽദാരന്മാരെ വച്ചുകൊണ്ടിരിക്കണമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): അസിസ്റ്റന്റ് തഹശീൽദാരന്മാരെ വച്ചുകൊണ്ടിരിക്കണമെന്നു അവർ ആവശ്യപ്പെടുന്നു. പരീക്ഷ് ജയിക്കപ്പെടാത്തവരായ ആളുകളെ കുറഞ്ഞ ശമ്പളം കൊടുത്തു ഇനിമേലും ചെയ്യാൻ നിശ്ചയം സ്വീകരിക്കുമെന്നാണ് ഞാൻ പറയുന്നത്. അതിനാൽ അവർ ചെയ്യുന്ന ജോലി അതൃപ്തികരമായിരിക്കാൻ ഇടയുണ്ട്. അതാണ് എന്റെ വാദം. അതിനെ പറ്റി രണ്ടു ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരെ കമ്മിറ്റിക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. അവരെ ഒരു ൫൦ രൂപ മുതൽ ൬൦ രൂപവരെയുള്ള ശമ്പളം ആദ്യമായി നൽകിയാലെന്തു? എല്ലാ അസിസ്റ്റന്റ് തഹശീൽദാരന്മാരേയും അവരുടെ ഇപ്പോഴത്തെ സ്ഥാനങ്ങളിൽ തിരിച്ചയച്ചേക്കാം. ൪൦ രൂപ മുതൽ ൬൦ രൂപവരെ ഒരു ഗ്രേഡും ൬൦ രൂപ മുതൽ ൭൦ രൂപവരെ മറ്റൊരു ഗ്രേഡും ഇപ്രകാരം രണ്ടു ഗ്രേഡുകൾ ഉണ്ടായിരിക്കണമെന്നു കമ്മിറ്റിക്കാർ പറയുന്നു. അസിസ്റ്റന്റ് തഹശീൽദാരന്മാരിൽ പതിനാലു പേരെ ൪൦ രൂപ മുതൽ ൬൦ രൂപവരെ ശമ്പളത്തിൽ നിയമിക്കുന്നതിനു അവർ ഉദ്ദേശിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അസിസ്റ്റന്റ് തഹശീൽദാരന്മാർ ചെയ്തിരുന്നതിൽ കൂടുതൽ തൃപ്തികരമായി ഈ ജോലി ഇതുവരെ സർവേയറന്മാർ ചെയ്തു വന്നിട്ടില്ലേ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): അതിൽ ഞാൻ ഒട്ടും തന്നെ യോജിക്കുന്നില്ല. പ്രസ്തുത ജോലി ഈ സർവേയറന്മാർ കുറെക്കൂടി തൃപ്തികരമായി ചെയ്തുവന്നിരുന്നു എന്നു പ്രസ്താവിച്ചതിനെ ഞാൻ നിഷേധിക്കുന്നു. ഈ സർവേയറന്മാർ ഗ്രാഡ്യുവേറ്റന്മാർ അല്ലെന്നും അവർക്കു ആ ജോലി ചെയ്യാൻ ത്രാണിയില്ലെന്നും നമുക്കറിയാം. സംശയഗ്രസ്തമായ ആ വാദപ്രതിവാദത്തിൽ നാം ഏർപ്പെടണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ജോലി തുടരേണ്ടതാകുന്നു, അസിസ്റ്റന്റ് തഹശീൽദാരന്മാർ, അവരിൽ പതിനാലു പേരെങ്കിലും, ജോലിക്കു പ്രാപ്തന്മാരാണെന്നും, അതിനാൽ അവരെ വച്ചുകൊണ്ടിരിക്കണമെന്നും കമ്മിറ്റിക്കാർ പ്രസ്താവിച്ചിരിക്കുന്നു. അപ്രകാരമാണെങ്കിൽ പുതിയ ഗ്രാഡ്യുവേറ്റുകളോ അല്ലാത്തവരോ ആയ കുറഞ്ഞ ശമ്പളത്തിൽ സർവീസിൽ കയറാൻ സമ്മതമുള്ള ആളുകളുള്ളപ്പോൾ ഉണ്ടായിരുന്നു എന്നുള്ള ഏകകാരണം കൊണ്ടു അവരുടെ ശമ്പളം കുറയ്ക്കുന്നതിൽ എന്തു ന്യായമാണുള്ളത്? അപ്രകാരമുള്ള ഒരു നയം ഗവർമ്മെന്റ് അനുവർത്തിക്കാൻ പാടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി: കെ. കെ. താമസ്സ് (കോട്ടയം): അവരിൽ പതിനാലു പേർ ജോലിക്കു ത്രാണിയുള്ളവരാണെന്നു എവിടെയാണു പ്രസ്താവിച്ചിട്ടുള്ളത്?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): പുതിയ സ്ഥാനങ്ങളിൽ പതിനാലു അസിസ്റ്റന്റ് തഹശീൽദാരന്മാരെ നിയമിക്കണമെന്നു കമ്മിറ്റിക്കാർ ശുപാർശ ചെയ്തിരിക്കുന്നതു കൊണ്ടു അവർ ത്രാണിയുള്ളവരാണെന്നു ഞാൻ മനസ്സിലാക്കി. കമ്മിറ്റിക്കാർ വളരെ ബുദ്ധിമുട്ടിയിട്ടുണ്ടെന്നു മിസ്റ്റർ. റോബിൻസൺ പ്രസ്താവിച്ചിരിക്കുന്നു. അവർ വളരെ ബുദ്ധിമുട്ടി വേല ചെയ്തു, അസിസ്റ്റന്റ് തഹശീൽദാരന്മാരിൽ പതിനാലുപേർ തൃപ്തികരമാകുംവണ്ണം ജോലി ചെയ്തിട്ടുള്ളവരാണെന്നും അതിനാൽ അവരെ നിയമിക്കണമെന്നും കമ്മിറ്റിക്കാർ ശുപാർശ ചെയ്യുന്നു. അസിസ്റ്റന്റ് തഹശീൽദാരന്മാരിൽ പതിനാലു പേരെങ്കിലും യോഗ്യതയുള്ളവരാണെന്നു പറഞ്ഞിരിക്കുന്നതിനോടു റിപ്പോർട്ടിൽ ഒപ്പിട്ടിട്ടുള്ളവരുടെ കൂട്ടത്തിൽ മറ്റുള്ളവരുടെ നിലയിൽ മിസ്റ്റർ. കെ. കെ. താമസ്സും ചേർന്നിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നത്. ഈ പതിനാലു പേരും യോഗ്യതയുള്ളവരല്ലെങ്കിൽ വ്യത്യസ്ഥരീതിയിലുള്ള ഒരു ഡ്യൂട്ടിയിലിരിക്കേണ്ട ആവശ്യം എന്താണ്? ഇവരെ എല്ലാപേരെയും ൪൦ രൂപ മുതൽ ൬൦ രൂപവരെയുള്ള ശമ്പളത്തിൽ നിയമിച്ചാൽ ഞാൻ തൃപ്തനാകുന്നതാണ്. അതുകൊണ്ട്, "എന്നാൽ, ഇപ്പോഴുള്ള അസിസ്റ്റന്റ് തഹശീൽദാരന്മാരെ ഇപ്പോഴത്തെ ശമ്പളം തന്നെ വാങ്ങുന്നതിനു അനുവദിക്കേണ്ടതാകുന്നു" എന്നൊരു ക്ലാസ്സും കൂടി ചേർക്കണമെന്നു ഞാൻ ശുപാർശ ചെയ്യുന്നു.

മി: കെ. കെ. താമസ്സ് (കോട്ടയം): പ്രസ്തുത ഭേദഗതി നടപടി ക്രമം അനുസരിച്ചാണോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): എന്തുകൊണ്ടല്ല? അദ്ധ്യക്ഷന്റെ യുക്തംപോലെ അനുവദിക്കാവുന്നതാണ്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അസിസ്റ്റന്റ് തഹശീൽദാരന്മാരുടെ ശമ്പളം താല്ക്കാലികമാണെന്നു സമ്മതിക്കുന്നുണ്ടോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്): അതെ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോഴും കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള സ്ഥിരം ശമ്പളമാണെന്നു അറിയാമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ്). അറിയാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ വ്യത്യാസംകൊണ്ടു ഈ കുറവിനെ പറ്റി പരാതി പറയാൻ അവകാശമുണ്ടോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ്): ഉണ്ടെന്നാണ് ഞാൻ പറയുന്നത്.

എന്തുകൊണ്ടാണെന്നു ഞാൻ പ്രസ്താവിക്കാം. ഒന്നാമതായി, അവർ എല്ലാവരും ഗ്രാഡ്വേറ്റന്മാരാണ്, താൽക്കാലികമായ മാതൃവിധത്തിലെ കഴിഞ്ഞ അഞ്ചുകൊല്ലങ്ങളായി അവർ സ്കെയിൽ അനുസരിച്ചുള്ള ശമ്പളം പറ്റിവരികയായിരുന്നു. രണ്ടാമതായി, തഹശീൽദാരന്മാരുടെ കീഴിൽ ഹെഡ് അക്കൌണ്ടന്റ് എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ട്. അയാൾ ഗ്രാഡ്വേറ്റല്ലാത്തതും ൫൦ രൂപമുതൽ ൭൦ രൂപവരെ ശമ്പളം കിട്ടിവരുന്ന ആളുമാകുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്ന പുതിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ൫൦ രൂപമുതൽ ൭൦ രൂപവരെയുള്ള സ്കെയിലിൽ കൂടുതലായിരിക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ടതായ ജോലി കുറെക്കൂടി ചുമതലപ്പെട്ടതാണെന്നാണ് എന്റെ വിശ്വാസം. ആ പ്രകാരമിരിക്കെ അസിസ്റ്റന്റ് തഹശീൽദാരന്മാർ നാല്പതാം ഗ്രേഡിൽ തന്നെയുള്ളവരായിരിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു. അവരുടെ ശമ്പളത്തിൽ കുറവു ചെയ്യാതെ ഇപ്പോഴത്തെ ശമ്പളം പറ്റി എല്ലാ അസിസ്റ്റന്റ് തഹശീൽദാരന്മാരെയും മുമ്പെ വച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമാണെങ്കിൽ അപ്രകാരം ചെയ്യേണ്ടതാണെന്നു ശുപാർശ ചെയ്യുന്നതിൽ ഞാൻ ഒട്ടും മടിക്കുന്നില്ല. കമ്മറ്റിക്കാരുടെ നിർദ്ദേശത്തെ സ്വീകരിക്കുന്നപക്ഷം ഡെപ്യൂട്ടേഷനിൽ അഥവാ സർവീസിലോ മറ്റു പ്രകാരത്തിലോ കൂടുതലായ ശമ്പളത്തിൽ സർവീസ് ചെയ്യുന്ന ഇവരെ അവർക്കു കൊടുക്കേണ്ടതാണ്. അപ്രകാരം പ്രവൃത്തിച്ചില്ലെങ്കിൽ ജോലിക്കു വേണ്ടതായ അവർക്കു ഉത്സാഹമുണ്ടായിരിക്കുന്നതല്ല. അവർ അസംതൃപ്തരായിരിക്കും. അതിന്റെ ഫലം അധികം സന്തോഷപ്രദമായിരിക്കയില്ല.

മി: കെ. സി. മാധവൻ പിള്ള (കച്ചവടവും വ്യവസായവും, വടക്ക്): നിങ്ങളുടെ നിർദ്ദേശമെന്താണ്?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ): തുടർന്നു വച്ചുകൊണ്ടിരിക്കണമെന്നു പറയപ്പെടുന്ന പതിനാലു അസിസ്റ്റന്റ് തഹശീൽദാരന്മാർക്കും അവർക്കിപ്പോൾ കിട്ടിക്കൊണ്ടുവരുന്ന ശമ്പളം നൽകണം.

മി: കിളിമാനൂർ പരമേശ്വരൻ പിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അസിസ്റ്റന്റ് തഹശീൽദാരന്മാരെ ഈ ജോലിയിൽ നിയമിക്കുന്നപക്ഷം അവരെപ്രകാരം നിയമിക്കപ്പെടുന്ന ആളുകൾക്കും അസിസ്റ്റന്റ് തഹശീൽദാരന്മാർക്കു കൊടുത്തുവന്നിരുന്ന ശമ്പളം തന്നെ കൊടുക്കണമെന്നാണോ മെമ്പർ പറയുന്നത്?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡന്റ): അപ്രകാരം വേണമെന്നില്ല. ഇപ്പോഴത്തെ ശമ്പളത്തിൽ ഇവരെല്ലാപേരെയും വച്ചുകൊണ്ടിരിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ആ ശമ്പളം അനുവദിക്കപ്പെടാത്തപക്ഷം ആ ശമ്പളം പേഴ്സണൽ അലവൻസായിട്ടോ മറ്റു പ്രകാരത്തിലോ അവർക്കു കിട്ടുന്നതിലേക്കു ഗവണ്മെന്റു വല്ലതും ചെയ്യേണ്ടതാകുന്നു. അവർക്കു പകരം നിയമിക്കപ്പെടുന്നവർക്കു ൫൦ രൂപ മുതൽ ൭൦ രൂപവരെ ശമ്പളം കൊടുക്കാവുന്നതാണ്.

മി: എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ വിഷയത്തെപ്പറ്റി ധാരാളം വാദപ്രതിവാദം നടന്നു. പ്രസ്തുത വിഷയത്തെപ്പറ്റി ഒരു വ്യാഖ്യാനം മിസ്റ്റർ സുബ്ബയ്യർക്കു നൽകുന്നപക്ഷം ഞാൻ ചെയ്യുന്നതു നടപടിക്രമം അനുസരിച്ചായിരിക്കുമോ? മിസ്റ്റർ സുബ്ബയ്യർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഇപ്പോഴത്തെ സ്കെയിലിൽ അസിസ്റ്റന്റ് തഹശീൽദാരന്മാരെ വച്ചുകൊണ്ടിരിക്കണമെന്ന ആശയമായി കമ്മറ്റി പരിചിന്തിച്ചു. ഭൂമി റിക്കാർഡു സംരക്ഷണ സിൽബന്ധികൾക്കും ആയി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിനുമായി ആണ്ടൊന്നുക്കു ഇപ്പോൾ ഒരു ലക്ഷത്തിനാല്പത്തിഅയ്യായിരം രൂപ ചിലവാകുന്നുണ്ട്. ഇപ്പോഴുള്ള സ്റ്റാഫ് അനുസരിച്ചു അസിസ്റ്റന്റ് തഹശീൽദാരന്മാരുടെ വകയിൽ ആണ്ടൊന്നുക്കു ൫൦,൦൦൦ രൂപ ചിലവാകുന്നുണ്ട്. ആകുന്നിടത്തോളം ചെലവുകുറയ്ക്കുന്നതിനു ഞങ്ങൾ ശ്രമിക്കുന്നു. വേറെ സൂപ്രണ്ടുമാരെന്നു ഉദ്യോഗപ്പേരുണ്ടാക്കി ഒരു തരം ഉദ്യോഗസ്ഥന്മാരെ ഞങ്ങൾ ഇപ്പോൾ നിർദ്ദേശിച്ചിട്ടുണ്ട്, എന്തെന്നാൽ അസിസ്റ്റന്റ് തഹശീൽദാരന്മാർ എന്നുള്ള ഉദ്യോഗപ്പേരു യാതൊരുത്തരും ഇഷ്ടപ്പെടുന്നില്ലാത്തതുകൊണ്ടു അവർക്കു ആ നാമധേയം കൊടുക്കുന്നതിനു ഞങ്ങൾ ഭയപ്പെടുന്നു.

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട മെമ്പർ, ഡിപ്യൂട്ടി പ്രസിഡണ്ട്): വാസ്തവത്തിൽ ഇതൊരു സമാധാനമല്ല. അദ്ദേഹത്തിന്റെ മറുപടിയുടെ അവസാനത്തിൽ മിസ്റ്റർ റാബിൻസൺ പ്രസംഗിക്കുന്നതായിരിക്കും ഉത്തമമായിട്ടുള്ളത്. അതല്ലാത്തപക്ഷം ഓരോ മെമ്പർക്കും അദ്ദേഹം സമാധാനം നൽകേണ്ടതായി വരും.

മി: എസ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി കൂടുതൽ പണം വേണ്ടിവരുന്നതിനു ഇഷ്ടമുണ്ടോ എന്നു പറയേണ്ടതു സഭയാണ്.

മി: കെ. കെ. തോമസ് (കോട്ടയം): ഭേദഗതിക്കു അദ്ധ്യക്ഷൻ അനുവദിച്ചിരിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

അദ്ധ്യക്ഷൻ: ഭേദഗതി ആരും തന്നെ പിൻതാങ്ങിയിട്ടില്ല.

മി. ജി. രാമൻ മേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭൂമി റിക്കാർഡ് സംരക്ഷണഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചടത്തോളം ധാരാളം പരാതി ഉണ്ടായിട്ടുള്ളതുകൊണ്ടാണ് ഭൂമിറിക്കാർഡുസംരക്ഷണക്കമ്മറ്റിയെ നിയമിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ചില ന്യൂനതകളെ സംബന്ധിച്ചിടത്തോളം പരിഹാരമാർഗ്ഗങ്ങളെ നിർദ്ദേശിച്ചിട്ടുള്ളതായി റിപ്പോർട്ടിൽനിന്നും കാണുന്നു. ഭൂമിറിക്കാർഡ് സംരക്ഷണങ്ങളെ പരിശോധിക്കപ്പെടുന്നതിനു തഹശീൽദാരന്മാരെ അധികാരപ്പെടുത്തണമെന്നുള്ളതാണ് അവയിൽ പ്രധാനമായിട്ടുള്ളതു്. അപ്രകാരമുള്ള ഒരു പരിശോധന സർവേ നടത്തുന്ന സിൽബന്തികളുടെ തോന്ന്യവാസങ്ങൾക്കു ഒരു പ്രതിബന്ധമാകാൻ ഇടയുണ്ടെന്നു കമ്മറ്റിക്കാർ പറയുന്നു. ഇതു മതിയായ ഒരു സൂക്ഷ്മതയായിരിക്കുമോ എന്നെനിക്കറിയാൻ പാടില്ല. അവയുടെ ഫലം എന്തുതന്നെ ആയിരുന്നാലും പ്രവർത്തനത്തെ സംബന്ധിച്ചടത്തോളം തന്നെ ക്ലിപ്തമായ ഒരു പദ്ധതി രൂപീകരിക്കുന്നതായിരിക്കും കുറെക്കൂടി നല്ലതായ ഒരു ഉപായമെന്നു എനിക്കു തോന്നുന്നു. സിൽബന്ധികളുടെ പേരുവിവരം, ആവശ്യമുള്ള ആളുകളുടെ സംഖ്യ മുതലായവയെപ്പറ്റി മാത്രമാണ് ഇപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതിയിൽ പ്രതിപാദിച്ചുകാണുന്നതു്. എന്നാൽ വാസ്തവത്തിൽ സർവേ നടത്തുന്ന സിൽബന്തികൾ യാതൊരു അക്രമങ്ങളും ചെയ്യാതിരിക്കുന്നതിലേക്കു പ്രവർത്തന

[illegible] സംബന്ധിച്ചിടത്തോളം കുറേക്കൂടി ശ്രദ്ധ പതിയേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇതിലേയ്ക്കു വേണ്ടിടത്തോളം വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് എനിക്കു തോന്നുന്നു. സർവെ ജോലി ചെയ്യുന്ന അധികാരസ്ഥന്മാർക്ക് എന്തുള്ളേശപ്പുരമാണുകണ്ടതെന്നുള്ളതിനെപ്പറ്റിയോ അവർക്കു കൊടുക്കേണ്ടതായ ശമ്പളത്തെപ്പറ്റിയോ എനിക്കു യാതൊന്നും തന്നെ പറയാനില്ല. ഈക്കാര്യങ്ങളെല്ലാം ഗവർമെന്റാണ് തീർച്ചപ്പെടുത്തേണ്ടത്.

പല സമരങ്ങളും പലവിധമായ രീതികൾ അനുകരിച്ചു വന്നിരുന്നതുകൊണ്ടാണ് പൊതുജനങ്ങൾക്ക നഷ്ടം സംഭവിച്ചിട്ടുള്ളതെന്നാണ് ജനങ്ങളുടെ [illegible]കളിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇതുമൂലം അക്രമങ്ങൾ ചെയ്യുന്നതിന് ഇടയാകുന്നതും, [illegible]ന്മാരുടെ അക്രമങ്ങൾ മുതലായവ കണ്ടുപിടിക്കുന്നതിനു പ്രയാസമായിത്തീരുന്നതും ആകുന്നു. ഇവയെല്ലാം ഒഴിവാക്കുന്നതിനു ചില പരിഹാരമാർഗ്ഗങ്ങൾ വ്യവസ്ഥ ചെയ്യണമെന്നും എനിക്കു തോന്നുന്നു. ഇപ്രകാരമുള്ള പരിഹാരമാർഗ്ഗങ്ങളിൽ ഒന്നിനെപ്പറ്റി ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. ഏതെങ്കിലും പുറമ്പോക്കുകളുടെ കാര്യത്തിൽ അതിരു തിട്ടപ്പെടുത്തുമ്പോൾ അതു സംബന്ധിച്ചുള്ള മുഴുവൻ പ്രദേശത്തെയും ക്ലിപ്തമായും തൃപ്തികരമായും നിയമമായും ഉള്ള രീതി അനുസരിച്ചുമാത്രമേ സർവെ നടത്താവു. ഇതാണു ഞാൻ നിർദ്ദേശിക്കുന്ന ഒന്നാമത്തെ പരിഹാരമാർഗ്ഗം. പുറമ്പോക്കുകൾ സർവെ ചെയ്യുന്ന വിഷയത്തെ [illegible]ന്മാർ ഏതുമാത്രം ശ്രദ്ധയോടെ ഉപക്രമിക്കുന്നു എന്നു വിചാരിക്കുന്നതിനെ അവരെ അനാവശ്യമായി [illegible]പ്പെടുത്തിയിട്ടുണ്ടെന്നു സംബന്ധപ്പെട്ട കക്ഷികൾ പരാതി പറഞ്ഞിട്ടുള്ളതായി എനിക്കറിയാം. ഉദാഹരണമായി ഒരു ഇടവഴിയിൽ ഒരു സ്ഥലത്തു ആറടി വീതിയും വേറെ സ്ഥലത്തു ഏകദേശം മൂന്നടിമാത്രം വീതിയും ഉണ്ടായിരിക്കുമ്പോൾ മൂന്നടിമാത്രം വീതിയുള്ള സ്ഥലത്തു ആറടി വീതി ഉണ്ടായിരിക്കേണ്ടതാണെന്നു [illegible] എങ്ങിനെയെങ്കിലും പറഞ്ഞുണ്ടാക്കും. പുറമ്പോക്കിന്റെ അതിരു തിട്ടപ്പെടുത്തുമ്പോൾ [illegible] സംബന്ധിച്ചുള്ള മുഴുവൻ സ്ഥലവും സർവെ ചെയ്യപ്പെടുന്നപക്ഷം ഇപ്രകാരമുള്ള വിഷമതകളെ പരിഹരിക്കാമെന്നുള്ളതാണ്. വാസ്തവത്തിൽ ഇതിലേക്കായി [illegible] ചട്ടത്തിൽ ഗവർമെന്റ വ്യവസ്ഥ ചെയ്തിട്ടുള്ളതാകുന്നു. പ്രസ്തുത ചട്ടം താഴെ പറയും പ്രകാരമാണ്:—

"മുഴുവൻ [illegible]കളായോ സർവെ ഫീൽഡുകളായോ ഗണിക്കപ്പെട്ടിട്ടുള്ള പുറമ്പോക്കുകളെ അതതു സർവെയിൽ റിക്കാർഡ് ചെയ്തിട്ടുള്ള അളവുകൾ അനുസരിച്ചു അതിരു തിരിക്കേണ്ടതാകുന്നു.

എന്നാൽ, അപ്രകാരമുള്ള പുറമ്പോക്കുകളുടെ വീതി വർദ്ധിച്ചു അല്ലാതെ അതൃത്തികൾ പ്രസ്തുത പുറമ്പോക്കുകളുടെ [illegible] സ്ഥിതി [illegible] വാസ്തവത്തിൽ കാണപ്പെടുന്ന അതിരുകൾ അനുസരിച്ചു പുറമ്പോക്കുകളുടെ അതൃത്തികൾ തിട്ടപ്പെടുത്തേണ്ടതാകുന്നു.

സെറ്റിൽമെന്റ സംബന്ധിച്ച [illegible]കളായ പുറമ്പോക്കുകളെ അവയുടെ റിക്കാർഡു ചെയ്തിട്ടുള്ള വിസ്തീർണ്ണം അനുസരിച്ചു അതൃത്തി തിരിച്ച് അളക്കേണ്ടതാകുന്നു. വെവ്വേറെ പ്ലാട്ടുകളായി തിരിക്കത്തക്കവണ്ണം മുഴുവൻ സർവെ ഫീൽഡോ സബ്‌ഫീൽഡോ അതിലുള്ള എല്ലാ ഉപഭാഗങ്ങളോടുംകൂടി അളക്കേണ്ടതാകുന്നു."

ഇതാണു [illegible]യിട്ടുള്ള വ്യവസ്ഥതന്നെയാണ്. എന്നാൽ അതു കുറേക്കൂടി ഫലവത്തായിട്ടുള്ളതായിരിക്കണമെന്നാണു ഞാൻ പറയുന്നതു. ഇനി വേറൊരു സംഗതികൂടി എനിക്കു സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. [illegible] ഭൂമികളുടെ അതൃത്തികളിൽ മാറ്റങ്ങൾ ഉണ്ടാകുന്നു എന്നുള്ള വസ്തുതയെ പരിഗണിക്കാതെ പുറമ്പോക്കുകളുടെ ഇപ്പോഴത്തെ കിടപ്പനുസരിച്ച് അവയുടെ അതൃത്തികൾ തിട്ടപ്പെടുത്തിയിട്ടുണ്ടെന്ന് മിസ്റ്റർ രാഘവയ്യങ്കാർ പ്രസ്താവിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ ചിത്തിററിക്കാർ പറഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ ഉത്തരവു അതിനൊരു പരിഹാരമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ സർവെജീവനക്കാർ ഭൂമിയുടെ കിടപ്പനുസരിച്ച് സർവെ ചെയ്യാതെ പഴയ സർവെ റിക്കാർഡുകൾ അനുസരിച്ചു അവയെ സർവെ ചെയ്യുവരുന്നു എന്നു ജനങ്ങൾ പരാതിപ്പെടുന്നുണ്ടെന്നു ഈ സന്ദർഭത്തിൽ സഭയെ ഞാൻ അറിയിച്ചുകൊള്ളുന്നു. അതിലേക്കു ഒരു ഉദാഹരണം ഞാൻ പറയാം. എ എന്നും ബി എന്നും രണ്ടു പുരയിടങ്ങൾ ഉള്ളതായും ഒരു [illegible] കിടക്കുന്ന നിലത്തിൽനിന്നാരംഭിച്ച് രണ്ടു പുരയിടങ്ങൾക്കും ഇടയിൽകൂടി ഒരു തോടുണ്ടെന്നും വിചാരിക്കുക. പഴയ റിക്കാർഡുകളിലും പ്ലാനിലും തോടിന്റെ സൂക്ഷ്മമായ കിടപ്പു സാധാരണയായി കാണിച്ചിരിക്കയില്ല. എ എന്നും ബി എന്നും രണ്ടു പുരയിടങ്ങൾ ഉണ്ടെന്നുമാത്രമേ പ്രസ്താവിച്ചിരിക്കയുള്ളു. അവയെ പ്രത്യേകം പ്രത്യേകമായി സർവെ ചെയ്യുന്നു. എ എന്ന പുരയിടത്തിൽ ഒരു തോടുണ്ടെന്നുമാത്രമേ സെറ്റിൽമെന്റ റിക്കാർഡുകളിൽ പ്രസ്താവിച്ചിരിക്കയുള്ളു. അതിന്റെ വാസ്തവത്തിലുള്ള കിടപ്പിനെപ്പറ്റി റിക്കാർഡുകളിൽ പറഞ്ഞിരിക്കയില്ല; അതു പ്രത്യേകമായി സർവെ ചെയ്യപ്പെടുകയുമില്ല. പുതിയ പുറമ്പോക്ക സർവേജീവനക്കാർ ചില അളവുകൾ നടത്തിയതിന്റെശേഷം തോടിന്റെ ഇപ്പോഴത്തെ കിടപ്പു ശരിയായിട്ടുള്ളതല്ലെന്നു പറയും. അതു എ എന്ന പുരയിടത്തിന്റെ ഇപ്പോഴത്തെ അതൃത്തിയിൽ അല്ലെന്നും എന്നാൽ ബി എന്ന പുരയിടത്തിന്റെ ഇപ്പോഴത്തെ അതൃത്തിയിലാണെന്നും അവർ പറയും. അതിനാൽ [illegible]മുള്ളതായ തെങ്ങുകൾ നിൽക്കുന്ന ബി എന്ന പുരയിടത്തിന്റെ ഏതാനംഭാഗത്തിൽകൂടി ഒരു തോടു വെട്ടേണ്ടതായിവരുന്നു. എ എന്ന പുരയിടത്തിന്റെ ഉടമസ്ഥനായ മററൊരാൾ [illegible] അദ്ദേഹം കരം കൊടുക്കാനുള്ളതുകൊണ്ടു [illegible] ഉടൻതന്നെ തോടുനികത്തി വൃക്ഷങ്ങൾ വച്ചുന്നു. അതിനാൽ ബി എന്ന പുരയിടത്തിന്റെയും നിലങ്ങളുടേയും ഉടമസ്ഥൻ തന്റെ നിലങ്ങളുടെ ആവശ്യത്തിലേക്കു ജലനിർഗ്ഗമനത്തിനായി ഒരു തോടു വേണമെന്നുണ്ടെങ്കിൽ വൃക്ഷങ്ങൾ മാററി അയാൾതന്നെ ഒരു തോടുണ്ടാക്കേണ്ടതായിവരും. ഇപ്രകാരമിരിക്കെ സ്ഥലങ്ങളുടെ ഇപ്പോഴത്തെ കിടപ്പിനെപ്പററിയാണ് ആലോചിക്കേണ്ടതു". അതിനാൽ പുറമ്പോക്കിന്റെ കിടപ്പിനെ സംബന്ധിച്ചിടത്തോളം മിസ്റ്റർ രാഘവ അയ്യങ്കാരെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. പുറമ്പോക്കിന്റെ വിസ്തീർണ്ണത്തെ തിട്ടപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം അതതു റിക്കാർഡുകളെ പരിശോധിച്ചു പ്രവർത്തിക്കേണ്ടതാകുന്നു; എന്നാൽ സ്ഥലത്തിന്റെ കിടപ്പിനെപ്പററി നിശ്ചയിക്കുന്നകാര്യത്തിൽ അതതു റിക്കാർഡുകൾ സൂക്ഷ്മമായിട്ടുള്ളവയല്ലാത്തതുകൊണ്ട് ഇപ്പോഴത്തെ കിടപ്പനുസരിച്ചു വേണം പ്രവർത്തിക്കുവാൻ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒരാളിന്റെ പുരയിടത്തിന്റെ അതിരു [illegible] ലിങ്ക്സ് നിലമുണ്ടെന്നിരിക്കെ അതിൽനിന്നു [illegible] ലിങ്ക്സ് വെളിയിൽ ഇട്ടിട്ടു കല്ലാലവെയ്ക്കുന്നു. ആ സ്ഥലം അയാളുടെ വകയായിരിക്കുമ്പോൾ അതിനെ അതിനടുത്തുള്ള പുറമ്പോക്കോടു കൂടിച്ചേർത്തു എടുത്തുകൊള്ളണമെന്നാണോ പറയുന്നതു"?

മി: ജി. രാമൻമേനോൻ (രാഘവപുരവും പാർത്തിപ്പള്ളിയും): അളവിനെ സംബന്ധിച്ചിടത്തോളം മിസ്റ്റർ രാഘവയ്യങ്കാരുടെ ചട്ടങ്ങൾ സ്വീകരിക്കുന്നില്ല.

ഇനി വേറൊരുകാര്യംകൂടി സഭയെ അറിയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. താഴെപറയുംപ്രകാരം കമ്മിററിക്കാർ പറഞ്ഞിരിക്കുന്നു.

"കക്ഷികൾ അവരുടെ അവകാശങ്ങളെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നുള്ള മററുകാരണംകൊണ്ടു അവരുടെ അനുവാദംകൂടാതെയോ ന്യായമാണെന്നു കരുതപ്പെടാവുന്ന മററെന്തെങ്കിലും മതിയായ കാരണങ്ങൾ കൂടാതെയോ പതിവുഭൂമികളുടെ ഏതെങ്കിലും ഭാഗത്തെ പുറമ്പോക്കായി ഗണിക്കപ്പെടാമെന്ന മെമ്പറുടെ സ്റ്റേറ്റ്മെന്റു പറയുന്നതിനോടു യോജിക്കുന്നതിനു കമ്മിററിക്കാർക്കു നിർവാഹമില്ല."

കക്ഷികളുടെ ഭൂമികളെ സംബന്ധിച്ചിടത്തോളം അവർക്കു പരാതി ഉണ്ടാകാതിരിക്കത്തക്കവണ്ണം ഗവണ്മെൻറ ന്യായമായി പെരുമാറണമെന്നുള്ള കമ്മിററിക്കാരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ, വാസ്തവത്തിൽ കക്ഷികൾ ഏതു ന്യൂനതകളെപ്പററിയാണോ പരാതി പറഞ്ഞിട്ടുള്ളതു അവയാണു ഭൂമിറിക്കാർഡ് സംരക്ഷണഡിപ്പാർട്ടുമെണ്ടിലെ പ്രധാനന്യൂനതകളെന്നും അല്ലാതെ അവർ പരാതിപറഞ്ഞിട്ടില്ലാത്തവയല്ലെന്നുമാണു എനിക്കു പറയാനുള്ളതു്. ഏതു ന്യൂനതകളെപ്പററിയാണോ ജനങ്ങൾ പരാതി പറഞ്ഞിട്ടുള്ളതു് അപ്രകാരമുള്ള ഭൂമറിക്കാർഡ് സംരക്ഷണഡിപ്പാർട്ടുമെൻറിലെ ന്യൂനതകളെ പരിഹരിക്കുന്നതിനു ഗവണ്മെൻറ വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. റിപ്പോർട്ടു വായിച്ചുനോക്കിയതിൽ മേൽപ്രസ്താവിച്ച ന്യൂനതകളെ പരിഹരിക്കുന്നതിനു ക്ലിപ്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി ഞാൻ കാണുന്നില്ല. ഇക്കാര്യത്തെപ്പററിയും ചിന്തിക്കേണ്ടതാകുന്നു.

അദ്ധ്യക്ഷൻ: സമയമായി.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭൂമറിക്കാർഡ് സംരക്ഷണജോലിയിൽ ഉണ്ടാകുന്ന പ്രധാനമായ ന്യൂനതയ്ക്കുള്ള കാരണം ന—ാമതു ചട്ടത്തിലെയും മററുമുള്ള സർക്കുലറുകളുടെയും പോരായ്മകളാണെന്നു റിപ്പോർട്ടിൽനിന്നും കാണുന്നു. അസിസ്റ്റൻറ തഹശീൽദാരന്മാരുടെ മേലുള്ള ചുമതലകളുടെ അധികാരങ്ങൾ തഹശീൽദാരന്മാരുടെയും ഡിവിഷൻ പേഷ്കാരന്മാരുടെയും പക്കൽനിന്നും എടുത്തുകളഞ്ഞിട്ടുണ്ടെന്നും പ്രസ്തുതഅധികാരങ്ങളെ ഭൂമിറിക്കാർഡ്യുസംരക്ഷണസൂപ്രണ്ടിനു നൽകിയിട്ടുണ്ടെന്നും അദ്ദേഹം അസിസ്റ്റൻറ തഹശീൽദാരന്മാരുടെ സ്ഥലങ്ങളിൽനിന്നും വളരെ അകലെ ആയതുകൊണ്ടു അസിസ്റ്റൻറ തഹശീൽദാരന്മാരുടെ തോന്ന്യവാസങ്ങളെ സംബന്ധിച്ചിടത്തോളം ഫലവത്തായ നിയന്ത്രണാധികാരം ഉപയോഗപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു സാധിക്കാതെ വരുന്നുണ്ടെന്നും എന്നുള്ളതാണു രണ്ടാമത്തേതായി കമ്മിററിക്കാർ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനത. ഇപ്രകാരമിരിക്കെ, ഇപ്പോൾ ഭൂമിസംരക്ഷണസൂപ്രണ്ടിനു നൽകിയിരിക്കുന്ന അധികാരങ്ങൾ റവന്യൂ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണാധികാരത്തെ അതാതു തഹശീൽദാരന്മാർക്കും റവന്യൂസൂപ്രവൈസരന്മാരുടെ മേലുള്ള നിയന്ത്രണാധികാരത്തെ അതാതു ഡിവിഷൻപേഷ്കാരന്മാർക്കും നൽകേണ്ടതാണെന്നു ന—ാം ഖണ്ഡികയിലെ (ഡ)—ാം ഉപവിഭാഗത്തിൽ അവർ പറഞ്ഞിരിക്കുന്നതായി എനിക്കു തോന്നുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം തഹശീൽദാരന്മാരിൽ സ്ഥിതിചെയ്യുന്ന നിയന്ത്രണാധികാരം മതിയായിട്ടുള്ളതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. റവന്യൂസൂപ്രവൈസരന്മാരെ സംബന്ധിച്ചിടത്തോളവും പ്രസ്തുതതഹശീൽദാരന്മാർക്കു നിയന്ത്രണാധികാരം ഉണ്ടായിരിക്കാമെന്നുള്ളതാണു്. മിസ്റ്റർ തരകൻ പ്രസ്താവിച്ചതുപോലെ ശമ്പളത്തിലുള്ള വ്യത്യാസം മാത്രമല്ല ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതു്. എന്നാൽ ഒരു ഉദ്യോഗസ്ഥനിൽ സ്ഥിതിചെയ്യുന്ന അധികാരമാണു് കീഴ്ജീവനക്കാരെ നിയന്ത്രിക്കുന്നതു്. ആ പ്രസ്താവനയെ പരിഗണിച്ചു ഈ അസിസ്റ്റൻറ തഹശീൽദാരന്മാരെ അതാതു റവന്യൂസൂപ്രവൈസരന്മാരെ തഹശീൽദാരന്മാർക്കു നിയന്ത്രിക്കേണ്ടതുള്ളതാണു് അവർ പ്രാദേശികാധികാരസ്ഥന്മാരാകകൊണ്ടു റവന്യൂസൂപ്രവൈസരന്മാർ ആ സ്ഥലത്തു നടത്തുന്ന ജോലിയെ പരിശോധിക്കുന്നതിനു അവർക്കു സൗകര്യമുണ്ടു്.

മി: കെ. കെ. തോമസ് (കോട്ടയം): നിയന്ത്രണാധികാരം എന്നുപറഞ്ഞതിനു മെമ്പർ എന്തു് അർത്ഥം കല്പിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സിൽബന്തികളുടെ ഇടയിൽ അച്ചടക്കം ഉണ്ടായിരിക്കുന്നതിനു അവധികൊടുക്കുന്നതിനും അവരെ ശിക്ഷിക്കുന്നതിനും ഉള്ള ഈ അധികാരം തഹശീൽദാരന്മാർക്കു അധികാരങ്ങൾ കൊടുത്തില്ലെങ്കിൽ ഗുണമൊന്നും ഉണ്ടാകുന്നതല്ല:

മി: കെ. കെ. തോമസ്സ് (കോട്ടയം): പിഴയിടുക, സസ്പെൻഡുചെയ്ക മുതലായ അധികാരങ്ങൾ തഹശീൽദാരന്മാർക്കു നൽകണമെ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൂടുതലായ ശിക്ഷകൾ നൽകുന്നതിനുള്ള അധികാരം ഡിവിഷൻപേഷ്കാരന്മാർക്കു് നൽകേണ്ടതാണ്.

മി: കെ. കെ. തോമസ്സ് (കോട്ടയം): ഈ ശിക്ഷകൾ നൽകുന്നതിനു തഹശീൽദാരന്മാർ ശുപാർശചെയ്യുന്നതിൽ വിരോധമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ അധികാരങ്ങൾ പ്രാദേശിക ഉദ്യോഗസ്ഥന്മാർക്കു നൽകാത്തപക്ഷം പ്രസ്തുതപരിഷ്ക്കാരം വരുത്തുന്നതിൽ യാതൊരു പ്രയോജനവുമില്ല. അതിലേക്കായി റവന്യൂസൂപ്രവൈസരന്മാരുടെ മേൽ തഹശീൽദാരന്മാർക്ക് എന്തെങ്കിലും നിയന്ത്രണാധികാരം ഉണ്ടായിരിക്കേണ്ടതാണ്.

ശമ്പളത്തെ സംബന്ധിച്ചിടത്തോളം എനിക്കു യാതൊന്നുംതന്നെ പറയാനില്ല. എന്നാൽ മിസ്റ്റർ നമ്പ്യൂർ പ്രസ്താവിച്ച അഭിപ്രായത്തോടു പൂർണ്ണമായി ഞാൻ യോജിക്കുന്നില്ല. പതിനായു സൂപ്രവൈസരന്മാരും ഉത്തമന്മാരായ ഉദ്യോഗസ്ഥന്മാരാണെന്നും അതിനാൽ അവർക്കു ഇപ്പോഴുള്ള ശമ്പളം തന്നെ നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. വാസ്തവത്തിൽ അസിസ്റ്റൻറ തഹശീൽദാരന്മാരുടെ നിയമനം എനിക്കറിയാവുന്നിടത്തോളം ഒരു താൽക്കാലിക ഏർപ്പാടുമാത്രമെ ആയിരുന്നുള്ളു. അവർക്കു സ്ഥിരമായിട്ടുള്ള ഉദ്യോഗമുണ്ടു കഴിഞ്ഞ നിയമസഭയിൽ നടന്ന വാദപ്രതിവാദസമയത്തു അവരുടെ ഉദ്യോഗം ഉടൻതന്നെ നിറുത്തലാക്കപ്പെട്ടുപോകുമെന്നു അവർ വിചാരിച്ചുകൊണ്ടിരിക്കയാണ് ചെയ്തിട്ടുള്ളതു്. അതിനാൽ ഈ ജോലി തുടർന്നുണ്ടായിരിക്കുമെന്നു അവർക്കു വിചാരിക്കാൻ യാതൊരു കാരണവുമില്ല. നിരാശപ്പെടുന്നതിനും കാരണമില്ല. അവരു

ടെ ശമ്പളത്തിൽ കുറെഭാഗം കറവുചെയ്യുന്നതായാൽ അതിനു വിപരീതമായി പറയുന്നതിനു ഞാൻ യാതൊന്നും കാണുന്നില്ല.

ഇനി വേറൊരു സംഗതികൂടി എനിക്കു സഭയെ അറിയിക്കേണ്ടതായിട്ടുണ്ടു്. ഒരു അധികാരസ്ഥാനങ്ങളിൽനിന്നും കിട്ടിയിട്ടുള്ള ഒരു അറിവല്ലെന്നു ഞാൻ ആദ്യംതന്നെ സമ്മതിക്കുന്നു. ഭൂമിരിക്കാർഡുസംരക്ഷണകമ്മിററിയുടെ യോഗം തെക്കൻതിരുവിതാംകൂറിൽ എവിടെയോ നടന്നുകൊണ്ടിരിക്കുമ്പോൾ ആ കമ്മിററിയിലെ ഒരു അംഗമായിരുന്ന ദിവാൻപേഷ്കാർ തഹശീൽദാരന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നതായി ഏതോ വർത്തമാനപത്രങ്ങളിൽ പ്രസ്താവിച്ചിരുന്നതായി ഞാൻ ഓർമ്മിക്കുന്നു.

പ്രസ്തുതകമ്മിററിയിലെ ഒരു അംഗമായിരുന്ന ദിവാൻപേഷ്കാർ ആ സ്ഥലത്തുള്ള തഹശീൽദാരന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി തങ്ങളുടെ ജോലിക്കു വിഘ്നം കൂടാതെ അസിസ്റ്റൻറുതഹശീൽദാരന്മാരുടെ ജോലികൂടി അവർക്കു ചെയ്യാമോ എന്നു തഹശീൽദാരന്മാരുമായി ആലോചന നടത്തി. ഇപ്പോഴുള്ള അസിസ്റ്റൻറുതഹശീൽദാരന്മാരെക്കാൾ കുറേക്കൂടി നല്ലതിന്മണ്ണം തങ്ങൾക്കു ഈ ജോലി ചെയ്യാമെന്നും അസിസ്റ്റൻറുതഹശീൽദാരന്മാരെ നിറുത്തലാക്കുന്നപക്ഷം തങ്ങൾക്കു വളരെ സന്തോഷമാണുള്ളതെന്നും ആ താലൂക്കുകളിലുള്ള ഒരു നല്ല തഹശീൽദാർ ദിവാൻപേഷ്കാരുടെ നിർദ്ദേശത്തിനു മറുപടി പറഞ്ഞിട്ടുള്ളതായി വായിച്ചിട്ടുണ്ടെന്നു ഞാൻ ഓർക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭൂമിരിക്കാർഡുസംരക്ഷണജോലിയുടെ മേൽപരിശോധനയ്ക്കു വേറെ ആളാവശ്യമില്ലെന്നും ആ ജോലികൂടി തഹശീൽദാർമാർതന്നെ ചെയ്തുകൊള്ളാമെന്നും പറഞ്ഞതായിട്ടാണോ കരുതുന്നതു്?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റിപ്പോർട്ടിൽ അത്രമാത്രമേ പ്രസ്താവിച്ചിരുന്നുള്ളു. ശരിയായിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തിയല്ല ഞാൻ പറഞ്ഞതെന്നു ആദ്യമേതന്നെ ഞാൻ സമ്മതിച്ചിട്ടുള്ളതാകുന്നു. ഇതിനെപ്പററി എന്തെങ്കിലും പ്രസ്താവിച്ചിട്ടുണ്ടോ എന്നു കണ്ടുപിടിക്കുന്നതിലേയ്ക്കായി കമ്മിററിയുടെ റിപ്പോർട്ടുമുഴുവനും ഞാൻ വായിച്ചുനോക്കി. എന്നാൽ ഇക്കാര്യത്തെപ്പററി യാതൊന്നുംതന്നെ പ്രസ്താവിച്ചുകാണാത്തതിൽ ഞാൻ മനസ്താപിക്കുന്നു. ദിവാൻപേഷ്കാരുംകൂടി കമ്മിററിയിൽ ഉള്ളസ്ഥിതിയ്ക്കു പ്രസ്തുതസംഗതി വാസ്തവമായിട്ടുള്ളതാണെങ്കിൽ റിപ്പോർട്ടിൽ അതിനെപ്പററി പ്രസ്താവിക്കേണ്ടതായിരുന്നു.

ഇത്രമാത്രമേ എനിക്കു പറയാനുള്ളു. റവന്യൂസൂപ്രവൈസന്മാരുടെമേലുള്ള നിയന്ത്രണാധികാരം പ്രാദേശിക ഉദ്യോഗസ്ഥന്മാർക്കു, അതായതു തഹശീൽദാരന്മാർക്കു കുറെച്ചെങ്കിലും കൊടുക്കേണ്ടതാണെന്നു ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, ഭൂമിരിക്കാർഡുസംരക്ഷണസംഗതിയെപ്പററി അന്വേഷണം നടത്തിയ കമ്മിററിക്കാർ ഇപ്പോൾ നടപ്പിലിരിക്കുന്ന പദ്ധതിയിലുള്ള ന്യൂനതകളെ വളരെ സാമർത്ഥ്യത്തോടുകൂടി ചൂണ്ടികാണിച്ചിരിക്കുന്നതിലേക്കു പൊതുജനങ്ങളുടെ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. ആ വിഷയത്തെപ്പററി കമ്മിററിക്കാർ വളരെ ദീർഘമായി പ്രതിവാദിച്ചിട്ടുണ്ടു്. നടപ്പിലിരിക്കുന്നപദ്ധതിയിലെ ന്യൂനതകളേയും ദീർഘമായി അവർ പ്രതിവാദിച്ചിട്ടുണ്ടു്. എന്നാൽ, അവരുടെ ശ്രദ്ധ പതിയാതെയോ കൂടുതൽ ശ്രദ്ധ പതിയേണ്ടതോ ആയ ചില കാര്യങ്ങൾകൂടി ഉണ്ടെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഇപ്പോൾ നടത്തപ്പെടുന്ന പുറമ്പോക്കസർവെ ശരിയായിട്ടുള്ളതല്ലെന്നും നിയമവിരുദ്ധമാണെന്നും ഇപ്രകാരമുള്ള പുറമ്പോക്കസർവെ തുടർന്നു നടത്തുന്നതിന്റെ ആവശ്യകതയില്ലെന്നും കമ്മിററിക്കാർ സമ്മതിക്കുന്നു. ആ വിഷയം ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു അവർ അതിനെപ്പററി കുറേക്കൂടി ബലമായി പറയേണ്ടിയിരുന്നു എന്നാണു് എനിക്കു പ്രസ്താവിക്കാനുള്ളതു്. ഭൂമിരിക്കാർഡുസംരക്ഷണജോലിയെ സംബന്ധിച്ചുള്ള പ്രധാനമായി ഭൂരിക്കാർഡുജീവനക്കാരുടെ ശ്രദ്ധ പതിയേണ്ടതു്. അവർ അതിനെ രണ്ടാമതുമുള്ള സർവേജോലിയായി കരുതരുതു്. എന്തെന്നാൽ, ഈ ജോലിയുടെ പ്രസ്തുതഭാഗത്തെസംബന്ധിച്ചാണു് പൊതുജനങ്ങളുടെ ഇടയിൽ വളരെ ബഹളമുണ്ടായിട്ടുള്ളതും അവർക്കു വളരെ നഷ്ടം സംഭവിച്ചിട്ടുള്ളതും. ആദ്യത്തെ അളവുകളനുസരിച്ചു് ഇപ്പോഴുള്ള പുറമ്പോക്കുകളെ അവർ പരിശോധിച്ചു ഭൂമിരിക്കാർഡുസംരക്ഷണജോലി ന്യായമായി അവർ ചെയ്തിരുന്നെങ്കിൽ പൊതുജനങ്ങളിൽനിന്നുള്ള പരാതികൾക്കു ഇടവരുകയില്ലായിരുന്നു.

മി: കെ. കെ. താമസ്സ് (കോട്ടയം): പുറമ്പോക്കുകളുടെ അവസാനഅതൃത്തികളെ എങ്ങിനെയാണു് തിട്ടപ്പെടുത്തേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആദ്യത്തെ സർവെ അളവുകളിൽനിന്നു്. ഇതിനെപ്പററി കമ്മിററിക്കാർക്കു സംശയമൊന്നും ഉണ്ടായിരുന്നില്ലെന്നാണു ഞാൻ വിചാരിച്ചതു്. ഈ പ്രസ്താവനയെപ്പററി മിസ്റ്റർ താമസ്സ് ശങ്കിക്കുന്നു എങ്കിൽ ആ സംഗതി കമ്മിററിക്കാർ മനസ്സിലാക്കിയിട്ടില്ലെന്നു ഞാൻ നിശ്ചയമായി വിചാരിക്കുന്നു.

മി: കെ. കെ. താമസ്സ് (കോട്ടയം): രിക്കാർഡുപദ്ധതിയെ ഇപ്പോഴുള്ളതുപോലെ തുടരണമെന്നാണു ഞങ്ങൾ ശുപാർശചെയ്തിട്ടുള്ളതു്. ഈ ജോലിയെസംബന്ധിച്ചു യാതൊന്നുംതന്നെ രിക്കാർഡുചെയ്യാത്ത പുറമ്പോക്കുകളുടെ വെറും പരിശോധനമാത്രം നടത്തണമെന്നാണു് മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നതു്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഭൂമിരിക്കാർഡുസംരക്ഷണം എന്നാൽ ഇപ്പോഴുള്ള ഭൂമി അടയാളങ്ങളും ഇപ്പോഴുള്ള സർവെക്കല്ലുകളും ആദ്യത്തെ സർവെ അളവുകൾ അനുസരിച്ചു സംരക്ഷിക്കപ്പെടണമെന്നാണു അർത്ഥമാകുന്നതു്.

മി: കെ. കെ. താമസ് (കോട്ടയം): ഏതെങ്കിലും സർവെക്കല്ലു കാണാതെവന്നാൽ എന്താണു ചെയ്യുന്നതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അപ്രകാരമുള്ള തെററുകളെ തിരുത്തണം. സർവെയും അതൃത്തികളും റഗുലേഷനിലെ [illegible]-ാംവകുപ്പിൻപ്രകാരം സർവെക്കല്ലുകളെ വീണ്ടും കുഴിച്ചിടണം.

മി: ടി. കുമാരപിള്ള (കല്ക്കുളവും-വിളവങ്കോടും): ഒരു പുറമ്പോക്കിന്റെ മുമ്പിലത്തെ സർവെ അളവനുസരിച്ചു് ഇപ്പോൾ ഉള്ള അളവിൽ പത്തോ പതിനഞ്ചോ ലിങ്ക്സ് കൂടിയിരിക്കുന്നു എന്നുള്ള സംഗതിയിൽ എന്താണു ചെയ്യേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പൊതുവായി വീണ്ടും ഒരു സർവെ നടത്തുന്നതുവരെ അതിലേയ്ക്ക് ഒരു നിർവാഹവുമില്ല.

മി: ടി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): ഇപ്പോൾ ഭൂറിക്കാർഡ് സംരക്ഷണജോലി ചെയ്യുമ്പോൾ അധികൃതന്മാർ ഇങ്ങനെ ഒരു വ്യത്യാസം കണ്ടാൽ എന്താണു ചെയ്യേണ്ടത്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അപ്രകാരമുള്ള തെററുകളുടെ ഒരു ലിസ്ററു അധികൃതന്മാർ തയ്യാറാക്കേണ്ടതും വീണ്ടും സർവെ നടത്തുമ്പോൾ ആ തെററുകളെ തിരുത്തുന്നതിനു ആയതു വച്ചുകൊണ്ടിരിക്കേണ്ടതും ആകുന്നു. വീണ്ടും ഒരു സർവെ നടത്തുന്നതുവരെ—

മി: ടി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): ലിസ്ററു തയ്യാറാക്കിവയ്ക്കണമെന്നു പറഞ്ഞതു സ്കെച്ചുകൾ തയ്യാറാക്കി വയ്ക്കണമെന്നോ അതല്ലാ തെററാണെന്നുമാത്രം വിവരം എഴുതി വയ്ക്കണമെന്നോ പറയുന്നതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതുമാത്രം ഇപ്പോൾ ഇരിക്കുന്നതായ റിക്കാർഡുകളിൽ യാതൊരുവിധത്തിലും ഭേദഗതിചെയ്യാൻ പാടില്ലാത്തതാകുന്നു.

മി: ടി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): റിക്കാർഡുകളെ യാതൊന്നും ഭേദപ്പെടുത്തണമെന്നു ഉദ്ദേശം ഇല്ല. ഇപ്പോൾ കാണുന്നതായ സ്ഥിതിയിൽ ചുററുമുള്ള പേരിൽപതിവു ഭൂമികളിൽ അളവു ശരിയായിരിക്കുകയും പുറമ്പോക്കുകളിൽ വ്യത്യാസമായി കാണുകയും ചെയ്യുമ്പോൾ അതിലേയ്ക്കു ഒരു ലിസ്റ്റ് തയ്യാറാക്കിവച്ചാൽ മതിയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പേരിൽപതിവു ഭൂമികളിൽ അളവു ശരിയായിരിക്കുന്നു എന്നു എങ്ങിനെ നിശ്ചയിച്ചു.

മി: ടി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): മുൻഅളവുകൊണ്ടു നിശ്ചയിച്ചു. മുൻഅളവുകളെല്ലാം ശരിയായിരിയ്ക്കും. പുറമ്പോക്കിൽമാത്രം കൂടുതലായോ കുറവായോ കാണുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതെങ്ങിനെയാണു?

മി: ടി. കുമാരപിള്ള (കല്ലുകുളവും-വിളവങ്കോടും): അങ്ങിനെ എത്രയോ ദൃഷ്ടാന്തങ്ങളുണ്ട്. പുറമ്പോക്കുകളിൽ കുറവായും കൂടുതലായും കാണുന്നുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പുറമ്പോക്കുകളുടെ പരിശോധനമൂലം പതിച്ചുകൊടുക്കപ്പെട്ടിട്ടുള്ള ഭൂമികളുടെ അതൃത്തികൾക്കു യാതൊരുഹാനിയും സംഭവിച്ചുകൂടെന്നാണ് ഞാൻ പറയുന്നതു. അപ്രകാരമിരുന്നെങ്കിൽമാത്രമെ പൊതുജനങ്ങളിൽനിന്നും പരാതിയുണ്ടാകാതെയിരിക്കു. മിസ്റ്റർ കുമാരപിള്ള പ്രസ്താവിച്ചതുപോലെ ഭൂമികളുടെ ഇപ്പോഴത്തെ കിടപ്പു നോക്കാതെ സർവെ റിക്കാർഡുകൾ അനുസരിച്ചു പുറമ്പോക്കുകൾ പരിശോധിക്കപ്പെടുന്നപക്ഷം തീർച്ചയായും യാതൊരു ആക്ഷേപവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഗവണ്മെൻറ റിക്കാർഡുകളെ ശരിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പേരിൽപതിവുള്ള ഭൂമികളിൽ കയ്യേററം ചെയ്യുന്നപക്ഷം അതു പൊതുജനങ്ങളിൽനിന്നും വളരെ പരാതി ഉണ്ടാകുന്നതിനു ഇടയാക്കുന്നതാണു എന്തെന്നാൽ, പൊതുവെ വീണ്ടും ഒരു സർവെയോ സെററിൽമെൻേറാ നടത്തുന്നതുവരെ ഗവണ്മെൻറിനു അപ്രകാരം ചെയ്യാൻ പാടില്ലാത്തതാകുന്നു. ഇപ്പോഴുള്ള പദ്ധതി നടപ്പിൽ വരുന്നതിനുമുമ്പായി ലാൻറുറവന്യൂഡിപ്പാർട്ടുമെൻറിൽ നടപ്പിലിരുന്ന ഏർപ്പാടു വീണ്ടും ഉപയോഗപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ള ഒരൊററ സംഗതി. ഇതാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. ആദ്യത്തെ സർവെ അളവുകൾ അനുസരിച്ചുമാത്രം പുറമ്പോക്കുകളെ പരിശോധിച്ചു ലഘുവായ ഒരു പദ്ധതി ഭൂമിറിക്കാഡു് സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ഏർപ്പെടുത്താമെന്നു ദിവാൻപേഷ്കാരന്മാരും ധാരാളം ത്രാണിയുള്ള റവന്യൂഉദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കാൺഫറൻസിൽ നമ്മുടെ ഗവണ്മെൻറ തീർച്ചപ്പെടുത്തിയിട്ടുള്ളതാകുന്നു. അപ്രകാരം ചെയ്താൽ യാതൊരു പരാതിക്കും ഇടകൊടുക്കുന്നതല്ല. ലാൻറുറിക്കാർഡ് ജീവനക്കാരുടെ വാസ്തവത്തിലുള്ള ജോലിയും അതുതന്നെയാണ്. അതിനാൽ, ഈ പുറമ്പോക്കുകളെ വീണ്ടും സർവെ ചെയ്യുന്നതുകൊണ്ടു യാതൊരുപയോഗവുമില്ലെന്നും ഇപ്പോഴിരിക്കുന്ന സർവെ അളവുകൾ അനുസരിച്ചു പുറമ്പോക്കുകളെ പരിശോധിക്കുന്ന ജോലി മാത്രമാണ് പ്രധാനമായിട്ടുള്ള ജോലിയെന്നും കമ്മിററിക്കാർ ക്ലിപ്തമായും സ്പഷ്ടമായും ഗവണ്മെൻറിനെ അറിയിക്കേണ്ടതായിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴുള്ള അളവുകളെ അടിസ്ഥാനപ്പെടുത്തി നാം പ്രവർത്തിക്കണമെന്നാണൊ മെംബർ പറയുന്നതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതെ.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): വാസ്തവത്തിൽ ആദ്യമുള്ള സർവെ അളവിൽ കൂടുതൽ ഭൂമി ഒരുത്തൻെറ കൈവശത്തിൽ ഇരിക്കയും എന്നാൽ ആയതു അയാൾക്കുള്ള അതൃത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുകയും ചെയ്തിരുന്നാൽ കൂടുതൽ സ്ഥലം പുറമ്പോക്കായിട്ടാണൊ വിചാരിക്കപ്പെടേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു് ഓരോ സംഗതിയിലും തീരുമാനിക്കേണ്ടതായ കാര്യമാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പ്രസ്തുതസ്ഥലത്തെ വീണ്ടും അളക്കാതെ അതിനെ തീർച്ചപ്പെടുത്താമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പുറമ്പോക്കിൻെറ വിസ്തീർണ്ണം ഒഴികെ അളവുകൾ നോക്കിയാൽ മനസ്സിലാകുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): വാസ്തവത്തിൽ നാം അളക്കാതെതന്നെ അങ്ങനെ ചെയ്യാമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അളക്കുന്നതിൽ വിരോധമില്ല. എന്നാൽ ഇപ്പോൾ നടത്തിവരുന്നതു് പരിശോധനമാത്രമല്ല. പടങ്ങളെ തിരുത്തുകയാണ് ചെയ്യുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരാളിന്റെ കൈവശത്തിൽ കൂടുതൽ സ്ഥലം ഉണ്ടായിരുന്നാൽ അപ്രകാരം കൂടുതൽസ്ഥലം വച്ചുകൊണ്ടിരിക്കുന്നതിനു അയാളെ അനുവദിക്കണമെന്നാണൊ മെംബർ അഭിപ്രായപ്പെടുന്നതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇപ്പോഴുള്ളതുപോലെ തുടർന്നുകൊള്ളുന്നതിനു അയാളെ അനുവദിക്കാമെന്നുള്ളതാകുന്നു. പൊതുവിൽ വീണ്ടും ഒരു സർവ്വെ ഉണ്ടാകുന്നതുവരെ കക്ഷികൾക്കു ഹാനി സംഭവിക്കുന്നവിധത്തിൽ അളവുകളെ ഭേദപ്പെടുത്താൻ പാടില്ലെന്നുമാത്രമെ ഞാൻ പറയുന്നൊള്ളു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഗവർമ്മെന്റിനു നഷ്ടമുണ്ടാകുന്നു എന്നു വിചാരിക്കുക, അപ്പോൾ എന്താണുചെയ്യേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വീണ്ടും ഒരു സർവെനടത്തുന്നതുവരെ അപ്രകാരം ഉണ്ടാകുന്നതിനെ തടയുന്നതിനു സാധിക്കുന്നതല്ല. പുറമ്പോക്കുകളോടുതൊട്ടുകിടക്കുന്ന അതൃത്തികളെമാത്രം ഭേദപ്പെടുത്തുകയാണു ഇപ്പോൾചെയ്തുവരുന്നതു്. അതിൽ കൂടുതലായിട്ടൊന്നും ഗവർമ്മെന്റു ചെയ്യുന്നില്ല. അടുത്ത ഭൂമിയുടമസ്ഥൻ അയൽപക്കത്തുള്ള ആളിന്റെ ഭൂമിയിൽ കയ്യേറ്റംചെയ്തു എന്നുള്ളതു അനേകം സംഗതികളിൽ സംഭവിക്കാമെന്നുള്ളതാണ്. അതുകൊണ്ടു് പൊതുവെ വീണ്ടും ഒരു സർവെനടത്താതിരുന്നാൽ എല്ലാതെറ്റുകളേയും തിരുത്തുന്നതിനു ഗവർമ്മെന്റിനു സാധിക്കുന്നതല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): സർവെഅളവുകൾ അനുസരിച്ചു തിട്ടപ്പെടുത്തുമ്പോൾ കൂടുതൽഭൂമി ഒരാളിന്റെ കൈവശത്തിലിരിക്കുന്നതായി കണ്ടുപിടിച്ചു എന്നു വിചാരിക്കുക. അതുപുറമ്പോക്കായിട്ടാണൊ വിചാരിക്കപ്പെടേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആദ്യത്തെസർവെഅളവുകൾ അനുസരിച്ചുവേണം ഭൂമികളെ അളക്കേണ്ടതു്

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ പറഞ്ഞതൊന്തമനുസരിച്ചു കൂടുതലുള്ള ഭൂമിയെ പുറമ്പോക്കായികരുതപ്പെടാത്തപക്ഷം ആദ്യത്തെ സർവ്വെഅളവുകളെ മറക്കേണ്ടതായിരിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കക്ഷികൾക്കു ഹാനിസംഭവിക്കുന്നപക്ഷം അപ്രകാരമുള്ള സംഗതികളിൽ അളവുകളെ മറക്കേണ്ടതായിത്തന്നെയിരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഗവർമ്മെന്റിനു നഷ്ടമുണ്ടാകുന്ന സംഗതികളിൽ എന്താണുചെയ്യേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഒഴുവുകളിൽ പറഞ്ഞിരിക്കുന്നതിനെ നിഷ്കർഷയായി ആദരിക്കണമെന്നു നീതിന്യായക്കോടതികളിൽനിന്നും ഉണ്ടായിട്ടുള്ള പല ഡിക്രികളിലും പ്രസ്താപിച്ചിട്ടുള്ള വിവരം ബഹു മെംബർക്ക് അറിയാമെന്നു എനിക്കുനിശ്ചയമുണ്ട്. ഈ സംഗതിയിൻ സർക്കാരിനു തോറ്റിട്ടുള്ള അനേകം കേസ്സുകളുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ചില കേസ്സുകളിൽ വിധികൾ ഗവർമ്മെന്റിനു അനുകൂലമായിട്ടുമുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ചില സംഗതികളിൽ ഗവർമ്മെന്റിനു നഷ്ടംസംഭവിക്കുന്നെങ്കിൽ പൊതുവെ വീണ്ടും ഒരു സർവെനടത്തുന്നതുവരെ ആ നഷ്ടം അവർ സഹിക്കതന്നെവേണം, എന്തെന്നാൽ സ്കെച്ചുകൾ തെറ്റായിതയ്യാറാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു അവരുടെ കുറ്റമാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒരു തുണ്ടു ഭൂമിയുടെ വാസ്തവമായ വിസ്തീർണ്ണം ഒരു ഏക്കർ ആയിരിക്കെ ഒഴുക്കു അനുസരിച്ച് ൫൦ സെന്റുമാത്രമെ ഉള്ളു എന്നു വിചാരിക്കുക. അപ്രകാരമുള്ള സംഗതിയിൽ എന്താണുചെയ്യേണ്ടതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പൊതുവെ വീണ്ടും ഒരു സർവെനടത്തുന്നതുവരെ അധികാരസ്ഥന്മാർ അതിനെപ്പറ്റി ഗൗനിക്കരുതു്. പൊതുവെ വീണ്ടും ഒരു സർവ്വേനടത്തുന്നതുവരെ റിക്കാർഡുകളെ ഭേദപ്പെടുത്താൻ ഗവർമ്മെന്റിനു പാട്ടുള്ളതല്ല. അതാണു എന്റെ വാദമുഖം.

മി: കെ. കെ. താമസ്സ് (കോട്ടയം): ആദ്യത്തെ സർവെറിക്കാർഡുകൾ എല്ലാം ശരിയാണെന്നാണൊ മെംബർപറയുന്നതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വാസ്തവത്തിൽ അപ്രകാരമല്ല ഞാൻ പറയുന്നതു്. ആദ്യത്തെ സർവ്വെഅളവുകളിലുള്ള തെറ്റുകളെ തിരുത്തണമെന്നുണ്ടെങ്കിൽ പൊതുവെവീണ്ടും ഒരു സർവ്വെനടത്തണമെന്നാണു ഞാൻ പറയുന്നതു്.

മി: എം. ശിവതാണുപിള്ള (തോവാള): ഒഴുക്കുഅളവുകളിലും സെറ്റിൽമെന്റു അളവുകളിലും തമ്മിൽ പ്രത്യാസമുണ്ടെങ്കിൽ നീതിന്യായക്കോടതികൾ സെറ്റിൽമെന്റു അളവുകളെക്കാൾ ഒഴുക്കു അളവുകളെ അല്ലയോ കൂടുതലായി ആദരിക്കുന്നതു്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അങ്ങിനെയാണ് ചെയ്യുന്നതു്. അതുതന്നെയാണു ഞാൻ പറയുന്നതും. അപ്രകാരമാണു കോടതികൾ ചെയ്യുന്നതും, അപ്രകാരമാണു അവർ ചെയ്യേണ്ടതും.

മി: എം. ശിവതാണുപിള്ള (തോവാള): അടുത്തുള്ള സ്ഥലങ്ങൾ മുഴുവനും വീണ്ടും സർവ്വെചെയ്യപ്പെട്ടാൽ എന്തെങ്കിലും തെറ്റുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അപ്രകാരം ചെയ്തില്ലെങ്കിൽ രക്ഷയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടും): അതിനു റിക്കാർഡുണ്ടാകണ്ടെ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിനുറിക്കാർഡു് ഉണ്ടാകുന്നതിൽ ആക്ഷേപം സങ്കടമില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞഭാഗം അതുറിപ്പോർട്ടിലുണ്ട്.

സംബന്ധപ്പെട്ട ഭൂമി ഉടമസ്ഥനെ മുൻകൂട്ടി അറിയിപ്പെടുത്താതെയും അയാളുടെ ആക്ഷേപങ്ങൾ കേട്ടു അവയെ തീരുമാനിക്കാതെയും പട്ടയം കൊടുത്തിട്ടുള്ള ഭൂമിയുടെ യാതൊരു ഭാഗത്തെയും പുറമ്പോക്കായി എടുക്കുകയോ റിക്കാർഡു് ചെയ്യുകയോ പാടില്ലാത്തതാകുന്നു.

പുറമ്പോക്ക ഭൂമികളിൽ അളക്കുമ്പോഴും അതിർത്തികേസുകൾ എടുക്കുമ്പോഴും ഡിമാർക്കേഷൻ റൂൾസിൽ ഉള്ള ഇന്നവകുപ്പുകളാൽ പേരിൽ പതിവു ഭൂമികൾ അതിൽ ഉൾപ്പെടുന്നുണ്ടോ എന്നുകൂടി പരിശോധിക്കാൻ പ്രത്യേകം നിഷ്കർഷ ചെയ്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പ്രസ്തുതജോലി മുഴുവൻ വയ്യാമെന്നാണു ഞാൻ പറയുന്നതു്. പുറമ്പോക്കുകളെ വീണ്ടും സർവ്വെ ചെയ്യേണ്ട ആവശ്യമില്ല. പരിശോധനമാത്രം നടത്തിയാൽ മതിയാകുന്നതാണ്. കമ്മിററിക്കാരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതും അതുതന്നെയാണെന്നാണു ഞാൻ വിചാരിക്കുന്നതു്. അപ്രകാരം ആണെന്നുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ റിപ്പോർട്ടു വായിച്ചുനോക്കിയതിൽ തെററിദ്ധാരണ ഉണ്ടാകുന്നതിനു വഴിയുണ്ടെന്നാണ് ഞാൻ കരുതുന്നതു്. അതുകൊണ്ടാണു ആ വിഷയത്തെപ്പററി ഞാൻ പ്രത്യേകം എടുത്തുപറഞ്ഞതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അദ്ദേഹത്തിനു ആവശ്യമുള്ള ഭാഗം റിപ്പോർട്ടിലെ [illegible] (i) (ii) (iii) ഖണ്ഡികയിൽ പ്രത്യേകിച്ചും (iii)-ൽ അടങ്ങിയിട്ടില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഉണ്ടു്, എന്നാൽ "സർവെ" എന്നവാക്കു തെററിദ്ധാരണെക്കു ഇടകൊടുക്കുന്നു. അതു സംബന്ധിച്ചുമാത്രമേ എനിക്കു പരാതിയുള്ളു. കമ്മിററിയുടേയും ഗവണ്മെൻറിൻറയും ഉദ്ദേശം അതുതന്നെ ആണെങ്കിൽ എനിക്കു യാതൊന്നും തന്നെ പറയാനില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പരിശോധനജോലിമാത്രം ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സിൽബന്തികൾ ആവശ്യമുണ്ടോ എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ള വിചാരിക്കുന്നോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതിനെപ്പററി പ്രസ്താപിക്കാൻ പോകുന്നു.

മി: കെ. എം. ജോസഫ് (മീനച്ചലും ദേവികുളവും): എനിക്കു ....

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സമയമാകുന്നതിനു മുൻപു എൻറെ വാദമുഖങ്ങളെ അവസാനിപ്പിക്കാമെന്നാണു ഞാൻ വിചാരിച്ചതു്. ഇപ്രകാരം എന്നെ ഓരോഘട്ടത്തിലും തടയുകയാണെങ്കിൽ അവയെല്ലാം പറയുന്നതിനു സാധിക്കയില്ലെന്നു ഞാൻ ഭയപ്പെടുന്നു. ൩൫-ാം ചട്ടം അനുസരിച്ചും ൧൯-ാം സർക്കുലർ അനുസരിച്ചും ഇവതന്നെ അസാധുവാണ്. നടത്തപ്പെട്ടിട്ടുള്ള ജോലി തെററും അനീതിയും ആണെന്നു സമ്മതിച്ചിട്ടുള്ള സ്ഥിതിക്കു ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ള റിക്കാർഡുകളെ ഗവണ്മെൻറു എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നു എനിക്കറിഞ്ഞാൽകൊള്ളാം. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കമ്മിററിക്കാർ മൌനം ദീക്ഷിച്ചിരിക്കയാണ് ചെയ്യുന്നതു്, അതുകൊണ്ടു തെററായി തയ്യാറാക്കപ്പെട്ടിട്ടുള്ള റിക്കാർഡുകളെ ഒന്നായി കെട്ടിമാററിവച്ചു് ഭൂറിക്കാർഡുജോലിക്കായി അവയെ ഉപയോഗപ്പെടുത്തുകയില്ലെന്നു ക്ലിപ്തമായിപ്രഖ്യാപനം ചെയ്യേണ്ട ആവശ്യകതയെപ്പററി ഗവണ്മെൻറിനെ മനസ്സിലാക്കേണമെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. ഇക്കാര്യത്തെപ്പററി കമ്മിററിക്കാർ സ്പഷ്ടമായി പറഞ്ഞിട്ടില്ല.

ഞാൻ ഒരു കാര്യം കൂടി പറഞ്ഞു അവസാനിപ്പിച്ചുകൊള്ളാം. പിഴകളായിട്ടും ശിക്ഷകളായിട്ടും സാധുക്കളായ ജനങ്ങളിൽ നിന്നു അനവധിപണം ഗവണ്മെൻറു ഈടാക്കിയിട്ടുണ്ട്. ഗവണ്മെൻറു പിരിച്ചെടുത്തിട്ടുള്ള തുക ഒരു വലിയസംഖ്യയാണ്. ഇപ്രകാരം പിരിച്ചെടുത്തിട്ടുള്ള തുകയെ സംബന്ധപ്പെട്ട കക്ഷികൾക്കു ന്യായമായി തിരിച്ചുകൊടുക്കേണ്ടതു അത്യാവശ്യമാണ്. ഈ വിഷയത്തെ സംബന്ധിച്ചും കമ്മിററിക്കാർ മൌനം ദീക്ഷിച്ചിരിക്കുന്നു. ഇപ്രകാരം വസൂലാക്കേണ്ടതിനെ സംബന്ധിച്ചുള്ള കുടിശ്ശിക സ്റ്റേററുമെൻറുകളെ സംബന്ധിച്ചിടത്തോളം ഫയലിൽ ചേർത്താതെ ഗവണ്മെൻറു ഇനിയും ഉപദ്രവിക്കരുതെന്നുകൂടി ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഈ കുടിശ്ശികകളെല്ലാം കണക്കിൽ കുറവെഴുതുകയും ജനങ്ങളെ ഇനിയും ഉപദ്രവിക്കാതിരിക്കുകയും ചെയ്യേണ്ടതാകുന്നു.

അവസാനമായി, എല്ലാറവന്യൂ സൂപ്രവൈസറന്മാരും ഒരേതരത്തിലുള്ള ജോലിതന്നെ ചെയ്യേണ്ടതായിരിക്കുന്നസ്ഥിതിക്കു രണ്ടുഗ്രേഡു സൂപ്രവൈസറന്മാർ ഉണ്ടായിരിക്കേണ്ട ആവശ്യം ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, റിപ്പോർട്ടിനെ പററി എനിക്കു സന്തോഷമുണ്ടെന്നു പ്രസ്താവിക്കാൻ കഴിയാത്തതിനാൽ എനിക്കു വാസ്തവമായ മനസ്താപമുണ്ടു്. ഇപ്രകാരമിരുന്നാലും സൂക്ഷ്മതയുള്ള മൂന്നു് അനുദ്യോഗസ്ഥ മെമ്പറന്മാർ തന്നോടുണ്ടായിരുന്നതിനും ഐകകണ്ഠ്യമായുള്ള ഒരു റിപ്പോർട്ടു ഈ സഭയിൽ ഹാജരാക്കിയതിനും ഞാൻ മിസ്റ്റർ റാബിൻസണെ അഭിനന്ദിക്കുന്നു. താഴെപ്പറയുന്ന സംഗതികൾക്കായിട്ടാണു ഗവണ്മെൻറിൽനിന്നും കമ്മിററിയെ നിയമിച്ചിട്ടുള്ളതു്:—

"(എ) കഴിഞ്ഞനാലരക്കൊല്ലംകൊണ്ടു സിദ്ധിച്ചിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തിയും നിയമസഭയിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളേയും ശ്രീമൂലം പ്രജാസഭയിൽ ഉണ്ടായിട്ടുള്ള നിവേദനങ്ങളേയും പരിഗണിച്ചും ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന ഭൂമിറിക്കാർഡുസംരക്ഷണ ജോലിയെ നല്ലതിനുമണ്ണം പരിശോധിക്കുക;

(ബി) നടപ്പിലിരിക്കുന്ന ഏർപ്പാടിലുള്ള ന്യൂനതകളേയും അവയ്ക്കുള്ള കാരണങ്ങളേയും പരിശോധിക്കുക."

നിയമസഭയിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളേയും ശ്രീമൂലം പ്രജാസഭയിൽ ഉണ്ടായിട്ടുള്ള നിവേദനങ്ങളേയും അടിസ്ഥാനപ്പെടുത്തി ഈ സംഗതി കമ്മിററിക്കാർ പരിശോധിച്ചിട്ടില്ലാത്തതിനാൽ ഞാൻ മനസ്താപിക്കുന്നു. ഒരുതെററായിട്ടുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഭൂറിക്കാർഡുസംരക്ഷണ ജോലിനടത്തപ്പെടുന്നു എന്നും അതിൻെറ ഫലമായി അതൃപ്തികരമായ ഫലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നും ആണു ജനങ്ങൾമുറവിളികൂട്ടുന്നതു്. നടപ്പിലിരിക്കുന്നതനുസരിച്ചുള്ള ഭൂമിറിക്കാർഡു സംരക്ഷണജോലി ഉടനടി നിറുത്തൽചെയ്യണമെന്നു രാജ്യത്തെ എല്ലാഭാഗങ്ങളിൽനിന്നും ജനങ്ങൾ അപേക്ഷിച്ചുകൊണ്ടിരുന്നു. അസിസ്റ്റൻറുതഹശീൽദാരന്മാരുടെ നാമകരണത്തിൽ ഒരു ഭേദഗതി വരുത്തുകമാത്രമേ കമ്മിററിക്കാർ ചെയ്തിട്ടുള്ളു. കമ്മി

...ററിക്കാരുടെ നിർദ്ദേശമനുസരിച്ചു സാധാരണയായ യാതൊരു ഭേദഗതിയുംകൂടാതെ പ്രസ്തുതജോലി ഇടവരേണ്ടതായിത്തന്നെ ഇരിക്കുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭൂമിറിക്കാർഡു സംരക്ഷണജോലി ഏതുരീതിയിൽ നടത്തണമെന്നാണു പ്രജാസഭയിലും കൌൺസിലിലും പറഞ്ഞിട്ടുള്ളതു?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ ജോലി അതൃപ്തികരമാണ്. ഈസംഗതി മുഴുവനും തല്ലതിമണ്ണും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു യോഗ്യതയുള്ള ഒരു കമ്മിററിയെ നിയമിച്ചു. കമ്മിററി അപ്രകാരം ചെയ്തില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മുൻപുണ്ടായിരുന്ന ഏതു ന്യൂനതകളെപ്പററിയാണു റിപ്പോർട്ടിൽ പ്രസ്താപിച്ചിട്ടില്ലെന്നു മെമ്പർ ദയവുണ്ടായി പറയുമോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മുൻപുണ്ടായിരുന്ന സ്ഥിതിതന്നെയാണ് വാസ്തവത്തിൽ ഇപ്പോഴത്തേയും സ്ഥിതി. പ്രവൃത്തനത്തിന്റെ രീതിമാററിയിട്ടില്ല. അസിസ്റ്റൻറുതഹശീൽദാരന്മാരുടെ പേരുകൾ റവന്യൂ സൂപ്രവൈസറന്മാരെന്നു മാററുക മാത്രമേ ചെയ്തിട്ടുള്ളു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭൂറിക്കാർഡുസംരക്ഷണജോലി ഒന്നാംതന്നെ ചെയ്യുന്നു ആവശ്യമില്ലേ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഭൂറിക്കാർഡുസംരക്ഷണജോലി മുഴുവനും തെററായിട്ടുള്ളതാണ്. അതിനെ നിവൃത്തിക്കു ചെയ്യണം.

മി: കെ. സി. മാമ്മൻ മാപ്പിള (കപ്പവടവും തെക്കേതൊഴിയും, ഉടക്ക്): ഭൂറിക്കാർഡുസംരക്ഷണജോലിയിൽ ഇപ്പോൾ നടത്തിവരുന്നതിൽ ചില ന്യൂനതകൾ ഉണ്ടെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ പ്രചന്തിനരീതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനു മെമ്പർ നിർദ്ദേശിക്കുന്നുണ്ടോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മി: റാബിൻസണും മി: മാമ്മൻ മാപ്പിളയും യാതൊരു പരിഹാരമാർഗ്ഗവും നിർദ്ദേശിച്ചിട്ടില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. കഴിവുണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായിട്ടു ഒരു കമ്മിററിയെ നിയമിച്ചു, അവർ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗം അസിസ്റ്റൻറു തഹശീൽദാർ എന്ന നാമകരണത്തിൽ ഒരു ഭേദഗതിയും മററു ചില കാര്യങ്ങളിൽ ചില്ലറമാററങ്ങളും മാത്രമാകുന്നു. താരതമ്യേന ആഭേദഗതികൾ ചില്ലറമാററങ്ങൾ മാത്രമേ ആകുന്നുള്ളു. ഭാവിയിലുള്ള ഭൂമിറിക്കാർഡുസംരക്ഷണജോലിയെ സംബന്ധിച്ചിടത്തോളം തഹശീൽദാർക്കു പൂർണ്ണമായ ഉത്തരവാദിത്വമുണ്ടായിരിക്കണമെന്നു കമ്മിററിക്കാർ പ്രസ്താവിച്ചിരിക്കുന്നു. തഹശീൽദാരുടെ മേലാണു എല്ലാചുമതലയും ചുമത്തിയിരിക്കുന്നതു; എന്നാൽ റവന്യൂ സൂപ്രവൈസറന്മാരുടെമേലുള്ള പരിശോധനാധികാരം അദ്ദേഹത്തിനു നൽകിയിട്ടില്ല, ഇതു അനുചിതമാണ്, റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം പ്രസ്താപിച്ചിരിക്കുന്നു:—

"ഇപ്പോൾ ഭൂറിക്കാർഡു സൂപ്രണ്ടിൽ സ്ഥിതി ചെയ്യുന്ന അക്കൌണ്ടൻറന്മാരുടെ മേലുള്ള പരിശോധനാധികാരം തഹശീൽദാരന്മാർക്കും റവന്യൂസൂപ്രവൈസറന്മാരുടെ മേലുള്ള അധികാരം അതാതു ഡിവിഷനിലെ ദിവാൻ പേഷ്കാരന്മാർക്കും നൽകേണ്ടതാണ്".

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അക്കൌണ്ടൻറന്മാരുടെ തീരുമാനത്തിന്മേൽ കക്ഷികൾ തിരുവനന്തപുരത്തുവന്നു ഭൂറിക്കാർഡുസൂപ്രണ്ടിന്റെ അടുക്കൽ അപ്പീൽബോധിപ്പിക്കണം. എന്നാൽ പുതിയ പദ്ധതി അനുസരിച്ചു തിരുവനന്തപുരത്തു വരാതെ തന്നെ സ്ഥലത്തുള്ള തഹശീൽദാരോടു അപ്പീൽബോധിപ്പിക്കാമെന്നുള്ള വസ്തുത മിസ്റ്റർ. ഏ. കെ. പിള്ള മനസ്സിലാക്കിയിട്ടുണ്ടോ? അവർക്കു ആദ്യമായി തഹശീൽദാരുടെ അടുക്കലും, പിന്നീടു പേഷ്കാരുടെ അടുക്കലും, പിന്നീടു എന്റെ അടുക്കലോ ഗവണ്മെന്റിന്റെ അടുക്കലോ അപ്പീൽബോധിപ്പിക്കാവുന്നതാണ്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): കാര്യക്ഷമതവേണമെന്നു ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടെങ്കിൽ നിയന്ത്രണാധികാരം നേരെ മുകളിലുള്ള ഉദ്യോഗസ്ഥന്മാർക്കു, അതായതു തഹശീൽദാരന്മാർക്കു നൽകേണ്ടതാണ്.

തങ്ങളുടെ നിർദ്ദേശത്തെ സംബന്ധിച്ചുള്ള യോഗ്യതകളെപ്പററി പ്രതിപാദിക്കുന്ന അവസരത്തിൽ റിപ്പോർട്ടിൽ താഴെപ്പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"റവന്യൂസൂപ്രവൈസറന്മാർക്കും അക്കൌണ്ടൻറന്മാർക്കും തങ്ങൾ സ്ഥലത്തെ ഉദ്യോഗസ്ഥനായ തഹശീൽദാരുടെ നിയന്ത്രണത്തിൻ കീഴിൽ ആണെന്നുള്ള ബോധം ഉണ്ടായിരിക്കുന്നതും അതിനാൽ അവരുടെ ജോലിയെസംബന്ധിച്ചിടത്തോളം, പ്രത്യേകിച്ചും സർവ്വേക്കല്ലുകൾ കുഴിച്ചിടുന്ന ജോലിയെ സംബന്ധിച്ചിടത്തോളം വല്ലതരസൂക്ഷ്മതയുണ്ടായിരിക്കുന്നതും ആകുന്നു".

എന്നാൽ, ഈ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം തഹശീൽദാരന്മാർക്കു അധികാരം നൽകിയിട്ടില്ല. ഡിവിഷനിലെ ഏതു സ്ഥലത്തും ഉണ്ടായിരിക്കാവുന്ന ദിവാൻപേഷ്കാരന്മാർക്കു പ്രസ്തുതറവന്യൂസൂപ്രവൈസറന്മാരുടെ മേൽ യാതൊരു വിധത്തിലും ഫലവത്തായ നിയന്ത്രണാധികാരം നടത്തുന്നതിനു സാധിക്കുമെന്നു വിചാരിക്കാൻപാടില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): റിപ്പോർട്ടിൽ ഏതു ന്യൂനതകളെപ്പററിയാണു പ്രതിപാദിച്ചിട്ടില്ലാത്തതെന്നതിനെക്കുറിച്ചു മിസ്റ്റർ. ഏ. കെ. പിള്ള ചില നിർദ്ദേശങ്ങൾ തരുമോ? അദ്ദേഹം ക്ലിപ്തമായ ഉദാഹരണങ്ങൾ തരുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): റിപ്പോർട്ടിലെ ന്യൂനതകളെപ്പററി മാത്രമാണു ഞാൻ പ്രസ്താവിക്കുന്നതു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മിസ്റ്റർ. ഏ. കെ. പിള്ള ചില നിർദ്ദേശങ്ങൾ തരുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സഭയിൽ ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ ഗുണങ്ങളെപ്പററി ആലോചിക്കുന്നതിനു മാത്രമേ ഞാൻ ഇവിടെ ഉദ്യമിക്കുന്നുള്ളു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): കമ്മിററി പരിശോധിക്കാൻ വിട്ടുപോയ സംഗതികൾ ഏതെല്ലാമാണെന്നു പ്രസ്താവിക്കുന്നതിനു മുൻപായി കമ്മിററിയെ കുററം പറയുന്നതു ന്യായമാണോ? കുററം പറയുന്നതു വളരെ എളുപ്പമാണ്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു വിദഗ്ദ്ധനാണെന്നു പറയുന്നില്ല.

പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും മുറവിളി ഉണ്ടെന്നുമാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളു. അതു ഇപ്പോഴും നിരുപയോഗമായ ഒരു മുറവിളി ആയിട്ടാണു ഇരിക്കുന്നതു. എന്തെന്നാൽ പുതിയ പദ്ധതിയുടെ ഗുണം ഇനിമേൽ തന്നെ കണ്ടറിയേണ്ടതായിരിക്കുന്നു.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): റിപ്പോർട്ടിലെ 8-ാം പാരാവിലെ നിർദ്ദേശംകൊണ്ടു ജനങ്ങളുടെ സങ്കടത്തിനു പരിഹാരമുണ്ടാകയില്ലേ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ലെന്നാണു എന്റെ അഭിപ്രായം.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): കൂടുതലായി എന്തെല്ലാം വേണമെന്നാണ് അഭിപ്രായം?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതു നിശ്ചയിക്കരുത്കൂടാ. അതുകൊണ്ടും സങ്കടപരിഹാരം ഉണ്ടാകുന്നതല്ല.

മി: റാബിൻസൺ ദിവാൻ പേഷ്കാരും താഴെ പറഞ്ഞിരിക്കുന്നതു വളരെ വിനോദകരമായിരിക്കുന്നു —

"മിക്കതാലൂക്കുകളിലും മേലുദ്യോഗം ജോലി തഹശീൽദാരുടെ ജോലിയിൽ അപ്രധാനമായിട്ടുള്ള ഒരു ഭാഗമേ ഉള്ളു. റവന്യൂജോലി വർദ്ധിച്ചു വന്നിരുന്നതുകൊണ്ടും ആ ജോലിതങ്ങളുടെ മജിസ്റ്റീരിയൽ ജോലിയോടുകൂടി തൃപ്തികരമാകുംവണ്ണം ചെയ്തു തീർക്കാൻ സാധിക്കാത്തതുകൊണ്ടും ആയതു മജിസ്റ്റീരിയൽജോലി അവരിൽ നിന്നും വേർപെടുത്താൻ ഇടയായതു"

തഹശീൽദാരുടെ റവന്യൂജോലിയിൽ നിന്നും മജിസ്റ്റീരിയൽ ജോലിയെ വേർപ്പെടുത്തപ്പെട്ടതു ഇൻഡ്യ മുഴുവനുമുള്ള മുറവിളിയുടെ ഫലമാണെന്നും പ്രസ്തുതജോലി തൃപ്തികരമാകുംവണ്ണം ചെയ്തുതീർക്കാൻ അവർക്കു സാധിക്കാത്തതുകൊണ്ടല്ലെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏതു വർഷമാണെന്നു ദയവുണ്ടായി പറയണം.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): 1 . . . ാം വരെയുള്ള ഏതാണ്ടു അവസാനത്തിൽ

മി: എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ച നിർദ്ദേശങ്ങളെ റിപ്പോർട്ടിൽ ചേർത്താൽ തൃപ്തികരമായിരിക്കുമോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്രകാരം ചെയ്യുകയാണെങ്കിൽ ഞാൻ ഒരു വിധം തൃപ്തനാകുന്നതാണ്. അസിസ്റ്റന്റ തഹശീൽദാരന്മാരെ ഒന്നോടെ നിറുത്തൽചെയ്തു അവരുടെ ജോലിചെയ്യുന്നതിനു ധാരാളം സമയമുള്ള തഹശീൽദാരന്മാരെ അതു ഏൽപ്പിക്കുന്നപക്ഷം ഞാൻ പൂർണ്ണമായി തൃപ്തിപ്പെടുന്നതാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭൂറിക്കാർഡു സംരക്ഷണജോലി ആവശ്യമുണ്ടെന്നോ ഇല്ലെന്നോ വിചാരിക്കുന്നതു?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതുകൊണ്ടാണു മിസ്റ്റർ ജി. പരമേശ്വരൻപിള്ള നിർദ്ദേശിച്ചതുപോലെ ഇനിമേൽ നടത്തേണ്ടതായ ഭൂമിറക്കാർഡു സംരക്ഷണജോലിയെ സംബന്ധിച്ചിടത്തോളം ഇപ്പോഴുള്ള റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തി ജോലിനടത്തത്തക്കവിധമാണെങ്കിൽ ഞാൻ ഒരു വിധം തൃപ്തനാകുമെന്നു പറഞ്ഞതു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതുവരെ നടത്തിട്ടുള്ള ഭൂറിക്കാർഡുസംരക്ഷണവേലയും അതിന്റെ റിക്കാർഡുകളും പ്രയോജനമില്ലെന്നാണോ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതിൽകൂടുതലാണു അവർ ചെയ്തുകൊണ്ടിരുന്നതു.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): റിക്കാർഡ്മാത്രം ഉണ്ടാക്കിയാൽ മതിയോ? അതുപ്രകാരം അളന്നു കല്ലിട്ട സ്കെച്ചും അതിലെയും മററു റിക്കാർഡുകളും ശരിയാക്കേണ്ടേ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ റിക്കാർഡുകളുണ്ടാക്കി അവ ശരിയായി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണെന്നു അവർ പറയുമായിരിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): റിക്കാർഡുകൾ ഉണ്ടാക്കാൻ സ്ഥലത്തു പോകേണ്ടയോ അങ്ങിനെ സ്ഥലത്തുപോയി വേണ്ട വേലകൾ ചെയ്തുണ്ടാക്കുന്ന റിക്കാർഡുകൾ വെറുതെ പൂട്ടിവച്ചാൽ എന്താണു പ്രയോജനം?

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ മനസ്സിലാക്കേണ്ടതു്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ ആസനസ്ഥനായി.

മി: കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): കമ്മററിയിലെ മെമ്പറന്മാർ സംസാരിച്ചതിനുശേഷം മെമ്പറന്മാർക്കു സംസാരിക്കാമോ എന്നു അറിഞ്ഞാൽകൊള്ളാം. അങ്ങിനെ ചെയ്യുന്നപക്ഷം ഈ വിഷയത്തെപ്പററി നമുക്കു കുറെക്കൂടി മനസ്സിലാക്കാൻ സാധിക്കുന്നതും വാദമുഖങ്ങളെപ്പററി നല്ലതിനെന്നും നമുക്കു സംസാരിക്കുന്നതിനു കഴിയുന്നതും ആകുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭൂമിറിക്കാർഡുസംരക്ഷണക്കമ്മററിയുടെ റിപ്പോർട്ടിലുള്ള ആക്ഷേപങ്ങൾക്കു എന്തെങ്കിലും സമാധാനം പറഞ്ഞുതുടങ്ങുന്നതിനു മുൻപ് ആ കമ്മററിയുടെ രൂപീകരണത്തെപ്പററി രണ്ടു വാക്കു പറയേണ്ടതു എന്റെ കടമയാണെന്നു വിചാരിക്കുന്നു. ഇങ്ങനെയുള്ള സംഗതികളിൽ അനുദ്യോഗസ്ഥന്മാർ ഭൂരിപക്ഷമുള്ളതായ ഒരു കമ്മിററി ഇതിനുമുമ്പു ഉണ്ടായിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല. അനുദ്യോഗസ്ഥമെമ്പറന്മാരിൽ ഗവണ്മെന്റിനുള്ള വിശ്വാസത്തെ പ്രത്യക്ഷമായി കാണിച്ചിട്ടുള്ള ഈ കമ്മററിയുടെ രൂപീകരണത്തിൽ ഗവണ്മെന്റിനോടു ഞാൻ ഹാർദ്ദമായി നന്ദിപറഞ്ഞുകൊള്ളുന്നു. കമ്മററിയു

ം ജോലികളിൽ അതിലെ ഉദ്യോഗസ്ഥന്മാർ നമ്മോടു സൗഹാർദ്ദമായി നിന്നുകൊണ്ടു ഞങ്ങളെ വേണ്ടപോലെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നുള്ള സംഗതി ഒരിക്കലും മറച്ചുവയ്ക്കാവുന്നതല്ല. കമ്മിറ്റിയിലെ പ്രസിഡണ്ടായ മിസ്റ്റർ റാബിൻസൺ ഒരു ഉദ്യോഗസ്ഥമെമ്പറാണെന്നു തോന്നിപ്പോകത്തക്ക ഒരു ദൃഷ്ടാന്തംപോലും അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നും ഉണ്ടായിട്ടില്ലെന്നുള്ള സംഗതി ഏറ്റവും സന്തോഷത്തോടുകൂടി ഇവിടെ പറയാതിരിപ്പാൻ നിവൃത്തിയില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉദ്യോഗസ്ഥമെമ്പറാണെന്നു തോന്നിക്കുന്നതിനു എന്തെല്ലാമാണാവേണ്ടത്?

മി: ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോട്ടം): ഇത്രയൊ പ്രധാനമായ ഒരു വിഷയത്തെപ്പറ്റി പ്രതിവാദിക്കുമ്പോൾ ഇങ്ങനെയുള്ള ചോദ്യങ്ങൾക്കു മറുപടിപറഞ്ഞു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാപ്പികുടിക്കാൻ വെളിയിൽ ഇറങ്ങുമ്പോൾ ആവശ്യമുള്ളപക്ഷം പറയാം.

ഭൂറിക്കാർഡ്സംരക്ഷണക്കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് എന്റെ മാന്യസ്നേഹിതന്മാരിൽ പലരും പലവിധമായ ആക്ഷേപങ്ങൾ പറഞ്ഞിരിക്കുന്നു. ആ കമ്മിറ്റിയിലെ ഒരു മെമ്പറെന്നനിലയിൽ അതിലേയ്ക്കു സമാധാനങ്ങൾ പറയേണ്ടതു എന്റെ ചുമതലയായിത്തീരുന്നു.

ലോകത്തു മനുഷ്യരിലും അവരുടെ പ്രവൃത്തികളിലും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ആക്ഷേപങ്ങൾ തീർന്നുകാണ്മാൻ സാധിക്കുന്നതല്ല. ഭൂറിക്കാർഡ്സംരക്ഷണക്കമ്മിറ്റി റിപ്പോർട്ടു തയ്യാർചെയ്യപ്പെടുന്ന കാലത്തു ആയതു വേണ്ടപോലെ സൂക്ഷിച്ചു എഴുതിട്ടുണ്ടെന്നുള്ള വിചാരത്തോടുകൂടിയല്ലാതെ ആക്ഷേപങ്ങൾ ഇല്ലാതിരിക്കുമെന്നുള്ള ഉദ്ദേശങ്ങൾ ഇല്ലായിരുന്നു. ഭൂറിക്കാർഡ്സംരക്ഷണക്കമ്മിറ്റിയുടെ റിപ്പോർട്ടു ഈ കൗൺസിലിന്റെ പര്യാലോചനയ്ക്കു എത്തേണമെന്നുള്ള വിചാരം ഗവണ്മെന്റിനും ആ നിർബന്ധം കമ്മിറ്റിക്കും ഉണ്ടായിരുന്നതുകൊണ്ടു ഏറ്റവും ധൃതഗതിയോടുകൂടി ആ പുണ്യമായ ജോലി നിർവഹിക്കേണ്ടതായി വന്നിട്ടുണ്ട്. അതിനാൽ അതിൽ പല കുറവുകളും വരാതിരിക്കാൻ നിവൃത്തിയില്ലാത്തതാണ്. അങ്ങനെ അയച്ചിട്ടുള്ള റിപ്പോർട്ടിന്റെ കാര്യങ്ങൾ നിയമസഭയിൽ എത്തുമ്പോൾ അവിടെവച്ചു തീർന്നുപോകുമെന്നുള്ള വിശ്വാസം ഞങ്ങൾക്കു വരുത്തായ സമാധാനങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഇവിടെ പറഞ്ഞിട്ടുള്ള ഓരോ ആക്ഷേപങ്ങളെയുംപറ്റി പര്യാലോചിക്കാം.

മി: സി. പി. താകൻ പറഞ്ഞിട്ടുള്ള ഈ റിപ്പോർട്ടിൽ അസിസ്റ്റന്റുതഹശീൽദാരന്മാരുടെ പേരിനെ ഭേദപ്പെടുത്തിയതല്ലാതെ അവർ ചെയ്തുവന്നിരുന്ന ജോലിക്കു ഭേദഗതി ഉണ്ടാക്കീട്ടില്ലെന്നാണ്.

മി: സി. പി. താകൻ (കുന്നത്തുനാട്): എന്നു ഞാൻ പറഞ്ഞിട്ടില്ല; സിസ്റ്റത്തിലുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനു കമ്മിറ്റി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നാണ ഞാൻ പറഞ്ഞത്.

മി: ടി. കുമാരപിള്ള (കല്ക്കുളവും-വിളവംകോട്ടം): ന്യൂനതകളെ പരിഹരിച്ചിട്ടില്ലെന്നു പറയുന്ന അഭിപ്രായംതന്നെ ശരിയായിട്ടുള്ളതല്ല. ഞങ്ങൾ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിനെ ശ്രദ്ധയോടുകൂടി വായിച്ചിരുന്നു എങ്കിൽ ഈ അഭിപ്രായം പറവാൻ തരമില്ലാത്തതാണ്. വിശേഷിച്ചു ൭൨-ാം പാരായിൽ നിന്നും പല ന്യൂനതകളേയും പരിഹരിച്ചിട്ടുണ്ടെന്നുള്ള സംഗതി വ്യക്തമായി ബോധ്യപ്പെടുന്നതാണ്. ഈ തെറ്റിദ്ധാരണയെ തീർക്കുന്നതിനുവേണ്ടി മുൻപു നടത്തിവന്നിരുന്ന ഭൂറിക്കാർഡ്സംരക്ഷണജോലികളേയും ഇനിമേൽ നടത്താൻ ഉദ്ദേശിക്കുന്ന ജോലികളേയും പറ്റി വിസ്തരിച്ചുപറയേണ്ടതായിരിക്കുന്നു.

മുൻപു ഭൂറിക്കാർഡ്സംരക്ഷണജോലിയിൽ ഉൾപ്പെട്ട പുറമ്പോക്കു പരിശോധന നടത്തിവന്നതും അതിലേക്ക് ആക്രമണക്കേസുകൾ എടുത്തുവന്നതും ഇന്നു സെറ്റിൽമെന്റുരജിസ്റ്ററിൽ കാണുന്ന പുറമ്പോക്കുകളെല്ലാം സാക്ഷാൽ പുറമ്പോക്കുകളാണെന്നുള്ള സങ്കല്പത്തോടുകൂടിയാണ്. സെറ്റിൽമെന്റുരജിസ്റ്ററിൽ കാണുന്ന പുറമ്പോക്കുകളെല്ലാം ശരിയായ പുറമ്പോക്കുകളല്ലെന്നു തെളിയിക്കാൻ ഒരു പ്രയാസവുമില്ലാത്തതാണ്. സെറ്റിൽമെന്റുരജിസ്റ്ററിൽ കാണുന്ന പുറമ്പോക്കുകൾ പലവഴികളിലും പുറമ്പോക്കുകളായി തീർന്നിട്ടുള്ളതായി വരാവുന്നതാണ്. അതിലേയ്ക്കു ദൃഷ്ടാന്തങ്ങൾ പറയാം. സർവെകാലത്തു പേരിൽ പതിവുള്ള ഭൂമികളെ പിശകായി പുറമ്പോക്കുകളായി സർവെചെയ്തിട്ടുണ്ട്. സെറ്റിൽമെന്റു ഡിമാർക്കേഷൻ ചട്ടങ്ങൾ ൯൮, ൯൯, ൧ എ, ൧ ബി, ൧൭, ൨൪ iii ഒഴിച്ചു ൩൪, ൩൫, ൩൭ ഈ വകുപ്പുകളിലെ ഏർപ്പാടുപ്രകാരം പേരിൽ പതിവു ഭൂമികൾ പുറമ്പോക്കുകളായി തീർന്നിട്ടുണ്ട്. ഈ വകുപ്പുകളിൽ ചിലതിനെ ഇവിടെ ദൃഷ്ടാന്തമായി പറയാം. ൯൮-ാംവകുപ്പിനെ എടുക്കാം. ആറിന്റെയും തോട്ടിന്റെയും ഇരുവശങ്ങളിലും ഇടുന്ന കല്ലുകൾ വെള്ളപ്പാച്ചിൽകൊണ്ടോ മറ്റു കാരണങ്ങളാലോ നശിച്ചുപോകാതിരിക്കുന്നതിനുവേണ്ടി പുരയിടങ്ങളിൽ കയറ്റിയിടാനാണ് ൯൮-ാംവകുപ്പിനാൽ നിശ്ചയിച്ചിട്ടുള്ളത്. സർവെവകുപ്പുകാർ ഡിമാർക്കേഷൻ റൂൾസ് അനുസരിച്ചു കല്ലുകളെ സ്ഥാപിച്ചിട്ടുപോയി. ക്ലാസിഫയറന്മാർ കല്ലിനു അപ്പുറം ഉള്ള സ്ഥലങ്ങളെ പേരിൽ പതിവു ഭൂമിയായും അതിനു വെളിയിലുള്ള ഭൂമികളെ പുറമ്പോക്കായും റിക്കാർഡുചെയ്തു. ഇനി ൨൪-ാമതു വകുപ്പ് (iii ഒഴികെ)-നെ എടുക്കാം. ഇതിൽ ആറു, തോടു, കുളം മുതലായവകളുടെ ഇരുവശങ്ങളിലും പേരിൽപതിവും പതിയാതെയുമുള്ള ഭൂമികളെ പുറമ്പോക്കാക്കിക്കൊള്ളണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഈ ചട്ടങ്ങളാൽ അനേകം പേരിൽപതിവുഭൂമികളും അതിൽനിൽക്കുന്ന ആദായകരമായ വൃക്ഷങ്ങളും പുറമ്പോക്കിൽ ഉൾപ്പെടാൻ ഇടയായിട്ടുണ്ട്; കണ്ടെഴുത്തു കഴിഞ്ഞതിൽപിന്നീടു ഭൂറിക്കാർഡുസംരക്ഷണജോലികൾ ചെയ്യാത്തതുകൊണ്ടു പേരിൽപതിവു ഭൂമികൾ പുറമ്പോക്കുകളായി തീർന്നിട്ടുള്ള വിവരം ജനങ്ങൾക്കു അറിയാൻ തരമില്ലാതെ വന്നു. ഭൂറിക്കാർഡ്സംരക്ഷണജോലികൾ നിഷ്കർഷയായി നടത്തുന്നതിനുവേണ്ടി അസിസ്റ്റന്റുതഹശീൽദാരന്മാരെ നിയമിക്കയും അവർ ജോലികൾ തുടങ്ങുകയുംചെയ്തപ്പോൾ പേരിൽ പതിവു ഭൂമികളും അനേകകാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമികളും പുറമ്പോക്കുകളായി തീരാനിടയായി. ഈ ജോലികളാൽ ജനങ്ങൾക്കു പലവിധമായ കഷ്ടനഷ്ടങ്ങൾക്കു ഇടയാകയും അതിനാൽ അസിസ്റ്റന്റുതഹശീൽദാരന്മാരേയും അവരുടെ ഭൂറിക്കാർഡ്സംരക്ഷണജോലിയേയും ജനങ്ങൾ വെറുക്കാൻ ഇടയാകയും ചെയ്തു. ഇങ്ങനെ വന്നുചേർന്നതു ഭൂറിക്കാർഡ്സംരക്ഷണജോലികൾ നടത്താൻ ഉദ്യമിച്ച ഗവണ്മെന്റോ അതു നടത്തിയ അസിസ്റ്റന്റുതഹശീൽദാരന്മാരോ അല്ല. മുമ്പെ സർവെ ചെയ്യുന്നകാലത്തു വന്നുപോയിട്ടുള്ള പ്രമാദങ്ങളും ഡിമാർക്കേഷൻ റൂൾസിന്റെ ദോഷങ്ങളും ആണെന്നു സമ്മതിക്കാതെ തരമില്ല.

ഇതോടുകൂടി ഇപ്പോഴ് നടപ്പിലിരിക്കുന്ന ഭൂരിക്കാർഡുസംരക്ഷണചട്ടങ്ങളിൽ ൩൭-ാംവകുപ്പ് ഭൂമിയുടമസ്ഥന്മാൎക്ക് അപരിമിതമായ സങ്കടത്തെയുണ്ടാക്കിത്തീൎക്കാൻ ഇടയായി. ആ ൩൭-ാംവകുപ്പ് ഉണ്ടാക്കുന്നകാലത്തു ഗവൎമ്മെൻറു ഉദ്ദേശിച്ചിട്ടുള്ളത് ആറുകൾവെള്ളത്താലും, സമുദ്രത്താലും സ്വാഭാവികമായി ഭൂമികൾ കുറയുകയും കൂടുകയും ചെയ്യുമ്പോൾ ആ ഭൂമികളുടെ കിടപ്പനുസരിച്ച് പുറമ്പോക്ക ഡിമാൎക്കേറചെയ്യാനാണ്. ഗവൎമ്മെൻറിൻെറ ഈ ഉദ്ദേശം നിയമസഭയിൽവച്ച് മിസ്റ്റർ കെ. പി. രാമൻപിള്ളയും മിസ്റ്റർ ററി. പി. രാമസ്വാമ്യയ്യരും ആദ്യുണ്ടായിട്ടുള്ള ചോദ്യോത്തരങ്ങളിൽനിന്നും വ്യക്തമാകാനിടയായിട്ടുണ്ട്. ഗവൎമ്മെൻറിൻെറ ഈ ഉദ്ദേശത്തെ ലാൻറുരിക്കാർഡുസൂപ്രണ്ടു തെററായി വ്യാഖ്യാനിച്ചതിൻെറ ഫലമായി സൎക്കുലർ നമ്പർ എൻ ഉണ്ടാകയും അതനുസരിച്ചു ഭൂരിക്കാർഡുസംരക്ഷണജോലികൾ നടത്തിവരികയും ചെയ്യുന്നു. സൎക്കുലർ നമ്പർ എസ് എങ്ങിനെയാണെന്നുള്ള വ്യാഖ്യാനം ഈ അവസരത്തിൽ വേണ്ടതായിരിക്കുന്നു. അതിലേക്ക ദൃഷ്ടാന്തപൂൎവം പറയാം. റോഡരികിലുള്ള ഒരാളുടെ പതിവുഭൂമിയിലുള്ള ഏതാനംസ്ഥലത്തെ വിററിട്ട കയ്യാലവച്ചുതന്നാൽ ആ കയ്യാലക്കുപുറമേയുള്ള ഭൂമിയെ പുറമ്പോക്കോടുകൂട്ടിച്ചേൎത്തു ഡിമാൎക്കേറചെയ്യേണ്ടതാണെന്നാണ് ഈ സൎക്കുലർ നമ്പർ എസിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. പേരിൽപതിവുഭൂമികളെ ഇങ്ങനെ സൎക്കാരിലേക്ക എടുക്കാൻ അനുവദിക്കുന്നതായ സൎക്കുലർ സൂപ്രണ്ടു ഗവൎമ്മെൻറിനു അയച്ചുകൊടുത്തിട്ടില്ല. ഇങ്ങനെ അധികാരമില്ലാത്ത പ്രവൃത്തികളാൽ ജനങ്ങൾക്ക സങ്കടത്തെയും, ഭൂരിക്കാർഡുസംരക്ഷണജോലിക്ക അപവാദത്തെയും, ഗവൎമ്മെൻറിനു ദുൎയ്യശസ്സിനെയും ഉണ്ടാക്കിത്തീൎക്കാൻ ഇടയായി. ഇങ്ങനെയുള്ള പല ന്യൂനതകളെയും ഭൂരിക്കാർഡുസംരക്ഷണകമ്മിററിക്കാർ കണ്ടുപിടിക്കയും അതിലേക്ക വേണ്ട പരിഹാരമാൎഗ്ഗങ്ങൾ വ്യക്തമായി റിപ്പോർട്ടിൽ പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. ഇനിമേലാൽ ഒരു പുറമ്പോക്കകേസ്സു എടുക്കണമെങ്കിൽ പഴയ രേഖകളുമായി പരിശോധിക്കണം. അതിനാൽപുറമേ റിപ്പോർട്ടിൽ ൭൨-ാംഖണ്ഡികയിൽ പറയുന്ന ഡിമാൎക്കേഷൻ ചട്ടങ്ങളിൽ ഏതെങ്കിലും ഉൾപ്പെടുമോ എന്നുനോക്കണം. ഇങ്ങനെ പുറമ്പോക്കകളെ തിട്ടംവരുത്തുകയും അതിൽ ആക്രമണങ്ങൾ ഉള്ളപക്ഷം കേസുകൾ എടുത്തു നടപടികൾ നടത്തുകയും ചെയ്യുന്നതിൽ ആക്ഷേപത്തിനോ സങ്കടത്തിനോ അവകാശമില്ലാത്തതാണ്. ഇത്രയുംസംഗതികളെ വിസ്തരിച്ചതുകൊണ്ടു ഇതുവരെ നടന്നിട്ടുള്ളതു ഭൂരിക്കാർഡുസംരക്ഷണജോലികൾക്കും ഇനിമേൽ നടക്കാൻപോകുന്ന ഭൂരിക്കാർഡുസംരക്ഷണജോലികൾക്കും വലുതായ വ്യത്യാസമുണ്ടായിരിക്കുമെന്നു മിസ്റ്റർ രാഘവനും മിസ്റ്റർ എ. കെ. പിള്ളയും സമ്മതിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്.

അദ്ധ്യക്ഷൻ: സമയമായി.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുറെക്കൂടി സമയം എനിക്ക നല്കുന്നതിനു അദ്ധ്യക്ഷനോടു അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ കമ്മിററിയിലെ മെമ്പൎമ്മാരിൽ ഒരുത്തനാണ്. അതിനാൽ ഇവിടെ ദീർഘമായി വാദപ്രതിവാദം നടത്തപ്പെട്ട സംഗതികളെ ഞാൻ വ്യാഖ്യാനിക്കേണ്ടതായിട്ടുണ്ട്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിലും വടക്ക്): മെമ്പൎക്ക കുറച്ചുകൂടി സമയം നല്കുന്നതിനു ഞങ്ങളും അദ്ധ്യക്ഷനോടപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: അപ്രകാരംചെയ്യാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എൻെറ മാന്യസ്നേഹിതന്മാരിൽ ചിലർ ഉദ്ദേശിച്ചിട്ടുള്ളതുപോലെ ഇപ്പോൾ നടത്തിവരുന്നതുപോലെതന്നെ ഇനിയും ഭൂരിക്കാർഡുസംരക്ഷണജോലികൾ നടക്കുമെന്നുള്ള വിചാരം ശരിയല്ലെന്നുള്ളതു് മേൽവിവരിച്ച സംഗതികൾ തെളിയിക്കുന്നതാണ്. ഭൂരിക്കാർഡുസംരക്ഷണജോലികളാൽ ജനങ്ങൾക്ക നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്ന സങ്കടങ്ങൾക്ക പല പരിഹാരമാൎഗ്ഗങ്ങളും റിപ്പോർട്ടിൽ നിൎദ്ദേശിച്ചിട്ടുണ്ട്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതുവരെ ചെയ്തിട്ടുള്ള ജോലികളിലുള്ള തെററിനെ ഏതുവിധത്തിലാണ് പരിഹരിക്കേണ്ടതെന്നു റിപ്പോർട്ടിലുണ്ടോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉണ്ട്. എൻെറ പതിവിലുൾപ്പെട്ട ഭൂമിയെ പുറമ്പോക്കിൽ ഉൾപ്പെടുത്തി എടുത്തിരിക്കുന്നു എന്നിരിക്കട്ടെ. അതിനെ രേഖകളാലൊ ഡിമാൎക്കേഷൻചട്ടങ്ങളുടെ ലംഘനത്താലൊ പുറമ്പോക്കായി തീൎന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം ആ സ്ഥലം എനിക്ക നിരാക്ഷേപമായി കിട്ടുന്നു. ഡിമാൎക്കേഷൻ ചട്ടങ്ങൾ ൩൭-ാംവകുപ്പനുസരിച്ചു വളവുകളിൽ കല്ലിടാതിരിക്കയും ഇപ്പോഴത്തെ അളവിൽ ആ വളവിലുൾപ്പെട്ട സ്ഥലവും അതിലെ വൃക്ഷങ്ങളും പുറമ്പോക്കായിതീൎന്നിട്ടുണ്ടെങ്കിൽ ആ സ്ഥലത്തിൻെറ കരക്കുടിശികമാത്രം ഈടാക്കിട്ടു അതിനെ ശേഷിച്ചഭാഗത്തിലേക്കുള്ള ഇനത്തോടുചേൎത്തുകൊടുക്കണമെന്നാണു വ്യവസ്ഥചെയ്തിട്ടുള്ളതു്. ആദ്യകാലംമുതൽ അങ്ങിനെയാണു ചെയ്തുവ.രുന്നതും.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇന്നു സങ്കടംപറയുന്ന കക്ഷിയുടെ മേൽ മാത്രമെ ഇതുവരെ നടത്തിട്ടുള്ള റിക്കാർഡുകൾ ശരിപ്പെടുത്താൻ തരമുള്ളു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അല്ലാതെ എന്തുനിവൃത്തിയാണുള്ളതു്? ഇതുവരെ നടത്തിട്ടുള്ള ഭൂരിക്കാർഡുസംരക്ഷണജോലികളെല്ലാം വീണ്ടും ഓരോന്നായി പരിശോധിച്ച് ശരിപ്പെടുത്താൻ സാധിക്കുന്നതാണൊ? അങ്ങിനെ തുടങ്ങുന്നതായാൽ രാജ്യത്തിൻെറ ഭണ്ഡാരത്തെ ശോഷിപ്പിക്കാനുള്ള ഒരു ഉത്തമ മാൎഗ്ഗമായിത്തീരുന്നതല്ലേ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എൻെറ ചോദ്യമിതാണ്. ഇതുവരെ നടത്തിട്ടുള്ളതായ പുറമ്പോക്കറിക്കാർഡുകൾ തെററിപ്പോയി എന്നു സമ്മതിക്കുന്നുണ്ടൊ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതുവരെയും ഭൂരിക്കാർഡു സംരക്ഷണ ജോലിചെയ്തു ഉണ്ടാക്കിട്ടുള്ള പുറമ്പോക്ക റിക്കാർഡുകൾ എല്ലാംതെററാണെന്നു സമ്മതിക്കാൻ ഞാൻ ഒരിക്കലും തയ്യാറില്ല. ഭൂരിക്കാർഡു സംരക്ഷണ ചട്ടങ്ങൾ ൩൭-ാം വകുപ്പിനെ ദുൎവ്യാഖ്യാനം ചെയ്തുണ്ടായിട്ടുള്ള സൎക്കുലർ നമ്പർ പ്രകാരം ഉണ്ടാക്കീട്ടുള്ള റിക്കാർഡുകളിൽ പലതും തെററായി വരുന്നതാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഭൂരിക്കാർഡു സംരക്ഷണചട്ടങ്ങൾ ൩൭-ാംവകുപ്പനുസരിച്ച് നോട്ടീസുകൊടുത്തതിനുശേഷം ഏതെങ്കിലും ഒരു പുറമ്പോക്കകേസ്സ് ഇതുവരെ നടത്തിട്ടുണ്ടൊ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൯-ാം വകുപ്പു പുറമ്പോക്കുകളെ പരാമർശിക്കുന്ന സംഗതികളെ ഉദ്ദേശിച്ചിട്ടുള്ളതല്ല. പേരിൽ പതിവു ഭൂമികളിൽ കല്ലുകൾ നാട്ടുന്നതിനു നോട്ടീസു കൊടുക്കേണ്ട നടപടിക്ക ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിൽ പല നടപടിപിശകുകളും ഉണ്ടെന്നു എനിക്കറിയാം.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ നടപടിപിശക കൊണ്ടാണ് ഭൂ റിക്കാർഡുസംരക്ഷണ വകുപ്പനുസരിച്ചുള്ളതു്, എന്നു നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഭൂറിക്കാർഡുസംരക്ഷണ ചട്ടങ്ങൾ ൯-ാം വകുപ്പനുസരിച്ചു നോട്ടീസു കൊടുത്തതിനുശേഷമെ പുറമ്പോക്കു കേസ് അതിനായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ നടത്താവു എന്നൊരു വകുപ്പുണ്ട്. അതിനുശേഷം ൧൨-ാം വകുപ്പിലുള്ളതു് ഇപ്പോഴത്തെ കിടപ്പനുസരിച്ച് പുറമ്പോക്കു കണ്ടുപിടിക്കേണമെന്നാണ്. ഈ രണ്ടുവകുപ്പനുസരിച്ചാണ് ഇതുവരെ നടത്തീട്ടുള്ള സകല റിക്കാർഡുകളും തയ്യാറാക്കിയിട്ടുള്ളത് എന്നു കമ്മിററി സമ്മതിച്ചിട്ടുണ്ട്. അതനുസരിച്ച് ഉണ്ടാക്കിട്ടുള്ള പണത്തെ സംബന്ധിച്ച് എനിക്കു ചോദ്യമില്ല. ഇനിവീണ്ടും പുതിയതായി എടുത്തുപതിപ്പിക്കണം എന്നോ അതല്ല ഈ നിലയിൽ തന്നെ സ്വീകരിക്കണമെന്നോ ഏതു വിധമാണ് കമ്മിററി അഭിപ്രായപ്പെട്ടിട്ടുള്ളതു്?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൯-ാം വകുപ്പു പുറമ്പോക്കുകൾ എടുക്കുന്നതിനെപ്പററിയുള്ളതല്ലാ, ആ വകുപ്പ് ഇങ്ങനെയാണ്.

ചട്ടങ്ങളിലെ ൯-ാം വകുപ്പു താഴെപ്പറയും പ്രകാരമാണ്:

"സർവ്വേ അടയാളങ്ങൾ പേരിൽ പതിവുള്ള ഉടമസ്ഥന്മാരാൽ നന്നാക്കപ്പെടുകയോ പുതുക്കപ്പെടുകയോ ചെയ്യേണ്ടതായ ഓരോസംഗതിയിലും അക്കൌണ്ടന്റോ അസിസ്റ്റന്റു തഹശിൽദാരോ അതിലേക്കായി നിയമിക്കപ്പെട്ടിട്ടുള്ള മററുദ്യോഗസ്ഥനോ ഇതിനോടു അനുബന്ധിച്ചിട്ടുള്ള I എ ഫാറത്തിൽ സംബന്ധപ്പെട്ട ഉടമസ്ഥനു നോട്ടീസു കൊടുക്കയും, അപ്രകാരം നോട്ടീസു (എ) മുഖാന്തിരം കൊടുക്കയോ (ബി) അയാളുടെ സാധാരണയുള്ള വാസസ്ഥലത്തോ ജോലിസ്ഥലത്തോ പതിച്ചു നടത്തുകയോ ചെയ്യുകയും പകുതികച്ചേരിയിൽ പതിക്കയും ചെയ്യുന്നതീയതിമുതൽ ഏഴുദിവസത്തിനകം അതിന്റെ അററകുററപ്പണികൾ തീർക്കയോ അതിനെ പുതുക്കയോ ചെയ്യാൻ അയാളോടു ആവശ്യപ്പെടുകയും ചെയ്യേണ്ടതാകുന്നു."

൯-ാം വകുപ്പിനെ സംബന്ധിച്ചു പതിവു ഭൂമിയിൽ കല്ലിടുന്നസംഗതിയിൽ നിയമപ്രകാരം നോട്ടീസയച്ചിട്ടില്ലെന്നുള്ള കാരണത്താൽ ഭൂമി ഉടമസ്ഥന്മാർക്കു വഴിനഷ്ടങ്ങളുണ്ടാകുമെന്നുള്ള സംഗതി ഞാൻ സമ്മതിക്കുന്നു. എന്നല്ലാതെ അങ്ങനെ ചെയ്തിട്ടുള്ള ഭൂറിക്കാർഡുസംരക്ഷണ ജോലിയും ആ റിക്കാർട്ടുകളും തെററാണെന്നു പറയാൻ പാടില്ലാത്തതാണ്. ഭൂ റിക്കാർഡ് സംരക്ഷണ ചട്ടങ്ങൾ ൧൨-ാം വകുപ്പിനെ ദുർവ്യാഖ്യാനം ചെയ്തുണ്ടായിട്ടുള്ള സർക്യൂലർ നമ്പർ ൧൯ പ്രകാരം തെററായി ചെയ്തുപോയിട്ടുള്ള റിക്കാർട്ടുകളെ ശരിപ്പെടുത്തേണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അങ്ങിനെയുള്ള റിക്കാർട്ടുകൾ വച്ചുസൂക്ഷിക്കാൻ കൊള്ളിവുന്നവയല്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അങ്ങനെയാണ് നിങ്ങളുടെ അഭിപ്രായം എന്തുകൊണ്ടു റിപ്പോർട്ടിൽ കാണിച്ചില്ല?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ ഭാഷയിൽ റിപ്പോർട്ടിൽ എഴുതീട്ടില്ല. ഒരു റിപ്പോർട്ടിൽ ആ ഭാഷയെ ഉപയോഗിക്കാവുന്നതല്ല. നിയമസഭയിൽ ഉപയോഗിക്കുന്ന മാതിരിയിലുള്ള ഭാഷ ഒരു കമ്മിററി റിപ്പോർട്ടിൽ ഉപയോഗിക്കാവുന്നതല്ല.

മി: എൻ. വി. ജോസഫ് (പറവൂർ): നിയമസഭയിൽ പ്രസ്താവിക്കുന്ന ഭാഷാരീതിഎന്താണ്?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഞാനൊരു നിയമസഭാമെമ്പരുടെ നിലയിൽ ഇവിടെ നിന്നു പ്രസംഗിക്കുന്നതിനും, നിയമസഭയിലുള്ള എന്റെ മാന്യസ്നേഹിതന്മാരാൽ ഒരു ചുമതലയുള്ള ജോലി ചെയ്യുന്നതിനായി കമ്മററിയിലെ അംഗമായി നിയമിച്ചു അതിൽ വേലചെയ്യുന്നതിനും വളരെ വ്യത്യാസമുണ്ടെന്നാണ് ഞാൻ വിചാരിച്ചിട്ടുള്ളതു്. ആ കമ്മററിയിൽ ഞാൻ സംസാരിക്കുമ്പോഴും, റിപ്പോർട്ടു എഴുതുമ്പോഴും അതു ഒപ്പിടുമ്പോഴും നിയമസഭയിലെ ഒരു പ്രതിപുരുഷനാണെന്നു ഓർമ്മിക്കേണമെന്നും നിയമസഭയിലെ സ്ഥിതിയെ പരിരക്ഷിക്കേണമെന്നും എന്റെ കടമയാണെന്നാണ് ഞാൻ കരുതിട്ടുള്ളതു്. ഇതുകൊണ്ടാണു രണ്ടുസ്ഥലത്തും ഉപയോഗിക്കേണ്ട ഭാഷാരീതികൾക്കു വ്യത്യാസമുണ്ടെന്നു പറയാൻ ഇടയായതു്. ഭൂ റിക്കാർഡ് സംരക്ഷണ ജോലികളിൽ വന്നുപോയിട്ടുള്ള തെററുകളെ പരിഹരിക്കണമെന്നു റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഭൂറിക്കാർഡു ജോലയിൽ തെററുകൾവല്ലതും ഉണ്ടെങ്കിൽ അതിനെ തിരുത്തുമോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): തിരുത്തേണ്ടതു് അത്യാവശ്യമാണ്. തിരുത്തുകയും ചെയ്യണം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇപ്പോൾ ഉണ്ടായ റിക്കാർഡുകൾ ശേഖരപ്പെടുത്തി ഒത്തുനോക്കുവാൻ പോകുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതുവരെ ചെയ്തിട്ടുള്ള ഭൂറിക്കാർഡുസംരക്ഷണജോലികളെല്ലാം അബദ്ധമാണെന്നുള്ള സങ്കല്പത്തോടുകൂടി ഇതുകളെല്ലാം ആദിമുതൽതന്നെ ചെയ്യുന്നകാര്യം സാധിക്കുമെന്നു തോന്നുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൨-ാം വകുപ്പിനെ സ്വീകരിക്കുന്നു. അതിൽ—

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ സംഗതി ഒരു അഭിപ്രായവ്യത്യാസമായിട്ടുതന്നെ ഞാൻ കരുതുന്നുള്ളു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൨൪-ം ൨൫ (ഹ)-ാം ഖണ്ഡികകളെ മെമ്പരുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു അവിടെയുണ്ട്. അതെനിക്കറിയാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൪൨ (൨)-ാം ഖണ്ഡികയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ഈ ജോലി ഗവണ്മെന്റു അനുവദിച്ചിട്ടുള്ളതുപോലെ സർവ്വേ അതൃത്തികളും റീസർവ്വേയിലെ വ്യവസ്ഥകളനുസരിച്ച് നിഷ്കർഷയായി ചെയ്യേണ്ടതാകുന്നു. എല്ലാ കേസുകളിലും പ്രസ്തുത റീസർവ്വേ ചെയ്യേണ്ട ആവശ്യപ്പെട്ടിരിക്കുന്നതുപോലെ കക്ഷികൾക്കു നോട്ടീസുകൾ അയച്ചു അവരുടെ പരാതികൾ കേട്ടു തീരുമാനിക്കേണ്ടതാകുന്നു. സംബന്ധപ്പെട്ട ഭൂമിയുടമസ്ഥനു കാലേകൂട്ടി നോട്ടീസുകൊടുക്കാതെയും അയാളുടെ ആക്ഷേപങ്ങൾ കേട്ടു തീരുമാനിക്കാതെയും പട്ടയം അനുസരിച്ചുള്ള ഭൂമിയുടെ ഏതെങ്കിലും ഭാഗവും എടുക്കുകയോ പുറമ്പോക്കായി റിക്കാർഡുചെയ്കയോ പാടില്ലാത്തതാകുന്നു."

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു ഇനിമേൽ നടത്തേണ്ട ജോലിയെസംബന്ധിച്ചാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൨൪-ാം ഖണ്ഡിക നോക്കുന്നതിനു മെമ്പറോടു ഞാൻ അപേക്ഷിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൌൺസിലിൽ സ്വീകരിക്കുന്നതിനുള്ള റിപ്പോർട്ടിൽ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ പഴയറിക്കാർഡുകളെ ശരിയാക്കണം എന്നുള്ള ഭാഗം ഇല്ലെന്നാണു ഞാൻ പറയുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൩൦ രൂപാ മുതൽ ൫൦ രൂപാ വരെയുള്ള ഗ്രേഡിൽ ഇപ്പോൾ നിയമിക്കപ്പെടേണ്ടതായ ൧൪ സർവ്വേയർമാരെയും ഒഴിവുകളുണ്ടാകുമ്പോൾ ൫൦ രൂപാ മുതൽ ൭൦ രൂപാ വരെയുള്ള ശമ്പളഗ്രേഡിൽ അപ്പോഴപ്പോൾ കയററംചെയ്യണമെന്നാണോ കമ്മിററിക്കാർ പറയുന്നതു്?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതെ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതതയോ ഒഴിവുകളുണ്ടാകുമ്പോൾ ഗ്രാഡ്യുവേററുകളെ മാത്രമേ നിയമിക്കാവൂ എന്നു കമ്മിററിക്കാർ വിചാരിക്കുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഞങ്ങളുടെ ഉദ്ദേശം ൩൦ രൂപാക്കു നിയമിക്കുന്ന ആൾ തൃപ്തികരമായി ജോലിചെയ്യുന്നപക്ഷം അയാൾക്കു ൭൦ രൂപാവരെ കിട്ടാൻ സൌകര്യമുണ്ടായിരിക്കണമെന്നാണ്. ഇപ്പോൾ അസിസ്റ്റന്റുതഹശിൽദാരന്മാരായിരിക്കുന്ന ഉൽകൃഷ്ടപരീക്ഷാവിജയികളിൽനിന്നും ൧൪ പേരെ എടുക്കുന്നവർക്കു ൫൦-൭൦ രൂപാവരെ കൊടുക്കണമെന്നാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതു്. റവന്യൂസൂപ്രവൈസറന്മാരായി ആളെടുക്കുന്ന സർവ്വെയറന്മാർക്കു ൩൦ രൂപാമുതൽ ൫൦ രൂപാവരെ ശമ്പളം നിശ്ചയിച്ചിരിക്കുന്നു. അവർക്കു തിരു പ്രമോഷനു വഴിയില്ലെങ്കിൽ ജോലിയിൽ ഉദാസീനതകാണിക്കാൻ വഴിയുള്ളതാണ്. അവർക്കു ൫൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളക്കയററം കിട്ടുന്നതിനു സാധിക്കുമെന്നുള്ളവിചാരം ഉണ്ടാകുമ്പോൾ വളരെ ശ്രദ്ധയോടുകൂടി വേലചെയ്യുന്നതിനു ഒരു പ്രേരണാമാർഗ്ഗമായിത്തീരുന്നതാണ്.

വേറൊരു ആക്ഷേപം പറഞ്ഞുകേൾക്കാനിടയായതു കമ്മിററിറിപ്പോർട്ടിൽ ഉദ്ദേശിച്ചിട്ടുള്ള റവന്യൂസൂപ്രവൈസറന്മാരെ തഹശിൽദാരുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റന്മാരാക്കീട്ടില്ലെന്നാണ്. അസിസ്റ്റന്റുതഹശിൽദാരന്മാരെ തഹശിൽദാരുടെ എക്സിക്യൂട്ടീവ് അസിസ്റ്റന്റന്മാരാക്കിയതിന്റെ ഫലം എന്താണെന്നു റിക്കാർഡുസംരക്ഷണജോലിയുടെ മുമ്പിലത്തെ ചരിത്രം വായിച്ചാൽ അറിയാവുന്നതാണ്. അതിനെ വീണ്ടും തുടങ്ങുന്നതായാൽ മേലാൽ ചെയ്യാൻപോകുന്ന റിക്കാർഡുസംരക്ഷണജോലികളും വലുതായ തോൽവിയിലെത്തുമെന്നുള്ളതിനു് സംശയമില്ലാത്തതാണ്.

മി: സി. പി. തരകൻ (കുന്നത്തുനാട്): റിക്കാർഡുസംരക്ഷണജോലികൾ തെററായിചെയ്തതിൽ ജനങ്ങളോടു വാങ്ങിയിട്ടുള്ള പണം തിരിയെ കൊടുക്കേണ്ടതല്ലേ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എന്റെ സ്വന്തഅഭിപ്രായം ആവശ്യപ്പെടുന്നപക്ഷം നിശ്ചയമായും കൊടുക്കണമെന്നുതന്നെ പറയും. തെററായി റിക്കാർഡുകൾ ഉണ്ടാക്കിയതിൽ എന്റെ കയ്യിൽനിന്നും ൫൦ രൂപാ ഗവണ്മെന്റു ഈടാക്കീട്ടുണ്ടെങ്കിൽ അതിനെ പലിശയോടുകൂടി തിരിയെ തരണമെന്നു ഞാൻ ചോദിക്കും.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെയാണെങ്കിൽ അതു ഈ റിപ്പോർട്ടിൽ പ്രസ്താവിക്കപ്പെടാത്തതെന്തു?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതെന്റെ സ്വന്തഅഭിപ്രായമാണ്. തോന്നുന്ന എല്ലാ സ്വന്തഅഭിപ്രായങ്ങളും റിപ്പോർട്ടിൽ ചേർക്കാൻ സാധിക്കുന്നതല്ലാ. അങ്ങനെ ചേർക്കുന്നതു വിഹിതമായിരിക്കയുമില്ല.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുറമ്പോക്കുകേസുകളിൽ പിഴകയായി ശേഖരിച്ചതുക തിരിയെ കൊടുക്കണമെന്നുള്ളതു റിപ്പോർട്ടിൽ ചേർക്കാതെന്തു? —

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കമ്മിററിറിപ്പോർട്ടുഗവണ്മെന്റിനു സമർപ്പിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ടു മേൽ ഞങ്ങൾക്കു അതിനെപ്പററി ആലോചിക്കാൻ അവകാശമില്ലല്ലോ.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൌൺസിലിൽ അങ്ങനെ ഒന്നു ചെയ്യേണ്ടതാവശ്യമല്ലേ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ സംഗതി നിയമസഭയിൽ പാസാകുന്നപക്ഷം അങ്ങിനെ ചെയ്യുന്നതിൽ ആക്ഷേപമുണ്ടായിരിക്കയില്ല.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നിങ്ങളുടെ അഭിപ്രായം—

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എന്റെ സ്വന്തഅഭിപ്രായം, പലിശയോടുകൂടി തിരികെ കിട്ടേണ്ടതാണെന്നു പറഞ്ഞുകഴിഞ്ഞല്ലോ.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുറമ്പോക്കുകളിൽ ഇടുന്ന കല്ലുകളിൽ പ്രത്യേകം അടയാളം കൊത്തുന്നതു നന്നായിരിക്കയില്ലേ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ സംഗതി സർവെ തുടങ്ങുമ്പോൾ ആലോചിക്കേണ്ട ഒരു വിഷയമാണ്. ഇപ്പോൾ അതിനെപ്പററി ആലോചിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഈവിഷയത്തിൽ ഇപ്പോൾ അതൊക്കെ അനാവശ്യചിലവായിരിക്കയേയുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അസിസ്റ്റൻറ തഹശീൽദാർമാരും സർവെയർമാരും ചെയ്യുന്ന ജോലി രണ്ടുതന്നെയാണോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനുള്ള ഉത്തരം പറയേണ്ട ആവശ്യമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൮൪ സർവേയർമാരെ സർവെ ആഫീസിൽനിന്നും എടുക്കുമ്പോൾ കൂടുതൽ പതിനാലു റവന്യൂസൂപ്രവൈസരന്മാരെയും സർവെ ആഫീസിൽനിന്നും പിരിച്ചുവിട്ടിരിക്കുന്നവരിൽനിന്നും എടുക്കുമോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു കമ്മിററിക്കാർ നോക്കേണ്ട ആവശ്യമില്ലാത്തതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവെയർമാരായി ജോലിചെയ്യുന്നവർക്കു ഈറിപ്പോർട്ടിൽ ഉച്ചപദവി കൊടുത്തിട്ടുണ്ടോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും), അതു കമ്മിററിക്കാർ നോക്കേണ്ട ആവശ്യമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റിക്കാർഡുസംരക്ഷണ ജോലി ചെയ്തുകൊണ്ടിരുന്ന ആളുകൾ കുറെപേർ ഉണ്ടെന്നറിയാമോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ഉള്ളവർ അറിയേണ്ട ആവശ്യമില്ല. ഇവിടെ ഇന്നയിന്ന ആളുകൾക്കു ഉദ്യോഗം കൊടുക്കണമെന്ന പറയേണ്ട ആവശ്യം കമ്മററിക്കില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇപ്പോഴുള്ള റവന്യൂ അസിസ്റ്റൻറ തഹശീൽദാരന്മാരിൽനിന്നും ൮൪ പേരെ എടുത്തു ൫൦ രൂപമുതൽ ൭൦ രൂപവരെയുള്ള ഗ്രേഡിൽ നിയമിക്കണമെന്നാണോ കമ്മിററിക്കാരുടെ ഉദ്ദേശം?

മി: ടി. കുമാരപ്പിള്ള (കൽക്കുളവും വിളവങ്കോടും): അതെ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഈ ആളുകളിൽ ഒന്നോ രണ്ടോ ഒഴികെ മററുള്ളവരും ഇപ്പോൾതന്നെ ൫൦ രൂപമുതൽ ൭൦ രൂപവരെയുള്ള ഗ്രേഡിലോ അല്ലാത്തപക്ഷം ൪൦ രൂപ മുതൽ ൭൦ രൂപവരെയുള്ള ഗ്രേഡിലോ ആണെന്നുള്ള വിവരം കമ്മിററിക്കാർ അറിഞ്ഞിരുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആവിവരം കമ്മിററിക്കറിയാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): എന്നാൽ അവർക്കു ഇപ്പോൾതന്നെ ൪൦ രൂപ മുതൽ ൭൦ രൂപവരെയുള്ള സ്കെയിലോ ൫൦ രൂപമുതൽ ൭൦ രൂപ വരെയുള്ള സ്കെയിലോ കിട്ടിവരികയാണ്. അവരുടെ ആദ്യത്തെ ശമ്പളത്തിൽ മാത്രമേ വ്യത്യാസമുള്ളു. ഈകാര്യത്തെപ്പററി കമ്മിററിക്കാർക്കു അറിവുണ്ടായിരുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആവിവരവുമറിയാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കെയിൽ സ്വീകരിക്കുന്ന സംഗതിയിൽ അവർക്കു മനസ്സുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി അറിയേണ്ടതായിട്ടില്ലയോ? ൪൦ രൂപാ മുതൽ ൭൦ രൂപവരെയുള്ള സ്കെയിലിൽ ൫൦-ാമതൊ ൬൦-ാമതൊ രൂപ അവർക്കു കിട്ടുന്നുണ്ടായിരിക്കാം പുതിയസ്കെയിൽ സ്വീകരിക്കുന്നതിനു അവർക്കു എന്തു ആശയമാണുള്ളതു്?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അസിസ്റ്റൻറ തഹശീൽദാരന്മാരുടെ ശമ്പളം താൽക്കാലികമാണല്ലോ. റവന്യൂസൂപ്രവൈസരന്മാർ സ്ഥിരമാകയാൽ അതിൽ പ്രവേശിക്കുന്നതിനു ഇതുതന്നെയാണു പ്രേരണാമാർഗ്ഗമായി കരുതേണ്ടതു്. റവന്യൂസൂപ്രവൈസരന്മാരായി നിയമിക്കേണ്ടവരെ തിരഞ്ഞെടുക്കുന്ന സംഗതിയെപ്പററിയും ആ റിപ്പോർട്ടിൽതന്നെ ഒരു സ്ഥലത്തു പറഞ്ഞിട്ടുണ്ട്. ഇവരെ തിരഞ്ഞെടുക്കുന്ന സംഗതിയിൽ ലാൻഡ്റവന്യൂ കമ്മീഷണരുടെ പ്രത്യേകശ്രദ്ധയും ആലോചനയും ഉണ്ടായിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. കാര്യക്ഷമതയോടുകൂടി റിക്കാർഡ്സംരക്ഷണം ചെയ്തുകിട്ടുന്നതു അതിയോഗ്യരായ ആളുകളെ തിരഞ്ഞെടുത്തു നിയമിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി). സർവെയരന്മാരെപ്പററിയല്ല ഞാൻ പറയുന്നതു റവന്യൂസൂപ്രവൈസരന്മാരുടെ ഗ്രേഡിൽ പോകേണ്ടതായ ൮൪ അസിസ്റ്റൻറ തഹശീൽദാരന്മാരെ പററി മാത്രമാണ് ഞാൻ പറയുന്നതു്. ൫൦ രൂപമുതൽ ൬൦ രൂപവരെയുള്ള രണ്ടോ മൂന്നോ പേർ ഒഴികെ മററുള്ളപേരും ൪൦ രൂപമുതൽ ൭൦ രൂപാവരെയോ ൫൦ രൂപമുതൽ ൭൦ രൂപ വരെയോ ഉള്ള സ്കെയിലിൽ ആണെന്നാണ് ഞാൻ കാണുന്നതു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോഴുള്ള അസിസ്റ്റൻറ തഹശീൽദാരന്മാരിൽ റവന്യൂസൂപ്രവൈസരന്മാരായി വരുവാൻ തയ്യാറായുള്ളവരെ അതിലേയ്ക്കു നിയമിക്കുകയും ബാക്കിയുള്ളവരെ അവരുടെ സ്ഥിരശമ്പളങ്ങളിൽ തിരിയെ അയയ്ക്കുകയുംവേണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അപ്രകാരം ചെയ്യുയാണെങ്കിൽ ബാക്കി ൮൪ പേർ എങ്ങിനെ ഉണ്ടാകും?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇന്നത്തെ അസിസ്റ്റൻറ തഹശീൽദാരന്മാരിൽ റവന്യൂസൂപ്രവൈസരന്മാരായി നിയമിച്ചിട്ടുള്ളവർ പോകെ ബാക്കിയുള്ളവരെ അവരുടെ സ്ഥിരശമ്പളങ്ങൾക്കു അയയ്ക്കുയല്ലാതെ തരമില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): തങ്ങൾക്കു ഇപ്പോൾതന്നെ ൪൦ രൂപമുതൽ ൬൦ രൂപവരെയുള്ള ശമ്പളസ്കെയിൽ കിട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ള കാരണത്തിന്മേൽ ൫൦ രൂപ മുതൽ ൭൦ രൂപ വരെയുള്ള ശമ്പളസ്കെയിലിൽ റവന്യൂസൂപ്രവൈസരന്മാരായി പോകുന്നതിനു യാതൊരു അസിസ്റ്റൻറതഹശീൽദാരന്മാർക്കും ഇഷ്ടമില്ലെന്നു വിചാരിക്കുക. ബാക്കി ൮൪ പേരെ കണ്ടുപിടിക്കുന്നതിനു കമ്മിററിക്കാർ എന്താണു നിർദ്ദേശിച്ചിരിക്കുന്നതു്?

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): അസിസ്റ്റന്റ തഹശീൽദാരന്മാർ ജോലിക്കു അതിൽ പ്രവേശിക്കാത്തപക്ഷം വേറെ ഗ്രാഡ്യുവേററുകൾ അപേക്ഷകന്മാരായി വരുമ്പോൾ അവർക്കു കൊടുക്കാമെല്ലോ, അല്ലാത്തപക്ഷം സർവെയറന്മാർക്കു കൊടുക്കണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): പുതിയ ഗ്രാഡ്യുവേററന്മാരുടെ സംഗതിയിൽ അവർക്കു സർവെ പരിശീലനം ഉണ്ടായിരിക്കയില്ല. എന്നാൽ ഇവരെ അതിലേക്കായി പ്രത്യേകം പരിശീലിപ്പിച്ചിട്ടുള്ളതും അവരിൽ അനേകംപേർക്കും എൺപതിൽ അധികമോ തൊണ്ണൂററൊ രൂപ കിട്ടിക്കൊണ്ടിരിക്കുന്നതും അവരുടെ സ്ഥിരശമ്പളസ്കെയിൽ ൪൦ മുതൽ ൭൦ രൂപവരെയോ ൫൦ മുതൽ ൭൦ രൂപ വരെയോ ആയിരിക്കുന്നതും ആകുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): അവർക്കു സ്ഥിരമായി ൪൦ രൂപാ മുതൽ ൭൦ രൂപാവരെയുള്ള ആ ശമ്പളം ഇവിടെയും കൊടുക്കുന്നുണ്ടല്ലോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇതൊരു വ്യത്യസ്തരീതിയിലുള്ള എക്സിക്യൂട്ടീവ് ജോലിയാണ്. ഇതിലേയ്ക്കു അവർക്കിപ്പോൾ കിട്ടിവരുന്ന ൪൦ രൂപയ്ക്കു പ്രസ്തുതജോലി ചെയ്യുന്നതിനു എന്തു പ്രേരണാമാർഗ്ഗമാണുള്ളതു്?

മി: കെ. സി. മാമൻമാപ്പിള്ള (കവിയൂരും കൈത്തോട്ടും വടക്ക്): ഈ ജോലി ചെയ്യുന്നതിനു അസിസ്റ്റന്റ തഹശീൽദാരന്മാരില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): സർ, ഞാൻ സഭയിൽ സംസാരിക്കുന്നില്ലായിരുന്നു കൊണ്ടു മെമ്പർക്കു ഇപ്പോൾ എന്നോടു ചോദ്യം ചോദിക്കാൻ പാടില്ലാത്തതാകുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): ഇങ്ങനെയുള്ള വിഷമതകൾ ഉണ്ടെന്നു കമ്മിററിക്കു തന്നെ അറിയാമായിരുന്നു. അതിനെ പരിഹരിക്കാനായി പൊതുജനങ്ങളുടെ പണം കൂടുതൽ ചിലവാക്കുന്നതു വിഹിതമായിട്ടുള്ളതല്ല. ആവശ്യത്തിൽകൂടുതലായി ചിലവിനെ വർദ്ധിപ്പിക്കാൻ പാടില്ലെന്നു കമ്മിററിക്കു പ്രത്യേകം നിർബന്ധമുണ്ടായിരുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഈ വിഷയത്തെപ്പററി കമ്മിററിക്കാർ പരിശോധിച്ചിട്ടുണ്ടോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴുള്ള അസിസ്റ്റന്റതഹശീൽദാരന്മാരിൽ പലരെ റവന്യൂസൂപ്രവൈസറന്മാരുടെ ഗ്രേഡിൽനിയമിക്കണമെന്നാണ ഉദ്ദേശിച്ചിരിക്കുന്നതു. ആ ജോലി സ്വീകരിക്കുന്നതിനു പ്രേരണാമാർഗ്ഗം എന്താണെന്നു എനിക്കറിയേണ്ടതായിരിക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): ൫൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളമുള്ള റവന്യൂസൂപ്രവൈസറന്മാരുടെ ശമ്പളം സ്ഥിരമായിട്ടുള്ളതാണെന്നുള്ള സമാധാനത്തോടുകൂടി വരുന്നവർക്കു ആ ഉദ്യോഗം കൊടുക്കയും ശേഷിച്ചവരെ അവരുടെ സ്ഥിരശമ്പളങ്ങൾക്കു തിരികെ അയക്കുകയുമല്ലാതെ നിവൃത്തിയുണ്ടെന്നുതോന്നുന്നില്ല. ഇവിടെ കുറവുവരുന്നവരെ സർവെഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള സർവെയർമാരിൽ നിന്നും തിരഞ്ഞെടുക്കണം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അപ്രകാരം ചെയ്യുന്നപക്ഷം സർവെഡിപ്പാർട്ടുമെന്റിൽനിന്നും സർവെയർമാരെ നിയമിക്കേണ്ടതായി വരും.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): അതുതന്നെയാണ ഞാൻ ഉദ്ദേശിച്ചതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അങ്ങനെയാണെങ്കിൽ മുൻനടന്നായിരുന്ന ഏർപ്പാടു വീണ്ടും നടപ്പാക്കേണ്ടിവരുന്നല്ലൊ. എന്നാൽ പുതിയ ഗ്രാഡ്യുവേററന്മാരെ നിയമിക്കുന്നതായാൽ അവരെ പരിശീലിപ്പിച്ചു പ്രസ്തുതജോലി വീണ്ടും ആവർത്തിക്കേണ്ടതായി വരികയില്ലെ? അതിലേക്കു പുതിയ ഒരു സർവെക്ലാസ് ഉടനെ ഉണ്ടാകേണ്ടതായിരിക്കുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടു്): ഇപ്പോൾ ഇരിക്കുന്ന അസിസ്റ്റന്റതഹശീൽദാരന്മാർ ഈ ശമ്പളത്തിനു ആളുകൾ വരികയില്ലെന്നു പറയുന്നുണ്ടോ? ഇപ്പോൾ ഒരു റിക്കാർഡ്സംരക്ഷണജോലി ചെയ്യുന്ന ആളുകൾക്കു റവന്യൂഡിപ്പാർട്ടുമെണ്ടിൽ കയററംകൊടുത്തു പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെന്റിൽനിന്നും ഒരു പദ്ധതി നിശ്ചയിക്കണപക്ഷം അവർ ഈ ജോലി കൈക്കൊള്ളുന്നതായിരിക്കും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): സ്ഥിരശമ്പളക്കാരായി അവർക്കു ൪൦ രൂപാമുതൽ ൭൦ രൂപവരെ കിട്ടുന്നുണ്ടെന്നു കണക്കുകൾമാത്രം നോക്കിയാണ് ഞാൻ പറഞ്ഞതു്. ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ശമ്പളസ്കെയിലിൽ ൫൦ രൂപാമുതൽ ൭൫ രൂപവരെമാത്രമാണു. അവരിൽ ചിലർക്കു ൪൦ രൂപ മുതൽ ൭൦ രൂപവരെയുള്ള സ്കെയിലിൽ ൫൦ രൂപയോ ൭൫ രൂപയോ ശമ്പളം കിട്ടുന്നുണ്ടെന്നു വരുന്നുണ്ടാം. അതു ഉപസ്വീകരിക്കുന്നതിനു എന്തുപ്രേരണാമാർഗ്ഗമാണു അവർക്കുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): ഞാൻ മുമ്പെ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും പറയാനില്ല. റവന്യൂസൂപ്രവൈസറന്മാരുടെ ശമ്പളത്തെ അസിസ്റ്റന്റ തഹശീൽദാരന്മാർക്കുവേണ്ടി വർദ്ധിപ്പിക്കണമെന്നുള്ളപക്ഷം നിയമസഭയിൽനിന്നും അതിലേക്കു ശുപാർശചെയ്യാവുന്നതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഞാൻ പ്രസ്താവിച്ചതിനെ പരിഗണിച്ചു അവർക്കു ഒരു പ്രേരണാമാർഗ്ഗമായിട്ടെങ്കിലും ശമ്പളസ്കെയിലിനെ അല്പംകൂടെ ഉയർത്തുന്നതു ആലോചിക്കേണ്ടതായിട്ടുള്ള ഒരു വിഷയമല്ലെ?.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണച്ചിലവു ചുരുക്കണമെന്നുള്ള ഉദ്ദേശം കമ്മിററിക്കുണ്ടെങ്കിൽ ൩൦ രൂപ ശമ്പളമുള്ള ഉദ്യോഗത്തിനു ൪൦ രൂപാ സ്കെയിൽകൊടുത്തതെന്താണ്?

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): അതു കമ്മിററിയിൽനിന്നും വേണ്ടപോലെ ആലോചിച്ചു തീരുമാനിച്ച ഒരു സംഗതിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പിന്നെയെന്താ അസിസ്റ്റന്റ തഹശീൽദാരന്മാരുടെ കാര്യത്തിൽ അങ്ങനെ ചെയ്യാത്തതു്?

മി: ടി. കുമാരപിള്ള (കല്ലൂളവും വിളവംകോടും): അങ്ങനെ ആവശ്യമില്ലെന്നു കമ്മിററിയിൽനിന്നും തീരുമാനിച്ചതുകൊണ്ടാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ സ്വന്തനിലയിൽ സമാധാനമായി അല്പം പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ക്ഷണം ക്ഷണമായിട്ടുള്ള റീസർവേ തുടങ്ങേണ്ട ആവശ്യമില്ലെന്നും അതിലേക്കാണ് ഈ സിൽബന്തികളെ സംരക്ഷിച്ചുപോരുന്നതെന്നും മാത്രമാണ ഞാൻ പറഞ്ഞിട്ടുള്ളത്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഭൂമിയും ഭൂമിയുടമസ്ഥന്മാരും ഉണ്ടായിരിക്കുന്നിടത്തോളംകാലം റിക്കാർഡ്സംരക്ഷണജോലി ഇല്ലാതിരിക്കാൻ നിവൃത്തിയില്ല. അതിനുദാഹരണമായി തെക്കൻതിരുവിതാംകൂറിനെ എടുക്കാം. റിക്കാർഡ്സംരക്ഷണജോലി ശരിയായി തുടങ്ങുന്നതിനുമുമ്പു അവിടെയുള്ള അനേകം കുളങ്ങളെ നികത്തി തെങ്ങുമുതലായവ നട്ടുപിടിപ്പിച്ചു കായ്ഫലം ആയതിനുശേഷം അവക്കു പതിക്കുന്നതിനിടയായി. ജനങ്ങൾക്ക എത്രയും ആവശ്യമുള്ള ഇത്തരം പുറമ്പോക്കുകളെ ഇങ്ങനെ പതിച്ചുകൊടുക്കേണ്ടതായി വന്നിരിക്കുന്നു. ഈ സംഗതിയിൽ റിക്കാർഡ്സംരക്ഷണജോലികൾ ചെയ്യാതിരിക്കുന്നപക്ഷം ജനങ്ങളും ഗവൺമെന്റും ഒരുപോലെ പലേ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടതായിവരും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റിക്കാർഡ്സംരക്ഷണജോലി തുടങ്ങിയകാലത്തു പോക്കുവരവു സബ്ഡിവിഷൻ ആവശ്യമുണ്ടായിരുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പോക്കുവരവു സബ്ഡിവിഷൻ എല്ലാകാലത്തും എപ്പോഴും അത്യാവശ്യമായി നടത്തേണ്ടതുതന്നെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോക്കുവരവു സബ്ഡിവിഷൻവക്ക് ഗവണ്മെന്റിൽനിന്നും നടത്തണോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവണ്മെന്റിൽനിന്നും നടത്തേണ്ടത് അത്യാവശ്യമാണ്. അങ്ങിനെ നടത്തിയില്ലെങ്കിൽ ബി. രജിസ്റ്റർ ശരിയാക്കി വച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ജോലിയെല്ലാം സർവെസൂപ്രണ്ടാഫീസിലെ ആളുകൾതന്നെ നോക്കുന്നോ?

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): റിക്കാർഡ്സംരക്ഷണ സൂപ്രണ്ടാഫീസിലെ കമ്പ്യൂട്ടർ ഡ്രാഫ്ട്സ്മാൻ പരിശോധന നടത്തിവരുന്നു. അവരെ കമ്മിറ്റിറിപ്പോർട്ടിൽ ഉൾപ്പെടുത്താൻവിട്ടുപോയി. റിപ്പോർട്ടു പ്രിന്റുചെയ്തുവന്നതിനുശേഷം വായിച്ചുനോക്കിയപ്പോഴാണ് അതു ഓർമ്മയിൽവരാനിടയായത്. അമീൻമാർ ചെയ്യുന്ന ജോലികളെ പരിശോധിക്കാൻ ആഫീസിൽ ആളുകൾ ഉണ്ടായിരിക്കേണ്ടത്യാവശ്യമാണ്. മേലാൽ ഇപ്പോഴുള്ളതിൽ കൂടുതൽ റിക്കാർഡുകൾ പരിശോധിക്കേണ്ടിവരുന്നതാണ്. അതിനാൽ ഇവരെക്കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ പിരിഞ്ഞു മൂന്നടിക്കാൻ പതിനഞ്ചുമിനിട്ടുള്ളപ്പോൾ വീണ്ടും കൂടുന്നതാണ്.

ഒന്നടിച്ചു മുപ്പത്തിമൻപതു മിനിട്ടായപ്പോൾ സഭ ലഘുഭക്ഷണത്തിനായി പിരിഞ്ഞു രണ്ടടിച്ചു നാല്പത്തിഏഴു മിനിട്ടിനു വീണ്ടും കൂടുകയുംചെയ്തു.

മി: എം. ശിവതാണുപിള്ള (അഗസ്തീശ്വരം): ഭൂമിറിക്കാർഡ് സംരക്ഷണറിപ്പോർട്ടിന്മേലുള്ള വാദപ്രതിവാദം ഇപ്പോഴും നടക്കുന്നതാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: അതെ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, ഈ പ്രമേയത്തിനു ഒരു ഭേദഗതി ഹാജരാക്കുന്നതിനു അനുവാദം കിട്ടണമെന്നു ഞാൻ അപേക്ഷിക്കുന്നു. ൨൨-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പലേ ഖണ്ഡങ്ങളോടൊന്നു എന്റെ ഭേദഗതി ചേർക്കേണ്ടത്.

അദ്ധ്യക്ഷൻ: ഏതുഖണ്ഡം?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റിപ്പോർട്ടിലെ ൨൨-ാം ഖണ്ഡികയെപ്പറ്റിയാണു ഞാൻ പറഞ്ഞത്.

അദ്ധ്യക്ഷൻ: റിപ്പോർട്ടിനെ സംബന്ധിച്ചു ഒരു ഭേദഗതി നിങ്ങൾക്ക ഹാജരാക്കാൻ പാടില്ല. പ്രമേയത്തെ സംബന്ധിച്ചു മാത്രമേ ഒരു ഭേദഗതി നിങ്ങൾക്ക ഹാജരാക്കാൻ പാടുള്ളു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്റെ ഭേദഗതിയെ പ്രമേയത്തിലെ ഒരു ക്ലിപ്തമായി ചേർക്കാവുന്നതാണ്. അതുതാഴെ പറയും പ്രകാരമാണ്:—

എന്നാൽ (൧) സംരക്ഷണജോലി പുറമ്പോക്ക നമ്പരുകളുടെ പരിശോധനയെ മാത്രം സംബന്ധിക്കുകയും അതിനെ റിസർവ് ചെയ്യുന്നതിൽ സംബന്ധിക്കാൻ പാടില്ലാത്തതും ആകുന്നു;

(൨) ഭൂമിറിക്കാർഡു സംരക്ഷണചട്ടങ്ങളിലെ ൩൯-ാം ചട്ടം അനുസരിച്ചും ൧൮-ാം സർക്കുലർ അനുസരിച്ചും ഇപ്പോഴുള്ള സിൽബന്തികൾ തയ്യാറാക്കിയിട്ടുള്ള റിക്കാർഡുകളെ താലൂക്കുറിക്കാർഡുകളിൽ ചേർക്കാൻ പാടില്ലാത്തതാകുന്നു;

(൩) ഇപ്പോൾ വന്നുപോയിട്ടുള്ള തെറ്റുകളെ ശരിയായ അളവുകളുമായി താരതമ്യപ്പെടുത്തിനോക്കി റിക്കാർഡു സംരക്ഷണസിൽബന്തികൾ ശരിപ്പെടുത്തേണ്ടതാകുന്നു.

ഇതാണ് എന്റെ ഭേദഗതി. എല്ലാ പുറമ്പോക്ക റിക്കാർഡുകളും തെറ്റായിട്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്നു എല്ലാവരും സമ്മതിച്ചിട്ടുള്ളതും കമ്മിറ്റിക്കാർ തന്നെ സമ്മതിച്ചിട്ടുള്ളതും ആകുന്നു. പല ഉദാഹരണങ്ങളും പറഞ്ഞിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): റിക്കാർഡുസംരക്ഷണചട്ടങ്ങൾ ൩൯-ാം വകുപ്പിനെ വേറെവിധം വ്യാഖ്യാനിച്ചു ഉണ്ടാക്കിട്ടുള്ള ൧൮-ാം നമ്പർ സർക്കുലർപ്രകാരം പലേ അബദ്ധങ്ങളും ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കുമെല്ലാതെ പുറമ്പോക്ക കേസുകൾ ഉണ്ടാക്കീട്ടുള്ള എല്ലാ റിക്കാർഡുകളും തെറ്റാണെന്നു കമ്മിറ്റി പറഞ്ഞിട്ടില്ല. പറവാൻ അവകാശവുമില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവയിൽ മിക്കവാറും.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഏതാനും റിക്കാർഡുകൾ എന്നു പറയുന്നതു ശരിയായിരിക്കും.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഗവണ്മെന്റിൽ നിന്നും പാസാക്കിയിട്ടുള്ള ചട്ടങ്ങളെ അബദ്ധമായി വ്യാഖ്യാനിച്ചു തെററായി തയ്യാറാക്കപ്പെട്ടിട്ടുള്ള റിക്കാർഡുകൾ സംസ്ഥാനത്തെ റിക്കാർഡുകളിൽ ഉണ്ടായിരിക്കുന്നു ഏററവും അപൽക്കരമാണ്. പ്രസ്തുതചട്ടങ്ങളെ ഗവണ്മെന്റിൽനിന്നും പാസാക്കിയിട്ടുള്ളതു അവയെ അനുസരിച്ചു നടക്കേണ്ടതായ അധികാരസ്ഥന്മാർ, അതായതു ഉദ്യോഗസ്ഥന്മാർ ആ ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുടെ ജോലി ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എന്നാൽ അപ്രകാരമുള്ള അധികാരസ്ഥന്മാർ, അതായതു അസിസ്റ്റന്റു തഹശീൽദാരന്മാരും അക്കൌണ്ടന്റന്മാരും, ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിപരീതമായിട്ടാണു അവരുടെ ജോലി നിർവ്വഹിച്ചുപോരുന്നതെന്നു യാതൊരു സംശയത്തിനും ഇടകൊടുക്കാത്തവിധത്തിൽ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അബദ്ധമായി തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രസ്തുത റിക്കാർഡുകൾ സംസ്ഥാനത്തിലെ റിക്കാർഡുകളിലെ ഒരു ഭാഗമായി തീരാൻ പാടില്ലാത്തതാകുന്നു. അതുകൊണ്ടാണു ഈ പ്രമേയത്തെ ഞാൻ ഹാജരാക്കിയിട്ടുള്ളതു്.

സർ, ഞാൻ ഒരു ഉദാഹരണം പറയാം. ഒരു പുരയിടത്തിന്റെ നടുവിൽ അതിന്റെ ഉടമസ്ഥനു ഒരു വളവുണ്ടായിരിക്കയും വളവിലേക്കുള്ള രണ്ടു കല്ലുകളുടെയും ഇടക്കുള്ള രേഖയുടെ ഇടയ്ക്കുള്ള ദൂരം ഫാം വിഡ്ത്ത് ആണെങ്കിൽ വളവിൽ ഒരു കല്ലുനാട്ടേണ്ട ആവശ്യമില്ല എന്നൊരു ചട്ടം ഉള്ളതായി എനിക്കു തോന്നുന്നു. അതു ഡിമാർക്കേഷൻ ചട്ടങ്ങളിലെ നൂറ്റി-ാം വകുപ്പാണെന്നാണു ഞാൻ വിശ്വസിക്കുന്നതു. എന്നാൽ വളവിന്റെ കിടപ്പിൽ യാതൊരു ഭേദഗതിയും ചെയ്യേണ്ടതായിട്ടില്ല. അപ്രകാരമുള്ള സംഗതികളിൽ ആ വളവുകളിൽ ആദ്യം സർവെ ചെയ്തപ്പോൾ കല്ലുകൾ ഇട്ടിട്ടില്ലായിരുന്നു. ഇപ്പോൾ അസിസ്റ്റന്റു തഹശീൽദാരന്മാർ അവിടെ ഒരു കൃത്യം ചെയ്യുന്നുണ്ട്. ആ വളവിൽ ഒരു കല്ലു കുഴിച്ചിട്ടിട്ടില്ലെന്നു വരികിലും വളവിന്റെ അരികത്തു നിൽക്കുന്ന വൃക്ഷങ്ങളെ, അതായതു പുരയിടത്തിന്റെ അകത്തും എന്നാൽ രണ്ടു അററങ്ങളിലും കാണപ്പെടാവുന്ന മററ രണ്ടു കല്ലുകൾക്കു പുറത്തും നിൽക്കുന്ന വൃക്ഷങ്ങളെ, നട്ടുപിടിപ്പിച്ചിട്ടുള്ളതും അവയിൽ നിന്നുള്ള അനുഭവം എടുക്കുന്നതും ആ ഭൂമി ഉടമസ്ഥന്മാരാകുന്നു. വൃക്ഷങ്ങളുടെ ലിസ്റ്റിൽ പ്രസ്തുത വൃക്ഷങ്ങളേയും മുൻപേ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതും, ആ വൃക്ഷങ്ങളിൽ കരം ചുമത്തിയിട്ടുള്ളതും, അതിലേക്കുള്ള കരം ഗവണ്മെന്റു ഈടാക്കിവരുന്നതും ആകുന്നു. എന്നാൽ ഭൂമി റിക്കാർഡു സംരക്ഷണ ജോലിയുടെ പ്രവൃത്തനത്തിനു ശേഷം പ്രസ്തുത വളവിൽ ഉൾപ്പെട്ട ഭൂമി മുഴുവനും പുറമ്പോക്കായി ഗണിച്ചു വൃക്ഷത്തിനു ഒരു നിരോധനക്കരം ചുമത്തുകയും ചെയ്തു. ഇപ്രകാരം ഭൂമിയുടേയോ വൃക്ഷത്തിന്റെയോ ഉടമസ്ഥൻ നിരോധനക്കരം കൂടി കൊടുക്കേണ്ടതായിവരുന്നു. അതായതു ഒരേ വൃക്ഷത്തിനു രണ്ടു കരം കൊടുക്കേണ്ടതായിവരുന്നു. എന്റെ വളരെ അടുത്തുള്ള ഒരു ഭൂമിയെ സംബന്ധിച്ചാണു ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്. എന്നേക്കൂടി തിരുവനന്തപുരം പട്ടണത്തിൽ അററൊരു ആറാട്ടുകടവു ഹർബാർ ദൂരം ആണെങ്കിലും വരുന്നപക്ഷം അതു പോലെയുള്ള വേറൊരു ദൃഷ്ടാന്തം ഞാൻ കാണിച്ചുകൊടുക്കാം. അതു പോലെതന്നെ അബദ്ധമായി പുറമ്പോക്കുകളെ റിക്കാർഡുചെയ്തിട്ടുള്ളതായി അനേക ദൃഷ്ടാന്തങ്ങളുണ്ട്. അതിനാൽ—

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സെററിൽമെന്റു ഡിമാർക്കേഷൻ ചട്ടങ്ങളിലെ നൂറ്റി-ാമത്തെ ചട്ടത്തെപ്പററിയാണോ മെമ്പർ പറയുന്നതു്. അതു താഴെ പറയും പ്രകാരമാകുന്നു:—

"ഫീൽഡുകളെ അടയാളപ്പെടുത്തുമ്പോൾ ഇടപ്പെട്ടുള്ള അതൃത്തികളെ വച്ചുകൊണ്ടിരിക്കേണ്ടതും, വിളവില്ലാത്ത ഭൂമിയുടെ സംഗതിയിൽ ഓരോ വശത്തുമുള്ള അടയാളങ്ങളുടെ ഇടയ്ക്കുള്ള രേഖയിൽനിന്നും ഫാം വിഡ്ത്തിനു അടുത്തുള്ളതൊ വിളകളോ പുരയിടങ്ങളുടെ സംഗതിയിൽ ഫാം വിഡ്ത്തിനു അടുത്തുള്ളതോ ആയ വളവുകളൊഴികെ മറെറല്ലാ വളവുകളേയും അടയാളപ്പെടുത്തേണ്ടതും ആകുന്നു",

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതെ, ആ ചട്ടത്തെപ്പററിയാണു ഞാൻ പ്രസ്താവിച്ചതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതിനെപ്പററി കമ്മിററിക്കാർ ആലോചിച്ചിട്ടില്ലെന്നാണോ മെമ്പർ പറയുന്നതു്?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അങ്ങിനെയല്ല പറഞ്ഞതു്. റിപ്പോർട്ടിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. എന്റെ ഭേദഗതിയെപ്പററിയാണു ഞാൻ പറയുന്നതു്. എന്റെ ഭേദഗതിയെ സ്വീകരിക്കുന്നതിനായിട്ടു് ഒരു ദൃഷ്ടാന്തം പറഞ്ഞതാണു് അത്രമാത്രമേയുള്ളു. അപ്രകാരമുള്ള ദൃഷ്ടാന്തങ്ങൾ കമ്മററിക്കാർ കണ്ടുപിടിച്ചിട്ടില്ലെന്നു ഞാൻ പ്രസ്താവിച്ചില്ല. കമ്മററിക്കാർ അവയെ കണ്ടുപിടിച്ചു് റിപ്പോർട്ടിൽ ഏതാണ്ടൊക്കെ അതിനെപ്പററി പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. റിപ്പോർട്ടിൽ ഞാൻ അതുകണ്ടു. അതിനാൽ ഇപ്പോൾ നടന്നിട്ടുള്ള ഭൂ റിക്കാർഡു് സംരക്ഷണ ജോലിയുടെ പ്രവൃത്തനം മൂലം അസിസ്റ്റന്റു തഹശീൽദാരന്മാർ ചെയ്തുപോയിട്ടുള്ള അബദ്ധങ്ങളെ അപ്രകാരം വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതാകുന്നു. അവയെ തിരുത്തേണ്ടതായിരിക്കുന്നു. അപ്രകാരം ചെയ്യുന്നെങ്കിൽ മാത്രമെ ഭൂ റിക്കാർഡു് സംരക്ഷണ ഡിപ്പാർട്ടുമെന്റിനെ ഏതുദ്ദേശത്തോടുകൂടിയാണോ സംഘടിപ്പിച്ചിരുന്നതു് ആ ഉദ്ദേശം സാധിക്കയുള്ളു. ഭൂ റിക്കാർഡു സംരക്ഷണഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശം സംസ്ഥാനത്തിലെ ഭൂമികളുടെ ഒരു കൃത്യമായ റിക്കാർഡു് ഈ സംസ്ഥാനത്തിൽ വച്ചുകൊണ്ടിരിക്കണം എന്നാകുന്നു. കഴിഞ്ഞ നിയമസഭയിലെ അദ്ധ്യക്ഷൻ തന്നെ പ്രസ്താവിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്. ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു രൂപീകരിക്കപ്പെട്ടിട്ടുള്ളതും ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തനം അനുവദിക്കപ്പെട്ടിട്ടുള്ളതും ഈ ഉദ്ദേശത്തോടുകൂടിയാണു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പ്രസ്തുത വകുപ്പിനെ സംബന്ധിച്ചിടത്തോളം അല്പം ഒരു വ്യാഖ്യാനം നൽകണമെന്നു ഞാൻ ഉദ്ദേശിക്കുന്നു.

ഡിമാർക്കേഷൻ ചട്ടങ്ങൾ നൂറ്റി-ാം വകുപ്പിനെപ്പററിയാണു് പറയുന്നതു്. അതായതു ഒരുപേരിൽ പതിവു വസ്തുവിനുള്ള വളവിൽ കല്ലിട്ടിട്ടില്ല. ഇപ്പോൾ ആ വളവിനെ ഗണിക്കാതെ നേരേ അളക്കുന്നു. അങ്ങിനെ വരുമ്പോൾ അളവിൽ ഉൾപ്പെട്ടസ്ഥലവും അതിൽ നില്പുള്ള വൃക്ഷങ്ങളും പുറമ്പോക്കിൽ ഉൾപ്പെടുന്നു. അങ്ങിനെ വന്നിട്ടുള്ള തെററിനെ ഇപ്പോൾ പരിഹരിച്ചുവരുന്നുണ്ടു്. അതായതു് ആ വളവിനെ വകവച്ചുകൊടുക്കുന്നു: അങ്ങിനെവിട്ടുകൊടുക്കുന്നതിലും ആ പുരയിടത്തിന്റെ ഇനത്തോടു തന്നെ ചേർക്കുന്നു. അങ്ങി

തരത്തിലുള്ള സംഗതികളിൽ കരകൂടിയ്ക്കുമാത്രമേ ഇപ്പോൾ ഗവണ്മെന്റ് ഇടാക്കി വരുന്നുള്ളു. അടുത്തകാലം മുതൽ അങ്ങിനെയാണു ചെയ്തുവരുന്നത്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അടുത്തകാലം വരെ ചെയ്തുവന്നതായ റിക്കാർഡുകളെ പറ്റിയല്ലാ ഞാൻ പറയുന്നത്. ഇതുവരെയുള്ള റിക്കാർഡുകളിൽ വന്നിട്ടുള്ള അബദ്ധത്തെപ്പറ്റിയാണ്. അങ്ങനെയുള്ള അബദ്ധത്തെ തിരുത്തി ശരിയായ റിക്കാർഡുണ്ടാക്കി സ്റ്റേറ്റുറിക്കാർഡിൽ ചേർക്കണമെന്നുള്ളതിന് ഉദാഹരണമാണ് ഞാൻ പറഞ്ഞത്.

മി: കെ. കെ. തോമസ്സ് (കോട്ടയം): "അപ്രകാരമുള്ള തെറ്റുകളെ കണ്ടുപിടിച്ച് കൃത്രിമങ്ങൾ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അവയെ തിരുത്തേണ്ടതു അത്യാവശ്യമായിട്ടുള്ളതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം, എന്നു കമ്മിറ്റിയുടെ റിപ്പോർട്ടിൽ ൨൮-ാം ഖണ്ഡികയിൽ കമ്മിറ്റിക്കാർ പ്രസ്താവിച്ചിട്ടില്ലയോ എന്നു മെമ്പറുടെ പക്കൽ നിന്നും എനിക്കറിഞ്ഞാൽ കൊള്ളാം.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപ്രകാരമുള്ള അബദ്ധങ്ങളെപ്പറ്റി കമ്മിറ്റിക്കാർ വിസ്മരിച്ചിട്ടില്ലെന്നു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു. കമ്മിറ്റിക്കാർ റിപ്പോർട്ടിൽ ഏതൊ ഒരുഭാഗത്തു പറഞ്ഞിട്ടുള്ളതല്ലാതെ ശരിയായഭാഗത്തു അവർ പറഞ്ഞിട്ടില്ല. ഡയറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ൨൧-ാമത്തെ ഖണ്ഡികയിൽ മാത്രം അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ സ്വീകരിക്കയൊ നിരാകരിക്കയൊ ആണ് നാം ഇവിടെ ചെയ്യേണ്ടത്. ഡയറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളെ കമ്മിറ്റിക്കാരുടെ റിപ്പോർട്ടിൽ ൨൧-ാമത്തെ ഖണ്ഡികയിൽ ഒന്നൊന്നായി എടുത്തു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളും ആ ഖണ്ഡികയിലെ ഒരു ഭാഗമായിരിക്കണമെന്നാണ് ഞാൻ വാദിക്കുന്നത്. ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ള അബദ്ധങ്ങളെ കമ്മിറ്റിക്കാർ കണ്ടുപിടിക്കാൻ വിട്ടുപോയിട്ടില്ലാ എന്നുള്ള വസ്തുതയെ ഞാൻ മറക്കുന്നില്ല. അതിലേക്കു കമ്മിറ്റിക്കാരെ ഞാൻ കുറപ്പെടുത്തുന്നില്ല, എന്നാൽ നേരെമറിച്ച് റിക്കാർഡുസംരക്ഷണ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള എല്ലാവിവരങ്ങളേയും പറ്റി അന്വേഷണം നടത്തുന്നതിനു കമ്മിറ്റിക്കാർ ബുദ്ധിമുട്ടുകൾ അനുഭവിച്ചതിനും ജനങ്ങളുടെ വസ്തുവകളിലുള്ള സങ്കടങ്ങളെ മനസ്സിലാക്കിയതിനും അവരോടു ഞാൻ വാസ്തവത്തിൽ നന്ദിയുള്ളവനായിരിക്കുന്നു. റിക്കാർഡുസംരക്ഷണഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മൂലം ജനങ്ങൾക്കു വസ്തുവകയിൽ ഉണ്ടായിട്ടുള്ള സങ്കടങ്ങളെ മനസ്സിലാക്കുന്നതിനു അവർ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുണ്ടെന്നു കമ്മിറ്റിക്കാരുടെ റിപ്പോർട്ടു മുഴുവനും വായിച്ചതിന്റെ ഫലമായി എനിക്കു മനസ്സിലായിട്ടുണ്ട്. ആ സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ എന്റെ ഭേദഗതിയെ സാധൂകരിക്കുന്നതിനു ഒരു ഉദാഹരണം ഞാൻ എടുത്തുപറഞ്ഞു എന്നേയുള്ളു. ഇതുവരെയും ഉണ്ടായിരുന്ന റിക്കാർഡു സംരക്ഷണ സിബ്ബന്തിക്കാർ അനേകം അബദ്ധങ്ങൾ ചെയ്തിട്ടുണ്ടെന്നു കമ്മിറ്റിക്കാർതന്നെ സമ്മതിക്കുന്നസ്ഥിതിയ്ക്കു അതിനെപ്പറ്റി ദീർഘമായി ഞാൻ പ്രതിവാദിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ സഭയുടെ സ്വീകരണത്തിനായി എന്റെ ഭേദഗതിയെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭേദഗതി എന്താണെന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): "റിക്കാർഡുസംരക്ഷണമേധാവി പുറമ്പോക്കു നമ്പറുകളുടെ പരിശോധനയെ സംബന്ധിച്ചിടത്തോളംമാത്രം നടത്തുകയല്ലാതെ [illegible] ചട്ടവും [illegible]നമ്പർ സർക്കുലറും അനുസരിച്ചു ഇപ്പോഴത്തെ സിബ്ബന്തികൾ തയ്യാറാക്കിയിട്ടുള്ള റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തി അവയെ വീണ്ടും സർവേ ചെയ്യുവാൻ പാടില്ല."

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പരിശോധനാസിബ്ബന്തികൾ പോക്കുവരവു സബ്ഡിവിഷൻജോലിയൊന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ലെന്നാണോ മെമ്പർ പറയുന്നത്?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപ്രകാരം അർത്ഥമാക്കുന്നില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ശരി, പുറമ്പോക്കുകളെ പരിശോധിക്കുകമാത്രമേ അവർ ചെയ്യേണ്ടതായിട്ടുള്ളു എന്നു മെമ്പർ പറയുന്നതായി ഞാൻ മനസ്സിലാക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വീണ്ടും ഒരു സർവേ നടത്താതെ പുറമ്പോക്കുപരിശോധനയിൽ അവരുടെ ശ്രദ്ധ പതിഞ്ഞാൽ മതിയാകുന്നതാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. കമ്മിറ്റിക്കാർ ഈ റിപ്പോർട്ടു തയ്യാറാക്കിയ അവസരത്തിൽ റിക്കാർഡുസംരക്ഷണഡിപ്പാർട്ടുമെന്റിന്റെ ഇപ്പോഴത്തെ പ്രവർത്തനരീതിയിലുള്ള ന്യൂനതകളെ മനസ്സിലാക്കുന്നതിനു വാസ്തവത്തിൽ അവർ വളരെ ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ട്. എന്നാൽ എല്ലാ ന്യൂനതകളേയും പരിഹരിക്കുന്നതിനു ആവശ്യമുള്ള എല്ലാ പരിഹാരമാർഗ്ഗങ്ങളേയും കമ്മിറ്റിക്കാർ നിർദ്ദേശിച്ചിട്ടില്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്പോഴുള്ള സിബ്ബന്തികൾ അനേകം അബദ്ധങ്ങൾ കാണിച്ചിട്ടുണ്ടെന്നു റിപ്പോർട്ടിലെ ൨൮-ഉം ൨൯-ഉം ഖണ്ഡികകളിൽ കമ്മിറ്റിക്കാർ വ്യക്തമായി സമ്മതിക്കുന്നുണ്ട്. അപ്രകാരമുള്ള തെറ്റുകളെ കണ്ടുപിടിച്ചു അവയെ പരിഹരിക്കേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണെന്നു അവർ വ്യക്തമായി അഭിപ്രായപ്പെടുന്നു. "ഭാവിയിൽ പുറമ്പോക്കുകളെ പരിശോധിക്കുമ്പോൾ പിശകുകൾ ഉണ്ടെന്നു കാണപ്പെടുന്ന അവസരങ്ങളിൽ ഒഴുകുമുറയായ എല്ലാറിക്കാർഡുകളും നോക്കി ന്യായമായിട്ടുള്ള ഒരു അന്വേഷണം നടത്തേണ്ടതാണെന്നു" റിപ്പോർട്ടിൽ ൨൭-ാമത്തെ ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ, ഈ രണ്ടു വ്യവസ്ഥകളും കമ്മിറ്റിക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഒരു ക്ലിപ്തമായ അഭിപ്രായം കമ്മിറ്റിക്കാർക്കുണ്ടായിരിക്കുന്നസ്ഥിതിയ്ക്കു മേല്പറഞ്ഞ രണ്ടു പരിഹാരമാർഗ്ഗങ്ങളും അവർ നിർദ്ദേശിച്ചിട്ടുള്ള പുതിയ പദ്ധതിയിൽ ചേർക്കേണ്ടതു കമ്മിറ്റിക്കാരുടെ ചുമതലയായിരുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതി റിപ്പോർട്ടിലെ ൨൧-ാമത്തെ ഖണ്ഡികയിൽ

അടങ്ങിയിട്ടുള്ള മാർഗ്ഗത്തെ കുറഞ്ഞൊന്നു പരിഹരിക്കുന്നതാകുന്നു. പുറമ്പോക്കുകേസുകളെ തീരുമാനിക്കുന്നതു സംബന്ധിച്ചു് ജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങൾമൂലമാണു ഇതൊക്കെ ഉണ്ടാകുന്നതു്. വാസ്തവത്തിൽ ജനങ്ങളുടെ പേരിൽ പതിവുള്ളഭൂമികളിന്മേൽ ഭൂമിറിക്കാർഡുസംരക്ഷണസിൽബന്തികൾ കയ്യേററംചെയ്തു അവയെ പുറംപോക്കായിട്ടു ഗണിച്ചുവരുന്നതായി മേൽ പ്രസ്താപിച്ച പലേ കേസുകളിലും കണ്ടുപിടിച്ചിട്ടുണ്ടു്. കടയ്ക്കാവൂരിൽ ഒരു റോഡു പുറമ്പോക്കിന്റെ അതൃത്തി ക്ലിപ്തപ്പെടുത്തിയതുസംബന്ധിച്ചു് അടുത്തുണ്ടായിരുന്ന പേരിൽപതിവുഭൂമിയിൽ റോഡിന്റെ ഒരു വശത്തിനപ്പുറം ഏകദേശം ൭ ലിങ്ക്സോളം ഭൂമിറിക്കാർഡുഡിപ്പാർട്ടുമെന്റുകാർ കയ്യേററം ചെയ്തിട്ടുള്ളതായും, എന്നാൽ ആദ്യത്തെ അളവനുസരിച്ചു അതു ൬ ലിംഗ്സു കുറവായിരുന്നതായും കമ്മിററിക്കാർപോലും കണ്ടുപിടിച്ചിരിക്കുന്നു. ഇപ്രകാരമുള്ള സംഗതികളിൽ തെററുകളെ തിരുത്തി ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്കു മതിയായ നഷ്ടപരിഹാരം നൽകുന്നതു ഉചിതമായിരിക്കുന്നതാണു്. ഈ സ്ഥിതിയ്ക്കു് ഡിപ്പാർട്ടുമെന്റിന്റെ മേൽപ്പറഞ്ഞ ജോലിയെ സംബന്ധിച്ചിടത്തോളം ഭേദഗതിയെ ഈ സഭ സ്വീകരിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മേൽ പ്രസ്താപിച്ചതിനുപുറമെ ഭൂമിറിക്കാർഡുസംരക്ഷണസിൽബന്തികൾ ഭാവിയിൽ ചെയ്യേണ്ടതായ ജോലിയെ സംബന്ധിച്ചിടത്തോളം അല്പം ചിലതു എനിയ്ക്കു പറയേണ്ടതായിട്ടുണ്ടു്. പുറംപോക്കു അന്വേഷണങ്ങളെ സംബന്ധിച്ചിടത്തോളം ഭാവിയിൽ ഏതെങ്കിലും പുറമ്പോക്കുകേസു തീർച്ചക്കായി എടുക്കുന്നതിനുമുൻപായിട്ടു രേഖകളേയും മററുള്ള റിക്കാർഡുകളേയും ആലോചിക്കണമെന്നു റിപ്പോർട്ടിലെ ൨൫-ാമതുഖണ്ഡികയിൽ പ്രസ്താപിച്ചിരിക്കുന്നു. എന്നാൽ, കമ്മിററിക്കാരുടെ നിർദ്ദേശങ്ങൾ റിപ്പോർട്ടിലെ ൪൨-ാംഖണ്ഡികയിൽ അടങ്ങിയിരിക്കുന്നതു. അതനുസരിച്ചു ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ പരിഹാരമാർഗ്ഗം ഇല്ലാത്തതും ആകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): റിപ്പോർട്ടിൽ ൪൨-ാംപാരാവിൽ വിട്ടുപോയിട്ടുള്ളതും അതിൽ കൂട്ടിച്ചേർക്കേണ്ടതുമായി വല്ലതും ഉണ്ടെങ്കിൽ കേട്ടാൽകൊള്ളാം.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): സെക്ഷൻ ൪൨-ൽതന്നെ പറയുന്നതിലേക്കുദാഹരണമാണു്. അതിൽ ഒടുവിലത്തെ ഭാഗത്തിൽ—

“സംബന്ധപ്പെട്ട ഭൂമിഉടമസ്ഥനു കാലേക്കൂട്ടി അറിവുകൊടുക്കാതേയും അയാളുടെ ആക്ഷേപങ്ങൾ കേട്ടു തീർച്ചചെയ്യാതേയും പട്ടയംകൊടുത്തിട്ടുള്ള ഭൂമിയുടെ യാതൊരുഭാഗവും പുറംപോക്കായി ഗണിക്കപ്പെടുകയോ റിക്കാർഡുചെയ്യുകയോ പാടില്ലാത്തതാകുന്നു.”

എന്നു പ്രസ്താപിച്ചിരിക്കുന്നു. അതായതു, പട്ടഭൂമിയെസംബന്ധിച്ചിടത്തോളം നോട്ടീസുകൊടുക്കാതെ പുറംപോക്കായി എടുക്കാൻ പാടില്ല എന്നാണു്. നോട്ടീസുകൊടുത്തശേഷം വസ്തുവിൽനിന്നുതന്നെ പുറമ്പോക്കുകേസു എടുക്കുന്നു. പട്ടയംകൊടുക്കുന്ന വസ്തുക്കളിൽനിന്നുതന്നെ ശരിയായ കരം കൊടുക്കുന്നുണ്ടു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): “പുറമ്പോക്കുകളുടെ അതൃത്തി തിട്ടപ്പെടുത്തുമ്പോൾ തറവിലയിലുള്ള അളവുകൾ ആദ്യത്തെ സർവ്വെ അളവുസംബന്ധിച്ചുള്ള റിക്കാർഡുകളിൽ നോട്ടുചെയ്തിട്ടുള്ള അളവുകളുമായി യോജിക്കാത്തപ്പോൾമാത്രമേ അടുത്തുള്ള ഭൂമികളെ സർവ്വേചെയ്യേണ്ടതായിട്ടുള്ളു” എന്നു കമ്മിററി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതായി മെമ്പർ സമ്മതിയ്ക്കുന്നുണ്ടോ?

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഞാൻ സമ്മതിയ്ക്കുന്നുണ്ടു്. ൪൨-ാം വകുപ്പിൽ നിന്നും ഏതാനും ചിലതു അനുവദിച്ചിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതു ഇന്നഭാഗത്തെ സംബന്ധിച്ചുതന്നെ പ്രാധാന്യം കാണിക്കണമെന്നാണു് എന്റെ അഭിപ്രായം. പട്ടയത്തിൽ കൊള്ളാത്തതായിട്ടും പഴയ പതിവിൽ പെട്ടതായിട്ടും ഉള്ള സ്ഥലം കണ്ടേയ്ക്കാം. അതിനെസംബന്ധിച്ചു പഴയപതിവു എല്ലാംകൂടി പതിച്ചശേഷം കുടിയാനവനു രജിസ്റ്ററിൽ കൊണ്ടതാണെങ്കിൽ ഒരിക്കലും കേസെടുക്കയില്ല.

അദ്ധ്യക്ഷൻ: നിങ്ങൾക്കുള്ള സമയം കഴിഞ്ഞു.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിലും വടക്ക): സർ, നമ്മുടെ രാജ്യത്തിലെ ഭൂമിസംബന്ധമായ നിയമങ്ങൾ വളരെ ന്യൂനതകളുള്ളതാണെന്നു എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണു്. എല്ലാ ആളുകൾക്കും ഭൂമിയിൽ അവകാശങ്ങളുമുണ്ടു്. റവന്യൂഡിപ്പാർട്ടുമെന്റിനെ പോലെ ജനങ്ങളെ പ്രധാനമായിട്ടു ബാധിക്കുന്ന വേറൊരു ഡിപ്പാർട്ടുമെന്റും ഇല്ലെന്നുതന്നെ പറയണം. എന്നാൽ, ഈ സംഗതികളെസംബന്ധിച്ചിടത്തോളം തങ്ങൾക്കുള്ള അവകാശങ്ങളും ചുമതലകളും ഇന്നവയെല്ലാമാണെന്നു അറിയിച്ചുകൊടുക്കുന്നതിനു ജനങ്ങളെ സഹായിക്കാൻ സിവിൽ നടപടിനിയമവും, ക്രിമിനൽ നടപടിനിയമവും, പരിശീലനം സിദ്ധിച്ചിട്ടുള്ള വക്കീലന്മാരും ഉണ്ടായിരിക്കെ റവന്യൂഡിപ്പാർട്ടുമെന്റിലെ വൈഷമ്യമേറിയ പാതയിൽകൂടി ബുദ്ധിമുട്ടു കൂടാതെ അവർക്കു നടക്കുന്നതിനു തുടർച്ചയായിട്ടുള്ളവയോ മനസ്സിലാകത്തക്കവയോ ആയ ചട്ടങ്ങളാകട്ടെ റഗുലേഷനുകളാകട്ടെ ഇല്ലാത്തതു പരിതാപകരംതന്നെ.

സർ, ഭാഗങ്ങൾ മുഖേനയോ വിലയ്ക്കു വാങ്ങുന്നതു കൊണ്ടോ, അന്യായമായ കൈവശപ്പെടുത്തൽ കൊണ്ടോ, അല്ലെങ്കിൽ ഗവമെന്റിൽനിന്നും പുതുവലായി പതിപ്പിച്ചെടുക്കുന്നതു കൊണ്ടോ ഭൂമി എപ്പോഴും കൈമാറിത്തന്നെ കൊണ്ടിരിക്കുന്നു. ഇപ്രകാരമെല്ലാം ഓരോ ദിവസവും, ഓരോമാസവും, ഓരോകൊല്ലവും ഭൂമിഉടമസ്ഥതയെ സംബന്ധിച്ചു് വലുതായ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള ഭേദഗതികളെ ഗവമെന്റു റിക്കാർഡുകളിൽ അപ്പോഴപ്പോൾ യാതൊരു സാഹസവും കൂടാതെ രേഖപ്പെടുത്തുന്നതിനു വഴിയൊന്നുമില്ലാത്തതാകുന്നു. ഭൂമി അനുഭവിക്കുന്നതിലേക്കുള്ള പലേ ചട്ടങ്ങളും അതു സംബന്ധിച്ചുള്ള തത്വങ്ങളും അടങ്ങിയിരിക്കുന്നതു അനേകം രാജകീയവിളംബരങ്ങളിലും, സർക്കുലറുകളിലും, ചട്ടങ്ങളിലുമാണു്. അതുകൊണ്ടു രാജ്യത്തിലെ ഭൂമിസംബന്ധമായ ചട്ടങ്ങൾ വളരെ കുറച്ചുപേർക്കു മാത്രമേ അറിവാൻ പാടുള്ളു. ഗവമെന്റിലേക്കു കരം കൊടുക്കേണ്ട ആൾ ഇന്നാരാണെന്നു ക്ലിപ്തപ്പെടുത്തി പറയുന്നതിനു പ്രവൃത്തിയിലെ സിൽബന്തികൾക്കു സാധിക്കുന്നില്ല. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ മുഴുവനും തഴക്കം വന്നിട്ടുള്ള പഴയ പ്രവൃത്തിപ്പിള്ളമാർക്കു മാത്രമേ അറിയാവൂ എന്നാണു കുറേക്കാലങ്ങൾക്കു മുമ്പുണ്ടായിട്ടുള്ള എന്റെ അറിവു. റവന്യൂസംഗതികളെ സംബന്ധിച്ചുള്ള സകലകാര്യങ്ങളും വളരെ കുറച്ചുപേർക്കു മാത്രമേ അറിവാൻ പാടുള്ളു. ഓലയിൽ എഴുതിയിട്ടുള്ള ചില കണക്കുകൾ അവരുടെ പക്കലുണ്ടു്. ക്ലിപ്തമല്ലാത്ത സമയങ്ങളിൽവന്നു അവർ നമ്മോടുപണം

വശ്യപ്പെടുന്നു. ഇതുമൂലം വധുവായ കുഴപ്പങ്ങളും കണിശമില്ലായ്മയും ഇടയാകുന്നു. നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം കൊള്ള, കൈക്കൂലി മുതലായവ നടക്കുന്നതിനു വളരെ എളുപ്പമുണ്ട്. സെററിൽമെൻറും സർവ്വേ ജോലികളും ദീർഘകാലം നടന്നുകൊണ്ടിരുന്ന സമയത്തു ക്ലാസിഫയറന്മാരേയും മററും ലക്കുമൊപ്പിക്കുക വിച്ചു വിട്ടിരുന്നപ്പോഴത്തെ റെവന്യൂറിക്കാർഡുകളിലെ കുഴപ്പം മൂലമുള്ള സങ്കടങ്ങൾ ജനങ്ങൾ അനുഭവിച്ചിരുന്നതു്. ആ സമയം അവർ നടത്തിയിരുന്ന കൃത്യങ്ങളെപ്പററി അറിയാമായിരുന്ന പ്രായം ചെന്ന നമുക്കു അപ്പോഴത്തെ ഒരു അവസ്ഥ വീണ്ടും ഉണ്ടാകുമെന്നുള്ളതിനെപ്പററി വിചാരിക്കുമ്പോൾ തന്നെ ഭയം തോന്നുന്നു. കൊച്ചി സംസ്ഥാനത്തിലും ബ്രിട്ടീഷ് ഇൻഡ്യയിലുമുള്ള ഭൂമി സംബന്ധമായ നിയമങ്ങൾ ഹിതപരിതാംശത്തിലുള്ള നിയമങ്ങളേക്കാൾ കുറെക്കൂടി എളുപ്പമായിട്ടുള്ളവയും ജനങ്ങൾക്കു എളുപ്പത്തിൽ ഗ്രഹിക്കത്തക്കവയും ആണെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. അതിനാൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ചില പരിഷ്കാരങ്ങൾ അത്യാവശ്യമായിട്ടുള്ളതാണെന്നു ഈ വിഷയത്തെപ്പററി അല്പം ചിന്തിച്ചിട്ടുള്ളവർ അഭിപ്രായപ്പെടുന്നതാണ്. നമ്മുടെ മുമ്പിലത്തെ ദിവാൻ മിസ്റ്റർ രാഘവയ്യാ അസിസ്റ്റൻറു തഹശീൽദാരന്മാരെ നിയമിക്കണമെന്നു നിർദ്ദേശിക്കയും, അദ്ദേഹം നടപ്പാക്കണമെന്നുദ്ദേശിച്ചിരുന്ന ഏർപ്പാടിൻെറ പ്രവൎത്തനം മൂലം സംസ്ഥാനത്തിലെ ഭൂമിസംബന്ധമായ നിയമങ്ങളിലെ കുഴപ്പങ്ങളെല്ലാം മാറിപ്പോകുമെന്നു അദ്ദേഹം നമുക്കു ഉറപ്പു തരികയും ചെയ്തപ്പോൾ അദ്ദേഹത്തിൻെറ പരിഷ്കാരങ്ങൾ മൂലം ഉണ്ടാകാവുന്ന ഫലത്തെപ്പററി നമ്മളിൽ കുറച്ചുപേൎക്കു മാത്രമേ വിശ്വാസമുണ്ടായിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിൻെറ പരിഷ്കാരം മൂലം അദ്ദേഹത്തിനു എന്തു ചെയ്യാൻ കഴിയുമെന്നു കാണിക്കാൻ അദ്ദേഹത്തിനു ഒരു അവസരം കൊടുക്കുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടായിരുന്നു. എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ അത്യാവശ്യമായിരുന്നു എന്ന അഭിപ്രായം ആദരിച്ചിരുന്നു. അദ്ദേഹം ഏർപ്പെടുത്തിയ പുതിയ ഏർപ്പാടിൻെറ പ്രവൎത്തനം മൂലം എല്ലാ കുഴപ്പങ്ങളും മാറിപ്പോകുമെന്നു ബ്രിട്ടീഷ് ഇൻഡ്യയിലെ ഒരു റവന്യൂ ഉദ്യോഗസ്ഥനെന്ന നിലയിൽ മിസ്റ്റർ രാഘവയ്യായ്ക്കുണ്ടായിരുന്ന വിപുലമായ പരിചയം നമ്മൾക്കു ഉറപ്പും വിശ്വാസവും തന്നതിനോടുകൂടി ആ ഏർപ്പാടിനെ ഒന്നു പരീക്ഷിച്ചു നോക്കിയാൽ കൊള്ളാമെന്നു നാമെല്ലാവരും ആഗ്രഹിച്ചിരുന്നു. പ്രസ്തുത ഏർപ്പാടു നടപ്പിൽ വന്നു അധികകാലം കഴിയുന്നതിനുമുൻപായിത്തന്നെ ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനം സംബന്ധിച്ചു വലിയ മുറവിളി ഉണ്ടാകയും ആയതു പൊതുജനങ്ങളെ തൃപ്തരാക്കിത്തീർക്കുന്നതിനു പകരം മുൻപുണ്ടായിരുന്നതിലധികം അവരുടെ ഉപദ്രവത്തിനു കാരണമാക്കിത്തീർക്കയും ചെയ്യുവാനിടയുണ്ടായതു. ആദ്യമായി പരാതികളുണ്ടായപ്പോൾ ജനങ്ങളുടെ അറിവില്ലായ്മ കൊണ്ടാണെന്നു ഗവൎമ്മെൻറിൽ നിന്നു അവർ അപഹരിച്ചു വച്ചുകൊണ്ടിരുന്ന ഭൂമിയെ തിരിയെ വിട്ടുകൊടുക്കുന്നതിനുള്ള അവരുടെ വിസമ്മതം കൊണ്ടു മാത്രമാണു അപ്രകാരമുണ്ടായിട്ടുള്ളതെന്നു നമ്മെ പറഞ്ഞു മനസ്സിലാക്കി. ഇപ്രകാരം ജനങ്ങളിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്ന പരാതികളും ആവലാതികളും വർദ്ധിച്ചുവന്നതോടുകൂടി മേൽപ്പറഞ്ഞ സമാധാനം തന്നെ ഗവൎമ്മെൻറു പറഞ്ഞുകൊണ്ടിരുന്നു; ഇങ്ങനെ വളരെക്കാലം നടന്നുകൊണ്ടുതന്നെയിരുന്നു. ഒടുവിൽ ജനങ്ങൾ പരാതികൾ പറഞ്ഞുകൊണ്ടിരുന്നതു അടിസ്ഥാനരഹിതമായിട്ടുള്ളതല്ലെന്നും അവരുടെ പരാതികൾക്കുള്ള കാരണം, പദ്ധതിയുടെ പ്രവൎത്തനദോഷമാണെന്നും മനസ്സിലായി. ഭൂറിക്കാർഡു സംരക്ഷണ ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥൻ യാതൊരു അധികാരവും കൂടാതെ 5-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചതുമൂലം ജനങ്ങൾക്കു അസാമാന്യമായ സങ്കടത്തിനും കഷ്ടതയ്ക്കും ഇടയായിത്തീർന്നു എന്നു ഇപ്പോൾ കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു. 5-ാം നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ചു സിൽബന്തികൾ സംരക്ഷിച്ചു വന്നിരുന്ന രജിസ്റ്ററുകളും മററു റിക്കാർഡുകളും ഗവൎമ്മെൻറു റിക്കാർഡുമുറികളിൽ സൂക്ഷിച്ചു വച്ചുകൊണ്ടിരിക്കുന്നതിനു യാതൊരു വിധത്തിലും അർഹതയുള്ളവയല്ലെന്നു ഭൂമി റിക്കാർഡ് സംരക്ഷണസാധ്യതയെപ്പററി അന്വേഷണം നടത്തിയ കമ്മിററിക്കാർപോലും സമ്മതിച്ചിരിക്കുന്നു. ഈ സംഗതിയെപ്പററി ആലോചിക്കുമ്പോൾ പല്ലു വേദനയുണ്ടായിരുന്ന ഒരു മനുഷ്യൻ ചികിത്സയ്ക്കായി ഒരു പല്ലുവൈദ്യൻെറ അടുക്കൽ പോയ കാര്യം ഞാൻ ഓർക്കുന്നു. വൈദ്യൻ യാതൊരു ഹാനിയും സംഭവിച്ചിട്ടില്ലാത്ത ഒരു പല്ലു വലിച്ചെടുത്തു, സുഖക്കേടുകാരൻ ഉറക്കെ നിലവിളിച്ചു. താൻ സുഖക്കേടു ബാധിച്ചിട്ടുള്ള പല്ലു വലിച്ചെടുക്കയാണെന്നും അതു വലിച്ചെടുത്തതിനു ശേഷം എല്ലാ സുഖക്കേടും മാറുമെന്നും വൈദ്യൻ അയാളോടു പറഞ്ഞു. എന്നാൽ വലിച്ചെടുക്കപ്പെട്ട പല്ലു വേദനയുണ്ടായിരുന്ന പല്ലായിരുന്നില്ല. പല്ലുവൈദ്യൻ സുഖക്കേടൊന്നുമില്ലാതിരുന്ന പല്ലിൽ തൻെറ ആയുധത്തെ കടത്തുകയും, സുഖക്കേടുണ്ടായിരുന്ന പല്ലിനെ പൂർവ്വസ്ഥാനത്തിൽ തന്നെ വച്ചുകൊണ്ടു അതുമൂലമുണ്ടായിരുന്ന വേദനയെ ഇല്ലായ്മചെയ്യാതെ കൂടുതൽ വേദന ഏറെപ്പിക്കയുമാണു ചെയ്തതു്. രാജ്യമാകെ ചുററിസഞ്ചരിക്കുന്ന നമ്മളിൽ ചിലർ ഈ പദ്ധതി എത്ര വിധത്തിലാണു നടക്കുന്നതെന്നു സംബന്ധപ്പെട്ട ആളുകളോടു ചോദിക്കുക പതിവായിരുന്നു. ഗൗരവമേറിയ ന്യൂനതകൾ ഉണ്ടായിരുന്നു എന്നും അവ പരിഹരിക്കപ്പെടേണ്ടതാണെന്നും ഞങ്ങൾ കണ്ടുപിടിച്ചു.

സർ, കമ്മിററിക്കാരുടെ റിപ്പോർട്ടുമൂലം പ്രസ്തുത ഏർപ്പാടിലുള്ള സൂക്ഷ്മമായ ന്യൂനതകളെ ഒട്ടേറെ പരിഹരിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഈ പദ്ധതിയുടെ പ്രവൎത്തനത്തെ സംബന്ധിച്ചു മെമ്പറന്മാരായ നമ്മൾ കുററംപറയുന്നതു മിക്കവാറും തെററായിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു എനിക്കു സമ്മതിക്കാതെ തരമില്ല. എന്തെന്നാൽ അതു സംബന്ധിച്ചുള്ള സകല വിവരങ്ങളും നമ്മുടെ പക്കലില്ല. ബുദ്ധിമുട്ടുണ്ടെന്നും ആളുകളെ വൈഷമ്യപ്പെടുത്തുന്നു എന്നും നാമെല്ലാവരും മുറവിളികൂട്ടുന്നു. എന്നാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരമാർഗ്ഗം ഫലപ്രദമായിരിക്കുമോ എന്നു നാം സംശയിക്കുന്നു. കമ്മിററിക്കാരാൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഏർപ്പാടനുസരിച്ചു പദ്ധതിയെ പ്രവൎത്തനരൂപത്തിൽ കൊണ്ടുവരുന്നപക്ഷം ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന പരാതികളെല്ലാം കുറഞ്ഞുവരുന്നതാണെന്നു കമ്മിററിക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗത്തെ അവധാനപൂർവ്വം ചിന്തിച്ചതിൻെറ ഫലമായി എനിക്കു തോന്നിയിട്ടുണ്ട്. മനഃപൂർവ്വമായും വളരെ സങ്കടങ്ങൾ അനുഭവിച്ചും വേല ചെയ്യുന്ന മിസ്റ്റർ റാബിൻസണെപ്പോലെ ഒരു ഡിപ്പാർട്ടുമെൻറു മേലധികാരി പ്രസ്തുത ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടം നടത്തുകയും അങ്ങുമിങ്ങും അപ്പോഴപ്പോൾ ചില വ്യത്യാസങ്ങൾ ആവശ്യംപോലെ വരുത്തുകയും ചെയ്യുമെങ്കിൽ വാസ്തവത്തിൽ ഈ പദ്ധതിമൂലം ഗുണകരമായ ഫലമുണ്ടാകുന്നതാണെന്നു എനിക്കു തീർച്ചയുണ്ട്. 5-ാം നമ്പർ സർക്കുലർ റദ്ദാക്കപ്പെട്ടു. ഈ 5-ാം നമ്പർ സർക്കുലർ അധികാരമില്ലാതെ പുറപ്പെടുവിച്ചതുകൊണ്ടു ജനങ്ങൾക്കുണ്ടാക്കിത്തീർത്ത സങ്കടത്തെപ്പററി ഞാൻ

വീണ്ടും പറയേണ്ടതാവശ്യമില്ല. ഗവണ്മെന്റിന്റെ പ്രഖ്യാപനം ചെയ്തിട്ടുള്ള ഉദ്ദേശങ്ങൾക്കും രാജ്യത്തിലെ നിയമങ്ങൾക്കും വിപരീതമായിട്ടുള്ള ഒരു സർക്കുലർ പുറപ്പെടുവിക്കുന്നതിനു ഗവണ്മെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെ അനുവദിച്ചതിൽ ഞാൻ ആശ്ചര്യപ്പെടുകമാത്രം ചെയ്യുന്നു. ഇപ്രകാരം ഒരു സർക്കുലർ അയച്ചതിനു ഉത്തരവാദിയായ ഓഫീസർ അതുമൂലമുണ്ടായിട്ടുള്ള അനന്തരസംഭവങ്ങളെ അദ്ദേഹത്തെ മനസ്സിലാക്കുന്ന ഡിപ്പാർട്ടുമെന്റിനെ ഭരിയ്ക്കുന്നതിനു അനുവദിച്ചതിൽ ഞാൻ കുറെക്കൂടി ആശ്ചര്യപ്പെടുന്നു.

നിയന്ത്രണം സംബന്ധിച്ചുള്ള ഇപ്പോഴത്തെ ഡിപ്പാർട്ടുമെന്റു പ്രവർത്തനത്തിലുള്ള മറ്റൊരു ന്യൂനത, അതിനെപ്പറ്റി ദീർഘമായി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ അസിസ്റ്റന്റു തഹശീൽദാരന്മാരെ തഹശീൽദാരന്മാരുടേയും ഡിവിഷൻ പേഷ്കാരന്മാരുടേയും നിയന്ത്രണത്തിൻകീഴിൽ ആക്കിയിരിക്കുന്ന സ്ഥിതിക്കു അവർ നല്ല മേൽനോട്ടം വഹിക്കേണ്ടതാണ്. പേഷ്കാരന്മാരുടെ സഞ്ചാര ഡയറികൾ ഉടനടി രജിസ്റ്ററിൽ ചേർത്തു ഗവണ്മെന്റിലേയ്ക്കു അയയ്ക്കുകയും വച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ ആ റിക്കാർഡുകളെ സംബന്ധിച്ചു ഉപയോഗപ്പെടുത്താൻ കഴിയുന്ന അത്രകാര്യക്ഷമമായ ഒരു ജോലി ചെയ്യുന്നതിനു പ്രത്യേകിച്ചു ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു ചിലവാക്കുന്ന പണം വ്യയംചെയ്യേണ്ടതില്ല. അതുകൊണ്ടു പേഷ്കാരന്മാരുടെ സഞ്ചാരഡയറികളിലുള്ള കാര്യങ്ങൾ മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥന്മാർ പരിശോധിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. വസ്തുവകകൾ അന്വേഷിക്കാനും അനുവദിക്കാനും നിയമങ്ങൾ പരിശോധിക്കാനും മറ്റും പേഷ്കാരന്മാർക്കു അധികാരമുണ്ട്. എന്നാൽ അവരുടെ മേൽനോട്ടം വേണ്ടത്ര ഫലപ്രദമല്ല. വാസ്തവത്തിൽ ഇതൊക്കെ കടലാസ്സിൽ മാത്രമാണ്. അപ്രകാരം പ്രവൃത്തിക്കുന്നതു കൊണ്ട് ഗുണകരമായിട്ടുള്ള യാതൊന്നും സംഭവിക്കുന്നില്ല. മേൽനോട്ടക്കുറവു മൂലം സമുദായത്തിനു ദോഷമുണ്ടാകുന്നുമുണ്ട്. ഇതിനെ തടയുന്നതിനുള്ള ഉറപ്പുള്ള നിർദ്ദേശം ഗുണകരമായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടു ഭൂമിറിക്കാർഡു സംരക്ഷണത്തിൽ ഒരു പരിഷ്കാരം അത്യാവശ്യമാണെന്നും കമ്മിറ്റിക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കൃതരീതിയിലുള്ള ഏർപ്പാടു ഗുണകരമായ ഫലമുണ്ടാക്കിത്തീർക്കുമെന്നും ഞാൻ വിചാരിയ്ക്കുന്നു. ന്യൂനതകൾ ഉണ്ടായിരിക്കയില്ലെന്നു ഞാൻ ഖണ്ഡിച്ചുപറയുന്നില്ല. അമാനുഷന്മാരല്ല കമ്മിറ്റിയിൽ ഉണ്ടായിരുന്നതു. അവർ സാധാരണയുള്ള മനുഷ്യരാണ്. റവന്യൂഡിപ്പാർട്ടുമെന്റിന്റെ ആധിപത്യത്തിൽ ഏററവും എളുപ്പമായതും ആഡംബരം ഇല്ലാത്തതുമായ ഒരു പദ്ധതി രൂപീകരിയ്ക്കുന്നതിനു കമ്മിറ്റിക്കാർക്കു സാധിച്ചു. ആയതിനെ വാസ്തവത്തിൽ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുമ്പോൾ വലുതായ ഗുണം സിദ്ധിയ്ക്കുമെന്നു എനിയ്ക്കു തീർച്ചയുണ്ട്. ഭൂമിസംബന്ധമായുള്ള നിയമങ്ങളെ കാലാനുസരണമായിട്ടുള്ളവയാക്കിത്തീർത്തു മേൽപറഞ്ഞതിലുള്ള ഒരു ഏർപ്പാടുണ്ടാക്കേണ്ടതു അത്യാവശ്യമാണ്. അവിടേയും ഇവിടേയുമായി തെററു കണ്ടുപിടിക്കുന്നതിൽ യാതൊരു ഉപയോഗവുമില്ല.

അദ്ധ്യക്ഷൻ: സമയമായി.

മി: കെ. സി. മാമ്മൻമാപ്പിള്ള (കച്ചവടവും കൈത്തൊഴിലും, വടക്ക്): കുറച്ചുകൂടി സമയം അനുവദിക്കാമോ?

അദ്ധ്യക്ഷൻ: നിങ്ങൾ കൂടുതലായി മൂന്നു മിനിട്ടു എടുത്തു കഴിഞ്ഞിരിക്കുന്നു. നിങ്ങൾക്കു പറയാനുള്ളതു ചുരുക്കിപ്പറയാം.

മി: കെ. സി. മാമ്മൻമാപ്പിള്ള (കച്ചവടവും കൈത്തൊഴിലും, വടക്ക്): ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള അസിസ്റ്റന്റുതഹശീൽദാരന്മാരെ പ്രസ്തുത ഏർപ്പാടു നടപ്പിൽ വരുത്തുന്നതിനു നിയമിയ്ക്കുന്നപക്ഷം അതൊരു വലിയ ഗുണമായിരിയ്ക്കുമെന്നുള്ള സംഗതിയിൽ ഞാൻ മിസ്റ്റർ സുബ്ബയ്യരോടു പൂർണ്ണമായി യോജിക്കുന്നു. എന്തെന്നാൽ, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ അവർക്കുള്ള സൗകര്യങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു സന്നദ്ധന്മാരാകുന്നതാണ്. ഈ ഉദ്യോഗങ്ങളിൽ എല്ലാ അസിസ്റ്റന്റു തഹശീൽദാരന്മാരേയും നിയമിക്കുന്നതിനു സാധിക്കാത്തപക്ഷം കമ്മിറ്റിക്കാർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഒരു സമ്പ്രദായം എന്നമട്ടിൽ അവരിൽ പകുതി പേരെയെങ്കിലും വച്ചുകൊണ്ടിരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. അവരെ അതൃപ്തന്മാരാക്കിത്തീർക്കാതെ അവരിപ്പോൾ വാങ്ങിച്ചുകൊണ്ടിരിക്കുന്ന ശമ്പളം തന്നെ കൊടുക്കുന്നതു പൊതുജനങ്ങൾക്കു ഗുണകരമായിരിയ്ക്കുമെന്നുള്ള സംഗതിയിൽ ഞാൻ മിസ്റ്റർ സുബ്ബയ്യരോടു യോജിക്കുന്നു.

സർവെയറന്മാരെ സംബന്ധിച്ചിടത്തോളം അവരിൽ ഏററവും ഉയർന്നതരം ഗ്രേഡിൽ ഉള്ളവരെ എടുക്കണമെന്നു കമ്മിറ്റിക്കാർ നിർദ്ദേശിച്ചിരിക്കുന്നു. അവരിൽ ചിലർ തൃപ്തികരമായ ജോലി ചെയ്യുന്നില്ലെങ്കിൽ അവരെ നിയമിയ്ക്കുന്നതിൽ വച്ചു യാതൊരുപയോഗവുമുണ്ടാകുന്നതല്ല. റവന്യൂകമ്മീഷണരും സർവെ സൂപ്രണ്ടും അവരെ നല്ലതിൻവണ്ണം തിരഞ്ഞെടുക്കണം. അവർ താണതരം ഗ്രേഡിൽ ഉൾപ്പെട്ടവരായിരുന്നാലും ജോലിയ്ക്കു നല്ലതിൻവണ്ണം പ്രാപ്തിയുള്ളവരെയാണ് നിയമിക്കപ്പെടേണ്ടതു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭൂറിക്കാർഡു ഏർപ്പാടിൽ ഇത്ര അധികം അബദ്ധങ്ങൾ ഉണ്ടാകുന്നതിനു ഇടയാക്കിത്തീർത്ത ഉദ്യോഗസ്ഥന്മാർ ആരെല്ലാമായിരുന്നു എന്നു എന്റെ ബഹുമാനപ്പെട്ട അദ്ധ്യാപകനായ മിസ്റ്റർ മാമ്മൻ മാപ്പിളയുടെ പക്കൽനിന്നും അറിഞ്ഞാൽകൊള്ളാം. ഉയർന്നതരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള അസിസ്റ്റന്റുതഹശീൽദാരന്മാരാണ് അതിനു ചുമതലവഹിക്കുന്നവരെങ്കിൽ അവരെ വീണ്ടും നിയമിയ്ക്കണമോ?

മി: കെ. സി. മാമ്മൻ മാപ്പിള്ള (കച്ചവടവും കൈത്തൊഴിലും, വടക്ക): അതെല്ലാം ഏതു നിയന്ത്രണം അനുസരിച്ചുകൊണ്ടാ അവർ വേല ചെയ്യുന്നതു ആ നിയന്ത്രണത്തെ അനുസരിച്ചിരിക്കുന്നതാണെന്നു മിസ്റ്റർ പണിക്കർക്കു എളുപ്പത്തിൽ മനസ്സിലാകുന്നതാണ്. ഒരു പട്ടാളത്തെ സേനാനായകൻ നല്ലതിൻവണ്ണം നിയന്ത്രിച്ചില്ലെങ്കിൽ അതിനു ശരിയാകും വണ്ണം യുദ്ധം ചെയ്യുന്നതിനു സാധിക്കുന്നതല്ല. അസിസ്റ്റന്റു തഹശീൽദാരന്മാരുടെ കാര്യവും അപ്രകാരം തന്നെയാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അസിസ്റ്റന്റു തഹശീൽദാരന്മാരോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ഈ ഉദ്യോഗസ്ഥന്മാർക്കു അല്പം താണതരം വിദ്യാഭ്യാസമേ സിദ്ധിച്ചിട്ടുള്ളു എന്നു വരികിലും നിയന്ത്രണം നടത്തുന്ന ഉദ്യോഗസ്ഥൻ കാര്യശേഷിയുള്ള ആളായിരിക്കുന്നപക്ഷം യാതൊരു തരക്കേടും അതിൽ

പക്ഷമുണ്ടാകുന്നില്ലെന്നു ഞാൻ പറയുന്നതിനു മിസ്റ്റർ മാമ്മൻമാപ്പിള്ള യോജിക്കുമെന്നു ഞാൻവിശ്വസിക്കട്ടെയോ?

മി: കെ. സി. മാമ്മൻമാപ്പിള്ള (മല്ലപ്പള്ളിയും തിരുവല്ലയും, വടക്ക): തന്റെ കീഴിലുള്ള പട്ടാളക്കാരെ ധീരന്മാരല്ലെങ്കിൽ ഏറ്റവും ധീരതയുള്ളസേനാനായകനുപോലും യുദ്ധത്തിൽ ജയിക്കുന്നതിനു സാധിക്കയില്ല. രണ്ടുപേരിൽ ആരെങ്കിലും കാര്യശേഷിയില്ലാത്തവനാണെങ്കിൽ യാതൊരുവിധവും ജയിക്കുന്നതിനു സാധിക്കുന്നതല്ലെന്നു എനിക്കു തോന്നിട്ടുണ്ട്.

മി: എസ്സ്. സി. എച്ച് റാബിൻസൺ (ദേവസ്വം കമ്മീഷണർ): സർ, ഞാൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തോടു ഒട്ടു മുക്കാലും സഭ യോജിച്ചിരിക്കുന്നു എന്നാണു ഞാൻ വിചാരിക്കുന്നതു്. എന്നാൽ മേലാൽ [illegible] അംഗങ്ങൾ ഉണ്ടാകാതിരിക്കേണ്ടതിനു ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങളെ കുറെക്കൂടി സ്പഷ്ടമാക്കണമെന്നു ചില മെമ്പറന്മാർ ആവശ്യപ്പെടുന്നു. ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ആയുധങ്ങളെക്കാൾ കൂടുതൽ ചെലവുള്ള ആയുധങ്ങൾ കൊണ്ടു ജോലിനടത്തിപ്പിക്കണമെന്നു ചില മെമ്പറന്മാർ ആവശ്യപ്പെടുന്നു. ഞങ്ങൾ ഈ പദ്ധതിയെ രൂപീകരിച്ചപ്പോൾ അസിസ്റ്റന്റു [illegible] ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം [illegible] ഞങ്ങൾ [illegible] ആലോചിച്ചു. എന്നാൽ, ഈ [illegible] പ്രകാരം [illegible] ചെലവു വരുന്നു [illegible] ഞങ്ങൾ ഉദ്ദേശിച്ചിരുന്ന [illegible] ചെലവു [illegible] ഞങ്ങൾ ശ്രമിച്ചു. നടപ്പിലിരിക്കുന്ന [illegible] ഡിപ്പാർട്ടുമെന്റിനു [illegible] രൂപാ [illegible] ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള [illegible] രൂപാ [illegible] രൂപാ [illegible] റിപ്പോർട്ടിൽ [illegible] ണു്. ഇപ്പോഴുള്ള ജോലിക്കാരുടെ [illegible] നൽകപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ കൊണ്ടു ചെയ്യിപ്പിക്കുന്നതിനേക്കാൾ ഈ പദ്ധതിയിൽ നിന്നും കൂടുതൽ ഉപകാരം ഉണ്ടാകുമെന്നു മിസ്റ്റർ [illegible] പ്രസ്താവിച്ചു. അസിസ്റ്റന്റുമാർ [illegible] കൊണ്ടല്ലാതെ [illegible] കൊണ്ടും ഈ ജോലി നടത്തിക്കാൻ പാടില്ലെന്നു അദ്ദേഹം പ്രസംഗത്തിൽ അഭിപ്രായപ്പെടുന്നു. ഈ വിഷയത്തെപ്പറ്റി മിസ്റ്റർ സുബ്ബയ്യർക്കുള്ള അഭിപ്രായവും ഏതാണ്ടു മേൽപ്പറഞ്ഞപ്രകാരമാണ്. കൂടുതൽപണം സഭ അനുവദിക്കുന്നപക്ഷം ഡിപ്പാർട്ടുമെന്റിന്റെ മേലദ്ധ്യക്ഷൻ എന്നനിലയിൽ ഞാൻ വളരെ നന്ദിയുള്ളവനായിരിക്കും. കൂടുതൽ യോഗ്യതയുള്ള ഉദ്യോഗസ്ഥൻ കൂടുതൽ ശമ്പളം വേണമെന്നു ആഗ്രഹിക്കും. അക്കൌണ്ടന്മാർക്കും കൂടുതൽ ശമ്പളം കൊടുക്കേണ്ടതാണെന്നു മിസ്റ്റർ സുബ്ബയ്യർ നിർദ്ദേശിക്കുകയിരുന്നു എന്നു ഞാൻ ആഗ്രഹിക്കുന്നു. സ്വല്പശമ്പളം കൊടുക്കപ്പെടുന്ന അക്കൌണ്ടന്മാർക്കു കൂടുതൽ ശമ്പളം കൊടുക്കുന്നതിനായി പണം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു സപ്ലിമെന്ററിഡിമാന്റു ഞാൻ ആവശ്യപ്പെടുമ്പോൾ സഭ ഇപ്പോൾ കാണിക്കുന്ന ഔദാര്യം അപ്പോഴും കാണിക്കുന്നപക്ഷം ഞാൻ വളരെ നന്ദിയുള്ളവനായിരിക്കും.

ഞങ്ങൾ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങളിൽ ചിലതു കുറേക്കൂടി വിശദമായും സ്പഷ്ടമായും പ്രസ്താവിക്കേണ്ടിയിരിക്കുന്നു എന്നു മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയും മിസ്റ്റർ കെ. [illegible] സഹം നിർദ്ദേശിച്ചിരിക്കുന്നു. അതായതു് ഇനിമേൽ നടത്തേണ്ടതായ പുറമ്പോക്കു ജോലി പെരുംപെരിശായ [illegible] യല്ലാതെ റിസർവേ ആയിരിക്കരുത്. അതാണു ഞങ്ങൾ നിർദ്ദേശിച്ചിരുന്നതു്. എല്ലാന്യൂനതകളേയും കഴിയുന്നിടത്തോളം പരിഹരിക്കണമെന്നും തെറ്റായി നിർമ്മിച്ചിട്ടുള്ള റിക്കാർഡുകളെ വീണ്ടും ഉപയോഗപ്പെടുത്താതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും ആയിരുന്നു ഞങ്ങളുടെ ഉദ്ദേശം. ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള സിൽബന്തികളെ കൊണ്ടു കഴിയുന്നിടത്തോളം ന്യൂനതകളെ പരിഹരിക്കുന്നതിനു ഞങ്ങൾ ശ്രമിക്കാം [illegible]ാം സർക്കുലർ അനുസരിച്ചു റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഓരോ കയ്യേറ്റത്തെ സംബന്ധിച്ചിടത്തോളമുള്ള തെറ്റുകളേയും ശരിപ്പെടുത്തുന്നതാകുന്നു. പിശകായി നിർമ്മിച്ചിട്ടുള്ള റിക്കാർഡുകളെ ശരിപ്പെടുത്തുന്നതിനു വേണ്ടു സിൽബന്തികൾ അപ്രകാരമുള്ള തെറ്റുകളെ കാണിച്ചു കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതിനു ഗവന്മെന്റു ആശിക്കുന്നു എന്നു സഭ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ, പ്രസ്തുത പദ്ധതിയെപ്പറ്റി ആലോചിക്കുന്നതിനും അബദ്ധങ്ങളെ തിരുത്തുന്നതിനും അനുദ്യോഗസ്ഥപ്രതിപക്ഷമുള്ള ഒരു കമ്മറ്റിയെ അവർ നിയമിച്ചു. ഡെപ്യൂട്ടി [illegible] സൂപ്രണ്ടിന്റെ ആഫീസിലുള്ള സിൽബന്തികളെ സംബന്ധിച്ചിടത്തോളം, സ്ഥിരമായിട്ടുള്ള പകരം ഇനിമേൽ പൂർത്തിചെയ്യേണ്ടതായ സ്കെച്ചുകളെ പരിശോധിക്കുന്നതിനു സ്ഥിരജീവനക്കാരെ സർവേ ആഫീസിൽ നിയമിക്കുന്നതാണ്. ഞങ്ങൾക്കു കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ടോ എന്നു പരിക്ഷിച്ചുനോക്കാം. പ്രസ്തുതജോലി നടത്തുന്നതിനു സർവേസൂപ്രണ്ടിന്റെ ആഫീസിലുള്ള സ്ഥിരം ജീവനക്കാർ മതിയാകുന്നതാണ്. അല്പം കൂടുതൽ ജീവനക്കാരെ സർവേസൂപ്രണ്ടിന്റെ ആഫീസിൽ നിയമിക്കണമെന്നു മിസ്റ്റർ കുമാരപിള്ള നിർദ്ദേശിക്കുന്നതായി ഞാൻ വിചാരിക്കുന്നു. അതിനു മാസംതോറും ൫,൫൦൦ രൂപ ചെലവാകും. അതു ഇപ്പോഴുള്ള സിൽബന്തികളിൽ പുറമെ മാണോ എന്നു എനിക്കു അറിഞ്ഞുകൂടാ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോൾ സർവേഡിപ്പാർട്ടുമെന്റിലുള്ള സിൽബന്തികളെക്കൊണ്ടു സാധിക്കുമെന്നു തോന്നുന്നില്ലാ. ഇപ്പോൾസർവേസൂപ്രണ്ടു അങ്ങിനെ സമ്മതിയ്ക്കുകയും ഇപ്പോൾ ആ ജോലി ചെയ്തുവരുന്നവരെ പിരിച്ചയച്ചതിൽപിന്നീടു അടുത്ത ബഡ്ജറ്റുസെക്ഷനിൽ കൂടുതൽ ആളുകൾ വേണമെന്നുള്ള അപേക്ഷയോടുകൂടി വരുകയും ചെയ്യുന്നു. അവിടേക്കു ഇടവരാതെ ഇപ്പോൾ ആ ജോലി ചെയ്തുവരുന്നവരെ തന്നെ അതിലേക്കു നിയമിക്കേണ്ടതാണ്. ഈസംഗതി റിപ്പോർട്ടിൽ വിട്ടുപോയിട്ടുള്ളതാണ്. ഓരോ താലൂക്കുകളിൽനിന്നും റിക്കാർഡുസംരക്ഷണജോലിനടത്തി അയയ്ക്കുന്നറിക്കാർഡുകളെ പരിശോധിക്കുന്നതിനു സർവേ ആഫീസിൽ തക്കതായ ആളില്ലാതെ നിവൃത്തിയില്ല. ഇനിമേൽ റിക്കാർഡുകൾ കൂടിവരാനേ തരമുള്ളു. ഇപ്പോൾ ഇരിക്കുന്ന ആളിനെ പിരിച്ചയച്ചു പുതുതായി ആളിനെ നിയമിക്കുന്നതൊരിക്കലും നല്ല നയമായി തീരുന്നതല്ല. അതുകൊണ്ടു ഇപ്പോൾ ഇരിക്കുന്ന ആളിനെത്തന്നെ അതിലേക്കു നിയമിക്കേണ്ടതാണെന്നാണ് എനിക്കുതോന്നുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): ൧൧൦൧-ാം മാണ്ടത്തെ ബഡ്ജറ്റു അടങ്കല്ലി

ന്റെ നമ്പരം വയസ്സ്നാണെന്ന റവന്യൂ കമ്മീഷണരോട് ഞാൻ അപേക്ഷിക്കുന്നു. പ്ലാട്ടുചെയ്തിട്ടുള്ള സ്കൂളുകളെ പരിശോധിക്കുന്നതിന്നു നിയമിച്ചിട്ടുള്ള പ്രതിമാസം ൫൦ രൂപ ശമ്പളമുള്ള ഒരു ഹെഡ് ഡ്രാഫ്റ്റ്സ്മാനും ൨൦ രൂപ ശമ്പളമുള്ള ൮ കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാനും ൧൫ രൂപ ശമ്പളമുള്ള ൩ കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാനും സ്ഥിരം ജീവനക്കാരല്ലെന്നും, എന്നാൽ അവർ താൽക്കാലിക ജീവനക്കാർ മാത്രമാകുന്നു എന്നും അതിൽ നിന്നും തെളിയിക്കാവുന്നതാണ്.

മി: കെ. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മുൻപു ഈവർ ഡിവിഷൻ കച്ചേരികളിൽ ജോലിനോക്കിക്കൊണ്ടുവന്നവരായിരുന്നു. അവരെ മാത്രമേ സർവേ ആഫീസിൽ എടുത്തിട്ടുള്ളൂ.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർവ്വേ ആഫീസിലുള്ള സ്ഥിരം ജീവനക്കാരെ പിരിച്ചുവിടുന്നതു ആവശ്യമായിട്ടുള്ളതാണെന്നു കണ്ടാൽ ഉദ്യോഗസ്ഥസമ്പ്രദായംമെമ്പർമാർ വിചാരിക്കുന്ന പക്ഷം അപ്രകാരം ചെയ്യാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): റിപ്പോർട്ടിൽ യാതൊരു വ്യവസ്ഥയും ചെയ്തില്ലെങ്കിൽ സർവേ ആഫീസിലെ സ്ഥിരമായ ഡ്രാഫ്റ്റ്സ്മാൻമാരെ പുറത്തുപോകാൻ പറയുമ്പോൾ അവരുടെ സർവീസിനു ഭംഗം വരികയില്ലേ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അവർ താൽക്കാലികജീവനക്കാരാണ്. സർവേ ഡിപ്പാർട്ടുമെന്റിലും ഭൂമി ക്രയവിക്രയ ഡിപ്പാർട്ടുമെന്റിലും ഉള്ള സിൽബന്തികൾക്കു സ്ഥിരജോലി കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അക്കൗണ്ടന്റുമാരുടെ പുതിയ ഒഴിവുകൾ ഉണ്ടാകുന്നപക്ഷം ആ ഒഴിവുകൾ നികത്തുന്നതിന് അവരെ പരിഗണിക്കണമെന്നു ആജ്ഞാപിച്ചിട്ടുണ്ട്. അവരെ വയസ്സുസംബന്ധിച്ചുള്ള ചട്ടത്തിൽ നിന്നും ഒഴിവാക്കുന്നതിന്നു ഗവണ്മെന്റിലേക്കു ശുപാർശചെയ്യുന്നുണ്ട്. അവരിൽ ചിലർ പ്രായം കൂടിയവരാണ്. വയസ്സ് ബാധകത്തിൽനിന്നും അവരെ ഒഴിവാക്കുന്നതാണ്. മറ്റു ചിലർ മാത്രം വളരെ ചെറുപ്പമായിരിക്കുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റിൽ അവർ മാത്രം കൊള്ളാവുന്നവരായിരിക്കുന്നു. എന്നാൽ അവരിൽ പലരും വളരെ നിർധനന്മാരും പണമില്ലാത്തവരും ആകുന്നു. അവർക്കു റവന്യൂ ഡിപ്പാർട്ടുമെന്റുകളിൽ ജോലികൾ കൊടുക്കുന്നതിന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നുണ്ട്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ളയുടെയും മി: കെ. ഐ. ജോസഫിന്റെയും നിർദ്ദേശങ്ങൾ കൂടുതൽ ശമ്പളം നൽകപ്പെടുന്ന സിൽബന്തികളെ നിയമിച്ച് മുൻപ്രസ്താവിച്ച ന്യൂനതകളെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയവയാണെങ്കിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അസിസ്റ്റന്റു തഹശീൽദാർമാരുടെ സ്ഥിരം ജീവനക്കാർക്കായി ഇപ്പോൾ ൨൯,൦൦൦ രൂപ ചെലവാകുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റവന്യൂ ഇൻസ്പെക്ടർമാരുടെ സിൽബന്തികൾക്കു ൫൪,൦൦൦ രൂപ ചെലവാകുന്നതാണ്. ഇപ്രകാരം ൫൫,൦൦൦ രൂപ ലാഭം ഉണ്ടാകും. റവന്യൂ ഇൻസ്പെക്ടർമാർക്കുള്ള ശമ്പളം ഇപ്പോഴത്തെ അസിസ്റ്റന്റു തഹശീൽദാർമാരുടെ ശമ്പളം തന്നെ ആക്കിത്തീർക്കുന്നതിന്നു ൨൯,൦൦൦ രൂപ കൂടുന്നതിനു സമ്മതിക്കുകയാണെങ്കിൽ ഞാൻ വളരെ സന്തോഷിക്കുന്നതാകുന്നു.

കൂടുതലായി ഒന്നിനും ഞാൻ പറയുന്നില്ല.

അദ്ധ്യക്ഷൻ: മി: തോമസിന്റെയും മി: കൊച്ചുകുഞ്ഞുപിള്ളയുടെയും ഭേദഗതികൾ മി: റാബിൻസൺ സ്വീകരിച്ചിരിക്കുന്നു. അതിനാൽ ഗവണ്മെന്റും പ്രസ്തുത ഭേദഗതികളെ സ്വീകരിച്ചതായി വിചാരിക്കപ്പെടാം. ഭേദപ്പെടുത്തപ്പെട്ട അഞ്ചാമത്തെ പ്രമേയത്തെ ഞാനിപ്പോൾ വോട്ടിനിടാം. വോട്ടുചെയ്യുമ്പോൾ തങ്ങൾക്കു ഇഷ്ടംപോലെ അപ്രകാരം വോട്ടുചെയ്യുന്നതിന്നു ഉദ്യോഗസ്ഥമെമ്പർമാർക്കു പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അതു സഭയിൽ പരസ്യമായി വോട്ടു ചെയ്യുന്നതാകുന്നു.

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): പ്രമേയത്തെ ഭേദപ്പെടുത്തപ്പെട്ട മാതിരിയിൽ വായിക്കുന്നപക്ഷം നാം എപ്രകാരം വോട്ടുചെയ്യണമെന്നു നമുക്കു മനസ്സിലാകുന്നതാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഭേദപ്പെടുത്തപ്പെട്ട പ്രമേയം താഴെ ചേർക്കുന്നു:—

"൧൯൩൫ ആഗസ്റ്റ് ൩൧-ാംനു-യിലെ റവന്യൂ ൨൨-ാം ആർ. ഓ. സി. നമ്പ്രപ്രകാരം സർ ഗവണ്മെന്റു ഉത്തരവുപ്രകാരം നിയമിക്കപ്പെട്ട കമ്മിറ്റിക്കാർ ൧൯൩൫ ഒക്ടോബർ ൧൫-ാംനു സമർപ്പിച്ച റിപ്പോർട്ടിൽ അവർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയെ പൊതുവിൽ ഗവണ്മെന്റു സ്വീകരിക്കേണ്ടതാണെന്നും എന്നാൽ കുറഞ്ഞശമ്പളത്തിൽ റവന്യൂ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുപകരം അസിസ്റ്റന്റു തഹശീൽദാർമാരെ അവരുടെ ഇപ്പോഴുള്ള ശമ്പളത്തിൽ വച്ചുകൊണ്ടിരിക്കണമെന്നും ഈ സഭ ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു."

മേൽ പ്രസ്താവിച്ച മിസ്റ്റർ തോമസ്സിന്റെ ഭേദഗതിയാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ നിയമാനുസരണം ഹാജരാക്കപ്പെട്ടതായോ പിൻവാങ്ങപ്പെട്ടതായോ ചെയ്തിട്ടില്ല. ഭേദഗതിയെ അദ്ദേഹം ഒന്നുകൂടി ഉറക്കെ ചെയ്തു വായിക്കുമോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഞാൻ ഹാജരാക്കിയ ഭേദഗതി താഴെപ്പറയും പ്രകാരമാണ്:—

"എന്നാൽ കുറഞ്ഞശമ്പളത്തിൽ റവന്യൂ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുപകരം അസിസ്റ്റന്റു തഹശീൽദാർമാരെ അവരുടെ ഇപ്പോഴത്തെ ശമ്പളത്തിൽ വച്ചുകൊണ്ടിരിക്കേണ്ടതാകുന്നു."

മി: സി. പി. കൊച്ചുകുഞ്ഞുപിള്ളയും മിസ്റ്റർ കെ. ഐ. ജോസഫും പ്രസ്താവിച്ച നിർദ്ദേശങ്ങളെ സ്വീകരിക്കുന്നതാകുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): ഇപ്പോഴത്തെ പദ്ധതി അനുസരിച്ച് എല്ലാ അസിസ്റ്റന്റു തഹശീൽദാർമാരെയും വച്ചുകൊണ്ടിരിക്കുമെന്നാണോ ഞങ്ങൾ വിചാരിക്കേണ്ടത്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഭേദഗതിയിലെ ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം സഭ ആലോചിച്ചിട്ടുള്ളതായി കാണുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): നിയമാനുസരണം ഹാജരാക്കുകയോ പിൻവാങ്ങുകയോ ചെയ്തിട്ടില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു ആദ്യത്തെ പ്രമേയത്തെ സംബന്ധിച്ചിടത്തോളം പരസ്പരവിരുദ്ധമായിട്ടുള്ളതാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയുടെ ഭേദഗതിയെമാത്രമെ ഹാജരാക്കിട്ടുള്ളു. അതിനെ മിസ്റ്റർ കെ. ഐ. ജോസഫ് പിൻതാങ്ങി.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആ ഭേദഗതിയിൽപോലും റിപ്പോർട്ടിനെ പൊതുവിൽ സ്വീകരിച്ചിട്ടുണ്ട്.

അദ്ധ്യക്ഷൻ: മിസ്റ്റർ സുബ്ബയ്യരുടെ ഭേദഗതിയെ പിൻതാങ്ങിയിട്ടില്ലെന്നു എനിക്കുതോന്നുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): മിസ്റ്റർ സുബ്ബയ്യർ നിർദ്ദേശിച്ചതിനെത്തന്നെ ഞാനും നിർദ്ദേശിച്ചു. എന്റെ നിർദ്ദേശത്തെ മിസ്റ്റർ സുബ്ബയ്യർ പിൻതാങ്ങിയെന്നു എനിക്കുതോന്നുന്നു. അസിസ്റ്റൻറുതഹശീൽദാരന്മാരുടെ ശമ്പളം ഇപ്പോഴുള്ളതുപോലെതന്നെ ആയിരിക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി മിസ്റ്റർ റാബിൻസന്റെ ഈ പ്രമേയത്തെ ഞാൻ ഹാജരാക്കി. മലയാളത്തിൽ ആയിരുന്നു എന്നുവരികിലും അങ്ങനെയാണ് ഞാൻ ഹാജരാക്കിയിട്ടുള്ളതു്; മിസ്റ്റർ സുബ്ബയ്യർ അതിനെ പിൻതാങ്ങുകയും ചെയ്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): റവന്യൂസൂപ്രവൈസരന്മാരുടെ സ്ഥാനത്തു അസിസ്റ്റൻറുതഹശീൽദാരന്മാരെ അവരുടെ ഇപ്പോഴത്തെ ശമ്പളത്തിൽ വച്ചുകൊണ്ടിരിക്കണമെന്നു സഭയുടെ ആലോചനക്കായി ഏതെങ്കിലും ഭേദഗതിയെ നിയമാനുസരണം ഹാജരാക്കുകയും പിൻതാങ്ങുകയും ചെയ്തിട്ടുണ്ടോ എന്നു അദ്ധ്യക്ഷനോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): എന്റെ പ്രസംഗം ചുരുക്കെഴുത്തിൽ എഴുതി എടുത്തിട്ടുണ്ട്. അതൊന്നു തരാൻപറഞ്ഞാൽ വായിച്ചുകേൾപ്പിക്കാം. ശമ്പളക്കാര്യത്തിലുള്ള വ്യത്യാസത്തോടുകൂടി റിപ്പോർട്ടു സ്വീകരിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. മിസ്റ്റർ സുബ്ബയ്യർ ആ അഭിപ്രായത്തെ പിൻതാങ്ങുകയും ചെയ്തു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, എനിക്കു മുമ്പിൽ പ്രമേയത്തെസംബന്ധിച്ച് സംസാരിച്ചവരെല്ലാം ചിലനിർദ്ദേശങ്ങളെപ്പറ്റി പറഞ്ഞതല്ലാതെ യാതൊരുഭേദഗതിയും അവർ ഹാജരാക്കിയില്ല.

മി: സി. പി. തരകൻ (കുന്നത്തുനാടു): ഉപക്ഷേപം ഇംഗ്ലീഷിൽതന്നെയായിരിക്കണമെന്നു നിർബന്ധമുണ്ടോ?

അദ്ധ്യക്ഷൻ: ഫ. റ. റവന്യൂസൂപ്രവൈസരന്മാരുടെ ശമ്പളം ൪൦ മുതൽ ൭൦ രൂപാവരെ ആയിരിക്കാൻ പാടില്ലെന്നും എന്നാൽ അതു അസിസ്റ്റൻറുതഹശീൽദാരന്മാരുടെ ഇപ്പോഴത്തെ സ്കേയിൽ അനുസരിച്ചുള്ള ശമ്പളമായിരിക്കണമെന്നും കാണിച്ച് ഒരു പ്രമേയം മിസ്റ്റർ തരകൻ ഹാജരാക്കിയതായും മിസ്റ്റർ സുബ്ബയ്യർ പിൻതാങ്ങിയതായും ഞാൻ മനസ്സിലാക്കി. പ്രസംഗം മലയാളത്തിലായിരുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതു അദ്ധ്യക്ഷന്റെ ഒരു വിധി ആയിട്ടോ ഒരു അഭിപ്രായമായിട്ടോ ഞങ്ങൾ കരുതേണ്ടതു്?

അദ്ധ്യക്ഷൻ: നടന്ന സംഭവത്തെഞാൻ മനസ്സിലാക്കിയവിധം പറഞ്ഞതാണ്.

മി: വി. സുബ്ബയ്യർ, (നിയമിക്കപ്പെട്ടമെംബർ ഡിപ്യൂട്ടിപ്രസിഡന്റ): സർ, ഞാൻ ഒരു ഭേദഗതിയെ ഹാജരാക്കി. എന്നാൽ അതിനെ ആരും പിൻതാങ്ങിയില്ല. ഒരേവിഷയത്തെപ്പറ്റി ഞാനും മിസ്റ്റർ തരകനും പ്രസംഗിക്കുകയും ഞങ്ങൾ രണ്ടുപേരും യോജിക്കയും ചെയ്തെങ്കിലും മിസ്റ്റർ തരകന്റെ ഭേദഗതിയെ ഞാൻ പിൻതാങ്ങിയില്ല.

അദ്ധ്യക്ഷൻ: അങ്ങിനെയാണെങ്കിൽ അതിനെ നിയമാനുസരണമുള്ള ഒരു ഭേദഗതിയായ് നമുക്ക വിചാരിക്കാൻപാടില്ല. സഭയുടെ ആലോചനയിൽ ഇരിക്കുന്നതു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഭേദഗതി മാത്രമാണ്.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതുകൊണ്ടാണ് മിസ്റ്റർ സുബ്ബയ്യരുടെ ഭേദഗതിയെപ്പറ്റി ഞങ്ങളിൽ ആരുംതന്നെ പ്രസംഗിക്കാഞ്ഞതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അസിസ്റ്റൻറുതഹശീൽദാരന്മാർക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കേയിൽ അനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നതിനുപകരം മുമ്പിലത്തെ ശമ്പളസ്കേയിൽ കൊടുക്കണമെന്നു ഇപ്പോൾ ഞാൻ നിർദ്ദേശിച്ചുകൊള്ളട്ടെ?

അദ്ധ്യക്ഷൻ: പ്രത്യേകമായിട്ടുള്ള ഒരു ഭേദഗതിയായി നിങ്ങൾക്കുതന്നെ അതു ഹാജരാക്കാം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മേൽപ്രസ്താവിച്ച ഭേദഗതിയെ ഇപ്പോൾ ഞാൻ ഹാജരാക്കുന്നു:—

"നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശമ്പളസ്കെയിലിൽ ഫ. റ. റവന്യൂസൂപ്രവൈസരന്മാരെ നിയമിക്കുന്നതിനുപകരം അസിസ്റ്റൻറുതഹശീൽദാരന്മാരുടെ ഇപ്പോഴത്തെശമ്പളത്തിൽ ഫ. റ. റവന്യൂസൂപ്രവൈസരന്മാരെ നിയമിക്കണം."

എന്ന ഭേദഗതിയെ ഞാൻ ഹാജരാക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിസ്റ്റർ റാബിൻസൺന്റെ മറുപടിയിൽ അദ്ദേഹത്തിന്റെ ഭേദഗതികൊണ്ടുവരുന്നതു നിയമാനുസരണമായിട്ടുള്ളതാണോ എന്നു അദ്ധ്യക്ഷന്റെ പക്കൽനിന്നു അറിയാൻ ഞാൻ താല്പര്യപ്പെടുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ മറുപടി അദ്ദേഹം പൂർത്തിയാക്കിക്കഴിഞ്ഞു. ഇപ്പോൾ അദ്ദേഹം ഭേദഗതിയെ ഹാജരാക്കാൻപോകുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ). സർ, ഇതിൽ മിസ്റ്റർ സുബ്ബയ്യരുടേയോ മിസ്റ്റർ തരകന്റെയോ ഭേദഗതി ഉൾപ്പെടുന്നുണ്ടോ?

അദ്ധ്യക്ഷൻ: അവരുടെ ഭേദഗതികൾ ഇല്ലല്ലോ. അതിനെ ഒരു പുതിയ ഭേദഗതിയായി നിങ്ങൾ ഹാജരാക്കണം.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എനിയ്ക്കു വേണ്ടി അതിനെ ഹാജരാക്കണമെന്നില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ഭേദഗതിയെ ഞാൻ ഹാജരാക്കുന്നതിനുമുൻപായി കമ്മിററിയിലെ മററ അംഗങ്ങളോട് ഞാൻ ആലോചിക്കാം. ഈ ആലോചനയ്ക്കായി അഞ്ചു മിനിട്ട് എനിയ്ക്കു അനുവദിച്ചുതരുമോ?

അദ്ധ്യക്ഷൻ: പത്തു മിനിട്ടുസമയം സഭ പിരിയുന്നതാകുന്നു. ആ സമയം പ്രസ്തുത ഭേദഗതിയെപ്പററി മിസ്റ്റർ റാബിൻസൺ മെംബറന്മാരുമായി സംഭാഷണം നടത്താവുന്നതാകുന്നു.

൨.൫൦-നു സഭ പിരിയുകയും ൩ മണിയ്ക്കു സഭ വീണ്ടും ആരംഭിക്കുകയും ചെയ്തു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, കമ്മിററിയിലെ അംഗങ്ങളുമായി ഞാൻ ആലോചിച്ചു. പ്രമേയത്തെ ആദ്യത്തെ രീതിയിൽതന്നെ ഞാൻ ഹാജരാക്കണമെന്ന് അവർ എന്നോടു അപേക്ഷിക്കുന്നു, അതായതു:—

“൧൯൨൭ ആഗസ്റ്റ് ൨൪-ാംനു-യിലെ റവന്യൂവക ൨൭-ലെ ആർ. ഓ. സി. ൩൨൭൨-ാംനമ്പർ ഗവർമ്മെൻറുത്തരവു അനുസരിച്ചു നിയമിക്കപ്പെട്ട കമ്മിററിക്കാർ ൧൯൨൭ ഒക്ടോബർ ൧൭-ാംനു- സമർപ്പിച്ച റിപ്പോർട്ടിൽ അവർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയെ പൊതുവിൽ ഗവർമ്മെൻറു സ്വീകരിക്കേണ്ടതാണെന്നു ഈ സഭ ഗവർമ്മെൻറിനോടു ശുപാർശചെയ്യുന്നു.”

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള നിർദ്ദേശിച്ച ഭേദഗതിയെ സ്വീകരിച്ചതിനുശേഷം ഈ പ്രമേയത്തെ ഈ രീതിയിൽ ഹാജരാക്കുന്നതിനു മിസ്റ്റർ റാബിൻസൺനു അധികാരമുണ്ടോ? ആദ്യത്തെ അഭിപ്രായത്തെ ത്യജിച്ച് ഇപ്പോഴത്തെ പ്രമേയത്തെ ഈ രീതിയിൽ ഹാജരാക്കുന്നതിനു അദ്ദേഹത്തിനു അവകാശമുണ്ടോ? അദ്ധ്യക്ഷൻെറ പക്കൽനിന്നും അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: നിയമാനുസരണം പറയുന്നതായാൽ നിങ്ങളാൽ പിൻതാങ്ങപ്പെട്ട മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഭേദഗതി നിയമവിരുദ്ധമായിട്ടുള്ളതായിരുന്നു. ഭേദഗതിയെസംബന്ധിച്ചിടത്തോളം നോട്ടീസ് ഇല്ലാതിരുന്നസ്ഥിതിയ്ക്കു——

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അതു ഹാജരാക്കുന്നതിനു അദ്ദേഹത്തെ അദ്ധ്യക്ഷൻ അനുവദിച്ചു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രട്ടറി): സർ, അതേ, അതു അദ്ധ്യക്ഷൻ അനുവദിച്ചിരിക്കുന്നു. അതിനാൽ ആ ഭേദഗതിയും സ്വീകരിക്കേണ്ടതായിതന്നെയിരിക്കുന്നു.

അദ്ധ്യക്ഷൻ: വാസ്തവം പറയുന്നതായാൽ അതു ശരിയായിട്ടുള്ളതല്ലെന്നുവരികിലും ആ ഭേദഗതിയെ ഞാൻ അനുവദിക്കയും മിസ്റ്റർ റാബിൻസൺ അതിനെ സ്വീകരിക്കയുംചെയ്തു.

മി: എസ്സ്. സി. എച്ച് റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ൧൯-ാംനമ്പർ സർക്കുലർ അനുസരിച്ചു നടത്തിയിട്ടുള്ള ജോലിയെ സംബന്ധിച്ചിടത്തോളം ഒരു ഭാഗത്തെ മാത്രമാണു മിസ്റ്റർ ജോസഫ് ചിന്തിച്ചിട്ടുള്ളു. ജോലി ശരിയായി നടത്തിയിട്ടുള്ള അല്പം ചില കേസുകൾ ഉണ്ടെന്നുവന്നേക്കാം. അതുകൊണ്ടു ആ സർക്കുലർ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഓരോ റിക്കാർഡും നശിപ്പിച്ചുകളയണമെന്നു പറയുന്നതു ന്യായമല്ല. ചില റിക്കാർഡുകൾ വച്ചുകൊണ്ടിരിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അബദ്ധങ്ങളെസംബന്ധിച്ചിടത്തോളം മാത്രമേ ശരിപ്പെടുത്താൻ ആവശ്യമുള്ളു. മററു കേസുകളിലുള്ള റിക്കാർഡുകളെസംബന്ധിച്ചിടത്തോളം അതു ആവശ്യമില്ല.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏറെ ഒന്നോ രണ്ടോ തെററുകൾ- ഡിപ്പാർട്ടുമെൻറിലെ സിൽബന്തികളുടെ സഹായത്തോടുകൂടി കമ്മിററിയിലെ അനുദ്യോഗസ്ഥാംഗങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്; തെററുകളെ കണ്ടുപിടിച്ചു അവയെ പരിഹരിക്കുന്ന വിഷയത്തെസംബന്ധിച്ചടത്തോളം സർവ്വേ ഡിപ്പാർട്ടുമെൻറിൽ വിശ്വാസമുണ്ടായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. മേൽപറഞ്ഞ എല്ലാ അബദ്ധങ്ങളേയും പരിഹരിക്കുന്നതിനു കഴിയുന്നതും ഞങ്ങൾ ശ്രമിക്കയാണ്. ഈ ഭേദഗതി കൂടുതൽ വൈഷമ്യത്തിനു വഴികാണിച്ചുകൊടുക്കയാണ് ചെയ്യുന്നത്. അതുകൊണ്ടു അതു വേണമെന്നു ശഠിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഭേദഗതി സ്വീകരിക്കപ്പെട്ടുകഴിഞ്ഞല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭൂമിറിക്കാർഡ്സംരക്ഷണക്കമ്മററിയിലെ അദ്ധ്യക്ഷൻ എന്ന നിലയിലൊ അതല്ല, ലാൻറുറവന്യൂകമ്മീഷണർ എന്നനിലയിലൊ ഈ ഭേദഗതി മിസ്റ്റർ റാബിൻസൺ ഹാജരാക്കിയിട്ടുള്ളത്.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പ്രമേയത്തെ ഹാജരാക്കിയ ആൾ എന്ന നിലയിലും സഭയിലെ ഒരു മെമ്പർ എന്നനിലയിലും കാര്യപരിപാടിയിൽ “ഭൂനികുതികമ്മീഷണർ” പ്രമേയം ഹാജരാക്കും എന്നു പ്രസ്താവിച്ചിരിക്കുന്നു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തെററായി തയ്യാറാക്കപ്പെട്ടിട്ടുള്ള റിക്കാർഡുകളെ മാത്രമേ എൻെറ ഭേദഗതിയിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളു.

അദ്ധ്യക്ഷൻ: മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ഭേദഗതിയിൽ അദ്ദേഹം അർത്ഥമാക്കിയിട്ടുള്ളതിനെ അദ്ദേഹം വ്യാഖ്യാനിക്കുന്നു. അദ്ദേഹം ഉപയോഗിച്ച ഭാഷയെ കുറെക്കൂടി സ്പഷ്ടമാക്കുന്നു.

മി: കെ. കെ. തോമസ്സ് (കോട്ടയം): വാസ്തവത്തിൽ ഭേദഗതിയിലെ ഭാഷ ഭേദപ്പെടുത്തുകയാണു നാം ചെയ്യുന്നത്. ഭേദഗതി നിയമവിരുദ്ധമായിട്ടുള്ളതാണെന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചിട്ടുണ്ടോ?

അദ്ധ്യക്ഷൻ: വാസ്തവത്തിൽ ശരിയായിട്ടുള്ളതല്ലെങ്കിലും പ്രസ്തുതഭേദഗതിയെ ഞാൻ അനുവദിച്ചിട്ടുണ്ട്. അതിനെ ഏതുഭാഷയിലാണോ ഹാജരാക്കിയതു ആ ഭാഷ ക്ലിഷ്ടമായിട്ടുള്ളതല്ലെന്നു മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള വിചാരിക്കുന്നതുകൊണ്ടു അദ്ദേഹം അതിനെ ഇപ്പോൾ കുറേക്കൂടി സ്പഷ്ടമാക്കിയിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അദ്ദേഹം പുതിയതായി ഭേദഗതിയെ ഹാജരാക്കുന്നു എന്നാണ് ഞാൻ വിചാരിയ്ക്കുന്നത്.

അദ്ധ്യക്ഷൻ: ഇല്ല, മുൻപിലത്തെ ഭേദഗതിയെ വീണ്ടും പകത്തുന്നതേയുള്ളു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതു കമ്മിററിയിലെ മററു അംഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

അദ്ധ്യക്ഷൻ: മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള ദയവുചെയ്തു നിങ്ങളുടെ ഭേദഗതിയെ ഇടയ്ക്കാട്ടുമോ?

മി: വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെമ്പർ ഡിപ്യൂട്ടിപ്രസിഡൻറ്): ഈവക ഏതെങ്കിലും ഭേദഗതിയുടെ ആവശ്യകതയുണ്ടോ എന്നു എനിക്കു തോന്നുന്നില്ല. എന്തെന്നാൽ "പൂഴക്കപ്പെട്ട പദ്ധതിയെ പൊതുവിൽ" എന്താണു പ്രസ്താവിച്ചിരിക്കുന്നതു്. റിപ്പോർട്ടിലെ ഇന്നയിന്ന ഖണ്ഡികകളിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്നു പ്രമേയത്തിൽ പറഞ്ഞിട്ടില്ല. "റിപ്പോർട്ടിൽ പൊതുവായി പ്രസ്താപിച്ചിരിക്കുന്നതു്" എന്നുമാത്രമേ അതിൽ പറഞ്ഞിട്ടുള്ളു. സഭ അതിനെ സ്വീകരിക്കണമെന്നു മിസ്റ്റർ റാബിൻസൺ ആവശ്യപ്പെടുന്നു. പുതിയതായി ഏതെങ്കിലും ഭേദഗതി വാസ്തവത്തിൽ ആവശ്യമുണ്ടോ എന്നു ഞാൻ വിചാരിക്കുന്നില്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഭേദഗതിയെ ഉൾപ്പെടുത്തേണ്ടതില്ലെന്നു അതിനാൽ അർത്ഥമാകുന്നില്ല. അതിനെ ഞാൻ വായിക്കാം. അതു താഴെപറയുംപ്രകാരമാണ്:—

"ഇപ്പോഴുള്ള സിൽബന്തികൾ ൫൯-ാംനമ്പർ സർക്കുലർ അനുസരിച്ചു തെററായി തയ്യാറാക്കിയിട്ടുള്ള റിക്കാർട്ടുകളെ താലൂക്കാഫീസുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും ഭൂമിറിക്കാർഡ് സംരക്ഷണ സിൽബന്തികൾ ചെയ്തുപോയിട്ടുള്ള അബദ്ധങ്ങളെ ആദ്യത്തെ അളവുകളുമായി പരിശോധിച്ചു ശരിപ്പെടുത്തേണ്ടതും ആകുന്നു".

സാർ, മേൽപ്രസ്താവിച്ച രീതിയിൽ ഭേദഗതിയെ ഹാജരാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: ഒരു പുതിയ ഭേദഗതിയെ ആണോ നിങ്ങൾ ഹാജരാക്കുന്നതു്?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇല്ല; അതിനെ ഞാൻ തിരുത്തിയതനുസരിച്ചു വായിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ: നിങ്ങൾ മുൻപു ഹാജരാക്കിയ ഭേദഗതിയെ നിങ്ങൾക്കു ഭേദപ്പെടുത്താൻ അവകാശമില്ല. അതിനെ നിങ്ങൾ ദയവുചെയ്തു വീണ്ടും പകത്തി മിസ്റ്റർ റാബിൻസണിന്റെ പക്കൽ ഏല്പിക്കണം. അതിനെ ഇപ്പോൾ ഭേദപ്പെടുത്തുന്നതിനു നിങ്ങൾക്കു അവകാശമില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പൂഴക്കപ്പെട്ട ഭേദഗതിയെ ഞാൻ സ്വീകരിക്കുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹം അതിനെ പൂഴക്കുന്നില്ല. നിങ്ങളുടെ പക്കൽ ഏല്പിക്കുന്നതിനു അതിനെ അദ്ദേഹം വീണ്ടും പകത്തുന്നതേയുള്ളു.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എന്റെ പേരിനു എതിരായി കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഭേദപ്പെടുത്തിയിട്ടുള്ളമാതിരിയിൽ സഭ സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഭേദഗതി താഴെപറയുംപ്രകാരമാണ്:—

"എന്നാൽ, ഇപ്പോഴുള്ള സിൽബന്തികൾ ൫൯-ാംനമ്പർ സർക്കുലർ അനുസരിച്ചു തെററായി തയ്യാറാക്കിയിട്ടുള്ള ഭൂമിറിക്കാർഡുസംരക്ഷണജോലി സംബന്ധിച്ച റിക്കാർഡുകളെ താലൂക്കാഫീസുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും ഭൂമിറിക്കാർഡ്സംരക്ഷണസിൽബന്തികൾ ചെയ്തുപോയിട്ടുള്ള അബദ്ധങ്ങളെ ആദ്യത്തെ സർവെറിക്കാർഡുകളുമായി പരിശോധിച്ചു ശരിപ്പെടുത്തേണ്ടതും ആകുന്നു".

അദ്ധ്യക്ഷൻ: ഭേദപ്പെടുത്തപ്പെട്ട പ്രമേയം താഴെ പറയുംപ്രകാരമാകുന്നു:—

"൧൯൨൮ ആഗസ്റ്റ് ൨൪-ാംനു-യിലെ റവന്യൂവക ൨൭൧-ം ആർ. ഒ. സി. ൩൫൬൨-ാംനമ്പർ ഗവണ്മെന്റുത്തരവു അനുസരിച്ചു നിയമിക്കപ്പെട്ട കമ്മിററിക്കാർ ൧൯൨൮ ഒക്ടോബർ ൧൭-ാംനു- സമർപ്പിച്ച റിപ്പോർട്ടിൽ അവർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയെ പൊതുവിൽ ഗവണ്മെന്റു സ്വീകരിക്കേണ്ടതാണെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു.

"എന്നാൽ, ഇപ്പോഴുള്ള സിൽബന്തികൾ ൫൯-ാംനമ്പർ സർക്കുലർ അനുസരിച്ചു തെററായി തയ്യാറാക്കിയിട്ടുള്ള ഭൂമിറിക്കാർഡ് സംരക്ഷണജോലി സംബന്ധിച്ച റിക്കാർഡുകളെ താലൂക്കാഫീസുകളിൽ ഉൾപ്പെടുത്താൻപാടില്ലാത്തതും ഭൂമിറിക്കാർഡുസംരക്ഷണസിൽബന്തികൾ ചെയ്തുപോയിട്ടുള്ള അബദ്ധങ്ങളെ ആദ്യത്തെ റിക്കാർഡുകളുമായി പരിശോധിച്ചു ശരിപ്പെടുത്തേണ്ടതുമാകുന്നു".

ഇതു സഭയുടെ വോട്ടിനായി ഇടുന്നു. ഭേദപ്പെടുത്തപ്പെട്ട പ്രമേയം വലുതായ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയിരിക്കുന്നു.

നിയമനിർമ്മാണം.

നാഞ്ചനാട്ടുവെള്ളാളബിൽ.

അദ്ധ്യക്ഷൻ: ഇനി നമുക്കു നാഞ്ചനാട്ടുവെള്ളാളബില്ലിനെപ്പററി വാദപ്രതിവാദം നടത്താം.

മി: എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ) അമെൻറുമെൻറു കിട്ടിട്ടില്ല.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെൻറ സെക്രട്ടറി): സർ, ഭേദഗതിയുടെ പ്രതികൾ മെമ്പറന്മാർക്കു വിതരണം ചെയ്യാൻ തയ്യാറായിട്ടില്ല.

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ പിരിഞ്ഞു നാളെ പതിനൊന്നരമണിക്കു വീണ്ടും കൂടുന്നതാണ്.

വൈകുന്നേരം ൪-൧൫-നു സഭപിരിഞ്ഞു.

ടി. പി. രാമസ്വാമിഅയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെസഭ.

൧൧൦൧-ലെ ഒന്നാമത്തെയോഗം.

൧൯൨൫ നവംബർ ൫-ാംനു വ്യാഴാഴ്ച.

(ഔദ്യോഗിക റിപ്പോർട്ട്).

മണി ൧൧ അടിച്ചു ൩൧ മിനിട്ടു കഴിഞ്ഞപ്പോൾ വിക്ടോറിയാജൂബിലിടൌൺഹാളിൽ അദ്ധ്യക്ഷൻ ആസനസ്ഥനായി യോഗം ആരംഭിച്ചു.

പ്രശ്നോത്തരങ്ങൾ.

[൧൨-ാം നമ്പ്ര സ്റ്റാൻഡിങ്ങ് ആർഡർ അനുസരിച്ചു അദ്ധ്യക്ഷൻ ചെയ്ത ഉത്തരവ്—

(൧) സഭകൂടിയിരിക്കുമ്പോൾ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും പറയാനുള്ള മറുപടികളുടേയും അച്ചടിച്ചപ്രതികൾ അദ്ധ്യക്ഷൻ സ്ഥാനത്തിൽ ആസനസ്ഥനാകുന്നതിനു ൧൫ നിമിഷത്തിനുമുമ്പിൽ സഭയിലുള്ള മേശപ്പുറത്തു വയ്ക്കേണ്ടതാകുന്നു.

(൨) ചോദ്യങ്ങൾ ചോദിക്കേണ്ടതും ഉത്തരങ്ങൾ പറയേണ്ടതും താഴെപറയുംപ്രകാരമാകുന്നു:—

സിക്രട്ടറി ഓരോ പ്രശ്നകർത്താവിൻറയും പേരു നമ്പ്ര മുറയ്ക്കു വിളിക്കേണ്ടതും, അയാളുടെ ചോദ്യങ്ങളുടെ നമ്പരുകളെ പ്രത്യേകം എടുത്തു പറയേണ്ടതും, അയാൾക്കു വല്ല ഉപപ്രശ്നങ്ങളും ചോദിക്കുവാൻ ആഗ്രഹമുള്ളപക്ഷം തൻറ സ്ഥാനത്ത് എഴുന്നേററുനിൽക്കുന്നതിനു ന്യായമായി വേണ്ടസമയം അയാൾക്കു കൊടുക്കാൻ മതിയാകുന്ന അത്രയുംനേരം കാത്തു നിൽക്കേണ്ടതും ആകുന്നു. ഉപപ്രശ്നങ്ങൾ അവസംബന്ധിക്കുന്ന പ്രധാന ചോദ്യങ്ങൾ കഴിഞ്ഞാൽ ഉടൻ ചോദിക്കേണ്ടതും ആകുന്നു.

അധഃകൃതവർഗ്ഗക്കാരിൽപെട്ട വിദ്യാർത്ഥികൾക്കു ഫീസ് കുറവുചെയ്തുകൊടുക്കണം.

(൧൪) മി: എസ്സ്. ജ്ഞാനജോഷ്വാ (നി: മെ:) ധനസ്ഥിതിസംബന്ധമായുള്ള ശോച്യാവസ്ഥയേയും വിദ്യാഭ്യാസക്കുറവിനേയും ഗണിച്ചു VI-ാം ഫാറത്തിൽ പഠിക്കുമ്പോൾ മുഴുവൻഫീസും ഇളച്ചുകൊടുക്കുന്ന അധഃകൃതരിൽപെട്ട വിദ്യാർത്ഥികളോട്, അവർ VI-ാംഫാറം ജയിച്ചു കാളേജു ക്ലാസ്സുകളിൽ ചേരുമ്പോൾ പകുതി ഫീസ്സ് കൊടുക്കണമെന്നു ആവശ്യപ്പെടുന്നതു വാസ്തവമായ സംഗതിയൊ എന്നു ഗവണ്മെൻറു സദയം പറയുമൊ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി) ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ മുഴുവൻഫീസ്സും ഇളച്ചുകൊടുക്കുന്ന അധഃകൃതവർഗ്ഗക്കാരിൽപെട്ട വിദ്യാർത്ഥികൾക്കു അവരുടെ കാളേജുവിദ്യാഭ്യാസത്തിനു മുഴുവൻ ഫീസും കൊടുക്കേണ്ടതാകുന്നു.

പബ്ലിക്ക് സർവീസിലുള്ള ഉദ്യോഗവിതരണം.

(൧൫) മിസ്റ്റർ എസ്സ്. ജ്ഞാനജോഷ്വാ (നി: മെ:) (എ) ഉദ്യോഗസംബന്ധമായ നിയമനങ്ങളെ ന്യായമായി വിഭാഗം ചെയ്തുകൊടുക്കുന്നതു തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ശ്രദ്ധയെ ധാരാളമായി ആകർഷിക്കുന്നവിഷയങ്ങളിൽ ഒന്നാകുന്നു എന്നു ഗവണ്മെൻറിനു അറിയാമൊ?

(ബി) വർഷന്തോറും പ്രസിദ്ധപ്പെടുത്തുന്ന "തിരുവിതാംകൂറിലെ സ്ഥിതിവിവരക്കണക്ക" എന്ന പുസ്തകത്തിൽ, വർണ്ണം, വർഗ്ഗം, മതം എന്നിവ അനുസരിച്ചു എല്ലാ ഡിപ്പാർട്ടുമെൻറുകളിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടികകൾ ഗവണ്മെൻറു പ്രസിദ്ധംചെയ്യുന്നുണ്ടോ?

(സി) സംസ്ഥാനത്തുള്ള വിവിധവർഗ്ഗക്കാരുടേയും അവകാശങ്ങളെ ആസ്പദമാക്കി തന്നാണ്ടിൽ ഉണ്ടായ ഒഴിവുകളെ അവരും അവരുടെ കീഴ്ഉദ്യോഗസ്ഥന്മാരും എങ്ങനെ വീതിച്ചുകൊടുത്തുഎന്നു കാണിക്കുന്നതായ സ്റ്റേറ്റുമെൻറുകളെ അവരുടെ വർഷാന്തരരണ റിപ്പോർട്ടുകളോടു ഡിപ്പാർട്ടുമെൻറു മേലധികാരികൾ ചേർക്കുന്നുണ്ടൊ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ചീഫ്സിക്രട്ടറി): (എ) ഓരോ വർഗ്ഗക്കാരും തങ്ങളുടെ അംഗങ്ങൾക്കു ഉദ്യോഗസംബന്ധമായ നിയമനങ്ങൾ സമ്പാദിച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നുവെന്നു ഗവണ്മെൻറിനു അറിയാം.

ബിയ്ക്കും സിയ്ക്കും ഉത്തരം വിപരീതമായിട്ടാകുന്നു.

കല്ലാർ പദ്ധതി.

(൧൬) മി: ജി. രാമൻമേനവൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): (എ) കുറെ കാലത്തിനു മുമ്പു നിർത്തിവെച്ചിരുന്നതായ കല്ലാർ ജലാശയത്തെ സംബന്ധിച്ചുള്ള ഹൈഡ്രോ എലക്ട്രിക്കൊ അല്ലെങ്കിൽ മററുവല്ല പദ്ധതികളേയോ പററിയുള്ള വല്ല അഭിപ്രായങ്ങളും അവക്കു കിട്ടിയിട്ടുണ്ടൊ എന്നു ഗവണ്മെൻറു സദയം പറയുമൊ?

(ബി) അപ്രകാരമുള്ള അഭിപ്രായങ്ങൾ അടങ്ങിയ വല്ല എഴുത്തുകുത്തുകളും ഉണ്ടെങ്കിൽ അവയുടെ പ്രതികൾ ഗവണ്മെൻറു സദയം മേശപ്പുറത്തു വയ്ക്കുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറുസിക്രട്ടറി): (എ)-യും (ബി)-യും അതിനുശേഷം ആ സംഗതിയെപ്പററി യാതൊരു എഴുത്തുകുത്തുകളും നടത്തിയിട്ടില്ല.

മി: പി. എൻ. വൃദ്ധാചലമയ്യരുടെ വേലയെപ്പററിയുള്ള വ്യവസായഡയറക്ടരുടെ റിപ്പോർട്ടു.

(൧൭) മി: സി. പി. ശങ്കരൻ (കുന്നത്തുനാട്): ഇപ്പോൾ ആഗ്രികൾചറൽ കെമിസ്റ്റായിരിക്കുന്ന മി: വൃദ്ധാചലമയ്യർ വ്യവസായഡിപ്പാർട്ടുമെൻറിൽ ജോലിയായിരിക്കുമ്പോൾ ചെയ്തിട്ടുള്ള അത്ഭുതകരമായ വേ

...യെപ്പററി വ്യവസായഡയറക്ടർ ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്തിട്ടുണ്ടോ എന്നു ഗവണ്മെൻറു സദയം പറയുമോ; അപ്രകാരം റിപ്പോർട്ടുചെയ്തിട്ടുള്ളപക്ഷം ആ റിപ്പോർട്ടിനെ മേശപ്പുറത്തു സദയം വെയ്ക്കുകയും ചെയ്യുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (മററക്ഷേചിയിൽ ഇരിക്കുന്ന ഗവണ്മെൻറുസിക്രട്ടറി): മി: വൃദ്ധാചലമയ്യരുടെ അതൃപ്തികരമായ ജോലിയെപ്പററി വ്യവസായഡയറക്ടർ യാതൊരു റിപ്പോർട്ടും ഗവണ്മെൻറിലേക്കു അയച്ചിട്ടില്ല.

കൃഷി ഡിപ്പാർട്ടുമെൻറിൽ മി: പി. എൻ. വൃദ്ധാചലമയ്യർ ചെയ്തിട്ടുള്ള വേല.

ഉ. ച. മി: സി. പി. തൊകൻ (കുന്നത്തുനാട്): കൃഷി ഡിപ്പാർട്ടുമെൻറിൽ അയാളെ നിയമിച്ചതിനു ശേഷം മിസ്റ്റർ. വൃദ്ധാചലമയ്യർ ചെയ്തിട്ടുള്ള ജോലിയെ കാണിക്കുന്നതായ ഒരു പട്ടിക ഗവണ്മെൻറു സദയം മേശപ്പുറത്തു വെയ്ക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (മററ ജേചിയിൽ ഇരിക്കുന്ന ഗവണ്മെൻറ് സിക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

തിരുവിതാംകൂർ സർവ്വകലാശാല കമ്മിററി റിപ്പോർട്ടിൻെറ പ്രതികളുടെ വിതരണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) സർവ്വകലാശാല കമ്മിററിയുടെ റിപ്പോർട്ട് എപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടു എന്നു ഗവണ്മെൻറു സദയം പറയുമോ?

(ബി) ഈ കൌൺസിലിൻെറയൊ ഇതിനെറ മുമ്പിലുള്ള കൌൺസിലിൻെറയൊ അംഗങ്ങൾക്കു ആ റിപ്പോർട്ടിൻെറ പ്രതികൾ കൊടുത്തിട്ടുണ്ടോ?

(സി) ഈ സംസ്ഥാനത്തിനു പുറമെ വല്ല ആളുകൾക്കും ആ റിപ്പോർട്ടിൻെറ പ്രതികൾ അയച്ചു കൊടുത്തിട്ടുണ്ടോ; അപ്രകാരം ഉണ്ടെങ്കിൽ, എത്ര പ്രതികൾ ആണ് അയച്ചുകൊടുത്തിട്ടുള്ളത്?

(ഡി) ഗവണ്മെൻറു പ്രസിദ്ധീകരണങ്ങൾ ഈ കൌൺസിൽ അംഗങ്ങൾക്കു കൊടുക്കുന്നുണ്ടോ എന്നു ഗവണ്മെൻറു സദയം പറയുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി):

(എ) ൧൧൨൨-ഏപ്രിൽമാസത്തിലാണ് സർവ്വകലാശാല കമ്മിററി റിപ്പോർട്ട് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്.

(ബി) ഇല്ല.

(സി) ഉണ്ട്. ൨൭൨ പ്രതികൾ.

(ഡി) ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളിൽ ചിലവ ഈ കൌൺസിൽ അംഗങ്ങൾക്കു കൊടുക്കുന്നുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർവ്വകലാശാല കമ്മററി റിപ്പോർട്ടിൻെറ പ്രതികൾ പ്രസ്സുകൾക്കോ പത്രങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ടോ എന്നു ഗവണ്മെൻറു സദയം പറയുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): ചിലപത്രങ്ങൾക്കു പ്രതികൾ അയച്ചുകൊടുത്തിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റിപ്പോർട്ടിൻെറ പ്രതികൾ മെമ്പന്മാർക്കു കൊടുക്കുന്നതിനു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ എന്നു മെമ്പർ സദയം പറയുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): റിപ്പോർട്ടിൻെറ സംഗതി ഗവണ്മെൻറ് ഇതുവരെ ആലോചനയ്ക്കു എടുത്തിട്ടില്ല. സർവ്വകലാശാലയെപ്പററിയുള്ള പദ്ധതി ഈ സഭയിൽ ആലോചനക്കു വരാറാകുമ്പോൾ റിപ്പോർട്ടിൻെറ പകർപ്പുകൾ കൌൺസിൽ അംഗങ്ങൾക്കു കൊടുക്കുന്ന സംഗതി ആലോചനയ്ക്കു എടുക്കുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ചോദ്യത്തിൻെറ 'സി' എന്ന ഭാഗത്തെ സംബന്ധിച്ചിടത്തോളം, സംസ്ഥാനത്തിനു പുറമെ പകർപ്പുകൾ അയച്ചുകൊടുത്തിട്ടുള്ള ആളുകളുടെ സ്ഥിതിയെപ്പററി ഗവണ്മെൻറു സദയം പറയുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): അതു ഒരുവലിയലിസ്റ്റ് ആണ്. പ്രതികൾ അയച്ചു കൊടുത്തിട്ടുള്ള ആളുകളുടെ സ്ഥിതിയെപ്പററി അതിൽ നിന്നും ഒരു ക്ലിപ്തമായ തത്വത്തെയും കണ്ടുപിടിക്കുവാൻ നിവൃത്തിയില്ലാത്തതാകുന്നു. ആ ലിസ്റ്റിൽ ൨൭൨ പേരുകൾ ഉണ്ട്. മെമ്പർക്കു ആഗ്രഹമുള്ള പക്ഷം ആ ലിസ്റ്റിനെ വായിച്ചു നോക്കാവുന്നതാകുന്നു. ആ ലിസ്റ്റിൽ നിന്നും ഒരു സാധാരണ തത്വത്തെ കണ്ടുപിടിക്കുവാൻ വളരെ പ്രയാസമുള്ളതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സംസ്ഥാനത്തിനു പുറമെ പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതിൽ ഏതെങ്കിലും തത്വത്തെ അനുസരിച്ചിട്ടുണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി) മെമ്പറോട്ടു പറയത്തക്കവണ്ണമുള്ള യാതൊരു ക്ലിപ്തതത്വവുമില്ലാ. പ്രത്യേകം ചില ആളുകൾക്കു പ്രതികൾ അയച്ചു കൊടുക്കുന്നതിനു കാരണങ്ങൾ ഉണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചോദ്യത്തിൻെറ 'ബി' എന്ന ഭാഗത്തെ സംബന്ധിച്ചു ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളിൽ ഉള്ളതായ സംഗതികളെ മെമ്പറന്മാർ അറിഞ്ഞിരിക്കേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): അതെ, അവർ അറിഞ്ഞിരിക്കേണ്ടതാണ്

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു അങ്ങനെയാണെങ്കിൽ, സർവ്വകലാശാല കമ്മിററി റിപ്പോർട്ടിൻെറ പ്രതികൾകൂടി മെമ്പറന്മാർക്കു കൊടുക്കേണ്ടതല്ലയൊ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രിട്ടറി): ആ ചോദ്യത്തിനുള്ള ഉത്തരം ഞാൻ ഇതിനു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. റിപ്പോർട്ടു ഈ സഭയിൽ ആലോചനക്കായി വരാറാകുമ്പോൾ മെമ്പറന്മാർക്കു പ്രതികൾ അയച്ചുകൊടുക്കുന്ന വിഷയം ആലോചനക്കു എടുക്കുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പറന്മാർക്കു അപ്രകാരമുള്ള പുസ്തകങ്ങൾ കൊടുക്കുന്ന സംഗതിയിൽ വല്ല നിബന്ധനകളും ഉണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ്സിക്രട്ടറി): യാതൊരുവിധമായ നിബന്ധനകളും ഇല്ല. ആ വിഷയം കൌൺസിലിൻെറമുമ്പാകെ വരാറാകുമ്പോൾ ആ സംഗതിയെപ്പററി ആലോചിക്കുന്നതാണ്.

സിക്രിട്ടേരിയേററിലും അക്കൌണ്ടാഫീസിലും ഉള്ള
മഹമ്മദൻ ക്ലാക്കുകൾ.

(൩൦) മി: പി. ഹബീബ്മഹമ്മദ് (നി: മെ:)

(എ) സിക്രിട്ടറിയേററിലും അക്കൌണ്ടാഫീസിലും ബി. എ. ജയിച്ചവരും, ബി. എ. ജയിക്കാത്തവരും, ആയിട്ട് ഉള്ള മഹമ്മദീയരായ ക്ലാക്കുകളുടെ എണ്ണം ഗവണ്മെൻറ് സദയം പറയുമൊ?

(ബി) അവർ ഓരോരുത്തരും എപ്പോഴാണ് ജോലിയിൽ പ്രവേശിച്ചതു്?

(സി) ഓരോരുത്തരേയും എപ്പോഴാണ് സ്ഥിരപ്പെടുത്തിയതു്?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ്ചീഫ്സിക്രട്ടറി): "എ", "ബി", "സി" ഇപ്പോൾ സിക്രിട്ടറിയേററിലും അക്കൌണ്ടാഫീസിലും ജോലിനോക്കുന്ന മഹമ്മദീയക്ലാക്കുകളുടെ പേരുകളും, ആദ്യമായി ജോലിയിൽപ്രവേശിച്ച തിയതിയും, സ്ഥിരപ്പെടുത്തിയതിയതിയും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: ഹബീബ്മഹമ്മദ് (നി: മെ:) പകരം ജോലിനോക്കിവരുന്ന ക്ലാക്കുകളെ സ്ഥിരപ്പെടുത്തുന്നതിൽ പ്രധാനമായി ഏതു തത്വത്തെയാണ് അനുസരിച്ചുവരുന്നതു് എന്നു ഗവണ്മെൻറ് സദയം പറയുമൊ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിങ്ങ് ചീഫ്സിക്രട്ടറി): ജൂനിയറന്മാരെ (സർവീസുകുറഞ്ഞവരെ) സ്ഥിരപ്പെടുത്തുന്നതിന്മുമ്പിൽ പകരം ജോലിനോക്കുന്നവരിൽ സീനിയർ ക്ലാക്കിനെയാണ് സ്ഥിരപ്പെടുത്തുന്നതു്. സാധാരണയായി ഈ നിയമം ആണ് അനുസരിച്ചുവരുന്നതു്.

മി: പി. ഹബീബ്മഹമ്മദ് (നി: മെ:) രണ്ടാമത്തെ അനുബന്ധത്തിൽ എം. മുഹമ്മദ് യൂസഫ്സേട്ടിനെ ൧൦൯൯-ൽ ആദ്യമായി "എൽ. ജി." താഴ്ന്നതരത്തിലുള്ള ക്ലാക്കായി നിയമിച്ചു എന്നും ൧൧൦൦-ൽ എച്ച് ജി. (ഉയർന്നതരത്തിലുള്ള) മൂന്നാംക്ലാസ് ക്ലാക്കായി നിയമിച്ചു എന്നും കാണുന്നു. അതെങ്ങിനെയാണ്?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിങ്ങ്ചീഫ്സെക്രിട്ടറി). ആ മനുഷ്യൻ ബി. എ. ജയിക്കുന്നതിനുമുമ്പിൽ അയാളെ സിക്രിട്ടരിയേററിൽ താഴ്ന്നതരത്തിലുള്ള ക്ലാക്കായി നിയമിച്ചിരുന്നു.

മി: പി. ഹബീബ്മഹമ്മദ് (നി: മെ:) ൧൦൯൯-ാണ്ട് അയാളെ താഴ്ന്നതരത്തിലുള്ള ക്ലാക്കായി നിയമിച്ചു എന്നും ൧൧൦൦-ാണ്ട് ഉയർന്നതരത്തിൽ മൂന്നാംക്ലാസ്ക്ലാക്കായി നിയമിച്ചു എന്നും അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നു. അതെങ്ങിനെ ആണ്? അതു് അച്ചടിപ്പിശകാണോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിങ്ങ്ചീഫ്സെക്രിട്ടറി): അതു് അങ്ങനെയാണെന്ന് തോന്നുന്നു. അതിൽ കൊടുത്തിട്ടുള്ള തീയതി തെററാണ്. ൧൦൯൯ എന്നു പറയുന്ന വർഷം ൧൧൦൧-ന് പകരം പിശകായി അച്ചടിക്കാരൻ ഇട്ടിട്ടുള്ളതാണ്.

ചെറുണ്ണിമലവാരത്തിലെ ട്രാംവേസ്ഥാപനം.

(൩൧) മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്):

(എ) ചെറുണ്ണിമലവാരത്തിൽ ഒരു ട്രാംവേ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വനം കൺസർവേററർ സമർപ്പിച്ചിട്ടുണ്ടൊ എന്നും,

(ബി) ആ പദ്ധതിയെ ഗവണ്മെൻറ് അനുവദിച്ചോ എന്നും,

(സി) ഒരു സ്പെഷ്യൽ ആഫീസരേയും, ഒരു കൂട്ടം മററ് ഉദ്യോഗസ്ഥന്മാരേയും ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടൊ എന്നും,

(ഡി) സ്പെഷ്യൽആഫീസരും അദ്ദേഹത്തിൻെറ ആളുകളും കുറേദിവസം വേലചെയ്തിട്ടുണ്ടൊ എന്നും,

(ഇ) ഇപ്പോൾ സ്പെഷ്യൽ ആഫീസരേയും അദ്ദേഹത്തിൻെറ ആളുകളേയും ആ വേലയിൽനിന്നും തിരിച്ചുവിളിച്ചിട്ടുണ്ടൊ എന്നും,

ഗവണ്മെൻറ സദയം പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (മററു ജോലിനോക്കിവരുന്ന ഗവണ്മെൻറുസിക്രിട്ടറി):

(എ) അതെ.

(ബി) തരംതിരിച്ച് എണ്ണിനോക്കുന്നതിൻെറ ഫലമായി ട്രാംവേ ആരംഭിക്കാമൊ എന്നുള്ള സംഗതിയെപ്പററി ആലോചിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ചെറുണ്ണിവാരത്തിലുള്ള തടികളെ ഇനംതിരിച്ച് എണ്ണി വില തിട്ടപ്പെടുത്തുന്നതിന് ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്.

(സി) ആ ജോലിക്കുവേണ്ടി ഒരു സ്പെഷ്യൽ ആഫീസരേയും നിയമിച്ചിട്ടില്ല. ഡിപ്പാർട്ടുമെൻറിൽ ഉള്ള പതിവ് ജോലിക്കാരെക്കൊണ്ടു് വേല നടത്തിക്കുന്നതിന് ഉത്തരവിടുകയും അതിനു ഡിപ്പാർട്ടുമെൻറിലുള്ള ഒരു അസിസ്റ്റൻറു കൺസർവേറററെ പ്രത്യേകം നിയമിക്കയും ചെയ്തിട്ടുണ്ടു്.

(ഡി) പതിവു് ഉദ്യോഗസ്ഥന്മാരോടുകൂടി അസിസ്റ്റൻറ് കൺസർവേററർ കുറെ വേലചെയ്തിട്ടുണ്ടു്.

(ഇ) തന്നാണ്ടിലേക്ക് അനുവദിച്ചിട്ടുള്ള ബഡ്ജററിൽനിന്നും ഈ ചെലവിലേക്കുള്ള പണം ചെലവിടുന്നതു് യോജ്യമല്ലാതെ ഇരുന്നതിനാൽ ആ വേലയെ നിറുത്തിവച്ചിരിക്കുകയാണ്.

൧൦൯൯-ലും, ൧൧൦൦-ലും ഏർപ്പെടുത്തിയ ചാരായഷാപ്പുകളുടേയും,
കള്ളുഷാപ്പുകളുടേയും എണ്ണം.

(൩൨) മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്): ൧൦൯൯-ലും ൧൧൦൦-ലും വാസ്തവത്തിൽ എത്ര ചാരായഷാപ്പുകളും കള്ളുഷാപ്പുകളും ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഗവണ്മെൻറു സദയം പറയുമൊ?

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ്സിക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരം താഴെചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു:—

ആണ്ട്	ചാരായഷാപ്പ്	കള്ളഷാപ്പ്
൧൧൦൮	൩൩൮	൧൩൭൪
൧൧൦൯	൩൩൮	൧൩൭൭

മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും, വ്യവസായവും-തെക്ക്): ഈ ഉത്തരത്തിൽനിന്നും കള്ളഷാപ്പുകളുടെ എണ്ണം കൂടുതൽ ആണെന്ന് കാണുന്നു. കൌൺസിൽ നടപടികളുടെ രണ്ടാംവാല്യത്തിൽ ഒന്നാംപുസ്തകത്തിൽ അഞ്ചാമത്തെ ചോദ്യത്തിൻെറ "ബി" എന്ന ഭാഗത്തിന് കൊടുത്തിട്ടുള്ള മറുപടിയെ ഞാൻ മെമ്പറെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ആ മറുപടി ഇപ്രകാരമാകുന്നു:—

"കള്ളുകുടി പട്ടരെ വൈഷമ്യമുള്ളതും ചെലവുള്ളതും ആകർഷണീയമല്ലാത്തതും ആക്കിത്തീർത്ത് കള്ളുകുടിയാൽ ഉണ്ടാകുന്ന ദോഷത്തെ തടയുന്നതാണ് ഗവണ്മെൻറ് എല്ലായ്പോഴും ചെയ്തുവരുന്ന നയം. ഈ ഉദ്ദേശ്യത്തോടുകൂടി അവർ ഷാപ്പുകളുടെ എണ്ണം കുറയ്ക്കുകയും, വൃക്ഷക്കരത്തെ കൂട്ടുകയും, ചാരായത്തിൻെറയും കള്ളിൻെറയും വിലയേയും നികുതിയേയും വർദ്ധിപ്പിക്കുകയും, ചാരായത്തിൻെറ വീര്യത്തെ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്."

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിലിരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): ആ നയം ഇതേവരെ മാററിയിട്ടില്ല.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): എന്നാൽ ഷാപ്പിൻെറ എണ്ണം കൂടിയിട്ടുണ്ട്.

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽഇരിക്കുന്ന ഗവണ്മെൻറുസെക്രട്ടറി): തിരുവല്ല അമ്പലപ്പുഴ എന്നീ താലൂക്കുകളിൽ ചെത്തിന് വിരുദ്ധമായുള്ളപ്രക്ഷോഭത്തിൻെറ പ്രാബല്യംകൊണ്ട് രണ്ടുഷാപ്പ് പിടിക്കുന്നതിനു ആളില്ലാതെവന്നു. പിന്നീട്ട ലേലം വിളി കേൾക്കാൻ ആളുകൾ ഉണ്ടാകുകയും തന്നിമിത്തം ഷാപ്പുകൾ ഏർപ്പെടുത്തപ്പെടുകയും ചെയ്തു. ആത്യമായി അനുവദിച്ചിട്ടുള്ള ഷാപ്പുകളുടെ എണ്ണത്തിൽ യാതൊരു കൂടുതലും ഇല്ല.

തിരുവനന്തപുരം പട്ടുവ്യവസായശാലയിൽ ഉള്ള കോയമ്പത്തൂർ ആടുകൾ.

(൩൩) മി: എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും,തെക്ക): (എ) ൧൧൦൮-ാമാണ്ടു ആരംഭത്തിൽതിരുവനന്തപുരം പട്ടുവ്യവസായശാലയിൽഉണ്ടായിരുന്ന കോയമ്പത്തൂർആടുകളുടെഎണ്ണവും,

(ബി) ൧൧൦൮-ൽ ഉണ്ടായതായ ജനനത്തിൻെറ എണ്ണവും,

(സി) ൧൧൦൮-ൽ ഉണ്ടായ മരണത്തിൻെറ എണ്ണവും,

(ഡി) ൧൧൦൮-ൽ പെണ്ണാടുകൾക്ക് വിററതിൻെറഎണ്ണവും, ഗവണ്മെൻറ് സദയം പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറുസിക്രട്ടറി): (എ) ൪൯.

(ബി) ൧൧

(സി) ൨

(ഡി) ൧൨

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): 'ഡി' എന്ന ഭാഗത്തിനുള്ള ഉത്തരത്തിനെ സംബന്ധിച്ച, ൧൧൦൮-ൽ കൃഷിഡിപ്പാർട്ടുമെണ്ടിൻെറ റിപ്പോർട്ടിൽ ഈവിഷയം സംബന്ധിച്ചുള്ള പട്ടികയെ മെമ്പർ ദയവുചെയ്തു നോക്കുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറുസിക്രട്ടറി); ഞാൻ ആ റിപ്പോർട്ടു നോക്കിയിട്ടുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അവിടെ കൊടുത്തിട്ടുള്ള നമ്പർ ആറ് ആണ്. എന്നാൽ ഇവിടെ പറഞ്ഞിട്ടുള്ളതു പന്ത്രണ്ടാകുന്നു.

മി: എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറു സെക്രട്ടറി): നിങ്ങൾ പറയുന്നതായ റിപ്പോർട്ടിൽ അക്കങ്ങളെ സംബന്ധിച്ച ഒരു വ്യത്യാസം ഉണ്ട്. അതു അച്ചടിപിശകുകൊണ്ടോ ക്ലാക്കുകളുടെ പിശകുകൊണ്ടോ ആയിരിക്കണം. എന്നാൽ ശരിയായ നമ്പർ ഇപ്പോൾ പറഞ്ഞമാതിരി പന്ത്രണ്ടാണ്.

കൃഷി ഉപയോഗങ്ങൾക്കായി കിണറുകൾ കുഴിക്കുന്നതു്.

൩൪. മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും,തെക്ക്): ഏത്തവാഴ കരിമ്പു മുതലായ വ്യാപാരസംബന്ധമായ കൃഷിസാധനങ്ങൾ ലാഭകരമായ വിധത്തിൽ കൃഷിചെയ്തുവരുന്ന ഉയന്ന സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ചു വെള്ളംകൊണ്ടുവരുന്ന സംഗതിയെപ്പററി വ്യവസായ ഇഞ്ചിനീയർ അന്വേഷണം നടത്തുന്നു എന്നു ദിവാൻജി ൧൧൦൮ ഫെബ്രുവരിമാസത്തിലെ പ്രജാസഭയുടെ ൨൦-ാമത്തെ യോഗത്തിൽ വെച്ചു പറഞ്ഞതിനെപ്പററി ആ അന്വേഷണം നടത്തിത്തീർന്നോ എന്നും അപ്രകാരമായാൽ ആ വിഷയം സംബന്ധിച്ചു അവർ എന്തു നടപടി നടത്തിട്ടുണ്ടെന്നും ഗവണ്മെണ്ടു സദയം പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (മററു ജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറുസിക്രട്ടറി): വെള്ളം മുകളിലേക്കു കൊണ്ടുവരുന്നതിനെപ്പററിയുള്ള അന്വേഷണം പൂർത്തിയായിട്ടുള്ളതും കൃഷികാര്യങ്ങൾക്കു യോജ്യമായ പമ്പുകളും വെള്ളം ഉയർത്തിക്കൊണ്ടുവരുന്ന യന്ത്രങ്ങളും നോക്കിതിരിഞ്ഞെടുക്കേണ്ട സംഗതിയെപ്പററി അവ വാങ്ങാൻ ഉദ്ദേശിക്കുന്ന ആളുകളെ വേണ്ടവിധം ഉപദേശിക്കുന്നതിനു ഇപ്പോൾ വ്യവസായഡിപ്പാർട്ടുമെൻറുകാർ തയാറായിരിക്കുന്നതും ആകുന്നു. കിണറു കുഴിക്കുന്നതിനെപ്പററി വെള്ളം ധാരാളമുള്ള തട്ടിനെ കണ്ടുപിടിക്കുന്നതിനു പരീക്ഷണാത്ഥം അനേകം സ്ഥലങ്ങളിൽ കുഴിച്ചുനോക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിനുവേണ്ടിയിട്ടു ആവിയാൽ ഓടുന്നതായ ഒരു തുരകയന്ത്രം ഗവണ്മെൻറു വാങ്ങിച്ചിട്ടുണ്ട്. അതുകൊണ്ടു ഒരു നിയന്ത്രിതമായ രീതിയിൽ വേണ്ട അന്വേഷണം നടത്തുന്നതാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഇപ്പോഴത്തെ പടിയിൽനിന്നും, മുൻപു പറഞ്ഞ പരീക്ഷകളുടെ ഫലം ഇനിയും പരീക്ഷണാർത്ഥം അനേകം ഇരുകൊല്ലം കഴിച്ചു നോക്കണമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): അതാണോ മെമ്പരുടെ ഊഹം?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഇപ്പോഴത്തെ മറുപടിയിൽനിന്നും ഞാൻ അപ്രകാരമാണോ മനസ്സിലാക്കേണ്ടത്.

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): അതാണ് മെമ്പരുടെ ഊഹം എന്നു ഞാൻ വിചാരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഈ രംകയന്ത്രം എപ്പോഴാണു വിലക്കു വാങ്ങിയതെന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): എനിക്കു ഓർമ്മയുള്ളിടത്തോളം അതു ൧൧൦൦-ലാണു വാങ്ങിച്ചതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): അതിന്റെ വില എന്താണ്?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സിക്രട്ടറി): വിലയുടെ തുക ഇപ്പോൾ എനിക്കു നിശ്ചയമില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക്): ഗവൺമെൻറിനുവേണ്ട സാമാനങ്ങൾ വിലക്കുവാങ്ങുന്നതിനെസംബന്ധിച്ച ഉദ്യോഗസ്ഥന്മാരെ നയിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ചട്ടങ്ങളെ ഇക്കാര്യത്തിലും അനുസരിച്ചോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സിക്രട്ടറി): അതു ആദ്യത്തെ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നതല്ലാത്ത ഒരു നൂതന ചോദ്യമാണ്. മെമ്പറിനു അറിയണമെന്നു ആഗ്രഹമുള്ളപക്ഷം കൂടുതൽ അന്വേഷണങ്ങൾ നടത്താം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക): ആ നിബന്ധനകളിൽ ആവശ്യപ്പെടുന്നതുപോലെ തിരുവിതാംകൂറിലുള്ള ഏതെങ്കിലും പത്രങ്ങളിലും അപേക്ഷകൾ ആവശ്യപ്പെടുന്നതായ വല്ല നോട്ടീസുകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സിക്രട്ടറി): ഇതിനു മുമ്പിലത്തെ ചോദ്യത്തിനു തന്നെ തന്നതായ അതേ മറുപടിതന്നെ ഈ ചോദ്യത്തിനും തരുന്നു.

പരസ്പരസഹായസംഘം രജിസ്ത്രാർ.

൰൭. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക): (എ) ഇപ്പോഴത്തെ പരസ്പരസഹായസംഘം രജിസ്ത്രാരുടെ മുൻഗാമികൾക്കെല്ലാവർക്കും ദിവാൻപേഷ്കാരന്മാരായി കയററം സിദ്ധിച്ചില്ലയോ എന്നു ഗവൺമെൻറു സദയം പറയുമോ?

(ബി) പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാരായി ജോലി നോക്കീട്ടുള്ള ആളുകളെസംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഗവൺമെൻറു മേശമേൽ സദയം വയ്ക്കുമോ?

(൧) പേര്.
(൨) ഉദ്യോഗത്തിൽ നിയമിച്ച തീയതി.
(൩) ശമ്പളവും, പടിയും.
(൪) ഗ്രേഡും റാങ്കും.
(൫) ഉദ്യോഗത്തിൽനിന്നും വിട്ടുതീയ തീയതി, എപ്പോൾ എന്നും, ഏതു ശമ്പളത്തിൽ എന്നും.

(സി) ബ്രിട്ടീഷ് ഇൻഡ്യയിലും മററുള്ള നാട്ടുരാജ്യങ്ങളിലും പരസ്പരസഹായസംഘം രജിസ്ത്രാർക്കുള്ള ഗ്രേഡും, റാങ്കും, ശമ്പളവും എന്താണ്?

മി. കെ. നാരായണൻപണ്ടാല (ആ. ഗവൺമെൻറു ചീഫ്സിക്രട്ടറി): (എ) ഇപ്പോഴത്തെ പരസ്പരസഹായസംഘം രജിസ്ത്രാരുടെ മുൻഗാമികൾ എല്ലാവർക്കും ദിവാൻപേഷ്കാരായി കയററം സിദ്ധിച്ചിട്ടില്ല.

(ബി) ആവശ്യപ്പെട്ടതായ പട്ടിക മേശമേൽ വച്ചിരിക്കുന്നു.

(സി) ഗവൺമെൻറിനു അതിനെ സംബന്ധിച്ച യാതൊരു അറിവും ഇല്ലാ.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക): "ബി" എന്ന ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ആ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴത്തെ രജിസ്ത്രാരെപ്പോലെ ഇതേ ശമ്പളത്തിൽ കയറിയ ഇപ്പോഴത്തെ രജിസ്ത്രാരുടെ മുൻഗാമിക്കു ഒരു ആക്റ്റിംഗ് ദിവാൻപേഷ്കാരുടെ വേലകിട്ടുന്നതിനു അഞ്ചുമാസം മാത്രമേ കാത്തിരിക്കേണ്ടതായി വന്നൊള്ളു എന്നു ഗവൺമെൻറിനു അറിയാമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവൺമെൻറു ചീഫ്സിക്രട്ടറി): സർ, പ്രധാന ചോദ്യത്തിൽനിന്നും ആ ചോദ്യം എങ്ങനെയാണ് ഉത്ഭവിക്കുന്നത്?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക): ആ സംഗതിയെ ഗവൺമെൻറു നോട്ടുചെയ്യുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവൺമെൻറു ചീഫ്സിക്രട്ടറി): ആ വിവരത്തെപ്പററി അന്വേഷണം നടത്തേണ്ടതാണ്.

ചെങ്കോട്ടതാലൂക്കിലുള്ള പുറമ്പോക്ക.

൰൮. മി. എസ്സ്. സുബ്രഹ്മണ്യയ്യർ (പത്തനാപുരവും ചെങ്കോട്ടയും): (എ) കഴിഞ്ഞ സെററിൽമെൻറിൽ പുറമ്പോക്കുകളായി ചേർത്തിട്ടില്ലാത്ത ഏതെങ്കിലും ഇടവഴികൾ, കാലുകൾ മുതലായവയെ അപ്രകാരംതന്നെ അവയെ സംരക്ഷിക്കേണ്ടതെന്നുള്ളതു അത്യാവശ്യമാണെന്നുള്ളപക്ഷം ചെങ്കോട്ടതാലൂക്കിൽ എടുത്തു പുറമ്പോക്കുകളായി കൊള്ളിച്ചിട്ടുണ്ടോ എന്നു ഗവൺമെൻറു സദയം അന്വേഷണം നടത്തുമോ?

(ബി) അപ്രകാരം ഒരു റിക്കാർഡും ഇതേവരെ ഉണ്ടാക്കിയിട്ടില്ലാത്ത പക്ഷം ആവശ്യമുള്ളപ്പോൾ മേല്പറഞ്ഞ സംഗതിയെപ്പററി ൧൯൫൩ ഏപ്രിൽ ൩൦-നുയ എൽ. ആർ. ൩൫൩൫-നമ്പർ ഗവണ്മെന്റു ഉത്തരവിനെതുടർന്നു വേണ്ട നടപടി നടത്തുവാൻ ചെങ്കോട്ട തഹശീൽദാരെ ഗവണ്മെന്റു ഏർപ്പെടുത്തുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): പൊതുജനങ്ങൾക്കു അവ അത്യന്താപേക്ഷിതമാണെന്നുകണ്ടപ്പോൾ കഴിഞ്ഞ സെററിൽമെന്റിൽ പുറമ്പോക്കിൽ കൊള്ളിച്ചിട്ടില്ലാത്തതായ ഇടവഴികൾ കാലുകൾ മുതലായവയെ പിന്നീട്ട ഗവണ്മെന്റിലേക്കു എടുത്തു പുറമ്പോക്കിൽ കൊള്ളിച്ചിട്ടുള്ളതായി ചില ദൃഷ്ടാന്തങ്ങൾ ചെങ്കോട്ടതാലൂക്കിൽ ഉണ്ടായിട്ടുണ്ട്.

(ബി) 'ഏ' എന്ന ഭാഗത്തിനുള്ള മറുപടി ആലോചിച്ചു നോക്കുമ്പോൾ ഇതിന്റെ ആവശ്യം നേരിടുന്നില്ല.

ചെങ്കോട്ടതാലൂക്കിലുള്ള നഞ്ചമേൽ പുഞ്ച.

൩൭. മി. എസ്സ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും ചെങ്കോട്ടയും): (എ) ചെങ്കോട്ടതാലൂക്കിലെ ക്ലാങ്കാട്ട, ആയക്കുടി, സാംബൂർവടകര എന്നീ ഗ്രാമങ്ങളിൽ ഉള്ള നഞ്ചമേൽ പുഞ്ചകൃഷിയെപ്പററി വിവരമായ ഒരു അന്വേഷണം ഗവണ്മെന്റു സമയം നടത്തുമോ?

(ബി) ആ കൃഷിക്കുതന്നെ മതിയായ ജലം ഇല്ലാത്തതിനാൽ കന്നികൃഷിക്കുവേണ്ടി ജലത്തിന്റെ ആവശ്യമില്ലാത്ത കൃഷികളുടെ വിളവുകൾ എടുത്തുതുടങ്ങുമ്പോൾ പുഞ്ചനിലത്തിനുള്ള കരത്തിൽ പകുതിമാത്രം ഈടാക്കുന്നതിനു അവക്കു മയവുണ്ടാകുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): 'ഏ'യും 'ബി'യും ശ്രീമൂലം പ്രജാസഭയുടെ പതിനാമത്തെ യോഗത്തിലെ ചെങ്കോട്ടതാലൂക്കുമെമ്പർ ബോധിപ്പിച്ചതിന്റെ ഫലമായി ആ സംഗതിയെപ്പററി അന്വേഷണം നടത്തുന്നതിനായി ഗവണ്മെന്റു ഉത്തരവു അയച്ചിട്ടുണ്ട്. ഡിവിഷൻ പേഷ്കാരുടെ റിപ്പോർട്ട് കിട്ടിയിട്ടുള്ളതും, അതു ആലോചനയിൽ ഇരിക്കുന്നതും ആകുന്നു.

താമരക്കുളം അളത്തിലെ ഉപ്പുകൃഷി.

൩൮. മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): (എ) നല്ല ഉപ്പുവെള്ളത്തിന്റെ കുറവുനിമിത്തം താമരക്കുളത്തിലെ ഉപ്പളങ്ങൾ ഓരോ കൊല്ലം ചെല്ലുന്തോറും നശിച്ചുവരികയാണെന്നുള്ള വസ്തുത ഗവണ്മെന്റിനു അറിയാമോ?

(ബി) അങ്ങനെയാണെങ്കിൽ, കാലതാമസംകൂടാതെ കടലിൽനിന്നും നല്ല ഉപ്പുവെള്ളം കിട്ടത്തക്കവണ്ണം വേണ്ടഏർപ്പാടുകൾ ഗവണ്മെന്റു സമയം ചെയ്യുമോ?

(സി) നല്ല ഉപ്പുജലത്തിന്റെ ദൌർല്ലഭ്യംനിമിത്തം അളങ്ങളിൽ ഉള്ള വിളവുകൾ വളരെ ക്ഷേശമാണെന്നുള്ള സംഗതിയെ ആസ്പദമാക്കിയും, സംഗതികളുടെ ഇപ്പോഴത്തെ സ്ഥിതിയ്ക്കു ഗവണ്മെന്റിലേക്കു ചെല്ലേണ്ടതായ ഉപ്പുക്കുറി ഉണ്ടാക്കുന്നതിനു ലൈസൻസ് എടുത്തവർക്കു നിവൃത്തിയില്ലാത്തതിനാലും, അതുകൊണ്ടു ഉപ്പു കുറച്ചുകൊടുക്കുന്നതിനു എപ്പോഴും ഹർജികൾ ബോധിപ്പിക്കേണ്ടിയിരിക്കുന്നതിനാലും, കടലിൽനിന്നും അവർ ഉപ്പുവെള്ളം വരുത്തികൊടുക്കുന്നതുവരെ ലൈസൻസ് എടുത്തവരുടെ പക്കൽനിന്നും മേൽവാരത്തിൽ അവക്കുള്ള ശരാശരിയായി ആകെയുള്ള വിളവിൽ ൨-ൽ ഒരുഭാഗംമാത്രം വാങ്ങുന്നതിനു ഗവണ്മെന്റിനു മയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സിക്രട്ടറി): (എ) നല്ല ഉപ്പുവെള്ളത്തിന്റെ ദൌർലഭ്യത്താൽ താമരക്കുളം അളത്തിലുള്ള ഉപ്പുകൃഷിയ്ക്കു ഹാനിസംഭവിച്ചിട്ടുണ്ട്.

(ബി) ലൈസൻസ എടുത്തവർ എഴുതിവച്ചിട്ടുള്ള ഉടമ്പടികളിലെ നിബന്ധനപ്രകാരം അവരുടെ സ്വന്തംചിലവിന്മേൽ അവർ അവക്കാവശ്യമുള്ള ഉപ്പുവെള്ളം ഉണ്ടാക്കികൊള്ളേണ്ടതാകുന്നു. അളങ്ങളിലേക്കുവേണ്ട നല്ല ഉപ്പുവെള്ളം തയാറാക്കികൊടുക്കുന്നതിനും, അതിനുള്ള ചിലവിനെ വിളഞ്ഞുകിട്ടുന്ന ഉപ്പിന്മേൽ ഒരു നികുതിചുമത്തി ലൈസൻസ എടുത്തവരിൽനിന്നും ഈടാക്കി എടുക്കുന്നതിനും ആയി എക്സൈസ് കമ്മീഷണർ അയച്ച അഭിപ്രായങ്ങൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(സി) ലൈസൻസ എടുത്തവരിൽനിന്നും ഉണ്ടായിട്ടുള്ള സഹായത്തെ ആലോചിക്കുന്നതായാൽ അവക്കു ഒരു കുറവും ഗവണ്മെന്റു അനുവദിച്ചുകൊടുക്കേണ്ട ആവശ്യമില്ല.

മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): 'സി' എന്ന ഭാഗം ചോദ്യത്തിനുള്ള മറുപടി താഴെ പറയുംപ്രകാരം ആകുന്നു:—

"ലൈസൻസ് എടുത്തവരിൽനിന്നും ഉണ്ടായിട്ടുള്ള സഹായത്തെ ആലോചിച്ചുനോക്കുന്നപക്ഷം അവക്കു ഒരു കുറവും ഗവണ്മെന്റു അനുവദിച്ചുകൊടുക്കേണ്ട ആവശ്യമില്ല."

ലൈസൻസ് എടുത്തിട്ടുള്ളവക്കു കുറവു അനുവദിച്ചുകൊടുത്തിട്ടുള്ള ദൃഷ്ടാന്തങ്ങളേയും, അപ്രകാരം അനുവദിച്ചുകൊടുക്കാനിടയായിട്ടുള്ള കാരണങ്ങളേയും മെമ്പരിൽനിന്നും എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സിക്രട്ടറി): ഞാൻ ചോദ്യം കേട്ടില്ല. മെമ്പർ മയവുണ്ടായി അതിനെ ഒന്നുകൂടി പറയുമോ?

മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): 'സി' എന്ന ഭാഗം ചോദ്യത്തിനു ഉത്തരം താഴെ പറയുംപ്രകാരമാകുന്നു.

"ലൈസൻസ് എടുത്തിട്ടുള്ളവരിൽനിന്നും ഉണ്ടായിട്ടുള്ള സഹായം ആലോചിക്കുന്നപക്ഷം അവക്കു ഒരു കുറവും ഗവണ്മെന്റു അനുവദിച്ചുകൊടുക്കേണ്ട ആവശ്യമില്ല."

കുറവു അനുവദിച്ചുകൊടുത്തിട്ടുള്ള അവസരങ്ങളിൽ അവയെ ഏതുകാരണങ്ങളിന്മേലാണ് അനുവദിച്ചുകൊടുത്തിട്ടുള്ളത്?

മി. എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റ സിക്രട്ടറി): ന്യായമാണ് എന്നു ഗവണ്മെന്റിനു തോന്നിയിട്ടുള്ള കാരണങ്ങളിന്മേലാണ് അനുവദിച്ചുകൊടുത്തിട്ടുള്ളത്.

മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ആ കാരണങ്ങൾ എന്തെല്ലാമാണ്?

മി. എൻ. നീലകണ്ഠപ്പിള്ള (മററ ജോലിയിൽ ഇരിക്കുന്ന ഗവമെണ്ട സിക്രട്ടറി): കാരണങ്ങൾ ഓരോന്നിലും വ്യത്യാസപ്പെട്ടിരിക്കുകയാണ്.

മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): അപ്രകാരമുള്ള ഓരോന്നിന്റെ കാരണങ്ങളുടെ ഒരു രൂപം മേശപ്പുറത്തു വെക്കേണ്ടുമെന്ന അപേക്ഷിക്കുന്നു.

മി. എൻ. നീലകണ്ഠപ്പിള്ള (മററ ജോലിയിൽ ഇരിക്കുന്ന ഗവമെണ്ട സിക്രട്ടറി): മെമ്പർ ഉദ്ദേശിക്കുന്ന സഹിതമുള്ള കാരണങ്ങളാണോ ആവശ്യപ്പെടുന്നത്? ഒരു മൈവേറ്റയായി ഉണ്ടാകുന്ന അപ്രതീക്ഷിതമായ സംഭവമാകുന്നു.

അദ്ധ്യക്ഷൻ: ആ ചോദ്യത്തിനു ഞാൻ മറുപടി പറയട്ടയോ? ഗവമെണ്ടിനു തൃപ്തികരമായിട്ടും ന്യായമായിട്ടും തോന്നിയിട്ടുള്ള കാരണങ്ങളെ ആസ്പദമാക്കിയാണ് കുറവുകൾ അനുവദിച്ചുകൊടുത്തിട്ടുള്ളതു.

ഗവമെണ്ടിനു ചെല്ലേണ്ടതായ ഉപ്പിനു അവധാനികൾക്കു ഇളച്ചുകൊടുത്തതു.

ന്നൻ. മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): (എ) ൧൧൦൮-ലും ൧൧൦൯-ലും ആയി ഗവമെണ്ടിലേക്കു ചെല്ലേണ്ടതായ ഉപ്പിനെ സംബന്ധിച്ചിടത്തോളം അവധാനികൾക്കു ഗവമെണ്ട ഇളവുചെയ്തുകൊടുത്തതു വാസ്തവമാണോ?

(ബി) ലൈസൻസ് എടുത്ത എല്ലാവർക്കും ഒരുപോലെയുള്ള പെരുമാററം ലഭിക്കത്തക്കവണ്ണം അവർക്കു അതേമാതിരിയുള്ള ഇളവുചെയ്തു കൊടുക്കുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മററ ജോലിയിൽ ഇരിക്കുന്ന ഗവമെണ്ട സിക്രട്ടറി): (എ) അവധാനികളുടെ അളത്തിലെ പങ്കുകാരായ വെങ്കിട്ടനാരായണഅവധാനിയലിനും, ഗുരുനാഥഅവധാനിയലിനും ൧൧൦൮-ലും, ൧൧൦൯-ലും ആയി ൧൩൦൦൦-വും, ൩൭൦൦൦-വും മണ ഉപ്പു പ്രത്യേകംപ്രത്യേകമായി ഇളവുചെയ്തു അനുവദിച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഓരോരുത്തരുടെ കാര്യവും അതിന്റെ അർഹതകളെ ആസ്പദമാക്കിയാണ് ചെയ്തിട്ടുള്ളതും, ഒരു ഉദ്ദേശവും ഇല്ലാതെ വെറുതെ യാതൊരു കുറവും അനുവദിച്ചിട്ടില്ലാത്തതും ആകുന്നു; കൂടാതെ മറെറാന്നിന്റെ ത്തിൻപേരിൽ ചെയ്തുകൊടുത്തതായ ഒരു സംഗതിക്കു എല്ലാവർക്കും അവകാശപ്പെടാം എന്നുള്ള സംഗതിയെ ഗവമെണ്ട അംഗീകരിക്കുന്നതല്ല.

മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും-ചെങ്കോട്ടയും): ൧൧൦൮-ലും ൧൧൦൯-ലും ഉള്ള ഉപ്പിൽ ൧൩൦൦൦ മണും ൩൭൦൦൦ മണും ഉപ്പുവീതം അവധാനികളുടെ അളത്തിൽ ഉള്ള രണ്ടു പങ്കുകാർക്കു അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതേ അളത്തിലുള്ള മററുപങ്കുകാരും കുറവുചെയ്തുകൊടുക്കണമെന്നു അപേക്ഷിച്ചിട്ടുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മററജോലിയിൽ ഇരിക്കുന്ന ഗവമെണ്ടസിക്രട്ടറി): എനിക്കു ഓർമ്മയുള്ളിടത്തോളം അപ്രകാരം ഇല്ലാ.

മണക്കുടികായൽ തീരത്തുള്ള വെള്ളച്ചാലിന്റെ അന്യായമായ ബന്ധനം.

൧൦. മി. എസ്. സുബ്രഹ്മണ്യക്കരയാളർ (പത്തനാപുരവും ചെങ്കോട്ടയും)

(എ) അളങ്ങൾക്കു തെക്കുവശമുള്ള വെള്ളച്ചാലിനെ അന്യായമായി മി. റി. വി. കൃഷ്ണയ്യർ അടച്ചുകളഞ്ഞതുകൊണ്ടു ൧൧൦൯-ൽ വൃശ്ചികത്തിൽ മണക്കുടികായലിനു പടിഞ്ഞാറുവശമുള്ള പ്രധാനപ്പെട്ട നാലു ഉളങ്ങൾ വെള്ളംകയറി നിറഞ്ഞുപോയി എന്നുള്ളവസ്തുത ഗവമെണ്ടിനു അറിയാമോ?

(ബി) അപ്രകാരമുള്ള ന്യായരഹിതമായ തടങ്കലിനെ ഇല്ലായ്മചെയ്വാൻ ഗവമെണ്ട ആ സംഗതിയിൽ വല്ലനടപടികളും നടത്തിയിട്ടുണ്ടോ?

(സി) മേലാൽ നഷ്ടമുണ്ടാകാതെ ഇരിക്കുന്നതിനുവേണ്ടി ആ വെള്ളച്ചാലിനെ മുമ്പിലത്തെപോലെ ഇടുന്നതിനുവേണ്ടച്ചുർപ്പാടുകൾ ഗവമെണ്ട ദയവുചെയ്തുചെയ്യുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മററജോലിയിൽഇരിക്കുന്ന ഗവമെണ്ടസിക്രട്ടറി)

(എ) ൧൧൦൯ വൃശ്ചികത്തിലെ വെള്ളപ്പൊക്കസമയത്തിൽ അളങ്ങൾക്കുണ്ടായിട്ടുള്ള ദോഷങ്ങൾ മി റി. വി. കൃഷ്ണയ്യർ ശുദ്ധജലച്ചാലിനെ പഴയസ്ഥാനത്തുനിന്നും മാററിയതിനാൽ ഉണ്ടായിട്ടുള്ളതല്ല എന്നാൽ ഇതിനുമുമ്പു ഉണ്ടായിട്ടില്ലാത്തമാതിരിയിൽ ഉണ്ടായ ജലപ്രളയംനിമിത്തം ഉണ്ടായതാകുന്നു. മി. കരയാളരുടേയും അവധാനികളുടേയും അളങ്ങൾനിമിത്തം ഇടുങ്ങിയിരിക്കുന്നതായ പ്രധാനചാലിൽ കൂടി സമുദ്രത്തിൽചെന്നുചേരുന്നതിനു സ്ഥലംപോരാത്തതുകൊണ്ടാകുന്നു.

(ബി) മി. റി. വി. കൃഷ്ണയ്യർ അളങ്ങൾക്കു തെക്കുവശത്തുള്ള വെള്ളച്ചാലിനെ കുറെക്കൂടി തെക്കോട്ടേക്കു മാററിയതല്ലാതെ അടച്ചിട്ടില്ല.

(സി) ആ സംഗതിആലോചനയിൽ ഇരിക്കുകയാണ്.

പരസ്പരസഹായസംഘങ്ങൾക്കും, അവമുഖേനയും, അനുവദിച്ചുകൊടുത്തിട്ടുള്ള പ്രത്യേക കടങ്ങൾ.

൧൧. മി. എ. ജെ. ജാൺ (വൈയ്ക്കം): പരസ്പരസഹായസംഘങ്ങൾ മുഖാന്തിരം അനുവദിച്ചുകൊടുത്തിട്ടുള്ള പ്രത്യേകകടങ്ങളെപ്പററി താഴെപ്പറയുന്ന സംഗതികളുടെ വിവരങ്ങൾ ഗവമെണ്ട ദയവായി പറയുമോ?

(എ) കടങ്ങൾക്കായി അപേക്ഷിച്ചിട്ടുള്ള പരസ്പരസഹായസംഘങ്ങളുടെ പേർ,

(ബി) ഓരോന്നും അപേക്ഷിച്ചിട്ടുള്ള തുകകൾ

(സി) കടങ്ങൾ ഏതുസംഘങ്ങൾ മുഖാന്തിരം അനുവദിച്ചുകൊടുത്തിട്ടുണ്ടോ അവയുടെ പേരുകൾ,

(ഡി) ഓരോ സംഘം മുഖാന്തിരം അനുവദിച്ച തുകകൾ,

മി. എൻ. നീലകണ്ഠപ്പിള്ള (മററജോലിയിൽഇരിക്കുന്ന ഗവമെണ്ടസിക്രട്ടറി). എ. മുതൽ ഡി. വരെ മെമ്പർ ആവശ്യപ്പെടുന്നതായ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെണ്ട നോക്കണമെങ്കിൽ നിയമസഭാസിക്രട്ടറിയുടെ ആഫീസിൽ കിട്ടുന്നതാണു.

ജലപ്രളയ നിവാരണകടങ്ങളുടെ വിതരണം.

൭൨. മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും) : കഴിഞ്ഞ ജലപ്രളയം സംബന്ധിച്ചു പരസ്പരസഹായസംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ള കടങ്ങളുടെ തുകകൾ അടങ്ങിയ ഒരു സ്റ്റേററുമെൻറും അങ്ങനെയുള്ള സംഘങ്ങളുടെ പേരുകളും, ഓരോന്നു മുഖാന്തിരവും വിതരണം ചെയ്തിട്ടുള്ള തുകയും കാണിക്കുന്നതായ ഒരു സ്റ്റേററുമെൻറു ഗവർമ്മെൻറു സഭയിൽ മേശമേൽ വെയ്ക്കുമൊ?

മി. എൻ. നീലകണ്ഠപിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവർമ്മെൻറു സിക്രട്ടറി) : മി. എ. ജെ. ജോണിന്റെ ൭൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുന്നതിനു മെമ്പറോടു ആവശ്യപ്പെടുന്നു.

അനുബന്ധം ൧.

൭൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൨൭-൨-൧൦൮൯ മുതൽ ൭-൩-൧൧൦൧ വരെ മി. പി. എൻ. വൃദ്ധാചലമയ്യർ ചെയ്തിട്ടുള്ള ജോലിയുടെ വിവരം.

(൧) ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനത്തിനുവേണ്ടി ലണ്ടനിലേക്കു അയക്കുന്നതിനായി കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങു, നനകിഴങ്ങു, മരച്ചീനി, മധുരക്കിഴങ്ങു, കണ്ണങ്കായ് മുതലായ മാവേറുകളുടെ സസ്യാദികളിൽനിന്നും ൨൭-൨-൧൦൮൯ മുതൽ അദ്ദേഹം രസതന്ത്രശാസ്ത്രരീത്യാ ശുദ്ധമായ സ്റ്റാർച്ച് ഉണ്ടാക്കുന്നതിൽ ഏർപ്പെട്ടിരിക്കയായിരുന്നു.

(൨) ഈ സംസ്ഥാനത്തിൽ പഞ്ചസാര ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററിയുള്ള അന്വേഷണം. തെങ്ങു, ചൂണ്ടപ്പന, കുടപ്പന, ഇവകളിൽനിന്നും എടുക്കുന്ന മധുരക്കള്ളുകൊണ്ടുള്ള എല്ലാപരീക്ഷണങ്ങളും അദ്ദേഹംപൂർത്തിയായി നടത്തിയിട്ടുണ്ടു.

(൩) ഈ സംസ്ഥാനത്തിൽ സ്റ്റാർച്ച് ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററിയുള്ള അന്വേഷണം ഇതിനെപ്പററിയുള്ള ജോലി ഇപ്പോഴും നടന്നുവരികയാണ്.

(൪) കൊല്ലംമുതൽ അഞ്ചുതെങ്ങുവരെ കടൽതീരത്തുള്ള മണ്ണു പരിശോധന—ഈ ജോലി കഴിഞ്ഞ ആണ്ടു അവസാനത്തോടുകൂടിയാണ് ആരംഭിച്ചതു.

(൫) കള്ളിൽചേർത്തിരിക്കുന്ന അക്കാനിയെ വേർതിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ—എക്സൈസ്കമ്മീഷണരുടെ പ്രത്യേകഅപേക്ഷയിന്മേൽ, കള്ളിൽ അക്കാനിചേർത്തിരുന്നാൽ അതിനെ കണ്ടുപിടിക്കുന്നതിനുള്ള ഒരുനൂതനമാർഗ്ഗം അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടു.

(൬) പതിവായിശാസ്ത്രപ്രകാരമുള്ളവസ്തുവിഭജനം—മി. വൃദ്ധാചലമയ്യർ ൩൨വിധ വളങ്ങളേയും, പതിമൂന്നുതരത്തിലുള്ള വളങ്ങളേയും, ൭ മാതിരിയിലുള്ള ഉപ്പുകളേയും ശാസ്ത്രപ്രകാരം പിരിച്ചുനോക്കിയിട്ടുണ്ടു.

അനുബന്ധം ൨.

൬൦-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

സിക്രിട്ടേറിയേററിലും അക്കൗണ്ടാഫീസിലും ബി. എ. ജയിച്ചവരായും ജയിക്കാത്തവരായും ഉള്ള മഹമ്മദീയ ക്ലാക്കുകളുടെ ലിസ്റ്റ്.

നമ്പർ	പേരു	ആദ്യമായി നിയമിച്ച തിയതി	സ്ഥിരപ്പെടുത്തിയതിയതി	റിമാർക്ക്
	സിക്രിട്ടേറിയററ്			
	ബി. എ. ജയിച്ചവർ			
൧	എം. ബഷീർസാഹിബ് ഹെഡ്ഗ്രേഡുനാംക്ലാസ് ക്ലാക്ക്	൧൦-൧൧-൧൦൯൩	൧൩-൧൦-൧൧൦൦	
൨	മഹമ്മദ് യൂസഫ്സേട്ടു	൨൯-൧൧-൯൩ ലോവർഗ്രേഡുക്ലാക്ക് ൨൭-൧൧-൯൩ ഹെഡ്ഗ്രേഡു ക്ലാക്ക്	...	ആക്ട് ചെയ്തുകൊണ്ടിരിക്കുന്നു.
	ബി. എ. ജയിക്കാത്തവർ			
൩	കെ. മഹമ്മദ് കാസീം ലോവർഗ്രേഡുക്ലാക്ക്	൧൭-൪-൯൩	൩-൭൯൯	
൪	എച്ച്. എ. ഷെറിഫ്, ടൈപ്പിസ്റ്റ്	൧-൧൧-൭൩	൧൫-൩-൧൦൯൦	
൫	എൻ. അബ്ദുൽക്കരിംസാഹിബ് ടൈപ്പിസ്റ്റ്	൧൦-൯-൯൭	൧-൧-൧൦൯൭	
	അക്കൗണ്ടാഫീസ്			
	ബി. എ. ജയിച്ചവർ			
൧	മഹമ്മദ്സാഹിബ് ഹെഡ്ഗ്രേഡുക്ലാക്ക്	൧-൭൯൭	...	ടി

അനുബന്ധം III. ൭൫-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.
പരസ്പരസഹായസംഘങ്ങളുടെ രജിസ്ത്രാരന്മാരെ സംബന്ധിച്ചുള്ള പട്ടിക.

നമ്പർ	പേര	നിയമിച്ച തിയതി	രജിസ്ത്രാരുടെ നിലയിൽ ഉള്ള ശമ്പളവും പടിയും	ഗ്രേഡും റാങ്കും	വിട്ടൊഴിഞ്ഞ തിയതി	ഏതു നിലയിൽ എന്നും എന്തു ശമ്പളത്തിൽ എന്നും	റിമാൎക്ക്സ്
൧	സി. ഗോവിന്ദപ്പിള്ള തഹശീൽദാർ, സ്പെഷ്യൽ ഡിവിഷൻ അസിസ്റ്റന്റ	൨൭-൭-൧൦൯൦ ൧൭-൧൨-൧൦൯൦ ൽ ചാൎജ്ജെടുത്തു	രൂപ ൨൫൦	ഡിവിഷൻ അസിസ്റ്റന്റ ഒന്നാംക്ലാസ് മജിസ്ത്രേട്ടും (൨൫൦-൫൦/൨-൩൫൦)	൧൧-൧-൧൦൯൫	സീനിയർ ഡിവിഷൻ അസിസ്റ്റന്റരൂപ ൪൦൦	അതിനശേഷം ഒന്നാംഗ്രേഡ് ഡിവിഷൻഅസിസ്റ്റന്റിന്റെ നിലയിൽരൂപ ൪൦൦ ശമ്പളംവാങ്ങി
൨	എൻ. കൃഷ്ണയ്യങ്കാർ സപ്ലോട്ടം ഡിവിഷൻ പേഷ്കാർ	൧൧-൧-൧൦൯൫	രൂപ ൫൦൦	ദിവാൻപേഷ്കാരുംഡിസ്ത്രിക്ട് മജിസ്ത്രേട്ടും (൫൦൦-൧൦൦/൨-൭൦൦)	൩൦-൬-൧൦൯൫	ദിവാൻപേഷ്കാർ രൂപ ൭൦൦	
൩	വി. എസ്സ്. കേശവയ്യർ രണ്ടാംഗ്രേഡ് ഡിവിഷൻ അസിസ്റ്റന്റ	൩൦-൬-൧൦൯൫	രൂപ ൪൦൦	റാങ്കന സംബന്ധമില്ലാതെ പേഴ്സനൽ ആയിരുന്നു	൪-൧-൧൦൯൬	ആക്റ്റിംഗ് ദിവാൻപേഷ്കാരുംഡിസ്ത്രിക്ട്മജിസ്ത്രേട്ടും രൂപ ൬൦൦	
൪	എം. പി. സുബ്രഹ്മണ്യയ്യർ രണ്ടാംഗ്രേഡ് ഡിവിഷൻ അസിസ്റ്റന്റ	൪-൧-൧൦൯൬	ശമ്പളം രൂപാ ൩൫൦-ം പടി രൂപ ൫൦-ം	...	൩-൭-൧൦൯൬	ടി	
൫	ആർ. വൈദ്യലിംഗംപിള്ള പോലീസ് ഡിസ്ത്രിക്ട്സൂപ്രണ്ട	൩-൭-൧൦൯൬	രൂപ ൩൫൦-ം പേഴ്സനൽ അലവൻസ് രൂപാ ൫൦-ം	പോലീസ് ഡിസ്ത്രിക്ട് സൂപ്രണ്ട	...		ഇപ്പോൾ ൪൦൦ രൂപ ശമ്പളവും പേഴ്സനൽ അലവൻസ് രൂപ ൫൦-ം അധഃകൃതവൎഗ്ഗക്കാരുടെ രക്ഷിതാവു എന്നനിലയിൽരൂപാ ൫൦-ം

നിയമനിർമ്മാണം.

നാഞ്ചിനാട്ടുവെള്ളാളബിൽ.

അദ്ധ്യക്ഷൻ: ഇനി നാഞ്ചിനാട്ടുവെള്ളാളബില്ലിനെ ആലോചനയ്ക്കു എടുക്കുന്നതാണ്.

൩൧-ാമത്തെ ഖണ്ഡം.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നതിനുമുമ്പ്, ഭേദഗതിനോട്ടീസുകളെ സംബന്ധിച്ചുള്ള സ്ഥിരഉത്തരവിനെ തൽക്കാലം നിർത്തി, എന്നെ ഈ ഭേദഗതികൾ വരുന്നതിനു അനുവദിച്ചതിനായി ഞാൻ അദ്ധ്യക്ഷനെ മനഃപൂർവമായ നന്ദിപറഞ്ഞുകൊള്ളുന്നു.

സെലക്ട് കമ്മിറ്റിയാൽ വീണ്ടും റിപ്പോർട്ടുചെയ്യപ്പെട്ട ബില്ലിന്റെ ൩൧-ാമത്തെ ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുന്നതിനായി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

(എ) സ്വത്തുക്കളിൽ ഒന്നുപാതിയെ ഭാഗംചെയ്യുന്നസമയം ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾക്കുമായിട്ടു ആളോഹരിയായി വീതിക്കുകയും,

(ബി) മറ്റേപാതിയെ, തറവാട്ടിൽ മൂത്തസ്ത്രീയുടെയും അവളുടെ സഹോദരികളുടെയും അപ്പോൾജീവിച്ചിരിക്കുന്ന ആൺകുട്ടികൾക്കും ഓരോ പെൺമക്കളുടെ താവഴിക്കാരെ അവർ ജീവിച്ചിരുന്നാൽ അവർക്കുകിട്ടുന്ന ഭാഗത്തിനു സമമായ ഒരു ഓഹരിക്കു അവകാശമുള്ളവരായി കരുതി അവർക്കും ആയി വീതിക്കുകയും ചെയ്യുന്നുഎങ്കിൽ,

ഒരുതറവാട്ടിലെ ഓരോ അംഗത്തിനും ഭാഗംചെയ്യുമ്പോൾ തറവാട്ടുസ്വത്തിൽ അവന്റെയോ അവളുടെയോ ഭാഗത്തിനു കിട്ടുന്ന ഓഹരിക്കു അവകാശമുള്ളതായി തീരുന്നതാണ്.

തറവാട്ടിലെ എല്ലാഅംഗങ്ങളുടെയും മാതാവായ സ്ത്രീയുടെ പെൺമക്കളിൽ ഏതെങ്കിലും ഒന്നു മരിച്ചുപോയാൽ അങ്ങനെയുള്ള മകളുടെ താവഴിക്കാർ ഭാഗസമയത്തു ആ മകൾ ജീവിച്ചിരുന്നാൽ അവൾക്കു എത്രകിട്ടുമോ അത്രയും എടുത്തുകൊള്ളേണ്ടുന്നതാണ്.

കൂടാതെ ഭാഗസമയത്തു എല്ലാവരുടെയും മാതാവായ ആ സ്ത്രീ ജീവിച്ചിരിക്കുന്നപക്ഷം അവൾക്കു അവളുടെകുട്ടിക്കു കിട്ടുന്നതിനു സമമായഒരു ഭാഗത്തിനു അവകാശമുള്ളതാണ്.

ഉദാഹരണങ്ങൾ.



മേൽകാണിച്ചിരിക്കുന്ന പട്ടികപ്രകാരമുള്ള ഒരുകുടുംബത്തിലെ സ്വത്തു രൂപ ൨൪൦൦൦ ആണെങ്കിൽ ഒന്നുപാതി അതായതു ൧൨൦൦൦ രൂപ ബി, സി, ഡി, ഇ, എഫ്, എന്നിവരുടെ ഇടയിൽ ഓരോരുത്തർക്കും ൨൪൦൦ രൂപകിട്ടത്തക്കവണ്ണം സമമായി ഭാഗിക്കുന്നതാണ്. മറ്റേപകുതിയെ ഓരോരുത്തർക്കും ൧൦൦൦ രൂപകിട്ടത്തക്കവണ്ണം ബി, മുതൽ പി. വരെയുള്ളവരുടെ ഇടയിൽ ൧൨ സമഭാഗങ്ങളായി വിഭജിക്കുന്നതാണ്. അപ്രകാരം ബി, സി, ഡി, എന്നിവർക്ക് ൩൪൦൦ രൂപാവീതം കിട്ടുന്നതാണ്. നാലാമത്തെ ഓഹരിയായ ൨൪൦൦ രൂപയെ ഇ. ക്കും ജി. ക്കും തമ്മിൽ സമമായി വിഭജിക്കുകയും അങ്ങനെ അവർക്കു രണ്ടുപേർക്കും ൧൨൦൦ രൂപവീതം കിട്ടുകയും അതോടുകൂടെ ആളോഹരിവീതം ചെയ്യുമ്പോൾ കിട്ടുന്നതായ ൧൦൦൦ രൂപയുംകിട്ടുകയും അപ്രകാരം ആകെ ൨൨൦൦ രൂപ ഓരോരുത്തർക്കും കിട്ടുകയുംചെയ്യുന്നതാണ്. എഫ്, നും കെ. ക്കും ൨൪൦൦ രൂപയുടെ മൂന്നിലൊരുഭാഗം അല്ലെങ്കിൽ ൮൦൦ രൂപ കിട്ടുകയും അതിന്റെകൂടെ ആളോഹരിവീതം ചെയ്യുമ്പോൾ കിട്ടുന്നതായ ൧൦൦൦ രൂപയും അങ്ങനെ ആകെ ൧൮൦൦ രൂപയും കിട്ടുകയും ചെയ്യുന്നതാണ്. എച്ച്. എൽ. എം. എൻ. പി. എന്നിവർക്ക് ഓരോരുത്തർക്കും ൮൦൦ രൂപയുടെ അഞ്ചിൽ ഒരുഭാഗം അതായതു ൧൬൦ രൂപ ലഭിക്കുകയും അതിന്റെകൂടെ ആളോഹരിചെയ്യുമ്പോൾ കിട്ടുന്നതായ ൧൦൦൦ രൂപയും അങ്ങനെ ഓരോരുത്തർക്കും ൧൧൬൦ രൂപവീതം കിട്ടുകയും ചെയ്യുന്നതാണ്.

(ബി) എ. ഉദാഹരണത്തിലെ എ. എന്ന ആൾകൂടി ജീവിച്ചിരിക്കുകയാണെങ്കിൽ സ്വത്തുക്കളുടെ ഒന്നുപാതിയെ ൬—ായി ഓരോരുത്തർക്കും ൨൦൦൦ രൂപവീതം കിട്ടത്തക്കവണ്ണം വിഭജിക്കുകയും ശേഷമുള്ളപകുതിയെ ൧൩—ഭാഗങ്ങളായി വിഭാഗിക്കുകയും ചെയ്യുന്നതാണ്. അപ്രകാരം എ, എന്നയാൾക്കു ൨൦൦൦ രൂപയുംകൂടെ ൧൨൦൦൦ രൂപയുടെ പതിമൂന്നിൽ ഒരുഭാഗവും ലഭിക്കുന്നതാണ്.

(സി) എ. ഉദാഹരണത്തിൽ എ. യും സി. യും മരിച്ചുപോയിട്ടുള്ളപക്ഷം ൧൨൦൦൦ രൂപയെ നാലുഭാഗമായി ഭാഗിക്കുകയും മറ്റെ ൧൨൦൦൦ രൂപയെ പതിനൊന്നു ഭാഗമായിഭാഗിക്കുകയും ചെയ്യുന്നതാണ്. അതായതു ബി. ക്കും ഡി. ക്കും എന്നിവർ ഓരോരുത്തർക്കും ൩൦൦൦ രൂപയും കൂടെ ൧൨൦൦൦ രൂപയുടെ പതിനൊന്നിൽ ഒരുഭാഗവും കിട്ടുന്നതാണ്.

(ഡി) എ ഉദാഹരണത്തിൽ എഫ് മരിച്ചുപോയിട്ടുള്ളപക്ഷം കെ. ക്കു ൨൪൦൦ രൂപയുടെ ഒരു ഓഹരിയും കൂടെ ൧൧൦൦൦ രൂപയുടെ പതിനൊന്നിൽ ഒരുഭാഗവും കിട്ടുന്നതാണ്.

സർ, ഈ ഭേദഗതികൾ ഉൾപ്പെടുമാറാകണമെന്നു ഞാൻ സമ്മതിക്കുന്നു.

എന്നാൽ അനേകം അംശങ്ങൾ അടങ്ങിയ ഒരുതറവാട്ടിൽ ഉണ്ടാകാവുന്ന എല്ലാവിധഭാഗങ്ങളെയും അതു ഉൾപ്പെടുത്തുന്നതിനു ശ്രമിക്കുന്നു. ഈ ഭേദഗതി ഒരു സന്ധിയുടെ ഫലമായിട്ടുണ്ടായിട്ടുള്ളതാണെന്നു ഞാൻ ഈസഭയോടു പറയേണ്ടിട്ടാവശ്യമില്ല. പഴയ സെലക്ട്കമ്മറ്റിയുടെ റിപ്പോർട്ട് ഒരു പുതിയസെലക്ട്കമ്മറ്റിയെ ഏല്പിക്കണമെന്നു ഒരു ഭേദഗതി മി. സുബ്രഹ്മണ്യപിള്ള കൊണ്ടുവന്നസമയം ധാരാളം ചർച്ചയുണ്ടായിരുന്നുഎന്നും ഇരുകക്ഷികളുടെയും തത്വങ്ങളേയും അംഗീകരിക്കുന്നതായ ഒരു സന്ധിയുണ്ടാക്കണമെന്നു സഭയിലെ ഈ ഭാഗത്തുള്ള ആളുകളോടുംകൂടി ആലോചിച്ചു അവസാനത്തിൽ തീർച്ചപ്പെടുത്തി എന്നും ഈ സഭാംഗങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കും. ആ തീർച്ചയുടെ ഫലമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മെമ്പറന്മാരും നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നും വന്നിട്ടുള്ള പ്രതിനിധികളുംകൂടി യോജിച്ചുണ്ടാക്കിയിട്ടുള്ളതാണു ഈ ഭേദഗതി. സഭയിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട മെമ്പറന്മാരുടെ സഹായത്തോടും പ്രവൃത്തിരൂപമായ സഹകരണത്തോടും ഉപദേശത്തോടുംകൂടിയാണു ഈ ഭേദഗതിയെ ഉണ്ടാക്കിയിട്ടുള്ളതു. നായർറെഗുലേഷൻ ഭേദഗതിബില്ല ആലോചനയ്ക്കെടുത്തപ്പോൾ ഇവിടെയുണ്ടായ വാദത്തെ ഞാൻ ഇപ്പോൾ ഈ സഭയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. അതുതക്കം നായർസ്ത്രീകളുടെ നായരേതരരായ ഭർത്താക്കന്മാരെ സംബന്ധിക്കുന്ന ഒരുവകുപ്പിനെപ്പറ്റി ആയിരുന്നു. വിരുദ്ധാഭിപ്രായങ്ങളോടുകൂടിയ മെമ്പർമാർതമ്മിൽ വളരെ വാദങ്ങൾ ഉണ്ടായിരിക്കുകയും ആവിഷയത്തെ എല്ലാ വിധത്തിലും ആലോചിക്കുകയുംചെയ്തു. അവസാനത്തിൽ വിരുദ്ധകക്ഷികളാലും കൊണ്ടുവരപ്പെട്ട തത്വങ്ങളെ ഈ സഭാംഗങ്ങൾ അംഗീകരിക്കുകയും ആ കക്ഷികൾതന്നെ ആ വിഷയത്തെ തീർച്ചചെയ്യുകയും ഒരുസന്ധിയുണ്ടാക്കുകയുംചെയ്തു. ഈ സന്ധിയെ അംഗീകരിക്കുന്നതിൽ എന്നെ പ്രേരിപ്പിക്കുന്നതിനു ഈ സഭയിലെ ചില പഴയമെമ്പറന്മാർ ഈസംഭവത്തെ വളരെ ശക്തിയോടുകൂടി എന്നെ ചൂണ്ടിക്കാണിക്കുകയും തന്നിമിത്തം ഈ സന്ധിയെ വളരെ സന്തോഷത്തോടുകൂടി അംഗീകരിക്കുകയുംചെയ്തു. ഇങ്ങനെചെയ്തതിൽ ഞാൻ വല്ല പിഴചെയ്തിട്ടുണ്ടെങ്കിൽ അതു നല്ലആളുകളോടുംകൂടി ചെയ്തതാണെന്നു ഞാൻ കണ്ടപ്പോൾ ഈസന്ധി സ്വീകരിച്ചതിലുള്ള ന്യായംകൂടെക്കൂടി എനിക്കുബോദ്ധ്യമായി. ഈസഭയിലെ പ്രഖ്യാതനും വന്ദ്യനുമായ ഡെപ്യൂട്ടിപ്രസിഡണ്ടു മി. സുബ്ബയ്യർ ഈ സന്ധിയിൽ അടങ്ങിയിരിക്കുന്ന തത്വത്തെയും അതിനെനടപ്പിൽവരുത്തുന്നതിനു പ്രയോഗിക്കേണ്ട മാർഗ്ഗങ്ങളേയും പററി പ്രസ്താവിച്ചു.

ബില്ലിന്റെ നക്കലിൽ പറഞ്ഞിരിക്കുന്ന വഴിയെ ആ വർഗ്ഗത്തിലുള്ള ഒരു പ്രത്യേകക്കൂട്ടം ആളുകളാൽവളരെ ബലവത്തായി എതിർക്കപ്പെട്ടുഎന്നുള്ള സംഗതിയെപ്പററിയും ഈനിയമം ആവർഗ്ഗക്കാരെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ളതാണെന്നുള്ളസംഗതിയെ ആസ്പദമാക്കി എതിർകക്ഷിയുടെ അഭിപ്രായങ്ങളെ യോജിപ്പിക്കയും ഇരുകക്ഷികളുടേയും അഭിപ്രായങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ അംഗീകരിക്കുന്നതായ ഒരു തീരുമാനത്തെ കൊണ്ടുവരികയും ചെയ്യുന്നതു നല്ലതാണു എന്നുള്ളതിനെപ്പററിയും സെലക്ട്കമ്മറ്റിയിലെ ഒരുമെമ്പർ പ്രത്യേകമെടുത്തുപറഞ്ഞു. കഴിഞ്ഞസഭയിലും മെമ്പറായിരിക്കാൻ ഭാഗ്യമുണ്ടായിരുന്നവരായ ഈസഭയിലെ ചിലഅംഗങ്ങൾക്കു എന്റെ വർഗ്ഗക്കാരിൽ ഒരു പ്രധാനഭാഗം താമസിച്ചുവരുന്ന അഗസ്തീശ്വരംതാലൂക്കിന്റെ പ്രതിനിധിയായി കഴിഞ്ഞകൌൺസിലിൽ മി. പാൾ വി. ഡാനിയൽ ഒരു മെമ്പറായിരുന്നുവെന്നു അറിയാവുന്നതാണു. മി. പാൾ വി. ഡാനിയൽ സെലക്ട്കമ്മറ്റിയിലെ ഒരു അംഗവും ആയിരുന്നു. സെലക്ട്കമ്മറ്റിയുടെ റിപ്പോർട്ടിന്റെകൂടെ അദ്ദേഹം ഒരുപ്രത്യേകറിപ്പോർട്ടും അയച്ചിരുന്നു. അദ്ദേഹം പറയുന്നതാവിതു.

"ആത്മാഹരിഭാഗത്തിനു എതിരായി ധാരാളം നാഞ്ചിനാട്ടുവെള്ളാളന്മാർ ഉണ്ടെന്നുള്ള വസ്തുത ഇവിടെഎനിക്കു പ്രസ്താവിക്കാതെഇരിക്കാൻ നിവൃത്തിയില്ല. കോടതികളിൽ അവർ മരുമക്കത്തായപ്രകാരമുള്ള തത്വങ്ങളെയാണു പ്രയോഗിച്ചുവരുന്നതെങ്കിലും അവർ മക്കത്തായനിയമത്തിനു ബലമായവണ്ണം അധീനപ്പെട്ടിരിക്കുന്നുഎന്നു കാണിക്കുന്നതായ ചില മാമൂൽനടപടികളും അടിയന്തരങ്ങളും മററുസംഗതികളും അവരുടെഇടയിൽ നടപ്പുണ്ടു. അവർ മക്കത്തായം തീരെ വർജ്ജിച്ചുകളയുകയോ മരുമക്കത്തായം പാടെ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഒരു സന്ധിയുണ്ടാക്കുന്നതു ഉത്തമമായിരിക്കും. തറവാട്ടുസ്വത്തിൽ ഒന്നുപകുതിയെ മരുമക്കത്തായവഴിയ്ക്കായിട്ടും ഒന്നുപകുതിയെ ആത്മാഹരിയായും വിഭജിക്കുന്നുഎങ്കിൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളു എന്നാണു എന്റെ ഉത്തമവിശ്വാസം. ബില്ല കൌൺസിലിൽ പാസ്സാകുമ്പോൾ ഇതു നടത്താമെന്നു ഞാൻ വിശ്വസിക്കുന്നു."

സർ, മി. ഡാനിയൽ ഈ വർഗ്ഗത്തിലുള്ള അംഗങ്ങൾ സാധാരണയായി എല്ലായ്പോഴും ഹാജരാകുന്ന നാഗർകോവിൽ ഡിസ്ത്രിക്ട്കോടതിയിൽ അനേകകാലത്തെ പ്രാക്ടീസ് ഉള്ള ഒരുവക്കീൽ ആകുന്നുഎന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. സെലക്ട്കമ്മറ്റിയിലെ ഒരു അംഗമായിരുന്ന മി. പി. കെ. നാരായണപിള്ള സെലക്ട്കമ്മറ്റിറിപ്പോർട്ടിൽ ഉള്ള തന്റെ പ്രത്യേകനോട്ടിൽ ഇപ്രകാരംപറയുന്നു.

"അവസാനമായി ഭാഗംസംബന്ധിച്ചുള്ള സംഗതിയും വൈഷമ്യത്തിൽനിന്നും വിമുക്തമല്ല. ഈസംഗതിയെസംബന്ധിച്ചു ആ വർഗ്ഗക്കാർ ഭിന്നകക്ഷികളായി തിരിഞ്ഞിരിക്കുന്നുവെന്നു സെലക്ട്കമ്മറ്റിയുടെ അടുക്കൽ വന്നിട്ടുള്ള ഡിപ്യൂട്ടേഷനിൽനിന്നും കാണാവുന്നതാണു. ആ വർഗ്ഗക്കാരെ മുഴുവനേയും ഒന്നുപോലെ തൃപ്തിവരുത്തുന്ന ഒരു മദ്ധ്യപ്രസ്ഥാനമാണു സ്വീകാര്യമായിട്ടുള്ളവഴി. ഇപ്രകാരമുള്ള ഒരുസംഗതിയിൽ അതു സംബന്ധപ്പെട്ടിരിക്കുന്ന വർഗ്ഗക്കാരുടെ ഇടയിൽ വ്യാപിച്ചിരിക്കുന്നതായി നല്ലവണ്ണം അന്വേഷിച്ചറിഞ്ഞിരിക്കുന്ന അഭിപ്രായൈക്യത്തിനു എതിരായി. ന്യായസ്ഥന്മാരുടെ തീരുമാനത്തെ വയ്ക്കുന്നതിനു ഒരാൾക്കു സംശയം ജനിക്കുന്നതാണ്. അപ്രകാരമുള്ള ഒരു ഐക്യത്തിന്റെ അഭാവത്തിൽ മററു സംഗതികളെ ആസ്പദമാക്കി നിയമത്തെ രൂപവൽകരിക്കേണ്ടതാണ്; എന്തുകൊണ്ടെന്നാൽ നിയമത്തെപ്പററി ലാർഡ് ഹാൽഡെയിൻ പറയുന്നതുപോലെ, "അതിന്റെ പൂർണ്ണഉദ്ദേശം അറിയണമെങ്കിൽ വെറും വക്കീലന്മാരുടേതിനേക്കാൾ വിസ്തൃതമായ അഭിപ്രായങ്ങൾ—അതായതു ധർമ്മസ്ഥാപകന്റെയും സമുദായ സേവകന്റെയും പക്കൽനിന്നും നമുക്കു വന്നിട്ടുള്ളതും, അവയുടെ സഹായംകൂടാതെ നിയമത്തിന്റെ ഉൽപത്തി എങ്ങനെയാണ് ഉണ്ടായിട്ടുള്ളതെന്നു നമുക്കു അറിയാൻപാടില്ലാത്തതും ആയ അഭിപ്രായങ്ങൾ—അത്യാവശ്യമാണ്."

സർ, അതുകൊണ്ടാണ്, ഈ സന്ധിയെ അംഗീകരിക്കുന്നതിൽ ഞാൻ ഒരു തെററുചെയ്യുകയാണ് എന്നുവരികിലും ഞാൻ നല്ല ആളുകളോടുകൂടിച്ചേർന്നാണ് തെററുചെയ്യുന്നതെന്നു, ഞാൻ സഭയിൽപറഞ്ഞതു. കഴിഞ്ഞ കൌൺസിലിലെ ഒരു അംഗവും ഈ ജാതിക്കാരുടെ ആചാരങ്ങളെപ്പററി സുപരിചിതനും ആയ മിസ്റ്റർ ഡാനിയലും, നാഞ്ചിനാട്ടു വെള്ളാള സമുദായ സംബന്ധമായ അനേകം കേസുകളുമായി പെരുമാറിയിരിക്കണം എന്നു വിശ്വസിക്കേണ്ടിയിരിക്കുന്ന വക്കീലായ മിസ്റ്റർ പി. കെ. നാരായണപിള്ളയും, ഭാഗസംബന്ധമായുള്ള ഈ വിഷയത്തെപ്പററിയുള്ള അവരുടെ അഭിപ്രായങ്ങളെ പറഞ്ഞിട്ടുള്ളതാണ്. ബില്ലിന്റെ നക്കലിൽ ഭാഗത്തെപ്പററി പറഞ്ഞിട്ടുള്ള നിബന്ധനയ്ക്കു വളരെ തീവ്രമായ വിരോധം ഉണ്ടായിരുന്നുവെന്നും, അവരുടെ സ്വന്തം അഭിപ്രായത്തെ ഒരുവഴിയിലോ മറുവിധത്തിലോ പുറപ്പെടുവിക്കുന്നതിൽ അവർതന്നെ വളരെ വിഷമസ്ഥിതിയിലായിരുന്നുവെന്നും, അവർ പറയുന്നു. "ഇരുകക്ഷികൾക്കും തമ്മിൽ ഒരു മദ്ധ്യപ്രസ്ഥാനം കണ്ടുപിടിക്കുന്നതിനു ശ്രമിക്കുന്നതു ഔചിത്യവും ഗുണകരവും ആയിരിക്കും" എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറയുന്നു.

ഒരു പ്രത്യേക പ്രസ്ഥാനത്തെ സ്വീകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായയോജ്യതയില്ലാത്തപക്ഷം, ആ വർഗ്ഗക്കാർ ഇഷ്ടപ്പെടാത്തതും ആഗ്രഹിക്കാത്തതും ആയ ഒരു പ്രത്യേക മാർഗ്ഗത്തെ സ്വീകരിക്കുന്നതിനു നിയമസൃഷ്ടികർത്താക്കന്മാർ ശ്രമിക്കരുതെന്നതിനു അദ്ദേഹം ഒരു അവിതർക്കിതമായ പ്രമാണം തരുന്നു.

സർ, ചുരുക്കത്തിൽ വളരെ അനുഭവമുള്ള വക്കീലായ മിസ്റ്റർ പി. കെ. നാരായണപിള്ള മാത്രമല്ല, എന്റെ ജാതിക്കാരുടെ ആചാര നടപടികളേയും അഭിരുചിയേയുംപററി മതിയായ പരിചയം ഉണ്ടായിട്ടുള്ള ആളും അഗസ്തീശ്വരം താലൂക്കിലെ ഒരു പഴയ മെംബരുമായ മിസ്റ്റർ ഡാനിയൽക്കുമിയും ഈ സന്ധിക്കു അദ്ദേഹത്തിന്റെ ഏകയോഗമായ സഹകരണത്തെ തന്നിട്ടുണ്ടു. അതേസമയംതന്നെ നീതിന്യായ കോടതികളിൽ മക്കത്തായം മരുമക്കത്തായം എന്നീനിയമങ്ങൾ സംബന്ധമായുള്ള കേസുകൾമാത്രമല്ല നാഞ്ചിനാട്ടു വെള്ളാള സമുദായസംബന്ധമായുള്ള ചില കേസുകളും നടത്തി പരിചയമുള്ളവരായ എന്റെ അനേകം സ്നേഹിതന്മാരും അവരുടെ സഹകരണത്തെ തന്നിട്ടുണ്ടു.

സർ, അതിനാൽ ഈ ഭേദഗതിയെ ഈ സഭയുടെ ആലോചനയ്ക്കായി സമർപ്പിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു. അതേസമയം ഈ സന്ധിയെ അംഗീകരിക്കുന്നതിനു എന്നെ പ്രേരിപ്പിച്ച വന്ദ്യന്മാരായ അനേക ഉദ്യോഗസ്ഥ മെംബരന്മാർക്കും ഞാൻ കടമപ്പെട്ടവനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സന്ധി വിരുദ്ധകക്ഷികളുടെയും അഭിപ്രായ തത്വങ്ങളെ ഒന്നായി സസന്തോഷം സംയോജിപ്പിക്കുകയും ഈ സന്തോഷാവഹമായ സമാപ്തിയെ വളരെ ഉൽക്കണ്ഠയോടു നോക്കിയിരിക്കുന്ന വർഗ്ഗക്കാർക്കു അതേ സമയം സംതൃപ്തിയെ നൽകികൊണ്ടു, ഈ ഭേദഗതിയെ ഈ സഭ സന്തോഷപൂർവം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കയുംചെയ്യുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒന്നുപകുതി താഴ്വഴിവീതവും ഒന്നുപകുതി ആളോഹരിവീതവുമായ ഈ മദ്ധ്യസ്ഥനില പൊതുവേ നാഞ്ചിനാട്ടു വെള്ളാളസമുദായത്തിനു തൃപ്തികരമായിരിക്കുമോ എന്നറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): ഈ വിഷയംസംബന്ധിച്ചു എന്റെ വർഗ്ഗക്കാരെ സംതൃപ്തിപ്പെടുത്തുന്നതിനുള്ള ചുമതലയെ എനിക്കു കൈക്കൊള്ളാമെന്നു ഞാൻവിശ്വസിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവുംവിളവങ്കോടും): ഈ അഭിപ്രായം ഇവിടെ വന്നതിൽപിന്നിട്ടു തന്നെയാണോ സ്വീകരിക്കാനിടയായതു?

മി. എം. ശിവതാണുപിള്ള (തോവാള): അല്ലാ; ഈ കൌൺസിലിലേയ്ക്കു വരുന്നതിനു ഞാൻ നാഗർകോവിലിൽനിന്നും പുറപ്പെടുന്നതിനുമുമ്പായി ഞാൻ എന്റെ സമുദായത്തിൽപെട്ട അനേകം ആളുകളോടു സംസാരിക്കയും, അവരിൽ ചുമതലയുള്ള പലഅംഗങ്ങളും ഒരു സന്ധിയെന്നേയും അവർ അംഗീകരിക്കുമെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയാണെങ്കിൽ ആദ്യമെ താഴ്വഴിഭാഗത്തിനു വാദിക്കേണ്ട ആവശ്യമില്ലായിരുന്നല്ലോ? അതിനാൽ ഈ അഭിപ്രായത്തോടു ഭൂരിപക്ഷം ആളുകളും ചേരുമെന്നു എങ്ങനെ നിശ്ചയിക്കാം?

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരം ഒരു ഭൂരിപക്ഷം ഉണ്ടെങ്കിൽതന്നെയും അവരെ ഇതു സ്വീകരിക്കുന്നതിനു പ്രേരിപ്പിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): എന്റെ സ്നേഹിതൻ മിസ്റ്റർ ശിവതാണുപിള്ള നമ്മുടെ സമുദായത്തിൽ—

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ എന്നോടു ഒരു ചോദ്യം ചോദിക്കാനാവശ്യപ്പെടുന്നുവോ എന്നു എനിക്കു അറിയാൻപാടില്ലാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അതേ നമ്മുടെ ഇടയിൽ വക്കീലായി മിസ്റ്റർ അഴകപ്പാപിള്ള നാഗർകോവിലിൽ വ്യവഹരിക്കുന്നതായി അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അറിയാം.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ഈ സംഗതി എന്റെ സ്നേഹിതൻ അദ്ദേഹവുമായി ആലോചിച്ചിട്ടുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ആവശ്യമില്ലാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അദ്ദേഹം സമുദായത്തിൽ ഒരു ബഹുമാനപ്പെട്ട ആളല്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തെപ്പററി നമ്മുടെ സമുദായത്തിൽപ്പെട്ട ആളുകൾക്കു തീരെ ബഹുമാനമില്ലാ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ ഒരു രീതിപ്രമാണത്തിനായി എഴുന്നേൽക്കുന്നു. ഈ സഭയിൽ ഈ വിഷയത്തെപ്പററി ആലോചനചെയ്യുന്നതിനു ഈ കൌൺസിലിനു പുറമേയുള്ള ഓരോ മെംബരന്മാരുടേയും അഭിപ്രായം ആവശ്യമാണോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): തദ്ദേഹം ഒറ്റ ആളോഹരിഭാഗക്കാരനാണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടോ?

അദ്ധ്യക്ഷൻ: ആ ചോദ്യം ചട്ടപ്രകാരമുള്ളതല്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ഞങ്ങളുടെ സമുദായത്തിൽ ഉള്ള ആളുകളുടെ അഭിപ്രായം എങ്ങനെ എന്നറിയാനുള്ള ചോദ്യമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ കുമാരപിള്ള എന്നോടു ചോദിച്ചപ്പോൾ ആ ചോദ്യത്തിനുള്ള ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): സന്ധി ആലോചനയിൽ നേതാക്കളുടെ സമുദായക്കാരെ മാത്രമേ ബന്ധിച്ചിട്ടുള്ളോ അതല്ലാ വേറെ ആളുകളെക്കൂടി ബന്ധിച്ചിട്ടുണ്ടോ എന്നറിയാനാണ്.

മി. കല്ല്യാണ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്രകാരമുള്ള ചോദ്യങ്ങൾ ചോദിക്കാവുന്നതാണോ എന്നു എനിക്കു നിശ്ചയമില്ല. പ്രസംഗത്തിൽനിന്നും ഉത്ഭവിക്കുന്നവയും വിവരണം ആവശ്യമുള്ളവയും ആയ ചോദ്യങ്ങൾ മാത്രമേ ചോദിക്കാൻപാടുള്ളു എന്നു ഞാൻ വിചാരിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ഈ കൌൺസിലിൽ മെംബറായിരുന്ന മിസ്റ്റർ ചിദംബരംതാണുപിള്ള ഇവിടെ ഉള്ളതായി അറിയാമോ?

അദ്ധ്യക്ഷൻ: നിങ്ങൾ പ്രസംഗിക്കുമ്പോൾ നിങ്ങൾക്കു ഇവയെപ്പറ്റിയെല്ലാം പറയാവുന്നതാണ്. ഇപ്പോൾ നിങ്ങൾക്കു മെംബറുടെ ഈ പ്രസംഗത്തിൽനിന്നുമാത്രം ഉത്ഭവിക്കുന്ന ചോദ്യങ്ങളെപ്പറ്റിമാത്രമേ ചോദിക്കാൻപാടുള്ളു. നിങ്ങൾ ദയവുചെയ്തു ക്രാസു ചോദിക്കാതിരിക്കണം.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും): സർ, മി. ശിവതാണുപിള്ള കൊണ്ടുവന്ന ഭേദഗതിയെ ഞാനും അനുകൂലിക്കുന്നു. ഞാൻ ഒരു നാഞ്ചിനാട്ടുവെള്ളാളനാണെന്നു ചില ചുമതലയുള്ള ഇടങ്ങളിൽപോലും സ്വീകരിച്ചിരിക്കുന്ന തെറ്റിദ്ധാരണയെ മാറ്റുന്നതിനാണ്, ആരംഭത്തിൽതന്നെ എതിർക്ക ചെയ്യുന്നുള്ളൂ, സർ, ഞാൻ അങ്ങനെയല്ലാ എന്ന് ബോധിപ്പിച്ചുകൊള്ളുന്നു; ശുദ്ധമായ മക്കത്തായം അനുസരിക്കുന്ന ഒരു പാണ്ടിവെള്ളാളനാകുന്നു ഞാൻ.

സർ, "ആ സമുദായത്തിന്റെ കോട്ട" എന്ന് എൻക്വയറികമ്മറ്റി പറഞ്ഞിരിക്കുന്ന നാഞ്ചിനാട്ടിൽ ഈ ബിൽ എല്ലാവരുടേയും പ്രഥമശ്രദ്ധയ്ക്കു വിഷയമായിരിക്കുന്നു. മൂന്നാമത്തെ പ്രജാസഭയിൽ നിവേദനംചെയ്തതു മുതൽ ഈ സംഗതിയെ പലവിധത്തിലും പരിശോധിച്ചുനോക്കിയിട്ടുണ്ട്. ഈ സമുദായത്തിലെ ജനസംഖ്യ ൩൫,൦൦൦-വും, അതിൽ ൯൦ ശതമാനവും തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിൽ താമസിക്കുന്നവയുംആകുന്നു. സാമുദായികമായ വിഷയങ്ങളെസംബന്ധിച്ച ഗവണ്മെന്റ ഈ മൂന്നാമത്തെപ്രാവശ്യമാകുന്നു നിയമം ഏർപ്പെടുത്തുന്നത്. ഭാഗത്തെപ്പറ്റിയുള്ള തർക്കമാണ് ഏറ്റവും പ്രധാനമെന്നും, അതുസംബന്ധിച്ചു കാണുന്ന രണ്ടുകക്ഷികൾ ഉണ്ടെന്നും, മി. പാൾ വി. ഡാനിയൽ പറഞ്ഞതുപോലെ അവ തീരെ ഭിന്നിച്ചതാണെന്നും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

സർ, കഴിഞ്ഞതിനെപ്പറ്റി നമുക്കു പ്രതിവീക്ഷണംചെയ്യാം. മൂന്നാമത്തെയോഗത്തിൽ ബോധിപ്പിച്ചതിനു ശേഷം, പ്രജാസഭയുടെ ആറാമത്തെക്കൂട്ടത്തിൽ മി. സുബ്രഹ്മണ്യപിള്ള, മി. നാരായണമേനവന്റെ കമ്മിറ്റിക്കു കാരണമായതും ൪൫൦൦ ആളുകൾ ഒപ്പിട്ടിട്ടുണ്ടായിരുന്നതുമായ ഒരു പ്രധാനമായ മെമ്മോറിയലിനെ സമർപ്പിച്ചു. ആ കമ്മിറ്റിറിപ്പോർട്ടിന്റെ ഫലമായുണ്ടായ ൧൦൯൫-ലെ ബിൽ പരിപൂർണ്ണമാകാത്തതും, അതുകൊണ്ടു സെലക്ട്കമ്മിറ്റിയുടെ ആലോചനകഴിഞ്ഞപ്പോൾ ൧൧൦൦-ൽ പിൻവലിക്കപ്പെട്ടു. പ്രക്ഷോഭണം പിന്നീടും തുടർന്നുകൊണ്ടിരുന്നു. അഞ്ചാമത്തേയും ആറാമത്തേയും പ്രജാസഭയിൽ ഈ വിഷയം വീണ്ടും കൊണ്ടുവരപ്പെട്ടു. മി. സുബ്രഹ്മണ്യപിള്ള കൌൺസിലിൽ ഒരു ചോദ്യം ചോദിച്ചതിന് ഉത്തരമായി ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുന്നതിനു സമ്മതിക്കുകയും രാജരാജവർമ്മയുടെ കമ്മിറ്റിയെ ഏർപ്പെടുത്തുകയുംചെയ്തു. അവരുടെ റിപ്പോർട്ടു ൧൧൦൨-ൽ സമർപ്പിക്കപ്പെട്ടു. വീണ്ടും ബിൽ ആലോചനയ്ക്കുവന്നിരിക്കുന്നു.

അവർ വളരെ സാഹസംചെയ്തിട്ടുണ്ടെന്നു സെലക്ട്കമ്മിറ്റിക്കാരുടെ റിപ്പോർട്ടിൽനിന്നും കാണുന്നു. ഓരോ ഭാഗങ്ങളുടേയും ഭൂരിപക്ഷം സമുദായത്തിന് വളരെ സംതൃപ്തിയെ കൊടുത്തിരിക്കുന്നു. എങ്ങനെആയാലും 'ഭാഗത്തെ'സംബന്ധിച്ചുള്ള മൂന്നാംഭാഗത്തെപ്പറ്റി—സർ, ഇതു കമ്മിറ്റി അംഗങ്ങളായിരുന്ന ഈ കൌൺസിലിലെ പണ്ഡിതന്മാരായ മെംബറന്മാരുടെനേരെ വളരെ ആദരവോടുകൂടി സമർപ്പിക്കുന്നു—ധാരാളം അഭിപ്രായവ്യത്യാസമുണ്ടെന്നു ഞാൻ സമർപ്പിക്കുന്നു. ഈ സമർപ്പണം അന്വേഷണംനടത്തിയ കമ്മിറ്റിയെക്കൂടി ഉൾപ്പെടുത്തുന്നു. "ഭാഗംവേണം" എന്നുള്ള വിശാലമനസ്കരല്ലാത്ത ചെറിയകക്ഷിയുംഉണ്ട്. ആളോഹരിഭാഗം വേണമെന്നു നിർബന്ധിക്കുന്ന തീവ്ര അഭിപ്രായക്കാരുമുണ്ട്. അവയ്ക്കിടയിൽ ആണ് തായ്‌വഴിഭാഗം വേണംഎന്നുള്ള കക്ഷിക്കാർ കിടക്കുന്നത്. മി. പാൾ വി. ഡാനിയലാലും, മി. പി. കെ. നാരായണപിള്ളയാലും പ്രാതിനിധ്യം വഹിക്കപ്പെടുന്നതും, "ഇരുകക്ഷിയും യോജിച്ചുപോകണം" എന്ന അഭിപ്രായമുള്ളതുമായ മറ്റൊരുകക്ഷിയുംഉണ്ട്. മി. രാജരാജവർമ്മ കമ്മിറ്റിയുടെ നക്കൽബിൽ ആളോഹരിഭാഗത്തെ അനുവദിക്കുന്നുണ്ട്; അതായതു ഒരു ഗണനീയമായ സംഗതിയല്ല. തിരഞ്ഞെടുപ്പിൽനിന്നും ഭൂരിപക്ഷത്തിന്റെ അഭിപ്രായം അറിയാമെന്നു പറയുന്നതു തെറ്റാണ്. ആദ്യമായിത്തന്നെ ഒരു തിരഞ്ഞെടുപ്പു എന്നു പറഞ്ഞാൽ എന്താണെന്നു നമുക്കു അറിയാവുന്നതാണ്. രണ്ടാമതായി വോട്ടുചെയ്യുന്നവർ മിക്കവാറും കാരണവന്മാരാണ്. മൂന്നാമതായി രണ്ടുകക്ഷികളിലെ മെംബറന്മാരും തിരഞ്ഞെടുപ്പിനു നിൽക്കുന്നതിനുമുമ്പായി യാതൊരു പരസ്യമായ അറിയിപ്പുംഇല്ലാ. നാലാമതായി പ്രായംതികഞ്ഞിട്ടുള്ളവരെല്ലാവരും വോട്ടുചെയ്തിട്ടില്ലാ. എല്ലാസംഗതികളിലും ഒരു തിരഞ്ഞെടുപ്പു അഭിപ്രായത്തിന്റെ തെറ്റില്ലാത്തതായ ഒരു മുഖവുരയല്ല. അതു സാധാരണയായി അനുകരിച്ചുവരാവുന്ന ഒരു മാർഗ്ഗമാണെന്നു ഞാൻ തീർച്ചയായും സമ്മതിക്കുന്നു. എന്നാൽ ആളോഹരിഭാഗക്കാരുടെ ശക്തിമത്തായ പ്രവർത്തനങ്ങൾ ഇരുന്നിട്ടും, പ്രത്യേകിച്ചും മി. സുബ്രഹ്മണ്യപിള്ളയുടെ "വിസമ്മതറിപ്പോർട്ടു" കഴിഞ്ഞുടനെ, തിരഞ്ഞെടുപ്പുകൾ അപ്രകാരം അവസാനിച്ചിട്ടുള്ളതാണ് എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഏതായാലും ഭാഗത്തെപ്പററിയുള്ള വിഷയം എന്ന സംഗതിയെ അടിസ്ഥാനപ്പെടുത്തിയാണ് തിരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതെന്നോ, തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ ഭൂരിപക്ഷാഭിപ്രായത്തെ കാണിക്കുന്നു എന്നോ ഞാൻ സമ്മതിക്കുന്നില്ല. സമുദായത്തിന്റെ വലിപ്പക്കുറവിനേയും സമസ്തസ്ഥിതിയേയുംപററി ആലോചിച്ചുനോക്കുന്നപക്ഷം, ഈ സംഗതിയിൽ ഒരുപക്ഷം വിഷമമായിരിക്കാൻ ഇടയില്ലാത്ത ഒരു അന്വേഷണത്താൽമാത്രമെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെ സൂക്ഷ്മമായി അറിയാൻ കഴിയുകയുള്ളു എന്ന എനിക്കു തോന്നുന്നു. ഏതായാലും സന്ധിനിമിത്തം വളരെ വിഷമവും ദുഃഖവും ഒഴിക്കാവുന്നതാണ്.

ഇപ്പോഴത്തെ ഭേദഗതി, ഡെപ്യൂട്ടിപ്രസിഡണ്ടിന്റെയും സമുദായത്തിന്റെ മററു ചില വസ്തുവസ്നേഹികളുടെയും നിരന്തരമായുള്ള പ്രേരണയിന്മേൽ രണ്ടു വിരോധകക്ഷികൾക്കും തമ്മിൽ ഉണ്ടായിട്ടുള്ള സന്ധിയിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. സന്ധി എന്ന അടിസ്ഥാനത്തിന്മേൽ കെട്ടിപ്പൊക്കിയിട്ടുള്ള ബിൽ എന്ന മേൽക്കെട്ട സമാധാനത്തിന്റെയും ഐക്യതയുടെയും ഒരു ശാശ്വതമായ സ്മാരകമാകുന്നു. രണ്ടു വിരോധകക്ഷികളുടേയും നേതാക്കന്മാരുടെയും അനുഭവിച്ചറിഞ്ഞിട്ടുള്ള ബുദ്ധിയുടെ ഒരു അടയാളമാകുന്നു സന്ധി. തീവ്രതകളിൽനിന്നും കുഴപ്പത്തിൽനിന്നും അതു കൌൺസിലിനെ രക്ഷപ്പെടുത്തിയിരിക്കുന്നു. അതു ഭാവിയിലേക്കും മററു സമുദായങ്ങൾക്കും ഒരു പാഠമാകുന്നു. തിരുവിതാംകൂറിലെ ജനസംഖ്യയുടെ അരശതമാനംകൂടെ വരാത്ത ഒരു സമുദായത്തിന്റെ നേതാക്കന്മാർ അവരുടെ അഭിപ്രായവ്യത്യാസങ്ങളെ സന്ധിചെയ്തു കഴിഞ്ഞിരിക്കുമ്പോൾ മററു സമുദായാംഗങ്ങളായ ഈ കൌൺസിൽ മെമ്പർമാർ അതിൽ ഇടപെടുകയില്ലെന്ന ഞാൻ വിശ്വസിക്കുന്നു. നേരെമറിച്ചു അവർ അതിനെ സന്തോഷപൂർവ്വം അംഗീകരിക്കുമെന്ന ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. സമുദായത്തിന്റെ പൊതുനന്മയല്ലാതെ വേറെയാതൊരു സംഗതിയെപ്പററിയുള്ള ആലോചനയും നമ്മുടെ ആലോചനയിൽ ഇടപെടരുതു. സർ, ഞാൻ ഈ ഭേദഗതിയെ പൂർണ്ണമനസ്സാലെ അനുകൂലിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ ഒരിക്കലും പിൻതാങ്ങുന്നില്ല. ആ രാജിയിൽ എന്റെ അനുമതിയോ അഭിപ്രായമൊ ഉണ്ടെങ്കിൽ അതിനെ പിൻവലിക്കുന്നതിനു എനിക്കു അവകാശമുണ്ടെന്ന ആദ്യമായി പ്രസ്താവിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മി. സുബ്രഹ്മണ്യപിള്ള ഒരു പുതിയ സിലക്ട്കമ്മിററി വേണമെന്നുള്ള പ്രമേയം പിൻവലിക്കുന്നസമയം സമ്മതിച്ചിട്ടുണ്ടൊ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ഞാൻ അതിനെപ്പററി പ്രസ്താവിക്കയാണു. എൻക്വയറികമ്മിററിയിലും സിലക്ട്കമ്മിററിയിലും മെമ്പറായിരുന്നിട്ടുള്ള മി. എം. സുബ്രഹ്മണ്യപിള്ള എൻക്വയറികമ്മിററിയിൽ ആദ്യമായിട്ടു ഭാഗംവേണ്ടെന്നു അഭിപ്രായപ്പെടുകയും രണ്ടാമതു എൻക്വയറികമ്മിററിയിൽ അദ്ദേഹം ആളോഹരിവേണമെന്ന സമ്മതിച്ചു റിപ്പോർട്ടുപാസ്സാക്കിയതായും അതിനുശേഷം സിലക്ട്കമ്മിററിയിൽ വന്നതിൽപിന്നെ പെർസ്റ്റിർപ്പീസ് എന്നുള്ള കപടതാവഴി വേണമെന്ന ആവശ്യപ്പെടുകയും—

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ മെമ്പർ പറഞ്ഞതിനെ തിരുത്തുന്നതിനു ആഗ്രഹിക്കുന്നു. ബിൽ അവതരിക്കുന്നകാലത്തുതന്നെ ഞാൻ "പെർസ്റ്റിർപ്പീസ്" എന്നതാവഴിയെ അനുകൂലിച്ചുകൊണ്ടിരിക്കുകയായിരുന്നു.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): എൻക്വയറികമ്മിററി അതിന്റെ റിപ്പോർട്ടയച്ചതിന്റെശേഷം അതിൽ അദ്ദേഹം പെർസ്റ്റിർപ്പീസ് വേണമെന്ന അഭിപ്രായപ്പെട്ടിട്ടുണ്ട്. പിന്നീടു തിങ്കളാഴ്ചയും അതുതന്നെ വേണമെന്നു വാദിച്ചു. ചൊവ്വാഴ്ചയും അതുതന്നെവാദിച്ചു. എന്റെ സ്നേഹിതൻ മി. വേലുപ്പിള്ള എൻക്വയറികമ്മിററിയിൽ പെർസ്റ്റിർപ്പീസുതന്നെ വേണമെന്ന മൊഴികൊടുത്തു. അതിനുശേഷം പെർക്യാപ്പിററാ (ആളോഹരി വേണമെന്ന മെമ്മോറിയൽ കൊടുത്തു. ഇപ്പോൾ അദ്ദേഹം തങ്ങളുടെ എതൃകക്ഷിയോടു ചേരുവാൻ ഇടയായി.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): തിങ്കളാഴ്ച മെമ്പർ സന്ധിക്കു സമ്മതിച്ചിട്ടുണ്ടൊ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അതിനെ പിൻവലിക്കാനാണു പോകുന്നതു. രണ്ടാമത്തെ കമ്മിററിയിലും ഈ സഭയിലും ഈ വിഷയത്തെസംബന്ധിച്ചു സംയുക്തസാമാജികനായിരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. അതുകൊണ്ടാണ എൻക്വയറികമ്മിററിയിലെ മുഴുവൻസംഗതിയും അറിയാനിടയായതു. അവിടെ നൂറു സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. അതിൽ മൂന്നു പേർമാത്രമെ അനന്തിരവന്മാരുണ്ടായിരുന്നുള്ളു. മൂന്നു പേർ കാരണവന്മാർക്കുവേണ്ടി പെർസ്റ്റിർപ്പീസ് എന്നുള്ള ആ കപടതാവഴി ഭാഗത്തിനുവേണ്ടിയാണ് മൊഴികൊടുത്തതു.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): ൧-ൽ പറഞ്ഞിട്ടുള്ളതു മെമ്പറിനറിയാമൊ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): മെമ്പർ ഏതിനെപ്പററി പറയുകയാണ് എന്ന എനിക്കു അറിഞ്ഞാൽകൊള്ളാം. സർ, അദ്ദേഹം ഒരു വർത്തമാനക്കടലാസിൽനിന്നു വായിക്കുകയാണ്.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അതു പ്രമാണത്തെപ്പററി പറയുന്നഭാഗമാണ്. അതിനെപ്പററി പിന്നീടുവിവരിച്ചുകൊള്ളാം.

ഈ സാക്ഷികളെ വിസ്തരിച്ചപ്പോൾ മൂന്നു കാരണവന്മാർ ഉണ്ടായിരിക്കെ രണ്ടു പേർ മാത്രമാണ് ആളോഹരിക്കനുസരിച്ചു മൊഴികൊടുത്തതു. അതുകൊണ്ടു ഈ സമുദായത്തിന്റെ സ്ഥിതി വിചാരണകൊണ്ടല്ലാതെ അറിയാൻ സാധിക്കയില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും-വടക്കു): ഞാൻ ഒരു രീതിപാലനത്തിനായി എഴുനീല്ക്കുന്നു. ഈ ബില്ലിനെ ഒരു സിലക്ട്കമ്മിററിയെ ഏല്പിക്കണമെന്നു മി. സുബ്രഹ്മണ്യപിള്ള ആദ്യംകൊണ്ടുവന്ന പ്രമേയത്തെ പിൻവലിക്കയും ഒരു സന്ധിയുണ്ടാകാനുള്ള പ്രത്യേകധാരണയോടുകൂടി ആ പ്രമേയത്തെ പിൻവലിക്കുന്നതിനു ഈ സഭ അനുവദിക്കയുംചെയ്തു. ഇപ്പോൾ ഏതെങ്കിലും മെമ്പർക്കു പിൻവലിക്കാമൊ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മി. ശിവതാണുപിള്ള കൊണ്ടുവന്നിട്ടുള്ള തടസ്സത്തെ സ്വീകരിച്ചു പറയേണ്ടവിഷയം മെമ്പർ പറഞ്ഞിട്ടില്ല.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അതുതന്നെയാണ് പറയുന്നതു. രാജിസമ്മതിച്ചിട്ടുണ്ടെങ്കിൽ പിൻവലിക്കാനുള്ള അവകാശംകൂടി തരണമെന്നാണ് ഞാൻ താഴ്മയായി പ്രാർത്ഥിക്കുന്നതു. ഇവരെല്ലാം യാതൊരുപ്രാർത്ഥനയും കൂടാതെയാണ് അഭിപ്രായങ്ങൾ മാറ്റിയിട്ടുള്ളതു.

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ടമെമ്പർ): മി. സുബ്രഹ്മണ്യപിള്ള നിങ്ങൾ ബന്ധിക്കപ്പെട്ടവരാണെന്നു പറഞ്ഞതിന്മേൽ അല്ലേ പിൻവലിച്ചതു?

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ചെയ്യാം. ഈ കൌൺസിലിൽ വന്നപ്പോൾ ചില സ്നേഹിതന്മാർ ഒക്കെക്കൂടി പെർക്യാപ്പിറ്റയും പെർസ്റ്റിർപ്പിസും വേണമെന്നുള്ള വാദത്തിലാണ് ഇരുന്നതു്. അങ്ങനെവരുമ്പോൾ പത്തോ അൻപതോ ശേഷക്കാരുള്ള കുടുംബത്തിൽ അനന്തിരവർക്കു് ഒന്നുംകിട്ടാതെവരും. മരുമക്കത്തായതറവാട്ടിന്റെ നടപ്പുംതത്വവും അനുസരിച്ചു ജീവനാംശവുംമറ്റും കൊടുക്കുന്നതു പോരായ്മയായിരുന്നാൽ വല്ലകഷ്ടമായിരിക്കും എന്നു ഞാൻ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. എന്റെ സ്നേഹിതൻ മി. വേലുപ്പിള്ളയും അങ്ങനെതന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. എന്റെ സമുദായത്തിനു ദോഷംകൂടാതെ ഈ സഭയുടെ അനുവാദത്തോടുകൂടി ൨൫൦൦൦ പേർക്കു ഉത്തരം പറയേണ്ടവനാണ് ഞാൻ. എന്റെ മനസ്സിനു വലിയ ചപലതതട്ടി.

പ്രസിഡന്റ്. സ്വന്തം സംഗതികളെപ്പറ്റി പറയാതെ മെമ്പർ ഭേദഗതിയെപ്പറ്റി പറയുന്നതാണ് നല്ലതെന്നു ഞാൻ വിചാരിക്കുന്നു.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): സെലക്ട്കമ്മിറ്റി റിപ്പോർട്ട് പെർക്യാപ്പിറ്റക്കുവേണ്ടി പരിശ്രമിക്കയാണ് ചെയ്തിട്ടുള്ളതു്. ആ റിപ്പോർട്ടുവന്നതിനുശേഷം എന്റെ സമുദായത്തിനോടു ചോദിച്ചതിൽ അതു ഒരിക്കലും സ്വീകരിക്കാൻ പാടില്ല. അതു വലിയചതിവാണെന്നുപറഞ്ഞു. അതിനു ഒരു ദൃഷ്ടാന്തംപറയാം. നാഴികടുക് വാങ്ങിച്ചു എങ്ങനെ അളക്കണമെന്നുള്ള ചോദ്യം വന്നപ്പോൾ ചരിച്ചുവച്ചു അളക്കണമെന്നു ഒരു മദ്ധ്യസ്ഥൻ പറഞ്ഞു. അങ്ങനെ അളക്കുമ്പോൾ കടുക് ഒന്നും നാഴിയിൽ കാണുകയില്ലാ. അങ്ങനെയുള്ള അബദ്ധമാണ് ഇപ്പോൾ എനിക്കനേരിട്ടിരിക്കുന്നതു. തയ്യാറായിട്ടുവരുമ്പോൾ മക്കത്തായംകിട്ടുകയില്ല. എനിക്കു ഒരു പ്രാർത്ഥനയുള്ളതു ഞാൻ ഭീഷണികൊണ്ടോ എന്റെ മനസിന്റെ ചാപല്യംകൊണ്ടോ സമ്മതിച്ചിട്ടുള്ളതിനെ പിൻവലിക്കാനായിട്ടു അനുവാദംതരണമെന്നുള്ളതാണ്. എന്റെ സമുദായത്തിൽ ഉള്ള ൨൫,൦൦൦ പേരുടെ പ്രതിനിധിയെന്നനിലയിൽ ഈ ഭേദഗതിയെ ഖണ്ഡിക്കാൻ എനിക്കനുവാദംതരണം.

വിചാരണനടത്തിയിട്ടുള്ളതു കുറെ കുറവായിപ്പോയിഎന്നാണ് എതിർകക്ഷികളുടെ അഭിപ്രായം. ആറുലക്ഷത്തോളം വരുന്ന ഈഴവസമുദായത്തിൽ വിസ്തരിച്ചിട്ടുള്ളസാക്ഷികളുടെ ക്രമംനോക്കുകയാണെങ്കിൽ നൂറു സാക്ഷികളെ ഞങ്ങളുടെ സമുദായത്തിൽനിന്നും വിസ്തരിച്ചാൽമതി. ഏകദേശം ആറുലക്ഷത്തോളംവരുന്ന നായർസമുദായത്തിൽനിന്നും നായർറഗുലേഷനുവേണ്ടി വിസ്തരിച്ചിട്ടുള്ളസാക്ഷികളുടെ ക്രമം നോക്കുകയാണെങ്കിൽ ൭൨ സാക്ഷികളെമാത്രം വിസ്തരിച്ചാൽമതി ഞങ്ങളുടെ സമുദായത്തിൽനിന്നും നൂറുവ്വ സാക്ഷികളെ വിസ്തരിച്ചിട്ടുണ്ടു. അതിൽനിന്നും ശരിയായതെളിവെടുത്തിട്ടുണ്ടെന്നുകാണാം. അതിൽ ഭൂരിപക്ഷവും പെർക്യാപ്പിറ്റക്കുവേണ്ടി മൊഴികൾകൊടുത്തിട്ടുണ്ടു. പെർസ്റ്റിർപ്പിസിനു ൯വു പേർമാത്രമാണ് മൊഴികൊടുത്തിട്ടുള്ളതു. മക്കത്തായമെന്നും തറവാട്ടെന്നും ഉള്ള തത്വമനുസരിച്ചു ഓരോരുത്തർക്കും ജീവനാംശംകൊടുത്തു പട്ടിണികിടക്കാനിടയാക്കുന്ന ഒരു നിയമം പാസ്സാക്കിത്തരുന്നതു വലിയസങ്കടമാണ്. ഒരു പ്രതിനിധിയുടെചുമതല വളരെ വലുതാണ്. ഈ മഹാസഭയിൽ ഞങ്ങളുടെ സങ്കടം അറിയിച്ചു നിങ്ങളുടെ മനസ്സിനെ അലിച്ചു ഞങ്ങൾക്കു ഗുണമുണ്ടാകത്തക്കവണ്ണം ഒരു നിയമംപാസ്സാക്കാനാണ് എന്റെ പ്രയത്നം. ഞങ്ങളെ ഈ നിയമംകൊണ്ടു ഇറുക്കണമെന്നു വിചാരിക്കുന്നതു വലിയ സങ്കടകരമാണെന്നാണ് ഞാൻ പ്രസ്താവിക്കുന്നതു. ൨൫,൦൦൦-ൽപരം ജനങ്ങളുടെ പ്രതിനിധിയായ ഞാൻ എങ്ങനെ അവരോടു ഉത്തരംപറയും? ഈ സഭയെ അലങ്കരിച്ചിരിക്കുന്ന മാന്യസുഹൃത്തുക്കൾ എന്നെ അനുകൂലിക്കണമെന്നു അപേക്ഷിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ജനിച്ച ഉടനെതന്നെ കൂറുടമാവകാശം സിദ്ധിക്കുമോ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): കൂറുടമയെപ്പറ്റി വിസ്തരിക്കുമ്പോൾ അതിനെപ്പറ്റിപറയാം. എന്റെ ചുമതല ഞാൻ ശരിയായി നിർവഹിച്ചിട്ടില്ലാ. [illegible]കാണാൻ പാടില്ലാത്ത അനേകം സ്ത്രീകളോടും മറ്റും ഞാൻ എന്താണ് സമാധാനംപറയേണ്ടതു എന്നുള്ളതിനെപ്പറ്റി എനിക്കു അതിയായ സങ്കടമുണ്ട്. എനിക്കനുകൂലമായതീരുമാനം ഉണ്ടായില്ലെങ്കിൽ ഈ സഭ വിട്ടുപോയിട്ടുതന്നെ ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ ഒരു രീതിപാലനത്തിനായി എഴുനേൽക്കുന്നു. ഇപ്പോൾ സഭയിൽ ആലോചനയിൽ ഇരിക്കുന്നവിഷയത്തിനെ സംബന്ധിച്ചതാണോ അദ്ദേഹത്തിന്റെ പ്രസംഗം എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം. അദ്ദേഹം തന്റെ സ്വന്തകാര്യങ്ങളെപ്പറ്റി പറയുകയാണ്.

അദ്ധ്യക്ഷൻ. അതിനെപ്പറ്റി അദ്ദേഹത്തിനോടു മുമ്പു് പറഞ്ഞിട്ടുണ്ട്.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഞാൻ ഇപ്പോൾ പ്രസ്താവിക്കുന്നതു വേറൊന്നുമല്ല. ഞാൻ അനന്തിരവൻകക്ഷിയാണ്. ഞങ്ങളുടെ ഇടയിലുള്ളവരും പഠിക്കുന്നവരുമായ എത്ര യുവാക്കന്മാരാണ് ഓരോ മൂലയിലുംമറ്റും കാണുന്നതു. എന്തുകൊണ്ടെന്നാൽ ഫീസുകൊടുക്കാൻ നിവൃത്തിയില്ല. ഉടുക്കാൻ തുണിയില്ലാ. പൂർവികന്മാരെ വിചാരിച്ചു മുണ്ടുമുറുക്കിയുടുക്കും. ഇങ്ങനെയുള്ള അബദ്ധത്തിലാണ് ഞങ്ങൾ കിടക്കുന്നതു. ഈ സങ്കടത്തെ ഈ സഭയിലല്ലാതെ വേറെ എവിടെയാണ് പറയേണ്ടതു? ഈ സംഗതിക്കു എനിക്കു ഭൂരിപക്ഷംകിട്ടിയില്ലെങ്കിൽ എനിക്കുള്ള വഴിയെന്താണ്? മിശ്രദായക്കാരോടുചേരുന്നതിനുമല്ല ഞാൻ അനുകൂലിയല്ലാ, പ്രതികൂലിയാണ്. ഈയവസരത്തിൽ സെലക്ട്കമ്മിറ്റി റിപ്പോർട്ടിൽ എന്റെ മാന്യസ്നേഹിതൻ മി. സുബ്ബയ്യർ അവർകൾതന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടു. മിശ്രദായത്തെ പറ്റിയുള്ള ഒരു ചോദ്യമാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഞാൻ ഒരു ക്രമപാലനത്തിനായി എഴുന്നേററുകൊള്ളുന്നു. വിവാദവിഷയത്തോടു മിശ്രദായത്തിനു എന്തു സംബന്ധമാണുള്ളതു്?

അദ്ധ്യക്ഷൻ. അതു എങ്ങനെയാണ് സംബന്ധിക്കുന്നതെന്നു മെമ്പർ സഭക്കു പറയുമോ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഈ മിശ്രദായത്തെപ്പററി—

അദ്ധ്യക്ഷൻ. നാം വെള്ളാളബില്ലിനെപ്പററിയാണ് വാദിക്കുന്നതു; അല്ലാതെ ഈഴവബില്ലിനെപ്പററിയല്ല.

മി. എസ്സ് സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഓരോമാതിരിഭാഗം

മി. സി. പി. തരകൻ (കുന്നത്തുനാടു): ഭേദഗതി എങ്ങനെ മിശ്രദായമാകും?

മി. എസ്സ് സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഇപ്പഴത്തെ ഭേദഗതി മിശ്രദായമാകും. അതിനെ ശരിയാക്കാൻ പ്രയാസമെന്നാണ് ഈ മെമ്പർ അഭിപ്രായപ്പെട്ടിരിക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഒന്നു പിന്തുടർച്ചാവകാശത്തെപ്പററിയുള്ളതും മറേറതു സ്വത്തുഭാഗിക്കുന്നതിനെപ്പററിയുള്ളതും ആകുന്നു.

അദ്ധ്യക്ഷൻ. മെമ്പർക്കു ഇനിയും തുടർന്നുപറയണമെന്നു ഗ്രഹമുള്ളപക്ഷം, അദ്ദേഹം പ്രമേയത്തെപ്പററിയും വിഷയംമാററാതെയും സംസാരിക്കണമോ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): എന്റെ സമുദായത്തിൽ നിന്നുംതന്നെ പല ആളുകളും അഭിപ്രായപ്പെടുകയും ആശിക്കുകയും ചെയ്യുന്നതു ആളോഹരിഭാഗം വേണമെന്നാണ്. ഇവിടെ സന്നിഹിതരായിട്ടുള്ള അനേകംപേരുടെ അഭിപ്രായമാണു ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു്. ഈ നിയമം രൂപീകരിക്കുമ്പോൾ ഞങ്ങൾക്കുള്ള അവകാശം എല്ലാംകിട്ടണം. മരുമക്കത്തായത്തിലുൾപ്പെട്ട നായർറഗുലേഷൻ ഈഴവറഗുലേഷൻ മുതലായവ ഈ സഭയിൽനിന്നും തീരുമാനിക്കുക ഉണ്ടായി; അതുപോലെ ഞങ്ങൾക്കു ആളോഹരി എന്നുള്ള ദായക്രമം സ്ഥാപിച്ചുകിട്ടണം.

പിന്നെ എതിർകക്ഷികൾ പറയുന്നതു നാഞ്ചിനാട്ടു മക്കത്തായക്കാരായിരുന്നു് പിന്നെ മരുമക്കത്തായത്തിലേക്കു മാറി എന്നാണ്. അതു ശരിയല്ല. ചരിത്രവും മക്കവഴിയിൽനിന്നും മരുമക്കവഴിയിലേക്കു ഒരു സമുദായവും മാറുന്നതല്ല. മരുമക്കവഴിക്കാർ മക്കവഴിയെ താല്പര്യപ്പെട്ടുമാറിയാൽ എന്തെങ്കിലും ഒരു പേരുകൊടുക്കണമെന്നുദ്ദേശിച്ചാണ് തമിഴിൽ ഉകന്തുമെ എന്നു പേരുകൊടുത്തിട്ടുള്ളതു്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): നാഞ്ചിനാട്ടു വെള്ളാളർ എപ്പോഴെങ്കിലും മക്കവഴിക്കാരായി ഇരുന്നിട്ടുണ്ടോ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഞാൻ അറിഞ്ഞിട്ടില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): കമ്മിററിറിപ്പോർട്ടിൽ നാഞ്ചിനാട്ടുവെള്ളാളർ മരുമക്കവഴിയായിരുന്നു എന്നു പറഞ്ഞിട്ടുണ്ടോ?

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഞാൻ മരുമക്കവഴിയെന്നുതന്നെയാണു പറഞ്ഞതു്.

ഞാൻ ഇവിടെ വന്നതിനുശേഷം പല സ്നേഹിതന്മാരെയും കാണുന്നതിനിടയായി. ഞാൻ വടക്കൻതിരുവിതാംകൂറിൽ ഉള്ള വൈക്കത്തുനിന്നാണ് വന്നിട്ടുള്ളതു്. ഞങ്ങളുടെ ആളുകൾ മാവേലിക്കരെ കുറെയുണ്ടു്. പിന്നെയൊക്കെ തെക്കൻതിരുവിതാംകൂറിലാണുള്ളതു്. അവരോടു അനുകൂലിച്ചു ഈ നിയമം പാസ്സാക്കുകയാണെങ്കിൽ ഞാൻ ശപിക്കപ്പെട്ടവനായിത്തീരും. ഞാൻ ഇവിടെ വന്നതിനുശേഷം ഒരു വൃദ്ധയെ കാണാൻ ഇടയായി. അവർ എന്നോടു "നാഞ്ചിനാട്ടു വെള്ളാളബില്ലുപാസ്സായി വന്തിരിക്കുമാ" എന്നുചോദിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): ഒന്നിലധികം ഭാഷകളിൽ സംസാരിക്കുന്നതിനു മെമ്പർക്കു അനുവാദമുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം?

മി. സി. പി. തരകൻ (കുന്നത്തുനാടു): ആ വൃദ്ധ അദ്ദേഹത്തിനോടു പറഞ്ഞതിനെ അദ്ദേഹം ഉദ്ധരിക്കുകമാത്രമാണു ചെയ്യുന്നതു്.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ) അവർ എന്നോടുപറഞ്ഞതു മി. സുബ്രഹ്മണ്യപിള്ള ആൾവീതം ഭാഗം വാങ്ങിത്തരാമെന്നു പറഞ്ഞാണു വോട്ടുവാങ്ങിച്ചതെന്നാണ്. മി. സുബ്രഹ്മണ്യപിള്ള തായ്വഴിഭാഗത്തിനായി ഒരു ഭേദഗതി അയച്ചിട്ടുണ്ടെന്നും ആൾവീതം ഭാഗത്തിനു വിരോധിയാണെന്നും ഞാൻ പറഞ്ഞു മനസ്സിലാക്കി.

അതുകൊണ്ടു ഈ സഭയിലുള്ള മാന്യന്മാർ ഞങ്ങളെ ഉപദ്രവിക്കപ്പെടുത്തരുതെന്നു താഴ്മയായി യാചിക്കുന്നു. ഞങ്ങൾക്കു ഒരു രക്ഷയുമില്ല. ഇത്രയും പറഞ്ഞുകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളട്ടെ. നിങ്ങളുടെ സഹായം ഞങ്ങൾക്കു കിട്ടണമെന്നുള്ള പ്രാർത്ഥനയോടുകൂടി എന്റെ പ്രസംഗത്തെ നിറുത്തുന്നു.

മി. എം. വേലുപ്പിള്ള (സംയുക്തമെമ്പർ) സർ, എന്റെ സ്നേഹിതൻ മി. ശിവതാണുപിള്ള ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ അംഗീകരിക്കുന്നു; അപ്രകാരം ചെയ്യുന്നതിൽ ഈ സന്ധി ഒരു പുതിയ അഭിപ്രായമല്ലെന്നു മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ വിഷയത്തിന്റെ ഈ, അതായതു സ്വത്തുക്കളെ ആളോഹരിഭാഗമായും തായ്വഴിഭാഗമായും ഭാഗിക്കുന്നതിനുള്ള ഭാഗത്തെ വാദപ്രതിവാദത്തിനായി എടുക്കുകയും സാക്ഷികളുടെ അടുക്കൽ അഭിപ്രായത്തിനു കൊടുക്കുകയും ചെയ്തു; ആ കമ്മററി ആ സാക്ഷികളെ വിസ്തരിച്ചതിൽ അനേക നൂറു സാക്ഷികൾ ഉണ്ടായിരുന്നതിൽ ആ അഭിപ്രായത്തെ അനുകൂലിക്കുന്നതിനു ഇരുപതുപേരോളം മാത്രമേ ഉണ്ടായിരുന്നപ്പോൾ ഞാൻ അനുകൂലിച്ചിരിക്കുന്ന ആളോഹരിഭാഗത്തിനു ൨൨൪ പേരിൽ കുറയാതെ ഉണ്ടായിരുന്നുവെന്നും എൻക്വയറി കമ്മിററിറിപ്പോർട്ടിൽനിന്നും കാണാവുന്നതാണ്. സമുദായത്തിന്റെ അഭിപ്രായം എങ്ങനെ കിടക്കുന്നുവെന്നു സംഗതി വിശദമായി ചൂണ്ടിക്കാണിക്കുന്നതെങ്കിലും കുറേക്കൂടി ഗാഢമായി ആലോചിക്കുകയും ഈ വിവാദവിഷയത്തിൽ അടങ്ങിയിരിക്കുന്ന അനേകം സംഗതികളെ ഉലയംചെയ്യുമോക്കുകയും ചെയ്യുന്നതായാൽ ഒരു മദ്ധ്യപ്രസ്ഥാനമെന്നനിലയിൽ ഈ ഭേദഗതിയെ അംഗീകരിക്കുന്നതിനു ഞാൻ ആഗ്രഹമുള്ളവനായിരിക്കുന്നു. ഇതിനുള്ള ഒരു പ്രധാനകാരണം എന്റെ സമുദായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള രണ്ടു മെമ്പറന്മാരും ബില്ലിലെ പ്രധാനനിബന്ധനകളെ ശക്തിയായി

എടുക്കുകയും ഒരു പുതിയ സിലക്ടകമ്മിററിക്കു വീണ്ടും കമ്മിററുചെയ്യേണ്ടതിനുള്ള ആവശ്യകതയെപ്പററി നിർബന്ധിക്കുകയുംചെയ്തു എന്നുള്ളതാണ്. ഒരു പുതിയ സിലക്ടകമ്മിററിയുടെ അടുക്കൽ പുതുതായി ബില്ലിനെ കൊടുക്കുന്നപക്ഷം അതു അധികകാലത്തേക്കു നീണ്ടു നിൽക്കുന്നതിനാണു ഇടയുള്ളത്. ഇപ്പോഴിരിക്കുന്ന സ്ഥിതികളെ പരിഗണിച്ചുനോക്കുമ്പോൾ ഈ സംഭവത്തെ ഏതുമനോരഥത്തെയും ഒഴിച്ചുവിടുന്നതിനു ശ്രമിക്കുന്നതാണ്. കൂടാതെ ഈ സഭയിലെ പണ്ഡിതരായ ചില അംഗങ്ങളും സമുദായത്തിൻെറ അഭ്യുദയകാംക്ഷികളും ഈ ബില്ലിനെ പാസാക്കുക എന്നുള്ള പ്രധാനസംഗതിക്കുവേണ്ടി ഈ ഭേദഗതിയെ അംഗീകരിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടു വിവാദകക്ഷികൾ ഒരു സന്ധിക്കു വരത്തക്കവണ്ണം, ക്ലിപ്തമില്ലാത്തതായ ഒരു കാലത്തേക്കു ബില്ല നീണ്ടുകിടക്കുമെന്നുള്ള കുറെക്കൂടി കഷ്ടമായ സംഗതിക്കു ഇടയാകുകയോ അല്ലാത്തപക്ഷം എതിർകക്ഷിയിലുള്ള എൻെറ സ്നേഹിതന്മാർ ഉദ്യമിക്കുന്നതുപോലെ നശിക്കുന്നതിനു ഇടയാകുകയോ ചെയ്യുന്നതാണ്. അതിനാൽ ഒന്നുമില്ലാത്തതിൽഭേദം വല്ലതും സ്വല്പം ഉണ്ടായിരിക്കുന്നതാണു നല്ലതു എന്നപോലെ, മററു പ്രകാരത്തിൽ സമുദായത്തിനു ഒരു വലിയ ദോഷം സംഭവിക്കുന്നതിനെ മാററുന്നതിനായി ഈ ഭേദഗതിക്കു ഞാൻ അനുകൂലിക്കുന്നു. അതിൽ അനേകം കുഴപ്പങ്ങൾ ഉണ്ടെന്നാലും ഈ ഭേദഗതി ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയെക്കാൾ നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ സ്ഥിതിയെക്കാൾ നേരെ വിരുദ്ധകക്ഷികളായ ഇരുഭാഗക്കാർക്കും അതു അംഗീകാര്യമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ടി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഡിപ്യൂട്ടിപ്രസിഡണ്ട്): സർ, ഈ അവസരത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെപ്പററി രണ്ടു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ആദ്യമായി ഈ ഭേദഗതി കൊണ്ടുവന്ന ആളിനെ അതു കൊണ്ടുവന്നതിനായി ഞാൻ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഒരു വിധത്തിലോ മററുവിധത്തിലോ എനിക്കു ഈ സംഗതിയിൽ താല്പര്യമില്ലെന്നു മുഖവുരയായി ഞാൻ പറഞ്ഞുകൊള്ളുന്നു. എന്നാൽ, ന്യായമായിട്ടുള്ളതും സമുദായത്തിന് അംഗീകാര്യമായിട്ടുള്ളതും ആയ ഒരു നിയമം നാഞ്ചിനാട്ടു വെള്ളാളന്മാർക്കു ഉണ്ടായിരിക്കണമെന്നുള്ള ഒരു സംഗതിയിൽ എനിക്കു താല്പര്യമുള്ളതാണ്. ആ ഉദ്ദേശത്തിൻമേലാണ് ഞാൻ ഈ വിഷയത്തെ ആരംഭിക്കുന്നത്. ഈ അവസരത്തിൽ ഈ വിഷയത്തെപ്പററി സംസാരിക്കുന്നതിനു ഞാൻ എഴുനീൽക്കുന്നത് എന്തുകൊണ്ടെന്നാൽ ബില്ല സംബന്ധമായി ഈ നടപടിസംഗതികളിൽ ഇടപെടേണ്ടതായി വരികയും, വിരോധകക്ഷികൾ അതിനെ ഏതുവിധത്തിൽ വ്യാഖ്യാനിക്കുമോ അതനുസരിച്ചു ഈ ബില്ലിനെ ഈ നിലയിൽ കൊണ്ടുവന്നു എന്നുള്ളതിനുള്ള അവസ്ഥയേറ്റു പ്രശംസയോ അതു ഏതായിരുന്നാലുംശരി, എനിക്കു സ്വീകരിക്കാവുന്നതാണ്. പഴയ നിയമനിർമ്മാണസഭയിൽ നാഞ്ചിനാട്ടു വെള്ളാളരെ സംബന്ധിക്കുന്ന ഉടമ, വിവാഹങ്ങളുടെ വിധം, വിവാഹമോചനം എന്നും മററുമുള്ള സംഗതികളെ നിയന്ത്രിക്കുന്നതിനു ഒരു ബില്ല ആദ്യമായി കൊണ്ടുവന്നതു ഞാനാണ്. അതു സെലക്ടകമ്മിററിയുടെ അടുക്കൽപോയി. സെലക്ടകമ്മിററി ഒരു റിപ്പോർട്ടിനെ സമർപ്പിച്ചു. ഒടുവിൽ അതിനെ വിട്ടുകളയേണ്ടതായിട്ടുവന്നു. എന്തുകൊണ്ടെന്നാൽ ബില്ല പരിപൂർണ്ണമായിട്ടുള്ളതല്ലെന്നും ആളുകളുടെ ആഗ്രഹങ്ങളെ ആ ബില്ല സാധിച്ചിട്ടില്ലെന്നും അതിനു വലുതായ എതിർപ്പുണ്ടായിരുന്നു. അതുകൊണ്ടു ആ നിലവരെ എത്തിയതിനുശേഷം ഗവൺമെൻറിനാൽ നിയമിക്കപ്പെട്ടതും, അപ്പോൾ പേഷ്കാരായിരുന്ന മിസ്റ്റർ നാരായണമേനവനാൽ അദ്ധ്യക്ഷം വഹിക്കപ്പെട്ടതും ആയ കമ്മിററിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് ആ ബില്ല് ഉണ്ടായതെങ്കിലും അതിനെ വിട്ടുകളയേണ്ടതായി വന്നു. അതുനിമിത്തം സെലക്ട് കമ്മിററിയുടെ റിപ്പോർട്ടിനുശേഷം ആ ബില്ലിനെ നിറുത്തിവെയ്ക്കുകയും അതിനുപിന്നീടാണ്, കൂടുതൽ ശക്തികളോടും വേണ്ട അന്വേഷണം നടത്തി തെളിവു ശേഖരിക്കുന്നതിനുള്ള അധികാരങ്ങളോടുംകൂടി ഒരു കമ്മിററി ഏർപ്പെടുത്തിയതു; ആ കമ്മിററിയിൽ ആണ മിസ്റ്റർ എം. രാജരാജവർമ്മ അദ്ധ്യക്ഷം വഹിച്ചത്. ഐകകണ്ഠ്യമായുള്ളതും, ആളോഹരിഭാഗംതന്നെ വേണമെന്നുള്ള ഒരു നിബന്ധനയോടുകൂടിയതും ആയ ഒരു റിപ്പോർട്ടിനെ അവർ സമർപ്പിച്ചു. എന്നാൽ ബില്ലിനെ സമർപ്പിച്ചപ്പോൾ, ഇപ്പോഴത്തെ മെമ്പരായിരിക്കുന്ന മിസ്റ്റർ സുബ്രഹ്മണ്യപിള്ള അതിനെ എതിർക്കുന്നതായികാണപ്പെട്ടു. പിന്നീടു അതു സെലക്ട്കമ്മിററിയുടെ അടുക്കൽ പോയപ്പോൾ, ആളോഹരിഭാഗം അനുവദിക്കുന്നതിനെസംബന്ധിച്ചിടത്തോളം ബില്ലിനു ഒരു വലുതായ എതിർകക്ഷിയുണ്ടെന്നു ഞങ്ങൾ കണ്ടു. അതുകൊണ്ടു, ആ കമ്മിററിക്കു തെളിവുശേഖരിക്കേണ്ടതായും സങ്കടഹർജികൾ സ്വീകരിക്കേണ്ടതായും, വക്കീലന്മാരുടെ വാദങ്ങളെ കേൾക്കേണ്ടതായിട്ടും വന്നുകൂടി. അതുകൊണ്ടു ഒരു അഭിപ്രായത്തെ അനുകൂലിക്കുന്ന ഒരു വലിയ കക്ഷിയും അതിനു എതിരഭിപ്രായത്തെ അനുകൂലിക്കുന്നതും സമബലിഷ്ഠമൊട്ടുകൂടിയതും ആയ മറെറാരുകക്ഷിയും ഉണ്ടായി. കമ്മിററിയിൽ ഹാജരാക്കിയ അനേകം പ്രമാണങ്ങൾ ഉണ്ടായിരുന്നു. ഈ പ്രമാണങ്ങളെയെല്ലാം പരിശോധിച്ചതു എന്തു ഫലത്തോടുകൂടിയാണെന്നു ഞാൻ മറെറാരടത്തു പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഇതിനെപ്പററി സെലക്ട്കമ്മിററി ആലോചിക്കുമ്പോൾ, ഗണനീയമായവിധത്തിൽ ബലവത്തായ ഒരു എതിർകക്ഷിയുണ്ടായിരുന്നു എന്നുള്ളതിനെ നിരസിക്കാൻ നിവൃത്തിയില്ല. എന്തുചെയ്യണമെന്നുള്ളതിനെപ്പററി കമ്മിററിതന്നെ കുഴങ്ങിപ്പോകയും, അവർ ആലോചിച്ചാലോചിച്ചു ഒടുവിൽ ഈഴവരും നായന്മാരും അനുസരിച്ചുവരുന്ന മരുമക്കത്തായംനിയമത്തിൻെറ പൊതുതത്വങ്ങളെ അംഗീകരിക്കണമെന്നുള്ള തീർച്ചക്ക് അവർ വരികയും, ആയതിനാൽ ആളോഹരിഭാഗത്തിനു അവർ ശിപാർശ ചെയ്യുകയും ചെയ്തു. മിസ്റ്റർ ശിവതാണുപിള്ള പറഞ്ഞതെന്തെന്നാൽ, ബില്ലിനെ ഒരിക്കലും നിറുത്തിവെയ്ക്കരുതു എന്നു റിപ്പോർട്ടിൻെറ നക്കലിൽ ഒരു അഭിപ്രായം പുറപ്പെടുവിച്ചിരുന്നതായും, ഇരുഭാഗക്കാരും ഒന്നിച്ചു യോജിക്കണമെന്നും, ഇത്ര ശക്തിമത്തായ ഒരു എതിർപ്പു ഉണ്ടായിരിക്കാൻ പാടില്ലാ എന്നും, ബിൽ അതിൻെറ അവസാനനിലയിൽ എത്തുമ്പോൾ അവർ ഒരു തീരുമാനത്തിൽവരുമെന്നു കമ്മിററിക്കാർ വിചാരിക്കുന്നതെന്നും ആയിരുന്നു. എന്നാൽ സെലക്ട്കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും ആ ഭാഗം എടുത്തുകളയുകയും, അഭിപ്രായഭേദത്തെ സൂചിപ്പിക്കുന്ന മിനിററിൽ അതിനെ മിസ്റ്റർ പി. കെ. നാരായണപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും ചേർക്കുകയും ചെയ്തു. എന്നാൽ; അപ്പോൾകൂടിയും അതു വ്യക്തമായ വിധത്തിൽ അന്തർഭവിച്ചിരിക്കുകയായിരുന്നു; രണ്ടു കക്ഷികളും യോജിച്ചു ഒരു തീരുമാനത്തിനു വരികയും; സമുദായം ആകപ്പാടെ ആ ബില്ലിനെ അംഗീകരിക്കത്തക്കവിധത്തിൽ ചെയ്യുകയുംചെയ്യുന്നപക്ഷം, അതിനു എൻെറ പൂർണ്ണമായ ആനുകൂല്യവും ഉണ്ടായിരിക്കും.

മെന്നും ആയിരുന്നു എന്റെ ദൃഢമായ വിശ്വാസം. അതിനാൽ, ഒരു രാജിയുണ്ടാക്കാം എന്ന വിശ്വാസത്തിന്മേൽ മിസ്റ്റർ എം. ശിവതാണുപിള്ളയുടെ ഭേദഗതിയെ പിൻവലിക്കുകയും, അതേമാതിരിയിലുള്ള ഒരു ഭേദഗതിയെ വേറെ ഒരു മെംബർ കൊണ്ടുവരികയും ചെയ്യുന്നപക്ഷം അയാൾക്കു എന്റെ പൂർണ്ണമായ ആനുകൂല്യം ഉണ്ടായിരിക്കുന്നതാണു. നായർറഗുലേഷനെ നാം പാസ്സാക്കി എന്നുള്ളതിനു യാതൊരു സംശയവും ഇല്ലാ. ഈഴവറഗുലേഷനും നാം പാസ്സാക്കിയിട്ടുണ്ടു. എന്നാൽ മാചിയിൽ ഒരു ബിൽ വരുന്നതെന്നുള്ളതിനെ മെംബറന്മാർക്കും ഈ സഭയിൽ ഉള്ളവർക്കും അറിയാം; ആ ബില്ലിനുവേണ്ടി ഭൂരിപക്ഷത്തേയും ന്യൂനപക്ഷത്തേയും അനുസ്യൂതമാക്കിച്ചിട്ടുള്ള വാദങ്ങളെ ഞാൻ മുൻകൂട്ടി എടുത്തുപറയേണ്ട ആവശ്യമില്ലാ. അംഗീകാരമല്ലാത്ത ഒരു നിയമത്തെ തങ്ങളിൽ ചുമത്തുന്നതിനു ഈ സഭയ്ക്കു യാതൊരു അവകാശവുമില്ലെന്നും, അതുകൊണ്ടു അതു ഒന്നാമതായി അനുവദിക്കത്തക്കതല്ലെന്നും, അതായതു അതിൽ പ്രവേശിക്കണം എന്നുള്ളവർക്കു പ്രവേശനം നൽകുന്ന നിലയിലും അതിൽ പ്രവേശനം വേണ്ടാ എന്നുള്ളവർക്കു പ്രായോഗികമല്ലാത്ത വിധത്തിലും ഇരിക്കണമെന്നും, ആദ്യം മുതലേ, ഈഴവബില്ലിനെ അവതരിപ്പിച്ച അവസരത്തിൽ ഒരു വലുതായ എതിർകക്ഷിയുണ്ടായിരുന്നുവെന്നും, അതിൽനിന്നും ന്യൂനകക്ഷിയെ രക്ഷപ്പെടുത്തുന്നതിനു ഒരു നിബന്ധനയെ ഉണ്ടാക്കി എന്നും ഉള്ള സംഗതി ഈ സഭയ്ക്കു അറിയാം എന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. അതിനെക്കൂടിയും ഇപ്പോൾ ബലമായി എതിർക്കുന്നു. ആ എതിർപ്പു നല്ലതോ ചീത്തയോ എന്നോ യുക്തിയെ ആശ്രയിക്കുന്നതോ അല്ലാത്തതോ എന്നോ ന്യായമോ അന്യായമോ എന്നോ ഞാൻ പറയുന്നില്ല. അതിനെ കഴിച്ചുവെച്ചിട്ടു നോക്കിയാലും, ഇതുവരെ ചെയ്തിട്ടുള്ളതിനെ മറിക്കുന്നതിനായി ഒരു ബില്ലിനെ അവതരിപ്പിക്കുന്നതിനു ഒരു ശ്രമം നടന്നുവരുന്നു എന്നുള്ളതു വീണ്ടും നോക്കേണ്ടുന്നതാണു. എന്തുകൊണ്ടെന്നാൽ, ഒരു നിയമം പാസ്സാക്കിട്ടുള്ളതും, ആ ബില്ലു ഒരു റഗുലേഷൻ ആയിട്ടുള്ളതും, അതു എല്ലാ കക്ഷികളേയും ബാധിക്കുന്നതും ആകുന്നു. ഇപ്പോൾ, അതാണു അർത്ഥമെന്നുവരികിൽ, സമുദായത്തിലെ ഒരു കക്ഷിയെ ദ്രോഹിപ്പിക്കുന്ന ഉദ്ദേശം അതാണെന്നുവരികിൽ, അതിന്റെ ഫലമായി ആ ബില്ലു പാസ്സാക്കപ്പെടുകയാണെങ്കിൽ, “ഇതാ ഞങ്ങൾ ഇരിക്കുന്നു എന്നു പറയുന്നതിനു ന്യൂനപക്ഷക്കാർക്കു അധികാരമില്ലയോ? ഞങ്ങൾ ഇതേവരെയും അനുകൂലിക്കാതിരിക്കുന്നതായ ഒരു നിയമത്തെ ഞങ്ങളിൽ കെട്ടിച്ചുമത്തുന്നതിനു നിങ്ങൾക്കു എന്താണു കാര്യം?” അതിനെ ഇഷ്ടാനുസരണം അനുകരിക്കത്തക്കവിധത്തിൽ ആക്കുകയും, അതിൽ പ്രവേശിക്കുന്നതിനോ അതിനപ്പുറമെ നിൽക്കുന്നതിനോ ചെയ്യുന്നതിനു ഞങ്ങളുടെ ഇഷ്ടംപോലെ അനുവദിക്കുകയും വേണം. അതുകൊണ്ടു, ഈഴവപ്രതിനിധിബില്ലിനെപ്പററി മാചിയിൽ പറയുംപോലെ അവർക്കു പറയുന്നതിനു അധികാരമുള്ളതാണു. ബലമായ എതിർപ്പോടുകൂടിയ ഒരു ബില്ലിനെ പാസ്സാക്കുന്നതിൽ ഗവർമെന്റു ന്യായീകരിക്കപ്പെടുമോ എന്നുള്ളതു മറെറാരു വിഷയമാകുന്നു. എന്നാൽ, ഒരു ബില്ലിനെ റെഗുലേഷനായി പാസ്സാക്കുന്നതിനുമുമ്പായി, “എന്നെ അതിൽ സംബന്ധപ്പെടുത്തരുതേ”, എന്നു ആർക്കും പറയാവുന്നതാകുന്നു. ഈ സമുദായത്തിനു പൊതുവെ ഗുണപ്രദമായി കരുതിയിട്ടുള്ള സാമുദായികമായ ഒരു നിയമനിർമ്മാണമാകുന്നു, അല്ലാതെ ഒരു പൊതുകാര്യം നിർവഹിക്കുന്നതിനായികൊണ്ടുവന്നിട്ടുള്ള പൊതുസംബന്ധമായ ഒരു നിയമനിർമ്മാണമല്ലാ ഇതു. അങ്ങനെയിരിക്കെ നന്ദിയില്ലാ, ആളുകൾക്കു ഉപദ്രവമുണ്ടാകത്തക്കവിധത്തിലുള്ള ഒരു നിയമത്തെ ഉണ്ടാക്കുന്നതു ശരിയായിരിക്കയില്ലാ. ബില്ലിനെ വീണ്ടും കമ്മിററിചെയ്തു അല്ലെങ്കിൽ അവസാനത്തിൽ മഹാറാണി റീജൻറിന്റെ അനുമതി കിട്ടാതിരിക്കെ എന്നുള്ള ഫലത്തോടുകൂടി, ഭാവിയിൽ കൊണ്ടുവരാനുള്ള വാദത്തിനെ മിസ്റ്റർ എം. ശിവതാണുപിള്ള കൊണ്ടുവരികയാണെങ്കിൽ, ബില്ലിനുവേണ്ടി ഞാൻ ചെയ്തിട്ടുള്ള എല്ലാ ശ്രമങ്ങളും, സെലക്റ്റ് കമ്മിററിയിൽ അതുസംബന്ധമായി ഞാൻ എടുത്തിട്ടുള്ള എല്ലാ കഷ്ടതകളും വൃഥാവായിപ്പോകയും, സമുദായം തന്നെ ഒരു ഗത്യന്തരമില്ലാതെ ആയിതീരുകയും ചെയ്യുമെന്നു ഞാൻ ശങ്കിക്കുന്നു. അതുകൊണ്ടു ഇതിൽ ബന്ധപ്പെട്ടിരിക്കുന്ന ഇരുകക്ഷികളും തമ്മിൽ സൌഹാർദ്ദമായ ഒരു തീരുമാനത്തിൽ വരുന്നതിനുശ്രമിക്കേണ്ടതു എന്റെ കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ രണ്ടു കക്ഷികളും എന്റെ അടുക്കൽവന്നപ്പോൾ ആ സംഗതിയെപ്പററി ഒരു രാജിയുണ്ടാക്കുന്നതിനും ശരിയായതോ തെററായതോ അല്ലെങ്കിൽ സമുദായത്തിലെ ഒരു കക്ഷിക്കു സന്തോഷമായിരിക്കുന്നതും മറെറാ കക്ഷിക്കു നീരസത്തെ ജനിപ്പിക്കുന്നതുമായി ഒരു വിധത്തിലോ മററു വിധത്തിലോ തീർപ്പു ചെയ്യുന്നതിനു കൌൺസിലിനു വിട്ടുകൊടുക്കാതിരിക്കുന്നതിനും ആയി ഞാൻ അവരെ ഉപദേശിച്ചു. നിയമത്തിനും നീതിക്കും അതു ശരിയായിരിക്കാമെങ്കിലും ഇരുഭാഗക്കാർ തമ്മിലുള്ള ഒരു സന്ധിയാണു ഒരു തീർപ്പിനെക്കാൾ അധികം നല്ലതു. വിവിധകക്ഷികളുടേയും സമ്മതത്തോടുകൂടി ഉണ്ടായിട്ടുള്ളതായ ഒരു ഉടമ്പടിയിൽ നിയമത്തേയോ നീതിയേയോ കൊണ്ടു നമുക്കു ഒന്നും ചെയ്യാനില്ല. അതാണു ഒരു തീരുമാനമുണ്ടാക്കുന്നതിന്നു ഇരുകക്ഷികളേയും ഉപദേശിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചതു. ഏതെങ്കിലും ഒരു വിധത്തിൽ സംബന്ധപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ഉദ്ദേശത്താൽ പ്രേരിപ്പിക്കപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ ‘ഏതെങ്കിലും’ ‘വി’യോടു ബന്ധപ്പെട്ടതുകൊണ്ടോ ആണു അയാൾ ഒരു ഉടമ്പടിയുണ്ടാക്കിയതെന്നു ഈ സഭയിലെ മാന്യന്മാരായ മെംബറന്മാരിൽ ഒരാളെപ്പററിപോലും ഒരു ദോഷാരോപണം ചെയ്യുന്നതിനെ ഞാൻ വെറുക്കുന്നു. കക്ഷിയെന്നുള്ള അഭിപ്രായത്തെ ഞാൻ നിന്ദിക്കുന്നു. മക്കവഴിസ്വത്തുക്കളെ സംബന്ധിച്ചു തറവഴി ഭാഗതത്വങ്ങളെ അനുകരിക്കാം. എന്നോടു സമ്മതിച്ചു പറഞ്ഞതായ ചില ആളുകളെ എനിക്കു അറിയാം. അങ്ങനെയാണെങ്കിൽ തറവഴി ഭാഗതത്വത്തെ പ്രയോഗിക്കാവുന്ന മക്കത്തായം സ്വത്തുക്കളിൽ അവർ അതിനെ അനുവദിക്കുന്നതിനു തയാറുള്ളപക്ഷം തറവഴിഭാഗമെന്ന ഒഴിച്ചു വെയ്ക്കുന്നതിനുള്ള ന്യായം എന്താണു എന്നു ഞാൻ ചോദിക്കുന്നു. അപ്പോൾ ഞാൻ അതിനു പുറപ്പെടുവിച്ച തടസ്ഥം എന്തെന്നാൽ ഓരോ കേസിലും ഒരു കക്ഷി സ്വത്തുക്കളെല്ലാം മക്കവഴിയാണെന്നും മറെറ കക്ഷി തറവാട്ടുവകയെന്നും പറയുന്നതായിരിക്കും അതിന്റെ ഫലമെന്നും ആയിരുന്നു. നാഞ്ചിനാട്ടു വെള്ളാളർ അവർ വഴക്കാളികളായതിനാൽ വക്കീലന്മാർക്കു ധാരാളം കൊടുക്കും എന്നു എനിക്കു അറിയാം. എന്നാൽ ഒന്നുപാതി ആളോഹരിയായിട്ടും മറെറപാതി തറവഴിയായിട്ടും ആണു ഭാഗിക്കുന്നതെങ്കിൽ അതു എല്ലാവക സ്വത്തുക്കൾക്കും ഒന്നുപോലെ യോജിക്കുന്നതും അപ്പോൾ മക്കവഴി സ്വത്തെന്നോ തറവാട്ടു സ്വത്തെന്നോ യാതൊരുവിധമായ വ്യവഹാരവും ഉണ്ടാകുന്നതല്ല. ഒരു സന്ധിയുണ്ടാക്കുന്നതിനു എന്നേയും കക്ഷിക്കാരേയും ഉൽക്കണ്ഠയോടുകൂടിയവരായിരിക്കുന്നതിനു പ്രേരിപ്പിച്ച ഏറ്റവും താല്പര്യവും ആഗ്രഹവും ഉള്ള ഉദ്ദേശം അതായിരുന്നു. വസ്തുത അങ്ങനെയായിരിക്കുമ്പോൾ സമ്മതംകൊടുത്തതിൽ പിന്നീടു പിന്തിരിയുന്നതു.—ഇതിൽ കൂടുതൽ ശക്തിയുക്തമായി ഒന്നും പറയേണ്ടതെന്നു ഞാൻ വിചാരിക്കു

ന്നില്ല.—ഹരിക്കലും യോഗ്യമൊ ന്യായമൊ അല്ല. ഒരുകൂട്ടർ കരാറാലോ നിർബന്ധിക്കുകയൊ ശീലമായിട്ടുള്ളകയൊ ന്യായരഹിതമായ വല്ല പ്രേരണയൊ വല്ല തെറ്റിദ്ധരിപ്പിക്കലൊ അല്ലെങ്കിൽ ഒരു സാധാരണ ഉടമ്പടിയെ ബാധിക്കുന്ന ഏതെങ്കിലും ദൂഷ്യങ്ങളൊ ഉള്ളതായി ഒരു സംഗതിയും ഇവിടെ ഇല്ലായിരുന്നു. അതാണ ഒരു ഭാഗം.

ഇനി അതിന്റെ ഏതുഭാഗത്തെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഇതുപോലെ ഒരു ഭാഗവും ഈ ഉടമ്പടി അത്രയ്ക്കുമാത്രം ന്യായരഹിതമായിട്ടുള്ളതാണൊ? താവഴിഭാഗം വേണമെന്നുള്ള കക്ഷിക്കാർ തങ്ങളുടെ ഇഷ്ടംകൊണ്ടു തന്നെ ഭയം ചതിക്കുമെന്ന അത്രയ്ക്കുമാത്രം വിശ്വാസമുള്ളവരായിരിക്കുന്നുവോ? അങ്ങനെയാണെന്നു പറയാൻ ഞാൻ തയാറില്ല. എന്തുകൊണ്ടെന്നാൽ അതിൽ എത്ര വൈഷമ്യം ഉണ്ടെന്നും അതിനുവേണ്ടി എത്ര ദിവസം ഞാൻ ചിലവഴിച്ചിട്ടുണ്ടെന്നും എനിക്കു അറിയാം. വ്യാഖ്യാനിക്കുന്നതിനു വളരെ വൈഷമ്യം ഉള്ളതായി എനിക്കു തോന്നിയ ഒരു സംഗതിയുണ്ടായിരുന്നു മരുമക്കത്തായ നിയമത്തിന്റെയോ തത്വങ്ങളെ അനുസരിക്കുന്നപക്ഷം താവഴിഭാഗത്തെയാണു നാം അംഗീകരിക്കേണ്ടതെന്നുള്ള ഒരു സംഗതിയിൽ ആയിരുന്നു. എന്റെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തിയിരുന്നതു്. ആ ഏക ഉദ്ദേശമായിരുന്നു എന്നെ അതിനു സമ്മതിപ്പിച്ചതു്. ഒരു സംഗതിയെ പറയാതിരിക്കാൻ നിവൃത്തിയില്ലാത്തതും അതിനെ ഈ ഇന്ന സഭയിൽ പ്രസ്താവിക്കുന്നതിനു ഞാൻ തയാറാകുന്നു. ആദ്യമായി തന്നെ താവഴിഭാഗം അംഗീകരിക്കുന്നതിനു ഞാൻ തയാറായിരുന്നാൽകൂടിയും കോടതികളിൽ ആളോഹരിഭാഗത്തെയാണ് അംഗീകരിച്ചിട്ടുള്ളതെന്നുള്ള വസ്തുതയെ എനിക്കു മറക്കാൻ നിവൃത്തിയില്ല. അതിനാൽ ഒരു പ്രത്യേകസംഗതിയിൽ ആളോഹരിഭാഗത്തിന്റെ തത്വത്തെ അനുസരിച്ചു അതു തെറ്റാണെന്നു ഞാൻ ഇപ്പോൾ പറയാം. അതു ഒരു പ്രധാനമായിട്ടുള്ള സംഗതിയും കൂടിയുണ്ടു വ്യാഖ്യാനിക്കേണ്ടതും ആകുന്നു. നാഞ്ചിനാട്ടു വെള്ളാളരെ മുഖ്യമായി മക്കത്തായക്കാരാണെന്നാണ ധരിച്ചിരിക്കുന്നതു്. എന്നാൽ എന്റെ സ്നേഹിതൻ മിസ്റ്റർ വൈക്കം സുബ്രഹ്മണ്യപിള്ള അതിനെ സമ്മതിക്കുന്നില്ലെങ്കിലും മക്കത്തായം സംബന്ധിച്ചുള്ളതാണെന്നു പറയപ്പെടുന്നതായ ഒന്നു രണ്ടു സംഗതികൾ ഉണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അതു വാസ്തവമായിരിക്കയൊ അല്ലാതിരിക്കയൊ ചെയ്യാം. ഞാൻ വേറെ ഒരു അവസരത്തിൽ പറഞ്ഞതുപോലെ പഴയ ചരിത്രങ്ങളുമായി നമുക്കു യാതൊരു സംബന്ധവുമില്ല. എന്നാൽ മക്കത്തായസംബന്ധമായ ഒരു സംഗതിയുണ്ടെന്നുള്ള വസ്തുത ഉള്ളതും അതു ആ ഏർപ്പാടിൽ ഒരു ഭാഗത്തു ആളോഹരിഭാഗത്തിന്റെ തത്വത്തെ ഒരു വിധത്തിലൊ അല്ലെങ്കിൽ മററു വിധത്തിലൊ അംഗീകരിക്കുക എന്നുള്ളതും ആകുന്നു. ഇതുകൂടാതെ മി. സുബ്രഹ്മണ്യപിള്ള ഹിന്ദു നിയമത്തിന്റെ തത്വത്തെ തീരെ മറന്നിട്ട ആളോഹരിഭാഗം മരുമക്കത്തായത്തിൽ ചേരുന്നതാണെന്നു പറഞ്ഞു. പക്ഷെ അദ്ദേഹത്തിനു ആ നിയമത്തെപ്പററി അറിയാൻ പാടില്ലായിരിക്കാം. ഹിന്ദുനിയമം അംഗീകരിച്ചിരിക്കുന്നതു ആളോഹരിഭാഗത്തെയാണ് അല്ലാതെ വേറെയൊന്നുമല്ല. പരിപൂർണ്ണനായ ഒരു മക്കത്തായിക്കു ആളോഹരിഭാഗം മാത്രമെയുള്ളു, അല്ലാതെ താവഴിഭാഗമില്ല. അതുകൊണ്ടു ആ വാദത്തിനു സ്വല്പമെങ്കിലും വില നാം കൊടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഒരു പരിപൂർണ്ണനായ മക്കത്തായിയും, എനിക്കു ആളോഹരിഭാഗമല്ലാതെ വേറെ ഒന്നുമില്ലാത്തതുമാകുന്നു. ആ വാദം നിങ്ങൾക്കു സ്വീകാര്യമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കു ഒരു മക്കത്തായിയായിരിക്കണമെന്നുള്ളപക്ഷം, അതു ആളോഹരിഭാഗമല്ലാതെ വേറെ ഒന്നും ആയിരിക്കാൻ പാടില്ലാത്തതും ആകുന്നു.

എന്നാൽ ഇനിയും കുറെക്കൂടി പറയുന്നതിനുമുമ്പിൽ, എനിക്കു ഒരു ജഡ്ജിമെന്റിൽനിന്നും ഒന്നുരണ്ടു വാചകങ്ങൾ വായിക്കേണ്ടതായിട്ടുണ്ടു്. മരുമക്കത്തായികൾ ആളോഹരിഭാഗത്തെയാണ് അനുസരിച്ചുവന്നിരുന്നതെന്നു കോടതികൾകൂടെ വിചാരിച്ചിരുന്നു എന്നുള്ള ഒരു മുഖ്യകാരണംകൊണ്ടുമാത്രം ആ ജഡ്ജിമെന്റിനെപ്പററി പറയാതെ കടന്നുപോകുന്നതിനു എനിക്കു കുറെ വൈഷമ്യമുള്ളതും ആകുന്നു. ഭാര്യമാരുടെയും ഭർത്താക്കന്മാരുടേയും ഇടയിലുള്ള തത്വം ആളോഹരിഭാഗമാകുന്നു. യോജ്യതയ്ക്കുവേണ്ടി അതിനെക്കൂടി ചേർക്കുന്നതാണ് കുറെക്കൂടി നല്ലത് എന്നു ഞങ്ങൾ വിചാരിച്ചു. ആ പ്രത്യേകസംഗതിയെപ്പററി തിരുവിതാംകൂർ ലാറിപ്പോർട്ടിൽ [illegible]-ാംവാള്യത്തിൽ [illegible]-ാംവകുപ്പിൽ പറഞ്ഞിട്ടുണ്ടു്. ഒരു നാഞ്ചിനാട്ടുവെള്ളാളനും പിതാവിന്റെ സ്വത്തിൽ, അതായതു അച്ഛന്റെ തറവാട്ടുസ്വത്തിൽ ഒരു ഓഹരിക്കു അവകാശമുണ്ടെന്നു ഈ സഭയ്ക്കു അറിയാവുന്നതാണെന്നു ഞാൻ സഭയോടു പറഞ്ഞുകൊള്ളുന്നു. എന്നാൽ അച്ഛൻ ഒരു മരുമക്കത്തായിയാണെന്നുള്ളപക്ഷവും, അയാൾക്കു കുട്ടികൾ ഉണ്ടായിരിക്കുന്നപക്ഷവും, ആ കുട്ടികൾക്കു അച്ഛന്റെ തറവാട്ടുസ്വത്തിൽ ഒരു അവകാശമുള്ളതാണ്. ആ അവകാശത്തെ അല്ലെങ്കിൽ ഓഹരിയെ എങ്ങനെയാണ് നിർണ്ണയപ്പെടുത്തേണ്ടതെന്നും, അതു ആളോഹരിയായിരിക്കണമൊ മററുവിധത്തിലായിരിക്കണമോ എന്നും ഒരു ചോദ്യം അപ്പോൾ ഉണ്ടാകുന്നു. ആ ഓഹരിയെ നിർണ്ണയപ്പെടുത്തുന്നതിൽ, സ്ത്രീകളെ ഒഴിച്ചു (അല്ലെങ്കിൽ വകവയ്ക്കാതെ) പുരുഷന്മാരെമാത്രം കണക്കിൽ കൂട്ടുന്നതാകുന്നു അവരുടെ ഇടയിൽ ഉള്ള തത്വം. അപ്രകാരം ചെയ്യുന്നതിൽ, അങ്ങനെ നിർണ്ണയിക്കുന്നതു ഉയർന്ന തരത്തിലുള്ള പുരുഷന്മാരെമാത്രം സംബന്ധിച്ചിരിക്കണമോ, ഏതൊ താഴ്ന്ന തരത്തിലുള്ള പുരുഷന്മാരെക്കൂടി ഉൾപ്പെടുത്തണമൊ എന്നുള്ള സംഗതി, ഒരു വാദപ്രതിവാദത്തിന്റെ വിഷയമായിരുന്നു. തിരുവിതാംകൂർ ലാറിപ്പോർട്ടിലെ [illegible]-ാംവകുപ്പിൽ പറയുന്ന ആ പ്രത്യേകകേസിൽ, [illegible] പഴയ സദർകോർട്ടിലെ ഒരു ജഡ്ജിമെന്റ എടുത്തു മിസ്റ്റർ സദാശിവയ്യർ ഉദ്ധരിച്ചു; അതു പറയുന്നപ്രകാരമിതു,

“നാഞ്ചിനാട്ടുവെള്ളാളന്മാർ ഒരു പ്രത്യേകരീതിയിലുള്ള വർഗ്ഗക്കാരാകുന്നു. അവർ ആദ്യമായി മക്കത്തായത്തെ അനുകരിക്കുകയും, അതോടുകൂടി ആ നിയമത്തെ അനുകരിച്ചുവരുന്നവരുടെ നടപടികളെയും ആചാരങ്ങളെയും അനുകരിക്കുകയുംചെയ്തു. എന്നാൽ മരുമക്കത്തായം നടപ്പിലിരുന്ന ഒരു രാജ്യത്തിലേക്കു കുടിയേറി, സകല സംഗതികളിലും മരുമക്കത്തായം ബാധകമായി അനുകരിക്കുന്നവരായിത്തീർന്നിട്ടുള്ളവരെ, അവർ കുടിയേറിപ്പാർത്ത രാജ്യത്തിലുള്ള ആളുകളുടെ നടപടികളും ആചാരങ്ങളെ അവർ സാവധാനത്തിൽ അംഗീകരിച്ചുതുടങ്ങി. എന്നാൽ അവരുടെ ജന്മഭൂമിയിൽനിന്നും അവർ കൂടെ കൊണ്ടുവന്നതായ ആചാരങ്ങളെ പരിപൂർണ്ണമായി ഉപേക്ഷിക്കുന്നതിനു അവർക്കു സാധിച്ചില്ല. പ്രധാനമായി രണ്ടു മൂല്യങ്ങളെ കളയുന്നതിനു അവർക്കു കഴിഞ്ഞില്ല. ശാസ്ത്രപ്രകാരം പിതാവിന്റെ അനന്തരകർമ്മങ്ങൾ ചെയ്യേണ്ടതു മകന്റെ കർത്തവ്യമാകുന്നു. അതു ഒരു മതസംബന്ധമായ കർത്തവ്യമാകുന്നു. ആ കർത്തവ്യത്തിനു ആരായും ഇല്ലാതെയുമില്ല. പുത്രൻ പിതാവിന്റെ അന്ത്യക്രിയകളെ ചെയ്യുന്നതിനു നിർബന്ധിതനായിരിക്കയും, അയാളുടെ സ്വത്തിനു അവകാശിയായി ഭവിക്കും, അയാളുടെ മര

അവകാശം നടപ്പിൽവരുന്നതായ ഏതെങ്കിലും ഒരു വേർതിരിക്കൽനിമിത്തം മകനു പിന്തുടർച്ചാവകാശമില്ലാതാക്കിത്തീർക്കാൻ അച്ഛനു ശേഷിയില്ലാത്തതുമാകുന്നു.''

അതെല്ലാം ഉദ്ധരിച്ചതിനുശേഷം ജസ്റ്റിസ് സദാശിവയ്യർ പറയുന്നതിപ്രകാരമാണ്:—

''അതിനാൽ ആലോചനക്കുള്ള അടുത്തവിഷയം, (ഉടമസ്ഥരായിട്ടുള്ള അവകാശികൾക്കുവേണ്ടി തറവാട്ടിലെ പുരുഷ അംഗങ്ങളായിട്ട് വാദിയുടെ അച്ഛനേയും പ്രതിയേയും മാത്രം എടുക്കുന്നപക്ഷം) വാദിയുടെ അച്ഛന്റെ ഒരു സഹോദരിയും ഒരു ഭാഗിയായി ഗണിക്കണമെന്നോ എന്നും, അല്ലെങ്കിൽ മൂന്നു അനന്തിരവരെയും കണക്കിൽ കൂട്ടണമെന്നോ എന്നും, അല്ലെങ്കിൽ അനന്തിരവരിൽ ആരെങ്കിലും ഒരാളെമാത്രം കണക്കിൽ കൂട്ടണമെന്നോ എന്നും ആകുന്നു.''

അതിൽപിന്നെ ആ സംഗതിയെ തീർച്ചപ്പെടുത്തുന്നതിൽ അദ്ദേഹം പറഞ്ഞതാവിത്:—

''ഇപ്രകാരം വാദിയുടെ അച്ഛന്റെ വഴിയിലുള്ളവരെ മാത്രമല്ല, എന്നാൽ കുറേക്കൂടി ഉയർന്നവഴിയിലുള്ളവരെയും കണക്കിൽ കൂട്ടിയിരുന്നു. ഏതായാലും വാദി വഴിയിൽ താഴെത്തെവഴിയിലുള്ളവരെ കണക്കിൽ കൂട്ടേണ്ടതാണെന്നു വാദിക്കുന്നു. എന്നാൽ, വാദിയുടെ അച്ഛന്റെ മരണസമയം ഭാര്യമാരോ കുട്ടികളോ ഉണ്ടായിരുന്ന തറവാട്ടിലെ പുരുഷ അംഗങ്ങൾ ആരെല്ലാമാണ് എന്നു തീർച്ചപ്പെടുത്തുന്നതാണ് ഒരു പരീക്ഷണമായാൽ, തത്വത്തിൽ ഏതെങ്കിലും ഒരു വ്യത്യസ്തതയെ കണ്ടുപിടിക്കുവാൻ നമുക്കിപ്പോൾ സാദ്ധ്യമല്ല.''

മറ്റുപ്രകാരത്തിൽ പറയുന്നതായാൽ, തത്വത്തിൽ ഒരു വ്യത്യാസത്തെ നമുക്ക് കണ്ടുപിടിക്കുവാൻ നിവൃത്തിയില്ലെന്നു അദ്ദേഹം പറഞ്ഞു. അതുകൊണ്ട്, സാമ്യം ഒന്നുതന്നെയാണെന്നു പറയാൻ പാടില്ല. അതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം, വേറെ തെളിവുകൾ ഒന്നും ഇല്ലാതിരുന്നതുനിമിത്തം അദ്ദേഹം കേസിനെ റിമാൻഡു ചെയ്തു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പിതാവു മരിച്ചപ്പോൾ മകൻ സ്ഥലത്തില്ലായിരുന്നു എന്നും, തന്നിമിത്തം പിതാവിന്റെ അന്ത്യക്രിയകൾ ചെയ്യുന്നതിനു സാധിച്ചില്ലെന്നും വിചാരിക്കുന്നതായാൽ, ആ പുത്രനു ഒരു അവകാശത്തിനു അർഹതയുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട, ഡെപ്യൂട്ടിപ്രസിഡന്റ്): അതു ഇവിടെ ഉത്ഭവിക്കാത്തതും, ഞാൻ മറുപടിപറയാൻ തയാറില്ലാത്തതും വാദത്തിനുവേണ്ടിമാത്രം സങ്കല്പിച്ചിട്ടുള്ളതുമായ ഒരു ചോദ്യമാകുന്നു; അതിനു ഉത്തരംപറയാൻ ഞാൻ തയാറില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്രകാരമുള്ള ഒരു അവസ്ഥയിൽ അയാൾക്കു ഏതിനെങ്കിലും അവകാശമുണ്ടോ എന്നു മാത്രമേ എനിക്കു അറിയേണ്ടതായിട്ടുള്ളൂ.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെമ്പർ ഡിപ്യൂട്ടിപ്രസിഡണ്ടു): അതു ന്യായവാദികളുടെ അഭിപ്രായം അറിയേണ്ടതായ ഒരു ചോദ്യവും അതിനെപ്പറ്റി പരിപൂർണ്ണമായി ആലോചിക്കേണ്ടതും ആകുന്നു. മതിയായതെളിവുകൾ ഇല്ലാതെ അതിനു ഉത്തരംപറയാൻ പാടില്ലാത്തതും ആകുന്നു.

റിമാൻഡിനുശേഷം ആ കേസുകേട്ടതിൽ പിന്നീടു താഴെപറയുന്നപ്രകാരം ചീഫ്ജസ്റ്റിസ് അഭിപ്രായപ്പെട്ടു.

''റിമാൻഡുചെയ്തപ്പോൾ ഞാൻ വേറെ ഒരു തെറ്റിദ്ധാരണയാൽ പെട്ടിരിക്കുകയായിരുന്നു. ൧൦൭൭-ലെ ൧൮൭-ാംനമ്പർ ഹൈക്കോർട്ടു അപ്പീൽകേസിലെ ജഡ്ജിമെന്റിൽ വാദിയുടെ ഉടമസ്ഥരായ ദൃഷ്ടീകരിച്ചിട്ടുള്ളതിനുവേണ്ടി വാദിയുടെ അച്ഛന്റെ ഓഹരിയെ നിർണ്ണയിക്കുന്നതിനു ആ കേസിൽ വാദിയുടെ അച്ഛനേക്കാൾ കുടുംബപട്ടികയിൽ ഉയർന്നനിലയിലുള്ള പുരുഷന്മാരേയും വാദിയുടെ അച്ഛന്റെകൂടി സമമായിത്തന്നെ കണക്കാക്കി എന്നുള്ള അഭിപ്രായം അടങ്ങിയിരുന്നു എന്നു ഞാൻവിചാരിച്ചു. ആ കേസിലെ ഡിസ്ട്രിക്ട്കോർട്ടുവിധിയനുസരിച്ചു ഹൈക്കോർട്ടിന്റെ ആവിധിയെ വീണ്ടും വായിച്ചുനോക്കിയതിനു ശേഷം ഹൈക്കോടതി വിധിയിലെ ചില സംഗതികളെപ്പറ്റി പറഞ്ഞിരിക്കുന്നതു എന്നെ തെറ്റിദ്ധരിപ്പിച്ചു എന്നു ഞാൻവിചാരിക്കുകയും വാദിയുടെ പിതാവിന്റെ മരണത്തിനുമുമ്പു ജീവിച്ചിരുന്ന വിവാഹംകഴിച്ചിട്ടുള്ള എല്ലാപുരുഷന്മാരേയും (കുടുംബപട്ടികയിൽ അവർ ഏതുതരത്തിൽ ചേർന്നിരുന്നവരായാലും ശരി) ഓരോ ഭാഗമായിട്ടുതന്നെ വകവെച്ചുവെന്നു വ്യവസ്ഥിതമായ ഒരു അഭിപ്രായത്തെ ആ ജഡ്ജ്മെന്റ നിശ്ചയിച്ചില്ലാ എന്നു ഞാൻ തൃപ്തിപ്പെടുകയുംചെയ്യുന്നു. ആ കേസിലെവാസ്തവമായതീർപ്പു വാദിയുടെ അച്ഛന്റെ ഓഹരിയെ നിർണ്ണയപ്പെടുത്തുന്നതിനു വാദിയുടെ അച്ഛന്റെ നിലയിൽ ഉള്ള പുരുഷന്മാരെമാത്രം കണക്കിൽകൂട്ടാൻപാടുള്ളു എന്നും (കുറേക്കൂടി ഉയർന്നതരത്തിലുള്ള പുരുഷന്മാർ ജീവിച്ചിരിക്കുമ്പോൾതന്നെ മരിച്ചുപോയ) ഒരു അനന്തരവന്റെ സന്താനങ്ങൾ വാദികളായിരിക്കുന്നഇടങ്ങളിൽ കാരണവരുടെ സഹോദരിയെ (ആ അനന്തരവന്റെ മാതാവിനെ) ആ അവരുടെ സന്താനങ്ങൾ ഉടമസ്ഥരായതു അവകാശപ്പെടുന്നതുപോ ആ അനന്തരവന്റെ അവകാശത്തെ നിർണ്ണയപ്പെടുത്തുന്നവയ്ക്കായിട്ടു അവളുടെ സഹോദരന്മാരോടുകൂടി ഒരുപുരുഷനായിതന്നെ ഗണിക്കപ്പെടുന്നുഎന്നും ഉള്ള അഭിപ്രായത്തോടുകൂടി പൂർണ്ണമായി യോജിച്ചിരിക്കുന്നു''.

പിന്നീടു താവഴിഭാഗത്തെപ്പറ്റി തീർച്ചപ്പെടുത്തി. ഞാൻഏതിൽനിന്നും ഉദ്ധരിച്ചുവോ ആ ജഡ്ജ്മെന്റിനെപ്രസ്താവിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ജസ്റ്റിസ് മി. സദാശിവയ്യർ പറഞ്ഞതാവിത്.

''വാദിയുടെ അച്ഛന്റെഓഹരിയെ നിർണ്ണയിക്കുന്നതിനുവേണ്ടിയായിട്ടു വാദിയുടെ അച്ഛനേക്കാൾ താഴ്ന്നവഴിയിലുള്ള പുരുഷന്മാരേയും ഓഹരികളായി ഗണിക്കുന്ന തത്വത്തിലുള്ള ഒരുവ്യത്യാസത്തേയും കണ്ടുപിടിക്കുന്നതിനു എനിക്കിപ്പോൾ സാധിച്ചില്ലെന്നു ഞാൻ റിമാൻഡറിൽ വീണ്ടുംപറഞ്ഞു. ൧൦൭൭-ലെ എ. എസ്. ൧൮൭-ാം നമ്പർകേസിലെ ജഡ്ജ്മെന്റിൽ തറവാട്ടിൽവിവാഹംകഴിച്ച എല്ലാപുരുഷന്മാരേയും അവർ ഏതുനിലയിലുള്ളവരായിരുന്നാലും ശരി സമമായ ഓഹരികളായിത്തന്നെ ഗണിക്കപ്പെട്ടുഎന്നുള്ള അഭിപ്രായത്തിന്മേലാണു ആ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയിരുന്നതു. എന്നാൽ ഞാൻ ഇപ്പോൾ പറഞ്ഞമാതിരി ആ ജഡ്ജ്മെന്റിലെ അഭിപ്രായം ഒരു അബദ്ധമായിരുന്നു.

''യുക്തിവാദത്തിനു ഏറ്റവും അനുസരണമായിട്ടുള്ള ചട്ടങ്ങളും പരിപൂർണ്ണയോജിപ്പുള്ള തീർപ്പുകളും അടങ്ങിയതല്ലാ ലാ എന്ന അർത്ഥത്തിൽ കിന്നും ചീതാമ്മൂംതമ്മിലുള്ള കേസിൽ ലാർഡ്ചാൻസലർ ഹാൽസ്ബറിപ്രഭു

ത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളാവിതു, അതിൽനിന്നുതന്നെ യുക്തിക്കനുസരണമായവിധത്തിൽ ഉത്ഭവിക്കുന്നതായ ഒരു സംവാദവിഷയത്തിനു വേണ്ടി ഒരു കേസിനെ ഉദ്ധരിക്കാമെന്നുള്ളതിനെ ഞാൻ പൂർണ്ണമായി നിഷേധിക്കുന്നു. അമരുമക്കത്തായ സമ്പ്രദായം എന്ന് നിയമം ഉള്ള ഒരു യുക്തിവാദത്തിനും ഒരു യുക്ത്യനുസരണമായ ഒരു നിയമനമ്മതമായിരിക്കാനേ പാടുള്ളൂ എന്നു സമർത്ഥിക്കുന്നു. എന്നാൽ ഈ എല്ലാ മരുമക്കത്തായ സംബന്ധമായ ചട്ടങ്ങളും നടപടികളും സംബന്ധിക്കുന്ന ഇടങ്ങളിൽ മററുള്ളതും സാധാരണ കാലങ്ങളിലും വിശേഷാവസരങ്ങളിലും ഇനി ഉണ്ടാകുന്നതായ അവകാശങ്ങളെയും ബാദ്ധ്യതകളെയുംപററി നമുക്കു ഒരു തീർച്ചചെയ്യേണ്ടി വരുന്നേടത്തു അതു സാദൃശ്യമുള്ളതായ ഒരു കൂട്ടംതന്നെ ആയിരിക്കാമെങ്കിലും ഒരുകൂട്ടം സംഗതികളെയും കേസുകളെയും സംബന്ധിക്കുന്നതായ നിയമങ്ങളിൽനിന്നുള്ള യുക്ത്യനുസരണമായ അനുമാനങ്ങളെമാത്രം ആസ്പദമാക്കി പ്രവൃത്തിക്കുന്നതു രക്ഷയില്ലാത്തതാകുന്നു''

ആ അഭിപ്രായത്തിന്മേൽ തറവാട്ടുഭാഗം അനുസരിച്ചു കുടുംബത്തിലെ അംഗങ്ങൾക്കു സ്വത്തുകിട്ടണമെന്നു കോടതി തീർപ്പുചെയ്തു. ആ അംഗത്തിനു ഭാഗത്തിൽ ഒരു അംശവും ബാക്കിയുള്ള ഭാഗത്തിലെ അംശവും കുടുംബത്തിലെ അംഗങ്ങൾക്കു ചേരുന്നു എന്നതിനു യാതൊരു സംശയവുമില്ല. എന്നാൽ മരുമക്കത്തായത്തിന്റെ തന്നെ പ്രചാരത്തിലിരിക്കുന്ന ഒരു വക്കീൽ അങ്ങനെ നിർണ്ണയിച്ചിരിക്കുന്നതു ആളോഹരിഭാഗത്തെ ആസ്പദമാക്കിയാണെങ്കിലും ബാക്കിയുള്ള കുടുംബത്തിലെ അംഗങ്ങൾക്കുകൂടെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ റിപ്പോർട്ടു എഴുതിയപ്പോൾ മെമ്പർക്കു ഈ തീർപ്പു അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നുവോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ ഡിപ്യൂട്ടിപ്രസിഡണ്ട്): അതെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം അദ്ധ്യക്ഷനായിരുന്ന കമ്മററിയാൽ എഴുതപ്പെട്ടതായ താഴെ ചേർക്കുന്ന വാചകത്തിനെ മെമ്പർ ഓർക്കുന്നുണ്ടോ:—

"ഞങ്ങളുടെ മുമ്പിൽ ഹാജരാക്കിയിട്ടുള്ള എല്ലാ സംഗതികളെപ്പററി ഞങ്ങൾ ആലോചിക്കയും വാദങ്ങൾ കേൾക്കുകയും ചെയ്തിട്ടുള്ളതും ആളോഹരിയാണു ന്യായമായും കുറെക്കൂടി യുക്ത്യനുസരണമായും അംഗീകരിക്കേണ്ടതു എന്നു ഞങ്ങൾ വിചാരിക്കുന്നതും ആകുന്നു"

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ ഡിപ്യൂട്ടിപ്രസിഡണ്ട്): എന്റെ ഫയലുകളെ പരിശോധിക്കുന്നതായാൽ നാഞ്ചിനാട്ടു വെള്ളാളസമുദായത്തെ സംബന്ധിച്ചും തിരുവിതാംകൂർ ഹൈക്കോർട്ടുതീർപ്പുകളെ റിപ്പോർട്ടു ചെയ്തിട്ടുള്ളവയെയും ചെയ്തിട്ടില്ലാത്തവയെയും അതിൽ ചുരുക്കി പ്രസ്താവിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഞാൻ ആ വാദങ്ങളെ എല്ലാം ചുരുക്കി എഴുതുകയും ആളോഹരിഭാഗമാണു കുറെക്കൂടി ന്യായമായിട്ടുള്ളതെന്നു പറയുകയും ചെയ്തു. ഈ തത്വമനുസരിച്ചു മുഴുവൻസ്വത്തിനെയോ അതിൽ വല്ല ഭാഗത്തെയോ താവഴിഭാഗമായി വിഭജിക്കണമെന്നു പറയുന്നതിനു കുറെ ഒഴിവുകളുണ്ട്. അതുകൊണ്ടാണു സ്വത്തിൽ ഒരുഭാഗത്തെ താവഴിഭാഗമായി വിഭജിക്കണമെന്നുള്ളതിനെ ആളുകൾ അനുകൂലിക്കുന്നതു. താവഴിഭാഗത്തിൽ ഒരുതരത്തെ അംഗീകരിച്ചിരിക്കുന്നതായി കാണുന്നതിനാലും, തങ്ങളുടെ, അവരുടെ നിലകണ്ടിടത്തോളം അതു ഒരുതരത്തിൽ തീർക്കണമെന്നു അവർ ഒരു തീരുമാനത്തിനു വന്നിട്ടുള്ളതായി കാണുന്നതിനാലും, സമുദായത്തെ എന്നുള്ള കാരണത്തെയോ കമ്മിററിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയോ ആളോഹരിഭാഗത്തെ ആ സമുദായം നിർബന്ധപ്പെടുത്തി സ്വീകരിപ്പിക്കണമെന്നുള്ള സംഗതിയെപ്പററി ഈസഭ ആലോചിക്കുന്നതിനു ഞാൻ ഇപ്പോൾ ഒരു കാരണവും കാണുന്നില്ല. ഈ തത്വത്തെ അംഗീകരിക്കുന്നതിനു ആളുകളിൽ മിക്കവർക്കും സമ്മതമില്ലെന്നുള്ള സംഗതി എനിക്കു സൂക്ഷ്മമായും അറിയാം. അവർ ന്യൂനപക്ഷമാണ്" എന്നു സമ്മതിക്കുന്നതിനും ഞാൻ തയ്യാറാണ്. ആ കക്ഷി ഒരു ന്യൂനകക്ഷിയായിത്തന്നെയിരുന്നാലും അവർക്കു അംഗീകാര്യമായി തോന്നാത്ത ഒരു നിയമത്തെ അവരെ നിർബന്ധിച്ചു സ്വീകരിപ്പിക്കുന്നതു കുറെ കഷ്ടമായിട്ടുള്ളതാണ്. ഇപ്പോൾ നടക്കുന്ന ഈ ശണ്ഠയെ മാററിവെയ്ക്കുന്നതായാലും, ഈ ശണ്ഠയുടെ തീക്ഷ്ണത കഴിഞ്ഞുപോയതിനുശേഷം, ആ സമുദായത്തിന്റെ അംഗങ്ങൾ വളരെ സാവധാനത്തിൽ ഇരുന്നു ആലോചിക്കുമ്പോൾ, ഈ നിയമത്തെ പാസ്സാക്കണമോ വേണ്ടയോ എന്നുള്ളതിനെപ്പററി അവർ തീർച്ചയാക്കും. എന്നാൽ പിന്നീടു ആ സംഗതിയെപ്പററി ആലോചിക്കുന്നതിനു മെമ്പർമാരെ അനുവദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബില്ലിൽ ഇപ്പോൾ മേൽക്കാലത്തേക്കു വേണ്ടിയുള്ള ഒരു വകുപ്പിന്റെ നിലയിൽ ഏതിനെയെങ്കിലും ചേർക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഇനി വരാൻപോകുന്ന തലമുറക്കാർ അതിനെ അംഗീകരിക്കാത്തപക്ഷം, ഈ വകുപ്പിനെ ഭേദപ്പെടുത്തുന്നതിനു അവർക്കു സാധിക്കുന്നതല്ലോ. ശാശ്വതമായ ഒരു നിയമം നാം ഉണ്ടാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. നാം ചെയ്യുന്നതു പൊതുവെ സമുദായത്തിനു അംഗീകാരമാണോ എന്നുമാത്രം നാം നോക്കുന്നതായാൽ മതിയാകുന്നതാണ്. ഏതായാലും ആളുകളുടെ ഇടയിലുള്ള രണ്ടു കക്ഷികൾക്കും ഒരുപോലെ ഗുണമായതോ ദോഷമായതോ ചെയ്യുന്നതിനും ആളുകൾക്കിടയിൽ ഉണ്ടായിരുന്ന ഒരു കക്ഷിയോടു മററെ കക്ഷിയെക്കാൾ നാം കൂടുതലായ സ്നേഹം കാണിക്കാതിരിക്കുന്നതിനും, തന്നിമിത്തം അവർക്കു ഇഷ്ടമില്ലാത്തതായ ഒരു നിയമത്തെ ഒരു കക്ഷിക്കാരുടെമേൽ കെട്ടിവെയ്ക്കാതിരിക്കുന്നതിനും, നാം നമ്മാൽകഴിയുന്നത്ര പ്രവൃത്തിച്ചിട്ടുള്ളതും ആകുന്നു. ആ അഭിപ്രായപ്രകാരം ഈ സന്ധി വളരെ ഗുണകരമായിട്ടുള്ളതാകുന്നു. മി. വൈക്കം സുബ്രഹ്മണ്യപിള്ളയുടെ നിലയ്ക്കതിരായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സന്ധി ഇരുഭാഗത്തിനും ന്യായമായിട്ടുള്ളതാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതിനെപ്പററിയാലോചിക്കുന്നതിനു ഈ സഭയ്ക്കു സ്വാതന്ത്ര്യമുള്ളതാണ്". ഇത്രയും പറഞ്ഞുംകൊണ്ടു ഞാൻ ആ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രസിഡണ്ടു ദയവായിട്ടു മി. സുബ്രഹ്മണ്യപിള്ളയെ രണ്ടാമതും കമ്മിററിചെയ്യുന്ന സംഗതിയെപ്പററി വീണ്ടും ആലോചിക്കുന്നതിനായി അനുവദിക്കുന്നപക്ഷം, അദ്ദേഹം ഈ ഭേദഗതിയെ അംഗീകരിക്കുമോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): പ്രസിഡണ്ടിനുതന്നെ അതിനുള്ള അധികാരം ഉണ്ടോ എന്നു എനിക്കു സംശയമായിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭേദഗതിയായില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ടു): പ്രസിഡണ്ടിനു അപ്രകാരം സ്വേച്ഛാപ്രഭുത്വത്തോടുകൂടിയ അധികാരങ്ങൾ ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല. ദിവാൻ എന്ന നിലയിൽ പ്രസിഡണ്ടിനു ചെയ്യാവുന്ന ഒരു സംഗതി ആ ബില്ല പാസ്സാക്കുന്നതു കുറേക്കൂടി നീട്ടാമെന്നുള്ളതാകുന്നു. ഫ മുതൽ ന. ൦ വരെയുള്ള എല്ലാ പ്രൊസീഡിംഗ്സും പ്രയോജനമില്ലാത്തവയാണെന്നും, നാം വീണ്ടും നൂതനമായി ആരംഭിക്കേണ്ടതാണെന്നും പ്രസിഡണ്ടിനു പറയാമോ എന്നു എനിക്കു അറിയാൻപാടില്ല. ആ ഊഹത്തിന്മേൽ ഞാൻ ഉത്തരം പറയേണമോ എന്നും എനിക്കു അറിയാൻപാടില്ല.

രണ്ടാമത്തെ ഉപവകുപ്പിൽ മൂന്നാമത്തെവരിയിൽ "മുഴുവനും" എന്നുള്ള വാക്കിനെ എടുത്തുകളയാമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ അർത്ഥമാക്കിയിരിക്കുന്നതെന്തെന്നാൽ, സ്വത്തിൽ ഓരോ ആൾക്കും അവകാശം ഉണ്ടെന്നാണ്. "മുഴുവനും" എന്ന വാക്കില്ലെങ്കിൽതന്നെയും അർത്ഥം വിശദമാണ്. ഈ വാക്കുകൾ തെററിദ്ധരിപ്പിക്കുന്നതിനും കുഴപ്പമുണ്ടാക്കുന്നതിനും തങ്ങളുടെ ജീവിതകാലത്തിൽ മക്കൾക്കു അവരുടെ ഓഹരികളെ അവകാശപ്പെടാൻ പാടില്ലെന്നു് അർത്ഥമാക്കുന്നതിനും ഇടയുള്ളതാകുന്നു. "മുഴുവനും" എന്ന പദത്തിനെ ഭേദപ്പെടുത്തണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. എം. ശിവജ്ഞാനംപിള്ള (തോവാള): ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കണമെല്ലാ എന്നു വ്യസനിക്കുന്നു. സന്ധിയുടെ ഗുണങ്ങളെപ്പററി ഇവിടെ ധാരാളം പറഞ്ഞിട്ടുണ്ടു്. അവയെ അനുഭവിച്ചു അറിയുന്നതിൽ ഞാൻ ഒട്ടും പിന്നോക്കമല്ലാ. രാജ്യമൊന്നാകെ സന്ധിയിൽ അടങ്ങിയിരിക്കുന്നു. സന്ധിസ്വത്തുക്കളെ ആസ്പദമാക്കിയാകുന്നു ഗവർണ്മെന്റുകൾ (ഭരണം) നടത്തിക്കൊണ്ടുപോകുന്നതു്. ശേഷം എല്ലാം നാം നമ്മുടെ ജീവിതകാലത്തിനിടയിൽ സന്ധിഏർപ്പാടുകൾക്കു നാം കടപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു സന്ധിഎന്നതു് എന്താകുന്നു? 'എ' എനിക്കു അത്യുത്തമ തരത്തിലുള്ള സ്വത്തും 'ബി' എനിക്കു തരുന്നതിനു അയാൾക്കു ശേഷിയില്ലാതിരിക്കുമ്പോഴും, അയാൾക്കു തരാൻ കഴിവുള്ളതിനെ അംഗീകരിച്ചു രാജിയാകുന്നതിനു ഞാൻ തയ്യാറായിരിക്കണം. ഇവിടെ സന്ധിയുടെ അന്തരാർത്ഥത്തെ ഓരോരുത്തർ പ്രവൃത്തിയിൽകാണാൻ കഴിയുന്നതാണ്. എന്തുകൊണ്ടെന്നാൽ മുഴുവൻ ഓഹരിക്കും എനിക്കുള്ള അവകാശത്തെ മാത്രമാണ് ഞാൻ സന്ധിയായിത്തീരുന്നതു്. അതു് പ്രശംസനീയമാകുന്നു. എന്നാൽ മററുള്ളവരുടെ അവകാശങ്ങൾക്കു നാം യാതൊരു ഹാനിയും ചെയ്യാൻ പാടില്ലാത്തതാകുന്നു. മി. സുബ്രഹ്മണ്യപിള്ള തന്റെ ഭേദഗതിയെ മി. വേലുപ്പിള്ളയോടു യോജിപ്പിക്കുകയാണെങ്കിലോ അല്ലെങ്കിൽ മി. ശിവജ്ഞാനംപിള്ള അതേപ്രകാരംതന്നെ മി. വേലുപ്പിള്ളയോടു ചെയ്യുകയാണെങ്കിലും ഞാൻ ഗണ്യമാക്കുന്നില്ലാ. എന്നാൽ ഒരു സന്ധിയുടെപേരിൽ നമ്മളോടു ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നതെന്തെന്നാൽ ഇവിടെ ഹാജരില്ലാത്ത ആളുകളുടെ സ്ഥിരാവകാശത്തെ ഉപേക്ഷിക്കുന്നതിനാകുന്നു. ഇപ്പോൾ സഭയുടെ ആലോചനയിൽ ഇരിക്കുന്ന വിഷയം ഈ ബാലാളുകൾക്കു തീർച്ചപ്പെടുത്തേണ്ടതല്ലാ. അതു് അപ്രകാരമായിരുന്നെങ്കിൽ അതു് ഈ സഭയ്ക്കു വെളിയിൽവെച്ചു് തീർച്ചപ്പെടുത്താമായിരുന്നു. സന്ധിയെപ്പററിയുള്ള ഈ സംസാരം അനുയോജ്യമല്ലാത്തതും, ഇവിടെ ഹാജർ ഇല്ലാത്തവർക്കു ദോഷകരമായവിധത്തിൽ നമ്മുടെ മനസ്സിൽ ഒരു കുഴപ്പത്തെ ഉണ്ടാക്കിത്തീർക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമാകുന്നു. ഇപ്പോഴത്തെ ഭേദഗതി ഏതുവിധമായാലും ആസ്പദമാക്കിയാണോ കൊണ്ടുവന്നിരിക്കുന്നതു് അതിന്റെ ഫലമായിട്ടാണു മി. സുബ്രഹ്മണ്യപിള്ളയുടെ ആദ്യത്തെ തടസ്ഥത്തെ പിൻവലിച്ചതു എന്നു അവർ പറയുന്നതു ഈ വിരോധം ഉണ്ടാക്കുന്നതിനു മാത്രമാകുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ആ വിഷയം പ്രമേയാവതാരകനാൽ തന്നെ ആലോചനക്കു കൊണ്ടുവരപ്പെട്ടില്ലയോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുസംബന്ധമായി, കൌൺസിലിനു യാതൊരു ബന്ധവും ഇല്ലാ. മി. സുബ്രഹ്മണ്യപിള്ള മുമ്പോട്ടുവന്ന ആ പ്രമേയത്തെ പിൻവലിക്കുന്നതിനു ഈ സഭയുടെ അനുമതി ആവശ്യപ്പെട്ടു അപ്രകാരം ചെയ്തുകൊള്ളുന്നതിനു കൌൺസിലിൽ അദ്ദേഹത്തിനു അനുമതികിട്ടി. ഇപ്രകാരം പിൻവലിക്കുന്നതിനു അദ്ദേഹത്തിനുള്ളകാരണം അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിനെ പ്രേരിപ്പിച്ചതായ കാരണങ്ങൾ ഒന്നും സഭയെ ബന്ധിക്കുന്നതല്ല. അദ്ദേഹത്തിന്റെ കാരണങ്ങൾ വല്ലതും നീതിയുക്തമായിരുന്നാലും പിൻവലിക്കുന്നതിനോ അനുവദിക്കുന്നതിനോ അനുവദിക്കാതിരിക്കുന്നതിനോ നമുക്കുപൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു.

മി. എൻ. കുമാരൻ (നി. മെ.): അപ്രകാരമുള്ള ഒരു സംഗതിയിൽ ഈ സഭയുടെ അനുമതി ആവശ്യമാണോഎന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതെ. ചില സ്ഥിതികളിൽ അതിനുള്ള പ്രമേയങ്ങളായിരുന്നാലും അവയെ പിൻവലിക്കുന്നതിനു വേണ്ടതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ പിൻവലിക്കലിനെ മെമ്പർ എതിർക്കുകയാണോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോൾ അതുസംബന്ധമായി എനിക്കു യാതൊന്നും ചെയ്യേണ്ടതായിട്ടില്ലാ. അതു് സഭയിൽ ആലോചനയ്ക്കായിട്ടും വന്നിട്ടില്ല. ആസമയം ഈ സഭയുടെ ശ്രദ്ധയെ പിൻവലിക്കുന്നതു സംബന്ധിച്ചുള്ള നിബന്ധനകൾ ഈ സഭയെ സംബന്ധിക്കുന്നതല്ലാ എന്നുള്ള സംഗതിയിലേക്കു ഞാൻ ആകർഷിച്ചിട്ടുണ്ടു് എന്നുഞാൻ ഏതായാലും പറഞ്ഞുകൊള്ളുന്നു, അതിനു അപ്പോൾ അദ്ധ്യക്ഷംവഹിച്ചിരുന്ന ഡിപ്യൂട്ടിപ്രസിഡണ്ടു സമ്മതിക്കുകയുംചെയ്തു. ഇനി ഭേദഗതിയെപ്പററി പറയുകയാണെങ്കിൽ, ഇവിടെകൊണ്ടുവന്നിട്ടുള്ള ഉദാഹരണമനുസരിച്ചുതന്നെ എ, ബി, സി, ഡി എന്നവർക്കു ഓരോന്നിനും ൫ ൦ ൦ രൂപാവീതമുള്ള ഏററവും വലിയഓഹരികൾ ലഭിക്കുമ്പോൾ എൽ, എം, എൻ, പി; എന്നവർക്കു ഫ ൯ ൦ രൂപവീതമേ കിട്ടുന്നുള്ളു എന്നു ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞുകൊള്ളുന്നു. അതിനാൽ ഒരുഭാഗം അംഗങ്ങൾക്കു യാതൊന്നും നഷ്ടപ്പെടുവാനില്ലാത്തതും എല്ലാം ലാഭമായിട്ടുള്ളതും മറെറാരുഭാഗം അംഗങ്ങൾക്കു ലാഭമായിയാതൊന്നും തന്നെഇല്ലാത്തതും എന്നാൽ ധാരാളം നഷ്ടപ്പെടുവാനുള്ളതും ആയവിധത്തിൽ ഉള്ള ഒരുസംഗതിയെ

അംഗീകരിക്കാനാണു നമ്മളോടു ആവശ്യപ്പെടുന്നതു. ഇപ്രകാരമുള്ള ഭേദഗതിയുടെ ഗുണമെന്താണെന്നാണു ഞാൻ ചോദിക്കുന്നതു. എല്ലാവരും ഒരുപോലെ തറവാട്ടവകാശികളായിരിക്കുമ്പോൾ സ്ത്രീകൾ കുട്ടികൾമുതലായ അംഗങ്ങൾക്കു നഷ്ടം ഉണ്ടാക്കിത്തീർത്തു ഒന്നാംതരത്തിലുള്ള അംഗങ്ങൾ മാത്രം ലാഭം അനുഭവിക്കുന്നതു് എന്തുകൊണ്ടാണു.

മി. കല്യാടം പരമേശ്വരൻപിള്ള (അക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എൽ, എം, എൻ, പി, എന്നവർ പുരുഷ അംഗങ്ങളുമായിരിക്കാം. അവർ സ്ത്രീകളായ അംഗങ്ങൾ ആയിരിക്കണമെന്നു തന്നെയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സംഗതികളുടെ സ്ഥിതി നോക്കുന്നതായാൽ അതാണു കുറെക്കൂടി സാധാരണമായിട്ടുള്ളതു.

മി. എം. ശിവതാണുപിള്ള (തോവാള): അതിനെ ഇവിടെ പ്രയോഗിച്ചിരിക്കുന്ന മാതിരിയിൽ താവഴിഭാഗത്തിന്റെ തത്വത്തെ മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ വിഷയത്തെപ്പറ്റി എന്റെ സ്നേഹിതനു വല്ല സംശയവും തോന്നുന്നപക്ഷം എന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ അദ്ദേഹത്തിനു എന്നോടു ക്രാസ് ചോദിക്കാവുന്നതും അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിനു ഉത്തരം പറയുന്നതുമാകുന്നു. സർ, സന്ധിയുടെ ഗുണങ്ങളെ അസ്ഥിരമാക്കി പ്രവൃത്തിക്കുന്നതിനു നമ്മളോടു ആവശ്യപ്പെടുന്ന സന്ദർഭങ്ങളും ഉള്ളതായ ഭാഗങ്ങൾ അങ്ങനെ എടുക്കപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ സന്ധി എവിടെയാണെന്നു പറയാൻ സാധിക്കുമോ? ഒരു അംഗത്തിനു മറ്റൊരു അംഗത്തിനെക്കാൾ യാതൊരു വിശേഷവിധിയും കൂടാതെ അവകാശം എല്ലാവർക്കും ഒരുപോലെയുള്ള തറവാടാകുന്നു വെള്ളാളരുടെ തറവാടു എന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു. ഈ സംഗതിയെ എതിർക്കാൻ നിവൃത്തിയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മി. സുബ്രഹ്മണ്യപിള്ളയ്ക്കു ഭേദഗതികൾ കൊണ്ടുവരാനും തന്റെ അഭിപ്രായത്തെ ഭേദപ്പെടുത്തുവാനും സ്വാതന്ത്ര്യമുള്ളതാകുന്നു. എന്നാൽ അദ്ദേഹത്തിനു വാസ്തവ സംഗതികളെ ഭേദപ്പെടുത്തുവാൻ കഴികയില്ല. വെള്ളാളർ മരുമക്കത്തായ ചട്ടത്തെയാണ് അനുസരിക്കുന്നതെന്നു വെള്ളാള എൻക്വയറികമ്മിറ്റി ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതും, അതിനു മി. സുബ്രഹ്മണ്യപിള്ള ഒപ്പുവച്ചിട്ടുള്ളതും ആകുന്നു. ആ റിപ്പോർട്ടിൽ പറയുന്നതിതാണ്—ആ സമുദായത്തിൽ പ്രധാനമായി അനുസരിച്ചുവരപ്പെടുന്ന മരുമക്കത്തായ ചട്ടപ്രകാരം കുടുംബസ്വത്തു ഭാഗിക്കാൻ പാടില്ലാത്തതാകുന്നു. പുരുഷനായാലും സ്ത്രീയായാലും തറവാട്ടിലെ അംഗങ്ങൾക്കു സ്വത്തിൽ നിന്നും ചിലവിനുമാത്രമേ അവകാശപ്പെടാൻ പാടൊള്ളൂ. ഈ അവകാശം കുടുംബത്തിൽ താമസിക്കുന്നതിനെയും കുടുംബസംബന്ധമായ ജോലികളിൽ പങ്കുകൊള്ളുന്നതിനെയും ആസ്പദമാക്കിയിരുന്നു. കാരണവരെന്ന നിലയിൽ കുടുംബത്തിലെ സ്വത്തുക്കൾ തറവാട്ടിലെ ഏറ്റവും പ്രായംകൂടിയ പുരുഷ അംഗത്താലാണ് ഭരിക്കപ്പെടുന്നതു. അദ്ദേഹമാണ് പൊതുവെ അനന്തിരവൻ എന്നു പറയപ്പെടുന്ന കുടുംബത്തിലെ മറ്റംഗങ്ങളെ ചിലവിനുകൊടുത്തു പുലർത്തുന്നതിനു കടപ്പെട്ടയാൾ. പുരുഷാംഗത്തിന്റെ അഭാവത്തിൽ സ്ത്രീകളിൽ പ്രായംകൂടിയ അംഗമാകുന്നു കാരണവൻ. പറയുകയാണെങ്കിൽ തറവാട്ടുസ്വത്തിന്മേൽ കാരണവനും അനന്തിരവനും ഒരുപോലെ അവകാശമാണുള്ളതു് അതായതു ചിലവിനുള്ള അവകാശം, എന്നാൽ അനുഭവത്തിൽ തറവാട്ടുസ്വത്തുക്കളുടെ മേൽ കാരണവന്റെ അധികാരത്തിലും, തറവാട്ടു കാര്യസ്ഥന്റെ നിലയിൽ അതിൽനിന്നും ഉണ്ടാകുന്ന അനുഭവങ്ങൾ ... ളുള്ള അംഗങ്ങളുടെ ചിലവുകഴിച്ചു തറവാട്ടു വരുമ്പടിയിൽ അധികമുള്ളതു ഇഷ്ടംപോലെ ചെലവു ചെയ്യുകയും ചെയ്യുന്നു. ന്യായമായിട്ടുള്ള പ്രതിഫലത്തിനും കുടുംബത്തിന്റെ ആവശ്യം പ്രമാണിച്ചും അല്ലാതെ കാരണവൻ തറവാട്ടുസ്വത്തുക്കളെ അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു. തീറുകൾക്കും ദീർഘകാലപാട്ടങ്ങൾക്കുമുള്ള പണയങ്ങൾക്കും അനന്തിരവരുടെ സമ്മതംകൂടി ആവശ്യമാകുന്നു. തന്റെ തനതാവശ്യം പ്രമാണിച്ചു ഏതെങ്കിലും ഒരു മെമ്പർ ഉണ്ടാക്കിവയ്ക്കുന്ന കടംസംബന്ധമായ ഒരു ഉടമ്പടികളും കുടുംബസ്വത്തുക്കളെ ബാധിക്കുന്നതല്ലാ. ആ സ്വത്തു വിഭാഗിക്കാൻ നിവൃത്തിയില്ലാത്തതാകുന്നു. ഇവയെല്ലാം സത്യാവസ്ഥയായ സംഗതികളും ഇവയെ മാറ്റാൻ നിവൃത്തിയില്ലാത്തതും ആകുന്നു. അഭിപ്രായം ഭിന്നപ്പെട്ടിരിക്കാം. ഇന്നലെ വൈകുന്നേരം അദ്ദേഹം കൈക്കൊണ്ടിരുന്ന ഒരു ഭേദഗതിയെ ഇന്നു മിസ്റ്റർ സുബ്രഹ്മണ്യപിള്ള ഭേദപ്പെടുത്താവുന്നതാണ്. എന്നാൽ സംഗതികൾതന്നെ ഭേദപ്പെട്ടുപോയി എന്നു അദ്ദേഹത്തിനു വാദിക്കാൻ നിവൃത്തിയില്ലാത്തതാകുന്നു. വെള്ളാളർ മരുമക്കത്തായികൾ ആണെന്നു കമ്മിറ്റിറിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് എന്നതു വാസ്തവമായ ഒരു സംഗതിയാകുന്നു. ആ അഭിപ്രായത്തോടുകൂടി മിസ്റ്റർ സുബ്രഹ്മണ്യപിള്ള പൂർണ്ണമായി യോജിച്ചിട്ടുണ്ട് എന്നുള്ളതും വാസ്തവമായ ഒരു സംഗതിയാകുന്നു. ഇപ്പോൾ ഈ സംഗതികൾ എല്ലാം നമ്മുടെ മുമ്പിൽ സ്പഷ്ടമായി നിൽക്കുന്നു. സാക്ഷികളിൽ ഭൂരിപക്ഷക്കാരും ആളോഹരിഭാഗംതന്നെ വേണമെന്നുള്ളവരായിരുന്നു എന്നുള്ളതിനെയും കുറിച്ച് ഓർക്കേണ്ടതാകുന്നു. പല ആളുകൾ ആളോഹരിഭാഗം വേണമെന്നു ആവശ്യപ്പെട്ടപ്പോൾ ചില ആളുകൾ മാത്രമേ പൂർവ്വസ്വത്തിൽ ഒന്നുപാതി ആളോഹരിയായും മറ്റേ പകുതിയെ താവഴിയായും ഭാഗംചെയ്യുന്നതുകൊണ്ടു അവർ സംതൃപ്തരായിക്കൊള്ളാമെന്നു പറഞ്ഞിട്ടൊള്ളൂ. ഇതും എന്റെ സ്നേഹിതൻ മി. ശിവതാണുപിള്ളയോ അല്ലെങ്കിൽ മി. സുബ്രഹ്മണ്യപിള്ളയോ തർക്കിക്കാത്തതോ അല്ലെങ്കിൽ തർക്കിക്കാൻ കഴിയാത്തതോ ആയ ഒരു സംഗതിയാകുന്നു. ആളോഹരിഭാഗത്തിനു നിന്നിരുന്ന മി. വേലുപ്പിള്ള ഇപ്പോൾ രണ്ടാമത്തെ ഏർപ്പാടിനു അനുകൂലിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെ പറയുകയാണെങ്കിൽ അതു് എന്തുകൊണ്ടെന്നാൽ ഒന്നുമില്ലാത്തതിൽഭേദം സ്വല്പം വല്ലതും ഉണ്ടായിരിക്കുന്നതാണ് നല്ലതു് എന്ന് അദ്ദേഹം വിചാരിച്ചതുകൊണ്ടുമാത്രമാണ്. സർ, ഇതു് ഗത്യന്തരമില്ലാതെ വന്നപ്പോൾ ഉണ്ടായ ആലോചനയല്ലാതെ വേറെ ഒന്നുമല്ലെന്നു ഈ സഭ അറിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കക്ഷിയുടെയും ന്യായമായ അപേക്ഷകൾക്കു ഈ സഭ യോജിച്ചുവരികയില്ലെന്നുള്ള ഭയമാണ് പക്ഷെ ഇതിലേക്കു അദ്ദേഹത്തിനെ നയിച്ചതു്. സർ, അദ്ദേഹത്തിനു അതിനു അവകാശമുള്ളപക്ഷം മുഴുവനും അദ്ദേഹത്തിനു കൊടുക്കുന്നതിനായിട്ടാണ് നാം ഇവിടെ കൂടിയിരിക്കുന്നതു് എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. നാംതന്നെ ജഡ്ജിമാരായിരിക്കുന്ന ഒരു സംഗതിയിൽ ആരെങ്കിലും ഒരാൾ ഗത്യന്തരമില്ലാത്ത ഒരു നിലയിൽ എത്തുന്നതായാൽ നമുക്കു

നമുടെ കർത്തവ്യകർമ്മങ്ങളെ ചെയ്യുന്നതിനുള്ള പാടവത്തിൽ അത് വിരുദ്ധമായി പ്രതിബിംബിക്കുന്നതായിരിക്കും. എന്നെക്കുറിച്ചു എനിക്കുതന്നെ സംശയംതോന്നുന്നു എന്നല്ലാ, എന്നാൽ അതിൽനിന്നും അനുമാനിക്കാവുന്നതായ ഒരു സ്വാഭാവികമായ ഒരു തീരുമാനത്തെ ഞാൻ സൂചിപ്പിക്കുകയാകുന്നു ചെയ്യുന്നത്. അതിനാൽ ഇക്കാര്യത്തെപ്പറ്റി ഒരു തീർച്ചചെയ്യുന്നതിനുള്ള പൂർണ്ണമായ പ്രാപ്തതയും ഈ സഭയ്ക്കാകുന്നു ഉള്ളത്. നമ്മുടെ ഇടയിൽ ഉള്ള ഭൂരിപക്ഷം മെമ്പറന്മാരെ എങ്ങനെയാണ് ഏറ്റവും നല്ലവിധത്തിൽ തൃപ്തിപ്പെടുത്തുക എന്നുള്ളതല്ലാ, എന്നാൽ നാം ട്രസ്റ്റിയായിരിക്കുന്ന സമുദായക്കാരുടെ നേർക്ക് എങ്ങിനെയാണ് ന്യായമായും നിഷ്പക്ഷപാതമായും പ്രവൃത്തിക്കുന്നതെന്നുള്ളതാണ് സംഗതി. അനുകരിച്ചുവന്നിരുന്ന ആചാരം ഏതുകാലം മക്കത്തായമായിരുന്നു എന്നു കാണിച്ചു ഭേദഗതിക്കു ഒരു മാർഗ്ഗത്തെ ഉണ്ടാക്കുന്നതിനായി കൂട്ടുടമയെപ്പറ്റി ധാരാളം പറഞ്ഞിട്ടുണ്ട്. മി. സുബ്ബയ്യർ അദ്ദേഹത്തിന്റെ വീരമായ രീതിയിൽ,—ഞാൻ പറയുന്നതിനെ ക്ഷമിച്ചുകൊള്ളണം—ഒരു നിയമനിർമ്മാണകർത്താവിന്റെയോ അല്ലെങ്കിൽ ഒരു രാജ്യതന്ത്രജ്ഞന്റെയോ നിലയിൽ അല്ലാതെ, ഒരു വക്കീലിന്റെ നിലയിൽ വാദിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു. സർ, അദ്ദേഹം തന്റെ മനസ്സാക്ഷിക്കൊത്തവണ്ണം അല്ലാ സംസാരിക്കുന്നതെന്നു എനിക്കു തോന്നി. മി. സുബ്ബയ്യരോട് അദ്ദേഹം ചോദിച്ച ചോദ്യത്തിൽ മി. കെ. ശിവരാമപ്പണിക്കർ സന്ദർഭോചിതമാംവണ്ണം സൂചിപ്പിച്ചതുപോലെയും അതിനു പണ്ഡിതശ്രേഷ്ഠനായ ഡെപ്യൂട്ടിപ്രസിഡന്റും ഉപദേശരൂപത്തിൽ നേരിട്ടല്ലാതെ കൊടുത്ത മറുപടിപോലെയും, ഈ കൂട്ടുടമ കുടുംബത്തിൽ [illegible] കുട്ടികൾക്കു സ്ഥാപിച്ചുകൊടുത്തിട്ടുള്ള അവകാശമല്ലാ. മരിച്ചുപോയ ആളിന്റെ അനന്തരക്രിയകൾ ചെയ്യാത്തപക്ഷം കുട്ടികൾക്കു യാതൊരു കൂട്ടുടമയും അവകാശപ്പെടാൻ പാടില്ലാത്തതാണ്. തോവാളതാലൂക്കിൽ കുട്ടികൾ ജീവിച്ചിരുന്നിട്ടും മരിച്ച ആളിന്റെ സ്വത്തുക്കൾ ഗവണ്മെന്റിലേക്കു ചേർന്നതായ മൂന്നു കേസുകൾ ഉള്ളതായിട്ടു പറഞ്ഞിട്ടുള്ള റിപ്പോർട്ടിന്റെ ൯-ാമത്തെ അനുബന്ധത്തിലേക്കു ഈ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഈ എല്ലാകേസുകളിലും യാതൊരു പ്രയോജനവുമില്ലാത്ത അതാതു കുട്ടികളാൽ അപ്പീലുകൾ കൊടുക്കപ്പെടുകയും ചെയ്തു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ആ കേസുകളിൽ കൂട്ടുടമ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടു എന്നുള്ള ഈ അറിവിനെ എന്നിൽനിന്നും മെമ്പർ സ്വീകരിക്കുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങിനെ ആയിരിക്കാം. എന്നാൽ അക്കാരണത്തിനുവേണ്ടി അവർക്കു തറവാട്ടുസ്വത്തിൽ യാതൊരു അവകാശവും കൊടുത്തില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കൂട്ടുടമ അവകാശം അംഗീകരിക്കപ്പെട്ടു എന്നുള്ള സംഗതി ഞാൻ അദ്ദേഹത്തെ അറിയിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനെപ്പറ്റി എനിക്കും എന്റെ സ്വന്തമായ അറിവുള്ളതും അത് എൻക്വയറി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും ആകുന്നു. കൂടാതെ വാക്കാലുള്ള തെളിവിനു വിരുദ്ധമായി രേഖാമൂലമായി പ്രമാണങ്ങളിൽനിന്നും ധാരാളം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഞാൻ നായർസമുദായത്തിലെ ഒരംഗവും, ഭാഗങ്ങൾ നടപ്പിലാക്കപ്പെടുന്നതും പ്രമാണങ്ങൾ എഴുതി ഉണ്ടാക്കപ്പെടുന്നതും ആയ സ്ഥിതികളെ അറിയുന്നതിൽ എനിക്കും അവസരമുണ്ടായിട്ടുള്ളതും ആകുന്നു. കൂടുതലായി ഒരു ഭാഗത്തെ നിർബന്ധവും മറ്റേഭാഗത്തെ ബലക്ഷയവും ആണ്, അതല്ലാതെയിരിക്കുന്നതിനേക്കാൾ, ഭാഗങ്ങളിൽ (അംശം) വീതം തിട്ടപ്പെടുത്തുന്നതു. ചിലപ്പോൾ മറ്റുള്ള അംഗങ്ങളുടെ എല്ലാവരുടേയും ഓഹരികൂട്ടിച്ചേർത്താൽ എത്രയുണ്ടാകുമോ അതിനുമിക്കവാറും സമമായ ഒരു ഓഹരി കാരണവനു കൊടുക്കപ്പെടുന്നു. തറവാട്ടിലെ പ്രമാണികളെല്ലാം അയാളുടെ കൈവശത്തിലായതിനാൽ കാരണവനു തറവാട്ടുമൂപ്പൻ എന്നനിലയിൽ മറ്റുഅംഗങ്ങളെക്കാൾ ചിലഗുണങ്ങളെല്ലാം കൂടുതൽ ഉള്ളതും മറ്റുള്ള അംഗങ്ങളാൽ ഒരു സിവിൽ കോർട്ടിൽ ഒരുവിധിസമ്പാദിക്കുന്നതുവരെ അയാൾക്കുധാരാളം കാത്തിരിക്കാവുന്നതും മറ്റുള്ളവർക്കു തറവാട്ടിൽനിന്നും ചിലവിനുകിട്ടുന്നതിനു മുമ്പിൽ അനേകവർഷങ്ങൾ കഴിഞ്ഞുപോകുന്നതും ആകുന്നു. ഈ കാരണങ്ങളാൽ ശക്തികുറഞ്ഞകക്ഷി ശക്തികൂടിയ കക്ഷിപറയുന്നതു അനുസരിക്കയും അതിൻപ്രകാരം ഭാഗം നടത്തുകയും ചെയ്യപ്പെടുന്നു. ആയതിനാൽ സമുദായത്തിൽ നടന്നുവരുന്നതായ അവകാശങ്ങൾക്കും ആചാരങ്ങൾക്കും ഈ ഭാഗപത്രങ്ങൾ ശരിയായസൂചകങ്ങൾ അല്ലെന്നു ഞാൻ പറയുന്നു. നേരെമറിച്ചു എൻക്വയറി കമ്മിറ്റിയുടെമുമ്പാകെ കൊടുക്കപ്പെട്ടിട്ടുള്ള വാക്കാലുള്ള തെളിവു മനഃപൂർവമായിട്ടുള്ളതും, ഒരുപ്രമതലയുള്ള സംഘത്തിന്റെ മുമ്പാകെ പ്രമതലക്കാരായ ആളുകളാൽ ധാരാളമായി പ്രത്യേകതാല്പര്യമില്ലാത്ത അഭിപ്രായങ്ങൾ പറയപ്പെട്ടതാണെന്നും കാണിക്കുകയും ചെയ്യുന്നു. ഇപ്പോൾ ആരുടെ കാര്യവും ആസന്നമായവിധത്തിൽ അകപ്പെട്ടിരിക്കാത്തതിനാലും ഒരുത്തരുടെയും ദ്വേഷ്യത്തെ ഭയപ്പെടേണ്ട ആവശ്യവുമില്ലാതിരിക്കുന്നതിനാലും ആ അഭിപ്രായങ്ങളെ സമുദായത്തിൽ സ്ഥിതിചെയ്യുന്ന ന്യായത്തിന്റെ ഒരുവിധമായ പ്രതിബിംബമായിട്ടു കരുതാവുന്നതാണ്. ഇപ്പോഴത്തെ ഭേദഗതിയെ നാം അംഗീകരിക്കുന്നതായാൽ ഇവിടെ ഉദ്ധരിച്ചിട്ടുള്ള ഉദാഹരണത്തിൻപ്രകാരം ഒരു അംശത്തിനു മറ്റൊരു അംശത്തിന്മേൽ കൂടുതലായ യാതൊരു അവകാശവും ഇല്ലാതിരിക്കെ ചില അംഗങ്ങൾക്കു വളരെക്കൂടുതലും മറ്റുചില അംഗങ്ങൾക്കു വളരെ കുറവും ആയിട്ടു കൊടുക്കുന്നതായിട്ടാണ് അതു അർത്ഥമാകുന്നതു. അവർക്കു സ്വന്തമായുള്ള അവകാശത്തെ നിഷേധിക്കുന്നതിനു നമുക്കു എന്തു കാര്യമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു? എ ക്കു ൨൭൦൦ രൂപ കിട്ടുന്നതെന്നും ബി ക്കു ൫൩൦൦ രൂപ കിട്ടുന്നതെന്നും സോദരന്മാരെപോലെ തിട്ടപ്പെടുത്തുന്നതിനു നമുക്കു എന്തു അധികാരമാണുള്ളതു, ഇതു തീരെ അന്യായമായിട്ടുള്ളതും അനാവശ്യപ്പെടാത്തതും ആകുന്നു. ഈ മാതിരി ഭേദഗതിയെ അസ്വീകാര്യമാക്കിയിരിക്കുന്നവെന്തു എന്തെന്നാൽ തറവാട്ടിൽ താഴ്ന്നനിലയിൽ ഉള്ളവരെക്കാൾ ഉയർന്നനിലയിൽ ഉള്ളവർക്കു കൂടുതൽ അവകാശങ്ങളുണ്ടെന്നുള്ളതാണ്. അവർ ഏറ്റവും ഉയർന്നനിലയിലോ താഴ്ന്നനിലയിലോ ചേർന്നതായാലും തറവാട്ടിൽ പ്രായം കൂടുതൽ ഉള്ള ആൾക്കു കാരണവസ്ഥാനത്തു കയറാം എന്നുള്ള സംഗതിയിൽനിന്നും തെളിയുന്നതുപോലെ അപ്രകാരമുള്ള ഒരു (അനുമാനം) ആവശ്യമായിട്ടുള്ളതല്ല. ജനനത്താൽ ശേഷക്കാരനായിരിക്കുന്ന ഒരു ആൾ തന്റെ ജ്യേഷ്ഠഭ്രാതാവായ അമ്മാവനെ കടന്നു കാരണവസ്ഥാനത്തു ചെല്ലുന്നതിനുള്ള ദൃഷ്ടാന്തങ്ങൾ സാധാരണയായി ഒരാൾ കണ്ടുവരുന്നതാണ്. ഒരു നിലയിലുള്ള മെമ്പറന്മാർക്കും മറ്റൊരു നിലയിലുള്ള മെമ്പറന്മാർക്കും തമ്മിൽ വാസ്തവത്തിൽ യാതൊരു വ്യത്യാസവും ഇല്ലെന്നുള്ളതിനെ ഇതു തെളിവായി കാണിക്കുന്നു. കൂടാതെ പുരുഷ

നായാലും സ്ത്രീയായാലും ഒരുമെമ്പർ സമ്മതിക്കാതെ മാറിനിൽക്കുന്നതായാൽ ഒരുഭാഗപത്രമോ അല്ലെങ്കിൽ പണയാധാരമോ സാധുവായിട്ടു കരുതപ്പെടുമോ? സംഗതികൾ ഇങ്ങനെയിരിക്കുമ്പോൾ ചിലഅംഗങ്ങൾക്കു മററുള്ളവരെക്കാൾ കൂടുതൽ അവകാശവും അവകാശം കൊടുക്കുന്നതെങ്ങിനെ? ഇപ്പോൾ ഒരുസന്ധി ഏർപ്പെട്ടതിയിരിക്കുന്നതിനാൽ നാം ആ സന്ധിയെ അംഗീകരിക്കണമെന്നു മി. സ്വബ്ബയ്യർ പറഞ്ഞിട്ടുണ്ടു. എന്നാൽ സ്ഥിതിചെയ്യിരുന്നതായ ഒരു അവകാശവും സ്ഥിതിചെയ്യാത്തതായ ഒരുഅവകാശവും തമ്മിൽ ഒരുസന്ധിയുണ്ടാകുന്നതെങ്ങനെയെന്നു എനിക്കു അറിയാൻപാടില്ലാ. തങ്ങളുടെ സ്വന്തമായ വഴിയിൽക്കൂടി പോകണമെന്നു വിചാരിക്കുന്ന ഒരുസമുദായത്തിൽ അവരുടെഅഭിപ്രായങ്ങളെ പ്രചരിപ്പിക്കുന്നതിനു ഈ സഭയ്ക്കു യാതൊരു അവകാശവും ഇല്ലെന്നു അയാൾവീണ്ടുംപറയുന്നു. പാസ്സാക്കുന്നപക്ഷം വെള്ളാളതറവാട്ടുകളിൽ ഭൂരിപക്ഷത്തിൽനിന്നും അവരുടെ സ്ഥിരഅവകാശങ്ങളെയും ഇല്ലാതാക്കുന്ന ഒരുഭേദഗതിയെ അനുകൂലിക്കുന്നതിനു അദ്ദേഹംനമ്മളോടു ആവശ്യപ്പെടുമ്പോൾ അദ്ദേഹം ഈ സഭയിലുള്ളവരോടു അവരുടെ അഭിപ്രായങ്ങളെ സംശയമില്ലാത്തവരുംനിർഭാഗ്യവാന്മാരുംആയ ഒരുസമുദായത്തിൽ ബലാൽക്കാരം പ്രചരിപ്പിക്കുകയല്ലയോ എന്നു മിസ്റ്റർ സുബയ്യരോടുതൊൻ ചോദിച്ചുകൊള്ളുന്നു. ൨൨൪ സാക്ഷികളുടെ തെളിവിനെ അസ്ഥിരമാക്കിയാണോ അല്ലെങ്കിൽ ഈ ഭേദഗതിയിൽ ഇപ്പോൾ അന്തർലീനമായിരിക്കുന്ന ഭാഗത്തിന്റെ തത്വത്തെ അനുകൂലിച്ച ൨൦ പേരുടെ തെളിവിനെ അസ്ഥിരമാക്കിയാണോ നാംപോകേണ്ടതു? ഈ വിഷയത്തിൽ ന്യായമായും ധൈര്യത്തോടുംകൂടി പ്രവൃത്തിക്കുന്നതിനു ഞാൻ ഈ സഭയിലുള്ളവരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നാഞ്ചിനാട്ടുവെള്ളാളബില്ല് എന്നുപേർ കേൾക്കുമ്പോൾ അതിന്റെപൂർവ്വചരിത്രങ്ങളും ആ ബില്ലിനു നേരിട്ടിട്ടുള്ള കഷ്ടതകളും ഓർമ്മയിൽ വരാതിരിപ്പാൻ നിവൃത്തിയില്ലാ. ഈ സമുദായത്തിനു ഒരുസാമുദായികനിയമം ഉണ്ടാക്കികിട്ടണമെന്നു കഴിഞ്ഞ ൧൮ വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുകയും അതിലേക്കു ഗവണ്മെന്റു വേണ്ടപോലെ അനുകൂലിച്ചുകൊണ്ടിരിക്കുകയും ചെയ്തുഎങ്കിലും ഇതുവരെ സാധിച്ചുകിട്ടാൻ ഇടയായില്ല. കഴിഞ്ഞനിയമസഭയിൽ അതായതു ൧൯൨൬ അക്ടോബർ ൩൦-നു- കൊണ്ടുവന്നതായബില്ല് ഈ കൌൺസിലിനു അതായതു രണ്ടുവർഷംകഴിഞ്ഞപ്പോൾ രണ്ടാമത്തെ വായനക്കു എത്തിയിരിക്കുന്നതേയുള്ളു. ബില്ലിന്റെ ഇന്നത്തെസ്ഥിതിയും ബലമായ അഭിപ്രായവ്യത്യാസങ്ങളിൽസ്ഥിതിചെയ്യുന്നതായിട്ടാണുകാണുന്നതു. മിനിഞ്ഞാന്നത്തെ സ്ഥിതികണ്ടപ്പോൾ നാഞ്ചിനാട്ടുവെള്ളാള ബില്ലിനെസംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസങ്ങൾക്കു ഒരുവിധം ഒതുക്കംവന്നുഎന്നാണു ഞാൻ വിചാരിച്ചിരുന്നതു. ഒരു സാമുദായിക നിയമത്തിനു സ്വാഭാവികമായി ഉണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങൾ ഏകീകരിച്ചു വരുന്നതു ആർക്കും അപരിമിതമായ സന്തോഷത്തെതരുന്നതാണ്. ഇന്നലെമുതൽക്കുള്ള സ്ഥിതികൾ വലുതായ ഇച്ഛാഭംഗത്തിനു കാരണമായിതീർന്നിരിക്കുന്നു. ആൾവീതഭാഗത്തിനു ക്ലിപ്തപ്പെടുത്തി നിർമ്മിച്ചിട്ടുള്ള ബില്ലിൽ രണ്ടുകക്ഷിയിലുമുള്ളവർ യോജിച്ചു ഒന്നുപകുതി തായ്വഴിവീതമായും ഒന്നുപകുതി ആൾവീതമായും പറഞ്ഞുതീർത്തിരിക്കുന്നതായി രേത്രർ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും കേരളപ്ററഡു മെമ്പർ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും ഇവിടെ വച്ചു സമ്മതിച്ചു എങ്കിലും ഇപ്പോൾ അതിലേക്കു അഭിപ്രായവ്യത്യാസംവന്നിരിക്കുന്നു. നാഞ്ചിനാട്ടുവെള്ളാളസമുദായത്തിൽനിന്നും ഇന്നലെമുതൽ കമ്പികളും എഴുത്തുകളും നിയമസഭാമെമ്പറന്മാർക്കു കിട്ടികൊണ്ടിരിക്കുന്നു. ആകൂട്ടത്തിൽ എനിക്കുംകിട്ടീട്ടുണ്ടു. മെമ്പറന്മാർതമ്മിൽ ഉണ്ടായിട്ടുള്ളരാജി പുറമേയുള്ളവരുടെ അഭിപ്രായം അറിയാൻ ശ്രമിക്കാതെ ഉണ്ടായിട്ടുള്ളതാകുന്നു എന്നും ഒരുമക്കത്തായ കുടുംബത്തിലെസ്വത്തു അതിലെ എല്ലാഅംഗങ്ങൾക്കും ഒരുപോലെ അവകാശമുള്ളതാണെന്നും അതിനെ ഭേദപ്പെടുത്തി നിയമമുണ്ടാക്കാൻ പാടില്ലെന്നുമാണു അതുകളിൽ അവർവാദിക്കുന്നതു.

ഏതായാലും ഈ ബില്ലിനെസംബന്ധിച്ചു ആ സമുദായത്തിൽ ബലമായ രണ്ടുകക്ഷികളുണ്ടെന്നുള്ളതു സമ്മതിക്കാതെതരമില്ല. ഒരുസാമുദായിക നിയമമുണ്ടാകുമ്പോൾ ആ സമുദായത്തിലുള്ള എല്ലാ അഭിപ്രായക്കാർക്കും യോജിക്കുന്നതായ ഒരു നിയമമുണ്ടാക്കാൻ ഒരു നിയമസഭക്കും ഒരുകാലത്തും സാധിക്കുന്നതല്ല. ഇങ്ങനെ വരുന്ന അവസരങ്ങളിൽ പ്രധാനമായി നോക്കേണ്ടതു അതിലെ ഭൂരിപക്ഷാഭിപ്രായമാണ്. അങ്ങനെനോക്കുന്നതായാൽ ആൾവീതംഭാഗകക്ഷികൾക്കു കൂടുതൽ ശക്തിയുള്ളതായിട്ടാണ് കമ്മിററിറിപ്പോർട്ടിൽ നിന്നും കാണുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): സാക്ഷികളെ ശരിയായവിധത്തിൽ വിസ്തരിച്ചില്ലെന്നുള്ള ഒരു ആവലാധിയുണ്ടായിരുന്നുവെന്നു മെമ്പർക്കു അറിയാമോ?

മി. ററി കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനെപ്പററി പറയുന്നതായാൽ നാഞ്ചിനാട്ടുവെള്ളാളക്കമ്മിററിയിൽനിന്നും ഭാഗത്തെസംബന്ധിച്ചു ഉണ്ടാക്കീട്ടുള്ള ചോദ്യങ്ങളിൽ ആ സംഗതി വ്യക്തമായി മനസ്സിലാക്കി മൊഴികൊടുക്കുന്നതിനു സൌകര്യപ്പെടുത്തീട്ടുണ്ടായിരുന്നു. ഈ സംഗതി ൨, ൪, ൫, ൭, ൯ ഈ ചോദ്യങ്ങളിൽനിന്നും വ്യക്തമാകുന്നതാണു. മി. സുബ്രഹ്മണ്യപിള്ള പറഞ്ഞിട്ടുള്ളതായ ഒർമ്മയാകുന്നു, വയ്യും ഈ സ്ഥലങ്ങളിൽ മൊഴികൊടുത്തതു ശരിയല്ലെന്നും ഒരാൾ പറഞ്ഞതിനെ തങ്ങൾ മററുള്ളവർ പറഞ്ഞു എന്നുള്ള ആക്ഷേപവും ഒരിക്കലും നിലക്കുന്നതല്ല. ഒരാളുടെ അഭിപ്രായത്തിൽ മററുള്ളവർ ഇങ്ങനെ പറയുന്നതു സഹജമാണു. ഇങ്ങനെ കൊടുത്തിട്ടുള്ള മൊഴികളെ പരിശോധിച്ചു റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഭാഗം ഇങ്ങനെയാണ്.

(൧)	ഭാഗം അനുവദിക്കണമെന്നുള്ളവർ	൨൧൧
(൨)	ഭാഗം അനുവദിക്കണ്ടാ എന്നുള്ളവർ	൧൫
(൩)	ആളോഹരിഭാഗം അനുവദിക്കണമെന്നുള്ളവർ	൨൨൪
(൪)	തായ്വഴിഭാഗം വേണമെന്നുള്ളവർ	൪൮
(൫)	ആദ്യമായി തായ്വഴിഭാഗവും പിന്നീടു ആളോഹരിയായും സ്ത്രീപുരുഷഭാഗങ്ങൾക്കു സമമായും വേണമെന്നുള്ളവർ	൧൭
(൬)	തറവാട്ടുസ്വത്തിൽ പകുതി ആളോഹരിയായും പകുതി തായ്വഴിയായും ഭാഗിക്കണമെന്നുള്ളവർ	൨൦

ഭാഗം വെയ്ക്കുന്നതിൽ ഒന്നുപകുതി തായ്വഴിയും ഒന്നുപകുതി ആളൊഹരിയും അനുകൂലിച്ചിട്ടുള്ളവർ ൯൫൪ പേരിൽ ൨൦ പേരേയുള്ളൂ. ഇങ്ങനെകാണ്മായിരിക്കും ഈ ബില്ലിനെതിരായി ഇത്ര വളരെ കമ്പികളും എഴുത്തുകളും ഇന്നലെമുതൽ കിട്ടാൻ ഇടയായിട്ടുള്ളതു. നാഞ്ചിനാട്ടു വെള്ളാളകമ്മിററിമുമ്പാകെ മൊഴികൊടുത്തിട്ടുള്ളതിൽ ൧൫൯ കാരണവന്മാർ ഉൾപ്പെട്ടിരിക്കുന്നു. സ്വയസിദ്ധമായ അധികാരത്തെ വിട്ടുകൊടുക്കാൻ ഒരിക്കലും സമ്മതിക്കാത്ത കാരണവന്മാർപോലും ആളൊഹരിഭാഗത്തിനു അനുകൂലികളായിട്ടാണു കമ്മിററിയുടെമുമ്പാകെ മൊഴികൊടുത്തിട്ടുള്ളതു. ഇങ്ങനെ നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന്റെ അഭിപ്രായങ്ങളേയും ആഗ്രഹങ്ങളേയും ക്രോഡീകരിച്ചു എഴുതിയിട്ടുള്ള കമ്മിററിയുടെ റിപ്പോർട്ടിൽ അതിലെ മെമ്പറന്മാർ യാതൊരു അഭിപ്രായവ്യത്യാസവുംകൂടാതെ ഒപ്പിട്ടിരിക്കയും ചെയ്യുന്നു. ഇങ്ങനെയുണ്ടായിട്ടുള്ള റിപ്പോർട്ടിനെ പരസ്യപ്പെടുത്തി ആറുമാസം കഴിഞ്ഞതിൽപിന്നീടാണു ഈ ബിൽ നിയമസഭയിൽ കൊണ്ടുവരാൻ ഇടയായിട്ടുള്ളതു. ഈ കാലത്തിനിടയിൽ ഈ ബില്ലിന്റെ തത്വങ്ങളെപ്പററി ആരുംതന്നെ ആക്ഷേപിച്ചിട്ടുള്ളതായി കാണുന്നില്ല. നാഞ്ചിനാട്ടുവെള്ളാളകമ്മിററി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള ഈ ബില്ലു നിയമസഭയിൽ ആലോചനക്കെടുത്തതിൽപിന്നീടു മാത്രമേ അതിൽ അഭിപ്രായവ്യത്യാസമുള്ളതായി അറിയപ്പെട്ടിട്ടുള്ളൂ. ഈ ബിൽ ഒരു സാമുദായികനിയമമായി വരാൻപോകുന്നതുകൊണ്ടു സിലക്ട്കമ്മിററിയിലെ അംഗങ്ങൾ വേണ്ടപോലെ സൂക്ഷിക്കയും ആലോചിക്കയുംചെയ്തിട്ടുണ്ടു. അഭിപ്രായവ്യത്യാസമുണ്ടെന്നുവന്നപ്പോൾ ഓരോ കക്ഷിയുടേയും ഡിപ്യൂട്ടേഷൻ സ്വീകരിക്കയും അവരുടെ വാദങ്ങളെ കേൾക്കയും ചെയ്തിട്ടുണ്ടു. അവർ ഹാജരാക്കിയിട്ടുള്ള പ്രമാണങ്ങളെ സൂക്ഷ്മമായി പരിശോധിച്ചിട്ടുമുണ്ടു. ഈ സംഗതികളെല്ലാം വേണ്ടപോലെ ആലോചിച്ചിട്ടാണ് റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു.

മെസ്സേഴ്സ് സുബ്രഹ്മണ്യപിള്ള, ശിവതാണുപിള്ള ഇവർ ഈ ബില്ലിനെസംബന്ധിച്ചു സിലക്ട്കമ്മിററിയിൽവച്ചു ചെയ്തിട്ടുള്ള ജോലികളെപ്പററി പല ആക്ഷേപങ്ങളും പുറപ്പെടുവിച്ചിരിക്കുന്നു. അതിൽ പ്രധാനമായി പറയുന്നതു (൧) സിലക്ട്കമ്മിററിയിൽ ഹാജരാക്കിയിട്ടുള്ള പ്രമാണങ്ങളെ പരിശോധിച്ചിട്ടില്ലാ എന്നാണ്. മി. സുബ്രഹ്മണ്യപിള്ള ഈ കൗൺസിലിൽ വായിച്ചതായ മി. ടി. എം. ചിദംബരതാണുപിള്ളയുടെ പ്രമാണം മുഴുവനും അവിടെവച്ചു വായിക്കാൻ ഇടയായി. അതിൽ ആറു കക്ഷികളുണ്ട്. അവരുടെ പേരുകൾ പറകയും ചെയ്തിട്ടുണ്ട്. ഈ സംഗതിയിൽ മി. സുബ്ബയ്യർ വ്യക്തമായി പറഞ്ഞില്ലെന്നാണ് തോന്നുന്നതു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ടമെംബർ) (ഡിപ്യൂട്ടിപ്രസിഡന്റ): ഏതോ ഒരു പ്രമാണം വായിച്ചതായിട്ടു ഞാൻ പറഞ്ഞു എന്നു ഞാൻ വിചാരിക്കുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതേ, സിലക്ട്കമ്മിററിയിൽ രണ്ടു പ്രമാണങ്ങൾ വായിക്കപ്പെട്ടു.

എന്നാൽ അതിൽ അഞ്ചു കക്ഷികൾമാത്രമേ ചേർന്നു രജിസ്റ്ററാക്കിട്ടുള്ളൂ. ഏതായാലും ഈ സംഗതിയെപ്പററി മി. സുബ്ബയ്യരും മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയും അനുരൂപമായ മറുപടികൾ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നുംതന്നെ പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സിലക്ട്കമ്മിററിയിലെ അംഗങ്ങളായ ഒൻപതുപേരിൽ എട്ടു പ്രമാണങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും ഒരാൾമാത്രം പരിശോധിച്ചിട്ടില്ലെന്നുമാണു പറയുന്നതു. മി. സുബ്രഹ്മണ്യപിള്ളയുടെ അഭിപ്രായത്തിലും ആ മനസ്ഥിതിയിലും ഞാൻ മനസ്താപപ്പെടുകമാത്രമേചെയ്യുന്നുള്ളൂ.

(൨) മറെറാരു കാരണം പറയുന്നതു ആളൊഹരിയിലും തായ്വഴിയിലും ഇവ രണ്ടിലും ചേരുന്നതും ആയ പ്രമാണങ്ങൾ സിലക്ട്കമ്മിററിയിൽ ഹാജരാക്കിട്ടുള്ളപ്പോൾ ആളൊഹരി മാത്രം സ്വീകരിച്ചതിനെപ്പററിയാണു. ഇതിലേയ്ക്കു സമാധാനം പറയാൻ പ്രയാസമില്ലാത്തതാണ്. മരുമക്കത്തായം ഈ കാലസ്ഥിതിക്കു യോജിച്ചതല്ലെന്നും ആളൊഹരി ഭാഗമാണ് വേണ്ടതെന്നും മി. സുബ്രഹ്മണ്യപിള്ള തന്നെ വിളിച്ചുസമ്മതിച്ചിട്ടുള്ള സംഗതിയാണ്. അതുപോലെതന്നെ നാഞ്ചിനാട്ടു വെള്ളാളസമുദായാംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും അതിലേക്കു അനുകൂലികളാണ്. ഈ അഭിപ്രായത്തെ ബലപ്പെടുത്താനായി നാഞ്ചിനാട്ടു വെള്ളാളകമ്മിററി റിപ്പോർട്ടു ബലമായി സഹായിച്ചുനിൽക്കുന്നു. ഇതിനുപുറമെ നാഞ്ചിനാട്ടു വെള്ളാളബിൽ കമ്മിററികൾ രണ്ടിലും മി. സുബ്രഹ്മണ്യപിള്ള അംഗമായിരുന്നിരിക്കുന്നു. അദ്ദേഹം നാഞ്ചിനാട്ടിലെ ഒരു വലിയ കുടുംബക്കാരനും ജനസ്വാധീനമുള്ള ആളുമാണ്. അദ്ദേഹത്തിനു അവിടെയുള്ള ജനങ്ങളുടെ സൂക്ഷ്മമായ അഭിപ്രായം അറിയാൻ സൗകര്യമുള്ള ആളാണ്. അങ്ങനെയുള്ള മി. സുബ്രഹ്മണ്യപിള്ള നാഞ്ചിനാട്ടുവെള്ളാളകമ്മിററി റിപ്പോർട്ടിൽ യാതൊരു അഭിപ്രായവ്യത്യാസവുംകൂടാതെ ഒപ്പിട്ടിരിക്കുന്നു. ഈ സ്ഥിതികളെല്ലാംകൂടി പരിശോധിക്കുമ്പോൾ സിലക്ട്കമ്മിററിയിൽ നിന്നും ആളൊഹരിഭാഗമാണ് നാഞ്ചിനാട്ടു വെള്ളാളസമുദായത്തിനു ആവശ്യമെന്നു വിചാരിക്കുന്നതിനും അതിനെ സ്വീകരിക്കുന്നതിനും അവകാശമുള്ളതാണു.

(൩) വേറെ ഒരു കാരണം പറയുന്നതു ൨൭,൦൦൦-ത്തിൽപരം ജനങ്ങളുള്ളതായ ഒരു സമുദായത്തിൽ ൯൫൪ പേരുടെ അഭിപ്രായത്തെ ഒരു ഭൂരിപക്ഷാഭിപ്രായമായി ഗണിക്കാൻ പാടില്ലെന്നാണു.

നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ ഇവരുടെ സാമുദായികനിയമത്തിനുവേണ്ടി ക്രോഡീകരിച്ചിട്ടുള്ള കമ്മിററികൾ വിസ്തരിച്ചിട്ടുള്ളവരുടെ സംഖ്യയും അവരുടെ ജനസംഖ്യയും കണക്കാക്കുമ്പോൾ നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നും വിസ്തരിച്ചിട്ടുള്ളവരുടെ ശതമാനം കൂടുതലായിട്ടാണു കാണുന്നതു.

(൪) അടുത്തതായി പറയുന്ന മറെറാരു കാരണം നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽ ഭൂരിപക്ഷാഭിപ്രായം തായ്വഴിഭാഗത്തിനു അനുകൂലികളാണെന്നും അതുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ മെസ്സേഴ്സ് സുബ്രഹ്മണ്യപിള്ള, ശിവതാണുപിള്ള ഇവരെ തിരഞ്ഞെടുക്കാനിടയായിട്ടുള്ളതും തായ്വഴിഭാഗത്തിനു വേണ്ടി വാദിക്കാൻ അവരെ അധികാരപ്പെടുത്തീട്ടുണ്ടെന്നുമാണു. ൧൦൯൭-ൽ നടന്ന തിരഞ്ഞെടുപ്പുകാലത്തുതന്നെ നാഞ്ചിനാട്ടു വെള്ളാളബിൽ നിയമസഭയിൽ വാദപ്രതിവാദത്തിനു വരുമെന്നു അവിടെയുള്ള ജനങ്ങൾക്കു അറിയാമായിരുന്നു. ആ കാലത്തു ആളൊഹരിഭാഗത്തിനു അനുകൂലിയായ മി. ചിദംബരതാണുപിള്ള തോവാളയിലും മി. പി.

യി. ഡാനിയൽ അദ്ധ്യക്ഷസ്ഥാനത്തിൽനിന്നു തിരിഞ്ഞെടുക്കാനിടയായി. ഇപ്പോൾ കഴിഞ്ഞ തിരിഞ്ഞെടുപ്പിൽതന്നെ തദ്ദേശഭാഗത്തിനുവേണ്ടി വാദിക്കണമെന്നും അങ്ങിനെയുള്ളവരെ മാത്രമേ തിരിഞ്ഞെടുക്കാൻ നിശ്ചയിച്ചിട്ടുള്ളു എന്നും അവിടെയുള്ള വോട്ടറന്മാർ വിജ്ഞാപനങ്ങൾ പരസ്യപ്പെടുത്തുകയോ പൊതുജനയോഗങ്ങൾകൂടി തീരുമാനങ്ങൾ പാസ്സാക്കുകയോ ചെയ്തിട്ടുള്ളതായി എനിക്കറിയാൻ ഇടയായിട്ടില്ല.

നാഞ്ചിനാട്ടുവെള്ളാളസമുദായം അവർ്വീതമോ ഏതെങ്കിലും തദ്ദേശഭാഗമാണ് താല്പര്യപ്പെടുന്നു എന്നാണ് മി. സുബ്രഹ്മണ്യപിള്ള അഭിപ്രായപ്പെട്ടതു. അതിലേക്കു പറയുന്ന പ്രധാന കാരണം നാഞ്ചിനാട്ടുവെള്ളാളസമുദായം പൂർവികകാലത്തു മക്കത്തായികളായിരുന്നു എന്നും കാലക്രമംകൊണ്ടു മരുമക്കത്തായത്തിന്റെ ചില നടപ്പുകൾ സ്വീകരിക്കാനിടവന്നുഎന്നും അതിന്റെ ഫലമായിട്ടാണ് ഉകന്തുടമാവകാശം വന്നിട്ടുള്ളതെന്നും ആണ്. നാഞ്ചിനാട്ടു വെള്ളാളസമുദായം ഏതുകാലത്തു മക്കത്തായികളായിരുന്നുഎന്നും ഏതുകാലത്തു മരുമക്കത്തായികളായിരുന്നുഎന്നും അറിയുന്നതിനു യാതൊരു പ്രമാണങ്ങളും കാണ്മാൻ ഇടയായിട്ടില്ല. ഈ സമുദായം മുൻകാലങ്ങളിൽ ഏതു ദായത്തെ സ്വീകരിച്ചിരുന്നാലും അടുത്ത കാലങ്ങളിൽ അവർ എഴുതിവരുന്ന പ്രമാണങ്ങളിലും അതിനെ അടിസ്ഥാനമാക്കിയിട്ടുള്ള കോർട്ടുവിധികളിലും അവർ മരുമക്കത്തായികളാണെന്നു ബോദ്ധ്യപ്പെടുന്നതാണ്. ഈ സമുദായം മരുമക്കത്തായികളാണെന്നു വരുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും അതിലെ സ്വത്തിനു ഒരുപോലെ അവകാശമുള്ളതായിവരുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായം മരുമക്കത്തായികളാണെന്നു സ്ഥാപിക്കാൻ ഒരു പ്രയാസവുമില്ലാത്തതാണ്.

(൧) ഓഹരിക്കും കുട്ടികൾക്കും ഏറ്റുന്റെ അടുക്കൽനിന്നും ചിലവിനു ചോദിക്കാൻ അവകാശമില്ലാതിരിക്കുന്നു.

(൨) അച്ഛന്റെ സ്വത്തിൽനിന്നല്ലാതെ അച്ഛന്റെ അച്ഛന്റെ സ്വത്തിൽനിന്നും ഉകന്തുടമാവകാശം ചോദിക്കാൻ പാടില്ലാതിരിക്കുന്നു.

(൩) ഉകന്തുടമാവകാശത്തിൽ കിട്ടുന്ന സ്വത്തു സബ്‌തറവാട്ടുസ്വത്തായിത്തീരുകയും ആയതു സബ് തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും അവകാശമുണ്ടായിരിക്കയുംചെയ്യുന്നു.

(൪) ഉകന്തുടമാവകാശമായ പത്തിലൊരംശം സ്വത്തു പോകെ ബാക്കിയുള്ള ഒൻപതു പങ്കും ആ കുടുംബത്തിലെ സ്ത്രീകൾക്കാണ് കിട്ടുന്നതു. അതുകൊണ്ടാണ് അവരെ പുരുഷന്മാരുടെകൂട്ടത്തിൽ ഉൾപ്പെടുത്താത്തതു.

(൫) നാഞ്ചിനാട്ടു വെള്ളാളർ അവരുടെ അച്ഛന്റെ സ്വത്തിനു അവകാശികളായി തീരുന്നില്ല.

(൬) നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽപെട്ട ഒരാളിനു അനന്തിരവൻ ഇല്ലാതെ വരുമ്പോൾ അയാളുടെ തറവാട്ടുസ്വത്തിൽ പത്തിൽ ഒന്നും, സ്വന്ത സമ്പാദ്യത്തിൽ ഏഴിൽ ഒന്നും കിട്ടുന്നു. സ്വന്ത സ്വത്തിൽ ഏഴിലൊരംശമോ സ്വത്തു മക്കൾക്കു ഉകന്തുടമാവകാശം കിട്ടുകയല്ലാതെ ബാക്കി സ്വത്തു മുഴുവൻ സർക്കാരിലേക്കാണു ചെല്ലുന്നതു്. ഇങ്ങനെയുള്ള അവസരങ്ങളിൽ ഉകന്തുടമാവകാശത്തിനു സർക്കാരിനെ പ്രതിയാക്കി വ്യവഹാരം കൊടുക്കേണ്ടിയിരിക്കുന്നു.

(൭) സമുദായനടപ്പനുസരിച്ചും ചട്ടപ്രകാരവും സ്ത്രീകൾക്കു അച്ഛനോടുകൂടിസ്ത്രീധനം ചോദിക്കാനുംകൂടെ അവകാശമില്ലാത്തതാണ്.

(൮) നാഞ്ചിനാട്ടു വെള്ളാള സമുദായത്തിലെ സ്ത്രീകൾക്കുമറ്റു മരുമക്കത്തായ സമുദായങ്ങളിലെപ്പോലെ പുനർവിവാഹം അനുവദിച്ചിരിക്കുന്നു.

(൯) മറ്റു മരുമക്കത്തായ കുടുംബങ്ങളിലെ സ്ഥിതിപോലെ വയസ്സിനു മൂത്ത ആൾ ശേഷക്കാരനായിരുന്നാലും അയാൾ കുടുംബത്തിൽ കാരണവനായി തീരുന്നു.

(൧൦) മരുമക്കത്തായകുടുംബങ്ങളുടെ സ്ഥിതിപോലെ തറവാട്ടിലുള്ള എല്ലാ അംഗങ്ങൾക്കും ഒരുപോലെ ചിലവിനു ചോദിക്കാൻ അവകാശമുണ്ടായിരിക്കുന്നു.

(൧൧) കുടുംബസ്വത്തിനെ വിഭാഗാധാരം എഴുതികൊടുക്കുമ്പോൾ അതിൽ പ്രായപൂർത്തിവന്നിട്ടുള്ള സകല അംഗങ്ങളും മൈനറന്മാർക്കുവേണ്ടി അവരുടെ സംരക്ഷണകർത്താക്കന്മാരും ചേരേണ്ടതായിരിക്കുന്നു.

൧൦൮൭-ലെ നായർറഗുലേഷനു പിന്തുടർച്ചാവകാശികൾ ഇല്ലാതെവരുമ്പോൾ മുഴുവൻ സ്വത്തും മക്കൾക്കു കിട്ടുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായക്കാർക്കു അങ്ങിനെ കിട്ടുന്നില്ല. ശരിയായ മരുമക്കത്തായികൾ അവരായിട്ടാണ് ഇപ്പോൾ ഗണിക്കേണ്ടതു്. ഇങ്ങനെയുള്ള നിയമങ്ങളും ഇങ്ങനെയുള്ള നടപ്പുകളും വച്ചുകൊണ്ടിരിക്കുന്ന നാഞ്ചിനാട്ടു വെള്ളാളസമുദായം മുമ്പു മക്കത്തായികളായിരുന്നു എന്നും മരുമക്കത്തായത്തിന്റെ ചില ചടങ്ങുകൾ പിന്നീടുള്ള കാലങ്ങളിൽ വന്നുചേർന്നതാണെന്നോ പറയുന്നതിനു ഒരു യുക്തിയും അർത്ഥവുമില്ലാത്തതാണ്.

ഉകന്തുടമാവകാശം ഒരുകാലത്തു മക്കത്തായം സ്വീകരിച്ചിരുന്നതിന്റെ ഒരു അവശിഷ്ടമാണെന്നും അതിനാൽ നാഞ്ചിനാട്ടു വെള്ളാളസമുദായത്തെ മറ്റു മരുമക്കത്തായികളുടെ നിലയിൽ ഗണിക്കാൻപാടില്ലെന്നുമാണു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ മുഖ്യവാദം.

ഉകന്തുടമാവകാശത്തെപ്പറ്റി നോക്കുന്നതായാലും ഓരോ കാലങ്ങളിൽ ഓരോമാതിരി വിധികളുണ്ട് ഉണ്ടായിട്ടുള്ളതു്. ഉകന്തുടമാവകാശം മക്കത്തായത്തിന്റെ ഒരു അവശിഷ്ടമാകുന്നെന്നുള്ള വാദത്തിനു വല്ല വാസ്തവവും ഉള്ളപക്ഷം കോടതികളിൽനിന്നും ഓരോ കാലങ്ങളിൽ ഓരോ മാതിരി വിധികളുണ്ടാകുന്നതിനും അതിർത്തികളിന്മേൽ സമുദായാംഗങ്ങൾ അടങ്ങിപാർക്കുന്നതിനും ഇടയില്ലാത്തതാണ്. ഈ കാരണങ്ങളാൽ ഉകന്തുടമാവകാശം അച്ഛൻ മക്കൾക്കു സ്നേഹിച്ചു കൊടുക്കുന്ന സ്വത്താകുന്നെന്നും ആയതു ആ സമുദായത്തിൽ ഇടക്കാലം മുതൽ വന്നിട്ടുള്ളതാണെന്നും അർത്ഥമാക്കാതെമല്ലാതെ നാഞ്ചിനാട്ടു വെള്ളാളസമുദായം ഒരു കാലത്തു മക്കത്തായികളായിരുന്നു എന്നും അതിന്റെ അവശിഷ്ടമാണ് ഉകന്തുടമാവകാശമെന്നും ഉള്ള വാദങ്ങൾ ശരിക്കുള്ളൊ നില്ക്കത്തക്കതല്ലാ.

ഈ ബിൽ നിയമമായി വരുമ്പോൾ കാരണവന്മാർക്കു സങ്കടത്തെ യുണ്ടാക്കാതിരിപ്പാൻ നിവൃത്തിയില്ലാത്തതാകുന്നു സമ്മതിക്കാതെ തരമില്ല. മറ്റു മക്കത്തായ കുടുംബത്തിൽ എല്ലാ അംഗത്തിനും ഒരുപോലെ അവ

കാശമുള്ളപ്പോൾ ആറംവീതം ഭാഗത്തിൽ സങ്കടപ്പെടുന്നതിനൊ അതിനെ തടുക്കാൻ ശ്രമിക്കുന്നതിനൊ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല.

നാഞ്ചിനാട്ടു വെള്ളാളസമുദായം ഏറ വർഷക്കാലമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതും ഇപ്പോൾ നിയമസഭയിൽ പര്യാലോചനയിലിരിക്കുന്നതുമായ അവരുടെ സാമുദായികനിയമത്തെ അകാരണമായി ഇനിയും താമസിപ്പിക്കാൻ ശ്രമിക്കുന്നതു ഒരിക്കലും വിഹിതമായിട്ടുള്ളതല്ലാ. അതിനാൽ സിലക്ട്കമ്മററിയിൽനിന്നും വന്നിട്ടുള്ള ഈ ബില്ലിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കി നിയമസഭയിൽ പാസ്സാക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു അഭിപ്രായമുള്ളതു്.

ഉപലുഭക്ഷണത്തിനായി ഉച്ചയ്ക്കു ൧-൪൫ മണിക്കു സഭ പിരിയുകയും ൨-൪൫ മണിക്കു ഡെപ്യൂട്ടിപ്രസിഡന്റിന്റെ അദ്ധ്യക്ഷതയോടുകൂടി വീണ്ടും കൂടുകയും ചെയ്തു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, ഞാൻ മനസ്സിലാക്കിയിട്ടുള്ളമാതിരി ഈ സഭയിൽ പ്രാതിനിധ്യം വഹിക്കപ്പെട്ടിട്ടുള്ള രണ്ടു വിരുദ്ധാഭിപ്രായമുള്ള കക്ഷികൾ തമ്മിൽ ചേർന്നുണ്ടായിട്ടുള്ളതായ ഒരു സന്ധിയെ ആസ്പദമാക്കിയുള്ള ഒരു ഭേദഗതിയെ സംബന്ധിച്ച് ഒരു തീക്ഷ്ണമായ വാദപ്രതിവാദം ഉണ്ടായി എന്നുള്ളതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. സർ, കഴിഞ്ഞ തിങ്കളാഴ്ച ഭാഗം ചെയ്യേണ്ടവിധത്തെപ്പററി ഒരു തീവ്രമായ വാദപ്രതിവാദം എന്റെ സ്നേഹിതന്മാരായ മെസ്സേഴ്സ് എം. സുബ്രഹ്മണ്യപിള്ളയും ശിവതാണുപിള്ളയും ഒരു ഭാഗത്തും, എസ്സ്. സുബ്രഹ്മണ്യപിള്ളയും എം. വേലുപ്പിള്ളയും മറുഭാഗത്തും ആയിട്ടു നടന്നു. ചൊവ്വാഴ്ച രാവിലെ ഇപ്പോൾ ഈ സഭയിൽ ഇരിക്കുന്ന ഭേദഗതിയിൽ അടങ്ങിയിട്ടുള്ള സന്ധിയുടെ അടിസ്ഥാനവും അതേതരത്തിലുള്ള നിബന്ധനകളോടുംകൂടിയ ഒരു സന്ധി അവർ ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നു ഇരുഭാഗക്കാരുടേയും പ്രതിനിധികൾ പരസ്യമായി പറഞ്ഞിരിക്കുന്നു എന്നു അറിയുന്നതിൽ ഞങ്ങൾക്കു വളരെ ശീതളകരമായിരുന്നു. അന്നു ഒരു സിലക്ട്കമ്മററിയിലേക്കു ഈ ബില്ലിനെ വീണ്ടും കമ്മിററചെയ്യുന്നതിനു ഈ സഭയുടെ അനുവാദത്തെ അല്ലെങ്കിൽസമ്മതത്തെ മിസ്റ്റർ സുബ്രഹ്മണ്യപിള്ള ആവശ്യപ്പെട്ടപ്പോൾ ഈ വൈഷമ്യമായ സംഗതി സംബന്ധമായി ഇരുകക്ഷികൾതമ്മിൽ ഒരു തീരുമാനം ഉണ്ടാകാനിടയുണ്ടായിരുന്നതുകൊണ്ടാണ് താൻ അപ്രകാരം ചെയ്യുന്നു എന്നു അദ്ദേഹം പ്രത്യേകം പറഞ്ഞതായി ഞാൻ വിശദമായി ഓർമ്മിക്കുന്നുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനം എന്താണെന്നു അദ്ദേഹം പറയുകയുംചെയ്തു. ആ പ്രമേയത്തെ അവതരിപ്പിച്ചപ്പോൾ ഇരുകക്ഷികളും തമ്മിൽ ഉണ്ടായിട്ടുള്ള സന്ധിയുടെ സ്വഭാവത്തെപ്പററി ചോദിക്കുന്നതായ ഒരു ഒററ എതിരഭിപ്രായക്കാരൻപോലും ഈ സഭയിൽ ഇല്ലായിരുന്നു എന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. നേരെ മറിച്ചു അപ്രകാരമുള്ള ഒരു പദ്ധതിയെ അംഗീകരിക്കുന്നതിൽ അദ്ദേഹത്തിനും പൂർണ്ണസമ്മതമായിരുന്നു എന്നുകൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർ മിസ്റ്റർ എസ്സ്. സുബ്രഹ്മണ്യപിള്ളയുടെ പക്കൽനിന്നും ഞങ്ങൾക്കു നിസ്സംശയമായ വിധത്തിൽ കിട്ടി. നാഞ്ചിനാട്ടു വെള്ളാളബില്ലിന്റെ കാര്യത്തിൽ ഓരോ ഘട്ടത്തിലും വിവാദകക്ഷികളിൽ ഓരോരുത്തരുടേയും സമ്മതങ്ങളാലും വിസമ്മതങ്ങളാലും നാം എത്തുക്കപ്പെടുന്നുഎന്നുള്ളതു വാസ്തവത്തിൽ നിർഭാഗ്യമായിട്ടുള്ളതാകുന്നു. റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികളെപ്പററി അവയ്ക്കുള്ള വിസമ്മതത്തെ വളരെ ശക്തിയാംവണ്ണം പറഞ്ഞുംകൊണ്ടു ആദ്യമായി റിപ്പോർട്ടിനെ അനുകൂലിച്ച കക്ഷികളേയും നാം കാണുന്നുണ്ട്. ചില പ്രത്യേക അഭിപ്രായങ്ങളെ പറയുകയും അവയെ അനന്തരഘട്ടങ്ങളിൽ പിൻവലിക്കുകയും ചെയ്തുകൊണ്ടു കമ്മററിമുമ്പാകെ തെളിവുകൊടുത്ത മെമ്പറന്മാരേയും നാം കാണുന്നുണ്ട്. ഇതു സംബന്ധമായി വളരെ അടുത്തു കഴിഞ്ഞിട്ടുള്ളതും വാസ്തവത്തിൽ നിർഭാഗ്യവുമായ ഒരു ദൃഷ്ടാന്തം അല്ലെങ്കിൽസംഭവം ഈ കൌൺസിലെ ഒരു സംയുക്ത സാമാജികൻ അദ്ദേഹം കഴിഞ്ഞ തിങ്കളാഴ്ച സമ്മതിച്ചുപറഞ്ഞതായ സംഗതിയിൽനിന്നു അപ്രകാരമുള്ള പിൻവാങ്ങലിൽനിന്നും തന്റെ പ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ടു പിൻവാങ്ങുകയോ അല്ലാത്തപക്ഷം പിൻവാങ്ങുന്നതിനു അനുമതി ചോദിക്കുകയോ ചെയ്തിട്ടുള്ളതാകുന്നു. ആയതിനാൽ ഈ വിഷയസംബന്ധമായി ഏതു ഘട്ടത്തിലും ഏതെങ്കിലും ഒരാളുടേയോ അല്ലെങ്കിൽ ഒരുകൂട്ടം ആളുകളുടേയോ അഭിപ്രായപ്രസ്താവനത്തെ അവലംബമായി സ്വീകരിക്കുന്നതു ഈ സഭയ്ക്കു രക്ഷാകരമായിട്ടുള്ളതല്ലാ. അതുകൊണ്ടു നാം ഒരു തീരുമാനം ചെയ്യുന്നതിനായി കൌൺസിൽ കൂടിയിരിക്കുമ്പോൾ കൌൺസിലിൽവച്ചു പരസ്യമായും അതിന്റെ അറിവോടുകൂടിയും നടത്തിട്ടുള്ളതായി തോന്നുന്ന ഒരു ഏർപ്പാടിന്മേൽ നാം ആശ്രയിക്കുന്നതാണ് കുറേക്കൂടി നന്നായിട്ടുള്ളതു്. ഈ സംഗതിയിൽ ഏററവും താല്പര്യത്തോടുകൂടിയിരിക്കുന്നവരായ അംഗങ്ങളാൽ ചെയ്യപ്പെട്ടിട്ടുള്ള തീരുമാനങ്ങളെ സംബന്ധിച്ചു ഒന്നുകൂടി ബലപ്പെടുത്തിയുള്ള മൊഴികൾക്കോ അല്ലാത്തപക്ഷം വല്ല തീരുമാനത്തിനും വന്നിട്ടുള്ളതായ മൊഴികൾക്കൊ വിലകൊടുക്കേണ്ടതാണ്.

ഈ പ്രത്യേക ഭേദഗതിയെപ്പററി വാദപ്രതിവാദം നടത്തുമ്പോൾ ആറംവീതം ഭാഗത്തിന്റെയൊ അല്ലെങ്കിൽ താവഴി ഭാഗത്തിന്റേയൊ അല്ലെങ്കിൽ അവരണ്ടും തമ്മിൽ ഉള്ള ഒരു സന്ധിയുടേയൊ താരതമ്യയോഗ്യതകളെപ്പററി നാം വാദപ്രതിവാദം ചെയ്യുന്നതു നമുക്കു ഒരിക്കലും ന്യായമായിട്ടുള്ളതല്ലാ. ഇക്കാരണത്തിനാൽ, നാഞ്ചിനാട്ടു വെള്ളാളബില്ല് നാഞ്ചിനാട്ടുവെള്ളാളസമുദായത്തെ സംബന്ധിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതും ഒന്ന് ഒരു പ്രത്യേക മാതിരിയിൽ ഉള്ള അഭിപ്രായത്തേയും മററു നേരെ വിരുദ്ധമായിട്ടുള്ളതിനേയും കൈക്കൊണ്ടിരിക്കുന്ന രണ്ടു കക്ഷികൾ നമുക്കു ഈ കൌൺസിലിൽ ഉള്ളതും, ആ ഉദ്ദേശത്തെ മുൻനിറുത്തി അവരെ ഒരുമിച്ചു തിരഞ്ഞെടുത്തിട്ടുള്ളതും ആകുന്നു. ഈ കൌൺസിലിലെ അഭിപ്രായസമൂഹത്തിന്റെ ഒരു പ്രത്യേക ഭാഗത്തെപ്പററി എടുത്തു പറയുന്നതിന് ഒരുമിച്ചു തിരിഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർക്കുള്ള അവകാശത്തെ ഈ സമുദായത്തിലെ ഏതെങ്കിലും കക്ഷി എപ്പോഴെങ്കിലും നിഷേധിച്ചിട്ടുള്ളതായി ഞാൻ വിചാരിക്കുന്നതല്ലാ. ഈ കൌൺസിലിലെ ഒരുമിച്ചു തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാർ ആറംവീതം ഭാഗത്തെ അനുകൂലിക്കുന്നുഎന്നു അപ്പോൾ സമ്മതിച്ചതിനുശേഷം, അവരിൽ ഒരിക്കലും നമുക്കു ആരോപിക്കാൻ പാടില്ലാത്തതായ ഉദ്ദേശങ്ങൾ നിമിത്തമാണ് ഈ സന്ധിക്ക് അവർ തിരിഞ്ഞുവന്നതു എന്നു എങ്ങനെയാണുപറയുന്നതും, എന്തുപ്രമാണത്തിന്മേൽ ആണ് ഈ സഭ അങ്ങനെയൊരു തീരുമാനത്തിനു വരുന്നതും? ആറംവീതം ഭാഗത്തെ അനുകൂലിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേകമെമ്പറുടെമേൽ, ഈ സന്ധിയെ അംഗീകരിക്കുന്നതിൽ എനിക്കു യാതൊരുവിരോധവുമില്ലെന്നു അദ്ദേഹം പറഞ്ഞപ്പോൾ, ചതിയോ അല്ലെങ്കിൽ നിർബന്ധമോ അല്ലെങ്കിൽ ന്യായരഹിതമായി പ്രേരണയോ എങ്ങനെയാണ്

വന്നതെന്നു എനിക്കു മനസ്സിലാകുന്നില്ലാ. തന്റെ മേലേത്തരത്തെ വെളിപ്പെടുത്താതിരിക്കണമെന്നുള്ള പക്ഷം, പ്രത്യേകമെമ്പറന്മാർ ബലപ്പെടുത്തിപ്പറയുന്ന സംഗതികളെ അംഗീകരിക്കുന്നതിൽ അപ്രകാരം ഈ സഭയുടെ സമ്മതങ്ങളും മൊഴികളും കൊടുക്കുന്നതിൽ ന്യായരഹിതമായ നിർബന്ധമോ പ്രേരണയോ ഉണ്ടോ എന്നും ഈ സഭ സൂക്ഷിക്കേണ്ടതാണു. അതുകൊണ്ടു, ഈ സംഗതിയെപ്പറ്റി വിശാലമായി ചിന്തിക്കയും, എല്ലാസംഗതികളെപ്പറ്റി ആലോചിക്കുകയും, അതിന്മേശേഷം, ആ പ്രത്യേക അഭിപ്രായംതന്നെ പ്രചാരത്തിൽ വരണമെന്നു ആവശ്യപ്പെടുന്നതായ സമുദായത്തിന്റെ പ്രതിനിധികൾ കൊണ്ടുവന്നിട്ടുള്ള അഭിപ്രായത്തിനു അനുകൂലമായി പ്രസ്താവിക്കുകയും ചെയ്യുന്നതു, ഈ സഭയ്ക്കു യോജിക്കുന്നതായിരിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ധ്യക്ഷൻ ഇതിനെ ഈ ഭേദഗതിയെ സംബന്ധിക്കുന്നതായിട്ടാണോ അല്ലെങ്കിൽ ഈ സഭക്കു ഒരു പ്രസംഗമായിട്ടാണോ വിചാരിക്കുന്നതു് എന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ ഭേദഗതിയെപ്പറ്റിയുള്ള വാദത്തിനെ സംബന്ധിക്കുന്ന സംഗതികൾ ഇവ മാത്രമേ ഉണ്ടായിരുന്നു എന്നും, ആൾവിതഭാഗത്തെപ്പറ്റിയോ അല്ലാത്തപക്ഷം തായ്വഴിഭാഗത്തെപ്പറ്റിയോ ഉള്ള ഒരു പ്രമേയം നമുക്കില്ലാതിരിക്കുന്നതംപോൾ, ആൾവീതഭാഗത്തിനുള്ള ഗുണമോ അല്ലെങ്കിൽ തായ്വഴിവീതഭാഗത്തിനുള്ള ഗുണമോ തീരെ അസംബന്ധമായിട്ടുള്ളതാണെന്നും ഞാൻ വിചാരിച്ചു. ആ സ്ഥിതിയ്ക്കു ടെ ഗുണത്തെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതു് തീരെ അസംബന്ധമായിരുന്നു. ഈ സംഗതി ഏറ്റവും ബലമായി സംബന്ധിക്കുന്ന രണ്ടു കക്ഷികൾ തമ്മിലുള്ള ഒരുസന്ധിയുടെ നിബന്ധനകളെപ്പറ്റി നാം വാദപ്രതിവാദം നടത്തുകയാണെന്നു ഞാൻ വിചാരിച്ചപ്പോൾ, അപ്രകാരമുള്ള ഒരു സംഗതിയിൽ ഈ സഭയുടെ തീരുമാനത്തെ നയിക്കേണ്ട അഭിപ്രായങ്ങളെ ഈ സഭയിൽ സമർപ്പിക്കേണ്ടതു എന്റെ കടമയാകുന്നു. സർ, ഇപ്പോൾ നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന്റെ പ്രാതിനിധ്യംവഹിക്കുന്ന നാലുമെമ്പറന്മാരുണ്ടു്, ആദ്യം ഈ നാലുപേരും സന്ധിക്കു അനുകൂലമായിരുന്നു എങ്കിലും, ഇപ്പോൾ അവരിൽ മൂന്നുപേർ മാത്രമേ ഈ സന്ധിക്കു അനുകൂലമായിരിക്കുന്നുവെന്നു ഞാൻ കാണുന്നുള്ളു. ആയതിനാൽ ആ സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവരിൽ കുറഞ്ഞതു മുക്കാൽഭാഗമെങ്കിലും ഈ ഭേദഗതിക്കു അനുകൂലമാണെന്നു നാം കാണുന്നു. ഒരു സമുദായത്തിലെ മുക്കാൽഭാഗവും വേണമെന്നു ആഗ്രഹിക്കാത്തതായ ഒരു നിയമത്തെ അവരുടെമേൽ ഈ സഭയ്ക്കു് എങ്ങനെയാണു് ചുമത്താൻ സാധിക്കുന്നതെന്നു എനിക്കു അറിയാൻപാടില്ലാ. ആ നിലയിൽ ഒന്നു നാം ഇപ്പോൾ എത്തിയിരിക്കുന്നതു. ആൾവീതഭാഗത്തിന്റെയോ തായ്വഴിഭാഗത്തിന്റെയോ ഗുണത്തെപ്പറ്റി നാം ഒരു തീരുമാനം ചെയ്യേണ്ട ഒരു ഘട്ടമല്ലാ ഇതു് സമുദായത്തിലെ രണ്ടുഭിന്നകക്ഷികൾ തമ്മിൽ ഉള്ള ഒരു ഏർപ്പാടിന്റെ അടിസ്ഥാനമായ ഒരു ഭേദഗതിയിന്മേലാണു് നമുക്കു ഒരു തീരുമാനം ചെയ്യേണ്ടതായിട്ടുള്ളതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സംഗതിയിൽ ഈ കൌൺസിലിലെ മെമ്പറന്മാർക്കു സ്വന്ത അഭിപ്രായമൊന്നുമില്ലാ എന്നാണോ അദ്ദേഹം പറയുന്നതു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ സഭയുടെ ആലോചനയിൽ ഇരിക്കുന്ന ഏതു വിഷയത്തെപ്പറ്റിയെങ്കിലും അവർക്കു സ്വന്തമായ ഒരു അഭിപ്രായമില്ലാതിരിക്കുകയാണെങ്കിൽ, അവർ(കൌൺസിലറന്മാർ)കൌൺസിൽ അംഗങ്ങൾ അല്ലന്നു ഞാൻ വിചാരിക്കുന്നു.

മി. കെ ശിവരാമപ്പണിക്കർ (ചേർത്തല): അവരും ഈ സന്ധിയാൽ ബന്ധിതരാണോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): "ബന്ധിക്കുന്ന" എന്ന പദത്തെ അദ്ദേഹം പ്രയോഗിക്കുന്ന അർത്ഥത്തിൽ മെമ്പറന്മാർ യാതൊന്നിനാലും ബന്ധിതരാകുന്നില്ല. അവർ തങ്ങളിലുള്ള വാദപ്രതിവാദത്തിനുശേഷം സമുദായം സ്വീകരിച്ചിട്ടുള്ള അഭിപ്രായത്തെ അവരും അംഗീകരിക്കേണ്ടതാണു്. എന്നാൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുമ്പോൾ ഈ കൌൺസിലിലെ അംഗങ്ങൾ ഏതെങ്കിലും ഒരു അഭിപ്രായത്തെയോ അല്ലെങ്കിൽ മറ്റൊന്നിനെയോ അംഗീകരിക്കുന്നതിനു ബാദ്ധ്യപ്പെട്ടവരല്ല.

മി. എക്സ്. ജി ലോപ്പസ്സ് (നിയമിക്കപ്പെട്ടമെമ്പർ): മെമ്പറന്മാരുടെ മുൻചരിത്രം ആലോചിച്ചുനോക്കിയിട്ടു ഈ രണ്ടു മെമ്പറന്മാരും അവരുടെ ഇപ്പോഴത്തെ അഭിപ്രായത്തോടു യോജിച്ചു നിൽക്കുമോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അവർ അടുത്ത നിമിഷത്തിൽതന്നെ പിൻവലിക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി നമുക്കു ആലോചിക്കേണ്ടതായിട്ടുള്ള കാര്യമില്ല. ഒരു പ്രത്യേക അഭിപ്രായത്തെതന്നെ ദീർഘകാലത്തേക്കു വെച്ചുകൊണ്ടിരിക്കുന്നതിലോ അല്ലെങ്കിൽ ഒരു ആൾ ദിനംപ്രതി തന്റെ അഭിപ്രായത്തോടു യോജിച്ചിരിക്കുന്നതിലോ എനിക്കു ഒരു വിശ്വാസവുമില്ല. അതു അപ്രകാരമല്ലാ എന്നു മുൻ ചരിത്രത്തിൽനിന്നും കാണാവുന്നതാണു്. അതുകൊണ്ടു കഴിയുന്നതുംവേഗത്തിൽ നമുക്കു വിചാരത്തെ കൈക്കൊൾകയും വേഗത്തിൽ പ്രവൃത്തിക്കയും ചെയ്യാം.

മി. റ്റി. കുമാരപ്പിള്ള (കൽക്കുളവും വിളവങ്കോടും): അതായതു വോട്ടിനിടാൻ പോകുന്നതിനു മുമ്പുള്ള അഭിപ്രായം ഏതാണോ അതുതന്നെയാണോ സ്വീകരിക്കണമെന്നു പറയുന്നതു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വോട്ടിനിടാനുള്ള അവസരത്തിൽ വോട്ടിടുന്നതിനു മുമ്പായി എന്താണോ ഹൌസിന്റെ അഭിപ്രായം അതനുസരിച്ചു സ്വീകരിക്കണം.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നാഞ്ചിനാട്ടു വെള്ളാളരിൽ മെമ്പറന്മാർ ത്രിപക്ഷം ആളുകളും ഓരോ അവസരങ്ങളിൽ ഓരോ മാതിരി അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളതിനാൽ ഏതിനെയാണു സ്വീകരിക്കേണ്ടതു? ഇപ്പോൾതന്നെ ഒരേ അഭിപ്രായത്തിൽ മൂന്നു മെമ്പറന്മാർ യോജിച്ചിരിക്കുന്നതുകൊണ്ടു അതിനെ സ്വീകരിക്കണമെന്നാണോ പറയുന്നതു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): രണ്ടുകൂട്ടരുടേയും അഭിപ്രായം ഒരിക്കലും ഇതിനു മുമ്പു യോജിച്ചിരുന്നില്ല. ഇപ്പോൾ യോജിപ്പുള്ളതുകൊണ്ടും അതിനെ സ്വീകരിക്കണമെന്നു മാത്രമേ പറയുന്നുള്ളു. അതുപോലുള്ള അഭിപ്രായം എല്ലാകാലത്തും അവസരത്തിൽ വരുമെന്നു ഞാൻ പറയുന്നില്ല. പറയേണ്ട ആ

വശ്യവുമില്ല. ഏതഭിപ്രായത്തിലാണോ അവർ യോജിപ്പുള്ളതായി കാണുന്നതു. അതിനെ സ്വീകരിക്കണമെന്നാണു പറഞ്ഞതു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കക്ഷികൾ രാജിയാകാൻ വക്കീലന്മാരെ—

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മലയാളം സംസാരിക്കുന്നതിൽ മെമ്പർ നിയമവിരുദ്ധമായി പ്രവൃത്തിക്കുകയാണ് ചെയ്യുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കക്ഷികൾ രാജിയാകാൻ വക്കീലന്മാരുടെ അടുക്കൽ ചെല്ലുമ്പോൾ വക്കീലന്മാർ അതിനു സമ്മതിച്ചു കൊടുക്കേണ്ടതായിരിക്കുമോ എന്നു എനിക്കു മി. പരമേശ്വരൻപിള്ളയുടെ അടുക്കൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കക്ഷികൾ തമ്മിൽ എങ്ങനെയുള്ള ശക്തിമത്തായ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നാലും അതു ന്യായമായിരിക്കുന്നപക്ഷം വക്കീലന്മാർ അതിനെ അംഗീകരിക്കേണ്ടതാണ്.

മി. എ. കെ. പിള്ള. (കരുനാഗപ്പള്ളി): ഒരു വക്കീലിന്റെ സ്ഥിതിയെപ്പോലെയാണോ ഈ സഭയുടെ നില എന്നു എനിക്കു മെംബറുടെ അടുക്കൽനിന്നും അറിഞ്ഞാൽ കൊള്ളാം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എനിക്കു നിശ്ചയമില്ല. കൌൺസിൽ മെംബറന്മാരുടെ നിലയിൽ നമുക്കു ചില തീരുമാനങ്ങൾ ചെയ്യേണ്ടതായിട്ടുള്ളതും ന്യായമായിട്ടു കരുതപ്പെടുന്നതിനെയെല്ലാം നാം അംഗീകരിക്കേണ്ടതായിട്ടുള്ളതുമാകുന്നു. ഇവിടെ ഇപ്പോൾ ന്യായമായിട്ടുള്ളതും സമുദായത്തിന്റെ പ്രതിനിധികളായിരിക്കുന്ന അംഗങ്ങളിൽ മുക്കാൽ ഭാഗം ആളുകളുടെയും ആനുകൂല്യം ഉള്ളതും ആയ ഒരു അഭിപ്രായമാണുള്ളതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ കൌൺസിലിലെ അംഗങ്ങൾക്കു അവരുടെ സ്വന്തമായ ഒരു അഭിപ്രായവും ഉണ്ടായിരിക്കാൻ പാടില്ലെന്നാണോ മെമ്പർ പറയുന്നതിന്റെ അർത്ഥം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അല്ല. നാം ബന്ധിതരാകാൻ പോകുന്ന ഒരു സമുദായക്കാരുടെ ആഗ്രഹങ്ങൾക്കെതിരായി പ്രവൃത്തിക്കുന്നതിൽ നാം ന്യായീകരിക്കപ്പെടുകയില്ലെന്നാണ് ഞാൻ പറയുന്നതു. കൂടാതെ സമ്മതമില്ലാത്തവരായ ഒരു സമുദായക്കാരുടെമേൽ ആ അഭിപ്രായത്തിനെ ചുമത്തുന്നതിനു നങ്ങൾ ആവശ്യപ്പെടുമ്പോൾ ഇപ്രകാരമുള്ള സംഗതിയിൽ സ്വന്ത അഭിപ്രായത്തിനു സ്ഥാനം തീരെ ഇല്ലാത്തതാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സമുദായത്തിലെ കാൽ ഭാഗം ആളുകൾ അനുകൂലിക്കുന്നതായ തത്വം മററതിനേക്കാൾ കൂടുതൽ യുക്തിയുക്തമായിരിക്കുകയാണെങ്കിൽ ഇവിടെ ഹാജരായിരിക്കുന്ന സമുദായ അംഗങ്ങളിൽ മുക്കാൽഭാഗം ആളുകളാൽ അനുകൂലിക്കപ്പെടുന്ന തത്വത്തെ ഈ സഭ അംഗീകരിക്കാൻ കടമപ്പെട്ടതാണോ എന്നു മെമ്പരിൽനിന്നും എനിക്കു അറിഞ്ഞാൽ കൊള്ളാം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതുതന്നെയാണു ചോദ്യം യുക്തിക്കനുസരണമായിരിക്കുന്നതിനേയും ഇരിക്കാത്തതിനേയുംപററി പര്യാലോചന ചെയ്യുന്നതിൽ തങ്ങളെസംബന്ധിച്ച നിയമം ഇന്നവിധം ഇരിക്കണമെന്ന അഭിപ്രായങ്ങൾ നമുക്കു തരുന്നതായ ആ പ്രത്യേക സമുദായത്തിന്റെ പ്രതിനിധികളിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായത്താൽ നാം നയിക്കപ്പെടേണ്ടതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന അംഗങ്ങളിൽ മുക്കാൽ ഭാഗക്കാരുടേയും അഭിപ്രായത്താൽ നാം ബന്ധിതരായിരിക്കണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു എന്നോ അല്ലെങ്കിൽ സമുദായം മുഴുവനുമുള്ള അംഗങ്ങളുടെ അഭിപ്രായത്തെ നാം നോക്കേണ്ടതാണു എന്നു അദ്ദേഹം ആവശ്യപ്പെടുന്നു എന്നോ എനിക്കു മി. പരമേശ്വരൻപിള്ളയുടെ പക്കൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർക്കു അവരുടെ സ്വന്ത പ്രതിനിധികൾ ഇവിടെ ഉണ്ടായിരിക്കുമ്പോൾ സമുദായം മുഴുവനുമുള്ള അംഗങ്ങളുടെ അഭിപ്രായത്തെ ഞങ്ങൾ ഗൌനിക്കുന്നതല്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ സഭയിൽ ആറുവീതംഭാഗത്തെ അനുകൂലിക്കുന്ന ഒരു ഒററ മെമ്പറെങ്കിലും ഉള്ളതിനാൽ പുറമേയുള്ള ആവലാതികളെപ്പററി അന്വേഷിക്കുകയും സമുദായത്തിന്റെ വാസ്തവമായ ആഗ്രഹം എന്താണെന്നറിയുന്നതിനും ഈ സഭ കടമപ്പെട്ടിരിക്കുകയല്ലയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഒരു തീരുമാനംചെയ്യുന്നതിൽ സമുദായപ്രതിനിധികളിൽ ഭൂരിപക്ഷക്കാരാൽ കൊണ്ടുവരപ്പെട്ട യുക്തിയുക്തമായ അഭിപ്രായത്തെ നാം അംഗീകരിക്കേണ്ടതാണെന്നു ഞാൻ പറയുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ സമുദായത്തിന്റെ അഭിപ്രായത്തിനു പ്രാതിനിധ്യം വഹിക്കുന്നു എന്നു പറയുന്നതിന് എന്തു് പ്രമാണമാണുള്ളതു്?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതു നല്ലവണ്ണം വെളിവായ ഒരു സംഗതിയാകുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതിനു അവർ ഉദ്ദേശിക്കപ്പെട്ടിരുന്നു എന്നുള്ള ഒരു സംഗതിയില്ലായിരുന്നുവെങ്കിൽ ഇവിടെ വന്നിരുന്നതായ സംയുക്തസാമാജികന്മാർ ഇവിടെ വരികയില്ലായിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കൂടെ തിരഞ്ഞെടുത്ത രണ്ടു മെമ്പറന്മാരെയും നിയമിച്ചപ്പോൾ അവർ വേറെയൊരു അഭിപ്രായത്തെ അനുകൂലിച്ചിരുന്നതായും ഇപ്പോൾ അവർ ആ അഭിപ്രായത്തെ ഉപേക്ഷിച്ചിട്ടുള്ളതായും അല്ലായിരുന്നോ അവരെപ്പററിയുള്ള അഭിപ്രായം എന്നു എനിക്കു മെമ്പറുടെ പക്കൽനിന്നും അറിഞ്ഞാൽകൊള്ളാം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഒരു നിയമത്തെപ്പററി ന്യൂനപക്ഷക്കാർ എന്തുതന്നെ വിചാരിക്കുന്നതായാലും അതിനെപ്പററി ആലോചന ചെയ്യുന്നതിനു ഈ സഭയിലുള്ള ഒരുപ്രതിനിധി [ഹ്രി?]

ബന്ധിതനാണല്ലെന്നു ഞാൻ വിചാരിക്കയും അതുസംബന്ധമായി നാം ഒരു പബ്ലിക്ക് വോട്ടു എടുക്കാത്തതിനാൽ അതിനു എന്തെങ്കിലും ഉണ്ടോ എന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നെ എങ്ങനെയാണു എന്റെ സ്നേഹിതനാക്കു അവർ പ്രാതിനിധ്യം വഹിക്കുന്നതു് സമുദായത്തിലെ ഭൂരിപക്ഷക്കാരുടെ അഭിപ്രായമല്ലാ എന്നു പറയാൻ സാധിക്കുന്നതു്? അവർ അപ്രകാരം പറയുന്നതു എന്തു അടിസ്ഥാനത്തിന്മേൽ ആണ് എന്നു മനസ്സിലാക്കുവാതിനു സാധിക്കുന്നില്ലാ. അതല്ലാ സമുദായത്തിന്റെ അഭിപ്രായം എന്നു അവരുടെ അടുക്കൽ വന്നു പറയുന്നതിനു കൌൺസിൽ ഹാളിനു പുറമെ അവക്കു പ്രത്യേകമാളുകൾ ഉണ്ടായിരിക്കാം. സമുദായത്തിന്റെ ആഗ്രഹങ്ങളെ ആരാഞ്ഞു അറിയുന്നതിനു ഒരു മാർഗ്ഗം അവർ ഉണ്ടാക്കുന്നതിനു മുൻപു ഒരു തീരുമാനത്തിനു വരുന്നതിനു മാത്രം ഞാൻ ഈ സഭയോടു ആവശ്യപ്പെടുന്നൊള്ളു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഓരോ അവസരത്തിലും ഓരോ അഭിപ്രായം പറഞ്ഞിട്ടുള്ളതുകൊണ്ടു ഇപ്പോൾ പറയുന്ന അഭിപ്രായം എങ്ങനെ വിലയുള്ളതായി ഗണിക്കാം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു കാരണമെന്താണു് വേണ്ടതു്? തീർച്ചപ്പെടുത്തിക്കഴിയു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതു വ്യത്യസ്തമായ ഒരു സംഗതിയാകുന്നു. ഓരോ അവസരത്തിലും ഓരോ അഭിപ്രായം പറയുമ്പോൾ ആ അഭിപ്രായങ്ങളെ എങ്ങനെ വിലവെക്കാൻ സാധിക്കും?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു വിലവെച്ചില്ലെങ്കിൽ പിന്നെ ഏതാണു വിലവയ്ക്കേണ്ടതു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും). അതു ആലോചിച്ചു നിശ്ചയിക്കേണ്ടതു നിയമസഭയുടെ ജോലിയാണു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതാണു ആലോചിച്ചുപറയണമെന്നു പറയുന്നതു. ഏതെങ്കിലും ഒരഭിപ്രായത്തോടു ഭൂരിപക്ഷം യോജിച്ചുകണ്ടാൽ അതു സ്വീകരിക്കണം.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ഈ സഭയിൽ നാഞ്ചിനാട്ടുവെള്ളാളരുടെ പ്രാതിനിധ്യം വഹിക്കുന്ന നാലു അംഗങ്ങളിൽ ഒന്നിന്റെ അഭിപ്രായത്തിൽ സ്ഥിരമായിരുന്നിട്ടുള്ള ഒരാളെങ്കിലും ഉണ്ടോ എന്നു മി. ജി. പരമേശ്വരൻപിള്ളയുടെ അടുക്കൽനിന്നും എനിക്കറിഞ്ഞാൽകൊള്ളാം?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിനു എന്നെ കുറ്റപ്പെടുത്താൻ പാടില്ല.

മി. റി. ജെ. മാത്യു. (ചങ്ങനാശ്ശേരിയും-പീരുമേടും): ഞാൻ അതറിയാൻമാത്രമേ ആവശ്യപ്പെടുന്നൊള്ളൂ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഇന്നു കൂറു വിട്ടുകൊടുത്തു എന്നുള്ള ആ ഒരു സംഗതി ഒഴികെ മി. ശിവതാണുപിള്ള സ്ഥിരമായിരിക്കുകയാണു എന്നു ഞാൻ വിചാരിക്കുന്നു. ഈ രാജിക്കു സമ്മതിച്ചു എന്നുള്ളതു ഒഴിച്ചു അദ്ദേഹം വേറെ ഒരു കുറ്റം ചെയ്തിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. ഒരു രാജിയുണ്ടാക്കി തീർത്തതിനാലും ഒരു തീരുമാനത്തിനു വഴിപ്പെട്ടതിനാലും അദ്ദേഹം ഒരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹം കുറ്റം ചെയ്തിട്ടുള്ളതാണു. അല്ലെങ്കിൽ അദ്ദേഹം ആദിമുതൽ അന്തംവരെ സ്ഥിരമായിരിക്കുകയാണ്. ഈ പ്രത്യേകഘട്ടത്തിൽ സമുദായം ഇതിനാണോ അല്ലെങ്കിൽ അതിനാണോ എന്നു ഈ സഭയോടു പറയുകഎന്നു എനിക്കു മനസ്സിലാകുന്നില്ലാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): എന്റെ സമുദായത്തിൽ ഉള്ള മൂന്നുപേർ ഒരു ഭാഗം പാസ്സാക്കണമെന്നും ഒരാൾ വേറെ ഒരുഭാഗം പാസ്സാക്കണമെന്നും പറയുന്നു. അതിൽ ഏതാണു വേണ്ടതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതിൽ ഏതാണോ ബുദ്ധിപൂർവ്വം ആയിട്ടുള്ളതു അതു് വേണം പാസ്സാക്കാൻ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തമെമ്പർ): ഏകയോഗ്യതയെപ്പറ്റി വോട്ടെടുത്തപ്പോൾ അതിൽ നിങ്ങൾ ആരുടെ അഭിപ്രായമാണ് വിലവച്ചതു?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ വിലവച്ചതു ഒരാളുടെ അഭിപ്രായമാണ്. ബുദ്ധിപൂർവമായിട്ടുള്ളതാണെന്നു തോന്നുന്നതു്.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): ആ സ്ഥിതിക്കു സഭയുടെ എല്ലാ അഭിപ്രായങ്ങളുംചേർത്തു ഒരു നിയമം ക്രോഡീകരിക്കേണ്ട ആവശ്യമില്ലെന്നു പറയാൻ സാധിക്കുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മനസ്സിലായില്ലാ.

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): എന്റെ സമുദായത്തിലുള്ള നാലുപേരെ കൂടാതെ ബാക്കിയുള്ളവരുടെ ഭൂരിപക്ഷം എടുക്കണമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ബാക്കിയുള്ളവർ എന്നു പറഞ്ഞതു ഈ കൌൺസിലിൽ ഉള്ളവരാണോ?

മി. എസ്. സുബ്രഹ്മണ്യപിള്ള (സംയുക്തസാമാജികൻ): അതെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതുവേണമെന്നല്ലാ, തീർച്ചയായും വേണം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മെമ്പർചെയ്തിട്ടുള്ള സമ്മതത്തിനെ അസ്ഥിരമാക്കി അദ്ദേഹത്തിന്റെ നിലയുടെ ന്യായത്തെപ്പറ്റി വിവരിച്ചുപറയേണ്ടതു അദ്ദേഹത്തിന്റെ കടമയല്ലയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതുതന്നെയാണു എന്റെയും. ഒടുവിൽ മിസ്റ്റർ ജോസഫ് എന്റെ വാദമുഖത്തെ കണ്ടു എന്നതിൽ എനിക്കു വളരെ സന്തോഷമാണ്. (ചിരി) ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി യുക്തിയുക്തമായും ന്യായമായും തോന്നുന്നപക്ഷം, ഈ ഭേദഗതിയെ അംഗീകരിക്കുന്നതിനു ഞാൻ ഈ സഭയോടു ആവശ്യപ്പെടുന്നു. ആ അഭിപ്രായത്തിൽ, സമുദായപ്രതിനിധികളുടെ ഭൂരിപക്ഷ അഭിപ്രായത്തോടും സമുദായത്തിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്താലും, എനിക്കു ബലം വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ തിങ്കളാഴ്ച പ്രസ്താവിച്ചതിനു വിരോധമായി പറഞ്ഞ മിസ്റ്റർ സുബ്രഹ്മണ്യപിള്ള തന്നെ സ-

മുദായത്തിന്റെ അഭിപ്രായത്തെയാണ് പറയുന്നത് എന്ന് പറഞ്ഞുകൊണ്ടാണ്, ഞാൻ അതു പറയുന്നതു്. അതിനാൽ ഞാൻ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതെന്തെന്നാൽ, ഈ ഭേദഗതിക്കനുകൂലമായിട്ട് നാഞ്ചിനാട്ട് വെള്ളാള സമുദായത്തിന്റെ പ്രതിനിധികളുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകടനം നമുക്കു ലഭിച്ചിട്ടുണ്ട് എന്നാകുന്നു. അതുകൊണ്ടു ഒരു സമുദായത്തിന്മേൽ നിയമത്തെ, ചുമത്താതെയിരിക്കുന്നതു വളരെ ന്യായമായിട്ടുള്ളതാകണമെന്നു ഞാൻ വിചാരിക്കേണ്ടിയിരിക്കുന്നു.

മി. റ്റി. കുമാരപിള്ള (കൽക്കുളവും, വിളവങ്കോടും): അങ്ങിനെ നോക്കുന്നപക്ഷം മിസ്റ്റർ വേലുപ്പിള്ളയുടേയും മിസ്റ്റർ ശ്രീ സുബ്രഹ്മണ്യപിള്ളയുടേയും അഭിപ്രായങ്ങൾ ആളോഹരിഭാഗത്തിനു അനുകൂലമായിട്ടാണ് ഇരുന്നിട്ടുള്ളതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആയിക്കൊള്ളട്ടെ.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ ശിവതാണുപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നു.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും, പീരുമേടും): സർ, മിസ്റ്റർ ശിവതാണുപിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കു വലുതായ സന്തോഷമുള്ളതും, അതിനു എനിക്കുള്ള കാരണങ്ങൾ താഴെ പറയുന്നവയുമാകുന്നു. സാമുദായികമായ നിയമനിർമ്മാണങ്ങളിൽ നമുക്കു വഴികാട്ടിത്തരേണ്ടതു് എന്തെന്നാൽ, ആലോചനയ്ക്കായിട്ടു കൊണ്ടുവന്നിട്ടുള്ള നിയമം ഏതു സമുദായത്തിനു ഉദ്ദേശിച്ചിട്ടുള്ളതാണോ ആ സമുദായത്തിലെ ആചാരമര്യാദകളാകുന്നു. ഭാഗസംബന്ധമായ സംഗതിയിൽ, സമുദായആചാരപ്രകാരം അതു് അവർ അതിനെ ഏതുമാതിരിയിൽ ആവശ്യപ്പെടുന്നുവോ, അപ്രകാരമാകുന്നുവെന്നു ഇരുകക്ഷികളും ഇപ്പോൾ വീണ്ടും വീണ്ടും പറയുന്നു. അതായതു ചിലർ അതിനെ തായ്വഴിയെന്നും മററുചിലർ അതിനെ ആളുവീതമെന്നും പറയത്തക്കവിധത്തിൽ സമുദായക്കാർ തങ്ങളുടെ സ്വത്തുക്കളെ ഭാഗിക്കുന്നു. ആയതിനാൽ, നമുക്കു തീർച്ചപ്പെടുത്തുവാനുള്ള വിഷയം സമുദായത്തിൽ വാസ്തവമായി നടന്നുവരുന്ന ആചാരം എന്തു് എന്നുള്ളതാകുന്നു. ഈ ആവശ്യത്തിലേക്കായിട്ടു റിക്കാർഡുകൾ പരിശോധിച്ചു സെലക്ട്കമ്മിററിയുടെ റിപ്പോർട്ടു വായിച്ചുനോക്കിയതിൽ, താഴെചേർക്കുന്ന വാചകം കാണുന്നു —

"തായ്വഴിഭാഗത്തിനു വേണ്ട തെളിവിനെ തരുന്ന പ്രമാണങ്ങളും, ആളുവീതംഭാഗത്തിനു വേണ്ട തെളിവു തരുന്ന പ്രമാണങ്ങളും, ഒന്നിനെയോ അല്ലെങ്കിൽ മറേറതിനെയോ സ്ഥാപിക്കാത്തതായുള്ള പ്രമാണങ്ങൾകൂടിയും, ഉണ്ട്."

എന്റെ അഭിപ്രായപ്രകാരം സമുദായ ആചാരങ്ങൾ അനുസരിച്ചു ആളുവീതമായും തായ്വഴിവീതമായും രണ്ടുപ്രകാരത്തിലും ഭാഗം ചെയ്യുന്നു എന്നുള്ളതിനു സെലക്ട്കമ്മിററി റിപ്പോർട്ട് അതുകൊണ്ടു മതിയായ ഒരു പ്രമാണമാകുന്നു. ആയതിനാൽ, സമുദായത്തിന്റെ ആഗ്രഹത്തേയും ആചാരത്തേയും അനുസരിച്ചുമാത്രം പ്രവൃത്തിക്കേണ്ടതായ ഈ കൌൺസിലിനു സെലക്ട്കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും തെളിയുന്ന ആചാരത്തെ സ്ഥിരപ്പെടുത്തത്തക്കവണ്ണമുള്ള ഒരു നിയമം പാസ്സാക്കുന്നതു യോജിക്കുന്നതാകുന്നു. സെലക്ട്കമ്മിററിയാൽ ആലോചനയ്ക്കു കൊണ്ടുവരപ്പെട്ട നിയമം ആളുവീതംഭാഗത്തെ അനുകൂലിക്കുകയും സമുദായത്തിലെ ഒരു കക്ഷി അതിനെ അനുകൂലിക്കുകയും, മറേറകക്ഷിഭാഗം ആളുവീതമായിരിക്കണമെന്നു തർക്കിക്കുകയും ചെയ്യും. എനിക്കു സന്തോഷമാണെന്നും മിസ്റ്റർ ശിവതാണുപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടെന്നും ഞാൻ പറയുന്നു; എന്തുകൊണ്ടെന്നാൽ എന്റെ അഭിപ്രായപ്രകാരം അപ്രകാരമുള്ള ഒരു ഭേദഗതിയാൽ മാത്രമേ നാം ഇപ്പോൾ പാസ്സാക്കണമെന്നു അഭിപ്രായപ്പെട്ടിരിക്കുന്ന നിയമത്തിൽ സമുദായത്തിലുള്ള വാസ്തവമായ ആചാരങ്ങളെ ഫലവത്തായിത്തീരത്തക്കവണ്ണം കൊണ്ടുവരാൻ സാധിക്കുകയുള്ളു. സെലക്ട്കമ്മിററി അനുകൂലിക്കുന്നതായ ആളുവീതം ഏർപ്പാടൊ അല്ലെങ്കിൽ ഏതുകക്ഷി അനുകൂലിക്കുന്നതായ തായ്വഴി ഏർപ്പാടൊ ശരിയായി സമുദായത്തിന്റെ വാസ്തവമായ ആഗ്രഹങ്ങളേയോ അല്ലെങ്കിൽ സമുദായത്തിലെ ആചാരങ്ങളേയൊ പ്രതിബിംബിക്കുന്നില്ലാ എന്നു ഞാൻ പറയുന്നു. ആളുവീതംഭാഗമാണ് കുറെക്കൂടി യുക്തിയുക്തമായിട്ടുള്ളതു്, എന്നു സെലക്ട്കമ്മിററിയുടെ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടിരുന്നുവെങ്കിലും, ആ മാർഗ്ഗത്തെ സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിച്ച ഒരു കാരണം, ഏതാണ്ടു ഇതേ മാതിരിയായ ഏർപ്പാടോടുകൂടിയ ഒരു പിന്തുടർച്ചാവകാശത്തെ നിയന്ത്രിച്ചുവരുന്ന നായർ റെഗുലേഷനിൽ അതിനെ സ്വീകരിച്ചു എന്നുള്ള ഒരു സംഗതിയാണ് എന്നു ഞങ്ങൾക്കു ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ പക്കൽനിന്നും കിട്ടി. അപ്രകാരമുള്ള ഒരുമാർഗ്ഗം സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചതു് ഒരു കാരണംമാത്രമായിരുന്നു. ഈ സംഗതിയെപ്പററി കമ്മിററി റിപ്പോർട്ടു പറയുന്നതാവിതു് —

"ഞങ്ങളുടെ മുമ്പിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള എല്ലാ പോയിൻറുകളേയുംപററി ഞങ്ങൾ വാദപ്രതിവാദം നടത്തുകയും ആലോചന നടത്തുകയും ചെയ്തിട്ടുള്ളതും ആളുവീതംഭാഗമാണ് അംഗീകരിക്കുന്നതിനു ന്യായമായിട്ടുള്ളതും കുറെക്കൂടി യുക്തിയുക്തമായിട്ടുള്ള മാർഗ്ഗമെന്നു ഞങ്ങൾ വിചാരിക്കുകയും ചെയ്യുന്നു."

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിനെ നല്ലവണ്ണം ആലോചിച്ചതാണെന്നു കാണിക്കുന്നതിനു അതു മതിയായ കാരണമല്ലയോ?

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഈ സഭയുംകൂടി അതിനെപ്പററി വാദപ്രതിവാദം നടത്തുകയും ആലോചനചെയ്യേണമെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശരിതന്നെ.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അതാണ് നാം ചെയ്യുന്നതു്. സെലക്ട്കമ്മിററി അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം ഒടുവിലത്തെ വന്നതു് അവരുടെ ഇടയിൽ ഉണ്ടായിരുന്ന ഒരു വാദപ്രതിവാദംമൂലമാകുന്നു; അല്ലാതെ ഏതെങ്കിലും ഒരുസംഗതിയെ അടിസ്ഥാനപ്പെടുത്തിയല്ല. ആ സംഗതിയെയാണു ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ആവശ്യപ്പെടുന്നതു, ആ റിപ്പോർട്ടു സമുദായത്തിൽ നടപ്പിൽ ഇരിക്കുന്ന ആചാരത്തിന്മേലോ അല്ലെങ്കിൽ അവർ എടുത്തതായ തെളിവിന്മേലോ ആസ്പദമാക്കിയിട്ടുള്ളതല്ല എന്നാൽ അതു അംഗങ്ങളിൽ ഭൂരിപക്ഷക്കാരുടേയും സ്വന്തഅഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയതായിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു അയാളുടെ സ്വന്തഅഭിപ്രായമാകുന്നുവോ?

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഈരണ്ടു നടപ്പുകളും സമുദായത്തിൽ പ്രചാരത്തിലിരിക്കുന്നതിനാൽ അവർ പരിശോധിച്ചതായ രേഖകളിൽ നിന്നും അവക്കു ഒരു തീരുമാനത്തിനു വരുന്നതിനു സാധിക്കുന്നില്ലെന്നു കമ്മററിഅംഗങ്ങൾതന്നെ പറയുന്നു. ഒരു പ്രത്യേകആചാരം നടപ്പിലിരുന്നുഎന്നു അവക്കു അഭിപ്രായമുണ്ടായിരുന്നതായി അർത്ഥമാക്കണമെന്നു ഞാൻ മനസ്സിലാക്കണമെങ്കിൽ അവക്കു എന്തുകൊണ്ടു കുറേക്കൂടി ക്ലിപ്തമായരീതിയിൽ അവക്കു പറയാനുള്ളതിനെ പറഞ്ഞുകൂടായിരുന്നുവെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): "മരുമക്കത്തായ തറവാട്ടിലെ അംഗങ്ങളുടെ സ്ഥിരാവകാശങ്ങളെ സംബന്ധിക്കുന്നവിധത്തിൽ താവഴിഭാഗംസംബന്ധിച്ചു ഒരു ക്ലിപ്തമായ നടപ്പു ഏർപ്പെടുത്തിയിട്ടുണ്ടെന്നു കാണുന്നതിനു ഞങ്ങൾക്കു അതുകൊണ്ടു സാധിക്കുന്നില്ല" എന്നു റിപ്പോർട്ടിൽ പറയുന്നതായ വാചകത്തെ മെമ്പർ സദയം നോക്കുമോ? അതിൽനിന്നും താവഴിഭാഗത്തിനു ശരിയായിട്ടുള്ള കാരണം കമ്മററി കൊടുത്തിട്ടില്ലഎന്നു കാണാവുന്നതാണ്.

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അവർ താവഴിഭാഗത്തിനു എതിരായും ആളോഹരിഭാഗത്തെ അനുകൂലിച്ചും വാദിക്കുകയായിരുന്നതിനാലാണു അപ്രകാരം എഴുതിയതു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): താവഴിഭാഗത്തെ അനുകൂലിക്കുന്നതിനാണോ അദ്ദേഹത്തിനെ ഏൎപ്പെടുത്തിയിരുന്നതെന്നും അല്ലെങ്കിൽ ആ നടപ്പിനെ എതിൎക്കുന്നതിനായിരുന്നോ കമ്മററിയെ ഏൎപ്പെടുത്തിയിരുന്നതെന്നും എനിക്കു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം?

ഡെപ്യൂട്ടിപ്രസിഡൻറ: ആ ചോദ്യം അസംബന്ധമായിട്ടുള്ളതാണ്.

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സെലക്ട്കമ്മററിക്കു ഈസഭ കൊടുത്തിട്ടുള്ളതായ മുക്ത്യാർനാമം ഇപ്പോൾ എൻെറ കൈവശമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആളോഹരിഭാഗത്തെപ്പററി വാദിക്കുന്നതിനും അതിനെ അനുകൂലിക്കുന്നതിനും അവർ ആവശ്യപ്പെട്ടുഎന്നാണോ മെമ്പർപറയുന്നതു? ആളോഹരി, താവഴി എന്നിവയെ സംബന്ധിച്ചുള്ള മുഴുവൻസംഗതിയെയും കമ്മററിക്കു നിഷ്പക്ഷപാതമായിട്ടുണ്ടായിരുന്നു എന്നാണു എൻെറ അഭിപ്രായം.

ഡെപ്യൂട്ടിപ്രസിഡൻറ: ആ സംഗതിയെപ്പററിയുള്ള ഒരു നിഷ്പക്ഷപാതമായ ഒരു ആലോചനക്കും വാദം ആവശ്യമുള്ളതാണ്. ഏതായാലും ആ ചോദ്യത്തിനു ഇപ്പോൾ ഇടയില്ല.

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഞാൻ പറഞ്ഞതുപോലെ കമ്മററിയിലെ ഭൂരിപക്ഷത്തിനു സമുദായത്തിൽ നടന്നുവരുന്നതായ ആചാരം എന്താണെന്നു പറയാൻ സാധിച്ചില്ല. അവരുടെ അഭിപ്രായപ്രകാരം ഈരണ്ടു നടപ്പുകളും പ്രചാരമായിരുന്നു. ഏതായാലും കമ്മററിയിലെ രണ്ടംഗങ്ങളായ മെസേഴ്സ് പി. വി. ഡാനിയലും പി. കെ. നാരായണപിള്ളയും ഒരു മദ്ധ്യപ്രസ്ഥാനത്തെ അനുകൂലിച്ചു. ഒരുമദ്ധ്യപ്രസ്ഥാനത്തെ അംഗീകരിക്കണമെന്നു അവർ ആവശ്യപ്പെട്ടപ്പോൾ സമുദായത്തിൽ പ്രചാരമായിരുന്നതായ ആചാരത്തെ പ്രതിബിംബിക്കുന്നതിനു അവർ ആവശ്യപ്പെട്ടുഎന്നാണു എനിക്കു തോന്നുന്നതു. മി. പി. വി. ഡാനിയൽ ജനസംഖ്യയിൽ വെള്ളാളസമുദായം ഭൂരിപക്ഷമായിരിക്കുന്ന അഗസ്തീശ്വരംതാലൂക്കിൽനിന്നും വന്ന ഒരു ആളാകുന്നു. ഇപ്പുറത്തെ ഭേദഗതി സ്ഥിരപ്പെടുത്തണമെന്നു ആവശ്യപ്പെടുന്നതായ ഈ തത്വങ്ങളെ അദ്ദേഹം സ്ഥിരതയോടെ അനുകൂലിക്കുന്നു. അദ്ദേഹത്തിൻെറ സ്വന്തം വിരോധമായ മിനിട്സിൽ അദ്ദേഹം പറയുന്നതാവിതു:— "ഇരിക്കുന്ന തറവാട്ടുസ്വത്തു ഒന്നുപകുതിയെ താവഴിയായും മറെറപകുതിയെ ആളോഹരിയായും ഭാഗിച്ചില്ലെങ്കിൽ ഇതു സാദ്ധ്യമാണെന്നാണു ആന്തരമായ വിശ്വാസം"

ഈ അഭിപ്രായത്തെയാണു ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു. ഏതുമാർഗ്ഗത്തെയാണു അംഗീകരിക്കേണ്ടതെന്നു അദ്ദേഹം ക്ലിപ്തമായി പറയുന്നില്ലെങ്കിലും സമുദായം മുഴുവനേയും തൃപ്തിപ്പെടുത്തുന്ന ഒരുമദ്ധ്യമാർഗ്ഗമാണു അംഗീകരിക്കുന്നതിനു നല്ലതായവഴിഎന്നു മി. പി. കെ. നാരായണപിള്ള വിചാരിക്കുന്നു. നമുക്കു എല്ലാവർക്കും അറിയാവുന്നതുപോലെ മി. പി. കെ. നാരായണപിള്ള ഒരുപണ്ഡിതശ്രേഷ്ഠനായവക്കീലും, നിയമനിർമ്മാണസംബന്ധമായ കാര്യങ്ങളിലും ആളുകളുടെ നടപടിയാചാരങ്ങളെപ്പററി പഠിക്കുന്നതിലും നല്ലപരിചയം സിദ്ധിച്ചആളുമാകുന്നു. അതുകൊണ്ടു ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നതെന്തെന്നാൽ ഈ കേസിൻെറ ഗുണങ്ങളെപ്പററി നോക്കിയാൽപോലും ഭാഗസംബന്ധമായ കാര്യങ്ങളിൽ ആളോഹരിഭാഗത്തെയാണു സമുദായം അനുസരിച്ചുവരുന്നതെന്നു നമുക്കുപറയാൻ നിവൃത്തിയില്ല. പിന്നെഎങ്ങനെയാണു സ്ഥിരമായി അതിനെഅനുസരിച്ചു വരാത്തതായ ഒരുസമുദായത്തിന്മേൽ ആളോഹരിഭാഗത്തെ ചുമത്തുന്നതിനു നമ്മോടുപറയുന്നതു? അതിനാൽ റിപ്പോർട്ടിൽനിന്നുതന്നെ യുക്തിക്കനുസരണമായ ഒരുമാർഗ്ഗമെന്തെന്നാൽ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിബന്ധനകളെ അംഗീകരിക്കുന്നതാണു.

സമുദായത്തിൻെറ വാസ്തവമായ ആഗ്രഹത്തേയും സമുദായത്തിൽ പ്രചാരത്തിലിരിക്കുന്ന വാസ്തവമായ നടപടിയാചാരങ്ങളേയും നിർണ്ണയിക്കുന്നതിനു മറെറാരുമാർഗ്ഗമെന്തെന്നാൽ സമുദായത്തിൻെറ ഇപ്പോഴത്തെ ആഗ്രഹത്തെ അറിയുന്നതാകുന്നു. ആ ആഗ്രഹം തിരഞ്ഞെടുക്കപ്പെട്ട മെംബറന്മാർമുഖാന്തരമോ അറിയുന്നതിനു നിവൃത്തിയുള്ളുഎന്നും നമുക്കു ഓരോമെംബറന്മാരുടെ അടുക്കലുംചെന്നു അദ്ദേഹത്തിനു ആവശ്യമുള്ളതെന്താണെന്നുചോദിച്ചറിയുന്നതു സാദ്ധ്യമല്ലെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നും നമുക്കു നാലു തിരഞ്ഞെടുക്കപ്പെട്ട മെംബറന്മാരുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നുമാണോ ആ അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളതുഎന്നു എനിക്കു മെംബറിൽനിന്നും അറിഞ്ഞാൽകൊള്ളാം?

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): "നാഞ്ചിനാട്ടുവെള്ളാളന്മാർ നിവസിച്ചുവരുന്ന സ്ഥലത്തിൽനിന്നും" എന്നു ഞാൻ തന്നത്താനെ മനസ്സാലെതിരുത്തിക്കൊള്ളുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): കഴിഞ്ഞ കൌൺസിലിൽ ബില്ലിനെക്കൊണ്ടുവന്നപ്പോൾ ആ താലൂക്കിൽ വെള്ളാളന്മാരാണ് എണ്ണത്തിൽ പ്രാധാന്യമുള്ളവരെന്നു വരികിലും ഒരു ക്രിസ്ത്യാനാണ അല്ലാതെ ഒരു വെള്ളാളനല്ല ആ പ്രത്യേകതാലൂക്കിനെ പ്രാതിനിധ്യം വഹിച്ചതെന്നു ഞാൻ മെമ്പരോടു പറഞ്ഞുകൊള്ളുന്നു.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മി. ഡാനിയൽ ഒരു ക്രിസ്ത്യാനാണെന്നു ഞാൻ സമ്മതിച്ചുകൊള്ളാം. നാഞ്ചിനാട്ടുവെള്ളാളന്മാർ ധാരാളം ഉള്ള ആ താലൂക്കിന്റെ പ്രാതിനിധ്യം വഹിച്ച് ആ മഹാൻതന്നെ ഇപ്പഴത്തെ ഭേദഗതിയെ അനുകൂലിക്കുന്നു എന്നുംകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കഴിഞ്ഞ തിരഞ്ഞെടുപ്പിൽ താലൂക്കുകളെല്ലാം വീണ്ടും വിഭജിച്ചതുനിമിത്തം മി. ഡാനിയൽ പ്രാതിനിധ്യം വഹിച്ചിരുന്നതായ ആ വിഭാഗം ഇനിയും ഇരിക്കുന്നുവോ എന്ന് ഞാൻ മെമ്പരോടു ചോദിച്ചുകൊള്ളുന്നു?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): വിഭാഗങ്ങളെയെല്ലാം രണ്ടാമതും ഒരു വിഭാഗം ചെയ്തിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): വെള്ളാളർ പ്രാധാന്യമായിരിക്കുന്ന ഒരു താലൂക്കിൽനിന്നും ഒരു ക്രിസ്ത്യാനെ മെമ്പറായി അയയ്ക്കാൻ പാടില്ലാ എന്നു പറയുന്നതായ വല്ല നിയമവും ഉണ്ടോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടു): അദ്ദേഹം ചോദ്യം ചോദിച്ചപ്പോൾ മി. ഏ. കെ. പിള്ള ഉദ്ദേശിച്ചതു അതല്ലാ എന്നു ഞാൻ വിശ്വസിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വെള്ളാള സമുദായത്തിൽനിന്നും ഒരാളെ പരാജിതനാക്കിയിട്ടാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മിസ്റ്റർ ഡാനിയലിനെ കൌൺസിലിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന് മെമ്പർക്കു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അദ്ദേഹത്തിന് എതിരായിട്ടാരാണ് നിന്നതെന്ന് എനിക്കു അറിയാൻ പാടില്ലാ. എന്നാൽ മിസ്റ്റർ ശിവതാണുപിള്ളയ്ക്കു എതിരായി നിന്നതു ഒരു വെള്ളാളനാണെന്നും അദ്ദേഹം പരാജിതനാക്കപ്പെട്ടു എന്നും എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മി. സുബ്രഹ്മണ്യപിള്ളയ്ക്കെതിരായി നിന്ന വെള്ളാളസമുദായത്തിൽ ചേർന്ന ഒരു ആൾ തന്റെ ഡിപ്പോസിററിനെ ഉപേക്ഷിച്ചതായി മെമ്പർക്കു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ആ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ പക്കൽനിന്നോ മി. ശിവതാണുപിള്ളയുടെ പക്കൽനിന്നോ അന്നൊരു ദിവസം ഞാൻ മനസ്സിലാക്കി.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ആ മെമ്പർ ആ താലൂക്കിൽ ചേർന്ന ആളല്ലാ എന്നു മെമ്പർക്കു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരി): ഈ അപേക്ഷകന്മാർ ഏതു താലൂക്കുകളിൽ ചേർന്നവരായിരുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ. തെക്കൻ തിരുവിതാംകൂറിൽ നിന്നു വരുന്നവരും ആ സമുദായത്തിൽ ചേർന്നവരുമായ ഈ രണ്ടു പ്രതിനിധികളും അവർ തായ്‌വഴിഭാഗത്തെ അനുകൂലിക്കുന്നു എന്നും അതും സെലക്ട്കമ്മിററിയിലും എൻക്വയറി കമ്മിററി റിപ്പോർട്ടുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അഭിപ്രായത്തിനു വിരുദ്ധമായിട്ടാണെന്നും ബലമായി പറയുന്നു. ഞാൻ ആ റിപ്പോർട്ടുകളെ വായിച്ചപ്പോൾ അവർ തായ്‌വഴിഭാഗത്തെ എന്തിനാണ് അത്ര പ്രബലമായി അനുകൂലിച്ചതു എന്നുള്ളതിനെപ്പററി ആ സമയം ഞാൻ ഒരു തീർച്ചയും ഇല്ലാത്തസ്ഥിതിയിൽ ആയിരുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ ഇല്ലാതിരിക്കുന്നതുകൊണ്ടു മി. ജി. പരമേശ്വരൻപിള്ള ചട്ടമനുസരിച്ചിരിക്കുന്നുവോ എന്നതിനെപ്പററി ഒരു തീരുമാനത്തിനായി ഞാൻ എഴുന്നേൽക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, ഞാൻ സംസാരിക്കാത്തതിനാൽ ഞാൻ ആർഡർ അനുസരിച്ചുതന്നെയിരിക്കുന്നു. ഒരു മെമ്പർ അദ്ദേഹം സംസാരിക്കുമ്പോൾമാത്രമെ, തന്റെ ഇരിപ്പിടത്തിൽ ഇരിക്കേണ്ടതായിട്ടുള്ളു. (ചിരി)

ഡെപ്യൂട്ടിപ്രസിഡന്റ്. അതെ, അത്രമാത്രമേയുള്ളു. മി. പരമേശ്വരൻപിള്ള ആർഡർ അനുസരിച്ചുതന്നെ ഇരിക്കുന്നു.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): മെസ്സേഴ്സ് സുബ്രഹ്മണ്യപിള്ളയും, ശിവതാണുപിള്ളയും തായ്‌വഴിഭാഗത്തെ അനുകൂലിക്കുകയായിരുന്നു. സെലക്ട്കമ്മിററി പുറപ്പെടുവിച്ചതായ അഭിപ്രായത്തിൽ സ്വല്പം അവ്യക്തതയുണ്ടായിരുന്നുവെന്നു എല്ലാവർക്കും ബോദ്ധ്യപ്പെട്ടുവെന്നു ഞാൻ വിചാരിക്കുന്നു. ഒരു പ്രബലമായ ന്യൂനപക്ഷത്തിൽ നിന്നെങ്കിലും അവർക്കു ശക്തിമത്തായ അനുകൂല്യം ഇല്ലാത്തപക്ഷം ആ സംഗതിയെ അവർ എടുക്കുകയില്ലായിരുന്നു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ആ അഭിപ്രായം കിട്ടിയതങ്ങനെയാണെന്ന് പറയുമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അവർ വഴക്കുപിടിച്ചതു സമുദായത്തിന്റെ ന്യൂനപക്ഷമായിട്ടുള്ളതാണെന്നുള്ളതല്ലാത്തപക്ഷവും അവരെ സഹായിക്കുന്നതിനു അവർക്കു ചില മഹാന്മാർ ഇല്ലാത്തപക്ഷവും അവർ അവരുടെ അഭിപ്രായങ്ങളെ ഇത്ര ശക്തിമത്തായവിധത്തിൽ പറയുന്നതിനു മുമ്പോട്ടു വരികയില്ലായിരുന്നു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): രണ്ടു മെമ്പറന്മാർ ശക്തിയോടുകൂടി വാദിച്ചാൽ പുറമെയുള്ള ആളുകളുടെ അഭിപ്രായം അതാണെന്നും ആ അഭിപ്രായത്തിൽ അവർ അനുകൂലിക്കുമെന്നാണോ അർത്ഥമാക്കുന്നത്?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): അങ്ങനെ അനുവാദിക്കുന്നതിൽ എനിക്കു വലിയ തെററില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ സംഗതിയെസംബന്ധിച്ചു തന്റെ മെമ്പർസ്ഥാനം രാജി വെച്ചു വീണ്ടും തിരഞ്ഞെടുപ്പിനു നിൽക്കാമെന്നു പറഞ്ഞതായി അറിയാമോ?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): അതു പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തീട്ടുണ്ട്. വും അതുനോക്കിയാൽ അറിയാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ,—

ഡെപ്യൂട്ടിപ്രസിഡൻറ്. നിങ്ങൾ നിങ്ങളുടെ സ്ഥലത്തുനിന്നും സംസാരിക്കാത്തതിൽ നിങ്ങൾ ചട്ടത്തിനു വിരോധമായി പ്രവൃത്തിക്കുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): വേറെ മെമ്പരുടെ ഇരിപ്പടത്തിൽനിന്നും ഒരു മെമ്പർക്കു ഒരു ചോദ്യം ചോദിക്കാൻപാടില്ലയോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

ഡെപ്യൂട്ടിപ്രസിഡൻറ്. ചോദ്യംചോദിക്കുക എന്നതു സംസാരിക്കുന്നതും അതുകൊണ്ടു അദ്ദേഹം ചട്ടമനുസരിക്കാത്തതും ആകുന്നു.

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): വെള്ളാള സമുദായത്തിൽപ്പെട്ട ഈ സഭയിലെ മെമ്പറന്മാരിൽ രണ്ടുപേർ ആളോഹരിക്കും രണ്ടുപേർ തായ്‌വഴിഭാഗത്തിനും വേണ്ടിയാകുന്നു. ആളോഹരിക്കുവേണ്ടിയുള്ള മെമ്പറന്മാർ അവർ ആളോഹരിഭാഗത്തിനു വേണ്ടിയാണെന്നു ആദ്യം പറഞ്ഞു, ഞാൻ നല്ലവണ്ണം ഓർമ്മിക്കുകയാണെങ്കിൽ അതാണ സമുദായത്തിന്റെ ആഗ്രഹം എന്നുംകൂടി അവർ പറഞ്ഞു. അനന്തരം സമുദായനന്മയ്ക്കായിട്ടു ആ സംഗതിയെ രാജിപ്പെടുത്തണമെന്നു അഭിപ്രായപ്പെട്ടപ്പോൾ ഇപ്പോൾ ഒരു ഭേദഗതിയുടെരൂപത്തിൽ മി. ശിവതാണുപിള്ളയാൽ കൊണ്ടുവരപ്പെട്ടിരിക്കുന്ന സന്ധിയുടെ നിബന്ധനകളെ അവർ സമ്മതിച്ചു. അതുകൊണ്ടു ഞാൻ സമർപ്പിക്കുന്നതെന്തെന്നാൽ, സമുദായപ്രതിനിധികളുടെ നിലയിൽ അവർക്കു ആളോഹരിഭാഗത്തിനു വേണ്ടി വാദിക്കുന്നതിനു അധികാരമുള്ള പക്ഷം രണ്ടു മെമ്പറന്മാരുടെ അഭിപ്രായത്തിലും സമുദായനന്മയ്ക്കായിട്ടു ഗുണകരമായ ഒരു ഏർപ്പാടിനെസംബന്ധമായ വിധത്തിൽ കൊണ്ടുവരുന്നതെങ്കിലും ഒരു സന്ധിയെ അനുകൂലിക്കുന്നതിനു അവർക്കു അധികാരമുള്ളതും ആകുന്നു. അതുതന്നെയാണ് അവർ ചെയ്തിട്ടുള്ളതു. അതുകൊണ്ടു ഇപ്പോൾ നമുക്കു നമ്മുടെ മുമ്പിൽ, മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞ മാതിരി, നാഞ്ചിനാട്ടു വെള്ളാളസമുദായത്തിന്റെ അല്ലെങ്കിൽ ആ സമുദായത്തിൽ ആളോഹരിഭാഗത്തെ അനുകൂലിക്കുന്ന ആ ഭാഗത്തിന്റെ കാര്യത്തെപ്പററി നമ്മുടെ മുമ്പിൽ വായിച്ച മിസ്റ്റർ എസ്. സുബ്രഹ്മണ്യപിള്ളയുടെ, ഭേദഗതിയ്ക്കെതിരായുള്ള, പിൻവലിക്കപ്പെട്ട അഭിപ്രായംമാത്രമേയുള്ളൂ.

ഇപ്പോൾ അടഞ്ഞിയിട്ടുള്ളതായ സന്ധിയെ സംബന്ധിച്ചു, അതു സമുദായത്തിന്റെ ആഗ്രഹത്തിന്റെ ഒരു സൂചകമായി കരുതണമെന്നും, ആ നിലയിൽ സമുദായത്തിൽ പ്രചാരത്തിലിരിക്കുന്ന ആചാരത്തിന്റെ ഒരു സൂചകമായി കരുതണമെന്നും എനിക്കു പറയേണ്ടിയിരിക്കുന്നു. സമുദായം ആകപ്പാടെ തായ്‌വഴിഭാഗത്തിനോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മദ്ധ്യസ്ഥമായ ഏർപ്പാടിനോ അത്രവലരെ ശക്തിമത്തായി എതിരായിരുന്നുവെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടതായ രണ്ടു മെമ്പറന്മാരും ആ പദ്ധതിക്കു ഒരിക്കലും സമ്മതിക്കുകയില്ലായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ടു. ഈ സന്ധിക്കു അവർ സന്തോഷം സമ്മതിച്ചുഎന്നുള്ള സംഗതി, അവർ പ്രാതിനിധ്യം വഹിക്കുന്ന ആ സമുദായത്തിൽ ആ ഏർപ്പാടിനാൽ യാതൊരുവിധമായ ദോഷവും സംഭവിക്കുകയില്ലെന്നുള്ളതിനെ വെളിവായി കാണിക്കുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): സംയുക്തമെമ്പറന്മാർ ആരുടെ പ്രാതിനിധ്യമാണ വഹിക്കുന്നതു?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ആ പേരുതന്നെ അതിനെ പറയുന്നു; ആ വിഷയംസംബന്ധിച്ചു യാതൊരു അറിവും ആവശ്യമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പ്രയോഗിക്കപ്പെട്ട പ്രേരണയിന്മേലാണു താൻ ഈ സന്ധിക്കു ഉൾപ്പെട്ടതെന്നു സംയുക്തമെമ്പറന്മാരിൽ ഒരാൾ പറഞ്ഞില്ലയോ?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): താൻ ഈ സന്ധിയിൽ ചേർന്നതു സമ്മതത്തോടുകൂടിയാണു എന്നു മിസ്റ്റർ വേലുപ്പിള്ള പറഞ്ഞു. മിസ്റ്റർ എസ്. സുബ്രഹ്മണ്യപിള്ളയാണ ഭീഷണിയെപ്പററിയും മററും പറഞ്ഞതു. ഈ സംഗതികളിലെല്ലാം, സമുദായപ്രതിനിധികൾ മുമ്പോട്ടേയ്ക്കുവന്നു അവർ ഒരു പക്ഷികക്ഷിയായിരിക്കുന്നുഎന്നു പറയുമ്പോൾ, എന്റെ സമർപ്പണമെന്തെന്നാൽ അതിനെ സമുദായത്തിന്റെ ആഗ്രഹമായിട്ടെടുക്കണമെന്നാകുന്നു. ശക്തിയേയും അധികാരത്തെയുംപററിയുള്ള സംഗതിഎല്ലാം ഇപ്പോൾ വാദത്തിലിരിക്കുന്ന സംഗതിയിൽനിന്നും പ്രത്യേകമാകുന്നുഎന്നു നിശ്ചയമാണു. ഈ സഭയിലെ ഒരു അംഗം, നാം സന്ധിനിബന്ധനകളാൽ ബന്ധരല്ലെന്നും, നമുക്കു ആ സംഗതിയെപ്പററി വീണ്ടും ആലോചിക്കുന്നതിനു അധികാരമുണ്ടെന്നും, പറഞ്ഞുകൊണ്ടിരിക്കുകയാണു. അതു ഒരു അധികാരാതിർത്തിസംബന്ധമായുള്ള സംഗതിയല്ല. അതു സൌകര്യത്തേയും യുക്തിയേയും ആസ്പദമാക്കിയിട്ടുള്ള ഒരു സംഗതിയാകുന്നു. ഈ രണ്ടു അഭിപ്രായങ്ങളിലും ഏതാണ കൂടുതൽ യുക്തിയുക്തമായിരിക്കുന്നതു എന്നുള്ളതാകുന്നു വിഷയം.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർ): ഒരു കമ്മ്യൂണിററിക്കാർ ഒരിക്കൽ സഭയിൽ ഒരു ബിൽ ഹാജരാക്കിയാൽ അതു നോക്കാതെ പാസാക്കാമെന്നാണോ?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): എനിക്കു അതു മനസിലാകുന്നില്ല.

മി. എസ്. സുബ്രഹ്മണ്യപിള്ള (കൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർ): ഒരു സമുദായത്തിലുള്ള ആളുകൾ ഒരു ബിൽ ഹാജരാക്കിയാൽ അതിനെപ്പററി യാതൊന്നും നോക്കാതെ പാസാക്കാമെന്നാണോ വിചാരിക്കുന്നതു?

മി. ററി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ഈ ബില്ലിനെസംബന്ധിച്ചു നാഞ്ചിനാട്ടു വെള്ളാളസമുദായത്തിലുൾപ്പെടാത്ത ആളുകൾ ഒന്നും പറയാൻ പാടില്ലെന്നുള്ളതു ഞാൻ ഇതേവരെ അറിഞ്ഞിട്ടില്ല.

എനിക്കു വേറെ ഒരു സംഗതിയെക്കുറിച്ചുകൂടി പറയേണ്ടതായിട്ടുണ്ടു. ഇതുമൊക്കെയായാലും ഇപ്പോൾ കൊണ്ടുവരപ്പെട്ടിരിക്കുന്ന ഭേദഗതിയുടെ ഫലമെന്താണ? നാഞ്ചിനാട്ടുവെള്ളാളരിൽ, ഞാൻ മനസിലാക്കിയ

ളടത്തോളം, അനേകം വകുപ്പുകൾ അടങ്ങിയിട്ടുള്ളതും, അവയിൽ ഏററവും പ്രധാനമായിട്ടുള്ളതു നിശ്ചയമായും ഈ വകുപ്പല്ലാത്തതുമാകുന്നു. എന്നാൽ, തത്വത്തിൽ പ്രബലമായ ഭേദഗതികളെപ്പററിയുള്ള സംഗതികളിൽ, ഇതു ഏററവും പ്രധാനമായിട്ടുള്ള വകുപ്പുകളിൽ ഒന്നല്ലാ എന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ഏകഭാര്യാത്വത്തേയും മരുമക്കത്തായത്തേയുംപററി പറയുന്ന വകുപ്പുകളാണു ഏററവും പ്രധാനമായ വകുപ്പുകൾ. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ആചാരങ്ങളിൽനിന്നും വാസ്തവത്തിൽ വ്യത്യസ്തപ്പെടുന്ന വകുപ്പുകൾ അവയാകുന്നു. ആ സംഗതികളിലെല്ലാം സമുദായക്കാർ ഐകമത്യത്തോടുകൂടിയവരാകുന്നുഎന്നു നാം കണ്ടിട്ടുണ്ടു. യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലാ. നിർബന്ധിതമായ ആലോചനായോഗത്തെ സംബന്ധിച്ചിടത്തോളവും ഒരു വ്യത്യസ്തമായ അഭിപ്രായവും ഇല്ലാ. ൩൦-ാമത്തെ വകുപ്പു പറയുന്നതായിതു—

"ഒരു തറവാട്ടിലെ ഓരോ അംഗത്തിനും തറവാട്ടുസ്വത്തിൽ അവന്റെയോ അല്ലെങ്കിൽ അവളുടേയോ ഓഹരി അവകാശപ്പെടുന്നതിനു അവകാശമുള്ളതാണ്"

ഭാഗത്തെപ്പററിയുള്ള അദ്ധ്യായത്തിൽ അതാണ് വാസ്തവത്തിൽ ഏററവും പ്രധാനമായിട്ടുള്ള വകുപ്പു. ആ വകുപ്പിനെ സംബന്ധിച്ചു ഒരുത്തരും ഒരു അക്ഷരവും പറഞ്ഞില്ലാ. ൩൧-ാംവകുപ്പു ഭാഗം ചെയ്യേണ്ട രീതിയെപ്പററി മാത്രമേ പറയുന്നുള്ളു. അതിൽ യാതൊരു നിയമത്തിന്റെ തത്വവും അടങ്ങിയിട്ടില്ല. അതു ഭാഗസമയത്തു ഒരാൾക്കു ലഭിക്കുന്ന കൂടുതലോ കുറവോ ആയ പണത്തെസംബന്ധിച്ചാകുന്നു. അതിനെപ്പററിയാണു ഇത്ര വലിയ ശണ്ഠനടക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): തറവാട്ടിലെ അംഗങ്ങളുടെ സ്ഥിരാവകാശങ്ങളെയാണ് സംബന്ധിച്ചിട്ടുള്ളതു എന്നും, അതുകൊണ്ടു അതു ഒരു തത്വത്തെപ്പററിയുള്ള സംഗതിയാണെന്നും അല്ലാതെ കുറെ രൂപായെപ്പററിയുള്ള സംഗതിയല്ലായെന്നും മിസ്റ്റർ മാത്യുവിനു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): കുറെ രൂപാ സംബന്ധിച്ചേടത്തോളം മാത്രമേ സംബന്ധപ്പെട്ടതായുള്ളുഎന്നു ഞാൻ പറഞ്ഞു. എന്റെ അഭിപ്രായത്തിൽ അതു ഒരു നിയമത്തിന്റെ തത്വമായിരിക്കാനിടയില്ല.

മി. കല്ല്യാടം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്‌സർക്കാർവക്കീൽ): അംഗീകരിച്ചിരിക്കുന്നതായ ഭാഗത്തിന്റെ രീതി എന്തുതന്നെയായിരുന്നാലും, സ്ഥിരാവകാശങ്ങളെ ഒരു വിധത്തിലോ അല്ലെങ്കിൽ മറെറാരുവിധത്തിലോ സംബന്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതുകൊണ്ടു തത്വസംബന്ധമായ വിഷയങ്ങളെപ്പററിയുള്ള എല്ലാ സംഗതികളിലും യാതൊരു വഴക്കും ഉണ്ടായിട്ടില്ലാ. യാതൊരുവിധമായ അഭിപ്രായവ്യത്യാസവും ഉണ്ടായിട്ടില്ലാ. എന്നാൽ അതു ചില പ്രത്യേക ആളുകൾക്കു കുറെ പണം കൂടുതൽകിട്ടുന്ന വിഷയമായിതീർന്നപ്പോൾ ഒരു വലുതായ സംഘട്ടനം ഉണ്ടായിതീർന്നു.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): പത്തുരൂപാ ശമ്പളത്തിനു നിയമിക്കുന്നതിനെ സംബന്ധിച്ചു ഇപ്പോൾ നടക്കുന്ന വഴക്കിനെസംബന്ധിച്ചു മിസ്റ്റർ മാത്യുവിനു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): എനിക്കറിയാൻ പാടില്ല.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ജനസംഖ്യകണക്കനുസരിച്ചുള്ള ഉദ്യോഗം കിട്ടണമെന്നു വഴക്കുപിടിക്കുന്ന ഇക്കാലത്തു ഈ കുറച്ചുരൂപായെപ്പററി ഒരു സമുദായക്കാർക്കു സങ്കടം ഉണ്ടാകാൻ ഇടയില്ലേ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ഈ സാമ്യം സാധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ റഗുലേഷൻ പാസ്സാകുന്നപക്ഷം ഇപ്പോൾ മരുമക്കത്തായസമുദായമായിരിക്കുന്ന നാഞ്ചിനാട്ടു വെള്ളാളസമുദായം പെട്ടെന്നു മക്കത്തായസമുദായമായി മാറുമെന്നു എല്ലാവരാലും സമ്മതിക്കപ്പെട്ടിരിക്കുന്നു. ഈ ബിൽ ഒരു നിയമമായതിനുശേഷം ഒരു വെള്ളാളനു സ്വന്തമായിരിക്കുന്ന എല്ലാ സ്വത്തുക്കളും അയാളുടെ പുത്രന്മാർക്കു ചേരുന്നതും, ആ സ്വത്തിനെ താവഴിഭാഗമായിട്ടു അതിനുശേഷം ഭാഗിക്കപ്പെടുന്നതുമാകുന്നു. അതു പ്രത്യേകം ചില ആളുകൾക്കു കുറെ കൂടുതൽ രൂപാ ലഭിക്കുന്ന ഒരു സംഗതിയായിരിക്കുമ്പോൾ, മെമ്പറന്മാർ തവഴിഭാഗത്തെപ്പററി ഭീതരായിരിക്കുന്നതിനുള്ള കാരണം ഞാൻ കാണുന്നില്ല.

മി. റി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇപ്പോൾ വീതിക്കാൻപോകുന്നതു തറവാട്ടിൽ ഉള്ള സ്വത്താണെന്നും രണ്ടാമതു വീതിക്കാൻപോകുന്നതു ഒരാളിന്റെ സ്വന്ത സമ്പാദ്യമാണെന്നും ഓർക്കുന്നുണ്ടോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതേ; ഭാഗാനന്തരം, ഓരോ മെമ്പറന്മാർക്കും ഭാഗംമൂലം ലഭിക്കുന്ന തറവാട്ടുസ്വത്തു ആ ഓരോ മെമ്പറന്മാരുടേയും പുത്രന്മാർക്കു ചേരുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): നായന്മാരുടെ മക്കത്തായ സ്വത്തിനെപ്പോലെയല്ലാതെ, നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽ മക്കത്തായം സ്വത്തിനെക്കൂടിയും ഉപതറവാട്ടിലെ സ്വത്തിനെപ്പോലെ ഗണിച്ചുവരുന്നു എന്നു മിസ്റ്റർ മാത്യുവിനു അറിയാമോ?

മി. റി. ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): അതേ: അതങ്ങനെയാണെന്നുതോന്നുന്നു. അതുകൊണ്ടു, ഇപ്പോഴത്തെ ഭേദഗതി അംഗീകരിക്കുന്നപക്ഷം സമുദായത്തിനു ഒരു വലുതായ ദോഷം സംഭവിക്കുമെന്നു ഇപ്പോൾ മെമ്പറന്മാർ എന്തിനു വിചാരിക്കുന്നു എന്നു എനിക്കു മനസ്സിലാക്കുന്നതിനു കഴിയുന്നില്ല. ഈ അന്വേഷണത്തിനെ സംബന്ധിക്കുന്നതല്ലാത്ത ഇത്രവല്ലാത്ത വിഷയങ്ങളെ നാം എന്തിനു ആലോചനയ്ക്കു എടുക്കുന്നുവെന്നു എനിക്കു നല്ലവണ്ണം മനസ്സിലാകുന്നില്ല. ഇതു ഭാഗസമയം ചില പ്രത്യേകആളുകൾക്കു തറവാട്ടുസ്വത്തിൽ കൂടുതലോ കുറവോ ലഭിക്കുന്നതിനെപ്പററിയുള്ള സംഗതിയാകുന്നു. അതുകൊണ്ടു ഈ സഭ സമുദായപ്രതിനിധികളാൽ ചെയ്യപ്പെട്ടിരിക്കുന്ന വാസ്തവമായ ആ സന്ധിയാൽ നയിക്കപ്പെടണമെന്നു ഞാൻ വിചാരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ആരംഭത്തിൽതന്നെ, ഞാൻ നാഞ്ചിനാട്ടു വെള്ളാളന്മാരിൽ ഒരു വലിയസംഖ്യ നിവസിക്കുന്നതായ ഒരു അംശത്തിനു, അതായതു മാവേലിക്കരയും കാർത്തികപ്പള്ളിയും ചേർന്നുള്ള അംശത്തിനു പ്രാതിനിധ്യം വഹിക്കുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു; അവരുടെ ഒരു പൊതുജനയോഗത്തിനുശേഷം ഒരു കമ്പിതപാൽ ഒന്നു എനിക്കു കിട്ടിയിട്ടുള്ളതും ആകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിന്റെ അംശത്തിൽ ഉള്ള നാഞ്ചിനാട്ടുവെള്ളാളരുടെ സൂക്ഷ്മമായ സംഖ്യ എന്താണെന്നു എനിക്കു അറിഞ്ഞാൽകൊള്ളാം?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിനെപ്പററി എനിക്കു നല്ല നിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഉദ്ദേശമായിട്ടുള്ള എണ്ണമെങ്കിലും എനിക്കു അറിഞ്ഞാൽ കൊള്ളാം?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എനിക്കു പറയാൻ നിവൃത്തിയില്ല. എനിക്കു ജനസംഖ്യകണക്കു നോക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): അതു ആറിനെക്കാൾ നിശ്ചയമായും അധികമായിരിക്കുമെന്നു അദ്ദേഹം വിചാരിക്കുന്നില്ലയോ?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു തീർച്ചയായും ആയിരത്തിൽ കൂടുതലാണ്. (ചിരി) ഒപ്പിട്ടിട്ടുള്ള ആളുകൾതന്നെ ൭൦-ൽ കൂടുതൽ ഉണ്ടു, ഒപ്പിട്ടിട്ടുള്ള ഓരോ ആളും ഒരു കുടുംബത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതും ആകുന്നു. കൌൺസിലിലെ അംഗങ്ങളായ തങ്ങളെ സംബന്ധിക്കുന്നിടത്തോളം ആ വിഷയത്തെ പ്രധാനമായി നിഷ്പക്ഷപാതമായും ശാസ്ത്രീയമായും ആലോചിക്കേണ്ടതാകുന്നു. സന്ധിയോ അല്ലെങ്കിൽ ഈ വിഷയത്തിന്റെ പൂർവചരിത്രത്തെയോപ്പററി ഈ കൌൺസിലിലെ അംഗങ്ങൾക്കു ഒരു സംബന്ധവുമില്ല. മിസ്റ്റർ കുമാരപിള്ള വിശദതയോടെ വ്യക്തമാക്കിയതുപോലെ ആ വിഷയത്തെ അതിന്റെ യോഗ്യതകളെ അടിസ്ഥാനപ്പെടുത്തി തീർച്ചപ്പെടുത്തണം. എന്റെ സ്വന്തം അഭിപ്രായമെന്തെന്നാൽ ഈ സന്ധി ധാർമ്മികമായോ അല്ലെങ്കിൽ ന്യായമായോ സാധുവാകുന്നതല്ല. മഹാറാണീതിരുമനസ്സിലെ തിരുമേനി അനുമതി പിൻവലിക്കുമെന്നോ അല്ലെങ്കിൽ ബിൽ മററു വിധത്തിൽ നശിപ്പിക്കപ്പെടുമെന്നോ ഉള്ള ഭയത്താലാണ് കൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരായ മെസ്സേഴ്സ് എം. വേലുപ്പിള്ളയും എസ്സ്. സുബ്രഹ്മണ്യപിള്ളയും ഈ രാജിയുണ്ടാക്കിതീർക്കപ്പെട്ടതു എന്നു ഇവിടെ എല്ലാവരാലും സമ്മതിക്കപ്പെട്ടു. നിശ്ചയമായും ആ അവസ്ഥയെ നമുക്കു ഒരിക്കലും ഭയപ്പെടാനില്ല. ഈ ഭയപ്പെടുത്തൽതന്നെ ഏകദേശം ഭീഷണിയായിതീരുന്നു. ഇതു ഭീഷണിയല്ലെങ്കിൽ, ഇമ്മാതിരി സംഗതികളിൽ ഏതാണ് ഭീഷണിയായി പറയാവുന്നതു എന്നു എനിക്കു അറിയാൻപാടില്ല.

മി. റി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ആരാണ് അങ്ങനെ ഭീഷണിപ്പെടുത്തിയതു?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ അറിഞ്ഞ മിസ്റ്റർ വേലുപ്പിള്ളയുടെ പ്രസ്താവനയിൽ ഉണ്ടു. നമ്മുടെ ഡെപ്യൂട്ടിപ്രസിഡന്റുതന്നെ അതിനെപ്പററി പറയുകയും ചെയ്തു.

ഡെപ്യൂട്ടിപ്രസിഡന്റ്: അപ്രകാരം ഒരു ഭീഷണിയെപ്പററി പറഞ്ഞതായി ഞാൻ ഓർമ്മിക്കുന്നില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിൽനിന്നു ഒഴിഞ്ഞു, ഈ സംഗതിയെപ്പററി നിഷ്പക്ഷപാതമായ വിധത്തിൽ, അതായതു നാഞ്ചിനാട്ടുവെള്ളാളരിൽ അധികംപേർക്കു ഏററവും അധികം നന്മ ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, പ്രവൃത്തിക്കണമെന്നു എനിക്കു ആഗ്രഹമുണ്ട്. പല കാരണങ്ങളാലും ചില കക്ഷികളിലെയും അംഗങ്ങൾ അവരുടെ തീരുമാനങ്ങളെ അന്ധതപ്പെടുത്താവുന്നതാണ്. എന്നാൽ നമ്മളിൽ മിക്കവരും ആ സ്ഥിതിയിലല്ല. അതുകൊണ്ടു അവർക്കു നിഷ്പക്ഷപാതമായും ന്യായമായും ഉള്ള ഒരു വഴി കാണിച്ചുകൊടുക്കേണ്ടതു നമ്മുടെ കടമയാണ്. ഏററവും അധികം ആളുകൾക്കു ഏററവും അധികം നന്മയെ കൊടുക്കുന്നതിൽ ന്യായമാണ് അടിസ്ഥാനമായി കരുതേണ്ട തത്വം എന്നു നാം എല്ലാവരും സമ്മതിക്കുന്നതാണ്.

ഈ സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരണമെന്നു വിചാരിക്കുന്നതായ രണ്ടാമത്തെ വിഷയമെന്തെന്നാൽ മക്കത്തായവും ആൺവഴി ദായക്രമത്തിന് ഭാഗവുമാണ് നാഞ്ചിനാട്ടുവെള്ളാളസമുദായം ആവശ്യപ്പെടുന്നതു എന്നാകുന്നു. മിസ്റ്റർ മാത്യു ശേഷിയുംവണ്ണം ചൂണ്ടിക്കാണിച്ചതുപോലെ ആ വിഷയത്തെപ്പററി ഒരു അഭിപ്രായവ്യത്യാസവും ഇല്ല. മെസ്സേഴ്സ് എം. സുബ്രഹ്മണ്യപിള്ളയും ശിവതാണുപിള്ളയുംകൂടി അതുതന്നെ ആവശ്യപ്പെടുന്നു. എന്നാൽ ഭാഗത്തിനായിട്ടു ഓരോരുത്തരുടെയും ഓഹരികളെ നിർണ്ണയപ്പെടുത്തുന്നതിൽ സ്ത്രീകളായിരിക്കുന്ന അംഗങ്ങളുടെ നഷ്ടത്തിന്മേൽ പുരുഷഅംഗങ്ങൾക്കു ആദായം ലഭിക്കണമെന്നു അവർ ആശിക്കുന്നു. എനിക്കു മനസ്സിലാക്കാൻകഴിയാവുന്നിടത്തോളം, താവഴി ഭാഗത്തെ അവർ ആവശ്യപ്പെടുന്നതിന്റെ സാരം അതാകുന്നു. ഈ കൌൺസിലിലെ അംഗങ്ങളായി അവരുടെ സമുദായത്തിലുള്ള കുറെ സ്ത്രീകളെക്കൂടി കൂടെ തിരഞ്ഞെടുക്കാഞ്ഞതു, താവഴി ഭാഗത്തിന്റെ അനുകൂലികളായിരിക്കുന്ന എന്റെ സ്നേഹിതന്മാരുടെ വാസ്തവത്തിൽ ഭാഗ്യമാകുന്നു. (ടി. എം. കെ. പിള്ള കേൾപ്പിൻ, കേൾപ്പിൻ) അതു ചെയ്തിട്ടുണ്ടായിരുന്നു എങ്കിൽ, വായമൂടപ്പെട്ടു അവരെ ഇരുത്തിയിട്ടുള്ളതിനു അവർക്കു അവരുടെ ഭാഗ്യത്തെപ്പററി സന്തോഷിക്കുന്നതിനു മതിയായ കാരണം ഉണ്ടാകുമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ, സ്ത്രീകളുടെ ഒരു പ്രതിനിധി, അതായതു ബഹുമാനിക്കപ്പെട്ടവളും വിദുഷിയും ആയ നമ്മുടെ മിസ്സസ് ലൂക്കോസ്, ഇവിടെ ഇരിക്കുന്നതുനിമിത്തം അവർ അവരുടെ രക്ഷയെപ്പററി അത്ര ധൈര്യമായിരിക്കുന്നതിന്നാവശ്യമില്ലാ. മിസ്സസ് ലൂക്കോസ് സംസാരിക്കുന്നതിന്നു എഴുന്നേൽക്കുന്നതിന്നു മുമ്പു നാഞ്ചിനാട്ടു വെള്ളാള സമുദായത്തിലെ സ്ത്രീകളുടെ സ്ഥിരമായ അവകാശങ്ങളെ അക്രമമായി ആക്രമിക്കുന്നതിനുള്ള അവരുടെ ശ്രമത്തിൽനിന്നും പിൻവലിഞ്ഞുകൊള്ളുന്നതിന്നു ഞാൻ താവഴിഭാഗം അനുകൂലികളായ മാന്യന്മാരെ ഉപദേശിക്കുന്നു; എന്തുകൊണ്ടെന്നാൽ ആ ഭാവി അത്ര സുഖമായിരിക്കുന്നില്ലാ. (ചിരി).

മി. എം. ശിവതാണുപിള്ള (തോവാള): ഇതെല്ലാം നേരമ്പോക്കിനായിട്ടുദ്ദേശിച്ചിരിക്കുകയാണോ അല്ലെങ്കിൽ കാര്യമായിട്ടുദ്ദേശിച്ചിരിക്കുകയാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം?

ഡെപ്യൂട്ടി പ്രസിഡന്റ്: അതു നേരമ്പോക്കിനായിട്ടുദ്ദേശിച്ചിരിക്കണമെന്നു നിങ്ങൾ എന്തിനു കരുതുന്നു? അതു ഹാസ്യമായിരിക്കാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവരുടെയും അവരുടെ കുട്ടികളുടേയും ചിലവിലേക്കായി അവരുടെ മരുമക്കത്തായ തറവാട്ടുസ്വത്തിനെയാണ് നാഞ്ചിനാട്ടു വെള്ളാളസമുദായത്തിലുള്ള സ്ത്രീകൾ കരുതിയിരുന്നതു. ഒരേ അടിയിൽ അവരെ അവരുടെ ന്യായമായ അവകാശങ്ങളിൽനിന്നും പരാജിതരാക്കുന്നതു അന്യായവും ക്രൂരവും ആകുന്നു. നമുക്കിപ്പോൾ ആ സംഗതിയെപ്പററി ആലോചിക്കാം. ഇപ്പോഴിരിക്കുന്നപ്രകാരം കുട്ടികൾക്കു തറവാട്ടുസ്വത്തിൽ അവരുടെ അച്ഛനുള്ള അവകാശത്തിൽ പത്തിലൊരുഭാഗത്തിനു മാത്രമേ അവകാശമുള്ളു. വെപ്പാട്ടിയായ സ്ത്രീകളുടെ കുട്ടികൾക്കു പുരുഷ അംഗങ്ങളുടെ സ്വത്തിൽ പത്തിൽ ഒൻപതുഭാഗത്തിനും അവകാശമുള്ളതാകുന്നു. ഇപ്പോൾ ഈ പുതിയ ചട്ടപ്രകാരം നാം പുരുഷന്മാരുടെ സന്താനങ്ങളെ അവരുടെ അച്ഛന്മാരുടെ സ്വത്തുക്കൾക്കു മുഴുവനും അവകാശികളാക്കിതീർക്കുന്നു, സ്ത്രീ അംഗങ്ങളുടെ സന്താനങ്ങൾക്കു അവരുടെ അച്ഛന്റെ സ്വത്തു ലഭിക്കുമെന്നു തീർച്ചയായും പറയാവുന്നതാണ്. എന്നാൽ ഇതല്ല ഇവിടത്തെ വിഷയം. വെപ്പാട്ടിയെന്നും [illegible] കുറെക്കൂടി ആലോചിക്കേണ്ടതായി [illegible] ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ ഉണ്ടായിരിക്കാം. പിതാവിൽനിന്നും ലഭിക്കുന്നതു കുറെക്കൂടി [illegible] വിഷയമെന്നുള്ളതിനും [illegible] അതുകൊണ്ടു അതല്ലാ ഇവിടത്തെ വിഷയം. [illegible] അവകാശങ്ങൾ പൂർണ്ണമായിട്ടുള്ളവയും, [illegible] പരാജിതരാക്കാൻ പാടില്ലാത്തതുമാകുന്നു. തറവഴിഭാഗമനുസരിച്ചുള്ള കണക്കിനെ അംഗീകരിക്കുന്നതായാൽ, നമ്മുടെ [illegible] ചില സ്നേഹിതന്മാരാൽ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന പട്ടികയിൽനിന്നും കാണാവുന്നതുപോലെ, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും അവകാശങ്ങൾ നാമാവശേഷമായിത്തീരും.

മി. കയ്യാലം പരമേശ്വരൻപിള്ള (ഗെസ്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ആ പ്രസ്താവം കുട്ടികളെപ്പററി മാത്രമേ പറയുന്നുള്ളു. അല്ലാതെ സ്ത്രീകളെപ്പററിയല്ലാ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഇനിമേൽ വരുന്നതേയുള്ളു.

ഈ ബില്ലിനെ എതിർക്കുന്നവർക്കു സ്ത്രീകളും കുട്ടികളും വളരെ കഷ്ടപ്പെട്ടുമെന്നുള്ള സംഗതിയെസംബന്ധിച്ചു യാതൊരു സംശയവുമില്ല. അതിനാൽ എന്റെ സ്നേഹിതന്മാരായ മെസ്സേഴ്സ് എം. സുബ്രഹ്മണ്യപിള്ളയും എം. ശിവതാണുപിള്ളയും നിരാകരിക്കുവാൻ സാധിക്കുന്നതല്ലാ. ന്യായമായി അവർക്കുള്ള അവകാശങ്ങളിൽനിന്നും നാം സ്ത്രീകളേയും കുട്ടികളേയും ഒഴിച്ചുവിടുന്നതിൽ എന്തു ന്യായമാണുള്ളതു? നാഞ്ചിനാട്ടു വെള്ളാളന്മാർ വാസ്തവത്തിൽ മക്കത്തായ സമുദായക്കാരാകുന്നു എന്നുള്ളതാണു ഇവിടെ കൊണ്ടുവന്നിട്ടുള്ളതായ കാരണം. ഇപ്പോൾ അതു സമ്മതിച്ചുകൊടുക്കുന്നതിനു എനിക്കു കഴിയുകയില്ലാ; എന്തുകൊണ്ടെന്നാൽ നാഞ്ചിനാട്ടു വെള്ളാളന്മാർ മക്കത്തായികളാണ് എന്നു പറയുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. കഴിഞ്ഞ ഒരു ശതവർഷപൂർത്തിയും ആയിട്ടു പ്രചാരത്തിലിരിക്കുന്ന ചട്ടം ഞാൻ മറിച്ചുനോക്കി. അനേകം ശതവർഷങ്ങൾക്കു മുമ്പു നാഞ്ചിനാട്ടു വെള്ളാളരുടെ മരുമക്കത്തായ നിയമസ്വീകരണം നാട്ടുനടപ്പിനു വിരുദ്ധമായിട്ടുള്ള ഒരു ഏർപ്പാടാണെന്നു നിങ്ങൾക്കു ഇപ്പോൾ പറയാൻപാടില്ലാ. സമുദായത്തിൽ അതിനുമുമ്പു മക്കത്തായം ഉണ്ടായിരുന്നു എന്നുള്ളതിനെ തെളിവാക്കാൻ മി. സുബ്രഹ്മണ്യപിള്ള ശ്രമിച്ചിരിക്കുന്നു. അവർ മരുമക്കത്തായ നിയമത്തെ അംഗീകരിച്ചു എന്നിരുന്നാലുംകൂടി അവർ അതിനെ മററുള്ളവരെ ബോധിപ്പിക്കുന്നതിനുവേണ്ടി ചെയ്തിട്ടില്ലാ. മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ളയും അദ്ദേഹത്തിന്റെ അഭിപ്രായം കൈക്കൊണ്ടിരിക്കുന്ന മററുള്ളവരും അപ്രകാരം പറയുന്നതു ശരിയല്ലാ. ഇപ്പോഴത്തെ സമയത്തിനുവേണ്ടി ഈ സ്നേഹിതന്മാർ എന്തുതന്നെ പറഞ്ഞാലും, പഴയകാലങ്ങളിലെ നാഞ്ചിനാട്ടു വെള്ളാളസ്ത്രീകളും പുരുഷന്മാരും വളരെ [illegible] തോടുകൂടിയിരുന്നുഎന്നും, അവർ മരുമക്കത്തായം നിയമത്തെ വളരെ കാര്യഗൌരവത്തോടെ അനുഷ്ഠിച്ചുവന്നിരുന്നുഎന്നും നല്ല ചരിത്രസംബന്ധമായ തെളിവിന്മേൽ ഞാൻ വിശ്വസിക്കുന്നു. നാഞ്ചിനാട്ടു വെള്ളാളന്മാർ ഈ കഴിഞ്ഞ കാലമെല്ലാം അവരുടെ ഒത്തുചേർന്ന വാക്കിനെ പരിപാലിക്കുന്നതിനു ശ്രദ്ധിച്ചിരുന്നു.

ഈ പുതിയ കണ്ടുപിടിത്തത്തിനെ അനുകൂലിക്കുന്നതിനു ആശ്രയിക്കുന്ന മറൊരു സംഗതി, ഉകണ്ടുടയും [illegible], അതുമാതിരിയുള്ള മററു രേഖകളുമാകുന്നു. നാഞ്ചിനാട്ടുവെള്ളാളന്മാർ മക്കത്തായികളാണെന്നു പറയുന്നതിനു ഇവ ശരിയായ തെളിവുകളായിത്തീരുന്നില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അപ്രകാരമുള്ള അവകാശങ്ങൾ, ഏററവും ശക്തിയേറിയ അവസരത്തിലും, എല്ലാ കുട്ടികൾക്കും വിധവയ്ക്കും കൂടിചേർന്നു, മരിച്ചുപോയ ആളിന്റെ അവകാശത്തിന്റെ പത്തിലൊരംശമേ ആകുന്നുള്ളു. അങ്ങനെയുള്ള സ്വത്തും, വിധവകളുടേയും കുട്ടികളുടേയും സംഗതിയിൽ മരുമക്കത്തായ ഉപതറവാട്ടുസ്വത്തു മാത്രമേ ആകുന്നുള്ളു. ഇതുവരേയും അതാണു സംഗതിയുടെ സ്ഥിതി. ഭാഗങ്ങളിൽ അധികം ഭാഗവും അല്ലെങ്കിൽ എല്ലാഭാഗങ്ങളും സമുദായത്തിൽ നടന്നിട്ടുള്ളതു ആ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാകുന്നു എന്നു കാണിക്കുന്നതിൽ തായ്വഴിഭാഗത്തിന്റെ അനുകൂലികൾ വിജയപ്രാപ്തികളായിരുന്നാൽ തന്നെയും, അതു ആ തത്വം ന്യായമാണെന്നോ അല്ലെങ്കിൽ നേരുകേടാണെന്നോ കാണിക്കുന്നതിനു ഒരു വാദമല്ലാ. ഒരു മരുമക്കത്തായ തറവാട്ടിൽ കാരണവന്റേയും പുരുഷ അംഗങ്ങളുടേയും നില എന്താണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പ്രാബല്യമുള്ള കാരണവന്റെ നില കഠിനന്മാരായ അംഗങ്ങളെ ഏകദേശം ഭയപ്പെടുത്തുകയാകുന്നു ചെയ്യുന്നതു. എന്നാൽ, വാസ്തവത്തിൽ, സമ്മതിക്കപ്പെട്ടിരിക്കുന്നതുപോലെ തറവഴിഭാഗത്തെ ആസ്പദമാക്കിഭാഗം ഉണ്ടായിട്ടുണ്ടു. ഈ സ്ഥിതികളിൽ അപ്രകാരമുള്ള ഒരു ഭാഗം ധർമ്മികമായും ന്യായമായും മററു വിധത്തിലുള്ള [illegible] വിലയേറിയതാകുന്നു. അതിൽ സംബന്ധിക്കുന്ന കക്ഷികളുടേയും കാരണവന്റെ പ്രാബല്യമേറിയ നിലയേയും ആലോചിക്കുന്നതായാൽ മററു ന്യായങ്ങൾക്കു അവയ്ക്കു കൊടുക്കുന്നതു മാത്രമേ കിട്ടുകയുള്ളു. എന്തുകൊണ്ടെന്നാൽ, നമുക്കറിയാവുന്നതുപോലെ ഭാഗം നിയമത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. സെലക്ട് കമ്മററി ഉള്ളടക്കമായ ആലോചനയ്ക്കുശേഷം ഒരു [illegible] തടപടിയെങ്കിലും കണ്ടുപിടിക്കപ്പെട്ടില്ലാ എന്നുള്ള തീരുമാനത്തിനു വന്നിട്ടുണ്ടു. പൊതുവെ യുള്ള തത്വങ്ങളിന്മേൽ ആളോഹരി ഭാഗത്തെ സ്വീകരിക്കണമെന്നുള്ള വാദത്തിനെയാണു അതു ഒന്നുകൂടി ബലപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. സിലക്ട് കമ്മററിയുടെ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള മഹാരീതി നിർണ്ണയം പ്രസ്തുത [illegible], എൻക്വയറി കമ്മിററിയാലും തീർച്ചപ്പെടുത്തപ്പെട്ടതാകുന്നു. അപ്രകാരം വലുതായ അധികാരമുള്ള

ളും സ്വതന്ത്രമായിട്ടുള്ളതും ആയ രണ്ടു കമ്മിററികളാൽ തീരുമാനപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു തീരുമാനത്തെ ഇളക്കിമറിക്കുന്നതു ഒരിക്കലും യുക്തിയുക്തമല്ല. ഈ രണ്ടു കമ്മിററികളും ഭിന്നിതമായിരിക്കുന്ന ഒരു സംഗതിയെ ആണു ഇപ്പോഴത്തെ ഭേദഗതി സംബന്ധിച്ചിരുന്നതെങ്കിൽ സംഗതി വ്യത്യാസമായിരുന്നേനെ. ആ സംഗതിവിഷ്ലിന്റെ തത്വത്തെപ്പറ്റിയും സംബന്ധിക്കുന്ന എന്തോ അതിനെ ഈ അവസരത്തിൽ ഇളക്കരുതെന്നും എനിക്കു തോന്നുന്നു. പൊതുതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ ആലോചനകളെല്ലാം സംഗതിയുടെ ഇപ്പോഴത്തെ പരിതസ്ഥിതികൾക്കും അവസ്ഥകൾക്കും യോജിക്കുന്നതും അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നമുക്കു ഇതിൽ പ്രവൃത്തിക്കാവുന്നതും ആകുന്നു. അല്ലാതെ ഏതെങ്കിലും ഒരു കക്ഷി ബലപ്പെടുത്തി പറയുന്നപോലെ ആസ്പദമാക്കിയല്ല. അവരുടെ സഹോദരികളുടെ നേർക്ക് ന്യായമായിരിക്കുന്നതിനും, അവരുടെ തങ്ങളുടെ പാചിനനന്ദിയുള്ളവരായിരിക്കുന്നതിനും ആ സമുദായത്തിലെ ഉഭയപക്ഷം അംഗങ്ങൾക്കും വേണ്ട നല്ലബുദ്ധിയും ഔദാര്യവും ഉണ്ടെന്നു വിശ്വസിക്കുന്നതിനു എനിക്കു തക്കതായ കാരണമുണ്ട്. ഭാഗത്തെ സംബന്ധിച്ച സെലക്ട് കമ്മിററിയുടെ നിബന്ധനയെ അനുകൂലിച്ചും, താവഴിഭാഗത്തെ ആസ്പദമാക്കിയുള്ള ഭേദഗതിയെപ്പററി ചിന്തിച്ചുപോരുകൾ കൊടുത്തും, അനേകം ഹർജികൾ എനിക്കു കിട്ടിയിട്ടുണ്ട്. എനിക്കു കുറെ അധികാരത്തോടുകൂടി സംസാരിക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്ന അപ്രകാരമുള്ള ഒരു ഹർജിയെപ്പററി മാത്രമേ ഞാൻ പറയാം.

ഡെപ്യൂട്ടിപ്രസിഡൻറ: ഈ കൌൺസിലിൻമുമ്പാകെ നിങ്ങൾ ഇതുവരെ ഹാജരാക്കാത്തതായ ഹർജികളുടെ സാരത്തെപ്പററി നിങ്ങൾ ഒന്നും പറയരുത്.

മി. ടി. രാമമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ആ ഹർജിയെ ഒപ്പിട്ടിട്ടുള്ളവരും ഞാൻ നേരിട്ടു അറിയുന്ന പല ആളുകളുടെയും അംഗീകരിക്കപ്പെട്ടിട്ടുള്ള മൂപ്പന്മാരെ വഹിക്കുന്നവരും. അതു സെലക്ട് കമ്മിററിയുടെ അഭിപ്രായത്തെ യാതൊരു തടസ്ഥവും കൂടാതെ അനുകൂലിച്ചിട്ടുള്ളതും ആകുന്നു. എനിക്കു ഈ സഭയുടെ ശ്രദ്ധയിൽ നിർബന്ധമായി പെടുത്തേണ്ടതായ ഒരു സംഗതി മി. ശിവതാണുപിള്ളയുടെ ഭേദഗതി വളരെ കുഴപ്പമുള്ളതാണെന്നും താവഴിയെ സംബന്ധിച്ചു ഒരിക്കലും അവസാനിക്കാത്തതായ വഴക്കുകൾക്കു ഇടകൊടുക്കുന്നതാണെന്നും ആകുന്നു. ന്യായം ഒരു ക്ലിപ്തമായ നിയമത്താൽ മാത്രമേ സാധാരണ ആളുകൾക്കു പ്രായോഗികമായ രീതിയിൽ എത്തിച്ചുകൊടുക്കാൻ സാധിക്കുകയുള്ളു. അതു എളുപ്പത്തിൽ മനസ്സിലാകാവുന്നതും പ്രായോഗികമാവുന്നതും ആയിരിക്കണം. നിവൃത്തിയുള്ളിടത്തോളം ഒരു നിശ്ചയപ്പെടുത്തണം. മി. സുബ്ബയ്യർ വിശദമായി ചൂണ്ടിക്കാണിച്ചതുപോലെ, നിയമസംബന്ധമായ കാര്യങ്ങളിൽ പരിപൂർണ്ണമായ യുക്തിവാദം സാദ്ധ്യമല്ലാതെ വരുന്നതാം. എന്നാൽ അതു സാദ്ധ്യമായിട്ടുള്ള സ്ഥലങ്ങളിൽ നമുക്കു എന്തുകൊണ്ടു അതുണ്ടായിരിക്കാൻ പാടില്ലാ എന്നുള്ളതിനു അതൊരു ഹേതുവല്ല. സംഗതിയുടെ ഈ പരിതസ്ഥിതികളിൽ അതിന്റെ നിഷ്പക്ഷപാതമായ ന്യായത്തിനും പുറമേ ആനുപാതിക ഭാഗത്തിനു ഈ ഒരു ഗുണം കൂടിയുണ്ട്. ഈ വകുപ്പു അതിന്റെ ഇപ്പോഴത്തെ നിലയിൽ ന്യായരഹിതമായ വഴക്കുകൾക്കും താവഴിസംബന്ധമായി വ്യാജമായ തെളിവുകൾ ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിനും ഇടകൊടുക്കുകയില്ല. എന്നാൽ ഈ ഭേദഗതി ഇവരണ്ടിനും ഇടംകൊടുക്കും. ഈ എല്ലാ കാരണങ്ങളാലും ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ഈ വിഷയത്തെസംബന്ധിച്ചു ഒരു നിയമസഭയുടെ പ്രവൃത്തികൾ ഒരു നീതിന്യായകോടതിയുടേതിൽ നിന്നും വളരെ വ്യത്യാസമുള്ളതാണെന്നും കൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു. നടപ്പിലിരിക്കുന്ന നടപടിയെയോ അല്ലെങ്കിൽ ആചാരത്തെയോ സംബന്ധിച്ചു ഒരു നീതിന്യായകോടതിയുടെ വിഷമതകൾ എന്തെല്ലാമായിരുന്നാലും അവ ഈ നിയമസഭയെ ഉപദ്രവിച്ചിട്ടാവശ്യമില്ല. ഏററവും അധികം ആളുകളുടെ ഏററവും അധികം നന്മയെയാണു നാം നോക്കേണ്ടതു. സ്ഥിരമായിട്ടുള്ള അവകാശങ്ങളെയാണു നാം രക്ഷിക്കേണ്ടതു. അതുകൊണ്ടു സിലക്ട് കമ്മററിയുടെ അഭിപ്രായത്തിനു യോജിച്ചു വോട്ടുചെയ്യുന്നതിനു ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : ഈ സഭമുമ്പാകെ ഈ ഭേദഗതിയെപ്പററി പരിചിന്തനം ചെയ്യുന്നതിൽ നാഞ്ചിനാട്ടു വെള്ളാളസമുദായത്തിന്റെ ചരിത്രത്തിൽ പ്രവേശിക്കുന്നതു, അതായതു അവർ ആദ്യമായി മക്കത്തായികളായിരുന്നുവോ അല്ലെങ്കിൽ മരുമക്കത്തായികളായിരുന്നുവോ എന്നു പറയുന്നതു ഏററവും ആവശ്യമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാലും അവർ സ്വയം തന്നെ അവർ മക്കത്തായികളാണോ അല്ലെങ്കിൽ മരുമക്കത്തായികളാണോ എന്നുള്ള ഒരു തീരുമാനത്തിലേക്കു വരുന്നതിനു അതിനെപ്പററി കുറച്ചൊന്നു പ്രസ്താവിക്കുന്നതു് സ്വല്പം ആവശ്യമാണെന്നു വിചാരിക്കുന്നു. എന്നാൽ മി. പരമേശ്വരൻപിള്ള അന്നൊരുദിവസം പറഞ്ഞ തീർപ്പിനെ ഞാൻ അനുസരിക്കുകയാണെങ്കിൽ ഞാൻ സംഗതികളെ അവ ഇപ്പോഴിരിക്കുന്നതുപോലെ, അതായതു അവരുടെ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ചു കൈക്കൊള്ളണമെന്നു ഞാൻ വിശ്വസിക്കുന്നു. നാഞ്ചിനാട്ടു വെള്ളാളസമുദായത്തിന്റെ ഇപ്പോഴത്തെ സ്ഥിതികൾ നാം പരിശോധിക്കുന്നപക്ഷം അവർ മരുമക്കത്തായികളാണെന്നു നാം കാണുന്നു. അന്നൊരുദിവസം മി. സുബ്രഹ്മണ്യപിള്ളയോടു ഒപ്പിട്ടിട്ടുള്ള ആളുകളെല്ലാം മക്കത്തായികളാണെന്നു വിവരിക്കുന്ന ഏതെങ്കിലും ഒരു പ്രമാണം അദ്ദേഹത്തിനു ഹാജരാക്കുവാൻ സാധിക്കുമോ എന്നു ഒരു മെമ്പർ ചോദിച്ചപ്പോൾ അദ്ദേഹത്തിനു സാധിക്കയില്ലെന്നു അദ്ദേഹം പറഞ്ഞതായിട്ടു തോന്നുന്നു. നേരെമറിച്ചു ഒപ്പിട്ടിട്ടുള്ള ആളുകളെല്ലാം മരുമക്കത്തായികളാണെന്നു വിവരിക്കുന്ന വല്ല പ്രമാണങ്ങളും ഉണ്ടോ എന്നു അദ്ദേഹത്തോടു ചോദിച്ചപ്പോൾ കുറെ ഉണ്ടെന്നു അദ്ദേഹം പറഞ്ഞു. ഒപ്പിട്ടിട്ടുള്ളവരെ ഒന്നോ അല്ലെങ്കിൽ മറേറാ എന്നു സൂചിപ്പിക്കാതെ പൊതുവെ നാഞ്ചിനാട്ടു വെള്ളാളരെ മരുമക്കത്തായികളെന്നു വിവരിക്കുന്ന പ്രമാണങ്ങളും തെളിവുകളും ഉണ്ടായിരുന്നു. അവർ മരുമക്കത്തായികളാണെന്നു കാണിക്കുന്നതിനു ഹൈക്കോടതിവിധികളുമുണ്ടു. കൂടാതെ അവർ മരുമക്കത്തായികളെന്നു കാണിക്കുന്നതിനു എൻക്വയറികമ്മിററിറിപ്പോർട്ടും സെലക്ട്കമ്മിററിറിപ്പോർട്ടും ഉണ്ട്. അതുമൂലം അവർ മരുമക്കത്തായികളാണെന്നു ഈ സഭയെക്കൊ

ട്ടപ്പെട്ടിരുന്നതിന് മതിയായ തെളിവുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. മരുമക്കത്തായ തറവാട്ടിലെ ഒരു അംഗമെന്നനിലയിൽ സ്വത്തിൽ ന്യായമായ ഒരു ഭാഗത്തിനു അയാൾക്കു അവകാശമില്ലയോ? ഇവിടെ, ഭേദഗതിയിൽ ഒരു ഉദാഹരണം കൊടുത്തിട്ടുണ്ട്. പന്ത്രണ്ടു അംഗങ്ങളുള്ളതും, ഈ ആളുകൾക്കിടയിൽ ഇരുപത്തിനാലായിരം രൂപയെ ഭാഗംചെയ്യേണ്ടതുമാകുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): അവരെ മക്കത്തായികളെന്നു പറയുന്ന എൻക്വയറികമ്മിററി റിപ്പോർട്ടിന്റെ പത്താംഖണ്ഡികയിലേക്കു ഞാൻ മെമ്പരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): "സമുദായം പ്രധാനമായി അനുകരിച്ചുവരുന്ന മരുമക്കത്തായ ഏർപ്പാടിൻപ്രകാരം തറവാട്ടുസ്വത്തു അവിഭാജ്യമാകുന്നു"

എന്നു പറയുന്ന എൻക്വയറികമ്മിററിറിപ്പോർട്ടിലെ നാലാമദ്ധ്യായം ഇരുപത്തേഴാം പാരാവിലേക്കു ഞാൻ മെമ്പരുടെ ശ്രദ്ധ ആകർഷിച്ചുകൊള്ളട്ടെ?

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): അവർ അനുകരിച്ചുവരുന്ന ആചാരം മരുമക്കത്തായമാണെങ്കിലും അവർ മക്കത്തായികളാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിങ്ങൾ പറയുന്നതുപോലെ, ആചാരങ്ങൾക്കും താവഴികൾക്കും തമ്മിൽ ഇത്ര സൂക്ഷ്മമായ വ്യത്യാസങ്ങൾ നിങ്ങൾ ഉണ്ടാക്കുന്നപക്ഷം എനിക്കു അധികം പറയാനില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ശുദ്ധമായ മരുമക്കത്തായ ഏർപ്പാടിൽ ഉൾപ്പെട്ടതുപോലെ ഏതെങ്കിലും ഒരു ഏർപ്പാടുണ്ടോയെന്നു മെമ്പർക്കു പറയാൻ സാധിക്കുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുതന്നെയാണ് ഞാനും പറയുന്നത്. ഈ നാഞ്ചിനാട്ട് വെള്ളാളരിൽ ചിലർ ആദ്യം മക്കത്തായികളായിരുന്നതായി പറയുന്നു എന്നു തോന്നുന്നു. "ആദ്യമായി" എന്നശബ്ദംതന്നെ അവർ ഇപ്പോൾ മാറിയെന്നു കാണിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം എന്റെ ചോദ്യത്തിനു നേരിട്ടു സമയം മറുപടിപറയുമോ എന്നു എനിക്കു മെമ്പരിൽനിന്നും അറിഞ്ഞാൽകൊള്ളാം?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം കുറെനേരം കാത്തിരുന്നു ഞാൻ പറയുന്നതു ക്ഷമയോടുകൂടി കേൾക്കുമെങ്കിൽ ആ മുഴുവൻ ചോദ്യത്തിനും ഞാൻ മറുപടിപറയാം. അവർ ആദ്യമായി മക്കത്തായികളായിരുന്നു. ഒരു സമുദായം മക്കത്തായത്തിൽനിന്നും മരുമക്കത്തായത്തിലേക്കു പിന്തിരിഞ്ഞുപോകുന്നുവെന്നു ഊഹിക്കുന്നതു മനുഷ്യസ്വഭാവത്തിനെതിരാകുന്നു. ഭാഗ്യമെന്നിച്ചു ഈ കൌൺസിലിൽ പ്രാതിനിധ്യമുള്ളതായി പല സമുദായങ്ങളുണ്ട്. മക്കത്തായസമുദായങ്ങളും മരുമക്കത്തായസമുദായങ്ങളുംഉണ്ട്. ഒരു മക്കത്തായസമുദായം മരുമക്കത്തായംവേണമെന്നു ഒരു നിയമം ആവശ്യപ്പെടുന്നതായി നാം ഒരിക്കലും കണ്ടിട്ടില്ല. മക്കത്തായത്തിലേക്കുപോകുന്നതിനു ഒരു നിയമം വേണമെന്നു ആവശ്യപ്പെടുന്ന പലസമുദായങ്ങളും നാം കണ്ടിട്ടുണ്ട്. ആദ്യം മരുമക്കത്തായമായിരുന്ന ഒരു സമുദായം മക്കത്തായത്തിലേക്കു പോകുന്നതിനു ശ്രമിക്കുമെന്നും, അല്ലാതെ മക്കത്തായത്തിൽനിന്നും മരുമക്കത്തായത്തിലേക്കല്ലെന്നും, ചരിത്രവും നമ്മോടു പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു ഞണ്ടിന്റെ മുന്നോട്ടും പിന്നോട്ടുമുള്ള ഗതിപോലെയുള്ളതാകുന്നു ഈ സമുദായം ചെയ്യുന്നതു. ഓരോ സമുദായവും മുന്നോട്ടു ഗമിക്കുന്നതിനു ആവശ്യപ്പെടുന്നു; മരുമക്കത്തായത്തിൽനിന്നും മക്കത്തായത്തിലേക്കുള്ള ഒരു സമുദായത്തിന്റെഗതി മുമ്പോട്ടുള്ളതാകുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നാഞ്ചിനാട്ടു വെള്ളാളർ ആദ്യമായി മക്കത്തായികളായിരുന്നുവെന്നുള്ള വസ്തുതയെ അദ്ദേഹം വിസമ്മതിക്കുന്നു എന്നാണോ ഞാൻ മെമ്പരിൽനിന്നും മനസ്സിലാക്കേണ്ടതു?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ മെമ്പറെ എന്റെ പ്രസംഗത്തെപ്പററി ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണെങ്കിൽ, ഈ സമുദായത്തിന്റെ പുരാതന ചരിത്രത്തെപ്പററി ഒരു സൂക്ഷ്മമായ അന്വേഷണം ചെയ്യേണ്ടതു അത്യാവശ്യമായിട്ടുള്ളതല്ലാ എന്നുള്ള ഈ വാചകത്തോടുകൂടിയാണ് ഞാൻ ആരംഭിച്ചതെന്ന് ഞാൻ വിചാരിക്കുന്നു. അതു തീരെ ആവശ്യമായിട്ടുള്ളതല്ലാ.

മി. എം. ശിവതാണുപിള്ള (തോവാള): അവർ ആദ്യം മക്കത്തായികളായിരുന്നുവെന്നു അദ്ദേഹത്തിനറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നമുക്കു സംഗതികളെ അവ ഇപ്പോഴിരിക്കുന്നതുപോലെ എടുക്കാം. ഇപ്പോഴിരിക്കുന്ന നാഞ്ചിനാട്ടു വെള്ളാളർ മരുമക്കത്തായികളാണെന്നുള്ളതിനു തെളിവുണ്ട്. നിങ്ങൾ അതു സമ്മതിക്കുന്നുണ്ടോ ഇല്ലയോ?

ഡെപ്യൂട്ടി പ്രസിഡന്റ്: അദ്ധ്യക്ഷന്റെ നേരെനോക്കി സംസാരിക്കണം. കൂടാതെ, മിസ്റ്റർ ശിവതാണുപിള്ള ഉത്തരംപറഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ എന്തടിസ്ഥാനത്തിന്മേലാണ് ഇപ്പോൾ നാഞ്ചിനാട്ടു വെള്ളാളർ മക്കത്തായക്രമത്തിൽപെട്ടവരോ മരുമക്കത്തായക്രമത്തിൽപെട്ടവരോ എന്നുള്ള അന്വേഷണത്തിൽ മുഴുകിയിരിക്കുന്നതു എന്നു എനിക്കറിഞ്ഞാൽകൊള്ളാം?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ എന്നോടു ചോദിച്ച ചോദ്യത്തിനു മറുപടിപറയേണ്ടതിലേക്കുമാത്രമായിരുന്നു എനിക്കു അതിൽ മുഴുകേണ്ടിവന്നതു. അല്ലെങ്കിൽ, ഞാൻ ആ വിഷയത്തിൽനിന്നും മാറിപ്പോകുകയും, എന്റെ പ്രസംഗത്തിൽ ചുരുക്കമായിരിക്കുകയും ചെയ്യുമായിരുന്നു. എനിക്കു വളരെ അധികം സംഗതികൾ പറയാനായിട്ടില്ലാ. അതിനാൽ, അതൊരു മരുമക്കത്തായ തറവാടാണെന്നു കാണിക്കുമ്പോൾ സ്വത്തു മുഴുവനും അതിന്റെ അംഗങ്ങൾക്കെല്ലാവർക്കും സമമായി ഭാഗിക്കണം. ഭേദഗതിയിൽ കൊടുത്തിരുന്ന ഉദാഹരണത്തെ ഞാൻ എടുത്തു. പന്ത്രണ്ടംഗങ്ങളുള്ളതും, ഇരുപത്തിനാലായിരംരൂപാ തുകയെ വീതിക്കേണ്ടതും ആകുന്നു. ഭേദഗതിപ്രകാരം 'എച്ച്' 'എൽ' 'എം' 'എസ്' 'പി' എന്ന ഓരോരുത്തർക്കും ൫൫൦൦ രൂപാവീതം ലഭിക്കുന്നു. അവർക്ക് ന്യായമായിട്ടുള്ള ശരാശരി ൨൦൦൦ രൂപായും അവർക്ക് കിട്ടേണ്ട

താണ്. എന്നാൽ അവക്കു ൫൦൦൦ രൂപാമാത്രമേ കിട്ടുന്നുള്ളു, ഇതും ഒരു അവസ്ഥയും ആകുന്നു; എന്തുകൊണ്ടെന്നാൽ ഈ ൫൦൦൦ രൂപായിലും ഭർത്താവിക്കു ൪൦൦൦ രൂപാ മാത്രമേ കിട്ടുന്നുള്ളു. രൂപാ ൫൦൦൦-ം അവക്കു വേറെവിധത്തിൽ കിട്ടുന്നതാണ്. എന്തുകൊണ്ടെന്നാൽ അതു അവരുടെ മാതാവിന്റെ ഓഹരിയും, അതു അവക്കു ലഭിക്കേണ്ടതുമാകുന്നു. അവക്കു അതിലധികം ലഭിക്കേണ്ടതാണ്. അവക്കു വാസ്തവത്തിൽ ലഭിക്കുന്നതു ൪൦൦൦ രൂപമാത്രമാകുന്നു. അതു ഒരു മനുഷ്യൻ —

ഡെപ്യൂട്ടി പ്രസിഡന്റ്. ഇതു എങ്ങനെയാണ് ഇതു സംബന്ധമാകുന്നതു. അതു വാസ്തവമായി ലഭിക്കുമ്പോൾ ൫൦൦൦ രൂപാ അയാളുടെ തള്ളയുടെ ഓഹരി അല്ലല്ലൊ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). മരുമക്കത്തായ അഭിപ്രായപ്രകാരം നോക്കുന്നതായാൽ ഭർത്താവിക്കു ൨൦൦൦ രൂപാ കിട്ടേണ്ടതാണ്.

ഡെപ്യൂട്ടി പ്രസിഡന്റ്. അതെ.

മി. കെ. ശിവരാമപ്പണിക്കർ. (ചേർത്തല) രൂപാ ൫൦൦൦ അമ്മയുടെ ഓഹരിയിൽനിന്നാകുന്നു. അതിനാൽ രൂപാ ൫൦൦൦ അയാളുടെ ഓഹരിയായിട്ടു അയാൾക്കു ലഭിക്കുന്നില്ല.

ഡെപ്യൂട്ടി പ്രസിഡന്റ്. ഭാഗസമയത്തു അയാൾക്കു രൂപാ ൫൦൦൦ ലഭിക്കുന്നു. അവിടെയാണ് നിങ്ങൾക്കു തെററു.

മി. കെ. ശിവരാമപ്പണിക്കർ. (ചേർത്തല) അതുകൊണ്ടു ഈ സഭയിലെ അംഗങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നു ഞാൻ ആവശ്യപ്പെടുന്നതെന്തെന്നാൽ, ഒരു മരുമക്കത്തായ തറവാട്ടിൽ ഓരോ മെമ്പർക്കും ന്യായമായിട്ടുള്ള ഒരു ഓഹരി ലഭിക്കുന്നതിനുള്ള അവകാശമുണ്ടു എന്നാകുന്നു. എൽ. എം. എൻ. പി. എന്നിവരോടുകൂടത്തിൽ ൫൦൦൦ രൂപാവീതം കിട്ടുന്നു എന്നുമാത്രമേ ഇവിടെ കാണിച്ചിട്ടുള്ളു. കടം കൊടുക്കേണ്ടതായിട്ടില്ലാത്ത ഒരു മനുഷ്യന്റെപക്കൽനിന്നും ൫൦൦൦ രൂപായ്ക്കു മറെറാരു മനുഷ്യൻ അന്യായം കൊടുക്കുന്നതുപോലെയാകുന്നു ഇതു. അതുകൊണ്ടു ഒരു രാജിയുണ്ടാക്കിത്തീർക്കുന്നതിനു, ആ മനുഷ്യൻ, "നീ എനിക്കു ഏതെങ്കിലും തരേണ്ടതാകുന്നു" എന്നോ മറെറയാൾ "ഞാൻ നിനക്കു ൫൦൦ രൂപാ തരാം" എന്നും പറയാവുന്നതാണ്. എന്നാൽ അതു കൊടുക്കുന്ന ആൾക്കു ഗുണമായിട്ടുള്ളതല്ലാ; അതു വാങ്ങിക്കുന്ന ആളിനു ഗുണകരമായിരിക്കും. എന്തുകൊണ്ടെന്നാൽ അയാൾക്കു അവകാശപ്പെടുന്നതിനു യാതൊന്നുമില്ലാ. ഇതുതന്നെ മാണു ഇപ്പോൾ അംഗീകരിക്കപ്പെട്ടിട്ടുള്ള മദ്ധ്യപ്രസ്ഥാനം. മദ്ധ്യപ്രസ്ഥാനത്തിൽ എവിടെ ന്യായം കിടക്കുന്നുവെന്നു എനിക്കു മനസിലാകുന്നതിനു കഴിയുന്നില്ലാ. വാദപ്രതിവാദം നടത്തി ക്ലിപ്തമായ സത്യത്തിലും ന്യായത്തിലും ചെന്നുചേരുന്നതിനാണ് നാം ഇവിടെക്കൂടിയിരിക്കുന്നതു. ഈ സമ്പൂർണ്ണ സത്യത്തെപ്രാപിക്കുന്നതിനു കഴിവില്ലാതെവരുമ്പോൾ നാം ഒരു മദ്ധ്യപ്രസ്ഥാനമായ ഒരു ഏർപ്പാടിനെ അവലംബിക്കേണ്ടിയിരിക്കുന്നു. നാം ഇവിടെക്കൂടിയിരിക്കുന്നതു സത്യത്തെപ്രാപിക്കുന്നതിനാകുന്നു, പ്രായോഗികമായ അസാദ്ധ്യത എവിടെയാണ് അസാദ്ധ്യതയെ കണ്ടുപിടിക്കുന്നതിനോ സത്യത്തിൽ ചെന്നു ചേരുന്നതിനും ശ്രമിക്കുന്നതു നമ്മുടെ ജോലിയാകുന്നു. മദ്ധ്യപ്രസ്ഥാനം സത്യമല്ലായെന്നുള്ളതു നിശ്ചയമാകുന്നു. അതു സത്യത്തിൽനിന്നും വളരെ ദൂരത്താകുന്നു, അതായതു സത്യത്തിനും അസത്യത്തിനും മദ്ധ്യത്തിലൊ ഇടത്താകുന്നു. സത്യം കിടക്കുന്നതു ഒന്നുകിൽ ഒരു അല്ലെങ്കിൽ മറെറയററത്തായിരുന്നു. തായ്‌വഴിവീതം മാതിരിയുള്ള ഭാഗമാണ് സത്യമെന്നുള്ളപക്ഷം അതിനെതന്നെ കൊടുക്കണം. അതാണ് എന്റെ അഭിപ്രായം. നേരെമറിച്ചു ആൾവീതം ഭാഗമാണ് സത്യമെന്നുള്ളപക്ഷം അതിനെതന്നെ കൊടുക്കണം. നാം എന്തിനാണ് ഒരു മദ്ധ്യപ്രസ്ഥാനം നിർദ്ദേശിക്കുന്നതു. ചില ആളുകളെ മനഃസ്ഥാപത്തോടു വിട്ടിരിക്കുന്നുവെന്നു നമുക്കു പൂർണ്ണമായി അറിയാം; സമുദായക്കാരുടെ സങ്കടങ്ങളെ നിവൃത്തിക്കുന്നതിനായിട്ടാണ് നാം ഇവിടെ കൂടിയിരിക്കുന്നതു. സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഭൂരിഭാഗത്തിനും ഒരു പൊതുവായ അഭിപ്രായമുണ്ടായിരിക്കുമ്പോൾ അതിൽ ചെന്നു തലയിടുന്നതിനു നമുക്കു അവകാശമില്ലാ എന്നു മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ വാദത്തിൽ ഞാൻ വിശ്വസിക്കുന്നില്ലാ.

മി. എം. ശിവതാണുപിള്ള (തോവാള). എൻക്വയറികമ്മിററി റിപ്പോർട്ടിലൊ അല്ലെങ്കിൽ സെലക്ട്കമ്മിററി റിപ്പോർട്ടിലൊ, തായ്‌വഴിഭാഗത്തെ ആസ്പദമാക്കിയും ആളോഹരിഭാഗത്തെ ആസ്പദമാക്കിയും ഭാഗങ്ങൾ ഉണ്ടെന്നുള്ള വിവരത്തിനു ഒരു ക്ലിപ്തമായ മൊഴിയുണ്ടെന്നു മെമ്പർ സദയം ഓർമ്മിച്ചുനോക്കാൻ കഴിയുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). രണ്ടുതരത്തിലുള്ള ഭാഗങ്ങളുണ്ടെന്നു ഞാൻ നിഷേധിക്കുന്നില്ലാ എന്നാൽ അംഗീകരിക്കേണ്ടതായ രീതി ആൾവീതം ഭാഗമാണ് എന്നു അവർ ഒരു ക്ലിപ്തമായ തീരുമാനത്തിലേക്കു എത്തിയിട്ടുണ്ടു. അവർ അപ്രകാരം പറഞ്ഞുകഴിഞ്ഞപ്പോൾ നാം അതിൽനിന്നും എന്തിനാണ് വ്യതിചലിക്കുന്നതു. കമ്മിററി തെളിവുഎടുത്തിട്ടുള്ളതും, നിർഭാഗ്യവശാൽ സെലക്ട്കമ്മിററി ഒരു ഐകമത്യത്തോടുകൂടിയ അഭിപ്രായത്തിൽവന്നിട്ടില്ലാത്തതും ആകുന്നു. എന്നാൽ നാം അതിൽനിന്നും വ്യതിചലിക്കണമെന്നുള്ളതിനു അതൊരു കാരണമല്ലാ. ആൾവീതം ഭാഗത്തിനു രണ്ടു അംഗങ്ങൾ വിസമ്മതിക്കുകയും എന്നാൽ അംഗങ്ങളിൽ ഭൂരിപക്ഷവും അനുകൂലിക്കുകയും ചെയ്തു. അവർ ആ വിഷയത്തെപ്പററി വാദപ്രതിവാദം ചെന്നിട്ടുണ്ടെന്നും, മുഴുവൻ സംഗതിയെപ്പററിയും ആലോചനചെയ്യുകയും ആൾവീതം ഭാഗമാണ് ന്യായമായിട്ടുള്ളതെന്നു ഉള്ള തീരുമാനത്തിലേക്കുവരികയും ചെയ്തു എന്നും അവർ പറയുന്നു. നാം എന്തുകൊണ്ടാണ് അതിനെ അംഗീകരിക്കാൻപാടില്ലാത്തതു; ഇതുകൂടാതെ,

"സ്ത്രീപുരുഷന്മാരായ എല്ലാ അംഗങ്ങൾക്കിടയിലും ഭാഗം ആൾവീതംമാത്രമായിട്ടേ ഇരിക്കുവാൻപാടുള്ളു എന്നു ശുപാർശചെയ്യുന്നതിൽ ഈ കമ്മിററിക്കു യാതൊരു സന്ദേഹവും ഇല്ല."

എന്നു എൻക്വയറി കമ്മിററി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

എന്നെ അനുവദിക്കുന്നപക്ഷം ഈ സമുദായം സാധുവും മൂകവുമായ സമുദായമാകുന്നു എന്നു പറഞ്ഞ ഈ സഭയിൽ ഉള്ള നാഞ്ചിനാട്ടുവെള്ളാള സമുദായത്തിലെ ഒരു അംഗത്തിന്റെ പ്രസംഗത്തെപ്പററി ഞാൻ പറഞ്ഞുകൊള്ളുന്നതും, അതു സമ്മതിക്കുന്നപക്ഷം നാം ഇവിടെ കൂടിയിരിക്കുന്നതു ആ സമുദായത്തിൽപ്പെട്ട ഏററവും സാധുക്കളുടേയും മൂകന്മാരുടേയും, അതായതു സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ഗുണത്തെ ഉദ്ദേശിച്ചും ആകുന്നു. നാം ഇവിടെ കൂടിയിരിക്കുന്നതു എല്ലാ ആളുകളുടേയും ഗുണത്തെ ഉദ്ദേശിച്ചും, പ്രത്യേകിച്ചു ഈ ആളുകളുടെ ന

ന്മേയ ഉള്ളേടിച്ചുംബും ന്നു; എന്തുകൊണ്ടെന്നാൽ അവൾക്ക് ഈ സഭയിൽ വരാൻ പാടില്ലാത്തതും, അവരുടെ സങ്കടങ്ങളെ ഈ സഭയിൽ പറയുന്നതിനു അവൾക്ക് ആരും ഇല്ലാത്തതുമാകുന്നു. ഒരു മരുമക്കത്തായ തറവാട്ടിലെ ഒരു അംഗത്തിനു, അയാൾ ആറു മാസം പ്രായമുള്ള ഒരു കുഞ്ഞായാലും ശരി അല്ലെങ്കിൽ 80 വയസ്സു തികഞ്ഞ ഒരു പുരുഷനായാലും ശരി, തറവാട്ടു സ്വത്തിൽ സമാവകാശമുള്ളതാകുന്നു; അയാൾ എന്തിനാണു അയാളുടെയോ അവളുടേയോ മാഹതിയെ ഉപേക്ഷിക്കുന്നതു, അതു എനിക്കു മനസ്സിലാക്കുവാൻ സാധിക്കാത്ത ഒരു സംഗതിയാകുന്നു. സത്യത്തിൽ നാം ചെന്നുചേരുന്നില്ലാ എന്നു അറിഞ്ഞുകൊണ്ടു, ഈ രണ്ടുവിധം മാറ്റത്തിനും ഇടയിൽ ഉള്ള ഒരു മദ്ധ്യപ്രസ്ഥാനത്തെ നാം എന്തിനാണ് അവലംബിക്കുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും) വെള്ളാള തറവാട് ശുദ്ധമായ മരുമക്കത്തായ തറവാടാണോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) ഇല്ലാ ചുററുമുള്ള പരിതഃസ്ഥിതികളിൽനിന്നും സമുദായം ചേരാ സംഗതികളെ അംഗീകരിക്കുന്നതു എനിക്കു മനസ്സിലാക്കാൻകഴിയും. അതുപോലെ ഇപ്രകാരം ചുററുമുള്ള സമുദായങ്ങളിൽനിന്നും ചില മരുമക്കത്തായ സംഭവങ്ങളെ ഈ സമുദായം അംഗീകരിച്ചിരിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും) അനുസരിക്കത്തക്കവണ്ണമുള്ള ചില മരുമക്കത്തായ സംഭവങ്ങൾ ഉണ്ടു ഭാഗത്തെ സംബന്ധിച്ചു അതിനെക്കുറിച്ചു ഒരു നിബന്ധനയുണ്ടാക്കിവെക്കുന്നതു കുറെക്കൂടി നന്നായിരിക്കയില്ലയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു മുഴുവനേയും മക്കത്തായ ഏർപ്പാടായിട്ടു മാററുകയാണു ചെയ്യുന്നതു. മരുമക്കത്തായത്തിൽ നിന്നും അവർ മക്കത്തായത്തിലേക്കു പോകുകയാണു ചെയ്യുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും). ഭാഗത്തെസംബന്ധിച്ചിടത്തോളം ഭാഗസംബന്ധമായി കുഡുംബ ഏർപ്പാടിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്നതായി കാണപ്പെടുന്ന മക്കത്തായ സംഭവങ്ങൾക്കു ഒരു ഏർപ്പാടുചെയ്യുന്നതു കുറെക്കൂടി നന്നായിരിക്കുകയില്ലയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവ വെറും സംഭവങ്ങളാണെന്നല്ല നിങ്ങൾ പറയുന്നതു. പ്രധാനമായി അവർ മരുമക്കത്തായികളാകുന്നു. ഉകന്തുടമ വടക്കൻ തിരുവിതാംകൂറിലുള്ള വെള്ളാളന്മാരുടെ ഇടയിൽ പ്രചാരമില്ലാത്ത ഒരു ഏർപ്പാടാകുന്നു. അതുതന്നെ അതിനു ഒരു അനന്തരകാലത്തിലുണ്ടായ വളർച്ചയാണ് എന്നു കാണിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ നിയമപ്രകാരം മുഴുവനും ആൺ മക്കൾക്കാണു ചേരുന്നതെന്ന് മെമ്പർക്കു അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു തന്നെയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചലുംദേവികുളവും): ഒരുഏർപ്പാടുചെയ്യണമെന്നുള്ളതുആവശ്യമില്ലയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഓരോ മെമ്പർക്കും അവർക്കു ന്യായമായി കിട്ടേണ്ടുന്ന ഓഹരിക്കു അവകാശമുള്ളതാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അങ്ങനെയുള്ളതു തറവാട്ടു ശുദ്ധമായ മരുമക്കത്തായ തറവാടായിരിക്കണം. എന്നാൽ ഈ സംഗതിയിൽ മക്കത്തായത്തിലെ ചില സംഭവങ്ങളോടുകൂടിയ മരുമക്കത്തായ കുഡുംബമാകുന്നു നമുക്കു ഉള്ളതു്. അപ്രകാരമുള്ള സംഗതിയിൽ ഒരു ഏർപ്പാടു ചെയ്യണമെന്നുള്ളതു ആവശ്യമായിട്ടുള്ളതല്ലയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ മുഴുവൻ ഏർപ്പാടും അവർ മക്കത്തായത്തിനുവേണ്ടിയാകുന്നു ചെയ്യുന്നതു. അതുകൊണ്ടു മക്കത്തായത്തിനു സ്വല്പം വല്ല ഏർപ്പാടും ചെയ്യുന്നതിന്റെ ആവശ്യകത ഞാൻ ഒന്നും കാണുന്നില്ല. കൂടാതെ ഈ ഉകന്തുടമ ഒരു മക്കത്തായം അവകാശമാണെന്നാണു ഞാൻ മനസ്സിലാക്കിയിട്ടില്ല. അഛന്റെ അനന്തരകർമ്മങ്ങൾ ചെയ്യാൻസാധിക്കാത്ത ഒരു മകനു ഉകന്തുടമയിൽ ഒരു അവകാശം ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഉപ തറവാട്ടു ഏർപ്പാടിൻപ്രകാരവും ഉകന്തുടമ പോകുന്നു, കൂടാതെ ഒരു വെള്ളാളകുഡുംബത്തിലെ ഒടുവിലത്തെ അംഗമായിരിക്കുന്നപക്ഷം മകൻ ജീവിച്ചിരിക്കുന്നതായാൽ കൂടിയും സ്വത്തു ഗവർമ്മെന്റിലേക്കു എടുക്കുന്നു. ഇവയെല്ലാം അതു മക്കത്തായത്തിലെ ചില ആചാരങ്ങളെ അതിനുള്ളിൽ സംയോജിപ്പിച്ചിട്ടുള്ള ശുദ്ധമായ ഒരു മരുമക്കത്തായ തറവാടാണെന്നു കാണിക്കുന്നു. വടക്കൻതിരുവിതാംകൂറിലുള്ള വെള്ളാളന്മാരുടെ ഇടയിൽ ഉകന്തുടമയെപോലെ ഒരു സംഗതിയില്ല. ഇതു അതു പിൽക്കാലത്തുണ്ടായിട്ടുള്ള ഒരു സംഗതിയാണെന്നും ചുററുമുള്ളസമുദായാചാരങ്ങളുടെ ഒരു അംഗീകരണമാണെന്നുംകാണിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉകന്തുടമയെ സംബന്ധിച്ചിടത്തോളം കോടതികൾ ....എന്ന് മെമ്പറിൽനിന്നും എനിക്കു അറിഞ്ഞാൽകൊള്ളാം.

ഡെപ്യൂട്ടിപ്രസിഡൻറു: മി. സുബ്രഹ്മണ്യപിള്ളെ എനിക്കു നിങ്ങൾ പറയുന്നതു കേൾക്കുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ ചേർത്തല): ... ...എന്നു ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറു; നിങ്ങൾ അദ്ദേഹത്തിനു മറുപടി പറയുന്നതിനുമുമ്പു അദ്ദേഹം അദ്ദേഹത്തിന്റെ ചോദ്യം പൂർത്തിയാക്കികൊള്ളട്ടെ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഉകന്തുടമ സംബന്ധിച്ചു കുട്ടികൾ അവരുടെ അഛന്റെ അനന്തരക്രിയകൾ ചെയ്തിട്ടുണ്ടോ എന്നു കോടതികൾ ഗണിക്കുന്നില്ലെന്നുള്ള വിവരം മെമ്പർക്കു അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ: (ചേർത്തല) അവർ ആ സംഗതിയെ നോക്കുന്നു എന്നാണു എന്റെ വിശ്വാസം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മെമ്പരുടെ അറിവിനുവേണ്ടി കോടതികൾ ആ സംഗതിയിലേക്കു ഒരിക്കലും പോകുന്നതില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പക്ഷെ അവർക്കു വേറെ തെളിവുണ്ടായിരിക്കാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അഛൻ ഇൻഡ്യയിലല്ലാതെ ഇംഗ്ലണ്ടിലാണു മരിച്ചതെങ്കിൽ ആൺ മക്കൾക്കു യാതൊരു ഉകന്തുടമയും അവകാശപ്പെടാൻ പാടില്ലാ എന്നു മെമ്പർക്കു അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുതന്നെയാണു ഞാനും പറയുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഉകണ്ഠടമ എന്നതു തറവാട്ടുസ്വത്തിന്മേൽ ചുമത്തിയിരിക്കുന്ന ഒരു അവകാശമാകുന്നതും അല്ലാതെ അവൻ ഇംഗ്ലണ്ടിലോ അല്ലെങ്കിൽ മററു വല്ല സ്ഥലത്തിലോ വച്ചു മരിച്ചാലും ശരി അയാളുടെ ജഡശരീരത്തിന്മേൽ ഉള്ള അവകാശമല്ലായെന്നു മെമ്പർക്ക് അറിയാമോ?

ഡെപ്യൂട്ടി പ്രസിഡൻറ്: മി. ശിവതാണുപിള്ള അംഗത്തിന്റെ ചോദ്യത്തെ തുടർന്നുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കു അദ്ദേഹത്തെ തടസ്ഥം ചെയ്യാൻ പാടില്ല. അദ്ദേഹം ഒരു ചോദ്യം ചോദിക്കുകയാണ്; അദ്ദേഹം അതിനെ പൂർത്തിയാക്കട്ടെ.

മി. എം. ശിവതാണുപിള്ള (തോവാള): ഉകണ്ഠടമയെന്നതു മരിച്ചുപോയ പിതാവിന്റെ തറവാട്ടുസ്വത്തിന്മേൽ സ്ഥാപിതമായിരിക്കുന്ന ഒരു അവകാശമാകുന്നതും അല്ലാതെ മരിച്ചുപോയ പിതാവിന്റെ ജഡശരീരത്തിന്മേൽ ഉള്ള ഒരു അവകാശമല്ലെന്നും മെമ്പർക്ക് അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു എനിക്കു അറിയാം. ബുദ്ധിയുള്ള ഏതൊരു മനുഷ്യനും അതു മനസ്സിലാക്കാൻ കഴിയുന്നതാണ്.

അതേ സമയത്തുതന്നെ പിതാവിന്റെ മരണശേഷം മാത്രമേ സ്വത്തിന്മേൽ മകനു ഒരു അവകാശമുള്ളു എന്നുകൂടി ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉകണ്ഠടമ കൊടുക്കുന്നതു സ്വത്തിന്റെ ഒരു ഭാഗമായിട്ടല്ല എന്നാൽ പണത്തിന്റെ രൂപത്തിന്റെ മാത്രമാകുന്നുവെന്നു മെമ്പർക്ക് അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു അതുപ്രകാരംതന്നെ. അതു പണത്തിന്റെ രൂപത്തിൽമാത്രമായിട്ടാകുന്നു കൊടുക്കുന്നതു. മരുമകൻ ആണെങ്കിൽ അനന്തിരവൻ അനന്തരക്രിയകൾ ചെയ്യുന്ന പക്ഷം..........

മി. കെ. ജെ. ജോസഫ് (മീനച്ചിലും ദേവികുളവും): അതു സ്ഥാവര സ്വത്തുക്കളിന്മേൽ ഉള്ള ഒരു അവകാശമില്ലയോ?

ഡെപ്യൂട്ടിപ്രസിഡൻറ്: മി. ശിവതാണുപിള്ള ആ ചോദ്യം ഇതിനുമുൻപുതന്നെ ചോദിച്ചിട്ടുള്ളതാണ്.

മി. കെ. ശിവരണിക്കർ (ചേർത്തല): പിതാവിന്റെ ശേഷക്രിയകൾ അനന്തിരവനാണു ചെയ്യുന്നതെങ്കിൽ അയാൾക്കു ഉകണ്ഠടമ കൊടുക്കുന്നില്ലെന്നുകൂടി കാണിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അതു എന്തിനെ കാണിക്കുന്നു? അതു അയാൾ ന്യായമായിട്ടു സ്വത്തിനു മുഴുവനും അവകാശിയാകുന്നും അതുകൊണ്ടു അതിനു പ്രത്യേകമായിയാതൊന്നും കൊടുക്കേണ്ടതില്ലെന്നും അതു കാണിക്കുന്നു. നേരെമറിച്ചു മകനു ഈസ്വത്തിൽ യാതൊന്നിലും അവകാശമില്ലാ. അതുകൊണ്ടു അതു ഒരു പ്രതിഫലമെന്നപോലെ കൊടുക്കപ്പെടുന്നു. ഇപ്പോൾ മക്കൾ എല്ലാം നാഞ്ചിനാട്ടുവെള്ളാളന്മാർ, അവർ ആദ്യമായി എന്തുതന്നെ ആയിരിക്കട്ടെങ്കിലും, ന്യായമായി എല്ലാ തറവാട്ടിന്റെ നിലയിൽനോക്കുന്നപക്ഷം, ന്യായമായി അവകാശികളാണെന്നു കാണിക്കുന്നു. മരുമക്കത്തായ തറവാട്ടിന്റെ ആൺകുട്ടികളേയും പെൺകുട്ടികളേയും യാതൊരുതരവ്യത്യാസവുമില്ലാതെ ഉൾപ്പെടുത്തി, തറവാട്ടുസ്വത്തിൽ സമമായ ഒരു അവകാശമുണ്ടായിരിക്കണമെന്നു നാം നോക്കേണ്ടതാകുന്നു. അതുകൊണ്ടു നിസ്സഹായരായ കുട്ടികളും വിധവകളും അമ്മമാരും അവരുടെ ന്യായമായ ഓഹരികിട്ടാതെ പോകുന്നതിനു സമ്മതിക്കാതെ നോക്കിക്കൊള്ളുന്നതിനു ഞാൻ ഈ സഭയിലുള്ള അംഗങ്ങളോടു നീതിന്യായബോധത്തോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): നാഞ്ചിനാട്ടുവെള്ളാള സമുദായത്തെസംബന്ധിച്ചു ഒരു അവകാശക്രമബിൽ ഉണ്ടാക്കാൻ ഉള്ളപ്രകാരം ആലോചനകൾ മുതൽ ആ സമുദായത്തിൽപെട്ട പ്രധാനമാന്യന്മാരിൽ പലരും പലവിധത്തിലുള്ള തകിടംമറിച്ചിലുകൾ സ്വീകരിച്ചുഎന്നുള്ള മുഖവുരയോടുകൂടി ആരംഭിച്ച ചില മുത്തശ്ശികഥകളും പള്ളിക്കൂടപിള്ളരുടെ അഭിപ്രായങ്ങളേയും ബഹുമാനിച്ച് അദ്ദേഹം ഈ സഭയോടു ചെയ്ത വർണനത്തിൽനിന്നും പിൻവലിഞ്ഞ മി. സുബ്രഹ്മണ്യപിള്ളയോടൊപ്പം ഈ സഭ ഒരു തകിടം മറിയണമെന്നുള്ള അദ്ദേഹത്തിന്റെ അപേക്ഷയെ സ്വീകരിക്കുവാൻ എനിക്കു വളരെ പ്രയാസമുണ്ട്. ഈ ബിൽ മററു നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന്റെ സ്ഥിതി സിലക്ട് കമ്മിററിയെ ഏൾപ്പിക്കണമെന്നും ആ സമയംകൊണ്ടു നാഞ്ചിനാട്ടുവെള്ളാളസമുദായത്തിന്റെ സ്ഥിതിയെന്താണെന്നു പ്രത്യക്ഷമായി തെളിയിക്കുവാൻ താൻ തയാറാണെന്നും മി. ശിവതാണുപിള്ള എത്ര പ്രാവശ്യമായി ഇവിടെ പറയുകയുണ്ടായി.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനു മറുപടി സെലക്ട് കമ്മിററി പ്രസിഡൻറ അന്നുതന്നെ പറഞ്ഞു എന്നറിയാമോ?

മി. സി. പി. തരകൻ (കുന്നത്തുനാട്): സിലക്ട്കമ്മിററി പ്രസിഡൻറ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ അതിനെ ഈ സഭ അംഗീകരിച്ചതായി ഒരുവിധത്തിലും പ്രത്യക്ഷപ്പെടുത്തിയിട്ടില്ല. തറവാട്ടുസ്വത്തിൽ പകുതി താവഴിക്കായിട്ടും പകുതി ആളോഹരിക്കായിട്ടും ഭാഗിക്കത്തക്കവിധത്തിൽ ഒരു ഭേദഗതി മി. സുബ്രഹ്മണ്യപിള്ള ഹാജരാക്കുന്നപക്ഷം അതിനെ സ്വീകരിച്ചുകൊള്ളാമെന്നു മി. എസ്സ്. സുബ്രഹ്മണ്യപിള്ളയും മി. വേലുപ്പിള്ളയും സമ്മതിച്ചതനുസരിച്ചു ആ വ്യവസ്ഥയിന്മേലാണ് മി. എം. സുബ്രഹ്മണ്യപിള്ളയുടെ പ്രമേയം പിൻവലിക്കുവാൻ ഈ സഭ അനുവാദം നൽകിയതു്.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (കൂടെതിരഞ്ഞെടുക്കപ്പെട്ട മെമ്പർ): മക്കവഴിയും മരുമക്കവഴിയും എന്നവ്യത്യാസം കൂടാതെ.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ ആ ചോദ്യത്തിനു ഉത്തരം പറയാൻ പോകുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറ. അദ്ദേഹം ചോദ്യം ചോദിക്കട്ടെ. അതിനുമറുപടി പറയുന്നതും പറയാത്തതും നിങ്ങളുടെ ഇഷ്ടംപോലെ.

മി. എസ്സ്. സുബ്രഹ്മണ്യപിള്ള (കൂടെതിരഞ്ഞെടുക്കപ്പെട്ട മെമ്പർ): എല്ലാംകൂടിചേർത്തു ഒരു നിബന്ധനയിന്മേൽ ആളോഹരിയും താവഴിയും കൂട്ടിചേർത്തു ഒരു ഭേദഗതികൊണ്ടുവരികയെന്നുള്ള അഭിപ്രായം മി. സുബ്രഹ്മണ്യപിള്ള പ്രസ്താവിച്ചതായി മെമ്പർ ഓർക്കുന്നുണ്ടോ?

ഡെപ്യൂട്ടിപ്രസിഡന്റ്, അതു ഈ സഭയുടെ മുമ്പിലിരിക്കുന്ന ഭേദഗതിയെ സംബന്ധിക്കുന്നതുകൊണ്ടു ആ ചോദ്യം ഈ സംഗതിയെസംബന്ധിച്ചുള്ളതല്ല. ഇപ്പോൾ സഭയുടെ മുമ്പിലിരിക്കുന്ന നിബന്ധന ആ വകുപ്പ് സംബന്ധിച്ചതാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. സുബ്രഹ്മണ്യപിള്ളയുടെ ഭേദഗതിസെലക്ട് കമ്മിററിയോടുകൂടെ നിശ്ചയിച്ചതു ഈ സംഗതി തീരുമാനിക്കണമെന്നായിരുന്നോ?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): ആയിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിൽ ന്യായമായ കാരണം ഉണ്ടെന്നു പറഞ്ഞിരുന്നോ?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): പറഞ്ഞിരുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടംവ്യവസായവും-പടക്കു.) സർ, മെമ്പറന്മാർ തങ്ങളിൽ സംസാരിക്കാമോ എന്നതിനെപ്പററി ഒരു നീതിപാലനത്തിനായി ഞാൻ എഴുന്നേൽക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്, ഇല്ലാ മി. എ. കെ. പിള്ള, ചോദ്യം, അഗ്രാസനത്തെ നോക്കിവേണം ചോദിക്കുവാൻ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മി. സുബ്രഹ്മണ്യപിള്ള മുതലായവർ കൊണ്ടുവരുന്ന രാജിയെ അതേരീതിയിൽ സ്വീകരിക്കാമെന്നാണോ അതു സമ്മതിച്ചിട്ടുള്ളതു?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): എനിക്കതദ്ദേഹം പറയുന്നതു മനസ്സിലാകുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മി. സുബ്രഹ്മണ്യപിള്ള മുതൽപേർ കൊണ്ടുവരുന്ന രാജിയെ അതേരീതിയിൽ സ്വീകരിക്കാമെന്നാണോ നിന്നു സമ്മതിച്ചിരുന്നതു?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): അല്ല, അതേരീതിയിൽ സ്വീകരിക്കണമെന്നു പറഞ്ഞില്ല. ഇപ്പോൾ ഇവിടെയിരിക്കുന്ന രാജിതന്നെ സ്വീകരിക്കണമോ അതോ വേറെ രാജിതന്നെ സ്വീകരിക്കണമോ എന്നുള്ള വിഷയമല്ല നമ്മുടെ ആലോചനയിലിരിക്കുന്നതു മി. എസ്സ്. സുബ്രഹ്മണ്യപിള്ള ഇപ്പോൾ പാടേ നിഷേധിക്കുകയാണ്. അതുകൊണ്ടു മി. ജോസഫിന്റെ ചോദ്യത്തിനു ഉത്തരംപറയേണ്ട ആവശ്യമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): അവർ കൊണ്ടുവരുന്ന രാജിതന്നെ സ്വീകരിക്കണമെന്നാണോ?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): എന്നു ഞാൻ പറഞ്ഞില്ല. രാജിയുടെ സാമാന്യവ്യവസ്ഥകളെ ഈ സഭ സ്വീകരിച്ചു അതിന്റെ കൂടുതൽ വിവരങ്ങളെ സംബന്ധിച്ചുവല്ല അഭിപ്രായവ്യത്യാസവും മി. എസ്. സുബ്രഹ്മണ്യപിള്ള പറഞ്ഞിരുന്നുഎങ്കിൽ അതെപ്പററി നമുക്കു ആലോചിക്കാമായിരുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സഭയ്ക്കു വെളിയിൽനടന്നതായ ഏതെങ്കിലും ഒരു രാജിയാൽ ഈ സഭ ബന്ധിക്കപ്പെട്ടിരിക്കുന്നുവോ എന്നുള്ളതിനെപ്പററി ഞാൻ ഒരുനീതിപാലനത്തിനായി എഴുന്നേൽക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്. പിൻവലിക്കുന്നതിനുള്ള പ്രമേയം കൊണ്ടുവന്നപ്പോൾകൂടിയും, കക്ഷികൾ തമ്മിൽ ഉണ്ടായിട്ടുള്ള ഒരു രാജിയാൽ ഈ സഭ ബന്ധിക്കപ്പെടുന്നില്ലെന്നു മി. എ. കെ. പിള്ളയുടെ ചോദ്യത്തിനു മറുപടിയായി ഞാൻ പറഞ്ഞു. എന്നാൽ ഇതു വ്യത്യാസമായ വേറെ ഒരു സംഗതിയാകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): ആ ചോദ്യത്തിനു തീരെ ഇടയില്ലെന്നു ഞാൻ വിചാരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്. ഇല്ല, ആ ചോദ്യത്തിനു ഇടയില്ലാ.

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): ഈ രാജിയെ ഈ സഭ ഒരു പിള്ളകളിലായി സ്വീകരിച്ചു എന്നു എനിക്കു വിശ്വസിക്കുവാൻ പ്രയാസമുണ്ട്. ഇങ്ങനെ ഒരു രാജി ഈ സഭ ഗൌരവത്തോടും ചുമതലബോധത്തോടും കൂടി സ്വീകരിച്ചശേഷം ഇപ്പോൾ അതിൽനിന്നും നാം വ്യതിചലിക്കണമെങ്കിൽ വെള്ളാളസമുദായം നരകത്തിൽപോകാൻ പോകുന്നു എന്നോ വെള്ളാളസമുദായത്തിനു അപകടംസംഭവിക്കാൻ പോകുന്നു എന്നോ പ്രത്യക്ഷപ്പെടേണ്ടതു ആവശ്യമുണ്ട്. അങ്ങനെ ആരും വാദിച്ചിട്ടില്ലാ. നാം ഇപ്പോഴത്തെ രാജിയിൽനിന്നും പിൻവലിയുന്നതു ഈ സഭയുടെ മാനത്തിനും ബുദ്ധിശക്തിയെപ്പററിയുള്ള പൊതുജനാഭിപ്രായത്തിനും ഹാനികരമായിരിക്കും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): രാജിയിൽനിന്നും "നാം" എന്നു പറയുന്നതു ആരെ ഉദ്ദേശിച്ചാണ്?

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): സഭയെ ഉദ്ദേശിച്ചാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സഭ രാജിയെപ്പററി ഒന്നും പറഞ്ഞിട്ടില്ലാ.

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): രാജിയെ സംബന്ധിച്ചു പൊതുവെ അഭിപ്രായം പറഞ്ഞിട്ടുണ്ട്.

ഇനി ആലോചിക്കാനുള്ളതു ഈ ഭേദഗതിപ്രകാരം വെള്ളാളസമുദായം സ്ഥിരമായി സ്വീകരിച്ചുവന്നിട്ടുള്ള ഒരു ദായക്രമത്തെയോ വിവാഹരീതിയേയോ നാം പാടെ ഭേദപ്പെടുത്തുന്നുണ്ടോ എന്നാണ്. മിസ്റ്റർ ശിവുതാണുപിള്ളയുടെ ആ ഭേദഗതി ആ രീതിയിലുള്ള ഒന്നല്ല എന്നാണ് എന്റെ അഭിപ്രായം. വെള്ളാളസമുദായത്തിന്റെ ആചാരരീതിയെപ്പററി പലരും അന്വേഷണം നടത്തിയിട്ടുണ്ട്. എങ്കിലും ആ സമുദായം പരിപൂർണ്ണമായ ദായക്രമം സ്വീകരിച്ചിട്ടുള്ള ഒരു സമുദായമാണെന്നു തെളിയിക്കുവാൻ ഇതേവരെ ആർക്കും സാധിച്ചിട്ടില്ല. ഒന്നാമത്തെ എൻക്വയറി കമ്മിററിയുടെയും രണ്ടാമത്തെ എൻക്വയറികമ്മിററിയുടേയും സിലക്ട് കമ്മിററിയുടേയും റിപ്പോർട്ടുകൾ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം വെള്ളാളസമുദായം മക്കത്തായ ആദർശങ്ങൾ ധാരാളമുള്ള ഒരു സമുദായമാണെന്നു ഏറ്റവും പ്രത്യക്ഷമായി കാണാവുന്നതാണ്. അതിനുപുറമെ വെള്ളാളസമുദായത്തിൽ ഇതേവരെ സ്വീകരിച്ചിട്ടുള്ള ദായക്രമത്തിന്റെ അടയാളമായിട്ടും ഈ സഭക്കു ഒരിക്കലും അവിശ്വസിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലും ഉള്ള തെളിവുകൾ കഴിഞ്ഞ പണ്ടുകൊല്ലത്തിനിടയ്ക്കു നടത്തിട്ടുള്ള ദാനാധാരങ്ങ

ട്ടാണ്. എൻക്വയറി കമ്മിററിറിപ്പോർട്ടിൽ താഴ്വഴി ഭാഗത്തിനു ൧൩൭-ം ആറുവീതം ഭാഗത്തിനു ൧൧൫-ം ഭാഗാധാരങ്ങൾ വെള്ളാളസമുദായാംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി നമുക്കു കാണാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): താഴ്വഴി ഭാഗത്തിനും പെർസ്റ്റിർപ്പിസിനും തമ്മിൽ വ്യത്യാസമുണ്ടെന്നു മെംബർ അറിഞ്ഞിട്ടുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): താഴ്വഴിഭാഗവും പെർസ്റ്റിർപ്പിസും ഒന്നല്ല എന്നു ഞാൻ സമ്മതിക്കുന്നു. അതു പെർസ്റ്റിർപ്പിസുമല്ലാ പെർക്യാപ്പിററായുമല്ലാ. ഇപ്പഴത്തെ ഭേദഗതി പെർസ്റ്റിർപ്പിസുമല്ലാ പെർക്യാപ്പിററായുമല്ല. അതിനാൽ ഈ ഭേദഗതി നാം സ്വീകരിക്കുന്നപക്ഷം വെള്ളാളസമുദായത്തിലേക്കു ഈ സഭ ദോഷം ചെയ്യും എന്നു അഭിപ്രായപ്പെട്ടാൽ ഒരുവിധത്തിലുമർത്ഥമില്ല. ഈ ഭേദഗതി വെള്ളാളസമുദായത്തിലെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഉപദ്രവം ഉണ്ടാക്കുന്നു എന്നു മിസ്റ്റർ ജി. രാമൻമേനവൻ പറഞ്ഞതു കേവലം അർത്ഥമില്ലാത്തതാണ്. ഈ സഭയിലെ ഏക സ്ത്രീസാമാജികനായ മിസ്സസ്സ് ലൂക്കോസ്സ് ഇതു കേട്ടു ഈ അഭിപ്രായത്തിനു പിന്തുണ ചെയ്കയില്ലെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇതിൽ കൂടുതലായിട്ടു ഇതിനെസംബന്ധിച്ചു ഒന്നും പറയണമെന്നു വിചാരിക്കുന്നില്ലാ.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): സർ, ഈ സഭയിലെ അംഗങ്ങളായിരിക്കുന്ന വെള്ളാളസമുദായാംഗങ്ങൾക്കു അവർ ആ സമുദായത്തിന്റെ അഭിപ്രായങ്ങളോടു പ്രാതിനിധ്യം വഹിക്കയാണോ എന്നു അവകാശപ്പെടുന്നതിനു അവകാശമുണ്ടോ എന്നുള്ളതിനെപ്പററി ചോദ്യം ചോദിക്കപ്പെട്ടിട്ടുണ്ട്. ഒരു സമുദായത്തിന്റെ അഭിപ്രായങ്ങളെ അറിയുന്നതിനു ഏററവും നല്ലവഴി, നാം ഇപ്പോൾ ഇൻഡ്യയിലും, ഇംഗ്ലണ്ടിലും മററു സ്ഥലങ്ങളിലും കാണുന്നതുപോലെ പ്രാതിനിധ്യ ഏർപ്പാടാണോ അല്ലയോ എന്നുള്ളതു വാദപ്രതിവാദത്തിനുള്ള ഒരു വിഷയമാണു. എന്നാൽ ഒരു സമുദായത്തിന്റെയോ അല്ലെങ്കിൽ ഒരു വർഗ്ഗക്കാരുടേയോ അഭിപ്രായങ്ങൾ അറിയുന്നതിനു കുറേക്കൂടി നല്ലവഴി മനുഷ്യചരിത്രത്തിൽതന്നെ ഉണ്ടായിട്ടില്ലാ എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. സംഗതിയുടെ സ്ഥിതി അങ്ങനെയിരിക്കെ, വെള്ളാളസമുദായ അംഗങ്ങളുടെ പ്രാതിനിധ്യസ്വഭാവത്തെപ്പററി സംശയിക്കുന്നതു തികച്ചും യുക്തമല്ലാത്തതാകുന്നു.

കൂടാതെ ചില മെമ്പറന്മാർ കൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരാകുന്നു; ആ സമുദായത്തിനുവേണ്ടി പറയുന്നതിനുള്ള ശേഷി അവർക്കുണ്ടോ എന്നു സംശയിച്ചിട്ടുള്ളതാണ്. എന്നാൽ, ഗവർമ്മെന്റു സമുദായത്തിന്റെ അഭിപ്രായങ്ങളേയോ ആഗ്രഹങ്ങളേയോ അറിയുന്നതിനുവേണ്ടി അവരെ നിയമിച്ചിട്ടുള്ളതു എന്നു അതു കാണിക്കുന്നതും, അവരെക്കൂടെ മെമ്പറന്മാരായി കൂടെ തിരഞ്ഞെടുത്തതിനു യാതൊരു പ്രതിഷേധവും ഉണ്ടായിട്ടില്ലാത്തതും ആകുന്നു. സംഗതിയുടെ സ്ഥിതി അങ്ങനെയിരിക്കുമ്പോൾ, ഒരു പ്രത്യേകസമുദായത്തിന്റെ നന്മയെ സംബന്ധിച്ചുള്ള സംഗതികളിൽ ആ സമുദായാംഗങ്ങളുടെ അഭിപ്രായങ്ങളെ ഈ സഭ വളരെ രക്ഷയുള്ള മാർഗ്ഗദ്യോതകമായികരുതണമെന്നു സമ്മതിക്കാവുന്നതാകുന്നു. ന്യായം, നീതി മുതലായവപോലെയുള്ള മററുസംഗതികളെയുംപററി ആളുകൾ സംസാരിക്കുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏകഭാര്യാത്വത്തെസംബന്ധിച്ചു ആ ന്യായത്തെ എന്തുകൊണ്ടു അനുസരിച്ചില്ലാ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): ന്യായത്തിനു ഒരു ക്ലിപ്തമായ നിർവചനമില്ലാ എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. അവ തങ്ങളിൽ സംബന്ധമുള്ള പദങ്ങൾ ആകുന്നു. പാർലിമെന്റോ അല്ലെങ്കിൽ നിയമനിർമ്മാണസഭകളോ ഒരു നിയമത്തെ പാസ്സാക്കുന്നതും ആ സമയം നമുക്കു അതിനെ അംഗീകാര്യമായി കൈക്കൊള്ളേണ്ടതുമാകുന്നു. ഒരിക്കൽ ചെയ്തിട്ടുള്ള തീരുമാനം അതിൽപിന്നീടു തെററാണെന്നു തെളിയുന്നതു സാധാരണ എല്ലാടത്തും സംഭവിക്കുന്നു. എന്നാൽ തൽക്കാലത്തേക്കു എല്ലാ പ്രായോഗികമായ ആവശ്യങ്ങൾക്കും അതിനെ ന്യായത്തിന്റെ ഒരു തോതായിട്ടു നാം കൈക്കൊള്ളേണ്ടതാണ്.

മി. കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരു സമുദായത്തിന്റെ പ്രതിനിധികൾ അവരുടെ അഭിപ്രായങ്ങളെ ദിവസന്തോറും മാററുകയാണെങ്കിൽ, സമുദായവും അതിന്റെ അഭിപ്രായങ്ങളെ മാററുന്നു എന്നാണോ നാം അതുകൊണ്ടു മനസ്സിലാക്കേണ്ടതു്?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): അതു ഞാൻ ഉത്തരംപറയേണ്ടതില്ലാത്തതായ ഒരു ഊഹ്യമായ ചോദ്യമാകുന്നു.

മി. കെ. എ. ജോസഫ് (മീനച്ചലും ദേവികുളവും): ഞാൻ ഒന്നുകൂടി സവിസ്തരമായിപറയാം. കുറെ ദിവസങ്ങൾക്കു മുമ്പു മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും താഴ്വഴിഭാഗത്തെ അനുകൂലിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അവർ ഒരു മദ്ധ്യസ്ഥമായ വഴിക്കു സമ്മതിച്ചിട്ടുണ്ട്. ഇത്രയും കുറെ ദിവസങ്ങൾക്കിടയിൽ താഴ്വഴിഭാഗം ആവശ്യപ്പെട്ടിരുന്ന ഈ ആളുകൾ അവരുടെ അഭിപ്രായങ്ങളെ മാററിയിട്ടുണ്ടോ എന്നും, ഒരു മദ്ധ്യപ്രസ്ഥാനംതന്നെ അനുകരിക്കണമെന്നുള്ള തീരുമാനത്തിനു വന്നിട്ടുണ്ടോ എന്നും ഞാൻ അറിയാൻ ആവശ്യപ്പെടുന്നു

ഡെപ്യൂട്ടി പ്രസിഡന്റു: ആ ചോദ്യംതന്നെ സന്ദർഭോചിതമായിട്ടുള്ളതല്ലാ. എന്തുകൊണ്ടെന്നാൽ, കക്ഷികൾ തങ്ങളിൽ ഒരിക്കൽ മേളിച്ചിരിക്കുകയും, അവർ സംഗതിയെ ഏതെങ്കിലും ഒരു വിധത്തിൽ ശരിപ്പെടുത്തുകയും ചെയ്യുമ്പോൾ, ഒരു കക്ഷി മററകക്ഷിയുടെ അഭിപ്രായം സ്വീകരിച്ചിട്ടുള്ളതായിട്ടോ അല്ലെങ്കിൽ അവർ ഒരു മദ്ധ്യപ്രസ്ഥാനത്തെ സ്വീകരിച്ചതായിട്ടോ അർത്ഥമാകുന്നില്ലാ. എന്നാൽ ബില്ല യാതൊരു പ്രതിബന്ധവും കൂടാതെ കടന്നുപോകുന്നതിനു ഒരു കക്ഷി മററകക്ഷിയുടെ ചില അഭിപ്രായങ്ങളെ അംഗീകരിക്കേണ്ടതായിട്ടും മററകക്ഷി ഒന്നാമത്തെകക്ഷിയുടെ അഭിപ്രായത്തിൽ ഒരു ഭാഗത്തിനു സമ്മതിക്കേണ്ടതായിട്ടും വരും.

മി. കെ. എ. ജോസഫ് (മീനച്ചലും—ദേവികുളവും): അംഗങ്ങൾ പ്രാതിനിധ്യ അഭിപ്രായത്തെ കൊടുക്കുന്നു എന്നതിനാലാണ് ഔചിത്യം ഇരിക്കുന്നതു്.

ഡെപ്യൂട്ടിപ്രസിഡന്റ്. അതിൽനിന്നും അപ്രകാരം അർത്ഥമാകുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും-വ്യവസായവും-വടക്ക): വാദപ്രതിവാദങ്ങളുടെ ഫലമായിട്ട മെമ്പറന്മാർ പലപ്പോഴും അവരുടെ അഭിപ്രായങ്ങളെ ഭേദപ്പെടുത്തുന്നതിന പ്രേരിതരാകുന്നു. അവർ പ്രാതിനിധ്യം വഹിക്കുന്ന ആളുകളുമായി തന്നെ സരണമായ അഭിപ്രായഭേദം ഉണ്ടാകുന്നു എന്ന തീർച്ചയായി അറിഞ്ഞതിനശേഷമല്ലാ അവർ അപ്രകാരം ചെയ്യുന്നത്. അതു ഒരു പ്രതിദിനസംഭവമെന്ന ഞാൻ വിചാരിക്കുന്നു. ഏതായാലും ഡെപ്യൂട്ടിപ്രസിഡൻറ പറഞ്ഞമാതിരി ഈ സംഗതിയിൽ അതു ഉണ്ടാകുന്നില്ലാ.

ഇൻഡ്യയുടെ ഭാവി ഗവൺമെൻറിനെ വേണ്ടി പരീക്ഷണാർത്ഥം ഉണ്ടാക്കിയ ഒരു നിയമത്തിൽ ഒരു സമുദായത്തിൻെറ സാമുദായികമായോ മതസംബന്ധമായോ ഉള്ള കാര്യങ്ങളിൽ, ഒരു പ്രത്യേകനിയമത്തെ നിയമമാക്കണമോ വേണ്ടയോ എന്ന തീർച്ചപ്പെടുത്തുന്നതിന ആ സമുദായത്തിൻെറ മുക്കാൽഭാഗവും തീർച്ചപ്പെടുത്തണമെന്ന നിശ്ചയപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആ സമുദായത്തിലെ പ്രാധാന്യമുള്ള ഭൂരിപക്ഷം മെമ്പറന്മാരുടെ അഭിപ്രായങ്ങളെ മുഴുവൻകൊണ്ടു മററ സമുദായങ്ങളിലെ മെമ്പറന്മാർ ഇടപെടരുത്. അതുപോലെ മററ സമുദായങ്ങളിലെ മെമ്പറന്മാരായ നാമും നമ്മുടെ അല്ലാത്തതായ സമുദായങ്ങളുടെ മതസംബന്ധമായോ സാമുദായികമായോ ഉള്ള അഭിപ്രായങ്ങൾക്ക നാം അറിയാതെപോലും ഒരു ധ്വംസം പ്രവൃത്തിക്കാതെയിരിക്കുന്നതിന് വളരെ ശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നവിഷയം ചില സംഗതികൾ സംബന്ധിച്ച വെള്ളാളസമുദായത്തെ വളരെ ശക്തിയോടുകൂടി ഭിന്നിപ്പിക്കുകയും ഇളക്കി മറിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതികൾക്കിടയിൽ ആ സമുദായാംഗങ്ങളുടെ അഭിപ്രായങ്ങളാലും മനോഗതങ്ങളാലും ഞാൻ നയിക്കപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇവിടെ വന്നത്. ആ വിഷയത്തെ സംബന്ധിച്ചുള്ള രണ്ടു കക്ഷികളും തുല്യമായ അധികാരത്തോടും അറിവോടും വളരെ ശക്തിയായി പറയപ്പെടുന്ന അഭിപ്രായ വ്യത്യാസങ്ങളാൽ ഉണ്ടാക്കപ്പെടുന്ന കുഴപ്പത്തിനിടയിൽ നാം ആ സംഗതിയെ സമുദായത്തിൻെറ തീരുമാനത്തിന വിടുന്നപക്ഷം നമ്മെ കുററപ്പെടുത്താൻ പാടില്ലാത്തതെന്ന ഞാൻ വിചാരിക്കുന്നു. ഈ സഭയിൽ ഒരു സന്ധിയുണ്ടാക്കപ്പെട്ട ആ സന്ധിപ്രകാരം നടന്നുകൊള്ളുന്നതിന ഈ സഭ കടമപ്പെട്ടതല്ലെന്നുള്ളത് നിസ്സംശയമായ സത്യമാകുന്നു. ഈ സംഗതിയിൽ എൻെറ സ്വന്തഅഭിപ്രായങ്ങളെ അവഗണിച്ച സമുദായത്തിലെ രണ്ടു കക്ഷികളും ചേർന്ന ഉണ്ടാക്കിയിട്ടുള്ളതായ രാജിയനുസരിച്ച പ്രവർത്തിക്കണം എന്നുള്ള വിശ്വാസത്തിന്മേൽ ഞാൻ ഭേദഗതിക്കനുകൂലമായി വോട്ടുചെയ്തു. ആ സന്ധിയിൽനിന്നും വേർപെടുന്നതിന മി. സുബ്രഹ്മണ്യപിള്ള ശ്രമിച്ച എന്നു കണ്ടതിൽ എനിക്ക വളരെ ഖേദവും വ്യസനവും ഉണ്ടായി. ഒരു രാജിയുടെ ഘടകങ്ങൾ എന്തുതന്നെ ആയിരുന്നാലും, ഒരിക്കൽ ഒരു രാജിയുണ്ടാക്കിത്തീർന്നാൽ, അധികാരശക്തിയോടുകൂടിയ വല്ലകാര്യങ്ങളാലോ അല്ലെങ്കിൽ ജീവനേയോ മരണത്തെയോ സംബന്ധിക്കുന്ന വല്ല കാര്യങ്ങളാലോ ഇല്ലാത്തപക്ഷം, അതിൻപ്രകാരം നടക്കുന്നതു കക്ഷികളുടെ കടമയാകുന്നു. ഈ ബില്ലുസംബന്ധമായി ഈ സമുദായത്തിലെ ഒരു മെമ്പർ വേർതിരിഞ്ഞുപോയതിനെ ന്യായീകരിക്കാൻതക്കവണ്ണമുള്ള ഏതെങ്കിലും ഒരു സംഗതി ഈ വാദപ്രതിവാദത്തിനിടയിൽ ഉണ്ടായിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ലാ. പുറമെയുള്ള സംഭാഷണങ്ങളിൽ നിന്നെന്നപോലെ ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും എനിക്ക ഒന്നു രണ്ടു സംഗതികൾ മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഒരു സംഗതി പൂർണ്ണമായി വിശദമാണ്. ഇപ്പോൾ വാദത്തിലിരിക്കുന്ന വിഷയം ഓരോകക്ഷിയും ആഗ്രഹിക്കുന്നതുപോലെ തീരുമാനം ചെയ്താലും ഇല്ലെങ്കിലും ഉടൻതന്നെ ഒരു ബിൽ പാസ്സാക്കണമെന്ന വാദപ്രതിവാദം നടത്തുന്ന ഇരുകക്ഷികളും ആഗ്രഹിക്കുന്നു എന്ന ഞാൻ വിചാരിക്കുന്നു. ഇപ്രകാരമുള്ളതായ ഒരുവിചാരം, ക്രിസ്ത്യൻബില്ല വാദപ്രതിവാദത്തിലിരുന്നപ്പോഴും പ്രചാരത്തിലിരുന്നിരുന്നു. വലുതായ വാദപ്രതിവാദത്തിന കാരണമായിത്തീർന്ന ഒന്നു രണ്ടു വിഷയങ്ങൾ, അതായതു സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ ആയിരുന്നുവെന്നുള്ളതിന ഒരു സംശയവുമില്ലാ. ഈ വിഷയങ്ങൾ എല്ലാം അവർ അഭിപ്രായപ്പെട്ടതുപോലെ തീർച്ചപ്പെടുത്താത്തപക്ഷം ലോകമുഴുവനും [illegible] പറയത്തക്കവണ്ണം ഈ വിഷയങ്ങളുടെ പ്രാധാന്യത്തെപ്പററി കക്ഷികൾ അത്രയും അതിശയോക്തിയോടുകൂടി വലുതാക്കിപ്പറഞ്ഞു. എന്നിട്ടും ഒരു രാജിയുണ്ടാക്കിത്തീർത്തു. അതിൽപിന്നീട ആ സമുദായത്തിൽ വലുതായ സമാധാനവും സംതൃപ്തിയും ഉണ്ടായിട്ടുണ്ട്. [illegible] സംബന്ധിച്ചും മററാൻ മുഖങ്ങളായ ചില വിഷയങ്ങൾ തീർച്ചപ്പെടുത്തേണ്ടതായിട്ടുണ്ടായിരുന്നു. അവയെല്ലാം പൂർണ്ണമായ ബില്ലിന എല്ലാകക്ഷികളും സമ്മതിച്ചിട്ടുള്ളതായ ചില നല്ല പോയിൻറുകൾ ഉണ്ടായിരുന്നതുകൊണ്ട്, ആ ബില്ല പാസ്സാക്കണമെന്ന സമുദായം ഉൽക്കണ്ഠയോടു കൂടിയിരുന്നു. ഈ ബില്ലും ഉടനടി പാസ്സാക്കുന്നതിൽനിന്നും [illegible] ഒരു ഫലം ഉണ്ടാകുമെന്ന ഞാൻ വിചാരിക്കുന്നു. വാദപ്രതിവാദത്തിന ഇടയുള്ളതായ ഈ വിഷയങ്ങൾ എല്ലാം ഒരു പുതിയ സെലക്ട് കമ്മിററിയിലേക്ക ഈ ബില്ലിനെ വീണ്ടും കമ്മിററ് ചെയ്യാതെ ഇരിക്കേണ്ടതും ഈ നിയമം പാസ്സാക്കുന്നതിൽ യാതൊരു താമസമില്ലാതെയിരിക്കേണ്ടതും ഏററവും അത്യാവശ്യമാണെന്ന മി. വേലുപ്പിള്ളയും ആ സമുദായത്തിലെ മററൊരു പ്രധാനമെമ്പറും എന്നോട പറഞ്ഞു.

രണ്ടാമതായി ഡെപ്യൂട്ടിപ്രസിഡൻറിനാൽ വളരെ യുക്തിയോടും ബോധ്യം വരത്തക്കവിധത്തിലും കൊടുക്കപ്പെട്ട വിവരണത്തിനശേഷം ഈ രാജി ഈ സഭയിൽനിന്നും ഉണ്ടായ ഏതെങ്കിലും [illegible] ഉലപ്പെടുത്തുന്നില്ലെന്ന വിശദമാകുന്നു. സെലക്ട് കമ്മിററിയിൽപോലും അപ്രകാരമുള്ള ഒരു രാജിയുടെ സംഗതിയെപ്പററി വാദപ്രതിവാദം നടത്തപ്പെട്ടു. ഇത്രയും നടന്നശേഷം ഈ രാജിയുടെ ഫലമായുണ്ടായിരിക്കുന്ന തീരുമാനം വളരെ യുക്തിയുക്തമാണെന്ന ഞാൻ വിചാരിക്കുന്നു.

ഞാൻ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്ന മറെറാരു വിഷയമെന്തെന്നാൽ ഒന്നിൽനിന്നും മററൊന്നിലേക്ക മാറുന്ന അവസ്ഥയിൽമാത്രമെ [illegible] ഇരിക്കുന്ന ഈ സ്ഥിതിയിലിരിക്കുകയുള്ളു എന്നാണ്. ഇപ്പോഴത്തെ ബില്ലിൻപ്രകാരം [illegible] ഭാഗം ചെയ്തുകഴിഞ്ഞാൽ അടുത്ത തലമുറക്കാർക്ക [illegible] പൂർണ്ണമായി അനുസരിക്കുന്നതിന സാധിക്കുന്നതാണ്. വല്ല കുഴപ്പവും ഉണ്ടായിരിക്കുമെന്ന ഞാൻ വിചാരിക്കുന്നില്ലാ. കൂടാതെ സാമുദായികമായ ഒരു നിയമം പാസ്സാക്കപ്പെട്ടതിനാൽ ഒരുവിധമായ മനോവേദന നിശ്ചയമായും അതിൻെറ ഫലമായിട്ടുണ്ടാകുമെന്ന പറയാവുന്നതാണ്. മിട്ട.

എം. വേലുപ്പിള്ളയുടേയും മി. എസ്. സുബ്രഹ്മണ്യപിള്ളയുടേയും അഭിപ്രായപ്രകാരം വല്ലകുറവും ഉണ്ടെന്നുള്ളതുകൊണ്ടു അവരുടെ അനുഗ്രഹപ്രകാരം ചേർക്കപ്പെട്ടിട്ടുള്ള ഗുണകരമായ നിബന്ധനയെ തള്ളിക്കളയുന്നതിനു യാതൊരു കാരണവുമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക) നവ സാക്ഷികളെ വിസ്തരിച്ചതിൽ നൻ ശതമാനം ആളുകൾ മാത്രമെ ആൺവീതം ഭാഗത്തിൽ അനുകൂലികളായിരുന്നുള്ളൂ എന്നു അദ്ദേഹത്തിനറിയാമോ എന്നു ഞാന മെംബരോടു ചോദിച്ചുകൊള്ളുന്നു?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): അതിനെപ്പറ്റി ഇതിനുമുമ്പു തന്നെ വാദപ്രതിവാദം നടത്തിയിട്ടുള്ളതാണ്. ഞാൻ എന്റെ വാദങ്ങളെ പുറപ്പെടുവിച്ചുകഴിഞ്ഞു. മി. പിറവിപ്പെരുമാൾപിള്ള അദ്ദേഹത്തിന്റെ വാദങ്ങളെ പുറപ്പെടുവിച്ചുകഴിഞ്ഞു. ഡിപ്യൂട്ടിപ്രസിഡന്റ അദ്ദേഹത്തിന്റെ വാദങ്ങളേയും പുറപ്പെടുവിച്ചുകഴിഞ്ഞു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): സാമുദായികമായ ഒരു നിയമനിർമ്മാണത്തിൽ നൻ ശതമാനം ആളുകളുടെ സമ്മതം മതിയാകുന്നതാണോ എന്നു എനിക്കു മെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): അതുതന്നെയാണു ഞാൻ ആരംഭത്തിൽ പറഞ്ഞതു. അവനവന്റെ മനസാക്ഷിക്കൊത്തവണ്ണം വോട്ടുചെയ്യുന്നതിനു ഓരോ മെമ്പർക്കും സ്വാതന്ത്ര്യമുള്ളതാണ്. എന്നാൽ ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ഇപ്രകാരമുള്ള സംഗതികളിൽ നാം സംബന്ധപ്പെട്ടിരിക്കുന്നതായ ആ പ്രത്യേക സമുദായത്തിന്റെ ഭൂരിപക്ഷം പ്രകാശിപ്പിച്ചിരിക്കുന്ന അഭിപ്രായപ്രകാരം നടക്കുന്നതു ഈ സഭയ്ക്കു ചെയ്യേണ്ട ക്ഷേമമായിട്ടുള്ളതാണ്. ഈ സഭയ്ക്കു വെളിയിൽ സംഭവിക്കുന്നതിനു വാദങ്ങൾ കേൾക്കുന്നതിനും തെളിവു ശേഖരിക്കുന്നതിനും വളരെ പ്രയാസമായിട്ടുള്ളതാണ്. ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന സന്ധിയുടെ പരിതസ്ഥിതികളെയും പ്രത്യേകിച്ചു ഡിപ്യൂട്ടിപ്രസിഡണ്ട് നാൽ വളരെ ബോദ്ധ്യമാകത്തക്ക വിധത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളെയും താമസംകൂടാതെ ഒരു നിയമം പാസ്സാക്കണമെന്നു ഈ രാജ്യത്തിൽ പെന്നിട്ടുള്ള എല്ലാ കക്ഷികളും ഒരുപോലെയുള്ള അഭിപ്രായത്തെയും ആസ്പദമാക്കി നോക്കുന്നതായാൽ ഈ നിയമം പാസ്സാക്കുന്നതിനു നാം യാതൊരു പ്രതിബന്ധവും ചെയ്യരുതെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതായ രാജിയെ അംഗീകരിക്കുന്നതിനാൽ ആ സമുദായത്തിനു വലുതായ ക്ഷേമമല്ലാതെ ഒരു ദോഷവും സംഭവിക്കുകയില്ലെന്നുള്ള ന്യായമായ തീരുമാനത്തിനു ഞാൻ വന്നുകഴിഞ്ഞു. സംഗതികൾ അങ്ങനെയിരിക്കെ നാം നമ്മുടെ യോഗ്യതയനുസരിച്ചു ഈ സന്ധിയെ മാനിക്കേണ്ടതാകുന്നു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ: സംസാരിക്കുന്നതിനു വേറെയും മെമ്പറന്മാരുണ്ടോ എന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സംസാരിക്കുന്നതിനു വേറെ ആളുകൾ ഉണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, എനിക്കു സമയവിവരം അറിഞ്ഞാൽകൊള്ളാം?

ഡിപ്യൂട്ടിപ്രസിഡന്റ: നിങ്ങൾക്കു ഇനിയും ൨൦ മിനിട്ടുകൂടിയുണ്ട്.

മി. എൻ. വി. ജോസഫ് (പറവൂർ): സർ, എനിക്കു മൂന്നുമിനിട്ടുകൂടി അനുവദിക്കണം.

ഞാൻ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

ഇരുഭാഗങ്ങളിലും പറയത്തക്കതായി പലതുമുണ്ട്. മിക്ക മെമ്പറന്മാരുടേയും പ്രസംഗങ്ങൾ കേട്ടതിനുശേഷം എന്റെ തീരുമാനമെന്തെന്നാൽ ലെജിസ്ലേറ്റീവുകൌൺസിൽ മെമ്പർമാർപോലും കുഴങ്ങുന്നു എന്നാണ്; പണ്ടതായതു മുൻപു ആൺവീതംഭാഗം അനുകൂലിച്ചുകൊണ്ടിരുന്നവർ ഇപ്പോൾ തായ്വഴിഭാഗത്തിനു ശഠിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെപ്പറ്റി ഇപ്പോഴാണോ മെമ്പർ അറിയുന്നതിനിടയായതു എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. എൻ. വി. ജോസഫ് (പറവൂർ): എന്റെ ജീവിതകാലത്തിനിടയിൽ ഇതാണു അത്യന്തം പ്രാവശ്യം. ഇതുപോലെ കാണിക്കുന്ന സാക്ഷികൾ എൻക്വയറികമ്മററിയാൽ വിസ്തരിക്കപ്പെട്ടപ്പോൾ ഒരു അഭിപ്രായം പറയുകയും മറ്റു അവസരങ്ങളിൽ അവർ നേരെ വിരുദ്ധമായ അഭിപ്രായം പറയുകയും ചെയ്യുന്നതു കണ്ടിട്ടുണ്ട്. ഈ സഭയിൽകൂടിയും ഒരു മെമ്പർ ഇന്നലെ ഒരഭിപ്രായവും ഇന്നു ഒരഭിപ്രായവും പുറപ്പെടുവിക്കുന്നു. ഇതിൽനിന്നും ഊഹിച്ചെടുക്കേണ്ടതായ അനുമാനം എന്താകുന്നു? അവർ സ്ഥിരതയില്ലാത്ത മനസ്സുള്ളവരെന്നല്ലാതെ മറ്റൊന്നും എനിക്കു പറയാൻ സാധിക്കുകയുള്ളു. എല്ലാവരും ഭ്രാന്തന്മാരോ ബുദ്ധിഹീനന്മാരോ ആണെന്നു തുറന്നുപറയാൻ നിവൃത്തിയില്ല. അവരുടെ കാരണങ്ങൾ ഉറപ്പുള്ളതല്ലായിരുന്നു എന്നുതന്നെയാണെന്നാൽ ഇരുഭാഗത്തും ധാരാളം പറയാനുണ്ട്. (മി. കെ. സി. മാമ്മൻമാപ്പിള കേൾപ്പിൻ കേൾപ്പിൻ) പ്രമാണങ്ങളുടെ ഒരു വലിയ ഭൂരിപക്ഷം തായ്വഴിഭാഗത്തിനാണെന്നു നാം കാണുന്നു. ശേഖരിച്ചിട്ടുള്ള തെളിവിനെ ആസ്പദമാക്കി ലെജിസ്ലേറ്റീവുകൌൺസിൽ ഒരു ഏർപ്പാടിനെ ആളുകളുടെമേൽ ചുമത്തുകയാണോ ചെയ്യുന്നതു. പിന്നെ ക്രോഡീകരിക്കുകയാണോ എന്താകുന്നു? ഓരോ ആളുകളെ സംബന്ധിച്ചും നിയമം ഒന്നുപോലെ ഇരിക്കുന്നതായ അതിനെ ക്രോഡീകരിക്കുന്നതിനുള്ള നിയമമെന്താകുന്നു? ഭൂരിപക്ഷത്തിന്റെ താല്പര്യത്തെ അനുസരിക്കുന്നതായ നൂതന കക്ഷികൾ ഉണ്ടെന്നു അതുതന്നെ കാണിക്കുന്നു. ഉദ്ദേശമായി നാം ആൺവീതംഭാഗത്തെ അനുസരിക്കുകയാണെന്നു വിചാരിക്കുക. ഒരു ക്ലിഷ്ടമായ ഏർപ്പാടിനെ തായ്വഴിഭാഗം അനുസരിച്ചുവരുന്ന ആളുകളുടെമേൽ ചുമത്തുകയും നമ്മുടെ ജനനാൽ ഉള്ള അവകാശങ്ങളെ നാം വിൽക്കുകയും അല്ലേ ചെയ്യുന്നതു? നാം അവരുടെ തറവാടുകളെ ദോഷപ്പെടുത്തുകയല്ലയോ ചെയ്യുന്നതു? എന്റെ സ്നേഹിതന്മാർ ഈ വിഷയത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. നിയമനിർമ്മാണത്തിലുള്ള സത്യം അതിനെ ക്രോഡീകരിച്ചുവയ്ക്കുന്നതിലുള്ള സത്യം ഭാഗത്തിലുള്ള സത്യം ഇതിന്റെ ഒക്കെ അർത്ഥമെന്താണെന്നു എനിക്കു വാസ്തവത്തിൽ അറിഞ്ഞുകൂട. അതു തറവാട്ടുസ്വത്തിനെ വീതിക്കുന്നതിനു

ളള ശരിയാകുന്നു. സത്യമെന്താകുന്നു? എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഭാഗസംബന്ധമായ കാൎയ്യത്തിൽ വെള്ളാളരുടെ ഇടയിൽ പ്രചാരത്തിലിരുന്നിരുന്ന ആചാരം എന്തായിരുന്നു? നമുക്ക് സത്യത്തിലെ ത്താൻ സാധിക്കുകയില്ല. നാം സത്യത്തിലെത്തുകയാണെങ്കിൽ തന്നെയും അതു നിഷ്ഫലമായിരിക്കും. എന്തു കൊണ്ടെന്നാൽ നമുക്കു പ്രത്യേകമായ ഒരു ദായാചാരത്തെ കണ്ടുപിടിക്കാൻ ഒരിക്കലും സാധിക്കുകയില്ല. നാം ഇവിടെ വന്നപ്പോൾ വെള്ളാളസമുദായത്തിൽ ചേരാത്ത അനേകം മെമ്പറന്മാർ വാസ്തവത്തിൽ ഒരു കുഴപ്പത്തിൽ ആയിരുന്നു. അവർ തങ്ങളിൽ ശണ്ഠ ചെയ്യുന്നതു നാം കണ്ടു. അവരിൽ ചിലർ നശിച്ചുകൂടുമായിരുന്നു എന്നു ഞാൻ പറയുന്നതായാൽ എനിക്കു മാപ്പു തരാവുന്നതാണ്. ഒരു രാജിയുണ്ടാക്കണം എന്നു അവർ ആവശ്യപ്പെട്ട സമയം ഒരു ശുഭോപസരമായിരുന്നു. വളരെ അധികം ഉപദ്രവത്തിൽനിന്നും നാം രക്ഷപ്പെടുകയും അവർ ഒരു രാജിയാലോചനയുംകൊണ്ടു തിരിച്ചുവന്നിരിക്കുന്ന ഉദ്ദേശത്തോടുകൂടി നാം പോകുകയും ചെയ്തു. ഈ വെള്ളാള ന്മാർ നിബന്ധനകളെ ഉണ്ടാക്കുന്ന ജോലികൂടി ഈ കൌൺസിലിലെ ഒരു ബഹുമാനപ്പെട്ട മെമ്പറെ ഏല്പിച്ചു എന്നുകൂടി ഞാൻ കേട്ടു.

പഴയ സെലക്ട് കമ്മിററി അതിൻെറ കൃത്യത്തെ ശരിയായവണ്ണം ചെയ്തിട്ടില്ലായ്കയാലുള്ള കാരണത്തിന്മേൽ ഒരു നൂതന സിലക്ട് കമ്മിററിയെ നിയമിക്കണം എന്നുള്ള ഒരു അഭിപ്രായത്തെ മിസ്റ്റർ സുബ്രഹ്മണ്യപിള്ള കൊണ്ടുവന്നു. ആ അഭിപ്രായത്തിന്മേൽ ഈ സഭ പറഞ്ഞതെന്തായിരുന്നു? അദ്ദേഹത്തെ പിൻവലിക്കാൻ പറഞ്ഞു. ഈ അഭിപ്രായത്തെ പിൻവലിച്ചിട്ടില്ലായിരുന്നു എങ്കിൽ ആ സംഗതിയെപ്പററി ഈ സഭയ്ക്കുള്ള അഭിപ്രായം അറിയുന്നതിനു നമുക്കു ഒരു വഴിയുണ്ടാകുമായിരുന്നു. ഉദ്ദേശം പതിനൊന്നു മണിയോടുകൂടി നമുക്കെല്ലാവർക്കും ഇവിടെനിന്നും പോകാമെന്നുദ്ദേശിച്ചു. നാം അഞ്ചു മണിവരെ ഇവിടെയിരിക്കുമെന്നു നാം ഒരിക്കലും ഉദ്ദേശിച്ചില്ല. എല്ലാം ഒന്നു തകിടംമറിക്കപ്പെട്ടു. ഇന്നലെ ആ വിഷയം എടുക്കപ്പെട്ടപ്പോൾ—

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ വിഷയം ഇന്നലെ എടുത്തില്ലാ എന്നു മെമ്പർക്കു അറിയാമോ?

മി. എൻ. വി. ജോസഫ് (പറവൂർ): ഈ വാദപ്രതിവാദം നടന്നതു മിനിഞ്ഞാന്നാണെന്നു ഞാൻ തിരുത്തിപ്പറഞ്ഞുകൊള്ളുന്നു. ഏതായാലും കക്ഷികൾ തങ്ങളുടെ വാക്കിൻെറ മാനത്തെ കാപ്പാറേണ്ടതായ ഈ നിയമനിൎമ്മാണസഭയെപ്പോലെയുള്ള ഒരു ഗംഭീരമായ സഭയിൽ നാം ഇപ്രകാരം കളിച്ചുകൊണ്ടിരിക്കുവാൻപാടില്ലായെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു കക്ഷികളെ നമ്മുടെ തീരുമാനങ്ങൾക്കു സമ്മതിക്കുന്നതിനു നാം പ്രേരിപ്പിക്കണം. അല്ലെങ്കിൽ നാം അവരെ നിർബന്ധിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ആൺവഴിഭാഗത്തിനോ പെൺവഴിഭാഗത്തിനോ അനുകൂലമായി ഈ സഭയിലെ ഏതെങ്കിലും അംഗം തൻെറ മാന്യമായ വാക്കിനെ കൊടുത്തിട്ടുണ്ടോ?

മി. എൻ. വി. ജോസഫ് (പറവൂർ): വാക്കുമൂലം അനുകൂലമുണ്ടായിരിക്കാം. മൌനമൂലവും നടത്തമൂലവും അനുമതിയുണ്ടായിരിക്കാം. (ചിരി) മൌനമായ അംഗീകരണത്താലും സമ്മതമുണ്ടായിരിക്കാവുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല): അവർ എന്താണ് അംഗീകരിച്ചതെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. എൻ. വി. ജോസഫ് (പറവൂർ): പ്രമേയത്തെ.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല): അവർ അവരുടെ അഭിപ്രായത്താൽ ബന്ധിതരായിരിക്കുന്നു എന്നും അതിൻപ്രകാരം നാമെല്ലാവരും നമ്മുടെ അഭിപ്രായത്താൽ ബന്ധിതരായിരിക്കുന്നു എന്നും കുറച്ചു മുമ്പു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞപ്പോൾ പ്രസിഡൻറു പറഞ്ഞതിനെ ഞാൻ മെമ്പറെ ഓൎമ്മപ്പെടുത്തിക്കൊള്ളട്ടെയോ?

മി. എം. ശിവതാണുപിള്ള (തോവാള): പ്രസിഡൻറു ദയവായി സമയം കുറെക്കൂടി നീട്ടിക്കൊടുക്കുമോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

ഡെപ്യൂട്ടിപ്രസിഡൻറ്. നമുക്കു അഞ്ചര മണിവരെ തുടരാം.

മി. എൻ. വി. ജോസഫ് (പറവൂർ): ഞാൻ പറയുന്നതെന്തെന്നാൽ നാം ന്യായപ്രകാരവും നിയമപ്രകാരവും പ്രസിഡൻറിൻെറ തീൎപ്പാൽ ബന്ധിതരായിരിക്കുന്നുവെന്നാകുന്നു.

ഈ ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കു വലുതായ സന്തോഷമുണ്ടു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഞാൻ ഈ സഭയെ അധികം ബാധിപ്പിക്കുകയില്ല. എൻെറ ആദ്യത്തെ ഉദ്ദേശം മിണ്ടാതെയിരിക്കണമെന്നായിരുന്നു. എന്നാൽ ജനസംഖ്യകൊണ്ടു ശക്തിയുള്ളതല്ലെങ്കിലും ഒരു പ്രധാനമായ സമുദായത്തിൻെറ നന്മയെസംബന്ധിക്കുന്നതും വളരെ പ്രയാസമുള്ളതുമായ ഒരു വിഷയം ഈ സഭയുടെ ആലോചനയ്ക്കായി വന്നിരിക്കുമ്പോൾ അതിൻെറ തീരുമാനത്തിനുവേണ്ടി എന്നാൽ കഴിയുന്നതു ഞാൻ കൊടുത്തില്ലെങ്കിൽ ഞാൻ എൻെറ കൎത്തവ്യത്തിൽനിന്നും പിൻവലിയുകയായിരിക്കും എന്നു ഞാൻ വിചാരിക്കുന്നു. കഴിഞ്ഞ കൌൺസിലിൽ ഈ ബില്ലിനെപ്പററി എന്തെങ്കിലും ആലോചിക്കുന്നതിനോ പ്രവൎത്തിക്കുന്നതിനോ ആരംഭിച്ച സമയംമുതൽ വ്യത്യസ്തവും വിപരീതവുമായ അഭിപ്രായങ്ങൾ വെച്ചുകൊണ്ടിരുന്ന രണ്ടു കക്ഷികളും ഉണ്ടായിരുന്നു. ഇരുകക്ഷികളുടെ പ്രതിനിധികളും അദ്ദേഹത്തെ വന്നുകണ്ടു എന്നുള്ളതു ഓരോ മെമ്പറുടെയും അനുഭവമാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഈ സംഗതിയെപ്പററി ഒരു തീരുമാനം ചെയ്യുന്നതിനു മററു സമുദായങ്ങളിലെ മെമ്പറന്മാൎക്കു വിഷമമായിത്തോന്നി. എന്തുകൊണ്ടെന്നാൽ അവൎക്കു അതുമായി നേരിട്ടു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല; ആ സമുദായപ്രതിനിധികൾ ഈ സഭയിൽ ഒരു ന്യൂനപക്ഷത്തിലാകണന്നുള്ളതു നാം ആലോചിക്കുമ്പോൾ ആ സംഗതി കുറെക്കൂടി പെരുമാറുന്നതിനു വൈഷമ്യമുള്ളതായിത്തീരുന്നു. അതുകൊണ്ടു ഈ കൌൺസിലിലെ വെള്ളാളമെമ്പറന്മാർ ഒരു യുക്തിയുക്തമായ രാജിയിൽ എത്തിക്കഴിഞ്ഞു എന്നു ഞാൻ കേട്ടപ്പോൾ എനിക്കു വളരെ ആനന്ദം തോന്നുകയും ഇനിമേൽ എങ്ങനെയായാലും ആ സമുദായത്തിനു സമാധാനത്തോടുകൂടി ജീവിക്കാം എന്നു ഞാൻ വിചാരിക്കുകയും ചെയ്തു. എന്നാൽ പിറെറ ദിവസം രാവിലെ അവർ രാജിക്കു അനുകൂലമല്ലെന്നും ഒരു കക്ഷി രാജിയെത്തന്നെ ബലമായി സ്വീകരിക്കണമെ

ന്നു ഉൽക്കണ്ഠയോടുകൂടിയിരുന്നപ്പോൾ മററെ കക്ഷി അതിനെ സ്വീകരിക്കുന്നതിനു വൈമനസ്യമുള്ളവരായിരുന്നു എന്നും എന്നാൽ ഈ സംഗതിയെ ഈ സഭയിൽ വീണ്ടും ആരംഭിച്ചു വാദപ്രതിവാദം നടത്തണമെന്നു ആവശ്യപ്പെട്ടു എന്നും കക്ഷികളിൽ ഒന്നിന്റെ പ്രതിനിധികൾ വന്നു പറഞ്ഞപ്പോൾ എന്റെ വിശ്വാസം തീരെ പോയി. അതിനാൽ ഈ വിഷയം അതിന്റെ പ്രാരംഭവിഷമതയെ വീണ്ടും കയ്യേണ്ടു; ഈ കുഴപ്പമായ വിഷയത്തിന്റെ തീരുമാനംസംബന്ധിച്ചു എനിക്കു തോന്നിയ അതേ വൈഷമ്യംതന്നെ ഈ കൌൺസിലിലെ മററു മെമ്പറന്മാർക്കും തോന്നിയിരിക്കണമെന്നു ഞാൻ വിശ്വസിക്കുന്നു. സർ, ഇപ്പോൾ തെക്കൻ സംയുക്ത മെമ്പറന്മാരുടെ പക്കൽ നിന്നും കേട്ടിട്ടുള്ള മററു സ്ഥലങ്ങളിൽവച്ചു എന്നോടു പറഞ്ഞിട്ടുള്ളതിലുംനിന്നു എന്റെ സ്നേഹിതന്മാരായ മെസ്സേഴ്സ് എം. ശിവതാണുപിള്ളയും എം. സുബ്രഹ്മണ്യപിള്ളയും അഭിപ്രായപ്പെട്ടിട്ടുള്ള സന്ധിക്കു അവർ സമ്മതിക്കുന്നതിനു മുമ്പിൽ അവർ സമുദായാംഗങ്ങളോടു കൂടി ആലോചിച്ചിട്ടില്ലാ എന്നു ഞാൻ വിചാരിക്കുന്നു. അവരോടു ആലോചിച്ചിട്ടില്ലെന്നു ആറുവീതം ഭാഗം പ്രതിനിധികളാൽ ഞാൻ അറിയിക്കപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ലാ, കുറേക്കൂടെ ആലോചിച്ചശേഷം അദ്ദേഹത്തിനു തന്നെ ഈ സന്ധിയെ അംഗീകരിക്കാൻ നിവൃത്തിയില്ലെന്നു വരികയും മി. സുബ്രഹ്മണ്യപിള്ളയുടെ പക്കൽനിന്നും കൂടിയും ഞാൻ കേട്ടിട്ടുണ്ട്. തന്റെ സ്വന്തംനിലയിൽമാത്രമേ താൻ ഈ സന്ധിയെ അംഗീകരിച്ചിട്ടുള്ളുവെന്നും അല്ലാതെ ആറുവീതം ഭാഗക്കക്ഷിക്കാരുടെ പ്രതിനിധിയുടെ നിലയിലല്ലെന്നും മി. വേലുപ്പിള്ള എന്നോടു പറഞ്ഞിട്ടുണ്ട്. അതു ശരിയായാണെങ്കിൽ കഴിഞ്ഞതിന്റെ സ്ഥിതി മുമ്പത്തെ വൈഷമ്യത്തിലായി തീർന്നിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. നാം രാജിയാക്കുക ഫിനാക്കം പോകുകയാണെങ്കിൽ, ഒരുപക്ഷത്തിൽ, ഈ സഭയാൽ ഈ സന്ധി അംഗീകരിക്കപ്പെടുമെന്നു ഉള്ള വിശ്വാസത്തിന്മേൽ പ്രമേയത്തെ അദ്ദേഹം പിൻവലിച്ചതുകൊണ്ടു ഒരു സിലക്റ്റ്കമ്മററിയിലേക്കു ബില്ലിനെ വീണ്ടും അയക്കേണ്ടതാണെന്നുള്ള അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ സ്ഥിതി എന്തായിരുന്നാലും തന്നെ ഗ്രഹിച്ചു എന്നു വിചാരിക്കുന്നതിനു മതിയായകാരണം ഉള്ള മി. എം. സുബ്രഹ്മണ്യപിള്ള നമുക്കുണ്ട്. മറുപക്ഷത്തിൽ അവർക്കു യാതൊരുവിധമായ പരാതിയും ഇല്ലാത്തതായ പ്രതിനിധികളാൽ അവരുടെ കാര്യം ഉപേക്ഷിക്കപ്പെട്ടു എന്നു പറയുന്നവരും ഒരുകൈനോക്കിയതിനുശേഷമേ തങ്ങളുടെ ജീവനെ കൊടുക്കുകയുള്ളു എന്നുള്ളവരും ആയ നമ്മുടെ ചെറുപ്പക്കാരായ സ്നേഹിതന്മാർ നമുക്കുണ്ട്. മെസ്സേഴ്സ് എസ്. സുബ്രഹ്മണ്യപിള്ളയും വേലുപ്പിള്ളയും അവർ ആറുവീതം ഭാഗത്തിനു അനുകൂലമാണെന്നു വിശദമായ രീതിയിൽ പറഞ്ഞിട്ടുണ്ട്. അവർ സംയുക്തമെമ്പറന്മാരും നിയമപ്രകാരം അവർ ഒരു കക്ഷിയുടെയോ അല്ലെങ്കിൽ സമുദായത്തിന്റെയോ പ്രാതിനിധ്യം വഹിക്കാത്തവരും ആകുന്നു. പൊതുജനസമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവരായി ഈ മെമ്പറന്മാരെക്കൂടെ തിരഞ്ഞെടുത്തതു നിയമപ്രകാരം ശരിയാണോ എന്നുകൂടി എനിക്കു സംശയമുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ: അവരെക്കൂടെ തിരഞ്ഞെടുത്തതു ശരിയാണോ അല്ലയോ എന്നുള്ള ചോദ്യം ഇപ്പോൾ ഉൽഭൂതമാകുന്നില്ലാ. അതിനെ പരിശോധിക്കുന്നതിനു കുറെ അധികം താമസിച്ചുപോയില്ലയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതിനെപ്പററിയല്ലാ പറയുന്നതു്. ൧൦൯൭-ലെ II-ാമത്തെ ലെജിസ്ലേററിവ് കൌൺസിൽ റിഗ്ഗുലേഷനിലെ രണ്ടാമത്തെ നിബന്ധന പറയുന്നതാവിത്:—

“കൌൺസിലിൽ കൊണ്ടുവന്നിരിക്കുന്നതോ അല്ലെങ്കിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചിരിക്കുന്നതായ ഏതെങ്കിലും ബില്ലിന്റെ ആവശ്യങ്ങൾക്കായിട്ടു ആ ബില്ലിന്റെ വിഷയത്തെപ്പററി പ്രത്യേകഅറിവും അല്ലെങ്കിൽ പരിചയവും സിദ്ധിച്ചിരിക്കുന്ന രണ്ടിലധികമല്ലാത്ത മെമ്പറന്മാരെ നമ്മുടെ ഗവൺമെന്റിനു നിയമിക്കാവുന്നതും ആ ആളുകൾക്കു ബില്ലിനെ സംബന്ധിച്ചിടത്തോളം അവരെ നിയമിച്ചിരിക്കുന്ന കാലത്തോളം കൌൺസിൽ അംഗങ്ങളുടെ എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതും അവർ മേൽപറഞ്ഞ മെമ്പർക്കുപുറമേ അധികപ്പെട്ടവരുമാകുന്നു”

ആയതിനാൽ ഈ മെമ്പറന്മാരെ തിരഞ്ഞെടുത്തതു അവർ ആ സമുദായത്തിലെ അംഗങ്ങൾ ആയതുകൊണ്ടോ അല്ലെങ്കിൽ അവർ പ്രത്യേകംഅഭിപ്രായങ്ങളുടേയോ അല്ലെങ്കിൽ കക്ഷികളുടേയോ പ്രാതിനിധ്യം വഹിച്ചിരുന്നതുകൊണ്ടോ അല്ലാ, എന്നാൽ അവർക്കു ഈവിഷയത്തെപ്പററി പ്രത്യേകം അറിവുള്ളതുകൊണ്ടാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതുഅപ്രകാരമാണെങ്കിൽ അവർ ഈ കൌൺസിലിൽ ഏതെങ്കിലും കക്ഷിയുടേയോ സമുദായത്തിന്റെയോ പ്രാതിനിധ്യം വഹിച്ചുവരുന്നു ആ പദത്തിന്റെ ശരിയായ അർത്ഥത്തിലും പറയാൻ നിവൃത്തിയില്ലാ. തന്നിമിത്തം അവർ ഒരു രാജിയ്ക്കു സമ്മതിച്ചു എന്നുള്ളതുകൊണ്ടു നാമും അവരുടെ അഭിപ്രായപ്രകാരം നടക്കണമെന്നു അർത്ഥമാകുന്നില്ലാ. ആകപ്പാടെ നമുക്കു പറയാൻ കഴിയുന്നതെന്തെന്നാൽ മെസ്സേഴ്സ് എസ്. സുബ്രഹ്മണ്യപിള്ളക്കും എം. വേലുപ്പിള്ളക്കും ആ വിഷയത്തെപ്പററി പ്രത്യേകഅറിവു ഉണ്ടെന്നാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: ഈ പ്രമേയം ഉപക്ഷേപിക്കപ്പെട്ടപ്പോൾ ആ വിഷയത്തിന്റെ ഈ ഭാഗംമാത്രം സഭയുടെ മുമ്പാകെ ഹാജരാക്കപ്പെട്ടില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എനിക്കു അതു അറിയാൻപാടില്ലാ. എന്തുകൊണ്ടെന്നാൽ അപ്പോൾ ഞാൻ അവിടെയുണ്ടായിരുന്നില്ലാ. അവർ ആ സന്ധിയിൽ ചേർന്നിട്ടുള്ള കക്ഷികളല്ലെന്നും അവർക്കു ശരിയായ അധികാരമില്ലാത്തവരും തർക്കത്തിലിരിക്കുന്ന വിഷയത്തെ സംബന്ധിച്ചു ഗൌരവമായിട്ടോ അല്ലെങ്കിൽ വിശദമായിട്ടോ ഒരു അഭിപ്രായംപോലും സത്യാവസ്ഥയിൽ ഇല്ലാത്തവരും ആയ കൌൺസിൽമെമ്പറന്മാരുടെ തീരുമാനത്താൽ അവർ ബന്ധിതരാണെന്നു കരുതാൻ പാടില്ലെന്നും പറയുന്നതിനു ആറുവീതം ഭാഗം ഏർപ്പാടിന്റെ പ്രാതിനിധ്യം വഹിക്കുന്ന കക്ഷിയുടെ ഭാഗത്തും ഉചിതമായ ന്യായം ഉണ്ട്. അതുകൊണ്ടു ഈ സഭയിൽ പ്രാതിനിധ്യം ഇല്ലാത്തതായ കക്ഷിയുടെ നാമത്തിനുവേണ്ടി ഈ കൌൺസിലിന്റെ അഭിപ്രായത്തിനോ അല്ലെങ്കിൽ ആലോചനക്കായോ കൊണ്ടുവരപ്പെട്ടിട്ടുള്ള ഏതെങ്കിലും സന്ധിയെപ്പററിയുള്ള ഉദ്ദേശത്തെ അവരുടെ മനസ്സിൽനിന്നും കളയണമെന്നു ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു. നാം ആ വിഷയത്തെപ്പററി ആലോചിക്കേണ്ടതു അതിന്റെ ഗുണങ്ങളെ ആസ്പദമാക്കിയും അല്ലാതെ ഒരു കക്ഷിക്കും

അല്ലെങ്കിൽ മറ്റേകക്ഷിക്കോ സ്വല്പമെങ്കിലും ദോഷം വരത്തക്കവിധത്തിൽ ഉള്ള ഒരു സന്ധിക്കുവേണ്ടി യത്നിച്ചു എന്നുള്ള സംഗതിയാൽ ഒരുവിധത്തിലോ മറുവിധത്തിലോ ചാഞ്ഞു ഇരിക്കാൻ പാടില്ലാത്തതും ആകുന്നു. അതു കൗൺസിലിന്റെ കുററമല്ലാ. അതു് കൗൺസിലിൽ പ്രാതിനിധ്യം ഇല്ലാത്തതായ കക്ഷിയുടെ കുററവുമല്ലാ; എന്നാൽ അതു ഗവന്മെന്റിനാൽ കൂടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരുടെ കുററമാണ്. ഇപ്രകാരമിരിക്കുന്ന സ്ഥിതിക്കു ഞാൻ മെമ്പറന്മാരോടു ആവശ്യപ്പെട്ടുകൊള്ളുന്നതെന്തെന്നാൽ അതിന്റെ ഗുണങ്ങളെ അടിസ്ഥാനമാക്കിയും മറെറല്ലാ സംഗതികളെ എല്ലാം തള്ളിക്കളഞ്ഞും ഈ സംഗതിയെപ്പററി ആലോചിക്കണമെന്നാകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: അവർ മുമ്പുതന്നെ സ്ഥിതിയിൽതന്നെ കക്ഷികളുള്ള പ്രമേയത്തിൽ ഇടുന്നതിനു ഒഴിവുള്ളതാണോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മുമ്പിരുന്നതുപോലെ മെസേഴ്സ് സുബ്രഹ്മണ്യപിള്ളയെയും ശിവതാണുപിള്ളയെയും ഇടാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ കൗൺസിൽ അവരെ ഒരു പക്ഷമായ സ്ഥിതിയിൽ വിട്ടിട്ടില്ലാ. അതു അവരുടെ സ്വന്തം തിരഞ്ഞെടുപ്പായിരുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മെമ്പറിൽനിന്നും എനിക്കു ഒരു കാര്യം അറിഞ്ഞാൽകൊള്ളാം.

ഡെപ്യൂട്ടിപ്രസിഡന്റ്: മി. കൊച്ചുകുഞ്ഞുപിള്ള നിലയിൽ നിയമപ്രകാരം പ്രവൃത്തിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നില്ലാ. ഞാൻ ഒരു ചോദ്യം ചോദിച്ചു; അതിനു അദ്ദേഹം മറുപടിപറയുകയാണ്. അദ്ദേഹം പറഞ്ഞുതീർക്കട്ടെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു പ്രമേയത്തെ പിൻവലിക്കുന്നതിനെ സംബന്ധിച്ചിടത്തോളം പിൻവലിക്കുന്നതിനുള്ള കാരണങ്ങൾ എന്തുതന്നെയായിരുന്നാലും സാധാരണയായി ഈ കൗൺസിൽ ആ അപേക്ഷയെ അനുവദിക്കുകയും പ്രമേയത്തെ പിൻവലിക്കുന്നതിനു സമ്മതിക്കുകയും ചെയ്യുന്നു. അതു പിൻവലിക്കുന്നതിനു അനുവദിച്ചപ്പോൾ കൗൺസിൽ തന്നത്താൻ ഏതെങ്കിലും ഒരു അഭിപ്രായത്തിനു കീഴ്‌വഴങ്ങിക്കൊടുത്തു എന്നു പറയാൻ ന്യായമില്ലാ.

ഡെപ്യൂട്ടിപ്രസിഡന്റ്: അദ്ദേഹം പ്രമേയത്തെ പിൻവലിച്ചപ്പോൾ, അവർ ആ രാജിയെ പാസ്സാക്കുന്നതിനു സമ്മതിക്കുന്നപക്ഷമേ, അദ്ദേഹം തന്റെ പ്രമേയത്തെ പിൻവലിക്കുകയുള്ളു എന്നു മിസ്റ്റർ എം. സുബ്രഹ്മണ്യപിള്ള പറഞ്ഞു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഏർപ്പാടുകൾ എന്തെല്ലാമായിരുന്നാലും ഒരിക്കൽ പിൻവലിച്ചതു് പിൻവലിച്ചതുതന്നെ. കൂടാതെ, ആ അഭിപ്രായത്തെപ്പോലും സന്ധിപ്രകാരമുള്ള ഭേദഗതിയെ ഹാജരാക്കുന്നതിനു അവർ അനുവദിക്കും എന്നുമാത്രമേ കൗൺസിൽ പറഞ്ഞിട്ടുള്ളു. എന്നാൽ അതിനെ അംഗീകരിക്കാമെന്നു അവർ പ്രതിജ്ഞാവാഗ്ദാനം കൊടുത്തിട്ടില്ലാ. അതിന്റെ നന്മകളെ അടിസ്ഥാനപ്പെടുത്തി ഭേദഗതിയെപ്പററി വാദപ്രതിവാദം നടത്തുന്നതിനും, അതിനെ അംഗീകരിക്കുന്നതിനോ തള്ളുന്നതിനോ, ഈ കൗൺസിലിനു ചെയ്യാൻ സ്വാതന്ത്ര്യമുള്ളതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ചില കാര്യങ്ങളെസംബന്ധിച്ചു ഗവന്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനായി അനൗദ്യോഗസ്ഥപാർശ്വത്തിൽനിന്നും ഒരു ഉപക്ഷേപം കൊണ്ടുവന്നിരിക്കുമ്പോഴും, ഗവന്മെന്റു കാര്യങ്ങളെല്ലാം വിവരിച്ചു പറഞ്ഞശേഷം, ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും ചെയ്യുമ്പോഴും, ആ അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തി അനൗദ്യോഗസ്ഥപാർശ്വത്തിലുള്ള പ്രമേയങ്ങളെ പിൻവലിക്കയും ചെയ്തിരിക്കുമ്പോഴും, അപ്രകാരമുള്ള സംഗതികളിൽ ഗവന്മെന്റു പാർശ്വത്തിൽനിന്നും പുറപ്പെട്ടതായ അഭിപ്രായങ്ങൾക്കു യാതൊരു ചുമതലയും ഇല്ലെന്നു മെമ്പർ വിചാരിക്കുന്നുവോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു അനുമാനത്തെ ആസ്പദമാക്കിയുള്ള ഒരു ചോദ്യമാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതാണ് ഇവിടെ ദിനംതോറും ചെയ്തുവരാറുള്ളത്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അത് ഊഹത്തെ ആസ്പദമാക്കിയിട്ടുള്ള ഒരു ചോദ്യമാകുന്നു. ഞാൻ അതിനു ഉത്തരംപറവാൻ കടമപ്പെട്ടവനല്ലാ.

ഡെപ്യൂട്ടിപ്രസിഡന്റ്: നേരെമറിച്ചുതന്നെയായാലും നിങ്ങൾ ഉത്തരംപറവാൻ കടമപ്പെട്ടവനല്ലാ. അതു ഊഹത്തെ ആസ്പദമാക്കിയുള്ള ചോദ്യമല്ലെങ്കിലും നിങ്ങൾ ഉത്തരംപറവാനായി കടമപ്പെട്ടിട്ടില്ലാ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആ ഭേദഗതി നമുക്കു ആലോചിക്കുന്നതിനായി രണ്ടു കക്ഷികൾ ഉണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഒരു പക്ഷത്തിൽ നമുക്കു ഗവന്മെന്റിനാൽകൂടെ തിരഞ്ഞെടുക്കപ്പെട്ട രണ്ടു മെമ്പറന്മാരുടെ നടത്തയാൽ ദോഷംചെയ്യപ്പെട്ട ഒരു കക്ഷിയും, മറേറപക്ഷത്തിൽ, ഈ കൗൺസിലിൽ പ്രാതിനിധ്യം ഇല്ലായ്മയുള്ള കാരണത്താൽ വലുതായ ദോഷം അനുഭവിച്ചിട്ടുള്ള മറേറക്ഷിയും നമുക്കുണ്ട്. അതു ഈ രണ്ടഭിപ്രായങ്ങളിൽ ഒന്നിനെ തിരഞ്ഞെടുക്കുന്നതിനെപ്പററിയുള്ളതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നായർ റെഗുലേഷനിലെ [illegible]-ാം വകുപ്പിനു അദ്ദേഹം ഒരു സന്ധി സ്വീകരിച്ചപ്പോൾ അദ്ദേഹം നായർസമുദായത്തോടു ആലോചിച്ചുവോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ ആരോടു ആലോചിക്കണമെന്നു വിചാരിച്ചുവോ ആ ആളുകളോടു ഞാൻ ആലോചിച്ചു. അതിന്റെ ഫലത്തിൽനിന്നും, എന്റെ സമുദായത്തെപ്പററി എനിക്കുണ്ടായിരുന്ന അഭിപ്രായം ശരിയായിട്ടുള്ളതും ബലമായ കാരണങ്ങളോടുകൂടിയതുമാണെന്നു തെളിഞ്ഞുംകൊണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇവിടേയും അതുപോലെതന്നെ ഇരിക്കയില്ലയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു അപ്രകാരമായിരുന്നെങ്കിൽ ഈ പ്രമേയത്തെ എതിർക്കുന്നതിനു ഞാൻ എഴുന്നേൽക്കുകയില്ലായിരുന്നു. ഈ സന്ധിയെ അംഗീകരിച്ചിരുന്ന ഒരു മെമ്പർ ഇപ്പോൾ അതിൽനിന്നും പിൻവലിഞ്ഞു എന്നുള്ള സംഗതിതന്നെ അവിടെ ഒരു ആലോചനയും ഇല്ലായിരുന്നു എന്നു കാണിക്കുന്നു. മററുള്ള ആളുകളുടെ അഭിപ്രായങ്ങൾ അന്വേഷിച്ചറിയാതെയും, തീരെ നിസ്സാരമായയിരുന്നാലും, സൂക്ഷ്മതയോടും ഭേദഗതിയെ കൌൺസിലിന്റെ മുമ്പാകെ വെച്ചു. നാം ഭേദഗതിയെ പാസ്സാക്കിയില്ലെങ്കിൽ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയ്ക്കു ഒരു മനസ്ഥാപത്തിനിടയുണ്ടെങ്കിലും ഈ കൌൺസിലിൽ ആ വിഷയത്തെ അതിന്റെ ഗുണങ്ങളെ ആസ്പദമാക്കി വാദപ്രതിവാദം നടത്തിയെന്നുള്ള സംഗതിയുണ്ട് എന്ന് എനിക്കു പറയാനുണ്ട്. അദ്ദേഹത്തിനു പറയാനുള്ളതെല്ലാം കേൾക്കുകയും ഒരു തീരുമാനത്തിനു വരികയും ചെയ്യും. യോഗമെടുത്തു വളരെ ദിവസമായിട്ടുള്ളതും, ഈ സഭയിൽ പ്രാതിനിധ്യം ഇല്ലാത്തതും ഈ സഭയുടെ ആലോചനകളിൽ ചേരുന്നതിനു ഒന്നും ഇല്ലാത്തതും, അദ്ദേഹം ആ വിഷയത്തെ വീണ്ടും എടുക്കാത്തപക്ഷം നിഷ്പക്ഷപാതമായ വാദപ്രതിവാദത്തിന്റെയും വളരെ ആലോചനകൾക്കുശേഷം എത്തിയിട്ടുള്ളതായ തീരുമാനത്തിന്റെയും ഗുണങ്ങൾ സിദ്ധിക്കാൻ ഇടയില്ലാത്തവരും ആയ മററുകക്ഷിയുണ്ട്. ഈ രണ്ടു ദോഷങ്ങൾക്കിടയിൽ നിങ്ങൾ തിരിഞ്ഞെടുക്കുന്നതു ഏതാണ്? ഈ കാരണങ്ങളിന്മേൽ, മിസ്റ്റർ സുബ്രഹ്മണ്യപിള്ളയുടെ ആദ്യത്തെ പ്രമേയത്തെസംബന്ധിച്ച് അവരുടെ മനസ്സിൽ തോന്നിയിരിക്കാവുന്നതായ വിരോധഭാവത്തെ മാററിക്കളയുന്നതിനു ഞാൻ മെമ്പറന്മാരോടു ചോദിച്ചുകൊള്ളുന്നു. ഈ സന്ധിയുണ്ടാക്കുന്നതു അവരുടെ സമ്മതത്തോടുകൂടിയല്ലാ എന്നുവരികിൽ സമുദായം വലുതായ ഒരു നഷ്ടം സഹിക്കേണ്ടിവരുന്നു എന്നുള്ള സംഗതിയെയും നമുക്കു ആലോചിക്കേണ്ടതായിട്ടുണ്ട്. അവർ അതിനു സമ്മതിക്കുന്നപക്ഷം അതു ശരിതന്നെ. അവർ അതിനു സമ്മതിച്ചിട്ടില്ലാത്തപക്ഷം, നാം അവർക്കു വലുതായ ഒരു ദോഷത്തെ ചെയ്യുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ, നിയമനിർമ്മാണത്തിന്റെ ഒരു അടിസ്ഥാനചട്ടമനുസരിച്ചു സ്ഥിരമായിരിക്കുന്ന അവകാശങ്ങളെ നാം ഇല്ലാതെ ആക്കാൻ പാടില്ലാത്തതാകുന്നു. തെക്കേയറ്റത്തു വെള്ളാളന്മാർ അനുസരിച്ചുവന്ന ചട്ടം എന്തുതന്നെയായിരുന്നാലും അക്കാലത്തു നാം ആരും ജീവിച്ചിരിപ്പില്ലായിരുന്നു; അവർ മക്കത്തായികളായാലും മരുമക്കത്തായികളായാലും അതു നമ്മെ സംബന്ധിക്കുന്നില്ലാ. നമുക്കു അറിയാവുന്നതെന്തെന്നാൽ അവർ ഇപ്പോൾ മരുമക്കത്തായനിയമം അനുസരിച്ചു വരുന്നവരെന്നാകുന്നു.

എസ്സ്. പിറവിപ്പെരുമാപിള്ള (കച്ചവടവും വ്യവസായവുംതെക്ക): നമുക്കുതന്നെ അറിയാവുന്നതിനെ ആസ്പദമാക്കി മാത്രമാണോ നാം പ്രവൃത്തിക്കേണ്ടതെന്നും അല്ലെങ്കിൽ പഴയ ഗ്രന്ഥങ്ങളിലെ റിക്കാർഡുകളെ ആസ്പദമാക്കി നമുക്കു പ്രവൃത്തിക്കാമോ എന്നും മെമ്പറിൽനിന്നും എനിക്കു അറിയേണ്ടതുകൊള്ളാമോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): റിക്കാർഡുകളും, നമുക്കറിയാവുന്നസാധനങ്ങളുടെ കൂട്ടത്തിൽ ചേരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നാഞ്ചിനാട്ടുവെള്ളാളന്മാർ വിശേഷവിധിയോടുകൂടിയ മക്കത്തായമാണു അനുസരിച്ചു വരുന്നതെന്നു സമ്മതിക്കാൻ അദ്ദേഹം തയ്യാറാണോ എന്നും അല്ലെങ്കിൽ സമുദായം ശുദ്ധമായ മരുമക്കത്തായത്തെയാണു അനുസരിക്കുന്നതു എന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം എന്നു മെമ്പറോടു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു ശുദ്ധമായ മരുമക്കത്തായമോ ശുദ്ധമല്ലാത്ത മരുമക്കത്തായമോ എന്നു എനിക്കു അറിഞ്ഞുകൂടാ. എനിക്കു ഒരു മാതിരിയിലുള്ള മരുമക്കത്തായം മാത്രമേ അറിയാൻപാടുള്ളു. നാഞ്ചിനാട്ടു വെള്ളാളർ അതിനെ അനുസരിക്കുന്നു. ഞാൻ അതിനെ അറിഞ്ഞതു റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള കോടതിവിധികളിൽനിന്നാണു. അതിൽ കൂടുതലായി എനിക്കു ഒന്നും അറിഞ്ഞുകൂടാ. എന്റെ ആവശ്യത്തിലേയ്ക്കു ആ സമുദായം മരുമക്കത്തായം ആയ ആചാരം അനുസരിച്ചുവരുന്നതെന്നു അറിഞ്ഞാൽമാത്രം മതി.

അതുകൊണ്ടാണു മരുമക്കത്തായം നിയമത്തിനെ അനുസരിക്കുന്നവരെ സംബന്ധിച്ചിടത്തോളം സമുദായത്തിലെ ഓരോ മെമ്പർക്കും മററു മെമ്പറന്മാരെപ്പോലെയുള്ള അതേ അവകാശം ഉള്ളതും ഒരു മെമ്പറുടെ അവകാശത്തെ മററൊരു മെമ്പർ ആക്രമിക്കുകയാണെങ്കിൽ അതു അന്യായമാണെന്നു ഞാൻ പറയുന്നത്. എന്തുകൊണ്ടെന്നാൽ അതു ഒരു സ്ഥിരമായ അവകാശമാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഉടമ്പടിയും ഒരു സ്ഥിരമായ അവകാശമല്ലയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇല്ല, അതല്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ആ അവകാശത്തെപ്പററി നിർബന്ധിക്കുന്നതിനു അവർക്കൊരു അവകാശമില്ലയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ചില അവസരങ്ങളിൽ അവർക്കൊരു അവകാശമുണ്ട്. അതുകൊണ്ടു സ്ഥിരമായ അവകാശങ്ങളെ ലംഘിക്കുന്നതിൽ ഈ കൌൺസിൽ ഒരു വലുതായ ചുമതല എടുക്കുന്നതായിരിക്കും.

പേർക്കുപ്പിററാ എന്ന ഭാഗത്തിന്റെയും അട്ടോഹരി ഭാഗത്തിന്റെയും ഗുണങ്ങളെപ്പററിയോ അല്ലെങ്കിൽ താവഴി ഭാഗത്തിന്റെയും പെർസ്റ്റിപ്പീസ് എന്ന ഭാഗത്തിന്റെയും ഗുണങ്ങളെപ്പററിയോ ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവയോരോന്നിനും അതിന്റെ സ്വന്തം ഗുണങ്ങൾ ഉണ്ട്. സമുദായത്തെ സംബന്ധിച്ചിടത്തോളം ആകപ്പാടെ ഈ സന്ധിക്കു വേറെ ഒന്നിനെ ഉള്ളിടത്തോളം നന്മയുണ്ട്. അതെല്ലാം നമുക്കു മുമ്പിൽ ഇരിക്കുന്ന വിഷയം. സമുദായം ഈ സന്ധിയെ അംഗീകരിക്കുന്നുവെങ്കിൽ അതു യാതൊരു ദോഷവും ചെയ്യുകയില്ല. എന്നാൽ രണ്ടിലും ഏതു കക്ഷിയെയാണു അംഗീകരിക്കേണ്ടതു് എന്നുള്ള വിഷയം കൌൺസിലിന്റെ ആലോചനയ്ക്കു വരുമ്പോൾ അതിന്റെ നിലയെ കൌൺസിലിനാൽ അംഗീകരിക്കപ്പെട്ടില്ലെങ്കിൽ ഏതു കക്ഷിക്കാണോ അധികം ദോഷം പററുന്നതു് ആ കക്ഷിയെ അംഗീകരിക്കണം. ഈ കാരണങ്ങളാൽ എനിക്കു ഭേദഗതിയെ അംഗീകരിക്കുന്നതിനു നിവൃത്തിയില്ല.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ചീഫ്സെക്രട്ടറി): സർ, പ്രത്യേകിച്ചും ഈ ഒടുവിലത്തെ മണിക്കൂറിൽ കൌൺസിലിൻെറ സമയത്തിൻെറ അധികഭാഗത്തേയും അപഹരിക്കണമെന്ന ഞാൻ ആഗ്രഹിക്കുന്നില്ല. സ്വല്പം സംസാരിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശമെന്തെന്നാൽ ഈ സംഗതി വോട്ടിനു ഇടുമ്പോൾ ഞാൻ ഏതു നിലയിൽ ഇരിക്കണമെന്നുള്ളതിനെപ്പററി തീർച്ച അറിയുന്നതിനാകുന്നു. ഈ ഭേദഗതി കൊണ്ടുവന്നപ്പോൾ അതിനു ഇത്ര ദീർഘമായ ഒരു വാദപ്രതിവാദംവേണ്ടിവരുമെന്നു ഞാൻ ഉദ്ദേശിച്ചതേയില്ല. ഒരു പ്രത്യേക സമുദായത്തെ സംബന്ധിക്കുന്നതായ ഒരു സാമുദായിക നിയമനിർമ്മാണത്തെപ്പററി നാം ആലോചിക്കുമ്പോൾ നമ്മുടെ കൃത്യമെന്തെന്നാൽ ആ സമുദായം ആവശ്യപ്പെടുന്നതായ ഒരു നിയമത്തെ കൊടുക്കുന്നതാകുന്നു. അല്ലാതെ പരിപൂർണ്ണമായ ന്യായത്തെയോ അല്ലെങ്കിൽ ബുദ്ധിയെയൊ സംബന്ധിച്ചുള്ള കാരണങ്ങളാൽ നാം കുറച്ചുപേർ നന്നെന്നു വിചാരിക്കുന്ന നിയമത്തെ കൊടുക്കുന്നതല്ല. ആ സമുദായത്തിലെ കുട്ടികളുടെയും സ്ത്രീകളുടേയും വൃദ്ധന്മാരുടേയും നന്മകളെ രക്ഷിക്കുന്നതിനുവേണ്ടി ന്യായമായ ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നു നോക്കുന്നതു നമ്മുടെ കർത്തവ്യമല്ല. ആ സമുദായം വാസ്തവത്തിൽ എന്തുമാതിരി നിയമത്തെ ആണു ആവശ്യപ്പെടുന്നതെന്നു അന്വേഷിച്ചറിയുകയും ആ നിയമത്തെ പാസ്സാക്കുകയും ആകുന്നു നമ്മുടെ കൃത്യം. പിന്തുടർച്ചാവകാശത്തെപ്പററി പ്രത്യേകമായ ഒരു രീതിയിൽ ഒരു നിയമം വേണമെന്നു അവർ ആവശ്യപ്പെടുന്നു എങ്കിൽ അപ്രകാരം ആ നിയമം ഉണ്ടാക്കിക്കൊടുക്കുന്നതു നമ്മുടെ കർത്തവ്യമാകുന്നു. നമ്മുടെ ഇടയിൽ ഉണ്ടായിട്ടുള്ള വാദപ്രതിവാദത്തിൽ നിന്നും സാമുദായിക നിയമനിർമ്മാണത്തിൻെറ ഈ അടിസ്ഥാനതത്വത്തെ ശരിയായ വിധത്തിൽ മുൻ നിർത്തി പ്രവൃത്തിച്ചിട്ടില്ലെന്നു ഞാൻ കാണുന്നു. ഏതായാലും സമുദായത്തിൻെറ പൊതുവെയുള്ള വിചാരത്തെ നാം എങ്ങനെയാണ അറിയുന്നതു്. എൻക്വയറി കമ്മിററിയാൽ സാക്ഷികൾ വിസ്തരിക്കപ്പെടുകയും സിലക്ട് കമ്മിററിയാൽ പ്രമാണങ്ങൾ പരിശോധിക്കപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ അപ്രകാരമുള്ള വിസ്താരത്തിലും പരിശോധനയിലും നിന്നു കാണപ്പെടുന്ന പൊതുവായ അഭിപ്രായംവേണം നമ്മുടെ പ്രമാണമായിരിക്കേണ്ടതെന്നു ചില മെമ്പറന്മാർ വിചാരിക്കയും ഇവിടെ ഈ കൌൺസിലിൽ ആ സമുദായപ്രതിനിധികൾ നമുക്കുള്ളപ്പോൾ സാക്ഷികളുടെ അഭിപ്രായത്തിനു നമ്മൾ നല്ലതായിട്ടു അവരുടെ അഭിപ്രായമാണു അംഗീകരിക്കപ്പെടേണ്ടതു എന്നും മററും ചില മെമ്പറന്മാർ അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഈ പ്രാവശ്യത്തെ സഭ യോഗമാരംഭിച്ചതുമുതൽ ഈ കൌൺസിലിലുള്ള സമുദായ പ്രതിനിധികൾ അവരുടെ അഭിപ്രായങ്ങൾ മാററിയതായിട്ടു നമുക്കെല്ലാവർക്കും അറിയാമെന്നു നാം കണ്ടിട്ടുണ്ട്; പക്ഷെ എൻക്വയറി കമ്മിററിക്കാരാൽ വിസ്തരിക്കപ്പെട്ട സാക്ഷികളെ വീണ്ടും വിസ്തരിക്കുന്നതാണെങ്കിൽ അവരുടെ അഭിപ്രായങ്ങളും മാറിയിട്ടുള്ളതായി നമുക്കു കാണാവുന്നതാണ്. ഇവിടെ സംബന്ധപ്പെട്ടിരിക്കുന്നതായ സമുദായത്തിൻെറ യോജിപ്പോടുകൂടിയ ഒരു അഭിപ്രായത്തെ സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുന്നതിനു നാം നയിക്കേണ്ടതെന്തൊക്കെയാകുന്നു? എന്നു സംബന്ധിച്ചിടത്തോളം നമുക്കു രക്ഷയോടുകൂടി അനുസരിക്കാവുന്ന ഒരു പരീക്ഷണം ഈ കൌൺസിലിൽ ഉള്ള സമുദായപ്രതിനിധികളുടെ അഭിപ്രായമാകുമെന്നു ഞാൻ വിചാരിക്കുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്നവരും അഗാധമായ ചിന്തയുടെയും ആലോചനയുടേയും ശേഷം ആ സംഗതിയെപ്പററി അവരുടെ ആലോചന ഇന്നതെന്നു നമ്മെ അറിയിച്ചിട്ടുള്ളവരും ആയ ആ സമുദായാംഗങ്ങളുടെ അഭിപ്രായത്തെ നാം ഉപേക്ഷിക്കുന്നതിനു യാതൊരുകാരണവുമില്ല. അവർ ആ സമുദായത്തിൻെറ പ്രതിനിധികൾ ആണ്; അതു ആ സമുദായത്തിൻെറ അഭിപ്രായമല്ല എന്നുള്ള ഊഹത്തിന്മേൽ അവരുടെ അഭിപ്രായം അംഗീകരിക്കാൻ പാടില്ലെന്നു നാം തീർച്ചയാക്കുന്നപക്ഷം പ്രതിനിധി സംഘങ്ങളുടെ അടിസ്ഥാനതത്വത്തെ നാം വിസ്മരിക്കുന്നതായിരിക്കും. ആയതുകൊണ്ടു ആ സമുദായപ്രതിനിധികളായി ഈ കൌൺസിലിൽ ഉള്ളവരിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായത്തെ ആ സമുദായത്തിൻെറ അഭിപ്രായത്തിൻെറ നിലയിൽ അംഗീകരിക്കണമെന്നു ഈ സഭയെ ധരിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. (കേൾപ്പിൻ, കേൾപ്പിൻ) കർത്തവ്യധർമ്മമനുസരിച്ച് നാം അതിന്മേൽ പ്രവൃത്തിക്കേണ്ടതാകുന്നു. ഈ അഭിപ്രായമനുസരിച്ചു വാദിക്കുന്നതിനു ഈ സഭ തയാറായിരിക്കുന്നപക്ഷം നാം ആ സംഗതിയിൽ എന്തു ചെയ്യണമെന്നുള്ളതിനെപ്പററി ഒരു തീരുമാനത്തിനു വരുന്നതിനു നമുക്കു വലുതായ വിഷമം ഉണ്ടാകുവാൻ ഇടയില്ല.

മി. കയ്യാലംപരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഈ ബില്ലിനെ ഞാൻെറ അധികാരത്തിൽവെച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗമെമ്പറിൻെറ നിലയിൽ ഈ വിഷയത്തെസംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു അവരുടെ സ്വന്തമായ അഭിപ്രായങ്ങൾ ഒന്നുമില്ലെന്നു ഞാൻ ഈ സഭയെ ധരിപ്പിച്ചുകൊള്ളുന്നു. ഗവണ്മെൻറ പൊതുവായതുകൊണ്ടു ഞാൻ ഭേദഗതിയെ ഈ സഭയുടെ വോട്ടിനായി വിടുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഗവമെമ്പരുടെഅടുക്കൽനിന്നു അദ്ദേഹത്തിൻെറസ്വന്തംഅഭിപ്രായം എനിക്കറിഞ്ഞാൽകൊള്ളാം?

മി. കയ്യാലംപരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ഇപ്പോൾകൊണ്ടുവന്നിട്ടുള്ള ഭേദഗതിക്കു അനുകൂലമായിട്ടാണ.

മി. എസ്. സുബ്രഹ്മണ്യപിള്ള (തിരഞ്ഞെടുക്കപ്പെട്ട മെമ്പർ): സർ,

ഡി. പ്രസിഡൻറ: നിങ്ങൾ ഇതിനുമുമ്പുതന്നെ സംസാരിച്ചുകഴിഞ്ഞു; അതിനാൽ നിങ്ങൾക്കു വീണ്ടും സംസാരിക്കുന്നതിനു അവകാശമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പറന്മാർ പറഞ്ഞതിനെയെല്ലാം ഞാൻ ശരിയായവിധത്തിൽ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ നാഞ്ചിനാട്ടുവെള്ളാളന്മാർ മക്കത്തായരീതിയിലുള്ള പിന്തുടർച്ചാവകാശക്രമക്കാരാണെ ധരിക്കപ്പെട്ടുവരുന്നതെന്നു ഒരുവിധമായ തെററിദ്ധാരണയുണ്ടെന്നു തോന്നുന്നു. ബില്ലിൻെറ പൊതുതത്വങ്ങളെപ്പററി കഴിഞ്ഞ നിയമസഭയിൽ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുമ്പോൾ മി. റ്റി. എം. ചിദംബരനാഥൻപിള്ള പറഞ്ഞതിനെ സൂചിപ്പിച്ചുകൊണ്ടു ഞാൻ ആ പറഞ്ഞതിനെ എടുക്കുന്നു.

"நாஞ்சிநாட்டு வெள்ளாளராகிய எங்களுடைய ஆசாரங்களெல்லாம் மக்கவழி ஆசாரங்கள்".

അതിന്റെ കാര്യത്തിൽനിന്നുതന്നെ അവരുടെ പിന്തുടർച്ചാവകാശക്രമം മക്കത്തായമാണെന്നുള്ള സംഗതിക്കു യാതൊരു സംശയവുമില്ല. സഭയുടെ ഈ വശത്തുള്ള മെമ്പറന്മാരിൽ ചിലർ തൻകുടമയേയും ഉകന്തുടമയേയും പററി തെററിദ്ധരിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടു എനിക്കു വളരെ മനസ്താപമുണ്ടു. ഉകന്തുടമയെ സംബന്ധിച്ചിടത്തോളം ഒരു തറവാട്ടിൽ ജനിച്ചവർക്കു ആ തറവാട്ടിലെ സ്വത്തിനു എത്രമാത്രം അവകാശമുണ്ടോ അതുപോലെയുള്ള ഒരു സ്ഥിരാവകാശമാകുന്നു ഉകന്തുടമ. ഒരു തറവാട്ടംഗത്തിനെന്നപോലെ തന്നെ ഓരോ മെമ്പർക്കും അതിനു ഒരു സ്ഥിരമായ അവകാശമുണ്ടു. അങ്ങനെയിരിക്കെ മേലഗതിയിലുള്ള ആ നിബന്ധന ഈ പ്രത്യേകസമുദായത്തെ കുറെ അധികം ദുഷ്ടിപ്പെടുത്തും.

ഡിപ്യൂട്ടിപ്രസിഡന്റ്: വിഷയമെന്തെന്നാൽ ബില്ലിലെ ൧൧-ാമത്തെ നിബന്ധനപ്രകാരം താഴെയുള്ള നിബന്ധനയെ ചേർക്കണമെന്നാകുന്നു.

"(എ) സ്വത്തുക്കളിൽ ഒന്നാംപകുതിയെ ഭാഗംചെയ്യുന്നസമയം ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾക്കും ആളോഹരിയായി വീതിക്കുകയും,

(ബി) മറേറപ്പകുതിയെ തറവാട്ടിൽ മൂത്തസ്ത്രീയുടേയും അവളുടെ സഹോദരികളുടേയും അപ്പോൾ ജീവിച്ചിരിക്കുന്ന ആൺകുട്ടികൾക്കും ഓരോ പെൺകുട്ടികളുടേയും താവഴിക്കാരെ അവർ ജീവിച്ചിരുന്നാൽ അവർക്കു കിട്ടുന്നഭാഗത്തിനു സമമായ ഒരു ഓഹരിക്കു അവകാശമുള്ളവരായി കരുതി അവർക്കുമായി വീതിക്കുകയും ചെയ്യുന്നതെങ്കിൽ,

ഒരു തറവാട്ടിലെ ഓരോ അംഗത്തിനും ഭാഗം ചെയ്യുമ്പോൾ തറവാട്ടുസ്വത്തിൽ അവന്റെയോ അവളുടേയോ ഭാഗത്തിനു കിട്ടുന്ന ഓഹരിക്കു അവകാശമുള്ളതായി തീരുന്നതാണ്.

തറവാട്ടിലെ എല്ലാ അംഗങ്ങളുടേയും മാതാവായ സ്ത്രീയുടെ പെൺമക്കളിൽ ഏതെങ്കിലുമൊന്നു മരിച്ചുപോയാൽ അങ്ങനെയുള്ള മകളുടെ താവഴിക്കാർ ഭാഗസമയത്തു ആ മകൾ ജീവിച്ചിരുന്നാൽ അവൾക്കു എത്ര കിട്ടുമോ അത്രയും എടുത്തുകൊള്ളാവുന്നതാണ്".

കൂടാതെ ഭാഗസമയത്തു എല്ലാവരുടേയും മാതാവായ ആ സ്ത്രീ ജീവിച്ചിരിക്കുന്നപക്ഷം അവൾക്കു അവളുടെ ഒരുകുട്ടിക്കു കിട്ടുന്നതിനു സമമായ ഒരുഭാഗത്തിനു അവകാശമുള്ളതാണ്.

ഉദാഹരണങ്ങൾ.



മേൽ കാണിച്ചിരിക്കുന്ന പട്ടികപ്രകാരമുള്ള ഒരു കുടുംബത്തിലെ സ്വത്തു രൂപ ൫൦൦൦൦-ം ആണെങ്കിൽ ഒന്നാംപകുതി അതായതു ൨൫൦൦൦-ം രൂപ ബി, സി, ഡി, ഇ, എഫ് എന്നിവരുടെ ഇടയിൽ ഓരോരുത്തർക്കും ൫൦൦൦-ം രൂപ ലഭിക്കത്തക്കവണ്ണം സമമായി ഭാഗിക്കുന്നതാണ്. മറേറപ്പകുതിയെ ഓരോരുത്തർക്കും ൨൫൦൦-ം രൂപ ലഭിക്കത്തക്കവണ്ണം 'പി' വരെയുള്ളവരുടെ ഇടയിൽ ൧൦ സമഭാഗങ്ങളായി വിഭാഗിക്കുന്നതാണ്. അപ്രകാരം 'ബി' 'സി' 'ഡി' എന്നിവർക്കു ൭൫൦൦ രൂപവീതം കിട്ടുന്നതാണ്. നാലാമത്തെ ഓഹരിയായ ൨൫൦൦ രൂപയെ 'ഇ'-യും 'ജി'-യും തമ്മിൽ സമമായി വിഭജിക്കുകയും അങ്ങനെ അവർക്കു ഓരോന്നിനു ൧൨൫൦ രൂപവീതം കിട്ടുകയും അതോടുകൂടെ ആളോഹരിവീതംവയ്ക്കുമ്പോൾ കിട്ടുന്നതായ ൫൦൦൦ രൂപയും കിട്ടുകയും അപ്രകാരം ആകെ ൬൨൫൦ രൂപ ഓരോരുത്തർക്കും കിട്ടുകയും ചെയ്യുന്നതാണ്. 'എഫ്'നും "കെ"ക്കും ൨൫൦൦ രൂപയുടെ മൂന്നിൽ ഒരുഭാഗം അല്ലെങ്കിൽ ൮൩൩ രൂപ കിട്ടുകയും അതിന്റെകൂടെ ആളോഹരിവീതംവയ്ക്കുമ്പോൾ കിട്ടുന്നതായ ൫൦൦൦-ം രൂപയും കിട്ടുകയും അപ്രകാരം ആകെ ൫൮൩൩ രൂപ ഓരോരുത്തർക്കും കിട്ടുകയും ചെയ്യുന്നതാണ്. "എച്ച്"-നും "കെ"-ക്കും ൧൨൫൦ രൂപയുടെ മൂന്നിലൊരു ഭാഗം അല്ലെങ്കിൽ ൪൧൬ കിട്ടുകയും അതിന്റെകൂടി ആളോഹരിവീതംവയ്ക്കുമ്പോൾ കിട്ടുന്നതായ ൫൦൦൦-ം രൂപയും അങ്ങനെ ആകെ ൫൪൧൬ രൂപയും കിട്ടുകയും ചെയ്യുന്നതാണ്. "എച്ച്" "എൽ" "എം" "എൻ" "പി" എന്നിവർക്കു ഓരോരുത്തർക്കും ൪൧൬ രൂപയുടെ അഞ്ചിലൊരുഭാഗം അതായതു ൮൩ രൂപ ലഭിക്കുകയും അതിന്റെകൂടി ആളോഹരിവയ്ക്കുമ്പോൾ കിട്ടുന്നതായ ൫൦൦൦-ം രൂപയും അങ്ങനെ ഓരോരുത്തർക്കും ൫൦൮൩ രൂപവീതം കിട്ടുകയും ചെയ്യുന്നതാണ്

(ബി) 'എ' ഉദാഹരണത്തിൽ (എ) എന്ന ആളുകൂടി ജീവിച്ചിരിക്കുകയാണെങ്കിൽ സ്വത്തുക്കളുടെ ഒന്നാംപകുതിയെ ൬-ായി ഓരോരുത്തർക്കും ൪൦൦൦ രൂപവീതം കിട്ടത്തക്കവണ്ണം വിഭജിക്കുകയും ശേഷമുള്ളപകുതിയെ ൧൧ ഭാഗങ്ങളായി വിഭജിക്കുകയും ചെയ്യുന്നതാണ്. അപ്രകാരം "എ" എന്നയാൾക്കു ൪൦൦൦ രൂപയുംകൂടി ൨൫൦൦൦ രൂപയുടെ പതിമൂന്നിൽ ഒരുഭാഗവും ലഭിക്കുന്നതാണ്.

(സി) 'എ' ഉദാഹരണത്തിൽ 'എ' യും 'സി' യും മരിച്ചുപോയിട്ടുള്ളപക്ഷം ൧൨൦൦൦ രൂപയെ നാലുഭാഗമായി ഭാഗിക്കുകയും മറ്റെ ൧൨൦൦൦ രൂപയെ പതിനൊന്നുഭാഗമായി ഭാഗിക്കുകയും ചെയ്യുന്നതാണ്. അതായതു "ബി" "ഡി" എന്നിവരോരുത്തർക്കും ൩൦൦൦ രൂപയുംകൂടി ൧൨൦൦൦ രൂപയുടെ പതിനൊന്നിൽ ഒരുഭാഗവും കിട്ടുന്നതാണ്.

(ഡി) 'എ' ഉദാഹരണത്തിൽ എഫ് മരിച്ചുപോയിട്ടുള്ളപക്ഷം "കെ" ക്കു ൨൪൦൦ രൂപയുടെ ഒന്നരപങ്കുംകൂടി ൧൨൦൦൦ രൂപയുടെ പതിനൊന്നിൽ ഒരുഭാഗവും കിട്ടുന്നതാണ്.

പ്രമേയത്തെ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ ഒരുപോൾ ആവശ്യപ്പെടുന്നു.

താഴെവരുന്ന ഫലത്തോടുകൂടി ഒരു പോൾ എടുക്കപ്പെട്ടു.

അനുകൂലകക്ഷി, ൨൯.

൧.	മിസ്റ്റർ	ഐ. സി. ചാക്കോ	൧൬.	മിസ്റ്റർ	എം. എൻ. പിള്ള
൨.	,,	ആർ. ധനക്കോടിപ്പിള്ള	൧൭.	,,	എ. ജെ. ജോൺ
൩.	,,	എൻ. വി. ജോസഫ്.	൧൮.	,,	ആർ. പത്മനാഭൻ
൪.	,,	എസ്സ്. ജ്ഞാനജോഷ്വാ	൧൯.	,,	ജി. പരമേശ്വരൻപിള്ള
൫.	,,	സി. കേരളവർമ്മകോയിത്തമ്പുരാൻ	൨൦.	,,	എസ്. പിറവിപ്പെരുമാൾപിള്ള
൬.	,,	സി. വി. കൊച്ചുകുഞ്ഞുപിള്ള	൨൧.	മിസ്സസ്	എം. പുന്നൻ ലൂക്കോസ്
൭.	,,	എൻ. കുമാരൻ	൨൨.	മിസ്റ്റർ	റ്റി. പി. രാമസുബ്ബയ്യർ
൮.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൩.	റാവുബഹദൂർ	കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൯.	,,	എസ്സ്. ജി. ഫെർണ്ണാണ്ടസ്	൨൪.	മിസ്റ്റർ	എം. ശിവതാണുപിള്ള
൧൦.	,,	കെ. മാധവൻപിള്ള	൨൫.	,,	എസ്. സുബ്രഹ്മണ്യകരയാളർ
൧൧.	,,	കെ. സി. മാമ്മൻമാപ്പിള	൨൬.	,,	എം. സുബ്രഹ്മണ്യപിള്ള
൧൨.	,,	റ്റി. ജെ. മാത്തു	൨൭.	,,	സി. പി. തരകൻ
൧൩.	,,	കെ. നാരായണൻപണ്ടാല	൨൮.	,,	എ. ജെ. വാൻറസ്സ്
൧൪.	,,	കെ. വി. വെങ്കടേശ്വർ	൨൯.	,,	എം. വേലുപ്പിള്ള
൧൫.	,,	എൻ. നീലകണ്ഠപിള്ള			

പ്രതികൂലകക്ഷി. ൯.

൧.	മിസ്റ്റർ	എ. കെ. പിള്ള	൬.	മിസ്റ്റർ	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൨.	,,	റ്റി. കുമാരപിള്ള			
൩.	,,	കല്ലൂർ നാരായണപിള്ള	൭.	,,	ജി. രാമൻമേനവൻ
൪.	,,	ജി. നാരായണപിള്ള	൮.	,,	കെ. ശിവരാമപ്പണിക്കർ
൫.	,,	കെ. പി. നീലകണ്ഠപിള്ള	൯.	,,	എസ്സ്. സുബ്രഹ്മണ്യപിള്ള

൨൯-പേർ അനുകൂലമായും ൯-പേർ പ്രതികൂലമായും വോട്ടുചെയ്തു, പ്രമേയം പാസ്സായതായി പറയപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡൻറ്: ൩൧-മത്തെ നിബന്ധന അതിൻെറ ഭേദപ്പെടുത്തിയ സ്ഥിതിയിൽ ഈ ബില്ലിൻെറ ഒരുഭാഗമായി തീരുന്നു എന്നുള്ളതാകുന്നു ഇവിടത്തെ വിഷയം. ഈ പ്രമേയത്തെ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

൩൧-ാംഖണ്ഡം, അതിൻെറ ഭേദപ്പെടുത്തപ്പെട്ടസ്ഥിതിയിൽ ബില്ലിനോടുചേർക്കപ്പെട്ടു.

ഖണ്ഡം ൩൨.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): താഴെ ചേർക്കുന്ന ഭേദഗതിയെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു:—

൩൨-ാമത്തെ ഖണ്ഡത്തെ വിട്ടുകളയണം.

ഈ ഖണ്ഡം തറവാട്ടിലെ കാരണവനു കൂടുതലായ ഒരു ഓഹരികിട്ടത്തക്കവണ്ണം വ്യവസ്ഥചെയ്യുന്നു. പൊതുജനങ്ങൾ എൻക്വയറികമ്മിററിയോടു അപേക്ഷിച്ചതു ആസ്പദമാക്കിയാണ് അവർ ഇതിനെ ശുപാർശ ചെയ്തതു. നായർറഗുലേഷനിൽ ഇതേമാതിരിയുള്ള ഒരു ഏർപ്പാടിനെ അനുസരിച്ചാകുന്നു അതു ചെയ്യപ്പെട്ടിട്ടുള്ളതു. ഈ സഭ അംഗീകരിച്ചിട്ടുള്ളതായ മുൻപിലത്തെ ഭേദഗതിപ്രകാരം തറവാട്ടുസ്വത്തിനെ സമമായിഭാഗിക്കപ്പെടുന്നു. അതുകൊണ്ടു ബില്ലിലെ ൩൨-ാമത്തെഖണ്ഡത്തെ വിട്ടുകളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എം. വേലുപ്പിള്ള (സംയുക്തമെമ്പർ): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: വിഷയമെന്തെന്നാൽ ബില്ലിലെ ൩൨-മത്തെ ഖണ്ഡത്തെ വിട്ടുകളയണം എന്നുള്ളതാകുന്നു.

പ്രമേയത്തെ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

അതിനാൽ ൩൨-മതു ഖണ്ഡത്തെ ബില്ലിൽനിന്നും എടുത്തുകളഞ്ഞു.

൩൩-ാമത്തെ ഖണ്ഡം.

മി. എം. ശിവതാണുപിള്ള (തോവാള): താഴെ പറയുന്നതിനെ ൩൩-ാമത്തെ ഖണ്ഡമായിചേർത്തുകൊള്ളണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു:—

"ഈ റഗുലേഷനു മുൻപായാലും പിൻപായാലും പിതാവിൽനിന്നോ അല്ലെങ്കിൽ ഭർത്താവിൽനിന്നോ ഇഷ്ടദാനമായിട്ടോ അല്ലെങ്കിൽ മരണപത്രികപ്രകാരമോ കിട്ടിയിട്ടുള്ളസ്വത്തുക്കളെ ഈ അദ്ധ്യായത്തിലെ ആവശ്യ

ങ്ങൾക്കായിട്ട നേരെവിരുദ്ധമായ തെളിവിന്റെ അഭാവത്തിൽ ആ ഇഷ്ടദാനംവാങ്ങുന്ന ആളുകളുടേയും അല്ലെങ്കിൽ മരണപത്രപ്രകാരംവാങ്ങുന്നആളുകളുടേയുംഅവരുടെ താവഴിയുടേയും തറവാട്ടുസ്വത്തായിവിചാരിക്കണം.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): ഞാൻ അതിനെ അനുകൂലിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: താഴെപറയുന്നതിനെ ൧൧-ാമത്തെ ഖണ്ഡമായി ചേർക്കണമെന്നുള്ളതാണ് വിഷയം.

"ഈ റഗുലേഷനു മുമ്പായാലും പിമ്പായാലും പിതാവിൽനിന്നോ അല്ലെങ്കിൽ മാതാവിൽനിന്നോ ഇഷ്ടദാനമായിട്ടോ മരണപത്രികപ്രകാരമോ കിട്ടിയിട്ടുള്ള സ്വത്തുക്കളെ ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി വേറെ വിരുദ്ധമായ തെളിവിന്റെ അഭാവത്തിൽ ആ ഇഷ്ടദാനംവാങ്ങുന്ന ആളുകളുടേയും അല്ലെങ്കിൽ മരണശാസനപ്രകാരം വാങ്ങുന്നആളുകളുടേയും അവരുടെ താവഴിയുടേയും തറവാട്ടുസ്വത്തായി വിചാരിക്കണം."

പ്രമേയം വോട്ടിനിടുകയും പാസ്സാകുകയും ചെയ്തു.

അതിൽപിന്നെ പുതിയ ൧൧-ാംഖണ്ഡം ബില്ലിൽചേർക്കപ്പെട്ടു.

ഖണ്ഡം ൨.

മി. എം. ശിവതാണുപിള്ള (തോവാള): താഴെ പറയുന്ന ഭേദഗതിയെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു:—

"താഴെയുള്ള നിർവചനങ്ങളെ ചേർക്കണം

൧. ഒരു സ്ത്രീയുടെ താവഴിഎന്നാൽ ആ സ്ത്രീയും ആ പെൺവഴിയിൽ എത്രതന്നെ താഴ്ന്നനിലയിലുള്ളവരായാലും അവളുടെ സന്താനങ്ങളും അല്ലെങ്കിൽ ആ കൂട്ടത്തിൽ ജീവിച്ചിരിക്കുന്നവരും കൂടി ചേർന്നതാകുന്നു.'

൨. ഒരു പുരുഷന്റെ താവഴി എന്നാൽ അയാളുടെ അമ്മയുടെ താവഴിയാകുന്നു.

മി. എം. സുബ്രഹ്മണ്യ പിള്ള (അഗസ്തീശ്വരം): ഞാൻ അതിനെ അനുകൂലിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: "താഴെയുള്ള നിർവചനങ്ങളെ ൨-ാമത്തെ ഖണ്ഡത്തിന്റെ ഒടുവിൽ ചേർക്കണം" എന്നുള്ളതാണ് വിഷയം.

൧. "ഒരു സ്ത്രീയുടെ താവഴിയെന്നാൽ" ആ സ്ത്രീയും ആ പെൺവഴിയിൽ എത്രതന്നെ താഴ്ന്നനിലയിലായാലും അവളുടെ സന്താനവും അല്ലെങ്കിൽ ആ കൂട്ടത്തിൽ ജീവിച്ചിരിക്കുന്നവരുംകൂടി ചേർന്നതാകുന്നു".

൨. "ഒരു പുരുഷന്റെ താവഴിഎന്നാൽ അയാളുടെ അമ്മയുടെ താവഴിയാകുന്നു.

പ്രമേയം വോട്ടിനിടപ്പെടുകയും പാസ്സാക്കപ്പെടുകയുംചെയ്തു. രണ്ടാമത്തെഖണ്ഡം ഭേദപ്പെടുത്തപ്പെട്ടനിലയിൽ ബില്ലിൽ ചേർക്കപ്പെട്ടു.

മി. കല്യാണം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): സർ, ഈ ബില്ലിനെ ഈ കൌൺസിലിൽ ഇനിയൊരിക്കൽ അതിനെപ്പറ്റി നോട്ടീസുകൊടുക്കുന്നതാണ്, വിവരിച്ച് വായിച്ചു പറയണംഎന്നു ഞാൻ പ്രമേയത്തെ ഹാജരാക്കിക്കൊള്ളുന്നു.

മി. എൻ. നീലകണ്ഠപിള്ള (മറുജോലിയിൽ ഇരിക്കും ഗവണ്മെന്റ്സിക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

പിറ്റെദിവസം കാലത്തു ൧൧-മണിക്കു വീണ്ടും കൂടത്തക്കവണ്ണം കൌൺസിൽ വൈകുന്നേരം ൫-൨൫-ന് പിരിഞ്ഞു.

റി. പി. രാമസുബ്ബയ്യർ,
നിയമസഭാസിക്രട്ടറി.

(A true Translation.) T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാം കൌൺസിൽ.

ഒന്നാം യോഗം ൧൧൨൧.

൧൯൪൫ നവംബർ ൨൩-ാം വെള്ളിയാഴ്ച.

ആഫിഷ്യൽ റിപ്പോർട്ടു.

സഭ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ ൧൧-൩൦ മണിക്കു വീണ്ടുംകൂടി. പ്രസിഡെൻറ അഗ്രാസനാധിപത്യംവഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാൻഡിംഗ് ഓർഡർ നമ്പർ ൧൨ പ്രകാരം പ്രെസിഡൻറ പാസ്സാക്കിയ ഉത്തരവു്.

(൧) സഭയുടെ ഓരോ യോഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കുകൊടുക്കുന്ന മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ പ്രസിഡൻറ ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനു മുമ്പായി മേശപ്പുറത്തുവച്ചിരിക്കണം.

(൨) ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിരിക്കുന്നപ്രകാരം ആയിരിക്കണം:—

ഓരോ പ്രശ്നകർത്താവിൻേറയും പേരു നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കും. അദ്ദേഹത്തിൻെറ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കയും ചെയ്തിട്ടു അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം തൻെറസ്ഥാനത്തു എഴുന്നേററുനില്ക്കാൻ അല്പസമയം കൊടുക്കണം. പ്രധാനചോദ്യങ്ങളെത്തുടർന്നുതന്നെ അവയെ സംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.]

ഇടവകനിലങ്ങൾക്കു കരംചുമത്തുന്നരീതി.

൭൩. മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(൧) തോട്ടങ്ങൾക്കു ഗവൺമെൻറ കരംചുമത്തുന്നരീതി.

(൨) തോട്ടത്തിൻെറ ആകെ ആദായമാണോ കരംചുമത്താവുന്ന വൃക്ഷങ്ങളുടെ എണ്ണവും തരവും ജാതിയുമോ കണക്കാക്കുന്നതു.

(൩) ഗവൺമെൻറ ഭൂമികൾക്കു സ്വീകരിച്ചിട്ടുള്ളരീതിതന്നെയാണോ ഈയിടെ എടുപ്പുള്ള ഇടവകഭൂമികളുടെ കണ്ടെഴുത്തിനും സ്വീകരിച്ചതു.

(൪) മററു ഇടവകകളിലെ പതിവും ഇതുതന്നെയാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (൧)-ം (൨)-ം ൧൯൨൩ ഫെബ്രുവരി ൨൭-ാംനു പരിഷ്കരിച്ച പുതുവൽചട്ടങ്ങളിൽ ൪൦-ാം ചട്ടം മെമ്പർ വായിച്ചുനോക്കണം.

(൩) അതേ.

(൪) അതേ. ഗവൺമെൻറ കണ്ടെഴുത്തുനടത്തിയ വേറെചില ഇടവകകളുടെ കാര്യത്തിലും അങ്ങനെതന്നെ ആയിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ൪-ാംഭാഗത്തിൻെറ മറുപടിയിൽ ഗവൺമെൻറ കണ്ടെഴുത്തുനടത്തിയ ചില ഇടവകകളുടെ കാര്യത്തിൽ അതേരീതിതന്നെ സ്വീകരിച്ചുഎന്നു പറഞ്ഞു. ഗവൺമെൻറ കണ്ടെഴുത്തു നടത്തീട്ടില്ലാത്ത ഇടവകകളുടെ കാര്യത്തിൽ രീതി എന്താണെന്നു ഗവൺമെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അവിടത്തെരീതി മററു ഇടവകകളിലെപോലെഅല്ല. പാട്ടക്കണക്കും മററും സർക്കാർ നിശ്ചയിച്ചപ്രകാരമല്ല. അവയുടെ കാര്യത്തിൽ കണക്കുകളെല്ലാന്നുമില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): എൻെറ ചോദ്യം പാട്ടക്കണക്കുവെക്കുന്നതിനെപ്പററിയല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): പിന്നെ മെമ്പർ എന്തിനെപ്പററിയാണു ചോദിക്കുന്നതു?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): കരംചുമത്തുന്ന രീതിയെപ്പററി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): വഞ്ചിപ്പുഴ ഇടവകയുടെ കാര്യത്തിൽ കണ്ടെഴുത്തു നടന്നിട്ടേയില്ല. ജന്മിയും കുടിയാന്മാരും തമ്മിലുള്ള ഉടമ്പടിപ്രകാരമാണ് കരം ചുമത്തുന്നതു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): കുടിയാന്മാരും ജന്മിയും തമ്മിലുള്ള ഉടമ്പടിയെ സംബന്ധിച്ചല്ല എൻെറ ചോദ്യം. ആവക ഇടവകകളിൽ കരംചുമത്തുന്ന രീതി എന്താണെന്നാണു എനിക്കു അറിയേണ്ടതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതു ജന്മിയും കുടിയാന്മാരും തീർച്ചയാക്കുന്ന പ്രകാരമാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): നിശ്ചിതരീതിയൊന്നുമില്ലെന്നാണോ ഗവൺമെൻറ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഗവൺമെൻറ അക്കാര്യത്തിൽ ഇടപെടാറില്ല. ഗവൺമെൻറ ഇടപെടാതിരിക്കെ ഒരു നിശ്ചിതരീതി ഉണ്ടാകുന്നതെങ്ങിനെ?

കരം നിശ്ചയിക്കുന്നതും കുടിയാന്മാരുടെ അവകാശങ്ങൾ തിട്ടപ്പെടുത്തുന്നതും ജന്മിയുടെയും കുടിയാന്മാരുടെയും ഇഷ്ടപ്രകാരമെയാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ജന്മിയും കുടിയാന്മാരും തമ്മിലുള്ള ഏർപ്പാട് എന്താണെന്നാണ് എൻറെ ചോദ്യം

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഓരോ കുടിയാൻെറകാര്യത്തിലും ഭേദപ്പെട്ടിരിക്കാം. അതു ജന്മിയും കുടിയാന്മാരും തമ്മിലുള്ള ഉടമ്പടിയെ ആശ്രയിച്ചിരിക്കും. ഓരോ ഇടവകയിലും വെവ്വേറെയായിരിക്കാം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഇതു മെമ്പറിൻെറ ഊഹമാണോ ഗവണ്മെൻറിൽനിന്നു വിവരംവരുത്തി പറയുന്നതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): വിവരം പ്രത്യേകമായിവരുത്തണമെന്നു മെമ്പർ ആവശ്യപ്പെട്ടില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഓരോ കുടിയാൻെറയും ജന്മിയുടെയും കാര്യത്തിൽ പതിവു ഭേദപ്പെട്ടിരിക്കും എന്നു മെമ്പർ ഇപ്പോൾ പ്രസ്താവിച്ചുവല്ലോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഉണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മറുപടിയുടെ ആരോഗ്യഭാഗമാണോ ഗവണ്മെൻറു വരുത്തിയ വിവരത്തെ അടിസ്ഥാനപ്പെടുത്തിയാണോ എന്നായിരുന്നു എൻറെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഗവണ്മെൻറിനു ഇപ്പോഴുള്ള വിവരത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഈ ചോദ്യംസംബന്ധിച്ചു പ്രത്യേകമായി ഒരു വിവരവും വരുത്തീട്ടില്ല.

തിരുവിതാംകൂറും ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനവും.

൧൯. മി. എ. ജെ. ജോൺ (വൈക്കം): (൧) ൧൧൨൫ മേയി ൧-ാം-നുത്തെ ഗവണ്മെൻറ് ഗസററിൽ പ്രസിദ്ധപ്പെടുത്തിയ സാമ്രാജ്യപ്രദർശനത്തിൽ തിരുവിതാംകൂർ ഖണ്ഡത്തിൻെറ റിപ്പോർട്ടിനെസംബന്ധിച്ചു ഈ സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) "ലേസും ചിത്രത്തയ്യലും" എന്നതിനെപ്പററി റിപ്പോർട്ടിൻെറ ൧൫-ാംപുറത്തുള്ള ഖണ്ഡികയിൽ പറയുന്ന നോട്ടിങ്ങ്ഹാംകമ്പനിയുടെ മേൽവിലാസം.

(ബി) മൊത്തവിലയ്ക്കു മേന്മയുള്ള ലേസുകൾ അയച്ചുതരാമെന്നു ഏററിട്ടുള്ളതായി ആ ഖണ്ഡികയിൽതന്നെ പറയുന്ന വേറൊരു കമ്പനിയുടെ മേൽവിലാസം.

(സി) ലേസ് കച്ചവടക്കാർക്കു ആവശ്യമുള്ള വിവരങ്ങളും സഹായങ്ങളും കൊടുക്കുന്നതിനെപ്പററി ഡോക്ടർ കുഞ്ഞൻപിള്ള അവരോടു കത്തെഴുത്തുകൾ ചെയ്തുവരുന്നുണ്ടോ.

(ഡി) വെംബ്ളിപ്രദർശനത്തിൽ ചെലവാകാത്ത സാമാനങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടിവന്ന ചെലവുഎത്ര?

(ഇ) വെംബ്ളിയിൽ തിരുവിതാംകൂർ ഖണ്ഡത്തെസംബന്ധിച്ചു പ്രത്യേക ആളുകളെ നിയമിച്ചിരുന്നുവോ? അവരുടെ ശമ്പളവും ജോലിയും എന്തായിരുന്നു?

(൨) (എ) സാമ്രാജ്യപ്രദർശനത്തിനു അയച്ചിരുന്നപ്രത്യേകഉദ്യോഗസ്ഥൻ മടങ്ങിവരുന്നവഴി ഇററലിയിൽ ഇറങ്ങിയെന്നു പറയുന്നതു വാസ്തവമോ?

(ബി) അദ്ദേഹം അവിടെ എത്രനാൾ താമസിച്ചു?

(സി) അതുനിമിത്തം ഗവണ്മെൻറിനുണ്ടായ ചെലവു എന്തു?

(൩) (എ) തിരുവിതാംകൂർ ഖണ്ഡത്തിലെ ഏർപ്പാടുകളുടെയും തിരുവിതാംകൂർ പവിലിയൻ (പ്രദർശനമുറി) ഉണ്ടാക്കിയതിൻെറയും ഭാരവാഹി ആരായിരുന്നു?

(ബി) ഈ ജോലിക്കു ഒരു കമ്പനിയെ നിയമിച്ചിരുന്നുവോ?

(സി) ആ ജോലിക്കു ആ കമ്പനിക്കു എന്തുകൊടുത്തു?

(൪) (എ) വെംബ്ളിയിൽ അയച്ച സ്പെഷ്യൽഉദ്യോഗസ്ഥൻ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുവാൻ ഗവർണ്മെൻറ അനുവദിച്ചിരുന്നുവോ?

(ബി) ആ ലഘുലേഖ എത്ര പ്രതികൾ അടിച്ചു? ചെലവെന്തു?

(സി) ലഘുലേഖയുടെ ഒരു പ്രതി ഗവർണ്മെൻറ ദയവായി മേശപ്പുറത്തു വെയ്ക്കുമോ?

(൫) (എ) വെംബ്ളിയിൽ തിരുവിതാംകൂർഖണ്ഡത്തിൽനിന്നു മോഷ്ടിച്ചുപോയി എന്നു പറയുന്ന സാമാനങ്ങൾ എന്തെല്ലാമായിരുന്നു?

(ബി) മോഷണംപോയ സാമാനങ്ങളുടെ വിലഎന്തു?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): (൧) (എ) ഡബ്ലിയു. ആർ. കെലവെറി ആൻഡ് സൺസ്, കമ്മർഷ്യൽ ബിൽഡിംഗ്സ്, സെൻറ മേരിസ് ഗേററ, നോട്ടിങ്ങ്ഹാം.

(ബി) സാമുവൽ വെസ്റ്റൺ ൧൭, ജോർജ്സ്ട്രീററ്, നോട്ടിങ്ങ്ഹാം.

(സി) ഡോക്ടർ കുഞ്ഞൻപിള്ള ഇപ്പോൾ അവരുമായി കത്തെഴുത്തുകൾ ഒന്നും നടത്തുന്നില്ല

(ഡി) വെംബ്ളിയിൽനിന്നു കൊച്ചിവരെ കൂലിയും പാക്കിങ്ങും പവൻ ൧൭-൫-൧൦

കൊച്ചിയിൽനിന്നും തിരുവനന്തപുരം കരക്കൊണ്ടുവരാനുള്ള കൂലി ബ്രി. രൂപ ൩൪-൧൪-൧൦

(ഇ) ഉണ്ട്. ആകെ നാലു പുരുഷന്മാരും രണ്ടു സ്ത്രീകളും ഉണ്ടായിരുന്നു. പിന്നീടു ഒരു സ്ത്രീയെ പിരിച്ചയച്ചു. ശേഷം അഞ്ചുപേരുടെയും ശമ്പളവും ജോലിയും താഴെ വിവരിക്കുന്നപ്രകാരമായിരുന്നു.

(i) ഒരാൾക്കു ആഴ്ചക്കു ൪ പവൻ. ഫെബ്രുവരി ൧൫-ാം-നു മുതൽ ൫ പവനായി വർദ്ധിപ്പിച്ചു.

(ii) ഒരു ആൾക്കു ആഴ്ചതോറും ൪ പവൻ. ഇവർ തവണവെച്ചു പ്രദർശനസ്ഥലത്തു ഹാജരായി സാമാനങ്ങൾ വിവരിച്ചു പറഞ്ഞുകേൾപ്പിക്കയും വില്പനനടത്തുകയും ചെയ്തു.

(iii) ഒരാറാക്ക ആളുക്ക പവൻ ൨-൧൦-൦ പ്രകാരം കൊടുത്തു. ൧൯൨൪ സെപ്റ്റംബർ ൧൪-നു മുതൽ ൩ പവനാക്കി. ഇയാളുടെ ജോലി സാമാനങ്ങൾ ഇളക്കി കെട്ടി മിനുസപ്പെടുത്തിവെയ്ക്കയും എല്ലാം ശുചിയായിവെയ്ക്കയും ആയിരുന്നു.

(iv) ഒരാറാക്ക ആളുക്കാരും പവൻ ൨-൧൦-൦ ശമ്പളം. ഇയാളുടെ ജോലി വില്പനക്കാരെ സഹായിക്കയും വിററ സാമാനങ്ങൾ ബങ്കിയായി കെട്ടി തപാലാഫീസിലോ റെയിൽവേ സ്റ്റേഷനിലോ കൊണ്ടുപോക എഴുത്തുകൾ കൊണ്ടുപോക മുതലായതായിരുന്നു.

(v) ഒരു സ്ത്രീക്ക ആളുയിൽ ൨-൧൦-൦ പവൻവീതം ശമ്പളം. ൧൯൨൪ ആഗസ്റ്റ് ൧൭-നു മുതൽ തിരുവനന്തപുരത്തു മാസം ൧ പവൻവീതവും കൊടുത്തു. അവർ സ്റ്റെനോഗ്രാഫർ ആയിരുന്നു. എഴുത്തുകൾ പറഞ്ഞുകൊടുത്താൽ ചുരുക്കെഴുത്തിൽ എഴുതിഎടുത്തു ടൈപ്പ് ചെയ്കയും ആഫീസിലെ എഴുത്തുജോലി നടത്തുകയുംചെയ്തുവന്നു. സമയമുള്ളപ്പോൾ ലേസ്, ചിത്രത്തുന്നൽ മുതലായവ വിൽക്കുന്നതിനും സഹായിച്ചു.

(൫) (എ) ഉണ്ട്.

(ബി) ൧൯൨൪ ഡിസംബർ ൧-നു മുതൽ ൧൯൨൮-നു വരെ

(സി) പവൻ ൩-൧൬-൦

(൬) തിരുവിതാംകൂർ പ്രദർശനശാലയുടെ ഭാരവാഹി ഡാക്ടർ കുഞ്ഞൻപിള്ള ആയിരുന്നു.

തിരുവിതാംകൂർ പ്രദർശനശാല പണിയേല്പ് മെസ്സേഴ്സ് ഹോളണ്ട്, ഹാന്നൽ, ക്യൂബിററ്സ് ലിമിറെറഡ് ആയിരുന്നു.

(ബി) ഉണ്ട്, മെസ്സേഴ്സ് ഹോളണ്ട്, ഹാന്നൻ, ക്യൂബിററ്സ് ലിമിറെറഡ്.

(സി) ശാലയുണ്ടാക്കിയതിനും സാമാനം വെച്ചുപ്രദർശിപ്പിക്കാനുള്ള ഉപകരണങ്ങൾക്കുംകൂടി പവൻ ൮൩൩൩-൧൧-൫ ഈ കമ്പനിക്ക കൊടുത്തു.

(൭) (എ) ഉണ്ട്.

(ബി) ൧൨ വെവ്വേറെയുള്ള ലഘുലേഖകളുടെ മൂവായിരം വീതം പ്രതികളും തിരുവിതാംകൂറിനെപ്പററി ഒരു ഹാൻഡ്ബുക്കിന്റെ ൨൦൦൦ പ്രതികളുംഅച്ചടിച്ചു. ൪൫൦ പവൻ ചെലവായി.

ഓരോ ലഘുലേഖയുടേയും ഹാൻഡ്ബുക്കിന്റെയും പ്രതികൾ നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ ഉള്ളതു മെമ്പർക്ക വായിക്കാം.

(൮) (എ) (ബി)

		പവൻ	ഷി.	പെ.
(൧)	൫ പൊന്നുകെട്ടിയ കരിമ്പനഫലങ്ങളും ൩൦ പൊന്നുവക്കും ബ്രൂച്ചുകളും	൨൧	൦	൦
(൨)	ചിത്രത്തുന്നലുള്ള ടീക്ലോത്ത്	൮	൧൮	൦
(൩)	വെള്ളി മഫ്ചെയിൻ	൦	൧൩	൮
(൪)	കരടിനഖം ബ്രൂച്ച്	൨	൧൦	൦
(൫)	ഇരട്ടനഖം ഩ	൨	൧൦	൦
(൬)	ദന്തം പേപ്പർകട്ടർ	൧	൪	൦
(൭)	ഩ ഩ	൦	൧൮	൦
(൮)	ദന്തമാൻ പുറത്തു കഴുകനും	൨	൪	൦
(൯)	ദന്തംകൊണ്ടുള്ള ചെറിയ പെട്ടി	൨	൪	൦
(൧൦)	ദന്തംകൊണ്ടുള്ള വിസിറ്റിംഗ്കാർഡുപെട്ടി	൦	൧൮	൦

വൈക്കം ഡാക്ടരുടെയും നഴ്സിന്റെയും ജാതിനിബന്ധന.

൭൫. മി. എ. ജെ. ജോൺ (വൈക്കം): (എ) വൈക്കം ആസ്പത്രിയിലെ ഡാക്ടരും നഴ്സും സവർണ്ണഹിന്ദുക്കൾ ആയിരിക്കണമെന്നു വല്ല ഉത്തരവും ഉണ്ടോഎന്നു ഗവർണ്മെന്റു ദയവായി പറയുമോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ ഗവർണ്മെന്റു ദയവായി പറയുമോ?

(സി) ഩ ആസ്പത്രിയിൽ ഡാക്ടരായിട്ടോ നഴ്സായിട്ടോ എപ്പോഴെങ്കിലും അവർണ്ണഹിന്ദുവോ അഹിന്ദുവോ നിയമിക്കപ്പെട്ടിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): (എ) അങ്ങനെയൊരു കല്പനയില്ല. വൈക്കം ആസ്പത്രിയിൽ നഴ്സുംഇല്ല.

(ബി) (എ) ഭാഗം മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിഇല്ല.

(സി) ഉണ്ട്.

മി. എ. ജെ. ജോൺ (വൈക്കം): (സി) ഭാഗം മറുപടിസംബന്ധിച്ചു അങ്ങനെയുള്ള ഡാക്ടർമാരിൽ എത്രപേരെ വൈക്കത്തേക്ക നിയമിച്ചിട്ടുണ്ടെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): എണ്ണം അന്വേഷിച്ചറിഞ്ഞിട്ടില്ല.

മി. എ. ജെ. ജോൺ (വൈക്കം): വൈക്കത്തേക്ക ഏതെങ്കിലും അവർണ്ണഹിന്ദുവിനെ എപ്പോഴെങ്കിലും സ്ഥിരമായി നിയമിച്ചിട്ടുണ്ടോഎന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഇല്ല.

മി. എ. ജെ. ജോൺ (വൈക്കം): അതിനുള്ള കാരണം പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): റിക്കാർഡുകളിൽ പ്രത്യേക കാരണങ്ങൾ ഒന്നും പറഞ്ഞുകാണുന്നില്ല.

കാർഷികാധിനിവേശപദ്ധതി.

൧൬. മി. ജി. നാരായണപിള്ള (തിരുവല്ലാ): കൃഷിസംഘങ്ങൾക്കും പരസ്പരസഹായസംഘങ്ങൾക്കും പുതുവൽ പതിച്ചുകൊടുക്കുന്നതിനുണ്ടാക്കീട്ടുള്ള വ്യവസ്ഥകളെസംബന്ധിച്ചു താഴെപ്പറയുന്ന സംഗതികൾ ഗവർണ്മെന്റു ദയവായി പറയുമോ?

(എ) ആ വ്യവസ്ഥപ്രകാരം ഇതുവരെ അപേക്ഷകൾ വന്നതിന്റെയും തീർച്ച ചെയ്തതിന്റെയും എണ്ണം.

(ബി) ഇതുവരെ പതിച്ചു കൊടുത്ത ഭൂമികളുടേയും പതിച്ചു കൊടുക്കാൻ ബാക്കിയുള്ളതിന്റേയും വിസ്തീർണ്ണം.

(സി) ആ സ്ഥലങ്ങൾ ഉള്ള താലൂക്കുകളും ഓരോന്നിലേക്കും പതിച്ചുകൊടുക്കാൻ ബാക്കിയുള്ള വിസ്തീർണ്ണവും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൧൧൨൪ നവംബർ ൧൧-ാംതീയതി കാർഷികാധിനിവേശചട്ടങ്ങളിൽ ൩-ം ൭-ം ൮-ം ചട്ടങ്ങളും ൧൧൨൫ ഒക്ടോബർ ൨൭-നു-ത്തെ ഗവണ്മെന്റുഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൧൨൫ ഒക്ടോബർ ൨൦-നു-ത്തെ റവന്യൂ ൧൧൧൪൨-ാംനമ്പർ ഗവണ്മെന്റുത്തരവും മെമ്പർ വായിച്ചുനോക്കണം. അതിൽ കാർഷികാധിനിവേശചട്ടങ്ങൾപ്രകാരം പതിച്ചുകൊടുക്കാവുന്ന നിലങ്ങൾ പരിശോധിച്ചു അതിനായി പ്രത്യേകം തിരിച്ചുവയ്ക്കുന്നതിനു താലൂക്കുകൾതോറും കമ്മിററികൾ നിയമിക്കുന്നതിനുള്ള ഏർപ്പാടുകൾ ആണുള്ളതു. കമ്മിററിക്കാർ അങ്ങനെ തരംതിരിച്ചു പട്ടികകൾ ഉണ്ടാക്കി ൭-ാം ചട്ടപ്രകാരം ഗസററിൽ പ്രസിദ്ധപ്പെടുത്തി ൮-ാംചട്ടപ്രകാരം സ്ഥിരപ്പെടുത്തിയശേഷം മാത്രമേ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നജോലി ആരംഭിക്കാൻ തരമുള്ളു. അതുകൊണ്ടു മെമ്പർ ആവശ്യപ്പെടുന്നവിവരങ്ങൾ ഇപ്പോൾ തരാൻ നിവൃത്തിയില്ല.

മുനിസിപ്പൽ റഗുലേഷൻ ൫൨-ാംവകുപ്പുപ്രകാരം പ്രവർത്തിക്കുക.

൧൭. മി. ജി. നാരായണപിള്ള (തിരുവല്ലാ): മുനിസിപ്പാലിററികൾ പാസ്സാക്കുന്ന നിശ്ചയങ്ങളുടെ പകർപ്പുകൾ ഗവണ്മെന്റിലേക്കു സമയത്തിനു അയക്കാറുണ്ടോ എന്നും മുനിസിപ്പൽ റഗുലേഷൻ ൫൨-ാം വകുപ്പുപ്രകാരം അവയെ സംബന്ധിച്ചു വല്ലതും പ്രവർത്തിക്കാറുണ്ടോ എന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഗവണ്മെന്റനുവാദം വേണ്ട നിശ്ചയങ്ങളുടെ പകർപ്പുകൾ സമയത്തിനു ഗവണ്മെന്റിലേക്കു അയക്കാറുണ്ടു. മററുനിശ്ചയങ്ങളുടെ പകർപ്പുകൾ ഗവണ്മെന്റു ഗസററിൽ പ്രസിദ്ധംചെയ്യുന്നതിനുമുമ്പായി ഗവണ്മെന്റു വായിച്ചുനോക്കും. സഭകൾ പാസ്സാക്കുന്ന നിശ്ചയങ്ങളിന്മേൽ ൫൨-ാംവകുപ്പുപ്രകാരം വല്ലതും പ്രവർത്തിക്കാൻ ആവശ്യമുള്ള സംഗതികളിൽ അങ്ങനെ പ്രവർത്തിക്കാറുണ്ടു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): കഴിഞ്ഞവർഷം കോട്ടയംമുനിസിപ്പൽസഭ പാസ്സാക്കിയ നിശ്ചയങ്ങളുടെ പകർപ്പുകൾ ഗവണ്മെന്റിൽ കിട്ടീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കഴിഞ്ഞവർഷം മുഴുവനുമോ?

മി. ജി. നാരായണപിള്ള (തിരുവല്ലാ): അതേ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു കടലാസ്സുകൾനോക്കി ബോദ്ധ്യപ്പെട്ടശേഷം മറുപടി പറയേണ്ടുന്ന ഒരു ചോദ്യമാണ്. സഭ പാസ്സാക്കുന്നനിശ്ചയങ്ങൾ പാസ്സാക്കുന്നക്രമത്തിൽ പരിശോധിച്ചു ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി മുനിസിപ്പൽറഗുലേഷൻപ്രകാരം ഗവണ്മെന്റിലേക്കു അയക്കേണ്ടതാണ്. അങ്ങനെ ഗവണ്മെന്റിലേക്കു അയച്ചുവരുന്നുണ്ടെന്നു വിശ്വസിക്കുന്നു. എല്ലാം എത്തീട്ടുണ്ടോ എന്നു പരിശോധിച്ചറിയേണ്ടതാണ്.

മി. ജി. നാരായണപിള്ള (തിരുവല്ലാ): കഴിഞ്ഞവർഷം കോട്ടയം മുനിസിപ്പാലിററിയിൽനിന്നു വല്ല നിശ്ചയത്തിന്റെയും പകർപ്പു കിട്ടീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പർ ഒരു സ്പഷ്ടകാര്യം പറയുന്നതുകൊണ്ടു റിക്കാർഡുകൾ നോക്കാതെ മറുപടി പറവാൻ സാധിക്കയില്ല.

മുനിസിപ്പൽ റഗുലേഷൻ ൫൭ (എഫ്) വകുപ്പിൻപ്രകാരമുള്ള ചട്ടങ്ങൾ.

൧൮. മി. ജി. നാരായണപിള്ള (തിരുവല്ലാ): മുനിസിപ്പൽ റഗുലേഷൻ ൫൭ (എഫ്) വകുപ്പിൻപ്രകാരം വല്ല ചട്ടങ്ങളും ഉണ്ടാക്കീട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ? ഇല്ലെങ്കിൽ കാലതാമസം കൂടാതെ ചട്ടങ്ങൾ ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൧൧൨൧ മെയി ൧൭-നു-ത്തെ ഗവണ്മെന്റു ഗസററ് ൪-ാംഭാഗം ൧൨൫ മുതൽ ൧൩൩ വരെ പുറങ്ങൾ മെമ്പർ വായിച്ചുനോക്കണം.

കമ്മട്ടത്തിൽ ഒരു സ്ഥിരം സൂപ്രണ്ടിനെ നിയമനം.

൧൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മട്ടം സൂപ്രണ്ടുദ്യോഗത്തിൽ ഒരാളെ സ്ഥിരമായി നിയമിക്കുന്നതിനു കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റുഫൈനാൻഷ്യൽസെക്രട്ടറി): കമ്മട്ടം സൂപ്രണ്ട് ഉദ്യോഗം സ്ഥിരമായി ഒഴിവായിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥിരഉദ്യോഗസ്ഥൻ ആരാണെന്നും അദ്ദേഹം ഇപ്പോൾ എവിടെയാണെന്നും പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): മി. പി. വാസുദേവകുറുപ്പാണ്. അദ്ദേഹം ഇപ്പോൾ കോട്ടയം ഡിവിഷൻ ഖജനാവിൽ ജോലിയിൽ ഇരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മട്ടത്തിൽ സ്ഥിരം ഒഴിവില്ലെങ്കിൽ ഒരു സൂപ്രണ്ടിനു ൩൦൦ മുതൽ ൫൦൦ രൂപാവരെ സ്കേൽ അനുവദിച്ചു പുതുക്കിയബഡ്ജററിൽ കാണിച്ചിരിക്കുന്നതു എന്തിനാണെന്നു പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ആ ഉദ്യോഗത്തിന്റെ ശമ്പളമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴുള്ള ആൾ ആക്ടിംഗ് മാത്രമാണോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): അദ്ദേഹം ആ ഉദ്യോഗത്തിൽ സബ്സ്റ്റാന്റീവായി ഇരിക്കുന്നുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അത് സ്ഥിരപ്പെടുത്താൻ ഉള്ള ഒരു പണിയല്ല.

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): അങ്ങനെ വിചാരിക്കാൻപാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഫൈനാൻഷ്യൽ സെക്രട്ടറി അദ്ദേഹത്തെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തണമെന്നു ശിപാർശചെയ്കയോ ആലോചിക്കയോ ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): അതു പറയാൻ ഞാൻ ഒരുക്കമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥിരമായി ആളെ നിശ്ചയിക്കുന്നകാര്യം ആലോചനയിൽ വരുമ്പോൾ അദ്ദേഹത്തേക്കാൾ കൂടുതൽ സർവീസുള്ളവരുടെ കാര്യം ആലോചിക്കുമോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): കൂടുതൽ സർവീസുള്ളവർ ഉണ്ടെങ്കിൽ അവരുടെ അവകാശങ്ങളെപ്പറ്റി തീർച്ചയായും ആലോചിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂടുതൽസർവീസുള്ളവർ ഉണ്ടോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഇപ്പോൾ പറവാൻ നിവൃത്തിയില്ല.

ആക്ടിങ്ങും ടെമ്പററിയും മുൻസിഫന്മാരുടെ ശമ്പളം.

൨൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആക്ടിങ്ങും ടെമ്പററിയും മുൻസിഫന്മാർക്കു കുറഞ്ഞശമ്പളം ൨൦൦ രൂപാ കൊടുക്കണമെന്നു ഹൈക്കോടതി ഗവണ്മെന്റിലേക്കു ശിപാർശചെയ്തിട്ടുണ്ടോ എന്നു പറയുമോ?

(ബി) ആ ശിപാർശയെപ്പറ്റി ഇതുവരെ ആലോചിച്ചില്ലയോ? ഇല്ലെങ്കിൽ താമസത്തിനു കാരണമെന്തു?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ശിപാർശ ആലോചനയിൽ ഇരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹൈക്കോടതിയുടെ ശിപാർശകൾ സാധാരണയായി ബഹുമാനിക്കപ്പെടാറുണ്ടോ എന്നു ഗവണ്മെന്റു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഹൈക്കോടതിയുടെ ശിപാർശകളെപ്പറ്റി വേണ്ടപോലെന്നും ആലോചിക്കാറുണ്ടു.

ഒ റെക്കാർഡ് കമ്മിററിയുടെ റിപ്പോർട്ട്.

൨൧. മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒ റെക്കാർഡ് സംരക്ഷണത്തെപ്പറ്റി കമ്മിററി സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുവാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ റിപ്പോർട്ടോടുകൂടെ കമ്മിററി നടപടിയുടെ മിനിട്ടും പ്രസിദ്ധപ്പെടുത്തുവാൻ ദയവുണ്ടാകുമോ എന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): റിപ്പോർട്ടു അച്ചടിച്ചു നിയമസഭാമെമ്പർമാർക്കു കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഒരു പകർപ്പു വൃത്താന്തശാലയിലും വെച്ചിട്ടുണ്ടു. കമ്മിററിയുടെ പ്രൊസീഡിങ്സ് സ്വകാര്യമാണു. അവയെ പ്രസിദ്ധപ്പെടുത്താൻ ഗവണ്മെന്റു വിചാരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒ റെക്കാർഡ് സംരക്ഷണകമ്മിററിയുടെ പ്രൊസീഡിങ്സ് ഈ സഭാമെമ്പർമാർക്കുപോലും കാണാൻ പാടില്ലാത്തവണ്ണം സ്വകാര്യങ്ങളാണോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മെമ്പർമാർക്ക് അവയെ രഹസ്യമായി വെച്ചിട്ടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ അവയെ മേശപ്പുറത്തു വയ്ക്കുന്നതിനു എന്താണു വിരോധം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മെമ്പർമാർക്കുവേണ്ടിമാത്രം അവയെ പ്രസിദ്ധപ്പെടുത്തുന്നതിനെപ്പറ്റി ചോദ്യത്തിൽ ഒന്നുമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മെമ്പർമാരെ അതു കാണിക്കുന്നതിനു വിരോധമുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മിനിട്സ് ചെറുതായ ആകൃതിയിൽ ൨൦൦ പുറമുണ്ടു. റിപ്പോർട്ടു സമർപ്പിക്കുന്നതിനു മുമ്പായി കമ്മിററിമെമ്പർമാർ അതു വിചാരിച്ചിട്ടുണ്ടായിരിക്കണം. ഇപ്പോഴും സഭാസെക്രട്ടറിയുടെ ആഫീസിൽ മെമ്പർമാർക്കു വന്നു വായിച്ചുനോക്കുന്നതിനു വിരോധമില്ല.

ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലി.

൨൨. മി. തയ്യിൽ കുഞ്ഞിക്കൃഷ്ണമേനോൻ (മൂവാററുപുഴയും-തൊടുപുഴയും): (എ) പല ഡിപ്പാർട്ടുമെന്റുകളിലേയും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും മററു അഴിമതികളും അധികമായിവരുന്നെന്നും തന്മൂലം ജനങ്ങൾക്കു അധികം കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നുണ്ടെന്നും ഗവണ്മെന്റു അറിയുന്നുണ്ടോ?

(ബി) എല്ലാ ഉദ്യോഗസ്ഥന്മാരും സക്കീട്ടുപോകുമ്പോൾ ഇതിനെപ്പററി അന്വേഷണംകഴിച്ചു ജനങ്ങളുടെ കഷ്ടങ്ങൾക്കു ശമനം വരുത്തണമെന്നു ഗവണ്മെന്റു അവർക്കു കർശനമായ കല്പനകൾ കൊടുക്കുമോ?

(സി) കഴിഞ്ഞ അഞ്ചു സംവത്സരങ്ങളിൽ കൈക്കൂലിക്കു ശിക്ഷിക്കപ്പെട്ട (൫൦-) മേലും രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും അവർ സേവിച്ചുവന്ന ഡിപ്പാർട്ടുമെന്റുകളും അവർക്കു കൊടുത്ത ശിക്ഷകളും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(ഡി) മേലുദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടു മാത്രമല്ല ഇപ്പോഴത്തെ ചട്ടങ്ങളുടെ പോരായ്മകൊണ്ടും കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിനു ഗവണ്മെന്റിനു ഇപ്പോഴും സാധിക്കയില്ലെങ്കിൽ വേണ്ടുന്ന വ്യവസ്ഥകൾ ഗവണ്മെന്റു ഉടനെ ചെയ്യുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധാത്മകമാണ്.

(ബി) ഏതെങ്കിലും പ്രത്യേക കേസുകൾ മേലുദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ പെടുത്തിയാൽ അവർ അന്വേഷണം കഴിക്കും.

(സി) ഒരു കൈക്കൂലിക്കേസും കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കിടയിൽ ഗവണ്മെന്റിന്റെ മുമ്പാകെ വന്നിട്ടില്ല.

(ഡി) ഉദ്യോഗസ്ഥന്മാരുടെ നടപടികളെപ്പറ്റി അന്വേഷണംകഴിക്കുന്നതിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ പരിഷ്കരിക്കാൻ ഇപ്പോൾ ആവശ്യം കാണുന്നില്ല.

൧൦൯൭ മുതൽ ൧൦൯൯ വരെ ചുങ്കം, കുത്തകപ്പാട്ടം മുതലായവയിൽനിന്നുള്ള വരവു.

൩൨. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടും): ൧൦൯൭ മുതൽ ൧൦൯൯ വരെ താഴെ പറയുന്ന ഇനങ്ങളിൽ ഒരു പി. ഡബ്ലിയു. ഡിവിഷനിലേയും വരവു കാണിക്കുന്ന പട്ടികകൾ ഗവണ്മെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(എ) ചുങ്കംവകയിൽ ഗവണ്മെന്റിന്റെ വരവു.

(ബി) കുത്തകപ്പാട്ടംവകയിൽ വരവു.

(സി) സർക്കാർ കുളത്തിലെ മത്സ്യലേലം, സാലേറിപ്പുറമ്പോക്കുകളിലുള്ള ലേലം, മറ്റു ഇനങ്ങൾ ഇവയിൽനിന്നുള്ള വരവു.

മി. ടി. പി. രാമസ്വാമി (ഗവണ്മെന്റു സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

മേക്കോട്ട്, കുലശേഖരം, പേച്ചിപ്പാറ, അരുമന ഈ ദിക്കുകളിലെ മലമ്പനി.

൩൩. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടും): (എ) മേക്കോട്ട്, കുലശേഖരം, പേച്ചിപ്പാറ, അരുമന ഈ ദിക്കുകളിൽ മലമ്പനി വളരെ ഉണ്ടെന്നു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസരുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിന്റെ നിവാരണത്തിനായി ഗവണ്മെന്റു എന്താണ് ചെയ്യുന്നതെന്നു ദയവായി പറയുമോ?

(ബി) മേക്കോട്ട് ഒരു ഡിസ്പെൻസറി (ഔഷധശാല) തുറക്കാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഈ പ്രദേശങ്ങളിൽ അഞ്ചൽ, വിദ്യാഭ്യാസം, വനം, റവന്യൂ ഈ ഡിപ്പാർട്ടുമെന്റുകൾമുഖാന്തരം ക്വയിനാ വിൽക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആഫീസരുടെ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനു ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ സാനിട്ടറി കമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ട്. അതു അദ്ദേഹവും ദർബാർഫിസിഷ്യനും തമ്മിൽ എഴുത്തുകുത്തിൽ ഇരിക്കുന്നു.

(ബി) ഇല്ല. മേക്കോട്ടും പേച്ചിപ്പാറയും കുലശേഖരവും അടുത്തടുത്തുള്ള സ്ഥലങ്ങളാണ്. കുലശേഖരം ഡിസ്ട്രിക്ട് ഡിസ്പെൻസറിയിലെ മെഡിക്കൽ ഉദ്യോഗസ്ഥൻ സമീപസ്ഥലങ്ങളിലെ ആളുകളുടെ ആവശ്യങ്ങൾ നിർവഹിച്ചുവരുന്നു.

വേലായുധൻപിള്ളയുടെ ഉദ്യോഗം.

൩൪. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും)

(എ) തെക്കൻതിരുവിതാംകൂറിലെ ശൂദ്രവക സമുദായത്തിൽ പെട്ടവനും എൻ ഏ—ക്ലാസ്സും ജെനറൽ പരീക്ഷയും ഏവനും ആയ കൽക്കുളംതാലൂക്ക, തക്കലപകുതി, കുട്ടക്കര മേലേവീട്ടിൽ എം. വേലായുധൻപിള്ള അനേക അപേക്ഷകൾ അയച്ചശേഷം വിളവങ്കോട്ടു താലൂക്കുകച്ചേരിയിൽ ആക്ടിംഗ് ക്ലാക്കായും പിന്നീടു പത്മനാഭപുരം മരാമത്തുസക്കിൾ ആഫീസിൽ ഒരു ക്ലാക്കായും നിയമിക്കപ്പെട്ടു. ഏകദേശം മൂന്നുവർഷം ആ ഉദ്യോഗത്തിൽ ഇരുന്നശേഷം പുനസ്സംഘടനയിൽ ആളെ ചുരുക്കിയപ്പോൾ പിരിച്ചയക്കപ്പെട്ടുഎന്നും പിന്നീടു ആസ്ഥാനത്തു ആയാളെപ്പോലെ യോഗ്യതയോ സെർവീസോ ഇല്ലാത്ത വേറൊരാളെ അന്നത്തെ മരാമത്തു എൻജിനീയർ നിയമിച്ചുഎന്നും ഗവണ്മെന്റിനു അറിവുണ്ടോ?

(ബി) ഈ കാര്യത്തിൽ ഒരു അന്വേഷണം കഴിച്ചു മേൽപ്പടിവേലായുധൻപിള്ളയ്ക്കു വല്ലതുമൊരു ഉദ്യോഗംകൊടുപ്പാൻ ഗവണ്മെന്റിനുദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ്ഗവണ്മെന്റു ചീഫ്സിക്രട്ടറി): (എ)യും(ബി)യും ഗവണ്മെന്റു അന്വേഷണംകഴിക്കും.

നാട്ടുഭാഷാ അദ്ധ്യാപകന്മാരെ അവരുടെ സ്വദേശങ്ങളിലേക്കു മാറുന്നകാര്യം.

൩൫. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരെ അവരുടെ സ്വദേശങ്ങളിലേക്കു മാറ്റംകൊടുക്കുന്ന കാര്യത്തെപ്പറ്റി ൧൦൯൯ കർക്കടകം ൧൦-നു-ത്തെ നിയമസഭായോഗത്തിൽ ചോദിച്ച ചോദ്യത്തിനുതന്ന മറുപടിസംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾകൂടി ഗവണ്മെന്റു ദയവായിതരുമോ?

(എ) അദ്ധ്യാപകന്മാർക്ക് അവരുടെസ്വദേശങ്ങളിലേക്കു മാറ്റംകൊടുക്കുന്നതു ഡയറക്ടരുടെ ൧൦൯൯ ഏപ്രിൽ ൨൨-നു-ത്തെ സർക്കുലർ അനുസരിച്ചു തന്നെയാണോ?

* അനുബന്ധം നോക്കുക (പുറം ൨൭൯).

(ബി) മററു ഡിസ്ട്രിക്ട്കളിൽ ജോലിഎടുക്കുന്നവരും സ്വദേശത്തേക്കു മാററംകിട്ടണമെന്നു ആഗ്രഹിക്കുന്നവരുമായ എല്ലാ അദ്ധ്യാപകന്മാരുടേയും കാര്യം അസിസ്റ്റൻറ ഇൻസ്പെക്ടർമാർ ചീഫ് ഇൻസ്പെക്ടറന്മാർക്കു റിപ്പോർട്ടു ചെയ്യാറുണ്ടോ?

(സി) ചില അസിസ്റ്റൻറ ഇൻസ്പെക്ടർമാർ ഇക്കാര്യത്തിൽ അക്രമമായും അന്യായമായും പ്രവർത്തിക്കുന്നു എന്നുള്ള സംഗതി ഗവൺമെൻറിനു അറിയാമോ?

(ഡി) ചെറുപ്പൂർ, കുളത്തൂർ (തിരുവല്ല) കരിക്കാട്ടൂർ താഴേത്തുവടകര, ഇവിടങ്ങളിലെ നാട്ടുഭാഷാസ്കൂൾ ഹെഡ്മാസ്റ്റർമാരും കൊല്ലം കിളികൊല്ലൂർ വെർനാക്കുലർസ്കൂൾ അദ്ധ്യാപകൻ മിസ്റ്റർ നാരായണപിള്ളയും അവരുടെ സ്വദേശങ്ങളിലേക്കൊ സമീപസ്ഥലങ്ങളിലേക്കൊ മാററത്തിനു അപേക്ഷിച്ചിട്ടുണ്ടൊ

(ഇ) ഉണ്ടെങ്കിൽ, അവർ ഓരോരുത്തരും മാററത്തിനു അപേക്ഷിച്ചിട്ടു എത്രകാലമായി?

(എഫ്) അവർക്കു ഇതുവരെ മാററംകൊടുക്കാതിരിക്കാൻ വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ?

(ജി) ഇല്ലെങ്കിൽ അവർക്കു സ്വദേശങ്ങളിലേക്കൊ സമീപസ്ഥലങ്ങളിലേക്കൊ അവരുടെ സ്വന്തഡിസ്ട്രിക്ടിലേക്കൊ ഗവൺമെൻറ ദയവായി മാററംകൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറസെക്രട്ടറി):

(എ) അദ്ധ്യാപകന്മാരെ അവരുടെ സ്വദേശങ്ങളിലേക്കു മാററുന്നതു വിദ്യാഭ്യാസഡയറക്ടർ അയച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ചുതന്നെയാണു. വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാർ സ്വദേശങ്ങളിലേക്കു മാററത്തിനപേക്ഷിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ഓരോഡിസ്ട്രിക്ടിലും അനുവദിച്ച മാററങ്ങളുടെ എണ്ണവും കാണിക്കുന്ന ഓരോ ത്രൈമാസിക റിപ്പോർട്ട പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സോടും വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടരോടും വരുത്തി അയച്ചുതരണമെന്നു ഗവൺമെൻറ വിദ്യാഭ്യാസ ഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ടു.

(ബി) ഇല്ല, ഡിസ്ട്രിക്ടിനു പുറത്തേക്കു മാററംചോദിക്കുന്ന അദ്ധ്യാപകന്മാരുടെ കാര്യം അസിസ്റ്റൻറ ഇൻസ്പെക്ടർമാർ ചീഫ് ഇൻസ്പെക്ടർമാർക്കു റിപ്പോർട്ടുചെയ്യും. അസിസ്റ്റൻറ ഇൻസ്പെക്ടർമാർ തന്നെയും അനേ്യാന്യം ആലോചിച്ചു കഴിവുള്ളതുപോലെ ചെയ്യും.

(സി) ഏതെങ്കിലും അസിസ്റ്റൻറ ഇൻസ്പെക്ടർ അക്രമമായോ അന്യായമായൊ പ്രവർത്തിക്കുന്നതായി ഗവൺമെൻറിനു അറിവില്ല.

(ഡി) ഉവ്വ്.

(ഇ) ചെറുപ്പൂർ വെർണാക്കുലർസ്കൂൾ ഹെഡ്മാസ്റ്റർ മാററത്തിനു അപേക്ഷിച്ചു		൭-൧൦-൧൧൦൦
കുളത്തൂർ	ടി	൧൭-൯-൧൧൦൦
കരിക്കാട്ടൂർ		൩-൨-൧൧൦൦
താഴേത്തുവടകര	ടി	൧൮-൯-൧൧൦൨
കിളികൊല്ലൂർസ്കൂൾ അദ്ധ്യാപകൻ മി. എം. നാരായണപിള്ള അപേക്ഷിച്ചു		൨-൯-൧൧൦൦

മേൽകാണിച്ച തീയതികൾ അവർ മാററത്തിനു ആദ്യം അപേക്ഷിച്ച തീയതികൾ അല്ലായിരിക്കാം അവർ പലപ്രാവശ്യം അപേക്ഷിച്ചിട്ടുണ്ടായിരിക്കാം. മാററത്തിനു കൊടുത്ത ആദ്യ അപേക്ഷകളുടേയൊ എല്ലാ അപേക്ഷകളുടെയുമൊ തീയതി കണ്ടുപിടിക്കാൻ പ്രയാസമാണെന്നു റിപ്പോർട്ടുകിട്ടിയിട്ടുണ്ടു.

(എഫ്) ഇല്ല.

(ജി) അവസരം ലഭിക്കുമ്പോൾ മററു അപേക്ഷകന്മാരുടെകൂടെ അവരുടെ അപേക്ഷകളും സർവീസിന്റെ അവസ്ഥാനുസരണം ആലോചിക്കുന്നതാണു.

കോതയാർപണികളുടെ മൂലധനം.

൨൭. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) : കോതയാർ പണികളുടെ മൂലധനമായി അടച്ചതുവരെക്കാൾ കുറഞ്ഞനിരക്കിൽ പതിച്ചുകൊടുത്ത കുളങ്ങളുടെ വിലയും അവയെ ലേലംചെയ്തെങ്കിൽ കിട്ടാവുന്ന വിലയും തമ്മിലുള്ള വ്യത്യാസംകൂടെ ഗണിക്കുന്നതിനെപററി ൧൧൦൦ മകരം ൨൨-ാം നിയമസഭായോഗത്തിൽ ചോദിച്ച ൧൦ (൨൧)-ാംനമ്പർ ചോദ്യത്തിന്റെ മറുപടി സംബന്ധിച്ചു ഇപ്പോൾ കോതയാർപണികൾ നിമിത്തം ലഭിക്കുന്നതായി കണക്കാക്കുന്ന സംഖ്യ ശരിയാണെന്നു വിചാരിക്കാൻ പാടുണ്ടോ എന്നു ഗവൺമെൻറ ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറസെക്രട്ടറി) : വിററനിലങ്ങളുടെ മുഴുവൻവിലയും കോതയാർപണികളുടെ മൂലധനമായി ഗണിക്കേണ്ടതാണെന്നു ഗവൺമെൻറ സമ്മതിക്കുന്നു. എന്നാൽ അതു കണക്കാക്കുന്നതിനു അവയെ ലേലത്തിൽവിററാൽ എന്തുകിട്ടുമെന്നു അറിവാൻ കഴിയാത്തതിനാലുള്ള പ്രയാസമുണ്ടു. അതുതന്നെയുമല്ല ആ പണിയിൽനിന്നു ഇപ്പോൾ ലഭിക്കുന്ന ആദായം ശരിയല്ല. ഇതിനു പരിഹാരമായി മേലാൽ കൃഷിസ്ഥലങ്ങൾ കുറഞ്ഞവിലയ്ക്കു പതിച്ചുകൊടുക്കരുതെന്നു ഗവൺമെൻറ ഉത്തരവയച്ചിട്ടുണ്ടു.

പൊതുമരാമത്തുഡിപ്പാർട്ടുമെൻറ മെസ്ത്രിമാർ.

൨൨. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും)

(എ) പൊതുമരാമത്തു ഡിപ്പാർട്ടുമെൻറവക താൽക്കാലിക ഉദ്യോഗങ്ങളിൽ ഇപ്പോൾ ആകെ എത്രമേസ്തിരിമാർ ഉണ്ടെന്നു ഗവൺമെൻറ ദയവായി പറയുമോ?

(ബി) ഈ മേസ്തിരിമാരുടെ ജോലിഎന്തു?

(സി) അവരെ സ്ഥിരഉദ്യോഗസ്ഥന്മാരാക്കാൻ ഗവൺമെൻറ ആലോചിക്കുന്നുണ്ടോ?

(ഡി) ഇല്ലെങ്കിൽ അങ്ങനെചെയ്യാതിരിക്കാനുള്ള കാരണങ്ങൾ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറസെക്രട്ടറി): (എ) ൧൧൦൦ കർക്കടകം ൧൫-ാം മേസ്തിരിമാരുടെ എണ്ണം ൭൮൭ ആയിരുന്നു.

(ബി) ചില്ലറപണികളുടെ മേലന്വേഷണവും വേലക്കാരുടേയും സാമാനങ്ങളുടേയും കണക്കുവെക്കലും.

(സി) (ഡി) ഈ കാര്യം ഗവൺമെൻറിന്റെ മുമ്പാകെ വന്നിട്ടില്ല. അതുകൊണ്ടു അതിനെപററി ആലോചിച്ചിട്ടില്ല.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു സിമെൻറു വാങ്ങുക.

൧൫൯. മി. എം. എൻ. പിള്ള (തിരുവനന്തപുരം): താഴെപറയുന്നസംഗതികൾ ഗവർമെൻറു ദയവായിപറയുമോ?

(൧) ൧൯൫൦-ൽ പബ്ലിക്കുവർക്ക്സ് ഡിപ്പാർട്ടുമെൻറിലേക്കു എത്ര സിമെൻറ (ടിമക്കമ്മായം) വാങ്ങി?

(൨) ഏതുകമ്പനിക്കാരോടാണു സിമെൻറ് വാങ്ങിയതു?

(൩) ഓരോകമ്പനിയിൽനിന്നും എത്രയുവാങ്ങി, ഏതുതീയതികളിൽ?

(൪) ഓരോകമ്പനിയും ചുമത്തിയവില.

(൫) ഓരോകമ്പനിയിൽ നിന്നും വാങ്ങിയതു ൧൧൨൫-൧൧൨൬-ലെ ൨൦-ാംനമ്പർ കല്പനയിലെ നിബന്ധനകൾക്കനുസാരമായിട്ടാണോ?

(൬) ഒരുകമ്പനിയിൽനിന്നു വാങ്ങിയ സിമെൻറ് ഡിപ്പാർട്ടുമെൻറിലെ ചില ഉദ്യോഗസ്ഥന്മാർ ചീത്തയാണെന്നു പറകയും അതു അവർക്കിഷ്ടപ്പെട്ടതെപ്പോൾ അവർ അതുഉപയോഗിക്കയില്ലെന്നു ശഠിക്കയും ചെയ്തു എന്നു പറയുന്നതു വാസ്തവമാണോ?

(൭) മോണിയർ മുതലായ പണിക്കു ചീത്തയാണെന്നു വിധിച്ച ഈ സിമെൻറ് പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ് ഉപയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതുപണികൾക്കു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ് സെക്രട്ടറി): (൧) ഗില്ലിൻഡ്ഹാംസ് ഹാണ്ടുബ്രാണ്ട് സിമെൻറ് ൨൦൦൦ വീപ്പയും ചാക്കുകളിൽ ൧൨൦ ടൺ ഗണപതിബ്രാണ്ടു സിമെൻറും.

(൨) മെസ്സേഴ്സ് ഡാറാസ്സയിൽ കമ്പനിയോടും മധുരകമ്പനിയോടും.

(൩) ൧൯-൧൦-൨൪-നു-കൊടുത്തായി ൧൦൦൦ വീപ്പഹാണ്ടുബ്രാണ്ടുസിമെൻറ.

൧൯-൧-൨൯-നു-കൊടുത്തായി ൧൦൦൦ ടി ടി

൧൯-൧൦-൨൪-നു-കൊടുത്തായി ൧൨൦ ടൺ ഗണപതിബ്രാണ്ടുസിമെൻറ.

(൪) ഹാണ്ടുബ്രാണ്ടു സിമെൻറ രൂപ ൧൦ ചക്രം ൩ ആയി വള്ളങ്ങളിൽ ആലപ്പുഴ ചുങ്കം ജെട്ടിയിൽ എത്തിച്ചതിനു.

ടി ടി രൂപ ൧൦-൨൦-൦ ആയിരകാല്ലത്തു ടി

ടി ടി രൂപ ൧൦-൧൨-൦ ആയി ചാക്കയിൽ കടവിൽ.

ഗണപതിബ്രാണ്ടു ടണ്ണിനു രൂപ ൭൧ ആയി ആലപ്പുഴ എത്തിച്ചതിനു.

(൫) ഉണ്ട്.

(൬) ചാക്കിൽ കെട്ടിയ ഗണപതിബ്രാണ്ടു സിമെൻറ ക്ഷണത്തിൽ ഉപയോഗിക്കാത്തപക്ഷം ചീത്തയായിപോകുമെന്നു കോട്ടയം, കൊല്ലം, തിരുവനന്തപുരം ഡിവിഷൻ ആഫീസർമാർ റിപ്പോർട്ടാക്കുകയും അവ ശെരിയായി സൂക്ഷിക്കുന്നതിനു അവർക്കുപദേശം കൊടുക്കയും ചെയ്തിട്ടുണ്ട്. ഒരുഎക്സിക്യൂട്ടീവ് എൻജിനീയരും അതുഉപയോഗശൂന്യമെന്നു പറകയൊ അതുഉപയോഗിക്കാൻ കഴികയില്ലെന്നു പറകയൊ ചെയ്തിട്ടില്ല. ഡിപ്പാർട്ടുമെൻറിൽ അതുവരെ ഉപയോഗിച്ചിട്ടുണ്ട്.

(൭) റീയിൻഫോഴ്സ്ഡ് കോൺക്രീറ്റ് പണിയല്ലാത്തതൊഴിച്ചു എല്ലാപണികൾക്കും ഗണപതിബ്രാണ്ടു സിമെൻറ ധാരാളം ഉപയോഗിച്ചുവരുന്നു. ഈ സിമെൻറ ഉപയോഗിച്ചുവരുന്ന എല്ലാ പണികളുടേയും ഒരുപൂർത്തിയായ പട്ടികതരാൻ പ്രയാസമാണ്. എന്തെന്നാൽ എല്ലാ എൻജിനീയറന്മാരോടും വിവരം വരുത്തി പട്ടികതയ്യാറാക്കുന്നതിനു അധികസമയംവേണം അതിനു അനുരൂപമായഗുണം ഉണ്ടാകാൻ വഴിയുമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗണപതിബ്രാണ്ടു സിമെൻറ ഏതുകമ്പനിയിൽനിന്നു വരുത്തിഎന്നുപറയുമോ? മറുപടിയിൽ മെസ്സേഴ്സ്ഡാറാസ്സയിൽ കമ്പനിയുടേയും മധുരകമ്പനിയുടേയും പേരുപറഞ്ഞുവല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസെക്രട്ടറി): വിവരംഇപ്പോൾഇവിടെ ഇല്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) ഗണപതിബ്രാണ്ടു ആരോടുവാങ്ങി എന്നുനിശ്ചയമില്ലേ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറു സെക്രട്ടറി): ചീഫ്എൻജിനീയർക്കു പറവാൻ കഴിയുമായിരിക്കും. മെമ്പർ ആവശ്യപ്പെട്ടപക്ഷം വിവരംവരുത്താം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മറുപടിയിൽ രണ്ടുതരം സിമെൻറു ഹാണ്ടുബ്രാണ്ടും ഗണപതിബ്രാണ്ടും കമ്പനികളിൽനിന്നും മേടിച്ചു എന്നുപറഞ്ഞിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസെക്രട്ടറി): ഒന്നാമത്തേതു മെസ്സേഴ്സ് ഡാറാസ്സയിൽ കമ്പനിയിൽനിന്നും രണ്ടാമത്തേതു മധുരക്കമ്പനിയിൽനിന്നും വരുത്തിഎന്നു ഞാൻവിചാരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെഗണപതിബ്രാണ്ടു സിമെൻറ മധുരകമ്പനിയിൽനിന്നു വരുത്തിയതാണു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസെക്രട്ടറി): മെസ്സേഴ്സ് ഡാറാസ്സയിൽ കമ്പനിയാണു ഹാണ്ടുബ്രാണ്ടു സിമെൻറ തന്നതെന്നുഞാൻവിചാരിക്കുന്നു. ഗണപതിബ്രാണ്ടു മധുരകമ്പനിയിൽനിന്നു കിട്ടിയതായിരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) അതുമധുരകമ്പനിയിൽനിന്നാണെന്നു മെമ്പർക്കുനിശ്ചയമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസെക്രട്ടറി): എനിക്കുനിശ്ചയമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗണപതിബ്രാണ്ടു സിമെൻറു ഹാണ്ടുബ്രാണ്ടുസിമെൻറിനേക്കാൾ വിലകുറഞ്ഞതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസെക്രട്ടറി): വിലകൾ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): രണ്ടുതരവും ഒത്തുനോക്കിയാൽ അപ്രകാരം കുറഞ്ഞതാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): രണ്ടിന്റെയും വിലയും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഫ്രീണ്ട് ബ്രാണ്ടു സിമെന്റിന്റെ വിലവിവരപ്പട്ടിക ൧൦-ൽ ചില്ലറ ആയും ഗണപതിബ്രാണ്ടിന്റെ വില ടണ്ണിനു ൭ രൂപായുമാണു. കണക്കുകൂട്ടിനോക്കിയാൽ ഏതാണു ലാഭമെന്നറിയാം. ഏതാണു ലാഭമെന്നു ഉടനെ പറവാൻ എനിക്കു കഴികയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗണപതിബ്രാണ്ടു സിമെന്റു കേടുവരാതെ സൂക്ഷിക്കാൻ കഴിയാത്തതാണെങ്കിൽ അതു വാങ്ങിയതു എന്തിനു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു വേഗം ചീത്തയായിപ്പോകുമെന്നു ഡിവിഷൻ ആഫീസർമാർ റിപ്പോർട്ടുചെയ്തു. എന്നാൽ അതും ഉപയോഗിക്കാമെന്നു പരിചയംകൊണ്ടു മനസ്സിലായി. അതു നല്ലപോലെ സൂക്ഷിക്കണമെന്നേയുള്ളു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതു റിയിൻഫോഴ്സ്ഡ് കോൺക്രീറ്റു പണിക്കു കൊള്ളാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇല്ല. റിയിൻഫോഴ്സ്ഡ് കോൺക്രീറ്റു പണിക്കല്ലാതെ മറ്റെല്ലാപ്പണികൾക്കും അതുയാതൊരു ഉപയോഗിക്കാമെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആസിമെന്റു റിയിൻഫോഴ്സ്ഡ് കോൺക്രീറ്റു പണികൾക്കു കൊള്ളുകയില്ലെങ്കിൽ മറ്റു പണികൾക്കു കൊള്ളാകുന്നതു എങ്ങനെ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): റിയിൻഫോഴ്സ്ഡ് കോൺക്രീറ്റിനു ഉത്തമം സിമെന്റു വേണമായിരിക്കും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതുകൊണ്ടാണെന്നാണു രണ്ടിന്റേയും വിലയിൽ വ്യത്യാസം ഉണ്ടോ എന്നു ഞാൻ ചോദിച്ചതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പെട്ടെന്നു അതിനു മറുപടി പറവാൻ കഴികയില്ലെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കൊല്ലം ഡിവിഷൻ ആഫീസർ മിസ്റ്റർ ജേക്കബ് അതു ഉപയോഗത്തിനു കൊള്ളുകയില്ലെന്നു പറഞ്ഞില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): കോട്ടയം, കൊല്ലം, തിരുവനന്തപുരം ഡിവിഷൻ ആഫീസർമാർ അതു അധികനാൾ നില്ക്കുമോ എന്നു സംശയം പറഞ്ഞു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ബ്രാണ്ടു ചീത്തയായിപ്പോകയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ചീത്തയായിപ്പോയി എന്നു കടലാസ്സുകളിൽ കാണുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം). എത്രകാലത്തിനുള്ളിൽ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു അന്വേഷിച്ചറിഞ്ഞിട്ടില്ല.

സയൻസ് കോളേജ് പ്രവേശനത്തിനുവേണ്ടുന്ന യോഗ്യത.

൯൦. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (ഏ) താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) സയൻസ് കോളേജിൽ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുക്കുന്നതു ഓരോ വിദ്യാർത്ഥിക്കും കിട്ടീട്ടുള്ള മാർക്കു അനുസരിച്ചാണോ?

(ബി) എങ്കിൽ ഇന്റർമീഡിയേററ് ക്ലാസ്സിൽ ഒന്നും രണ്ടും ഗ്രൂപ്പുകളിൽ പ്രവേശനം കിട്ടുന്നതിനു കുറഞ്ഞ മാർക്കെത്ര?

(സി) ഈ കുറഞ്ഞ മാർക്കുപോലും കിട്ടീട്ടില്ലാത്ത വല്ല വിദ്യാർത്ഥിക്കും പ്രവേശനം നല്കീട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അങ്ങനെയുള്ള വിദ്യാർത്ഥികളുടെ പേരു, മാർക്കു, ജാതി ഈ വിവരങ്ങൾ തരുമോ?

(ഇ) രണ്ടോ അതിലധികമോ വർഷം ഇടച്ചയായി പ്രവേശനം കൊടുക്കാത്ത വിദ്യാർത്ഥികൾ ഉണ്ടോ? ഉണ്ടെങ്കിൽ എത്ര? അവരുടെ പേരുകൾ എന്തു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): പ്രവേശനത്തിനു കുറഞ്ഞ മാർക്കു ഇത്രയെങ്കിലും ഉണ്ടായിരിക്കണമെന്നു ക്ലിപ്തപ്പെടുത്തീട്ടില്ല. സ്ഥലം ഉള്ളടത്തോളം അപേക്ഷകന്മാർക്കു അവരുടെ മാർക്കു അനുസരിച്ചു പ്രവേശനം നല്കുകയാണു പതിവു.

(സി)-ം (ഡി)-ം-(ഏ)-(എ)-യും (ബി)-യും ചോദ്യങ്ങളുടെ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കു അവകാശമില്ല.

(ഇ) ഉണ്ട്. ഒരു വിദ്യാർത്ഥി ആർ. എൻ. ഗോവിന്ദപിള്ള.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചോദ്യത്തിന്റെ ഇ-ാം ഭാഗത്തിന്റെ മറുപടികൊണ്ടു ആർ. എൻ. ഗോവിന്ദപ്പിള്ള എന്നൊരു വിദ്യാർത്ഥിക്കു രണ്ടുവർഷം ഇടച്ചയായി പ്രവേശനം കൊടുത്തില്ലെന്നു കാണുന്നു. സ്കൂൾഫൈനൽ പരീക്ഷയിൽ ഈ ഗോവിന്ദപ്പിള്ളയേക്കാൾ കുറച്ചുമാത്രം മാർക്കുകിട്ടീട്ടുള്ള ആർക്കെങ്കിലും കോളേജ് അധികാരസ്ഥന്മാർ പ്രവേശനം അനുവദിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഏതു മറുപടിയെ സംബന്ധിച്ചാണു ഈ ചോദ്യം ചോദിക്കാൻ അവകാശം? അവസാനഭാഗം പ്രവേശനം അനുവദിക്കാത്തതിനെപ്പററി ആയിരുന്നുവല്ലോ

മി. എം. എൻ. പിള്ള (തിരുവനന്തപുരം): രണ്ടോ അതിലധികമോ വർഷം ഇടച്ചയായി പ്രവേശനം കൊടുക്കാത്ത വിദ്യാർത്ഥികൾ ഉണ്ടോ ഉണ്ടെങ്കിൽ എത്ര? അവരുടെ പേരുകൾ എന്തു?

അതിന്റെ മറുപടി ഇങ്ങനെയായിരുന്നു, "ഉണ്ട്, ഒരു വിദ്യാർത്ഥി ആർ. എൻ. ഗോവിന്ദപ്പിള്ള".

ഗോവിന്ദപ്പിള്ളയ്ക്കു മൂന്നു വർഷം ഇടച്ചയായി പ്രവേശനം കൊടുത്തില്ലെന്നാണു അറിയുന്നതു. ഈ സ്ഥിതിക്കു ഗോവിന്ദപ്പിള്ളയേക്കാൾ കുറച്ചുമാർക്കു കിട്ടിയ വല്ല വിദ്യാർത്ഥിക്കും കോളേജ് ഭാരവാഹികൾ പ്രവേശനം കൊടുത്തോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): മറുപടി ൫-ം, ൬-ം, ൭-ം ഭാഗങ്ങളിൽ പ്രവേശനം കൊടുക്കുന്നതിനുള്ള ചട്ടം വിവരിച്ചിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ ഈഴവോവിദ്യാർത്ഥികളല്ലാ പ്രവേശനം നിഷേധിച്ചപ്പോഴും അയാളെക്കാൾ കുറച്ചുമാത്രം മാർക്കുകിട്ടിയ വേറെ ഏതെങ്കിലും വിദ്യാർത്ഥിക്കു കോളേജ് ഓരോരാഫീസിൽ പ്രവേശനം അനുവദിച്ചോ എന്നാണ് എനിക്കു അറിയേണ്ടതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഒരാൾക്കു കൊടുത്തിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അയാളുടെ പേരെന്തായിരുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അയാളുടെ പേരു ഞാൻ ഓർക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ വിദ്യാർത്ഥിക്കു പ്രവേശനം നിഷേധിച്ചിട്ടു മറ്റെയാൾക്കു പ്രവേശനം അനുവദിപ്പാൻ കാരണമെന്തു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ആയാൾക്കു പ്രവേശനം കൊടുത്തതു ഒരു പ്രത്യേക സംഗതിനായിട്ടാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ വിദ്യാർത്ഥിക്കു പ്രവേശനം നിഷേധിച്ചതു ഏതു അയോഗ്യതകൊണ്ടാണെന്നും മറ്റെയാൾക്കു കൊടുക്കാൻ പ്രത്യേക സംഗതികളുണ്ടായിരുന്നതു എന്താണെന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അയാൾക്കു പ്രവേശനം കൊടുത്തതു ഗവണ്മെന്റിന്റെ പ്രത്യേക കല്പനപ്രകാരമാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അയാളുടെ ജാതി എന്താണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അയാൾ ബ്രാഹ്മണനാണ്.

പോലീസു ഹെഡ്ക്വാർട്ടർ സ്റ്റോറിൽ ഒരു മൃഗത്തെ സൂക്ഷിക്കുന്നതു.

൯൭. മി. എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഗവണ്മെന്റു താഴെ പറയുന്ന സംഗതികൾ ദയവായി പറയുമോ?

(എ) പോലീസ് ഹെഡ്ക്വാർട്ടർ സ്റ്റോർ മുറിയിൽ വെച്ചിട്ടു അഞ്ചുമണി മുതൽ രാവിലെ ... മണിവരെ ഒരു മൃഗത്തെ പൂട്ടിയിടുന്നതിനു പണം അനുവദിച്ചിരുന്നു എന്നു പറയുന്നതു യഥാർത്ഥമാണോ?

(ബി) യഥാർത്ഥമാണെങ്കിൽ എത്ര പണം അനുവദിച്ചിരുന്നു?

(സി) മൃഗത്തെ എന്തിനാണു പൂട്ടിയിടുന്നതു?

(ഡി) ഈ പതിവു ഇപ്പോഴും ഉണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) സ്റ്റോറിൽ ഒരു പൂച്ചയെ വളർത്തിയിരുന്നു.

(ബി) മാസം ഒരു ചക്രം.

(സി) എലിയെ കൊല്ലാൻ.

(ഡി) ഇല്ല.

മി. എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഇപ്പോൾ എലികൾ ഇല്ലന്നാണോ (ഡി) ഭാഗം മറുപടികൊണ്ടു മനസ്സിലാക്കേണ്ടതു (ചിരി)

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെന്റു ചീഫ്സെക്രട്ടറി): എണ്ണം കുറഞ്ഞുപോയിട്ടുണ്ടെന്നു വിചാരിക്കുന്നു.

നാട്ടുഭാഷ ഔദ്യോഗികഭാഷയാക്കണം.

൯൮. മി. സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി (ജന്മി): (എ) നാട്ടുഭാഷയ്ക്കു വേണ്ട പ്രാമുഖ്യത ഗവണ്മെന്റു കൊടുക്കുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും കോടതിവിധികളും സാധാരണ എഴുത്തുകുത്തുകളും ഡിപ്പാർട്ടുമെന്റുവക പട്ടികകളും നാട്ടുഭാഷ മാത്രം അറിയുന്നവരും വായിച്ചു മനസ്സിലാക്കേണ്ടതാണെങ്കിലും എഴുതുന്നതും അച്ചടിക്കുന്നതും ഇംഗ്ലീഷ്ഭാഷയിൽ ആണെന്നുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ എന്നു ദയവായി പറയുമോ?

(ബി) അറിവുണ്ടെങ്കിൽ മേലാൽ മേല്പറഞ്ഞ ആവശ്യങ്ങൾക്കു നാട്ടുഭാഷ ഉപയോഗിക്കാൻ വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റു ദയവായി ചെയ്യുമോ?

മി. കെ. നാരായണൻപണ്ടാല (ആ: ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ഉണ്ട്. എന്നാൽതാണതരം ആഫീസുകളിൽ എഴുത്തുകുത്തുകൾ നടത്തുന്നതു അധികവും നാട്ടുഭാഷയിലാണ്.

(ബി) അങ്ങിനെ ചെയ്യുന്നതു യുക്തമല്ലെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

ചോദ്യോത്തരങ്ങളുടെ ഭാഷ.

൯൯. മി. സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി (ജന്മി): അനൌദ്യോഗസ്ഥമെമ്പർമാരിൽ ചിലർ അവരുടെ ചോദ്യങ്ങൾ നാട്ടുഭാഷയിൽ അയച്ചാലും സഭയുടെയോഗങ്ങളിൽ ചോദ്യങ്ങളും ഉത്തരങ്ങളും ഇംഗ്ലീഷ്ഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്ന ഇപ്പോഴത്തെ പതിവു ഭേദപ്പെടുത്താൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സഭയുടെ ഓരോ യോഗത്തിലും ഉപയോഗിക്കത്തക്കവണ്ണം ഇംഗ്ലീഷിലുള്ള ചോദ്യങ്ങളും ഉത്തരങ്ങളും മലയാളത്തിലേക്കു തർജ്ജിമചെയ്തു അച്ചടിച്ചുവരുത്തുന്നതിനു സമയമില്ലാത്തതിനാൽ ഇപ്പോഴത്തെ പതിവു ഭേദപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ല.

മി. സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി (ജന്മി): അതിലേക്കു പ്രത്യേകം സമയമില്ലെന്നു ഇവിടെ കാണുന്നു. എന്നാൽ ഇംഗ്ലീഷിലേക്കു പ്രത്യേകമായി ഒരു സമയം എടുത്തിട്ടുള്ളതുപോലെ മലയാളത്തിലും ഉണ്ടാകാൻ സാധിക്കയില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു ഏതുവിധം നടക്കുന്നു എന്നു പറയാം. ചോദ്യങ്ങൾ കൌൺസിൽ സിക്രട്ടറിയുടെ ആഫീസിൽ നിയമസഭായോഗത്തിനു ... ദിവസംമുമ്പെ വരേണമെന്നു ഒരു നിബന്ധന മജിസ്റ്റ്രേറിവു കൌൺസിൽചട്ടങ്ങളിൽ ഉണ്ട്. ആ ചോദ്യങ്ങളെ പരിശോധിച്ചു

സ്വീകരിച്ചതിനുശേഷമാണോ അച്ചടിക്കാൻ അയക്കുന്നതു? ഓരോ ഡിപ്പാർട്ടുമെൻറിലേക്കും എഴുതിയയച്ചു മറുപടി വരുത്തിയതിനുശേഷം വേണം ഉത്തരം തയ്യാറാക്കാൻ. ഓരോ ദിവസത്തെ യോഗത്തിനും ഇംഗ്ലീഷ് ചോദ്യവും ഉത്തരവും തന്നെ തലേദിവസം അച്ചടിപ്പിച്ചു തയ്യാറാക്കാൻ വളരെ വിഷമം നേരിടുന്നുണ്ട്. രാത്രികൂടി അച്ചുക്കൂടത്തിൽ വേലചെയ്യേണ്ടിവരുന്നു. അതുകൊണ്ടു അതിനുപുറമെ ചോദ്യങ്ങളും ഉത്തരങ്ങളും മലയാളത്തിൽ കൂടി അപ്രകാരം തയ്യാറാക്കുന്നതിനു വളരെ പ്രയാസമുണ്ട്.

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): എന്നാൽ മലയാളത്തിൽ അയക്കുന്ന ചോദ്യത്തിനെ മലയാളത്തിൽതന്നെ അച്ചടിച്ചു ഉത്തരവും മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): മലയാളത്തിൽ അച്ചടിപ്പിക്കാൻ വിഷമമില്ല. അതിനു ഉത്തരവും മലയാളത്തിൽ തയ്യാറാക്കേണ്ടിവരും.

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): അങ്ങനെചെയ്യുന്നതു ഇംഗ്ലീഷ്ഭാഷയിൽ പരിജ്ഞാനമില്ലാത്തവർക്കു കുറെക്കൂടി സൌകര്യം ഉണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): സൌകര്യം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല.

മി. സി. എൻ. കുഞ്ഞൻനമ്പൂതിരി (ജന്മി): മേലാൽ അപ്രകാരം ചെയ്യാൻ ഗവൺമെൻറു വിചാരിക്കുന്നുണ്ടോ? അതു സാദ്ധ്യമല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): അതിനു മറുപടി വ്യക്തമായി പറഞ്ഞിട്ടുണ്ട്. അസാദ്ധ്യം എന്നു പറവാൻപാടില്ല. എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്കു അപ്രകാരം നടത്തുന്നതിനു വളരെ വിഷമമുണ്ട്.

വള്ളിക്കുന്നം പകുതിയെ കൃഷ്ണപുരം മുൻസിപ്പുകോടതിയുടെ അധികാരാതൃത്തിയിൽ ആക്കുക

൮൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നംപകുതി മാവേലിക്കര മുൻസിപ്പുകോടതിയുടെ അധികാരാതൃത്തിയിൽപ്പെട്ടു കിടക്കുന്നതിനാൽ അവിടത്തെ ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുകളും അനാവശ്യസമയനഷ്ടവും ദ്രവ്യനഷ്ടവും ഉണ്ടെന്നുള്ള സംഗതി ഗവൺമെൻറിനു അറിവുണ്ടോ?

(ബി) വള്ളിക്കുന്നം പകുതിയുടെ പല സ്ഥലങ്ങളിൽനിന്നും മാവേലിക്കര മുൻസിപ്പുകോടതിയിലേക്കുള്ള ദൂരം ൬-൭ നാഴികയും അധികവും ആണെന്നും കൃഷ്ണപുരം മുൻസിപ്പുകോടതിയിലേക്കുള്ള ദൂരം നന്നാലു നാഴികയും അതിൽ കുറച്ചും ആണെന്നും ഗവൺമെൻറിനു അറിയാമോ?

(സി) വള്ളിക്കുന്നം പകുതി കൃഷ്ണപുരം മുൻസിപ്പുകോടതിയുടെ അധികാരത്തിൻകീഴിലാക്കണമെന്നു ആ പകുതിയിലെ ജനങ്ങൾ ഗവൺമെൻറിലേക്കും ഹൈക്കോടതിയിലേക്കും അയച്ച അനേകം ഹർജികളിന്മേൽ എന്തു പ്രവർത്തിച്ചു എന്നു ഗവൺമെൻറു ദയവായി പറയുമോ?

(ഡി) അപേക്ഷപ്രകാരമുള്ള അധികാരമാററം കഴിയുന്ന വേഗം അനുവദിക്കാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവൺമെൻറുചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) വള്ളിക്കുന്നംപകുതിയിൽനിന്നു മാവേലിക്കര കോടതിയിലേക്കു കൂടിയദൂരം ൭ നാഴികയും കുറഞ്ഞദൂരം ൬ നാഴികയും ആണ്. കൃഷ്ണപുരം കോടതിയിലേക്കു കൂടിയദൂരം ൰ നാഴികയും കുറഞ്ഞദൂരം ൨ നാഴികയും ആകുന്നു.

(സി)-യും (ഡി)-യും കൃഷ്ണപുരം കോടതിയിൽ ഇപ്പോൾതന്നെ കേസുകൾ അധികമാണ്. അതുകൊണ്ടു ആ കോടതിയുടെ അധികാരസീമ ഇനിയും വർദ്ധിപ്പിക്കാൻ തരമില്ല. ഇപ്പോഴത്തെ ക്രമംകൊണ്ടു (എ) ഭാഗത്തു വിവരിച്ചിട്ടുള്ളപ്രകാരം ബുദ്ധിമുട്ടും സമയനഷ്ടവും ധനനഷ്ടവും ഉണ്ടെന്നു തെളിയിക്കുന്നപക്ഷം അപേക്ഷപ്രകാരമുള്ള മാററത്തെപ്പററി ആലോചിക്കുന്നതാകുന്നു.

മിസ്റ്റർ ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (സി)-യും (ഡി)-യും ഭാഗം മറുപടി സംബന്ധിച്ചു ഈയിടയ്ക്കു കൃഷ്ണപുരം മുൻസിപ്പുകോടതിയിലെ ഫയൽ വളരെ കുറഞ്ഞിട്ടില്ലേ എന്നു ഗവൺമെൻറു ദയവായി അന്വേഷിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറുചീഫ്സെക്രട്ടറി): ഗവൺമെൻറു അന്വേഷിക്കാം.

തോട്ടങ്ങൾ ഉള്ള പ്രദേശത്തു നാട്ടുഭാഷാവിദ്യാലയങ്ങൾ.

൯൦. മി. എസ്. ജ്ഞാനജോഷ്വാ (ഗവൺമെൻറുനിയമനം): ഈ സംസ്ഥാനത്തെ തോട്ടങ്ങളിലെ വേലക്കാരുടെയും തോട്ടഉദ്യോഗസ്ഥന്മാരുടെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി എത്ര സർക്കാരും ഗ്രാൻറും നാട്ടുഭാഷാവിദ്യാലയങ്ങൾ ഉണ്ടെന്നു ഗവൺമെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): തോട്ടങ്ങളിലെ വേലക്കാരുടെയും തോട്ട ഉദ്യോഗസ്ഥന്മാരുടെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായിമാത്രംനടത്തപ്പെടുന്ന ഡിപ്പാർട്ടുമെൻറിലോ ഗ്രാൻറുള്ളതോ ആയ സ്കൂളുകൾ ഒന്നുമില്ല. ചില സ്കൂളുകൾ ഒഴികെ സംസ്ഥാനത്തുള്ള എല്ലാ സ്കൂളുകളും എല്ലാ വർഗ്ഗക്കാർക്കും പ്രവേശനാനുവാദം ഉള്ളവയാണ്.

മി. എസ്. ജ്ഞാനജോഷ്വാ (ഗവൺമെൻറുനിയമനം): തോട്ടങ്ങളുള്ള പ്രദേശത്തു എല്ലാവർഗ്ഗക്കാർക്കും പ്രവേശനാനുവാദമുള്ള ഗവൺമെൻറും ഗ്രാൻറും നാട്ടുഭാഷാസ്കൂളുകൾ എത്രയുണ്ടെന്നു ഗവൺമെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): മെമ്പറിനു ആവശ്യമുള്ളതു ഏതു പ്രത്യേക പ്രദേശത്തെപ്പററിയുള്ള വിവരമാണെന്നു മെമ്പർ പറഞ്ഞാൽ ആ വിവരം വരുത്താം. തോട്ടപ്രദേശമെന്നു ഒരു പ്രത്യേകപ്രദേശമില്ല. ഏതെങ്കിലും പ്രത്യേകസ്ഥലത്തു എത്ര സ്കൂളുകൾ ഉണ്ടെന്നു മെമ്പർക്കു അറിയണമെങ്കിൽ ആ വിവരം വരുത്താം.

മി. എസ്. ജ്ഞാനജോഷ്വാ (ഗവൺമെൻറുനിയമനം): ഞാൻ പറയുന്നതു പീരുമേട്, ദേവികുളം, [illegible] ഏലാട്ടു, പൊൻമുടി, അശമ്പു, മുണ്ടക്കയം ഈ പ്രദേശങ്ങളെപ്പററിയാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): തോട്ടപ്രദേശങ്ങൾ ഉത്തരതിരുവിതാംകൂറിലും ദക്ഷിണതിരുവിതാംകൂറിലും ഉണ്ട്. തോട്ടപ്രദേശം എന്നപദം വളരെ വിശാലാർത്ഥം ഉള്ളതാണ്. ഏതെങ്കിലും ഒരു പ്രത്യേകസ്ഥലത്ത് എത്ര സ്കൂളുകൾ ഉണ്ടെന്നാണ് മെമ്പർക്ക് അറിയേണ്ടതെങ്കിൽ പ്രത്യേകമായൊരു ചോദ്യംചോദിച്ചാൽ ആ വിവരം വരുത്തിത്തരാം.

മി: എസ്. ജ്ഞാനജോഷ്വാ (ഗവർമ്മെൻറു നിയമനം): അതു ഓരോ താലൂക്കിനേയും സംബന്ധിച്ചായിരിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): വിവരം താലൂക്കനുസരിച്ചു വരുത്താം.

എം. പി. എം. ടി. എ. കമ്പനിവക കടപ്പത്രം.

൯൬. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ൧൧൦൫-ലെ ബഡ്ജററിൽ ൭-ാംപേജിലുള്ള 'സാധാരണ ജാമ്യമുള്ള ബാക്കി' ഇനത്തിൽ "മററുമുതൽ (എം. പി. എം. ടി. എ. കമ്പനിവക കടപ്പത്രങ്ങൾ)" എന്നതിൽ ൭൫൦൦൦ രൂപാ കാണിച്ചിട്ടുള്ളതിനെ സംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) കമ്പനിയുടെ മുഴുവൻപേരും പ്രധാനആഫീസും,
(ബി) ആ മുതൽമുടക്കിയ തീയതിയും ആരുടെ ശിപാർശപ്രകാരമെന്നും,
(സി) അതിൽനിന്നു ഗവർമ്മെൻറിനു കിട്ടുന്ന പലിശയോ മററു ആദായമോ?
(ഡി) അതിനു ആദ്യംഉണ്ടായ ചെലവും ഇപ്പോഴത്തെ അങ്ങാടിവിലയും,
(ഇ) മുതൽ മുടക്കിയതു എന്തു വ്യവസ്ഥയിന്മേൽ, കമ്പനി അതു മടക്കിത്തരേണ്ടതു എന്ന് എന്നും.
(എഫ്) ഇപ്പോഴത്തെ സ്ഥിതികൾ എല്ലാം ആലോചിച്ചു കഴിയുന്നവേഗത്തിൽ രാജ്യത്തിൻെറ നന്മയെ ഉദ്ദേശിച്ചു ഈ കടപ്പത്രങ്ങളെ പണമാക്കി എടുക്കുന്നതു അഭിലഷണീയമല്ലയോ എന്നു ഗവർമ്മെൻറു പറയുമോ?

മി: കെ. ജാജ് (ഗവർമ്മെൻറു ഫൈനാൻഷ്യൽസെക്രട്ടറി): കമ്പനിയുടെ മുഴുവൻപേരു "ദി മുണ്ടക്കയം പീരുമേട്ട് മോട്ടാർ ട്രാൻസ്പോർട്ട് ആൻഡ് ഏരിയൽറോപ്പ്‌വേ കമ്പനി, ലിമിറെറഡ്" എന്നും അതിൻെറ ഹെഡ് ആഫീസ് കോട്ടയത്തും ആകുന്നു.

(ബി) പണം മുടക്കിയതു ൧൦൯൮ ഇടവമാസത്തിലും അതുകൊണ്ടു ഉണ്ടാകാവുന്ന ഗുണങ്ങളെപ്പററി ഗവർമ്മെൻറു ഗാഢമായി ആലോചിച്ചശേഷവുമാണ്.

(സി) ൧൦൦-നു നാലു പലിശയാണ്.

(ഡി) ആദ്യച്ചെലവു മുടക്കിയ മുതലായ ൭൫,൦൦൦ രൂപാതന്നെയാണ്. ഈ കടപ്പത്രങ്ങൾ മാത്രമേ കമ്പനി എഴുതികൊടുത്തിട്ടുള്ളു. അതു വില്പനയ്ക്കുവെക്കാതെ അങ്ങാടിവില നിർണ്ണയിക്കാൻ സാധിക്കയില്ല.

(ഇ) കമ്പനിപ്പേരുളള ഗുണത്തിനുള്ളതായിരിക്കണം, ൭൫,൦൦൦ ബ്രിട്ടീഷ് രൂപായ്ക്കു കടപ്പത്രങ്ങൾ കമ്പനി എഴുതി കൊടുക്കണം, അതുമുഴുവനും തിരുവിതാംകൂർ ഗവർമ്മെൻറു വാങ്ങണം, കമ്പനിയും അതിൻെറ സ്വത്തുക്കളും ഇപ്പോൾ ഉള്ളതും ഇനി ഉണ്ടാകാവുന്നതും ആയ മുതലുകളും വസൂലാക്കിട്ടില്ലാത്ത മുതലും ജാമ്യമായിരിക്കണമെന്നും ആറാറുമാസം കൂടുമ്പോൾ നൂററിനു നാലുകണ്ടു പലിശതരണമെന്നുമാണു വ്യവസ്ഥകൾ.

കമ്പനിയും തിരുവിതാംകൂർ ഗവർമ്മെൻറും തമ്മിലുള്ള ഉടമ്പടിപ്രകാരം ഈ സംഖ്യ ൧൧൩൫-ൽ മടക്കിത്തരേണ്ടതാണ്.

(എഫ്) സംഖ്യ ചെറുതും ൧൧൩൫-ൽ മടക്കിത്തരേണ്ടതുമാകയാൽ ഗവർമ്മെൻറു ഈ കടപ്പത്രങ്ങളെ വില്ക്കാൻ വിചാരിക്കുന്നില്ല.

ജൂഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗക്കയററങ്ങളും മാററങ്ങളും.

൯൭. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഡിപ്പാർട്ടുമെൻറിൽതന്നെ ൧൫ രൂപാ ശമ്പളമുള്ള പകർപ്പു ഗുമസ്തന്മാർ ഉണ്ടായിരിക്കയും അപേക്ഷകന്മാരായിരിക്കയുംചെയ്തിട്ടും അവരിൽ അധികമോ സമമോ യോഗ്യതകൾ ഇല്ലാത്തവരെ പുറമേനിന്നു എടുത്തു ൧൫ രൂപായോ അതിലധികമോ ശമ്പളത്തിനു ആമീൻമാരായി വല്ലവരെയും ഏതെങ്കിലും ജൂഡിഷ്യൽ ഉദ്യോഗസ്ഥന്മാർ നിയമിച്ചിട്ടുണ്ടോ എന്നു ഗവർമ്മെൻറു ദയവായി അന്വേഷിക്കുമോ?

(ബി) ജൂഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ കുറഞ്ഞശമ്പളക്കാരായ ശിപായിമാർ, പകർപ്പു ഗുമസ്തന്മാർ മുതലായവർക്കു ന്യായമായ ഉദ്യോഗക്കയററം കൊടുക്കുന്നതിനും കഴിവുള്ളപ്പോൾ അവരെ അവരുടെ സ്വദേശങ്ങളിലേക്കോ അതിൻെറ സമീപസ്ഥലങ്ങളിലേക്കോ മാററംകൊടുക്കുന്നതിനും വേണ്ട ചട്ടംകെട്ടുകൾ ഗവർമ്മെൻറു ദയവായി ചെയ്യുമോ?

മി. കെ. നാരായണൻതമ്പി (ആക്ടിംഗ് ഗവർമ്മെൻറു ചീഫ് സെക്രട്ടറി): (എ) അങ്ങനെ ഒരു കാര്യം ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നില്ല. അന്വേഷണം കഴിപ്പാൻ ഹൈക്കോടതിയോടു ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സർവീസ്സിൻെറ ഗുണംനോക്കി അതിനു ന്യൂനതവരാതെ അവസരങ്ങൾ ഉണ്ടാകുമ്പോൾ ഹൈക്കോടതി വേണ്ടതു പ്രവർത്തിക്കുന്നുണ്ട്.

കടൽതീരത്തു കള്ളും ചാരായവും ഷാപ്പുകൾ.

൯൮. മി: ഏബ്രഹാം. ജെ. ലോപ്പസ്സ് (ഗവർമ്മെൻറുനിയമനം) കടൽതീരത്തു ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ കള്ളും ചാരായവും ഷാപ്പുകൾ ഉണ്ടായിരിക്കുന്നതു സന്മാർഗ്ഗഭംഗത്തിനും സമാധാനലംഘനത്തിനും കാരണമാകുമെന്നു ഗവർമ്മെൻറിനു അറിയാമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവർമ്മെൻറു സെക്രട്ടറി-ദേവസ്വം ജോലിയിൽ): കടൽതീരത്തു ജനബാഹുല്യമുള്ള ഗ്രാമങ്ങളുടെ മദ്ധ്യത്തിൽ ഏതെങ്കിലും കള്ളും ചാരായവും ഷാപ്പുകൾ ഉള്ളതായിട്ടോ ഏതെങ്കിലും ഷാപ്പു സന്മാർഗ്ഗഭംഗത്തിനോ സമാധാനലംഘനത്തിനോ കാരണമാകുന്നതായിട്ടോ ഗവർമ്മെൻറിനു അറിവില്ല.

മലയാളവേലന്മാർ.

൧൯൯. മി. എസ്സ്. ജി. ലോപ്പസ് (ഗവണ്മെൻറ നിയമനം): (എ) മലയാളവേലന്മാർ എന്ന പേരുള്ള ഒരു പ്രത്യേകവർഗ്ഗക്കാർ ഈ രാജ്യത്തുള്ളതായി ഗവണ്മെൻറിന അറിയാമോ ?

(ബി) ഉണ്ടെങ്കിൽ അവരുടെ സംഖ്യ എന്തു്?

(സി) മൺപാത്രനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി ഗവണ്മെൻറ വല്ലതും ചെയ്തിട്ടുണ്ടോ ?

(ഡി) ഏതെങ്കിലും മലയാളവേലന്മാരെ ഗവണ്മെൻറുദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ അവരുടെ പേരുകളും ഉദ്യോഗങ്ങളും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ ദയവായി മേശപ്പുറത്തു വെക്കാമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): (എ) ഇല്ല. ൧൯൨൧-ലെ സെൻസസ്സ് കണക്കുപ്രകാരം വേലൻ എന്ന പേരായ ഒരു ജാതിക്കാർ ഉണ്ട്.

(ബി) കണ്ടവർ ഉൾപ്പെടെ വേലന്മാരുടെ സംഖ്യ ൩൨൭൩൯ ആണ്.

(സി) ഉണ്ട്. കരകൌശലശാലയിൽ ഒരു മൺപാത്രനിർമ്മാണവകുപ്പു ഉണ്ട്. അവിടെ ഭംഗിയുള്ളതരം പാത്രങ്ങൾ പരിഷ്കൃതരീതിയിൽ ഉണ്ടാക്കുന്നുണ്ട്. ഈ രീതികളിൽ ചിലരെ അഭ്യസിപ്പിക്കുന്നുണ്ട്.

(ഡി)-യും (ഇ)-യും ആവശ്യമുള്ള വിവരങ്ങൾ ഗവണ്മെൻറ ശേഖരിക്കും.

മി. എസ്സ്. ജി. ലോപ്പസ് (ഗവണ്മെൻറനിയമനം): (എ) ഭാഗം മറുപടിയെ സംബന്ധിച്ച്, മലയാളവേലന്മാരെപ്പററി ഹൈക്കോടതിയിൽനിന്നും ഒരുവിധി, (തി-ലാ-റി ൧ വ്യ-ൽ പ്രസിദ്ധംചെയ്തിട്ടുണ്ടെന്നു തോന്നുന്നു) ഉണ്ടായിട്ടുള്ളതു് ഗവണ്മെൻറിന അറിവുണ്ടോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): ഇല്ല. ഗവണ്മെൻറിന അതിനെപ്പററി അറിവില്ല.

ചെങ്കൽ ഗ്രാൻറ വെർണാക്കുലർസ്കൂൾ ഹെഡ്മിസ്ട്രസ്സിന രണ്ടാംക്ലാസിൽ പഠിപ്പിക്കാനുള്ള യോഗ്യത.

൨൦൦. മി. എസ്സ്. ജി. ലോപ്പസ് (ഗവണ്മെൻറ നിയമനം): (എ) ചെങ്കൽ പ്രൈമറിഗ്രാൻറസ്കൂൾ ഹെഡ്മിസ്ട്രസ്സിന രണ്ടാംക്ലാസിൽ പഠിപ്പിക്കാൻ യോഗ്യതയില്ലെന്നു ഡിസ്ട്രിക്ട് അസിസ്റ്റൻറ ഇൻസ്പെക്ട്രസ് കല്പിച്ചതിനെപ്പററി ആ സ്കൂൾ മാനേജരും ഡിപ്പാർട്ടുമെൻറും തമ്മിൽ നടന്ന എഴുത്തുകുത്തിനെപ്പററിയും അദ്ദേഹം ഗവണ്മെൻറിൽ അപ്പീൽ ബോധിപ്പിച്ചതിനെപ്പററിയും ഗവണ്മെൻറിന അറിവുണ്ടോ ?

(ബി) മാനേജരിൻെറ അപ്പീൽകാര്യത്തിൽ ഗവണ്മെൻറ വല്ല തീർപ്പുകല്പനയും കല്പിച്ചിട്ടുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടരി): (എ) ഉണ്ട്.

(ബി) കാര്യം ഇപ്പോൾ വിദ്യാഭ്യാസം ഡയറക്ടരും ഗേൾസ്സ്കൂൾ ഇൻസ്പെക്ട്രസും തമ്മിൽ എഴുത്തുകുത്തിൽ ഇരിക്കുന്നു. മാനേജരിൻെറ അപ്പീൽ തീർച്ചചെയ്തിട്ടില്ല.

ചിറയിൻകീഴ് ഡിസ്ട്രിക്ട് ഹോസ്പിററലിൽനിന്നു ഒരു ഉദ്യോഗസ്ഥൻെറ സ്ഥലമാററം.

൨൦൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് ആസ്പത്രിയിലെ രണ്ടു ഡോക്ടർമാർ തമ്മിലുള്ള വഴക്കിനെപ്പററി ൧൧൦൯ ആഗസ്റ്റ് ൧൨-ാം തീയതിയത്തെ നിയമസഭായോഗത്തിൽ ഞാൻ പ്രസ്താവിച്ച ഉടനെതന്നെ അവരിൽ ഒരു ഡാക്ടരെ അവിടെനിന്നു സ്ഥലംമാററിയതു എന്തു അന്വേഷണം കഴിച്ചിട്ടാണെന്നു ഗവണ്മെൻറ ദയവായി പറയുമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): ചിറയിൻകീഴ്ഡിസ്ട്രിക്ട് ഹാസ്പിററൽ അസിസ്റ്റൻറിനെ അവിടെനിന്നു ൧൧൦൯ ആഗസ്റ്റ് ൧൫-ാം തീയതി സ്ഥലംമാററി. മാററിയതു നിയമസഭയുടെ കഴിഞ്ഞയോഗത്തിൽ മെമ്പരുടെ നിവേദനംനിമിത്തമല്ല അസിസ്റ്റൻറിനെപ്പററി മെഡിക്കൽ ആഫീസർ ഇൻചാർജ് അയച്ച റിപ്പോർട്ടും ചിറയിൻകീഴ് ജനങ്ങളുടെ പ്രതിനിധികൾവന്നു ബോധിപ്പിച്ചതും സംബന്ധിച്ച നടത്തിയ അന്വേഷണത്തിൻെറ ഫലമായിട്ടാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡാക്ടരിനെ സ്ഥലംമാററണമെന്നു ഞാൻ വല്ല നിവേദനവും ചെയ്തു എന്നു പറയുമോ ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): മിസ്റ്റർ നീലകണ്ഠപ്പിള്ള അങ്ങനെ നിവേദനംചെയ്തതായി ഞാൻ ഓർക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പരുടെ നിവേദനംനിമിത്തമല്ല എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഞാൻ ഒരു നിവേദനവും ചെയ്തിട്ടില്ല. മറുപടിയുടെ പദപ്രയോഗം അങ്ങനെയാകാൻ സംഗതി എന്തു്?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): ചിറയിൻകീഴ് മെഡിക്കൽ ഉദ്യോഗസ്ഥന്മാർ തമ്മിൽ വഴക്കാണെന്നായിരുന്നു നിവേദനത്തിൻെറ സാരം

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ,

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): അതുതന്നെയാണ് മറുപടിയിൽ പറഞ്ഞതു് ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിവേദനംനിമിത്തമല്ല മാററംകൊടുത്തതെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. നിവേദനംചെയ്തതു മെഡിക്കൽ ആഫീസരെ സ്ഥലംമാററണമെന്നായിരുന്നു എന്നു അതുകൊണ്ടു വരുന്നു.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടരി): അന്വേഷണഫലമായിട്ടാണു സ്ഥലമാററം കൊടുത്തതെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇക്കാര്യംസംബന്ധിച്ച പ്രതിനിധിസംഘങ്ങളും എതിർ പ്രതിനിധിസംഘങ്ങളും വന്നിരുന്നോ എന്നു പറയുമോ ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): പ്രതിനിധിസംഘങ്ങൾ വന്നിരുന്നുഎന്നു മറുപടികൊണ്ടു കാണാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു പ്രതിനിധിസംഘമെങ്കിലും വന്നിരുന്നോ എന്നാണ് എനിക്കു അറിയേണ്ടതു്.

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): മെമ്പർ എതിർപ്രതിനിധിസംഘങ്ങൾ എന്നു പറയുന്നതു് പ്രതിനിധിസംഘങ്ങൾ എന്ന പദത്തിൽ ഉൾപ്പെടും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ കാര്യം ഏതുതരത്തിലാണു തീർച്ചചെയ്തു് ഒരു ഡയറക്ടർ നേരെ പുരുഷനെ മാറ്റിയതു് സ്ത്രീയെക്കൊണ്ടു് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേൽ ആയിരുന്നോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): അന്വേഷണ ഫലമായിട്ടും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തന്വേഷണം? വല്ല അന്വേഷണവും നടത്തിയോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): അന്വേഷണത്തിന്റെ ഫലമായിട്ടാണെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ടല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തന്വേഷണമായിരുന്നു?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): അന്വേഷണത്തിന്റെ സ്വഭാവമെന്താണെന്നു അറിയാമെന്നു പറഞ്ഞിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഇതിനെപ്പറ്റി വേണ്ടവിവരം ഗവണ്മെൻറ്റ്മേശവായി വരുത്തുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഉവ്വ്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഉദ്യോഗമുള്ള ചിറയിൻകീഴ് നാട്ടുകാർ.

൫൦൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന വിവരങ്ങൾ ഒരു പട്ടികരൂപത്തിൽ ഗവണ്മെൻറു മേശവായി തരുമോ?

(എ) ചിറയിൻകീഴ്താലൂക്കുകാരായി ഈ രാജ്യത്തെ എലിമെൻററിസ്കൂളുകളിലും സെക്കണ്ടറി സ്കൂളുകളിലും ഉള്ളഅദ്ധ്യാപകന്മാരുടെ പേരുകൾ.

(ബി) അവർ ഇപ്പോൾ ഏതു സ്കൂളുകളിൽആകുന്നു.

(സി) ചിറയിൻകീഴ് താലൂക്കുകാരല്ലാത്തവരായി ഇപ്പോൾ ആ താലൂക്കിൽ അദ്ധ്യാപകന്മാരായിരിക്കുന്നവരുടെ പേരുകൾ.

(ഡി) ഓരോരുത്തരുടേയും ശമ്പളം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മുതൽ (ഡി) വരെ അടങ്ങുന്നവയുള്ള വിവരങ്ങൾ വരുത്തി പട്ടിക തയാറാക്കുന്നതിന്റെ അദ്ധ്വാനം അതുകൊണ്ടുള്ള പ്രയോജനത്തിനു അനുരൂപമല്ലാത്തതിനാൽ അങ്ങനെയുള്ള ഒരു പട്ടിക വരുത്താൻ ഗവണ്മെൻറു വിചാരിക്കുന്നില്ല.

ഉപ്പളങ്ങളുടെ രസതന്ത്രപരിശോധനയും സന്ദർശനവും.

൫൦൩. മി. സി. പി. തരകൻ (കുന്നത്തുനാട്ടു): (എ) ഉപ്പളങ്ങൾ സംബന്ധിച്ചു രസതന്ത്രപരിശോധനകൾ നടത്തുന്നതു ആരാണെന്നു ഗവണ്മെൻറു മേശവായി പറയുമോ?

(ബി) വേണ്ടവിധത്തിൽ രസതന്ത്രപരിശോധനകൾ നടത്തുന്നതിനു ഇപ്പോൾ അളങ്ങളിലോ സമീപത്തോ പരിശോധനശാലകൾ ഉണ്ടോ?

(സി) പരിശോധനശാലയുണ്ടെങ്കിൽ അതു ഏതെങ്കിലും വിദഗ്ദ്ധന്മാർ സന്ദർശിച്ചിട്ടുണ്ടോ?

(ഡി) ഉപ്പുവ്യവസായം പരിഷ്കൃതനിലയിൽ ആക്കുന്നതിനുവേണ്ടി എക്സൈസ് കമ്മീഷണർ, ചീഫ് ഇൻജിനീയർ, വിദ്യാഭ്യാസഡയറക്ടർ ഇവരോടും ചില അന്യഉദ്യോഗസ്ഥന്മാരോടുംകൂടെ ഉപ്പളങ്ങളെ ഒരുമിച്ചു പോയി സന്ദർശിക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെൻറു മേശവായി ചെയ്യുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറു സെക്രട്ടറി-വേറെ ജോലിയിൽ): രസതന്ത്ര പരിശോധന ഇപ്പോൾ നടത്തുന്നതു ഗവണ്മെൻറുവക കെമിക്കൽ എക്സാമിനരോ കൃഷിഡയറക്ടരോ ആണു.

(ബി) ഇല്ല.

(സി) (ബി) ഭാഗം മറുപടികൊണ്ടു ഇതിന്നാവശ്യമില്ല.

(ഡി) ഉപ്പളങ്ങൾ ആവശ്യംപോലെ സന്ദർശിച്ചുവരുന്നുണ്ടു. മെമ്പർ പറയുംപ്രകാരം ഒരു കൂട്ട സന്ദർശനം ഇപ്പോൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. തെക്കൻതിരുവിതാംകൂറിലെ അളങ്ങളിലെ ഉപ്പുവ്യവസായരീതി ബ്രിട്ടീഷിൻഡ്യയിലെ അളങ്ങളിലെ വ്യവസായരീതികളെക്കാൾ മോശമല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): എന്നുമുതൽക്കാണു ഉപ്പളങ്ങളിൽ കെമിക്കൽ എക്സാമിനറായി കൃഷിഡയറക്ടറെ നിയമിച്ചതു?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറുസെക്രട്ടറി—വേറെ ജോലിയിൽ): ഉദ്ദേശം രണ്ടുവർഷമായി.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): ഉപ്പളത്തിലെ ലാബറട്ടറിയുടെ ആവശ്യത്തിനുള്ള സാമഗ്രികൾ വാങ്ങിച്ചതായി മുമ്പു ഈ സഭയിൽ ഗവണ്മെൻറുഭാഗത്തുനിന്നും അറിയിച്ചിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറുസെക്രട്ടറി-വേറെ ജോലിയിൽ): ഏതാനും സാമഗ്രികൾ അവിടെ ഉണ്ടായിരുന്നുഎന്നു ആക്റ്റിംഗ് എക്സൈസ് കമ്മീഷണർ മിസ്റ്റർ ഗോവിന്ദപ്പിള്ള ഒരിക്കൽ പറഞ്ഞതായി കാണുന്നുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): ആ സാമഗ്രികൾ എന്തുചെയ്തു?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറുസെക്രട്ടറി-വേറെ ജോലിയിൽ): ഉപയോഗശൂന്യമായി വെളിയിലോ മറ്റുപ്രകാരത്തിൽ വിനിയോഗിച്ചോ എന്നറിഞ്ഞുകൂടാ. ആവശ്യമുള്ളപക്ഷം അന്വേഷിക്കാം.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ പ്രസ്താവത്തിനുശേഷമാണോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെന്റു സെക്രട്ടറി-ദേവസ്വം ജോലിയിൽ): ശേഷം വല്ല ആവശ്യവും വരുമ്പോൾ പരിശോധനകൾ നടക്കുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): അതിനു സഭയിൽ പ്രസ്താവിക്കാതിരുന്നതെന്താണ്?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെന്റു സെക്രട്ടറി-ദേവസ്വം ജോലിയിൽ): അതു പ്രസ്താവിച്ച ആളിന്റെ ചിത്തവൃത്തിയാണു. ആ ആളോടു ചോദിക്കയല്ലാതെ എന്നോടു ചോദിച്ചാൽ സ്വഷ്ടമായ മറുപടിപറയാൻ സാധിക്കയില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഗവൺമെന്റുദ്യോഗസ്ഥന്മാർ അപ്പപ്പോൾ സഭയിൽ പറയുന്ന സംഗതി വിശ്വസിച്ചുകൂടാ എന്നാണോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെന്റു സെക്രട്ടറി-ദേവസ്വം ജോലിയിൽ): അവിശ്വസിക്കത്തക്കതായ യാതൊരു സംഗതിയും അതിൽ ഉൾപ്പെട്ടിട്ടില്ല.

ആലുവാ പാലത്തിന്റെ എസ്റ്റിമേറ്റു പരിശോധന.

൨൦൮. മി. സി. പി. തരകൻ (കുന്നത്തുനാടു): ആലുവാകടവിൽ ഉണ്ടാക്കാൻ വിചാരിക്കുന്ന പാലത്തിന്റെ എസ്റ്റിമേറ്റു പരിശോധന ചീഫ് എൻജിനീയർ ആഫീസിൽ നടത്തുന്നതു പൂർത്തിയായോ എന്നും ഇല്ലെങ്കിൽ എന്നത്തേക്കു പൂർത്തിയാകുമെന്നും ഗവൺമെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെന്റു സെക്രട്ടറി): എസ്റ്റിമേറ്റു വീണ്ടും പരിശോധിക്കുന്നതിനായി ഡിവിഷൻ ആഫീസിലേക്കു മടക്കി അയച്ചിരിക്കയാണു.

ക്ലിപ്പിങ്ങുകളുടെ കണക്കു.

൨൦൯. മി. സി. പി. തരകൻ (കുന്നത്തുനാടു): പത്രാപഹരണം ഉണ്ടായാൽ കണ്ടുപിടിക്കത്തക്കവണ്ണം ഓരോ അഞ്ചലാഫീസുകളിൽ വരുന്നതും അവിടെനിന്നു കൊടുക്കുന്നതുമായ ക്ലിപ്പിങ്ങുകളുടെ എണ്ണം, തൂക്കം, ചുമത്തുന്ന കൂലി ഇവ കാണിക്കുന്ന കണക്കു ആ ആഫീസുകളിൽ ഇപ്പോൾ ശരിയായി വെച്ചുവരുന്നുണ്ടോ എന്നു ഗവൺമെന്റു ദയവായി പറയുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (ഗവൺമെന്റു സെക്രട്ടറി ദേവസ്വം ജോലിയിൽ): അഞ്ചൽ ആഫീസുകളിൽ വരുന്നതും അവിടെനിന്നു കൊടുക്കുന്നതുമായ ക്ലിപ്പിങ്ങുകളുടെ എണ്ണവും ചുമത്തുന്ന കൂലിയും കാണിക്കുന്ന കണക്കു എല്ലാ ആഫീസുകളിലും വെച്ചുവരുന്നു. അവയുടെ തൂക്കം വേറെ കാണിക്കാറില്ല.

ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനം.

൨൧൦. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഗവൺമെന്റു ദയവായി താഴെപ്പറയുന്ന സംഗതികൾ പറയുമോ?

(എ) ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനം സംബന്ധിച്ചുള്ള കണക്കുകളുടെ പരിശോധന പൂർത്തിയായോ എന്നും ആയെങ്കിൽ സഭാമുമ്പാകെ എപ്പോൾ ഹാജരാക്കുമെന്നും.

(ബി) ഈ വരുന്ന പ്രദർശനത്തിൽ പങ്കെടുക്കുന്നതിനെപ്പറ്റി തിരുമനസ്സിലേക്കു ആലോചിച്ചുവോ.

(സി) അതിൽ പങ്കെടുക്കാൻ തീർച്ചയാക്കുന്നതിനുമുമ്പായി ഗവൺമെന്റു നിയമസഭയോടു ആലോചിക്കാൻ വിചാരിക്കുന്നുണ്ടോ.

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി):—

(എ) ആദ്യഭാഗത്തിനു മറുപടി നിഷേധത്തിലാണ്, അതുകൊണ്ടു രണ്ടാംഭാഗത്തിനു കാരണമില്ല.

(ബി) ഈ വരുന്ന പ്രദർശനത്തിൽ പങ്കെടുക്കുന്നതിനെപ്പറ്റി ഗവൺമെന്റിനോടു ആലോചിക്കയുണ്ടായി, പങ്കെടുക്കേണ്ടെന്നു ഗവൺമെന്റു തീർച്ചയാക്കി.

(സി) ഈ വരുന്ന പ്രദർശനം ഒക്ടോബർ മ൧-നു അവസാനിച്ചുപോയതിനാൽ ചോദ്യത്തിനു സംഗതിയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): (എ) ഭാഗം മറുപടിയെ സംബന്ധിച്ചു ബ്രിട്ടീഷ് സാമ്രാജ്യപ്രദർശനത്തിനു ഇവിടെനിന്നു നിയോഗിച്ചയയ്ക്കപ്പെട്ട ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ കണക്കുകൾ പരിശോധനയ്ക്കു സമർപ്പിച്ചതു എന്നാണെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): കൃത്യതീയതി പറവാൻ ഇപ്പോൾ വിവരമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ൧൧൨൦-ാമാണ്ടു അവസാനിക്കുന്നതിനുമുമ്പെങ്കിലും പരിശോധന പൂർത്തിയാകുമോ എന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): പരിശോധന നടന്നുവരുന്നു. അതു എന്നു പൂർത്തിയാകുമെന്നു തീയതി ക്ലിപ്തപ്പെടുത്തി ഇപ്പോൾ പറവാൻ സാധിക്കയില്ല.

അനുബന്ധം.

൮൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൫ മുതൽ ൧൦൯൯ വരെ ചുങ്കം, കണ്ടകപ്പാട്ടം മുതലായവയിൽനിന്നുള്ള വരവു.

ഡിവിഷൻ	ചുങ്കം					കണ്ടകപ്പാട്ടം					കുളങ്ങളിലെ മത്സ്യവില				
	൧൦൯൫	൧൦൯൬	൧൦൯൭	൧൦൯൮	൧൦൯൯	൧൦൯൫	൧൦൯൬	൧൦൯൭	൧൦൯൮	൧൦൯൯	൧൦൯൫	൧൦൯൬	൧൦൯൭	൧൦൯൮	൧൦൯൯
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.
ആലുവാ	൪൬൫	...	൧,൪൫൩	൧,൮൧൭	൭,൧൦൮	൧,൭൦൨	൧,൬൨൯	൧,൭൫൮	൨,൬൦൧	൨,൧൬൮	...	...	...	...	...
കോട്ടയം	൧൦,൧൮൪	൯,൭൩൨	൧൦,൯൬൪	൧൩,൪൭൩	൧൭,൨൦൨	൩,൭൪൧	൩,൧൯൯	൪,൪൦൭	൩,൯൩൪	൩,൨൬൨	...	...	...	...	...
കൊല്ലം	൨,൯൦൮	൨,൦൧൬	൨,൬൬൫	൫,൭൬൨	൧൦,൦൬൦	൪,൫൮൮	൫,൯൪൨	൫,൭൨൫	൩,൬൫൭	൫,൬൮൨	൧,൭൦൪	൨,൭൨൫	൨,൫൩൫	൨,൯൫൦	൧,൭൦൮*
തിരുവനന്തപുരം	...	...	...	...	൪,൮൬൯	൧,൫൬൮	൧,൭൫൨	൧,൫൦൨	൪,൯൧൯	൩,൩൦൯	...	...	...	...	...
ദേവികുളം	...	...	...	...	...	൩൮൨	൩൮൪	൨൯൨	൨൮൭	൪൪൮	...	...	...	...	...
കോതയാർ	...	...	...	൪൯,൩൪൬	൪൯,൯൭൦	൨൬൭	൨൪൩	൨൮൧	൧,൧൭൩	൧,൩൭൨	൧,൫൭൫	൩,൦൦൯	൨,൮൦൯	൨,൩൦൬	൧,൮൬൭
മതക്കൻ	൩൯,൧൩൮	൪൨,൯൭൦	൪൨,൪൫൧	...	...	൩,൧൭൯	൫,൦൫൭	൪,൧൨൨	...	...	...	...	...	...	...
ആകെ	൫൨,൬൯൫	൫൪,൭൧൮	൫൭,൫൩൩	൭൦,൩൯൮	൮൯,൨൦൯	൧൫,൪൨൭	൧൮,൨൦൬	൧൮,൧൩൭	൧൬,൫൭൧	൧൬,൨൪൧	൩,൨൭൯	൫,൭൩൪	൫,൩൪൪	൫,൨൫൬	൩,൫൭൫

* ഗവണ്മെന്റ കല്പനപ്രകാരം ചെങ്കോട്ട താലൂക്കിലെ കൃഷിസേചനകുളങ്ങളിലെ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം കുളത്തിനു ചുറ്റുമുള്ള പുറവുകാർക്കു പാട്ടത്തിനു കൊടുത്തുവരുന്നു.

അനുബന്ധം (തുടൎച്ച).

വ്യവസായനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

[illegible] മുതൽ [illegible] വരെ ചുങ്കം, കുത്തകപ്പാട്ടം മുതലായവയിൽനിന്നുള്ള വരവ്.

ഡിവിഷൻ	സംഖ്യിപ്പോൎട്ടുപ്രകാരംവില്പന					മററു ഇനങ്ങൾ					ആകെ				
	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.
ആലുവാ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
കോട്ടയം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
കൊല്ലം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
തിരുവനന്തപുരം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
ചൊക്ക് ഷാപ്പു	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
കോതയാർ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
ഇതക്കൻ	[illegible]	[illegible]	[illegible]	...	....	[illegible]	[illegible]	[illegible]	...	...	[illegible]	[illegible]	[illegible]	...	...
ആകെ	21,920	12,495	12,673	12,163	11,421	70,463	1,01,024	1,01,591	87,479	84,858	1,63,784	1,92,177	1,95,278	1,91,866	2,05,904

നിയമനിർമ്മാണം.

ഈഴവറഗുലേഷൻ ഭേദഗതിബിൽ.

പ്രസിഡൻറ: ഇനി നമുക്ക ഒരു അനുദ്യോഗസ്ഥമെമ്പർ ഹാജരാക്കീട്ടുള്ള ഈഴവറഗുലേഷൻ ഭേദഗതി ബില്ലിനെപ്പററി ആലോചിക്കാം. ഇങ്ങനെ ഒരു ബിൽ ഹാജരാക്കാൻ ഒരു അനുദ്യോഗസ്ഥമെമ്പറിനു ഗവമ്മെൻറു സൌകര്യം കൊടുത്തതു ഒന്നാമതായി സാമുദായിക നിയമങ്ങൾ നിർമ്മിക്കുമ്പോൾ എല്ലാകക്ഷികൾക്കും അവസരസമത്വം കൊടുക്കേണ്ടതാണെന്നുള്ളതുകൊണ്ടാണ്. ഒരുകക്ഷി ചുരുക്കം ആളുകളല്ലല്ലോ അധികം ആളുകൾ ഉണ്ടോ എന്നു ആലോചിച്ചിട്ടാവശ്യമില്ലാ. അവരുടെ അഭിപ്രായഗതി തീർച്ചയായും എതിരാണ്, കക്ഷിയുടെ വലിപ്പം എന്തായിരുന്നാലും രാജ്യത്തിലെ പ്രതിനിധികളുടെ ഈ യോഗത്തിൽ അവരുടെ അഭിപ്രായം എന്താണെന്നു അറിയിക്കാൻ അവർക്ക അവസരം ഉണ്ടാകേണ്ടതാണ്. ഇതാണ് ഒന്നാമത്തെ കാരണം. രണ്ടാമത്തെ കാരണം സാമുദായിക നിയമങ്ങൾ നിർമ്മിക്കുമ്പോൾ എല്ലാ ഗവമ്മെൻറുകളും അവലംബിക്കേണ്ടതും അവലംബിച്ചുവരുന്നതുമായ നില ആചാരമര്യാദകൾ ഭേദപ്പെടുത്താൻ വിചാരിക്കുമ്പോൾ പുതിയനിയമത്തിൻെറ വ്യാപ്തിയിൽ ഉൾപ്പെടണമെന്നുവിചാരിക്കുന്നവർ അങ്ങനെ ഉൾപ്പെടുത്താൻ അപേക്ഷിച്ചു ഉൾപ്പെടുകയല്ലാതെ പഴയനിയമങ്ങൾ വെച്ചുകൊണ്ടിരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളെ പുതിയനിയമത്തിൻെറ വ്യാപ്തിയിൽനിന്നു ഒഴിവാക്കണമെന്നു അപേക്ഷിക്കാൻ അവരെ നിർബന്ധിക്കരുതെന്നാകുന്നു. സാധാരണ പ്രമാണം അതായിരിക്കെ പഴയനിയമപ്രകാരം ജീവിതം കഴിക്കാൻ ആഗ്രഹിക്കുന്നവർക്ക അങ്ങനെ ചെയ്വാൻ ഈ സഭയുടെ വോട്ടുപ്രകാരം അവകാശം ഉണ്ടാക്കേണ്ടതാണെന്നു ഗവമ്മെൻറു വിചാരിച്ചു.

ഈ നിയമത്തെ സംബന്ധിച്ചു ഗവമ്മെൻറുദ്യോഗസ്ഥമെമ്പർമാരുടെ നില എന്തായിരിക്കണമെന്നു ഒരു ചോദ്യത്തിനു വകയുണ്ട്. ഇതു ഒരു അനുദ്യോഗസ്ഥനിയമവും ഒരു സാമുദായിക നിയമവും ആകയാൽ ഓരോ ഉദ്യോഗസ്ഥമെമ്പറും തൻെറ അഭിപ്രായത്തിനും ബോധത്തിനും അനുസരിച്ചു വോട്ടുചെയ്യേണ്ടതാകുന്നു. ഇക്കാര്യത്തിൽ ഇന്നപ്രകാരം വോട്ടുചെയ്യണമെന്നു ഒരു ഗവമ്മെൻറുമെമ്പരോടും ഗവമ്മെൻറു ആജ്ഞാപിച്ചിട്ടില്ലാ. ഉദ്യോഗസ്ഥമെമ്പർമാരുടേയും അനുദ്യോഗസ്ഥമെമ്പർമാരുടേയും നില ഒന്നുതന്നെയായിരിക്കും. അവർക്ക ബില്ലിനു അനുകൂലമായോ പ്രതികൂലമായോ സംസാരിക്കാം. അവർക്ക ബില്ലിനു അനുകൂലമായോ പ്രതികൂലമായോ വോട്ടുചെയ്കയും ചെയ്യാം.

മി. ആർ. പത്മനാഭൻ (ഗവമ്മെൻറു നിയമനം): സർ, ഈ ബിൽ ഹാജരാക്കുന്നതിനുമുമ്പായി [illegible] മിശ്രദായികൾകൂടി ബോധിപ്പിക്കുന്ന ഒരു ഹർജി സഭമുമ്പാകെ സമർപ്പിക്കാനുണ്ട്. ആ ഹർജിയിലെ പ്രസ്താവനകളെപ്പററി അല്പം സംസാരിക്കാനും അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറ: അതു ചെയ്യുന്നതിനുമുമ്പായി ബിൽ സഭയിൽ വായിക്കണമെന്നു ഒരു പ്രമേയം കൊണ്ടുവരേണ്ടതാണ്. അതിൻെറശേഷം ഹർജി ബോധിപ്പിക്കാം.

മി. ആർ. പത്മനാഭൻ (ഗവമ്മെൻറു നിയമനം): ൧൧൦൦-ാമാണ്ടത്തെ ൩-ാംനമ്പർ ഈഴവറഗുലേഷൻ ൩-ാംവകുപ്പു ഭേദപ്പെടുത്താൻ ഒരുബിൽ ഞാൻ ഹാജരാക്കുകയും ആബിൽ സഭയിൽ വായിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): പ്രമേയം ഞാൻ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ. അഡിഷനാൽ ഹെഡ് സർക്കാർവക്കീൽ): ഈ സഭയിലെ പതിവു ബിൽ സഭയിൽ വായിക്കണമെന്നു പ്രമേയം ഹാജരാക്കുകയും അതു ആരെങ്കിലും അനുകൂലിച്ചശേഷം പ്രമേയകർത്താവും മററു മെമ്പർമാരും ബില്ലിൽ അടങ്ങീട്ടുള്ള തത്വങ്ങളെപ്പററി വാദപ്രതിവാദം ചെയ്കയും ആകുന്നു.

പ്രസിഡൻറ: അതേ. ബിൽ ഹാജരാക്കി അനുകൂലിക്കയും ചെയ്തു. പ്രമേയകർത്താവിനു ഇനി സംസാരിക്കാൻ സ്വാതന്ത്ര്യം ഉണ്ട്.

മി. ആർ. പത്മനാഭൻ (ഗവമ്മെൻറു നിയമനം): ഈ നിർബന്ധ നിയമത്തിനു വിരോധംപറഞ്ഞ മിശ്രദായികളുടെ ഹൃദയവ്യഥയും അതൃപ്തിയും നീക്കുന്നതിനാണ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു. താഴെ പറയുന്ന കാരണങ്ങളാലാണ് മിശ്രദായികൾ ൩-ാംവകുപ്പിനു വിരോധം പറയുന്നതു.

൧. ന്യായമല്ലാത്ത ഒരു തത്വത്തിന്മേലാണ് അതു അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു.

൨. അതു അവരുടെ സ്വാതന്ത്ര്യമനസ്സു ഇല്ലാതാക്കി അവർക്കിഷ്ടമില്ലാത്ത ഒരു ദായക്രമം അനുസരിക്കാൻ അവരെ നിർബന്ധിക്കുന്നു.

൩. അതു കുടുംബത്തിൽ ഛിദ്രമുണ്ടാക്കി കലഹത്തിനു സംഗതി വരുത്തുന്നു.

മേല്പടി വകുപ്പു ചമച്ചതു റഗുലേഷൻ ൪-ം ൭-ം ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ സ്വീകരിക്കാൻ മനസ്സില്ലാത്ത മിശ്രദായികളുടെ അവകാശങ്ങളെ ആലോചിച്ചായിരുന്നു.

മരിച്ച ഒരുവൻെറ സ്വയാർജ്ജിതസ്വത്തുക്കളെ അവൻെറ മക്കളും അനന്തിരവരും സമമായി ഭാഗിച്ചെടുക്കുന്ന ദായക്രമം അനുസരിക്കുന്ന ഈഴവരെയാണ് മിശ്രദായികൾ എന്നു പറയുന്നതു. കൊല്ലത്തിനു തെക്കുള്ള ഈഴവർ ഈ ദായക്രമമാണ് അനുസരിക്കുന്നതു. കൊല്ലത്തിനു വടക്കുള്ള താലൂക്കുകളിൽ പാർക്കുന്ന ഈഴവർ കേവലം മരുമക്കത്തായികളാണ്. തമിഴ്ഡിസ്ട്രിക്ടുകളോടു അടുത്തു പാർക്കുന്ന ചുരുക്കം ചിലർമാത്രം കേവലം മക്കത്തായികളാണ്.

മക്കത്തായം ഈഴവരെ ഈ റഗുലേഷൻെറ വ്യാപ്തിയിൽനിന്നു ഒഴിവാക്കിയിരിക്കുന്നു. അവർ അനുസരിക്കുന്നതു ഈഴവറഗുലേഷനിൽനിന്നു വളരെ വ്യത്യസ്തമായ ഒരു ദായക്രമമാണ്. അവർക്ക അവരുടെ പാരമ്പര്യക്രമം തൃപ്തികരമായിരുന്നു. അതുകൊണ്ടാണ അവരെ ഒഴിവാക്കിയതു.

ഈഴവറഗുലേഷൻ വരുത്തിയ മാററങ്ങളിൽ മരുമക്കത്തായികൾ സന്തോഷത്തോടെ അനുകൂലിച്ചു. അവരുടെ ആവശ്യത്തിന്നല്ലേ അതുണ്ടാക്കിയതു. മരുമക്കത്തായം ഈഴവരിൽ ആരംഭത്തിൽതന്നെ മക്കത്തായത്തി

ന്നോ ആളോഹരിഭാഗത്തിനോ യാതൊരു വിരോധവും പറഞ്ഞില്ല. ഉപകമ്മറ്റി വിസ്തരിച്ച സാക്ഷികളിൽ ൭ ഉപധാരം ശരിയാണം മരുമക്കത്തായികൾ മക്കത്തായം വേണമെന്ന പറഞ്ഞു. റഗുലേഷനെ സംബന്ധിച്ചു അവക്കു യാതൊരാക്ഷേപവും ഇല്ല. അതുകൊണ്ടു റഗുലേഷൻ അവക്കു തൃപ്തികരമാണെന്നു അനുമാനിക്കാം.

മിശ്രദായികളുടെ കാര്യം ആലോചിച്ചാൽ അതു കേവലം ഒരു വിപരീതസ്ഥിതിയാണെന്നു കാണാം. ഈ റഗുലേഷനായി പരിണമിച്ച അന്വേഷണങ്ങളുടെ പ്രാരംഭഘട്ടത്തിൽതന്നെ ആ പരിണാമത്തെപ്പററി അവരുടെ ഇടയിൽ അതൃപ്തി കണ്ടാരുന്നു. മിശ്രദായികളുടെ ഇടയിൽ എതിരഭിപ്രായക്കാരായ മഹന്മാർ ഉണ്ടെന്നു ഉപകമ്മററിയുടെ റിപ്പോർട്ടിൽതന്നെ കാണുന്നു. ഇതു ഈഴവഉപകമ്മററി റിപ്പോർട്ട് ൮-ാം ൯-ാം ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു. ഞാൻ അതു വായിച്ചു കേൾപ്പിക്കാം.

൮. ക്ഷണിച്ച സാക്ഷികളിൽ എന്തെങ്കിലും കാരണവശാൽ കമ്മററിമുമ്പാകെ ഹാജരാകാൻ കഴിയാഞ്ഞ ൨൦ സ്ത്രീകൾ ഉൾപ്പെടെ ൯൯ ആളുകൾ അച്ചടിച്ചു വിതരണംചെയ്ത ചോദ്യങ്ങൾക്കു മറുപടികൾ എഴുതി അയച്ചുതന്നു. അനേകം ഒപ്പുകൾ ഇട്ടിട്ടുള്ള ൧൦൦ കുറിപ്പുകളും ഞങ്ങൾക്കു കിട്ടി. ഞങ്ങൾ ഉത്തരതിരുവിതാംകൂറിൽ സാക്ഷിവിസ്താരം നടത്തിക്കൊണ്ടിരുന്നപ്പോൾ അവിടത്തെ ജനങ്ങൾ ആളോഹരിഭാഗത്തിനും മക്കത്തായത്തിനും വളരെ അനുകൂലം പ്രദർശിപ്പിച്ചുഎങ്കിലും തെക്കൻ തിരുവിതാംകൂറിൽ പ്രാതികൂല്യം ഉണ്ടായി. വടക്കു തങ്ങളുടെ സഹോദരന്മാർ ആവശ്യപ്പെട്ട സമൂലമാററത്തെ ഭയന്നു കൊല്ലത്തുള്ള വൈരാഗ്യമുള്ള കുറെ ആളുകൾചേർന്നു ഒരു മിശ്രദായക്കമ്മിററി രൂപീകരിക്കുകയും പരവൂർ മജിസ്ട്രേട്ടുകോടതി വക്കീൽ മയ്യനാട്ടു മിസ്റ്റർ സി. വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ കൊല്ലം താലൂക്കിൽ പറവൂർ എന്ന സ്ഥലത്തു ഒരു യോഗം കൂടുകയും ചെയ്തു.

൯. എതിർ അഭിപ്രായക്കാരുടെ കൂട്ടത്തിൽ ആലപ്പുഴ ആക്ടിങ്ങ് ഡിസ്ട്രിക്ട് മുൻസിഫ് മിസ്റ്റർ സി. ഒ. മാധവൻ, കായംകുളത്തു മിസ്റ്റർ കോമത്തു കുഞ്ഞുപണിക്കൻ, മയ്യനാട്ടു മിസ്റ്റർ സി. വി. കുഞ്ഞുരാമൻ, തിരുവനന്തപുരത്തു മിസ്റ്റർ ദേവജി പരമേശ്വരൻ, നെയ്യാററിങ്കര ശങ്കരപണിക്കർ ഇവർ ഉണ്ടു. ഒരുത്തന്റെ സ്വയംജിതസ്വത്തുക്കൾ മുഴുവനും ഭാര്യക്കും മക്കൾക്കും കൊടുക്കുന്നതിനുള്ള വിരോധങ്ങൾ എന്താണെന്നു മിസ്റ്റർ കുഞ്ഞിരാമൻ തെയ്യാറാക്കീട്ടുള്ള മെമ്മോറാണ്ടത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സ്വയാർജിതം മുഴുവനും ഭാര്യക്കും മക്കൾക്കും കൊടുക്കയും അതു അവരുടെ ഇടയിൽ ആളോഹരിപ്രകാരം പങ്കിടുവാൻ അവകാശം ഉണ്ടായിരിക്കയും ചെയ്യുന്നതു മരുമക്കത്തായത്തിന്റെ മൂലതത്വത്തിനു വിപരീതമാണെന്നും കാലക്രമേണ മരുമക്കത്തായകുടുംബത്തിന്റെ അഭിന്നതയെ ധ്വംസനം ചെയ്തു നശിപ്പിച്ചു പൂർണ്ണമക്കത്തായത്തിൽ പരിണമിക്കുമെന്നും അങ്ങനെ വരുന്നതു സമുദായത്തിലെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും കഷ്ടപ്പാടുണ്ടാക്കുമെന്നുമാണു വാദത്തിന്റെ സാരം."

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): മിസ്റ്റർ സി. ഒ. മാധവനും മിസ്റ്റർ കുഞ്ഞുപണിക്കനും മരുമക്കത്തായ സമുദായത്തിൽപെട്ടവരാണെന്നു മെമ്പർക്കു അറിവുണ്ടോ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): ഉണ്ട്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): മിസ്റ്റർ ശങ്കരപണിക്കർ വൈരാഗ്യമുള്ള ഒരു മക്കത്തായിയാണെന്നും മെമ്പർക്കു അറിയാമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): എനിക്കു അറിവില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കമ്മിററി രൂപീകരിക്കയും മെമ്മോറാണ്ടം തെയ്യാറാക്കുകയും മിശ്രദായികളിൽ വിരോധം ക്ഷണിക്കവേണ്ടി ലഘുലേഖകളും മറുപടികളും എഴുതുകയും ചെയ്ത മിസ്റ്റർ സി. വി. കുഞ്ഞുരാമൻ സഹോദരിക്കു എന്തെങ്കിലും പാതിയോ അതിൽ കുറച്ചോ കൊടുക്കണമെന്നേ തനിക്കു വാദമുള്ളൂ എന്നും ആളോഹരിഭാഗത്തിനു തനിക്കു യാതൊരു വിരോധമില്ലെന്നും അദ്ദേഹത്തിന്റെ പത്രത്തിന്റെ കഴിഞ്ഞലക്കത്തിൽ ഒരു ലേഖനം അദ്ദേഹത്തിന്റെ പേരുവെച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള സംഗതി മെമ്പർക്കു അറിയാമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): ഏതു പത്രത്തിൽ?

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കേരളകൗമുദി.

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): ഞാൻ ആ പത്രത്തിന്റെ വരിക്കാരനല്ല, ഞാൻ ആ ലേഖനം വായിച്ചിട്ടുമില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം); കഷ്ടമായിപ്പോയി. മെമ്പർ അതു വായിച്ചു എന്നു ഞാൻ വിചാരിച്ചു.

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): ഉപകമ്മിററി നിയമിച്ചപ്പോൾതന്നെ പുതിയതായി നിർമ്മിക്കാൻ ആലോചിച്ച നിയമത്തിനു എതിരായി പ്രവർത്തിക്കാൻ മിശ്രദായസമുദായം എന്നൊരു സംഘവും രൂപീകരിക്കപ്പെട്ടു. ആ സംഘത്തിന്റെ സംരക്ഷണത്തിൽ പലപ്രദേശങ്ങളിൽ അനേകം യോഗങ്ങൾ കൂടി നിയമത്തിനു എതിരായി നിശ്ചയങ്ങൾ പാസ്സാക്കി ഗവണ്മെന്റിലേക്കു അയച്ചു.

൧൦൯൮-ൽ സഭയുടെ ഒന്നാം യോഗത്തിൽ ഈഴവബിൽ രണ്ടാമതു വായിച്ചപ്പോൾ കൊല്ലം താലൂക്കു മെമ്പർ മിസ്റ്റർ കെ. പി. രാമൻപിള്ളയും ഗവണ്മെന്റു നിയമിച്ച മെമ്പർ പി. പരമേശ്വരനും മററു മിശ്രദായതാലൂക്കുകളിലെ മെമ്പർമാരും അവരവരുടെ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം ഈഴവർ ഒപ്പിട്ടതും പുതിയനിയമത്തിനു വിരോധം പറയുന്നതും ഉപകമ്മിററിയുടെ നടപടിക്രമത്തെ ആക്ഷേപിക്കുന്നതുമായ ചില ഹർജികൾ ഹാജരാക്കി. ഈ പ്രസ്താവനകളെപ്പററി മി. കെ. പി. രാമൻപിള്ള താഴെപറയുംപ്രകാരം സഭയിൽ പ്രസംഗിച്ചു എന്നു റിപ്പോർട്ടിൽ കാണുന്നു.

എങ്കിലും ആക്ഷേപം കഠിനമാണ്, മിശ്രദായക്കാർ അവരുടെ അപേക്ഷയെ രേഖപ്പെടുത്തി കമ്മിററിക്കു കൊടുത്തപ്പോൾ കമ്മിററി ഒപ്പിട്ടവരിൽ ചിലരെമാത്രം പ്രതിനിധികളായി വിസ്തരിച്ചിട്ടു ശേഷമുള്ളവരെ വിസ്തരിക്കുന്ന കാര്യം നിഷേധിച്ചു എന്നാണു പറയുന്നതു. പിന്നീടു സാക്ഷികളുടെഎണ്ണം എടുത്തപ്പോൾ വിസ്തരിക്കാത്തവരെയെല്ലാം വിട്ടുകളഞ്ഞു. ഇതു ന്യായമായില്ല."

അവരുടെ എല്ലാംകൂടെ കൂട്ടിയിരുന്നു എങ്കിൽ മിശ്രദായികൾക്കു ഭൂരിപക്ഷം കിട്ടിയേനേ എന്നു മിസ്റ്റർ രാമൻപിള്ള പറഞ്ഞു.

ഞാൻ ഈ സംഗതികൾ പറയുന്നതു ഇപ്പോൾ നിയമമായിത്തീർന്ന ബില്ലിനു മിശ്രദായികൾ അനുകൂലമായിരുന്നു എന്നു പറവാൻ പാടില്ലെന്നും അവരിൽ ഭൂരിപക്ഷവും മക്കത്തായത്തിനും ആളോഹരിഭാഗത്തിനും വിരോധികളാണെന്നും കാണിക്കാൻ മാത്രമാണ്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): താൻ കൌൺസിൽമുമ്പാകെ ഹാജരാക്കിയ ഹർജികളെല്ലാം തനിക്കു അഞ്ചൽമാർഗ്ഗം കിട്ടിയതാണെന്നും ഹർജിയിലെ ഒരു ഒപ്പുപോലും നേരായിട്ടുള്ളതാണെന്നു സാക്ഷീകരിക്കാൻ തനിക്കു സാധിക്കയില്ലെന്നും പിറ്റേദിവസംതന്നെ ഈ സഭയിൽ മി. കെ. പി. രാമൻപിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചതു മെമ്പർ വായിച്ചിട്ടുണ്ടോ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): ഉവ്വ്; ഞാൻ അതെല്ലാം വായിച്ചിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്കമ്മിറ്റിയുടെ പ്രെസിഡെന്റു ആരായിരുന്നു?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): മിസ്റ്റർ ഭേഷിംഗയ്യർ.

റെഗുലേഷൻ ൪-ം ൭-ം ഭാഗങ്ങളുടെ ഫലം വളരെ ശോചനീയമാകുന്നു. റെഗുലേഷൻ അനുവദിക്കുന്ന ആളോഹരിഭാഗം പല പുരാതന തറവാട്ടുകൾക്കും ഭയങ്കരഫലമുള്ളതായിരിക്കും. ഈ റെഗുലേഷൻ നിയമമാക്കിയതിന്റെശേഷം ഒരുവൻ സമ്പാദിക്കുന്ന സ്വത്തുക്കൾ മാത്രമേ അവന്റെ മക്കൾക്കു ചെല്ലേണ്ടതുള്ളൂ എന്നും റെഗുലേഷൻ പ്രബലതയിൽ വരുന്നതുവരെയുള്ള സമ്പാദ്യം മക്കൾക്കും മരുമക്കൾക്കും സമമായി പങ്കിടേണ്ടതാണെന്നും ആക്കമ്മിറ്റിയുടെ ബില്ലിൽ വ്യവസ്ഥചെയ്തിരുന്നു. എന്നാൽ സെലക്ട് കമ്മിറ്റി അതു അപ്രായോഗികമാണെന്നു പറഞ്ഞു എല്ലാ സ്വയാർജ്ജിതസ്വത്തുക്കളും റെഗുലേഷനു മുമ്പുണ്ടാക്കിയതായാലും പിമ്പുണ്ടാക്കിയതായാലും മക്കൾക്കു മാത്രം ചെല്ലേണ്ടതാണെന്നു വ്യവസ്ഥചെയ്തു. ഇങ്ങനെ പുരാതനമേ ആചരിച്ചുവന്നിട്ടു നിയമപ്രാബല്യം പ്രാപിച്ച ആചാരമര്യാദകളിൽ സ്വസ്ഥതയിൽ ജീവിച്ചിരുന്ന ഈഴവരുടെ കുടുംബജീവിതത്തിനു കേടുവരുത്തുകയാണു റെഗുലേഷൻകൊണ്ടുണ്ടായ ഫലം.

റെഗുലേഷൻപ്രകാരം ഉണ്ടായ ഭേദം അവർ ആവശ്യപ്പെട്ടതല്ല. ദായക്രമം ഭേദപ്പെടുത്തണമെന്നു ആവശ്യപ്പെട്ടതു മരുമക്കത്തായം ഈഴവരായിരുന്നു. അവരുടെ ദായക്രമപ്രകാരം ഒരുവന്റെ സ്വയാർജ്ജിതസ്വത്തിൽ അവന്റെ മക്കൾക്കു യാതൊരു ഓഹരിയും ഇല്ലായിരുന്നല്ലോ.

മക്കത്തായികളുടെ സഹതാപം സിദ്ധിക്കുന്നതിനായി മിശ്രദായികൾ മക്കത്തായത്തിന്റെ ബദ്ധവൈരികളാണെന്നു മിശ്രദായവിരോധികൾ പറയുന്നതു. എന്നാൽ മിശ്രദായികൾ പ്രയോഗത്തിൽ മക്കത്തായികളാണെന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. സമ്പാദിക്കുന്നവന്റെ സ്വത്തു അവന്റെ മക്കൾക്കു കിട്ടേണ്ടതാണെന്നുള്ള തത്വം തിരുവിതാംകൂറിലെ ഏതെങ്കിലും സമുദായം സമ്മതിച്ചിട്ടുണ്ടെങ്കിൽ അതു മിശ്രദായ ഈഴവരാണ്. അതിൽ ഒരു ചെറിയ ഓഹരി അമ്മയുടെയും അമ്മയുടെ മക്കളുടെയും ഉപയോഗത്തിനായി അവർ കൊടുക്കുന്നു എന്നേയുള്ളു വ്യത്യാസമുള്ളൂ. ഷാഫിക്കാർക്കും പുറമെ ചില അധികാരികൾക്കുംകൂടെയുള്ള മുഹമ്മദീയർ മുതലായവരെ മക്കത്തായികളായി വിചാരിച്ചുവരുന്ന അവസ്ഥയ്ക്കും ഈ വ്യത്യാസം ഉണ്ടെങ്കിലും മിശ്രദായികൾ മക്കത്തായികൾ എന്ന പേരിനു അർഹന്മാരാണ്. അനേകശതവർഷങ്ങളായി പ്രബലതയിൽ ഇരിക്കുന്ന ഈ ആചാരനിമിത്തം ആകുന്നു മിശ്രദായകുടുംബങ്ങൾ സുസ്ഥിരതയും ഐശ്വര്യവും പ്രാപിച്ചിട്ടുള്ളതു. അതു മരുമക്കത്തായത്തിൽ നിന്നു കേവലം വ്യത്യാസപ്പെട്ടതും പ്രാധാന്യമുള്ളതുമായ ഒരു ഗുണം ആകുന്നു. തന്റെ ദായക്രമം ഐശ്വര്യത്തിനു വിഘാതമാണെന്നു യാതൊരു മിശ്രദായിയും സമ്മതിക്കയില്ല. മക്കളും മരുമക്കളും തമ്മിൽ ചിലപ്പോൾ ഭാഗംസംബന്ധിച്ചു വഴക്കുകളുണ്ടാകാറുണ്ടെന്നുള്ളതു നേരുതന്നെ എന്നാൽ അവ ആളോഹരിഭാഗം സംബന്ധിച്ചുണ്ടാകുന്നതുപോലെ ദോഷകരമോ അനവധിയോ ആയിരിക്കയില്ല.

നിർബന്ധപൂർവം സാമുദായികനിയമങ്ങൾ നിർമ്മിച്ചു രസിക്കുന്ന ഒരു നിയമസഭയുടെ ക്രൂരകരങ്ങളിൽ അകപ്പെടുന്നതു ഒരു സമുദായത്തിന്റെ ഒരു വലിയ നിർഭാഗ്യവും ഒരു മഹാസങ്കടവും ആകുന്നു. അങ്ങനെയുള്ള നിയമം മനസ്സോടെ സ്വീകരിക്കുന്നവർക്കു മനസ്സില്ലാത്തവരുടെ സങ്കടവും വൈവശ്യവും കഷ്ടതയും ഗ്രഹിപ്പാൻ കഴികയില്ല.

മിശ്രദായികൾ മക്കത്തായത്തിനും ആളോഹരിഭാഗത്തിനും ചോദിച്ചിട്ടില്ല. മിശ്രദായികൾ എന്നു പറഞ്ഞതു മിശ്രദായം വേണമെന്നു പറയുന്നവരെ കുറിച്ചാണ്. ഒരു മാമൂൽ നിയമത്തിൽ ഭേദം വരുത്തുന്നതിനെ സംബന്ധിച്ചു ഒരു സമുദായത്തിനുള്ള അഭിപ്രായം അറിയേണ്ടതു ആ ഭേദംകൊണ്ടു കഷ്ടപ്പെട്ടുണ്ടാകുന്നവരുടെ അഭിപ്രായം അറിഞ്ഞുവേണം ആ മാറ്റംകൊണ്ടു കാര്യലാഭം ഉള്ളവരുടെ അഭിപ്രായം അനുസരിച്ചല്ല.

ഈഴവറെഗുലേഷൻ നടപ്പാക്കപ്പെട്ടതിന്റെ ശേഷം വളരെ കഷ്ടപ്പെടുന്ന അനേകം തറവാട്ടുകൾ ഉണ്ട്. എല്ലാ മിശ്രദായ താലൂക്കുകളിലും ഈ ഭേദം ആവശ്യപ്പെടാത്തവരും അവരുടെ രക്ഷയ്ക്കായി ഉദ്ദേശിച്ചു നടപ്പാക്കപ്പെട്ട(തു) യഥാർത്ഥത്തിൽ തങ്ങൾക്കു ഒരു സങ്കടകാരണമായി വിചാരിക്കുന്നവരുമായ അനേകമാളുകൾ ഉണ്ട്. ഈ റെഗുലേഷന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞുപോകുവാൻ അവർ ശ്രമിച്ചു. അവരുടെ താലൂക്കുകളിൽ അന്വേഷണം നടത്തിയതിൽ അന്വേഷണകമ്മിറ്റിയുടെ അംഗങ്ങൾ ജനങ്ങളുടെ ആഗ്രഹങ്ങൾ വകവെക്കാതെ സമുദായത്തിൽ മക്കത്തായവും ആളോഹരിഭാഗവും ഉണ്ടാക്കിത്തീർക്കാൻ ബദ്ധശ്രദ്ധരായിരിക്കയാണെന്നു അവർ ഗ്രഹിച്ചു.

റെഗുലേഷന്റെ ജനയിതാക്കൾ മനസ്സില്ലാത്തവരെ ഒഴിവാക്കാതെ വൃത്താകാരദ്വാരത്തിൽ ചതുരാകാരമനുഷ്യരെ ഉന്തിക്കയറ്റാൻതന്നെ എന്തോ പകയുള്ളതുപോലെ ശ്രമിച്ചുകൊണ്ടിരുന്നു.

“അത്ര സങ്കടമുണ്ടെങ്കിൽ പോയി രജിസ്റ്റർ ചെയ്തു ഒഴിഞ്ഞുകളയരുതോ” എന്നു ചോദിക്കുമായിരിക്കാം. ഈ മിശ്രദായതാലൂക്കുകളിൽ അവരാണു ഭൂരിപക്ഷം. അവർ വളരെയാളുകൾ ഉള്ളതുകൊണ്ടാണു വകുപ്പു ഭേദപ്പെടുത്തണമെന്നു അവർ ഗവണ്മെന്റിനോടു അപേക്ഷിച്ചതു. റെഗുലേഷന്റെ ആരംഭംമുതൽ നിയമപ്രകാരം അനുവദിച്ചിട്ടുള്ള ആറുമാസക്കാലം കഴിയുന്നതിനുമുമ്പായി വകുപ്പു ഭേദപ്പെടുത്തി കിട്ടുമെന്നുള്ള പ്രത്യാശയ്ക്കു അവർക്കു ഗവണ്മെന്റിൽനിന്നു വഴിയുണ്ടായിട്ടുണ്ട്. ഞാനും മറ്റു മെമ്പർമാരുംകൂടി സമക്ഷമുമ്പാകെ ഇന്നു ബോധിപ്പി

ച്ച ഹർജിയിലെ പ്രസ്താവനകളിൽനിന്നു-ഞാൻ ബോധിപ്പിക്കുന്ന ഹർജിയിലെ സംഗതികളെ സൂചിപ്പിക്കാൻ അ നുവദിക്കണമെന്നു അപേക്ഷയുണ്ട്—വകുപ്പിൻപ്രകാരം ഒഴിവായികിട്ടുന്ന കാര്യത്തിൽ സമുദായത്തിനു എന്തു സങ്കടമുണ്ടെന്നു സത്യം മനസ്സിലാക്കാൻ കഴിയും. തങ്ങൾ പുരാതനമെ ആചരിച്ചുപോരുന്ന ഒരു മര്യാദയെ ഇനിയും ആചരിച്ചു പോരുന്നതിനു തങ്ങളുടെ സ്ത്രീജനങ്ങൾ ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ ഹാജരാകുന്നതു അപമാനമായിട്ടാണു സാധാരണ മിശ്രദായികൾ വിചാരിക്കുന്നതു. ഈ ശിക്ഷ അവർ അനുഭവിച്ചിട്ടാവശ്യമുണ്ടു സംസ്ഥാനത്തിലെ നീതിന്യായക്കോടതിയിൽ നിയമമായി അംഗീകരിച്ചിട്ടുള്ളതങ്ങളുടെ ആചാരമര്യാദകളെ അനുകരിച്ചു പോരാൻ ആഗ്രഹിക്കുന്നതു ഒരു ന്യൂനതയോ കുറവോ ആണോ? ഇരാണ് ഭൂരിപക്ഷക്കാർ എന്നു നിശ്ചയമില്ലാതിരിക്കുമ്പോൾ ഭേദം വേണമെന്നു ആഗ്രഹിക്കുന്നവർ അതിനു അപേക്ഷിക്കണമെന്നു വെക്കയല്ലയോ ന്യായം.

മിശ്രദായികളുടെ ഇടയിൽ മിശ്രദായം തന്നെവേണമെന്നു ആഗ്രഹിക്കുന്നവരാണു ഭൂരിപക്ഷമെന്നു കമ്മിററിയുടെ റിപ്പോർട്ടു കൊണ്ടുതന്നെ തെളിയിക്കാവുന്നതാണു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മിശ്രദായികൾ ഇപ്പോഴും അതായതു നിയമം ഉണ്ടായതിൽ പിന്നെ ൧൧൦൦-ലെ ൩-ാം റഗുലേഷൻശേഷവും ഉണ്ടോ എന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): ഉവ്വ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിയമപ്രകാരമോ?

മി. ആർ പത്മനാഭൻ (ഗവണ്മെൻറു നിയമനം): അതേ (ചിരി) അല്ലല്ല നിയമപ്രകാരമല്ല. അവരെ മിശ്രദായികളെന്നു വിളിക്കുന്നതു ശരിയായിരിക്കയില്ലെങ്കിലും അവരുടെ പേരു മിശ്രദായി എന്നുതന്നെ കിടക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): സമുദായംങ്ങളുടെ പഴയമിശ്രദായം വെച്ചുകൊണ്ടിരിക്കാൻ ആഗ്രഹിക്കുന്നവരെങ്കിൽ അങ്ങനെ പ്രഖ്യാപനം ചെയ്യാൻനിയമപ്രകാരം ആറുമാസക്കാലം അനുവദിച്ചില്ലയോ എന്നു പറയുമോ? റഗുലേഷനിൽനിന്നു ഒഴിഞ്ഞിരിപ്പാൻ തങ്ങൾക്കുള്ള ആഗ്രഹം രജിസ്റ്റർചെയ്യാൻ മിശ്രദായികൾക്കു അനുവദിച്ചിട്ടുള്ള ആറുമാസക്കാലം കഴിഞ്ഞുപോയോ എന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): ചോദ്യം എനിക്കു മനസ്സിലായില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): മിശ്രദായസമുദായത്തിനു റഗുലേഷൻറ വ്യാപ്തിയിൽനിന്നു ഒഴിവാകാൻ അപേക്ഷിക്കുന്നതിനു റഗുലേഷൻ പാസ്സായശേഷം ആറുമാസക്കാലം ഈ റഗുലേഷനിൽതന്നെ അനുവദിച്ചിട്ടുണ്ടായിരുന്നു. ആ കാലം കഴിഞ്ഞുവോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): ഇല്ല.

മി. ആർ. പത്മനാഭപ്പണിക്കർ (ചേർത്തല): ഒഴിവാക്കാൻ ഏതെങ്കിലും അപേക്ഷകൾ ഈ സമയം കൊണ്ടു രജിസ്റ്റർ ചെയ്തിട്ടുള്ളതായി മെമ്പർക്കു അറിവുണ്ടോ എന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമനം): ഇല്ല. അതിനു ഞാൻ സമാധാനം പറയാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൾ): ആ ആറുമാസക്കാലത്തു തങ്ങളുടേ ആഗ്രഹം രജിസ്റ്റർ ചെയ്യുന്നതു അവസാനദിവസം പോരാ എന്നു നിർബന്ധമുണ്ടോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമനം): നിർബന്ധമില്ല.

മിശ്രദായികളിൽ വന്നവ സാക്ഷികളെ വിസ്തരിച്ചു. അവരിൽ ൧൩൮ സാക്ഷികൾ മാത്രം സ്വയാർജ്ജിതം മുഴുവനും മറ്റു മക്കൾക്കുകൊടുക്കണമെന്നും ൧൧൬ പേർ മരുമക്കത്തായമനുസരിച്ചു സ്വയാർജ്ജിതത്തിൽ പാതിയോ പാതിയിലധികമോ ഭാര്യക്കും മക്കൾക്കും കൊടുത്താൽ മതിയെന്നും പറഞ്ഞതായി ൮-ാം അനുബന്ധംകൊണ്ടുകാണുന്നു. മിശ്രദായം മതിയെന്നു പറയുന്നവരെക്കാൾ ൧൩ പേർ മാത്രമേ മക്കത്തായം വേണമെന്നു പറയുന്നവർക്കുള്ളു എന്നു ഇതുകൊണ്ടു കാണാം. അന്വേഷണകമ്മിററിക്കു ൩൦൧൧ മിശ്രവഴിക്കാർ കൂടി ൭ നം. മെമ്മോറാണ്ടംകൊടുത്തു എന്നു റിപ്പോർട്ടിൻറ അനുബന്ധത്തിൽ കാണുന്നു. സാക്ഷികളുടെ എണ്ണം കണക്കാക്കിയതിൽ മെമ്മോറാണ്ടത്തിൽ ഒപ്പിട്ടവരെ ഒഴിച്ചുകളഞ്ഞു. മിശ്രദായക്കാരുടെ ഈ വലിയ എണ്ണത്തിൻറ ആഗ്രഹത്തെ വകവെക്കാതെയാണു ബിൽ തയ്യാറാക്കിയതു. ചില പ്രമാണികൾ പിന്നീടു അവരുടെ അഭിപ്രായം ഭേദപ്പെടുത്തി എന്നാണു ഇതിനു സമാധാനം പറയുന്നതു. കേവലം മക്കത്തായം വേണമെന്നു പറഞ്ഞവരിൽ ചിലർ അതിൽ പിന്നെ അവരുടെ അനന്തിരവർക്കു അനുകൂലമായി മരണപത്രങ്ങളും ഉടമ്പടികളും എഴുതിട്ടുള്ളതായി എനിക്കുതന്നെ അറിവുണ്ടു. സാമാന്യക്കാർ പഴയ സ്ഥിതിയിൽ തന്നെ കിടക്കുന്നു. പത്രങ്ങളിലോ പ്രസംഗപീഠങ്ങളിലോ ക്ഷോഭം ഉണ്ടാക്കാൻ അവർക്കു കഴികയില്ല. കേരളീയരുടെ സഹതാപം ജനിക്കത്തക്കവണ്ണം അവരുടെ സങ്കടങ്ങൾ പ്രസിദ്ധപ്പെടുത്താൻ അവർക്കു സാമർത്ഥ്യം ഇല്ല. അതുകൊണ്ടു അവർ ഒരു അല്പപക്ഷം മാത്രമേയുള്ളു എന്നു ഏതുകക്ഷി പറഞ്ഞു നടക്കുന്നു. സഭമുമ്പാകെ ഞാൻ ഇന്നു കൊടുക്കാൻ പോകുന്ന ഹർജിയിൽ ഒപ്പിട്ടവർ ഇപ്പോൾ ഈ മന്ദിരത്തിലും പുറമെയായിട്ടും നില്പുണ്ട്. ഇന്നു ഇവിടെ നടക്കുന്ന ആലോചനകളുടെ ഫലം എന്താണെന്നറിവാൻ അവർ ആകാംക്ഷയോടെ നില്ക്കയാണു. വീട്ടിൽ ആകാംക്ഷയോടെ കാത്തിരിക്കുന്ന അനേകായിരം ജനങ്ങളുടെ ഒരു ചെറിയ ശതമാനമേ ഇവിടെ വന്നിട്ടുള്ളു. ഇവർ ഈ സഭാമെമ്പർമാരെ ചെന്നുകണ്ടിട്ടുണ്ടു. അവരെകണ്ടവർ അവരിൽ ൯൦ ശതമാനത്തിൽ കുറയാതെയുള്ള ആളുകൾ മാന്യന്മാരായ ചെറുപ്പക്കാരാണെന്നു സാക്ഷീകരിക്കും.

മി. സി. പി. തോമസ്സ് (ഗവണ്മെൻറുനിയമനം): ഈ ഹർജിയിൽ എത്രയാളുകൾ ഒപ്പിട്ടിട്ടുണ്ടെന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമനം): ൩൩൦ ആളുകൾ, സ്ത്രീകൾ ആരും ഒപ്പിട്ടിട്ടില്ല. ഒപ്പിട്ടവരെല്ലാം ഇവിടെ ഉണ്ട്.

മി. എൻ കുമാരൻ (ഗവണ്മെൻറുനിയമനം): ഈ ൩൩൦ പേർ ആകെയുള്ള മിശ്രദായികളുടെ എത്ര ശതമാനം ഉണ്ടെന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറുനിയമനം): ശതമാനം കുറച്ചെയുള്ളു എന്നു സമ്മതിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിശ്രന്മായികളുടെ ആകെ സംഖ്യ എത്രയാകുന്നു എന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറു നിയമനം): ഉദ്ദേശം രണ്ടുലക്ഷം. റഗുലേഷൻറെ ൪-ം ൭-ം വകുപ്പുകളുടെ വ്യാപ്തിയിൽ നിന്നും ഒഴിഞ്ഞിരിപ്പാൻ യഥാർത്ഥത്തിൽ ആഗ്രഹമുള്ളവർ ചുരുക്കംപേർ, ഒരു നിസ്സാരസംഖ്യ മാത്രമേയുള്ളു എന്നു എതിർകക്ഷികൾ ധരിപ്പിച്ചതിൻെറ ഫലമാണ് ൩൩-ാം വകുപ്പ്. എന്നാൽ ആ സങ്കല്പം ഉണ്ടായതു യഥാർത്ഥം കോട്ടിമടക്കി കാണിച്ചതിനാലുണ്ടായതാണു. കഴിഞ്ഞസഭ വിശ്വസിപ്പാൻ ഇടയായതു യഥാർത്ഥസംഗതികളല്ലെന്നു ഇന്നു ഞാൻ സഭാ മുമ്പാകെ ഹാജരാക്കുന്ന ഹർജികൊണ്ടു സ്പഷ്ടമാകുന്നതാണ്. ൩൩-ാം വകുപ്പിലെ വ്യവസ്ഥകളെ മനസ്സില്ലാത്തവരെ നിർബന്ധിച്ചു അനുസരിപ്പിക്കുന്നതിൻെറ ഫലം എന്തായിരിക്കുമെന്നു ആലോചിക്കുക. ഈ നാശകരനിയമത്തിൽ നിന്നു ഒഴിവാക്കാൻ അപേക്ഷിക്കുന്നതിനേക്കാൾ സങ്കടത്തോടും ഏതെങ്കിലും വ്യഥയോടുകൂടെങ്കിലും അതിനു കീഴ്പ്പെടുകയാണു ഉത്തമം എന്നുപോലും വിചാരിപ്പാൻ ഇടയുണ്ടു. ഈ കാര്യം തങ്ങൾ ഇടപെടാൻ യോഗ്യതയില്ലാത്തതാണെന്നു ഗുണവിചാരവും ഉത്തരവാദിത്വബോധവും ഉള്ള ഈ സഭക്കു തോന്നുന്നുണ്ടോ? നമ്മുടെ മഹാരാജാവു തിരുമനസ്സിലേയും പ്രജകളുടേയും പ്രതിനിധികളും ഗുണകാംക്ഷികളുമായ ഈ സഭാംഗങ്ങളോടു ഞാൻ ഒരപേക്ഷ ചെയ്തുകൊള്ളുന്നു. ഇതു മനസ്സിനു വിപരീതമായി പാരമ്പര്യാചാരങ്ങളെ ഉപേക്ഷിച്ചുകളവാൻ നിർബന്ധിക്കപ്പെടുന്ന ഒരു പ്രജാവിഭാഗത്തിൻെറ ആത്മരക്ഷക്കായുള്ള ശ്രമമാകുന്നു.

റഗുലേഷൻപാസ്സാക്കി മിശ്രന്മായികളെ നിസ്സാരമായി തള്ളി. അല്ല ഒഴിവാക്കികിട്ടുന്നതിനു ൩൩-ാംവകുപ്പിലെ അപ്രായോഗികമായ വ്യവസ്ഥകൾപ്രകാരമുള്ള ബുദ്ധിമുട്ടുകൾഎല്ലാം അവർ അനുഭവിക്കണമെന്നു ശിക്ഷയും വിധിച്ചു. അവർ ഇടവിടാതെ ഗവൺമെൻറിനോടു സങ്കടംബോധിപ്പിച്ചുകൊണ്ടിരുന്നു. ഭാഗ്യവശാൽ അവരുടെ അപേക്ഷപ്രകാരം ൩൩-ാംവകുപ്പു ഭേദപ്പെടുത്തി കൊടുക്കേണ്ടതാണെന്നു ഗവൺമെൻറിലേക്കു ശിപാർശചെയ്യാൻ തക്കവണ്ണം ഈ കഷ്ടപ്പെടുന്നക്കൂട്ടരിൽ പതിനൊന്നു മെമ്പർമാർക്ക് അനുകമ്പയുണ്ടായി. ഈ മാന്യമെമ്പർമാരിൽനാലുപേർ ചിറയിൻകീഴു താലൂക്കുകാരും ഒന്നൊഴികെ ശേഷംപേർ ഒരേ മിശ്രമായതാലൂക്കുകാരുമാകുന്നു. മിശ്രമായികളോടു അവർക്കുള്ള അടുത്ത പരിചയത്താൽ അവരുടെ സങ്കടങ്ങൾ യഥാർത്ഥമാണെന്നു അവർക്ക് ബോദ്ധ്യമായി. ഇങ്ങനെ വാസ്തവത്തിൽ അവരാണ് ഈ ബില്ലിൻെറ ജന്മദാതാക്കന്മാർ ആയിഭവിച്ചതു. അവരിൽ ഓരോരുത്തരോടും എൻെറ സമുദായത്തിനുള്ള കൃതജ്ഞതയെ പ്രസ്താവിക്കണമെന്നു സമുദായം എന്നോടു ആജ്ഞാപിച്ചിരിക്കുന്നു. ഞങ്ങളുടെ കൃതജ്ഞതക്കു പാത്രമായി തീർന്നവർ നെയ്യാറ്റിൻകരയും അഗസ്തീശ്വരവും താലൂക്ക, തിരുവനന്തപുരം പട്ടണം, ചിറയിൻകീഴ്, ചെങ്കോട്ട, പത്തനാപുരം താലൂക്ക ഇവിടങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരായ മെസേഴ്സ് എം. ശിവതാണുപിള്ള, എം. സുബ്രഹ്മണ്യപിള്ള, എം. എൻ. പിള്ള, കെ. പി. നീലകണ്ഠപ്പിള്ള, എസ്. സുബ്രഹ്മണ്യ അയ്യർ ഇവരാകുന്നു. തെക്കൻവ്യവസായമെമ്പറായ തിരുവനന്തപുരം മിസ്റ്റർ, പിരപ്പിൻകോട്ടമാധവൻപിള്ള, തിരുവനന്തപുരം മി. എസ്. ജ്ഞാനജോഷ്വാ, ചിറയിൻകീഴുതാലൂക്കിലെ സാഹിബ്. ബഹദൂർ ഹബീബ്മുഹമ്മദ്, കിളിമാനൂർ കോവിലകം കേരളവർമ്മ കോയിൽതമ്പുരാൻ, മി. ഇട്ടപ്പൻ നമ്പൂതിരിപ്പാടു ഇവരും ഞങ്ങളുടെ നന്ദിക്കു അവകാശമുള്ളവരാണു.

മി. എൻ. കുമാരൻ (ഗവൺമെൻറുനിയമനം) : ഈ മാന്യന്മാരെ വാദംചെയ്യുന്ന വാസ്തവസംഗതികൾ തെളിയിച്ചോ ബോദ്ധ്യപ്പെടുത്തിയോ എന്നു പറയുമൊ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറുനിയമനം) : ഇല്ല, ഞാൻ അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിട്ടില്ല. സങ്കടമുള്ളവർ അവരെ ബോദ്ധ്യപ്പെടുത്തി. അവർ ഹർജിയിൽ ഒപ്പിട്ടിട്ടുമുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം) : ഒപ്പിട്ടപ്പോൾ വല്ല കരാറും ഉണ്ടായിട്ടുണ്ടോ എന്നു മി. പത്മനാഭൻ പറയുമൊ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറുനിയമനം) : ഇല്ല. ഒപ്പിട്ടപ്പോൾ ഞാൻ ഹാജരുണ്ടായിരുന്നില്ല.

ഞങ്ങളുടെ ന്യായമായ വാദത്തെ അനുകൂലിക്കാതിരിക്കാൻ എതിർകക്ഷികൾ അതായതു മിശ്രമായ വിരോധികൾ അവരുടെ പതിപ്രയോഗങ്ങളും അസത്യങ്ങളും ഭീതിപ്പെടുത്തലുംകൊണ്ടു പതിവുപ്രകാരം പുറപ്പെട്ടിട്ടുണ്ടെങ്കിലും ഈ മാന്യന്മാർ അവരുടെ ഒരിക്കൽ പ്രസ്താവിച്ച അഭിപ്രായങ്ങളിൽനിന്നു വ്യതിചലിക്കയില്ലെന്നു എനിക്കും എൻെറ സമുദായത്തിനും അല്പംപോലും സംശയമില്ല.

മി. എം. എൻ. കുമാരൻ (ഗവൺമെൻറുനിയമനം) : അവർ ഒരിക്കൽ പറഞ്ഞ അഭിപ്രായം എന്തായിരുന്നു എന്നു പറയുമൊ, ബിൽ പാസ്സാക്കണമെന്നോ ബിൽ സഭയിൽ ഹാജരാക്കണമെന്നോ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറുനിയമനം) : ഞങ്ങളുടെ അപേക്ഷ ന്യായമാണെന്നും ഒരു ഭേദഗതി ഹാജരാക്കി പാസ്സാക്കണമെന്നും അവർ ഗവൺമെൻറിനോടു ശിപാർശചെയ്തു. അതായിരുന്നു അവരുടെ അപേക്ഷ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : വല്ല കരാറും ഉണ്ടായിരുന്നോ?

മി. ആർ. പത്മനാഭൻ (ഗവൺമെൻറുനിയമനം) : കരാറൊന്നുമില്ല, സർ, ഞങ്ങളുടെ ഭാഗ്യംനിമിത്തം ഈപുതിയസഭയിൽ പഴയസഭയിൽ മിശ്രമായകക്ഷിക്കുവേണ്ടി വാദിച്ചവരായ നെയ്യാറ്റിൻകരയും കൊട്ടാരക്കരയും മെമ്പർമാരും ഉണ്ടു. അവരിൽ നെയ്യാറ്റിൻകര താലൂക്കുമെമ്പർ മി. ജി. പരമേശ്വരൻപിള്ള ഈ ഭേദഗതിബിൽ ഞാൻ ഹാജരാക്കിയാൽ തന്നാൽ കഴിയുമ്പോലെയുള്ള ആനുകൂല്യങ്ങൾ ചെയ്തുതരാമെന്നു ഉറപ്പു തന്നിട്ടുണ്ടു. ആ ഉറപ്പു എൻെറ ഭാഗത്തേക്കു ഒരുകോട്ടയാണു. കൊല്ലം താലൂക്കുമെമ്പർ—കൊല്ലം, മരുമക്കത്തായം താലൂക്കുകളിലെ ആളുകളുടെ സഹായംകൊണ്ടു എതിർകക്ഷികളുടെകേന്ദ്രമാണെങ്കിലും —തൃക്കടവൂർ പക

തിയിലെ ഉൽകൃഷ്ടപാരമ്പര്യം ഉടമസ്ഥനും വയോവൃദ്ധനായ ജന്മിയുമായ കിളിമാനൂർ കാരണവർ ശങ്കരൻ കൊച്ചുകുഞ്ഞുചാന്നാരുടെ നേതൃത്വത്തിൽ തന്റെ താലൂക്കിലെ ചില മിശ്രരായ പ്രമാണികൾതന്നെ ചെന്നു ഈ മിശ്രരായ കക്ഷികളുടെ സഹായിക്കണമെന്നു തന്നോടു ആർദ്രതയോടെ അപേക്ഷിച്ച സംഗതി ഈ സഭയിൽ പ്രസ്താവിക്കാമെന്നുള്ളതിനെപ്പറ്റി എനിക്കു സംശയമില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം) : ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെയോ? അദ്ദേഹത്തിന്റെ കുഡുംബത്തിൽതന്നെ ആളോഹരി ഭാഗം നടന്നിട്ടുള്ള കാര്യം എന്റെ സ്നേഹിതൻ അറിവുണ്ടോ? അദ്ദേഹത്തിന്റെ കുഡുംബം രണ്ടു ശാഖകളാണു. റെഗുലേഷൻ പ്രാബല്യത്തിൽ വന്നശേഷം അദ്ദേഹത്തിന്റെ തല്ലാത്ത ശാഖ ഒഴിവാക്കാൻ അപേക്ഷിച്ചിട്ടുണ്ടോ എന്നാണു എന്റെ ചോദ്യം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ഇദ്ദേഹത്തിന്റെ സ്വകാര്യകാര്യങ്ങളെപ്പറ്റി ഏതുവിസ്താരം നടത്തുന്നതുപോലെ ഇരിക്കുന്നതിനാൽ ഈ സഭയിൽ അതു ക്രമവിരുദ്ധമാണു. ഇതിനെസംബന്ധിച്ച സ്റ്റാൻഡിംഗ് ഓർഡർ ഇങ്ങനെയാണ്.

"ഒരു വാദസമയത്തു വല്ലകാര്യത്തിനും സമാധാനമായിട്ടോ അല്ലെങ്കിൽ മതിയായ വല്ലകാരണത്താലോ സഭയുടെ ആലോചനയിൽ ഇരിക്കുന്ന വല്ലസംഗതിയെയുംകുറിച്ചു ഒരു മെമ്പർക്കു മറ്റൊരു മെമ്പരോടു വല്ല ചോദ്യവും ചോദിക്കേണ്ടിവന്നാൽ അതു പ്രസിഡണ്ടുമുഖാന്തിരം ചോദിക്കണം"

ചോദ്യം സമാധാനമായിട്ടും ആലോചനയിൽ ഇരിക്കുന്നവിഷയത്തെ സംബന്ധിച്ചും ആയിരിക്കണം അല്ലെങ്കിൽ അതു ക്രമവിരുദ്ധമാണ്.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): എന്റെ ചോദ്യം ക്രമവിരുദ്ധമല്ല. മെമ്പർ ഒരു പ്രത്യേകമാതൃകയെപ്പറ്റി സംസാരിച്ചു അതിനെ സംബന്ധിച്ചായിരുന്നു എന്റെ ചോദ്യം.

പ്രെസിഡണ്ട്. പ്രസ്താവകന്റെ കുഡുംബത്തെ സംബന്ധിച്ചും കുഡുംബാംഗങ്ങൾ തമ്മിൽ നടന്നിട്ടുള്ള ഇടപാടുകളെ സംബന്ധിച്ചും മെമ്പർ ചോദിച്ചതു ആലോചനാവിഷയത്തോടു സംബന്ധമുള്ളതല്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം) ഞാൻ അങ്ങനെ ചോദിച്ചില്ല.

പ്രെസിഡണ്ട്. എനിക്കു അങ്ങനെയാണ് മനസ്സിലായതു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം) : അദ്ദേഹം ഈ സഭയിൽ ഒരു പ്രത്യേകമാതൃകയെപ്പറ്റി പ്രസ്താവിക്കയും അതായതു മിശ്രരായവർ ആവശ്യപ്പെട്ടതായി പറകയും ചെയ്തു. സംഗതികൾ അങ്ങനെയല്ലെന്നു കാണിക്കാൻ മാത്രം ഈ കാര്യങ്ങൾ ഞാൻ എടുത്തുപറഞ്ഞതാണു.

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം) : തന്റെ കുഡുംബത്തിൽ അന്തരവന്മാർ തങ്ങൾ മുണ്ടെന്നും ആ അന്തരവന്മാർ മക്കത്തായത്തിനും ആളോഹരിഭാഗത്തിനും വിരോധികളാണെന്നും അദ്ദേഹം എന്നോടു നേരിട്ടു പറഞ്ഞിട്ടുണ്ടു. അതാണു എനിക്കുള്ള അറിവു.

ഈ സഭയിൽ വേറെ അനേകം സ്നേഹിതന്മാർക്കും എന്റെ ഭേദഗതിബില്ലിന്റെ ന്യായത്തെപ്പറ്റി ബോദ്ധ്യമായിട്ടുണ്ടെന്നാണു എന്റെ വിശ്വാസം. ഒരു അനുദ്യോഗസ്ഥമെമ്പർ ഒരു ഭേദഗതിബിൽ ഹാജരാക്കിയാൽ അതിനെ താൻ അനുകൂലിക്കുമെന്നു ഡിപ്യൂട്ടി പ്രെസിഡണ്ട് മിസ്റ്റർ സുബ്ബയ്യർതന്നെ ഈ സഭയിൽ മൂന്നാമതു ആലോചനയ്ക്കുവന്നപ്പോൾ ഉറന്ന സഭയിൽവച്ചു പ്രസ്താവിച്ചിട്ടുണ്ടു. ഇതു ഒരു ഗവണ്മെന്റുബില്ലായി ഗവണ്മെന്റിൽനിന്നുതന്നെ ഹാജരാക്കേണ്ടതായിരുന്നു എങ്കിലും ഈ അനുകൂല്യങ്ങളോടുകൂടെ ഞാൻ ധൈര്യസമേതം ഈ ബിൽ ഹാജരാക്കിക്കൊള്ളുന്നു. ഈ വക വിഷയത്തെപ്പറ്റി പര്യാലോചനചെയ്യുന്നതിനു എന്നേക്കാൾ നല്ല അവസരം ഉണ്ടായിട്ടുള്ള ഇപ്പോഴത്തെ ലാ മെമ്പർ ഞങ്ങളെ സഹായിക്കുന്നതിന്റെ ആവശ്യം ഗ്രഹിച്ചു തന്റെ വിലയേറിയ അഭിപ്രായത്താൽ ഞങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കയില്ലെന്നും വിശ്വസിക്കുന്നു. എന്റെ മാന്യസ്നേഹിതന്മാരുടെ പക്ഷപാതരാഹിത്യവും നീതിബോധവും ഈ കാര്യത്തിലും ഞങ്ങൾക്കു അനുകൂലമായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്റെ മാന്യസ്നേഹിതന്മാരെല്ലാവരും മുൻവിധികൂടാതെയും പക്ഷപാതമില്ലാതെയുമാണു ഇവിടെ വന്നിട്ടുള്ളതു. അവരുടെ നീതിബോധത്തെ ആശ്രയിച്ചുകൊണ്ടു ഞങ്ങളുടെ കാര്യം അവരുടെ കയ്യിൽ ഭദ്രമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും നീതിബോധത്തിലും ന്യായതല്പരതയിലും ഞാൻ അഭയം പ്രാപിച്ചുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മെമ്പർ ഇരിക്കുന്നതിനുമുമ്പായി മിശ്രരായികളും മരുമക്കത്തായികളും തമ്മിൽ വിവാഹം നടക്കുന്നുണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): മിശ്രദായികളും മരുമക്കത്തായികളും തമ്മിൽ വിവാഹബന്ധം ഇല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മെമ്പർ പ്രസ്താവിച്ച ആലുമൂട്ടിൽ ചാന്നാരുടെ കുടുംബത്തിനു കൊല്ലം കിളിമാനൂർ കാരണവരുടെ മരുമക്കത്തായകുടുംബത്തോടു വിവാഹബന്ധമുണ്ടല്ലൊ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): കൊല്ലത്തിനു തെക്കനടപ്പുള്ള സമ്പ്രദായങ്ങളെപ്പറ്റി ഞാൻ ഒന്നും പറഞ്ഞിട്ടില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഈഴവർ മുഴുവൻ മരുമക്കത്തായികളാണോ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): അല്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): മിസ്റ്റർ സുബ്ബയ്യർ ഒരു ബിൽ ഹാജരാക്കാമെന്നു സമ്മതിച്ചു എന്നു മെമ്പർ വിചാരിക്കുന്നുണ്ടോ എന്നു പറയുമൊ?

മി. ആർ. പത്മനാഭൻ (ഗവണ്മെന്റു നിയമനം): അദ്ദേഹം സമ്മതിച്ചിട്ടില്ല. അദ്ദേഹം ഒരു അനുദ്യോഗസ്ഥമെമ്പരായി വരികയാണെങ്കിൽ ഒരു ബിൽ ഹാജരാക്കുമെന്നു പറഞ്ഞു. വേണമെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗം വായിച്ചുകേൾപ്പിക്കാം.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം—ഡിപ്യൂട്ടിപ്രെസിഡെന്റ): എന്റെ പ്രസംഗത്തിന്റെ ആ ഭാഗം മിസ്റ്റർ പത്മനാഭൻ വായിച്ചുകേൾപ്പിക്കുമോ? ഞാൻ പറഞ്ഞതു അദ്ദേഹം ശരിയായി ഉദ്ധരിച്ചോ എന്നു സംശയിക്കുന്നു.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അദ്ദേഹം അതിനെപ്പററി പ്രസ്താവിച്ചിട്ടുള്ളതു ഒരു സ്ഥലത്തല്ല, പല സ്ഥലങ്ങളിൽ അതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ട്.

പ്രസിഡെൻറ്: മിസ്റ്റർ പത്മനാഭൻ, ഈ ദേഹത്തിൻെറ പ്രസംഗത്തിൽ ഒരു ബിൽ ഹാജരാക്കാമെന്നു സമ്മതിച്ചിട്ടുള്ള ഭാഗം വായിച്ചുകേൾപ്പിക്കണമെന്നാണ് മിസ്റ്റർ സുബ്ബയ്യർ ആവശ്യപ്പെടുന്നതു.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): നിയമസഭാ പ്രൊസീഡിംഗ്സ് ആറാം വാല്യം പതിനഞ്ചാം ലക്കം ൫൦വ്യവ പേജിലാണ് അദ്ദേഹത്തിൻെറ പ്രസംഗം ഉള്ളതു.

"ഇനിയത്തെ സഭയിൽ ഞാൻ ഒരു അനൌദ്യോഗസ്ഥമെമ്പരായിരിക്കയും ഭേദഗതി ആവശ്യമാകുന്നു എന്നു അദ്ദേഹം എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ എന്നാൽ കഴിയുംവണ്ണം അദ്ദേഹത്തെ ഞാൻ സഹായിക്കുന്നതായിരിക്കും".

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമനം-ഡിപ്യൂട്ടിപ്രസിഡെൻറ): ഏററവും പ്രധാനസംഗതി, അതായതു "ഭേദഗതി ആവശ്യമാണെന്നു അദ്ദേഹം എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ" എന്നുള്ളതു മിസ്റ്റർ പത്മനാഭൻ വിട്ടുകളഞ്ഞു (ചിരി).

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അതെ, ഞാൻ മെമ്പറെ ബോദ്ധ്യപ്പെടുത്താം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): അന്വേഷണക്കമ്മററിയിലെ പ്രെസിഡെൻറ ഒരു ബ്രാഹ്മണമന്ത്രി അല്ലായിരുന്നോ എന്നു മെമ്പർ പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അതെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): അദ്ദേഹം ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്ഥാനത്തുള്ളയാൾ അല്ലായിരുന്നോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അതെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കമ്മിററിയിൽ മിശ്രമായികൾ ഇല്ലായിരുന്നോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): ഉണ്ടായിരുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ബില്ലിനു അനുകൂലികളായ മിശ്രമായികൾ ഉണ്ടോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): ഉണ്ട്. അനേകം ഉണ്ട്. ൩൫൦ പേർ ഹർജിയിൽ ഒപ്പിട്ടിട്ടുണ്ട്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ബിൽപ്രകാരം റഗുലേഷൻ ഭേദപ്പെടുത്തുന്നതിനു അനുകൂലികളായ മിശ്രമായികൾ ഉണ്ടോ എന്നാണ് ഞാൻ ചോദിച്ചതു. ൩൧-൫൫ വകുപ്പിൽ മക്കൾക്കു അച്ഛൻെറ സ്വത്തിനുള്ള അവകാശം കൊടുപ്പെടുത്തീട്ടുണ്ടെന്നുള്ള സംഗതിയും മെമ്പർക്കു അറിയാമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): ഉവ്വ്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മിശ്രമായിയും മരുമക്കത്തായിയും തമ്മിൽ വിവാഹബന്ധം ഇല്ലെന്നു മെമ്പർ സംശയം പറകയാണോ നിശ്ചയമായി പറകയാണോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): എൻെറ താലൂക്കിലെ ആചാരം നോക്കിയാൽ ഒരൊററ വിവാഹംപോലുമില്ല. കൊല്ലത്തും സമീപസ്ഥലങ്ങളിലും അങ്ങനെ വിവാഹങ്ങൾ ഉണ്ടോ എന്നു എനിക്കു അറിവില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): തൻെറ താലൂക്കിനുപുറമെ മിശ്രമായി മെമ്പർമാർ ഉണ്ടോ എന്നു മെമ്പരോടു ചോദിച്ചുകൊള്ളുന്നു.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ ഈ ഭേദഗതികൊണ്ടു വന്നിട്ടുള്ളതു പൊതുവേയുള്ള മിശ്രമായികളുടെ പ്രതിനിധിയായിട്ടാണോ തൻെറ താലൂക്കിലെ മിശ്രമായികളുടെ പ്രതിനിധിയായിട്ടാണോ എന്നു മെമ്പർ പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): മിശ്രമായികളായിതന്നെ ഇരിക്കാൻ ആഗ്രഹിക്കുന്ന മിശ്രമായികളുടെ പ്രതിനിധിയായിട്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): രാജ്യം ഒട്ടുക്കുള്ള മിശ്രമായികളോ മെമ്പറിൻെറ താലൂക്കിലെ മിശ്രമായികളോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): രാജ്യം ഒട്ടുക്കുള്ളവർ.

മി. എം. ശിവതാണുപിള്ള (തോവാള): അന്വേഷണക്കമ്മിററിയിലെ ചില മെമ്പർമാരുടെ നിയമനത്തിനെതിരായി വല്ല നിവേദനങ്ങളും ഗവണ്മെൻറിൽ ബോധിപ്പിച്ചിട്ടുണ്ടായിരുന്നോ എന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അന്വേഷണക്കമ്മററി കൂടിയിരുന്നകാലത്തു അവർക്കു പക്ഷഭേദം ഉണ്ടെന്നു വിചാരിപ്പാൻ കാരണമുണ്ടായിരുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതു പ്രത്യക്ഷമായതു എപ്പോഴാണെന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): അവർ സാക്ഷികളെ വിസ്തരിച്ചിരുന്നപ്പോഴും അവരുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയശേഷവും.

മി. എം. ശിവതാണുപിള്ള (തോവാള): അതിൻെറശേഷമെങ്കിലും മെമ്പർമാർക്കെതിരായി ഒരു മുൻവിധി കല്പിച്ചിട്ടുള്ളവരാണെന്നു നിവേദനംചെയ്തുവോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): എനിക്കു അറിവുള്ളടത്തോളം ഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): തിരുവനന്തപുരം താലൂക്കിൽ മെമ്പരുടെ അഭിപ്രായത്തോടു യോജിക്കുന്ന ഉദ്ദേശം എത്ര മിശ്രമായികൾ ഉണ്ടെന്നു പറയുമോ?

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): ഇരുന്നൂററിൽപരം കുടുംബങ്ങൾ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഹർജിയിൽ ഒപ്പിട്ടിട്ടുള്ളവരിൽ അവരും ഉൾപ്പെടുമോ?

ടി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമനം): അവരിൽ ചിലർ ഉൾപ്പെട്ടിട്ടുണ്ട്.

ടി. ആർ. പത്മനാഭൻ ഒരു ഹർജി പ്രസിഡെൻറിനു സമർപ്പിച്ചു.

പ്രസിഡെൻറ്: ഹർജി സഭാമുമ്പാകെ വായിച്ചുകേൾപ്പിക്കാൻ സെക്രട്ടറിയോടു ആജ്ഞാപിക്കാം.

പിന്നെ നിയമസഭാ സെക്രട്ടറി താഴെ കാണുന്ന ഹർജി വായിച്ചു.

"തിരുവിതാംകോട്ടു നിയമസഭയിലെ ബഹുമാനപ്പെട്ട
മെംബറന്മാർ അവർകളെ
വിനയബഹുമാനപുരസ്സരം നിയമസഭാ ചട്ടങ്ങളിൽ ൯൫-ാം ചട്ടം
അനുസരിച്ചു ബോധിപ്പിക്കുന്ന
ഹർജി.

വിഷയം:— ഈഴവറെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള അമെൻഡ്മെൻറ് ബിൽ.

ഞങ്ങൾ മിശ്രദായ ഈഴവസമുദായത്തിൽ പെട്ടവർ ആകുന്നു. ഇപ്പോൾ നടപ്പിൽവന്നിരിക്കുന്ന ഈഴവറെഗുലേഷനിൽ മക്കത്തായിഭാഗത്തേയും ദായക്രമത്തേയും പററിയുള്ള വ്യവസ്ഥകൾ പുരാതനവും പൂജ്യവും സകല കോടതികളാലും സമ്മതിക്കപ്പെട്ടിരിക്കുന്നതും ആയ ഞങ്ങളുടെ ദായക്രമത്തിനു വിഘാതകമായി തീർന്നിരിക്കുന്നു. ഈ വിധം സങ്കടകരമായ മാററം വരുത്തുന്ന ഒരു നിയമം ഞങ്ങൾക്കു ഉണ്ടാക്കിത്തരണം എന്നു ഞങ്ങൾ ഗവണ്മെൻറിനോടു ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ലാ, എന്നുമാത്രമല്ലാ ഈവിധം റെഗുലേഷനിൽ ഞങ്ങളെ ബന്ധിപ്പിക്കരുതേ എന്നു ഞങ്ങൾ തുടർന്നുതുടരെ— ഈഴവചാക്കമ്മററി രൂപീകരിച്ചകാലം മുതൽ— പരാതിപ്പെട്ടുംവന്നിരിക്കുന്നു.

ഇവയെ ഒന്നും വേണ്ടപോലെ ശ്രദ്ധിക്കാതെ ഈഴവ റെഗുലേഷൻ നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ റെഗുലേഷനിലെ വ്യാപ്തിയിൽനിന്നു ഒഴിയണം എന്നു ആഗ്രഹം ഉള്ളവർക്കു അപ്രകാരം ചെയ്യുന്നതിനായി ഒരു വകുപ്പും (൯൯-ാം വകുപ്പ്) റെഗുലേഷനിൽ ചേർത്തിട്ടുണ്ടെന്നു വരികിലും ആ വിധം ഒഴിവു കഴിക്കുന്നതിലേക്കു അതിൽ വിവരിച്ചിരിക്കുന്ന നടപടിക്രമം വളരെ ക്ലിഷ്ടവും ഉദ്ദിഷ്ടസിദ്ധിക്കു വിഘാതവും ആയിരിക്കുന്നതിനാൽ ഞങ്ങൾ മൂന്നു കൊല്ലം കാലമായി അപേക്ഷിച്ചുവന്നിരുന്നതുപോലെ, മിശ്രദായ ഈഴവസമുദായത്തെ ഒട്ടാകെ റെഗുലേഷനിൽനിന്നു ഒഴിവാക്കത്തക്കവണ്ണവും എന്നാൽ മിശ്രദായ തറവാടിനും പുതിയ റെഗുലേഷനിൽ ചേരണം എന്നുണ്ടെങ്കിൽ അങ്ങനെ ചെയ്തുകൊള്ളുന്നതിനു യാതൊരു തടസ്സവും ഇല്ലാതെയും ഒരു അമെൻഡ്മെൻറ്ബിൽ മിശ്രദായ പ്രതിനിധിയായ മെമ്പർ ശ്രീമാൻ പത്മനാഭൻ കൌൺസിലിൽ ഹാജരാക്കിയിരിക്കുന്നു. അതിനെ ഇപ്പോഴത്തെ യോഗത്തിൽതന്നെ നിങ്ങൾ അംഗീകരിപ്പിച്ചുതരുന്നതിനു ദയവുണ്ടാകണേ എന്നു അപേക്ഷിക്കുന്നു. ഈ വിധം കാരുണ്യം ഞങ്ങളുടെ നേർക്കു നിങ്ങൾ കാണിക്കത്തക്കവണ്ണം ഞങ്ങൾ സാധുക്കളും കഷ്ടനിവൃത്തി ലഭിക്കേണ്ടവരും ആണെന്നുള്ളതിലേക്കു ഏതാനും സംഗതികൾ വളരെ ചുരുക്കത്തിൽ അറിയിക്കുന്നു.

ഈഴവരുടെ വിവാഹം ദായക്രമം മുതലായവയെ നിയന്ത്രിക്കുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതാണെന്നു ഏതാനും ചെറുപ്പക്കാർ, ഈഴവ പ്രതിനിധികൾ എന്ന നിലയിൽ പല കൊല്ലങ്ങൾക്കുമുമ്പു ഗവണ്മെൻറിൽ അപേക്ഷിച്ചു. ഈ നിയമം ഇന്നവിധത്തിൽ ആയിരിക്കണം എന്നു ഇവർ സ്വയമേവ കല്പിച്ചുനിശ്ചയിച്ചും ഇരുന്നു. ഇതു സംബന്ധിച്ചു ജനാഭിപ്രായം ശേഖരിക്കാനായി ഒരു കമ്മററി ഗവണ്മെൻറു നിയമിച്ചു. അതിലെ പ്രധാനാംഗങ്ങൾ മേല്പറഞ്ഞ നേതാക്കൾതന്നെയായിരുന്നു. ഈ കമ്മിററി ഇവരുടെ സൃഷ്ടിക്കു അനുകൂലമായ ജനാഭിപ്രായങ്ങളെ മാത്രം ശേഖരിച്ചു. ഇവരുടെ പോക്കു മിശ്രദായത്തിനു പ്രതികൂലം ആണെന്നു ഞങ്ങൾ ഗ്രഹിച്ചപ്പോൾ "മിശ്രദായ"ക്രമത്തിൽ യാതൊരു മാററവും ചെയ്യുന്നതിനു ഞങ്ങൾക്കു മനസ്സില്ലാ എന്നുള്ള ഞങ്ങളുടെ അഭിപ്രായത്തെ ന്യായമായവിധത്തിൽ ഞങ്ങൾ കമ്മിററിയെ ധരിപ്പിച്ചു. കൊല്ലം, ചിറയിൻകീഴ്, തിരുവനന്തപുരം മുതലായ താലൂക്കുകളിൽ കമ്മിററി സാക്ഷിവിസ്താരം നടത്തിവരുന്ന മദ്ധ്യേ ഞങ്ങളെ വിസ്തരിച്ചു ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തണം എന്നു ഞങ്ങളിൽ അനേകംപേർ കമ്മിററിയുടെ മുൻപാകെ ഹാജരായി ബോധിപ്പിച്ചു. ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയപ്പോയാൽ മേല്പറഞ്ഞ ഈഴവമെംബറന്മാരുടെ മനസ്സൃഷ്ടിയായ നിയമം ഉടനടി ശിഥിലം ആയിപ്പോകും എന്നു അവർ ന്യായമായി ആശങ്കിച്ചുകൊണ്ടു വിസ്തരിക്കാനായി സ്വയം അപേക്ഷിച്ച ഈഴവ മഹാജനങ്ങളെ വിസ്തരിക്കാതെ പതിവാക്കംപററ ഞ്ഞു കബളിപ്പിച്ചുകളഞ്ഞു. അനേകായിരം മിശ്രദായികൾ സ്വാഭിപ്രായം വെളിപ്പെടുത്തി ഒപ്പിട്ട ഹർജികൾ അയച്ചിരുന്നിട്ടും മേല്പറഞ്ഞ ഈഴവ മഹാന്മാരുടെ ഉപദേശത്തിനു വശപ്പെട്ട കമ്മിററി അവയെ നിസ്സാരമാക്കി ഉപേക്ഷിച്ചു. ഇപ്രകാരം ഉപേക്ഷിച്ച വിവരം കമ്മിററിയുടെ റിപ്പോർട്ട് വെളിവായി വളരെ കാലം കഴിഞ്ഞതിൽപിന്നീടു മാത്രമേ ഞങ്ങൾ അറിയാൻ ഇടയായുള്ളു. അതുകൊണ്ടു മിശ്രദായത്തിൽ വല്ല മാററവും വരുത്തുന്നതിൽ വിമനസ്കരും വിരുദ്ധാഭിപ്രായക്കാരും ആയ ഞങ്ങൾക്കു സംഖ്യാബലം അനല്പം ആയി ഉണ്ടായിരുന്നിട്ടും ആ വസ്തുത വെളിയാകാൻ ഇടയായില്ല, എന്നുമാത്രമല്ലാ, ഞങ്ങളിൽ അനേകംപേർ മിശ്രദായപ്രതികൂലികളാണെന്നു കളവായി കമ്മിററി പ്രസിദ്ധപ്പെടുത്തുന്നതിനും ഇടയായി. മേല്പറഞ്ഞ ഈഴവ മഹാന്മാരിൽനിന്നു ഈ വിഷയത്തിൽ ഞങ്ങൾക്കു പററിയ ഒന്നാമത്തെ വഞ്ചതി ഇതായിരുന്നു.

കമ്മിററിയുടെ ഉപദേശം അനുസരിച്ചു ഈഴവബില്ല് നിയമസഭയിൽ വന്നപ്പോഴും ഞങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചു. ബില്ലിൻെറ രണ്ടാം വായന നടന്നകാലത്തു ഞങ്ങളുടെ പ്രതിഷേധത്തേയും, ഈ ബില്ലിൽനിന്നു ഞങ്ങളെ ഒഴിക്കണം എന്നുള്ള അപേക്ഷയേയും വിവരമായി കാണിച്ചു ഞങ്ങൾ മിശ്രദായ താലൂക്കുകളിലെ പ്രതിനിധികൾ ആയ കൌൺസിൽ മെംബർമാർവഴി അയച്ചിരുന്നു. ആ ബഹുമാനപ്പെട്ട കൌൺസിൽ മെംബറന്മാരിൽ ഓരോരുത്തരും ഞങ്ങളുടെ അഭിപ്രായത്തെ വിശദപ്പെടുത്തി സഭയിൽ അറിയിച്ചു. ഇതു അന്നത്തെ കൌൺസിൽ പ്രൊസീഡിംഗ്സിൽനിന്നു വ്യക്തം ആകുന്നു. ഈ അവസരത്തിലും ഞങ്ങളുടെ എതിർകക്ഷിയായ കൌൺസിൽ മെംബർമാർ ഞങ്ങളുടെ ഹർജികൾ വിശ്വാസയോഗ്യങ്ങൾ അല്ലാ എന്നു വാദിച്ചു.

ആ അവസരത്തിൽതന്നെ പല താലൂക്കുകളിൽനിന്നും മുന്നൂറോളം മിശ്രദായികൾ കൌൺസിൽ ഹാളിൽവച്ചു അന്നത്തെ ദിവാൻജിയെ സന്ദർശിച്ചു സങ്കടം അറിയിച്ചു. ഞങ്ങളുടെ പുരാതനമായ മിശ്രദായത്തിനെ

യാതൊരു മാററവും ചെയ്യുന്നതിൽ ഞങ്ങൾക്ക മനസ്സില്ലാ എന്ന അദ്ദേഹത്തിന ബോദ്ധ്യം വരികയും ഞങ്ങളുടെ അപേക്ഷയ്ക്കു വിരുദ്ധമായി നിയമം ഉണ്ടാകയില്ലാ എന്നും, അഥവാ കൌൺസിലിൽനിന്ന അപ്രകാരം ചെയ്യാൻ ഇടവന്നാൽപോലും വലിയതമ്പുരാൻ തിരുമനസ്സിൽ ഉണർത്തിച്ച ഞങ്ങളുടെ അപേക്ഷയെ സാധിച്ചുതരുന്നതാണെന്നും അദ്ദേഹം ഞങ്ങളോട്ട പറഞ്ഞു എന്നറിയുകയും അനേകായിരം ജനക്കൂട്ടം മിശ്രമായവരുടെ കൂട്ടമേ അല്ല എന്നുകൂടി നിയമസഭയിൽ വച്ചു ആ മഹാനായ എഴുകക്ഷി ഈഴവമെമ്പർ വാദിച്ചു.

അതിൽപിന്നീട്ട ഓരോ അവസരത്തിലും ഈവിധം അസത്യ പ്രഖ്യാപനങ്ങൾ എഴുകക്ഷികൾ നിശ്ശങ്കം പ്രചരിപ്പിച്ചുവന്നു.

ഞങ്ങളുടെ വാദങ്ങളെ വേണ്ടപോലെ ശ്രദ്ധിക്കാതെ ഞങ്ങൾക്ക അനുഗ്രഹം [illegible] എന്നല്ല [illegible] ൽ ഇപ്പോഴത്തെ ൩൩-ാം വകുപ്പ കൌൺസിൽ അംഗീകരിച്ചു.

ഈ വകുപ്പുനിമിത്തം ജനിച്ചിട്ടുള്ള സങ്കടത്തിൽനിന്ന നിവൃത്തി ആലോചിക്കാനായി ഞങ്ങളിൽ രണ്ടായിരത്തോളം ജനങ്ങൾ ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീമാൻ കെ. ജി. [illegible] അവർകളുടെ അദ്ധ്യക്ഷത്തിൽ തിരുവനന്തപുരം [illegible]ഹാളിൽ കഴിഞ്ഞ മകരത്തിൽ ഒരു യോഗം കൂടി. ഈ യോഗത്തിൽ സംബന്ധിക്കാനായി കൊച്ചും ദൂരവായ സ്ഥലങ്ങളിൽനിന്ന വരാൻ ഒരുക്കിവിരുന്ന അനേകംപേരെ ഈവിധം യോഗം മാററിവച്ചിരിക്കുന്നു എന്ന കള്ളംപറഞ്ഞു എഴുകക്ഷിക്കാർ തിരിച്ചയച്ചു.

സങ്കടക്കാരായ മേൽപ്പറഞ്ഞ രണ്ടായിരത്തോളം ജനങ്ങളെ ഒന്നുകൂടി നേരിട്ട കണ്ടു അവരുടെ സങ്കടത്തെ അറിയണം എന്ന കരുതി അന്നത്തെ ദിവാൻ രാഘവയ്യാ അവർകൾ അന്ന [illegible] ഹജൂർ കച്ചേരിയിൽ വരേണ്ടതാണെന്ന ആജ്ഞാപിച്ചിരുന്നു. ഈവിധം ദിവാൻജി [illegible]യില്ലാ എന്ന ഈ അവസരത്തിലും എഴുകക്ഷിക്കാർ കള്ളംപറഞ്ഞു [illegible] ശ്രമിച്ചു. ആ ശ്രമം വിഫലമായി. ഞങ്ങളുടെ സങ്കടത്തിന്റെ [illegible] ദിവാൻജിക്കു അന്ന ആ രണ്ടായിരം പേർക്കും [illegible] തിരുമനസ്സിലേക്ക [illegible].

അന്നത്തെ യോഗത്തിൽ [illegible] തീർപ്പിനിൻപ്രകാരം അനുസരിച്ചു മിശ്രമഹായോഗം [illegible] ഈ [illegible] ബില്ലിൽ [illegible]ങ്ങളിൽനിന്ന ഒഴിവാകത്തക്കവണ്ണം ഒരു അമെൻഡ്മെൻറ് [illegible] എന്നു ഞങ്ങൾ ആശിക്കുന്നു. [illegible] ഈ [illegible] സങ്കടനിവൃത്തി [illegible] തടഞ്ഞു [illegible] ഒരു സംഭവം നിമിത്തം [illegible] യായി. [illegible], ഈ [illegible] കണ്ടിട്ടില്ല. [illegible] വിരോധമായി [illegible] വിധമായ പൂർണ്ണ സങ്കല്പം [illegible] നിഷ്പക്ഷപാതികളായ [illegible] നിങ്ങളിൽനിന്ന ഞങ്ങൾക്ക രക്ഷകിട്ടും എന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിച്ചു പോകുന്നു. ഈ പുതിയ കൌൺസിലിൽ "മിശ്രമഹായോഗ"ത്തിന്റെ പ്രതിനിധിയായി ഒരു മെമ്പരുടെ [illegible] നിയമിച്ചിരിക്കുന്നു.

മിശ്രമായവരായ ഞങ്ങൾക്കു [illegible] ൩൩-ാം വകുപ്പിനാൽ [illegible] നിവൃത്തിയില്ലാതെ [illegible] ബോദ്ധ്യം വന്നിട്ടുള്ള നിങ്ങളിൽ [illegible] മെമ്പർമാർ [illegible] സങ്കടനിവൃത്തിയായി ഇതിനുള്ള അമെൻഡ്മെൻറ ബിൽ കൌൺസിലിൽ [illegible] ഞങ്ങളുടെ [illegible] മുഖ്യത്തിൽ [illegible].

ഈ [illegible] മിശ്രമഹായോഗത്തിന്റെ [illegible] മറ്റു മിശ്രമായ [illegible] നിവാസികളും പ്രതിനിധികളും ആകുന്നു. ഇതനുസരിച്ചാണ ഞങ്ങളുടെ പ്രതിനിധിയായ മെമ്പർ ശ്രീമാൻ [illegible] അമെൻഡ്മെൻറ ബിൽ സഭയിൽ [illegible] ഹാജരാക്കിയിരിക്കുന്നതു.

[illegible] മിശ്രമായ [illegible] ഞങ്ങൾ [illegible] എന്നു [illegible] മിശ്രമാണെന്നു [illegible] വാദിക്കുന്നവർക്ക [illegible] സ്വാതന്ത്ര്യം [illegible] യാതൊരു [illegible] വരുത്തുന്നില്ല. മിശ്രമായവരുടെ [illegible] സ്വകൃതിക്കും [illegible] അവരവരുടെ [illegible] കടമയും [illegible].

ഈ അവസരത്തിൽ ഞങ്ങളുടെ എഴുകക്ഷികൾ അനേകവിധ [illegible] പ്രചരിപ്പിച്ചു [illegible] മെമ്പർമാരോട്ട കള്ളംപറഞ്ഞു ഞങ്ങളെ ദ്രോഹിച്ചുവരുന്നു. നിങ്ങളുടെ ഈ അമെൻഡ്മെൻറ ബില്ലിനെ അനുകൂലിക്കരുതെന്ന സാമ ഭേദ ദണ്ഡപ്രയോഗങ്ങളാൽ [illegible] വരുന്നു.

ചുരുക്കത്തിൽ ഇപ്പോഴത്തെ അമെൻഡ്മെൻറ ബില്ലിന അനുകൂലികൾ ആയ മിശ്രമായ കുടുംബങ്ങൾ [illegible] ചുരുക്കമാണെന്നും, അതിന പ്രതികൂലികൾ വളരെയുണ്ടെന്നും എഴുകക്ഷികൾ ഉൽഘോഷിക്കുന്നു. മഹാന്മാരെ ഇവരുടെ [illegible]പ്രയോഗത്താൽ നിങ്ങൾക്ക തെററായ ബോധം [illegible] എന്നുള്ള ആശങ്ക ഞങ്ങളെ ബലമായി ബാധിക്കയാൽ മിശ്രമായ താലൂക്കുകളിൽനിന്ന അനേകശതംപേർ—ഈ ബില്ലിന അനുകൂലികളായ, കുടുംബങ്ങളിൽ ചുരുങ്ങിയ [illegible] ഇവിടെ വന്നിട്ടുള്ള—നിങ്ങളെ കാണുന്നതിനും ആ പ്രത്യക്ഷമാർഗ്ഗത്തിലും ഞങ്ങളുടെ ഈ ബില്ലിന അനുകൂലവാദക്കാരുടെ—സംഖ്യാബലത്തിൽ ഒരു ചുരുങ്ങിയ അംശംപോലും, ഇതു വലുതാണെന്ന നിങ്ങൾക്ക ബോദ്ധ്യം വരുത്തുന്നതിനും ആയി തിരുവനന്തപുരത്തു കൂടിയിട്ടുണ്ട്. നിങ്ങൾ ദയാപൂർവ്വം ഞങ്ങളെ ഇന്നലെയും ഇന്നുകൂടിയും കണ്ടിരിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ സങ്കടത്തെ കരുണാപൂർവ്വം നിവൃത്തിച്ചുതരണേ. സാധുജനസംരക്ഷണത്തിനായി നിങ്ങൾ കയ്യേററിരിക്കുന്ന ഈ അനർഘമായ നിയമസഭാമെമ്പർ സ്ഥാനത്തിന അത്യന്തം യോജ്യവും നിങ്ങളുടെ സൽഗുണശ്ലാഘ്യമായ മനസ്ഥിതിക്ക അത്യന്തം ഉചിതവും ആയ മഹാമനസ്കതയെ ഈ അവസരത്തിൽ പ്രയോഗിച്ചു ഇപ്പോൾ കൌൺസിലിൽ കൊണ്ടുവന്നിരിക്കുന്ന അമെൻഡ്മെൻറ ബില്ലിനെ അനുകൂലിച്ചു വോട്ടുകൊടുത്തു ഈ മീററിംഗിൽതന്നെ പാസ്സാക്കിച്ചു ഞങ്ങളുടെ സങ്കടത്തിന നിവൃത്തിവരുത്തിതരണം എന്നു വീണ്ടും ബഹുമാനപുരസ്സരം വിനയമായി അപേക്ഷിക്കുന്നു.

൧൧൦൧ ൽ തുലാം ൧൦-ാം.

മി. എക്സ്. ജി. ലോപ്പെസ് (ഗവണ്മെന്റു നിയമനം): ഈ ബില്ലിനു എതിരായി വല്ല ലോയാഭിപ്രായങ്ങളും കിട്ടീട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ബില്ലിനു അനുകൂലമായും പ്രതികൂലമായും അനേകം നിവേദനങ്ങൾ കിട്ടീട്ടുണ്ട്.

മി. എക്സ്. ജി. ലോപ്പെസ്സ് (ഗവണ്മെന്റു നിയമനം): എത്ര നിവേദനങ്ങൾ കിട്ടീട്ടുണ്ട്?

പ്രസിഡെന്റ: സെക്രട്ടറി ഇപ്പോൾ പ്രസംഗിക്കുന്നില്ല. മിസ്റ്റർ ലോപ്പെസ്സ്. സെക്രട്ടറിയുടെ നിലയിൽ ഹർജി വായിച്ചു എന്നേയുള്ളു.

മി. എൻ. വി. ജോസെഫ് (പറവൂർ): ഈ സംഗതി ഉദാഹരിക്കുന്നതിനായി ബില്ലിൽ ഒപ്പിട്ട ഒരാളിന്റെ നിലയിൽ മിസ്റ്റർ പത്മനാഭനോടു വല്ല ചോദ്യങ്ങളും ചോദിക്കാമോ?

പ്രസിഡെന്റ: നടപടി ക്രമപ്രകാരം പാടുമെന്നു തോന്നുന്നില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടി പ്രസിഡന്റ): ഹർജിയെപ്പററി വാദപ്രതിവാദം പാടില്ലെന്നു തോന്നുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): എനിക്കു സംസാരിക്കാമോ?

പ്രസിഡെന്റ: ഉവ്വ്.

റാവു ബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഈ ബിൽ ഹാജരാക്കാൻ അനുവദിച്ചതിനുള്ള കാരണങ്ങൾ താങ്കൾ ചുരുക്കത്തിൽ പ്രസ്താവിച്ചതിനുശേഷം ഈ ബിൽ ആലോചനയ്ക്കെടുക്കുന്നതിനോ ആലോചനയ്ക്കെടുക്കുന്നതിനോ അനുകൂലമായി ഞാനൊന്നും വേറെ ആരെങ്കിലുമൊ ദീർഘമായി സംസാരിക്കുന്നതിനു ആവശ്യം ഉണ്ടായിരുന്നില്ല. എന്നാൽ ഈ ഈഴവറെഗുലേഷൻ ഈ സഭ മുമ്പു പാസ്സാക്കിയപ്പോൾ ഈ സഭയ്ക്കകത്തും പുറത്തും പ്രബലമായ വിരോധാഭിപ്രായം ഉണ്ടായിരുന്നു. സാധാരണയായി ഒരു വിഷയത്തെപ്പററി ആലോചിച്ചു തീർച്ചയാക്കി സഭാമുമ്പാകെ ഹാജരാക്കുന്ന ഉത്തരവാദം ഗവണ്മെന്റുതന്നെ വഹിക്കുന്ന സംഗതികളിൽ ഉദ്യോഗസ്ഥ സംഘം എന്നു എതിരാളികൾ പറയുന്ന ഞങ്ങൾ ആ വിഷയത്തിന്റെ യോഗ്യതായോഗ്യതകളെപ്പററി ചിന്തിച്ചിട്ടാവശ്യം ഇല്ല. എന്നാൽ തങ്ങളുടെ മനസ്സാക്ഷിപ്രകാരം പ്രവർത്തിച്ചുകൊള്ളണമെന്നു ഉദ്യോഗസ്ഥമെമ്പർമാരോടു ഗവണ്മെന്റു ആജ്ഞാപിക്കുമ്പോൾ ഓരോ ഉദ്യോഗസ്ഥമെമ്പറിന്റെയും ഉത്തരവാദം വർദ്ധിക്കുന്നു. മുമ്പത്തെ അവസരത്തിൽ ഇങ്ങനെയൊരു ഉത്തരവാദം ഞങ്ങളുടെമേൽ ചുമത്തിയപ്പോൾ ഈഴവ ഫാമിലി കമ്മിററിയുടെ റിപ്പോർട്ടും അന്നു സഭയുടെ ആലോചനയിലിരുന്ന നിയമത്തിലെ വ്യവസ്ഥകളും പാരായണം ചെയ്യുന്നതിനു ഞാൻ നിർബന്ധിതനായി. ആധുനികനിയമനിർമ്മാണരീതിപ്രകാരം നോക്കിയാലും അന്നു ആലോചനയിൽ ഇരുന്ന നിയമം ന്യായാനുസരണം അല്ലെന്നു അപ്പോൾ എനിക്കു തോന്നി. അന്യസമുദായങ്ങളുടെ ആചാരമര്യാദകളെ സംബന്ധിച്ച കാര്യങ്ങളിൽ ഇടപെടുന്നതിൽ എനിക്കു സാധാരണയായി വിമുഖതയുണ്ടെങ്കിലും ആ നിയമം പ്രശംസനീയമായി വായിച്ചു കഴിഞ്ഞപ്പോൾ ഇതിൽ എതിർക്കേണ്ടുന്നതായി യാതൊന്നും ഇല്ലെന്നു എനിക്കു തോന്നി. ഇപ്രകാരം തോന്നാൻ കാരണം ആലോചനാവിഷയമായിരുന്ന നിയമം മിശ്രദായികളുടെ, കാരണം അവരിൽ തങ്ങളുടെ പാരമ്പര്യദായക്രമം മാറി എന്നു വിചാരിക്കുന്നവരോടൊത്തു, ന്യായരഹിതമായി പെരുമാറുന്നതിനാണെന്നു ഞാൻ പ്രസ്താവിച്ചു. ഈഴവരല്ലാത്ത സഹോദരന്മാർ സ്ത്രീപക്ഷക്കാരുള്ള ഈ സഭ മനസ്സില്ലാമനസ്സോടെ നിർബന്ധിക്കാമെന്നുള്ള തത്വം സ്വീകരിച്ചു ഈ നാട്ടിലെ ഒരു പ്രജാവിഭാഗത്തെ അവർ അനേകം തലമുറകളായി സ്വീകരിച്ചുപോരുന്ന ആചാരമര്യാദകളെ ഉപേക്ഷിച്ചു പുതിയവയെ നിർബന്ധപൂർവം അനുസരിപ്പിക്കുന്നതുകൊണ്ടുള്ള ദോഷങ്ങളെപ്പറ്റി ഞാൻ ചൂണ്ടിക്കാണിച്ചു. അന്നു മിക്കവാറും പതിനൊന്നാം മണിക്കൂറിൽ ഒരുവിധം ഒരു രാജിയുണ്ടാക്കി പാരമ്പര്യ മിശ്രദായികൾക്കു തൃപ്തിയുള്ള ഒരു രക്ഷയുണ്ടാക്കാൻ സാധിച്ചു. ഈ സന്ദർഭത്തിൽ നമ്മുടെ വാദങ്ങളിൽ മിശ്രദായികളെന്നും മക്കത്തായികളെന്നും മരുമക്കത്തായികളെന്നും ഉള്ള പദപ്രയോഗത്താൽ ഉണ്ടാകുന്ന കുഴപ്പത്തെപ്പററി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഈ സമുദായാംഗങ്ങൾ അവരുടെ പേരുമാററാതെ അവരുടെ അഭിപ്രായം മാററിയിരിക്കുന്ന എന്നുള്ള സംഗതി നാം വിസ്മരിച്ചുപോകുന്നു. പാരമ്പര്യാചാരങ്ങൾ ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്ന മിശ്രദായികളെ മിശ്രദായപ്രമാണികൾ എന്നു ഞാൻ വിശ്വസിക്കുന്നില്ല. മിശ്രദായികളായി ജനിച്ചു ആ ആചാരത്തിൽ വളർന്നിട്ടുള്ള അനേകമാളുകൾ അഭിപ്രായം മാററി ആ ആചാരത്തെ ഉപേക്ഷിച്ചിട്ടുണ്ട്. ബി. എ. ക്കാരുൾപ്പെടെ ഒട്ടുവളരെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുൾപ്പെടെ മിശ്രദായികളായി ജനിച്ചവരെങ്കിലും പഴയ ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുമെന്നു അതിക്ഷമയുള്ളവരായിരുന്നു എന്നാണു എന്റെ അറിവ്. ആ വ്യവസ്ഥകളിൽ അധികഭാഗവും പാസ്സാക്കിയ ബില്ലിൽ സ്വീകരിക്കുകയും ചെയ്തു. എല്ലാ ഈഴവരേയും പഴയ മിശ്രദായികളേയും പുതിയ മിശ്രദായികളേയും ബന്ധിക്കുന്ന ഈ നിയമത്തിന്റെ വ്യാപ്തിയിൽ തങ്ങളുടെ വകുപ്പിനെ ഉൾപ്പെടുത്തുന്നതിനു വിരോധാഭിപ്രായക്കാരായി അനേകം മിശ്രദായികൾ ഉണ്ടായിരുന്നെങ്കിലും അതായിരുന്നു അന്നത്തെ സ്ഥിതി. അന്നത്തെ അതൃപ്തി തീർത്തുകരിച്ചതാണു മിസ്റ്റർ പത്മനാഭൻ ഹാജരാക്കീട്ടുള്ള ബിൽ. ആദ്യനിയമം പാസ്സാക്കിക്കഴിഞ്ഞു ഇത്രവേഗത്തിൽതന്നെ ഒരു ഭേദഗതി ബിൽ ഹാജരാക്കുന്നതിന്റെ ആവശ്യം എന്താണെന്നു ഇതിനെസംബന്ധിച്ചു എന്നോടു സംസാരിച്ചിട്ടുള്ള ചില ഈഴവപ്രമാണികൾ ചോദിക്ക ഉണ്ടായിട്ടുണ്ട്. വളരെക്കാലംകൊണ്ടു ക്രോഡീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമത്തെ പ്രത്യേകമായി ആചാരങ്ങളെ ക്രോഡീകരിച്ചുണ്ടാക്കിയ ഒരു നിയമത്തെ പാസ്സാക്കിയക്ഷണത്തിൽതന്നെ ഭേദപ്പെടുത്തുന്നതു സാമാന്യബുദ്ധിക്കു വിരുദ്ധമായിതോന്നും. ഈ വാദംകൊണ്ടു പണിപ്പെട്ടുള്ളവർ അതിനു മടപടിയല്ലെന്നാണു വിചാരിക്കുന്നതു. മിസ്റ്റർ പത്മനാഭന്റെ നിയമത്തിനു എതിരായി രചിച്ചിട്ടുള്ള ഒരു രേഖ എനിക്കു അയച്ചുതന്നതിലും ഈ വാദംതന്നെ പുറപ്പെടുവിച്ചുകാണുന്നു. വിരോധങ്ങളെല്ലാം ആലോചനയിലെടുത്തശേഷവും ഏഴു വർഷത്തിന്മേൽ ജനസമക്ഷം നിലനിന്നശേഷവും ഇടയെയുള്ള സഭകളിൽ ഹാജരാക്കിയ ശേഷവും പാസ്സാക്കിയ ഒരു നിയമത്തെ ഭേദപ്പെടുത്തുന്നതിന്റെ ആവശ്യം

എന്താണെന്നാണ് അതിൽ ചോദിച്ചിരിക്കുന്നതു. ഇങ്ങനെയുള്ള ഒരു വാദത്തിൽ അനേകം അബദ്ധങ്ങളുണ്ട്. ഈ വാദത്തോടു കൂടെ തന്നെ ഒരിക്കൽ പാസ്സാക്കിയ നിയമത്തെ ഭേദപ്പെടുത്താൻ നിയമസഭയ്ക്കുപോലും അവകാശമില്ലെന്നും സൂചിപ്പിക്കാറുണ്ട്. ഈ വാദംകൊണ്ടുവരുന്നതു മിസ്റ്റർ പത്മനാഭന്റെ ബില്ലിനു വിരോധികളായ ഈഴവമാന്യന്മാർമാത്രമല്ല അതിൽ താല്പര്യമുണ്ടാവാൻ പ്രത്യേക കാരണമൊന്നുമില്ലാത്ത ചിലരും ഉണ്ട്. സഭയുടെ നിയമനിർമ്മാണാധികാരത്തെ സംബന്ധിച്ചാണെങ്കിൽ ഇങ്ങനെ ഒരു ചോദ്യത്തിനു അവകാശമില്ല. തെറ്റുകൾ വന്നുപോയതിനെ ഈ സഭതന്നെ ശരിയാക്കേണ്ടിവന്നിട്ടുണ്ട്. മി. പത്മനാഭനും അദ്ദേഹത്തെപ്പോലെതന്നെ വിചാരിക്കുന്നവരും ഇങ്ങനെ ഒരു ഭേദഗതി ആവശ്യപ്പെടുന്നതിനുള്ള ന്യായം ഈഴവറഗുലേഷൻ ബാധിക്കുന്നവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ക്ഷോഭത്തിന്റെ ആധിക്യവും നിയമം പാസ്സാക്കുന്നതിനു ഉണ്ടാക്കിയ രാജിയുടെ അതൃപ്തികരത്വവും ആകുന്നു. കഴിഞ്ഞ സഭാമുമ്പാകെ വന്ന വിഷയങ്ങളെല്ലാം കമ്മിറ്റിയുടെമുമ്പാകെ ആലോചനയ്ക്കു ഉണ്ടായിരുന്നു എന്നു സമ്മതിപ്പിപ്പാനായി ഈ സഭയിൽ ചോദിച്ച ഒരു ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ചു അനേകചോദ്യങ്ങൾ ചോദിച്ചതായി ഓർക്കുന്നുണ്ട്. ഈ എല്ലാ വിഷയങ്ങളും ഏഴുവർഷക്കാലം ഈഴവസമുദായത്തിന്റെയും ഈ സഭയുടെയും ആലോചനയിൽ ഇരുന്നിരുന്നു എന്നു പറയുന്നതിന്റെ അബദ്ധം എന്താണെന്നു പറയാം. ഈഴവകമ്മിറ്റി ചില വ്യവസ്ഥകൾ ചെയ്തുണ്ടാക്കിയബിൽ ഈ സഭയുടെ ആലോചനയിൽ ഇരുന്നു എങ്കിലും ൧൧-ാം വകുപ്പു ഒരു രാജിയുടെ കടന്നിച്ചയിൽ ഈ സഭയിൽവച്ചു രചിച്ചു ബില്ലിനോടു ചേർത്തതാണെന്നുള്ള സംഗതി അങ്ങനെ പറയുന്നവർ വിസ്മരിച്ചുകളയുന്നു. ഇപ്പോഴത്തെ ഈഴവഭേദഗതിബില്ലിൽ കാണിച്ചിട്ടുള്ളവിധം ഒരു രാജികാര്യം സമുദായത്തിന്റെ മുമ്പാകെ ഏഴുവർഷം ഉണ്ടായിരുന്നെന്നോ രണ്ടു നിയമസഭകൾ അതിനെപ്പറ്റി ആലോചിച്ചു എന്നോ ന്യായമായി വാദിപ്പാൻപാടുള്ളതല്ല. ആ സംഗതി സമുദായത്തിന്റെമുമ്പാകെ ഉണ്ടായിരുന്നിട്ടുതന്നെ ഇല്ല. മുൻ അവസരത്തിൽ പാരമ്പര്യമിശ്രദായികൾക്കുവേണ്ടി വാദിച്ച ഈഴവമെമ്പരെ ഞാൻ അനുകൂലിച്ചപ്പോൾ അദ്ദേഹം ഈ വകുപ്പു പാസ്സാക്കുന്നതിനു വളരെ വിരോധംപറഞ്ഞു. പുത്രൻ മിശ്രദായം അല്ലെങ്കിൽ ഒന്നുംവേണ്ടാ എന്നായിരുന്നു അദ്ദേഹത്തിന്റെ നില. അന്നത്തെസ്ഥിതിക്കും സഭയ്ക്കു അന്നുണ്ടായിരുന്ന അറിവോ അറിവില്ലായ്മയോ നോക്കിയാലും അവസാനം ആ വകുപ്പു തീർച്ചയാക്കിയതിൻപ്രകാരമല്ലാതെ അതിലപ്പുറവല്ലതും ആശിച്ചിട്ടു ഫലമില്ലെന്നു ഞങ്ങളിൽ പലരും അന്നു അദ്ദേഹത്തെ ഉപദേശിച്ചു. ആ രാജിക്കു അദ്ദേഹം കക്ഷിയല്ല. അങ്ങനെയുള്ള ഒരു രാജികൊണ്ടു പാരമ്പര്യമിശ്രദായികൾ തൃപ്തിപ്പെടുകയില്ലെന്നു അദ്ദേഹം വിളിച്ചുപറകയും ചെയ്തു. മുമ്പത്തെപ്രാവശ്യം ഈ സഭയിൽ മിശ്രദായിമെമ്പറുടെ സ്ഥിതി ഇതായിരുന്നു. ഈ ഭേദഗതിബില്ലിൽകൂടെ വന്നവേഗം ൧൧-ാംവകുപ്പു പാസ്സാക്കിയതു പ്രാചീനബുദ്ധിക്കാരായ മിശ്രദായികൾ എങ്ങനെയാണ് കൈക്കൊണ്ടതെന്നതിന്റെ ലക്ഷ്യം ആകുന്നു. നിയമംപ്രാബല്യത്തിൽ വന്നു അതിന്റെ ഗുണദോഷം അറിയുന്നതിനു ഇവർ അല്പകാലം ക്ഷമിക്കാത്തതു എന്തുകൊണ്ടെന്നു ആരെങ്കിലും ചോദിക്കുമായിരിക്കും. മറുപടിക്കു പ്രയാസമില്ല. സമുദായത്തിന്റെ ജീവിതരീതിയെ രൂപീകരിക്കുന്നതും വസ്തുക്കളെ കൈവശംവയ്ക്കുന്നതിനും വിട്ടുകൊടുക്കുന്നതിനുമുള്ള ചട്ടങ്ങളെ നിശ്ചയിക്കുന്നതുമായ ആചാരങ്ങളെ കേവലം ഭേദപ്പെടുത്തുന്നതിനു അവർക്കു സമ്മതമില്ല. കുറെക്കാലം പരീക്ഷയിൽ ഇരിക്ക, കുറെക്കാലം കഷ്ടപ്പെടുക, അതിന്റെശേഷം പഴയ ആചാരങ്ങൾ തിരിച്ചുതരാൻ അപേക്ഷിക്ക എന്നു ഒരു സമുദായത്തോടു പറയുന്നതു ന്യായമല്ല. ഒരു സമുദായത്തിനു ഒരു സങ്കടമുണ്ടെങ്കിൽ മൌനം അനുവാദമായി എടുക്കാൻ ഇടകൊടുക്കുന്നതിനെക്കാൾ ഉത്തമം ആ സങ്കടംകേട്ടു ഒരു വിധികൊടുപ്പാൻ അധികാരമുള്ള സഭാമുമ്പാകെ ആ സങ്കടം ബോധിപ്പിക്കയാകുന്നു.

ഭേദഗതിബില്ലിലെ വ്യവസ്ഥ ജനത്തിന്റെ എത്രയോ ഒരു ഭൂരിപക്ഷത്തിനുവേണ്ടിയാണെന്നു ഈ സഭയിലും അതിനുപുറമേയും പറയുന്നുണ്ട്. ഇതിനെപ്പറ്റി ആലോചിക്കാനും ബിൽ ഹാജരാക്കിയ മിസ്റ്റർ പത്മനാഭനോടും സംസാരിക്കാനും മിസ്റ്റർ കുമാരനെക്കൊണ്ടു അദ്ദേഹത്തിന്റെ അഭിപ്രായം അറിവാനും എനിക്കു സൌകര്യമുണ്ടായിട്ടുണ്ട്. മിസ്റ്റർ പത്മനാഭനെയോ മിസ്റ്റർ കുമാരനെയോ അനുകൂലിക്കാമെന്നു ഞാൻ വാക്കുകൊടുത്തിട്ടില്ല. അവസാനനിമിഷംവരെ ഏതുഭാഗം നിൽക്കുമെന്നു തീർച്ചയാക്കാതെയിരിക്കുമെന്നാണ് ഞാൻ അവരോടുപറഞ്ഞതു. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ നില എന്താണെന്നു താങ്കൾ പ്രസ്താവിച്ചതുവരെ ഞാനും അങ്ങനെ ഒരു നിഷ്പക്ഷനിലയെ അവലംബിച്ചിരുന്നു. ഭേദഗതിബില്ലിന്റെ അനുകൂലപ്രതികൂലസംഗതികളെ ഞാൻ ആലോചിച്ചുകൊണ്ടിരുന്നു. ഒരു കാര്യത്തിൽ എനിക്കു സംശയനിവൃത്തിവന്നിട്ടുണ്ട്. മിശ്രദായസമുദായത്തിലെ ഒരു വലിയഭാഗം ഭേദപ്പെടുത്തപ്പെട്ട റഗുലേഷന്റെ വിരോധികളാണ്. പാരമ്പര്യസ്ഥിതിപക്ഷരായ മിശ്രദായക്കാരുടെ കൂട്ടങ്ങളിൽ ഈഴവബില്ലിൽനിന്നു ഒഴിഞ്ഞിരിപ്പാൻ ആഗ്രഹമുള്ളവർക്കു ൧൧-ാംവകുപ്പുപ്രകാരം അങ്ങനെ അപേക്ഷിപ്പാനുള്ള ആറുമാസക്കാലം കഴിഞ്ഞുപോയിട്ടില്ല.

മുമ്പിലത്തെപ്പോലെ ഈ രാജിയും സമുദായം സ്വീകരിക്കുന്നതിനു എന്താവിരോധം എന്നു ചോദിക്കുമായിരിക്കും. അധികാരസ്ഥന്മാരിൽനിന്നു ഒഴിവുസമ്പാദിക്കാൻ വളരെ പ്രയാസമുള്ളതായിട്ടാണു സമുദായത്തിന്റെ അനുഭവം എന്നാണു ഇപ്പോൾ പറയുന്നതു. ഇപ്രകാരമുള്ള വേറെ നിയമത്തെ സംബന്ധിച്ചു അനേകമാളുകൾ സങ്കടനിവൃത്തിക്കപോയി. അതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിനെക്കാൾ കുറെയൊക്കെ അനീതിയും അസൌകര്യങ്ങളും അനുഭവിച്ചുകൊള്ളാമെന്നു തീർച്ചയാക്കിയെന്നു ആരോപറഞ്ഞതു ശരിയാണ്. നമ്മുടെമേൽ ആദായനികുതി ചുമത്തുമ്പോൾ എല്ലാവരും അപ്പീൽ കൊടുക്കാറില്ല. നമ്മുടെ സ്നേഹിതൻ മി. റോബിൻസന്റെമുമ്പിൽ പോയി യുദ്ധം ചെയ്യുന്നില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെമുമ്പിൽ ചെല്ലുന്നതിനുള്ള ബുദ്ധിമുട്ടു ഒടുവിൽ ലഭിക്കുന്ന അല്പലാഭത്തിനു അനുരൂപമല്ല. പുറമ്പോക്കു കയ്യേറകാര്യങ്ങളിലും നാം ഇങ്ങനെതന്നെ ചെയ്തുവരുന്നു. അപ്രകാരംതന്നെ ആളുകൾ ഒഴിവാക്കികിട്ടാൻ ശ്രമിക്കായ്കകൊണ്ടു അവർ നിയമം നീതിയാണെന്നു സമ്മതിച്ചു എന്നോ നിയമസഭയിൽ നടക്കുന്നകാര്യം എല്ലാവർക്കും അറിവുണ്ടെന്നോ ന്യായമായി അനുമാനിക്കാൻപാടില്ല. പ്രാചീനാഭിപ്രായങ്ങൾ വെച്ചുകൊണ്ടിരിക്കുന്ന സമുദായങ്ങളിൽ ഇവിടെ എന്തെല്ലാം സംഭവിക്കുന്നു എന്നു അറിയാത്തവർ പലരുമുണ്ടാകും. അവരിൽ നിയമജ്ഞാനമോ നിയമങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെപ്പറ്റിയുള്ള അറിവോ ആരോപിക്കുന്നതു ന്യായമല്ല. നിയമത്തിലെ മാറ്റങ്ങളുടെ അജ്ഞതശിക്ഷാ

മാക്കാൻ പാടില്ല. അതുകൊണ്ടു മിസ്റ്റർ പത്മനാഭൻ സമൎപ്പിച്ച ഹൎജിയോടു എനിക്കു വളരെ സഹതാപം ഉണ്ടു്. ഒരു സമുദായത്തിലെ അനേകം ആളുകൾ മുമ്പോട്ടുവന്നു്, വിശേഷിച്ചും പ്രത്യേകമായി സ്ത്രീകളും മജിസ്ട്രേട്ടിന്റെയോ മററു വല്ലവരുടെയുമോ മുമ്പിൽ ഹാജരായി വിസ്തരിക്കപ്പെടേണ്ടിവരുന്ന ഒരു അന്വേഷണം ആവശ്യമാകുന്നവിധത്തിലുള്ള ഒഴിവാക്കാനുള്ള അപേക്ഷകൾ ബോധിപ്പിക്കണമെന്നു പറയുന്നതു ശരിയല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതു മററു സംഗതികളിലും പറയുന്ന ഒരുവാദം അല്ലയൊ എന്നു മെമ്പർ പറയുമൊ.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്സ് കൊളേജ് പ്രിൻസിപ്പാൾ): ആ ഭാഗത്തെപ്പററി എനിക്കു ചിന്തിച്ചിട്ടാവശ്യം ഇല്ല. എന്റെ പ്രസംഗം എന്റെ രീതിയിൽ നടത്താനുള്ള സ്വഖം മിസ്റ്റർ എ. കെ. പിള്ള അനുവദിക്കുമെങ്കിൽ അദ്ദേഹത്തിനോടു പിന്നീടു ഞാൻ മറുപടി പറഞ്ഞുകൊള്ളാം

സർ, ഹൎജിയിൽ പറഞ്ഞിട്ടുള്ള ഈ വാദം എനിക്കു ബോദ്ധ്യമാകുന്നു. ഈ ബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽ ഒരുമാററം വേണമെന്നു ആവശ്യപ്പെടുന്നവർവേണം ആ മാററം വരുത്തുന്നതിനുള്ള ഭാരം വഹിക്കേണ്ടതു എന്നു പ്രതിപാദിച്ചിരുന്നു. നിയമനിൎമ്മാണനീതിപ്രകാരം ഈ തത്വം ശരിയായിട്ടുള്ളതാണ്. എന്നാൽ ചിലപ്പോൾ ഇതു പ്രയാസമായിരിക്കും. മേലാ ആവശ്യപ്പെടുന്നവർ എണ്ണത്തിൽ ചുരുക്കമായിരിക്കുമ്പോൾ ഈ തത്വം സ്വീകരിക്കുന്നതിനു കാൎയ്യവിവരമുള്ളവൎക്കു പ്രയാസമായിരിക്കും. ഈ അനുഭവം വാദത്തിൽ ലീനമായി കിടക്കുന്നതുകൊണ്ടായിരിക്കണം നിയമം ഇപ്പോൾ ആവശ്യപ്പെടുന്നപ്രകാരം ഭേദപ്പെടുത്തിക്കാണുള്ള ശ്രമം.

ഈ വാദം ഇപ്പോൾ തീൎച്ചയാക്കീട്ടാവശ്യം ഇല്ല. ബില്ലിന്റെ തത്വം സ്വീകരിച്ചാൽ അതിനെപ്പററി ആലോചിച്ചിട്ടു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ റെഗുലേഷനിലെ വ്യവസ്ഥയെ സംബന്ധിച്ചു സമുദായത്തിൽ ഒരു വലിയ വിഭാഗത്തിന്റെ സ്പഷ്ടമായ അതൃപ്തിയാണു ഈ ബിൽ കൊണ്ടുവന്നതിനു കാരണം. നിയമനിൎമ്മാതാക്കൾ അവരുടെ ബുദ്ധിക്കനുസരിച്ചു ഉണ്ടാക്കിയ ഒരു വ്യവസ്ഥയെ ഭേദപ്പെടുത്തിക്കിട്ടാൻ അവർ അടുത്ത അവസരം ഉപയോഗിക്കയാണു ചെയ്തിട്ടുള്ളതു്. പഴയനിയമം പാസ്സാക്കിയ നിയമസഭതന്നെ ദുഷ്കരമായ ആ വകുപ്പു ഭേദപ്പെടുത്തി അവരെ അവരുടെ പ്രയാസത്തിൽനിന്നു രക്ഷപ്പെടുത്താനാണു് അവരിപ്പോൾ ഈ ക്ഷോഭം നടത്തുന്നതു്. മിസ്റ്റർ പത്മനാഭൻ ഈ ഭേദഗതി കൊണ്ടുവന്നതിനു ഇതാണു കാരണമെന്നു ഞാൻ വിചാരിക്കുന്നു. ഇങ്ങിനെയുള്ള ഒരു ഭേദഗതിബിൽ കൊണ്ടുവന്നിട്ടുള്ളതു ഇപ്പോൾ ഇവിടെതന്നെ ആലോചനയ്ക്കു എടുക്കുന്നതു ഏററവും യുക്തമായി എന്നു എനിക്കു തോന്നുന്നു. ആറുമാസക്കാലം കഴിയുന്നതിനു മുമ്പായി കൊണ്ടുവന്നതും വളരെ ഗുണമായി എന്നും ഞാൻ വിചാരിക്കുന്നു. ആറുമാസക്കാലം കഴിഞ്ഞുപോയാൽ സമുദായത്തിനു എന്താണു് സംഭവിക്കുന്നതു്? അവസാനദിവസം എല്ലാവരുംകൂടെ ഒന്നായിച്ചെന്നു ഒഴിവാക്കണമെന്നു അപേക്ഷിക്കുമായിരിക്കും. ആദ്യനിയമം നിൎമ്മിച്ചതിനു ഉത്തരവാദിയായ നിയമസഭയോടു അപേക്ഷിച്ചു ഒഴിവുസമ്പാദിപ്പാൻ കഴിയുമൊ എന്നാണു അവരിപ്പോൾ നോക്കുന്നതു്. നിലവിലിരിക്കുന്ന റെഗുലേഷനിലെ വ്യവസ്ഥപ്രകാരം പ്രയാസവും അസൗകൎയ്യപ്രദവുമായ നടപടിയ്ക്കനുസരിച്ചു പ്രവൎത്തിക്കുന്നതിനു മുമ്പായി മിസ്റ്റർ പത്മനാഭൻ മുഖാന്തരം ഇങ്ങനെയൊരപേക്ഷ കൊണ്ടുവന്നിട്ടുള്ളതാണു്.

ഈ ബിൽ കൊണ്ടുവരുന്നതിനു അതൊന്നു നല്ല കാരണമെന്നാണു് ഞാൻ വിചാരിക്കുന്നതു. മിസ്റ്റർ പത്മനാഭൻ പറയുന്ന നിവൃത്തിമാൎഗ്ഗമാണൊ ഉത്തമമായ നിവൃത്തിമാൎഗ്ഗം എന്നുള്ളതിനെപ്പററി ഇപ്പോൾ ചിന്തിച്ചിട്ടാവശ്യമില്ല. അക്കാൎയ്യം ഈ ബിൽ സിലെക്റ്റ്കമ്മിററിയിൽ ആലോചിച്ചശേഷം, ഈ സഭ അവൎക്കു യുക്തമെന്നു തോന്നുന്നപ്രകാരം തീൎച്ചയാക്കേണ്ടതാണു്. ഈഴവസമുദായത്തിലെ പാരമ്പൎയ്യപ്രിയരായ മിത്രമായികൾക്കു ഉപദ്രവം ഉണ്ടാക്കാതെ പണ്ടത്തെപ്പോലെ ഇനിയും സ്വസമുദായത്തിൽ കലഹങ്ങളില്ലാതെയും അന്യസമുദായങ്ങളോടു സ്നേഹത്തിലും വൎത്തിച്ചു ജീവിക്കാൻ അവരെ സഹായിക്കേണ്ടതു എല്ലാസമുദായങ്ങളുടെയും എന്നപോലെ ഈഴവസമുദായത്തിന്റെയും സ്നേഹിതന്മാരുള്ള ഈ സഭയുടെ ധൎമ്മമാണെന്നല്ലാതെ വേറൊന്നും ഇപ്പോൾ ഞാൻ പറയുന്നില്ല. അതുമാത്രമെ സഭാമുമ്പാകെ എനിക്കിപ്പോൾ പറവാനുള്ളു.

ഈ ബില്ലിനു വിരോധമായി കൊണ്ടുവന്നിട്ടുള്ള വാദങ്ങളെ സംബന്ധിച്ചും അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സമുദായം ഇങ്ങനെയൊരു ബിൽ ആവശ്യപ്പെടുന്നില്ലെന്നും അതൊരു വലിയ സംഗതിയായും ചിലർ വാദിക്കുന്നു. ഇതു ബലമുള്ള വാദമാണെന്നു എനിക്കു തോന്നുന്നില്ല. ഈഴവറെഗുലേഷൻ ഭേദപ്പെടുത്തണമെന്നു എല്ലാ ഈഴവരും ആവശ്യപ്പെടുന്നുണ്ടെന്നു മിസ്റ്റർ പത്മനാഭൻ പറഞ്ഞിട്ടില്ല. പാരമ്പൎയ്യാചാരങ്ങൾ പാലിച്ചുകൊണ്ടുപോകുന്നതിനു ആഗ്രഹിക്കുന്ന ഒരു ഭാഗം—വലിയ ഭാഗമായാലും ചെറിയ ഭാഗമായാലും, ജനസ്വാധീനമുള്ളതായാലും ജനസ്വാധീനമില്ലാത്തതായാലും അങ്ങനെ ആഗ്രഹിക്കുന്ന ഒരുഭാഗം—ഉണ്ടെന്നു സൎവസമ്മതമാണു്, അവരുടെ സംഖ്യ എത്രനിസ്സാരമായിരുന്നാലും നമ്മുടെ നീതിബോധംകൊണ്ടാണു് അവരെ അനുകൂലിക്കേണ്ടതു. നാം ഇവിടെ ഇരിക്കുന്നതു ജനസ്വാധീനമുള്ളവരുടെ ഭാഗംപിടിക്കാനൊ ഔദ്യോഗികമൊ മററു ശക്തിയുള്ളവൎക്കു സഹായിക്കാനൊ അല്ല, നീതിയും ന്യായവും നടത്താനാണു്. ഇപ്പോഴത്തെ ബില്ലിന്റെ അനുകൂലികൾ സമുദായത്തിന്റെ ഒരു അല്പഭാഗമാണെന്നു പറയുന്നുണ്ടു്. എന്നാൽ അതു ഒരു അല്പഭാഗമാണൊ വലിയ ഭാഗമാണൊ എന്നു നോക്കീട്ടാവശ്യം ഇല്ല. വാദസംഗതി പ്രയാസമുള്ളതല്ല. പഴയ മാതൃകപ്രകാരം നടക്കുന്നവർ ഒരു നല്ല എണ്ണം ഇപ്പോഴും ഉണ്ടു. തന്നെത്താൻ കുരുടന്മാരാക്കാൻ ആഗ്രഹിക്കുന്നവരല്ലാതെ, കരുതിക്കൂട്ടി കണ്ണു അടച്ചുകളയുന്നവരല്ലാതെ, വേറെ ആരെങ്കിലും, സങ്കടം അനുഭവിക്കുന്നവരും ഇപ്പോഴത്തെ റെഗുലേഷൻപ്രകാരം ഇല്ലാത്ത എന്തെങ്കിലും സൗകൎയ്യങ്ങൾ ഉണ്ടാക്കിക്കിട്ടാൻ മതിയായ കാരണങ്ങളുള്ളവരും വളരെ ഉണ്ടെന്നുള്ള സംഗതി നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മിത്രമായികളുടെ ആക്ഷേപങ്ങളെല്ലാം കഴിഞ്ഞസഭയിലും ഈഴവകമ്മററിയിലും ആലോചനാവിഷയം ആയിട്ടുണ്ടെന്നാണു് വേറൊരുവാദം. മുമ്പുതന്നെ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ കമ്മിററിയുടെ അന്വേഷണത്തിൽ ശേഖരിച്ച അഭിപ്രായങ്ങളിൽ എല്ലാ അഭിപ്രായങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നു പറവാൻ നിവൃത്തിയില്ല. പുതിയ വാദങ്ങൾ ഇപ്പോൾ കേൾക്കുന്നുണ്ടു. കഴിഞ്ഞസഭയിൽ ഈഴവരുടെ ഈ തൎക്കത്തിന്റെ എല്ലാ വശങ്ങളും

വാദവിഷയമായിരുന്നുവെന്നു വിശ്വസിക്കണം എന്നു പറയുന്നതു കുറെ അധികമാണ്. മുൻ അവസരത്തിൽ ഇവിടെ ആലോചനാവിഷയമല്ലായിരുന്ന ഒന്നുരണ്ടു വാദങ്ങൾ ഇന്നുതന്നെ ഇവിടെ കേട്ടു.

ഒരിക്കൽ പാസ്സാക്കിയ നിയമം ഭേദപ്പെടുത്തിയാൽ ഈ സഭ അപ്രമേയമായ ഒരു പ്രമാണം ഉണ്ടാക്കുകയായിരിക്കുമെന്നാണ് ഇതിലെയൊരു വാദം. ഒരിക്കൽ വന്നുപോയ തെറ്റുകൾ പിന്നീടു തിരുത്താൻ പാടില്ലെന്നുള്ള തത്വം സ്വീകരിച്ചു തെറ്റുകൾ തിരുത്തിയും വിട്ടുപോയ സംഗതികൾ ചേർത്തും നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതു അപകടകരമായ പ്രമാണം ഉണ്ടാക്കുകയാണെങ്കിൽ ഈ സഭ നിയമങ്ങൾ നിർമ്മിക്കുന്നതുകൊണ്ടു യാതൊരു ഗുണവും ഇല്ലെന്നു ഞാൻ വിചാരിക്കുന്നു.

റെഗുലേഷനിൽ ഇപ്പോഴുള്ള വകുപ്പിനു വിരോധികളായവർ ഗണ്യമായ ഒരു അല്പപക്ഷം പോലും ഇല്ലെന്നു ഒരു സംസാരം ഉണ്ട്. "ഗണ്യമായ അല്പപക്ഷം" എന്താണെന്നുള്ളതു ഓരോരുത്തരുടെയും അഭിപ്രായത്തിൽ വ്യത്യസ്തമായ ഓരോന്നായിരിക്കും. അവരുടെ വാദത്തെ നാം കേൾക്കേണ്ടവരായും നമ്മുടെ നീതിബോധത്തോടു അപേക്ഷിപ്പാൻ അർഹതയുള്ളവരായും നമ്മെക്കാൾ നമ്മുടെ നീതിബോധത്തെ ആശ്രയിച്ചു അവർ ചെയ്യുന്ന അപേക്ഷ വൃഥാവായിപ്പോകാൻ ഇടയില്ലാത്തവരായും ശക്തിയുള്ള ഗണ്യമായ ഒരു പക്ഷം ഉണ്ടെന്നാണ് എന്റെ വിശ്വാസം. ആ പക്ഷം ഭൂരിപക്ഷമോ അല്പപക്ഷമോ എന്നു ഇപ്പോൾ തീർച്ചയാക്കേണ്ടുന്ന ആവശ്യം ഇല്ല.

ഈ സഭയിൽ ഈ ബില്ലിന്മേൽ വാദം നടന്നപ്പോൾ മിശ്രദായത്തിനു അനുകൂലമായിരുന്നവരിൽ പലരും ഇപ്പോൾ റെഗുലേഷനെ ഏറെയും അഭിനന്ദിക്കുന്നു എന്നും വാദിക്കുന്നുണ്ട്. സെക്രട്ടറിയമ്മ അല്പം മുമ്പു വായിച്ചുകേൾപ്പിച്ച ഹർജിയിലെ അലങ്കാരപ്രയോഗം പോലെ ഇതും ഒരലങ്കാരപ്രയോഗം അല്ലെങ്കിൽ പലരും റെഗുലേഷനെ ഏറെയും അനുമോദിക്കുന്നുണ്ട് എന്ന വാചകത്തിലെ "പലരും" എന്ന പദപ്രയോഗത്തിൽനിന്നു പഴമാരുൾ മതിയെന്നുള്ളവരും റെഗുലേഷനെ അനുമോദിക്കാൻ ഇതുവരെ മനസ്സുവന്നിട്ടില്ലാത്തവരുമായ "ചിലർ" ഉണ്ടെന്നുവരുന്നില്ലേ? ഈ "ചിലരുടെ" സ്ഥിതി എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ സഭ പാസ്സാക്കിയ ഒരു നിയമത്തെ സ്വീകരിക്കാൻ മനസ്സില്ലാതെ, എന്നുമാത്രമല്ല അതു വലിയ മനസ്താപത്തിനും സങ്കടത്തിനും കാരണമായ കുറെ ആളുകളുടെമേൽ ഒരു സമുദായകാര്യത്തിൽ നമ്മുടെ അഭിപ്രായങ്ങൾ നിർബന്ധിച്ചു ചുമത്താനാണോ നാം ഇവിടെ ഇരിക്കുന്നതു? കുറെ അധികം ആളുകൾ ഉണ്ടെന്നുള്ളതു തക്കതായ ഒരു സംഗതിയായിരിക്കെ അവർക്കു ദോഷമായി പ്രവർത്തിക്കുന്ന ചില പ്രമാണികളെ സഹായിക്കയാണോ നിയമസഭയുടെ ധർമ്മം?

ഈ ബിൽ ഹാജരാക്കുന്നതിനു എന്തോ ദുരുദ്ദേശം ഉണ്ടെന്നു അയോഗ്യമായ വിധത്തിൽ എന്റെമേൽ കൊണ്ടുവെച്ചിരിക്കുന്ന ഒരു കാര്യവിവരപത്രികയിൽ സൂചിപ്പിച്ചുകാണുന്നു. ഇങ്ങനെയുള്ള ഒരു സൂചനയെപ്പറ്റി ചിന്തിക്കുന്നതു അനാവശ്യമാകുന്നു. തങ്ങളുടെ നിയോജകമണ്ഡലത്തിന്റെ ആഗ്രഹമോ തങ്ങളുടെ സങ്കടങ്ങൾ ഈ സഭയിൽ ഉണർത്തിക്കണമെന്നുള്ള അപേക്ഷയോ അല്ലാതെ വേറൊരു നീതീകരണവും വേണ്ടാത്തവരുടെ ഉള്ളിൽ കിടക്കുന്ന ഉദ്ദേശത്തെ സംബന്ധിച്ചുള്ള സൂചനകൾ ഈ സഭ തിരസ്കരിച്ചുകളയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ആക്ഷേപങ്ങളെ ഞാൻ ഇങ്ങനെ ശീഘ്രമായി വിമർശനം ചെയ്തു ബില്ലിനു വിരോധമായി ഒപ്പിട്ടിട്ടുള്ള അനേകംപേർ പറയുന്ന ആക്ഷേപങ്ങളെ ഞാൻ സൂക്ഷ്മമായി പരിശോധനചെയ്തു.

കഴിഞ്ഞപ്രാവശ്യം ഈ വിഷയത്തെപ്പറ്റിപ്പറഞ്ഞ സംഗതികളെയെല്ലാം വിമർശനംചെയ്കയോ ഈ മെമ്പറിന്റെയോ ആ മെമ്പറിന്റെയോ സ്ഥിരതയെപ്പറ്റി ചിന്തനംചെയ്കയോ ചെയ്തിട്ടാവശ്യം ഇല്ല. ഈ അവസരത്തിലെ അന്തഃഛിദ്രങ്ങൾ തീർക്കുന്നതും എന്റെ ജോലിയല്ല. ഈ അവസരത്തിൽ ഞാൻ എന്റെ വോട്ടു വിനിയോഗിക്കേണ്ടതു എങ്ങനെയാണെന്നു കണ്ടുപിടിക്കയും ഈ സഭ എന്നോടു യോജിക്കയോ ഞാൻ തെറ്റിപ്പോയിട്ടുണ്ടെങ്കിൽ എന്റെ തെറ്റു തിരുത്തുകയോ ചെയ്വാൻ അവരെ ഉത്സാഹിപ്പിക്കയും ചെയ്യണമെന്നുമാത്രമേ ഞാൻ ഇപ്പോൾ ആലോചിച്ചിട്ടാവശ്യമുള്ളു. ഇന്നത്തെ നടപടിയുടെ ആരംഭത്തിൽ മിസ്റ്റർ പത്മനാഭൻ തന്റെ ആലോചനയെ സഭാസമക്ഷം കൊണ്ടുവന്നപ്പോഴും തന്നെ പിൻതാങ്ങാൻ ഒരാളെ അദ്ദേഹം ഒട്ടും കിട്ടുകപോലും ചെയ്യാത്തതിനാൽ അദ്ദേഹത്തിന്റെ ബിൽ തള്ളപ്പെട്ടുപോകുമെന്നു കണ്ടപ്പോഴും ഇതാണെനിക്കുണ്ടായ സന്ദേഹം. അതുകൊണ്ടുമാത്രമാണ് ഞാൻ എഴുന്നേറ്റു അദ്ദേഹത്തെ പിൻതാങ്ങിയതു. അങ്ങനെ പിൻതാങ്ങിയതുകൊണ്ടു എനിക്കു സങ്കടമുണ്ടാകുകകൊണ്ടല്ല ഞാൻ ഇതു പറയുന്നതു. മിസ്റ്റർ പത്മനാഭന്റെ പ്രമേയത്തെ പിൻതാങ്ങുന്ന ഉത്തരവാദിത്വം സഭയുടെ ആ ഭാഗത്തുള്ള ആരെങ്കിലും എടുക്കുകയായിരുന്നു ഉത്തമം. സഭയുടെ ആ ഭാഗത്തുള്ളവർ എന്നെക്കാൾ അധികം സാങ്കേതികജ്ഞാനമുള്ളവരും കേവലം ഒരു അദ്ധ്യാപകനെക്കാൾ എത്ര വിസ്താരഭാരം വഹിക്കാൻ കഴിവുള്ളവരുമാകയാൽ അവരിൽ ആരെങ്കിലും പിൻതാങ്ങുകയായിരുന്നു ഉചിതം.

സർ, എന്റെ സ്ഥിതി ഞാൻ വിവരിച്ചു. ഇങ്ങനെയുള്ള കാര്യങ്ങളിൽ മറ്റു നിയമസഭകളുടെ പ്രമാണങ്ങളെ അനുസരിക്കയല്ലാതെ ഈ സഭ തങ്ങളുടെ പ്രത്യക്ഷധർമ്മം ഉപേക്ഷിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വാദവിഷയം ലഘുവാണെന്നു സഭ അറിയേണ്ടതാണ്. നാം ആലോചിക്കേണ്ടതു ഇത്രമാത്രമാണ്. ഇപ്പോഴത്തെ നിയമത്തിലെ വ്യവസ്ഥനിമിത്തം സങ്കടപ്പെടുന്ന ഒരുകൂട്ടം ആളുകൾ ഉണ്ടോ ഇല്ലയോ? ചില മാസങ്ങൾക്കു മുമ്പിൽ പാസ്സാക്കിയ റെഗുലേഷനിലെ ഒരു വ്യവസ്ഥയെപ്പറ്റി അധികം അതൃപ്തിയുള്ള ഒരു സംഘം ആളുകൾ ഉണ്ടെന്നു നമുക്കു തെളിവുണ്ടോ ഇല്ലയോ? നീതിന്യായക്കോടതികൾ സമ്മതിച്ചിട്ടുള്ളതും പല ശതവർഷങ്ങളായി അല്ലെങ്കിൽ അനേകം തലമുറകളായി ഒരു സമുദായം ആചരിച്ചുവരുന്ന ആചാരത്തിൽ നിയമസഭ ഒരു ഭേദഗതി വരുത്തിയതിനെപ്പറ്റി വല്ലതും അതൃപ്തിയുണ്ടെങ്കിൽ സങ്കടമുള്ള കക്ഷികൾക്കു നിയമം അനുവദിച്ച നിവൃത്തിമാർഗ്ഗത്തെക്കാൾ ഉത്തമമായ ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിക്കൊള്ളാൻ അവർക്കു നിയമസഭ ഒരു അവസരം കൊടുക്കാതിരിക്കുന്നതു ന്യായമായിരിക്കുമോ? മുമ്പു നാം അനുവദിച്ചുകൊടുത്ത ആനുകൂല്യം അല്ലാതെ വേറൊരു നിവൃത്തിയും കൊടുക്കാൻ സാധിക്കയില്ലെന്നു സിലക്ട് കമ്മിറ്റിയുടെ ആലോചനയോടുകൂടെ നാം ആലോചിച്ചു തീർച്ചയാക്കി എന്നുവരാം. അതല്ല ഇപ്പോഴത്തെ വാദം. നിയമസഭാ നീതിപ്രകാരം ഈ ബിൽ സിലക്ട്ക

മ്മിററിയുടെ ആലോചനയ്ക്കു കൊടുക്കണമോ എന്നുമാത്രമാണ ചോദ്യം. ബില്ലിൻെറ സാധാരണതത്വം സ്വീകരിക്കയല്ലാതെ മിസ്റ്റർ പത്മനാഭൻ പറയുന്നതു എന്തെങ്കിലും സ്വീകരിക്കണമെന്നു ഞാൻ സഭയോടു ആവശ്യപ്പെടുന്നില്ല

ഞാൻ അവസാനിപ്പിക്കുന്നതിനുമുമ്പായി ഒരു സംഗതിയെപ്പററി നിങ്ങളെ ഓർമ്മപ്പെടുത്തുവാനുണ്ട്. ഇതിനെസംബന്ധിച്ചു എൻെറനില—ഇതുതന്നെയാണ മററചില മെമ്പർമാരെസംബന്ധിച്ചും പറയാനുള്ളതു—ഈ ബില്ലിൻെറ അവസാനം എന്തായിരിക്കുമെന്നു ജാഗ്രതയോടെ സൂക്ഷിച്ചുകൊണ്ടിരിക്കയായിരിക്കും. എന്നാൽ അതിനെ ഒരു സിലക്ട്കമ്മിററിയുടെ ആലോചനയ്ക്കു കൊടുക്കുന്നതു ഈ സമുദായത്തോടു കാണിക്കേണ്ടുന്ന ഒരു നീതിമാത്രമായിരിക്കും എന്നു സമ്മതിക്കാൻ നാം ഒരുങ്ങിയിരിക്കണം. ഈ സാധാരണരീതിയിൽ ബില്ലിൻെറ തത്വം നാം സ്വീകരിക്കണം. നമ്മുടെ ന്യായബോധത്തെ ആശ്രയിച്ചു മിസ്റ്റർ പത്മനാഭൻ ചെയ്ത അവസാന അപേക്ഷ നമ്മുടെ ഓർമ്മയിലിരിക്കേണം. അതു നാം വിസ്മരിക്കരുതു. ഞാൻ വളരെ ഈഴവസ്നേഹിതന്മാർ ഉള്ള ഒരു ഈഴവേതരനാണ്. ഞാൻ ഈ വാദത്തിൽ ഇടപെടുന്നതു എൻെറ അഭിപ്രായം എന്താണെന്നു ഞാൻ പരസ്യമായി പ്രസ്താവിക്കാതെയും ഈ കാര്യം ന്യായമായി ആലോചിക്കണമെന്നു മിസ്റ്റർ പത്മനാഭൻ ചെയ്തുവന്ന അപേക്ഷയെ അനുകൂലിക്കാതെയും ഇരുന്നാൽ ഞാൻ നീതിയും ന്യായവും പ്രവർത്തിക്കയല്ലായിരിക്കും എന്നു എനിക്കു ബോധ്യമാകകൊണ്ടാണ്.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): ഞാൻ പ്രമേയത്തെ പ്രതികൂലിക്കുന്നു. ബിൽ സ്വീകരിക്കണമെന്നു ആവശ്യപ്പെടുന്ന ഭാഗക്കാർക്കൊക്കെ പറയാനുള്ളതു മുഴുവനും മിസ്റ്റർ പത്മനാഭനും മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരും പറഞ്ഞുകഴിഞ്ഞു.

മി. കല്യാണം പരമേശ്വരൻപിള്ള (ആക്ടിങ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ദയവുചെയ്തു ഉറക്കെ സംസാരിക്കണം.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞതുപോലെ ഈ കാര്യത്തിലെ വാദം പ്രയാസമുള്ളതല്ല. ഒരു കമ്മിററിയുടെ തീർച്ച, കഴിഞ്ഞ നിയമസഭയുടെ തീർച്ച ശരിയായിരുന്നോ അല്ലയോ എന്നുമാത്രമാണ ചോദ്യം. ഇപ്പോൾ മിസ്റ്റർ പത്മനാഭൻ പ്രസ്താവിച്ചതുപോലെയും കഴിഞ്ഞയോഗത്തിൽ മിസ്റ്റർ പരമേശ്വരൻ പ്രസ്താവിച്ചതുപോലെയും റഗുലേഷൻ വിരോധികളായവർ ഒരു വലിയ അല്പപക്ഷമാണോ അല്ലയോ എന്നാണ ചോദ്യം. ബില്ലിനോടുചേർത്തിട്ടുള്ള കാര്യകാരണപത്രികയിൽ നിയമത്തിൽ മക്കത്തായം വേണമെന്നു മിശ്രദായസമുദായം ആവശ്യപ്പെട്ടിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. ഇന്നു അദ്ദേഹം ഇവിടെ ചെയ്ത പ്രസംഗത്തിൽ മിശ്രദായികളിൽതന്നെ മക്കത്തായം വേണമെന്നുള്ള ഒരു കക്ഷി ഉണ്ടെന്നു അദ്ദേഹം സമ്മതിക്കുന്ന സ്ഥിതിക്കു ആ പത്രികയിൽ അദ്ദേഹം ഒപ്പിട്ടതു എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. മിശ്രദായികളിൽ തന്നെ വിപരീതാഭിപ്രായമുള്ള രണ്ടു കക്ഷികൾ ഉണ്ടെന്നു അനുമാനിക്കാം. ഈ രണ്ടു കക്ഷികൾ ഉണ്ടായതു എങ്ങനെയെന്നാണ ചോദ്യം. ഇരുകക്ഷികളുടേയും വാദം ശരിയായി മനസ്സിലാകുന്നതിനു മെമ്പർമാരുടെ അറിവിനായി ഒന്നു രണ്ടു സംഗതികൾ പറയേണ്ടിയിരിക്കുന്നു. ജനങ്ങളിൽ ഒരുഭാഗം മിശ്രദായികളാണെന്നു പറയുമ്പോൾ ആ ഭാഗവും മക്കത്തായകക്ഷിയും തമ്മിൽ സാരമായ വ്യത്യാസം ഉണ്ടെന്നു അർത്ഥമില്ല. കൊല്ലത്തിനു തെക്കുള്ള ഈഴവരുടെ ആചാരപ്രകാരം മരിച്ചയാളിൻെറ സ്വയാർജ്ജിതത്തിൽ ഒരു ഓഹരി ഭാര്യയ്ക്കും മക്കൾക്കും ലഭിക്കുന്നു. നേരെമറിച്ചു കൊല്ലത്തിനു വടക്കുപാർക്കുന്ന ഈഴവർക്കു അച്ഛൻ മരിച്ചാൽ അയാളുടെ സ്വത്തിനു അവകാശവുമില്ല. ഇതുമാത്രമാണ മരുമക്കത്തായ ഈഴവരും മിശ്രദായ ഈഴവരും തമ്മിലുള്ള വ്യത്യാസം. രണ്ടുപക്ഷക്കാരും തമ്മിൽ മിസ്റ്റർ പത്മനാഭൻ പറഞ്ഞപ്രകാരമുള്ള സാരമായ വ്യത്യാസം ഒന്നുമില്ല. മരുമക്കത്തായം ഈഴവരും മിശ്രദായം ഈഴവരും തമ്മിൽ വിവാഹബന്ധം ഇല്ലെന്നു അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. അതു സത്യമല്ല. രണ്ടു കക്ഷികളും തമ്മിൽ എത്രയോ വിവാഹങ്ങൾ നടന്നിട്ടുണ്ട്. അതിദൂരത്തിൽകിടക്കുന്ന താലൂക്കുകളിൽ നിവസിക്കുന്ന ആളുകൾ തമ്മിൽ വിവാഹംനടക്കാൻ സംഗതിയില്ല. അതുകൊണ്ടു അടുത്ത താലൂക്കുകളിലുള്ള ആളുകൾ തമ്മിൽ വിവാഹംനടക്കുന്നുണ്ടെങ്കിൽ ഇരുകക്ഷികളും തമ്മിൽ എൻെറ സ്നേഹിതൻ മിസ്റ്റർ പത്മനാഭൻ പറഞ്ഞപ്രകാരമുള്ള സാരമായ വ്യത്യാസമില്ലെന്നു സ്പഷ്ടമാകുന്നു.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറു നിയമനം): തിരുവനന്തപുരത്തും കാർത്തികപ്പള്ളിയും അങ്ങനെയുള്ള ദേശങ്ങളിലും അങ്ങനെയുള്ള വിവാഹങ്ങളുടെ ഒന്നുരണ്ടു ഉദാഹരണങ്ങൾ എൻെറ സ്നേഹിതൻ പറയുമോ?

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): അവിടങ്ങളിൽ ഇങ്ങനെയുള്ള വിവാഹങ്ങൾ ഇല്ലാത്തതിനു ഞാൻ സമാധാനം പറകയായിരുന്നു. അങ്ങനെയുള്ള വിവാഹങ്ങൾ ഇല്ലെങ്കിൽ ഈ രണ്ടുപക്ഷത്തിലും പെട്ട ഈഴവർ അടുത്തടുത്തു താമസമില്ലാത്തതുകൊണ്ടാണ അല്ലാതെ അവർ തമ്മിൽ സാരമായ വ്യത്യാസം ഉള്ളതുകൊണ്ടല്ല. മിശ്രവഴി ഈഴവരുടെ മക്കൾക്കു അനുകൂലമായി അവകാശം ഉണ്ട്. മരുമക്കത്തായികളുടെ മക്കൾക്കു അങ്ങനെയില്ല എന്നതുമാത്രമാണ വ്യത്യാസം. സമുദായത്തിലെ മിശ്രദായപക്ഷക്കാർ രണ്ടുലക്ഷം ആളുകൾ ഉണ്ട്. ശേഷം അഞ്ചുലക്ഷത്തോളം ആളുകൾ മെമ്പർമാർ അറിവുള്ളപ്രകാരം മരുമക്കത്തായികളാണ. മിശ്രദായപക്ഷക്കാർ മറേറപക്ഷക്കാരെക്കാൾ അധികം വിദ്യാഭ്യാസം ഉള്ളവരാണെന്നുള്ള സംഗതി മിസ്റ്റർ പത്മനാഭൻ സമ്മതിക്കുമെന്നു വിചാരിക്കുന്നു. ഞാൻ മിശ്രദായവകുപ്പിൽ ഉൾപ്പെട്ടവനാണ്. ഞാൻ വല്ല കൂടുതൽ യോഗ്യതയും ഉണ്ടെന്നു പറഞ്ഞാൽ മരുമക്കത്തായികൾ സമ്മതിക്കയില്ലെന്നു വന്നേക്കാമെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങളിൽ ക്ഷോഭമുണ്ടാക്കുന്നവർ ഞങ്ങളാണെന്നു ആരും വിസമ്മതിക്കയില്ല.

ഞങ്ങൾക്കു വിവാഹമായക്രമം ദായം മുതലായവയെപ്പററി നിശ്ചിതനിയമം ഇല്ലാത്തതിനെപ്പററി ഞങ്ങളാണ് ഗവണ്മെൻറിനോടു പരാതി പറഞ്ഞിട്ടുള്ളതു. മരുമക്കത്തായസമുദായങ്ങളുടെ അപേക്ഷയോടുകൂടെ ഞങ്ങളുടെ അപേക്ഷയും ൧൦൯൩-ൽ ഗവണ്മെൻറിലേക്കു സമർപ്പിച്ചു. എന്നാൽ ഞങ്ങൾക്കു ഒരു നിവൃത്തിയും കിട്ടിയിട്ടില്ല. നായർസമുദായത്തിനു ഒരു കമ്മിററിനിയമിച്ചുകിട്ടി. കമ്മിററി ഒരു റിപ്പോർട്ടും ബില്ലും

സമർപ്പിച്ചു. അതു ൧൦൯൭-ൽ റെഗുലേഷനായി പാസ്സാക്കി, ൧൦൯൯ മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. ആ റെഗുലേഷൻപ്രകാരം നായർസമുദായത്തിനു ബാധിച്ചതു മിശ്രദായക്രമമാണെന്നു നമുക്കറിയാം. ആ റെഗുലേഷൻ പാസ്സായി പന്ത്രണ്ടുവർഷം കഴിയുന്നതിനുമുമ്പായി അതു കേവലം നിഷ്പ്രയോജനമാണെന്നും എല്ലാം മിശ്രമായതുകൊണ്ടുള്ള എന്നും ആ സമുദായം ഗ്രഹിച്ചു. അതുകൊണ്ടു അവർ അതു പേക്ഷിച്ചിട്ടു ഇപ്പോൾ മുഴുവൻ മക്കത്തായം സ്വീകരിച്ചിരിക്കുന്നു. മിശ്രദായക്കാർക്കു നിയമം മാററികിട്ടാൻ അപേക്ഷയില്ലായിരുന്നു എന്നു മിസ്റ്റർ പത്മനാഭൻ പറഞ്ഞുവല്ലോ. എന്നാൽ അതു സത്യമല്ല ശ്രീമൂലം പ്രജാസഭയിൽ മിശ്രദായികൾ മരുമക്കത്തായകക്ഷിയിൽപെട്ട മെമ്പർമാരുടെ സഹായത്തോടുകൂടെ തളരാത്ത നിവേദനങ്ങൾ ബോധിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഗവണ്മെന്റ ഒരു കമ്മിററിയെ നിയമിച്ചതും നിയമം ഉണ്ടാക്കാൻ നിശ്ചയിച്ചതും. ഇങ്ങനെ ആ കമ്മിററി ഒരു ശരിയായ ബിൽ തയ്യാറാക്കുകയും ചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മിശ്രദായികളാണ് പ്രധാനഭാഗം എടുത്തതെന്നാണോ മിസ്റ്റർ കുമാരൻ പറയുന്നതു്.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അതെ.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറ നിയമനം): മിശ്രദായികളിൽ ഏതെങ്കിലും ഒരാൾ ശുദ്ധമക്കത്തായവും ആളോഹരിഭാഗവും ആവശ്യപ്പെട്ടിരുന്നുവോ എന്നു മിസ്റ്റർ കുമാരൻ പറയുമോ ?

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അക്കാര്യങ്ങളിൽ നിയമം എന്തായിരിക്കണമെന്നു മെമ്പർമാർ സൂക്ഷ്മമായി പ്രസ്താവിച്ചിട്ടില്ല. ആ കാര്യം മുഴുവനും അറിയുംമുമ്പെ ഒരു വിധി കല്പിക്കയായിരിക്കുമല്ലോ

മി. ആർ പത്മനാഭൻ (ഗവണ്മെൻറുനിയമനം): അതു എന്റെ ചോദ്യത്തിനു മറുപടിയല്ല. ഏതെങ്കിലും ഒരു മിശ്രദായി മക്കത്തായവും ആളോഹരിഭാഗവും ആവശ്യപ്പെട്ടതായി ഒരു ഉദാഹരണം പറയാമോ എന്നാണ് എനിക്കു അറിയേണ്ടതു.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അതു മരുമക്കത്തായകളേയും സംബന്ധിക്കുന്നതാണ്. തങ്ങളുടെ സമുദായത്തിനു നിയമത്തിന്റെ പക്ഷത്തിൽ ചട്ടങ്ങൾ വേണമെന്നു എല്ലാവരും ആവശ്യപ്പെട്ടു. വ്യവസ്ഥകൾ എന്തെല്ലാമായിരിക്കണമെന്നു കൃത്യമായി ആരും ആവശ്യപ്പെട്ടില്ല. ആ കാര്യങ്ങൾ മുൻകൂട്ടി തീർച്ചയാക്കുകയായിരിക്കുമല്ലോ

മി. ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): മക്കത്തായവും ആളോഹരിഭാഗവും വേണമെന്നു ആരെങ്കിലും ആവശ്യപ്പെട്ടതായി ഒരു ഉദാഹരണം മെമ്പർക്കു പറവാൻ കഴിയുമോ എന്നാണ് എനിക്കു അറിയേണ്ടതു.

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): തങ്ങൾക്കു ഇന്നതാണ് വേണ്ടതെന്നു ആരും പറഞ്ഞില്ല. ഒരു നിയമം വേണമെന്നേ അവർ ആവശ്യപ്പെട്ടുള്ളു. അപേക്ഷകൾ കൊടുത്ത ഏതെങ്കിലും സമുദായം തങ്ങൾക്കു ഇന്നതുവേണമെന്നു ആവശ്യപ്പെട്ടു എന്നു ഞാൻ വിചാരിക്കുന്നില്ല.

൧൦൯൪-ലെ പ്രജാസഭയിൽ ഞാൻ ഇതിനെപ്പററി നിവേദനംചെയ്തു. ഉടനെതന്നെ ഗവണ്മെൻറ മിസ്റ്റർ സുബ്ബയ്യർതന്നെ പ്രെസിഡന്റായി ഒരു കമ്മിററിയെ നിയമിച്ചു. അനന്തരം ഗവണ്മെൻറിനു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു മുമ്പായി രാജ്യത്തിൽ ചുററി സഞ്ചരിച്ചു തെളിവു ശേഖരിക്കണമെന്നു ഞങ്ങൾ വിചാരിച്ചു. സമുദായത്തിന്റെ അഭിപ്രായം എന്താണെന്നു അന്വേഷിച്ചറിഞ്ഞു ആ അഭിപ്രായം അനുസരിച്ചു ചട്ടങ്ങൾ ഉണ്ടാക്കണമെന്നായിരുന്നു ഞങ്ങളുടെ ആദ്യവിചാരം. സമുദായത്തിന്റെ അഭിപ്രായം അറിയുന്നതിനു ഒരു സഞ്ചാരക്കമ്മററിയാണു ഉത്തമം എന്നു ഞങ്ങൾ വിചാരിച്ചു. ഇങ്ങനെ ഗവണ്മെൻറിനോടു ഒരു അപേക്ഷ കഴിച്ചു. അനന്തരം ഒരു ബ്രാഹ്മണമാന്യനായ മിസ്റ്റർ ലിംഗമയ്യർ പ്രെസിഡന്റായി ഗവണ്മെൻറ ഒരു പുതിയ കമ്മിററിയെ രൂപീകരിച്ചു. ആ കമ്മിററിയിൽ ഞാനും മെമ്പറായിരുന്നു. ഞങ്ങൾ രാജ്യമൊട്ടുക്കു സഞ്ചരിച്ചു പതിനാലു മദ്ധ്യസ്ഥലങ്ങളിൽവച്ചു തെളിവുശേഖരിച്ചു ഞങ്ങളുടെ റിപ്പോർട്ടു സമർപ്പിച്ചു. റിപ്പോർട്ടു എല്ലാവരും യോജിച്ചെഴുതിയ ഒന്നായിരുന്നു.

മി. കല്ലുമം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആളോഹരിഭാഗം അവർ ശിപാർശചെയ്തുവോ ?

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അതിനെപ്പററി പറഞ്ഞുകൊള്ളാം. അവർ അതു ശിപാർശചെയ്തില്ല, അതിനെപ്പററി പറയാൻ ആവശ്യമാകുമ്പോൾ ആളോഹരിഭാഗത്തെപ്പററി ഈ ബില്ലിലെയാതൊന്നുമില്ലെന്നു ഞാൻ കാണിക്കാം. ആ പദങ്ങൾ പ്രയോഗിച്ചതു ഒരു തെററിദ്ധാരണനിമിത്തമായിരുന്നു. അതു് കരുതിക്കൂട്ടി വരുത്തിയ ഒരു തെററിദ്ധാരണയായിരുന്നു. കമ്മിററി തെളിവെടുത്തു ഐകകണ്ഠ്യേന ഒരു റിപ്പോർട്ടു സമർപ്പിച്ചു. അതു ൧൦൯൨-ൽ ആയിരുന്നു.

മി. ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): റെഗുലേഷൻ ആളോഹരിഭാഗം അനുവദിക്കുന്നു എന്നിരിക്കട്ടെ. അതും ജനങ്ങളുടെ ആഗ്രഹമാണോ ?

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അതൊരു സങ്കല്പചോദ്യമാണ്. അതു ബില്ലിൽ ഉണ്ടായിരുന്നെങ്കിലും ഞാൻ ഉടനെ തെളിയിക്കുന്നപ്രകാരം അതിനു ആധാരമായി വേണ്ടുവോളം തെളിവുണ്ടായിരുന്നു. ആളോഹരിഭാഗം ശിപാർശചെയ്യാഞ്ഞതു ആ കമ്മിററിയുടെ തെററാണ്. വസ്തുസംബന്ധമായ കാര്യങ്ങളിൽ സാവധാനത്തിൽ മുമ്പോട്ടുപോകയാണ് ഉത്തമം എന്നു അവർ വിചാരിച്ചു. അതുകൊണ്ടാണു അവർ ഭാഗം അനുവദിച്ചതു. ബിൽ ൧൦൯൯-ൽ നിയമസഭയിൽ ഹാജരാക്കി ഒരു സിലെക്ട് കമ്മിററിയെ ഏല്പിച്ചു. സിലെക്ട്കമ്മിററി അവരുടെ റിപ്പോർട്ടു മിസ്റ്റർ കൃഷ്ണൻനായരുടെ നിയമനകാലയുടെ അവസാനയോഗത്തിൽ ഹാജരാക്കി.

മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): അതൊരു ഗവണ്മെൻറുബിൽ ആയിരുന്നോ സ്വകാര്യബിൽ ആയിരുന്നോ എന്നുപറയുമോ?

മി. എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അതൊരു ഗവണ്മെൻറുബില്ല് ആയിരുന്നു. മിസ്റ്റർ സുബ്ബയ്യർ ബില്ല് നിയമസഭയിൽ ഹാജരാക്കി, ഡാക്ടർ എൻ. കുഞ്ഞൻപിള്ള മിസ്റ്റർ ചുള്ളാലം പരമേശ്വരൻപിള്ള മുതലായവർ ഉൾപ്പെട്ട സിലക്ട്കമ്മിററിയെ ബില്ല് ഏല്പിച്ചു. മിസ്റ്റർ നാരായണൻപണ്ടാലയും സിലക്ട്കമ്മററി മെമ്പറായിരുന്നു. ഈ മാന്യന്മാർ ബില്ലിനെപ്പററി ആലോചനകഴിച്ചു അവരുടെ റിപ്പോർട്ടു സമർപ്പിച്ചു.

സിലക്ട് കമ്മിററി അവരുടെ റിപ്പോർട്ടു സമർപ്പിച്ചതുവരെ വല്ല ക്ഷോഭവും ഉണ്ടായിരുന്നോ എന്നു മെമ്പർ ചോദിച്ചുകൊള്ളുന്നു. ഖാക്കമ്മിററി റിപ്പോർട്ടിൻെറ വ-ാം അപ്പെണ്ടിക്സ് ഏ ൻെറ സ്റ്റേറ്റ്മെൻറിൽ മിസ്റ്റർ പത്മനാഭൻ വായിച്ചുകേൾപ്പിച്ചുവല്ലോ. മിസ്റ്റർ സി. വി. കുഞ്ഞുരാമൻെറ നായകത്വത്തിൻകീഴിൽ പറവൂരിൽ ഒരു മിശ്രഭോജനകമ്മിററി ഉള്ള വിവരം അതിൽ പ്രസ്താവിച്ചുകാണുന്നു. ആ കമ്മററി ഉണ്ടായതു എങ്ങനെയെന്നു ഞാൻ പറയാം. ഞങ്ങൾ തെളിവെടുക്കാൻതുടങ്ങിയിരുന്നതു വർക്കല ആയിരുന്നു. അവിടെ ഒന്നാമതു വിസ്തരിച്ചതു മിസ്റ്റർ പത്മനാഭൻ അറിയുന്ന ഗോവിന്ദൻവൈദ്യൻ എന്ന പേരുള്ള ഒരു മാന്യവൃദ്ധനെ ആയിരുന്നു. അദ്ദേഹം മക്കത്തായത്തിനു അനുകൂലമായിട്ടാണ സാക്ഷ്യം പറഞ്ഞതു്. എന്നാൽ ആ മക്കത്തായം ഖാക്കമ്മിററി ശിപാർശചെയ്തതുപോലെയോ ഗവൺമെൻറിൽ ഉള്ളതുപോലെയോ അല്ല. ഹിന്തുലാപ്രകാരമുള്ള മക്കത്തായമായിരുന്നു. അതു മരുമക്കത്തായികൾക്ക വിരുദ്ധമായിരിക്കുമെന്നു വിചാരിച്ചതിനാൽ അതു സ്വീകരിച്ചില്ല. അദ്ദേഹത്തിൻെറ സാക്ഷ്യം കേട്ടപ്പോൾ ഞങ്ങൾക്കുതന്നെ ആശ്ചര്യമുണ്ടായി. അദ്ദേഹം ഒന്നാമത്തെ സാക്ഷിയുമായിരുന്നു. വർക്കലയിൽവെച്ചു ഞങ്ങൾ വേറെ സാക്ഷികളെയും വിസ്തരിച്ചു. വർക്കലനിന്നു ഞങ്ങൾ ചില മിത്രങ്ങളായിട്ടുള്ള കൊട്ടാരക്കരമുതലായ വടക്കൻപ്രദേശങ്ങളിലേക്കു പോയി. അവിടെയും തെളിവെടുത്തു. ഈ മക്കത്തായത്തിനും ആളോഹരിഭാഗത്തിനും അനുകൂലമായിരുന്നു.

മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): ഈ വിഷയത്തെപ്പററി സമുദായത്തിൻെറ നേതാക്കന്മാരുടെ അഭിപ്രായം എന്താണെന്നു കാണിക്കാൻ വല്ലതും ഉണ്ടോ?

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അദ്ദേഹം തീർച്ചയായ അഭിപ്രായം ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിൻെറ അഭിപ്രായം രേഖപ്പെടുത്തിട്ടുണ്ട്.

മിസ്റ്റർ ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): ഈഴവസമുദായനേതാക്കന്മാരാരാണെന്നു പറയുമോ?

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): മിസ്റ്റർ മാമ്മൻമാപ്പിള ചോദിച്ചതു ശ്രീനാരായണ ഗുരുസ്വാമിയെപ്പററിയാണെന്നാണ എനിക്കു മനസ്സിലായതു. ഞങ്ങളുടെ ഗുരുവിൻെറ അഭിപ്രായം അറിയാൻ ഖാക്കമ്മിററി പ്രസിഡൻറിനു വളരെ ആഗ്രഹമുണ്ടായിരുന്നു. മക്കത്തായം സമുദായത്തിനു വളരെ ഗുണപ്രദമായിരിക്കുമെന്നാണ ഗുരുവിൻെറ അഭിപ്രായം.

മിസ്റ്റർ കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു റിക്കാർട്ടിലുണ്ടോ?

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം) ഉണ്ട്.

മിസ്റ്റർ ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): അദ്ദേഹം വേറെവിധം അഭിപ്രായപ്പെട്ടിട്ടില്ലേ?

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): ഇല്ല, അഭിപ്രായപ്പെട്ടിട്ടില്ല. ഈഴവ ഖാക്കമ്മിററി റിപ്പോർട്ടിൽ അതിനെപ്പററി പ്രത്യേകമായി പ്രസ്താവിച്ചിട്ടുണ്ട്. റിപ്പോർട്ടിൻെറ ൧൧-ാംപുറത്തു ഇങ്ങനെ പറഞ്ഞിരിക്കുന്നു. "സമുദായത്തിൻെറ മതാധ്യക്ഷനായി സമ്മതിക്കപ്പെട്ടിട്ടുള്ള ശ്രീനാരായണഗുരുവും മൈസൂർ സെർവീസ്സിൽനിന്നു ഈയിടെ പെൻഷൻവാങ്ങി പിരിഞ്ഞ ഡോക്ടർ പൽപ്പുവും തിരുവനന്തപുരത്തു മിസ്റ്റർ മാധവൻവൈദ്യനും ചാവറക്കോട്ടു മിസ്റ്റർ കുഞ്ഞുശങ്കരൻവൈദ്യനും സംസ്ഥാനത്തെ ഏററവും ധനപുഷ്ടിയുള്ള ഈഴവതറവാടായ ആലുംമൂട്ടിൽതറവാട്ടിൽ കാരണവൻ മിസ്റ്റർ കൊച്ചുകുഞ്ഞുചാന്നാരും മദ്ധ്യതിരുവിതാംകൂറിലെ വേറൊരു ധനികനും ജനസ്വാധീനമുള്ളവനുമായ കായംകുളത്തു മേനാത്തേരിൽ മിസ്റ്റർ നാരായണപ്പണിക്കരും ഉത്തരതിരുവിതാംകൂറിലെ ഏററവും ധനപുഷ്ടിയുള്ള ഈഴവകുഡുംബത്തിലെ കാരണവൻ പാറയിൽ മിസ്റ്റർ അയ്യപ്പൻവാമനും ഈ അഭിപ്രായത്തിനു അനുകൂലികളായവരിൽ ചിലരാണ്."

മിസ്റ്റർ ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): മിസ്റ്റർ ശങ്കരൻ തൻെറ ശേഷക്കാർക്ക അനുകൂലമായി ഒരു മരണശാസനം എഴുതികൊടുത്തിട്ടില്ലേ എന്നു മെമ്പർ പറയുമോ?

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): അദ്ദേഹം എന്താണോ ചെയ്തതെന്നു കൃത്യമായിപറവാൻ കഴികയില്ല. എന്നാൽ അങ്ങനെ ചെയ്തിട്ടുള്ള പലരെയും ഞാൻ അറിയും. ഞങ്ങൾ ചോദിക്കുന്നതു ഒരു വാദം തെളിയിക്കാൻ എടുക്കുന്ന ഏററവും അതൃപ്തികരമായ ഒരു രീതിയാണെന്നു, എനിക്കു മറുപടിപറയാനുള്ളു. ഈ ക്ഷോഭം നടത്തുന്ന പ്രമാണികൾതന്നെ ഈ വിഷയത്തിൽ മക്കത്തായികളാണെന്നു എനിക്കു അറിയാം. തെളിയിക്കാൻ ഒരു സംഗതിമാത്രം ഞാൻ പറയാം. മിസ്റ്റർ പത്മനാഭൻതന്നെയും കമ്മററിഅദ്ദേഹത്തിൻെറ സ്വദേശത്തു തെളിവെടുക്കാൻ ചെന്നപ്പോൾ, താൻ ഒരു മക്കത്തായ കാംക്ഷിയാകണമെന്നു എന്നോടു പറഞ്ഞിട്ടുണ്ട്. തൻെറ അചാര ഭേദങ്ങൾ ഉണ്ടാക്കുന്നതു ഇഷ്ടമല്ലായ്കയാലും അദ്ദേഹത്തിൻെറ അഭിപ്രായത്തിനെതിരായിപ്പോകാൻ തനിക്കു മനസ്സുവരായ്കയാലും മിസ്റ്റർ പത്മനാഭനു നിർഭാഗ്യവശാൽ അന്നു തെളിവുകൊടുപ്പാൻ സാധിച്ചില്ല.

മിസ്റ്റർ ആർ. പത്മനാഭൻ (ഗവണ്മെൻറുനിയമനം): ഞാൻ കമ്മിററിമുമ്പാകെ തെളിവുകൊടുക്കാൻ ഹാജരായി. ഞാൻ ഭാഗത്തിനു വിരോധിയാണെന്നു പറഞ്ഞപ്പോൾ കമ്മിററി എന്നെ വിസ്തരിക്കാൻ ആവശ്യമില്ലെന്നു പറഞ്ഞില്ലേ എന്നു മെമ്പർ പറയുമോ?

മിസ്റ്റർ വി. സുബ്ബയ്യർ (ഗവണ്മെൻറുനിയമനം ഡിപ്യൂട്ടിപ്രസിഡൻറ): സ്വകാര്യ ആളുകൾ തമ്മിൽ നടന്നതും റിക്കാർട്ടിൽ ഇല്ലാത്തതുമായ സംഗതികൾ ഈ വാദത്തിൽ വല്ല സംബന്ധവുമുള്ളതാണോ എന്നു പറയുമോ?

പ്രസിഡൻറ: മിസ്റ്റർ പത്മനാഭൻ ചോദിച്ചതു നടപടിക്രമപ്രകാരമല്ല.

മിസ്റ്റർ എൻ. കുമാരൻ (ഗവണ്മെൻറുനിയമനം): ഈഴവ കമ്മിററി വടക്കൻതിരുവിതാംകൂറിൽ സാക്ഷിവിസ്താരം നടത്തിക്കൊണ്ടിരിക്കുമ്പോൾ അവിടെ വിസ്തരിച്ച സാക്ഷികൾ മക്കത്തായവും ആളോഹരിഭാഗവും ആവശ്യപ്പെടുന്നു എന്ന പത്രപ്രസ്താവനകൾ കണ്ടിട്ടു കൊല്ലത്തെയും പറവൂരെയും ഈഴവർ ക്ഷോഭിച്ചുവശായി.

ഈ ക്ഷേമത്തിനു കാരണം മക്കത്തായം അവർക്കു ഇഷ്ടമാകാഞ്ഞിട്ടല്ല, അളവിനു അവർക്കു അനിഷ്ടമായി ഇരിക്കുന്നു. കമ്മിറ്റി കൊല്ലത്തുവന്നപ്പോൾ അവിടെ ഒരു മിശ്രദായക്കമ്മിറ്റിരൂപീകരിക്കയും കമ്മിറ്റി അയച്ച ചോദ്യങ്ങൾക്കു ഒരു പൊതുകാര്യപ്രസക്തനായ മിസ്റ്റർ സി. വി. കുഞ്ഞുരാമൻ ഉത്തരങ്ങൾ എഴുതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നറിഞ്ഞു. അപ്പോഴേയ്ക്കു അവയെ ഞങ്ങളുടെ മുമ്പിൽ ഹാജരാക്കി അച്ചടിച്ചു പ്രചരിപ്പിക്കും കഴിഞ്ഞു. ഇങ്ങനെ കമ്മിറ്റി കൊല്ലത്തു എത്തുന്നതിനു മുമ്പേ അവിടത്തെ അന്തരീക്ഷം തന്നെ ദുഷിച്ചു പോയി. അവരവരുടെ ഇഷ്ടംപോലെ തെളിവുകൊടുപ്പാൻ ആരെയും അനുവദിച്ചില്ല. ഭേദമെന്നോ വേണ്ടെന്നോ മിശ്രദായത്തിനു അനുകൂലമായി പറഞ്ഞവരെല്ലാം മിശ്രദായക്കമ്മിറ്റിയുടെ വലയിൽ അകപ്പെട്ടവരാണെന്നാകുന്നു എന്റെ വിശ്വാസം. ഈ വ്യാധി തിരുവനന്തപുരത്തും ചിറയിൻകീഴും മറ്റുസ്ഥലങ്ങളിലും പടർന്നുപിടിച്ചു.

മി. ആർ. പത്മനാഭൻ (ഗവൺമെന്റുനിയമനം): മക്കത്തായത്തിനു അനുകൂലമായി പറവാൻ ആരെയെങ്കിലും വശീകരിച്ചിട്ടുള്ള ഒരു ഉദാഹരണം മിസ്റ്റർ കുമാരനു അറിവുണ്ടോ എന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): ഇല്ല, ഞാൻ പറയുന്നില്ല, ആരും വശീകരണം പ്രയോഗിച്ചിട്ടില്ല. എന്റെ സ്നേഹിതൻ സൂചിപ്പിച്ചപ്രകാരം കമ്മിറ്റിമെമ്പർമാർ തെളിവുശേഖരിച്ചുപോയതു മിശ്രദായികളെപ്പറ്റി മനസ്സിൽ വിരോധംവച്ചുകൊണ്ടല്ല. സമുദായത്തിനു സ്വീകാര്യമായ ഒരു ദായക്രമവ്യവസ്ഥയുണ്ടാക്കണമെന്നു കമ്മിറ്റിക്കു അഭിപ്രായമുണ്ടായിരുന്നു. കൃത്രിമത്തെ സാക്ഷികളെക്കൊണ്ടു മക്കത്തായത്തിനു അനുകൂലമായി തെളിവുകൊടുത്തപ്പോൾ കമ്മിറ്റിക്കു ആശ്ചര്യമാണു ഉണ്ടായതു. പിന്നെ ശേഖരിച്ച തെളിവിന്റെ സ്വഭാവവും രീതിയും നോക്കീട്ടു മിശ്രദായത്തിനു അനുകൂലമായി കൊടുത്ത തെളിവു ഏറക്കുറെ മലിനപ്പെട്ടതാണെന്നു മനസ്സിലായി. ഞങ്ങൾ തെളിവുശേഖരിച്ചുശേഷം സംബോധം മതിയാക്കി ഞങ്ങളുടെ റിപ്പോർട്ടു സമർപ്പിച്ചു. പിന്നീടു മിശ്രദായികളുടെ നായകനായി മിസ്റ്റർ സി. വി. കുഞ്ഞുരാമൻ ഉത്തരങ്ങൾ തയ്യാറാക്കി പല വഴികളിൽകൂടി കമ്മിറ്റിക്കു അയച്ചുകൊടുത്തു.

പ്രസിഡെന്റ്: നിങ്ങളുടെ പ്രസംഗം അവസാനിപ്പിക്കാൻ ഇനിയും കുറെ അധികം സമയം വേണമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): വേണം, എന്റെ പ്രസംഗം അവസാനിപ്പിക്കാൻ കുറെ സമയംകൂടെ വേണം.

പ്രസിഡെന്റ്: എന്നാൽ സഭ ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിയാം.

സഭ ലഘുഭക്ഷണത്തിനായി ൨—൫ മണിക്കു പിരിഞ്ഞു, ൨—൫൫ മണിക്കു വീണ്ടും കൂടി.

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): ഇനി ഇന്നു ആലോചനയിലിരിക്കുന്ന പ്രധാന വിഷയത്തെപ്പറ്റി ഒരു വാക്കുപറവാൻ ആഗ്രഹിക്കുന്നു. കമ്മിറ്റി റിക്കാർട്ടാക്കിട്ടുള്ള അഭിപ്രായങ്ങളിൽ ഭൂരിപക്ഷം മക്കത്തായത്തിനാണോ മരുമക്കത്തായത്തിനാണോ അനുകൂലം എന്നാണു ചോദ്യം. നിയമത്തിൽ ഭേദം വേണമെന്നു പറയുന്നവരാണു അധികം എന്നു കാണിക്കാൻ മിസ്റ്റർ പത്മനാഭൻ ശ്രമിച്ചു. കണക്കു ശരിയായി പരിശോധിച്ചുനോക്കിയാൽ മക്കത്തായം വേണമെന്നു ആവശ്യപ്പെട്ടവരാണു യഥാർത്ഥത്തിൽ അധികം എന്നു കാണാം. മിശ്രദായപക്ഷത്തുനിന്നു വിസ്തരിച്ചു വന്ന സാക്ഷികളിൽ ൩൦ ആളുകൾ മാത്രമേ മിശ്രദായികൾ ആയിട്ടു തന്നേ ഇരിക്കാൻ ആഗ്രഹിക്കുന്നുള്ളു എന്നുകാണാം.

മി. ആർ. പത്മനാഭൻ (ഗവൺമെന്റുനിയമനം): എത്രയാളുകൾ മക്കത്തായം വേണമെന്നു പറഞ്ഞു എന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): അതുതന്നെയാണു ഞാൻ പറയാൻപോകുന്നതു. വിസ്തരിച്ചു വന്ന സാക്ഷികളിൽ ൩൦ പേർ മാത്രം സമുദായം മുൻസ്ഥിതിയിൽതന്നെ ഇരുന്നാൽമതിയെന്നു പറഞ്ഞു. ചില ആളുകൾ സ്വയാർജ്ജിതം മുഴുവനും ഭാര്യാമക്കൾക്കു കൊടുക്കണമെന്നെങ്കിലും പാതിയിലധികം അവർക്കു കൊടുക്കേണ്ടതാണെന്നു പറഞ്ഞു.

മി. ആർ. പത്മനാഭൻ (ഗവൺമെന്റു നിയമനം): ഭാര്യാമക്കൾക്കു സ്വയാർജ്ജിതത്തിൽ പാതിയിലധികം കൊടുക്കുന്നതു സാധാരണയാണോ എന്നു മെമ്പർ പറയുമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): സാധാരണ ഓഹരിയിൽ കുറെ അധികം. തങ്ങൾ മക്കത്തായത്തിനു അനുകൂലികളാണെന്നു അവർ സമ്മതിച്ചിട്ടുണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്കു): എത്ര മിശ്രദായസാക്ഷികൾ മക്കത്തായത്തിനു അനുകൂലമായിരുന്നു എന്നു മിസ്റ്റർ കുമാരൻ പറയുമോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): നമുക്കു അതു നോക്കീട്ടാവശ്യമില്ല. ഈ കാര്യത്തെപ്പറ്റി ൨൦൦ സാക്ഷികളെ വിസ്തരിച്ചു. അധികം സാക്ഷികളും മരുമക്കത്തായികളാണു. ൭ ലക്ഷം ഈഴവരുള്ളവരിൽ ൫ ലക്ഷം അതായതു അവരിൽ ഭൂരിപക്ഷം മരുമക്കത്തായികളും രണ്ടുലക്ഷം മിശ്രദായികളുമാകുന്നു. മിശ്രദായവകുപ്പിൽനിന്നു വിസ്തരിച്ചു വന്ന ആളുകളിൽ ൩൦ പേർ മാത്രം തങ്ങളുടെ പഴയസ്ഥിതിയിൽതന്നെ ഇരിക്കാൻ ഇഷ്ടപ്പെട്ടു, ശേഷംപേർ ഒരു മാററം വേണമെന്നുപറഞ്ഞു. മിശ്രദായവകുപ്പുകാർക്കും മക്കത്തായം കൊടുക്കേണ്ടതാണെന്നു വിചാരിപ്പാൻതക്കവണ്ണം അഭിപ്രായഗതി അനുകൂലമാണെന്നു മതിയായ തെളിവു മൂലം കമ്മിറ്റിമുമ്പാകെ ഉണ്ടായിരുന്നു. ഈ കണക്കുകൾ ആധാരമാക്കി മിശ്രദായവകുപ്പുകാർ പഴയ സമ്പ്രദായം മതിയെന്നു പറയുന്നവരാണെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ പത്മനാഭനു വാദിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. മിശ്രദായം ഉപേക്ഷിച്ചു മക്കത്തായം സ്വീകരിക്കാൻ മിശ്രദായികളോടു ചോദിച്ചപ്പോൾ എത്രത്തോളമുള്ള ഒരു ഭേദമാണു അവർ അനുവദിക്കണമെന്നു പറയുന്നതു എന്നു സഭ ആലോചിച്ചുനോക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. മിശ്രദായപ്രകാരം കൊല്ലത്തു സ്വയാർജ്ജിതത്തിൽ ൫—ൽ ൩ ഓഹരി ഭാര്യാമക്കൾക്കു കൊടുക്കുന്നു. തിരുവനന്തപുരത്തും മററും അവരുടെ ഓഹരി പാതിയിൽ കുറെ അധികമാണു. ഇങ്ങനെ ഇക്കാര്യങ്ങളിൽ ഈ സമുദായത്തിന്റെ ആചാരങ്ങൾക്കു ഐകരൂപ്യം ഇല്ല. ഈ സംഗതി ഹൈക്കോടതിയും സമ്മതിച്ചിട്ടുള്ളതാണു. അവയിലും അധികമായി ചില അവകാശങ്ങൾ കൊല്ലം താലൂക്കിൽ നടപ്പുള്ളതും അവർ സ്വീകരിച്ചിട്ടുണ്ടു. ഇങ്ങനെ പഴയ സ്ഥിതിയിൽ ഇരുന്നാൽമതിഎന്നു പറഞ്ഞ ൩൦ പേരും അവരുടെ ഭാര്യാമക്കൾക്കു

പകുതി കൊടുത്താൽമതിഎന്ന പറഞ്ഞതായി വിചാരിക്കാൻ പാടില്ല. അതുകൊണ്ടു ഞങ്ങളുടെ ശിപാർശ ശരി യായിട്ടുള്ളതാണെന്ന കമ്മിററി വിചാരിച്ചു. സമുദായത്തിന്റെ ആചാരങ്ങൾ പഴയപ്രകാരം ഇരിക്കുന്നതുകൊ ണ്ടോ ഒരു പുരുഷന്റെ സ്വായാർജിതത്തിൽ ഒരു ന്യായമായ അംശം അവന്റെ മക്കൾക്ക ചെല്ലേണ്ടതാകകൊണ്ടും അവരോട്ട ഇനിയും കൊടുക്കണമെന്ന ഞങ്ങൾ ആവശ്യപ്പെടുന്നതു വളരെ കുറച്ചേയുള്ളു. സമുദായത്തിന്റെ ചരിത്രംകൊണ്ടു അവർ മക്കത്തായികൾ ആയിരുന്നു എന്ന കാണുന്നു. തിരുവിതാംകൂറിലും മലബാറിലുമുള്ള തി ന്റെ മററു ഭാഗങ്ങളിലും അവർ കുടിയേറി പാർത്തപ്പോൾ നമ്പൂതിരിമാർ, നായന്മാർ വെള്ളാളന്മാർ മുതലായ മരുമക്കത്തായ സമുദായങ്ങളോട്ട സംസർഗ്ഗം ഉണ്ടായിട്ട അവരുടെ ദായക്രമം സ്വീകരിച്ചു. ഈ ഴവരുടെ സ്വാഭാവിക രീതി മക്കത്തായത്തിലേക്കാണ. ഇതു ശാശ്വതമാക്കേണ്ടതിന്ന മിശ്രദായം ഇടക്ക്, ഭാര്യമക്കൾക്കും പാതിയിലധികം കൊടുക്കുന്നതു ആപൽക്കരമായിരിക്കുമെന്ന പറയുന്നതു നമുക്ക വിശ്വസി ക്കാൻ കഴിയുന്നില്ല. ഒരു മിശ്രദായ കുടുംബത്തിന്റെ സ്ഥിതി എന്താണ്. പുത്രീപുത്രന്മാരെന്നപറഞ്ഞു ഒരു കൂട്ടം അവകാശികളും അനന്തിരവരെന്നപറഞ്ഞു വേറൊരുകൂട്ടം അവകാശികളും ഉണ്ട്. വസ്തു സമ്പാദിച്ചു വന്റെ പ്രവൃത്തികൾ ഉളിഞ്ഞുനോക്കിനടക്കാൻ രണ്ടുകൂട്ടം ചാരന്മാരുണ്ട്. സമ്പാദിക്കുന്നവൻ മക്കൾക്ക വല്ല ആനുകൂല്യവും കാണിച്ചാൽ അനന്തിരവർ ശഠിക്കും. ഇങ്ങനെ ഒരു ഈഴവകുടുംബത്തിൽ സമാധാനമോ സംതൃപ്തിയോ ഉണ്ടാകയില്ല. ഇതുകൊണ്ടുതന്നെയാണ് ഈ മിശ്രവ്യവസ്ഥ കുറെനാൾ അനുഭവിച്ചശേഷം നായർസമുദായം അതു വേണ്ടെന്ന നിശ്ചയിച്ചതു? മരുമക്കത്തായം ഏറെയത്തിൽ പതിഞ്ഞിട്ടുള്ള നായർസമു ദായം ഒരു വലിയ ചാട്ടംചാടിയപ്പോൾ ഈഴവരിൽ മിശ്രവാഴിക്കാർ മക്കത്തായം സ്വീകരിക്കാൻ മടിക്കുന്നുണ്ടെന്ന ഞാൻ വിചാരിക്കുന്നില്ല. ജനങ്ങളിൽ ഒരു വലിയ ഭൂരിപക്ഷത്തിന്റെ ആഗ്രഹം ഇതാണെന്ന ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ലാകമ്മിററിക്ക ശേഖരിക്കാൻ കഴിഞ്ഞ തെളിവിൻപ്രകാരം ഭൂരിപക്ഷത്തിന്റെ അഭി പ്രായം ഇതാണെന്ന ഞാൻ കാണിച്ചുവല്ലോ. ഈ ദായക്രമത്തിന്മേലാണ് ആ പക്ഷത്തിന്റെ സങ്കടമെല്ലാം ആശ്രയിച്ചു കിടക്കുന്നതു. തിരുവിതാംകൂറിലും ഇൻഡ്യയുടെ ഇതരപ്രദേശങ്ങളിലും ഉള്ള നിയമങ്ങൾ ഭ ര്യാമക്കളുടെ ചെലവിന്ന വ്യവസ്ഥകൾ ചെയ്യേണ്ടതു ആവശ്യമായി ഗണിച്ചു എല്ലാ ആളുകൾക്കും അതു നിർബ ന്ധമാക്കീട്ടുണ്ട്. ക്രിമിനൽനിയമം നസ്രാണികളുടെ ഭാര്യാമക്കളുടെ സംരക്ഷണം എല്ലാവരുടെയും നിർബന്ധ ചുമതലയാക്കീട്ടുണ്ട്. നിയമശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം അതുതന്നെയാണ. ഭാര്യാമക്കളുടെ ചെലവി ന എല്ലാവരും വ്യവസ്ഥചെയ്യുന്നതു ആവശ്യമാണെന്ന കാണിപ്പാൻ മേയിൻ, മിൽ എന്നിവരുടെ പുസ്തകങ്ങ ളിൽനിന്ന ലാകമ്മിററി പലഭാഗങ്ങളും ഉദ്ധരിച്ചു—

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): ദയവുചെയ്തു കുറെ ഉറക്കെ പറ യണം.

മി. എൻ. കുമാരൻ (ഗവമ്മെണ്ട നിയമനം): ഉദ്ധരിച്ചിരിക്കുന്നു. അവരാണല്ലോ അവരുടെ ഉത്ത രവാദികൾ. അതുകൊണ്ടു മിശ്രദായംസംബന്ധിച്ചു ഞങ്ങളുടെ വാദം ബലമേറിയതാണ. ഭാര്യാമക്കൾക്ക അല്പം വല്ലതും കൊടുക്കണമെന്ന പറയുന്നതു സമുദായത്തിന്റെ അഭിപ്രായത്തിന്ന വിപരീതമല്ല. സമുദായ ത്തിന്റെ അഭിപ്രായഭൂരിപക്ഷം ഭാഗത്തിന്ന അനുകൂലമായിട്ടുണ്ടോ ഉണ്ടെങ്കിൽ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ള ഭാഗം ഏതു തരത്തിലുള്ളതാണ എന്നാകുന്നു ഇനിയത്തെ ചോദ്യം. ആളോഹരിഭാഗം ആരും ആവശ്യപ്പെട്ട ട്ടില്ലെന്നും എങ്കിലും ബില്ലിൽ കമ്മിററി അതു അനുവദിച്ചിരിക്കുന്നുഎന്നും മിസ്റ്റർ പത്മനാഭൻ പറഞ്ഞു. ഇതു ശരിയല്ലെന്ന ഞാൻ സഭാസമക്ഷം ബോധിപ്പിച്ചുകൊള്ളുന്നു. ഭാഗത്തെ സംബന്ധിച്ചു കൊല്ലത്തിന്ന വടക്കുള്ള ഒ ലക്ഷം ഈഴവരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഇല്ല. അവർ മുഴുവനും മക്കത്തായം അനുസരിക്കുന്നു. കൊല്ലത്തിന്ന തെക്കുള്ളവർ മിശ്രദായം അനുസരിക്കുന്നു. അതുകൊണ്ടു ഭാഗത്തെസംബന്ധിച്ചു സമുദായത്തെ രണ്ടുഭാഗമായി വിഭജിക്കുന്നതു തെററാണ. അതുകൊണ്ടു തെളിവുമുഴുവനും മുഴുവൻസമുദായത്തിന്റെ തെളിവാ യി ഗണിക്കണം—

മി. ആർ. പത്മനാഭൻ (ഗവമ്മെണ്ട നിയമനം): ആളോഹരിഭാഗത്തിന്ന മക്കത്തായികൾ വിരോധം പറഞ്ഞില്ലേ?

മി. എൻ. കുമാരൻ (ഗവമ്മെണ്ട നിയമനം): ഇല്ല.

മി. ആർ. പത്മനാഭൻ (ഗവമ്മെണ്ട നിയമനം): മരുമക്കത്തായികളുടെ ഇടയിൽ അതിന്നെതിരായി ഭൂരിപക്ഷം ഇല്ലേ?

മി. എൻ. കുമാരൻ (ഗവമ്മെണ്ട നിയമനം): ഇല്ല. അതാണ് ഞാൻ പറയാൻ പോകുന്നതു. കൊ ല്ലത്തുകാർ ഭാഗംസംബന്ധിച്ചു നിയമം വേണമെന്ന പറകയും തിരുവനന്തപുരത്തുകാർ വേണ്ടെന്നുപറകയും ചെയ്താൽ നാം താലൂക്കിന്ന താലൂക്കിന്ന നിയമം ഉണ്ടാക്കുകയാണൊ വേണ്ടതു? സമുദായത്തെ മുഴുവനും എടുത്തു അവരുടെ അഭിപ്രായം അറിഞ്ഞു അതുപ്രകാരം നിയമം ഉണ്ടാക്കുകയാണ് വേണ്ടതു. ഭാഗത്തെപ്പററി സമുദാ യത്തിന്റെ ആഗ്രഹം അറിയുന്നതിനായി കമ്മിററി ൧൦൭ സാക്ഷികളെ വിസ്തരിച്ചു. അവരിൽ നാലുപേർ മാത്രം ഭേദമൊന്നും വേണ്ടാഎന്ന പറഞ്ഞു. ഭാഗം വേണമെന്നുപറഞ്ഞ ൧൦൩ സാക്ഷികളിൽ ൬൮% ശതമാ നം ആളോഹരിഭാഗത്തിന്നും ശേഷം ൩൨ ശതമാനം താവഴിഭാഗത്തിന്നും അനുകൂലമായിരുന്നു. അതുകൊണ്ടു തെളിവു അധികം ആളോഹരിഭാഗത്തിനായിരുന്നാൽ ലാകമ്മിററി ഇങ്ങനെ ശിപാർശ ചെയ്തതു ശരിയായില്ല. തെളിവിന്റെ ആധിക്യം നോക്കിയാൽ ആളോഹരിഭാഗമാണ് അനുവദിക്കേണ്ടതെന്ന ബിൽ ഹാജരാക്കിയ പ്പോൾ സഭാമെമ്പർ ആയിരുന്ന മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞുകാണുന്നു. അദ്ദേഹം ഇങ്ങനെയാണ പറഞ്ഞതു:—

"ഈ വാദത്തെപ്പററി ആലോചിക്കുമ്പോൾ കമ്മിററി ആളോഹരിഭാഗം ശിപാർശചെയ്യുമെന്നായിരു ന്നു തോന്നുന്നതു. എന്നാൽ അതു ഒരു സമൂലമാററം ആയിരിക്കുമെന്നുള്ളതുകൊണ്ടു അവർ താവഴിഭാഗത്തിനെ ന്നു തോന്നുന്നതു. എന്നാൽ ഈഴവരിൽ വളരെയാളുകൾ ഇപ്പോൾതന്നെ മക്കവഴിക്കാരാണ. മരുമക്കത്തായ കൂട്ടം വ്യവസ്ഥചെയ്തിട്ടുള്ളു. ഈഴവരിൽ സ്വയാർജിതസ്വത്തു മുഴുവനും സമ്പാദിച്ചവന്റെ ഭാര്യയ്ക്കും മക്കൾക്കും ബങ്ങൾതന്നെ ചിന്നിപ്പോയിരിക്കുന്നു. സമുദായത്തിന്റെ ഒരു വലിയ ഭൂരിപക്ഷം ആളോഹരിഭാഗം ആവശ്യപ്പെടുന്നു. താവ കൊടുത്തുവരുന്നു. ഴിഭാഗത്തിന്നില്ലാത്ത അനേകഗുണങ്ങൾ ആളോഹരിഭാഗത്തിന്ന ഉണ്ടെന്നാണ കമ്മിററിയുടെ അഭിപ്രായം.

ആളോഹരിഭാഗം ഒരു സമ്പ്രദായമായി ഗണിക്കപ്പെട്ടേക്കുമെന്നുള്ള ഒരു ശങ്കകൊണ്ടുമാത്രം അതിന്റെ ഗുണങ്ങൾ സമുദായത്തിനു ഇല്ലാതാക്കുന്നതു ശരിയോ എന്നു ഗാഢമായി ആലോചിക്കേണ്ടതാണു്".

ലാക്കമ്മിററി ആളോഹരിഭാഗം ശിപാർശചെയ്തിരുന്നുഎങ്കിൽ അതു ഏററവും ന്യായമായിരുന്നേനെ. എന്നാൽ ഈ സമുദായത്തെ ബാധിക്കുന്ന ഒരു പ്രധാനസംഗതി ആയതിനാലും ഏഴുവർഷംമുമ്പു കമ്മിററി ശിപാർശചെയ്തപ്പോൾ സമുദായം അതിന്റെ ഇപ്പോഴത്തെ അഭിപ്രായം പ്രാപിച്ചിരുന്നില്ലാത്തതിനാലും അന്നു കമ്മിററി അങ്ങനെ ശിപാർശചെയ്യാൻ ഇടവരാത്തതാണു. അതുകൊണ്ടു ഒരു മിതമായ ഒരു മാററം, [illegible] താവഴിഭാഗം, ശിപാർശചെയ്താൽ മതിയെന്നു ഞങ്ങൾ വിചാരിച്ചു. പല സാക്ഷികൾ താവഴിഭാഗത്തിനു അനുകൂലികളാണെന്നറിയുന്നതു ചാരിതാർത്ഥ്യജനകമാണു. ആളോഹരിഭാഗം വേണമെന്നു പറയുന്ന ഒരാൾക്കു താവഴിഭാഗം ഇഷ്ടമല്ലെന്നു പറവാൻ പാടില്ലല്ലോ. അതുകൊണ്ടു താവഴിഭാഗത്തിനു പല സാക്ഷികൾ അനുകൂലികളാണെന്നാണു ഞാൻ പറയുന്നതു. ഇതിനെ സംബന്ധിച്ചു സമുദായത്തിൽ അഭിപ്രായൈക്യമാണുള്ളതു. എന്നു മാത്രമല്ല ഈ കാര്യം സിലക്ട്കമ്മിററി ആലോചിച്ചു ചില ഭേദങ്ങൾ വരുത്തിട്ടുള്ളതാണു.

മി. ആർ. പത്മനാഭൻ (ഗവർമ്മെന്റുനിയമനം): മിശ്രദായികൾ എല്ലാവരും താവഴിഭാഗത്തിനു വിരോധികളല്ലെന്നു മെമ്പർക്കറിയാമോ എന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമനം): അവർ എന്തിനാണു വിരോധം പറയുന്നതെന്നു എനിക്കറിഞ്ഞുകൂടാ. അവിടെപ്പററി എന്റെ അജ്ഞതയും സമ്മതിച്ചുകൊള്ളുന്നു. ലാക്കമ്മിററിസമർപ്പിച്ച ബില്ലിൽ താവഴിഭാഗത്തിനുമാത്രമേ ഞങ്ങൾ വ്യവസ്ഥചെയ്തിട്ടുള്ളു. താവഴിഭാഗത്തിൽ സിലക്ട്കമ്മിററി ഒരു ഭേദം വരുത്തി. അതു ഡോക്ടർ കുഞ്ഞൻപിള്ളയുടെ ഉപദേശപ്രകാരമാണെന്നു തോന്നുന്നു. ആ ഭേദംനിമിത്തം അമ്മയും മക്കളും എല്ലാപ്പോഴും ഒരുമിച്ചായിരിക്കും. നായർറെഗുലേഷനിലെ വ്യവസ്ഥ വ്യത്യസ്തമാണു. അതിൽ പ്രായപൂർത്തിവന്ന യാതൊരാൾക്കും ഭാഗംചെയ്തുപിരിയാം. നായർ റെഗുലേഷനിൽ ഉള്ളതുപോലെ ഒരു വ്യവസ്ഥ ഈഴവബില്ലിൽ ഇല്ലാത്തതാണു എന്റെ മിശ്രദായസ്നേഹിതന്മാർ വിശ്വസിച്ചിരിക്കുന്നതു. അങ്ങനെയിരിക്കെ അവർക്കു സങ്കടത്തിനു കാരണമെവിടെ? ഈ വ്യവസ്ഥയുടെ ഗുണങ്ങൾ സൂക്ഷ്മമായി ആലോചിച്ചു നോക്കിയാൽ, നമുക്കു ഒരു മരുമക്കത്തായത്തിന്റെ ഗുണങ്ങളെല്ലാമുണ്ടെന്നും ഒരു മരുമക്കത്തായകുടുംബത്തെ കാരണവൻ ഭരിച്ചു കെട്ടുകാര്യംചെയ്തു മുതലപഹരിക്കുന്ന ദോഷങ്ങളൊന്നുമില്ലെന്നും കാണാവുന്നതാകുന്നു. എപ്പോഴെങ്കിലും കാരണവൻ കെട്ടുകാര്യം ചെയ്താൽ തറവാട്ടിലെ ശേഷം അംഗങ്ങൾക്കു അദ്ദേഹത്തെ നീക്കംചെയ്യുന്നതിനു പ്രയാസമില്ല. ഇങ്ങനെയിരിക്കെ അഭിപ്രായവ്യത്യാസം എവിടെ? മരുമക്കത്തായ സമുദായത്തിന്റെ ഗുണത്തിനു ഇതിനേക്കാൾ ഉത്തമമായ ഒന്നുചെയ്യാനില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ രണ്ടുപക്ഷക്കാർ തമ്മിലുള്ള രണ്ടു പ്രധാന തർക്കവിഷയങ്ങൾ ഇവയാണു. റെഗുലേഷനിൽ ആളോഹരിഭാഗത്തിനു വ്യവസ്ഥചെയ്തിട്ടുണ്ടെന്നും സ്വയാർജിതത്തിൽ ൪-ൽ ൧ ഓഹരിയായോ അതിൽ കുറച്ചോ അനന്തിരവർക്കു കൊടുത്തുവരുന്നതു എടുത്തു ഭാര്യാമക്കൾക്കു കൊടുക്കുന്നതു അക്രമമാണെന്നും പറയുന്നതു വെറും സങ്കല്പമാണെന്നു കാണിക്കാൻ ഞാൻ ശ്രമിച്ചു. ഇങ്ങനെ ഒരു അവകാശം ഉണ്ടാക്കിയതിനാൽ തറവാട്ടു ചിന്നിപ്പോകയില്ലെന്നും കുടുംബങ്ങളിൽ തർക്കങ്ങൾക്കും കലഹങ്ങൾക്കും പകരം സമാധാനവും ഐകമത്യവും സൌഹാർദ്ദവും ഉണ്ടായിരിക്കുമെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ ക്ഷോഭത്തെപ്പററി ഒരു സംഗതി സഭയോടു പറവാനുണ്ടു. ഞാൻ പറഞ്ഞതുപോലെയും മിസ്റ്റർ പത്മനാഭൻ സമ്മതിച്ചതുപോലെയും കമ്മിററി തെളിവെടുത്ത രീതിയെപ്പററിയും അവരുടെ ശിപാർശകളെപ്പററിയും ക്ഷോഭം ഉണ്ടായിരുന്നു. കമ്മിററിയുടെ ജോലി അവസാനിച്ചപ്പോൾ ക്ഷോഭവും ശമിച്ചു. കമ്മിററി അവരുടെ ശിപാർശകളും റിപ്പോർട്ടും ൧൦൯൮-ൽ സമർപ്പിച്ചു. ബിൽ ൧൦൯൯-ൽ ഹാജരാക്കുകയും സിലക്ട്കമ്മിററിയെ ഏല്പിക്കയുംചെയ്തു. ഈ കാലത്തു ക്ഷോഭംവലിയതാക്കുന്നതിനായി മി. സി. വി. കുഞ്ഞുരാമൻ ഒരു പത്രം ആരംഭിച്ചു. സഹായിക്കാൻ ആരുമില്ലാഞ്ഞിട്ടു പത്രംനിന്നുപോയി. ൧൦൯൭-ൽ ക്ഷോഭംവീണ്ടും തുടങ്ങി. ബിൽ രണ്ടാമത്തെ വായനയ്ക്കു എടുത്തകൌൺസിൽ യോഗത്തിന്റെ റിപ്പോർട്ടിൽ ചിലഹർജികൾവന്നതായി പ്രസ്താവിച്ചു കാണുന്നു. ൧൦൯൭-ൽ തിരുവനന്തപുരത്തുള്ള ഒരുപ്രത്യേകസ്ഥിതിയാണുണ്ടായിരുന്നതു. ചില അധികാരസ്ഥന്മാരുടെ പ്രേരണയാൽ എല്ലാവരും അറിയുന്ന ഒരുമാന്യൻ സമുദായത്തിൽ ഭിന്നത ഉണ്ടാക്കാൻ ശ്രമിക്കയും പോരിനൊരുങ്ങി ഗുരുപതാക എന്നൊരുപത്രം ആരംഭിക്കയുംചെയ്തു. ആ പത്രവും സഹായത്തിനാരുമില്ലാതെ ക്ഷണനേരത്തിൽ നിന്നുപോയി.

മി. ആർ. പത്മനാഭൻ (ഗവർമ്മെന്റുനിയമനം): നിന്നുപോയവേറെ പത്രങ്ങൾ ഉണ്ടോഎന്നു മെമ്പർ പറയുമോ?

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമനം): നിന്നുപോകുന്നപലപത്രങ്ങളുമുണ്ടു.

മി. ആർ. പത്മനാഭൻ (ഗവർമ്മെന്റുനിയമനം): പത്രങ്ങൾനിന്നുപോകുന്നതു മിശ്രദായികൾക്കു ശക്തി ഇല്ലാഞ്ഞിട്ടാണെന്നാണോ മെമ്പർ പറയുന്നതു?

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമനം): അങ്ങനെയല്ല. പത്രങ്ങൾ ശരിയായതത്വങ്ങൾ പ്രചരിപ്പിച്ചില്ലെങ്കിൽ അഭിപ്രായനിധ്യം വഹിക്കുന്നവരുടെ സഹായം ലഭിക്കാതെനിന്നുപോകും. ആ പത്രംനിന്നുപോയശേഷം ക്ഷോഭംനടത്തിക്കൊണ്ടുപോകാൻ വേറെപത്രങ്ങൾ ഇല്ലായിരുന്നു. അതിൽനിന്നുള്ള ന്യായമായ അനുമാനം സഭ ഉണ്ടാക്കിക്കൊള്ളുമല്ലോ.

മി. എം. ശിവതാണുപിള്ള (തോവാള): ഏതെങ്കിലും പത്രത്തിനു ജീവൻ ഉണ്ടോ എന്നുപറയുമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ബില്ലിനെസംബന്ധിച്ചു പൊതുജനവിരോധം ഉണ്ടായിരുന്നോ എന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമനം): അതിനെപ്പററി പറയാൻ പോകയാണു. ബിൽപാസ്സാക്കി, അതുപാസ്സാക്കിക്കാതിരിക്കാൻ മിസ്റ്റർ പരമേശ്വരൻ എല്ലാപ്പോർപൊരുതു എന്നു അന്നത്തെസഭയിൽ മെമ്പറായിരുന്നിട്ടും ഈ സഭയിലും മെമ്പറായിട്ടുള്ളവർക്ക് അറിയാമല്ലോ. അവസാനഘട്ടത്തിൽ അദ്ദേഹം ബിൽ സ്വീകരിക്കുകയെന്നും നായർ റെഗുലേഷനിലെ ഗുണകരവ്യവസ്ഥകൾ ഈഴവറെഗുലേഷനിലും ഉണ്ടാക്കുന്നതിനായി ബില്ലിന്റെ മൂന്നാമത്തെ വായന നിറുത്തിവയ്ക്കണമെന്നും അപേക്ഷിച്ചു. ഇതു സ്വരവൈപരീത്യമാണെന്നു പറയാനുള്ള

ഈഴവറെഗുലേഷനെ നായർറെഗുലേഷനെപോലെതന്നെ വിശാലമാക്കാനാണു അദ്ദേഹം ആഗ്രഹിച്ചതു. ഏതുവിധമായാലും ഈ ബുദ്ധിമുട്ടുകളെല്ലാം കഴിഞ്ഞു ബിൽപാസ്സായി. അതുപാസ്സായശേഷം മററുനിയമങ്ങളെപ്പോലെ തന്നെ അതിനെ മിക്കവാറും ഐകകണ്ഠ്യേന എല്ലാവരും അംഗീകരിച്ചു. ഈ ഈഴവറെഗുലേഷനെ ഭേദപ്പെടുത്താനുള്ള ഒരു ബിൽ ഹാജരാക്കാൻ ഭാവമുണ്ടെന്നും അതും അതുപ്രാബല്യത്തിൽവന്നു മൂന്നുമാസം കഴിയുന്നതിനുമുമ്പാണെന്നും അറിഞ്ഞപ്പോൾ എനിക്കു ആശ്ചര്യമാണുണ്ടായതു. ക്ഷോഭം എത്രത്തോളം ശമിച്ചിട്ടുണ്ടെന്നു അന്നു എനിക്കു നിശ്ചയമില്ലായിരുന്നു. ഇങ്ങനെയൊരു ബിൽഹാജരാക്കുന്നുണ്ടെന്നു തീർച്ചയായ അറിവുകിട്ടിയപ്പോൾ ക്ഷോഭം ഇനിയും നടക്കുന്നുണ്ടോ എന്നു ഞാൻ അന്വേഷണംകഴിച്ചു. മിസ്റ്റർ പരമേശ്വരനെ സഹായിച്ചു അനേകംപേരും റെഗുലേഷനെ മാനിക്കയും ഇഷ്ടപ്പെടുകയും ചെയ്യുമാത്രമല്ല റെഗുലേഷൻ അനുസരിച്ചു അവരുടെ വസ്തുക്കളെ ഭാഗത്രയായി ഓഹരിചെയ്യുകയാണെന്നു എനിക്കു മനസ്സിലായി. ഇങ്ങനെ എന്റെ പരിചയശാലയായി മിസ്റ്റർ പരമേശ്വരനെ സഹായിച്ചിരുന്ന പലരും ഇപ്പോൾ എന്റെ സഹായികളും റെഗുലേഷന്റെ അനുകൂലികളുമാകുന്നു. ഞാൻ നിയമസഭയുടെ ഈ യോഗത്തിൽ സംബന്ധിക്കുന്നതിനായി തിരുവനന്തപുരത്തു വന്നപ്പോൾ എനിക്കു സ്നേഹിതന്മാരോ ജനസ്വാധീനമോ ഇല്ലാത്ത പലസ്ഥലങ്ങളിൽ മിസ്റ്റർ പത്മനാഭന്റെ ബില്ലിനു എതിരായി യോഗങ്ങൾ കൂടുന്നുണ്ടെന്നും ഞങ്ങൾക്കു റെഗുലേഷൻവേണ്ടാ മിസ്റ്റർ പത്മനാഭന്റെ ബിൽമതി എന്നു പറയാൻ ആരുമില്ലെന്നും കണ്ടതു എനിക്കു വിസ്മയകരമായിതോന്നി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : ഈ ബില്ലിനു അനുകൂലമായി വല്ല പൊതുയോഗവും ഉണ്ടായിട്ടുണ്ടോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം) : ബില്ലിനു അനുകൂലമായി യാതൊരു പൊതുയോഗവും കൂടിട്ടില്ലെന്നു ഞാൻ മിസ്റ്റർ പത്മനാഭനോടു വാദിക്കുന്നു. മിസ്റ്റർ പത്മനാഭൻ ഈ ബിൽഹാജരാക്കാൻ ഭാവിക്കുന്നു എന്നുകേട്ടപ്പോൾ അദ്ദേഹത്തെ അതിൽനിന്നു പിരമിപ്പിക്കണമെന്നു ഞാൻ വിചാരിച്ചു. എന്തെന്നാൽ അതു താൻ ഹാജരാക്കുകയില്ലെന്നു അദ്ദേഹം എന്നോടു വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നു. പിന്നീടു ഈ ബിൽ ഹാജരാക്കുന്നതിന്റെ ഉത്തരവാദിത്വം അദ്ദേഹം ഏറെറടുത്തിരിക്കുന്നു. മിസ്റ്റർ മാധവൻപിള്ള ചോദിച്ചതുകൊണ്ടു ഞാൻ ഇതു പറയുന്നതാണു. പിന്നെ ഈ ബിൽ ഹാജരാക്കാതിരിപ്പിക്കുന്നതിനു സാദ്ധ്യമായ ശ്രമങ്ങളെല്ലാം ചെയ്യും. താൻ ഒരു ഭാഗത്തുമില്ലെന്നു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താം എന്നു ഞാൻ അദ്ദേഹത്തിനു എഴുതിഅയച്ചു. അദ്ദേഹത്തിന്റെയും എന്റെയും താല്പര്യങ്ങൾ പകയിലാകാതെ ഒരുമിച്ചുപോകണമെന്നു വിചാരിച്ചു. ഇവരാണല്ലോ മിത്രഭാഷികളുടെ പ്രധാനതാല്പര്യക്കാർ. പൊതുജനാഭിപ്രായം തനിക്കു അനുകൂലമല്ലെന്നു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താമെന്നു ഞാൻ വാഗ്ദാനംചെയ്തു. എന്നുതന്നെയോ എന്റെ വാഗ്ദാനം അദ്ദേഹം സ്വീകരിച്ചില്ല. ഞാൻ ഇങ്ങനെ വാഗ്ദാനംചെയ്തിട്ട കയ്യൊഴിയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ സഭയുടെ തീർപ്പുതെററാണെന്നും വല്ലതും രണ്ടാമതു നടത്തേണ്ടതാണെന്നും തെളിയിക്കേണ്ടതു അദ്ദേഹത്തിനാണ്. തെററുണ്ടായിട്ടുണ്ടെന്നു അദ്ദേഹമാണ് തെളിയിക്കേണ്ടതു. ഇതു ഒരു കോടതിയിൽ പുനർവിചാരണ ചെയ്യിപ്പിക്കുന്നതുപോലെയാണ്. ഒരുകോടതിയിൽ പുനരിനു അപേക്ഷിക്കുമ്പോൾ അപേക്ഷകൻ വിധി തെററിപ്പോയിട്ടുണ്ടെന്നു കാണിക്കണം. അപേക്ഷ കൊടുക്കേണ്ടതു വിധിച്ചിട്ടുള്ള കോടതിമുമ്പാകെയുമാണ്. ഏതായാലും തെളിവിന്റെ ഭാരം ഞാൻ വഹിക്കാമെന്നു പറഞ്ഞതു അദ്ദേഹം സമ്മതിച്ചില്ല. എന്തുകൊണ്ടെന്നു എനിക്കു അറിഞ്ഞുകൂടാ. സമുദായത്തിൽ ഇപ്പോൾ ഉള്ള അഭിപ്രായമാററം നിമിത്തം ഫലമെന്തായിരിക്കുമെന്നു അദ്ദേഹത്തിനുതന്നെ നിശ്ചയമില്ലാഞ്ഞിട്ടാണെന്നാണ് ഞാൻ ഗ്രഹിച്ചിട്ടുള്ളതു. എനിക്കു അത്രയേ പറയാൻ കഴികയുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : റെഗുലേഷന്റെവ്യാപ്തിയിൽ നിന്നു ഒഴിവാക്കുള്ള നിബന്ധനയെപ്പററി മെമ്പർക്കു എന്താണ് പറയാനുള്ളതു?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം) : സഭയിൽ വാദം മുറുകിവന്നപ്പോൾ ഞങ്ങളുടെ ചില സ്നേഹിതന്മാരുടെ ഉപദേശപ്രകാരം അങ്ങനെയൊരു നിബന്ധന ചേർക്കാനിടവന്നതാണ്. ൯൨-ാം വകുപ്പുപ്രകാരം ഒരു വകുപ്പു ആവശ്യമാണെന്നു അവർ പറഞ്ഞു, ആ വകുപ്പിനു ഞങ്ങൾ എതിർപറഞ്ഞു എങ്കിലും ൯൨-ാം വകുപ്പു പാസ്സാക്കി. ആ വകുപ്പിൻപ്രകാരം മക്കത്തായികളാകാൻ മനസ്സില്ലാത്ത മരുമക്കത്തായികൾക്കു റെഗുലേഷൻ പ്രാബല്യത്തിൽ വന്നു ആറുമാസങ്ങൾക്കുള്ളിൽ അതിൽനിന്നു ഒഴിവാക്കികിട്ടാൻ അപേക്ഷിക്കാം. ഒരൊററ അപേക്ഷപോലും ഇതുവരെ വന്നിട്ടില്ല. വേറൊരു റെഗുലേഷൻ പാസ്സാക്കാൻ ഇടയുള്ളതുകൊണ്ടു ആരും അപേക്ഷകൾ കൊടുക്കാത്തതാണെന്നു പറയാൻ പാടില്ല. ഈഴവസ്ത്രീകൾക്കു കോടതികളിൽ പോകാൻ മനസ്സില്ലാഞ്ഞിട്ടും അല്ല, സ്ത്രീകൾ രജിസ്ത്രാഫീസിൽപോകും, അവർ സിവിൾകോടതികളിൽപോകും. അവർക്കു ഹർജികൾ ബോധിപ്പിക്കയും കോടതികളിൽ ഹാജരായി സത്യത്തിന്മേൽ മൊഴികൊടുക്കാനില്ലാത്തപക്ഷം വക്കീലന്മാർക്കു വക്കാലത്തുകൊടുക്കയും ചെയ്യാം. സ്ത്രീകൾ കോടതികളിൽ പോകേണ്ടിവരുന്നതുകൊണ്ടു ഇതുവരെ അപേക്ഷകൾ കൊടുക്കാത്തതാണെന്നു പറയുന്നതു ഭോഷ്ക്കാണ്.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ) : വക്കീലന്മാരെ ഏല്പ്പിക്കുന്നതിനും വക്കാലത്തുകൊടുപ്പാനും ചെലവില്ലയോ എന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം) : ഈ കേസുകൾ നടത്തിക്കൊണ്ടുപോകുന്നതിനായി ശതക്കണക്കിനും സഹസ്രക്കണക്കിനുമാത്രമല്ല ചെലവു ചെയ്യുന്നുണ്ടെന്നാണ് എന്റെ അറിവ്. വക്കീലിനെ ഏല്പ്പിക്കുന്നതിനു അധികം ചെലവില്ല. അതിനു വേണ്ടുന്ന പണവും വേണമെങ്കിൽ ഉണ്ടാകും. യഥാർത്ഥമായി സങ്കടമുള്ളവർക്കു വക്കീലിനെക്കൊടുക്കാനുള്ള പണം ഉണ്ടാക്കാൻ കഴിയാതിരിക്കയില്ല. ഇതിനു സ്ഥലത്തെ പ്രധാനവക്കീൽ വേണമെന്നില്ല. വക്കീലായി ചെയ്യാൻ സന്നതുള്ള ഏതുവനും വക്കാലത്തു സ്വീകരിച്ചു ഹർജിബോധിപ്പിക്കാവുന്നതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക) : ഈ വൈമുഖ്യം ചെലവുവഹിപ്പാൻ ത്രാണിയുള്ളവർക്കുമാത്രമാണോ ഉള്ളതു അതോ എല്ലാനിലയിലുമുള്ളവർക്കും ഈ വൈമുഖ്യം ഉണ്ടോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം) : ഒരുനിലക്കാർക്കും ഇല്ലെന്നാണ് ഞാൻ ബോധിപ്പിക്കുന്നതു. വീട്ടിൽതന്നെ, അകത്തുനിന്നു പുറത്തിറങ്ങാതെ വക്കാലത്തു എഴുതികൊടുക്കാൻ കഴിയും, എല്ലാസമുദായക്കാരും ചെയ്യുന്ന ഒരുസംഗതിയാണതു. നമ്പൂതിരിസ്ത്രീകൾ ആധാരമെഴുതികൊടുക്കാറുണ്ട്. അങ്ങനെതന്നെ

മങ്ങളുമാകളും. പിന്നെ പ്രയാസം എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. കഴിവുള്ളവർക്കു വീട്ടിൽവച്ചുതന്നെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിവും കഴിവില്ലാത്തവർ രജിസ്ട്രാഫീസിൽ പോയി രജിസ്റ്റർ ചെയ്തുകൊടുക്കണം. അതുകൊണ്ടു പറയുന്ന സമാധാനം കളുവാണ്. പൊതുജനാഭിപ്രായം അനുകൂലമല്ലെന്നുള്ള സംഗതി വാദത്തെ ഖണ്ഡിക്കുന്നതാണ്. മിസ്റ്റർ ശങ്കരൻചാന്നാരെപ്പറ്റി എന്റെ സ്നേഹിതൻ പറകയുണ്ടായി. അദ്ദേഹം ഒരു മാന്യമായ തറവാട്ടിൽ കാരണവനാണ്. ആ തറവാട്ടിന്റെ ഒരു താവഴി സ്വത്തുക്കൾ ചില ആളുകൾക്കു മുമ്പു രജിസ്ട്രാധാരപ്രകാരം ആധാരം ഭാഗം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അദ്ദേഹവും അനന്തിരവരും കൂടി തറവാട്ടുതന്നെ ഭാഗം ചെയ്യാൻ സ്വതന്ത്രരായിരിക്കയാണെന്നു അദ്ദേഹത്തിന്റെ ചില അനന്തിരവർ എന്നോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഈ ബില്ലു റഗുലേഷന്റെ ഭാഗമാകാൻ ഇടയുണ്ടെന്നു കേട്ടപ്പോൾ ഭാഗം കൂടാതെ കഴിക്കാമെന്നാണ് അദ്ദേഹം വിചാരിച്ചത്.

ഭാഗം എല്ലാ കാരണവന്മാർക്കും സങ്കടമായിരിക്കും. എന്തെന്നാൽ തറവാട്ടു സ്വത്തുക്കളെല്ലാം അവരുടെ കൈവശത്തിലും അധീനത്തിലും അവരുടെ ആദായം അവരുടെ ഇഷ്ടംപോലെ വിനിയോഗിക്കാവുന്നതും ആകുന്നു. ഭാഗം സംബന്ധിച്ച ഈ വ്യവസ്ഥയനുസരിച്ചും ഈ അവകാശങ്ങൾ പൊയ്പോകുന്നതു അവർക്കു സങ്കടമായിരിക്കും. അവരുടെ അവകാശങ്ങൾക്കു ഹാനിവരുത്തുകയോ അവർക്കു യാതൊരു ഉപദ്രവവും ഉണ്ടാക്കുകയോ ചെയ്യാതിരിക്കണമെങ്കിൽ ഭാഗത്തെപ്പറ്റി യാതൊരു നിബന്ധനയും ഉണ്ടാക്കരുതു. ഞങ്ങൾക്കു നമ്പൂതിരി സമുദായത്തിൽനിന്നുള്ളതുകൊണ്ടു റഗുലേഷൻ പാസ്സാക്കിയതിനെപ്പറ്റി ഖേദമുള്ള അനേകം കാരണവന്മാർ ഉണ്ട്. അനേകലക്ഷം രൂപ വിലയുള്ള സ്വത്തുക്കൾ കൈവശമുള്ള ധനികന്മാർ അഞ്ചോ ആറോ ആയിരമോ മാത്രം രൂപ വിലയുള്ള ആളുകളുടെ സ്ഥിതിയിലായിപ്പോകും. ഇതു യഥാർത്ഥ സങ്കടംതന്നെയായിരിക്കും. നിയമം അധികം ആളുകളുടെ അധികം ഗുണം ഉദ്ദേശിച്ചാകകൊണ്ടു അങ്ങനെയുള്ള സങ്കടത്തിനു പരിഹാരമുണ്ടാക്കാൻ നിവൃത്തിയില്ല. എന്റെ സ്നേഹിതൻ പറഞ്ഞപ്രകാരം ഒരു തറവാട്ടിൽ ൩൦൦ ആളുകൾ ഉണ്ടെന്നുവരാം. തറവാട്ടുകാര്യങ്ങൾ നടത്തുകയും തറവാട്ടുമുതൽ കൈകാര്യം വഹിക്കയും ചെയ്യുന്ന കാരണവന്റെ ഗുണത്തെയല്ല ശേഷം ഉള്ള അംഗങ്ങളുടെ ഗുണത്തെയാണ് നാം നോക്കേണ്ടതു. അതുകൊണ്ടു ഭാഗസംഗതി നോക്കിയാലും ദായക്രമസംഗതി നോക്കിയാലും എന്റെ സ്നേഹിതന്റെ തർക്കത്തിനു യാതൊരു കാരണവും ഇല്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

എന്നുമാത്രമല്ല ഈ സംഗതികളെല്ലാം കഴിഞ്ഞ സഭയിൽ ദീർഘമായ വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ളതാണ്. അതു ഈ സഭയ്ക്കു ബാധകമല്ലെന്നു എന്റെ പ്രൊഫസ്സർ മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ പറയുന്നു. ബാധകമല്ലെന്നു എനിക്കും നിശ്ചയമുണ്ട്. അതിനെപ്പറ്റി വാദമില്ല. എന്നാൽ സഭ തീർച്ചയാക്കിയ ബില്ലുകളെല്ലാം പുനരാലോചന ചെയ്യുന്ന കാര്യം സാധ്യമല്ല. അങ്ങനെയായാൽ ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്ന അനേകം നിയമങ്ങൾ ഇതു പ്രമാണമാക്കി ഭേദപ്പെടുത്താൻ ആലോചനകൾ ഉണ്ടാകും.

സാമുദായിക നിയമനിർമ്മാണത്തെപ്പറ്റി ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. അതിനെപ്പറ്റി അധികം പറഞ്ഞിട്ടാവശ്യം ഇല്ല. പ്രെസിഡന്റും മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരും ഒരുപ്രമാണം പ്രസ്താവിച്ചതു തിരുവിതാംകൂർ ഗവൺമെന്റോ നിയമസഭയോ സ്വീകരിച്ചിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ലെന്നു സവിനയം പ്രസ്താവിച്ചുകൊള്ളുന്നു. നമുക്കു അനേകം സാമുദായിക നിയമങ്ങൾ ഉണ്ട്. ജനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ നിയമങ്ങളും സാമുദായികങ്ങളാണ്. എല്ലാവരും അവയിലെ വ്യവസ്ഥകൾ സ്വീകരിച്ചു അനുസരിച്ചു നടക്കണമെന്നുള്ളടത്തോളം അവ നിർബന്ധനിയമങ്ങൾ അല്ലെന്നു പറവാനും സാധിക്കയില്ല. ഒരു പ്രത്യേക സമുദായത്തെ ബന്ധിക്കുന്നതാണ് സാമുദായിക നിയമം എന്നു നാം പറഞ്ഞുവരുന്നു. സാരാംശത്തിൽ എല്ലാ നിയമങ്ങളും ആ തരത്തിൽ ഉള്ളവയാണ്. അതിന്റെ കൂടുതൽ അർത്ഥത്തിലും സാമുദായികം എന്നു പറയാവുന്ന അനേകം നിയമങ്ങൾ തിരുവിതാംകൂറിലും ബ്രിട്ടീഷിന്ത്യയിലും പാസ്സാക്കപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂറിൽ ക്രിസ്ത്യൻ പിന്തുടർച്ചറഗുലേഷനും നായർ റഗുലേഷനും ഉണ്ട്. ഇന്നലെ മിസ്റ്റർ അയ്യങ്കാർ—

മി. എസ്. ഈശ്വരയ്യർ (ഗവൺമെന്റു നിയമനം): നടപടിക്രമത്തെപ്പറ്റി ഒന്നു പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരുടെ നിർദ്ദേശം അനുസരിച്ചു അദ്ദേഹത്തെപ്പറ്റി മിസ്റ്റർ അയ്യങ്കാർ എന്നു പറയരുതെന്നു പ്രെസിഡന്റു ഒരിക്കൽ കല്പിച്ചിട്ടില്ലയോ?

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): ഞാൻ മാപ്പു ചോദിക്കുന്നു. ഞാൻ ആക്ഷേപമായിട്ടല്ല പറഞ്ഞതു. ഞാൻ ആക്ഷേപമായിട്ടല്ല പറഞ്ഞതെന്നു എന്റെ പ്രൊഫസർക്കുതന്നെ അറിയാം. അതൊരു അബദ്ധം വന്നുപോയതാണ്. ആദ്യം ഞാൻ അദ്ദേഹത്തെപ്പറ്റി പറഞ്ഞതു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരെന്നാണ്. എന്നെ ഓർമ്മപ്പെടുത്തിയതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

എത്രയോ നിയമങ്ങൾ ഉണ്ട്. ഉദാഹരണമായി നായർ റഗുലേഷൻ ഉണ്ട്. ക്രിസ്തീയ പിന്തുടർച്ചറഗുലേഷൻ ഉണ്ട്. ഇന്നലത്തെ നാഞ്ചിനാട്ടു വെള്ളാളബില്ലും ഉണ്ട്. മനസ്സില്ലാത്ത അല്പപക്ഷത്തെ നിർബന്ധിച്ചു ഒരു സാമുദായിക നിയമത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തരുതെന്നുള്ള പ്രമാണത്തിനു മിസ്റ്റർ പത്മനാഭനും മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരും അനുകൂലികളാണെങ്കിൽ നാഞ്ചിനാട്ടു വെള്ളാളബില്ലിൽ മിസ്റ്റർ ശിവതാണുപിള്ള കൊണ്ടുവന്ന ഭേദഗതിയെ അവർ അനുകൂലിച്ചതു ഒട്ടുംതന്നെ ശരിയായില്ല. ആ ഭേദഗതിക്കു അല്പപക്ഷക്കാർ മനസ്സുള്ളവരല്ല. അതൊരു രാജി ആയിരുന്നു. ആ നിലയിലാണ് എന്റെ പ്രൊഫസർ അതു സ്വീകരിച്ചതു. ആ നിലയിൽ ഞാനും അതു സ്വീകരിച്ചു. മിശ്രദായസമുദായത്തിൽ അനുകൂലികളല്ലാത്തവർക്കു വേണ്ടിയാണ് അങ്ങനെയൊരു വ്യവസ്ഥ നമ്പ്രം വകുപ്പിൽ ചേർത്തിട്ടുള്ളതു. ഈഴവറഗുലേഷനിൽ അവർക്കുവേണ്ടി ഉണ്ടാക്കീട്ടുള്ള വ്യവസ്ഥയെപ്പറ്റി സങ്കടം പറവാൻ മിശ്രദായികൾക്കു യാതൊരു കാരണവുമില്ല.

ഈ ഭേദഗതി പാസ്സാക്കിയാൽ സമുദായം രണ്ടായിഭിന്നിച്ചുപോകുമെന്നുള്ളതാണ് യഥാർത്ഥസങ്കടം. അതായിരിക്കും പരിതാപകരം. പരവൂർമുതൽ കന്യാകുമാരിവരെ ഇതിനെപ്പറ്റി ജനങ്ങളുടെ ഇടയിൽ ക്ഷോഭമുണ്ട്. ൩൦൦ ആളുകൾ ഒപ്പിട്ട ഒരു ഹർജി കൊടുത്തിട്ടുള്ളതിനെപ്പറ്റി മിസ്റ്റർ പത്മനാഭൻ പറകയുണ്ടായി. ൭ ലക്ഷം ജനങ്ങളുടെ ഇടയിൽ ൩൦൦ ആളുകൾ എന്തുള്ളു? സമുദായത്തിനു സംഭവിച്ചേക്കാവുന്ന വിപത്തിനെപ്പറ്റി അറിവാൻ ൫൦൦൦ ആളുകൾ ഇവിടെ പുറത്തു ഇപ്പോൾ വാഞ്ഛയോടെ നില്പുണ്ട്. ഏതു

കളും ഒരു മാന്യൻ ഒപ്പുകൾ സാക്ഷ്യപ്പെടുത്താൻ ഒരുക്കമുണ്ടെങ്കിൽ ഈ ബില്ലിനു പ്രതികൂലക്കാരായ ൨൦൦൦ ആളുകളുടെ ഒപ്പു ഇതു സംബന്ധമായി ഞാൻ സമ്പാദിച്ചുകൊണ്ടുവരാം. ഹർജിയിലെ ഒപ്പുകൾ മിസ്റ്റർ പത്മനാഭന്റെ മുമ്പാകെ ഇട്ടതായിരിക്കാം. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല.

ഈഴവബില്ലിനു വിരോധമായി ഒരു കക്ഷി ഇല്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. നിയമസഭയിൽതന്നെ ഒരു കക്ഷി ഉണ്ടായിരുന്നു. എല്ലാ നിയമങ്ങൾ സംബന്ധിച്ചും ഇങ്ങനെ കക്ഷി ഉണ്ടാകും. ഉദാഹരണമായി ക്രിസ്ത്യൻപിന്തുടർച്ചബില്ലിനെപറ്റി വലിയ വഴക്കുണ്ടായിരുന്നു. തിരുവിതാംകൂർ മുഴുവനും അതിനെപ്പറ്റി ക്ഷോഭം ഉണ്ടായി. നല്ല വിദ്യാഭ്യാസമുള്ള ഒരു കക്ഷിക്കായിരുന്നു വലിയ അതൃപ്തി. എല്ലാം കഴിഞ്ഞു അവർ നിയമത്തിനു വഴിപ്പെട്ടു. അതിന്റെ ഫലമെന്താണ്? മിസ്റ്റർ മാമ്മൻമാപ്പിള അതിനെപറ്റി പലപ്രാവശ്യം പറഞ്ഞിട്ടുണ്ടു. സാമുദായികനിയമനിർമ്മാണത്തെപറ്റി പ്രസംഗിച്ചപ്പോൾ ഇന്നലെയും അദ്ദേഹം ഒരു ഉദാഹരണമായി എടുത്തു ആ റഗുലേഷനിലെ ചില വ്യവസ്ഥകളെപറ്റി എത്രമാത്രം വിരോധമുണ്ടായിരുന്നു എന്നു പറഞ്ഞു. അവസാനത്തിൽ അതു ആ സമുദായത്തിനു ഒരു അനുഗ്രഹമായിട്ടാണു പരിണമിച്ചിട്ടുള്ളതു. ചിലർ പ്രവചിച്ച വിപത്തുകൾ ഒന്നും സംഭവിച്ചിട്ടില്ല. അപ്രകാരംതന്നെ നാം ഉണ്ടാക്കിയ വ്യവസ്ഥ വളരെ കാലമായാണ്. ഇതിൽ എത്രമാത്രം അധികാരം ചെയ്യാവുന്നതായിരുന്നു. ഈഴവാറഗുലേഷൻ പരിശോധിച്ചാൽ നായർ റെഗുലേഷനിൽ ഉള്ളതുപോലെ അവകാശവിവരണം ഇല്ലെന്നു കാണാം. ഇപ്പോഴുള്ള മക്കളെ ഒഴിച്ചാൽ ഒരാൾക്കുമാത്രം അവകാശികൾ. അതുകൊണ്ടു തന്റെ ഏതെങ്കിലും ഈ റഗുലേഷൻ പരിഷ്കരിപ്പിക്കുമെന്നു ഒരു മരുമക്കത്തായിയും ഭയന്നിട്ടാവശ്യമില്ല.

സമുദായം ഭിന്നിച്ചുപോകുമെന്നുള്ളതാണു ഈ ഭേദഗതിബില്ലിനെപറ്റിയുള്ള വലിയ സങ്കടം. ഞാനതാണ് ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. അതിനൊരു പ്രത്യേക കാരണമുണ്ടു. മിസ്റ്റർ രാമസ്വാമി അയ്യങ്കാർ തന്റെ കയ്യിൽ ഉള്ള ഏതോ ഹർജിയെ സൂചിപ്പിക്കുന്ന ചിലരുടെ അഭിമതിയെപറ്റി പ്രസ്താവിച്ചുവല്ലോ.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആ: അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): സമുദായത്തിൽ ഭിന്നത ഉണ്ടാകുന്നതു എങ്ങനെയാണെന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): അതാണു ഞാൻ പറയാൻപോകുന്നതു. പ്രജാസഭാനടപടികളെ ശ്രദ്ധിച്ചിട്ടുള്ളവർ ഈ സഭയിലും പ്രജാസഭയിലും മിശ്രദായികൾക്കു പ്രത്യേക പ്രാതിനിധ്യം അനുവദിക്കണമെന്നു ഈ ബില്ലിന്റെ അനുകൂലികളിൽ ഒരു പ്രമാണി ആവശ്യപ്പെട്ടതു കണ്ടുകാണുമല്ലോ. യഥാർത്ഥത്തിൽ പ്രതിനിധിസ്ഥാപനങ്ങളിലെല്ലാം മിശ്രദായികൾക്കാണു സ്ഥിരപ്രാതിനിധ്യം ഉണ്ടായിരുന്നതു. ചാക്കമ്മിറ്റിയിൽ രണ്ടു ലക്ഷം ജനങ്ങളുടെ പ്രതിനിധികളായി മൂന്നു മിശ്രദായികൾ ഉണ്ടായിരുന്നു. അഞ്ചുലക്ഷം മക്കത്തായികളുടെ പ്രതിനിധികളായും മൂന്നുപേർമാത്രമേ ഉണ്ടായിരുന്നുള്ളു. കഴിഞ്ഞമൂന്നു നിയമസഭകളിൽ, മിസ്റ്റർ കൃഷ്ണൻനായരുടെ സഭ, കഴിഞ്ഞസഭ, ഈ സഭ ഇവ മൂന്നിലും ഞങ്ങൾക്കു അഞ്ചു മെമ്പർമാർ ഉണ്ടായിരുന്നു. ഈ അഞ്ചു മെമ്പർമാരും മിശ്രദായികളാണു മി. കുമാരൻആശാൻ, മി. പരമേശ്വരൻ, മി. ഗോവിന്ദൻ, മി. പത്മനാഭൻ, ഞാൻ ഈ അഞ്ചുപേരും മിശ്രദായികളാണു. സമുദായത്തിന്റെ ഒരു ഭാഗത്തിന്റെയോ ഒരു താലൂക്കിന്റെയൊ പ്രാതിനിധ്യം ഇതുവരെ അവകാശപ്പെട്ടിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ മക്കത്തായികളും പ്രത്യേക പ്രാതിനിധ്യം അവകാശപ്പെടാൻ ഇടയുണ്ടെന്നു മി. കുമാരനു തോന്നുന്നില്ലയോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): ഇടയുണ്ടു. ഈ തത്വം അനുവദിച്ചാൽ താലൂക്കുകൾ പ്രാതിനിധ്യംതന്നെ ജനങ്ങൾ അവകാശപ്പെടാൻ ഇടയുണ്ടു. നാം മാതൃവഴിവിട്ടു പിതൃവഴിയിലേക്കും മരുമക്കത്തായത്തിൽനിന്നു മക്കത്തായത്തിലേക്കും ചെറിയ സംഘംവിട്ടു വലിയ സംഘത്തിലേക്കും പോകയാണു. കാലം ചെല്ലുന്തോറും നമ്മുടെ അഭിപ്രായങ്ങൾ അധികമധികം സാമുദായികമായിട്ടാണു വരുന്നതു. സമുദായത്തെ രണ്ടായി പിരിക്കുന്നതു ഒരു സമയം യോഗ്യമല്ല. അതാണ് ഞങ്ങളുടെ പ്രധാനസങ്കടം.

ഏഴുലക്ഷം ആളുകൾക്കുവേണ്ടി വാദിക്കുവാൻ ഇവിടെ ഞാൻമാത്രമേയുള്ളു. ഇവിടെ ൨൦ ലക്ഷം ജനങ്ങളുടെ പ്രതിനിധികളായി ൩൫ അനുദ്യോഗസ്ഥമെമ്പർമാരുണ്ടു. എന്നാൽ എന്റെ സമുദായത്തിൽ ൭ ലക്ഷം ജനങ്ങൾ ഉണ്ടു. അവരുടെ അഭിപ്രായങ്ങൾ അറിയിക്കാൻ ഒരു മെമ്പർ മാത്രവും. ആ സമുദായം ഭിന്നിച്ചുപോകാതെയും അതിനു യാതൊരു ഉപദ്രവം നേരിടാതെയും സൂക്ഷിക്കുന്നതു ഈ സഭയുടെ ഉത്തരവാദമാണ്. സമുദായത്തിന്റെ എല്ലാ ഭാഗങ്ങളും സമാധാനത്തിലും യോജിപ്പോടും അഭിവൃദ്ധിപ്പെടാനുള്ള മാർഗ്ഗങ്ങളാണ് പ്രബലതയിൽ ഇരിക്കുന്ന ഈഴവറെഗുലേഷനിൽ അടങ്ങിയിട്ടുള്ളതു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഓരോ താലൂക്കുകളിലെയും നിവാസികൾ പ്രത്യേകം പ്രാതിനിധ്യം അവകാശപ്പെടാൻ ഇടയുള്ളതുകൊണ്ടു സമുദായം ഭിന്നിച്ചുപോകുമെന്നാണോ മെമ്പർ പറയുന്നതു?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): നാം രാജ്യകാര്യങ്ങളിൽ അധികമധികം ആസക്തിയുള്ളവരായി തീരുന്നതുകൊണ്ടാണ്, കൃസ്ത്യസമുദായത്തിന്റെ രാജകാര്യാസക്തി വർദ്ധിച്ചതിനാൽ പലവിഭാഗങ്ങളായി പിരിഞ്ഞിരിക്കുന്നു. ഒരു വിധം നോക്കിയാൽ ഗുണമാണെങ്കിലും വേറൊരുവഴിനോക്കിയാൽ ദോഷമാണ്. ഐക്യതയിൽ ഇരിക്കുന്ന സമുദായത്തിൽ ഭിന്നത ഉണ്ടാകാൻ ഇടകൊടുക്കരുതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രാതിനിധ്യകാര്യം ആലോചിക്കാതെ സമുദായം പലമായക്രമങ്ങൾ അനുസരിക്കുന്നതുകൊണ്ടു ഭിന്നത ഉണ്ടാകുമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): ഉവ്വ്. അതുകൊണ്ടുതന്നെയാണ് ഏഴു ലക്ഷം ജനങ്ങളും സ്വീകരിക്കത്തക്ക ഒരു വ്യവസ്ഥ ഉണ്ടാക്കാൻ ഞങ്ങൾ ആഗ്രഹിച്ചതു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഈ ബിൽ പാസ്സായാൽ പലതരം വ്യവസ്ഥകൾ ഉണ്ടായിരിക്കുന്നതു എങ്ങനെയാണെന്നു പറയുമോ?

മി. എൻ. കുമാരൻ (ഗവണ്മെന്റുനിയമനം): സമുദായത്തിൽ രണ്ടു വ്യക്തമായ ഭാഗങ്ങൾ ഉണ്ടെന്നും അവർതമ്മിൽ വിവാഹബന്ധമില്ലെന്നും മി. പത്മനാഭൻ പ്രത്യേകമായി പറഞ്ഞുവല്ലോ.

മി. കല്ലൂർ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴത്തെ റെഗുലേഷൻപ്രകാരവും മിശ്രദായികൾക്ക നിയമവ്യാപ്തിയിൽനിന്ന് ഒഴിഞ്ഞു രജിസ്റ്റർ ചെയ്യാമല്ലൊ. അപ്പോഴും ഭേദഗതികൾ ഉണ്ടായിരിക്കയില്ലേ?

മി. എൻ. കുമാരൻ (ഗവണ്മെന്റനിയമനം): മിശ്രദായികൾ എങ്ങനെയൊക്കെ ഉണ്ടായിരിക്കയില്ലെന്ന എനിക്ക നിശ്ചയമുള്ളതല്ലാത്തതാണ്. വേറൊരു വ്യവസ്ഥ ചെയ്തു. ൩൩-ാം വകുപ്പുപ്രകാരം ഒഴിഞ്ഞുപോയവർക്ക വീണ്ടും അതംഗീകരിച്ചു ഒഴിഞ്ഞുപോയതു ഉർജ്ജിതപ്പെടുത്താം. ഇങ്ങനെ ഒരു ഉപായം മുഖേനയും ഇടയുണ്ട്. ആ വ്യവസ്ഥ ഒരു പ്രത്യേക വ്യത്യസ്തസംഗതിയായിട്ടാണ് ചെയ്തിട്ടുള്ളത്. ഒരു കുടുംബത്തിൽ ഒരാൾക്കു മിശ്രദായം വേണമെന്നുണ്ടാകാം. പിന്നീട്ട മക്കളാരും അതു ഗ്രഹിക്കാം. ഇതിനു ൩൧-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

മി. കല്ലൂർ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). പുതിയ ബില്ലുപ്രകാരം മക്കത്തായം വേണമെന്നുള്ളവർ മരുമക്കത്തായം സ്വീകരിക്കാം. കുടുംബാംഗങ്ങൾ എല്ലാവരും റെഗുലേഷനിൽ ഉൾപ്പെട്ട രജിസ്റ്റർചെയ്യുന്നതിൽ രണ്ടുപക്ഷക്കാർ ഉണ്ടാകുകയില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): മതക്രമവ്യത്യാസമുണ്ട്, കുടുംബാചാരവ്യത്യാസമുണ്ട്. സമുദായത്തിന്റെ ഐക്യതയെ ധ്വംസനം ചെയ്യുകയെന്നുള്ളതിനു ഞാൻ ഒരുങ്ങുന്നതില്ല. ആയതു മിസ്റ്റർ പരമേശ്വരൻ സമ്മതിക്കുന്നുണ്ട്. മിസ്റ്റർ പരമേശ്വരന്റെ അഭിപ്രായം തെറ്റാണെന്നു ഒരു മെമ്പർക്കും പറയുന്നതിനു വിരോധമില്ല. ആ അഭിപ്രായം സ്വീകരിച്ചാൽ വിപത്താണു ഫലം.

മി. കല്ലൂർ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇതാണ്. ഇപ്പോഴത്തെ നിയമപ്രകാരം ഏതു ഈഴവനും അതിന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞുപോകാം. അങ്ങനെ ചെയ്യുമ്പോൾ രണ്ടു കക്ഷികൾ ഉണ്ടാകും. പുതിയ ബില്ലുപ്രകാരം ഏതു ഈഴവനും നിയമത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടാം. അങ്ങിനെ ചെയ്താലും രണ്ടുകക്ഷികൾ ഉണ്ടാകും.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ഇപ്പോഴത്തെ റെഗുലേഷന്റെ ൩൩-ാം വകുപ്പുപ്രകാരം ഒഴിവാകാനുള്ള ഹർജികൾ അധികം ഉണ്ടാകുന്നില്ലെന്നാണു ഞങ്ങളുടെ പ്രതീക്ഷ. മിസ്റ്റർ പരമേശ്വരനെപ്പോലെ ഹർജി ബോധിപ്പിക്കാൻ സാധിക്കയില്ല. മരുമക്കളും മിശ്രദായം വേണമെന്നുള്ളവരായിരിക്കും. ശേഷമുള്ളവർ മക്കത്തായം വേണമെന്ന പറയും. ഇതുകൊണ്ടാണു ആ വ്യവസ്ഥ ചെയ്തത്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം ടൌൺ): മിശ്രദായികൾ ഇല്ലാതെയായിപ്പോകുമെന്നാണു നിങ്ങളുടെ വിചാരം?

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ഇല്ല്, അവർ ഇല്ലാതെയായിപ്പോകും. ഈ രണ്ടുകാരണങ്ങളാൽ ബില്ല് തള്ളിക്കളയണമെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, മിസ്റ്റർ പരമേശ്വരന്റെ ബില്ലിലെ വ്യവസ്ഥ എളുപ്പവും പ്രത്യക്ഷത്തിൽ ന്യായവും ആകുന്നു. അതിനാണ് ഇപ്പോഴത്തെ നിയമം ആ സമുദായത്തിന്റെ ഒരു ഭാഗം പുത്രമക്കത്തായം ആചരിച്ചു വരുന്നവരായാലും, സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നു. എന്നാൽ അതിന്റെ വ്യാപ്തിയിൽ ഉൾപ്പെടാൻ അവർക്ക ആഗ്രഹമില്ലെങ്കിൽ അങ്ങനെ അനുവദിക്കുന്നതിനു എന്താണു വിരോധം? ഇതിനെ എതിർക്കുന്ന ഉദ്ദേശം എന്തായിരിക്കണമെന്ന ഇന്നു രാവിലെ തന്നെ സവിശേഷമായി വിവരിച്ചു കേട്ടപ്പോൾ ഈ ബിൽ പാസ്സാക്കിയാൽ എന്താണു ദോഷമെന്നു ഞാൻ ആലോചിപ്പാൻ തുടങ്ങി. എന്നാൽ കാര്യം വിചാരിച്ചതുപോലെ ലഘുവല്ലെന്നു അപ്പോൾ എനിക്ക മനസ്സിലായി.

ബില്ലിന്റെ ഫലമെന്തായിരിക്കുമെന്നു പരിശോധിച്ചു നോക്കാം. റെഗുലേഷനും പരിശോധിച്ചു അതിനെ ഈ ബില്ലിൻപ്രകാരം ഭേദപ്പെടുത്തിയാലുള്ള ഫലവും എന്താണെന്നു നോക്കാം. എന്നാൽ അതിനുമുമ്പായി മിസ്റ്റർ കല്ലൂർ പരമേശ്വരൻപിള്ളയുടെ ഒരു ചോദ്യത്തിനു മറുപടി പറയാം. റെഗുലേഷൻ ഭേദപ്പെടുത്തിയാലും ഇല്ലെങ്കിലും സമുദായത്തിൽ ഭിന്നത ഉണ്ടാകുമെന്നാണു അദ്ദേഹത്തിന്റെ വാദം. ഉണ്ടാകയില്ലെന്നാണു ഞാൻ ബോധിപ്പിക്കുന്നതു. റെഗുലേഷനിൽനിന്നു ഒഴിയുകയുവാൻ ആഗ്രഹിക്കുന്നവർക്ക അങ്ങനെ ചെയ്യാൻ റെഗുലേഷനിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഈ ബില്ലിൻപ്രകാരം ചിലരെ നാം മിശ്രദായികളായിതന്നെ ഇരിക്കാൻ നിർബന്ധിക്കുന്നു. അങ്ങനെ ഇരിക്കാൻ മനസ്സില്ലാത്തവരുടെ മേൽ ഭാരവും ചുമത്തുന്നു. ഇതിന്റെ ഫലമെന്തു? രജിസ്റ്റർചെയ്യുന്നതിന്റെ പ്രയാസം വലിയതാണെന്നു ഏതാനും മെമ്പരും പ്രൊഫെസ്സർ രാമസ്വാമിഅയ്യങ്കാരും പറയുന്നു. കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചുപോയി രജിസ്റ്റർചെയ്യു അവരുടെ ആവശ്യം നിവൃത്തിക്കുന്നകാര്യം എളുപ്പമല്ലെന്നും അവർ പറഞ്ഞു. ഇതെനിക്ക ഗ്രഹിക്കാം. ഈ പ്രയാസങ്ങളെല്ലാം ഉണ്ടെന്നു ഞാൻ സമ്മതിക്കയും ചെയ്യുന്നു. എന്നാൽ റെഗുലേഷന്റെ വ്യാപ്തിയിൽ രജിസ്റ്റർചെയ്യു ഉൾപ്പെടാൻ ആഗ്രഹിക്കുന്നവരുടെ കാര്യത്തിലും ഈ പ്രയാസങ്ങളെല്ലാം ഇല്ലയോ? അതിനുള്ള വ്യവസ്ഥ പരിശോധിക്കുക. മരണശാസനം എഴുതാതെ മരിക്കുന്നവരുടെ കാര്യത്തെപ്പറ്റി റെഗുലേഷൻ ൬-ാം വകുപ്പിലുള്ളതാണു ഞാൻ പ്രസ്താവിക്കുന്നതു.

"മക്കളോ അനന്തരവരോ അവരിലാരെങ്കിലുമോ ഭാര്യയോ ഭർത്താവോ ഉള്ള ഒരു ഈഴവൻ തന്റെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയിട്ടുള്ള സ്വത്തുക്കളെപ്പറ്റി വ്യവസ്ഥയൊന്നും ചെയ്യാതെ മരിച്ചാൽ ആ സ്വത്തുക്കൾ മേൽപറഞ്ഞവർക്ക ഇരിക്കുന്നതാകുന്നു."

മരണശേഷം തന്റെ സ്വത്തുക്കൾ എങ്ങനെ വിനിയോഗിക്കണമെന്നു വ്യവസ്ഥചെയ്യാതെ മരിക്കുന്നവന്റെ മക്കൾക്ക അനുകൂലമായ വ്യവസ്ഥയാണു ഇതു. ഇപ്പോഴത്തെ ബില്ലിനെപ്പറ്റിയും അതിന്റെ ഫലമെന്താണെന്നും അറിവില്ലാത്തവൻ വന്നു രജിസ്റ്റർചെയ്തു റെഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുകയില്ല. എന്നാൽ സംഭവിക്കുന്നതു എന്താണു? അവൻ മരിച്ചാൽ അവന്റെ സ്വത്തുക്കൾ പഴയ കുഴപ്പസ്ഥിതിയിൽ കിടക്കും. അതിൽനിന്നു ഒരു രക്ഷാമാർഗ്ഗമാണു സമുദായം അന്വേഷിച്ചതു. അവന്റെ സ്വത്തുക്കൾ മക്കൾക്ക കിട്ടുന്നതിനു പകരം അവന്റെ നിയമപ്രകാരമുള്ള അവകാശികൾക്കു കിട്ടും.

മി. കല്ലൂർ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): തറവാട്ടിലേക്ക പാതിയിൽ കുറച്ചേ ചെല്ലുന്നുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പാതിശയപാറിയതേ ഞാൻ പറയുന്നതു. അതു നിസ്സാരമല്ലല്ലോ. അവൻ മനസ്സിൽ കരുതാത്ത ആളുകളാണ് അതുപയോഗിക്കുന്നതു. മരുമക്കത്തായത്തെക്കാൾ മിശ്രമായത്തിനാണ് മക്കത്തായത്തോടു ചേർച്ചയുള്ളതു. മനസ്സുകൊണ്ടു മക്കത്തായത്തോടു അടുപ്പമുള്ള ഒരു മിശ്രമായിക്കു തന്റെ മക്കൾക്കു അനുകൂലമായ ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിക്കാൻ ആഗ്രഹമില്ലെന്നു പറയുന്നതു ആശ്ചര്യകരമാണ്. റെഗുലേഷൻ ഇല്ലാതിരുന്നപ്പോഴും അവരുടെ ഏതെങ്കിലും പ്രത്യേകം ഉണ്ടായിരുന്നാൽ സ്നേഹം നീക്കിക്കളവാൻ അവർ ശ്രമിച്ചുഎന്നു പറയുന്നതു സങ്കല്പ്പനംപോലും പ്രയാസമാണ്. തന്റെ പുത്രസ്നേഹം അധികമാകകൊണ്ടും തന്റെ സ്വത്തിൽ പാതിയിലധികം മക്കൾക്കു കൊടുക്കുവാനുള്ള കാരണമാണ് മിശ്രമായിയായി ത്തീരുന്നതു, എന്നാൽ ആ നിയമത്തിൽനിന്നു രജിസ്റ്റർചെയ്യു ഒഴിയാത്തപക്ഷം അവന്റെ സ്വത്തുമുഴുവനും അവന്റെ മക്കൾക്കു കിട്ടുമെന്നുള്ളതാണ് അവന്റെ സങ്കടംപോലും, ഈ വൈരുദ്ധ്യം ... കൾ കഥാവശേഷം പറയേണ്ടതുള്ളു. അല്പപക്ഷക്കാരുടെ സങ്കടനിവൃത്തിക്കായുള്ള എല്ലാ വ്യവസ്ഥകളേയും അനുകൂലിക്കാൻ ഞാൻ ഒരുക്കമാണ്. ബലഹീനന്മാരേയും പ്രാപ്തിയില്ലാത്തവരേയും സഹായിക്കയാണല്ലോ ഗവന്മെന്റിന്റെ ധർമ്മം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹം ഭൂരിപക്ഷത്തിനു പ്രതികൂലമായും അങ്ങനെ ചെയ്യുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തീർച്ചയായിട്ടുമില്ല. ഈ ബിൽ പാസ്സാക്കിയാൽ ഫലമനുഭവിക്കുന്നതു ഭൂരിപക്ഷമാണ്. സമുദായത്തിലെ ആചാരങ്ങൾ നിയമപ്രകാരമാക്കണമെന്നുള്ള നിലവിളി ആരംഭിച്ചതു മിശ്രമായികളാണ് മരുമക്കത്തായികളല്ലാ. മി. കുമാരൻതന്നെ ഒരു മിശ്രമായി ആയിരുന്നു. അദ്ദേഹം പറഞ്ഞപ്രകാരം റെഗുലേഷനെപ്പറ്റി ആക്ഷേപങ്ങൾ ഉണ്ടായില്ല. ആ റെഗുലേഷൻ ഉണ്ടാകുന്നതിനു ആദ്യം നടപടികൾ തുടങ്ങിയതു മിശ്രമായികളാണ്. അവരാണ് നിയമംവേണമെന്നു നിലവിളിക്കൂട്ടിയതും ന്യായമായി സങ്കടമുണ്ടാകേണ്ടതു മരുമക്കത്തായികൾക്കാണ്. അവർക്കു സങ്കടമില്ലതാനും. അവർ ഇപ്പോഴും ഇതുവരെ വന്നിട്ടില്ല. മി. പത്മനാഭൻ മിശ്രമായികൾക്കുവേണ്ടിയല്ലാതെ അവർക്കുവേണ്ടി യാതൊന്നും വാദിക്കുന്നില്ല. രണ്ടുപക്ഷക്കാരും തമ്മിൽ വിവാഹം നടക്കുന്നതെപ്പോഴെന്നു അദ്ദേഹത്തിനു നല്ല നിശ്ചയമില്ലാ. മിശ്രമായ മക്കത്തായ വിവാഹത്താൽ ഉണ്ടാകുന്ന മക്കളുടെ സ്ഥിതി എന്തായിരിക്കും. ആ മക്കളുടെ ഗുണം ഉദ്ദേശിച്ചു റെഗുലേഷനിൽ ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു. ഈ വ്യവസ്ഥകൾ എടുത്തുകളയണമെന്നാണ് ഇപ്പോൾ പറയുന്നതു. എതിർവാദംവാദിക്കുന്ന മെമ്പർ പറയുംപ്രകാരം രജിസ്റ്റർചെയ്തു റെഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നതിനു പ്രതിബന്ധങ്ങൾ വളരെയുണ്ട്. ഒരിക്കൽ നാം അതിൽ ഉൾപ്പെട്ടാൽ പിന്നെ ഒഴിഞ്ഞുപോകയില്ല. എന്നാൽ അതിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ രജിസ്റ്റർചെയ്തു ഉൾപ്പെടാനും പ്രയാസങ്ങളുണ്ടു. ഈ പ്രയാസങ്ങൾ യഥാർത്ഥങ്ങളാണ്. യഥാർത്ഥങ്ങളാണെങ്കിൽ സമുദായത്തിനു ദോഷകരമാണ്. അവർ ഒഴിഞ്ഞുപോകാൻ ശ്രമിച്ചു കുഴപ്പത്തിൽതന്നെ കിടക്കണം. അതു അവർ മുറവിളികൂട്ടിയാണ്ടായ നിയമത്തിന്റെ ഫലവുമായിരിക്കും. ആ റെഗുലേഷൻ വീണ്ടും പരിശോധിക്കുന്നതിനു മി. പത്മനാഭൻ പറയുന്നതല്ലാതെ എന്താണ് ആധാരം? അതു സമുദായത്തിന്റെ ആഗ്രഹമാണെന്നു എങ്ങനെയാണ് അനുമാനിക്കു? മി. പത്മനാഭൻ ഉത്തമവിശ്വാസമായി പ്രവർത്തിക്കയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതു സമുദായത്തിന്റെ ആഗ്രഹമാണെന്നു വിശ്വസിക്കാൻ ഞാൻ മാർഗ്ഗം കാണുന്നില്ല. എന്തെന്നാൽ സമ്മതമുണ്ടാകെ അതിനു യാതൊരുതെളിവും ഇല്ലാ. റെഗുലേഷൻ ഇന്നത്തെവിധത്തിൽ ഭേദപ്പെടുത്തണമെന്നു ആവശ്യപ്പെടുന്ന അധികം ... കളെ ഞാൻ കണ്ടിട്ടില്ല. എന്നാൽ റെഗുലേഷനിൽ ഭേദമൊന്നും വേണ്ടായെന്നു ആ സമുദായത്തിൽപ്പെട്ട അനേകംപേർ എന്നോടു പറഞ്ഞിട്ടുണ്ട്. എന്തെന്നാൽ അങ്ങനെചെയ്താൽ അവരുടെസ്ഥിതി റെഗുലേഷൻ പാസ്സായതിനുമുമ്പുള്ള സ്ഥിതി ആയിരിക്കും. ആ സ്ഥിതിയിൽ നിന്നു മോചനം ലഭിക്കുന്നതിനാണ് ഈ റെഗുലേഷൻ അവർ സമ്പാദിച്ചതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൽ): സെക്രട്ടറി ഇന്നു രാവിലെ വായിച്ചുകേൾപ്പിച്ച ഹർജിയെപ്പറ്റി അദ്ദേഹം എന്താണ് പറയുന്നതു?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാലു ആളുകൾതുടങ്ങിയ ഒരു അല്പപക്ഷം ഉണ്ടെന്നു സമ്മതിക്കാം. എന്നാൽ ഓരോ വ്യക്തിക്കും നിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന കാലംവരെ ഇങ്ങനെയുള്ള അല്പപക്ഷക്കാരുടെ കാര്യം ആലോചിക്കാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ സാധാരണയായി അല്പപക്ഷക്കാർ ഭൂരിപക്ഷക്കാരോടു യോജിച്ചുപോകേണ്ടതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൽ): തങ്ങൾ അല്പപക്ഷക്കാരാണെന്നു ഹർജിക്കാർ സമ്മതിക്കുന്നുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇങ്ങനെപറഞ്ഞാലും അങ്ങനെപറഞ്ഞാലും വെറുംവാക്കാണ്. തെളിവൊന്നുമില്ല. മി. കുമാരൻ പറഞ്ഞതുപോലെ പുനർവിചാരണയുള്ള ഹർജികളുടെ കാര്യത്തിലെന്നപോലെ ഒരു വ്യവസ്ഥ ഭേദപ്പെടുത്താൻ കാരണങ്ങൾ കാണിക്കേണ്ടഭാരം ആ ഭേദം ഉണ്ടാക്കണമെന്നു ആവശ്യപ്പെടുന്നവരുടെമേലാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കോളേജ് പ്രിൻസിപ്പാൽ): ഇവരുടെവാദം തെറ്റാണെന്നുവിധിപ്പാൻ അദ്ദേഹം എന്തന്വേഷണംകഴിച്ചെന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചാക്കമ്മറനടത്തിയ അന്വേഷണമെല്ലാം റെഗുലേഷനെ അനുകൂലിക്കുന്നു. അതിനുശേഷം അന്വേഷണം ഉണ്ടായിട്ടില്ലാ. ഒരന്വേഷണംനടത്തിയാലും എന്റെ വാദത്തിനു അനുകൂലമാണ്. ഈ വിഷയത്തെപ്പറ്റി ഞാൻ ഗാഢമായി പര്യാലോചിച്ചു. മി. പത്മനാഭന്റെവാദം നിലനിൽക്കുന്നതല്ലെന്നാണ് എന്റെ വിശ്വാസം.

മി. ആർ. പത്മനാഭൻ (ഗവന്മെന്റുനിയമനം): വന്നസാക്ഷികളിൽ എത്രപേരെ പൂർണ്ണമക്കത്തായം ആവശ്യപ്പെട്ടുള്ളു എന്നു അദ്ദേഹത്തിനു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വ്യവസ്ഥചെയ്തിട്ടുള്ളതു പൂർണ്ണമക്കത്തായത്തിനല്ല, വിരോധവും അതിനെസംബന്ധിച്ചല്ല. ആയിരുന്നാലും അതു മിശ്രമായസമുദായത്തിന്റെ അഭിപ്രായഗതിക്കു വിപ

ടിതമാണ്. അവരുടെ ഇപ്പോഴത്തെ നിയമം അവലംബിച്ചുകൊണ്ട് അവർക്ക് സങ്കടമുണ്ടെന്ന് പറയുന്നത് എങ്ങനെയാണ്? അതെനിക്ക് സങ്കല്പിപ്പാൻ കഴിയുന്നില്ല. അതു കേവലം അപ്രകൃതമാണ്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഇതു കക്ഷികളുടെയും സംഖ്യാബലം ഇപ്പോഴും ലക്കമായി തെളിവെടുത്തപ്പോഴത്തേതു തന്നെയാണെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എണ്ണം ഭേദപ്പെട്ടിട്ടുണ്ടായിരിക്കാം.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): പക്ഷങ്ങളിലെ ഉള്ള.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മതിയായ തെളിവുവേണം. അതെവിടെ? എന്താണ് സ്വീകരിച്ചത്?

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): അതു തന്നെയാണ് ഞാനും ചോദിക്കുന്നത്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തെളിവില്ലാത്ത അവസ്ഥയിൽ ഇപ്പോഴത്തെ സ്ഥിതി മുൻസ്ഥിതി പ്രകാരം തന്നെയിരിക്കുന്നു എന്നാണ് സങ്കല്പിക്കേണ്ടത്.

മി. ശിവതാണുപിള്ള (തോവാള): മിശ്രദായസമുദായത്തിൽ തന്നെ മിശ്രദായനിയമം പാസ്സാക്കിയാൽ അതുകൊണ്ട് ഗുണമുണ്ടാകുന്ന ഒരു ഭാഗമെങ്കിലും ഉണ്ടായിരിക്കയില്ലയോ എന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനുവേണ്ട വ്യവസ്ഥ ഇപ്പോഴും ഉണ്ട്. അവർക്ക് അതിന്റെ വ്യാപ്തിയിൽനിന്നു ഒഴികയോ പിന്നീട് ഉൾപ്പെടുകയോ ചെയ്യാം. റെഗുലേഷനിലെ വ്യവസ്ഥ ഉദാരമായിട്ടുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മിശ്രദായം തന്നെ പാലിച്ചുകൊണ്ടുപോകുന്നതു തങ്ങൾക്കു ഗുണകരമായിരിക്കും എന്നുള്ള ഒരു കക്ഷി മിശ്രദായസമുദായത്തിൽ ഉണ്ടെന്നു അദ്ദേഹത്തിനു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ട്. അവർ മിശ്രദായികളായിതന്നെ ഇരുന്നുകൊള്ളട്ടെ. അതിനും വ്യവസ്ഥയുണ്ടല്ലോ. വകുപ്പു ഇങ്ങനെയാണ്.

വകുപ്പ് ൩൩. (എ) i. നാലാം ഭാഗത്തിലെ നിബന്ധനകൾപ്രകാരം ഒരു ഈഴവ തറവാട്ടിലെ കാരണവരോ,

ii. ഏഴാം ഭാഗം ഒന്നാംഖണ്ഡത്തിലെ നിബന്ധനകൾപ്രകാരം ഒരു തറവാട്ടിലെ പ്രായമായവരിൽ ഭൂരിപക്ഷമോ,

ഈ റെഗുലേഷൻ പ്രബലമായിട്ട് വന്ന ആറു മാസത്തിനുള്ളിൽ അപേക്ഷിച്ചാൽ ഗവർമ്മെന്റു ഇത്യാദി.

ഈ വ്യവസ്ഥപ്രകാരം കുടുംബത്തിനു മുഴുവനുമോ കുടുംബത്തിൽ ഒരാൾക്കോ ഒഴിഞ്ഞുപോകാവുന്നതാണ്. എന്നാൽ ബില്ലിൽ ചെയ്തിട്ടുള്ള വ്യവസ്ഥപ്രകാരം തറവാട്ടിലെ ഭൂരിപക്ഷത്തിനുമാത്രമേ ഒഴിഞ്ഞുപോവാൻ സാധിക്കയുള്ളു. അതിന്റെ അർത്ഥം എന്ത്? അവരെ ബന്ധിച്ചിട്ടിരിക്കയാണ്. ആറു മാസത്തിനുള്ളിൽ അവർ ഒഴിഞ്ഞുപോയില്ലെങ്കിൽ ഫലശൂന്യമായിരിക്കും. അവർ സമുദായത്തിൽനിന്നു കേവലം പിരിഞ്ഞുപോകും. തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും ഏകാഭിപ്രായം ഇല്ലെങ്കിൽ നിവൃത്തിമാർഗ്ഗം ഇല്ല. എല്ലാവരുടെയും ഐകകണ്ഠ്യേന ഉള്ള സമ്മതം കിട്ടാതെ ഭാഗംചെയ്വാൻ സാധിക്കയില്ല. നൂറു കൊല്ലം രക്ഷപ്പെട്ടുപോന്ന പ്രാചീന കാലസ്ഥിതിയിലേക്കു തിരിച്ചുപോകയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഭൂരിപക്ഷക്കാർക്കു അല്പപക്ഷക്കാരോടു ഔദാര്യമായി ചെയ്യാമല്ലോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കഴിവുള്ള എല്ലാ അനുവാദങ്ങളും സൌകര്യങ്ങളും റെഗുലേഷനിൽ കൊടുത്തിട്ടുണ്ട്. അല്പപക്ഷക്കാർക്കു അതു സ്വീകരിക്കാതിരിപ്പാൻ ന്യായമില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ ബില്ലിലെ വ്യവസ്ഥകൾ റെഗുലേഷനിലെ വ്യവസ്ഥകളോളം ഉദാരമല്ല. എന്തെങ്കിലും ഒരു ആൾക്കു യഥാർത്ഥസങ്കടമുണ്ടെങ്കിൽ അവനു ഒഴിഞ്ഞുപോയ്ക്കളയാം. അവർക്കു തിരുവനന്തപുരംവരെ വന്നു ഒരു ക്ലേശം നടത്താമെങ്കിൽ അടുത്തുള്ള രജിസ്ത്രാഫീസുകളിൽ വേണമെങ്കിൽ നിശ്ചയമായിട്ടു അവർക്കു പോകാവുന്നതും റെഗുലേഷന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞുകളയാവുന്നതും ആകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ സഭ അവധാനപൂർവം ആലോചിച്ചു പാസ്സാക്കിയ നിയമത്തിൽനിന്നും വ്യതിചലിച്ചു ഇത്രവേഗത്തിൽ ഒരു പുതിയ നിയമം ഉണ്ടാക്കുമ്പോൾ അതിനു എത്രയും പ്രത്യക്ഷമായ ന്യായങ്ങൾ ഉണ്ടായിരിക്കേണ്ടതു ഏറ്റവും ആവശ്യമാണ്. ഈ ബില്ലിനെ ഈ സഭയിൽ ആലോചനയ്ക്കെടുക്കുന്ന സമയത്തു ഈഴവസമുദായത്തിനോ അല്ലെങ്കിൽ മിശ്രദായം മേലും പാലിച്ചുകൊണ്ടുപോകണമെന്നാഗ്രഹമുള്ള ഈഴവസമുദായവിഭാഗത്തിനോ ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥകളെ സംബന്ധിച്ചു എത്രയും ശക്തിയായ പ്രതിഷേധാഭിപ്രായം ഉണ്ടെന്നു സഭയെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നും അതുപ്രകാരം ആഗ്രഹമുള്ള ഈഴവസമുദായവിഭാഗം നിശ്ചയമായും അറിഞ്ഞിരിക്കണം. നിസ്സാരമായകാരണത്തിന്മേൽ ഈ സഭ ഒരിക്കൽ പാസ്സാക്കിയ നിയമത്തെ ഭേദപ്പെടുത്തുകയില്ലെന്നു ഇവർ അറിഞ്ഞിരിക്കാൻ ഇടയുണ്ടായിട്ടും ഇതുവരെ—ഉദ്ദേശം മൂന്നുമാസത്തിന്മേൽ കഴിഞ്ഞിട്ടും—ബില്ലിന്റെ വ്യവസ്ഥയ്ക്കു വിപരീതമായ അഭിപ്രായം ഒറ്റയാളെങ്കിലും രേഖപ്പെടുത്തീട്ടില്ലാ എന്നുള്ളതുകൊണ്ടു ഈഴവസമുദായത്തിന്റെ മനോഗതി ഈ ഭേദഗതിക്കനുകൂലമല്ലെന്നു എത്രയും പ്രത്യക്ഷമായി നമുക്കു കാണാവുന്നതാണ്. മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ പ്രസ്താവിച്ചിട്ടുള്ളതു ആറുമാസത്തെ അവധി കൊടുത്തിട്ടുള്ളതുകൊണ്ടു ആറുമാസത്തിന്റെ അവസാനത്തിൽ ഇങ്ങനെ ഒരു സ്വാതന്ത്ര്യം ഉണ്ടെന്നുള്ള വിചാരത്തോടുകൂടി ഈ സമുദായത്തിൽപെട്ട ആളുകൾ ഈ വിധത്തിൽ പ്രവർത്തിക്കാതിരുന്നു എന്നു അനുമാനിക്കാൻ ന്യായമുണ്ടെന്നാണ്. അതു അത്ര ശരിയായ അനുമാനമാണെന്നു എനിക്കു തോന്നുന്നില്ല. ഈ സഭയിൽ അതിനെ സംബന്ധിച്ചു ശക്തിയായ വാദപ്രതിവാദം ഉണ്ടാകുമെന്നും ഈഴവസമുദായത്തിലെ മിശ്രദായവിഭാഗത്തിലെ റെഗുലേഷനോടു വിപരീതാഭിപ്രായമുള്ള ആളുകൾ എത്രമാത്രമുണ്ടെന്നും അവരുടെ അഭിപ്രാ

യം എത്രമാത്രം ശക്തിമത്താണെന്നും ഉള്ളതിനെക്കുറിച്ചു ഈ സഭ പര്യാലോചിക്കുമെന്നും അറിഞ്ഞിരുന്നിട്ടും അതിനെസംബന്ധിച്ച വലുതായ കോലാഹലങ്ങൾ ഉണ്ടാക്കുകയും പലവിധത്തിൽ ശക്തിമത്തായ പ്രതിഷേധാഭിപ്രായം ഉണ്ടെന്നു ഭാവിക്കയും ചെയ്തിട്ടുള്ള ഒരുത്തനെങ്കിലും പ്രതിഷേധാഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലെന്നുള്ളതു ഈ സഭ ഗൗരവമായി ആലോചിക്കണം. ഇന്നു ഈഴവസമുദായത്തിലെ ഒരാൾക്കുപോലും ഇഷ്ടമില്ലാത്ത ഒരു നിയമത്തെ നാം ആ സമുദായത്തിൽ കുത്തിച്ചെലുത്താൻ ശ്രമിക്കുന്നതും ന്യായമല്ല. ഈ സഭയിലെ അംഗങ്ങളെല്ലാം ഈഴവർതന്നെയായിരിക്കയും ഈ സഭയിലെ ഭൂരിപക്ഷാഭിപ്രായം ഇപ്രകാരത്തെ ഭേദഗതി ബില്ലിനോടു യോജിക്കയും ചെയ്യുന്നുവെങ്കിൽ എനിക്കു യാതൊരു വിപരീതാഭിപ്രായവും ഉണ്ടാകയില്ല. എന്നാൽ ഇവിടെ ഈഴവസമുദായത്തിൽനിന്നു രണ്ടംഗങ്ങൾ മാത്രമേയുള്ളു. അവരിൽ ഒരാളുടെ അഭിപ്രായത്തെ മാത്രം വിചാരിച്ചു അതിനെപ്പറ്റി നമുക്കു എത്രതന്നെ ബഹുമാനം ഉണ്ടായിരുന്നാലും ഈഴവസമുദായത്തിനു ആഗ്രഹമോ ആവശ്യമോ ഇല്ലാത്ത ഒരു നിയമം നാം നടപ്പിൽ വരുത്തുന്നതു ന്യായമായിരിക്കയില്ല. പഴയ റെഗുലേഷൻ ആലോചനയിൽ ഇരുന്നപ്പോൾ ഈ സഭയിലെ അംഗമായും ഈഴവപ്രതിനിധികളായുമിരുന്ന എല്ലാ ആളുകളും മിശ്രദായത്തിൽപെട്ടവരായിരുന്നുവെന്നും അതിനാൽ മക്കത്തായികളുടെയും മരുമക്കത്തായികളുടെയും അഭിപ്രായങ്ങളെ മാത്രമേ സഭയ്ക്കു കാര്യമായി ആലോചിക്കുവാൻ ഇടയായിരുന്നിട്ടുള്ളു എന്നും പ്രസ്തുത മിശ്രദായക്കാരുടെ യം മേലും മിശ്രദായമായിത്തന്നെ ഇരിക്കണമെന്നും, ശക്തിയായ അഭിപ്രായമുള്ള ആളുകളുടെ എല്ലാ വിധത്തിലുമുള്ള യുക്തികളും വേണ്ടപോലെ പര്യാലോചിച്ചശേഷമാണ് കഴിഞ്ഞ നിയമം പാസ്സാക്കിയിട്ടുള്ളതെന്നും അതിനാൽ നിസ്സാരങ്ങളായ കാരണങ്ങളാൽ ഇങ്ങനെയുള്ള ഒരു നിയമം പാസ്സാക്കിക്കൊടുക്കുന്നതു ശരിയല്ലെന്നും സഭ ആലോചിക്കണം. എന്നുമാത്രമല്ല കഴിഞ്ഞ സഭയിൽ പാസ്സാക്കി ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമം ഈഴവസമുദായത്തിൽ മിശ്രദായം പിന്നെയും നടത്തിക്കൊണ്ടിരിക്കണമെന്നു ആഗ്രഹമുള്ള ആളുകൾക്കു ഒരു പ്രതിബന്ധമായിരിക്കയില്ലന്നുള്ളതു. എന്തെന്നാൽ, മറ്റൊരു മിശ്രദായം മേലും നടന്നുകൊണ്ടുപോകണമെന്നു ആഗ്രഹമുണ്ടായിരുന്നാൽ ആ ആളുകൾ അപ്രകാരം ചെയ്യുന്നതിനു ബില്ലിൽ സ്വാതന്ത്ര്യം ഉണ്ടെന്നും അതിനാൽ പുതിയതായി ഒരു നിയമം സ്വീകരിക്കേണ്ട ആവശ്യമില്ലന്നുമാണ് എന്റെ അഭിപ്രായം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഈ ബില്ലിനെപ്പറ്റി ആലോചിക്കുമ്പോൾ നാം കാര്യമായിനോക്കേണ്ടതു സങ്കല്പവാദങ്ങളും പൊതുജനസമക്ഷത്തും ഉള്ളതായി വിശ്വാസ്യമായ തെളിവാണ് അല്ലാതെ ഊഹങ്ങളിലും സങ്കല്പങ്ങളിലും ആധാരം കൂടാതെ പറയുന്ന വെറും പ്രസ്താവനകളല്ല. എന്റെ സ്നേഹിതന്മാരായ മെസ്സേഴ്സ് കുമാരനും, എ. കെ. പിള്ളയും, തങ്ങളുടെ വിഷയത്തിന്റെ ചില വശങ്ങളെപ്പറ്റി പറഞ്ഞു. ബില്ലിനോടു ചേർത്തിട്ടുള്ള കാര്യകാരണപത്രികയിൽ സാമുദായികനിയമനിർമ്മാണതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു പറഞ്ഞിട്ടുള്ള വാക്യത്തെമാത്രം ഞാൻ പരിശോധിക്കാം.

“സാമുദായികനിയമനിർമ്മാണശാസ്ത്രപ്രകാരം നിയമപീഠങ്ങളും കോടതികളും അംഗീകരിച്ചിട്ടുള്ളതായ ആചാരമര്യാദകളെ ഒരു പുതിയ നിയമത്താൽ ഭേദപ്പെടുത്തുമ്പോൾ പഴയ ആചാരമര്യാദകളിൽനിന്നു മാറിപ്പോവാൻ ആഗ്രഹിക്കുന്ന സമുദായാംഗങ്ങൾ മാത്രം പുതിയ നിയമത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടാൻ വേണ്ടതു ചെയ്യേണ്ടതു”.

ഇതിനെപ്പറ്റി അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു. ആ വാക്യം കേൾക്കുമ്പോൾ ശരിയാണെന്നു തോന്നും. എന്നാൽ ഇവിടെ അതു യോജിക്കുന്നില്ല. ഒരു ശതാബ്ദത്തിനുമുമ്പു ഒരു ഗവണ്മെന്റോ വല്ല സാമുദായിക തത്വശാസ്ത്രികളോ സ്വന്ത ബുദ്ധികൊണ്ടു ഈഴവരുടെ ഗുണത്തിനായി ഒരു ബിൽ രചിക്കയും എല്ലാവരും വന്നു അതിന്റെ വ്യാപ്തിയിൽ ഉൾപ്പെടണമെന്നു പറകയും ചെയ്തിരുന്നുവെങ്കിൽ ആ കാലത്തെ സ്ഥിതിക്കു ഈ വാദം ശരിയായിരുന്നേനെ. എന്നാൽ ഇവിടത്തെ സ്ഥിതി അതല്ല. പതിനഞ്ചോ ഇരുപതോ വർഷമായി തങ്ങളുടെ കുടുംബജീവിതവും ദായക്രമവും ഇപ്പോഴത്തെ ജീവിതസമരത്തിൽ വിജയം പ്രാപിപ്പാൻ പര്യാപ്തമല്ലെന്നുള്ള ഒരു പ്രക്ഷോഭം ഈ സമുദായത്തിൽ നടന്നുവരുന്നു. ഇങ്ങനെ സമുദായത്തിലെ ചില പ്രമാണികൾ ഈ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിനും ജീവിതസമരത്തിൽ തങ്ങളുടെ സമുദായത്തിന്റെ അപകടനിലയെ അവർക്കു ബോദ്ധ്യമാക്കുന്നതിനും ആരംഭിച്ചു. ക്രമേണ ഈ അഭിപ്രായങ്ങൾ ജനങ്ങളുടെ ഇടയിൽ വ്യാപിച്ചു അവരുടെ ഭൂരിപക്ഷാംഗീകാരം പ്രാപിച്ചു. ആരംഭത്തിൽ പരിഷ്കാരപ്രിയന്മാർ അല്പപക്ഷവും എതിരാളികൾ ഭൂരിപക്ഷവുമായിരുന്നു. എന്നാൽ ഇപ്പോൾ നേരെമറിച്ചാണ്. പഴയ ക്രമങ്ങൾതന്നെ പാലിച്ചുകൊണ്ടുപോയാൽ ജീവിതസമരത്തിൽ തങ്ങൾക്കു ഒരിടത്തും കാലൂന്നാൻ ഉണ്ടാകയില്ലെന്നാണ് സമുദായഭൂരിപക്ഷത്തിന്റെ ഇപ്പോഴത്തെ ബോധം. ഇങ്ങനെ അവർ ഒരു റഗുലേഷൻ വേണമെന്നു തീർച്ചയാക്കി. അതിനായി പ്രക്ഷോഭണം നടത്തി അതു ലഭിക്കയും ചെയ്തു. അല്പപക്ഷക്കാർ ഇപ്പോൾ മുമ്പോട്ടുവന്നു റഗുലേഷൻ ആവശ്യപ്പെടുന്നവർ മാത്രം അതിന്റെ വ്യാപ്തിയിൽ ഉൾപ്പെടാൻ അപേക്ഷിക്കണമെന്നു പറയുന്നതു കേവലം അന്യായമാണ്. മിശ്രദായക്കാരായ ഈഴവർ അല്പപക്ഷക്കാരാണ്. മിശ്രദായികളുടെ ഇടയിൽതന്നെയും അധികം ആളുകൾ റഗുലേഷൻ അനുകൂലികളാണ്. സംഖ്യകൾ നോക്കിയാൽ നമുക്കതു കാണാം. [illegible]യിലെ ആറു അനുദ്യോഗസ്ഥമെമ്പർമാരിൽ നാലുപേർ മിശ്രദായികളും രണ്ടുപേർ മക്കത്തായികളും ആയിരുന്നു. ഭൂരിപക്ഷക്കാർ വേണം റഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടാൻ അപേക്ഷിക്കേണ്ടതെന്നു അല്പപക്ഷക്കാർ പറയുന്നതു മൌഢ്യമാണ്. ദായക്രമത്തിൽ ഒരു ഗുണപ്രദവും ആവശ്യവുമായ ഈ മാറ്റത്തിനു ശ്രമിച്ചതു സമുദായഭൂരിപക്ഷമാണ്. അവർ സമ്പാദിച്ചതു അവരിൽനിന്നു ഉപായേന എടുത്തുകളയരുതു. സ്വന്തമക്കൾക്കു ആവശ്യമുള്ള വ്യവസ്ഥകൾ ചെയ്യുന്നതിനു സമുദായഭൂരിപക്ഷത്തിനു അവകാശമുണ്ട്. ഈ വ്യവസ്ഥ അവരുടെ സന്തതികൾക്കു ആവശ്യമാണെന്നും ഞാൻ വിചാരിക്കുന്നു. അല്ലെങ്കിൽ ജീവിതസമരത്തിൽ അവരെ ഒരിടത്തും കാണുകയില്ല. സ്വന്തമക്കൾക്കു ആവശ്യമുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനു ഭൂരിപക്ഷത്തിനുള്ള അവകാശമാണ് ഈ ഭേദഗതിബില്ലിനു എനിക്കുള്ള വിരോധകാരണം. എന്നുമാത്രമല്ല ഇപ്പോൾ വന്നു വിരോധം പറയുന്ന മാന്യന്മാർക്കു നിയമത്തോടു കാര്യമായ വിരോധമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ നിയമത്തിൽനിന്നു ഒഴിഞ്ഞുകളവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഒരു ഒറ്റമനുഷ്യൻപോലും അതിനു അപേക്ഷിച്ചിട്ടില്ല.

ചെറിയൊരു സംഗതി എനിക്കു പറയാനുള്ളതു ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളവർ സമുദായഭൂരിപക്ഷത്തിന്റെ അധികാരം തിരസ്കരിച്ചിരിക്കുന്നു എന്നാണ്. അങ്ങനെ അവർ ചെയ്തിരിക്കകൊണ്ടു തറവാട്ടിലെ ഭൂരിപക്ഷത്തിനു ഒരു പ്രത്യേക പ്രമാണം ഉണ്ടെന്നു പറവാൻ അവർക്കു അവകാശമില്ല. അതാവശ്യവുമല്ല. ഒരു രാജ്യത്തിൽ പല പടികളിലുള്ള അധികാരമുണ്ട്. ആദ്യത്തെതും ഏറ്റവും താണ പടിയിലുമുള്ളതു ഓരോ വ്യക്തികളാണ്. പിന്നെ കുടുംബം, പിന്നെ സമുദായം, പിന്നെ പൊതുസമുദായം അല്ലെങ്കിൽ രാജ്യനിവാസികൾ എല്ലാവരും കൂടെ. താഴത്തെ പടിയിലുള്ളവർക്കു മേലത്തെ പടികളിലുള്ളവരുടെ ന്യായമായ അധികാരത്തിനു എതിരായി എന്തെങ്കിലും ചെയ്യാൻ പാടില്ല. അതുകൊണ്ടു സമുദായഭൂരിപക്ഷത്തിന്റെ അധികാരം നിരാകരിച്ചവർ റെഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നതിനു കുടുംബത്തിലെ ഭൂരിപക്ഷം വേണമെന്നു പറയുന്നതു യുക്തമല്ല, സമുദായഭൂരിപക്ഷം ഇപ്പോഴത്തെ നിയമത്തിനു അനുകൂലികളാണെന്നു തെളിഞ്ഞിരിക്കെ കുടുംബത്തിൽ ഓരോരുത്തർക്കോ ഉപായേന അതിന്റെ വ്യാപ്തിയിൽനിന്നു പുറത്താക്കാൻ പാടില്ല. ഒരു കുടുംബമുണ്ടെന്നിരിക്കട്ടെ. ഒരു അംഗത്തിനു ഇപ്പോഴത്തെ നിയമത്തിന്റെ വ്യാപ്തിയിൽ വരണമെന്നു ആഗ്രഹമുണ്ട്, അവന്റെ ആഗ്രഹനിവൃത്തി കുടുംബഭൂരിപക്ഷത്തെ ആശ്രയിച്ചിരിക്കരുതു, മേലത്തെ പടിയിലുള്ള സമുദായഭൂരിപക്ഷം അവനു അനുകൂലമാണല്ലോ, ഈ കാരണങ്ങളാൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിബില്ലിനെ ഞാൻ പ്രതികൂലിക്കുന്നു.

മി. സി. പി. തോമസ്സ് (ഗവണ്മെന്റു നിയമനം): സർ, മിസ്റ്റർ പത്മനാഭൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ പ്രതികൂലിക്കുന്നു. ഈയിടെ സഭ പാസാക്കിയ ഒരു റെഗുലേഷനെ ഇത്ര വേഗത്തിൽ ഭേദപ്പെടുത്തുന്നതിന്റെ അഭിലഷണീയതയാണു ആദ്യത്തെ വാദവിഷയം. ഇങ്ങനെയുള്ള നിയമം ഇത്ര വേഗത്തിൽ ഭേദപ്പെടുത്തുന്നതു ഈ സഭയുടെ സൽകീർത്തിക്കു ഹാനികരമാണെന്നു പറകയുണ്ടായി. ആ വാദംകൊണ്ടു ഈ കാര്യം തീരുമാനിക്കാൻ പാടില്ല. റെഗുലേഷൻ പാസ്സാക്കിയതിന്റെശേഷം ഭേദഗതി വല്ലതും ആവശ്യമുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കത്തക്ക വല്ല സംഗതികളും പുതുതായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ എന്നാണ് ആലോചിക്കേണ്ടതു. നിയമം പാസ്സാക്കിയശേഷം പുതിയ സംഗതികളൊന്നും വെളിപ്പെട്ടിട്ടില്ലെങ്കിൽ നാം മുൻസഭ അതിന്റെ മുമ്പാകെ ഉണ്ടായിരുന്ന സംഗതികളെ ആസ്പദമാക്കി ചെയ്തു ഒരു തീർപ്പിനെ പുനരാലോചന ചെയ്യേണ്ടതായിരിക്കും. അതു വിരോധമില്ലാത്ത സംഗതിയല്ലെന്നു ഞാൻ വിചാരിക്കുന്നു. സഭാസമക്ഷം ഇപ്പോൾ ആലോചനയ്ക്കുള്ള വിഷയം ബിൽ പാസ്സാക്കിയതിന്റെശേഷം മുൻ സഭയുടെ മുമ്പാകെ ഇല്ലായിരുന്ന വല്ല സംഗതികളും നമ്മുടെ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ടോ, കാര്യം പുനരാലോചന ചെയ്യുന്നതിനു ന്യായം കാണിച്ചിട്ടുണ്ടോ എന്നാണ്. ഇങ്ങനെ നോക്കിയാൽ മുൻസഭയുടെ മുമ്പാകെ ഇല്ലാതിരുന്ന യാതൊരു സംഗതിയും ഈ സഭാസമക്ഷം കൊണ്ടുവന്നിട്ടില്ലെന്നാണു കാണുന്നതു. മിശ്രദായികളിൽ ഭൂരിപക്ഷം ഇപ്പോഴത്തെ റെഗുലേഷന്റെ പ്രതികൂലികളാണെന്നു തെളിയിച്ചിരുന്നെങ്കിൽ സഭ ഈ ഭേദഗതിബിൽ ആലോചനയ്ക്കെടുക്കുന്നതിനു ന്യായം ഉണ്ടായിരുന്നേനെ. എന്നാൽ കഴിഞ്ഞ സഭയിൽ മിശ്രദായികളുടെ ഭൂരിപക്ഷം റെഗുലേഷനു അനുകൂലികളായിരുന്നു എന്നു നമുക്കു അറിയാമല്ലോ. എന്നുമാത്രമല്ല, അല്പപക്ഷക്കാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ഇപ്പോൾ ഭേദപ്പെടുത്തണമെന്നു പറയുന്ന വകുപ്പിനെ അവർ സ്വീകരിക്കുകകൂടി ചെയ്തു. കാര്യം അവർക്കുതന്നെ വിട്ടുകൊടുത്തിരുന്നെങ്കിൽ ഈ വകുപ്പുതന്നെ അവർ ചേർക്കയില്ലായിരുന്നു. അതുകൊണ്ടു മിശ്രദായഭൂരിപക്ഷം നിലവിലെ ഇപ്പോഴത്തെ വ്യവസ്ഥകൾക്കു പ്രതികൂലികളാണെന്നു വിചാരിപ്പാൻ ന്യായമില്ല. പ്രത്യേക കാരണങ്ങളില്ലെങ്കിൽ പ്രയോഗത്തിൽ നാം നോക്കേണ്ടതു ഈ സഭയിലുള്ള സമുദായപ്രതിനിധികളുടെ അഭിപ്രായമാണ്, അല്ലാതെ സഭയ്ക്കു വെളിയിലുള്ളവരുടെതെന്നു പറയപ്പെടുന്ന അഭിപ്രായമല്ല എന്നുള്ള തത്വം ഈ സഭയിൽതന്നെ നാം ഇന്നലെ സ്വീകരിച്ചുവല്ലോ. കഴിഞ്ഞ സഭയിലുണ്ടായിരുന്ന മിശ്രദായമെമ്പർമാരുടെ അഭിപ്രായം നോക്കിയാൽ റെഗുലേഷൻ അതിന്റെ ഇപ്പോഴത്തെ നിലയിൽ അവരിൽ ഒരു വലിയ ഭൂരിപക്ഷത്തിനു സ്വീകാര്യമാണെന്നു നാം തീരുമാനിച്ചാൽ ന്യായമായിരിക്കും.

മനസ്സില്ലാത്ത അല്പപക്ഷക്കാരുടെ സ്ഥിരാവകാശങ്ങളിൽ ഇടപെടുന്നതിനെപ്പറ്റി മദ്ധ്യേ ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ തത്വം നാം പ്രമാണമാക്കി പ്രവർത്തിച്ചാൽ ഈ നിയമസഭയോ വേറെ ഏതെങ്കിലും നിയമസഭയോ പാസ്സാക്കിയ ഒരു ഒറ്റ സാമുദായികനിയമംപോലും എല്ലാവർക്കും സ്വീകാര്യമായിരിക്കയില്ല, എന്തെന്നാൽ ഇങ്ങനെയുള്ള ഏതെങ്കിലും ഒരു സാമുദായികനിയമം ഉണ്ടാക്കാൻ പുറപ്പെട്ടാൽ അതിന്നെതിരായി ഒരു ചെറിയ അല്പപക്ഷമെങ്കിലും ഉണ്ടാകാതിരിക്കയില്ലെന്നു നമുക്കു അറിയാമല്ലോ. ക്രിസ്ത്യൻ പിന്തുടർച്ചാവകാശറെഗുലേഷനും നായർറെഗുലേഷനും ഹാജരാക്കിയതുമുതൽ അവ പാസ്സാകുന്നതുവരെ അതിലെ വ്യവസ്ഥകൾക്കു പ്രതികൂലമായി ഒരു അല്പപക്ഷമെങ്കിലും ഉണ്ടാകാതിരുന്നിട്ടില്ല. അല്പപക്ഷക്കാർ എത്ര കുറച്ചുള്ളവരെങ്കിലും അവരെ തൃപ്തിപ്പെടുത്തേണ്ടതാണെന്നും അഭിവൃദ്ധി പ്രാപിച്ചുവരുന്ന ഭൂരിപക്ഷക്കാർ എത്ര അധികമാളുകൾ ഉണ്ടായിരുന്നാലും അവർ അപേക്ഷിച്ച് ഉൾപ്പെടത്തക്കവണ്ണം വേണം ഒരു നിയമത്തിൽ വ്യവസ്ഥചെയ്യേണ്ടതെന്നും അല്ലാതെ അല്പപക്ഷക്കാർ ഒഴിഞ്ഞുപോകുന്നതല്ല വ്യവസ്ഥചെയ്യേണ്ടതെന്നുമുള്ള തത്വം നാം സ്വീകരിക്കുന്നതിന്റെ ന്യായരാഹിത്യം പ്രത്യക്ഷമാകുന്നു. ഈ ഭേദഗതിബില്ലിന്റെ ഉദ്ദേശവും യഥാസ്ഥിതികന്മാരായ അല്പപക്ഷക്കാർ അവരുടെ ഇപ്പോഴത്തെ സ്ഥിതിയിൽതന്നെ ഇരുന്നുകൊള്ളുന്നതിനും പരിഷ്കൃതികളായ വലിയഭൂരിപക്ഷക്കാർ നിയമത്തിന്റെ ഗുണം വേണമെങ്കിൽ അപേക്ഷിച്ച് രജിസ്റ്റർചെയ്തു അതിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടുകൊള്ളണമെന്നും ആണല്ലോ.

ഈ വാദത്തിൽ വേറൊരു സംഗതിയും ആലോചിക്കാനുണ്ട്. ഇപ്പോൾ ആവശ്യപ്പെടുന്നപ്രകാരം റെഗുലേഷൻ ഭേദപ്പെടുത്തിയാൽ സമുദായത്തിൽ ഭിന്നത ഉണ്ടാകുമെന്നു നാം ഓർക്കേണ്ടതാണ്. കക്ഷിവഴക്കിനു അവസരം ഉണ്ടാകരുതെന്നാണ് എല്ലാ സമുദായങ്ങളുടേയും ആഗ്രഹം. അതുകൊണ്ടു ഓരോ സമുദായത്തിന്റെയും നേട്ടങ്ങളിൽ കക്ഷികൾ വർദ്ധിക്കാതിരിക്കാനും അതിനു വഴി ഉണ്ടാകാതിരിക്കാനും ആയിരിക്കണം. ആചാരക്രമങ്ങൾ മുതലായതിന്റെ ഐക്യത സമുദായത്തെ യോജിപ്പിക്കണം. എന്നാൽ ഒരു സമുദായത്തിൽ രണ്ടു ആചാരക്രമങ്ങൾ ഉണ്ടായിരുന്നാൽ അതു സമുദായയോജിപ്പിനു വിഘാതമായിരിക്കും. എന്നാൽ വിഘ്നങ്ങൾ നീക്കംചെയ്താൽ ഒന്നുരണ്ടു തലമുറയ്ക്കുള്ളിൽ സമുദായം യോജിച്ച് രാഷ്ട്രീയാഭിവൃദ്ധിയും ഐശ്വര്യവും പ്രാപിക്കും. അതുകൊണ്ടു ഈ ഭേദഗതിബില്ലിനെ ഞാൻ പ്രതികൂലിക്കുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): മിസ്റ്റർ കുമാരൻ യുക്തിയോടുകൂടി പ്രസ്താവിച്ചപ്രകാരം ഈഴവ റഗുലേഷനുവേണ്ടി ക്ഷോഭം നടത്തിയതും പോരാടിയതും അദ്ധ്വാനിച്ചതും പ്രധാനമായി മിശ്രദായികളാണ്. മിസ്റ്റർ പത്മനാഭൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുടെ ഫലം അങ്ങനെയുള്ളവരെ ഈഴവറഗുലേഷന്റെ വ്യാപ്തിയിൽനിന്നു ബഹിഷ്കരിക്കയായിരിക്കും. ഇതു കഷ്ടതരമാണ്. മിസ്റ്റർ പത്മനാഭൻ പറയുംപ്രകാരം റഗുലേഷനോടു തൃപ്തിയില്ലാത്തവർക്ക് അതിന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞു പോകാൻ ഒരു വഴിയാണ് ഉള്ളത്. സമുദായത്തിലുള്ള അതൃപ്തന്മാർക്ക് ഇപ്പോൾ അപേക്ഷിച്ചു രജിസ്റ്റർ ചെയ്തു പോകാവുന്നതാണ്. ഭേദഗതിപ്രകാരം മിശ്രദായികളെ ഒട്ടാകെ അതിന്റെ വ്യാപ്തിയിൽനിന്നു ഒഴിവാക്കിക്കളകയാണ്. ഈഴവരുടെ [illegible] ഒരു [illegible] ഉണ്ടായിരിക്കയും മനസ്സില്ലാത്തവർക്കു ഒഴിഞ്ഞുപോകാൻ ഉള്ള വ്യവസ്ഥ വെച്ചുകൊണ്ടിരിക്കയുമാണ് ഉത്തമമാർഗ്ഗം.

ഇനി ആലോചിക്കാനുള്ള സംഗതി ഭൂരിപക്ഷാഭിപ്രായം ഭേദഗതിക്കു അനുകൂലമാണോ എന്നാണ്. മിശ്രദായികൾക്കു [illegible] അധികം [illegible]. ൧൦൮൫ മുതൽ ൧,൨൦൦ വരെ നായന്മാർ മിശ്രദായമാണ് അനുസരിച്ചുപോന്നത്. ആദായക്രമം [illegible] [illegible] സ്വീകരിക്കുന്നതിന് അവർക്ക് [illegible] പരീക്ഷാകാലത്തെ വേണ്ടിവന്നുള്ളൂ. എന്നാൽ മിശ്രദായികൾ [illegible] ക്രമം [illegible] അനുസരിച്ചുപോരുന്നതാകയാൽ അവരിൽ ഭൂരിപക്ഷവും റഗുലേഷനു അനുകൂലികളായിരിപ്പാനാണ് സംഗതിയുള്ളത്. [illegible] മിശ്രദായികളിൽ [illegible] അതിനു സങ്കടത്തിനു കാരണമുണ്ടോ? [illegible] മിശ്രദായികൾ റഗുലേഷന് വിരോധികളാണെങ്കിൽ അതിന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞിരിപ്പാൻ [illegible] വേണ്ടുന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. [illegible] സമുദായത്തിൽ [illegible] പക്ഷം പ്രദർശിപ്പിച്ചിട്ടില്ല. അങ്ങനെ ചെയ്യുന്നതിനു ഇനിയും അനിഷ്ടം [illegible] എന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ [illegible] അങ്ങനെ അനിഷ്ടം ഉണ്ടായിരുന്നുവെങ്കിൽ രജിസ്റ്റർ ചെയ്തു ഒഴിയുന്നതിനു അവസാനദിവസം വരെ അവർ കാത്തിരിക്കുമെന്നു തോന്നുന്നില്ല. [illegible] ഭേദഗതിക്കു [illegible] സംഗതിയും ഇല്ലാത്തതിനാൽ ഞാൻ എതിർപ്രതിജ്ഞ [illegible].

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഈ [illegible] ഈഴവറഗുലേഷൻ [illegible] ഞാനും ഒരു ഓഹരി എടുത്തിട്ടുണ്ട്. മി. എം. കുഞ്ഞൻനായരോടു [illegible] ഈഴവബില്ല് നിയമസഭയിൽ ഹാജരാക്കിയ [illegible] ആലോചിക്കുന്നതിനു നിയമിച്ച സെലക്ട് കമ്മറ്റിയിൽ ഞാനും മെമ്പറായിരുന്നു. [illegible] വിഷമമായിരിക്കുന്ന [illegible] ബില്ലിൽ [illegible] എന്നാണ് [illegible]. [illegible] മി. കുമാരൻ [illegible] ബില്ലിനു [illegible] ഈഴവ [illegible] എന്നാൽ മി. കുമാരൻ [illegible] പുറംപോകാൻ ഒരുക്കമില്ലായിരുന്നു. [illegible] സെലക്ട് കമ്മറ്റി മെമ്പർമാർ [illegible] റഗുലേഷൻ [illegible] ഗ്രഹിച്ചു. റഗുലേഷൻ [illegible] കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ [illegible] വിവാഹാവകാശവും [illegible]. ഈഴവറഗുലേഷന്റെ ചരിത്രം [illegible] പ്രധാനമായി മിശ്രദായ ഈഴവരാണ്. ഇപ്പോഴും അവതിനു [illegible] ആരംഭിച്ചതും നടത്തിക്കൊണ്ടുപോയതും പ്രധാനമായി മിശ്രദായ ഈഴവരാണ്. [illegible] ഭൂരിപക്ഷമെന്നാണ് എന്റെ വിശ്വാസം. റഗുലേഷനെ അനുകൂലിക്കുന്നു. [illegible] — അവരിൽ ഭൂരിപക്ഷമെന്നാണ് ഞാൻ വിചാരിക്കുന്നത്. റഗുലേഷന്റെ ഗുണങ്ങൾ [illegible] കുറെ ആളുകൾ അല്പപക്ഷമാണെന്നു ഞാൻ വിചാരിക്കുന്നു. റഗുലേഷന്റെ വിരോധികൾ തറവാട്ടിൽ കാരണവന്മാരാണ് [illegible] സംശയമില്ല. [illegible] പ്രതിഷേധിക്കുന്നവരായിരിക്കുമെന്നാണ് എന്റെ വിശ്വാസം. [illegible] അംഗങ്ങൾ [illegible] മിശ്രദായികളിൽ റഗുലേഷന്റെ [illegible] ഭൂരിപക്ഷം റഗുലേഷനു അനുകൂലമാണ്. [illegible] വിരോധികൾക്കു അതിന്റെ വ്യാപ്തിയിൽനിന്നു അവർക്കു [illegible] ഒഴിഞ്ഞുകളവാൻ മാർഗ്ഗമുണ്ട്. [illegible] ഒഴിവാക്കണമെന്ന ഒരു അപേക്ഷപോലും ഇതുവരെയുണ്ടായില്ല. [illegible] അപേക്ഷിച്ചു ഒഴിഞ്ഞുപോകാം. [illegible] ഒഴിവാക്കണമെന്ന [illegible] ഇതുവരെയുണ്ടായില്ല. [illegible] ഭേദഗതിയിൽ [illegible] പാസ്സാക്കിക്കിട്ടുമെന്നു, അപ്പോൾ [illegible] ഇന്നിവിടെ പ്രസ്താവിച്ചത്. [illegible] മിശ്രദായികൾ വിശ്വസിച്ചിരിക്കുന്നു [illegible] ഇല്ലാതെയാകുമെന്നും മിശ്രദായികൾ വിശ്വസിച്ചിരിക്കുന്നു. [illegible] എന്നാൽ [illegible] ഇവിടെ വാദമുണ്ടായതു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ [illegible]. [illegible] വിചാരിപ്പാൻ മിശ്രദായികൾക്കു വിചാരിപ്പാൻ ന്യായം [illegible] ഈ സഭ [illegible] എന്നു വിചാരിപ്പാൻ മിശ്രദായികൾക്കു [illegible] ഒഴിവാകാൻ അപേക്ഷിച്ചിട്ടില്ലെങ്കിൽ ഭൂരിപക്ഷത്തിനു ഒഴിഞ്ഞുപോകണമെന്ന ആഗ്രഹമില്ലെന്നാണു ന്യായമായി അനുമാനിക്കേണ്ടതു.

[illegible] തറവാട്ടുവകവസ്തുക്കളുടെ ഭാഗം മുതലായവയെപ്പറ്റി ഈഴവരുടെ ഇടയിൽ ക്ഷോഭം ആരംഭിച്ചിട്ടു പതിനഞ്ചു [illegible] വർഷമായി. ഇതിനെപ്പറ്റി തെളിവുശേഖരിച്ചു ആലോചിച്ചു [illegible] ഒരു [illegible] കമ്മറ്റിയെയും നിയമിച്ചു. അവരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു ഒരു [illegible] സഭയിൽ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഒരു ബിൽ തയാറാക്കി [illegible] ഹാജരാക്കിയതു [illegible] ഇപ്പോൾ മൂന്നാമതായ ഈ [illegible] ഉദ്ദേശിക്കപ്പെട്ടത ആലോചനയ്ക്കു ശേഷം [illegible] പാസ്സാക്കി. ഇപ്പോൾ മൂന്നാമത്തെ [illegible] ഞാനൊന്നു പറയുന്നു. കഴിഞ്ഞസഭയിൽ മിശ്രദായികളുടെ ഭാഗം വാദിക്കാൻ മി. [illegible] അവർക്കു വേണ്ടി [illegible] അഭിപ്രായം വിശദീകരിക്കാൻ അദ്ദേഹം വളരെ അദ്ധ്വാനിച്ചു. അവർ ബില്ലിനു എതിരായി ക്ഷോഭങ്ങൾ നടത്തുകയും പ്രതിഷേധയോഗങ്ങൾ കൂട്ടുകയും ബില്ലിനു വിരോധമായി പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. [illegible] ഈഴവബില്ല് ആലോചനയിൽ ഇരിക്കുമ്പോഴായിരുന്നതിനാൽ സംഗതികൾ മുഴുവനും പര്യാലോചന ചെയ്യാതെയാണു സഭ തീരുമാനങ്ങൾ ഉണ്ടാക്കിയതെന്നു പറവാൻ പാടില്ല. ആലോചിക്കേണ്ടുന്ന സംഗതികളെല്ലാം സഭാമുമ്പാകെ ഉണ്ടായിരുന്നു: എല്ലാവശങ്ങളിൽനിന്നും അവയെ പര്യാലോചിച്ചു തീരുമാനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഒരുവന്റെ അഭിപ്രായം മററു

ന്നതിനെപ്പററി ഇന്നലെയുംവിടെ പ്രതിപാദിക്കയുണ്ടായി. ഒരുമനുഷ്യൻെറ അഭിപ്രായം മാറുന്നതിനെപ്പററി എന്തുതന്നെപറഞ്ഞാലും ഈസഭ ഒരിക്കൽചെയ്തിരുന്നതെ ഭേദപ്പെടുത്തുന്നകാര്യം ഗാഢമായി വിചിന്തനം ചെയ്യേണ്ടതാണ. ന്യായമായിട്ടോ അല്ലാതെയോ ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞു. അതു നിവൃത്തിയായ ഒരു കാര്യമാണ. പഴയരീതികൾമാറി പുതിയരീതികൾ പ്രബലമായി വന്നും കാര്യത്തിൻെറ ഈ വശം നാം ആലോചിക്കേണ്ടതാണ. ഇനിയും നാം ആലോചിക്കേണ്ടതു പഴയരീതിയെ പുനർജീവിപ്പിക്കയൊ കാര്യങ്ങൾ നടന്നമാതിരിയിൽതന്നെ നടക്കട്ടെയോ എന്നല്ല ഇപ്പഴത്തെസ്ഥിതി ഭേദപ്പെടുത്തണമോ എന്നാണ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇപ്പോഴത്തെറഗുലേഷൻ നിയമമായതു മി. രങ്കസ്വാമിഅയ്യങ്കാരും മററും അവരുടെമനസ്സാക്ഷിക്കുവിരോധമായിവോട്ടുചെയ്തതിനാലാണോ എന്നു പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കുപറയാൻ സാധിക്കയില്ല. സാമുദായികനിയമങ്ങളുടെ കാര്യത്തിൽ ഉദ്യോഗസ്ഥമെമ്പർമാർക്ക് ഇഷ്ടംപോലെ വോട്ടുചെയ്യാൻ സ്വാതന്ത്ര്യം ഉണ്ട.

മി. ഡി. സ്ലേറ്റർ (ഗവൺമെൻറുനിയമനം) (ഡിപ്യൂട്ടിപ്രസിഡൻറ): മി. രങ്കസ്വാമിഅയ്യങ്കാർ മുമ്പു പറഞ്ഞ അഭിപ്രായംതന്നെയാണോ ഇന്നുപറഞ്ഞതെന്നു പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആണെന്നു തോന്നുന്നു. അദ്ദേഹം അല്പപക്ഷത്തിൽ ആയിരുന്നു, ബിൽ പാസ്സാക്കുകയും ചെയ്തു.

ഈഴവബില്ല് കഴിഞ്ഞസഭയിൽ ആലോചനയിൽ ഇരുന്നപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിരുന്നു എങ്കിൽ അങ്ങനെചെയ്യുന്നതിൻെറ ന്യായം എനിക്കു ഗ്രഹിക്കാമായിരുന്നു. ഇപ്രകാരമുള്ള ഭേദഗതി പ്രമേയങ്ങൾ ആലോചിച്ചു തള്ളിക്കളഞ്ഞ സംഗതി എനിക്കറിയാം. ഇപ്പോഴത്തെറഗുലേഷൻ ഭേദപ്പെടുത്താൻ ആലോചിക്കുമ്പോൾ സഭ വിഷയത്തിൻെറ ഈ വശം നോക്കേണ്ടതാണ. ഭേദഗതിയുടെഅർത്ഥംഎന്തു? റഗുലേഷൻെറ ഗുണം വേണ്ടാത്തവർ ഒഴിവാക്കുന്നതിനു അപേക്ഷിക്കാമെന്നാണ ഇപ്പോഴത്തെ റഗുലേഷനിലെ വ്യവസ്ഥ. റഗുലേഷൻെറ ഗുണം കിട്ടണമെന്നു ആഗ്രഹിക്കുന്നവർ അതിൽ ഉൾപ്പെടാൻ അപേക്ഷിക്കണമെന്നാണ ഭേദഗതിബില്ലിലെവ്യവസ്ഥ. ഇതു സ്വാഭാവികക്രമം കീഴ്മേൽ മറിക്കയാണ്. റഗുലേഷൻെറ ചില വകുപ്പുകൾക്കു വിരോധംപറയുന്ന മിശ്രരായികൾ മറവകുപ്പുകൾക്കു അനുകൂലമാണെന്നുള്ളതു ശ്രദ്ധേയവുംതന്നെ. അവർക്കു റഗുലേഷൻെറ അധികഭാഗവുംവേണം. ചിലവകുപ്പുകൾമാത്രം നീക്കിക്കളയണം. ഈ വകുപ്പുകൾ വേണ്ടാത്തവർ അവയിൽനിന്നു ഒഴിഞ്ഞുകൊള്ളുക എന്നു പറകയാണ് ന്യായമായിട്ടു. റഗുലേഷനിൽ അതിനു വ്യവസ്ഥചെയ്തിട്ടുംഉണ്ടു. സഭ അതിൻെറ അഭിപ്രായം ഭേദപ്പെടുത്താൻ പുതിയവാദങ്ങളൊന്നുംകൊണ്ടു വന്നിട്ടില്ല. ഞാൻ പറഞ്ഞപ്രകാരം കാര്യം അതിൻെറ എല്ലാവശങ്ങളിൽനിന്നും പര്യാലോചനചെയ്തു. അതുകൊണ്ടാണ് ഞാൻ ആദ്യബില്ലിനു അനുകൂലമായി വോട്ടുചെയ്തതു. ഇന്നത്തെ വാദപ്രതിവാദം എൻെറ അഭിപ്രായം ഭേദപ്പെടുത്തുന്നതു ആവശ്യമൊ അഭിലഷണീയമൊ ആണെന്നു എന്നെ ബോധ്യപ്പെടുത്തിട്ടുമില്ല. അതുകൊണ്ടു ഭേദഗതിയെ ഞാൻ പ്രതികൂലിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ് പ്രിൻസിപ്പാൾ): കഴിഞ്ഞസഭയിൽ ബില്ലിനെപ്പററിയുള്ള വാദം ഏതുസ്ഥാനത്തു എത്തിയപ്പോഴാണ് നിയമത്തിൻെറഗുണം വേണ്ടാത്തമിശ്രരായികൾക്കു ഒഴിഞ്ഞുപോകാമെന്നുള്ള വ്യവസ്ഥയെപ്പററി വാദം നടന്നതെന്നു ഡോക്ടർ കുഞ്ഞൻപിള്ള പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): വാദംനടന്നതു ഏതുസ്ഥാനത്തു എത്തിയപ്പോഴാണെന്നു ഓർമ്മയില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പാൾ); വാദംനടന്നതു സിലക്ട്കമ്മിററിയുടെ ശിപാർശ സമയത്തായിരുന്നുവൊ എന്നു പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കു ഓർമ്മയില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പാൾ): വാദപ്രതിവാദത്തിൻെറ അവസാനകാലത്തു ഒരു രാജിയുടെ നിലയിൽ അല്ലേ ഇതുകൊണ്ടുവന്നതെന്നു ഡോക്ടർ കുഞ്ഞൻപിള്ള പറയുമോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആയിരിക്കാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പാൾ): അങ്ങനെയാണെങ്കിൽ ഈ പ്രധാനസംഗതി പര്യാലോചനചെയ്തിരുന്നു എന്നു പറയുന്നതെങ്ങനെയാണ്.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സഭയിൽ വാദപ്രതിവാദംചെയ്തതിൻെറ ഫലമായിട്ടാണ് ഈ രാജിവകുപ്പു ബില്ലിൽചേർത്തതു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കോളേജ്പ്രിൻസിപ്പാൾ); കഴിഞ്ഞസഭയിൽ മിശ്രരായം സ്വീകരിച്ചിരുന്നവർക്കു ഈ രാജിയും സ്വീകാര്യമായിരുന്നോ?

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു ഭൂരിപക്ഷപ്രകാരം പാസ്സാക്കിയതാണെന്നു തോന്നുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്സ്കാളേജ് പ്രിൻസിപ്പാൾ): ഭൂരിപക്ഷത്തെപ്പററിയല്ല ഞാൻചോദിക്കുന്നതു. ഈ വകുപ്പിൽനിന്നു രക്ഷിക്കപ്പെടണമെന്നു ആവശ്യപ്പെടുന്നവരെ പററിയാണ്.

ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മിസ്റ്റർ പരമേശ്വരൻ ആവശ്യപ്പെട്ടില്ലെന്നുതോന്നുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഖാമെമ്പറിൻെറ അഭിപ്രായം അറിഞ്ഞാൽകൊള്ളാം.

പ്രെസിഡൻറ: ഇവിടെ ഒരു ഖാമെമ്പർ ഉണ്ടെന്നു തോന്നുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): മി. കയ്യാലം പരമേശ്വരൻപിള്ളയുടെ പ്രസംഗം കേൾക്കാൻ ആഗ്രഹമുണ്ട്.

മി. കെ. കെ. തോമസ്സ് (കോട്ടയം): അദ്ദേഹം അവസാനം സംസാരിക്കും.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയ്ക്കു അഭിപ്രായമൊന്നും പറവാനില്ലെങ്കിൽ വേണ്ടതില്ല.

മി. എൻ. വി. ജോസഫ് (പറവൂർ): ഞാൻ ഭേദഗതിബില്ലിനെ പ്രതിക്ഷേധിക്കുന്നു. ഞാൻ പ്രതിക്ഷേധിക്കുന്നതു എന്റെ താലൂക്കിലെ ഈഴവസഹോദരന്മാർക്കുവേണ്ടിയാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽഹെഡ്‌സർക്കാർവക്കീൽ): മെമ്പറിന്റെ നിയോജകമണ്ഡലത്തിൽ മിശ്രമായം ഈഴവർ ഉണ്ടോ എന്നു പറയുമോ?

മി. എൻ. വി. ജോസഫ് (പറവൂർ). ഉണ്ടെന്നു ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ഇതു തിരുവിതാംകൂറിലുള്ള എല്ലാ ഈഴവരേയും സംബന്ധിക്കുന്ന ഒരു കാര്യമാണ്. ഇതു മിശ്രമായ ഈഴവരെ മാത്രം സംബന്ധിക്കുന്നതാണെന്നു അഭിപ്രായമുള്ളവർ തെറ്റായി വിചാരിക്കാം. ഈ കാര്യം ഈ സഭയിൽ ആലോചനയിൽ ഇരുന്നപ്പോൾ ഈ സംഗതിയെപ്പറ്റിയും വാദമുണ്ടായിരുന്നു. തിരുവിതാംകൂർകാരുടെ അഭിപ്രായം പ്രകടിപ്പിക്കുന്ന മാർഗ്ഗമായ ഈ സഭ ആ സമുദായത്തിനു ഒരു നിയമംകൊടുത്തു അനുഗ്രഹിച്ചിരിക്കുന്നു. ഇപ്പോൾ ആവശ്യപ്പെടുന്ന മാററം ഹാനികരമായി തോന്നുന്നു. ഒരു സമുദായത്തിന്റെ യോജിപ്പിനു ദായക്രമൈക്യം അത്യന്താപേക്ഷിതമാണെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ പത്മനാഭൻ നിശ്ചയമായി സമ്മതിക്കുമല്ലോ. അതു സമ്മതിച്ചാൽ ഈഴവസമുദായത്തിന്റെ ശ്രമം എല്ലാവർക്കും സ്വീകാര്യമായ ഒരു ദായക്രമം ഉണ്ടാക്കുകയാണ്. ഇപ്പോൾ അനേക പലതരം ദായക്രമങ്ങളാണുള്ളത്. ഭാവിയിൽ ഒരു ദായക്രമംമാത്രം ഉണ്ടായിരിക്കാൻ അവർ ശ്രമിക്കണം. അതു സാധിക്കണമെങ്കിൽ നാം ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയംതന്നെയാണ് സ്വീകരിക്കേണ്ടതു്.

തിരുവിതാംകൂറിലെ പലവിധസമുദായങ്ങളുടെ ഇടയിൽ പലതരം ദായക്രമങ്ങളാണുള്ളതു. അതിൽ ഏററവും ഉൽകൃഷ്ടമായതു മക്കത്തായവുമാണ്. ഈ ഈഴവറെഗുലേഷൻതന്നെയും മക്കത്തായതത്വങ്ങളെ അടിസ്ഥാനമാക്കി രചിച്ചു പാസ്സാക്കിയിട്ടുള്ളതുമാണ്. ആ അടിസ്ഥാനത്തിന്മേലാണ് റെഗുലേഷൻ പണിതിട്ടുള്ളതു്. അതുകൊണ്ടു അതിൽനിന്നു പിന്മാറിക്കളവാൻ പ്രയാസവും പൂർണ്ണമക്കത്തായത്തിലേക്കുള്ള വഴി എളുപ്പവും ആകേണ്ടതാണ്. ഇതു സമ്മതിച്ചാൽ റെഗുലേഷനിൽ ഇപ്പോഴുള്ള വ്യവസ്ഥ പിന്മാറിക്കളവാൻ ആഗ്രഹിക്കുന്നവരെ തടുത്തുനിർത്താൻ ഒരു നല്ലമാർഗ്ഗമാണ്. ഭേദഗതിബില്ലിനെ പ്രതിക്ഷേധിക്കുന്നതിനു ഇതാണ് പ്രധാനകാരണം. ഈഴവസമുദായത്തിൽ മിശ്രദായികൾ അല്പപക്ഷമാണ്. മിശ്രദായികളിൽതന്നെയും റെഗുലേഷനിൽ ഇപ്പോഴുള്ള വ്യവസ്ഥയെ അനുകൂലിക്കുന്നവരായി അധികമാളുകളുമുണ്ട്. ഇതും ഭേദഗതിബില്ലിനെ പ്രതിക്ഷേധിക്കുന്നതിനു വേറൊരു കാരണമാണ്.

ഇതുകൂടാതെയും ഈഴവരോടു പരിചയമുള്ളവർ, സമുദായത്തിൽ വിദ്യാഭ്യാസമുള്ളവരെ അറിയുന്നവർ അവരുടെ അഭിപ്രായം ഭേദഗതിബില്ലിനു പ്രതികൂലവും റെഗുലേഷനിലെ വ്യവസ്ഥയ്ക്കു അനുകൂലവും ആണെന്നു അറിയാം. ഈഴവസമുദായത്തിന്റെ അഭിവൃദ്ധിയെ ഏറെയും ആഗ്രഹിക്കുന്നവർ ഈ വ്യവസ്ഥ എടുത്തുകളയണമെന്നോ ഭേദപ്പെടുത്തണമെന്നോ ആഗ്രഹിക്കയില്ല. അതുകൊണ്ടു ഭേദഗതിബിൽ തള്ളിക്കളയണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഒന്നാമതായി ഞാൻ അനുഷ്ഠിക്കേണ്ടുന്ന ധർമ്മം അനേകം മിശ്രദായികളോടു ഞാൻ ചെയ്ത വാഗ്ദത്തം നിറവേററുകയാണ്. അവർ എന്റെ അടുക്കൽവന്നു മി. കുമാരൻ്റെയും അവർ രണ്ടോ മൂന്നോ ആളുകളേയുള്ളു എന്നു പറഞ്ഞതു വാസ്തവമാണോ എന്നു ചോദിച്ചു. എന്റെമുമ്പിൽ ഇരുന്തൂറു മുന്നൂറാളുകൾ വന്നിട്ടുണ്ടായിരുന്നു. ഈ ധർമ്മം അനുഷ്ഠിച്ചുവല്ലോ. ഉടൻതന്നെ ഈ ക്ഷോഭമെല്ലാം ഒരു കൃത്രിമക്ഷോഭമാണെന്നുള്ള എന്റെ അഭിപ്രായവും പ്രസ്താവിച്ചുകൊള്ളുന്നു. സമുദായത്തിന്റെ ഭൂരിപക്ഷം തങ്ങൾക്കു അനുകൂലമാകുന്നുവെന്നു എതിർകക്ഷികൾ പറയുന്നതു, ഇവർ ഇടവിടാതെ ഇങ്ങനെ ആവർത്തിച്ചു പറയുന്നതു കേട്ടപ്പോൾ ട്വിൽസ്ട്രീറ്റിലെ മൂന്നു തയ്യൽക്കാർ തങ്ങളാണു ഇംഗ്ലണ്ടിലെ ജനങ്ങളുടെ പ്രാതിനിധ്യംവഹിക്കുന്നതെന്നു പറഞ്ഞതു ഓർമ്മയിൽ വന്നു. ഇതിനെസംബന്ധിച്ചു ഇതിലധികമൊന്നും ഞാൻ പറയാൻ വിചാരിക്കുന്നില്ല.

ഈ ബിൽ പാസ്സാക്കുന്നതിന്റെ ആവശ്യകതയേയും പാസ്സാക്കാതിരുന്നാൽ സംഭവിക്കുന്ന അനീതിയേയും പററി ചില പ്രൗഢപ്രസംഗങ്ങൾ കേട്ടുവല്ലോ. തക്കതുള്ള നിയമങ്ങൾ ഭൂരിപക്ഷാഭിപ്രായപ്രകാരം പാസ്സാക്കുമ്പോൾ പല രാജ്യങ്ങളിലും, ഇംഗ്ലണ്ടിലും ബ്രിട്ടീഷ്ഇൻഡ്യയിലും ഈ രാജ്യത്തും ഉണ്ടായിട്ടുള്ള പ്രവചനങ്ങൾ ഓർമ്മയിൽവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ജനങ്ങളുടേയോ സമുദായത്തിന്റെയോ ഭൂരിപക്ഷത്തിന്റെ ഗുണത്തിനു ഹാനികരമായ നിയമങ്ങൾ നിയമസഭകൾ പാസ്സാക്കിപ്പോകയില്ല എന്നു ഞാൻ പറയുന്നില്ല. എന്നാൽ അങ്ങനെയുള്ള ആശങ്കകൾ പലപ്പോഴും തോററുപോയ അല്പപക്ഷപ്രമാണികളുടെ സങ്കല്പമായിരിക്കും. ഭേദഗതിബില്ലിനു അനുകൂലമായി കൊണ്ടുവന്ന വാദങ്ങൾ ഞാൻ ശ്രദ്ധയോടുകൂടെകേട്ടിട്ടു ആ വാദങ്ങളിൽ സത്യാംശമില്ലെന്നാണ് എനിക്കു തോന്നിയതു. അങ്ങനെയുള്ള പ്രവചനങ്ങൾ പലപ്പോഴും അടിസ്ഥാനരഹിതമാണെന്നു പിന്നീടു അനുഭവമായിട്ടുള്ളതാണ്. ഉദാഹരണമായി—ഇതു ആവർത്തിച്ചു പറയുന്നതു സഭ ക്ഷമിക്കുമല്ലോ,—വലിയ വാദങ്ങൾക്കും പ്രവചനങ്ങൾക്കും വിഷയമായ ക്രിസ്ത്യൻബിൽതന്നെ പറയാം. ക്രിസ്ത്യാനികൾ ആ ബിൽ അനുസരിച്ചു ഇപ്പോൾ സമാധാനത്തിൽ വർത്തിക്കുന്നു. സമുദായാചാരങ്ങൾ ഭേദപ്പെട്ടുകൊണ്ടുതന്നെയിരിക്കുന്നു. സമുദായത്തിൽ ഇപ്പോൾ കാണുന്ന ആചാരങ്ങൾ എല്ലായ്പോഴും ഉണ്ടായിരുന്നെന്നു വിചാരിക്കരുതു. ഞാൻ ക്രിസ്ത്യൻകമ്മററിയിൽ ഒരു മെംബറായിരുന്നു. ക്രിസ്ത്യൻസമുദായത്തിന്റെ സമുദായാചാരങ്ങളെപ്പററി അന്വേഷണങ്ങൾ നടത്തിയതിൽ പുരാതനമേയുള്ളവയെന്നു ആദ്യം ഞാൻ വിചാരിച്ചിരുന്ന പല ആചാരങ്ങളും മുൻപില്ലാതിരുന്നവയാണെന്നു എനിക്കു മനസ്സിലായി. അനന്തരം ആ ങ്ങനെയുള്ള

പല ഉദാഹരണങ്ങൾ എനിക്കു അറിവാനിടയായി. ഉണ്ടെന്നു തെളിവുള്ള ആചാരങ്ങളെയാണ് കോടതികൾ അംഗീകരിക്കുന്നതു. എന്നാൽ ഏതെങ്കിലും ഒരാചാരം ഒരു സമുദായത്തിന്റെ ശ്രേയസ്സിന്നു വിരോധമാണെന്നു കാണുമ്പോൾ ആ ആചാരത്തിന്റെ അധികാരത്തിൽനിന്നു രക്ഷപ്പെടാൻ ആ സമുദായത്തെ സഹായിക്കുന്നതു നിയമസഭകളുടെ കർത്തവ്യകർമ്മം ആകുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ മൂന്നു പ്രധാന സമുദായങ്ങളെ അവരുടെ ആചാരാധീനത്തിൽനിന്നു രക്ഷപ്പെടുത്തിയതു നമ്മുടെ ഈ സഭയ്ക്കു ചാരിതാർത്ഥ്യഹേതുകമാണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ ജനങ്ങൾ സമുദായനിയമങ്ങൾ പാസ്സാക്കിക്കിട്ടാൻ എത്ര [illegible] ഉണ്ടെന്നു എനിക്കറിയാം. അവിടെ അതു അത്ര പ്രയാസമാണ്. ഒരു സംഗതി എനിക്കു പലപ്പോഴും [illegible] തോന്നിയിട്ടുണ്ടു. ഈ സഭയിലെ മെമ്പർമാർ വിവിധസമുദായങ്ങളിൽപ്പെട്ടവരാണെങ്കിലും ഒരു സമുദായത്തെ സംബന്ധിച്ച കാര്യങ്ങൾ ആലോചനയ്ക്കു വരുമ്പോൾ ആ സമുദായത്തിൽപ്പെട്ട മെമ്പർമാർ ആ സമുദായത്തിന്റെ ആഗ്രഹങ്ങളും ഉദ്ദേശങ്ങളും അനുസരിച്ചു പ്രവർത്തിപ്പാൻ മറ്റു മെമ്പർമാരെ [illegible]. ആ സമുദായത്തിന്റെ [illegible] ഉത്തമമായിട്ടുള്ളതു ഏതാണെന്നു അറിവാൻ [illegible] എല്ലാമെമ്പർമാരും ശ്രമിക്കയും ചെയ്യുന്നുണ്ടു. ഈ ബില്ലിനെപ്പറ്റി വാദപ്രതിവാദങ്ങളെ [illegible]. അവർ ഇപ്പോഴുള്ള [illegible] രൂപത്തിൽ നിയമമാക്കേണമെന്നു നിശ്ചയിച്ചതും [illegible] ദീർഘമായ ആലോചനയ്ക്കുശേഷവുമാണ്.

ഇതുസംബന്ധിച്ചു മറ്റു രണ്ടു സംഗതികൾകൂടി എനിക്കു പറവാനുണ്ടു. ഈ റഗുലേഷൻ മിശ്രമായ സമുദായത്തിന്റെ സാമുദായികാചാരങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ മി. എ. കെ. പിള്ള പ്രസ്താവിച്ചപ്രകാരം മിശ്രദായക്കാരെ [illegible] വരുത്തിയിട്ടുള്ള മാറ്റങ്ങളെ [illegible] വലിയമാറ്റങ്ങളല്ലെന്ന് മരുമക്കത്തായ [illegible] റഗുലേഷൻ വരുത്തിയിട്ടുള്ളതു. മരുമക്കത്തായസമുദായങ്ങൾ [illegible] ഇഷ്ടപ്പെടുന്നു. എന്നാൽ മിശ്രദായസമുദായങ്ങൾ [illegible] മക്കത്തായവും [illegible] സ്വീകരിച്ചിട്ടുള്ള [illegible] മരുമക്കത്തായത്തിൽനിന്നു [illegible] സ്വീകരിച്ചിട്ടുള്ള മിശ്രദായികൾ [illegible] സ്വീകരിച്ചിരിക്കുന്നതു പ്രയാസമുള്ള ഒരു മാറ്റമാണു. മരുമക്കത്തായ [illegible] ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു [illegible] മിശ്രദായികൾ ആ വ്യവസ്ഥ സ്വീകരിക്കണമെന്നു പറയുന്നതു ന്യായമാണ്.

[illegible] പ്രധാനമായ [illegible] സംഗതി [illegible] നിയമം പാസ്സാക്കിയിട്ടു [illegible] മിശ്രദായികൾക്കു [illegible] പ്രസ്താവിച്ചപ്രകാരം മിശ്രദായികളെ [illegible] എന്നതാണ്. ഇപ്പോഴത്തെ റഗുലേഷൻ [illegible] അത്യാവശ്യമായ ഒരു സംഗതിയാണ്. മിശ്രദായസമുദായത്തിൽ [illegible] വർഷം [illegible] ഈ നിയമം പാസ്സാക്കിയിരിക്കുന്നതാണ്. [illegible] ആചാരങ്ങളെ നിയമരൂപത്തിലാക്കുന്ന [illegible] ഇപ്പോഴത്തെ റഗുലേഷൻ [illegible] മായി വിചാരിക്കുന്നസ്ഥിതിക്കു [illegible] ഞാൻ ഇരുന്നൂറോ, മുന്നൂറോ, ആയിരമോ, ആയിരത്തഞ്ഞൂറോ, ആളുകളുടെ അഭിപ്രായത്തെ കാര്യമായി വിചാരിക്കാൻ ഞാൻ ഒരുക്കമില്ല. സമുദായത്തിന്റെ ഒരു വലിയ ഭാഗം സന്തോഷത്തോടെ സ്വീകരിക്കുന്നതുകൊണ്ടു സമുദായപ്രമാണികൾ എല്ലാവരും അനുകൂലമായിരിക്കുന്നതുകൊണ്ടും [illegible] പാസ്സാക്കിയ നിയമത്തെ ഭേദപ്പെടുത്താതെ അങ്ങനെതന്നെ വിടുകയാണ് ഉത്തമമെന്നു ഞാൻ വിചാരിക്കുന്നു. [illegible] സമുദായത്തിന്റെ കാര്യത്തിൽ നമുക്കൊരു പ്രയാസമുണ്ടായിരുന്നു. അവർ അധികവും അധിവസിക്കുന്നതു [illegible] താലൂക്കുകളിലാണ്. നമ്മളിൽ അധികംപേരും മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഉള്ളവരാകയാൽ ആ സമുദായത്തിന്റെ ആഗ്രഹങ്ങൾ എന്തെല്ലാമെന്നു ശരിയായി അറിയുന്നില്ല. എന്നാൽ നാമെല്ലാവരും ഈഴവസമുദായത്തിന്റെ ഇടയിൽ പാർക്കുന്നവരാകയാൽ ഈഴവസമുദായത്തിന്റെ ചിന്തകളും ആചാരങ്ങളും ഗ്രഹിപ്പാൻ നമുക്കു സൌകര്യങ്ങളുണ്ട്.

മി. ആർ. പത്മനാഭൻ (ഗവണ്മെന്റുനിയമനം): മെമ്പർക്കു മിശ്രദായ ഈഴവരെ പറ്റി നേരിട്ടു വല്ല അറിവും ഉണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഞാൻ "ഭാരം" എന്ന പറഞ്ഞതു പ്രതിനിധി നിലയിലാണ് എന്റെ സ്നേഹിതന്മാരിൽ പലരും മിശ്രദായ ഈഴവരുടെ ഇടയിലാണ് പാർക്കുന്നതു. ഇപ്പോഴത്തെ നിയമം അവർക്കു ഇഷ്ടമല്ലെന്ന അവർ എന്നോടു നേരിട്ടായി പറഞ്ഞിട്ടുണ്ട്. അതു ജനപ്രീതിയില്ലാത്തതല്ലെന്നു ആകുന്നു അവർ പറയുന്നതു. ഞാൻ പാർക്കുന്ന പ്രദേശത്തു മക്കത്തായ ഈഴവരെയുള്ള എന്നു മെമ്പറിന്റെ അറിവിനായി പറഞ്ഞുകൊള്ളുന്നു. നാം ഇവിടെ മിശ്രദായികളുടെ കാര്യം മാത്രമല്ല ആലോചിക്കുന്നതു. നമ്മുടെ ചിന്തകൾ മരുമക്കത്തായികളെയും സംബന്ധിക്കുന്നതാണ്. മരുമക്കത്തായികളെ തള്ളി മിശ്രദായികളുടെ മനോഗതിമാത്രം നാം നോക്കിയാൽ അനീതി പ്രവർത്തിക്കയായിരിക്കും. കഴിഞ്ഞ തവണയിൽ ഈ നിയമം പാസ്സാക്കപ്പോൾ ബില്ലിലെ അവകാശക്രമത്തെപ്പറ്റി ചില മെമ്പർമാർക്കു ഗാഢമായ അതൃപ്തി ഉണ്ടെന്നു ഞങ്ങൾക്കു തോന്നിയിരിക്കുന്നു. അതുകൊണ്ടു അവരുടെ ഇഷ്ടംപോലെ ചെയ്വാൻ സ്വാതന്ത്ര്യമുണ്ടാകണമെന്നു ഞങ്ങൾ വിചാരിച്ചു. ഈ വ്യവസ്ഥ വേണമെന്നു അന്നു ആവശ്യപ്പെട്ട ചുരുക്കംപേർപോലും ചില വർഷങ്ങൾക്കുള്ളിൽ കുറഞ്ഞുകുറഞ്ഞുപോകുന്നതായി കാണാം.

ചില കുടുംബങ്ങൾക്കു തങ്ങളുടെ പേരു രജിസ്റ്റർചെയ്തു റഗുലേഷന്റെ വ്യാപ്തിയിൽനിന്നു ഒഴിഞ്ഞുകളയാമെങ്കിലും ആദായനികുതി അധികമായി ചുമത്തപ്പെടുന്നവർ മിസ്റ്റർ റോബിൻസന്റെ അടുക്കൽ അപ്പീൽബോധിപ്പിക്കാത്തതുപോലെ മാത്രമാണ് അവർ സാധാരണയായി രജിസ്റ്റർചെയ്യാത്തതെന്നു ഇനി ഇവിടെ പ്രസ്താവിക്കയുണ്ടായി. കാര്യത്തിനു വല്ല പ്രാധാന്യതയും ഉള്ളപ്പോൾ ആരും വെറുതെ ഇരിക്കുകയില്ലെന്നാണു എന്റെ അനുഭവം. അല്പം രൂപാക്കുവേണ്ടി പോരാടുന്നതിനെക്കാൾ അധികം നമ്മുടെ സമയത്തിനു വിലയുണ്ടെന്നു തോന്നുമ്പോൾമാത്രമാണ് നാം മിണ്ടാതിരിക്കുന്നതു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): ഇപ്പോഴത്തെ റഗുലേഷൻപ്രകാരം ഒരുവനു നിയമത്തിൽനിന്നു ഒഴിഞ്ഞുപോകണമെങ്കിൽ പോകാം എന്നു മെമ്പർക്കു അറിയാമോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും വടക്ക): ഉണ്ട്, അതുനേരാണ്. ഇങ്ങനെയാകയാൽ ഈ ഭേദഗതിബിൽ പാസ്സാക്കിയാൽ ഈഴവരിൽ ഭൂരിപക്ഷമായ മരുമക്കത്തായികളോട് ക്ഷന്തവ്യമല്ലാത്ത ദ്രോഹമാണ് ചെയ്യുയായിരിക്കും. എന്നു മാത്രമല്ല മിശ്രദായികളിൽതന്നെയും ഭൂരിപക്ഷം തീർച്ചയായിട്ടും റഗുലേഷന്റെ അനുകൂലികളാണ്. റഗുലേഷന്റെ ഗുണം സിദ്ധിക്കുന്നതിനു ഇത്ര വഴിയ ഒരു ഭൂരിപക്ഷം രജിസ്ട്രാഫീസിൽ പോകണമെന്നു പറയുന്നതു ന്യായമല്ല ഒരു അല്പ പക്ഷക്കാരാണ് നിയമത്തിനു കുറ്റം പറയുന്നത്. ഇക്കാരണങ്ങളാൽ ഞാൻ ഭേദഗതിബില്ലിനെ എതിർക്കുന്നു.

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഈ വിഷയത്തെപ്പററി സംസാരിച്ച എന്റെ പല സ്നേഹിതന്മാരുടേയും അഭിപ്രായത്തോട് യോജിക്കാൻ കഴിയാത്തതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. സാമുദായിക നിയമനിർമ്മാണകാര്യങ്ങളിൽ ഈ സഭയുടെ നില എന്തായിരിക്കണമെന്നു ഞാൻ ഇന്നലെ സന്ധ്യക്കു പ്രസ്താവിച്ചുവല്ലോ. ഒരു സമുദായം ആവശ്യപ്പെടുന്ന നിയമം അതിനു കൊടുക്കയാണ് ഈ സഭയുടെ ധർമ്മം. സമുദായത്തിനു എന്തായിരിക്കും ഏററവും ഗുണപ്രദം എന്നു നാം ഇവിടെ ആലോചിച്ചിട്ടാവശ്യം ഇല്ല. (ഭയവായി ഉറക്കെ) സാമുദായിക നിയമനിർമ്മാണത്തിൽ ഒരു സമുദായത്തിനു ഏററവും ഗുണപ്രദമായതു എന്തായിരിക്കുമെന്നു ആലോചിക്കുന്നതു നമ്മുടെ ധർമ്മമല്ലെന്നു ഞാൻ ഇന്നലെ വൈകുന്നേരം പറഞ്ഞുവല്ലോ. നമ്മുടെ ധർമ്മം സമുദായം ആവശ്യപ്പെടുന്നതു എന്താണെന്നു ശരിയായി ഗ്രഹിക്കുകയാകുന്നു. അതിനു ഇവിടെയുള്ള സമുദായപ്രതിനിധികളുടെ അഭിപ്രായം നാം സ്വീകരിക്കണം. ഇന്നലത്തെ വാദവിഷയവും അങ്ങനെയുള്ള ഒന്നാണ്. ഇന്നലെ പ്രസ്താവിച്ച അഭിപ്രായംതന്നെയാണ് ഇന്നും എനിക്കുള്ളത്. സാമുദായിക നിയമനിർമ്മാണകാര്യങ്ങളിൽ ഒരു തത്വംകൂടെ ഞാൻ ഇന്നു പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു. സാമുദായിക നിയമനിർമ്മാണകാര്യങ്ങളിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായം അല്പപക്ഷക്കാരുടേതിനേക്കാൾ ചുമതലയിടപെടുന്നതാകുന്നു. എന്റെ വിദ്വാന്മാരായ സ്നേഹിതന്മാർ ഇന്നിവിടെ പ്രസ്താവിച്ച അഭിപ്രായങ്ങളും വാദങ്ങളും ഞാൻ ശ്രദ്ധയോടെ കേട്ടു. എന്നാൽ ആ അഭിപ്രായങ്ങളോട് യോജിക്കാൻ ഞാൻ നിവൃത്തികാണുന്നില്ല. സാമുദായിക നിയമനിർമ്മാണകാര്യങ്ങളിൽ—

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): "സാമുദായിക നിയമം" എന്നു പറയുന്നതു കൃത്യമായി എന്താണെന്നു മെമ്പർ പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): "സാമുദായിക നിയമ"ത്തിനു ഞാൻ കൊടുക്കുന്ന അർത്ഥം ഒരു സമുദായത്തിന്റെ ആചാരങ്ങളെ ഭേദപ്പെടുത്തുന്ന ഒരു നിയമം എന്നാണു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ശിക്ഷാനിയമം ഒരു സാമുദായിക നിയമം ആണോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): അല്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു ചില സമുദായങ്ങളുടെ ആചാരങ്ങളെ ഭേദപ്പെടുത്തുന്നില്ലയോ. "സമ്മതിദാനപ്രായം" ഉദാഹരണമായി എടുക്കുക.

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): പൊതുഗുണത്തെ സംബന്ധിച്ച കാര്യങ്ങളിൽ നിയമമുണ്ടാക്കാൻ ഗവണ്മെന്റിനു അധികാരമുണ്ട്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): "സാധാരണമായ സാമുദായിക നിയമം" എന്നു പറയുന്നതിനും മറെറാരു നിയമങ്ങൾക്കും തമ്മിൽ സാരമായവല്ല വ്യത്യാസവും ഉണ്ടോ? സാമുദായികമല്ലാത്ത വല്ല നിയമവും ഉണ്ടോ? ഞാൻ ഈ ചോദ്യം ചോദിക്കുന്നതു "സാമുദായികനിയമം" എന്നപദം കൊണ്ടർത്ഥമില്ലാതെയും അതിനും മറെറാരു നിയമങ്ങൾക്കും തമ്മിൽ സാരമായവല്ല വ്യത്യാസവും ഉണ്ടോ എന്നു ഗ്രഹിക്കാതെയും ഉപയോഗിക്കുന്നു എന്നു തോന്നുകകൊണ്ടാണു. ആരെയെങ്കിലും അപഹസിക്കണമെന്നു വിചാരിച്ചല്ല

മി. കെ. നാരായണൻപണ്ടാല (ആക്റ്റിങ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): "സാമുദായികനിയമം" എന്നു ഞാൻ പറഞ്ഞതു വിവരിക്കാം. ഒരു സമുദായത്തിന്റെ അവകാശക്രമം, വസ്തുഭാഗം, വിവാഹം മുതലായകാര്യങ്ങളെ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങളാണു ഞാൻ സാമുദായികനിയമം എന്നു പറയുന്നതു. ഈ അർത്ഥത്തിലാണു ഞാൻ ഈപദം ഉപയോഗിച്ചതു.

ഇന്നലെ ഞാൻ പ്രസ്താവിച്ച തത്വത്തോട് ഒരു തത്വംകൂടെ ചേർക്കേണ്ടതാണല്ലോ ഞാൻ പറഞ്ഞുവന്നതു. ഒരു ഭൂരിപക്ഷത്തിനു ഒരു അല്പപക്ഷത്തിന്റെമേൽ അവരുടെ സമ്മതംകൂടാതെ ഒരു നിയമം ഉണ്ടാക്കി അവർക്കു ബാധകമാക്കാൻ അധികാരമില്ലെന്നാണു ആ തത്വം.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ഗവണ്മെന്റിന്റെ ഏതെങ്കിലും സാമുദായികനിയമം ഈ തത്വം അനുസരിച്ചാണോ നിർമ്മിച്ചിട്ടുള്ളതെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിങ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റിന്റെ അഭിപ്രായത്തെപ്പററിയല്ല ഞാൻ ഇവിടെ സംസാരിക്കുന്നതു.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): തിരുവിതാംകൂർ ഗവണ്മെന്റ ഈ തത്വം സ്വീകരിച്ചിട്ടുണ്ടോ എന്നു അറിയാനായിട്ടു മാത്രമാണു ചീഫ് സെക്രട്ടറിയോട് ചോദിക്കുന്നതു.

പ്രസിഡെന്റ: മിസ്റ്റർ പണ്ടാലയെപ്പററി പറയുമ്പോൾ ചീഫ് സെക്രട്ടറി എന്നു പറയുന്നതു ശരിയല്ല. ഈ സഭയിൽ ചീഫ് സെക്രട്ടറി ഇല്ലല്ലോ.

മി. കെ. നാരായണൻപണ്ടാല (ആക്റ്റിങ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): എന്റെ സ്നേഹിതൻ എന്നേക്കാൾ ദീർഘകാലം ഈ സഭയിൽ ഇരുന്നിട്ടുള്ളതുകൊണ്ടു ഗവണ്മെന്റിന്റെനില എന്താണെന്നു എന്നേക്കാൾ നല്ലപോലെ അറിഞ്ഞിരിക്കണം.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ഏതെങ്കിലും സംഗതിയിൽ ഗവണ്മെന്റ ഈ തത്വം സ്വീകരിച്ചിട്ടുണ്ടോ എന്നു അദ്ദേഹത്തിനറിയാമോ?

പ്രസിഡെന്റ: അദ്ദേഹം ഗവണ്മെന്റമാഗം സംസാരിക്കയല്ല. ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്നു പറയാനാണു നിങ്ങൾ ചോദിക്കുന്നതു. ഏതായാലും അതിനു പ്രസംഗത്തോട് സംബന്ധമില്ല.

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെൻറ ചീഫ് സെക്രട്ടറി): സർ, ഏതെങ്കിലും ഒരു പ്രത്യേകസംഗതിയിൽ ഭൂരിപക്ഷത്തിൻെറ അഭിപ്രായം മുഴുവൻ സമുദായത്തിൻെറ ഗുണത്തിനു ഉതകുന്നതായിരിക്കാം എന്നു ഞാൻ സമ്മതിക്കുന്നു. എന്നിരുന്നാലും ഒരു നിയമം സമുദായത്തിൻെറ ഗുണാഭിവൃദ്ധിക്കു യുക്തമാണെന്നു നാം വിചാരിച്ചാലും സമുദായത്തിൽ ഒരാൾ തനിക്കു ആ നിയമം ആവശ്യമില്ലെന്നുപറഞ്ഞാൽ അയാളുടെ അഭിപ്രായത്തെയും നാം ബഹുമാനിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ചീഫ് സെക്രട്ടറി:—

പ്രസിഡെൻറ: ഇവിടെ ചീഫ് സെക്രട്ടറി ഹാജരില്ല. ഇവിടെ ഹാജരുള്ള ആരോടെങ്കിലും വല്ലതുംചോദിക്കാനുണ്ടെങ്കിൽ ചോദിക്കണം. അല്ലെങ്കിൽ ഇരിക്കാം.

മി. കെ. കെ. തോമസ് (കോട്ടയം): കൊണ്ടുവന്നിട്ടുള്ള ഭേദഗതി റഗുലേഷൻപ്രകാരമുള്ള അവകാശങ്ങളിൽ അനാവശ്യമായി കൈകടത്തുകയല്ലയോ എന്നു മെമ്പർ പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങനെ പറഞ്ഞാൽ ഏതു ഭേദഗതിബില്ലും അങ്ങനെയാണ്.

മി. കെ. കെ. തോമസ് (കോട്ടയം): സാമുദായികനിയമനിർമ്മാണകാര്യങ്ങളിൽ സമുദായത്തിൽ നടപ്പുള്ള അവകാശങ്ങളിൽ ഈ സഭ കൈകടത്തുന്നതു ശരിയല്ലെന്നായിരുന്നു മെമ്പർ കൊണ്ടുവന്ന ഒരു വാദം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുകൊണ്ടു പ്രതിനിയമം ഉണ്ടാക്കിക്കൊടുക്കണമെന്നാണോ മെമ്പർ വിചാരിക്കുന്നതെന്നു പറയുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അല്ല, അതല്ല ഞാൻ പറഞ്ഞതിൻെറ അർത്ഥം. സമുദായത്തിലൊരാൾ വന്നു നിയമം സമുദായോൽക്കർഷത്തിനു യോജിച്ചതല്ലെന്നുപറഞ്ഞാൽ ആയാളുടെ അഭിപ്രായം ആദരിക്കേണ്ടതാണെന്നാണു ഞാൻ പറയുന്നതു. നിയമവ്യാപ്തിയിൽനിന്നു ഒരാൾക്കു ഒഴിഞ്ഞുപോകാൻ നാം വ്യവസ്ഥചെയ്തിട്ടുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സമുദായത്തിലെ ഓരോ ആളേയും ഇങ്ങനെ ഒഴിവാക്കണമെന്നാണോ മെമ്പർ പറയുന്നതു?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അതേ. ഇരുകക്ഷികളുടെയും വാദങ്ങൾ പരിശോധനചെയ്തുനോക്കീട്ട അവരുടെ ഉൽസ്ഥാനത്തിൽ സാരമായ വ്യത്യാസം ഒന്നുമില്ലെന്നാണു കാണുന്നതു. ഇപ്പോഴത്തെ റഗുലേഷനിൽ മിശ്രമായികൾക്കു അതിൽനിന്നു ഒഴിഞ്ഞുപോകാൻ ഒരു വകുപ്പു ചേർത്തിട്ടുണ്ടു. അങ്ങനെ ഒരു വകുപ്പു ചേർക്കുന്നതിനാണു ഭേദഗതിബില്ലിൻെറയും ഉദ്ദേശം. ആരാണു രജിസ്റ്റർചെയ്തു ഉൾപ്പെടേണ്ടതു, ആരാണു രജിസ്റ്റർചെയ്തു ഒഴിഞ്ഞുപോകേണ്ടതു എന്നുമാത്രമാണു തർക്കം. വെറുതെയിരിക്കുന്ന ഒരു മനുഷ്യൻ ബുദ്ധിമുട്ടുകൾ സഹിച്ചു അപേക്ഷിച്ചു രജിസ്റ്റർചെയ്തു നിയമത്തിൽനിന്നു ഒഴിഞ്ഞുപോയ്ക്കൊള്ളണമെന്നു പറയുന്നതോ മാററംവേണമെന്നു പറയുന്ന ഒരു മനുഷ്യൻ അപേക്ഷിച്ചു രജിസ്റ്റർചെയ്തു നിയമത്തിൽ ഉൾപ്പെട്ടുകൊള്ളണമെന്നു പറയുന്നതോ ഏതാണു സ്വാഭാവികന്യായം. ഈ ചോദ്യത്തിനു ഒരു മറുപടിക്കേ തരമുള്ളു എന്നു ഞാൻ പറയുന്നു. അതുകൊണ്ടു ഈ ഭേദഗതിബില്ലിനു സഭയുടെ ആനുകൂല്യം ഉണ്ടാകേണ്ടതാണെന്നു എനിക്കു തോന്നുന്നു.

സഭ പിറേറദിവസം പകൽ ൧൧-നു മണിക്കു വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തോടുകൂടെ ഒവെകിട്ടു ൫ മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ (ഒപ്പു),
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Governmennt.

അനുബന്ധം.

താഴെകാണുന്നബിൽ ഉദ്ദേശകാരണപ്പത്രികയോടുകൂടെ നിയമസഭാചട്ടങ്ങളിൽ ൫൯-ാം ചട്ടപ്രകാരം പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധംചെയ്യുന്നു.

൧൧൦൮-ാമാണ്ടു ൩-ാംനമ്പർ തിരുവിതാംകൂർ ഈഴവറഗുലേഷൻ ഭേദപ്പെടുത്തുന്നതിനുള്ള ഒരുബിൽ

ഇതിനടിയിൽ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ൧൧൦൮-ാമാണ്ടത്തെ ൩-ാംനമ്പർ തിരുവിതാംകൂർ ഈഴവറഗുലേഷനു ഭേദപ്പെടുത്തുന്നതു യുക്തമെന്നു കണ്ടിരിക്കയാൽ താഴെ കാണുംപ്രകാരം ഉത്തരവായിരിക്കുന്നു.

൧൧൦൮-ാമാണ്ടു ൩-ാംനമ്പർ തിരുവിതാംകൂർ ഈഴവറഗുലേഷൻ—

൩൪-ാം വകുപ്പിനുശേഷം താഴെകാണുന്ന വകുപ്പുകൂടി ചേർക്കണം.

"൩൫. ഇതിനുമുമ്പുള്ള വ്യവസ്ഥകൾ എന്തായിരുന്നാലും ഈ റഗുലേഷൻെറ ൪-ം ൭-ം ഭാഗങ്ങളിലെ വ്യവസ്ഥകൾ മിശ്രവഴിഎന്നു സാധാരണയായി പറഞ്ഞുവരുന്നതും ആചാരങ്ങളാൽ ഭേദപ്പെട്ടതുമായ മരുമക്കത്തായം അനുസരിച്ചുപോരുന്ന ഈഴവർക്കു ബാധകമോ ബാധകമായിരുന്നു എന്നു ഗണിക്കുന്നതോ അല്ല.

എന്നാൽ ഏതെങ്കിലും മിശ്രവഴി ഈഴവതറവാട്ടിനേയും അതിൻെറ അംഗങ്ങളേയും ആ തറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളിൽ ഭൂരിപക്ഷത്തിൻെറ അപേക്ഷപ്രകാരവും ആ അപേക്ഷയുടെ സത്യത്തെപ്പററി അറിയുന്നതിനു ആവശ്യമുള്ള അന്വേഷണത്തിനുശേഷവും, ഈ വകുപ്പിൻെറ വ്യാപ്തിയിൽനിന്നു ഗവൺമെൻറിനു ഗവൺമെൻറ ഗസററിൽ പ്രസിദ്ധംചെയ്തു ഒഴിവാക്കാവുന്നതാകുന്നു.

ഉദ്ദേശങ്ങളും കാരണങ്ങളും കാണിക്കുന്ന പത്രിക.

തിരുവിതാംകൂറിലെ ഈഴവരിൽ അവർ അനുസരിക്കുന്ന ദായക്രമപ്രകാരം മക്കത്തായികൾ, മിശ്രവഴിക്കാർ, മരുമക്കത്തായികൾ ഇങ്ങനെ മൂന്നുവർഗ്ഗക്കാർ ഉണ്ടു. ഒന്നാമത്തെ വർഗ്ഗക്കാർക്കു തിരുവിതാംകൂർ ഈഴവ റഗുലേഷൻ ബാധകമല്ല. മരണശാസനം എഴുതാതെ മരിക്കുന്നവരുടെ പിൻതുടർച്ചാവകാശത്തെ പറ്റിയും ഭാഗത്തെപ്പറ്റിയും റഗുലേഷനിൽ ചെയ്തിട്ടുള്ള വ്യവസ്ഥകളിൽനിന്നു ഒഴിഞ്ഞിരിക്കണമെന്നാണ് മിശ്രവഴിക്കാരുടെ ആഗ്രഹം. സാമുദായിക നിയമനിർമ്മാണ തത്വങ്ങൾപ്രകാരം സമുദായത്തിൽ നടപ്പിലിരിക്കുന്നതും കോടതികൾ അംഗീകരിച്ചിട്ടുള്ളതുമായ ആചാരങ്ങൾ നിയമത്താൽ ഭേദപ്പെടുത്തുമ്പോൾ, ആ ഭേദങ്ങൾ ആവശ്യപ്പെടുന്നവർ വേണം ആ നിയമത്തിൽ ഉൾപ്പെടാൻ വഴിപ്പെടേണ്ടതെന്നു അവർ പറയുന്നു. മിശ്രവഴി ഈഴവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതിബില്ല് കൊണ്ടുവന്നിട്ടുള്ളത്. ഏതെങ്കിലും മിശ്രവഴി ഈഴവതറവാട്ടിനു റഗുലേഷന്റെ പൂർണ്ണവ്യാപ്തിയിൽ ഉൾപ്പെടണമെന്നു ആഗ്രഹം ഉള്ളപക്ഷം അങ്ങനെ ഉൾപ്പെടുന്നതിനും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു.

ആർ. പത്മനാഭൻ (ഒപ്പു).
എം-എൽ-സി.
(ഉത്തരവിൻപ്രകാരം)
റ്റി. പി. രാമസ്വാമയ്യർ.
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

ഒന്നാമത്തെ സെഷൻ ൧൧൦൭.

൧൯൩൧ നവംബർ ൭-ാം ശനിയാഴ്ച/൧൧൦൭ തുലാം ൨൨-ാം.

(ഒഫീഷ്യൽ റിപ്പോർട്ട്)

യോഗം ൧൧-൩൦-ന് വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വീണ്ടും കൂടി. അഗ്രാസനാധിപതി ആദ്ധ്യക്ഷ്യം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[൧൨-ാംനമ്പർ സ്റ്റാൻഡിംഗ് ആർഡർപ്രകാരം പ്രസിഡണ്ട് കൊടുത്ത ഉത്തരവ്.

(൧) കൌൺസിലിന്റെ ഒരു യോഗത്തിൽ ചോദിക്കേണ്ടതും പറയേണ്ടതുമായ ചോദ്യോത്തരങ്ങളുടെ അച്ചടിച്ച പ്രതികൾ അദ്ധ്യക്ഷന്റെ സ്ഥാനസ്വീകരണത്തിനു ൧൫ മിനിട്ടുമുമ്പ് മേശപ്പുറത്തു വച്ചേക്കേണ്ടതാകുന്നു.

(൨) താഴെപ്പറയുന്നരീതിയിൽ ചോദ്യങ്ങൾ ചോദിക്കുകയും സമാധാനം പറയുകയും ചെയ്യാവുന്നതാകുന്നു.

ക്രമനമ്പർ അനുസരിച്ചു ചോദ്യം ചോദിക്കേണ്ട ഓരോ അംഗത്തെയും ചെക്ക് സെക്രട്ടറി വിളിക്കുകയും അദ്ദേഹത്തിന്റെ ചോദ്യനമ്പർ പറയുകയും ഒരു ഉപചോദ്യം ചോദിക്കുവാൻ അദ്ദേഹം വിചാരിക്കുന്നപക്ഷം തന്റെ സ്ഥാനത്തുനിന്നും എഴുന്നേല്ക്കുന്നതിനു ന്യായമായ സമയം അനുവദിക്കുകയും ചെയ്യേണ്ടതാകുന്നു. ഉപചോദ്യങ്ങൾ അവ ബന്ധിക്കുന്ന പ്രധാന ചോദ്യങ്ങൾ ചോദിച്ചു കഴിഞ്ഞാലുടൻതന്നെ ചോദിക്കേണ്ടതാകുന്നു]

സർക്കാർ ഉദ്യോഗങ്ങളിലേക്കുള്ള ആദ്യ നിയമനങ്ങളെസംബന്ധിച്ച് അനുകരിച്ചുവരുന്ന തത്വങ്ങൾ.

൧൦൬. മി. എസ്സ്. ജ്ഞാനജോഷ്വാ (നിയമിച്ചതു): ഈ സംസ്ഥാനത്തുള്ള ഡിപ്പാർട്ടുമെന്റുകളിൽ പല സമുദായങ്ങളിൽനിന്നും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ അനുകരിക്കേണ്ട തത്വങ്ങളെ നിർണ്ണയിക്കുന്ന ഗവൺമെന്റുത്തരവിനെ മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഈ സംസ്ഥാനത്തെ ഓരോ ഡിപ്പാർട്ടുമെന്റുകളിൽ പല സമുദായാംഗങ്ങളെയും ന്യായമായി നിയമിക്കുന്നതിനെസംബന്ധിക്കുന്ന തത്വങ്ങളെ അധികാരപൂർവമായും നിഷ്കർഷമായും നിർണ്ണയിക്കുന്ന ഒരു ഗവൺമെന്റുത്തരവ് ഇല്ല. ഈ സംഗതിയിൽ ഗവൺമെന്റു സ്വീകരിക്കുന്ന നയത്തെ ദിവാൻജി പലപ്പോഴും നിയമസഭയിലും ഇതുപോലെതന്നെയും ശ്രീമൂലം പ്രജാസഭായോഗങ്ങളിൽ വിശദമാക്കിപ്പറഞ്ഞിട്ടുണ്ട്. അതു, ആ യോഗനടപടികൾ അച്ചടിച്ച പ്രൊസീഡിംഗ്സ് ൨൦൯-ം ൧൨൩-ം പേജുകളിൽ യഥാക്രമം ഉണ്ട്.

മി. എസ്സ്. ജ്ഞാനജോഷ്വാ (നിയമിച്ച മെമ്പർ): ഗവൺമെന്റിൽനിന്നും ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്. ഗവൺമെന്റിൽനിന്നും നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ട്.

മി. ജ്ഞാനജോഷ്വാ (നിയമിച്ച മെമ്പർ): ആ ഉത്തരവു മേശപ്പുറത്തു വയ്ക്കാമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): അതു ഏക ഉത്തരവിൽ അല്ല അടങ്ങിയിരിക്കുന്നതു. പല ഉത്തരവുകളിലും വ്യാപിച്ചിരിക്കയാണ്. ചില രഹസ്യമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു അയച്ചിട്ടുണ്ട്. അവയെ മേശപ്പുറത്തുവയ്ക്കാൻ പാടില്ല.

ആക്ഷേപങ്ങളോ വിധിപ്രകാരമുള്ള നിയമനങ്ങൾ.

൧൦൭. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ൧൧൦൬ ചിങ്ങംമുതൽ ... ആപ്പീസിൽ ഉണ്ടായ താൽക്കാലിക നിയമനങ്ങളുടെ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ? അതിനുശേഷം സ്ഥിരപ്പെടുത്തിയവരുടേയും പിരിച്ചയയ്ക്കപ്പെട്ടവരുടേയും ഒരു പട്ടികയും മേശപ്പുറത്തുവയ്ക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവൺമെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): സാമാജികൻ ആവശ്യപ്പെട്ട പട്ടികകൾ മേശപ്പുറത്തു വച്ചിരിക്കുന്നു *.

നീതിന്യായക്കോടതികളിൽ ഹാജരാകുന്ന കക്ഷികൾക്കും സാക്ഷികൾക്കും കാത്തിരിക്കുന്നതിനുള്ള സ്ഥലങ്ങൾ.

൧൧൧. മി. എസ്സ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും തൊഴിൽ): നീതിന്യായക്കോടതികളിൽ കക്ഷികളായും സാക്ഷികളായും വരുന്ന ആളുകൾക്ക് ഇരിക്കുന്നതിനുവേണ്ട സൌകര്യം ഇല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെപ്പറ്റി ഗവൺമെന്റിനു അറിയാമോ? അതിനെപ്പറ്റി ഗവൺമെന്റിനു അറിവില്ലെങ്കിൽ വേണ്ട അന്വേഷണങ്ങൾനടത്തി അതിനെപ്പരിഹരിക്കുന്നതിനു ആവശ്യമുള്ളതു ദയവുചെയ്തു ഗവൺമെന്റിൽനിന്നും ചെയ്യുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിങ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഇതിനെപ്പറ്റി ഹൈക്കോടതിക്കു എഴുതുന്നതാകുന്നു.

---

* ൧-ാം അനുബന്ധം ൩൧ ൦-ാംപുറം നോക്കുക.

തിരുവിതാംകൂറിൽ പുകയില കൃഷി.

[illegible]. മി. എസ്സ്. പരമേശ്വരൻപിള്ള (കൊച്ചുപേട്ടയും വ്യവസായവും തെക്ക): തിരുവിതാംകൂറിലെ പുകയിലകൃഷിയെപ്പററി [illegible] നവംബർമാസം [illegible] ഗവൺമെൻറിൽനിന്നും ഒൻ സി ചോദ്യത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ച അന്വേഷണം പൂർത്തിയായോ എന്നും തിരുവിതാംകൂറിൽ പുകയിലകൃഷിക്കു ഉപയോഗിക്കത്തക്കതായ ഏതെങ്കിലും സ്ഥലങ്ങൾ ഉണ്ടോ എന്നും പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവക്കോടിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രട്ടറി): ഈ സംഗതിയെപ്പററി കൃഷിഡയറക്ടരും എക്സൈസ് കമ്മീഷണരും കൂടി എഴുത്തുകുത്തുകൾ നടത്തിവരുന്നു. ഇതുവരെയും പരീക്ഷകൾ നടത്തിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും ഭാഗം പുകയിലകൃഷിക്കു ഉപയോഗമുള്ളതായി തിരുവിതാംകൂറിൽ ഉണ്ടോ എന്നു ഗവൺമെൻറിനു പറയുന്നതിനു തരമില്ല.'

ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ സാമുദായിക പ്രാതിനിധ്യം.

[illegible]. മി. എസ്സ്. പരമേശ്വരൻപിള്ള (കൊച്ചുപേട്ടയും വ്യവസായവും തെക്ക): (എ) മുൻസിഫന്മാരേയും ജഡ്ജിമാരേയും നാനാസമുദായാംഗങ്ങളെ നിയമിക്കുന്നതിൽ ശരിയായ പ്രാതിനിധ്യം ലഭിക്കുന്നതിനു മാറി മാറി ഓരോ സമുദായത്തിൽനിന്നും ആളുകളെ നിയമിക്കുന്ന നയം അനുകരിച്ചുവരുന്നുണ്ടോ എന്നും

(ബി) അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ അതു എന്താണെന്നും,

(സി) വെള്ളാളരെ ആ പദ്ധതിയിൽ ഒരു പ്രത്യേകവകുപ്പായി ഗണിച്ചിട്ടുണ്ടോ എന്നും,

(ഡി) അപ്രകാരം ഗണിക്കാത്തതുകൊണ്ടു ചില സമുദായാംഗങ്ങൾക്കു മററുള്ളവരെപ്പോലെ ന്യായമായ പ്രാതിനിധ്യം ലഭിക്കാതിരുന്നിട്ടുണ്ടോ എന്നും ഗവൺമെൻറിൽനിന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): എ-യും ബി-യും ജഡ്ജിമാരുടെയും മുൻസിഫ്മാരുടെയും നിയമനകാര്യത്തിൽ സർക്കാർ സർവീസിൻെറ നന്മയും കാര്യക്ഷമതയും പരിഗണിക്കുന്നുണ്ട്. വക്കീലന്മാരുടെ ഇടയിൽനിന്നും മുൻസിഫന്മാരെ നിയമിക്കുന്നതിൽ നിവൃത്തിയുള്ളപ്പോൾ എല്ലാം നാനാസമുദായാംഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണം ഹൈക്കോടതിയിൽ നിന്നും പ്രവൃത്തിക്കുന്നു.

(സി) ഇതരജാതിഹിന്ദുക്കൾ എന്ന വകുപ്പിൽ വെള്ളാളന്മാരും ഉൾപ്പെടും.

(ഡി) ഒരു സമുദായത്തിനും ന്യായമായ പ്രാതിനിധ്യം ലഭിക്കാതിരുന്നിട്ടില്ല.

പുനലൂരിൽ ഒരു മുൻസിഫ്കോടതിയുടെ സ്ഥാപനം.

[illegible]. മി. എസ്സ്. സുബ്രഹ്മണ്യഅയ്യർ (പത്തനാപുരവും ചെങ്കോട്ടയും): കൊട്ടാരക്കര ഒരു അഡിഷനൽ മുൻസിഫ്കോടതി സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതിനു പകരം പുനലൂർ ഒരു മുൻസിഫ്കോടതി സ്ഥാപിക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): കൊട്ടാരക്കരയിൽ ഒരു അഡിഷനൽ മുൻസിഫ്കോടതി സ്ഥാപിക്കണമോ എന്നാണു ഹൈക്കോടതിയുടെ ഇപ്പോഴത്തെ അഭിപ്രായം. ആ അഭിപ്രായം ഗവൺമെൻറിൽനിന്നും സ്വീകരിക്കുന്നു.

ചെങ്കോട്ട പട്ടണത്തിൽ നടന്ന ഭവനഭേദനങ്ങൾ.

* [illegible]. മി. എസ്സ്. സുബ്രഹ്മണ്യഅയ്യർ (പത്തനാപുരവും ചെങ്കോട്ടയും): [illegible]ലെ അവസാനമാസങ്ങളിൽ ചെങ്കോട്ടപട്ടണത്തിൽ പല ഭവനഭേദനങ്ങളും നടന്നിട്ടുണ്ടെന്നു ഗവൺമെൻറിനു അറിയാമോ? അതിൽ ഒന്നിലുംതന്നെ കുററക്കാർ ആരാണെന്നു കണ്ടുപിടിക്കാത്തതു എന്തുകൊണ്ടാണെന്നു അന്വേഷിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): [illegible]ൽ ചെങ്കോട്ട പോലീസ് സ്റ്റേഷനിൽ അഞ്ചു ഭവനഭേദനങ്ങളെപ്പററി അറിവുകിട്ടീട്ടുണ്ട്. അതിൽ ഒന്നിലെ കുററക്കാർ ആരാണെന്നു തെളിഞ്ഞു. ഒന്നു കള്ളക്കേസാണെന്നു കാണപ്പെട്ടു. മൂന്നെണ്ണം തെളിഞ്ഞിട്ടില്ല.

ചെങ്കോട്ട താലൂക്കിലേക്കു പ്രത്യേകമജിസ്ട്രേട്ടിൻെറയും മുൻസിഫിൻെറയും നിയമനം.

[illegible]. മി. എസ്സ്. സുബ്രഹ്മണ്യഅയ്യർ (പത്തനാപുരവും ചെങ്കോട്ടയും): ഒരേ ഉദ്യോഗസ്ഥൻ മജിസ്ട്രേട്ടുജോലിയും സിവിൽജോലിയും ചെയ്യുന്നതുകൊണ്ടു ജനങ്ങൾക്കു സങ്കടകരമായിരിക്കാൻ ഇടയുള്ളതിനാൽ ചെങ്കോട്ടതാലൂക്കിലേക്കു പ്രത്യേക ഉദ്യോഗസ്ഥന്മാരെ മജിസ്ട്രേട്ടായും മുൻസിഫായും നിയമിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): ഒരേ ഉദ്യോഗസ്ഥൻ സിവിൽ ജോലിയും ക്രിമിനൽജോലിയും നോക്കുന്നതുകൊണ്ടു ജനങ്ങൾക്കു സങ്കടമുള്ളതായി ഗവൺമെൻറിനു അറിവില്ല.

മുൻസിഫന്മാരുടെ നിയമനം.

[illegible]. മി. എ. ജെ. ജോൺ (വൈക്കം): ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനകം—

(എ) ഹൈക്കോടതിവക്കീലന്മാരുടെ ഇടയിൽനിന്നും,

(ബി) ജില്ലാക്കോടതിവക്കീലന്മാരുടെ ഇടയിൽനിന്നും,

(സി) ഗുമസ്താക്കളിൽനിന്നും ഓരോ ജാതിയിൽനിന്നും നിയമിച്ചിട്ടുള്ള മുൻസിഫന്മാരുടെ എണ്ണം കാണിച്ചിട്ടുള്ള ഒരു പട്ടിക ഗവൺമെൻറിനു മേശപ്പുറത്തു വയ്ക്കുന്നതിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): ആവശ്യപ്പെട്ട പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. *

മി. എ. ജെ. ജോൺ (വൈക്കം): താൽക്കാലിക നിയമനങ്ങൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): താൽക്കാലികനിയമനങ്ങൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മി. എ. ജെ. ജോൺ (വൈക്കം): ക്രിസ്ത്യാനികളിൽ ആരെങ്കിലും കത്തോലിക്കരാണോ എന്നു പറയുമോ?

---

* [illegible] അനുബന്ധം [illegible]-ാംപുറം നോക്കുക.

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആ വിവരവും അറിഞ്ഞിട്ടില്ല.

മി. എ. ജെ. ജോൺ (വൈക്കം): എൻസിഫ് ഉദ്യോഗത്തിന് ഏതെങ്കിലും ഹരിജനങ്ങൾ അപേക്ഷകരായി ഉണ്ടായിരുന്നോ എന്നു പറയാമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ആ വിവരവും അറിഞ്ഞിട്ടില്ല.

സർക്കാർ ഉദ്യോഗത്തിലെ സാമുദായിക പ്രാതിനിധ്യം.

൧൧൮. മി. എ. ജെ. ജോൺ (വൈക്കം): ജനസംഖ്യയേയും വിദ്യാഭ്യാസത്തേയും അപേക്ഷിച്ചു സർക്കാർസേവനത്തിൽ വേണ്ടതുപോലെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും ഉള്ള അപേക്ഷകർക്കു പ്രാധാന്യംകൊടുക്കണമെന്നുള്ള ഒരു നയം ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നുണ്ടോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): കാര്യക്ഷമത യോഗ്യത മുതലായതിനു ഭംഗം കൂടാതെ സർക്കാർസേവനത്തിൽ ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നുള്ള അപേക്ഷകരെപ്പറ്റി നിയമനങ്ങളെ സംബന്ധിച്ചു ഗവണ്മെൻറിൽനിന്നും പ്രത്യേകം ഗൌനിച്ചിട്ടുണ്ടു.

അധഃകൃതവർഗ്ഗക്കാർക്ക വൈക്കം താലൂക്കിൽ ഭൂമി പതിച്ചുകൊടുക്കുന്നതു.

൧൧൯. മി. എ. ജെ. ജോൺ (വൈക്കം): വൈക്കംതാലൂക്കിൽ അധഃകൃതവർഗ്ഗക്കാർക്ക പതിച്ചുകൊടുക്കപ്പെട്ടതായ ഭൂമികളുടെ ഒരു പട്ടിക ഗവണ്മെൻറിൽനിന്നും മേശപ്പുറത്തു വയ്ക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): * ആവശ്യപ്പെട്ട വിവരം അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

വൈക്കത്തും മററു സ്ഥലങ്ങളിലും വാദ്ധ്യാന്മാരായി നിയമിച്ചിട്ടുള്ള വൈക്കം സ്വദേശികൾ.

൧൨൦. എ. ജെ. ജോൺ (വൈക്കം): (എ) വൈക്കം താലൂക്കാപ്പള്ളിക്കൂടങ്ങളിലുള്ള വാദ്ധ്യാന്മാരുടെ മൊത്തംഎണ്ണം,

(ബി) വൈക്കം സ്വദേശികളായ വാദ്ധ്യാന്മാരുടെ മൊത്തംഎണ്ണം,

(സി) അന്യദേശത്തു ജോലിനോക്കുന്ന വൈക്കത്തുകാരായ വാദ്ധ്യാന്മാരുടെ മൊത്തംഎണ്ണം ഇവ ഗവണ്മെൻറിൽനിന്നും പ്രസ്താവിക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): ഈ വിവരങ്ങൾ അറിയുന്നതിൽനിന്നും ഉണ്ടാകാവുന്ന ഉപയോഗങ്ങൾ അതന്വേഷിച്ചറിയുന്നതിനു ആവശ്യമുള്ള ബുദ്ധിമുട്ടിനെ അപേക്ഷിച്ചും വളരെ തുച്ഛമായതുകൊണ്ടു ഗവണ്മെൻറു ഇതിനെപ്പററി അന്വേഷിക്കണമെന്നു വിചാരിക്കുന്നില്ല.

പാലകടവിൽനിന്നും തലയോലപറമ്പിലേക്ക ഒരു വണ്ടിപ്പാത ഉണ്ടാക്കുന്നതു.

൧൨൧. മി. എ. ജെ. ജോൺ (വൈക്കം): (എ) എ. വൈക്കംതാലൂക്കിൽ പാലകടവിൽനിന്നും തലയോലപറമ്പിലേക്ക ഒരു ശരിയായ റോഡില്ലാത്തതിനാൽ പൊതുജനങ്ങൾക്ക വളരെ നഷ്ടവും ബുദ്ധിമുട്ടും നേരിടുന്നുണ്ടെന്നും,

(ബി) വർഷകാലത്തു ആ വഴിയിൽ പകുതിയിൽ കൂടുതൽ വെള്ളം ഉണ്ടെന്നും ഗവണ്മെൻറിനു അറിയാമോ?

൨. (സി) പാലകടവിൽനിന്നും തലയോലപറമ്പിലേക്ക വണ്ടിപോകത്തക്കവണ്ണം ഒരു റോഡ് ഗവണ്മെൻറിൽനിന്നും ഉണ്ടാക്കുമോ എന്നു ഗവണ്മെൻറു ദയവുചെയ്തു പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) ഈ സംഗതിയെപ്പററി ഗവണ്മെൻറിനു അറിവുണ്ടു.

(ബി) ഈ റോഡിൽ വെള്ളംകെട്ടിനില്ക്കുമെന്നു മാത്രമേ ഗവണ്മെൻറിനു അറിയാവൂ.

(സി) ഇപ്പോഴുള്ള റോഡിൽ ആവശ്യമുള്ള ഭാഗങ്ങളെ ഭേദപ്പെടുത്തി റോഡ്നന്നാക്കുന്നതിനു എസ്റ്റിമേററു തയാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നു ചീഫ്എൻജിനീയർ ഗവണ്മെൻറിലേക്ക റിപ്പോർട്ടുചെയ്തിട്ടുണ്ടു.

മി. എ. ജെ. ജോൺ (വൈക്കം): ഇപ്പോഴുള്ള റോഡിൽ അധികഭാഗവും ൧൧൦൦ കർക്കടകത്തിൽ ഒരു മൂടടി ആഴത്തിൽ വെള്ളത്തിലായിരുന്നില്ലയോ എന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): അതിനെപ്പററി എനിക്കറിഞ്ഞുകൂടാ. റോഡിൽ വെള്ളംനില്ക്കുമെന്നു മാത്രമേ ഇപ്പോൾ അറിയാവൂ.

മി. എ. ജെ. ജാൺ (വൈക്കം): അടുത്തവർഷാരംഭത്തിനുമുമ്പു ആ റോഡ് ഉണ്ടാക്കണമെന്നു ആജ്ഞാപിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): ഒരു എസ്റ്റിമേററ് തയാറാക്കുന്നതിനു ആജ്ഞാപിച്ചിട്ടുണ്ടു. അതു കിട്ടുമ്പോൾ അതിനെസംബന്ധിച്ചു ഉത്തരവു ചെയ്യുന്നതാണ്.

വെള്ളപ്പൊക്കം കൊണ്ടുണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനുള്ള കടങ്ങൾക്ക ഇളപ്പ്.

൧൨൨. മി. എ. ജെ. ജാൺ (വൈക്കം): എ. ൧൧൦൦-ലെ വെള്ളപ്പൊക്കം കൊണ്ടുള്ളനഷ്ടം പരിഹരിക്കുന്നതിനായി കൊടുക്കപ്പെട്ട കടങ്ങളെ സംബന്ധിച്ചുള്ള സർക്കുലർ ഉത്തരവുകളിലും ചട്ടങ്ങളിലും നോട്ടീസുകളിലും ആവശ്യം എന്നു പ്രയോഗിച്ചിരിക്കുന്ന പദത്തിനു ഗവണ്മെൻറു എന്തർത്ഥമാണ് കല്പിച്ചിരിക്കുന്നതു്?

൨. കടം കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരോടു ആ സംഖ്യ ഈടാക്കണമെന്നു ഗവണ്മെൻറിൽനിന്നും എപ്പോഴെങ്കിലും തീരുമാനിച്ചിട്ടുണ്ടോ?

൩. അപ്രകാരം തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രത്യേകകടങ്ങളെ സംബന്ധിച്ചു അതു ഊർജ്ജിതത്തിൽ ഇരുന്നിരുന്നുവോ? ഇപ്പോഴും ഊർജ്ജിതത്തിൽ ഇരിക്കുന്നുവോ?

---

* ൩-ാം അനുബന്ധം ൩൧൩-ാംപുറം നോക്കുക.

മി. എൻ. നീലകണ്ഠപിള്ള (മററു ജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറു സിക്രട്ടറി): (എ) ആറാംഖണ്ഡം എന്നവാക്കുകൊണ്ടു മേൽ സൂചിപ്പിക്കപ്പെട്ട ഉത്തരവുകളിലും സക്കുലർകളിലും നിർദ്ദേശിക്കപ്പെടുന്നതു കടക്കാരൻറയോ മററാളുകളുടെയോ പണം തിരിച്ചുകൊടുക്കാമെന്നുള്ള വാഗ്ദാനത്താൽ ലഭിക്കുന്നചുമതലയാണ് ഇതു സ്ഥാപരസ്വത്തുക്കളിന്മേലുള്ള ഈടിലും ജംഗമസ്വത്തുക്കൾ പണയം വയ്ക്കുന്നതിലും നിന്നും വ്യത്യസ്ഥമാണ്.

(ബി) മറുപടി ആവശ്യമില്ലാത്തതാണ്

(സി) രണ്ടാംഭാഗത്തിൻെറ ഉത്തരംകൊണ്ട് ഇതിനെപ്പററി മറുപടി പറയേണ്ടആവശ്യമില്ലെന്നുവരുന്നു.

തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതിയുടെ സ്ഥാപനം.

൫൨൩. മി. ജി. നാരായണപിള്ള (തിരുവല്ല): തിരുവല്ലായിൽ ഒരു മജിസ്ട്രേട്ടുകോടതി സ്ഥാപിക്കണമെന്നുള്ള അപേക്ഷയിന്മേൽ ദിവാൻജി അവർകളെ സന്ദർശിച്ച ഡെപ്യൂട്ടേഷൻെറ നിവേദനത്തിനെ സംബന്ധിച്ച ഏതെങ്കിലും പ്രവൃത്തി [illegible] എന്നു ഗവണ്മെൻറു ദയവുചെയ്തു പ്രസ്താവിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): ആ സംഗതിയെപ്പററി ആലോചിച്ചുവരുന്നു.

കടപ്ര വടക്കുംഭാഗം കര പ്രൈമറി പള്ളിക്കൂടത്തിൻെറ അംഗീകരണം നിരസിച്ചതു.

൫൨൪. മി. ജി. നാരായണപിള്ള (തിരുവല്ല): (എ) തിരുവല്ലാ താലൂക്ക കടപ്ര പകുതി വടക്കുംഭാഗം കരയിലുള്ള ജനങ്ങൾ ആ സ്ഥലത്തുള്ള പ്രൈമറി പള്ളിക്കൂടത്തിനു അംഗീകരണം നല്കണമെന്നപേക്ഷിച്ചതു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും നിരസിച്ചതു ഗവണ്മെൻറിനു അറിയാമോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

(ബി) അതിനെ സംബന്ധിച്ചുള്ള റിക്കാർട്ടുകൾ വരുത്തി ആ തീരുമാനത്തിനെ ഭേദപ്പെടുത്തുന്നതിനു ഇടയുണ്ടോ എന്നു ഗവണ്മെൻറു ആലോചിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സിക്രട്ടറി): (എ) അറിവുണ്ട്.

(ബി) ആ കടലാസുകൾ ഗവണ്മെൻറിനു കിട്ടീട്ടുണ്ട്. അതിനെപ്പററി ആലോചിക്കപ്പെടും.

ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഡ്യുയിസേവനത്തിനു പോയവരുടെ നിയമനം.

൫൨൫. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): യുദ്ധസേവനത്തിനു പോയി എന്ന കാരണത്തെ അടിസ്ഥാനമാക്കി ൧൧൦൮-ലെ പാഠശാലാവർഷത്തിൽ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ താൽക്കാലമായും സ്ഥിരമായും നിയമിച്ചവരുടെഎണ്ണവും പേരും പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): മൂന്നുപേരെ നിയമിച്ചിട്ടുണ്ട്, അവർ മെസേഴ്സ് എ. പി. മാധവവാര്യർ ഡബ്ലിയു. ജെ. തോമസ് അവരാണ്.

ഹൈക്കോടതിയിൽ വീണ്ടും വിചാരണചെയ്തു തീരുമാനിക്കുന്നതിനു അയച്ച കേസുകൾ.

൫൨൬. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) കേസുകൾവീണ്ടും കേട്ടു തീരുമാനിക്കണമെന്നു ഹൈക്കോടതിയിൽനിന്നു ചെയ്യുന്ന ഉത്തരവുകളിൽനിന്നും കീഴ്‌ ജുഡിഷ്യൽഉദ്യോഗസ്ഥന്മാരുടെ ഉപേക്ഷയും ചട്ടത്തിനെയും നടപടിയേയും [illegible] അറിവില്ലായ്മയും [illegible] എന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) ഇങ്ങനെ [illegible] വിസ്തരിച്ച് തീരുമാനിക്കുന്നതിനായി അയക്കുന്ന സിവിലും ക്രിമിനലും ആയ കേസുകളുടെയും അവ വിധിച്ച ഉദ്യോഗസ്ഥന്മാരുടേയും ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സിക്രട്ടറി): (എ) വീണ്ടുംവിസ്തരിച്ചു തീരുമാനിക്കുന്നതിനായി അയയ്ക്കുന്ന വിധികളുടെ [illegible] നടപടിസംബന്ധമായുമുള്ള തെററുകൾ ചൂണ്ടിക്കാണിച്ചു കീഴ്‌കോടതിയിലെ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നു.

(ബി) ആവശ്യപ്പെട്ട പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു

തൃക്കാരിയൂർ നിന്നും പെരിയാററിലേക്കുള്ള ഊടുവഴിനന്നാക്കുന്നതു.

൫൨൭. മി. തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വെട്ടിൽപ്പാറവഴി തൃക്കാരിയൂർക്ഷേത്രത്തിൽനിന്നും പെരിയാററിലേക്കുള്ള ഊടുവഴിയെ ഉടനെ വണ്ടികൾ പോകത്തക്കവണ്ണമാക്കി ഇപ്പോൾ പണിചെയ്തുവരുന്ന കരിപ്പും ചടിയൽനിന്നും കറിക്കടയിലുള്ള റോഡുമായി യോജിപ്പിക്കുന്നതിനു വേണ്ടഏർപ്പാടുകൾ ഗവണ്മെൻറിൽനിന്നും ചെയ്യുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ആ സംഗതിയെപ്പററി ചീഫ് എൻജിനീയരോടു റിപ്പോർട്ടയക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു.

മൂവാററുപുഴകൂത്താട്ടുകുളംറോഡു.

൫൨൮. മി. തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അറക്കുഴവഴി മൂവാററുപുഴനിന്നും കൂത്താട്ടുകുളത്തേയ്ക്കും കോതമംഗലത്തുനിന്നും വാഴക്കുളം ചന്തയിലേക്കും ഉണ്ടാക്കിവരുന്ന റോഡുകളെ വണ്ടി പോകത്തക്കരീതിയിൽ ആക്കുന്നതിനു വേണ്ടഏർപ്പാടുകൾ ഗവണ്മെൻറിൽനിന്നും ചെയ്യുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): ആ ജോലികൾചെയ്യുന്നതിനു പണം ഈ ആണ്ടത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ളപണംകൊണ്ടു നിവൃത്തിയുള്ളിടത്തോളം ൧൧൦൯-ൽ തന്നെ ആ ജോലി നടത്തപ്പെടും.

---

* നാലാംഅനുബന്ധം നമ്പർ ൬-ാം പുറം നോക്കുക.

മൂവാററുപുഴതാലൂക്കിലും തൊടുപുഴതാലൂക്കിലും അനുവദിച്ചിട്ടുള്ള പൊതുമരാമത്തുകൾ ഉടനെ നടത്തുന്നതു.

൧൨൯. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിലെ ഗതാഗതമാൎഗ്ഗങ്ങളെ നന്നാക്കുന്നതിനു ൧൧൦൧-ലെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള പണികളെ ഉടൻതന്നെ ചെയ്യുന്നതിനു ഗവൎമ്മെൻറിൽനിന്നും ആജ്ഞാപിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറു സിക്രട്ടറി): എസ്റ്റിമേററുകൾ തയ്യാറായി അനുവദിച്ചാൽ ഉടനെ ആ ജോലികൾ നടത്തപ്പെടും.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിട്ടുള്ള നിയമനങ്ങൾ.

൧൩൦. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ൨൦ രൂപയും അതിനുമേലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരം അടങ്ങിയ ഒരുപട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവൎമ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഇപ്പോഴത്തെ രജിസ്ട്രേഷൻഡയറക്ടർ ചാൎജ്ജേററതുമുതൽ ൧൧൦൭ കന്നി ൩൦-നുവരെ ആഡിപ്പാർട്ടുമെൻറിൽ ആകെയുള്ള നിയമനങ്ങളുടെ ഒരുജാതിവിവരപട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൎമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ്ഗവൎമ്മെൻറു ചീഫ്സിക്രട്ടറി): എ-യും ബി-യും സാമാജികൻ ആവശ്യപ്പെട്ടപട്ടിക † മേശപ്പുറത്തുവച്ചിരിക്കുന്നു.

† അഞ്ചാംഅനുബന്ധം നോക്കുക.

മൂവാററുപുഴതാലൂക്കിലുള്ള പുറമ്പോക്കുകേസുകൾ.

൧൩൧. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴതാലൂക്കിൽ കഴിഞ്ഞ മൂന്നുവർഷങ്ങളായി ഫയലിൽഎടുത്തിട്ടുള്ള പുറമ്പോക്കു കേസ്കളെസംബന്ധിച്ച താഴെ കാണിക്കുന്ന വിവരങ്ങൾ പ്രത്യേകമായി അടങ്ങിയ ഒരുപട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൎമ്മെൻറിനു ദയവുണ്ടാകുമോ?

(൧) എടുത്തകേസുകളുടെ മൊത്തംഎണ്ണം.
(൨) കുററംസ്ഥാപിച്ച കേസുകളുടെഎണ്ണം.
(൩) പിഴവകയിൽ ഈടാക്കിയതുക.
(൪) കുററംസ്ഥാപിച്ച കേസുകളിൽ സ്ഥലംതഹശീൽദാർ നേരിട്ടു പരിശോധിച്ച കേസുകളുടെഎണ്ണം.
(൫) പതിച്ചുപുറംപോക്കു സ്ഥലങ്ങളുടെ ആകപ്പാടെയുള്ള വിസ്തീർണ്ണം.
(൬) തറവിലവകയിൽ ഈടായ മൊത്തം സംഖ്യ.

മി. ററി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറുസിക്രട്ടറി): സാമാജികന്മാർ ആവശ്യപ്പെട്ടിരിക്കുന്നവിവരങ്ങൾ താഴെകാണിച്ചിരിക്കുന്നു.

൧. എടുത്ത കേസുകളുടെ മൊത്തംസംഖ്യ ൧൬൫൨.
(൨) കുററംസ്ഥാപിച്ച കേസുകളുടെഎണ്ണം ൧,൩൭൯.
(൩) പിഴവകയിൽ ഈടായസംഖ്യ ൨൩൩൭ രൂപ ൧൨ ചക്രം ൧൨ കാശു.
(൪) കുററംസ്ഥാപിച്ച കേസുകളിൽ തഹശീൽദാർ സ്ഥലം നേരിട്ടുപരിശോധിച്ചവയുടെ എണ്ണം ൧൦൬.
(൫) പതിച്ചുകൊടുത്ത പുറമ്പോക്കുസ്ഥലങ്ങളുടെ മൊത്തം വിസ്തീർണ്ണം ൧൪ ഏക്കർ ൨൩ സെൻറു.
(൬) തറവില ഈടായസംഖ്യ ൧,൪൭൩ രൂപ ൧൧ ചക്രം ൧൫ കാശു.

പുതുവൽ കേസ്കളും മററുംവിസ്തരിക്കുന്നതിനുള്ള ഗുമസ്തന്മാരുടെ അധികാരം.

൧൩൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) പുതുവൽ പുറമ്പോക്കു മുതലായകേസ്കളിൽ തെളിവെടുക്കുന്നതിനും അതുവിസ്തരിക്കുന്നതിനും താലൂക്കുകച്ചേരിയിലുള്ള ഗുമസ്തന്മാൎക്കു അധികാരമുണ്ടോ?

(ബി) തഹശീൽദാരന്മാർ ഇല്ലാത്തപ്പോൾ ഗുമസ്തന്മാർ പുതുവലും പുറമ്പോക്കു കേസ്കൾ വിസ്തരിക്കുന്നുണ്ടെന്നും കക്ഷികളോടു മൊഴിവാങ്ങിക്കുന്നുഎന്നും തന്നിമിത്തം കക്ഷികൾക്കു പലവിധത്തിലുള്ള സങ്കടങ്ങൾ ഉണ്ടാകുമെന്നും ഗവൎമ്മെൻറിനു അറിവുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറു സിക്രട്ടറി): എ-യും ബി-യും നിഷേധപ്രതിജ്ഞമാണ്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലുള്ള റോമൻകത്തോലിക്കന്മാർ.

൧൩൩. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വിദ്യാഭ്യാസവകുപ്പിലെ റോമൻകത്തോലിക്കാ ക്രിസ്ത്യാനിവാദ്ധ്യാന്മാരുടെഎണ്ണം ഇത്രഎന്നു പറയുന്നതിനു ഗവൎമ്മെൻറിനു ദയവുണ്ടാകുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറു സിക്രട്ടറി): ഇംഗ്ലീഷ് വിഭാഗത്തിൽ ൨൦ റോമൻകത്തോലിക്കൻ വാദ്ധ്യാന്മാരും ആ വകുപ്പിലെ മലയാളത്തിൽ ൧൭൦ റോമൻകത്തോലിക്കൻ വാദ്ധ്യാന്മാരും ഉണ്ടു.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ കത്തോലിക്കരുടെ എണ്ണം.

൧൩൪. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ ൨൫ രൂപായും അതിൽ കൂടുതലും ശമ്പളംഉള്ള ജോലികളിൽ റോമൻകത്തോലിക്കരായി എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്നു ഗവൎമ്മെൻറിൽനിന്നും പ്രസ്താവിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറു സിക്രട്ടറി): പതിനേഴു.

ഉദ്യോഗസ്ഥന്മാർ നിയമനിൎമ്മാണസഭയിലും ശ്രീമൂലം പ്രജാസഭയിലുംഉള്ള സാമാജികന്മാരുടെമേൽ വ്യവഹാരംകൊടുക്കുന്നതിനു ഗവൎമ്മെൻറനുവാദം.

൧൩൫. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): (എ) ഗവൎമ്മെൻറനുവാദം കൂടാതെ കക്ഷികൾക്കു ചില ഗവൎമ്മെൻറു ഉദ്യോഗസ്ഥന്മാരുടെമേൽ വ്യവഹാരപ്പെടാൻ പാടില്ലാത്തസ്ഥി

തിക്ക ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക് ശ്രീമൂലം പ്രജാസഭയിലെയും നിയമനിർമ്മാണസഭയിലെയും സാമാജികന്മാരായ പൊതുജനങ്ങളുടെ പ്രതിനിധികളുടെമേൽ വ്യവഹാരപ്പെടാൻ പാടില്ലെന്ന ഗവണ്മെൻറിൽനിന്നും തീരുമാനിക്കുമോ?

(ബി) തങ്ങളുടെ അക്രമപ്രവൃത്തികളെ സഭയിൽ എതിർക്കുന്ന പൊതുജനപ്രതിനിധികളോടു കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർക്ക് ദ്വേഷമുണ്ടാകുന്നതിനു ഇടയുള്ളതുകൊണ്ടു ഇപ്രകാരം ഒരു വ്യവസ്ഥ വളരെ ആവശ്യമായി തീർന്നിരിക്കുന്നു എന്ന ഗവണ്മെൻറു വിചാരിക്കുന്നില്ലയോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ചീഫ് സിക്രട്ടറി): എ-യും ബി-യും സിവിൽകോടതികളുടെ നടപടിയേയോ ക്രിമിനൽകോടതികളുടെ നടപടിയേയോ കുറിച്ചാണ സാമാജികൻ പറയുന്നതെന്നോ ഏതെങ്കിലും നിയമത്തെപ്പററിയോ ഡിപ്പാർട്ടുമെൻറു സംബന്ധമായ ഉപദേശങ്ങളെപ്പററിയോ ആണോ സാമാജികൻ പറഞ്ഞതു എന്നു മനസ്സിലാകുന്നില്ല. ക്രിമിനൽകേസുകളെ സംബന്ധിച്ചു ക്രിമിനൽനടപടി ൧൯൭ (ഡി) വകുപ്പിനെ സാമാജികനെ ശ്രദ്ധിക്കാൻ ക്ഷണിച്ചിരിക്കുന്നു. നിയമനിർമ്മാണസഭ സാമാജികന്മാരെ വ്യവസ്ഥയുടെ വ്യാപ്തിയിൽ ഉൾപ്പെടുത്തുന്നതിനെപ്പററി ആലോചിക്കപ്പെടും. ലാൻററവന്യൂമാന്വൽ ൩-ാം വാല്യം ൧൭-ാം പേജിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൧൦൫-ലെ ൧൩-ാംനു ഗവണ്മെൻറു ഉത്തരവു നമ്പർ ജെ. ൩൩൯-ൽ സിവിലും ക്രിമിനലും ആയ വ്യവഹാരങ്ങളെപ്പററി ഡിപ്പാർട്ടുമെൻറു നിർദ്ദേശങ്ങളുണ്ടായി സാമാജികനെ അറിയിച്ചിരിക്കുന്നു. സ്വകാര്യസംബന്ധമായ സിവിൽവ്യവഹാരങ്ങളേയും ക്രിമിനൽകേസുകളേയും സംബന്ധിച്ച ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർക്കുള്ള അവകാശങ്ങളെ ഗവണ്മെൻറിൽനിന്നും കുറയ്ക്കണമെന്നു വിചാരിക്കുന്നില്ല.

മോട്ടോർബസ്സുകൾക്കു അനുവദിച്ചിട്ടുള്ള ഏററവും കൂടുതലായ വേഗം.

൫൩൩. മി. ററി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും): (എ) മോട്ടോർബസ്സുകളുടെ വേഗത്തെപ്പററി ഗവണ്മെൻറുഗസററിൽ പ്രസിദ്ധപ്പെടുത്തിയ ആർ. ഒ. സി. ൯൩൫-ാംനമ്പർ അനുസരിച്ച് ബസ്സുടമസ്ഥന്മാർ ആക്ഷേപങ്ങളെ ഗവണ്മെൻറിലേക്കയച്ചിട്ടുണ്ടോ?

(ബി) അപ്രകാരം അയച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറിൽനിന്നും ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തീരുമാനം എന്താണെന്നു പറയുന്നതിനു ദയവുണ്ടാകുമോ?

(സി) —മണിക്കൂറിൽ ൧൫ മുതൽ ൨൦ വരെ നാഴിക വേഗത്തിൽ പോകുന്നതിനുദ്ദേശിച്ചു പണിചെയ്തിട്ടുള്ള ബസ്സുകളെ മണിക്കൂറിൽ ൧൨ നാഴികവീതം ഓടിക്കുകയാണെങ്കിൽ കൂടുതൽ പെട്രോൾ ചിലവാകുമെന്നു ഗവണ്മെൻറിനു അറിവാൻ ഇടവന്നിട്ടുണ്ടോ?

(ഡി) പൊതുജനങ്ങൾക്കു ബസ്സുകളിൽ ഗതാഗതസൌകര്യവും രക്ഷയും ലഭിക്കുന്നിടത്തോളം കാലം അവയെ കൂടുതൽ വേഗത്തിൽ ഓടിക്കുന്നതിനു അനുവദിച്ചു നിയമമുണ്ടാക്കിയാൽ ബസ്സുകൾ നിറുത്തുന്നതിനു ഇടവരുത്താതെ ബസ്സുടമസ്ഥന്മാരെ പ്രോത്സാഹിപ്പിക്കുമോ?

മി. കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ചീഫ് സിക്രട്ടറി): (എ) ചില ആക്ഷേപങ്ങൾ കിട്ടീട്ടുണ്ട്.

(ബി) ആക്ഷേപങ്ങളെപ്പററി ആലോചിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ആ അഭിപ്രായത്തെപ്പററി പര്യാലോചിക്കാം.

കോട്ടയത്തുനിന്നും പറവൂർക്കു അഞ്ചൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനുള്ള കരാർ.

൫൩൪. മി. ററി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും): (എ) കോട്ടയത്തുനിന്നും പറവൂർക്കു മോട്ടോർവണ്ടികളിൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനുള്ള കൺട്രാക്ട് കൊടുത്തതു എപ്പോഴാണ്?

(ബി) —ടെൻഡറുകൾ വാങ്ങിയാണോ ഈ കൺട്രാക്ട് കൊടുത്തതു്?

(സി) എത്രപേർ ടെൻഡറുകൾ അയച്ചു? ഓരോരുത്തരും എന്തു തുകയാണ് ടെൻഡർ കൊടുത്തതു എന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ഡി) ഏററവും കുറഞ്ഞനിരക്കനുസരിച്ചു ടെൻഡറുകൊടുക്കുന്ന ആൾക്കു കുത്തക കൊടുക്കപ്പെടുമെന്നു ഗസററിൽ പരസ്യം ചെയ്തിരുന്നോ? ആ വ്യവസ്ഥ അനുസരിച്ചു കുത്തക കൊടുത്തോ?

(ഇ) അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ അങ്ങനെ കൊടുക്കാതിരുന്നതിനുള്ള കാരണം എന്താണെന്ന് പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (വേറെ ജോലിയിലിരിക്കുന്ന ഗവണ്മെൻറു സിക്രട്ടറി): (എ)—കൺട്രാക്ട് ൧൧൦൮ ജൂലായിൽ ഗവണ്മെൻറിൽനിന്നും അനുവദിച്ചു. സർവീസ് ൧൧൦൮ കന്നി ൧-നു മുതൽ തുടങ്ങി.

(ബി) അതെ.

(സി) ൯ പേർ ടെൻഡറുകൾ അയച്ചു. ടെൻഡറുകളിൽ പറഞ്ഞ പ്രതിമാസംതോറും നിരക്ക് ശ്രീ. രൂപാ ൧,൦൦൦, ൯൫൦, ൯൨൫, ൯൦൦, ൮൭൫, ൮൫൦, ൮൦൦, ൭൦൦ രൂപായും ആയിരുന്നു.

(ഡി) ആ ചോദ്യത്തിലെ പൂർവഭാഗത്തിനുള്ള മറുപടി പ്രതികൂലമാണ്. ഈ സ്ഥിതിക്കു ഉത്തരഭാഗത്തിനു മറുപടിയൊന്നും പറയേണ്ടതായി ഇല്ല.

(ഇ) ചോദ്യത്തിലെ ഉത്തരം ഇപ്രകാരം ആയിരിക്കുന്ന സ്ഥിതിക്കു ഈ ചോദ്യത്തിനു മറുപടി ആവശ്യമില്ല.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): കുറഞ്ഞ ടെണ്ടർകാരനു തന്നെയാണോ കൊടുത്തിട്ടുള്ളതു്.

മി. എൻ. നീലകണ്ഠപ്പിള്ള (മററുജോലിയിലിരിക്കുന്ന ഗവണ്മെൻറു സിക്രട്ടറി): കുറഞ്ഞ ടെണ്ടറിനാണ് കൊടുത്തിട്ടുള്ളതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അതിനു ൯ പേർ ടെണ്ടർ കൊടുത്തിട്ടുള്ളതായി കാണുന്നു. അതായതു, ൧൦൦൦, ൯൫൦, ൯൨൫, ൯൦൦, ൮൭൫, ൮൫൦, ൮൦൦, ൭൦൦ ഇങ്ങനെ ൯ പേർ ആണ് ടെണ്ടർ കൊടുത്തിട്ടുള്ളതു്. അതിൽ കുറഞ്ഞ തുകക്കാരനുതന്നെയാണോ കൊടുത്തിട്ടുള്ളതു്?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): കുറഞ്ഞ തുകക്കാരനല്ല കുറഞ്ഞതുകയ്ക്കാണ് കൊടുത്തിട്ടുള്ളതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ കുറഞ്ഞതുകയ്ക്കു കൊടുത്തിട്ടുള്ള കുറഞ്ഞ ടെണ്ടർകാരനോടു ആലോചിച്ചുതന്നെയാണോ കൊടുത്തിട്ടുള്ളതു്. ൧൦൦ രൂപായിൽ കുറഞ്ഞ ഒരു തുകയ്ക്കു കൊടുത്തുഎന്നാണ് ഞാൻ അർത്ഥമാക്കുന്നതു്.

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): അല്ല. ൧൦൦ രൂപായ്ക്കാണ് കൊടുത്തിട്ടുള്ളതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരാൾ ൧൦൦ രൂപായ്ക്കു ടെണ്ടർ കൊടുത്തിരിക്കുമ്പോൾ വേറെ ഒരാൾക്കു കുറഞ്ഞതുകയ്ക്കുതന്നെ കൊടുക്കാനുള്ള കാരണം എന്തു്?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): കാര്യനടപ്പിനെ ഉദ്ദേശിച്ചു ഗവണ്മെൻറിന്റെ യുക്തംഅനുസരിച്ചു കൊടുത്തതാണ്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കുറഞ്ഞതുകക്കാരന്റെ യോഗ്യതയെപ്പററി ഗവണ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): യോഗ്യതയെപ്പററി അന്വേഷിച്ചിട്ടുണ്ടു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിൽ കുറഞ്ഞതുകക്കാരനു ഈ കൺട്രാക്റ്റ് കൊടുക്കാൻ പാടില്ലാത്തവിധം അയോഗ്യതയുള്ളതായി അറിവുകിട്ടിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): അയോഗ്യത ഉണ്ടെന്നല്ല അറിവുകിട്ടിയതു്. ഇപ്പോൾ ടെണ്ടർ കൊടുത്തിട്ടുള്ളആൾക്കു കൂടുതൽ യോഗ്യത ഉണ്ടെന്നാണ് അറിവുകിട്ടിയതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ചെയ്യുമ്പോൾ ഈ ടെണ്ടർ വരുത്തുന്നതു കൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): പ്രയോജനം ഉണ്ടു. അതുകൊണ്ടല്ലേ ൫൦൦൦ രൂപായിൽനിന്നും ൧൦൦ രൂപായ്ക്കു കുറയാൻ കാരണമായതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൦൦ രൂപായിൽ കുറഞ്ഞ ടെണ്ടർകാരൻ ഉണ്ടായിരിക്കുമ്പോൾ അയാൾക്കു കൊടുക്കാതെ അതേതുകയ്ക്കു മറെറാരാൾക്കു കൊടുത്തുഎന്നാണ് പറഞ്ഞതു്. അങ്ങനെ ചെയ്യുന്നതിനുള്ള വല്ല പ്രത്യേകകാരണവും ഉണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറസിക്രട്ടറി); ഇല്ലഎന്ന് ആദ്യമെ പറഞ്ഞു; ഇതു് രണ്ടാമതു ചോദിക്കുകയാണ്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എട്ടുപേരുണ്ടല്ലോ അതിൽ ഉൾപ്പെട്ട ആളിനെ തന്നെയാണോ ഈ കുറഞ്ഞതുകയ്ക്കു കൊടുത്തിട്ടുള്ളതു്.

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): അതേ.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അയാൾ എത്രരൂപായ്ക്കാണു ടെണ്ടർകൊടുത്തിട്ടുള്ളതു്?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറസിക്രട്ടറി): ആയിരംരൂപാതന്നെ.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൫൦൦൦ രൂപായ്ക്കു ടെണ്ടർകൊടുത്ത ഒരാളിനാണ്. ടെണ്ടർഎല്ലാം വന്നതിൽപിന്നീടു ൧൦൦ രൂപായ്ക്കു കൊടുത്തുഎന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): അതെ.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൦൦ രൂപാക്കാരനു കൊടുക്കാതെയിരിക്കാൻ വല്ല പ്രത്യേകകാരണവും ഉണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിലിരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): പ്രത്യേക കാരണം ഇല്ലായിരുന്നു.

ഗവണ്മെൻറിന്റെ യുക്തംപ്രയോഗിച്ചു കാര്യനടപ്പിനു ഏററവും ഉപയുക്തമായ തീർച്ചഎന്താണെന്നു ആലോചിക്കുകയും അതനുസരിച്ചു കൊടുക്കുകയും ചെയ്തു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവണ്മെൻറിന്റെ യുക്തത്തെപ്പററി ഞാൻ ചോദിക്കുന്നില്ല. ചോദിക്കാൻ അവകാശവുംഇല്ല. ഈ ൧൦൦ രൂപാക്കാരനു അയോഗ്യതഇല്ലെങ്കിൽ വേറെ ഒരാളിനു അതേതുകയ്ക്കുതന്നെ കൊടുക്കാനുള്ള കാരണം എന്താണ്?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): അയോഗ്യത ഇല്ലാത്തവർക്കല്ല ജോലികൊടുക്കുന്നതു്, കൂടുതൽ യോഗ്യതയുള്ളവർക്കാണ് പ്രവൃത്തികൊടുക്കേണ്ടതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൫൦൦൦ രൂപായ്ക്കു് ടെണ്ടർ കൊടുത്തിട്ടുള്ള ആളിനും ൧൦൦ രൂപായ്ക്കു് ടെണ്ടർകൊടുത്ത ആളിനും യോഗ്യത എന്താണെന്നു ഗവണ്മെൻറ പരിശോധിച്ചോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി): കാര്യനടപ്പിനു കൂടുതൽ ഗുണം ഈ കൊടുത്ത ആളിനു ഉണ്ടായിരിക്കുമെന്നു വിചാരിച്ചതുകൊണ്ടാണ് കൊടുക്കാൻ ഇടയായതു്.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതിനു ഇന്നയോഗ്യത ഉണ്ടായിരിക്കണമെന്നു ഗവണ്മെൻറ ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറവജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറ സിക്രട്ടറി) : സാധാരണങ്ങനെയുള്ള സംഗതി ഗസററിൽ പ്രസിദ്ധംചെയ്യാറില്ല.

ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെ വരുമ്പോൾ കുറച്ചു ടെണ്ടർ കൊടുക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നു മറവുള്ളവർക്കു തെറ്റിദ്ധാരണ ഉണ്ടാകയില്ലേ?

ടി. എൻ. നീലകണ്ഠപിള്ള (മരാമത്തുജോലിയിൽ ഇരിക്കുന്ന ഗവണ്മെന്റുസിക്രട്ടറി): ടെണ്ടർ പരസ്യത്തിൽ തന്നെ ടെണ്ടർ അയക്കുമ്പോൾ അതിൽ ഏറ്റവും കുറഞ്ഞ ടെണ്ടറിനു ഉടമ്പടി കൊടുക്കണമെന്നു നിർബന്ധമില്ലെന്നു വിവരിച്ചിട്ടുണ്ടു.

ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെ തന്നെയാണോ ഗവണ്മെന്റു ഓരോ അവസരത്തിലും പ്രവർത്തിച്ചുവരുന്നതു.

ടി. എൻ. നീലകണ്ഠപിള്ള (മരാമത്തുജോലിയിലിരിക്കുന്ന ഗവണ്മെന്റുസിക്രട്ടറി). അങ്ങനെയുണ്ടായിട്ടുണ്ടു.

ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൫൦൦൦ രൂപയ്ക്കു ആദ്യം ടെണ്ടർ കൊടുത്തു ഇതേമാതിരി കുറഞ്ഞ ടെണ്ടർകാർ വരുമ്പോൾ അതുകളും കൊടുക്കാമെന്നു പറഞ്ഞാൽ അതിനെ അനുസരിച്ചു കൊടുക്കയാണോ ചെയ്യുന്നതു.

ടി. എൻ. നീലകണ്ഠപിള്ള (മരാമത്തുജോലിയിലിരിക്കുന്ന ഗവണ്മെന്റുസിക്രട്ടറി): അങ്ങനെ വേണമെന്നു വന്നാൽ അങ്ങനേയും ചെയ്യുന്നതിനു ഉതകുന്ന വാചകമാണ് അതു്.

ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും). അതുപോലെ മറ്റു അവസരങ്ങളിലും ഈ നയം ഉപയോഗിക്കുന്നുണ്ടോ?

ടി. എൻ. നീലകണ്ഠപിള്ള (മരാമത്തുജോലിയിലിരിക്കുന്ന ഗവണ്മെന്റുസിക്രട്ടറി): ആവശ്യംപോലെ ഉപയോഗിക്കാറുണ്ടു.

വെങ്ങൂർപകുതിയിൽ ഏതാനും നിലങ്ങളിൽ വെള്ളം കയറുന്നതിനുള്ള തോടു.

൧൩൨. മി. സി. പി. തരകൻ (കുന്നത്തുനാടു): പെരിയാററിൽ തടിക്കാമ്പനിൽനിന്നും തോടു വെട്ടിയാൽ അതുവഴി വെങ്ങൂർ പകുതിയിലുള്ള നിലങ്ങളിലേയ്ക്കും വെള്ളം കയറുന്നതിനു സാധ്യമാകുമോ എന്നു വേണ്ടപരിശോധന നടത്തുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ടി. റി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റുസിക്രട്ടറി): ആ സംഗതിയെപ്പററി റിപ്പോർട്ടയക്കുന്നതിനു ചീഫ് എൻജിനിയരോടു ആവശ്യപ്പെടുന്നതാണു.

ബാംബെ ആൽക്കലിവർക്സിൽ മരുന്നുകൾക്കായി കൊടുത്ത ആർഡർകൾ.

൧൩൩. ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഉപയോഗത്തിനായി ൪൦,൦൦൦ രൂപായുടെ മരുന്നുകൾക്കു ബാംബെ ആൽക്കലിവർക്സിൽ ൧൦൨൦-ൽ ആർഡർകൾ കൊടുത്തിട്ടുണ്ടോ?

(ബി) ആർഡറിന്റെ നമ്പരും തീയതിയും പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(സി) ആ ആർഡറിന്റെ പകർപ്പു ഗവണ്മെന്റിൽനിന്നും മേശപ്പുറത്തു വയ്ക്കുമോ?

(ഡി) ആ കരാർ അനുസരിച്ചു മരുന്നുകൾ ഏറ്റെടുക്കപ്പെട്ടോ?

(ഇ) മരുന്നുകൾ ആരെക്കൊണ്ടു കൊണ്ടിടണമെന്നും അവിടെനിന്നും ഗവണ്മെന്റു ചിലവിന്മേൽ കൊണ്ടുവരപ്പെടണമെന്നും ഉള്ള ആദ്യകരാറിനു ഭേദപ്പെടുത്തി ബാംബെയിൽനിന്നും ഗവണ്മെന്റുചിലവിന്മേൽ മരുന്നുകൾ കൊണ്ടുവന്നോ?

(എഫ്) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ഈ ഭേദഗതി അനുസരിച്ചു മരുന്നുകൾ തിരുവനന്തപുരത്തു വരുത്തുന്നതിനു എന്തു കൂടുതൽ കൂലിചിലവു വന്നിട്ടുണ്ടു?

(ജി) അതിനുശേഷം ഈ സംഗതിയെപ്പററി എഴുത്തുകുത്തുകൾ എന്തെങ്കിലും നടന്നിട്ടുണ്ടോ?

(എച്ച്) അപ്രകാരം എഴുത്തുകുത്തുകൾ ഉണ്ടെങ്കിൽ ഗവണ്മെന്റിൽനിന്നും ദയവുണ്ടായി അതിനെ മേശപ്പുറത്തു വയ്ക്കുമോ?

ടി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) അതെ.

(ബി) ഡർബാർഫിസിഷ്യന്റെ ൧൦൨൦ ജൂലായ് ൩-ാംതീയതിയിലെ എ/എസ് എഴുത്തു

(സി) ആർഡറിന്റെ ഒരു പകർപ്പു മേശപ്പുറത്തു വച്ചിരിക്കുന്നു.

(ഡി) ഒരു വ്യവസ്ഥയെ സംബന്ധിച്ചല്ലാതെ ഭേദഗതി ചെയ്തിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഈ വിഭാഗത്തിന്റെ ഉത്തരം മുൻപറഞ്ഞപ്രകാരം ആയിരിക്കുന്നസ്ഥിതിക്കു ഈ ചോദ്യത്തിനു ആവശ്യമില്ല.

(ജി) അതെ.

(എച്ച്) ആ സംഗതി ഇപ്പോഴും തീരുമാനിച്ചിട്ടില്ലാത്തതിനാൽ മേശപ്പുറത്തു വയ്ക്കുന്നില്ല.

അന്തിചന്തകൾ.

൧൩൪. ടി. റി. കുമാരപിള്ള (കൽക്കുളവും വിളവംകോടും) (എ) അന്തിചന്തകളിൽ എന്തുവരുമാനമുണ്ടെന്നു പ്രസ്താവിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) അന്തിചന്തകളിൽ പോകുന്ന ആളുകൾ മിക്കവരും ദരിദ്രന്മാരും കൂലിക്കാരും ആണെന്നു ഗവണ്മെന്റിനു അറിയാമോ?

(സി) അന്തിചന്തകളിൽനിന്നും പിരിവുവാങ്ങുന്നതു നിമിത്തം അവർക്കു വലുതായ സങ്കടത്തിനിടയുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

(ഡി) അന്തിചന്തകളിൽ കണ്ട്രാക്ടർ മിക്കപ്പോഴും നിശ്ചയപ്പെടുത്തിയിട്ടുള്ള നിരക്കിൽ നിന്നും കൂടുതലായി ആണ് പിരിക്കുന്നതെന്നു ഗവണ്മെന്റിനു അറിയാമോ?

(ഇ) ഈ ദുർനീതികൾ തടുക്കുന്നതിനു ഗവണ്മെന്റിൽനിന്നും എന്താണ് ചെയ്തിട്ടുള്ളതെന്നു പറയുന്നതിനു ദയവുണ്ടാകുമോ?

(എഫ്) അന്തിച്ചന്തകളിൽ നിന്നും പിരിവുകൾ നടത്തുന്നതു നിറുത്തലാക്കുവാൻ ദയവുണ്ടാകുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) അന്തിചന്തകളിൽനിന്നും ൧൧൦൭-ാമാണ്ടു ആകെ വരവു ൩൩൦൭ രൂപാ ൧൭ ചക്രം ൨ കാശു ആകുന്നു.

(ബി) മറുപടി അനാവശ്യമാണ്.

(സി) ഈ ചന്തകളിൽനിന്നുള്ള പിരിവുകളെസംബന്ധിച്ചു യാതൊരു ആവലാധികളും ഉള്ളതായി അറിവില്ല.

(ഡി) മറുപടി പ്രതികൂലമാണ്.

(ഇ) അപ്രകാരം ഏതെങ്കിലും പരാതികൾ ഉണ്ടാകുന്നപക്ഷം അതിനെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു പേഷ്കാരന്മാരോടും തഹശീൽദാരന്മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) അന്തിചന്തകൾ പൊതുവായിട്ടുള്ളതോ കുടിപകയായിട്ടുള്ളതോ ആണ്. പൊതുവായിട്ടുള്ള വസ്തു ഉടമ്പടിയും കുടിപകയായിട്ടുള്ള വസ്തു ലൈസൻസും ൧൧൦൭-ാമാണ്ടേക്കു കൊടുത്തുപോയി. അതതു ആണ്ടയായാലും അത്യാവശ്യമാണെന്നു തോന്നുന്നപക്ഷം ആ ചന്തകളിലെ പിരിവു, നഷ്ടംകൊടുത്തു നിർത്തൽ ചെയ്യുന്നതിനു ഡിവിഷൻ കമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

സബ് അസിസ്റ്റൻറ സർജന്മാരുടെ ശമ്പളം.

൧൮൭. മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): (എ) ൧൦൮൬-ലെ പരിഷ്കാരത്തിനുമുമ്പിൽ സബ് അസിസ്റ്റൻറസർജന്മാർക്ക് അസിസ്റ്റൻറസർജന്മാർക്കുള്ള ശമ്പളത്തിൽ പകുതിയുണ്ടായിരുന്നു എന്നും പുനഃസ്ഥാപനത്തിനുശേഷം ആ നിരക്കനുസരിച്ച് അവർക്ക് ശമ്പളം കിട്ടിവരുന്നില്ലെന്നും ഗവൺമെൻറിനു അറിയാമോ?

(ബി) ൧൦൮൬-ലെ പുനഃസ്ഥാപനത്തെപ്പറ്റി ഡർബാർ ഫിസിഷ്യന് അസിസ്റ്റൻറ സർജന്മാർ ൧൦൮൯-ൽ ഒരു മെമ്മോറിയൽ അയച്ചിട്ടുണ്ടെന്ന് ഗവൺമെൻറിനു അറിയാമോ?

(സി) ഈ സംഗതിയെ സംബന്ധിച്ചു ഗവൺമെൻറിൽനിന്നു എന്തു പ്രവർത്തിക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) അറിയാം.

(ബി) അറിയാം.

(സി) പരിഷ്കാരം കഴിഞ്ഞു മൂന്നു വർഷമേ ആയിട്ടുള്ളു. ശമ്പളത്തെ പുതുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു സമയം ആയിട്ടില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ൧൦൮൬-ലെ പരിഷ്കാരത്തിനുശേഷം അസിസ്റ്റൻറസർജന്മാർക്കും സബ് അസിസ്റ്റൻറ സർജന്മാർക്കും ഉള്ള ശമ്പളനിരക്കു വിപരീതമായി ഭേദപ്പെടുത്തി എന്നു ഗവൺമെൻറ സമ്മതിക്കുന്നുണ്ടോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): നിരക്കുകൾ വിപരീതമായി ഭേദപ്പെടുത്തുക എന്നു പറയാൻ പാടില്ല. അല്പം വ്യത്യാസപ്പെടുത്തുകയാണു ചെയ്തതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു പരിഷ്കാരത്തിനുമുമ്പു അസിസ്റ്റൻറസർജന്മാർക്കു ൭൦ മുതൽ ൧൭൫ രൂപാവരെ ശമ്പളം ആണു മുമ്പു കൊടുത്തിരുന്നതു. ഇപ്പോൾ അവർക്കു ൧൦൦ മുതൽ ൨൦൦ വരെ രൂപാ ശമ്പളംകൊടുത്തുവരുന്നു. സബ് അസിസ്റ്റൻറസർജന്മാർക്കു ൭൦ രൂപാ കിട്ടിവന്നു. അവർക്കു ശരിയായ ശമ്പളക്കൂടുതൽ കിട്ടിയില്ല. ഒരുതരം ജോലിക്കാർക്കുമാത്രം ശമ്പളം കൂട്ടുകയും മറ്റവർക്കു കൂട്ടാതെയിരിക്കുകയും ചെയ്തതിന്റെ കാരണം എന്താണെന്നു പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ഞാൻ മനസ്സിലാക്കിയതു പരിഷ്കാരംകൊണ്ടു ശമ്പളം വ്യത്യാസപ്പെടുത്തിയെന്നാണ്, എന്നാൽ മുൻനിരക്കു നിലനിറുത്തപ്പെട്ടിട്ടില്ല

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സബ് അസിസ്റ്റൻറ സർജന്മാർക്കു എന്തു യോഗ്യതയാണു ആവശ്യം എന്നു പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനും മുൻ ചോദ്യത്തിനും തമ്മിൽ സംബന്ധമില്ല

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ചോദ്യത്തിനു ഉത്തരംപറയുന്നതിനു മുൻ അറിവു ആവശ്യമുണ്ടെന്നാണോ ഗവൺമെൻറ പറയുന്നതു?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): അതെ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സബ് അസിസ്റ്റൻറസർജന്മാർക്കു പ്രമോഷൻ കൊടുക്കുന്നതിനു വല്ല പരീക്ഷയും ആവശ്യമുണ്ടോ എന്നു പറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ആവശ്യമുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ നടപ്പു ബ്രിട്ടീഷ് ഇൻഡ്യയിൽ നിറുത്തൽചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു എന്നോടുപറയുമോ?

മി: കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): എനിക്കു അതിനെപ്പറ്റി അറിവില്ല.

പ്രേതപരിശോധനകൾ.

൧൮൮. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മെഡിക്കൽ ഉദ്യോഗസ്ഥന്മാരും പോലീസ് ഉദ്യോഗസ്ഥന്മാരും തമ്മിൽ പ്രേതപരിശോധനയെപ്പറ്റിയും മെഡിക്കൽ ഉദ്യോഗസ്ഥന്മാർ കൊടുക്കുന്ന സർട്ടിഫിക്കറ്റുകളെപ്പറ്റിയും തങ്ങളിൽ ഗൌരവമേറിയ അഭിപ്രായവ്യത്യാസങ്ങളും പലപ്പോഴും ഉണ്ടായിട്ടുണ്ടെന്നും തന്നിമിത്തം ജനങ്ങളുടെ ഇടയിൽ രക്ഷയില്ലെന്നുള്ള ബോധം വർദ്ധിച്ചുവരുന്നു എന്നും ഗവൺമെൻറിന് അറിയാമോ?

(ബി) ഇതിനെ പരിഹരിക്കുന്നതിനു താഴെ പറയുന്ന ഏർപ്പാടുകൾ ഗവൺമെൻറിൽനിന്നും ചെയ്യുമോ?

(എ) മൃതശരീരത്തിന്റെ സ്ഥിതിയും അതിലുള്ള അടയാളങ്ങളും മുതലായതുംകാണിച്ചു പോലീസ്സുകാർ എഴുതുന്ന മഹസ്സർ നിവർത്തി ഉള്ളിടത്തോളവും പ്രേതപരിശോധന നടത്തുന്ന മെഡിക്കൽ ഉദ്യോഗസ്ഥൻ പരിശോ

ധിക്കണം. മനസ്സറിവ് തന്നിട്ടിരിക്കുന്നതിൽ നിന്നും പ്രധാനമായ വ്യത്യാസങ്ങൾ ഉള്ളപ്പോൾ കഴിവുള്ളിടത്തോളം പോരായ്മകൾ ചോദ്യം ചെയ്തു അവയെ പറ്റി സാക്ഷികളോടു സഹിതം അതിൽ രേഖപ്പെടുത്തേണ്ടതാകുന്നു.

(ബി) പ്രേത സർട്ടിഫിക്കറ്റിൽ ഓരോ അവയവങ്ങളെപ്പറ്റിയും എഴുതുന്ന വിവരങ്ങൾ മൃതശരീരം ഏറ്റെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻറെയും രണ്ടു സാക്ഷികളുടെയും മുമ്പാകെ വച്ചു വേണം മെഡിക്കൽ ഉദ്യോഗസ്ഥൻ എഴുതേണ്ടത്. പോലീസ് ഉദ്യോഗസ്ഥനും സാക്ഷികളും ഉണ്ടെങ്കിൽ ആ സംഗതിയും ആ റിപ്പോർട്ടിൽ കുറിക്കണം.

(സി) മെഡിക്കൽ ഉദ്യോഗസ്ഥൻറെ സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്ന വിവരം ശരിയാണോ എന്നതിനെപ്പറ്റി സംശയമുണ്ടാകത്തക്കതാണെന്നോ ആ പോലീസ് ഉദ്യോഗസ്ഥനു വിശ്വസിക്കാൻ തക്ക കാരണങ്ങളുണ്ടെങ്കിൽ മറ്റൊരു മെഡിക്കൽ ഉദ്യോഗസ്ഥനെക്കൊണ്ടു വീണ്ടും പരിശോധിപ്പിക്കുന്നതിനു പോലീസ് ഉദ്യോഗസ്ഥൻ വേണ്ട നടപടി നടത്തണം.

മി: കെ. നാരായണൻ പണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): (എ) മെഡിക്കൽ ഉദ്യോഗസ്ഥന്മാരും പോലീസ് ഉദ്യോഗസ്ഥന്മാരും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതു വളരെ ദുർല്ലഭമായിട്ടേ ഉള്ളു. സാമാജികൻ പറയുന്നതുപോലെ ആളുകൾക്കു രക്ഷയില്ലെന്നുള്ള ബോധം വർദ്ധിക്കുന്നതായി ഗവൺമെൻറിനു അറിവില്ല.

(ബി) ഈ ഏർപ്പാടുകൾ നടപ്പിൽ വരുത്തത്തക്കതാണെന്നു ഗവൺമെൻറിൽനിന്നും വിചാരിക്കുന്നില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടും ഡർബാർ ഫിസിഷ്യൻറെ റിപ്പോർട്ടും കേസുകളിൽ ഇപ്രകാരം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു ഗവൺമെൻറിൽനിന്നും അന്വേഷിക്കുന്നതിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻ പണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഗവൺമെൻറിൽനിന്നും അന്വേഷിക്കാം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) വിഭാഗത്തിനെ സംബന്ധിച്ചിടത്തോളം ജീവനേയും മരണത്തെയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടുന്നതുകൊണ്ടു മറുസംഗതികളെ അപേക്ഷിച്ചു കൊലപാതകം ഈ രാജ്യത്തു ദുർല്ലഭമാണെങ്കിലും ജനങ്ങളുടെ രക്ഷക്കുവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു ഗവൺമെൻറിൽനിന്നും വിചാരിക്കുന്നില്ലയോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉണ്ട്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മുൻപറഞ്ഞ ഏർപ്പാടുകൾ നടപ്പിൽ വരുത്തത്തക്കതല്ലെന്നു ഗവൺമെൻറിൽനിന്നും വിചാരിക്കുന്നതു എന്തു കാരണത്തെ അടിസ്ഥാനപ്പെടുത്തി ആണെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: കെ. നാരായണൻപണ്ടാല (ആക്റ്റിംഗ് ഗവൺമെൻറ ചീഫ് സിക്രട്ടറി): പറയാം. ഒരു മെഡിക്കൽ ഉദ്യോഗസ്ഥൻ പരിശോധന നടത്തുമ്പോൾ പരിശോധിച്ചു എഴുതുന്ന സംഗതികളെപ്പറ്റി സാധാരണക്കാർക്കു അറിഞ്ഞുകൂടാ. അതുകൊണ്ടു അവർക്കു മനസ്സിലാകാത്ത സംഗതികൾ അടങ്ങിയ ഒരു രേഖയിൽ അവരെ സാക്ഷികൾ ആക്കുന്നതുകൊണ്ടു ഉപയോഗമില്ല.

ഗവൺമെൻറ വകയും സഹായധനം വാങ്ങുന്നതുമായ കാളേജുകളിൽ പഠിക്കുന്ന അധഃകൃത വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം.

[illegible]. മി. എസ്. ജ്ഞാനരാജാപ്പ (നിയമിച്ചതു): ഈ സംസ്ഥാനത്തെ ഗവൺമെൻറവകയും സഹായധനം വാങ്ങുന്നതുമായ കാളേജുകളിലും അധഃകൃതവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്രപേരുണ്ടെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): ഒന്ന്.

എ. തിരുവനന്തപുരം സംസ്കൃത കാളേജിൽ പഠിക്കുന്ന ഒരു പുലയ വിദ്യാർത്ഥി.

ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ ആഫീസുകളിൽ ഉള്ള കണക്കുകൾ പരിശോധിക്കുന്നതു.

[illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്ടു): ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ ആഫീസുകളിലുള്ള കണക്കുകൾ സാധാരണയായി പരിശോധിക്കാറുണ്ടോ എന്നു ഗവൺമെൻറിൽനിന്നും ഉത്തരവു ചെയ്തിട്ടുണ്ടോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവൺമെൻറ ഫൈനാൻഷ്യൽ സിക്രട്ടറി): [illegible]-ൽ ഈ സംസ്ഥാനത്തെ കണക്കുകളു സംബന്ധമായ ഏർപ്പാടിനെ പരിശോധിച്ച മിസ്റ്റർ ഡക്കബ് ഗാർഡൻ താഴെ പറയുന്ന സന്ദർഭങ്ങളിൽ മാത്രമേ ഡിപ്പാർട്ടുമെൻറിലുള്ള മേലധികാരികളുടെ ആഫീസുകൾ പരിശോധിക്കുന്നതു യുക്തമായുള്ളു എന്നു അഭിപ്രായപ്പെട്ടു.

എ. അക്കൗണ്ടാഫീസിലേക്കു നേരിട്ടു കണക്കുകൾ അയക്കുന്ന ഡിപ്പാർട്ടുമെൻറുകൾ.

ബി. വലുതായ വരവുള്ള ഡിപ്പാർട്ടുമെൻറുകളും വളരെ വിലയുള്ള സാധനങ്ങൾ ഇരുപ്പുള്ളതുമായ ഡിപ്പാർട്ടുമെൻറുകളും.

സാധാരണ വരവും ശമ്പളവും കണ്ടിൻജൻസികളും എസ്റ്റാബ്ലിഷ്മെൻറും മറ്റുമുള്ള ആഫീസുകളിലെ കണക്കുകൾ പരിശോധിക്കുന്നതു അനാവശ്യകരവും ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ ചുമതലയ്ക്കും അധികാരത്തിനും ഹാനികരവുമായതിനാൽ അതു യുക്തമല്ലെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തെ ഗവൺമെൻറിൽനിന്നും സ്വീകരിച്ചു [illegible]-ാമാണ്ടു മുതൽ മിസ്റ്റർ ഗാർഡൻ പറഞ്ഞ പ്രകാരം ആഫീസുകൾ ഒഴിച്ചു ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ ആഫീസുകളിലെ കണക്കു പരിശോധന നിറുത്തി. [illegible]-യിലെ ജി. ഒ. എഫ്. എൽ. [illegible]-ൽ ഈ സംഗതിയെ സംബന്ധിച്ചു ഗവൺമെൻറുത്തരവു അടങ്ങിയിരിക്കുന്നു.

ഡിപ്പാർട്ടുമെൻറ മേലധികാരികളുടെ ആഫീസിൽ ഒരു വർഷത്തിൽ ഒരിക്കൽ കണക്കു പരിശോധിക്കുന്നതു.

[illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്ടു): കാര്യക്ഷമതയെ ഉദ്ദേശിച്ചു ഡിപ്പാർട്ടുമെൻറ മേല

ധികാരികളുടെ ആഫീസുകളിലെ കണക്കുകൾ അഞ്ചു വർഷത്തിലൊരിക്കൽ എങ്കിലും പരിശോധിക്കാറുണ്ടെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. രാജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സിക്രട്ടറി): ഈ സംഗതിയെപ്പററി ഗവണ്മെന്റിൽ നിന്നും ആലോചിക്കും.

൧൯൫൦ മുതൽ ൧൯൫൨ വരെ കണക്കു പരിശോധന നടത്തിയ ആഫീസുകൾ.

൧൪൬. മി. സി. പി. തരകൻ (കുന്നത്തുനാട്). ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ആഫീസുകൾ ഏതെല്ലാം കഴിഞ്ഞ അഞ്ചു വർഷത്തിനകം പരിശോധിച്ചിട്ടുണ്ടോ എന്നും അപ്രകാരം പരിശോധിച്ചിട്ടുണ്ടെങ്കിൽ ആ ആഫീസുകൾ ഏതാണെന്നും പരിശോധനയുടെ ഫലം എന്താണെന്നും ഗവണ്മെന്റിനു പറയുന്നതിനു ദയവുണ്ടാകുമോ?

മി. കെ. രാജ് (ഗവണ്മെന്റു ഫൈനാൻഷ്യൽ സിക്രട്ടറി): താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ ആഫീസുകൾ കഴിഞ്ഞ അഞ്ചു വർഷമായി പരിശോധിച്ചിട്ടുണ്ട്.

(എ) അക്കൌണ്ടാഫീസിലേക്കു നേരിട്ടു കണക്കുകൾ അയക്കുന്ന ഡിപ്പാർട്ടുമെന്റുകൾ.

൧. മരാമത്തു എൻജിനീയരുടെ ആഫീസ്.

൨. അഞ്ചൽ സൂപ്രണ്ടിന്റെ ആഫീസ്.

(ബി) വരവു അധികമുള്ളതും സൂക്ഷിപ്പുള്ള സാമാനങ്ങൾ ഉള്ളതും ആയ ഡിപ്പാർട്ടുമെന്റുകൾ.

൧. ആയുർവേദ ഫാർമസിയും ആസ്പത്രിയും.

൨. സൈന്യവകുപ്പ് (നായർപട്ടാളവും ബാഡിഗാർഡും).

൩. എക്സൈസ് കമ്മിഷണരുടെ ആഫീസ് (സ്റ്റോർസ്).

൪. പോലീസ് കമ്മിഷണരുടെ ആഫീസ് (സ്റ്റോർസും മോട്ടോർ വാഹനറഗുലേഷൻ അനുസരിച്ചുള്ള വരവും).

൫. മൃഗശാലയും സർക്കാർ തോട്ടവും.

൬. ഗവണ്മെന്റു അച്ചുക്കൂടം.

൭. സെൻട്രൽ ജയിൽ.

൮. പബ്ലിക്കു ലൈബ്രറി.

പരിശോധനയുടെ ഫലങ്ങൾ ഓരോ ഡിപ്പാർട്ടുമെന്റിലേക്കും അയച്ചിട്ടുള്ള പരിശോധന റിപ്പോർട്ടുകളിൽ അടങ്ങിയിട്ടുണ്ട്. സാമാന്യ ഫലം കാര്യക്ഷമതയെ സൂചിപ്പിക്കുന്നു.

പോലീസ് ബന്തവസ്സിൽ ഇരിക്കുന്ന കുററക്കാരികളായ സ്ത്രീകൾ.

൧൪൭. മി. സി. പി. തരകൻ (കുന്നത്തുനാട്): പോലീസ് ബന്തവസ്സിൽ ഇരിക്കുന്ന സ്ത്രീകൾ മലമൂത്രവിസർജ്ജനത്തിനു പോകുമ്പോൾ പുരുഷന്മാരായ പോലീസ് കാൺസ്റ്റബിൾമാർ ബന്തവസ്സു ചെയ്യുന്നുണ്ടോ എന്നു ആജ്ഞാപിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ഓരോ പോലീസ് സ്റ്റേഷനിലും ബന്തവസ്സിനു സ്ത്രീകളെ നിയമിക്കുന്നതു ഇപ്പോഴത്തെ നിലയിൽ പ്രയാസമാകുന്നതു ഗവണ്മെന്റു പരിതാപത്തോടുകൂടിപ്പറഞ്ഞുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ സ്ത്രീകളായ തടവുപുള്ളികൾ ഉണ്ടായിരിക്കുന്ന കാലത്തു തൽക്കാലത്തേക്കു സ്ത്രീവാർഡർമാരെ നിയമിക്കാൻ മജിസ്ട്രേട്ടിനോ പോലീസ് അസിസ്റ്റൻറു സൂപ്രണ്ടിനോ അധികാരം കൊടുക്കുന്നപക്ഷം ഈ അസൌകര്യത്തിൽ നിന്നും രക്ഷപ്പെടാൻ മാർഗ്ഗമില്ലേ?

മി. കെ. നാരായണൻപണ്ടാല (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അങ്ങനെ ഒരു വ്യവസ്ഥ ചെയ്യുന്നതിൽ വേറെ പലമാതിരി അസൌകര്യങ്ങൾ ഉണ്ടെന്നാണ് ഗവണ്മെന്റു കാണുന്നതു്.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതെന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): സ്ത്രീകൾക്കു ഒന്നാമതു പുള്ളികളെ സൂക്ഷിക്കാനുള്ള ത്രാണി കുറഞ്ഞു എന്നു വരാം. മററു കാൺസ്റ്റബിൾമാരുടെ കൂടെ നിയമിക്കുകയാണെങ്കിൽ അതിൽനിന്നും വളരെ അപവാദങ്ങളും ദോഷങ്ങളും ഉണ്ടാകുമെന്നാണു ഗവണ്മെന്റു വിചാരിക്കുന്നതു്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോഴത്തെ സമ്പ്രദായപ്രകാരം അപവാദത്തിനു ഇടയുണ്ടാകയില്ലേ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): കഴിയുന്നതും അങ്ങനെയുള്ള അവസരങ്ങൾ കുറയ്ക്കണമെന്നാണു ഉദ്ദേശം.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോഴത്തെ സമ്പ്രദായത്തെക്കാൾ കൂടുതൽ അപവാദം സ്ത്രീകളെ നിയമിക്കുന്നതായാൽ ഉണ്ടാകുമെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതെ.

നിയമനങ്ങളെപ്പററി ഉദ്യോഗസ്ഥന്മാർ ബോധിപ്പിച്ച സമാധാനങ്ങൾ.

൧൪൮. മി. ഹബീബ്മുഹമ്മദ് (നിയമിച്ചതു) : (എ) ൧൯൫൨ ഏപ്രിൽ ൨൧-ാം തീയതിയിലെ ആർ. ഡിസ്. നമ്പർ ൪൮൮/൨൯ ജി. എ. ഉത്തരവിൽ ആവശ്യപ്പെട്ട സമാധാനങ്ങൾ ഉദ്യോഗസ്ഥന്മാർ അയച്ചോ എന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) അപ്രകാരം അയച്ചുകഴിഞ്ഞെങ്കിൽ അതിന്റെ ഒരു പകർപ്പ് മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെന്റു ചീഫ്സിക്രട്ടറി): (എ) സമാധാനങ്ങൾ കിട്ടിവരുന്നു.

(ബി) മറുപടി പ്രതികൂലമാണ്.

ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ മേൽ അവരോട നിയമനങ്ങളെ സംബന്ധിച്ചു നടപടി നടത്തിയതു്.

൧൮൯. മി. എൻ. കുമാരൻ (നിയമിച്ചതു): (എ) നിയമനിർമ്മാണസഭ നടപടി സ്വാംവാച്യം ൧൯൫൦-ാംവശത്തു പ്രസിദ്ധപ്പെടുത്തിയ ഗവൺമെൻറു ചീഫ് സിക്രട്ടറിയുടെ പ്രസംഗത്തിൽ അടങ്ങിയ വാഗ്ദാനം അനുസരിച്ചു മാറോ സമുദായങ്ങളിൽനിന്നു ജോലികൾക്കുള്ള അപേക്ഷകന്മാരോട്ട സമത്വമായി പെരുമാറിട്ടില്ല ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക ഗവണ്മെൻറിൽനിന്നും സമാധാനം വാങ്ങിട്ടുണ്ടോ?

(ബി) ഏതു വിഭാഗങ്ങളിലുള്ള മറുപടി അനുകൂലമാണെങ്കിൽ അവരുടെ പേർപ്പുകാരം പ്രസിദ്ധപ്പെടുത്തുവല്ലുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറു ചീഫ്സിക്രട്ടറി). (എ) സമാധാനങ്ങൾ കിട്ടി വരുന്നു.

(ബി) മറുപടി പ്രതികൂലമാണു്.

മി. എൻ. കുമാരൻ (നിയമിച്ചതു): എ. വിഭാഗത്തിന്റെ മറുപടി സമാധാനം കിട്ടിവരുന്നു എന്നാണ്. ഇതിന്റെ അർത്ഥം എനിക്ക ശരിയായി മനസ്സിലാകുന്നില്ല. സമാധാനങ്ങൾ മുഴുവനും കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ സംഗതിയെപ്പറ്റി ആലോചിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. നാരായണൻപണ്ടാല (ആ. ഗവണ്മെൻറു ചീഫ സെക്രട്ടറി): ഇല്ല. അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

തിരുവനന്തപുരം കടൽപ്പാലം.

൧൯൦. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): തിരുവനന്തപുരം പീയറിൽ സാമാനങ്ങൾ സൂക്ഷിക്കുന്നതിനുള്ള പുരകൾ സംബന്ധമായ പണികൾ ഏതു നിലയിൽ ഇരിക്കുന്നു എന്നും അതു എപ്പോൾ തീരുമെന്നും പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): പണിക്ക ആവശ്യമുള്ള സാമാനങ്ങൾക്ക ഏർപ്പാടുചെയ്തുകഴിഞ്ഞു. മേൽപുരസംബന്ധിച്ച പണിയിൽ സാമാന്യം പുരോഗതി ഉണ്ടായിട്ടുണ്ട്. ആ ജോലി വേഗത്തിൽ നടത്തിവരുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): മേൽപറഞ്ഞ മറുപടിയെ സംബന്ധിച്ചു ജോലി എപ്പോൾ തുടങ്ങിയെന്നു ഗവണ്മെൻറിൽനിന്നും പറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ആവശ്യമുള്ള സാമാനങ്ങൾ ഏർപ്പാടുചെയ്തു എന്നാണു പറഞ്ഞതു്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): പണി എപ്പോൾ ആരംഭിച്ചു എന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): കഴിഞ്ഞ വർഷം.

വിദ്യാഭ്യാസനയം പുതുക്കുന്നതു്.

൧൯൧. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): (എ) വിദ്യാഭ്യസിച്ചവരുടെ ഇടയിൽ തൊഴിൽ ഇല്ലായ്മ ഗൌരവതരമായി വർദ്ധിച്ചുവരുന്നതിന്റെ പ്രധാനകാരണം ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസരീതി ആണെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) അറിയാമെങ്കിൽ ഈ കാര്യത്തിനു ഒരു നിവൃത്തിമാർഗ്ഗം ഏർപ്പെടത്തക്ക രീതിയിൽ വിദ്യാഭ്യാസനയം ഭേദപ്പെടുത്തുന്നതിനായി ഒരു കമ്മററിയെ നിയമിക്കുന്നതിനു ഗവണ്മെൻറു തയ്യാറാണോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി). ഗവണ്മെൻറു ഈ സംഗതിയെപ്പറ്റി എല്ലാം ആലോചിച്ചുവരുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): എന്റെ ചോദ്യത്തിന്റെ എ വിഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു ഞാൻ ആ ചോദ്യം വായിക്കട്ടെ.

ചോദ്യം.

വിദ്യാഭ്യസിച്ചവരുടെ ഇടയിൽതൊഴിൽ ഇല്ലായ്മ ഗൌരവതരമായി വർദ്ധിച്ചുവരുന്നതിന്റെ പ്രധാനകാരണം ഈ സംസ്ഥാനത്തെ വിദ്യാഭ്യാസരീതിയാണെന്നു ഗവണ്മെൻറിനു അറിയാമോ? എന്നാണ്

ഗവണ്മെൻറു അതിനെപ്പറ്റി ആലോചിക്കുമെന്നുപറയുന്നു. ഗവണ്മെൻറിനു അതിനെപ്പറ്റി അറിവുണ്ടോ എന്നു മറുപടിപറയണമെന്നോ എന്നുള്ള സംഗതിയെപ്പറ്റി ആലോചിക്കുക ആണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ആ സംഗതിയെപ്പറ്റി എല്ലാം ആലോചിച്ചുവരുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഗവണ്മെൻറിനു അറിവുണ്ടോ ഇല്ലയോ എന്നാണ് എന്റെ ചോദ്യം?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): സാമാജികൻപറഞ്ഞ വിവരത്തെനോട്ടുചെയ്തു പൊളുതേ ഈ സംഗതിയെപ്പറ്റി ആലോചിക്കുമ്പോൾ അതും ഗൌനിക്കപ്പെടും.

കച്ചവടമട്ടപ്പിനെ സംബന്ധിച്ചു ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസ്താവനകൾ.

൧൯൨. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ൧൧൦൦-ലെ ബഡ്ജററു സെഷനിൽ ഞാൻ ചോദിച്ചചോദ്യത്തിനു ഉത്തരമായി ഫൈനാൻഷ്യൽ സിക്രട്ടറിപറഞ്ഞതു "കച്ചവടത്തിനു മന്ദത ഉണ്ടായിരുന്നു എന്നു സാമാജികൻ പ്രസംഗിക്കുന്നു. എനിക്ക അതിനെപ്പറ്റി സൂക്ഷ്മമായ അറിവില്ല"

താഴെപറയുന്ന സംഗതികൾ ഫൈനാൻഷ്യൽ സിക്രട്ടറി നിയമനിർമ്മാണസഭയിൽ ൧൦൯൯-ലും ൧൦൯൯-ലും ൧൧൦൦-ലും പറഞ്ഞതു സൂക്ഷ്മം ആയ അറിവിനെ അടിസ്ഥാനമാക്കി ആണോഎന്നുപറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ? ൩-ാം വാല്യം ൧-ാം നമ്പർ ൧൯-ാം വശത്തു "യുദ്ധം അവസാനിച്ചതിനെ തുടന്നു കച്ചവടവർദ്ധന ഉണ്ടായശേഷം കച്ചവടത്തിനു വളരെമന്ദത ഉണ്ടായി പല കച്ചവടസ്ഥാപനങ്ങളും നഷ്ടംവന്നു നശിച്ചുപോയി. ഇപ്പഴും കച്ചവടത്തിനു മന്ദതയുണ്ടെന്നു ഞാൻ വിസമ്മതിക്കുന്നില്ല".

൫-ാം വാല്യം ൨-ാം നമ്പർ ൩൯-ാം വശത്തു 'കച്ചവടത്തിനും സാമാനങ്ങൾ ഉണ്ടാക്കുന്നതിനും ഉള്ള തകരാറുകൾ നികുതിസംബന്ധമായി മറ്റെല്ലാ പ്രധാനഇനങ്ങളിൽ ഉള്ള നമ്മുടെ വരവിനെ ബാധിക്കും" ൭-ാം വാല്യം ൨-ാം നമ്പർ ൨൫-ാം വശത്തു "ഇതു കച്ചവടത്തിലും മററു ജോലികളിലും ഉള്ള തകരാറുകൾ കൊണ്ടാണ്".

മി. കെ. ജോർജ്ജ് (ഗവണ്മെൻറു ഫൈനാൻഷ്യൽ സിക്രട്ടറി) സാമാജികൻ പറയുന്ന ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസ്താവനകൾ പരസ്പരവിരുദ്ധങ്ങളല്ല.

ഒന്നാമതായി പ്രസ്താവിച്ചതു കച്ചവടത്തിനു മന്ദതയുണ്ടെന്നുള്ള സംഗതി ഞാൻ വിസമ്മതിക്കുന്നില്ല. "യുദ്ധം അവസാനിച്ചതിനുശേഷം കച്ചവടപ്പെരുപ്പം ഉണ്ടായതിൽ പിന്നീടു പലതരം മന്ദതയുണ്ടായി. പലകച്ചവടസ്ഥാപനങ്ങളും നഷ്ടംവന്നു നിന്നുപോയി" എന്നാണ് ൧൦൯൭ കർക്കടകത്തിൽ ബഡ്ജറ്റു ഹാജരാക്കിയപ്പോൾ ഇങ്ങനെയാണ് പറഞ്ഞതു. ൧൦൯൬-ലെ അവസാനത്തിലുള്ള കാര്യത്തെപ്പററിയാണ് ഇങ്ങനെ പ്രസ്താവിച്ചതു, ആ പ്രസംഗത്തിന്റെ അപ്പെൻഡിക്സിൽ താഴെ പറയും പ്രകാരം പറഞ്ഞിരിക്കുന്നു. "൧൦൯൭-ൽ കച്ചവടസംബന്ധമായ കാര്യങ്ങളിൽ സ്വല്പം പുരോഗതി ഉണ്ടായിട്ടുണ്ട്"

രണ്ടാമതായിപറഞ്ഞതു കച്ചവടത്തിനു സാമാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള തകരാറുകൾ നികുതിസംബന്ധമായി മറ്റെല്ലാ പ്രധാനഇനങ്ങളിൽ ഉള്ള നമ്മുടെ വരവിനെ ബാധിക്കുംഎന്നാണ് ൧൦൯൮-ലെ ബഡ്ജറ്റു പ്രസംഗത്തിലാണ്. ആയാണ്ടു വെള്ളപ്പൊക്കത്തിനെപ്പററി പറയുമ്പോൾ ആണ് ഇങ്ങനെ പറഞ്ഞതു. കച്ചവടത്തിനുള്ള മന്ദതയെപ്പററി ഒന്നും പറഞ്ഞിട്ടില്ല.

മൂന്നാമതായിപറഞ്ഞതു "കച്ചവടത്തിനും മററു ജോലികളിലും ഉള്ള തകരാറുകൾകൊണ്ടാണിതു" എന്നാണ് ൧൦൯൯-ൽ പിരിഞ്ഞപണത്തിനെപ്പററി ൧൧൦൦-ലെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രതിപാദിക്കുമ്പോൾ ആണ് ഇപ്രകാരംപറഞ്ഞതു. ഇവിടെയും കച്ചവടത്തിനും കച്ചവടസ്ഥാപനങ്ങൾക്കും വെള്ളപ്പൊക്കംമൂലം ഉള്ളതകരാറിനെപ്പററിയാണ് പറഞ്ഞിട്ടുള്ളതു. കച്ചവടത്തിനുള്ള മന്ദതഎന്നപദംകൊണ്ടു അപ്പോഴത്തെ കച്ചവടത്തിന്റെ നില തൃപ്തികരമല്ലെന്നു അർത്ഥമാകുന്നു. കച്ചവടത്തിനുള്ള തകരാറുകൾഎന്ന പദംകൊണ്ടു ചില പ്രത്യേക കാരണങ്ങൾ കൊണ്ടു താൽക്കാലികമായി കച്ചവടത്തിനു തകരാറുകൾ ഉണ്ടായിട്ടുണ്ടെന്നാണ് അർത്ഥം. അതു താൽക്കാലികമായിരിക്കുകയും ചിലസ്ഥലങ്ങളെമാത്രം ബാധിക്കുന്നതായിരിക്കയും ചെയ്യും. മററുവിധത്തിൽ കച്ചവടം നല്ലനിലയിൽ ഇരിക്കുമ്പോൾ ആ തകരാറുകൾ വരാം. പൊതുവെ ൧൧൦൦-ലെ ബഡ്ജറ്റിനെസംബന്ധിച്ചുപൊതുപ്രതിവാദം നടത്തുമ്പോൾ സാമാജികന്റെ ചോദ്യത്തിന്റെ മറുപടിആയി കച്ചവടത്തിനു മന്ദതയുള്ളതായി തീർച്ചയായ അറിവില്ലെന്നു ഫൈനാൻഷ്യൽസിക്രട്ടറിപറഞ്ഞതു അപ്പോഴത്തെ ഈ രാജ്യത്തിലെ കച്ചവടസ്ഥിതിയെപ്പററിആണ്.

മിസ്റ്റർ ആർ. കൃഷ്ണസ്വാമിഅയ്യരുടെ നിയമനങ്ങൾ.

൧൭൨. മി. എ. ജെ. ജാൺ (വൈക്കം): വിദ്യാഭ്യാസ ഡയറക്ടർ ജോലി താൽക്കാലികമായി നോക്കി വന്നപ്പോൾ മി. ആർ. കൃഷ്ണസ്വാമിഅയ്യർ സ്ഥിരമായും പകരമായും ഓരോ ജാതിക്കാരിൽനിന്നും ആക്കിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): സാമാജികൻ ആവശ്യപ്പെട്ട പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. എ. ജെ. ജാൺ (വൈക്കം): ക്രിസ്ത്യാനികളുടെ ഇടയിൽ ഏതെങ്കിലും കത്തോലിക്കർ ഉണ്ടായിരുന്നോഎന്നുപറയുമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ആ വിവരത്തിനെപ്പററി അന്വേഷിച്ചിട്ടില്ല.

മി. എ. ജെ. ജാൺ (വൈക്കം): കത്തോലിക്കരുടെ എണ്ണം കാണിക്കാത്ത തരത്തിൽ പട്ടികതയ്യാറാക്കാൻകാരണം പറയാമോ?

മി. റി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): ആ വിവരം അറിഞ്ഞിട്ടില്ല അതിനെപ്പററി അന്വേഷിക്കാം.

പ്രസിഡൻറു: സാമാജികൻ ഓരോ ജാതിയിലുംഉള്ള നിയമനങ്ങളെപ്പററി ചോദിക്കുന്നപക്ഷം ക്രിസ്ത്യാനികളുടെഇടയിൽ ജാതികൾ ഉള്ളതായി എനിക്കറിവില്ലെന്നു പറയേണ്ടിവരുന്നു.

വൈക്കത്തുള്ള കന്നുകാലിനാശം.

൧൭൩. മി. എ. ജെ. ജാൺ (വൈക്കം): വൈക്കംതാലൂക്കിൽ വെച്ചൂർമുതലായ സ്ഥലങ്ങളിൽ സാംക്രമികരോഗങ്ങൾകൊണ്ടു മരിച്ചകന്നുകാലികളുടെ എണ്ണം എത്രയാണെന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടോ എന്നു ദയവുചെയ്തുപറയുമോ?

(൧) കൃഷിഡയറക്ടരോ മററു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ ആരെങ്കിലുമോ വൈക്കം താലൂക്കിലുള്ള കന്നുകാലികളുടെ ഇടയിൽ ഭീമമായ മരണമുണ്ടായതിനെപ്പററി ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

(൨) ധാരാളം പോത്തുകൾ ഇല്ലാതെ കരിനിലങ്ങളും മററുചെളിനിലങ്ങളും കൃഷിചെയ്യുന്നതു അസാദ്ധ്യമാണെന്നു ഗവണ്മെൻറിനു അറിഞ്ഞുകൂടയോ?

(൩) പോത്തുകളുടെ മേച്ചിലിനായി വച്ചിട്ടുള്ള ഏതെങ്കിലുംനിലം പതിക്കാതെ ഇട്ടിരിക്കുന്നതായിഗവണ്മെൻറിനു അറിവുണ്ടോ?

(൪) കഴിയുന്നത്രവേഗത്തിൽ അതിനെപ്പററി അന്വേഷിക്കുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മററുജോലിനോക്കുന്ന ഗവണ്മെൻറു സെക്രട്ടറി).

(൧) ഇതിനെപ്പററി അന്വേഷിച്ചറിയുന്നതിനു ആരെയും നിയമിച്ചിട്ടില്ലാത്തതിനാൽ സംഖ്യ എന്താണെന്നു പറയുന്നതിനു ഗവണ്മെൻറിനു തല്ക്കാലം നിവൃത്തിയില്ല.

(൧) ഇല്ല.

(൨) കരിനിലങ്ങൾ ഉഴുന്നതിനു പോത്തുകൾ അത്യാവശ്യംതന്നെ.

(സി) പതിച്ചുകൊടുക്കാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ പുറമ്പോക്കു തരിനിലമായിക്കിടക്കുന്ന ൪൭൯·൭൧ ഏക്കർ സ്ഥലവും വൈക്കം താലൂക്കിൽ തലയാഴംപകുതിയിൽ സർവേ നമ്പർ ൪൧൯/൧ ഡിയിൽപ്പെട്ട സ്ഥലവും ഈറപ്പുല്ലുവളർത്തുന്നതിനായും പോത്തുകൾക്കു മേയുന്നതിനുള്ള സ്ഥലമായി ഒഴിച്ചിട്ടുള്ളതായി ഗവൺമെന്റു ഉത്തരവുചെയ്തിട്ടുണ്ടു. വേറെ സ്ഥലങ്ങൾ ഇപ്രകാരം ഒഴിച്ചിട്ടിട്ടുള്ളതായി ഗവൺമെന്റിനു അറിവില്ല.

(ഡി) അതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

പരസ്പരസഹായ ഡിപ്പാർട്ടുമെന്റിലുള്ള നിയമനങ്ങൾ.

൧൭൫. മി. എൻ. കുമാരൻ (നിയമിച്ച മെംബർ): ഗവൺമെന്റു താഴെപ്പറയുന്ന പട്ടികകൾ മേശപ്പുറത്തുവയ്ക്കുമോ?

(എ) പരസ്പരസഹായഡിപ്പാർട്ടുമെന്റിൽ ഓരോ ജാതിയിലുള്ള ജോലിക്കാരുടെ ഒരു പട്ടികയും,

(ബി) ഇപ്പോഴത്തെ ഡിപ്പാർട്ടുമെന്റു മേലധികാരി ആ ജോലി ചാർജ്ജ് ഏറ്റകാലംമുതൽ ൧൧൦൧ കന്നിമാസം ൩൦-നു വരെ ചെയ്തിട്ടുള്ള നിയമനങ്ങളുടെയും പ്രമോഷനുകളുടെയും ഒരു പട്ടിക,

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെന്റു സെക്രട്ടറി): എ-യും ബി-യും സാമാജികൻ ആവശ്യപ്പെട്ട പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. എൻ. കുമാരൻ (നിയമിച്ച മെംബർ): — ഈ ചോദ്യത്തിനു മറുപടിയായി തന്നിരിക്കുന്ന ൮-ാമത്തെ അനുബന്ധം എ പട്ടികയിൽനിന്നും പരസ്പരസഹായഡിപ്പാർട്ടുമെന്റിൽ ൨൯ ഉദ്യോഗങ്ങൾ മാത്രമേ ആകെയുള്ളൂ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിലിരിക്കുന്ന ഗവൺമെന്റു സെക്രട്ടറി): വിവരങ്ങൾ പട്ടികയിൽ കാണിച്ചിട്ടുണ്ടു.

ഇൻസ്പെക്ടർമാരും പേഴ്സണൽഅസിസ്റ്റന്റും ഗുമസ്തന്മാരും അതിൽ ഉൾപ്പെട്ടിട്ടുണ്ടു. ശിപായിമാർ ഇത്യാദിആളുകൾ അതിൽ ഉൾപ്പെട്ടിട്ടില്ല.

പരസ്പരസഹായ ഡിപ്പാർട്ടുമെന്റിലെ ജാതിവിവരപ്പട്ടിക.

൧൭൬. മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇപ്പോഴത്തെ പരസ്പരസഹായസംഘം രജിസ്ട്രാർ ആ ഉദ്യോഗം കയ്യേറ്റതുമുതൽ ൧൧൦൧ കന്നി ൩൦-നു-വരെ ഓരോ ജാതിയിൽനിന്നും നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ദയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെന്റു സെക്രട്ടറി): ൧൭൫-ാമത്തെ ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ വിവരം അറിയാവുന്നതാണെന്നു സാമാജികനെ അറിയിച്ചിരിക്കുന്നു.

പള്ളിക്കൽ—വെള്ളിനല്ലൂർറോഡ്.

൧൭൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ചിറയിൻകീഴുതാലൂക്കിൽ പള്ളിക്കൽനിന്നും വെള്ളിനല്ലൂർവരെ ഒരു പുതിയറോഡു ഉണ്ടാക്കേണ്ട ആവശ്യം ഗവൺമെന്റു അംഗീകരിച്ചിട്ടുണ്ടോ എന്നു പറയുന്നതിനു ദയവുണ്ടാകുമോ?

(ബി) മറുപടി അനുകൂലമെങ്കിൽ അതിനെപ്പറ്റി എന്തു മേൽനടപടി നടത്തീട്ടുണ്ട്?

മി. ററി. പി. രാമസ്വാമിയ്യർ (ഗവൺമെന്റു സെക്രട്ടറി): എയും ബിയും ചീഫ്എൻജിനീയരോടു റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

തേക്കുവൃക്ഷങ്ങൾക്കുള്ള കുറ്റിവില.

൧൭൮. മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും):

(എ) കൃഷിവക സ്ഥലങ്ങളിൽ നില്ക്കുന്ന തേക്കുവൃക്ഷങ്ങളുടെ കുറ്റിവിലയായിട്ടു ൧൧൦൧ ചിങ്ങം ൧-നു-വരെ കുടിയാന്മാർക്കു ചെലുത്തേണ്ടുന്ന തുക എന്താണെന്നു ഗവൺമെന്റു ദയവുചെയ്തു പറയുമോ?

(ബി) കഴിഞ്ഞ നാലുവർഷങ്ങളിൽ ഓരോന്നിലും വിറ്റിട്ടുള്ളതായ ൧-ാം ൨-ാം ൩-ാം ക്ലാസ്സു തേക്കുതടികൾ കണ്ട്രാക്ടർമാർമുഖം ഗവൺമെന്റുഡിപ്പോവിൽ ശേഖരിക്കുന്നതിനുള്ള ചെലവുകഴിച്ചു ഒരു ക്യൂബിക്കടിക്കു എന്തു ലാഭം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടെന്നു വിവരിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

(സി) കഴിഞ്ഞ നാലു കൊല്ലങ്ങളിലായി ഓരോക്ലാസ്സിലുള്ള തേക്കുതടികളിൽനിന്നു ചെലവുകഴിച്ചുകിട്ടുന്ന ലാഭത്തിന്റെ ഒരു ശരാശരിത്തുക വിലയായി കൊടുക്കുന്നപക്ഷം അവരുടെ പുരയിടങ്ങളിൽ നില്ക്കുന്ന തേക്കുതടികൾ ആ വസ്തു ഉടമസ്ഥന്മാർക്കു വിട്ടുകൊടുക്കത്തക്കവിധത്തിൽ ഉള്ള ഏർപ്പാടു ചെയ്യുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവൺമെന്റു സെക്രട്ടറി): കുടികൾക്കു കൊടുക്കേണ്ട കുറ്റിവില എന്താകുമെന്നു ഓരോ അവകാശത്തെപ്പറ്റി തീരുമാനിക്കുന്നതിനുമുമ്പു സൂക്ഷ്മമായിപറയാൻ പാടില്ല. ഉദ്ദേശമായി അതു് ൨,൮൩,൬൪൭ സ. രൂപ ആണെന്നു വിചാരിക്കാം.

(ബി) ൧൦൯൬, ൧൦൯൭, ൧൦൯൮, ൧൦൯൯ ഈ നാലുവർഷങ്ങളിൽ തടികൾ ശേഖരിക്കുന്നതിനുള്ള ചെലവുനീക്കിയുള്ള ലാഭം താഴെ കാണിച്ചിരിക്കുന്നു.

	ഒന്നാംക്ലാസ്സ്			രണ്ടാംക്ലാസ്സ്			മൂന്നാംക്ലാസ്സ്		
	രൂ.	അ.	പൈ.	രൂ.	അ.	പൈ.	രൂ.	അ.	പൈ.
൧൦൯൬	൧	൧൭	൧	൧	൩	൯	൦	൧൪	൪
൧൦൯൭	൨	൦	൧	൧	൨	൨	൦	൧൨	൮
൧൦൯൮	൧	൮	൧൦	൧	൧	൨	൦	൧൦	൬
൧൦൯൯	൧	൭	൪	൧	൧	൩	൦	൧൧	൪

* ൮-ാം അനുബന്ധം ൩൨൧-ാംവശം നോക്കുക.

(സി) തമിഴുതടനന്ത, ശ്രീവം, കമ്പാളവില എന്നുള്ളകാര്യങ്ങളെ ആൻ നിരക്കാശ്രയിച്ചിരിക്കുന്നു. ഇവ അപ്പോഴപ്പോഴം വ്യത്യാസപ്പെടുന്നവയായതുകൊണ്ടു ഗവൺമെൻറിനു സാമാജികൻെറ അഭിപ്രായത്തെ സ്വീകരിക്കുന്നതിനു നിവൃത്തികാണുന്നില്ല.

കോന്നി നല്ലമുളകുതോട്ടം.

൧൧൮൦. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും):

(എ) കോന്നിയിലുള്ള നല്ലമുളകുതോട്ടത്തിൽ ഏതാണ്ടിലാണ് കൃഷിതുടങ്ങിയതെന്നും ഓരോവർഷവും എത്ര ആളുകൾ സമയം കൃഷിചെയ്തുഎന്നും ഭൂമിയുടെ വിലഉൾപ്പെടെ ൧൧൦൫ ചിങ്ങം ൧–നു–വരെ ആകെ എന്തുവിലയായിട്ടുണ്ടെന്നും ഗവൺമെൻറിൽനിന്നും പറയുന്നതിനു ദയവുണ്ടാകുമോ ?

(ബി) നാളതുവരെ ഈ തോട്ടത്തിൽനിന്നും എത്രകണ്ടി മുളകു കിട്ടിട്ടുണ്ടെന്നും അതിനു എന്തുവില കിട്ടിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം കാണിച്ചു ഒരു പട്ടിക ഗവൺമെൻറിനു മേശപ്പുറത്തുവയ്ക്കുന്നതിനു ദയവുണ്ടാകുമോ ?

മി. എൻ. നീലകണ്ഠപ്പിള്ള (മാറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രിട്ടറി): ഏ-യും ബി-യും തിരുവിതാംകൂർ നിയമസഭാനടപടിയിൽ ൭-ാംവാള്യം ൧൧-ാംനമ്പർ ൭൭൭൦൭ ൭വും പേജുകളിൽപ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൨൯-ാംനമ്പർ ചോദ്യത്തിൻെറ ഉത്തരം സാമാജികനെ ചൂണ്ടിക്കാണിക്കുന്നു. സാമാജികൻ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ താഴെചേർക്കുന്നു.

	രൂ.	ച.	കാ.
൧൧൦൦ മിഥുനത്തിലുള്ള ചെലവു	൪൦൧	൨	൭
൧൧൦൦ കർക്കടകത്തിലെ ചെലവു	൧൧൦൨	൭	൧൩
ആകെ	൧൫൦൯	൧൫	൪

൧൧൦൦-ൽ എടുപ്പു ശേഖരിച്ചു ഉണക്കിയ മുളകിൻെറ ആകെ ഉള്ള തൂക്കം ൨൨൦ റാത്തൽ അതിനു ഈടായവില ൯൯൭ രൂപാ ൧൫ ചക്രം.

ആലുവാ കൃഷിപാഠശാല.

൧൫൦. മി. സി. പി. തരകൻ (കുന്നത്തുനാടു):

(എ) ആലുവാ കൃഷിപാഠശാല ഒരു തൽക്കാലസ്ഥാപനമായി നടത്തുന്നതിൻെറ ഉദ്ദേശം എന്താണെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ ?

(ബി) ആലുവാ കൃഷിപാഠശാലകൊണ്ടു ഉപയോഗം ഒന്നും ഇല്ലെന്നു ഗവൺമെൻറിൽനിന്നും വിചാരിക്കുന്നപക്ഷം കെട്ടിടങ്ങൾ മുതലായതുകെട്ടി കൊട്ടാരക്കര ഒരു കൃഷിപാഠശാല ഗവൺമെൻറിൽനിന്നും തുടങ്ങിയതിൻെറ കാരണം എന്താണെന്നു പറയുമോ ? ആലുവാ കൃഷിപാഠശാലകൊണ്ടു ഉപയോഗമുണ്ടെന്ന് ഗവൺമെൻറിൽനിന്നും വിചാരിക്കുന്നപക്ഷം അതിനെ സ്ഥിരം ആക്കാത്തതു എന്തുകൊണ്ടാണെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ ?

മി. എൻ. നീലകണ്ഠപ്പിള്ള (മാറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറു സെക്രിട്ടറി):

(എ) സ്ഥിരപ്പെടുത്തുന്നതിനുമുമ്പു ഗവൺമെൻറു അതിനെ കുറച്ചുകാലം പരീക്ഷിക്കണമെന്നാഗ്രഹിക്കുന്നു.

(ബി) ശ്രീമൂലംപ്രജാസഭാസാമാജികന്മാർ കൃഷിപാഠശാലകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു ആവശ്യപ്പെട്ടതിനാൽ പൊതുജനാഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതിനായിട്ടു കൊട്ടാരക്കര ഒരു പള്ളിക്കൂടം ആരംഭിക്കുന്നതിനു ഗവൺമെൻറിൽനിന്നും തീരുമാനിച്ചു. അതിലേയ്ക്കു ആവശ്യമുള്ള കെട്ടിടങ്ങൾ പണിചെയ്തു-൧൧൦൦ ചിങ്ങം മുതൽ ൨ വർഷംകൂടി ആലുവാപ്പള്ളിക്കൂടം നടത്തുന്നതാണ്. അതിനെ സ്ഥിരമാക്കുന്നസംഗതി താമസിയാതെ ആലോചിക്കപ്പെടും.

മി. സി. പി. തരകൻ (കുന്നത്തുനാടു): പ്രജാസഭാമെമ്പറന്മാർ ഏതെങ്കിലും ഒരു നിവേദനം സമർപ്പിച്ചാൽ അതിനെപ്പററി ഗുണദോഷവിവേചനംചെയ്തു ആവശ്യമുള്ളതിന്നതാണ് ആവശ്യമില്ലാത്തതിന്നതാണ എന്നു തീർച്ചയാക്കുന്നതിനു മുമ്പായി പ്രവർത്തിക്കുകയാണോ സാധാരണ പതിവു ?

മി. എൻ. നീലകണ്ഠപ്പിള്ള (മാറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറുസിക്രട്ടറി): അതു വാസ്തവമായ ഒരു നിർദ്ദേശമാണെന്നു തോന്നുന്നില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഇവിടെ പറഞ്ഞിരിക്കുന്നതു ശ്രീമൂലം പ്രജാസഭാസാമാജികന്മാർ പലപ്രാവശ്യവും പാഠശാലകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണെന്നു ആവശ്യപ്പെട്ടും പൊതുജനാഭിപ്രായം അനുസരിച്ചു പ്രവൃത്തിക്കുന്നതിനായിട്ടു കൊട്ടാരക്കരയും പള്ളിക്കൂടം ആരംഭിക്കുന്നതിനു ഗവൺമെൻറിൽനിന്നും തീരുമാനിച്ചു അതിലേക്കുവേണ്ട കെട്ടിടം പണിചെയ്തുവരുന്നു. ൧൧൦൦ ചിങ്ങംമുതൽ ൨ വർഷകാലംകൂടി ആലുവായിലെ പള്ളിക്കൂടം നടത്തുന്നതാണ്. സ്ഥിരമാക്കുന്നതിനെപ്പററി താമസിയാതെ ആലോചിക്കും. എന്നാണ് ശ്രീമൂലം പ്രജാസഭയിലെ മെമ്പറന്മാർ പറഞ്ഞതുകൊണ്ടു സ്കൂൾ കെട്ടിടം ഉണ്ടാക്കി. അതു ഗവൺമെൻറു പൂർത്തിയായി ആലോചിച്ചതിനുശേഷംചെയ്ത ഒരു പ്രവൃത്തിയാണ് എന്നു വ്യാഖ്യാനിക്കാൻ നിവൃത്തി ഉണ്ടോ ?

മി. എൻ. നീലകണ്ഠപിള്ള (മാറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറുസിക്രട്ടറി): ധാരാളം നിവൃത്തിയുണ്ട്. അങ്ങനെ വ്യാഖ്യാനിക്കാവുന്ന തരമുള്ള.

മി. സി. പി. തരകൻ (കുന്നത്തുനാടു): പിന്നെ അതു തുടങ്ങാതിരിക്കുന്നതിനുള്ള കാരണം എന്താണ് ?

മി. എൻ. നീലകണ്ഠപ്പിള്ള (മാറുജോലിയിൽ ഇരിക്കുന്ന ഗവൺമെൻറുസിക്രട്ടറി): അതിനു കാരണം ഉണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാടു): അതെന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. എൻ. നീലകണ്ഠപ്പിള്ള (മാറുജോലിയിലിരിക്കുന്ന ഗവൺമെൻറുസെക്രട്ടറി): അതൊരു പുതിയ ചോദ്യമാണ്.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതു ഈ ചോദ്യത്തിൽതന്നെ ഉണ്ടല്ലോ?

മി. എൻ. നീലകണ്ഠപിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവമെന്റുസിക്രട്ടറി): അതിനു കാരണം പറഞ്ഞിട്ടുണ്ട്. ആലുവായിലെ ഒരു സ്കൂൾ സ്ഥിരപ്പെടുത്താതിരിക്കാനുള്ളകാരണം പറഞ്ഞിട്ടുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): കൊട്ടാരക്കര സ്കൂൾ തുടങ്ങിയസമയം ആലുവായിലെ സ്കൂൾ ഉപയോഗമുള്ളതാണോ അല്ലയോ എന്നു ആലോചിച്ചിട്ടുണ്ടോ?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവമെന്റുസിക്രട്ടറി): ഉണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): അതു ഉപയോഗമുള്ളതല്ലെന്നു വിചാരിച്ചിട്ടല്ലയോ കൊട്ടാരക്കര തുടങ്ങാൻ ഇടയായതു്.

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവമെന്റുസിക്രട്ടറി): അതേ.

മി. സി. പി. തരകൻ (കുന്നത്തുനാട്): അങ്ങിനെയുള്ള ഒരു സ്ഥാപനം സ്ഥിരമാക്കാതെ വേറെ ഒന്നു തുടങ്ങിയതു് എന്തുകൊണ്ടാണ്?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവമെന്റ്സിക്രട്ടറി): ഉടൻതന്നെ സ്ഥിരമാക്കണമെന്നു ഇല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഉടൻതന്നെ സ്ഥിരമാക്കേണ്ട ആവശ്യമില്ലാ. താൽക്കാലികമായിട്ടുള്ള ഏതെങ്കിലും ഒരു സ്ഥാപനം ഉപയോഗമുള്ളതാണെന്നു ബോദ്ധ്യപ്പെട്ടശേഷം അതു് സ്ഥിരമാക്കാതെ വേറെ ഒരു സ്ഥാപനം ഉണ്ടാക്കിയതെന്തിനാണ്?

മി. എൻ. നീലകണ്ഠപ്പിള്ള (മറുജോലിയിൽ ഇരിക്കുന്ന ഗവമെന്റ്സിക്രട്ടറി): അതിനു ദോഷംഇല്ല. അങ്ങനെയും ആവാം.

ശിക്ഷാക്രമപാഠശാലയിൽ സ്ത്രീകൾക്കു പ്രവേശനം നൽകുന്നതു്.

൧൬൧. മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവമെന്റിൽനിന്നും താഴെപ്പറയുന്ന സംഗതികളെപ്പറ്റി പ്രസ്താവിക്കുന്നതിനു ദയവുണ്ടാകുമോ?

(എ) ൧൧൦൪-ലെ ഒരു ജി. ഒ. വിൽ ൧൦ വിദ്യാർത്ഥിനികൾക്കു ശിക്ഷാക്രമ പാഠശാലയിൽ എൽ. റി. ക്ലാസിലും അണ്ടർഗ്രാഡ്യുവേറ്റ് ക്ലാസിലും ൧൧൦൪-ഉം ൧൧൦൫-ഉം ആയ വിദ്യാവർഷം മുതൽ സ്ഥലം ഒഴിച്ചിട്ടില്ലയോ?

(ബി) വേതനം വാങ്ങുന്നവരും വാങ്ങാത്തവരുംആയി പ്രവേശനത്തിനു അപേക്ഷിച്ച വിദ്യാർത്ഥിനികളുടെയും അതിൽ പ്രവേശനം ലഭിച്ചവരുടെയും എണ്ണവും അവർ ഏതേതു സമുദായക്കാർ ആണെന്നും.

(സി) ൧൧൦൫ ആയ ഈ വർഷത്തിൽ വേതനം വാങ്ങുന്നവരും വാങ്ങാത്തവരുമായി പ്രവേശനത്തിനു അപേക്ഷക്കാരായി ഉണ്ടായ വിദ്യാർത്ഥിനികളുടെ എണ്ണവും അവരിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണവും അവർ ഏതു സമുദായത്തിൽപ്പെട്ടവരാണെന്നും.

(ഡി) മുൻപറഞ്ഞ ജി. ഒ.-യിൽ അനുവദിച്ചിടത്തോളം വിദ്യാർത്ഥിനികൾക്കു കാളേജിൽ പ്രവേശനം നൽകാത്തതിന്റെ കാരണം.

മി. റി. പി. രാമസുബ്ബയ്യർ (ഗവമെന്റ് സിക്രട്ടറി): (എ) അതേ.

ബി-യും സി-യും.

	വേതനം വാങ്ങുന്നവരോ വാങ്ങാത്തവരോ	എൽ. റി. ക്ലാസ്			അണ്ടർ ഗ്രാഡ്യുവേറ്റ്		
		നായന്മാർ	ക്രിസ്ത്യാനികൾ	ആകെ	നായന്മാർ	ക്രിസ്ത്യാനികൾ	ആകെ
൧൧൦൪-൫	വേതനം വാങ്ങുന്നവർ						
	അപേക്ഷിച്ച നമ്പർ	൧	൭	൮	൧	൫	൬
	പ്രവേശനം ലഭിച്ചവർ	...	൫	൫	...	൪	൪
	വേതനം വാങ്ങുന്നവർ						
	അപേക്ഷിച്ച നമ്പർ	൩	൮	൧൧	൨	൭	൯
	പ്രവേശനം ലഭിച്ചവർ	൨	൩	൫	൨	൨	൪
൧൧൦൫-൬	വേതനം വാങ്ങുന്നവർ						
	അപേക്ഷിച്ച നമ്പർ	൧	൪	൫	൧	൬	൭
	പ്രവേശനം ലഭിച്ചവർ	...	൧	൧	...	൪	൪
	വേതനം വാങ്ങാത്തവർ						
	അപേക്ഷിച്ച നമ്പർ	൩	൭	൧൦	...	൨	൨
	പ്രവേശനം ലഭിച്ചവർ	൧	൩	൪	...	൧	൧

(ഡി) ൧൦൮൨ മുതൽ ൧൦൮൩ വരെ [illegible] വിദ്യാർത്ഥിനികളെ മാത്രമേ ജൂനിയർ ഗ്രാഡ്വേററ സെക്ഷനിൽ ചേർത്തിട്ടുള്ളു എന്തുകൊണ്ടെന്നാൽ തിരഞ്ഞെടുക്കപ്പെട്ട മൂന്ന വിദ്യാർത്ഥിനികൾ കാളേജിൽ ചേർന്നില്ലാ ൧൦൮൦ മുതൽ ൧൦൮൩ വരെ [illegible] വിദ്യാർത്ഥിനികളെ മാത്രമേ എൽ. റി. ക്ലാസ്സിൽ ചേർത്തിട്ടുള്ളു. വേതനം വാങ്ങുന്നവരായി ചേരണമെന്ന ആവശ്യപ്പെട്ട അഞ്ചു വിദ്യാർത്ഥിനികളിൽ ഒരാൾക്കുമാത്രമേ ഒരു സ്കൂളിൽ ഒരു സ്ഥിരജോലി ഉണ്ടായിരുന്നുള്ളു. ആയതുകൊണ്ടു ആ സ്ത്രീയെ ചേർത്തു. വേറൊരാൾ സ്ത്രീകൾക്കുള്ള കാളേജിലെ ഒരു ട്യൂട്ടറായിരുന്നു. കാളേജ് സ്റ്റാഫിലെ ഒരു അംഗമായിരുന്നതുകൊണ്ടു അവരെ ട്രെയിനിംഗിന് അയക്കേണ്ട ആവശ്യമുള്ളതാണെന്ന് വിചാരിച്ചില്ലാ. ശേഷിച്ച മൂന്നുപേരും ഡിപ്പാർട്ടുമെന്റിൽ സ്ഥിരജോലി ഇല്ലാത്തവരാകകൊണ്ടു അവരെ വേതനംവാങ്ങുന്നവരായി തിരഞ്ഞെടുത്തില്ലാ. വേതനംവാങ്ങുന്ന അണ്ടർഗ്രാഡ്വേററുകളിൽ ഒരു ക്രിസ്ത്യൻസ്ത്രീയെ കഴിച്ച് മറെറല്ലാവരേയും തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ഏക നായർസ്ത്രീ, കോഴ്സ് കഴിക്കുന്നതിനു തക്ക ആരോഗ്യമില്ലാത്തതുകൊണ്ടും ക്രിസ്ത്യൻസ്ത്രീകളിൽ ഒരാൾക്കു ഡിപ്പാർട്ടുമെന്റിൽ സ്ഥിരവേതനം ഇല്ലാ എന്നതുകൊണ്ടും ഇവരെ സംബന്ധിച്ചു തിരഞ്ഞെടുപ്പു റെദ്ദ്ചെയ്തു. അണ്ടർഗ്രാഡ്വേററ സെക്ഷനിൽ വേതനം വാങ്ങാതെ പ്രവേശനത്തിനു അപേക്ഷിച്ചിട്ടുള്ള സ്ത്രീകളിൽ പ്രവേശനത്തിനു അർഹതയുള്ള ഒരാൾമാത്രം ഉണ്ടായിരുന്നുള്ളു. ആ സ്ത്രീയെ ക്ലാസിൽ ചേർത്തു. നടപ്പിലിരിക്കുന്ന ഡിപ്പാർട്ടുമെന്റ ചട്ടങ്ങൾ അനുസരിച്ചു മററുവരെ ക്ലാസിൽ ചേർക്കുന്നതിനു കഴിഞ്ഞില്ലാ.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലുള്ള വാദ്ധ്യാന്മാരുടെ സങ്കടങ്ങൾ.

൧൩൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഗവണ്മെന്റുവകയായും കീഴ്‌വകയായും ഉള്ള നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വാദ്ധ്യാന്മാരുടെ ഇടയിൽ അവരുടെ കുറഞ്ഞശമ്പളം ഹേതുവായിട്ടും അവർക്കു ശിക്ഷാക്രമം പരിശീലിക്കുന്നതിനുള്ള അവസരക്കുറവു, നാട്ടുഭാഷാ ഹയർപരീക്ഷാവിജയികളും സ്കൂൾലീവിങ്ങ്‌സർട്ടിഫിക്കേററ പരീക്ഷാവിജയികളും തമ്മിൽ വ്യത്യാസം ഇല്ലായ്മ, അവരുടെ സ്വദേശത്തിൽനിന്നും ദൂരസ്ഥലങ്ങളിൽ നിയമിച്ചിരിക്കുക ഇത്യാദി കാരണങ്ങൾകൊണ്ടും വിശേഷിച്ചു കീഴ്‌വകപള്ളിക്കൂടം മാനേജരന്മാരുടെ ഉപദ്രവകരമായ പ്രവൃത്തികൾകൊണ്ടും വല്ലരെ മനോവേദനയും സങ്കടവും ഉണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

ബി. അറിയാമെങ്കിൽ ഈ സങ്കടങ്ങളെ തൃപ്തിഉള്ളേടത്തോളം പരിഹരിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

സി. തങ്ങളുടെ സ്വദേശങ്ങളല്ലാത്ത താലൂക്കുകളിൽ ഇപ്പോൾ ജോലിയിലിരിക്കുന്ന പ്രാഥമിക പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. റി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സിക്രട്ടറി): (എ) ൧. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്കു ഗവണ്മെന്റിന്റെ കീഴിലും കീഴ്‌വക സ്ഥാപനങ്ങളിലും ജോലിചെയ്യുവരുന്ന മററുചില ജോലിക്കാരെന്നപോലെ തങ്ങളുടെ ശമ്പളത്തിന്റെ തുകയെപ്പററി തൃപ്തിയില്ലെന്നു ഗവണ്മെന്റിനു അറിയാം. ശിക്ഷാക്രമം പരിശീലിക്കുന്നതിനു അവർക്കുള്ള ബുദ്ധിമുട്ടിനെപ്പററിയും അറിയാം.

൨. നാട്ടുഭാഷാ ഹയർപരീക്ഷയ്ക്കു കൊടുക്കാവുന്ന ജോലികൾക്കു സ്കൂൾലീവിങ്ങ് പരീക്ഷക്കു കൊടുക്കാവുന്ന ജോലികളെക്കാൾ കൂടുതൽ ശമ്പളം ഉണ്ട്.

൩. തങ്ങളുടെ സ്വദേശങ്ങളിൽനിന്നും അകലെ ചില വാദ്ധ്യാന്മാരെ ജോലിയിൽ നിയമിക്കുന്നു എന്നു ഗവണ്മെന്റിനു അറിയാം.

൪. മാനേജരന്മാരുടെ പ്രവൃത്തിഹേതുവായി വാദ്ധ്യാന്മാരുടെ ഇടയിൽ മനോവേദനയുള്ളതായി ഗവണ്മെന്റിനു അറിവില്ലാ.

(ബി) വാദ്ധ്യാന്മാരുടെ ആഗ്രഹം അനുസരിച്ചു അവരെ സ്ഥലംമാററിവരുന്നു. അവരുടെ ശമ്പളത്തിന്റെ സംഗതിയും ഗവണ്മെന്റിന്റെ ശ്രദ്ധക്കു സദാ വിഷയീഭവിച്ചിരിക്കുന്നു

(സി) ൧൦൮൩ ഒക്ടോബർ [illegible]-നു- ആൺകുട്ടികൾക്കുള്ള ഡിപ്പാർട്ടുമെന്റിൽ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ [illegible] വാദ്ധ്യാന്മാർ ഉണ്ടായിരുന്നവരിൽ [illegible] പേരെ അവരുടെ ഡിസ്ത്രിക്ടുകൾക്കു പുറമെ നിയമിച്ചിരിക്കുന്നു. ഓരോ താലൂക്കിനെസംബന്ധിച്ചുള്ള വിവരം ഇപ്പോൾ അറിഞ്ഞുകൂടാ.

൧൦൮൩ ജൂലായി [illegible]-നു- പെൺകുട്ടികൾക്കുള്ള ഡിപ്പാർട്ടുമെന്റിൽ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ [illegible] ഒന്നു വാദ്ധ്യാന്മാരിൽ [illegible] പേരെമാത്രമേ സ്വദേശം വിട്ടു നിയമിച്ചിട്ടുള്ളു.

൧൦-ാം അനുബന്ധം F.

൧൧൨-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

൧൦൯൭ ചിങ്ങം മുതൽ അക്കൌണ്ടാഫീസിൽ, പകരവും സ്ഥിരവും സബ്പ്രോട്ടം ആയി ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ പട്ടിക.

നമ്പർ	ക്ലാർക്കുകളുടെ പേര്	സ്ഥിരപ്പെടുത്തിയോ എന്ന്	സബ്പ്രോട്ടമാണോ എന്ന്	റിമാർക്കുകൾ
൧	ജെ. എസ്സ്. രാമയ്യർ	സ്ഥിരം		ആർട്ട്സ് സ്കൂളിൽ ഒരു ജോലിയിൽ
൨	എൻ. പി. പരമേശ്വരൻപിള്ള	ടി		
൩	എസ്സ്. അയ്യാപ്പുരപിള്ള ബി. എ.	ടി		
൪	കാർത്തികേയൻനായർ ബി. എ.	ടി		
൫	ടി. എസ്സ്. സുബ്ബയ്യർ	ടി		
൬	സത്യവാഗീശ്വരയ്യർ	ടി		
൭	വിശ്വനാഥൻനായർ	...		സർവീസുപേക്ഷിച്ചു
൮	എൻ. നാരായണപിള്ള	സ്ഥിരം		ടി
൯	ആർ. സുബ്രഹ്മണ്യയ്യർ			ടി
൧൦	ജെസ്സിയാ			ടി
൧൧	കെ. മാധവൻപിള്ള ബി. എ.	സ്ഥിരം		
൧൨	വി. ഒ. ജേക്കബ്ബ്			
൧൩	ടി. വി. മാധവൻ	സ്ഥിരം		
൧൪	മഹമ്മദ് ഹനീഫ്			
൧൫	എസ്സ്. വൈദ്യനാഥയ്യർ ബി. എ.	സ്ഥിരം		ഒരു വക്കീലായി ജോലി പരിചയിക്കവാൻ വേണ്ടി സർവീസുപേക്ഷിച്ചു
൧൬	വി. ആദിനാരായണൻതമ്പി	ടി		
൧൭	ടി. വി. പത്മനാഭപിള്ള	ടി		
൧൮	എൻ. ഏ. നീലകണ്ഠയ്യർ	...		സർവീസുപേക്ഷിച്ചു
൧൯	ഏ. വി. കരുണാകരപിള്ള ബി. എ.	സ്ഥിരം		ടി
൨൦	എസ്സ്. സദാശിവൻപിള്ള			ടി
൨൧	ടി. പി. രാമമാരാർ	തൽക്കാലത്തേക്ക		
൨൨	കെ. ജി. എബ്രഹാം	സ്ഥിരം		സർവീസുപേക്ഷിച്ചു
൨൩	ജോൺ പി. ജോൺ			
൨൪	ഇ. രാമകൃഷ്ണപിള്ള ബി. എ.	സ്ഥിരം		
൨൫	സി. കെ. ഗോവിന്ദപ്പണിക്കർ ബി. എ.	ടി		
൨൬	കെ. എം. ജോർജ്			
൨൭	പി. എം. അയ്യംപെരുമാൾപിള്ള ബി. എ.	ടി		
൨൮	ഡി. അലക്സാൻഡർ (ആക്ടിംഗ് ഡെപ്യൂട്ടിസ്റ്റ്)			സർവീസുപേക്ഷിച്ചു
൨൯	പി. എൻ. മാധവൻപിള്ള	ടി		
൩൦	വി. അച്യുതമേനോൻ ബി. എ.			ടി
൩൧	കെ. എസ്സ്. യേശുദാസൻ			ടി
൩൨	ടി. ഒ. ഉമ്മൻ			വക്കീലായി ജോലി പരിചയിക്കവാൻ വേണ്ടി സർവീസുപേക്ഷിച്ചു
൩൩	ആർ. പുരുഷോത്തമൻ പോറ്റി			ടി
൩൪	ഏ. എസ്സ്. ചെല്ലകൻ		സബ്പ്രോട്ടം (ഡിപ്പാർട്ടുമെന്റു പരീക്ഷ ജയിച്ചു	
൩൫	കൃഷ്ണൻ ഉണ്ണിത്താൻ			സർവീസുപേക്ഷിച്ചു
൩൬	കെ. പി. ചാക്കോ			ആക്ടിംഗ്
൩൭	സി. എം. ഉമ്മൻ ബി. എ.			ടി
൩൮	എൻ. ബാലമോഹനൻതമ്പി			ടി
൩൯	സി. എസ്സ്. എബ്രഹാം	സ്ഥിരം	ഡിപ്പാർട്ടുമെന്റു പരീക്ഷ ജയിച്ചു	
൪൦	കെ. ബാലകൃഷ്ണപ്പണിക്കർ			ആക്ടിംഗ്
൪൧	ഡി. വെങ്കിടകൃഷ്ണയ്യങ്കാർ ബി. എ.	സ്ഥിരം	ഡിപ്പാർട്ടുമെന്റു പരീക്ഷ ജയിച്ചു	
൪൨	ഡബ്ലിയു. ജെ. വറുഗീസ്സ് ബി. എ.	തല്ക്കാലം	ടി	
൪൩	പി. എസ്സ്. ഈശ്വരമൂർത്തിപ്പിള്ള			സർവീസുപേക്ഷിച്ചു

അനുബന്ധം (തുടർച്ച)

നമ്പർ	ക്ലാർക്കുകളുടെ പേര്	സ്ഥിരപ്പെടുത്തിയോ എന്ന്	സപ്ലോട്ടമാണോ എന്ന്	റിമാർക്കുകൾ
൪൪	കെ. നാരായണൻനമ്പൂതിരി			സർവീസ്സപേക്ഷിച്ചു
൪൫	വി. ഐ. മാത്യു ബി. എ.			ടി
൪൬	പി. എം. ജോസഫ്		സപ്ലോട്ടം ഡിപ്പാർട്ട്മെൻറു പരീക്ഷ ജയിച്ചു	
൪൭	ടി. ജോൺ			
൪൮	ആർ. ഗോപാലപിള്ള			
൪൯	വി. ജെ. പിലിപ്പ്		സപ്ലോട്ടം ഡിപ്പാർട്ടുമെൻറു പരീക്ഷ ജയിച്ചു	
൫൦	കെ. ഗോവിന്ദൻ ബി. എ.			സർവീസപേക്ഷിച്ചു
൫൧	സി. പി. നാരായണപിള്ള ബി. എ.			ടി വക്കീലായി പ്രാക്ടീസു ചെയ്യുന്നതിനു
൫൨	കെ. കെ. ജാൺ ബി. എ.			ആക്ടിംഗ്
൫൩	മഹമ്മദ് സാഹേബ് ബി. എ.			ടി
൫൪	വി. വി. ഗോവിന്ദൻ ബി. എ.			സർവീസപേക്ഷിച്ചു
൫൫	സി. രാമസ്വാമി അയ്യർ ബി. എ.			ആക്ടിംഗ്
൫൬	പന്തിയൂർ കൈലാസമാരാർ മുതലിയാർ ബി. എ.			ഇപ്പോൾ കാളേജിൽ ആക്ട് ചെയ്യുന്നു
൫൭	ആർ. കൃഷ്ണപിള്ള			ആക്ടിംഗ്
൫൮	പി. സുബ്രഹ്മണ്യൻ		സപ്ലോട്ടം (ഡിപ്പാർട്ടുമെൻറു പരീക്ഷജയിച്ചു)	
൫൯	കെ. വേലുപ്പിള്ള		സപ്ലോട്ടം	
൬൦	കെ. എസ്. മാത്യു ബി. എ.			ടി
൬൧	കെ. കൃഷ്ണൻനായർ ബി. എ.			ടി
൬൨	ഫ്രഡറിക്സ് പീറ്റർ			ടി
൬൩	ആർ. ഗോപാലൻ			സർവീസ്സപേക്ഷിച്ചു
൬൪	വി. സുബ്രഹ്മണ്യയ്യർ ബി. എ.			ആക്ടിംഗ്
൬൫	കെ. വി. കൃഷ്ണൻ			ടി
൬൬	കെ. എം. അലി			കാളേജിൽ ചേരുന്നതിനു സർവീസ്സപേക്ഷിച്ചു
൬൭	എ. നാഗലിംഗം ആശാരി (ആക്ടിംഗ് ടൈപ്പിസ്റ്റ്)			സർവീസ്സപേക്ഷിച്ചു കാളു ബംഗ്ലാവിൽ ഇപ്പോൾ സ്ഥിരപ്പെടുത്തി
൬൮	പി. ആർ. ഷൺമുഖംപിള്ള (ടൈപ്പിസ്റ്റ്)	സ്ഥിരം		
൬൯	കെ. കെ. പത്മനാഭപിള്ള			ആക്ടിംഗ്
൭൦	മഹമ്മദ് കാസിംസേട്ട			സർവീസ്സപേക്ഷിച്ചു
൭൧	കെ. കെ. പത്മനാഭൻ			ടി
൭൨	കെ. കുട്ടൻനായർ			ടി
൭൩	വി. എം. അംബ്രോസ്			ടി
൭൪	ടി. കെ. ഉമ്മൻ			ടി
൭൫	ആർ. ജനാർദ്ദനൻപോററി			ടി
൭൬	ടി. കെ. അയ്യപ്പൻപിള്ള			ടി
൭൭	എം. ചെല്ലപ്പാപിള്ള ബി. എ.			ആക്ടിംഗ്
൭൮	വി. എ. കാസിം ബി. എ.			സർവീസ്സപേക്ഷിച്ചു
൭൯	സി. പത്മനാഭപിള്ള			ആക്ടിംഗ്
൮൦	എൻ. കൃഷ്ണൻനായർ ബി. എ.			സർവീസ്സപേക്ഷിച്ചു ൨൩-൨-൧൧൦൧-ൽ പിരിച്ചയച്ചു
൮൧	എസ്. സീതാരാമയ്യർ			൨൫-൨-൧൧൦൧ ടി
൮൨	ജി. ദാമോദരൻ ബി. എ.			സർവീസ്സ് ഉപേക്ഷിച്ചു
൮൩	കെ. നാരായണൻ ബി. എ.			൨൩-൨-൧൧൦൧-ൽ പിരിച്ചയച്ചു
൮൪	എ. നീലകണ്ഠൻ ബി. എ.			൨൨-൨-൧൧൦൧-ൽ ടി
൮൫	എൻ. കെ. നീലകണ്ഠരേരോൻ ബി. എ.			

അനുബന്ധം (തുടർച്ച)

നമ്പർ	ക്ലാർക്കുമാരുടെ പേര്	സ്ഥിരപ്പെടുത്തിയോ എന്ന്	സഹപ്രോളമാണോ എന്ന്	റിമാർക്കുകൾ
	ടെമ്പററി നിയമനങ്ങൾ.			
൧	ജയിംസ് ഗബ്രിയേൽ ബി. എ.			ഏക്ടിംഗ്
൨	കെ. എം. കരുവിള ബി. എ.			ടി
൩	എ. രാമകൃഷ്ണപിള്ള ബി. എ.			ടി
൪	ജി. പത്മനാഭഅയ്യങ്കാർ ബി. എ.			ടി
൫	ആർ. ശങ്കരൻ			ടി
൬	കെ. അച്യുതൻപിള്ള ബി. എ.			ടി

൨-ാം അനുബന്ധം.

൧൧൭-ാം നമ്പർ ചോദ്യത്തിനു മറുപടി:

മുൻസിഫന്മാരുടെ നിയമനത്തെപ്പറ്റിയുള്ള പട്ടിക.

	ബ്രാഹ്മണർ	ക്രിസ്ത്യാനികൾ	നായന്മാർ	മറ്റുഹിന്ദുക്കൾ	ആകെ
൧ ഹൈക്കോർട്ടുവക്കീലന്മാർ	൨	൨	൨	൧	൭
൨ ഡിസ്ട്രിക്ട്കോർട്ടുവക്കീലന്മാർ	...	..	...	...	...
൩ ക്ലാർക്കുകൾ	൨	...	൩	...	൫

൩-ാം അനുബന്ധം,

൧൧൯-ാം നമ്പർ ചോദ്യത്തിനു മറുപടി

വൈക്കംതാലൂക്കിൽ അധഃകൃതവർഗ്ഗക്കാർക്കു പതിച്ചുകൊടുക്കാവുന്നതായ ഭൂമിയുടെ പട്ടിക.

പകുതി	ഭൂമിയുടെ വിവരണം				
	സർവെനമ്പർ	റവന്യൂനമ്പർ	ധാരർ	ഏക്കർ	സെൻറു
വടയാർ	൧൫൯	൩	എ	...	൫
	൨൦൫	൬	...	...	൫൮
	൨൦൯	൩	എ	...	൬൦
	൨൧൮	൧൧	സി	...	൬
	൨൪൧	൧൦	എ	...	൬
	൨൪൨	൧൦	ബി	...	൪
	൨൪൯	൧	സി	...	൫
	൩൨൮	൬	...	...	൭
	൩൪൭	൬	...	...	൭
	൩൪൮	൪	...	...	൧൨
	൩൪൯	൭	...	...	൧൨
	൩൪൯	൯	...	...	൧൨
	൩൫൧	൧൧	...	...	൧൨
	൩൬൫	൫	...	...	൮
	൩൬൬	൮	...	...	൧൦
	൩൬൭	൫	...	...	൧൨
	൩൭൭	൬	...	...	൬൫
	൩൮൨	൩	...	൩	൩൦
	൩൮൮	൭	...	...	...
	൫൨൩	൧	സി	൧൧	൫൫
	൫൨൭	൯	...	൪	൧൧
	൫൫൩	൨	...	൭	൬൮
	൫൬൫	൫	...	൨	൮൫
	൫൬൮	൧	...	....	൩൬
	൫൭൦	൩	ബി	൨	൮൨
	൫൭൩	൮	...	൩	...
	൫൭൪	൧	...	൩	൩൦
	൫൭൫	൨	...	...	൪൪
	൫൭൬	൪	...	൪	൧൮
	൬൨൭	൩	...	...	൭
	൬൪൦	൫	ബി	...	൫
	൬൫൩	൨	...	...	൨൫
	൬൯൮	൭	ബി	൧	൭
	൭൦൦	൧	ബി	...	൧൨

൩-ാം അനുബന്ധം (തുടർച്ച)

വൈക്കംതാലൂക്കിൽ അധഃകൃതവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കാവുന്നതായ ഭൂമിയുടെ പട്ടിക.

പകുതി	ഭൂമിയുടെ വിവരണം				
	സർവെനമ്പർ	റീ.സർവ്വേനമ്പർ	ഖറാർ	ഏക്കർ	സെൻറ
	൧൫൩	൬	ബി	൨	൨൦
	൧൫൯	൨	ബി	൩	൪൨
	൧൫൯	൫	ബി	...	൬൩
	൧൩൫	൨	...	൨൦	൩൮
	൧൩൧	൮	ഡി	൨	൯൦
	൧൪൩	൨	ബി	൫	൭൬
	൧൮൪	൬	എ	൧	൭൫
വടയാറ	൭൦൦	൨	എ	...	൪൨
	൭൦൦	൨	ബി	...	൨൮
	൭൧൬	൧	ബി	...	൫൯
	൩൧൭	൩	...	...	൫൯
	൮൨൭	൨	ബി	...	൩൦
	൮൨൯	൨	...	൧	൭൦
ആകെ				൭൮	൨൯
	൯൭	൩	...	൨	൬
	൨൦൩	൮	...		൨൧
	൨൨൦	൫	ബി		൧
മുളക്കുളം	൨൫൩	൫	എ	൨	൨൪
	൨൫൯	൧	...	൩	൮
	൫൧൩	൫	...	...	൩൨
	൪൩൭	൨		൨	...
ആകെ				൬	൭൦
മഞ്ഞൂർ	൪൦൭	൪	എ	൨	൯൧
	൪൫൬	൩	...	...	൨½
	൮൪	൨	...	...	൩൨
ആകെ				൫	൫൯½
	൩൨൫	൩	....	...	൫൬
കടുത്തുരുത്തി	൪൪൪	൫	എ	൨	൯൩
	൪൪൮	൫	...	...	൫
	൨൨൨൩	൩	ബി	...	൨൫
ആകെ				൫	൩൪
കുലശേഖരമംഗലം	൨൪൭	൨	...	൨	൬൪
വൈക്കം	൨൯൧	൨	...	൩൦	...
തലയാഴം	൧൦൨	൨	...	൨൨	൫൪
	൫	൨	...	൫	...
	൫൮	൨	....	...	൮൦
	൫൨	൫൩	...	...	൫൮
ചെമ്പ്	൫൬	൨	...	൨	൮൦
	൬൦	൨	...	൩	൮൦
	൯൨	൨	...	൨	൮൦
	൨൮൨	൨	എ	൮	...
	൫൭൫	൨	എ	൨൮	...
	൫൭൨	൨	...	൨	...
ആകെ	൫൫	൪	...	...	൩൦
മണകുന്നം				൩൦	൮൮
	൮	൨	...	൨	൪൦
	൩൨൪	൨	...	൩	൬൦
ആകെ	൩൨൪	൬	...	൬	൩൦
				൨൨	൩൦
വടക്കേമുറി	൨൩൪	൨	...	൨	൯൫
നടുവിലെ	൫൫൪	൨	...	൨	൭൦
ഗ്രാൻഡ്ടോട്ടൽ				൨൮൮	൧½

൪-ാം അനുബന്ധം.

൧൨൬-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി.

൧൧൦൧ കന്നിമാസത്തോടുകൂടി അവസാനിച്ച ൪ മാസങ്ങളിലായി കീഴ്ക്കോടതികളുടെ തീർപ്പുകളെ അസ്ഥിരപ്പെടുത്തി കേസുകൾ വീണ്ടും വിസ്തരിച്ചു തീർച്ചയാക്കണമെന്നു ഉത്തരവുചെയ്ത കേസുകളുടെ ലിസ്റ്റ്.

ക്രമനമ്പർ	കേസ്സിന്റെ സ്വഭാവം	കേസ്സിന്റെ ആണ്ടും നമ്പരും	ആരുടെ വിധിയാണോ അസ്ഥിരപ്പെടുത്തിയത് ആ ജുഡിഷ്യൽ ഉദ്യോഗസ്ഥന്റെ പേര്	ഉദ്യോഗസ്ഥന്റെ സ്ഥാനം
൧	അപ്പീൽസൂട്ട് പ്രകാരം	൧൦൯൭-ൽ-൩൦൭	മിസ്റ്റർ ജി. ശങ്കരപ്പിള്ള	ഡിസ്ട്രിക്ട് ജഡ്ജി
൨	ടി	൧൦൮൮-ൽ-൧൬൧	,, എ. എസ്സ്. സുബ്രഹ്മണ്യയ്യർ	ഡിസ്ട്രിക്ട് മുൻസിഫ്
൩	ടി	൧൦൮൮-ൽ-൪൧൯	,, ഇ. ടി. കുട്ടൻ	ടി
൪	ടി	൧൦൯൯-ൽ-൨൪൦	,, കെ. സി. [illegible]	ടി
൫	ടി	൧൦൯൯-ൽ-൨൪൯	,, ആർ. രാമസുബ്ബാശാസ്ത്രി	രണ്ടാം ജഡ്ജി
൬	ടി	൧൦൯൯-ൽ-൨൫൦	,, ടി	ടി
൭	ടി	൧൦൯൯-ൽ-൨൮൩	,, ടി	ടി
൮	ടി	൧൦൯൯-ൽ-൨൮൪	,, ടി	ടി
൯	ടി	൧൦൯൯-ൽ-൩൭൮	,, പി. എൻ. ജയലിംഗമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൧൦	ടി	൧൦൯൯-ൽ-൪൩൯	,, എ. വെങ്കിട്ടരാമയ്യർ	ടി
൧൧	ടി	൧൦൯൯-ൽ-൪൬൫	,, എം. പി. ജോസഫ്	ഡിസ്ട്രിക്ട് മുൻസിഫ്
൧൨	ടി	൧൧൦൦-ൽ-൩൩	,, എം. എസ്സ്. സുബ്രഹ്മണ്യയ്യർ	ടി
൧൩	ടി	൧൧൦൦-ൽ-൨൩൫	,, എൻ. ഗോവിന്ദൻ [illegible]	ടി
൧൪	ടി	൧൧൦൦-ൽ-൫൩	,, പി. എൻ. ജയലിംഗമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൧൫	ടി	൧൧൦൦-ൽ-൯	,, എ. വെങ്കിട്ടരാമയ്യർ	ടി
൧൬	ടി	൧൦൯൯-ൽ-൪൮൭	,, ടി	ടി
൧൭	ടി	൧൧൦൦-ൽ-൨൫	,, എ. ജ്ഞാനശിഖാമണി	ഡിസ്ട്രിക്ട് മുൻസിഫ്
൧൮	ടി	൧൧൦൦-ൽ-൨൩	,, ടി	ടി
൧൯	ടി	൧൧൦൦-ൽ-൧൬൪	,, എം. സത്യദാസ്	ടി
൨൦	ടി	൧൦൯൯-ൽ-൧൩൮	,, വി. രാമസ്വാമി അയ്യർ	അഡിഷണൽ മുൻസിഫ്
൨൧	ടി	൧൦൯൯-ൽ-൨൨൪	,, വി. എസ്സ്. കൃഷ്ണസ്വാമി അയ്യർ	ടെമ്പററി മുൻസിഫ്
൨൨	ടി	൧൦൯൯-ൽ-൨൭൬	,, പി. ശിവശങ്കരപ്പിള്ള	രണ്ടാം ജഡ്ജി
൨൩	ടി	൧൧൦൦-ൽ-൨൩	,, കെ. സി. ജേക്കബ്	ഡിസ്ട്രിക്ട് മുൻസിഫ്
൨൪	ടി	൧൧൦൦-ൽ-൯൧	,, എൻ. ഗോവിന്ദൻപണ്ടാല	ടി
൨൫	ടി	൧൧൦൦-ൽ-൨൫൮	,, സി. കെ. മാത്തൻ	രണ്ടാം ജഡ്ജി
൨൬	ടി	൧൧൦൦-ൽ-൧൪൭	,, പി. വി. കൊച്ചപ്പൻപിള്ള	ഡിസ്ട്രിക്ട് മുൻസിഫ്
൨൭	ടി	൧൧൦൦-ൽ-൬൮	,, ഇ. ടി. കുട്ടൻ	ടി
൨൮	ടി	൧൦൯൯-ൽ-൪൦൬	,, എസ്. എ. അസേറിയ	ടി
൨൯	ടി	൧൧൦൦-ൽ-൧൩൫	,, പി. ശിവശങ്കരപിള്ള	രണ്ടാം ജഡ്ജി
൩൦	ടി	൧൧൦൦-ൽ-൧൬൮	,, ടി	ടി
൩൧	ടി	൧൦൯൯-ൽ-൧൭൦	,, എൻ. ജി. നാരായണറാവു	ഡിസ്ട്രിക്ട് ജഡ്ജി
൩൨	രണ്ടാം അപ്പീൽ	൧൦൯൯-ൽ-൩൮൩	,, കെ. കെ. ചാക്കോ	രണ്ടാം ജഡ്ജി
൩൩	ടി	൧൦൯൯-ൽ-൩൮൭	,, പി. ശിവശങ്കരപ്പിള്ള	ടി
൩൪	ടി	൧൦൯൯-ൽ-൪൨൧	,, എം. ഗോവിന്ദൻ	ടി
൩൫	ടി	൧൦൯൯-ൽ-൪൪൦	,, പി. എൻ. ജയലിംഗമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൩൬	ടി	൧൦൯൯-ൽ-൪൮൭	,, എം. ഭാസ്കരമേനോൻ	ടി
൩൭	ടി	൧൦൯൯-ൽ-൫൩൫	,, കെ. കെ. ചാക്കോ	രണ്ടാം ജഡ്ജി
൩൮	ടി	൧൦൯൯-ൽ-൪൫൪	,, കെ. ജി. പരമേശ്വരമേനോൻ	ഡിസ്ട്രിക്ട് ജഡ്ജി
൩൯	ടി	൧൧൦൦-ൽ-൬൮	,, എ. വെങ്കിട്ടരാമയ്യർ	ടി
൪൦	ടി	൧൧൦൦-ൽ-൧൭൩	,, ടി	ടി
൪൧	ടി	൧൧൦൦-ൽ-൪൮	,, ആർ. രാമസുബ്ബാശാസ്ത്രി	രണ്ടാം ജഡ്ജി
൪൨	ടി	൧൧൦൦ ൽ ൧൧൭	,, ടി	ടി
൪൩	ടി	൧൧൦൦ ൽ ൨൩൦	,, എ. വെങ്കിട്ടരാമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൪൪	ടി	൧൧൦൦ ൽ ൨൩൧	,, ടി	ടി

അനുബന്ധം ൪. (തുടർച്ച).

൧൧൦൧ കന്നിമാസത്തോടുകൂടി അവസാനിച്ച ൪ മാസങ്ങളായി കീഴ്ക്കോടതികളുടെ തീരുമാനങ്ങളെ അസ്ഥിരപ്പെടുത്തി കേസുകൾ വീണ്ടും വിസ്തരിച്ചു തീരുമാനിക്കണമെന്നുത്തരവു ചെയ്ത കേസുകളുടെ ലിസ്റ്റ്.

ക്രമനമ്പർ	കേസ്സിന്റെ സ്വഭാവം	കേസ്സിന്റെ ആണ്ടും നമ്പരും	ആരുടെ വിധിയാണോ അസ്ഥിരപ്പെടുത്തിയതു ആ ജുഡിഷ്യൽ ഉദ്യോഗസ്ഥന്റെ പേരു	ഉദ്യോഗസ്ഥന്റെ സ്ഥാനം
൪൫	രണ്ടാം അപ്പീൽ	൧൦൯൯-ൽ ൫൬൩	മി. എം. ഗോവിന്ദൻ	രണ്ടാം ജഡ്ജി
൪൬		൧൧൦൦-ൽ ൫൩	,, എം. ആർ. നാരായണപിള്ള	ടി
൪൭	ടി	൧൦൯൯-ൽ ൪൮൭	,, എം. ഭാസ്കരമേനോൻ	ഡിസ്ട്രിക്ട് ജഡ്ജി
൪൮	ടി	ടി ൫൩൧	,, ആർ. രാമസ്വാമിശാസ്ത്രി	രണ്ടാം ജഡ്ജി
൪൯	ടി	൧൦൯൨-ൽ ൫൩൨	,, ടി	ടി
൫൦	ടി	൧൯൯൯-ൽ ൫൩൩	,, ടി	ടി
൫൧	ടി	൧൧൦൦-ൽ ൧൧൦	,, എം. ഭാസ്കരമേനോൻ	ഡിസ്ട്രിക്ട് ജഡ്ജി
൫൨	ടി	ടി ൨൫൪	,, പി. എൻ. മുതലിംഗയ്യർ	ടി
൫൩	ടി	൧൦൯൯-ൽ ൨൫	,, കെ. കെ. ചാക്കോ	രണ്ടാം ജഡ്ജി
൫൪	ടി	ടി ൨൬	ടി	ടി
൫൫	ടി	൧൧൦൦-ൽ ൩൦൭	,, എ. വെങ്കിട്ടരാമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൫൬	ക്രിമിനൽ	ടി ൧൨൧	,, എം. എച്ച്. വീരരാഘവയ്യർ	ഡിവിഷൻ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൫൭	ടി	ടി ൨൦൭	,, കെ. കുഞ്ഞൻപിള്ള	സ്റ്റേഷനറി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട്
൫൮	ടി	ടി ൧൧൯	,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷൻ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൫൯	ടി	ടി ൧൫൬	,, പി. എൻ. കൃഷ്ണപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
			,, കെ. ജി. പരമേശ്വരമേനവൻ	സെഷൻജഡ്ജി
൬൦	ടി	ടി ൨൦൦ മുതൽ ൨൦൨ വരെയും ൨൪൮-ം	,, ജെ. പത്മനാഭയ്യർ	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൬൧	ടി	,, ൧൭൬ മുതൽ ൧൭൭ വരെ	,, ജി. കേശവപിള്ള	രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട്
			,, പി. എൻ. കൃഷ്ണപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൬൨	ടി	ടി ൨൨൯	,, എസ്സ്. കേലപ്പപിള്ള	സ്റ്റേഷനറി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട്
			,, സി. കെ. നാഗൻപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൬൩	ടി	ടി ൨൩൪	,, കെ. പരമേശ്വരൻപിള്ള	സ്റ്റേഷനറി മജിസ്ട്രേട്ട്
൬൪	ടി	ടി ൨൬൪	,, വി. ആണ്ടിപ്പിള്ള	ഡിവിഷൻ ഒന്നാംക്ലാസ് മജിസ്ട്രേട്ട്
			,, ടി. എസ്. കാറാമലിംഗംപിള്ള	സെഷൻജഡ്ജി
൬൫	ടി	ടി ൨൪	,, പി. എൻ. കൃഷ്ണപിള്ള	ഒന്നാംക്ലാസ് മജിസ്ട്രേട്ട്
			,, കെ. ജി. പരമേശ്വരമേനോൻ	സെഷൻജഡ്ജി
൬൬	ടി	ടി ൩൧൫	,, കെ. കെ. ഗോപാലകൃഷ്ണയ്യർ	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
൬൭	ടി	ടി ൧൬൯ മുതൽ ൧൭൦ വരെ	,, ആർ. ജനാർദ്ദനയ്യർ	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
			,, എം. ഈപ്പൻഇട്ടീര	ഒന്നാംക്ലാസ് മജിസ്ട്രേട്ട്
൬൮	ടി	ടി ൨൯൮	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൬൯	ടി	ടി ൨൬൯	,, എൻ. പരമേശ്വരൻഉണ്ണി	ഒന്നാംക്ലാസ് മജിസ്ട്രേട്ട്
൭൦	ടി	ടി ൫൯൫ ൬൧൨	,, സി. ഗോവിന്ദപ്പിള്ള	ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൭൧	ടി	ടി ൧൪൪	,, ആർ. സുബ്രഹ്മണ്യയ്യർ	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
൭൨	ടി	ടി ൨൮൧	,, എം. എച്ച്. വീരരാഘവയ്യർ	ഒന്നാംക്ലാസ് മജിസ്ട്രേട്ട്
൭൩	ടി	ടി ൩൨൩	,, കെ. കുഞ്ഞൻപിള്ള	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
൭൪	ടി	ടി ൩൨൦	,, എൻ. കൃഷ്ണയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
൭൫	ടി	ടി ൧൨൫	,, എസ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൭൬	ടി	ടി ൨൩൮ മുതൽ ൨൩൯ വരെ	,, ജെ. പത്മനാഭയ്യർ	ഡിവിഷൻ ഒന്നാംക്ലാസി മജിസ്ട്രേട്ട്
൭൭	ടി	ടി ൨൮൫	,, ജി. കേശവപിള്ള	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
൭൮	ടി	ടി ൧൬൦	,, ഏ. എസ്. സുബ്രഹ്മണ്യയ്യർ	ഒന്നാംക്ലാസ് മജിസ്ട്രേട്ട്
			,, സി. കെ. മാത്തൻ	സെഷൻജഡ്ജി
൭൯	ടി	ടി ൩൩൨	,, വി. എസ്. വേലായുധൻ	സ്റ്റേഷനറി രണ്ടാംക്ലാസ് മജിസ്ട്രേട്ട്
൮൦	ടി	ടി ൪൨൧	,, പി. എൻ. കൃഷ്ണപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൮൧	ടി	ടി ൪൨൮	,, ആർ. സുബ്രഹ്മണ്യയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
൮൨	ടി	ടി ൩൭൪-൦-൩൭൫	,, ആർ. ജനാർദ്ദനയ്യർ	സ്റ്റേഷനറി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട്
			,, എസ്സ്. പരമേശ്വരയ്യർ	ഡിസ്ട്രിക്ട് മജിസ്ട്രേട്ട്

൮-ാം അനുബന്ധം (തുടർച്ച).

൧൧൦൧ കന്നിമാസത്തോടുകൂടി അവസാനിച്ച ൪ മാസങ്ങളിലായി കീഴ്ക്കോടതികളുടെ ൫൬ വിധികളെ അസ്ഥിരപ്പെടുത്തി കേസുകൾ വീണ്ടും വിസ്തരിച്ചു തീരുമാനിക്കുന്നതിനു റിമാൻഡുചെയ്ത കേസുകളുടെ ലിസ്റ്റ്.

ക്രമനമ്പർ	കേസിന്റെ സ്വഭാവം	കേസ്സിന്റെ ആണ്ടും നമ്പരും	ആരുടെ വിധിയാണോ അസ്ഥിരപ്പെടുത്തിയതു ആ കീഴ്ക്കോടതി ഉദ്യോഗസ്ഥന്റെ പേര്	ഉദ്യോഗസ്ഥന്റെ സ്ഥാനം
൮൩	ക്രിമിനൽ	൧൧൦൦-ൽ ൨൩	ടി. എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൮൪	ടി	ടി ൨൫൬-ാം ൨൫൯-ാം	,, സി. കെ. നാഗൻപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൮൫	ടി	ടി ൩൧൨	,, കെ. കുഞ്ഞൻപിള്ള	സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൮൬	ടി	ടി ൬൦൨	,, കെ. കെ. ഗോപാലകൃഷ്ണയ്യർ	സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
			,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൮൭	ടി	ടി ൩൧൪	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൮൮	ടി	ടി ൨൧൭	,, എസ്സ്. കൊച്ചപ്പൻപിള്ള	സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൮൯	ടി	ടി ൨൭൦	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൯൦	ടി	ടി ൩൧൬	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൯൧	ടി	ടി ൪൦൫	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൯൨	ടി	ടി ൩൨൭	,, എ. അബ്രഹാം	സ്റ്റേഷനറി മജിസ്ട്രേട്ട്
൯൩	ടി	ടി ൪൨൫	,, ജി. പത്മനാഭയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
			,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൯൪	ടി	ടി ൩൩൮	,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൯൫	ടി	ടി ൪൨൯	,, ജെ. പത്മനാഭയ്യർ	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
			,, പി. എൻ. [illegible]	സെഷൻജഡ്ജി
൯൬	ടി	ടി ൨൯൩-ം ൨൯൪	,, ടി. [illegible]പ്പിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൯൭	ടി	ടി ൨൮൬	,, സി. കെ. നാഗൻപിള്ള	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൯൮	ടി	ടി ൩൫൫	,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൯൯	ടി	ടി ൪൯൯	,, ജി. പത്മനാഭയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
൧൦൦	ടി	ടി ൪൫൫	,, ആർ. സുബ്രഹ്മണ്യയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
൧൦൧	ടി	ടി ൩൧൭	,, കെ. ശ്രീനിവാസറാവു	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൧൦൨	ടി	ടി ൩൫൪-ാം ൩൬൪-ാം ൩൬൫-ാം	,, എസ്സ്. കെ. മഹാദേവയ്യർ	അഡിഷനൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്
൧൦൩	ടി	ടി ൪൫൯	,, ജി. പത്മനാഭയ്യർ	സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
	ടി		,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൧൦൪		ടി ൪൮൩	,, എസ്സ്. ശങ്കരയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട്
൧൦൫	ടി	ടി ൪൬൩	,, പി. എൻ. കൃഷ്ണപിള്ള	ഡിവിഷനൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൧൦൬	ക്രിമിനൽ റഫറൻസ്	ടി ൮	,, ജെ. പത്മനാഭയ്യർ	ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൧൦൭	ടി	ടി ൧൭	,, വി. എസ്സ്. വേലായുധൻ	സ്റ്റേഷനറി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട്
൧൦൮	ടി	ടി ൧൫	,, കെ. കെ. ഗോപാലകൃഷ്ണയ്യർ	ടി
൧൦൯	ടി	ടി ൧൧	,, ജാജ് തോമസ്	ടി
൧൧൦	സിവിൽ പരിശോധന	൧൦൯൮-ൽ ൩൧൫	,, പി. എൻ. പത്മനാഭപിള്ള	ഡിസ്ട്രിക്ട് മുൻസിഫ്
൧൧൧	ടി	ടി ൧൮൨	,, കെ. ശങ്കരൻപണ്ടാല	ടി
൧൧൨	ടി	ടി ൨൮൨	,, ജി. പത്മനാഭപിള്ള	ടി
൧൧൩	ടി	ടി ൨൯൫	,, കെ. വേലുപ്പിള്ള	പ്രിൻസിപ്പാൾ മുൻസിഫ്
൧൧൪	ടി	ടി ൩൦൧	,, പി. എൻ. പത്മനാഭപിള്ള	ടി
൧൧൫	ടി	ടി ൩൯൦	,, എ. വെങ്കിട്ടരാമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൧൧൬	ടി	ടി ൪൦൨	,, എസ്സ്. സുബ്രഹ്മണ്യയ്യർ	ഡിസ്ട്രിക്ട് മുൻസിഫ്
൧൧൭	ടി	൧൧൦൦-ൽ ൫൮	,, കെ. സി. രാജരാജവർമ്മ	ടെമ്പററി അഡിഷനൽ മുൻസിഫ്
൧൧൮	ഉ. അപ്പീൽ	൧൦൯൯-ൽ ൧൩൯	,, ടി. എസ്സ് [illegible]പിള്ള	ഡിസ്ട്രിക്ട് ജഡ്ജി
൧൧൯	ടി	ടി ൧൭൬	ടി	ടി
൧൨൦	ടി	൧൧൦൦-ൽ ൧	,, കേശവപിള്ള	അഡിഷനൽ മുൻസിഫ്
൧൨൧	ടി	ടി ൫൫	,, കെ. കെ. ചാക്കോ	രണ്ടാംജഡ്ജി
൧൨൨	ടി	ടി ൯൪	,, എ. വെങ്കിട്ടരാമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൧൨൩	ടി	ടി ൧൦൩	,, എം. ആർ. വെങ്കിട്ടരാമയ്യർ	രണ്ടാംജഡ്ജി
൧൨൪	ടി	ടി ൧൧൦	,, എ. വെങ്കിട്ടരാമയ്യർ	ഡിസ്ട്രിക്ട് ജഡ്ജി
൧൨൫	ടി	ടി ൧൧൯	,, എം. വി. ജോസഫ്	ഡിസ്ട്രിക്ട് മുൻസിഫ്
൧൨൬	ടി	ടി ൧൨൨	,, എൻ. ജി. നാരായണറാവു	ഡിസ്ട്രിക്ട് ജഡ്ജി
൧൨൭	ടി	ടി ൧൨൫	,, എം. ഗോവിന്ദവാര്യർ	അഡിഷനൽ മുൻസിഫ്
൧൨൮	ടി	ടി ൧൫൧	,, എം. ആർ. നാരായണപിള്ള	രണ്ടാംജഡ്ജി

൭-ാം അനുബന്ധം.

൧൩-ാം നമ്പർ ചോദ്യത്തിനു മറുപടി.

(൧) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ൨൦ രൂപായും അതിനുമേലും ശമ്പളമുള്ള ജീവനക്കാരുടെ ജാതിവിവരപ്പട്ടിക.

നിയമനത്തിൻെറ സ്കെയിൽ രൂപാ	മലയാള ബ്രാഹ്മണർ	മററു ബ്രാഹ്മണർ	നായന്മാർ	ഈഴവർ	നാടാന്മാർ	പുലയർ	ക്ഷത്രിയർ	കമ്മാളർ	മററു കീഴ്ജാതിക്കാർ	വെള്ളാളർ	മററു ഹിന്ദുക്കൾ	മഹമ്മദീയർ	പ്രൊട്ടസ്റ്റൻറ് ക്രിസ്ത്യാനികൾ	റോമൻകത്തോലിക്കർ	ജാക്കൊബൈററ്സ്	...	റോമോസിറിയൻ	ആകെ	റിമാർക്ക
൩൦൦-൭൦/൨-൪൦൦	...	...	...	...	...	...	...	...	...	...	...	...	...	...	൧	...	...	൧	
൧൯൭-൧൦-൨൨൭	...	..	...	...	൧	...	...	...	...	൧	...	...	...	...	...	൧	...	൩	
൧൦൦-൭-൧൨൭	...	൪	...	...	൪	...	...	...	...	൧	...	...	...	൧	൨	൨	...	൧൪	രണ്ടൊഴിവുണ്ട്
൫൦-൭-൯൦	...	൧൮	...	൨	൨൧	...	൬	...	൧	...	൧	൧	൩	...	൫	൧	...	൬൯	ഒരൊഴിവുണ്ട്
൬൦-൬-൮൬	...	..	...	...	൧	...	...	...	...	...	...	...	...	...	...	...	...	൧	രണ്ടൊഴിവുണ്ട്
൪൦-൭/൨-൯൦	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧	൧	ഒരൊഴിവുണ്ട്
൪൦-൨-൭൦	...	൧	...	...	൨	...	...	...	...	...	...	...	...	...	...	...	...	൩	
൨൭-൭/൩-൪൦	...	൩	...	൧	൪	...	൧	...	...	൨	...	...	൧	...	...	...	...	൧൨	
൩൦-൧-൩൭	൧	൧൮	....	൧	൩൫	...	൧	...	...	൪	൨	...	൨	...	൫	൪	...	൭൭	
൩൦ രൂ.	...	൧	...	...	൧	...	...	...	...	...	...	...	...	...	൧	...	...	൩	
൨൦-൨/൩-൩൦	...	൧	...	൧	൧൧	...	...	...	...	...	൧	...	൨	...	...	൩	...	൧൯	

൫-ാം അനുബന്ധം.

(൨) ഇപ്പോഴത്തെ ഡയറക്ടർ ചാർജെടുത്തതിൽ പിന്നീടു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ആകെ നടന്നിട്ടുള്ള നിയമനങ്ങളുടെ വിവരം.

നിയമനങ്ങൾ	നായന്മാർ	ബ്രാഹ്മണർ	ഈഴവർ	വെള്ളാളർ	മററു താണ ജാതിക്കാർ	മററു ഹിന്ദുക്കൾ	മഹമ്മദീയർ	ലത്തീൻ കത്തോലിക്കർ	സിറിയൻ ക്രിസ്ത്യാനികൾ	ആകെ
ആക്ടിംഗ്	൬൪	൫	൧൧	൨	൪	൧	൨	൩	൧൩	൧൦൫
സ്ഥിരം	...	...	൧	൧	൧	...	...	...	൨	൫

നോട്ട്.—൧. പകരം നിയമിക്കുന്നതു ൧൦൯൪-ലും ൧൦൯൫-ലും നടന്നിട്ടുള്ള രജിസ്ട്രേഷൻ എൻട്രൻസ് പരീക്ഷയിൽ ജയിച്ചിട്ടുള്ളവരുടെ ഇടയിൽനിന്നുമാണ്. ഉദ്യോഗങ്ങളിൽ അധികം പ്രവേശിച്ചിട്ടില്ലാത്ത ജാതിക്കാരെയാണ് പ്രത്യേകമായി നിയമിക്കുന്നതു. അവർ മററു പല അവസരങ്ങളിലും കാരേ ഒഴിവുകളിൽ ഇരുന്ന ജോലിനോക്കിയിട്ടുള്ളവരും ആണ്.

൨. സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുള്ള രണ്ടു സിറിയൻ ക്രിസ്ത്യാനികളും ഇപ്പോഴത്തെ ഡയറക്ടരുടെ മുമ്പുതന്നെ പകരം ജോലിയിൽ ഇരുന്നിരുന്നവരും കാലക്രമത്തിൽ നിയമിക്കപ്പെടേണ്ടവരായിതീർന്നവരും ആയിരുന്നു, ആ നിയമനങ്ങൾ ആദ്യമായി ചെയ്തവയല്ല.

൬-ാം അനുബന്ധം.

൧൩൯-ാം നമ്പർ ചോദ്യത്തിനു മറുപടി.

൧൯൨൦ ജൂലൈ ൬-നു, ഡർബാർ ഫിസിഷൻ, ബാംബേ, ചാർണിറോഡു പയണീർ ആൽക്കലിവർക്സിലേക്ക എ/X നമ്പരായി അയച്ച കത്തിന്റെ പകൎപ്പ്.

ഇതോടൊന്നിച്ചു അയക്കുന്ന ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ എല്ലാചെലവുകളും നേരത്തെ അടച്ചു, തിരുവിതാംകൂർ ഡർബാർ ഫിസിഷ്യൻ, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയക്കുവാൻ അപേക്ഷിക്കുന്നു.

(൨) സാധനങ്ങൾ എല്ലാം കിട്ടി നിങ്ങളുടെ ബില്ല വന്നശേഷം പണം അയക്കാൻ ഏർപ്പാടുചെയ്യുന്നതാണ്.

(൩) സാധനങ്ങൾ പൊട്ടിപ്പോകയോ നഷ്ടപ്പെടുകയോ ചീത്തയാകുകയോ ചെയ്യുന്നപക്ഷം നിങ്ങളുടെ ചിലവിന്മേൽതന്നെ ആ നഷ്ടത്തിനു പരിഹാരം ചെയ്യേണ്ടതാകുന്നു.

(൪) അയക്കുന്ന സാധനങ്ങളോടു ഒരുമിച്ചുതന്നെ ബില്ലുവരുന്നതായെങ്കിൽ മാത്രമേ എനിക്കു അവയെ പരിശോധിക്കുവാൻ എളുപ്പമുള്ളു, അതിനാൽ ബില്ലും അതോടൊന്നിച്ചു അയക്കണം.

(൫) നിങ്ങൾ അയക്കുന്നവ ഓർഡറിൽ പറഞ്ഞിരിക്കുന്ന തരത്തിൽ ഉള്ള സാധനങ്ങൾതന്നെയായിരിക്കണം.

(൬) ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങളിൽ കൂടുതൽ യാതൊന്നും അയക്കേണ്ടതുമല്ല.

(൭) സാധനങ്ങളുടെ വിലവിവരപ്പട്ടിക സൂക്ഷ്മമായും അക്ഷരക്രമമനുസരിച്ചും കട്ടിയുള്ള കടലാസിലും ആയിരിക്കേണ്ടതാണ്.

(൮) സാധാരണയും പ്രത്യേകവും ആയ മരുന്നുകളുടെ വിലവിവര ലിസ്റ്റു പ്രത്യേകം പ്രത്യേകം ആയിരിക്കേണ്ടതാണ്.

(൯) എല്ലാ യൂറോപ്യ ഔഷധങ്ങളും അതാതു പാത്രങ്ങളിൽതന്നെ തുറക്കാതെ അയക്കേണ്ടതാണ്.

(൧൦) എല്ലാ സാധനങ്ങളും ൧൯൨൦ സെപ്തംബർ ൧-ാം തീയതിയോടുകൂടി ഇവിടെ എത്തിയിരിക്കേണ്ടതാണ്.

(൧൧) ബാംബേ മുതൽ ആരക്കോണംവരെയുള്ള ചെലവു നിങ്ങൾ സഹിക്കേണ്ടതാണ്.

൭-ാം അനുബന്ധം.

൧൫൩-ാം നമ്പർ ചോദ്യത്തിനു മറുപടി.

ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ ൧൯-൧-൧൧൦൧ മുതൽ ൧൮-൨-൧൧൦൧ വരെ ചെയ്തിട്ടുള്ള നിയമനങ്ങളുടെ പട്ടിക.

നമ്പർ	നിയമിക്കപ്പെട്ട ആളുടെ പേര്	ശമ്പളം രൂപാ	ജോലി	നിയമനത്തിന്റെ സ്വഭാവം	നിയമിക്കപ്പെട്ട ആളുടെ ജാതി
൧	കുട്ടൻപിള്ള	൯-൧/൩-൧൧ വരെ സ്കെയിലിൽ	ശിപായി, വിദ്യാഭ്യാസ ഡയറക്ടർ ആഫീസ്.	സ്ഥിരം	നായർ
൨	കുട്ടൻപിള്ള	൯	ആക്ടിംഗ് ടി	ആക്ടിംഗ്	ടി
൩	എം. രാമൻപിള്ള	൯	ടി ടി	ടി	ടി
൪	വി. കെ. തോമസ്	൨൫	ആക്ടിംഗ് ടീച്ചർ, കാഞ്ഞിരപ്പള്ളി ഇ. എം. എസ്.	ടി	ക്രിസ്ത്യൻ
൫	ഡബ്ലിയു. ജെ. തോമസ്	൨൫	ടി കൊട്ടാരക്കര ഇ. എച്ച്. എസ്.	ടി	ടി
൬	മിസ്. എം. കൊച്ചാച്ചി	൩൦	ടി മാവേലിക്കര ഗേൾസ് ഇ. എം. എസ്	ടി	ടി
൭	മിസ്. ടി. ജെ. ഏലിയാമ്മ	൩൦	ടി തിരുവല്ലാ	ടി	ടി
൮	കെ. പി. ജേക്കബ്	൪൫	ആക്ടിംഗ് ഹെഡ് മാസ്റ്റർ ടി	ടി	ടി
൯	മിസ്. ഇ. സി. അന്നാമ്മ	൩൦	ആക്ടിംഗ് ൧-ാം അസിസ്റ്റന്റ് ടി	ടി	ടി
൧൦	കെ. എം. ഉസ്മാൻമോഹിദീൻസാഹിബ്	൨൫	അറബിക്ക് മുൻഷി ഇ. എച്ച്. എസ്. ചെങ്കോട്ട	സ്ഥിരം	മഹമ്മദീയൻ
൧൧	എ. പൊന്നമ്മ	൪൦ ൪൦-൫/൨-൬൦	സംഗീതാദ്ധ്യാപിക ഗേൾസ് ഇ. എച്ച്. എസ്. തിരുവനന്തപുരം	ടി	നായർ
൧൨	പി. സി. ഗോപാലവാര്യർ	൧൪	ടീച്ചർ, മുട്ടചിറ, വി. എം. എസ്.	ടി	വാര്യർ
൧൩	എൻ. അമ്മാളുഅമ്മ, ൩-ാം അസിസ്റ്റന്റ്, പേട്ട വി. എച്ച്. എസ്. (൨൮ രൂപാ)	൪൫	ഹെഡ്മിസ്റ്റ്രസ് (ഈ ആണ്ടേക്ക തൽക്കാലം) കൽക്കുളം ഗേൾസ് വി. എം. എസ്.	തൽക്കാലം	ഈഴവൻ
൧൪	മിസ്. ആനിപേക്സിസ്	൨൮	ആക്ടിംഗ് ൨-ാം അസിസ്റ്റന്റ് പേട്ട ഗേൾസ് വി. എച്ച്. സ്കൂൾ	ആക്ടിംഗ്	ക്രിസ്ത്യൻ
൧൫	പി. ഗോപാലൻ	൨൫	ആക്ടിംഗ് ടീച്ചർ ചവറ ഇ. എച്ച്. എസ്.	ടി	ഈഴവൻ

൭-ാം അനുബന്ധം എ.

൧൬൫-ാം നമ്പർ ചോദ്യത്തിനു മറുപടി.

പരസ്പരസഹായം ഡിപ്പാർട്ടുമെന്റിൽ ഉള്ള ജീവനക്കാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റു.

ജോലി	ഹിന്ദുക്കൾ											മഹമ്മദീയർ	ക്രിസ്ത്യാനികൾ						ആകെ
	മലയാള ബ്രാഹ്മണർ	മററ ബ്രാഹ്മണർ	നാടാർ	ഈഴവർ	കമ്മാളർ	മലയാള ക്ഷത്രിയർ	നായർ	പുലയർ	മററ കീഴ്ജാതിക്കാർ	വെള്ളാളർ	മററ ഹിന്ദുക്കൾ		പ്രോട്ടസ്റ്റന്റ്	റോമൻകത്തോലിക്കർ	സിറിയൻ: ജാക്കോബൈററ്സ്	സിറിയൻ	സിറിയൻ: റോമാസിറിയൻസ്	മററുള്ളവർ	
ഇൻസ്പെക്ടറന്മാർ	...	൫	...	...	...	൧	൮	...	...	൧	...	...	൨	...	...	൧	...	...	൧൮
പ്രൊഫഷണൽ അസിസ്റ്റന്റു	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	൧
ക്ലാർക്കുകൾ	...	൪	...	൧	—	...	൩	...	...	൧	൧	...	...	...	...	...	...	...	൧൦
ആകെ	...	൯	...	൧	...	൧	൧൦	...	...	൨	൧	...	൨	...	...	൧	...	...	൨൯

൭-ാം അനുബന്ധം ബി.

പരസ്പരസഹായ ഡിപ്പാർട്ടുമെന്റിലെ ഇപ്പോഴത്തെ മേലദ്ധ്യക്ഷൻ ൧൧൦൧ കന്നി ൩൦-നുവരെ നിയമിച്ചിട്ടുള്ളതിനേയും നിയമിക്കുവാൻ ശുപാർശചെയ്തിട്ടുള്ളതിന്റേയും ജാതിതിരിച്ചുള്ള പട്ടിക.

ജോലി	ഹിന്ദുക്കൾ											മഹമ്മദീയർ	ക്രിസ്ത്യൻ						ആകെ
	മലയാള ബ്രാഹ്മണർ	മററ ബ്രാഹ്മണർ	നാടാന്മാർ	ഈഴവർ	കമ്മാളർ	മലയാള ക്ഷത്രിയർ	നായർ	പുലയർ	മററ താഴ്ന്നജാതിക്കാർ	വെള്ളാളർ	മററ ഹിന്ദുക്കൾ		പ്രോട്ടസ്റ്റന്റ്	*റോമൻകത്തോലിക്കർ	സിറിയൻ: ജാക്കോബൈററ്സ്	സിറിയൻ	സിറിയൻ: റോമാസിറിയൻ	മററുള്ളവർ	
ഇൻസ്പെക്ടറന്മാർ	...	...	൨	...	...	...	൧	൪	...	...	൧	...	൧	...	...	൨	...	...	൧൨
ക്ലാർക്കുകൾ	...	...	൨	...	† ൧	...	...	൧	...	൪	൧	...	൧	...	...	...	...	...	൧൦
ആകെ	...	...	൪	...	൧	...	൧	൫	...	...	൫	൧	൧	൨	...	...	൨	...	൨൨

† ഇൻസ്പെക്ടരുടെ ഗ്രേഡിൽ ചേർന്നതാണു.

൧൯൨൭ നവംബർ ൭-ാം.

നിയമനിർമ്മാണം.

തിരുവിതാംകൂർ ഈഴവറഗുലേഷൻ ഭേദഗതി ബിൽ.

പ്രസിഡൻറ: സഭയിൽനിന്നും ഈഴവറഗുലേഷൻ ഭേദഗതി ബില്ലിനെപ്പററി വീണ്ടും ആലോചിച്ചു തുടങ്ങും.

മിസ്റ്റർ സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ ക്രമാനുസരണമല്ലാത്ത ഒരു നടപടിയെപ്പററി പറഞ്ഞുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരം ചെയ്യുന്നതിനു ഈ സഭമുമ്പാകെ ഏതെങ്കിലും പ്രമേയം ഹാജരാക്കീട്ടുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): ഉണ്ട്. ഈഴവബില്ലിനെകുറിച്ചു ക്രമാനുസരണമല്ലാത്ത നടപടിയെപ്പററി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ന. ൩-ാം സ്റ്റാൻഡിംഗ് ആർഡറിൽ ഇങ്ങനെ പറയുന്നു.

"ഒരു ബിൽ കൌൺസിലിൽ ഹാജരാക്കുന്നതിനു ഏതുവാദമായാൽ, അഗ്രാസനാധിപതിക്കു യുക്തമെന്നു തോന്നുന്നപക്ഷം പ്രമേയം ഹാജരാക്കുന്ന സാമാജികനും അതിനെ എതിർക്കുന്ന സാമാജികനും സംക്ഷേപമായി വ്യാഖ്യാനിക്കുന്നതിനു അനുവാദംകൊടുത്തശേഷം കൂടുതൽ വാദപ്രതിവാദംകൂടാതെ അതിനെ സംബന്ധിച്ചു തീരുമാനിക്കുന്നതിനു ആവശ്യപ്പെടാം."

ഇതാണു ചട്ടത്തിൽ പറയുന്നതു്. ഈ ബിൽ ഇനിമേലിൽക്കൂടി വായിക്കയും പാസ്സാക്കുകയും ചെയ്യേണ്ട ആവശ്യം ഉണ്ടു്. ഇപ്പോഴും ഈ ബില്ലിനെസംബന്ധിച്ചു വലിയ വാദപ്രതിവാദം നടന്നുകഴിഞ്ഞിരിക്കുന്നു. ഇനിയും അതു ദീർഘിപ്പിക്കേണ്ട ആവശ്യം ഉണ്ടോ?

പ്രസിഡൻറ: ബിൽ സംബന്ധിച്ചുള്ള വാദപ്രതിവാദം ചുരുക്കണമെന്നാണോ സാമാജികന്മാരുടെ അഭിപ്രായം എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ബില്ലിനെ കൌൺസിൽമുമ്പാകെ ഹാജരാക്കുന്നതിനു അനുവാദംകൊടുത്തുകഴിഞ്ഞുഎന്നും അപ്രകാരം അതു ഹാജരാക്കിഎന്നുമുള്ള വിവരം എടുത്തു പറഞ്ഞുകൊള്ളുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഈ ബിൽ ഹാജരാക്കിയ സാമാജികൻ ബിൽ സഭയിൽ വായിക്കപ്പെട്ട എന്നുള്ള പ്രമേയം ഹാജരാക്കി അതിനെസംബന്ധിച്ചു വാദപ്രതിവാദം നടന്നുകൊണ്ടിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇപ്പോഴത്തെ ഈഴവറഗുലേഷനിലെ വ്യാപ്തിയിൽനിന്നും തങ്ങളെ ഒഴിക്കണമെന്നു താല്പര്യപ്പെടുന്ന മിശ്രദായികളോടു എനിക്കും അനുകമ്പ ഉണ്ടു്. കഴിഞ്ഞ നിയമസഭയിൽ മിശ്രദായികളെ എല്ലാം ഈ ബില്ലിൻെറ വ്യാപ്തിയിൽനിന്നു ഒഴിക്കണമെന്നു മിസ്റ്റർ പരമേശ്വരൻ ഒരു പ്രമേയം ഹാജരാക്കിയപ്പോഴും മിശ്രദായികളുടെ ഇടയിൽ ബില്ലിനെ അനുകൂലിക്കുന്ന സാരമായ ഒരു ഭാഗവും ഉണ്ടായിരുന്നതിനാൽ അതിനെ പിൻതാങ്ങുന്നതിനു നിവൃത്തിയില്ലായിരുന്നു. അന്നു ഒരു മെമ്പറായിരുന്ന ഡിപ്യൂട്ടി പ്രസിഡൻറ മിസ്റ്റർ സുബ്ബയ്യർ രണ്ടു കക്ഷികളെയും യോജിപ്പിക്കുന്നതിനായി ഈ റഗുലേഷനിലെ വ്യവസ്ഥകളിൽ ഉൾപ്പെട്ടിരിക്കണമെന്നു ആഗ്രഹമില്ലാത്തവർ അതിൽനിന്നും ഒഴിയുന്നതിനു ഒരു വകുപ്പു ബില്ലിൽ ചേർക്കണമെന്നു അഭിപ്രായപ്പെട്ടു. നിയമനിർമ്മാണത്തിൻെറ സൂക്ഷ്മമായ തത്വം അനുസരിച്ചു ആ നിയമത്തിൽ ഉൾപ്പെടണമെന്നാഗ്രഹമുള്ളവർമാത്രം ഈ റഗുലേഷൻ ബന്ധിക്കണമെന്നു കാണിച്ചു ഒരു ഭേദഗതി പ്രമേയം സഭയിൽ ഹാജരാക്കി അതിനെപ്പററി ആലോചിക്കുന്നതായാൽ കുറച്ചുകൂടി ശരിയായിരിക്കുമായിരുന്നു. എന്നാൽ അപ്രകാരം പ്രമേയം ഹാജരാക്കാതെ മിസ്റ്റർ സുബ്ബയ്യരുടെ അഭിപ്രായം കൌൺസിലുള്ള ഭൂരിപക്ഷം സാമാജികന്മാർ സ്വീകരിച്ചു. അതിനെ ഈഴവറഗുലേഷൻ ന. ൨-ാം വകുപ്പായി പാസ്സാക്കി. അതിനുശേഷം മിശ്രദായക്കാരുടെ ഒരു പ്രധാന നേതാവു എൻെറ അടുക്കൽവന്നു സമുദായത്തിലെ അംഗങ്ങൾക്കു ഈ വകുപ്പിനെപ്പററി തൃപ്തിയില്ലെന്നുപറഞ്ഞു. ഈ ബിൽ തങ്ങളെ ബന്ധിക്കണമെന്നാഗ്രഹിക്കുന്നവരെമാത്രമെ അതു സംബന്ധിക്കാവൂ എന്നു വ്യവസ്ഥകൾ അടങ്ങിയ ഭേദഗതി ബില്ലിനെ ഞാൻ പിൻതാങ്ങുമോ എന്നു എന്നോടു ചോദിച്ചു. ൧൧൦൦-ലെ ന. ൩-ാം റഗുലേഷൻ നിയമസഭയിൽ പര്യാലോചിക്കപ്പെടുന്ന കാലത്തു എന്നെ തിരഞ്ഞെടുത്ത നെയ്യാററിൻകര നിയോജകമണ്ഡലത്തിലെ അംഗങ്ങൾക്കുള്ള അഭിപ്രായംതന്നെ ഭേദഗതി ബിൽ ഹാജരാക്കുമ്പോഴും ഉണ്ടായിരുന്നാൽ ഞാൻ അതിനെ നിശ്ചയമായി അനുകൂലിക്കുമെന്നു അവരോടു പറഞ്ഞു. മിസ്റ്റർ പത്മനാഭൻെറ ബില്ലിനെ ഗവൺമെൻറ ഗസററിൽ പ്രസിദ്ധപ്പെടുത്തിയശേഷം ബില്ലിനെ സ്വീകരിക്കരുതെന്നു പല സംഘക്കാരാൽ നിർദ്ദേശിക്കപ്പെട്ടവർ എന്നോടു നെയ്യാററിൻകരയിൽനിന്നും വന്നുപറഞ്ഞു. ബിൽ തങ്ങൾക്കു ആവശ്യമുണ്ടെന്നു എന്നോടു മററു ചിലർ വന്നുപറഞ്ഞതിനാൽ സ്ഥലത്തുള്ളവരുടെ അഭിപ്രായം എന്താണെന്നു സൂക്ഷ്മമായി അറിയുന്നതിനു ഞാൻ വളരെ ശ്രമംചെയ്തു. ഭേദഗതിയെപ്പററിയും മരുമക്കത്തായത്തിനെപ്പററിയും വിപരീതാഭിപ്രായം പുറപ്പെടുവിക്കണമെന്നു എന്നോടാവശ്യപ്പെട്ട മിശ്രദായസമുദായത്തിലെ പല പ്രധാനികളും ഇപ്പോഴത്തെ റഗുലേഷൻ ഭേദപ്പെടുത്തണോ എന്നാണു് ഖണ്ഡിച്ചു അഭിപ്രായപ്പെട്ടതു. അതുകൊണ്ടു എൻെറ നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ ഇടയിൽ ബില്ലിനെ സംബന്ധിച്ചു ഖണ്ഡിച്ചു അനുകൂലാഭിപ്രായം ഉണ്ടെന്നുപറയുന്നതിനു തരംഇല്ല. അതുകൊണ്ടു സഭമുമ്പാകെ ഇപ്പോഴും ഹാജരാക്കിയിരിക്കുന്ന ബില്ലിനെ പിൻതാങ്ങുന്നതിനു എനിക്കു നിവൃത്തിയില്ലെന്നു ഞാൻ അത്യന്തമായി പ്രസ്താവിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബില്ലിനെ പിൻതാങ്ങുമെന്നു അദ്ദേഹം പറഞ്ഞപ്പോഴും തൻെറ നിയോജകമണ്ഡലത്തിൽ ബില്ലിനെ അനുകൂലിച്ചു തീർച്ചയായ അഭിപ്രായം ഉണ്ടായിരുന്നോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എപ്പോഴും?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനെ പിൻതാങ്ങാമെന്നു സമ്മതിച്ചപ്പോഴും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇപ്പോഴത്തെ റഗുലേഷനെപ്പററി ഈ കൌൺസിലിൽ വാദപ്രതിവാദം നടത്തിയപ്പോഴും എൻെറ നിയോജകമണ്ഡലത്തിലുള്ള അഭിപ്രായം ഇപ്പോഴും ഉണ്ടെന്നു ബോദ്ധ്യപ്പെടുത്തുമെങ്കിൽ ബില്ലിനെ ഞാൻ അനുകൂലിക്കുമെന്നു സമ്മതിച്ചു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ അപേക്ഷ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നിന്നും ആയിരുന്നോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): മിശ്രായവകുപ്പിലെ ഈഴവരുടെ നേതാക്കന്മാരുടെ ആയിരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തന്റെ നിയോജകമണ്ഡലത്തിലെ അപ്പോഴപ്പോഴുള്ള മാറുന്ന അഭിപ്രായത്തെ ഇവിടെ പറയുന്നതിനാണോ അദ്ദേഹം ഇവിടെ വന്നിരിക്കുന്നതെന്നു പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): അതെ, ഇപ്രകാരമുള്ള നിയമത്തെസംബന്ധിച്ചിടത്തോളം എന്റെ സ്വമേധയാ അനുസരിച്ചു ഏതെങ്കിലും ഒരു സമുദായക്കാരെ നിർബന്ധിച്ചു അനുസരിപ്പിക്കണമെന്നു ഞാൻ വിചാരിച്ചില്ല. അതുകൊണ്ടാണു് മിസ്റ്റർ കുമാരൻ മുതൽപേരുടെ ഒഴിവാക്കുന്നതിനുള്ള വകുപ്പിനെ ഞാൻ അനുകൂലിച്ചതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഏതെങ്കിലും ഒരു സംഗതിയെപ്പററി അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ അഭിപ്രായം നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗം എന്താണെന്നു പറയാമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): അന്വേഷിക്കുന്നതുകൊണ്ടും ആ സമുദായത്തിലെ പ്രധാന അംഗങ്ങളുടെ അഭിപ്രായം എന്താണെന്നു ചോദിക്കുന്നതുകൊണ്ടുമാണു് അതു നിർണ്ണയിക്കേണ്ടതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പൊതുജനങ്ങളുടെ അഭിപ്രായം പുറപ്പെടുവിച്ച പൊതുയോഗങ്ങൾ ഏതെങ്കിലും ഉണ്ടായിരുന്നോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): പൊതുയോഗങ്ങൾകൊണ്ടു സത്യാവസ്ഥ അറിയുന്നതിനെക്കാൾ ഇപ്രകാരമുള്ള ഒരു സംഗതിയെപ്പററി സ്വകാര്യസംഭാഷണംകൊണ്ടാണറിയുന്നതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ബില്ലിനെ എതിർക്കേണ്ടതാണെന്നു അദ്ദേഹം വിചാരിക്കുന്ന സ്ഥിതിക്കു പൊതുജനാഭിപ്രായം ബില്ലിനു വിപരീതമാണെന്നു സ്വകാര്യസംഭാഷണങ്ങൾകൊണ്ടു അദ്ദേഹത്തിനു ബോദ്ധ്യംവന്നുവെന്നു വിചാരിക്കണോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): അതുതന്നെയാണു് ഞാൻ പറയുന്നതു്. ഈ സംഗതിയെപ്പററി എന്റെ നിയോജകമണ്ഡലത്തിൽ ഭിന്നാഭിപ്രായമാണുള്ളതു്. ഈ റെഗുലേഷൻ ഈ സംഗതിയിൽ വാദപ്രതിവാദത്തിനു വിഷയമായപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായിരുന്നതുപോലെ ഒരു ക്രമാതീതമായ ഭൂരിപക്ഷംആളുകൾ ഇപ്പോൾ മിശ്രായത്തിനെ അനുകൂലിക്കുന്നതായി കാണുന്നില്ല. അതുകൊണ്ടു ഇപ്പോൾ ഇരിക്കുന്നനിലയ്ക്കു ബില്ലിനെ അനുകൂലിക്കുന്നതിനു നിവൃത്തിയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): നെയ്യാററംകര ഈഴവരെ മാത്രമാണോ ഈ നിയമം ബാധിക്കുന്നതു് എന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): അവരുടെ അഭിപ്രായമാണു് ഞാൻ പ്രധാനമായി ആലോചിക്കുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പൊതുവെയുള്ള ക്ഷേമത്തിനും ഈഴവരുടെ ക്ഷേമത്തിനും ഈ റെഗുലേഷൻ ഒരു പ്രത്യേകരീതിയിൽ നിർമ്മിക്കേണ്ട ആവശ്യം ഉണ്ടായിരിക്കുകയും നെയ്യാററംകരയിലുള്ള ഈഴവർക്കുമാത്രം വ്യത്യാസാഭിപ്രായം ഉണ്ടായിരിക്കുകയും ചെയ്താൽ ആ അഭിപ്രായത്തെ സാമാജികൻ പിൻതാങ്ങുന്നതു സാമാജികന്റെ ചുമതലയാണോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): നെയ്യാററംകര, തിരുവനന്തപുരം, ചിറയിൻകീഴ് ഈ താലൂക്കുകളിലാണു് മിശ്രായക്കാർ പ്രധാനമായി അധിവസിക്കുന്നതു എന്നും ഈ രാജ്യത്തിന്റെ ക്ഷേമത്തെ ആകപ്പാടെ സംബന്ധിക്കുന്ന ഒരു കാര്യത്തെപ്പററി അല്ലാ നമ്മൾ തീരുമാനിക്കുന്നതെന്നും എന്റെ സ്നേഹിതൻ മുമ്പു മനസ്സിലാക്കീട്ടില്ലെങ്കിൽ ഞാൻ പറയുന്നതിൽനിന്നും മനസ്സിലാക്കിയാൽകൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മരണപത്രം ഇല്ലാതെവരുമ്പോൾ ഉള്ള പിൻതുടർച്ചാവകാശത്തെയും ദായത്തിനെയും സംബന്ധിച്ചുള്ള വ്യവസ്ഥകൾക്കു പ്രതികൂലമായി ഇപ്പോൾ നെയ്യാററംകര നിയോജകമണ്ഡലത്തിൽ പറയത്തക്ക ഒരുകൂട്ടം ആളുകൾ ഉണ്ടോ എന്നു സാമാജികൻ പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): എനിക്കു അന്വേഷിച്ചറിയാൻ സാധിച്ചിടത്തോളം പ്രധാനമായ ഒരു വിഭാഗം അപ്രകാരം ഒരു അഭിപ്രായമുള്ളവരായി ഇല്ല.

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പറയത്തക്കതായി ഒരു വിഭാഗം ഉണ്ടെന്നു മെമ്പർ വിശ്വസിക്കുന്നോ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര) ചിലർ ബില്ലിനെ പിൻതാങ്ങണമെന്നു എന്നോടു ആവശ്യപ്പെട്ടു. എന്നാൽ ഇപ്പോഴത്തെ റെഗുലേഷനിലെ വ്യവസ്ഥകളെ ഭേദപ്പെടുത്തത്തക്ക ഒരുസംഘം ആളുകൾക്കു അഭിപ്രായം ഉള്ളവരായി എനിക്കു തോന്നുന്നില്ല.

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മക്കത്തായത്തിനും ഭാഗത്തിനും വിപരീതമായി പറയത്തക്ക ഒരുസംഘം ആളുകൾ ഉണ്ടെങ്കിൽ ആ ഭാഗക്കാർ റെഗുലേഷൻ തങ്ങളെ സംബന്ധിക്കുന്നതല്ലെന്നു പ്രഖ്യാപനം ചെയ്യേണ്ടിവരുന്നതു യുക്തമാണെന്നു സാമാജികൻ വിചാരിക്കുന്നുവോ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററംകര): വാസ്തവത്തിൽ ശാസ്ത്രദൃഷ്ട്യാ അതു ശരിയല്ലായിരിക്കാം. എന്നാൽ ഒരു റെഗുലേഷൻ ഒരിക്കൽ നടപ്പാക്കുകയും അതു തങ്ങളെ ബാധിക്കരുതെന്നുള്ള അഭിപ്രായക്കാർ അതിൽനിന്നും ഒഴിയുന്നതിനു വേണ്ട സൌകര്യം കൊടുക്കുകയും ചെയ്തശേഷം റെഗുലേഷനിലെ വ്യവസ്ഥകളെ ഭേദപ്പെടുത്തുന്നതു അനുചിതമാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടാണു് ഈ ബില്ലിനെ ഞാൻ അനുകൂലിക്കാത്തതു്:

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ൩൩-ാംവകുപ്പു പാസ്സായികഴിഞ്ഞില്ലെങ്കിൽ സാമാജികൻ ഭേദഗതിബില്ലിനെ പിൻതാങ്ങുമായിരുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): നിശ്ചയമായിട്ടും റഗുലേഷനെപ്പററിയുള്ള വാദപ്രതിവാദം നടന്നുകൊണ്ടിരുന്നപ്പോൾ ഇപ്രകാരം ഒരു ഭേദഗതി പ്രമേയം ഹാജരാക്കുന്നതു് ആശാസ്യമായിരിക്കുമായിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ൩൩-ാംവകുപ്പു നടപ്പിൽ വന്നുകഴിഞ്ഞു എന്നാണോ സാമാജികന്റെ ആക്ഷേപം എന്നു ഞാൻ വ്യക്തമായി ചോദിച്ചുകൊള്ളട്ടെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): അതേ, അതുതന്നെ. എന്റെ നിയോജകമണ്ഡലത്തിൽ ഒരു വലിയഭാഗം ഈ പത്തനത്തിൽ കൂടുതൽ വ്യവസ്ഥകൾ വേണമെന്നു വിചാരിക്കുന്നു. മറെറാരു കാരണം കൂടി ഞാൻ പറയാം. ഈ റഗുലേഷൻ നടപ്പിൽവന്നശേഷം മൂന്നുമാസം ആയിരിക്കുന്നു. മക്കത്തായം നടപ്പിൽവരുന്നതുകൊണ്ടു് മരിച്ചുപോയവരുടെ മക്കളായ പലക്കും വസ്തുവിൽ അവകാശം സിദ്ധിച്ചിട്ടുണ്ടു്. ഈ അവകാശത്തെ ഇല്ലായ്മചെയ്യുന്നതു വളരെ സങ്കടകരമാണെന്നുള്ളതു നിശ്ചയമാണു്. അതുകൊണ്ടു ബില്ലിനെ എനിക്കു പിൻതാങ്ങുന്നതിനു നിവൃത്തിയില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ സംഗതിയെപ്പററി ഇനിയുണ്ടാകുന്ന വാദപ്രതിവാദങ്ങളാൽ ൩൩-ാംവകുപ്പു നടപ്പിൽ വന്നിട്ടുണ്ടെങ്കിലും ഈ സഭയ്ക്കു അതിനെപ്പററി വീണ്ടും ആലോചിക്കുന്നതിനു ന്യായമുണ്ടെന്നും ഈ വകുപ്പ് പിശകായോ സാങ്കേതികമാർഗ്ഗങ്ങളാലോ നടപ്പിൽവന്നതാണെന്നും കാണുന്നപക്ഷം ഈ സഭയിൽ അതിനെ സംബന്ധിച്ച വോട്ടെടുക്കുന്നതിനു മുമ്പു സാമാജികന്റെ തീരുമാനത്തെ ഭേദപ്പെടുത്തുന്നതിനു അദ്ദേഹം തയ്യാറാണോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനഭാഗം എന്നോടു ആവശ്യപ്പെടുന്നപക്ഷം അങ്ങനെ ചെയ്യാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു മറെറാരു ചോദ്യംകൂടി ചോദിക്കാനുണ്ടു—ഈബിൽ ഈ സഭയിൽ ഹാജരാക്കുന്നതിനു മി. പരമേശ്വരൻപിള്ള പ്രധാനമായി ഉത്തരവാദിയാണെന്നും അദ്ദേഹം മി. പരമേശ്വരനെ തെററിദ്ധരിപ്പിച്ചു എന്നും മി. ജി. പരമേശ്വരൻപിള്ള മനസ്സിലാക്കുന്നുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഈ അഭിപ്രായം ഞാൻ തീർച്ചയായിട്ടും പ്രതിഷേധിക്കുന്നുണ്ടു്—ഇപ്രകാരം ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിനു അദ്ദേഹത്തിനു യാതൊരു അടിസ്ഥാനവുമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. പത്മനാഭൻ പരമേശ്വരൻപിള്ളയെ ഒരു ശക്തിയുള്ള സഹായിയായി ഗണിച്ചുവന്നു എന്നു മി. പത്മനാഭൻ പറഞ്ഞതിനെ അടിസ്ഥാനമാക്കി ആണു് ഇപ്രകാരം പറഞ്ഞതു്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ന്യൂനപക്ഷക്കാരുടെ അവകാശങ്ങളോടു് ഞാൻ ഏററവും അനുകമ്പയുള്ളവനാണു്. എന്റെ ഗുരു മി. കെ. വി. രങ്കസ്വാമിഅയ്യങ്കാർ പ്രതിപാദിച്ച നിയമനിർമ്മാണ സാമാന്യതത്വങ്ങളെ സ്വീകരിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. മിശ്രമായത്തിനെ അനുകൂലിച്ചു സാമാജികന്മാരുടെ ഇടയിൽ പ്രസിദ്ധപ്പെടുത്തിയ രേഖയിൽ ഒപ്പിട്ടവരുടെകൂട്ടത്തിൽ ഞാനും ഒരുവനാണു്.

മി. എസ്സ്. പിറവിളപത്മനാഭപിള്ള (കച്ചവടവും—വ്യവസായവും തെക്ക): അദ്ദേഹം അതിൽ ഒപ്പിടുന്നതിന്റെ അർത്ഥം ബില്ലിനെ അദ്ദേഹം പിൻതാങ്ങി എന്നാണു്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇല്ല അനുകൂലിച്ചില്ല. സഭയിൽനിന്നും സംഗതികളെ വിശദമാക്കിപ്പറയുന്നതിനു എന്നെ അനുവദിക്കുമെങ്കിൽ ആദ്യം ഞാൻ അതിൽ ഒപ്പിടുന്നതിനു തർക്കിച്ചു എന്നു പറയാം. എന്നെക്കൊണ്ടൊപ്പിടുവിക്കുന്നതിനുവന്ന ആളുകളോടു ഈ സംഗതിയുടെ ഗുണദോഷങ്ങളെപ്പററി ആലോചിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞു.

"ഞാൻ ഈ രേഖ ഒപ്പിടണമെന്നു നിങ്ങൾ പറയുന്നു—നിങ്ങൾക്കു ഒരു പ്രത്യേക സങ്കടമുണ്ടെന്നും അപ്രകാരം സങ്കടമുള്ള ഒരുകൂട്ടം മിശ്രമായക്കാരുടെ അഭിപ്രായങ്ങളാണു് നിങ്ങൾ പ്രഖ്യാപനം ചെയ്യുന്നതെന്നും ആണു് നിങ്ങൾ പറയുന്നതു.

അതിനാൽ സഭയിൽ ഈ സംഗതിയെപ്പററി സവിസ്തരം വാദപ്രതിവാദം നടക്കുന്നതിനു ഞാൻ ഒരു അവസരം നൽകുകയാണു്. ഇതുകൊണ്ടു ബില്ലിനെ അനുകൂലിക്കുന്നതിനു ഞാൻ നിർബന്ധിതനല്ല" അവരോടു ഞാൻ പറഞ്ഞതു ഇപ്രകാരംതന്നെയാണു്.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അദ്ദേഹം ആ ഹർജിയിലുള്ള താഴെചേർക്കുന്നവാചകം ഓർക്കുന്നുണ്ടോ?

"അവരുടെ സങ്കടത്തിനു് ന്യായമായകാരണം ഉണ്ടെന്നും മേൽപറഞ്ഞതുപോലെ ൩൩-ാംവകുപ്പ് റദ്ദുചെയ്തു ഭേദപ്പെടുത്തണമെന്നുള്ള അപേക്ഷന്യായമാണെന്നും ഞങ്ങൾക്കു തോന്നുന്നു"

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അങ്ങനെയാണു് എന്റെ അടുത്തുവന്നവർ പറഞ്ഞതു്. അതുകൊണ്ടു ആ സങ്കടങ്ങൾ അറിയിക്കുന്നതിനു ഒരു അവസരം ലഭിക്കണമെന്നു അവർ അപേക്ഷിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അവരുടെ അപേക്ഷ ന്യായമാണെന്നു വിചാരിച്ചതിനാൽ അല്ലേ സാമാജികൻ അതിൽ ഒപ്പിട്ടതു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അവർക്കു ഒരു അവസരംകൊടുക്കണമെന്നു ഞാൻ ഉദ്ദേശിച്ചു എന്നതു നിസ്സാരമാണു്. എന്തോ സങ്കടംഉണ്ടായിരുന്നു എന്നു എനിക്കു് ബോദ്ധ്യംവന്നു. എന്നാൽ ആ

വരുടെ അപേക്ഷ അനുവദിയ്ക്കത്തക്കതാണോ എന്നു ഞാൻ ചിന്തിച്ചില്ല. ഞാൻ അപ്പോൾ വായകടിയായി കിടപ്പായിരുന്നു എന്നു സഭയുടെ അനുവാദത്തോടുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. (ചിരി) എന്റെ നിയോജകമണ്ഡലത്തിൽചെന്നു ഈ സംഗതിയെപ്പറ്റിയുള്ള പൊതുജനാഭിപ്രായം അറിയുന്നതിനുള്ള അവസരം ഒന്നും എനിക്കു തന്നില്ല.

മി. ആർ. പത്മനാഭൻ അദ്ദേഹമല്ലയോ ആ ഹർജിയിൽ ഒന്നാമതായി ഒപ്പിട്ടത് എന്നു പറയുമോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ ആദ്യമായോ അവസാനമായോ ഒപ്പിട്ടതെന്നു് ഒരു നിശ്ചയമില്ല.

മി. ആർ. പത്മനാഭൻ (നിയമിച്ചതു): ഞാൻ ചോദിച്ചതു് സാരമായോ നിസ്സാരമായോ എന്നല്ല. അതിൽ ആദ്യമായി ഒപ്പിട്ടതു അദ്ദേഹം തന്നെയല്ലയോ എന്നാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ അതിനെ നിഷേധിക്കുന്നില്ല. (ചിരി)

മി. എം. ശിവതാണുപിള്ള (തോവാള): ഈ സംഗതിയെപ്പറ്റി അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വല്ല തർക്കവും ഉണ്ടായിരുന്നോ എന്നു അദ്ദേഹം പറയുമോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇപ്പോഴും വാദപ്രതിവാദം നടന്നുകൊണ്ടുതന്നെ ഇരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഏതിർവാദം ശക്തിമത്തായതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായം മാറിയിരിക്കുന്നുവോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സംഭാഷിതൻ കുറച്ചുക്ഷമയോടുകൂടി ഞാൻ പറയുന്നതു കേൾക്കുന്നതായാൽ എന്റെ അഭിപ്രായം അദ്ദേഹത്തിനു മനസ്സിലാകും.

ഈഴവരുടെ ഭാഗത്തുനിന്നു പ്രേരിപ്പിക്കപ്പെട്ടതെന്നു പറയപ്പെടുന്ന സംഗതി കാര്യകാരണസഹിതം മി. പത്മനാഭനെ മനസ്സിലാക്കിയതായി ഈ സഭയെ ബോധ്യപ്പെടുത്തുന്ന പക്ഷം അതിനെപ്പറ്റിയുള്ള ശങ്കയ്ക്ക് സഭയിൽനിന്നു കുറേ ഒഴിവുകിട്ടുന്നതാണ്. ഓരോ സാമുദായികന്റെയും അഭിപ്രായം ശക്തിമത്തായി ഈ മഹത്സഭയിൽ പ്രകടമാക്കുന്നതിനുവേണ്ട സ്വാതന്ത്ര്യംകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമം ഹാനികരമോ ന്യൂനതയുള്ളതോ ആണെന്നു കാണപ്പെട്ടില്ലെങ്കിൽ അതിനെ നിലനിറുത്തണമെന്നാണ് എന്റെ അഭിപ്രായം. മി. കുമാരൻ പറഞ്ഞ കണക്കുകൾകൊണ്ടു ഈഴവരിൽ ഭൂരിപക്ഷം ആളുകൾക്കും മരുമക്കത്തായത്തെ അനുകൂലിക്കുന്നു എന്നു വെളിപ്പെടുന്നു. മിശ്രദായികളിൽ വളരെ ആളുകൾ ഉണ്ടുതാനും. ഇവരിൽ തന്നെയും ഭൂരിപക്ഷം ആളുകൾ മക്കത്തായം വേണമെന്നുള്ള പക്ഷക്കാരാണ്. മരുമക്കത്തായ സമുദായങ്ങൾ എല്ലാം മക്കത്തായക്കാരായി പരിണമിക്കുകയാണ് ചെയ്തിട്ടുള്ളത്. നായന്മാരും നാഞ്ചിനാട്ടുവെള്ളാളരും ഇപ്രകാരമാണ് ചെയ്തിട്ടുള്ളത്. ഈഴവരും അപ്രകാരംതന്നെ. എസ്സ്. എൻ. ഡി. പി. യോഗം എന്ന സ്ഥാപനത്തെപ്പറ്റി ജനങ്ങളുടെയിടയിൽ ബഹുമാനമുണ്ടെന്നും അതിനെപ്പറ്റി ഞാനറിയുന്നുണ്ടെന്നും മിസ്റ്റർ പത്മനാഭൻ സമ്മതിക്കും. ഈ സ്ഥാപനം ഇരുപതുവർഷമായി ഈഴവസമുദായത്തെ ഏകോപിക്കുന്നതിനു ശ്രമിച്ചുവരുന്നു. അവാന്തരവിഭാഗങ്ങളെ ഏകോപിക്കുന്നതിനുള്ള ശ്രമം പൂർണ്ണമായി ഫലിച്ചതായി കാണപ്പെടുന്നു. പാണ്ടിഈഴവരും ചെറിയ ഈഴവരും തമ്മിലുള്ള ഭിന്നതകൾ സമുദായപരിഷ്കാരംകൊണ്ടു ക്രമേണ നശിച്ചുപോയിരിക്കുന്നു. ഇപ്പോഴത്തെ ചട്ടംഅനുസരിച്ചു തിരുവിതാംകൂർ ഈഴവർ തമ്മിലുള്ള വിവാഹം സാധുവാണ്. മക്കത്തായികളും മരുമക്കത്തായികളും മിശ്രദായികളും ഒരുപോലെ ബഹുമാനിക്കുന്ന ഒരു ഗുരുവിന്റെ നായകത്വത്തിൽ സമുദായത്തിന്റെ മതസംബന്ധമായ പുനരുദ്ധാരണം വേഗത്തിൽ പരിഷ്കൃതരീതിയിൽ നടന്നുവരുന്നു. ഈഴവർ പൊതുവായ മതം, ചട്ടം, സദാചാരം മുതലായവകൊണ്ടു ഏകോപിച്ച ഒരു സമുദായമാകണമെന്നു് കാണിക്കുന്നതിനാണ് ഞാൻ ഈ സംഗതികൾ എടുത്തുപറയുന്നതു്. അതിനാൽ മക്കത്തായത്തിൽനിന്നും മിശ്രദായത്തിൽനിന്നും മാറുവാൻ ഇടയാകുന്ന സമുദായം ഭിന്നിച്ചുപോകുകയും പത്തു വർഷത്തെ ശ്ലാഘനീയപരിശ്രമം വിഫലമായിപ്പോകുകയും ചെയ്യും.

ദായക്രമപരിഷ്കാരത്തോടുകൂടി ഭേദഗതികൾ അവസാനിക്കുന്നില്ല. വിവാഹച്ചട്ടവും സ്വത്തുഭരണവും ഒരു രാജാവു കൊടുപ്പാനായുംവച്ചുള്ള ജനാധികാരത്തിൽ പ്രവർത്തിക്കുന്ന നിയമസഭ പാസ്സാക്കുന്നതായും വരാം. ഭേദഗതികൾ പാസ്സാക്കുന്നതിനു പക്ഷക്കാരെ വിസ്തരിക്കേണ്ടതില്ല. എന്നാൽ സമുദായത്തിന്റെ സ്ഥായിയായ ഗുണത്തിനായി ചട്ടം ഭേദപ്പെടുത്തണമെന്നു ഐകമത്യം ഉണ്ടെങ്കിൽ ആ ഭേദഗതിക്കു വിരുദ്ധരായവരെല്ലാം സമ്മതിച്ചാൽമാത്രമേ നടപ്പിൽവരുത്താവൂ എന്നു ക്രമംകെട്ടുനിർബ്ബന്ധിച്ചാൽ ചട്ടം ഭേദപ്പെടുത്തുന്നതിനു നിവൃത്തി ഇല്ലാതെവരും. ന്യൂനപക്ഷക്കാരുടെ അവകാശങ്ങളെ പൂർണ്ണമായി അംഗീകരിക്കുന്നുവെങ്കിൽ വിസമ്മതിക്കുന്ന ഒരു ഒററ ആൾ ഉണ്ടെങ്കിൽ നിയമനിർമ്മാണോദ്യമങ്ങൾ കേവലം വിഫലങ്ങളായതീരുന്നു.

നായർറെഗുലേഷൻ നടപ്പിൽവന്നുകഴിഞ്ഞു. നിർബന്ധമായ ഏകഭാര്യത്വം, വിവാഹമോചനക്കോടതികളുടെസൃഷ്ടി, ആദ്ദോഹരിഭാഗം ഇവയെല്ലാം നായന്മാരുടെ ചട്ടത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഏകഭാര്യത്വത്തെപ്പററിയും ആളോഹരിഭാഗത്തെപ്പററിയും നാഞ്ചിനാട്ടു വെള്ളാളരുടെ ഇടയിലുള്ള തർക്കങ്ങളെ നമുക്കു നല്ല ഓർമ്മയുണ്ടു. ന്യൂനപക്ഷക്കാർക്ക് ഉള്ളതായിപ്പറയുന്ന അവകാശങ്ങൾ മുഴുവനും അനുവദിക്കുന്നപക്ഷം ഈ സഭയിൽനിന്നു് എപ്പോഴെങ്കിലും ഒരു നിയമം നിർമ്മിക്കുന്നതിനു സാധിക്കുമോ എന്നു ഞാൻ മി. പത്മനാഭനോടും അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുകൂലിക്കുന്നവരോടും ചോദിച്ചുകൊള്ളുന്നു. ഒരു രാജ്യത്തിലെ ശക്തിയുള്ള സമുദായങ്ങൾ ന്യൂനപക്ഷക്കാർക്കുള്ള ന്യായമായ അവകാശങ്ങളെ ന്യായവിരോധമായി അതിക്രമിക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ കാര്യകാരണജ്ഞാനമുള്ള ഏവനും അവരെ രക്ഷിക്കുന്നതിനു സന്നദ്ധനാകേണ്ടതാണ്. പക്ഷേ അങ്ങനെ അതിക്രമിക്കുന്നതിനു ആരും ഉദ്യമിക്കുന്നില്ല. സമുദായത്തിലെ ഭൂരിപക്ഷം ആളുകളും മക്കത്തായദായക്രമം ലഭിക്കണമെന്നു വളരെ ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ അവകാശസംബന്ധമായ വ്യവസ്ഥകൾ സ്വന്തസമ്പാദ്യത്തിനെ മാത്രമേ ബന്ധിക്കുന്നുള്ളു. ഈഴവസമുദായത്തിലുള്ള അംഗങ്ങൾക്കു മരണപത്രംമൂലം സ്വത്തുക്കൾ വിനിയോഗിക്കുന്നതിനുള്ള അവകാശം നൽകീട്ടുണ്ട്. എന്നുതന്നെയുമല്ല ജീവിതകാലം

ഇതു തന്നെ മിശ്രദായ ഈഴവക്ക് സ്വത്തുക്കൾ ഭാഗമായോ ദാനമായോ കൊടുക്കുന്നതിനുള്ള അവകാശത്തെ ഉപയോഗിക്കാം. തൻെറ സഹോദരികളോടും അവരുടെ കുഞ്ഞുങ്ങളോടും ഏററവും വാത്സല്യമുള്ള ഒരു ഈഴവന തൻെറ ജീവിതകാലത്തുതന്നെ സ്വത്തുക്കൾ അവർക്കു കൊടുക്കുന്നതിനു യാതൊരു തടസ്സവുമില്ല. അതുകൊണ്ടു നിയമത്തിലുള്ള ഭേദഗതികൊണ്ടു ആളുകൾക്കു വൈഷമ്യം എങ്ങനെ നേരിടുമെന്നു എനിക്കു മനസ്സിലാകുന്നില്ല. മിശ്രദായം മക്കത്തായത്തിൻെറ ഒരു വകഭേദമെന്നുള്ളതു് വിസ്മരിക്കാൻപാടില്ല. ഭാഗം വയ്ക്കുമ്പോൾ മിശ്രദായഈഴവരുടെ ഇടയിൽ ഭാര്യക്കും മക്കൾക്കും മരുമക്കളെക്കാൾ കൂടുതൽ സ്വത്തുക്കൾ കിട്ടുന്നു എന്നു മി. കുമാരൻ സമ്മതിച്ചിട്ടുണ്ടു. ഇതു മക്കത്തായമായുള്ള നടപ്പാണ്. ഈഴവാ കമ്മററിയുടെ റിപ്പോർട്ടു കണ്ടു കക്ഷികൾ കോടതിയുടെ സഹായംകൂടാതെ തുല്യമായി ഭാഗം നടത്തുന്നു എന്നു കാണുന്നു. ഇതാണ് ഈഴവസമുദായത്തിലെ നടപ്പു.

നായർസമുദായം ഈഴവരോടു സാമ്യമുള്ള സമുദായമാണ്. എന്നാൽ അവർക്കു മരുമക്കത്തായമാണു് കൂടുതൽ പ്രാധാന്യമുള്ളതു. അവരുടെ ഇടയിൽ ഒന്നാമത്തെ നായർറഗുലേഷൻ നടപ്പിൽ വന്നതോടുകൂടി മിശ്രദായത്തിൻെറ ഒരു പകർപ്പും നടപ്പാക്കി. ഒരു നായർപുരുഷൻെറ സ്വത്തുക്കളിൽ അയാളുടെ ഭാര്യക്കും മക്കൾക്കും അവകാശവഴി കിട്ടിയതായി അതിനുമുമ്പു കേട്ടുകേൾവിപോലും ഇല്ലായിരുന്നു. എന്നാൽ എഴുപതു വർഷത്തിനകം നായർസമുദായാംഗങ്ങൾ വളരെക്കാലമായിത്തന്നെ നടപ്പിലിരുന്ന മരുമക്കത്തായത്തെ ലംഘിച്ചു മക്കത്തായംതന്നെ സ്വന്തസമ്പാദ്യങ്ങളെസംബന്ധിച്ചു സ്വീകരിച്ചിരിക്കുന്നു. നായർറഗുലേഷൻ വകുപ്പുകൾ ദീർഘാലോചനയ്ക്കുശേഷം നടപ്പിൽ വരുത്തിയതാണ്. ഭർത്താവു നമ്പൂതിരിയായിരുന്നാലും ക്ഷത്രിയനായിരുന്നാലും അയാളുടെ സ്വത്തുക്കളിൽ ഒരുഭാഗമെങ്കിലും നായർഭാര്യയ്ക്കും മക്കൾക്കും കിട്ടണമെന്നുള്ളതു് ശ്രദ്ധാർഹമാണ്. ന്യൂനപക്ഷക്കാർക്കുള്ളതായിപ്പറയുന്ന നായർറഗുലേഷനെപ്പററി പര്യാലോചിച്ചപ്പോൾ അവകാശങ്ങളെപ്പററി പൂർണ്ണമായി പാലിച്ചു. മെസ്സേഴ്സ് വി. സുബ്ബയ്യർ, കൃഷ്ണയ്യങ്കാർ മുതലായ നിയമജ്ഞന്മാരായ വക്കീലന്മാരും പരപ്പനാട്ടുരാജാ, മാവേലിക്കര ഉദയവർമ്മരാജാ, മുമ്പു ദേവസ്വം കമ്മീഷണരായിരുന്ന എം. രാജരാജവർമ്മാ ഇത്യാദി പ്രമുഖന്മാരും ഉൾപ്പെട്ടവരും ആ ചട്ടത്തെ എതിർക്കുന്നതിൽനിന്നു വിരമിച്ചു ഗുണകരമായ ഒരു നയം സ്വീകരിച്ചു എന്നു കൌൺസിൽനടപടിയിൽനിന്നു കാണാം. ഈ ഭിന്നജാതികളിലെ അംഗങ്ങൾ തമ്മിലുള്ള വിവാഹംമൂലം സിദ്ധിക്കുന്ന അവകാശങ്ങളെ സംബന്ധിച്ചാണ്. ആ വിവാഹങ്ങളിലെ ഭാര്യയ്ക്കും മക്കൾക്കും ഉള്ള കുടുംബം ഭർത്താവിൻെറയും അച്ഛൻെറയും കുടുംബത്തിൽനിന്ന് എത്രയും ഭിന്നമാണ്. മക്കൾ അച്ഛൻെറ ശ്രാദ്ധാദികർമ്മങ്ങൾ നടത്തുന്നതിനോ അച്ഛൻെറ കുടുംബത്തിലുള്ള മതസംബന്ധമായ അടിയന്തിരങ്ങളിൽ പങ്കുകൊള്ളുന്നതിനോ അനുവാദമില്ല. ഈ സ്ഥിതിക്കു ഒരു ഈഴവപുരുഷനോട് മതസംബന്ധമായും ലൗകികസംബന്ധമായും പൂർണ്ണമായ സംബന്ധത്തോടുകൂടിയിരിക്കുന്ന ഈഴവഭാര്യയ്ക്കും മക്കൾക്കും അയാളുടെ മരണകാലത്തു മാററവിധത്തിൽ വിനിയോഗിക്കാത്തതായുള്ള സ്വത്തു ലഭിക്കണമെന്നുള്ളതിൽ എത്രയും കൂടുതൽ ന്യായം ഇല്ലയോ?

ഈഴവർക്ക് ആകപ്പാടെ തനിമക്കത്തായം വേണമെന്നാണ് ആഗ്രഹം എന്നു മി. കുമാരൻ പറഞ്ഞതിൽ വളരെ യാഥാർത്ഥ്യമുണ്ടു. അപ്രകാരം അല്ലാതിരുന്നാൽ മിശ്രദായഭേദഗതിയെ സസന്തോഷം സ്വീകരിച്ചിട്ടുള്ള പൊതുജനയോഗങ്ങളിലെ റിപ്പോർട്ടുകളും മെമ്മോറിയലുകളും ഹർജികളുംകൊണ്ടു ഈ കൌൺസിൽ നിറഞ്ഞുപോകുമായിരുന്നു. നിയമനിർമ്മാണത്തെ പുറകോട്ടു മാററുന്നതിനുള്ള ഈ ശ്രമം ചില ആളുകളുടെ മനോഗതിയിൽനിന്നുമാത്രം ഉത്ഭൂതമായതാണെന്നല്ലാതെ വിചാരിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ [illegible]) മക്കത്തായം വേണമെന്നു കൌൺസിലിൽ ബലമായി വാദിക്കുന്നവർതന്നെ മിശ്രദായക്കാരാണെന്നുള്ളതു ശ്രദ്ധാർഹമാണ്. മിശ്രദായ ഈഴവരുടെ ഇടയിലുള്ള പൊതുജനാഭിപ്രായത്തെ തെററിദ്ധരിപ്പിക്കുന്നതിനു മിസ്റ്റർ എം. ഗോവിന്ദനെയും മിസ്റ്റർ എൻ. കുമാരനെയുംപോലെയുള്ളവർ ഒരുമ്പെടുമെന്നു വിശ്വസിക്കുന്നതിനു ഞാൻ തയ്യാറില്ല. ഇപ്പോഴത്തേതിലും അധികം ഈഴവർ അടങ്ങിയിരുന്ന മുമ്പിലത്തെ സഭയിൽ ദീർഘമായ വാദപ്രതിവാദത്തിനുശേഷം ആണ് ഈ ബിൽ നടപ്പിൽവരുത്തിയതു. അതു നടപ്പിൽവന്നിട്ടു ഇപ്പോൾ മൂന്നുമാസം കഴിഞ്ഞിരിക്കുന്നു. അതിൽനിന്നും വ്യത്യസ്തമായ ഒരു അഭിപ്രായം സ്വീകരിക്കുന്നതിനു ഞാൻ അശക്തനാകുന്നു.

മിശ്രദായക്കാരായവരാരും ഇതുവരെ ഈ നിയമത്തിൻെറ പരിധിയിൽനിന്നും ഒഴിയുന്നതിനു തയ്യാറായില്ലെന്നുള്ള മിസ്റ്റർ കുമാരൻെറ വാദം ശക്തിമത്താണ്. എൻെറ അറിവിൽപെട്ടടത്തോളം ഈഴവസ്ത്രീകൾ അന്തർജ്ജനങ്ങളല്ല. ഒരു രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻെറ മുമ്പാകെ ഹാജരാകാൻ മനസ്സില്ലാത്തവർക്കു പറയത്തക്ക ചെലവുകൂടാതെ വക്കീൽമുഖാന്തരം ഹാജരാകാം. പ്രത്യേകാവകാശങ്ങൾ വേണമെന്നു ആഗ്രഹിക്കുന്നവർ അതിനു പണം ചെലവാക്കുന്നതിനു സന്നദ്ധരായിട്ടുള്ളവരായിരിക്കണം. വിശിഷ്യാ ചെലവു ചുരുങ്ങിയതായിരിക്കുന്ന സ്ഥിതിക്കു അതു ചെലവാക്കുവാൻ സന്നദ്ധരാകണം. എനിക്കു കൂടുതലായി പറയാനൊന്നുമില്ല.

ഈഴവബില്ല ഗവൺമെൻറിൽനിന്നും കൊണ്ടുവന്നിട്ടുള്ള നിയമമായിരുന്നു. നായർ റഗുലേഷനിലെ വകുപ്പുകളെ സംബന്ധിച്ച ഉദ്യോഗസ്ഥന്മാരായ സാമാജികന്മാരെ മനഃസാക്ഷിക്കനുസരിച്ചു വോട്ടുചെയ്യുന്നതിനു സമ്മതിച്ചിരിക്കെ ഈഴവബില്ലിനെ സംബന്ധിച്ചു അവർ ഗവൺമെൻറിൻെറ അഭിപ്രായത്തോടുചേർന്നു വോട്ടുചെയ്യേണ്ടിയിരുന്നു എന്നുള്ളതു് പ്രസ്താവയോഗ്യമാണ്.

മി: വി. സുബ്ബയ്യർ (ഡിപ്പ്യൂട്ടിപ്രസിഡൻറ നിയമിച്ചതു): അതു വാസ്തവമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്പഷ്ടമായി പറഞ്ഞിട്ടും ഇല്ലെങ്കിലും ഉദ്യോഗസ്ഥസാമാജികന്മാർ ഗവൺമെൻറിനോടു ചേർന്നു വോട്ടുചെയ്യുന്നതിന് നിർബന്ധിതരായി എന്നുള്ളതു വാസ്തവമാണ്.

മി: എൻ. കുമാരൻ (നിയമിച്ചതു്): ഈഴവബില്ലിനെ മിസ്റ്റർ രംഗസ്വാമി അയ്യങ്കാർ ശക്തിമത്തായി എതിർത്തു എന്നുള്ളതു മിസ്റ്റർ നീലകണ്ഠപ്പിള്ളയ്ക്കു അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നലെ അദ്ദേഹം പറഞ്ഞതിൽനിന്നു എനിക്കു അപ്രകാരം അനുമാനിക്കുവാൻ തരമുള്ളു. ഈഴവാ കമ്മററി ഗവൺമെൻറിൽനിന്നു നിയമിച്ച ഒരു സംഘമാണ്.

ഔദ്യോഗിക നിയമമായിത്തീരണമെന്നാണ് ഈ ബില്ലിനെ കൗൺസിലിൽ ഹാജരാക്കിയതു്. ഈ സഭയിലുള്ള ഈഴവസാമാജികന്മാരോട് ഏറ്റവും വളരെ ചുരുങ്ങിയിരുന്നതുകൊണ്ടായിരിക്കണം അപ്രകാരം ചെയ്തതു. അതുകൊണ്ടു മിശ്രമായ ഈഴവരുടെ ഇടയിൽ ഒരു വലിയ ഭൂരിപക്ഷം സ്വീകരിക്കുന്ന ചട്ടത്തിനെ അനുകൂലിക്കുന്നുവെന്നു ഗവർമ്മെന്റിനു ബോദ്ധ്യംവന്നാൽമാത്രമേ ഇപ്പോൾ ഇരിക്കുന്ന ചട്ടത്തിനെ ഭേദപ്പെടുത്തുന്നതിനു ഗവർമ്മെന്റിനു തരമുള്ളു.

കൂടക്കൂടെ നിയമം ഭേദപ്പെടുത്തുന്നതു നിയമസഭയുടെ അഭിമാനത്തിനു കുറവാണെന്നു മാത്രമല്ല, ആ സമുദായത്തിനു നിശ്ചയമായിട്ടും ദോഷകരവും ആയിരിക്കും. ന്യൂനപക്ഷക്കാർക്കുള്ളതായിപ്പറയുന്ന അവകാശങ്ങളെപ്പറ്റി പൊതുവേ വാദപ്രതിവാദത്തിനുള്ള സന്ദർഭം ഇതല്ലാ. സാമുദായികമായ നിയമനിർമ്മാണത്തിൽ കൂടി ലാമെമ്പർ ഗവർമ്മെന്റിന്റെ പ്രതിനിധിയായിരിക്കുന്ന സ്ഥിതിക്കു ഈഴവബില്ലിന്റെ ചരിത്രത്തെ ഓർക്കണമെന്നും ആ നിയമത്തെ പ്രതിവാദിച്ചു പുറപ്പെടുവിക്കാതെ ... ഗുണകരമാണെന്നു അദ്ദേഹം വിശ്വസിക്കുമെന്നു ഞാൻ ആശിക്കുന്നു. വേണ്ടുംവണ്ണം സഭയിൽ പ്രാതിനിധ്യം ലഭിക്കാത്ത സമുദായങ്ങളുടെ അവസാന രക്ഷാസ്ഥാനം ഗവർമ്മെന്റിനാണ്. നായർബില്ലിൽ ഒരു അനുലോമ നിയമം ആയിരിക്കെ ഈഴവബില്ൽ ഗവർമ്മെന്റിൽ നിന്നും ഹാജരാക്കിയതു് ഇക്കാരണത്താലാണ് എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതിനെ സംബന്ധിച്ചു എഴുതിയ പുസ്തകങ്ങൾ എല്ലാം ഞാൻ വായിച്ചും പ്രസംഗങ്ങൾ കേട്ടും കഴിഞ്ഞു. വേണ്ടുംവണ്ണം ഗാഢമായി ആലോചിച്ചശേഷം ഈ ബില്ലിനെ എതിർക്കുന്നതു എന്റെ കർത്തവ്യമാണെന്നു എനിക്കു ബോദ്ധ്യംവന്നിരിക്കുന്നു.

മി. കല്യാണം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഉപസംഹരിക്കുന്നതിനുള്ള ക്ഷണനത്തെ ഞാൻ സസന്തോഷം സ്വീകരിക്കുന്നു. ബില്ലിനെ സംബന്ധിച്ചു പുറപ്പെടുവിച്ച ആക്ഷേപങ്ങൾക്കു സമാധാനം പറയുന്നതിനും ബില്ലിന്റെ ഉദ്ദേശങ്ങളെ തൃപ്തികരമാകുംവണ്ണം വിശദീകരിച്ചു പറയുന്നതിനും എനിക്കു സാധിച്ചാൽ ഈ സംഗതിയെപ്പറ്റി വോട്ടു എടുക്കുന്നതുവരെ ഇപ്പോൾ പ്രസംഗിച്ചുകഴിഞ്ഞ സാമാജികന്മാർ അവരുടെ അഭിപ്രായത്തെ നിറുത്തിവെയ്ക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രമേയത്തെ സംബന്ധിച്ചു ആലോചിക്കേണ്ട ഏക സംഗതിയെ സ്പഷ്ടമാക്കുന്നതിനു പണ്ഡിതനായ എന്റെ സ്നേഹിതൻ മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ ഉറച്ചു ശ്രമിച്ചിട്ടും അതു സഭാംഗങ്ങളുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞുപോകത്തക്കവണ്ണം മറ്റുപല സംബന്ധമില്ലാത്ത പ്രസംഗിച്ചിരിക്കുന്നു എന്നുള്ള ശങ്കയെ ഈ സഭയിൽ വിവാദവിഷയത്തെ കുറിച്ചു പ്രസംഗിക്കുന്നതിനുമുമ്പു പ്രസ്താവിക്കുന്നതു കർത്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. മിസ്റ്റർ കുമാരന്റെ അഭിപ്രായത്തോടു അനുകൂലിച്ചവർ മിക്കവരും പ്രത്യേകിച്ചു മിസ്റ്റർ കുമാരനും മക്കത്തായത്തിന്റെയും മിശ്രവഴിയുടെയും ഭാഗത്തിന്റെയും ഭാഗമില്ലായ്മയുടെയും ഗുണദോഷങ്ങളെപ്പറ്റിയും കാരണവന്മാരുടെ ദുഷ്കൃത്യങ്ങളെപ്പറ്റിയും തറവാട്ടുവസ്തുക്കൾ നാശമാകുന്നതിനെപ്പറ്റിയും ആണ് കൂടുതൽ പ്രസംഗിച്ചതു്. ഈഴവ സമുദായത്തിന്റെയും ശരിയായവളർച്ച മരുമക്കത്തായം മിശ്രദായം ഇവയിൽനിന്നും മക്കത്തായത്തിലേക്കും ഭാഗമില്ലായ്മയിൽനിന്നു ഭാഗത്തിലേക്കും വസ്തുക്കൾക്കു കൂട്ടവകാശത്തിൽനിന്നും പ്രത്യേകാവകാശത്തിലേക്കും ആണെന്നു അവർ വാദിക്കുന്നു. അധഃപതനം സംഭവിച്ചേക്കുമോ എന്നു അവർക്കു ഭയമുള്ളതായി കാണുന്നു. ഈ സഭയിൽവച്ചുണ്ടായ പ്രസംഗങ്ങൾ കൊണ്ടും പുറമേ നിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ കൊണ്ടും തോന്നിപ്പോകുന്നതു ഈഴവറഗുലേഷൻ കൊണ്ടു ഈഴവസമുദായത്തിനു ലഭിച്ചിട്ടുള്ള ഭാഗാവകാശവും മക്കത്തായവും നിർദ്ദാക്ഷിണ്യം എടുത്തുകളയുകയാണെന്നാണ്. അപ്രകാരം യാതൊന്നും ചെയ്യാൻ ശ്രമിക്കുന്നില്ലെന്നു മിസ്റ്റർ കുമാരനോടും അദ്ദേഹത്തിന്റെ കക്ഷിയോടും ഞാൻ ഉറപ്പുപറഞ്ഞുകൊള്ളട്ടെ. മക്കത്തായത്തെയും ഭാഗത്തെയും പറ്റിയുള്ള വ്യവസ്ഥകളെ റദ്ദുചെയ്യണമോ എന്നുള്ളതിനെപ്പറ്റിയല്ല ഈ സഭയിൽ ഇപ്പോൾ ആലോചിക്കുന്നതു്. ഈ വ്യവസ്ഥകൾ രാജ്യത്തിലെ നിയമത്തിൽ ഉൾപ്പെട്ടുപോയി എന്നും ഇതുവരെ എന്നപോലെ മേലും അചഞ്ചലമായി നിലനിൽക്കുന്നതാണെന്നും ഞാൻ അവരോടു പറഞ്ഞുകൊള്ളട്ടെ. മക്കത്തായവും ഭാഗവും സമുദായത്തിനു ഗുണകരമാണെന്നു മിസ്റ്റർ കുമാരനും അദ്ദേഹത്തിന്റെ പക്ഷക്കാരും ഉള്ളതാണു മിസ്റ്റർ പത്മനാഭനും പറഞ്ഞുകൊണ്ടിരിക്കുന്നു. മക്കത്തായവും ഭാഗവും ഗുണകരമാകുന്നു എന്നു വിചാരിക്കുന്നപക്ഷം മിസ്റ്റർ കുമാരനും അദ്ദേഹത്തിന്റെ കക്ഷിയിലുള്ളവരും ഉടമ്പടിയിലുള്ളവനു ആ വ്യവസ്ഥ ആവശ്യമാണെന്നു പറഞ്ഞു അവയെ സ്വീകരിക്കണമെന്നാണ് ഈ ബില്ലിന്റെ താല്പര്യം. നിയമം ഭേദപ്പെടുത്തുന്ന ബില്ലുകൊണ്ട് മക്കത്തായവും ഭാഗവും ഇല്ലാതാക്കണമെന്നു ഉദ്ദേശമില്ല. ഈ വ്യവസ്ഥകൾ ഗുണകരമാണെന്നു നിങ്ങൾ വാസ്തവത്തിൽ വിചാരിക്കുന്നപക്ഷം ഒസ്യത്തു മുഖാന്തരം അവ വേണമെന്നു പറഞ്ഞു നിങ്ങൾക്കു അവയെ സ്വീകരിച്ചുകൊള്ളാം എന്നുമാത്രമാണ് പറയുന്നതു്. ഈ പ്രമേയത്തെ സംബന്ധിച്ചു ഈ സഭയിൽ ചോദ്യത്തിനോടു സംബന്ധമില്ലാതെ പറഞ്ഞതെല്ലാം വിസ്മരിച്ചു അതിനെ സംബന്ധിച്ചു ആലോചിക്കേണ്ട ഏക സംഗതിയെപ്പറ്റി സഭാംഗങ്ങൾ ചിന്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ റഗുലേഷൻകൊണ്ടുള്ള ഭേദഗതികൾ ആവശ്യമാണെന്നു പറഞ്ഞു അതിൽ ഉൾപ്പെടുന്നതിനു മിസ്റ്റർ കുമാരനോടും അദ്ദേഹത്തിന്റെ കക്ഷിയോടും പറയുന്നതാണോ ന്യായം, അതോ ഈ ഭേദഗതികൾ ഗുണകരമല്ലെന്നു ഭയപ്പെടുന്ന മിസ്റ്റർ പത്മനാഭനെയും അദ്ദേഹത്തിന്റെ കക്ഷിയെയും ഈ റഗുലേഷനിൽനിന്നും രജിസ്റ്റർ ചെയ്തു ഒഴിയുന്നതിനു നിർബ്ബന്ധിക്കുന്നതാണോ ന്യായം എന്നു മാത്രമാണ് ഈ സഭയിൽനിന്നും ഇപ്പോൾ തീരുമാനിക്കേണ്ടതു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ചെന്നു രജിസ്റ്റർചെയ്യുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇന്നതെല്ലാമാണെന്നു മിസ്റ്റർ പരമേശ്വരൻപിള്ളയ്ക്കു അറിയാമോ?

മി: കല്യാണം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) ഞാൻ അതിനെപ്പറ്റി പ്രതിപാദിക്കാൻ പോകുന്നതാണ്. ഞാൻ പറഞ്ഞതിനെ വ്യക്തപ്പെടുത്തുന്നതിനു മി. കുമാരനും മി: പത്മനാഭനും പറഞ്ഞ ശങ്കരൻചാന്നാരുടെ കാര്യം തന്നെ ഉദാഹരിക്കാം. മിസ്റ്റർ ശങ്കരൻ ചാന്നാരുടെ തറവാട്ടിലുള്ളവർക്കെല്ലാം ഭാഗംവേണമെന്നു ആഗ്രഹം ഉണ്ടായിരുന്നു എന്നും പ്രമാണം കൂടി തയ്യാറാക്കി എന്നും കാരണവനായ ശങ്കരൻചാന്നാർ മാത്രം അതിനെ സംബന്ധിച്ചു പ്രതികൂലാഭിപ്രായം ഉള്ളവനായിരുന്നു എന്നും മി: കുമാരൻ പറഞ്ഞു.

മി: എൻ. കുമാരൻ (നിയമിച്ചതു): എന്നെ സംബന്ധിച്ച ഒരു കാര്യംതന്നെ എനിക്കു ഇവിടെ വ്യക്തമാക്കാനുണ്ടു്. ഞാൻ ഒരിക്കലും അപ്രകാരം പറഞ്ഞിട്ടില്ല. ഒരു ഭാഗപത്രം തയ്യാറാക്കിയതായി ഞാൻ അറിഞ്ഞിട്ടില്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടുമില്ല. ആ സംഗതിയെപ്പറ്റി എനിക്കു അറിവില്ലായിരുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ശേഷക്കാർ ഭാഗത്തിനു അനുകൂലികളായിരുന്നു എന്നും കാരണവൻ ഭാഗം വേണ്ട എന്നുള്ള പക്ഷക്കാരനായിരുന്നു എന്നും സാമാജികൻ പറഞ്ഞുവന്നു ഞാൻ വിശ്വസിക്കുന്നു. എങ്ങനെയായാലും അതുകൊണ്ടു എന്റെ വാദത്തിനു ന്യൂനതയൊന്നുമില്ല. ഒരു തറവാട്ടിലെ ശേഷക്കാർക്കു ഭാഗം വേണമെന്നും കാരണവർക്കുമാത്രം ഭാഗം വേണ്ടായെന്നും അഭിപ്രായമുണ്ടാകുന്നപക്ഷം അവർക്കു നടപ്പിൽവരാൻപോകുന്ന ഈ നിയമത്താൽ യാതൊരു വൈഷമ്യവും വരാനില്ല. അവർ ചെന്നു റഗുലേഷനിൽ പറയുന്നതുപോലെ രജിസ്റ്റർചെയ്താൽ മതി.
ഭാഗവ്യവഹാരത്തിനോ ഭാഗപത്രം രജിസ്റ്റർചെയ്യുന്നതിനോ മുമ്പു ലഘുവായ പ്രാരംഭനടപടികൾ കൊണ്ടു വ്യവസ്ഥ ചെയ്തിട്ടും ഒരു തറവാട്ടിലെ ഭൂരിപക്ഷം ആളുകൾക്കു ഭാഗം വേണമെന്നുണ്ടെങ്കിൽ അവർക്കു അതു ലഭിക്കുന്നതിനു യാതൊരു തടസ്സവുമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): റഗുലേഷന്റെ ഗുണങ്ങൾ കിട്ടണമെന്നു ആഗ്രഹിക്കുന്ന മിശ്രമക്കത്തായക്കാർ വന്നു രജിസ്റ്റർചെയ്യണമെന്നു മി. പരമേശ്വരൻപിള്ള പറയുന്നതുപോലെ റഗുലേഷന്റെ ഗുണം കിട്ടണമെന്നു ആഗ്രഹിക്കുന്ന മരുമക്കത്തായികൾ കൂടിവന്നു രജിസ്റ്റർചെയ്യണമെന്നു ആവശ്യപ്പെടാത്തതിന്റെ കാരണം അദ്ദേഹം പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മരുമക്കത്തായികൾ ആരുംതന്നെ ഈ റഗുലേഷനെപ്പറ്റി ഒരു പരാതി പറഞ്ഞിട്ടില്ലെന്നും മരുമക്കത്തായികളുടെ കാര്യം ഈ സഭയിൽനിന്നും ഇപ്പോഴും പരിഗണിക്കേണ്ടതില്ലെന്നും ഉള്ളതാണു അതിനു കാരണങ്ങൾ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ഷേപത്തെപ്പറ്റി മാത്രമാണോ ആലോചിക്കേണ്ടതു.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മിശ്രമായ ഈഴവർമാത്രമാണു ഇപ്പോഴത്തെ റഗുലേഷനിലെ വ്യവസ്ഥകൾ അവർക്കു ആവശ്യമില്ലെന്നു പ്രസ്താവിച്ചതു. അവരെ ഉദ്ദേശിച്ചാണു ഈ നിയമം നാം നിർമ്മിക്കുന്നതു. മരുമക്കത്തായികൾ ഇതിനു ആക്ഷേപം പറയുമ്പോൾ അവരുടെ കാര്യത്തെപ്പറ്റി ആലോചിച്ചാൽ മതി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവരും രജിസ്റ്റർചെയ്തു ഈ റഗുലേഷനിൽ ഉൾപ്പെടേണ്ടതല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മരുമക്കത്തായികളോ? അവർ ആ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച ആക്ഷേപമുള്ളതായി പറയുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതും നിയമത്തെ അടിസ്ഥാനമാക്കി തീരുമാനിക്കേണ്ട ഒരു സംഗതിയല്ലയോ? ആക്ഷേപത്തെപ്പറ്റിമാത്രമാണോ ഗണിക്കേണ്ടതു.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ കാര്യവും നിയമത്തെസംബന്ധിക്കുന്നതാണെന്നുള്ളതിനു തർക്കമില്ല. എന്നാൽ പ്രത്യേകസംഗതികളെ അടിസ്ഥാനപ്പെടുത്തിയാണു ആ തത്വം പ്രയോഗിക്കേണ്ടതു. മരുമക്കത്തായികൾക്കു ഇപ്പോഴത്തെ റഗുലേഷനെസംബന്ധിച്ച ആവലാതിയുണ്ടായി അതിനെ അവർ ആക്ഷേപിച്ചാൽ ആ തത്വത്തെ പ്രയോഗിക്കേണ്ട ആവശ്യം വരും. മരുമക്കത്തായികൾ ആരെങ്കിലും ഈ റഗുലേഷനിലെ വ്യവസ്ഥകളെപ്പറ്റി ആക്ഷേപിക്കുന്നുഎങ്കിൽ അവർക്കുവേണ്ട രക്ഷണങ്ങളെ സഭയുടെ കർത്തവ്യമാണു. ഈ റഗുലേഷനിലെ വ്യവസ്ഥകളിൽ അതൃപ്തിയുള്ളവരായി ഒരു ഗണ്യമായ സംഘം മരുമക്കത്തായികളിൽ ഉണ്ടോ? എന്റെ അറിവിൽപ്പെട്ടിടത്തോളം ഇല്ലതന്നെ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഭൂരിപക്ഷം ആളുകൾ റഗുലേഷൻ സ്വീകരിച്ച രജിസ്റ്റർചെയ്യണമെന്നു ആവശ്യപ്പെട്ടതിനേക്കാൾ ഉചിതമായിട്ടുള്ളതു ന്യൂനപക്ഷം ആളുകൾ റഗുലേഷൻ തങ്ങളെ ബാധിക്കുന്നില്ലെന്നു രജിസ്റ്റർചെയ്യണമെന്നു ആവശ്യപ്പെട്ടതല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ സംഗതിയെപ്പറ്റി താമസിയാതെ ഞാൻ പ്രതിവാദിക്കാം.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഉദ്ദേശകാരണവിവരണത്തിൽ മിശ്രമായ ഈഴവരെ ഈ റഗുലേഷനിൽനിന്നും ഒഴിവാക്കിവിട്ടുവാൻ അവർ പൊതുവേ ആഗ്രഹിക്കുന്നുഎന്നു പറഞ്ഞിരിക്കുന്നു. ഇതിനു എന്താണു അടിസ്ഥാനം—ഇപ്പോൾ നടന്ന വാദപ്രതിവാദംകൊണ്ടു ഉദ്ദേശകാരണവിവരണത്തിന്റെ അടിസ്ഥാനം വെളിവായിട്ടില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ബിൽ ഹാജരാക്കുന്ന ആളാണു അപ്രകാരം പറഞ്ഞതു. അതിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനാണു. അപ്രകാരം പറയുന്നതിനു അദ്ദേഹത്തിനു മതിയായ കാരണം ഉണ്ടായിരുന്നിരിക്കാം. അദ്ദേഹം സമുദായത്തിലെ ഒരംഗമാകയാൽ ആ പ്രസ്താവന ശരിയാണെന്നു വിചാരിക്കാവുന്നതാണു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഇപ്പോഴുള്ള റഗുലേഷനെപ്പറ്റി വിപരീതാഭിപ്രായമുള്ളതായി ഒരു മിശ്രമായിപോലുംഇല്ലെന്നു മി. കുമാരൻ പറഞ്ഞ സംഗതി മി. പരമേശ്വരൻപിള്ളക്കു അറിവുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ റഗുലേഷനെസംബന്ധിച്ച വിപരീതാഭിപ്രായമുള്ളതായി ഒരു മിശ്രമായിപോലും ഇല്ലെന്നു മി. കുമാരൻ പറഞ്ഞതായി ഞാൻ വിചാരിക്കുന്നില്ല. മി. കുമാരൻ പൂർണ്ണബോദ്ധ്യത്തോടുകൂടി ഇപ്പോൾ നടപ്പിലിരിക്കുന്ന ബില്ലിനു ഒരു മിശ്രമായിപോലും വിപരീതാഭിപ്രായക്കാരനായി ഇല്ലെന്നു ഇപ്പോൾ പറഞ്ഞാലും ഞാൻ ഈ വാദം നിരുത്തിവെടുത്തി ആസനസ്ഥനാകുന്നുണ്ടു.

ഈ രാജ്യമുമ്പോട്ടുവന്ന ഞങ്ങളുടെ ആഗ്രഹത്തെ പ്രസ്താവിക്കേണ്ടതു എന്നുള്ളതിനെപ്പററിയാണ ഈ സഭയിൽനിന്നും ആലോചിക്കേണ്ടതെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞല്ലോ. ഈ റഗുലേഷനനുസരിച്ചുള്ള ഭേദഗതി ആവണമെന്നാഗ്രഹിക്കുന്നവരോ വേണമെന്നു അഭിപ്രായപ്പെടുന്നവരോ ആരാണു രജിസ്റ്റർചെയ്യേണ്ടതു എന്നുള്ളതു ആലോചിക്കണം. എന്റെ പണ്ഡിതസ്നേഹിതനായ മി. കെ. വി. രങ്കസ്വാമിഅയ്യങ്കാരും ഈ സഭയിലെ ഗവമ്മെണ്ടഭാഗം നേതാവായ മി. നാരായണൻപണ്ടാലയും അഗ്രാസനാധിപതിഅവർകളും സാമുദായികനിയമനിർമ്മാണതത്വങ്ങളെപ്പററി പ്രതിവാദിക്കയും മുൻനിലയിൽ വർത്തിക്കണമെന്നു ആഗ്രഹിക്കുന്നവരെ രജിസ്റ്റർചെയ്യു നിയമത്തിൽനിന്നു ഒഴിവാക്കുന്നതിനു നിർബന്ധിക്കുന്നതു ശരിയല്ലെന്നും നിയമം ഭേദപ്പെടുത്തണമെന്നു ആഗ്രഹിക്കുന്നവർ രജിസ്റ്റർചെയ്തു നൂതനനിയമത്തിൽ ഉൾപ്പെടണമെന്നുമാണ സാമുദായികനിയമനിർമ്മാണത്തിന്റെ പ്രാഥമികതത്വമെന്നു പ്രസ്താവിക്കയും ചെയ്യുകയുണ്ടായി. ഏതൽക്കാലപര്യന്തം ആരുംതന്നെ ഈ തത്വത്തെ നിഷേധിക്കുകയോ അതു ശരിയല്ലെന്നു വാദിക്കുകയോ ചെയ്തതായി ഞാൻകേട്ടില്ല. അതിനാൽ അതിനെ സഭയിൽനിന്നും അംഗീകരിച്ചതായി വിചാരിക്കാം. ഏതുനിലയിലും ആ സംഗതിയെപ്പററി ദീർഘമായി ഞാൻ പറയേണ്ട ആവശ്യമില്ല. അപ്രകാരം പറയുന്നതിനു ഞാൻ ഒരുമ്പെടുന്നുമില്ല.

സാമുദായികമായ നിയമനിർമ്മാണം എന്ന പദംകൊണ്ടു എന്താണ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു എന്നു ഒരു സാമാജികൻ മി. നാരായണൻപണ്ടാലയോടു ഇന്നലെ ചോദിച്ചതായി ഞാൻ ഓർക്കുന്നു. വിവാഹത്തിനുള്ള വയസ്സിനെസംബന്ധിക്കുന്ന ബില്ലിനെപ്പററിയും പറകയുണ്ടായി. ഇപ്രകാരമുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടിന്റെ അധികാരശക്തി ചാൽ പ്രത്യേകസമുദായങ്ങളെ നിർബന്ധിക്കുകയല്ലയോ വാസ്തവത്തിൽ ചെയ്യുന്നതെന്നും ഇന്നലെ ചോദിച്ചു. ആ ബില്ലിനു എത്രയോ മുമ്പുണ്ടായതും എത്രയോ പ്രസിദ്ധമായതുമായ മറെറാരു സംഗതിയെപ്പററിയും ആ സാമാജികൻ പറയാമായിരുന്നു. അതു നിയമപ്രകാരം സതി നിറുത്തൽചെയ്തതിനെപ്പററിയാണ. പക്ഷെ മതസംബന്ധമായ വിശ്വാസങ്ങളെ അടിസ്ഥാനമാക്കി ഉത്ഭവിച്ച സമുദായ ചട്ടങ്ങളേയും നടപടികളേയുമാണ ആ നിയമം കൊണ്ടു ഭേദപ്പെടുത്തിയതു. മറെറാരു തത്വത്തെ അടിസ്ഥാനപ്പെടുത്തി കൊണ്ടു ഇതു സാധൂകരിക്കാവുന്നതും സാധൂകരിച്ചിട്ടുള്ളതും ആണ്. ഏതെങ്കിലും ഒരു സംഘം ആളുകളുടെ നടപ്പു ജീവകാരുണ്യത്തിനൊ സദാചാരത്തിനൊ പൊതുനയത്തിനൊ വിപരീതമാണെന്നുകണ്ടാൽ സമുദായത്തിനും സദാചാരത്തിനും പൊതുനന്മയ്ക്കും ചുമതലപ്പെട്ട ഗവമ്മെണ്ട അതുകളുടെ നന്മയ്ക്കായി അധികാരശക്തിയെ ഉപയോഗിച്ചു ആ നടപ്പിനെ തടയുന്നു. എന്നാൽ അപ്രകാരമുള്ള ഒരു സംഗതിയെപ്പററിഅല്ലാ സഭയിൽനിന്നും ഇപ്പോൾ ആലോചിക്കേണ്ടതു. സ്വത്തിനുള്ള അവകാശത്തേയും തത്സംബന്ധമായ പിന്തുടർച്ചാവകാശത്തേയും മാത്രം ബാധിക്കുന്നതും ഒരു സമുദായത്തിനുമാത്രമുള്ളതുമായ ചില നിയമങ്ങളെപ്പററിമാത്രമെ നാം ആലോചിക്കേണ്ടതായിട്ടുള്ളു. മുൻ പറഞ്ഞ സാമുദായികനിയമതത്വങ്ങളെ അനുസരിച്ചു മുൻ നടപ്പുകളെ നിറുത്തണമെന്നു ആഗ്രഹിക്കുന്നവർ ന്യൂനപക്ഷമാണെങ്കിലും ഈ സഭയിൽനിന്നുള്ള രക്ഷയ്ക്കു അവർ അർഹരാണൊഎന്നാണ് ആലോചിക്കാനുള്ളതു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): ന്യൂനപക്ഷക്കാർ എത്രപേരുണ്ടെങ്കിൽ ഈ സഭയുടെ പര്യാലോചനയ്ക്കു അർഹന്മാരാകുമെന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറയുമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സമുദായത്തിന്റെ ഒരു ഭാഗക്കാരാണെന്നു ഗണിക്കത്തക്ക ഒരുസംഘം ആളുകൾ ഉണ്ടെങ്കിൽ അവർ ഈ സഭയുടെ രക്ഷയ്ക്കു അർഹരാകും.

മക്കത്തായത്തെപ്പററിയും ഭാഗത്തെപ്പററിയും ഉള്ള വ്യവസ്ഥകൾകൊണ്ടു സമുദായത്തിന്റെ അഭ്യുന്നതി തടയപ്പെടുന്നതാണെന്നും മിശ്രദായക്കാരുടെ ഒരു സംഘക്കാർ ഇപ്പോൾ എതിർക്കുന്നതു പൊതുകാര്യനടപ്പിനും പുരോഗതിക്കും വിപരീതമാകുമെന്നും ആണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു. മിശ്രദായവും ഭാഗമില്ലായ്മയും ഒരു ജനസമുദായത്തെ പാടെ നശിപ്പിക്കുന്നതാണെന്നുള്ള വാദം സ്വീകരിക്കത്തക്കതല്ലാ. എന്തെന്നാൽ ഈ റഗുലേഷൻ മക്കത്തായത്തിനും ഭാഗത്തിനും വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്റർ ചെയ്യുന്നവർക്കു മിശ്രദായവും ഭാഗം ഇല്ലായ്മയും ഈ റഗുലേഷനിൽതന്നെ അനുവദിച്ചുകൊടുക്കുന്നു. ഇതു അവ ഏതുപ്രകാരമെങ്കിലും നിറുത്തൽ ചെയ്യേണ്ട ഏർപ്പാടുകൾ അല്ലെന്നു കാണിക്കുന്നു. ഇപ്രകാരം ഒഴിക്കുന്നതിനുള്ള ആ വ്യവസ്ഥകൊണ്ടു ഗണ്യമായ ഒരു സംഘക്കാർ ആ അഭിപ്രായക്കാരായി ഉണ്ടായിരുന്നുഎന്നും അവരെ ഈ വ്യവസ്ഥകളിൽനിന്നു ഒഴിക്കുന്നതിനു ഏർപ്പാടുചെയ്യേണ്ടതാണെന്നും വെളിവാകുന്നു. ഈ രണ്ടു സംഗതികളും തീരുമാനിച്ചു സമ്മതിക്കുന്നുഎങ്കിൽ അതായതു മിശ്രദായക്രമം അനുവദിക്കത്തക്കതാണെന്നു വ്യവസ്ഥയിൽനിന്നും ഒഴിക്കത്തക്ക ഒരു ഗണ്യമായ സംഘക്കാർ പ്രതിപക്ഷികളായി ഉണ്ടെന്നും സമ്മതിക്കുന്നപക്ഷം (ഈ റഗുലേഷൻകൊണ്ടുതന്നെ രണ്ടു സംഗതികളും സമ്മതിക്കപ്പെടുന്നുണ്ടു) ഒഴിവാക്കുന്നതു ഏതുപ്രകാരത്തിലാണെന്നാണ് ചിന്തിക്കുന്നതു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പാഴ്സികളിൽ പലർ പ്രതിഷേധിച്ചുഎങ്കിലും ഇൻഡ്യൻ സക്സഷൻ ആക്ട് അവരെയും ബാധിക്കുന്നതായി നിശ്ചയിക്കപ്പെട്ടുഎന്നുള്ളതു മിസ്റ്റർ പരമേശ്വരൻപിള്ളയ്ക്കു അറിയാമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എനിക്കു അതിനെപ്പററി അറിവില്ലാ. എന്നാൽ വാസ്തവത്തിൽ പാഴ്സികളിൽ ഒരു ഗണ്യമായ സംഘക്കാർ അതിനെ പ്രതിഷേധിച്ചു എങ്കിൽ ആ ആക്ടിന്റെ വ്യാപ്തിയിൽനിന്നും അവരെ ഒഴിക്കാതിരുന്നതു പ്രഥമദൃഷ്ടിയിൽതന്നെ തെററാണെന്നു ഞാൻ വിചാരിക്കുന്നു.

ഒഴിവു അനുവദിക്കത്തക്കതാണെങ്കിൽ ആരാണ് പേരു രജിസ്റ്റർചെയ്യേണ്ടതു? വകുപ്പിൽ ഭേദഗതികൾ ആവശ്യപ്പെടുന്ന പക്ഷക്കാരൊ ഭേദഗതികൾ ആവശ്യമില്ലെന്നുള്ള പക്ഷക്കാരൊ എന്നാണ് തീരുമാനിക്കേണ്ടതെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. ഈ സംഗതിയെക്കുറിച്ചു ആലോചിക്കുന്നതിൽ സാമുദായികമായ നിയമനിർമ്മാണതത്വങ്ങളെ ഗണിക്കാതെ രജിസ്റ്റർചെയ്തു ഭേദഗതികൾ സ്വീകരിക്കുകയൊ ഭേദഗതിയിൽനിന്നു ഒഴിയുകയൊ ആണു വേണ്ടതു. ഈ സമുദായക്കാർ ഏതുനിലയിൽ ആണെന്നു നമുക്കു ആലോചിക്കാം. പുതിയ റഗുലേഷനിലെ വ്യവസ്ഥകൾ ആവശ്യമാണെന്നു സമ്മതിക്കാതെ പ്രതിഷേധിച്ചു നിൽക്കുന്ന ഒരു-

സംഘം ഈ സമുദായത്തിലുണ്ടെന്നു മിസ്റ്റർ കുമാരൻ സമ്മതിക്കുന്നു. ഇങ്ങനെയുള്ള ആളുകൾ മുമ്പു ഉണ്ടായിരുന്നു എന്നും ഇപ്പോഴും ഉണ്ടെന്നും ഉള്ള വാസ്തവത്തെ മിസ്റ്റർ കുമാരൻ നിഷേധിക്കുന്നില്ല. എന്നാൽ ഇപ്രകാരം ഉള്ള ആളുകൾ അഗണ്യമായ ഒരു ന്യൂനപക്ഷക്കാരാണെന്നാണ് മിസ്റ്റർ കുമാരൻ പറയുന്നതു. നേരെമറിച്ചു മിസ്റ്റർ പത്മനാഭൻ പറയുന്നതു ആ സംഘം ഗണ്യമാക്കത്തക്ക ഒരു ഭൂരിപക്ഷം ആണെന്നാണ്. ഏതുസംഘക്കാരാണു ഭൂരിപക്ഷം എന്നും ഏതുസംഘക്കാരാണ് ന്യൂനപക്ഷം എന്നും നിർണ്ണയിക്കുന്നതിനു ഒരു ശരിയായ തോതു ഈ സഭയ്ക്കുള്ളതായി എനിക്കു തോന്നുന്നില്ല. ഏതു സംഘത്തിലാണു കൂടുതൽ ആളുകളെന്നുള്ള സംഗതിയെ ഖണ്ഡിച്ചു ഈ പ്രമേയത്തിനെ സംബന്ധിച്ചു തീരുമാനിക്കേണ്ട ആവശ്യമില്ലെന്നു വിചാരിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു. എന്തെന്നാൽ മിസ്റ്റർ കുമാരന്റെ സംഘക്കാരാണ് വിദ്യാഭ്യാസം ഉള്ളവരെന്നും പരിഷ്കാരികളെന്നും തങ്ങളുടെ മനോഗതങ്ങളെ വെളിയിൽ അറിയിക്കുന്നതിനു ശക്തിയുള്ളവരെന്നും സംസ്കാരം ഉള്ളവരെന്നും ആണ് വാദിക്കപ്പെട്ടിരിക്കുന്നതു. ഇതിനെ ഞാൻ സമ്മതിക്കുന്നതിനു തയ്യാറാണ്. അതിനാൽ മിസ്റ്റർ കുമാരന്റെ കക്ഷിയെപ്പറ്റി പൊതുവെ പറയുമ്പോൾ മിസ്റ്റർ പത്മനാഭന്റെ സംഘക്കാർ അറിവില്ലാത്തവരും വിദ്യാഭ്യാസം കുറഞ്ഞവരും യഥാസ്ഥിതികന്മാരും മനോഗതങ്ങളെ വെളിയിൽ അറിയിക്കുന്നതിനു ശക്തിയില്ലാത്തവരും ആകുന്നെന്നും ഇതിനാൽ വിചാരിക്കേണ്ടിയിരിക്കുന്നു.

മി. എൻ. കുമാരൻ (നിയമിച്ചതു): മിശ്രമായികളുടെ രണ്ടു സംഘക്കാരേയും താരതമ്യപ്പെടുത്തി ഞാൻ ഒന്നും പറഞ്ഞില്ലം. മിശ്രമായികളെ ആകപ്പാടെ മക്കത്തായികളുമായി താരതമ്യപ്പെടുത്തി കുറെ വർഷം മുതൽ ഈ നിയമം വേണമെന്നുള്ള ക്ഷോഭം നടന്നുകൊണ്ടിരുന്നപ്പോൾ മിശ്രമായികളാണ് പ്രധാനമായി ക്ഷോഭം നടത്തിക്കൊണ്ടിരുന്നതെന്നും മരുമക്കത്തായക്കാർ പിന്നീടുമാത്രമേ സ്വല്പം പരിഗണനയെ പ്രാപിച്ചുള്ളു എന്നും ആണ് ഞാൻ പറഞ്ഞതു. മിശ്രമായികളുടെ രണ്ടു സംഘക്കാരേയും ഞാൻ താരതമ്യപ്പെടുത്തി എന്നു വിചാരിക്കുന്നതിൽ എന്റെ സ്നേഹിതനു തെറ്റിപ്പോയി.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): എന്നാൽത്തന്നെയും സംസ്കാരമുള്ള ഈഴവരിൽ അധികം ആളുകളും എന്റെ അഭിപ്രായം സ്വീകരിക്കുന്നവരാണെന്നും പൊതുവെ പറയുമ്പോൾ ആ സംഘക്കാരാണ് സംസ്കാരം സിദ്ധിച്ചിട്ടുള്ളവരെന്നും ഉള്ളതിനെ മിസ്റ്റർ കുമാരൻ നിഷേധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നലെകാലത്തു നാം ഈ സംഗതിയെപ്പറ്റി വാദപ്രതിവാദം ആരംഭിച്ചപ്പോൾ ഈ ഭാഗങ്ങൾക്ക കിട്ടിയ നിരൂപണത്തിൽ ബി. എ. കാരും ബി. എൽ. കാരും ആയ അനേകം ഈഴവർ ഒപ്പിട്ടിട്ടുണ്ടായിരുന്നു. ഇവിടെകിട്ടിയ അപേക്ഷകൊണ്ടുതന്നെ മിസ്റ്റർ കുമാരന്റെ സംഘക്കാർ കൂടുതൽ വിദ്യാഭ്യാസമുള്ളവരും സംസ്കാരമുള്ളവരും ആണെന്നു പറയുന്നതിനു മതിയായ കാരണം കാണുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മിസ്റ്റർ പത്മനാഭന്റെ സംഘക്കാരിൽ വിദ്യാഭ്യാസമുള്ളവർ ആരും ഇല്ലയോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ചുരുക്കം ചിലരുണ്ടായിരിക്കാം. ക്ഷോഭം നടത്തുന്നതിനു ശക്തിയുള്ളവർ മിസ്റ്റർ കുമാരന്റെ സംഘക്കാരാണെന്നുമാത്രമേ ഇപ്പോൾ ഞാൻ പറയുന്നുള്ളു. അങ്ങനെയിരിക്കെ വിദ്യാഭ്യാസഹീനരും സംസ്കാരമില്ലാത്തവരും ക്ഷോഭശക്തി കുറഞ്ഞവരുമായ ആളുകൾ ഒരു ക്ലിഷ്ടസമയമായ നൂതനസത്തിനായി മുമ്പോട്ടുവന്നു ഈ റെഗുലേഷൻ തങ്ങളെ ബാധിക്കരുതെന്നുകാണിച്ചു രജിസ്റ്റർചെയ്യുന്നതിനു നിർബന്ധിതരാകണമെന്നു മിസ്റ്റർ കുമാരൻ പറയുന്നതു ന്യായം ആകുമോ?

മി. ജെ. ജെ. തോമസ്സ് (കോട്ടയം): മിസ്റ്റർ പത്മനാഭൻ പ്രാതിനിധ്യംവഹിക്കുന്ന ആളുകൾ എല്ലാം അറിവില്ലാത്തവരാണെന്നു അദ്ദേഹം സമ്മതിക്കുന്നുവോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹം അതു സമ്മതിക്കുന്നുവോ എന്നു എനിക്കു നിശ്ചയമില്ലാ. ഞാൻ എന്റെ സ്വന്ത അറിവിനേയും ഇക്കഴിഞ്ഞ സ്വല്പദിവസങ്ങളായി നടന്ന സംഗതികളിൽ നിന്നും ഉള്ള അനുമാനങ്ങളേയും ആസ്പദമാക്കിയാണ് സംസാരിക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സമുദായത്തിലെ വിദ്യാഭ്യാസം സിദ്ധിച്ച സംഘക്കാർ ഈ ഭേദഗതിയെസംബന്ധിച്ചു വിപരീതാഭിപ്രായമുള്ളവരാണെന്നു മിസ്റ്റർ കുമാരൻ പറഞ്ഞപ്പോൾ സമുദായത്തിൽ സംസ്കാരമുള്ളവരുടെ അഭിപ്രായം അതിനനുകൂലിക്കുന്നില്ലെന്നു മാത്രമേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ എന്നു നിയമസാമാജികനു അറിയാമോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സാമാജികൻ പറഞ്ഞതിനെ സമ്മതിക്കുന്നതിനു ഞാൻ തയ്യാറാണ്. മിശ്രമായികളിൽ സംസ്കാരമുള്ളവർ റെഗുലേഷനനുസരിച്ചുള്ള ഭേദഗതികളെ അനുകൂലിക്കുന്നവരാണെന്നാണ് അതിന്റെ അർത്ഥം. അതു വാസ്തവമാണെങ്കിൽ സംസ്കാരമുള്ളവരോടും കാര്യജ്ഞാനം ഉള്ളവരോടും തങ്ങളെ റെഗുലേഷൻ ബാധിക്കണമെന്നു മുമ്പോട്ടുവന്നു പറയുന്നതിനു ആവശ്യപ്പെടണമോ, അതോ വിദ്യാഭ്യാസം ഇല്ലാത്തവരും ശേഷികുറഞ്ഞവരും ആയ ആളുകളെ ഈ റെഗുലേഷനിൽ നിന്നും രജിസ്റ്റർചെയ്തു ഒഴിയണമെന്നു നിർബന്ധിക്കണോ എന്നാണു ആലോചിക്കേണ്ടതു.

മി. കെ. സി. മാമൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): മിശ്രമായികളിൽ ഭൂരിപക്ഷക്കാരു ഈ ബില്ലിനു പ്രതികൂലികളാണെന്നു മിസ്റ്റർ പരമേശ്വരൻപിള്ളയും സമ്മതിക്കുന്നുവോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലോ? ഇല്ലാ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ബില്ലിനു അനുകൂലികളായി ഒരു ഭൂരിപക്ഷം ആളുകളുണ്ടെന്നു മിസ്റ്റർ പത്മനാഭൻ പറയുന്നുണ്ടോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹം അങ്ങനെ പറഞ്ഞോ എന്നുള്ളതു എനിക്കു നല്ലനിശ്ചയമില്ലാ. എന്നാൽ അദ്ദേഹം അങ്ങനെ പറഞ്ഞാൽത്തന്നെയും

എതുഭാഗക്കാർ അതിനെ സ്വീകരിക്കുകയില്ലന്നുള്ളതു നിസ്സംശയമാണ്. തന്റെ കക്ഷിക്കാൎക്കു ഇതു വളരെ സങ്കടമാണ എന്നുമാത്രമെ അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴുള്ള നിയമത്തിൽ ൩-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള ആറുമാസകാലത്തേക്കു അറിവില്ലാത്ത ഭാഗക്കാർ (അവൎക്കുവേണ്ടിയാണല്ലോ ഈ ഭേദപ്പെടുത്തിയ ബിൽ കൊണ്ടുവന്നിട്ടുള്ളതു) മൌനംഭജിച്ചിരുന്നാൽ എന്താണ കുഴപ്പം?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): അവർ എല്ലാം, മിക്കവാറും അവരുടെ അറിവുപോലുമില്ലാതെ മക്കത്തായികളായിതീരും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അറിവില്ലാത്ത ആളുകൾ ഈ ഭേദഗതിബിൽ നടപ്പിൽവന്നതിനു ശേഷം ആറുമാസകാലത്തേക്കു മൌനംഭജിച്ചിരുന്നാൽ എന്താണ കുഴപ്പം എന്നു എന്നോടു പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): റെഗുലേഷനിലേക്കു ചേരണമെന്നു ആലോചിച്ചു തീർച്ചപ്പെടുത്തുന്നതുവരെ മക്കത്തായമോ ഭാഗമേൽക്കൂടാതെ അവർ മുൻസ്ഥിതിയിലെന്നപോലെ ഇരിക്കും. നടപ്പിലിരിക്കുന്ന റെഗുലേഷനിലെ ൩-ാംവകുപ്പുപോലെ ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന ഭേദഗതിബില്ലിൽ ഒരു കാലാവധി നിർണ്ണയിക്കുന്നില്ല. അതുകൊണ്ടു അവർ സന്നദ്ധരാകുന്ന ഏതവസരത്തിലും റെഗുലേഷനിൽചേൎന്നു രജിസ്റ്റർചെയ്യുന്നതിനു അവൎക്കു അവകാശമുള്ളവരാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ഈ പ്രസ്ഥാനം എത്രനാൾ തുടൎന്നുകൊണ്ടുപോകണമെന്നാണ വിചാരിക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): ഭേദഗതി ബില്ലുകൊണ്ടു കാലാവധി നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ വേണ്ടിവരുന്നപക്ഷം കാലാവസാനംവരെ ആകാവുന്നതാണു. റെഗുലേഷനിൽനിന്നും ഒഴിയണമെന്നുള്ള ആളുകൾക്കു ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷൻ ആറുമാസത്തെകാലാവധി നിശ്ചയിച്ചിട്ടുണ്ടു. ഭേദഗതി ബില്ലിൽ അപ്രകാരം ഒരു നിശ്ചയം ചെയ്തിട്ടില്ലാത്തതിനാൽ ആളുകൾക്കു ഏതവസരത്തിലും ആ റെഗുലേഷനിൽ ചേരാവുന്നതാകുന്നു. മിസ്റ്റർ കുമാരനു അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ആളുകളെ വിദ്യാഭ്യാസംചെയ്യിച്ചു അവരെ കഴിയുന്നത്രവേഗത്തിൽ റെഗുലേഷനിൽചേൎത്തു രജിസ്റ്റർചെയ്യിക്കാം. നാളെമുതൽ അദ്ദേഹത്തിനു അവസരമുള്ള ഏതുസമയത്തും അതു ചെയ്യാവുന്നതാണ്. നേരെമറിച്ചു ഇപ്പോഴത്തെ റെഗുലേഷൻഅനുസരിച്ചു ആറുമാസത്തിനകം ഒഴിഞ്ഞുകിട്ടിയില്ലെങ്കിൽ അവൎക്കു അപ്രകാരം ചെയ്യുന്നതിനുള്ള അവകാശം ഇല്ലാതാകുന്നു. മിക്കവാറും അറിവില്ലാതിരിക്കുന്ന ആളുകളെ വന്നു ആറുമാസത്തിനകം റെഗുലേഷൻ അനുസരിച്ചു രജിസ്റ്റർചെയ്യുന്നതിനു നിർബന്ധിക്കുകയും അപ്രകാരം ചെയ്തില്ലെങ്കിൽ അവർ തങ്ങളുടെ അറിവുകൂടാതെതന്നെ മക്കത്തായികളും ആളോഹരിഭാഗക്കാരും ആക്കിതീൎക്കുന്നതും വളരെ സങ്കടമല്ലയോ?

മി. കെ. സി. മാമൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): കാലാവധി ഒന്നോ രണ്ടോ വൎഷം ആക്കിയാൽ മിസ്റ്റർ പരമേശ്വരൻപിള്ള തൃപ്തിപ്പെടുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): ആ സംഗതി സഭയുടെ ആലോചനയ്ക്കായി ഇപ്പോൾ വന്നിട്ടില്ല. കാലാവധി നിശ്ചയിക്കുന്നതിനു ഒരു പ്രമേയം ഈ സഭയിൽ ഹാജരാക്കുമ്പോൾ നമുക്കു അതിനെപ്പറ്റി ആലോചിച്ചാൽ മതിയാകുന്നതാണു. സഭമുമ്പാകെയുള്ള ബില്ലിൽ ഒരു കാലാവധി വച്ചിട്ടില്ല. മിസ്റ്റർ കുമാരനും മററുള്ളവരും മുമ്പോട്ടുവന്നു രജിസ്റ്റർചെയ്തു ഈ റെഗുലേഷനിൽ ഉൾപ്പെടണം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു സമുദായത്തിലെ അംഗങ്ങൾ എല്ലാപേരും ഒരേ അഭിപ്രായക്കാരായാൽമാത്രമേ ആ സമുദായത്തെ സംബന്ധിക്കുന്ന നിയമം നടപ്പാക്കാൻ പാടുള്ളു എന്നാണോ സാമാജികന്റെ അഭിപ്രായമെന്നു എന്നോടു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): സാമുദായികസംബന്ധമായ നിയമനിർമ്മാണത്തിലെ സൂക്ഷ്മമായ തത്വം അതായിരിക്കാം. എന്നാൽ ഒരു ഗണ്യമായ ന്യൂനപക്ഷത്തിനു ഏതെങ്കിലും ഒരു സാമുദായിക നിയമത്തെ സംബന്ധിച്ചു വിപരീതാഭിപ്രായം ഉണ്ടായിരിക്കുകയും അവർ അതിൽനിന്നും തങ്ങളെ വിടുതികിട്ടുവാൻ അപേക്ഷിക്കുകയും ചെയ്യുന്നപക്ഷം ആ നിയമത്തിൽ അവരേയും നിർബന്ധിച്ചു ഉൾപ്പെടുത്തുവാൻ പാടുള്ളതല്ലാ എന്നുമാത്രമെ ഞാൻപറയുന്നുള്ളു. ആ തത്വത്തെതന്നെ അടിസ്ഥാനമാക്കിയാണ ൩-ാംവകുപ്പുനടപ്പാക്കിയിരിക്കുന്നതു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരു കുറഞ്ഞപക്ഷക്കാർ ഗണ്യമായ പക്ഷക്കാരോ അല്ലയോ എന്നു തീരുമാനിക്കുന്നതു ഏതു തോതിനെ അടിസ്ഥാനപ്പെടുത്തി ആണെന്നു എനിക്കു മനസ്സിലായാൽ കൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): സംഗതിയുടെ കാര്യകാരണങ്ങളെ ഗൌനിച്ചു ഉണ്ടാകുന്ന അഭിപ്രായം അനുസരിച്ചാണ് അതു നിശ്ചയിക്കേണ്ടതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സ്ഥൂലമായെങ്കിലും എത്ര അംശം ഉണ്ടായിരിക്കണമെന്നു സാമാജികൻ പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): കണക്കുശാസ്ത്രം അനുസരിച്ചു അതു ഇത്ര അംശം ആണെന്നു ക്ലിപ്തപ്പെടുത്താൻ നിവൃത്തിയില്ല. ഓരോ സംഗതിയുടേയും കാര്യം ഗൌനിച്ചു ഉണ്ടാകുന്ന അഭിപ്രായം അനുസരിച്ചു തീരുമാനിക്കേണ്ടതാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പ്രതിഷേധിക്കുന്ന ഒരു ന്യൂനപക്ഷക്കാരുണ്ടെങ്കിലും നിർബന്ധനിയമം നിൎമ്മിക്കുന്നതു ശരിയല്ലെന്നാണോ അങ്ങ് അഭിപ്രായപ്പെടുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനാൽ ഹെഡ് സർക്കാർവക്കീൽ): തത്വത്തെമാത്രം ഗൌനിക്കുന്നതായാൽ പ്രതിഷേധിക്കുന്ന ഒരു ന്യൂനപക്ഷക്കാരുണ്ടെങ്കിൽ നിർബന്ധമായ നിയമം നടപ്പി

ൽവരുത്തുന്നതിനെ ഞാൻ അനുകൂലിക്കുന്നില്ല. എന്നാൽ കാര്യങ്ങൾ ആലോചിക്കുന്നതായാൽ അതു ഈ നിയമത്തിന്റെ സ്വഭാവത്തെയും ആ സമുദായത്തിന്റെ സ്ഥിതിയേയും അനുസരിച്ചുവേണം ഈ സംഗതി തീരുമാനിക്കേണ്ടതു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) : ന്യൂനപക്ഷക്കാരുടെ എണ്ണം ഗണ്യമല്ലെങ്കിൽ നിർബന്ധമായ നിയമനിർമ്മാണത്തെ സാമാജികൻ ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് അനുകൂലിക്കുന്നതെന്നു പറയുമോ?

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ഒരു സമുദായത്തിലുള്ള ഭൂരിപക്ഷം ആളുകളും ഏതെങ്കിലും ഒരു സംഗതിയെ അനുകൂലിക്കയും വെറും അഗണ്യമായ ഒരു ന്യൂനപക്ഷം പ്രതികൂലിക്കയും ചെയ്യുന്നു എങ്കിൽ ആ ന്യൂനപക്ഷത്തിന്റെ വിപരീതാഭിപ്രായത്തെ കാര്യനടപ്പിനെ ഉദ്ദേശിച്ചു ഗണ്യമാക്കാതിരിക്കാം. എന്നാൽ ഈ കാര്യങ്ങളെല്ലാം ഈ സന്ദർഭത്തെ സംബന്ധിച്ചുള്ള സംഗതിക്കു ആലോചിക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ മി. പത്മനാഭൻ പ്രാതിനിധ്യം വഹിക്കുന്ന സംഘക്കാരെ ഈ റഗുലേഷനിൽ നിർബന്ധിച്ചു ചേർക്കാൻ പാടില്ലാ എന്നുള്ളതു ഈ റഗുലേഷൻ കൊണ്ടുതന്നെ സമ്മതിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു കക്ഷിയെ നിർബന്ധിച്ചു ചേർക്കരുതെന്നു സമ്മതിച്ചു കഴിഞ്ഞാൽ ആരാണ് ചെന്നു രജിസ്റ്റർ ചെയ്യേണ്ടതെന്നു മാത്രമേ ആലോചിക്കേണ്ടതായുള്ളു.

മി. എൻ. കുമാരൻ (നിയമിച്ചമെംബർ) : ഇപ്പോൾ നടപ്പിലിരിക്കുന്ന ബിൽ ഈ കൌൺസിലിൽ ഹാജരാക്കിയപ്പോൾ മി. പരമേശ്വരൻപിള്ള, അതിലെ ഒരു സാമാജികൻ ആയിരുന്നോ എന്നു എന്നോടു പറയുമോ?

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഞാൻ സാമാജികൻ ആയിരുന്നു.

മി. എൻ. കുമാരൻ (നിയമിച്ചമെംബർ) : ആ ബില്ലിലെ തത്വം സ്വീകരിക്കാൻ പാടില്ലെന്നു ആണോ മി. പരമേശ്വരൻപിള്ള പറഞ്ഞതു്?

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അതിലുള്ള തത്വങ്ങളെ എല്ലാം ഞാൻ ആകപ്പാടെ സമ്മതിച്ചില്ല. ഞാൻ അപ്പോൾ പറഞ്ഞതിനെ വായിക്കാം.

"മറ്റു സംഗതികളെ ആലോചിക്കാതെ പറയുന്നപക്ഷം ഈ പതനത്തിൽതന്നെ ബില്ലിലെ ചില വ്യവസ്ഥകളെപ്പററി എനിക്കു ചില അഭിപ്രായം പറയാമായിരുന്നു."

പിന്നീടു ഞാൻ പറഞ്ഞതു് "ഈ പതനത്തിൽതന്നെ ഈ ബില്ല് ഇരിക്കുന്നതായാൽ ആ രീതിയിൽതന്നെ അനുകൂലിക്കാം" എന്നാണ്.

മി. എൻ. കുമാരൻ (നിയമിച്ചമെംബർ) : അദ്ദേഹത്തിന്റെ പ്രസംഗത്തിൽ താഴെ പറയുന്ന ഭാഗംകൂടി ഉണ്ടു.

തന്റെ സമുദായപ്രതിനിധി എന്ന നിലയിൽ എന്റെ സ്നേഹിതനായ മി. കുമാരനാശാൻ അദ്ദേഹത്തിനു അതിലുള്ള വ്യവസ്ഥകളെപ്പററി തൃപ്തിയാണെന്നു പറയുന്നു. ആ സമുദായത്തിലുള്ള ഏതെങ്കിലും ഒരു ഭാഗക്കാർതന്നെ ബില്ലിനെപ്പറ്റി പൊതുവെയോ അതിലുള്ള വ്യവസ്ഥകളെപറ്റിയോ അതൃപ്തിയുള്ളതായി ഞാൻ കേട്ടില്ല.

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഇപ്പോൾ പറഞ്ഞതു വാസ്തവമാണു. അക്കാലത്താകുംതന്നെ ആ ബില്ലിനെ സംബന്ധിച്ചു പ്രതിഷേധിച്ചവരായി എനിക്കു അറിവില്ലായിരുന്നു. ബിൽ കൌൺസിലിൽ കൊണ്ടുവന്നശേഷമേ അപ്രകാരം പ്രതിഷേധങ്ങൾ ഉണ്ടായിട്ടുള്ളു.

മി. എൻ. കുമാരൻ (നിയമിച്ചമെംബർ): അക്കാലത്തേതെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നോ?

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : കൌൺസിലിൽ ബിൽ കൊണ്ടുവന്ന ശേഷമേ അഭിപ്രായവ്യത്യാസം ഉള്ളതായി കാണപ്പെട്ടിട്ടുള്ളു. കൌൺസിലിൽ ബിൽ കൊണ്ടുവന്നപ്പോൾ തന്നെ ഞാൻ പറഞ്ഞതു മറ്റു സംഗതികളെ ആലോചിക്കാതെ സംസാരിക്കുന്നതായാൽ ബില്ലിന്റെ ചില വ്യവസ്ഥകളെപറ്റി ഈ പതനത്തിൽ ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കുമായിരുന്നു എന്നത്രേ. മറ്റു കാര്യങ്ങളെ ആലോചിക്കാതെ പറയുന്നതായാൽ നടപ്പിൽ വരുത്തീട്ടുള്ള വ്യവസ്ഥകൾ ബിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായിരുന്ന വ്യവസ്ഥകൾതന്നെ അല്ലാ. എന്നാൽ ആദ്യം കൊണ്ടുവന്ന ബില്ലിൽ തായ്വഴി ഭാഗമാണു വ്യവസ്ഥ ചെയ്തിരുന്നതു. എന്നാൽ ഇപ്പോൾ നടപ്പാക്കിയ ബില്ലിൽ ആളോഹരി ഭാഗമാണു അനുവദിച്ചിട്ടുള്ളതു. ഇവ തമ്മിൽ വളരെ വ്യത്യാസം ആണ് ഉള്ളതു. മക്കത്തായം അനുഭവിക്കുന്നവർക്കു തായ്വഴി ഭാഗം ആണ് യോജിച്ചതെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ആളോഹരി ഭാഗത്തിനെ അനുവദിക്കാൻ പാടില്ല. അതിനെപററിയുള്ള ചുമതല സെലക്ട് കമ്മിററിക്കാണ്.

മി. എൻ. കുമാരൻ (നിയമിച്ചമെംബർ): അദ്ദേഹം ആളോഹരിഭാഗത്തിനെപററി പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ചോ?

പ്രസിഡന്റ്. പലസംവത്സരങ്ങൾക്കുമുമ്പു എന്തു പറഞ്ഞു എന്നതിനെപ്പററി വീണ്ടും എടുത്തുപറഞ്ഞിട്ടാവശ്യം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു. ഇപ്പോഴത്തെ വിവാദവിഷയത്തിൽ അതു സംബന്ധപ്പെട്ടതല്ല.

മി. കല്ലറ പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മുമ്പിലിരുന്നപോലെതന്നെ ഇരിക്കണമെന്നാഗ്രഹിക്കുന്ന അറിവില്ലാത്തവരും തങ്ങളുടെ സങ്കടങ്ങളെ അറിയിക്കാൻ ശക്തിയില്ലാത്തവരുമായ ജനങ്ങളെ ഈ റഗുലേഷനിൽനിന്നും ഒഴിവാക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്നതിനു നിർബന്ധിക്കുന്നതിനേക്കാൾ മി. കുമാരന്റെ കക്ഷിയിലുള്ളവർ സംസ്കാരം സിദ്ധിച്ചവരായിരിക്കുന്ന സ്ഥിതിക്കു അവർ മുമ്പോട്ടുവന്നു തങ്ങളെ റഗുലേഷൻ ബന്ധിക്കത്തക്ക നിലയിൽ പ്രഖ്യാപനം ചെയ്യുന്നതിനു ആവശ്യപ്പെടുന്നതാണ് അധികം ന്യായവും സൌകര്യവും എന്നു ഞാൻ മുമ്പുതന്നെ പറഞ്ഞു. സംസ്കാരമുള്ളവരുടെ അവകാശവും ചുമതലയും മുന്നണിയിൽ പ്രഖ്യാപനം ചെയ്തു റഗുലേഷൻ സ്വീകരിക്കുകയില്ലയോ. സമുദായത്തിലെ സംസ്കാരമുള്ള കക്ഷിക്കാരായിട്ടുകൊണ്ടു തങ്ങൾക്കു സ്വല്പം ബുദ്ധിമുട്ടു സഹിച്ചെങ്കിലും അവർ മുമ്പോട്ടുവന്നു റഗുലേഷനിൽ ഉൾപ്പെടുന്നതല്ലയോ അവരുടെ കർത്തവ്യം?

വിദ്യാഭ്യാസവും കാര്യജ്ഞാനവും ഇല്ലാത്തവരെ മുമ്പോട്ടുവന്നു റഗുലേഷനിൽനിന്നും ഒഴിയുന്നതിനായി രജിസ്റ്റർ ചെയ്യുന്നതിനു നിർബന്ധിക്കുന്നതു ശരിയാണോ? ഈ സംഗതിയെപ്പററിമാത്രമാണ് സഭയിൽ നിന്നും ആലോചിക്കേണ്ടതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സമുദായത്തിലെ സംസ്കാരമുള്ള ആളുകൾ അറിവില്ലാത്തവരുടെ നേതൃത്വംവഹിക്കണമെന്നു മി. പരമേശ്വരൻപിള്ള പറയുന്നുവോ?

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അറിവില്ലാത്തവർ വഴിതെററിപ്പോകുകയാണെങ്കിൽ സംസ്കാരമുള്ളവർ അതിനെ ശരിപ്പെടുത്തുന്നതിനു ചുമതലപ്പെട്ടവരല്ലയോ?

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതേ, എന്നാൽ ഈ കാര്യത്തിൽ ആരുടെ അഭിപ്രായമാണ് ശരി ആരുടെ അഭിപ്രായമാണ് തെററ എന്നുള്ളതിനെപ്പററി തർക്കം ഉണ്ടു. എന്നാൽ സാമാജികൻ മി. കുമാരന്റെ സംഘക്കാർക്ക് സംസ്കാരം ഉണ്ടെന്നുള്ള അവകാശം പുറപ്പെടുവിക്കുന്നതിനാൽ ആ സംഘക്കാർ മുമ്പിട്ടുവന്നു രജിസ്റ്റർചെയ്യണമെന്നു ഞാൻ പറയുന്നു. മി. കുമാരനും അദ്ദേഹത്തിന്റെ സമുദായത്തിലുള്ള പരിഷ്കാരികളും എത്രസമയം ആവശ്യപ്പെടുന്നുവോ അത്രയുംസമയം ഉപയോഗിച്ചു തങ്ങളുടെ സമുദായത്തിലുള്ള സാധാരണന്മാരെക്കൊണ്ടു സമ്മതിപ്പിച്ചു അവരുടെ നേതൃത്വംവഹിച്ചു റഗുലേഷൻ തങ്ങളെ ബന്ധിക്കത്തക്കവണ്ണം രജിസ്റ്റർചെയ്യിച്ചുകൊള്ളട്ടെ. അറിവുള്ളവരാണ് നേതൃത്വംവഹിച്ചു റഗുലേഷനിൽ ഉൾപ്പെടേണ്ടതു്. അല്ലാതെ രണ്ടോ പല നൂററാണ്ടുകളായി അനുസരിച്ചുവന്ന ഏർപ്പാടുകളിൽതന്നെ മേലിലും നിലനിൽക്കണമെന്നു ആഗ്രഹിക്കുന്ന പഠിപ്പില്ലാത്ത സാധുജനങ്ങളെ എല്ലാം മുമ്പോട്ടുവന്നു രജിസ്റ്റർചെയ്യുവാൻ ആവശ്യപ്പെടേണ്ടതു്. ഇപ്പോഴുള്ള റഗുലേഷൻ അനുസരിച്ചാകട്ടെ ഒട്ടുവിൽപ്പറഞ്ഞ കക്ഷിക്കാരാണ് രജിസ്റ്റർചെയ്യേണ്ടതു്. അല്ലാതെ പല നൂററാണ്ടുകളായി തങ്ങളെ ബന്ധിച്ചിരുന്ന ചട്ടം വ്യത്യാസപ്പെടാതിരിക്കുന്നതിനായി വിദ്യാവിഹീനരായ സാധുക്കൾ കച്ചേരികളിൽ ചെന്നു ബുദ്ധിമുട്ടുവാൻ ഇടയാക്കുന്നതു ശരിയല്ലാ. ഈ സംഗതിയെപ്പററി നിഷ്പക്ഷമായി ആലോചിച്ചു തീരുമാനിക്കേണ്ടതായ ഏകസംഗതിയെപ്പററിമാത്രം ചിന്തിക്കുന്നതിനു ഈ സഭാംഗങ്ങളോടു അപേക്ഷിച്ചുകൊള്ളുന്നു. കച്ചേരികളിൽ പോകേണ്ടതു് സംസ്കാരമുള്ളവരും പഠിപ്പുള്ളവരുമാണോ പഠിപ്പില്ലാത്തവരും അശക്തന്മാരുമാണോ എന്നാണ് ചിന്തിക്കാനുള്ളതു്.

പുതിയ റഗുലേഷൻ അനുസരിച്ചു രജിസ്റ്റർചെയ്യുന്നതിനുള്ള ബുദ്ധിമുട്ടു മി. കുമാരന്റെ കക്ഷിതന്നെ സഹിച്ചു അതിലെ വ്യവസ്ഥകളിൽ ഉൾപ്പെടണമെന്നു ഞാൻ പറയുന്നതിനു മറെറാരു കാരണമുണ്ടു. പല വർഷങ്ങളായി നടപ്പിൽ ഇരുന്ന ചട്ടം അനുസരിച്ചു മേലും വർത്തിക്കുന്നതിനു അനുവാദം കിട്ടുന്നതിനായി തന്റെ സമുദായത്തിലുള്ള സ്ത്രീകൾകൂടി കച്ചേരി കയറേണ്ടിവരുന്നതു വളരെ സങ്കടമാണെന്നു മി. പത്മനാഭൻ ഇന്നലെ പറഞ്ഞുവല്ലോ? അതുതന്നെയാണ് ഇന്നലെ വായിച്ച ഹർജിയിലും കാണുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറെറകക്ഷിയിലും സ്ത്രീകൾ ഇല്ലയോ (ചിരി).

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടു്. എന്നാൽ തന്റെ കക്ഷിയിലുള്ള സ്ത്രീപുരുഷന്മാർക്ക് കച്ചേരികളിൽപോകുന്നതിനു യാതൊരുവിരോധവും ഇല്ലെന്നു മി. കുമാരൻ സന്തോഷപൂർവം സമ്മതിച്ചിട്ടുണ്ടു. മി. കുമാരന്റെ വാക്ക സ്വീകരിക്കുവാൻ ഞാൻ ഒരുക്കമാണ്. റഗുലേഷൻ തങ്ങളെ ബന്ധിക്കാതെ ഇരിക്കുന്നതിനായി കച്ചേരികളിൽപോയി രജിസ്റ്റർചെയ്യുന്നതിനു വളരെ വൈമനസ്യവും വിരോധവും ഉള്ളവരാണ് ഒരുകക്ഷി. വേറൊരുകക്ഷിക്കുവേണ്ടി മി. കുമാരൻ തന്റെ സമുദായത്തിലുള്ള പുരുഷന്മാരും സ്ത്രീകളും റഗുലേഷൻ അനുസരിച്ചു രജിസ്റ്റർചെയ്തു റഗുലേഷനിൽ ഉൾപ്പെടുന്നതിനോ മറെറല്ലാ കാര്യത്തിനോ ആയി കച്ചേരികളിൽ ഹാജരാകുന്നതിൽ യാതൊരുവിരോധവും ഇല്ലെന്നു പറയുന്നു. ഇങ്ങനെയിരിക്കെ രജിസ്റ്റർചെയ്യാൻപോകുന്നതിനു യാതൊരുമടിയോ വിരോധമോ ഇല്ലാത്തകക്ഷിയെ അപ്രകാരം ചെയ്യുന്നതിനു ആവശ്യപ്പെടുന്നതല്ലയോ ന്യായം. കച്ചേരികളിൽപോയി റഗുലേഷൻ അനുസരിച്ചു രജിസ്റ്റർചെയ്യുന്നതു സങ്കടമാണെന്നുപറയുന്ന മറെറാരുകക്ഷിയെ കച്ചേരിയിൽപോയി റഗുലേഷനിൽനിന്നും ഒഴിയുന്നതിനായി രജിസ്റ്റർ ചെയ്യണമെന്നു ഈ സഭയിൽനിന്നു പറയുന്നതു ന്യായമാണോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മരുമക്കത്തായികളുടെ ഇടയിൽ റഗുലേഷനിലെ വ്യവസ്ഥകളെ സ്വീകരിക്കുന്നതിനു ആഗ്രഹമുള്ളവർ ഇല്ലയോ?

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടായിരിക്കാം. ഈ ഭേദഗതിബിൽ മരുമക്കത്തായികളെ സംബന്ധിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റഗുലേഷനിലെ വ്യാപ്തിയിൽനിന്നും ഒഴിയണമെന്നുപറയുന്ന മറെറകക്ഷിക്ക് അപേക്ഷിക്കാൻ എന്താണ് വിരോധം?

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അവരാണ് അറിവില്ലാത്തവരെന്ന് സമ്മതിച്ചിരിക്കുന്നതുകൊണ്ടു അവരുടെ സങ്കടങ്ങളെ ദയാപൂർവമായിട്ടു ആലോചിക്കണം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും); ഈ ബിൽ നിയമമാകുന്നപക്ഷം ഒരു തറവാട്ടിലെ ഭൂരിപക്ഷംആളുകൾ യോഗംചേരാതെ ന്യൂനപക്ഷം ആളുകളെ (ഇവർ ഒരു തായ്‌വഴിയും ആയിരിക്കും) നിർബന്ധിച്ചു സമ്മതിപ്പിക്കയില്ലയോ?

മി. കല്ലാവും പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ. ഈ ഭേദഗതിബിൽകൊണ്ടു അങ്ങനെ വരും. തറവാട്ടിലെ കാര്യങ്ങൾ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു നടക്കണമെന്നു ഏവരും സമ്മതിച്ചതായി കാണുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു സമുദായത്തിലെ ഭൂരിപക്ഷം ആളുകൾ ന്യൂനപക്ഷക്കാരെ നിർബന്ധിപ്പിക്കാൻ പാടില്ല എന്നുള്ള തത്വത്തിന് തറവാട്ടിലെ ഭൂരിപക്ഷംആളുകൾ ന്യൂനപക്ഷം ആളുകളെ നിർബന്ധിക്കുന്നതു വിപരീതമല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഈ ബില്ലു സെലക്ട് കമ്മററിയിൽനിന്നും പര്യാലോചിക്കുമ്പോൾ ആവശ്യമുള്ള ഭേദഗതി വരുത്തണമെന്നു സാമാജികൻ അഭിപ്രായപ്പെടാവുന്നതാണ്. തറവാട്ടിലെ എല്ലാ അംഗങ്ങളുടേയും സമ്മതിമാത്രമേ അപേക്ഷിക്കാവൂ എന്നു സാമാജികനു ഒരു ഭേദഗതി കൊണ്ടുവരാവുന്നതാണ്. അതിനെ സഭ ആലോചിക്കാൻ ഇടയുണ്ട്.

മി. എൻ. കുമാരൻ (നിയമിച്ചമെമ്പർ): മിശ്രവിവാഹക്കാരെ സംബന്ധിച്ചിടത്തോളവും മരുമക്കത്തായം ഇപ്പോഴത്തെ റഗുലേഷൻ നമ്പൂതിരിമാർക്കു ബാധകമായ ഏതെങ്കിലും ഭേദഗതിക്കു അപേക്ഷിക്കാവുന്നതാണെന്ന് മിസ്റ്റർ കല്ലാലം പരമേശ്വരൻപിള്ളയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. മരുമക്കത്തായം താൻ മരണം വരെ ... രിക്കുന്നതായാൽ ഈ റഗുലേഷൻ അനുസരിച്ചുള്ള ഭേദഗതികൾ അവരുടെ സ്വത്തുക്കളെ സംബന്ധിക്കുന്നതെന്നു അയാൾക്കു അപേക്ഷിക്കാം. അതുകൊണ്ടു സ്വീകരിക്കുന്ന പദ്ധതികളിൽ പോയി അപേക്ഷ ബോധിപ്പിക്കേണ്ട ആവശ്യം ഒട്ടുംതന്നെയില്ലാ.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): എന്നാൽ ഭാഗവും മിസ്റ്റർ പത്മനാഭന്റെ കക്ഷിക്കാർക്കു വിരോധമുണ്ട്. ആ വ്യവസ്ഥയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതു ഈ റഗുലേഷനിൽനിന്നും ഒഴിക്കണമെന്നുള്ളതിനെക്കുറിച്ചു വളരെ ചിന്തിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു സംസ്കാരമുള്ളവരായി മിസ്റ്റർ കുമാരന്റെ കക്ഷിക്കാർ ഈ വ്യവസ്ഥകളെ തങ്ങളിൽ ബന്ധിപ്പിക്കുന്നതിനായി കുറച്ചു ബുദ്ധിമുട്ടു സഹിക്കുന്നതിനു തയ്യാറായിരിക്കേണ്ടതാണെന്നത്രേ ഞാൻ അഭിപ്രായപ്പെടുന്നതു. ആ കക്ഷികൾ അങ്ങിനെപ്പോഴുള്ള നിയമത്തെ ഭേദപ്പെടുത്തണമെന്ന ആഗ്രഹം ഉള്ളതു ഇതിനെ ഒരു പ്രത്യേക കാരണം ആണ്. അതുകൊണ്ടു ന്യായം നോക്കിയാലും കാര്യനഷ്ടമാക്കിയാലും മി. കുമാരന്റെ കക്ഷിക്കാരാണ് മുമ്പോട്ടു വന്നു ഈ റഗുലേഷൻ അനുസരിച്ചു രജിസ്റ്റർ ചെയ്തു അതിൽ ഉൾപ്പെടുവാൻ ആവശ്യപ്പെടേണ്ടതെന്നു എനിക്കു തോന്നുന്നു. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വം അതുതന്നെ. ആ സംഗതിയെപ്പറ്റിമാത്രം ആണു ഇവിടെ തീരുമാനിക്കേണ്ടതു.

ഈ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പു ഈ ബില്ലിനു എതിരായി പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളിൽ ചിലതിനു ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നു. നാളതുവരെ ഒരു മിശ്രമായിട്ടുപോലും ഈ റഗുലേഷനിൽനിന്നും ഒഴിവാക്കണമെന്നു അപേക്ഷിച്ചിട്ടില്ലെന്നാണ് ഒരു ആക്ഷേപം. ഈ ബില്ലു ഈ സഭയിൽ കൊണ്ടുവരുന്നതുവരെ നടന്ന സംഗതികളെപ്പററി അറിയാവുന്ന ഒരുവനു ഇതുവരെ റഗുലേഷനിൽനിന്നും ഒഴിവാക്കണമെന്നു അവർ അപേക്ഷിക്കാത്തതു മനുഷ്യസ്വഭാവത്തിനു അനുയോജ്യമായിട്ടാണെന്നു തോന്നും. ഈ റഗുലേഷൻ നടപ്പിൽ വന്നു ഉടനെ ഈ സഭയിലെ ൧൧ ബഹുമാനപ്പെട്ട സാമാജികന്മാർ ഇപ്പോൾ ഈ സഭയിൽനിന്നും പരിഗണിക്കുന്ന ഭേദഗതി ബില്ലിന്റെ രീതിയിൽ ഒരു നിയമം പാസാക്കണമെന്ന് ഗവണ്മെന്റിനോടു അടിയന്തിരമായി അപേക്ഷിച്ചു. അതിനുശേഷം നിയമപ്രകാരം ഉള്ള വ്യവസ്ഥകൾ അനുസരിച്ചുവേണ്ട ഒരു ബിൽ പാസാക്കാതെതന്നെ ഒരു ബിൽ ഉണ്ടാക്കുവാൻ ഗവണ്മെന്റു അവസരം അനുവദിച്ചു. അപ്രകാരം ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ബിൽ കൊണ്ടുവരുന്നതിനുമുമ്പുതന്നെ പ്രതിഷേധസംഘക്കാർ നിയമം ഭേദപ്പെടുത്തുന്നതിനു വേണ്ട നടപടികൾ തുടങ്ങി. മിക്കവാറും അതുകൊണ്ടായിരിക്കണം അവർ റഗുലേഷനിൽനിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കാത്തതു. ഇതു ശരിയായ മനുഷ്യസ്വഭാവത്തിനു ഉത്തമം ആകുന്നു.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): കൌൺസിലിൽ ഈ ബിൽ പാസ്സാകുമെന്നു അവർക്കു നിശ്ചയമുണ്ടായിരുന്നോ?

മി. കല്ലാലം പരമേശ്വരപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഈ സഭയിലെ ൧൧ സാമാജികന്മാർ ധൃതിയായി ഒരു ചട്ടം പാസ്സാക്കണമെന്ന് ഗവണ്മെന്റിനോടു അപേക്ഷിച്ചപ്പോൾ കൌൺസിലിൽ തന്നെ ആ നിയമം പാസ്സാകുമെന്നു ജനങ്ങൾക്കു വിശ്വസിക്കുവാൻ മതിയായ കാരണം ഉണ്ടായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): ൧൧ പേരാണോ ഈ കൌൺസിലിലെ ഭൂരിപക്ഷം അംഗങ്ങൾ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അവർ ഭൂരിപക്ഷം അംഗങ്ങൾ അല്ലാ ആയിരിക്കണമെന്നും ഇല്ലാ. ഈ സഭയിലെ ൧൧ സാമാജികന്മാർ ഈ ബില്ലു അനുവദിക്കേണ്ടതാണെന്നു കാണിച്ചു കൊണ്ടുവന്നപ്പോൾ മിശ്രവിവാഹിതർക്കു വരാവുന്ന ആശ—

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അന്നുകൊണ്ടുപോകുന്ന നടക്കുന്ന കാര്യങ്ങളെപ്പററി ഈ ആളുകൾ ഒട്ടുംതന്നെ അറിവില്ലാത്തവരല്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഈ സംഗതിയെപ്പററി നേതാക്കന്മാർക്കു അറിവില്ലാതില്ല. മിശ്രവിവാഹിതരെല്ലാം അറിവില്ലാത്തവരെന്നു ഞാൻ പറഞ്ഞില്ല. അതിൽ അധികം ആളുകൾക്കും അറിവില്ലാത്തവരെങ്കിലും അവരുടെ നേതാക്കന്മാരായി ചിലർക്കു് അറിവുള്ളതിൽ ഈ ബില്ലു ഹാജരാക്കുന്നതിനു ഇടവരികയില്ലായിരുന്നു.

മി. എൻ. കുമാരൻ (നിയമിച്ചമെമ്പർ): ഈ റഗുലേഷൻ നടപ്പിൽവരുത്തുന്നതിനുമുമ്പു ബിൽ കൊണ്ടുവന്നതിനു ശ്രമിച്ച ആളുകൾ ഈ രണ്ടുലക്ഷം മിശ്രവിവാഹിതരെ ഇതിനെപ്പററിയുള്ള സംഗതികൾ എങ്ങനെ മനസ്സിലാക്കി.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അവരെ മനസ്സിലാക്കി എന്നു ആരാണ് പറയുന്നതു. അവർ പ്രായേണ ഇതിനെപ്പററി എല്ലാംതന്നെ അറിയാതെ സുഖിച്ചിരിക്കുക ആയിരിക്കാം. നമ്പൂതിരിമാരെപ്പററിയാകട്ടെ ഈ ശ്രമങ്ങളെപ്പററിയാകട്ടെ അവർക്കു പ്രായേണ ഒരു അറിവുമില്ല. ചിലർ മിശ്രവിവാഹം വേണമെന്നു പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആരുംതന്നെ നമ്പൂതിരിമാരനുസരിച്ചു രജിസ്റ്റർ ചെയ്യാത്തതു ഉത്തമമായ ഒരു നിയമം നടപ്പിൽ വരണമെന്നുള്ള ആശയംകൊണ്ടായിരിക്കാം. അതുകൊണ്ടു ഈ ആളുകൾ മുമ്പോട്ടുവന്നു് രജിസ്റ്റർ ചെയ്യാത്തതു വിപരീതമായി വിചാരിക്കാൻ പാടില്ല എന്നാണ് പറയുന്നതു. എന്തെന്നാൽ അവർ മററു വിഷയത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കയായിരുന്നു.

മി. ആർ. പത്മനാഭൻ (നിയമിച്ചമെമ്പർ): ൧൧൦൭-ലെ നമ്പൂതിരി റഗുലേഷൻ അനുസരിച്ചു ഒഴിവാക്കണമെന്നുള്ള അപേക്ഷയെപ്പററി ഗവണ്മെന്റിൽനിന്നും വല്ല ഉത്തരവും ഉണ്ടായിട്ടുണ്ടോ?

മി. കല്ലറം പരമേശ്വരൻപിള്ള (അക്ടിംഗ് അഡിഷനൽ ഹെഡ്സെക്രട്ടറി): ഞാൻ ഇപ്പോൾ ഗവൺമെന്റിന്റെ പ്രതിനിധി ആയി സംസാരിക്കയല്ല.

ബില്ലിനു ഏറ്റവും ഗൌരവമായ ആക്ഷേപം പറഞ്ഞതു മിശ്രദായവും അവിഭക്തതയും നിലനിറുത്തണമെന്നു ആഗ്രഹിക്കുന്ന ആളുകൾ റഗുലേഷൻ അനുസരിച്ചു ഈ പ്രസ്താവന ചെയ്യണമെന്നു കൌൺസിലിൽനിന്നും തീരുമാനിച്ചു എന്നാണ്, ആ സംഗതിയെപ്പറ്റി എല്ലാ വിധത്തിലുമുള്ള ആലോചനകൾ നടന്നുകഴിഞ്ഞു എന്നും കൌൺസിലിൽനിന്നും വീണ്ടും ഈ സംഗതിയെപ്പറ്റി ഇപ്പോൾ ആലോചിക്കാവുന്നതല്ലെന്നും വീണ്ടും ആ തീരുമാനത്തെ ഭേദപ്പെടുത്തുന്നതു ശരിയല്ലെന്നും ഡാക്ടർ കണ്ണൻപിള്ള പറഞ്ഞു. മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനവും ഇതുതന്നെ ആണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ആക്ഷേപത്തിനു ശരിയായ സമാധാനം പറയുന്നതിനു എനിക്കു സാധിക്കുന്നപക്ഷം അവരുടെ പ്രസംഗത്തിൽ ബില്ലിനു എതിരായി അഭിപ്രായം പുറപ്പെടുവിച്ചിരുന്നാലും ബില്ലിനു അനുകൂലിച്ചു വോട്ടുചെയ്യുമെന്നു ഞാൻ ആശിക്കുന്നു.

കഴിഞ്ഞ സഭയിലെ ഈഴവമെമ്പറായ മിസ്റ്റർ പരമേശ്വരൻ ഈ ബില്ലിനു വിഷയമായ ഭേദഗതി വരുത്തണമെന്നുള്ള പ്രമേയം ഹാജരാക്കി, എന്നാൽ അതിന്റെ ഗുണദോഷങ്ങളെ ചിന്തിക്കയോ അതിനെ സ്വീകരിക്കയോ ചെയ്തില്ല. ഇതു സാങ്കേതികമായ ഒരു തടസ്സം മാത്രം അടിസ്ഥാനമാക്കിയാണ്. ഈ ഹാളിൽ മി. കെ. ജി. ശേഷയ്യരുടെ അഗ്രാസനാധിപത്യത്തിൽ നടന്ന ഒരു പൊതുജനയോഗത്തിന്റെ ഫലമാണ് ഈ ഭേദഗതി എന്നു നാം ഓർമ്മിക്കേണ്ടതാണ്. ആ പൊതുജനയോഗത്തിൽ നടപ്പായ പ്രമേയങ്ങളും ഈ കൌൺസിലിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയും ഒരേ രീതിയിൽ തന്നെ ആണ്, എന്നാൽ [illegible] ഈഴവമെമ്പർ കൌൺസിലിൽ രണ്ടാമത്തെ തവണ വായിച്ചുകഴിഞ്ഞു. ബില്ല് മൂന്നാമത്തെ തവണ [illegible] കൌൺസിലിൽ കൊണ്ടുവന്നപ്പോൾ മിസ്റ്റർ പരമേശ്വരന്റെ ഭേദഗതികളെ ബില്ലിൽ ഉൾപ്പെടുത്താഞ്ഞതു എന്താണെന്നു അദ്ദേഹം മിസ്റ്റർ നമ്പ്യരോടു ചോദിച്ചു. ഈഴവരുടെ പൊതുജനയോഗത്തിൽ സ്വീകരിച്ചു എന്നും ഈ പ്രമേയം ആ കൂട്ടത്തിൽ അയച്ചിട്ടുള്ള ഹർജിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും മിസ്റ്റർ പരമേശ്വരൻ മിസ്റ്റർ നമ്പ്യരോടു പറഞ്ഞു. ഈ ഭേദഗതി എതിരഭിപ്രായമുള്ള വിഷയമായതുകൊണ്ട് ബില്ല് മൂന്നാമത്തെ തവണ വായിക്കുന്ന ഘട്ടത്തിൽ ആ ഭേദഗതി സ്വീകരിക്കയോ, കൌൺസിലിൽ ഹാജരാക്കുകയോ ചെയ്യുന്നതല്ലെന്നു മിസ്റ്റർ നമ്പ്യർ പറഞ്ഞു. ആ സംഗതിയെപ്പറ്റി കൌൺസിൽ നടപടിയിൽ ഉള്ള ഭാഗത്തെ വായിക്കുന്നതിനു സഭയിൽനിന്നും എന്നെ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ബില്ലിന്റെ ചുമതല വഹിച്ചുവന്ന സാമാജികനായ മിസ്റ്റർ നമ്പ്യർ മൂന്നാമത്തെ പ്രാവശ്യം സഭയിൽ വായിക്കുന്ന കാലത്തു താഴെ പറയും പ്രകാരം പറഞ്ഞു.

“പ്രമാണം [illegible] ബില്ലിൽ നമ്മൾ കല്പിച്ചിരിക്കുന്ന [illegible] സ്വത്തുക്കളിലും കൊടുക്കേണ്ടതായ [illegible] സംഗതിയെക്കുറിച്ചു വിപരീതാഭിപ്രായക്കാരാണെന്നു ഈ സഭയ്ക്കു [illegible] ആവശ്യം ഉണ്ടായിട്ടുള്ളതായി എനിക്കു സമ്മതിക്കാതെ തരമില്ല. ഭൂരിപക്ഷക്കാരുടെ ഇഷ്ടപ്രകാരം ചെയ്യണമെന്നുള്ളതാണ് എന്ന ധാരണയാൽ ഈ വകുപ്പു നടപ്പിലാക്കി. ന്യൂനപക്ഷക്കാർ ആവശ്യപ്പെടുന്നപക്ഷം അതിൽനിന്നും ഒഴിയുകയും ചെയ്യാം. പ്രത്യേകമിച്ചുകൂടാതെ അധികാരം സിദ്ധിക്കുന്നവർക്കു ഒരു തലമുറമാത്രമായിട്ടും ഇതിൽനിന്നും ഒഴിയാവുന്നതാണ്. ഒരു കുടുംബത്തിലെ പ്രായപൂർത്തിവന്ന അംഗങ്ങളുടെ ഭൂരിപക്ഷസമ്മതത്തോടുകൂടി തറവാട്ടിനും അതിൽനിന്നും ഒഴിയാവുന്നതാണ്. നമ്മുടെ മുമ്പാകെ ഇപ്പോഴുള്ള ഏക ചോദ്യം—മി. കുമാരന്റെ പക്ഷമാണോ ഭൂരിപക്ഷം—അതോ മി. പരമേശ്വരന്റെ പക്ഷമാണോ എന്നതാണ്. മി. കുമാരന്റെ പക്ഷമാണ് ഭൂരിപക്ഷം എന്നുള്ള ഊഹത്തോടുകൂടിയാണ് നാം ആരംഭിച്ചിട്ടുള്ളത്. സാധാരണ ചട്ടപ്രകാരം ന്യൂനപക്ഷക്കാർക്കു ഒഴിയത്തക്കവിധത്തിൽ ഭൂരിപക്ഷക്കാർക്കുവേണ്ടി നാം ചട്ടങ്ങളുണ്ടാക്കേണ്ടതാണ്. പക്ഷേ മി. പരമേശ്വരന്റെ പക്ഷം ഭൂരിപക്ഷമായിരിക്കാം. നമുക്കു അതിനെപ്പറ്റി ഒന്നും നിശ്ചയമില്ല. എങ്ങനെ ആയാലും ഈ ബിൽ ചട്ടമായി തീരുന്നപക്ഷവും കാലാന്തരത്തിൽ [illegible] ഭേദഗതി [illegible] ഈ സഭ [illegible] ഞാൻ വിശ്വസിക്കുന്നു. ഗവൺമെന്റിന്റെ ഒരു സാമുദായികബിൽ ഈ സഭയിൽ നടപ്പിലാക്കിയാലും തള്ളപ്പെട്ടാലും അതിനെപ്പറ്റി [illegible] ഇല്ല. [illegible] സഭയുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അതുകൊണ്ടു ഈ സഭയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരംതന്നെ ഞാൻ നയിക്കപ്പെടുന്നതാണ്”.

പിന്നീടു ആ വാദപ്രതിവാദത്തിൽതന്നെ മി. നമ്പ്യർ ഇങ്ങനെ പറഞ്ഞു:—

“ബില്ലിൽ അനാവശ്യഭേദഗതികൾ വരുത്തിയ സ്ഥിതിക്കു എന്തുകൊണ്ടാണ് എനിക്കു സമാധാനം [illegible] ഗവൺമെന്റിനോടു അപേക്ഷിച്ചു റഗുലേഷനിലെ വ്യവസ്ഥകളിൽ [illegible] ചേർക്കുന്നതിനു ഉതകത്തക്കവണ്ണം ഒരു ഭേദഗതി ഉണ്ടാക്കിക്കൂടാത്തതെന്നു മി. പരമേശ്വരൻ എന്നോടു ചോദിച്ചു, പ്രതികൂലാഭിപ്രായമില്ലാത്തവിധത്തിൽ ഉള്ള ഭേദഗതികൾ ആയതുകൊണ്ടുമാത്രമാണ് അവ ചേർത്തിട്ടുള്ളത് എന്നേ എനിക്കു അദ്ദേഹത്തോടു പറയുവാനുള്ളു. അവയെപ്പറ്റി ആർക്കെങ്കിലും വിപരീതാഭിപ്രായമുണ്ടായിരുന്നെങ്കിൽ ഞാൻ ആ ഭേദഗതികൾ ചേർക്കയില്ലായിരുന്നു. മി. പരമേശ്വരൻ ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു വ്യവസ്ഥയെ മി. കുമാരനും മി. ഗോവിന്ദനും എതിർക്കുന്നതായി [illegible] ഗവൺമെന്റിനു [illegible] എനിക്കു തോന്നുന്നില്ല. അടുത്ത കൌൺസിലിൽ ഞാൻ ഒരു അനൌദ്യോഗസ്ഥാംഗമായിരിക്കയും അദ്ദേഹം എന്നെ ഈ ഭേദഗതിയുടെ ആവശ്യകതയെ ബോദ്ധ്യംവരുത്തുകയും ചെയ്യുന്നപക്ഷം എന്നാൽ കഴിയുന്നിടത്തോളം സഹായിക്കുന്നതാണെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു.

അച്ചടിച്ച പ്രൊസീഡിംഗ്സിൽ “അതിൽനിന്നും വിട്ടിട്ടുള്ള” എന്നാണ് കാണുന്നത്. “അതിൽ ചേർത്തിട്ടുള്ള” എന്നല്ല. എന്നാൽ അതു ഒരു തെറ്റാണ്. മേൽ പറഞ്ഞപോലെ ആണ് [illegible] ഇരുന്നതു എന്നുള്ള സംഗതിയിൽ മി. നമ്പ്യരും യോജിക്കുന്നു. അദ്ദേഹത്തിനോടു ഈ സംഗതിയെപ്പറ്റി ഞാൻ ചോദിച്ചു.

മി. വി. സ്വേളർ (ഗവമ്മെന്റ നിയമനം): (ഉപാദ്ധ്യക്ഷൻ): അതു അപ്രകാരം ആണ്. അതിൽനിന്നും വിട്ടിട്ടുള്ള എന്നുള്ളത് (അതിൽചേർത്തിട്ടുള്ള) എന്നുള്ളതിനു പകരം പിശകായി എഴുതീട്ടുള്ളതാണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ ഭേദഗതി മുമ്പു കൊണ്ടുവരുന്നതിനു ശ്രമിച്ചു എന്നും രണ്ടാമത്തെ വായനകഴിഞ്ഞതുകൊണ്ടു അതിനെ സ്വീകരിച്ചില്ലെന്നും ഈ സഭയിൽനിന്നും മനസ്സിലാക്കാം. മി. കുമാരന്റെ പക്ഷക്കാർ ഭൂരിപക്ഷക്കാരാണെന്നുള്ള ധാരണയെ അടിസ്ഥാനമാക്കി പ്രവർത്തിച്ചതുകൊണ്ടു ബില്ലിന്റെ ചുമതല വഹിച്ചിരുന്ന മി. സ്വേളർക്ക് മി. പരമേശ്വരന്റെ ഭേദഗതിയെ സ്വീകരിക്കുന്നതിനു നിവൃത്തി ഇല്ലായിരുന്നു. ബിൽ മൂന്നാമത്തെ തവണ വായിക്കുന്ന പതനത്തിൽ ഒരുയത്നംകൊണ്ടു ഭേദഗതി കൌൺസിലിൽ ഹാജരാക്കുന്നതിനുക്കൂടി പാടില്ലായിരുന്നു.

മി. കെ. സി. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ വിഷയം കൌൺസിൽ മുമ്പാകെ ഹാജരാക്കാത്തതു എന്താണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സാങ്കേതികസംബന്ധമായ ഒരു കാരണത്താൽ അതങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. ബിൽ മൂന്നാമത്തെ തവണ വായിക്കുന്നകാലത്തു ഗവമ്മെന്റിനുമാത്രമെ ഭേദഗതി കൊണ്ടുവരാവു എന്നും സാമാജികന്മാർക്ക് ഭേദഗതി കൊണ്ടുവരാൻ പാടില്ലാ എന്നും ഉള്ളതു ഒരു സാധാരണ നടപ്പുള്ള നിയമമാണ്.

ഈ സംഗതിയെപ്പററി കൌൺസിലിൽനിന്നും ആലോചിച്ചുകഴിഞ്ഞു എന്നാണ് ഇപ്പോഴും വാദിക്കുന്നതു. എന്നാൽ നേരെമറിച്ചു സാങ്കേതികകാരണത്താൽ അതിനെപ്പററി ആലോചിക്ക ഉണ്ടായില്ലാ എന്നും ആവശ്യമുള്ളപക്ഷം ഈ സംഗതിയെപ്പററി അടുത്ത കൌൺസിലിൽ ആലോചിക്കാമെന്നുള്ള ഉറപ്പു അന്ന് കൊടുത്തിട്ടുണ്ടെന്നും കാണാവുന്നതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ റഗുലേഷനിലെ ൩൩-ാം വകുപ്പനുസരിച്ചു ഈഴവക്കാർക്കെങ്കിലും ബില്ലിൽനിന്നും ഒഴിയുന്നതിനു കഴിയുക ഇല്ലയൊ എന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു അങ്ങനെ വ്യവസ്ഥചെയ്യുന്നുണ്ട്. അതുകൊണ്ടാണ് ഈ ഭേദഗതിവിൽ ഇന്നു കൊണ്ടുവരുന്നതിനു ഇടയായതു്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ബില്ലിൽനിന്നും ഒഴിയാത്തപക്ഷം സമുദായത്തിനു ഹാനികരമായി എന്തെല്ലാം വ്യവസ്ഥകളാണു ഉള്ളതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ അതിനെപ്പററി പിന്നീടു പറയാം.

കൌൺസിലിൽനിന്നും ഈ സംഗതിയെപ്പററി ആലോചിച്ചു എന്നുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി ഈ ഭേദഗതിയെ അനുകൂലിച്ചു വോട്ടുചെയ്യുന്നതിനു ഏതെങ്കിലും സാമാജികന് തടസ്സം തോന്നുന്നപക്ഷം ഈ സംഗതിയെപ്പററി ഈ സഭയിൽ ആലോചിച്ചിട്ടില്ലെന്നു ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു ഇപ്പോഴത്തെ ബില്ലിലെ ഗുണദോഷങ്ങളെപ്പററി സഭാംഗങ്ങൾ ചിന്തിക്കാതിരിക്കരുതു്.

മി. കെ. സി. ജോസഫ് (മീനച്ചിലും-ദേവികുളവും): ൩൩-ാംവകുപ്പു മാത്രമാണൊ ശരിയായിട്ടാലോചിക്കാതെ ഇരുന്നിട്ടുള്ളതു്? അതോ ബില്ല് മുഴുവനും ശരിയായിട്ടാലോചിച്ചിട്ടില്ലയോ എന്നു എന്നോടു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോഴത്തെ ഭേദഗതിയോടു തുല്യമായി മിസ്റ്റർ പരമേശ്വരൻ കൌൺസിലിൽ ഹാജരാക്കുന്നതിനു ശ്രമിച്ച ഭേദഗതിയെപ്പററിയാണ് ശരിയായി ആലോചിക്കാത്തതു്.

കൌൺസിലിലെ കഴിഞ്ഞ യോഗമാണു അതിനുശേഷം ഉണ്ടായതു്. ഭേദഗതിപ്രമേയം നടപ്പാക്കണമെന്നു ഉദ്ദേശിക്കുന്നതു ന്യായവും യുക്തിയുക്തവും ആണെന്നും ഗവമ്മെന്റിൽനിന്നും അതു ഒരു ഭേദഗതിബില്ലായി ചേർക്കണമെന്നുകാണിച്ചു ഒരു ഹർജിയിൽ ഈ സഭയിലെ പതിനൊന്നു സാമാജികന്മാർ ഒപ്പിട്ട് മിസ്റ്റർ പരമേശ്വരന്റെ കക്ഷിയെ പിൻതാങ്ങി സഭയിൽ ഹാജരാക്കി. ഈ ബില്ലിനെ ഒരനൌദ്യോഗസ്ഥബില്ലായി കൊണ്ടുവരണമെന്നും ഗവമ്മെന്റിൽനിന്നും നിശ്ചയിച്ചു. അതിലേക്കു ഗവമ്മെന്റിൽനിന്നും പ്രത്യേകാനുവാദം വാങ്ങേണ്ട എന്നും തീരുമാനിച്ചു.

മേൽപറഞ്ഞ സംഗതികളുടെ ഫലമായി ഈ ബില്ല് ഈ കൌൺസിലിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. അതിനെപ്പററി ന്യായമായവിധത്തിൽ ആലോചിക്കേണ്ടതാണ്.

മി. എൻ. വി. ജോസഫ് (പറവൂർ): ഇപ്പോഴത്തെ റഗുലേഷനും ഭേദപ്പെടുത്തുന്ന ബില്ലിനും ഉള്ള വ്യവസ്ഥകളെ ആലോചിച്ചാൽ ഈഴവനിയമം ആകപ്പാടെ ഏകോപിക്കുന്നതിനു ഏതാണ് ഉപയുക്തമായിട്ടുള്ളതെന്നു മിസ്റ്റർ പരമേശ്വരൻപിള്ള പറയുമോ?

പ്രസിഡന്റ്: ആ സംഗതി ഈ വാദപ്രതിവാദത്തിൽ സംബന്ധിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല. ഇനിമേൽ ഏതെല്ലാം വകുപ്പുകളാണു ഉണ്ടാക്കുന്നതു് എന്നുള്ള സംഗതിയെപ്പററി ചോദ്യം ചോദിക്കാൻ പാടില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മിസ്റ്റർ പരമേശ്വരൻ ഹാജരാക്കുന്നതിനു ശ്രമിച്ച ഭേദഗതിയെ മിസ്റ്റർ കുമാരന്റെ കക്ഷി ഭൂരിപക്ഷക്കാരാണെന്നു ഗണിച്ചതിനാൽ മിസ്റ്റർ സ്വേളർക്ക് സ്വീകരിക്കാൻ പാടില്ലായിരുന്നു. ഒരു സാങ്കേതികകാരണത്താൽ സഭമുമ്പാകെ ഹാജരാക്കുന്നതിനു തരമില്ലായിരുന്നു. ബില്ല രണ്ടാമത്തെ പ്രാവശ്യം കൌൺസിലിൽ വായിച്ചപ്പോഴോ അതിനുമുമ്പോ ഭേദഗതി വരുത്തണമെന്നുള്ള പ്രമേയം ഹാജരാക്കാത്തതു എന്താണെന്നു ഒരു സാമാജികൻ ചോദിച്ചു. ഞാൻ അതിനു മറുപടി പറയുന്നതിനു തയ്യാറാണ്. ഈ ബില്ല് കൌൺസിലിൽ ഹാജരാക്കിയതുമുതൽ നടന്ന സംഗതികളെപ്പററി ആലോചിക്കുന്നതായാൽ അതിന്റെ ഉത്തരം സ്പഷ്ടമാകുന്നതാണ്. ബിൽ ആദ്യമായി കൌൺസിലിൽ കൊണ്ടുവന്നപ്പോഴും അതിൽ താലൂക്കിലോഗത്തോടുകൂടി മക്കത്തായവും ആണ് അടങ്ങിയിരുന്നതു്.

ഈഴവനിയമകമ്മിററി ശുപാർശചെയ്ത ബില്ലിൽ താവഴിഭാഗത്തോടുകൂടിയ മക്കത്തായമാണ് ഉണ്ടായിരുന്നതു്. അതിൽ ഒരു ബില്ലിലെ തത്വത്തിനെയാണ് കൌൺസിലിൽനിന്നും അംഗീകരിച്ചതു്. അതിനുശേഷം ഒരു സെലക്ട്കമ്മിററിയുടെ പര്യാലോചനയ്ക്കായി അയച്ചു. സെലക്ട്കമ്മിററിയുടെ റിപ്പോർട്ടിനുശേഷമാണ് രണ്ടാമത്തെ പ്രാവശ്യം വായിക്കുമ്പോൾ സഭയിൽനിന്നും ബില്ലിനെപ്പററി രണ്ടാമതു ആലോചിച്ചതു്. സെലക്ട് കമ്മിററി താവഴിഭാഗത്തെ ആളോഹരി ഭാഗമാക്കി. പുവടെയുള്ള ഈ മാററം കമ്മിററിയിൽനിന്നും മററുള്ളവരുടെ അറിവുകൂടാതെയാണ് ചെയ്തിട്ടുള്ളതു്. ആദ്യമായി ഡാക്ടർ കുഞ്ഞൻപിള്ളയാണ് ഈ ഭേദഗതി ചെയ്യണമെന്നു അഭിപ്രായപ്പെട്ടതെന്നു അദ്ദേഹം സഭയിൽ ഇന്നലെ പറഞ്ഞു. മിസ്റ്റർ പരമേശ്വരന്റെ കക്ഷി അതിനാൽ ജയപ്പെട്ടു. ബിൽ രണ്ടാമത്തെ പ്രാവശ്യം വായിച്ചപ്പോൾ മിശ്രമായികളെ ഈ ചട്ടത്തിൽനിന്നും തീരെ ഒഴിവാക്കണമെന്നു മിസ്റ്റർ പരമേശ്വരൻ അഭിപ്രായപ്പെട്ട വാസ്തവത്തിൽ ഏതാനും മിശ്രമായികൾ ആവശ്യപ്പെട്ടതുകൊണ്ടു എല്ലാ മിശ്രമായികളേയും ഒഴിവാക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടതു ബുദ്ധിപൂർവമല്ല. ഏതായാലും അദ്ദേഹത്തിന്റെ അപേക്ഷ കൌൺസിൽ സ്വീകരിച്ചില്ല. അതു അദ്ദേഹം പിൻവലിക്കുകയും ചെയ്തു എന്നാണ് ഞാൻ വിശ്വസിക്കുന്നതു.

മി. വി. സുബ്ബയ്യർ (നിയമിച്ചതു) (ഉപാദ്ധ്യക്ഷൻ): ബില്ലിന്റെ ഇപ്പോഴത്തെ നിലയ്ക്കു ആളോഹരി ഭാഗം അനുവദിച്ചിരിക്കുന്നതായി അദ്ദേഹം പ്രസ്താവിക്കുന്നതു എങ്ങിനെയാണെന്നു മി. പരമേശ്വരൻപിള്ളയോടു ചോദിച്ചുകൊള്ളട്ടെ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആ: അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ അതു പറയാം. ബില്ലിൽ പറഞ്ഞിരിക്കുന്ന ഭാഗം താവഴിഭാഗമാണെന്നു കാണാവുന്നതാണ്. അതായതു ഒരു പൂർവികയ്ക്കു ഒരു മകനും രണ്ടു പെൺമക്കളും അതിൽ പെൺമക്കൾക്ക ഓരോരുത്തർക്കും ഏതാനും കുട്ടികളും ഉണ്ടെങ്കിൽ ആ പൂർവികയുടെ ജീവതകാലത്തിലോ അല്ലെങ്കിൽ ആ ശേഷക്കാരുടെ അമ്മാവനായ അവളുടെ മകന്റെ ജീവിതകാലത്തിൽപോലുമോ ഭാഗം നടത്താൻപാടുള്ളതല്ല. ഈ രണ്ടുപേരുടേയും മരണാനന്തരം ഓരോ പുത്രിക്കും ഓരോ ഭാഗം മുഴുവനും കിട്ടത്തക്കവിധത്തിൽ അങ്ങിനെയിട്ട ഭാഗം അനുവദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഓരോ വ്യക്തികളുടെ അവകാശം പോകാതെ സ്വത്തുക്കൾ ഓരോ കൂട്ടക്കാരുടെ കൈവശത്തിൽ ആയിപ്പോകുന്നു. അതുകൊണ്ടു പൂർവികയായ ഒരു തറവാടിനു പകരം ഭാഗത്തിനുശേഷം രണ്ടു തറവാടുകൾ ഉണ്ടായിതീരുന്നു. എങ്കിലും സ്വത്തു ഒരു പൊതുസ്വത്തായി കിടക്കുന്നതേയുള്ളു. നേരെമറിച്ചു ആളോഹരിഭാഗത്തിൽ സ്വത്തു ഓരോ വ്യക്തികളുടെ കൈവശമായിത്തീരുന്നു. എങ്ങിനെയെന്നാൽ ഒരു പൊതുഅമ്മാവനോ അമ്മാവന്മാരോ ജീവിച്ചിരിക്കുമ്പോൾ അവർ ഓരോരുത്തർക്കും ആളോഹരി ഭാഗം നൽകുന്നു. ഈ വിധത്തിൽ സ്വത്തു ഓരോ പ്രത്യേക വ്യക്തികളുടെ കൈവശമായിത്തീരുകയും തറവാടു ഭിന്നിക്കുകയും പൊതുസ്വത്തു ഓരോരുത്തരുടെ സ്വന്തമായിത്തീരുകയുംചെയ്യുന്നു. ഈഴവ ബാകമ്മററിയാൽ ശിപാർശി ചെയ്യപ്പെട്ടിട്ടുള്ളതും ഒറിജിനൽബില്ലിൽ വ്യവസ്ഥപ്പെട്ടിട്ടുള്ളതുമായ ഭാഗപ്രകാരം തറവാട്ടുസ്വത്തു ഓരോ പ്രത്യേകവ്യക്തികൾക്ക അധീനമാകുവാൻ അനുവദിക്കപ്പെട്ടില്ല. തറവാടു ഭിന്നിക്കാൻ അനുവദിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ അവ ചെറിയ തറവാടുകളായിട്ടേ ആകുവാൻ പാടുള്ളു. ഇതാണ് ഈ രണ്ടു ഭാഗങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം. ഈ പ്രധാന വ്യത്യാസം സെലക്ട്കമ്മിററിയിൽനിന്നും ഗ്രഢമായി ഉൽഭവിച്ചതാണ്. അതു സെലക്ട്കമ്മിററിയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു പൊതുജനങ്ങളെ അറിയിച്ചതിനുശേഷമാണ് മി. പരമേശ്വരന്റെ കക്ഷികൾ ജയപ്പെട്ട ഈ പ്രക്ഷോഭണംതുടങ്ങിയതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ പരമേശ്വരൻ ആ കാരണത്താലാണോ ബില്ലിനെ എതിർത്തതെന്നു എനിക്ക അറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഭാഗവും മക്കത്തായവും അദ്ദേഹം എതിർത്തു. അദ്ദേഹത്തിന്റെ പ്രതിഷേധം ഇന്ന രീതിയിലാണെന്നു ഞാൻ ഖണ്ഡിച്ചുപറയുന്നില്ല. എന്നെസംബന്ധിച്ചിടത്തോളം മക്കത്തായം സഹിക്കത്തക്കതാണെന്നു ഞാൻ സമ്മതിക്കാം. നിസ്സഹായികളായ സ്ത്രീകൾക്ക രക്ഷാസ്ഥാനം ആയിരുന്ന തറവാട്ടു ഭിന്നിച്ചുപോകുന്നതുകൊണ്ടു മാത്രമാണ് സമുദായത്തിലുള്ളവർക്ക വ്യാകുലതയുണ്ടാക്കിയതു. തറവാട്ടിനെ മുൻപോലെ നിലനിറുത്തുന്നതിനു അത്യാവശ്യമായി ആണ് മക്കത്തായത്തെ എതിർത്തതും മിശ്രമായത്തിനെ നിയന്ത്രിക്കുന്നതിനു ശ്രമിച്ചതും എന്നെനിക്ക തോന്നുന്നു. മിശ്രമായം നടപ്പിൽ ഇരുന്നാൽ സമ്പാദ്യക്കാരന്റെ കററ സ്വത്തു തറവാട്ടിൽ ചേർക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനും ഉപയോഗപ്പെട്ടും. മിശ്രമായപ്രകാരം ഒരു പുരുഷന്റെ സമ്പാദ്യത്തിൽ ഒന്നുപകുതിയും വത്സാവകാശവും രണ്ടുംകൂടെ ഏകദേശം സമ്പാദ്യത്തിൽ പത്തിൽ ആറുഭാഗം മക്കൾക്കും ശേഷം തറവാട്ടിലേക്കും അതായതു സമ്പാദ്യക്കാരന്റെ അമ്മയ്ക്കും സഹോദരന്മാർക്കും അവരുടെ തായ്‌വഴിക്കും കിട്ടുന്നതാണ്.

മി. ജി. രാമൻമേനോൻ ([illegible]): തറവാട്ടിൽനിന്നും ആ സ്വത്തു വെളിയിൽകൂടി പോകയില്ലയോഎന്നു എനിക്ക അറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ); ആളോഹരിഭാഗം അനുവദിക്കുന്നപക്ഷം വെളിയിൽ പോകും. പൊതുവെ തറവാട്ടിനെ നിലനിറുത്തി പരിപാലിക്കുന്നപക്ഷം തറവാട്ടിലെ നിസ്സഹായികളായ സ്ത്രീകൾക്ക ഒരു രക്ഷാസ്ഥാനംആയ തറവാട്ടിലേക്ക സ്വത്തുക്കളിൽ ഒരംശം കൊടുക്കുന്നതു ന്യായമാണ്—മിസ്റ്റർ പരമേശ്വരന്റെ കക്ഷിക്കാർ ആളോഹരി ഭാഗത്തെ അതിനാൽ എതിർത്തു.

മി. ജി. രാമൻമേനോൻ ([illegible]): വാസ്തവത്തിലുള്ള ആക്ഷേപം ഭാഗത്തിനാണോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഭാഗത്തിനുമാത്രം അല്ല. ഭാഗത്തിനും അതിൽ അന്തർഭവിച്ചിരിക്കുന്ന മക്കത്തായത്തിനും ആക്ഷേപമുണ്ടു. ബില്ലു രണ്ടാംപ്രാവശ്യം കൌൺസിലിൽ വായിച്ചപ്പോൾ മിശ്രമായക്കാരെ ആകപ്പാടെ അതിൽനിന്നും ഒഴിക്കണമെന്നു മിസ്റ്റർ പരമേശ്വരൻ പറഞ്ഞതു ബുദ്ധിപൂർവകമല്ലാത്തതും കടന്ന ഒരു നടപടിയുമാണ്.

സഭയിൽനിന്നും ആ അഭിപ്രായത്തോടു യോജിച്ചില്ല. മിസ്റ്റർ പരമേശ്വരൻ തന്റെ പ്രമേയത്തെ പിൻവലിച്ചു. അതിനുശേഷമാണ് പൊതുജനങ്ങൾക്കു മുന്നറിവുകൂടാതെ ഇപ്പോഴത്തെ ൩൩-ാം വകുപ്പു ഹാജരാക്കിയതു. സഭയിലെ അംഗങ്ങൾക്കു മുറപ്രകാരം അല്ലാതെ സ്വല്പകാലത്തെ മുന്നറിവു കിട്ടിയിരിക്കാം എന്നു വിചാരിക്കുന്നു. നിയമത്തിലെ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന മറ്റെ കക്ഷിക്കാർ പ്രഖ്യാപനംചെയ്ത നിയമത്തിൽ ഉൾപ്പെടണമെന്നു വാദിച്ച മിസ്റ്റർ പരമേശ്വരൻ ഇതിനാൽ ഭ്രമിച്ചുപോയിരിക്കാം. ൩൩-ാം വകുപ്പു പെട്ടെന്നു നടപ്പാക്കിയതുകൊണ്ടു പൊതുജനങ്ങളുടെ ശ്രദ്ധക്കോ ഗുണദോഷനിരൂപണത്തിനോ വിഷയമായില്ല. മിസ്റ്റർ പരമേശ്വരൻ ൩൩-ാംവകുപ്പിനു നിസ്സംശയമായി വിപരീതാഭിപ്രായക്കാരനായിരുന്നു. എങ്കിലും തന്റെ കക്ഷിക്കാരോടു ആലോചിക്കുന്നതിനോ ൩൩-ാംവകുപ്പിന്റെ ഫലത്തെ സ്പഷ്ടമായി കാണുന്നതിനോ അദ്ദേഹത്തിനു അവസരമുണ്ടായിരുന്നിരിക്കാൻ ഇടയില്ല. മിശ്രദായക്കാരെ ആകപ്പാടെ ഒഴിവാക്കണമെന്നുള്ള ഭേദഗതിയെ തള്ളിക്കളഞ്ഞ ശേഷം ഭൂരിപക്ഷക്കാർ റിഫോംഷൻ അനുകൂലിക്കുന്നവരാണെന്നു കരുതി പൊതുജനങ്ങളുടെ അറിവുകൂടാതെ ബില്ലിനെസംബന്ധിച്ചു ചുമതലവഹിച്ച സാമാജികൻ ൩൩-ാംവകുപ്പു കൌൺസിലിൽ ഹാജരാക്കി. അതിനാൽ രണ്ടാംപ്രാവശ്യം ബില്ലു വായിച്ചശേഷം മിശ്രദായക്കാർ ൩൩-ാംവകുപ്പിനെസംബന്ധിച്ചു ക്ഷോഭംതുടങ്ങി. ഭൂരിപക്ഷം ആളുകൾ മിസ്റ്റർ പരമേശ്വരന്റെ കക്ഷിയല്ലെന്നു സ്ഥാപിക്കുന്നതിനു മിസ്റ്റർ പരമേശ്വരൻ ശ്രമിച്ചു. ൩൩-ാംവകുപ്പു പാസ്സാക്കുന്നതിനുമുമ്പു അതിനെസംബന്ധിച്ചു ക്ഷോഭംതുടങ്ങുന്നതിനു നിവൃത്തി ഇല്ലായിരുന്നു. ഹൈക്കോടതി ജഡ്ജിയും ദീർഘകാലം ഒരു വക്കീലും ആയിരുന്ന മിസ്റ്റർ കെ. ജി. ശേഷയ്യരുടെ ആനുകൂല്യം ലഭിക്കുന്നതിനു മിസ്റ്റർ പരമേശ്വരനു ഭാഗ്യം ഉണ്ടായി. ഹൈക്കോടതിയിലെ ജഡ്ജിയായിരുന്നതുകൊണ്ടല്ല അദ്ദേഹം ഇക്കാര്യത്തിൽ അനുകൂലിച്ചതു. അദ്ദേഹം വളരെക്കാലം തിരുവനന്തപുരം ജില്ലാക്കോടതിയിൽ വളരെ അസ്സൽകേസ്സുകൾ നടത്തിയ ഒരു വക്കീലാണ്. ഈഴവസമുദായത്തിലെ മിശ്രദായക്കാരുടെ ഇരിപ്പിടമായ തിരുവനന്തപുരം, ചിറയിൻകീഴ്, നെയ്യാറ്റിൻകര എന്നീത്താലൂക്കുകൾ തിരുവനന്തപുരം ജില്ലാക്കോടതിയുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ടതാണ്. ൨൫ വർഷകാലം അദ്ദേഹം പല കേസുകളും നടത്തിവന്നതിനാലും മിശ്രദായക്കാരിൽ പലരോടും അടുത്തു സഹവസിച്ചതിനാലും അവരുടെ മനോഗതങ്ങളും ആഗ്രഹങ്ങളും അദ്ദേഹത്തിനു മനസ്സിലായിരുന്നു. മിസ്റ്റർ കെ. ജി. ശേഷയ്യരുടെ ആഗ്രാസനാധിപത്യത്തിൽ നടന്ന യോഗത്തിൽ മിശ്രദായക്കാരായ ഈഴവർ ഇതിനെ സംബന്ധിച്ചുള്ള നിശ്ചയങ്ങൾ പാസ്സാക്കി.

മി. എൻ. കുമാരൻ (നിയമിച്ച മെംബർ): മക്കത്തായംവേണമെന്നു ആവശ്യപ്പെട്ട ഈഴവർ വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ മിസ്റ്റർ കെ. ജി. ശേഷയ്യർ ആഗ്രാസനം വഹിക്കുകയില്ലയോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): എനിക്കു അതു ഒന്നുംകൊണ്ടും നിശ്ചയമില്ല. ഏതായാലും അവരുടെ ഒരു യോഗത്തിൽ അദ്ദേഹം ആഗ്രാസനം വഹിച്ചില്ല.

മി. എൻ. കുമാരൻ (നിയമിച്ച മെംബർ)- ഭൂരിപക്ഷം ആളുകൾ മിശ്രദായം വേണമെന്നുള്ള അഭിപ്രായക്കാരാണെന്നു മിസ്റ്റർ കെ. ജി. ശേഷയ്യർ വിചാരിച്ചതുകൊണ്ടാണോ അദ്ദേഹം ആഗ്രാസനം വഹിച്ചതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): മിസ്റ്റർ കെ. ജി. ശേഷയ്യരെപ്പോലെ ഒരാളുടെ സഹായം മിസ്റ്റർ പരമേശ്വരനു കിട്ടിഎന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ഇപ്പോഴത്തെ ഭേദഗതിബില്ലിന്റെ രീതിയിൽതന്നെ ആ സഭയിൽ ഒരു നിശ്ചയം പാസാക്കി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭയിൽ ആഗ്രാസനംവഹിക്കുന്നതിനു മിസ്റ്റർ ശേഷയ്യരെ പ്രേരിപ്പിച്ച കാരണങ്ങൾ ഇന്നതാണെന്നു സാമാജികനു അറിവുണ്ടോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): മിശ്രദായികളോടുള്ള അനുകമ്പ അല്ലാതെ മററു യാതൊരുകാരണവും ഉള്ളതായി എനിക്കറിവില്ല.

മി. വി. സുബ്ബയ്യർ (നിയമിച്ച മെംബർ): (ഉപാദ്ധ്യക്ഷൻ) ഈ സഭയിൽ ആഗ്രാസനംവഹിച്ചതുകൊണ്ടു ഈ ഭേദഗതിയെ അനുകൂലിച്ചുഎന്നു മെംബർ പറയുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അതെ, അദ്ദേഹം മിശ്രദായത്തെ അനുകൂലിച്ചു പ്രസംഗിച്ചുഎന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ യോഗാനന്തരം മിശ്രദായികൾ കൂട്ടമായിച്ചേർന്നു ദിവാൻജിയെ സന്ദർശിച്ചു. അങ്ങനെ സന്ദർശിച്ചതു കച്ചേരിയിൽവച്ചു ഒരു ഞായറാഴ്ചദിവസം ആയിരുന്നു. ഈ നിശ്ചയങ്ങളെല്ലാം ഗവർമ്മെന്റിൽ സമർപ്പിച്ചു. എന്നാൽ മുൻപറഞ്ഞതുപോലെ ബില്ലിനെസംബന്ധിച്ചുള്ള ചുമതലവഹിച്ച ഗവർമ്മെന്റു മെംബർക്കു ആ ഭേദഗതി സ്വീകരിക്കുന്നതിനു തരംഇല്ലായിരുന്നു. ബിൽ മൂന്നാമത്തെപ്രാവശ്യം വായിക്കുമ്പോൾ തക്കതുള്ള പ്രമേയങ്ങളെ ഹാജരാക്കാൻ പാടില്ലാത്തതിനാൽ സമയോചിതമായി അദ്ദേഹത്തിനു അതു ഹാജരാക്കാൻ തരംഇല്ലാതിരുന്നു. മേൽപറഞ്ഞപ്രകാരം ആ ഭേദഗതിയെപ്പററി സഭയിൽനിന്നും ശരിയാകുംവണ്ണം ആലോചിച്ചിട്ടില്ല.

മി. വി. സുബ്ബയ്യർ (നിയമിച്ച മെംബർ): (ഉപാദ്ധ്യക്ഷൻ) ൩൩-ാംവകുപ്പു ഇല്ലാതിരിക്കുന്നതു നല്ലതാണെന്നു വിചാരിച്ചതുകൊണ്ടാണോ അതിനെ അവർ എടുത്തുകളയണമെന്നാവശ്യപ്പെട്ടതു അതോ അവർ വല്ല ദോഷവും വരുമെന്നു വിചാരിച്ചതുകൊണ്ടാണോ മററുപ്രകാരത്തിൽ പ്രവർത്തിച്ചതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അവർ ആ വകുപ്പിനെപ്പററി തൃപ്തിഇല്ലെന്നുമാത്രമേ എനിക്കു പറയാൻ തരമുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ പരമേശ്വരന്റേയും അദ്ദേഹത്തിന്റെ കക്ഷിക്കാരുടേയും അനവസരോഗത്തിലായിലുള്ള സമർപ്പണത്തിന്റെഫലം അല്ലയോ ൩൩-ാംവകുപ്പു എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): എന്റെ അറിവിൽപെട്ടിടത്തോളം അങ്ങനെഅല്ല. എന്തായാലും ൩൩-ാംവകുപ്പു അദ്ദേഹം സമ്മതിച്ചിട്ടില്ലെന്നുള്ളതു സ്പഷ്ടമാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഗതിയെപ്പററി കഴിഞ്ഞ കൌൺസിലിൽ തീരുമാനിച്ചിരുന്നാൽ ലാമെംബർ ഈ ബില്ല് വീണ്ടും പര്യാലോചിക്കണമെന്നു ശുപാർശചെയ്യുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ ഇപ്പോൾ നിയമസാമാജികനെന്നനിലയിലല്ല സംസാരിക്കുന്നതു. മുമ്പു ഈ സംഗതിയെപ്പററി സഭയിൽനിന്നും ആലോചിച്ചുകഴിഞ്ഞുഎന്നും അന്നുണ്ടായ തീരുമാനത്തെ ഇപ്പോൾ ഭേദപ്പെടുത്തുന്നതുശരിയല്ലെന്നുംഉള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി ഇവിടെ പ്രസംഗിച്ച സാമാജികന്മാർ മിസ്റ്റർ പത്മനാഭന്റെ പ്രമേയത്തെ എതിർക്കുകയും ചെയ്തു. അതിനാൽ ഈ സംഗതിയെപ്പററി കഴിഞ്ഞ കൌൺസിലിൽ വേണ്ടുംവണ്ണം ആലോചിച്ചിട്ടില്ലെന്നും അതിനെപ്പററി ആലോചിക്കുന്നതിനു ന്യായമായ സൌകര്യം കിട്ടീട്ടില്ലെന്നും സ്പഷ്ടമാക്കണമെന്ന് ആഗ്രഹിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനെ എതിർത്ത സാമാജികന്മാരെല്ലാം ഈ കാരണത്തെ അടിസ്ഥാനമാക്കി അല്ല എതിർത്തിട്ടുള്ളതു. രണ്ടു മൂന്നു സാമാജികന്മാർ മാത്രമേ ആ നിലയെ അവലംബിച്ചിട്ടുള്ളു എന്നും ഞാൻ ചൂണ്ടിക്കാണിക്കട്ടെ.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): എല്ലാവരും അക്കാരണത്തെ അടിസ്ഥാനമാക്കിയിട്ടില്ലായിരിക്കാം. എന്നാൽ പലരും ആ കാരണം പറഞ്ഞു. അതിനു സമാധാനം പറഞ്ഞുകഴിഞ്ഞു. സഭമുമ്പാകെ എല്ലാ സംഗതികളും പറയുന്നതു എന്റെ കർത്തവ്യം ആണു. ഭേദഗതി അടുത്ത കൌൺസിലിൽ ഹാജരാക്കിയാൽ അപ്പോൾ അതിനെപ്പററി ശരിയായി ആലോചിക്കപ്പെടുമെന്നും ഒരു വാഗ്ദത്തത്തിന്റെ രീതിയിൽ ഉള്ള സംഗതി ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞതല്ലേ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സഭയിലെ അഗ്രാസനാധിപതിയ്ക്കു റഗുലേഷൻ സംബന്ധിച്ചു എന്തെങ്കിലും ഭേദഗതി ഹാജരാക്കുന്നതിനു കഴികയില്ലായിരുന്നോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. അഗ്രാസനാധിപതിക്കു നിവൃത്തിയില്ല.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): ഞാൻ ഒരു വാഗ്ദാനം ചെയ്തു എന്നു സാമാജികൻ്റെ ഭാഗത്തെ അടിസ്ഥാനപ്പെടുത്തിയാണു പറയുന്നതു. ആ ഭാഗം സാമാജികൻ വായിച്ചുകേൾപ്പിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): വാഗ്ദാനത്തിന്റെ രീതിയിൽ ഉറപ്പുപറഞ്ഞു എന്നാണു ഞാൻ പറഞ്ഞതു.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): സാമാജികൻ ദയവുചെയ്തു ആ ഭാഗം വായിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ....ാം വകുപ്പു മിസ്റ്റർ സുബ്ബയ്യർ താഴെ പറയുംപ്രകാരം പറയുന്നു.

"മിസ്റ്റർ കുമാരന്റെ കക്ഷിയാണു ഭൂരിപക്ഷം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു നാം തുടങ്ങിയിട്ടുള്ളതു. സാധാരണയായി നാം ന്യൂനപക്ഷക്കാർക്ക് കഴിയുന്നതിനുള്ള അനുവാദത്തോടുകൂടി ഭൂരിപക്ഷം ആളുകൾക്കുവേണ്ടിയാണു നിയമം നിർമ്മിക്കേണ്ടതു. പക്ഷേ, മിസ്റ്റർ പരമേശ്വരന്റെ കക്ഷി ഭൂരിപക്ഷം ആയിരിക്കാം. അതേപ്പററി നമുക്കൊന്നും അറിഞ്ഞുകൂട. എങ്ങനെ ആയാലും ബിൽ ചട്ടമായിവരുന്നപക്ഷവും കാലാന്തരത്തിൽ ഒരു ഭേദഗതി ചെയ്യുന്നതിൽ നിന്നു ഈ കൌൺസിൽ തടയപ്പെടുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു സാമുദായിക ബില്ല് ഈ സഭയിൽ നടപ്പിലാക്കുകയോ തള്ളിക്കളകയോ ചെയ്യുന്നതിനെപ്പററി ഗവന്മെന്റിനു നോട്ടമില്ല എന്നും അതുകൊണ്ടു ഈ സഭയുടെ അഭിപ്രായപ്രകാരം തന്നെ ഞാൻ നയിക്കപ്പെടും എന്നും ഉള്ള സംഗതികൾ ഈ സഭയുടെ അറിവിനുവേണ്ടി ഞാൻ പറഞ്ഞുകൊള്ളുന്നു.

അതിനുശേഷം മിസ്റ്റർ സുബ്ബയ്യർ വീണ്ടും താഴെപറയുംപ്രകാരം പറയുന്നു.

"ബില്ലിൽ അനവധി ഭേദഗതികൾ വരുത്തിയസ്ഥിതിക്കു എന്തുകൊണ്ടാണു എനിക്കു ....ാം വകുപ്പു ഭേദപ്പെടുത്തി മിശ്രമായികൾക്കു ഗവന്മെന്റോടു അപേക്ഷിച്ചു റഗുലേഷനിലെ വ്യവസ്ഥകളിൽ ചേരുന്നതിനു ഉതകത്തക്കവണ്ണം ഒരു ഭേദഗതി ഉണ്ടാക്കിക്കൂടാത്തതു എന്നു മിസ്റ്റർ പരമേശ്വരൻ എന്നോടു ചോദിച്ചു. പ്രതികൂലാഭിപ്രായം ഇല്ലാത്ത വിധത്തിൽ ഉള്ള ഭേദഗതികൾ ആയതുകൊണ്ടുമാത്രമാണു അവ ചേർക്കപ്പെട്ടിട്ടുള്ളതു എന്നേ എനിക്കു അദ്ദേഹത്തോടു പറവാനുള്ളു. അവയെപ്പററി ആർക്കെങ്കിലും വിപരീതാഭിപ്രായം ഉണ്ടായിരുന്നെങ്കിൽ ഞാൻ ആ ഭേദഗതികൾ ചേർക്കയില്ലായിരുന്നു. മിസ്റ്റർ പരമേശ്വരൻ ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു വ്യവസ്ഥയെ മിസ്റ്റർ കുമാരനും മിസ്റ്റർ ഗോവിന്ദനും എതിർക്കുന്നതായി കാണുന്നസ്ഥിതിക്കു അതു ഗവന്മെന്റിൽനിന്നും ഹാജരാക്കുന്നതു യുക്തമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അടുത്ത കൌൺസിലിൽ ഞാൻ ഒരു അനദ്ധ്യോഗസ്ഥാംഗമായിരിക്കുകയും അദ്ദേഹം എന്നെ ഈ ഭേദഗതിയുടെ ആവശ്യകതയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നപക്ഷം എന്നാൽ കഴിയുംവണ്ണം സഹായിക്കുന്നതാണെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ച) (ഉപാദ്ധ്യക്ഷൻ): ആ വാഗ്ദാനം ഗവന്മെന്റിന്റെ പ്രതിനിധിയുടെ നിലയിലല്ലെന്നുള്ളതു സമ്മതിക്കപ്പെടുന്നോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഗവന്മെന്റിന്റെ പ്രതിനിധി ആയല്ല അപ്രകാരം പറഞ്ഞതെന്നു സമ്മതിക്കുന്നതിനു ഞാൻ തയ്യാറാണു. എന്നാൽ ബിൽ ചുമതലവഹിച്ച സാമാജികൻ മുൻപറഞ്ഞ രീതിയിൽ ആണു പറഞ്ഞതു.

മി. വി. സുബ്ബയ്യർ (നിയമിച്ച). (ഉപാദ്ധ്യക്ഷൻ): ഞാൻ അപ്പോൾ പറഞ്ഞതു ഇപ്രകാരമായിരുന്നു.

"ഞാൻ അടുത്ത കൌൺസിലിൽ ഒരു അനദ്ധ്യോഗസ്ഥ സാമാജികനായിവരുകയും അദ്ദേഹം അപ്പോൾ ഈ ഭേദഗതി അത്യാവശ്യമാകണമെന്നു എന്നെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നപക്ഷം എന്നാൽ കഴിയുന്ന വിധത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതാണ് എന്നു ഞാൻ പറയുന്നു."

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അതേ, അങ്ങനെതന്നെ.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ബിൽ അടുത്ത കൌൺസിലിൽ ആലോചനക്കു വിഷയമാകുമ്പോൾ ആ സംഗതിയെപ്പറ്റി ആലോചിക്കാമെന്നാണു മി: സുബ്ബയ്യർ പറഞ്ഞതു്.

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ); അതു വാസ്തവംതന്നെ. എന്നാൽ മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതിൽ ബിൽഹാജരാക്കാമെന്നും അപ്പോൾ അതിനെപ്പറ്റി ശരിയായി ആലോചിക്കപ്പെടാമെന്നും ഉള്ള അർത്ഥം അന്തർഭവിച്ചിരിക്കുന്നു. അല്ലെങ്കിൽ സഭയിലെ സാമാജികൻ എന്ന നിലയിൽ എങ്ങനെയാണു് മിസ്റ്റർ സുബ്ബയ്യരെ മനസ്സിലാക്കപ്പെടുന്നതു്. വാഗ്ദാനംചെയ്തു ബിൽ ഹാജരാക്കാൻ അനുവദിക്കാമെന്നും അപ്പോൾ അതിനെപ്പറ്റി ആലോചിക്കാമെന്നും ആണു ബില്ലു മൂന്നാമത്തെ പ്രാവശ്യം വായിക്കുന്നതിനു ചെയ്തു ഈ ഭേദഗതിയെപ്പറ്റി ശരിയായി ആലോചിക്കാൻ ഇടവന്നിട്ടില്ലാത്തതിനാൽ ആയിരിക്കണം ഇപ്രകാരം പറഞ്ഞതു്. ഇപ്പോൾ ആ ബില്ലു ഹാജരാക്കിയിരിക്കുമ്പോൾ അതിനെപ്പറ്റി മുമ്പുതന്നെ ആലോചിച്ചുകഴിഞ്ഞു എന്നുള്ള ആക്ഷേപം ആണു് പുറപ്പെടുവിക്കുന്നതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഭേദഗതിയെപ്പറ്റി മാത്രം വാദപ്രതിവാദം നടന്നില്ലെന്നാണോ മിസ്റ്റർ കല്ലാലം പരമേശ്വരൻപിള്ള പറയുന്നതു്. അതോ ന്നു-ാംവകുപ്പിനെപ്പറ്റി ആലോചിച്ചില്ലെന്നാണോ എന്നു എന്നോടു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ന്നു-ാംവകുപ്പു സഭയിൽ ഹാജരാക്കി സഭ അതിനെ അംഗീകരിച്ചു. എന്നാൽ മിസ്റ്റർ പരമേശ്വരൻ ആവശ്യപ്പെട്ട ഭേദഗതിയെ ന്നു-ാം വകുപ്പിനോടുകൂടി ഹാജരാക്കിയില്ല. അപ്രകാരം ഹാജരാക്കിയിരുന്നാൽ ഇവ രണ്ടിൽ ഏതു തൃപ്തികരമാകുന്നു എന്നു സഭയിൽനിന്നും തീരുമാനിക്കുമായിരുന്നു. ന്നു-ാംവകുപ്പുമാത്രം ആണു് പ്രതിഷേധിക്കുന്നവർക്കു രക്ഷാമാർഗ്ഗമായി ഹാജരാക്കിയതു്. അതിനെ സഭ സ്വീകരിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എല്ലാ ഭേദഗതികളും പൊതുജനങ്ങളെ അറിയിക്കുന്നതോ എന്നു മിസ്റ്റർ കല്ലാലം പരമേശ്വരൻപിള്ള പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഒരു നൂതനതത്വത്തെ അടിസ്ഥാനമാക്കി ഉള്ള ഭേദഗതികളെല്ലാം പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. നമ്മൾ ബില്ലും സിലക്ട്കമ്മിററി റിപ്പോർട്ടും അതിനാലാണ് പ്രസിദ്ധപ്പെടുത്തുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവ പരസ്യപ്പെടുത്തി പൊതുജനങ്ങളെ അറിയിക്കണമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അതു പൊതുജനങ്ങൾ അറിയത്തക്കവണ്ണം പരസ്യംചെയ്തു പൊതുജനങ്ങളുടെ ശ്രദ്ധക്കു വിഷയമാക്കണം എന്നാണു് വ്യവസ്ഥ. ഈ സംഗതിയെപ്പററി ഈ സഭയിൽനിന്നും ആലോചിച്ചു ഒരു തീരുമാനവും ഉണ്ടായിട്ടില്ല. അതിനാൽ ഇപ്പോൾ ഈ സഭയുടെ ആലോചനക്കു വിഷയമായിരിക്കുന്ന സംഗതിയെപ്പററി മാത്രം ചിന്തിക്കുന്നതായാൽ അതിനു വിഷയമായ കാര്യം ന്യായമാണെന്നുള്ളതായി കണ്ടാൽ മുമ്പു തീരുമാനിച്ച സംഗതിയാണെന്നുള്ള കാരണത്താൽ അതിനെ വോട്ടുചെയ്യുന്നതിനു സംശയിക്കരുതെന്നു ഞാൻ വീണ്ടും അപേക്ഷിക്കുന്നു.

എനിക്കു സമാധാനം പറയുന്നതിനു ഇനി ഒരാക്ഷേപം ഉണ്ടു്. നീതിന്യായക്കോടതിയിലെ ഒരു പുനർഹർജിയോടു ഈക്കാര്യത്തെ സാമ്യപ്പെടുത്തി മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ മുൻ തീർപ്പിനെ ഭേദപ്പെടുത്താവൂ എന്നു ചില സാമാജികന്മാർ പറഞ്ഞു. സിവിൽകോടതിയെ സംബന്ധിക്കുന്ന സിവിൽനടപടിയിലെ വ്യവസ്ഥകൾ ഈ സഭയെപ്പോലെയുള്ള ഒരു നിയമനിർമ്മാണസഭയെ സംബന്ധിക്കുകയില്ലെന്നു ഞാൻ പറയേണ്ട ആവശ്യം ഇല്ല. അതങ്ങിനെ ഇരിക്കട്ടെ. ഇപ്പോഴത്തെ കാരണങ്ങൾ പുനരായി കേട്ടു തീരുമാനിക്കുന്നതിനു മതിയായ കാരണങ്ങൾ അല്ലയോ എന്നു ഞാൻ സഭാംഗങ്ങളോടു ചോദിച്ചുകൊള്ളുന്നു. സാധാരണ പതിവുള്ള മുന്നറിവുകൂടാതെ ആണു് ന്നു-ാംവകുപ്പു നടപ്പിൽവരുത്തിയതു്. ഒരു സാങ്കേതികാക്ഷേപംനിമിത്തം ഈ ഭേദഗതിയെ സഭമുമ്പാകെ ഹാജരാക്കുന്നതിനു നിവൃത്തിയില്ലായിരുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ന്നു-ാംവകുപ്പിനെപ്പററി വാദപ്രതിവാദം നടക്കുമ്പോൾ മിസ്റ്റർ പരമേശ്വരൻകൂടി ആക്ഷേപം പുറപ്പെടുവിച്ചില്ലെന്നു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു പറഞ്ഞുകൊള്ളട്ടെ.

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): നിയമപ്രകാരം ഉള്ള ചട്ടങ്ങൾ അനുസരിച്ചു അദ്ദേഹം ആക്ഷേപം പുറപ്പെടുവിച്ചില്ലായിരിക്കാം എന്നാൽ നടപടിയിൽനിന്നു അതിനു അദ്ദേഹം പ്രതികൂലാഭിപ്രായക്കാരനായിരുന്നു എന്നു സ്പഷ്ടമാണ്. ന്നു-ാംവകുപ്പു ചേർത്തുകൊണ്ടു അദ്ദേഹം അന്ധാളിച്ചുപോയിരിക്കണമെന്നും അതിന്റെ ഫലങ്ങളെപ്പററി നല്ലവണ്ണം ചിന്തിക്കുന്നതിനൊ അദ്ദേഹത്തിനു സൌകര്യം ഉണ്ടായിരുന്നിരിക്കയില്ലെന്നും ഞാൻ വിചാരിക്കുന്നു. മിസ്റ്റർ പരമേശ്വരൻ ന്നു-ാംവകുപ്പിനെ സ്വീകരിച്ചു എന്നോ അനുകൂലിച്ചു എന്നോ മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.

പുനരായി കേട്ടു തീരുമാനിക്കുന്നതിന്റെ സാമ്യതയെപ്പററി ആലോചിക്കുന്നതായാൽ ഈ കാരണങ്ങൾ അതിനു മതിയാകുന്നതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ കുമാരന്റെ പക്ഷക്കാരാണ് ഭൂരിപക്ഷംഎന്നു കരുതിയാണ് മിസ്റ്റർ സുബ്ബയ്യർ പ്രവർത്തിച്ചുവന്നതു്. അദ്ദേഹത്തിനു മിസ്റ്റർ കുമാരന്റെ കക്ഷി ഭൂരിപക്ഷാഭിപ്രായക്കാരാണോ എന്നുള്ളതിനെപ്പററി നല്ല നിശ്ചയമില്ലായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. പക്ഷെ മിസ്റ്റർ പരമേശ്വരന്റെ കക്ഷിക്കാർ ഭൂരിപക്ഷക്കാരാണെന്നു അദ്ദേഹം പറയുകകൂടി ഉണ്ടായി. ഭൂരിപക്ഷാഭിപ്രായക്കാർ മിസ്റ്റർ കുമാരന്റെ പക്ഷത്താണെന്നു ഖണ്ഡിച്ചു അദ്ദേഹവും മിസ്റ്റർ പത്മനാഭന്റെ പക്ഷത്താണെന്നു ഇച്ഛാശക്തിയോടുകൂടി അദ്ദേഹവും ഒരുപോലെ ഉറപ്പായി പറയുന്നു. ഇവർ എത്രതന്നെ സത്യവാന്മാരും മഹാമനസ്കന്മാരും ആയിരുന്നാലും രണ്ടുപേരും പറയുന്നതിനെ മാത്രം അടിസ്ഥാനപ്പെടുത്തി ഏതു ഭാഗത്താണ് ഭൂരിപക്ഷം ആളുകൾ എന്നു ഈ സഭയിൽനിന്നും തീരുമാനിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു. രണ്ടുലക്ഷം ആളുകൾ ഉള്ള

ഒരു സമുദായത്തിലെ ഭൂരിപക്ഷക്കാർ ഏതു സംഘക്കാർ ആണെന്നു രണ്ടുപേരുടെയും അഭിപ്രായങ്ങളെ മാത്രം അടിസ്ഥാനമാക്കി തീരുമാനിക്കാൻ പാടില്ല.

ഈഴവനിയമകമ്മിററിയുടെ റിപ്പോർട്ട മാത്രമേ ഇക്കാര്യത്തിൽ നമുക്ക സ്വീകരിക്കത്തക്കതായുള്ളു. അതിൽനിന്നാം മിശ്രദായക്കാരായ ഈഴവരുടെ ഭൂരിപക്ഷം ആളുകൾ മക്കത്തായത്തിനും ആളോഹരിഭാഗത്തിനും അനുകൂലികളായി കാണപ്പെടുകയില്ലെന്നു ഞാൻ ധൈര്യസമേതം പറയുന്നു.

ഏഴാം അനുബന്ധത്തിൽ വാക്കാലും രേഖാമൂലമായും തെളിവുകൊടുത്ത ഈഴവരുടെ ഒരു ലിസ്റ്റ് കൊടുക്കപ്പെട്ടിരിക്കുന്നു. വാക്കാലും രേഖാമൂലമായും ൩൩ മിശ്രദായക്കാർ കമ്മിററിമുമ്പാകെ തെളിവുകൊടുത്തു. അതിൽ ൧൬ പേരാളും മക്കത്തായത്തിനു വിപരീതാഭിപ്രായക്കാരായിരുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): അതു പകുതിയിൽ അധികമാണോ? ൩൩-ന്റെ പകുതിയിൽ കാവാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അതു ശരിയുതന്നെ. എന്നാൽ ഭൂരിപക്ഷാഭിപ്രായക്കാരാകുന്നതിനു മൂന്നുപേർ മാത്രമേ കുറവൊള്ളു. മി. പരമേശ്വരന്റെ അഭിപ്രായക്കാർ ഭൂരിപക്ഷാഭിപ്രായക്കാരല്ലെന്നു തീരുമാനിച്ചതു ഈ മൂന്നുപേരുടെ കുറവിനെമാത്രം അടിസ്ഥാനപ്പെടുത്തി ആണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും)

വിവാദവിഷയങ്ങളോടുനേരിട്ട സംബന്ധമില്ലാത്ത കാര്യങ്ങളെപ്പററി ആണ് മി. കയ്യാലം പരമേശ്വരൻപിള്ള പറയുന്നതു എന്നും ഇതു ആലോചിക്കുമ്പോൾ ഒരു സാമാജികൻ പ്രസംഗിക്കുന്നതിനായി അനുവദിച്ചിട്ടുള്ള സമയത്തിൽ കൂടുതൽ അദ്ദേഹം പ്രസംഗിച്ചുകഴിഞ്ഞുഎന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ.

പ്രസിഡന്റ്: ഇപ്പോൾ ഇത്രസമയമേ പ്രസംഗിക്കാവുഎന്നു വ്യവസ്ഥയില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽഹെഡ്സർക്കാർവക്കീൽ): ൩൬൦ പേരൊപ്പിട്ടുള്ള ഹർജി ഇന്നലെ സഭയിൽ വായിച്ചപ്പോൾ മി. കുമാരൻ കടലിൽ ഒരുതുള്ളിവെള്ളംപോലെ ആണ് ഈ ൩൬൦ പേരെന്നും ഈ ഹർജി എത്രത്തോളം വിലവയ്ക്കാവുന്നതാണെന്നു സംശയകരമാണെന്നും പറഞ്ഞു. അങ്ങനെ ആണെങ്കിൽ കമ്മിററിമുമ്പാകെ വിസ്തരിച്ച ആളുകളുടെ ഭൂരിപക്ഷവും സമുദ്രത്തിൽ ഒരു തുള്ളിവെള്ളം പോലെ ആണ്. ആ തുള്ളിയെ അടിസ്ഥാനമാക്കി രണ്ടു ലക്ഷം ആളുകളിൽ ഉള്ള ഭൂരിപക്ഷക്കാർ മിശ്രദായത്തിനു വിപരീതാഭിപ്രായക്കാരാണെന്നു പറയുവാൻ നമ്മോടാവശ്യപ്പെടുന്നു. ഈ സംഗതിയെപ്പററി തീരുമാനം പറയുന്നതിനു ഇതു മതിയായ പ്രമാണമാണോ?

മി. കെ. സി. മാമ്മൻമാപ്പിള (കല്ലുവടവും പ്രസായവുംവടക്കു): ഒരു കമ്മിററിമുമ്പാകെ വിസ്തരിക്കപ്പെടുന്ന ആളുകളെ സംബന്ധിച്ചു ഒരു വ്യത്യാസവുമില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററിപല അഭിപ്രായങ്ങളും ഉണ്ടാകാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ൧൬ പേരിൽ എത്രപേരാണ രേഖാമൂലമായി തെളിവു കൊടുത്തതു?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഉദ്ദേശം ഇരുപത്തിഅഞ്ചുപേരാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ രേഖാമൂലമായ തെളിവുകളെ വിശ്വസിക്കാൻ പാടില്ലെന്നു കമ്മിററിയിൽനിന്നും എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഇല്ല അങ്ങനെ പറഞ്ഞില്ലാ. നേരെമറിച്ചു കമ്മിററിയിൽനിന്നും ആ തെളിവു സ്വീകരിച്ചു. ഭാഗത്തിനെ സംബന്ധിച്ചു ആലോചിക്കുന്നതായാൽ മിശ്രദായം ഈഴവരിൽ ഭൂരിപക്ഷം ആളുകൾ ആളോഹരിഭാഗം വേണമെന്നുള്ള അഭിപ്രായക്കാരാണെന്നു കമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു. തെളിവിനെപ്പററിയുള്ള സാക്ഷികളിൽ എത്ര മിശ്രദായികൾ ആളോഹരിഭാഗത്തെ അനുകൂലിച്ചു എന്നു വെളിപ്പെടുന്നില്ലാ.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): റിപ്പോർട്ടിൽനിന്നും നാലുപേർമാത്രം ഭാഗത്തിനു വിപരീതാഭിപ്രായക്കാരാണെന്നു കാണുന്നില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽഹെഡ്സർക്കാർവക്കീൽ). ഉണ്ട്.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): അതിനാൽ ൩൩ പേരിൽ കുറയാതെ ഭാഗത്തിനു അനുകൂലികളായിരുന്നുഎന്നു ഞാൻ വിചാരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ്അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഇല്ല. ഈഴവനിയമകമ്മിററിയിൽനിന്നും ശുപാർശചെയ്ത ആളോഹരിഭാഗത്തിനെ അല്ല അവരെല്ലാംപേരുംതന്നെ തന്റേതിലേഗം ആണ് അനുകൂലിച്ചുതെന്നുവരാം.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): എട്ടാമത്തെ വകുപ്പിലുള്ള ഒരു ഭാഗത്തെ മി. കയ്യാലം പരമേശ്വരൻപിള്ളയുടെ ശ്രദ്ധക്കായി വായിച്ചുകൊള്ളുന്നു.

ഈ രേഖകളിൽ ഒപ്പിട്ടിട്ടുള്ളവരുടെ എണ്ണത്തെമാത്രം അടിസ്ഥാനമാക്കി അതിനുള്ള വില നിശ്ചയിക്കുന്നതിനു തരമില്ല. എന്തെന്നാൽ ഒപ്പിട്ടവരെല്ലാം കാര്യം മനസ്സിലാക്കി ഒപ്പിട്ടതാണോഎന്നും വാസ്തവത്തിൽ പേരെഴുതിയവർതന്നെയാണോ ഒപ്പിട്ടതെന്നും നിശ്ചയമില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്ടിംഗ്അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതെ. ആ സംഗതി എന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചതുകൊണ്ടു എന്റെ സ്നേഹിതനോടു ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. അതിനു പ്രാധാന്യം നൽകേണ്ടതു എന്നാണ് എന്റെ അഭിപ്രായമെന്നു ഞാൻ ആദ്യംതന്നെ പറഞ്ഞുകൊള്ളട്ടെ. പൊതുകാര്യങ്ങളിൽ എന്തിനെഎങ്കിലും അടിസ്ഥാനമാക്കി നാം പ്രവർത്തിക്കുന്നെങ്കിൽ പ്രഥമദൃഷ്ട്യാകാണുന്ന തരത്തിൽ നാം അതിനെ വില വയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യാതിരിക്കണമെങ്കിൽ മതിയായ കാരണം ഉണ്ടായിരിക്കണം. ഊഹങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി ആക്ഷേപം പറയാൻപാടില്ല. അങ്ങനെ വിചാരിക്കുന്നതായാൽ വാക്കാലുള്ള തെളിവു ആക്ഷേപം പറയത്തക്കതാണ്. അതിനെ ഈ കൗൺസിലിൽ വളരെ ആ

ക്ഷേപിച്ചിട്ടുണ്ട്. പരേതനായ മി. കെ. പി. രാമൻപിള്ള ആണ് അപ്രകാരം ആക്ഷേപിച്ചതെന്നു തോന്നുന്നു. ഇപ്രകാരമുള്ള ഗുണദോഷനിരൂപണങ്ങളെ സ്വീകരിച്ചു വാക്കാലുള്ള തെളിവിനെ തള്ളിക്കളയുകയോ, അതിന്റെ വില കുറയ്ക്കുകയോ നാം ചെയ്യാമോ? കമ്മിറ്റിയിൽനിന്നും അയച്ച ചോദ്യങ്ങൾക്കു മറുപടി ആയി രേഖാമൂലമായ ഉത്തരങ്ങൾ ആണ് അയച്ചിട്ടുള്ളതു. അവയെപ്പറ്റിയും ആലോചിക്കേണ്ടതാണ്. കമ്മിറ്റിയിൽനിന്നുതന്നെ ആളോഹരിഭാഗം വേണമെന്നുള്ള ശുപാർശ ചെയ്തിട്ടില്ല. മിനുട്ടുകളിൽ വിസ്തരിച്ച സാക്ഷികളിൽ ഭൂരിപക്ഷം ആളുകളും ആളോഹരിഭാഗം വേണമെന്നു അഭിപ്രായപ്പെട്ടതായി പറയുന്നില്ല. അതിനാൽ ഒരു പുനർഹർജിയായി ഇതിനെ ഗണിക്കുന്നതാണെങ്കിലും അതു അനുവദിക്കുന്നതിനു മതിയായ കാരണമുണ്ടെന്നു എനിക്കു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ബില്ലിന്റെ ചുമതലവഹിച്ച ഗവർമ്മെന്റുസാമാജികൻ എന്ന നിലയിൽ ആളോഹരിഭാഗം വേണമെന്നാണ് ഭൂരിപക്ഷാഭിപ്രായമെന്നു മി. സുബ്ബയ്യർ പറഞ്ഞതിനെ മി. പരമേശ്വരൻപിള്ള എതിർക്കുകയാണോ എന്നു അദ്ദേഹം പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആ. അഡീഷണൽഹെഡ്‌സർക്കാർവക്കീൽ): അതു ശരിയായും ഇരിക്കാം അല്ലാതെയും ഇരിക്കാം. റിക്കാർഡുകൊണ്ടു ഭൂരിപക്ഷം ആളുകൾ ആളോഹരിഭാഗത്തിനെ അതായതു ഈ പേരിൽ ഭൂരിപക്ഷം ആളോഹരിഭാഗത്തെ അനുകൂലിച്ചു എന്നു കാണുന്നില്ലെന്നാണ് ഞാൻ പറയുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി. സുബ്ബയ്യർ പറഞ്ഞതുതന്നെ ഒരു പ്രമാണത്തിനു സമമല്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): അപ്രകാരം അതിനെ ഗണിക്കണമെന്നു മി. സുബ്ബയ്യർ അഭിപ്രായപ്പെടുന്നപക്ഷം ഞാൻ അതിനു തർക്കം പറയുന്നില്ല. ഈ പ്രമേയത്തെപ്പറ്റി അദ്ദേഹം പ്രസംഗിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ചതു ഉപാദ്ധ്യക്ഷൻ): എന്നെ ഈ കാര്യത്തിൽ വലിച്ചിട്ടുള്ളതുകൊണ്ടു എനിക്കു അതിനെപ്പറ്റി സംസാരിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അന്വേഷണക്കമ്മിറ്റി സാക്ഷികളുടെ അന്നുള്ള തെളിവു ശേഖരിച്ചതു നോക്കീട്ടുണ്ടോ എന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽഹെഡ്‌സർക്കാർവക്കീൽ): ഇല്ല. എനിക്കു അതു നോക്കാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ആളോഹരിഭാഗത്തെ എത്രപേർ അനുകൂലിക്കുന്നു എന്നു അദ്ദേഹം നേരിട്ടു അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ എന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): അതിനെ സംബന്ധിച്ചുള്ള തെളിവു എനിക്കു നോക്കുന്നതിനു തരമില്ലാത്തതിനാൽ എനിക്കതു അറിയുന്നതിനു നിവൃത്തിയില്ല. ഇപ്പോൾ ഞാൻ ഗവർമ്മെന്റിന്റെ പ്രതിനിധിയായിട്ടല്ല, ഈ സഭയിലെ സാമാജികനായി ആണു സംസാരിക്കുന്നതു. ആ റിക്കാർട്ടുകൾ നോക്കുന്നതിനു എനിക്കു തരമില്ല. മേലെഴുതിയ ബില്ലിനു വിപരീതമായി പുറപ്പെടുവിച്ച ആക്ഷേപങ്ങൾക്കെല്ലാം ഞാൻ സമാധാനം പറഞ്ഞുകഴിഞ്ഞു എന്നു വിശ്വസിക്കുന്നു. ആ സമാധാനങ്ങൾ ശരിയാണെന്നു സഭയിൽനിന്നും വിചാരിക്കുന്നപക്ഷം ബില്ലിനെതിരായി പ്രസംഗിച്ചിട്ടുള്ള സാമാജികന്മാർക്കുകൂടി അതിനനുകൂലമായി വോട്ടുചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പു മി. കുമാരന്റെ കക്ഷിയാണോ മുമ്പോട്ടുചെന്നു തങ്ങൾ റഗുലേഷനിൽ ഉൾപ്പെട്ടു എന്നു പ്രസ്താവിക്കേണ്ടതു അതോ മി. പത്മനാഭന്റെ കക്ഷിയാണോ മുമ്പോട്ടുവന്നു റഗുലേഷനിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്നു പ്രസ്താവിക്കേണ്ടതു എന്നു മാത്രമാണു ഇവിടെ ആലോചിക്കേണ്ടതെന്നുള്ളതു ഒരിക്കൽക്കൂടി ഞാൻ പറഞ്ഞുകൊള്ളുന്നു. എതിരഭിപ്രായക്കാരായ ഭാഗക്കാരാണെന്നും അതു ഒരു ധന്യമായ ഭാഗമാണെന്നും അതു രക്ഷയെ അർഹിക്കുന്നു എന്നും അവരെ നിർബന്ധിച്ചു റഗുലേഷനിൽ ഉൾപ്പെടുത്താൻ പാടില്ലെന്നും റഗുലേഷൻകൊണ്ടുതന്നെ സമ്മതിച്ചിരിക്കുന്നു. മേൽചൊന്ന രജിസ്റ്റർചെയ്യേണ്ട ബുദ്ധിമുട്ടു ആരാണു സഹിക്കേണ്ടതെന്നുമാത്രമേ തീരുമാനിക്കേണ്ടതായുള്ളു. ഈ സഭയ്ക്കു പരിശുദ്ധമായ ഒരു ജോലിയുണ്ടു. ഒരു ന്യായാധിപതിയുടെ നിലയിലാണു നാം പ്രവർത്തിക്കുന്നതു. ഈ സഭയിൽ സാമാജികന്മാർ മിക്കപേരും ഈഴവസമുദായത്തിൽ ഉൾപ്പെട്ടവരല്ല. സാമാജികന്മാർ മിക്കപേരും അന്യസമുദായത്തിൽ ഉൾപ്പെട്ടവരാണു. അതിനാൽ അന്യസമുദായത്തിലെ ഒരു വിഷയത്തെ തീരുമാനിക്കുകയാണു. അതിനാൽ സാമാജികന്മാരോടു ന്യായാധിപതികളുടെ നിലയിൽ പ്രവർത്തിക്കുന്നതിനും ഈ സഭയിൽവച്ചോ അതിനു വെളിയിൽവച്ചോ ഉത്ഭവിച്ച അന്യകാര്യങ്ങളെ ഗൗനിക്കാതെ നിഷ്പക്ഷനിലയിൽ പ്രവർത്തിക്കുന്നതിനു സാമാജികന്മാരോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ന്യായവും നീതിയും അനുസരിച്ചു ഈ ബില്ലിന്റെ തത്വത്തെ ഈ സഭയിൽനിന്നും അംഗീകരിക്കേണ്ടതാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതു കക്ഷിയിലാണു ഭൂരിപക്ഷം ആളുകളെന്നു പറയാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽഹെഡ്‌സർക്കാർവക്കീൽ): അതറിയുന്നതിനു വളരെ പ്രയാസമാണു, എന്തെന്നാൽ അറിയുന്നതിനു റിക്കാർട്ടുകൾ ഇല്ല. മി. പത്മനാഭന്റെ കക്ഷി ആയിരിക്കാം ന്യൂനപക്ഷം അല്ലെങ്കിൽ മി. കുമാരന്റെ കക്ഷിയായിരിക്കാം. നന-ാംവകുപ്പു നിർമ്മിച്ചതുകൊണ്ടു ന്യൂനപക്ഷക്കാരെ നിർബന്ധിക്കാൻപാടില്ലെന്നു ഇപ്പോഴുള്ള റഗുലേഷനാൽതന്നെ സമ്മതിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു കക്ഷി രജിസ്റ്റർചെയ്യണമെന്നുണ്ടെങ്കിൽ ഏതു കക്ഷിയാണു രജിസ്റ്റർചെയ്യേണ്ടതു? നിയമം ഭേദപ്പെടുത്തണമെന്നാഗ്രഹിക്കുന്ന കക്ഷിയാണോ ആഗ്രഹിക്കാത്ത കക്ഷിയാണോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ റഗുലേഷൻ നടപ്പിൽവരുത്തുന്നതിനുമുമ്പു മി. പരമേശ്വരന്റെ കക്ഷി എന്താണു ജാഗ്രതയായി പ്രവർത്തിക്കാത്തതു?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): ബില്ലു രണ്ടാമത്തെ പ്രാവശ്യം കൌൺസിലിൽ വായിച്ചതിനുശേഷം അവർ വളരെ ജാഗ്രതയായി തന്നെ പ്രവർത്തിച്ചു. അതിനുമുമ്പു ഇപ്പോൾ ഭേദപ്പെടുത്തണമെന്നു പറയുന്ന നന-ാംവകുപ്പു ഇല്ലായിരുന്നു. അതുകൊണ്ടു അതിനെ അടിസ്ഥാനമാക്കി യാതൊന്നുംതന്നെ പ്രവർത്തിക്കേണ്ടതായില്ലായിരുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കക്ഷിയിടപാടിയുകാരെങ്കിലും ഈ റഗുലേഷനിൽനിന്നും ഒഴിക്കപ്പെടുന്നതിനു ശ്രമിക്കാത്തതു എന്താണു?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അവർ അതിനു ശ്രമിച്ചു എങ്കിൽ അതു വളരെ അബദ്ധമായിരുന്നേനെ. ചിലർ അതിൽനിന്നും ഒഴിവാകണമെന്നു അപേക്ഷിച്ചിരുന്നാൽ ആ സംഗതിതന്നെ അവർക്കു വിപരീതമായി ഗണിക്കപ്പെടുമായിരുന്നു. അവർ രജിസ്റ്റർചെയ്യുന്നതിനു ഇടയാക്കിയതിനാൽ അതുതന്നെ നടക്കട്ടെ എന്നും ഭേദഗതിബിൽ ആവശ്യമില്ലെന്നും വാദിക്കുമായിരുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ഭേദഗതിബിൽ പാസ്സാക്കുന്നതിനെപ്പറ്റി അവർക്കു വല്ല താല്പര്യവും ഇല്ലെന്നു ഇതുകൊണ്ടു കാണുന്നില്ലയൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. ഒട്ടും ഇല്ല.

പ്രസിഡൻറ്. ഈ സംഗതിയെപ്പറ്റി നിങ്ങൾ തമ്മിൽ വാദപ്രതിവാദം നടത്താൻ പാടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ചോദിച്ച ഒന്നു രണ്ടു ചോദ്യങ്ങൾക്കു മറുപടി പറയാമെന്നു മിസ്റ്റർ കെ. പരമേശ്വരൻപിള്ള പറഞ്ഞതു ഇത്ര എളുപ്പം മറക്കുകയില്ലെന്നു ഞാൻ വിചാരിച്ചു.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എനിക്കു വളരെ മനസ്താപം ഉണ്ടു. സാമാജികൻ ചോദിച്ച ആ ചോദ്യങ്ങളെ വീണ്ടും ചോദിക്കാമെങ്കിൽ ഞാൻ അതിനു മറുപടിപറയാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): റഗുലേഷൻ ഭേദപ്പെടുത്താതെയിരുന്ന് ആരും രജിസ്റ്റർചെയ്ത് അതിൽനിന്നും ഒഴിഞ്ഞില്ലെങ്കിൽ എന്തു ദോഷം ഉണ്ടാകുമെന്നാണ് ഭയപ്പെടുന്നതു എന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ആറുമാസംകാലം കഴിയുമ്പോൾ തങ്ങൾ അറിയാതെതന്നെ മക്കത്തായികളും ആളോഹരിഭാഗക്കാരുംആയി തീരും. ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞു എന്നുള്ളതു എല്ലാ ആളുകൾക്കും അറിയാൻ ഇടയില്ലാ. തങ്ങളുടെ അറിവുപോലും ഇല്ലാതെ അവർ മക്കത്തായികളും ആളോഹരിഭാഗക്കാരും ആയിത്തീരുന്നതു ശരിയാണൊ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുകൊണ്ടു എന്തു പ്രത്യേകദോഷമാണുണ്ടാകുന്നതു? വസ്തുക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു കിട്ടുന്നതു അവർക്കു സങ്കടകരമായിരിക്കുമെന്ന് എന്നു മിസ്റ്റർ പരമേശ്വരൻപിള്ള വിചാരിക്കുന്നൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ആയിരിക്കും. മുമ്പു പറഞ്ഞതുപോലെ കുഞ്ഞുങ്ങൾക്കു വസ്തുകിട്ടുമല്ലോ എന്നല്ല സങ്കടം. ഒരുവൻെറ സമ്പാദ്യത്തിൽ ഒരു ഭാഗവും തറവാട്ടിലേയ്ക്കും തായ്വഴിക്കും കിട്ടാതിരിക്കുന്നതാണ്. തറവാട്ടു നിലനിൽക്കണമെന്നും സമ്പാദ്യത്തിൽ ഒരുഭാഗം തറവാട്ടിലേയ്ക്കായി കിട്ടണമെന്നും ആണ് അവരുടെ അഭിപ്രായം. ഇവരുടെ കുഞ്ഞുങ്ങളോടു അവർക്കു സ്നേഹക്കുറവുണ്ടായിട്ടല്ല. അവരുടെ കുഞ്ഞുങ്ങളെപ്പററി അവർക്കു വളരെ സ്നേഹംതന്നെ. എന്നാൽ തങ്ങളുടെ സ്വത്തിൽ ഒരോഹരി അമ്മയ്ക്കും സഹോദരിമാർക്കും കിട്ടണമെന്നു അവർക്കാഗ്രഹം ഉണ്ടു. ഇതിനാൽ നിസ്സഹായികളായ സ്ത്രീകൾക്കും ഒരു രക്ഷാസ്ഥാനം ഉണ്ടായിരിക്കുന്നതിനായിട്ടാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ നിയമം മരണപത്രംമൂലം വിനിയോഗിക്കുന്ന സ്വത്തിനെ അല്ലെ ബാധിക്കുന്നതു? സ്വത്തുടമസ്ഥനു തൻെറ ജീവിതകാലത്തു ആ സ്വത്തുക്കളെ ഏതുപ്രകാരത്തിലും വിനിയോഗിക്കാമല്ലൊ.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എന്നാൽ ഇങ്ങനെ മക്കത്തായചട്ടം പാസ്സാക്കുന്നതു എന്തിനാണ്? എല്ലാപേരും മിശ്രമായികളായിതന്നെ ഇരിക്കട്ടെ. തങ്ങളുടെ കുഞ്ഞുങ്ങൾക്കു സ്വത്തുക്കൾ മുഴുവൻ കിട്ടണമെന്നു വിചാരിക്കുന്നവർ മരണപത്രം എഴുതിക്കൊടുക്കട്ടെ. അതിലേക്കായി ഒരു ചട്ടം എന്തിനായി നടപ്പാക്കുന്നു?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ റഗുലേഷൻ ഇപ്പോഴത്തെനിലയിൽ മരുമക്കത്തായികളുടെ അഭിപ്രായത്തെക്കാൾ മിശ്രമായികളുടെ അഭിപ്രായത്തെ അല്ലെ അനുകൂലിക്കുന്നതെന്നു അറിഞ്ഞാൽ കൊള്ളാം.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്രകാരം താരതമ്യപ്പെടുത്തുന്നതിനു നിവൃത്തിയില്ലാ. മിശ്രമായികൾ തങ്ങളുടെ തറവാട്ടിനോടു സ്നേഹമുള്ളവരാണ്. മുമ്പിലത്തെ അവകാശക്രമം അനുസരിച്ചു മക്കൾക്കൊന്നും കിട്ടാത്തതുകൊണ്ടു അതിനെപ്പററി ഒരു വല്ലായ്മയിരിക്കാം ഉണ്ടായിരിക്കുന്നതു. അതു ഭേദപ്പെടുത്തണമെന്നാണാഗ്രഹം. മിശ്രമായികളുടെ സ്വത്തുക്കളിൽ പകുതിയിലധികം തൻെറ കുഞ്ഞുങ്ങൾക്കു കിട്ടുന്നതുകൊണ്ടു അവരുടെ അവകാശക്രമത്തെപ്പററി അവർക്കു വെറുപ്പില്ലാ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ റഗുലേഷൻകൊണ്ടു അവരുടെ അഭിവൃദ്ധിക്കു തടസ്സമുണ്ടെന്നു മിസ്റ്റർ പരമേശ്വരൻപിള്ള വാസ്തവത്തിൽ വിചാരിക്കുന്നുണ്ടൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മിശ്രമായികൾ അപ്രകാരമാണ് വിചാരിക്കുന്നതു. ഇപ്പോഴത്തെ റഗുലേഷൻ തറവാട്ടു അഭിവൃദ്ധിപ്പെടുകയില്ലെന്നും നിലനിൽക്കുകയില്ലെന്നും തറവാട്ടിനെ നശിപ്പിക്കുന്നതും ആണ്. ഏതുവിധത്തിലാകുന്നു അഭിവൃദ്ധി എന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസം ഉണ്ടാകാം. തറവാടിനെ നശിപ്പിക്കുന്നതാണ് അഭിവൃദ്ധി എന്നു മിസ്റ്റർ എ. കെ. പിള്ള വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാൽ മററുള്ളവർ അങ്ങനെ അല്ലായിരിക്കാം വിചാരിക്കുന്നതു. അവരുടെ സ്വത്തിൽ ഒരുഭാഗം അമ്മയ്ക്കും സഹോദരികൾക്കും കിട്ടണമെന്നു ആഗ്രഹമുണ്ടായിരിക്കാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മിശ്രമായി മക്കത്തായിയാകുന്നതു പുരോഗതിയാണെന്നു വിചാരിക്കുന്നുവൊ അല്ലെന്നു വിചാരിക്കുന്നുവൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഒരു മിശ്രമായി താൻ മക്കത്തായിയാകണമെന്നു വിചാരിക്കുകയില്ലാ. അയാൾക്കു മക്കത്തായിയാകണമെന്ന് ആഗ്രഹം ഇല്ലാ. മക്കത്തായിയാകുന്നതു ഒരു അഭിവൃദ്ധിമാർഗ്ഗമാണെന്നു അയാൾ വിചാരിക്കുകയില്ലാ.

അതുകൊണ്ടു എൻെറ പ്രസംഗം താഴെ പറയുംപ്രകാരം അവസാനിപ്പിച്ചുകൊള്ളുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഭാഗത്തിനെപ്പററിയാണ് അധികവും ആക്ഷേപംഎന്നു വിചാരിക്കാമൊ?

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു പ്രധാനമായിട്ടും സ്ഥായിയായിട്ടും അതിനെപ്പററിയാണ്. എനിക്കു ഈ സംഗതിയെപ്പററി മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം പ്രധാനമായ ആക്ഷേപം ഉള്ളോഹരിഭാഗത്തിനെപ്പററിയാണ്. മക്കത്തായത്തിനുള്ള ആക്ഷേപം വരുന്നതു റഗുലേഷൻ അനുസരിച്ചു തറവാട്ടിനെ നിവൃത്തിയാക്കുന്നതിനായി സ്വത്തുക്കൾ ഒന്നും കൊടുക്കാത്തതുകൊണ്ടാണ്.

ഒരു സംഗതിക്കൂടി പറഞ്ഞുകൊള്ളട്ടെ സ്വത്തു മുഴുവനും മക്കൾക്കു കൊടുക്കുന്നതു അഭിവൃദ്ധിഅല്ലയോഎന്നു മിസ്റ്റർ എ. കെ. പിള്ള ചോദിച്ചു. മഹമ്മദീയരെ ഞാൻ ദൃഷ്ടാന്തമാക്കട്ടെ. മഹമ്മദീയർ ഒരു മക്കത്തായ സമുദായമാണെന്നു എല്ലാവരും സമ്മതിക്കും. എന്നാൽ അവരുടെ ഇടയിലും അമ്മയ്ക്കും സഹോദരികൾക്കും സ്വത്തു കൊടുക്കുന്നില്ലയോ? അതു അഭിവൃദ്ധിക്കു തടസ്സമായി വിചാരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ മിശ്രദായം അഭിവൃദ്ധിയെ തടയുന്നതിനു കാരണം എന്തു?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ മരുമക്കത്തായികളുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ആണ് ചോദിച്ചതു. മക്കത്തായികളാകുന്നതിനു അവർക്കു ആഗ്രഹമുണ്ടെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു. ഇപ്പോൾ ഇരിക്കുന്നനിലയിൽ അതിനെ തടയുമോ എന്നാണു ഞാൻ ചോദിച്ചതു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): മരുമക്കത്തായികൾ അങ്ങനെ വിചാരിക്കുന്നതായി അറിവില്ല. മിശ്രദായികളെസംബന്ധിച്ചിടത്തോളവും ഇപ്പോഴത്തെ റഗുലേഷൻ അഭിവൃദ്ധിക്കു തടസ്ഥമാണ് എന്നാണ് മിസ്റ്റർ പത്മനാഭൻെറ കക്ഷിക്കാർ വിചാരിക്കുന്നതു. സ്വത്തുക്കൾമുഴുവനും മക്കൾക്കുതന്നെ കിട്ടണമെന്നു വിചാരിക്കാത്തതു പ്രകൃതിവിരോധമാണെന്നു ഗണിക്കാൻ പാടില്ല. ഇതു സാധൂകരിക്കുന്നതിനാണു മഹമ്മദീയരെ ഇവിടെ ദൃഷ്ടാന്തീകരിച്ചതു. ഒരു ക്ലിപ്തഓഹരി അമ്മയ്ക്കും സഹോദരിയ്ക്കും കിട്ടണമെന്നുള്ളതുകൊണ്ടു മഹമ്മദീയരുടെ അവകാശക്രമം പ്രകൃതിവിരോധംആണെന്നു വിചാരിക്കുന്നുണ്ടോ?

ന്യായത്തെ അടിസ്ഥാനപ്പെടുത്തിയും കാര്യനടപ്പിനെ അടിസ്ഥാനപ്പെടുത്തിയും സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്ന ചട്ടം സ്വീകാരയോഗ്യമാണെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. അതിനോടു സംബന്ധമില്ലാത്ത കാര്യങ്ങളെ ആലോചിക്കാതെ അതിനാൽ തീരുമാനിക്കേണ്ട കാര്യത്തെ സഭാംഗങ്ങൾ ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഇന്നു ഈ ബിൽസംബന്ധിച്ചു വാദപ്രതിവാദം കേൾക്കുന്നതിനായി ഞാൻ വന്നപ്പോൾ ഇതിനെസംബന്ധിച്ചു വോട്ടുചെയ്യണമെന്നു ഞാൻ വിചാരിച്ചില്ല. എന്തെന്നാൽ ഒരു സമുദായത്തിലെ ആളുകൾ മറെറാരുസമുദായത്തിന് വിവാഹനിയമത്തെപ്പററിയും ദായക്രമത്തെപ്പററിയും നിയമങ്ങളുണ്ടാക്കുന്നതു ആപൽക്കരമാണെന്നു എനിക്കു തോന്നുന്നതുകൊണ്ടുതന്നെ. ഇക്കഴിഞ്ഞ ഏഴു വർഷകാലമായി ഉണ്ടായ പല വാദങ്ങളെപററി വീണ്ടും വാദപ്രതിവാദംനടന്നു. ഏഴു വർഷമായുണ്ടായ വാദപ്രതിവാദങ്ങളും എല്ലാപ്രകാരത്തിലുമുള്ള തെളിവുകളേയും പരിഗണിച്ചുകഴിഞ്ഞു. ഭൂരിപക്ഷം ആളുകൾ മരുമക്കത്തായമാണോ ആവശ്യപ്പെടുന്നതു അതോ മക്കത്തായമാണോ എന്നുള്ളതിനെപററി വാദം നടത്തേണ്ട ആവശ്യമില്ല. ആ സംഗതിയെപററിഅല്ല നാം ഇപ്പോൾ ആലോചിക്കേണ്ടതു. ഈ സഭയിൽനിന്നും ഉണ്ടായ തീരുമാനം പരിശോധിക്കണമെന്നോ പുനരായി കേൾക്കണമെന്നോ ആണ് ഈ ഭേദഗതിയുടെ സ്വഭാവം. ഈഴവസമുദായത്തിലെ എല്ലാഅംഗങ്ങൾക്കും തൃപ്തികരമായ ഒരു നിയമം ഉണ്ടാക്കുന്നതിനു ഈ സഭയിൽനിന്നും ശ്രമിച്ചു ആ റഗുലേഷൻ തങ്ങളെ ബന്ധിക്കണമെന്നാഗ്രഹമില്ലാത്തവർക്കു ഒരു മദ്ധ്യമ പന്ഥാവായിആണ് കൌൺസിലിൽനിന്നും ഈ ഭേദഗതി നിർമ്മിച്ചതു. അപ്രകാരം ഉള്ള ഒരുമാർഗ്ഗം ദൃഷ്ടിക്കുന്നതിൽ ശരിആയവിധത്തിലാണോ നിയമം ഉണ്ടാക്കിയതെന്നാണു നാം ആലോചിക്കേണ്ടതു. ഇതിനോടു നേരിട്ടു സംബന്ധമില്ലാത്ത സംഗതികളെപ്പററി നാം ആലോചിക്കേണ്ട ആവശ്യമില്ല. മിസ്റ്റർ പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടപ്രകാരം നാം ചെയ്യേണ്ടതായിരുന്നുഎന്നു എനിക്കു തോന്നുന്നു. നിയമം ഭേദപ്പെടുത്തണമെന്നു ആവശ്യപ്പെടുന്നവർ ബുദ്ധിമുട്ടു സഹിക്കണമെന്നു വ്യവസ്ഥചെയ്യേണ്ടിയിരുന്നു. ഈ സഭയിലുള്ള എൻെറ ക്രിസ്ത്യാനിസ്നേഹിതന്മാർക്കു ഈ സംഗതി സ്പഷ്ടമാകും. ഏഴു ക്രിസ്ത്യാനികളായ സഹോദരന്മാരടങ്ങിയ ഒരു കുടുംബത്തിലെ അഞ്ചു അംഗങ്ങൾ തങ്ങളുടെ മതംവെടിഞ്ഞു മഹമ്മദീയരാകുന്നതിനു നിശ്ചയിച്ചു എന്നു വിചാരിയ്ക്കുക. അങ്ങനെയാണെങ്കിൽ ഒന്നോ, ആറോ മാസങ്ങൾക്കകം ആ കുടുംബംമുഴുവനും മഹമ്മദീയകുടുംബം ആകുന്നതാണു. ക്രിസ്ത്യാനികളായിരിക്കണമെങ്കിൽ മററുള്ളവർ വീണ്ടും ജ്ഞാനസ്നാനംചെയ്യണമെന്നു മതംമാറുന്നവർ പറയുകയോ അതോ അഞ്ചുപേരും ഞങ്ങൾ മഹമ്മദമതം സ്വീകരിക്കാൻപോകുന്നു നിങ്ങൾ ഇഷ്ടംപോലെ ചെയ്തുകൊൾവിൻ എന്നു പറയുന്നതോ ന്യായം. വളരെക്കാലമായിട്ടുള്ള രീതിയെ നിലനിറുത്തണമെന്നാഗ്രഹിക്കുന്ന മിശ്രദായികളോടു സബ് രജിസ്ട്രാർ ആഫീസിൽചെന്നു തങ്ങളെ ഈ ചട്ടത്തിൽനിന്നു ഒഴിവാക്കണമെന്നു പ്രഖ്യാപനംചെയ്യിക്കുന്നതിനാണ് നാം ശ്രമിക്കുന്നതു. ആ സമുദായത്തിലുള്ള ഭൂരിപക്ഷം ആളുകൾക്കു തങ്ങളുടെ നടപ്പു മാററണമെന്നാഗ്രഹമുണ്ടായിരുന്നാലും മാററം വേണമെന്നാഗ്രഹിക്കുന്നവർ ന്യൂനപക്ഷക്കാരായിരുന്നാലും ഈ സംഗതിയിൽ വ്യത്യാസമില്ല. തെററായി ഒരു കക്ഷിയുടെ മേൽഭാരംചുമത്തിയിട്ടുണ്ടോഎന്നാണു തർക്കം. ന്യൂനപക്ഷക്കാരായാലും വേണ്ടതില്ല, ഭൂരിപക്ഷക്കാരായാലും വേണ്ടതില്ല. മറെറാരുദാഹരണം പറയാം. ഏഴു ഹിന്ദുസഹോദരന്മാർ അടങ്ങിയ ഒരു കുടുംബത്തെ അന്യാധീനപ്പെടുത്തണമെന്നാഗ്രഹിക്കയും അവരിൽ അഞ്ചുപേർ ക്രിസ്ത്യാനികളാകുകയുംചെയ്താൽ ഹിന്ദുക്കളായിരിക്കണമെന്നു ആഗ്രഹിക്കുന്ന രണ്ടുപേർ സബ് രജിസ്ട്രാർ ആഫീസിൽചെന്നു അപ്രകാരം പ്രഖ്യാപനംചെയ്യേണ്ടതാണോ? ഈ വാദപ്രതിവാദത്തിൽ നാം തീരുമാനിക്കേണ്ടതു ഈ സംഗതിആണ്. ഭൂരിപക്ഷക്കാർ ആരാണെന്നും ന്യൂനപക്ഷക്കാർ ആരാണെന്നുംമററും ആലോചിച്ചിട്ടാവശ്യമില്ല. സമുദായം ഏകോപിക്കുന്നതിനു ഏതാണ് നല്ലതെന്നും ആലോചിച്ചിട്ടാവശ്യമില്ല. ആരാണു സബ് രജിസ്ട്രാർ ആഫീസിൽചെന്നു പ്രഖ്യാപനംചെയ്യേണ്ടതെന്നു ആലോചിച്ചാൽ മതി, മററുകാര്യങ്ങൾ ഇതുമായി സംബന്ധമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും): ഒരു നിയമസഭയിൽനിന്നും ഏതെങ്കിലും സമുദായനടപടികളെ ഭേദപ്പെടുത്തീട്ടുണ്ടോ അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ—

പ്രസിഡൻറ: മിസ്റ്റർ റാബിൻസൺ പ്രസംഗംകഴിഞ്ഞു ആസനസ്ഥനായതിനാൽ നിങ്ങൾക്കു അദ്ദേഹത്തോടു ചോദ്യംഒന്നും ചോദിക്കാൻ പാടില്ല.

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഞാൻ പ്രസംഗംകഴിഞ്ഞു ആസനസ്ഥനായില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും): ഒരു നിയമസഭയിൽനിന്നു എപ്പോഴെങ്കിലും ഒരു സമുദായനടപ്പിനെ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായമനുസരിച്ചു ഭേദപ്പെടുത്തിയതായി അറിയാമോ? അപ്രകാരം ഭൂരിപക്ഷം അനുസരിച്ചു ഭേദപ്പെടുത്തിയപ്പോൾ മിസ്റ്റർ റാബിൻസൺ ഇപ്പോൾപറഞ്ഞ തത്വത്തെ ഗവണ്മെൻറ സമ്മതം അംഗീകരിച്ചിട്ടുണ്ടോ?

മി. എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): അതുതന്നെയാണു എൻെറവാദം. ഭൂരിപക്ഷം ആളുകൾക്കും ഒരു ഭേദഗതിവേണമെന്നാഗ്രഹമുണ്ടായിരുന്നു, അതനുസരിച്ചു ഭേദഗതിചെയ്തിട്ടുമുണ്ടു. ഭേദഗതി ആവശ്യമില്ലാത്ത പക്ഷക്കാരെ രക്ഷിക്കുന്നതിനു സംരക്ഷണവകുപ്പു രചിച്ചിട്ടുണ്ടു. എന്നാൽ ഒരു മദ്ധ്യപന്ഥാവു ഏർപ്പെടുത്തുന്നതിൽ ഭേദഗതിവേണമെന്നാഗ്രഹമുള്ളവർ രജിസ്റ്റർ ആഫീസിൽ പോകേണ്ടതാണു എന്നു പറയാതിരിക്കാൻ തരമില്ല. മുമ്പിലത്തെനടപ്പുതന്നെ അനുകരിക്കണമെന്നാഗ്രഹിക്കുന്നവരോടു ആ ജോലി ചെയ്യണമെന്നു ആവശ്യപ്പെടാൻ പാടില്ല.

മി. വി. സുബ്ബയ്യർ (നിയമിച്ച മെമ്പർ) (ഉപാദ്ധ്യക്ഷൻ): ഇപ്പോഴത്തെ റഗുലേഷൻ പാസ്സാക്കുന്നതിൽ വളരെ ഔൽസുക്യം പ്രദർശിപ്പിച്ചതുകൊണ്ടു ഈ ബില്ല വാദപ്രതിവാദത്തിനു വരുമ്പോൾ ഞാൻ രണ്ടുപക്ഷത്തിലും ചേരാതെഇരിക്കുന്നതിനും മേൽ തീരുമാനം യുക്തമല്ലെന്നു തോന്നിയാൽ ഭേദപ്പെടുത്തട്ടെ എന്നുള്ള ഉദ്ദേശത്തിന്മേൽ അഭിപ്രായപ്രകടനം ചെയ്യാതെയിരിക്കുന്നതിനും ഞാൻ ഉദ്ദേശിച്ചു. അക്കാരണത്താൽ ഇരുകക്ഷിക്കാരും ഈ സംഗതിയിൽ എന്നെ ബുദ്ധിമുട്ടിക്കയില്ലെന്നു എൻെറ ഭവനത്തിൽ വന്ന ഇരുകക്ഷികളോടും പറഞ്ഞു.

എന്നാൽ മിസ്റ്റർ പത്മനാഭൻമാത്രമല്ല. മിസ്റ്റർ പരമേശ്വരൻപിള്ളകൂടി എൻെറ പേർ ഈ വാദപ്രതിവാദത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു. അതുകൊണ്ടു എൻെറ പ്രവൃത്തിയേയും ഗവണ്മെൻറിനു ഞാൻ കൊടുത്ത ഉപദേശത്തെയും ശരിയാണെന്നു കാണിക്കേണ്ടിയിരിക്കുന്നു. ഒന്നും പറയാതെ വോട്ടുചെയ്താൽപോരാ എന്നും എന്നാൽ കഴിയുന്നതുപോലെ വ്യക്തമായിട്ടു എൻെറ അഭിപ്രായങ്ങളെ പറയുകയും ഗവണ്മെൻറു ഇതുമാതിരി കാര്യത്തിൽ അനുവർത്തിക്കേണ്ട നയം ഇന്നതാണെന്നു പറയുകയുംചെയ്യുന്നതിനു ഞാൻ ചുമതലപ്പെട്ടവനാകുന്നു എന്നു വിചാരിക്കുന്നു.

മിസ്റ്റർ രാമസ്വാമിഅയ്യങ്കാരോ മിസ്റ്റർ റാബിൻസണോ ബില്ലിനെ പിൻതാങ്ങിയിരുന്നാൽ ഞാൻ അതിനു മറുപടിയായി ഒന്നും പറയുകയില്ലായിരുന്നു. എന്നാൽ മറുവശത്തു ഞാൻ വഹിച്ചിരുന്ന സ്ഥാനം വഹിക്കുന്ന മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയും ബില്ലിനെ അനുകൂലിക്കുന്നു. മിസ്റ്റർ പരമേശ്വരൻപിള്ള അദ്ദേഹത്തിൻെറ സ്വന്തനിലയിൽ സംസാരിച്ചിരുന്നാലും അപ്രകാരം അദ്ദേഹം പറഞ്ഞതിനെ പൊതുജനങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നതിനു ഇടയില്ല. പ്രസിഡൻറ ഇന്നലെ പറഞ്ഞതുകൊണ്ടും അതിനെ വിശ്വസിക്കുന്നതിനു ഇടയില്ല.

പ്രസിഡൻറ: മി. സുബ്ബയ്യർ ഒരു തെററിദ്ധാരണകൊണ്ടു വിഷമിക്കുകയാണ്. മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള ഗവണ്മെൻറിൻെറ പ്രതിനിധിആയി സംസാരിക്കുകയല്ല. അദ്ദേഹം പറയുന്നതു ഗവണ്മെൻറിൻെറ അഭിപ്രായവുമല്ല. അദ്ദേഹം അദ്ദേഹത്തിൻെറ സ്വന്ത നിലയിൽ സംസാരിക്കയാണെന്നു ഗവണ്മെൻറിൻെറ പ്രതിനിധി എന്ന നിലയിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ച മെമ്പർ) (ഉപാദ്ധ്യക്ഷൻ): ഈ പ്രസ്താവനത്തിനു ഞാൻ പ്രസിഡൻറിനോടു നന്ദിയുള്ളവനായിരിക്കുന്നു. ആളുകളെല്ലാം പ്രവർത്തിക്കുന്നവരെ ചിന്തിക്കാതെ കാര്യങ്ങളെ മനസ്സിലാക്കുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേകസ്വരൂപം ധ്യാനിച്ചല്ലാതെ ഈശ്വരാരാധനം നടത്തുന്നതിനു നിവൃത്തിയില്ല. ആ തത്വം അനുസരിച്ചു പൊതുജനങ്ങൾ പ്രവർത്തിക്കുകയും അതിനെ അനുകരിക്കുകയുംചെയ്താൽ മിസ്റ്റർ പരമേശ്വരൻപിള്ള ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ പ്രതിനിധിഎന്നു അനുമാനിക്കാൻ ഇടയുണ്ടു. അദ്ദേഹത്തിൻെറ അഭിപ്രായം ഗവണ്മെൻറിൻെറ അഭിപ്രായമല്ലെന്നു പ്രസിഡൻറ പറഞ്ഞതിനാൽ എനിക്കു വളരെ കൃതാർത്ഥതയുണ്ടു. മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ പ്രതിനിധിഅല്ലെന്നും ബിൽ പിൻതാങ്ങുന്നവരെ അദ്ദേഹം സഹായിക്കയാണെന്നും പൊതുജനങ്ങൾക്കു മനസ്സിലാകും എന്നുള്ളതിനെപ്പററി എനിക്കു സംശയമില്ല.

മിസ്റ്റർ പരമേശ്വരൻപിള്ള പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ തിരുവിതാംകൂറിലോ ബ്രിട്ടീഷ് ഇൻഡ്യയിലോ ആയിരുന്നോ അതോ ഈ വയസ്സുകാലത്തു ഞാൻ യാത്രചെയ്വാൻ തയ്യാറില്ലാത്ത വല്ല സ്ഥലത്തും എന്നെ ആകാശവിമാനത്തിൽ കയററികൊണ്ടുപോയോ എന്നു എനിക്കു വലിയ സംശയം ആയിരുന്നു. ഈ രാജ്യത്തു അനുകരിക്കേണ്ട നയത്തെപ്പററിആണോ അദ്ദേഹം പ്രസ്താവിച്ചതു. അതോ മററു വല്ല രാജ്യങ്ങളിൽ അനുകരിക്കേണ്ട നയത്തെപ്പററിആണോ എന്നു ഞാൻ സംശയിക്കുകയായിരുന്നു. തിരുവിതാംകൂറിൽ ഒരു ക്ലിപ്തനയം അനുസരിച്ചാണ് നാം പ്രവർത്തിച്ചുവന്നതു. കീഴ്നടപ്പു ഇവിടെ പ്രധാനമായ സംഗതിആണ്. സാമുദായിക നിയമനിർമ്മാണത്തിൽ കീഴ്നടപ്പനുസരിച്ചു ഗവണ്മെൻറിൽനിന്നും പ്രവർത്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. (കേൾക്കണം—കേൾക്കണം)

തിരുവിതാംകൂറിലെ മരുമക്കത്തായസമുദായങ്ങളെ സംബന്ധിച്ചുള്ള ചട്ടം സ്മൃതികളിൽ ഒന്നും പ്രതിപാദിച്ചിട്ടില്ല. ലാററിൻ ക്രിസ്ത്യാനികൾക്കുള്ളതുപോലെ (കാനൺചട്ടങ്ങൾ)തിരുവിതാംകൂറിൽ ഇല്ല. മുഹമ്മദീയർക്ക് അവരുടെചട്ടത്തിൻെറ ഉത്ഭവസ്ഥാനം ഉള്ളതുപോലെ ഇതിനു ഉത്ഭവസ്ഥാനമില്ല. കോടതിയിലെ വിധികളേഉള്ളൂ. ഇതിനെ ക്രോഡീകരിക്കുന്നതിനു ഈ സമുദായത്തിലെ അംഗങ്ങൾ ഒരു സാരമില്ലാത്ത കാര്യത്തെപ്പററിയാണ് ഇപ്പോൾ തർക്കിക്കുന്നതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതിനുള്ള ശ്രമങ്ങൾ

ഇവ വല്ല കാര്യങ്ങൾക്കായിരുന്നാൽ വളരെ ഉപയോഗപ്രദമായിരുന്നേനെ. (കേൾക്കുക—കേൾക്കുക) ഈ സമുദായത്തിലുള്ള ഒരു സ്ത്രീയുടെ ആദ്യവിവാഹം റദ്ദ്ചെയ്യാതെ അവളെ വീണ്ടും വിവാഹംചെയ്യാൻ പാടില്ല എന്നു കോടതികൾ തീരുമാനിച്ചിട്ടുണ്ടു. അപ്രകാരം വിവാഹം കഴിക്കുകയാണെങ്കിൽ അതു കുററകരമായ പുനർവിവാഹമാണ്. എന്നാൽ ഒരു ജാരൻ ആ ഭാര്യയെ അവളുടെ ഭർത്തൃഗൃഹത്തിൽനിന്നും വശീകരിച്ചുകൊണ്ടുപോയാൽ അവളുടെ ഭർത്താവിനെ ഉപേക്ഷിക്കുന്നതുകൊണ്ടു ആ ജാരൻ ഒരു കുററവും ചെയ്യുന്നില്ലെന്നു ഹൈക്കോടതിയിൽനിന്നും തീരുമാനിച്ചിട്ടുണ്ടു. ഈഴവസമുദായത്തിനെ സംബന്ധിച്ച ഹൈക്കോടതിയുടെ തീരുമാനം അതാണ്. അതിനാൽ ഈ സമുദായത്തിൽ നടപ്പുള്ള വിവാഹം എന്താണെന്നു പറയുന്നതിനു പൂർവ്വാപരവിരുദ്ധമല്ലാത്ത നിയമം ഏതാണെന്നു ഞാൻ ചോദിക്കുന്നു. വിവാഹവും വിവാഹമോചനവും മരണപത്രംമൂലം വിനിയോഗിക്കാത്ത സ്വത്തുക്കളുടെ അവകാശക്രമവും മക്കത്തിനുള്ള അവകാശവുംസംബന്ധിച്ചു ഏതെങ്കിലും ഒരു നിയമം നിർമ്മിക്കണമെന്നു നായർസമുദായം ആദിയായുള്ള മരുമക്കത്തായസമുദായക്കാരെല്ലാം ഗവർമ്മെൻറിനോടു സദാ അപേക്ഷിച്ചുവന്നു. ശ്രീമൂലംപ്രജാസഭയുടെ ആദ്യത്തെ യോഗംമുതൽക്കുതന്നെ പല വർഷങ്ങളായി സമുദായാംഗങ്ങൾ പ്രമേയങ്ങൾ നടത്തി അവരുടെ നിവേദനങ്ങൾ അനുവദിക്കേണ്ടതാണെന്നു ബോധ്യംവരുത്തി. നിയമനിർമ്മാണഭാരം ഗവർമ്മെൻറു സ്വീകരിച്ചു തെളിവെടുത്തു. ഏതുപ്രകാരം നിയമം രചിക്കണമെന്നു ക്രമീകരിക്കാൻ ഗവർമ്മെൻറു നിശ്ചയിച്ച കമ്മററികളുടെ ശുപാർശകൾ പ്രസിദ്ധപ്പെടുത്തി വാദപ്രതിവാദം നടന്നശേഷം അവസാനത്തിൽ അതു നിയമമായി പര്യവസാനിച്ചു. നായന്മാരുടെയും ഈഴവരുടെയും കാര്യത്തിലും ഇങ്ങനെയാണ് നടന്നതു. യൂറോപ്പിനു പററുന്നതും തിരുവിതാംകൂറിൽ യോജിക്കാത്തതുമായ ഒരു പ്രമേയം മിസ്റ്റർ പരമേശ്വരൻപിള്ള അനുകൂലിക്കുന്നു. ഒരു സമുദായത്തിൽ എല്ലാപേരുടേയും സമ്മതത്തോടും നിയമം രചിക്കുന്നതിനും ഇടയില്ലെങ്കിൽ യാതൊരു നിയമം രചിക്കുന്നതിനു അർഹതയില്ലെന്നാണ് അദ്ദേഹം പറയുന്നതു. ഇപ്രകാരം ഒരു തത്വം അനുകരിക്കുന്നപക്ഷം നിയമനിർമ്മാണം എല്ലാംതന്നെ അതുകൊണ്ടു തടയപ്പെടും. തിരുവിതാംകൂറിൽ എന്നുമാത്രമല്ല നിർമ്മിക്കാൻപോകുന്ന നിയമത്തെപ്പററി എല്ലാപേർക്കും ഒരേ അഭിപ്രായം ഉണ്ടാകുമെന്നു ആശിക്കുന്നതു തിരുവിതാംകൂറിൽ മാത്രമല്ല ലോകത്തിൽ എല്ലാ സ്ഥലങ്ങളിലും അസാദ്ധ്യമാണ്. അതിനാൽ എല്ലാപേരുടേയും അഭിപ്രായം ഒരേരീതിയിൽ എത്തി നിയമം രചിക്കുന്നതു സാദ്ധ്യമല്ലെന്നു ഞാൻ പറയുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): നാം രചിക്കുന്ന നിയമങ്ങളെല്ലാം നിർബന്ധനിയമങ്ങളാണെന്നു മിസ്റ്റർ സുബ്ബയ്യർ പറയുന്നതു ശരിയാണെന്നു അദ്ദേഹം വിശ്വസിക്കുന്നു എന്നു ഞാൻ വിചാരിക്കട്ടെ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു) (ഉപാദ്ധ്യക്ഷൻ): ഞാൻ അതിനെ വിശദമാക്കി പറയാം. ഏതു സംഗതിയെപ്പററി നിയമം രചിക്കുന്നതായാലും അതു നിർബന്ധമാണെങ്കിലും സർവ്വരും ഏകാഭിപ്രായമുള്ളവരായിതീരുന്നതു സാദ്ധ്യമല്ല. ഒരു സമുദായത്തിന്റെ ഏകാഭിപ്രായം വന്നതിനുശേഷം നിയമം രചിക്കുന്നതു നടപ്പില്ലാത്ത കാര്യമാണ്.

ഭേദഗതികൾ വേണമെന്നു ആഗ്രഹിക്കുന്നവർ രജിസ്റ്റർചെയ്തു റഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടണമെന്നു വ്യവസ്ഥചെയ്തു ഒരുസാമുദായികറഗുലേഷൻ നടപ്പാക്കണമോയെന്നാണു ഇനി ആലോചിക്കേണ്ടതു്. കേവലം ഒരു തത്വമായി മാത്രം ഗണിക്കുന്നതായാൽ ഈ പ്രമാണം ശരിതന്നെ. രാജ്യകാര്യസംബന്ധമായ വിഷയങ്ങളിൽ അതിനെ അനുവർത്തിക്കുന്നതിനു സാദ്ധ്യമല്ലല്ലോ. വളരെ ബുദ്ധിമുട്ടി നടപ്പാക്കിയ സർ സി. ശങ്കരനായരുടെ വിവാഹചട്ടത്തെ ഞാൻ ദൃഷ്ടാന്തീകരിക്കാം. ഒരു നായർ പുരുഷൻ ഒരു സ്ത്രീയെ സംബന്ധംചെയ്യുന്നതിനെ അതു ക്രമീകരിക്കുന്നു. അതു അനുവദിക്കുകമാത്രം ചെയ്യുന്ന ഒരു ചട്ടം ആണ്. ആ ചട്ടം അനുസരിച്ചു എത്ര വിവാഹം രജിസ്റ്റർചെയ്തുകഴിഞ്ഞു എന്നു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു ചോദിക്കട്ടെ. ഈ നിയമം ഇരുപതു ഇരുപത്തിഅഞ്ചു വർഷം നടപ്പിൽ ഇരുന്നിട്ടുണ്ടെങ്കിലും ഒന്നോ രണ്ടോ ഡസൻ വിവാഹങ്ങൾമാത്രമേ അതനുസരിച്ചു രജിസ്റ്റർചെയ്തിട്ടുള്ളു. അതുകൊണ്ടു അനുവദിക്കുകമാത്രം ചെയ്യുന്ന ഒരു ചട്ടം രചിക്കുന്നതു സമുദായത്തിനു ആകപ്പാടെ ഗുണകരമല്ലാതെ ഇരിക്കാം.

മി. കല്ലയം പരമേശ്വരൻപിള്ള (ആ. അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): അതുകൊണ്ടു ആ ചട്ടത്തെപ്പററി ആളുകൾക്കു തൃപ്തിയില്ലെന്നു അനുമാനിക്കാൻ പാടില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു) (ഉപാദ്ധ്യക്ഷൻ): അടുത്ത വാചകം പറയുന്നതുവരെ നിങ്ങൾ ക്ഷമിച്ചിരിക്കണം. മക്കത്തായ സമുദായത്തിലെ അംഗങ്ങൾ ഏതു വിധത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നുവോ അതേപ്രകാരത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെ വിദ്യ അഭ്യസിപ്പിച്ചുവളർത്തുന്ന ഒരു മലബാർ നായർക്കു ആ വിവാഹം അംഗീകരിക്കണമെന്നു ആഗ്രഹമില്ലെന്നു പറവാൻ പാടില്ല. വിവാഹത്തെ സമ്മതിക്കരുതെന്നോ അല്ല അയാൾ ഉദ്ദേശിക്കുന്നതു് അനുവദിക്കുകമാത്രം ചെയ്യുന്ന ഒരു നിയമംകൊണ്ടു ഈ രാജ്യത്തിൽ ഉപയോഗം ഇല്ലെന്നുള്ളതിനെ ഇതു ദൃഷ്ടാന്തീകരിക്കുന്നു. എന്നാൽ തിരുവിതാംകൂറിനെസംബന്ധിച്ചു നായന്മാർക്കും ഈഴവർക്കും എന്താണു ആഗ്രഹം എന്നു ഞാൻ ചോദിക്കുന്നു. തന്റെ വിവാഹത്തെ അംഗീകരിക്കുന്നില്ലെന്നു ആധുനിക കാലത്തിനു ചേരാത്ത ഒരു ദായക്രമം നടപ്പിൽ ഇരിക്കുന്നു എന്നും ആ നടപടി അനുസരിച്ചു മരണപത്രം എഴുതാതെ അയാൾ മരിച്ചുപോകുന്നപക്ഷം തന്റെ കുഞ്ഞുങ്ങൾക്കു തന്റെ സ്വത്തിനു അവകാശം ഇല്ലെന്നുമാണു സങ്കടം. ഇതു സമുദായത്തിനു വളരെ ദോഷകരമാണെന്നു മനസ്സിലാക്കി ഏതു പ്രകാരത്തിൽ അതിനെ ഭേദപ്പെടുത്തി ഒരു നിയമം നടപ്പാക്കാമെന്നു ഗവർമ്മെൻറു ആഗ്രഹിച്ചു. ആ അഭിപ്രായത്തോടുകൂടി നിയമിച്ച ഒരു അന്വേഷണക്കമ്മററി ഒരു ബില്ലിന്റെ നക്കൽ തയ്യാറാക്കി. എന്റെ പണ്ഡിതസ്നേഹിതനായ മിസ്റ്റർ രംഗസ്വാമിഅയ്യങ്കാരും മിസ്റ്റർ പരമേശ്വരൻപിള്ളയും പറയുന്നതുപോലെ അനുവാദം മാത്രം നൽകുന്ന ഒരു നിയമം മാത്രം രചിക്കുന്നതായാൽ അതിനെപ്പററി ദീർഘമായി അന്വേഷിച്ചിട്ടു ആവശ്യമില്ലായിരുന്നു. പ്രജാസഭയിൽ ചില യോഗങ്ങളിൽ ചില സാമാജികന്മാർ നിവേദനങ്ങൾ ഹാജരാക്കുന്നതായാൽ അവർ പറയുന്ന രീതിയിൽ ദീർഘമായ ആലോചനകൂടാതെ അനുവാദം മാത്രം നൽകുന്ന ഒരു നിയമം പാസ്സാക്കാം. സമുദായാംഗങ്ങൾക്കു അവരുടെ ഹിതംപോലെ അതിനെ സ്വീകരിക്കുകയോ സ്വീകരിക്കാതെ ഇരിക്കുക.

യോ ചെയ്യാമെന്നു മാത്രം പറഞ്ഞാലും മതി. കമ്മററിയിൽനിന്നും സമർപ്പിച്ച ബില്ല് ഒരു അനുവാദം നൽകുന്ന ബില്ല് അല്ലായിരുന്നു. അതിനനുകൂലമായി ബഹുമായ തെളിവും അവക്കുണ്ടായിരുന്നു. (കേൾക്കണം—കേൾക്കണം)

മി. കല്യാണം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): നിയമനിർമ്മാണം ചെയ്യുന്നതിനു ഏതെങ്കിലും ഒരു ന്യായം ഉണ്ടായിരിക്കണം.

മി. വി. സുബ്ബയ്യർ (നിയമിച്ചത്) (ഉപാദ്ധ്യക്ഷൻ): അല്ലെങ്കിൽ മരടകട എന്താണു? അതു അനുവദിക്കമാത്രം ചെയ്യുന്ന ഒരു നിയമം ആണല്ലോ?

മി. കല്യാണം പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഞങ്ങൾക്കു ഒരു ചട്ടം വേണമെന്നു ഗവൺമെൻറിനോടു ആവശ്യപ്പെട്ടാൽ അനുവദിക്കുകമാത്രം ചെയ്യുന്ന ചട്ടം രചിക്കുന്നതിനു അതു മതിയായ കാരണം ആയിരിക്കണമെന്നാണോ സാമാജികൻ പറയുന്നതു?

മി. വി. സുബ്ബയ്യർ (നിയമിച്ച മെമ്പർ) (ഉപാദ്ധ്യക്ഷൻ): അതെ. എന്തെന്നാൽ അതുകൊണ്ടു ആക്കും ദോഷം ഇല്ലല്ലോ? എന്നാൽ പ്രകൃതസഭാ സാമാജികന്മാർ ഹാജരാക്കിയ നിവേദനത്തെ സംബന്ധിച്ച അന്വേഷണം നടത്തുന്നതിനായി ഒരു കമ്മററിയെ നിയമിച്ചു. കമ്മിററി തെളിവെടുത്തു ഒരു റിപ്പോർട്ട് ഹാജരാക്കി.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ആ സമുദായത്തിൽ ഉള്ള നടപ്പിനെ ശരിയായി അറിഞ്ഞു നിയമം രചിക്കുന്നതിനാണോ ആവശ്യപ്പെട്ടതു? അതോ സമുദായത്തിലെ ചില അംഗങ്ങൾ പ്രതിഷേധിച്ചതു ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനാണോ എന്നു ഉപാദ്ധ്യക്ഷൻ [illegible] യായിട്ടു പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിച്ച മെമ്പർ) (ഉപാദ്ധ്യക്ഷൻ): അപ്പോൾ ഉള്ള നടപ്പു എന്താണെന്നു അറിയുന്നതിനു മാത്രമല്ല ഉദ്ദേശിച്ചതു. എന്നാൽ ഏതെല്ലാം പരിഷ്കാരങ്ങൾക്കൂടി ദോഷംകൂടാതെ ചെയ്യാം എന്നു അറിയുന്നതിനുകൂടി ആകുന്നു. വടക്കൻ തിരുവിതാംകൂറിലുള്ള ഈഴവസമുദായത്തിൽ മരുമക്കത്തായം ആണു ഇപ്പോൾ നടപ്പുള്ളതു എന്നു നമുക്കു അറിയാവുന്നതാണ്. നായർറഗുലേഷനു മുമ്പിൽ അപ്പോൾ പ്രക്ഷോഭണം ചെയ്തുകൊണ്ടിരുന്നവർ അപ്പോൾ ആവശ്യപ്പെട്ടതു സ്വത്തിൽ പകുതി മക്കൾക്കും കുട്ടികൾക്കും പകുതി തറവാട്ടിലേക്കും കൊടുക്കേണ്ടതാണെന്നുള്ള ഒരു ഭേദഗതിയായിരുന്നു. ഈ വ്യവസ്ഥ റഗുലേഷൻ നിർബന്ധമാക്കുന്നതിനു പകരം അനുവാദം മാത്രം നൽകുന്ന രീതിയിൽ പാസാക്കുന്നപക്ഷം നായന്മാർ ആ നിയമംകൊണ്ടു സംതൃപ്തരാകുമെന്നു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരോ മിസ്റ്റർ കല്യാണം പരമേശ്വരൻപിള്ളയോ വിചാരിക്കുന്നുവോ? നാം പൊതുജനങ്ങളുടെ അഭിപ്രായം അറിയാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥലത്തല്ലാ താമസിക്കുന്നതു എന്നാണ് ഞാൻ പറയുന്നതു. തിരുവിതാംകൂർ ഒരു ചെറിയ രാജ്യമാണ്. ഗവൺമെൻറു ജനങ്ങളുടെ ആചാരങ്ങളേയും രീതികളേയും അവരുടെ പുരോഗതിയേയുംപററി അറിയത്തക്ക ഒരു നിലയിലുള്ളതും ആകുന്നു. ഈ സംഗതികളെല്ലാം ആലോചിച്ചു ഗവൺമെൻറു ഒരു പ്രത്യേകരീതിയിലുള്ള നിയമം വേണമെന്നു തീർച്ചപ്പെടുത്തി നിയമിക്കപ്പെട്ട കമ്മററി ഒരു ബിൽ തയ്യാറാക്കി ഗവൺമെൻറു അതിനെ സ്വീകരിച്ചു. കമ്മിററി ശുപാർശചെയ്ത പ്രകാരം ഗവൺമെൻറു അതിനെ നടപ്പനുസരിച്ചു ഹാജരാക്കി. ഇവിടെ നാം ഒരു ചെറിയ രാജ്യത്തു താമസിക്കുന്ന ആളുകളുടെ ജനങ്ങളുടെ കാര്യത്തെക്കുറിച്ചാണ് ആലോചിക്കുന്നതു. ഈ രാജ്യം മുഴുവനും നമുക്കു ഒരു ദിവസംകൊണ്ടു സഞ്ചരിക്കാം. ഈ റഗുലേഷൻകൊണ്ടു ഭൂരിപക്ഷം ആളുകൾക്കു ന്യൂനപക്ഷക്കാരെ നിർബന്ധിച്ചു റഗുലേഷനിൽ ഉൾപ്പെടുത്താമായിരുന്നു എങ്കിൽ എൻെറ സ്നേഹിതന്മാരായ മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർക്കും മിസ്റ്റർ പരമേശ്വരൻപിള്ളക്കും ഈ ചട്ടത്തിനെ സംബന്ധിച്ചുള്ള ആക്ഷേപം എന്താണെന്നു എനിക്കു മനസ്സിലാകുമായിരുന്നു. അങ്ങനെ ഈ നിയമത്താൽ യാതൊന്നും നിർബന്ധിക്കുന്നില്ലാ.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): നിയമത്താൽ നിർബന്ധിക്കുന്നതല്ലാതെ പിന്നെ എന്തിനാണു ശ്രമിക്കുന്നതെന്നു ഉപാദ്ധ്യക്ഷൻ എന്നോടു പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു) (ഉപാദ്ധ്യക്ഷൻ): എൻെറ സ്നേഹിതൻ അതിനെപ്പററി ആലോചിക്കുമ്പോൾ എല്ലാ ബില്ലുകളും നിർബന്ധിക്കുകയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യംവരും. ഈ സംഗതിയെപ്പററി കുറച്ചുകൂടി കഴിഞ്ഞു ഞാൻ പ്രതിപാദിക്കാം. നിർബന്ധത്തിനെപ്പററി ഇവിടെ വളരെ ആലോചിക്കേണ്ട ആവശ്യം ഇല്ല. എന്തെന്നാൽ ഭൂരിപക്ഷം ആളുകളെ ബന്ധിക്കുന്നതായി രചിച്ച നിയമത്തിൽതന്നെ ന്യൂനപക്ഷം ആളുകൾക്കു അതിൻെറ വ്യാപ്തിയിൽ നിന്നും ഒഴിയുന്നതിനു വ്യവസ്ഥയുണ്ടു. നിയമം തങ്ങളെ ബന്ധിക്കണമെന്നു ആഗ്രഹിക്കുന്നവരാണോ രജിസ്റ്റർ ചെയ്യേണ്ടതു അതോ നിയമത്തിൽനിന്നും ഒഴിയണമെന്നു ആഗ്രഹിക്കുന്നവരാണോ ഒഴിയേണ്ടതു എന്നുള്ളതു കാര്യനടപ്പിനെ അടിസ്ഥാനപ്പെടുത്തി തീരുമാനിക്കേണ്ടതാണു. ന്യൂനപക്ഷം ആളുകൾ നിയമത്തിൽനിന്നും ഒഴിയുകയാണോ വേണ്ടതു? ഭൂരിപക്ഷം ആളുകൾ അതിൽ ഉൾപ്പെടുകയാണോ വേണ്ടതു? ഒരു സമുദായത്തിൻെറ ഗുണത്തിനായി നടപ്പിൽവരുത്തുന്ന നിയമംകൊണ്ടു അവരുടെ ന്യായമായ ആശയങ്ങൾ സാധിക്കുന്നതും സാമുദായിക പുരോഗതിക്കു ഉതകുന്നതും ആയിരിക്കണം. ആ തത്വം അടിസ്ഥാനമാക്കിയാണു ഈ നിയമങ്ങൾ പാസ്സാക്കീട്ടുള്ളതു സാമുദായിക നിയമങ്ങൾ മേലാൽ അനുകരിക്കേണ്ട ഒരു മാതൃകയായി എൻെറ സ്നേഹിതനായ മിസ്റ്റർ പരമേശ്വരൻപിള്ള പ്രതിപാദിച്ചതിനെപ്പററി എനിക്കു മനസ്താപമുണ്ടു. എന്തെന്നാൽ ആ തത്വത്തെ സ്വീകരിക്കുന്നപക്ഷം ക്രിസ്ത്യൻ സക്ഷൻ റഗുലേഷൻ റദ്ദ്ചെയ്യുകയും വേണ്ടിവരും. അതിൽ ഉൾപ്പെടുന്നതിനു തനിക്കു മനസ്സില്ലെന്നും സമുദായാംഗങ്ങൾ അതിനെ ഐകകണ്ഠ്യേന സ്വീകരിച്ചിട്ടില്ലെന്നും ഒരു ക്രിസ്ത്യാനിക്കു പറയാം. നായർ അല്ലാത്ത എനിക്കു നായർ റഗുലേഷൻ [illegible] വകുപ്പിനു എന്നെ സംബന്ധിച്ചിടത്തോളം അതു ഭേദപ്പെടുത്തണമെന്നു പറയാവുന്നതല്ലയോ? ആ റഗുലേഷൻ നടപ്പാക്കിയപ്പോൾ നായന്മാർ അല്ലാത്തവർ അതിനെ ശക്തിയോടുകൂടി എതിർത്തസ്ഥിതിക്കു ഇപ്രകാരം പറയുന്നതിനു കൂടുതൽ ന്യായമില്ലയോ? ഗവൺമെൻറിൻെറ നയം ഇന്നതാണെന്നു ഈ വ്യവസ്ഥ തന്നെ നായർ റഗുലേഷൻ നടപ്പാക്കിയപ്പോൾ പ്രസ്താപിച്ചിട്ടുള്ള സ്ഥിതിക്കു അതിനെ ഭേദപ്പെടുത്തി അപ്രകാരമുള്ള ചട്ടങ്ങൾ എല്ലാം അനുവദിക്കുന്നതുമാത്രം ആയിരിക്കണമെന്നു നാം ഇപ്പോൾ തീരുമാനിക്കണമോ? ഈ ബില്ല് നാം അനുവദിക്കുന്നപക്ഷം എല്ലാ നിയമങ്ങളേയും റദ്ദുചെയ്യണമെന്നു പറയുന്നതിനു അവസരം കൊടുക്കുകയാണു. തിരുവിതാംകൂറിലുള്ള ഏതെങ്കിലും സമുദായത്തിനു ഇപ്രകാരം ഒരു നിലവരുന്നതാണെന്നുള്ള വി

ചാരംതന്നെ എനിക്കു ഖേദകരമാണു. എന്തെങ്കിലും ഒരു കാൎയ്യം ഒരിക്കൽ തീരുമാനിച്ചുകഴിഞ്ഞാൽ ഇപ്രകാരം ഒരു ക്ഷോഭത്തിനു ഇടയുണ്ടായിരിക്കരുത്. ഈ സംഗതിയെപ്പററി എന്റെ അഭിപ്രായം ഇതാണു. മിസ്റ്റർ പരമേശ്വരൻപിള്ള പുറപ്പെടുവിച്ച അഭിപ്രായം അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമാകുന്നു ഗവണ്മെന്റിന്റെ അഭിപ്രായം അല്ലെന്നും അറിയുന്നതിൽ എനിക്കു സമാധാനമുണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായം ഒരു ഗവണ്മെന്റുമെമ്പറിന്റെ അല്ല. നിരാശപ്പെടത്തക്ക ഒരു പ്രമേയത്തെ ചിന്തിക്കുന്ന ആളിന്റെ ആണെന്നു ഞാൻ വിചാരിക്കുന്നു. ആ ബില്ലിന്റെ ഗുണഭാഗങ്ങളെ കഴിവുള്ളിടത്തോളം ഭംഗിയായി അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. ഗവണ്മെന്റിനു ഇപ്രകാരമുള്ള നിയമങ്ങളെപ്പററി ഉപദേശം നൽകേണ്ട ആവശ്യം വരുമ്പോൾ ഈ ബില്ലിനെക്കുറിച്ചായി പുറപ്പെടുവിച്ച അഭിപ്രായങ്ങളെ ഗൌനിക്കാതെ മുമ്പുള്ള നയത്തോടു യോജിച്ചും എല്ലാ സമുദായങ്ങൾക്കും ഗുണകരമെന്നു അനുഭവം വന്നിട്ടുള്ളതും ആയ നയം അനുവൎത്തിക്കണമെന്നു അദ്ദേഹം ഉപദേശിക്കുമെന്നു ഞാൻ ആശിക്കുന്നു.

൩൩-ാം വകുപ്പിനെപ്പററി ആരേയും മനസ്സിലാക്കാതെ കൌൺസിലിൽ കൊണ്ടുവന്നു എന്നു മിസ്റ്റർ കുട്ടാലം പരമേശ്വരൻപിള്ള പറയുന്നതു സംഗതികളെ തെററിദ്ധരിച്ചാണു. ഇപ്രകാരമാണു വൈക്കം മിസ്റ്റർ സുബ്രഹ്മണ്യപിള്ള പറഞ്ഞതു.

കൌൺസിലിൽനിന്നും ലഘുഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു ൧-൧൪-നു പിരിഞ്ഞു ൨-൪-നു വീണ്ടും യോഗംകൂടി.

മി. വി. സുബ്ബയ്യർ (നിയമിച്ചതു) (ഉപാദ്ധ്യക്ഷൻ): നൂതനമായ ഒരു നയത്തെ ആരംഭിക്കുന്നതിനു ഗവണ്മെന്റു ഉദ്ദേശിച്ചിരുന്നു എന്നു പൊതുജനങ്ങളുടെ ഇടയിൽ തെററിദ്ധാരണ ഉണ്ടാകുവാനുള്ള ഉദ്ദേശത്തോടുകൂടിയാണു മുൻപറഞ്ഞതെല്ലാം ഞാൻ പ്രസ്താവിച്ചതു. ഇന്നലെ സാമാജികന്മാർ ചീഫ്സിക്രട്ടറിയോടും ലാമെമ്പറോടും ചോദ്യങ്ങൾ ചോദിച്ചപ്പോൾ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർ ഈ സഭയിൽ ഇല്ലെന്നു നിങ്ങൾ (അഗ്രാസനാധിപതി) പറഞ്ഞു. അതിന്റെ താല്പൎയ്യം ഗവണ്മെന്റിന്റെ പ്രതിനിധിയായി ആരുംതന്നെ സഭയിൽ ഇല്ലെന്നും ഓരോരുത്തൎക്കും അവരവരുടെ സ്വന്തം അഭിപ്രായം പറയുന്നതിനു സ്വാതന്ത്ര്യം ഉണ്ടെന്നും ഉദ്യോഗസ്ഥന്മാരായ സാമാജികന്മാർ പറഞ്ഞതു ഗവണ്മെന്റിനെ ബാധിക്കുകയില്ലെന്നും ആണു. അനുകരിച്ചുവന്ന നയത്തെ ഭേദപ്പെടുത്തണമെന്നു ഗവണ്മെന്റിനു യാതൊരുദ്ദേശവുമില്ലാതിരുന്നു എന്നുള്ള സംഗതിയെ സ്പഷ്ടീകരിക്കുകയാണെന്നു ഞാൻ വിചാരിച്ചു. ഈ നിയമത്തിന്റെ ചരിത്രത്തെപ്പററി ഞാൻ പറയട്ടെ. മിക്ക സാമാജികന്മാരും പുതിയവരായതുകൊണ്ടു ഇങ്ങനെ സ്വല്പം പറയുന്നതിനു സഭയിൽനിന്നും അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സാമാജികന്മാർ കൌൺസിൽ നടപടികൾ വായിച്ചിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു. ഒരു നിയമം വേണമെന്നുള്ള പ്രക്ഷോഭം ഈഴവസമുദായത്തിലെ അംഗങ്ങൾ വളരെക്കാലമായി നടത്തിവന്നു. ആ സംഗതിയെപ്പററി പൂൎണ്ണമായി ആലോചിക്കുന്നതിനു ഗവണ്മെന്റിൽനിന്നും ഒരു കമ്മററിയെ നിയമിച്ചു. ആ കമ്മററിയുടെ അഗ്രാസനാധിപതിയായി എന്നെ ആണു നിയമിച്ചതു. കോടതികളിൽനിന്നും നിശ്ചിച്ചചട്ടത്തേയും സാമുദായിക നടപ്പിനെപ്പററി കമ്മററിയിലെ സാമാജികന്മാൎക്കുള്ള ധാരണയേയും അടിസ്ഥാനമാക്കി ഉണ്ടാക്കിയ ഒരു ചട്ടംകൊണ്ടു തങ്ങൾ തൃപ്തിപ്പെടുകയില്ലെന്നും നായന്മാരേയും ക്രിസ്ത്യാനികളേയും സംബന്ധിച്ച നിയമം രചിക്കുന്നതിനു ചെയ്തതുപോലെ സമുദായാംഗങ്ങളുടെ അഭിപ്രായം അനുസരിച്ചു പ്രവൎത്തിക്കണമെന്നു കമ്മററിയിലെ ഈഴവാംഗങ്ങൾ നിർബന്ധിച്ചു. അതുകൊണ്ടു നൂതനമായി ഒരു കമ്മിട്ടിയെ ഈ സംസ്ഥാനം ഒട്ടുക്കു സഞ്ചരിച്ചു തെളിവെടുക്കുന്നതിനായി നിയമിക്കണമെന്നു അവർ വാദിച്ചു. ആ കമ്മററിയെ നിയമിച്ചപ്പോൾ രാജ്യം ഒട്ടുക്കു സഞ്ചരിച്ചു തെളിവെടുക്കുന്നതിനായി എനിക്കു തരമില്ലാതിരുന്നതിനാൽ മി. ശിവലിംഗം അയ്യരെ വിപുലമാക്കിയ കമ്മററിയുടെ അഗ്രാസനാധിപതിയായി നിയമിച്ചു. ആ കമ്മിററിയിൽനിന്നും ഐകകണ്ഠ്യേന ഒരു റിപ്പോർട്ടു സമൎപ്പിച്ചു. ഗവണ്മെന്റു അതിനെ സ്വീകരിച്ചു. ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഒരു ബില്ലു തയ്യാറാക്കി. ആ ബില്ലു പാസാക്കുമ്പോൾ അതിലുണ്ടായിരുന്ന വ്യവസ്ഥകൾ കമ്മിററിയുടെ റിപ്പോർട്ടിലോ സിലക്ടുകമ്മിററിയുടെ റിപ്പോർട്ടിലോ ഇല്ലെന്നാണു പറയപ്പെടുന്നതു. ഹാജരാക്കുന്ന ബില്ലുകൾ ഭേദഗതികൂടാതെ നിയമമായി അംഗീകരിക്കപ്പെടുന്നില്ലെന്നുള്ളതു സൎവ്വസാധാരണ അനുഭവമാണു. അതിനാൽ അതിൽ പല ഭേദഗതികളും വരുത്തേണ്ടിയിരിക്കും. ഈ സഭ സമ്മേളിച്ചിരിക്കുന്നതുതന്നെ അതിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തുന്നതിനാണു. ഓരോ സാമാജികനും പല സംഗതികളെപ്പററി ഗുണദോഷനിരൂപണം ചെയ്യുന്നു. അതിനെപ്പററി ആലോചിക്കേണ്ട ചുമതല സിലക്ടുകമ്മിററിക്കുണ്ടു. അപ്രകാരമാണു ഭേദഗതികൾ ചെയ്തിട്ടുള്ളതും സഭയിൽനിന്നും സൂക്ഷ്മമായി ആലോചിക്കാത്ത ബില്ലിൽ യാതൊരു ഭാഗവുംതന്നെ ഇല്ലെന്നു ഞാൻ പറയാം. എന്തെന്നാൽ നടപടികളെ നോക്കീട്ടുള്ളവരും വായിച്ചിട്ടുള്ളവരും ആയ എല്ലാ സാമാജികന്മാൎക്കും നിയമത്തിൽ ഉള്ള ഓരോ ഭാഗത്തിലും ഭേദഗതികൾ വരുത്തണമെന്നു സാമാജികന്മാർ ആവശ്യപ്പെട്ടു എന്നുള്ള വിവരം അറിയാവുന്നതാണു. അതിനാൽ ആദ്യംമുതൽ അവസാനംവരെ ഒന്നൊഴിയാതെ എല്ലാ ഭാഗങ്ങളേയും ഈ സഭയിൽനിന്നും സൂക്ഷ്മമായി പൎയ്യാലോചിച്ചു എന്നു കാണുന്നു. ഈഴവരല്ലാത്ത സാമാജികന്മാർ ഈഴവസമുദായത്തിന്റെ അഭിപ്രായങ്ങളും ആദർശങ്ങളും മാത്രമേ ഈ ബില്ലിൽ ഉൾപ്പെടുത്താവൂ എന്നു പ്രത്യേകം ശ്രദ്ധവച്ചു എന്നും അപ്രകാരമാണു ഈ ബില്ലു പാസാക്കിയതെന്നും ഞാൻ പറയാം.

ഇപ്പോൾ ആലോചിക്കപ്പെടുന്ന സംഗതിയെപ്പററി ഞാൻ സഭയോടു വിശദമായി പറയേണ്ടിയിരിക്കുന്നു. അമ്മമരണപത്രംകൂടാതെ മരിച്ചുവരുടെ സ്വത്തുക്കളെപ്പററിയുള്ള ദായക്രമവും ഭാഗവും ആണു്. മേൽപറഞ്ഞ ദായക്രമത്തെപ്പററി ആദ്യബില്ല ൧൭-ാം വകുപ്പിലാണു പ്രതിപാദിച്ചിരുന്നതു. മി. പത്മനാഭന്റെ മുൻഗാമിയും എന്റെ ബഹുമാന്യസ്നേഹിതനുമായ മി. പരമേശ്വരൻ സ്വത്തിൽ ഒന്നുപകുതി ഭാൎയ്യക്കും മക്കൾക്കും ഒന്നേപകുതി തറവാട്ടിലേയ്ക്കും കൊടുക്കണമെന്നു കാണിച്ചു മുൻപറഞ്ഞ ദായക്രമത്തിനെ സംബന്ധിച്ചു ഒരു ഭേദഗതിപ്രമേയം ഹാജരാക്കി. സഭയിൽനിന്നും അതിനെ ദീർഘമായി പൎയ്യാലോചിച്ചശേഷം തള്ളിക്കളഞ്ഞു. ആ ബില്ലിനെ ഗവണ്മെന്റുബില്ല എന്ന നിലയിലാണു കൊണ്ടുവന്നതെന്നും സാമാജികന്മാരുടെ ഇഷ്ടംപോലെ വോട്ടുചെയ്യുന്നതിനു അവരെ അനുവദിച്ചില്ലെന്നും എന്റെ സ്നേഹിതനായ മി. കെ. പി. നീലകണ്ഠപിള്ള വിചാരിക്കുന്നു. അതു ശരിയല്ല. ഓരോ ഉദ്യോഗസ്ഥനും അവനവന്റെ ഇഷ്ടപ്രകാരം വോട്ടുചെയ്യാമായിരുന്നു. മി. കെ. വി. രങ്കസ്വാമി അയ്യങ്കാർ ഈ സ്വാതന്ത്ര്യത്തെ ഉപയോഗിച്ചു. മി. പരമേശ്വരന്റെ അഭിപ്രായത്തെ അടിസ്ഥാനമാക്കി ഭാഗം സംബന്ധിച്ചു ആ വകുപ്പിനെ മി. കെ. വി. രങ്കസ്വാമി അയ്യങ്കാർ എതിൎത്തു എന്നു പറയുന്നതിൽ എനിക്കു കൃത

ത്തരുണ്ട്. അദ്ദേഹം ആ വകുപ്പിനെ ഭേദപ്പെടുത്തി നാലാംവകുപ്പുകൊണ്ടു ചെയ്യുന്നതിനു ഉദ്ദേശിച്ചു. മി. രംഗസ്വാമിഅയ്യങ്കാർ ഇനി ഞാൻ വന്നിപറഞ്ഞുകൊള്ളുന്ന. അതിനുവേണ്ടപോലെ [illegible] [illegible] ചെയ്യും. ആ വകുപ്പിനെപ്പററി വാദപ്രതിവാദം നടത്തുമ്പോൾ മി. രംഗസ്വാമിഅയ്യങ്കാർ [illegible] [illegible] വായിച്ചുകേൾപ്പിക്കാം.

ഒന്നാംവകുപ്പു ഏതുവിധം പറഞ്ഞിരുന്നാലും അതിൽനിന്നൊഴിയണമെന്നു ആഗ്രഹിക്കുന്ന [illegible] വരുംപോളിനുമെമ്പർ നടപ്പിൽവന്നിട്ടു ആറുമാസത്തിനകം ആ ഡിവിഷനിലെ പേഷ്കാരുടെ ആഫീസിൽ രജിസ്റ്റർചെയ്യു അതു [illegible] [illegible] അറിയാവുന്നതാണ്.

രണ്ടാംവകുപ്പിലെ ഉപവകുപ്പുകൾക്കു തുല്യമായഉപവകുപ്പിനെ സ്വീകരിക്കുന്നതിനു സമ്മതമുള്ളവരാണെന്നും ആലോചിക്കുന്ന പക്ഷം ബുദ്ധിമുട്ട ന്യൂനപക്ഷത്തിലുള്ള അംഗങ്ങൾക്കു അനുഭവിക്കേണ്ടി വരുമെന്നും [illegible] റജിസ്റ്റർ ചെയ്യാത്തവരുടെ [illegible] [illegible]വകുപ്പിൽ അന്തർഭവിച്ചിരിക്കുന്നതെല്ലാം സമുദായത്തെ ബന്ധിക്കാവുന്നതല്ലെന്നും കാണാവുന്നതാണ്.

വാസ്തവത്തിൽ ഒരു ന്യൂനപക്ഷംമാത്രമുള്ള ആളുകൾക്കു നിർബന്ധിച്ചു നിയമത്തിൽ ചേരേണ്ടതാണെന്നും എന്നാൽ കാര്യങ്ങൾ നടപ്പിൽവരുമ്പോൾ ന്യൂനപക്ഷക്കാരോടു [illegible] നിന്നും ഒഴിയുന്നതിനു ആവശ്യപ്പെടുന്നതിനുള്ള പക്ഷം ആളുകളുടെ ആവശ്യപ്പെടുന്നതിനു നയം ഉണ്ടായിരിക്കേണമെന്നാണ് അദ്ദേഹം പറഞ്ഞതു.

വാസ്തവത്തിൽ ബില്ലു അവസാനമായി അംഗീകരിച്ചപ്പോൾ ചെയ്തതും ഇപ്രകാരംതന്നെയാണ്. ഈ സംഗതി ഇന്നലെ എന്റെ സ്നേഹിതൻ പ്രസംഗിച്ചപ്പോൾ മറന്നുപോയി എന്നു വെളിവാകുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (പ്രിൻസിപ്പാൾ രാജകീയആർട്ട്സ് കാളേജ്): അതിന്നു ഏതിരായി ഇന്നലെ ഞാൻ വല്ലതും പറഞ്ഞോ എന്നു മി. സുബ്ബയ്യർ പറയുമോ? ഞാനാണ് ഞാൻ ആവശ്യപ്പെട്ടതു ഈ ബില്ലിനെപ്പററി ഒരു സെലക്ട്കമ്മററിയിൽനിന്നും ആലോചിക്കണമെന്നാണെന്നും ഈ പ്രത്യേക വ്യവസ്ഥയെപ്പററി ഖണ്ഡിച്ചു അഭിപ്രായവും ഞാൻ പുറപ്പെടുവിക്കയില്ലെന്നു ഞാൻ സ്പഷ്ടമായി പറഞ്ഞു എന്നു മി. സുബ്ബയ്യരെ ഞാൻ ഓർമ്മപ്പെടുത്തികൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ): (ഉപാദ്ധ്യക്ഷൻ) അപ്രകാരമായിരിക്കാം. ഞാൻ അദ്ദേഹം പറഞ്ഞതു ശരിയായി മനസ്സിലാക്കിട്ടില്ലായിരിക്കാം. പറഞ്ഞതെല്ലാം ഞാൻ ശരിയായി ഓർമ്മിക്കുന്നില്ല. എനിയ്ക്കു തെററിയിരിക്കാം. അപ്രകാരമാണെങ്കിൽ ഞാൻ ക്ഷമായാചനംചെയ്തുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (പ്രിൻസിപ്പാൾ രാജകീയആർട്ട്സ് കാളേജ്): അപ്രകാരം ഒന്നും പറഞ്ഞിട്ടില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ): (ഉപാദ്ധ്യക്ഷൻ) ഞാൻ നല്ലവണ്ണം ഓർക്കുന്നില്ല. പക്ഷെ അദ്ദേഹം പറഞ്ഞിട്ടില്ലായിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇന്നലെ ഇതിൽ സംബന്ധിച്ചു മി. രംഗസ്വാമിഅയ്യങ്കാർ പ്രസംഗിച്ചപ്പോൾ ഖണ്ഡിച്ചു ഒരു അഭിപ്രായം എന്തെങ്കിലും അദ്ദേഹം പറഞ്ഞോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ): (ഉപാദ്ധ്യക്ഷൻ) അതിനെപ്പററി പല അഭിപ്രായങ്ങളും ഉണ്ടാകുന്നിട്ടുണ്ടു. അതിൽ ഞാൻ നല്ലവണ്ണം പരിചയമുള്ളതു. ബില്ലു അവസാനമായി പാസ്സാക്കിയതു ഏഴാംവകുപ്പിനെപ്പററി കൂലമായി ആലോചിച്ചശേഷമാണ്.

ഇനി മറെറാരു ഭാഗത്തിനെപ്പററി ആലോചിക്കാം. ഞാൻ ഭാഗത്തിനെപ്പററിയും മരണപത്രം എഴുതാതെ മരിച്ചുപോയവരുടെ അവകാശക്രമത്തെപ്പററിയും മാത്രമെ ഇപ്പോൾ പ്രതിവാദിക്കുന്നുള്ളു. എന്തെന്നാൽ ഇപ്പോഴത്തെ വാദപ്രതിവാദം ഇവയെ സംബന്ധിച്ചു മാത്രമാണ്. ആദ്യമായി ഈ സംഗതിയെപ്പററി അന്നു ആലോചിച്ചപ്പോൾ മിശ്രവഴി ഈഴവരെ ഇതിൽനിന്നും ഒഴിക്കണമെന്നുള്ള പ്രമേയം മി. പരമേശ്വരൻ അന്നു ഹാജരാക്കിയതുകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നതു. ആ പ്രമേയം നടപ്പാക്കാൻ സാധിക്കയില്ലെന്നു മി. പരമേശ്വരൻ അറിഞ്ഞപ്പോൾ മറെറാരു ഭേദഗതി ഉള്ളതായി അദ്ദേഹം പറഞ്ഞു. എന്താണ് അദ്ദേഹം ആവശ്യപ്പെട്ടതെന്നു സൂക്ഷ്മമായി നമുക്കു മനസ്സിലാക്കാൻ സാധിച്ചില്ല. മി. കല്യാണം പരമേശ്വരൻപിള്ള ഇപ്പോൾ അഭിപ്രായപ്പെട്ടരീതിയിൽ ഒരു ഭേദഗതി വരുത്തണമെന്നു മി. പരമേശ്വരൻ അന്നു ആവശ്യപ്പെട്ടു എന്നുള്ളതു വാസ്തവം തന്നെ. പക്ഷെ അദ്ദേഹം പ്രസംഗിച്ചുതുടങ്ങിയപ്പോൾ അന്നു മറെറാരു സംഗതിയെപ്പററി പറഞ്ഞു. മിശ്രവഴിഈഴവരെ ആക്ടിന്റെ ഒഴിവാക്കണമെന്നു അദ്ദേഹത്തിനു ആഗ്രഹമുണ്ടെന്നാണ് ഞങ്ങൾ ധരിച്ചതു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ അങ്ങനെ ചെയ്യണമെന്നു ആഗ്രഹമില്ലെന്നു ഞങ്ങൾ കണ്ടു. അദ്ദേഹം പറഞ്ഞതു താഴെപ്പറയുന്നു.

"ഒരു ഭേദഗതി എനിക്കിപ്പോൾ കൊണ്ടുവരാം. ഇതിൽ വിശ്വാസമില്ലാത്ത മിശ്രമരുമക്കത്തായവഴിക്കാരും ഇപ്പോഴത്തെ നിയമത്തിൽ സംബന്ധിക്കാൻ മനസ്സില്ലാത്തവരും തന്നത്താൻ ഒഴിഞ്ഞുപോകേണം എന്നാണ് ഞാൻ മനസ്സിലാക്കീട്ടുള്ളതു. ഇപ്പോഴത്തെ നിയമത്തിൽ സംബന്ധിക്കാൻ മനസ്സില്ലാത്തവർ ഒഴിഞ്ഞുപോകണം".

ഇതാണ് അദ്ദേഹം ആവശ്യപ്പെട്ടതു. ബില്ലിനെസംബന്ധിച്ചു അനുകൂലാഭിപ്രായം ഇല്ലാത്തവർ അതിൽനിന്നും ഒഴിയണമെന്നാണ് അദ്ദേഹത്തിന്റെ പ്രാർത്ഥന. അന്നു ആദ്ധ്യക്ഷംവഹിച്ചിരുന്ന ഉപാദ്ധ്യക്ഷൻ മി. പരമേശ്വരൻ ആവശ്യപ്പെട്ടസംഗതി അദ്ദേഹം ഹാജരാക്കിയ ഭേദഗതികൊണ്ടു സ്പഷ്ടമാകുന്നില്ലെന്നു പറഞ്ഞു. നാലാംവകുപ്പിനു ഒരു ഭേദഗതി ഞാൻ ഹാജരാക്കണമെന്നുള്ള കരാറിന്മേൽ അദ്ദേഹം ആ ഭേദഗതിയെ പിൻവലിക്കുന്നതിനു അനുവാദംചോദിച്ചു.

നാലാം വകുപ്പിന്റെ ഭേദഗതി ഹാജരാക്കിയതിനെപ്പററി കുറെ അധികം പറവാനുണ്ട്.

മി. ആർ. പത്മനാഭൻ (നിയമിച്ചമെമ്പർ): മി. പരമേശ്വരന്റെ പ്രമേയം എല്ലാവരേയും ബന്ധിക്കുമെന്നാണൊ മി. സുബ്ബയ്യർ പറയുന്നതു?

മി. വി. സുബ്ബയ്യർ (നിയമിച്ച മെമ്പർ): (ഉപാദ്ധ്യക്ഷൻ) ഈ സഭയിൽ പാസ്സാക്കിയതുമാത്രമെ നമ്മെ ബന്ധിക്കയുള്ളു. എന്തെന്നാൽ ഈ സഭയിൽനിന്നും പാസ്സാക്കുന്നതു സഭയിലെ ഭൂരിപക്ഷം ആളുകൾ പാസ്സാക്കുന്നതാണ്. ഓരോ സാമാജികനും താൻ ശരിയാണെന്നു വിചാരിക്കുന്ന അഭിപ്രായത്തിന്റെ പ്രതിനിധി ആണ്. ഈ സഭയിൽനിന്നു ഒരു സമുദായത്തിലുള്ള ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം ഇന്നതാണെന്ന്

അറിയുന്നതിനു ഒരു [illegible] നിയമിക്കുന്നതിനുപകരം ആ സംഗതി തന്നത്താനെ [illegible] ചിച്ചുതുടങ്ങിയാൽ കാര്യം നടപ്പുണ്ടാകയില്ല. പഴയ കൌൺസിലിൽ സെലക്ട്കമ്മിറ്റിയിൽനിന്നാണ് ഈ സംഗതിയെപ്പറ്റി വാദപ്രതിവാദം നടന്നിട്ടുള്ളത്. എതിർഭാഗക്കാർ സെലക്ട്കമ്മിറ്റിയിൽ ചില സംഗതികളെപ്പറ്റി പറയുകയുണ്ടായി.

മി. കണ്ണമ്പ്ര പരമേശ്വരൻപിള്ള (ഒക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ബില്ലിൽനിന്നും ഒഴിവാക്കണമെന്നു ആഗ്രഹമുള്ളവർ അപ്രകാരം രജിസ്റ്റർചെയ്തു ഒഴിയണമെന്നാണ് മി. പരമേശ്വരന്റെ അഭിപ്രായം [illegible] മി. സുബ്ബയ്യർ വിചാരിക്കുന്നതെന്നു പറയാമോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ): ഉപാദ്ധ്യക്ഷൻ താൻ അപ്രകാരമാണ് മനസ്സിലാക്കിയത്.

മി. കണ്ണമ്പ്ര പരമേശ്വരൻപിള്ള (ഒക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മി. സുബ്ബയ്യർ ഇപ്പോൾ വായിച്ച ഭാഗത്തിനുശേഷം മി. പരമേശ്വരൻ പറഞ്ഞതു ഇപ്രകാരമാണ്.

“ [illegible] പറഞ്ഞതുപോലെ എനിക്കു മനസ്സിലായില്ല. അതുകൊണ്ടു എന്റെ അഭിപ്രായം ഞാൻ പറയുന്നു. [illegible] ഒഴിച്ചുവിടണമെന്നാണ്. ഈ ബില്ലിൽ [illegible] ചേർന്നുകൊള്ളണമെന്നും അല്ലാത്തവർ പോകണമെന്നുമാണ് എന്റെ അഭിപ്രായം”.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): ഒരു മെമ്പറുടെ [illegible] ഞാൻ [illegible] ബഹുമാനപ്പെട്ട മെമ്പർ [illegible] ആലോചിക്കേണ്ടിവന്നു.

രാജ്യസേവാധുരന്ധര(?) കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പൽ, [illegible] കാളേജ്): [illegible] മി. പരമേശ്വരൻ [illegible] എന്നുള്ള മി. സുബ്ബയ്യർ [illegible]? [illegible] മി. സുബ്ബയ്യർ [illegible]? മി. പരമേശ്വരൻ [illegible] തന്റെ [illegible] ബില്ലിൽനിന്നും പിൻവലിക്കാമെന്നാണ് ഉദ്ദേശമെന്നു അദ്ദേഹം പറഞ്ഞില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): [illegible] വകുപ്പിനെപ്പറ്റി വാദപ്രതിവാദം നടക്കയും മി. രങ്കസ്വാമി അയ്യങ്കാർ പ്രസംഗിക്കുകയുംചെയ്തപ്പോൾ ഉണ്ടായ സംഗതികൾ എല്ലാം എനിക്കു ഓർക്കുന്നതിനു നിവൃത്തിയില്ല. അപ്പോൾ മി. [illegible] ആ ഭേദഗതി [illegible] അതിനെ കൌൺസിലിൽ ഹാജരാക്കേണ്ടിയിരിക്കുന്നു എന്നു അറിഞ്ഞപ്പോൾ സമുദായങ്ങളുടെ അഭിപ്രായം അറിയുന്നതിനു അവസരമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. ഈ ബില്ല് ഒരു സെലക്ട്കമ്മിറ്റിക്ക് വീണ്ടും അയയ്ക്കുകയൊ [illegible] സർക്കുലേഷൻ നടപ്പാക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുകയൊ ചെയ്യണമെന്നു പറഞ്ഞു അദ്ദേഹം എതിർത്തു. രണ്ടാമത്തെപ്രാവശ്യം ഈ ബില്ല് കൌൺസിലിൽ വായിച്ചുകഴിഞ്ഞിട്ടും മൂന്നാമത്തെപ്രാവശ്യം വായിക്കുന്നതിനു താമസിപ്പിച്ചു ഒരു ഘട്ടത്തിൽവച്ചു നായർറഗുലേഷനും ഈഴവറഗുലേഷനും നടപ്പാക്കി. അനേകം വർഷങ്ങളായി ഈ ബില്ലിനെപ്പറ്റി ആലോചിച്ചുവന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അക്കാലത്തു ഈ രണ്ടു വകുപ്പുകളെപ്പറ്റി വളരെ ക്ഷോഭം ഉണ്ടായിരുന്നു എന്നും എനിക്കു അറിയാൻപാടില്ലാതെയുമില്ല. ഞാൻ അതിനെ വിസ്മരിക്കുന്നുമില്ല. മി. രങ്കസ്വാമി അയ്യങ്കാർ കൊണ്ടുവന്ന ഭേദഗതികൊണ്ടു എനിക്കു സംഗതികൾ മനസ്സിലായതിനാൽ ഞാൻ അദ്ദേഹത്തോടു കൃതജ്ഞതയുള്ളവനായിരിക്കുന്നു. അതിനുശേഷം [illegible] വകുപ്പിൽ ഞാൻ ഭേദഗതി കൊണ്ടുവന്നു എന്നു പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു ഈ രണ്ടുസംഗതികളെപ്പറ്റി ധാരാളം വാദപ്രതിവാദം ഉണ്ടായിരുന്നു എന്നു ഞാൻ പറയുന്നു. ഭാഗത്തിനെസംബന്ധിച്ചു [illegible] ഇല്ലായിരുന്നു എന്നാണു എന്റെ [illegible]. [illegible] സാക്ഷികളെ വിസ്തരിച്ചതിൽ [illegible] തായ്വഴിഭാഗത്തിനനുകൂലികളോ ആളോഹരിഭാഗത്തിനനുകൂലികളോ ആയിരുന്നു എന്നു മി. കുമാരൻ പറഞ്ഞുകഴിഞ്ഞു. ഭാഗത്തിനെ എതിർത്തു എന്നല്ലാ മി. പരമേശ്വരൻ പറഞ്ഞതു. എന്നാൽ കാരണവരുടെ ജീവിതകാലത്തു ഭാഗംനടത്തിക്കൂടാ എന്നായിരുന്നു. ആ സംഗതിയെപ്പറ്റിയാണ് നാം ആലോചിച്ചതു. ആരെങ്കിലും ജീവിച്ചിരുന്നാൽ ഭാഗം നടക്കയില്ലെന്നുള്ള കാരണത്താൽ അതു കൌൺസിലിൽനിന്നും നിഷേധിച്ചു. ദൃഷ്ടാന്തത്തിനു ഒരു സഹോദരനും സഹോദരിയുംഉള്ള ഒരു കുടുംബത്തിൽ കാരണവരുടെ ജീവിതകാലത്തു ഭാഗംചെയ്യാൻ പാടില്ലെന്നു കാരണവൻ പറയും. ആ സഹോദരന്റേയും സഹോദരിയുടേയും കാലശേഷവും ഒരു മകനും മകളും ഉണ്ടായിരുന്നാൽ അപ്പോഴും ഒരു പൊതുക്കാരണവൻ ഉണ്ടായിരിക്കാവുന്നതിനാൽ ഭാഗം നടക്കുന്നതിനു തടസ്സവും ഉണ്ടാകാം. അതുകൊണ്ടു ഭാഗം മിക്കവാറും നടപ്പില്ലെന്നുവരും. ഇക്കാരണത്താൽ സെലക്ട്കമ്മറ്റിയിൽനിന്നും അതു നിഷേധിച്ചു. കാരണവരുടെ ജീവിതകാലത്തു ഭാഗം ചെയ്യുന്നതാണെങ്കിൽ ഒരു ഓഹരി അയാൾക്കും കൊടുത്തില്ലെങ്കിൽ കാരണവനു സങ്കടത്തിനിടയുണ്ടു. അതുകൊണ്ടു ഈ റഗുലേഷനിൽ ഉള്ള വ്യവസ്ഥയനുസരിച്ചു തായ്വഴിക്കുമാത്രമെ ഭാഗം ചോദിക്കുന്നതിനു അവകാശമുള്ളു. കാരണവനും സന്താനമില്ലാത്ത സ്ത്രീകൾക്കും ഒഴിച്ചു മറ്റാർക്കും ആളോഹരിഭാഗം ചോദിക്കാൻപാടില്ലാ. തായ്വഴിയുടെ ഓഹരി നിർണ്ണയിക്കുന്നതിനു ഇത്രആളുകൾ ഉണ്ടെന്നു കണക്കാക്കണം. തറവാട്ടിലുള്ളവരെ ആളോഹരിഭാഗം വേണമെന്നു ആവശ്യപ്പെടുന്നില്ലെങ്കിൽ അതായതു ഏതെങ്കിലും ഒരംശം അതിനെ എതിർക്കുന്നു എങ്കിൽ ആളോഹരിഭാഗം എങ്ങിനെയാണ് നടത്തുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോൾ ആക്ഷേപിക്കുന്നതു മരണപത്രം എഴുതാതെ മരിക്കുന്നവരുടെ പിൻതുടർച്ചാവകാശത്തെപ്പറ്റിയല്ല; ഭാഗത്തെസംബന്ധിച്ചാണെന്നു കാണുന്നതിനാൽ ഈ സംഗതിയെപ്പറ്റി ഇത്രത്തോളം ഞാൻ പറയുന്നു. കാരണവസ്ഥാനം കാരണവന്മാർ ഒഴിയേണ്ടിയിരിക്കുന്നതിലാണു ഇതിനെസംബന്ധിച്ചു തർക്കമുള്ളതു. ആ വ്യവസ്ഥയെ വാസ്തവത്തിൽ നടപ്പിൽവരുത്തുമ്പോൾ കുറച്ചുവിഷമത്തിനു കാര്യമുണ്ടു. വാസ്തവത്തിലുള്ള ആക്ഷേപം മരണപത്രം

എളേതാഴെ മരിക്കുന്നവരുടെ പിൻതുടർച്ചാവകാശമായിരിക്കും. എന്തെന്നാൽ അതുകൊണ്ടാണ് അനന്തിരവന്മാർ അവകാശമില്ലാതാകുന്നതുമാണെന്നും എളേടം മരിക്കുന്നവരുടെ പിൻതുടർച്ചാവകാശത്തെ സംബന്ധിച്ച മിസ്റ്റർ പരമേശ്വരൻ ഒരു ഭേദഗതി കൊണ്ടുവന്നു. എന്നാൽ സഭയിൽനിന്നും അതു സ്വീകരിച്ചില്ല. അതുകൊണ്ടു നാലാം വകുപ്പു പാസാക്കിയപ്പോൾ അദ്ദേഹം ആക്ഷേപം പുറപ്പെടുവിച്ചില്ലെന്നു ഞാൻ പറയുന്നു. ഇതിനാൽ അതിനു ആക്ഷേപം ഇല്ലായിരുന്നു എന്നു സഭയിൽനിന്നു വിചാരിക്കരുത്. എന്നാൽ ... മിശ്രദായികളെ ഒഴിവാക്കണമെന്നു അദ്ദേഹം പറഞ്ഞു. ... വകുപ്പു പാസാക്കിയത്. തത്സംബന്ധമായി ധാരാളം വാദപ്രതിവാദങ്ങൾ നടത്തിയശേഷവും സാമാജികർ ഒരു ... ഇല്ലാതെ അതിനെസംബന്ധിച്ച ... ഇപ്പോഴത്തേതിലും വളരെ കൂടുതലായിട്ടാണു അന്നുണ്ടായിരുന്ന ... ന്യൂനപക്ഷക്കാർക്കു നിയമത്തിൽനിന്നും ഒഴിയുന്നതിനു ഏതെങ്കിലും വ്യവസ്ഥ ചെയ്തില്ലെങ്കിൽ അവരെ നിർബന്ധിച്ചു അതിൽ ഉൾപ്പെടുത്തുകയാണെന്നു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ കാണിച്ചു. നാലാം വകുപ്പു ഈ ബില്ലിനെക്കാൾ കുറെക്കൂടി ... കൊടുക്കുന്നതാണ്. ഇപ്പോഴത്തെ ബിൽ അതിലും പരിഷ്കാരം കുറഞ്ഞതായാൽ നാം സ്വാതന്ത്ര്യം ... ഉണ്ടാകുന്നതിനെപ്പറ്റി എനിക്കു സംശയം ഇല്ല. ഇപ്പോഴുള്ള ... വകുപ്പു ഈ ബില്ലിനെക്കാൾ കൂടുതൽ സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഏതെങ്കിലും ഒരുവൻ തന്റെ കുടുംബങ്ങൾക്കു ... കിട്ടണമെന്നാഗ്രഹിക്കുന്നില്ലെങ്കിൽ ... മറ്റുള്ളവരുടെ ... അതാണു മതിയായതു. ... മിശ്രദായി ... എന്നു കാണിച്ചു ഒരു ഹർജി അയാൾ കൊടുത്താൽ മതി. അപ്രകാരം പ്രവർത്തിക്കുന്നതിനു ബുദ്ധിമുട്ടുള്ളതായി എനിക്കു തോന്നുന്നില്ല. ഈ ബില്ലിനു ... ബുദ്ധിമുട്ടു അനാവശ്യമാണു. ... സംബന്ധിച്ചു ... ഒരു ബില്ലു ഇതുപോലെ ... ഇഷ്ടമില്ലാത്തവർ പേഷ്കാരുടെ അടുക്കൽചെന്നു ഹർജികൊടുക്കണമെന്നു ... ബില്ലുകൊണ്ടു ... ഒരു ... വിധിക്കുന്നതിനു ... ചെയ്യുന്നതിനു ... വിഹിതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പാൾ, ആർട്ട്സ് കാളേജ്) നിയമപ്രകാരം ചെയ്യേണ്ട സംഗതികൾ പേഷ്കാരുടെ അടുക്കൽ അറിവുകൊടുക്കുന്നതുകൊണ്ടു അവസാനിക്കുമോ എന്നും പേഷ്കാർ ആവശ്യമാണെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തുന്നതിനു അദ്ദേഹത്തിനു അധികാരമില്ലയോ എന്നും ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ) ആ കേവ വാസ്തവമാണോ എന്നതിനെപ്പറ്റിയാണ് അന്വേഷണം.

റാവുബ. കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പാൾ ആർട്ട്സ് കാളേജ്) പേഷ്കാർക്കു അവരോടു തന്റെ ബോദ്ധ്യം വരുന്നതിനു ആവശ്യപ്പെടുത്തുകയോ, ആവശ്യമാണെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്താൻ പാടില്ലയോ എന്നു ഉപാദ്ധ്യക്ഷനോടു ചോദിച്ചുകൊള്ളുന്നു. ഇതിനു പേഷ്കാർക്കു അധികാരം ഉണ്ടോ ഇല്ലയോ.

മി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) ഉപാദ്ധ്യക്ഷൻ) ഹർജി വാസ്തവമാണോ എന്നുള്ളതിനെപ്പറ്റി പേഷ്കാർക്കു അന്വേഷിക്കാം. മററു സംഗതികളെപ്പററിയും ആലോചിക്കാൻപാടില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പാൾ ആർട്ട്സ് കാളേജ്) ഈ വകുപ്പു എത്രത്തോളത്തോടുകൂടി നിർമ്മിച്ചിട്ടുള്ളതാണെന്നു ചിന്തിയ്ക്കാതെ ബില്ലിന്റെ ആദ്യചരിത്രത്തെപ്പറ്റി അറിയുന്നതിനു ഇടവന്നിട്ടില്ലാത്ത പേഷ്കാർക്കു ആവശ്യമാണെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തുന്നതിനു അധികാരമില്ലയോ എന്നു പറയുന്നതിനു പണ്ഡിതനായ ഉപാദ്ധ്യക്ഷനോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ) ആ വകുപ്പു ഞാൻ വായിക്കാം. ഒരു വക്കീലായ ഞാൻ ആ വകുപ്പിനെ വായിച്ചുനോക്കാതെ മറുപടി പറയുന്നതു ശരിയായിരിക്കയില്ല. വകുപ്പു താഴെ പറയുംപ്രകാരം ആണ്.

വേണ്ട അന്വേഷണങ്ങൾ നടത്തി അപേക്ഷ വാസ്തവമാണെന്നു ബോദ്ധ്യപ്പെട്ടശേഷം ആ പ്രകാരമുള്ള വ്യക്തിയേയോ, തറവാട്ടിനേയോ ഗവർണ്മെന്റു ഗസററിൽ പരസ്യംചെയ്തു ഗവർണ്മെന്റിനു ഈ റെഗുലേഷനിലെ വ്യവസ്ഥകളിൽനിന്നു ഒഴിവാക്കാവുന്നതാകുന്നു.

ഒന്നാം ഉപവകുപ്പിൽ ഒഴിവാക്കിയിരിക്കുന്ന ഒരു വ്യക്തിയുടേയോ തറവാട്ടിൽ പ്രായപൂർത്തിവന്നവരിൽ ഭൂരിപക്ഷം ആളുകളുടേയോ, അപേക്ഷപ്രകാരം വേണ്ട അന്വേഷണങ്ങൾ നടത്തി ബോദ്ധ്യംവന്നശേഷം ഗവർണ്മെന്റു ഗസററിൽ പരസ്യപ്പെടുത്തി അപ്രകാരം ഒഴിവാക്കിയതിനെ പിൻവലിയ്ക്കാവുന്നതാകുന്നു.

ഹർജി വാസ്തവമാണോ എന്നുള്ളതിനെപ്പററിയാണു അന്വേഷണം. മററുള്ള സംഗതികളെപ്പററി അന്വേഷിയ്ക്കാൻ പാടില്ല എന്നാണു ഞാൻ വിചാരിക്കുന്നതു. അപ്രകാരം അന്വേഷിക്കുന്നപക്ഷം ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു പേഷ്കാരുടെ പ്രവൃത്തി വിപരീതമായിരിക്കും.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പാൾ, ആർട്ട്സ് കാളേജ്) ഈ റെഗുലേഷൻ അനുസരിച്ചു നടത്തുന്ന വിചാരണയിൽ ബോദ്ധ്യം ഉണ്ടാകണമെന്നുള്ളതിനെസംബന്ധിച്ചു ഗവർണ്മെന്റിനു ചട്ടം ഉണ്ടാക്കാമോ എന്നു ഞാൻ ഉപാദ്ധ്യക്ഷനോടു ചോദിച്ചുകൊള്ളട്ടെ.

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ) അങ്ങനെയാവാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (പ്രിൻസിപ്പാൾ ആർട്ട്സ് കാളേജ്) എന്നാൽ പേഷ്കാർ കക്ഷിയെവരുത്തി വിസ്തരിയ്ക്കണമെന്നു ചട്ടം ഉണ്ടാകാൻപാടില്ലയോ എന്നു ഞാൻ ഉപാദ്ധ്യക്ഷനോടു ചോദിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിച്ചമെ.) (ഉപാദ്ധ്യക്ഷൻ) അതിനെസംബന്ധിച്ചു ഞാൻ പറയുന്നതു എന്തെന്നാൽ ഒന്നാമതു ആ സംഗതിയെപ്പററി നാം ഇപ്പോൾ ആലോചിയ്ക്കേണ്ട ആവശ്യം ഇല്ല. രണ്ടാമതു ഗവർണ്മെന്റു തെര... അനുസരിച്ചു ആവശ്യമുള്ള ചട്ടങ്ങൾ രചിക്കുന്നതിനു അധികാരമുള്ള സ്ഥിതിക്കു ബില്ലു വേണമെന്നു പ്രേക്ഷ

തീരുമാനിക്കുന്ന സമുദായാംഗങ്ങൾ ഏതെങ്കിലും ഒരു പ്രകാരംകൊണ്ടു അപേക്ഷ ബോധിപ്പിക്കുന്നു എന്നു ഗവണ്മെന്റിനോടു അറിയിച്ചാൽ ഗവണ്മെന്റു അതിനെ അതിന്റെ ശരിയായ ആലോചന നടത്തുന്ന പൂർണ്ണമായി വിചാരിക്കും. ആ സംഗതിയെപ്പറ്റിയും ഇതുവരെ ഉണ്ടാക്കിയിട്ടുള്ള ഈ ചട്ടംകൊണ്ടും ഒരുവിധത്തിലും ബുദ്ധിമുട്ടുകൂടാതെ ഇരുന്നിട്ടില്ല. ആകെക്കൂടിയും അതുകൊണ്ടു ബുദ്ധിമുട്ടുണ്ടാകുന്ന പക്ഷം ഈ നിയമസഭയിലെ അനുവാദം ആവശ്യമില്ലാതെ ഗവണ്മെന്റിനു സ്വയം ചട്ടങ്ങൾ ഉണ്ടാക്കാൻ പാടില്ലയോ എന്നാണ് എനിക്കു ചോദിക്കാനുള്ളത്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ) ആ വകുപ്പിൽ എന്തെങ്കിലും ഒരു ന്യൂനത ഉണ്ടെങ്കിൽ അതു ഗവണ്മെന്റിന്റെ ചട്ടങ്ങൾ പരിഹരിക്കപ്പെടുമെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാണോ ഉപാദ്ധ്യക്ഷൻ ഈ വകുപ്പു പൊൻചാടി പറയുന്നതു?

മി. സുബ്ബയ്യർ (നിയമിച്ചതു.) (ഉപാദ്ധ്യക്ഷൻ) ഈ ചട്ടങ്ങൾ പ്രകാരം എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്നു എന്നല്ലാ ഞാൻ പറയുന്നതു. അതിനെ ബുദ്ധിമുട്ടു ബില്ലിനെ സംബന്ധിച്ചു ഉണ്ടു. സമുദായത്തിലെ ഭൂരിപക്ഷം ആളുകൾക്കും ഇതു വേണമെന്നു ആഗ്രഹമുണ്ടെങ്കിൽ അവർ തന്നെ ഒരു പ്രഖ്യാപനം ചെയ്യണമെന്നാണു നിങ്ങൾ പറയുന്നതു. ഈ സ്ഥിതിക്കു ന്യൂനപക്ഷക്കാർക്കെങ്കിലും ബുദ്ധിമുട്ടുണ്ടാകാൻ ഇടയാകുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ) ഞാൻ പറഞ്ഞതു മാത്രം എന്നാണു ബുദ്ധിമുട്ടുന്നതു.

മി. വി. സുബ്ബയ്യർ (നിയമിച്ചതു.) (ഉപാദ്ധ്യക്ഷൻ) അതുകൊണ്ടു വ്യത്യാസം ഒന്നുമില്ല. എന്തെന്നാൽ അതേ വ്യവസ്ഥതന്നെ ബില്ലിലും ഉണ്ടു. അതാണു ഒന്നാമതായി എന്റെ വാദം. മി. പത്മനാഭനും ആ അഭിപ്രായമുള്ള മററാളുകൾക്കും ആ പ്രസ്താവിച്ചപ്രകാരം ആക്ഷേപങ്ങൾ അയയ്ക്കാം. എല്ലാവർക്കും അങ്ങനെ ചെയ്യാം. അതു ശരിയാകുന്നതുമാണ്. എന്നാൽ വിവാഹബില്ലിനെപ്പററി എന്താണു ആവശ്യം. ഒരുവന്റെ സ്വന്ത സമ്പാദ്യം തന്റെ ശേഷക്കാർക്കു കിട്ടിക്കൊള്ളട്ടെ തന്റെ കുഞ്ഞുങ്ങൾക്കു തന്നെ കിട്ടണമെന്നാഗ്രഹമുണ്ടെങ്കിൽ അതു സാധിക്കുന്നതിനു തറവാട്ടിലെ ഭൂരിപക്ഷം അംഗങ്ങളുടെ സമ്മതം ആവശ്യമായിരിക്കുന്നു. ഭൂരിപക്ഷം ആളുകൾ ന്യൂനപക്ഷം ആളുകളെ നിർബന്ധിക്കാൻ പാടില്ലെന്നു ആഗ്രഹിക്കുന്നവർ ഈ ചട്ടമാണോ സ്വീകരിക്കേണ്ടതു. ഒരു പ്രത്യേക വ്യക്തിക്കു അതിൽ ചേരണമെങ്കിൽ തറവാട്ടിലുള്ള മററംഗങ്ങളുടെ അനുമതി വേണ്ടതാകുന്നു എന്നുള്ള വ്യവസ്ഥയാണോ സ്വീകരിക്കേണ്ടതു?

അവർക്കുള്ള അവകാശങ്ങളെ ധ്വംസിപ്പിക്കുന്നതിനു അവർ സമ്മതിക്കുമോ? ആ ബിൽ രചിച്ച ആൾ തറവാട്ടിലെ എല്ലാവരുടെയും സമ്മതം വാങ്ങുന്നതു സാദ്ധ്യമല്ലെന്നു ഗ്രഹിച്ചിരിക്കണം. എന്തെന്നാൽ ആ പ്രഖ്യാപനത്തിൽ ചേരാത്തതുകൊണ്ടു തറവാട്ടിലേക്കാണു ആ സ്വത്തു കിട്ടുന്നതു. പ്രഖ്യാപനം ചെയ്യുന്നപക്ഷം മക്കൾക്കാണു കിട്ടുന്നതു. മനുഷ്യസ്വഭാവത്തിനു ഇതു നല്ലതാണോ? തറവാട്ടിലുള്ള എല്ലാ അംഗങ്ങളും കൂടിച്ചേർന്നു ഉദ്യോഗസ്ഥന്റെ മുൻപിൽ ചെന്നു ഇപ്രകാരം പ്രഖ്യാപനം ചെയ്യുന്നതിനു സമ്മതിക്കുക എന്നുള്ളതു സാദ്ധ്യമാണോ? അതുകൊണ്ടു അസാദ്ധ്യമായ ഒരു കാര്യം നടത്തിയാൽ മാത്രമേ റഗുലേഷനിൽ ഉൾപ്പെടുകയുള്ളൂ എന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു. താനൊന്നു ഒരു ഹർജി അയക്കുന്നതാണോ എളുപ്പം അതോ മക്കത്തായിയാണെന്നു പ്രഖ്യാപനം ചെയ്യുന്നതിനു തറവാട്ടിലെ സമ്മതം വാങ്ങുന്നതാണോ എളുപ്പം?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ) ഈ റഗുലേഷനിൽ ഇപ്പോഴുള്ള വ്യവസ്ഥയും മി. പത്മനാഭൻ നടപ്പിൽവരുത്തണമെന്നു ആഗ്രഹിക്കുന്ന വ്യവസ്ഥയും ഉണ്ടു. മി. പത്മനാഭന്റെ പ്രമേയത്തെ സ്വീകരിച്ചു ഈ സംഗതിയെപ്പററി മുഴുവനും സെലക്ട്കമ്മററിയിൽ നാം ആലോചിക്കുന്നതിനാലും അതിനുശേഷം സഭയുടെ ആലോചനക്കായും അയക്കുന്നതിന്റെ ഫലമായി ഇതിൽ രണ്ടിലും നല്ലതായ ഒരു ഫലം ഉണ്ടായേക്കരുതോ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു.) (ഉപാദ്ധ്യക്ഷൻ). ഇപ്പോഴുള്ള ചട്ടത്തിനെക്കാൾ ഈ ബിൽ തൃപ്തികരമല്ലെന്നു പറയുന്നതു അത്ഭുതകരമാണ്. ഭൂരിപക്ഷം ആളുകൾ ഈ സംഗതി ആഗ്രഹിക്കുന്നു എങ്കിലും ഇല്ലെങ്കിലും സഭയിൽനിന്നും അതു പരിശോധിക്കേണ്ടതായ നയം ഇതാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ആ സംഗതിയെപ്പററി ഞാൻ പിന്നീടു പ്രസംഗിക്കാം. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ബില്ലിൽ ന്യൂനതകൾ ഉണ്ടു. ഭൂരിപക്ഷം ആളുകൾ ന്യൂനപക്ഷം ആളുകളെ നിർബന്ധിക്കാൻ പാടില്ലാ എന്നാണു എന്റെ സ്നേഹിതന്മാർ പറയുന്നതു. എന്നാൽ ആ വകുപ്പിലെ വ്യവസ്ഥ എന്താണെന്നു നോക്കാം. ഭാഗത്തിനെ സംബന്ധിച്ചിടത്തോളം ഭൂരിപക്ഷം ആളുകൾക്കു വസ്തു ഭാഗിക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ മനസ്സില്ലാത്ത അംഗങ്ങളെ നിർബന്ധിച്ചു അതു സമ്മതിപ്പിക്കാം. ഭൂരിപക്ഷം ആളുകൾ ന്യൂനപക്ഷം ആളുകളെ നിർബന്ധിക്കാൻ പാടില്ലെന്നു നിങ്ങൾ വിചാരിക്കുന്നപക്ഷം ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതു എങ്ങനെയാണ്. ആ വകുപ്പിലുള്ള തത്വം ഭൂരിപക്ഷം ആളുകൾ ന്യൂനപക്ഷം ആളുകളെ നിർബന്ധിക്കാമെന്നാണ്. അതുതന്നെ നിങ്ങളുടെ തത്വത്തിനു വിപരീതമാണ്. അതിനാൽ ഭൂരിപക്ഷം ആളുകൾ അല്പപക്ഷം ആളുകളെ നിർബന്ധിച്ചു സമ്മതിപ്പിക്കാൻ പാടില്ലെന്നു ബില്ലിനെ എതിർക്കുന്നവരുടെ സമ്മതത്തിന്റെ അടിസ്ഥാനമാക്കിത്തന്നെ അവരുടെ വാദം ഖണ്ഡിക്കേണ്ടതാണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ) ഭൂരിപക്ഷം ആളുകളും ന്യൂനപക്ഷം ആളുകളും എന്നുള്ള സംഗതിയെപ്പററി ആണു അവർ പറയുന്നതു. അതിനെപ്പററി ആലോചിച്ചിട്ടു ആവശ്യമില്ലെന്നു ഈ ബില്ലിനെ അനുകൂലിക്കുന്നവർ പറഞ്ഞിട്ടില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു.) (ഉപാദ്ധ്യക്ഷൻ) സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്ന ബില്ലിന്റെ തത്വത്തെപ്പററി ആണു നാം ആലോചിക്കേണ്ടതു. ഞാൻ മി. രങ്കസ്വാമിഅയ്യങ്കാരെപ്പററി യാതൊന്നും പറഞ്ഞില്ല. ഈ ബിൽ രചിക്കുന്നതിനുള്ള ചുമതല വഹിച്ചവരെപ്പററിയാണു പറഞ്ഞതു. ഈ റഗുലേഷൻ അനുസരിച്ചു ഒരു തറവാട്ടിൽ നിന്നു ഭാഗിക്കാൻ പാടില്ലാ എന്നു പ്രഖ്യാപനം ചെയ്യുന്ന എങ്കിലും പിന്നീടു ആ തറവാട്ടിൽനിന്നും മാറണമെന്നാഗ്രഹിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്പോൾ രചിച്ചിട്ടുള്ള ബില്ലനുസരിച്ചു ഒരു തറവാട്ടിലുള്ളവർ പ്രഖ്യാപനംചെയ്താൽപിന്നെ അതിനെ ഭേദപ്പെടുത്താൻ പാടില്ല. ഒരു തറവാടു ഈ ബില്ലിൽ ഉൾപ്പെട്ടുകഴിഞ്ഞതിനുശേഷം അതിൽനിന്നു ഒഴിയുന്നതിനു നിവൃത്തിയില്ല. ഒ

രിപക്ഷം ആളുകളേയാണോ അസഹ്യപ്പെടുത്തേണ്ടതു് ന്യൂനപക്ഷം ആളുകളേയാണോ അസഹ്യപ്പെടുത്തേണ്ടതു എന്നല്ലതാണു നാം ആലോചിക്കേണ്ടതു്. അസൗകര്യം ഉണ്ടാകാതെ കഴികയില്ല. എന്നാൽ ആരാണു അസൗകര്യം സഹിക്കേണ്ടതു്, ഭൂരിപക്ഷം ആളുകളോ ന്യൂനപക്ഷം ആളുകളോ എന്നാണ് ആലോചിക്കേണ്ടതു്. ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതു സഹജമാണ്. ന്യൂനപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ചല്ലാ സാധാരണ പ്രവൃത്തിക്കുന്നതു്. അതിൽ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തെ സ്വീകരിക്കാതെ ഇരിക്കുന്നതിനു തരമില്ല. ഈ സഭയിൽ നിയമങ്ങളും പ്രമേയങ്ങളും നടപ്പാക്കുന്നതു ഭൂരിപക്ഷാഭിപ്രായം അനുസരിച്ചാണ്. ന്യൂനപക്ഷാഭിപ്രായം അനുസരിച്ചല്ല. അതുകൊണ്ടു ഭൂരിപക്ഷാഭിപ്രായത്തെ ബഹുമാനിക്കാതെ തരമില്ല. എന്നാൽ ന്യൂനപക്ഷം ആളുകൾക്കു നിർബന്ധിക്കാതെയിരിക്കാൻ വേണ്ട സൗകര്യങ്ങളും ബില്ലിൽനിന്നും ഒഴിയുന്നതിനുവേണ്ട അവസരവും നാം കൊടുക്കുന്നുണ്ടു. മരണപത്രംകൂടാതെ മരിക്കുന്നവരുടെ സ്വത്തുക്കളുടെ അവകാശത്തിനേയും ഭാഗത്തിനേയും സംബന്ധിച്ചിടത്തോളം ഭൂരിപക്ഷം ആളുകളും റഗുലേഷൻ അനുകൂലിക്കുന്നവരാണെന്നു ഞാൻ പറഞ്ഞതിനെ എന്റെ സ്നേഹിതൻ മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള നിഷേധിച്ചു. എന്നാൽ അതു തെററാണെന്നു കാണിക്കുന്നതിനു അദ്ദേഹം ശ്രമിച്ചു എങ്കിലും അതു ഫലിച്ചില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ചാക്കമ്മിററിയുടെ റിപ്പോർട്ടു നോക്കുന്നതിനായി ഞാൻ സഭാംഗങ്ങളോടു അപേക്ഷിക്കുന്നു. അതു നോക്കുന്നതായാൽ മിശ്രദായികളിലും മക്കത്തായികളിലും ഭൂരിപക്ഷം ആളുകൾ മക്കത്തായത്തിനു അനുകൂലികളായിരുന്നു എന്നും സാക്ഷികളെപ്പററി ആലോചിക്കുന്നതായാൽ ൭൨ പേർ മക്കത്തായം വേണമെന്നുള്ള അഭിപ്രായക്കാരും ൩൭ പേർ ഇപ്പോൾ ഒന്നുപകുതി കൊടുക്കുന്നതിൽ കൂടുതൽ കൊടുക്കണമെന്നുള്ള പക്ഷക്കാരും ൯൦ പേർ മാത്രം അതിനു എതിരഭിപ്രായക്കാരും ആയിരുന്നു, എന്നും അപ്രകാരം ൧൭൪ സാക്ഷികൾ ഭേദഗതി വേണമെന്നുള്ളവരും ൯൦ പേർമാത്രം ഭേദഗതി വേണ്ടെന്നുള്ളവരും ആണെന്നും കാണാവുന്നതാണെന്നും മിസ്റ്റർ കുമാരൻ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഈ സ്ഥിതിക്കു ഭൂരിപക്ഷം ആളുകൾ ഈ നിയമത്തിനു അനുകൂലിക്കുന്നവരാണെന്നു നിശ്ചയമാണ്. ഈ സംഗതി മുമ്പു വിസ്തരിച്ചിട്ടില്ലാ എന്നും സാമാജികന്മാർ ഈ സംഗതിയെപ്പററി ഞാൻ മുമ്പു പ്രസംഗിച്ചതു നോക്കുമെങ്കിൽ പല ഭേദഗതികളേയും ഞാൻ എതിർത്തപ്പോൾ ഇതുതന്നെയാണ് ഞാൻ പറഞ്ഞതെന്നും കാണും. ഭാഗത്തെപ്പററിയും മരണപത്രംകൂടാതെ മരിക്കുന്നവരുടെ അവകാശക്രമത്തെപ്പററിയും റഗുലേഷനെ അനുകൂലിച്ചവരുടെ എണ്ണം മുമ്പു പറഞ്ഞതുതന്നെ. ഈ ബില്ലു രചിച്ചതു ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ചാണോ ന്യൂനപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ചാണോ എന്നു അറിയാതെ കൌൺസിലിൽനിന്നും ഈ ബില്ലു പാസാക്കീട്ടില്ല. ന്യൂനപക്ഷം ആളുകൾ റഗുലേഷനിൽനിന്നും ഒഴിയുന്നതു ഭൂരിപക്ഷം ആളുകൾ ഒഴിയുന്നതിനേക്കാൾ വിഹിതമാണെന്നു മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ പറഞ്ഞതു ഞാൻ ഉദ്ധരിച്ചല്ലോ. സഭയിൽനിന്നും അപ്രകാരമാണ് അഭിപ്രായപ്പെട്ടതു്. അതിനെ കഴിയുന്നിടത്തോളം ശരിയായിട്ടാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്. വ്യവസ്ഥ വളരെ തൃപ്തികരമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഭൂരിപക്ഷം ആളുകൾ റഗുലേഷനിൽ ഉൾപ്പെടണമോ ന്യൂനപക്ഷം ആളുകൾ അതിൽനിന്നും ഒഴിയണമോ എന്നുള്ളതിനെപ്പററി മാത്രമാണ് തീരുമാനിക്കേണ്ടതു്. ആ വ്യവസ്ഥ തൃപ്തികരമാണോ അല്ലയോ എന്നുള്ള വാദത്തിനെപ്പററി ഒന്നും പറഞ്ഞിട്ടില്ല. സാമുദായികമായനിയമനിർമ്മാണംസംബന്ധിച്ചിടത്തോളം ന്യൂനപക്ഷം ആളുകൾ റഗുലേഷനിൽനിന്നും ഒഴിയണമെന്നും വ്യവസ്ഥചെയ്തു ഭൂരിപക്ഷം ആളുകളുടെ ഹിതാനുസരണം നിയമം രചിക്കുന്നതാണ് ഈ സഭയുടെ കർത്തവ്യം. എന്റെ നിലയെപ്പററിയും ബില്ലിനെ പിൻതാങ്ങുന്നതിനെപ്പററിയും മിസ്റ്റർ പത്മനാഭൻ വായിച്ച ഭാഗങ്ങളെപ്പററി ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. മി. പരമേശ്വരൻ എന്റെ ഒരു സ്നേഹിതനാണെന്നും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ആത്മാർത്ഥമായി പുറത്തുപറയുന്ന ഒരു ആളായതുകൊണ്ടു എല്ലായ്പോഴും അദ്ദേഹത്തിനെപ്പററി എനിക്കു ബഹുമാനം ഉണ്ടായിരിക്കും എന്നും ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. മററുള്ളവർ എതിരഭിപ്രായം പുറപ്പെടുവിച്ചു എങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ചിന്തിക്കുമ്പോൾ എനിക്കു അദ്ദേഹത്തിനോടു ബഹുമാനമുണ്ടു. അദ്ദേഹം അതിൽ ഇടക്കെ പ്രവർത്തിച്ചപ്പോൾ ഏതുകാരണം ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ഈഴവരിൽ ഭൂരിപക്ഷം ആളുകൾ മുമ്പിലത്തെ ബില്ലിനു അനുകൂലികളാണെന്നും അതിനെപ്പററി അവർക്കു തൃപ്തിയാണെന്നും ഞങ്ങൾ ധരിച്ചിരുന്നതിനാൽ യാതൊന്നുംതന്നെ ചെയ്യുന്നതിനു എനിക്കു നിവൃത്തിയില്ലാ എന്നു ഞാൻ പറഞ്ഞു. ബില്ലു മൂന്നാമത്തെ പ്രാവശ്യം വായിച്ചപ്പോൾ അതു ഭേദപ്പെടുത്തുന്നതിനു ഒരു ഭേദഗതിബിൽ ഹാജരാക്കിയാൽ അതിനെ ഞാൻ അനുകൂലിക്കുമോ എന്നു അദ്ദേഹം എന്നോടു ചോദിച്ചപ്പോൾ ഞാൻ ഈ കൌൺസിലിലെ ഒരു സാമാജികൻ ആയിരിക്കുമോ എന്നുള്ളതിനെപ്പററി എനിക്കു നിശ്ചയമില്ലെന്നു ഞാൻ വ്യക്തമായി പറഞ്ഞു. കൌൺസിലിലെ ഒരു ഉദ്യോഗസ്ഥസാമാജികനായി ഞാൻ ഇരിക്കുമെന്നു ഒരിക്കലും വിചാരിച്ചില്ല. ഞാൻ ഒരു അനുദ്യോഗസ്ഥസാമാജികനായിരുന്നാൽ അദ്ദേഹം എന്നെ ബോദ്ധ്യപ്പെടുത്തിയാൽ അദ്ദേഹത്തിനെ ഞാൻ നിശ്ചയമായും പിൻതാങ്ങുമെന്നു പറഞ്ഞു. ഞങ്ങൾ ധരിച്ചതു ഭൂരിപക്ഷം ആളുകൾ ബില്ലിനെ അനുകൂലിച്ചു എന്നാണെന്നും മിസ്റ്റർ പരമേശ്വരന്റെ കക്ഷിക്കാരാണ് ഭൂരിപക്ഷക്കാരെന്നു തെളിയിക്കേണ്ടതു അദ്ദേഹത്തിന്റെ ചുമതലയാണെന്നു ഞാൻ മാസമ്പറായിചെയ്ത പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു. അവർ ഭൂരിപക്ഷം ആളുകൾ എന്നു കണക്കുകൊണ്ടു കാണാമെന്നും ഞാൻ ന്യൂനപക്ഷം ആളുകൾ എന്നു പറഞ്ഞതു തെററാണെന്നും ഇപ്പോഴും ലാമെമ്പർ പറഞ്ഞു. മിസ്റ്റർ പരമേശ്വരന്റെ പക്ഷക്കാരാണെന്നു ഭൂരിപക്ഷമെന്നും അവരുടെ അഭിപ്രായം അനുസരിച്ചാണ് നിയമം രചിക്കേണ്ടതെന്നു, മക്കത്തായം വേണമെന്നുള്ളപക്ഷക്കാർ സ്വയം ബില്ലിൽ ഉൾപ്പെടേണ്ടതാണെന്നും അവർ സഭാംഗങ്ങളെ തൃപ്തിപ്പെടുത്തുന്നപക്ഷം എന്റെ അഭിപ്രായം ഉടനെ മാറുന്നതും സഭയിൽനിന്നും ഈ ബില്ലു പാസാക്കേണ്ടതുമാണ്, ഇന്നലെ ഇരുഭാഗത്തെ വാദങ്ങളും ഞാൻ കേട്ടുകൊണ്ടിരുന്നു തന്റെ കക്ഷിക്കാർ ഭൂരിപക്ഷക്കാരാണെന്നു ബോദ്ധ്യപ്പെടുത്തുന്നതിനു മിസ്റ്റർ പത്മനാഭനു കഴിഞ്ഞിട്ടില്ല. ൩൩൦ പേർക്കു ഈ വാസ്തവത്തിൽ ആവശ്യമുണ്ടെന്നു കാണിച്ചു ഒരു ഹർജി ഇവിടെ ഹാജരാക്കിട്ടുണ്ടു, എന്നാൽ ബില്ലിനെസംബന്ധിച്ചു എതിരഭിപ്രായം പുറപ്പെടുവിച്ചു മിസ്റ്റർ പരമേശ്വരൻ, മിസ്റ്റർ കെ. പി. രാമൻപിള്ള, മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള മുതലായവർ ഹാജരാക്കിയ ഹർജികൾ സഭയിലെ നടപടികൾ ഇവ വായിച്ചു നോക്കുന്നപക്ഷം പലരും ഈ ബില്ലിനെ പ്രതിഷേധിച്ചു ഒപ്പിട്ടിട്ടുണ്ടെന്നു കാണാവുന്നതാണ്, എന്നാൽ കമ്മററിയുടെ റിപ്പോർട്ടുള്ളതുകൊണ്ടു ഇതിനെപ്പററി ആലോചിച്ചില്ല.

ഔദ്യോഗികാംഗങ്ങളല്ലാത്ത സാമാജികന്മാർ ഈ വിഷയത്തിലുള്ള സമ്മതിദായകന്മാരുടെ എണ്ണം ഇത്രയാണെന്നും അവരിൽ ഇത്ര പേർ ബില്ലിനു അനുകൂലികളാണെന്നും ഇത്രപേർ പ്രതികൂലികളാണെന്നും ഖണ്ഡിച്ചു പറഞ്ഞാൽ അല്ലാതെ ബോദ്ധ്യം വരുന്നതല്ല. അപ്രകാരം അവർ പറയുന്നതിൽനിന്നും സ്ഥിതിവിവരക്കണക്കുകൾകൊണ്ടും മിസ്റ്റർ പത്മനാഭന്റെ ബിൽ ഭൂരിപക്ഷം ആളുകളെ തൃപ്തിപ്പെടുത്തുന്നതാണെന്നു നമുക്കു ബോദ്ധ്യംവന്നാൽ അദ്ദേഹത്തിനുവേണ്ടി വോട്ടു ചെയ്യുന്നതിനും കഴിയുന്നതുപോലെ സഹായിക്കുന്നതിനും ഞാൻ സന്നദ്ധനായിരിക്കും. ഇതുവരെ ഭൂരിപക്ഷം മെമ്മോറിയലുകളുടെ റിപ്പോർട്ട് ശരിയാണെന്നു വിചാരിക്കുന്നതിനു യാതൊന്നുമുള്ളതായി എനിക്കു ബോദ്ധ്യംവന്നിട്ടില്ല. അതിൽ കാണിച്ചിട്ടുള്ള സംഖ്യകൾ ശരിയാണെന്നും ബോദ്ധ്യം വന്നിട്ടില്ല. റഗുലേഷനെ അനുകൂലിക്കുന്നവർ ഭൂരിപക്ഷക്കാരല്ലെന്നും ധരിക്കുന്നില്ല. അതുകൊണ്ടു ഭൂരിപക്ഷക്കാരുടെ അഭിപ്രായം അനുസരിച്ചു നിയമമുണ്ടാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കല്ലാകം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ സംഗതിയെപ്പറ്റി ഒരിക്കൽ തീരുമാനിച്ചുകഴിഞ്ഞുഎന്നും കൌൺസിലിൽ അതിനെപ്പറ്റി വീണ്ടും തർക്കിക്കയില്ലെന്നും പല സാമാജികന്മാർ അഭിപ്രായപ്പെട്ടസ്ഥിതിക്കു ഒരു ഭേദഗതികൊണ്ടുവന്നാൽ അതിനെപ്പറ്റി ആലോചിക്കുമെന്നുപറഞ്ഞതിനാൽ അദ്ദേഹം ഒരാശ ഉണ്ടാക്കിത്തീർത്തുഎന്നു ധരിച്ചുകൂടെ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. വി സുബ്ബയ്യർ (നിയമിച്ചമെംബർ) (ഉപാദ്ധ്യക്ഷൻ): അതു വീണ്ടും കൊണ്ടുവരാവുന്നതാണ്. എങ്ങനെ കൊണ്ടുവരാമെന്നുള്ള സംഗതിയെപ്പറ്റി വ്യക്തമായും സംശയത്തിനു ഇടയാകാതെയും ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഭൂരിപക്ഷം ആളുകളാണെന്നുള്ള ധാരണയിന്മേൽ നാം പ്രവർത്തിക്കുകയാണെന്നും അതുകൊണ്ടു അവർ ആവശ്യപ്പെടുന്നപ്രകാരവും അവരുടെ ഹിതാനുസരണവും നിയമം രചിക്കുകയാണെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ മി. പരമേശ്വരൻ നിഷേധിച്ചോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെംബർ) (ഉപാദ്ധ്യക്ഷൻ): എനിക്കു അതിനെപ്പറ്റി നല്ല നിശ്ചയമില്ല. മി. പരമേശ്വരന്റെകക്ഷികൾ ഭൂരിപക്ഷക്കാർ ആയിരിക്കാമെന്നും ഞാൻ ഒരു അനൌദ്യോഗസ്ഥസാമാജികനായിരുന്നാൽ ഭേദഗതി ആവശ്യമാണെന്നു എനിക്കു ബോദ്ധ്യപ്പെടുത്തുന്നപക്ഷം ഞാൻ അതിനെ തീർച്ചയായും അനുകൂലിക്കുമെന്നും പറഞ്ഞു. അതിൽ കൂടുതലായി യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ കക്ഷിക്കാർ ഭൂരിപക്ഷക്കാരാണെന്നുതന്നെ എന്നെ ബോദ്ധ്യപ്പെടുത്തിയാൽ ഞാൻ അദ്ദേഹത്തിനെ പിൻതാങ്ങുമെന്നുള്ള അർത്ഥത്തിലാണ് ഞാൻ പ്രസ്താവിച്ചതു്. തന്റെകക്ഷിക്കാർ ഭൂരിപക്ഷക്കാർആണെന്നു അദ്ദേഹം തെളിയിക്കേണ്ടിവരുമെന്നു ഞാൻ അദ്ദേഹത്തോടു മുന്നിലധികംപ്രാവശ്യം പറഞ്ഞു.

മി. കല്ലാകം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഒരിക്കൽ ഈ സംഗതിയെപ്പറ്റി ആലോചിച്ചുകഴിഞ്ഞു എന്നുള്ള ഏകകാരണത്തിന്മേൽ ബില്ല കൌൺസിലിൽനിന്നും തള്ളിക്കളയുന്നതു ശരിയാണോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെംബർ) (ഉപാദ്ധ്യക്ഷൻ): പുനരാലോചിക്കേണ്ട തീരുമാനിക്കുന്നതിനുള്ള അപേക്ഷ അല്ലെന്നുള്ള സാങ്കേതികകാരണത്തെ അടിസ്ഥാനമാക്കിഅല്ല ഞാൻ പറയുന്നതു്. സൂക്ഷ്മമായി നോക്കുന്നതായാൽ ഈ സംഗതിയെപ്പറ്റി തീരുമാനിച്ചനിയമസഭ ഇപ്പോഴില്ലെന്നുള്ള ഏകകാരണത്തിന്മേൽതന്നെ പ്രമേയം അപേക്ഷ തള്ളിക്കളയേണ്ടിവരും. സാങ്കേതിക കാരണങ്ങളെ അടിസ്ഥാനമാക്കി തീരുമാനിക്കരുതു എന്നാണ് എന്റെ അഭിപ്രായം. ഞാൻ പറയുന്നതെന്തെന്നാൽ ഒരു പ്രത്യേകധാരണയെ അടിസ്ഥാനമാക്കി നാം പ്രവർത്തിച്ചുഎന്നും മി. പരമേശ്വരന്റെകക്ഷി ഭൂരിപക്ഷക്കാരാണെന്നു് ഏതെങ്കിലുംപ്രകാരം കാണുന്നപക്ഷം ഞാൻ മി. പരമേശ്വരൻകൊണ്ടുവന്ന പ്രമേയത്തെ സാങ്കേതികകാരണങ്ങളെ ഗൌനിക്കാതെ സ്വീകരിക്കുന്നതാണ്എന്നും ആകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിങ്ങളുടെ ബോദ്ധ്യം അനുസരിച്ചു നിങ്ങൾ വോട്ടുചെയ്യുമെന്നുമാത്രമല്ലെ നിങ്ങൾ പറഞ്ഞതു്?

മി. വി. സുബ്ബയ്യർ (നിയമിച്ചമെംബർ) (ഉപാദ്ധ്യക്ഷൻ): അതെ. അദ്ദേഹത്തിന്റെ കക്ഷി ഭൂരിപക്ഷക്കാരായിരുന്നാൽ അദ്ദേഹത്തിനെ ഞാൻ പിൻതാങ്ങും. എന്റെ പ്രസംഗത്തിൽ ഉദ്ധരിച്ച രണ്ടുഭാഗങ്ങളുടെയും താല്പര്യം സ്പഷ്ടമാണ്. അപ്പോൾ തന്ത്രമായിട്ടാണ് ഞാൻ സംസാരിച്ചതെന്നു ഞാൻ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല.

മി. ആർ പത്മനാഭൻ (നിയമിച്ചമെംബർ): സമുദായത്തിലെ അംഗങ്ങളിൽ ഒന്നുപകുതിയിൽ സ്വല്പംകൂടിയാൽ അവരെ ഭൂരിപക്ഷക്കാരായി ഗണിക്കാമെന്നാണോ അദ്ദേഹം പറയുന്നതു്?

മി. വി. സുബ്ബയ്യർ (നിയമിച്ച മെംബർ) (ഉപാദ്ധ്യക്ഷൻ): തിരഞ്ഞെടുക്കുന്നതിൽ എന്നപോലെ ഒരാൾ ഭൂരിപക്ഷത്തിന്റെ കൂടുതൽ മതിയാകും.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): കഴിഞ്ഞപ്രാവശ്യം ഒരു കക്ഷിയാണ് ഭൂരിപക്ഷം ആളുകളെന്ന് ഉറപ്പായിപ്പറഞ്ഞതല്ലാതെ അതു് തെളിഞ്ഞിട്ടുണ്ടായിരുന്നുവോ? ഉപാദ്ധ്യക്ഷനു അതിനെപ്പറ്റി ബോദ്ധ്യംവന്നിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിച്ച മെംബർ ഉപാദ്ധ്യക്ഷൻ): സ്ഥിതിവിവരക്കണക്കുകൾകൊണ്ടുമാത്രമേ എനിക്കു ബോദ്ധ്യപ്പെടുകയുള്ളു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി അദ്ദേഹത്തിനു ബോദ്ധ്യംവന്നിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെംബർ) ഉപാദ്ധ്യക്ഷൻ): ഇല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ലാക്കമ്മറിയുടെ റിപ്പോർട്ടിൽ ഉദ്ധരിച്ചിട്ടുള്ള കണക്കുകളെപ്പറ്റി ഉപാദ്ധ്യക്ഷൻപറയുന്നതു ഞാൻ കേട്ടു. ഈ കണക്കുകൾ എപ്പോഴാണ് ശേഖരിച്ചതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. വി. സുബ്ബയ്യർ (നിയമിച്ചമെംബർ) (ഉപാദ്ധ്യക്ഷൻ) അഞ്ചാറുവർഷംമുമ്പു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഈ കണക്കുകൾ ഭേദപ്പെടുകയില്ലെന്നു തീർച്ചവല്ലതുമുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ) (ഉപാദ്ധ്യക്ഷൻ): ഭേദപ്പെട്ടിരിക്കാം. അതുകൊണ്ടാകുന്നു മി. പരമേശ്വരൻെറ പക്ഷത്തിലാണ് ഭൂരിപക്ഷം ആളുകൾ എന്നു വരാമെന്നും സഭാംഗങ്ങളേയും എന്നെയും അദ്ദേഹം ബോദ്ധ്യപ്പെടുത്തുമെങ്കിൽ ഞാൻ അദ്ദേഹത്തിനെ പിൻതാങ്ങാമെന്നും പറഞ്ഞതു്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ), ഞങ്ങൾക്കു മി. സുബ്ബയ്യരെ ബോദ്ധ്യപ്പെടുത്തണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സെലക്ട് കമ്മററിയെപ്പോലെ ഒരു ചെറിയസംഘം ആളുകൾ അതിനെപ്പററി വാദപ്രതിവാദം നടത്തിയല്ലാതെ എങ്ങനെയാണ് ഇപ്രകാരം ബോദ്ധ്യംവരുന്നതെന്നു മി. സുബ്ബയ്യർ പറയുമോ?

മി. വി. സുബ്ബയ്യർ (നിയമിച്ചമെമ്പർ ഉപാദ്ധ്യക്ഷൻ): ഈ നിയമത്തെ അനുകൂലിക്കുന്നവരാണോ ഭൂരിപക്ഷം ആളുകൾ എന്നുള്ളതിനെപ്പററി തെളിവെടുക്കുന്നതിനും അന്വേഷിക്കുന്നതിനുമായി വീണ്ടും ഒരു കമ്മററി ഏർപ്പെടുത്തുന്നതിനായി ശ്രമം നടത്തുകയാണ് വേണ്ടതു്. സെലക്ട് കമ്മററിയെക്കൊണ്ടു ഈ തെളിവെടുക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ആ സമയംകൊണ്ടു ഈ നിയമം നടപ്പിൽ വന്നിട്ടുള്ളതിനാൽ ഇവർക്കു പരിഹാരം കിട്ടുന്നതിനു തടസ്സപ്പെടുകയില്ലയോ?

മി. വി. സുബ്ബയ്യർ (നിയമിച്ചതു് ഉപാദ്ധ്യക്ഷൻ): ലിഗാൾജിക്കു കൊടുത്തിട്ടുള്ള അധികാരങ്ങളെ ഉപയോഗപ്പെടുത്തി സമയം ഒരു വർഷമോ ആറുമാസമോ നീട്ടിപ്പിച്ചു ഒരു നിയമം പാസ്സാക്കുന്നതിനു ഗവണ്മെൻറിനു വിരോധമുണ്ടായിരിക്കയില്ല. ഇപ്രകാരം ഒരു നിയമം പാസ്സാക്കാൻ പാടില്ലായെന്നു ഞാൻ വിചാരിക്കുന്നില്ല. അവർക്കു സമയം ലഭിച്ചിട്ടില്ലെങ്കിൽ കുറച്ചുകൂടി സമയം കൊടുക്കേണ്ടതാണ്. ഓരോരുത്തനും പ്രവൃത്തിയാളുടെയോ സത്യവാങ്മൂലങ്ങളും അതിനുള്ള വക്കാലത്തുകളും സാക്ഷ്യപ്പെടുത്തുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥൻെറയോ മുമ്പിലോ അല്ലാത്തപക്ഷം ഈ സഭയിലെ ഒരംഗത്തിൻെറ മുമ്പാകെയോ ചെന്നു താൻ ഈ ബില്ലിനെ അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ ഏതുപക്ഷക്കാരാണ് ഭൂരിപക്ഷം എന്നു നമുക്കറിയാം. മി. പരമേശ്വരനോടു ഈ മാർഗ്ഗത്തിനെപ്പററി ഞാൻ മുമ്പുതന്നെ പറഞ്ഞു. ഇങ്ങനെ ചെയ്താൽ ആരാണു ഭൂരിപക്ഷം ആളുകളെന്നു അറിയുന്നതു വളരെ എളുപ്പമായിരിക്കും. മൂന്നുനാലു താലൂക്കിലുള്ള സംഗതിയെപ്പററിയേ അറിയേണ്ടതായുള്ളു, സമുദായികന്മാരെ സംബന്ധിച്ചിടത്തോളം എണ്ണം വളരെ കൂടുതൽ ആയിരിക്കുകയില്ല. പേരും ഇലക്ടറൽ റോളിൽ ഉള്ള നമ്പരും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ ഒപ്പും അല്ലെങ്കിൽ ഈ സഭയിലെ ഒരു സാമാജികൻെറ ഒപ്പുംവേണം. സഭയിലുള്ള ഓരോ അംഗവും ഈ സംഗതിക്കു വഴിപ്പെടുമെന്നും ഒരു സാമാജികനും തങ്ങളുടെ മുമ്പാകെ ഒപ്പിട്ടു എന്നു പറയുന്നതിനു ഒട്ടുംതന്നെ മടിക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വാദപ്രതിവാദം ഈ പഠനത്തിലിരിക്കുമ്പോഴും മണി അഞ്ചടിക്കാറായതിനാലും വാദപ്രതിവാദം നടത്തുന്നതിനുള്ള സമയം ദീർഘിക്കുന്നതിനു പ്രസിഡൻറു ഉദ്ദേശിക്കുന്നുണ്ടോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

പ്രസിഡൻറ്: ഇല്ല. ഇപ്പോൾതന്നെ വാദപ്രതിവാദം ധാരാളം ദീർഘിച്ചുകഴിഞ്ഞു. അഞ്ചുമണിക്കു ശേഷം ഇതിനെപ്പററി വാദപ്രതിവാദം നടത്തണമെന്നു ഞാൻ പറയുന്നതു ശരിയായിരിക്കുമെന്നു വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇക്കാര്യത്തിൽ വാസ്തവത്തിൽ തീരുമാനിക്കേണ്ട സംഗതിയെപ്പററിമാത്രമേ നാം ആലോചിക്കാവൂ എന്നും മററു സംഗതികളെപ്പററി ആലോചിക്കാൻ പാടില്ലെന്നും മി. കയ്യാലം പരമേശ്വരൻപിള്ള വിശദമാക്കിയും ശക്തിമത്തായും പറഞ്ഞു. ഈ സംഗതിയിൽ മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. വിവാദവിഷയത്തെപ്പററി സ്പഷ്ടമായ ഒരഭിപ്രായം ഉണ്ടാകുന്നതിനു അദ്ദേഹം എന്നെ സഹായിച്ചിട്ടുണ്ടെന്നുള്ളതു ഞാൻ സന്തോഷപൂർവ്വം പറഞ്ഞുകൊള്ളുന്നു. എന്നാൽ വാസ്തവത്തിൽ എന്താണു തീരുമാനിക്കേണ്ടതെന്നുള്ള സംഗതിയെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. മി. കുമാരൻെറ കക്ഷിക്കാർ മുമ്പോട്ടുവന്നു രജിസ്റ്റർചെയ്തു ഈ റഗുലേഷനിൽ ഉൾപ്പെടണമോ അതോ മി. പത്മനാഭൻെറ കക്ഷിക്കാർ രജിസ്റ്റർചെയ്തു നിയമത്തിൽനിന്നും ഒഴിയണമോ എന്നുള്ളതാണ് തീരുമാനിക്കേണ്ടതെന്നു മി. പരമേശ്വരൻപിള്ള പറഞ്ഞു. എന്നാൽ വാസ്തവത്തിൽ തീരുമാനിക്കേണ്ട സംഗതി ഇതല്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ ഭേദഗതി ബില്ലിനെ സ്വീകരിക്കണമോ വേണ്ടയോ എന്നാണ് വാസ്തവത്തിൽ തീരുമാനിക്കേണ്ടതു്. ഈ സഭയിൽനിന്നും ഇപ്പോഴത്തെ റഗുലേഷൻ പാസ്സാക്കുന്നതിനുമുമ്പു ഈ സംഗതിയെപ്പററി ഗാഢമായി ആലോചിച്ചിട്ടുണ്ട്. വാദപ്രതിവാദം കേട്ടശേഷം ഈ ഭേദഗതിബില്ലിനെ അനുകൂലിക്കുന്നതിനു കാരണമില്ലെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ശരിയായ ഒരു തീരുമാനം ചെയ്യുന്നതിനായി ഇപ്പോഴത്തെ റഗുലേഷൻ ൩൩-ാം വകുപ്പു ഒരു ന്യായമായ ഏർപ്പാടാണോ എന്നും ഇതുവരെ ഒരു ഗണ്യമായ സംഘക്കാർക്കു അതിൽനിന്നും വാസ്തവത്തിൽ ബുദ്ധിമുട്ടു നേരിട്ടിട്ടുണ്ടോ എന്നും ഉള്ള സംഗതികളെപ്പററിയാണു നമുക്കു തീരുമാനിക്കേണ്ടിയിരിക്കുന്നതു. ഇപ്രകാരമുള്ള ബുദ്ധിമുട്ടു വാസ്തവത്തിൽ ൩൩-ാം വകുപ്പുകൊണ്ടും ഉണ്ടെന്നും ഈ റഗുലേഷൻ നടപ്പാക്കിയതു ഒരു പിശകാണെന്നും ഈ ഭേദഗതിബില്ലിനെ അനുകൂലിക്കുന്നവർ കാണിച്ചാൽ അതിനെ ഭേദപ്പെടുത്തുന്നതിനു മതിയായ കാരണം ഉണ്ടെന്നു ഞാൻ സമ്മതിക്കാം. ഇതുവരെയുണ്ടായ വാദപ്രതിവാദംകൊണ്ടു മി. പത്മനാഭനും, അദ്ദേഹത്തിൻെറ അനുകൂലികളും ഇങ്ങനെ കാണിച്ചതായി വിചാരിക്കാൻ പാടില്ല. മി. കയ്യാലം പരമേശ്വരൻപിള്ളയും മി. കെ. വി. രംഗസ്വാമി അയ്യങ്കാരും ഈ ഭേദഗതി ബില്ലിനെ അനുകൂലിച്ചു വളരെ യുക്തിയോടുകൂടി പ്രസംഗിച്ചു. എന്നാൽ അവരുടെ പ്രസംഗങ്ങൾകൊണ്ടു ഇപ്പോഴുള്ള റഗുലേഷൻ ഭേദപ്പെടുത്തേണ്ടതാണെന്നു നമുക്കു ആർക്കും ബോദ്ധ്യംവന്നിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു. നൂതനമായി ഒരു ഈഴവ റഗുലേഷൻ ഈ സഭയിൽനിന്നും ആലോചിക്കുന്നപക്ഷം സാമുദായികസംബന്ധമായ നിയമങ്ങൾ രചിക്കുന്നതിനെപ്പററിയുള്ള തത്വങ്ങളേയും മററും ആലോചിക്കേണ്ട ആവശ്യമുണ്ടെന്നുള്ളതു എനിക്കും മനസ്സിലാക്കാം. ഇപ്പോഴുള്ള ചട്ടം ഭേദപ്പെടുത്തുന്നതിനെപ്പററി നാം ആലോചിക്കുന്നതുകൊണ്ടു ഇപ്പോഴുള്ള ചട്ടം തെററാണോ അല്ലയോ എന്നും അതുകൊണ്ടു ആളുകൾക്കു സങ്കടം നേരിട്ടിട്ടുണ്ടോ എന്നുമാണ് ആലോചിക്കേണ്ടതു്. എല്ലാ കക്ഷിക്കാർക്കും ആവശ്യമുള്ള രക്ഷ ൩൩-ാം വകുപ്പുകൊണ്ടു സിദ്ധിക്കുന്നുണ്ടെന്നു

ഞാൻ വിചാരിക്കുന്നതു. റഗുലേഷൻ തങ്ങളെ ബന്ധിക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പററി ഗൌനിക്കാത്ത ഒരു സംഘം ഭൂരിപക്ഷം നിയമം രചിക്കണമെന്നാണ് ഈ ഭേദഗതി ബില്ലിൻെറ ഉദ്ദേശം എന്നു ഞാൻ വിചാരിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മിശ്രമതക്കാരെ മൂന്നു സംഘമായി ഗണിക്കാം. നമ്പ്ര-൨ വകുപ്പിനെ അനുകൂലിക്കുന്നവർ ഒരുഭാഗം അതിനെ ബലമായി പ്രതിഷേധിക്കുന്നവർ വേറൊന്നു ഈ സംഗതിയെപ്പററി ഖണ്ഡിച്ച അഭിപ്രായം ഇല്ലാത്തവർ മൂന്നാമത്തേതു. ഇതിൽ മൂന്നാമതായിപ്പറഞ്ഞ സംഘക്കാരെ ഉദ്ദേശിച്ചാണ് ഭേദഗതിബില്ലുകൊണ്ടു നിയമം രചിക്കുന്നതെന്നു വിചാരിക്കുന്നതു്. നമ്പ്ര-൨-വകുപ്പിനെ സംബന്ധിച്ച ബലമായി എതിരഭിപ്രായം ഉള്ളവർ ഇപ്പോഴത്തെ റഗുലേഷൻ അനുസരിച്ച രജിസ്റ്റർ ചെയ്യുമെന്നുള്ളതിന് സംശയം ഇല്ല. റഗുലേഷനെ അനുകൂലിക്കുന്നവർ റഗുലേഷൻ തൃപ്തികരമാണെന്നു വിചാരിക്കുന്നു. അതിനെ ഭേദപ്പെടുത്തണമെന്നു ആഗ്രഹമില്ല. തങ്ങൾ നമ്പ്ര-൨-വകുപ്പിനെപ്പററി ഖണ്ഡിച്ചഭിപ്രായം ഇല്ലാത്തവർക്കു മാത്രമേ ഈ ഭേദഗതിബിൽകൊണ്ടു വ്യത്യാസം ഉണ്ടാകുന്നുള്ളു: അതിനാൽ ഈ റഗുലേഷൻ അനീതിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോഴുള്ള നിയമംകൊണ്ടു ഖണ്ഡിച്ച അഭിപ്രായമില്ലാത്തവരേയും അതു വിഷമിപ്പിക്കുമെന്നു മി. പത്മനാഭൻ കാണിക്കുന്നപക്ഷം ആ വാദത്തിൻെറ ശക്തി എനിക്കു മനസ്സിലാക്കാൻകഴിയും. നാളിതുവരെ ആരുംതന്നെ ഈ റഗുലേഷനിൽനിന്ന് ഒഴിവാക്കണമെന്നു അപേക്ഷിച്ചിട്ടില്ല. അതുകൊണ്ടു വിവേകമുള്ള മനുഷ്യൻ എന്ന നിലയിൽ ഈ റഗുലേഷൻ സംബന്ധിച്ച ആർക്കും എതിരഭിപ്രായം ഉള്ളതായി ഞാൻ വിചാരിക്കുന്നില്ല. അവസാനദിവസംവരെ ഈ റഗുലേഷനിൽനിന്നും ഒഴിയേണ്ട അത്യാവശ്യമില്ലെന്ന് മി. കെ. വി. രംഗസ്വാമിഅയ്യങ്കാർ പറഞ്ഞു. എന്നാൽ ഈ വാദത്തിൻെറ യുക്തി എനിക്കു മനസ്സിലാകുന്നില്ല.

റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പൽ): കാരണവർ റഗുലേഷൻ അനുസരിച്ച ഈ കാലാവധിയുടെ അവസാനദിവസംപോലും കക്ഷികൾക്കു വ്യവഹാരപ്പെടാമെന്നും അതിനാൽ ആ അവകാശം ഭേദപ്പെട്ടുപോയില്ലെന്നും കാരണവസംഗതികളെപ്പററി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വക്കീലായ മി. കെ. ഐ. ജോസഫിനു അറിയാൻ വഹിയയോ എന്നു പറയുമോ?

• മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എനിക്കു സംഗതി മനസ്സിലായി. മി. കുമാരൻ ഈ ഭേദഗതിബില്ലിനെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിനോടും അവസാനദിവസത്തിനുമുമ്പു അപേക്ഷ കൊടുക്കുന്നതു നിർബന്ധമാണോ എന്ന് മി. രംഗസ്വാമിഅയ്യങ്കാർ ചോദിച്ചു. എന്നാൽ സാമാന്യ ബുദ്ധിയുള്ള മനുഷ്യനായതുകൊണ്ടു ഈ റഗുലേഷനിൽനിന്നും ഒഴിയുന്നതിനു നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ അവർക്കു റഗുലേഷൻ ആവശ്യമില്ലെങ്കിൽ അവർ ശ്രമിക്കുമായിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. അവസാനദിവസംവരെ അവർ കാത്തിരിക്കുന്നതിനു കാരണം ഒന്നും കാണുന്നില്ല.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): കടംകൊടുത്തിട്ടുള്ള പണം ഈടാക്കുന്നതിനുള്ള വ്യവഹാരത്തിൽ അദ്ദേഹത്തിൻെറ അനുഭവം എന്താണോ?

മി. കെ. ഐ. ജോസഫ്. (മീനച്ചിലും-ദേവികുളവും): ഇതു കടം ഈടാക്കുന്നതിനുള്ള ഒരു സംഗതി അല്ല.

മി. വി. സുബ്ബയ്യർ (നിയമിച്ച) (ഉപാദ്ധ്യക്ഷൻ): തങ്ങൾ നടത്തുന്ന പ്രക്ഷോഭണത്തിൻെറ ഫലം എന്താണെന്നു അറിഞ്ഞശേഷമേ റഗുലേഷൻ അനുസരിച്ച രജിസ്റ്റർചെയ്യാവു എന്ന് ആളുകൾ കരുതിയിരുന്നു എന്ന് വിചാരിക്കേണ്ടതല്ലയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ ഭേദപ്പെടുത്തിയ ബിൽ ഈ സഭയിൽ നടപ്പാകുമെന്നു ഉദ്ദേശം അവർക്കുണ്ടാകാൻ നിവൃത്തിയില്ല. ഈ സഭയിൽ ഈ ബില്ല് നടപ്പാകുമെന്നു ആരെങ്കിലും ഉറപ്പു കൊടുത്തിരുന്നാൽ ഇവർ റഗുലേഷനിൽനിന്നു ഒഴിയുന്നതിനായി അപേക്ഷ കൊടുക്കാതെ ഇരുന്നതിനു മതിയായ കാരണമായിരിക്കും. അപ്രകാരം ആരും ഉറപ്പു കൊടുത്തതായി എനിക്കറിഞ്ഞുകൂടാ. മി. പരമേശ്വരൻ മി. സുബ്ബയ്യരുടെ അടുക്കൽചെന്നു ഇപ്പോഴത്തെ റഗുലേഷനെപ്പററി പ്രതിഷേധിച്ചപ്പോൾ താൻ അനുകൂലിക്കാമെന്നു വാഗ്ദത്തം ചെയ്തില്ലെന്നും ഭൂരിപക്ഷം ആളുകൾ മി. പരമേശ്വരൻെറ പക്ഷക്കാർ ആണെന്നു തെളിച്ച ബോദ്ധ്യംവന്നാൽ താൻ അനുകൂലിക്കാമെന്നു മാത്രമേ പറഞ്ഞുള്ളു എന്നും മി. സുബ്ബയ്യർ പറഞ്ഞു. ബില്ല് കൌൺസിലിൽ നടപ്പാകുമെന്നു ഉറപ്പു കൊടുത്തതായി ഇതുകൊണ്ടു വിചാരിക്കാൻ പാടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ ഒരു നല്ല മുഹൂർത്തത്തിനായി കാത്തിരിക്കുകയായിരിക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): എനിക്കു അതിനെപ്പററി ആലോചിച്ചിട്ടു കാര്യമില്ലാ.

ഭേദപ്പെടുത്തിയ ബില്ലിൻെറ ഉദ്ദേശം ഈ സംഗതിയിൽ ഖണ്ഡിച്ച അഭിപ്രായം ഇല്ലാത്തവരെ സംബന്ധിക്കണമെന്നാണ്. ഈ റഗുലേഷൻ വാസ്തവത്തിൽ എതിരായിട്ടുള്ളവർക്കു വേണ്ട രക്ഷ നമ്പ്ര-൨ വകുപ്പനുസരിച്ച ലഭിക്കുന്നുണ്ട്. ഖണ്ഡിച്ചഭിപ്രായം ഇല്ലാത്തവരെ സംബന്ധിച്ചിടത്തോളം അന്യായമോ ബുദ്ധിമുട്ടോ അനീതിയോ ഒന്നും ഇല്ല.

സമുദായത്തിൻെറ ആകപ്പാടെ ഉള്ള ഗുണത്തെപ്പററി ഈ സംഗതിയിൽ ആലോചിക്കേണ്ടതു മറെറാരു കാര്യമാണ്. ഭേദഗതിബില്ല് ഈ സഭയിൽ നടപ്പായാൽ ഒരേസമുദായത്തിൽ ഭിന്നമായ ചട്ടം ഉണ്ടായിരിക്കും. പരിഷ്കൃതരാജ്യങ്ങളിലും പരിഷ്കൃത സമുദായങ്ങളിലും ദായക്രമം ഭാഗം മുതലായ സംഗതികളെപ്പററി എല്ലാവർക്കും ഒരേരീതിയിലുള്ള ചട്ടം എല്ലാപേർക്കും ഉണ്ടായിരിക്കുന്നതു് സമുദായത്തിനും രാജ്യത്തിനും ഗുണകരമാണ്.

മി. കല്ലറ പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴുള്ള റഗുലേഷൻകൊണ്ടു എല്ലാപേർക്കും ഒരേ ഏർപ്പാടുതന്നെ ആയിരിക്കുമെന്നു ഉറപ്പു വന്നിട്ടുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇപ്പോഴുള്ള റഗുലേഷൻ സംബന്ധിച്ചിടത്തോളം അതു നടപ്പിൽവന്നശേഷം കഴിഞ്ഞ മൂന്നുമാസകാലമായി സമുദായത്തിൽ എതിരഭിപ്രായമുള്ള കക്ഷികൾ യാതൊന്നും ചെയ്തിട്ടില്ല. എന്നുതന്നെയുമല്ല ഈ റഗുലേഷനിലെ വ്യവസ്ഥകളുടെ ഫലം അവർക്കു സിദ്ധിക്കണമെന്നു ആഗ്രഹമില്ലാത്ത ആളുകൾക്കു വേണ്ട രക്ഷകൾ റഗുലേഷൻകൊണ്ടുണ്ടാകുന്നുണ്ട്. ഈ വക സമുദായത്തി

ന്റെയും രാജ്യത്തിലുള്ള മററുള്ളവരുടെയും ക്ഷേമത്തിനും ഈഴവർക്കു എല്ലാംകൊണ്ടും ഒരു നിയമം നടപ്പാക്കുന്നതും ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കല്ല്യാലം പരമേശ്വരൻപിള്ളയും മി. രങ്കസ്വാമി അയ്യങ്കാരും പ്രസംഗിച്ച ആ സമുദായിക നിയമനിർമ്മാണത്തെക്കുറിച്ചു ഒരു സംഗതി പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. സമുദായവകപ്പിനെപ്പററി ഈ സഭയിൽനിന്നും ആലോചിക്കുമ്പോൾ അതിനെസംബന്ധിച്ചു പറഞ്ഞിരുന്നാൽ എനിക്കു മനസ്സിലാകുമായിരുന്നു. ഇപ്പോഴുള്ള ചട്ടം ഭേദപ്പെടുത്തി ഇനി ഒരു ചട്ടം ഉണ്ടാക്കുന്നതിനെപ്പററിയാണ് ഇപ്പോൾ ആലോചിക്കേണ്ടതു്. ഇപ്പോഴുള്ള ചട്ടം ഭേദപ്പെടുത്തണമെന്നാഗ്രഹിക്കുന്നവർ അപ്രകാരം വാസ്തവത്തിൽ ഭേദപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു കാണിക്കണം. ഇപ്പോൾ നടപ്പിൽഇരിക്കുന്ന ചട്ടത്തെ ഭേദപ്പെടുത്തുന്നതിനു ശരിയായകാരണംഉണ്ടെന്നു അവർ കാണിച്ചിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഭേദഗതിബില്ലിനെ ഞാൻ എതിർക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവിടുന്നു പറഞ്ഞ മറുപടിയെ ആലോചിക്കുമ്പോൾ പ്രസംഗിക്കണമെന്നാഗ്രഹിക്കുന്നവർ എത്രപേരുണ്ടെന്നറിഞ്ഞു സമയം ആ രീതിയിൽ ക്ലിപ്തപ്പെടുത്തുന്നതല്ലയോ നല്ലതു്?

പ്രസിഡന്റ്. പ്രാസംഗികന്മാരുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്നതിനു എനിക്കു അധികാരം ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സമയം ക്ലിപ്തപ്പെടുത്താമെല്ലോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രസംഗിക്കാത്ത എല്ലാ സാമാജികന്മാരും ഇതിനെപ്പററിയുള്ള വാദപ്രതിവാദം നിറുത്തണമെന്നുള്ള പ്രമേയം ഹാജരാക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഈ ഭേദഗതിബില്ലിനു വിപരീതമായി ഞാൻ വോട്ടു ചെയ്യേണ്ടതാണെന്നു വിചാരിക്കുന്നു. ഈ ബില്ല് കഴിഞ്ഞ കൌൺസിലിൽ ആലോചിച്ചോ ഇല്ലയോ എന്നുള്ള സംഗതി അല്ല നാം നോക്കേണ്ടതു്. എന്നാൽ ഈ സഭയിലെ ഈ വർഗ്ഗത്തിലുള്ള ഒരു സാമാജികൻപോലും ബില്ലിനെ അനുകൂലിച്ചിട്ടില്ല അതുകൊണ്ടു അവസാനത്തിൽ അതു ഏതുനിലയിൽ പരിണമിക്കുമെന്നു കാണാം. ഈ സഭയിലെ ഏതുഭാഗത്തുള്ള സാമാജികന്മാരുടെ പ്രസംഗത്തിൽ ചിലതിനെ ഞാൻകേട്ട ഇപ്രകാരമുള്ള നിയമനിർമ്മാണങ്ങളിൽ ന്യൂനപക്ഷം ആളുകളുടെ അഭിപ്രായങ്ങളെപ്പററി ആലോചിക്കണമെന്നും അതിനെ വേണ്ടപോലെ ഗൌനിക്കണമെന്നും ആണ് ഈ സഭയിലെ ഏതുഭാഗത്തുള്ള സാമാജികന്മാരിൽ ചിലർ ഈ സംഗതിയെപ്പററി വാദപ്രതിവാദം നടത്തിയതു്, ഇപ്രകാരം ചെയ്യുന്നതു സാദ്ധ്യമല്ലെന്നും കാര്യനടപ്പിനു വിപരീതമാണെന്നും ഹാസ്യജനകമാണെന്നും കാണിക്കപ്പെട്ടു. ഈ റഗുലേഷൻ നടപ്പിൽവന്നു മൂന്നു മാസകാലം ആയിട്ടില്ല. എന്നിട്ടു ഇത്രനേരത്തെതന്നെ സഭയിൽ ഒരു ഭേദഗതിബിൽ കൊണ്ടുവന്നുകഴിഞ്ഞു. ഏററവും നിഷ്പക്ഷപാതിയും പ്രധാനവുമായ വർത്തമാനപത്രങ്ങളിൽ ഒന്നായ സ്റ്റാൻഡേർഡ് പത്രം ഈ സംഗതി കൌൺസിലിന്റെയും ഗവർമ്മെന്റിന്റെയും അഭിമാനത്തെ ബാധിക്കുന്നതാണെന്നു പറയുന്നു. ആ പത്രത്തിൽ പറഞ്ഞിട്ടുള്ള ഈ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാർക്കെല്ലാം മിശ്രമാർഗ്ഗക്കാരുടെ ഒരു ന്യൂനപക്ഷം ആളുകളാണ് ഇതിന്റെ വക്താക്കളെന്നു പറയുന്നതിനു ഏറെക്കുറെ ബോദ്ധ്യമുണ്ടെങ്കിൽ എന്നെ സമ്മതിക്കണം.

രാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഈ ഭാഗത്തു ഒരാൾക്കൂടി ഇല്ല'' എന്നു പറഞ്ഞതു മി. പത്മനാഭനെക്കൂടെ ഉൾപ്പെടുത്തിയാണോ എന്നു പറയുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മി. പത്മനാഭനേയും മി. രങ്കസ്വാമി അയ്യങ്കാരേയും ഞാൻ ഒഴിക്കുന്നതിനു തയ്യാറാണു. (ചിരി)

മി. കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഞാൻ സഭയിൽ ആ ഭാഗത്തുള്ളവനല്ല. എന്നാൽ മി. പത്മനാഭനോടെന്നുള്ളതു പ്രസ്താവിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). എഴുപതിനായിരം ഈഴവരുള്ള ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധി ആണു ഞാൻ.

മി. ആർ. പത്മനാഭൻ (നിയമിച്ചതു): ആ നിയോജകമണ്ഡലത്തിൽ എത്ര മിശ്രമാർഗ്ഗികളുണ്ടെന്നു എന്നോടു പറയുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇന്നലെ മി. എൻ. വി. ജോസഫ് പറഞ്ഞ മറുപടികൊണ്ടു മി. പത്മനാഭൻ തൃപ്തിപ്പെട്ടുവെന്നു ഞാൻ വിചാരിച്ചു. ഓരോ മിശ്രമാർഗ്ഗിയെ അല്ല നമ്മുടെ ആലോചനയ്ക്കു വിഷയമായ സംഗതിയെ സംബന്ധിക്കുന്നതു്. മരുമക്കത്തായികളും മിശ്രമാർഗ്ഗികളും ആയ എല്ലാ ഈഴവരേയും അതു ബന്ധിക്കുന്നുണ്ടു്. എഴുപതിനായിരം ഈഴവരിൽപരമുള്ള ഒരു നിയോജകമണ്ഡലത്തിലെ പ്രതിനിധി ആണു ഞാൻ ആ നിലയിലാണു ഞാൻ ഇപ്പോൾ സംസാരിക്കുന്നതു്. അതുകൊണ്ടു മി. പത്മനാഭൻ തൃപ്തിപ്പെട്ടില്ലെങ്കിൽ ഞാൻ, താമസിക്കുന്നതു കൊല്ലത്തു മിശ്രമാർഗ്ഗികളായ ഈഴവർക്കു വളരെ പ്രാബല്യമുള്ള ഒരു സ്ഥലത്താണ് എന്നുകൂടിപറയാം. അവിടെയുള്ള മിശ്രമാർഗ്ഗികളുടെ അഭിപ്രായത്തോടു അദ്ദേഹം യോജിക്കുമെങ്കിൽ പെരിനാട്ടു ഒരു യോഗത്തിൽ അഗ്രാസനം വഹിക്കുന്നതിനു എനിക്കു ഭാഗ്യമുണ്ടായി എന്നും അവിടെ വച്ചു ഞാൻ എഴുന്നേററു മി. പത്മനാഭൻ ഹാജരാക്കാൻപോകുന്ന ഭേദഗതി ബില്ലിനെ അനുകൂലിക്കുന്നതായ ആ സമുദായത്തിലെ ഏതെങ്കിലും ഒരംഗം ഉണ്ടോ എന്നു ചോദിച്ചു. അപ്പോൾ ഈ ബില്ലിനു അനുകൂലിക്കുന്നതായി ഒരംഗവും ഇല്ലായിരുന്നു എന്നു ഞാൻ പറയാം.

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഭേദഗതിബില്ലിൽ ഉള്ള വാസ്തവമായ ഏക സംഗതിയെപ്പററി (അതായതു ആരാണ് വന്നു രജിസ്റ്റർചെയ്യേണ്ടതു എന്നുള്ളതിനെപ്പററി) മി. ശിവരാമപ്പണിക്കർ ആ യോഗത്തിൽ പറഞ്ഞോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ പറഞ്ഞു. അപ്പോൾ പല പ്രാസംഗികന്മാരും ഈ ഭേദഗതി ബില്ലിനെപ്പററി സംസാരിച്ചു. മുമ്പൊരുദിവസം മി. പത്മനാഭന്റെ പ്രസംഗത്തിൽ ശങ്കരൻ ചാന്നാരെന്നൊരാളെപ്പററി പറഞ്ഞു. [illegible] ചിങ്ങം [illegible] മുമ്പു ഞാൻ ഒരു മിശ്രമാർഗ്ഗി ആയിരുന്നു എന്നും അതിനുശേഷം ഞാൻ മാർഗ്ഗംപിരിഞ്ഞു എന്നും ആ ശങ്കരൻചാന്നാരുടെ ഒരു അനന്തിരവൻ ഒരു പ്രസംഗത്തിൽ പറഞ്ഞു. ബില്ലിൽ വ്യവസ്ഥചെയ്തിട്ടില്ലാത്ത ഒരു കാര്യംകൂടി അയാൾ ചെയ്തു. അയാളുടെ അമ്മയുടെ അട

കൾ നിന്നുകൂടി അവരെ ഭാഗിച്ചുപിരിഞ്ഞു. ഞാൻ തന്നെ ഈ ഭേദഗതിബില്ലിലുള്ള വ്യവസ്ഥകളെ സ്പഷ്ടമാക്കി പറഞ്ഞു. മിശ്രഭാവികളുടെ ഒരു ചെറിയ അംശംമാത്രമേ ഈ ഭേദഗതിബില്ല വേണമെന്നു ആഗ്രഹിക്കുന്നുള്ളു എന്ന് എനിക്കു ബോദ്ധ്യംവന്നു. അതിനു ഞാൻ ഈ കൗൺസിലിൽ പരസ്യമായി പറയുന്നതിനു തയാറും ആണ്. ഈ ഭേദഗതി ബില്ല് അനുസരിച്ചു മിശ്രഭാവികളുടെ ഭൂരിപക്ഷം ആളുകളും രജിസ്റ്റർചെയ്യു ഈ ബില്ലിൽ ഉൾപ്പെടേണ്ടതായിരിക്കുന്നു. അവർ സമുദായത്തിലെ സംസ്കാരംസിദ്ധിച്ച അംഗങ്ങൾ ആണെന്നും അതുകൊണ്ടു സമുദായസേവകന്മാർ ആന്ന നിലയിൽ എങ്കിലും അവർ മുമ്പോട്ടുവന്നു ഇപ്രകാരം ചെയ്യണം എന്നും ആണ് ഇതിനു കാരണമായി പറയുന്നതു. നേരെമറിച്ചു ഇപ്പോഴത്തെ റഗുലേഷൻ അനുസരിച്ചു സമുദായത്തെ അവർ ഉപേക്ഷിച്ചു വരുന്നതാണ് ഉത്തമമായ സമുദായസേവനം എന്നു ഞാൻ വിചാരിക്കുന്നു.

ഈ ഭേദഗതി ബില്ലിനെ എതിർക്കുന്നതിനു എനിക്കു ഒരു കാരണംകൂടി ഉണ്ട്. മി. പത്മനാഭൻ ഹാജരാക്കിയ ബിൽ കൊണ്ടു സമുദായത്തിൽ ഇപ്പോഴുള്ള സ്വത്തുമിപ്പിനേയും ഇല്ലാതാക്കുന്നതിനു ഉദ്ദേശിക്കുന്നു.

മി. ആർ. പത്മനാഭൻ (നിയമിച്ചതു): നിർബന്ധംകൊണ്ടു സ്വത്തുമിപ്പുണ്ടാക്കാമെന്നാണോ സാമാജികൻ വിചാരിക്കുന്നതു്?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു നിശ്ചയമായിട്ടും ആളുകൾ തന്നെത്താനെ സ്വത്തുമിപ്പിക്കുന്നതിന് ശ്രമിക്കുന്നില്ലെങ്കിൽ നിയമപ്രകാരം അവരെ അതിലേക്കു നിർബന്ധിക്കാവുന്നതാണ്. കേരളം ഒട്ടുക്കു നല്ല ചട്ടങ്ങളോടും ഉദാരമായ സംഘടനയോടും സംഘബലത്തോടുംകൂടിയ ഏതെങ്കിലും ഒരു സമുദായം ഉണ്ടെങ്കിൽ അതു ഈഴവ സമുദായമാണ്. അതിനു ഒരു പൊതു കാര്യത്തിൽ ഒരുമിച്ചു പ്രവർത്തിക്കാൻകഴിയും. ഈ രാജ്യത്തിലെ പ്രതിനിധികൾ അടങ്ങിയിരിക്കുന്ന ഈ കൗൺസിലും ഗവർമ്മെൻറും ഇപ്രകാരമുള്ള ഒരു സമുദായത്തെ രക്ഷിക്കുന്നതിനു ചുമതലപ്പെട്ടവരാണ് അതുകൊണ്ടു ഈ ഭേദഗതി ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

മി. ആർ. പത്മനാഭൻ (നിയമിച്ചതു): ഈഴവസമുദായത്തിലെ ഏതു ഭാഗമാണു സാമാജികൻ പറയുന്നതിലുൾപ്പെടുത്തിയിട്ടുള്ളതെന്നു ഞാൻ സാമാജികനോടു ചോദിക്കട്ടെ?

മി. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ സമുദായത്തെപ്പറ്റി ആകപ്പാടെ ആണു പറയുന്നതു്.

മി. ആർ. പത്മനാഭൻ (നിയമിച്ചതു): മിശ്രഭാവവിഭാഗക്കാരെപ്പറ്റിയും അദ്ദേഹത്തിനു ഈ അഭിപ്രായം ഉണ്ടോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ൧൦൮൮ ചിങ്ങം ൧-നുക്കു ശേഷം ഈ സമുദായത്തിൽ ഒരു വിഭാഗവും ഞാൻ കാണുന്നില്ല. (ചിരി)

ഈ ബില്ലിനെ മറെറാരുകാരണത്തെ അടിസ്ഥാനമാക്കിയും ഞാൻ എതിർക്കുന്നു. ഭേദഗതിബില്ല രചിക്കുന്നതിൽ ഒരു ദോഷം ചെയ്തിട്ടുണ്ട് എന്ന് എനിക്കു അനുഭവം ഉണ്ടെങ്കിൽ പറയാം. ഞാൻ നിയമജ്ഞനല്ല. അതിനാൽ എനിക്കു പറയാൻ അവകാശമില്ലാത്ത കാര്യങ്ങളെപ്പററി ആണോ ഞാൻ പറയുന്നതു് എന്നു എനിക്കു നിശ്ചയം ഇല്ല. ഭേദഗതിബില്ല കഴിഞ്ഞകാര്യങ്ങളെക്കൂടി ബാധിക്കുന്നു. അതു വളരെ അപായകരമായ ഒരു സംഗതിയാണ്. ൧൦൮൮ ചിങ്ങം ൧-നുക്കു ശേഷം ഇപ്പോഴുള്ള റഗുലേഷനനുസരിച്ചു മിശ്രഭാവവകപ്പിലെ ഏതെങ്കിലും ഒരംഗം കുടുംബസംബന്ധമായി ഏതെങ്കിലും ഏർപ്പാടു ചെയ്തിരുന്നാൽ ഈ ഭേദഗതിബിൽ നടപ്പിലാക്കി എങ്കിൽ ആ ഏർപ്പാടുകൾ അസാധുവാണെന്നു സ്ഥാപിക്കേണ്ടിവരും. ഇതുകൊണ്ടു വിവാദ ബിൽ കീഴ്ക്കടയുള്ള കാര്യങ്ങളെക്കൂടെ ബാധിക്കുക ആണു ചെയ്യുന്നതു്. ഈ ബില്ല അംഗീകരിക്കാൻ പാടില്ലാ എന്നു പറയുന്നതിനു അതു മറെറാരു കാരണമാണ്. ഈ കാരണംകൊണ്ടും ഞാൻ ബില്ലിനെ എതിർക്കുന്നു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ആരാണു മുമ്പോട്ടുവന്നു രജിസ്റ്റർ ചെയ്യേണ്ടതു എന്നാണു ഈ സഭയിൽ നിന്നും തീരുമാനിക്കേണ്ടതു എന്നു മി. കല്ലൂർ പരമേശ്വരൻപിള്ള പല തവണയും പറഞ്ഞു. എന്നാൽ ഇതല്ല വാസ്തവത്തിൽ തീരുമാനിക്കേണ്ടതെന്നു എനിക്കു തോന്നുന്നു. ഒരു വർഷത്തിനുമുമ്പു സഭയിൽനിന്നും തീരുമാനിക്കേണ്ടിയ സംഗതി അതായിരുന്നു. കൗൺസിലിൽനിന്നും അന്നു ഒരുപ്രകാരത്തിൽ ഈ സംഗതിയെപ്പററി തീരുമാനിച്ചു. സഭയിൽനിന്നും ഇപ്പോൾ തീരുമാനിക്കേണ്ടതു്, കഴിഞ്ഞ കൗൺസിലിലെ തീരുമാനം ഭേദപ്പെടുത്തുന്നതിനു മതിയായ കാരണങ്ങൾ ഉണ്ടോ എന്നാണു കഴിഞ്ഞ കൗൺസിലിലെ തീരുമാനം ഭേദപ്പെടുത്തുന്നതിനു മി. പരമേശ്വരൻപിള്ള മൂന്നു കാരണങ്ങൾ പറഞ്ഞിട്ടുണ്ട്.

ഒന്നാമതായി പറഞ്ഞതു ഇപ്പോഴുള്ള പ്രകാരത്തിൽ കഴിഞ്ഞ കൗൺസിലിൽനിന്നും ഈ സംഗതിയെപ്പററി തീരുമാനിക്കേണ്ടതായി വന്നിട്ടില്ലെന്നാണ്. രണ്ടാമതായി അദ്ദേഹം പറഞ്ഞതു ഭൂരിപക്ഷം ആളുകൾ ഈ നിയമത്തിനു അനുകൂലികളാണോ എന്നുള്ളതിനെപ്പററി സഭ തെററിദ്ധരിച്ചു എന്നാണ്. മൂന്നാമതായി പറഞ്ഞതു ഈ കൗൺസിലിൽ നിന്നും സാമുദായികനിയമനിർമ്മാണത്തിൻെറ അടിസ്ഥാനതത്വത്തെ വിസ്മരിച്ചു എന്നും സമുദായസംബന്ധമായ എല്ലാ നിയമങ്ങളും അനുവാദം നൽകുന്നതല്ലാതെ നിർബന്ധിക്കാൻ പാടില്ലെന്നുമാണു ഈ കാരണങ്ങളെ കുറെ കൂടെയോടുകൂടി നമുക്കു ആലോചിക്കാം.

ഇപ്പോൾ പറഞ്ഞ രണ്ടു കാരണങ്ങളെപ്പററിയും അതായതു ഇപ്പോൾ തീരുമാനിക്കേണ്ട സ്വരൂപത്തിൽ ഈ സഭമുമ്പാകെ ഈ സംഗതി ഹാജരാക്കപ്പെട്ടിട്ടില്ലെന്നും ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം ഇന്നതാണെന്നു സഭയിൽനിന്നും തെററിദ്ധരിച്ചു എന്നുള്ളതിനെപ്പററി ഇതിനുമുമ്പു സംസാരിച്ച എൻെറ സ്നേഹിതന്മാർ ശരിയാകുംവണ്ണം ഉത്തരം പറഞ്ഞിട്ടുണ്ട്. അതിനെ വീണ്ടും പറഞ്ഞ് സഭയിലെ സമയം വെറുതെകളയണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

മിസ്റ്റർ കല്ലൂർ പരമേശ്വരൻപിള്ളയോടു ചോദിച്ചചോദ്യത്തിനു മറുപടിയായി കൗൺസിലിൽനിന്നും എല്ലാസംഗതികളെപ്പററിയും മുമ്പ് ആലോചിച്ചുകഴിഞ്ഞു എങ്കിലും ഭൂരിപക്ഷക്കാരെല്ലാവരും ഇപ്പോൾ നടപ്പാക്കിയചട്ടത്തിനു അനുകൂലി ആയിരുന്നാലും സാമുദായിക നിയമനിർമ്മാണത്തെപ്പററിയുള്ള അടിസ്ഥാനതത്വങ്ങൾക്കു വിപരീതമായി ഈ നിയമം പാസ്സാക്കിയതു കഴിഞ്ഞസഭയുടെ തെററാണെന്നും മിസ്റ്റർ കല്ലൂർ പരമേശ്വരൻപിള്ള വീണ്ടുംപറഞ്ഞു. ഈ സംഗതിയെപ്പററി സ്വല്പംപറയാം. സാമുദായികസംബന്ധമായ നിയമനിർമ്മാണവും മററുപ്രകാരത്തിലുള്ള നിയമനിർമ്മാണവും തമ്മിൽ ഒരു വ്യത്യാസവും ഉള്ളതായി മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. വാസ്തവത്തിൽ എല്ലാ നിയമങ്ങളും സാമുദായികമാണ്. എന്തെന്നാൽ അ

വ സമുദായങ്ങളെ സംബന്ധിക്കുന്നതാണ്. ഈ സംഗതികളെപ്പററി ഒരു തക്കശാസ്ത്രരീതിയിൽ അല്ല ഞാൻ ആലോചിക്കുന്നത്. ഇപ്രകാരം ഒരു വ്യത്യാസം ഉണ്ടായിരുന്നാൽ എല്ലാകാര്യത്തിലും വ്യത്യാസം കാണുമായിരുന്നു. എല്ലാ സംഗതികൾക്കും സംബന്ധിക്കുന്ന തത്വങ്ങളെ അടിസ്ഥാനമാക്കി ചില വ്യത്യാസങ്ങൾ കാണുമായിരുന്നു. ഈപ്രകാരം തത്വങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. സാമുദായികമായ നിയമവും രാജ്യകാര്യസംബന്ധമായ നിയമവും തമ്മിലല്ലാ വാസ്തവത്തിൽ വ്യത്യാസം. ഒരു രാജ്യത്തുള്ള എല്ലാവരേയും സംബന്ധിക്കുന്ന ചട്ടങ്ങളും ഏതാനും ചില സമുദായങ്ങളെ മാത്രം സംബന്ധിക്കുന്ന ചട്ടങ്ങളും തമ്മിലാണ് വ്യത്യാസം. ബ്രിട്ടീഷ് ഗവമ്മെൻറിൽനിന്നും രാജ്യകാര്യസംബന്ധമായും സാമുദായികസംബന്ധമായും ഉള്ള ചട്ടങ്ങൾ തമ്മിൽ വ്യത്യാസം കല്പിച്ചിരിക്കുന്നത് പ്രത്യേകസംഗതികളെ അടിസ്ഥാനപ്പെടുത്തിയാണ്. ഹിന്ദുനിയമം അനുസരിക്കുന്നതും മഹമ്മദീയ നിയമം അനുസരിക്കുന്നതും ഇൻഡ്യൻ സക്സഷൻ ആക്ട് അനുസരിക്കുന്നതും ആയ സമുദായങ്ങൾ ഇൻഡ്യയിൽ ഉണ്ട്. അതിനാൽ ദായക്രമവും വിവാഹവും വിവാഹമോചനവും സംബന്ധിച്ച പ്രത്യേകചട്ടങ്ങൾ അനുസരിച്ചു നടക്കുന്ന സമുദായങ്ങളെ സംബന്ധിച്ചുള്ള നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഗവമ്മെൻറ് ഒരു വ്യത്യസ്ഥരീതിയിൽ പ്രവത്തിച്ചുവരുന്നത് ഇൻഡ്യയുടെ പ്രത്യേകനിലയേയും ഗവമ്മെൻറിൻറെ വിദേശീയ ഉത്ഭവത്തേയും അടിസ്ഥാനപ്പെടുത്തിയാണ്.

മിസ്റ്റർ എൻ. വി. ജോസഫ് (പറവൂർ): പാശ്ചാത്യന്മാരെ സംബന്ധിച്ചിടത്തോളം സമുദായസംബന്ധമായ നിയമങ്ങൾ ഇല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എൻറെ അറിവിൽപെട്ടിടത്തോളം അങ്ങനെ ഒരു വ്യത്യാസം ഇല്ല.

മി. എൻ. വി. ജോസഫ് (പറവൂർ): വിവാഹസംബന്ധമായ നടപ്പിനെ സംബന്ധിച്ച പ്രത്യേകമായ നിയമനിർമ്മാണം ഇല്ലയോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അപ്രകാരം ഒന്നുള്ളതായി എനിക്കറിവില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): വിവാഹത്തിനെ സംബന്ധിച്ചുള്ള നിയമനിർമ്മാണത്തിനും വസ്തുക്കൾ കൈമാററം ചെയ്യുന്നതിനുള്ള നിയമനിർമ്മാണത്തിനും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ എന്നു പറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവ തമ്മിൽ വ്യത്യാസം ഉള്ളതായി എനിക്ക അറിഞ്ഞുകൂടാ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നിയമനിർമ്മാണവിഷയം ഇവരണ്ടിലും വളരെ വ്യത്യസ്ഥപ്പെട്ടതല്ലയോ എന്നു പറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സമുദായത്തിൻറെ നന്മയെ ആകപ്പാടെ ബന്ധിക്കുന്ന എല്ലാ നിയമങ്ങളും സാമുദായിക നിയമങ്ങളാണ് എന്നു പറയപ്പെടുന്നു.

ഇൻഡ്യയിൽ ഓരോ സമുദായക്കാർക്കും ഉള്ള ചട്ടം മതവുമായി ഇടകലർന്നിരുന്നു. ഇൻഡ്യാക്കാരുടെ മതപ്രവൃത്തികളെ വ്യത്യാസപ്പെടുത്തുന്നതിനു ബ്രിട്ടീഷ് ഗവമ്മെൻറിന് മനസ്സില്ലായിരുന്നു. മതസംബന്ധമായ കാര്യങ്ങളിൽ അവർ പ്രവേശിക്കുകയില്ലെന്നു അവർതന്നെ ശപഥംചെയ്തിരുന്നു. എന്നാൽ ഭൂരിപക്ഷം ആളുകൾക്ക നടപ്പിനെ വ്യത്യാസപ്പെടുത്തണമെന്നു ആഗ്രഹമുള്ളപ്പോൾ ബ്രിട്ടീഷ് ഗവമ്മെൻറിൽനിന്നും സമുദായങ്ങൾക്കുവേണ്ടി നിയമം രചിക്കുന്നതിനു മടിച്ചിട്ടില്ല. ഉദാഹരണമായി ഇൻഡ്യൻസക്സഷൻ ആക്ടിനെപ്പററി ചിന്തിക്കാം. പാഴ്സിസമുദായത്തിലെ ഒരു വലിയ ഭാഗക്കാർക്ക ഈ ചട്ടം അവരെ ബന്ധിക്കുന്നത് സമ്മതമല്ലായിരുന്നു. എന്നിട്ടും ബ്രിട്ടീഷ് ഗവമ്മെൻറിൽനിന്നും ഈ ചട്ടം അവർക്കും നടപ്പാക്കി. ഈ സംഗതി ഇൻഡ്യാക്കാരെ മുഴുവൻ സംബന്ധിക്കുന്നിടത്തോളം ചെറിയ ഒരു പ്രത്യേകസമുദായത്തിന് അനുകൂലമായി ഒഴിവാക്കുന്നതിനു കഴികയില്ലെന്നു സർ. ഹെൻട്രി മെയിൻ ഇംപീരിയൽ കൌൺസിലിൽ പ്രസംഗിച്ചു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പൽ): മഹമ്മദീയലാസംബന്ധിച്ച കച്ചിമെമ്മൺസമുദായത്തെപ്പററി ഞാൻ മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ളയെ ഓർമ്മപ്പെടുത്തട്ടെ.

മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്നെ അതിനെപ്പററി ഓർമ്മപ്പെടുത്തിയതിനു ഞാൻ മി. രങ്കസ്വാമി അയ്യങ്കാരോടു നന്ദിയുള്ളവനായിരിക്കുന്നു. ഞാൻ അതിനെപ്പററി പറയാൻ ഭാവിക്കയാണ്.

ബ്രിട്ടീഷ് ഇൻഡ്യയിൽ ഏകദേശം ഇതിനു സാദൃശ്യമുള്ള ഒരു സംഗതി കച്ചിമെമ്മൺമാരുടെ സംഗതി ആകുന്നു. കച്ചിമെമ്മൺമാർ ഹിന്ദുചട്ടം അനുസരിക്കുന്നവരാകുന്നു. മഹമ്മദീയചട്ടം അനുസരിക്കണമെന്നവർക്കാഗ്രഹമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച അവർ ഒരു നിയമം പാസ്സാക്കി. അവർക്കുള്ള മുൻനടപ്പുകളെ ഒരു വിധത്തിലും ഭേദപ്പെടുത്തരുതെന്നാഗ്രഹമുള്ള ഒരു ചെറിയ സംഘം ആളുകൾ ഉണ്ടായിരുന്നു. അവർക്ക ഈ ചട്ടത്തിൽ നിന്നും ഒഴിയുന്നതിനായി ഒരു വകുപ്പ രചിക്കണമെന്നപേക്ഷിച്ചു. അപ്രകാരം ഒഴിയുന്നതിനായി രജിസ്റ്റർ ചെയ്യേണ്ടതു ഭൂരിപക്ഷം ആളുകളോ ന്യൂനപക്ഷം ആളുകളോ എന്നുള്ള സംഗതിയെപ്പററി ആലോചിക്കേണ്ടിവന്നു. സെലക്റ്റ്കമ്മിററി പര്യാലോചിച്ചശേഷം അഭിപ്രായപ്പെട്ടതു ന്യൂനപക്ഷം ആളുകളാണ് ഒഴിയേണ്ടതെന്നും ഭൂരിപക്ഷം ആളുകൾ അല്ലെന്നും ആണ്. അതിനെ അടിസ്ഥാനമാക്കി നിയമം ഒന്നും രചിച്ചില്ല. എന്നാൽ ഇതിനെപ്പററി തീരുമാനിക്കുന്നതിനു യോഗ്യതയുള്ളവരുടെ അഭിപ്രായം ഇപ്രകാരം ആയിരുന്നു. ഇൻഡ്യയിലുള്ള നിയമനിർമ്മാണത്തെപ്പററി മി. ബിജായി കിസോർ ആചാരിയയുടെ പുസ്തകത്തിൽ നിന്നും ഒരു ഭാഗം കൌൺസിലിൽ ഞാൻ വായിച്ചുകൊള്ളുന്നു.

ഈ പുതിയരീതിയിൽ ഒരു നൂതന ബിൽ രചിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായി അതെന്തെന്നാൽ ആ സമുദായത്തിലുള്ളവർ പൊതുവെ മഹമ്മദീയചട്ടത്തിന് കീഴ്പെട്ടിരുന്നാൽ ഒരുവൻ തൻറെ കുടുംബക്കാർ മുമ്പു നടപ്പുണ്ടായിരുന്ന ചട്ടത്തെ അനുസരിക്കണമെന്നു താൻ ആഗ്രഹിക്കുന്നതായി പ്രഖ്യാപനം ചെയ്യുന്നതുകൊണ്ടു മഹമ്മദീയ മതസിദ്ധാന്തങ്ങളെ അനുസരിക്കാത്തവരാണെന്നു വരും. ഇതു ഗൌരവമായ ഒരു ആക്ഷേപമായതുകൊണ്ടു സമുദായത്തിലുള്ള ആളുകൾക്ക തങ്ങളുടെ കുടുംബങ്ങൾക്കും ഏററവും യോജിച്ചതാണെന്നു തോന്നിയ

ഷ്യർപ്പാട് ഇപ്രകാരം പ്രഖ്യാപനംചെയ്തു നടപ്പിൽവരുത്തുന്നതിനുള്ള വൈമനസ്യത്തെ പരിഹരിക്കുന്നതിനു മറ്റുപ്രകാരത്തിൽ ഏർപ്പാടുചെയ്യാമെന്നു സെലക്ട് കമ്മററിയിൽനിന്നും ആലോചിച്ചു. സമുദായത്തിനു മഹമ്മദീയ ലാ നടപ്പാക്കിയശേഷം ഇഷ്ടമുള്ളവർ തങ്ങളുടെ കുടുംബാംഗങ്ങളെ മരണപത്രംമൂലം മഹമ്മദീയ ലായിൽനിന്നും ഒഴിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്കണമെന്നാകുന്നു ആ കമ്മററിക്കാർ അഭിപ്രായപ്പെട്ടു. മഹമ്മദീയ ലാ അനുസരിച്ചു മരണപത്രംമൂലം സ്വത്തുക്കൾ വിനിയോഗിക്കുന്നതിനു അവകാശം വളരെ ചുരുങ്ങിയതാണെന്നുള്ളതുകൊണ്ടു ബോംബെയിലുള്ള കമ്മററിമെമ്പറന്മാരോടു ഈ സംഗതിയെപ്പററി ഒന്നുകൂടി ആലോചിക്കാതെ ഈ അഭിപ്രായത്തെ അംഗീകരിക്കാൻ പാടില്ലെന്നു സെലക്ട് കമ്മററിയിൽനിന്നും വിചാരിച്ചു. ബോംബെ ഗവണ്മെന്റിനോടു ഒന്നുകൂടി ആലോചിക്കണമെന്നു സെലക്ട് കമ്മററി ശുപാർശചെയ്തു. ഈ സംഗതിയെസംബന്ധിച്ചു അതിനുശേഷം ഒന്നും ചെയ്തില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഗവണ്മെന്റ എന്തുചെയ്തു?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പിന്നീടു ഒന്നുംചെയ്തില്ല.

നിയമം ആവശ്യപ്പെടാത്ത ന്യൂനപക്ഷം ആളുകൾ രജിസ്റ്റർചെയ്തു നിയമത്തിൽനിന്നും ഒഴിയണമെന്നാണ് ആകപ്പാടെ ഉള്ള അഭിപ്രായം. അല്ലാതെ നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ട ഭൂരിപക്ഷം ആളുകൾ രജിസ്റ്റർചെയ്യണമെന്നല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഇൻഡ്യാഗവണ്മെന്റ ഈ സംഗതിയെപ്പററി എന്താണ് അഭിപ്രായപ്പെട്ടതെന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള പറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്താണ് പറഞ്ഞതെന്നു നല്ലവണ്ണം കേട്ടില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): സെലക്ട്കമ്മററിയുടെ ശുപാർശ ഇപ്രകാരം ആയിരുന്നിട്ടും സമുദായത്തിലുള്ളവർ ഒരേ അഭിപ്രായം ഉള്ളവരായിരുന്നില്ലെന്നു ഇൻഡ്യാഗവണ്മെന്റ കണ്ടപ്പോൾ ഇൻഡ്യാഗവണ്മെന്റിന്റെ തീരുമാനം എന്തായിരുന്നുഎന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള പറയുമോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇൻഡ്യാഗവണ്മെന്റിന്റെ അഭിപ്രായം എന്തായിരുന്നു എന്നു എനിക്കറിഞ്ഞുകൂടാ. എന്നാൽ റഗുലേഷൻ ആവശ്യമില്ലെന്നു വിചാരിക്കുന്ന ന്യൂനപക്ഷം ആളുകൾ ആണ് രജിസ്റ്റർചെയ്യേണ്ടതെന്ന് സെലക്ട് കമ്മററി അഭിപ്രായപ്പെട്ടു എന്നു എനിക്കറിയാം.

സാമുദായിക നിയമനിർമ്മാണത്തെസംബന്ധിച്ചു പ്രത്യേകം വൈഷമ്യം ഇൻഡ്യാഗവണ്മെന്റിനുണ്ടായിരുന്നു. ഭൂരിപക്ഷം ആളുകൾ ആഗ്രഹിക്കുന്നപക്ഷം അപ്രകാരം നിയമങ്ങൾ ഉണ്ടാക്കാമെന്നാണ് ബുദ്ധിമാന്മാർ വിചാരിക്കുന്നതു. ന്യൂനപക്ഷം ആളുകളാണ് രജിസ്റ്റർചെയ്തു ഒഴിയേണ്ടതെന്നും അവർ വിചാരിക്കുന്നു. നാട്ടുരാജ്യങ്ങളുടെ നില ബ്രിട്ടീഷ്ഗവണ്മെന്റിന്റെ നിലയിൽനിന്നു വളരെ വ്യത്യസ്തമാണ്. തിരുവിതാംകൂറിലെ ഭൂരിപക്ഷം ആളുകൾ ഹിന്ദുക്കളാണ്. അതിൽ തിരുവിതാംകൂർ മഹാരാജാവു രാജ്യത്തിനു അധിപതി മാത്രമല്ല. സാമുദായികസംബന്ധമായും നിയമസംബന്ധമായും ഉള്ള ഒരു നേതാവുംആണ്. ഒരു നാട്ടുരാജ്യത്തിൽ പ്രത്യേകിച്ചു ഹിന്ദുരാജ്യമായ തിരുവിതാംകൂറിൽ—

മി. കെ. സി. ജോസഫ് (മീനച്ചിലും ദേവികുളവും): തിരുവിതാംകൂർ ഒരു ഹിന്ദുരാജ്യമാണെന്നു സാമാജികൻ പറയുന്നതു എന്തുദ്ദേശിച്ചാണെന്നു അദ്ദേഹം പറയുമോ?

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അപ്രകാരം പറഞ്ഞതു സാധാരണ അർത്ഥത്തിലാണ്. ഒരു ഹിന്ദുരാജാവിനാൽ ഭരിക്കപ്പെടുന്നതുകൊണ്ടും ഭൂരിപക്ഷം ആളുകൾ ഹിന്ദുക്കൾ ആയതിനാലും തിരുവിതാംകൂർ ഒരു ഹിന്ദുരാജ്യമാണെന്നു പറയുക പതിവാണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ദിവ്യശ്രീ ശ്രീനാരായണഗുരു ഈഴവരുടെ മതസംബന്ധമായ നേതാവാണെന്നു മിസ്റ്റർ കുമാരൻ പറഞ്ഞതു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള സമ്മതിക്കുമോ എന്നെനിക്കറിഞ്ഞാൽകൊള്ളാം.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): ശ്രീനാരായണഗുരു ഈഴവരുടെ മതാധിപതിയാണെന്നു ഞാൻ സമ്മതിക്കുന്നില്ല. തിരുവിതാംകൂറിലെ ഈഴവർ മഹാരാജാവുതിരുമനസ്സിലെ പ്രജകളാണ്. ഒരു ഹിന്ദുരാജ്യത്തിലെ മതസംബന്ധമായ അധിപതി ആ രാജ്യത്തിലെ രാജാവാണെന്നു ഞാൻ വിചാരിക്കുന്നു. ശ്രീനാരായണഗുരു മതസംബന്ധമായ ഗുരുവോ അല്ലെങ്കിൽ ആചാര്യനോ ആണ്.

മി. എം. ശിവജ്ഞാനംപിള്ള (തോവാള): കൃസ്ത്യാനികളുടെ ബില്ലിനെപ്പോലെ ഈഴവരുടെ ബില്ലും ഒരു പുതിയ സെലക്ട്കമ്മററിയുടെ പര്യാലോചനക്കായി വീണ്ടും അയക്കരുതോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): കൃസ്ത്യാനികളുടെ ബിൽ സെലക്ട്കമ്മിററിയുടെ പര്യാലോചനയ്ക്കായി വീണ്ടും അയച്ചില്ല. ഈ ബിൽ സെലക്ട്കമ്മിററിക്കയച്ചിട്ടു ഉപയോഗം ഒന്നുംഇല്ലെന്നു ഞാൻ വിചാരിക്കുന്നു.

എല്ലാപേരും ഒരേ അഭിപ്രായം ഉള്ളവരായിരുന്നാൽമാത്രമേ സമുദായസംബന്ധമായും നിയമനിർമ്മാണം പാടുള്ളു എന്നു സർവസാധാരണമായി അനുസരിക്കേണ്ടതായി ഒരു തത്വം ഇല്ല. മതസംബന്ധമായും സാമുദായികസംബന്ധമായും ഉള്ള അധിപതി മഹാരാജാവു ആയതിനാൽ നാട്ടുരാജ്യങ്ങൾക്കു ഈ വക നിയമം രചിക്കുന്നതിനു പ്രത്യേകം കാരണങ്ങളുണ്ട്. ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കി സാമുദായികസംബന്ധമായ ചട്ടങ്ങളെ ഭേദപ്പെടുത്തുന്നതു ഈ കൌൺസിലിലെ നടപ്പായിത്തീർന്നിരിക്കുന്നു. കൃസ്ത്യൻ സക്സഷൻ ആക്ററും നായർറഗുലേഷൻ, വെള്ളാളബില്ല ഇവ ഇതിനുദാഹരണങ്ങളാണ്. അതിനാൽ സമുദായങ്ങളെസംബന്ധിച്ചുള്ള ചട്ടം രചിക്കണമെങ്കിൽ എല്ലാപേരും ഒരേ അഭിപ്രായക്കാരായിരിക്കണമെന്നുള്ള വാദം ഒരു പടിയത്തിലും നിലനിൽക്കത്തക്കതല്ല.

വാസ്തവത്തിലുള്ള ബുദ്ധിമുട്ടു സമുദായസംബന്ധമായതാണെന്നുള്ളതല്ല. വിവാഹം കുററകരമായ പുനർവിവാഹം ബഹുഭാര്യത്വം മുതലായ സമുദായസംബന്ധമായ വകുപ്പുകൾ ഇതിലുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം സാമുദായികമായ നടപടികളെ ഭേദപ്പെടുത്തി എന്നുള്ള ആക്ഷേപം പുറപ്പെടുവിച്ചിട്ടില്ല. വാസ്തവത്തിലുള്ള ബുദ്ധിമുട്ടു സ്വത്തുക്കൾ കിട്ടുമെന്നുള്ള ആശക്കു വിഘ്നം വരുന്നതാണ്. സ്വത്തുക്കൾക്കുള്ള അവകാ

ടം ഭേദപ്പെടുത്തുന്നതിനുള്ള ചട്ടങ്ങളെസംബന്ധിച്ചു വളരെ ക്ഷോഭമുണ്ടാകാൻ ഇടയുണ്ട്. ഈ സമുദായത്തിലെ ചട്ടം അനുസരിച്ചു സ്വന്തസമ്പാദ്യങ്ങൾ ശേഷക്കാർക്കും മക്കൾക്കുമായി വീതിച്ചുകൊടുക്കുന്നു. കാരണവൻ മരിക്കുമ്പോൾ പകുതി സ്വത്തു ശേഷക്കാർക്കു കിട്ടുമെന്നു അവർ ആശിക്കുന്നു. ഈ നിയമം ഈ ആശക്കിട സ്സംജാതമായിരിക്കുന്നു. അതിനാൽ സ്വത്തുള്ള കാരണവന്മാരുടെ അനന്തിരവന്മാരുടെ ഇടയിൽ ഗൌരവമേറിയ ക്ഷോഭങ്ങളുണ്ടായിരിക്കാൻ ഇടയുണ്ട്. എന്നാൽ അതു താൽക്കാലികമായി മാത്രമായിരിക്കും. എന്തെന്നാൽ റഗ്ലേഷൻ നടപ്പിൽവന്നു് ആദ്യത്തെ വിഘ്നം വന്നുകഴിഞ്ഞാൽ അടുത്ത തലമുറ മുതലുള്ള സമുദായാംഗങ്ങൾ മുഴുവനും ആ ചട്ടം ക്ഷോഭംകൂടാതെ അനുസരിക്കും ഇതാണ് ബന്താം എന്ന നിയമജ്ഞൻ പറയുന്നതു. ബന്താമിന്റെ നിയമനിർമ്മാണതത്വങ്ങൾ എന്ന പുസ്തകം ൧൩൭-ാം വശത്തെ ഞാൻ ഈ സന്ദർഭത്തിൽ ഉദ്ധരിക്കുന്നു,

"ആദ്യം ചട്ടം ഉണ്ടാക്കുന്നതിനുമുമ്പുതന്നെ ചില ആശകൾ ജനിച്ചിട്ടുള്ളതായി കാണപ്പെടുന്നു. എന്തെന്നാൽ പ്രാചീനകാലങ്ങളിൽതന്നെ ഒരുതരം സ്വത്തുകൾ ഉണ്ടായിരുന്നു എന്നും സമ്പാദിച്ചുകഴിഞ്ഞ സ്വത്തുക്കൾ കിട്ടുമെന്നു് ഏതുകാലത്തും ഒരാശ മുമ്പുതന്നെ ഉണ്ടായിരുന്നു എന്നും കാണുന്നു. ഈ ആശയാണ് ആദ്യത്തെ നിയമങ്ങളുടെ സ്വഭാവത്തെ നിശ്ചയിച്ചതു. ഈ നിയമങ്ങൾകൊണ്ടു വീണ്ടും ആശകൾ ഉണ്ടായി. മനുഷ്യരുടെ ആശകൾ ഉണ്ടാകുന്ന മാർഗ്ഗങ്ങളെ വിസ്തീർണ്ണമാക്കി, ഇപ്പോഴുള്ള ആശകളെല്ലാം തടസ്സപ്പെടുത്താതെ വസ്തുസംബന്ധമായുള്ള ചട്ടത്തിൽ ഭേദഗതികൾ ഒന്നും ഇപ്പോൾചെയ്യുന്നതിനു സാധിക്കുകയില്ല. ഇതുകൊണ്ടു പറയത്തക്ക തടസ്സം ഈ നിയമം നടപ്പാക്കുന്നതിനു നിയമം നിർമ്മിക്കപ്പെട്ട പരിഷ്കാരത്തിനുണ്ടാകുന്നു."

ഇപ്രകാരം ആണ് ഇപ്പോഴുള്ള തടസ്സവും നിയമം കുറെക്കാലത്തേക്കു ഊർജ്ജിതമില്ലാതെ വയ്ക്കുന്നതാണ് ഇതിനു ഒരു പരിഹാരമാർഗ്ഗമായി ബന്താം പറയുന്നതു്.

"മനുഷ്യർക്കുണ്ടായിട്ടുള്ള ആശകൾക്കു വിപരീതമായി ഒരു നിയമം ചെയ്യേണ്ടിവന്നാൽ എന്നു വിചാരിക്കുക. ദീർഘകാലത്തേക്കു നിയമം ഊർജ്ജിതത്തിൽ വരാതിരിക്കത്തക്കവണ്ണം നിവൃത്തിയുണ്ടെങ്കിൽ ഏർപ്പാടുചെയ്യണം. ഇപ്രകാരം ചെയ്യുന്നപക്ഷം ഉണ്ടാകുന്ന മാററം ഇപ്പോഴുള്ളവരെസംബന്ധിക്കുകയില്ല. അടുത്ത തലമുറയിലുള്ളവർ ആ മാററത്തിനു തയ്യാറായിത്തന്നെ ഇരിക്കും. ചെറുപ്പക്കാരിൽ ചിലർ പഴയ അഭിപ്രായങ്ങൾക്കു എതിരായി നിയമങ്ങൾ രചിക്കുന്നതിനു സഹായികളായിക്കാണും. അപ്പോഴുള്ള അവകാശങ്ങൾക്കു നിങ്ങൾ വിഘ്നംചെയ്തിരിക്കുകയില്ല. ആശജനിക്കുന്നതിനു നിങ്ങൾ തടഞ്ഞിട്ടുള്ളതിനാൽ എളുപ്പമായിരിക്കും അല്ലെങ്കിൽ ആ ആശ നിങ്ങൾക്കു തടസ്ഥമായിരിക്കും."

ഇതാണ് ബന്താമിന്റെ അഭിപ്രായം. ന്യൂനപക്ഷം ആളുകളെ ഒഴിക്കുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്. തന്റെ മരണശേഷം സ്വത്തു ആർക്കാണ് കിട്ടേണ്ടതെന്നു സ്വത്തു സമ്പാദിച്ചയാളാണ് തീരുമാനിക്കേണ്ടതു. അയാൾക്കു രണ്ടുപ്രകാരത്തിൽ പ്രവർത്തിക്കാം. അയാൾക്കു ഒരു മരണശാസനം എഴുതിവയ്ക്കാം. അല്ലെങ്കിൽ രജിസ്റ്റർചെയ്തു ഈ റഗുലേഷനിൽനിന്നും അയാൾക്കു ഒഴിയാം. ഈ തലമുറകഴിഞ്ഞശേഷം ആർക്കും ഇതിനെസംബന്ധിച്ചു ബുദ്ധിമുട്ടുണ്ടാകുകയില്ല. അപ്പോൾ എല്ലാപേരും സമാധാനമായിരിക്കാം. ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പു എന്നെസംബന്ധിച്ചു ഒരു സംഗതി പറയുന്നതിനു ആഗ്രഹിക്കുന്നു. കൊല്ലത്തെ മിത്രമായ ഈഴവരിൽ ചിലർ ആ നല്ലക്ക സാമാജികനു അയച്ച ഹർജിയെപ്പററി മിസ്റ്റർ പത്മനാഭൻ പ്രസ്താവിച്ചു. മിസ്റ്റർ പത്മനാഭന്റെ കക്ഷിക്കാർ അവർക്കുവേണ്ടി വോട്ടുചെയ്യണമെന്നു എന്നോടു അപേക്ഷിച്ചു എന്നുമാത്രമേ മിസ്റ്റർ പത്മനാഭൻ അറിയുന്നുള്ളു. എതിർകക്ഷിക്കാർവന്നു അവർക്കുവേണ്ടി വോട്ടുചെയ്യണമെന്നു എന്നോടു ആവശ്യപ്പെട്ടു എന്നു അദ്ദേഹത്തിനു അറിഞ്ഞുകൂട. എന്റെ നിയോജകമണ്ഡലത്തിലുള്ള എല്ലാപേരും ഒരുമിച്ചുവന്നു ഇന്നപ്രകാരത്തിൽ വോട്ടുചെയ്യണമെന്നു എന്നോടാവശ്യപ്പെട്ടാൽ ഞാൻ അപ്രകാരം വോട്ടുചെയ്യുന്നതിനു നിർബന്ധിതനല്ലെന്നും എന്നെ സാമാജികനായി തിരഞ്ഞെടുത്തുകഴിഞ്ഞാൽ ഞാൻ കൊല്ലത്തെ സാമാജികൻമാത്രം അല്ലെന്നും ഈ മഹൽസഭയിലെ സാമാജികനാണ് എന്നും ഇവിടെ വാദപ്രതിവാദത്തിനു വിഷയമാകുന്ന സംഗതികളിൽ എന്റെ സ്വന്ത അഭിപ്രായത്തെ അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഞാൻ ചുമതലപ്പെട്ടവനാണെന്നും എന്റെ നിയോജകമണ്ഡലത്തിലെ അഭിപ്രായത്തെ കടംവാങ്ങിക്കുന്നതിനല്ല ഞാൻ ചുമതലപ്പെട്ടതു എന്നും പറഞ്ഞുകൊള്ളുന്നു. തീർച്ചയായും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ അഭിപ്രായത്തിനെ ഞാൻ വളരെ ബഹുമാനിക്കുന്നുണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലുള്ളവർക്കു ഞാൻ എന്റെ അഭിപ്രായത്തെ കീഴടക്കുന്നില്ല

മി. പി. കെ. നാരായണപിള്ള (കേൾക്കണം കേൾക്കണം)

മി. കുമാരൻ (നിയമിച്ച മെമ്പർ): വോട്ടെടുക്കണമെന്നുള്ള പ്രമേയം ഇപ്പോൾ ഹാജരാക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സംസാരിച്ചുകഴിഞ്ഞ സാമാജികൻ അവസാനിപ്പിക്കുവാനുള്ള പ്രമേയം ഹാജരാക്കാൻ പാടില്ലാത്തതാണ് ഈ സഭയിലെ നിയമം.

മി. വി. സുബ്ബയ്യർ (നിയമിച്ചതു്) (ഉപാദ്ധ്യക്ഷൻ): മററുള്ളവരുടെ അഭിപ്രായത്തെ വിഗണിച്ചു സ്വന്ത അഭിപ്രായംമാത്രം കേൾക്കുന്നതിനുള്ള ആശയമാണെന്നു അതുകൊണ്ടു അർത്ഥമായേക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വോട്ടെടുക്കണമെന്നുള്ള പ്രമേയം ഞാൻ ഇപ്പോൾ ഹാജരാക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): പലരും ഈ വിഷയത്തെപ്പററി പ്രസംഗിച്ചിട്ടുണ്ടെന്നും മററുപലരും പ്രസംഗിച്ചില്ലെന്നും സമുദായത്തിൽനിന്നും ഈ പ്രധാനസംഗതിയെപ്പററി മുഴുവർഷകാലമായി ആലോചിച്ചാണ് തീരുമാനിച്ചതെന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. അഗ്രാസനാധിപതി എന്നനിലയിൽ ഈ സംഗതിയെപ്പററി നിങ്ങൾ ആലോചിക്കേണ്ടതാണ്. എല്ലാ സാമാജികന്മാരുടേയും പ്രസംഗങ്ങൾ കേൾക്കുന്നതിനുമുമ്പു ഈ സഭയിൽനിന്നും ഈ സംഗതിയെപ്പററി തീരുമാനിക്കുന്നതു ശരിയാണോ.

പ്രസിഡന്റ്: ഈ പ്രമേയത്തെപ്പററി സഭയിലെ സാമാജികന്മാരുടെ വോട്ടെടുക്കാം.

വാദപ്രതിവാദം തിരുത്തണമെന്നുള്ള പ്രമേയം സഭയിൽനിന്നും വോട്ടുചെയ്തു ഒരു ഗണ്യമായ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം അനുസരിച്ചു അതു പാസാക്കി.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): സർ, എനിക്കെതിരായി പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങൾക്കു സമാധാനം പറയുന്നതിനുമുമ്പ് ഈ സഭയിലുള്ള ബഹുമാനപ്പെട്ട ഏഴ സാമാജികന്മാർ സമർപ്പിച്ച ഒരു ഹർജിയെ സമ്പൂർണ്ണമായി വായിച്ചുകേൾപ്പിക്കുന്നതിനു ഞാൻ അഗ്രാസനാധിപതിയോടു അനുവാദം ചോദിക്കുന്നു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അദ്ദേഹം പറയുന്നഹർജി സഭക്ക അയച്ച ഹർജിയാണോ എന്നു ഞാൻ സംശയിക്കുന്നു.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഇതു ഗവർമ്മെണ്ടിനു അയച്ച ഹർജിയാണ്.

മി. വി. സുബ്ബയ്യർ (നിയമിച്ച മെംബർ): ഈ സഭയിലെ സാമാജികന്മാർ അയച്ച ഹർജിയെമാത്രമേ ചട്ടം അനുസരിച്ച്.

പ്രസിഡണ്ട്: ഗവർമ്മെണ്ടിനു ഒരു ഹർജി അയച്ചിട്ടുണ്ടെന്നു എനിക്കറിയാം.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഹർജിയിലെ ചില ഭാഗങ്ങളെപ്പറ്റി എനിക്കു സംസാരിക്കാമോ?

മി. സി. പി. തരകൻ (കുന്നത്തുനാട്): ആ ഹർജി അദ്ദേഹത്തിന്റെ കൈകളിൽ ഉണ്ടോഎന്നു എന്നോടു അദ്ദേഹം പറയുമോ?

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഇല്ല. അതിന്റെ ഒരു പകർപ്പുമാത്രമേ എന്റെ കൈവശമുള്ളു.

പ്രസിഡണ്ട്: അത് ഇപ്പോൾ ഗവർമ്മെണ്ടിന്റെ കൈവശത്തിലുള്ള ഒരു രേഖയാണ് അതു. നിങ്ങൾ ഉൾപ്പെടെയുള്ള സാമാജികന്മാർ അയച്ച രേഖയാണ്. അതിൽ ഒപ്പിട്ടിട്ടുള്ള മററുള്ളവർക്കു ആക്ഷേപം ഇല്ലെങ്കിൽ വായിക്കുന്നതിനു ഞാൻ സമ്മതിക്കാം.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): അവരിൽ ചിലർ ഇവിടെ ഇല്ല.

പ്രസിഡണ്ട്: ഇവിടെ ഹാജരുള്ളവരുടെ സമ്മതം വാങ്ങാം.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഇവിടെ ഹാജരുള്ളവർ ഞാൻ വായിക്കുന്നതിനു വിരോധമില്ലയോ എന്നു പറയണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. കല്ലാഴം പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സാമാജികൻ ആഗ്രഹിക്കുന്നതു അതിനെ തന്റെ വാദത്തിൽ ഒരു ഭാഗമായി ചേർക്കുന്നതിനാണ്. അതു വായിക്കുകമാത്രം ചെയ്യുന്നതിനല്ല.

പ്രസിഡണ്ട്: നിശ്ചയമായിട്ടു മിസ്റ്റർ പത്മനാഭനെ ഖണ്ഡനംചെയ്യാവുന്നതാണ്.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഹർജി താഴെ പറയുന്നപ്രകാരം ആകുന്നു.

മി. എൻ. കുമാരൻ (നിയമിച്ച മെംബർ): ഞാൻ നടപടിക്രമത്തിനു വിരുദ്ധമായ ഈ നടപടിയെപ്പററി പ്രസ്താവിച്ചുകൊള്ളുന്നു. അദ്ദേഹം ഹർജി വായിക്കുകയാണ്.

പ്രസിഡണ്ട്: ഹർജി വായിക്കമാത്രം ചെയ്യാൻ പാടില്ല. അതിനെ പ്രസംഗത്തിൽ ഉൾപ്പെടുത്തണം.

മി. ആർ. പത്മനാഭൻ (നിയമിച്ച മെംബർ): ഇല്ല, ഞാൻ വായിക്കുകമാത്രം അല്ല. അതുകൊണ്ടാണ ഹർജി താഴെ പറയുംപ്രകാരം ആകുന്നു എന്നു പറഞ്ഞതു. ൧൧൦൮ ആഗസ്റ്റ്മാസം ൩-നു-യാണ ഹർജി ദിവാൻജിഅവർകൾക്കു അയച്ചതു. താഴെപറയുംപ്രകാരം ആണ് ഹർജിയിൽ വിവരിച്ചിരുന്നത്.

ഈഴവ റെഗുലേഷനിലെ ചില വകുപ്പുകളെസംബന്ധിച്ച് തിരുവിതാംകൂർ ഈഴവ മിശ്രദായസമുദായത്തിനു ഒരു വാസ്തവമായ സങ്കടമുണ്ടെന്നും അവർ ഒരിക്കലും അപേക്ഷിക്കാത്തതും ആദ്യംമുതൽ തന്നെ പ്രതിഷേധിച്ചുകൊണ്ടിരുന്ന ഒരു നിയമംകൊണ്ടു അവരെ നിർബന്ധിച്ചിട്ടുണ്ടെന്നും അടിയിൽ കയ്യൊപ്പിട്ടിരിക്കുന്ന നിയമസഭയിലെ സാമാജികന്മാരായ ഞങ്ങൾ മനസ്സിലാക്കുന്നു. പുരാതനകാലംമുതൽക്കുള്ള ദായക്രമത്തെ അനുകരിക്കുന്നതിനു മിശ്രദായികളിൽ മിക്കപേരും ആഗ്രഹിക്കുന്നുഎന്നു ഞങ്ങളിൽ ചിലർക്കു നേരിട്ടറിയാം.

തിരുവിതാംകൂറിലുള്ള ഈഴവരുടെ ക്ഷേമത്തെ ഉദ്ദേശിച്ചാണ ഈ റെഗുലേഷൻ നടപ്പാക്കിട്ടുള്ളതു. ഈ റെഗുലേഷനിൽ ന്യൂനപക്ഷക്കാരായ അതായതു ആകെ ൭ ലക്ഷം ഈഴവരുള്ളതിൽ ൨ ലക്ഷംമാത്രമുള്ള മിശ്രദായികൾ തങ്ങൾക്കു വിരോധമുള്ള ഭാഗങ്ങളിൽനിന്നും ഒഴിയുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ഒഴിയുന്നതിനുള്ള നടപടി അവർക്കു അധികം ക്ലേശകരമാണെന്നു അവർവിചാരിക്കുന്നു. എന്തെന്നാൽ ൩൩-ാംവകുപ്പു താഴെപറയുംപ്രകാരം ആണ്.

൩൩. (എ) റെഗുലേഷൻ നടപ്പാക്കി ആറുമാസത്തിനകം ബോധിപ്പിക്കുന്ന ഒരുഹർജിപ്രകാരം,

(i) ൯-ാംഭാഗത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു ഈഴവതറവാടിലെ ഒരുവ്യക്തിയുടെയോ,

(ii) VII-ാംഭാഗം ഒന്നാംവകുപ്പിൽപറയുംപ്രകാരം ഒരുതറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളുടെ ഭൂരിപക്ഷത്തോടോ

അപ്രകാരമുള്ള വ്യക്തിയേയോ തറവാടിനേയോ വേണ്ടഅന്വേഷണം നടത്തി അപേക്ഷയുടെ വാസ്തവാവസ്ഥ ബോദ്ധ്യപ്പെട്ടശേഷം, ഗവർമ്മെണ്ടുഗസററിൽ പരസ്യപ്പെടുത്തി റെഗുലേഷനിൽ പറയുന്ന വ്യവസ്ഥകളിൽനിന്നും ഒഴിവാക്കാവുന്നതാകുന്നു.

ഇതനുസരിച്ചു മിശ്രദായികളായി ഇരുപത്തിനായിരം തറവാട്ടുള്ളതിൽ ഓരോന്നും തങ്ങളെറെഗുലേഷനിൽനിന്നുഒഴിക്കണമെന്നു ഗവർമ്മെണ്ടിനോടു അപേക്ഷിക്കണം. രണ്ടുലക്ഷംമിശ്രദായികൾ ഉള്ളതിൽ അറുപതുശതമാനത്തിലധികം ആളുകൾസ്ത്രീപുരുഷന്മാരുൾപ്പെടെ എല്ലാംപത്തും പലദിവസങ്ങളും സർക്കാർകച്ചേരികളിൽ കാത്തിരിക്കണം. അതു വളരെബുദ്ധിമുട്ടും കാര്യനടപ്പിനു വിപരീതമായ നടപടിയുംആണ് എന്നുമാത്രവുമല്ല അതുഗൌരവമായഅസൌകര്യവും നഷ്ടവും ഉള്ളസംഗതിയും ചെലവേറിയതുംആണ്.

മാവേലിക്കരയിലെ പെൻഷൻപററിയ ജഡ്ജിയായ കെ. ജി. ശേഷയ്യർ അവർകളുടെ അഗ്രാസനാധിപത്യത്തിൽ നടത്തിയ ഒരുപൊതുയോഗത്തിൽ മിശ്രദായികളെ ഈ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുത്തുന്നതിനായിട്ടുള്ള എളുപ്പവും ഗുണകരവുമായ ഒരുമാർഗ്ഗംസ്വീകരിച്ചു ഗവർമ്മെണ്ടിനു തൽസംബന്ധമായി നിശ്ചയംഅയച്ചു.

൩൩-ാം വകുപ്പു താഴെപറയുംപ്രകാരം ഭേദപ്പെടുത്തണമെന്നു അവർ ആഗ്രഹിക്കുന്നു.

൩൩. മേൽവകുപ്പുകളിൽ എന്തുതന്നെ പ്രസ്താവിച്ചിരുന്നാലും മരണപത്രം കൂടാതെ പിൻതുടർച്ചാവകാശത്തെപ്പററി പ്രതിവാദിക്കുന്ന ൬-ാം ഭാഗവും ഭാഗത്തെപ്പററി പ്രതിവാദിക്കുന്ന ൭-ാം ഭാഗവും പൂർവാചാരപ്രകാരമുള്ള മിശ്രദായക്രമം അനുസരിക്കുന്നവരെ ബാധിക്കുന്നതല്ല

൩൪. എന്നാൽ ഏതെങ്കിലും മിശ്രദായതറവാട്ടിനു തങ്ങളുടെമേലുള്ള ൩൩-ാം വകുപ്പിന്റെ വ്യാപ്തിയിൽനിന്നും ഒഴിവാക്കുന്നതിനു അപേക്ഷിക്കാവുന്നതും വേണ്ട അന്വേഷണങ്ങൾ നടത്തി ഗവണ്മെന്റിനു അവരെ അതിൽനിന്നും ഒഴിവാക്കാവുന്നതും ആണ്.

അവരുടെ സങ്കടത്തിനു മതിയായ കാരണം ഉണ്ടെന്നും ഇപ്പോഴത്തെ ൩൩-ാം വകുപ്പ് റദ്ദുചെയ്തു മേൽപറഞ്ഞപ്രകാരം ഭേദപ്പെടുത്തണമെന്നുള്ള അവരുടെ അപേക്ഷ ന്യായമാണെന്നും ഞങ്ങൾക്കു ബോദ്ധ്യംവന്നിരിക്കുന്നു. ഇവർക്കു പരക്ഷേമം നേടുന്നതു ഗവണ്മെന്റിന്റെ കർത്തവ്യം ആണ്.

റഗുലേഷൻ [illegible] നടപ്പിൽവരുത്തുന്നതിനാൽ കഴിയുന്നിടത്തോളം വേഗത്തിൽ അവരുടെ അപേക്ഷ അനുസരിച്ചു റഗുലേഷൻ ഭേദപ്പെടുത്തണമെന്നു ഗവണ്മെന്റിനോടു അപേക്ഷിക്കേണ്ടതു ഞങ്ങളുടെ ചുമതല ആണെന്നു ഞങ്ങൾ വിചാരിക്കുന്നു.

റഗുലേഷൻ നടപ്പിൽവരുന്നതിനുമുമ്പു മിശ്രദായികളുടെ അപേക്ഷ അനുസരിച്ചു ഈ സമാജികന്മാർ ഗവണ്മെന്റിനോടു അപേക്ഷിച്ചു എന്നു മേൽ പറഞ്ഞതിൽനിന്നും കാണാം. തനിമക്കത്തായം ആണ് ഏററവും നല്ല ദായക്രമം എന്നും സമുദായങ്ങളുടെ ഹിതാഹിതങ്ങളെ ഗൌനിക്കാതെ അവർ അതിനെ അനുകരിക്കേണ്ടതാണെന്നും ഉള്ള അഭിപ്രായത്തെ അടിസ്ഥാനമാക്കിയാണു ഇന്നലെ എനിക്കെതിരായി പുറപ്പെടുവിച്ചിട്ടുള്ള മിക്കവാദങ്ങളും. തനിമക്കത്തായം ആണോ സമുദായത്തിനു ഏററവും നല്ലതെന്നുള്ളതിനെപ്പററി സമുദായത്തിന്റെ സ്ഥിതിയെ ഗൌനിക്കാതെ തീരുമാനിക്കുന്നതിനല്ല നാം ഇവിടെ ഹാജരായിരിക്കുന്നതു. നിയമപ്രകാരം സാധുവായ നടപ്പിനെ നിയമസഭയിൽനിന്നും ഭേദപ്പെടുത്തുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. നിയമപ്രകാരം സാധുവായ നടപ്പുകളെ അനുകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാസമുദായാംഗങ്ങൾക്കും സ്വതസിദ്ധമാണു. സമാധാനമായി ജീവിച്ചിരിക്കുന്ന ഒരു സമുദായത്തിന്റെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ആ സമുദായത്തിൽ ഉൾപ്പെടാത്തവർക്കു ന്യായമായി അവകാശവുമില്ല. വിവേകികളായവരെല്ലാം ഇതിൽ ഈ നിർബന്ധബുദ്ധികൂടാതെ ആലോചിക്കുമെന്നാണു എന്റെ വാസ്തവമായ അഭിപ്രായം. നിർബന്ധബുദ്ധിയോടുകൂടി പ്രവൃത്തിക്കുന്നതായാൽ സാമുദായികാഭിവൃദ്ധി സാദ്ധ്യം അല്ല. സഭയുടെ ആലോചനക്കു വിഷയമായ ബിൽ നടപ്പിൽവന്നാൽ സമുദായം ഭിന്നിക്കാൻ ഇടയുണ്ടെന്നുള്ളതിനെ അടിസ്ഥാനമാക്കി ഇന്നലെ മിസ്റ്റർ കുമാരൻ വാദിച്ചു. എന്നാൽ നിർബന്ധബുദ്ധിയോടുകൂടി പ്രവൃത്തിക്കുന്നതായാൽ ഐകമത്യം ഇല്ലാതെയാകും. വാസ്തവത്തിലുള്ള ഐകമത്യം ബുദ്ധിപൂർവമായ പ്രവൃത്തികളിൽനിന്നും ഉണ്ടാകുന്നതു. ശ്രീനാരായണഗുരുസ്വാമിയുടെ അഭിപ്രായത്തെപ്പററി ചോദിച്ചപ്പോൾ അദ്ദേഹത്തിനു മക്കത്തായം വേണമെന്നാണു അഭിപ്രായം എന്നു മി. കുമാരൻ പറഞ്ഞു. അപ്രകാരം പറഞ്ഞില്ലെങ്കിൽ മിശ്രദായികളെ ഈഴവറഗുലേഷനിൽനിന്നും ഒഴിവാക്കണമെന്നു സ്പഷ്ടമായി കാണിക്കുന്ന ഒരെഴുത്തു ശ്രീനാരായണഗുരു കഴിഞ്ഞവർഷം മകരമാസത്തിൽ ഈ ഹാളിൽവച്ചു നടത്തിയ യോഗത്തിലെ അദ്ധ്യക്ഷനു അയച്ചിരുന്നു എന്നുള്ളതിനെ ഞാൻ ഇവിടെ പ്രസ്താവിക്കുകയില്ലായിരുന്നു.

മി. എൻ. കുമാരൻ (നിയമിച്ചതു): ആ യോഗത്തിൽ എന്റെ സ്നേഹിതൻ ഹാജരില്ലായിരുന്നു. ഞാൻ ഹാജരുണ്ടായിരുന്നു ഇപ്രകാരം ഒരെഴുത്തു അവിടെ വായിച്ചിട്ടില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

മി. ആർ. പത്മനാഭൻ (നിയമിച്ചമെംബർ): ആ എഴുത്തു അവിടെ വായിച്ചു എന്നു ഞാൻ പറഞ്ഞില്ല.

പ്രസിഡന്റ: അതു നമ്മുടെ കാര്യപരിപാടിയിൽ ഉൾപ്പെട്ടതല്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അദ്ദേഹം പ്രസ്താവിച്ച ഹർജിയെ ആരാണു തയ്യാറാക്കിയതെന്നു പറയുമോ?

പ്രസിഡന്റ: ഏതു ഹർജി?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അദ്ദേഹം ഇപ്പോൾ പ്രസ്താവിച്ച ഹർജി.

പ്രസിഡന്റ: ഇപ്പോഴോ, വളരെമുമ്പു ഒരു ഹർജി വായിച്ചതു.

മി. ആർ. പത്മനാഭൻ (നിയമിച്ചമെംബർ): ആരാണു ആ ഹർജി തയ്യാറാക്കിയതെന്നു എനിക്കറിഞ്ഞുകൂട.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സാമാജികനോടു ഞാൻ—

പ്രസിഡന്റ: അദ്ദേഹത്തിനെ എതിർവിസ്താരം ചെയ്യുന്നതിനു നിങ്ങൾക്കു അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ അദ്ദേഹത്തിനെ എതിർവിസ്താരം ചെയ്യുകയല്ല.

പ്രസിഡന്റ: മി. പത്മനാഭൻ നിങ്ങളുടെ പ്രസംഗത്തിന്റെ ശേഷം ഭാഗവും പറയാം.

മി. ആർ. പത്മനാഭൻ (നിയമിച്ചമെംബർ): മുൻപറഞ്ഞ എഴുത്തിന്റെ ഒരു പകർപ്പു ഞാൻ വായിക്കാം.

പ്രസിഡന്റ: ആ രേഖ സഭമുമ്പാകെ ഹാജരാക്കിയിട്ടില്ല. അതിനാൽ അതു നിങ്ങൾക്കു വായിക്കാൻ പാടില്ല.

മി. ആർ. പത്മനാഭൻ (നിയമിച്ചമെംബർ): എന്നാൽ എനിക്കു പറവാനുള്ള

പ്രസിഡന്റ: നിങ്ങളുടെ മറുപടി അവസാനിപ്പിച്ചോ?

മി. ആർ. പത്മനാഭൻ (നിയമിച്ചമെംബർ) ഉവ്വ്.

മി. എ. ശിവതാണുപിള്ള (തോവാള): ഈ പ്രമേയത്തെപ്പററി വോട്ടുചെയ്യുന്നതിനാവശ്യപ്പെടുന്നതിനുമുൻപു കാര്യത്തെ അടിസ്ഥാനമാക്കാതെ അഭിപ്രായവ്യത്യാസം ഉണ്ടായാൽ അതു വാസ്തവത്തിൽ ബഹുമാനപ്പെട്ട സാമാജികന്മാരുടെ സത്യത്തിനും പ്രാഭവത്തിനും ന്യൂനതയുണ്ടാക്കുന്നതാവാ എന്നു അഗ്രാസനാധിപതി തീരുമാനിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡന്റ: ഞാൻ അതിനെപ്പററി തീരുമാനിക്കാൻ ഒന്നും ഒരുമ്പെടുന്നില്ല. പ്രമേയം സഭയിൽനിന്നും വോട്ടുചെയ്യട്ടെ.

൯ പേർ അനുകൂലിച്ചു. ൩൦ പേർ പ്രതികൂലിച്ചു. ൮ പേർ രണ്ടുപക്ഷത്തിലും ചേരാതെയും വോട്ടുചെയ്തു. പ്രമേയം തള്ളപ്പെട്ടു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അനുകൂലിച്ചും പ്രതികൂലിച്ചും വോട്ടുചെയ്തവരുടേയും വോട്ടുചെയ്യാതിരുന്നവരുടേയും പേരുവിവരം അറിയണമെന്നു ആവശ്യപ്പെടുന്നു.

പേരുവിവരം എടുക്കപ്പെട്ടു. അതു ഇപ്രകാരം ആയിരുന്നു.

അനുകൂലിച്ചവർ ൯.

൧	മിസ്റ്റർ	കേരളവർമ്മകോയിൽതമ്പുരാൻ	൬	മിസ്റ്റർ	എസ്സ്. പിറവിപെരുമാൾപിള്ള
൨	,,	കെ. നാരായണൻപണ്ടാല	൭	മിസ്സസ്സ്	എം. പുന്നൻലൂക്കോസ്
൩	,,	എൻ. നീലകണ്ഠപ്പിള്ള	൮	റാവുബഹദൂർ	കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൪	,,	ആർ. പത്മനാഭൻ	൯	മിസ്റ്റർ	എസ്സ്. സി. എച്ച്. റാബിൻസൺ
൫	,,	കയ്യാലം പരമേശ്വരൻപിള്ള			

പ്രതികൂലിച്ചവർ ൩൦.

൧	മിസ്റ്റർ	ഐ. സി. ചാക്കോ	൧൬	മിസ്റ്റർ	കെ. സി. മാമ്മൻമാപ്പിള
൨	,,	ആർ. ധനുക്കോടിപ്പിള്ള	൧൭	,,	ടി. ജെ. മാത്യു
൩	,,	കെ. ജാജ്	൧൮	,,	ജി. നാരായണപിള്ള
൪	,,	എ. ജെ. ജാൺ	൧൯	,,	കെ. നാരായണപിള്ള
൫	,,	കെ. ഐ. ജോസഫ്	൨൦	,,	പി. കെ. നാരായണപിള്ള
൬	,,	എൻ. വി. ജോസഫ്	൨൧	,,	കെ. പി. നീലകണ്ഠപ്പിള്ള
൭	,,	എസ്സ്. ജ്ഞാനഘോഷം	൨൨	,,	ജി. പരമേശ്വരൻപിള്ള
൮	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൨൩	,,	ചങ്ങനാശ്ശേരിപരമേശ്വരൻപിള്ള
൯	,,	ഏ. കെ. പിള്ള	൨൪	,,	കെ. ശിവരാമപ്പണിക്കർ
൧൦	,,	എൻ. കുമാരൻ	൨൫	,,	ജി. രാമൻമേനോൻ
൧൧	,,	ജി. കുമാരപിള്ള	൨൬	,,	ജെ. സ്റ്റീഫൻനാടാൻ
൧൨	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള	൨൭	,,	വി. സുബ്ബയ്യർ
൧൩	മിസ്റ്റർ	തയ്യിൽ കുഞ്ചെറിതൊമ്മൻ	൨൮	,,	സി. പി. തരകൻ
൧൪	,,	എസ്സ്. ജി. ലോപ്പസ്	൨൯	,,	സി. പി. തോമസ്സ്
൧൫	,,	കെ. മാധവൻപിള്ള	൩൦	,,	കെ. കെ. തോമസ്സ്

രണ്ടുപക്ഷവും ചേരാത്തവർ.

൧	മിസ്റ്റർ	ജെ. ബി. കുക്ക്	൫	മിസ്റ്റർ	റി. പി. രാമസുബ്ബയ്യർ
൨	,,	പി. ഹബീബിഹമ്മദ്	൬	,,	എം. ശിവതാണുപിള്ള
൩	,,	കെ. വി. നടേശയ്യർ	൭	,,	സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട്
൪	,,	ഡബ്ലിയു. എച്ച്. പിററ	൮	,,	ഏ. ജെ. വാൻറാസ്

പ്രമേയം സഭയിൽനിന്നും നിരസിക്കപ്പെട്ടതായി പ്രഖ്യാപനംചെയ്തു.

പ്രസിഡൻറ: തീയതിനിശ്ചയിക്കപ്പെടാതെ സഭപിരിച്ചുവിടുന്നു.

വൈകുന്നേരം ൪ – ൪ ഒന്നു സഭപിരിഞ്ഞു.

റി. പി. രാമസുബ്ബയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.
ലെജിസ്ലേററീവ് കൌൺസിൽ.
പ്രധാനസമ്മേളനം - ൧൧൦൭.

(ഔദ്യോഗിക റിപ്പോർട്ട്)
[illegible] ജൂലൈ [illegible]/൧൧൦൭ [illegible].

പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ രാവിലെ ൧൧ മണിക്കു വിക്ടോറിയാ
ജൂബിലി ടൌൺഹാളിൽ സഭകൂടി.

പുതിയ അംഗങ്ങൾ.

നിയമസഭാ നിർമ്മാണച്ചട്ടങ്ങളിൽ ൨൦-ാം ചട്ടമനുസരിച്ചു താഴെപ്പറയുന്ന അംഗങ്ങൾ സത്യംചെയ്തു:—

(൧) മി. [illegible] ഡാനിയൽ (ഗവണ്മെന്റു നിയമിച്ച അംഗം)
(൨) മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി)
(൩) മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ് വിദ്യാഭ്യാസഡയറക്ടർ)
(൪) മി. ആർ. നീലകണ്ഠപിള്ള (ആക്ടിങ് ഗവണ്മെന്റ് ഫൈനാൻഷ്യൽ സിക്രട്ടറി)
(൫) മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും, ഡയറക്ടർ)
(൬) മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർവക്കീൽ).

പരേതനായ മി. ജ്ഞാനജോഷ്വായും മി. ഹ്യൂബർഷും:—

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, ഇന്നത്തെ കാര്യപരിപാടിയിൽ പ്രവേശിക്കുന്നതിനുമുമ്പായി, ഈ കൌൺസിലിൽ അംഗമായിരുന്ന മി. ജ്ഞാനജോഷ്വായുടെ അവിചാരിതവും പരിതാപകരവുമായ മരണത്തെപ്പററി ഈ സഭാസമക്ഷം ഞാൻ ബോദ്ധ്യപ്പെടുത്തിക്കൊള്ളട്ടെ. കഴിഞ്ഞ തവണ അദ്ദേഹവുമായി നാം സഭയിൽ ഒന്നിച്ചിരുന്നപ്പോൾ അദ്ദേഹം ഇത്രവേഗത്തിൽ മരിച്ചുപോകുമെന്നു നാം വിചാരിച്ചിരുന്നില്ല. അധഃകൃതവർഗ്ഗീയരുടെയിടയിൽ പരിഷ്കൃതാശയനായ ഒരംഗമായിരുന്ന മി. ജ്ഞാനജോഷ്വാ ഗവണ്മെന്റുസർവീസിൽനിന്നു പെൻഷൻ വാങ്ങി പിരിഞ്ഞകാലംമുതൽ ആ വർഗ്ഗക്കാരുടെ ഉന്നമനത്തിനായിക്കൊണ്ടു ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹം ഈ കൌൺസിലിൽ അംഗമായിരുന്നകാലം സ്വല്പമായിരുന്നെങ്കിലും അദ്ദേഹത്തിനു പ്രത്യേകതാൽപര്യമുണ്ടായിരുന്ന ആ വിഷയത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ഔൽസുക്യത്തിനു ധാരാളം ലക്ഷ്യങ്ങൾ ഉണ്ടു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി അദ്ദേഹത്തിന്റെ സമുദായത്തിനു ഒരു ബന്ധുവായ ഉദ്ധാരകനും ഈ കൌൺസിലിനു ഒരു ഗുണവാനായ അംഗവും നഷ്ടമായിത്തീർന്നിരിക്കുന്നു. ആകയാൽ അദ്ദേഹം ചെയ്തിട്ടുള്ള ഗുണങ്ങളെപ്പററി നമുക്കുള്ള അനുമോദനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഭാര്യയുടെയും കുട്ടികളുടെയും പരിതാപകരമായ ഈ അവസരത്തിൽ നമുക്കുള്ള അനുതാപത്തെ അവരെ അറിയിക്കുകയും നാം ചെയ്യേണ്ടതാണു.

പ്രസിഡണ്ട്: മി. സുബ്ബയ്യർ! നമ്മുടെ ഇടയിൽനിന്നു ഈയിടെ അന്തരിച്ചുപോയ മി. ജ്ഞാനജോഷ്വായെപ്പററി ഏററവും ഉചിതമായ ഒരനുസ്മരണം നിങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു എന്ന് എനിക്കു ബോദ്ധ്യമുണ്ടു. അദ്ദേഹം വഹിച്ചുകൊണ്ടിരുന്ന വിഷമമേറിയ [illegible] അദ്ദേഹത്തിനുണ്ടായിരുന്ന ഔൽസുക്യത്തിന്റെ ശക്തിയെയും ആത്മാർത്ഥതയുടെ പരിപൂർണ്ണതയെയും അഹംഭാവമില്ലാത്ത ഏകാഗ്രതയെയും അനുഭവിച്ചറിയാത്തതായി ഈ സഭയിൽ ഒരംഗമെങ്കിലും ഇല്ല. അദ്ദേഹം പ്രാതിനിധ്യംവഹിച്ച സമുദായത്തിന്റെ കാര്യത്തിൽമാത്രമല്ല അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഉപയുക്തമായിരുന്നതു എന്നുള്ളതും തീർച്ചതന്നെ. അദ്ദേഹത്തിന്റെ ഉത്സാഹപൂർവമുള്ള ഒരു ജീവിതാദർശം ഏതു സമുദായത്തിൽ ഉൾപ്പെട്ടിരിക്കുന്നവരോ അതിൽ മാത്രമല്ല വർഗ്ഗക്കാർക്കുകൂടി പ്രാപ്യമുള്ള ഒന്നാണ്. ആകയാൽ നിങ്ങളുടെ ആശയങ്ങളോടു ഞാൻ ഐകമത്യമുള്ളവനായിരിക്കുന്നു. കൂടാതെ പരേതനായ മി. ജ്ഞാനജോഷ്വായുടെ കുടുംബത്തിനുണ്ടായിട്ടുള്ള ദുഃഖാവസ്ഥയിൽ പ്രകടിപ്പിക്കുന്ന ഈ അനുതാപത്തെ അവർ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. മി. ജ്ഞാനജോഷ്വാ [illegible] അദ്ദേഹം ഈ കൌൺസിലിലെ അംഗമായിരുന്നു.

കുറേ വർഷങ്ങൾക്കു മുമ്പു നിര്യാണം പ്രാപിച്ച ഈ കൌൺസിലിലെ മറെറാരു കർമ്മനിരതനായ അംഗത്തെക്കുറിച്ചുകൂടെ പറയുന്നതു ഇവിടെ അവിഹിതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആ ദുഃഖസംഭവം ഉണ്ടായകാലത്തു അദ്ദേഹം ഈ കൌൺസിലിലെ അംഗമായിരുന്നില്ലെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അതിനുമുമ്പു അദ്ദേഹം കുറേ സംവത്സരങ്ങൾ ഈ കൌൺസിലിലെ അംഗമായിരുന്നു. ഞാൻ പരേതനായ മി. ഹ്യൂബർഷിനെപ്പററിയാണ് പറയുന്നതു. അദ്ദേഹവും ഒരു അത്യന്തമൽസുക്യമുള്ള ആളായിരുന്നു. ലോകത്തിന്റെ ഗുണത്തിനെ അനുകൂലിക്കുന്നതായ എല്ലാസംഗതികളിലും അദ്ദേഹത്തിനു [illegible]ഉണ്ടായിരുന്നു. ചിലപ്പോൾ പരാജയപക്ഷത്തിലെ ധർമ്മക്കാരനായിരുന്നുവെങ്കിലും ആയതു അദ്ദേഹത്തിനു കൂടുതൽ ബഹുമതിക്കാണു കാരണമായിട്ടുള്ളതു. ആകയാൽ അദ്ദേഹത്തിന്റെ കുടുംബത്തിനുണ്ടായ നഷ്ടത്തിൽ അവരോടുംകൂടെ നിങ്ങളുടെ അനുതാപത്തെ രേഖപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ചോദ്യോത്തരങ്ങൾ.

൫൧-ാംനമ്പർ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചു പ്രസിഡണ്ടു ചെയ്ത ഉത്തരവു:—

(൧) പ്രസിഡണ്ടു ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനുമുമ്പു കൌൺസിലിന്റെ ഒരു യോഗത്തിൽ ചോദിക്കേണ്ടതായുള്ള ചോദ്യങ്ങളുടെയും കൊടുക്കേണ്ടതായ ഉത്തരങ്ങളുടെയും അച്ചടിച്ച ഒരുപ്രതി കൌൺസിൽ മേശമേൽ വയ്ക്കപ്പെടുന്നതാണു.

(൨) ചോദ്യം ചോദിക്കുന്നതും ഉത്തരം പറയുന്നതും താഴെ വിവരിക്കുന്ന വിധത്തിലായിരിക്കും.—

ഒരോ പ്രശ്നകർത്താവിന്റെയും പേര യഥാക്രമം സിക്രട്ടറി വിളിച്ചുപറയുന്നതും അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ക്രമനമ്പർ പറയുന്നതും കൂടാതെ ചോദ്യം ചെയ്യുന്നതിനു ആവശ്യമുള്ളപക്ഷം അദ്ദേഹത്തിന്റെ സ്ഥാനത്തുനിന്നു എഴുന്നേററുനിൽക്കേണ്ടതാണ് [illegible] ആവശ്യമായിരിക്കും. കൂടുതൽ ചോദ്യങ്ങൾ ചോദിക്കേണ്ടതു [illegible] ചോദ്യത്തിനെ സംബന്ധിച്ചിരിക്കണം. [illegible] ആ ചോദ്യം കഴിഞ്ഞാലുടനെ [illegible] ഉണ്ടാകണം.

കൃഷിഡിപ്പാർട്ടുമെന്റിലെ ചെലവുകുറയ്ക്കൽ.

[illegible]. മി. ജി. രാമൻമേനവൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൃഷി മത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റുകളിൽ ഇപ്പോൾ ചെലവുചെയ്യുന്ന [illegible] ഡിപ്പാർട്ടുമെന്റിലെ വിദഗ്‌ദ്ധന്മാരുടെ നിയമനത്തിലേക്കുള്ള ചെലവു [illegible] ശതമാനം [illegible] ആ തുകയെ [illegible] ചെലവുകുറയ്ക്കുന്നതിനും [illegible] വിളവു കുറഞ്ഞിരിക്കുന്നതായ പ്രദേശങ്ങളിൽ മത്സ്യവ്യവസായത്തിലേയ്ക്കുള്ള നികുതി കുറയ്ക്കുന്നതിനും ആയിട്ടു ഉപയോഗപ്പെടുത്തുവാൻ ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ ചീഫ്‌സിക്രട്ടറി): കൃഷിഡിപ്പാർട്ടുമെന്റിലെ വിദഗ്‌ദ്ധന്മാരുടെ നിയമനത്തിലേയ്ക്കുള്ള ചെലവുകുറച്ചു അങ്ങനെയുള്ള ആളുകളെ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള [illegible] കുറയ്ക്കുന്നതിലേയ്ക്കായി ഉപയോഗിക്കുന്നതു സാദ്ധ്യമോ സ്വീകാര്യമോ അല്ലെന്നു ഗവണ്മെന്റ വിചാരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെന്റുകളിൽ ഇപ്പോഴുള്ള ചെലവുകൊണ്ടു കൃഷിക്കാർക്കും മത്സ്യവ്യവസായികൾക്കും ശരിയായപ്രയോജനം ഉണ്ടാകുന്നുണ്ടെന്നു ഗവണ്മെന്റ വിചാരിക്കുന്നതെന്നു പറവാൻ ഒരുക്കമുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിംഗ്‌ഗവണ്മെന്റ ചീഫ്‌സിക്രട്ടറി): അതുകൊണ്ടു വലുതായ പ്രയോജനമുണ്ട്. ശരിയായ പ്രയോജനമെന്നു പറയുന്നതുകൊണ്ടു അംഗം എന്താണുദ്ദേശിക്കുന്നതെന്നു വിശദമാകുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചെയ്യുന്ന ചെലവിനൊക്കവണ്ണം ഗുണങ്ങളുടെ സ്ഥിതിയെ വല്ലവിധത്തിലും നന്നാക്കീട്ടുണ്ടോ?

മി. കെ. ജോർജ് (ആക്ടിങ്ങ് ഗവണ്മെന്റ ചീഫ്‌സിക്രട്ടറി): സ്ഥിതിയെ വളരെ നന്നാക്കീട്ടുണ്ട്.

പൊതുമരാമത്തുഡിപ്പാർട്ടുമെന്റിലെ ചിലവുകുറയ്ക്കൽ.

[illegible]. മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇപ്പോൾ പൊതുമരാമത്തുവകുപ്പിലെ ചെലവുചെയ്യുന്ന സംഖ്യകൊണ്ടു ജനങ്ങൾക്കു കൂടുതൽപ്രയോജനം ഉണ്ടാക്കേണ്ടതിനുവണ്ണം പൊതുമരാമത്തുവകുപ്പിൽ എഞ്ചിനീയറന്മാർ, ഉദ്യോഗസ്ഥന്മാർ, അവരുടെ കീഴ്‌സിൽബന്തികൾ എന്നിവരുടെ നിയമനത്തിലുള്ള ചെലവിനെ [illegible] ശതമാനം കുറച്ചു ആവകയുടെ [illegible] റോഡുകൾ, ജലവിതരണവാഴ്ച്ചാലുകൾ ഇടങ്ങിയ പൊതുജനോപകാരമായ വേലകൾ ചെയ്യുന്നതിനും പരിശോധിക്കുന്നതിനും ആയി അനുദ്യോഗസ്ഥ കാര്യനിർവഹണസമിതികൾ സ്ഥാപിക്കുന്നതിനും ആവശ്യ സഹായധനം കൊടുക്കുന്നതിനും ആയിട്ടു വിനിയോഗിക്കാൻ ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്‌സിക്രട്ടറി): [illegible]-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം അതേപോലെതന്നെ ഈ ചോദ്യത്തിനും മതിയാകുമെന്നുള്ളതാണ്.

പോലീസുകാർ കുററങ്ങൾ തെളിയിക്കുന്നതു തൃപ്തികരമല്ലെന്നു.

[illegible]. മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര):-

(എ) പോലീസുകാർ കുററങ്ങൾ ശരിയായി തെളിയിക്കുന്നതിലും മോഷണദ്രവ്യം വീണ്ടെടുക്കുന്നതിലുമുള്ള ശതമാനത്തിന്റെ ക്രമമായ കുറവിനെപ്പററി ഗവണ്മെന്റിനു അറിവുണ്ടോ?

(ബി) അങ്ങനെയാണെങ്കിൽ, ഈ അവസ്ഥയെ പരിഹരിക്കുന്നതിനു എന്താണു ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു് എന്നു പറവാൻ ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിംഗ്‌ഗവണ്മെന്റ ചീഫ്‌സിക്രിട്ടറി):

(എ) ഉണ്ടെന്നാണുത്തരം.

(ബി) കുററങ്ങളെ ശരിയായി തെളിയിക്കുന്നതിലും മോഷണദ്രവ്യങ്ങളെ വീണ്ടെടുക്കുന്നതിലും ഉള്ള [illegible] കൊണ്ടുമാത്രം പോലീസുകാരുടെ ജോലിയെ പരിശോധിക്കുന്നതുകൊണ്ടു അസന്തുഷ്ടികരമായഫലത്തിനു കാരണമാകേണ്ടതാണെന്നുള്ളതാണ്. ഡിപ്പാർട്ടുമെന്റിലെ വേല സത്യപരമായിരിക്കേണ്ടതിനെയാണു കൂടുതൽ [illegible] ആവശ്യപ്പെടാതിരുന്നിട്ടുള്ളതു [illegible]. ഈ നയത്തെ ഭേദപ്പെടുത്തുന്നതിനു മതിയായകാരണം ഗവണ്മെന്റു കാണുന്നില്ല. എങ്കിലും സമർത്ഥമായവിധം ജോലിനടത്തേണ്ട സംഗതിയിൽ വേണ്ടടത്തോളം ശ്രദ്ധിക്കുന്നതിനു പോലീസുകമ്മിഷണരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ചോദ്യത്തിലെ (ബി) വകുപ്പിനു നൽകിട്ടുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്ന നയം ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതെന്നാണെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ആക്ടിംഗ്‌ഗവണ്മെന്റ ചീഫ്‌സെക്രിട്ടറി): [illegible]-ലെ ഭരണറിപ്പോർട്ടിൽ ആ നയം ഗവണ്മെന്റിന്റെ ആലോചനയ്ക്കു വരുത്തപ്പെടുകയും ആയതിനെ ഗവണ്മെന്റ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാർ.

[illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്): പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാരെ പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നു വേർപ്പെടുത്തി ഹെഡ്സർക്കാർവക്കീലിന്റെ വരുതിയിൽ ആക്കുന്നതിനു ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ്‌സിക്രിട്ടറി). മിതവ്യയം കാര്യപ്രാപ്തി എന്നീകാര്യങ്ങളെ അപേക്ഷിച്ചു പ്രാസിക്യൂട്ടിംഗ ഇൻസ്പെക്ടർമാരുടെ മേൽനോട്ടം പോലീസ് കമ്മിഷണർതന്നെ തുടർന്നു നടത്തുന്നതുതന്നെ വിഹിതമെന്നു ഗവണ്മെന്റ വിചാരിക്കുന്നു.

കന്നുകാലിആക്രമണം.

൫൭൧. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) തിരുവനന്തപുരത്തെ പബ്ലിക്കുറോഡുകളിൽ ആടുകളും കന്നുകാലികളും സഞ്ചരിക്കുന്നതിനെ കുറയ്ക്കുന്നതിനും തടയുന്നതിനും വല്ല നടപടിയും നടത്തിയിട്ടുണ്ടോ എന്നു അറിയിക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

(ബി) പോലീസുകമ്മീഷണർ ഈ കാര്യത്തെപ്പറ്റി ഗവൺമെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചിട്ടുള്ളപ്രകാരം കല്ലുവെട്ടാംകുഴിറോഡിനെ സംബന്ധിച്ചു വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി):

(എ) ശല്യത്തെ തടയുന്നതിനു വേണ്ടനടപടികൾ നടത്തുന്നതിനു പോലീസുകമ്മീഷണറോടും തിരുവനന്തപുരം മുനിസിപ്പൽപ്രസിഡണ്ടിനോടും പ്രത്യേകമായ നിശ്ചയങ്ങൾ ചെയ്തിട്ടുണ്ട്.

(ബി) മറ്റുറോഡുകളെപ്പോലെയുള്ള ശ്രദ്ധ കല്ലുവെട്ടാംകുഴിറോഡിനെസംബന്ധിച്ചും ചെയ്തിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ).

(ബി) ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ച് കല്ലുവെട്ടാംകുഴിറോഡിൽ അലഞ്ഞുനടക്കുന്ന ആടുകളേയും കന്നുകാലികളേയും സംബന്ധിച്ച വല്ല പ്രാസിക്യൂഷനും ഉണ്ടായിട്ടുണ്ടോ എന്നും അതുകൂടാതെ ആ റോഡിൽ അലഞ്ഞുനടക്കുന്ന വല്ല ആടുകളേയും കന്നുകാലികളേയും പൌണ്ടിൽ അടച്ചിട്ടുണ്ടോ എന്നും എന്നെ അറിയിക്കാമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി), കല്ലുവെട്ടാംകുഴിയിൽനിന്നും പൌണ്ടിൽ അടച്ചിട്ടുള്ളവയെ ആടുകളേയോ കന്നുകാലികളേയോ സംബന്ധിച്ച പ്രത്യേകമായ അറിവൊന്നും ഗവൺമെന്റിനില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയാണെങ്കിൽ മറ്റുള്ളറോഡുകളെപ്പോലെയുള്ള ശ്രദ്ധ കല്ലുവെട്ടാംകുഴിറോഡിനെ സംബന്ധിച്ചും ചെയ്യുന്നുണ്ടെന്നുള്ള മറുപടി എന്തിനെ ആസ്പദമാക്കിയാണ് പറഞ്ഞിട്ടുള്ളത്?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെന്റുചീഫ്സെക്രട്ടറി): മുനിസിപ്പാലിറ്റിയിൽനിന്നും പോലീസ് ഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്തിട്ടുള്ള നിശ്ചയങ്ങൾ പൊതുവായിട്ടുള്ളതാണ്. ആകയാൽ എല്ലാറോഡിനെ സംബന്ധിച്ചും അവ ബാധകമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറുപടിയിൽ വിവരിച്ചിട്ടുള്ള പ്രാസിക്യൂഷനും പൌണ്ടിൽ അടപ്പും തിരുവനന്തപുരത്തു എല്ലാഭാഗത്തുമുള്ള റോഡുകളിലാണ് നടത്തിട്ടുള്ളതെന്നു എന്നെ അറിയിച്ചുതരുവാൻ ചീഫ്സിക്രട്ടറിക്കു സാധിക്കുമോ?

മി. കെ. ജോർജ് (ആക്ടിംഗ്ഗവൺമെന്റുചീഫ്സിക്രട്ടറി), തൽക്കാലം ഗവൺമെന്റിനു അറിവുമില്ല.

പരസ്പരസഹായഡിപ്പാർട്ടുമെന്റിലെ നിയമനങ്ങൾ.

൫൭൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്):

(എ) പ്രധാനസ്ഥലങ്ങളിൽ സിറിയൻക്രിസ്ത്യനെ മാത്രമെ നിയമിക്കാവൂ എന്നു നിശ്ചയിക്കുന്നതായി പരസ്പരസഹായസംഘരജിസ്ട്രാർ ചീഫ്സെക്രട്ടറിക്കയച്ചിട്ടുള്ളതായ ഒരു കത്തു അയച്ചിട്ടുണ്ടെന്നുള്ളതു യഥാർത്ഥമാണോ എന്നു പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(ബി) ആ കത്തയക്കുന്നതിനു ദിവാൻജി അനുവദിച്ചിട്ടുണ്ടോ;

(സി) ഒരു പ്രത്യേകസമുദായംമാത്രം ഉൾപ്പെടുന്നതായ സംഘങ്ങളെ രജിസ്റ്റർചെയ്യുന്നതിനു ശുപാർശചെയ്യരുതെന്നു നിശ്ചയിക്കുന്നതായ ഒരു സർക്കുലർ തന്റെ കീഴിലുള്ളവർക്ക പരസ്പരസഹായസംഘം രജിസ്ട്രാർ അയച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെന്റുചീഫ്സെക്രട്ടറി:

(എ) പരസ്പരസഹായഡിപ്പാർട്ടുമെന്റിൽ ഇൻസ്പെക്ടർമാർക്ക സ്ഥലം നിശ്ചയിക്കുന്നവിഷയത്തിൽ സിറിയൻക്രിസ്ത്യന്മാർ ധാരാളമുള്ള കോട്ടയം ഡിവിഷനിലും മറുസ്ഥലങ്ങളിലും സിറിയൻക്രിസ്ത്യന്മാരെനിയമിക്കുന്നുമെന്നും തെക്കൻഡിസ്ട്രിക്ടുകളിൽ തമിഴരെ നിയമിക്കണമെന്നും പരസ്പരസഹായിക പ്രവൃത്തികളിൽ സ്വന്തവർഗ്ഗക്കാരുടെ പരിശ്രമങ്ങളിൽ കൂടുതലായ അനുഭാവം ജനങ്ങൾ പ്രദർശിപ്പിക്കുന്നതാണെന്നുള്ള തത്വത്തെ അടിസ്ഥാനമാക്കി ഗവൺമെന്റു ഉത്തരവു ചെയ്തിട്ടുണ്ട്. ഈ ഉത്തരവു അയച്ചതു ഗവൺമെന്റു ചീഫ്സിക്രട്ടറിയാണ്.

(ബി) ഹജൂരാപ്പീസ്സിൽനിന്നു പോകുന്ന എഴുത്തുകുത്തുകൾ എല്ലാം മുൻകൂട്ടി ദിവാൻജികാണുന്നതല്ല. എന്നാൽ അദ്ദേഹം ചെയ്തിട്ടുള്ള ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളവയാണ്. *

(സി) ൧൧൦൫ മേടത്തിൽ ൧൪-ാംനു-യിലെ ൻൻ-ാംനമ്പർ സർക്കുലർ പരസ്പരസഹായസംഘരജിസ്ട്രാർ അയച്ചിട്ടുള്ളതിന്റെ ഒരു പ്രതി മേശമേൽവച്ചിരിക്കുന്നു. ഒരു പ്രത്യേകവർഗ്ഗത്തിലുള്ളവർ ഉൾപ്പെട്ട സംഘങ്ങളെ സ്ഥാപിക്കപ്പെടുന്ന സംഘങ്ങളെ രജിസ്റ്റർചെയ്യുന്നതിനു ശുപാർശചെയ്യരുത്" എന്നല്ലാ പരസ്പരസഹായഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരോടു ആ സർക്കുലർ നിശ്ചയിക്കുന്നതെന്നും, എന്നാൽ മദ്രാസ് കോഓപ്പറേറ്റീവ് മാന്വലിൽ ആ തരം അപേക്ഷകളെ സംബന്ധിച്ച പറഞ്ഞിരിക്കുംപ്രകാരമുള്ള നടപടികളെ സ്വീകരിക്കണമെന്നു അഭിപ്രായപ്പെടുകയും ഈ പ്രസ്ഥാനത്തിന്റെ വിശാലതരമായ വിവക്ഷയെ അപേക്ഷിച്ച് വർഗ്ഗീയമായ സംഘങ്ങളെ കുറയ്ക്കുന്നതിനുള്ള ആവശ്യകതയെ പ്രത്യേകമായി പറകയുംമാത്രമാണ് ആ സർക്കുലറിൽ ചെയ്തിട്ടുള്ളതെന്നു മേശമേൽ കാണാവുന്നതാണ്. ൧൧൦൫ ഡിസംബറിൽതന്നെ കൊല്ലം ൧൦൯൪-ാമാണ്ടിലെ പരസ്പരസഹായഡിപ്പാർട്ടുമെണ്ടിന്റെ ഭരണറിപ്പോർട്ട് പരിശോധനയിൽ "വർഗ്ഗീയമായ വിവക്ഷയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പരസ്പരസഹായസംഘങ്ങളെ സാധാരണമായി അപലപിക്കപ്പെടേണ്ടതാണെന്നും" രജിസ്ട്രാർപറഞ്ഞ അഭിപ്രായത്തോടു ഗവൺമെന്റു യോജിച്ചുവെന്നും സർക്കുലർ പുറപ്പെട്ടതിനുശേഷം ൧൧൦൫ ഫെബ്രുവരിവരെ രജിസ്റ്റർചെയ്യപ്പെട്ട ൨൭൨ സംഘങ്ങളിൽ ൭൫ സംഘങ്ങൾ അവയുടെ ഘടനയിൽ വർഗ്ഗീയമായിരുന്നുവെന്നുംകൂടെ പറയേണ്ടതായിരിക്കുന്നു.

---

* I-ാംഅനുബന്ധംനോക്കുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറവജാതിക്കാർ ഭൂരിപക്ഷമായുള്ള താലൂക്കുകളിൽ ആ പ്രകാരം നിയമിക്കുന്നതിനെ ആ കത്തിൽ വല്ലതും പറഞ്ഞിട്ടുണ്ടോയെന്ന എന്നെ അറിയിക്കുമോ? ഉദാഹരണമായി സിറിയൻക്രിസ്ത്യന്മാർ ഭൂരിപക്ഷമുള്ള താലൂക്കുകളിൽ സിറിയൻക്രിസ്ത്യൻ ഇൻസ്പെക്ടർമാരെമാത്രമേ നിയമിക്കാവൂ എന്ന ഉത്തരവായിട്ടുണ്ട്.

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി), സിറിയൻക്രിസ്ത്യന്മാരെമാത്രമേ നിയമിക്കാവൂ എന്ന കത്തിൽ പറയുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), നായന്മാരും ബ്രാഹ്മണരും ധാരാളമായുള്ള സ്ഥലങ്ങളിൽ അവരെ നിയമിക്കേണ്ടതാണെന്ന ആ കത്തിൽ പറഞ്ഞിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): അങ്ങനെ ഒരു അറിയിപ്പിന്റെ ആവശ്യമുണ്ടായിരുന്നില്ല. എന്തെന്നാൽ നായന്മാരേയും ബ്രാഹ്മണരേയും ഇപ്പോഴും അവർ ധാരാളമുള്ള സ്ഥലങ്ങളിലും അങ്ങനെ അല്ലാത്ത സ്ഥലങ്ങളിലും നിയമിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പിന്നെ, ഈ ഉത്തരവയക്കുന്നതിനുള്ള ആവശ്യം എന്തായിരുന്നു?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): അത മറുപടിയിൽ തന്നെ പറഞ്ഞിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(ബി) ഭാഗത്തെസംബന്ധിച്ചിടത്തോളം, ഈ കത്ത് ദിവാൻജി മുൻകൂട്ടിചെയ്തിട്ടുള്ള ഉത്തരവുകളെ അടിസ്ഥാനമാക്കിയായിരുന്നോ എന്നുകൂടെ എന്നെഅറിയിക്കുമോ?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): രണ്ടാംഭാഗത്തിൽ അതിന്റെ മറുപടി യുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(ബി) ഭാഗത്തിന്റെ മറുപടിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഹെഡ്ക്വാർട്ടേഴ്‌സിൽ നിന്ന അയക്കുന്ന എഴുത്തുകളെല്ലാം മുൻകൂട്ടി ദിവാൻജി കണ്ടുനോക്കാറില്ല, എന്നാൽ അവ അദ്ദേഹം ചെയ്തിട്ടുള്ള ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കും" ഈ എഴുത്തു മുൻകൂട്ടി ദിവാൻ ചെയ്ത ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നോയെന്ന എന്നെ അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): അത രണ്ടാംഭാഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ഇപ്പോഴത്തെ ധനസ്ഥിതി.

എന്നൻ. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും തെക്ക): ദിവാൻജിയുടെ പ്രസ്താവനകളെസംബന്ധിച്ച്; അതായത്, "ധനത്തിന്റെ ഒഴിയാതെയുള്ള ദാരിദ്ര്യസ്ഥിതി," "ഇടച്ചിയായുള്ള ധനദാരിദ്ര്യസ്ഥിതി," എന്ന യഥാക്രമം ൧൦൮-ലെ ബജറ്റും ൧൦൯-ലെയും ശ്രീമൂലംപ്രജാസഭയിൽ പ്രസ്താവിച്ചതും, ഫൈനാൻഷ്യൽസെക്രട്ടറിയുടെ പ്രസ്താവനകൾ അതായത "ധനത്തിന്റെ ദാരിദ്ര്യസ്ഥിതി രൂക്ഷതരമാകയും", എന്നും "വെള്ളപ്പൊക്കം, ക്ഷാമം, മറ്റുപ്രകൃതിയുടെ നശീകരണം, എന്നിവകൊണ്ടുള്ള ദുരവസ്ഥ ഇതുമാതിരി ഇക്കാലത്തുള്ളവരുടെ അറിവിൽ ഒരിക്കലും ഉണ്ടായിട്ടില്ല" എന്നും ൧൦൯-ലും ൧൦൯-ലും നിയമസഭയിൽ പറഞ്ഞിട്ടുള്ളതും, സംബന്ധിച്ച്, ഇപ്പോഴത്തെ ധനദാരിദ്ര്യത്തിനെ കുറയ്ക്കുന്നതിന എന്തെല്ലാം നടപടികൾ നടത്തീട്ടുണ്ടെന്ന പറവാൻ ഗവണ്മെന്റിന ദയയുണ്ടാകുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ലോകാവസ്ഥകൾകൊണ്ടുണ്ടായിട്ടുള്ളതായ ധനദാരിദ്ര്യസ്ഥിതിയെ ലഘൂകരിക്കുന്നതിനോ മറുവിധത്തിൽ ഭേദപ്പെടുത്തുന്നതിനോ തിരുവിതാംകൂർ ഗവണ്മെന്റിന സാധ്യമാവുകയില്ലാത്തതാണ്.

സ്റ്റാമ്പുമാനുഫാക്റ്ററി സൂപ്രണ്ടിന്റെ ഉദ്യോഗനിയമനങ്ങൾ.

൧൯൦. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) ൧൦൯൯-ൽ ഇടവം ൩൧-നു സ്റ്റാമ്പുമാനുഫാക്റ്ററി സൂപ്രണ്ടായി മി. പി. കെ. ചാക്കോ ആ സ്ഥാപനത്തിന്റെ ചാർജ്ജെടുത്തു തുടങ്ങിയതിൽ പിന്നീട, ടെമ്പററി, ആക്റ്റിംഗ്, സ്ഥിരം, എന്നീവകനെ അദ്ദേഹം ചെയ്തിട്ടുള്ള നിയമനങ്ങളുടെ ഒരു സ്റ്റേറ്റുമെന്റ തയ്യാറാക്കിവെക്കുന്നതിന ഗവണ്മെന്റിന ദയയുണ്ടാകുമോ?

(ബി) ആക്റ്റിംഗ്ഹെഡ് പ്രിന്റർ കേശവപിള്ളയെ തിരിച്ചയക്കയും, അച്ചടിയിൽ യാതൊരുപരിചയവുമില്ലാത്ത ഒരു ഏജൻസിവിഹാരിയെ ആ സ്ഥാനത്തു നിയമിക്കയും സൂപ്രണ്ട ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ?

(സി) ഹെഡ്പ്രിന്ററുടെ ജോലിയ്ക്കു കേശവപിള്ള യോഗ്യനല്ലന്നാണെങ്കിൽ മറ്റു യോഗ്യതയുള്ള പ്രിന്റർമാർ അവിടെയല്ലേ? ; അങ്ങിനെയാണെങ്കിൽ അവരിൽ ആർക്കെങ്കിലും ആ ജോലികൊടുക്കാത്തതെന്തുകൊണ്ട്?

(ഡി) ആ സ്ഥാപനത്തിലെ ഒരുജോലിക്കാരന അവിടത്തെ എല്ലാതരത്തിലുമുള്ളആവശ്യക്കാരുടെവേലകൾ മുതലായതുകൾക്കുള്ള കരാറുകൾ സൂപ്രണ്ട കൊടുത്തിരിക്കുന്നുവെന്നുള്ളതു നേരാണോ? വേറെയുള്ള പ്രൈവറ്റ കോൺട്രാക്റ്റ്‌വേലകൾ എടുത്തുചെയ്യുന്നതും ആ ജോലിക്കാരന അനുവാദം കൊടുത്തിരിക്കുന്നുവെന്നുള്ളതു വാസ്തവമാണോ?

(ഇ) സ്റ്റാമ്പുമാനുഫാക്റ്ററിയിലെ ഒരു ജോലിക്കാരനായ ഫർണാൻഡസ്സ് എന്നൊരുവൻ പൊതുജനങ്ങളുടെ കോൺട്രാക്റ്റ്‌വേലകൾ സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി എടുത്തു നടത്തുന്നുവെന്നുള്ളതു പരമാർത്ഥമാണോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽസെക്രട്ടറി):

മെമ്പർ ആവശ്യപ്പെട്ടസംഗതികൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശമേൽവച്ചിരിക്കുന്നു.

(ബി) [illegible] സ്ഥാനം കൊടുക്കുന്നതിനുവേണ്ടി പ്രിൻറർ കേശവപിള്ള (ശമ്പളം രൂപ [illegible]) യെ തിരിച്ചയച്ചിട്ടില്ല. ഹെഡ്പ്രിൻററിൻെറ സ്ഥാനം (ശമ്പളം രൂപ ൨൦) സ്ഥിരമായി ഒഴിവുവന്നപ്പോൾ, അയാളെ സ്ഥിരപ്പെടുത്തിയില്ല. കമ്പോസിറ്റർമാർ (രൂപ [illegible] ശമ്പളം) പ്രിൻറർമാരെ (ശമ്പളം രൂപ [illegible]) ഒക്കെ കൂട്ടഗൽസ്കെയിലുള്ള ശമ്പളമുള്ളവരാണ്. അതുകൊണ്ടു സീനിയർ കമ്പോസിറ്റർ ആയ ഒരു ശിവരാമകൃഷ്ണപിള്ളയെ, കമ്പോസിറ്റർമാരുടെ ഇടയിൽ നിന്നു പ്രമോഷൻ ചെയ്തു ഹെഡ്പ്രിൻററെ നിയമിക്കേണ്ടതാണെന്നുള്ള തത്വമനുസരിച്ചു, ൨൦ രൂപാ ശമ്പളത്തിൽ സ്ഥിരപ്പെടുത്തി. പെൻഷൻ പറ്റുന്നതിനുള്ള പ്രായം കൊണ്ടായി ശിവരാമകൃഷ്ണപിള്ള ദീർഘകാലത്തെ അവധിയിൽ പോയപ്പോൾ, എന്തെങ്കിലും പരീക്ഷായോഗ്യതയുള്ള തായി അപ്പോഴുണ്ടായിരുന്ന ഏക കമ്പോസിറ്റർ ൨൦ മുതൽ [illegible] രൂപാ വരെ ശമ്പളത്തിൽ [illegible] തൽക്കാലം ജോലിനോക്കിട്ടുള്ള [illegible] മുതൽ [illegible] വരെ രൂപാ ശമ്പളത്തിൽ ഇസ്റ്റാർകീപ്പറായി ജോലിനോക്കിട്ടുള്ളവനും ആയ [illegible] പി. പി. [illegible] ഹെഡ്പ്രിൻററായി നിയമനം ചെയ്തു.

(സി) (ബി) ഭാഗത്തിനുള്ള ഉത്തരം കൊണ്ടു ഇതിനു മറുപടി പറയേണ്ട ആവശ്യമില്ല.

(ഡി) ഇല്ലെന്നാണ് ഉത്തരം.

(ഇ) [illegible] കാലത്തെ അവധിയിൽ [illegible] പ്രിൻറർ [illegible] ഏതാനും [illegible] ചെയ്യാൻ അന്നു [illegible] സൂപ്രണ്ടിനു [illegible] ഉണ്ടായിട്ടുണ്ട്. [illegible] കൺട്രോൾ [illegible] അറിവില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): [illegible] ആക്റ്റിങ്ങായും സ്ഥിരമായും ഉള്ള [illegible] നിയമനങ്ങളുടെ ഒരു സ്റ്റേറ്റുമെൻറാണ് ഞാൻ ആവശ്യപ്പെട്ടതു. എന്നാൽ സ്റ്റേറ്റുമെൻറിൽ പ്രമോഷൻ കൊടുക്കപ്പെട്ടവരും കൂടെ ഉൾപ്പെടുത്തിട്ടുള്ളതായി കാണുന്നു. സർവീസിൽ [illegible] ചെയ്തിട്ടുള്ളതിനുള്ള ഒരു ലിസ്റ്റ് ഞാൻ ആവശ്യപ്പെട്ടതായില്ല. ഇതെല്ലാംകൂടെ [illegible] ചേർത്തിട്ടിരിക്കുന്നതു [illegible] വല്ലാത്ത കുഴപ്പമായിരിക്കുന്നു. എനിക്കാവശ്യമായ സംഗതിയെപ്പറ്റിയുള്ള അറിവു എവിടെയും കിട്ടിയതുമില്ല. ഒന്നു ആക്റ്റിങ്ങായി ജോലിനോക്കിക്കൊണ്ടിരുന്ന പലരെയും പിരിച്ചുവിടുകയും അതിനുശേഷം പുതിയ ആളുകളെ നിയമിക്കുകയും അല്പകാലംകൊണ്ടു അവരെ സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഗവർമ്മെൻറു ഫൈനാൻഷ്യൽ സിക്രട്ടറി): ആവശ്യമുള്ള കാര്യങ്ങളെല്ലാം സ്റ്റേറ്റുമെൻറിൽ അടങ്ങിയിരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. ചാക്കോവിനെ സ്റ്റാമ്പുമാനുഫാക്റ്ററിയിലെ [illegible] ആക്കിയതിനു മേൽ നിയമിക്കപ്പെട്ടിട്ടുള്ളവരിൽ അനേകം പേരെ സ്ഥിരപ്പെടുത്തിട്ടുണ്ടെന്നും, അതിനുമുമ്പിൽ ആക്റ്റിങ്ങായിരുന്നവരിൽ ചിലർ ഇപ്പോഴും ആക്റ്റിങ്ങായിരിക്കുന്നു ഉണ്ടെന്നും അവരിൽ ചിലരെ പിരിച്ചയച്ചിട്ടുണ്ടെന്നും ഞാൻ ലിസ്റ്റ് കൊണ്ടു കാണുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഗവർമ്മെൻറു ഫൈനാൻഷ്യൽ സിക്രട്ടറി): ജോലിയിൽ നിയമിച്ചിട്ടുള്ള തിയതി മുറക്കാണു ലിസ്റ്റു തയ്യാറാക്കപ്പെട്ടിരിക്കുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നായാലും ഇപ്പോൾ സ്റ്റാമ്പ് മാനുഫാക്റ്ററിയിൽ ജോലിയിൽ ഇല്ലാത്തവരും എന്നാൽ ഒരു കാലത്തു അവിടെ ആക്റ്റിങ്ങായിരിക്കയും ഇപ്പോൾ ജോലിയില്ലാതെ യിരിക്കുന്നവരും ആയിട്ടുള്ളവരുടെ പേരു ഇതിൽ കാണുന്നില്ല.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഗവർമ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): [illegible] ഇടവം [illegible] മി. പി. ഓ. ചാക്കോ സ്റ്റാമ്പുമാനുഫാക്റ്ററി സൂപ്രണ്ടായി ചാർജെടുത്തതിനുശേഷമുള്ള നിയമനങ്ങളെപ്പറ്റിയാണു ചോദ്യം. അദ്ദേഹം ചെയ്തിട്ടുള്ള എല്ലാ നിയമനങ്ങളും ടെമ്പററിയോ ആക്റ്റിങ്ങോ സ്ഥിരമോ എല്ലാം നിയമനങ്ങളുടെ തീയതി ക്രമത്തിനു ലിസ്റ്റിൽ ചേർത്തിട്ടുണ്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ശരിക്കു ആക്റ്റിങ്ങായിരുന്നിട്ടുള്ളവരും അദ്ദേഹം ചാർജെടുക്കുന്നതിനു സ്വല്പം മുമ്പു പിരിച്ചയക്കപ്പെട്ടവരും ആയവരിൽ ആരെയെങ്കിലും അദ്ദേഹം നിയമിച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഗവർമ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): ചോദ്യം വിശദമായിരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. ചാക്കോ ആ ഡിപ്പാർട്ടുമെൻറിൻെറ ചാർജെടുക്കുന്നതിനുമുമ്പിൽ സ്റ്റാമ്പുമാനുഫാക്റ്ററിയിൽ ജോലിനോക്കിക്കൊണ്ടിരുന്നവരിൽ ആരെയെങ്കിലും മി. ചാക്കോ ചാർജെടുത്തതിനുശേഷം ഒരു ജോലിയും കൊടുക്കാതെ ഇപ്പോഴും ഉണ്ടോ എന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഗവർമ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): ആവശ്യമുള്ള പക്ഷം ആ കാര്യം എഴുതിയയച്ചു വരുത്താം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഉത്തരത്തിലെ (ബി) ഭാഗത്തിനെ സംബന്ധിച്ചു, കമ്പോസിറ്റർമാരെ പ്രിൻറർമാരായി ഉദ്യോഗക്കയററം ചെയ്യുകയും അച്ചടിയിൽ പരിചയമുള്ളവരെ തള്ളിക്കളയുകയും ചെയ്യുന്നതാണോ പതിവു എന്നറിഞ്ഞാൽ കൊള്ളാം. ഹെഡ്പ്രിൻററായി ആക്റ്റിങ്ങായിരുന്നയാളും വളരെക്കാലം അച്ചടിവേലയിൽ പരിചയിച്ചിട്ടുള്ള ആളും ആയ കേശവപിള്ള ഇരിക്കെ സാങ്കേതികമായ ജ്ഞാനം കൂടെ ആവശ്യമുള്ളതായ ഹെഡ്പ്രിൻററുടെ ജോലിയ്ക്കു അച്ചടിയിൽ യാതൊരു പരിചയവുമില്ലാത്തയാളും ഇടക്കാലത്തു കമ്പോസിറ്ററായി നിയമിക്കപ്പെട്ട ആളും ആയ ഒരാളിനെ നിയമിച്ചതു സാധൂകരിക്കത്തക്കതാണോയെന്നാണു ഞാൻ ചോദിക്കുന്നതു?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഫൈനാൻഷ്യൽ സെക്രട്ടറി); ആ നിയമനത്തെ എല്ലാ വിധത്തിലും സാധൂകരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ശമ്പളത്തിൻെറ സ്കെയിൽ അങ്ങനെയാകകൊണ്ടാണോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിങ് ഫൈനാൻഷ്യൽ സെക്രട്ടറി): അതെ.

* II-ാം അനുബന്ധം നോക്കുക.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സാങ്കേതികമായ യാതൊരു പരിശീലനവുമില്ലാത്തവരെ ഹെഡ്ഡ്രിൻസ്മാൻമാരായി നിയമിക്കുന്നതു വിഹിതമാണോ?

മി. ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫൈനാൻഷ്യൽസെക്രട്ടറി): ഹെഡ്ഡ്രിൻസ്മാന്മാർക്കു ഉപരിതര സാങ്കേതികമായ അറിവു് ആവശ്യമില്ല. അയാൾ അച്ചടിവേല ചെയ്യുന്നില്ല. പ്രായോഗികമായ പരിചയം മാത്രം മതിയാകുമെന്നുള്ളതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ ഉദ്യോഗസ്ഥനു ഒരു കമ്പോസിറ്ററായിട്ടേ പ്രായോഗികമായ പരിചയമുള്ളു. റീഡർ സൂപ്പർവൈസറായിട്ടു പ്രായോഗികമായ പരിചയം ആവശ്യമല്ലേ?

മി. ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി): ഏതായാലും അദ്ദേഹം നിയമിക്കപ്പെട്ടിരിക്കുന്നു. അയാൾക്കു പ്രായോഗികമായ പരിചയവുംസിദ്ധിച്ചിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചോദ്യത്തിൽ (ഡി) വിഭാഗത്തിനെ സംബന്ധിച്ച ഈ റിപ്പോർട്ട് പറയുന്നതിനെപ്പറ്റി ആഫീസിലെ ഹയ്യർ ഓഫീസർ പരിശോധിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി. ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫൈനാൻഷ്യൽസെക്രട്ടറി): സൂപ്രണ്ടിന്റെ പക്കൽനിന്നു ഒരു റിപ്പോർട്ടു വരുത്തിട്ടുണ്ട്. സ്റ്റാമ്പ്മാനുഫാക്ടറിയിൽ ജോലിയുള്ള ഒരാളിനും കൺട്രാക്ട് കൊടുത്തിട്ടില്ലെന്നു ആ റിപ്പോർട്ടിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ മറുപടി പറയുന്നതിനുമുമ്പായി ഗവണ്മെന്റിൽനിന്നു ഫയലുകൾ പരിശോധിച്ചിട്ടുണ്ടോ എന്നാണു എനിക്കറിയേണ്ടതു്?

പ്രസിഡന്റ്: പറഞ്ഞപ്രകാരമുള്ള വസ്തുതകളെ മെംബർ സ്വീകരിക്കേണ്ടതാണ്, അല്ലാതെ അതിനെ ചോദ്യംചെയ്യാൻ പാടില്ല. നിങ്ങൾ ദയവുചെയ്തു ഇരിക്കുമോ? വിശദമായ വിവരമുള്ള മറുപടി കിട്ടിയല്ലോ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): നിങ്ങൾ ദയവുചെയ്തു ഒരു അന്വേഷണം നടത്തുമോ?
പ്രസിഡന്റ്: നിങ്ങൾക്കു വേണ്ട മറുപടി കിട്ടിക്കഴിഞ്ഞു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എനിക്കു വേറൊരു ചോദ്യമുണ്ട്. അവിടത്തെ ജോലിക്കാരിൽ ചിലർ സ്റ്റാമ്പുമാനുഫാക്ടറി സൂപ്രണ്ടു മുഖാന്തിരം ഗവണ്മെന്റിലേക്കു ഹർജി കൊടുത്തിട്ടുണ്ടോയെന്നുള്ളതു എന്തെങ്കിലും അറിവുണ്ടോ?

മി. ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫൈനാൻഷ്യൽസെക്രട്ടറി): അതു ഈ ചോദ്യത്തിനു സംബന്ധപ്പെട്ടതല്ല.

ചില ഹെഡ്മിസ്ട്രസ്സുകൾക്കു ശമ്പളം കൊടുക്കുന്നതു്.

൫൭൫. മി. പി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളി):

(എ) ൧൯൪൮ ഏപ്രിൽ മാസത്തിനുമുമ്പിൽ മാസം ഒന്നുക്കു ൩൦ രൂപായോ ൨൭ രൂപായോ ശമ്പളം വാങ്ങിവരുന്നവരും അയോഗ്യരുമായ ചില പെൺകുട്ടികൾക്കുള്ള മിഡിൽസ്കൂളുകളിലെ ചില ഹെഡ്മിസ്ട്രസ്സുകൾ കഴിഞ്ഞ മൂന്നു കൊല്ലങ്ങളായിട്ടു യാതൊരു പെർസണൽ അലവൻസുംകൂടാതെ ൨൨ രൂപാ മാത്രം ശമ്പളം പറ്റിവരുന്നതായും ബാക്കിയുള്ള തുക അക്കൗണ്ടന്റ്ജനറലിന്റെ ബില്ലിൽ നിറുത്തിവച്ചിരിക്കുന്നതായും ഉണ്ടോയെന്നു ഗവണ്മെന്റ് ദയവുചെയ്തു അന്വേഷിക്കുമോ?

(ബി) പെൺകുട്ടികൾക്കുള്ള നാട്ടുഭാഷാമിഡിൽസ്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുകളെസംബന്ധിച്ചു ൧൯൪൮ ഏപ്രിൽ ൨൦-ാംതെ എഫ്. എൽ. മൂന്നാം നമ്പർ ഗവണ്മെന്റ് പ്രൊസീഡിംഗ്സിലെ താഴെ വിവരിക്കുന്ന ഭാഗങ്ങളിലേക്കു വിദ്യാഭ്യാസഡയറക്ടറുടെയും മററു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയെ ക്ഷണിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ? "ഇപ്പോൾ ൩൦ രൂപായും ൨൭ രൂപായും ശമ്പളം വാങ്ങുന്ന ഹെഡ്മിസ്ട്രസ്സുകൾ അതേ ശമ്പളം തന്നെ മേലാലും വാങ്ങിക്കൊണ്ടിരിക്കേണ്ടതും അതുകൂടാതെ അവർക്കു ൪ രൂപാവീതമുള്ള സ്പെഷൽ അലവൻസും കൊടുക്കപ്പെടുമെന്നുള്ളതും ആകുന്നു".

(സി) ആ തരം ഹെഡ്മിസ്ട്രസ്സുകളുടെ മേലധികാരികൾ മേൽപറഞ്ഞതായ അവരുടെ സങ്കടത്തിനെസംബന്ധിച്ചു അവരോടു നിവേദനങ്ങൾ ചെയ്തതിനു ആ മേലധികാരികൾ എന്തു നടപടി നടത്തിയെന്നു അന്വേഷിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ഡി) ഈ ദീർഘകാലമായുള്ള സങ്കടത്തെ പരിഹരിക്കുന്നതിനു വേണ്ടകാര്യംചെയ്യാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സിക്രട്ടറി):

(എ) ഉണ്ട്.

(ബി-ം ഡി-ം) അവരിൽ ഓരോ വാദ്ധ്യാന്മാർക്കും അവരുടെ ശമ്പളത്തിലുള്ള കുറവിനെ പരിഹരിക്കത്തക്കവണ്ണമുള്ള പെർസണൽ അലവൻസ്സ് കൊടുക്കുന്നതിനു അതിന്റെശേഷം ഗവണ്മെന്റിൽനിന്നു ൧൧൨൦ വൃശ്ചികം ൧-നു മുതൽക്കു അനുവദിച്ചിരിക്കുന്നു.

(സി) ചോദ്യത്തിൽ (ബി) പിരിവിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള യാതൊരു നിവേദനവും വാദ്ധ്യാന്മാരിൽനിന്നും കിട്ടിയിട്ടില്ലെന്നു റിപ്പോർട്ടു കിട്ടിയിരിക്കുന്നു.

കടൽതീരത്തു അധിവസിക്കുന്ന ക്രിസ്ത്യാനികൾക്കുള്ള ഫീസ്സ് സൌജന്യങ്ങൾ.

൫൭൬. മി. എച്ച്. ജി. ചോപ്പസ്സ് (ഗവണ്മെന്റ് നിയമിച്ച മെംബർ):

(എ) മുഴുവൻ ഫീസും കുറച്ചുകൊടുക്കപ്പെട്ടിട്ടുള്ളതും പകുതിഫീസ്സ് കുറച്ചുകൊടുക്കപ്പെട്ടിട്ടുള്ളതും ആയ വിവിധവർഗ്ഗങ്ങളുടെ വിവരം അറിയിച്ചു തരുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) അങ്ങനെയുള്ള അനുകൂലങ്ങൾ ചെയ്യുന്ന വിഷയത്തിൽ ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നതിനുള്ളായിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണു? അവ കടൽതീര ക്രിസ്ത്യാനികളെ അപേക്ഷിച്ചു ഗണനീയമായിതീർന്നിട്ടില്ലാത്തതെന്തുകൊണ്ടു?

(സി) ഒരു പ്രത്യേകവർഗ്ഗമെന്നുള്ള നിലയിൽ കടൽത്തീരക്രിസ്ത്യാനികൾക്കു എന്തെങ്കിലുംകാലത്തു ഫീസ്സ് വിഷയമായി വല്ല അനുകൂലങ്ങളും അനുവദിച്ചുകൊടുത്തിട്ടുണ്ടായിരുന്നുവെന്നുള്ള അറിയിപ്പുതരുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ? അങ്ങനെയാണെങ്കിൽ ആ വക അനുകൂലങ്ങൾ നിറുത്തിക്കളഞ്ഞതെന്തുകൊണ്ടു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) ൧൦൯൯ മെ ൧൦-ാംതീയതി ഗവണ്മെന്റുഗസററിൽ എഡ്യൂക്കേഷൻശിററിൽ ൧൭൫൪, ൧൭൫൫, ൧൭൫൬ എന്നീപേജുകളിൽ പ്രസിദ്ധംചെയ്തിട്ടുള്ള ൧൦൯൯ മെ ൫-ാംതീയതി ആർ. ഡിസ്. നമ്പർ ൪൬൫൭ ആഫ് ൧൦൯൯/എഡ്യുക്കേഷൻ ഈ ഗവണ്മെന്റു ഉത്തരവിലേയ്ക്കു മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിനുശേഷം മലയാളവും ഇംഗ്ലീഷും വിദ്യാഭ്യാസത്തെസംബന്ധിച്ചു പിന്നോക്കമായ ഒരു വർഗ്ഗമെന്നു തെക്കുള്ള ചെട്ടിവർഗ്ഗത്തെ ഇംഗ്ലീഷുവിദ്യാഭ്യാസസംബന്ധിച്ചു മാത്രം പിന്നോക്കമായി പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുണ്ടു.

(ബി) അങ്ങനെയുള്ള അനുകൂലങ്ങൾ ചെയ്തുകൊടുക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ച പ്രധാനമായ സംഗതികൾ വിദ്യാഭ്യാസവിഷയത്തിൽ ആ വർഗ്ഗക്കാർക്കുള്ള പിന്നോക്കമായ നിലയും അവരുടെ മലിനമായ സ്ഥിതിയും ആണ്. ഈ സംഗതികൾ കടൽത്തീരത്തുള്ള ക്രിസ്ത്യാനികളുടെ വിഷയത്തിലും ബാധകമായുള്ളതാണ്. മേൽ വിവരിച്ച ഗവണ്മെന്റുത്തരവിലെ ഏതെങ്കിലും ഒരു പിന്നോക്കസമുദായത്തിൽപ്പെട്ടവർക്കു ആ വക അനുകൂലങ്ങൾക്കു അവകാശവും ഉണ്ടു.

(സി) ഇല്ലാത്തതാം.

മലയാളം പള്ളിക്കൂടങ്ങളിൽ നിയമിക്കപ്പെടുന്ന വാദ്ധ്യാന്മാരുടെ യോഗ്യതകൾ.

൬൯൩. മി. എസ്സ്. ജി. ലോപ്പസ്സ് (ഗവണ്മെന്റുനിയമിച്ച മെംബർ):

(എ) സഹായധനം വാങ്ങിവരുന്നതോ ഡിപ്പാർട്ടുമെന്റുവകയോ ആയ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ മലയാളംപഠിപ്പിക്കുന്നതിനു, മലയാളം ഐച്ഛികവിഷയമായിട്ടെങ്കിലും എടുത്തിട്ടില്ലാത്തവരും തമിഴ് ഹയർ, തമിഴ് എലിമെന്ററി, ലോവർസെക്കൻഡറി, മട്രിക്കുലേഷൻ എന്നീ സർട്ടിഫിക്കറ്റുകൾ സമ്പാദിച്ചിട്ടുള്ള അപേക്ഷകന്മാർ യോഗ്യതയുള്ളവരാണോ എന്നു പറവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(ബി) അങ്ങനെയുള്ളവർക്കു യോഗ്യതയില്ലെന്നാണെങ്കിൽ, അവരെ ആ മാതിരി പള്ളിക്കൂടങ്ങളിൽ ജോലിയ്ക്കു നിയമിച്ചിട്ടുണ്ടോ?

(സി) അങ്ങനെയുള്ളവരെ നിയമിച്ചിട്ടുണ്ടെങ്കിൽ:—

(i) ഏതെങ്കിലും പ്രത്യേക ഉത്തരവനുസരിച്ചു അവരെ ചട്ടത്തിൽനിന്നു ഒഴിച്ചിട്ടുണ്ടോ?

(ii) ഏതു സംഗതികളെ ആലോചിച്ചാണ് മലയാളം പഠിപ്പിക്കുന്നതിനു അവരെ അനുവദിച്ചിട്ടുള്ളതു്?

(ഡി) തെക്കൻതിരുവിതാംകൂറിൽ അങ്ങനെയുള്ള പള്ളിക്കൂടങ്ങളിൽ അതുതരം വാദ്ധ്യാന്മാരെ നിയമിച്ചിട്ടുള്ളതിന്റെ എണ്ണവും അവരുടെ യോഗ്യതകളും അവർ പഠിപ്പിക്കുന്നതായ ക്ലാസ്സുകളുടെ വിവരവും കാണിക്കുന്നതായ ഒരു സ്റ്റേറ്റുമെന്റു മേശമേൽവയ്ക്കുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) അല്ല.

(ബി) പ്രൈവറ്റുസ്കൂളുകളിൽ അങ്ങനെയുള്ള ൯ വാദ്ധ്യാന്മാരെ നിയമിച്ചിട്ടുണ്ടു. ഡിപ്പാർട്ടുമെന്റു പള്ളിക്കൂടങ്ങളിൽ ഒന്നും നിയമിച്ചിട്ടില്ല.

(സി) (i) ഇല്ല.

(ii) ആ പള്ളിക്കൂടങ്ങളിലെ മാനേജരന്മാരാണ് അങ്ങനെ ജോലിയ്ക്കു നിയമിച്ചിട്ടുള്ളതു. എന്നാൽ കഴിയുന്നതുംവേഗത്തിൽ അവരുടെസ്ഥാനത്തു ന്യായമായ യോഗ്യതയുള്ളവരെ നിയമിക്കേണ്ടതാണെന്നു ഡിപ്പാർട്ടുമെന്റിൽനിന്നു നിർബന്ധിച്ചുകൊണ്ടിരിക്കുന്നു.

(ഡി) മെംബർ ആവശ്യപ്പെടുന്ന അറിവു താഴെ ചേർത്തിരിക്കുന്നു:

യോഗ്യത.	വാദ്ധ്യാന്മാരുടെ എണ്ണം.	പഠിപ്പിക്കുന്ന ക്ലാസ്സുകൾ.
ലോവർസെക്കണ്ടറി	൬	I മുതൽ IV വരെ
സ്പെഷ്യൽ അപ്പർപ്രൈമറി	൧	I
വെർണാക്കുലർ സ്കൂൾലീവിങ്ങ്	൨	I-ം II-ം

ആററങ്ങൽ-വക്കലയും ചിറയിൻകീഴ്-വെഞ്ഞാറമൂട്ടും വെട്ടുവഴികളെ നന്നാക്കേണ്ടതു.

൬൯൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെചോദിയ്ക്കുന്ന സംഗതികൾ പറയുന്നതിനു ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(എ) ഒളവാപുരം (ആററങ്ങൽ മുതൽ വക്കലവരെ) വെട്ടുവഴിയും ചിറയിൻകീഴ് വെഞ്ഞാറമൂട്ടു വെട്ടുവഴിയും നന്നാക്കേണ്ടതിന്റെ ആവശ്യകതയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ? എന്നും

(ബി) ഉണ്ടെന്നാണുത്തരമെങ്കിൽ, ആയതിനെസംബന്ധിച്ചു എന്തു നടപടിയാണ് നടത്തീട്ടുള്ളതു് അല്ലെങ്കിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതു എന്നും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി):

(എ)-ം (ബി)-ം ഉണ്ടു. ഒളവാപുരം വെട്ടുവഴി മൂന്നു വിഭാഗങ്ങൾ ഉൾപ്പെട്ടതാണെന്നു ചീഫ്എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു, അതായതു,

(൧) കൊല്ലമ്പുഴമുതൽ നിലയ്ക്കാമുക്കുവരെ ൧ ൭/൮ നാഴിക.

(൨) നിലയ്ക്കാമുക്കുമുതൽ മൂങ്ങോട്ടുപള്ളിക്കടവുവരെ ൨ ൧/൮ നാഴിക.

(൩) മൂങ്ങോട്ടുപള്ളിക്കടവുമുതൽ ഒളവാപുരംവരെ ൩/൪ നാഴിക.

നാഴികയൊന്നുക്കു ൧൦ രൂപാവീതം ആണ്ടൊന്നുക്കു അനുവദിച്ചുകൊടുത്തിട്ടുള്ളതുകൊണ്ടാണ് ഈ വെട്ടുവഴി ഇപ്പോൾ അററകുററംതീർത്തുവരുന്നതു്. [illegible] ഈ വെട്ടുവഴിയെ നന്നാക്കുന്നതിനു ചീഫ്എൻജിനീയർ ശുപാർശചെയ്തിരിക്കുന്നു. അതിലേയ്ക്കു ആവശ്യമുള്ള എസ്റ്റിമേററുകൾ തയ്യാറായിവരുന്നു.

ചിറയിൻകീഴ്-വെഞ്ഞാറംമൂട് റോട്ടുവഴി ഒരു മറായതിപ്പാലം മാത്രമെ ഉള്ളുവെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു; ആയതു നന്നാക്കുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

ആയുർവേദ പാഠശാലയെ സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ട്.

൧൭൮. മി. സി. പി. നാരായണൻ (കുന്നത്തുനാട്): ൧൯൨൬ നവംബർ ൧൬-ാം തിയതിയും ൧൯൨൭ ജനുവരി ൧൨-ാം തിയതിയും കൌൺസിൽ യോഗങ്ങളിൽ മി. ചങ്ങനാശേരി പരമേശ്വരൻപിള്ള ചോദിച്ച ൨൯-ാം ൧൭൯-ാം നമ്പർ ചോദ്യങ്ങളിൽ വിവരിച്ചിരുന്നതായ ആയുർവേദ പാഠശാലയിലെ ആഡിറ്റ റിപ്പോർട്ടിനെ സംബന്ധിച്ചു താഴെ ചേർക്കുന്ന കാര്യങ്ങൾ പറയുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

(എ) റിപ്പോർട്ട് മേശമേൽ വയ്ക്കപ്പെടുമോ?

(ബി) ആ റിപ്പോർട്ടിന്മേൽ ഗവർമ്മെന്റു എന്തെങ്കിലും ഉത്തരവുകൾ പാസ്സാക്കീട്ടുണ്ടോ?

(സി) (ബി) ഭാഗത്തിന്റെ ഉത്തരം ഉണ്ടെന്നാണെങ്കിൽ ആ ഉത്തരവുകളുടെ പകർപ്പു മേശമേൽ വയ്ക്കപ്പെടുമോ?

(ഡി) ചെയർമാൻ പ്രൈവറ്റ്സെക്രട്ടറി ഈ റിപ്പോർട്ടു ഗവർമ്മെന്റിലേയ്ക്കു അയച്ചിട്ടുള്ളതു എപ്പോൾ?

(ഇ) ആ റിപ്പോർട്ടിന്മേൽ ഇനിയും ഉത്തരവു ചെയ്തിട്ടില്ലെങ്കിൽ, ഇത്ര ദീർഘമായ താമസത്തിനുള്ള കാരണങ്ങളും ഇതിനെപ്പറ്റി രണ്ടു അവസരങ്ങളിൽ ഒരു പ്രമാണിയായ സഭാംഗം ചോദ്യങ്ങൾ ചോദിച്ചിട്ടും ഈ സംഗതിയിൽ ഗവർമ്മെന്റു യാതൊരു ശ്രദ്ധയും ചെയ്യാത്തതെന്താണെന്നും?

മി. കെ. ജാർജ് (ആക്ടിംഗ് ഗവർമ്മെന്റു ചീഫ്സെക്രട്ടറി):

(എ) റിപ്പോർട്ടു അച്ചടിച്ചു മേശമേൽ വയ്ക്കുവാൻ പ്രയാസമായ വിധത്തിൽ വലിപ്പമുള്ള ഒരു റിക്കാർഡാണ്.

* (ബി.യും സി.യും) അതുണ്ടാകുന്ന ഗവർമ്മെന്റു ഉത്തരവിന്റെ ഒരു പകർപ്പു മേശമേൽ വച്ചിരിക്കുന്നു.

(ഡി) ൧൯൨൭ ഫെബ്രുവരി ൧൭-ാം.

(ഇ) (സി) വിഭാഗത്തിന്റെ മറുപടിയെ അപേക്ഷിച്ചു ഈ ചോദ്യത്തിനു അവകാശമില്ല.

മി. സി. പി. നാരായണൻ (കുന്നത്തുനാട്): ഈ ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടു മെമ്പറന്മാർക്കു പരിശോധിക്കുന്നതിനു സൌകര്യമുണ്ടാക്കിക്കൊടുക്കുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവർമ്മെന്റു ചീഫ്സെക്രട്ടറി): റിപ്പോർട്ടു വലുതാകകൊണ്ടു അച്ചടിച്ചിട്ടില്ല. ഒരു കയ്യെഴുത്തുപ്രതി ഇവിടെയുണ്ടു. അതു ആവശ്യമുള്ളപക്ഷം മെമ്പറന്മാരെ കാണിക്കുന്നതിനു യാതൊരു തടസ്സവും ഇല്ല.

വാദ്ധ്യാന്മാരുടെ സ്ഥലംമാറ്റങ്ങൾ.

൧൭൯. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരെ നിവൃത്തിയുള്ളടത്തോളം അവരുടെ സ്വദേശസ്ഥലങ്ങളിലേയ്ക്കു സ്ഥലംമാറ്റി നിയമിക്കണമെന്നുള്ള ആലോചനയനുസരിച്ചു സ്ത്രീകളായ വാദ്ധ്യാന്മാരുടെ വകയായി സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ എത്ര കിട്ടിയിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

(ബി) ആകപ്പാടെയുള്ളതിൽ എത്ര അപേക്ഷകൾ ഇനിയും തീരുമാനിക്കാതെ കിടപ്പുണ്ടു?

(സി) മലയാംവർഷം ൧൦൯൯-ലും ൧൧൦൦-ലും വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ട്രസ് എത്ര നിയമനങ്ങൾ ചെയ്തിട്ടുണ്ടെന്നു ജാതിതിരിച്ചു കാണിക്കത്തക്കവണ്ണം അങ്ങനെ നിയമിച്ചിട്ടുള്ളവരുടെ യോഗ്യതകളേയും കാണിക്കുന്നതായി ഒരു സ്റ്റേറ്റുമെന്റു മേശമേൽ വയ്ക്കാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമിയ്യർ (ഗവർമ്മെന്റു സെക്രട്ടറി):

(എ) ഒന്നാംഭാഗം—൭൫. രണ്ടാംഭാഗം ൨൪൭.

(ബി) തൽക്കാലത്തേയ്ക്കു ആകെ ൭൫ അപേക്ഷകളേയും ന്യായമായി പരിഗണിച്ചു തീരുമാനിച്ചിട്ടുണ്ടു. ഇപ്പോൾ യാതൊന്നുംചെയ്യാൻ നിവൃത്തിയില്ലാത്തതായ ൭൧൨ വാദ്ധ്യാന്മാരുടെ അപേക്ഷകളെ യാകട്ടെ സൌകര്യങ്ങൾ ഉണ്ടാവുന്നതുപോലെ വീണ്ടും ആലോചനയ്ക്കെടുക്കപ്പെടുന്നതാണ്.

(സി) മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന സ്റ്റേറ്റുമെന്റു † മേശമേൽ വച്ചിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(ബി) വിഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചു ൭൧൨ അദ്ധ്യാപകന്മാർ എന്നു പറഞ്ഞിട്ടുള്ളതിൽ പെൺപള്ളിക്കൂടങ്ങളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരേയും അദ്ധ്യാപികകളേയും ഉൾപ്പെടുത്തിയാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസ്വാമിയ്യർ (ഗവർമ്മെന്റു സെക്രട്ടറി) അതിനു മറുപടി പറവാൻ എനിയ്ക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഒന്നാംഭാഗം നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരെ സംബന്ധിച്ചുള്ളതാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ചോദ്യം അദ്ധ്യാപികകളെമാത്രം പ്രത്യേകം സംബന്ധിച്ചാണെന്നുള്ളതു മെമ്പർ ദയവുചെയ്തു ശ്രദ്ധിക്കുമോ? അദ്ദേഹം പെൺപള്ളിക്കൂടത്തിലുള്ള വാദ്ധ്യാന്മാരെപ്പറ്റിയാണോ പറയുന്നതു, . സ്റ്റേറ്റുമെന്റിൽ അദ്ധ്യാപകന്മാരെയും അദ്ധ്യാപികകളേയും ഉൾപ്പെടുത്തീട്ടുണ്ടോ യെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസ്വാമിയ്യർ (ഗവർമ്മെന്റ് സെക്രട്ടറി) ചോദ്യം അദ്ധ്യാപികകളെമാത്രം കുറിച്ചു പറയുന്നു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു, എന്നാൽ ആ കാര്യത്തെപ്പറ്റി ഉടനെ ഖണ്ഡിക്കുന്നതിനു എനിക്കു നിവൃത്തിയില്ലാതിരിക്കുന്നു.

* III-ാം അനുബന്ധം നോക്കുക.

† IV-ാം അനുബന്ധം നോക്കുക.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മേലുപടിയിൽ പറഞ്ഞിട്ടുള്ള അസാധ്യതയെന്നുള്ള സമാധാനത്തെപ്പററി പള്ളിക്കൂടംഇൻസ്പെക്ടർ ഗവമ്മെൻറിലേയ്ക്കു അയച്ചിട്ടുള്ള അപേക്ഷകളുടെ വിഷയത്തിൽ ഇക്കാര്യം അങ്ങനെതന്നെയാണെന്നു ഗവമ്മെൻറു പരിശോധിച്ചു തൃപ്തിപ്പെട്ടിട്ടുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെൻറ്സെക്രട്ടറി): ഗവമ്മെൻറിൽനിന്നും ഉത്തരവുകൾ അയച്ചിട്ടുണ്ട്. അവയെ നടപ്പിൽ വരുത്തുന്നതു ഉദ്യോഗസ്ഥന്മാർ വേണ്ടതാണെന്നു ഗവമ്മെൻറ് വിചാരിക്കുന്നു. ഗവമ്മെൻറിൽനിന്നുതന്നെ അപേക്ഷകളെ പരിശോധിച്ചിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൭൩ വാദ്ധ്യാന്മാരുടെ വിഷയത്തിൽ ഇപ്പം പ്രയാസമുണ്ടെന്നുള്ള സമാധാനത്തിനെപ്പററി ഗവമ്മെൻറിൽനിന്നുതന്നെ ആ സമാധാനത്തെ പരിഗണിച്ചിട്ടുണ്ടോ ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെൻറ്സെക്രട്ടറി) ഇല്ല.

ഉപപ്രദാന കൃഷിതോട്ടങ്ങളെ സംബന്ധിച്ച കണക്കുകൾ.

൧൨൭. മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിവരുന്ന ഉപപ്രദാന കൃഷിതോട്ടങ്ങളെയും മററു തോട്ടങ്ങളെയും മററു വ്യവസായസ്ഥാപനങ്ങളേയും ഓരോന്നിനേയും സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ കാണിക്കുന്നതായ ഒരു സ്റ്റേറുമെൻറ് മേശമേൽവയ്ക്കുന്നതിനു ഗവമ്മെൻറിനു ദയയുണ്ടാകുമോ ?

(എ) തോട്ടത്തിൻെറയോ മററു സ്ഥാപനത്തിൻെറയോ പേരും കിടപ്പും,

(ബി) അവിടെനടത്തുന്ന വേലയുടെ സ്വഭാവം;

(സി) കണക്കുകൾ ഉള്ളതായ കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കു മേൽ പരിശോധന ചെലവു, രസതന്ത്രികമായും മററു ശാസ്ത്രീയമായും ഉള്ള വിദഗ്ദ്ധന്മാരുടെ ഉപദേശങ്ങൾ വാങ്ങേണ്ടതിനുള്ള ചെലവു, ശമ്പളം, വേലക്കൂലി, മററു തൽചെലവുകൾ എന്നിവകൾക്കുള്ള ചെലവു, ഇവയെല്ലാം ഉൾപ്പെടുത്തി ശരാശരി ആണ്ടൊന്നുക്കുള്ള ചെലവിൻെറവിവരം.

(ഡി) അതേ മൂന്നുകൊല്ലങ്ങൾക്കു അവയിൽനിന്നും ആണ്ടടക്കമുള്ള ശരാശരി ആദായം;

(ഇ) ചെലവുകഴിച്ച് ഓരോന്നിനേ സംബന്ധിച്ചും അതേ മൂന്നു കൊല്ലങ്ങൾക്കുള്ള ലാഭമോ നഷ്ടമോ;

(എഫ്) ഓരോന്നിലും വിനിയോഗിച്ചിട്ടുള്ള ആകെമൊത്തം മൂലധനം;

(ജി) സ്ഥാപനം ആരംഭിച്ച തിയതി;

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെൻറ് സെക്രട്ടറി): * ആവശ്യപ്പെടുന്ന കാര്യങ്ങൾ അടങ്ങിയ ഒരു സ്റ്റേറുമെൻറ് മേശമേൽ വച്ചിരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വലിയ തോട്ടങ്ങളിൽ ഒന്നുംതന്നെ ഗവമ്മെൻറിനു ലാഭത്തിനു കാരണമായിട്ടില്ലായെന്നും ആയവ പണത്തിൻെറ കാര്യത്തിൽ വിജയകരമായിരുന്നിട്ടില്ലെന്നുംഉള്ള വസ്തുതയിൽ ഗവമ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെൻറ്സെക്രട്ടറി): അവ ലാഭമുണ്ടാകുന്നതിനെ ഉദ്ദേശിച്ച് ആരംഭിക്കപ്പെട്ടിട്ടുള്ളവയല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): കർഷകന്മാരായ ജനങ്ങളുടെയിടയിൽ ആയതുകൊണ്ടുണ്ടാകാവുന്ന ആത്മബോധത്തിൻെറ ഫലത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെൻറു സെക്രട്ടറി). എന്തെങ്കിലും ആദായമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവ ആരംഭിച്ചിട്ടുള്ളതല്ല; പൊതുജനങ്ങൾക്കു അറിവുണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ്.

ചക്കരക്കള്ളിനു ഫീസ്സുകൂടാതെ പാസുകിട്ടുന്നതിനുള്ള അപേക്ഷകൾ.

൧൨൮. മി. സി. പി. തരകൻ (കുന്നത്തുനാട്): (൧) ചക്കരക്കള്ളിൻെറ വകയ്ക്കു ഫീസ്സുകൂടാതെയുള്ള പാസ്സിനെ സംബന്ധിച്ച് താഴെചോദിക്കുന്ന സംഗതികൾ പറവാൻ ഗവമ്മെൻറിനു ദയയുണ്ടാകുമോ ?:—

(എ) ൧൧൦൦-ൽ ചക്കരക്കള്ളിൻെറവകക്കു ഫീസ്സുകൂടാതെയുള്ള പാസ്സുകൾക്കു എത്ര അപേക്ഷകൾ കിട്ടിട്ടുണ്ട്.

(ബി) അവയിൽ എത്ര എണ്ണം അനുവദിച്ചു.

(സി) ഏതെങ്കിലും അപേക്ഷകൾ അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം ?

(൨) ഓരോ സർക്കിളിലും ഇപ്പോൾ കൊടുത്തിട്ടുള്ള ഫ്രീപാസ്സുകളല്ലാതെ കൂടുതൽ ഫ്രീ പാസ്സുകൾ കൊടുത്തുകൂടെന്നു അസിസ്റ്റൻറ് കമ്മീഷണരോടു എക്സൈസ്കമ്മീഷണർ വാക്കമൂലമായോ രേഖാമൂലമായോ ചെയ്യപ്പെട്ടിട്ടുണ്ടോ ?

(൩) ഫ്രീപാസ്സിനുള്ള അപേക്ഷകളെ യഥാർത്ഥവിധത്തിൽ അനുവദിക്കേണ്ടതാണെന്നു ഉത്തരവുകൊടുപ്പാൻ ഗവമ്മെൻറിനു ദയയുണ്ടാകുമോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെൻറ്സെക്രട്ടറി):

(൧) (എ) ൧൧൭.

(ബി) ൬൮.

(സി) മെമ്പർ ആവശ്യപ്പെടുന്ന വിവരം താഴെകൊടുത്തിരിക്കുന്നു:—

* V-ാം അനുബന്ധം നോക്കുക.

തള്ളിക്കളഞ്ഞ അപേക്ഷകളുടെ എണ്ണം.	ഡിവിഷൻ	കാരണം.
൧	കോട്ടയം	ചട്ടപ്രകാരം സ്റ്റാമ്പ് പതിച്ചിരിക്കായ്കയാൽ.
൨	അത്രക്കരി	അപേക്ഷക്കാർ സത്യാവസ്ഥയിൽ ചക്കരക്കള്ളെടുക്കുന്നവരല്ലായിരുന്നു.
൨	പിറവം	ടി
൧൧	ആലുവ	ടി

(ഡി) ഇല്ല

(ഇ) ചക്കരക്കള്ളിനു ചെത്തുന്നതിനു വിശ്വാസയോഗ്യരായ അപേക്ഷകന്മാരുടെ അപേക്ഷകളെ സാധാരണമായി അനുവദിക്കാറുണ്ട്. ഗവർമെന്റിൽനിന്നു പ്രത്യേകമായ നിഷ്കർഷകൾ ആവശ്യമില്ല.

കൃഷിവായ്പകൾ

൧൮൯. മി. എം. ശിവതാണുപിള്ള (തോവാള): താഴെ ചോദിക്കുന്ന കാര്യങ്ങൾ പറയാൻ ഗവർമെന്റിനു ദയയുണ്ടാകുമോ ?

(എ) ൧൧൧൬, ൧൧൧൭, ൧൧൧൮ എന്നീ ഓരോ ആണ്ടുകളിലും തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിൽ ഉള്ള ജനങ്ങളിൽനിന്നു കൃഷിവായ്പകൾക്കുള്ള അപേക്ഷകന്മാരുടെ എണ്ണം

(ബി) മേൽവിവരിച്ച മൂന്നു ആണ്ടുകളിലും ആകെമൊത്തം അപേക്ഷിച്ചിട്ടുള്ള തുകയും അതിൽ കൊടുത്ത തുകയും

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റ സെക്രട്ടറി). * മെമ്പർ ആവശ്യപ്പെടുന്ന സംഗതികളടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശമേൽവച്ചിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ൧൧൧൬-ൽ അഗസ്തീശ്വരം താലൂക്കിൽ അപേക്ഷിച്ചിട്ടുള്ള തുകയുടെയും കൊടുത്തിട്ടുള്ള തുകയുടെയും തമ്മിലുള്ള വമ്പിച്ചതായ അന്തരം ഗവർമെന്റ് നോട്ടുചെയ്യുന്നുണ്ടോയെന്നു എന്നെ അറിയിക്കുമോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ്ഗവർമെന്റ്സെക്രട്ടറി): അതു വായ്പകൾ കൊടുക്കുന്നതിനിരിപ്പുള്ള മുതലിന്റെ അവസ്ഥപോലെ ഇരിക്കുമെന്നുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ ൧൧൧൬-ാമാണ്ടിനെപ്പറ്റിയാണ് പറയുന്നതു് എന്തെന്നാൽ വെള്ളപ്പൊക്കം സംബന്ധിച്ച നഷ്ടപരിഹാരത്തിനായി വായ്പകൾ കൊടുത്തു മുതൽ വേറെവിധത്തിൽ ഉപയോഗപ്പെടുത്തുകയാൽ ൧൧൧൮-ൽ വായ്പകളൊന്നും കൊടുക്കാനിടവന്നില്ലെന്നായിരുന്നു സമാധാനം.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ്ഗവർമെന്റ്സെക്രട്ടറി): അതേ, മുതലില്ലാതിരുന്നതുകൊണ്ടാണ് അപേക്ഷ അനുസരിച്ചുള്ള സംഖ്യയിൽ വളരെ കുറവായി വായ്പകൊടുപ്പാൻ ഇടയായിട്ടുള്ളതു്.

കാർഷികസ്ഥാപനങ്ങളെപ്പറ്റിയുള്ള കാര്യങ്ങൾ.

൧൯൦. മി. ജി. രാമൻമേനവൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിവരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച താഴെ ചോദിക്കുന്ന വിവരങ്ങൾ കാണിക്കുന്നതായ ഒരു സ്റ്റേറ്റുമെന്റ മേശമേൽവയ്പാൻ ഗവർമെന്റിനു ദയയുണ്ടാകുമോ

(എ) സ്ഥാപനത്തിന്റെ പേരും അതിന്റെ കിടപ്പും

(ബി) ഓരോന്നിലും നടത്തിവരുന്ന പ്രവൃത്തിയുടെ സ്വഭാവം.

(സി) മേലന്വേഷണച്ചെലവു്, വിദഗ്ദ്ധന്മാരുടെ ഉപദേശത്തിനുള്ള ചെലവു്, വാദ്ധ്യാന്മാരുടെ ശമ്പളത്തിനുള്ളചെലവു്, കൂലി. പണിസാമാനങ്ങൾ മററു തൻചിലവുകൾ ഇവയ്ക്കുവേണ്ടി വരുന്ന ചെലവു്, എന്നിതുകൾ കണക്കുകൾ ഉള്ളതായ കഴിഞ്ഞ മൂന്നുകൊല്ലത്തേയ്ക്കു ഓരോ സ്ഥാപനത്തിനും കണക്കാക്കപ്പെട്ടിരിക്കുന്ന ശരാശരി ആണ്ടടക്കം ചെലവു്.

(ഡി) അതേ മൂന്നുകൊല്ലത്തേയ്ക്കു ഓരോ സ്ഥാപനത്തിൽനിന്നും ഉള്ള ആണ്ടടക്കം ശരാശരി ആദായം

(ഇ) അതേ മൂന്നുകൊല്ലത്തേയ്ക്കു ഓരോ സ്ഥാപനത്തെ സംബന്ധിച്ചും ഗവർമെന്റിനു ചെലവു നീക്കിയുള്ള ശരാശരി ലാഭമോ നഷ്ടമോ

(എഫ്) ഓരോ സ്ഥാപനത്തിന്റെ വിഷയത്തിലും ഇറക്കിട്ടുള്ള ആകെ മൊത്തം മൂലധനം.

(ജി) സ്ഥാപനം ആരംഭിച്ച തീയതി;

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റ സെക്രട്ടറി): † ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ മേശമേൽവയ്ക്കപ്പെട്ടിരിക്കുന്നു.

കൃഷിവക ഡിപ്പാർട്ടുമെന്റിലേയ്ക്കു വാങ്ങിച്ചിട്ടുള്ള പണിയായുധങ്ങളും കന്നുകാലികളും.

൧൯൧. മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ മേശമേൽ വയ്ക്കുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

(എ) ൧൧൧൮ അവസാനംവരെ കഴിഞ്ഞ ൧൦ സംവത്സരങ്ങളായി കൃഷിവക ഡിപ്പാർട്ടുമെന്റിലേയ്ക്കു വിലയ്ക്കുവാങ്ങിട്ടുള്ള മോട്ടോർ കലപ്പകൾ സ്റ്റീംകലപ്പകൾ മററു കൃഷിവക ആയുധങ്ങൾ കന്നുകാലികൾ എന്നിവയുടെ ഒരു ചുരുങ്ങിയ വിവരണം.

(ബി) ഓരോന്നും വിലയ്ക്കുവാങ്ങിയ തീയതി.

(സി) ഓരോന്നും വിലയ്ക്കുവാങ്ങിയതിന്റെ ഉദ്ദേശം.

(ഡി) ഓരോന്നിന്റെയും അസ്സൽവില.

(ഇ) ൧൧൧൮ അവസാനംവരെ സൂക്ഷിപ്പുകാരന്റെയോ ഡ്രൈവരുടെയോ ശമ്പളം, പണിചെയ്യുന്നതിനോ അററകുററം തീർക്കുന്നതിനോ തീററിസാധനങ്ങൾക്കോ ചികിത്സക്കോ ഉള്ള ചെലവുകൾ മുതലായതുൾപ്പെടെ ഓരോന്നും പരിപാലിക്കുന്നതിനുണ്ടായ ചെലവു്.

* VI-ാം അനുബന്ധം നോക്കുക.

† VII-ാം അനുബന്ധം നോക്കുക.

(എഫ്) ഓരോന്നും ചെയ്തിട്ടുള്ള സേവകളുടെ ഫലമായോ വിററവകയിലോ മററുവിധത്തിലോ ഉള്ളതായിട്ടുള്ള ആദായം ൧൦൯൩ അവസാനംവരെ.

(ജി) ഓരോന്നിലും ഗവൺമെൻറിനുണ്ടായിട്ടുള്ള ചെലവുകഴിച്ചുള്ള ലാഭമോ നഷ്ടമോ.

(എച്ച്) ആയുധങ്ങളോ കന്നുകാലികളോ മുതലായു ഓരോന്നും ഇപ്പോഴും ഡിപ്പാർട്ടുമെൻറിന്റെ അധീനത്തിൽ ഇരിക്കുന്നുവോ അതോ വിററുപോയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): ൧൦൮൭ മുതൽ ൧൦൯൩ വരെയുള്ള ആണ്ടുകളിൽ കൃഷിവക ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിനു വാങ്ങിട്ടുള്ള കാർഷികോപകരണങ്ങളുടെ ഒരു * സ്റ്റേറുമെൻറു മെംബർ ആവശ്യപ്പെട്ട കാര്യങ്ങൾ അടങ്ങിട്ടുള്ളതായി മേശമേൽ വച്ചിരിക്കുന്നു.

കന്നുകാലികളെസംബന്ധിച്ചു മെംബർ ആവശ്യപ്പെടുന്നപ്രകാരമുള്ള ഒരു സ്റ്റേറുമെൻറു തയ്യാർചെയ്യുന്നതിനു ഇപ്പോൾ വച്ചുകൊണ്ടിരിക്കുന്ന റിക്കാർഡുകളുടെ സഹായത്താൽ സാധിക്കയില്ലാത്തതിൽ ഗവൺമെൻറു വ്യസനിക്കുന്നു.

ഇയ്യിടയ്ക്കുണ്ടായ വെള്ളപ്പൊക്കത്താൽ ഉപ്പിനുണ്ടായ നഷ്ടം.

൧൮൨. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): താഴെ ചോദിക്കുന്ന സംഗതികൾ പറവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) ൧൦൯൦ തുലാത്തിലെ മഴയിൽ രാമേശ്വരം ഉപ്പുഫാക്ടറിയിൽ ശേഖരിച്ചിരുന്നതിൽ എത്രമണ്ട നാശപ്പെട്ടുപോയിട്ടുണ്ട്?

(ബി) നഷ്ടംവന്നതാർക്കെല്ലാമാണ്? ഓരോരുത്തർക്കും നഷ്ടമായ ഉപ്പിന്റെ അളവെത്ര? അവയിൽ ഓരോന്നിലും ഈടാക്കേണ്ടതായിരുന്ന കുടിവാരത്തിന്റെ തുകയെന്ത്?

(സി) ആ അളവിൽ ഗവൺമെൻറിനു ഈടാക്കേണ്ടതായ സംഖ്യ എന്ത്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി):

(എ) ൨,൧൭,൩൭൮ മണ്ട്.

(ബി) ൧൦൯൦ തുലാത്തിൽ താഴെപറയുന്ന അളങ്ങളിലെ ലൈസൻസുകാർക്കു നഷ്ടംവന്നിട്ടുണ്ട്. നഷ്ടംവന്ന തുക താഴെ വിവരിക്കുന്നപ്രകാരമെന്നു പറയപ്പെട്ടിരിക്കുന്നു:—

അവധാനികളുടെ അളം	...	...	൩൬,൩൭൭൭ മണ്ട്
കേ. ടി. കാമറിൻ ജെനറൽ ട്രാഫിക്ക് കമ്പനിയളം	...	...	൫൯,൨൩൦ ടി
പുത്തളം ...	...	...	൧൭,൭൧൭ ടി
ശ്രീമൂലഗോപാലാനന്തൻ അളം	...	...	൫൩,൭൬൭ ടി
ശ്രീമൂലകൃഷ്ണമണി അളം ...	...	...	൬൭,൭൩൦ ടി

ഗവൺമെൻറിൽനിന്നു ഈവക ഉപ്പു ഏററുവാങ്ങിട്ടില്ലാതിരുന്നതിനാൽ അതിന്മേൽ ലൈസൻസുകാർക്കു കൊടുക്കേണ്ടതായ കുടിവാരം ഒന്നും ഇല്ലായിരുന്നു.

(സി) നഷ്ടപ്പെട്ടുപോയ ഉപ്പു ഗവൺമെൻറു ഏററുവാങ്ങിട്ടില്ലാതിരുന്നതിനാൽ അതിന്മേൽ ഗവൺമെൻറിലേയ്ക്കു ഈടാക്കേണ്ടതായി ഒന്നും ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): എനിക്കു ഇന്നത്തെ അജണ്ടപേപ്പർ (കാര്യപരിപാടി) കിട്ടിയതു ഇവിടെ വന്നതിനുശേഷമാണ്. ഏതെല്ലാം ചോദ്യങ്ങൾക്കുത്തരം പറയുന്നുണ്ടെന്നു നോക്കാനും അതിലേയ്ക്കു ഉപചോദ്യങ്ങൾ തയ്യാറാക്കാനും സാധിച്ചിട്ടില്ല. അതുകൊണ്ടു എന്റെ ചോദ്യങ്ങൾക്കു ഉപചോദ്യങ്ങൾ ചോദിക്കുന്നതിനു നാളത്തേയ്ക്കു അനുവാദം കിട്ടണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡൻറ്: അതിനു എനിക്കു സമ്മതിയ്ക്കാൻ നിവൃത്തിയില്ലെന്നാണു തോന്നുന്നതു്. നമ്മുടെ യോഗമുറയ്ക്കു നടത്തിക്കൊണ്ടുപോകേണ്ടതായിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): വേണ്ടിടത്തോളം കാലേക്കൂട്ടി എനിക്കു അജണ്ടാപേപ്പർ കിട്ടിയില്ല.

പ്രസിഡൻറ്: അതിനു യാതൊരു നിവൃത്തിയും ഇല്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും). ചട്ടപ്രകാരം എനിക്കു അതു മുൻകൂട്ടി കിട്ടുവാനുള്ള അവകാശമുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്.

പ്രസിഡൻറ്: ആ സംഗതിയെപ്പററി വാദപ്രതിവാദംനടത്തുവാൻ ഞാൻ ഒരുക്കമല്ല.

൧൦൯൦ തുലാത്തിലെ ഉപ്പുനഷ്ടം.

൧൮൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ ചോദിക്കുന്ന കാര്യങ്ങൾ പറവാൻ ഗവൺമെൻറിനു ദയയുണ്ടാകുമോ?

(൧) ൧൦൯൦ തുലാത്തിലെ മഴയിൽ ഉപ്പുഫാക്ടറികളിൽ ഉപ്പിനു വല്ല നഷ്ടവും നേരിട്ടിട്ടുണ്ടോ? എന്നും.

(൨) അങ്ങനെയാണെങ്കിൽ, അങ്ങിനെ നഷ്ടപ്പെട്ട ഉപ്പിന്റെ ആകെത്തുകയെന്തു്? എന്നും.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി):

(൧)-ം (൨)-ം മി. ടി. കുമാരപിള്ളയുടെ ൧൮൨-ാം ചോദ്യം. (എ) ഭാഗത്തിനുള്ള മറുപടി മെംബർ നോക്കണം.

൧൦൯൦-ലെ വെള്ളപ്പൊക്കത്തിലുണ്ടായ ഉപ്പുനഷ്ടം.

൧൮൪. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൧൦൯൦ തുലാത്തിലെ വെള്ളപ്പൊക്കത്തിന്റെ കാര്യത്തിൽ താഴെ ചോദിക്കുന്ന കാര്യങ്ങൾ പറവാൻ ഗവൺമെൻറിനു ദയയുണ്ടാകുമോ?

(൧) തെക്കൻ തിരുവിതാംകൂറിലെ ഓരോ ഉപ്പുഫാക്ടറിയിലും നാശപ്പെട്ടുപോയിട്ടുള്ള ഉപ്പിന്റെ അളവും).

(൨) അങ്ങിനെ ഉപ്പു നഷ്ടംവന്നതിൽ ഗവൺമെൻറിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ ആകെത്തുക.

---

* VIII-ാം അനുബന്ധം നോക്കുക.

(ഡ) ലൈസൻസുകാർക്കു ഓരോ ഫാക്ടറിയിലും, (എ) ഉപ്പുനഷ്ടം, (ബി) വെള്ളപ്പൊക്കംകൊണ്ടു ഫാക്ടറികൾക്കുണ്ടായിട്ടുള്ള മററു നഷ്ടങ്ങൾ എന്നിങ്ങനെ ഉണ്ടായിട്ടുള്ള നഷ്ടത്തിൻെറ ഏകദേശവിവരം.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി):

(എ)-ം (ബ)-ം മി. ടി. കുമാരപിള്ളയുടെ ൧൮൮൧-ാംനമ്പർ ചോദ്യം, (എ)-ം (സി)-ം വിഭാഗങ്ങൾക്കു കൊടുത്തിട്ടുള്ള മറുപടികളെ മെമ്പർ നോക്കണം.

(ഡ) ഉപ്പു നശിച്ചവകയിൽ ൧൮,൬൩൭ ബ്രിട്ടീഷ് രൂപായുടേയും മററു നഷ്ടങ്ങൾവകയിൽ ൧൮,൧൦൦ രൂപായുടേയും നഷ്ടം ലൈസൻസുകാർക്കു ഉണ്ടായിട്ടുണ്ടെന്നു റിപ്പോർട്ടുകളാൽ കാണുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൧൮൮൧-ാംനമ്പർ ചോദ്യം, (എ)-ം (ഇ)-ം പിരിവുകൾക്കുള്ള മറുപടികളിൽ എൻെറ ൧൮൮൧-ാംനമ്പർ ചോദ്യം (ഡ)-ാംഭാഗത്തിനുള്ള ഉത്തരം അടങ്ങിയിരിക്കുന്നില്ലയെന്നുള്ളതു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടേ. ഉപ്പു നഷ്ടത്തിൽനിന്നു ഗവൺമെൻറിനു നേരിട്ടിട്ടുള്ള ആകെ നഷ്ടം എന്താണെന്നാണു എനിക്കറിയേണ്ടത്. അവിടെ പറഞ്ഞിട്ടുള്ളതാകട്ടേ ലൈസൻസുകാരൻെറ നഷ്ടമാണ്.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): ൧൮൮൧-ാംനമ്പർ ചോദ്യത്തിൻെറ മറുപടിയിൽ ൧൧൦൧ ഇടവത്തിലെ മഴയിൽ നഷ്ടമായിട്ടുള്ള ഉപ്പിൻെറ ആകെ മൊത്തം അളവാണ് പറഞ്ഞിട്ടുള്ളത്. ആ മറുപടിയിൽ ലൈസൻസുകാരൻെറയും ഗവൺമെൻറിൻേറയും നഷ്ടത്തിലുള്ള വീതം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഗവൺമെൻറിൽനിന്നു ഉപ്പു ഏററുവാങ്ങുന്നതുവരെ, ഗവൺമെൻറിൻെറ ഉപ്പും ലൈസൻസുകാരൻെറ ഉപ്പും തമ്മിൽ പറയത്തക്കതായ വ്യത്യാസം ഒന്നുമില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഓരോ മണിയും ഒരംശം ഗവൺമെൻറിലേയ്ക്കും ഒരംശം ലൈസൻസുകാരനും പോകുന്നു

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): അതു്, ഗവൺമെൻറു ഉപ്പു ഏററുവാങ്ങിയതിനുശേഷം മാത്രമേയുള്ളു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഗവൺമെൻറിനു നേരിട്ടിട്ടുള്ള ആകെ നഷ്ടം പണമായിട്ടു എനിക്കറിയണം.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): ഗവൺമെൻറിൽനിന്നു ഉപ്പു ഒട്ടും ഏററുവാങ്ങിയിട്ടില്ലാത്തതിനാൽ ഗവൺമെൻറിനു യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഒരുവേള ഞാൻ ക്രമവിരോധമായി ചോദ്യം ചെയ്യുന്നോ എന്നു എനിക്കറിയാൻ പാടില്ല. ഏതായാലും അളവു ഉപ്പു നഷ്ടപ്പെട്ടപ്പോൾ ഗവൺമെൻറിനു അല്പമെങ്കിലും നഷ്ടം നേരിട്ടിരിക്കുമോയെന്നുള്ളതാണ് ഞാൻ അറിവാൻ ആവശ്യപ്പെട്ടതു്.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): ഉണ്ടായിരിക്കാമെന്നുള്ളതു ഉണ്ട് എന്നതിൽനിന്നു വ്യത്യസ്തമായ ഒന്നാണ്.

വെള്ളപ്പൊക്കംമൂലം ഉപ്പു നഷ്ടപ്പെടാതെയിരിക്കേണ്ടതിനുള്ള കരുതലുകൾ.

൧൮൨. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൧൦൯൯-ലെ വെള്ളപ്പൊക്കത്തിൽ ഉണ്ടായ അനുഭവത്തിനുശേഷം വളരെ കൂടുതലായ നഷ്ടം ഉപ്പിനു നേരിടുന്നതിനെ തടയുന്നതിനായി എന്തു നടപടികൾ ഗവൺമെൻറിൽനിന്നു നടത്തിയെന്നും മേലാൽ അങ്ങിനെയുള്ള നഷ്ടത്തെ തടയുന്നതിനു ഇപ്പോൾ എന്തു നടപടികളാണു നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും പറയുവാൻ ഗവൺമെൻറിനു ദയയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറുസിക്രട്ടറി) ൧൦൯൯ വൃശ്ചികത്തിലെ വെള്ളപ്പൊക്കത്തിനുശേഷം എക്സൈസ് കമ്മീഷണരും ചീഫ് എഞ്ചിനീയരും കൂടിയൊന്നിച്ചു സ്ഥലം പരിശോധിക്കുന്നതിനു ഗവൺമെൻറിൽനിന്നു ഏർപ്പാടുചെയ്തു. പോയ ഇടവത്തിലെ വെള്ളപ്പൊക്കമുണ്ടായപ്പോൾ അവരുടെ റിപ്പോർട്ട് ആലോചനയിൽ ഇരിക്കയായിരുന്നു. ശരിയായ പരിഹാരങ്ങളെപ്പററി അഭിപ്രായപ്പെടുന്നതിനു ഒരു വിദഗ്ദ്ധനായ ഇഞ്ചിനീയരെ പ്രത്യേകം ചുമതലപ്പെടുത്തേണ്ട സംഗതി ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്.

താമരക്കുളം ഉപ്പു ഫാക്ടറിയിലെ വെള്ളപ്പൊക്കത്തെ സംബന്ധിച്ചുള്ള
എക്സൈസ് കമ്മീഷണരുടെ റിപ്പോർട്ട.

൧൮൩. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും) ൧൦൯൯ വൃശ്ചികത്തിലെയും ൧൧൦൧ ഇടവത്തിലെയും വെള്ളപ്പൊക്കങ്ങൾക്കുശേഷം താമരക്കുളം ഉപ്പളത്തിലെ വെള്ളപ്പൊക്കത്തിനെ സംബന്ധിച്ചു എക്സൈസ് കമ്മീഷണർ അയച്ചിട്ടുള്ള റിപ്പോർട്ടും മേലാൽ അങ്ങനെയുള്ള വെള്ളപ്പൊക്കങ്ങൾ താമരക്കുളം ഉപ്പളത്തിൽ വരാതിരിക്കുന്നതിനു വേണ്ട വഴികളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറുസിക്രട്ടറി) അതിനെ സംബന്ധിച്ച റിപ്പോർട്ടുകൾ ഗവൺമെൻറിൻെറ അറിവിലേയ്ക്കായി മാത്രം എഴുതിട്ടുള്ളവയാകയാലും പ്രസിദ്ധംചെയ്യാനായിട്ടല്ലായ്കയാലും അവയെ മേശപ്പുറത്തുവയ്പാൻ ഗവൺമെണ്ടു വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും) താമരക്കുളം ഉപ്പളത്തിൽ വഷംകൊണ്ടു മേലാൽ നഷ്ടം വരാതിരിക്കുന്നതിനുള്ള വഴികൾ ഗവൺമെൻറു ആലോചിച്ചിട്ടുള്ളതു ജനങ്ങൾക്കറിയുന്നതിനുള്ള വഴിയെന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറുസിക്രട്ടറി) ഓരോ പ്രവൃത്തികൾചെയ്യുമ്പോൾ അതിൽ ഗുണം കിട്ടുന്നതുകണ്ടു ജനങ്ങൾക്കറിയാൻ മാർഗ്ഗമുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും) അതിനെ ഗവൺമെൻറു എങ്ങനെ പരിഹരിക്കാൻപോകുന്നുവെന്നും അതിലേയ്ക്കു നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്നും ജനങ്ങൾക്കറിയാനുള്ള അവസരം ഏതാണു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറുസിക്രട്ടറി) അതാതവസരം വരുമ്പോൾ അറിയാം. അല്ലാതെ എല്ലാ ആളുകളേയും കൂട്ടിവച്ചുകൊണ്ടു ചെയ്യാൻ സാധിക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു) ഉപ്പളത്തിൽ കൃഷിചെയ്താൽ ഒരോഹരി ഗവണ്മെൻറിനും ഒരോഹരി കൃഷിക്കാരനും കിട്ടുന്നതുകൊണ്ടു ഉപ്പുകൃഷിക്കാരാകുന്ന മോഷണത്തെ ഗവണ്മെൻറു എങ്ങിനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു എന്നു ജനങ്ങൾക്കറിയാൻ ആഗ്രഹവും അവകാശവുമില്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവണ്മെൻറുസിക്രട്ടറി) അപൂർണ്ണമായ ഒരു റിപ്പോർട്ടു ഗവണ്മെൻറു—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) സർ, ഞാൻ നടപടിക്രമത്തെപ്പററി ഒരു ചോദ്യംചെയ്തുകൊള്ളുന്നു. ഇംഗ്ലീഷറിയാവു മലയാളത്തിൽ സംസാരിക്കണമെന്നു വിചാരിച്ചു ഈ സംഗതിയിൽ ചുമതലപ്പെട്ട സിക്രട്ടറിക്കു മലയാളത്തിൽ സംസാരിക്കാൻ സ്വാതന്ത്ര്യമുണ്ടോ?

പ്രസിഡണ്ടു: അദ്ദേഹത്തിനു മലയാളത്തിൽ സംസാരിക്കാൻ പാടില്ലെന്നു പറയുന്നതായി നിബന്ധനകളിൽ ഒന്നും ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഇതിനുമുമ്പിൽ ഉണ്ടായിട്ടുള്ള ഒരു തീരുമാനം അനുസരിച്ചു നിവൃത്തിയുള്ളിടത്തോളം മെമ്പർമാർ ഇംഗ്ലീഷിൽ സംസാരിക്കേണ്ടതാണ്, മി. കുമാരപിള്ളയ്ക്കു ഒരു പ്രത്യേക സമ്പ്രദായം കിട്ടീട്ടുണ്ട്.

പ്രസിഡൻറ: അദ്ദേഹം മലയാളത്തിൽ മറുപടി പറയണമെന്നു നിർബന്ധമില്ല. പ്രസിഡൻറ തടസ്സപ്പെടുത്തിട്ടില്ലെങ്കിൽ, മെമ്പർ മലയാളത്തിൽ മറുപടിപറയാവുന്നതാണ്.

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ചോദ്യം മലയാളത്തിലാണെങ്കിൽ മറുപടിയും മലയാളത്തിലായിരിക്കണമെന്നു ഇതിനുമുമ്പത്തെ പ്രസിഡണ്ടിൻെറ ഒരു തീരുമാനം ഉണ്ട്.

പ്രസിഡൻറ: ആയിരിക്കണമെന്നോ ആവാമെന്നോ?

മി. കല്ലാലം പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ആയിരിക്കണം എന്നാണെന്നു തോന്നുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു) അതു അപൂർണ്ണമായ റിപ്പോർട്ടാണെന്നു ഇതിൽ എവിടെ പ്രസ്താവിച്ചിരിക്കുന്നു എന്നു പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവണ്മെൻറുസിക്രട്ടറി) അപൂർണ്ണമെന്നാൽ, അതു അവസാനമായ റിപ്പോർട്ടല്ല, എന്നാണു അർത്ഥം. അതിന്മേൽ വേണ്ട നടപടികൾ നടത്തിയതിന്മേലേ അതു അവസാനമാകാൻ തരമുള്ളു. അതുകൊണ്ടാണു അപൂർണ്ണമെന്നു പറഞ്ഞതു്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു) റിപ്പോർട്ടു പൂർണ്ണമായിട്ടും അവസാനമായിട്ടും വരുമ്പോൾ ജനങ്ങൾക്കറിയാൻ സാധിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവണ്മെൻറുസിക്രട്ടറി) അതു ഇപ്പോൾ പറയാൻതരമില്ല.

ഉപ്പിൻെറ നഷ്ടത്തിനുള്ള കാരണങ്ങൾ.

൧൯൭. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു)

(എ) "നഷ്ടത്തിനു കാരണം ചുഴലിക്കാററുമാത്രമാണെന്നാണു റിപ്പോർട്ടിനാൽ കാണുന്നതു്" എന്നു നിയമസഭായോഗനടപടി നം-ാംവാല്യം ൮-ാംലക്കത്തു പ്രസിദ്ധംചെയ്തിട്ടുള്ള ൬൦-ാംനമ്പർ ചോദ്യത്തിൻെറ (സി) പിരിവിനുള്ള മറുപടിയേയും, സുബ്രഹ്മണ്യകരയാളരുടേയും അവധാനികളുടേയും അളങ്ങളെക്കൊണ്ടു കുറ്റപ്പെടുത്തപ്പെട്ടതിനാൽ പ്രധാനചാൽവഴിക്കു കടലിലേക്കു പായാൻ മാർഗ്ഗമില്ലാതിരുന്ന അളവപൂർവ്വമായ പെരുവെള്ളം" എന്നു ൧൧൦൧ തുലാം ൨൦-നു-ലെ കൌൺസിൽയോഗത്തിൽ ൪൮-ാംനമ്പർ ചോദ്യം (എ) പിരിവിനുള്ള മറുപടിയേയും, സംബന്ധിച്ചു്, ഇവയിൽ ഏതു മറുപടിയാണ് ശരിയായിട്ടുള്ളതെന്നു പറവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) അളങ്ങളിടെ തെക്കുവശത്തുള്ള പഴയ വെള്ളച്ചാലു അടഞ്ഞുപോയിട്ടില്ലെന്നും എന്നാൽ കുറെക്കൂടി തെക്കോട്ടു മാറിയതേ ഉള്ളുവെന്നും പറഞ്ഞിരിക്കുന്നതും നിയമസഭാനടപടി ൮-ാംവാല്യം ൧൮-ാംലക്കത്തു പ്രസിദ്ധംചെയ്തിരുന്നതുമായ ൧൦-ാംനമ്പർ ചോദ്യം (ബി) വകുപ്പിൻെറ മറുപടിയേ സംബന്ധിച്ചു, ഈ വിധത്തിൽ വെള്ളച്ചാൽ മാററിയതുകൊണ്ടു മഴക്കാലത്തു അളങ്ങൾക്കു കൂടുതൽ നഷ്ടത്തിനു കാരണമായിട്ടുണ്ടോ എന്നു പറവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(സി) മഴക്കാലത്തു പാൽക്കുളത്തിലെ കൂടുതൽവെള്ളം ഒഴുകിപ്പോകുന്നതിനു സൌകര്യം കൊടുക്കത്തക്കരീതിയുള്ളതാണോ പുതുതായി ഉണ്ടാക്കിയിരിക്കുന്ന വെള്ളച്ചാൽ?

(ഡി) പാൽക്കുളത്തിലെ അധികവെള്ളത്തിൻെറ പാച്ചിൽ മാററിയതിനുശേഷം ആയ്യു ഇപ്പോൾ ആരുടെ കൈവശത്തിൽ ഇരിക്കുന്നു? അതു ആരുടെ പേരിലെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ? അതിൽ ഇപ്പോൾ ആരെങ്കിലും ഉപ്പുകൃഷി ചെയ്യുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ആയ്യു എക്സൈസ് കമ്മീഷണർ അനുവദിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവണ്മെൻറുസിക്രട്ടറി) (എ) രണ്ടും ശരിയായിട്ടുള്ളതാണ്. ഒടുവിൽപറഞ്ഞ മറുപടി മുൻപറഞ്ഞതിനേക്കാൾ കൂടുതൽ വിശദമായിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) അതേ-വെള്ളച്ചാൽ വേണ്ടിടത്തോളം വീതിയുള്ളതാണെന്നു റിപ്പോർട്ടിനാൽ കാണുന്നു.

(ഡി) അളത്തിൻെറ തെക്കുവശത്തുള്ള പഴയ ഉപയോഗശൂന്യമായ വെള്ളച്ചാലിനെപ്പററിയാണു, മെമ്പർ പറയുന്നതെങ്കിൽ, ആയ്യു ഇപ്പോൾ ശ്രീശങ്കരഅളത്തിൽ ഉൾപ്പെട്ടിരിക്കയാണ് എന്നാണു മറുപടി. ഭൂമി, ഇനിയും സൻസ്കാരത്തെ കൈമാററംചെയ്തു കൊടുത്തുകഴിഞ്ഞിട്ടില്ല. ആ സ്ഥലത്തു ഇപ്പോൾ ഉപ്പുകൃഷി ചെയ്യുവരുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോടു) ൧൧൦൧ തുലാം ൨൦-നു നടന്ന നിയമസഭയിൽ പറഞ്ഞിട്ടുള്ളതു "നഷ്ടത്തിനു കാരണം ചുഴലിക്കാററുമാത്രമാണെന്നാണ് റിപ്പോർട്ടിനാൽ കാണുന്നതു്" എന്നാണ്. എന്നാൽ രണ്ടാമതു പറഞ്ഞിട്ടുള്ളതു 'സുബ്രഹ്മണ്യകരയാളരുടേയും അവധാനികളുടേയും അളങ്ങളെക്കൊണ്ടു കുറ്റപ്പെടുത്തപ്പെട്ടതു ഹേതുവാൽ പ്രധാനചാൽവഴിക്കു കടലിലേക്കു പായാൻ മാർഗ്ഗമില്ലാതിരുന്ന അത്ഭുതപൂർവ്വമായ പെരുവെള്ളം" എന്നാണ് ഇതിൽ ഏതാണു ശരിയായിട്ടുള്ളതെന്നു പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി) രണ്ടും ശരിയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്) ആദ്യത്തെ മറുപടി ഗവണ്മെൻറിൽനിന്നും പറഞ്ഞിട്ടുള്ളത്...... "വെള്ളത്തിനു കാരണം പുഴചിക്കാററുമാത്രമാണെന്നാണ് റിപ്പോർട്ടു നാൽ കാണുന്നതു്"

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി) പുഴചിക്കാററിനാൽ വെള്ളപ്പൊക്കത്തിന്റേയും അർത്ഥമാക്കിട്ടുള്ളതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്) രണ്ടാമതു പറയുന്നതു്... ...... "[illegible]" എന്നും മററും ഇതിൽ ഏതാണ് ശരി?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി) രണ്ടും ശരിയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഇതുരണ്ടുംകൂടി യോജിക്കുന്നതു [illegible] എങ്ങനെയാണെന്നു പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): [illegible] പറഞ്ഞതു കുറെക്കൂടി വിവരമായിട്ടാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): പുഴചിക്കാററാണ് കാരണമെന്നു മുമ്പു പറഞ്ഞിട്ടുള്ള മിസ്റ്റർ കുഞ്ഞൻപിള്ളയുടെയും മിസ്റ്റർ അയ്യാസാമിയുടെയും പ്രസ്താവനകൊണ്ടു വെള്ളപ്പൊക്കമുണ്ടായി എന്നു [illegible] പറഞ്ഞിട്ടുള്ളതിൽ അന്തർഭവിച്ചിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): പുഴചിക്കാററു എന്നു പറഞ്ഞതിൽ വെള്ളപ്പൊക്കവുംകൂടി അന്തർഭവിച്ചിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ആദ്യത്തെ മറുപടി രണ്ടാമത്തെ മറുപടിയിൽ അന്തർഭവിച്ചിട്ടുള്ളതു എങ്ങിനെയാണെന്നു വ്യാഖ്യാനിച്ചു പറഞ്ഞുതരാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): സാധാരണ മനസ്സിലാക്കേണമെന്നല്ലാതെ വിശേഷിച്ചൊന്നും പറയാനില്ല. പുഴചിക്കാററിനോടുകൂടെ മഴയും ഉണ്ടായിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): (സി) വിഭാഗം "വെള്ളപ്പൊക്കത്തിൽ വേണ്ടിടത്തോളം വീതിയുള്ളതാണെന്നാണ് റിപ്പോർട്ടിനാൽ കാണുന്നതു്" എന്നാണു പറഞ്ഞിട്ടുള്ളതു്. ഈ ചാനൽ വെട്ടുന്നതിനു അനുവാദം കൊടുത്തിട്ടുള്ളതു ആരാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): അതിനെസംബന്ധിച്ചുള്ള വിവരം ഇപ്പോൾ കിട്ടുന്നതല്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഈ ചാനൽ വെട്ടുന്നതിനെസംബന്ധിച്ചു ഉടമ്പടി എഴുതിവച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): ഈ ചോദ്യത്തിനു മുന്നറിവു [illegible] ഞാൻ ആവശ്യപ്പെടുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മറുപടികൾ പറയുന്നതു ഇംഗ്ലീഷിലാണ്. [illegible] യുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള ആ തീരുമാനമനുസരിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ള മലയാളത്തിലോ [illegible] ഒരു ഭാഷയിൽ പറയേണ്ടതാണ്.

പ്രസിഡൻറ്: മി. നാരായണപിള്ള ഇതു ഒരു മിശ്രസഭയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താങ്കളുടെ ദയവായ അനുമതിയോടുകൂടി നിയമസഭാചട്ടങ്ങളിൽ [illegible]-ാം ചട്ടത്തെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. അതിൽ പറയുന്നതു "കൌൺസിലിലെ കാര്യങ്ങൾ നിർവഹിക്കുന്ന വിഷയത്തിൽ ഇംഗ്ലീഷ്ഭാഷ ഉപയോഗിക്കപ്പെടുന്നതാണ്. എന്നാൽ ഇംഗ്ലീഷിൽ സംസാരിക്കാൻ ശേഷിയില്ലാത്ത ഒരു മെമ്പറിനു മലയാളത്തിലോ തമിഴിലോ പ്രസംഗിക്കാവുന്നതാകുന്നു."

പ്രസിഡൻറ്: മെമ്പറിനു മലയാളത്തിൽ പറയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതെങ്കിലും വിശദമായ ഒരു തീരുമാനമാണ് [illegible] ആവശ്യപ്പെട്ടതു്. അതുകൊണ്ടാണ് ഈ കാര്യം ഞാൻ താങ്കളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതു. ചോദ്യങ്ങൾ മലയാളത്തിൽ ചോദിക്കുമ്പോൾ ഉത്തരത്തിലും മലയാളത്തിലായിരിക്കണമെന്നു ഇതിനുമുമ്പു ഒരു തീരുമാനമുണ്ടായിരുന്ന മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള പറയുകയുണ്ടായി. എന്നാൽ ഒരു മെമ്പറിനു ഇംഗ്ലീഷിൽ സംസാരിക്കാൻ അറിയാമെങ്കിൽ അദ്ദേഹം നിർബന്ധമായും ഇംഗ്ലീഷിൽതന്നെ സംസാരിക്കണം എന്നാണു ചട്ടത്തിൽ പറയുന്നതു്. മുൻപറഞ്ഞ തീരുമാനവും [illegible]-ാം ചട്ടവും ഒന്നിച്ചു നിലനില്ക്കുമോ എന്നുള്ളതാണ് ഒരുകാര്യം. അങ്ങനെ ഒരു തീരുമാനം നിലവിലിരിക്കുന്നുവോ എന്നുള്ളതാണ് മറെറാരുകാര്യം. ഇന്നഭാഷയിലാണ് സംസാരിക്കേണ്ടതെന്നുള്ളതു പറവാൻ മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളക്കു [illegible] എന്നുള്ളതാണ് വേറൊരുകാര്യം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഈ ചാനൽ വെട്ടുന്നതിനു അനുവാദം കൊടുത്തതാരാണെന്നോ അതിലേക്കു ഉടമ്പടി എഴുതി [illegible] ട്ടുണ്ടോ എന്നോ അറിയാൻ [illegible] ഇല്ലാതിരിക്കുമ്പോൾ "വെള്ളച്ചാലിനാവശ്യമുള്ളടത്തോളം വീതിയുണ്ടു്" ഇത്യാദി എന്ന മറുപടി എങ്ങനെ പറയാൻ സാധിച്ചു എന്നു പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറു സിക്രട്ടറി): അതു ഈ ചോദ്യത്തിൽനിന്നും പറയുന്ന ഒരു കാര്യമല്ല. അതു ഒരു പുതിയ ചോദ്യമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ഈ വിവരങ്ങൾ അറിയാതെ ഈ മറുപടി എങ്ങനെ തയ്യാറാക്കി എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസിക്രട്ടറി): അതു ഒരു ഉപചോദ്യമല്ല. അതു ഒരു പുതിയ ചോദ്യമാണ്. ആയതിലേക്കു കാര്യങ്ങൾ അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): (ഡി) വിഭാഗം "അതു ഇപ്പോൾ ശ്രീശങ്കര അമ്പലത്തിന്റെ ഉടമസ്ഥതയിലിരിക്കുന്ന എന്നും മററും" അതു എങ്ങനെ സംഭവിച്ചു? പുറമ്പോക്കുസ്ഥലം പതിവുഭൂമിയോടു ചേർന്നു കിടക്കാൻ ഇടയായതു എങ്ങനെയാണ്.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): [illegible] കാരൻ വേഗം പ്രവേശിപ്പിക്കാവുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അങ്ങനെ [illegible] എന്തെങ്കിലും നടപടി നടത്തീട്ടുണ്ടോ?

പ്രസിഡന്റ്: മെമ്പർ ക്രമം കൂടാതെയാണ് ക്രാസ്സ്വിസ്താരം ചെയ്യുന്നതെന്ന് എനിക്കു തോന്നുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): സർ, ഞാൻ [illegible] ചോദിച്ചുകൊള്ളുന്ന [illegible] ചോദിച്ച ചോദ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്യുന്നത്. ഞാൻ ക്രാസ്സ്വിസ്താരം ചെയ്യുന്നതായി [illegible] തോന്നുന്നെങ്കിൽ ചോദ്യങ്ങളെ അടിസ്ഥാനമാക്കി ചെയ്യുന്ന ചോദ്യങ്ങൾ ഞാൻ നിറുത്തിക്കളയാം.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ് സിക്രട്ടറി): ആവശ്യമുള്ള വിവരം മറുപടിയിൽ [illegible] ഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): [illegible] ഉണ്ടെന്നുള്ള സംഗതി സമ്മതിക്കുന്നു. [illegible] ഇപ്പോൾ ആ പാട്ടം [illegible] എന്തു ചെയ്യും? [illegible] തോട്ടക്കൂടി ചേർത്തു [illegible] അനുഭവിക്കാ[illegible] രിക്കുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ് സിക്രട്ടറി): എനിക്കു ഈ ചോദ്യത്തിനു [illegible] വേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അതിനു [illegible] കുത്തക [illegible] ഉണ്ടെങ്കിൽ ആർക്കാണ് കൊടുത്തിട്ടുള്ളതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ് സിക്രട്ടറി): അതു അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): [illegible] പ്രവേശിച്ചിട്ടുള്ളവരിൽ ആരെങ്കിലും [illegible] ചെയ്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ് സിക്രട്ടറി): ഇല്ലെന്നാണ് മറുപടിയിൽ പറഞ്ഞതു്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അതിൽ കൃഷിചെയ്തു ഉപ്പുണ്ടാക്കുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും ഏർപ്പാടുകൾ നടത്തിട്ടുള്ളതായി ഗവണ്മെന്റിനു അറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): ഇല്ലെന്നു പറഞ്ഞുകഴിഞ്ഞു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ആ പ്രദേശത്തുവച്ചു ഉപ്പുകൃഷിചെയ്തു [illegible] ണ്ടോ? ഗവണ്മെന്റിൽനിന്നും അന്വേഷിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): അങ്ങനെ കൃഷിചെയ്യുന്നില്ലെന്നു മറുപടിയിൽ വിശദമായിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): [illegible] മറുപടികൊണ്ടു തൃപ്തിവരുന്നില്ല. അതുകൊണ്ടാണ് ഞാൻ വീണ്ടും വീണ്ടും ആ ചോദ്യം ചോദിക്കുന്നതു്.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): എനിക്കു മുന്നറിവു വേണ്ടിയിരിക്കുന്നു. ആവശ്യമുള്ളപക്ഷം അതിനെപ്പററി അന്വേഷണം ചെയ്യാം.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അങ്ങനെനടത്തുന്ന അന്വേഷണത്തിൽ കിട്ടുന്ന വിവരത്തെ ഗവണ്മെന്റിന്റെ മെമ്പറായി അറിയിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): മെമ്പറിനു ആവശ്യമാണെങ്കിൽ അങ്ങനെ ചെയ്യാം.

[illegible]വിൽ ഉപ്പിനുണ്ടായ നഷ്ടം.

[illegible]. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) [illegible] വൃശ്ചികത്തിലും [illegible] ളത്തിലും ഉള്ള മഴയിൽ സംഭവിച്ചതുപോലെ [illegible] ഉപ്പളത്തിൽ [illegible] നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നു പറയാൻ ഗവണ്മെന്റിനു [illegible]?

(ബി) ഉണ്ടെങ്കിൽ ഏതുതരകാലങ്ങളിൽ?

(സി) അതിൽ ഓരോ അവസരങ്ങളിലും നശിച്ചിട്ടുള്ള ഉപ്പിന്റെ അളവെന്തു്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി): (എ) മുതൽ സീ വരെ [illegible] ഉപ്പളത്തിൽ [illegible] അങ്ങനെ നഷ്ടമുണ്ടായിട്ടുള്ളതായി ഗവണ്മെന്റിനു അറിവില്ല.

ഉപ്പളങ്ങൾ.

[illegible]. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) തെക്കൻ തിരുവിതാംകൂറിൽ, (എ) [illegible] ഏർപ്പാട് (2) എക്സൈസ് ഏർപ്പാട് (3) [illegible] എക്സൈസ് ഏർപ്പാട്, ഇവയിൽ ഓരോന്നിലും ഉൾപ്പെട്ട ഉപ്പളങ്ങളുടെ പേരുകൾ പറയുന്നതിനു, ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(ബി) ഇവയിൽ ഓരോ ഏർപ്പാടും നടപ്പിൽ വരുത്തീട്ടുള്ളതു എപ്പോൾ?

(സി) ഓരോ ഏർപ്പാടിന്റെയും വിശദമായും [illegible] വ്യത്യാസത്തെയും പറയുവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ?

(ഡി) ഓരോ ഏർപ്പാടിലും ഉൾപ്പെട്ട ഉപ്പളങ്ങളിൽ, [illegible] വേതനം, സിൽബന്തി ചിലവു, [illegible] ലവ് എന്നീ ഇനങ്ങളിലുള്ള ചിലവുകൾ ഗവണ്മെന്റു എങ്ങനെ വഹിക്കുന്നു?

(ഇ) ഓരോ ഏർപ്പാടിലും ഉള്ള ഉപ്പളങ്ങളിലെ [illegible] കൊടുക്കുന്ന കൂലി [illegible] നിരക്കു എന്തു്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റ് സിക്രട്ടറി)

(എ) (എ) (i) താമരക്കുളം പഴയ അളം

(ii) [illegible]

(iii) കൊളച്ചൽ

(2) ഒന്നുമില്ല.

(3) (i) പുത്തളം

(ii) അവധാനിയുടെ അളം (എക്സ്റ്റൻഷൻ നമ്പർ ൧)
(iii) കേപ്ക്യാമറിൻ ജനറൽ ട്രാഫിക് കമ്പനിയുടെ അളം (എക്സ്റ്റൻഷൻ നമ്പർ II)
(iv) ശ്രീമൂല ഗോപാലാനന്ദൻ അളം
(v) ശ്രീമൂലകൃഷ്ണമണി അളം
(vi) ശ്രീശങ്കര അളം
(vii) ഡാക്ടർ ശങ്കരമൂർത്തിപ്പിള്ളയുടെ അളം
(viii) സ്വാമി അളം
(ix) കുമാരി അളം
(x) വാരിയൂർ ഫാക്ടറി

(ബി) മൊണോപ്പളി ഏർപ്പാട് ൧൦൮൨-മാണ്ടുമുതൽ നടപ്പിൽവന്ന ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാട് ൧൦൯൭-മാണ്ടുമുതൽ നടപ്പിൽവന്നു.

(സി)-ം (ഡി)-ം: ൧൧൦൬-ലെ III-ാം ഗ്രേഡ്ലിമിനറി സാമ്പ്ലർഗ്രേഡിനിക്കും അനുബന്ധിച്ചുണ്ടാക്കിയ ചട്ടങ്ങളിൽനിന്ന് അറിയേണ്ടതായ ഈ വിഷയം അറിയാം.

(ഇ) ഓരോ അളത്തിലെയും ലൈസൻസുകാർക്ക് കൊടുത്തുവരുന്ന കൂലിനിരക്ക് താഴെ ചേർത്തിരിക്കുന്നു.

മോണോപ്പളി അളങ്ങൾ ... ... മന്നൊന്നിനു ൧ ചക്രം
പുത്തളം ... ... മന്നൊന്നിനു ൩ ചക്രം
അവധാനിക്കുടെ അളം ... ... മന്നൊന്നിനു ൨ അണ
മററുള്ള അളങ്ങളിലും ... ... മന്നൊന്നിനു ൨ അണ

ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാട്, അതിന്റെ ദോഷങ്ങൾ.

൫൩൦. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാട് നടപ്പിൽ വന്നതുമുതൽ, ധനവാന്മാർക്കുമാത്രമേ ഉപ്പുകൃഷി ചെയ്യാൻ സാധിക്കുന്നുള്ളുവെന്നും സാധാരണന്മാർക്ക് സാധിക്കുന്നില്ലെന്നും ഉള്ളത് ഗവണ്മെന്റിനു അറിവുണ്ടോ?

(ബി) താമരക്കുളം അളത്തിൽ ഉപ്പുവിളവു കുറവായിരിക്കുന്നതിനു ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാടിലുള്ള ഏതെങ്കിലും വ്യവസ്ഥകളുംകൂടെ കാരണമാക്കിയിരിക്കുന്നു എന്നുള്ളത് ഗവണ്മെന്റിനു അറിവുണ്ടോ?

(സി) ഒരേ ഉപ്പളത്തിൽ മൊണോപ്പളി ഏർപ്പാടും ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാടും ഒരേപോലെ ഇരിക്കുന്നതുകൊണ്ട് മൊണോപ്പളി ഏർപ്പാടിന്മേലുള്ള ഉപ്പു ലൈസൻസുകാർക്കു പലവിധമായ സങ്കടത്തിനു കാരണമായിരിക്കുന്നുവെന്നുള്ളതു ഗവണ്മെന്റിനറിവുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ്ങ് ഗവണ്മെന്റു സിക്രട്ടറി): (എ)-ം (ബി)-ം ഇല്ലെന്നുത്തരം.

(സി) മൊണോപ്പളി ഏർപ്പാടും ഭേദപ്പെടുത്തപ്പെട്ട എക്സൈസ് ഏർപ്പാടും ഒന്നിച്ചുള്ളതായ ഉപ്പളം ഒന്നും ഇല്ല. ഓരോ അളവും ഉപ്പുകൃഷിയിൽ ഒന്നല്ലെങ്കിൽ മറേറ, ഏർപ്പാടനുസരിച്ചാണ് വേലനടത്തുന്നത്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ൧൦൯൭ മുതൽ ൧൧൦൦ വരെ താമരക്കുളം ഉപ്പളങ്ങളിൽ ഏതൊന്നിനു ആണ്ടേക്കു ശരാശരി വിളയുന്ന ഉപ്പിന്റെ കണക്കു കാണിക്കത്തക്ക വണ്ണം ഒരു സ്റ്റേററുമെന്റു മേശമേൽ വയ്ക്കുവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ്ങ് ഗവണ്മെന്റു സിക്രട്ടറി): ആയാണ്ടുകളിലെ എക്സൈസ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ XIV-ാം അനുബന്ധം മെംബർ നോക്കണം.

ലൈസൻസുകാർക്കു കുറവുകൾ ചെയ്തുകൊടുക്കുന്നത്.

൫൩൧. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ൧൦൯൭ മുതൽ ൧൧൦൬ വരെ വല്ല ലൈസൻസ്കാർക്കും എന്തെങ്കിലും കുറവുചെയ്തു കൊടുത്തിട്ടുണ്ടോ എന്നു പറവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ? ഉണ്ടെങ്കിൽ അങ്ങനെ കുറവുചെയ്തു കൊടുക്കപ്പെട്ടിട്ടുള്ള ലൈസൻസുകാരുടെ പേരുകളും കുറച്ചുകൊടുത്തിട്ടുള്ള സംഖ്യകളും അവ ഏതു ആണ്ടുകളിൽ കൊടുത്തുവെന്നും പറയുമോ?

(ബി) ൧൦൯൭ മുതൽ ൧൧൦൦ വരെ കുറവുകൾ ചെയ്തുകൊടുത്തിട്ടുള്ള ലൈസൻസുകാരുടെ പേരുകളും ഓരോരുത്തർക്കു എത്രയെത്ര സംഖ്യ കുറച്ചുകൊടുത്തുവെന്നും പറവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ?

(സി) സിൽബന്ധിച്ചചെലവു, തൻചെലവു, മുതലായ ഇനങ്ങളിൽ ഗവണ്മെന്റിനു ഈടാക്കേണ്ടതായ സംഖ്യകൾ ഈടാക്കുന്നതിനു വേണ്ടവ്യവസ്ഥകൾ ചെയ്യാതിനു മേലാണോ അങ്ങനെ കുറച്ചുകൊടുത്തിട്ടുള്ളത്?

(ഡി) ഈവക ചെലവുകൾ കണക്കാക്കാതെയും അവ ഈടാക്കാതെയും ആർക്കെങ്കിലും കുറവുചെയ്തുകൊടുത്തിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ, ആ ലൈസൻസുകാരന്റെ പേരും കുറച്ചുകൊടുത്ത സംഖ്യയും പറയുന്നതിനു ഗവണ്മെന്റിനു ദയയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ)-ം (ബി)-ം ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു * സ്റ്റേററുമെന്റുകൾ മേശമേൽ വച്ചിരിക്കുന്നു.

(സി)-ം (ഡി)-ം കുറച്ചുകൊടുക്കപ്പെട്ടതായ ഉപ്പിനമുള്ള തീരുവ തീർക്കേണ്ടതായിട്ടിരുന്നതുകൊണ്ടു മേൽപറഞ്ഞ ചെലവുകൾ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്യേണ്ടതായ ആവശ്യം ഒന്നും ഉണ്ടായിരുന്നില്ല.

വാരിയൂർ ഉപ്പളം.

൫൩൨. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) വാരിയൂർ ഉപ്പളം ഉപ്പുകൃഷിക്കായിട്ടു വീണ്ടും രജിസ്റ്റർചെയ്തുകൊടുക്കപ്പെട്ടതു എപ്പോഴാണെന്നു പറവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ?

(ബി) ആ ഭൂമി ഗവണ്മെന്റിൽനിന്നു പൊന്നുംവിലകൊടുത്തു എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു വിലയ്ക്ക്?

(സി) എസ്റ്റാബ്ലിഷ്മെന്റ, തണ്ടിചെലവു, എന്നീ ഇനങ്ങളിൽ ഇപ്പോഴുള്ള ചിലവെന്ത്?

(ഡി) വാരിയൂർ ഉപ്പളത്തിലേക്കാവശ്യമുള്ള കെട്ടിടങ്ങൾ കെട്ടുന്നതിനുള്ള ചെലവെന്ത്?

(ഇ) വാരിയൂർ ഉപ്പളത്തിലേക്കുള്ള റോഡുവെട്ടുന്നതിനു ചിലവായിട്ടുള്ള തുകയെന്ത്?

(എഫ്) അഞ്ചുശതമാനം തീരുവയിൽനിന്നു ആണ്ടേക്കു എത്രപണം ഈടാക്കുന്നുണ്ട്?

* IX. എ-ം IX. ബി-ം അനുബന്ധങ്ങൾ നോക്കുക.

(ജി) കുടിവാരം കൊടുക്കുന്ന തുകയെന്തു്?

(എച്ച്) വാരിയൂർ ഉപ്പളത്തിൽ ഉപ്പുകൃഷി തുടങ്ങിയതിനുശേഷം അവിടെ കൊല്ലത്തിൽ എത്രമണ ഉപ്പുണ്ടാകുന്നുണ്ടു്?

(ഐ) അതിൽനിന്നു ഗവന്മെൻറിനു കൊടുക്കുവാൻ ഉദ്ദേശിക്കുന്നതെത്ര?

ദി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവന്മെൻറ സിക്രട്ടറി): (എ) ൧൧൦൭-ൽ

(ബി) ഉണ്ടു്. ആ ഭൂമിയിന്മേലുള്ള ഉടമസ്ഥം പകാരം ഗവന്മെൻറിലേയ്ക്കടുക്കുന്നവകയ്ക്കായുള്ള ചെലവ് [illegible] രൂപാ [illegible] ചക്രം [illegible] കാശാണ് (കൊല്ലംതോറുമുള്ള ചെലവല്ല)

(സി) ൧൧൦൦-ൽ എസ്റ്റാബ്ലിഷ്മെൻറ തൻചെലവ് എന്നി ഇനങ്ങളിൽ പണിട്ടുള്ള ചെലവു [illegible] രൂപായായിരുന്നു.

(ഡി) [illegible] രൂപാ [illegible] ചക്രം (കൊല്ലംതോറുമുള്ള ചെലവല്ല)

(ഇ) പുതിയ രോക്ഷധാന്നം വെട്ടിട്ടില്ല.

(എഫ്) ൧൦൭൪-ൽ [illegible] ബ്രിട്ടീഷ്രൂപായും ൧൧൦൦-ൽ [illegible] രൂപായും ഇടയിട്ടുണ്ട്.

(ജി) ൧൦൭൭-ൽ .... ബ്രിട്ടീഷ്രൂപാ [illegible].

൧൧൦൦-ൽ .... ൧൫൨.

(എച്ച്) ൧൦൭൭-ൽ .... [illegible] മണ്.

൧൧൦൦-ൽ .... [illegible] മണ്.

(ഐ) ആകെ വിളവു ൧൦,൦൦൦ മണ്ണിനകമായിരിക്കുന്ന ഏതൊരു കൊല്ലത്തിലും ഗവന്മെൻറിലേയ്ക്കു കൊടുക്കേണ്ടതു ൧൫൦൦ മണ ഉപ്പും, വിളവു ൧൦,൦൦൦ മണോ അതിലധികമോ ആയിരിക്കുമ്പോൾ ൨൦൦൦ മണും ആകുന്നു.

ലൈസൻസ്കാരോടുള്ള കരാറുകൾ.

൧൬൪. ദി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ലൈസൻസ്കാർ ചെല്ലേണ്ടതായ ഉപ്പും അവർ കൊടുക്കേണ്ടതായ കാര്യം അവർ എഴുതിവച്ചിരിക്കുന്ന ഉടമ്പടികളിൽ ക്ലിപ്തപ്പെടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അവർ കൃഷിചെയ്തു എടുത്തിട്ടുള്ള ഉപ്പു ഇറക്കിയതിനു ശേഷമാണോ അവർക്കു കുടിവാരം കൊടുത്തുവരുന്നതു?

(സി) ലൈസൻസുകാരുമായി അങ്ങിനെ ഉടമ്പടി ചെയ്തിട്ടുണ്ടെങ്കിൽ, കൺട്രാക്ടനുസരിച്ചു, നിബന്ധനകളിൽ പറഞ്ഞിരിക്കുന്ന കൃഷിക്കാരിൽനിന്നു ഗവന്മെൻറിലേയ്ക്കു കൊടുക്കേണ്ടതായ ഉപ്പു പിൽക്കാലത്തു അല്ലെങ്കിൽ വില്പനയ്ക്കായി അന്യസ്ഥലങ്ങളിലേയ്ക്കു കയററി അയക്കുന്ന സമയത്തോ മാത്രം കുടിവാരം കൊടുത്താൽ മതിയെന്നാണ്, എന്ന്, ൧൦൭൭ മകരം ൧൭-നു-ലെ നിയമസഭായോഗത്തിലെ ൯൭ [൧൧൭] ചോദ്യം (ബി) ഭാഗത്തിനുള്ള മറുപടിയിൽ പുറപ്പെടുവിച്ചിരിക്കുന്ന വാദം, ലൈസൻസ്കാർക്കു പറയുന്നതാണോ?

(ഡി) ഉടമ്പടിയനുസരിച്ചു കൃഷിചെയ്തുകൂട്ടിയിട്ടുള്ള ഉപ്പിനെ ഉടമ്പടിയിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സമയത്തിനകത്തിൽ ഇറക്കി എടുക്കാതിരിക്കുന്നതുകൊണ്ടു ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ, ആ വക നഷ്ടത്തിനു ആരാണ് ഉത്തരവാദി എന്നു പറവാൻ ഗവന്മെൻറിനു ദയവുണ്ടാകുമോ?

(ഇ) ഇറക്കി എടുത്തതിനുശേഷം റിസർവ്വ് സ്റ്റോക്കിൽവെച്ചിരിക്കുന്ന ഉപ്പിനു ഡിപ്പാർട്ടുമെൻറിൽനിന്നും കുടിവാരം കൊടുക്കുന്നുണ്ടോ?

(എഫ്) റിസർവ്വ് സ്റ്റോക്കിലുള്ള ഉപ്പു സ്റ്റോർഷെഡ്ഡിന്മേൽ തന്നെയാണോ വച്ചിരിക്കുന്നതു? അങ്ങനെയാണെങ്കിൽ ആ ഉപ്പിനു നഷ്ടം സംഭവിക്കുന്ന വിഷയത്തിൽ ഉപ്പു ലൈസൻസ്കാർതന്നെയോ ആ നഷ്ടം സഹിക്കേണ്ടതു?

(ജി) സ്റ്റോർഷെഡ്ഡിന്മേൽ ശേഖരിച്ചിരിക്കുന്ന ഉപ്പിനു, വെള്ളപ്പൊക്കത്താലോ മററുവിധത്തിലോ വല്ല നഷ്ടവും ഉണ്ടാകാവുന്നതിനെ തടയുന്നതിനുള്ള ചുമതല ആർക്കാണ്?

(എച്ച്) റിസർവ്വ് സ്റ്റോക്കിനു ആവശ്യമുള്ളതിലധികം ഉള്ള ഉപ്പിനെ വിൽക്കുന്നതിനു സൌകര്യം കിട്ടുമ്പോൾ വിൽക്കുകയോ അന്യദിക്കുകളിലേയ്ക്കയയ്ക്കയോ ചെയ്യാതിരിക്കുന്നതുകൊണ്ടു കുടിവാരം കിട്ടുന്നതിനിട വരാതെ ഉപ്പു കൃഷിക്കാർക്കു നഷ്ടം നേരിടുന്ന എന്നുള്ളതു ഗവന്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഉണ്ടെന്നാണ് മറുപടിയെങ്കിൽ, അതിനെന്തെങ്കിലും പരിഹാരമാർഗ്ഗം ഏർപ്പാടുകൾ ചെയ്യണമെന്നു ഗവന്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

ദി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവന്മെൻറ സിക്രട്ടറി): (എ) [illegible] അവസാനത്തിനുമുമ്പു ഉപ്പു [illegible] എന്നു ഉടമ്പടികളിൽ വ്യവസ്ഥപ്പെടുത്തിട്ടുള്ളതു. ഗവന്മെൻറിൽനിന്നു ആയതു എപ്പോൾ ഏററുവാങ്ങണമെന്നു ആ വഴിയിൽ വ്യവസ്ഥപ്പെടുത്തിട്ടില്ല.

(ബി) ഗവന്മെൻറിലേയ്ക്കു ഉപ്പു ഏററുവാങ്ങിയതിനുശേഷമാണ് ലൈസൻസ്കാർക്കു കുടിവാരം കൊടുക്കുന്നതു.

(സി) ലൈസൻസ്കാർ കൊടുക്കേണ്ട ഉപ്പു എപ്പോൾ കൊടുക്കണമെന്നു ഉടമ്പടിയിൽ വ്യവസ്ഥപ്പെടുത്തിട്ടില്ലാത്തതിനാൽ, ഗവന്മെൻറിനുവേണ്ടി അവ അളങ്ങളിൽവച്ചു വിൽക്കുവാൻ ആവശ്യപ്പെട്ട [illegible] അവ പുറത്തുള്ള സ്ഥലങ്ങളിലേയ്ക്കു കയററി അയയ്ക്കാൻ ആവശ്യപ്പെടുമ്പോഴോ മാത്രമേ ഗവന്മെൻറിൽനിന്നു ഏററുവാങ്ങിവരുന്നുള്ളൂ.

(ഡി) ഗവന്മെൻറിൽനിന്നു എപ്പോൾ ഉപ്പു ഏററുവാങ്ങണമെന്നു ഉടമ്പടികളിൽ വ്യവസ്ഥപ്പെടുത്തിട്ടില്ലാത്തതുകൊണ്ടും, അളങ്ങളിൽനിന്നു മാററുവാൻ ആവശ്യപ്പെടുന്ന അവസരത്തിൽ മാത്രമാണ് ഡിപ്പാർട്ടുമെൻറിൽനിന്നു ഉപ്പു ഏററുവാങ്ങിവരുന്നതെന്നുള്ളതു മുമ്പിനാലെ ഉള്ള പതിവാകകൊണ്ടു, ലൈസൻസ്കാരുടെ ചുമതലയിൽതന്നെ ഉപ്പു അളങ്ങളിൽ കിടക്കുന്നു; ആകയാൽ നഷ്ടത്തിനു ഗവന്മെൻറു ഉത്തരവാദിയാകുന്നില്ല.

* IX-ഉം IX-ബി-ഉം അനുബന്ധങ്ങൾ, നോക്കുക.

(ഇ) അളങ്ങളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന സർക്കാരിന്റെ ഭാഗം ഉപ്പിനു വിലകൊടുക്കുന്നതു, വിൽപ്പനയ്ക്കു കയററി അയയ്ക്കുന്നതിനോ കൊടുക്കുമ്പോൾമാത്രമേ ഉള്ളു. അടുത്തുവരുന്ന പാനിയിൽ റിസർവ്സ്റ്റാക്കായിരിക്കത്തക്കവണ്ണം പുതിയ ഉപ്പ ഉണ്ടായിവരുമ്പോൾ അങ്ങനെ ഉപ്പു കൊടുത്തുവരുന്നു.

(എഫ്) റിസർവ്സ്റ്റാക്ക് എപ്പോഴും ലൈസൻസ്കാരന്റെ സ്റ്റോർതട്ടിന്മേൽ ഉണ്ടായിരിക്കുന്നതാണ്. ആ ഉപ്പിന്റെ ചുമതലയെ സംബന്ധിച്ച് മുകളിൽ (ഡി) വിഭാഗത്തിന്റെ മറുപടി മെംബർ നോക്കണം.

(ജി) സാൾട്ട് റഗുലേഷൻ പത്താംവകുപ്പനുസരിച്ച് അളത്തിൽ വെള്ളംകയറിപ്പോകാതിരിക്കാൻ വേണ്ട രക്ഷാമാർഗ്ഗങ്ങൾ ചെയ്യേണ്ട ചുമതല അവർക്കുള്ളതുകൊണ്ട് ലൈസൻസ്കാർക്കുതന്നെയാണ് വെള്ളം കയറി നാശിച്ചുപോകാതെ സൂക്ഷിക്കുന്നതിനുള്ള ചുമതല.

(എച്ച്) ഇല്ല. ഉപ്പു, റിസർവിൽ സൂക്ഷിക്കപ്പെട്ടിരുന്നാലും സൌകര്യംകിട്ടുന്നതുപോലെ വിററുകളുകയോ ആവശ്യമുള്ളപ്പോൾ മററ സ്ഥലങ്ങളിലേയ്ക്കു കയററി അയയ്ക്കുകയോ ചെയ്തുവരുന്നു. അങ്ങനെ ഏററവുമങ്ങുന്ന ഉപ്പിന്റെ കരിവാരം കൊടുക്കുന്നതിനു താമസിക്കാറില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്): (എ) വിഭാഗം. മേടമാസത്തിൽ തയാറാക്കണമെന്നുമാത്രമേ ഉടമ്പടിയിൽ പറഞ്ഞിട്ടുള്ളോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമെണ്ട് സിക്രട്ടറി). അത്രേയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ഉപ്പു കൃഷിചെയ്തു മേടമാസാവസാനത്തിനകം ഗവമ്മെണ്ടു ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്നു ഉടമ്പടിയിൽ പറഞ്ഞിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടു സിക്രട്ടറി): ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (ബി) പിരിവു. ഉടമ്പടിപ്രകാരം മേടമാസാവസാനത്തിനുമുമ്പു തയാറാക്കുന്നതായ ഉപ്പു എപ്പോഴെങ്കിലും തൂക്കി ഏററതിൽപിന്നീടു മാത്രമാണോ കരിവാരം കൊടുക്കുന്നതു? അതിലേയ്ക്കു വല്ല നിശ്ചിതകാലവും നിർദ്ദേശിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): അതു ഗവമ്മെണ്ടിന്റെ സൌകര്യംപോലെ-തൽക്കാലം അളത്തിൽ വിൽക്കുന്നമെങ്കിൽ അങ്ങനെചെയ്യും. അതല്ലാ വേറെസ്ഥലത്തു കൊണ്ടുപോകണമെങ്കിൽ മേടമാസം കഴിഞ്ഞാൽ ആവശ്യപ്പെടുന്നതുപോലെ തൂക്കിക്കൊടുക്കും. അല്ലാതെ ഇന്ന സമയത്തു തൂക്കിക്കൊടുക്കണമെന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (സി) ഭാഗം. ഉടമ്പടിപ്രകാരം മേടമാസാവസാനത്തോടുകൂടി ഉപ്പു ശേഖരിക്കുകയും ഉപ്പു തൂക്കി ഏല്ക്കാതിരിക്കയും ചെയ്തതിൽപിന്നീടു ഉപ്പിനു ദോഷം വരുന്നപക്ഷം ലൈസൻസികൾ ഉത്തരവാദികളായി തീരുന്നതാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): ഗവമ്മെണ്ടു തൂക്കിയെടുക്കാതിരിക്കുന്നിടത്തോളം കാലം ഗവമ്മെണ്ടു ഉത്തരവാദിയല്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ഉപ്പു തയാറായിവരുമ്പോൾ മുമ്പു ശേഖരിച്ചിട്ടുള്ള ഉപ്പിനെ തൂക്കിക്കൊടുക്കാറുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): തൂക്കിക്കൊടുക്കുന്നതിനു കാലം ക്ലിപ്തപ്പെടുത്തിട്ടില്ല. അതു ഗവമ്മെണ്ടിന്റെ സൌകര്യംപോലെ ചെയ്യും.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ഇതിന്റെ താല്പര്യം എന്താണ്? (സി) വിഭാഗത്തിൽ പറയുന്നതു; "അടുത്ത പാനിയിൽ പുതിയ ഉപ്പു ഉണ്ടായിവരുന്നതോടുകൂടി അങ്ങനെ ഉപ്പു കൊടുക്കുന്നതാണ്". ഇങ്ങനെ പറഞ്ഞിട്ടുള്ളതിന്റെ താല്പര്യം എന്തെന്നുപറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): വേറെ പുതുതായി ഉപ്പുതയാറായിവരുമ്പോൾ മുൻകിടക്കുന്ന ഉപ്പു തൂക്കിക്കൊടുക്കും.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അങ്ങനെ നടത്തിവരുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി). സാധാരണ അങ്ങനെയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): സാധാരണ അങ്ങനെ നടന്നുവരാത്തസ്ഥിതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ എത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): അങ്ങനെ അല്ലാതെ ഉണ്ടായെന്നറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): വെള്ളപ്പൊക്കം മുതലായവകൊണ്ടുള്ള നഷ്ടത്തെ തടയുന്നതിനുള്ള ചുമതല—

പ്രസിഡണ്ടു: പറഞ്ഞിരിക്കുന്ന മറുപടികളെ വായിച്ചുകേൾപ്പിക്കുന്നതിനു മെംബർക്കു അവകാശമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): സർ, ഞാൻ മാപ്പപേക്ഷിച്ചുകൊള്ളുന്നു. ഉപ്പളത്തിൽ ഇപ്പോൾ ചെന്നുചേരുന്നതായ ശുദ്ധജലത്തെ ആററിലേയ്ക്കു കൊണ്ടുപോകാനുള്ള കാലിനെ ഒരാൾ അടയ്ക്കുന്നതുകൊണ്ടു ഉപ്പളങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിനു മററ കൃഷിക്കാർ ഉത്തരവാദികളാകുന്നതെങ്ങനെ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമ്മെണ്ടുസിക്രട്ടറി): അതു ഒരു സങ്കല്പ കല്പിതമായ ചോദ്യമാണ്; അതിനു മറുപടിപറയാൻ നിവൃത്തിയില്ല.

ഉപ്പു റിസർവ്.

൫൬൮. മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): (എ) ഉപ്പളങ്ങളിൽ നിന്നും ഉപ്പു കച്ചവടക്കാർ വാങ്ങിക്കുന്ന ഉപ്പിനെ അവർ കൂടുതൽവിലയ്ക്കു വിൽക്കാതിരിക്കത്തക്കവണ്ണം ഏതെങ്കിലും ഒരു റിസർവുസ്റ്റാക്കു ഉപ്പ് അളങ്ങളിൽ വച്ചേയ്ക്കുന്ന പതിവുണ്ടെന്നു പറയുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ? അങ്ങനെയാണെങ്കിൽ ആ സ്റ്റാക്കിനു എത്രമനു ഉപ്പ് വേണമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു?

(ബി) റിസർവ് സ്റ്റാക്കിനു് ആവശ്യമുള്ളതുക കഴിച്ചുള്ളതു മറുസ്ഥലങ്ങളിലെ ഉപയോഗത്തിനായിട്ടെടുക്കുണ്ടോ?

(സി) ൧൦൯൧ മുതൽ ൧൧൦൦ വരെയുള്ള പത്തുകൊല്ലങ്ങളിൽ തെക്കൻതിരുവിതാംകൂറിലെ ഓരോ അളങ്ങളിലും വിളഞ്ഞിട്ടുള്ള ഉപ്പിന്റെ കണക്കും, ഓരോ അളത്തിലും റിസർവ് സ്റ്റാക്കായി വച്ചിട്ടുള്ള ഉപ്പിന്റെ കണക്കും, ഓരോ അളത്തിൽനിന്നും മറുസ്ഥലങ്ങളിലേയ്ക്കു കൊണ്ടുപോയിട്ടുള്ള ഉപ്പിന്റെ കണക്കും എന്താണു്?

റ്റി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റ് സിക്രട്ടറി) :

(എ) വില കൂട്ടിക്കളയാതെയിരിക്കുന്നതിനുവേണ്ടി അളങ്ങളിൽ എല്ലായ്പോഴും ഏതാനും ഉപ്പു റിസർവായി വച്ചുകൊണ്ടിരിക്കയെന്നുള്ളതു ഡിപ്പാർട്ടുമെന്റിലെ നയമാകുന്നു. ആ കാര്യത്തിനായിട്ടുള്ള നിലയിൽ അളവു പ്രത്യേകം നിശ്ചയപ്പെടുത്തുന്ന പതിവില്ല. എന്നാൽ ഓരോ കൊല്ലത്തിലും ഉള്ള ആവശ്യങ്ങളെ അനുസരിച്ചുള്ള ഉപ്പു അളങ്ങളിൽ കിടക്കത്തക്കവണ്ണം ഡിപ്പാർട്ടുമെന്റിൽനിന്നും ശ്രദ്ധിക്കുമെന്നുള്ളതാണു്.

(ബി) കയററി അയക്കുന്നതിനു വേണ്ടടത്തോളം ഉണ്ടെന്നുവരുമ്പോൾ സാധാരണയായി അതിനെ കയററി അയക്കുന്നതു പതിവാണു്.

(സി) ഉപ്പു വിളഞ്ഞിട്ടുള്ളതിന്റെയും കയററി അയച്ചിട്ടുള്ളതിന്റെയും കണക്കിനു ആ കൊല്ലങ്ങളിലെ എക്സൈസ് ഡിപ്പാർട്ടുമെന്റു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിന്റെ (XV)-ാം അനുബന്ധം നോക്കണം. "ഗവർമെന്റു വില്പന" എന്നും ഡിപ്പോവുകളിലേയ്ക്കയച്ചതു എന്നുമുള്ള ഇനങ്ങളിൽ കാണിച്ചിട്ടുള്ളതിന്റെ തുക റിസർവിൽ വയ്ക്കുന്നതിനും ഗവർമെന്റുവകയായി വില്പനനടത്തുന്നതിനും മതിയാകുമെന്നുള്ളതാണു്.

കറുപ്പിനും കഞ്ചാവിനും ഉള്ള കുത്തക.

൧൩൯. മി. ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോടു)

(൧) ൧൧൦൦ കർക്കടകം ൨൨-നു-ലെ നിയമസഭയിൽ ചോദിച്ച ൩൩-ാം നമ്പർ ചോദ്യത്തിന്റെയും ഉപചോദ്യങ്ങളുടെയും സംബന്ധിച്ചു, താഴെ ചോദിക്കുന്ന സംഗതികളിൽ വേണ്ട അറിവുതരുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

(എ) ൧൦൯൭-ലും ൧൦൯൮-ലും ൩,൪൫൦ രൂപായ്ക്കും ൧൦൯൯-ൽ ൩,൭൦൦ രൂപായ്ക്കും, ൧൧൦൦-ൽ ൩,൯൦൦ രൂപയ്ക്കും ലേലംചെയ്ത കൊല്ലത്തെഷാപ്പിൽ നിന്നും വിററിട്ടുള്ള കറുപ്പിന്റെയും കഞ്ചാവിന്റെയും അളവു.

(ബി) അതേകാലത്തു തിരുവനന്തപുരം ഷാപ്പിൽനിന്നും വിററിട്ടുള്ള കറുപ്പിന്റെയും കഞ്ചാവിന്റെയുംഅളവും ഈ വർഷങ്ങളിൽ ഈ ഷാപ്പുലേലംചെയ്തിട്ടുള്ള തുകകളും.

(സി) ൧൦൯൭-ലും ൧൦൯൮-ലും കൊല്ലം ഷാപ്പിലേക്കുള്ള ലേലത്തുക അവിടത്തെ ആവശ്യത്തിൽ വളരെ കൂടുതലായിരുന്നു എന്നുള്ളതു എങ്ങനെ അറിഞ്ഞുവെന്നു.

(ഡി) അങ്ങനെ വളരെ കൂടുതലാണെന്നുള്ളതു അറിഞ്ഞിരുന്നുവെങ്കിൽ, അതിനടുത്തകൊല്ലത്തിൽ അതിലുംകൂടുതലായ ഒരുസംഖ്യയ്ക്കു ലേലംസ്ഥിരപ്പെടുത്തുവാനുള്ള അനുവാദം എന്തുകൊണ്ടാണു് കൊടുത്തതെന്നു.

(ഇ) കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു കുറഞ്ഞതുകയ്ക്കു ആ ഷാപ്പുവിൽക്കണമെന്നുള്ള നയം ൧൦൯൯-ലും ൧൧൦൦-ലും സ്വീകരിച്ചിട്ടുള്ളതു മററുഷാപ്പുകളെ സംബന്ധിച്ചും സ്വീകരിച്ചിട്ടുണ്ടോയെന്നു.

(എഫ്) ഈ നയം കള്ളും ചാരായവും ഷാപ്പുകളേയും സംബന്ധിക്കുന്നുണ്ടോഎന്നു.

(ജി) ഓരോഷാപ്പിലും വിൽക്കുന്ന അളവിന്റെ തുക അറിഞ്ഞതിനുമേലാണോ ഷാപ്പുകൾ ലേലംചെയ്യുന്നതെന്നു?

(എച്ച്) ഈ നയത്തിനു വിപരീതമായി വല്ലതും നടന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ളകാരണം എന്തു?

(൨) (എ) മത്സരക്കാറില്ലാതിരുന്നതുകൊണ്ടു കറുപ്പും കഞ്ചാവും വിററഴിഞ്ഞ കണക്കനുസരിച്ചു ഒരു തുക ലേലത്തിൽ കിട്ടിയെന്നു പറഞ്ഞിരിക്കുന്നു, ൩൩-ാംനമ്പർചോദ്യം (സി) വിഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചു, മത്സരക്കാറില്ലാത്തതിനാലോ മററുകാരണങ്ങളാലോ കഴിഞ്ഞകൊല്ലങ്ങളെ അപേക്ഷിച്ചു കുറഞ്ഞതായ തുകമാത്രം കിട്ടീട്ടുള്ളതെന്നു വരുമ്പോൾ ഷാപ്പുകളെ വീണ്ടും ലേലംചെയ്യുന്ന പതിവുണ്ടോ എന്നു പറവാൻ ഗവർമെന്റിനു ദയവുണ്ടാകുമോ?

(ബി) ആ കൊല്ലത്തിൽ, സംഖ്യ കുറഞ്ഞുപോയതുകൊണ്ടോ കൂടുതൽ സംഖ്യകിട്ടുവാൻ സാധിച്ചേക്കുമെന്നുള്ളതുകൊണ്ടോ ഏതെങ്കിലുംഷാപ്പ വീണ്ടും ലേലംചെയ്തിട്ടുണ്ടോ?

(സി) മേൽപറഞ്ഞ ചോദ്യത്തിന്റെ ഉത്തരം, ഉണ്ടെന്നാണെങ്കിൽ, അങ്ങിനെ വീണ്ടുംലേലംചെയ്തിട്ടുള്ളഷാപ്പുകളുടെപേരും കൂടുതൽകിട്ടീട്ടുള്ള സംഖ്യകളും കാണിക്കുന്നതായ ഒരുസ്റ്റേറ്റുമെന്റു മേശമേൽവയ്പാൻ ഗവർമെന്റിനു ദയവുണ്ടാകുമോ?

(ഡി) മേൽ പ്രതിപാദിച്ചസംഗതികളിൽ, കൊല്ലത്തെഷാപ്പിനെ വീണ്ടും ലേലംചെയ്യാൻ സാധിക്കാതിരിക്കത്തക്കവണ്ണമുള്ളകാരണങ്ങൾ ഗവർമെന്റിനു അറിയാമോ?

(ഇ) ഇല്ലെന്നാണുത്തരമെങ്കിൽ, അന്വേഷിച്ചു ഈ കാര്യം അറിയിക്കുമോ?

(൩) (എ) "൧൦൯൯-ലെ കുംഭക്കു്, ഈ ഒടുവിൽപറഞ്ഞയാളിനെ [illegible] കറുപ്പും കഞ്ചാവും സംബന്ധിച്ചുള്ള ന്യായരഹിതമായ നടപടികൾക്കു ശിക്ഷിക്കപ്പെട്ടിട്ടുണ്ടു എന്നുള്ള കാരണത്തിന്മേൽ ലേലത്തിൽ ചേരുന്നതിൽനിന്നും ഒഴിച്ചു" എന്നു ൩൩-ാംനമ്പർചോദ്യം (സി) വിഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചു, ഇങ്ങിനെ പറഞ്ഞിട്ടുള്ളതു മിസ്റ്റർ ഗോവിന്ദപിള്ള. വേലായുധൻപിള്ളയെസംബന്ധിച്ചാണോ എന്നു പറവാൻ ഗവർമെന്റിനു ദയവുണ്ടാകുമോ?

(ബി) തന്നെയെന്നാണു മറുപടിയെങ്കിൽ കൊല്ലം ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടുകോടതിയിൽ ൧൦൯൫-ൽ സി. എ. ൩൩൮-ാംനമ്പർ കേസിനെസംബന്ധിച്ചാണോ അങ്ങനെപറഞ്ഞിട്ടുള്ളതു.

(സി) ആ ജഡ്ജിമെന്റിൽ മിസ്റ്റർ വേലായുധൻപിള്ളയെ ശിക്ഷിച്ചിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ, ക്രമക്കേടായ നടപടികൾക്കു ശിക്ഷിക്കപ്പെട്ടു എന്നുള്ള പ്രഖ്യാപനം എങ്ങനെ ന്യായമാകും?

(ഇ) ഈ ജഡ്ജിമെന്റ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

(എഫ്) കേസുളവായകാലത്തു കൊല്ലത്തെ അസിസ്റ്റന്റ എക്സൈസ്കമ്മീഷണർ ആരായിരുന്നു?

(ജി) ജഡ്ജിമെന്റിൽ അദ്ദേഹത്തിനെപറ്റി എന്തുപറഞ്ഞിരിക്കുന്നു?

(എച്ച്) ഈ സംഗതിയിൽ ഗവണ്മെന്റ അന്വേഷണം നടത്തുകയോ അതിനെപറ്റി വല്ലനടപടിയും നടത്തുകയോ ചെയ്തിട്ടുണ്ടോ?

(ഐ) ആ ജഡ്ജിമെന്റ ഇതേവരെ ഗവണ്മെന്റിൽനിന്നു വായിച്ചുനോക്കിട്ടില്ലെങ്കിൽ, ആയതു വരുത്തിനോക്കുന്നതിനും അതിനെ പരിശോധിച്ചതിനുശേഷം വേണ്ടനടപടികൾ നടത്തുന്നതിനും ഗവണ്മെന്റിനു ദയയുണ്ടാകുമോ?

(ജെ) മഹസരിൽ പറഞ്ഞിരിക്കുന്ന കൺട്രാക്ടരുടെ പ്രൈവററഡയറി ഹാജരാക്കിട്ടില്ലെന്നു ജഡ്ജ്മെന്റിൽപറഞ്ഞിട്ടുണ്ടോ?

(കെ) ൧൧൨൦ ഡിസംബർമാസത്തിലെ പ്രൈവററഡയറിലെ കണക്കിൽ, ആ കള്ളുഷാപ്പുകാരന്റെയോ അയാളുടെ ഏജന്റിന്റെയോ പക്കൽനിന്നു ഏതെങ്കിലും എക്സൈസ് ഉദ്യോഗസ്ഥൻ ന്യായരഹിതമായിപണം വാങ്ങിച്ചിട്ടുണ്ടെന്നു എഴുതീട്ടുണ്ടോ? ആ ഡയറി വരുത്തി പരിശോധിച്ചു ആരാണു അങ്ങനെപണം വാങ്ങിച്ചതു എന്നുപറവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എൽ) ഒരാളെന്റപേരിൽ ക്രിമിനൽകേസ് കൊടുക്കയും കോടതിയിൽനിന്നും അയാളെ വെറുതെവിടുകയും ചെയ്യുമ്പോൾ, അയാളെ സാധാരണയായി കുററക്കാരൻഎന്നു തന്നെയാണോ ഗവണ്മെന്റിൽനിന്നും പറയാറുള്ളതു?

(എം) മി. വേലായുധൻപിള്ളയെ സംബന്ധിച്ചു "ക്രമക്കേടായ നടപടികൾക്കു ശിക്ഷിക്കപ്പെട്ട"എന്നുള്ള പ്രഖ്യാപനത്തിനുള്ള കാരണമെന്താണു?

(എൻ) ഗവണ്മെന്റ ജീവനക്കാരുടെപേരിൽ കേസ്കൾ കൊടുക്കപ്പെടുകയും കോടതികളിൽനിന്നും അവരെ വെറുതെവിടുകയും ചെയ്യുമ്പോൾ, അവരെ വീണ്ടും ഗവണ്മെന്റസർവീസിൽ നിയമിക്കാറുണ്ടോ? ഉണ്ടെന്നാണ മറുപടിയെങ്കിൽ, മി. വേലായുധൻപിള്ളക്കു കൺട്രാക്ട്കൊടുക്കാത്തതെന്ത്, അയാളെ വേലത്തിൽചേരുന്നതിൽനിന്നു ഒഴിച്ചതെന്തിനു?

(ഒ) മി. വേലായുധൻപിള്ളയുടെ പേരിലുണ്ടായ കേസിനുശേഷം, എക്സൈസിലെ മററഡിപ്പാർട്ടുമെന്റിലോ അദ്ദേഹത്തിനു കൺട്രാക്ട് കൊടുത്തിട്ടുണ്ടോ? ഉണ്ടെന്നാണ മറുപടിയെങ്കിൽ, ൧൧൨൭-ലും ൧൧൨൮-ലും ൧൧൨൯-ലും ൧൧൩൦-ലും യഥാക്രമം എത്രഷാപ്പുകൾ എക്സൈസ്ഡിപ്പാർട്ടുമെന്റിൽ കുത്തകകൊടുത്തിട്ടുണ്ടു? അവയുടെ തീരുവ എന്ത്? മററഡിപ്പാർട്ടുമെന്റുകളിലെ കൺട്രാക്ടിന്റെ തുകയെന്തു?

(പി) ൧൧൨൭നുശേഷം മി. വേലായുധൻപിള്ളക്കു കൺട്രാക്ടുകൾ കൊടുത്തിട്ടുണ്ടെങ്കിൽ, ഗവണ്മെന്റതെരപ്പിൽ പരസ്യപ്പെടുത്തിയിട്ടുള്ള അയാളുടെ ന്യൂനതകളെ എന്തുകൊണ്ടാണ ശ്രദ്ധിക്കാത്തതു?

൪. (എ) ൧൧൨൯-ൽ തിരുവനന്തപുരത്തെ കള്ളും കഞ്ചാവും ഷാപ്പുകൾ വീണ്ടും ലേലംചെയ്തിട്ടില്ലെന്നുള്ളതു യഥാർത്ഥമല്ലെന്നു വിവരിച്ചിരുന്നതായ, ൩൩-ാംനമ്പർ ചോദ്യത്തിലെ ഒരു ഉപചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ചു, ആയതിൽ ഗവണ്മെന്റ അന്വേഷണംനടത്തി യഥാർത്ഥം മനസ്സിലാക്കിട്ടുണ്ടോ എന്നു പറവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ?

(ബി) ഉണ്ടെന്നാണ മറുപടിയെങ്കിൽ, അന്വേഷണത്തിന്റെഫലമെന്താണു?

(സി) ആ ഷാപ്പ മി. ജോസഫിനു ൧൨൦൦ രൂപാക്കും അതിൽ കൂടുതലായസംഖ്യക്കും ലേലംചെയ്തു കൊടുത്തിട്ടുണ്ടോ എന്നുകൂടെ പറവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി

൧. (എ) മെമ്പർ ആവശ്യപ്പെടുന്നസംഗതി താഴെ വിവരിച്ചിരിക്കുന്നു:—

പിറവുവ്

	ആണ്ടു	കള്ളുപറ	കഞ്ചാവ്റാത്തൽ
കള്ളും കഞ്ചാവും	൧൦൯൬	൩൮	൧൪൮
ഷാപ്പുനമ്പർ	൧൦൯൭	൪൨൯	൧൨൮
൧. കൊല്ലം	൧൦൯൯	൪൨	൧൭൩

(ബി) മെമ്പർ ആവശ്യപ്പെടുന്ന സംഗതി താഴെ വിവരിച്ചിരിക്കുന്നു.

പിറവുവു.

	ആണ്ടു	കള്ളുപറ	കഞ്ചാവുറാത്തൽ	ആണ്ടടക്കം തീരുവ രൂപാ
കള്ളും കഞ്ചാവും	൧൦൯൬	൩൪പേർ ൨൦ ഇടങ്ങഴി	൧൪൭ അര	൪൬൦൪
ഷാപ്പുനമ്പർ	൧൦൯൭	൩൬ അര	൨൦൨ അര	൪൬൦൫
൧. തിരുവനന്തപുരം,	൧൦൯൯	൩൪	൨൩൨ അര	൭൬൦൦

(സി) ഒരു കള്ളു കഞ്ചാവുഷാപ്പിന്റെ യഥാർത്ഥമായ വില അവിടെ വില്പനചെയ്യപ്പെടുന്ന കള്ളിന്റെയും കഞ്ചാവിന്റെയും തൂക്കത്തിനെ അനുസരിച്ചിരിക്കുമെന്നുള്ളതാണു. ആ സാധനങ്ങൾ ഷാപ്പുകാരനു ഇന്നവിലക്കുമൊത്തമായി കൊടുക്കുന്നുവെന്നും ഷാപ്പുകാരൻ അതിനെ ചില്ലറയായി ഇന്നവിലക്കു വിൽക്കുന്നുവെന്നു അറിയാം. ഈ രണ്ടുവിലകളും തമ്മിലുള്ളവ്യത്യാസത്തിൽ നിന്നും ഷാപ്പിനു കിട്ടാവുന്ന തീരുവയുടെ ഒരു സൂചനം സിദ്ധിക്കുമെന്നുള്ളതാണ്. ഈ തത്വമനുസരിച്ചു ഷാപ്പിന്റെ യഥാർത്ഥമായവില അറിയുന്നതിനുള്ളതോതു വച്ചുനോക്കുമ്പോൾ, ൧൦൯൬-ം ൧൦൯൭-ം കൊല്ലത്തെ ഒന്നാംനമ്പർ കള്ളും കഞ്ചാവും ഷാപ്പിനുകിട്ടിട്ടുള്ള തീരുവകളൊ കൂടുതലാണെന്നു കാണപ്പെട്ടു.

(ഡി) ൧൦൯൬-൧൦൯൭-നുള്ള തീരുവ ൩൭൪൪ രൂപായായിരുന്നു. അതിന്റെ മുമ്പിലത്തെയാണ്ടിലെ തീരുവ ൪,൯൬൪ രൂപാകയു ആയിരുന്നുള്ളു. ആകയാൽ ഈ ചോദ്യത്തിനവകാശമില്ല.

(ഇ) മുൻകൊല്ലങ്ങളേക്കാൾ കൂടുതൽ സംഖ്യയ്ക്ക് കുത്തകയെടുത്തവരെല്ലാം ഡിപ്പാർട്ടുമെന്റിനെ പിന്നീടു സമീപിച്ചില്ലെന്നും, എന്നാൽ ന്യായമായ തീരുവയ്ക്കു ഷാപ്പുകൾ വിൽക്കപ്പെട്ടു എന്നുള്ളതാണ്.

(എഫ്) ഈ വിഭാഗം മറുപടിയിൽ പറഞ്ഞിരിക്കുന്നതും തന്നെ കാര്യവും കള്ളുഷാപ്പുകളിലും അനുവർത്തിച്ചു വരുന്നു.

(ജി) അതേ.

(എച്ച്) പല കാരണങ്ങൾകൊണ്ടും അങ്ങനെയുള്ള സംഭവങ്ങൾ ചിലപ്പോൾ ഉണ്ടായിരിക്കാം. അതായതു ലേലം ചെയ്യുന്ന സ്ഥലത്തുവച്ചുള്ള ഒരു പരിഭ്രമം, മുൻപുണ്ടായിരുന്ന ഒരു ഷാപ്പിനെ തന്നെ വീണ്ടും വയ്ക്കുകൊണ്ടിരിക്കാനുള്ള ആഗ്രഹമോ വിരോധിയായ ഒരു എതിരാളിയെ തോല്പിക്കുന്നതിനുള്ള താല്പര്യമോ ഇങ്ങനെയുള്ള കാരണങ്ങൾ പലപ്പോഴും തീരുവ കൂട്ടുന്നതിനും ന്യായമായതിലും അധികം ലേലത്തിൽ വിളിച്ചുകെട്ടുന്നതിനും ഇടയാക്കിയിരിക്കാം. സ്വാതന്ത്ര്യമായി വിൽപനയുടെ ശരിയായ ഗുണത്തെ നേടാനുള്ള താല്പര്യമില്ലായ്മ ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ചെയ്യേണ്ടതു സാധ്യമായി ന്യായമായ ഒരു തുക വരത്തക്കവണ്ണം ലേലം സ്ഥിരപ്പെടുത്തുകയെന്നുള്ളതാണ്.

(൨) (എ) "മത്സരം" എന്നു പറഞ്ഞതു ന്യായരഹിതമായ മത്സരത്തിനാണ്, സാധാരണ മത്സരത്തിനല്ല. ന്യായമായ മത്സരം ഇല്ലാതിരിക്കുമ്പോൾ, ഷാപ്പുകളെ വീണ്ടും ലേലം ചെയ്യുകയോ ലേലനോട്ടീസിലെ നിബന്ധനകളനുസരിച്ചു വേറെ വിധത്തിൽ തീരുമാനിക്കുകയോ ചെയ്യുന്നതാണ്.

(ബി)-ം (സി)-ം. ഇ രാജ്യങ്ങളിൽ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു തയ്യാറാക്കണമെന്നു ഗവൺമെന്റു വിചാരിക്കുന്നില്ല. എന്തെന്നാൽ അങ്ങനെയുള്ള സ്റ്റേറ്റുമെന്റു തയ്യാറാക്കുന്നതിനു ആവശ്യമുള്ള സമയത്തിനും കാലത്തിനും അനുസരിച്ചുള്ള ഗുണം അതുകൊണ്ടു സിദ്ധിക്കുമെന്നു വിചാരിക്കുന്നില്ല.

(ഡി) ചോദ്യം വിശദമായിരിക്കുന്നില്ല.

(ഇ) (ഡി) പിരിവിന്റെ മറുപടികൊണ്ടു ഇതിനു മറുപടി ആവശ്യമില്ല.

(൩) (എ) അതേ.

(ബി) അല്ല.

(സി) ഇല്ല.

(ഡി) കീഴ്‌കോടതിയിൽ ആയാളെ ശിക്ഷിച്ചു.

(ഇ) ഉണ്ട്.

(എഫ്) മി. സി. ഇ. കേശവപിള്ള ബി. എ.

(ജി) അപ്പീൽ വാദിയുടെ കടയിൽനിന്നും പുസ്തകങ്ങൾ എടുത്തതായ പ്രവൃത്തി "ന്യായമായിരുന്നില്ല" എന്നു അതിൽ പറഞ്ഞിരിക്കുന്നു.

(എച്ച്) ഇല്ല.

(൪) (ഐ) (ഇ) വിഭാഗത്തിന്റെ മറുപടികൊണ്ടു ഇതിനു മറുപടിയ്ക്കു ആവശ്യം നേരിടുന്നില്ല.

(ജെ) ഇല്ല

(കെ) അങ്ങനെ ചെയ്യുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടെന്നു ഗവൺമെന്റു വിചാരിക്കുന്നില്ല.

(എൽ) അല്ല.

(എം) ഗോവിന്ദപ്പിള്ള വേലായുധൻപിള്ളയുടെ പേരിലുണ്ടായ കേസ്സു, വേലായുധൻപിള്ളയുടെ ഷാപ്പിൽനിന്നു ലൈസൻസില്ലാതെ തെങ്കാശിക്കാരൻ ഒരാളിനു അരസേർ കഞ്ചാവു വിറ്റുവെന്നുള്ള മറ്റൊരു കേസിൽനിന്നും ഉത്ഭവിച്ചതാണ്. ഈ കേസിൽ ആ തെങ്കാശിക്കാരനേയും വിചാരയാളായ വേലായുധൻപിള്ളയുടെ ശമ്പളക്കാരനേയും രണ്ടുപേരെയും ശിക്ഷിക്കയും ആ ശിക്ഷ അപ്പീലിൽ ശരിവയ്ക്കയും ചെയ്തിട്ടുണ്ട്. ഗോവിന്ദപ്പിള്ള വേലായുധൻപിള്ളയ്ക്കു കൊടുത്തിട്ടുള്ള ലൈസൻസിന്റെ ൩-ാം വകുപ്പനുസരിച്ചു തന്റെ ശമ്പളക്കാരുടെ കുറ്റകരമായ പ്രവൃത്തികൾക്കു ആയാൾ തന്നെ ഉത്തരവാദിയായിട്ടുള്ളതാണ്. വേലായുധൻപിള്ളയുടെ കണക്കുകൾ പരിശോധിച്ചതിൽ ആയാളും ആയാളുടെ അനന്തിരവനും കറുപ്പിനെ സംബന്ധിച്ചു അനേകം അഴിമതികൾ നടത്തിക്കൊണ്ടു വന്നിരുന്നതായി കാണപ്പെട്ടു. ആ യാളുടെ കടയിൽ വച്ചു കണ്ടുപിടിച്ചതായ ഒരു കേസിനു ആയാളുടെ വില്പനക്കാരനെ ശിക്ഷിക്കയും ആ ശിക്ഷ അപ്പീലിൽ ശരിവയ്ക്കയും ചെയ്തുവെന്നുള്ള വസ്തുത, വേലായുധൻപിള്ള കറുപ്പിനെ സംബന്ധിച്ചു അഴിമതികൾ നടത്തിയെന്നുള്ളതിനു തെളിവാണ്. വേറൊരു കേസിൽ ആയാളെ വെറുതെവിട്ടുവെന്നുള്ളതുകൊണ്ടു അയാൾക്കു വിശേഷമൊന്നുമില്ല. കറുപ്പും കഞ്ചാവും വിൽക്കുന്നതിനു സ്വഭാവഗുണമില്ലാത്തവരെ ഏല്പിക്കപ്പെടാതിരിക്കാൻ ഡിപ്പാർട്ടുമെന്റിൽനിന്നും ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. മേൽവിവരിച്ച കാര്യങ്ങളാണ്, വേലായുധൻപിള്ളയെപ്പോലുള്ള ഒരുവനെ കറുപ്പും കഞ്ചാവും ഷാപ്പേൽപ്പിക്കുന്നതിനു സഹായിക്കയെന്നുള്ളതു തന്നെ താൻ മോഷം വരുത്തിവയ്ക്കയെന്നുള്ളതാണ്.

(എൻ) ഒന്നാംവിഭാഗത്തിന്റെ ഉത്തരം ഉണ്ടെന്നാണ്. ഒരു കണ്ട്രാക്ടരുടെ കാര്യം ഒരു ഗവൺമെന്റു ജീവനക്കാരന്റേതിനോടു തുല്യമായുള്ളതല്ല. വേലായുധൻപിള്ളയുടെ വിഷയത്തിൽ (൩)-ാം വിഭാഗം (എം) പിരിവിനു പറഞ്ഞിട്ടുള്ള മറുപടിയിൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ ആയാളെ ഏതെങ്കിലും കറുപ്പു കഞ്ചാവു ഷാപ്പ് ഏല്പിക്കുന്നതു രക്ഷയാണെന്നു വിചാരിക്കുന്നുണ്ടായില്ല.

(ഓ) ഉണ്ടു. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളതു താഴെ വിവരിച്ചിരിക്കുന്നു.

ആണ്ടു.	ഷാപ്പുകൾ.			മുടക്കം തീരുവ രൂപ.
൧൦൯൬—൧൦൯൭	കള്ളുഷാപ്പുനമ്പർ	൨൫	കൊല്ലം താലൂക്ക	൭൦൦
ടി	ചാരായഷാപ്പുനമ്പർ	൪	ടി	൧൫൫
ടി	ടി	൨	കൊട്ടാരക്കര താലൂക്ക	൩൦൦
ടി	ടി	൯	തിരുവനന്തപുരം ടി	൨൪൦൫
ടി	ടി	൧൩	ടി	൨൫൦൦
൧൧൦൦—൧൧൦൧	ടി	൧൪	കൊല്ലം താലൂക്ക	൪൧൫

ആണ്ടു.	ഷാപ്പുകൾ.		ആണ്ടടക്കം തീരുവരൂപ.
൧൦൯൭—൧൦൯൮	കള്ളും കഞ്ചാവും ഷാപ്പുനമ്പർ	൫ കൊല്ലംതാലൂക്ക	൩൭൦
ടി	ടി	൧ കൊട്ടാരക്കരതാലൂക്ക	൧൩൩൫
ടി	ടി	൨ പത്തനാപുരം ടി	൫൦൦
ടി	ടി	൪ ടി	൪൩൫
ടി	ടി	൨ കുന്നത്തൂർ താലൂക്ക	൭൦൦
ടി	ടി	൧ നെടുമങ്ങാട്ട ടി	൫൯൦
ടി	ടി	൧ തിരുവനന്തപുരം താലൂക്ക	൫൭൦൫
ടി	ടി	൨ ടി	൩൫൦

(പി) ൧൦൯൩ മുതൽ ൧൦൯൭ വരെയുള്ള കള്ളും ചാരായവും ഷാപ്പുകൾ ആയാൾ ലേലത്തിൽ വിളിച്ചെടുത്ത ൧൦൯൫ മുതലാണു. അപ്പോൾ ആയാളുടെമേൽ കേസൊന്നും ഉണ്ടായിരുന്നില്ല. അയാളുടെ മേലുള്ള കേസു കണ്ടുപിടിക്കുന്നതിനു മുമ്പിലാണ ൧൦൯൩-ലെ കള്ളും കഞ്ചാവും ഷാപ്പുകൾ അയാൾ ലേലത്തിൽ പിടിച്ചതു ൧൧൦൦ മുതൽ ൧൧൦൧ വരെയുള്ള കാലത്തേയ്ക്കു ചാരായത്തിനെസംബന്ധിച്ചു അയാൾ എന്തെങ്കിലും അക്രമം ചെയ്തിരുന്നതായി അറിവില്ലാതിരുന്നതുകൊണ്ടു ഒരു ചാരായഷാപ്പു മാത്രം അയാൾക്കു കൊടുത്തുള്ളു.

(ഡി) (എ) ഉണ്ടു.

(ബി) വീണ്ടും ലേലം നടന്നിട്ടില്ലെന്നു ഗവർമെന്റു അറിഞ്ഞിട്ടുണ്ടു.

(സി) മിസ്റ്റർ ജോസഫിന്റെ പേരിൽ ൪൨൦൦ രൂപായ്ക്കു ഷാപ്പുസ്ഥിരപ്പെടുത്തി.

മിസ്റ്റർ ജോസപ്പും കഞ്ചാവും കറപ്പും കുത്തകയും.

൧൯൭. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ൧൧൦൦ കർക്കടകം ൨൨-നു-ലെ കൌൺസിൽ യോഗത്തിൽ ചോദിച്ച ൩൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ചു താഴെപറയുന്ന കാര്യങ്ങളിൽ വേണ്ട വിവരങ്ങൾ തരുന്നതിനു ഗവർമെന്റിനു ദയയുണ്ടാകുമോ?

(എ) ൧൧൧൦ ലേയ്ക്കു കൊല്ലത്തെ കറപ്പും കഞ്ചാവും ഷാപ്പു ൩൮൦൦ രൂപായ്ക്കു വിളികേൾക്കപ്പെട്ടിരിക്ക, തിരുവനന്തപുരം ലക്ഷ്മിവിലാസം ബംഗ്ലാവിൽ മി. ജോസഫ് ആയതു ൪൨൦൦ രൂപായ്ക്കു വിളികേൾക്കുവാൻ തയ്യാറാണെന്നു അപേക്ഷകൊടുത്തപ്പോൾ, കുത്തക മി. ജോസഫിനു കൊടുക്കരുതെന്നും ആദ്യം ലേലംപിടിച്ചയാളിന്റെ പേരിൽതന്നെ സ്ഥിരപ്പെടുത്തണമെന്നും എക്സൈസ്കമ്മീഷണർ ശുപാർശചെയ്തതിനെ ഗവർമെന്റിൽനിന്നും എന്തുകൊണ്ടു സ്വീകരിച്ചു?

(ബി) മി. ജോസഫ് ഏതുകൊല്ലംമുതൽ എക്സൈസ്ഡിപ്പാർട്ടുമെന്റിൽ ഷാപ്പുകൾ ലേലം വിളിച്ചുവരുന്നു. അതിനുശേഷം അയാൾ വീഴ്ചവരുത്തുകയും അതിനു അയാളെ ശിക്ഷിക്കയും ചെയ്തിട്ടുണ്ടോ? അയാളെ ശിക്ഷിച്ചിട്ടുണ്ടെങ്കിൽ എപ്പോൾ എന്തുശിക്ഷകൊടുത്തു?

(സി) മി. ജോസഫ് അയാൾ എടുത്തിട്ടുള്ള കുത്തകകളിൽ വീഴ്ചകൂടാതെ നടത്തിവന്നിരുന്നുവെങ്കിൽ, അയാൾക്കുകൊല്ലം ഷാപ്പിനു കൂടുതൽതുക കൊടുത്തു കൊള്ളാമെന്നു ചെയ്തഅപേക്ഷയെ എന്തുകൊണ്ടുപേക്ഷിച്ചു? എന്നും

(ഡി) കുറഞ്ഞതുകക്കുള്ള കോൺട്രാക്ടിനെ സ്വീകരിക്കയും നേരിട്ടു ഗവർമെന്റിലേയ്ക്കയച്ച അപേക്ഷയിലുള്ള കൂടുതൽ നിരക്കിനെ ഉപേക്ഷിയ്ക്കയും ചെയ്തതുകൊണ്ടുള്ള നഷ്ടത്തിനു ആരാണുത്തരവാദി? എന്നും

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റു സിക്രട്ടറി): (എ) ആ ഷാപ്പിൽ ചിലവുവന്ന കറപ്പിന്റെയും കഞ്ചാവിന്റെയും സ്ഥിതിക്കു ൩൮൦൦ രൂപായിൽ കൂടുതൽലേലത്തിൽ പോകുന്നതല്ലെന്നും അതിലും കൂട്ടിയാൽ ലേലത്തിലെടുക്കുന്ന യാളിനു ലാഭമുണ്ടാകുന്നതല്ലാത്തതിനാൽ ന്യായരഹിതമായ നടപടികൾക്കയാൾ ഉദ്യുക്തപ്പെടേണ്ടിവരുമെന്നും, മി. ജോസഫ് കൂടുതൽസംഖ്യതരാമെന്നു പറഞ്ഞതു കേവലം അന്ധമായമത്സരംകൊണ്ടും ൩൮൦൦ രൂപാ തരാമെന്നേറ്റ മി. കൃഷ്ണപിള്ളയോടുള്ള വിരോധംകൊണ്ടായിരുന്നുവെന്നും, ഷാപ്പുലേലം പിടിക്കുന്നതിനു ലേലസമയത്തു മി. ജോസഫ് ഹാജരായിരുന്നില്ലെന്നും യഥാർത്ഥത്തിൽ ഷാപ്പു മി. ജോസഫിനല്ലായിരുന്നുവെന്നും, വേറൊരാൾക്കായിരുന്നുവെന്നും അയാൾക്കു കൊടുക്കുന്നതു അവിഹിതമായിരുന്നുവെന്നും, ആക്ടിംഗ് എക്സൈസ്കമ്മീഷണർ മി. കെ. ഗോവിന്ദപ്പിള്ള റിപ്പോർട്ടുചെയ്തു, ഈ കാരണങ്ങളാൽ മി. ഗോവിന്ദപ്പിള്ള മി. ജോസഫിന്റെ അപേക്ഷയെ തള്ളണമെന്നുള്ള ശുപാർശ ചെയ്തതുകൊണ്ട് മി. കൃഷ്ണപിള്ളയ്ക്കു ഷാപ്പുകൊടുത്തു.

(ബി) ൧൦൯൫ മുതൽ ആയാൾ വീഴ്ചവരുത്തിട്ടുമില്ല ആയാളെ ശിക്ഷിച്ചിട്ടുമില്ല.

(സി) (എ) വിഭാഗത്തിന്റെ മറുപടി നോക്കണം.

(ഡി) ഷാപ്പിന്റെ വില്പനയിൽ നഷ്ടം ഉണ്ടായിരുന്നില്ല.

എന്തുകൊണ്ടെന്നാൽ, ഈടാക്കിയതീരുവ അതിന്റെ യഥാർത്ഥമതിപ്പിനനുസരണമായിരുന്നു. ഒരു ലേലത്തിനു ഹാജരാകാത്തയാൾ അതിന്റെശേഷം അന്ധമായ മത്സരംഹേതുവായിട്ടും, ലേലത്തിൽ പിടിക്കുന്നയാളിന്റെ മേലുള്ള വിരോധത്തിനാലും അസ്പൃഹണീയനായ ഒരുവനുവേണ്ടിയും കൂടുതൽസംഖ്യക്കു എടുത്തുകൊള്ളാമെന്നു ഹർജികൊടുത്ത അപേക്ഷിച്ചാൽ അങ്ങനെയുള്ള ഒരപേക്ഷയെ ഗവർമെന്റിൽനിന്നു തള്ളിക്കളയുന്നതു ഒരു നഷ്ടമല്ല.

കൊല്ലത്തെ കറപ്പും കഞ്ചാവും ഷാപ്പിലെ വില്പനയിലുള്ള ക്രമക്കേടുകൾ.

൧൯൮. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും):

(൧) (എ) കൊല്ലത്തെ കറപ്പും കഞ്ചാവും ഷാപ്പു ൧൧൦൧-ലേക്കു ലേലംചെയ്യാൻനിശ്ചയിച്ചു ഗവർമെന്റുഗസററിൽ പ്രസിദ്ധംചെയ്തിരുന്നദിവസം ഒരു ഒഴിവുദിവസമായിരുന്നോ എന്നുപറവാൻ ഗവർമെന്റിനു ദയയുണ്ടാകുമോ?

(ബി) ലേലം ആ ദിവസം നടത്തിയോ?

(സി) ഇല്ലെങ്കിൽ, ലേലത്തിനു നിശ്ചയിച്ചിരുന്ന അടുത്ത ദിവസം ഏതു്?

(ഡി) അതു ഗവണ്മെന്റുഗസററിൽ പരസ്യംചെയ്തിരുന്നോ?

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടു?

(൨) ആ ഷാപ്പു ൫൦൨൫ രൂപയ്ക്കു വിളിക്കുവാൻ തയാറാണെന്നു മി. ജോസഫ് അപേക്ഷിച്ചോ? ആ അപേക്ഷയിന്മേൽ എന്തു നടപടി നടത്തി, അതിന്മേൽ എന്തു തീർച്ചചെയ്തു?

(൩) മി. ജോസഫിന്റെ ഈ അപേക്ഷ കിട്ടിയതിന്റെശേഷം ഈ ഷാപ്പിന്റെ കൺട്രാക്ട് മി. അയ്യപ്പൻപിള്ള കുഞ്ഞുപിള്ളയ്ക്കു ൪൬൨൫ രൂപയ്ക്കു കൊടുക്കണമെന്നു എക്സൈസ്കമ്മീഷണർ ഗവണ്മെന്റിലേക്കു ശുപാർശചെയ്തോ?

(൪) ൧൧൦൯-ലേക്കു കൊല്ലത്തെ കള്ളും കഞ്ചാവും ഷാപ്പിന്റെ ലേലം സ്ഥിരപ്പെടുത്തിയതു എപ്പോൾ?

(൫) ഈ ഷാപ്പിൽ ഇപ്പോൾ എങ്ങനെ ഏതു വ്യവസ്ഥകളിന്മേൽ വില്പനനടത്തിവരുന്നു?

(൬) ഈഷാപ്പിൽ ഇപ്പോൾ വില്പനനടത്തിവരുന്നതു മി. അയ്യപ്പൻപിള്ള കുഞ്ഞുപിള്ള തന്നെതന്നെയാണോ?

(൭) ഈ ഷാപ്പിന്റെ കൺട്രാക്ട് കുറഞ്ഞതുകയ്ക്കു കൊടുത്തതെന്തുകൊണ്ടു?

(൮) (എ) ൧൧൦൦ കർക്കടകം ൩൧-നു എക്സൈസ്കമ്മീഷണർ ആഫീസുമുമ്പാകെ ഹാജരാകണമെന്നുള്ള മെമ്മോ അനുസരിച്ചു, ലക്ഷ്മിവിലാസം ബംഗ്ലാവിൽ മി. ജോസഫ്. ഹാജരായപ്പോൾ കൊല്ലത്തേക്കുള്ള കള്ളും കഞ്ചാവും ഷാപ്പിനെ സംബന്ധിച്ചുള്ള ഹർജിയെ പിൻവലിക്കണമെന്നു എക്സൈസ്കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായോ?

(ബി) അങ്ങനെ അപേക്ഷ പിൻവലിച്ചില്ലെങ്കിൽ മി. ജോസഫിന്റെ തിരുവനന്തപുരം ഷാപ്പിന്റെ ലൈസൻസു റദ്ദ്ചെയ്യുമെന്നുപറഞ്ഞു അയാളെ ഭയപ്പെടുത്തുകയുണ്ടായോ?

(സി) ഈ സംഗതിയിൽ ഗവണ്മെന്റു ദയവുചെയ്തു അന്വേഷണംനടത്തുമോ?

(൯) (എ) മി. ജോസഫിന്റെ തിരുവനന്തപുരത്തെ കള്ളും കഞ്ചാവും ഷാപ്പിന്റെ ലൈസൻസു റദ്ദുചെയ്യണമെന്നു എക്സൈസ്കമ്മീഷണർ ഗവണ്മെന്റിലേക്കു ശുപാർശചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശുപാർശയ്ക്കുള്ള കാരണങ്ങൾ എന്തു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ്ഗവണ്മെന്റുസിക്രട്ടറി):

(൧) (എ) അതേ.

(ബി) ഇല്ല.

(സി) ൧൧൦൦ ഇടവം ൧൮-നു.

(ഡി) ഇല്ല.

(ഇ) ഗവണ്മെന്റുഗസററിൽ പരസ്യംചെയ്യുന്നതിനുള്ള സമയം ഇല്ലാതിരുന്നതുകൊണ്ടു വേണ്ടവിധം സ്ഥലത്തു പരസ്യംചെയ്തതിന്മേൽ ലേലം നടത്തി.

(൨) (എ) മി. ജോസഫ് ആ ഷാപ്പിനു ൫,൦൨൫ രൂപ തരാമെന്നു പറഞ്ഞു ൧൧൦൦ ഇടവം ൧൮-നു ആയിരുന്നു. അതായതു റീ-സിഗ്നേഷൻ ഗസററിൽ പ്രസിദ്ധപ്പെടുത്തിയ ദിവസത്തിനു. ആ അപേക്ഷയിന്മേൽ പുനർവിചാരണനടത്തി ഈ ഷാപ്പിന്റെ സ്ഥിതിഗതികളൊന്നും അറിയാതെ ചെയ്തിട്ടുള്ള അപേക്ഷയാകയാൽ ആയതു ഉത്തമവിശ്വാസമായിരിക്കാൻ പാടില്ലെന്നു തീരുമാനിക്കയാണു ചെയ്തതു. ഷാപ്പിന്റെ ലേലംനടന്നു ആയതു ഉത്തമവിശ്വാസമായിരിക്കാൻ പാടില്ലെന്നു തീരുമാനിക്കയാണു ചെയ്തതു. ഷാപ്പിന്റെ ലേലംകൊണ്ടു ആയതു ... ടത്തുമ്പോൾ ഹാജരാകണമെന്നുള്ളവിചാരം മി. ജോസഫിനില്ലായിരുന്നു. അപേക്ഷ ലേലത്തിനു തീയതിനിശ്ചയിക്കുന്നതിനു മുമ്പായിരുന്നതുകൊണ്ടു മാത്രമല്ല അതിൽപിന്നീടു എക്സൈസ്കമ്മീഷണർ നടത്തിയ ഒരു വിചാരണയിൽ അയാൾക്കൊട്ടുതന്നെ ഈ വസ്തുത വിശദമായിരുന്നു. ഈ കാരണങ്ങളാൽ മി. ജോസഫിന്റെ അപേക്ഷ ഗവണ്മെന്റിനാൽ തള്ളിക്കളഞ്ഞു.

(൩) ഇല്ല. ജോസഫിന്റെഹർജി എക്സൈസ്കമ്മീഷണർക്കു റിപ്പോർട്ടിനായി അയക്കുന്നതിനുമുമ്പിൽതന്നെ അദ്ദേഹം ഷാപ്പിന്റെ ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള ശുപാർശ അയച്ചുകഴിഞ്ഞിരുന്നു.

(൪) ൧൧൦൦ മിഥുനം ൧൮-നു.

(൫) പൊതുവ്യവസ്ഥകളനുസരിച്ചു. ഷാപ്പിന്റെ വില്പന സ്ഥിരപ്പെടുത്തുന്നതുവരെ അച്ചു എന്നൊരാൾ നടത്തിവന്നു. വില്പന സ്ഥിരപ്പെടുത്തിയശേഷം ലേലം കൊണ്ടയാൾ തന്നെ നടത്തിവരുന്നു എന്നാണു മറുപടി. ഉള്ളതാണെ മെമ്പർ ആവശ്യപ്പെടുന്നെങ്കിൽ ആയതു ധിപ്പാർട്ടുമെന്റിൽനിന്നും നടത്തിവരുന്നു എന്നാണു മറുപടി.

(൬) അതേ, ഗവണ്മെന്റിൽനിന്നു ഷാപ്പു അയാളുടെപേരിൽ സ്ഥിരപ്പെടുത്തിയിരിക്കയും ആയാൾ ലേലത്തിൽപിടിച്ചയാളായിരിക്കയുംകൊണ്ടു.

(൭) (൨)-ാംവിഭാഗത്തിന്റെ മറുപടി മെമ്പർ നോക്കണം.

(൮) (എ)-ം (ബി)-ം ഇല്ലെന്നാണു മറുപടി.

(സി) ഒരു അന്വേഷണം നടത്തേണ്ടതായ വല്ല ആവശ്യവും ഉണ്ടെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

(൯) (എ)-ം (ബി)-ം മി. ജോസഫ് തന്റെ ഹർജികളിൽ എക്സൈസ്കമ്മീഷണരുടെ പേരിൽ ചില പരാതികൾ പറഞ്ഞിരുന്നു. അവയെ തെളിയിക്കുന്നതിനു മി. ജോസഫിനോടു ആവശ്യപ്പെടണമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ അയാൾക്കു കൊടുത്തിരിക്കുന്ന ലൈസൻസു റദ്ദുചെയ്യണമെന്നും എക്സൈസ്കമ്മീഷണർ അഭിപ്രായപ്പെടുകയുണ്ടായി.

കൊല്ലത്തു ചാരായവില്പനക്കുള്ള കൺട്രാക്ട്.

൧൦൯. മി. കെ. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ൧൧൦൦ കർക്കടകം ൨൯-നു-ലെ കൗൺസിൽയോഗത്തിൽ ൯൬-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിയെസംബന്ധിച്ചു താഴെചോദിക്കുന്ന കാര്യങ്ങൾ പറയുന്നതിനു ഗവണ്മെന്റിനു ദയയുണ്ടാകുമോ?

(എ) ൧൦൯൯-ലും ൧൧൦൦-ലും കൊല്ലത്തെ ചാരായഷാപ്പിലെ ശീതവസംഖ്യയിൽ കുറവു ൯൧൦ രൂപയായിരുന്നുവെന്നും ആ കുറവു ചാരായത്തിന്റെ ചെലവിലുള്ള കുറവുകൊണ്ടായിരുന്നുവെന്നും (സി) വിഭാഗം ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ചു, ൧൦൯൯-ലും ൧൧൦൦-ലും ആണ്ടുകളിലെ ...

ച്ചും ഈ ഷാപ്പിൽനിന്നും വിററിട്ടുള്ള ചാരായത്തിന്റെ അളവെത്ര്, അതതു സംവത്സരങ്ങളിൽ ഉള്ള ഷാപ്പു തീരുവ എന്ത്?

(ബി) ഏതെങ്കിലും കാലത്തിൽ ഈ ഷാപ്പിലെ ചാരായച്ചെലവു കുറവായിരുന്നുവെങ്കിൽ അങ്ങനെയുള്ള കുറവിനു കാരണമെന്ത്?

(സി) കൊല്ലത്തെ കരുപ്പും കഞ്ചാവും ഷാപ്പു കുത്തകക്കാരനായ മി. അയ്യപ്പൻപിള്ള കൃഷ്ണപിള്ളക്കു തന്നെയോ ഈ ഷാപ്പിന്റെ കൺട്രാക്ടും കൊടുത്തിരിക്കുന്നതു.

(ഡി) ഈ ചാരായഷാപ്പു ലേലംചെയ്ത ദിവസത്തിൽ എത്രപേർ ലേലത്തിനു ചെന്നിട്ടുണ്ടു. ആരൊക്കെ എത്രയാണു കൂടുതൽ ചെയ്തിട്ടുള്ളതു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ്ങ് ഗവണ്മെന്റുസിക്രട്ടറി):

(എ) മെംബർ ആവശ്യപ്പെട്ടിട്ടുള്ള സംഗതിയിൽ ഉള്ള വിവരം താഴെ ചേർത്തിരിക്കുന്നു.

ആണ്ടു	ചെലവായ ചാരായത്തിന്റെ അളവു പ്രൂഫ് ഗ്യാലൻ	ആണ്ടേടക്കമുള്ള ശരാശരി ചെലവു പ്രൂഫ് ഗ്യാലൻ	തീരുവരൂപ
൧൦൯൬	൧,൭൪൨·൦൧	൧,൬൧൨൨·൨൮	൩,൮൮൦
൧൦൯൭	൧,൪൮൨·൮൦		൩,൮൮൦
൧൦൯൮	൧,൮൭൮·൦൦	൧,൪൯൮·൧൦	൮,൬൧൮
൧൦൯൯	൧,൩൮൨·൨൦		൮,൬൧൮
൧൧൦൦	൧,൪൦൨·൭൦	൧,൪൦൨·൭൦	൪,൮൦൮

(ബി) ഏതെങ്കിലും ഒരു പ്രത്യേകഷാപ്പിൽ ഉള്ള ചെലവുകുറവിനെപ്പററി പ്രത്യേകമുള്ള കാരണം പറവാൻ സാധിക്കുമെന്നുള്ളതല്ല.

(സി) ഷാപ്പു മി. അയ്യപ്പൻപിള്ള കൃഷ്ണപിള്ളക്കു കൊടുക്കപ്പെട്ടില്ല, പരസ്യമായലേലത്തിൽ ആയാൾ വിളിച്ചുകേറുകയാണുണ്ടായതു.

(ഡി) ആ വിവരം കിട്ടുന്നതല്ലെന്നു എക്സൈസ് കമ്മീഷണർ പറയുന്നു.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ കുത്തകകളുടെ കാലാവധി രണ്ടു കൊല്ലത്തിൽനിന്നു നാലു കൊല്ലമായിട്ടുള്ള മാററം.

൨൦൦. മി. സി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): താഴെ ചോദിക്കുന്ന സംഗതികൾ പറവാൻ ഗവണ്മെന്റിനു മനസ്സുണ്ടാകുമോ? :—

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ രണ്ടു കൊല്ലത്തേക്കുള്ള കുത്തക കൊടുക്കുന്ന ഇനങ്ങൾ.

(ബി) ൧൦൯൯ മുതൽ ൧൧൦൦ വരെ ആണ്ടുകളിൽ ചാരായം സപ്ലൈചെയ്യുന്നതിനു രണ്ടു കൊല്ലത്തേക്കു കൊടുത്ത കുത്തകകളിൽനിന്നു ഗവണ്മെന്റിലേക്കു ഈടായിട്ടുള്ള സംഖ്യ.

(സി) ഇപ്പോൾ രണ്ടു കൊല്ലത്തേക്കു കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരിനത്തിനെ നാലു കൊല്ലത്തെ കാലാവധിക്കു കൊടുക്കണമെന്നു എക്സൈസ് കമ്മീഷണർ ഗവണ്മെന്റിലേക്കു ശുപാർശചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെചെയ്ത ശുപാർശയ്ക്കുള്ള കാരണങ്ങൾ.

(ഡി) നാലു സംവത്സരത്തേക്കു ഇടച്ചയായി കുത്തക കൊടുക്കുന്നതുകൊണ്ടുള്ള നഷ്ടത്തിനു ആരാണ് ഉത്തരവാദി.

(ഇ) ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർക്കു ൫൫ വയസ്സു പൂർത്തിയാകുന്നതു ൧൯൨൮ ഫെബ്രുവരി മാസത്തിലാണോ?

(എഫ്) അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി എന്നു അവസാനിക്കും?

(ജി) കൺട്രാക്ടറുകൾ നാലു കൊല്ലത്തേക്കു ഇടച്ചയായി കൊടുക്കുന്നതുകൊണ്ടുള്ള കഴപ്പങ്ങൾക്കും നഷ്ടങ്ങൾക്കും ഇനിവരുന്ന എക്സൈസ് കമ്മീഷണരെ എങ്ങനെ ഉത്തരവാദപ്പെടുത്താം?

(എച്ച്) ഈ അവസരത്തിൽ കുത്തകകളെ നാലു കൊല്ലത്തേക്കു ഇടച്ചയായി കൊടുക്കുന്നതിനു എക്സൈസ് കമ്മീഷണരെ പ്രേരിപ്പിച്ച കാരണങ്ങളെപ്പററി അന്വേഷിച്ചതിന്മേൽ ഈ സംഗതി തീർച്ചചെയ്യുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റു സിക്രട്ടറി):

(എ) (൧) ദേവികുളംഡിവിഷൻഒഴിച്ചു സംസ്ഥാനമൊട്ടുക്കു കരുപ്പട്ടിച്ചാരായവും കള്ളിൻചാരായവും വാററുന്നതിനും സപ്ലൈചെയ്തുകൊടുക്കുന്നതിനും ഉള്ള കാൺട്രാക്ററു.

(൨) ദേവികുളം ഡിവിഷനിൽ ആവശ്യമുള്ള കരുപ്പട്ടിച്ചാരായം വാററുന്നതിനും വിൽക്കുന്നതിനുമുള്ള കാൺട്രാക്ററു.

(൩) ഇൻഡിപ്പെൻഡന്റു ഷാപ്പുകളിൽ കരുപ്പട്ടിച്ചാരായം, തെങ്ങിൻചാരായം, കള്ളു എന്നിവ വിൽക്കുന്നതിനുള്ള അവകാശം.

(ബി) ചാരായം സപ്ലൈചെയ്യുന്നതിനു ഗവണ്മെന്റിൽനിന്നും യാതൊരു സംഖ്യയും ഈടാക്കിവരുന്നില്ല.

(സി) ഉണ്ട്. (എ) വിഭാഗത്തിന്റെ മറുപടിയിൽ (൧)-ം (൨)-ം ഇനങ്ങളായി മറുപടിയിൽ പറഞ്ഞിരിക്കുന്ന കാൺട്രാക്ററുകൾ.

ഈ കുത്തകകൾക്കു ടെൻഡർ വിളിക്കുന്നപതിവു ഗവണ്മെന്റിനുണ്ടായിരുന്നില്ല; എന്നാൽ രണ്ടു കൊല്ലത്തിലൊരിക്കൽ അവയെ പുതുക്കി ന്യായമായ നിരക്കു ഏർപ്പെടുത്തിവന്നു. ഈ കുത്തകകളെ വളരെക്കാലമായി നാടാർകുടുംബക്കാർ രണ്ടു കൊല്ലത്തിലൊരിക്കൽ പുതുക്കി അങ്ങനെ വച്ചുകൊണ്ടിരുന്നു. ഈ കൊല്ലത്തിൽ, തിരുവിതാംകൂർകാർക്കു കുത്തകയിൽ പങ്കെടുക്കുന്നതിനു അനുവദിക്കാൻ തക്കവണ്ണം, ടെൻഡറു വിളിക്കണമെന്നു തീരുമാനിച്ചു. രണ്ടു കുത്തകകൾക്കും അവയുടെ വിജയകരമായ പ്രവൃത്തിക്കു ഒരു വലുതായ മൂലധനം ആവശ്യമായിരിക്കയാൽ, പുതിയതായ ഒരാളിനു അത്ര വലുതായ മൂലധനം വിനിയോഗിക്കുന്നതിനു സാധിക്കയില്ലെന്നും കുത്തക രണ്ടു കൊല്ലത്തേക്കുമാത്രം വച്ചുകൊണ്ടിരുന്നതിനുശേഷം അതിന്റെ അവസാനത്തിൽ അതിനെ ഉപേ

ക്ഷിക്കാൻതക്ക പണ്ണവുള്ള ഒരു അനിശ്ചിതസംഭവത്തിന്റെ പ്രഭാവത്തിൽ ഈ കുത്തകകളെ എടുത്തുനടത്താൻ പ്രയാസമാണെന്നും വിചാരിച്ചു. ലേലത്തിൽ ചേരണമെന്നാലോചിച്ചതിൽ ഒന്നരണ്ടു പേർ പറഞ്ഞതു, നാലു കൊല്ലത്തേക്കെങ്കിലും കുത്തകകൾ തങ്ങളുടെ പക്കൽതന്നെ ഇരിക്കുമെന്നുള്ള ഉറപ്പു അവർക്കില്ലാത്തപക്ഷം ഇതിലേക്കു ചെലവാക്കുന്നതുകൊണ്ടു അവർക്കു പ്രയോജനമൊന്നും ഇല്ലെന്നായിരുന്നു. പ്രാരംഭച്ചെലവു ഏകദേശം ൧൦൦൦൦൦ രൂപാ വരുമെന്നു കണക്കാക്കപ്പെട്ടിരുന്നതുകൊണ്ടു, നാലു കൊല്ലത്തെ കാലാവധി ഉറപ്പുചെയ്യണമെന്നുള്ളതു ന്യായമാണെന്നു വിചാരിച്ചു. അതുകൊണ്ടു അങ്ങനെ ചെയ്തു; എന്നാൽ രണ്ടു കൊല്ലം കഴിയുമ്പോൾ നിരക്കുകൾ പുതുക്കാമെന്നു ഒരു വ്യവസ്ഥയുംകൂടെ ഉണ്ടായിരുന്നു.

(ഡി) കുത്തകകളെ നാലു കൊല്ലത്തേയ്ക്കു കൊടുത്തതുകൊണ്ടു ഗവണ്മെന്റിനു നഷ്ടമൊന്നും ഇല്ല.

(ഇ) അതേ.

(എഫ്) സാധാരണമായി ൧൯൨൬ ഫെബ്രുവരി ൧-നു.

(ജി) (ഡി) വിഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനാവകാശമില്ല.

(എച്ച്) കാൺട്രാക്ടറന്മാർ അനുവദിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥൻ എക്സൈസ് കമ്മീഷണരല്ല. ഈ വിഷയത്തിലും ഉള്ള മറ്റുസംഗതികളെ ആലോചിച്ചു അവ അനുവദിച്ചുകൊടുക്കുന്നതു ഗവണ്മെന്റാണ്.

ശാസ്താംകോട്ട വില്ലേജിനടുത്തുള്ള ചാരായഷാപ്പുകൾ.

൨൦൧. മി. എം. ശിവതാണുപിള്ള (തോവാള):

(എ) ഗവണ്മെന്റിനു താഴെപ്പറയുന്ന സംഗതികൾ അറിവുണ്ടോ? :—

(i) തോവാളത്താലൂക്കിൽ ശാസ്താംകോട്ട വില്ലേജിന്റെ ഒരറ്റത്തു സ്ഥിതിചെയ്യുന്ന ചാരായഷാപ്പുകളെ മാറ്റണമെന്നു ഗവണ്മെന്റിലേയ്ക്കു അപേക്ഷകൾ ചെയ്തിട്ടുണ്ടെന്നും,

(ii) ഡിപ്പാർട്ടുമെന്റിൽനിന്നും ഇടക്കാലത്തുണ്ടായിട്ടുള്ള സർക്കുലറിനു വളരെ വിപരീതമായി ആ ഷാപ്പിനെ പൊതുജനങ്ങൾ കൂടുന്നതായ ഒരു സ്ഥലത്തുതന്നെ ഇപ്പോഴും ഇരിക്കാൻ സമ്മതിച്ചിരിക്കുന്നുവെന്നും.

(ബി) കുറെ ദൂരത്തിൽ ഒരു ഒഴിഞ്ഞ സ്ഥലത്തേയ്ക്കു അതിനെ മാറ്റുവാൻ ഗവണ്മെന്റിനു ദയയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി):

(എ) (i) ഉണ്ടെന്നറിയാം.

(ii) സർക്കുലറിനു വിപരീതമായിട്ടല്ല ഷാപ്പിന്റെ ഇരിപ്പു.

(ബി) ൧൦൯൯ മുതൽ ൧൧൦൧ വരെയുള്ള അടുത്ത അബ്കാരികാൺട്രാക്ടിൽ ഈ സംഗതിയെപ്പറ്റി ആലോചനചെയ്യുന്നതാണെന്നു എക്സൈസ് കമ്മീഷണർ പറഞ്ഞിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മേൽവിവരിച്ച സർക്കുലറിൽ പൊതുജനങ്ങൾ കൂടുന്ന സ്ഥലത്തെപ്പറ്റി പറഞ്ഞിട്ടുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): ആ സംഗതിയെപ്പറ്റി ഇവിടെ അറിവും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിനെപ്പറ്റി അറിവില്ലാതിരിക്കെ, സർക്കുലറിനു വിപരീതമായിട്ടല്ലാ ഷാപ്പിരിക്കുന്നതെന്നു പറയുവാൻ ഗവണ്മെന്റിനു സംഗതിയായതെങ്ങനെ എന്നു എന്നോടു അറിയിക്കാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): അതു കമ്മീഷണരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം ചോദ്യത്തിനു മറുപടിപറയുന്നതു അദ്ദേഹത്തിനുവേണ്ടിയോ ഗവണ്മെന്റിനുവേണ്ടിയോ എന്നു അറിയിച്ചുതരുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സിക്രട്ടറി): മെമ്പർ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

പ്രസിഡണ്ട്: മെമ്പർ ഒരു സംഗതി ക്രമമായിട്ടുള്ളതോ അല്ലയോ എന്നാണോ ചോദിക്കുന്നത്?

മി. എം. ശിവതാണുപിള്ള (തോവാള): അതെ, പ്രസിഡണ്ടിന്റെ തീരുമാനം വേണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു

പ്രസിഡണ്ട്: അങ്ങനെയാണെങ്കിൽ നിങ്ങളുടെ സംശയസംഗതി വിശദമായി പറയണം.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ മറുപടി പറയുന്നതു ഗവണ്മെന്റിനുവേണ്ടിയാണോ അല്ലയോ എന്നു എനിക്കു അറിയണം.

പ്രസിഡണ്ട്: എനിക്കു മനസ്സിലാകുന്നില്ല. മെമ്പർ വിചാരിക്കുന്നതെന്താണെന്നു കുറേക്കൂടെ വിശദമാക്കാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അതിനു, എന്റെ ചോദ്യം (ii)-ാം ഭാഗത്തിനുതന്നെ മറുപടിയായി ഒരു വ്യാഖ്യാനിക്കേണ്ടതായിട്ടുണ്ട്.

പ്രസിഡണ്ട്: ക്രമമാണോയെന്നുള്ള തീരുമാനത്തിനായി കൊണ്ടുവരപ്പെട്ട സംഗതിയെ വിശദമാക്കണമെന്നുമാത്രമാണ് ഞാൻ മെമ്പറോടാവശ്യപ്പെടുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പർ ഉപചോദ്യങ്ങൾക്കു ഉത്തരംപറയുന്നതു ഗവണ്മെന്റിനുവേണ്ടിയാണോ അല്ലയോ എന്നു എനിക്കറിയണം. മുൻപറഞ്ഞതാണെങ്കിൽ —

പ്രസിഡണ്ട്: ദയവുചെയ്തു, ഇപ്പോൾ സങ്കല്പകാര്യങ്ങളെപ്പറ്റി പറയാതിരിക്കണം. നിങ്ങൾ ഒരു സംഗതി ക്രമമാണോയെന്നുള്ളതറിയാനാണ് ആവശ്യപ്പെട്ടതു. അതിന്റെ തീരുമാനം ഞാൻ ചെയ്യാം. ഗവണ്മെന്റ സിക്രട്ടറി ഒരു ചോദ്യത്തിനു മറുപടി പറയുമ്പോൾ, അദ്ദേഹം ഗവണ്മെന്റിനുവേണ്ടിയാണ് മറുപടി പറയുന്നതു.

അനുബന്ധം I.

൧൩൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൯൬-ാംനമ്പർ സർക്കുലർ,

സംഘങ്ങളെ രജിസ്റ്റർചെയ്യണമെന്നുള്ള അപേക്ഷകളെ തീരുമാനത്തിനായി എടുക്കുമ്പോൾ, അപേക്ഷകന്മാരൊ അവയെ അനുവാദത്തിനയയ്ക്കുന്ന ഉദ്യോഗസ്ഥന്മാരൊ, ഈ പ്രസ്ഥാനത്തിന്റെ തത്വങ്ങളേയും ആദർശങ്ങളേയുംപററി ശരിയായശ്രദ്ധ പതിപ്പിക്കുന്നില്ലെന്നു കാണപ്പെടുന്നു. നാട്ടിൻപുറങ്ങളിൽ സാമുദായികവും വർഗ്ഗീയങ്ങളും ആയിട്ടുള്ള സംഘങ്ങൾ വേണമെന്നുള്ളതല്ലെങ്കിലും നിർഭാഗ്യവശാൽ ഉള്ളതായി കാണുന്നു. ഈ തത്വത്തെ ഡിപ്പാർട്ടുമെണ്ടിൽനിന്നും അനുസ്യൂതമായി നടത്തുകൊണ്ടാണ് വരുന്നതു. പക്ഷേ, അങ്ങനെയുള്ള സംഘങ്ങളെപ്പററിയുള്ള അപേക്ഷകളെ തീരെ തള്ളിക്കളയുന്നതും ഇല്ല. എന്തുകൊണ്ടെന്നാൽ, ഭാവിയിൽ നന്നായിവരാവുന്ന ഒരു ഗ്രാമത്തിലെ പരസ്പരസഹായ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള സൌകര്യം നശിക്കാതിരിക്കേണമെന്ന വിചാരിച്ചുകൊണ്ടു; മേൽവിവരിച്ച വിശാലമായ വിവക്ഷയുടെ അവസാനത്തിൽ, ഐക്യസംഘങ്ങളും ആണററി ആർഗനൈസർമാരും, ഇൻസ്പെക്ടർമാർതന്നെയും, അപേക്ഷകളെ ശുപാർശചെയ്യുമ്പോൾ വേണ്ടവിധത്തിൽ ശ്രദ്ധിക്കുകയും കരുതുകയും ചെയ്യുന്നില്ല.

അങ്ങനെയുള്ള അപേക്ഷകൾ കിട്ടിക്കഴിഞ്ഞാലുള്ള നടപടി മദ്രാസ് കോഓപ്പറേറിവ് മാന്വൽ എന്ന പുസ്തകത്തിൽ വ്യക്തമായഭാഷയിൽ പറഞ്ഞിരിക്കുന്നു. ആ പുസ്തകത്തിലെ ൧൬൦ ൧൬൧ മുതൽ ൧൭൨ വരെയും വകുപ്പുകളെ ഓരോ ആർഗനൈസർമാരും ശ്രദ്ധയോടുകൂടി പഠിക്കേണ്ടതും ഒരു അപേക്ഷയിന്മേൽ നടപടിനടത്താൻ ഉദ്ദേശിക്കുമ്പോൾ വീണ്ടും വായിക്കേണ്ടതും ആകുന്നു. ൧൧൦൦ വൃശ്ചികത്തിൽ നടന്നുകഴിഞ്ഞ ഇൻസ്പെക്ടർമാരുടെ കാൺഫറൻസിൽവച്ചു ഡിപ്പാർട്ടുമെൻറിലുള്ള ജീവനക്കാർ മാർഗ്ഗദർശകന്മാരായിരിക്കേണ്ടതായ മുഖ്യതത്വങ്ങളെയും ക്രമത്തെയുംകുറിച്ചു വാദപ്രതിവാദം നടത്തീട്ടുണ്ട്. ഇപ്പോൾ സംഘങ്ങൾ ഇല്ലാത്തതായ പുതിയ പ്രദേശങ്ങളിൽ ഓരോവർഗ്ഗത്തിനു പ്രത്യേകമായ സംഘങ്ങളെ അനുവദിച്ചുകൊടുക്കാൻ പാടില്ലെന്നു അപ്പോൾ സർവസമ്മതമായി തീരുമാനിക്കപ്പെട്ടു. ഇതു ഒരുസംഘത്തിന്റെ പേരിനെമാത്രം സംബന്ധിച്ചായിരിക്കേണ്ടതല്ല; ആദർശത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനു, എല്ലാസമുദായത്തിൽ നിന്നുള്ള ആളുകളെയും, അംഗങ്ങളായി ചേർക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. പ്രാദേശികമായ വർഗ്ഗവ്യത്യാസങ്ങൾ ഉള്ളേടത്തു ശരിയായ സമാധാനംചെയ്തു അവയെ മാററേണ്ടതും നിവൃത്തിയുള്ളേടത്തോളം എല്ലാപേർക്കും പ്രവേശനമുള്ളതായ ഒരു പൊതുയോഗം അവിടെ നടത്തേണ്ടതും ആകുന്നു. പ്രാദേശികസംഘങ്ങൾക്കു പ്രവൃത്തിസീമ വളരെ ചുരുങ്ങിയതായി സ്വീകരിക്കേണ്ടതിനു നിഷ്കർഷചെയ്യുന്നതുകൊണ്ടു വർഗ്ഗീയമല്ലാത്ത സംഘങ്ങളുടെ സൃഷ്ടിയെ സഹായിക്കുമെന്നുള്ളതാണ്. ഗ്രാമത്തേയും താലൂക്കിലെയും നേതാക്കന്മാരുടെയും സഹായം സാധാരണജനങ്ങളെ വിശ്വസിപ്പിക്കുന്നതിനു വളരെ പ്രയോജനപ്പെടുന്നതാണ്. ഇപ്പോൾ ഉള്ളതായ വർഗ്ഗീയസംഘങ്ങളെ പൊതുവായും വർഗ്ഗവ്യത്യാസമില്ലാത്തതായും ഉള്ള സംഘങ്ങളുടെ ഗുണങ്ങളെ പറഞ്ഞുമനസ്സിലാക്കി അവയെ യോജിപ്പിക്കുന്നതിനും, വേണ്ടിവരുന്ന ദിക്കുകളിൽ പ്രത്യേകക്കാരുടെ ആവശ്യത്തിനുവേണ്ടി അവയെ പ്രത്യേകമാക്കി നിറുത്തുന്നതിനും, വേണ്ടകരുതലുകൾ അതിനു യോഗ്യമായ സ്ഥലങ്ങളിൽ ഇൻസ്പെക്ടർമാരും പരിശോധനാസംഘങ്ങളും ചെയ്യേണ്ടതാണെന്നും കാൺഫറൻസിൽ അഭിപ്രായപ്പെടുകയുണ്ടായി.

ആരംഭത്തിൽ ശ്രദ്ധയോടുകൂടിയ സ്വരൂപണവും സംഘത്തിന്റെ ആദ്യത്തെ കൊല്ലത്തിൽ ശ്രദ്ധയോടുകൂടിയ മേൽനോട്ടവും, സാധാരണമായ പ്രാദേശികസംഘങ്ങളുടെ വിജയത്തിനു കാരണമാകുന്നു. എങ്ങനെതന്നെയായിരുന്നാലും, വേഗനടപ്പിനുവേണ്ടിയോ ഒരപേക്ഷയനുസരിച്ചു അനുവദിച്ചുകൊടുക്കുന്നതിനുള്ള ബാഹുല്യത്തിനുവേണ്ടിയോ പ്രധാനമായ ആദർശത്തെ ഉപേക്ഷചെയ്യാൻ പാടുള്ളതല്ല. മേലാൽ പുതിയസംഘങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളെ ഐക്യസംഘങ്ങളൊ, ഇൻസ്പെക്ടർമാരോ, ആണററി ആർഗനൈസർമാരോ അയച്ചുകൊടുക്കുമ്പോൾ കൂടുതൽ ശുഷ്കരമായി അവയിന്മേൽ നടപടി നടത്തപ്പെടുമെന്നു വിശ്വസിക്കുന്നു. മാന്വൽ ൧൬൦-ാംവകുപ്പു കൊടുത്തിരിക്കുന്ന മാതിരിയിൽ ഒരു ആർഗനൈസേഷൻ റിപ്പോർട്ടുംകൂടെ അയക്കേണ്ടതാണ്. ശ്രദ്ധിക്കേണ്ടസംഗതികൾ ആ ഫാറത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതു ഒരു മാതൃകയായി വിചാരിക്കണം.

൧൯൨൭ ഏപ്രിൽ ൧൪-നു.

ആർ. കേശവലിംഗംപിള്ള,
പരസ്പരസഹായസംഘം രജിസ്ട്രാർ.

അനുബന്ധം II.

൧൭൦-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

സ്റ്റാമ്പു മാനുഫാക്ടറി സൂപ്രണ്ട് മി. പി. ഒ. ചാക്കൊ ൧൦൯൯ ഇടവം ൩൧-ാം ചാർജ്ജെടുത്തതിനു ശേഷം ചെയ്തിട്ടുള്ള നിയമനങ്ങൾക്ക സ്റ്റേറ്റുമെന്റ.

ക്രമനമ്പർ	പേര	ഉദ്യോഗപേര	ശമ്പളം	നിയമനത്തിന്റെ സ്വഭാവം	റിമാർക്ക
൧	എം. ശിവരാമകൃഷ്ണപിള്ള	ഹെഡ്പ്രിന്റർ	രൂപാ ൨൦	സ്ഥിരം	പിന്നീട വേലവിട്ടു
൨	കെ. വേലായുധൻപിള്ള	പ്രിന്റർ	൧൨	ടി	പ്രമോഷൻ
൩	കെ. ഗോവിന്ദപ്പിള്ള	പ്യൂൺ	൯	ടി	അന്ന്യൻ
൪	എം. പി. ജാർജ്	കൌണ്ടർ	൧൬	ടി	ടി
൫	പി. വി. ഏബ്രഹാം	ഹെഡ്പ്രിന്റർ	൨൦	ടി	ആദ്യം ആ. പിന്നീട സ്ഥിരപ്പെടുത്തി
൬	എൻ. കോശി	കൌണ്ടർ	൧൬	ടി	അന്ന്യൻ ടി ടി
൭	പി. ശങ്കരപ്പണിക്കർ	പ്രിന്റർ	൧൨	ആക്ടിംഗ്	ടി ഇപ്പോഴും ആ.
൮	ടി. എം. ഏബ്രഹാം	കൌണ്ടർ	൧൬	ടി	ടി ടി
൯	കെ. എൻ. കേശവപിള്ള	ടി	൧൬	ടി	അന്ന്യൻ വയസ്സുകൂടുതലാകയാൽ വേലവിട്ടു
൧൦	കെ. ഐ. വർക്കി	പ്രിന്റർ	൧൨	ടി	ടി വേലവിട്ടു
൧൧	എൻ. ശിവരാമപിള്ള	ടി	൧൨	ടി	ടി ഇപ്പോഴും ആക്ടിംഗ്
൧൨	എം. പത്മനാഭപിള്ള	ടി	൧൨	ടി	പ്രമോഷൻ
൧൩	പി. ഏ. കുട്ടൻ	ടി	൧൨	ടി	അന്ന്യൻ വേലവിട്ടു
൧൪	കെ. രാഘവൻനായർ	കൌണ്ടർ	൧൬	ടി	പ്രമോഷൻ പിന്നീട തിരിച്ചയച്ചു
൧൫	കൃഷ്ണപിള്ള	പ്രിന്റർ	൧൨	ടി	അന്ന്യൻ വേലവിട്ടു
൧൬	പി. ടി. കോശി	ടി	൧൨	ടി	ടി ഇപ്പോഴും ആക്ടിംഗ്
൧൭	പി. പത്മനാഭനുണ്ണി	ടി	൧൨	ടി	ടി മിന്റിലേക്ക മാറി
൧൮	എം. ഡിക്രൂസ്	ടി	൧൨	ടി	ടി മരിച്ചു
൧൯	കെ. കേശവപിള്ള	ടി	൧൨	ടി	ടി ഇപ്പോഴും ആക്ടിംഗ്
൨൦	ഡി. ജോസഫ്	പ്യൂൺ	൯	ടി	ടി പിന്നീട സ്ഥിരപ്പെടുത്തി
൨൧	കേശവപിള്ള	കൌണ്ടർ	൧൬	ടി	പ്രമോഷൻ ഇപ്പഴും ആക്ടിംഗ്
൨൨	ജി. പത്മനാഭ[illegible]	പ്രിന്റർ	൧൨	ടി	അന്ന്യൻ വേലവിട്ടു
൨൩	പി. സി. ഐസാക്ക	ടി	൧൨	ടി	ടി ഇപ്പഴും ആക്ടിംഗ്
൨൪	ജെ. ഡിക്രൂസ്	ടി	൧൨	ടി	ടി വേലവിട്ടു
൨൫	വി. ഗോവിന്ദപ്പിള്ള	ടി	൧൨	ടി	ടി ഇപ്പഴും ആക്ടിംഗ്
൨൬	ശിവശങ്കരൻ	ടി	൧൨	ടി	ടി ടി
൨൭	വി. കെ. ദാമോദരൻ	ടി	൧൨	ടി	ടി ടി

അനുബന്ധം III.

൧൭൫-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

തിരുവിതാംകൂർ ഗവണ്മെന്റു പ്രൊസീഡിംഗ്സ്.

താഴെപ്പറയുന്ന റിക്കാർഡുകൾ വായിച്ചു.

(൧) ൧൭-൨-൨൩-ൽ ഐ. എൻ. നമ്പർ ൩൬/൫൯൮/൫൪൪൯-ാംലക്കം ഉത്തരവോടുകൂടി അക്കൌണ്ടാഫീസ്സർ അയച്ചുതന്ന ൧൦൯൮-ലെ ഗവണ്മെന്റ ആയുർവേദ ഫാർമസിയിലെ സ്റ്റോർകണക്കിന്മേലുള്ള ആഡിററു റിപ്പോർട്ട.

(൨) ൧൩-൩-൨൩-ലെ ആർ. ഒ. സി. നമ്പർ ൨൨൦ അഫ് ൨൩/ജി. എൽ. ഗവണ്മെന്റിൽനിന്നു ആയുർവേദഡയറക്ടർക്കയച്ച ഉത്തരവ്.

(൩) ആയുർവേദഡയറക്ടരുടെ ൨൯/൩൧-൯-൯൮-ലെ ൨൮൬-ാം നമ്പർ ഉത്തരവ്.

(൪) ൨൮-൫-൧൩-ലെ ആർ. ഒ. സി. ൨൨൦ ആഫ് ൨൩/ജി. എൽ. അക്കൌണ്ടാപ്പീസ്സർക്കയച്ചഉത്തരവ്.

(൫) ൧൭-൭-൨൩-ലെ ഐ. എൻ. ൩൬/൯൮-ൽ അക്കൌണ്ടാപ്പീസ്സർ അയച്ചഉത്തരവ്

(൬) ൨൯-൧-൨൪-ലെ ആർ. ഒ. സി. ൨൨൦ ആഫ് ൨൩ ജി. എൽ. ആയുർവേദഡയറക്ടർക്കയച്ചഉത്തരവ്.

(൭) ൨൭-൮-൧൦൯൯-ൽ ൨൮൦൧-ാംനമ്പരിൽ ആയുർവേദഡയറക്ടർ അയച്ച ഉത്തരവ്.

(൮) ആയുർവേദ ഡിപ്പാർട്ടുമെന്റിലെ നടപടികളെ പരിശോധിക്കുന്നതിനായി ഒരു കമ്മററിയെ നിയോഗിക്കണമെന്നു ശുപാർശചെയ്തുകൊണ്ടു മി. എൻ. രാമകൃഷ്ണപിള്ള കൊണ്ടുവന്ന നിവേദനത്തെ സംബന്ധിച്ചു ൧൦൯൪ ജനുവരിയിൽ നടന്ന നിയമനിർമ്മാണസഭയിലെ നടപടികളും വായിച്ചു.

തിരുവനന്തപുരം ൧൧൨൭ ജൂലൈ ൧൭-ാം, ആർ. ഒ. സി. നമ്പർ ൨൨൬ ഓഫ് ൨൭/ജി. ഏ-൫-ലെ ഉത്തരവ്.

ആയുർവേദ ഫാർമസിയിലെ കണക്കുകളുടെ ആഡിററ് സീനിയർ അസിസ്റ്റൻറ് അക്കൌണ്ടാഫീസർ ൧൧൨൬ വൃശ്ചികത്തിലും ധനുവിലുമായി നടത്തി. അതിന്മേലുള്ള റിപ്പോർട്ട് ൧൧൨൬ ഫെബ്രുവരി ൧൭-ാം തീയതി കിട്ടുകയുംചെയ്തു.

ആഡിററുസമയത്തു പ്രത്യക്ഷപ്പെട്ട രണ്ടു പ്രധാന ദൂഷ്യങ്ങൾ.

(൧) ഔഷധനിർമ്മാണത്തിനു ആവശ്യപ്പെട്ട അസംസ്കൃതസാധനങ്ങൾ മേടിക്കുന്നതിൽ കൊള്ളരുതാത്തതും സാരമായ വിലവ്യത്യാസത്തോടുകൂടിയതും,

(൨) സംഭാവ്യങ്ങളായ വഞ്ചനകളും കുഴപ്പങ്ങളും പരിഹരിക്കുന്നതിനു പര്യാപ്തമെന്നു അക്കൌണ്ടാഫീസർ വിചാരിക്കുന്ന പല കണക്കുകളും സൂക്ഷിച്ചിട്ടില്ലെന്നുള്ളതും ആകുന്നു. കൂടാതെ, ആഡിററ് റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നപ്രകാരമുള്ള ഏതാനും രജിസ്റ്ററുകളും ഫാറങ്ങളും സൂക്ഷിക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചിരുന്നു. പല ഔഷധങ്ങളും പാകംചെയ്യുന്നതിനാവശ്യമായ പച്ചമരുന്നുകളുടെ വിപുലത്വംകൊണ്ടും വിവിധത്വംകൊണ്ടും അവയുടെ പരിശുദ്ധി നിർണ്ണയിക്കുന്നതിനുള്ള വിഷമംകൊണ്ടും വിശിഷ്യ തൊഴിലുമായി ഏറ്റുമ്പോൾ കൺട്രാക്റ്റ് ഏർപ്പാടു നടപ്പിൽവരുത്തുന്നതു പ്രായോഗികമായ അനേക കുഴപ്പങ്ങൾക്കു കാരണമാകുമെന്നുള്ളതുകൊണ്ടും അസംസ്കൃതസാധനങ്ങൾ വാങ്ങിക്കുന്ന സമ്പ്രദായം അനഭിലഷണീയമാണെന്ന് ഡയറക്ടർ വാദിക്കുന്നു. അക്കൌണ്ടാഫീസർ അഭിപ്രായപ്പെടുന്നപോലെയുള്ള രജിസ്റ്ററുകളും കണക്കുകളും സൂക്ഷിക്കാത്തതിനെസംബന്ധിച്ച് മിസ്റ്റർ ശങ്കരമേനവൻ അദ്ദേഹത്തിൻെറ അഭിപ്രായം ഇപ്പോൾ ഏതാനും രജിസ്റ്ററുകൾ വച്ചിട്ടുണ്ടെന്നും ഫാർമസിയുടെ ആവശ്യത്തിനു അവ മതിയാകുമെന്നും അക്കൌണ്ടാഫീസർ നിർദ്ദേശിക്കുന്നരീതി രജിസ്റ്ററുകളും കണക്കുകളും ദിവസേന അനേകയോഗങ്ങൾ പാകംചെയ്യുന്നതിനു വിഭിന്ന അളവുകളും തൂക്കത്തിലുമുള്ള ഒട്ടനവധിമരുന്നുകൾ ഉപയോഗിക്കേണ്ട ഫാർമസിപോലെയുള്ള ഒരു പ്രയോഗശാലക്കു യോജിക്കുന്നില്ലെന്നും ഇത്രയധികം കണക്കുകളും രജിസ്റ്ററുകളും സംരക്ഷിക്കുന്നതുകൊണ്ടു എഴുത്തുവേല ക്രമാതീതമായി വർദ്ധിക്കുന്നതിനു കാരണമാകുമെന്നുമാണ്.

(൩) പ്രസ്തുതസംഗതിയെപ്പററി ഗവൺമെൻറ് ശ്രദ്ധാപൂർവ്വം ചിന്തിച്ചു. ആഡിററ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മിക്ക ന്യൂനതകളും ഫാർമസിപോലെയുള്ള ഒരു പാകശാലയിലെ പ്രവൃത്തിപദ്ധതിയിൽ സംഭാവ്യമാണെന്നും അക്കൌണ്ടുകോഡനുസരിച്ചുള്ള ഏതാനും രജിസ്റ്ററുകളും കണക്കുകളും വച്ചിട്ടില്ലെന്നല്ലാതെ, ആഡിററുറിപ്പോർട്ടുകൊണ്ടു സ്ഥാപനത്തിൻെറ പ്രവർത്തിയിൽ ഗുരുതരങ്ങളായ ക്രമക്കേടുകളോ തകരാറുകളോ ഉള്ളതായി പ്രത്യക്ഷപ്പെട്ടിട്ടില്ലെന്നും ഗവൺമെൻറിനറിയാം. എന്നാൽ, ആയുർവേദ പാകശാലയെസംബന്ധിച്ച നിയമസഭയുടെ ജനുവരി സമ്മേളനത്തിലെ വാദപ്രതിവാദത്തിൻെറ സ്വഭാവം, ആ സ്ഥാപനത്തിൻെറ ഇപ്പോഴത്തെ വിപുലമായ പ്രവൃത്തിപദ്ധതിയെ തടയുന്നതിനുള്ള വിപരീതാഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തുന്നതായിരുന്നു. അതുകൊണ്ടും ഇപ്പോൾ പൊതുജനോപയോഗാർത്ഥം ഔഷധങ്ങൾ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും കുടിവക ആയുർവേദ പാകശാലകൾ ഏർപ്പെട്ടിരിക്കുന്നസ്ഥിതിക്കും ഗവൺമെൻറ് ആയുർവേദ പാകശാല തിരുവനന്തപുരം ആയുർവേദാശുപത്രിയുടെ ആവശ്യത്തിനുവേണ്ട ഔഷധങ്ങൾമാത്രം ഉണ്ടാക്കാൻ ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഇതു ൧൧൨൭ ചിങ്ങം ൧-ാം മുതൽ നടപ്പിൽവരുത്തണമെന്നു ഗവൺമെൻറ് നിർദ്ദേശിക്കുന്നു.

(൪) പാകശാലയിലെ വില്പനശാഖയിൽ വ്യാപാരത്തിനായി സൂക്ഷിച്ചിരിക്കുന്ന ഔഷധങ്ങൾ വിററഴിക്കുന്നതിനും വ്യാപാരത്തിനായുള്ള ഔഷധനിർമ്മാണവേല അവസാനിപ്പിക്കുന്നതിനുംവേണ്ടി ഡയറക്ടർക്കു ആറുമാസക്കാലം അനുവദിച്ചിരിക്കുന്നു. ഈ കാലാവധിയുടെ അവസാനത്തിൽ ഡയറക്ടർ ഒരു പ്രത്യേക റിപ്പോർട്ട് ഗവൺമെൻറിൽ സമർപ്പിക്കേണ്ടതാണ്.

(൫) അസംസ്കൃതസാധനങ്ങൾ കൺട്രാക്ട്ഏർപ്പാടിന്മേൽ സംഭരിക്കുന്ന വിഷയത്തിൽ ഡയറക്ടർ പുറപ്പെടുവിക്കുന്ന തടസ്ഥങ്ങൾ ഗവൺമെൻറിനു അംഗീകരിക്കാൻ നിർവ്വാഹമില്ല. വിഭിന്നയോഗങ്ങൾ പാകപ്പെടുത്തുന്നതിനു ഗുണവ്യത്യാസമുള്ള ഒരേതരം സാധനങ്ങളോ മരുന്നുകളോ ആവശ്യപ്പെടുമ്പോൾ ഓരോഇനത്തിലും വേണ്ടവയുടെ ഗുണനിലവാരം തിട്ടപ്പെടുത്താമെന്നുള്ളതും നിർദ്ദിഷ്ടഗുണങ്ങളോടുകൂടിയവ നിർദ്ദിഷ്ടമുക തരുന്നതിനു നിർബന്ധിക്കാമെന്നുള്ളതും ആണ്. അതുകൊണ്ടു ൧൧൨൬ -ലെ സ്റ്റോർചട്ടം അനുസരിച്ചു കൺട്രാക്ട് ഏർപ്പെടുത്തേണ്ടതും പ്രത്യേകകാരണങ്ങളിൽമാത്രം ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നേരിട്ടുള്ള വ്യാപാരംനടത്തേണ്ടതും ആകുന്നു.

(൬) പാകശാലപോലെയുള്ള ഒരു പ്രയോഗശാലയിൽ വളരെ വിപുലമായ കണക്കുകൾ സൂക്ഷിക്കുന്നത് ആശാസ്യമല്ലെന്നുള്ള ഡയറക്ടറുടെ അഭിപ്രായത്തിനു കുറെ ശക്തിയുണ്ടെന്നു ഗവൺമെൻറ് വിശ്വസിക്കുന്നു. അതുകൊണ്ടു ഡയറക്ടരോടു ആലോചിച്ചു പ്രസ്തുതസ്ഥാപനത്തിൻെറ പരിമിതപരിധിക്കു പര്യാപ്തമായ ഒരു കണക്കു ഏർപ്പെടുത്തുന്നതിനു ഗവൺമെൻറ് അക്കൌണ്ടാഫീസരോടു അപേക്ഷിക്കുന്നു. ഈ ഏർപ്പാടു ൧൧൨൭ ചിങ്ങം ൧-ാം മുതൽ നടപ്പിൽ വരുത്തേണ്ടതാണ്.

ഉത്തരവിൻപ്രകാരം,
ആർ. കൃഷ്ണപിള്ള,
ഗവൺമെൻറ് ചീഫ് സെക്രട്ടറി.

ആയുർവേദ ഡയറക്ടർക്കും
അക്കൌണ്ടാഫീസർക്കും
വൃത്താന്തക്കുറിപ്പും.

അനുബന്ധം IV.

൧൮൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

മലയാളംകൊല്ലം ൧൦൯൯-ലും ൧൧൦൦-ലും പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സ് ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിവിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

ചെയ്തിട്ടുള്ള നിയമനങ്ങൾ		നായർ	ക്രിസ്ത്യാൻ	ഈഴവൻ	കമ്മാളർ	വെള്ളാളൻ
ആണ്ട്	ആകെ എണ്ണം					
൧൦൯൯	൬൪	൨൮	൨൮	൬	൧	൧
൧൧൦൦	൨	൧	൧	...	...	...
ആകെ	൬൬	൨൯	൨൯	൬	൧	൧

മേൽ പ്രസ്താവിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ യോഗ്യതകളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

നമ്പർ	ജാതി	ഇംഗ്ലീഷ് എസ്. എൽ. സി. നിയമനങ്ങൾ		നാട്ടുഭാഷ എസ്. എൽ. സി. നിയമനങ്ങൾ		ഉന്നതപരീക്ഷ നിയമനങ്ങൾ		ട്രെയിനിംഗ് യോഗ്യത നിയമനങ്ങൾ	
		൧൦൯൯	൧൧൦൦	൧൦൯൯	൧൧൦൦	൧൦൯൯	൧൧൦൦	൧൦൯൯	൧൧൦൦
൧	നായർ	...	൧	൨൬	...	൧	...	൧	...
൨	ക്രിസ്ത്യാനി	...	...	൨൭	൧	൧	...	...	...
൩	ഈഴവൻ	...	...	൬	...	...	...	...	...
൪	കമ്മാളർ	...	...	൧	...	...	...	...	...
൫	വെള്ളാളൻ	...	...	൧	...	...	...	...	...
	ആകെ	...	൧	൬൧	൧	൨	...	൧	...

അനുബന്ധം V.

൧൭൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലേക്കു,

കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തി ഉല്പാദനകൃഷിത്തോട്ടങ്ങളേയും മററു തോട്ടങ്ങളേയും മററു വ്യവസായ സ്ഥാപനങ്ങളേയും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

ക്രമനമ്പർ.	തോട്ടത്തിന്റെയോ മററു സ്ഥാപനത്തിന്റെയോ പേരും കിടപ്പും	നടത്തുന്ന വേലയുടെ സ്വഭാവം	ഓരോന്നിലും കഴിഞ്ഞ മൂന്നു കൊല്ലത്തിലെ ശരാശരി വാർഷികച്ചെലവു	ആ മൂന്നു കൊല്ലങ്ങളിൽ ഓരോന്നിൽ നിന്നുമുള്ള ശരാശരി വാർഷികാദായം	ആ മൂന്നു കൊല്ലങ്ങൾക്കുള്ള ചെലവു കഴിച്ചു ഓരോന്നിനെ സംബന്ധിച്ച ശരാശരി ലാഭമോ നഷ്ടമോ	ഓരോന്നിലും മുടക്കിയിട്ടുള്ള ആകെ മൂലധനം	സ്ഥാപനം ആരംഭിച്ച തീയതി
			രൂപ	രൂപ	രൂപ	രൂപ	
൧	കന്യാകുമാരിക്കു സമീപമുള്ള പഴത്തോട്ടം	പഴകൃഷി പ്രചരിപ്പിക്കുന്നതിനുവേണ്ടി പലതരം ഫലവൃക്ഷങ്ങൾ പരീക്ഷണാർത്ഥം കൃഷിചെയ്യുക	൫,൩൮൪	൫൭	—൫,൩൨൭	൭,൩൯൯	൧൦൯൮ മകരം ൧൬
൨	നെൽത്തോട്ടം, തിരുപ്പതിസാരം, നാഗർകോവിൽ	നെൽകൃഷിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളുടെ എല്ലാം പരിശോധന	൭,൧൯൧	൩,൭൧൪	—൩,൪൭൭	൨൧,൯൪൩	൧൦൯൦ മിഥുനം
൩	ഇരണി ഉല്പാദനത്തോട്ടം ഇരണിയൽ മണ്ടെക്കാട്ട റോഡിൽ സ്ഥാപിച്ചിരിക്കുന്നു.	ദക്ഷിണ തിരുവിതാംകൂറിലെ ജലസേചന മാർഗ്ഗങ്ങളുടെ അവസാനഭാഗത്തിൽ കൃഷിചെയ്യുന്നതിനു കൊള്ളാവുന്ന മൂപ്പു കുറഞ്ഞ വിത്തുകളെ കണ്ടുപിടിക്കുന്നതിനുവേണ്ടി പലതരം നെല്ല് പരീക്ഷണാർത്ഥം കൃഷിചെയ്യുക	൨,൬൩൨	൨൪൯	—൨,൩൮൩	൪,൨൬൯	൧൦൯൭
൪	ദക്ഷിണ തിരുവിതാംകൂറിൽ ഈശാന്തിമംഗലത്തു, കന്നുകാലി വളർത്തുതോട്ടം	അന്യനാടുകളിൽനിന്നു വരുത്തുന്ന കാളകളെക്കൊണ്ടു ഈ നാട്ടിലുള്ള പശുക്കളെ തട്ടിപ്പിച്ചു നാടൻ ഇനങ്ങളെ നന്നാക്കുന്നതിനും ഇവിടത്തെ കാലാവസ്ഥകൾക്കു യോജിച്ച പുതിയ ഇനങ്ങളെ നടപ്പിലാക്കുന്നതിനും	൬,൪൮൪	൯൨൫	—൫,൫൫൯	൧൧,൩൮൦	൧൦൯൫ മിഥുനം
൫	തിരുവനന്തപുരം, പേരൂർക്കട, കൊടപ്പനക്കുന്നു കന്നുകാലിത്തൊഴുത്ത	അന്യനാടുകളിൽനിന്നു വരുത്തുന്ന കാളകളെക്കൊണ്ടു ഈ നാട്ടിലുള്ള പശുക്കളെ തട്ടിപ്പിച്ചു നാടൻ ഇനങ്ങളെ നന്നാക്കുന്നതിനും ഇവിടത്തെ കാലാവസ്ഥകൾക്കു യോജിച്ച പുതിയ ഇനങ്ങളെ നടപ്പിലാക്കുന്നതിനും	൧൬,൮൩൯	൫,൫൫൮	—൧൧,൨൮൧	...	൧൦൯൫
൬	ശി പട്ടുതോട്ടം	പട്ടുപുഴു വളർത്തൽ ഒരു കുടിൽ വ്യവസായമായി ഏർപ്പെടുത്തുന്നതിനു	൫,൦൯൬	൩൪൩	—൪,൭൫൩	...	൧൦൮൬ ചിങ്ങം
൭	പരീക്ഷണത്തോട്ടം കൊട്ടാരക്കര	കിഴങ്ങുവർഗ്ഗങ്ങളുടേയും ഫല വൃക്ഷങ്ങളുടേയും പരീക്ഷണാർത്ഥമുള്ള കൃഷി	൨,൭൯൩	൨൮൪	—൨,൫൦൯	...	൧൦൮൫ കന്നി ൨൩
൮	കോന്നി കുരുമുളകു പരീക്ഷണത്തോട്ടം	മുളകു കാപ്പിക്കൃഷി സംബന്ധിച്ചുള്ള പരിശോധനകൾ	൫,൪൨൧	൨൪൯	—൫,൧൭൨	൧൫,൨൨൧	൧൦൯൫ മേടം
൯	ഉല്പാദനത്തോട്ടം ചെങ്കോട്ടക്കു സമീപം പുളിയറ	ശാസ്ത്രീയമായ വിധത്തിൽ ചോളം, പരുത്തി, നെല്ല്, ഫലവൃക്ഷങ്ങൾ മുതലായവ കൃഷിചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ നാട്ടുകാർക്കു പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നതിനു	൨,൪൯൮	൬൦൯	—൧,൮൮൯	൬,൨൩൯	൧൦൯൧ കുംഭം ൧൭

ക്രമനമ്പർ	തോട്ടത്തിന്റെയോ മററു സ്ഥാപനത്തിന്റെയോ പേരും കിടപ്പും	നടത്തുന്ന വേലയുടെ സ്വഭാവം	ഓരോന്നിനും കഴിഞ്ഞ മൂന്നു കൊല്ലത്തിലെ ശരാശരി വാൎഷികച്ചെലവു	ആ മൂന്നുകൊല്ലങ്ങളിൽ ഓരോന്നിൽനിന്നുമുള്ള ശരാശരി വാൎഷികാദായം	ആ മൂന്നു കൊല്ലങ്ങൾക്കുള്ള ചെലവുകഴിച്ച് ഓരോന്നിനെ സംബന്ധിച്ച ശരാശരി ലാഭമോ നഷ്ടമോ	ഓരോന്നിലും മുടക്കിയിട്ടുള്ള ആകെ മൂലധനം	സ്ഥാപനം ആരംഭിച്ച തീയതി
			രൂപ	രൂപ	രൂപ	രൂപ	
൧൦	ഓച്ചിറ തെങ്ങുതോട്ടം	പരിഷ്കാരാൎത്ഥമുള്ള തെങ്ങുകൃഷി	൬൧൮	൨൪൧	—൨൭൭	...	൧൦൮൩
൧൧	തെങ്ങിൻതോട്ടം അമ്പലപ്പുഴ	പലതരം തെങ്ങുകളെപ്പററിയുള്ള പഠനം	൧൦൩൦	൧൧൬	—൯൪൬	൮൨൪	൧൦൮൬
൧൨	ഉല്പാദനതോട്ടം. മലൈയം	കേരളത്തിലെ ശാസ്ത്രീയമായ വളം ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രയോജനത്തെ കൃഷിക്കാൎക്കു പ്രത്യക്ഷത്തിൽ മനസ്സിലാക്കിക്കൊടുക്കുന്നതിനു	൩൧൬	൨൯൯	—൩൧൩	൧,൮൪൬	൧൦൯൮ കന്നി ൧-ന്
൧൩	കാൎഷിക വിദ്യാലയവും തോട്ടവും, ആലുവാ	ആ ഡിസ്ത്രിക്ടിലെ പ്രധാന വിളവുകളായ നെല്ല്, കരിമ്പ്, മരച്ചീനി, തെങ്ങ് മുതലായവയ്ക്കു വളംമാറി മാറി ഉപയോഗിച്ചും മററു പരീക്ഷണങ്ങൾ നടത്തിയും കൂടാതെ, വിദേശവിളവുകളായ കമ്പ്, പരുത്തി, കോളം മുതലായവയും കരിമ്പുകൾ കൃഷിചെയ്തും നോക്കുന്നതിനു. പള്ളിക്കൂടത്തിൽ ശാസ്ത്രീയവും പ്രായോഗികവും ആയ കൃഷിസംബന്ധിച്ച പ്രബോധനം കൊടുക്കപ്പെടുന്നു	൭,൯൩൩	൬൪൨	—൭,൪൨൧	൩,൩൦൮	൧൦൯൪
൧൪	ചെമ്മീൻവളൎത്തൽതോട്ടം ആയിരംതെങ്ങു കരുനാഗപ്പള്ളി	ശാസ്ത്രീയമായ വിധത്തിൽ ചെമ്മീൻ വളൎത്തുക	൪൩൦	൪൪൦	+൧൦	...	൧൦൯൬ കുംഭം
൧൫	പരീക്ഷണാൎത്ഥമുള്ള മീൻപിടിത്തസ്ഥലം നീണ്ടകര	മത്സ്യംവളൎത്തൽ, പിടിത്തം, പാകപ്പെടുത്തൽ ഇവസംബന്ധിച്ചപരീക്ഷണങ്ങൾ നടത്തുന്നതിനു	൬൭൭	...	—൬൭൭	൧,൦൦൦	൧൦൯൭ കക്കടകം ൧-ന്
൧൬	മത്സ്യംപാകപ്പെടുത്തുന്ന കളം നീണ്ടകര, കൊല്ലം	മത്സ്യം പാകപ്പെടുത്തുന്നതു സംബന്ധിച്ചുള്ള വിവിധപരീക്ഷണങ്ങൾനടത്തുന്നതിന്നു ഡിപ്പാൎട്ടുമെന്റിൽനിന്നു നിൎദ്ദേശിക്കുന്ന മാതൃകകൾ അനുസരിച്ചു കുടികളും കളത്തിൽ മത്സ്യം പാകപ്പെടുത്തുന്നുണ്ട്. ഇതിനുപകരം ആവശ്യമുള്ള ഉപ്പു മത്സ്യം ഉണക്കുന്നവൎക്കു സൌജന്യവിലയ്ക്കു കൊടുക്കുന്നുമുണ്ട്	൩൩൦	...	—൩൩൦	൩൦൦	൧൦൯൮ കന്നി ൧-ന്
൧൭	മത്സ്യംഉണക്കുന്ന കളം അമ്പലപ്പുഴ	ടി	൨൮൪	൨൯൯	+൧൫	...	൧൦൯൪

അനുബന്ധം V. (തുടർച്ച).

ക്രമനമ്പർ	തോട്ടത്തിന്റെയോ മററു സ്ഥാപനത്തിന്റെയോ പേരും കിടപ്പും	നടത്തുന്ന വേലയുടെ സ്വഭാവം	ഓരോന്നിനും കഴിഞ്ഞ മൂന്നുകൊല്ലത്തിലെ ശരാശരി വാർഷികച്ചെലവു	ആ മൂന്നുകൊല്ലങ്ങളിൽ ഓരോന്നിൽനിന്നുമുള്ള ശരാശരി വാർഷികാദായം	ആ മൂന്നു കൊല്ലങ്ങൾക്കുള്ള ചെലവു കഴിച്ച് ഓരോന്നിനെ സംബന്ധിച്ച ശരാശരി ലാഭമോ നഷ്ടമോ	ഓരോന്നിലും മുടക്കിയിട്ടുള്ള ആകെ മൂലധനം	സ്ഥാപനം ആരംഭിച്ച തീയതി
൧൮	മത്സ്യംഉണക്കുന്ന കളം, പള്ളിത്തോട്ട, ചേർത്തല	ശാസ്ത്രീയരീത്യാ മത്സ്യം പാകപ്പെടുത്തുക	...	...	...	...	൧൦൯൬
൧൯	ടി പുത്തൻതോപ്പ്, കണിയാപുരം, തിരുവനന്തപുരം	മത്സ്യംപാകപ്പെടുത്തുന്ന കുഴികളുടെരീതികൾ	...	...	...	...	൧൦൯൮
൨൦	മത്സ്യം പാകപ്പെടുത്തുന്നകളം, പൂന്തുറ, തിരുവനന്തപുരം	മത്സ്യം ഉണക്കുകാരായ കുഴികളുടെ രീതി	...	...	...	...	൧൦൯൭
൨൧	ടി വിഴിഞ്ഞം, നെയ്യാററിൻകര	ടി					൧൦൯൮
൨൨	ടി പൂവാർ, നെയ്യാററിൻകര	ടി					൧൦൯൮
൨൩	ടി മുട്ടം, കുളച്ചൽ	ടി					൧൦൯൩
൨൪	ടി കന്യാകുമാരി	ടി	൧൧,൭൮൫	൬൦,൯൪൩	—൮൩൯	൭,൨൬൯	൧൧൦൦

അനുബന്ധം VI.

൧൭൯-ാംനമ്പർ ചോദ്യത്തിനു മറുപടിനോക്കുക

൧൦൯൮, ൧൦൯൯, ൧൧൦൦ എന്നി ആണ്ടുകളിൽ തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽനിന്ന കൃഷിവായ്പകൾക്കുള്ള അപേക്ഷകളുടെ എണ്ണവും അനുവദിച്ച തുകകളും കാണിക്കുന്ന സ്റ്റേറമെൻറ.

താലൂക്ക	ആണ്ടു	കിട്ടിയ അപേക്ഷകളുടെ എണ്ണം	ചോദിച്ചിട്ടുള്ള വായ്പയുടെ തുക	കൊടുത്തവായ്പയുടെ തുക	റിമാർക്സ്
			രൂപ	രൂപ	
തോവാള	൧൦൯൮	൨൭	൧൩,൦൫൦	൮൫൫൦	൯൯-ലെ വെള്ളപ്പൊക്കംകൊണ്ടുണ്ടായ സങ്കടപരിഹാരത്തിനുവേണ്ടി വായ്പകൊടുക്കാൻ തീരുമാനിച്ചതുകൊണ്ടു ൧൧൦൦-ൽ യാതൊരുസംഖ്യയും കൊടുത്തില്ല.
ടി	൧൦൯൯	൬	൨,൩൦൦	൧,൦൫൦	
ടി	൧൧൦൦	൧	൫,൦൦൦	....	
അഗസ്തീശ്വരം	൧൦൯൮	൧൪	൧൨,൮൭൫	൨,൦൩൫	
ടി	൧൦൯൯	൫	൪,൧൫൦	൨,൩൦൦	
ടി	൧൧൦൦	൨	൬൫൦	...	

അനുബന്ധം VII.

൧൯൦-ാം ചോദ്യത്തിന്റെ മറുപടി നോക്കുക

കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിവരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളെസംബന്ധിച്ച വിവരങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേരും കിടപ്പും	ഓരോന്നിലും നടത്തുന്ന വേലയുടെ സ്വഭാവം	കഴിഞ്ഞ മൂന്നു കൊല്ലത്തെ ശരാശരി വാർഷികച്ചെലവ്	കഴിഞ്ഞ മൂന്നു കൊല്ലത്തെ ശരാശരി വാർഷികാദായം	കഴിഞ്ഞ മൂന്നു കൊല്ലത്തിൽ ചെലവുകഴിച്ചു ഗവർമ്മെന്റിനു ലാഭമോ നഷ്ടമോ	ആകെ മുടക്കു മൂലധനം	ആരംഭിച്ച തീയതി	റിമാർക്ക്സ്
			രൂപ	രൂപ	രൂപ	രൂപ		
൧	കമ്പിളിയും പരവതാനിയും ചെയ്യുന്ന പള്ളിക്കൂടം ഇതു തിരുവനന്തപുരം പട്ടണത്തോടനുബന്ധിച്ച തിരുവനന്തപുരത്തു പേരൂർക്കട കുടപ്പനക്കുന്നിൽ സ്ഥാപിച്ചിരിക്കുന്നു	കമ്പിളികൾ, പുതപ്പുകൾ, പരവതാനികൾ ഇവ ഉണ്ടാക്കുന്നതിനു വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക	൧,൧൨൮	൩൩൭	—൩൯൭	൯൮൦	൧൦൮൯ ഇടവം	
൨	ആലുവാ ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിസ്മാരക കാർഷികമിഡിൽസ്കൂൾ	കാർഷികശാസ്ത്രത്തിലും കൃഷിപ്രയോഗത്തിലും ഉപദേശംകൊടുക്കുന്നതിനു	൭,൮൬൩	൩൮൨	—൭൭൨൧	൩,൭൯൮	൧൦൮൭ ഇടവം ൧-നു	സ്കൂളിനോടു അനുബന്ധിച്ചിട്ടുള്ള കൃഷിത്തോട്ടത്തിന്റെ ചെലവുകൂടി ഇതിൽ ഉൾപ്പെടുന്നുണ്ട്
൩	വാലന്മാർക്കുള്ള സ്പെഷ്യൽസ്കൂൾ, പാണാവള്ളി, വയ്ക്കം	കൈവർത്തകബാലന്മാർക്കു പ്രവൃത്തിപരവും സാമാന്യവുമായ മിശ്രവിദ്യാഭ്യാസം നൽകുന്നതിനു	൯൩൭	...	—൯൩൭	൬൬൬	൧൦൮൩ ഇടവം ൧൬-നു	
൪	മത്സ്യംപിടിത്തംസംബന്ധിച്ച തുടക്കസ്കൂൾ, അഞ്ചൂർ, അത്രക്കാറി, ചേർത്തല	ടി	൪൩൬	...	—൪൩൬	൨൮൨	൧൦൮൯ ഇലാം ൧-നു	
൫	ടി സ്കൂൾ, കൊതവറ, വയ്ക്കം	ടി	൨൪൯	...	—൨൪൯	൧൦൦	൧൧൦൦ മകരം ൧-നു	

അനുബന്ധം VIII.

൧൮൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

കഴിഞ്ഞ ൧൪ സംവത്സരങ്ങളായി കൃഷിഡിപ്പാർട്ടുമെൻറിലേക്കു വിലയ്ക്കു വാങ്ങിയിട്ടുള്ള മോട്ടോർ കലപ്പകൾ, സ്റ്റീംകലപ്പകൾ മററു കൃഷിയായുധങ്ങൾ എന്നിവയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു.

ക്രമനമ്പർ	കൃഷിയായുധങ്ങളുടെ വിവരണം	വിലയ്ക്കു വാങ്ങിയ തീയതി	ഓരോന്നും വിലയ്ക്കു വാങ്ങിയതിന്റെ ഉദ്ദേശം	ഓരോന്നിന്റെയും അസൽ വില	൧൦൮൯ അവസാനം വരെ ഓരോന്നും പരിപാലിക്കുന്നതിനുള്ള ചെലവു്	൧൦൮൯ അവസാനം വരെ ഓരോന്നിൽനിന്നും ഈടായിട്ടുള്ള പണം: ഓരോന്നും ചെയ്തിട്ടുള്ള വേലയുടെ ഫലമായി	൧൦൮൯ അവസാനം വരെ ഓരോന്നിൽനിന്നും ഈടായിട്ടുള്ള പണം: വിററവകയിലൊ മററുവിധത്തിലൊ	ഓരോന്നിലും ഗവർമ്മെൻറിനുണ്ടായിട്ടുള്ള ചെലവുകഴിച്ചുള്ള ലാഭമൊ നഷ്ടമൊ	ആയുധങ്ങളോരോന്നും ഇപ്പോഴും ഡിപ്പാർട്ടുമെൻറിന്റെ അധീനത്തിൽ ഇരിക്കുന്നുവോ അതോ വിററുപോയോ
				രൂപ	രൂപ	രൂപ	രൂപ		
൧	ബുള്ളോക്ക്ഗീയർ ആൻറ് ചെയിൻ പമ്പ്	൧൧/൮൫	പ്രദർശനത്തിനും തോട്ടങ്ങളിലെ ഉപയോഗത്തിനും	൫൪൮	...	...	൨൧	വേലയിൽ വിററ സാധനങ്ങളുടെ ഉപയോഗിച്ചതിന്റെ ശേഷം [illegible] ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന [illegible] നിർണ്ണയിക്കാൻ നിവൃത്തിയില്ല. [illegible] ആയുധങ്ങളും ഉപകരണങ്ങളും [illegible] നോക്കേണ്ടിയിരിക്കുന്നു. [illegible]	ബുള്ളോക്ക് ഗീയർ മെഷീനിൽ വിററു ചെയിൻ പമ്പു ഇരിക്കുന്നു.
൨	സെൻട്രിഫ്യൂഗൽ മെഷ്യൻ ആൻറ് ഓയിൽകേക്ക് ക്രഷർ	൧൧/൮൫		൧൦൨൭	...	...	...		സെൻട്രിഫ്യൂഗൽ മിഷ്യൻ വ്യവസായഡിപ്പാർട്ടുമെൻറിലേക്കു കൊടുത്തു. ഓയിൽകേക്ക് ക്രഷർ ഇരിക്കുന്നു.
൩	ഹാൻഡ്പൌവർ ത്രാഷിംഗ്മെഷ്യൻ	൧൨/൮൫		൩൯൯	...	...	൧൫		വേലംചെയ്തു
൪	ത്രിറോളർ വെർട്ടിക്കൽ ഷുഗർകെയിൻമിൽ	൧൦/൮൬		൧൬൮	...	...	...		ഇരിക്കുന്നു
൫	അമേരിക്കൻ സ്റ്റാൻവാട്ടർലിഫ്ററ്സ് (൨)	൧൨/൮൬		൮൮	...	...	൧൫		വേലംചെയ്തു
൬	ചെയിൻപമ്പ്	൧൨/൮൬		൫൭	...	...	൫		ടി
൭	പ്ലഞ്ചർപമ്പ	൧൨/൮൮		൬൬	...	...	...		ഇരിക്കുന്നു
൮	ചെയിൻപമ്പ്	൧൨/൮൮		൬൦	...	...	...		ടി
൯	പ്ലഞ്ചർപമ്പ്	൧൨/൮൮		൬൬	...	...	൫		വേലംചെയ്തു
൧൦	൮ എച്ച്. പി. ൪ ലെ ഗാർഡ്നർ എണ്ണച്ചക്കും സെൻട്രിഫ്യൂഗൽ പമ്പും	൧൨/൮൮		൧൭൫൮	൩൮൫൧	൩൯൭	...		ഇരിക്കുന്നു
൧൧	ഫോർഡ്സൺട്രാക്റ്റർ	൮/൯൬		൬൨൯൭	൪൯൦൫	൨൭൭	...		ടി
൧൨	സ്പ്രേയിംഗ്മെഷ്യൻ (൧)	...		൩൨	...	...	...		ടി
൧൩	ടി (൬)	൧൦൯൮		൧൫൯	...	...	...		ടി
൧൪	ലെയർകട്ടർ, രണ്ടുജോടി ഡോർണ്ണായും രണ്ടുജോടി ഡോർണ്ണിയായും	൨/൮൫		൩൭	...	...	...		വേലംചെയ്തു

അനുബന്ധം VIII. (തുടൎച്ച)

൧൮൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

കഴിഞ്ഞ ൧൪ സംവത്സരങ്ങളായി കൃഷിഡിപ്പാർട്ടുമെന്റിലേയ്ക്കു വിലയ്ക്കു വാങ്ങിയിട്ടുള്ള മോട്ടോർകലപ്പകൾ, സ്റ്റീംകലപ്പകൾ മററു കൃഷിയായുധങ്ങൾ എന്നിവയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ (തുടൎച്ച).

ക്രമനമ്പർ	കൃഷിയായുധങ്ങളുടെ വിവരണം	വിലയ്ക്കു വാങ്ങിയ തീയതി	ഓരോന്നും വിലയ്ക്കു വാങ്ങിയതിന്റെ ഉദ്ദേശം	ഓരോന്നിന്റേയും അസൽവില	൧൦൯൯ അവസാനം വരെ ഓരോന്നും പരിപാലിക്കുന്നതിനുണ്ടായ ചെലവു	൧൦൯൯ അവസാനം വരെ ഓരോന്നിൽ നിന്നും ഈടായിട്ടുള്ള പണം: ഓരോന്നും കൊണ്ടു ചെയ്തിട്ടുള്ള വേലയുടെ ഫലമായി	൧൦൯൯ അവസാനം വരെ ഓരോന്നിൽ നിന്നും ഈടായിട്ടുള്ള പണം: വില്പന വഴിയോ മററു വിധത്തിലോ	ഓരോന്നിലും ഉണ്ടായിട്ടുള്ള ചെലവു കഴിച്ചുള്ള ലാഭമോ നഷ്ടമോ	ആയുധങ്ങളോരോന്നും ഇപ്പോഴും ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽ ഇരിക്കുന്നുവോ അതോ വിററുപോയോ
				രൂപ	രൂപ	രൂപ	രൂപ		
൧൫	സബ്സോയിൽകലപ്പ	൪.൮൫	ഉല്പാദനത്തിനും തോട്ടം ഉപയോഗത്തിനും	൭	...	...	...	ഫാമിൽ വിററ സാധനങ്ങൾ ഉപയോഗിച്ചതിന്റെ ശേഷം നിരുപയോഗമായതിൽപിന്നീടുള്ളതും ബാക്കി ഇരിക്കുന്നവ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും ലാഭനഷ്ടങ്ങൾ നിർണ്ണയിക്കാൻ നിർവ്വാഹമില്ല. ലാഭനഷ്ടങ്ങൾ നിർണ്ണയിക്കുന്നതിനു, യന്ത്രങ്ങളും ആയുധങ്ങളും ഉല്പാദനത്തിനായും തോട്ടം വേലകൾക്കും ഉപയോഗിച്ചതുകൊണ്ടു അതിന്നിനാലെ ലഭിച്ച ലാഭം കൃത്യമായി നോക്കേണ്ടിയിരിക്കുന്നു അതു സാദ്ധ്യമല്ല.	ഇരിക്കുന്നു
൧൬	സിക്സ്ഷോവൽകൾട്ടിവേട്ടർ	൪/൮൫		൧൩	...	...	...		ടി
൧൭	ചാഫ്കട്ടർ	൨/൮൫		൧൦	...	...	...		ടി
൧൮	സീഡ്ഡ്രിൽ (വിത്തുചിക്കി)	൬/൮൮		൩	...	...	...		ലേലം ചെയ്തു
൧൯	ബുള്ളോക്ക്കൾട്ടിവേട്ടർ	൨/൯൧		൧൪	...	...	...		ഇരിക്കുന്നു
൨൦	ഹാൻഡ്കൾട്ടിവേട്ടർ	൨/൯൧		൨൧൦	...	...	...		ടി
൨൧	റാൻസം കലപ്പ	൯/൯൧		൬൯	...	...	...		ടി
൨൨	ഷെപ്പ്കലപ്പ (൩)	൪/൯൫		൩൬	...	...	...		ലേലം ചെയ്തു
൨൩	റയട്ട്സ കലപ്പ	൪/൯൫		൫	...	...	...		ടി
൨൪	ക്ലിമാക്സ്കലപ്പ (൨)	൪/൯൫		൧൮	...	...	...		ഇരിക്കുന്നു
൨൫	മംഗലാപുരം കലപ്പ	൯/൯൫		൪	...	...	...		ടി
൨൬	സിഞ്ചിയകലപ്പ	൧൦/൯൫		൧൭	...	...	...		ടി
൨൭	ക്ലിമാക്സ് കലപ്പ (൧൦)	൯/൯൬		൧൧൮	...	...	...		ടി
൨൮	ടി (൨)	൧൦/൯൭		൨൪	...	...	...		ടി
൨൯	വിത്തുചിക്കി	൧൨/൯൭		൧൦	...	...	...		ടി
൩൦	ഡോണ	൧൨/൯൭		൧൦	...	...	...		ടി
൩൧	ഡ്യൂണിയ	൧൨/൯൭		൫	...	...	...		ടി
൩൨	ഷെപ്പ് കലപ്പ (൨)	൨/൮൭		൨൪	...	...	...		ടി
൩൩	ക്ലിമാക്സ് കലപ്പ (൩)	൩/൮൭		൨൭	...	...	...		ടി

അനുബന്ധം VIII. (അവസാനം)

൧൮൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

കഴിഞ്ഞ ൧൪ സംവത്സരങ്ങളായി കൃഷിഡിപ്പാർട്ടുമെന്റിലേയ്ക്കു വിലയ്ക്കു വാങ്ങിയിട്ടുള്ള മോട്ടോർകലപ്പകൾ, സ്റ്റീംകലപ്പകൾ മറ്റു കൃഷിആയുധങ്ങൾ എന്നിവയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ (അവസാനം)

ക്രമനമ്പർ	കൃഷിആയുധങ്ങളുടെ വിവരണം	വിലയ്ക്കുവാങ്ങിയ തീയതി	ഓരോന്നും വിലയ്ക്കുവാങ്ങിയതിന്റെ ഉദ്ദേശം	ഓരോന്നിന്റെയും അസൽവില	൧൦൯൯-ൽ അവസാനം വരെ ഓരോന്നും ചെറിയ പരിഷ്കരണത്തിനായി ചെലവു	൧൦൯൯-ൽ അവസാനം വരെ ഓരോന്നിൽ നിന്നും ഈടായിട്ടുള്ള പണം: ഓരോന്നും ചെയ്തിട്ടുള്ള വേലയുടെ ഫലമായി	വില്പനവകയിലോ മററു വിധത്തിലോ	ഓരോന്നിലും ഗവണ്മെന്റിന്നുണ്ടായിട്ടുള്ള ചെലവുകഴിച്ചുള്ള ലാഭമോ നഷ്ടമോ	ആയുധങ്ങളോരോന്നും ഇപ്പോഴും ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽ ഇരിക്കുന്നുവോ അതോ വിററുപോയോ
				രൂപ	രൂപ	രൂപ	രൂപ		
൩൪	മൈപ്പ്കലപ്പ	൪/൮൭	ഉപയോഗത്തിന്ന തോറും ഉപയോഗത്തിനു	൧൨	...	...	...	യന്ത്രങ്ങളിൽ ചില സാമാനങ്ങൾ ഉപയോഗിച്ചതിന്റെ ശേഷം നിത്യോപയോഗത്തിൽ പിന്നീടൊക്കെയും പോകാതിരിക്ക നാം ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും ചില നഷ്ടങ്ങൾ നിർമ്മിക്കാൻ സാധിച്ചില്ല. ... യന്ത്രങ്ങളും ആയുധങ്ങളും ഉപയോഗത്തിനായും ... ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അതു സാധ്യമല്ല.	ഇരിക്കുന്നു
൩൫	തിരുനൽവേലികലപ്പ	൪/൮൭		൫	...	...	...		ടി
൩൬	മൈപ്പ്കലപ്പ	൬/൮൯		൭	...	...	...		ടി
൩൭	പള്ളിസ്സൽ ഇരുമ്പുകലപ്പ	൮/൧൯൨൧		൭	...	...	...		ടി
൩൮	പെക്കാറം സ്പ്രേയർ	൨/൯൮		൨൧	...	...	...		ടി
൩൯	ബഡിംഗ്കത്തി	൪/൯൯		൪	...	...	...		ടി
൪൦	മെസ്സൺകലപ്പ	൬/൯൭		൧൧	...	...	...		ടി
൪൧	ക്രോബാർ	൭/൯൭		൧൦	...	...	...		ടി
൪൨	ത്രിറോളർ കരിമ്പുചക്ക്	൫/൯൪		൯൩	...	...	...		ടി
൪൩	രാമചന്ദ്രവാട്ടർലിഫ്ററ്	൧൨/൯൫		൨൫൦	...	...	...		ടി
൪൪	മെസ്സൺ കലപ്പ (൪)	൧൨/൯൨		൧൯	...	...	...		ടി
൪൫	ടി	൩/൯൩		൪	...	...	...		ടി

അനുബന്ധം IX എ.

൧൯൨ (എ)-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൦ മുതൽ ൧൦൯൭ വരെ കുറവുചെയ്തുകൊടുത്തിട്ടുള്ള ഉപ്പിന്റെ തുക കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

അളത്തിന്റെയോ ലൈസൻസുകാരന്റെയോ പേര്	കുറവുചെയ്തു കൊടുക്കപ്പെട്ടിട്ടുള്ള ആണ്ടുകളേതൊക്കെ എന്ന്	കുറച്ചു കൊടുക്കപ്പെട്ട ഉപ്പു മന്ന്	അളം അനുവദിച്ചുകൊടുത്ത ആണ്ട്
എസ്സ്. സുബ്രഹ്മണ്യഅയ്യർ, ശ്രീമൂലഗോപാലാനന്തൻ അളം	൧൦൮൭	൧൨,൭൪൩	൧൦൯൯
	൧൦൮൩	൬൦,൦൦൦	൧൦൯൯
ടി	൧൦൯൭	൬൦,൦൦൦	൧൦൯൨
	൧൦൯൬	൨൫,൦൦൦	൧൦൯൨
ശ്രീമൂലകൃഷ്ണമണി അളം, റ്റി. വി. കൃഷ്ണയ്യർ	൧൦൮൩	൧൫,൦൦൦	൧൦൯൬
ശ്രീശങ്കരഅളം	൧൦൯൭	൧൫,൦൦൦	൧൦൯൨
അവധാനികളുടെ അളം	൧൦൯൭	൨൦,൦൦൦	൧൦൯൨-ം ൧൦൯൯
കേപ്പ്കാമറിൻ ജനറൽ ട്രാഫിക് കമ്പനിയുടെ അളം	൧൦൮൩	൩൫,൦൪൨	൧൦൯൨
	൧൦൯൭	൬൦,൦൦൦	൧൦൯൨

അനുബന്ധം IX ബി.

൧൯൨ (ബി)-ാം ചോദ്യത്തിനു മറുപടിനോക്കുക.

൧൦൯൨ മുതൽ ൧൧൦൦ വരെ കുറവുചെയ്തു കൊടുത്തിട്ടുള്ള ഉപ്പിന്റെ തുക കാണിക്കുന്ന സ്റ്റേറ്റ്മെന്റ്.

അളത്തിന്റെയോ ലൈസൻസുകാരന്റെയോ പേര്	കുറവുചെയ്തു കൊടുക്കപ്പെട്ടിട്ടുള്ള ആണ്ടുകളേതൊക്കെ എന്ന്	കുറച്ചു കൊടുക്കപ്പെട്ട ഉപ്പു മന്ന്
സുബ്രഹ്മണ്യഅയ്യർ, ശ്രീമൂലഗോപാലാനന്തൻ അളം	൧൦൯൨	൨൨,൨൨൨
ടി ശ്രീമൂലകൃഷ്ണമണി അളം	൧൦൯൨	൧൧,൧൧൧
അവധാനികളുടെ അളം	൧൦൯൨	൨൨,൨൨൨
കേപ്പ് കാമറിൻ ജനറൽ ട്രാഫിക് കമ്പനിയുടെ അളം	൧൦൯൨	൧൫,൬൩
ടി	൧൧൦൦	൨൫,൦൦൦
പുത്തളം	൧൦൯൨	൨,൨൨൯
മെസ്സേഴ്സ് വെങ്കിടനാരായണ അവധാനികളുടെയും ഗുരുനാഥ അവധാനികളുടെയും അളം	൧൦൯൯	൧൨,൬൦൦
	൧൧൦൦	൨൮,൦൦൦

മേശപ്പുറത്തു വച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): സർ, ൧൦൯൭-ലെ II-ാം റെഗുലേഷനായ നിയമസഭാ റെഗുലേഷൻ ൧൩ (൯)-ാം വകുപ്പനുസരിച്ചു ഗവണ്മെന്റ അനുവദിച്ച ചെലവുകളെപ്പറ്റി താഴെ കാണിച്ചിരിക്കുന്ന കണക്കു നിയമസഭാറെഗുലേഷൻ ൬൨-ാം ചട്ടമനുസരിച്ച് ഞാൻ മേശപ്പുറത്തു വച്ചുകൊള്ളുന്നു.

ഇനം	തുക	റിമാർക്സ്
ഡിമാന്റ IV വനം	രൂ. ൭൨൦	കുടിവക പുരയിടങ്ങളിൽനിന്നും വെട്ടിയ രാജകീയവൃക്ഷങ്ങളുടെ കുടിവില കൊടുക്കുന്നതു സംബന്ധിച്ചുള്ള ജോലികൾക്കായി ആറുമാസക്കാലത്തേക്ക് പ്രതിമാസം രൂ. ൧൫ വീതം ശമ്പളത്തിൽ ൨-ം രൂ. ൧൦ വീതം ശമ്പളത്തിൽ ൫-ം ഇങ്ങനെ ൭ ക്ലാർക്കന്മാരടങ്ങിയ ഒരു സ്റ്റാഫിനെ നിയമിച്ച വകയ്ക്ക്

സ്റ്റേറ്റ്മെൻറ് (തുടൎച്ച).

ഇനം	തുക	റിമാർക്ക്സ്
ഡിമാൻറ് VII സാമാന്യഭരണം, സിക്രട്ടറിയേററ് മുതലായവ	രൂ. ൩൬൦	ഭരണസംബന്ധമായ അധികാരങ്ങൾ വിതരണം ചെയ്യുന്നതിനായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ ആഫീസരുടെ ഉദ്യോഗകാലാവധി ൧൧൦൧ ധനു ൧൬-ാം മുതൽ ഒരുമാസത്തേക്കു നീട്ടിക്കൊടുക്കുന്നതിനു
ടി	രൂ. ൪൨൨	ജനറൽ ആൻറ് റവന്യൂ സിക്രട്ടേറിയേററിലെ ഇംഗ്ലീഷ് റിക്കാർട്ടു വകുപ്പിലുള്ള സ്പെഷ്യൽ ആഫീസരുടെ സിൽബന്തികളെ ൧൧൦൧ മീനം ൧൬-ാം മുതൽ മൂന്നുമാസക്കാലത്തേക്കു തുടരുന്നതിനു
ഡിമാൻറ് XI പോലീസ്	രൂ. ൪൦	൧൧൦൧ മീനം ൧൬-ാം മുതൽ ൪ മാസക്കാലത്തേക്കു പോലീസ് കമ്മീഷണരാഫീസിലെ മോട്ടോർവകുപ്പിൽ ൨൦ രൂപാ ശമ്പളത്തിൽ ഒരു ടെമ്പററി ടൈപ്പിസ്റ്റിനെ നിയമിച്ചതിനു
ഡിമാൻറ് XIV വ്യവസായം	രൂ. ൬൭൫	പരീക്ഷണാർത്ഥം തോലു ഊറയ്ക്കിടുന്നതു സംബന്ധിച്ചു ജോലിക്കായി നിയമിച്ചിട്ടുള്ള സിൽബന്തികളെ ൧൧൦൧ അവസാനംവരെ തുടൎന്നുവച്ചുകൊണ്ടിരിക്കുന്നതിനു
ഡിമാൻറ് XX പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ്	൧,൦൦,൦൦൦ രൂ.	൧൧൦൧ ലെ വെള്ളപ്പൊക്കം നിമിത്തമുണ്ടായ അടിയന്തിര അററകുററങ്ങൾ തീർക്കുന്നതിനും മററും ചെയ്യുന്നതിനും
ടി	രൂ. ൨,൧൫൦	പബ്ലിക് ആഫീസിലെ ഖജനാമുറിയുടെ മച്ച് പൊളിച്ചുകൂട്ടിച്ചേർപ്പുകൾ ബലപ്പെടുത്തുന്നതിനു
ടി	രൂ. ൧,൫൦൦	ചെന്നിത്തലയിൽനിന്നും കുന്നപ്പൻചോവിലേക്കു ഒരു പുതിയ റോഡു തുറക്കുന്നതിനു
ടി	രൂ. ൪൬൦	കടയ്ക്കലൂടു ഒരു പുതിയ റോഡുവെട്ടുന്നതിനു
ടി	രൂ. ൪,൪൬൫	തിരുവനന്തപുരം ടെമ്പററി മുൻസിഫ് കോടതിക്കു ഒരു പുതിയ കെട്ടിടം കെട്ടുന്നതിനു
ടി	രൂ. ൫,൬൫൦	ഹരിപ്പാട്ടു ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു സ്ഥലം എടുത്തതു സംബന്ധിച്ചു ആലപ്പുഴ ഡിസ്ട്രിക്ട് കോടതിയിലെ ഒരു വിധിക്കടം തീർക്കുന്നതിനു
ഡിമാൻറ് XXII പലവക ഇനങ്ങൾ	രൂ. ൪,൦൦൦	കഴിഞ്ഞ ക്രിസ്തുമസ് കാലത്തു മാവേലിക്കരയിൽ കൂടിയ കൃഷിവ്യവസായപ്രദർശനത്തിൽ ഈ ഗവർമ്മെൻറു ഭാഗമായതു സംബന്ധിച്ചുണ്ടായ ചെലവുകൾ വഹിക്കുന്നതിനു

സപ്ളിമെൻററി ഗ്രാൻറുകൾക്കുള്ള അഭ്യർത്ഥനകൾ.

അഭ്യർത്ഥന ൧.

ഭൂനികുതി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, ഭൂനികുതി ൧-ാം അഭ്യർത്ഥനയനുസരിച്ചു ൧൨൭൦ രൂപായിൽ അധികരിക്കാത്ത ഒരു ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ സംഖ്യ സർവ്വേ അഡ്വാൻസ് സംബന്ധിച്ചുള്ള കണക്കുകൾ തീർക്കുന്നതിനു റവന്യൂ സൎവ്വേസൂപ്രണ്ടാഫീസിൽ നാലുമാസത്തേക്കു നിയമിക്കണമെന്നു ആലോചിച്ചിട്ടുള്ള രണ്ടു ടെമ്പററി ക്ലാർക്കന്മാൎക്കു മാസം ഒന്നിനു ൨൫ രൂപാവീതം ൧൧൦൧-ൽ മൂന്നുമാസത്തേക്കുള്ള ശമ്പളത്തിനു ചോദിച്ചിട്ടുള്ളതാകുന്നു. ലാൻഡ് റിക്കാർട്ട് ഡിപ്പാർട്ടുമെൻറ് നിറുത്തൽചെയ്തപ്പോൾ അസിസ്റ്റൻറ് തഹശീൽദാരന്മാർ അനവധി റിക്കവറി സ്റ്റേറ്റുമെൻറുകൾ അയച്ചുതന്നിട്ടുള്ളതും അവ ശരിയാണോയെന്നുനോക്കി അതാതുസ്ഥലങ്ങൾ പരിശോധിക്കേണ്ടതുമാകുന്നു. ഈ ജോലി തഹശീൽദാരന്മാരെ ഏല്പിക്കുന്നതു അനുചിതമാണെന്നു വിചാരിച്ചിരുന്നു. റിക്കവറികണക്കുകൾ തീർക്കുന്നതിനുമുമ്പു താലൂക്കിൻെറ നാനാഭാഗങ്ങളിലുമുള്ള പല ഉദ്യോഗസ്ഥന്മാരുമായി ഒട്ടനവധി എഴുത്തുകുത്തുകൾ നടത്തേണ്ടതായിട്ടിരിക്കുന്നതുകൊണ്ടും കണക്കുകൾ ഒത്തുനോക്കി പരിശോധിക്കേണ്ടതുകൊണ്ടും സൎവ്വേസൂപ്രണ്ടിനു അദ്ദേഹത്തിൻെറ നിത്യജീവനക്കാരെക്കൊണ്ടുചെയ്യിക്കുന്നതിനു സാധിക്കുന്നതല്ല. കൂടാതെ റിക്കവറിസ്റ്റേറ്റുമെൻറുസംബന്ധിച്ചു പലതരത്തിലുള്ള നോട്ടീസുകൾ അയക്കേണ്ടതായും അവക്കു വല്ല പരാതികളുമുണ്ടെങ്കിൽ കേൾക്കേണ്ടതായുമിരിക്കുന്നു. അതുകൊണ്ടു പ്രതിമാസം ൨൫ രൂപാ ശമ്പളത്തിൽ രണ്ടു ക്ലാർക്കന്മാരെ നാലുമാസത്തേക്കു നിയമിക്കുന്നതിനു ആലോചിച്ചിരിക്കുന്നു. ഈ കൊല്ലത്തേക്കു മൂന്നുമാസത്തേക്കു വേണ്ട സംഖ്യമാത്രമേ ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളു. സാധുചെലവാണ് സഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസ്തുത ആഫീസിലെ താഴ്ന്നതരം ഒരു ക്ലാക്കിനു കിട്ടുന്ന ശമ്പളം എന്താണെന്നു മിസ്റ്റർ റാബിൻസൺ എന്നെ അറിയിക്കുമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ൨൫ രൂപാ ശമ്പളത്തിൽ കുറഞ്ഞ ക്ലാക്കന്മാരുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഇതൊരു പ്രധാനസംഗതിയാണ്. അവരെ ചുമതലപ്പെടുത്താൻപാടില്ല. ഈ സംഘം അഡ്ചാൽസിനെസംബന്ധിച്ചാണ്. അതു വളരെ സൂക്ഷ്മതയോടുകൂടി പരിശോധിക്കേണ്ടതാകയാൽ തക്കയോഗ്യതയുള്ളവരായിരിക്കണം. ഒരു ഹെഡ്ക്ലാക്കും ഒരു ഹെഡ്അക്കൗണ്ടന്റുംകൂടാതെ സംവിസ്സപ്പണ്ടിനു ഇപ്പോൾ മൂന്നു ക്ലാക്കുകളേയുള്ളു. അദ്ദേഹത്തിന്റെ ആഫീസിൽ ടൈപ്പിസ്റ്റ് ഇല്ലതാനും. അവക്കു ഡിസ്പാച്ചുചെയ്യുക, രജിസ്റ്റർചെയ്യുക അസ്സൽ എഴുതിപ്പുണ്ടാക്കുക ഡ്രാഫ്റ്റ് തയ്യാറാക്കുക മുതലായി അനേകംജോലികളുണ്ട്. സംവിസ്സപ്പണ്ടു ക്യാമ്പിൽ ആയിരിക്കുമ്പോൾ ഒരു ക്ലാക്ക് അദ്ദേഹത്തിന്റെകൂടെ ആയിരിക്കണം. അതുകൊണ്ടു ഈ ചുമതലയേറിയ ജോലി അവരെക്കൊണ്ടു ചെയ്യിക്കുന്നതിനു സാധിക്കുന്നതല്ല. അതുകൊണ്ടാണ് ഞാൻ കൂടുതൽ ആളെ ആവശ്യപ്പെടുന്നത്. ഞങ്ങൾ ജോലി ചെയ്യുന്നവരും കൂടുതൽയോഗ്യതയുള്ളവരുമായ ആളുകളെഎടുക്കും. കുറഞ്ഞശമ്പളത്തിനു ആളെ നിയമിച്ചാൽ കാര്യക്ഷമമായവേലക്കു ഹാനിസംഭവിക്കുമെന്നു ഞാൻ പറയുന്നതിനോടു മിസ്റ്റർ നാരായണപിള്ള യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രധാനപ്പെട്ടജോലികൾ വഹിക്കുന്നവരായി ൧൫ രൂപാ ശമ്പളത്തിൽ അവിടെ ജോലിക്കാരുണ്ടല്ലോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): വ്യസനസമേതം ഉണ്ടെന്നുപറയേണ്ടിയിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): സപ്ളിമെന്ററിഡിമാൻഡിനെ സംബന്ധിച്ചുള്ള ഈ സഭാചട്ടത്തിൽ ഏതുചട്ടത്തെ അടിസ്ഥാനപ്പെടുത്തിയാണ് മിസ്റ്റർ റാബിൻസൺ തന്റെ ഡിമാൻഡു ഹാജരാക്കിയിരിക്കുന്നതു?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): മെമ്പർ ഒരു പുസ്തകംതന്നാൽ ആ ചട്ടം ഞാൻ കാണിച്ചുതരാം. ചട്ടം ൩൩ (ബ) ആണെന്നുതോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഇതൊരു പുതിയഉദ്യോഗമെന്നു നിങ്ങൾ അഭിപ്രായപ്പെടുന്നോ? അതോ, ഒരു കൂടുതൽ നിയമനം മാത്രമോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ഞാനിവിടെ വന്നിരിക്കുന്നതു ചട്ടങ്ങളെ വ്യാഖ്യാനിക്കുന്നതിനല്ല. ഞാനൊരു സപ്ളിമെന്ററി ഡിമാൻഡിനു അപേക്ഷിക്കമാത്രമേ ചെയ്യുന്നുള്ളു. മെമ്പർ ഒരു നടപടിക്രമത്തെപ്പറ്റിയുള്ള വാദംകൊണ്ടുവരികയാണെങ്കിൽ അതിനുസമാധാനം പ്രസിഡണ്ടിനു പറയാവുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): സർ, സപ്ളിമെന്ററിഡിമാൻഡു ഹാജരാക്കുന്നതിനെസംബന്ധിച്ചുള്ള ചിലചട്ടങ്ങളെ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഇതിലൊന്നു ഒരു പ്രത്യേകവിഷയത്തിനു അനുവദിച്ചിട്ടുള്ളതുക അപര്യാപ്തമാകുന്ന അവസരത്തെ സംബന്ധിച്ചാണ്. തികയാതെവന്നാൽ ഒരു സപ്ളിമെന്ററിയോ അഡീഷനലോ ആയ ഒരു ഗ്രാൻഡ് ആവശ്യപ്പെടാം. പിന്നീടു തന്നാണ്ടിൽതന്നെ ഒരു പുതിയ ആവശ്യം നേരിടുന്ന സന്ദർഭത്തിലും ഒരു സപ്ളിമെന്ററിഡിമാൻഡു ഹാജരാക്കാം. ഇതൊരു പുതിയ ആവശ്യമാണോയെന്നാണു ഞാൻ ചോദിക്കുന്നതു. ഇപ്പോൾ നടന്നുവരുന്നജോലി പുതിയതെന്നോ അതോ നടന്നുകൊണ്ടിരിക്കുന്ന ഒരു ജോലിയുടെ തുടർച്ചയോ എന്നുള്ള എന്റെ പ്രശ്നത്തിനു ഒരു വ്യാഖ്യാനമാണ് ഞാൻ ആവശ്യപ്പെടുന്നതു.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, ഇതു പ്രസിഡന്റു തീർപ്പുചെയ്യേണ്ട ഒരു നടപടിക്രമമാകുന്നെന്നാണ് എനിക്കുതോന്നുന്നതു.

മി. കല്ലുമല പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): സർ, ഈ ഉപക്ഷേപം ൩൩ (എ)-ം ൩൩ (ബ)-ം ചട്ടങ്ങളാൽ ബാധിക്കപ്പെടുന്നതാണ് എന്റെ അഭിപ്രായം.

പ്രസിഡണ്ടു. മി. കല്ലുമല പരമേശ്വരൻപിള്ള നിങ്ങൾ നടപടിക്രമത്തെക്കുറിച്ചു സംസാരിക്കുന്നതിനുമുമ്പു മെമ്പർ നടപടിക്രമത്തെസംബന്ധിച്ചുവാദം കൊണ്ടുവരുന്നതിനു ഞാൻ കാത്തിരിക്കയായിരുന്നു. നടപടിക്രമത്തെപ്പറ്റി ഒന്നും പ്രസ്താവിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): ൩൦൦൦ രൂപാ കുടിശ്ശികകളിൽനിന്നു പിരച്ചെടുക്കാനുണ്ട്. അതുവളരെ സൂക്ഷ്മത്തോടുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. സഭ ഈ തുക അനുവദിക്കുന്നപക്ഷം ആ ജോലിതീക്കുന്നതിനു ഉദ്ദേശം നാലുമാസം വേണ്ടിവരുമെന്നാണ് എനിക്കുതോന്നുന്നതു. ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ടു കഴിവുള്ളിടത്തോളം ആ വേലചെയ്തുതീക്കുന്നതിനു ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ അതു വേഗത്തിൽചെയ്തുതീക്കാൻ സാധിക്കുന്നതല്ല.

ആ ജോലി കഴിയുന്നത്ര വേഗത്തിൽ ചെയ്തുതീർത്തു കാണ്മാൻ ഈ സഭാംഗങ്ങളിൽ ഓരോരുത്തരും ഇഷ്ടപ്പെടുമെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ട്. അതുകൊണ്ടു മെമ്പന്മാർ ഈ സംഖ്യ അനുവദിക്കുമെന്നു ഞാൻവിചാരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു) സർ, ഈ ഡിമാൻഡിനെ അതിന്റെ തത്വത്തിന്മേൽ എതിക്കുന്നതിനാണ് ഞാൻ എഴുന്നേൽക്കുന്നതു. അതായതു സപ്ളിമെന്ററി ഡിമാൻഡു ഹാജരാക്കുന്നതിനെ സംബന്ധിച്ചു സഭ സ്വീകരിച്ചിട്ടുള്ള ചില ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങൾക്കു ചില വ്യവസ്ഥകളും ഉണ്ട്. വ്യവസ്ഥകൾ.

(i) "സഭയുടെ സമ്മതിപ്രകാരം ആവശ്യമുള്ള ഒരിനം ചെലവിന്ന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക തന്നാണ്ടേക്കു ആ ആവശ്യത്തിനു മതിയാകയില്ലെന്നു കാണുകയോ

(ii) തന്നാണ്ടേത്തെ ബഡ്ജറ്റിൽ ഉദ്ദേശിച്ചിട്ടില്ലാതിരുന്നതും സഭയുടെ സമ്മതിയോടെ ആവശ്യമുള്ളതും ആയ ഏതെങ്കിലും പുതിയ ജീവനത്തിന്റെ ചെലവിനുള്ള ആവശ്യം തന്നാണ്ടിൽ നേരിടുകയോ ചെയ്യുന്നു."

മി. റാബിൻസണിന്റെ ഡിമാൻറ ഒരു പുതിയ നിയമനത്തിനുവേണ്ടിയുള്ള ചെലവിനാണെന്ന് എനിക്കു തോന്നുന്നില്ല. ഈ ഉദ്യോഗം ഇപ്പോൾ ഉള്ളതും ജോലിനോക്കിവരുന്നതും ആയ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകമാത്രമാണ്. അവർ ഇപ്പോൾ ആ ജോലിനോക്കിവരുന്നില്ല. അതോ അവരോടു ഏതെങ്കിലും കൂടുതൽ വേലചെയ്യുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നോ? ഈ പ്രശ്നത്തിനു സമാധാനം പറഞ്ഞാൽ ഞാൻ എന്റെ പ്രതിക്ഷേപാഭിപ്രായത്തെ പിൻവലിച്ചേക്കാം.

പ്രസിഡൻറ: മി. റാബിൻസൺ ചോദിക്കുന്ന പണം അനുവദിക്കുന്നതിനു ഈ സഭയുടെ അനുമതി ആവശ്യമില്ലെന്നുള്ള പരമാർത്ഥത്തെ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ വാദം കൊണ്ടുവന്നിരിക്കുന്നതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാടു), അല്ല. ബഡ്ജറ്റുസമയത്തു ഒരു പുതിയ ജോലിക്കു പണം അനുവദിക്കാതിരുന്നാൽമാത്രമേ അദ്ദേഹത്തിനു ഒരു സപ്ളിമെൻട്രി ഡിമാൻറ കൊണ്ടുവരാവൂ. ഈ സപ്ളിമെൻട്രി ഡിമാൻറ രണ്ടു ബഡ്ജറ്റുകളുടെ ഇടയിൽകൂടിയാണു കൊണ്ടുവന്നിരിക്കുന്നതു. ഒരു പ്രത്യേക ആവശ്യത്തിനു അനുവദിച്ച സംഖ്യ അതിനു തികയാതെവരുന്നതുകൊണ്ടോ ഇപ്പോൾ ഒരു പുതിയ ആവശ്യം നേരിട്ടതുകൊണ്ടോ ആയെന്നാണ് എന്റെ ചോദ്യം. ഈ ചോദ്യങ്ങൾക്കു ഒന്നിനും മറുപടി പറഞ്ഞിട്ടില്ല. അതുകൊണ്ടു ഞാൻ ഡിമാൻറിനെ എതിർക്കുന്നു.

പ്രസിഡൻറ: മറ്റൊരുവിധത്തിൽ പറയുന്നതായാൽ ഈ ഡിമാൻറ കൊണ്ടുവരുന്നതു നടപടിക്രമം അനുസരിച്ചാണോ എന്നു തീർച്ച ആവശ്യപ്പെടുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു) അതെ.

പ്രസിഡൻറ: അതിന്മേൽ ഞാൻ ചെയ്യുന്ന തീരുമാനം ഈ ഡിമാൻറ 6-ാം (എ) ചട്ടം ഒന്നും രണ്ടും വകുപ്പുകൾ അനുസരിച്ചുള്ളതാണെന്നാണ്. കൂടാതെ, വേലയുടെ സ്വഭാവത്തിൽ ഒരു വ്യതിയാനം വരുകയും തത്ഫലമായി ഒരു പുതിയ ജോലി ഉൽഭവിക്കയും ചെയ്തു. സർവീസ് എന്നാൽ ആളുകൾക്കു ശമ്പളം കൊടുക്കുക എന്നല്ല. പ്രത്യുത, ഒരു പുതിയ വേല എന്നാണ്. ആ വേല ചെയ്യിക്കുന്നതിനു ഏതാനും ജോലിക്കാർ ആവശ്യമുണ്ട്. മിസ്റ്റർ റാബിൻസൺ തന്നാണ്ടത്തെ കാര്യപരിപാടി തയ്യാറാക്കിയപ്പോൾ പണം അനുവദിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ അദ്ദേഹത്തിനു പണം ആവശ്യപ്പെടുകയും അദ്ദേഹം അതിനു അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു പണത്തിനുള്ള അപേക്ഷ സ്വീകാര്യമെന്നു ഞാൻ വിചാരിക്കുന്നു.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ) സർ, തൽക്കാലരൂപത്തിൽ ഈ ഡിമാൻറിനെ എതിർക്കുന്നതിനു ഞാനും എഴുന്നേൽക്കുന്നു. മിസ്റ്റർ റാബിൻസൺ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിൽനിന്നും ചില സംഗതികൾ ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹിക്കുകയും ചില സമാധാനങ്ങളെല്ലാം അദ്ദേഹം പറകയും ചെയ്തു. എന്നാൽ ഞങ്ങൾതമ്മിലുള്ള അകലംകൊണ്ടു അവ അപൂർണ്ണമായി എനിക്കു ഗ്രഹിക്കാൻകഴിഞ്ഞൊള്ളു. എന്റെ സംശയം ഇതാണ്, അവിടെ പലഗ്രേഡിൽ ഉള്ള ക്ലാർക്കുകളും അവരിൽ ചിലർ ഇതിൽകുറഞ്ഞ ശമ്പളം വാങ്ങുന്നവരും ആണ്. പലതരത്തിലുള്ള ശമ്പളക്കാരായ ക്ലാർക്കുകളിൽ ഏറ്റവും താണതരക്കാരും ഏറ്റവും കൂടിയതരക്കാരും ഉണ്ടു. അവിടെ 25 രൂപായിൽ കുറഞ്ഞ ശമ്പളക്കാരായ ക്ലാർക്കുകളുണ്ടെന്നു മിസ്റ്റർ റാബിൻസൺ പറയുന്നു, ഉണ്ടെങ്കിൽ ഞാൻ അഭിപ്രായപ്പെട്ടും.

മി. കെ. ജോർജ (ആക്റ്റിംഗ് ഗവർണ്മെൻറ ചീഫ് സിക്രട്ടരി): സർവേ ഡിപ്പാർട്ടുമെൻറിൽ 25 രൂപായിൽ കുറഞ്ഞ ശമ്പളക്കാരായ ക്ലാർക്കുകളില്ലെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെല്ലാം ശരിതന്നെ. 25 രൂപാ ശമ്പളക്കാരായ ഏതാനും ക്ലാർക്കുകളുണ്ടു്. അവരിൽ ചിലരെ ഈ വേലചെയ്യുന്നതിനു നിയോഗിച്ചിട്ടു അവരുടെ സ്ഥാനത്തു വേറെ ആളെ നിയമിക്കണം.

മി. റാബിൻസൺ (ലാൻഡ് റിക്കാർഡ്സും സെറ്റിൽമെന്റും കമ്മീഷണർ): ഞാൻ ചോദിച്ചുകൊള്ളട്ടെ.

പ്രസിഡൻറ: മി. റാബിൻസൺ, സ്വല്പം ക്ഷമിക്കണം. മിസ്റ്റർ നാരായണപിള്ളയുടെ അഭിപ്രായ വ്യത്യാസം എന്താണെന്നു ഗ്രഹിക്കുന്നതിനു എനിക്കു കഴിഞ്ഞില്ല; അതു അവ്യക്തമാണ്. ഈ അവ്യക്തതയിൽനിന്നു വല്ലതും പ്രത്യക്ഷപ്പെടുമോയെന്നറിവാൻ ഞാൻ കാത്തുകൊണ്ടിരിക്കയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ അഭിപ്രായ വ്യത്യാസത്തെ ഗ്രഹിക്കാൻ പ്രസിഡൻറ പ്രദർശിപ്പിച്ച സഹനശക്തിക്കു ഞാൻ അദ്ദേഹത്തോടു പ്രത്യേകം നന്ദിയുള്ളവനായിരിക്കുന്നു. എന്റെ അഭിപ്രായവ്യത്യാസം ഇതാണ്. 25-ം 30-ം രൂപാ വീതം ശമ്പളമുള്ള ക്ലാർക്കുകളുണ്ടു. ഇതിലേക്കു 25 രൂപാ ശമ്പളക്കാരായ ക്ലാർക്കുകളെ ഉപയോഗപ്പെടുത്താവുന്നതാണ്. അനന്തരം 25 രൂപാ ഗ്രേഡിൽ ഒഴിവുണ്ടാകയും ജൂനിയറായ ക്ലാർക്കിനെ ആ ഗ്രേഡിലേക്കു കയററംകൊടുത്തു ആ ജോലികൂടി ഏല്പിക്കുകയും ചെയ്യാവുന്നതാണ്. അവസാനമായി ഒരു പുതിയ ക്ലാർക്കിനെ 20 രൂപാ ശമ്പളത്തിൽ നിയമിക്കാവുന്നതാണ്. സിൽബന്തികളുടെ മദ്ധ്യഗ്രേഡിൽ 25 രൂപാ ശമ്പളംകൊടുത്തു രണ്ടുപുതിയ കടമ്പററ ക്ലാർക്കുകളെ നിയമിക്കുന്നതിനുപകരം താഴ്ന്നപടിയിൽ രണ്ടുപേരെ നിയമിച്ചിട്ടു അവിടെയുള്ളവരെ കയററംചെയ്യാവുന്നതാണ്. അപ്പോൾ 25 രൂപായ്ക്കുപകരം 20 രൂപാ തോതിലുള്ള ചെലവുവരികയേയുള്ളു. അതുകൊണ്ടാണു ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽ ജോലിനോക്കുന്ന ക്ലാർക്കുകളെക്കൊണ്ടു ഈ പ്രത്യേകജോലി ചെയ്യിക്കയും അവരുടെ ഒഴിവിൽ 20 രൂപാ ശമ്പളമുള്ള ക്ലാർക്കുകളെ നിയമിക്കയും ചെയ്യുന്നതിനു സാധിക്കയില്ലയോ എന്നാണു ഞാൻ മി. റാബിൻസനോടു ചോദിക്കുന്നതു.

പ്രസിഡന്റ: ൨൫ രൂപാശമ്പളക്കാരായ ക്ലാക്കന്മാർ ചെയ്യുന്ന ഈ ജോലി ൧൫ രൂപക്ലാക്കന്മാർ ചെയ്യണമെന്ന മെമ്പർ അഭിപ്രായപ്പെടുന്നതായിട്ടാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്ല. അതല്ല ഇപ്പോൾ ൨൫ രൂപാശമ്പളമുള്ള ക്ലാക്കന്മാർ ഈ ജോലിക്കു നിയമിച്ചിട്ട അവർ ഇപ്പോൾ ചെയ്തുവരുന്ന ജോലി ൧൫ രൂപാശമ്പളക്കാരെക്കൊണ്ടു ചെയ്യിക്കാമെന്നാണ. എല്ലാ ആഫീസുകളിലും സാധാരണയായി ചെയ്തുവരുന്ന രീതിയും ഇതാകുന്നു.

മി എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, ഞാൻ ഒരു തെറ്റിദ്ധാരണയെ പരിഹരിച്ചുകൊള്ളട്ടെ. സർവ്വേ ഡിപ്പാർട്ടുമെന്റിലെ ഏറ്റവും കുറഞ്ഞ ശമ്പളം ൨൫ രൂപയാണെന്ന ഞാൻ ഈ സിവിൽ ലിസ്റ്റിൽനിന്നും അറിയുന്നു.

മി. പി. കെ നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ എന്റെ അഭിപ്രായവ്യത്യാസത്തിന ശക്തിയില്ലെന്നു ഞാൻ സമ്മതിക്കുന്നു. (ചിരി) എന്നാൽ എനിക്കു ധനവിനിയമനം ഖണ്ഡിക്കാൻ സാധിക്കയില്ല (ചിരി) ഈ വിവരം നേരത്തെ കിട്ടിയിരുന്നെങ്കിൽ ഈ വാദപ്രതിവാദത്തിന ഇടയാകയില്ലായിരുന്നു.

ഡിമാന്റ വോട്ടിനിട്ട പാസ്സാക്കി.

ഡിമാന്റ ൧൦. സെൻട്രൽ ജയിൽ.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): സർ, സെൻട്രൽ ജയിൽ ഡിമാന്റ ൧൦ പ്രകാരം ൩൦൦ രൂപയിൽ കവിയാത്തതായുള്ള ഒരു ഗ്രാന്റ അനുവദിക്കണമെന്ന അപേക്ഷിക്കുന്നു. ഈ തുക സെൻട്രൽ ജയിലിലെ സന്മാർഗ്ഗോപദേഷ്ടാവിന പാരിതോഷികം കൊടുക്കുന്നതിനാണ. തന്നാണ്ടിലെ പ്രാരംഭബഡ്ജറ്റിൽ സെൻട്രൽ ജയിൽ ഇനത്തിൽ ഈ തുക കൊള്ളിച്ചിരുന്നു എന്നുള്ളതു ഈ സഭ നിസ്സംശയം സമ്മതിക്കും. എന്നാൽ സഭയിലെ വാദപ്രതിവാദഫലമായി അതു തള്ളിപ്പോയി. എങ്ങനെയോ സഭയുടെ തെറ്റിദ്ധാരണമൂലം ഇപ്രകാരം സംഭവിച്ചതാണെന്ന ഗവണ്മെന്റ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്താണ പറയുന്നതെന്ന അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): അതേതു സംബന്ധിച്ചു വാദവിഷയമാക്കിയ മെമ്പറന്മാരുടെ ഇടയിൽ ഉണ്ടായ ഒരു തെറ്റിദ്ധാരണനിമിത്തം ഈ കൃത്യലോപം സംഭവിച്ചിട്ടുള്ളതാണെന്നും വിഷയത്തിന്റെ യഥാർത്ഥ സ്ഥിതികൾ സഭാസമക്ഷം അവതരിപ്പിക്കുമ്പോൾ ആ തീർച്ചയെ അവർ പുനരാലോചനക്കു വിഷയമാക്കുമെന്നും ഗവണ്മെന്റ വിചാരിക്കുന്നു. സഭ ഈ പാരിതോഷികത്തെ നിരാകരിച്ചതു സന്മാർഗ്ഗോപദേഷ്ടാവിന്റെ ഏതെങ്കിലും ദോഷം കാരണമായിട്ടാണെന്നുള്ളതിന യാതൊരു സംശയവും ഇല്ല. ഈ പാരിതോഷികനിരാകരണത്തിന ശേഷവും, അദ്ദേഹം പതിവുപോലെ, അതിൽ പിന്നീടുള്ള എല്ലാ ഞായറാഴ്ചദിവസങ്ങളിലും—അല്ല മിക്ക ഞായറാഴ്ചദിവസങ്ങളിലും സന്മാർഗ്ഗോപദേശം ചെയ്തുകൊണ്ടിരുന്നു എന്നറിയുന്നതു ഈ സഭക്കു സന്തോഷജനകമായിരിക്കുമെന്ന ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. പാരിതോഷികം നിരാകരിച്ചതിനു ശേഷമുള്ള ൩൯ ഞായറാഴ്ചദിവസങ്ങളിൽ ൩൬ ദിവസവും പ്രസ്തുത ഉപദേഷ്ടാവു സന്മാർഗ്ഗോപദേശം ചെയ്യുന്നതിന സെൻട്രൽ ജയിലിൽ ഹാജരായിരുന്നതായി കാണുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെയ്യാറ്റിൻകര): അദ്ദേഹം ഏതെങ്കിലും പ്രതിഫലം ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഇല്ല. അദ്ദേഹം അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ വാഹനച്ചിലവും മററും വേണ്ടിവരുന്ന പല ചില്ലറച്ചെലവുകളും കൊടുക്കേണ്ടതു ആവശ്യമെന്ന ഗവണ്മെന്റ വിചാരിക്കുന്നു. കൂടാതെ, ഈ വിഷയത്തിൽ ഉപദേഷ്ടാവു സാമുദായികമായി ഒരുവല്ല ജോലി ചെയ്യുന്നുണ്ടെന്നും അദ്ദേഹം ചെയ്യുന്ന ആ സൽപ്രവൃത്തിക്കു അദ്ദേഹം അഭിനന്ദനാർഹനെന്നും സ്വാഭാവികമായി ഉണ്ടാകാവുന്ന ഇതരഭോഗം അദ്ദേഹത്തിന നേരിട്ടിട്ടുണ്ടെങ്കിലും സ്വമനസ്സാലെ അദ്ദേഹം സെൻട്രൽ ജയിലിൽ പോകയും ഉപദേശം കൊടുത്തുകൊണ്ടിരിക്കയും ചെയ്യുന്നതുകൊണ്ടു ഗവണ്മെന്റ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. നിസ്വാർത്ഥപരമായ ഒരു സമുദായസേവനം ഇവിടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു. സഭ ഈ സൽകൃത്യത്തെ അഭിനന്ദിക്കുമെങ്കിൽ അതു സഭയുടെ ഔചിത്യത്തെ കാണിക്കുമെന്ന ഞാൻ വിചാരിക്കുന്നു. സംഗതികളുടെ ഈവിധമായ സ്ഥിതിയിൽ സഭ അതിന്റെ തീർച്ചയെ ദയവായി പുനരാലോചിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു. "പ്രസിണേഴ്സ് എയിഡ്" മുതലായവപോലെയുള്ള ഏർപ്പാടുകൾ കുറെക്കാലം വേണ്ടി ഈ സംസ്ഥാനത്തു ഇനിയും ഉണ്ടാവേണ്ടതായിരിക്കുന്നു. ഒരുമനുഷ്യൻ നിസ്വാർത്ഥമായ മനസ്ഥിതിയോടുകൂടി ഏതെങ്കിലും ജോലിക്കു സന്നദ്ധനാകുമ്പോൾ അതിനെ അഭിനന്ദിക്കേണ്ടതു നമ്മുടെ ധർമ്മമാണെന്ന ഞാൻ വിചാരിക്കുന്നു. പ്രസ്തുതസന്മാർഗ്ഗോപദേഷ്ടാവിനെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ അദ്ദേഹം സമുദായസേവനത്തിൽ മുന്നണിയിൽ സ്ഥിതിചെയ്യുന്നു എന്നുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇദ്ദേഹം ഈ സംസ്ഥാനത്തെ മുതലാളി ... ചെയ്യുന്ന വിഷയത്തിൽ ഒരു പ്രധാനഭാഗം വഹിച്ചിരുന്നു. ഇദ്ദേഹത്തെപ്പോലെയുള്ള ഒരാളിനു മതിയായ പ്രോത്സാഹനം കൊടുക്കേണ്ടതാണെന്ന ഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹത്തിന്റെ അപേക്ഷപ്രകാരമാണോ ഈ ഡിമാന്റ കൊണ്ടുവന്നിരിക്കുന്നതു?

പ്രസിഡന്റ: ഈ ഡിമാന്റ ഞാൻ ദൃഷ്ടാന്തം ഉണ്ടായിട്ടുള്ളതാണ്. മററാരിൽനിന്നുമല്ല എന്നിൽനിന്നുതന്നെ. ഈ പാരിതോഷികത്തെ സംബന്ധിച്ചുണ്ടായ കഴിഞ്ഞ പ്രാവശ്യം ചെയ്ത തീരുമാനം അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി വീണ്ടും കൊണ്ടുവരണമെന്ന ഞാൻ ആഗ്രഹിച്ചു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ ചങ്ങനാശ്ശേരി): ഒന്നാം ചട്ടം അനുസരിച്ചു ഒരിക്കൽ തള്ളിപ്പോയ ഒരു ഡിമാന്റ വീണ്ടും അവതരിപ്പിക്കാമോ?

പ്രസിഡന്റ: സഭ നിരാകരിച്ച ഒരു ഡിമാന്റ വീണ്ടും ഹാജരാക്കാമെന്നു മുമ്പുതന്നെ തീർച്ചചെയ്തിട്ടുണ്ടു. പ്രസ്തുത വിഷയത്തെപ്പറ്റി ഒരു ഖണ്ഡിതമായ തീരുമാനമുണ്ടു.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): താൻതന്നെകൊണ്ടു പറയുന്നതിനേക്കാൾ പ്രസിഡന്റ് നമ്മോടു സൂക്ഷ്മമായി പറയുന്ന ഈ ഉപദേശവാക്യത്തെ എതിർക്കാനായി ഞാൻ എഴുന്നേല്ക്കുന്നതു വളരെ വൈമനസ്യത്തോടും മടിയോടും കൂടിയാകുന്നു. ഈ വിഷയത്തെപ്പററി എന്റെ വ്യക്തിപരമായ അഭിപ്രായം നോക്കുകയാണെങ്കിൽ ഈ ഡിമാൻറു സഭ അനുവദിക്കുന്നതു് എനിക്കു വളരെ സന്തോഷമാണ്. നിർഭാഗ്യവശാൽ ജയിൽപുള്ളികൾക്കു സന്മാർഗ്ഗോപദേശം ചെയ്യുന്നപോലെ ഗുണപ്രദമായി മററൊന്നുമില്ല. ഈ പ്രമേയം സഭയിൽ അവതരിപ്പിച്ചതു വളരെ മാസങ്ങൾക്കു മുമ്പല്ലെന്നുള്ളതു് ഞാൻ പറയണമെന്നില്ലല്ലോ, സഭ അതു അനുകൂലമായി ആലോചിക്കുകയും പാസാക്കുകയും ചെയ്തു. വീണ്ടും ആ പ്രമേയം അവതരിപ്പിക്കപ്പെട്ടതു് എന്തുകാരണത്താലാണെന്നു അറിവാൻ ഞാൻ മി. ജോർജ്ജിന്റെ വാദങ്ങളെ ക്ഷമാപൂർവം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു പ്രത്യേകസംഗതിയെപ്പററി ഈ സഭയിലെ അംഗങ്ങൾക്കു ഏതോ തെററിദ്ധാരണയുണ്ടായിരുന്നുവെന്നു ഗവണ്മെന്റു ധരിച്ചുവശമാകാനിടയായ കാരണം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതു പ്രതിഷേധിക്കാതിരിപ്പാൻ നിവൃത്തിയില്ലാത്ത പക്ഷം അതു വളരെ ആപൽക്കരമായ മരനമാണ്. മെമ്പറന്മാർ ഏതോ തെററിദ്ധാരണയോടുകൂടി പ്രവൃത്തിച്ചുവെന്നായിരുന്നു, അതു കൗൺസിൽ മുമ്പിൽ വന്നുകൊള്ളട്ടെ എന്നാണ്. ഇപ്പോൾ ഈ ഗ്രാൻറ അനുവദിക്കുവാൻ അഭ്യർത്ഥിക്കുന്ന കൌൺസിലിനു കുറച്ചുകൂടി ഗുണദോഷജ്ഞാനവും മെമ്പറന്മാർക്കു അവരുടെ അതിതകാലകൃത്യത്തിൽ കൂടുതൽ വിവേകവും മനഃസ്ഥാപവും ഉണ്ടായിട്ടുണ്ടെന്നാണ് ഗവണ്മെന്റിന്റെ ധാരണ,—ഇതു സ്ഥിരതയായിട്ടും ആണ്. ഞാൻ ഈ നിലയെ എതിർക്കുന്നു. രണ്ടാമതായി ഇതൊരു ഗുരുതരമായ സംഗതിയെ സംബന്ധിക്കുന്നതാണ്. ഒരിക്കലും അനുകൂലിക്കാൻ നിവൃത്തിയില്ലാത്തവിധം ഞാനിതിനെ എതിർക്കുന്നു. പൂർവസംഭവങ്ങൾ, ഏതൊരു സ്ഥാപനത്തിന്റേയും, വിശേഷിച്ചും ഭരണവ്യവസ്ഥയിൽ, അതിന്റെ വളർച്ചക്കു സാരമായി സഹായിക്കുന്നു. തിരെ ഭരണവ്യവസ്ഥയിൽ ഇരിക്കുന്ന ഒരു സഭയാണിതു്. ഈ സഭ, മറെറല്ലത്തേക്കാളും നടപ്പിനേക്കാൾ വളരെ കരുതലോടുകൂടി പോകേണ്ടതാണ്. വളരെ മാസങ്ങൾക്കു മുമ്പല്ലാതെ ഇതേ സംബന്ധിച്ചു ഒരാക്ഷേപം ഉണ്ടായിരുന്നു. അതു് ഈ സഭയുടെ ആലോചനക്കു വിഷയീഭവിക്കയും സൂക്ഷ്മമായ വാദപ്രതിവാദവും നിരൂപണവും അനന്തരവിശേഷം ഭൂരിപക്ഷാഭിപ്രായത്തോടുകൂടി തിരസ്കരിക്കപ്പെടുകയും ചെയ്തു. അധികമാസങ്ങൾ കഴിയുന്നതിനുമുമ്പു് ഇതാ ഗവണ്മെന്റു ഒരു പുതിയ ഡിമാൻറുകൊണ്ടു വന്നിരിക്കുന്നു. ഇതിനിടക്കു പുതിയ പരിതസ്ഥിതികളോ ആകസ്മികസംഭവങ്ങളോ ഉണ്ടായതായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എന്നാൽ മെമ്പറന്മാർ വഴിതെററിപ്പോയിരിക്കുമെന്നും അവർ തെററിദ്ധാരണക്കു വിധേയരായിരിക്കുമെന്നും ഗവണ്മെന്റു് ഭയപ്പെടുന്നു. ഇതൊരു അപകടമായ രീതിയാകുന്നു. ഇതാണ് സഭാനിയമം ഞാൻ നിയമസഭാ ചട്ടങ്ങളിലെ ൩൭ (ഡി) ചട്ടത്തെ അനുസ്മരിപ്പിക്കുന്നു.

"ഒരുകൊല്ലത്തിനിപ്പുറം സഭ തീരുമാനിച്ച ഒരു സംഗതിയോടു് സാരാംശത്തിൽ സാദൃശ്യമുള്ള ഒരു സംഗതി അതിൽ വാദവിഷയമായിരിക്കാൻ പാടില്ല"

അതുകൊണ്ടു സഭ ആരുകല്പാടെ ഇത എളുപ്പത്തിൽ ബുദ്ധിയുള്ളതായി തീരുമെങ്കിൽ നന്നായിരിക്കുമെന്നു ഗവണ്മെന്റു് വിചാരിച്ചു. എന്നാൽ നിയമസഭാചട്ടങ്ങളിൽ ൩൭ ഡി. ചട്ടത്തിൽ ഒരു രക്ഷാമാർഗ്ഗം കാണുന്നുണ്ടു്. ഒരുകൊല്ലം കഴിഞ്ഞിട്ടില്ലെന്നു ഞാൻ വാദിക്കുന്നു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ ചട്ടം പ്രമേയങ്ങളെ സംബന്ധിക്കുന്നതാണ്.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): അതു് ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ ഈ തത്വം അതിലുണ്ടു്. ഒരുകൊല്ലം കഴിഞ്ഞിരിക്കണമെന്ന സംഗതി ഈ ചട്ടങ്ങൾക്കു ഉത്തരവാദിയായിരിക്കുന്ന ഗവണ്മെന്റു് സമ്മതിക്കുന്നു. ഈ ഡിമാൻറിൽ അന്തർഭിന്നമായിരിക്കുന്ന തത്വികതത്വങ്ങൾ അതു തീരെ അപ്രകൃതമായിരിക്കുന്നു. എന്റെ വ്യക്തിപരമായ അഭിപ്രായം ഈ ഡിമാൻറിനു അനുകൂലമാണെങ്കിലും മേൽപറഞ്ഞ കാരണങ്ങളാൽ ഞാൻ ഇതിനെ എതിർക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിക്കവാറും സാദൃശകാരണങ്ങളാൽ ഗ്രാൻറിനുള്ള ഈ അപേക്ഷയെ ഞാനും എതിർക്കുന്നു. സർ, ഈ ഡിമാൻറിന്റെ അംഗീകാരം തീർപ്പുവാക്കത്തിനു വിധേയമാണ്. പോലീസ് പ്രസിഡന്റു് സ്വപ്രേരണയാൽ സാംബന്ധിച്ചുള്ള മറെറാരു തീരുമാനത്തിന്റെ സാദൃശ്യത്തെ ആശ്രയിച്ചാണ് ഈ ഗ്രാൻറിനു അപേക്ഷിച്ചിട്ടുള്ളതു്. നിയമസഭയുടെ താഴെപ്പറയുന്ന ൩൭-ാം ചട്ടം അനുസരിച്ചാണ് ഇതുകൊണ്ടു വന്നിട്ടുള്ളതു് എന്നു അഭിപ്രായമാണ്.

൭ (i) സഭയുടെ സമ്മതിദാനം വേണമെന്നുള്ള ഒരിനം ഒരു ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുക തന്നാണ്ടത്തെ ആവശ്യത്തിനു് മതിയാകയില്ലെന്നു കാണുകയോ

(ii) തന്നാണ്ടത്തെ ബഡ്ജററിൽ ഉദ്ദേശിച്ചിട്ടില്ലാതിരുന്നതും സഭയുടെ സമ്മതിദാനം ആവശ്യമുള്ളതും ആയ ഏതെങ്കിലും പുതിയ ഇനത്തിന്റെ ചെലവിനു ആവശ്യം തന്നാണ്ടിൽ നേരിടുകയോ

ചെയ്യുമ്പോൾ ഒരു കൂടുതൽ ഗ്രാൻറിനുള്ള ഒരു ഉദ്ദേശകണക്കു സഭയിൽ ഹാജരാക്കേണ്ടതാണ്.

മി. കെ. ജോർജ്ജ് (ആക്ടിംഗ് ഗവണ്മെന്റുചീഫ്സെക്രട്ടറി): സർ, ഞാൻ ഒരു നടപടിക്രമം ആവശ്യപ്പെടുന്നു. പ്രസിഡന്റു് തീർച്ച ചെയ്തിട്ടുള്ള ഒരു നടപടിയെപ്പററി വീണ്ടും വാദപ്രതിവാദം കൊണ്ടുവരുന്നതിനു് മെമ്പർക്ക് അവകാശം ഉണ്ടോയെന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രസ്തുതനടപടി ഈ സഭയിൽ മുമ്പൊരിക്കലും തീർച്ചചെയ്തിട്ടില്ല.

പ്രസിഡന്റ്: ഇതു സ്വീകാരയോഗ്യമെന്നു ഞാൻ ഇപ്പോൾ തീർച്ചചെയ്തിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ തീരുമാനത്തിനു ഞാനിതാ ശിരസ്സുനമിക്കുന്നു. എന്നാൽ എന്റെ ന്യായങ്ങളെ പ്രസ്താവിക്കുന്നതിനു എനിക്കു സ്വാതന്ത്ര്യമുണ്ടു്.

പ്രസിഡന്റ്: എന്നാൽ ആ തീരുമാനത്തെപ്പററി നിങ്ങൾക്കു വാദപ്രതിവാദം കൊണ്ടുവരാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപം ഈ പ്രകാരമുള്ളതായിരുന്നെന്ന് ഞാൻ സമ്മതിക്കുന്നു. കൂടാതെ മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ള ഒരു പ്രമേയത്തെ സംബന്ധിച്ച് വീണ്ടും പ്രതിവാദിക്കുന്നതിനു ഞാൻ ഒരുങ്ങുന്നില്ല. പ്രഥമദൃഷ്ടിയിൽ, ഈ അഗ്രാസനത്തിൽ നിന്നും ഉണ്ടായിട്ടുള്ള ഒരു തീരുമാനവും അതു എല്ലാ മെമ്പറന്മാരും സമ്മതിക്കുന്നതിനു നിർബന്ധിതരും ആകുകകൊണ്ടു ഞാനും അതിനെ അനുസരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് യോഗത്തിലെ വാദപ്രതിവാദത്തിൽ പ്രസ്തുതപ്രശ്നത്തെ സംബന്ധിച്ച ഒരു വോട്ട് ഉണ്ടാകയും അതു സ്വീകാരയോഗ്യമല്ലെന്നുള്ള സഭയുടെ സ്പഷ്ടമായ തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതേ വിഷയത്തെക്കുറിച്ചുള്ള പ്രസിഡണ്ടിന്റെ തീർപ്പ് അനുസരിക്കണമെങ്കിൽ സമീകൃതമായ ഒരു പ്രശ്നത്തെ സംബന്ധിച്ചു അനൌദ്യോഗസ്ഥമെമ്പറന്മാർ ദീർഘമായ വാദപ്രതിവാദത്തിനുശേഷം പ്രസ്താവിച്ചിട്ടുള്ള അഭിപ്രായവും തുല്യനിലയിൽ സ്വീകാര്യമാണ്.

കൂടാതെ ജയിലിൽ കൂടി നടന്നുവരുന്ന സന്മാർഗ്ഗോപദേശത്തിന്റെ സ്വഭാവത്തെക്കുറിച്ചു സ്വപ്രമാണികളുടെ സംഘമാകട്ടെ അഭിപ്രായം പ്രസ്താവിച്ചിട്ടില്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. സന്മാർഗ്ഗോപദേഷ്ടാവിന് ഒരു പ്രതിഫലം കൊടുക്കേണ്ട ആവശ്യം തടവുകാരെങ്ങിനെയോ ഗ്രഹിച്ചു തൃപ്തിപ്പെട്ടിരിക്കുന്നു. അവിടെ നടന്നുവരുന്ന സന്മാർഗ്ഗപ്രബോധനത്തിന്റെ രീതി സംബന്ധമായി അറിയാൻ പാടില്ലാത്തതുകൊണ്ട് ആ പ്രബോധനത്തിന്റെ പ്രയോജനത്തെപ്പറ്റി ഞാനൊന്നും പ്രസ്താവിക്കാൻ ഒരുങ്ങുന്നില്ല. പ്രസിഡണ്ടിന്റെ തീരുമാനം ബലമായിരിക്കണമെങ്കിൽ സഭയിലെ മെമ്പറന്മാരുടെ വോട്ടുകൂടി ആദരിക്കപ്പെടണമെന്നു മാത്രം ഞാൻ പറഞ്ഞുകൊള്ളുന്നു. ബഡ്ജറ്റുയോഗത്തിൽ സ്പഷ്ടമായി തീരുമാനിച്ചിട്ടുള്ള ഒരു സംഗതി ഇതാ വീണ്ടും കൊണ്ടുവന്നിരിക്കുന്നു. അതിനുശേഷം ഒരു കൊല്ലം പോലും കഴിഞ്ഞിട്ടില്ല. ഇതിനിടക്ക ഈ വിഷയം [illegible] കഴിഞ്ഞ അവസരത്തിൽ ഈ ഭാഗം മെമ്പറന്മാർ വച്ചു [illegible] അവർ [illegible] അവഗണിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നു. പ്രസ്തുത ആ വിഷയത്തെ സംബന്ധിച്ചുള്ള പ്രസിഡണ്ടിന്റെ തീരുമാനം [illegible] അതിനെ കർശനമായി അനുസരിച്ചുകൊള്ളണമെന്നും [illegible] ഇതിനെല്ലാം ഇതിനു [illegible] ഈ പ്രശ്നം ഇപ്പോൾ പുനരാലോചനക്ക എടുക്കാനായി ഈ സഭയെ [illegible] ഉണ്ടായിട്ടില്ല. അതുകൊണ്ടു ഈ പ്രമേയത്തെ എതിർക്കുന്ന വിഷയത്തിൽ ഞാൻ മി. എം. കെ. പിള്ളയോടു പൂർണ്ണമായി യോജിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഉപക്ഷേപത്തെ എതിർക്കുന്നു. ഡിമാൻറിനെ അനുകൂലിക്കുന്ന വിഷയത്തിൽ ആദ്യം എനിക്ക ചീഫ്സിക്രട്ടറിയുടെ അഭിപ്രായത്തോടു അനുഭാവം ഉണ്ടായിരുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രശ്നത്തിന്റെ സാരാംശത്തെപ്പറ്റി ചിന്തിച്ചതിൽ ഈ ഭാഗം മെമ്പറന്മാർക്കു പ്രസ്തുത ഡിമാൻറിനെ അനുവദിക്കാതെ നിവൃത്തിയില്ല. എന്നാൽ മുൻപ്രസംഗികന്മാരായ പി. എൻ. കെ. പിള്ളയും മി. പി. കെ. നാരായണപിള്ളയും ചൂണ്ടിക്കാണിച്ചിട്ടുള്ളപോലെ എനിക്ക ഇൻഡ്യൻ പ്രോവിൻഷ്യൽ കൌൺസിലുകളിൽ ഒന്നിൽ നടന്ന ഇതുപോലെയുള്ള ഒരു പ്രശ്നത്തെപ്പറ്റി ഓർക്കപ്പെടുന്നതായും കൌൺസിലിന്റെ നടപടികളുടെ നിർവഹണത്തിനായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചട്ടങ്ങളുടെ പരിണാമം മാത്രമേ [illegible] നിയമങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിനും ഈ സഭയുടെ അന്തസ്സും ഗൌരവവും സ്വാതന്ത്ര്യത്തോടുകൂടി സംരക്ഷിക്കുന്നതിനും ഈ ഉചിതാവസരത്തെ സഭയിലെ ഈ ഭാഗം അംഗങ്ങൾ ഉപയോഗിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ബങ്കാൾ പ്രവിശ്യയിലെ നിയമസഭയെയാണ് ഞാൻ സൂചിപ്പിക്കുന്നതു, അവിടെ [illegible] കൌൺസിൽ മെമ്പറന്മാരുടെ വോട്ടുകൊണ്ടു മന്ത്രിമാരുടെ ശമ്പളം നിരാകരിക്കപ്പെട്ടപ്പോൾ, അടുത്ത സമ്മേളനത്തിലെ അജണ്ടയിൽ മന്ത്രിമാരുടെ ശമ്പളത്തെപ്പറ്റിയുള്ള അഭ്യർത്ഥനകൾ ഉൾപ്പെടുത്തിയിരുന്നു, അപ്പോൾ അനൌദ്യോഗസ്ഥസാമാജികന്മാർ,

പ്രസിഡണ്ട്: പ്രസിഡണ്ട് തീരുമാനിച്ചിട്ടുള്ള സംഗതികളെപ്പറ്റി പ്രതിവദിക്കാതെ മെമ്പർ ഉചിതമായി വിചാരവിഷയത്തെ പരാമർശിച്ചു സംസാരിക്കുമോ?

മി. എം. ശിവതാണുപിള്ള (തോവാള): സഭയുടെ ഗുണത്തെയും അന്തസ്സിനെയും സംരക്ഷിക്കുന്നതിനുവേണ്ടി, ഒരിക്കൽ തള്ളിപ്പോയതും നീതിന്യായകോടതിയിൽ നിന്നും നിരോധനാജ്ഞകൾക്കു [illegible] ആയ ഒരു വിഷയം പിന്നീടുണ്ടായ ഒരു സമ്മേളനത്തിലെ അജണ്ടയിൽ ചേർക്കുന്നതിനുള്ള അവകാശത്തെപ്പറ്റിയുള്ള സംശയനിവാരണത്തിനു ബങ്കാൾ ലജിസ്ലേറ്റിവുകൌൺസിലിലെ മെമ്പറന്മാർ പുറപ്പെട്ടു: അവിടത്തെ മെമ്പറന്മാർ സഭയുടെ അന്തസ്സ് പരിപാലിക്കുന്നതിൽ വളരെ ശ്രദ്ധാലുക്കളാണ്. സഭയുടെ ശക്തിയേയും ക്രമപ്രവൃത്തിയും ആയ വളർച്ചയെ സഹായിക്കുന്നതിനു സഭയുടെ ഈ ഭാഗത്തുള്ള മെമ്പറന്മാർ അവരുടെ മുൻനടപടികളെ മുറുകെപ്പിടിക്കേണ്ടതാണെന്നും അതുകൊണ്ടു അവരുടെ ശരിയായ തീരുമാനത്തിൽനിന്നും പിൻതിരിയുന്നതല്ലെന്നും ഈ അവസരത്തിൽ ഞാൻ സഭയെ ധരിപ്പിച്ചുകൊള്ളുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): സർ, ഞാനും ഈ ഉപക്ഷേപത്തെ എതിർക്കുന്നു. എന്നാൽ ഞാൻ അങ്ങനെ ചെയ്യുന്നതു അതിന്റെ തത്വത്തിലെ [illegible] വേണ്ടിയാണ് [illegible] അതിന്റെ ബാഹ്യകാരണങ്ങളെക്കൊണ്ടല്ല. മുന്നാരവസരത്തിൽ മെമ്പറന്മാർ തെറ്റിദ്ധാരണക്ക വശംവദരായിരുന്നുവെന്ന [illegible] ഞാൻ, [illegible] പുനരാലോചനക്ക എടുക്കണമെന്ന ഈ ഡിമാൻറിന്റെ പ്രയോജകവശം ആവശ്യപ്പെടുന്ന ഞങ്ങളിൽ പലരും സംബന്ധിച്ചടത്തോളം ഞങ്ങൾ യാതൊരു തെറ്റിദ്ധാരണക്കും അധീനരായിരുന്നില്ലെന്നു ഞാൻ അദ്ദേഹത്തോടു ഉറപ്പിച്ചുപറഞ്ഞുകൊള്ളുന്നു. എന്നെസംബന്ധിച്ചാണെങ്കിൽ ഞാൻ അന്നുതന്നെ ആ ഉപക്ഷേപത്തെ എതിർത്തു. താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ ഇപ്പോഴും എതിർക്കുന്നു.

ഒന്നാമതായി ജയിലിന്റെ [illegible] തന്നെ തടവുകാർക്ക സന്മാർഗ്ഗപ്രബോധനകവും ജയിലിലെ മേലധികാരി [illegible] തടവുകാർക്ക പ്രായോഗികവും ശാസ്ത്രീയവും ആയ വിധത്തിൽ ആവശ്യമുള്ള സന്മാർഗ്ഗോപദേശങ്ങൾ നല്കുന്നതിനു പ്രാപ്തനും ആയിരിക്കണം. എന്നാൽ വല്ലകാരണവശാലും ഇതിനു ജയിലിലെ മേലധികാരിക്ക സമയം ഇല്ലാതെവരുന്നപക്ഷം മറ്റുതരത്തിൽ ശരിയായ ഏർപ്പാടുകൾ ചെയ്യുകയും [illegible] ചെലവിനത്തിനു ഗവൺമെന്റിനോടു ധനസഹായം ആവശ്യപ്പെടുകയും ചെയ്യാം. ഇപ്പോൾ ഉപക്ഷേപത്തെ വീക്ഷിക്കുന്നതു

ആ അത്ഥത്തിലല്ലന്നു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. യഥാൎത്ഥത്തിൽ തടവുകാൎക്കു ഏതോ ഒരു മാന്യൻ സന്മാൎഗ്ഗോപദേശം ചെയ്തു വരുന്നതായും ഇപ്പോഠം അദ്ദേഹത്തിനു ഒരു പാരിതോഷികം കൊടുക്കുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നതായും തോന്നുന്നു. എന്നാൽ ബഡ്ജറ്റു സമ്മേളനത്തിലെ വാദപ്രതിവാദത്തിന്റെ സ്വഭാവം നോക്കുമ്പോഠം ഈ മാന്യന്റെ സന്മാൎഗ്ഗോപദേശം തുടൎന്നതിനു അനുവദിക്കാൻ പാടില്ലാത്തതാണ്. അതു അങ്ങനെ ചെയ്തില്ല. മുമ്പു പതിവായി നടന്നിട്ടുള്ളതായി ഭാവിക്കാതെ ഒരു സംഖ്യ അനുവദിക്കാൻ ആവശ്യപ്പെടുന്നു. എന്നാൽ തല വൎഷത്തിലും ഈ ഏൎപ്പാടു നടന്നുകൊണ്ടുതന്നെ ഇരിക്കുന്നു. സഭ എതിരഭിപ്രായം പുറപ്പെടുവിച്ചപ്പോഠം മുതൽ പ്രസ്തുത ഏൎപ്പാടു നിറുത്തൽ ചെയ്തിരിക്കുമെന്നു ഞങ്ങഠം വിചാരിച്ചിരുന്നു. അതുകൊണ്ടു എല്ലാ തടവുകാൎക്കും യോജിക്കുന്ന വിധത്തിലുള്ള സന്മാൎഗ്ഗോപദേശം ആവശ്യമെന്നു വിചാരിക്കുന്നപക്ഷം വേണ്ട വിദ്യാഭ്യാസയോഗ്യതയുള്ള ഒരു ജയിലറോ അഥവാ ജയിൽ സൂപ്രണ്ടന്നോ മതവ്യത്യാസം കൂടാതെയുള്ള സന്മാൎഗ്ഗോപദേശം ചെയ്യണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. മതപരമായ ഏതെങ്കിലും ഉപദേശം വേണ്ടിവന്നാൽ സന്മാൎഗ്ഗോപദേശത്തിൽ മതോപദേശവും ഉഠപ്പെടും. അതിന് ഇവിടെയുള്ള വിവിധമതസ്ഥാപനങ്ങളിലെ അംഗങ്ങഠം പ്രതിഫലംകൂടാതെ ഇപ്രകാരമുള്ള ഉപദേശങ്ങഠം കൊടുക്കുന്നതിന് തയ്യാറായിരിക്കും. ക്രിസ്ത്യാനികഠംക്കു സന്മാൎഗ്ഗോപദേശം ചെയ്യുന്നതിനു ക്രിസ്ത്യസ്ഥാപനങ്ങളോടും ഹിന്ദുക്കഠംക്കാണെങ്കിൽ രാമകൃഷ്ണമിഷ്യൻ മുതലായുള്ള ആശ്രമങ്ങളിലെ സന്യാസിമാരോടോ അല്ലെങ്കിൽ ബ്രഹ്മചാരികളോടോ അപേക്ഷിക്കാവുന്നതുമാണ്. അതുകൊണ്ടു ഏതു വിധത്തിൽ നോക്കിയാലും ഈ ഗ്രാന്റിന്റെ ആവശ്യകതയെപ്പററി ഞങ്ങഠംക്കു യാതൊരു തെററിധാരണയും വരുത്തപ്പെട്ടിട്ടില്ല. ഈ കാരണങ്ങളാൽ ഈ ചെലവു അനാവശ്യമാണ്. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ എതിൎക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ടു): സർ, ഒന്നാമവസരത്തിൽ ഈ വിഷയം ആലോചനയ്ക്കുവന്നപ്പോഠം ഇതൊരു നിസ്സാരസംഗതിയെന്നും എതിൎക്കപ്പെടുകയില്ലെന്നും കരുതി ഞാൻ സംസാരിച്ചില്ല. ഇപ്പോഴും ഈ ഗ്രാന്റിനെ എതിൎക്കുന്നവരായി വളരെ പ്രാസംഗികന്മാരുണ്ടായിരുന്നില്ല. കൌൺസിലിന്റെ പുനരാലോചനയ്ക്കായി ഇപ്പോഠം ചീഫ്സിക്രട്ടറി ഈ ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നു. എന്റെ നാലു സ്നേഹിതന്മാർ ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നു. അവർ കൊണ്ടുവന്നിരിക്കുന്ന ആക്ഷേപങ്ങളെ അപഗ്രഥിച്ചു നോക്കുന്നതായാൽ അവരെല്ലാവരും മിസ്റ്റർ ജാൎജ്ജിനെ അനുകൂലിക്കയായിരുന്നെന്നും എതിൎക്കുന്നില്ലെന്നും നമുക്കു കാണാം. സാങ്കേതികകാരണങ്ങളാൽ ഈ ഡിമാന്റു അനുവദിക്കാൻ തയ്യാറില്ലെന്നായിരുന്നു അവർ പ്രസ്താവിച്ചു തുടങ്ങിയതു. സന്മാൎഗ്ഗോപദേശത്തെപ്പററി മിസ്റ്റർ എ. കെ. പിള്ളയ്ക്കു പൂൎണ്ണമായ അനുഭാവം ഉണ്ടെന്നും വ്യക്തിപരമായി അതു അനുവദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. അതിന്റെ ഗുണത്തെസംബന്ധിച്ചു വിപരീതാഭിപ്രായമില്ലെന്നു മിസ്റ്റർ പി. കെ. നാരായണപിള്ളയും പ്രസ്താവിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ശരിയല്ല. "അതിനെപ്പററി എനിക്കു വളരെ പറയാനുണ്ടു. എന്നാൽ തല്ക്കാലം ഒന്നും പറയുന്നില്ല" എന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു.

മി. വി. സുബ്ബയ്യർ (ഗവൺമെൻറു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ടു): ഏതായാലും അതിനു എതിരായി അദ്ദേഹം ഒന്നും പ്രസ്താവിച്ചില്ല. അതൊരു പരമാൎത്ഥമാണ്. ഏതൊരു വിഷയത്തെ ഉദ്ദേശിച്ചു ഈ ഗ്രാന്റു ആവശ്യപ്പെട്ടിരിക്കുന്നുവോ ആ സംഗതിയിൽ തനിക്കു പൂൎണ്ണമായ അനുഭാവമുണ്ടെന്നു മിസ്റ്റർ ശിവതാണുപിള്ള പറയുന്നു. മിസ്റ്റർ രാമൻമേനോനും സന്മാൎഗ്ഗോപദേശത്തെ അനുകൂലിക്കുന്നു; എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ഉപദേഷ്ടാവു ജയിൽസൂപ്രണ്ടുതന്നെ ആയിരിക്കണമെന്നാണ്. അതുകൊണ്ടു ഈ ഡിമാന്റിനെ പ്രതികൂലിച്ച നാലുപേരും സന്മാൎഗ്ഗോപദേശം ആവശ്യമാകണമെന്നും അതു ആരെങ്കിലും നടത്തേണ്ടതാണെന്നും സമ്മതിച്ചിരിക്കുന്നു. സംഗതികഠം ഏവംവിധമാണെങ്കിൽ ഇപ്പോഠം കൊണ്ടുവന്നിരിക്കുന്ന സാങ്കേതികതടസ്സങ്ങളെ തീരുമാനിക്കേണ്ട ഭാരമേ നമുക്കുള്ളു. മുൻ പതിവുകളേയും സഭകളേയും സംരക്ഷിക്കേണ്ടതിനെപ്പററി ധാരാളം പ്രസ്താവിച്ചുകഴിഞ്ഞു. ഇതിനെ സംബന്ധിച്ചു ഈ സഭയെ അധികനേരം താമസിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സഭയെ സംബന്ധിച്ചിടത്തോളം, ബഡ്ജററിൽ ഒരു പ്രത്യേക ഇനം സഭയുടെ വോട്ടിനാൽ തള്ളപ്പെട്ടുപോയാൽ ആ ഡിമാന്റു ഹാജരാക്കിയ മെംബർതന്നെ വീണ്ടും അതിനെപ്പററി ഒരു ഉപക്ഷേപം കൊണ്ടുവന്നാൽ അതിനെക്കുറിച്ചു പുനരാലോചിക്കാമെന്നുള്ളതു സ്ഥാപിതമായ ഒരേൎപ്പാടാകയാൽ പ്രസ്തുത സംഗതിയെക്കുറിച്ചു പുനരാലോചിക്കാവുന്നതാണ്. ആദായനികുതി ഇൻസ്പെക്ടറന്മാരുടെ കാൎയ്യത്തിൽ ഭൂനികുതിയും ആദായനികുതിയും കമ്മീഷണരായിരുന്ന മിസ്റ്റർ അനന്തനാരായണയ്യർ ഹാജരാക്കിയ ഡിമാന്റും അസിസ്റ്റൻറു പോലീസ് സൂപ്രണ്ടന്മാരെ വച്ചുകൊണ്ടിരിക്കുന്നതിലേയ്ക്കു പോലീസ് കമ്മിഷണർ മിസ്റ്റർ പിററ ഹാജരാക്കിയ സപ്ലിമെൻററി ഗ്രാന്റിനുള്ള ഡിമാന്റും നിങ്ങഠം ഇതിലേയ്ക്കു ഉദാഹരിച്ചാൽ മതിയാകും. ഈ സന്ദൎഭങ്ങളിൽ സഭ ബഡ്ജററിലെ ഇനങ്ങഠം നിരാകരിക്കുകയും പുനരാലോചനയിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ടു. ഈ രണ്ടവസരങ്ങളിലും മിസ്റ്റർ പി. കെ. നാരായണപിള്ള എഴുന്നേററു ഈ ഡിമാന്റുകഠം ഇനംതിരിച്ചതിനു വിരുദ്ധമാകയാൽ നടപടി പിശകാണെന്നു പറഞ്ഞു സപ്ലിമെൻററി ഗ്രാന്റിനെ എതിൎക്കുകയും ആ രണ്ടവസരങ്ങളിലും പ്രസിഡണ്ടു അവ മുറപ്രകാരംതന്നെയെന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി നടപടിറിപ്പോൎട്ടുകഠംകൊണ്ടു ഞാൻ കാണുന്നു. ഈ തീരുമാനങ്ങഠം പ്രത്യക്ഷത്തിൽ ഇരിക്കെ നമ്മുടെ മുൻ നടപടികളെ അനാദരിച്ചു കൽക്കട്ടാമുതലായ ദൂരസ്ഥലങ്ങളിലേയ്ക്കു വെളിച്ചംതേടി നാം പോകുന്നതു എന്തിനെന്നു എനിക്കു മനസ്സിലാകുന്നില്ല. മദ്രാസിലും മററു ചില സംസ്ഥാനങ്ങളിലും ഒരിക്കൽ നിരാകരിച്ചു ഗ്രാന്റു വീണ്ടും സ്വീകരിച്ചിട്ടുള്ളതായി എനിക്കു സൂക്ഷ്മമായി അറിയാം. അതുകൊണ്ടു മാതൃകകളെ ആരാഞ്ഞു അന്യദിക്കിൽ പോകേണ്ട ആവശ്യം അശേഷം ഇല്ല. നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ തീരുമാനങ്ങളെ ആശ്രയിച്ചുമാത്രം നാം നയിക്കപ്പെട്ടാൽ മതി. നമ്മുടെ നീതിന്യായക്കോടതികഠം അവരുടെ സ്വന്തവിധികളെ പിന്തുടരുകയും നമുക്കു സ്വന്തമായ ഒരു പഴയ തീൎപ്പു ഇല്ലാതെ വരുന്ന സന്ദൎഭങ്ങളിൽ മാത്രം വിദേശവിധികളെ ആശ്രയിക്കയും ചെയ്താൽ മതിയെന്നു ഒരഭിഭാഷകന്റെ നിലയിൽ എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ളയ്ക്കു അറിയാവുന്നതാണ്.

മാമൂലിനെ സംബന്ധിച്ച ഈ പ്രശ്നം ഒരിക്കൽ അവസാനിപ്പിച്ചതാണ്; ഈ പ്രശ്നത്തിന്റെ പ്രയോജനത്തെപ്പററി യാതൊരു ഭിന്നാഭിപ്രായവും ഞാൻ കാണുന്നില്ല. അങ്ങനെ എതിരഭിപ്രായമില്ലാത്തസ്ഥിതിക്കു മിസ്റ്റർ ജാർജ്ജിന്റെ ഡിമാൻറു അനുവദിക്കുക മാത്രമാണ് ഇവിടെ കർത്തവ്യമായിട്ടുള്ളതു; എന്തുകൊണ്ടെന്നാൽ അതിനു വിരോധമായി യാതൊന്നും പറയാനില്ലെന്നു നാം തന്നെ പ്രസ്താവിച്ചിരിക്കകൊണ്ടു പുനരാലോചനയ്ക്കു ന്യായമുണ്ടെന്നു നാം സമ്മതിക്കുന്നു. ഒരു നീതിന്യായക്കോടതിയിൽ പുനരായി സ്വീകരിക്കുന്നതിനു എന്തെങ്കിലും കാരണമുണ്ടെന്നുകണ്ടാൽ പുനരു അനുവദിക്കുന്നതായി നമുക്കെല്ലാവക്കും അറിയാമല്ലൊ. അതുകൊണ്ടു അവകാശത്തിന്റെ സാരാംശത്തിൽ ഒരു നല്ല ന്യായമുണ്ടെന്നു ഉപക്ഷേപത്തെ എതിർത്ത എന്റെ സ്നേഹിതന്മാർ എല്ലാവരും സമ്മതിക്കുന്നസ്ഥിതിക്കു നാം അതിനെ അനുവദിക്കണം; ഇപ്രകാരം ചെയ്യുന്നതിനെ തടയുന്നതിനു യാതൊരു ചട്ടവും ഇല്ല. മിസ്റ്റർ എ. കെ. പിള്ള ഉദ്ധരിച്ച ചട്ടം—അതായതു ഇതുപോലെ സാരാംശത്തിൽ സാദൃശമുള്ള ഒരു ഉപക്ഷേപം കൌൺസിലിൽ കൊണ്ടുവരുന്നതിനു ഒരു കൊല്ലം കഴിഞ്ഞിരിക്കണമെന്നു മിസ്റ്റർ എ. കെ. പിള്ള പറയുന്നതു പ്രമേയങ്ങളെ സംബന്ധിച്ചാണ്. അല്ലാതെ ഇതുപോലെ ഗ്രാൻറിനുള്ള ഡിമാൻറുകളെപ്പററിയല്ല. കൂടാതെ ൨൨-ാം നമ്പർ സ്റ്റാൻറിംഗ് ഓർഡറിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

"ഒരു സമ്മേളനത്തിൽ സഭ തീരുമാനിച്ച ഒരു ഉപക്ഷേപത്തോടു സാരാംശത്തിൽ തുല്യതയുള്ള ഒരു സംഗതി ആ സഭയിൽതന്നെ വാദവിഷയമായിരിക്കാൻ പാടില്ല".

നമ്മൾ ഇപ്പോൾ ബഡ്ജററു സെഷ്യനിൽ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജററുസെഷ്യനിൽനിന്നും വളരെ വ്യത്യസ്തപ്പെട്ട ഈ സമ്മേളനത്തിൽ മിസ്റ്റർ ജാർജ്ജ് കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപം ക്രമപ്രകാരമുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു സെഷ്യനിൽ ഹാജരാക്കിയ ഒരു ഉപക്ഷേപം അതേസെഷ്യനിൽ വീണ്ടും കൊണ്ടുവരാൻ പാടില്ലെന്നുമാത്രമേ ചട്ടത്തിൽ പറയുന്നൊള്ളു. അതു മററൊരു സെഷ്യനിലെ ഹാജരാക്കാവുന്നതുമാത്രം കാണിക്കുന്നു: ഞാൻ പറഞ്ഞതുപോലെ നാം ഇപ്പോൾ വേറൊരു സെഷ്യനിലാണ്.

ഈ സ്ഥിതിക്കു സാങ്കേതികതടസ്സങ്ങൾ വഹിക്കത്തക്കതല്ല. അതിന്റെ ഗുണത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായ വ്യത്യാസവുമില്ല. അതുകൊണ്ടു മിസ്റ്റർ ജാർജ്ജിന്റെ ഡിമാൻറ് നിരാകരിക്കുന്നതിനു ഒരു കാരണവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സർ, കഴിഞ്ഞ ബഡ്ജററു യോഗത്തിൽ ഈ സംഖ്യ അനുവദിക്കത്തക്കതല്ലെന്നു അഭിപ്രായപ്പെട്ടതു ഞാനാണു. തടവുകാക്കു സന്മാർഗ്ഗോപദേശം ചെയ്യുന്ന വിഷയത്തിൽ എനിക്കുള്ള വൈമനസ്യംനിമിത്തമല്ല ഞാൻ അപ്രകാരം ചെയ്തതു. എന്നാൽ സന്മാർഗ്ഗോപദേഷ്ടാവായ മി. കെ. എസ്സ്. നാരായണയ്യർ ഡിസ്ട്രിക്ട്കോർട്ടിലെ ഒരു പ്രധാനപ്പെട്ട വക്കീലും വില്ലേജ്പഞ്ചായത്തുകോർട്ടു പ്രസിഡൻറും ആയിരിക്കകൊണ്ടു ആ ജോലികളുടെ കൂട്ടത്തിൽ ശ്രമകരമായ സന്മാർഗ്ഗോപദേശം ചെയ്യുന്ന ഈ ജോലിക്കുകൂടി വഹിക്കുന്നതിനു അദ്ദേഹത്തിനുവേണ്ട സമയം കിട്ടുകയില്ലെന്നു ഞാൻ വിചാരിച്ചു. ഈ തുക അനുവദിക്കാതിരുന്നിട്ടും തടവുകാക്കു സന്മാർഗ്ഗോപദേശം നൽകുന്നതിനു അദ്ദേഹം പതിവായി ജയിലിൽ പൊയ്ക്കൊണ്ടിരുന്നുവെന്നു ഞാൻ ചീഫ്സെക്രട്ടറിയിൽനിന്നും മനസ്സിലാക്കുന്നു. അതുകൊണ്ടു വളരെച്ചുരുക്കമെങ്കിലും ഒരു തുക നമ്മൾ അനുവദിക്കുന്നതു ന്യായമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇവിടെ കൂടിയിരിക്കുന്ന എല്ലാ മെംബറന്മാരും തടവുകാക്കു സന്മാർഗ്ഗോപദേശം കൊടുക്കുന്നതു വളരെ ആവശ്യമാണെന്നും ആ കാരണത്താൽ അവർ ഡിമാൻറിനെ എതിക്കുന്നില്ലെന്നും പ്രസ്താവിച്ചിട്ടുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മി. എം. എൻ. പിള്ളയുടെ അഭിപ്രായവ്യത്യാസം സന്മാർഗ്ഗോപദേഷ്ടാവിന്റെ വ്യക്തിയെക്കുറിച്ചുമാത്രമാണോയെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കൃത്യാന്തരബഹുലനായ അദ്ദേഹത്തിനു സന്മാർഗ്ഗോപദേശം കൂടിചെയ്യുന്നതിനു സൌകര്യപ്പെടുകയില്ലെന്നുള്ളതായിരുന്നു എന്റെ ഭയം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രസ്തുത മനുഷ്യനെക്കൊണ്ടു ഈ ജോലികൂടി നിർവഹിക്കുന്നതിനു സാധിക്കുമെന്നു ഇപ്പോൾ മി. എം. എൻ പിള്ളക്കു ബോദ്ധ്യമായോയെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ തുക അനുവദിക്കാതിരുന്നിട്ടും അദ്ദേഹം അധികൃതന്മാരുടെ സംതൃപ്തിക്കു പാത്രമാകത്തക്കവണ്ണം ആ ജോലി നിർവഹിച്ചുവന്നുവെന്നു ചീഫ്സിക്രട്ടറി നമുക്കു ഉറപ്പുതന്നിട്ടുള്ളതുകൊണ്ടു അദ്ദേഹം പ്രസ്തുത ജോലികൂടി നടത്തുന്നതിനു പ്രാപ്തനായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ സസന്തോഷം അനുകൂലിക്കുന്നു. എല്ലാററിനും പുറമെ അദ്ദേഹംചെയ്യുന്ന സന്മാർഗ്ഗോപദേശം എല്ലാ മതതത്വങ്ങളും ക്രോഡീകരിച്ചതും എല്ലാവക്കും സ്വീകാര്യമായിട്ടുള്ളതുമാണുതാനും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബഡ്ജററു സമ്മേളനത്തിലെ വാദപ്രതിവാദത്തിൽ പ്രസ്തുതജോലിക്കുററിരുന്ന ആളിനെപ്പററി വല്ല പ്രസ്താവവും ഉണ്ടായിട്ടുണ്ടോയെന്നു ഞാൻ മി. എം എൻ. പിള്ളയോടു ചോദിച്ചുകൊള്ളട്ടെ

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എം. എൻ. പിള്ള (തിരുവനന്തപുരം). ഉണ്ടു. ഉണ്ടായിരുന്നു. ആ മനുഷ്യന്റെ, കെ. എസ്സ് നാരായണയ്യരുടെ പേരു ഞാൻ പ്രസ്താവിച്ചു. എന്റെ പ്രധാന തടസ്സം ഒരു പ്രധാനപ്പെട്ട വക്കീലും വില്ലേജ് പഞ്ചായത്തുകോടതി പ്രസിഡണ്ടുംആയ അദ്ദേഹം ഈ ജോലികൂടി നിർവഹിക്കുന്നതിനു പ്രാപ്തനാകാതെ വന്നേക്കുമെന്നായിരുന്നു.

ഏതാദൃശകാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

പ്രസിഡൻറു. ചീഫ്സിക്രട്ടറി ഹാജരാക്കിയിരിക്കുന്ന ഈ ഡിമാൻറിനെ അനുകൂലിച്ചു സംസാരിക്കാൻ വേറൊരു ഉദ്യോഗസ്ഥമെംബരെ ക്ഷണിക്കാൻ ഞാൻ വിചാരിക്കുന്നില്ല. സഭയുടെ അഭിപ്രായത്തെ വേണ്ടപോലെ പ്രതിനിധീകരിച്ചിരിക്കുന്നതായി കാണുന്നതുകൊണ്ടു ഈ വാദത്തെ അവസാനിപ്പിക്കുന്നതിൽ ഞാൻനിരീക്ഷിക്കപ്പെടുമെന്നു കരുതി ഇപ്പോൾ നടന്നവാദപ്രതിവാദത്തെ ഞാൻ ചുരുക്കിപ്രസ്താവിക്കാം

ഒന്നാമതായി മി. ഏ. കെ. പിള്ള, അദ്ദേഹത്തിനു ഈ സഭയോടുള്ള ഉൽകൃഷ്ടമായ കൃത്യബോധത്തിൽനിന്നും സംജാതമായ ഹൃദയവേദനയോടും സങ്കടത്തോടുംകൂടി അതിനെ എതിൎത്തു. ഈ സഭ ഒരു വിഷയത്തെക്കുറിച്ചു ചെയ്യുന്ന തീരുമാനം പ്രസ്തുത വിഷയത്തിന്റെ നാനാമുഖങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിച്ചിട്ടാണെന്നുള്ള പരമാൎത്ഥത്തിലാണു അദ്ദേഹം തന്റെ നില ഉറപ്പിച്ചിരിക്കുന്നതു. സ്വഭാവ വിശേഷങ്ങളോ മാനസികവികാരങ്ങളോ ഈ സഭയെ ബാധിക്കുന്നില്ലെന്നും ഉൽകൃഷ്ടവും പരിശുദ്ധവും ആയ ഉദ്ദേശങ്ങളൊഴികെ മററു യാതൊന്നുംതന്നെ സഭയെ പ്രേരിപ്പിക്കുന്നതല്ലെന്നും അദ്ദേഹം വിചാരിക്കുന്നു. സ്വൈരമായി ഒരു സ്ഥലത്തിരുന്നു ശാന്തമായും ഏകാഗ്രമായും സംഗതികൾ അനുമാനിക്കുമ്പോൾ തങ്ങളെ സാധാരണയായി ബാധിക്കാത്തതായ വികാരങ്ങളുടെയും ഉദ്ദേശങ്ങളുടെയും പ്രേരണക്കു ഒരിക്കലും വഴിപ്പെടാതെ ൫൦ മനുഷ്യജീവികളടങ്ങിയ ഒരു സംഘത്തിനു എല്ലായ്പോഴും ജോലിചെയ്യുകയോ ആലോചിക്കുകയോ ചെയ്വാൻ സാധിക്കുമോ എന്നു പ്രയോഗചതുരന്മാരായ ആളുകൾ ചിന്തിക്കേണ്ടതാണ്.

അതുകൂടാതെ മാമൂലുകളെ മേല്പെടുത്തുന്നതിൽ മി. ഏ. കെ. പിള്ള അതിഭീരുവാണ്; ഒരു മാമൂൽ ഒരിക്കൽ സ്വീകരിച്ചാൽ അതു സഹസ്രാബ്ദങ്ങളും ശീതോഷ്ണങ്ങളെ സഹിച്ചുനിൽക്കുന്ന ഡൽഹിയിലെ അയസ്തംഭംപോലെ ശാശ്വതവും ബലവത്തും ആയിരിക്കുന്നതിനു അദ്ദേഹം ആഗ്രഹിക്കുന്നു. ഈ സഭ ഏർപ്പെടുത്തിയിട്ടുള്ള നല്ല നടപടിക്രമങ്ങളെ നിലനിറുത്തുന്നതിനു ഞാനും ഇഷ്ടപ്പെടുന്നു. ഉത്തമോദ്ദേശങ്ങളെക്കൊണ്ടും മാമൂലുകളെക്കൊണ്ടും മാത്രമല്ല ഗുണപ്രദമായ മററല്ലാ ഉപായികളെക്കൊണ്ടും ഈ സഭ ക്രമീകരിക്കപ്പെടണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒരു നല്ല മനുഷ്യന്റെ സൽപ്രവൃത്തിക്കു ഈ സഭ അനുകൂലിക്കുമെന്നു മുൻ നടപ്പിനെ, സഭ പ്രഥമവും പ്രധാനവും ആയി അംഗീകരിച്ചുകാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. സഭ ഈ നടപ്പിനെ സ്വീകരിക്കാനുണ്ട് ഞാൻ ആശിക്കുന്നു. ഈ സഭയെ സങ്കുചിതമാക്കാതെ വിസ്തൃതമാക്കാൻവേണ്ട മാമൂലുകളെ ഏർപ്പെടുത്തുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനു ഞാൻ മി. ഏ. കെ. പിള്ളയോടു ആവശ്യപ്പെടുന്നു. ഈ സഭയുടെ പ്രവൃത്തികൾ, സങ്കുചിതവും സാങ്കേതികവും കക്ഷിപരവും അല്ലാതെ, വിപുലവും ശ്രേഷ്ഠവും ആയിരിക്കണം.

ബങ്കാളിൽ ഒരു മന്ത്രിയുടെ ശമ്പളം മി. ശിവതാണുപിള്ള വിഴുങ്ങിക്കളഞ്ഞു. അതുകൊണ്ടു അദ്ദേഹത്തിനു ശ്വാസംമുട്ടി. തൽഫലമായി ഈ ചെറിയ അഭ്യർത്ഥന അനുവദിക്കുന്നതിനു അദ്ദേഹത്തിനു നിവൃത്തിയില്ല.

മി. പി. കെ. നാരായണപിള്ള ഇതിനെ ആക്ഷേപിക്കുന്നതു അദ്ദേഹം അതിന്റെ പ്രയോജനത്തെ എതിൎത്ത് എന്തെങ്കിലും പറഞ്ഞതുകൊണ്ടല്ല, എന്നാൽ അതിന്റെ പ്രയോജനത്തെ എതിൎത്തു അദ്ദേഹം പറഞ്ഞതായ എന്തോ ചിലതുകൊണ്ടാണ്.

ഈ സഭയുടെ മനോഭാവത്തിന്റെ അടിത്തട്ടുവരെ എത്തിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്ന ഡിപ്യൂട്ടിപ്രസിഡണ്ടിന്റെ അഭിപ്രായത്തെപ്പററി അവസാനമായി ചിന്തിക്കാം. ഏതോ വിചിത്രമായ കാരണത്താൽ കാറവാൾ കിഴിക്കപ്പെട്ടാലും മനുഷ്യലോകത്തിന്റെ ക്ഷേമത്തിനുവേണ്ടി തടവിലടക്കപ്പെട്ടു സങ്കടപ്പെടുന്നവരുമായ ആളുകളുടെ നന്മയ്ക്കായി ചെയ്യപ്പെടുന്ന വേലയെപ്പററി അഭിനന്ദിക്കാത്തവരില്ലതന്നെ. മി. സുബ്ബയ്യർ പ്രസംഗങ്ങളെ അപഗ്രഥിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പോലെതന്നെ എല്ലാവരും അതിലെ തത്വത്തെ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രധാനതടസ്ഥം, ഏതോ മാമൂലിനു ബാധകമായേക്കാവുന്ന വിരോധാവസ്ഥയുടെ സ്വഭാവവും സഭാംഗങ്ങളുടെ തിരസ്കാരവിഷയങ്ങളിൽപോലുമുള്ള ആഗ്രഹങ്ങളെ എന്നന്നേക്കും ബഹുമാനിക്കാത്തതുകൊണ്ടു അവരുടെ മിഥ്യാഭിമാനത്തിനു ഭംഗംവന്നേക്കാമെന്നുള്ളതുമായിരിക്കാമെന്നു തോന്നുന്നു. നാം നമ്മുടെ മനോഭാവങ്ങളെ ആവശ്യം നേരിടുമ്പോൾ മാററുന്നതിനു ശക്തന്മാരാണെന്നും അപ്രകാരമുള്ള ധൈര്യം പ്രദർശിപ്പിക്കുന്നതിനു ഈ സഭക്കു സാധിക്കാതിരിക്കയില്ലെന്നും ഞാൻ പ്രസ്താവിക്കുന്നു. അതുകൊണ്ടു നാമെല്ലാവരേയും ഒരുപോലെ ആവേശിച്ചിട്ടുള്ള ആ മനോഭാവത്താൽ ഉൽബുദ്ധന്മാരായിട്ടു ഒരു സൽകൃത്യം ചെയ്യുന്ന ഒരു നല്ല മനുഷ്യനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. അദ്ദേഹത്തിന്റെ വണ്ടിവാടക വഹിക്കണമെന്നു മാത്രമാണ് നിങ്ങളോടു ആവശ്യപ്പെടുന്നതു. അതു അത്രവലുതല്ലതാനും. ഇതിനു ജയിൽസൂപ്രണ്ടു ശുപാർശചെയ്തിട്ടില്ലെന്നു മെമ്പറന്മാരിൽ ഒരാൾ അഭിപ്രായപ്പെട്ടു. ജയിലറന്മാരുടേയോ വാർഡറന്മാരുടേയോ ഒരു ഡെപ്യൂട്ടേഷനും, ൩൦൦ രൂപയാകുന്ന ഈ ചെറിയതുക ജയിലിലെ സമുദായസേവകനുവേണ്ടി അഭ്യർത്ഥിക്കുന്നതിനു ദിവാൻജിയുടെ സന്നിധിയിൽ ചെന്നിട്ടില്ലെന്നു ഞാനും പ്രസ്താവിക്കാം. ഈ സൽപ്രവൃത്തിയെ നാം ഗണ്യമായി വിചാരിക്കുന്നതു കീഴുദ്യോഗസ്ഥന്മാരുടെ ശുപാർശയനുസരിച്ചുമാത്രമല്ല. മേലധികാരികൾ അതിനെ അംഗീകരിക്കമാത്രമെ ചെയ്യുന്നുള്ളു. ഉന്നതസ്ഥിതിയിൽ ഇരിക്കുന്ന ഈ സഭ അവസരോചിതമായ ഈ സഹായം അദ്ദേഹത്തിനു ഒരനുഗ്രഹമെന്നപോലെ ചെയ്തുകൊടുക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു.

ഇനി മി. ഏ. കെ. പിള്ളയുടെ ചില റിമാർക്കുകളിൽനിന്നും ഉൽഭൂതമായേക്കാവുന്ന ഒരു ചെറിയ തെററിദ്ധാരണയെ നീക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പ്രസ്തുത ആലോചന എന്നിൽനിന്നും ഉണ്ടായതാകുന്നുള്ള എന്റെ പ്രസ്താവന ഒരുവിധത്തിൽ അതിന്റെ ഗുണദോഷവിവേചനത്തിൽ ബാധകമായിത്തീർന്നിരിക്കുമെന്നു ഞാൻ അനുമാനിക്കുന്നു. ആ അനുമാനം പക്ഷെ ശരിയല്ലായിരിക്കാം. ഈ ആലോചന എന്നിൽനിന്നുണ്ടായതാണെന്നുള്ള പരമാർത്ഥത്തിനു വാദമുഖത്തോടു യാതൊരുസംബന്ധവുമില്ല. ഈ ആലോചന ഞാൻ കൊണ്ടുവന്നതാണെന്നു പ്രസ്താവിച്ചതു ഒരേകകാരണംകൊണ്ടുമാത്രമാണ്. അതായതു്, ഈ അഭിപ്രായം മി. കെ. എസ്. നാരായണയ്യരുടേതാണെന്നു തോന്നിയേക്കാവുന്ന സംശയത്തെ പരിഹരിക്കുന്നതിനുവേണ്ടിമാത്രമാണ്. ഇപ്രകാരം ഒരപേക്ഷ അദ്ദേഹം കൊണ്ടുവന്നിട്ടില്ല. ലോകനന്മയെ ഉദ്ദേശിച്ചുള്ള പ്രയത്നത്തിൽ, പ്രത്യേകിച്ചു സംസ്ഥാനത്തെ മൃഗബലി നിറുത്തൽചെയ്യുന്ന വിഷയത്തിൽ സഹായിക്കണമെന്നുമാത്രമെ അദ്ദേഹം എന്നോടു അപേക്ഷിച്ചിട്ടുള്ളു. മി. നാരായണയ്യരെപ്പററി തോന്നിയേക്കാവുന്ന സംശയത്തെ ഞാൻ പരിഹരിച്ചുവെന്നു വിശ്വസിക്കുന്നു. സഭയുടെ യുക്തംപോലെ ഈ ഗ്രാന്റു അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നതിന് വിട്ടിരിക്കുന്ന ഇതു സഭയുടെ മനസ്സാക്ഷി ചിന്തിക്കേണ്ട ഒരു സംഗതിയാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗത്തെ ഉപസംഹരിക്കുകയും ഉപക്ഷേപം വോട്ടിനിടുകയും ചെയ്യുന്നു.

ഉപക്ഷേപം വോട്ടിനിടുകയും ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സാകയുംചെയ്തു.

ഗ്രാൻറ അനുവദിക്കപ്പെട്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞങ്ങൾക്കു നേരിട്ടിരിക്കുന്ന ധർമ്മസങ്കടത്തെ ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെയോ? പ്രസിഡൻറ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സഭാംഗങ്ങളെക്കുറിച്ചു പ്രസ്താവിച്ച റിമാർക്കുകൾക്കു മറുപടിപറയുന്നതിന് അവർക്കു നിർവാഹമില്ല.

പ്രസിഡൻറ: ഒരുത്തർക്കും ക്ലേശകരമായ റിമാർക്കു ഞാൻ ചെയ്തിട്ടില്ലെന്നു വിശ്വസിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രസിഡണ്ടിൻെറ റിമാർക്കിൽ അസുഖകരമായ ഒന്നും ഉണ്ടായിരുന്നുവെന്നു ഞാൻ പറഞ്ഞില്ല. മെമ്പർമാരെക്കുറിച്ചുള്ള പ്രസിഡണ്ടിൻെറ അഭിപ്രായപ്രകടനത്തിനു അവർക്കു മറുപടിപറയാൻ തരമില്ലല്ലോയെന്ന വിചാരത്തെ ഞാൻ പ്രസ്താവിച്ചുവെന്നേയുള്ളു.

പ്രസിഡൻറ: മി. എ. കെ. പിള്ളേ, അതു വാദപ്രതിവാദത്തെ സംക്ഷേപിക്കുമ്പോൾ ഉണ്ടാകുന്ന അപരിഹാര്യമായ ഫലമല്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, അത് ശരിയായ ഒരു സാക്ഷേപപ്രസ്താവം മാത്രമല്ലായിരുന്നു.

പ്രസിഡൻറ: അതു സാരസംഗ്രഹപ്രസ്താവംമാത്രമല്ല, ദിവാൻ-പ്രസിഡൻറ എന്ന ഉദ്യോഗസ്ഥനെ നിമിത്തം ചിലപ്പോൾ ഒഴിച്ചുകൂടാൻപാടില്ലാത്ത അനുകൂലമായ അഭിപ്രായപ്രകടനംകൂടിയാണ്.

ഡിമാൻറ XI. പോലീസ്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): സർ, പോലീസ്കമ്മീഷണർ ആഫീസിലെ മോട്ടോർവകുപ്പിൽ തന്നാണ്ടവസാനംവരെ ഒരു ടെമ്പററി അഡീഷണൽക്ലാർക്കിനെ തുടന്നു നിയമിക്കുന്നതുസംബന്ധിച്ചുള്ള ചെലവിനു ഡിമാൻറ II-പോലീസ് ഇനത്തിൽ ൧൨൫ രൂപായിൽ കവിയാത്ത ഒരു ഗ്രാൻറിനു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ൧൦൯൯-ൽ ൮൮ മോട്ടോർവാഹനങ്ങൾ രജിസ്റ്റർചെയ്തിരിക്കെ, ഗവർണ്മെൻറിൽ മിക്കവാറും അറിഞ്ഞിട്ടുള്ളപോലെ ൧൧൦൦-ൽ അവ പെട്ടെന്നു വർദ്ധിക്കുകയാൽ ൨൦൧ പുതിയ വാഹനങ്ങൾ രജിസ്റ്റർചെയ്യേണ്ടതായിവന്നു. അതായതു പുതുതായി രജിസ്റ്റർചെയ്തതു തലേകൊല്ലത്തതിൻെറ രണ്ടിരട്ടിയാണ്. മോട്ടോർ റഗുലേഷൻപ്രകാരമുള്ള ഒരുണ്ണം എംപർ ആഫീസ് നടത്തേണ്ടിവന്നതിൽപിന്നീടു ആഫീസിലെ ആ വകുപ്പിലെ വേല ക്രമാനുഗതമായി വർദ്ധിക്കുകയും ഒരു ടെമ്പററി അഡീഷണൽക്ലാർക്കിനെ നിയമിക്കുന്നതിനനുവദിക്കുകയുംചെയ്തു. ബഡ്ജററ്എസ്റ്റിമേററുകൊണ്ടുകാണുന്നപോലെ മകരം അവസാനംവരെ ഈ ടെമ്പററിഅഡീഷണൽക്ലാർക്കു ജോലി നോക്കിയിരുന്നു. മകരമാസത്തിനുശേഷം ഇത്രയധികം ജോലിയുണ്ടായിരിക്കുമെന്നു എസ്റ്റിമേററു തയ്യാറാക്കിയപ്പോൾ ഗവണ്മെൻറ വിചാരിച്ചിരുന്നില്ല. എന്നാൽ യഥാർത്ഥത്തിൽ ഈ ജോലി ഇപ്പോൾ വീണ്ടും ഇരട്ടിച്ചിരിക്കുന്നു. ൧൦൯൯-ൽ ൮൮-ം, ൧൧൦൦-ൽ ൨൦൧-ം വാഹനങ്ങൾ രജിസ്റ്റർചെയ്തിരിക്കെ തന്നാണ്ടിൽ ആദ്യത്തെ ആറുമാസക്കാലത്തിനുള്ളിൽ ൧൧൮ എണ്ണം രജിസ്റ്റർചെയ്തിരിക്കുന്നു. ഈദൃശമായ അഭിവൃദ്ധിക്കു സദൃശമായി വേലചെയ്യുന്നതിനു ഇപ്പോഴുള്ള ജീവനക്കാർ തീരെയായും മതിയാകയില്ല. കഴിഞ്ഞവർഷം മുഴുവൻ എല്ലാ ഒഴിവുദിവസങ്ങളിലും ജീവനക്കാർ ജോലിചെയ്തിരുന്നു. എന്നിട്ടും കുടിശ്ശികകൂടാതെ ജോലി തീർക്കുന്നതിനു സാധിച്ചിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ടെമ്പററി അഡീഷണൽക്ലാർക്കിനെ തുടന്നു നിയമിക്കുന്നതിനുള്ള ൧൨൫ രൂപയും കുറവുചെയ്യുന്നതിനു ഞാനൊരുപക്ഷേപം അയച്ചിട്ടുണ്ട്. ഏതു ഡിപ്പാർട്ടുമെൻറിലുമുള്ള ഏതെങ്കിലുംവകുപ്പിലെ ജോലിയെസംബന്ധിച്ചും ഞങ്ങൾക്കുള്ള അതൃപ്തിയെ പ്രദർശിപ്പിക്കുന്നതിനു ശക്തിമത്തായ ഒരു മാർഗ്ഗം ഇതല്ലാതില്ലായെന്നു ഞാൻ സങ്കടപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. പോലീസ്ഡിപ്പാർട്ടുമെൻറിലെ മോട്ടോർസെക്ഷൻ തൃപ്തികരമായി ജോലിചെയ്യുന്നില്ലെന്നു കാണിക്കുന്നതിനു പല ശക്തിയേറിയ കാരണങ്ങൾ ഉണ്ടായിരുന്നതായി ഞാൻ വിചാരിക്കുന്നു. ഈ സംസ്ഥാനത്തുള്ള മോട്ടോർവാഹനങ്ങളെ നിയന്ത്രിക്കുന്നതിനും അവയുടെ ഗതിവേഗം സൂക്ഷിക്കുന്നതിനും ആയി ഗവണ്മെൻറിൻെറകീഴിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറ ഉണ്ടായിരുന്നോയെന്നു ഞാൻ അത്ഭുതപ്പെടുന്നു. നമുക്കു വലിയ ഉപദ്രവമായിതീർന്നിട്ടുള്ള മോട്ടോർ സർവീസ് ധാരാളമുണ്ട്.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): വാഹനനിയന്ത്രണവിഷയത്തിൽ ക്ലറിക്കൽ വകുപ്പിനെ എങ്ങനെ ഉത്തരവാദപ്പെടുത്താൻ കഴിയുമെന്നു മി. എ. കെ. പിള്ള ദയവായി പറഞ്ഞാൽ കൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹം പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല.

പ്രസിഡൻറ്, നിങ്ങൾ എന്തിനെയൊ എല്ലാംപററി സംസാരിക്കുന്നുവെന്നും അതിനു അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്ന ഗ്രാൻറിനുമായി യാതൊരു സംബന്ധവും ഇല്ലെന്നും പോലീസ് കമ്മീഷണർ സൂചിപ്പിക്കുന്നു. പോലീസ് കമ്മീഷണർ അദ്ദേഹത്തിൻെറ ജീവനക്കാർക്കുവേണ്ടി കൂടുതൽചെലവു വന്നിരിക്കുന്നതു ചോദിക്കുമ്പോൾ നിങ്ങൾ മോട്ടോർ ട്രാഫിക്കിനേയും അതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടാകുന്ന ആപത്തുകളേയും അസൌകര്യങ്ങളെയുംകുറിച്ചു പ്രസ്താവിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതു കാരണസഹിതമാണ്. ഇതു വേലയുടെ സ്ഥിതിയെപ്പററിയാണ്. തൃപ്തികരമായ വിധത്തിൽ വേലനിർവഹിക്കുന്നില്ല. സംഗതികൾ അങ്ങനെയിരിക്കെ നിരീക്ഷിക്കപ്പെടാത്ത ഒരുപ്രസ്ഥാനക്കം വോട്ടുചെയ്യുന്നതിനു ഞങ്ങളോടു ആവശ്യപ്പെടാൻ പാടില്ല.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ്കമ്മീഷണർ): മെമ്പർ ഉപക്ഷേപത്തെ പരാമർശിച്ചുള്ള സംസാരിക്കുന്നതെന്നുള്ള സംഗതി ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ.

മി. എ. കെ. പിള്ള കരുനാഗപ്പള്ളി): പോലീസ് കമ്മീഷണരുടെ ആഫീസിലെ മോട്ടോർ വകുപ്പിൽ ഇപ്പോൾ ചെയ്യുന്നവേലയെപ്പററി ഈ സഭക്കുള്ള അതൃപ്തി എത്രമാത്രമെന്നു കാണിക്കുകയാണു എനിക്കു വേണ്ടതു്.

പ്രസിഡെൻറ. ഇതെങ്ങനെയാണു ആഫീസിലെ കുറച്ചു ക്ലാർക്കന്മാരുടെ വേലയോടു സംബന്ധപ്പെടുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞങ്ങളുടെ അതൃപ്തിയെ പ്രകാശിപ്പിക്കുന്നതിനു ഈ ഒരവസരം മാത്രമേയുള്ളു.

പ്രസിഡൻറ്, സപ്ലിമെൻട്രി ഗ്രാൻറിൻെറ വിഷയത്തിൽ ഈ ഭേദഗതി സ്വീകാര്യമല്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഇതേസംബന്ധിച്ചു പ്രസിഡൻറിൻെറ തീർപ്പു ഉണ്ട്.

മി. എ. കെ. (പിള്ള കരുനാഗപ്പള്ളി): ഇതൊരു സാങ്കേതിക തടസ്സംമാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ചുള്ള സഭയുടെ അതൃപ്തിയെ പ്രകടിപ്പിക്കുന്നതിൽനിന്നും എന്നെ തടയുകയാണെങ്കിൽ എനിക്കു വളരെ മനസ്താപമുണ്ട്, ഇതൊരു ടോക്കൻ മോഷനായിക്കൊണ്ടേയുള്ളുവെന്നു ഞാൻ വിശ്വസിക്കുന്നു. ഏതു പക്ഷത്തുനിന്നും കൊണ്ടുവരുന്ന തടസ്ഥങ്ങൾ എന്തുതന്നെയായിരുന്നാലും ദേഹത്തിനും ദേഹിക്കും നാശത്തെ ഉണ്ടാക്കിക്കൊണ്ടു മോട്ടാർസർവീസ്. സംസ്ഥാനങ്ങൾക്കു സഞ്ചരിക്കുന്നതിനു അനുവദിച്ചിരിക്കുന്നതു പോലീസ് കമ്മീഷണർ ഓർമിക്കുമെന്നു ഞാൻ കരുതുന്നു.

മി. ഡബ്ലിയു. എച്ച്. പിററ (പോലീസ്കമ്മീഷണർ): മി. എ. കെ. പിള്ളയുടെ ഉപസംഹാരം ഞാൻ ശരിയായി കേട്ടില്ല.

പ്രസിഡൻറ്, പ്രസിഡൻറിൻെറ തീർപ്പു അനുസരിച്ചു തൻെറ പ്രസംഗം സാങ്കേതികമായി പ്രതിബന്ധമായിരിക്കുന്നുവെന്നും അതിനു അദ്ദേഹം നിസ്സഹം അധീനനായിരിക്കുന്നുവെന്നും ആണു അദ്ദേഹം ഇരിക്കുന്നതിനുമുമ്പിൽ പറഞ്ഞതു്. മോട്ടർ ഗതാഗതത്തെ സംബന്ധിച്ചു സംസ്ഥാനത്തു വേണ്ടിടത്തോളം നിയന്ത്രണം ചെയ്യാതിരിക്കുന്ന നയത്തെപ്പററി ഒരു ഗൗരവാപേക്ഷപം കൊണ്ടുവരുന്നതിനു അദ്ദേഹത്തിനു സാധിക്കമായിരുന്നുവെന്നും അദ്ദേഹം അവസാനമായി പറഞ്ഞു.

അഭ്യർത്ഥനസഭ അംഗീകരിക്കുന്നതായി ഞാൻ വിചാരിക്കട്ടെയോ?

ഗ്രാൻറ അനുവദിച്ചു.

ഡിമാൻറ് xii- വിദ്യാഭ്യാസം.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഡിമാൻറ് ൧൨ വിദ്യാഭ്യാസം അനുസരിച്ചു ൨൭൦൨ രൂപായിൽ അധികരിക്കാത്ത ഒരു ഗ്രാൻറിനു ഒരു ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ എഴുന്നേൽക്കുന്നു. ഈ തുകയിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നു.

൭൫ രൂപാ ൧൧൨൧ മിഥുനം മുതൽ സയൻസ് കാളേജിൽ നിയമിക്കാൻ ആലോചിച്ചിരിക്കുന്ന സ്ത്രീ അററൻഡറുടെ ഒരു മാസത്തെ ശമ്പളം വകക്കാണ്. ഇതിനെസംബന്ധിച്ചു എനിക്കു പറവാനുള്ളതു കാളേജ് വിഭജനത്തിനുശേഷം സയൻസ്കാളേജിൽ വിദ്യാർത്ഥിനികളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നുവെന്നാണ്. കഴിഞ്ഞ വർഷത്തിൽ ൨൯ ആയിരുന്നു. അവരുടെ സൗകര്യത്തിനുവേണ്ടി ഒരു മുറി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. അവർ അവരുടെ ക്ലാസുകളിൽ പോകുമ്പോൾ മുറിയിൽ വെച്ചിട്ടുപോകുന്ന പുസ്തകങ്ങൾ മുതലായവയിൽ ചില സാമാനങ്ങൾ കളവുപോകുന്നതായി എൻെറ അടുക്കൽ പരാതികൾ വന്നുകൊണ്ടിരിക്കുന്നു. അവയെ സൂക്ഷിക്കുന്നതിനു ചുമതലപ്പെട്ട ഒരാളിൻെറ അഭാവംകൊണ്ടു കളവുവസ്തുക്കൾ എല്ലാപ്പോഴും തിരിച്ചു കിട്ടുകയോ നഷ്ടം എങ്ങനെ സംഭവിച്ചുവെന്നറികയോ ചെയ്തിരുന്നില്ല. അതുകൊണ്ടു ഒരു സ്ത്രീ അററൻഡറുടെ നിയമനം ആവശ്യമായി എനിക്കുതോന്നി. കാളേജ് വിഭജനം കഴിഞ്ഞഉടൻതന്നെ ആർട്ട്സ്കാളേജിൽ ഒരു സ്ത്രീ അററൻഡറെ അനുവദിക്കുകയും ൧൧൨൧ മിഥുനംമുതൽ സയൻസ്കാളേജിലേക്കു ഒരു സ്ത്രീ അററൻഡറെ നിയമിക്കാൻ ഇപ്പോൾ അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. തന്നാണ്ടിൽ അവൾക്കു ഒരു മാസത്തെ ശമ്പളം കൊടുക്കുന്നതിനാണു ൭൫ രൂപാ ആവശ്യപ്പെട്ടിരിക്കുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഒരു പുരുഷ അററൻഡറുടെ ശമ്പളം എന്താണെന്നു ദയവായി പറയുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): കാളേജിൽ പുരുഷ അററൻഡറുമാരില്ല. ൭½ രൂപാ ശമ്പളക്കാരായ തോട്ടക്കാരും ൯ രൂപാ ശമ്പളക്കാരായ ശിപായിമാരും ഉണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒരു സ്ത്രീ അററൻഡർക്കു ൭൫ രൂപാ മതിയാകുമോയെന്നു എന്നെ അറിയിക്കുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ആർട്ട്സ് കാളേജിൽ സ്ത്രീ അററൻഡർക്കു കൊടുക്കുന്നതു ആ ശമ്പളമാണ്. അതുകൊണ്ടാണു ആ തുക ഞാൻ ചോദിക്കുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കാളേജിലെ വിദ്യാർത്ഥികൾക്കു ഒരു ആൺ അററൻഡർ ഉണ്ടോയെന്നു എന്നെ അറിയിക്കുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): സയൻസ കാളേജിൽ പുരുഷഅററൻഡറന്മാർ ഇല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാർത്ഥികൾക്കുവേണ്ടി പുരുഷഅററൻഡറന്മാരെക്കൂടി നിയമിക്കുന്നതിനു നിങ്ങൾ വിചാരിക്കുന്നുണ്ടോയെന്നു എന്നെ അറിവിക്കുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ആൺകുട്ടികൾക്കു പ്രത്യേകമുറിയില്ല അതുകൊണ്ടു ആ ചോദ്യത്തിനു അവകാശമില്ല.

അടുത്ത ഇനം ആർട്ട്സ്കാളേജിലെ തത്വശാസ്ത്രവകുപ്പിലെ ആവശ്യത്തിനു ചോദിച്ചിട്ടുള്ള ൧൭൫൦ രൂപായാണ്. ആർട്ട്സ്കാളേജ് തത്വശാസ്ത്രംവകുപ്പു ൧൧൨൫ ജൂലൈമാസത്തിൽ മദ്രാസ് സർവകലാശാലയോടു സംഘടിപ്പിച്ചിരിക്കുന്ന വിവരം സഭക്കു അറിയാവുന്നതാണെല്ലോ പ്രസ്തുത വകുപ്പു തുടങ്ങുന്നതിനു ൨൫൦൦ രൂപ തൽക്കാലം കൊടുക്കുന്നതിനു ഡയറക്ടർ അപ്പോൾ ചോദിക്കയുണ്ടായി. എന്നാൽ ൧൨൫൦ രൂപ അതായതു ചോദിച്ചതിൽ പകുതി മാത്രമേ തന്നാണ്ടിലെ ബഡ്ജററിൽ അനുവദിക്കയുണ്ടായുള്ളു. തദനന്തരം സ്ഥല പരിശോധനാർത്ഥം മദിരാശി സർവകലാശാലയിൽ നിയുക്തനായ ഡാക്ടർ ഹഡ് തൻെറ റിപ്പോർട്ടിൽ സംഘടന അനുവദിക്കുന്നതിനു ഇരാമീനനങ്ങളായ എല്ലാ ഗ്രന്ഥങ്ങളും ശേഖരിച്ചിട്ടുള്ള ഒരു ഗ്രന്ഥശാല

യും ശരീരശാസ്ത്രം പഠിപ്പിക്കുന്നതിനു മസ്തിഷ്കത്തിന്റെയും സിരാവലയത്തിന്റെയും മാതൃകകളും കാളേജിൽ ഉണ്ടായിരിക്കണമെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരം കാളേജ് പ്രിൻസിപ്പാളിന്റെ ഉപദേശാനുസരണം പുസ്തകങ്ങൾക്കായി ആവർത്തനീയമല്ലാത്ത ൨൦൦൦ രൂപായും ആവർത്തനഗ്രാന്റായി ൫൦൦ രൂപായും മാതൃകോപകരണങ്ങൾക്കായി വേറൊരു ൫൦൦ രൂപായും ഇങ്ങനെ മൊത്തം ൩൦൦൦ രൂപാ ചോദിച്ചു. ഡാക്ടർ ഹാഗിന്റെ ശുപാർശയനുസരിച്ചു ൩൦൦ രൂപ അനുവദിക്കേണ്ടതുണ്ട്. അനുവദിച്ചില്ലെങ്കിൽ നമുക്കു ലഭിച്ചിരിക്കുന്ന പ്രൊവിഷണൽ അഫിലിയേഷൻ പിൻവലിച്ചേക്കുമെന്നതാകയാൽ തന്നാണ്ടത്തെ ബഡ്ജറ്റിൽകൊള്ളിച്ചിട്ടുള്ള ൨൫൦ രൂപ കഴിച്ചു അതിലേക്കു വേണ്ട ബാക്കി ൨൭൫൦ രൂപായാണു് ഞാനിപ്പോൾ ചോദിക്കുന്നതു്.

പുതിയ കാളേജ് ഹാസ്റ്റലിന്റെ ഉപയോഗത്തിനുവേണ്ട അകസാമാനങ്ങളും ഒരിരുമ്പുപെട്ടിയും വാങ്ങുന്നതിനുള്ള ൫൭൪൭ രൂപായാണു അടുത്ത ഇനം. പട്ടാളക്കാരെ മാറ്റുന്നതിനു ഏർപ്പെടുത്തിയ ഒരു പുതിയ ഹാസ്റ്റൽ പണിയു വരുന്നതായി സമാചാരങ്ങൾ അറിഞ്ഞിരിക്കണം. അടുത്ത ജൂലായിമാസത്തിൽ ആ ഹാസ്റ്റൽ വാസയോഗ്യമായി തീരുമെന്നു ഉദ്ദേശിക്കുന്നു. അതിലേക്കുവേണ്ട ഉപകരണങ്ങൾ സജ്ജീകരിക്കേണ്ടതാണു. തദനുസരണം കഴിഞ്ഞയാണ്ടിൽ പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിൽ ഉപകരണങ്ങൾക്കു ഏർപ്പാടു ചെയ്തു. കഴിഞ്ഞ ജൂലായിമാസത്തിൽ ഹാസ്റ്റൽ പണി പൂർത്തിയാക്കി തുറക്കണമെന്നായിരുന്നു വിചാരം. അതു ഏതായാലും സാധിച്ചില്ല. ഹാസ്റ്റൽ മുറികൾക്കു ആവശ്യമുള്ള അകസാമാനങ്ങൾ ഉണ്ടാക്കുന്നതിനു വിവരവകയിൽ ൫൪൫൭ രൂപായും കൂടാതെ ഒരു പെട്ടി വാങ്ങിക്കുന്നതിനു ൩൦൦ രൂപായും ആവശ്യമുണ്ടു. ഇങ്ങനെ രണ്ടുംകൂടി ൫൭൪൭ രൂപാ വരുന്നു. അതു (സി) ഇനമാണു.

അടുത്തഇനം, ഇപ്പോൾ സവർണ്ണഹിന്ദുഹാസ്റ്റൽ ഇട്ടിരിക്കുന്ന കെട്ടിടത്തിനു ൧൧൦൨-ലെ വാടക കൊടുക്കുന്നതിനുള്ള ൨൫൭൭ രൂപായാണ്. ഇപ്പോൾ സവർണ്ണഹിന്ദുഹാസ്റ്റൽ ഇട്ടിരിക്കുന്നതു തൈക്കാട്ടുമന്ദിരത്തിലാണ്. പ്രതിമാസവാടക ൨൨൫ രൂപായാണ്. ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ൧൧൦൧ ലെ ബഡ്ജറ്റു തയാറാക്കിയപ്പോൾ അന്നു പണിയുകൊണ്ടിരുന്ന പുതിയ ഹാസ്റ്റൽ ൧൧൦൧ ജൂലായിയിൽ വാസയോഗ്യമായി തീരുമെന്നാണ് ഉദ്ദേശിച്ചിരുന്നതു. തന്നിമിത്തം കെട്ടിടവാടകക്കായി ബഡ്ജറ്റിൽ ഇനം കൊള്ളിച്ചിട്ടില്ലായിരുന്നു. അതിനുശേഷം ഈ ഉദ്ദേശം വിഫലമാകയാൽ ൧൧൦൧ ജൂലൈക്കുശേഷവും മന്ദിരത്തിൽതന്നെ ഹാസ്റ്റൽ തുടർന്നുനടത്തുന്നു. പുതിയകാളേജ് ഹാസ്റ്റൽ ആരംഭിച്ചാലും മന്ദിരം, ആർട്ടസ്‌കാളേജ് വിദ്യാർത്ഥികളുടെ സൌകര്യത്തിനുവേണ്ടി ഒരു ഹാസ്റ്റലായി ഉപയോഗിക്കണമെന്നു ആലോചനയുള്ളതുകൊണ്ടു അടുത്ത വിദ്യാഭ്യാസവർഷവും ഈ ഏർപ്പാടു തുടരാൻ എളുപ്പമുണ്ടു. അതുകൊണ്ടു ആ കെട്ടിടത്തിനു വാടക കൊടുക്കേണ്ടിയിരിക്കുന്നു. ഒരുകൊല്ലത്തെ വാടകകൊടുക്കുന്നതിനാണ് ഇപ്പോൾ ൨൫൭൭ രൂപാ ചോദിച്ചിരിക്കുന്നതു.

ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാവിദ്യാലയങ്ങൾക്കു സഹായധനം കൊടുക്കുന്നതിനും ശിക്ഷാക്രമപരിശീലനത്തിൽ ഇരിക്കുന്ന അദ്ധ്യാപകന്മാർക്കു വേതനം നൽകുന്നതിനുമാണ്, അടുത്ത (ഇ) ഇനം ൩൫൦൦൦ രൂപാ ആവശ്യപ്പെട്ടിരിക്കുന്നതു. ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാവിദ്യാലയങ്ങൾക്കു സഹായധനം കൊടുക്കുന്നതിനു ൧൧൦൧-ലെ ബഡ്ജറ്റിൽ ൫,൩൦,൦൦൦ രൂപാ കൊള്ളിച്ചിരുന്നു. ഡയറക്ടർ ൫,൮൦,൦൦൦ രൂപായാണ് ചോദിച്ചിരുന്നതു എന്നാൽ ൫൦൦൦൦ രൂപാ കുറച്ചാണ് അനുവദിച്ചതു്. ആവർത്തനസഹായധനം തന്നിച്ചു ഉദ്ദേശം ൫,൧൭,൦൦൦ രൂപാ അല്ലെങ്കിൽ കുറെ കൂടി കൃത്യമായി പറയുന്നതായാൽ ൫,൧൩,൩൯൯ രൂപാ യാകുമെന്നു നാട്ടുഭാഷാവിദ്യാലയങ്ങളുടെ ഇൻസ്പെക്ടർ റിപ്പോർട്ടുചെയ്തിട്ടുണ്ടു. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ൫,൩൦,൦൦൦ രൂപായിൽ നിന്നു ഈ സംഖ്യ കുറച്ചാൽ ൧൬,൩൧൨ രൂപായാണ് ബാക്കിയുള്ളതു. ഇതിൽനിന്നു ൯,൮൭൭ രൂപാ ൧൧൦൦-ാമാണ്ടത്തെ ബാക്കിവകയിൽ കൊടുത്തുതീർക്കാനുണ്ടു. ൧൧൦൦-ലെ ബാക്കി എന്നു പറയുന്നതു ആ ആണ്ടിൽതന്നെ കൊടുത്തുതീർക്കാൻ തരപ്പെടാത്തവിധത്തിൽ ൧൧൦൦ മാണ്ടു അവസാനത്തോടുകൂടി അനുവദിച്ചു ലഭിച്ച ഗ്രാൻറാണ്. അനുവദിച്ചിരിക്കുന്ന ഗ്രാൻറിൽ നിന്നു ആവർത്തനസഹായധനം കഴിച്ചുള്ള ൧൬,൩൧൨ രൂപായിൽനിന്നു ഈ കുടിശികസംഖ്യ കുറച്ചാൽ തന്നാണ്ടിൽ പുതുതായി സഹായധനം കൊടുക്കുന്നതിനു ൭,൫൯൫ രൂപായാണുള്ളതു്. പ്രൈമറി പാഠശാലകളിലെ ആദ്യത്തെ രണ്ടു ക്ലാസിലെ അദ്ധ്യാപകന്മാർക്കു പ്രതിമാസം ൭ അരരൂപാ അല്ലെങ്കിൽ പ്രതിവർഷം ൩൦ രൂപാ സഹായധനം കൊടുക്കുന്നതുകൊണ്ടു ഈ സംഖ്യ കൂടുതലായി ൫൩ അദ്ധ്യാപകന്മാർക്കു കൊടുക്കാനേ മതിയാവൂ. അസിസ്റ്റന്റു ഇൻസ്പെക്ടന്മാർ ഇതുവരെ ൫൧൧ അദ്ധ്യാപകന്മാരെ ശുപാർശചെയ്തിട്ടുള്ളതായി ഇൻസ്പെക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു അതായതു കഴിഞ്ഞവർഷം സഹായധനം ലഭിച്ചിട്ടില്ലാത്ത ൫൧൧ അദ്ധ്യാപകന്മാർക്കു തന്നാണ്ടിൽസഹായധനം നൽകുന്നതിനു പള്ളിക്കൂടങ്ങളുടെ അസിസ്റ്റന്റു ഇൻസ്പെക്ടന്മാർ ശുപാർശ ചെയ്തിരിക്കുന്നു. ഇപ്രകാരം ശുപാർശചെയ്തിട്ടുള്ള അദ്ധ്യാപകന്മാരുടെ യോഗ്യതയെ തന്റെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അവരിൽ ചിലർ വിദ്യാഭ്യാസകോഡു അനുസരിച്ചു സഹായധനത്തിനു അർഹന്മാരല്ലെന്നു ഇൻസ്പെക്ടർ കണ്ടേക്കാം എന്നാൽ ഏതായാലും ൫൦൦ അദ്ധ്യാപകന്മാരോളം സഹായധനത്തിനു അർഹന്മാരല്ലെന്നു ഇൻസ്പെക്ടർ കണ്ടേക്കാം എന്നാൽ ഏതായാലും ൫൦൦ അദ്ധ്യാപകന്മാരോളം സഹായധനത്തിനു യോഗ്യന്മാരായിരിക്കുമെന്നു അദ്ദേഹം ഉദ്ദേശിച്ചുകൊണ്ടാണ് ഈ ഇനത്തിൽ ൫൮൦൦൦ രൂപാ കൂടുതൽ ഗ്രാൻറിനു അപേക്ഷിച്ചതു. കൂടാതെ ശിക്ഷാക്രമപരിശീലനത്തിൽ ഇരിക്കുന്ന അദ്ധ്യാപകന്മാർക്കു വേതനം നൽകുന്നതിനു തന്നാണ്ടത്തെ ബഡ്ജറ്റിൽ ൨൧൮൦൦ രൂപാ ഡയറക്ടർ ചോദിച്ചിരിക്കുന്നു. എന്നാൽ ഗവൺമെന്റു ൧൯൦൦൦ രൂപാമാത്രമേ അനുവദിച്ചിട്ടുള്ളു. അതിനുശേഷം ചങ്ങനാശ്ശേരിയിലും തിരുവല്ലായിലും ആയി രണ്ടുപുതിയ ശിക്ഷാക്രമപാഠശാലകൾ ആരംഭിച്ചു. ഈ രണ്ടുപള്ളിക്കൂടങ്ങളിലും യഥാക്രമം ൨൮-ഉം ൧൩-ഉം അദ്ധ്യാപകവിദ്യാർത്ഥികൾവീതമുണ്ടു. ഈ പള്ളിക്കൂടങ്ങളിലെ മാനേജരന്മാർ ശിക്ഷാക്രമപരിശീലനത്തിലിരിക്കുന്ന അദ്ധ്യാപകവിദ്യാർത്ഥി ഒന്നിനു ൩ കാൽരൂപാവീതമുള്ള വേതനം കൊടുക്കണം. ഈ രണ്ടുപള്ളിക്കൂടങ്ങളിലെയും ൪൦ അദ്ധ്യാപകവിദ്യാർത്ഥികൾക്കു ഈ നിരക്കനുസരിച്ചു ൧൦ അരമാസത്തേക്കു വേതനം നൽകുന്നതിനു ൨,൩൨൫ രൂ

പാഠേപണ്ടിവരുന്നു. വേതനംവകക്ക തന്റെ അധീനത്തിലുള്ള സംഖ്യയിൽനിന്നു ഇപ്പോൾ തടപ്പിചിരിക്കുന്നതയിനിംഗ്സ്കൂളുകളിൽ ശിക്ഷാക്രമപരിശീലനംചെയ്യുന്ന അദ്ധ്യാപകന്മാക്ക് വേതനം കൊടുത്തുകഴിഞ്ഞാൽ പിന്നീടു തന്റെപക്കൽ ൫൦൦ രൂപാ മാത്രമേ ഈ ൪൦ അദ്ധ്യാപകവിദ്യാർത്ഥികൾക്ക് വേതനംകൊടുക്കാനായി ബാക്കിയുണ്ടായിരിക്കയുള്ളുവെന്നു നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു. അതുകൊണ്ടു ഈ ഇനത്തിൽ അദ്ദേഹം ൨൩൭൫-ൽ ൫൦൦ രൂപാ കുറച്ചു ൨൦൭൫ രൂപാകൂടുതൽഗ്രാന്റു ചോദിച്ചു. ഇങ്ങനെ സഹായധനം വേതനം എന്നീരണ്ടിനങ്ങളിലും കൂടി (൪൫൦൦൦ + ൨൦൭൫) രൂപാ അല്ലെങ്കിൽ ൪൭൦൭൫ രൂപാ ഒരു സപ്ലിമെന്റുഗ്രാന്റായി അദ്ദേഹംചോദിച്ചിട്ടുണ്ടു എങ്കിലും കൌൺസിൽ ഈസംഖ്യമുഴുവൻ അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ സഹായധനംവകക്ക ഗവർമ്മെന്റബഡ്ജറ്റു എസ്റ്റിമേറ്റിൽ ഡയറക്ടർ ചോദിച്ചിരുന്ന ൧,൪൯,൦൦൦ രൂപായിൽനിന്നും വെട്ടിക്കുറച്ച ൩൯,൦൦൦ രൂപാമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഈ ഗ്രാന്റു സഭ അനുവദിക്കുമെന്നു ഞാൻവിശ്വസിക്കുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക). കഴിഞ്ഞ ജൂലൈമാസത്തിൽ പുതിയഹാസ്റ്റൽ വാസയോഗ്യമായി തീരുമെന്നു ഗവർമ്മെന്റുവിചാരിച്ചിരുന്നതുകൊണ്ടു ൧൧൦൧-ലെ വാടകക്കുവേണ്ട ൧൫൨൭ രൂപാ ബഡ്ജറ്റിൽ കൊള്ളിക്കാതിരിക്കയും തിരുവക്ക ആവശ്യമുള്ള അകസാമാനങ്ങളുണ്ടാക്കുകയും ചെയ്യുന്നതിനുള്ള അനുവാദത്തിനുള്ളപണം ബഡ്ജറ്റിൽ കൊള്ളിക്കാതിരുന്നതു എന്തുകൊണ്ടെന്നു ഡയറക്ടർ പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) : ഞാൻ പ്രസ്താവിച്ചതുപോലെ ആദ്യം ഉദ്ദേശിച്ചിരുന്നതു പുതിയ ഹാസ്റ്റൽ കഴിഞ്ഞജൂലൈമാസത്തിൽ ഉപയോഗയോഗ്യമായി തീരത്തക്കവണ്ണം പണിതീരുമെന്നാണു. ആ ധാരണയിന്മേലാണ് അകസാമാനങ്ങൾ തയ്യാറാക്കുന്നതിനു പി. ഡബ്ല്യു ഡി. വർക്ഷാപ്പിൽ ഏർപ്പാടുചെയ്തതു. പിന്നീടു ഉദ്ദേശിച്ചിരുന്നതുപോലെ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനു പണവേഗത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനു സാധിക്കാഞ്ഞതുകൊണ്ടു കെട്ടിടം പൂർത്തിയാക്കുന്നതിനു താമസം നേരിട്ടു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ബഡ്ജറ്റു അനുവാദം ലഭിക്കുന്നതിനുമുമ്പ സാമാനങ്ങൾക്കു ഏർപ്പാടുചെയ്തതു എന്തുകൊണ്ടാകുന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) : ജൂലൈയിൽ കെട്ടിടം ഉപയോഗയോഗ്യമായി തീരുമെന്നാണ് അപ്പോൾ വിചാരിച്ചിരുന്നതു. അന്നേരത്തേക്കു അകസാമാനങ്ങളും തയാറായിരിക്കണം. അങ്ങനെ തയാറാകണമെങ്കിൽ വളരെ മാസങ്ങൾക്കു മുമ്പുതന്നെ അതിനേർപ്പാടുചെയ്യേണ്ടതാണ്. അതുകൊണ്ടു ൧൧൦൧ ജൂലൈയിൽ കെട്ടിടംപണി പൂർത്തിയാകുമെന്നു ഡിപ്പാർട്ടുമെന്റു ആശിച്ചിരുന്നവസരത്തിലാണ് അകസാമാനങ്ങൾക്കു ഏർപ്പാടുചെയ്തതു. പിന്നീടു ൧൧൦൧ ജൂലൈയിൽ കെട്ടിടം തയ്യാറാകയില്ലെന്നുകണ്ടു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവുംവ്യവസായവും-തെക്ക) അകസാമാനങ്ങൾക്കു ഏർപ്പാടുചെയ്യുന്നതിനുമുമ്പു സഭയുടെ അനുവാദം വാങ്ങാതിരുന്നതു എന്തുകൊണ്ടെന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): കാരണം പറയാൻ എനിക്കു നിശ്ചയമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അടുത്ത ജൂലൈയിൽ പുതിയ ഹാസ്റ്റൽ ഉപയോഗപ്പെടുത്താമെങ്കിൽ പഴയ ഹാസ്റ്റലിനു ജൂലൈവരെയുള്ള വാടകക്കുവേണ്ട പണം അനുവദിച്ചാൽപോരേ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അടുത്ത സ്കൂൾ വർഷാരംഭംമുതൽ തല്ക്കാലത്തേക്കു ആർട്സ്കാളേജ് വിദ്യാർത്ഥികളുടെ ഹാസ്റ്റലായിട്ടു ഉപയോഗപ്പെടുത്താൻ ഒരാലോചനയുണ്ട്. അങ്ങനെയാണെങ്കിൽ ൧൧൦൧-ൽ ൧൨ മാസവും അതു ഉപയോഗിക്കേണ്ടതായിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ ആലോചനയ്ക്കു അനുമതി ലഭിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതെനിക്കു സൂക്ഷ്മമായി അറിഞ്ഞുകൂടാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഇനത്തെപ്പറ്റി, വിദ്യാർത്ഥിനികളിൽനിന്നു വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ എന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെപ്പോൾ കിട്ടി?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർ ബഡ്ജറ്റു എസ്റ്റിമേറ്റു സമർപ്പിച്ചതിനുശേഷം കഴിഞ്ഞ സ്കൂൾവർഷാരംഭത്തിൽ, ജൂലൈ ആദ്യം, ഞാൻ ഒരു സ്ത്രീഅറ്റൻഡറെ ആവശ്യപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സ്ത്രീഅറ്റൻഡറും ഒരു പുരുഷഅറ്റൻഡറും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലല്ലോ? ഉദ്ദേശ്യത്തോടെ ഡിമാന്റ ൧൯-ൽ പ്രതിമാസം ൧൫ രൂപാ ശമ്പളത്തിൽ ഒരു ലൈബ്രറി അറ്റൻഡറെ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു സ്ത്രീഅറ്റൻഡറും പബ്ലിക്കു ലൈബ്രറിയിലെ ഒരു പുരുഷഅറ്റൻഡറും തമ്മിൽ ജോലികളെയും ചുമതലകളെയും സംബന്ധിച്ച വല്ല വ്യത്യാസവും ഉണ്ടോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ ചോദിച്ചിരിക്കുന്ന സ്ത്രീഅറ്റൻഡർ സയൻസ്കാളേജിലേക്കാണ്. ആ സ്ത്രീക്കു വിദ്യാഭ്യാസയോഗ്യതകൾ ഒന്നും ആവശ്യമില്ല. അതു വിദ്യാർത്ഥിനികൾ അവരുടെ ക്ലാസുകളിൽ പോകുമ്പോൾ മുറിയിൽ വെച്ചേക്കുന്ന സാധനങ്ങളുടെ രക്ഷക്കുവേണ്ടി അവയുടെമേൽ സൂക്ഷിച്ചാൽമതി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാലത്തു ൧൦ മണിമുതൽ വൈകിട്ടു ൫ മണിവരെ ആ സ്ത്രീ അവിടെ താമസിക്കണമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): വേണ്ട. ൧൦ മണിക്കു സ്വല്പം മുമ്പ് അവിടെ ചെല്ലുകയും ൪ മണികഴിഞ്ഞാൽ ഉടൻ പോകുകയും ചെയ്യാം.

മി. എ. ജെ. ജാൺ (വയ്ക്കം): ഇപ്പോഴുള്ള ഹാസ്റ്റൽ ജൂലൈ കഴിഞ്ഞാൽ ഒരു സ്വതന്ത്ര ഹിന്ദു ഹാസ്റ്റൽ ആയിട്ടുതന്നെ തുടരുമോ എന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ആ ചോദ്യത്തിനു മറുപടി പറയാൻ എനിക്കു നിവൃത്തിയില്ല. ഡയറക്ടർ ആഫീസിലെ എല്ലാ കാര്യങ്ങളുമായി വേണ്ട പരിചയം സമ്പാദിക്കാൻ എനിക്കു സമയം ഉണ്ടായിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിമാൻറിലെ വിവിധ ഇനങ്ങളെ പ്രത്യേകം തിരിച്ചു സഭയുടെ വോട്ടിനു സമർപ്പിക്കുന്നതു കുറേക്കൂടി നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ദൃഷ്ടാന്തമായി ഒന്നാമതു നിങ്ങൾ സ്ത്രീ അററണ്ടരുടെ കാര്യവും പിന്നീടു മറ്റുള്ള കാര്യങ്ങളും എടുക്കുക.

പ്രസിഡൻറ്: കൊള്ളാം. വോട്ടിനുവരുമ്പോൾ നമുക്കു മാറേറണ്ടായി തിരിക്കാം. വാദപ്രതിവാദം ഒന്നായി നടക്കട്ടെ.

സഭ മൂന്നു മണിക്കു മാററിവയ്ക്കാമെന്നും പിന്നീടു ഈ ഡിമാൻറിനെപ്പററിയുള്ള വാദപ്രതിവാദം ആരംഭിക്കാമെന്നും ഞാൻ വിചാരിക്കുന്നു.

സഭ ചായകുടിക്കുന്നതിനായി ൨-൨ പി. എം.-നു പിരിയുകയും ൩-൫-നു ഡിപ്യൂട്ടിപ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വീണ്ടും കൂടുകയും ചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സയൻസ് കാളേജിൽ ഒരു സ്ത്രീ അററണ്ടരെ നിയമിക്കാനുള്ള ഡിമാൻറിനെ എതിർക്കേണ്ടിവന്നല്ലോ എന്നു ഞാൻ മനസ്താപപ്പെടുന്നു. അതു സയൻസ് കാളേജിലെ വിദ്യാർത്ഥിനികൾക്കു ന്യായമായ സൗകര്യവും സുഖവും കൊടുക്കാൻ എനിക്കുള്ള വൈമനസ്യംകൊണ്ടല്ല; പ്രത്യുത, മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ സ്ത്രീ അററണ്ടർക്കു കൊടുക്കാൻ ആവശ്യപ്പെടുന്ന ഈ ചെറുതായ ശമ്പളം ആക്ഷേപാർഹമായതിനാൽ ഈ ഡിമാൻറിനെ എതിർക്കുന്നതു എന്റെ കടമയായി ഞാൻ വിചാരിക്കുന്നതുകൊണ്ടാണ്. അതേസമയത്തുതന്നെ ഞാൻ ഈ ആലോചനയിൽ അന്തർഭവിച്ചിരിക്കുന്ന ശ്രേഷ്ഠമായ ഭാവത്തെ, പ്രത്യേകിച്ചു മിസ്റ്റർ കൃഷ്ണസ്വാമി അയ്യരിൽനിന്നും വരുന്നതുകൊണ്ടു അഭിനന്ദിക്കുന്നു. കഴിഞ്ഞ കൊല്ലവും അതിനുമുമ്പിലത്തെ കൊല്ലവും സയൻസ് കാളേജിൽ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നുവെന്നുള്ളതു സ്പഷ്ടമാണ്. സയൻസ് കാളേജിൽ ഇക്കൊല്ലമുള്ള വിദ്യാർത്ഥിനികളോടു, കഴിഞ്ഞ കൊല്ലത്തിലുണ്ടായിരുന്നവരോടു പെരുമാറിയിരുന്നതിൽ കൂടുതലായ ആദരം പ്രദർശിപ്പിക്കുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല; കൂടാതെ ഈ വിഷയം ഇതിനുമുമ്പു സഭാസമക്ഷം അവതരിപ്പിക്കാതിരിക്കുന്നതിനും കാരണമില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: അതു അദ്ദേഹം വിശദപ്പെടുത്തുകയും ഈ ആലോചനയെപ്പററി നേരത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം പ്രസ്താവിച്ച കാരണങ്ങളിൽ ഒന്നു കാളേജു വിഭജനത്തിനുശേഷം ആർട്ട്സ് കാളേജിൽ ഒരു സ്ത്രീ അററണ്ടരെ നിയമിച്ചിട്ടുണ്ടെന്നുള്ളതാണ്. സയൻസ് കാളേജിലെ വിദ്യാർത്ഥിനികളുടെ സൗകര്യത്തെ ഇത്ര ദീർഘകാലത്തേക്കു വിസ്മരിക്കുന്നതിനു യാതൊരു കാരണമല്ലം. അതുകൊണ്ടു ആ കാരണം സാധുവായി എന്നു എനിക്കു തോന്നുന്നില്ല.

പിന്നീടു എനിക്കു പറയാനുള്ളതു സ്ത്രീകൾക്കു എവിടെയും പ്രാധാന്യം നൽകുന്നുണ്ടെന്നുള്ളതാണ്. കാളേജുകളിലും സ്കൂളുകളിലും മാത്രമല്ല നീതിന്യായക്കോടതികളിലും അവർക്കു പ്രാധാന്യം ഉണ്ടായിരിക്കണം. അതുകൊണ്ടു അവർക്കു പ്രാധാന്യം നൽകുമ്പോൾ അതു കാര്യക്ഷമതയ്ക്കു പര്യാപ്തമാകത്തക്കവിധത്തിലായിരിക്കണം. ഒരു സ്ത്രീക്കു അവളുടെ മേൽമേൽക്കളെ ഒന്നുപോലെ രക്ഷിക്കുന്നതിനു ഈ എട്ടു രൂപാ മതിയാകുമോ എന്നു ഞാൻ ചോദിക്കുന്നു. ഗ്രന്ഥശാലയിൽ ഒരു പുരുഷ അററണ്ടർക്കു ൧൫ രൂപാ മറെറാരുഭാഗത്തു ആവശ്യപ്പെട്ടിരിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: അതിനു ഗ്രന്ഥശാലാ അററണ്ടർക്കു വായിക്കാൻ പരിചയവും ആവശ്യപ്പെടുന്ന ഒരു പുസ്തകം തെരഞ്ഞെടുക്കാൻ പ്രാപ്തിയും ഉണ്ടായിരിക്കണമെന്നു അദ്ദേഹം സമാധാനം പറഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെന്തുകാരണവും ആകട്ടെ സ്ത്രീകളോടു പ്രത്യേക അനുഭാവം കാണിക്കണമെന്നാണ് ഞാൻ പറയുന്നതു. ഒരു സ്ത്രീ അററണ്ടർ ജോലിചെയ്യുകയില്ല എന്നു വിചാരിക്കുന്നപക്ഷം ചെറുതായ ഈ എട്ടു രൂപാ കൊടുത്താൽ തീരെ മതിയാകയില്ല. ഒരു പാവപ്പെട്ട അദ്ധ്യാപകനേയോ ഒരു അററണ്ടരെയോ ഒരു ശിപായിയെയോ നിയമിക്കുന്നവിഷയത്തിൽ കർശനമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതായി ഓരോ സമയത്തും നാം ശ്രദ്ധിക്കാറുണ്ട്. വലിയ ഉദ്യോഗസ്ഥന്മാരെ വലിയ ശമ്പളത്തിൽ നിയമിക്കുന്ന വിഷയത്തിൽ ഗവൺമെൻറിനു യാതൊരു മൊറുമൊറുപ്പുമില്ല. ഒരു സ്ത്രീ അററണ്ടരെ നിയമിച്ചേ മതിയാവൂ എന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർക്കു അഭിപ്രായമുണ്ടെങ്കിൽ അവരുടെ ചുരുങ്ങിയ വരുമാനംകൊണ്ടു സുഖമായി ജീവിക്കുന്നതിനു പര്യാപ്തമായ ഒരു ശമ്പളം കൊടുക്കുന്നതിനുകൂടി അദ്ദേഹം ശ്രദ്ധിക്കണം. (ചിരി).

ഡിപ്യൂട്ടിപ്രസിഡൻറ്: സഭ കൂടുതൽ അനുവദിക്കാൻ തയാറുണ്ടെങ്കിൽ അടുത്ത സമ്മേളനത്തിൽ അദ്ദേഹം നിശ്ചയമായും ഒരു പുതിയ ഡിമാൻറ് കൊണ്ടുവരുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അപ്രകാരം വിശ്വസിക്കുന്നു. അതുകൊണ്ടു സയിൻസ് കാളേജിൽ സ്ത്രീ അററണ്ടർ ഇല്ലാത്തതുനിമിത്തം ഒട്ടുവളരെക്കാലമായിട്ടു വിഷമങ്ങൾ അനുഭവിച്ചുവരുന്നുവെന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു അവിടെ ഒരു സ്ത്രീ അററണ്ടർ ആവശ്യമാണെന്നു ഞങ്ങൾക്കും ബോദ്ധ്യംവന്നിരിക്കുന്നു. എന്നാൽ എന്റെ അഭിപ്രായം അവർക്കു തക്കതായ ഒരു ശമ്പളം അതായതു ൫൦ രൂപാ കൊടുക്കണമെന്നാണ്. വ്യക്തമായിപറയുന്നതായാൽ ആ സ്ത്രീ സയൻസ് കാളേജിലെ അററണ്ടർ ആയിരിക്കുന്നിടത്തോളംകാലം ഇതരമാർഗ്ഗങ്ങളിൽ കൂടിയുള്ള ആദായങ്ങൾ ഉണ്ടാക്കുന്നതിനു നിർബന്ധിതയാകരുതെന്നാണ്. അതുകൊണ്ടു സ്ത്രീ അററണ്ടർക്കു കുറഞ്ഞപക്ഷം ൫൦ രൂപാ ശമ്പളം മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ആവശ്യപ്പെടുമെന്നും ആ സ്ത്രീക്കു മാന്യമായി ജീവിക്കുന്നതിനുവേണ്ട കുറഞ്ഞ ശമ്പളം കൊടുക്കുന്നതിൽ അദ്ദേഹം തന്റെ ധർമ്മബുദ്ധിയും വിവേകവും ഉപയോഗിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഡിപ്പ്യൂട്ടി പ്രസിഡൻറ: മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ; നിങ്ങൾക്ക എന്തെങ്കിലും മറുപടി പറയുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉപക്ഷേപത്തിന്റെ ഒരു ഭാഗംമാത്രമേ ഇപ്പോൾ വാദപ്രതിവാദത്തിൽ ഇരിക്കുന്നുള്ളുവെന്നു ഞാൻ വിചാരിക്കുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ: അല്ല, ഉപക്ഷേപം മുഴുവൻ വാദവിഷയമായിരിക്കുന്നു. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ സംസാരിക്കാൻ ആരംഭിച്ചിട്ടില്ല. മററിനങ്ങളെസംബന്ധിച്ചു ആരെങ്കിലും എന്തെങ്കിലും പ്രസ്താവിച്ചാൽ വാദപ്രതിവാദം പ്രാരംഭം ആരംഭിക്കാം. എന്നാൽ ഓരോ ഇനത്തിന്റെയും വോട്ടുമാത്രം പ്രത്യേകം ആകാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സ്ത്രീ അററണ്ടറ സംബന്ധിച്ചു ഇതിൽ മേലുമാതു ഒരു വ്യവസ്ഥ ഉണ്ടാക്കാൻ സാധിക്കാതെപോയതു പരിതാപകരംതന്നെ, ഒരു അററണ്ടർകൂടിവേണമെന്നു മാത്രമാണു അവർ ആവശ്യപ്പെടുന്നതു. അററണ്ടർ എങ്ങനെയുള്ളയാളായിരിക്കണമെന്നും മററുമുള്ള സംഗതികൾ ഒന്നും വിസ്തരിക്കേണ്ട ആവശ്യം ഇല്ലായിരുന്നു അങ്ങനെ ചെയ്തതു വല്ലതരം കഷ്ടമായിപ്പോയെന്നാണ് എന്റെ പക്ഷം.

കുറച്ചുകൂടി പ്രാധാന്യമുള്ള മറെറാരു സംഗതി ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാ വിദ്യാലയങ്ങൾക്ക സഹായധനം കൊടുക്കുന്നതിനും ശിക്ഷാക്രമ പരിശീലനത്തിൽ ഇരിക്കുന്ന അദ്ധ്യാപകന്മാർക്ക വേതനംവകയ്ക്കും ആയിട്ടുള്ള (ഈ) ഇനം ൩൯൦൦൦ രൂപയെക്കുറിച്ചു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ബഡ്ജററു തയ്യാറാക്കിയപ്പോൾ ഗവണ്മെൻറു മുഴുവൻതുകയും അനുവദിക്കായ്കയാൽ ഡയറക്ടർക്ക ഇപ്പോൾ കൂടുതൽ ഗ്രാൻറിനു അപേക്ഷിക്കേണ്ടിവന്നുവെന്നാണ് മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ സമാധാനം. ഗവമ്മെൻറിൽനിന്നു സഹായധനം വാങ്ങുന്ന പള്ളിക്കൂടങ്ങളേയും അവിടെയുള്ള അദ്ധ്യാപകന്മാരേയും സംബന്ധിച്ചു വേണ്ടപോലെ ചെയ്യുന്നില്ലെന്നുള്ള സംഗതി ഗൌരവമായ ചിന്തയ്ക്കു വിഷയമാണ്. ഈ ൯ മാസത്തെ ഗ്രാൻറുകൊടുക്കാതെ നിറുത്തിവച്ചിട്ടു ഇപ്പോൾ ഒരു സപ്ലിമെൻററി ഗ്രാൻറിനു അപേക്ഷകൊണ്ടുവരുവാൻ ഡയറക്ടരോടു ഗവമ്മെൻറു എങ്ങനെ ആവശ്യപ്പെട്ടുവെന്നു എനിക്ക മനസ്സിലാകുന്നില്ല. ഇപ്പോൾ ഉള്ള ഈ പള്ളിക്കൂടങ്ങൾ എല്ലാം ബഡ്ജററു തയ്യാറാക്കിയപ്പോൾ ഉണ്ടായിരുന്നിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. എന്നിട്ടും ഗ്രാൻറു അനുവദിക്കേണ്ടതു ആവശ്യമാണെന്നു ഗവമ്മെൻറിനു തോന്നാത്തതു എന്തുകാരണത്താലാണെന്നു ഞാൻ അറിയുന്നില്ല. ൩൯൦൦൦ രൂപാവരെ ഈ സ്കൂളുകൾക്ക ഇപ്പോൾ ചെല്ലാനുള്ളതും സാധുക്കളായ അദ്ധ്യാപകന്മാർ ഈ ൯ മാസക്കാലവും വളരെ കഷ്ടതകൾ അനുഭവിച്ചിട്ടുള്ളതും ആയിരിക്കണം. ഡയറക്ടർ കൂടുതൽ ഗ്രാൻറിനു ഇപ്പോൾ ആവശ്യപ്പെടുന്നു. ഗവമ്മെൻറിന്റെ അശ്രദ്ധയാലും ദയാവിഹീനതയാലും സഹായധനംപററുന്ന പള്ളിക്കൂടങ്ങൾക്ക നേരിട്ടിരിക്കുന്ന പരിതാപകരമായ സ്ഥിതിക്ക ഞാൻ ഡയറക്ടരെ പഴിക്കുന്നില്ല. ഈ കാരണത്താലാണ് ഡിമാൻറിന്റെ ഈ ഭാഗം എനിക്ക എതിർക്കേണ്ടതായിട്ടിരിക്കുന്നതു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും-വടക്ക): ഈ രാജ്യത്തുള്ള ഗ്രാൻറുപള്ളിക്കൂടങ്ങളോടുള്ള പെരുമാററത്തിന്റെ രീതിയെപ്പററി മിസ്റ്റർ എ. കെ. പിള്ള പ്രസ്താവിച്ചിട്ടുള്ളതിനെ പ്രതിധ്വനിപ്പിക്കുന്നതിനു ഞാൻ ഇഷ്ടപ്പെടുന്നു. ഗ്രാൻറു സ്കൂളുകളിൽ അനേകമാസങ്ങൾ തുടർച്ചയായി ജോലിനോക്കിക്കൊണ്ടിരുന്ന അദ്ധ്യാപകന്മാർക്ക ഒടുവിൽ ഗ്രാൻറുകൊടുക്കുന്നതല്ലെന്നു പറഞ്ഞിട്ടുള്ളതായി സ്വാനുഭവത്തിൽനിന്നു പറയാൻ എനിക്ക കഴിയും. അതു അദ്ധ്യാപകന്മാർക്ക മാത്രമല്ല മിഷ്യനറിമാരായ മാനേജരന്മാർക്കും ധാരാളം അസൌകര്യവും ഉപദ്രവവും ഉണ്ടാക്കിയിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിന്റെ തലവനെന്ന നിലയ്ക്കു ഗവമ്മെൻറിനു ആദ്യത്തിൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർക്ക് ഏതെങ്കിലും ഉത്തരവാദിത്വം ഉള്ളിടത്തോളം കാലം സംഗതികളുടെ സ്ഥിതിഗതികൾ ഇപ്രകാരം തുടരുന്നതിനു അദ്ദേഹം അനുവദിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ യാതൊരദ്ധ്യാപകന്മാർക്ക വേണ്ടിയാകുന്നു ഈ സംഖ്യ സഹായധനമായി ആവശ്യപ്പെട്ടിരിക്കുന്നതു് അവരെപ്പററി എനിക്കും ഒരു വാക്കു പറയാനുണ്ട്. സർ, ഒന്നാമതായി ഇതൊരു സപ്ലിമെൻററി ഗ്രാൻറാണ്. ഗ്രാൻറുകൊടുക്കേണ്ട വാദ്ധ്യാന്മാരുടെ എണ്ണം കാണിച്ചു പള്ളിക്കൂടം അസിസ്റ്റൻറു ഇൻസ്പെക്ടറന്മാർ ചില ശുപാർശകൾ ചെയ്തിട്ടുള്ളതായി മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പ്രസ്താവിക്കുന്നു. അസിസ്റ്റൻറു ഇൻസ്പെക്ടറന്മാരുടെ ശുപാർശയെ അവസാനമായി അനുവദിക്കേണ്ട അധികാരിയായ ഗവമ്മെൻറുതന്നെയോ അസിസ്റ്റൻറു ഇൻസ്പെക്ടറന്മാരുടെ ശുപാർശയെ അംഗീകരിച്ചതായി അദ്ദേഹം പ്രസ്താവിക്കുന്നില്ല. പൊതുവിൽ ഈ ശുപാർശകളെ സംബന്ധിച്ചു ചില മാററങ്ങൾ വരുത്തേണ്ടിവരുമെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നു. ഇപ്പോൾ പള്ളിക്കൂടം ഇൻസ്പെക്ടറന്മാരാൽ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഉദ്ദേശം ൭൦൦-ഓളം അദ്ധ്യാപകന്മാർ ഇപ്പോൾ അവകാശപ്പെട്ടിരിക്കുന്ന ഗ്രാൻറു അർഹിക്കത്തക്ക പരിജ്ഞാനയോഗ്യതയൊടുകൂടിയവരാണോ എന്ന കാര്യം സംശയഗ്രസ്തമാകയാൽ ഡിമാൻറിന്റെ ഈ ഭാഗത്തെ സംബന്ധിച്ചു നാം മിക്കവാറും ഒരവ്യക്താവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതെന്നു തോന്നുന്നു. ആകെമാനം അദ്ധ്യാപകന്മാർക്ക വേണ്ടിവരുന്ന ക്ലിപ്തസംഖ്യ സഭാസമക്ഷം കാണിച്ചിട്ടില്ല. സപ്ലിമെൻററി ഗ്രാൻറു അനുവദിക്കുന്നവിഷയത്തിൽ അനുസരിക്കേണ്ട ചട്ടങ്ങൾ ൫൨-ാം ചട്ടത്തിലെ ൧-ം ൨-ം ഖണ്ഡങ്ങൾകൊണ്ടു കാണുന്നതു കൂടുതൽ ഗ്രാൻറിനുള്ള ആവശ്യം തന്നാണ്ടിൽതന്നെ ഉത്ഭവിക്കണമെന്നാണ്. തന്നാണ്ടിൽ ഉണ്ടായ ആവശ്യത്തിന്റെ സൂക്ഷ്മസ്വഭാവം സഭാസമക്ഷം പ്രസ്താവിച്ചിട്ടില്ല. ഇങ്ങനെ ഇരിക്കെ ബഹുമാനപ്പെട്ട വിദ്യാഭ്യാസഡയറക്ടർ ഹാജരാക്കിയിട്ടുള്ള ഡിമാൻറിന്റെ ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം അനുകൂലിക്കുന്നതിനു മതിയായ കാരണമൊന്നും ഇല്ലെന്നു എനിക്ക തോന്നുന്നു. ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഡിമാൻറിനെ പിൻതാങ്ങുന്നതിനു നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു.

സ്ത്രീ അററണ്ടറെ സംബന്ധിച്ചു എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചിട്ടുള്ള ശ്രേഷ്ഠമായ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. എന്നാൽ തിരുവിതാംകൂർ സർവീസിൽ ഇരിക്കുന്ന യാതൊരാളിന്റെയും ഉപയോഗത്തിനായിട്ടു പൊതുമുതൽ വിനിയോഗിച്ചുകൊടുക്കണമെന്നു അഭിപ്രായപ്പെടുന്നതു നമ്മുടെ ആരുടെയും ചുമതലയിൽപ്പെട്ടതല്ല. അപേക്ഷ ക്രമപ്രകാരമുള്ളതിൽ ഒരു സ്ത്രീ അററണ്ടറ ലഭിക്കത്തക്ക നിലയിലാണെന്നു തോന്നുന്നു. അതിന് ദാക്ഷിണ്യമാണ് വഴക്കമിരിക്കുന്നതു്. അതുകൊണ്ടു മിസ്റ്റർ നീലകണ്ഠപ്പിള്ളയു

ടെ അഭിപ്രായത്തിൽ പെടുകൊള്ളാമെന്നവരുടെ അദ്ദേഹം ഡിമാൻഡ ചെയ്തുകൊണ്ടുവരേണ്ട താഴ്ന്നം മി. കൃഷ്ണസ്വാമി അയ്യർക്ക അന്ന്യാവശ്യമായി നിർദ്ദേശിച്ചുകൊടുത്തു കാര്യാലയത്തിൽ ആയുധസാമഗ്രികൾ കടത്തിക്കൊണ്ടുപോകയാണെന്നു ഞാൻ ഭയപ്പെടുന്നു. ഡിമാൻറിൻെറ ശേഷം ഭാഗത്തെ പ്രതിക്ഷേധിക്കുന്നതു കുറെ വിഷമമാണെന്നു എനിക്കു തോന്നുന്നു. അഭ്യർത്ഥനയുടെ തന്നെ ഒരു ഭാഗത്തെ സംബന്ധിച്ചിടത്തോളം അതിൻെറ നിയമപ്രാപ്തിയുള്ള സ്ഥിരീകരണീയതയെപ്പറ്റി എനിക്കു തൃപ്തിയായിട്ടില്ലാത്തതുകൊണ്ടു ഞാൻ ആ ഭാഗംമാത്രം പ്രതിഷേധിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) സർ, കാളേജ് വിഭജനം ഉണ്ടാകുന്നതുവരെ സയൻസ്‌ക്ലാസുകളിലെ വിദ്യാർത്ഥിനികളുടെ സംഖ്യ വളരെ കുറവായിരുന്നതുകൊണ്ടാണ് നേരത്തെ ഒരു സ്ത്രീ അററൻഡറെ ആവശ്യപ്പെടാതിരുന്നത്. വിഭജനാവസരത്തിൽ ആർട്ട്സ് ക്ലാസുകൾ തൈക്കാട്ടേയ്ക്കു മാറിയപ്പോൾ ഭൂരിഭാഗം വിദ്യാർത്ഥിനികളും ആയാണ്ടു തന്നെ ധാരാളം തൈക്കാട്ടേയ്ക്കുപോയി. അതുകൊണ്ടു വിഭജനാനന്തരമുള്ള ആദ്യവർഷം സയൻസ് കാളേജിലെ വിദ്യാർത്ഥിനികളുടെ സംഖ്യ താരതമ്യേന വളരെ കുറവായിരുന്നു. വിദ്യാർത്ഥിനികൾ അവരുടെ മുറിയിൽ വച്ചേക്കാറുള്ള പലതരം ചെറിയ സാമാനങ്ങളുടെ മോഷണത്തെപ്പററി അവരുടെ പരാതികൾ എനിക്കു കിട്ടാൻ ഇടയായപ്പോഴാണ് ഒരു സ്ത്രീ അററൻഡറെ നിയമിക്കേണ്ട ആവശ്യം എനിക്കു മനസ്സിലായതു. ൧൧൦൦-ലെ ബഡ്ജററ് എസ്റ്റിമേററിൽ ഇതുകൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ മിക്കവാറും അനുവാദം ലഭിക്കുമായിരുന്നു. എന്നാൽ അതു എൻെറ ഓർമ്മയിൽപെടുകയാകട്ടെ, അന്നു ആഫീസ്കാർ അതു എൻെറ ശ്രദ്ധയിൽ കൊണ്ടുവരികയാകട്ടെ ചെയ്തില്ല. അടുത്ത സ്റ്റാഫ് വർത്തമാനത്തിലെ ഈ തെററു ഞാൻ കണ്ടുപിടിച്ചുള്ളു. അതുകഴിഞ്ഞ ജൂലൈൽ അപ്പോഴേ ഡയറക്ടർക്ക ഇതിനെ സംബന്ധിച്ചു ഞാൻ എഴുതി. അപ്പോൾ ബഡ്ജററ് എസ്റ്റിമേററ് ഗവൺമെൻറിലേക്കു അയച്ചിരുന്നതുകൊണ്ടു എൻെറ ശുപാർശയെപ്പററി അദ്ദേഹം ഒന്നും ചെയ്തില്ല. അതുകൊണ്ടാണ് ൧൧൦൧-ലെ ബഡ്ജററിൽ ഈ അധികച്ചെലവു അനുവദിക്കാതിരുന്നതു്. അപ്പോൾ അനുവദിക്കാതിരുന്നതുകൊണ്ടു ഈ ഗ്രാൻറിനു അപേക്ഷിക്കാൻ ഇടയായ്ക്കൂടാത്ത സന്ദർഭം ഇല്ലായിരുന്നുവെന്നും ഇതൊരു തക്ക സന്ദർഭമെന്നും ഞാൻ വിചാരിക്കുന്നു. അതാണ് താമസത്തിനുള്ള കാരണം.

ശമ്പളത്തിൻെറ തുകയുടെ ഔചിത്യത്തെ സംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. അററൻഡർക്ക പരീക്ഷായോഗ്യതകൾ ആവശ്യമില്ലെന്നും അവർ അക്ഷരാഭ്യാസമില്ലാത്ത കൂലിക്കാരുടെ വർഗ്ഗത്തിൽ പെട്ടവളായിരുന്നാൽ മതിയെന്നും ആ വർഗ്ഗത്തിൽപെട്ട ഒരു സ്ത്രീക്ക ഒടുവിൽ കിട്ടാവുന്ന കൂലി എന്തായിരിക്കാമെന്നും ആർട്ട്സ്കാളേജിലുള്ള സ്ത്രീ അററൻഡർക്ക ൮ രൂപയാണ് ശമ്പളം കൊടുക്കുന്നതെന്നും ആലോചിച്ചിട്ട കൂടുതൽ ശമ്പളത്തിനു ശുപാർശചെയ്യുന്നതു ന്യായമായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

പള്ളിക്കൂടങ്ങൾക്ക ഗ്രാൻറുകൊടുക്കുന്നതിനും ശിക്ഷാക്രമം പരിശീലിക്കുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്ക വേതനം കൊടുക്കുന്നതിനും വേണ്ടിയുള്ള ൨൫,൦൦൦ രൂപയെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളതു മുൻ കൊല്ലങ്ങളിൽ ഈ വക കണക്കുകൾ അത്ര തൃപ്തമായി തയാറാക്കിയിരുന്നില്ലെന്നുള്ളതാണ്. മലയാളം പള്ളിക്കൂടങ്ങളിലെ ഇൻസ്പെക്ടറും എൻെറ അഭിപ്രായത്തോടു യോജിക്കുന്നുണ്ടെന്നു മാത്രമല്ല, മേലാൽ ഇപ്രകാരം സംഭവിക്കാതിരിക്കുന്നതിനു ശ്രദ്ധിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

മി. പി. കെ. നാരായണപിള്ളയുടെ റിമാർക്കുകളെപ്പററി എനിക്കു പറവാനുള്ളതു ഗ്രാൻറുകൾക്കുള്ള അപേക്ഷകൾ ഇൻസ്പെക്ടർ ആഫീസിൽ ഈ പാഠശാലാ വർഷാരംഭത്തിൽ കിട്ടിയെന്നാണ്. അദ്ദേഹം ആ അപേക്ഷകൾ അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർക്കു അയക്കുന്നു. അസിസ്റ്റൻറ ഇൻസ്പെക്ടറന്മാർ ഓരോ സ്കൂളുകളും സന്ദർശിക്കുന്നു. ആ പള്ളിക്കൂടങ്ങൾക്ക സഹായധനം കൊടുക്കുന്നതിനു വേണ്ട യോഗ്യതയുണ്ടോ എന്നു അവർ വ്യക്തിപരമായ പരിശോധനകൾ നടത്തി തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സ്ഥലപരിശോധനകൾ നടത്തിയതിനുമേലെ അവർക്ക ഗ്രാൻറിനു ശുപാർശചെയ്യാൻ നിവൃത്തിയുള്ളു. അതിനു എത്രതന്നെ ശ്രദ്ധപതിച്ചാലും ക്രിസ്തുമസ് വെക്കേഷനുമുമ്പായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനു അവർക്ക് സാധിക്കുന്നതല്ല. ഈ റിപ്പോർട്ടുകൾ ജനുവരിമുതൽ നാട്ടുഭാഷാവിദ്യാലയങ്ങളുടെ ഇൻസ്പെക്ടർ ആഫീസിൽ വന്നുതുടങ്ങും. അവ കിട്ടുന്നമുറയ്ക്കും അഥവാ ഇൻസ്പെക്ടർ ഇതരകൃത്യങ്ങളിൽ വ്യാപൃതനായിരിക്കുന്നെങ്കിൽ താമസിച്ചും ഉത്തരവുകൾ പാസ്സാക്കുന്നു. നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടറിൽ നിന്നും ഈയിടെ എനിക്കു കിട്ടിയ ഒരു കത്തിൽനിന്നു അദ്ദേഹം അസിസ്റ്റൻറ ഇൻസ്പെക്ടരന്മാരുടെ റിപ്പോർട്ടുകൾ എല്ലാം ഉത്തരവുകൾ ചെയ്തിട്ടില്ലെന്നും കൂടുതൽ റിപ്പോർട്ടുകൾ ഇനിയും ചെയ്യാനുണ്ടെന്നും ഞാൻ കാണുന്നു. ഏതെല്ലാം സ്കൂളുകൾക്ക അദ്ദേഹമവസാനത്തിൽ ഗ്രാൻറനുവദിക്കുമെന്നും ഏതെല്ലാം സ്കൂളുകൾക്ക ഗ്രാൻറനുവദിക്കുകയില്ലെന്നും മുൻകൂട്ടിപ്പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു എത്ര രൂപാ കൂടുതൽ വേണ്ടിവരുമെന്നു ഇപ്പോൾ ക്ലിപ്തം പറയുകയല്ലാതെ സൂക്ഷ്മമായിപ്പറയാൻ സാധിക്കയില്ലെന്നു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ ഇൻസ്പെക്ടർ പറയുന്നു. നാട്ടുഭാഷാപള്ളിക്കൂടം ഇൻസ്പെക്ടരാണ് പ്രസ്തുതവിഷയത്തിൽ അവസാനത്തെ തീരുമാനം കല്പിക്കേണ്ട അധികാരി. ഇൻസ്പെക്ഷൻ കോഡിലൊ എഡ്യൂക്കേഷൻ കോഡിലൊ ഏതിലാണെന്നു ഞാൻ ഓർക്കുന്നില്ല. ഏതിലൊ ഒന്നിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹമാണ് നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലേക്ക ഗ്രാൻറനുവദിക്കുന്നതിനധികാരി എന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ചോദിച്ചിരിക്കുന്നതു ൨൫,൦൦൦ രൂപായാണ്. അതിൽനിന്നു അദ്ധ്യാപകവിദ്യാർത്ഥികൾക്കുള്ള വേതനസംഖ്യയായ ൮൦൦൦ രൂപാ കുറച്ചാൽ ൧൭,൦൦൦ രൂപാ ബാക്കിയുണ്ടായിരിക്കും. ഇതു ഉദ്ദേശം ൪൧൧ വാദ്ധ്യാന്മാർക്ക പുതുതായി ഗ്രാൻറുകൊടുക്കുന്നതിനു മതിയാകും. ഇതു തികയാതെവന്നാൽ ഒരു ഭാഗം ഗ്രാൻറ അടുത്തവർഷത്തിലേക്ക നീക്കിവെക്കേണ്ടിവരും. ഇപ്പോൾ ചോദിച്ചിരിക്കുന്ന സംഖ്യ കൂടുതൽ ആണെന്നു വിചാരിക്കാമെന്നു തോന്നുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) കാളേജിൽ നിയമിക്കാൻപോകുന്ന സ്ത്രീ അററൻഡർക്ക് സ്വല്പമെങ്കിലും മാന്യതയും വൈഭവവും വേണമെന്നു നിങ്ങൾവിചാരിക്കുന്നുണ്ടോ എന്നിയ്ക്കു അറിഞ്ഞാൽകൊള്ളാം.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ) ആ സ്ത്രീയിൽ വല്ല ദുർന്നടത്തയും ഉള്ളതായി പേരുദോഷമെങ്കിലും സംശയം ജനിച്ചാൽ തത്സമയം അവിടെനിന്നും ബഹിഷ്കരിക്കുന്നതായിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) എട്ടുരൂപാ ശമ്പളത്തിൽനിൽക്കുന്ന ഒരു വേലക്കാരിയിൽ എത്ര അന്തസ്സുണ്ടായിരിക്കുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നതു.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) അതൊരു അഭിപ്രായവിഷയമാണ്.

ഡെപ്യൂട്ടി പ്രസിഡൻറ: വിദ്യാഭ്യാസ ഡിമാൻറിനെ ഞാൻ ഒരുമിച്ചൊന്നായി എടുക്കാം. ആദ്യമായി അതായതു (ഏ) സയൻസുകാളേജിൽ ഒരു സ്ത്രീ അററൻഡറെ ഒരുമാസത്തെ ശമ്പളത്തിനു വേണ്ട ൧൨ രൂപായാണ് ഈ ഡിമാൻറ സഭ അനുവദിക്കുന്നതായി ഞാൻ കരുതട്ടെയോ?

ഗ്രാൻറ് അനുവദിച്ചു.

ഡിപ്യൂട്ടിപ്രസിഡണ്ടു. അടുത്തതു പുതിയ കാളേജ് ഹാസ്റ്റലിലെ ഉപയോഗത്തിനുള്ള അകസാമാനങ്ങളും ഒരു ഇരുമ്പുപെട്ടിയും വാങ്ങുന്നതിനുള്ള ൭൧൭൧ രൂപായാണ്.

ഇത് സഭ അനുവദിച്ചതായി ഞാൻ വിചാരിക്കുന്നു.

ഗ്രാൻറ് അനുവദിച്ചു.

ഡിപ്യൂട്ടിപ്രസിഡണ്ടു: ഇപ്പോൾ സവർണ്ണ ഹിന്ദുഹാസ്റ്റൽ ഇരിക്കുന്ന കെട്ടിടത്തിൻെറ ൧൧൦൧-ലെ വാടകയ്ക്കുള്ള ൧൩൨൭ രൂപായാണ് അടുത്ത ഐറ്റം

ഈ ഡിമാൻറ് സഭ അനുവദിച്ചതായി ഞാൻ വിചാരിക്കുന്നു.

ഗ്രാൻറ് അനുവദിച്ചു.

ഡിപ്യൂട്ടിപ്രസിഡൻറ: അവസാനമായി ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാ വിദ്യാലയങ്ങൾക്കുള്ള സഹായധനം കൊടുക്കുന്നതിനു ശിക്ഷാക്രമ പരിശീലനത്തിലിരിക്കുന്ന അദ്ധ്യാപകന്മാക്കു വേതനം നല്കുന്നതിനും ഉള്ള ൩൯൦൦൦ രൂപായുടെ ഇനമുണ്ടു.

ഈതുകകൂടി സഭ അനുവദിക്കുന്നതായി ഞാൻ കരുതട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ എതിക്കുന്നു.

ഉപക്ഷേപം വോട്ടിനിടുകയും പാസാക്കുകയും ചെയ്തു.

ഗ്രാൻറ അനുവദിച്ചു.

ഡിമാൻറ് XIII കൃഷിയും മത്സ്യവ്യവസായവും.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഡിമാൻറ് ൧൩, കൃഷിയും മത്സ്യവ്യവസായവും, അനുസരിച്ച് ജൈവതിക സസ്യശാസ്ത്രജ്ഞനും അദ്ദേഹത്തിൻെറ കീഴ്ജീവനക്കാക്കും കഴിഞ്ഞ കുംഭം ൧-നു-മുതൽ ൭ മാസത്തെ ശമ്പളം വകക്കായി ൧൭൧൦ രൂപായിൽ അധികരിക്കാത്ത ഒരുതുക അനുവദിക്കുന്നതിലേക്കു ഞാൻ ഉപക്ഷേപം ഹാജരാക്കികൊള്ളുന്നു. ജൈവതിക സസ്യശാസ്ത്രജ്ഞനു പ്രതിമാസം ൧൫൦ രൂപായും അദ്ദേഹത്തിൻെറ സിബ്ബന്തികളിൽ അററൻഡർക്ക് ൧൫ രൂപായും ശിപായിക്കു ൯ രൂപായും ഉൾപ്പെടെ പ്രതിമാസം വേണ്ടതു ൧൭൪ രൂപായും ഇങ്ങനെ ൭ മാസത്തേക്ക് ആകെ ആവശ്യമുള്ളതു ൧൭൧൦ രൂപായാകുന്നു. ജൈവതിക സസ്യശാസ്ത്രജ്ഞനെ ൧൦൯൯ തുലാം ആദ്യംമുതൽ രണ്ടുകൊല്ലത്തേക്കു പരീക്ഷണാത്ഥം നിയമിച്ചിട്ടുള്ളതാണ്. ഈ കാലാവധി ൧൧൦൧ കന്നി അവസാനത്തോടുകൂടി തീരേണ്ടതായിരുന്നു, എന്നാൽ കഴിഞ്ഞയാണ്ടവസാനത്തിൽ തന്നാണ്ടത്തെ ബഡ്ജററ അനുവദിച്ചപ്പോൾ ഈ കാലാവധി നാലുമാസത്തേക്കുകൂടി നീട്ടുകയും അങ്ങനെ പരീക്ഷണകാലം യഥാർത്ഥത്തിൽ കഴിഞ്ഞമകരം ഒടുവിൽ അവസാനിക്കുകയും ചെയ്തു. കഴിഞ്ഞകൊല്ലത്തെ ബഡ്ജററ, ആലോചനയിൽ ഇരിക്കുമ്പോൾ ജൈവതിക സസ്യശാസ്ത്രജ്ഞൻെറ രണ്ടുകൊല്ലം പൂർത്തിയാകാത്തതിനാൽ ആ രണ്ടുകൊല്ലം തികയുന്നതുവരെ അദ്ദേഹത്തിൻെറ ജോലിയുടെ ഒരു റിപ്പോർട്ട് ആവശ്യപ്പെടേണ്ടെന്നു ഗവണ്മെൻറ വിചാരിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) അദ്ദേഹത്തിൻെറ ജോലി എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിനെക്കുറിച്ചു ഇപ്പോൾതന്നെ പ്രസ്താവിക്കാം. രണ്ടുകൊല്ലം പൂർത്തിയായതിനുശേഷം അദ്ദേഹം തൻെറ ജോലിയുടെ ഒരു റിപ്പോർട്ട് സമപ്പിച്ചു. അതിൽനിന്നും അദ്ദേഹത്തിൻെറ നിയമനം തുടരുന്നതിനു തീരുമാനിക്കാൻ ഗവണ്മെൻറിനു സാധിച്ചു. അതുകൊണ്ടാണ് ൧൭൧൦ രൂപായ്ക്കുള്ള ഈ സപ്ലിമെൻട്രിഗ്രാൻറ സഭയിൽ കൊണ്ടുവന്നത്.

ഇനി ഞാൻ മി. പി. കെ. നാരായണപിള്ളയോടു സമാധാനം പറയാം. അദ്ദേഹത്തിൻെറ പ്രശ്നം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഞാൻ ആ സംഗതിയെക്കുറിച്ചു പ്രസ്താവിക്കാൻ ആരംഭിക്കയായിരുന്നു. ജൈവതിക സസ്യശാസ്ത്രജ്ഞനു രണ്ടുപ്രധാന കൃത്യങ്ങളുണ്ട്. ഒന്ന് വിത്തുകളെ തെരഞ്ഞെടുത്തും ജാതിസങ്കരംചെയ്തും പരിശോധിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ആണ്. രണ്ടാമതു ഇപ്പോൾ യതൊരുപയോഗവും ഇല്ലാതിരിക്കുന്ന ചെടികളുടെ ജൈവതികോപയോഗം കണ്ടുപിടിക്കുക. ഇവരണ്ടും മന്ദഗതിയിൽതന്നെ ഇരിക്കുന്നു, പ്രത്യേകിച്ചു ആദ്യത്തെ അതായതു വിളവുകളുടെ അഭിവൃദ്ധി.

മി. എം. ശിവതാണുപിള്ള (തോവാള): മെമ്പറിനു സാങ്കേതികഭാഷയിൽ സംസാരിക്കാൻ സാധിക്കുമോയെന്നു എന്നോടു പറയുമോ?

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾ ദയവായി അദ്ദേഹത്തിനു ഒന്നു വിസ്തരിച്ചു പറഞ്ഞുകൊടുക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഹൈബ്രിഡിസേഷൻ എന്നാൽ പ്രതിലോമോല്പാദനം എന്നർത്ഥമാണ്. (ചിരി) അതായതു രണ്ടുവിജാതീയ വിത്തുകളുടെ സങ്കരത്വം ആകുന്നു. വിത്തുകളുടെ ഗുണാഭിവൃദ്ധിക്കു ഇപ്പോഴുള്ള വർഗ്ഗങ്ങളുടെ പ്രത്യേകലക്ഷണങ്ങൾ സൂക്ഷ്മമായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. വിത്തുകൾ തരംതിരിച്ചെടുത്തു കൂട്ടിച്ചേർത്തു പരിഷ്കരിക്കുന്നതിൽ അനുവർത്തിക്കേണ്ട രീതികളെ നിർണ്ണയിക്കുന്നതിനു ഒരാൾക്കു അനേകവർഷങ്ങൾ വേണ്ടിവരും. സാധാരണ ഇനങ്ങളെക്കാൾ ൨൫ ശതമാനം വിളവു കൂടുതൽ ഉണ്ടാകുന്ന ഒരുതരം ഗോതമ്പു വിളയിക്കുന്നതിനു പൂസായിലെ അതിസമർത്ഥമായ കാർഷികസ്ഥാപനത്തിൽ രണ്ടു വിദഗ്ദ്ധന്മാരായ സസ്യശാസ്ത്രജ്ഞന്മാർ വളരെ വർഷങ്ങൾ പരിശ്രമിക്കേണ്ടിവന്നു. പ്രാരംഭത്തിൽ അവർക്കു പരാജയം നേരിട്ടു, എന്നാൽ തീഷ്ണവും അശ്രാന്തവുമായ വളരെക്കാലത്തെ പ്രയത്നഫലമായി ഒടുവിൽ അവർ ഒരു നവീനവിത്തു ഉണ്ടാക്കുന്നതിനു പ്രാപ്തരാകയും അതു പഴയവർഗ്ഗങ്ങളെക്കാൾ കൂടുതൽ ഫലപ്രദമാകുമെന്നു തെളിയിക്കുകയും ചെയ്തു. ഇതുപോലെതന്നെ മദ്രാസിലും, സെൻട്രൽപ്രോവിൻസിലും മററനേകസ്ഥലങ്ങ

ളിലും സാമ്പത്തിക സസ്യശാസ്ത്രജ്ഞന്മാർ പഞ്ഞിയെസംബന്ധിച്ചു പലപരീക്ഷണങ്ങൾ നടത്തുകയും പുതിയതരം വിത്തുകൾ ഉല്പാദിപ്പിക്കുകയും അതു പഴയ ഇനങ്ങളെക്കാൾ കൂടുതൽ ആദായകരമെന്നു കാണപ്പെടുകയും ചെയ്തിട്ടുണ്ട്. ഞാൻ പ്രസ്താവിച്ചതുപോലെ നമ്മുടെ ഔദ്യോഗിക സസ്യശാസ്ത്രജ്ഞൻ ഏതാണ്ടു രണ്ടുകൊല്ലത്തിൽ കൂടുതൽകാലമായിട്ടു പലപരിശോധനകളും നടത്തിവരികയാണെങ്കിലും നാളിതുവരെ നവീനമായ ഒരുവിത്തും ഉണ്ടാക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചിട്ടില്ലെന്നു ഞാൻ സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇത്രചുരുങ്ങിയ രണ്ടുകൊല്ലക്കാലത്തിനിടയ്ക്കു ഒരിടത്തും സാമ്പത്തിക സസ്യശാസ്ത്രജ്ഞന്മാർക്കു ഒരു പുതിയതരം വിത്തു ഉണ്ടാക്കുന്നതിനു സാധിച്ചിട്ടില്ലെന്നുള്ളതു സ്മരണീയമാണ്. അവർക്കു വളരെവർഷങ്ങൾ പ്രയത്നിക്കേണ്ടതായും ആരംഭത്തിൽ പരാജയം നേരിടേണ്ടതായും വന്നിട്ടുണ്ടു. അവസാനത്തിൽ പുതിയജാതി വിത്തുകൾ ഉണ്ടാക്കുന്ന വിഷയത്തിൽ അവർ വിജയികളാവുകയും അവ പഴയജാതികളെക്കാൾ സംശയംകൂടാതെ ഉൽകൃഷ്ടങ്ങളായിരിക്കയും ചെയ്തിട്ടുണ്ട്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ രണ്ടുകൊല്ലം മതിയാകയില്ലെന്നുള്ള പരമാർത്ഥം സാമ്പത്തിക സസ്യശാസ്ത്രജ്ഞനെ നിയമിക്കുന്നതിനു മുമ്പുതന്നെ ഗവർമ്മെൻറിനു അറിയാൻ പാടില്ലായിരുന്നോയെന്നു പണ്ഡിതനായ ഡാക്ടർ എന്നോടു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സാമ്പത്തിക സസ്യശാസ്ത്രജ്ഞൻെറ രണ്ടുകൊല്ലത്തെ ജോലി അദ്ദേഹത്തിൻെറ നിയമനത്തെ തുടരുന്നതിനെ സാധൂകരിക്കുമോയെന്നു ഗവർമ്മെൻറിനു അറിയേണ്ടിയിരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇദ്ദേഹത്തിൻെറ നിയമനത്തിനു മുമ്പു രാജ്യത്തിലെ പ്രതിഫലോല്പാദനത്തിൻെറ സ്ഥിതി എന്തായിരുന്നു?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഈ പദ്ധതിയിൽ ഒന്നും ചെയ്തിരുന്നില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഏതെങ്കിലും തരത്തിലുള്ള പ്രതിഫലോല്പാദനം നടന്നുകൊണ്ടിരുന്നോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കൃത്രിമോപാധികളിൽ കൂടിയില്ല. ഈ രണ്ടു കൊല്ലം അദ്ദേഹം ചെയ്തതു എന്താണെന്നു ഞാൻ വിശദീകരിക്കാം. നെല്ല്, തെങ്ങു, മരച്ചീനി, മുളകുകൊടി മുതലായ ഏതാനും വിഭിന്നജാതി ഉത്ഭിജങ്ങളുടെ ലക്ഷണങ്ങൾ അദ്ദേഹം പഠിച്ചു. ദൃഷ്ടാന്തമായി സാധാരണ, കമ്പു മുറിച്ചിട്ടു കിളിപ്പിക്കാറുള്ള മരച്ചീനി, വിത്തുകിളുപ്പിച്ചു പിടിപ്പിക്കാമെന്നും അതു ഒട്ടിച്ചു കൂടുതൽ നല്ലവർഗ്ഗം ഉണ്ടാക്കാമെന്നും അദ്ദേഹം കണ്ടുപിടിച്ചു. മണ്ണു നല്ലവണ്ണം ഇളക്കി വായുസമ്പർക്കം ഉണ്ടാക്കുന്നതും മരച്ചീനിയുടെ വളർച്ചക്കും പോഷണത്തിനും പററിയതാണെന്നും അദ്ദേഹം പരിശോധിച്ചറിഞ്ഞു. ഏററവും പ്രധാനപ്പെട്ട ഒരു വിഷയമായ കൊച്ചങ്ങാപൊഴിച്ചിലിനേയും കൂടാതെ തെങ്ങിനെസംബന്ധിച്ച മററനേകംസംഗതികളെപ്പററിയും അദ്ദേഹം അന്വേഷണങ്ങൾ നടത്തി മാത്രമല്ല, അദ്ദേഹം വിവിധവർഗ്ഗം മുളകുകൊടികളെപ്പററി പഠിക്കുകയും അവയിൽ ഒരു പ്രത്യേകഇനം എല്ലാംകൊണ്ടും കാമ്യതരമാണെന്നു കണ്ടുപിടിക്കുകയും ചെയ്തു. ആ ജാതി രാജ്യത്തിൻെറ എല്ലാ ഭാഗത്തും കൃഷിചെയ്യുന്നതായാൽ നാട്ടിലെ കുരുമുളകു വിളവു വർദ്ധിക്കുന്നതായിരിക്കും. ഉപയോഗശൂന്യമായി രാജ്യത്തുള്ള സാധാരണചെടികളെപ്പററിയും അദ്ദേഹം അന്വേഷിക്കുകയുണ്ടായി. മലംപ്രദേശങ്ങളിൽ ഉണ്ടാകുന്ന "മരം" എന്നു പറയപ്പെടുന്ന ഒരുതരം ചെടിയെപ്പററി തിരുവിതാംകൂറിൻെറ പൂർവ്വഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള എൻെറ സ്നേഹിതന്മാർക്കു അറിയാമെന്നു ഞാൻ വിചാരിക്കുന്നു. ഇതു വിളഭൂമിയിൽ ഉണ്ടായാൽ അതിനടുത്തുള്ള നെല്ലെല്ലാം പട്ടുപോകും. ഇതു നെല്ലിൻെറ മൂട്ടിൽ ഉണ്ടാകുന്ന ഒരുതരം പരഭുക്കാണ്. ഈ ആപൽക്കരമായ കളയെ നശിപ്പിക്കുന്നതിനു ഒരു പ്രായോഗികമായ വഴി കണ്ടുപിടിക്കുന്നതിനായി അദ്ദേഹം ഇപ്പോൾ സ്ഥലപരീക്ഷണങ്ങൾ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കയാണ്. കൂടാതെ രാജ്യത്തിലെ നാർവർഗ്ഗത്തിൻെറ സ്ഥിതിയെക്കുറിച്ചും അദ്ദേഹം അന്വേഷണം നടത്തുന്നുണ്ട്. നമുക്കു നാരിനു ഉപയോഗപ്പെടുന്ന അനേകതരം ചെടികൾ രാജ്യത്തിൽ സമൃദ്ധിയായിവളരുന്നുണ്ട്. ചിലതിൽനിന്നു നേർമ്മയുള്ള നാരു കിട്ടും. അതുകൊണ്ടു ഉടുപ്പിനും കട്ടിനും കൊള്ളാവുന്ന വസ്ത്രങ്ങൾ നെയ്യാം. പിന്നെ ഒരുതരം പരുക്കൻനാരുകളുണ്ട്; അവ പല്ലു തേക്കുന്നതിനും, തലമിനുക്കുന്നതിനും, ചെരുപ്പു ഉരക്കുന്നതിനും മററുമുള്ള ബ്രഷുകൾ ഉണ്ടാക്കുന്നതിനു ഉപയോഗപ്പെടുത്താം. ഇതിൽ ചില സാധനങ്ങൾ അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ടു. തിരുവിതാംകൂറിൽ ബ്രഷുണ്ടാക്കൽ ഒരു കുടിൽ വ്യവസായമായി ഏർപ്പെടുത്താൻ അദ്ദേഹത്തിനു സാധിക്കുമെന്നു വിചാരിക്കുന്നു. സിലോണിൽ ഇങ്ങനെ ചെയ്യുന്നതായി എനിക്കറിയാം. ഈ സാധനങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നടത്തോളം വാസനയായിരിക്കയില്ലെങ്കിലും പഴക്കത്തേയും വിലയേയും സംബന്ധിച്ചിടത്തോളം നമുക്കു കൂടുതൽ അനുകൂലമായിരിക്കും. ബ്രഷുണ്ടാക്കൽ ഒരു കുടിൽവ്യവസായമായി പോഷിപ്പിക്കയാണെങ്കിൽ, അവ ഇറക്കുമതി ചെയ്തില്ലെങ്കിലും, നമ്മുടെ ആവശ്യത്തിനു വേണ്ടടത്തോളം ഇവിടെതന്നെ ഉണ്ടാക്കാൻ സാധിക്കും.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതിനോടു സാദൃശ്യമുള്ള ഏതെങ്കിലും ജോലി വ്യവസായഡിപ്പാർട്ടുമെൻറിൽ ഉണ്ടോയെന്നു എന്നോടു പറയുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഉണ്ടെന്നു തോന്നുന്നില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വേല കുറെക്കൂടി യോജിക്കുന്നതു വ്യവസായഡിപ്പാർട്ടുമെൻറിനാണെന്നു ഡാക്ടർ കുഞ്ഞൻപിള്ളക്കു തോന്നുന്നില്ലേ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിൻെറ അവസാനഭാഗം മിക്കവാറും വ്യവസായഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വരുന്നതു. എന്നാൽ ചെടികളുടെ പരിശോധനയും അവയിൽനിന്നു എടുക്കാവുന്ന നാരിൻെറ സ്വഭാവവും കൃഷിവകുപ്പിൽ ഉൾപ്പെട്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഒരിക്കൽ ഒരു പ്രത്യേകനാരു കണ്ടുപിടിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്തുകഴിഞ്ഞാൽ ബ്രഷ് ഉണ്ടാക്കുന്ന ജോലിവേണമെങ്കിൽ വ്യവസായഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുക്കാം. ഏതായാലും നാം ഇപ്പോൾ അതിൻെറ പ്രാരംഭദശയിലാണു സ്ഥിതിചെയ്യുന്നതു. അതുകൊണ്ടു ഈ ജോലി കൃഷിഡിപ്പാർട്ടുമെൻറിൽപെട്ടതാ

വ്യവസായഡിപ്പാർട്ടുമെൻറിൽ ചേർന്നതോയെന്നു പര്യാലോചിക്കാനുള്ള കാലം ആയിട്ടില്ല. ഈ രണ്ടുകൊല്ലങ്ങൾക്കിടയിൽ രൌതികസസ്യശാസ്ത്രജ്ഞൻ ഈ പ്രാരംഭപരിശോധനകൾ നടത്തുകയും ഏതാനും കാട്ടുചെടികൾ ശരിയായ ഉപയോഗത്തിൽ കൊണ്ടുവരാമെന്നു കണ്ടുപിടിക്കുകയും ചെയ്തു. ഇതിനിടയിൽ ഇതിൽകൂടുതൽ ഒന്നും അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കാനില്ല. അദ്ദേഹത്തിന്റെ വേലയിൽനിന്നും ഞാൻ മനസ്സിലാക്കിയതു അതു തുടരുന്നതിനു അനുവദിക്കുന്നതായാൽ ഫലപ്രദമായി പര്യവസാനിക്കുമെന്നാണ്. അതുകൊണ്ടു അദ്ദേഹത്തിന്റെ ജോലി തുടരുന്നതിനുവേണ്ടി ചെറുസംഖ്യയായ ഈ ൨൭൦ രൂപാക്കു വോട്ടുചെയ്യേണ്ട ആവശ്യം സഭ ഗ്രഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): തൽസംബന്ധമായ ഉദ്യോഗസ്ഥന്റെ ശമ്പളത്തിനു ഈ സഭയുടെ അനുവാദം ആവശ്യമുണ്ടോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സപ്ളിമെൻട്രി ഡിമാൻറിലെ സസ്യശാസ്ത്രജ്ഞന്റെ സിൽബന്തികളുടെ ശമ്പളത്തിനു സഭയുടെ വോട്ടുവേണം. ഉദ്യോഗസ്ഥന്റെ ശമ്പളം വോട്ടുചെയ്യേണ്ടതല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാമ്പത്തിക സസ്യശാസ്ത്രജ്ഞന്റെ ആവശ്യം എത്ര കാലത്തേക്കു വേണ്ടിവരുമെന്നു ഒരേകദേശജ്ഞാനമെങ്കിലും ഞങ്ങൾക്കു ഉണ്ടാക്കിത്തരുന്നതിനു അദ്ദേഹത്തിനു സാധിക്കുമോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിപ്പോൾ പറയാൻ എനിക്കു നിവൃത്തിയില്ല.

ഡിപ്യൂട്ടി പ്രസിഡന്റ്: ഉദ്യോഗസ്ഥന്റെ ശമ്പളം വോട്ടിനു ഇടേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടു ഈ ഉപക്ഷേപത്തെ ൫൨൦ രൂപാക്കുള്ള ഒരു ഗ്രാൻറായി ഭേദപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി പീരുമേട്): അപ്പോൾ വോട്ടുചെയ്യേണ്ട സംഖ്യ ൫൨൦ രൂപായാകുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതേ, ൫൨൦ രൂപായെ ഞാൻ ആവശ്യപ്പെടുന്നുള്ളു.

മി. കെ. സി. ഉമ്മൻമാപ്പിള (കരുവാറ്റയും വ്യവസായവും വടക്കു): സർ, വാസ്തവത്തിൽ ഔഷധസംഗതികളുടെ യഥാർത്ഥസ്വഭാവത്തെ വെളിപ്പെടുത്തുന്നുവെങ്കിൽ ബ്രിട്ടീഷ്ഗവൺമെന്റിലെ സാമ്പത്തിക സസ്യശാസ്ത്രജ്ഞൻ ചെയ്തിരിക്കുന്ന ജോലി അതിശയനീയമായിരിക്കണമെന്നു ഞാൻവിചാരിക്കുന്നു. മിസ്സിസ്സ് ഹോവാർഡ് ഒരുപ്രത്യേക ഇനം ഗോതമ്പുകൃഷിചെയ്യുണ്ടാക്കിയതിനെപ്പറ്റി ഡാക്ടർ കുഞ്ഞൻപിള്ള പ്രസ്താവിച്ചു. ബ്രിട്ടീഷ്ഇൻഡ്യയിലെ ഗോതമ്പിന്റെ ആകെയുള്ള വിളവിന്റെ വർദ്ധനവിനെക്കുറിച്ചു നമ്മളിൽ അധികംപേരും വായിച്ചിട്ടുണ്ട്. അതിനുശേഷം ഇതുവരെ പ്രചാരത്തിൽവരാത്ത, അതുപോലെ പ്രതിമേല്പാദനസങ്കരബീജവാദം മുതലായവയിൽ ഏർപ്പെട്ടിരുന്ന ഡാക്ടർ ബാർബറും മററനേകരും വരുത്തിക്കൂട്ടിയിട്ടുള്ള അത്ഭുതപ്രവൃത്തികളെക്കുറിച്ചു നമ്മൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. നമ്മുടെരാജ്യത്തിൽ ഈ മാർഗ്ഗത്തിൽ വിശേഷിച്ചു നെൽകൃഷിയിൽ ധാരാളംചെയ്യുന്നുണ്ടു. ആ സംഗതിയിൽ ഡാക്ടർ കുഞ്ഞൻപിള്ളയും അദ്ദേഹത്തിന്റെ അസിസ്റ്റൻറും ശ്രദ്ധപതിക്കുമെന്നു ഞാൻവിചാരിക്കുന്നു. ദൃഷ്ടാന്തമായി കൂടുതൽ മേനിവിളയുന്ന അതിക്കരാളി കൊഴുവിത്തു മുതലായവയും മൂപ്പുകൂടിയ മററുവിത്തുകളും നമുക്കുണ്ടു. ഈ രണ്ടുതരങ്ങളേയും കൂട്ടിയോജിപ്പിച്ചു ഒരുനവീനവിത്തു ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ അതു രാജ്യത്തിലെ പുഞ്ചകൃഷിക്കാർക്കു ഒരുവലിയ അനുഗ്രഹത്തിനു നിദാനമാകുമായിരുന്നു. മററുസാദൃശ്യസംഗതികളെക്കുറിച്ചു ഞാൻപ്രസ്താവിക്കണമെന്നില്ലല്ലോ. ഡാക്ടർ കുഞ്ഞൻപിള്ള അദ്ദേഹത്തിന്റെ ശ്രദ്ധ അതിൽ പതിക്കുമെന്നു എനിക്കുവിശ്വാസമുണ്ടു. ഉദാഹരണമായി നട്ടു മൂന്നു അല്ലെങ്കിൽ നാലാംകൊല്ലത്തിൽ കായ്ക്കുന്ന ഒരുതരംതെങ്ങുണ്ടു. എന്നാൽ ഇതിന്റെഫലങ്ങൾ രൌതികഗുണപ്രവൃത്തിയിൽ മോശവും പ്രയോജനശൂന്യവും ആണ്. നേരെമറിച്ചു പത്തോ പതിനഞ്ചോ വർഷങ്ങൾകഴിഞ്ഞുമാത്രം കായ്ക്കുന്ന മററചിലഇനങ്ങൾഉണ്ടു. അതേസമയം അവധാരാളം ഫലം തരികയും ചെയ്യുന്നു. ഇവരണ്ടിന്റേയും പരാഗങ്ങളെ കൂട്ടിയോജിപ്പിക്കാമെങ്കിൽ നാലോ അഞ്ചോ വർഷംകൊണ്ടു കായ്ക്കുന്നതും അതോടുകൂടിത്തന്നെ കൂടുതൽഫലം തരുന്നതും ആയ ഒരുജാതി വിത്തു നമുക്കുലഭിക്കാവുന്നതാണ്. ആ ഇരാജ്യത്തിനുവളരെ ഉപകാരപ്രദമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മററുസാദൃശ്യമാർഗ്ഗങ്ങളെക്കുറിച്ചു ഡാക്ടർ കുഞ്ഞൻപിള്ളക്കുതന്നെ അറിയാമെന്നു എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടു ഞാൻ പറയേണ്ട ആവശ്യമില്ലെന്നുവിചാരിക്കുന്നു. ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, എല്ലാംകൊണ്ടും ഞാനും ഡാക്ടർ കുഞ്ഞൻപിള്ളയെ അനുകൂലിക്കാൻ ആഗ്രഹിക്കുന്നു. ആദ്യം സാമ്പത്തികസസ്യശാസ്ത്രജ്ഞന്റെ ജോലിയെ സംബന്ധിച്ചു എനിക്കു ഏതാനും സ്വന്തസംശയങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭിധാനം അദ്ദേഹം സസ്യശാസ്ത്രത്തെ തന്നെ വെട്ടിക്കുറച്ചു ധനവ്യയനിയന്ത്രണം ചെയ്യുന്നയാളെന്നു തോന്നിച്ചു. എനിക്കും ഡാക്ടർ കുഞ്ഞൻപിള്ളക്കും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചു. ഇദ്ദേഹം സങ്കരോല്പാദനപരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്നു ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞപ്പോൾ അഭിപ്രായവ്യത്യാസങ്ങൾ എല്ലാംകളഞ്ഞു, എന്റെസ്നേഹിതനെ അനുകൂലിക്കണമെന്നു ഞാൻ തീരുമാനിച്ചു. കൂടാതെ രൌതികസസ്യശാസ്ത്രജ്ഞൻ, നമുക്കെല്ലാവർക്കും സസന്തോഷം അഭിലഷിക്കാവുന്ന നമ്മുടെരാജ്യത്തെ ധനപരിപോഷണത്തെ സഹായിക്കുന്ന സങ്കരോല്പാദനപ്രചരണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതായി ഞാൻ കാണുന്നു. ഇത്രഗുണപ്രദമായ ഒരുജോലിയുടെ ചെലവിനെപ്പററി യാതൊരു എതിരഭിപ്രായവും സംഭാവ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിൽ എനിക്കുവളരെ സന്തോഷമുണ്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഈ ഡിമാൻറിനെ അനുകൂലിക്കാൻ ഞാൻആഗ്രഹിക്കുന്നു എന്നാൽഅങ്ങനെചെയ്യുന്നതിൽ സങ്കരോല്പാദനകൃത്യത്തിൽനിന്നും രൌതികസസ്യശാസ്ത്രജ്ഞന്റെ ശ്രദ്ധയെപിന്തിരിക്കുന്നതിനും കൂടുതൽ പ്രയോജനകരമായ തിരുവിതാംകൂറിലെവൃക്ഷങ്ങളുടേയുംചെടികളുടേയും രൌതികഗുണ

ത്തെ കണ്ടുപിടിക്കുന്നതായിൽ താല്പര്യം പ്രദർശിപ്പിക്കുന്നതിനു അദ്ദേഹത്തോടു ചട്ടംകെട്ടുന്നകാര്യത്തിൽ ദയ ചെയ്തു അവിടുത്തെ ശ്രദ്ധയെ എനിക്കു ആകർഷിക്കേണ്ടിയിരിക്കുന്നു. സർ, ഈ ഉപാധിയിൽ തിരുവിതാംകൂറിന്റെ വിഭവങ്ങൾക്കു അവസാനമില്ല. കാർഷിക വ്യവസായത്തിനുള്ള സൌകര്യങ്ങൾ ധാരാളവും തീരെ അറിയപ്പെട്ടിട്ടില്ലാത്ത ചെടികളുടെ എണ്ണം വളരെയും ഉണ്ടു. സാമ്പത്തിക സസ്യവ്യവസായ ശാസ്ത്രജ്ഞൻ ചെയ്തിട്ടുള്ള അനേക മാതൃകാവേലകൾ കൃഷിഡയറക്ടരുടെ ആഫീസിൽ വച്ചു കാണുന്നതിനു എനിക്കു സംഗതിയായി. അവയിലെ പിതാംബരാല വിഭവങ്ങളുടെ നാനാവിധമായ ആദായം എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവിടെ അനേകതരം ബ്രഷുകൾ ഉണ്ടായിരുന്നു. അവ വളരെ മനോഹരങ്ങളും ആയിരുന്നു. പാശ്ചാത്യരാജ്യങ്ങളിലെ ഷാപ്പുകളിൽ അവയ്ക്കു നല്ല വിലകിട്ടും. അദ്ദേഹത്തിനു വേണ്ടപ്രോത്സാഹനം കൊടുത്തില്ലായെന്നു ഒരു സംശയം എനിക്കുണ്ടായിരുന്നുള്ളു. അറിയപ്പെട്ടിട്ടില്ലാത്ത ഈ ചെടികളുടെ പുതിയ ഉപയോഗം അദ്ദേഹം കണ്ടുപിടിക്കുന്നതായി വന്നാൽ അതു അദ്ദേഹത്തിനു കൊടുക്കുന്ന ശമ്പളത്തിനു തക്ക പ്രതിഫലം ആയിരിക്കും. അതുകൊണ്ടു ഞാൻ ഇവിടെ നിർദ്ദേശിച്ച മാർഗ്ഗത്തിന്റെ ഒടുവിലത്തെ ഭാഗത്തിലേക്കു കൃഷിഡയറക്ടരുടെ ശ്രദ്ധയെ ആകർഷിച്ചു കൊള്ളുന്നു.

പിന്നിട്ട് … രൂപായ്ക്കുള്ള ഡിമാൻറു വോട്ടിനിട്ടതും പാസ്സാകുകയും ചെയ്തു.

ഡിമാൻറു XV മെഡിക്കൽ ഡിപ്പാർട്ടുമെൻറ്.

മിസ്സിസ്സ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ വിമൻസ് മെഡിക്കൽ സർവീസ്): സർ, ഡിമാൻറു XV മെഡിക്കൽ ഡിപ്പാർട്ടുമെൻറിനു അനുവദിച്ചുവച്ച തുകയിൽ അധികരിക്കാത്ത ഒരു ഗ്രാന്റിനു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു. ഈ ഡിമാൻറിൽ മൂന്നിനങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഒന്നാമത്തേതു ... ആശുപത്രിയിലെ രണ്ടാമത്തെ സർജൻ അസിസ്റ്റൻറിന്റെ ലോക്കൽ അലവൻസിനുള്ള ഏവും രൂപയാണ് ആവശ്യമുള്ളതു. ... ഒരു അസിസ്റ്റൻറു ഉണ്ടായിരുന്നുള്ളു. ഒരു അസിസ്റ്റൻറിനു ജോലി വളരെ കൂടുതലായതുകൊണ്ടു ഈ ആശുപത്രിയിലെ സന്ദർശകസംഘം രണ്ടാമതു ഒരു അസിസ്റ്റൻറിനെക്കൂടി നിയമിക്കുന്നതിനു ശുപാർശചെയ്തു. കഴിഞ്ഞ ബഡ്ജറ്റിൽ രണ്ടാം അസിസ്റ്റൻറിന്റെ ശമ്പളം ഈ സഭ അനുവദിച്ചു. എന്നാൽ ഈ അസിസ്റ്റൻറിന്റെ ലോക്കൽ അലവൻസ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നില്ല. നവീന ചികിത്സാ സമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ളതിനാൽ അസിസ്റ്റൻറിന്റെ ജോലി വർദ്ധിച്ചുവരുന്നതുകൊണ്ടും അസിസ്റ്റൻറന്മാരിൽ ഒരാൾക്കു ലോക്കൽ അലവൻസ് അനുവദിച്ചിട്ടുണ്ടായിരുന്നതുകൊണ്ടും രണ്ടാം അസിസ്റ്റൻറിനുംകൂടി ആ അലവൻസ് കൊടുക്കുന്നതിനു സഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടാമത്തെ ഇനം കുമ്പമണ്ണിൽ ഒരു ഡിസ്പെൻസറി തുറക്കുന്നതിനാണ്. ഈ ശുപാർശ ഏതാനും മാസങ്ങൾക്കു മുമ്പു ചെയ്തിട്ടുള്ളതാണ്. കൂടുതൽ കാലതാമസത്തിനിടയാക്കാതെ ഡിസ്പെൻസറി തുറക്കുന്നതിനു ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നു. സഭ ഈ ഡിമാൻറു അനുവദിക്കുന്നപക്ഷം ഈ ഇടവത്തിൽ ഇതു സാധിക്കാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുമ്പമണ്ണിന്റെ ഏതു ഭാഗത്താണ് ഇതു തുറക്കാൻ ആലോചിച്ചിരിക്കുന്നതു. കിഴക്കേ വശത്തോ?

മിസ്സിസ്സ്. എം. പുന്നൻലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): ഡിസ്പെൻസറി സ്ഥാപിക്കുന്നതു എം. ജി. സ്കൂളിൽനിന്നും വളരെ അകലത്തല്ല.

മൂന്നാമതിനം, കമളിയിൽ ഒരു ഡിസ്പെൻസറി തുറക്കുന്നതു സംബന്ധിച്ചുള്ളതാണ്.

മി. സി. എൻ. ഇപ്പൻ നമ്പൂരി (ജന്മികളുടെ): കുമ്പമണ്ണിലേക്കു ഒരു ആയുർവേദ ആശുപത്രി സ്ഥാപിച്ചാൽ മതിയാകയില്ലയോ?

മിസ്സിസ്സ്. എം. പുന്നൻലൂക്കോസ് (സീനിയർസർജൻ, വിമൻസ്മെഡിക്കൽസർവീസ്) ജനങ്ങൾ ഒരു ആയുർവേദ ആശുപത്രിക്കു ആവശ്യപ്പെട്ടിട്ടുണ്ടോയെന്നു എനിക്കു അറിഞ്ഞുകൂടാ. ജനങ്ങൾ ഒരു ഇംഗ്ലീഷ് ആശുപത്രിക്കപേക്ഷിച്ചിട്ടുണ്ടു. ആയുർവേദ ആശുപത്രിക്കു യാതൊരു അപേക്ഷയും ഉണ്ടായിരുന്നതായി എനിക്കു തോന്നുന്നില്ല.

മി. സി. എൻ. ഇപ്പൻനമ്പൂരി (ജന്മികളുടെ) അവിടെ ആയുർവേദ ആശുപത്രി വേണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതായി അറിയാമോ?

മിസ്സിസ്സ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽസർവീസ്): അതിനെ സംബന്ധിച്ചു എനിക്കു അറിവും ഇല്ല. അങ്ങനെയൊരപേക്ഷ എന്റെ അടുക്കൽ വന്നിട്ടുമില്ല.

മി. സി. എൻ. ഇപ്പൻനമ്പൂരി (ജന്മികളുടെ): ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനോ അതല്ല ഇംഗ്ലീഷ് ആശുപത്രി സ്ഥാപിക്കുന്നതിനോ ആണു കൂടുതൽ ധനവ്യയം ഉള്ളതു്?

മിസ്സിസ്സ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽസർവീസ്): മിക്കവാറും ഇംഗ്ലീഷ് ആസ്പത്രിക്കായിരിക്കും കൂടുതൽ ധനവ്യയം വേണ്ടിവരുന്നതു്.

മി. സി. എൻ. ഇപ്പൻനമ്പൂരി (ജന്മികളുടെ): ആയുർവേദ ചികിത്സകൊണ്ടു സാധാരണ കൂടുതൽ ഉപയോഗം ജനങ്ങൾക്കുണ്ടെന്നുള്ളതറിയാമോ?

മിസ്സിസ്സ്. എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമൻസ് മെഡിക്കൽ സർവീസ്): ഇല്ല, ഒരു ഇംഗ്ലീഷ് ആശുപത്രികൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന എല്ലാ സൌകര്യവും ഒരു ആയുർവേദ ആശുപത്രികൊണ്ടുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മൂന്നാമതിനത്തെ സംബന്ധിച്ചു, കമിളിയിലുള്ള പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ കൂലിക്കാരെയും ഗവൺമെൻറു ജീവനക്കാരെയും നോക്കുന്നവകക്കു തേക്കാടിയിലുള്ള ബ്രിട്ടീഷ് ഡിസ്പെൻസറിക്കു പ്രതിമാസം ൧൫ രൂപാ കൊടുത്തുവന്നിരുന്നു. എന്നാൽ ബ്രിട്ടീഷ്ഗവൺമെൻറു അവരുടെ ഡിസ്പെൻസറി പെരിയാററിലേക്കു മാററിയതുകൊണ്ടു കമിളിയിലുള്ള നമ്മുടെ ആളുകൾക്കു വൈദ്യസഹായം നഷ്ടപ്പെട്ടിരിക്കുന്നു. ഈ ചെലവു സഭ അനുവദിക്കുന്നപക്ഷം ഇടവംമുതൽ ഡിസ്പെൻസറി തുറക്കാവുന്നതാണ്.

ഡപ്യൂട്ടിപ്രസിഡൻറ്: ഈ ഡിമാൻറു സഭ അനുവദിക്കുന്നതായി ഞാൻ കരുതട്ടെയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുഴലിയിലുള്ള ജനങ്ങളിൽനിന്നും അവിടെ ഒരു ഡിസ്പെൻസറിക്കു വല്ല അപേക്ഷയും ഉണ്ടായിരുന്നോ എന്നു എന്നോടു പറയുമോ?

ഡെപ്യൂട്ടി പ്രസിഡണ്ട്: മിസ്സസ്സ് ലൂക്കോസ് അവരുടെ ആസനം സ്വീകരിച്ചു. നിങ്ങൾക്കു ഇപ്പോൾ ഒരു ചോദ്യത്തിനു അവകാശമില്ല.

ഡിമാന്റു വോട്ടിനിടുകയും പാസ്സാകുകയും ചെയ്തു.

ഡിമാന്റു XIX— ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ.

മി. കെ. ജോർജ് (ആക്ടിങ് ഗവമെന്റു ചീഫ് സിക്രട്ടറി): സർ, ശാസ്ത്രീയവും പലവകയും ആയ ഡിപ്പാർട്ടുമെന്റുകൾക്കു പത്തൊൻപതാം ഡിമാന്റിൽ ൧൦൯ രൂപയിൽ കവിയാത്ത ഒരു ഗ്രാന്റു അപേക്ഷിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. ഇതു ൨൦ രൂപായിൽ ഒരു അസിസ്റ്റന്റു ലൈബ്രേറിയനേയും ൧൫ രൂപായിൽ ഒരു അറ്റെൻഡറേയും നിയമിക്കുന്നതിനുവേണ്ടിയാണ്. പബ്ലിക് ലൈബ്രറിയിലെ താൽക്കാലിക ജീവനക്കാരെക്കൊണ്ടു അവിടത്തെ ഭാരമേറിയ ജോലികൾ ചെയ്തുതീർക്കുന്നതിനു തീരെ സാധിക്കുന്നില്ലെന്നു അവിടത്തെ ആണററി സിക്രട്ടറി റിപ്പോർട്ടു അയച്ചിരിക്കുന്നു. ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനു ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർ ഒരു അസിസ്റ്റന്റു ലൈബ്രേറിയനും ഒരു അറ്റെൻഡറും ആണെന്നു പ്രസ്താവിച്ചിട്ടുണ്ടു. കൂടാതെ അവിടെ അഞ്ചു അറ്റെൻഡർമാരുംകൂടിയുണ്ടു; അവരിൽ നാലുപേർ വായനശാലയോടു സംബന്ധിച്ചാണ്. രണ്ടുപേർ അംഗങ്ങളുടെ മുറിയിലും രണ്ടുപേർ സാധാരണ വായനക്കാരുടെ മുറിയിലും. ഈ അറ്റെൻഡർമാർ കാലത്തു ൭ മണിമുതൽ രാത്രി ൯ മണിവരെ ഹാജരുണ്ടായിരിക്കേണ്ടതുകൊണ്ടു ഊഴമിട്ടാണ് ജോലി നോക്കിവരുന്നത്. അംഗങ്ങളുടെ മുറിയിൽ നിയമിച്ചിട്ടുള്ള രണ്ടു അറ്റെൻഡർമാരിൽ ഒരാൾ കാലത്തും മറ്റെയാൾ വൈകിട്ടും ഹാജരാകുന്നു. "റിലീവിങ് അറ്റെൻഡർ" എന്ന പേരിൽ ഒരു അറ്റെൻഡർ കൂടിയുണ്ടു. ഇയാൾ ഞായറാഴ്ച ദിവസങ്ങളിൽ ജോലിനോക്കുന്നു.

ഇപ്പോൾ ഗ്രന്ഥശാലയിലെ ജോലി വളരെ വർദ്ധിച്ചിരിക്കുന്നു. ൧൦൯൮-ൽ ൯൯ അംഗങ്ങൾമാത്രം ഉണ്ടായിരുന്നതായും ൧൧൨൦-ൽ ൧൮൯ ആയിരിക്കുന്നതായും നാം കണക്കുകൊണ്ടു കാണുന്നു. എട്ടണ വരിക്കാരുടെ സംഖ്യ ൨൯-ൽ നിന്നു ൧൦൦ ആയിട്ടും നാലണ വരിക്കാരുടെ സംഖ്യ ൧൪൦-ൽനിന്നു ൨൭൭ ആയിട്ടും വർദ്ധിച്ചിട്ടുണ്ടു. ഏതായാലും പുസ്തകങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ജോലിയുടെ ആധിക്യത്തിലാണു യഥാർത്ഥമായ പരീക്ഷ സ്ഥിതിചെയ്യുന്നതു്. ൧൦൯൮-ൽ വെളിയിൽ കൊടുക്കുകയും തിരിച്ചു വാങ്ങുകയുംചെയ്ത പുസ്തകങ്ങളുടെ എണ്ണം ൮൯൯൨ ആയിരുന്നു; അതു ൧൧൦൦-ൽ ൨൦,൦൦൦ ആയിവർദ്ധിച്ചു. ഈ ജോലി ഒരു അസിസ്റ്റന്റു ലൈബ്രേറിയനേയും ഒരു അറ്റെൻഡറേയുംകൊണ്ടു നിർവഹിക്കുന്നതിനു തീരെ മതിയാകയില്ലെന്നു പ്രത്യക്ഷമാണ്. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന അറ്റെൻഡറ് റെഫറൻസ് റൂമിലേക്കാണ്. ഇപ്പോൾ റെഫറൻസു റൂമിലെ ചാർജ്ജ് വഹിക്കുന്നതിനു ആളില്ലായ്കയാൽ അതു സാധാരണമായി തുറന്നിടാറില്ല. അതുകൊണ്ടു സാധാരണ വായനക്കാരെ അതിൽ പ്രവേശിപ്പിക്കാറില്ല. റീഡിംഗ്റൂമിൽ വായിക്കാനായി വരുന്നവർക്കു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിലേക്കു വേണ്ടി ഒരറ്റെൻഡറെ അവിടെ നിയമിക്കണമെന്നാണു ഇപ്പോൾ ആലോചിച്ചിരിക്കുന്നതു. അങ്ങനെ ആയാൽ അവർക്കും റെഫറൻസ്റൂം ഉപയോഗപ്പെടുത്താൻ സൌകര്യപ്പെടും. സിബ്ബന്തികളെ നിയമിക്കുന്നതിനുള്ള ആവശ്യം ഇതാണ്.

ഇതിലും വിപുലമായ ഒരു പദ്ധതിയാണു ആണററി സിക്രട്ടറി ഗവമെന്റിൽ സമർപ്പിച്ചിരിക്കുന്നതെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. അദ്ദേഹം മൂന്നു കൂടുതൽ അസിസ്റ്റന്റു ലൈബ്രേറിയന്മാരേയും ഒരറ്റെൻഡറേയും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം സ്ഥാപനത്തിന്റെ പ്രവൃത്തി പദ്ധതിയെ പരിഷ്കരിക്കുന്നതു സംബന്ധിച്ചാണു ചെയ്തിട്ടുള്ളതു്. സ്ഥാപനത്തിൽ വർദ്ധിച്ചുവരുന്ന ജോലി നിർവഹിക്കുന്നതിനു തൽക്കാലം ഒരു അസിസ്റ്റന്റു ലൈബ്രേറിയനും ഒരറ്റെൻഡറും മതിയെന്നാണു ഗവമെന്റു തീർച്ചപ്പെടുത്തിയിരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ ഈ അഭ്യർത്ഥനയെ സവിനയം എതിർക്കുന്നു. പബ്ലിക്ക ലൈബ്രറിയിലെ റെഫറൻസ് റൂമിൽ പതിനഞ്ചു രൂപായിൽ ഒരു കൂടുതൽ അറ്റെൻഡറിന്റെ ആവശ്യമുണ്ടെന്നും അതിനാൽ വായനക്കാർക്കും റെഫറൻസ്റൂമിനെ ഉപയോഗപ്പെടുത്തുന്ന മറ്റുള്ളവർക്കും ഒരറ്റെൻഡറെക്കൊണ്ടു പ്രയോജനമുണ്ടെന്നും എനിക്കു മി. ജാർജിന്റെ അടുക്കൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇപ്പോഴത്തെ സ്ഥിതിക്കു ലൈബ്രറിയിലെ അംഗങ്ങൾക്കു റെഫറൻസ്റൂമിനെ യഥേഷ്ടം ഉപയോഗിക്കാമെന്നു ഞാൻ മനസ്സിലാക്കുന്നുണ്ട്. മറ്റുള്ളവരും ലൈബ്രറിയിലെ മേലധികാരികൾ അവർ അംഗങ്ങളാണെന്നു അറിഞ്ഞാലും ഇല്ലെങ്കിലും കൂടക്കൂടെ റെഫറൻസ്റൂമിനെ ഉപയോഗപ്പെടുത്താറുണ്ട്. എന്നാൽ ലൈബ്രറിയിൽ ആളുകളുടെ പ്രവേശനത്തെ ക്രമീകരിക്കാനായി ഒരറ്റെൻഡറെക്കൂടി നിയമിക്കാനാണു ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു. റെഫറൻസ് ലൈബ്രറി ആദ്യകാലത്തു സൂക്ഷിക്കപ്പെട്ടിരുന്നതുതന്നെ ലൈബ്രറി അംഗങ്ങൾക്കായിട്ടായിരുന്നു. എന്തെന്നാൽ ഈ മാതിരി സൌകര്യങ്ങൾ വേണമെന്നുള്ളവർ അതിലേക്കു പ്രതിഫലം കൊടുക്കേണ്ടതാണ്. നാലണയോ എട്ടണയോ കൊടുക്കുന്ന സാധാരണ വരിക്കാരനു അതനുസരിച്ചു ഏതാനും അവകാശങ്ങളും ഉള്ളതാണല്ലോ. അവർക്കു പഴയവർത്തമാനക്കടലാസുകളും മാസികകളുടെ പഴയ ലക്കങ്ങളും ഉപയോഗിക്കാവുന്നതാണ്. അതിനു അവർക്കു സ്വാതന്ത്ര്യമുണ്ട്.

മി. എൻ. കുമാരൻ (ഗവമെന്റു നിയമിച്ചമെമ്പർ): ഈ അവകാശങ്ങളെല്ലാം പ്രാക്ടീസിൽകൊണ്ടുവരാൻ കഴിയാത്തതാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർക്കു കഴിയുന്നതാണ്. തൽക്കാലത്തെ കാര്യങ്ങൾ നോക്കിയതിൽ ഇതാണു അതിന്റെ നില.

പിന്നീടു എന്റെ സ്നേഹിതൻ പബ്ലിക്കലൈബ്രറിയിൽനിന്നും വെളിയിൽ കൊടുത്തിട്ടുള്ള പുസ്തകങ്ങളുടെ ആധിക്യത്തെ ചൂണ്ടിക്കാണിച്ചു. എന്നാൽ അതു ഒരു അറ്റെൻഡറിന്റെ ആവശ്യത്തെ കാണിക്കുന്നില്ല. ഒരു അറ്റെൻഡറുമൂലം തടുക്കപ്പെടേണ്ട ഉപദ്രവങ്ങൾ എന്താണെന്നു വിശദമായി പ്രസ്താവിച്ചിട്ടില്ല. അതു പ്രാധാന്യം കൊടുക്കേണ്ടതായ ഒരു സംഗതിയാണ്. ൨൦ രൂപാ ശമ്പളത്തിൽ ഒരു ലൈബ്രറി അസിസ്റ്റന്റിനെക്കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു നിയമനത്തിന്റെ ആവശ്യത്തെപ്പറ്റി ആണററി സിക്രട്ടറി റിപ്പോർട്ടു

ചെയ്തിട്ടുള്ളതായി തോന്നുന്നു. ഇതിന്റെ ആവശ്യം ആണററി സിക്രട്ടറിക്ക് ബോദ്ധ്യപ്പെട്ടതു എന്താണെന്നു വിശദമാക്കുന്നില്ല. ലൈബ്രറിയുടെ വ്യാപ്തിയെപ്പററിയുള്ള കാര്യം ഏതാനും ദിവസങ്ങൾക്കുള്ളിലോ മാസങ്ങൾക്കകമൊ ഉണ്ടായതല്ല. മി. ജാജ്തന്നെ ഏതാണ്ട് പത്തു വർഷങ്ങൾക്കു മുമ്പെയുള്ള കണക്കും ഇപ്പോഴത്തേതുമായി താരതമ്യപ്പെടുത്തിയിരുന്നു. ഇടക്കാലങ്ങളിലെ കണക്കുമായി അദ്ദേഹം താരതമ്യപ്പെടുത്തിയിരുന്നെങ്കിൽ ഒരു കൂടുതൽ നിയമനത്തെപ്പററിയുള്ള കേസ് അദ്ദേഹത്തിനു കൊണ്ടുവരാൻ സാധിക്കുമായിരുന്നില്ല.

ലൈബ്രറിയുടെ വ്യാപ്തി അദ്ദേഹം ഉദ്ധരിച്ചിട്ടുള്ള വർഷത്തിനുശേഷം തന്നെ സംഭവിച്ചിട്ടുള്ളതായിരിക്കണം. അതിനാൽ കുറെ വർഷങ്ങൾ കഴിയുന്നതുവരെ ലൈബ്രറി നടത്തിപ്പിനു ഇപ്പോഴത്തെ സിൽബന്തികളുകൊണ്ടു മതിയാകുമെന്നു കരുതപ്പെട്ടിരുന്നു. കൂടുതൽ ഗ്രാന്റിനുവേണ്ടിയുള്ള ഈ ധനാപേക്ഷ വലിയ പ്രോത്സാഹനത്തെ അർഹിക്കുന്നില്ല. ആണററി സിക്രട്ടറി ഇതിലും വലുതായ ഒരു പദ്ധതി ഗവമെന്റിൽ സമർപ്പിട്ടുണ്ട്. എന്നാൽ അതു ഇപ്പോൾ ഈ സഭാമുമ്പാകെ വന്നിട്ടില്ല. എന്റെ സ്നേഹിതനു അടുത്ത ബഡ്ജററ് സമയത്തു അതിനെ സഭാ സമക്ഷം കൊണ്ടുവരാൻ കഴിയുന്നതാണ്. ലൈബ്രറിയെ വ്യാപ്തിയിൽ കൊണ്ടുവരണമെന്നു മി. കുമാരൻ പറഞ്ഞതുപോലെ ആ പദ്ധതി സ്വീകാരയോഗ്യമെങ്കിൽ അടുത്ത ബഡ്ജററു നിരൂപണത്തിൽ ആ പ്രമേയം മുഴുവൻ ശരിയായി വാദപ്രതിവാദം ചെയ്യാവുന്നതാണ്. ഈ ധനാപേക്ഷയെസംബന്ധിച്ച യാതൊരു ത്വരാവശ്യവുമുള്ളതായി കാണുന്നില്ല. ഇപ്രകാരമുള്ള ഒരു ധനാപേക്ഷ ഒരു സപ്ലിമെന്ററി ഡിമാൻഡായി കൊണ്ടുവരുന്നതിന്റെ കാരണവും എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ അതിനെ എതിർക്കേണ്ടിയിരിക്കുന്നതിൽ എനിക്കു അതിയായ വ്യസനമുണ്ട്.

മി. എ. കെ. പിള്ള. (കരുനാഗപ്പള്ളി): സർ, എനിക്കു ഈ ധനാപേക്ഷയ്ക്കനുകൂലമായി ഒരു വാക്കു പറവാനുണ്ട്. അങ്ങനെ ഒരു കൂടുതൽ അററൻഡറിനെ നിയമിക്കുന്നതുകൊണ്ടു സാധിക്കുന്നതു ഏതെങ്കിലും ഉപദ്രവങ്ങളെ തടയുകയില്ലെന്നും പ്രസ്തുത ലൈബ്രറിയുടെ പ്രവർത്തനത്തിൽ വേണ്ട പ്രോത്സാഹനമാണു നാം കാണുന്നതെന്നും എന്റെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ളയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. കഴിഞ്ഞ ബഡ്ജററു വാദപ്രതിവാദസമയത്തു ഒരു പദ്ധതി ഉണ്ടായിരുന്നതായി ഞാൻ ഓർക്കുന്നുണ്ട്. പബ്ലിക്ക ലൈബ്രറിയിലെ അററൻഡർമാരുടെ കുറവുകൊണ്ടുണ്ടാകാവുന്ന അസൗകര്യങ്ങൾ ഞാനും അനുഭവിച്ചിട്ടുള്ളവനാണ്. പബ്ലിക്ക ലൈബ്രറിയുടെ പ്രയോജനത്തെ വ്യാപ്തിയിൽ കൊണ്ടുവരേണ്ടതാണെന്നുള്ള പ്രത്യേകിച്ചും റെഫറൻസ് സ്റ്റഡിനെ സംബന്ധിച്ചടത്തോളം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഞാൻ മി. പി. കെ. നാരായണപിള്ളയോടും മി. കുമാരനോടും പൂർണ്ണമായി യോജിക്കുന്നു. ചരിത്രവും രാജ്യതന്ത്രവും സംബന്ധമായ കാര്യങ്ങളിൽ ഇടപെടുന്നവരായ മെമ്പറന്മാരുടെ ഉപയോഗത്തിനായി അതിനെ തുറന്നുകൊടുക്കണമെന്നുള്ള എന്റെ സ്വാഭിപ്രായത്തെ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അവക്കു നിയമസഭാ ലൈബ്രറിമാത്രമേ സഹായമായുള്ളു. പബ്ലിക്ക ലൈബ്രറി നടത്തിപ്പിനെപ്പററികുറെക്കൂടി നല്ല സ്ഥിതിയിൽ ആകുമ്പോൾ മെമ്പറന്മാരുടെ ഉപയോഗത്തിനായി വിനിയോഗിക്കാൻ സാധിക്കുന്നതാണ്. അവർ വല്ലപ്പോഴും ഇവിടെ വരുമ്പോഴൊ കൌൺസിലിൽ ഹാജരാകുമ്പോഴൊ അവക്കു അവിടെപോകുന്നതിനും ബുക്കുകൾ നോക്കി ഗ്രഹിക്കുന്നതിനും കഴിയുന്നതാണ്. അതിനാൽ കൂടുതൽ അററൻഡറിനായിട്ടുള്ള ധനാപേക്ഷയോടു ഞാൻ അനുകൂലിക്കുന്നു. ന്യായമായി ഞാൻ ഈ അപേക്ഷയെ എതിർക്കാൻ പാടില്ലെന്നാണു വിചാരിക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാനും ഈ ധനാപേക്ഷയെ പിന്താങ്ങുന്നു. വാസ്തവത്തിൽ ധനകാര്യസമിതി ഈ കാര്യം ആലോചനയ്ക്കെടുത്തപ്പോൾ ആണററി സിക്രട്ടറിയുടെ സ്കീം അവരുടെ സമക്ഷത്തിൽ സമർപ്പിക്കപ്പെട്ടു. അദ്ദേഹം ആവശ്യപ്പെട്ടിരുന്നതു ഒരു ലൈബ്രറി അസിസ്റ്റന്റോ ഒരു അററൻഡറൊ അല്ല. വളരെക്കൂടുതലിനായിരുന്നു. ഞങ്ങൾ മി. ജാർജിന്റെ കണക്കുകൾ ധനകാര്യസമിതിയിലുംകേട്ടു. അദ്ദേഹം ൧൦൯൭-ലേയും ൧൧൦൧-ലേയും കണക്കുകൾ ഞങ്ങളെ അറിയിച്ചു. ഇന്നു മി. പി. കെ. നാരായണപിള്ള മി. ജാർജിനോടു ചോദിച്ച ചോദ്യംതന്നെ ഞാനും അദ്ദേഹത്തോടു ചോദിച്ചു. പരമാർത്ഥം നോക്കിയാൽ അടുത്ത കാലങ്ങളിലും പറയത്തക്കവിധത്തിൽ ജോലി വർദ്ധിച്ചിട്ടുള്ളതായിട്ടാണു കാണപ്പെട്ടതു. മെമ്പറന്മാരും വരിക്കാരും പുസ്തകങ്ങൾ എടുക്കാനായി മിക്കവാറും അവിടെ പോകുന്നതു വൈകിട്ടു നാലിനും ആറിനും മദ്ധ്യേയാണ്. രസീതുസൂക്ഷിക്കാനും, പുസ്തകം കൊടുക്കാനും ഒരു ലൈബ്രറി അസിസ്റ്റന്റേയുള്ളു. അങ്ങനെ ലൈബ്രറി അസിസ്റ്റന്റിനെ സഹായിക്കാനായി സീനിയർ അററൻഡറന്മാരിൽ ഒരാളെയാണ് നിയമിച്ചിട്ടുള്ളതു. എന്നിട്ടുംപല അംഗങ്ങളും വരിക്കാരും ബുക്കുകിട്ടാനായി വളരെനേരം കാത്തുനിൽക്കേണ്ടതായിട്ടുണ്ട്. പബ്ലിക്ക ലൈബ്രറിയിൽ, ബുക്കുകൊടുക്കാനുംവാങ്ങാനും ഒരു പരിഷ്കൃതരീതിഏർപ്പെടുത്താതിരിക്കുന്നിടത്തോളംകാലം, ബുക്കെടുക്കാനും പത്രങ്ങൾ വായിക്കാനുംവേണ്ടി പണം കൊടുക്കുന്ന അംഗങ്ങളുടേയും വരിക്കാരുടേയും സൌകര്യത്തെ കണിശമായും ശരിയായും ശ്രദ്ധിക്കേണ്ടതാണ്. ഈ സ്ഥാപനത്തിന്റെ ചെലവിലുള്ള വർദ്ധന, അതിലെ അംഗങ്ങളിലും വരിക്കാരിലുംനിന്നു വസൂലാക്കുന്ന വരിസംഖ്യയെ കവിഞ്ഞു നിൽക്കുകയില്ലെന്നുള്ള പരമാർത്ഥം കൂടി ഈ അവസരത്തിൽ പ്രസ്താവിക്കാം. പണം കൊടുക്കണമെങ്കിൽ കൃത്യമായും ശരിയായും അവർക്കുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇക്കാരണത്താൽ പബ്ലിക്കലൈബ്രറിയിലെ സിൽബന്തികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള ഗവമെന്റിന്റെ ഈ അപേക്ഷ സ്വീകരിക്കതന്നെവേണം

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ പ്രശ്നം, സപ്ലിമെന്ററിനായിട്ടുള്ള ധനാപേക്ഷയിൽ ശരിയായി ഉൾപ്പെട്ടതാണോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): വർഷത്തിന്റെ മദ്ധ്യത്തിൽ ഈ മാതിരി കാര്യങ്ങൾ അവതരിപ്പിക്കുന്ന, ഗവമെന്റിന്റെ പതിവിനെപ്പററി എനിക്കുള്ള വിസമ്മതം കഴിയുന്നതു ശക്തിയായ ഭാഷയിൽ ഞാൻ എല്ലായ്പ്പോഴും പ്രസ്താവിക്കാറുണ്ട്. പക്ഷെ നിർഭാഗ്യവശാൽ ഈ മാതിരി പതിവു ഇപ്പോഴും നിലനിന്നുപോരുന്നു. ഈ മാതിരി ആവശ്യങ്ങൾ, ശരിയായ സമയത്തു—അതായതു ബഡ്ജററുകാലത്തുതന്നെ—കൊണ്ടുവരണമെന്നുള്ള കാര്യത്തിൽ, ഈ സഭയുടെ മറുപക്ഷത്തിന്റെ ചുമതലയേയും ധർമ്മത്തേയുംപററി ഓർമ്മിപ്പിക്ക

തയ നമുക്കിപ്പോൾ നിവൃത്തിയുള്ളതല്ല. എന്നാൽ അതു പ്രത്യക്ഷത്തിൽ അനുദ്യോഗസ്ഥരായ പൊതുജനങ്ങൾക്കു അത്യാവശ്യകമായിത്തീരുമ്പോൾ അവയെ ശരിയാക്കുന്നതിനു ശ്രമിക്കേണ്ടതു നമ്മുടെ കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. പി. കെ. നാരായണപിള്ളേ, നിങ്ങൾ നിർബന്ധമായി ഇതിനെ എതിർക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭയുടെ ഈ പക്ഷത്തിലുള്ള എൻെറ സ്നേഹിതന്മാരിൽ പലർക്കും മിസ്റ്റർ ജാർജ്ജിൻെറ അഭിപ്രായംതന്നെയുള്ളതായിക്കാണുന്നു. അതുകൊണ്ടു ഈ കാര്യത്തിൽ എൻെറ അഭിപ്രായത്തിൽ എനിക്കു വലിയ നിർബന്ധമില്ല.

ഉപക്ഷേപം വോട്ടിനിടുകയും പാസ്സാകുകയും ചെയ്തു ഗ്രാൻറു അനുവദിക്കപ്പെട്ടു.

മി. കെ. ജാർജ്ജ് (ഗവർണ്മെൻറു ആക്റ്റിംഗ് ചീഫ്സിക്രട്ടറി): [illegible] രൂപയിൽ കവിയാത്ത ഒരു ഗ്രാൻറിനെ അനുവദിക്കുന്നതിനു അപേക്ഷിക്കാനായി ഞാൻ എഴുന്നേൽക്കുന്നു. ഈ ആർക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറു ൧൧൦൫ അവസാനംവരെ തുടരുന്നതിനുള്ള ആവശ്യത്തിലേക്കാണ്.

ഈ വർഷത്തിലെ ബഡ്ജറ്റിൽ ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു ആറുമാസത്തേക്കുവേണ്ടതു മാത്രമേ അനുവദിച്ചിരുന്നുള്ളു. അതിനുശേഷം ജോലി നിറുത്തണമെന്നാണ് വിചാരിച്ചിരുന്നതു. എന്നാൽ ബഡ്ജറ്റു വാദപ്രതിവാദസമയത്തു ഈ സഭാസാമാജികന്മാർ ഈ ഡിപ്പാർട്ടുമെൻറിനെ തുടർന്നുകൊണ്ടുപോകുന്നതിനു ബലമായി അനുകൂലിച്ചിരുന്നു. ഇനിയും കുറെ ഏറെ ആർക്കിയാളജിക്കൽ റിസർച്ച്വേലകൾ നടത്താനുണ്ടെന്നും രാജ്യത്തിൻെറ പരിഷ്കാരാഭിവൃദ്ധിക്കായി ജോലിചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറിനെ വേണ്ടെന്നുവയ്ക്കുന്നതു രാജ്യത്തിൻെറ പിമ്പോട്ടുള്ള ഗതിക്കു ലക്ഷ്യമാണെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. ൧൧൦൫ മകരത്തിനുശേഷം ഡിപ്പാർട്ടുമെൻറു തുടർന്നുകൊണ്ടുപോകുന്ന കാര്യത്തെപ്പററി ആലോചിക്കാമെന്നു ഗവർണ്മെൻറു വാഗ്ദാനംചെയ്തിരുന്നു. ഈ പ്രമേയം പിന്നീടു തിരുവിതാംകൂർ സർവീസുവിട്ടുപോയ ആർക്കിയാളജിക്കൽ സൂപ്രണ്ടു ഗവർണ്മെൻറിൻെറ മുമ്പാകെ കൊണ്ടുവന്നു. സൂപ്രണ്ടു മിസ്റ്റർ രാമനാഥയ്യരുടെ ഉദ്യോഗകാലം തീരുകയും അദ്ദേഹം തിരികെ ബ്രിട്ടീഷ് സർവീസിൽ പ്രവേശിക്കുകയും ചെയ്തു. ഡിപ്പാർട്ടുമെൻറിനെ, സൂപ്രണ്ടു ഒഴികെയുള്ള ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു വർഷത്തിൻെറ ശേഷംഭാഗവും കൂടി തുടർന്നു കൊണ്ടുപോകണമെന്നുള്ളതാണ് ഇപ്പോൾ സഭാസമക്ഷം കൊണ്ടുവന്നിട്ടുള്ള ആലോചന.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സൂപ്രണ്ടിനെ ഒഴിച്ചുള്ള ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നടത്താവുന്ന ജോലിയുടെ സ്വഭാവം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ്ജ് (ഗവർണ്മെൻറു ആക്റ്റിംഗ് ചീഫ്സിക്രട്ടറി): അവർ ചെയ്യുന്ന ജോലിയുടെ ഓരോ ഇനത്തെയും കാണിക്കുന്ന ഒരു ലിസ്റ്റ് എൻെറ കയ്യിലുണ്ടു. ആ സ്ഥാപനത്തിൻെറ ഇപ്പോഴത്തെ ഭാരവാഹിയായിരിക്കുന്ന അസിസ്റ്റൻറു പണ്ഡിതൻ ആ ഡിപ്പാർട്ടുമെൻറു ഇപ്പോൾ ചെയ്യുന്ന ജോലിയുടെ സ്വഭാവത്തെപ്പററി റിപ്പോർട്ടു ചെയ്തിട്ടുണ്ടു. അദ്ദേഹത്തിൻെറ റിപ്പോർട്ടു ഞാൻ ഇപ്പോൾ വായിക്കാം.

തിരുവിതാംകൂർ ആർക്കിയാളജിക്കൽ ലക്കങ്ങളുടെ മൂന്നു ഭാഗങ്ങളോടുകൂടിയ നാലാം വാല്യത്തിൻെറ പൂർത്തിയായ കയ്യെഴുത്തിൽ തയാർചെയ്ത വിഷയസൂചി തെട്ടപ്പെടുത്തുകയും എ. എസ്സ്. രാമനാഥയ്യരുടെ അനുവാദത്തിനയയ്ക്കുന്നതിനായി അതിൻെറ ഏതാനുംഭാഗം പരിശോധിച്ചു ശരിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. രണ്ടാംഭാഗം ആറാം വാല്യത്തിൻെറ പ്രൂഫിനുള്ള പുറങ്ങൾ എ. എസ്സ്. രാമനാഥയ്യർ പരിശോധിച്ചു പിഴതീർത്തതിനുശേഷം തിരികെ അയച്ചുതന്നതു കിട്ടുകയും ആവശ്യമുള്ളവ തിരുത്തുകയും, ആഫീസു റിക്കാർഡുകളും മററുമായി ഒത്തുനോക്കി വിട്ടുപോയിട്ടുള്ള ഭാഗങ്ങളെ പൂരിപ്പിച്ചു പ്രസ്സിലേയ്ക്കു അയയ്ക്കുകയും ചെയ്തിട്ടുണ്ടു. രണ്ടാംഭാഗം അഞ്ചാം വാല്യത്തിൻെറ പ്രതികൾ സംസ്ഥാനത്തിനു പുറമേയും അകത്തുമുള്ള സ്ഥാപനങ്ങളിലും കാളേജുകളിലും വിതരണം ചെയ്തിട്ടുണ്ടു. ആറാം വാല്യത്തിൻെറ അവസാനപ്രൂഫിൻെറ ഏതാനുംപുറങ്ങൾ പ്രസ്സിൽനിന്നു സ്വീകരിക്കുകയും ലിഖിതരേഖകളുടെ സഹായത്തോടുകൂടി ആവശ്യമുള്ള തിരുത്തലുകൾ ചെയ്തതിനുശേഷം പ്രസ്സിലേയ്ക്കു മടക്കിഅയയ്ക്കുകയും ചെയ്തിട്ടുണ്ടു. മദ്ധ്യമലയാളറിക്കാർഡുകളിൽനിന്നു പുരാതനവും ഇദംനൂതനവും ആയ തിരുവിതാംകൂർ ചരിത്രസംബന്ധമായ ചില ഓലപ്രമാണങ്ങൾ പകർത്തി എഴുതിയിട്ടുണ്ടു. പുസ്തകങ്ങളുടെയും, മാസികകളുടെയും, സാമാനങ്ങളുടെയും നാളിതുവരെയുള്ള പുതിയ ലിസ്റ്റ് ഇല്ലാത്തതുകൊണ്ടു അവയും തയാറാക്കി വരികയാണ്.

ഈ ജോലിയാണ് അവർ ഇപ്പോൾ ചെയ്യുന്നതു. തൽക്കാലത്തേയ്ക്കു ഒരു സൂപ്രണ്ടിനെ നിയമിക്കാൻ ഗവർണ്മെൻറു ആലോചിക്കുന്നില്ല. ഈ സ്ഥാപനത്തിൻെറ നിത്യജോലി തൽക്കാലത്തേയ്ക്കു ഇപ്പോഴത്തെ സിൽബന്തികൾതന്നെ ചെയ്തുകൊണ്ടിരിക്കയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഈ ഉപക്ഷേപത്തെ സാദരം എതിർക്കുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥസാമാജികന്മാരിൽ അധികംപേരും ആർക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറിനെ തുടർന്നു കൊണ്ടുപോകുന്നതിനു അപേക്ഷിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഞങ്ങൾ ജോലി തുടർന്നുകൊള്ളുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളതു. അല്ലാതെ സിൽബന്ധികളെഅല്ല. ഇപ്പോഴത്തെ പ്രസ്തുതവിഷയത്തിൽ പാണ്ഡിത്യം ലഭിച്ചിട്ടുള്ളതും യഥാർത്ഥമായ ജോലി നിർവഹിക്കുന്നതിനു കടപ്പെട്ടിട്ടുള്ളതും ആയ സൂപ്രണ്ടു എന്നയാൾ നമുക്കില്ലാത്ത നിലയിലാണ് വന്നുചേർന്നിട്ടുള്ളതു. അവിടെ ഇപ്പോൾ ശിപായിമാരും ഗുമസ്തന്മാരും മാത്രമേയുള്ളു. ഇപ്പോൾ ശിരച്ഛേദനംകഴിച്ച ശരീരമാത്രം അതായതു ജഡമാത്രം ഉള്ളതായിട്ടാണ് കാണുന്നതു. ഡിപ്പാർട്ടുമെൻറിനെ തുടർന്നുകൊണ്ടുപോകണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടതു കേവലം ഒരു നേരംപോക്കിനുവേണ്ടിയല്ല. എന്നാൽ ശരിയായ ജോലിനിർവഹണത്തിനാണ്. എന്നാൽ കഴിഞ്ഞ എത്രയോമാസങ്ങളായിട്ടു ഒരു സൂപ്രണ്ടില്ലാതിരിക്കയായിരുന്നു. ഇനിയും ഗവർണ്മെൻറു ഒരാളെ നിയമിക്കാൻ വിചാരിക്കുന്നില്ലാ. ഗുമസ്തന്മാരും ശിപായിമാരും ഉൾപ്പെട്ട സിൽബന്തികളെമാത്രം വച്ചുകൊണ്ടിരിക്കാനാണ വിചാരിക്കുന്നതു.

ഏതാനും ഗുമസ്തന്മാരേയും ശിപായിമാരേയും ആഫീസിൽ സൂക്ഷിക്കേണ്ട യാതൊരാവശ്യവും തീരെയില്ല. അവർ തിരുവിതാംകൂർ ചരിത്രരേഖകളെ കശക്കിച്ചുട്ടുകളകയോ കണ്ടുപിടിക്കുകയോ ചെയ്യുന്നതെന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. അതു ഏതാണ്ടൊരു പതിവുപോലെയാണ്. അതിനാൽ ജോലിയുടനടത്തിനു സമർത്ഥനായ ഒരു സൂപ്രണ്ടിനെ നിയമിക്കാമെന്നു ഗവണ്മെൻറു ഉറപ്പുതന്നില്ലെങ്കിൽ ആർക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ ബലമായി എതിർക്കും.

മി. കെ. ജാജ് (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സിക്രട്ടറി): ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നടത്താനുള്ളജോലി വളരെയുണ്ടു. മി, രാമനാഥയ്യർ ചെയ്തുകൊണ്ടിരുന്ന ജോലി അവർ പൂർത്തിയാക്കുകയാണ്. സൂപ്രണ്ടു ജോലിയെ നിറുത്തണമെന്നുള്ള വിചാരം ഗവണ്മെൻറിനില്ല. ആ സ്ഥാനത്തേക്കു പരീക്ഷായോഗ്യതയുള്ള ഒരു സൂപ്രണ്ടിനെ നിയമിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ആ ആളിനെ തിരഞ്ഞെടുക്കുന്നതുവരെ ഡിപ്പാർട്ടുമെൻറിൻെറ ഈ ജോലി തുടർന്നുകൊണ്ടുപോകുന്നതു ആവശ്യമാണ്. ആ സ്ഥാനം എല്ലായ്പോഴും ഒഴിച്ചിടണമെന്നല്ല ഗവണ്മെൻറിൻെറ വിചാരം. ഡിപ്പാർട്ടുമെൻറിൻെറ ദൈനംദിനജോലികളെ നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ട യോഗ്യത അസിസ്റ്റൻറന്മാർക്കുണ്ടു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ആ ഡിപ്പാർട്ടുമെൻറിനു വളരെ അധികം ജോലി ഇനിയും ചെയ്യുവാനുണ്ടെന്നു ഗവണ്മെൻറിനു വിശ്വാസമുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സിക്രട്ടറി): ഡിപ്പാർട്ടുമെൻറ ആരുടെ അഭിപ്രായമാണോ? ഇപ്പോഴത്തെ സ്ഥാപിതന്മാരുടെയാണോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിപ്പാർട്ടുമെൻറ ആളുകളുടെതന്നെ.

മി. കെ. ജാജ് (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സിക്രട്ടറി): ഡിപ്പാർട്ടുമെൻറിനു ആളുകളുടെ വളരെ അധികംജോലി ഇനിയുംചെയ്യാനുണ്ടു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങേടത്തെ അഭിപ്രായം വെറും ഊഹത്തെ ആസ്പദമാക്കിയല്ലേ?

മി. കെ. ജാജ് (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സിക്രട്ടറി): വെറും ഊഹംമാത്രമല്ല ഈ സഭയിലെ സാമാജികന്മാരിൽ അധികംപേരും പ്രസ്താവിച്ചിട്ടുള്ള അഭിപ്രായമാണത്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ): പരീക്ഷായോഗ്യതയുള്ള ഒരു സൂപ്രണ്ടിനെകിട്ടുമ്പോൾ നിയമിക്കണമെന്നാണോ ഗവണ്മെൻറിൻെറ വിചാരം?

മി. കെ. ജാജ് (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സിക്രട്ടറി): അതേ.

ഡിപ്യൂട്ടിപ്രസിഡൻറ: ഈ ഡിമാൻറ സഭയുടെ വോട്ടിനിടട്ടയോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ എൻെറ പ്രതിഷേധം പിൻവലിക്കുന്നു.

പ്രമേയം പാസ്സായി ഗ്രാൻറ അനുവദിക്കപ്പെട്ടു.

ഡിമാൻറ XX. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ.

മി. കെ. വി. നാടേശയ്യർ (ചീഫ്ഇഞ്ചിനീയർ): സർ, ഡിമാൻറ ൨൦-ൽ ൧൧൯൧൦ രൂപയിൽ കവിയാത്ത ഒരു ധനാഭ്യർത്ഥന ഹാജരാക്കുന്നതിനുവേണ്ടി ഞാൻ എഴുന്നേൽക്കുന്നു. അതിൽ താഴെപറയുന്ന ഇനങ്ങൾ അടങ്ങിയിരിക്കുന്നു.

(ഏ) തിരുവനന്തപുരത്തെ വർണ്ണാക്കുലർ ഹൈസ്കൂൾ കെട്ടിടങ്ങൾ നന്നാക്കുന്നതിനു ൨൦൦൦ രൂപ.

൧൧൦൯ ആഗസ്റ്റ് മാസത്തിൽ വിദ്യാഭ്യാസമേലധ്യക്ഷൻെറ അപേക്ഷാനുസരണം തിരുവനന്തപുരം വർണ്ണാക്കുലർ ഹൈസ്കൂൾകെട്ടിടങ്ങൾ നന്നാക്കുന്നതിനായി ൩൦൧൭ രൂപയുടെ ഒരടങ്കൽ ഗവണ്മെൻറിനു അയച്ചിരുന്നു. അടങ്കലിൽ താഴെപറയുന്നജോലികളുണ്ട്.

(൧) സാമാനങ്ങൾമാററുന്നതിനും കെട്ടിടത്തിൻെറ തറ പൊക്കുന്നതിനും.

(൨) കിഴക്കുംവടക്കുമുള്ള ഷെഡ്ഡുകളുടെ പിറകുവശത്തെ തറ പൊക്കുന്നതിനും ശരിയായ ഓടകൾ ഉണ്ടാക്കുന്നതിനും.

(൩) കതകുകളുടെ അററകുററങ്ങൾ പോക്കുന്നതിനു.

(൪) വെമ്പരമ്പുതല്ലികൊണ്ടു തട്ടടിക്കുന്നതിനു.

അടങ്കൽ അനുവദിക്കപ്പെടുകയും അതിലേക്കാവശ്യമുള്ള പണം ൧൧൦൯-ലെ ബഡ്ജററിൽ ചീഫ്ഇഞ്ചിനീയരുടെ കയ്യിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന 'റിസർവിൽ' നിന്നു എടുത്തുകൊള്ളാൻ അനുജ്ഞാപിക്കുകയും ചെയ്തു.

കൂടാതെ, വീണ്ടും വിദ്യാഭ്യാസമേലധ്യക്ഷൻെറ അപേക്ഷയിന്മേൽ സ്കൂളിൻെറ കിഴക്കേകെട്ടിടത്തിൻെറ മേൽപ്പുര പുതുക്കുന്നതിനായി ൩൩൨൦ രൂപയുടെ ഒരു പ്രത്യേക അടങ്കൽ ഗവണ്മെൻറനുവാദത്തിനായി അയച്ചിരുന്നു. കെട്ടിടത്തിനുവേണ്ട ഉറപ്പും ബലവും ഇല്ല. മേൽപ്പുര ആകെ ഇളകിയും ഉത്തരങ്ങൾ ജീർണ്ണിച്ചും ചേർപ്പുകൾ വിട്ടും നേർകണക്കും മോന്തായവും ഇളകിയുംഇരിക്കുന്നു. ഇപ്പോൾ അനുവദിച്ചിരിക്കുന്ന അടങ്കൽപ്രകാരമുള്ള വേലകൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ ഈ അടങ്കലനുസരിച്ചുള്ള വേലകൾ തുടങ്ങേണ്ടതായിരിക്കുന്നു. അതോടുകൂടിതന്നെ അനുവദിച്ചിട്ടുള്ള പ്രസ്തുതഅടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ള രൂപ ൩൭൭-ൻെറ ഒന്നാമത്തെ ഇനം കതകുകളുടെ അററകുററപ്പണികൾകൂടി തീർക്കണം. ഇപ്പോൾ ചെയ്യുന്ന ജോലി ആരംഭിക്കേണ്ട വേലകൾക്കു മൊത്തംരൂപ ൪൦൭൭ വേണ്ടിവരും. അനുവദിച്ചിട്ടുള്ള ബഡ്ജററിൽനിന്നും രൂപ ൨൦൦൦ ഇതിലേക്കു ഉപയോഗപ്പെടുത്തുകയും ഈ ഉപക്ഷേപമനുസരിച്ചു രൂപ ൨൦൦൦ കൂടുതലായി അനുവദിക്കുകയും വേണം.

(ബി) ൧൦൯൯ കർക്കടകത്തിലെ മഴകൊണ്ടു ചെങ്കോട്ട സെക്ഷനിലുള്ള റോഡുകൾക്കു സംഭവിച്ച കേടുപാടുകൾ തീർക്കുന്നതിനാണ് രൂപ ൪൭൦൦.

കൊല്ലം—ചെങ്കോട്ടറോഡിൻെറ ൪൩-ാമത്തെ മയിലും ൪൯-ം ൭൨-ം മയിലുകളുടെ ഏതാനും ഭാഗങ്ങളും ൧൦൯൯ ആടിമാസത്തെവർഷംകൊണ്ടു ഛിന്നമായിപ്പോയി. ആ ഭാഗങ്ങൾ വീണ്ടും ചല്ലിയിട്ടുറപ്പിക്കുന്ന

തിനു മരാമത്തു് എസ്റ്റിമേറ്റുണ്ടാക്കി. എന്നാൽ അന്നു പണമില്ലാതിരുന്നതുകൊണ്ടു അതു ഗവണ്മെന്റിലേക്കു അയച്ചില്ല. റോഡിന്റെ തൽക്കാല അറ്റകുറ്റങ്ങൾ മാത്രം തീർക്കുകയും നിവൃത്തിയുള്ളിടത്തോളം അതു ശരിപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തു. ൧൧൦൦ അവസാനത്തോടുകൂടി കൊല്ലം ഡിവിഷനാപ്പീസർ വീണ്ടും ചീഫ് എഞ്ചിനീയരോടു പണത്തിനപേക്ഷിക്കുകയും വേല അത്യാവശ്യമായതുകൊണ്ടു ആണ്ടവസാനത്തോടുകൂടി ജോലി തുടങ്ങിക്കൊള്ളുന്നതിനു ഡിവിഷനാപ്പീസിനു അനുവാദംകൊടുക്കയും ചെയ്തു. അതനുസരിച്ചു വേലയും തുടങ്ങി. ഡിപ്പാർട്ടുമെന്റിന്റെ ഗ്രാന്റിൽനിന്നും രൂപ ൨൫൦൦ കൂടുതൽ അതിലേക്കു തിരിച്ചുവയ്ക്കുന്നതിനു സാധിച്ചില്ല. എസ്റ്റിമേറ്റിൻപ്രകാരം രൂപ ൭൫൦൦ ആവശ്യമുണ്ടു. ൧൧൦൨-ൽ നടത്തുന്നതിനു അനുവദിക്കുകയും ചെയ്തിരിക്കുന്നു.

൧൧൦൨-ലെ ഡിപ്പാർട്ടുമെന്റു ബഡ്ജറ്റിൽനിന്നും ബാക്കിസംഖ്യകൂടി എടുക്കാൻ ഇല്ലാത്തതുകൊണ്ടു രൂപ ൪൫൦൦-കൂടി ഈ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു:

(സി) കക്കാട്ടിൽനിന്നു മെയിൻ കേപ്പ്റോഡിലേക്കു ഒരു പ്രവേശനറോഡു വെട്ടുന്നവകയ്ക്കു രൂപ ൪൯൧൦.

അഗസ്തീശ്വരം താലൂക്കിലെ സാമ്പത്തികമായുടെ ഏറ്റവും വലിയ ഗ്രാമങ്ങളിൽ ഒന്നായ കക്കാട്ടുനിവാസികൾ വളരെക്കാലമായി കേപ്പ്റോഡിൽനിന്നു അവരുടെ ഗ്രാമത്തിലേക്കു ഒരു റോഡുണ്ടാക്കുന്നതിനു ഗവണ്മെന്റിലേക്കു ഹർജികൾ അയക്കയും പലതവണ നിവേദനങ്ങൾ നടത്തുകയും അവരുടെ പ്രാർത്ഥനയെ വീണ്ടുംവീണ്ടും അറിയിക്കുകയും ചെയ്തിട്ടുണ്ടു. അതില്ലാത്തതുകൊണ്ടു അവർക്കു വലുതായ അസൗകര്യങ്ങളും പ്രയാസങ്ങളുമുണ്ടു.

തൽഫലമായി റോഡിനു ഒരു അടങ്കൽ തയ്യാറാക്കി ചീഫ്എഞ്ചിനീയരോടു ആവശ്യപ്പെടുകയും ൪൯൧൦ രൂപയുടെ ഒരു അടങ്കൽ തയ്യാറാക്കുകയും ചെയ്തു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ റോഡിന്റെ ആവശ്യത്തെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധ ആരുകൊണ്ടുവന്നിട്ടുണ്ടോ എന്നു ഞാൻ ചീഫ്എഞ്ചിനീയരോടു ചോദിക്കട്ടെയോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ജനങ്ങൾ ആ റോഡു വളരെക്കാലമായി അപേക്ഷിക്കയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അവർ ഈ റോഡിനായി പ്രാർത്ഥിക്കാൻതുടങ്ങിയിട്ടു ൨൦ വർഷത്തിനുമേലായില്ലേ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): എത്ര വർഷമായെന്നു ഞാൻ ശരിയായി ഓർമ്മിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ബഡ്ജറ്റു തയ്യാറാക്കിയ അവസരത്തിൽ ഇതിനെപ്പറ്റി മുന്നറിവുണ്ടായിരുന്നില്ലയോ എന്നു എന്നെ ധരിപ്പിക്കാമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): വളരെയധികം റോഡുകളുടെ ആവശ്യത്തെപ്പറ്റി മുന്നറിവുണ്ടായിരുന്നു; എന്നാൽ പണത്തിന്റെ കുറവുകൊണ്ടു ഉപേക്ഷിച്ചിട്ടുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ ഗവണ്മെന്റു ഈ റോഡിനെപ്പറ്റി പെട്ടെന്നു ആലോചിക്കാനുണ്ടായ ആവശ്യം എന്തായിരുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): ഈ റോഡു വളരെ ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിച്ചു; അതുകൊണ്ടു ഒരു അടങ്കലിനു ആവശ്യപ്പെട്ടു.

മി. എം. ശിവതാണുപിള്ള (തോവാള): കന്യാകുമാരിക്കുള്ള റോഡിന്റെ ൪-ാമത്തെ മയിൽക്കുറ്റിയിൽനിന്നു കക്കാട്ടുഗ്രാമത്തിലേക്കു ഒരു ശാഖാറോഡു ഇപ്പോൾതന്നെ ഉള്ളതായി കാണുന്നതുകൊണ്ടു, ഈ റോഡിന്റെ ആവശ്യം ഇപ്പോഴില്ലെന്നു കാണിക്കുന്ന ഒരു ഇണ്ടാസ് ജനങ്ങൾക്കു നൽകിയതായി അറിഞ്ഞുകൂടയോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): ഏതാനും മാസങ്ങൾക്കുമുമ്പു ഒരു പേർക്കാരുടെ അഭിപ്രായം അങ്ങനെയായിരുന്നു; ആ വിവരത്തിനു അന്നു ഗവണ്മെന്റു ഒരു ഇണ്ടാസു കൊടുത്തിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): അതു്, ൧൧൦൧ ജൂൺ ൩൦-നു ആയിരുന്നുവെന്നു മെമ്പർ എന്നിൽനിന്നു അറിയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): അതു് ഈ റോഡിനെസംബന്ധിച്ചു അന്നു നടപ്പിലിരുന്ന ഗവണ്മെന്റുത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ്; ഗവണ്മെന്റു, പുനരാലോചനയ്ക്കുശേഷം; അതു വളരെ അത്യാവശ്യമാണെന്നു കണ്ടിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഗവണ്മെന്റു ഇപ്പോൾ ബോധപ്പെട്ടതിനു വല്ല പ്രത്യേകകാരണവുമുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ), ആ ചോദ്യത്തിനു ഉത്തരംപറയാൻ എനിക്കു നിർവാഹമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ ചോദ്യം മനസ്സിലാക്കുന്നതിനുമുമ്പു അദ്ദേഹം ഉത്തരംപറയാൻ തുടങ്ങി.

ഡിപ്പൂട്ടിപ്രസിഡന്റ: അദ്ദേഹത്തിനു നിങ്ങളുടെ ചോദ്യം മനസ്സിലായി. ഗവണ്മെന്റു തങ്ങളുടെ അഭിപ്രായം മാറ്റിയതെന്തിനെന്നു നിങ്ങൾക്കു അറിയണം. ആ ചോദ്യത്തിനു ഉത്തരംപറയാൻ കഴികയില്ലെന്നു അദ്ദേഹം പറയുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇതു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരത്യാവശ്യമാണെന്നു ചീഫ് എഞ്ചിനീയരെയോ ഗവണ്മെന്റിനെയോ ആരെങ്കിലുമൊക്കെ—പ്രേരിപ്പിക്കത്തക്കവണ്ണമുള്ള പ്രത്യേകകാരണം എന്തായിരുന്നു?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ). ഗവണ്മെന്റിന്റെ മനോഗതങ്ങൾക്കു പക്ഷേ അല്പകാരണമുള്ള ചോദ്യങ്ങൾക്കു കുറെക്കൂടി നല്ല ഉത്തരംപറയുവാൻ കഴിയുമായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ശുചീന്ദ്രത്തെ സത്യാഗ്രഹത്തിനു ഈ സംഗതിയുമായി വല്ല ബന്ധവും ഉണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എനിക്കു യാതൊരറിവുമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): കന്യാകുമാരിക്കുള്ള റോഡിൽനിന്നും കക്കാട്ടുഗ്രാമത്തിലേക്കു ഒരു ശാഖ റോഡു ഇപ്പോഴുംതന്നെ ഇല്ലയോ എന്നും ആ റോഡു പൊതുമരാമത്തുഡിപ്പാർട്ടുമെന്റല്ല സംരക്ഷിച്ചു വരുന്നതെന്നും എന്നെ അറിയിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ലക്ഷത്തുവിന്റെ ഒരു മൂലയിൽനിന്നും കക്കാട്ടിലേക്കു ഒരു ചെറുശാഖാറോഡുണ്ടു. ഒരു വണ്ടിപ്പാത ഉണ്ടോ എന്നു എനിക്കു നിശ്ചയമില്ല. ആ റോഡു പൊതുമരാമത്തുഡിപ്പാർട്ടുമെന്റാണു നന്നാക്കിവരുന്നതെന്നുള്ളതു എനിക്കു നല്ലനിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ വസ്തുവത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനാലാണ് സൂക്ഷിക്കപ്പെട്ടുവരുന്നതെന്നു ഗവൺമെന്റു എന്നിൽനിന്നു ഗ്രഹിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): അങ്ങനെയായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ചീഫ് ഇഞ്ചിനീയർക്കു ആ റോഡിനെപ്പറ്റി യാതൊന്നും അറിഞ്ഞുകൂടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): പൊതുമരാമത്തുഡിപ്പാർട്ടുമെന്റിനാൽ സൂക്ഷിക്കപ്പെട്ടുവരുന്ന എല്ലാ അപ്രധാനറോഡുകളെപ്പറ്റിയും ഞാൻ ഓർമ്മിക്കണമെന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സ്ഥലത്തെ ഉദ്യോഗസ്ഥനായിരിക്കെ, ആ പൊതുമരാമത്തുഡിപ്പാർട്ടുമെന്റിനാൽ സൂക്ഷിക്കപ്പെട്ടുവരുന്നതാണെന്നറിയാൻ അവസരം ഉണ്ടായിട്ടില്ലയോ എന്നു ചീഫ് ഇഞ്ചിനിയരോടു ഞാൻ ചോദിക്കട്ടെയോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഒരു ചെറിയ റോഡുണ്ടെന്നു എനിക്കറിയാം.

മി. എം. ശിവതാണുപിള്ള (തോവാള): ആ റോഡു പൊതുമരാമത്തുഡിപ്പാർട്ടുമെന്റിനാൽതന്നെ സൂക്ഷിക്കപ്പെടുന്നതാണെന്നു ഗവൺമെന്റു ദയവുചെയ്തു എന്നിൽനിന്നു മനസ്സിലാക്കാൻ തയ്യാറാകുമോ? കൂടാതെയും ഈ റോഡു ആവശ്യമില്ലെന്നുള്ളകാരണത്താൽ ഇതു തുറക്കുന്നവിഷയത്തിൽ പ്രതികൂലാഭിപ്രായം ഉണ്ടായിട്ടില്ലയോ എന്നും എന്നെ അറിയിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): റോഡു ആവശ്യമുണ്ടെന്നു പറഞ്ഞു ജനങ്ങളുടെ ഒരു അപേക്ഷയുണ്ടായിരുന്നു. ഒന്നു മാററിക്കിട്ടണമെന്നുമാത്രമേ അവർ ആവശ്യപ്പെട്ടിട്ടുള്ളു. എക്സിക്യൂട്ടിവ് എഞ്ചിനീയരും തഹശീൽദാരും ജനങ്ങളുമായി ആലോചിച്ചു അവസാനമായി സ്വീകരിച്ച പ്ലാൻ നിശ്ചയിച്ചിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇതിപ്പോഴും ആവശ്യമില്ലെന്നുള്ളതിലേക്കു ജനങ്ങളുടെ ഹർജികൾ ഉണ്ടായിരുന്നില്ലയോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എനിക്കു അറിഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഡിമാൻഡുകൊണ്ടു അഭിലഷിക്കുന്നപ്രകാരമുള്ള ഈ റോഡു ജനങ്ങൾക്കു ആവശ്യമില്ലെന്നുകാണിക്കുന്ന ഹർജികൾ ഉണ്ടായിരുന്നോ എന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ: അദ്ദേഹം ആ ചോദ്യത്തിനു ഉത്തരംപറഞ്ഞുകഴിഞ്ഞു. ആളുകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ അതു ആവശ്യമെന്നു കരുതിയിട്ടില്ലാത്ത ഒരു ഭാഗത്തിനാണ് അവർ അഭിപ്രായപ്പെട്ടതു്.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻ അറിഞ്ഞേടത്തോളം ആ റോഡു ജനങ്ങൾക്കു വേണ്ടെന്നുകാണിക്കുന്ന ഒരു ഹർജിപോലും അവരിൽനിന്നും ഉണ്ടായിരുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മേല്പറഞ്ഞ റോഡു ശുചീന്ദ്രത്തുകൂടിയുള്ള റോഡിനേക്കാൾ നീളം കൂടിയതാണോ എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): അനേകദേശം ഒരേനീളത്തിൽ ഇരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): കക്കാട്ടു ഗ്രാമക്കാർക്കു ശുചീന്ദ്രത്തുകൂടിപോകുന്ന റോഡു ഉപയോഗിക്കാൻ പാടില്ലയോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ലക്ഷത്തുവീഥികളിൽകൂടിപോകാൻ അവരെ അനുവദിക്കയില്ലെന്നാണ് എന്റെ അറിവു

മി. എം. ശിവതാണുപിള്ള (തോവാള): കക്കാട്ടു ഗ്രാമക്കാരുടെ വണ്ടികൾ ശുചീന്ദ്രംതെരുവുകളിൽകൂടി പോകാൻ അനുവദിച്ചിട്ടുണ്ടെന്നു ചീഫ് എഞ്ചിനീയർക്കു അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): വണ്ടികൾ ഈ തെരുവുകളിൽകൂടിപോകുമ്പോൾ ഉയർന്നജാതിയിലുള്ള ശുചികാർ ഓടിക്കുന്നവരെന്നാണ് എന്റെ അറിവു.

ഡിപ്യൂട്ടിപ്രസിഡന്റ: മി. ശിവതാണുപിള്ള, താം പ്രധാനകാര്യത്തിൽനിന്നും വ്യതിചലനംചെയ്യുന്നു. ആ കാര്യത്തെപ്പററി വാദിക്കാനുള്ള സമയമല്ലിതു്.

മി. എം. ശിവതാണുപിള്ള (തോവാള): ആ റോഡു വളരെ അത്യാവശ്യമാണെന്നു കക്കാട്ടുഗ്രാമക്കാരുടെ പ്രതിനിധികളിൽനിന്നും ഈ വിടയ്ക്കു ഏതെങ്കിലും അപേക്ഷ ഉണ്ടായിരുന്നോ എന്നു ഞാൻ അറിഞ്ഞുകൊള്ളട്ടെ.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): കക്കാട്ടിലെജനങ്ങൾ വളരെനാളായി ആ റോഡിനു ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണെന്ന് ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. അവരുടെ ഇപ്പോഴത്തെ ഹർജിയും ഒരു ഭേദഗതിക്കാണെങ്കിലും അതിനെത്തന്നെയാണു ആവശ്യപ്പെടുന്നതു. ഇത്രമാത്രമേ എനിക്കറിയാവൂ.

മി. എം. ശിവതാണുപിള്ള (തോവാള): ആ ഗ്രാമക്കാരോടു ധനസഹായം തരുവിലവകയ്ക്കായി കെട്ടിവെക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ എന്നു പറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എനിക്കറിവില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സാമ്പത്തികാലോചനാകമ്മിററി അങ്ങനെ കെട്ടിവക്കാൻ ശുപാർശചെയ്തതായി ചീഫ് ഇഞ്ചിനീയർക്കു അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): എനിക്കറിഞ്ഞുകൂടാ. ജനങ്ങളിൽനിന്നും അങ്ങനെയുള്ള യാതൊരുഹർജികളും ഉള്ളതായി എന്റെ അടങ്കലിൽ ഇല്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ റോഡു ജനങ്ങളുടെ പ്രാർത്ഥനകൊണ്ടോ ഗവർമ്മെന്റിന്റെനിർബന്ധംകൊണ്ടോ ആവശ്യപ്പെട്ടിരിക്കുന്നതെന്നു മെമ്പർ ദയവായി സഭയെ അറിയിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): ജനങ്ങൾവളരെ നാളായി പ്രാർത്ഥിക്കുന്നു തൽഫലമായി ഗവർമ്മെന്റ അടങ്കലിനു ഏർപ്പാടുചെയ്തു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ജനങ്ങൾക്കുള്ള അത്യാവശ്യമാണെന്നാണോ ഞാൻ ചീഫ്എഞ്ചിനിയരിൽനിന്നും മനസ്സിലാക്കേണ്ടതു?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): അതെ, അതുതന്നെയാണു ഞാൻപറയുന്നതു. അങ്ങനെതന്നെയാണുഎന്റെഅറിവും.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഇപ്പോൾഉള്ള റോഡുകൊണ്ടു സാധിക്കാത്ത എന്തുപ്രയോജനമാണ് പുതിയറോഡുകൊണ്ടു സാധിക്കാമെന്നു ഉദ്ദേശിക്കുന്നതു

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): ഈ പുതിയറോഡു എല്ലാജാതിക്കാർക്കുമായി തുറന്നു വെക്കപ്പെടുന്ന ഒരുപബ്ലിക്കു റോഡായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): ശുചീന്ദ്രത്തുകൂടി കന്യാകുമാരിക്കു പോകുന്ന റോഡ് ഒരുപബ്ലിക്കു റോഡാണോയെന്നു ചീഫ് എഞ്ചിനിയർ എന്നെ അറിയിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): യാതൊരഭിപ്രായവും പ്രസ്താവിക്കാൻ ഞാൻ ശക്തനല്ല. ആ റോഡിന്റെ ഒരുഭാഗം രഥോത്സവത്തിനുള്ളതാണു.

മി. എം. ശിവതാണുപിള്ള (തോവാള): ചീഫ്എഞ്ചിനിയരുടെ അഭിപ്രായത്തിൽ രഥോത്സവവു ഒരുപബ്ലിക്കുറോഡ് അല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

ഡിപ്യൂട്ടിപ്രസിഡന്റ: അദ്ദേഹത്തിന്റെ അഭിപ്രായമെന്തിനു നിങ്ങൾ ആവശ്യപ്പെടുന്നു?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): എല്ലാജാതിയിലും ഉൾപ്പെട്ട ആളുകളേയും ഈ രഥോത്സവവുകളിൽകൂടി പോകാൻ അനുവദിക്കുകയില്ലെന്നാണു എന്റെഅറിവു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ റോഡു ഇപ്പോൾതന്നെ ഉണ്ടാക്കാനുള്ള പ്രത്യേക ആവശ്യം എന്താണു?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): അതു, ദീർഘകാലമായിക്കിടക്കുന്ന ഒരുസങ്കടത്തെ പരിഹരിക്കുന്നതിനാണു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവർമ്മെന്റിനു ബഡ്ജറ്റുസമ്മേളനംവരെ കാത്തിരിക്കരുതോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): കഴിഞ്ഞ എത്രയോവർഷങ്ങളായി ജനങ്ങൾ ഈ റോഡിനു ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണു.

മി. എം. ശിവതാണുപിള്ള (തോവാള). പ്രവേശന റോഡുകളുടെ അത്യാവശ്യമുള്ളതായ മററനേകം സവർണ്ണ ഗ്രാമങ്ങൾ ഉള്ളതായി അദ്ദേഹത്തിനു അറിവുണ്ടോയെന്നു ഞാൻ ചോദിക്കട്ടെയോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): മററുഗ്രാമങ്ങൾക്കും പ്രവേശനറോഡുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കയാണു. ഈ റോഡിന്റെ അത്യാവശ്യം അതിൽനിന്നും ഒട്ടുംകുറഞ്ഞതല്ല.

ഡിപ്യൂട്ടിപ്രസിഡന്റ: മി. ശിവതാണുപിള്ളേ, നിങ്ങൾ അദ്ദേഹത്തെക്രാസ് എക്സാമിനേഷൻ തുടങ്ങിയിട്ടുവളരെനേരമായെന്നു ഞാൻവിചാരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം തുടരാൻ നിങ്ങൾഅനുവദിക്കണം.

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): കന്യാകുമാരിപ്രശ്നം ഞാൻ ഇനിയും തീർത്തിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഒരുചോദ്യം ചോദിക്കാമെന്നുവിചാരിക്കുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): ൧൧൦൧-ലെ പി. ഡബ്ലിയു. ഡി. ബഡ്ജറ്റിൽ ഈ ജോലിക്കു ഫണ്ടില്ലാത്തതുകൊണ്ടു മേല്പറഞ്ഞ ആവശ്യത്തിലേക്കായി ൩൧൦൦ രൂപായുടെ കൂടുതൽ ഗ്രാന്റ അനുവദിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു ഈ സപ്ലിമെന്ററിഗ്രാന്റിനുള്ള അപേക്ഷ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (ഏ) ഇതുകാര്യസംബന്ധിച്ചു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ വകം മലയാളംപള്ളിക്കൂടങ്ങൾക്കാകട്ടെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങൾക്കാകട്ടെ കെട്ടിടങ്ങൾ നന്നാക്കുന്നതിനും പുതിയകെട്ടിടങ്ങൾ പണിയിക്കുന്നതിനും പുതിയതുകകൾ അനുവദിച്ചിട്ടില്ലെന്നു ചീഫ്എഞ്ചിനിയർക്കു അറിയാമോയെന്നു എന്നോടുപറയുമോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനിയർ): അപ്രകാരമുള്ള യാതൊരുനയത്തെപ്പററിയും എനിക്കറിഞ്ഞുകൂട. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ അപേക്ഷ അനുസരിച്ചുമാത്രം അടങ്കലുകൾ തയാറാക്കിയിട്ടുള്ളതാണ്. ജോലികൾ അത്യാവശ്യവുമാകുന്നു.

(ഡി) തിരുവനന്തപുരം ഡിസ്ത്രിക്ടും മുൻസിഫ്ഫും കോടതികെട്ടിടങ്ങളുടേയും കാണെ്ടു മതിലുകളുടേയും വാർഷികഅററകുററങ്ങൾ തീർക്കുന്നതിനായി ൫൦൦ രൂപായുടെ ആവശ്യമാണു അടുത്തതു. ഇതിനെപ്പററിഎനിക്കു ഇത്രയും പറയാനുണ്ടു. ൧൧൦൮ സെപ്തംബർ മാസത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ചു രജിസ്ട്രാർ ഡിസ്ത്രിക്ടും മുൻസിഫ്ഫും കോടതി കെട്ടിടങ്ങളുടെയും മററു വാർഷികഅററകുററപ്പണികൾ തീർക്കുന്നതിനു ഏർപ്പെട്ടത്തപ്പെട്ടിട്ടുള്ള കൺട്രാക്ടർക്കു ജോലിയുടെ പരിചയക്കുറവുകൊണ്ടു ശരിയായി വേലചെയ്യാൻ സാധിക്കുന്നതല്ലെന്നും അതിനാൽ കെട്ടിടങ്ങൾ മോശപ്പെട്ടുപോകാൻ എളുപ്പമുണ്ടെന്നും ഗവർമ്മെന്റിനു എഴുതിയിരുന്നു. അതിനാൽ ൧൧൦൧ മുതൽ വാർഷികപ്പണികൾ നടത്തുന്നതിനു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനോടു ആവശ്യപ്പെടണമെന്നും ൧൧൦൧-ലെ ജൂഡിഷ്യൽ ഡിപ്പാർട്ടുമെന്റിലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൫൦൦ രൂപ ഗ്രാന്റ വിട്ടുകൊടുക്കാമെന്നു അദ്ദേഹം പ്രസ്താവിച്ചിരുന്നു.

ഈസംഗതിയെപ്പററിയുള്ള ചീഫ്എഞ്ചിനിയരുടെ അഭിപ്രായത്തിനു ആവശ്യപ്പെട്ടപ്പോൾ ൧൧൦൧ മുതലുള്ള വാർഷികഅററകുററപ്പണികൾ ഏൾക്കുന്നതിനു യാതൊരുവിരോധവും ഇല്ലെന്നു അദ്ദേഹം പ്രസ്താവിച്ചു. ഈ ആലോചന ഗവർമ്മെന്റ അംഗീകരിച്ചു.

ചെലവിനു പി. ഡബ്ലിയു. ഡി. ബഡ്ജറ്റിൽ ഫണ്ടില്ലാത്തതുകൊണ്ടു ൫൦൦ രൂപയുടെ ഒരു സപ്ലിമെന്ററി ഗ്രാന്റ ൧൧൦൧-ലെ പി. ഡബ്ലിയു. ഡി. ബഡ്ജറ്റിൽ കൂടുതലായി അനുവദിക്കേണ്ടതാണ്. ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽനിന്നും ഇതിനു തുല്യമായ ഒരു തുക വിട്ടുകൊടുക്കുന്നതുകൊണ്ടു ഈ ഗ്രാന്റ സംസ്ഥാനത്തെ ചെലവിനെ വർദ്ധിപ്പിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കക്കാട്ടുഗ്രാമവാസികളിൽ കൂടുതൽഭാഗം ഏതു സമുദായത്തിൽപെട്ടവരാണ്?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): കൂടുതൽ ആളുകളും സാംബവരാണെന്ന് പറയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർ അയിത്തവർഗ്ഗത്തിൽപെട്ടവരാണോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എനിക്കറിഞ്ഞുകൂട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴും അവരെ ആ റോഡിൽകൂടി നടക്കാൻ അനുവദിക്കുന്നുണ്ടോ എന്നു എനിക്കു ചോദിക്കാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): അവർ ക്ഷേത്രത്തരുവിൽകൂടി നടക്കാൻ അനുവദിക്കപ്പെട്ടിട്ടില്ലെന്നാണ് ഞാൻ അറിയുന്നതു.

മി. കെ. കെ. തോമസ്സ് (കോട്ടയം): തിരുവനന്തപുരം ഡിസ്ട്രിക്ടും ഡിൻസിപ്പും കോടതികെട്ടിടങ്ങളിലും കാമ്പോണ്ടു മതിലുകളിലും ഏതുമാതിരി അററകുററങ്ങളാണ് തീർക്കേണ്ടതെന്നു എന്നെ അറിയിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): വെള്ളയടിക്കുക, കെട്ടിമേച്ചിൽനടത്തുക, ചുവരുകളുടെയും മേൽപുരയുടേയും അററകുററങ്ങൾ തീർക്കുക എന്നിവയും അതുപോലെയുള്ള മററ ചില്ലറ കേടുപാടുകൾ പോക്കുകയും അതിൽ ഉൾപ്പെടും.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഒരു പുതിയ കെട്ടിടംകെട്ടുന്നതിനു എന്തു ചെലവു വേണ്ടിവരും.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ആ ചോദ്യം ഇപ്പോൾ കൊണ്ടുവരേണ്ടതില്ല. ഇപ്പോഴത്തെ കെട്ടിടങ്ങൾ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ജനങ്ങൾ ആവശ്യപ്പെടാതിരിക്കേ ഒരു പബ്ലിക്കുറോഡുണ്ടാക്കുന്നതിനെപ്പററി ഡിപ്പാർട്ടുമെന്റ ആലോചിച്ചിട്ടുള്ളതായി ഏതെങ്കിലും ഒരു സംഭവം ചീഫ് എഞ്ചിനീയർക്കു അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എനിക്കറിഞ്ഞുകൂടാ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കക്കാട്ടുഗ്രാമത്തിന്റെ ഒരു ഭാഗം കമ്മാളന്മാരാൽ അധിവസിക്കപ്പെടുന്നുവെന്നു മെമ്പർക്കു അറിയാമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ആ കാര്യത്തിൽ എനിക്കു ശരിയായ അറിവില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോഴുള്ള റോഡുകളിൽ കമ്മാളർ നടക്കുന്നുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഉണ്ടായിരിക്കാം.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): ഈ ഡിമാൻറിൽ (സി) ഭാഗം അനുവദിക്കാൻപാടില്ലെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ ഇത്തരത്തിൽ ഒളിച്ചുകളിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നാണ് എന്റെ അഭിപ്രായം. സ്വാർത്ഥപരമായ ഏതാനും ആളുകളുടെ ആഗ്രഹങ്ങൾക്കോ അഭിമാനത്തിനോ വഴിപ്പെട്ടു പൊതുജനങ്ങളുടെ പണം ഇങ്ങനെ തോന്ന്യാസമായി ചെലവിടാൻ അനുവദിക്കുന്നതു ഈ സഭയുടെ ഉദ്ദേശ്യത്തിനും നല്ല മനസ്സിനും യോജിക്കാത്ത ഒരു സംഗതിയായിരിക്കും. ഇങ്ങനെയുള്ള ഒരു സംഗതി ഗവൺമെന്റിൽനിന്നും എന്നെങ്കിലും ഒരുകാലത്തു അവസാനമായി തീരുമാനിക്കണം. ഒരു റോഡിൽകൂടി നടന്നുകൂടാ എന്നു ഒരു വർഗ്ഗക്കാർ ശഠിക്കുമ്പോൾ വേറെ ഒരു റോഡ് വെട്ടിക്കൊടുക്കുന്നതു അനാവശ്യമാണ്. അതുകൊണ്ടു ഈ തുക അനുവദിച്ചുകൂടാ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഡിമാന്റിന്റെ ആ ഭാഗത്തെ ഞാനും എതിർക്കുന്നു. ഈ സംഗതി ആകപ്പാടെ സംശയഗ്രസ്തമായിരിക്കുന്നു. മിസ്റ്റർ പരമേശ്വരൻപിള്ള സൂചിപ്പിച്ചതുപോലെ ഈ റോഡ് ആർക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അവർക്കു ആവശ്യമില്ലാതിരിക്കെ ഗവൺമെന്റ അവരെ നിർബന്ധിക്കയാണെന്നുള്ളതിനു ഒരുദാഹരണമാണ്.

ഡിപ്യൂട്ടി പ്രസിഡണ്ടു: അപ്രകാരം ഒരു കേസ്സും ഇവിടെ ഉണ്ടായിരിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കക്കാട്ടുകാര്യത്തെപ്പററി ചീഫ് എഞ്ചിനീയറെ ക്രാസ് എക്സാമിനേഷൻ ചെയ്ത തെരഞ്ഞെടുക്കപ്പെട്ട രണ്ടു മെമ്പറന്മാരുടെ അഭിപ്രായം നാം എടുക്കയാണെങ്കിൽ അതിൽനിന്നും ഇതു വിശദമാകുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡണ്ടു: അവർ ഇനിയും സംസാരിച്ചിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവരുടെ പ്രശ്നരീതിയുടെ നിർഗ്ഗളിതഫലമായി സാമുദായികമായ എന്തോ ചിലതെല്ലാമുണ്ടെന്നെങ്കിലും എനിക്കു ഗ്രഹിക്കാൻ സാധിച്ചു. നാം പ്രശ്നങ്ങളിൽനിന്നും പ്രസ്തുതമായ വികാരങ്ങൾക്കു വിധേയരായി പ്രവർത്തിക്കുന്നതിനു സന്നദ്ധരാകുന്നതായാൽ ഈ റോഡ് ജനങ്ങൾക്കു ആവശ്യമില്ലാത്ത ഒന്നാണെന്നു എനിക്കു നിശ്ചയമുണ്ടു. എന്നാൽ ഇതു ജനങ്ങളുടെമേൽ കെട്ടിവയ്ക്കുന്നതിനു ഗവൺമെന്റിനു വളരെ നിർബന്ധമുണ്ടു. ചുരുക്കത്തിൽ ഞാൻ പറഞ്ഞതുപോലെ ഇതു വളരെ സംശയജനകമായിരിക്കുന്നു. എന്റെ പ്രസ്താവന ശരിയാണെങ്കിൽ അവർക്കു ഒരു പുതിയ റോഡ് വെട്ടിക്കൊടുത്തിട്ടു ന്യായമായ അപേക്ഷയിൽനിന്നും ഗവൺമെന്റിനു തെററിയേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള റോഡ് സമുദായത്തിന്റെ ഒരുഭാഗം ഉപയോഗപ്പെടുത്തുകയും ഇതര ഉപയോഗപ്പെടുത്താതെയും ഇരിക്കുന്നു. ഇതു നികുതിദായകന്മാരുടെ ചെലവിലിരിക്കുന്നു. റോഡ് ഉണ്ടാക്കുന്നതുകൊണ്ടു കൃഷിക്കും കച്ചവടത്തിനും സൌകര്യപ്പെടുന്ന സ്ഥലങ്ങൾ

ളിൽ റോഡുകൾക്കു അത്യാവശ്യമുണ്ടു. എന്നാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ റോഡുകൾ ഇറക്കുന്നതിനു ഗവൺമെന്റിനു വളരെ വൈമനസ്യവും ജനങ്ങൾക്കു യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത ഇവിടെയൊക്കെ അവരെ നിർബന്ധിച്ചു ഒരു റോഡ് അനുവദിക്കുന്നതിനു ഗവൺമെന്റു തയാറാകുകയായിരിക്കുന്നു. ഇതു ചിരസ്ഥായിയായ അധഃകരണത്തിനു കാരണമായിരിക്കും.

ഡിപ്യൂട്ടിപ്രസിഡൻറ്: ഗവൺമെൻറു ജനങ്ങളെ നിർബ്ബന്ധിക്കുന്നുവെന്നുള്ള നിങ്ങളുടെ പ്രസ്താവന അത്ര ശരിയായിട്ടുള്ളതല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതെല്ലാം ഞാൻപറയുന്നതു ശരിയോ തെറ്റോ എന്നുള്ള വിവിധ തരം വാദങ്ങൾ, സ്റ്റേറ്റുമെൻറുകളാണ്. അവിടെ ഇപ്പോൾ ഒരു റോഡുണ്ടു. മറ്റൊന്നിനു അവർക്കു ആവശ്യവുമില്ല. ജനങ്ങൾക്കുവേണ്ടി ഇനിയൊരു റോഡ് വെട്ടുന്നതായിരുന്നാൽ അതു അവർക്കു ചിരസ്ഥായിയായ ഒരു അധഃകരണമായിരിക്കും. അതുകൊണ്ടു ഡിമാൻറിന്റെ ഈ ഭാഗം ഞാൻ വളരെ ശക്തിയായി എതിർക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഞാൻ അഗസ്തീശ്വരംതാലൂക്കിനെ പ്രതിനിധീകരിക്കുന്നു. എന്റെ അറിവിൽപെട്ടിടത്തോളം കക്കാട്ടുഗ്രാമത്തെ കേപ്പ്റോഡിനോടു സംബന്ധിപ്പിക്കുന്ന ഒരു റോഡ് ഇപ്പോൾ അവിടെയുണ്ടു. ആ റോഡിൽക്കൂടി ഇപ്പോൾ വണ്ടികൾ പോകയും അവ കേപ്പ്റോഡിൽ ചെന്നുചേരുകയുംചെയ്യുന്നു. വണ്ടികൾ റോഡിന്റെ ഒരു ഭാഗംമാത്രം കടക്കുമ്പോൾ സവർണ്ണഹിന്ദുക്കൾ അവയെ തടയുന്നു. ആ റോഡിൽക്കൂടി യാത്രചെയ്യുന്നതിനു സാമ്പവരെ അനുവദിക്കുന്നില്ല. അടുത്തകാലത്തു രക്ഷാസൈന്യത്തിൽചേർന്ന രണ്ടു മിഷ്യനറിമാർ, ഒരു സായിപ്പും മദാമ്മയും ആ റോഡിൽക്കൂടി യാത്രചെയ്തപ്പോൾ തദ്ദേശവാസികൾ അവരെ അതികഠിനമായി ഉപദ്രവിച്ചു. അതൊരു പ്രമാദമായ കേസ്സായിരുന്നു. ഏതുകാരണംകൊണ്ടോ യൂറോപ്യന്മാരുടെ പ്രവേശനം തടയാൻ സാധിക്കുന്നതല്ലെന്നു ഗ്രാമവാസികൾ ഗ്രഹിക്കാൻ തുടങ്ങിയതുകൊണ്ടു അവരുടെ പ്രവേശനത്തെ ഇപ്പോൾ തടയുന്നില്ല. എന്നാൽ ഇനിയും ക്രിസ്ത്യാനികളെ ആ റോഡിൽക്കൂടി നടക്കാൻ അനുവദിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു പബ്ലിക്ക് റോഡാണോ?

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): എന്റെ അറിവിൽപെട്ടിടത്തോളം അതൊരു പബ്ലിക്ക റോഡുതന്നെ. അതിപ്പോൾ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിന്റെ സംരക്ഷണയിൽ ഇരിക്കുന്നു. ശുചീന്ദ്രം സത്യാഗ്രഹം സംബന്ധിച്ചു വന്നിരുന്ന പോലീസ്കമ്മീഷണർ ഒരിക്കൽ ആ റോഡിൽക്കൂടി പോകുന്നതിനു സമ്മതിച്ചില്ല. അതിലെ പോകുന്നതിനു അദ്ദേഹം അനുവാദം ചോദിക്കുന്നുകിലും ക്ഷേത്രത്തിൽ ഒരു ചെറിയ ഉത്സവം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടു അതിലെ പോയ്ക്കൂടെന്നു പറഞ്ഞു എതിരാളികൾ അദ്ദേഹത്തെ തടഞ്ഞു. അധഃകൃതവർഗ്ഗക്കാർക്കു മാത്രമായി അവിടെ വേറൊരുറോഡു വെട്ടുന്നതായിരുന്നാൽ അതു നിശ്ചയമായും ഇപ്പോഴുള്ള റോധനങ്ങൾ നിത്യം കൂടിയതായിരിക്കും. അങ്ങനെ ഒരു റോഡുവെട്ട് പൈശാചികവൃത്തിയേയും ദുരാചാരത്തേയും നിലനിറുത്തുന്നതിനുള്ള ശ്രമത്തെ സഹായിക്കുകയായിരിക്കും ഈ സഭ ചെയ്യുന്നതു്. അതുകൊണ്ടു ഈ അഭ്യർത്ഥനയെ ഒരിക്കലും സ്വീകരിക്കരുതെന്നു സഭയോടു പ്രാർത്ഥിക്കയും ഈ അഭ്യർത്ഥനയെ നിരസിച്ചു സഭയുടെ അന്തസ്സിനെ ലഘൂകരിക്കാതെ സംരക്ഷിക്കാൻ ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉപക്ഷേപത്തെ എതിർക്കുന്നതിനുമുമ്പു, കക്കാട്ടുഗ്രാമക്കാർ ഒരു തടസ്സഹർജി അയച്ചിരുന്നുവെന്നു എന്റെ സ്നേഹിതന്മാരായ മി. എ. കെ. പിള്ളയോടും മി. ജി. പരമേശ്വരൻപിള്ളയോടും ഞാൻ ഉറപ്പുപറയാം. കക്കാട്ടുഗ്രാമത്തിലെ ആളുകളെക്കൊണ്ടു അവരുടെ സത്യവാങ്മൂലത്തോടുകൂടി അപ്രകാരം ഒരു ഹർജി ഇപ്പോഴും അയപ്പിക്കാൻ ഞാൻ ശ്രമിക്കാമെന്നു സ്നേഹിതന്മാർക്കു ഉറപ്പുകൊടുക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയുള്ള ഒരു റോഡിനു കക്കാട്ടുഗ്രാമക്കാർ പ്രതികൂലികളാണെന്നോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എം. ശിവതാണുപിള്ള (തോവാള): തീർച്ചയായും ഏതായാലും ഈ റോഡിന്റെ ആവശ്യകത ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതു ൮൦ വർഷങ്ങൾക്കു മുമ്പാണ്. ഒരു പ്രവേശനറോഡിനുവേണ്ടി കക്കാട്ടുഗ്രാമക്കാർ ഗവൺമെൻറിനെ ശരണംപ്രാപിക്ക മാത്രമല്ല, ഗവൺമെൻറിനോടു ശുപാർശചെയ്യുന്നതിനു അവരവരുടെ മിഷ്യൻ മേധാവികളെ അവർ നിർബന്ധിക്കുകയും ചെയ്തിരുന്നു. കക്കാട്ടുഗ്രാമക്കാർ ന. വർഗ്ഗത്തിൽ ഉൾപ്പെട്ടവരാണ്. ൮൦ ശതമാനം ഹിന്ദുക്കളും ൨൦ ശതമാനം ലണ്ടൻമിഷ്യൻ ക്രിസ്ത്യാനികളും ബാക്കിജനങ്ങൾ രക്ഷാസൈന്യത്തിൽ പെട്ടവരും ആണ്. വില്ലേജ്റോഡിനെ കേപ്പ്റോഡിനോടു ഘടിപ്പിക്കുന്നതും യഥാർത്ഥത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനാൽ സംരക്ഷിച്ചുപോരുന്നതും ആയ ഇപ്പോഴത്തെ റോഡു ഉപയോഗിക്കാൻ അവരെ അനുവദിക്കാത്തടത്തോളംകാലം അവർക്കു ഒരു പ്രവേശനറോഡിന്റെ അപരിഹാര്യമായ ആവശ്യമുണ്ടെന്നു അവർ വളരെക്കാലമായി അവരവരുടെ പ്രതിനിധികൾ മുഖേനയും ട്രാവൻകൂർ ടൈംസ് എന്ന സന്ദേശപത്രം വഴിയായും ഗവൺമെൻറിനെ അലട്ടിക്കൊണ്ടു വരികയായിരുന്നു. കക്കാട്ടുഗ്രാമക്കാരുടെ ഒരു ഹർജിക്കു ൧൧൦൫-ൽ ചീഫ്എഞ്ചിനീയർ താഴെകാണുന്ന വിധത്തിൽ ഒരു ഇണ്ടാസ്കൊടുത്തു. അതു് ഞാനിപ്പോൾ വായിക്കാം. അഗസ്തീശ്വരംതാലൂക്കിൽ ശുചീന്ദ്രംപകുതിയിൽ കക്കാട്ടുഗ്രാമത്തിൽ മി. ജി. ദേവസഹായം മുതൽപേർ കൊടുത്ത ഒരു ഹർജിക്കു ലഭിച്ച ഇണ്ടാസാണിതു്.

“കക്കാട്ടുഗ്രാമം മുതൽ കേപ്പ്റോഡുവരെ ഒരു റോഡു അനുവദിച്ചുകിട്ടണമെന്നു ൭-ന്ന-൧൧൦൪-ൽ അപേക്ഷിച്ചതനുസരിച്ചു, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന റോഡിനെപ്പറ്റി ഗവൺമെൻറു വളരെക്കാലം മുമ്പുതന്നെ ചിന്തിച്ചിരുന്നുവെന്നും ൩-൩-൧൧൦൪-ലെ ൧൦൩൯൭-ാംനമ്പർ ജി/പി. ഡബ്ല്യു ഉത്തരവിൻപ്രകാരം ആറോഡു ആവശ്യമില്ലെന്നും അവരുടെ ഗ്രാമത്തിൽനിന്നും കാക്കമൂലയും ശുചീന്ദ്രം ചിറയുംവഴിക്കു കേപ്പ്റോഡു ൪ ൧/൨ മൈൽകുറിയിലേക്കുള്ള ഇപ്പോഴത്തെറോഡിനു വീതികൂട്ടി ചല്ലിയിട്ടുറപ്പിച്ചാൽ മതിയെന്നു ഉത്തരവായിട്ടുണ്ടെന്നും ഹർജിക്കാരായ ദേവസഹായം മുതൽപേരെ അറിയിച്ചിരിക്കുന്നു. മേൽപറഞ്ഞ ഗവൺമെൻറു ഉത്തരവിനാൽ അപേക്ഷയിൽ പറയുന്നതും മുമ്പുതന്നെ ഗവൺമെൻറു നിരാകരിച്ചിട്ടുള്ളതു

ആയ റോഡിന്റെ കാൎയ്യത്തെപ്പററി ശുപാൎശ ചെയ്യുന്നതിനു താഴെ കയ്യൊപ്പിട്ടിരിക്കുന്നയാളിനു നിവൃത്തിയില്ല.”

സഭയുടെ ശരിയായ അറിവിലേക്കുവേണ്ടി കക്കാട്ടുഗ്രാമത്തിന്റെ ഒരു ചെറിയപ്ലാൻ ഞാൻ തരാം. ഈ നോട്ടീസിന്റെ അവസാനഭാഗം ൭-ാമത്തെ മയിലിൽനിന്നുള്ള റോഡിനെ സൂചിപ്പിക്കുന്നു. കോട്ടയം, കുമളി റോഡിൽനിന്നു ഒരു മയിൽ പടിഞ്ഞാറുമാറി ശുചീന്ദ്രത്തുകൂടി കക്കാട്ടേക്കുള്ള ശാഖാറോഡു അതിന്റെ ഏതാനുംഭാഗം ഒരു ചാലിന്റെ കരയ്ക്കുകൂടിയാണ് പോകുന്നതു. ഹൎജിയുടെ ഇണ്ടാസിൽ, അപേക്ഷിച്ചിരിക്കുന്ന റോഡു തീരെ ആവശ്യമില്ലാത്തതാണെന്നും അതു ൧൦൯൪-ൽ തന്നെ ആലോചിച്ചു നിശ്ചയിച്ചതാണെന്നും ചീഫ്എഞ്ചിനീയർ പ്രസ്താവിക്കുന്നു. വളരെക്കാലം മുമ്പുതന്നെ ആ റോഡു ആവശ്യമില്ലെന്നു തീരുമാനിച്ചിരിക്കുന്നു. ഇതുകാണിക്കുന്നതാണ് ൧൦൯൯ ജൂൺ ൩൦-നു ചീഫ്എഞ്ചിനീയർ കൊടുത്ത ഇണ്ടാസ്. അതുകൊണ്ടു കക്കാട്ടുഗ്രാമത്തിൽ പ്രവേശിക്കുന്നതിനു, ഈ ഇണ്ടാസിൽ കാണുംപ്രകാരം, രണ്ടു റോഡുണ്ട്. ഒന്ന് മെയിൻ കേപ്പുറോഡിൽ ൭-ാമത്തെ കല്ലിൽനിന്നുമുള്ള ശാഖാറോഡും മറെറതു ശുചീന്ദ്രത്തിൽനിന്നും കക്കാട്ടേക്കുള്ളതും ആണ്.

ചീഫ്എഞ്ചിനീയർ ഇണ്ടാസിൽ പ്രസ്താവിച്ചപ്രകാരം ഈ റോഡുകൾ ചല്ലിയിട്ടുറപ്പിക്കുകയോ യഥാവിധി സംരക്ഷിക്കുകയോ ചെയ്യാത്തതുകൊണ്ടു ജനങ്ങൾ വല്ലാതെ ക്ഷോഭിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ, അവരുടെ ഗ്രാമത്തിലേക്കു ഒരു റോഡുവേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചു, ഗവൎമ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചു. കക്കാട്ടുസാമ്പവർ ശുചീന്ദ്രത്തുകൂടി അവരുടെ വണ്ടി കേപ്പുറോഡിലേക്കു കൊണ്ടുപോകപതിവായിരുന്നു. ശുചീന്ദ്രംഗ്രാമത്തിന്റെ കിഴക്കേഭാഗത്തുള്ള റോഡിൽനിന്നും ഒന്നര ഫർലോങ്ങ് നീളംവരുന്ന ഒരു ചെറിയ റോഡു കക്കാട്ടുഗ്രാമത്തിൽ ചെന്നുചേരുന്നു. സാമ്പവർ ഈ റോഡു ഉപയോഗപ്പെടുത്തിവരുന്നതു്, അവരുടെ വണ്ടികളെ ശുചീന്ദ്രം വില്ലേജ്റോഡിന്റെ കിഴക്കെഅററത്തിൽ കൊണ്ടുചെന്നു അവയെ വടക്കെഅററത്തിലേക്കോ അല്ലാത്തപക്ഷം ആവശ്യംപോലെ മററുസ്ഥലത്തോ എത്തിക്കുന്നതിനു നാലുകാശു പ്രതിഫലംകൊടുത്തു സവൎണ്ണഹിന്ദു വണ്ടിക്കാരെ ചുമതലപ്പെടുത്തിയാണ്. ഇപ്പോൾ ജനങ്ങൾക്കു അതിന്റെ ആവശ്യം മനസ്സിലാക്കുകയും വേറെ ഒരു റോഡിനുവേണ്ടി അവർ പ്രക്ഷോഭിക്കുകയും ചെയ്തു. എന്നാൽ ഗവൎമ്മെന്റ അവരുടെ പ്രാൎത്ഥന നിരാകരിച്ചുകളഞ്ഞു. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽനിന്നും മെറവിട്ടു സംരക്ഷിച്ചുവരുന്ന ആ റോഡിനെ സംബന്ധിച്ചു സാമ്പവരുടെ യഥാൎത്ഥാവകാശം പരീക്ഷിക്കുന്നതിലേക്കു വേണ്ടി ഒരു സമരം ആരംഭിക്കുകയും അതു് കുറെനാൾ നടന്നുകൊണ്ടിരിക്കയും ചെയ്തു. ആ അവസരത്തിൽ, തങ്ങൾക്കു വേറൊരു റോഡു വേണമെന്നും അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്നും സത്യാഗ്രഹവുമായി യാതൊരു ബന്ധവും ഇല്ലെന്നും കാണിക്കുന്ന ഒരു ഹൎജി അയപ്പിക്കുന്നതിനു ഏതോ ഗൂഢോദ്ദേശത്തോടുകൂടെന്നപോലെ പൊതുമരാമത്തു ഡിപ്പാൎട്ടുമെന്റു കക്കാട്ടുഗ്രാമക്കാരെ സമീപിച്ചു. ഈ ഘട്ടത്തിൽ ഗ്രാമവാസികളിൽ അധികംപേരും അവരുടെ അഭിപ്രായപ്രകടനത്തെ പിൻവാങ്ങിയെന്നുള്ളതു ഒരു വലിയ വാസ്തവമാണ്. അവർ ജനങ്ങളുടെ അടുക്കൽ സാമൎത്ഥ്യത്തോടുകൂടിച്ചെന്ന് തങ്ങൾക്കു ഒരു റോഡ് വേണമെന്നും സത്യാഗ്രഹത്തോടു അവൎക്കു യാതൊരു ബന്ധവുമില്ലെന്നും കാണിച്ചു ഒരു ഹൎജികൊടുക്കാൻ ആവശ്യപ്പെട്ടു. അതൊരു പരമാൎത്ഥമായിരുന്നുവെന്നുള്ളതിനു അവിതൎക്കിതമായ അനുമാനം ധാരാളമുണ്ട്. എന്തെന്നാൽ സത്യാഗ്രഹം നിറുത്തൽചെയ്യുന്നതിനു കുറച്ചുദിവസംമുമ്പു അധികൃതന്മാരുടെ ആലോചനാസഹമായി പൊതുമരാമത്തു ഡിപ്പാൎട്ടുമെന്റുകാർ ഗസററിൽ പുതിയറോഡിനു കുററിതറയ്ക്കുന്നതും ലെവൽ നോക്കുന്നതും കാണുകയുണ്ടായി. ഇതു് കക്കാട്ടുകാരെ സത്യാഗ്രഹത്തിൽനിന്നും പിൻവലിക്കാനല്ലാതെ മറെറാന്നിനും വേണ്ടിയല്ലെന്നുള്ള പരമാൎത്ഥം റോഡിനു സ്ഥലം എടുക്കുന്നവകയിൽ ഉണ്ടാകുന്ന നഷ്ടപരിഹാരം ചെയ്യുന്നതിനു സാമ്പവരോടു ആവശ്യപ്പെട്ടതുകൊണ്ടു കാണാം. അതു് ൧൦൯൯-ൽ ആയിരുന്നു. അതായതു രണ്ടു വർഷംമുമ്പു. ആ കാൎയ്യം ഇതുവരെ പ്രവൃത്തിപഥത്തിൽ ആയിട്ടില്ല. ൧൧൦൦-ൽ നഷ്ടപരിഹാരദ്രവ്യം കെട്ടിവച്ചിരിക്കുന്നുവെന്നും റോഡിന്റെ പണി ആരംഭിക്കണമെന്നും കാണിച്ചു വീണ്ടും അവർ ഗവൎമ്മെന്റിലേക്കു ഹർജി അയച്ചിരുന്നു. ജനങ്ങളുടെ അപേക്ഷക്കു ഗവൎമ്മെന്റ കേവലം ബധിരത്വം കൈക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ ഇപ്പോൾ പൊതുമരാമത്തു ഡിപ്പാൎട്ടുമെന്റുകാർ സ്വമനസ്സാലെതന്നെ റോഡിനുള്ള ലെവൽ നോക്കുകയും കുററികൾ നാട്ടുകയും ഗസററിൽ ചെയ്തുവരുന്നതായി കാണുന്നു. എന്നാൽ മുൻ പ്രശ്നങ്ങൾകൊണ്ടും ബഡ്ജററിന്റെ സാമാന്യവാദപ്രതിവാദംകൊണ്ടും ഞാൻ അധഃകൃതരുടെ ആവശ്യങ്ങൾ നിറവേററുന്നതിനും അതേസമയത്തുതന്നെ അവരെ ഉദ്ധരിക്കുന്നതിനും സഹായിആണെന്ന് കാണാവുന്നതാണെങ്കിലും ഈ അഭ്യൎത്ഥനയെ ഞാൻ അനുകൂലിക്കുന്നില്ലെന്നു സഭയെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ എന്റെ അറിവിൽ, കക്കാട്ടുകാൎക്കാറ്, പ്രവേശനറോഡുകൾ കൂടുതൽ ആവശ്യമായി തോന്നുന്നതു സാമ്പവർ അധിവസിക്കുന്ന അനേകം ഗ്രാമങ്ങളുള്ള അഗസ്തീശ്വരം താലൂക്കിലാണ്. ഏതായാലും കക്കാട്ടുഗ്രാമവാസികൾക്കു നിരോധിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തുകൂടി വണ്ടിഅടിച്ചു കടത്തിക്കൊടുക്കുന്നതിനു ഒരു സവൎണ്ണഹിന്ദു വണ്ടിക്കാരനു നാലുകാശുകൊടുത്തു് ഒരററംമുതൽ മറെറ അററംവരെ പോകാവുന്നതാണ്. എന്നാൽ മററു ഗ്രാമങ്ങളിൽ താമസിക്കുന്ന സാമ്പവൎക്കു അവരുടെ ഗ്രാമങ്ങളിലേക്കു പോകുന്നതിനു ഉപയോഗപ്പെടുന്ന ഒരു പാതപോലും ഇല്ല. മററുദേശക്കാൎക്കു പ്രവേശനറോഡുകളുടെ ആവശ്യം ഉണ്ടായിട്ടും അതു നിറവേററുന്നതിനു ഒരുമ്പെടാതെ ഈ പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചു ഗവൎമ്മെന്റിനു സത്യാഗ്രഹസമരത്തിൽ സൎവ്വാത്മനാ സശ്രദ്ധന്മാരായി ചിത്തൈകാഗ്ര്യത്തോടുകൂടി വൎത്തിക്കുന്ന കക്കാട്ടുകാരെ അതിൽനിന്നും പിൻവലിപ്പിക്കണമെന്നുള്ള ഉദ്ദേശമല്ലാതെ മറെറാരുദ്ദേശ്യവുമില്ലെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഈ കാരണത്താൽതന്നെയാണ് ഗവൎമ്മെന്റ നേരെ അല്ലെങ്കിലും ഈ പ്രമേയത്തെ ഉപയോഗപ്പെടുത്തിയിട്ടുള്ളതു്. ഇവിടത്തെ വാദമുഖം ഈ അഭ്യൎത്ഥനയുടെ ഉപരിതലത്തിൽ പ്രത്യക്ഷപ്പെടുന്നതല്ലെന്നു സഭയെ ധരിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. വാദമുഖം ഒന്നുകൂടെ മറെറാന്നാണ്. ഈ അഭ്യൎത്ഥനയെ സഭ സ്വീകരിക്കുന്നപക്ഷം പൊതുമരാമത്തു ഡിപ്പാൎട്ടുമെന്റിനാൽ സംരക്ഷിക്കപ്പെട്ടുപോരുന്നതും അതുകൊണ്ടുതന്നെ അധഃകൃതൎക്കു ഉപയോഗിക്കുന്നതിനു അവകാശപ്പെട്ടവയും ആയ റോഡുകളിൽ അവരെ പ്രവേശിപ്പിക്കാതെ ഇരിക്കുക എന്ന നടപ്പിനെ സഭയും അനുകൂലിച്ചതായി പ്രത്യക്ഷമാകും. വാദമുഖം ഇവിടത്തെ പൈശാചികമായ നടപ്പിനെ അനുകൂലിക്കുക എന്നുള്ളതല്ലാതെ, അധഃകൃതരായ ഗ്രാമവാസികൾക്കുള്ള പ്രവേശനറോഡല്ലെന്നു മെമ്പറന്മാർ മനസ്സിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ടി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ശുചീന്ദ്രത്ത് സത്യാഗ്രഹസമരം നടന്നുകൊണ്ടിരിക്കുമ്പോൾ അധഃകൃതവർഗ്ഗക്കാർ ആ റോഡിൽകൂടി സഞ്ചരിക്കുന്നവിഷയത്തിൽ ഗവൺമെന്റിന്റെ നില അനുകൂലമല്ലായിരുന്നുവെന്നുള്ളത് മെമ്പർക്ക് അറിയാമോ?

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഒരു പ്രമേയത്തിന്റെ ആവശ്യത്തെപ്പറ്റി വാദപ്രതിവാദം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇതെങ്ങനെയുത്ഭവിച്ചുവെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ടി. ശിവതാണുപിള്ള (തോവാള): ഇതുസംബന്ധിച്ചെന്നു ഞാൻ വിചാരിക്കുന്നു, അതുകൊണ്ടു സഭാംഗങ്ങളോടു സഭയുടെ ഈ ഭാഗം അംഗങ്ങളെല്ലാകയും, ഈ അഭ്യർത്ഥനയിൽ അന്തർഭവിച്ചിരിക്കുന്നവയാണെങ്കിലും വിശദമായി ഗ്രഹിക്കണമെന്നും അത് അംഗീകൃതമായി കാണണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: പ്രസ്തുതവിഷയത്തെപ്പറ്റി ഇനിയും പലമെമ്പർമാർ പ്രസംഗിക്കാനുള്ളതുകൊണ്ടു ഇപ്പോൾ നമുക്ക് മതിയാക്കുകയും നാളെക്കാലത്തു ൧൧ അര മണിക്കു വീണ്ടും യോഗംകൂടുകയും ചെയ്യാം.

വൈകിട്ടു ൫ പത്തിനു സഭപിരിഞ്ഞു.

റി. പി. രാമസുബ്ബയ്യർ,
നിയമസഭാസിക്രട്ടറി.

സപ്ലിമെന്റ്.

൧൧൦൧-ലെ സ്ഥിരം ഫിനാൻസ് കമ്മററിയുടെ നടപടിവിവരം.

൧൯൨൬ ഏപ്രിൽ ൨൨-ാംതീയതി, വ്യാഴാഴ്ച.

൧൯൨൬ ഏപ്രിൽ ൨൨-ാംനു-ക്കു ൧൧൦൧ മീനം ൨൬-ാംനു- വ്യാഴാഴ്ച പകൽ ൧൨ മണിക്കു പുത്തൻകച്ചേരിയിൽ ദിവാൻജിയുടെ മുറിയിൽവച്ചു നിയമസഭയുടെ ൧൧൦൧-ലെ സ്ഥിരം ഫിനാൻസ് കമ്മററിയുടെ ദ്വിതീയസമ്മേളനം കൂടി.

താഴെപ്പറയുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

എം. ഈ. വാട്സ് എസ്ക്വയർ ബി. ഏ., ബാരിസ്റ്റർ അററ് ലാ, ദിവാൻ പ്രസിഡന്റ്.
ജി. പരമേശ്വരൻപിള്ള എസ്ക്വയർ ബി. ഏ., ബി. എൽ.
എൻ. വി. ജോസെഫ് എസ്ക്വയർ ബി. ഏ., ബി. എൽ.
കെ. ജാർജ്ജ് എസ്ക്വയർ ബി. ഏ.
ആർ. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. ഏ., ബി. എൽ.
റി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. ഏ., നിർവാഹകൻ.

൧. ൧൧൦൧ മിഥുനത്തിൽ കാളേജ് തുറക്കുമ്പോൾമുതൽ സയൻസ് കാളേജിൽ പ്രതിമാസം ൨൫ രൂപാ ശമ്പളത്തിൽ ഒരു സ്ത്രീ അററണ്ടറെ സ്ഥിരമായി നിയമിക്കുന്നതിനും അതിലേക്കു ൧൧൦൧-ലെ വിദ്യാഭ്യാസ ബഡ്ജററിൽ ൨൫ രൂപാ കൊള്ളിക്കുന്നതിനും കമ്മററി അനുവദിച്ചു.

൨. അകസാമാനങ്ങൾ ഉണ്ടാക്കിക്കുന്നതിനു ൪൩൬-൧൪-൪ രൂപയും ഒരു ഇരുമ്പുപെട്ടി വാങ്ങിക്കുന്നതിനു ൪൨൬-൭-൧൪ രൂപയും ഉൾപ്പെടെ ൮൬൩ രൂപ ൧൧൦൧-ലെ വിദ്യാഭ്യാസബഡ്ജററിൽ കൂടുതൽ അനുവദിക്കുന്നതിനുള്ള അപേക്ഷയായിരുന്നു കമ്മററിയുടെ അടുത്ത ആലോചനാവിഷയം ഇതിൽ ആദ്യത്തേതിനെ കമ്മററി അനുവദിച്ചു, ഇരുമ്പുപെട്ടിക്കുള്ള തുക ൩൦൦ രൂപ ആയികുറച്ചു.

൩. കുഷ്ഠരോഗികൾക്കുള്ള ആശുപത്രിയിൽ നിയമിച്ച സബ് അസിസ്റ്റന്റ് സർജൻ അദ്ദേഹം ജോലിയിൽപ്രവേശിച്ച ൧൧൦൦ മിഥുനം ൧൬-നുമുതൽ പ്രതിമാസം ൧൫ രൂപാ ലോക്കൽ അലവൻസ് കൊടുക്കുന്നതിനും അതിലേയ്ക്കായി ൧൧൦൧-ലെ മെഡിക്കൽ ബഡ്ജററിൽ ൧൫൦ രൂപ കൂടുതൽ കൊള്ളിക്കുന്നതിനും ഉള്ള അപേക്ഷ കമ്മിററി അനുവദിച്ചു.

൪. തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിയിൽ ൨൦-൧-൨൫ രൂപാ സ്കേലിൽ ഒരു ലൈബ്രറി അസിസ്റ്റന്റിനെയും പ്രതിമാസം ൨൦ രൂപ ശമ്പളത്തിൽ കൂടുതലായി രണ്ടു ലൈബ്രറി അസിസ്റ്റന്റന്മാരെയും ൧൫ രൂപ ശമ്പളത്തിൽ ഒരു അററണ്ടരെയും നിയമിച്ച് പബ്ലിക്ക് ലൈബ്രറി സിൽബന്തികളുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നും ഷെൽഫ് ചെക്ക് റജിസ്റ്ററും നാളിതുവരെയുള്ള സെക്ഷനൽ രജിസ്റ്ററും കാർഡ് ഇൻഡക്സും തയാറാക്കുന്നതു സംബന്ധിച്ച പ്രാരംഭജോലികൾ നിർവഹിക്കുന്നതിനു ആറുമാസത്തേക്കു അക്കൌണ്ടന്റിനെ നിയോഗിക്കണമെന്നും ഉള്ള ആലോചനയെപ്പററി കമ്മററി ചിന്തിച്ചു. ൧൧൦൧-ൽ മൂന്നുമാസത്തേക്കു കൂടുതൽ ആവശ്യപ്പെട്ട മൊത്തസംഖ്യ ൪൦൫ രൂപ ആയിരുന്നു. ഏതാനും വാദപ്രതിവാദത്തിനു ശേഷം ൨൦ രൂപ ശമ്പളത്തിൽ ഒരു അഡീഷണൽ ലൈബ്രറി അസിസ്റ്റന്റും ൧൫ രൂപ ശമ്പളത്തിൽ ഒരു അററണ്ടറും മാത്രം അനുവദിച്ചാൽമതിയെന്നും അതിലേക്കു ൧൧൦൧-ലെ പബ്ലിക്ക് ലൈബ്രറി ബഡ്ജററിൽ രൂ. ൧൦൫ അനുവദിച്ചുകൊടുക്കണമെന്നും മെമ്പർമാർ ഐകകണ്ഠ്യേന തീരുമാനിച്ചു.

൫. താഴെ വിവരം പ്രസ്താവിക്കുന്നതനുസരിച്ചു പ്രതിമാസം ൧൪൩-൧൪-൦ രൂപ കൂടുതൽ വ്യയം ചെയ്തു ൧൧൦൧ മേടം ൧-നുമുതൽ ഉമ്പമണ്ണിൽ ഒരു ഡിസ്പെൻസറി തുറക്കാനുള്ള ആലോചനക്കമ്മററി അനുവദിച്ചു.

ഒരു സബ് അസിസ്റ്റന്റ് സർജൻ	രൂപ	൫൦-൧൦/൩-൨൦
ഒരു കമ്പൌണ്ടർ	രൂപ	൨൦-൧-൨൫-൧/൨-൩൦
ഒരു മിഡ്‌വൈഫ്	രൂപ	൨൦-൧-൨൫-൧/൨-൩൦
ഒരു പ്യൂൺ	രൂപ	൯-൧/൩-൧൧
ഒരു തൂപ്പുകാരൻ	രൂപ	൨-൧൪-൦
തപാലവു	രൂപ	൧൦-൦-൦

ഇതുസംബന്ധിച്ചു ൧൧൦൧-ലെ മെഡിക്കൽ ബഡ്ജററിൽ ൩൫൩ രൂപ കൂടി കൂടുതലായി കൊള്ളിക്കുന്നതിനു കമ്മററി അനുവദിച്ചു.

൬. ൧൧൦൧-ലെ ആയുർവേദ ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള ൪൫൦ രൂപ പ്രതിഫലം പററിക്കൊണ്ടു, തിരുവനന്തപുരം ആയുർവേദകാളേജിലെ ആധുനികശരീരധർമ്മം ശരീരവ്യവച്ഛേദം എന്നീ വിഷയങ്ങളുടെ പ്രാസംഗികൻ മിസ്റ്റർ കേശവപിള്ള ഗവണ്മെൻറിലേക്കു വിലകൂടാതെ കൊടുത്തുകൊള്ളാമെന്നു സമ്മതിച്ചിരുന്ന ശരീരശാസ്ത്രസംബന്ധമായ മൂന്നു പുസ്തകങ്ങളുടെ കാപ്പി ൩൦൦-ൽ നിന്നും ൮൦ ആക്കി കുറയ്ക്കണമെന്നായിരുന്നു അടുത്ത ആലോചന. ഓരോ പുസ്തകത്തിനും ൨ രൂപ വില ആയിരിക്കുന്നതുകൊണ്ടു ൪൫൦ രൂപ പ്രതിഫലം പററിക്കൊണ്ടു ൬൦൦ രൂപ വിലവരുന്ന ൧൦൦ കാപ്പിവീതം കൊടുക്കുന്നതിനു ഗ്രന്ഥകാരനു സാധിക്കയില്ലെന്നു കണ്ടു, അതുകൊണ്ടു ആ ആലോചന കമ്മററി അംഗീകരിച്ചു.

൭. ൧൧൦൧ കുംഭം ൧-നു മുതൽ ആറുമാസത്തേക്കു പോലീസ് കമ്മീഷണരുടെ ആഫീസിൽ മോട്ടോർ വകുപ്പിൽ പ്രതിമാസം ൨൫ രൂപ ശമ്പളത്തിൽ ഒരു ടെമ്പററി അഡീഷണൽ ക്ലാർക്കിനെ കൂടെ നിയമിക്കുന്നതിനും അതിലേക്കു ൧൧൦൧-ലെ പോലീസ് ബഡ്ജററിൽ ൨൫ രൂപ കൂട്ടിച്ചേർക്കുന്നതിനും കമ്മററി അനുവദിച്ചു.

൮. കൃഷി ഡിപ്പാർട്ടുമെൻറിലെ സാമ്പത്തിക സസ്യശാസ്ത്രജ്ഞനായും നാട്ടുഹത്തിൻെറ സിൽബന്തികളേയും സ്ഥിരപ്പെടുത്തുന്നതിനായും ഇപ്പോഴത്തെ ഉദ്യോഗസ്ഥനു പൂസായിരുള്ള കാർഷികപരീക്ഷണസ്ഥാപനത്തിലെ പോയി സസ്യപരിരക്ഷണംസംബന്ധിച്ചു വേണ്ട പരിശീലനം സമ്പാദിക്കുന്നതിനു ഒരു വർഷത്തെ അവധി അനുവദിക്കുന്നതിനും കമ്മററി ആലോചിച്ചു. സാമ്പത്തിക സസ്യശാസ്ത്രജ്ഞൻ ചെയ്തു ജോലി പരിശോധിക്കുകയും ൧൧൦൧ കുംഭം ൧-നു മുതൽ ഒരു വർഷത്തേക്കുകൂടി അദ്ദേഹവും അദ്ദേഹത്തിൻെറ കീഴ്ജീവനക്കാരും തുടർന്നു ജോലിചെയ്യുന്നതിനു അനുവദിക്കുകയുംചെയ്തു. പ്രസ്തുതകാലത്തിൽ അദ്ദേഹം ചെയ്യുന്ന വേലയുടെ ഫലം കണ്ടിട്ടുവേണം സ്ഥിരപ്പെടുത്തുന്നകാര്യം ആലോചിക്കാനെന്നും തീരുമാനിച്ചു. അതുകൊണ്ടു ഇതുസംബന്ധിച്ചു ചിലവുകൾ വഹിക്കുന്നതിലേക്കുവേണ്ടി ഈയാണ്ടത്തെ കൃഷിഡിപ്പാർട്ടുമെൻറിലെ ബഡ്ജററിൽ രൂപ ൮൭൦ കൂടുതൽ കൊള്ളിക്കുന്നതിനുള്ള ആലോചന കമ്മററി അനുവദിച്ചു.

൯. മദ്രാസ് സർവകലാശാലയോടു ചേർന്ന ആർട്ട്സ് കാളേജിലെ ബി. എ., കോഴ്സിൽ IV-ാമത്തെ ഗ്രൂപ്പ് സംഘടിപ്പിക്കുന്നതു സംബന്ധിച്ചു സ്ഥലപരിശോധന നടത്തിയ മദ്രാസ് സർവകലാശാല കമ്മീഷണിലെ അംഗമായ ഡാക്ടർ ഹാഗിൻെറ നിർദ്ദേശമനുസരിച്ചു രസതന്ത്രശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷയെ കമ്മററി അനുവദിച്ചു. അതിലേക്കു ൧൧൦൧-ലെ വിദ്യാഭ്യാസബഡ്ജററിൽ ൧൭൫൦ രൂപ കൂടുതൽ ചേർത്തനുവദിക്കുന്നതിനും കമ്മററി തീരുമാനിച്ചു.

൧൦. ൧൧൦൧ ഇടവംമുതൽ പുതിയകാളേജ് ഹാസ്റ്റൽ ഉപയോഗയോഗ്യമായിരിക്കുമെന്നു പ്രതീക്ഷിച്ചിരുന്നതുകൊണ്ടു ഇപ്പോൾ സവർണ്ണഹിന്ദുഹാസ്റ്റൽ ഇരിക്കുന്നകെട്ടിടത്തിൻെറ വാടകവകയ്ക്കായി ൧൧൦൧-ലെ വിദ്യാഭ്യാസബഡ്ജററിൽ ഒരു വ്യവസ്ഥയും ചെയ്തിരുന്നില്ല. അതുകൊണ്ടു വാടകവകയ്ക്കായി ൧൧൦൧-ലെ വിദ്യാഭ്യാസബഡ്ജററിൽ ൩൪൨൭ രൂപ കൂടുതൽ കൊള്ളിച്ചനുവദിക്കുന്നതിനു കമ്മററി തീരുമാനിച്ചു.

൧൧. ഈയാണ്ടിൽ ആരംഭിച്ച പുതിയ പള്ളിക്കൂടങ്ങൾക്കു ഗ്രാൻറു കൊടുക്കുന്നതിനും, പുതിയക്ലാസുകൾ ആരംഭിച്ച പഴയ പള്ളിക്കൂടങ്ങൾക്കു കൂടുതൽ ഗ്രാൻറനുവദിക്കുന്നതിനും ചങ്ങനാശ്ശേരിയിലും തിരുവല്ലായിലും ഈ പാഠശാല വർഷാരംഭത്തിൽ പുതുതായി തുടങ്ങിയ ട്രയിനിംഗ്സ്കൂളുകളിൽ പരിശീലനം നടത്തിയ അദ്ധ്യാപകന്മാർക്കു വേതനം നൽകുന്നതിനും ഇപ്പോഴത്തെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുക തീരെ മതിയാകാത്തതുകൊണ്ടു ൧൧൦൧-ലെ വിദ്യാഭ്യാസബഡ്ജററിൽ "സഹായധനം" ഇനത്തിൽ ൩൯൦൦൦ രൂപ കൂടുതൽ അനുവദിക്കണമെന്നുള്ള അഭിപ്രായം കമ്മററി സ്വീകരിച്ചു.

൧൨. തിരുവനന്തപുരം അട്ടക്കുളങ്ങര മലയാളം ഹൈസ്കൂൾ കെട്ടിടം സുരക്ഷിതമായവിധത്തിൽ ഉപയോഗയോഗ്യമാക്കിതീർക്കുന്നതിനുവേണ്ടി ചില അടിയന്തിരവേലകൾ നടത്തുന്നതിനും അതിലേക്കു ൧൧൦൧-ലെ പൊതുമരാമത്തുഡിപ്പാർട്ടുമെൻറ ബഡ്ജററിൽ ൨൦൦൦ രൂപ കൂടുതൽ അനുവദിക്കുന്നതിനും ഉള്ള അപേക്ഷ കമ്മററി അനുവദിച്ചു.

൧൩. കൊല്ലം-ചെങ്കോട്ട റോഡിൽ ൪൩-ാമത്തെ മൈലും ൪൯-ാമത്തെ ൫൮-ാം മൈലുകളുടെ ഏതാനും ഭാഗങ്ങളും നന്നാക്കുന്നതിലേക്കു ൧൧൦൧-ലെ പൊതുമരാമത്തുഡിപ്പാർട്ടുമെൻറ ബഡ്ജററിൽ ൪൫൦൦ രൂപ കൂടുതൽ അനുവദിക്കണമെന്നുള്ള അപേക്ഷ കമ്മററി സമ്മതിച്ചു.

൧൪. കക്കാട്ടുനിന്നും ശുചീന്ദ്രത്തു പഴയാററു പാലത്തിനു സമീപം ചെല്ലു റോഡിലേക്കു ഒരു പ്രവേശനറോഡു അടിന്തരമായി വെട്ടുന്നതിനുള്ള ആലോചനയും അതിലേക്കു ൧൧൦൧-ലെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ ൪൯൧൦ രൂപ കൂടുതൽ അനുവദിക്കുന്നതിനുള്ള അപേക്ഷയും കമ്മററി അനുവദിച്ചു.

൧൫. ൧൧൦൧-ലെ ബഡ്ജററിൽ തിരുവനന്തപുരം ഡിസ്ത്രിക്ടും മുൻസീഫും കോടതി കെട്ടിടങ്ങൾ നന്നാക്കുന്നതിനുവേണ്ടി ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലേക്കു ൫൦൦ രൂപ അനുവദിച്ചിരുന്നു. കെട്ടിടസംരക്ഷണം സംബന്ധിച്ചജോലികൾ നിർവഹിക്കുന്നതു പ്രയാസമെന്നു കണ്ടിട്ടു ആ വക ജോലികൾ ൧൧൦൩ മുതൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കാമെന്നും അതിലേക്കു ജുഡിഷ്യൽ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള സംഖ്യ തിരിച്ചേൽപ്പിക്കാമെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. കമ്മററി ഈ അഭിപ്രായത്തെ അംഗീകരിക്കുകയും തദനുസരണം ൧൧൦൧-ലെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ബഡ്ജററിൽ ൫൦൦ രൂപ കൂടുതലായി അനുവദിക്കുകയുംചെയ്തു.

൧൬. ൧൧൦൧ കുംഭം ൧-നു മുതൽ സൂപ്രണ്ടിനെക്കൂടാതെ ആർക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറ ആറുമാസത്തേക്കു തുടരുന്നതിനുള്ള ആലോചന കമ്മററി അനുവദിച്ചു. ബ്രിട്ടീഷ് സർവീസിൽനിന്നും കടം വാങ്ങിയിരുന്ന സൂപ്രണ്ടിൻെറ കാലാവധി അവസാനിക്കുകയാൽ അദ്ദേഹത്തിനെ തിരിച്ചയച്ചു. പ്രസ്തുതകാലം ഡിപ്പാർട്ടുമെൻറ പണ്ഡിററ അസിസ്റ്റൻറിൻെറ ചാർജിൽ ഇരിക്കും. താഴെ വിവരിക്കുംപ്രകാരം ൧൧൦൧-ലെ ആർക്കിയാളജിക്കൽ ബഡ്ജററിൽ കൂടുതലായി ൮൯൦ രൂപ അനുവദിച്ചിരിക്കുന്നു:—

(൧)	പണ്ഡിററ അസിസ്റ്റൻറ	രൂപ	൨൪൦
(൨)	ടൈപ്പിസ്റ്റ് ക്ലാർക്ക	രൂപ	൧൧൫

(൩)	ഫോട്ടോഗ്രാഫർ	രൂപ	൧൪൫
(൪)	ശിപായികൾ	രൂപ	൧൨൦
(൫)	തൻചെലവു്	രൂപ	൨൧൦

൧൭. ൧൧൦൧ ഇടവം ൧-നു- മുതൽ കുമളിയിൽ ഒരു ഡിസ്പെൻസറി തുറക്കുന്നതിനുള്ള ആലോചന കമ്മററി അനുവദിച്ചു. കുമളിയിലെ ജനങ്ങളുടെ ആവശ്യം നിറവേററിക്കൊണ്ടിരുന്ന ബ്രിട്ടീഷ് ഡിസ്പെൻസറി തേക്കാടിയിൽനിന്നും പെരിയാറെറക്കു മാററിയതുകൊണ്ടാണ് ഈ ആവശ്യം നേരിട്ടതു. ഡിസ്പെൻസറിയിലെ ഒരുമാസത്തെ ചെലവിന്റെ വിവരം താഴെ കാണിക്കുന്നതാണ്:—

ഒരു സബ് അസിസ്റ്റൻറ സർജൻ	രൂപ.	൫൦—൭൦
ഒരു കമ്പൗണ്ടർ	രൂപ.	൨൦—൩൦
ഒരു പ്യൂൺ	രൂപ	൯—൧൧
തൻചെലവു് (ഒരു തൂപ്പുകാരന്റെ ശമ്പളം ഉൾപ്പെടെ)	രൂപ	൧൨
ഹിൽ അലവൻസ	രൂപ	൪൩-൨൧-൦

൧൧൦൧-ൽ രണ്ടുമാസത്തെ ചെലവിന്റെവകക്കു ൧൧൦൧-ലെ മെഡിക്കൽ ബഡ്ജററിൽ ൨൨൩ രൂപ കൂടുതൽ അനുവദിക്കുന്നതിനും കമ്മററി തീരുമാനിച്ചു.

൧൮. ൧൧൦൧-ൽ ബാക്കിയുള്ള മാസങ്ങളിൽ വ്യവസായഡിപ്പാർട്ടുമെൻറിൽ ബോറിംഗ് മിഷ്യൻ വേലചെയ്യുന്നതിനു ജീവനക്കാരുടെ ഇനത്തിലും തൻചെലവു വകയിലും ആയിട്ടു ൧൩൨൦ രൂപ കൂടുതൽ അനുവദിക്കുന്ന വിഷയത്തെപ്പററി കമ്മററി ആലോചിച്ചു. മിഷ്യൻ "കോൾഡ് സ്റ്റോറേജിൽ" വയ്ക്കുന്നതിനും ശരിയായി എണ്ണയിട്ടു സൂക്ഷിക്കുന്നതിനും ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽനിന്നും എപ്പോഴെങ്കിലും ആവശ്യപ്പെട്ടാൽ ഉപയോഗിക്കത്തക്കനിലയിലും സൂക്ഷിക്കുന്നതിനു ചീഫ് എൻജിനീയരെ ഉപദേശിക്കണമെന്നും കമ്മററി തീരുമാനിച്ചു. ഇങ്ങനെ മിഷ്യൻ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കുന്നതിനു കമ്മററി നിശ്ചയിച്ചു.

൧൯. സെൻട്രൽജയിലിലെ തടവുകാർക്കു സന്മാർഗ്ഗോപദേശം കൊടുക്കുന്ന ഉപദേഷ്ടാവിനു പ്രതിമാസം ൨൫ രൂപ പ്രതിഫലം കൊടുക്കുന്നവിഷയത്തെപ്പററി കമ്മററി ആലോചിച്ചു. കഴിഞ്ഞ കർക്കടകത്തിൽകൂടിയ നിയമസഭ ആ അലവൻസ നിരാകരിച്ചുകളഞ്ഞു. അതുകൊണ്ടുള്ള പ്രയോജനവും അതിനുവേണ്ടിവരുന്ന ചെലവുംകൂടി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ചെലവു വളരെ തുഛമായിരിക്കുന്നതുകൊണ്ടു അതു അനുവദിക്കേണ്ടതാണെന്നു കമ്മററി തീരുമാനിച്ചു. അതനുസരിച്ചു ൧൧൦൧-ലെ സെൻട്രൽ ജയിൽ ബഡ്ജററിൽ ൩൦൦ രൂപ കൂടുതൽ അനുവദിക്കുന്നതിനു കമ്മററി ഐകകണ്ഠ്യേന തീരുമാനിച്ചു.

൨൦. സർവെ അഡ്വാൻസ് കണക്കുകളും റിക്കവറി സ്റ്റേറ്റുമെൻറുകളും സംബന്ധിച്ച കുടിശ്ശിക വേലകൾ ചെയ്തുതീർക്കുന്നതിനു ൧൧൦൧ മേടം മുതൽ നാലു മാസത്തേക്കു സർവേസൂപ്രണ്ടാഫീസിൽ പ്രതിമാസം ൨൫ രൂപാ ശമ്പളത്തിൽ കൂടുതലായി രണ്ടു ക്ലാർക്കുകളെ നിയമിക്കുന്നതിനും അതിലേയ്ക്കു ൧൧൦൧-ലെ സർവേ ഡിപ്പാർട്ടുമെൻറ ബഡ്ജററിൽ ൧൫൦ രൂപാ കൂടുതൽ അനുവദിക്കുന്നതിനും കമ്മററി നിശ്ചയിച്ചു.

പകൽ ൧—൫—നു കമ്മററി പിരിഞ്ഞു.

ടി. പി. രാമസ്വാമയ്യർ,
ഫിനാൻസ് കമ്മററി നിർവാഹകൻ.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ,
രണ്ടാമത്തെ സഭ,
ഒന്നാമത്തെ സെഷൻ, ൧൧൨൧.
(ഒഫിഷ്യൽ റിപ്പോർട്ട്,
൧൯൪൬ ഏപ്രിൽ ൨൦-ാം/൧൧൨൧ മേടം ൭-ാം ചൊവ്വാഴ്ച.
ഡെപ്യൂട്ടി പ്രസിഡന്റ് ൧൧-ന്ന അഗ്രാസനാധിപത്യം വഹിച്ചു.
ചോദ്യങ്ങളും ഉത്തരങ്ങളും.

സ്റ്റാൻഡിങ് ഓർഡർ നമ്പർ ൧൨ പ്രകാരം പ്രസിഡന്റ് പാസ്സാക്കിയ ഉത്തരവ്:—

(൧) സഭയുടെ ഓരോ യോഗത്തിൽ ചോദിക്കാനുള്ള ചോദ്യങ്ങളുടേയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ പ്രെസിഡന്റ് ആസനസ്ഥനാകുന്നതിനു ൧൫ മിനിററിനു മുൻപായി മേശപ്പുറത്തു വച്ചിരിക്കണം.

(൨) ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കാണിച്ചിരിക്കുന്ന ക്രമപ്രകാരം ആയിരിക്കണം:—

ഓരോ പ്രശ്നകർത്താവിന്റേയും പേരു നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കയും അദ്ദേഹത്തിന്റെ ചോദ്യങ്ങളുടേ നമ്പർ പ്രസ്താവിക്കയും ചെയ്തിട്ട് അദ്ദേഹത്തിനു വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം തന്റെ സ്ഥാനത്തു എഴുന്നേററു നിൽക്കാൻ അല്പസമയം കൊടുക്കേണം. പ്രധാനചോദ്യങ്ങളെ ഉടനെതന്നെ അവയെ സംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു.

വനങ്ങളിലെ ഗതാഗതമാർഗ്ഗങ്ങളെ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ചുള്ള പദ്ധതി.

൨൦൨. മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): "സ്ഥിരതയില്ലായ്മ അകററുകയും ഗതാഗതസൌകര്യങ്ങളെ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായ ഒരു പദ്ധതി ധൈര്യമായും നിഷ്ക്കർഷയായും രൂപീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്" എന്നു ശ്രീമൂലം പ്രജാസഭയുടെ ഇരുപതാമത്തെ യോഗത്തിൽ "വനം" എന്ന തലക്കെട്ടിൽ ദിവാൻ പ്രസ്താവിച്ചിട്ടുള്ളതിനെ സംബന്ധിച്ചു ഏതെങ്കിലും പദ്ധതി രൂപീകരിക്കപ്പെട്ടിട്ടുണ്ടോ എന്നു പ്രസ്താവിക്കുന്നതിനും, ഉണ്ടെങ്കിൽ അതിനെ മേശമേൽ വയ്ക്കുന്നതിനും ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): ക്ലിപ്തമായ ഒരു പദ്ധതി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ജലമാർഗ്ഗങ്ങൾ ഏററവും ഉത്തമവും ഏററവും ആദായകരവും ആയ ഏർപ്പാടാണെന്നു കണ്ടിരിക്കുന്നതിനാൽ തടികൾ ഒരു ദിക്കിൽ നിന്നും മറെറാരു ദിക്കിലേക്കു എളുപ്പത്തിൽ കൊണ്ടുപോകുന്നതിനായി ജലമാർഗ്ഗങ്ങളെ പരിഷ്കരിക്കുന്നതിനു ഒരു വലുതായ സംഖ്യ മാരോ കൊല്ലവും ചെലവാക്കി വരുന്നുണ്ട്. നദികൾ ഉന്നാക്കുന്നതിന് സാധിക്കാതവരുമ്പോൾ പുതിയറോഡുകൾ വെട്ടുകയും പഴയറോഡുകളെ പരിഷ്കരിക്കയും ചെയ്യുന്നുണ്ട്.

വനങ്ങളിലുള്ള ഗതാഗതമാർഗ്ഗങ്ങളുടെ പരിഷ്ക്കാരം.

൨൦൩. മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഗവണ്മെന്റും കച്ചവടക്കാരുമായുള്ള ഇടപാടുകൾ കച്ചവടക്കാർക്കു ആദായകരമായി പരിണമിക്കത്തക്കവണ്ണമുള്ള നിരക്കുകളിലും വ്യവസ്ഥകളിലും തടിയും മററു സാധനങ്ങളും വിൽപ്പന ഡിപ്പോകളിലും കച്ചവടസ്ഥലങ്ങളിലും കൊടുക്കേണ്ടതു സംബന്ധിച്ചുള്ള ദുഷ്പ്രശ്നങ്ങളെ വനം പ്രദേശങ്ങളിലുള്ള ഗതാഗതസൌകര്യങ്ങളെ വർദ്ധിപ്പിക്കയും പരിഷ്കരിക്കയുംചെയ്യുകയിൽ മാത്രമെ പരിഹരിക്കാൻ സാധിക്കയുള്ളൂ എന്ന വസ്തുതയെ അറിഞ്ഞു ആ വിഷയത്തിൽ ഗവണ്മെന്റിൽ നിന്നും എന്തുചെയ്തിട്ടുണ്ടെന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): ൨൦൨-ാമതു ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി മെംബർ നോക്കേണ്ടതാണ്.

രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ള കമ്മിററിയുടെ റിപ്പോർട്ട്.

൨൦൪. മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): പേരിൽപതിവുകളിൽനിൽപ്പുള്ള രാജകീയവൃക്ഷങ്ങളിന്മേലുള്ള പൂർണ്ണമായ അവകാശം പ്രസ്തുത ഭൂമികളുടെ ഉടമസ്ഥന്മാർക്കു കൊടുക്കേണ്ടതിനെ സംബന്ധിച്ചുള്ള കാര്യം ആലോചിക്കുന്നതിനു നിയമിച്ചിട്ടുള്ള കമ്മിററി അതിന്റെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ ഗവണ്മെന്റ് ദയവുണ്ടായി മേശമേൽ വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): പേരിൽപതിവുള്ള ഭൂമികളിൽ നിൽപ്പുള്ള രാജകീയവൃക്ഷങ്ങളിന്മേലുള്ള ഉടമസ്ഥാവകാശം അവയുടെ ഉടമസ്ഥന്മാർക്കു കൊടുക്കേണ്ടതിനെ സംബന്ധിച്ചുള്ള വിഷയത്തെപ്പററി ആലോചിക്കുന്നതിനു നിയമിച്ചിട്ടുള്ള കമ്മിററി ഇതുവരെയും അവരുടെ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): തന്നിട്ടുള്ള മറുപടിയെ സംബന്ധിച്ചു കമ്മിററിക്കാർ അവരുടെ ജോലി പൂർത്തിയാക്കിട്ടു എത്രകാലമായി എന്നു മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): കമ്മിററിക്കാർ ഇതുവരേയും അവരുടെ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അവരുടെജോലി പൂർത്തിയാക്കീട്ടു ഇപ്പോൾ എത്രകാലമായി? അതാണു എനിക്കു അറിയേണ്ടതായിട്ടുള്ളത്.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): അവരുടെജോലി പൂർത്തിയാക്കിയിട്ടുണ്ടോ എന്നു ഗവണ്മെന്റിനു അറിയാൻപാടില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അതിനെപ്പററി ഗവണ്മെന്റിനു യാതൊരു വിവരവുമില്ലെങ്കിൽ അവരുടെ സ്വന്ത പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ചിടത്തോളം ആക്കാണ് കുററക്കൂടി വല്ലതിന്മേലും അറിയാവുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): കമ്മിററിക്കാർ അവരുടെ ജോലി ഇതു

വരെ പൂർത്തിയാക്കീട്ടില്ല; എന്തെന്നാൽ റിപ്പോർട്ട തയ്യാറായിട്ടില്ല. അവരുടെ റിപ്പോർട്ട എന്നു പൂർത്തിയാകുമെന്നു കമ്മിററിക്കാൎക്കു മാത്രമേ അറിയാൻ പാടുള്ളു.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ശ്രീമൂലം പ്രജാസഭയുടെ ഇരുപത്തിഒന്നാമത്തെ യോഗത്തിൽ മെമ്പറന്മാരോടുള്ള ദിവാന്റെ ഉപക്രമ പ്രസംഗത്തിൽ ചുവടെ ചേൎക്കുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"മേൽ പതിവുള്ള ഭൂമികളിൽ നിൽക്കുന്ന രാജകീയ വൃക്ഷങ്ങളിന്മേലുള്ള പൂൎണ്ണഉടമസ്ഥാവകാശത്തെ ആ ഭൂമികളുടെ ഉടമസ്ഥന്മാൎക്കുതന്നെ നൽകുന്നകാൎയ്യം ആലോചിക്കുന്നതിനു ൧൦൯൯-ൽ ഗവൺമെന്റിൽ നിന്നും നിയമിച്ചിട്ടുള്ള കമ്മിററി അവരുടെ ജോലി പൂൎത്തിയാക്കിയിട്ടുള്ളതും അവരുടെ റിപ്പോർട്ട അധികം താമസിക്കാതെ തന്നെ സമൎപ്പിക്കുന്നതാണെന്നു പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്നു".

കമ്മിററിക്കാർ അവരുടെ ജോലി പൂൎത്തിയാക്കിയിട്ടുണ്ടെന്നു ഇതിൽനിന്നും സ്പഷ്ടമാകുന്നതാണ്. എന്നാൽ അവരുടെ ജോലി ഇതുവരെയും പൂൎത്തിയാക്കീട്ടില്ലെന്നാണ് മെമ്പർ നൽകിയിട്ടുള്ള മറുപടി.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): പ്രസ്തുത റിപ്പോർട്ട ഗവൺമെന്റിലേക്കു ഇതുവരെ സമൎപ്പിച്ചിട്ടില്ലെന്നു മെമ്പർ വായിച്ചതിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. റിപ്പോർട്ടാ കമ്മിററിക്കാരുടെ ജോലികളിൽ ഒരു അംശം ആയിരിക്കുന്ന സ്ഥിതിക്കു കമ്മിററിക്കാർ അവരുടെ ജോലി പൂൎത്തിയാക്കിയിട്ടുണ്ടെന്നു ക്ലിപ്തമായി പറയാൻ പാടില്ല.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): റിപ്പോർട്ട സമൎപ്പിക്കുന്നതിനു ഏതെങ്കിലും ക്ലിപ്തസമയം നിശ്ചയിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ആ ചോദ്യത്തിനു എതിരെ നോട്ടീസു തരണം.

യുദ്ധത്തിൽ ജോലിചെയ്തിട്ടുള്ള ആളുകളുടെ ലിസ്റ്റ്.

൨൦൯. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) മഹായുദ്ധം സംബന്ധിച്ചു ജോലിചെയ്തിട്ടുള്ള യോദ്ധാക്കളുടെയും യോദ്ധാക്കൾ അല്ലാത്തവരുടെയും ഒരു സൂക്ഷ്മമായ ലിസ്റ്റ ഗവൺമെന്റിൽനിന്നോ ഗവൺമെന്റ അധീനത്തിലുള്ള വല്ല ആളുമോ സംരക്ഷിച്ചുവരുന്നുണ്ടോ എന്നും ഇല്ലെങ്കിൽ അപ്രകാരമുള്ള ഒരു ലിസ്റ്റ പട്ടാളക്കമ്മററിക്കാർ എന്തുകൊണ്ടു വച്ചുകൊണ്ടിരിക്കുന്നില്ലാ എന്നും;

(ബി) മഹായുദ്ധസംബന്ധിച്ചു യോദ്ധാക്കൾ എന്ന നിലയിലും യോദ്ധാക്കൾ അല്ലെന്നുള്ള നിലയിലും ഈ സംസ്ഥാനത്തിൽ നിന്നും പോയി ജോലിചെയ്തിട്ടുള്ള ആളുകളുടെ മൊത്തം സംഖ്യ എന്താണെന്നും;

(സി) അവരിൽ മരിച്ചവരുടെ സംഖ്യ എന്താണെന്നും;

(ഡി) തിരിച്ചുവന്നവരുടെ മൊത്തം സംഖ്യ എന്താണെന്നും;

(ഇ) അപ്രകാരമുള്ള ആളുകൾക്കു ഗവൺമെന്റ ജോലി കിട്ടണമെന്നു കാണിച്ചു കിട്ടിയിട്ടുള്ള അപേക്ഷകളുടെ മൊത്തം എണ്ണം എന്താണെന്നും, പലേവകുപ്പുകളിലുമായി സ്ഥിരമായിട്ട നിയമിക്കപ്പെട്ടിട്ടുള്ള ആളുകളുടെ സംഖ്യ എന്താണെന്നും, ഗവൺമെന്റ ദയവുണ്ടായി പറയുമോ?

മി. കെ. ജാൎജ് (ആക്ടിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി):

(എ) തിരുവിതാംകോട്ട ഗവൺമെന്റ റിക്രൂട്ടിംഗ് ആഫീസരാൽ വാർസർവീസിനു ചേൎക്കപ്പെട്ട ആളുകളുടെ പൂൎണ്ണമായ ഒരു ലിസ്റ്റ് പട്ടാളക്കമ്മററി വച്ചിട്ടുള്ളതും സർവീസിൽനിന്നും തിരിച്ചുവന്നു എന്നുള്ള വസ്തുതയെ പട്ടാളക്കമ്മററിയെ അറിയിച്ചിട്ടുള്ളവരുടെ പേരുവിവരം അതിൽ കാണിച്ചിട്ടുള്ളതും ആകുന്നു.

(ബി) ൩,൭൭൦ — യോദ്ധാക്കൾ. ൨൭൨൭-യോദ്ധാക്കളല്ലാത്തവർ ൭,൬൨൨-ം ആകുന്നു.

(സി)-ം (ഡി)-ം ഇതിനെപ്പററി അറിവില്ല.

(ഇ) അപേക്ഷക്കാരുടെ മൊത്തംസംഖ്യ ൧,൫൩൯-ം സ്ഥിരമായും താൽക്കാലികമായും ജോലികൊടുക്കപ്പെട്ടവരുടെ സംഖ്യ ൪൯൪-ം ആകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചോദ്യത്തിന്റെ (ഇ) ഭാഗത്തെ സംബന്ധിച്ചിടത്തോളം ൧,൫൩൯ അപേക്ഷകന്മാരിൽ ൪൯൪ പേരെ നിയമിച്ചിട്ടുള്ളതുപോകെ മറവുള്ള അപേക്ഷകന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ അപേക്ഷകളെപ്പററി ഇനിയും ആലോചിക്കപ്പെടുമൊ അതല്ല അവയെ നിരാകരിച്ചിരിക്കുന്നൊ എന്നു ചീഫ്സെക്രട്ടറി പറയുമോ?

മി. കെ. ജാൎജ് (ആക്ടിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): അവരുടെ അപേക്ഷകൾ ഡിപ്പാർട്ടുമെന്റ മേലധികാരികളുടെ പക്കൽ ഇരിക്കയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയാണെങ്കിൽ അവയെ നിരാകരിച്ചിട്ടില്ലെന്നാണോ പറയുന്നത്?

മി. കെ. ജാൎജ് (ആക്ടിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): അവ നിരാകരിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നു എനിക്കു അറിയാൻ പാടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവയെ വേഗത്തിൽ തീൎച്ചചെയ്യുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാൎജ് (ആക്ടിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): അങ്ങനെ ആകാം.

പട്ടാളക്കമ്മററി.

൨൧൦. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പട്ടാളക്കമ്മററി രൂപീകരിക്കപ്പെട്ടതുമുതൽ നാളിതുവരെ അതിലേക്കുവേണ്ടി ഗവൺമെന്റിൽനിന്നും മൊത്തം ചെലവായിട്ടുള്ളതുക എന്താണെന്നും കമ്മിററിമുഖാന്തരം സ്ഥിരം ഉദ്യോഗം കിട്ടിയിട്ടുള്ളവരുടെ സംഖ്യ എന്താണെന്നും ഗവൺമെന്റ ദയവുണ്ടായി പറയുമോ?

മി. കെ. ജാൎജ് (ആക്ടിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): നാളിതുവരെ കമ്മിററിക്കു ചെലവാക്കിയിട്ടുള്ളതു ൩,൨൬൬ രൂപയാകുന്നു. കമ്മിററി രൂപീകരിക്കപ്പെട്ടതിനുശേഷം ൪൯൪ പേരെ സർവീസിൽ നിയമിച്ചു; എന്നാൽ കമ്മിററിമുഖാന്തരം എത്രപേരെ നിയമനം സിദ്ധിച്ചു എന്നു പറയാൻ സാദ്ധ്യമല്ല.

൧൦൯൯-ലും ൧൧൦൦-ലും ചെങ്കോട്ടപട്ടണത്തിൽ ചെലവായിട്ടുള്ള ചാരായം.

൨൦൯. മി. എസ്. സുബ്രഹ്മണ്യകയ്യാളർ (പത്തനാപുരവും ചെങ്കോട്ടയും): ൧൧൨൪-ം ൧൧൨൫-ം കൊല്ലങ്ങളിൽ ചെങ്കോട്ട പട്ടണത്തിലുള്ള ചാരായഷാപ്പിൽ എത്രഗ്യാലൻ ചാരായം വിററിട്ടുണ്ടെന്നു കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ? ൧൧൨൫-മാണ്ടു ചെലവു ഇത്ര വർദ്ധനയുണ്ടായിരിക്കുന്നെങ്കിൽ ആ വർദ്ധനയ്ക്കുള്ള കാരണമെന്താണ്?

മി. പി. എൻ. കുഞ്ഞുപിള്ള (ആക്ടിംഗ് ഗവണ്മെന്റു സിക്രട്ടറി): ചെങ്കോട്ടപ്പട്ടണത്തിലുള്ള ചാരായഷാപ്പിൽ ൧൧൨൪-ം ൧൧൨൫-ം ആണ്ടുകളിൽ വിററിട്ടുള്ള ചാരായം യഥാക്രമം ൩൦൦൭൯-ം ൧൧൩൧൧൦-ം പ്രൂഫ ഗാലനുകളാണ്.

൧൧൨൪-ാമാണ്ടു അവസാനത്തിൽ ഉണ്ടായ ചാർജ് സ്കീമുകളുടെ അറസ്റ്റുകാരപ്പണികൾ തീർക്കുന്നതിനു ആ പ്രദേശത്തുണ്ടായിരുന്ന റെയിൽവേ വകയിൽ വേലചെയ്തുകൊണ്ടിരുന്ന അനേകം കൂലിക്കാരും, തൊട്ടുകിടക്കുന്ന തെങ്കാശിതാലൂക്കിലുള്ള സ്ഥലങ്ങളിൽനിന്നു അനേകം ആളുകളും ചാരായം വാങ്ങുന്നതിനു പ്രസ്തുത ഷാപ്പിൽ വന്നുകൊണ്ടിരുന്നതും ൧൧൨൫-ാമാണ്ടു വർദ്ധനയുണ്ടായതിന്റെ കാരണമെന്നു പറയപ്പെട്ടിരിക്കുന്നു. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ൧൧൨൪-ാമാണ്ടിൽ ചെലവിൽ വളരെ കുറവുണ്ടായിരുന്നു. ൧൧൨൪-ാമാണ്ടു ചെലവായിട്ടുള്ളതിനോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ൧൧൨൫-ാമാണ്ടത്തെ ചെലവിൽ കാണുന്ന പ്രത്യക്ഷമായ വർദ്ധനക്കുള്ള മറെറാരു കാരണവും ഇതുതന്നെയാണ്.

൧൧൨൪-ലും ൧൧൨൫-ലും അയച്ചിട്ടുള്ള സിവിൾ വാറണ്ടുകൾ.

൨൧൦. മി. എസ്. സുബ്രഹ്മണ്യകയ്യാളർ (പത്തനാപുരവും ചെങ്കോട്ടയും): ൧൧൨൫ മീനം, മേടം, ഇടവം എന്നീ മാസങ്ങളിൽ ചെങ്കോട്ട മുൻസിഫിനാൽ അയക്കപ്പെട്ട സിവിൾ വാറണ്ടുകളുടെ എണ്ണത്തെ കാണിക്കുന്നതും ൧൧൨൪-ൽ അതേമാസങ്ങളിൽ അയച്ചിട്ടുള്ള വാറണ്ടുകളുടെ എണ്ണത്തെക്കാണിക്കുന്നതുമായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സിക്രട്ടറി): താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ മെമ്പർക്കു ആവശ്യമുള്ള വിവരം കാണിച്ചിരിക്കുന്നു:—

	൧൧൨൪-ൽ അയക്കപ്പെട്ട വാറണ്ടുകളുടെ സംഖ്യ.	൧൧൨൫-ൽ അയക്കപ്പെട്ട വാറണ്ടുകളുടെ സംഖ്യ.
മീനം	൩൮	൭൪
മേടം	...	൩൮
ഇടവം	൩൩	൭൨

കട്ടപ്പനത്തിലുള്ള മുൻസിഫ്കോടതി.

൨൧൧. മി. എ. ജെ. ജാൺ (വയ്ക്കം): (എ) ഇപ്പോഴത്തെ ഏർപ്പാടു അനുസരിച്ചു വയ്ക്കത്തു രണ്ടു മുൻസിഫ്കോടതികൾ ആവശ്യമുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) കട്ടപ്പനത്തിൽ ഒരു മുൻസിഫ്കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി നിവേദനങ്ങൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നു ദയവുണ്ടായി പറയുമോ?

(സി) ആ വിഷയത്തെസംബന്ധിച്ചു എന്തെങ്കിലും നടപടിനടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു ഗവണ്മെന്റു ദയവുണ്ടായി പറയുമോ?

മി. കെ. ജാർജ്ജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സിക്രട്ടറി): (എ)-യും (ബി)-യും. മറുപടി ഇല്ലെന്നാണ്.

(സി) (എ), (ബി) എന്നീ ഭാഗങ്ങൾക്കുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

പിന്നോക്കംനില്ക്കുന്ന വർഗ്ഗക്കാരിൽപെട്ട വിദ്യാർത്ഥികൾക്കുള്ള ഫീസ് സൌജന്യത്തിനുള്ള കമ്മിററികൾ.

൨൧൨. മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): (എ) ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ഫീസ് സൌജന്യങ്ങൾക്കായി പിന്നോക്കംനില്ക്കുന്ന വർഗ്ഗക്കാരിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അയക്കുന്ന അപേക്ഷകളെ സ്വീകരിക്കുന്നതിനും അവയെപ്പററി ആലോചിക്കുന്നതിനുമായി സംസ്ഥാനമൊട്ടുക്കു എത്ര കമ്മിററികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്?

(ബി) പിന്നോക്കം നില്ക്കുന്ന വർഗ്ഗക്കാരിൽപെട്ട ആളുകൾ ഉള്ളതായി അപ്രകാരം എത്ര കമ്മിററികളുണ്ട്?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റു സിക്രട്ടറി): (എ) ഈ വിഷയത്തെ സംബന്ധിച്ചുള്ള ഗവണ്മെന്റു ഉത്തരവിൽ ഉദ്ദേശിച്ചിട്ടുള്ളതിനുമന്നും എല്ലാ സമുദായങ്ങളിലും ഉൾപ്പെട്ട (പിന്നോക്കംനില്ക്കുന്ന സമുദായങ്ങൾ മാത്രമല്ല) സാധുക്കളായ വിദ്യാർത്ഥികളിൽനിന്നും ഫീസ് സൌജന്യങ്ങൾക്കായി കിട്ടുന്ന അപേക്ഷകളെപ്പററി ആലോചിക്കുന്നതിനു വിദ്യാലയവർഷം ൧൧൨൪-൨൫-ൽ സംസ്ഥാനമൊട്ടുക്കു ഇരുപത്തിഎട്ടു കമ്മിററികൾ രൂപീകരിക്കപ്പെട്ടു.

(ബി) താലൂക്കിലെ തഹശീൽദാർ, വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ, ശ്രീമൂലംപ്രജാസഭയുടെ തദ്ദേശത്തെയോഗത്തിലേക്കു തിരഞ്ഞെടുത്തു അയക്കപ്പെട്ട താലൂക്കുമെമ്പർ എന്നിവരാണു കമ്മിററികളിൽ അടങ്ങിയിട്ടുള്ള ആളുകൾ. ഈ ഏർപ്പാടനുസരിച്ചു പിന്നോക്കംനില്ക്കുന്ന സമുദായങ്ങൾക്കു കമ്മിററികളിൽ പ്രാതിനിധ്യം നൽകത്തക്കവണ്ണം ഗവണ്മെന്റിൽനിന്നും മെമ്പർമാരെ നിയമിക്കുന്നതു സാധ്യമല്ല. മേല്പറഞ്ഞ (എ)-ംഭാഗത്തിനു നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ള ഇരുപത്തിഎട്ടു കമ്മിററികളിൽ മൂന്നു എണ്ണത്തിൽ പിന്നോക്കംനില്ക്കുന്ന വർഗ്ഗക്കാരിൽപെട്ട മെമ്പർമാർ ഉണ്ടായിരുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): അപേക്ഷകന്മാർ ഫീസ് സൌജന്യത്തിനു അർഹതയുള്ളവരാണോ അല്ലയോ എന്നുള്ള സംഗതി തീരുമാനിക്കുന്നതിലേക്കു തങ്ങളുടെ മേൽനടപടികൾക്കു ആയി ഈ കമ്മിററികൾ സവർണ്ണഹിന്ദുസമുദായത്തിൽപെട്ട പാർട്ടിക്കാരന്മാരുടെപക്കൽനിന്നും കിട്ടുന്ന റിപ്പോർട്ടുകളെ മാത്രമാണു ആശ്രയിച്ചിരിക്കുന്നതു എന്നുള്ള വിവരം ഗവണ്മെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): പാർശ്വക്കാരന്മാരുടെ പക്കൽനിന്നുമാണോ പ്രസ്തുത റിപ്പോർട്ടുകൾ കിട്ടുന്നതെന്ന കണിശമായി എനിക്ക പറയാൻപാടില്ല. തഹശീൽദാർ കമ്മിററിയിലെ ഒരു മെംബറാണ്; പാർശ്വക്കാരന്മാരുടെ പക്കൽനിന്നും അദ്ദേഹത്തിന റിപ്പോർട്ടുകൾ കിട്ടുമായിരിക്കാം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): പാർശ്വക്കാരന്മാരുടെ പക്കൽനിന്നുമല്ലേ പ്രസ്തുത റിപ്പോർട്ടുകൾ പ്രധാനമായി കിട്ടുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): പാർശ്വക്കാരന്മാർമുഖേനമാത്രമാണോ അന്വേഷണങ്ങൾ നടത്തപ്പെടുന്നതെന്ന എനിക്ക പറയാൻ നിവൃത്തിയില്ല. ഓരോ താലൂക്കിലേയും തഹശീൽദാർ ഒരു അംഗമാണ്; അതിനാൽ പാർശ്വക്കാരന്മാർ മുഖേനയും അദ്ദേഹം അന്വേഷണങ്ങൾ നടത്തുന്നുണ്ടായിരിക്കാം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അധികമുള്ള സ്ഥലങ്ങളിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരിൽ ഉൾപ്പെട്ട ഒരാളെ ഒരു അംഗമായി കമ്മററിയിൽ നിയമിക്കേണ്ടതിന്റെ ആശാസ്യതയെപ്പററി ഗവണ്മെന്റ ചിന്തിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അതിനെപ്പററി ചിന്തിക്കുന്നതാണ്. എന്നാൽ, ഗവണ്മെന്റ ഉത്തരവിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള ഇപ്പോഴത്തെ ഘടന അനുസരിച്ച് അപ്രകാരം ചെയ്യുന്നതിന സാധിക്കുന്നതല്ല. ഗവണ്മെന്റ ഉത്തരവു ഭേദപ്പെടുത്തേണ്ടതു ആവശ്യമാണ്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): ഗവണ്മെന്റ ഉത്തരവു ഭേദപ്പെടുത്തുന്നതു അസാദ്ധ്യമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അല്ല, അതു സാദ്ധ്യമാണ്. മെംബറിന്റെ നിർദ്ദേശത്തെപ്പററി ആലോചിക്കുന്നതാണ്.

ഫീസ് സൌജന്യങ്ങൾ നൽകുന്നതു സംബന്ധിച്ചുള്ള ഡിപ്പാർട്ടുമെന്റ ഉത്തരവുകൾ.

൨൧൧. മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): (എ) തങ്ങളുടെ വിദ്യാലയങ്ങളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളിൽനിന്നും ഫീസുസൌജന്യങ്ങൾക്ക പുതുതായി അപേക്ഷകൾ സ്വീകരിക്കരുതെന്നു കാണിച്ച് ഡിപ്പാർട്ടുമെന്റ ഇംഗ്ലീഷ് വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്ററന്മാർക്ക അംഗീകാരം നിഷേധിച്ചിട്ടുള്ള വിദ്യാലയങ്ങളിലെ മാനേജരന്മാർക്ക വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നും സർക്കുലർ ഉത്തരവുകൾ അയച്ചിട്ടുള്ളതു വാസ്തവമാണോ എന്ന ഗവണ്മെന്റ ദയവുണ്ടായി പറയുമോ?

(ബി) (എ) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ, അതിലേക്ക ഗവണ്മെന്റ അനുവാദം ഉണ്ടോ എന്ന ഗവണ്മെന്റ ദയവുണ്ടായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ അനുവാദം കിട്ടുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിഷയത്തെപ്പററി ഗവണ്മെന്റിലേക്ക റിപ്പോർട്ടയച്ചപ്പോൾ, മുൻപേതന്നെ വിദ്യാലയങ്ങളിൽ ഉണ്ടായിരുന്നവരും എന്നാൽ തലെ ആണ്ടിൽ സ്കാളർഷിപ്പിന അനർഹന്മാരാണെന്ന വിചാരിക്കപ്പെട്ടിരുന്നവരും ആയ വിദ്യാർത്ഥികളിൽ നിന്നുമുള്ള അപേക്ഷകൾ, വിദ്യാർത്ഥികളുടെ ധനസ്ഥിതിയിൽ വ്യത്യാസങ്ങൾ വന്നിട്ടുള്ളതായി അപ്രകാരമുള്ള അപേക്ഷകളിൽ കാണുന്നപക്ഷം സ്വീകരിക്കപ്പെടേണ്ടതാണെന്ന കാണിച്ച് ഗവണ്മെന്റിൽനിന്നും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്ലാമ്പുമാന്യുഫാക്ച്ചറിയിലുള്ള ജീവനക്കാരുടെയിടയിലുള്ള അതൃപ്തി.

൨൧൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

എ. (എ) സ്ലാമ്പുമാന്യുഫാക്ച്ചറിയിലെ സിൽബന്ധികളുടെ യിടയിൽ സാരമായിട്ടുള്ള അതൃപ്തിയുണ്ടായിരിക്കുന്നതിനെപ്പററി ഗവണ്മെന്റിന അറിവുണ്ടോ എന്നും;

(ബി) സ്ലാമ്പുമാന്യുഫാക്ച്ചറിയിലെ സിൽബന്ധികൾ സ്ലാമ്പുമാന്യുഫാക്ച്ചറിയിലെ സൂപ്രണ്ടുവഴി ഗവണ്മെന്റിലേക്ക മെമ്മോറിയലുകൾ സമർപ്പിച്ചിട്ടുണ്ടോ എന്നും, ആ മെമ്മോറിയലുകൾ ന്യായാനുസരണം ഗവണ്മെന്റിലേക്ക അയച്ചിട്ടുണ്ടോ എന്നും ഗവണ്മെന്റ ദയവുണ്ടായി പ്രസ്താവിക്കുമോ?

ബി. (എ) (ബി) ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ അതുസംബന്ധമായി എന്തു നടപടി നടത്തിയിട്ടുണ്ടെന്ന ഗവണ്മെന്റ ദയവുണ്ടായി പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സിക്രട്ടറി):

എ. (എ) ഇല്ലെന്നാണ മറുപടി.

(ബി) ഒരു യന്ത്രം ഉപയോഗിച്ചതു സംബന്ധിച്ച് അശ്രദ്ധ കാണിച്ച രണ്ടു കീഴ്ജീവനക്കാരും, ജോലിയിൽ അശ്രദ്ധ കാണിച്ചതു സംബന്ധിച്ച് ശിക്ഷിക്കപ്പെട്ട മററ രണ്ടു ആളുകളും സ്ലാമ്പുമാനിഫാക്ച്ചറി സൂപ്രണ്ടുമുഖേന അഞ്ചൽവഴി ദിവാൻജിക്ക ഹർജികൾ അയച്ചു. ഇവയെ സൂപ്രണ്ട അയച്ചില്ല; എന്നാൽ അവർ ആദ്യമായി അപ്പീലുകൾ കൊടുക്കേണ്ടതു നിയന്ത്രണം നടത്തുന്ന ഉദ്യോഗസ്ഥന്റെ അടുക്കലാണെന്നും, അപ്രകാരം നിയന്ത്രണം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനത്തിനശേഷം മാത്രമെ രണ്ടാമത്തെ അപ്പീലുകൾ ഗവണ്മെന്റിൽ കൊടുക്കാവൂ എന്നും ആദ്ദേഹം അവരെ അറിയിച്ചു. പിന്നീട യാതൊരു ഹർജികളും സൂപ്രണ്ടിനു കിട്ടിയിട്ടില്ല.

(സി) സ്ലാമ്പുമാന്യുഫാക്ച്ചറി സൂപ്രണ്ടുമുഖാന്തിരം യാതൊരു മെമ്മോറിയലുകളും ഗവണ്മെന്റിന കിട്ടിയിട്ടില്ല. ആദ്യത്തെ അപ്പീൽ നിയന്ത്രണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പക്കൽ കൊടുക്കണമെന്നാണ ഗവണ്മെന്റ വിചാരിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ (എ) ഭാഗത്തിനുള്ള മറുപടി സംബന്ധിച്ച് സ്ലാമ്പുമാന്യുഫാക്ച്ചറിയിലെ കീഴ്ജീവനക്കാർ സ്ലാമ്പുമാന്യുഫാക്ച്ചറി സൂപ്രണ്ടുവഴി ഗവണ്മെന്റിലേക്ക മെമ്മോറിയൽ അയച്ചിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സിക്രട്ടറി): അവർ സൂപ്രണ്ടു വഴിക്കും മെമ്മോറിയൽ സമർപ്പിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർ ഏതുവിധമെങ്കിലും മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സിക്രട്ടറി): അവർ മഹാറാണിത്തിരുമനസ്സിലേക്കും തിരുവിതാംകൂർ ദിവാനും നേരിട്ടു ഹർജികൾ അയച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാമ്പുമാന്യുഫാക്ച്ചറിയിലെ കീഴ്ജീവനക്കാരുടെ പക്കൽനിന്നും ഒരു മെമ്മോറിയൽ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ എന്നു എനിക്കറിയണം.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ന്യായാനുസരണമായ വിധത്തിൽ അല്ല.

ഡെപ്യൂട്ടിപ്രസിഡൻറ: അവർ സൂപ്രണ്ടുമുഖേന മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിനാണു നിങ്ങൾ മറുപടി ആവശ്യപ്പെട്ടിരിക്കുന്നതു. അവർ അപ്രകാരം ചെയ്തിട്ടില്ലെന്നു ഉദ്യോഗസ്ഥമെമ്പർ മറുപടിപറഞ്ഞിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ... ചോദ്യം നോക്കുന്നതിനു ഞാൻ മെമ്പറോടു ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ: ആ ചോദ്യം ഇതുവരെ ആലോചനക്കായി എടുത്തിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതൃപ്തി ഉണ്ടെന്നും ആവലാതികളെപ്പററി ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തുന്നുണ്ടെന്നും ആ മറുപടിയിൽ ഗവണ്മെൻറു സമ്മതിക്കുന്നു. ഈ ചോദ്യത്തെ സംബന്ധിച്ചിടത്തോളം (എ) ഭാഗത്തിനുള്ള മറുപടിയിൽ യാതൊരു അതൃപ്തിയും ഉണ്ടെന്നുള്ള വിവരത്തെപ്പററി ഗവണ്മെൻറിനു അറിഞ്ഞുകൂടെന്നു പറയുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഗവണ്മെൻറിലേക്കു അയച്ചിട്ടുള്ള ഹർജികളിൽ ചില ദോഷാരോപണങ്ങൾ ഉണ്ടായിരിക്കുന്നതുകൊണ്ടു അവയെപ്പററി അന്വേഷണങ്ങൾ നടത്തേണ്ടതായിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സൂപ്രണ്ടിനെപ്പററി ദോഷാരോപണങ്ങൾ ഉണ്ടോ എന്നു എനിക്കറിയണം.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ദോഷാരോപണങ്ങൾ ഉണ്ടായിരിക്കാം. മറുപടി അതിലുണ്ടു.

സ്റ്റാമ്പുമാന്യുഫാക്ച്ചറിയും കമ്മട്ടവും സൂപ്രണ്ടിന്റെ പേരിലുള്ള ആവലാതികൾ.

[illegible]. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) കമ്മട്ടം ആഫീസിലെയും സ്റ്റാമ്പുമാന്യുഫാക്ച്ചറിയിലെയും കീഴ് ജീവനക്കാർ സൂപ്രണ്ടിന്റെപേരിൽ കൊണ്ടുവന്നിട്ടുള്ള ആവലാതികളെപ്പററി എന്തെങ്കിലും അന്വേഷണങ്ങൾ നടത്തീട്ടുണ്ടോ എന്നു ഗവണ്മെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) സൂപ്രണ്ടുമുഖേന ദിവാൻജിക്കു മേൽവിലാസം വച്ചിരുന്ന ചില കീഴ് ജീവനക്കാരുടെ ഹർജികളെ സൂപ്രണ്ടു അയച്ചിട്ടില്ലാ എന്നുള്ളതു വാസ്തവമാണോ?

(സി) അദ്ദേഹം അവയെ അയച്ചിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം തീയതികളിലാണു സൂപ്രണ്ടിനു കിട്ടീട്ടുള്ളതു? അവയെ ഏതെല്ലാം തീയതികളിലാണു ദിവാൻജിക്കു അയച്ചിട്ടുള്ളതും?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): (എ) ആവലാതികളെപ്പററി അന്വേഷണങ്ങൾ നടത്തിവരുന്നു.

(ബി) കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ചിട്ടുള്ള [illegible]-ാമതു ചോദ്യത്തിന്റെ (എ) (ബി) ഭാഗത്തിനുള്ള മറുപടി മെമ്പർ നോക്കേണ്ടതാണ്.

(സി). (ബി) ഭാഗത്തിനുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അന്വേഷണത്തിന്റെ ഫലം എന്താണെന്നു ഗവണ്മെൻറു ദയവുണ്ടായി പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): അന്വേഷണം ഇതുവരെ പൂർത്തിയായിട്ടില്ല. ദോഷാരോപണങ്ങളെപ്പററി അന്വേഷണങ്ങൾ നടത്തിവരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അന്വേഷണം പൂർത്തിയായതിനുശേഷം അന്വേഷണത്തിന്റെ ഫലം എന്താണെന്നു ഈ സഭയെ അറിയിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): വാഗ്ദാനംചെയ്യാൻ എനിക്കു നിവൃത്തിയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിനെക്കുറിച്ചുള്ള ആക്ഷേപം എന്താണ്?

ഡെപ്യൂട്ടി പ്രസിഡൻറ: അന്വേഷണം പൂർത്തിയായതിനുശേഷമെ അതുണ്ടാകയുള്ളൂ. അതിനാൽ ന്യായാനുസരണം പറയുന്നപക്ഷം പ്രസ്തുതചോദ്യം നിങ്ങളുടെ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നില്ല.

സ്റ്റാമ്പുമാന്യുഫാക്ച്ചറിയിലെ [illegible] ക്ലാർക്കിന്റെ ശമ്പളക്കൂടുതൽ കൊടുക്കാതിരുന്നതിനെ സംബന്ധിച്ചു.

[illegible]. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ജൂനിയർക്ലാർക്കിന്റെ ശമ്പളക്കൂടുതൽ സ്റ്റാമ്പുമാന്യുഫാക്ച്ചറിസൂപ്രണ്ടു പല തവണ കൊടുക്കാതെയിരുന്നു എന്നും, ആയതു കുടിശ്ശികകൂടാതെ ഇപ്പോൾ അവകാശപ്പെട്ടിരിക്കുന്നു എന്നും ഉള്ള വസ്തുത വാസ്തവമാണോ എന്നു ഗവണ്മെൻറു ദയവുണ്ടായി പറയുമോ?

(ബി) വാസ്തവമാണെങ്കിൽ, നക്ഷത്രബംഗ്ലാവിലേയ്ക്കു താൻ സ്ഥലംമാറിപ്പോകണമെന്നുള്ള സൂപ്രണ്ടിന്റെ അപേക്ഷയെ പ്രസ്തുത ക്ലാർക്ക് കൈക്കൊള്ളാത്തതുകൊണ്ടാണോ അപ്രകാരം സംഭവിച്ചിട്ടുള്ളതു?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): (എ) തിരുവിതാംകൂർ സർവീസ്റെഗുലേഷൻ [illegible]-ാം വകുപ്പനുസരിച്ചു ആക്ഷേപാർഹമായ ജോലി ചെയ്യുന്നതിനാണ് ജൂനിയർ ക്ലാർക്കിന്റെ ശമ്പളക്കൂടുതൽ നൽകാതെയിരുന്നതു.

(ഡ) ഉത്തരം ഇല്ലെന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഗംഭാഗത്തിനുള്ള മരപ്പണിയെസംബന്ധിച്ച ജൂണിയർക്ലാക്കിന്റെ ജോലി ആക്ഷേപാർഹമായിരുന്നുഎന്നു കാണിക്കുന്ന ഏതെങ്കിലും റിക്കാർഡു സ്ഥാനുമാന്യഫാക്ക്ച്ചറിയിലുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതിനെ സംബന്ധിച്ച അന്വേഷണം നടത്തുന്നതാണ്.

സ്ഥാനുമാന്യഫാക്ക്ച്ചറി സൂപ്രണ്ടിനാൽ നൽകപ്പെട്ട ശിക്ഷകളുടെ ലിസ്റ്റ്.

ച. ൧൮൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥാനുമാന്യഫാക്ക്ച്ചറി സൂപ്രണ്ടിനാൽ ശിക്ഷിക്കപ്പെട്ട എല്ലാ കീഴ് ജീവനക്കാരുടെയും, ശിക്ഷകളുടെ സ്വഭാവത്തെയും അതിലേയ്ക്കുള്ള കാരണങ്ങളും കാണിക്കുന്ന മാതിരിയിലുള്ള ഒരു ലിസ്റ്റ് മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): മെംബർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം കാണിക്കുന്നതായ * ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്.

സ്ഥാനുമാന്യഫാക്ക്ച്ചറി കീഴ്ജീവനക്കാർ അവധി അനുവദിക്കുന്നതിനെ സംബന്ധിച്ച്.

ച. ൧൮൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(ഏ) സ്ഥാനുമാന്യഫാക്ക്ച്ചറിയിൽ പകരം ജോലിനോക്കിയിരുന്ന എത്ര ആളുകൾക്കു മെഡിക്കൽസർട്ടിഫിക്കറ്റുകൾകൂടാതെ പ്രിവിലേജവധിയും ദിനചികിത്സയ്ക്കുള്ള അവധിയും നൽകിയിട്ടുണ്ടെന്നും;

(ബി) അവർ അവധിയിലിരുന്നകാലത്തു പകരം ആളുകളെ നിയമിച്ചിട്ടുണ്ടായിരുന്നോ എന്നും ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി):

(ഏ) രണ്ടു.

(ബി) പകരമാളുകളെ നിയമിച്ചിട്ടുണ്ടായിരുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചുരുങ്ങിയകാലത്തിലേക്കുള്ള ഒഴിവുകളിൽ സൂപ്രണ്ടു സാധാരണയായി പകരമാളുകളെ നിയമിക്കാറുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറഫിനാൻഷ്യൽസിക്രട്ടറി): ആവശ്യമുണ്ടെന്നു കാണുന്നപക്ഷം അദ്ദേഹം സാധാരണയായി നിയമിക്കാറുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെഡിക്കൽസർട്ടിഫിക്കററ ഹാജരാക്കാത്ത കാരണത്തിന്മേൽ എപ്പോഴെങ്കിലും അവധികൊടുക്കാതെ വന്നിട്ടുണ്ടോ?

ഡെപ്യൂട്ടിപ്രസിഡൻറ: ചോദ്യത്തിൽനിന്നും അതെങ്ങനെ ഉത്ഭവിക്കുന്നു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തെന്നാൽ കീഴ്ജീവനക്കാരിൽ രണ്ടുപേർക്കു മെഡിക്കൽസർട്ടിഫിക്കററ ഹാജരാക്കാതെതന്നെ അവധി നൽകി. അതിനാൽ മെഡിക്കൽസർട്ടിഫിക്കററ ഹാജരാക്കിയില്ലെന്നുള്ള കാരണത്തിന്മേൽ അവധികൊടുക്കാതെവന്നിട്ടുണ്ടോ എന്നു എനിക്കറിയണം.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറഫിനാൻഷ്യൽസിക്രട്ടറി): ആറുമാസംവരെയുള്ള അവധിക്കു മെഡിക്കൽസർട്ടിഫിക്കററ ഹാജരാക്കേണ്ട ആവശ്യമില്ല. കീഴ്ജീവനക്കാരൻ വാസ്തവത്തിൽ കിടപ്പിലാണെന്നു ഡിപ്പാർട്ടുമെൻറിലേയോ ആഫീസിലേയോ മേധാവിക്കു തോന്നുന്നപക്ഷം അദ്ദേഹത്തിനു അവധി നൽകാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിനു യുക്തംപോലെ ചെയ്യാമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി: തിരുവിതാംകൂർ സർവീസ്റഗുലേഷൻ അനുസരിച്ചു അവധിക്കപേക്ഷിക്കുന്ന കീഴ്ജീവനക്കാരനു വാസ്തവത്തിൽ സുഖക്കേടാണെന്നു ഡിപ്പാർട്ടുമെൻറിലേയോ ആഫീസിലേയോ മേധാവിക്കു തോന്നുന്നപക്ഷം അദ്ദേഹത്തിനു അവധി നൽകാം. അദ്ദേഹത്തിനു ഒരു മെഡിക്കൽസർട്ടിഫിക്കററ കൂടാതെ ആറുമാസംവരെയുള്ള കാലത്തേക്കു അവധി നൽകാം.

ഒരു അച്ചടിയന്ത്രം തിരഞ്ഞെടുക്കുന്നതിലേക്കായി സ്ഥാനുമാന്യഫാക്ക്ച്ചറി സൂപ്രണ്ടിനേയും ഒരു കൊല്ലനേയും നിയോഗിക്കപ്പെട്ടതിനെ സംബന്ധിച്ച്.

ച. ൧൯൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) മെസ്സേഴ്സ് ജാൺ ഡിക്കിൻസൺ ആൻറ കമ്പനിക്കാരിൽനിന്നും ഒരു അച്ചടിയന്ത്രം തിരഞ്ഞെടുക്കുന്നതിലേക്കു സ്ഥാനുമാന്യഫാക്ക്ച്ചറി സൂപ്രണ്ടിനേയും സാധാരണയുള്ള ഒരു നാടൻകൊല്ലനേയും മദ്രാസിലേക്കയച്ചതു എന്തുകൊണ്ടാണെന്നു ഗവണ്മെൻറ ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) നിയോഗിക്കപ്പെട്ട രണ്ടുപേരിൽ ആർക്കെങ്കിലും ഒരു അച്ചടിയന്ത്രം തിരഞ്ഞെടുക്കുന്നതിനു വല്ല ... ?

പ്രത്യേകഅറിവുമുണ്ടായിരുന്നോ ...

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി):

(എ) സ്ഥാനുമാന്യഫാക്ക്ച്ചറി സൂപ്രണ്ടു ആ സ്ഥാപനത്തിൽ കുറെക്കാലം ... നാളും ഇരുന്നിട്ടുള്ളതും മാന്യഫാക്ക്ച്ചറിയിലുള്ള പലയന്ത്രങ്ങളുടേയും പ്രവർത്തനംസംബന്ധിച്ചു അദ്ദേഹത്തിനറിവുള്ളതുമാകുന്നു. ലേബൽ അച്ചടിക്കു യോജിച്ചതായ ഒരുയന്ത്രം വാസ്തവത്തിൽ ഫാക്ടറിയിൽ ഉപയോഗിക്കേണ്ടതെന്നുള്ളതിനെപ്പറ്റി കണ്ടറിയുന്നതിനായി അദ്ദേഹത്തെ മദ്രാസിൽ അയച്ചിരുന്നു. യന്ത്രങ്ങൾ ശരിയാകുംവണ്ണം ഉപയോഗപ്പെടുത്തുന്നുണ്ടോഎന്നു നോക്കുന്നതിലേക്കായി മാന്യഫാക്ക്ച്ചറിയിൽ ഒരു കൊല്ലനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത യന്ത്രത്തിൻെറ പ്രവർത്തനത്തെപ്പററി കണ്ടുപഠിക്കുന്നതിലേക്കായിട്ടു സൂപ്രണ്ടിനോടൊരുമിച്ചു പോകുന്നതിനു അയാളെ ആജ്ഞാപിച്ചിരുന്നു.

(ബി) സ്ഥാനുസംബന്ധമായ യന്ത്രങ്ങളെപ്പററിയുള്ള അറിവും സ്ഥാനുണ്ടാക്കുന്നതിലേക്കു ആവശ്യമുള്ള പ്രത്യേകഅറിവും രണ്ടുപേർക്കുമുണ്ട്. പ്രസ്തുതസംഗതിയ്ക്കു ഈ പ്രകാരമുള്ള അറിവു മതിയാകുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിപ്പ്വാങ്ങിയയന്ത്രത്തിൻെറ വിലയെന്താണ്? *

മി. ആർ. നീലകണ്ഠപ്പിള്ള ആക്ടിംഗ് ഗവണ്മെൻറഫിനാൻഷ്യൽസിക്രട്ടറി): ഒരു യന്ത്രം അയച്ചുതരുന്നതിനു അപേക്ഷിച്ചിട്ടുണ്ട്.

---

* ൧-ാം അനുബന്ധം നോക്കുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുതയന്ത്രത്തിൻെറ വിലയെ സംബന്ധിച്ചു ബോംബയിൽ ഉള്ളതോ വേറെവല്ല സ്ഥലത്തുള്ളതോ ആയ മററു കമ്പനിക്കാരുമായി എഴുതിചോദിച്ചിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): അച്ചടിയന്ത്രങ്ങൾ ഉണ്ടാക്കുന്നവരുടെ പ്രതിനിധികളായി ഇൻഡ്യയിൽ മെസേഴ്സ് ജാൺ ഡിക്കിൻസൺ ആൻറ കമ്പനിക്കാർ മാത്രമേ ഉള്ളൂ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ ഏതെങ്കിലും യന്ത്രങ്ങൾ മാന്യുഫാക്ച്ചറിയിലെ ഉപയോഗത്തിനായി വാങ്ങിയിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): സ്റ്റാമ്പുമാന്യുഫാക്ച്ചറിയിൽ പല യന്ത്രങ്ങളുമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ യന്ത്രങ്ങളെ വിചാരിച്ചു വാങ്ങിയപ്പോൾ ആരെങ്കിലും നിയോഗിക്കപ്പെട്ടിരുന്നോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): ആ യന്ത്രങ്ങളെ വളരെ മുൻപാണ വാങ്ങിയിട്ടുള്ളത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ ആരും നിയോഗിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇപ്പോൾ ഒരു സൂപ്രണ്ടിനെ എന്തിനാണയച്ചത്?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): യന്ത്രംവാങ്ങുന്നതിനല്ലാ അദ്ദേഹത്തെ അയച്ചിരുന്നത്; യന്ത്രങ്ങളുടെ പ്രവർത്തനത്തെപ്പററി കണ്ടറിയുന്നതിനാണ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിലേക്ക അദ്ദേഹത്തിനു വല്ല പ്രത്യേകഅറിവും ഉണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): അദ്ദേഹത്തിനു ജോലിനടത്തിപ്പിൽനിന്നും ഉണ്ടാകുന്നപരിചയമുണ്ട്; അദ്ദേഹം ഏകദേശം രണ്ടുകൊല്ലത്തോളം സ്റ്റാമ്പുമാന്യുഫാക്ച്ചറി ചാർജ് വഹിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയോഗിക്കപ്പെട്ടസമയത്തു യന്ത്രംസംബന്ധമായി പരിശീലനം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും എഞ്ചിനീയർ സംസ്ഥാനത്തിലുണ്ടായിരുന്നോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ആവശ്യമുള്ള അറിവു സിവിൽ ലിസ്റ്റിൽ നോക്കിയാൽ കിട്ടുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്രകാരമുള്ള ഒരു എഞ്ചിനീയരെ അയക്കുന്നതിൽ ഗവണ്മെൻറിനു എന്തു ആക്ഷേപമുണ്ടായിരുന്നു?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അപ്രകാരം പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരാൾ ആവശ്യമുണ്ടായിരുന്നില്ല; കേവലം അച്ചടിക്കാൻ സാധാരണയുള്ള ഒരു അച്ചടിയന്ത്രം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു കൊല്ലനെക്കൂടി എന്തിനാണ അയച്ചത്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അയാൾ സ്റ്റാമ്പുമാന്യുഫാക്ച്ചറിയിലെ മെക്കാനിക്കാണ്. യന്ത്രം ഇവിടെ വരുമ്പോൾ അതിനെ ഏതുപ്രകാരം ഉപയോഗപ്പെടുത്തേണ്ടതെന്ന അയാൾ അറിയേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് അയാളെ അയച്ചിരിക്കുന്നത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡെപ്യൂട്ടേഷൻവകയിൽ എന്തു ചെലവായി?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ബിൽ ഇതുവരെ കൌണ്ടർസയിൻ ചെയ്തിട്ടില്ല. ഒരു പക്ഷേ ൨൦൦ രൂപയോ അതിൽ അല്പം കൂടുതലോ ആവണം.

അരൂക്കുററി ചവുക്കയിൽക്കൂടി തീരുവ കൊടുക്കാതെ വെളിച്ചെണ്ണ കൊണ്ടുപോയതിനെസംബന്ധിച്ചു.

൧൧൨. മി. ജി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അരൂക്കുററി ചവുക്കയിൽക്കൂടി തീരുവ കൊടുക്കാതെ വെളിച്ചെണ്ണ കൊണ്ടുപോയതിനെപ്പററി ൧൧൦൦ കർക്കടകം ൨൨-നു നടന്നസഭയുടെ യോഗത്തിൽ ചോദിച്ച ൩൧-ാമതു ചോദ്യം (ഇ) ഭാഗത്തിനുള്ള മറുപടിസംബന്ധിച്ചു താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചിടത്തോളമുള്ള വിവരങ്ങൾ നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ൧൧൦൦ കർക്കടകം ൨൨-നു നടന്ന സഭയുടെ യോഗത്തിൽ ചോദിച്ച ൩൧-ാമതു ചോദ്യത്തിനു നൽകിയ മറുപടിയിൽ അരൂക്കുററി ചവുക്കയിൽക്കൂടി തീരുവകൊടുക്കാതെ വെളിച്ചെണ്ണ കൊണ്ടുപോയതിനെ സംബന്ധിച്ചുള്ള എക്സൈസ് കമ്മീഷണരുടെ റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടിയെന്നും, അവർ അതിനെ പരിശോധിച്ചിട്ടുണ്ടെന്നും, പിഴ ഈടാക്കുന്നതിനുമുൻപായി സാമാനങ്ങളെ വിട്ടുകൊടുത്തതുസംബന്ധിച്ചുള്ള തെററാ ഗവണ്മെൻറ പ്രസ്താവിച്ചിരിക്കുന്ന പിഴയ നടപടിയെപ്പററി എക്സൈസ് കമ്മീഷണരെ അറിയിച്ചിട്ടുണ്ടെന്നും ഗവണ്മെൻറ പ്രസ്താവിച്ചിരിക്കുന്ന പിഴ ഈടാക്കിയതിനുശേഷം മാത്രമേ സാമാനങ്ങൾ വിട്ടുകൊടുക്കപ്പെട്ടുള്ളു എന്നു അവർ പിന്നീടു അറിഞ്ഞതായി ൧൧൦൦ കർക്കടകത്തിൽ ഗവണ്മെൻറ പ്രസ്താവിച്ചതു തെററാണോ?

(ബി) എക്സൈസ് കമ്മീഷണർ ഗവണ്മെൻറിലേക്ക സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുതസംഗതിയെപ്പററി പറഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനെ എപ്പോഴാണ് ഗവണ്മെൻറ ദൃഷ്ടിയിൽ കൊണ്ടു വരപ്പെട്ടത്?

(സി) വെളിച്ചെണ്ണ ആരെ എപ്പോൾ ബെയിലിനെ ഏൽപ്പിച്ചു?

(ഡി) പ്രസ്തുതസാമാനത്തെ വിട്ടുതൽചെയ്യുന്നതിനു കമ്പിമൂലം എക്സൈസ് കമ്മീഷണർ ആജ്ഞാപിച്ച തീയതിയായ ൧൧൦൧ കുംഭം ൭-നുക്കു മുമ്പോ പിന്നീടോ അപ്രകാരം ചെയ്തത്?

(ഇ) ബെയിലിയുടെ പേരു എന്താണ്? അയാൾ ഉടമസ്ഥനോ അല്ലാ അയാളുടെ ഏജൻറോ?

മി. പി. എൻ. കുഞ്ഞുപിള്ള (ആ. ഗവണ്മെൻറ സെക്രട്ടറി): (എ) പിഴ ഈടാക്കാതെ സാമാനങ്ങളെ വിട്ടുതൽ ചെയ്യുന്ന കുറ്റകരമായ പ്രവൃത്തിയാണെന്നു എക്സൈസ് കമ്മീഷണരെ തെര്യപ്പെടുത്തിയ സമയം വെളിച്ചെണ്ണ ബെയിലിയെ ഏൽപ്പിക്കപ്പെട്ടു എന്നുള്ള സംഗതിയെപ്പററി ആലോചിച്ചില്ല.

(ബി) ഇക്കാര്യത്തെപ്പററി എക്സൈസ് കമ്മീഷണരുടെ ആദ്യത്തെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു.

(സി) ൧൯൨൮ ഫെബ്രുവരി ൧൭-ാം-ലെ എക്സൈസ് കമ്മീഷണരുടെ ആജ്ഞ അനുസരിച്ചാണ് എണ്ണ ബെയിലിഫിനെ ഏല്പിച്ചത്.

(ഇ) മഹമ്മദ് അബ്ദുള്ളാ എന്നാണ് ബെയിലിഫിന്റെ പേര്; അയാൾ വെളിച്ചെണ്ണയുടെ ഉടമസ്ഥനായ ആലപ്പുഴയിൽ വെളിച്ചെണ്ണയും കൊപ്രായും കച്ചവടക്കാരായ പി. കെ. എം. ആൻഡേഴ്സൺ സ്പോർട്ട് ണോന്മാരിൽ ഒരാളാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അന്ത്രക്കാറി ചവുക്കയിൽനിന്നും ഫീസു തീർക്കാതെ വെളിച്ചെണ്ണ കൊണ്ടുപോയതിനെ സംബന്ധിച്ച് എക്സൈസ് കമ്മീഷണർ എത്ര റിപ്പോർട്ടുകൾ ഗവണ്മെന്റിലേക്കയച്ചിട്ടുണ്ട്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ആദ്യമായിട്ടുള്ള റിപ്പോർട്ടിനു കാരണം ഡാക്ടർ എം. എൻ. പിള്ളയുടെ ചോദ്യമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): എന്റെ ചോദ്യം അതല്ല. വെളിച്ചെണ്ണ തീരുവതീർക്കാതെ കൊണ്ടുപോയതിനെ സംബന്ധിച്ച് എക്സൈസ് കമ്മീഷണർ എത്ര റിപ്പോർട്ടുകൾ ഗവണ്മെന്റിലേക്കയച്ചിട്ടുണ്ടു എന്നാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): എത്രയാണെന്നു പറവാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒന്നിൽ കൂടുതൽ ഉണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിൽ ഏതു റിപ്പോർട്ടിലാണ് ജാമ്യക്കാരനെ ഏല്പിച്ചു എന്നുപറയുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ആദ്യത്തേതിലാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആദ്യമായയച്ചിട്ടുള്ള റിപ്പോർട്ടിൽ ജാമ്യക്കാരനെ ഏല്പിച്ചു എന്നു പറഞ്ഞിട്ടുണ്ടെങ്കിൽ പ്രായശ്ചിത്തം ഈടാക്കാതെ കൊടുത്തതു തെററാണെന്നു എങ്ങനെ പറഞ്ഞു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): മറുപടിയിൽതന്നെ ഈ ചോദ്യത്തിനു ഉത്തരം വിവരമായി പറഞ്ഞിട്ടുണ്ട്. അപ്പോൾ ആ സംഗതിയെപ്പററി ആലോചിച്ചില്ല; അതു വിട്ടുപോയതുകൊണ്ടാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിന്റെ മലയാളം എന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ആ ഭാഗം ഗൌനിക്കാതെയാണ് പറഞ്ഞിട്ടുള്ളതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഡിപ്പാർട്ടുമെന്റ അധികൃതന്മാർ അയയ്ക്കുന്ന റിപ്പോർട്ടുകൾ വേണ്ടപോലെ പരിശോധിച്ചു തീരുമാനിക്കാതെ ഗവണ്മെന്റിനു വിട്ടുപോയി എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): അതിന്റെ അർത്ഥം അങ്ങനെ തന്നെയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇങ്ങനെയുള്ള സംഗതികളിൽ സാമാനങ്ങളെ ജാമ്യം ഏല്പിക്കുന്നതു ഉടമസ്ഥന്റെ പക്കൽ തന്നെയാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ഉടമസ്ഥനൊ അല്ലെങ്കിൽ ഉടമസ്ഥന്റെ സ്വന്തആളുകളൊ ആണ് സാധാരണ ജാമ്യംതന്നു സാമാനം കൊണ്ടുപോകുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനുള്ളനിയമം ഏതാണ് എന്നുപറയുമൊ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): അതു നടപ്പാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സിവിൽകോടതികളിൽ ഇങ്ങനെയാണോ നടന്നുവരുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): അതറിഞ്ഞുകൂടാ, ഞാൻ കുറച്ചുകാലമെ മുൻസിപ്പായി ഇരുന്നിട്ടുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉടമസ്ഥനെ ജാമ്യക്കാരനാക്കി സാമാനങ്ങളെ അയാൾക്കു തിരികെ കൊടുക്കുയാണോ പതിവു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ഉടമസ്ഥനു തിരികെ കൊടുക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ജാമ്യക്കാരനിൽ നിന്നും ജാമ്യച്ചീട്ടു എഴുതിവാങ്ങിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെപ്പോഴാണ് എഴുതിവാങ്ങിച്ചിട്ടുള്ളതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ജാമ്യം ഏല്പിച്ച സമയത്തുതന്നെയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉടമസ്ഥനെ ഏല്പിച്ചതു പ്രായശ്ചിത്തം ഈടാക്കിയതിനുമുമ്പോ അതിനുപിന്നീടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): പ്രായശ്ചിത്തം ഈടാക്കാതെ സാമാനം കൊടുക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പ്രായശ്ചിത്തം എപ്പോഴാണ് ഈടാക്കിയതു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ഇതു നടപടിക്രമം അനുസരിച്ചാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ ഉപചോദ്യം പ്രധാനചോദ്യത്തിൽ നിന്നും ഉത്ഭവിക്കുന്നുണ്ടോ എന്നു എനിക്കു സംശയമുണ്ടായിരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ: മി. കുമാരപിള്ളെ, വാസ്തവം പറയുന്നപക്ഷം പിഴ എപ്പോഴാണ് ഈടാക്കിയതെന്നുള്ള നിങ്ങളുടെചോദ്യം പ്രധാനചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): (ഡി) ഭാഗം ഈ കേസിനെസംബന്ധിച്ചു എക്സൈസ് കമ്മീഷണർ കമ്പി അയച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഇതിനെപ്പററിയുള്ള വിവരം എനിക്കില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഗവൺമെൻറിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ അടങ്ങിയ സംഗതികളെപ്പററി എക്സൈസ് കമ്മീഷണർ കമ്പി അയച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): അതിപ്പോൾ പറവാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഫെബ്രുവരി ൧൭-൹-യാണ് എക്സൈസ് കമ്മീഷണർ ജാമ്യക്കാരെ ഏല്പിക്കാൻ ഏർപ്പാടുചെയ്തതു്, അതിനെസംബന്ധിച്ചു കമ്പി അയച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഇല്ലെന്നാണ് മറുപടി പറയുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതിനുപിന്നീട്ട വല്ലകമ്പിയും അയച്ചിട്ടുണ്ടോ? അതായതു ൧൭-ാം-തീയതിയിലെ ഏല്പിക്കാനായി കമ്പി അയച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഇല്ല

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ആ സംഗതിയെപ്പററി എഴുതിഅയയ്ക്കുകയാണോ ചെയ്തിട്ടുള്ളതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): എന്നാണ് ഇതിൽനിന്നും വിചാരിക്കേണ്ടതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടു): ആ സംഗതി ഗവൺമെൻറിൻെറ അധീനതയിലുള്ള റിക്കാർഡുകളിലില്ലേ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഇല്ലെന്നാണു കാണുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): വീണ്ടും അതിനെപ്പററി ഗവൺമെൻറിൽ നിന്നും അന്വേഷിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഇല്ലെന്നുകാണുന്നതുകൊണ്ടു അതിനെപ്പററി വീണ്ടും അന്വേഷിക്കേണ്ട ആവശ്യം ഉണ്ടെന്നു വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഉടമസ്ഥനെതന്നെ ജാമ്യക്കാരനായി സാമാനം ഏല്പിച്ചിട്ടുള്ളതായി വേറെ ദൃഷ്ടാന്തങ്ങൾ ഉണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): ഒരുപക്ഷേ കണ്ടേക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടു): ഉള്ളതായി ഏതെങ്കിലും ഒരു ദൃഷ്ടാന്തം പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറ സെക്രട്ടറി): അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): സിവിൽകോർട്ടിൽ എങ്ങിനെ നടക്കുന്നു എന്ന വിവരം അറിയാമോ?

ഡെപ്യൂട്ടി പ്രസിഡൻറ. അതിനെപ്പററി മെംബർക്കു എങ്ങിനെ അറിയാം?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും). സർ, അദ്ദേഹം ഗവൺമെൻറിൻെറ പ്രതിനിധി അല്ലേ?

ഡെപ്യൂട്ടി പ്രസിഡണ്ടു. സിവിൽകോടതികളിൽ നടക്കുന്ന നടപടികൾ ഏതെല്ലാമാണെന്നു ഗവൺമെൻറിനു അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതു നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതായ ഒരു നടപടിയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവൺമെൻറിനുവേണ്ടിയാണോ അതല്ല അദ്ദേഹത്തിൻെറ സ്വന്തനിലയിലാണോ അദ്ദേഹം മറുപടിപറയുന്നതു്?

ഡെപ്യൂട്ടിപ്രസിഡൻറ: ഗവൺമെൻറിനുവേണ്ടിയാണു അദ്ദേഹം മറുപടി പറയുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്രകാരമാണെങ്കിൽ സിവിൽകോടതികളിൽ എന്തു നടപടികളാണു നടക്കുന്നതെന്നു ഗവൺമെൻറിനു അറിവുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ: സിവിൽകോടതികളിൽ നടക്കുന്ന നടപടികൾ എന്തെല്ലാമാണെന്നുള്ളതിനെപ്പററി ഗവൺമെൻറ അറിഞ്ഞിരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഉടമസ്ഥനെ ജാമ്യക്കാരനാക്കി സാമാനങ്ങൾ കൊടുക്കാൻ പാടില്ലെന്നുള്ളതിനു നിയമമുണ്ടോ?

മി: ജി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): സർ, നിയമസംബന്ധമായ ഒരു വിഷയത്തെപ്പററി ഒരു സപ്ലിമെൻററി ചോദ്യം ചോദിക്കുന്നതു നിയമസഭാചട്ടങ്ങളിലെ ൮ (സി) ചട്ടപ്രകാരം നടപടിക്രമം അനുസരിച്ചാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഇതൊരു നിയമസംബന്ധമായ വിഷയമല്ല.

ഡെപ്യൂട്ടിപ്രസിഡൻറ: നിയമസംബന്ധമായ ആ വിഷയത്തെപ്പററിയുള്ള ഒരു പരിഹാരമാർഗ്ഗമാണു ഇപ്പോൾ ആവശ്യമുള്ളതെന്നു ഞാൻ വിചാരിക്കുന്നില്ല; സിവിൽകോടതികളിൽ നടക്കുന്ന നടപടി എന്താണെന്നു അറിയുന്നതിനുമാത്രമേ അദ്ദേഹം ആവശ്യപ്പെടുന്നുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): (ഇ) ഭാഗം. ഉടമസ്ഥന്മാരിൽ ഒരാളെ ജാമ്യക്കാരനാക്കുന്ന നിയമം എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഉണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെൻറ് സെക്രട്ടറി): സാധാരണ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ അങ്ങനെ പതിവുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഏതുകാലം മുതൽക്കാണു് ആ പതിവു നടപ്പിൽ വന്നിട്ടുള്ളതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ്ഗവണ്മെന്റ്സെക്രിട്ടറി): വളരെക്കാലമായിട്ടു നടപ്പുണ്ടെന്നാണു തോന്നുന്നതു്. ഉടമസ്ഥനേയോ ഉടമസ്ഥനു തക്കവിശ്വാസമുള്ള ഒരാളിനേയോ ആണു് സാധാരണ ഏല്പിക്കാറുള്ളതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ വേറെ പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ്ഗവണ്മെന്റ്സെക്രിട്ടറി): അതിനെപ്പററിയുള്ള വിവരം ആലോചിച്ചറിയേണ്ടതായിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ വിവരത്തെപ്പററി ഗവണ്മെന്റിൽനിന്നും അന്വേഷണം നടത്തുമോ? ഉടമസ്ഥനായ ആളിനെ ജാമ്യക്കാരനാക്കി സാമാനങ്ങൾകൊടുക്കുന്ന നടപടി എക്സൈസ്ഡിപ്പാർട്ടുമെന്റിൽ ഉള്ളതായി പറയുന്ന ദൃഷ്ടാന്തങ്ങൾ അറിഞ്ഞു ആ വിവരം മേശപ്പുറത്തു വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റ് സെക്രിട്ടറി): അതിനെപ്പററി ആലോചിക്കുന്നതായിരിക്കും.

വേങ്ങൂർ പകുതിയിലുള്ള രണ്ടു ചിറകളെ നന്നാക്കിയതിനെ സംബന്ധിച്ചു.

൨൧൯. മി. സി. പി. തരകൻ (കുന്നത്തുനാടു) വേങ്ങൂർപകുതിയിൽ മുന്നൂറോളംകൊല്ലങ്ങൾക്കു മുമ്പു പണിയപ്പെട്ടതായി പറയപ്പെടുന്ന തോട്ടിൽ കണിച്ചുകുളം ചിറയും പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്നതും കൃഷിക്കു ഹാനികരമായിരിക്കത്തക്കവണ്ണം ഇപ്പോൾ അററകുററസ്ഥിതിയിൽ കിടക്കുന്നതുമായ ചിറയെ പരിഷ്കരിച്ചു കൃഷിക്കു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) വേങ്ങൂർപകുതിയിലുള്ള അകംപള്ളിച്ചിറയെന്നു പറയപ്പെടുന്ന റിസർവായറെ പരിഷ്കരിച്ചു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനു് ഗവണ്മെന്റിനു് ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി): (എ)-യും (ബി) യും ചീഫ്ഇഞ്ചിനിയരുടെ പക്കൽനിന്നും ഈ വിഷയത്തെപ്പററി ഒരു റിപ്പോർട്ടു ആവശ്യപ്പെട്ടിട്ടുള്ളതാണു്.

കുന്നത്തുനാട്ടു താലൂക്കിലുള്ള കൃഷിസേചനചിറകളുടെ പരിശോധന.

൨൨൦. മി. സി. പി. തരകൻ (കുന്നത്തുനാടു): കൃഷിസേചനത്തിനുപയോഗമുള്ളവയായിരുന്നവയും എന്നാൽ മണ്ണുകയറി അടഞ്ഞിരിക്കുന്നവയും ആയ കുന്നത്തുനാട്ടുപകുതിയിലുള്ള റിസർവായറുകളെ പരിഷ്കരിച്ചു അവയെ കൃഷിസേചനത്തിനുപയോഗപ്രദമാക്കിത്തീർക്കുന്നതിനു വേണ്ട അന്വേഷണങ്ങൾ നടത്തി ഒരു പദ്ധതി രൂപീകരിക്കാൻ ആലുവാ എക്സിക്യൂട്ടീവ് ഇഞ്ചിനിയരുടെ അദ്ധ്യക്ഷതയിൽ ആകുന്നിടത്തോളം വേഗത്തിൽ ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി): ഈ ചോദ്യം പ്രധാനമായിട്ടുള്ള ഒരു വിഷയത്തെ സംബന്ധിച്ചുള്ളതാണു്. അതിനാൽ അതു ഒരു പ്രമേയരൂപത്തിൽ വരേണ്ടതാണു.

ഡിമാൻറുനോട്ടീസുകൾ അയക്കുന്നതിനെ സംബന്ധിച്ചു.

൨൨൧. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും).

(എ) ൧൦൯൯-ൽ അയച്ചിട്ടുള്ള ഡിമാൻറുനോട്ടീസുകളുടെ സംഖ്യ ൫,൧൭,൧൭൪, അതായതു ൧൦൯൪-ാമാണ്ടത്തേക്കാൾ ൨,൩൭,൪൭൬ എണ്ണം കൂടുതലാണെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) ഇപ്രകാരമുള്ള അസാധാരണ വർദ്ധനക്കുള്ള കാരണം പാർവ്വത്യക്കാരന്മാർ വീടുകൾതോറും ചെന്നു കരംപിരിക്കുന്ന ഏർപ്പാടു നിറുത്തൽ ചെയ്തതുകൊണ്ടാണോ?

(സി) മുൻകാലങ്ങളിൽ ഒരാൾക്കു അയാളുടെ പേരിൽ ഒന്നിൽ കൂടുതൽ പട്ടയം ഉണ്ടായിരുന്നാലും വരികിലും അയാളുടെ പേർക്കു ഒരു ഡിമാൻറു നോട്ടീസ് അയച്ചിരുന്നു എന്നുള്ളവിവരം ഗവണ്മെന്റിനു അറിയാമോ?

(ഡി) ഓരോരോ ആളിന്റെ പേരിലുള്ള ഓരോ പട്ടയത്തിനും ഓരോ ഡിമാൻറുനോട്ടീസു വീതം അയക്കണമെന്നുള്ള ഇപ്പോഴത്തെ ചട്ടംകൊണ്ടാണു ഡിമാൻറുനോട്ടീസുകളുടെ എണ്ണത്തിൽ വർദ്ധന വന്നിരിക്കുന്നതിന്റെ കാരണം എന്നുള്ളതിനെപ്പററി ഗവണ്മെന്റിനു അറിയാമോ?

(ഇ) ഡിമാൻറുനോട്ടീസുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടെങ്കിലും ൧൦൯൭-ാമാണ്ടു മുതൽ പിരിച്ചെടുത്തിട്ടുള്ള ലാൻറുറവന്യൂ ശതമാനത്തിൽ കുറവുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(എഫ്) അയക്കപ്പെടുന്ന ഡിമാൻറുനോട്ടീസുകളുടെ സംഖ്യയിൽ വർദ്ധന ഉണ്ടാകുന്നതുമൂലം കർഷകന്മാർക്കു നഷ്ടവും സംഭവിക്കുന്നുണ്ടെന്നുള്ള സംഗതി പരിഗണിച്ചു ഒരാളിന്റെപേരിലുള്ള പട്ടയങ്ങളുടെ എണ്ണം കണക്കാക്കാതെ അയാൾക്കു ഒരു നോട്ടീസുമാത്രമെ അയയ്ക്കാവൂ എന്നു ആജ്ഞാപിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി):

(എ) അറിയാം.

(ബി) വീടുകൾതോറും ചെന്നു കരംപിരിച്ചുവന്നിരുന്ന ഏർപ്പാടു ൧൦൯൯-ാമാണ്ടു ആരംഭത്തിൽ നിറുത്തൽചെയ്തതുകൊണ്ടും കരക്കുടിശ്ശികക്കാരുടെ കണക്കുകൾ കൂടെക്കൂടെ നല്ലതിന്മണ്ണം സംരക്ഷിക്കപ്പെട്ടുപോരുന്നതുകൊണ്ടുമാണു് ഡിമാൻറുനോട്ടീസുകളുടെ എണ്ണത്തിൽ വർദ്ധനവന്നിട്ടുള്ളതു്.

(സി) അപ്രകാരമാണു നടന്നുവന്നിരുന്നതെന്നു തോന്നുന്നു.

(ഡി) ഇല്ലെന്നാണു ഉത്തരം.

(ഇ) ൧൦൯൭-ാമാണ്ടിനിപ്പുറം കരംപിരിവുശതമാനത്തിൽ അല്പം കുറവുവന്നിട്ടുണ്ടു്. എന്നാൽ, പിരിവിലുള്ള ശതമാനംമാത്രംകൊണ്ടു കരംപിരിവുജോലി നിർണ്ണയിക്കാൻ പാടുള്ളതല്ലാ; മൊത്തംപിരിച്ചെടുത്തിട്ടുള്ള തുകകൂടി കണക്കാക്കപ്പെടേണ്ടതായിട്ടുണ്ടു്. ൧൦൯൭-ാമാണ്ടുമുതൽ ൧൧൦൦-ാമാണ്ടുവരെയുള്ള ഒരു

ന്നാറിപ്പോർട്ടുകളിൽനിന്നും എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സംഖ്യകളിൽനിന്നും പ്രസ്തുതകാലത്തിൽ മൊത്തം പിരിച്ചെടുത്തിട്ടുള്ള സംഖ്യയിൽ ക്രമമായ വർദ്ധന ഉണ്ടായിട്ടുണ്ടെന്നു കാണാവുന്നതാണ്: —

ആണ്ടു	പിരിച്ചെടുത്തിട്ടുള്ള തുക രൂപ.
൧൦൯൭	൪൨,൨൩,൧൯൨
൧൦൯൮	൪൬,൦൫,൨൧൮
൧൦൯൯	൪൭,൪൬,൭൯൮
൧൧൦൦	൪൯,൯൭,൭൬൭

(എഫ്) പകുതികളിൽ ഭൂസംബന്ധിച്ച പട്ടയങ്ങൾ കൊടുക്കാതിരുന്നുകൊണ്ടും പല പകുതികളിലെ കണക്കുകളും രജിസ്റ്ററുകളും പ്രത്യേകം പ്രത്യേകമായി സൂക്ഷിക്കപ്പെട്ടു പോന്നതുകൊണ്ടും പല പകുതികളിലും സ്ഥിതിചെയ്യുന്നതായ ഒരാളിന്റെ എല്ലാ പട്ടയങ്ങളിലും ഉൾപ്പെട്ട ഭൂമികളെ സംബന്ധിച്ചു ഒരാൾക്കു ഒരു ഡിമാൻറുനോട്ടീസു അയക്കേണമെന്നു ആജ്ഞാപിക്കാൻ സാധിക്കുന്നതല്ല. ഒരേ പകുതിയിൽതന്നെ സ്ഥിതിചെയ്യുന്ന എല്ലാ ഭൂമികൾക്കുമുള്ള എല്ലാ പട്ടയങ്ങൾക്കും ഒരാൾക്കു ഒരു ഡിമാൻറുനോട്ടീസുമാത്രമേ അയക്കാവു എന്നുകാണിച്ചു ഉത്തരവുകൾ അയക്കുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (ഇ)-ഭാഗം ഇൽ ൧൦൯൭, ൧൦൯൮, ൧൦൯൯, ൧൧൦൦ ഈ ആണ്ടുകളിൽ പിരിഞ്ഞിട്ടുള്ള പണത്തിന്റെ തുകയാണു തന്നിട്ടുള്ളതു്. അതിൽ ഈ ഭാഗം ഒന്നു കൂടി പറഞ്ഞെങ്കിൽ മാത്രമേ എന്റെ ചോദ്യത്തിനു ഉത്തരമാകയുള്ളു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർണ്മെൻറു സെക്രട്ടറി): അതു ഉത്തരത്തിൽ ഒരുഭാഗം മാത്രമാണു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ ചോദ്യമതല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറ് സെക്രട്ടറി): ഡിമാൻറും പിരിവും ആയിട്ടു താരതമ്യപ്പെടുത്തി നോക്കുമ്പോഴാണ് ശതമാനം കിട്ടുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ ചോദ്യമേ അതല്ല. ൧൦൯൭, ൧൦൯൮, ൧൦൯൯, ൧൧൦൦ ഈ ആണ്ടുകളിൽ ആകെ പിരിഞ്ഞതുക അറിവാൻ ഞാൻ ആഗ്രഹിച്ചില്ല. എന്റെ ചോദ്യത്തിൽ ആ ഭാഗം ഇല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): മറുപടി അധികമായി പറഞ്ഞു എന്നേയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ ചോദ്യത്തിന്റെ (ഈ) ഭാഗത്തിനു നൽകിയിട്ടുള്ള മറുപടിയിൽ അടങ്ങിയിട്ടുള്ള വിവരം ഞാൻ ആവശ്യപ്പെട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): മറുപടി പൂർണ്ണമായിരിക്കണമെന്നുള്ളതു ഗവർണ്മെൻറിന്റെ ഉചിതമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഞാൻ ആവശ്യപ്പെടാത്ത അറിവുകൾ ഉചിതം ഉപയോഗിക്കാൻ ആവശ്യമുണ്ടോ?

ഡെപ്യൂട്ടിപ്രസിഡന്റ: പ്രസ്തുതവിഷയം കുറെക്കൂടി വ്യക്തമാകുന്നതിനു അതിനെ വ്യാഖ്യാനിച്ചു പറയണം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (ഇ) എന്ന ഭാഗമാണ്. അതു വായിക്കാൻ പാടില്ലന്നാണു ഇന്നത്തെ റൂളിങ്ങ് അതിൽ ഡിമാൻറുനോട്ടീസ് ഇത്രയെല്ലാം വർദ്ധിച്ചതിൽപിന്നിട്ടും പിരിവു കുറഞ്ഞുവരുന്നതിനുള്ള കാരണമെന്താണ് എന്നാണെന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): അതിനെ കാണിക്കാനാണു പിരിവുതുക കുറഞ്ഞിട്ടില്ലെന്നു മറുപടിയിൽ പറഞ്ഞിട്ടുള്ളതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും); ഡിമാൻറുനോട്ടീസു വന്നതിൽപിന്നിട്ടും ആകെപ്പാടെ പിരിഞ്ഞുകിട്ടേണ്ടതുകയോ ഡിമാൻറുനോട്ടീസിൻപടി പിരിഞ്ഞിട്ടുള്ള തുകയോ ഏതാണ് അധികം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): അതിനാണ് ശതമാനം എന്നു പറഞ്ഞതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതിൽ ഏതാണു കുറച്ചു്? ശതമാനം എന്താണെന്നാണ് ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): ചോദ്യത്തിനു മറുപടി പറയുന്നുണ്ടല്ലോ.

"൧൦൯൭-ാമാണ്ടിനുശേഷം കുറച്ചു പിരിവു ശതമാനത്തിൽ അല്പം കുറവുവന്നിട്ടുണ്ട്."

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതുമാത്രമേ എന്റെ ചോദ്യത്തിനു മറുപടിയായിട്ടു ആവശ്യമുള്ളു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി). ശേഷം പറഞ്ഞിട്ടുള്ളതു വകവെയ്ക്കേണ്ട.

ഡെപ്യൂട്ടിപ്രസിഡന്റ: ശതമാനത്തിൽ അല്പം കുറവുവന്നിട്ടുണ്ടെന്നു മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ൧൦൯൭-നുശേഷം പിരിവുശതമാനത്തിൽ അല്പം കുറവുണ്ടെന്നുള്ള മറുപടിമാത്രം മതിയാകുന്നതാണ്. മറുപടിയിലുള്ള ശേഷംഭാഗം അനാവശ്യവും ആവശ്യമില്ലാത്തതുമാണെന്നുള്ള ഇതാകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഈ സഭയിൽ ആ മറുപടി തന്നുപോയതുകൊണ്ടു അതിനെ ഇപ്പോൾ എടുത്തുകളയാൻ പാടില്ലാത്തതാകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ: മി. കുമാരപിള്ളയുടെ ആവശ്യത്തിൽ കൂടുതലായി മറുപടിയിലുണ്ടെന്നാണു നിങ്ങളുടെ ആക്ഷേപമെന്നു ഞാൻ വിചാരിച്ചിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതേ.

ഡിമാൻറു രജിസ്റ്ററുകൾ അയയ്ക്കുന്നതിനെ സംബന്ധിച്ചു.

൨൨൨. മി. റി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) കരം പിരിക്കുന്നതിലേക്ക ഡിമാൻറു രജിസ്റ്ററുകൾ അയക്കുന്നതിനേയും അവയ്ക്കുള്ള ഫീസിനേയും സംബന്ധിച്ചു സഭയുടെ കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ പാസാക്കപ്പെട്ട ഉപക്ഷേപത്തിന്മേൽ അവസാന ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടോ എന്നു ഗവർമ്മെൻറു ദയവുണ്ടായി പറയുമോ?

(ബി) ഇല്ലെങ്കിൽ താമസത്തിനുള്ള കാരണം എന്താണെന്നു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ)-യും (ബി)-യും: സംഗതിയെപ്പറ്റി വീണ്ടും ആലോചനാപൂർവ്വം പരിശോധിച്ചു ഖണ്ഡിതമായ നിർദ്ദേശങ്ങൾ അയക്കുന്നതിനു ലാൻഡ്റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മിഷണരോടു ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ടു കിട്ടിയ ഉടനെ ആ സംഗതിയെപ്പറ്റി ഗവർമ്മെൻറു പരിശോധിച്ചു ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാകുന്നു.

ഹെഡ്സർക്കാർ വക്കീലിന്റെയും അഡിഷണൽ ഹെഡ്സർക്കാർ വക്കീലിന്റെയും ശമ്പളം.

൨൨൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ഇപ്പോഴത്തെ ഹെഡ്സർക്കാർ വക്കീലിന്റെയും ഇപ്പോഴത്തെ അഡിഷണൽ ഹെഡ്സർക്കാർ വക്കീലിന്റെയും ശമ്പളത്തിനുള്ള വ്യത്യാസം എന്താണ്?

(ബി) യഥാക്രമം അവരുടെ മുൻഗാമികളുടെ ശമ്പളത്തിൽ വല്ല വ്യത്യാസവും ഉണ്ടായിരുന്നോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും ൧൧൦൯ കുംഭം ൧-നു വരെയും ൧൧൦൦ കുംഭം ൧-നു വരെയും ശരിപ്പെടുത്തിയിട്ടുള്ള അഖിലവർഷത്തെയ്ക്കുള്ള സിവിൽ ലിസ്റ്റ് മെമ്പർ നോക്കേണ്ടതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ)-യും (ബി)-യും ഉള്ള മറുപടികളെസംബന്ധിച്ചു ഉദ്യോഗങ്ങളെപ്പററിയല്ല ആ ഉദ്യോഗങ്ങളിൽ ഇരിക്കുന്ന ആളുകളെപ്പററിയാണു ഞാൻ ചോദ്യം ചോദിച്ചിട്ടുള്ളതെന്നു ഗവർമ്മെൻറു മനസ്സിലാക്കിയിട്ടില്ലയോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ് സെക്രട്ടറി): ആ ഉദ്യോഗങ്ങളിൽ ഇരിക്കുന്ന ആളുകളെസംബന്ധിച്ചതാണെന്നിരുന്നാലും അതിലേക്കുള്ള മറുപടി സിവിൽലിസ്റ്റിൽ ഉള്ളതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ ഹെഡ്സർക്കാർവക്കീലിന്റെ ഉദ്യോഗം ആക്റ്റിംഗോ സ്ഥിരമായിട്ടുള്ളതോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): ആക്റ്റിംഗ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹം ആ ഉദ്യോഗത്തിനുള്ള ശമ്പളത്തിന്റെ പരമാവധി ശമ്പളമാണോ വാങ്ങുന്നതു?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സർവീസ് റഗുലേഷൻ അനുസരിച്ചു അപ്രകാരം അനുവദിക്കപ്പെടുന്നുണ്ടോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): ആ ഗവർമ്മെൻറിൽനിന്നും അനുവദിക്കപ്പെടുന്നപക്ഷം അപ്രകാരം ചെയ്യാവുന്നതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതുകൊണ്ടു സർവീസ് റഗുലേഷൻ പൊതുവേ ഒരു മാർഗ്ഗദർശിയായി ഇരിക്കുന്നില്ലേ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അങ്ങനെ അർത്ഥമാകുന്നില്ല. "പൊതുവേ" എന്നാൽ കുറെ ദൃഷ്ടാന്തങ്ങൾ എന്നു അർത്ഥമാകുന്നു. ഇതു സർവീസ്റഗുലേഷനെ ഗവർമ്മെൻറു അനുകരിക്കാത്തതായ ഒരു ദൃഷ്ടാന്തംമാത്രമെ ആകുന്നുള്ളു. പൊതുവിൽ അതിനെ ഗവർമ്മെൻറു അനുകരിക്കുന്നുണ്ട്; അതിൽ നിന്നും വ്യത്യസ്തപ്പെട്ട നടപടി നടത്തേണ്ടതായി വന്നിട്ടുള്ള ദൃഷ്ടാന്തങ്ങളും ഉണ്ടായേക്കാം

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതുകൊണ്ടു ഈ വിഷയത്തിൽ ഒരു വ്യത്യസ്ത നടപടി അംഗീകരിച്ചില്ലേ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതെ.

തത്വശാസ്ത്രത്തിലും, ധർമ്മശാസ്ത്രത്തിലും, കണക്കുവിഷയത്തിലും (ഓണേഴ്സ്) കാളേജ്കളെ
മദ്രാസ് സർവകലാശാലയുമായി അഫിലിയേററു (സംഘടനം) ചെയ്യുന്നതിനെ സംബന്ധിച്ചു.

൨൨൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) തത്വശാസ്ത്രത്തിലും, ധർമ്മശാസ്ത്രത്തിലും, കണക്കുവിഷയത്തിലും (ഓണേഴ്സ്) കാളേജ്കളെ മദ്രാസ് സർവകലാശാലയുമായി അഫിലിയേററു ചെയ്യുന്നതിനു അപേക്ഷിക്കാൻ വിദ്യാഭ്യാസ മേലദ്ധ്യക്ഷനോടു ഗവർമ്മെൻറു ആജ്ഞാപിച്ചിട്ടുണ്ടോ?

(ബി) ധർമ്മശാസ്ത്രം സംബന്ധിച്ചിടത്തോളം സംഘടനത്തിനു വിദ്യാഭ്യാസമേലദ്ധ്യക്ഷൻ അപേക്ഷിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) തത്വശാസ്ത്രം സംബന്ധിച്ചിടത്തോളം ആർട്ട്സ്കാളേജും കണക്കു (ഓണേഴ്സ്) സംബന്ധിച്ചിടത്തോളം സയൻസ്കാളേജും മദ്രാസ് സർവകലാശാലയുമായി സംഘടിപ്പിച്ചിട്ടുണ്ട്. ധർമ്മശാസ്ത്രത്തിൽ സയൻസ്കാളേജു സംഘടനയെ സംബന്ധിച്ചിടത്തോളം മറുപടി ഇല്ലെന്നാണു.

(ബി) എ-ാം ഭാഗത്തിനുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധർമ്മശാസ്ത്രത്തിൽ സർവകലാശാലയുമായി അഫിലിയേററു ചെയ്യുന്നതിനു അപേക്ഷിക്കാതിരിക്കാൻ പ്രത്യേകവല്ല കാരണവും ഉണ്ടായിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): അപേക്ഷിക്കുന്നതിനു ഗവർമ്മെൻറിൽനിന്നും യാതൊരു ഉത്തരവുകളും നൽകിയിട്ടില്ല; അപേക്ഷിക്കുന്നതിനുമുമ്പായി ക്ലാസ്സു തുടങ്ങുന്നതിലേക്കു ആവശ്യമുള്ള സൌകര്യങ്ങൾ നമുക്കുണ്ടോ എന്നു നോക്കേണ്ടതായിരിക്കുന്നു. അതിനെപ്പററിയുള്ള അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ മൂന്നു വിഷയങ്ങളിലും അഫിലിയേഷൻ സിദ്ധിക്കുന്നതിനു മുമ്പായിട്ടല്ലേ ഗവൺമെൻറിൽനിന്നും ആവശ്യപ്പെട്ടത്?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ് സെക്രട്ടറി): അല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭൂഗർഭശാസ്ത്രം സംബന്ധിച്ചുള്ള എൻെറ ചോദ്യത്തിൻെറ പ്രഥമഭാഗത്തിനു മറുപടി തന്നിട്ടില്ല.

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറ് സെക്രട്ടറി): തന്നിട്ടുണ്ട്. ഭൂഗർഭശാസ്ത്രത്തിൽ സയൻസുകാളേജുമായുള്ള അഫിലിയേഷൻ സംബന്ധിച്ചു ഇല്ലെന്നാണു മറുപടി. അപ്രകാരമാണു മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

ഭൂഗർഭശാസ്ത്രപഠനം ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചു.

ച. ന. ൭. മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ):

(എ) കഴിഞ്ഞ മീനമാസത്തെ ശ്രീമൂലപ്രജാസഭയിൽ നടന്ന ദിവാൻെറ ഉപക്രമപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതനുസരിച്ചു രാജകീയ സയൻസ് കാളേജിൽ ഭൂഗർഭശാസ്ത്രപഠനം ഏർപ്പെടുത്തുന്നതിലേക്കു ഗവൺമെൻറിൽനിന്നും എന്തു നടപടികൾ നടത്തിയിട്ടുണ്ട്?

(ബി) ഉപക്രമപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള മറെറ രണ്ടു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം അതായതു ആർട്ട്സ് കാളേജിൽ തത്വശാസ്ത്രവും സയൻസ് കാളേജിൽ കണക്കും (ആണേഴ്സ്) ഏർപ്പെടുത്തിയിരിക്കെ ഭൂഗർഭശാസ്ത്രപഠനം ഏർപ്പെടുത്താതിരിക്കുന്നതിനു വല്ല വിഷമതകളും ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നു ഗവൺമെൻറിൽനിന്നും ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): (എ) യും (ബി)-യും ഈ വിഷയത്തെപ്പററി ആവശ്യമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു വിദ്യാഭ്യാസഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. സയൻസ് കാളേജിലുള്ള ഇപ്പോഴത്തെ സ്ഥലസൌകര്യം ആലോചിച്ചു നോക്കുമ്പോൾ ഭൂഗർഭശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നതിനു സാധിക്കയില്ലെന്നും കാളേജ്വളപ്പിനോടു തൊട്ടുകിടക്കുന്നസ്ഥലങ്ങൾ അതിനോടുകൂട്ടിച്ചേർത്തു കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാക്കിയതിനുശേഷംമാത്രമേ ഈ വിഷയം ആലോചനക്കു എടുക്കപ്പെടാവൂ എന്നും അദ്ദേഹം റിപ്പോർട്ടുചെയ്തു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ): ആവശ്യമുള്ള സ്ഥലസൌകര്യത്തിൻെറ സ്വഭാവം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ആറു മുറികളുള്ള ഒരു രണ്ടുനില കെട്ടിടം ആവശ്യമുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ): ഇതു പറഞ്ഞതു ഏതു ഉദ്യോഗസ്ഥനാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): കാളേജ്പ്രിൻസിപ്പാൾ.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ): എന്നാൽ കണക്കുവിഷയത്തിലുള്ള ഓണേഴ്സ് ക്ലാസ് ആവശ്യമുണ്ടായിരുന്ന സ്ഥലസൌകര്യത്തിൻെറ സ്വഭാവം എന്തായിരുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ഈ ചോദ്യം ഉൽഭവിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു. ഭൂഗർഭശാസ്ത്രം സംബന്ധിച്ചാണു ചോദ്യം.

ഡെപ്യൂട്ടിപ്രസിഡൻറ്: അനുവദിക്കുന്നില്ല.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): കാളേജിൽതന്നെയുള്ള ചെറിയ മുറികൾ മതിയാകുന്നതല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): അതിലേക്കു കാളേജിൽ ഇപ്പോഴുള്ള മുറികൾ കിട്ടുന്നതല്ലെന്നു പ്രിൻസിപ്പാൾ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ); ഭൂഗർഭശാസ്ത്രം പഠിപ്പിക്കുന്നതിനു വലിയക്ലാസ്സുമുറികൾ ഉണ്ടായിരിക്കണമെന്നാണോ പ്രിൻസിപ്പാൾ ഉദ്ദേശിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ക്ലാസുകൾ ആരംഭിക്കുന്നതിനു അത്യാവശ്യമായ ചില ആവശ്യങ്ങൾ വേണ്ടിയിരിക്കുന്നു. അവ ആറു മുറികൾ ആണെന്നു പറയപ്പെട്ടിരിക്കുന്നു; അതായതു പ്രസംഗത്തിനുള്ള ഒരു മുറി, മ്യൂസിയത്തിനുള്ള ഒരു മുറി, ഭൂതക്കണ്ണാടി വയ്ക്കുന്നതിനുള്ള ഒരു മുറി, പഠിപ്പിക്കുന്നവർക്കുള്ള ഒരു മുറി പഠിപ്പിക്കുന്ന ആളുകൾക്കുള്ള ഒരു മുറി, ലൈബ്രറിക്കുള്ള ഒരു മുറി ഇങ്ങനെ ആറുമുറികളാണ്. ഈ ആറു മുറികളാണു ആവശ്യമുള്ളത്.

സയൻസ്കാളേജിൽ ഭൂഗർഭശാസ്ത്രപഠനം ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചു.

ച. ന. ൮. മി. ആർ. പത്മനാഭൻ (നിയമിക്കപ്പെട്ട മെമ്പർ):

(എ) രാജകീയ സയൻസ്കാളേജിൽ ഭൂഗർഭശാസ്ത്രപഠനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നു കുറച്ചുകൊല്ലങ്ങൾക്കുമുമ്പു ഗവൺമെൻറ് പ്രസ്താവിക്കയുണ്ടായോ എന്നും;

(ബി) ഉണ്ടെങ്കിൽ ആയതു നടപ്പിൽവരുത്താത്തതു എന്തുകൊണ്ടാണെന്നും ഗവൺമെൻറ് ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി):

(എ) ഉവ്വ.

(ബി) ച. ന. ൭-ആം ചോദ്യത്തിനു നൽകിയിട്ടുള്ള മറുപടി മെമ്പർ നോക്കേണ്ടതാകുന്നു.

ലാഭം കിട്ടണമെന്നുള്ള ഉദ്ദേശംമൂലം ഭൂമിയുടെ വില വർദ്ധിക്കുന്നതിനെസംബന്ധിച്ചു.

ച. ന. ൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (എ) സൌകര്യമുള്ള എല്ലാ സ്ഥലങ്ങളിലും കിടപ്പുള്ള അനേകം വിസ്താരമുള്ള പുതുവൽ ഭൂമികളെ അവയെ ആകുന്നിടത്തോളം വേഗത്തിൽ ഉപയോഗപ്പെടുത്തണമെന്നോ ഉൽപ്പാദനസംഗതികൾക്കായി ഉപയോഗിക്കണമെന്നോ ഉള്ള ഉദ്ദേശമില്ലാതെ കേവലം ലാഭത്തെമാത്രം ഉദ്ദേശിച്ചു ധനികന്മാരോ സ്വാധീനമുള്ളവരോ ആയ ആളുകൾ ഗവൺമെൻറിൽനിന്നും പതിപ്പിച്ചു വാങ്ങുന്നതുമൂലം സാധാരണയുള്ള ആഹാരസാധനങ്ങൾ കൃഷിചെയ്യുന്നതിനും സംസ്ഥാനത്തിൽ

മററുവിധത്തിൽ ആവശ്യമുള്ളതും ആയ ഭൂമികളുടെ വില അല്പ കൊല്ലങ്ങൾക്കു ഇപ്പുറമായി സമാധാനത്തിലധികം വർദ്ധിച്ചിട്ടുള്ള വിവരം ഗവൺമെൻറിനു അറിയാമോ?

(ബി) സംബന്ധപ്പെട്ട ഭൂമികളുടെ ഉടമസ്ഥന്മാർക്കു നിയമാനുസൃതമായ നോട്ടീസ് കൊടുക്കുന്ന തീയതി മുതൽ അഞ്ചു വർഷങ്ങൾക്കകം അവയെ ഉത്പാദകരമാകുംവണ്ണം ഉപയോഗപ്പെടുത്താത്തപക്ഷം അവയെ ആ വിലക്കു പ്രസ്തുതപുരയിടങ്ങൾ ഭൂമികളെ വീണ്ടെടുക്കുന്നതിനുള്ള അധികാരം ഗവൺമെൻറിനു സിദ്ധിക്കത്തക്കവണ്ണം വേണ്ട നടപടികൾ നടത്തുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഭൂമികളുടെ വില ഈ കാലത്തു വർദ്ധിച്ചിട്ടുണ്ടായിരിക്കാം, എന്നാൽ മെമ്പർ പ്രസ്താവിച്ചിരിക്കുന്ന കാരണംകൊണ്ടാണ് അപ്രകാരമുണ്ടായിട്ടുള്ളതെന്നു ഗവൺമെൻറിനു അറിയാൻ പാടില്ല.

(ബി) എൻറെ നം-ാമത്തെ ശ്രീമൂലംപ്രജാസഭയിലുള്ള ദിവാൻറെ ഉപക്രമപ്രസംഗത്തിലെ നം-ാം ഖണ്ഡിക മെമ്പർ വായിച്ചിരിക്കുമല്ലോ. ഈ വിഷയം ഗവൺമെൻറിൻെറ ശ്രദ്ധയിലിരിക്കയാണ്, മെമ്പറുടെ നിർദ്ദേശത്തെപ്പററി ആലോചിക്കുന്നതിനു നോട്ടുചെയ്തിരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശ്രീമൂലംപ്രജാസഭയിൽനടന്ന ദിവാൻറെ ഉപക്രമപ്രസംഗത്തിലെ നം-ാം ഖണ്ഡികയിൽ കൃഷിചെയ്യാതിരിക്കുന്ന സംഗതിയിൽ ഒരു ശിക്ഷ ഏർപ്പെടുത്തുന്ന സംഗതിയെപ്പററി സൂചിപ്പിച്ചിട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): പ്രസ്തുതഖണ്ഡികയുണ്ട്. ആ ഖണ്ഡിക വായിക്കണമെന്നു മെമ്പർ ആവശ്യപ്പെടുന്നുണ്ടോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിൽ കൃഷിചെയ്യാതിരിക്കുന്നതിനു ഒരു ശിക്ഷ ഏർപ്പെടുത്തണമെന്നു സൂചിപ്പിച്ചിട്ടുണ്ടെന്നാണു ഞാൻ പ്രസ്താവിച്ചതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതേ,

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു മുൻപതിച്ചുകൊടുത്തിട്ടുള്ള ഭൂമികളേയും സംബന്ധിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഇതാണു വാചകം "അപ്രകാരം കൃഷിചെയ്യപ്പെടാത്ത ഭൂമികളുടെ കണക്കു എടുക്കുന്നതായാൽ കൃഷിചെയ്യാതിരിക്കുന്നതു ശിക്ഷാർഹമാകത്തക്കവിധത്തിൽ ആ ക്ഷേപ്രവൃത്തി അത്ര അധികമാണോ എന്നു കാണിക്കുന്നതാണ്".

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷിചെയ്യാതിരിക്കുന്നതിനു ശിക്ഷ ഏർപ്പെടുത്തുന്നകാര്യം ഭാവിയിൽ പതിച്ചുകൊടുക്കാവുന്നതായ ഭൂമിയെമാത്രമല്ല മുൻപുതന്നെ പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയേയും സംബന്ധിക്കുന്നതാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതു ഭാവിയിൽ പതിച്ചുകൊടുക്കുന്നതിനെമാത്രമോ അതല്ല മുമ്പു പതിച്ചുകൊടുത്തിട്ടുള്ളതിനേയും കൂടി സംബന്ധിക്കണമോ എന്നുള്ളതു കണക്കുകൾ തിട്ടപ്പെടുത്തി നക്കൽബിൽ തയ്യാറാക്കുമ്പോൾ ആലോചിക്കപ്പെടേണ്ടകാര്യമാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിൽ ഗവൺമെൻറിൻെറ ശ്രദ്ധപതിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു, എൻറെ ചോദ്യത്തിൽ ഉദ്ദേശിച്ചിട്ടുള്ള നിർദ്ദേശം ഭാവിയിൽ പതിച്ചുകൊടുക്കേണ്ടതായ ഭൂമികളെപ്പററിമാത്രമേ സംബന്ധിക്കുന്നുള്ളു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഇപ്പോഴുള്ള റഗുലേഷനും ചട്ടങ്ങളും അനുസരിച്ചു ഈ വിഷയത്തിൽ ഉടൻതന്നെ എന്തെങ്കിലും ഗവൺമെൻറിനു ചെയ്യാവുന്നതാണോ എന്നുള്ളതു സംശയമാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ള നിർദ്ദേശവും ദിവാൻറെ ഉപക്രമപ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശവും തമ്മിൽ വ്യത്യാസമുണ്ടെന്നാണു ഞാൻ പറയുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഈ വിഷയം ഗവൺമെൻറിൻെറ ശ്രദ്ധയിലിരിക്കയാണ്. കണക്കുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്. അവ കിട്ടുമ്പോൾ ഈ വിഷയം മൊത്തമായി പരിശോധിക്കപ്പെടുന്നതാണ്. അപ്പോൾ മെമ്പറുടെ നിർദ്ദേശങ്ങളെക്കൂടി ഗവൺമെൻറു ആലോചിക്കുന്നതാണ്.

ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു.

൨൨൭. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെങ്കിലും ആൾക്കോ കാർപ്പൊറേഷനോ ഒരു താലൂക്കിൽ പതിച്ചുകൊടുക്കുന്ന ഭൂമിയിൽ ൧൦ ശതമാനമെങ്കിലും പതിച്ചുകൊടുക്കുന്ന തീയതിമുതൽ ൫ കൊല്ലത്തിനകം ശരിയായിട്ടുള്ള കൃഷിക്കായോ മററു ഉൽപ്പാദന വ്യവസായത്തിനായോ അല്ലെങ്കിൽ താമസിക്കുന്നതിലേക്കായോ ഉപയോഗപ്പെടുത്തിക്കൊള്ളണമെന്നുള്ള വ്യവസ്ഥ ഏർപ്പെടുത്തി മേലാൽ എല്ലാപുരയിടങ്ങൾ ഭൂമികളും പതിച്ചുകൊടുക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ൨൨൬-ാമതുചോദ്യം (ബി) ഭാഗത്തിനു നൽകിയിട്ടുള്ള മറുപടി മെമ്പർ നോക്കേണ്ടതാണ്.

കമ്മാളജാതിയിലും വിശ്വകർമ്മജാതിയിലും ഉൾപ്പെട്ട ആളുകൾക്കുള്ള ഫീസ് സൌജന്യം.

൨൨൮. എൻ. ജി. നാരായണപിള്ള (തിരുവല്ലാ): (എ) കമ്മാളജാതികളിൽ ഉൾപ്പെട്ട ആൾക്കെങ്കിലും സ്കൂൾഫീസ് സൌജന്യം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതുജാതിക്കാർക്കാണെന്നും,

(ബി) വിശ്വകർമ്മസമുദായത്തെ വിദ്യാഭ്യാസസംബന്ധിച്ചു പിന്നോക്കം നിൽക്കുന്നവരായി കരുതി അവർക്കു ഫീസ് സൌജന്യം നൽകുന്നുണ്ടോ എന്നും ഗവൺമെൻറു ദയവുണ്ടായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി):

(൧) ൧൧൨൮ മേയ് ൨൦-നു-യിലെ ഗവണ്മെന്റുഗസററു വിദ്യാഭ്യാസവിഭാഗം ൨൮൮ മുതൽ ൨൫൦ വരെ വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ൧൧൨൮ മേയ് ൧൫-നു-യിലെ രെജിസ്റ്റ്രേഷൻ ഈ വക ൨൮-ലെ ആർ. ഡിസ്. ൪൬൮൨-ാംനമ്പർ ഗവണ്മെന്റുത്തരവു മെമ്പർ നോക്കേണ്ടതാകുന്നു.

(൨) ഉണ്ടെന്നാണ് മറുപടി.

കായംകുളംതോട്ടിലെ ചീപ്പ് പണികഴിപ്പിക്കുന്നതിനെസംബന്ധിച്ച്.

൨൩൦. മി. ജി. രാമൻമേനോൻ (ദാമോദരക്കരയും-കാർത്തികപ്പള്ളിയും): (എ) കായംകുളംതോട്ടിലെ വേനൽക്കാലത്തേക്കുള്ള ചീപ്പ് ഇപ്പോഴത്തെ സ്ഥലത്തുനിന്നും ഏകദേശം രണ്ടു മൈൽ തെക്കോട്ടുമാററി ആ പ്രദേശങ്ങളിലെ പുഞ്ചകൃഷി സംരക്ഷിക്കുന്നതിനു കാർത്തികപ്പള്ളി താലൂക്കിലെ പതിയൂർപകുതിയിലുള്ള ജനങ്ങൾ സമർപ്പിച്ചിട്ടുള്ള ഹർജികളിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്ന ഗവണ്മെൻറു ദയവുചെയ്തു പ്രസ്താവിക്കുമോ?

(ബി) ആ പ്രദേശങ്ങളിൽ മിക്കവാറും എല്ലാ കൊല്ലങ്ങളിലും ഉപ്പുവെള്ളകയററം ഉണ്ടാകുന്നതുകൊണ്ടു ഏകദേശം ൩,൦൦൦ ഏക്കർ പുഞ്ചനിലത്തിലുള്ള കൃഷി ദോഷപ്പെട്ടുപോകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

(സി) ചീപ്പിൻെറ ഇപ്പോഴത്തെ സ്ഥാനംകൊണ്ടും ആയതു സംരക്ഷിക്കപ്പെടുന്നതിലുള്ള ഇപ്പോഴത്തെ കുഴപ്പങ്ങൾകൊണ്ടും യാത്രചെയ്യുന്ന പൊതുജനങ്ങൾക്കും കൃഷിക്കാർക്കും നേരിടുന്ന നഷ്ടത്തെപ്പററിയും അസൗകര്യത്തെപ്പററിയും അന്വേഷിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ഡി) ശരിയായിട്ടുള്ള സ്ഥലത്തു ഒരു ശരിയായ ചീപ്പുകെട്ടി സംരക്ഷിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) അപ്രകാരമുള്ള യാതൊരു ഹർജിയും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

(ബി) വേനൽക്കാലത്തേക്കുള്ള ചീപ്പിൽനിന്നും അഞ്ചു മൈൽ ദൂരംവരെ ഏകദേശം ൧,൮൦൦ ഏക്കർ പുഞ്ചനിലമുണ്ട്; എന്നാൽ ഉഷ്ണകാലത്തു മഴയില്ലാത്ത കൊല്ലങ്ങളിൽ ഏകദേശം രണ്ടു മൈൽ ദൂരത്തുള്ള പുഞ്ചനിലങ്ങളെമാത്രമേ ഉപ്പുവെള്ളകയററം ബാധിക്കുന്നുള്ളു.

(സി) അപ്രകാരമുള്ള യാതൊരു ദൃഷ്ടാന്തവും ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ എത്തിയിട്ടില്ല.

(ഡി) ചീപ്പിൻെറ ഇപ്പോഴത്തെ സ്ഥാനം മാററുന്നകാര്യം പൊതുമരാമത്തുഡിപ്പാർട്ടുമെൻറുകാർ പരിശോധിക്കുന്നതാകുന്നു.

൧൧൨൭-ലെ പൊതുതിരഞ്ഞെടുപ്പുസംബന്ധമായ കാവുംഭാഗത്തിലെ
പോളിംഗ് ഉദ്യോഗസ്ഥൻ.

൨൩൧. മി. ജി. നാരായണപിള്ള (തിരുവല്ലാ): (എ) നിയമസഭയിലേക്കു ൧൧൨൭-ൽ നടന്ന പൊതുതിരഞ്ഞെടുപ്പുസംബന്ധിച്ചു തിരുവല്ലാ നിയോജകമണ്ഡലത്തിൽ കാവുംഭാഗം സ്റ്റേഷനിലെ പോളിംഗ് ഉദ്യോഗസ്ഥൻെറപേരിൽ കൊടുത്തിട്ടുള്ള ആവലാതികളെപ്പററി ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും അന്വേഷണം നടത്തുകയോ റിട്ടേണിംഗ് ഉദ്യോഗസ്ഥൻ റിപ്പോർട്ടു സമർപ്പിക്കയോ ചെയ്തിട്ടുണ്ടോ എന്നു ഗവണ്മെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) കാവുംഭാഗംസ്റ്റേഷനിലെ പോളിംഗ് കഴിഞ്ഞു രണ്ടു ദിവസം കഴിഞ്ഞതിനുശേഷം മുള്ളിയിൽവീട്ടിൽ ഒരു പരമേശ്വരൻപിള്ള കേശവപിള്ളയാണ് അയച്ചതെന്നുകാണിക്കുന്ന സാക്ഷ്യപ്പെടുത്താത്തതായ ഒരു ഹർജി അഞ്ചൽമൂലം റിട്ടേണിംഗ് ഉദ്യോഗസ്ഥനു കിട്ടി. തനിക്കുള്ള കാഴ്ചക്കുറവുമൂലം തനിക്കു തിരഞ്ഞെടുക്കണമെന്നുദ്ദേശമുള്ള ആളിൻെറ പേരിനു എതിരായി തൻെറ ബാലട്ടുകടലാസിൽ മാർക്കുചെയ്യണമെന്നു ഹർജിക്കാരൻ കാവുംഭാഗം സ്റ്റേഷനിൽ ആദ്ധ്യക്ഷംവഹിച്ച ഉദ്യോഗസ്ഥനോടു ആവശ്യപ്പെട്ടു എന്നും, വേറൊരു തിരഞ്ഞെടുപ്പുകാരൻെറ പേരിനു എതിരായി ആദ്ധ്യക്ഷംവഹിച്ച ഉദ്യോഗസ്ഥൻ ആദ്യം മാർക്കുചെയ്തു എന്നും, പക്ഷേ തെററായി മാർക്കുചെയ്തു എന്നു അറിയിച്ച ഉടനെ അദ്ദേഹം ആദ്യം മാർക്കുചെയ്ത കടലാസ് ചീത്തയായിപ്പോയി എന്നുകരുതി വേറൊരു ബാലട്ടുകടലാസിൽ ശരിയായിട്ടുള്ള സമ്മതിദാനം റിക്കാർഡുചെയ്തു എന്നും ഹർജിയിൽ പറഞ്ഞിട്ടുണ്ട്.

(ബി) ഹർജിക്കാരൻതന്നെ ഹാജരായിട്ടില്ലായിരുന്നു; അദ്ദേഹത്തിൻെറ സാക്ഷികളുടെ പേരുവിവരവും പറഞ്ഞിട്ടില്ലായിരുന്നു. ഏതായാലും ആദ്ധ്യക്ഷംവഹിച്ച ഉദ്യോഗസ്ഥൻെറ റിമാർക്കുകൾ റിട്ടേണിംഗ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. ആദ്ധ്യക്ഷംവഹിച്ച ഉദ്യോഗസ്ഥൻെറ റിപ്പോർട്ടിനെപ്പററി ചിന്തിച്ചതിനുശേഷവും ആ ഘട്ടത്തിൽ നടത്തപ്പെടാവുന്ന അന്വേഷണം നടത്തിയതിനുശേഷവും എണ്ണം തിട്ടപ്പെടുത്തികഴിഞ്ഞു ഹർജിയെ റിക്കാർഡുചെയ്തു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): (ബി) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു തൻെറമുമ്പിൽ ഹാജരാകുന്നതിനോ തൻെറ സാക്ഷികളുടെ പേരുവിവരം പറയുന്നതിനോ റിട്ടേണിംഗ്ഉദ്യോഗസ്ഥൻ ഹർജിക്കാരനോടു ആവശ്യപ്പെട്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): തിരഞ്ഞെടുപ്പുദിവസം റിട്ടേണിംഗ് ഉദ്യോഗസ്ഥൻ സ്ഥലത്തുണ്ടായിരുന്നു എന്നു വിചാരിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു തനിക്കു എന്തെങ്കിലും ആവലാതി ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ മുമ്പിൽ ഹാജരാകുന്നതിനോ തൻെറ സാക്ഷികളെ ഹാജരാക്കുന്നതിനോ ഹർജിക്കാരനു ചെയ്യാമായിരുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): അദ്ദേഹത്തിനു ഒരു ഹർജി കിട്ടിയതായി (എ) ഭാഗത്തിൽനിന്നും കാണുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): അതെ; അദ്ദേഹം ഹെഡ്ക്വാർട്ടറിൽ തിരിച്ചെത്തിയതിനുശേഷമാണ് അപ്രകാരമുണ്ടായത്.

മി. ജി. നാരായണപിള്ള (തിരുവല്ലാ): ഹജികാരൻെറ പക്കൽനിന്നും അതു കെട്ടിയതിനുശേഷം താൻ തന്നെ ഹാജരാകുന്നതിനോ സാക്ഷികളെ ഹാജരാക്കുന്നതിനോ റിട്ടേണിംഗ് ഉദ്യോഗസ്ഥൻ ഹജികാരനോടു ആവശ്യപ്പെടാത്തതു എന്തുകൊണ്ടാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): മറുപടിയിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾകൊണ്ടാണ് അപ്രകാരം ചെയ്യാതിരുന്നത്. ഹജി സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒന്നല്ല. വാസ്തവത്തിൽ ഹജി വാസ്തവമായിട്ടുള്ളതു തന്നെയാണോ എന്നുള്ളതിനെപ്പററി സംശയമുണ്ടായിരുന്നു.

ട്രെയിനിംഗ് ഒഴിവുകളിൽ ആളു നിയമിക്കുന്നതിനെ സംബന്ധിച്ച്.

൨൩൨. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൦൯-ാമാണ്ടിൽ ഡിപ്പാർട്ടുമെൻറൽ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽനിന്നും പരിശീലനത്തിനായി നിയോഗിക്കപ്പെട്ടവരുടെ ഒഴിവുകളിൽ നിയമിക്കപ്പെടണമെന്ന വിദ്യാഭ്യാസഡയറക്ടർ ശുപാർശചെയ്തു ഗവൺമെൻറിൽനിന്നും നിയമിച്ച ഗ്രാഡ്വേററു അദ്ധ്യാപകന്മാരുടെ പേരുവിവരം കാണിക്കുന്ന ഒരു ലിസ്റ്റു ഗവൺമെൻറു ദയവുണ്ടായി മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): പരിശീലനത്തിനായി നിയോഗിക്കപ്പെട്ട ഗ്രാഡ്വേററു അദ്ധ്യാപകന്മാരുടെ സ്ഥാനങ്ങളിൽ [illegible] കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി വിദ്യാഭ്യാസഡയറക്ടർ നിയമിച്ച ഗ്രാഡ്വേററന്മാരുടെ പേരുവിവരം കാണിക്കുന്ന ഒരു * ലിസ്റ്റു മേശമേൽ വച്ചിട്ടുണ്ട്. ലിസ്റ്റിൽ കൊടുത്തിട്ടുള്ള ൧ മുതൽ ൧൩ വരെ നമ്പരുകളെ സംബന്ധിച്ചുള്ള നിയമനങ്ങളെ ഗവൺമെൻറു അംഗീകരിച്ചിട്ടുണ്ട്. ൧൪-ാംനമ്പർ നിയമനം അംഗീകരിക്കപ്പെടണമൊ എന്നുള്ളകാര്യം ആലോചനയിൽ ഇരിക്കയാണ്.

സാല്വേഡിപ്പാർട്ടുമെൻറിലുള്ള ചില നിയമനങ്ങളെ സർവീസിൽ നിയമിച്ചതിനേയും അവരുടെ യോഗ്യതകളേയും മററും സംബന്ധിച്ചുള്ള വിവരം.

൨൩൩. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): താഴെപ്പറഞ്ഞിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം,

(എ) അവരുടെ ഉദ്യോഗങ്ങളും അവരെ സർവെഡിപ്പാർട്ടുമെൻറിൽ എപ്പോഠം നിയമിച്ചു എന്നും,

(ബി) അവരിൽ ഓരോരുത്തരുടേയും പരീക്ഷായോഗ്യതകഠം എന്താണെന്നും,

(സി) അവരിൽ സൂപ്രണ്ടിൻെറ ബന്ധുക്കളായിരിക്കുന്നവരുടെ പേരുകഠം എന്താണെന്നും,

(ഡി) മററുള്ള ഡിപ്പാർട്ടുമെൻറുകളിൽനിന്നും എടുക്കപ്പെട്ടവരുടെ പേരുകളും, ആ ഡിപ്പാർട്ടുമെൻറുകളിൽ അവക്കുണ്ടായിരുന്ന സ്ഥിരമൊ താൽക്കാലികമൊ ആയിട്ടുള്ള അവരുടെ ഉദ്യോഗങ്ങളും ശമ്പളവും എന്താണെന്നും ഉള്ളവിവരം ഗവൺമെൻറിൽനിന്നും ദയവുണ്ടായി തരുമോ?

പി. കെ. സുബ്ബഅയ്യർ.
കെ. വെങ്കിടാചലംഅയ്യർ
കെ. രാമഅയ്യർ
എസ്സ്. ശങ്കരഅയ്യർ
എസ്സ്. നരസിംഹഅയ്യർ
ഹരിഹരഅയ്യർ
ശങ്കരനാരായണഅയ്യർ
പി. [illegible]അയ്യർ
എ. സി. എറണാകുളത്തപ്പൻപിള്ള
എച്ച്. രാധാകൃഷ്ണഅയ്യർ
കുഞ്ഞുകൃഷ്ണപിള്ള

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ)-യും (ബി)-യും ആവശ്യപ്പെട്ടിട്ടുള്ള വിവരം കാണിക്കുന്ന ഒരു പട്ടിക † മേശമേൽ വച്ചിരിക്കുന്നു.

(സി) പട്ടികയിൽ പറഞ്ഞിട്ടുള്ള യാതൊരു കീഴ്ജീവനക്കാരും സൂപ്രണ്ടിൻെറ ബന്ധുവാണെന്നു റിപ്പോർട്ടു ചെയ്തിട്ടില്ല.

(ഡി) മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരം കാണിക്കുന്നതായ ഒരു ‡ പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതിൽ (എ) എന്നഭാഗത്തിൽ അടങ്ങിയിട്ടുള്ള ചോദ്യത്തിനു ഉത്തരം മുഴുവനും കിട്ടിയില്ല. ഇതിൽ എ. കെ. കുഞ്ഞുകൃഷ്ണപിള്ളയെ സംബന്ധിച്ചുള്ള മറുപടി പൂർണ്ണമായിരിക്കുന്നില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഏതുഭാഗത്തിനാണ് കിട്ടേണ്ടത്? (എ) ഭാഗത്തിൽ അപ്രകാരമുള്ള ഒരു പേരില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) ഭാഗം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതിൽ ഏതുഭാഗം?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): മറുപടിയിൽ (എ) ഭാഗത്തിനുള്ള അനുബന്ധത്തിലാണ് അതു. അതു എ. കെ. കുഞ്ഞുകൃഷ്ണപിള്ളയെസംബന്ധിച്ചാണ്.

---

* ൨-ാംഅനുബന്ധം ൭൨-൭-ാംവശം നോക്കുക.

† ൩ എ) അനുബന്ധം നോക്കുക.

‡ ൩ ബി. [illegible]അനുബന്ധം നോക്കുക.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): രണ്ടാമത്തേതു കല്ലട്ടിയിൽനിന്നും അയാൾ ഒരു കാപ്പിയിസ്റ്റ് ആണെന്നും, ശമ്പളം എട്ടു രൂപായാണെന്നും ൧൦൨൦ മകരം ൧-നു-യാണ് അയാളെ നിയമിച്ചിട്ടുള്ളതെന്നും, അയാൾക്കു പരീക്ഷായോഗ്യതകൾ യാതൊന്നുംതന്നെ ഇല്ലെന്നും കാണുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൦൧൦-ൽ സ്ഥിരം കാപ്പിയിസ്റ്റായി ജോലിയിൽ ഇരുന്ന ആളിനെ ദീർഘകാലമായിട്ടും സ്ഥിരമായി ഉദ്യോഗം കൊടുക്കാതിരിക്കുന്നതിനുള്ള കാരണം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അന്വേഷിച്ചേ പറയാൻ നിവൃത്തിയുള്ളൂ. ഇതൊരു ചോദ്യമായി വിചാരിക്കാമോ എന്നുള്ളതു സംശയമാണ്.

കോട്ടപ്പുറ റിസർവിൽ കന്നുകാലിമേച്ചിലിനെ സംബന്ധിച്ച്.

൨൩൪. മി. സി. പി. [illegible] (കുന്നത്തുനാടു): കോട്ടപ്പുറ റിസർവിനകത്തു കന്നുകാലിമേച്ചിലിനെ സംബന്ധിച്ചു ഒരു നിരോധന ഉത്തരവു ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറു ദയവുണ്ടായി പറയുമോ? ഉണ്ടെങ്കിൽ, ആ ഉത്തരവിനെ പിൻവലിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ? അപ്രകാരമുള്ള ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ വനം ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാർ മേൽപറഞ്ഞ റിസർവിനകത്തു കന്നുകാലികൾ മേയുന്നതിനെ വിരോധിച്ചിട്ടുണ്ടോ എന്നു ഗവണ്മെൻറു ദയവുണ്ടായി അന്വേഷിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): യാതൊരു നിരോധന ഉത്തരവും പുറപ്പെടുവിച്ചിട്ടില്ലാത്തതും കോട്ടപ്പുറ റിസർവിൽ കന്നുകാലികൾ മേയാതിരിപ്പാൻ അടച്ചിട്ടില്ലാത്തതും ആകുന്നു.

കന്നുകാലിമേച്ചിൽ സംബന്ധിച്ചുള്ള ചട്ടങ്ങൾ അനുസരിച്ചു റിസർവിനകത്തു കന്നുകാലികളെ മേയ്ക്കുന്നതിനു ആ സ്ഥലത്തുള്ള റെയിഞ്ചു ആഫീസരുടെ പക്കൽനിന്നും ഒരു പെർമിററു വാങ്ങേണ്ടതാകുന്നു. കന്നുകാലിമേച്ചിലിനായി റിസർവിനകത്തു കന്നുകാലികളെ കൊണ്ടുപോകുന്നതു സംബന്ധിച്ചു വനം ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരുടെ പേരിൽ യാതൊരാളും ആവലാതിപ്പെട്ടിട്ടില്ലെന്നു വനം കൺസർവേറ്റർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

കുട്ടപ്പുഴതോടു.

൨൩൫. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): (എ) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുട്ടപ്പുഴതോടു തുറക്കേണ്ടതാണെന്നു കാണിച്ചു തിരുവല്ലായും ചങ്ങനാശേരിയും താലൂക്കുകളിലുള്ള ജനങ്ങൾ ഗവണ്മെൻറിനോടു തുടരെത്തുടരെ അപേക്ഷിച്ചിട്ടില്ലയോ എന്നു ഗവണ്മെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തോടു ജനങ്ങൾക്കു ഗതാഗതത്തിനു ഉപയോഗപ്രദവും അതുമൂലം വളരെ വിസ്താരമുള്ള നിലങ്ങളിലുള്ള വിളവു അസാമാന്യമായി വർദ്ധിക്കുന്നതുമാകയാൽ പരിശോധനയുടെ ഫലമായി പ്രസ്തുതതോടു ഗുണകരമായിരിക്കുന്നതാണെന്നു തോന്നിയിട്ടില്ലയോ?

(സി) ഇതിലേക്കായി ഇതുവരെയും ആകെ എത്ര പണം ചെലവാക്കിയിട്ടുണ്ട്?

(ഡി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തോട്ടിൽ ഇനിയും എത്ര ഫർലാങ്ങ് നീളം വെട്ടേണ്ടതായിട്ടുണ്ട്?

(ഇ) ജോലിചെയ്തുതീർക്കുന്നതിനു താമസം വരുത്തുന്നതു എന്തുകൊണ്ടാണെന്നു ഗവണ്മെൻറിനു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി):

(എ) ഉണ്ട്.

(ബി) പദ്ധതി ഗുണകരമായിട്ടുള്ളതാണെന്നു വിചാരിക്കുന്നു.

(സി) പരിശോധന നടത്തുന്നതിനായി ൩൩൭ രൂപാ ചെലവാക്കിയിട്ടുണ്ട്.

(ഡി) തോടുവെട്ടുന്നതിനു വാസ്തവത്തിൽ യാതൊന്നും ചെയ്തിട്ടില്ല.

(ഇ) എഞ്ചിനീയറിംഗ് സംബന്ധമായും ഭൂമിയുടെ കിടപ്പുസംബന്ധമായുമുള്ള ബുദ്ധിമുട്ടുകളെ ഒഴിവാക്കേണ്ടതിനായാലും മുൻപു നടത്തിയിട്ടുള്ള പരിശോധനയെ പരിഗണിച്ചു പ്രസ്തുതപദ്ധതിക്കു ചെലവാകുമെന്നു ഊഹിക്കപ്പെട്ടിരിക്കുന്ന സംഖ്യ, ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഗുണവുമായി യാതൊരു താരതമ്യമില്ലാത്തതും അതിനാൽ [illegible]-ൽ അതിനെ അവസാനമായി ഉപേക്ഷിച്ചിട്ടുള്ളതും ആകുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പ്രസ്തുതപദ്ധതിയുടെ കാര്യത്തിൽ ഭൂമിയുടെ കിടപ്പുസംബന്ധമായ ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള [illegible] ഫെബ്രുവരി [illegible]-നു-യിലെ (എ) [illegible]-ാം നമ്പർ ഗവണ്മെൻറു ഉത്തരവു ദയവുചെയ്തു നോക്കേണ്ടതാകുന്നു. അതിൽ കാരണങ്ങൾ എന്തെല്ലാമാകുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഈ പദ്ധതിയെപ്പററി സ്പെഷ്യൽ ഇൻവസ്റ്റിഗേഷൻ ആഫീസർ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): റിപ്പോർട്ടു ഇതുവരെയും കിട്ടിയിട്ടില്ല.

അട്ടർ—കായംകുളംറോഡുമുതൽ മാവേലിക്കര-പള്ളം റോഡുവരെയുള്ള റോഡു ആകുന്നിടത്തോളം വേഗത്തിൽ നന്നാക്കുന്നതിനെ സംബന്ധിച്ചു:

൨൩൬. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും).

(എ) മാവേലിക്കര താലൂക്കിലുള്ള ചുനക്കരയും തെക്കേക്കരയും പകുതികളിലെയും സമീപത്തുള്ള മററു പകുതികളിലെയും ജനങ്ങൾ മേൽപ്പറഞ്ഞ പകുതികളിൽക്കൂടി അട്ടർ—കായംകുളം റോഡുമുതൽ മാവേലിക്കര പന്തളം റോഡുവരെ വടക്കോട്ടുപോകുന്ന റോഡിൻെറ അതൃപ്തികരമായ സ്ഥിതിമൂലം വളം, കൃഷിചെയ്യപ്പെട്ട സാധനങ്ങൾ മുതലായവകൊണ്ടുപോകുന്നതു സംബന്ധിച്ചു അനുഭവിച്ചുവരുന്ന വലുതായ നഷ്ടങ്ങളെയും ബുദ്ധിമുട്ടുകളെയുംപററി ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) പ്രസ്തുത റോഡു പരിഷ്കരിക്കപ്പെടുന്നതിനു ആവശ്യമുള്ള ഭൂമി വളരെക്കാലങ്ങൾക്കുമുമ്പുതന്നെ ഗവണ്മെൻറിൽനിന്നും പൊന്നുംവിലകൊടുത്തു വാങ്ങിയിട്ടുള്ളതിനെയും പ്രസ്തുതറോഡിൽ കുഴിവണ്ടികൾ ഒഴു

ണ്ടുപോകാൻ സൌകര്യപ്രദമാക്കാൻ അല്പം ചില ചില്ലറ പരിഷ്കാരങ്ങൾമാത്രം ചെയ്താൽ മതിയെന്നുള്ള വസ്തുതയേയും പരിഗണിച്ച് ആ ജോലി ഒരുകുന്നിടത്തോളം വേഗത്തിൽ ചെയ്യുതിക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) ഗവർമ്മെൻറിനു അറിവില്ല. വണ്ടികൾക്കും സഞ്ചരിക്കുന്നതിനും മോട്ടോർവാഹനങ്ങൾക്കുംകൂടിപോകുന്നതിനും പ്രസ്തുതറോഡു ഉപയോഗപ്പെടുത്തുമെന്ന റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടിയുടെ ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു റോഡു—

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ശരി, ഇതു നടപടിക്രമം അനുസരിച്ചുള്ളതാണോ എന്നു എനിക്കു സംശയമുണ്ട്.

പ്രസിഡൻറ: മി. രാമൻമേനോൻ, വിവരംകിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി സപ്ലിമെൻററി ചോദ്യം ചോദിക്കുന്നതിനുപകരം വിവരം ശരിയാണെന്നു ചെയ്യുന്നതു.

വള്ളികുന്നംപൂരുതൽ മാന്നാർവരെയുള്ള റോഡു ചല്ലിയിട്ടുറപ്പിക്കുന്നതിനെസംബന്ധിച്ച്.

൩൩൭. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) കായംകുളം മുതൽക്കുള്ള പ്രധാനറോഡിന്റെ ഒരു ഭാഗം, അതായതു വള്ളികുന്നംപൂരുതൽ മാന്നാർവരെയുള്ള റോഡു, ഇതുവരെയും ചരൽഇട്ടു ഉറപ്പിക്കാത്തതുകൊണ്ടും വണ്ടികൾക്കുപോകത്തക്കതല്ലാത്തതുകൊണ്ടും ജനങ്ങൾക്കു വലിയ നഷ്ടവും ബുദ്ധിമുട്ടും നേരിടുന്നുണ്ടെന്നു ഗവർമ്മെൻറിനു അറിയാമോ?

(ബി) റോഡിൻെറ മേൽപ്രസ്താവിച്ചഭാഗം ചരലിട്ടു ഉറപ്പിച്ചു ആകുന്നിടത്തോളം വേഗത്തിൽ വണ്ടികൊണ്ടുപോകത്തക്കവണ്ണം ആക്കിത്തീർക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) ഗവർമ്മെൻറിനു അറിവില്ല.

(ബി) ആ റോഡിൽക്കൂടി അധികം ഗതാഗതമില്ല; അതിനാൽ ആ റോഡിൽ ചരലിട്ടുറപ്പിക്കുന്നതു അത്യാവശ്യമായ ഒരു കാര്യമല്ല.

കായംകുളം—അടൂർറോഡു ചല്ലിയിട്ടുറപ്പിക്കേണ്ടതിനെ സംബന്ധിച്ച്.

൩൩൮. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) കായംകുളം—അടൂർ റോഡിന്റെ ഏതാനും ഭാഗങ്ങൾ, അതായതു കായംകുളത്തിനപ്പുറം ഏകദേശം രണ്ടു നാഴിക ദൂരത്തോളമുള്ള സ്ഥലത്തിൽക്കൂടി വണ്ടികൊണ്ടുപോകുന്നതിനു ഇപ്പോഴും ആപൽക്കരമായ സ്ഥിതിയിൽ ഇരിക്കയാണെന്നുള്ള വിവരം ഗവർമ്മെൻറിനു അറിയാമോ?

(ബി) പ്രസ്തുത റോഡു തിരുവിതാംകൂറിലുള്ള കായലുകളിലെ തീരങ്ങളിൽനിന്നും കിഴക്കോട്ടേക്കുള്ള പ്രധാനറോഡാണെന്നുള്ള വസ്തുതയും, കൃഷിസാമാനങ്ങൾ, ചരക്കുകളായവ വണ്ടിമാർഗ്ഗം കൊണ്ടുപോകുന്നതിനു എപ്പോഴും ഉപയോഗപ്പെടുത്തിവരുന്നുണ്ടെന്നുള്ള സംഗതിയും പരിഗണിച്ചു ആ റോഡു ചല്ലിയിട്ടുറപ്പിച്ചു തൃപ്തികരമാക്കുന്നതിനു സംരക്ഷിക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) റോഡിൻെറ ഒരു ഭാഗം തൃപ്തികരമായ സ്ഥിതിയിലാണിരിക്കുന്നതെന്നു അറിയുന്നു.

(ബി) റോഡിൻെറ ആദ്യത്തെ നാലു മൈൽ ദൂരം വീണ്ടും ചല്ലിയിടുന്നതിനു ഫണ്ടുകൾ അനുവദിക്കപ്പെട്ടിട്ടുള്ളതും, ആദ്യത്തെ മൈൽക്കുറ്റിയിലേയും രണ്ടാമത്തെ മൈൽക്കുറ്റിയിലെ മൂന്നാം ഭാഗത്തിലേയും ജോലി പൂർത്തിയാക്കിയിട്ടുള്ളതും ആകുന്നു. ശേഷംഭാഗം വീണ്ടും ചല്ലിയിടുന്നതിലേക്കു ചല്ലി ശേഖരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നതും വർഷം ഇടങ്ങുന്നതോടുകൂടി ചല്ലിയിട്ടു ഉറപ്പിക്കുന്നതും ആകുന്നു.

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു സബ്ഡിവിഷനുകളെ നിർത്തൽ ചെയ്യുന്നതിനേയും സെക്ഷൻ ആഫീസറന്മാരുടെ അധികാരാതൃത്തി വീണ്ടും വിതരണം ചെയ്യുന്നതിനേയും സംബന്ധിച്ച്.

൩൩൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ചെലവുചുരുക്കുന്നതിനെ ഉദ്ദേശിച്ചും ശരിയായ ജോലിചെയ്യുന്നതിനു വേണ്ടത്ര ജോലി ഇല്ലായ്കയാലും പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലുള്ള സബ്ഡിവിഷൻ ഉദ്യോഗങ്ങൾ നിറുത്തൽ ചെയ്യുമോ?

(ബി) ചെലവുചുരുക്കുന്നതിനെ ഉദ്ദേശിച്ചും ജോലി ശരിയായി വിതരണം ചെയ്യുന്നതിനും സെക്ഷൻ ആഫീസറന്മാരുടെ അധികാരാതൃത്തി വീണ്ടും ഭാഗിക്കുന്നതു ആശാസ്യകരമല്ലയോ എന്നു പരിശോധിക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): (എ) ഇല്ലെന്നാണു മറുപടി. (ബി) സെക്ഷൻ ആഫീസറന്മാരുടെ ഇപ്പോഴത്തെ അധികാരാതൃത്തി സ്ഥിരമായിട്ടുള്ളതല്ലാത്തതുകൊണ്ടു അപ്രകാരമുള്ള ഒരു പരിശോധന ആവശ്യമില്ലാതെയാകുന്നു. സന്ദർഭോചിതംപോലെ ആവശ്യ വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നുണ്ട്.

ചേർത്തല ഇറിഗേഷൻ ബ്ലാക്കു ബോർഡിനു ചെല്ലേണ്ടതായ പണം പാർപ്പത്യക്കാരന്മാർ അപഹരിച്ചതിനെ സംബന്ധിച്ച്.

൩൪൦. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) ചേർത്തലക്കുളം ഇറിഗേഷൻ ബ്ലോക്കു ബോർഡു അദ്ധ്യക്ഷൻ,

(൧) ൧൧൦൯ സെപ്തംബർ ൮-ാം തീയതി-ാംനമ്പരായി ഗവർമ്മെൻറു ചീഫ്സെക്രട്ടറിക്കു അയച്ചു എഴുത്തിലും,

(൨) ൧൧൦൯ ജൂലായി ൨-ാം തീയതി-ാംനമ്പരായി ഇരിക്കതിയും ആരായത്തിയും കമ്മീഷണർക്കു അയച്ചു എഴുത്തിലും,

(൩) ൧൧൦൯ ജൂലായി ൨൫-ാം തീയതി-ാംനമ്പരായി തിരുവനന്തപുരം ഡിവിഷൻ ദിവാൻപേഷ്കാർക്കു അയച്ചു എഴുത്തിലും,

(ഡി) ൧൧൩൦ ധനു ൨൭-നു ൧൨-ാം നമ്പരായി അഗസ്തീശ്വരം താലൂക്ക തഹശീൽദാർക്ക് അയച്ച എഴുത്തിലും,

ബ്ലോക്കബോർഡിലേക്ക ചെല്ലേണ്ടതായ കരത്തിൽ വലിയ ഒരുഭാഗം സംബന്ധപ്പെട്ട പാർവത്യകാരന്മാർ പിരിച്ച അവരുടെ പക്കൽതന്നെ വച്ചിരിക്കുന്നതായി ആരോപണം പരാതിപ്പെട്ടിട്ടുണ്ടോ എന്നു ഗവൺമെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) ഉണ്ടെങ്കിൽ, ഗവൺമെൻറിൽനിന്നോ അല്ലാതെയോ റവന്യൂ ഡിപ്പാർട്ടുമെൻറിലുള്ള ഏതെങ്കിലും കീഴുദ്യോഗസ്ഥരോ പ്രസ്തുത പ്രസ്താവനയെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആ അന്വേഷണത്തിൻെറ ഫലം എന്തായിരുന്നു എന്നും ഗവൺമെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) പൊതുവായുള്ള പ്രസ്താവനയല്ലാതെ ഒരു റവന്യൂ ഉദ്യോഗസ്ഥൻ തുക പിരിച്ചശേഷം അടച്ചില്ലെന്നു ക്ലിപ്തമായി പറയുന്ന പരാതി ലഭിച്ചിട്ടില്ല. പിരിച്ചെടുത്തിട്ടുള്ള കരം തങ്ങളുടെ പക്കൽ വച്ചുകൊണ്ടിരിക്കുന്നു, പിരിച്ചയുടൻ തന്നെ ബ്ലോക്കുബോർഡുകളിൽ ഏൽപിക്കപ്പെടണമെന്നു കാണിച്ച പാർവത്യകാരന്മാർക്ക ആജ്ഞകൾ നൽകിയിട്ടുള്ളതാകുന്നു.

(ബി) പ്രസ്താവനയിൽ ഇന്ന ആളെന്നു നിർണ്ണയിച്ചിട്ടില്ലാത്തതുകൊണ്ടും, ക്ലിപ്തമായി ഉദാഹരണങ്ങൾ തന്നിട്ടില്ലാത്തതുകൊണ്ടും അതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനു സാധിക്കയില്ല.

ശുചീന്ദ്രം ഇറിഗേഷൻ ബ്ലോക്കബോർഡിനു ൧൧൩൦-ലെ ചെല്ലേണ്ടതായ കരംപിരിവിനെ സംബന്ധിച്ച.

൨൭൧. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) ശുചീന്ദ്രം ഇറിഗേഷൻ ബ്ലോക്കബോർഡിനു തന്നാണ്ടിൽ കൊടുത്തുതീർക്കേണ്ടതായ കരം സംബന്ധപ്പെട്ട പാർവത്യകാരന്മാരാണോ പിരിച്ചുവരുന്നതെന്നുള്ളതു വാസ്തവമാണോ എന്നും, അപ്രകാരമാണെങ്കിൽ ൧൦൯൦-ലെ ൫-ാം റഗുലേഷനാലും ൧൦൯൭-ലെ ൩-ാം റഗുലേഷനാലും ഭേദപ്പെടുത്തപ്പെട്ട ൧൦൮൬-ലെ ൩-ാം റഗുലേഷനായ കൃഷിസംരക്ഷണ റഗുലേഷൻ ൩൯-ാം വകുപ്പനുസരിച്ച രൂപീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ അപ്രകാരമുള്ള സംഗതികളിൽ കുടിശിഖ മാത്രം റവന്യൂ അധികാരസ്ഥന്മാരെ അധികാരപ്പെടുത്തിയിരിക്കെ പ്രസ്തുത കരം പിരിക്കുന്നതിനു അവരെ ആര് അധികാരപ്പെടുത്തിയെന്നും ഗവൺമെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) അഗസ്തീശ്വരം തഹശീൽദാരുടെ നടപടി ശരിയായിട്ടുള്ളതാണെങ്കിൽ,

(i) അപ്രകാരം ചെയ്യുന്നതിനു ക്രമാനുസരണം ഗവൺമെൻറിൽനിന്നും തഹശീൽദാരെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നും,

(ii) മേൽപ്രസ്താവിച്ച ചട്ടങ്ങളെ അതിനുവേണ്ടി ഭേദപ്പെടുത്തിയിട്ടുണ്ടോ എന്നും,

(iii) ആരോപണം ചെയ്യപ്പെട്ടിരിക്കുന്നതെങ്കിൽ ഈ പ്രകാരമുള്ള നടപടികൾ ചട്ടവിരുദ്ധമാണോ എന്നും ഗവൺമെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) അപ്രകാരം പിരിച്ചെടുത്തിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടില്ല. ബ്ലോക്കബോർഡു അദ്ധ്യക്ഷൻെറ പക്കൽനിന്നു ലിസ്റ്റുകൾ കിട്ടിയിട്ടുള്ളതും ഉടനടി അവ അയക്കപ്പെട്ട സമയം മേൽനടപടിക്കായി അവയെ പാർവത്യകാരന്മാർക്ക അയച്ചുകൊടുത്തിട്ടുള്ളതും ആകുന്നു.

(ബി) (എ) ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

പള്ളിക്കൽ—പുനലൂർ റോഡിനെ പണിക്കൂടാതെ പോകത്തക്കവണ്ണം ആക്കുന്നതിനെ സംബന്ധിച്ച.

൨൭൨. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കര പട്ടണത്തിൻെറ തെക്ക കിടക്കുന്ന പുന്നമേടിലെ ആളുകൾ കായംകുളം അടൂർ റോഡിലെ പള്ളിക്കൽ മുതലുള്ള വിഴ്ലക്കറോഡിനെ വണ്ടിപോകത്തക്ക പണിയുള്ള റോഡാക്കുന്നതിനു കുറച്ചുകൊല്ലങ്ങൾക്കു മുൻപു ഗവൺമെൻറിൽനിന്നും വാഗ്ദാനം നൽകിയിട്ടുണ്ടോ എന്നു ഗവൺമെൻറു ദയവുണ്ടായി പ്രസ്താവിക്കുമോ?

(ബി) പ്രസ്തുത റോഡു ഇതുവരെയും വണ്ടിപോകത്തക്കവണ്ണമാക്കിയിട്ടില്ലെന്നും ആ പ്രദേശത്തുള്ള ജനങ്ങൾ പ്രസ്തുത ജോലി ചെയ്യിക്കുന്നതിൽ നേരിട്ടുള്ള കാലതാമസത്തെപ്പറ്റി അധികാരസ്ഥന്മാരോടു പരാതിപ്പെട്ടിട്ടുണ്ടെന്നും ഗവൺമെൻറിനു അറിയാമോ?

(സി) അറിവുണ്ടെങ്കിൽ പ്രാദേശിക സഹായംകൂടാതെ പ്രസ്തുത ജോലി വേഗത്തിൽ ചെയ്യിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) ഇല്ലെന്നാണു മറുപടി.

(ബി) റോഡിനെ വണ്ടിപോകത്തക്കവണ്ണം ആക്കിയിട്ടില്ല. ആ സ്ഥലങ്ങളിലെ ആളുകൾ പരാതിപ്പെട്ടിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) പ്രസ്തുത ജോലി ഉടനെ അത്യാവശ്യമായിട്ടുള്ളതല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസ്തുത ജോലിയുടെ മുതൽമുടക്കിൽ ഒരു ഭാഗം ജനങ്ങൾതന്നെ വഹിക്കാമെന്നുള്ള സംഗതി ആലോചിച്ച ആ ജോലിയുടെ ശേഷം ഭാഗം ചെയ്യിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): റോഡിൻെറ മുഴുവൻ ഭാഗവും കല്ലിട്ടുറപ്പിക്കുന്നതിനു ജനങ്ങൾക്ക സാധിക്കുമെങ്കിൽ മേൽ ഗവൺമെൻറു [illegible] ചെയ്യുന്നതെന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

ചോദ്യങ്ങൾക്കുള്ള മറുപടികൾ നൽകുന്നതു സംബന്ധിച്ചുണ്ടാകുന്ന താമസം.

൨൭൩. മി. എസ്സ്. പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും, തെക്ക്): നിയമസഭായോഗങ്ങളിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക മറുപടി നൽകുന്നതിൽ ഉണ്ടാകുന്ന താമസത്തിന് കാരണഭൂതന്മാർ ആരാണെന്നു ഗവൺമെൻറിൽ നിന്നും ദയവുണ്ടായി പ്രസ്താവിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ചോദ്യങ്ങൾക്കു മറുപടി നൽകാൻ ആവശ്യമുള്ള വിവരങ്ങൾ സെക്രട്ടേറിയറ്റിൽ ഉള്ളപക്ഷം അവയ്ക്കുള്ള മറുപടികൾ ഉടൻതന്നെ നൽകുന്നുണ്ട്. [illegible]

ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം മറുപടിക്കു ആവശ്യമുള്ള വിവരങ്ങൾ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലെ മേലധികാരികളോടും ഉദ്യോഗസ്ഥന്മാരോടും ആവശ്യപ്പെടുന്നു. ഏതെങ്കിലും ഒരു ചോദ്യത്തിൻെറ വിഷയത്തിൽ ധാരാളം വിവരങ്ങൾ കിട്ടേണ്ടതായിട്ടോ ആവശ്യമുള്ള വിവരങ്ങൾ ഉടനടി കിട്ടുന്നതിനു സാധിക്കാതിരിക്കയോ ചെയ്യുന്നതാണെങ്കിൽ മറുപടി തയ്യാറാക്കുന്നതിനു സമയം ആവശ്യപ്പെട്ടുമെന്നു പറയേണ്ടതില്ലല്ലോ. എന്തെങ്കിലും താമസമുണ്ടാകുന്നെങ്കിൽ അതിനുള്ള കാരണം ചോദ്യത്തിൻെറ സ്വഭാവം തന്നെയാണ്. ചോദ്യങ്ങളുടെ എണ്ണം, സെക്രിട്ടേറിയററിലും, ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും, ഡിസ്ട്രിക്ട് ഉദ്യോഗസ്ഥന്മാർക്കും ഉള്ള ജോലി തിരക്കും പ്രസ്തുത താമസത്തിനുള്ള കാരണങ്ങളാണ്.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും) തെക്കു: മറുപടികൾക്കുള്ള വിവരം കിട്ടുന്നതിനു ഡിപ്പാർട്ടുമെൻറു മേലധികാരികളോടു എഴുതിചോദിക്കുന്നതിനെന്നുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തസമയത്തിനുള്ളിൽ ഡിപ്പാർട്ടുമെൻറു മേലധികാരികൾ വിവരം അയച്ചുതരേണ്ടതാണെന്നു നിശ്ചയിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറു സെക്രിട്ടറി): ക്ലിപ്തസമയം ചോദ്യത്തിൻെറ സ്വഭാവത്തേയും ചോദ്യത്തിനുള്ള വിവരം കിട്ടുന്നതിനു ആവശ്യപ്പെടുന്ന സമയത്തേയും ആശ്രയിച്ചിരിക്കുന്നതാണ്. സാധാരണയായി യോഗം തീരുന്നതിനുമുൻപു മറുപടി അയക്കണമെന്നു ഗവമെൻറു ആവശ്യപ്പെടുന്നുണ്ട്. അവസമയത്തിനു കിട്ടുന്നപക്ഷം സംബന്ധപ്പെട്ട ചോദ്യങ്ങൾക്കു മറുപടികൾ നൽകുന്നതാണ്. എന്നാൽ അവ യോഗം അവസാനിച്ചതിനുശേഷമാണു കിട്ടുന്നതെങ്കിൽ അടുത്തയോഗത്തിൽ മറുപടികൾ നൽകും.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും. തെക്കു): എന്തെങ്കിലും താമസം നേരിടുന്നതു ചോദ്യത്തിൻെറ സ്വഭാവംകൊണ്ടാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ചോദ്യങ്ങൾ ഒന്നുംതന്നെ ചോദിച്ചില്ലെങ്കിൽ യാതൊരു താമസവും ഉണ്ടാവുകയില്ലെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു? (ചിരി).

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറു സെക്രിട്ടറി): വാസ്തവത്തിൽ അങ്ങിനെതന്നെയാണ്.

അനുബന്ധം ൧.

൨൧-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൦൯൦ ഇടവം ൩-൯-മുതൽ ൧൧൦൧ മിഥുനം ൨൮-൯-വരെ സ്റ്റാമ്പുമാന്യുഫാക്ച്വറി സൂപ്രണ്ടു നൽകിയിട്ടുള്ള ശിക്ഷകളുടെ ലിസ്റ്റ്.

ക്രമനമ്പർ	പേരു.	ജാതി	ശിക്ഷയുടെ സ്വഭാവം.	കുററത്തിൻെറ സ്വഭാവം.
൧	പരമേശ്വരൻപിള്ള	നായർ	താക്കീതു്.	ആഫീസിൽവച്ചു കൊച്ചുനീലകണ്ഠപ്പിള്ളയെ അടിച്ചു [illegible].
	ടി	ടി	൧൫ ദിവസത്തേക്കുള്ള സസ്പെൻഷൻ.	അച്ചടിക്കാരൻ രാമകൃഷ്ണപിള്ളയോടു മര്യാദകേടായി [illegible] കാണിച്ചു [illegible].
൨	ഗോവിന്ദപ്പിള്ള	ടി	പിഴ.	അലക്ഷ്യമായ ജോലി ചെയ്തതിനു
൩	നീലകണ്ഠപ്പിള്ള	ടി	ടി	[illegible] ആഫീസിൽ വച്ചു [illegible]
൪	പത്മനാഭപിള്ള	ടി	ടി	
൫	ശങ്കരൻ	ഈഴവൻ	ചീത്തയാക്കിയ സാമാനങ്ങളുടെ വില പിഴയായി ഈടാക്കി.	അലക്ഷ്യമായി ജോലി ചെയ്തതിനു.
൬	രാമസ്വാമി	പണ്ടാരം	പിഴ.	[illegible] അനുവാദംകൂടാതെ മാന്യുഫാക്ച്വറി [illegible] ഇറങ്ങിപ്പോയതിന്.
൭	ഫിലിപ്പ്	ക്രിസ്ത്യൻ	പിഴ.	ആജ്ഞയെ അനുസരിക്കാതെ [illegible] ആഫീസിൽവച്ചു ഉറങ്ങിയതിനും, മദ്യപാനം ചെയ്തു വന്നതിനും.
	ടി	ടി	ഒരുമാസത്തേക്കുള്ള സസ്പെൻഷൻ	ആഫീസിൽവച്ചു ഫീഡർക്കു [illegible] ഉള്ളതു പറഞ്ഞതിനും [illegible] ചെയ്തതിനും.
൮	വേലു	പണ്ടാരം	ചീത്തയാക്കിയ സാമാനങ്ങളുടെ വില പിഴയായി ഈടാക്കി.	അലക്ഷ്യമായി അച്ചടിച്ചതിനു.
൯	രാമകൃഷ്ണൻ	കുറവൻ	ടി	ടി
൧൦	ഫെർനാൻഡിസ്.	ക്രിസ്ത്യൻ	ടി	ടി
൧൧	ദാമോദരൻ	ഈഴവൻ	ടി	ടി
൧൨	ഗോവിന്ദപ്പിള്ള	നായർ	പിഴ.	ജോലിക്കു താമസിച്ചുവന്നതിനു.

അനുബന്ധം ൨.

൨൨൨-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൧൦൮-൧൧൦൯ ആണ്ടിൽ ഗ്രാജ്വേറ്റ് ട്രെയിനിംഗ് ഒഴിവുകളിൽ അനുവാദം കിട്ടുമെന്നുള്ള ഉദ്യോഗസ്ഥന്മാരെ വിദ്യാഭ്യാസഡയറക്ടർ നിയമിച്ച ആളുകളുടെ പേരുവിവരം.

നമ്പർ	പേര്	റിമാർക്ക്
൧	എൻ. രാമസ്വാമിഅയ്യർ ബി. ഏ.	
൨	[illegible] ബി. ഏ.	
൩	സഖറിയ. വി. എബ്രഹാം ബി. ഏ.	
൪	പി. വി. രാമയ്യർ ബി. ഏ.	
൫	പി. സി. വർഗീസ് ബി. ഏ.	
൬	[illegible] രാമനാഥൻ ബി. ഏ.	
൭	ജി. രാമനാഥയ്യർ ബി. ഏ.	ഈ നിയമനം അനുവദിക്കപ്പെട്ടില്ല; അതിനു പകരം മിസ്റ്റർ പി. ജി. ഇട്ടി പണിക്കർ ബി. ഏ.-യെ നിയമിച്ചു.
൮	കെ. കെ. ഫിലിപ്പോസ് ബി. ഏ.	
൯	കെ. ജി. ചാക്കോ ബി. ഏ.	
൧൦	കെ. നാരായണഅയ്യർ ബി. ഏ.	
൧൧	എസ്. നാരായണയ്യർ ബി. ഏ.	
൧൨	സി. കെ. കോശി ബി. ഏ.	
൧൩	ഏ. കെ. ദാമോദരൻപിള്ള ബി. ഏ.	
൧൪	എൻ. പത്മനാഭഅയ്യർ ബി. ഏ.	

അനുബന്ധം ൩ എ.

൨൩൩-ാമത്തെ ചോദ്യത്തിനുള്ള മറുപടി നോക്കുക.

സർവെ ഡിപ്പാർട്ടുമെന്റിലുള്ള ചില കീഴ്ജീവനക്കാരുടെ സർവീസ് വിവരണങ്ങൾ കാണിക്കുന്ന പട്ടിക.

നമ്പർ	പേര്	നിയമനവും സർവെ ഡിപ്പാർട്ടുമെന്റിൽ നിയമിച്ച തീയതിയും			യോഗ്യതകൾ		റിമാർക്ക്
		ഉദ്യോഗം	ശമ്പളം രൂപ	ജോലിയിൽ നിയമിച്ച തീയതി	ജനറൽ	സ്പെഷ്യൽ	
൧	പി. കെ. സുബ്ബയ്യർ	ഹെഡ് സർവേയർ, തൽക്കാലം.	൪൦	൧൩—൬—൧൯൩൦	മെട്രിക്കുലേഷൻ	മദ്രാസ് സർവ്വെ ഡിപ്പാർട്ടുമെന്റിലെ ഹെഡ് സർവ്വേയരുടെയും സബ് അസിസ്റ്റന്റിന്റെയും ടെസ്റ്റുകൾ.	
൨	കെ. വെങ്കിടാചലഅയ്യർ	സ്ഥിരം സർവേയർ, എന്നാൽ തെക്കൻ ഡിവിഷനിൽ ൧൦൦ രൂപ ശമ്പളത്തിൽ തൽക്കാലമായി ഇരുന്നുകൊണ്ടിരിക്കുന്നു.	൪൫	൨൬—൧൨—൧൯൦൮		ഹെഡ് സർവ്വേയരുടെയും സബ് അസിസ്റ്റന്റിന്റെയും ടെസ്റ്റുകൾ, മദ്രാസ് സർവ്വെ ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി സർവേയരുടെ ടെസ്റ്റ്, മെൻസുറേഷനും, അസ്ട്രോണമി [illegible] [illegible] [illegible] [illegible], ട്രിഗണോമെട്രി, [illegible] ഇവകളിലുള്ള [illegible] [illegible] [illegible] [illegible] [illegible].	
൩	കെ. രാമയ്യർ	കമ്പ്യൂട്ടർ, തൽക്കാലം.	൧൫	൨൦—൧൦—൧൯൧൫	മെട്രിക്കുലേഷൻ	നാഗർകോവിൽ ഇൻഡസ്ട്രിയൽ [illegible] [illegible] [illegible] [illegible].	
൪	എസ്. ശങ്കരയ്യർ	കമ്പ്യൂട്ടർ, പ്രൊബേഷനിൽ ഇരിക്കുന്നു.	൨൦	[illegible]	ബി	[illegible] [illegible], [illegible] [illegible], [illegible] [illegible] [illegible].	
൫	എസ്. നരസിംഹഅയ്യർ	ഡ്രാഫ്റ്റ്സ്മൻ, ആക്ടിംഗ്.	൩൫ + ൧൦ അലവൻസ്				

പട്ടിക (തുടച്ച്).

നമ്പർ	പേര്	നിയമനവും സർവ്വേ ഡിപ്പാർട്ടുമെന്റിൽ നിയമിച്ച തീയതിയും			യോഗ്യതകൾ		റിമാർക്ക
		ഉദ്യോഗം	ശമ്പളം രൂപ	ജോലിയിൽ നിയമിച്ച തീയതി	ജനറൽ	സ്പെഷ്യൽ	
൬	വി. ആർ. ഹരിഹരയ്യർ	ക്ലാർക്ക്, അക്കൗണ്ട്സ്	൫൦	൧—൩—൧൦൭൭	ഒരു ഐച്ഛികവിഷയത്തോടുകൂടിയുള്ള മദ്രാസ് മെട്രിക്കുലേഷൻ.	എലിമെന്ററി ചുരുക്കെഴുത്തു; കാമേഴ്സ്യൽ തിയറിയും പ്രാക്ടീസും, ടൈപ്പുറൈറ്റിംഗ്, തിരുവിതാംകൂർ ഗവൺമെന്റ് അക്കൗണ്ട് ടെസ്റ്റ്.	ഇപ്പോൾ രണ്ടു ഹരിഹരയ്യന്മാർ ഉള്ളതുകൊണ്ടു രണ്ടുപേരെയും സംബന്ധിച്ചുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്
൭	ആർ. ഹരിഹരയ്യർ	കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാൻ, തൽക്കാലം.	൭൦	൫—൨—൧൦൮൯	മദ്രാസ് ഗവൺമെന്റ് സെക്കണ്ടറി സ്കൂൾ ലീവിങ്.	സർവ്വേയും ലെവലിംഗും ഹയർ ഗ്രേഡ്. ബിൽഡിംഗ്, ഡ്രായിംഗ്, എസ്റ്റിമേറ്റ് [illegible]. ഹൈഡ്രാളിക്സും, ഇറിഗേഷനും, ഇറിഗേഷൻ ബോർഡിന്റെ ടി. മണ്ണുജോലിയും, റോഡുകളും ടി. ജ്യാമെട്രിക്കൽ ഡ്രായിംഗ്, മെഷീൻ ഡ്രായിംഗ് ടി. ഫ്രീഹാൻഡ് ഡ്രായിംഗ് എലിമെന്ററി ഗ്രേഡ്. അപ്ലൈഡ് [illegible] പ്രാക്ടീസിൽ [illegible]. ജാമെട്രി, [illegible] ഗ്രേഡ്. [illegible] ഇൻസ്റ്റിട്യൂട്ട് [illegible] ടെസ്റ്റ്.	
൮	എസ്. ശങ്കരനാരായണ അയ്യർ	ഡെപ്യൂട്ടി സർവ്വേയർ, തൽക്കാലം.	൭൦	൭—൫—൧൦൭൬	മെട്രിക്കുലേഷൻ.		
൯	പി. താണു അയ്യർ	...	...	...	ടി	ടിയും തിരുവിതാംകൂർ ഗവൺമെന്റ് [illegible] കണ്ടിട്ടുണ്ട്.	ഇയാൾ ഇപ്പോൾ ലാൻഡ് റിക്കാർഡ് ആഫീസിൽ ജോലിചെയ്യുന്നയാളാണ്. അയാളുടെ സർവീസ് ബുക്ക അവിടെ ഇരിക്കുന്നതുകൊണ്ടു [illegible] പറയേണ്ട വിവരം ഇല്ലാതിരിക്കുന്നു.
൧൦	എ. സി. എറണാകുളത്തപ്പൻപിള്ള	ഡ്രാഫ്റ്റ്സ്മാൻ.	൭	൧൦൯൮	ലോവർ സെക്കണ്ടറി.	സർവ്വേയും ലെവലിംഗും [illegible] ഗ്രേഡ്.	

പട്ടിക (തുടർച്ച).

നമ്പർ	പേര്	നിയമനവും സർവേ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചതീയതിയും			യോഗ്യതകൾ		റിമാർക്ക്
		ഉദ്യോഗം	ശമ്പളംരൂപ	ജോലിയിൽ നിയമിച്ച തീയതി	ജനറൽ	സ്പെഷ്യൽ	
൧൧	എച്ച്. രാമകൃഷ്ണയ്യർ	ക്ലാർക്ക്, എസ്സ്. പി. ഠഠി.	൨൫	൧൮-൧-൧൦൬൩	മെട്രിക്കുലേഷൻ.	ഡ്രാഫ്റ്റ് സിവിൽ അക്കൗണ്ട ടെസ്റ്റ്.	...
൧൨	എ്. കെ. കുഞ്ഞുകൃഷ്ണപിള്ള	കാപ്പിയിസ്റ്റ്.	[illegible]	൧൦-൩-൧൦൭൦	...	൧൦൭൭ മാർച്ച് ൧൧-ാം-യിലെ ഗസറ്റ്, ൩൦൯൬-ാംനമ്പർ ഗവൺമെൻറ ഉത്തരവു അനുസരിച്ചു ഒരു ക്ലാർക്കിന്റെ ജോലിക്ക ആവശ്യമുള്ള പരീക്ഷയോഗ്യതയിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്.	സിൽബന്തികളെ കുറവാക്കിയ സമയം ൧൦൭൮ കന്നി ൧-ാം- ജോലിയിൽനിന്നും പിരിച്ചുവിട്ടു. അതിനുശേഷം നെടുമങ്ങാട് റിസർവ് എസ്റ്റാബ്ലിഷ്മെൻറിൽ ൧൦൭൯ മകരം ൧൬-ാം- മുതൽ താൽക്കാലമായിട്ട ഡെപ്യൂട്ടി ഡ്രാഫ്റ്റ്സ്മാനായി നിയമിച്ചു, പിന്നീട ആ ജോലി നിന്നതിനുശേഷം ൧൦൮൦ കന്നി ൧-ാം- മുതൽ പിരിച്ചുവിട്ടു. പിന്നീട ൧൦൮൦ വൃശ്ചികം ൧-ാം- മുതൽ ആക്ടിംഗ് സി. ഡി. ആയിനിയമിച്ചു. ആ തീയതി മുതൽ ഇയാൾ സർവീസിൽ തുടർന്നിരിക്കയാണ്.
൧൩	കെ. കുഞ്ഞുകൃഷ്ണപിള്ള	ടെമ്പററി സി. ഡി.	൧൦	൧൯-൧-൧൦൭൯	ഒന്നുമില്ല.	ഒന്നുമില്ല.	നെടുമങ്ങാട റിസർവ്വ ആഫീസ് എസ്റ്റാബ്ലിഷ്മെൻറ സ്റ്റാഫ് കുറച്ചുചെയ്തപ്പോൾ ൧൦൮൦ ഇടവം ൧-ാം- പിരിച്ചുവിട്ടു. വീണ്ടും ഒരു ചിത്രഡ്രാഫ്റ്റ്സ്മാനായി (ടെമ്പററി) ൧൦൮൧ ധനു ൨൦-ാം- നിയമിക്കപ്പെട്ടു, ആ തീയതി മുതൽ ഇയാൾ സർവീസിൽ തുടർന്നിരിക്കയാണ്.
൧൪	പി. താണുഅയ്യർ	ടി	൧[illegible]	൧൫-൪-൧൦൭൫	മെട്രിക്കുലേഷൻ.	എഞ്ചിനീയറിംഗ് സബോർഡിനേറ്റ് ടെസ്റ്റ് എക്സാമിനേഷൻ രണ്ടു ടെസ്റ്റ്.	ഇപ്പോൾ റവന്യൂ സൂപ്രവൈസർ.

അനുബന്ധം ൨ ബി.

൨൩൩-ാമതു ചോദ്യത്തിനുള്ള ഉത്തരം നോക്കണം.

മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നും സർവെ ഡിപ്പാർട്ടുമെൻറിലേക്കു എടുക്കപ്പെട്ട ചില കീഴ്ജീവനക്കാരുടെ പേരുകൾ കാണിക്കുന്ന പട്ടിക.

നമ്പർ	പേരു	മുൻപുണ്ടായിരുന്ന ഉദ്യോഗം	സ്ഥിരമൊ താൽക്കാലികമൊ	ആ ഉദ്യോഗത്തിനുള്ള ശമ്പളം രൂപ	റിമാർക്ക
൧	കെ. വെങ്കിടാചലം അയ്യർ	സബ് അസിസ്റ്റൻറ, തെക്കൻ ഡിവിഷൻ.	താൽക്കാലം.	൧൦൦	ഇദ്ദേഹത്തെ ൧൦൯൯ കർക്കടകം ൨൭-നു മുതൽ ൪൫ രൂപാ ശമ്പളത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽ സ്ഥിരം സർവെയരായി നിയമിച്ചിട്ടുള്ളതായിരുന്നെങ്കിലും താൽക്കാലത്തേക്കു സബ് അസിസ്റ്റൻറായി അദ്ദേഹം ഇരുന്നിരുന്നു.
൨	എസ്. ശങ്കരയ്യർ	മരാമത്തു ആഡിററർ, കൽക്കുളംതാലൂക്ക.	പ്രൊബേഷൻ.	൨൫	ഇയാളുടെ അപേക്ഷപ്രകാരം ഈ ഡിപ്പാർട്ടുമെൻറിൽ എടുത്തു.
൩	എസ്. നരസിംഹഅയ്യർ	ഡ്രാഫ്ററ്സ്മാൻ, ഡിവിഷനൽ ഫാറസ്റ്റ് ആഫീസ്, കൊല്ലം.	സ്ഥിരം.	൩൫	
൪	എച്ച്. രാധാകൃഷ്ണഅയ്യർ	ക്ലാർക്ക, ട്രെയിനിംഗ് കാളേജ്, തിരുവനന്തപുരം.	ടി	൨൫	

സപ്ളിമെൻററി ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ (തുടച്ച).

ഡിമാൻറ XX, പൊതുമരാമത്തു ജോലികൾ (തുടച്ച).

ഡെപ്യൂട്ടിപ്രസിഡൻറ: മി. നടേശയ്യർ ഹാജരാക്കിയ ഡിമാൻറിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം നമുക്കിനി തുടരാം.

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ട മെമ്പർ): അധഃകൃതവർഗ്ഗക്കാരുടെ നന്മയെ ഉദ്ദേശിച്ചു പ്രാഥമികാവകാശങ്ങൾ അവർക്കു സിദ്ധിക്കുന്നതിനുവേണ്ടി സവർണ്ണഹിന്ദുക്കൾ പരിശ്രമിക്കുന്നതു ഏററവും അഭിനന്ദനീയംതന്നെ. എന്നാൽ, കക്കാട്ടുള്ള ആളുകൾക്കു ഗവണ്മെൻറിൽനിന്നും പ്രസ്തുതറോഡു അനുവദിക്കുന്നതിനെ ശുചീന്ദ്രത്തു നടക്കുന്ന സത്യാഗ്രഹസമരവുമായിസംബന്ധിപ്പിച്ചും അതിനെ ഒരു കാരണമായി അടിസ്ഥാനപ്പെടുത്തിയും ഡിമാൻറിനെ എതിർക്കുന്നതു ആക്ഷേപകരമായിട്ടുള്ളതാകുന്നെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ദയവുചെയ്തു കുറച്ചുകൂടി ഉറക്കെ പറയണം.

ഡെപ്യൂട്ടി പ്രസിഡൻറ: മി. ഡാനിയൽ, കുറച്ചുകൂടി ഉറക്കെ സംസാരിക്കാൻ ദയവുചെയ്തു ശ്രമിക്കണം.

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ട മെമ്പർ): കക്കാട്ടുനിന്നു കന്യാകുമാരിവരെ ഒരു റോഡുവെട്ടുക്കുന്നതു സംബന്ധിച്ചുള്ള ഡിമാൻറിനെ എതിർക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നു ശുചീന്ദ്രത്തുള്ള സത്യാഗ്രഹസമരത്തിൽനിന്നും ഇതു ഉത്ഭവിച്ചിട്ടുള്ളതാണെന്നുള്ളതാണ്. ഇപ്പോൾ പ്രസ്തുതറോഡു ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള സത്യാഗ്രഹസമരത്തിൻെറ ശക്തിയെ കുറയ്ക്കുന്നതിനായിട്ടാണൊ അതല്ല ആ ഗ്രാമത്തിലുള്ള സാധുക്കളായ ജനങ്ങളുടെ നികൃഷ്ടാവസ്ഥയിൽ അനുകമ്പ തോന്നിയിട്ടാണൊ അനുവദിച്ചിട്ടുള്ളതെന്നു ഉള്ള സംഗതി റോഡു വെട്ടിക്കുന്നതുസംബന്ധിച്ചുള്ള വാദപ്രതിവാദത്തിൽ ഉത്ഭവിക്കുന്നില്ലെന്നാണു എൻെറ അഭിപ്രായം. പ്രസ്തുതറോഡു വേണമെന്നു കക്കാട്ടുള്ള സാധുജനങ്ങൾ ഏകദേശം അൻപതുകൊല്ലങ്ങളായി അപേക്ഷിച്ചുകൊണ്ടിരിക്കയാണ്. ആ റോഡു അനുവദിക്കുന്നതിൽ അവർ ഗവണ്മെൻറിനോടു വാസ്തവത്തിൽ നന്ദിയുള്ളവരായിരിക്കും. തങ്ങൾക്കു സിദ്ധിക്കണമെന്നു ആശിച്ചുകൊണ്ടിരുന്ന കുറെക്കൂടി വിശാലമായ അനുകൂല്യങ്ങൾ ഉടൻതന്നെ സിദ്ധിക്കുന്നില്ലെന്നുവരികിലും അതിലേക്കുവേണ്ടി ശ്രമിച്ചിട്ടുള്ള മാന്യന്മാർ ഈ ചെറുതായിട്ടുള്ള കരുണക്കു നന്ദിയുള്ളവരായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നാഗർകോവിൽ കന്യാകുമാരി റോഡും കക്കാട്ടുഗ്രാമവുംതമ്മിൽ യോജിപ്പിക്കുന്ന ഒരു റോഡുള്ളവിവരം മെമ്പർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): അതെനിക്കറിയാം. അതുകാരണങ്ങളിൽ ഒന്നാണെന്നാണു ഞാൻ പറഞ്ഞതു്.

മി. എം. ശിവതാണുപിള്ള (തോവാള): പ്രസ്തുതറോഡുമാത്രകയാണെങ്കിൽ വേറൊരു റോഡുകൂടി വേണമെന്നു മെമ്പർ ആവശ്യപ്പെടുന്നുണ്ടോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ട മെമ്പർ): അതേ; ശുചീന്ദ്രത്തിനു വളരെ അകലെ അല്ലാത്തതായ ഒരു ഗ്രാമത്തിൽ ഇതുപോലെതന്നെ നടന്ന ഒരു സംഭവത്തേയും അതിലേക്കു ഉപയോഗപ്പെടുത്തിയ പരിഹാരമാർഗ്ഗത്തേയും അതുമൂലം എല്ലാവർക്കുമുണ്ടായ തൃപ്തിയേയുംപററി ഈ സഭയെ അറിയിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. വേറവിളയിൽനടന്ന സംഭവത്തെപ്പററിയാണു ഞാൻ പറയുന്നതു്. അതിന്റെ കിഴക്കേഅററത്തു ക്രിസ്ത്യാനികളും പടിഞ്ഞാറെ അററത്തു സവർണ്ണഹിന്ദുക്കളും താമസിക്കുന്നു. വളരെ കാലത്തേക്കു ഈ രണ്ടു സമുദായങ്ങൾ തമ്മിൽ അധികമായ യാതൊരു ചേർച്ചക്കേടും ഉണ്ടായിരുന്നില്ല. പ്രസ്തുത ഗ്രാമത്തിന്റെ കിഴക്കെ അററത്തുതാമസിക്കുന്ന ക്രിസ്ത്യാനികളെ വെള്ളാളന്മാരുടെ രണ്ടു തെരുവുകൾക്കു ഇടയിൽകിടക്കുന്ന റോഡിൽക്കൂടി കടന്നുപോകുന്നതിനു അവർ അനുവദിച്ചിരുന്നു എന്നാൽ ആഡംബരങ്ങളോടുകൂടി സംഘമായിട്ടോ വാഹനത്തിന്മേലോ കുടകൾ തുറന്നുപിടിച്ചുകൊണ്ടോ പോകുന്നതിനു അവരെ അനുവദിച്ചിരുന്നില്ല. ഇതൊരു ഗൌരവതരമായ നിലയെപ്രാപിച്ചു, ഒരു സമാധാനലംഘനമുണ്ടായി. കൂടുതലായ വൈഷമ്യങ്ങൾ ഉണ്ടായേക്കാൻ ഇടയായിത്തീന്നു ഇതു്.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെമ്പർ): ഇതെപ്പോൾ ഉണ്ടായെന്നും മെമ്പർ പ്രസ്താവിക്കുമോ?

മി. പാറംഡാനിയൽ (നിയമിക്കപ്പെട്ട മെമ്പർ): മി. (ഇപ്പോൾ) സർ, പി. രാജഗോപാലാചാര്യരുടെ ഭരണകാലത്താണു ഇതുണ്ടായതു്. അദ്ദേഹം സാധാരണയായി ചെയ്തുവന്നിരുന്നതുപോലെ പ്രസ്തുതറോഡിന്റെ അരികിലായിട്ടും അതിൽനിന്നും യാതൊരുവിധത്തിലും ഒരു ഫർലാങ്ങിൽ കൂടുതൽ അകലംവരാതെയും ഒരു പുതിയ റോഡു ഉടൻതന്നെ വെട്ടുന്നതിനു അദ്ദേഹം ആജ്ഞാപിച്ചു. റോഡുവെട്ടി. സമുദായങ്ങൾതമ്മിലുണ്ടായിരുന്ന വിരോധംമാറി. വേറവിളയിലുള്ള ജനങ്ങൾ ആ റോഡ് യാതൊരുവിധമായ ഭയവുംകൂടാതെ ഉപയോഗിച്ചുവരുന്നു. മുമ്പുണ്ടായിരുന്ന ഐക്യതക്കു ശക്തിയുണ്ടായിത്തീന്നിരിക്കുന്നു. ഈ രണ്ടു സമുദായങ്ങളും മൈത്രീഭാവത്തോടു താമസിച്ചുവരുന്നു. അവർ തമ്മിലുള്ള സ്നേഹം വളരെ തൃപ്തികരമായിട്ടാണു ഇരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു മുമ്പുണ്ടായിരുന്ന അവസ്ഥതന്നെ ഇപ്പോഴും ഉണ്ടായിരിക്കുന്ന സ്ഥിതിക്കു ഗവണ്മെന്റിന്റെ ഇപ്പോഴത്തെനയം അതുപോലെയുള്ള ഫലം ഉണ്ടാക്കുമെന്നും പക്കോട്ടുമുതൽ കന്യാകുമാരിവരെ ഒരു റോഡ് വെട്ടുന്നപക്ഷം ആയതു ഇപ്പോഴത്തെസ്ഥിതിയെ ലഘൂകരിക്കുന്നതിനു പുറമെ കരക്കാട്ടിലുള്ള ജനങ്ങൾക്കു ഗുണകരമായി തീരുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): കക്കാട്ടിലുള്ള ജനങ്ങളുടെ മനസ്ഥിതി എന്താണെന്നു അറിയാൻ മെമ്പർക്കു സൌകര്യമുണ്ടായിരുന്നോ?

മി. പാറംഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): നേരിട്ടു എനിക്കു യാതൊരു വിവരം ഇല്ല. എന്നാൽ കക്കാട്ടിലുള്ള നിവാസികളിൽ അനേകംപേരെ എനിക്കറിയാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കക്കാട്ടിലുള്ള ജനങ്ങൾ പ്രസ്തുതറോഡു വാസ്തവത്തിൽ വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോയെന്നു മെമ്പർക്കു പറയാൻ സാധിക്കുമോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): സാധിക്കും. റോഡുവേണമെന്നുകാണിച്ചു അവർ വളരെക്കാലമായി അപേക്ഷിച്ചിട്ടുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, പി. രാജഗോപാലാചാര്യരുടെ കാലത്തു പാറവിളജനങ്ങൾക്കു പ്രത്യേകമായിട്ടൊരുറോഡ് വെട്ടിയിരുന്നു എന്നുള്ള വസ്തുതയെ ആലോചിച്ചു മൈലാടിയിലുള്ള നാടാർമാരുടെ ഇടയിലും ഇതുപോലെതന്നെ ഒരു ബുദ്ധിമുട്ടുണ്ടെന്നും ചെണ്ട മുതലായവയോടു ആഡംബരത്തോടുകൂടി സംഘമായിട്ടു റോഡിൽക്കൂടി കടന്നുപോകുന്നതിനു അവരെ അനുവദിക്കണമെന്നു ഗവണ്മെന്റിനോടു അപേക്ഷിച്ചിട്ടുള്ളവിവരം മെമ്പർക്കു അറിവുണ്ടോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): അതേ അവിടെയും ഇപ്രകാരമുള്ള ഒരു ബുദ്ധിമുട്ടുണ്ടു; ആ ബുദ്ധിമുട്ടില്ലാതാക്കുന്നതിനു ജനങ്ങൾ ശ്രമിച്ചുവരുന്നു. മൈലാടിയിലുള്ള ജനങ്ങളുടെ ആവലാതി മാറുന്നതിനു മേൽ പ്രസ്താവിച്ചതുപോലെയുള്ള ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതായാൽ അവർ തൃപ്തരാകുമെന്നുള്ളതിനു സംശയമില്ല. ഒരു പ്രത്യേകറോഡിൽക്കൂടി പോകണമെന്നുള്ള ഉദ്ദേശമല്ല അവർക്കുള്ളതു; അവരുടെ ഗ്രാമങ്ങളിൽനിന്നും വെളിയിൽപോകുന്നതിനു യാതൊരു പ്രതിബന്ധവും ഉണ്ടായിരിക്കരുതെന്നേ അവർക്കുദ്ദേശമുള്ളൂ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): തങ്ങളുടെ അസ്വാതന്ത്ര്യത്തെ നീക്കംചെയ്യണമെന്നുകാണിച്ചു നാടാർമാർ ഗവണ്മെന്റിലേക്കു ഹർജികൊടുത്തിട്ടുണ്ടോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): ഉണ്ടു. എന്നാൽ പ്രാഥമികഅവകാശങ്ങൾതങ്ങൾക്കു ലഭിക്കേണ്ടതാണെന്നു ജനങ്ങൾ ഇപ്പോഴും ഗവണ്മെന്റിലേക്കു ഹർജി ബോധിപ്പിക്കുന്നുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചെണ്ടകൊട്ടിക്കൊണ്ടു റോഡിൽക്കൂടി സഞ്ചരിക്കുന്നതിനുള്ള അവകാശം അവർക്കു നൽകുന്നതിനു ഗവണ്മെന്റു അനുഗ്രഹിക്കുന്നില്ലേ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): എനിക്കറിഞ്ഞുകൂട.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല); ഈ ഡിമാൻറിൽ ഉദ്ദേശിച്ചിരിക്കുന്ന റോഡ് തങ്ങൾക്കാവശ്യമല്ലെന്നു കാണിച്ചു കക്കാട്ടിലുള്ള ജനങ്ങളിൽ ഏതാനുംഭാഗം ഗവണ്മെന്റിലേക്കു ഹർജി സമർപ്പിച്ചിട്ടുള്ളവിവരം മെമ്പർക്കു അറിയാമോ?

മി. പാറം ഡാനിയൽ (നിയമിക്കപ്പെട്ടമെമ്പർ): എനിക്കു അറിഞ്ഞുകൂട. അനേകകാലങ്ങളായി തങ്ങൾക്കു വേണമെന്നാഗ്രഹിച്ചിരുന്ന ഈസംഗതിഅനുവദിച്ചിരിക്കുന്നതിൽ കക്കാട്ടിലുള്ള അനേകം ജനങ്ങൾവളരെ നന്ദിയുള്ളവരാണെന്നുള്ള വിവരം എനിക്കു പൂർണ്ണമായിഅറിയാം.

മി. കെ. കെ. തോമസ് (കോട്ടയം): എന്റെസ്നേഹിതൻ മി. പാറംഡാനിയലിന്റെ രസകരമായ വിമർശനങ്ങളെ ശ്രദ്ധിച്ചകേട്ടതിൽ പ്രസ്തുതറോഡിന്റെ ആവശ്യകതയെ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ടോ എന്നുഞാൻ സംശയിക്കുന്നു. അവിടെയുള്ള പൊതുജനങ്ങളിൽ അധികംപേർക്കും പ്രസ്തുതറോഡ് ആവശ്യമില്ലെന്നാണു ആ താലൂക്കിന്റെ പ്രതിനിധികളായ മി. ശിവതാണുപിള്ളയും മി. സുബ്രഹ്മണ്യപിള്ളയും നമ്മളോടു ഇന്നലെ

പറഞ്ഞു. പ്രാദേശികഗ്രാമവാസികളുടെ അപേക്ഷയെ അടിസ്ഥാനമാക്കിയല്ല എന്നാൽ തിരുവിതാംകൂർ ഒട്ടുക്കമുള്ള ജനത്തെ ആസ്പദമാക്കിവേണം പ്രസ്തുതറോഡിന്റെ ആവശ്യകതയെപ്പററി ഈസഭ തീരുമാനിക്കാൻ. പ്രസ്തുതആവശ്യകത കക്കാട്ട മാത്രമല്ല വേറെ ഗ്രാമങ്ങളിലുമുണ്ടെന്നാണ മി. പാറേഡാനിയൽ പ്രസ്താപിച്ചിട്ടുള്ളതു. ഇപ്രകാരമുള്ള ആവശ്യങ്ങൾ വടക്ക, കിഴക്ക, പടിഞ്ഞാറ മുതലായ ദിക്കുകളിലും ആവശ്യമുള്ളതാകുന്നു. ഇതിനുദാഹരണമായി ചേർത്തലയും, മൂവാററുപുഴയും, അമ്പലപ്പുഴയും മററുദിക്കുകളിലും ഇപ്രകാരമുള്ള അത്യാവശ്യങ്ങൾ ഉള്ളതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്രകാരമാണെങ്കിൽ തോവാളയിലും ഒരുറോഡു ആവശ്യമുണ്ടെന്നു മെമ്പറെ ഞാൻ അറിയിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): അതേ, പ്രാദേശികഗ്രാമവാസികളുടെ അപേക്ഷയെ അടിസ്ഥാനമാക്കിയല്ല എന്നാൽ തിരുവിതാംകൂർ ഒട്ടുക്കമുള്ള നന്മയെ ആസ്പദമാക്കിവേണം ഈ വിഷയത്തെപ്പററി പ്രതിവാദിക്കാൻ. പുതിയറോഡുവെട്ടുന്നതിനെ സംബന്ധിച്ചടത്തോളം കക്കാട്ട ഗ്രാമക്കാരിൽ ഏതാനുംപേരെങ്കിലും വിരോധകക്ഷികളാണെന്നു മി. പാറേഡാനിയൽ തന്നെ സമ്മതിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നു. അതിനാൽ പ്രസ്തുതറോഡുവെട്ടുന്ന ആവശ്യകതയെപ്പററി ഈസഭയ്ക്കു ബോധ്യംവന്നിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. ഈ രണ്ടുഗ്രാമങ്ങളേയും യോജിപ്പിക്കുന്നതും പൊതുമുതലിൽനിന്നും സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ ഒരു പബ്ലിക്കുറോഡു ഇപ്പോഴുംതന്നെ ഉള്ളതായി പ്രസ്തുത താലൂക്കുപ്രതിനിധിയിൽനിന്നും നാം മനസ്സിലാക്കിയിട്ടുണ്ടു. ആയതു കുറേക്കൂടി ദൈർഘ്യംകൂടിയതാണ. വാദവിഷയമായ റോഡിന്റെ ആവശ്യകതയെപ്പററി ഇന്നലെ ചീഫ് എഞ്ചിനീയരോടു ചോദ്യംചെയ്തപ്പോൾ തൃപ്തികരമാകുംവണ്ണം മറുപടിനല്കിയിട്ടില്ല. റോഡു പൊതുമുതലിൽനിന്നുമാണൊ സംരക്ഷിക്കപ്പെട്ടുപോരുന്നതെന്നുള്ളതിനെപ്പററി അദ്ദേഹത്തിനു പറയുവാൻ സാധിച്ചില്ല. സർ, മുൻപിൽതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈ റോഡിന്റെ ആവശ്യകതയല്ല എന്നാൽ ചില സമുദായങ്ങൾ അതിനെ ഉപയോഗപ്പെടുത്തണമെന്നുള്ളതാണു പ്രധാനമായിട്ടുള്ള സംഗതി. പൌരാവകാശങ്ങൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു പൊതുജനങ്ങളിൽ ഒരുഭാഗക്കാരുടെ മനസ്ഥിതിയെമാത്രം പരിഗണിച്ചു രാജവീഥിയുടെ ഏതെങ്കിലും ഭാഗം ഉപയോഗപ്പെടുത്തുന്നതിൽ ആരെയും നിരോധിക്കാൻ പാടില്ലെന്നു ഈസഭ വിചാരിക്കുന്നു എന്നാണ ഞാൻ വിശ്വസിക്കുന്നതു. അതുകൊണ്ടു പ്രസ്തുത ഡിമാൻറിനെ പിന്താങ്ങുന്നതിനു എനിക്കു നിർവ്വാഹമില്ല.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ): ഞാനും ഈ ഉപക്ഷേപത്തെ എതിർക്കുന്നതിൽ എനിക്കു വളരെ മനസ്താപമുണ്ടു. എന്തെന്നാൽ ഉപകാരപ്രദമായിട്ടുള്ള ഏതെങ്കിലും ഒരു പൊതുമരാമത്തുജോലിനടത്തുന്നതിനു ഗവൺമെൻറു ആവശ്യപ്പെടുമ്പോൾ, അങ്ങനെയുള്ള ഒരുജോലി ഗവൺമെൻറു നടത്തരുതെന്നു ജനങ്ങളുടെ പ്രതിനിധിസ്ഥാനം വഹിക്കുന്ന യാതൊരുത്തനും പറയുന്നതു ന്യായമല്ല. ഒരുപക്ഷേ ആ സംഗതി ആസ്പദമാക്കിയിട്ടായിരിക്കണം മിസ്റ്റർ പാറേഡാനിയൽ ഈ ഉപക്ഷേപത്തെ ചിന്തിച്ചിട്ടുള്ളതു. പ്രസ്തുത റോഡു വെട്ടുന്നതിലേക്കു ഒരു സപ്ലിമെൻററിഗ്രാൻറു ആവശ്യപ്പെട്ടസമയം ഗവൺമെൻറു ഉദ്ദേശിച്ചിരുന്നകാരണമൊ ആവശ്യകതയോ എന്താണെന്നുള്ളതിനെപ്പററി കാര്യപരിപാടിയിൽ നിന്നും മനസ്സിലാക്കുന്നതിനു ഞങ്ങൾക്കു സാധിച്ചില്ല. റോഡുകൾവെട്ടുന്നതിനും മററു ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കിത്തരുന്നതിനും പാലങ്ങൾ മുതലായ പൊതുജനോപകാരപ്രദങ്ങളായ ജോലികൾ നടത്തുന്നതിനും പ്രജാസഭയിലും നിയമസഭയിലും നാം ഗവൺമെൻറിനോടു പലപ്പോഴും അപേക്ഷിച്ചിട്ടുള്ളതാകുന്നു. അപ്രകാരം നാം അപേക്ഷിച്ചിട്ടുള്ള ഘട്ടങ്ങളിലൊക്കെ ആ ജോലികളുടെ അത്യാവശ്യത്തെപ്പററി ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തുന്നതിനു നമുക്കു വളരെ വിഷമത ഉണ്ടായിട്ടുണ്ടു. ഇപ്പോഴത്തെവിഷയം സംബന്ധിച്ചിടത്തോളം മേൽപ്രസ്താവിച്ച ഗ്രാമവാസികൾക്കു ഈ റോഡു യാതൊരുവിധത്തിലും ആവശ്യമില്ലെന്നുള്ള സംഗതി യാതൊരു വാദപ്രതിവാദത്തിനുശേഷം ഗവൺമെൻറുതന്നെ സമ്മതിച്ചിരിക്കുന്നു. എന്നാൽ ഒരു സപ്ലിമെൻററി ഗ്രാൻറുമൂലം ആയതു അനുവദിക്കപ്പെടണമെന്നു ആവശ്യപ്പെടുന്നതു വാസ്തവത്തിൽ ആക്ഷേപാർഹമാണ്. പക്ഷെ അദ്ധ്യക്ഷൻ ഇന്നലെ പ്രസ്താവിച്ചതുപോലെ ഗവൺമെൻറു കുറേക്കൂടി ബുദ്ധിപൂർവ്വമായി പ്രവൃത്തിച്ചുകാണുന്നതും മൂന്നുകൊല്ലങ്ങൾ കഴിയുമ്പോഴേക്കും സ്ഥിതികൾ മെച്ചപ്പെട്ടേക്കാവുന്നതുമാകുന്നു. ഗവൺമെൻറിന്റെ അഭിപ്രായങ്ങൾ മെച്ചപ്പെട്ടുപോരേണ്ടതാണെന്നുള്ളതു വേറൊരു സംഗതിയാണ്. ഇതാണ് ഈ വിഷയത്തെപ്പററി ഒന്നാമതായി പറയേണ്ടതായിട്ടുള്ളതു. ഗ്രാമനിവാസികളിൽ ഏതാനുംപേർ പ്രസ്തുത റോഡു വെട്ടിക്കുന്നതിൽ അനുകൂലക്കാരല്ലെന്നു വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുമ്പോൾ, മി. ശിവതാണുപിള്ള പറകയുണ്ടായി; അതുകൊണ്ടു ഗവൺമെൻറിൽനിന്നും പ്രസ്തുതറോഡിനെ ജനങ്ങൾക്കു ആവശ്യമില്ലെങ്കിലും അവർക്കു കൊടുക്കുകയാണ് ചെയ്യുന്നതെന്നു അർത്ഥമാകുന്നു. അതു അപ്രകാരമായിരിക്കാം; അങ്ങനെ അല്ലാതെയുമിരിക്കാം. എന്നാൽ ശുചീന്ദ്രത്തു നടക്കുന്ന സംഭവത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ നയം എന്താണെന്നുള്ളതു സ്പഷ്ടമാകുന്നില്ല. ആ വിഷയത്തെപ്പററിയുള്ള ഗവൺമെൻറിന്റെ അഭിപ്രായം എന്താണെന്നു അവർ ഇതുവരെ പ്രഖ്യാപനം ചെയ്തിട്ടില്ലാത്തതുകൊണ്ടു അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിനു എന്തെങ്കിലും ഉദ്ദേശമുണ്ടോ എന്നുള്ളതു സംശയമായിരിക്കുന്നു. എന്തു ചെയ്യണമെന്നുള്ളതു ഗവൺമെൻറിനു അറിയാൻ പാടില്ലാത്ത സ്ഥിതിയിലാണിരിക്കുന്നതു. സത്യാഗ്രഹം ന്യായമായിട്ടുള്ളതും സാധൂകരിക്കത്തക്കതും ആയിരിക്കുന്നതുകൊണ്ടു അതിനോടു ഗവൺമെൻറു ഒടുവിൽ അനുകൂലിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. ഏതായാലും ശുചീന്ദ്രത്തു നടക്കുന്ന സത്യാഗ്രഹത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ അഭിപ്രായം എന്താണെന്നു അവർ ഇതുവരെ പ്രഖ്യാപനം ചെയ്തിട്ടില്ല. സത്യാഗ്രഹികളും സത്യാഗ്രഹപ്രതിഷേധികളും തമ്മിലുള്ള വൈരാഗ്യത്തിന്റെ മൂർച്ചയെ കുറയ്ക്കുന്നതിനായിട്ടു ഈ ഉപായം ആരൊ കണ്ടുപിടിച്ചിട്ടുള്ളതാണെന്നു മുൻപു പ്രസംഗിച്ചവർ പ്രസ്താവിച്ചതിൽനിന്നു ഗ്രഹിക്കേണ്ടതായിരിക്കുന്നു. വാസ്തവത്തിൽ ഇതു സത്യാഗ്രഹികളും സത്യാഗ്രഹപ്രതിഷേധികളും തമ്മിലുള്ള ഒരു വാദവിഷയമല്ല, അപ്രകാരം നാം അതിനെ അനുമാനിക്കാൻ പാടില്ലാത്തതാകുന്നു.

മി. ഡബ്ലിയു എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഇപ്രകാരമുള്ള ഒരു ആക്ഷേപം വല്ലതും ഒരു പുതിയറോഡു വെട്ടുന്നതിനെ സംബന്ധിച്ചും മെമ്പർ കേട്ടിട്ടുണ്ടോ?

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): അതു് വേറൊരു സംഗതിയാകുന്നു. ആ സന്ദർഭത്തിൽ ആ റോഡിനായി ഗ്രാൻറു വേണമെന്നു ഗവർമെൻറു സഭയോടു ആവശ്യപ്പെട്ടില്ല. ദേവസ്വംഫണ്ടുകൊണ്ടാണോ ആ റോഡു വെട്ടിയതു്.

മി. ഡബ്ലിയു. എച്ചു്. പിററു് (പോലീസ് കമ്മീഷണർ): ഇല്ല; ദേവസ്വം ഫണ്ടിൽ നിന്നല്ല.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെമ്പർ): അതിനാൽ ഗ്രാമനിവാസികൾ തമ്മിൽ ഉണ്ടായിരിക്കുന്ന ഒരു തർക്കം തീരുമാനിക്കപ്പെടുന്നതിനു ഏതോ കണ്ടുപിടിച്ചിരിക്കുന്ന ഒരു ഉപായമാണിതു എന്നു ഞാൻ വിചാരിക്കുന്നു. ഇക്കാരണങ്ങൾകൊണ്ടും നമ്മുടെ മനസ്സിൽ ഒരു സംശയമുണ്ടാക്കിയിരിക്കുന്നതുകൊണ്ടും ഈ ഡിമാൻറിനെ സംബന്ധിച്ചുള്ള വിവരങ്ങൾ തരുന്നതിനു ചീഫ് എഞ്ചിനീയർക്കു സാധിക്കാതിരിക്കുന്നതുകൊണ്ടും ഉപേക്ഷപത്തെ ഞാൻ എതിർക്കുന്നു. പ്രസ്തുതറോഡിൻെറ മുൻ ചരിത്രത്തെപ്പററി യാതൊന്നുംതന്നെ അദ്ദേഹം നമ്മോടു പറഞ്ഞു മനസ്സിലാക്കിയിട്ടില്ല. ഈ റോഡു ഒട്ടുംതന്നെ ആവശ്യമില്ലെന്നു കാണിച്ചു അവർ പുറപ്പെടുവിച്ചിട്ടുള്ളതു മുൻ ഉത്തരവിനെപ്പററി ഗവർമെൻറിനു അറിവുണ്ടോ എന്നുകൂടി ഞാൻ സംശയിക്കുന്നു. ഇക്കാരണങ്ങളാൽ സഭ ഈ ഡിമാൻറു അനുവദിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): ബാഹ്യമായി യാതൊരു അർത്ഥവുമില്ലാത്തതാണെന്നു തോന്നിപ്പിക്കുന്ന ഈ ഡിമാൻറിൽ വലുതായിട്ടുള്ള കാര്യങ്ങൾ അന്തർഭവിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇതു ശുചീന്ദ്രം സത്യാഗ്രഹവിഷയത്തെ ഉടനടി തീരുമാനിക്കുന്നതിലേക്കുള്ള ഒരു ശ്രമമാകുന്നു. ഈ ഉപേക്ഷം ശുചീന്ദ്രത്തു ഒരു പുതിയറോഡു വെട്ടുന്നതിലേക്കുള്ളതാണ്. ശുചീന്ദ്രത്തുള്ള സത്യാഗ്രഹസംഗതിയെ സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തമായ തീരുമാനമുണ്ടാക്കേണ്ട ആവശ്യകതയെ ഇല്ലായ്മചെയ്യുന്നതിലേക്കുള്ള അധികൃതന്മാരുടെ ആഗ്രഹമാണ് ഇതിൻെറ കാരണമെന്നു ഇവിടെ നടന്ന പ്രസംഗങ്ങളിൽ നിന്നും കാണുന്നു. അപ്രകാരമിരിക്കെ ആ വിഷയത്തെ സംബന്ധിച്ചു ഗവർമെൻറു ഒരു തീരുമാനം ഉണ്ടാക്കുന്നതു ആശാസ്യകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ആ വിഷയത്തെസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ആലോചിച്ചതിനുശേഷം പ്രസ്തുതറോഡു എല്ലാ ആളുകൾക്കും ഉപയോഗപ്പെടുത്താൻ പാടുള്ളതല്ലെന്നു ഗവർമെൻറു നിശ്ചയമായി വിചാരിക്കുന്നുണ്ടെങ്കിൽ ഗ്രാൻറു വേണമെന്നു ഗവർമെൻറു ചോദിക്കുന്നതു ന്യായമായിരിക്കും. അതല്ലാതെ പ്രസ്തുതവിഷയത്തെ ഒഴിച്ചുമായി എത്രത്തോളം അതിനെ വക്രമായി തീരുമാനിക്കുന്നതു ആശാസ്യകരമല്ല. അതുകൊണ്ടു അധഃകൃതവർഗ്ഗക്കാരുടെ അവകാശങ്ങളിൽ വാസ്തവത്തിൽ അനുകമ്പയുള്ള തെക്കൻതിരുവിതാംകൂർ മെമ്പറന്മാരുടെ പ്രസംഗങ്ങൾ കേട്ടതിനുശേഷം ഉപേക്ഷപത്തെ എതിർക്കണമെന്നു എനിക്കുതോന്നുന്നു. എന്നാൽ ഇന്നേദിവസം എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ഡാനിയേലിൻെറ—അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ നല്ല ആലോചനാശക്തിയുടെ ഫലമായിട്ടുള്ളവയായതുകൊണ്ടു അവയെ ഞാൻ എല്ലായ്പ്പോഴും ആദരിച്ചുവരുന്നുണ്ടു—പ്രസംഗം ശ്രദ്ധിച്ചതിനുശേഷം ഉപേക്ഷപത്തെ പിൻതാങ്ങേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഇതിനപ്പുറമെ യാതൊരുപക്ഷപാതവും കൂടാതെയാണു അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെല്ലാം പുറപ്പെടുവിച്ചിട്ടുള്ളതു്. അധഃകൃതവർഗ്ഗക്കാരായ സാധുജനങ്ങളുടെ വാസ്തവമായ ബുദ്ധിമുട്ടുകളെ പരിഗണിച്ചാണു പ്രസ്തുതഗ്രാൻറു അനുവദിക്കണമെന്നു മി. ഡാനിയേൽ ഈ സഭയോടു ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നാൽ പ്രസ്തുതഡിമാൻറു സഭയോടു ആവശ്യപ്പെടുന്നതിനു മുൻപായി ഈ വിഷയത്തെപ്പററി ഗവർമെൻറു ഒരു തീരുമാനമുണ്ടാക്കേണ്ടതാണ്; അതിനാൽ മി. ഡാനിയേലിൻെറ അഭ്യർത്ഥനക്കുശേഷവും ഞാൻ ഉപേക്ഷപത്തെ എതിർക്കുന്നു.

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): തെക്കൻതിരുവിതാംകൂറിലെ മെമ്പറന്മാർ ചെയ്ത പ്രസംഗത്തിൽനിന്നും സംബന്ധപ്പെട്ട ജനങ്ങൾക്കു പ്രസ്തുതറോഡു വെട്ടിക്കണമെന്നു ഒട്ടുംതന്നെ ആഗ്രഹമില്ലെന്നു നമുക്കു മനസ്സിലായിരിക്കുന്നു. പ്രസ്തുതറോഡു അവർക്കു ആവശ്യമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു; അപ്രകാരം അത്യാവശ്യമുണ്ടായിരുന്നകാലത്തു റോഡു ഗവർമെൻറിൽനിന്നും അനുവദിച്ചില്ല. ഇപ്പോൾ ഈ റോഡു വെട്ടിക്കുന്നകാര്യത്തെ സംബന്ധിച്ചിടത്തോളം അതിൽ ഇടപെടാതിരിക്കുന്നതിലേക്കു ഗവർമെൻറു ശ്രമിച്ചിട്ടുണ്ടെന്നു തൽക്കാലത്തെ അവസ്ഥയിൽനിന്നും എല്ലാവർക്കും നല്ലതിൻവണ്ണം മനസ്സിലായിരിക്കുന്നു. ഈ റോഡുസംരക്ഷിക്കേണ്ടതു ചീഫ്എഞ്ചിനീയരാണ്. വാസ്തവത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു അധികാരികളാണ് പ്രസ്തുതറോഡിനെ സംരക്ഷിക്കേണ്ടതു്; ഇപ്രകാരമിരുന്നിട്ടും നമ്മുടെ ചോദ്യങ്ങൾക്കു മറുപടിതരുവാൻ ചീഫ് എഞ്ചിനീയർക്കു സാധിക്കാത്തതിനാൽ വളരെ മനസ്താപിക്കുന്നു. റോഡിൻെറ ഈ ഭാഗവും സംരക്ഷിക്കുന്നതു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാരാണെന്നു നമുക്കു വിശ്വസിക്കുവാൻ കാരണമുണ്ട്. വാസ്തവത്തിൽ ക്ഷേത്രംവക റോഡുകളാണെന്നു പറയപ്പെടുന്ന റോഡുകളെ സംബന്ധിച്ചിടത്തോളം എന്തുതന്നെ ബുദ്ധിമുട്ടുകൾ ഗവർമെൻറിനുണ്ടായിരുന്നാലും പ്രസ്തുതസംഗതിയിൽ പ്രസ്തുതറോഡു ക്ഷേത്രംവക റോഡാണെന്നും ആയതു പൊതുമുതലിൽ നിന്നാണു സംരക്ഷിക്കപ്പെട്ടുപോരുന്നതെന്നും പറയുന്നതിൽ ഗവർമെൻറു സംശയിക്കുന്നതു എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആ വിഷയത്തിലേക്കായി പൊതുജനങ്ങളുടെ പണംചിലവാക്കി സവർണ്ണഹിന്ദുക്കളുടെ മനസ്ഥിതിയെ ഗവർമെൻറുവകവയ്ക്കാത്തപക്ഷം സംശയിക്കപ്പെടാൻ പാടില്ലാത്ത ഒരു നയമായിരിക്കും ഗവർമെൻറു സ്വീകരിക്കുന്നതു. ഇപ്പോഴത്തെ അവസ്ഥപോലെ മുൻപുണ്ടായിരുന്ന ഒരു ഘട്ടത്തിലും ആ റോഡുവെട്ടി ബുദ്ധിമുട്ടുകൾ അനുഭവിച്ചുവന്നവരുടെ സങ്കടങ്ങളെ ഏതുവിധം പരിഹരിച്ചു എന്നു മി. പാൾ ഡാനിയേൽ പ്രസ്താവിക്കയുണ്ടായി. അപ്പോൾ ആ വിധം ഗവർമെൻറു നടപടികൾ നടത്തിയതു എന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻകഴിയും. അപ്രകാരം നടന്നതു ഇരുപതുകൊല്ലങ്ങൾക്കു മുൻപാണെന്നുള്ള വിവരം നാം ഓർക്കേണ്ടതാകുന്നു. ഈ ഇരുപതുകൊല്ലങ്ങൾക്കുള്ളിൽ രാജ്യത്തിൽ സാമുദായികമായിട്ടും രാഷ്ട്രീയമായിട്ടും മാററങ്ങൾ ഉണ്ടായിട്ടുണ്ട്. പൌരാവകാശവിഷയത്തിൽ ഈ രാജ്യത്തുള്ള ആളുകളുടെ മനസ്ഥിതി എന്താണെന്നുള്ളതിനെപ്പററി നമുക്കെല്ലാവർക്കും അറിയാമെന്നുള്ളതാകുന്നു. പൊതുജനങ്ങൾക്കു ഗുണകരമായിട്ടുള്ള സംഗതികൾക്കുമാത്രമേ ഈ രാജ്യത്തുള്ള പൊതുമുതൽ ചെലവുചെയ്യാൻ പാടുള്ളു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഇരുപതുകൊല്ലങ്ങൾക്കു മുൻപുണ്ടായിരുന്ന ഭരണകർത്താക്കന്മാരുടെ സമാധാനം എന്തുതന്നെ ആയിരുന്നാലും ഇപ്പോൾ ഇവിടെ പ്രസ്താപിച്ചിട്ടുള്ള കാരണങ്ങൾകൊണ്ടു ഈ റോഡിനുവേണ്ടി ഗവർമെൻറിൽനിന്നും നാലായിരം രൂപ അനുവദിക്കുന്നതു ഏററവും അന്യായമായിട്ടുള്ളതാണ്. അതിനാൽ ഞാൻ

ട്ടിൽ ഏതാനും സമുദായക്കാർ മാത്രം ഉപയോഗിക്കുന്ന റോഡുകൾക്ക ഗവൺമെൻറു പൊതുമുതലിൽനിന്നും ചെലവു ചെയ്യേണ്ടതാണോ എന്നുള്ളതു തീരുമാനിക്കേണ്ടതാണെന്നു ഞാൻ ഗവൺമെൻറിനോടു അപേക്ഷിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സവർണ്ണഹിന്ദുക്കൾ ആവശ്യപ്പെട്ടിരിക്കുന്ന റോഡു അവർണ്ണഹിന്ദുക്കളുടെ ആവശ്യത്തിലേക്കു ഉദ്ദേശിക്കപ്പെട്ടിരിക്കയാണോ?

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെംബർ): അതു അവർണ്ണഹിന്ദുക്കളുടെ ആവശ്യത്തിലേക്കാണു ഉദ്ദേശിച്ചിരിക്കുന്നതു. മറിച്ച് എല്ലാ ജനങ്ങളും ആവശ്യപ്പെട്ടിരുന്നു; എന്നാൽ അപ്പോൾ അവരുടെ അപേക്ഷയെ അനുവദിക്കുന്നതിനു തയ്യാറായിരുന്നില്ല.

മി. ശിവതാണുപിള്ള (മാവേലിക്കര): എന്റെ സന്തതിയെയിൽ അല്പം പ്രസ്താവിക്കാനുണ്ടു. ഒരു റോഡുവെട്ടിക്കണമെന്നു കക്കാട്ടിലുള്ള ജനങ്ങൾ ഗവൺമെൻറിലേക്കു ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ അതു ഗവൺമെൻറു അനുവദിക്കുകയുണ്ടായില്ല.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട മെംബർ): ഈ വിഷയത്തെപ്പറ്റി ഗവൺമെൻറു ചിന്തിച്ചു മനഃപൂർവമായ ഒരു തീരുമാനമുണ്ടാകുന്നപക്ഷം ആ സന്ദർഭത്തിന്റെ ഗുണത്തെ അടിസ്ഥാനമാക്കി ചില റോഡുകളെ ചില സമുദായങ്ങളുടെ പ്രത്യേക ആവശ്യത്തിനു മാറിവയ്ക്കേണ്ട ആവശ്യം നേരിടുന്നു; അപ്രകാരമുള്ള നിർദ്ദേശങ്ങളും ആവശ്യപ്പെടും. ഇപ്പോൾ അതിനെപ്പറ്റി ആലോചിക്കുന്നതിനു നമുക്കു കുറെക്കൂടി സൌകര്യമുണ്ടാകുന്നതാണ്. അതിനെപ്പറ്റി ആലോചിക്കുന്നതിനു മുൻപായിട്ടു ഇപ്പോൾ പ്രസ്തുത വിഷയം എപ്രകാരമാണെന്നോ തീരുമാനിക്കേണ്ടതെന്നു ഉദ്ദേശിച്ചുകൊണ്ടു ഇപ്രകാരം തീരുമാനിക്കുന്നതു യുക്തമല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നതിൽ എനിക്കു മനസ്താപമുണ്ടു. ഈ ഡിമാൻറിനെപ്പറ്റി മിസ്റ്റർ ശിവതാണുപിള്ള ഇന്നലെ നമ്മളോടു വിസ്തരിച്ചു പറഞ്ഞപ്പോൾ അതിൽ എന്തോ ഗൗരവമായി അന്തർഭവിച്ചിട്ടുണ്ടെന്നു എനിക്കു മനസ്സിലായി. പ്രസ്തുത റോഡുവേണമെന്നു കക്കാട്ടിലെ ഗ്രാമവാസികൾ ഒരിക്കൽ അപേക്ഷിച്ചപ്പോൾ മിസ്റ്റർ ശിവതാണുപിള്ള വായിച്ച എഴുത്തിന്റെ പ്രതിയിൽനിന്നും ഗവൺമെൻറു അതു അനുവദിച്ചില്ലെന്നു പ്രത്യക്ഷമായി. ഇപ്പോൾ റോഡു ആവശ്യമില്ലെന്നു പറയുന്ന ആളുകൾക്കു അതു ആവശ്യമുണ്ടെന്നു ഗവൺമെൻറു ശഠിക്കുന്നു. ഇതിനെന്തോ സംശയിക്കത്തക്കതായിട്ടുണ്ടു. കക്കാട്ടിൽനിന്നും കന്യാകുമാരിയിലേക്കു ഇപ്പോൾതന്നെ ഒരു റോഡുണ്ടു. ചില സമുദായക്കാർക്കു മാത്രമെ ആ റോഡു ഉപയോഗിക്കാൻ പാടുള്ളു. അതു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നാണു സംരക്ഷിച്ചുപോരുന്നതു. ധാരാളം പരിഷ്കാരം സിദ്ധിച്ചിട്ടുള്ള നമ്മുടെ രാജ്യത്തു സമുദായങ്ങൾ തമ്മിലും ജാതിവിഭാഗങ്ങൾ തമ്മിലും വലുതായിട്ടുള്ള വ്യത്യാസങ്ങൾക്കു മാർഗ്ഗമില്ലാത്തതാകുന്നു. അപ്രകാരമുള്ള നികൃഷ്ടവും അല്പവുമായ മനഃസ്ഥിതി നമുക്കുണ്ടായിരിക്കാൻ പാടില്ലാത്തതാകുന്നു. പക്ഷേ ഇൻ നടപ്പുകളെ ആദരിച്ചുവരുന്ന ആളുകൾ എല്ലാ രാജ്യങ്ങളിലും എല്ലാകാലത്തും ഉണ്ടായിരിക്കുന്നതാണെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. എല്ലാ സമുദായങ്ങളേയും ഗവൺമെൻറിനു തൃപ്തിപ്പെടുത്തണമെന്നാണു ഉദ്ദേശമെങ്കിൽ അവർക്കു യാതൊരുത്തരേയും തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ലെന്നു ഞാൻ ശങ്കിക്കുന്നു. ഒരു അവകാശത്തെപ്പറ്റിയുള്ള കാര്യമാണു ഇതിൽ അടങ്ങിയിരിക്കുന്നതു; അതിലേയ്ക്കു നേരിട്ടൊരു തീരുമാനമുണ്ടാക്കാതെ പുതിയതായി ഒരു റോഡുണ്ടാക്കി ആ തീരുമാനമുണ്ടാക്കുന്നതിൽനിന്നും ഒഴിയുന്നതിനും ഇപ്രകാരമുള്ള ചെറിയ വ്യത്യാസങ്ങളെ നിലനിറുത്തുന്നതിനുമാണു ഗവൺമെൻറു ശ്രമിക്കുന്നതു്. ഇതിനുംപുറമെ, കക്കാട്ടിലുള്ള ഗ്രാമവാസികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു അതതു കഷ്ടതകൾതന്നെ അനുഭവിച്ചുവരുന്ന മററാളുകൾക്കു ഇപ്രകാരമുള്ള സൌകര്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവൺമെൻറു എല്ലായ്പോഴും ശ്രദ്ധ കാണിച്ചുവരുന്നില്ല. ഇതിനു ദൃഷ്ടാന്തമായി മയിലാടിയിലുള്ള നാടാർമാർ അവിടെയുള്ള തെരുവുവീഥി അവർക്കും ഉപയോഗപ്പെടുത്തത്തക്കവണ്ണം തുറന്നുകൊടുക്കണമെന്നു അപേക്ഷിച്ചിട്ടുണ്ടായിരുന്നു; ആ റോഡു മററു സംഗതികൾക്കായി ഇപ്പോഴും ഉപയോഗപ്പെടുത്തി വരുന്നുണ്ടെങ്കിലും ഘോഷയാത്രമുതലായവയ്ക്കു അതിനെ ഉപയോഗപ്പെടുത്തുന്നതിനു ഗവൺമെൻറു അനുവദിച്ചിട്ടില്ല. ഒരു പബ്ലിക്കുറോഡിനെ രാജവീഥിയായി പ്രഖ്യാപനം ചെയ്യുന്നതിനുള്ള അവകാശം തങ്ങൾക്കുണ്ടെന്നു ഒ. തി. ഖാ. റി. ലെ കേസിൽ ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളതാകുന്നു; ഇങ്ങനെയിരിക്കെ പ്രസ്തുത റോഡല്ല അപ്രകാരമുള്ള എല്ലാ റോഡുകളും രാജവീഥികളാക്കി ഈ വിധമായ മൂഢതകളെ രാജ്യത്തിൽനിന്നും അകററുന്നതിനു ഇപ്പോഴത്തെ ഗവൺമെൻറിനോടു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട മെംബർ): ഈ റോഡു രാജവീഥിയാണല്ലോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എനിക്കറിവുള്ളിടത്തോളം പ്രസ്തുത റോഡു ഒരു പബ്ലിക്കുവഴിയാണു. രാജവീഥിയും ഒരു പബ്ലിക്കുറോഡും തമ്മിൽ അല്പം വ്യത്യാസമുണ്ടു. അപ്രകാരമല്ലാതിരുന്നെങ്കിൽ ശുചീന്ദ്രത്തു സത്യാഗ്രഹസമരത്തിന്റെ ആവശ്യം ഉണ്ടാവുകയില്ലായിരുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനമുണ്ടാക്കി നമ്മുടെ രാജ്യത്തുള്ള ജനങ്ങളിൽ വഴിയെ വിഭാഗത്തിനുണ്ടായിരിക്കുന്ന സങ്കടങ്ങളെ പരിഹരിക്കുന്നതിനു ഗവൺമെൻറു ശ്രമിക്കാത്തപക്ഷം പ്രസ്തുത ഡിമാൻറു വോട്ടുചെയ്യാൻ എനിക്കു നിവൃത്തിയില്ല.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേടും): സർ, ഈ ഡിമാൻറിനെ ഞാനും എതിർക്കുന്നു. സത്യാഗ്രഹസമരത്തെ ദുർബലപ്പെടുത്തുന്നതിനാണു ഗവൺമെൻറു ഇപ്രകാരം ചെയ്യുന്നതെന്നു പല മെംബർമാരും പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുത ഉദ്ദേശം സാധിക്കുന്നതിനാണോ ഇപ്രകാരം ചെയ്യുന്നതെന്നു ചീഫ് എഞ്ചിനീയരോടു ചോദ്യം ചെയ്തു സമ്മതം ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ അദ്ദേഹത്തിനു നിവൃത്തിയില്ലെന്നും ആ ചോദ്യത്തിനുള്ള മറുപടി ഗവൺമെൻറാണു തരേണ്ടതെന്നും മറുപടിപറകയുണ്ടായി. ഈ പ്രസ്താവനകൾ പലതവണ ഉണ്ടായിട്ടും അവ വാസ്തവമായിട്ടുള്ളവയാണെന്നോ അതല്ല തെററായിട്ടുള്ളവയാണെന്നോ പറയുന്നതിനോ പ്രസ്തുത റോഡിനെ സംബന്ധിച്ചിടത്തോളം തങ്ങൾക്കുള്ള ന്യായത്തെ പ്രസ്താവിക്കുന്നതിനോ യാതൊരു ഗവൺമെൻറു മെംബറും ശ്രമിച്ചില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ പാം ഡാനിയലിന്റെ വിമർശനത്തെ സംബന്ധിച്ചിടത്തോളം മെംബർ എന്തുപറയുന്നു?

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും—പീരിമേട്ടം): അൻപതു കൊല്ലങ്ങളായി കുക്കാട്ടിലെ ജനങ്ങളിൽനിന്നും അപേക്ഷകൾ ഉണ്ടായിട്ടുണ്ടെന്നാണ് മിസ്റ്റർ ഡാനിയൽ പ്രസ്താവിച്ചതു്. ഞങ്ങൾക്കു ശുചീന്ദ്രത്തുകൂടി കടന്നുപോകാൻ പാടില്ല എന്നുള്ള കാരണംകൊണ്ടാണ് പ്രസ്തുത റോഡുവെട്ടണമെന്നു കുക്കാട്ടിലുള്ള ഗ്രാമവാസികൾ ഗവണ്മെന്റിനോടു അപേക്ഷിച്ചതെന്നു എനിക്കു തോന്നുന്നു. ശുചീന്ദ്രത്തുള്ള സത്യാഗ്രഹകാര്യം മാററിവയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പ്രസ്തുത റോഡു വെട്ടുന്നതെന്നുള്ളതുകൊണ്ടുതന്നെ തീർച്ചപ്പെടുത്താം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റിൽനിന്നും ഈ റോഡു വെട്ടിക്കയാണെങ്കിലും സത്യാഗ്രഹാനുഷ്ഠാനം തുടർന്നുകൊണ്ടിരിക്കുന്നതിനു എന്തു പ്രതിബന്ധമാണുള്ളതു് ?

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും—പീരുമേട്ടം): അതിലേയ്ക്കുള്ള മറുപടി എന്നേക്കാൾ ശുചീന്ദ്രത്തിനു കുറെക്കൂടി അടുത്തിരിക്കുന്ന ചില മെംബറന്മാർ നൽകീട്ടുള്ളതാകുന്നു. പ്രസ്തുത റോഡു സന്ദർശിച്ചിട്ടുണ്ടോ എന്നു ചീഫ് എഞ്ചിനീയരോടു ചോദിച്ചപ്പോൾ മറുപടി നൽകാൻ അദ്ദേഹത്തിനു സാധിച്ചില്ല. റോഡുവെട്ടുന്നതിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനുള്ള കാരണങ്ങളെ ന്യായീകരിക്കാൻ സാധിച്ചില്ല. പ്രസ്തുത റോഡിന്റെ ആവശ്യകതയെപ്പററി ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു മററു ഗവണ്മെന്റുമെംബറന്മാർക്കും സാധിച്ചിട്ടില്ല. പ്രസ്തുതറോഡു ആവശ്യമില്ലെന്നു ഈ സംസ്ഥാനത്തിലെ തെക്കൻ താലൂക്കുകളിലെ പ്രതിനിധികളായ രണ്ടുമെംബറന്മാർ ഈ സഭയെ അറിയിച്ചിരിക്കുന്നു: ആവശ്യമില്ലെന്നു പറയുന്ന ആളുകൾക്കു ഒരു റോഡുവെട്ടിക്കൊടുക്കുന്നതിന്റെ ഉപയോഗമെന്താണ്? തിരുവിതാംകൂറിന്റെ മററുഭാഗങ്ങളിൽ ഗതാഗതമാർഗ്ഗങ്ങളുടെ വിഷയത്തിൽ ആവശ്യമുള്ളതു പ്രവൃത്തിക്കുന്നില്ലെന്നു മുറവിളികൂട്ടുന്നു. അതിനാൽ ഇപ്പോഴും ഒട്ടുംതന്നെ കുടിയേറിപ്പാർപ്പില്ലാത്തതും ചിലഭാഗങ്ങൾമാത്രം കുടിയേറിപാർപ്പുള്ളതുമായ വളരെ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ ഉണ്ടായിരിക്കയും അപ്രകാരമുള്ള സ്ഥലങ്ങളിൽ ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കേണ്ടതായുമിരിക്കെ പണമില്ലെന്നു ഗവണ്മെന്റു പറയുന്നതായ ഈ ഘട്ടത്തിൽ റോഡു ആവശ്യമില്ലെന്നു പറയുന്ന ഏതാനും ജനവിഭാഗത്തിനു റോഡു നൽകുന്ന നയത്തെ പിൻതാങ്ങാൻ ഞാൻസന്നദ്ധനല്ല. (മി. പി. കെ. നാരായണപിള്ള കേൾപ്പിൻ, കേൾപ്പിൻ) അതുകൊണ്ടു ഈ വിഷയത്തെസംബന്ധിച്ചിടത്തോളം ഗവണ്മെന്റു യാതൊന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്കു ഇപ്രകാരം ഗവണ്മെന്റു ചെയ്യുന്നതു ശുചീന്ദ്രത്തുള്ള സത്യാഗ്രഹകാര്യത്തിൽനിന്നും ഒഴിയുന്നതിനുള്ള ഒരു ഉപായമല്ലയോ എന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടതായിരിക്കുന്നു; അപ്രകാരം ചെയ്യാതിരിക്കുന്നതിനാൽ പ്രസ്തുതറോഡു ആവശ്യമില്ലെന്നുള്ള കാരണത്തിന്മേൽ ഞാൻ ഡിമാൻറിനെ എതിർക്കുന്നു. ഈ റോഡു ഏതു സ്ഥലത്താണോ വേണമെന്നു പറയപ്പെടുന്നതു ആ സ്ഥലത്തുള്ള ജനങ്ങൾക്കു അതു ആവശ്യമുണ്ടെന്നു ഈ സഭയെ തൃപ്തികരമാകുംവണ്ണം ബോദ്ധ്യപ്പെടുത്തിയിട്ടില്ല. ഇതിനുംപുറമേ മററനേകം സ്ഥലങ്ങളിൽ ഗതാഗത സൌകര്യങ്ങൾ അത്യാവശ്യമായിരിക്കെ പ്രസ്തുതറോഡുണ്ടാക്കുന്നതിൽമാത്രം ഗവണ്മെന്റിനു ഇത്ര താല്പര്യമുണ്ടായിരിക്കുന്നതിന്റെ കാരണം എന്താണെന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇക്കാരണങ്ങളാൽ ഈ ഡിമാൻറിനെ ഞാൻ എതിർക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, കോടതികളിൽ "വ്യവഹാരത്തിന്റെ വാസ്തവമായ ഉദ്ദേശം എന്താണ്" എന്നു പറയാറുള്ളതുപോലെ ഈ ഡിമാൻറിന്റെ വാസ്തവമായ ഉദ്ദേശം എന്താണെന്നുള്ള കാര്യമാണ് സഭ ആലോചിക്കേണ്ടതായിരിക്കുന്നതു്. ഈ വിഷയത്തെപ്പററി നടന്ന ഇരുപക്ഷം പ്രസംഗങ്ങളിൽനിന്നും ഒരു സംഗതി വെളിപ്പെടുന്നുണ്ടു്. റോഡു ആവശ്യപ്പെട്ടിരിക്കുന്നതു സവർണ്ണഹിന്ദുക്കളാണ്; അവർക്കു അതിൽകൂടി ഗതാഗതം ചെയ്യുന്നതിനല്ല, പക്ഷെ അവർണ്ണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും നടക്കുന്നതിനായിട്ടാണ്. അവർണ്ണഹിന്ദുക്കളുടേയും അഹിന്ദുക്കളുടേയും പ്രതിനിധികളെന്ന നിലയിൽ സംസാരിക്കാമെന്നു വിചാരിക്കുന്നവർ പ്രസ്തുതറോഡിൽകൂടി അവർ ഗതാഗതം ചെയ്യുന്നതല്ലെന്നു തർക്കിക്കുന്നു. അതുകൊണ്ടു ഇവയിൽ രണ്ടിൽനിന്നും ഊഹമാനിക്കേണ്ടതു പ്രസ്തുതറോഡിൽകൂടി യാതൊരുമനുഷ്യനും നടക്കുകയില്ലെന്നാണ്. (ചിരി) ഇപ്രകാരമാണു ഈ റോഡിന്റെ ഭാവിചരിത്രമെന്നിരിക്കെ അതു വെട്ടിക്കുന്നതിൽ ഗവണ്മെന്റു ഇത്രഉത്സാഹം കാണിക്കുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. നേരേമറിച്ചു മി. മാത്യു വളരെ ന്യായത്തോടുകൂടി പറഞ്ഞതുപോലെ ഈ സംസ്ഥാനത്തിലെ മററു പലഭാഗങ്ങളിൽനിന്നും റോഡുകൾ വേണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. അപ്രകാരമുള്ള ഡിമാൻറുകളെ കഴിവുള്ളിടത്തോളം എതിർക്കുന്നതിനു മി. നടേശയ്യരുടെ മേൽനോട്ടത്തിൽ പൊതുമരാമത്തുഡിപ്പാർട്ടുമെന്റു ശ്രമിക്കുന്നു; പ്രസ്തുതറോഡിന്റെ ആവശ്യകതയെപ്പററി മി. നടേശയ്യർക്കുതന്നെ നിശ്ചയമില്ല. ഒരു എസ്റ്റിമേററുണ്ടാക്കി സമർപ്പിക്കണമെന്നും ഈ റോഡുണ്ടാക്കണമെന്നും മി. നടേശയ്യരോടു ഗവണ്മെന്റു ആജ്ഞാപിച്ചിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഇതിനെ സംബന്ധിച്ചു വിദഗ്ദ്ധന്മാരുടെ അഭിപ്രായം എന്താണെന്നു അറിഞ്ഞിട്ടില്ല. ഇപ്പോഴത്തെ റോഡിൽകൂടി ആളുകൾക്കു ഗതാഗതം ചെയ്യുന്നതിനു വിസ്താരമില്ലയോ അതല്ല വെട്ടണമെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡു യാതൊരു സംരക്ഷണവും കൂടാതെതന്നെ നല്ല സ്ഥിതിയിൽ ഇരിക്കത്തക്കവണ്ണം അത്രബലമുള്ളതായിരിക്കുമെന്നോ വിചാരിക്കപ്പെട്ടിരിക്കുന്നതു? നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡിന്റെ പ്രത്യേകതകൾ എന്താണെന്നു സ്ഥാപിച്ചിട്ടില്ല.

ഡെപ്യൂട്ടിപ്രസിഡൻറ: ഏതെങ്കിലും ഒരു റോഡു ആവശ്യമുണ്ടോ ഇല്ലയോ എന്നു പറയേണ്ടതു എല്ലാപ്പോഴും വിദഗ്ദ്ധന്മാരല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വിഷയത്തെപ്പററി മേൽപ്പറഞ്ഞപ്രകാരം നോക്കുന്ന പക്ഷം അതിന്റെ പരിണാമം താഴേപ്പറയുംപ്രകാരത്തിലായിരിക്കുന്നതാണ്. റോഡുവേണമെന്നു ആവശ്യപ്പെടുന്നവർ അതിൽകൂടി നടക്കുന്നതിനു ഉദ്ദേശിക്കുന്നില്ല; റോഡു ആർക്കാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു അവർക്കു അതിൽകൂടി ഗതാഗതം ചെയ്യുന്നതിനു മനസ്സില്ലാതെയും ഇരിക്കയാണു ചെയ്യുന്നതു. രണ്ടു ഭിന്നകക്ഷികൾക്കു വേണമെന്നു പറയുന്ന ഒരു റോഡു ഇപ്പോൾതന്നെയുണ്ട്, അപ്രകാരമുള്ള ഒരു വിഷമഘട്ടത്തിനു പരിഹാരമുണ്ടാക്കുന്നതിലേക്കു അവരിൽ യാതൊരുത്തർക്കുംതന്നെ ഉപയോഗപ്പെടാത്തതായ ഒരു പുതിയ റോഡുവെട്ടുന്നതിനു ഗവണ്മെന്റു ഉദ്ദേശിക്കുന്നു. ഞാൻ പറയുന്നതു സത്യാഗ്രഹികളേയും സത്യാഗ്രഹികളല്ലാത്തവരേയും പ.

റിയാണ്. എന്തെന്നാൽ ലോകം മുഴുവനും സത്യാഗ്രഹികളായും സത്യാഗ്രഹികളല്ലാത്തവരുമായിട്ടാണ് കക്ഷി തിരിഞ്ഞിരിക്കുന്നതു്. ഇപ്രകാരമിരിക്കേ പ്രസ്തുതറോഡു തുറക്കുന്നതിന്റെ ഔചിത്യത്തെപ്പററി എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഡിമാൻറിനെ എതൃക്കുന്നതിൽ ഞാൻ മനസ്താപിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാനും ഡിമാൻറിനെ എതൃക്കുന്നു. പുതിയ റോഡിനെ സംബന്ധിച്ചിടത്തോളം അതു ആവശ്യമില്ലെന്നു സഭയ്ക്കു ഏകദേശം ബോദ്ധ്യം വന്നിട്ടുള്ളതാകുന്നു. എനിക്കു ഒരു സംഗതിയെപ്പററി മാത്രമേ ഇവിടെ പ്രസ്താവിക്കാനുള്ളു. അത് അസാധാരണ സമയങ്ങളിൽ മാത്രമേ സപ്ലിമെൻററി ഗ്രാൻറുകൾക്കുള്ള ഡിമാൻറുകൾ സഭയോടു ആവശ്യപ്പെടാൻ ഗവണ്മെൻറിനെ അനുവദിക്കാൻ പാടുള്ളു എന്നുള്ളതാണ്. സമയങ്ങളിലും അസമയങ്ങളിലും ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ കാര്യങ്ങൾക്കു സപ്ലിമെൻററിഗ്രാൻറിനു ധൃതഗതിയിൽ സഭയോടു ആവശ്യപ്പെടുന്നതായ ഗവണ്മെൻറിന്റെ നയം അനുവദിക്കപ്പെടാവുന്നതല്ല. അതുകൊണ്ടു ഇപ്രകാരം അനേകം സപ്ലിമെൻററി ഡിമാൻറുകൾക്കു ഈ സഭയോടു അപേക്ഷിക്കുന്നതിൽവച്ചു ഗവണ്മെൻറിന്റെ നേർക്കുള്ള ഈ സഭയുടെ അതൃപ്തിയെ കാണിക്കുന്നതിനായിട്ടെങ്കിലും പ്രസ്തുത ഡിമാൻറിനെ നാം അനുവദിക്കാൻ പാടില്ലാത്തതാകുന്നു. ഇതുമാത്രമേ സഭയുടെ ദൃഷ്ടിയിൽ എനിക്കു കൊണ്ടുവരേണ്ടതായിട്ടുള്ളു. മേലാൽ ഏതെങ്കിലും സപ്ലിമെൻററിഡിമാൻറിനു അത്യാവശ്യമുള്ളതായി ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടല്ലാതെ അതു അനുവദിക്കണമെന്നു അവർ ഈ സഭയോടു ആവശ്യപ്പെടാൻ പാടുള്ളതല്ല. ഈ പ്രത്യേകസംഗതിയിൽ ഒരു സപ്ലിമെൻററിഗ്രാൻറിനു ഈ സഭയോടു ആവശ്യപ്പെടാൻ ഗവണ്മെൻറിനു യാതൊരു ന്യായവുമില്ലാത്തതാകുന്നു. ഇക്കാര്യം ഏതുവിധത്തിലാണ് അത്യാവശ്യമായിട്ടുള്ളതെന്നു നമ്മോടു പറഞ്ഞിട്ടുമില്ല. ഈ ഡിമാൻറിനെ സംബന്ധിച്ചുള്ള ന്യായത്തെപ്പററി ഗവണ്മെൻറു വ്യക്തമാക്കിയിട്ടില്ലാത്തതും പുതിയ റോഡിന്റെ അത്യാവശ്യത്തെപ്പററി ഈ സഭയ്ക്കു ബോദ്ധ്യംവന്നിട്ടില്ലാത്തതുമാകുന്നു. ഇക്കാരണങ്ങളാൽ പ്രസ്തുത ഡിമാൻറിന്റെ ഈ ഇനത്തെ നാം അനുവദിക്കാൻ പാടില്ലാത്തതാകുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഡിമാൻറിനെ എതൃക്കുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): സർ, ഈ പുതിയ റോഡു തുറക്കണമെന്നു ഗവണ്മെൻറു പറയുന്നതിന്റെ ഉദ്ദേശം ജനങ്ങളുടെ ആവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനോ, അതല്ല സത്യാഗ്രഹസംഗതിയെ തീർപ്പെടുത്തുന്നതിനോ എന്തുതന്നെ ആയിരുന്നാലും വാസ്തവത്തിൽ നാം ആലോചിക്കേണ്ടതായ കാര്യം റോഡിന്റെ ആവശ്യകത ഉണ്ടോ എന്നുള്ളതാണ്. ഈ റോഡു ആവശ്യമില്ലെന്നു തോവാള, അഗസ്തീശ്വരം എന്നീ താലൂക്കുകളിലുള്ള മെസ്സേഴ്സ് ശിവതാണുപിള്ളയും സുബ്രഹ്മണ്യപിള്ളയും പറയുന്നു. എന്നാൽ പ്രസ്തുത റോഡു ആവശ്യമുണ്ടെന്നു മിസ്റ്റർ ഡാനിയലും ചീഫ് എഞ്ചിനീയരും പറയുന്നു. ഏതായാലും ഈ റോഡു ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതാണെന്നു കാണിക്കുന്നതിലേക്കു യാതൊരു ന്യായവും തെളിയിച്ചിട്ടില്ല. നമുക്കു ധാരാളം പണമില്ലാതെയും വടക്കൻതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലുമുള്ള നമ്മുടെ സ്നേഹിതന്മാർ അവർക്കു അവിടെ ഗതാഗതസൌകര്യങ്ങളില്ലെന്നു മുറവിളികൂട്ടുകയും ചെയ്യുന്ന ഇക്കാലത്തു പ്രസ്തുത റോഡിന്റെ ആവശ്യകതയെ സ്ഥാപിച്ചിട്ടില്ലാത്തസ്ഥിതിക്കു അതിലേക്കു പണം ചെലവാക്കുന്നതു ആശാസ്യകരമായിട്ടുള്ളതല്ല. അതിനാൽ ഈ സപ്ലിമെൻററിഡിമാൻറിനെ ഞാൻ എതൃക്കുന്നു.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള (കൊല്ലം): സർ, ഞാനും ഡിമാൻറിനെ എതൃക്കുന്നു. ഇപ്പോൾ വെട്ടിക്കണമെന്നു പറയപ്പെടുന്ന റോഡു ആർക്കായിട്ടാണോ ഉദ്ദേശിച്ചിരിക്കുന്നതു ആ ആളുകളെ മെയിൻറോഡിൽകൂടി ഗതാഗതം ചെയ്യുന്നതിനു അനുവദിക്കുന്നപക്ഷം പുതിയ റോഡു വെട്ടുന്നതിനു യാതൊരുവിധത്തിലും ആവശ്യം നേരിടുന്നതല്ല. പ്രസ്തുത സ്ഥലത്തെസംബന്ധിച്ചു എനിക്കു യാതൊരു അറിവുമില്ല; എന്നാൽ തെക്കൻ തിരുവിതാംകൂറിലുള്ള എന്റെ സ്നേഹിതന്മാരിൽനിന്നും അറിഞ്ഞിടത്തോളം തെക്കൻ മെയിൻറോഡുമായി യോജിക്കുന്നതായ ഈ റോഡു ഇപ്പോൾ വെട്ടണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡിനെക്കാൾ ദൈർഘ്യം കുറവാണെന്നു എനിക്കു മനസ്സിലായിരിക്കുന്നു. അതിനാൽ റോഡു ആർക്കാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു ആ ആളുകൾക്കു ആ റോഡുകൊണ്ടു യാതൊരു സൌകര്യവും നൽകുന്നതല്ല. കക്കാട്ടിലുള്ള ജനങ്ങൾ പ്രസ്തുത റോഡു വേണമെന്നു അനേകകാലമായിട്ടു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ് മിസ്റ്റർ ഡാനിയൽ പ്രസ്താവിച്ചിരിക്കുന്നതു; അവരുടെ അപേക്ഷകൾക്കു അനുസാരണമായി പ്രസ്തുത റോഡു വെട്ടുന്നതിനു ഇപ്പോൾ ഗവണ്മെൻറു അനുവദിച്ചിരിക്കുന്നു. കക്കാട്ടിലുള്ള ജനങ്ങളുടെ അപേക്ഷകളെ സംബന്ധിച്ചിടത്തോളം ഒട്ടുവളരെ തെററിദ്ധാരണകളുണ്ടായിട്ടുണ്ടെന്നു എനിക്കിപ്പോൾ തോന്നുന്നു. അവർ എന്തിനുവേണ്ടിയിട്ടാണു ഗവണ്മെൻറിനോടു അപേക്ഷിച്ചിട്ടുള്ളതു? പ്രസ്തുത റോഡിനുവേണ്ടിയിട്ടോ തെക്കൻ മെയിൻറോഡിൽ ചെന്നുചേരുന്നതിലേക്കുള്ള ഗതാഗതസൌകര്യം നൽകുന്നതിലേക്കോ? ദൈർഘ്യമുള്ള ഈ റോഡു വേണമെന്നു അവർ അപേക്ഷിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നില്ല. മെയിൻറോഡിൽ ചെന്നുചേരുന്നതിനുള്ള ഗതാഗതസൌകര്യം നൽകണമെന്നാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളതു; അപ്രകാരം അനുവദിക്കപ്പെടുന്നപക്ഷം അവരുടെ ഉപയോഗത്തിനായി ഈ പ്രത്യേകറോഡു വെട്ടിക്കണമെന്നു അവർ ശഠിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു, തങ്ങൾക്കു ഗതാഗതസൌകര്യം കൊടുക്കണമെന്നും, ഗ്രാമത്തിൽകൂടി മെയിൻറോഡിലേക്കു കടന്നുപോകുന്നതിനു തങ്ങൾക്കു അനുവാദം നൽകണമെന്നും, ഗ്രാമത്തിൽനിന്നും മെയിൻറോഡിലേക്കും മെയിൻറോഡിൽനിന്നും തങ്ങളുടെ ഗ്രാമത്തിലേക്കും തങ്ങളുടെ ഘോഷയാത്രകൾ നടത്തുന്നതിനോ സാമാനങ്ങളെ കൊണ്ടുപോകുന്നതിനോ അനുവദിക്കണമെന്നും ആകുന്നു ജനങ്ങൾ വാസ്തവത്തിൽ ആവശ്യപ്പെടുന്നതു്. കൂടുതൽ ചെലവുചെയ്യാതെയും പുതിയ റോഡു വെട്ടാതെയും അപ്രകാരം ചെയ്യാമെന്നുണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ ആവശ്യകതയില്ലെന്നു നമുക്കു പറയാവുന്നതാണ്. അതുകൊണ്ടു ഇപ്പോഴുള്ള റോഡു കക്കാട്ടിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചുള്ള പ്രതിബന്ധങ്ങളെ നീക്കംചെയ്യുന്നതിനു ഗവണ്മെൻറു ഇപ്പോൾ തയ്യാറാണോ എന്നുള്ളതു മാത്രമേ ആലോചിക്കേണ്ടതായിട്ടുള്ളു. ജനങ്ങളുടെ പ്രാഥമികാവകാശത്തെ അവർക്കു അനുവദിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിനു ഇഷ്ടമില്ലാ എന്നുള്ള ഏക കാരണമാണ് പുതിയതായി ഒരു റോഡുവെട്ടുന്നതിലേക്കു അനാവശ്യമായ കൂടുതൽ ചെലവു സഹിക്കുന്നതിലേക്കു ഗവണ്മെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളതെന്നു നാം വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ചെയ്യുന്നതു നീതിക്കും ന്യായത്തിനും വിപരീതമാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. ഓരോ സമുദായക്കാരും ഉപയോഗിക്കുന്ന റോഡുകളിൽനിന്നും—പബ്ലിക്കു റോഡുകളോ പബ്ലിക്കു തോടുകളോ— മററു

സമുദായക്കാരെ അകററണമെന്നും മററുള്ള സമുദായക്കാർക്കായി റോഡുകളുണ്ടാക്കണമെന്നും ആവശ്യപ്പെടുന്നപക്ഷം സംസ്ഥാനമൊട്ടുക്ക പുതിയ റോഡുകളുണ്ടാക്കേണ്ടതായ ആവശ്യകത ഒരിക്കലും മാറുന്നതല്ല. അപ്രകാരമുള്ള സംഗതികളിൽ അനാവശ്യമായി വ്യയംചെയ്യുന്നതിനല്ല പൊതുമുതൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ചില ആളുകളുടെ അനാവശ്യമായിട്ടുള്ള മനസ്ഥിതിയെ തൃപ്തിപ്പെടുത്തുന്നതിനുമാത്രം പൊതുമുതൽ വ്യയംചെയ്യാൻ പാടുള്ളതല്ല. നമ്മുടെ ചീഫ്എഞ്ചിനിയർ മുതൽ വളരെ മിതമായിട്ടേ ചെലവാക്കുകയുള്ളു എന്നാണ് എനിക്ക് അറിവുള്ളേടത്തോളം എനിക്ക് മനസ്സിലായിട്ടുള്ളത്; അപ്രകാരമുള്ള ഒരാൾ സവർണ്ണഹിന്ദുക്കളുടെ മനസ്ഥിതി എന്തുതന്നെ ആയിരുന്നാലും പ്രസ്തുത റോഡു വെട്ടിക്കുന്നതിനു യാതൊരു ആവശ്യവുമില്ലെന്നു അദ്ദേഹത്തിനു തന്നെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞസ്ഥിതിക്കു ആ റോഡിലേക്കായി അയ്യായിരത്തിൽപരം രൂപാ ചെലവുചെയ്യേണ്ടതാണെന്നു പറയുന്നതിനെ ഞാൻ എതിർക്കുന്നു. അതിനാൽ ഈ ഡിമാൻറിനെ ഞാൻ ബലമായി എതിർക്കുന്നു.

മി. ജി. രാമകൃഷ്ണൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഈ ഡിമാൻറിനെ സംബന്ധിച്ചിടത്തോളം അമ്പലപ്പുഴ കൊട്ടാരംറോഡിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ ഒരു വശത്തെപ്പററി ഈ സഭയേയും ഗവണ്മെൻറിനേയും എനിക്ക് അറിയിക്കേണ്ടതായിട്ടുണ്ട്. സവർണ്ണഹിന്ദുക്കളിൽ ചെറിയ ഒരു അംശത്തിന്റെ അഭിപ്രായം അനുസരിച്ചാണ് ഈ റോഡ് വെട്ടണമെന്നു ആലോചിച്ചിട്ടുള്ളതെന്നു തെളിഞ്ഞിരിക്കുന്നു. എല്ലാ സവർണ്ണഹിന്ദുക്കൾക്കും അതു ആവശ്യമാണെന്നു പറയാൻ നിവൃത്തിയില്ല. എന്തെന്നാൽ സവർണ്ണഹിന്ദുക്കളായ എന്റെ സ്നേഹിതന്മാർ മി: ശിവതാണുപിള്ളയും മി. സുബ്രഹ്മണ്യപിള്ളയും അതു വേണമെന്നു ആവശ്യപ്പെടുന്നില്ല. ആ പ്രദേശത്തുള്ള ഏതാനും ആളുകൾ പ്രസ്തുത റോഡ് വെട്ടണമെന്നു ഗവണ്മെൻറിനോടു ആവശ്യപ്പെട്ടിരിക്കാം. അപ്രകാരമുള്ള സംഗതികളിൽ അതിലേക്കുള്ള ചിലവു അവർതന്നെ സഹിക്കണമെന്നു ഗവണ്മെൻറു പറയേണ്ടതായിരുന്നു. പൊതുഖജനാവിൽനിന്നും സംരക്ഷിക്കപ്പെട്ടുവരുന്ന ഏതെങ്കിലും പബ്ലിക്കുറോഡോ മററൊ ഏതെങ്കിലും സ്ഥാപനമോ ഏതെങ്കിലും ന്യായമായ കാരണത്തിന്മേൽ തങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്താൻ ആരെങ്കിലും ആവശ്യപ്പെടുന്നപക്ഷം അതിലേക്കുള്ള ചെലവു അവർതന്നെസഹിക്കേണ്ടതാണ്. അതിലേക്കുള്ള ചിലവു അവർതന്നെ സഹിക്കണമെന്നു അവരോടു ഗവണ്മെൻറു ന്യായമായി ആവശ്യപ്പെടാമെന്നാണ ഞാൻ വിചാരിക്കുന്നത്. അതായതു പൊതുമുതലിൽനിന്നും ഇപ്പോൾ സംരക്ഷിക്കപ്പെട്ടുപോരുന്ന ഏതെങ്കിലും ഒരു പബ്ലിക്കുറോഡ് ഏതെങ്കിലും സമുദായക്കാർക്കു പ്രത്യേകമായി ഒഴിച്ചിട്ടുകൊടുക്കപ്പെടണമെങ്കിൽ അതിലേക്കുള്ള ചെലവു അവർതന്നെ സഹിക്കാൻ തയ്യാറാണോ എന്നു അവരോടു ഗവണ്മെൻറു ചോദിക്കേണ്ടതാകുന്നു. അതുകൊണ്ടു ആ കാര്യം തീർച്ചപ്പെടുത്തുന്നതിനു മുമ്പായിട്ടു പ്രസ്തുത ഡിമാൻറു ഗവണ്മെൻറു ആവശ്യപ്പെടുന്നതു ന്യായമല്ലെന്നാണു ഞാൻ വിചാരിക്കുന്നതു. ആ സംഗതി തീർച്ചപ്പെടുത്തിയിട്ടില്ല. അതിനാൽ ഇപ്പോൾ ഈ സംഗതി മാററിവച്ചു ഡിമാൻറു പിൻവലിക്കപ്പെടുന്നതാണു ഏററവും ഉത്തമമായിട്ടുള്ളതു. അതല്ല ഡിമാൻറുവേണമെന്നു ആവശ്യപ്പെടുന്നപക്ഷം ഞാൻ അതിനെ എതിർക്കുന്നു.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): സർ, ഈ വാദപ്രതിവാദത്തിനിടക്കു ഞാൻ ഒന്നുംതന്നെ പറയണമെന്നു വിചാരിച്ചിരുന്നില്ല എന്നാൽ ഈ റോഡ് വെട്ടുന്നതിൽ ഗവണ്മെൻറിനുള്ള ഉദ്ദേശം എന്താണെന്നുള്ള സംഗതി ഉത്ഭവിച്ചിരിക്കുന്നു. എന്റെ പക്കലുള്ള കടലാസുകളിൽനിന്നും പ്രസ്തുതറോഡ് വെട്ടിക്കൊടുക്കണമെന്നു അനേകകൊല്ലങ്ങളായി അപേക്ഷകളുണ്ടായിട്ടുണ്ടെന്നു ഞാൻ കാണുന്നു. അതുകൊണ്ടു റോഡിന്റെ ആവശ്യകതയെ സംബന്ധിച്ചിടത്തോളം തക്കമുണ്ടാക്കേണ്ടതായിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): എത്ര കൊല്ലംമുമ്പാണു അപേക്ഷകൾ ഉണ്ടായിരുന്നതു?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഏകദേശം നാൽപ്പതുകൊല്ലമായി.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അത്യാവശ്യമാണെന്നു ബോദ്ധ്യംവന്നതെപ്പോൾ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഒരു റോഡ് ആവശ്യമാണെന്നുള്ളതിനെപ്പററി ഗവണ്മെൻറിനു അറിവുണ്ടായിരുന്നു. എന്നാൽ കുറെ കൊല്ലങ്ങൾക്കുമുമ്പു ആ വിഷയത്തെപ്പററി അവർ ആലോചിച്ചപ്പോൾ അപ്പോഴുള്ള ഒരു റോഡ്കൊണ്ടു ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടാമെന്നു അവർ വിചാരിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): ഇക്കാര്യത്തെപ്പററി ചീഫ് ഇഞ്ചിനീയരുമായി ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇപ്പോഴാണോ?

മി. എം. ശിവതാണുപിള്ള (തോവാള): അതെ.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇക്കാര്യത്തെപ്പററി മുൻപിൽ ആലോചിച്ചിട്ടുണ്ടായിരുന്നതുകൊണ്ടു ചീഫ് എഞ്ചിനീയരുമായി എഴുത്തുകുത്തു നടത്തിയിട്ടുണ്ടെന്നു കാണിക്കുന്നതായ യാതൊരു പ്രമാണങ്ങളും എന്റെ പക്കൽ ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഈ റോഡു ആവശ്യമില്ലെന്നു ചീഫ് ഇഞ്ചിനീയർ എഴുതി അയച്ചതു ഗവണ്മെൻറിന്റെ അറിവോടുകൂടിതന്നെയാണോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇല്ല. കുറെ കൊല്ലങ്ങൾക്കു മുമ്പുണ്ടായിട്ടുള്ള ഗവണ്മെൻറു തീരുമാനത്തെ അടിസ്ഥാനമാക്കിയാണു അദ്ദേഹം അപ്രകാരം എഴുതിഅയച്ചിട്ടുള്ളതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവണ്മെൻറിനോടു നാല്പതുവർഷമായിട്ടു റോഡു വേണമെന്നു അപേക്ഷിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു ആ റോഡു കൊടുക്കേണ്ടതില്ലെന്നു ചീഫ്ഇഞ്ചിനീയർ മറുപടി കൊടുത്തിട്ടുള്ള വിവരം അറിഞ്ഞിട്ടില്ലെന്നാണോ ഗവണ്മെൻറു പറയുന്നതു?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതിനെപ്പററി അറിയുന്നതിനു ഇപ്പോൾ ഗവണ്മെൻറിനു ഇടയായി.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇപ്പോഴുള്ള റോഡുഗ്രാമനിവാസികൾ ഉപയോഗിച്ചുകൊള്ളുവാൻ അനുവദിക്കുന്നപക്ഷം അവർ തൃപ്തന്മാരാകുമോ?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി): അപ്രകാരം പറയാൻ എനിക്കു നിവൃത്തിയില്ല എന്തെന്നാൽ പ്രസ്തുതറോഡു വേണമെന്നു ആവശ്യപ്പെട്ടുകൊണ്ടു ഗ്രാമനിവാസികൾ പലപ്രാവശ്യം അപേക്ഷിച്ചിട്ടുള്ളതാകുന്നു. ൧൧൨൩-ാം ആണ്ടുമുതൽക്കുതന്നെ ഇതിനെപ്പററി ഈ യോഗത്തിൽ മി. പി. വി. ഡാനിയൽ ചോദ്യം ചെയ്തിട്ടുള്ളതായി കാണുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടമെമ്പർ): മേറററോഡു അവർ ഉപയോഗപ്പെടുത്താൻ അനുവദിക്കാത്തതുകൊണ്ടല്ലേ അപ്രകാരമുണ്ടായിട്ടുള്ളത്?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി): അങ്ങനെയിരിക്കാം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മേറേറാഡു ഗവൺമെൻറ അവർക്കു കൊടുക്കാഞ്ഞതെന്തുകൊണ്ടായിരുന്നു?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി): അക്കാര്യത്തെപ്പററി ചിന്തിക്കുന്നതിനു സമയം ആവശ്യമുണ്ട്. അതിനിടയിൽ വളരെക്കാലം നിലനിൽക്കുന്നതായ ഒരു സങ്കടത്തെ ഇല്ലാതാക്കുന്നതു ആശ്വാസകരമായിരിക്കുമെന്നു ഗവൺമെൻറ വിചാരിച്ചു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ റോഡിലേക്കു ഒരു അടങ്കൽ തയ്യാറാക്കുന്നതിനു ചീഫ് എഞ്ചിനീയരോടു ഗവൺമെൻറ ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി): ഉണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എപ്പോൾ?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി:) ഈയിടെക്കുതന്നെ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ദയവുചെയ്തു തീയതി ഏതാണെന്നു പറയുമോ? ശുചീന്ദ്രത്തു സത്യാഗ്രഹസമരം ആരംഭിച്ചതിനു ശേഷമാണോ?

മി. കെ. ജാർജ് (ആ. ഗവൺമെൻറ ചീഫ്സെക്രിട്ടറി:) ജനങ്ങൾ വലുതായ ഒരു കഷ്ടത അനുഭവിച്ചുവരുന്നുണ്ടെന്നുള്ള വസ്തുത നല്ലതിൻവണ്ണം ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടതു അല്പകാലത്തിനിപ്പുറമാണ്. ഇക്കാര്യത്തിൽ യാതൊന്നുംതന്നെ പ്രവൃത്തിച്ചിട്ടില്ലായിരുന്ന കാലമുണ്ടായിരുന്നു. അതിനുശേഷം പ്രസ്തുത റോഡു അത്യാവശ്യമാണെന്നുള്ള കാര്യം ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). ശുചീന്ദ്രത്തു സത്യാഗ്രഹസമരം ഉടങ്ങിയതിനുമുമ്പാണോ അതല്ല അതിനുശേഷമാണോ ഒരു അടങ്കൽ തയ്യാറാക്കുന്നതിനു ചീഫ്എഞ്ചിനീയരോടു ഗവൺമെൻറ ആവശ്യപ്പെട്ടതു? തീയതി ഏതാണെന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ഗവൺമെൻറിലേക്കു ചീഫ്എഞ്ചിനീയർ റിപ്പോർട്ടു അയച്ചിട്ടുള്ളതു ൧൧൨൫ ഫെബ്രുവരി ൨൭-നു-യാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അടുത്തു വരുന്ന കർക്കടക ബഡ്ജററുയോഗത്തിനുമുമ്പായിട്ടു പ്രസ്തുത റോഡ് വെട്ടിക്കൊടുക്കാമെന്നു ഗവൺമെൻറ വാഗ്ദാനംചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ്സെക്രിട്ടറി): ഇല്ല. ഞാൻ പറയുന്നതിന്റെ അർത്ഥം ഇതാണ്. ജനങ്ങൾ വലുതായ ഒരു ബുദ്ധിമുട്ടു അനുഭവിച്ചുകൊണ്ടിരിക്കയാണ്. അവക്കു റോഡ് വേണമെന്നു ആവശ്യപ്പെടുന്നു. രക്ഷാസൈന്യം അധികാരസ്ഥന്മാരുടെപക്കൽനിന്നും മററു പല ആളുകളിൽനിന്നും അനേകകാലങ്ങളായി അപേക്ഷകൾ വന്നുകൊണ്ടിരിക്കയാണ്; അനേകകാലങ്ങളായി നിലനിൽക്കുന്ന ഒരു കഷ്ടതയെ നീക്കംചെയ്യേണ്ടതാണെന്നു ഇപ്പോൾ ഗവൺമെൻറിനു തോന്നിയിരിക്കുന്നു. മററുള്ള സ്ഥലങ്ങളിൽ റോഡിന്റെ ആവശ്യകതയുണ്ടെന്നുള്ളതുകൊണ്ടു പ്രസ്തുതറോഡു വെട്ടേണ്ട ആവശ്യമില്ലെന്നു അർത്ഥമാകുന്നില്ല. അപ്രകാരമാണെങ്കിൽ യാതൊരു റോഡും ഉണ്ടാക്കുന്നതിനു ഇടവരുന്നതല്ലല്ലോ. എല്ലാറോഡുകളും ഒന്നായിട്ടെടുക്കാൻ നമുക്കു നിവൃത്തിയില്ല. ഓരോന്നായിട്ടുമാത്രമേ എടുക്കാൻ നിവൃത്തിയുള്ളു. അത്യാവശ്യമായിട്ടുള്ള ഒരു റോഡാണിതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മദ്ധ്യതിരുവിതാംകൂറും വടക്കൻ തിരുവിതാംകൂറുമായി താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം തെക്കൻതിരുവിതാംകൂറിൽ ധാരാളം റോഡുകളില്ലയോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): എനിക്കു പറയാൻപാടില്ല. അതു അതാതു സ്ഥലങ്ങളെ ആശ്രയിച്ചിരിക്കുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവക്കു ഈ റോഡു തുറന്നുകൊടുക്കാത്തതുകൊണ്ടോ ഈ റോഡു അവിടെ ഇല്ലാതിരുന്നിട്ടോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ്സെക്രിട്ടറി): അതിനുവേണ്ടി ഞാൻ മുൻപുതന്നെ മറുപടി നൽകിയിട്ടുള്ളതാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ റോഡു തുറക്കപ്പെടണമെന്നു ഗവൺമെൻറ തീർച്ചപ്പെടുത്തിയിട്ടില്ലെന്നാണ് മറുപടിയിൽനിന്നും ഞാൻ ഗ്രഹിക്കുന്നതു. എന്നാൽ ഒരു തീരുമാനം ഉണ്ടാകുന്നതിനു ഗവൺമെൻറ ഇത്രമാത്രം താമസം നേരിടിപ്പിക്കുന്നതുമൂലം നികുതിദായകന്മാർക്കു അസാമാന്യമായ ബുദ്ധിമുട്ടിനു ഇടയാക്കിത്തീർക്കുന്നില്ലയോ എന്നു ഞാൻ ചീഫ്സെക്രട്ടറിയോടു ചോദിക്കുന്നു.

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ് സെക്രിട്ടറി): ആ സ്ഥലത്തുള്ള ജനങ്ങൾ ഇപ്പോൾ അവിടെയുള്ള റോഡുകൊണ്ടു തൃപ്തരാകുമെന്നു മെമ്പർ പറയുന്നു; അതു ശരിയായിട്ടുള്ളതാണോ എന്നു ഞാൻ സംശയിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ മറുപടിക്കു അടിസ്ഥാനമായിട്ടു ഏതെങ്കിലും റിക്കാർഡുണ്ടോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെൻറ ചീഫ്സെക്രിട്ടറി): ഇപ്പോൾ എന്റെപക്കൽ ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു ശാഖാറോഡാണോ അതല്ല ഈ ഡിമാൻറിൽ ഉദ്ദേശിച്ചിരിക്കുന്ന റോഡാണോ കക്കാട്ടിലുള്ള ജനങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നതു?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): ഒരു റോഡിൻെറ ഗതി ഏതാണെന്നു തീരുമാനിക്കേണ്ടതു ജനങ്ങൾ അല്ല, എന്നാൽ പൊതുമരാമത്തുഡിപ്പാർട്ടുമെൻറാണ്. മിസ്റ്റർ നടേശയ്യർ ആ സ്ഥലത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്നസമയം അദ്ദേഹം ഏകദേശം ഈ റോഡുതന്നെ വേണമെന്നു ശുപാർശചെയ്തു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രസ്തുതറോഡു വെട്ടേണ്ടതിൻെറ ആവശ്യകതയെപ്പററി രക്ഷാകസന്ന്യക്കാരാണോ ഇപ്പോൾ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതു?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): അതിലേക്കു ഒരു ക്ലിപ്തമായ മറുപടി നല്കാൻ എനിക്കു സാധിക്കയില്ല. ഈ വിഷയത്തെസംബന്ധിച്ചു വളരെക്കാലമായി അപേക്ഷകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഇപ്പോൾ റോഡു അത്യാവശ്യമാണെന്നുള്ളസംഗതി ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ റോഡു ഉടൻതന്നെ ആവശ്യമാണെന്നു ഗവമ്മെൻറിനു തോന്നാൻ എന്തെങ്കിലും പ്രത്യേകകാരണമുണ്ടായിരുന്നോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): അവർക്കു ഉടൻതന്നെ റോഡു വേണമെന്നുള്ളതാണ് കാരണം.

മി. എം. ശിവതാണുപിള്ള (തോവാള): അതിലേക്കുള്ള അത്യാവശ്യം എന്തായിരുന്നു?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): എന്തെന്നാൽ ഈ വിഷയത്തെസംബന്ധിച്ചുള്ള മുമ്പിലത്തെ ചരിത്രം മുഴുവനും ഗവമ്മെൻറു നോക്കിയപ്പോൾ അതിലേക്കു അനാവശ്യമായി സമയം വ്യയംചെയ്യാൻപാടില്ലാത്തതാണെന്നു ഗവമ്മെൻറു വിചാരിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): ഫൻ ഉ.ന. ജൂൺ ന്യ-ാം-ചെ ഇണ്ടാസിനെപ്പററി ദയവുണ്ടായി പറയുമോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): കുറെ കൊല്ലങ്ങൾക്കുമുമ്പു ഗവമ്മെൻറിൽനിന്നും ഉണ്ടായിട്ടുള്ള ഒരു ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇണ്ടാസ് കൊടുത്തിട്ടുള്ളതെന്നു ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്. അപ്രകാരമുണ്ടായിട്ടുള്ളതു ഗവമ്മെൻറുമൂലമല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ ഇണ്ടാസിൽ പ്രസ്താവിച്ചിട്ടുള്ള റോഡു ഇപ്പോഴുമില്ലയോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): അതു അധികം ദൈർഘ്യമുള്ള ഒരു റോഡാണെന്നും അതിൽ കുറെക്കൂടി നല്ലതായ ഒരു റോഡു പ്രദാനംചെയ്യാൻ സാധിക്കുന്നതാണെന്നും ഗവമ്മെൻറു ഇപ്പോൾ കണ്ടിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അതു അധികം ദൈർഘ്യമുള്ള ഒരു റോഡാണെന്നു ഗവമ്മെൻറു അപ്പോൾ മനസ്സിലാക്കിയില്ലേ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): അപ്പോൾ അതുമതിയാകുമെന്നു അവർ വിചാരിച്ചു, എന്നാൽ കുറെക്കൂടി നല്ലതായ ഒരു റോഡു പ്രദാനം ചെയ്യുന്നതായിരിക്കും ഉത്തമമായിട്ടുള്ളതെന്നു ഇപ്പോൾ ഗവമ്മെൻറുവിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രസ്തുതറോഡുവെട്ടണമെന്നുള്ള ഗവമ്മെൻറിൻെറ ഇപ്പോഴത്തെ ശ്രമം സത്യാഗ്രഹസമരവുമായി എന്തെങ്കിലുംസംബന്ധമുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറുചീഫ്സെക്രട്ടറി): എനിക്കുപറയാൻനിവൃത്തിയില്ല. സത്യാഗ്രഹവുമായി യാതൊരുസംബന്ധവുമില്ലെന്നാണു എൻെറ കൈവശമുള്ള കടലാസുകളിൽനിന്നും കാണുന്നതു്.

മി. കെ. ജോസഫ് (മീനച്ചിലും ദേവികുളവും): സത്യാഗ്രഹസമരം തുടങ്ങിയതിനുശേഷം ഈ റോഡിനെസംബന്ധിച്ചു എന്തെങ്കിലും നിവേദനങ്ങൾ ജനങ്ങളിൽനിന്നു ഉണ്ടായിട്ടുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ്ഗവമ്മെൻറുചീഫ്സെക്രട്ടറി): ഈ റോഡുവേണമെന്നു ആവശ്യപ്പെട്ടിട്ടുള്ള ജനങ്ങളിൽനിന്നോ ആവശ്യമില്ലെന്നു പറഞ്ഞിട്ടുള്ള ജനങ്ങളിൽനിന്നോ റിക്കാർഡുചെയ്തിട്ടുള്ള അപേക്ഷയൊന്നുമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും); ഇപ്പോഴുള്ളറോഡു ഉപയോഗപ്പെടുത്തുന്നതായാൽ പുതിയറോഡിൻെറ ആവശ്യകത ഉണ്ടായിരിക്കയില്ലെന്നു ഗവമ്മെൻറുവിചാരിക്കുന്നുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവമ്മെൻറുചീഫ്സെക്രട്ടറി): അതിനെപ്പററി എനിക്കു തീർച്ചയായുംപറയാൻപാടില്ല. അതിനുള്ളമറുപടി ചീഫ്എഞ്ചിനീയരാണു തരേണ്ടതു. ആ റോഡു അത്യാവശ്യമാണെന്നു ഗവമ്മെൻറു വിചാരിച്ചു. അനേകകൊല്ലമായി നിലനിൽക്കുന്നഒരു സങ്കടമാണതു്. ആ റോഡുവെട്ടുന്നതായാൽ അനേകകൊല്ലങ്ങളായി കഷ്ടത അനുഭവിക്കുന്നവരായ ഗ്രാമനിവാസികളുടെ ആവശ്യങ്ങളെ സാധിക്കാമെന്നും അവരുടെ സങ്കടങ്ങളെ ഇല്ലായ്മചെയ്യാമെന്നും ഗവമ്മെൻറുവിചാരിച്ചു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതല്ലാതെ വേറെയുള്ള പബ്ലിക്കറോഡു തുറന്നുകൊടുക്കണമെന്നു ഗ്രാമത്തിലുള്ള ജനങ്ങൾ ആവശ്യപ്പെടുന്നുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ്ഗവമ്മെൻറുചീഫ്സെക്രട്ടറി): അങ്ങനെവേണമെന്നു ചിലആളുകൾ ആവശ്യപ്പെടുന്നുണ്ടു. എന്നാൽ ഗ്രാമത്തിലുള്ള ജനങ്ങൾ തെക്കൻമെയിൻറോഡിൽ പ്രവേശനം കിട്ടണമെന്നു ആഗ്രഹിക്കുന്നു. ഒരു പ്രത്യേകറോഡിൽകൂടിതന്നെ പോകണമെന്നു അവർ ആവശ്യപ്പെടുന്നതായി എനിക്കു പറയാൻപാടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സത്യാഗ്രഹസമരത്തിനുശേഷം യാതൊരു നിവേദനവുമുണ്ടായിട്ടില്ലെന്നുള്ള വസ്തുതയെ പരിഗണിച്ചു.

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): റിക്കാർഡുചെയ്തിട്ടുള്ള ഫയൽ ഇല്ലെന്നാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളത്; എന്നാൽ മുഖദാവിൽ നിവേദനങ്ങൾ ഉണ്ടായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരം ഏതെങ്കിലും നിവേദനമുണ്ടായിട്ടുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): റിക്കാർഡുകൾ ഞാൻ പരിശോധിച്ചിട്ടുള്ളേടത്തോളം ഗവൺമെൻറുമായി മുഖദാവിൽ നിവേദനം നടന്നിട്ടുണ്ടോ എന്നു എനിക്കു പറയാൻ നിവൃത്തിയില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതു സംബന്ധിച്ചുള്ള ഫയൽ ൧൦ കൊല്ലത്തെ പഴക്കമുണ്ട്; ഗവൺമെൻറ അവസാന ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഇത്ര അധികകാലം വേണ്ടി വരുന്നോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു സെക്രട്ടറിയേററിൽ നടക്കുന്ന നടപടിയെ സംബന്ധിച്ചുള്ള ഒരു വിഷയമാണ്, ആ ചോദ്യത്തിനു മറുപടി നൽകണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു വളരെ അത്യാവശ്യമായ ഒരു കാര്യമാണെങ്കിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ ജോലിയിലുള്ള മററു ഇനങ്ങളിൽനിന്നും പണം ഇതിലേക്കു ചെലവാക്കരുതോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഒരു ഗ്രാൻറ വേണമെന്നു സഭയോടു ആവശ്യപ്പെടുന്നതായിരിക്കും ഏററവും ഉത്തമമെന്നു ഗവൺമെൻറ വിചാരിച്ചു. എന്തെന്നാൽ ആദ്യത്തെ ബഡ്ജററിൽ അതിലേക്കു യാതൊരു സംഖ്യയും മാററിവച്ചിട്ടുണ്ടായിരുന്നില്ല. ഇനം മാററിച്ചെലവാക്കുന്നതിനു ഞങ്ങൾക്കു സാധിക്കുമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യുന്നതു നന്നായിരിക്കുമെന്നു ഗവൺമെൻറ വിചാരിച്ചു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതുകൊണ്ടു ഗ്രാൻറ അനുവദിക്കപ്പെട്ടിട്ടുള്ള മററു ഇനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു അത്ര അത്യാവശ്യമായിട്ടുള്ളതല്ല?

മി. എസ്. പിരവിപെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും, തക്കല): നാലുകൊല്ലത്തോളം ഗവൺമെൻറ താമസിച്ചു. മൂന്നുമാസത്തേക്കുകൂടി അവർക്കു താമസിക്കരുതോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അപ്രകാരം അവർ താമസിക്കുന്നതെന്തിനു? ഈ റോഡു കാട്ടക്കണമെന്നു അവർ വിചാരിക്കുന്നുണ്ടെങ്കിൽ അവർ അപ്രകാരം പ്രവർത്തിക്കും. താമസംകൊണ്ടു യാതൊരു ലാഭവും ഉണ്ടാകുന്നതല്ല. എനിക്കു ഒരു സംഗതി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതു സത്യാഗ്രഹ സമരവിഷയത്തിൽനിന്നു ഒഴിയുന്നതിനുവേണ്ടിയല്ല ഈ റോഡു വെട്ടിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതു എന്നുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഏതെങ്കിലും ഒരു വിഷയം അത്യാവശ്യമായിട്ടുള്ളതാകുന്നോ അല്ലയോ എന്നതിനെപ്പററി തീർച്ചയാക്കാൻ ഗവൺമെൻറിനുവല്ല തോതുമുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അനേകം തോതുകളുണ്ട്. അവയിൽ ഒന്നു റോഡു വേണമെന്നു വളരെക്കാലമായി ഇടവിടാതെയുള്ള അപേക്ഷയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ ഡിമാൻറ സത്യാഗ്രഹ സമരവുമായി യാതൊരു സംബന്ധവുമില്ലെന്നു ചീഫ് സെക്രട്ടറി സഭക്കു ഉറപ്പുതരുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): പ്രസ്തുതറോഡു അത്യാവശ്യമായിട്ടുള്ളതുകൊണ്ടാണ് അതു വെട്ടിക്കണമെന്നു ഗവൺമെൻറ തീർച്ചപ്പെടുത്തിയതെന്നു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ വിഷയം സത്യാഗ്രഹ സമരവുമായി യാതൊരു സംബന്ധവുമില്ലെന്നു സഭക്കു ഉറപ്പുതരാമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഈ വിഷയം സത്യാഗ്രഹ സമരവുമായി യാതൊരു സംബന്ധവുമില്ലെന്നു അതു സംബന്ധിച്ചുള്ള എഴുത്തുകുത്തിൽ നിന്നും കാണുന്നു എന്നു ഞാൻ മുൻപു പറഞ്ഞു.

മി. ഡബ്ലിയു. എച്ച്. പിററ (പോലീസ് കമ്മീഷണർ): ഇപ്പോൾ ശുചീന്ദ്രത്തു സത്യാഗ്രഹസമരം നടക്കുന്നുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): സത്യാഗ്രഹസമരം തൽക്കാലമില്ല.

മി. സി. എൻ. ഇട്ടൻനമ്പൂതിരി (ജന്മി): ഇപ്പോൾ ഉള്ള റോഡു അടച്ചുകെട്ടണമെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങനെ ഉദ്ദേശമുള്ളതായി അറിവില്ല.

മി. സി. എൻ. ഇട്ടൻനമ്പൂതിരി (ജന്മി): ഇപ്പോൾ കൂടുതൽ റോഡു വെട്ടുന്നതുകൊണ്ടു ജനങ്ങൾക്കു കൂടുതൽ സൌകര്യമുണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉണ്ട്.

മി. സി. എൻ. ഇട്ടൻനമ്പൂതിരി (ജന്മി): ഉത്തര തിരുവിതാംകൂറിൽ റോഡുകൾ വളരെ കുറവാണെന്നു അറിയാമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ചില ഭാഗങ്ങളിൽ കുറവാണെന്നറിയാം.

മി. സി. എൻ. ഇട്ടൻനമ്പൂതിരി (ജന്മി): ഇങ്ങനെ ഒരു റോഡുവെട്ടേണ്ടതു വളരെ അത്യാവശ്യമാണെന്നാണോ ഗവൺമെൻറ വിചാരിക്കുന്നതു?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അതേ.

മി. സി. എൻ. ഇട്ടൻനമ്പൂതിരി (ജന്മി): ഒഴിച്ചുകൂടാൻ വയ്യാത്തതായ റോഡാണോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങനെതന്നെയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സത്യാഗ്രഹസമരം തൽക്കാലത്തേക്ക നിറുത്തിവച്ചിട്ടുള്ള വിവരം അദ്ദേഹത്തിനറിയാമൊ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): അറിയാമെന്ന ഞാൻ വിചാരിക്കുന്നു. ഈ റോഡിൻെറ ആവശ്യകതയെപ്പററിയും അത്യാവശ്യകതയെപ്പററിയും ഗവണ്മെൻറിന ബോദ്ധ്യംവന്നിട്ടുള്ളതുകൊണ്ടാണ പ്രസ്തുത ഡിമാൻറ ഈ സഭയിൽ ഹാജരാക്കിയിട്ടുള്ളത.

മി. കെ. കെ. താമസ് (കോട്ടയം): കക്കാട്ടിലെ ജനസംഖ്യ ഏകദേശം എത്രയാണെന്ന ചീഫ്സെക്രട്ടറിയുടെ പക്കൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതെനിക്കു അറിയാൻപാടില്ല. അതൊരു വലിയ ഗ്രാമമാണ.

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മി): എത്ര മൈൽ ദീർഘത്തിലാണ ഈ റോഡു ആവശ്യപ്പെട്ടിട്ടുള്ളതെന്ന പറയാമൊ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ചീഫ് എഞ്ചിനിയരോട ചോദിച്ചാൽ മറുപടിപറയാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളേയും ഗവണ്മെൻറ ചീഫ്സെക്രട്ടറിയോട ചോദിച്ച ചോദ്യങ്ങൾക്കുള്ള മറുപടികളേയും ശ്രദ്ധിച്ചകേട്ടതിൽ ഗവണ്മെൻറ ഈ ഡിമാൻറ പിൻവലിക്കുന്നതായിരിക്കും ആശാസ്യകരമെന്ന ഞാൻ വിചാരിക്കുന്നു; എന്തെന്നാൽ ഈ വിഷയം കുറെക്കൂടി നല്ലതിന്മണ്ണം ഗവണ്മെൻറ ചിന്തിക്കേണ്ടതായിട്ടുണ്ട. അതല്ല, അവർ ഡിമാൻറ ഇപ്പോൾ ആവശ്യപ്പെടുന്നപക്ഷം ഈ സഭയിലെ അനൌദ്യോഗസ്ഥ മെംബറന്മാരിൽ വലുതായ ഒരു അംശത്തിന വാസ്തവമായിട്ടുള്ളതൊ അല്ലാത്തതൊ, ന്യായീകരിക്കത്തക്കതൊ അല്ലാത്തതൊ, എന്തുതന്നെ ആയിരുന്നാലും പ്രസ്തുത ഡിമാൻറിൻെറ പിന്നിൽ എന്തൊ അന്തർഭവിച്ചിട്ടുണ്ടെന്ന സംശയം ജനിച്ചിട്ടുണ്ടെന്നാവരികിലും ഗവണ്മെൻറ പ്രസ്തുത സംഗതിയെപ്പററി നല്ലതിന്മണ്ണം ചിന്തിച്ചിട്ടില്ലെന്ന തോന്നാനിടയുള്ളതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇക്കാര്യത്തെപ്പററി ഫിനാൻസ്കമ്മററി ചിന്തിച്ചിട്ടുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഉണ്ട. ശുചീന്ദ്രത്തുള്ള സത്യാഗ്രഹസമരവുമായി ഈ ഡിമാൻറിന എന്തെങ്കിലും സംബന്ധമുണ്ടോ എന്നുള്ളതിനെപ്പററി യാതൊരു ചോദ്യവും ഫിനാൻസ്കമ്മിററിയിൽ ഉണ്ടായില്ലെന്നുകൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇതൊരു അത്യാവശ്യകാര്യമാണെന്നും, കക്കാട്ടിലെ ഗ്രാമനിവാസികൾ കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളായി പ്രസ്തുതറോഡു ആവശ്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നു എന്നും, അതിനാൽ അതിലേക്കു ഉടൻതന്നെ വേണ്ടതു അനുവദിക്കേണ്ടതാണെന്നും മാത്രമേ ഫിനാൻസ്കമ്മിററിയിൽ പ്രസ്താവിച്ചുള്ളു. ശുചീന്ദ്രത്തു നടക്കുന്ന സത്യാഗ്രഹസമരത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനുണ്ടായിരുന്ന ഉദ്ദേശത്തെപ്പററി യാതൊരു സംശയവും അപ്പോൾ ഉണ്ടായിരുന്നില്ല. വാസ്തവം പറയുന്നപക്ഷം ഇതിനെപ്പററി ഒരു ശരിയായ തീർച്ചചെയ്യുന്നതിന നമുക്ക ആവശ്യമുള്ള വിവരങ്ങൾ ഇപ്പോൾതന്നേയും ഇല്ലാത്തതാകുന്നു; എന്തെന്നാൽ ശുചീന്ദ്രത്തു റോഡുവെട്ടുന്ന കാര്യം ഇപ്പോഴും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കയാണെന്നാണ ചീഫ്സെക്രട്ടറി പറയുന്നത. അതു അപ്രകാരമായിരിക്കുകയും എൻെറ സ്നേഹിതന്മാരായ മിസ്റ്റർ സുബ്രഹ്മണ്യപിള്ളയും മിസ്റ്റർ ശിവതാണുപിള്ളയും പറഞ്ഞതുപോലെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡിൻെറ സൌകര്യങ്ങളൊക്കെ ഇപ്പോഴുള്ള റോഡുകൊണ്ടുതന്നെ ഉണ്ടായിരിക്കയും ചെയ്യുന്നപക്ഷം പുതിയ റോഡുവെട്ടണമൊ എന്നുള്ളതിനെപ്പററി ഗാഢമായി ചിന്തിക്കേണ്ടതായിരിക്കുന്നു. ഇതിനും പുറമെ ഗ്രാമനിവാസികളുടെ നന്മയെ ഉദ്ദേശിച്ച പ്രസ്തുതറോഡു അത്യാവശ്യമാണെന്നു മിസ്റ്റർ ഡാനിയൽ പറഞ്ഞിട്ടുള്ളതു വാസ്തവമാണൊ എന്നുകൂടി നാം ചിന്തിക്കേണ്ടതായിരിക്കുന്നു. ആകാര്യം കുറെക്കൂടി ഗാഢമായിട്ടുള്ള ആലോചനക്ക അർഹതയുള്ളതാകുന്നു. ശുചീന്ദ്രം റോഡിന പുറമെ ഈ റോഡു അത്യാവശ്യമാണെങ്കിൽ ഈ ഡിമാൻറ നാം അനുവദിക്കേണ്ടതാണ. അതിനെപ്പററി അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. അതുകൊണ്ടു പുതിയറോഡു വെട്ടേണ്ടതാണെന്നൊ അല്ലാത്തപക്ഷം അതിലേക്കായി ഇപ്പോഴുള്ള റോഡുതന്നെ ഉപയോഗപ്പെടുത്താമെന്നൊ ഇപ്പോൾ നാം ക്ലിപ്തമായി പറയുന്നതു ശരിയായിട്ടുള്ളതല്ല. ഇപ്പോഴുള്ള റോഡിൻെറ ഉപയോഗം സംബന്ധിച്ചിടത്തോളം അതു ഗവണ്മെൻറിൻെറ ആലോചനയിൽ ഇപ്പോഴും ഇരിക്കുന്നതേയുള്ളു; അതുകൊണ്ടു അതിനെപ്പററി ഗവണ്മെൻറ അവസാനമായി ഒരു തീർച്ചയുണ്ടാക്കുന്നതുവരെ നമുക്ക കാത്തിരിക്കാവുന്നതാണ. ഇപ്പോഴുള്ള റോഡു എല്ലാ സമുദായക്കാരും ഉപയോഗപ്പെടുത്തിക്കൊള്ളാൻ ഗവണ്മെൻറ തിരുമാനിക്കയും, പുതിയറോഡു ആവശ്യമില്ലെന്നു കാണുകയും ചെയ്യുന്നപക്ഷം അതിലേക്കു പണം ചെലവാക്കുന്നതു ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇതിനുംപുറമെ മററു സ്ഥലങ്ങളിൽ കൂടുതൽ റോഡുകൾ വേണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുതയെ പരിഗണിച്ച അത്യാവശ്യമായിട്ടുള്ള റോഡുകൾ ഏതെല്ലാമാണെന്നു നോക്കി കക്കാട്ടറോഡു അത്യാവശ്യമാണോ എന്നു അന്വേഷിക്കേണ്ടതായിരിക്കുന്നു.

സർ, ഈ വിഷയത്തെപ്പററിയുള്ള മേൽവിവരിച്ച സംഗതികളെല്ലാം ആലോചിച്ചതിൻെറ ഫലമായി ഈ സപ്ലിമെൻററി ഡിമാൻറ ഗവണ്മെൻറ പിൻവലിക്കുന്നതു ആശാസ്യകരമായിരിക്കുമെന്ന ഞാൻ കരുതുന്നു.

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മി): ഗതാഗതസൌകര്യം നാട്ടിൽ എത്രമാത്രം വർദ്ധിക്കുന്നുവൊ അത്രയ്ക്കും നല്ലതുതന്നെയാണ. എന്നാൽ മി. നടേശയ്യർ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതായ റോഡിൻെറ സ്ഥിതിയിൽ സത്യാഗ്രഹസംബന്ധമായ വാദംകൂടി ഉൾപ്പെട്ടിരിക്കുന്നതായി ഇവിടെനടന്ന വാദപ്രതിവാദങ്ങളിൽനിന്നും മനസ്സിലാകുന്നു. ലോകത്തിൽ അസമത്വം നിലനിൽക്കണമെന്നുള്ള ആഗ്രഹം എനിക്കശേഷമില്ല. നിവൃത്തിയുള്ളിടത്തോളം എല്ലാവരും പരസ്പരം അസമത്വത്തിൽതന്നെ പെരുമാറണമെന്നാണ എൻെറ ആഗ്രഹം

തെക്കൻതിരുവിതാംകൂറിലെ ജനങ്ങൾക്ക ഗതാഗതസൌകര്യങ്ങൾ ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ തിരുവിതാംകൂറിലുള്ള ജനങ്ങൾ റോഡില്ലാതെ വളരെ കഷ്ടപ്പെടുകയും ചെയ്യുന്നു. ഇനിയും.

ഒരുറോഡുകൂടി കിട്ടിയിരുന്നുവെങ്കിൽ അത്രയും അനുഗ്രഹമായിരുന്നേനെ എന്നാണ ഞങ്ങൾ വിചാരിച്ചുകൊണ്ടിരിക്കുന്നതു. എങ്കിലും ഈ അവസരത്തിൽ തെക്കൻതിരുവിതാംകൂറിൽ റോഡ് ധാരാളം ഉണ്ടെങ്കിൽതന്നെയും ഇനിയും അവക്ക ഒരുറോഡ്കൂടി കൊടുക്കുന്നതിൽ ഞങ്ങൾക്ക അസന്തോഷം അശേഷമില്ല. സത്യാഗ്രഹം സംബന്ധമായ വാദങ്ങൾ ഈ റോഡിന്റെ സംഗതിയിൽ ഉൾപ്പെടുത്തേണ്ടതെന്നു തോന്നുന്നില്ല അങ്ങനെ വന്നാൽതന്നെയും ഇപ്പോൾഉള്ള റോഡിനെ അടയ്ക്കുന്നില്ലെന്നാണ ഗവണ്മെൻറ മറുപടിയിൽനിന്നും മനസ്സിലാകുന്നതു. ആ സ്ഥിതിക്ക അവിടെ ഒരുറോഡ്കൂടി ഉണ്ടാകുന്നതിൽ യാതൊരുതരക്കേടുമില്ല. ഇപ്പോഴുള്ളറോഡിൽ ഏതാനുംജനങ്ങളുടെ പ്രവേശനത്തെ ഗവണ്മെൻറ നിരോധിക്കുന്നുണ്ടെങ്കിൽ അതു നന്നാണ്എന്നു അഭിപ്രായമില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) : ഗവണ്മെൻറിൽനിന്നും നിരോധനഉത്തരവു അവിടെവച്ചിട്ടുള്ളതായി അറിയാമൊ?

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി) : അറിഞ്ഞുകൂടാ., അങ്ങനെയുണ്ടെങ്കിൽ ആ ഉത്തരവുകളെ മാററുന്നതിനു ശ്രമിക്കയാണുവേണ്ടതു. അല്ലാതെ ന്യൂതനമായി നിർമ്മിക്കാൻ ഗവണ്മെൻറ ചെലവായിആലോചിക്കുന്നറോഡ് വേണ്ടെന്നു വെയ്ക്കുകയല്ല. ഇപ്പോഴത്തെ റോഡിൽകൂടി സഞ്ചാരസ്വാതന്ത്ര്യം കിട്ടികഴിഞ്ഞിട്ടുപിന്നീട വേറെ ഒരുറോഡ്കൂടി വേണമെന്നു പറഞ്ഞാൽ അതു സാധിച്ചുഎന്നു വരികയില്ല. ആകപ്പാടെ ആലോചിച്ചതിൽ പ്രസ്തുത റോഡുണ്ടാക്കുന്നതു അനാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ആ ഉദ്ദേശത്തോടുകൂടി ഞാൻ ഡിമാൻറിനെ പിൻതാങ്ങുന്നു.

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ) : സർ, ഈ വിഷയത്തെപ്പററി സംസാരിച്ച മിക്ക മെംബരന്മാരും ഏതെങ്കിലും ഒരുകാരണം അടിസ്ഥാനപ്പെടുത്തി—അതിനെപ്പററി ഇവിടെ ഞാൻ പ്രസ്താപിക്കണമെന്നില്ല.—കക്കാട്ട ഗ്രാമത്തിലേക്ക ഒരു റോഡ്വെട്ടേണ്ടതിലേക്കുള്ള ഗ്രാൻറിനെ എതിർത്തിരിക്കുന്നു. ഈ മെമ്പരന്മാർക്കു മറുപടി കൊടുക്കേണ്ടതായ എൻറജോലി വളരെ ലഘൂകരിച്ചിരിക്കുന്നു. എന്തെന്നാൽ കക്കാട്ട ഗ്രാമനിവാസികളുടെ വാസ്തവത്തിലുള്ള പ്രതിനിധിയെന്നു വിചാരിക്കപ്പെടാവുന്ന മി. പാൾ ഡാനിയൽ—

മി. കെ. കെ. താമസ് (കോട്ടയം) : മററമെമ്പരന്മാരുടെ കാര്യമെന്താണ്?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ) : എന്റെ അഭിപ്രായപ്രകാരം അദ്ദേഹമാണ കക്കാട്ട ഗ്രാമനിവാസികളുടെ വാസ്തവത്തിലുള്ള പ്രതിനിധി. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുവേണ്ടതാണെന്നു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുതറോഡു വാസ്തവത്തിൽ അത്യാവശ്യമാണെന്നും അപ്രകാരം ആ റോഡുണ്ടാക്കുന്നതായാൽ അതു ഗ്രാമനിവാസികൾക്ക വലിയൊരു അനുഗ്രഹമായിരിക്കുമെന്നും അദ്ദേഹം പറയുന്നു. എന്തോ ചില സംശയങ്ങൾക്ക ഇടയാക്കിത്തീർത്തിരിക്കുന്ന കക്കാട്ടിലേക്കുള്ള ശാഖാറോഡു പണികഴിപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെ സംബന്ധിച്ചിടത്തോളം അതിന്റെ പൂർവ്വചരിത്രത്തെപ്പററി ആദ്യമായി അല്പംഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഗ്രാമത്തിലേക്കുള്ള ഇപ്പോഴത്തെ വഴി അസൌകര്യവും ആപൽക്കരവുമായിട്ടുള്ളതാണെന്നും കാലതാമസം കൂടാതെ വണ്ടിപോകത്തക്കവണ്ണമുള്ള ഒരു റോഡുപണികഴിപ്പിക്കണമെന്നും ൧൧൦൯ ഡിസംബർ മാസത്തിൽതന്നെ രക്ഷാസൈന്യത്തിലെ പ്രധാനഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുള്ളതാകുന്നു. അതിലേക്ക എന്തുചെയ്യാവുന്നതാണെന്നു ഗവണ്മെൻറിനു അറിയണമെന്നു ആവശ്യപ്പെട്ടു. അപ്പോൾ ഞാൻ ഡിവിഷൻ ആഫീസർ ആയിരുന്നു. സംബന്ധപ്പെട്ടവഴി വെള്ളപ്പൊക്കം ബാധിക്കുന്ന സ്ഥലത്താണെന്നും, നിലങ്ങളിൽകൂടിയാണ അതിന്റെ ഗതിയെന്നും, ദൈർഘ്യമുള്ളതാണെന്നും, വണ്ടി കൊണ്ടുപോകത്തക്കവണ്ണമുള്ളതല്ലെന്നും മേൽ പ്രസ്താവിച്ചവഴിയെ കഴിവുള്ളിടത്തോളം ഉപയോഗപ്പെടുത്തി വണ്ടിപോകത്തക്കവണ്ണമുള്ള ഒരുറോഡു പണികഴിപ്പിക്കാമെന്നും പാലത്തിന്റെ മുകളിൽകൂടി പ്രസ്തുതഗ്രാമത്തെ കന്യാകുമാരിയുമായി സംബന്ധിക്കാമെന്നും ഞാൻ റിപ്പോർട്ടുചെയ്തു. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വാദപ്രതിവാദത്തിൽ ഇരിക്കുന്നതുമായറോഡിന്റെ ഗതിയും ഏകദേശം മേൽപറഞ്ഞതുതന്നെ യാണെന്നുംകൂടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

അല്പം എഴുത്തുകുത്തിനുശേഷവും റവന്യൂഡിപ്പാർട്ടുമെൻറിന്റെ ശുപാർശയിന്മേലും കാക്കപ്പെരുന്തും ശുചീന്ദ്രം കുളത്തിന്റെ ചിറയുംവഴി പ്രസ്തുതഗ്രാമവും കന്യാകുമാരിയുംതമ്മിൽ യോജിപ്പിക്കുന്ന വണ്ടിപോകത്തക്കവണ്ണമുള്ള ഒരു റോഡുണ്ടായിരിക്കുന്നതുകൊണ്ടു പാലത്തിന്റെ അടുക്കലായിട്ടു ഗ്രാമവുമായി സംബന്ധിപ്പിക്കുന്ന വണ്ടിപോകത്തക്കവണ്ണമുള്ള ഒരു പുതിയറോഡിന്റെ ആവശ്യകത യില്ലെന്നു ഗവണ്മെൻറ അവരുടെ ൧൧൧൦ മാണ്ട് ൩൩൦-ാം ലെ പി. ഡബ്ലിയു. ഡി ൨൩൮൫-ാം നമ്പർ ഗവണ്മെൻറഉത്തരവിൽ തീരുമാനിച്ചു. എന്നാൽ വീണ്ടുംവീണ്ടും ജനങ്ങൾ നിവേദനങ്ങൾ സമർപ്പിക്കുകയായിരുന്നു ചെയ്തതു. കന്യാകുമാരിമുതൽ കക്കാട്ടുഗ്രാമംവരെയുള്ള ഒരു ശാഖാറോഡിന്റെ അത്യാവശ്യകതയെ സൂചിപ്പിച്ചുകൊണ്ടു അഗസ്തീശ്വരം താലൂക്കമെംബരായ മി. പി. വി. ഡാനിയൽ ൧൧൦൯ കർക്കടകമാസത്തിൽ ഒരു പ്രശ്നംചോദിക്കയുണ്ടായി.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : മി. ഡാനിയലിന്റെ പ്രശ്നത്തിനു ഗവണ്മെൻറ എന്തുമറുപടിയാണ നൽകിയതു?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ) : നിയമസഭ നടപടികൾ നോക്കേണ്ടതായിരിക്കുന്നു. ശുചീന്ദ്രം പാലത്തിനുസമീപത്തുനിന്നും ഒരുപുതിയശാഖാ റോഡു പണികഴിപ്പിക്കണമെന്നും, കാക്കപ്പെരുന്തും ശുചീന്ദ്രംകുളവും വഴി പോകുന്നറോഡു തങ്ങൾക്ക യാതൊരു ഉപയോഗവും നൽകുന്നില്ലെന്നും കാണിച്ചു ൧൧൦൯ ജനവരി ൧൯-ാം ഗ്രാമനിവാസികളുടെ പക്കൽനിന്നും എനിക്കൊരു ഹർജികിട്ടി, മി. ശിവതാണുപിള്ള പ്രസ്താവിച്ചതു ഞാൻ അവർക്ക ൧൧൦൯ ജൂൺ ൧൯-ാം അയച്ച മറുപടിയെപ്പററിയാണ്. ൧൧൧൦-ലെ ഗവണ്മെൻറ ഉത്തരവു ഉദ്ധരിച്ചിരുന്നതുകൊണ്ടു അതല്ലാതെ വേറൊരുമറുപടി അയക്കുന്നതിനുസാധ്യമല്ലായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള) : മറുപടി ന്യായീകരിക്കത്തക്കതാണെന്നു ചീഫ്എഞ്ചിനീയർ വിചാരിക്കുന്നുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ) : അപ്പോൾ ഉദ്ധരിതത്തിൽഇരുന്നിരുന്നഗവണ്മെൻറ

ഉത്തരവനുസരിച്ചു അതു ന്യായീകരിക്കത്തക്കതാണ്. അപ്പോഠം ഞാൻ യാതൊരു അഭിപ്രായവും പ്രകടിപ്പി ച്ചിട്ടില്ലായിരുന്നു എന്നു പ്രസ്താവിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. വി. ഡാനിയലിന്റെ പ്രശ്നത്തെ അടിസ്ഥാനപ്പെടുത്തി "തിരുവിതാംകൂർ ടൈംസ്" പത്രത്തിന്റെ ൧൧൨൩ ഏപ്രിൽ ൨൮-നു-ലെ ലക്കത്തിൽ പ്രസ്തുതറോഡിന്റെ ആവശ്യകതയെപ്പററി പ്രതിവാദിച്ചിരുന്നു. ഇതിനെപ്പററി മിസ്റ്റർ പി. വി. ഡാനിയൽ ൧൧൨൪ ജനുവരി മാസത്തിലെ നിയമസഭായോഗത്തിൽ ഗവണ്മെണ്ടിനോടു വീണ്ടും ചോദ്യംചെയ്തു. പ്രസ്തുതറോഡു ആവശ്യമാണെന്നു മേൽ പ്രസ്താവിച്ചതിൽനിന്നും സ്പഷ്ടമാകുന്നുണ്ടു. പ്രസ്തുത ഗ്രാമത്തിലെ സാമ്പവരുടെ വളരെക്കാലമായി നിലനിൽക്കുന്ന സങ്കടങ്ങളെ അപേക്ഷിച്ചും ഠം റോഡു അത്യാവശ്യമായിട്ടുള്ളതാണ്.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മിസ്റ്റർ ഡാനിയലിന്റെ പ്രശ്നത്തിനു നൽകിയ മറുപടി എന്തായിരുന്നു?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): എന്തെങ്കിലും ഗുണകരമായ മറുപടി നൽകിയിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഠം റോഡിനെ സംബന്ധിച്ചു യാതൊരുഅറിവും ഗവണ്മെണ്ടിനു ഇല്ലെന്നാണു മറുപടി നൽകിയിട്ടുള്ളത്.

മിസ്റ്റർ കെ. വി നടേശയ്യർ (ചീഫ് എഞ്ചിനീയർ): രണ്ടുറോഡുകഠം ഉണ്ടായിരിക്കാം. അതിൽഎന്തോ കുഴപ്പമുണ്ട്.

ഇപ്പോഴത്തെ ദിവാൻ ഠക്കാട്ടു സാമ്പവരുടെ കഷ്ടതകളെപ്പററി അറിഞ്ഞയുടനെതന്നെ അവരുടെ വാസ്തുവസ്ഥിതിയെപ്പററി മനസ്സിലാക്കുകയും എന്നോടുകൂടി ആലോചിക്കയുംചെയ്തു. ഡിവിഷൻ ആഫീസർ എന്ന നിലയിൽ ഞാൻ ൧൯൦൯-ൽ നിർദ്ദേശിച്ചിരുന്ന സ്ഥലത്തുതന്നെ റോഡു വേഗത്തിൽ പണികഴിപ്പിക്കണമെന്നു ശുപാർശചെയ്തു. സംസ്ഥാനത്തിലെ പ്രജകളിൽ ഏതാനുംപേരാ അനുഭവിച്ചുവരുന്ന കഷ്ടതകളെ ലഘൂകരിക്കണമെന്നുള്ള സംഗതിയെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവത്തിൽ അത്യാവശ്യമായിരിക്കുന്നതുകൊണ്ടു അതു ഇക്കൊല്ലത്തിൽതന്നെ പൂർത്തിയാക്കണമെന്നുള്ള ശുപാർശയോടുകൂടി ഒരു അടങ്കൽ തയ്യാറാക്കി സമർപ്പിച്ചു. മെൽപ്പറഞ്ഞപ്രകാരം തീരുമാനിച്ചുഎന്നു അറിഞ്ഞ ഉടനെ പുതിയതായി നിർദ്ദേശിക്കപ്പെട്ടിരുന്ന വഴിമേഖലത്തെ റോഡു അത്യാവശ്യമാണെന്നും എന്നാൽ റോഡിന്റെ ഗതിയിൽ ഒരു സ്ഥലത്തുമാത്രം അല്പം വ്യത്യാസം വരുത്തേണ്ടതാണെന്നും കാണിച്ചു മിസ്റ്റർ ജി. ദേവസഹായവും മററുള്ളവരും ൧൧൨൫ മാർച്ചുമാസം ൧൮-നു- ഹർജി ബോധിപ്പിച്ചു. എന്നാൽ ഠം വിഷയത്തെ സംബന്ധിച്ചിടത്തോളം എക്സിക്യൂട്ടീവ് എഞ്ചിനീയറും താലൂക്കുതഹശീൽദാരും ഒരു കൂട്ടുപരിശോധന നടത്തിയതിനുശേഷം ഏററവും ഉത്തമമായിട്ടുള്ള ലയിൻ തീർച്ചപ്പെടുത്തിയിട്ടുള്ളതും അതിനെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്തു താമസിക്കുന്ന സവർണ്ണ ഹിന്ദുക്കളിൽനിന്നും യാതൊരുവിധമായ തടസ്ഥവും ഉണ്ടായിട്ടില്ലാത്തതുമാകുന്നു. റോഡുവെട്ടി പൂർത്തിയാകുമ്പോഠം അതിനെ ഉപയോഗപ്പെടുത്തുന്നതിനു എല്ലാസമുദായക്കാർക്കും പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. പ്രസ്തുതറോഡു പഴയാറിന്റെ വലതുവശത്തുള്ള ഒരുപ്രധാന ഫ്ളഡ്ബാങ്കു (വെള്ളപ്പൊക്കം തടഞ്ഞുനിറുത്തുന്നതിനുള്ള ഒരു വരമ്പു) ആയിരിക്കുന്നതും, ൧൧൦൭ തുലാമാസത്തിലുണ്ടായ ഏകദേശം മുന്നൂറോ നാനൂറോ അടിനീളത്തിലുള്ള ഉടപ്പിനെ നികത്തേണ്ട ആവശ്യകതയെ ഠം റോഡുമൂലം ഇല്ലാതാക്കിത്തീർക്കുന്നതും ആകുന്നു. എന്തുതന്നെ ആയാലും പൊട്ടൽ സംഭവിച്ചിട്ടുള്ള ഫ്ളഡ് ബാങ്കു ഉടൻതന്നെ നന്നാക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു കർഷകന്മാരുടെ ഗുണത്തിനു ഏററവും അത്യാവശ്യമായിരിക്കുന്ന പഴയാറിന്റെ ഫ്ളഡ്ബാങ്കു പ്രസ്തുതറോഡിന്റെ അപ്രോച്ചുറോഡായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നുഎന്നുകൂടി പറയപ്പെടാവുന്നതാകുന്നു.

മേൽപ്രസ്താവിച്ചറോഡുഉപയോഗപ്രദമായിട്ടുള്ളതാണോഅല്ലയോഎന്നും, ഗതാഗതസൌകര്യത്തെസംബന്ധിച്ചിടത്തോളം, പ്രത്യേകിച്ചും സാമ്പവർ സമുദായത്തെ സംബന്ധിച്ചിടത്തോളം, ഉണ്ടായിരിക്കുന്ന കഷ്ടതകഠംവാസ്തവമായിട്ടുള്ളതാണെന്നു ഗവണ്മെണ്ടിനുതന്നെ തോന്നിയിരിക്കുന്ന സ്ഥിതിക്കു അവ പരിഹരിക്കപ്പെടാതെ നിലനിറുത്തിക്കൊണ്ടിരിക്കുന്നതിനു അനുവദിക്കാൻ പാടുണ്ടോഎന്നും നാം ഇപ്പോഠം ആലോചിക്കേണ്ടതായിരിക്കുന്നു. സാമ്പവർ അധിവസിക്കുന്ന ഗ്രാമങ്ങളിലേക്കുള്ള മററുപല അപ്രോച്ചുറോഡുകഠം പണികഴിപ്പിച്ചുകൊണ്ടിരിക്കയോ പരിശോധനയിൽ ഇരിക്കയോ ചെയ്യുന്നുണ്ട്; ആ റോഡുകഠംപോലെ ഠക്കാട്ടിലേക്കുള്ള റോഡും അത്യാവശ്യമായിട്ടുള്ളതുതന്നെ.

ഠം വിഷയത്തെപ്പററി നൽകിയിട്ടുള്ള അറിവുകൊണ്ടു മെംബറന്മാർ തൃപ്തിപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു; വളരെക്കാലമായി അത്യാവശ്യമെന്നു ബോദ്ധ്യംവന്നിട്ടുള്ള പ്രസ്തുത റോഡിനായിട്ടുള്ള ഗ്രാന്റു മെംബറന്മാർ അനുവദിക്കുമെന്നും എനിക്കു തീർച്ചയുണ്ട്.

മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ശ്രീമൂലം പ്രജാസഭയുടെ ഏതോ ഒരു യോഗത്തിൽ അതിലെ മെംബറന്മാരുടെ അപേക്ഷയിന്മേൽ തെക്കൻ തിരുവിതാംകൂറിൽ പണികഴിപ്പിക്കേണ്ടതായ റോഡുകളുടെ ഒരു ലിസ്ററു തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ചീഫ് എഞ്ചിനീയർക്കു അറിയാമൊ? ഠം റോഡു ആ ലിസ്റ്റിൽ ഉഠംപ്പെടുത്തിയിട്ടുണ്ടോ?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ആ ലിസ്റ്റിനെ സംബന്ധിച്ചു യാതൊന്നുംതന്നെ ഞാൻ ഇപ്പോഠം ഓർക്കുന്നില്ല.

മിസ്റ്റർ കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പ്രസ്തുതറോഡു പണികഴിപ്പിക്കുന്നതിനു വല്ല അത്യാവശ്യവും ഉണ്ടായിരുന്നോ?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഇതു പണികഴിപ്പിക്കുന്നതിൽ വളരെ താമസം നേരിട്ടിരിക്കുന്നു; അതു എത്രത്തോളം വേഗത്തിൽ പരിഹരിക്കപ്പെടുന്നുവൊ അത്രയും നല്ലതാണെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

മിസ്റ്റർ കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ബഡ്ജററു യോഗംവരെ അതു നീട്ടിവയ്ക്കുന്നതിൽ വിരോധം വല്ലതും ഉണ്ടോ?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഒരു നൂറു കൊല്ലത്തേക്കു അതു നീട്ടിവയ്ക്കുയാണെങ്കി.

ഷം യാത്രാക്ലേശങ്ങളൊന്നുമില്ല; ജനങ്ങൾക്കു കഷ്ടത അനുഭവിക്കുമെന്നുമാത്രമേയുള്ളു.

മിസ്റ്റർ ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതുപോലെ പരിഗണനയിലുള്ള അപേക്ഷകൾ വേറെയും ഉണ്ടോ?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): എല്ലാ അപേക്ഷകളേയും അവയുടെ പ്രാധാന്യത്തെ അടിസ്ഥാനപ്പെടുത്തിയാണു പരിഗണിക്കുന്നതു.

മിസ്റ്റർ ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഈ അപേക്ഷകളുടെ നമ്പർ അനുസരിച്ചു ചെയ്യുകയോ, അതോ, അത്യാവശ്യം അനുസരിച്ചുചെയ്യുകയോ?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): എനിക്കറിവുള്ളടത്തോളം അപേക്ഷകളുടെ റിക്കാർഡു ചെയ്തിട്ടുള്ള രിസ്റ്ററില്ല.

മിസ്റ്റർ കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഒരു റോഡു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണെന്നു ചീഫ് എഞ്ചിനിയർ വിചാരിക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയിട്ടാണ്?

മിസ്റ്റർ കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): അതിനെപ്പറ്റി എന്റെ പ്രസംഗത്തിൽ കഴിവുള്ളടത്തോളം വിശദമായി പ്രസ്താവിച്ചിട്ടുണ്ട്.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): പുതുതായി വെട്ടാൻ ഉദ്ദേശിക്കുന്ന റോഡിനു എത്രമയിൽ നീളംവരും?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): മൂന്നു ഫർലാങ്.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): മനസ്സിലായില്ല.

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): അരമയിലിൽ കുറവും കാൽമയിലിൽ കൂടുതലുമാണു.

മി. എം. ശിവതാണുപിള്ള (തോവാള): കക്കാട്ടിലേക്കുള്ള ഇപ്പോഴത്തെ റോഡിന്റെ ദൈർഘ്യം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന റോഡിനെക്കാൾ കൂടുതലോ കുറവോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): സ്കൂൾജംഗ്ഷൻവരെ രണ്ടുറോഡുകളുടേയും ദൈർഘ്യം ഒരുപോലെതന്നെ; പാലംവരെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡിന്റെ ദൈർഘ്യം കുറവാണു. ഗ്രാമംമുതൽ സ്കൂൾജംഗ്ഷൻവരെ അതിന്റെ ദൈർഘ്യം അരനാഴികയിൽ കൂടുതലാണു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രസ്തുതറോഡ് പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽനിന്നാണൊ സംരക്ഷിക്കപ്പെട്ടുവരുന്നതെന്നു പറയാൻ ചീഫ്എഞ്ചിനിയർക്കു ഇന്നെങ്കിലും സാധിക്കുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): നമ്മുടെ ഇപ്പോഴത്തെവിഷയം സംബന്ധിച്ചിടത്തോളം ആ ചോദ്യത്തിനു പ്രാധാന്യമില്ലാത്തതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഒരു ചോദ്യം ഉത്തരവിക്കുന്നില്ലെന്നുപറയാൻ കൗൺസിൽ ബ്രാഞ്ചിലെ ഒരുമെമ്പർക്കു അവകാശമുണ്ടോ എന്നുള്ളതിനെക്കുറിച്ചും ഒരുചോദ്യം ഉത്തരവിക്കുന്നില്ലെന്നു പറയുന്നതിനുള്ള അവകാശം അദ്ധ്യക്ഷനിൽ അല്ലയോസ്ഥിതിചെയ്യുന്നതു എന്നുള്ളതിനെപ്പറ്റിയും അദ്ധ്യക്ഷനിൽനിന്നും ഒരു റൂളിംഗ് വേണ്ടതാകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റു: നിങ്ങളുടെ ചോദ്യത്തിനു മി. നടേശയ്യർ മറുപടിപറയുകയോ പറയാതിരിക്കയോ ചെയ്യാം; എന്നാൽ ഒരുചോദ്യം ഉത്തരവിക്കുന്നോ ഇല്ലയോ എന്നു പറയാനുള്ള അവകാശം അദ്ധ്യക്ഷനിൽ മാത്രം സ്ഥിതിചെയ്യുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽനിന്നാണൊ ഈ റോഡു സംരക്ഷിക്കപ്പെട്ടുവരുന്നതു?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): എന്റെ ആഫീസിലുള്ള ലിസ്റ്റ് പരിശോധിക്കാതെ ചോദ്യത്തിനു മറുപടി നൽകാൻ എനിക്കു നിവൃത്തിയില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): പുതിയറോഡിൽ പഴയറോഡിനെക്കാൾ എത്ര അടിയുടെ ചാട്ടമുണ്ടു?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡിനു ഏകദേശം രണ്ടു ഫർലാങ്ങ് ദൂരം കുറവുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ ചോദ്യം ഇന്നുണ്ടാകുമെന്നു മി. നടേശയ്യർക്കു തോന്നിയില്ലേ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): ഈ വിഷയംമുഴുവനും എനിക്കു പരിചയമുള്ളതായിട്ടുള്ളതായിരുന്നു; പ്രസംഗം എനിക്കു എഴുതേണ്ടതായിട്ടും വന്നുകൂടി (ചിരി).

മി. ഏ. ജെ. ജാൺ (വയ്ക്കം): സംസ്ഥാനത്തിൽ വെട്ടികേണ്ടതായിട്ടുള്ള പലപുതിയറോഡുകളേയും സംബന്ധിച്ചു ഏതാണു അത്യാവശ്യമായിട്ടുള്ളതു എന്നതിനെപ്പറ്റി ചീഫ് എഞ്ചിനിയർ ചിന്തിച്ചിട്ടുണ്ടോ?

ഡെപ്യൂട്ടിപ്രസിഡന്റു: ആ ചോദ്യം ഉത്തരവിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതറോഡു അത്യാവശ്യമായിട്ടുള്ളതാണെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): ഈ മൂന്നോ നാലോ ഫർലാങ്ങ് റോഡുവെട്ടുന്നതിനു ഇപ്പോൾ അവശ്യപ്പെട്ടിട്ടുള്ള സംഖ്യമുഴുവനും ചിലവിടേണ്ടിവരുമോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): അത്രയുംവേണ്ടിവരും.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): കയറ്റമോ ഇറക്കമോ മലയോ വല്ലതുമുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): ഇല്ല.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): ഈ റോഡിനെസംബന്ധിച്ചു ഗവണ്മെന്റിൽനിന്നും അവർണ്ണർ സവർണ്ണർ എന്നു വേർതിരിച്ചു വല്ലതുംചെയ്യാൻ ആലോചിക്കുന്നുണ്ടോ?

മി. കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനിയർ): എനിക്കതിനെപ്പറ്റി അറിവില്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: ഞാനിപ്പോൾ ഡിമാന്റിന്റെ ഓരോ ഇനവും ഓരോന്നായിട്ട സഭയുടെ വോട്ടിനായിടുന്നു.

(എ)-യും (ബി)-യും ഇനങ്ങൾ വോട്ടിനിടുകയും പാസ്സാക്കപ്പെടുകയുംചെയ്തു. ഗ്രാന്റുകൾ അനുവദിക്കപ്പെട്ടു.

(സി) ഇനം വോട്ടിനിട്ടപ്പോൾ പാസ്സാക്കപ്പെട്ടില്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): ഒരു പോൾ വേണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പോൾ എടുത്തപ്പോൾ താഴെപ്പറയുംപ്രകാരം സഭ വോട്ടുചെയ്തു:—

അനുകൂലികൾ ൧൮.

൧	മിസ്റ്റർ ഐ. സി. ചാക്കോ.	൧൦	,, കെ. വി. നടേശയ്യർ.
൨	,, പാൾഡാനിയൽ	൧൧	,, കയ്യാലം പരമേശ്വരൻപിള്ള
൩	,, ആർ. ധർമ്മരാജപിള്ള.	൧൨	,, ഡബ്ലിയു. എച്ച്. പിററ്.
൪	,, കെ. ജോജ്.	൧൩	മിസ്സസ്സ് എം. പുന്നൻ ലൂക്കോസ്.
൫	,, സി. കേരളവർമ്മകോയിത്തമ്പുരാൻ.	൧൪	മിസ്റ്റർ ടി. പി. രാമസ്വാമയ്യർ.
൬	,, ആർ. കൃഷ്ണസ്വാമിഅയ്യർ.	൧൫	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൭	,, പി. എൻ. കൃഷ്ണപിള്ള.	൧൬	മിസ്റ്റർ എസ്. സി. എച്ച്. റാബിൻസൺ.
൮	ഡാക്ടർ എൻ. കുഞ്ഞൻപിള്ള.	൧൭	,, വി. എസ്. സുബ്രഹ്മണ്യയ്യർ.
൯	മിസ്റ്റർ ആർ. ശിവകണ്ഠപ്പിള്ള.	൧൮	,, സി. എൻ. ഉപ്പൻനമ്പൂതിരി.

പ്രതികൂലികൾ ൨൯.

൧	മിസ്റ്റർ പി. ഹബീബ് മഹമ്മദ്.	൧൬	,, ഏ. കെ. പിള്ള.
൨	,, ഏ. ജെ. ജാൺ.	൧൭	,, എം. എൻ. പിള്ള.
൩	,, കെ. ഐ. ജോസഫ്.	൧൮	,, ആർ. പത്മനാഭൻ.
൪	,, എൻ. വി. ജോസഫ്.	൧൯	,, ജി. പരമേശ്വരൻപിള്ള.
൫	,, സി. പി. കൊച്ചുകുഞ്ഞുപിള്ള.	൨൦	,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൬	,, എൻ. കുമാരൻ.	൨൧	,, എസ്. പിറവിപ്പെരുമാൾപിള്ള.
൭	,, ടി. കുമാരപിള്ള.	൨൨	,, ജി. രാമൻമേനോൻ.
൮	,, എക്സ്. ജി. പോപ്പസ്.	൨൩	,, കെ. ശിവരാമപ്പണിക്കർ.
൯	,, കെ. മാധവൻപിള്ള.	൨൪	,, എം. ശിവതാണുപിള്ള.
൧൦	,, കെ. സി. മാമ്മൻമാപ്പിള.	൨൫	,, എസ്. സുബ്രഹ്മണ്യകയ്യാളർ.
൧൧	,, ടി. ജെ. മാത്യു.	൨൬	,, എം. സുബ്രഹ്മണ്യപിള്ള.
൧൨	,, ജി. നാരായണപിള്ള.	൨൭	,, സി. പി. തരകൻ.
൧൩	,, കല്ലൂർ നാരായണപിള്ള.	൨൮	,, സി. പി. തോമസ്സ്.
൧൪	,, പി. കെ. നാരായണപിള്ള.	൨൯	,, കെ. കെ. തോമസ്സ്.
൧൫	,, കെ. പി. ശിവകണ്ഠപ്പിള്ള.		

ഉപക്ഷേപം പാസ്സാക്കപ്പെട്ടില്ല.

ഡിമാന്റിന്റെ (ഡി) ഇനം വോട്ടിനിടുകയും അതു പാസ്സാക്കപ്പെടുകയുംചെയ്തു. ഗ്രാന്റ് അനുവദിക്കപ്പെട്ടു.

ഒന്നടിച്ചു ൫ ൫ മിനിട്ടായപ്പോൾ ലഘുഭക്ഷണത്തിനായി സഭ പിരിയുകയും രണ്ടടിച്ചു ൫ ൭ മിനിട്ടായപ്പോൾ വീണ്ടും കൂടുകയുംചെയ്തു.

നിയമനിർമ്മാണം.

ഡെപ്യൂട്ടിപ്രസിഡന്റ്: നമുക്കിനി നിയമനിർമ്മാണം സംബന്ധിച്ചുള്ള ജോലി ആരംഭിക്കാം.

നാഞ്ചിനാട്ട വെള്ളാളബിൽ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): സർ, ബിൽ പാസ്സാക്കണമെന്നുള്ള ഉപക്ഷേപത്തിനു മുൻപായി—

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): സ്റ്റാൻറിംഗ് ഓർഡർ ൩ (ബി) അനുസരിച്ചു അദ്ധ്യക്ഷന്റെ തീരുമാനത്തിനായി ഒരു സംഗതി പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സ്റ്റാൻറിംഗ് ഓർഡർ ൩ (ബി) താഴെ പറയുംപ്രകാരമാണ്:—

"ഓരോയോഗത്തിനും നിശ്ചയിച്ചിട്ടുള്ള തീയതിക്കു പതിന്നാലുദിവസത്തിനുമുൻപായി ഒരു മീററിങ്ങിൽ നടത്തേണ്ടതായ നിയമനിർമ്മാണജോലിയുടെ ഒരു താൽക്കാലിക ലിസ്റ്റ് ഓരോമെംബർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള താൽക്കാലികലിസ്റ്റു അയച്ചതിനുശേഷം ആ മീററിങ്ങിൽ നടത്തേണ്ടതായ ജോലിയുടെ ഒരു സ്റ്റേററുമെന്റു ഓരോമെംബർക്കും അദ്ദേഹത്തിന്റെ സ്ഥിരമായ മേൽവിലാസത്തിലോ തിരുവനന്തപുരത്തുള്ള മേൽവിലാസത്തിലോ ഓരോ യോഗത്തിനും മൂന്നുദിവസത്തിനുമുൻപായി സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു"

൧൯൨൫ നവംബർമാസത്തിലാണു ഇപ്പോഴത്തെ യോഗം തുടങ്ങിയതു. സ്റ്റാൻറിംഗ് ഓർഡർ അനുസരിച്ചു പതിന്നാലുദിവസത്തെ നോട്ടീസ് ആവശ്യമുണ്ട്. എന്നാൽ അങ്ങിനെ നോട്ടീസ് തന്നിട്ടില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: അതുകൊണ്ടു ഇപ്പോൾ ഈ ബില്ലിനെപ്പററി ഈ സഭയ്ക്കു ചിന്തിക്കാൻ പാടില്ലെന്നാണോ നിങ്ങൾ പറയുന്നതു?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക്): അതെ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഓരോ സെഷനും കൂടേണ്ടതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതിയ്ക്കു പതിനാലുദിവസത്തിനു മുൻപായി ജോലിനടപടിക്കുള്ള ഒരു ലിസ്റ്റ ഓരോ മെമ്പർക്കും അയച്ചുകൊടുക്കേണ്ടതാണെന്നു ആ ഓർഡറിൽ പ്രസ്താവിച്ചിട്ടുള്ളതു വാസ്തവംതന്നെ. എന്നാൽ ഒരു മെമ്പർക്കു ലിസ്റ്റ അയച്ചിട്ടില്ലാത്തപക്ഷം ജോലിനടത്താൻ പാടില്ലെന്നു പറയുന്നതായ ഓർഡറോ ചട്ടമോ ഇല്ലാത്തതാകുന്നു. ഈ അഭിപ്രായത്തെ അനുകൂലിക്കുന്നതായിട്ടു മുൻപൊരു തീരുമാനവും ഉണ്ടായിട്ടുള്ളതാകുന്നു. മുൻപിലത്തെ അദ്ധ്യക്ഷനായിരുന്ന മി. രാഘവയ്യായുടെ കാലത്തു ഇതുപോലെ ഒരു ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. സഭയിൽവച്ചു ആലോചിക്കപ്പെടുന്നതിനു മെമ്പർക്കു അവകാശമില്ലെന്നും എന്നാൽ അതിനെപ്പററി അദ്ധ്യക്ഷന്റെ മുറിയിൽവച്ചു പറയേണ്ടതാണെന്നും അദ്ദേഹം തീരുമാനിച്ചു. ഏതെങ്കിലും ഒരു വിഷയത്തെപ്പററി ഒരു ബുള്ളറ്റിനിലോ ലിസ്റ്റിലോ കാണിച്ചിട്ടുള്ളപക്ഷം അതിനെ പ്രതിവാദിക്കപ്പെടാൻ പാടില്ലെന്നു ഒരു മെമ്പർക്കു പറയാൻ പാടുള്ളതല്ല. അദ്ദേഹത്തിന്റെ തീരുമാനം താഴെ പറയുംപ്രകാരമാണ് *

"മി. എം. ആർ. മാധവവാര്യർ: സർ, ഞാൻ പ്രസ്താവിക്കാൻപോകുന്ന വിഷയത്തെ സംബന്ധിച്ചു ഒരു തീരുമാനമുണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ സഭ സംബന്ധിച്ചു ആവശ്യമുള്ള എല്ലാ കടലാസുകളും ചില മെമ്പറന്മാർക്കു നൽകിയിട്ടില്ല. സ്റ്റാൻറിങ് ഉത്തരവുകളിലെ (൩)-ാം ഖണ്ഡികയിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ഓരോയോഗത്തിനും നിശ്ചയിച്ചിട്ടുള്ളതീയതിയ്ക്കു പതിനാലുദിവസത്തിനുമുൻപായി ഒരു മീററിങ്ങിൽ നടത്തേണ്ടതായ നിയമനിർമ്മാണജോലിയുടെ ഒരു താൽക്കാലികലിസ്റ്റ ഓരോ മെമ്പർക്കും സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള താൽക്കാലികലിസ്റ്റ അയച്ചതിനുശേഷം ആ മീററിങ്ങിൽ നടത്തേണ്ടതായ ഒരു സ്റ്റേററുമെൻറ ഓരോ മെമ്പർക്കും അദ്ദേഹത്തിന്റെ സ്ഥിരമായമേൽവിലാസത്തിലോ തിരുവനന്തപുരത്തുള്ള മേൽവിലാസത്തിലോ ഓരോയോഗത്തിനും മൂന്നുദിവസത്തിനുമുൻപായി സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാകുന്നു"

"ഇപ്പോൾ ഈ യോഗത്തിൽ നടത്തേണ്ടതായജോലികൾ ഇന്നവയാകുന്നെന്നുള്ളതിനെപ്പററി ഞങ്ങൾക്കു മുൻകൂട്ടി അറിവുസിദ്ധിച്ചിട്ടില്ല.

"അദ്ധ്യക്ഷൻ: മി. മാധവവാര്യർ, അതിപ്പോൾ തീരുമാനിക്കപ്പെടേണ്ടതായ ഒരു വിഷയമാകുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. സ്ഥിരം ഉത്തരവുകൾ അനുസരിക്കപ്പെട്ടിട്ടില്ലാത്തപക്ഷം അതിനെപ്പററി രേഖാമൂലമായി ഒട്ടാമതായി എന്തെങ്കിലും തെറ്റുപറ്റിട്ടുണ്ടാവുന്നതും അതിനെപ്പററി ഞാൻ അന്വേഷിക്കുന്നതും ആകുന്നു"

മേൽപ്രസ്താവിച്ച നടപടിക്കുപുറമെ ഞാൻ ൩ (൧)-ാം നമ്പർ സ്ഥിരം ഉത്തരവിനെയും നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഓരോ മെമ്പർ എടുത്തുപറഞ്ഞിട്ടുള്ള സംഗതി നിയമനിർമ്മാണജോലിയുടെ ലിസ്റ്റ അയച്ചിട്ടില്ലാത്തതിനെ സംബന്ധിച്ചാണോ? അതു യാതൊരുകടലാസുകളും അയച്ചിട്ടില്ലാത്തതിനെ സംബന്ധിച്ചാണെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതും ഇതുപോലെതന്നെയായിരുന്നു. മി. പി. ശിവശങ്കരൻപിള്ള വായിച്ച ഓർഡർ വാസ്തവത്തിൽ അപ്പോഴും വായിക്കയുണ്ടായി.

൩ (൧)-ാംനമ്പർ സ്റ്റാൻറിങ്ഓർഡറാണ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുദ്ദേശിക്കുന്ന വേറൊരു ചട്ടം. അതു താഴെ പറയുംപ്രകാരമാണ്:—

"സഭയുടെ ഏതെങ്കിലും ഒരു യോഗത്തിൽ ചെയ്തുതീർക്കപ്പെടേണ്ടതായ ജോലികളെപ്പററി ചിന്തിച്ചുംവെച്ചതിന്റെ അഭിപ്രായത്തിൽ പൊതുജനങ്ങൾക്കു ഗുണകരമാണെന്നു തോന്നുന്നപക്ഷം അതിനെ അടിസ്ഥാനപ്പെടുത്തിയും അതിന്റെ ഓരോയോഗത്തിന്റെയും ആരംഭദശയിൽതന്നെ സഭയിലെ അനൗദ്യോഗസ്ഥ മെമ്പറന്മാരുടെ ജോലി ചെയ്തുതീർക്കുന്നതിനു ആവശ്യമുള്ള ദിവസങ്ങൾ എത്രയെന്നു ദിവാൻ കണക്കാക്കപ്പെടുത്തേണ്ടതും അപ്രകാരം കണക്കാക്കപ്പെടുത്തുന്ന കാലാവധിയെ അദ്ദേഹത്തിനു അപ്പോഴപ്പോൾ മാററാവുന്നതും ആ ദിവസങ്ങളിൽ അപ്രകാരമുള്ള ജോലിക്കു പ്രാധാന്യമുണ്ടായിരിക്കുന്നതും ആകുന്നു. മറെറല്ലാസമയങ്ങളിലും ഗവൺമെൻറുജോലിക്കു പ്രാധാന്യമുണ്ടായിരിക്കുന്നതാകുന്നു. ഗവൺമെൻറുജോലിക്കു പ്രാധാന്യമുണ്ടായിരിക്കുന്ന സമയങ്ങളിൽ ദിവാൻ ആജ്ഞാപിക്കുന്നതിനൊത്തും സഭാനടപടികൾ സെക്രട്ടറി ഏർപ്പാടുചെയ്യേണ്ടതാകുന്നു"

അതുകൊണ്ടു ദിവാൻ ആജ്ഞാപിക്കുന്നതിനൊത്തമാകുന്നു സഭാനടപടികൾ ക്രമീകരിക്കപ്പെടേണ്ടതു.

ഇതിനുംപുറമെ ൭ (൧)-ാം സ്ഥിരം ഉത്തരവിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ഓരോദിവസവും നടത്തപ്പെടേണ്ടതായ ജോലിയുടെ ഒരു ലിസ്റ്റ സെക്രട്ടറി തയ്യാറാക്കി എല്ലാ മെമ്പറന്മാർക്കും വിതരണംചെയ്യേണ്ടതാണ്."

൭ (൨)-ാം സ്ഥിരം ഉത്തരവിൽ ചുവടെ കൊടുത്തിരിക്കുന്നതിനെയും പ്രസ്താവിച്ചിരിക്കുന്നു.—

"വിപരീതമായി എന്തെങ്കിലും വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷമെന്തെങ്കിലും ഒരുദിവസത്തേക്കു ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു ജോലിയും അദ്ധ്യക്ഷന്റെ അനുവാദംകൂടാതെ സഭയുടെ ഏതെങ്കിലും യോഗത്തിൽ നടത്താൻപാടില്ലാത്തതാകുന്നു."

ഇപ്രകാരം സ്ഥിരം ഉത്തരവുകൾ അനുസരിച്ചു ഒന്നുമാത്രമേ ആവശ്യമുള്ളു. അതായതു ഏതെങ്കിലും ജോലി ആ ദിവസത്തേക്കുള്ള ജോലി ലിസ്റ്റുപ്പെടുത്തിയിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണമെന്നുള്ളതാണ്. ഒരു യോഗംകൂടുന്നതിനു പതിനാലു ദിവസിനുമുൻപായി ഏതെങ്കിലും ജോലിസംബന്ധിച്ചു നോട്ടീസു കൊടുത്തിട്ടില്ലാത്തപക്ഷം അതു നടത്തപ്പെടാൻ പാടില്ലെന്നു സ്ഥിരം ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ൭ (൩)-ാംഉത്തരവിനെ മി. പരമേശ്വരൻപിള്ളയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

* ൧൧൦൩ ഏപ്രിൽ ൧൦-ാം-തിയ്യതിയിലെ നിയമസഭാനടപടി ൨-ാം വാല്യം നോക്കണം.

“നോട്ടീസു കൊടുക്കപ്പെടേണ്ടതായ ഏതെങ്കിലും ജോലി ക്ലിപ്തപ്പെടുത്തിയിട്ടുള്ള നോട്ടീസു കാലാവധിക്കു മുൻപു തീർപ്പുചെയ്യാൻ എടുക്കാവുന്നതല്ല.”

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെ, എന്നാൽ ആ നോട്ടീസു ആവശ്യമുള്ള ജോലിയെമാത്രമേ സംബന്ധിക്കുന്നുള്ളു. ഇപ്പോഴത്തെ ജോലി ആ പ്രകാരമുള്ളതല്ല. വാസ്തവം പറയുന്നപക്ഷം ഒരു ബിൽ രണ്ടാമതു വായിക്കപ്പെടുമ്പോൾ അതിനെ അടുത്ത വേറൊരു യോഗത്തിൽ ആലോചനയ്ക്കായി എടുത്തു പാസ്സാക്കണമെന്നാണ് അവസാനത്തിൽ ഹാജരാക്കപ്പെടുന്ന ഉപക്ഷേപം. ഒരു ദിവസത്തേക്കു ക്ലിപ്തപ്പെടുത്തിയിട്ടുള്ള ജോലിയുടെ ലിസ്റ്റിൽ അതിനെ ഉൾപ്പെടുത്തിയതിനുശേഷം പിന്നീടുണ്ടാകുന്ന ഏതെങ്കിലും യോഗത്തിൽ അതിനെപ്പററി ആലോചിക്കപ്പെടാവുന്നതാകുന്നു.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും മെംബർ): ഈ വിഷയത്തിന്റെ അത്യാവശ്യത്തെപ്പററി ഗണിച്ചു ഞാൻ എന്റെ ആക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നടപടിക്രമത്തെപ്പററിയാണ് അദ്ദേഹം പ്രതിവാദിച്ചത്. സഭയുടെ അനുവാദംകൂടാതെ അദ്ദേഹത്തിനു അതിനെ പിൻവലിക്കാൻ പാടില്ലാത്തതാകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ: നടപടിക്രമത്തെസംബന്ധിച്ചു അദ്ദേഹം പറഞ്ഞതിനെപ്പററി ഞാൻ ചിന്തിച്ചു. ഒരോ യോഗവും കൂടുന്നതിനു ക്ലിപ്തപ്പെടുത്തിയിട്ടുള്ള തീയതിക്കു പതിന്നാലു ദിവസത്തിനു മുൻപായിട്ടെങ്കിലും ഒരു യോഗത്തിൽ കൊണ്ടുവരുന്നതിനുദ്ദേശിക്കപ്പെടുന്നതായ നിയമനിർമ്മാണ ജോലിയുടെ ഒരു താൽക്കാലിക ലിസ്റ്റ ഓരോ മെമ്പർക്കും അയച്ചുകൊടുക്കണമെന്നാണ് ൯ (ബി) ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു സെഷനിൽ അടുത്തടുത്തായി ഓരോയോഗംവീതം ഒന്നിൽ കൂടുതൽ യോഗങ്ങൾ അടങ്ങിയിരിക്കണമെന്നു ഇതിൽനിന്നും വ്യക്തമാകുന്നുണ്ട്. അപ്രകാരമല്ലാതെ ഇടവിട്ടു പല യോഗങ്ങൾ അടങ്ങിയതായ ഒരു സെഷനാണെന്നു അർത്ഥമാകുന്നില്ല. പലയോഗങ്ങൾക്കും ഇടയ്ക്കുള്ള സമയം വളരെ ദീർഘമുള്ളതാണെങ്കിൽ അനേകം മാസങ്ങൾ കഴിഞ്ഞു നടത്തപ്പെടേണ്ടതായ ജോലിയെസംബന്ധിച്ചു ഓരോ സെഷന്റെയും ആരംഭത്തിൽതന്നെ നോട്ടീസുകൊടുക്കാൻ സാധിക്കാതെ വന്നേക്കാവുന്നതാണ്. എന്തെന്നാൽ അവ പല സമയങ്ങളിലും പല യോഗങ്ങളിലും നടത്തപ്പെടേണ്ടവയാണ്. ഒരു സെഷന്റെ ഓരോ യോഗത്തിലും നടത്തപ്പെടേണ്ടതായ ജോലികൾ ഏതെല്ലാമാണെന്നുള്ളതിലേയ്ക്കു കാലേകൂട്ടി നോട്ടീസു, അതായതു പതിന്നാലു ദിവസത്തെ നോട്ടീസു ഓരോമെമ്പർക്കും നൽകേണ്ടതാണെന്നു ആ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആ ചട്ടത്തിൽ “സെഷൻ” എന്നു പറഞ്ഞിരിക്കുന്ന പദത്തിനെ ഒരു സെഷനിലെ അടുത്തടുത്തായി ഓരോയോഗം വീതമുള്ള ഒന്നിൽകൂടുതൽ യോഗങ്ങൾ എന്നു വ്യാഖ്യാനിക്കേണ്ടതായിരിക്കുന്നു. അതല്ലാതെ അതിനെ പല സമയങ്ങളിലായി നടത്തപ്പെടുന്ന പല യോഗങ്ങളും അടങ്ങിയിരിക്കാവുന്നതായ ഒരു സെഷനാണെന്നു വ്യാഖ്യാനിക്കപ്പെട്ടുകൂടാൻ പാടില്ലാത്തതാകുന്നു. അതുകൊണ്ടു ഈ യോഗം ആരംഭിക്കുന്നതിനു പതിന്നാലു ദിവസത്തിനു മുൻപായി നോട്ടീസു കൊടുത്തിട്ടുണ്ടെങ്കിൽ സ്ഥിരം ഉത്തരവനുസരിച്ചു മതിയാകുന്നതാണ്. മിസ്റ്റർ പരമേശ്വരൻപിള്ളയുടെ ഉപക്ഷേപം ശരിയായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു.

ഖണ്ഡം ൯.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ൯-ാം ഖണ്ഡം സംബന്ധിച്ചു താഴെപറയുന്ന ഭേദഗതി ഞാൻ ഹാജരാക്കുന്നു.

“൭-ാം വകുപ്പിലെ (iii)-ാം ഖണ്ഡത്തിലെ (എ) മുതൽ (സി) വരെയുള്ള ഉപഖണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി അന്യായം കൊടുക്കുന്ന സംഗതിയൊഴിച്ചു അപേക്ഷിക്കുന്ന ആൾ ഭർത്താവായിരിക്കുമ്പോൾ പ്രതിയ്ക്കു ന്യായമായ പ്രതിഫലം കൊടുക്കാമെന്നു അപേക്ഷയിൽ എല്ലായ്പോഴും കാണിച്ചിരിക്കേണ്ടതാകുന്നു.” ഈ പദങ്ങളെ എടുത്തുകളയണം.

എന്റെ ഉപക്ഷേപം മേൽപ്രസ്താവിച്ചിട്ടുള്ള ഖണ്ഡത്തിലെ ഒരു മുഴുവൻ വാചകത്തെ എടുത്തുകളയണമെന്നാണെങ്കിലും ഞാൻ നിർദ്ദേശിച്ചിരിക്കുന്ന മാററം പലം സംബന്ധിച്ചു മാത്രമായിട്ടുള്ളതാണെന്നു കാണാവുന്നതാകുന്നു. ഈ വാചകം അടങ്ങിയിരിക്കുന്ന ഖണ്ഡം വിവാഹമോചനത്തിനു ഭർത്താവോ ഭാര്യയോ കൊടുക്കുന്ന ഹർജികളെപ്പററി പ്രതിപാദിക്കുന്ന ഒന്നാകുന്നു. എടുത്തുകളയണമെന്നു ഞാൻ ആവശ്യപ്പെടുന്നതായ വാചകത്തിൽ ഭർത്താവു ഒരു ഹർജി ബോധിപ്പിക്കുമ്പോൾ ചില സംഗതികളിൽ അയാൾ ഭാര്യയ്ക്കു ന്യായമായ പ്രതിഫലം കൊടുക്കാൻ സന്നദ്ധനാണെന്നു അതിൽ കാണിച്ചിരിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ൪-ാം ഖണ്ഡത്തിലെ (൨)-ാം ഉപഖണ്ഡത്തെ നോക്കുന്നതായാൽ പ്രസ്തുത വാചകം അത്ര ആവശ്യമുള്ളതല്ല. ആ ഖണ്ഡം താഴെ പറയുംപ്രകാരമാണ്:

“൪. മേൽപറഞ്ഞതുപോലെ ഹർജിപകർപ്പു നടത്തിക്കഴിഞ്ഞ മൂന്നു മാസത്തിനകം

(൧) ഹർജി പിൻവലിക്കാതെയും വിവാഹമോചനത്തിനു പ്രതി സമ്മതിക്കാതെയും ഇരിക്കുന്നപക്ഷം ഹർജിയെപ്പററി കോടതി അന്വേഷിക്കയും അതിനു യുക്തമെന്നുതോന്നുന്നതുപോലെ ഹർജി അനുവദിക്കയോ തള്ളുകയോ ചെയ്യേണ്ടതും ആകുന്നു.

(൨) അപേക്ഷിക്കുന്ന ആൾ ഭർത്താവായിരിക്കയും അയാളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നപക്ഷം ൭-ാംവകുപ്പിലെ (iii)-ാംഖണ്ഡത്തിലെ (എ) മുതൽ (സി) വരെയുള്ള ഉപഖണ്ഡങ്ങളിൽ ഉൾപ്പെടുന്ന സംഗതികളിലൊഴികെ, അയാളുടെ അന്തസ്സും മുതലും അവസ്ഥാഭേദങ്ങളും നോക്കി ഭാര്യയ്ക്കു യുക്തമായ പ്രതിഫലമൊ അവളുടെ പുനർവിവാഹംവരെ മാസംതോറും ഒരു ജീവനാംശമൊ കൊടുക്കാൻ കോടതി വിധിക്കേണ്ടതാകുന്നു.

(൩) ഹർജി കൊടുത്തിരിക്കുന്നയാൾ ഭാര്യയായിരിക്കയും അയാളുടെ അപേക്ഷ അനുവദിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ഭർത്താവിന്റെ അന്തസ്സും മുതലും അവസ്ഥാഭേദങ്ങളും നോക്കി അവൾക്കു യുക്തമായ പ്രതിഫലമൊ അവളുടെ പുനർ വിവാഹംവരെ മാസംതോറും ഒരു ജീവനാംശമൊ കൊടുക്കേണ്ടതാകുന്നു.

മേൽപ്രസ്താവിച്ച ഖണ്ഡത്തിൽനിന്നും ഹർജി കൊടുത്തിരിക്കുന്നയാൾ ഭർത്താവാകട്ടെ ഭാര്യയാകട്ടെ ആരു തന്നെ ആയിരുന്നാലും പണം കൊടുക്കണമെന്നു കോടതിയിൽനിന്നും വിധിക്കപ്പെടേണ്ടതായിട്ടുണ്ടെന്നും പ്രതിഫ

ഷം നൽകുന്നതിനുള്ള ഒരു ഡിക്രി ആവശ്യമുള്ളതായിട്ടുള്ളതല്ലെന്നും കാണാവുന്നതാണ്. ഒരുപക്ഷെ, മാസം തോറുമുള്ള ഒരു ജീവനാംശം നൽകണമെന്നായിരിക്കാം ഡിക്രിയിലെ സാരം. അതിനാൽ വിവാഹമോചനത്തിനുള്ള ഒരു അപേക്ഷയിൽ പ്രതിഫലം കൊടുക്കാമെന്നു കാണിച്ചിരിക്കണമെന്നു ഭർത്താവിനെ നിയമംമൂലം ആവശ്യപ്പെടുന്നതിൽവച്ചു യാതൊരു ഉദ്ദേശസാദ്ധ്യവും ഉണ്ടാകുന്നതല്ല. ഹർജി കൊടുത്തിരിക്കുന്നയാൾ ഭർത്താവായാലും ഭാര്യ ആയാലും പണം നൽകാമെന്നു സമ്മതിച്ചാലും ഇല്ലെങ്കിലും അതു കൊടുക്കേണ്ടതായി തന്നെയിരിക്കുന്നു. ഏതായാലും അപേക്ഷിക്കുന്നയാൾ ഭാര്യയായിരിക്കുന്ന സംഗതിയിൽ പ്രതിഫലം കിട്ടുന്നതിനു അവൾ ആവശ്യപ്പെടേണ്ടതാണെന്നു നാം അവളെ നിർബന്ധിക്കുന്നില്ല. എന്നാൽ പ്രതിഫലം നൽകണമെന്നു കോടതിയിൽനിന്നും വാസ്തവത്തിൽ വിധികല്പിക്കുന്നില്ലാത്ത സംഗതിയിലും പ്രതിഫലം നല്കാൻ താൻ സന്നദ്ധനാണെന്നു ഭർത്താവു ഹർജിയിൽ പ്രസ്താവിച്ചിരിക്കേണ്ടതാണെന്നു ൯-ാം ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. അതിനാൽ ൯-ാം ഖണ്ഡികയിലെ പ്രസ്തുത വാചകം അനാവശ്യമായതുകൊണ്ടു അതു എടുത്തുകളയണമെന്നു ഞാൻ വിചാരിക്കുന്നു. അപ്രകാരം ചെയ്യുന്നതായാൽ ആ ൮-ാം ഖണ്ഡത്തിലുള്ള വ്യവസ്ഥകൾക്കു അനുരൂപമായിരിക്കുന്നതുമാകുന്നു.

മേൽപ്രസ്താവിച്ചതിൻവണ്ണമുള്ള ഒരു നിയമാനുസൃതമായ വ്യവഹാരം ഉണ്ടാകണമെന്നു ശാഠ്യമായി ആലോചിച്ചു നായർറഗുലേഷനിൽ എങ്ങിനെയുള്ള വിവരവുംകൂടി ഈ സന്ദർഭത്തിൽ ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. അപ്പോൾ ആ വിധമുള്ള ഒരു ചുമതല ഭർത്താവിന്മേൽ സ്ഥാപിക്കപ്പെടുന്നതു അവശ്യവും ഉപയോഗപ്രദവുമാണെന്നു കാണപ്പെട്ടു; എന്തെന്നാൽ, ആ റഗുലേഷൻ അനുസരിച്ചു ധാരണകളോ പ്രസ്താവിക്കാതെതന്നെ ഒരു വിവാഹമോചനം സിദ്ധിക്കാവുന്നതാണ്. അതിനുശേഷം ആ യാതൊരു ചെലവുകൂടാതെ കൂടി നിയമാനുസൃതമായ ഈ ചുമതലയും ഉപേക്ഷിക്കപ്പെട്ടു. എന്നാൽ ഈഴവറഗുലേഷനിൽ ഈ ചുമതല കാണുന്നുണ്ട്, ഈഴവറഗുലേഷൻ അനുസരിച്ചു കാരണങ്ങൾ പറയാതെതന്നെ വിവാഹമോചനം സിദ്ധിക്കാവുന്നതാകുന്നു. എന്നാൽ ഈ ബില്ലിൽ ചില കാരണങ്ങളെ ആസ്പദമാക്കി മാത്രമേ വിവാഹമോചനം സിദ്ധിക്കയുള്ളൂ. അതുകൊണ്ടു ആ വാചകം എടുത്തുകളയേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ജാജ് (ആ. ഗവർണ്മെൻറ ചീഫ്സെക്രട്ടറി): ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. എം. ശിവതാണുപിള്ള (നോമിനേറ്റഡ്): ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ഭേദഗതിയെ സഭ സ്വീകരിച്ചിരിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപത്തെ വോട്ടിനിടുകയും അതു സഭ പാസ്സാക്കുകയും ചെയ്തു.

ഭേദപ്പെടുത്തപ്പെട്ട ഖണ്ഡത്തെ ബില്ലിനോടു ചേർത്തു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ൯-ാം ഖണ്ഡം സംബന്ധിച്ചു ഇനി വേറൊരു ഭേദഗതികൂടി എനിക്കു ഹാജരാക്കാനുണ്ട്; അതു താഴെപ്പറയുംപ്രകാരമാണ്:—

൯-ാം ഖണ്ഡത്തിലെ ൧-ാം ഖണ്ഡികയെ ൧-ാം ഉപവകുപ്പായി നമ്പരിടുകയും, ൯-ാം ഖണ്ഡത്തിലുള്ള കരടിൽ പകരം താഴെപ്പറയുന്നതിനെ (൨)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യണം.

"ഭർത്താവു മൈനറാണെന്നു വരികിലും അവൾക്കു പതിനാറുവയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ വിവാഹമോചനം വേണമെന്നു അവൾക്കുതന്നെ അപേക്ഷിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്."

ഈ വ്യവസ്ഥയുടെ ഉദ്ദേശം താഴെപ്പറയുന്നതാണ്; ഭർത്താവിനോ ഭാര്യക്കോ വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടു അപേക്ഷ കൊടുക്കാമെന്നു ൯-ാം ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. എന്നാൽ ഭർത്താവോ ഭാര്യയോ മൈനറായിരിക്കുന്ന സംഗതിയിൽ എന്താണു ചെയ്യേണ്ടത്? സിവിൽനടപടിനിയമം അനുസരിച്ചു അവനോ അവൾക്കോ തന്നത്താൻ യാതൊന്നുംതന്നെ ചെയ്വാൻ സാധിക്കുന്നതല്ല; എല്ലാം ഒരു രക്ഷകർത്താവിൻെറ സഹായത്തോടുകൂടി ചെയ്യേണ്ടതായിരിക്കുന്നു. ഭാര്യ മൈനർ ആയിരിക്കുന്ന സംഗതിയിൽ ഒരു രക്ഷകർത്താവിൻെറ സഹായമില്ലാതെ അവൾക്കുതന്നെ അപേക്ഷകൊടുക്കാൻ അവകാശം നൽകണമെന്നുള്ള ഉദ്ദേശമാണ് മേൽപ്രസ്താവിച്ച കരടിൽ അടങ്ങിയിരിക്കുന്നത്. അതിനാൽ ഇതൊരു പ്രത്യേകമായിട്ടുള്ള വ്യവസ്ഥയാണ്; അതല്ലാതെ അതിനെ നിയമത്തിൻെറ ഒരു കരടായി വിചാരിക്കാൻ പാടില്ല. ഒരു അപേക്ഷ കൊടുക്കാമെന്നു നിയമഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഈ ഖണ്ഡപ്രകാരം കൂടുതലായി ഒരു അവകാശംകൂടി നൽകുന്നതല്ലാതെ നിയമഖണ്ഡപ്രകാരം സിദ്ധിക്കപ്പെട്ടിട്ടുള്ള യാതൊരു അവകാശത്തെയും അതു കുറയ്ക്കുകയോ കരപ്പെടുത്തുകയോ ചെയ്യുന്നില്ല. അതിനാൽ ഇതിനെ ഒരു ഉപഖണ്ഡമായി ചേർക്കാവുന്നതാണ്. മേല്പറഞ്ഞ കാരണങ്ങൾകൊണ്ടു കരടിനെ ഉപേക്ഷിച്ചു അതിനുപകരം പ്രത്യേകമായൊരു ഉപഖണ്ഡത്തെ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു; ഉപഖണ്ഡം താഴെപ്പറയുന്നതാണ്.

"(൨) ഭർത്താവു മൈനറാണെന്നുവരികിലും അവൾക്കു ൧൬ വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ വിവാഹമോചനം വേണമെന്നു അവൾക്കുതന്നെ അപേക്ഷിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്."

ഇതിനുമുമ്പുള്ള ഖണ്ഡികയെ (൧)-ാം ഉപഖണ്ഡമായി നമ്പരിട്ട ഇതിനെ (൨)-ാം ഉപഖണ്ഡമായി നമ്പരിടാവുന്നതാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: അപ്രകാരമാണെങ്കിലും ആ വ്യവസ്ഥതന്നെ നായർറഗുലേഷനിലും ഈഴവറഗുലേഷനിലും ഉള്ളതായി ഞാൻ വിശ്വസിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ. എന്നാൽ മേൽപ്രസ്താവിച്ച സംഗതിയെ മനസ്സിലാക്കിയിട്ടുള്ള സ്ഥിതിക്കു ആ ഭേദഗതിയെ നിയമമാക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: അതിനെ ഒരു ഉപഖണ്ഡമായി ചേർക്കണം എന്നുവരികിലും നായർറഗുലേഷനിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളെ ഉപയോഗിക്കുന്നതല്ലയോ ഉത്തമം?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): "വിവാഹമോചനം" എന്ന പദത്തിനുപകരം "വിവാഹം വേർപെടുത്തൽ" എന്നപദങ്ങൾ ഉപയോഗിച്ചിട്ടുള്ളതല്ലാതെ വേറെ വ്യത്യാസമൊന്നുമില്ലാത്തതാകുന്നു. ഈ ബില്ലിൽ "വിവാഹമോചനം" എന്നപദം ഒരിടത്തും ഉപയോഗിച്ചിട്ടില്ല. പദങ്ങളിൽ വ്യത്യാസമൊന്നും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി "വിവാഹം വേർപെടുത്തൽ" എന്നപദങ്ങൾ ഉപയോഗിച്ചിരിക്കുന്നു എന്നുമാത്രമേയുള്ളൂ.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റ സെക്രട്ടറി): ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതേവിഷയത്തെ സംബന്ധിച്ചുള്ള എല്ലാ റെഗുലേഷനുകളിലും ഒരേ രീതിതന്നെ അനുഷ്ഠിക്കുന്നതു നന്നായിരിക്കയില്ലയോ എന്നതിനെക്കുറിച്ചുമാത്രമേ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചിടത്തോളം എനിക്കു വിഷമം തോന്നുന്നുള്ളു. നായർറെഗുലേഷനിലും ഈഴവറെഗുലേഷനിലും മേൽപ്രസ്താവിച്ചതിനെ ഒരു ഖണ്ഡംമുഖേന നിയമമാക്കിയിട്ടുണ്ട്. ഒരു ഖണ്ഡം ഉൾപ്പെടുത്തുന്നതുകൊണ്ടു എന്തോ കുറവുസംഭവിക്കുന്നു എന്നു വിചാരിക്കാൻ പാടില്ല. ഒരു ഖണ്ഡം ഉൾപ്പെടുത്തുന്നതുകൊണ്ടു പ്രധാനപ്പെട്ട നിയമവകുപ്പിന്റെ അർത്ഥത്തിൽ എന്തെങ്കിലും കുറവുസംഭവിക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എനിക്കു സംശയമുണ്ട്. മുൻപ്രസ്താവിച്ച രണ്ടു റെഗുലേഷനുകളിലും മേൽപ്പറഞ്ഞ രീതിയാണു നാം അനുകരിച്ചിട്ടുള്ളതു്. "വിവാഹമോചനം" എന്ന വാക്കിനുപകരം "വിവാഹം വേർപെടുത്തൽ" എന്ന വാക്കുകളെ ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം എനിക്കു ഭിന്നാഭിപ്രായമില്ല; എന്തെന്നാൽ എന്റെ സ്നേഹിതൻ പ്രസ്താവിച്ചതുപോലെ ഒന്നാമതുപറഞ്ഞ വാക്കു ബില്ലിൽ ഉപയോഗിച്ചിട്ടേയില്ല. വിവാഹമോചനത്തെപ്പറ്റിമാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. അതിനാൽ മററു രണ്ടു റെഗുലേഷനുകളിൽ ഉപയോഗപ്പെടുത്തിയിട്ടുള്ള പദങ്ങളിൽ വ്യത്യാസം വരുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇത്രയുംമാത്രമേ എനിക്കു പറയേണ്ടതായിട്ടുള്ളു. ഇതൊരു നിർദ്ദേശംമാത്രമായിട്ടേ നിങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നുള്ളു; അതല്ലാതെ ആക്ഷേപമായി കൊണ്ടുവന്നിട്ടുള്ളതല്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: ഇതുകൊണ്ടു ഏതെങ്കിലും വ്യത്യാസം ഉണ്ടാകുന്നതായി ഞാൻവിചാരിക്കുന്നില്ല. ഭേദഗതിയെ സഭ അംഗീകരിച്ചിട്ടുള്ളതായി ഞാൻ കരുതട്ടെയോ?

ഭേദഗതി വോട്ടിനിടുകയും ആയതു അംഗീകരിക്കപ്പെടുകയുംചെയ്തു.

ഭേദപ്പെടുത്തപ്പെട്ട ഖണ്ഡത്തെ ബില്ലിൽചേർത്തു.

ഖണ്ഡം വ്യ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ഹാജരാക്കണമെന്നുദ്ദേശിക്കുന്ന അടുത്ത ഭേദഗതി വ്യ-ാംഖണ്ഡം (ഫ)-ാം ഉപഖണ്ഡത്തെ സംബന്ധിച്ചതാകുന്നു; അതു താഴെ പറയും പ്രകാരമാണ്:—

"(എ) മുതൽ (സി) വരെ ഉപഖണ്ഡങ്ങളിൽ ഉൾപ്പെടുന്ന സംഗതികളിലൊഴികെ" എന്നുള്ള വാക്കുകൾക്കു പകരം "(ഡി) ഉപഖണ്ഡത്തിൽ ഉൾപ്പെടുന്ന സംഗതികളിൽ" എന്ന വാക്കുകൾ ചേർക്കണം.

ഇപ്രകാരം ഭേദപ്പെടുത്തുന്നതിന്റെ ഉദ്ദേശം താഴെ പറയുന്നതാണ്. അപേക്ഷിക്കുന്ന ആൾ ഭർത്താവായിരിക്കുന്നപക്ഷം വിവാഹമോചനത്തിനുള്ള കാരണം ഉ-ാംഖണ്ഡത്തിലെ (എ) മുതൽ (സി) വരേയുള്ള ഉപഖണ്ഡങ്ങളിൽ വ്യവസ്ഥചെയ്തിട്ടുള്ള ഏതെങ്കിലും കാരണമാണെങ്കിൽ കോടതിയിൽനിന്നും ഒരു ഡിക്രിമൂലം പ്രതിഫലമോ പ്രതിമാസമുള്ള ജീവനാംശമോ നൽകുന്നതാണ്. വിവാഹമോചനത്തിനു അഞ്ചു കാരണങ്ങളാണ് ഉ-ാംഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്നതു്. (എ) വ്യഭിചാരം. (ബി) ഒന്നിൽകൂടുതൽ ഭാര്യ ഉണ്ടായിരിക്കുക, (സി) മതപരിവർത്തനം. (ഡി) മാനസികമായോ കായികമായോ ഉള്ള തീരാവ്യാധി. (ഇ) ഭാര്യയോടുള്ള നിർദ്ദയമായ നിത്യപെരുമാററം ഇവയാണു മേൽപ്രസ്താവിച്ച അഞ്ചു കാരണങ്ങൾ. അതിനാൽ ഇപ്പോഴുള്ള പദങ്ങളെത്തന്നെ നാം സ്വീകരിക്കുന്നതായാൽ (ഡി)-യും (ഇ)-യും ഖണ്ഡങ്ങളിൽ ഉൾപ്പെടുന്ന സംഗതികളിൽ ഭർത്താവു പ്രതിഫലം കൊടുക്കേണ്ടതായി വരുന്നതാണ്. ഇപ്രകാരം (ഇ) ഖണ്ഡം അനുസരിച്ചു, ഭാര്യയോടുള്ള നിർദ്ദയമായ നിത്യപെരുമാററത്തിനെ അടിസ്ഥാനപ്പെടുത്തി വിവാഹമോചനം വേണമെന്നു ഭർത്താവിനു അപേക്ഷിക്കാമെന്നു വരും. തന്റെ ഭാര്യയോടു നിർദ്ദയമായി പെരുമാറുന്ന ഭർത്താവിനു വിവാഹമോചനം വേണമെന്നു അപേക്ഷിക്കാൻ അവകാശം കൊടുക്കണമെന്നല്ലല്ലോ ബില്ലിന്റെ ഉദ്ദേശം. അതുകൊണ്ടു ഒരു ഖണ്ഡം അനുസരിച്ചുമാത്രമേ അയാൾ പ്രതിഫലം കൊടുക്കേണ്ടതായിട്ടുള്ളു: അതു (ഡി) ഖണ്ഡം ആകുന്നു. അതിനാൽ "(എ) മുതൽ (സി) വരേയും (ഇ)-യും ഖണ്ഡങ്ങളിൽ ഉൾപ്പെടുന്ന സംഗതികളിലൊഴികെ" എന്നു പ്രസ്താവിക്കുന്നതിനുപകരം "(ഡി) ഖണ്ഡത്തിൽ ഉൾപ്പെടുന്ന സംഗതികളിൽ" എന്നു പറയുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇതിന്റെ ചുരുക്കം ഇത്രമാത്രമേയുള്ളു. ഈ ഭേദഗതിയെ സഭ അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): "(എ) മുതൽ (സി) വരേയും (ഇ)-യും ഉപഖണ്ഡങ്ങളിൽ ഉൾപ്പെടുന്ന സംഗതികളിലൊഴികെ" എന്നു പ്രസ്താവിക്കുന്നതുപോലെതന്നെയാണ് ഇതിന്റെ ഫലവും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അതെ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അയാൾ തന്റെ ഭാര്യയോടു നിർദ്ദയമായി നിത്യം പെരുമാറുന്നുണ്ടെന്നിരിക്കിലും വിവാഹമോചനത്തിനു അയാൾതന്നെ അപേക്ഷിക്കാവുന്നതായ ഏതെങ്കിലും ഒരു ഘട്ടം ആലോചിക്കപ്പെടാവുന്നതല്ലേ? ഇപ്രകാരം സംഭവിക്കാവുന്നതായ അസാധാരണഘട്ടങ്ങൾ ഉണ്ടായേക്കാവുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അപ്രകാരം ഈ ബില്ലിൽ ഉദ്ദേശിക്കുന്നതായിട്ടോ അങ്ങനെയുള്ള ഒരു വ്യവസ്ഥയെ ഈ സഭ പിൻതാങ്ങുമെന്നോ ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): വേറെവല്ല കാരണത്തേയും അടിസ്ഥാനപ്പെടുത്തി ഭർത്താവ് ഹർജികൊടുക്കുകയും ഭാര്യയോടു ഭർത്താവു നിർദ്ദയമായി പെരുമാറുന്നു എന്നു കാണിക്കാൻവേണ്ടി തെളിവുകൊടുക്കുകയും ചെയ്യുന്നതായ ഒരു ഘട്ടം ഉണ്ടാകയില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അപ്രകാരമുള്ള സംഗതികളിൽ (ഇ) ഖണ്ഡത്തിൽ പ്രസ്താവിച്ചിരിക്കുന്ന കാരണത്തെ അടിസ്ഥാനപ്പെടുത്തിയല്ല ഭർത്താവു ഹർജികൊടുക്കുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): വേറെ ഏതെങ്കിലും കാരണത്തെ അടിസ്ഥാനപ്പെടുത്തി അയാൾ ഹർജി കൊടുക്കുകയും എന്നാൽ ഭാര്യയോടു നിർദ്ദയമായി നിത്യം പെരുമാറുന്നു എന്നു കാണിക്ക

ന്നതിലേക്ക തെളിവുകൾ കൊടുക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള സംഗതികളിൽ അതിനെ അടിസ്ഥാനപ്പെടുത്തിയല്ല അപേക്ഷ കൊടുക്കുന്നു എന്നുവരികിലും കോടതിക്ക പ്രതിഫലം നൽകുന്നതു യോഗ്യമായിട്ടുള്ളതല്ലയോ? (ഇ) ഖണ്ഡത്തെ ഏറ്റെടുക്കുകയുന്നപക്ഷം ആ ബുദ്ധിമുട്ട ഉത്ഭവിക്കുന്നതാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: ആയതു (ഇ) ഖണ്ഡത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ലെങ്കിൽ അതെങ്ങനെ ഉത്ഭവിക്കും?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): (ഇ) ഖണ്ഡത്തെ അടിസ്ഥാനപ്പെടുത്തിയല്ല ഹർജി കൊടുത്തിട്ടുള്ളതെങ്കിലും അപ്പോൾ പ്രതിഫലം നൽകേണ്ടതായ കേസുകൾ ഉണ്ടായിരിക്കയില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ആദ്യത്തെ നാലു കാരണങ്ങളിൽ ഏതെങ്കിലും ഒരു കാരണത്തെപ്പററി ഭർത്താവുതന്നെ ഹർജിയിൽ പ്രസ്താവിച്ചിരിക്കയും അപ്രകാരമുള്ള കാരണങ്ങൾ തെളിയിക്കാതിരിക്കയും ചെയ്യുന്നപക്ഷം വിവാഹമോചനത്തിനു കോടതി ഉൾപ്പെടാതിരിക്കുന്നെങ്കിൽ ഹർജി തള്ളുന്നതാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): കാര്യസ്ഥിതി എന്തുതന്നെ ആയിരുന്നാലും കോടതിക്കു പ്രതിഫലം നൽകേണ്ടതായ കേസുകൾ ഉത്ഭവിക്കുന്നതല്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): വിവാഹമോചനം വേണമെന്നോ വേണ്ടെന്നോ കോടതിക്കു പറയാവുന്നതാണ്. വേണമെന്നു അവർ ആവശ്യപ്പെടുന്നപക്ഷം വിവാഹമോചനം അനുവദിക്കും. അതിനെ അവർ എതിർക്കുന്നതായാൽ ഹർജിയിൽ പറഞ്ഞിട്ടുള്ള കാരണങ്ങളെ ഭർത്താവ് തെളിയിക്കേണ്ടതായിവരും. (ഇ) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കാരണം അയാൾ പറഞ്ഞിരിക്കുന്ന കാരണങ്ങളിൽ ഒന്നായിരിക്കാൻതരമില്ല. മറ്റുള്ള കാരണങ്ങളെ തെളിയിക്കാത്തപക്ഷം ഹർജി തള്ളപ്പെടും; അതുകൊണ്ടു വിവാഹമോചനത്തിനുള്ള ഹർജി ഭർത്താവു കൊടുക്കുന്നു എന്നുവരികിൽ കോടതിയോടുള്ള നിർണ്ണയപെരുമാററത്തെസംബന്ധിച്ചുള്ള സംഗതി അതിൽ ഉത്ഭവിക്കുന്നതല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കോടതി ഭർത്താവിനോടു നിർണ്ണയമായി പെരുമാറുന്നസംഗതികളിൽ എന്തെങ്കിലും ആക്ഷേപമുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതിനെപ്പററി ഉദ്ദേശിച്ചിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അമേരിക്കായിൽ നടന്നതായ ഒരു ദൃഷ്ടാന്തത്തെ ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. അവിടെ ഒരു സ്ത്രീ തന്റെ ഭർത്താവിനെ കടിക്കാൻ ഉദ്യമിച്ചപ്പോൾ ഭർത്താവിനു സ്വയരക്ഷക്കു അവകാശമുണ്ടെന്നു തീരുമാനിച്ചിരിക്കുന്നു. (ചിരി)

ഡെപ്യൂട്ടിപ്രസിഡന്റ്: നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതിയെ സ്വീകരിക്കുന്നതിനു എന്തെങ്കിലും ആക്ഷേപമുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇതൊരു ന്യായമായ ഭേദഗതിയാകുന്നു എന്നു ഞാൻ വിചാരിക്കുന്നു; അതിനെ സ്വീകരിക്കേണ്ടതാണ്.

ഭേദഗതിയെ വോട്ടിനിടുകയും അതു പാസ്സാക്കപ്പെടുകയും ചെയ്തു.

ഭേദപ്പെടുത്തപ്പെട്ട ഖണ്ഡത്തെ ബില്ലിനോടുചേർത്തു.

൩൦-ം ൩൧-ം ഖണ്ഡങ്ങൾ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ൩൦-ം ൩൧-ം ഖണ്ഡങ്ങളും ൩൨-ാം ഖണ്ഡവും സംബന്ധിച്ചു ഇനിയും ഭേദഗതികളുണ്ട്. ഈ ഭേദഗതികളെ സംബന്ധിച്ചുള്ള നോട്ടീസു അയച്ചതിനുശേഷം ഈ ബില്ലിന്റെ ആദ്യത്തെ ഭാരവാഹിത്വം വഹിച്ചിരുന്ന നമ്മുടെ ഡെപ്യൂട്ടിപ്രസിഡന്റുമായി ഞാൻ ഒരു സംഭാഷണം നടത്തുകയുണ്ടായി; ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ പ്രസ്തുത ബില്ലിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തിനു വിപരീതമായിട്ടുള്ളവയാണെന്നു അദ്ദേഹം വിചാരിക്കുന്നതായി എനിക്കു മനസ്സിലായി. ഇതിനുപുറമെ ക്ലിപ്തമായി നിയമിക്കപ്പെട്ടിട്ടുള്ള മെമ്പറന്മാരും ഈ ഭേദഗതികളെ സംബന്ധിച്ചിടത്തോളം വിപരീതാഭിപ്രായക്കാരാണെന്നു എനിക്കു മനസ്സിലായി. ഒരു ബില്ലിന്റെ മൂന്നാമത്തെ വായനയിൽ അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഭേദപ്പെടുത്തുന്നതു സാധാരണയല്ല; അതുകൊണ്ടു ഭിന്നാഭിപ്രായത്തിനു ഇടയായിത്തീരാവുന്നതായ യാതൊരു ഭേദഗതിയും ഹാജരാക്കണമെന്നു ഞാൻ തീർച്ചയായും വിചാരിക്കുന്നില്ല. എന്നാൽ പ്രസ്തുത ഖണ്ഡങ്ങളെ സംബന്ധിച്ചിടത്തോളം ചില ഭേദഗതികൾ ആവശ്യമാണെന്നു ഡെപ്യൂട്ടിപ്രസിഡന്റും മററു അംഗങ്ങളും അഭിപ്രായപ്പെടുന്നുണ്ട്. അതിനാൽ ഈ ബില്ലിന്റെ മേലുള്ള ആലോചനയെ വെള്ളിയാഴ്ചയ്ക്കുള്ള അനൌദ്യോഗസ്ഥമാലോചനകൾ നടത്തിയതിനുശേഷം അന്നുച്ചവരെ മാററിവെയ്ക്കേണ്ടതാണെന്നു സഭ എന്നോടു യോജിക്കുന്നപക്ഷം ഞാൻ അഭിപ്രായപ്പെടുന്നു. വാദപ്രതിവാദം ഉണ്ടാകുന്നപക്ഷം യാതൊരു ഭേദഗതിയും ഹാജരാക്കപ്പെടുന്നതല്ല. എല്ലാവർക്കും ഹിതമായിരിക്കുന്ന ചില ഭേദഗതികൾ ഹാജരാക്കപ്പെടുന്നതാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: അദ്ദേഹം ഹാജരാക്കണമെന്നുദ്ദേശിച്ചിരിക്കുന്നതായ ഭേദഗതികളെ വെള്ളിയാഴ്ച ഉച്ചയ്ക്കു ഹാജരാക്കുന്നതാകുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരിമേടും): അന്നുച്ചയ്ക്കു അഞ്ചുമണിക്കു മുമ്പായി അനൌദ്യോഗസ്ഥമാലോചനകൾ തീർന്നില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഡെപ്യൂട്ടിപ്രസിഡന്റ്: അഞ്ചുമണിക്കു അതു അവസാനിക്കും. മിസ്റ്റർ പരമേശ്വരൻപിള്ള പ്രസ്താവിച്ചതുപോലെ വാദപ്രതിവാദത്തിനു ഇടയായിത്തീരുന്നതായ യാതൊരു ഭേദഗതിയും ഹാജരാക്കപ്പെടുന്നതല്ല. അതുസംബന്ധിച്ചു ഭിന്നാഭിപ്രായമില്ലാത്തപക്ഷം അതിലേക്കു രണ്ടു മിനിട്ടിൽ കൂടുതൽ സമയം ആവശ്യപ്പെടുന്നതല്ല. ഹാജരാക്കണമെന്നു ഉദ്ദേശിക്കപ്പെടുന്ന ഭേദഗതി വാദപ്രതിവാദത്തിനു ഇടയാക്കിത്തീർക്കുന്നതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിലേക്കുള്ള പേരുകളും മുമ്പേകൂട്ടിതന്നെ സഭയ്ക്കു നൽകുന്നതാണ്. വെള്ളിയാഴ്ചവരെ മാററിവെയ്ക്കുന്നതിനു വല്ലതായിട്ടുള്ള ആക്ഷേപമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അപ്രകാരം ചെയ്യാത്ത

പക്ഷം സഭയുടെ അടുത്ത യോഗംവരെ ഈ വിഷയം മാററിവയ്ക്കപ്പെടേണ്ടതായിരിക്കുന്നു. അതുമൂലം സംബന്ധപ്പെട്ട സമുദായത്തിനു വല്ലതായ അസൌകര്യം നേരിടുന്നതാകുന്നു. ഹാജരാക്കണമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിയുടെ ഫലം എത്രത്തോളമുണ്ടായിരിക്കുമെന്നു എല്ലാ മെംബറന്മാർക്കും അറിയുന്നതിനു സൌകര്യമുണ്ടാക്കിക്കൊടുക്കുന്നതിലേക്കു അതിന്റെ ഓരോ പ്രതിയും ഓരോ മെംബർക്കും നൽകുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ട്. വേറൊരു ദിവസത്തേക്കു, സൌകര്യമുള്ളപക്ഷം അടുത്ത വെള്ളിയാഴ്ചക്കു മാററിവയ്ക്കുന്നതിനു സഭയ്ക്കു സമ്മതമുണ്ടെന്നു ഞാൻ വിചാരിക്കട്ടയോ?

൧൩-ാം ൧൪-ാം ൧൫-ാം ഖണ്ഡങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദം വേറൊരു ദിവസത്തേക്കു മാററിവയ്ക്കുന്നതിനു സഭ സമ്മതിച്ചു.

ചലനചിത്രപ്രദർശന ബിൽ.

മി. കയ്യാല പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ചലനചിത്രപ്രദർശനബില്ലിനെ സംബന്ധിച്ചുള്ള പ്രത്യേക കമ്മിററിയുടെ റിപ്പോർട്ടു ഞാൻ ഹാജരാക്കുകയും റിപ്പോർട്ടു ചെയ്തിരിക്കുന്നതിനുമുള്ള ബില്ലിനെ ആലോചനയ്ക്കു എടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി): അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ബില്ലിനെപ്പററിയുള്ള ആലോചന ഇന്നുകൊണ്ടു അവസാനിക്കയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഡെപ്യൂട്ടിപ്രസിഡൻറ്: ഭേദഗതികളിൽ പലതിനെയും സംബന്ധിച്ചിടത്തോളം അധികംസമയം ആവശ്യപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. എത്രത്തോളം ജോലി നമുക്കു തീർക്കാമോ അത്രത്തോളം നമുക്കു ചെയ്തു തീർക്കാവുന്നതാണ്. ഇതിലേക്കു അധികം സമയം വേണ്ടിവരികയില്ലെന്നാണ് എന്റെ അഭിപ്രായം. ഇനി ഭേദഗതികളെ സംബന്ധിച്ചുള്ള ആലോചനതുടങ്ങാം.

൧-ാം ഖണ്ഡം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ താഴെപ്പറയുന്ന ഭേദഗതി ഹാജരാക്കുന്നു:—

(൧)-ാം (൨)-ം വരികളിൽ "റെഗുലേഷൻ" എന്ന വാക്കിനു പകരം "ആക്ററ്" എന്ന വാക്കു ഉപയോഗിക്കണം:

ഞാൻ ഹാജരാക്കിയിട്ടുള്ള ഭേദഗതി വാസ്തവത്തിൽ ബില്ലിന്റെ സാരമായ വിധത്തിൽ ഭേദപ്പെടുത്തുന്നില്ല; എന്നാൽ ഭരണഘടനയെ സംബന്ധിച്ചിടത്തോളം അതിനു അല്പം പ്രാധാന്യമുള്ളതാകുന്നു. ഒരു നിയമസഭയിൽനിന്നും ഉത്ഭവിക്കുന്ന നിയമങ്ങൾക്കു സാധാരണയായി "ആക്ററുകൾ" എന്നാണു പേരുപറയാറുള്ളത്; എന്നാൽ നിയമസഭയിൽനിന്നും പാസ്സാക്കപ്പെടുന്ന ആക്ടിനോ സ്ററാട്ട്യൂട്ടിനോ അനുസരണമായോ ഉണ്ടാക്കപ്പെട്ടതോ ഒരു എക്സിക്യൂട്ടീവ് അധികാരസ്ഥാനത്തിൽനിന്നോ മറേറതെങ്കിലും സംഘത്തിൽനിന്നോ പാസ്സാക്കപ്പെടുന്ന നിയമങ്ങൾക്കു റെഗുലേഷനുകൾ എന്നാണു പേരുപറഞ്ഞുവരുന്നത്. ഇൻഡ്യയിൽ പ്രത്യേകിച്ചും "റെഗുലേഷൻ" എന്ന പദത്തിനു ചരിത്രസംബന്ധമായ കാരണങ്ങൾമൂലം ഒരു പ്രത്യേകത്വംകൂടിയുണ്ടായിട്ടുള്ളത്. അതു് സ്വാതന്ത്ര്യമില്ലായ്മയെത്തന്നെ സൂചിപ്പിക്കുന്നത്. ഒരു നിയമസഭയിൽനിന്നും ഉത്ഭവിക്കുന്ന ഒരു ആക്ടിനോ സ്ററാട്ട്യൂട്ടിനോ അനുസരണമായി പാസ്സാക്കപ്പെടുന്ന ചട്ടങ്ങൾക്കോ ഓർഡിനൻസുകൾക്കോ ആണ് ഈ പദം പലപ്പോഴും ഉപയോഗിച്ചുവരുന്നത്.

അപ്രകാരമുള്ള ചട്ടങ്ങളേയും ഓർഡിനൻസുകളേയും റെഗുലേഷനുകളേയും ഉണ്ടാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനും ഗവർണർജനറൽ ഇൻകൌൺസിലിനെ ആദ്യമായി അധികാരപ്പെടുത്തിയതു് ൧൭൭൩-ൽ റെഗുലേറ്റിംഗ് ആക്ട്പ്രകാരമാണ്. അപ്രകാരമുള്ള ചട്ടങ്ങളും, ഓർഡിനൻസുകളും റെഗുലേഷനുകളും കമ്പനിയുടെ വക സെററിൽമെൻറായ ഫോർട്ടുവില്യത്തിന്റെ നല്ലതായ സിവിൽഭരണത്തിനാകണമെന്നും, അവ ന്യായമായിട്ടുള്ളവയും രാജ്യത്തിലെ നിയമങ്ങൾക്കു വിരുദ്ധമായിട്ടുള്ളവയായിരിക്കരുതെന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളും റെഗുലേഷനുകളും സുപ്രീംകോർട്ടിൽ രജിസ്റ്റർചെയ്തു പ്രസിദ്ധപ്പെടുത്തുന്നതുവരെ അവ സാധുവല്ലാതിരുന്നതും അവ കിംഗ് ഇൻകൌൺസിലിൽ അസ്ഥിരപ്പെടുത്താവുന്നതും ആയിരുന്നു. ൧൭൮൧-ലെ ആക്ററു അനുസരിച്ചു പ്രൊവിൻഷ്യൻ കോടതികളുടെയും കൌൺസിലുകളുടെയും ആവശ്യത്തിലേക്കു റെഗുലേഷനുകൾ രൂപീകരിക്കപ്പെടുന്നതിനു ഗവർണർ ജനറൽ ഇൻകൌൺസിലിനെ അധികാരപ്പെടുത്തി. മുൻപു ബംഗാൾ ഗവണ്മെൻറിനുണ്ടായിരുന്ന അധികാരംപോലെ റെഗുലേഷനുകൾ പാസ്സാക്കുന്നതിനുള്ള അധികാരം മദ്രാസും ബോംബെയും ഗവർണർമാർക്കും കൌൺസിലുകൾക്കും ൧൭൯൭-ലെ ആക്ടുനൽകി. അവയ്ക്കു നിയമസാധുതയുണ്ടായിരിക്കണമെങ്കിൽ സുപ്രീംകോടതിയും റിക്കാർഡേഴ്സ് കോടതിയും അംഗീകരിക്കയും രജിസ്റ്റർചെയ്കയും ചെയ്യേണ്ടതാണ്.

മേൽവിവരിച്ചപ്രകാരം റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനല്ലാതെ യാതൊരു നിയമവും പാസ്സാക്കുന്നതിനു ൧൮൩൩ വരെ ഫോർട്ടുവില്യംഗവണ്മെൻറിനോ മദ്രാസിലെയും ബോംബെയിലെയും ഗവർണർമാർക്കോ അധികാരമുണ്ടായിരുന്നില്ല. ൧൮൩൩-ലെ ചാർട്ടർആക്ട്പ്രകാരമാണു ഇൻഡ്യൻഗവണ്മെൻറിന്റെ നിയമനിർമ്മാണാധികാരത്തെ പൂർണ്ണമായി ഗവർണർ ജനറൽ ഇൻകൌൺസിലിനു നൽകിയതു. ൧൮൩൩-ലെ ആക്ടു അനുസരിച്ചുണ്ടാക്കപ്പെട്ട നിയമങ്ങൾക്കു ആക്ടുകൾ എന്ന പേർകൊടുക്കയും അവ മുൻപുണ്ടായിരുന്ന പാർലമെൻറു ആക്ടുകൾ അനുസരിച്ചുണ്ടാക്കപ്പെട്ടിരുന്ന റെഗുലേഷനുകളുടെ സ്ഥാനംവഹിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ അധികാരാതിർത്തികൾക്കുള്ളിൽ പ്രാദേശികവിഷയങ്ങളെ സംബന്ധിച്ചുള്ള നിയമങ്ങളെ പാസ്സാക്കുന്നതിനുള്ള അധികാരം മദ്രാസിനും ബോംബെക്കും വീണ്ടും നൽകിയതു ൧൮൬൧-ൽ മാത്രമായിരുന്നു. ബോംബെയിലും മദ്രാസിലുമുള്ള ഗവർണറന്മാരുടെ കൌൺസിലുകളിൽ പാസ്സാക്കപ്പെടുന്ന നിയമങ്ങൾക്കും ആക്ടുകൾ എന്നായിരുന്നു പേർപറഞ്ഞുവന്നിരുന്നത്.

ഇപ്രകാരം ൧൮൩൩-നുശേഷം മാത്രമേ ബ്രിട്ടീഷ് ഇൻഡ്യയിലുള്ള നിയമങ്ങൾക്കു ആക്ടുകൾ എന്നു പേരുപറഞ്ഞുവന്നിരുന്നുള്ളു. മദ്രാസ് ഗവണ്മെൻറിൽനിന്നും പാസ്സാക്കപ്പെട്ടിരുന്ന പ്രാദേശികനിയമങ്ങളെ സംബ

ന്ധിച്ചിടത്തോളം അവയ്ക്കു ആക്ടുകൾ എന്ന പേരുണ്ടായതു ൧൯൩൫-നുശേഷം മാത്രമായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ ഇൻഡ്യാഗവണ്മെന്റിന് കൂടുതൽ അധികാരങ്ങൾ സിദ്ധിച്ചപ്പോൾ ഗവണ്മെണ്ടിൽനിന്നും പാസ്സാക്കപ്പെടുന്ന നിയമങ്ങൾക്ക ആക്ടുകൾ എന്നു നാമകരണം ചെയ്യുകയും പാർലമെണ്ടിലെ ആക്ടുകൾക്കു എന്തു പ്രാബല്യമുണ്ടോ അപ്രകാരമുള്ള പ്രാബല്യം അവയ്ക്കും ഉണ്ടായിരിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്കയും ചെയ്തു.

നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഗവണ്മെന്റുമായുള്ള പരസ്പരബന്ധം സംബന്ധിച്ചുള്ള ദുർഘടമായ വിഷയത്തെപ്പററി ആലോചിക്കാതെതന്നെ പ്രിവ്യൂ കൗൺസിൽ നാക്ഷൽ നിയമത്തിന്റെ വ്യാപ്തിയിൽ അപ്രകാരമുള്ള നാട്ടുരാജ്യങ്ങളെ പ്രത്യേകരാഷ്ട്രീയ സമുദായങ്ങളായി വിചാരിക്കപ്പെട്ടുവരുന്നു എന്നും, അവയ്ക്കു സിവിലായും ക്രിമിനലായും സാമ്പത്തികമായും ഒരു സ്വാതന്ത്ര്യഅധികാരം ഉണ്ടെന്നും ഇപ്പോൾ യാതൊരു തർക്കവും കൂടാതെ കരുതിപ്പോരുന്നതായി വിചാരിക്കാവുന്നതാകുന്നു. (ഫിറ്റ്കോബാറ ൨൨-ാംവശം നോക്കുക) ബ്രിട്ടീഷ് നിയമാധികാരവും ജുഡിഷ്യൽ അധികാരവും ബ്രിട്ടീഷ്പ്രജകളെ ഒഴിച്ച് ബ്രിട്ടീഷ് ഇൻഡ്യയുടെ അധികാരാതിർത്തിക്കു വെളിയിൽ വ്യാപിക്കുന്നതല്ലെന്നുള്ള തത്വം പാർലമെന്റും ഇൻഡ്യയിലുള്ള നിയമസഭകളും അംഗീകരിച്ചിട്ടുള്ളതാകുന്നു. അതിനാൽ തിരുവിതാംകൂർ സംസ്ഥാനത്തിനുള്ളിലുള്ള കാര്യത്തെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ചിടത്തോളവും തിരുവിതാംകൂർ സംസ്ഥാനത്തിനു പൂർണ്ണമായ നിയമനിർമ്മാണാധികാരം ഉള്ളതാകുന്നു. അതുകൊണ്ടു തിരുവിതാംകൂറിലുള്ള നിയമസഭയിൽനിന്നും ഉത്ഭവിക്കുന്ന നിയമങ്ങൾക്ക മററു ദിക്കുകളിലുള്ള ആക്ടുകളെന്നപോലെ ആക്ടുകളെന്നു നാമകരണം ചെയ്യാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല. പരിഷ്കാരം സിദ്ധിച്ചിട്ടുള്ളതും മുന്നണിയിൽ നിൽക്കുന്നതുമായ മററു നാട്ടുരാജ്യങ്ങളിൽ പോലും നിയമങ്ങൾക്കു ആക്ടുകൾ എന്നല്ലാതെ റെഗുലേഷനുകൾ എന്ന പേർ കൊടുക്കുന്നില്ല. ബറോഡാ, ഗ്വാളിയർ, ഭോപ്പാൽ, സാംഗ്ലി എന്നീ നാട്ടുരാജ്യങ്ങളെ ഉദാഹരണങ്ങളായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. തിരുവിതാംകൂറിൽ "റെഗുലേഷൻ" എന്നുള്ള പേരു സിദ്ധിച്ചതു എന്തൊരു സന്ദർഭവശാലാണെന്നു ഞാൻ വിചാരിക്കുന്നു. ൧൦൧൦-ൽ അതായതു ൧൮൩൫-ൽ ആണു തിരുവിതാംകൂറിൽ ആദ്യമായി റെഗുലേഷനുകളുടെ ഒരു കോഡു പാസ്സാക്കപ്പെട്ടതു്. അതായതു ൧൭൯൩-നു മുൻപുണ്ടായിരുന്ന ബ്രിട്ടീഷ് ഇൻഡ്യയിലെ റെഗുലേഷനുകളെ അടിസ്ഥാനപ്പെടുത്തിയാണു പാസ്സാക്കിയിട്ടുള്ളതു്. ബ്രിട്ടീഷ് ഇൻഡ്യയിൽ അവയ്ക്കുള്ള പേരിനു വ്യത്യാസം വരുത്തിയിരുന്നു എങ്കിലും തിരുവിതാംകൂറിൽ മുൻപുണ്ടായിരുന്ന പേരുതന്നെ തുടരുന്നതിനെ അനുവദിക്കപ്പെട്ടു. അതിനാൽ ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രോവിൻസുകളിലും മററു നാട്ടുരാജ്യങ്ങളിലും നടക്കുന്നതുപോലെ നമുക്കും കഴിയുന്നിടത്തോളം വേഗത്തിൽ നടത്തുന്നതിനും നമ്മുടെ നിയമസഭയിൽ നിന്നും ഉത്ഭവിക്കുന്ന നിയമങ്ങൾക്ക മററു സ്ഥലങ്ങളിൽ അവയ്ക്കു പേരുകൊടുത്തിരിക്കുന്നതിനനുസരിച്ചു "ആക്ടുകൾ" എന്നു നാമകരണം ചെയ്യുന്നതിനും ശ്രമിക്കേണ്ടതാകുന്നു. നമുക്കുള്ള നിയമനിർമ്മാണ അധികാരങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കുള്ള നിലയെപ്പററി യാതൊരു സംശയവും ഇല്ലാതിരിക്കട്ടെ.

മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടാണു നമ്മുടെ ഇപ്പോഴത്തെ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒരു പൊതുവായ വിഷയത്തെപ്പററി ഞാൻ പ്രതിപാദിക്കയുണ്ടായതു. അതിനാൽ മററുള്ളസ്ഥലങ്ങളിൽ ഇതുപോലെയുള്ള നിയമസഭകളിൽ നിന്നും ഉത്ഭവിക്കുന്ന നിയമങ്ങൾക്ക ആക്ടുകളെന്നു വിളിച്ചുവരുന്നതുപോലെ നമ്മുടെ നിയമസഭയിൽനിന്നും ഇനിമേൽ പാസ്സാക്കപ്പെടുന്ന നിയമങ്ങൾക്കും ആക്ടുകളെന്നു നാമകരണം ചെയ്യേണ്ടതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മി. ജി. പരമേശ്വരൻ പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ഏററവും അഭിനന്ദിക്കുന്നു. ഇതിൽ അന്തർഭവിച്ചിരിക്കുന്നതു ഏതാണ്ടു പദം സംബന്ധിച്ചിട്ടുള്ളതു മാത്രമാണെന്നു വരികിലും ഇപ്പോഴത്തെ ബില്ലിനെസംബന്ധിച്ചിടത്തോളം അതു നടപ്പിൽകൊണ്ടുവരുന്നതിനു സാധിക്കയില്ലെന്നാണു ഞാൻ ഭയപ്പെടുന്നതു. നിയമസഭയിൽ നിന്നും ഉത്ഭവിക്കുന്ന നിയമത്തിനു ഈ സംസ്ഥാനത്തിൽ പേർപറഞ്ഞുവരുന്നതു റെഗുലേഷൻ എന്നാണ്. അനേകം നിയമങ്ങളിൽനിന്നും ചട്ടങ്ങളിൽനിന്നും മററുപ്രമാണങ്ങളിൽനിന്നും ഈ പദമാണു ഇവിടെ സ്വീകരിച്ചിരിക്കുന്നതെന്നു നമുക്കു മനസ്സിലാക്കാൻ മാർഗ്ഗമുണ്ട്. ഇതിനുദാഹരണമായി നിയമസഭാ റെഗുലേഷനിൽ തന്നെ നിയമങ്ങളുണ്ടാക്കുന്നതിനുള്ള രാജാധികാരത്തെ സംബന്ധിച്ചു പ്രതിപാദിക്കുന്ന ൨൦-ാമതുവകുപ്പിൽ റെഗുലേഷനുകളേയും രാജകീയവിളംബരങ്ങളേയുംപററി പ്രസ്താവിച്ചിരിക്കുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"ഈ റെഗുലേഷനിലോ ൧൦൮൬-ലെ ൧-ാം റെഗുലേഷനിലോ ൧൦൭൩-ലെ ൬-ാം റെഗുലേഷനിലോ ൧൦൩൨-ലെ ൨-ാം റെഗുലേഷനിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിയമഭേദഗതിയല്ലാതെ തന്നെ റെഗുലേഷനുകളും വിളംബരങ്ങളും ഉണ്ടാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനുമുള്ള നമ്മുടെ രാജകീയഅവകാശത്തെ അതു ബാധിക്കുന്നതല്ലാത്തതും ആ അവകാശം നമുക്കു എപ്പോഴും ഉണ്ടായിരുന്നിട്ടുള്ളതും അതു നാം ഇപ്പോഴും വെച്ചുകൊണ്ടിരിക്കുന്നു എന്നും ഇതിനാൽ പ്രഖ്യാപനം ചെയ്തിരിക്കുന്നതും ആകുന്നു"

അതിനാൽ നാം ഉദ്ദേശിച്ചിരിക്കുന്ന നിയമങ്ങൾ വിളംബരങ്ങളും റെഗുലേഷനുകളും മാത്രമാകുന്നു. ഇതിനുപുറമെ ൭ (൨)-ാം സ്ഥിരംഉത്തരവിൽ താഴെ പറയുംപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

"അദ്ധ്യക്ഷൻ ആസനസ്ഥനായതിനുശേഷവും ചോദ്യങ്ങൾക്കുള്ള മറുപടികൾ നൽകിയതിനുശേഷവും സിക്രട്ടറി രാജകീയഅനുമതി സിദ്ധിച്ചിട്ടുള്ള റെഗുലേഷനുകൾ ഏതെല്ലാമാണെന്നു സഭയിൽ റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു"

അതിനാൽ നിയമസഭാ സ്ഥിരം ഉത്തരവുകളിലും സ്വീകരിക്കപ്പെട്ടിട്ടുള്ള പദം ഇതുതന്നെയാണെന്നു മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഇതിനുപുറമെ ജനറൽക്ലാസസ് റെഗുലേഷനെ നാം പരിശോധിച്ചാലും നിയമങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന പേര് "റെഗുലേഷൻ" എന്നാണെന്നു മനസ്സിലാക്കാൻ കഴിയും. ഇതിനുദാഹരണമായി ജനറൽക്ലാസസ് റെഗുലേഷനിലെ ൩-ാംവകുപ്പിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഈ റഗുലേഷൻ നടപ്പിൽവന്നതിനുശേഷം പാസ്സാക്കപ്പെടുന്നതായ എല്ലാ റഗുലേഷനുകളേയും അവയിൽ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം ഈ അദ്ധ്യായം ബാധിക്കുന്നതാകുന്നു"

അതുകൊണ്ടു ഈ സംസ്ഥാനത്തിൽ പാസ്സാക്കപ്പെടുന്ന എല്ലാനിയമങ്ങൾക്കും നൽകപ്പെടുന്നപേർ "റഗുലേഷൻ" ആണെന്നുള്ളതിനു യാതൊരുതർക്കവുമില്ലാത്തതാകുന്നു. കുറേക്കൂടി ഗൌരവതരവും സ്വതന്ത്രമായ നിയമസഭകൾക്കു യോജിക്കുന്നതായ "ആക്ട്" എന്നപേർ ഈസഭയിൽനിന്നും പാസ്സാക്കപ്പെടുന്ന നിയമങ്ങൾക്കു നൽകണമോ എന്നുള്ള വിഷയം പൊതുപരിപാടിയുടെ ഒരു ഭാഗമായി നിയമസഭറഗുലേഷനേയും സ്ഥിരംഉത്തരവുകളേയും ചട്ടങ്ങളേയും ഭേദപ്പെടുത്തുമ്പോൾ ആലോചിക്കപ്പെടേണ്ടതും ഈബില്ലിനെ സംബന്ധിച്ചുള്ള ഒരു ഭേദഗതി ഉൽഭവിക്കുന്നില്ലെന്നു ഞാൻ വിചാരിക്കുന്നതുമാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നിയമസഭാറഗുലേഷനെ ഭേദപ്പെടുത്തുന്നസംഗതി ആലോചിക്കുമ്പോൾ ഇക്കാര്യത്തെപ്പററി ആലോചിക്കാമെന്നോ അതല്ല അടുത്തനിയമം ഗവർമെൻറിൽനിന്നും ഹാജരാക്കുമ്പോൾ ആകുന്നിടത്തോളം വേഗത്തിൽ ഇപ്രകാരമുള്ള ഒരു ഭേദഗതി ഹാജരാക്കാമെന്നോ എന്റെസ്നേഹിതൻ വിചാരിക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററി ആലോചിക്കാവുന്നതാണു.

ഡെപ്യൂട്ടിപ്രസിഡൻറു: ഈ വിഷയം ആലോചിക്കപ്പെടേണ്ടതാണു. അതിനെപ്പററി ഗവർമെൻറു ആലോചിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ജനറൽ ക്ലാസസ് റഗുലേഷനെ ഭേദപ്പെടുത്തിയാലെന്തു?

ഡെപ്യൂട്ടിപ്രസിഡൻറു: അപ്രകാരം ചെയ്യേണ്ടിട്ടാവശ്യമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഇപ്പോൾ അതിനുള്ള ആക്ഷേപമെന്താണ?

ഡെപ്യൂട്ടിപ്രസിഡൻറു: ഗവർമെൻറിൽനിന്നും ആലോചിക്കണമെന്നാണ അദ്ദേഹം പറയുന്നതു. അതിനെപ്പററി ഇപ്പോൾ ആലോചിക്കണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നു. അത്രയുംമാത്രമേ നിങ്ങൾ ആവശ്യപ്പെടുന്നുള്ളു. അതിനെപ്പററി ഗവർമെൻറു ആലോചിക്കും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സഭയുടെ അടുത്തയോഗത്തിലെങ്കിലും ഗവർമെൻറിന്റെ തീരുമാനം എന്താണെന്നു അറിയുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു. നിയമസഭാചട്ടങ്ങളെ പുതുക്കുന്നതു വരെ കാത്തിരിക്കണമെന്നു ആവശ്യപ്പെടരുതു. അതിലേക്കു ഒരുപക്ഷേ വളരെ കാലതാമസമുണ്ടാകുന്നതാണ. സഭയുടെ ആഗ്രഹം എന്താണെന്നു ഗവർമെൻറിനു അറിയണമെന്നുണ്ടെങ്കിൽ അതു വോട്ടിനിടാവുന്നതാണു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറു: മി. ജി. പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ സംബന്ധിച്ചടത്തോളം പൊതുവായി മെമ്പറന്മാർ യോജിക്കുന്നതാണെന്നാണ എന്റെവിശ്വാസം. അതു പാസ്സാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി സഭയുടെ വോട്ടിനിടണമെന്നു മി. പരമേശ്വരൻപിള്ള ആവശ്യപ്പെടുന്നില്ലെന്നാണ് ഞാൻവിചാരിക്കുന്നതു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇല്ല.

ഡെപ്യൂട്ടിപ്രസിഡൻറു: നിങ്ങളുടെ ഭേദഗതിയെ പിൻവലിക്കുന്നതിനു നിങ്ങൾക്കു മനസ്സുണ്ടെന്നു ഞാൻ വിചാരിക്കട്ടെ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര). അതെ.

സഭയുടെ അനുമതിപ്രകാരം ഭേദഗതി പിൻവലിക്കപ്പെട്ടു.

ഖണ്ഡം ൨.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ ഭേദഗതിയും മുൻപിലത്തേപ്പോലെതന്നെ ആയതുകൊണ്ടു അതിനെഞാൻ ഹാജരാക്കുന്നില്ല. അതിൻവണ്ണം താഴെപ്പറയുന്ന ഭേദഗതി ഹാജരാക്കപ്പെടുന്നില്ല.

വരി (൧) "റഗുലേഷൻ" എന്നവാക്കിനുപകരം "ആക്ട്" എന്നവാക്കു ചേർക്കണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "സ്ഥലം" എന്ന പദത്തിന്റെ അർത്ഥവിവരണത്തിലുള്ള "കൂടി" എന്നവാക്കു എടുത്തുകളയണം എന്നാണ ൨-ാം ഖണ്ഡത്തെ സംബന്ധിച്ചടത്തോളം ഞാൻനിർദ്ദേശിക്കുന്നഭേദഗതി.

൨-ാംഖണ്ഡം താഴെപറയുംപ്രകാരമാണ:— വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം ഈ റഗുലേഷനിൽ;

"ചലനചിത്രപ്രദർശനയന്ത്രം" എന്നതിൽ ചലനചിത്രങ്ങളോ ഇടച്ചിത്രങ്ങളോ പ്രദർശിപ്പിക്കുന്നതിനുള്ള ഏതെങ്കിലും ഉപകരണവും ഉൾപ്പെടുന്നതാണ

"സ്ഥലം" എന്നതിൽ ഒരു പീടികയോ, കെട്ടിടമോ, കൂടാരമോ, ഉരുവോ കൂടി ഉൾപ്പെടുന്നതാണു,

"നിശ്ചയിക്കപ്പെട്ടിട്ടുള്ള" എന്നാൽ ൧൦-ാം റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള എന്നു അർത്ഥമാകുന്നു."

രണ്ടാമത്തെ ഭാഗത്തിൽ "കൂടി" എന്നുള്ള പദത്തിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. സാധാരണയായി ഈ പദം ഉപയോഗിക്കുന്നതു വേറെ ഏതെങ്കിലും പറഞ്ഞതിനുശേഷമാണ്. എന്നാൽ ജനറൽക്ലാസസ് റഗുലേഷനെ പരിശോധിച്ചതിൽ ഇപ്പോഴത്തെ ബില്ലിൽ ഉള്ളതുപോലെയാണ് "സ്ഥലം" എന്നപദത്തിനു അർത്ഥവിവരണം നൽകിയിരിക്കുന്നതായി ഞാൻ കാണുന്നതു്. അതു എനിക്കു പിന്നീടാണു മനസ്സിലാ

ത്തു. അങ്ങിനെയാണെങ്കിലും "കൂടി" എന്ന പദത്തിനു വിശേഷിച്ചു യാതൊരു അർത്ഥവുമില്ലാതിരിക്കുന്ന സ്ഥിതിക്കു അതിനെ ഭേദപ്പെടുത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ: ജനറൽക്ലാസസ് റെഗുലേഷനിൽ എന്താണു അർത്ഥവിവരണം നൽകിയിരിക്കുന്നതു?

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇവിടെയുള്ളതുപോലെതന്നെയാണ് "സ്ഥലം" എന്നതിൽ ഒരുവീടോ, കെട്ടിടമോ, കൂടാരമോ, ഉരുവോ ഉൾപ്പെടുന്നതായിട്ടാണ് അർത്ഥവിവരണം കല്പിച്ചിരിക്കുന്നതു്.

ഡെപ്യൂട്ടി പ്രസിഡൻറ: പ്രസ്തുത അർത്ഥവിവരണം എടുത്തുകളയണമെന്നാണോ നിങ്ങൾ പറയുന്നതു?

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു അനുവാദം തരുന്നപക്ഷം ഭേദഗതിയുടെ വ്യാപ്തിയെ വർദ്ധിപ്പിച്ചു അർത്ഥവിവരണത്തെ എടുത്തുകളയണമെന്നുള്ള ഭേദഗതി ഞാൻ ഹാജരാക്കാം.

ഡെപ്യൂട്ടി പ്രസിഡൻറ: ആ ഭേദഗതിയെ ഹാജരാക്കുന്നതിനു ഞാൻ നിങ്ങൾക്കു അനുവാദം നൽകിയിരിക്കുന്നു.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ എടുത്തു കളയണമെന്നുള്ള ഭേദഗതിയെ ഞാൻ ഹാജരാക്കുന്നു.

മിസ്റ്റർ ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ അതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഭേദഗതിയെ ഞാൻ സ്വീകരിച്ചിരിക്കുന്നു.

ഭേദഗതിയെ വോട്ടിനിട്ടു പാസ്സാക്കി.

ഡെപ്യൂട്ടി പ്രസിഡൻറ: ഭേദപ്പെടുത്തപ്പെട്ടതിൻവണ്ണമുള്ള ൨-ാം ഖണ്ഡം ബില്ലിലെ ഒരു ഭാഗമായിത്തീരുന്നുണ്ടോ?

ഭേദപ്പെടുത്തപ്പെട്ടതിൻവണ്ണമുള്ള ൨-ാം ഖണ്ഡത്തെ ബില്ലിൽ ചേർത്തു.

ഖണ്ഡം ൩.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൩-ാം ഖണ്ഡം താഴെ പറയുംപ്രകാരമാണ്:—

"ഈ റെഗുലേഷനിൽ മേലപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, യാതൊരാളും, ഈ റെഗുലേഷൻപ്രകാരം ലൈസൻസു കൊടുത്തിട്ടുള്ളതല്ലാത്തതായ ഏതെങ്കിലും സ്ഥലത്തോ, ആപ്രകാരമുള്ള ലൈസൻസിലെ ഏതെങ്കിലും നിബന്ധനകളും കരുതലുകളും അനുസരിച്ചല്ലാതെയോ ചലനചിത്രപ്രദർശനയന്ത്രംകൊണ്ടുള്ള ഒരു പ്രദർശനം നടത്താൻ പാടില്ലാത്തതാകുന്നു."

ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതി താഴെപറയുംപ്രകാരമാണ്:—

൩-ാം വരി "give" എന്നുള്ള വാക്കിനു പകരം "hold" അല്ലെങ്കിൽ "conduct" എന്ന വാക്കുചേർക്കണം.

"give" എന്ന വാക്ക ഉപയോഗിക്കുന്നതു നല്ലതായിട്ടുള്ള ഇംഗ്ലീഷ് അല്ലെന്നാണ് എന്റെ ധാരണ. അതുകൊണ്ടാണു പ്രസ്താവഭേദഗതിയെ ഞാൻ നിർദ്ദേശിച്ചിരിക്കുന്നതു്. സാധാരണയായി നാം പറയുന്നതു "പ്രദർശനം നടത്തുക" എന്നാണു. ആ ഉദ്ദേശത്തോടുകൂടിയാണു ഭേദഗതി ഞാൻ നിർദ്ദേശിച്ചിരിക്കുന്നതു. എന്നാൽ ഈ വിഷയത്തെപ്പററി ബ്രിട്ടീഷ് ഇൻഡ്യയിലുള്ള നിയമത്തിൽ ഈ ശബ്ദംതന്നെയാണുപയോഗിച്ചിരിക്കുന്നതെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ കല്ലാഴം പരമേശ്വരൻപിള്ള പറയുന്നു. ഇതു ഇംഗ്ലീഷുഭാഷ ശരിയായോ ശരികേടായോ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു വിഷയമാകുന്നു. അതിനാൽ ഏതാണു ശരിയായിട്ടുള്ളതെന്നതിനെപ്പററി മിസ്റ്റർ പിററിന്റെയും മിസ്റ്റർ റാബിൻസൺന്റെയും അഭിപ്രായമെന്താണെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു. (ചിരി).

മിസ്റ്റർ കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇംഗ്ലീഷ് ആക്ടിലും ഉപയോഗിച്ചിരിക്കുന്ന വാക്ക ഇതുതന്നെയാണ്.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ എനിക്കു അതു ശരിയായിട്ടു തോന്നുന്നു എന്നുവരികിലും ഞാൻ യാതൊരു ആക്ഷേപവും പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ഡെപ്യൂട്ടി പ്രസിഡൻറ: ഈ ഭേദഗതിയെ നിങ്ങൾ ഹാജരാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ ധരിക്കട്ടെ?

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതെ.

ഭേദഗതി പിൻവലിക്കപ്പെട്ടു.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "That" എന്ന വാക്കിനുപകരം "Than" എന്നവാക്ക ചേർക്കണമെന്നാണു ഞാൻ നിർദ്ദേശിക്കുന്ന വേറൊരു ഭേദഗതി.

ഡെപ്യൂട്ടി പ്രസിഡൻറ: അതൊരു അച്ചടി പിശകാണ്.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു അച്ചടി പിശകാണെന്നു മാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളു. അതിൽ കൂടുതലായി ഞാൻ ഒന്നുംതന്നെ ഉദ്ദേശിച്ചിട്ടില്ല. സർക്കാർവക്കീൽ സാധാരണയായി വ്യാകരണസംബന്ധമായ തെററുകൾ ഉണ്ടാക്കുന്നുണ്ടെന്നു പറയുവാൻ ഞാൻ തയ്യാറില്ല.

മിസ്റ്റർ കല്ലാഴം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഭേദഗതിയെ ഞാൻസ്വീകരിച്ചിരിക്കുന്നു. ഭേദഗതിയെ വോട്ടിനിടുകയും അതിനെ പാസ്സാക്കുകയുംചെയ്തു.

ഡെപ്യൂട്ടി പ്രസിഡൻറ: ഭേദപ്പെടുത്തപ്പെട്ട ൩-ാം ഖണ്ഡം ബില്ലിൽ ചേർക്കട്ടെ?

പ്രസ്തുതഖണ്ഡം ബില്ലിൽ ചേർക്കപ്പെട്ടു.

ഖണ്ഡം ൪.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെ പറയുന്ന ഭേദഗതിയെ ഞാൻ ഹാജരാക്കുന്നു.—

൭-ാം വരി "ഗവണ്മെന്റ" എന്ന വാക്കിനുപകരം "നമ്മുടെ ഗവണ്മെന്റ" എന്ന വാക്കുകൾ ചേക്കണം.

ഡെപ്യൂട്ടി പ്രസിഡന്റ: ബില്ലിൽ വേറെസ്ഥലത്തും "നമ്മുടെ ഗവണ്മെന്റ" എന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൪-ാം ഖണ്ഡം താഴെ പറയുംപ്രകാരമാണ്:—

"ഈ റഗുലേഷൻപ്രകാരം ലൈസൻസു കൊടുക്കുന്നതിനു അധികാരമുള്ള അധികൃതൻ (ഇതിനു താഴെ "ലൈസൻസു കൊടുക്കുന്ന അധികാരി" എന്നു പറയുന്നതാണ്) മുനിസിപ്പൽ പ്രദേശങ്ങളിൽ അതാതു നഗരസഭകൾ ഏൎപ്പെടുത്തിയിരിക്കുന്നതും മററു സ്ഥലങ്ങളിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടോ സൎക്കാർ ഗസററിൽ പരസ്യംചെയ്ത് അതിലേക്കായി ഗവണ്മെന്റ നിയമിക്കാവുന്ന മററു അധികാരിയോ ഏൎപ്പെടുത്തിയിരിക്കുന്നതും ആകുന്നു".

"നമ്മുടെ ഗവണ്മെന്റ" എന്നുപയോഗിക്കുന്നതു നന്നായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു. ബില്ലിന്റെ ആദ്യത്തെ ഭാഗത്തിലും ഈ വാക്കുകളുപയോഗിച്ചിരിക്കുന്നു. എല്ലാസ്ഥലങ്ങളിലും ഒരുപോലെയുള്ള വാക്കുകൾ ഉപയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഇതു നിർദ്ദേശിച്ചിട്ടുള്ളതു.

മിസ്റ്റർ കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സൎക്കാർവക്കീൽ): അപ്രകാരം ചെയ്യുന്നതിനു എനിക്കു യാതൊരു ആക്ഷേപവുമില്ല. ബില്ലിലെ മററു ഭാഗങ്ങളിലും "ഗവണ്മെന്റ" എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. ആ സ്ഥലങ്ങളിലും ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആവശ്യമുള്ള ഭേദഗതികളെ ബില്ലിന്റെ അവസാന വായനയിൽ ഞാൻ ഹാജരാക്കിക്കൊള്ളാം.

ഡെപ്യൂട്ടിപ്രസിഡന്റ: ഭേദഗതിയെ സഭ സ്വീകരിച്ചിരിക്കുന്നതായി ഞാൻ കരുതുന്നു.

ഭേദഗതിയെ വോട്ടിനിടുകയും അതിനെ പാസ്സാക്കുകയുംചെയ്തു.

ഭേദപ്പെടുത്തപ്പെട്ട ഖണ്ഡത്തെ ബില്ലിൽചേൎത്തു.

ഖണ്ഡം ൭.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ൪-ാംഖണ്ഡത്തിലുള്ള "ലൈസൻസു കൊടുക്കുന്ന അധികാരി" എന്ന വാക്കുകൾക്കു അൎത്ഥവിവരണം നൾകണം. "ലൈസൻസു കൊടുക്കുന്ന അധികാരി" എന്നതിന്റെ അൎത്ഥവിവരണം എന്താണെന്നുള്ളതിനെപ്പററി അറിയുന്നതിനു നാം ആഗ്രഹിക്കുന്നതു സ്വാഭാവികമാണ്.

ഡെപ്യൂട്ടിപ്രസിഡന്റ: അതിനു അൎത്ഥവിവരണം നൾകുന്നതു ആവശ്യമാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സൎക്കാർവക്കീൽ): ഏതെങ്കിലും ഭേദഗതിക്കായി നോട്ടീസു കിട്ടിയിട്ടില്ല. ഇപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി സ്വീകരിക്കപ്പെടാമോ ഇല്ലയോ എന്നു എനിക്കു പറവാൻ സാധിക്കുന്നതിനുമുമ്പായി അതുസംബന്ധിച്ചുള്ള എല്ലാ ഭാഗങ്ങളേയുംപററി എനിക്കു ചിന്തിക്കേണ്ടതായിട്ടുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ: ആവശ്യമുള്ളപക്ഷം ഈ നിർദ്ദേശത്തെപ്പററി ഓൎത്തുചെയ്തുകൊള്ളണം; എന്നാൽ അതിനെ സംബന്ധിച്ചിടത്തോളം യാതൊരു തൎക്കവുമില്ലാത്തതാകുന്നു.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സൎക്കാർവക്കീൽ): സർ, അപ്രകാരം ചെയ്യാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ നിർദ്ദേശിക്കുന്ന ൭-ാംഖണ്ഡത്തിന്റെ ഭേദഗതി ൯-ാം ഉപഖണ്ഡത്തെ സംബന്ധിച്ചതാണ്. ൯-ാം ഉപഖണ്ഡം താഴെ പറയുംപ്രകാരമാണ്.

"ലൈസൻസുകൊടുക്കുന്ന അധികാരിക്കു ഈ വകുപ്പിലെ മേൽപറഞ്ഞ വ്യവസ്ഥകൾക്കും ഗവണ്മെന്റിന്റെ നിയന്ത്രണത്തിനും ഉൾപ്പെട്ടു തനിക്കു യുക്തമെന്നു തോന്നുന്ന ആളുകൾക്കും താൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ചും ഖണ്ഡികകൾക്കുൾപ്പെട്ടും ഈ റഗുലേഷൻപ്രകാരം ലൈസൻസുകൾ കൊടുക്കാവുന്നതാണ്"

ഈ വകുപ്പിൽതന്നെ അതിനുമുൻപുള്ള വ്യവസ്ഥകളിലാണ് ലൈസൻസു നൾകുന്നതു സംബന്ധിച്ചുള്ള നിബന്ധനകൾ അടങ്ങിയിരിക്കുന്നത്. എന്നാൽ ബില്ലു ആകപ്പാടെ വായിച്ചുനോക്കുന്നതായാൽ ലൈസൻസുകൾ നൾകുന്നതിനെസംബന്ധിച്ചു നിയന്ത്രിക്കുന്നതായ മററു വകുപ്പുകൾ ഉള്ളതായി നാം കാണേണ്ടതാണ്.

പുറകെ ചേൎക്കുന്നതാണ് എന്റെ ഭേദഗതി:

ഉപഖണ്ഡം (൯)-വരി (ഛ) "മേൽപറഞ്ഞ" എന്നവാക്കു എടുത്തുകളയുകയും, "വകുപ്പ്" എന്ന വാക്കിനുപകരം "റഗുലേഷൻ" എന്നും "ഉൾപ്പെട്ടു" എന്ന വാക്കിനുപകരം "രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾ" എന്നു ചേൎക്കുകയുംചെയ്യണം.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സൎക്കാർവക്കീൽ): വേറെ വ്യവസ്ഥകളൊന്നുമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനാൽ ആ വകുപ്പിലെ "മേൽപറഞ്ഞ" എന്നവാക്കു എടുത്തുകളഞ്ഞു "വകുപ്പിലെ വ്യവസ്ഥകൾ" എന്ന വാക്കുകൾ ചേൎത്തു അതിന്റെ വ്യാപ്തിയെ വൎദ്ധിപ്പിക്കണമെന്നു അഭിപ്രായപ്പെടുന്നു. ഇനി ഹാജരാക്കാൻപോകുന്ന ഭേദഗതികളെ നോക്കുമ്പോൾ അപ്രകാരംചെയ്താൽ എല്ലാസംഗതികളും അതിൽ ഉൾപ്പെടുന്നതാണ്. അങ്ങനെ ചെയ്യുന്നപക്ഷം അതിന്റെ വ്യാപ്തി വൎദ്ധിക്കുന്നതും അതു കുറെക്കൂടി ക്ലിപ്തമായിരിക്കുന്നതും ആകുന്നു. അതാണു ഈ ഭേദഗതിയുടെ സ്വഭാവം.

പ്രസ്തുത ഖണ്ഡത്തെസംബന്ധിച്ചിടത്തോളം വേറൊരു ഭേദഗതികൂടി ഞാൻ നിർദ്ദേശിക്കുന്നുണ്ട്; അതു "നിയന്ത്രണത്തിനും" എന്ന വാക്കിനുപകരം "നാൽ രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾ" എന്ന വാക്കുകൾ ചേൎക്കണം എന്നാകുന്നു. വകുപ്പിലെ വ്യവസ്ഥകൾക്കും ഗവണ്മെന്റിന്റെ നിയന്ത്രണത്തിനും ഉൾപ്പെട്ടു ലൈസൻസു കൊടുക്കുന്ന അധികാരിക്കു ലൈസൻസു കൊടുക്കാവുന്നതാകുന്നു എന്നാണു ഇപ്പോഴുള്ള വ്യവസ്ഥ. "ഗവണ്മെന്റിന്റെ നിയന്ത്രണത്തിനുൾപ്പെട്ടു" എന്നുള്ളതു ക്ലിപ്തമായിട്ടുള്ള ഒരു വ്യവസ്ഥയല്ല. ചീഫ്സെക്രട്ടറി മുഖാന്തരം ലൈസൻസുകൊടുക്കുന്ന അധികാരിക്കു ഒരു ലൈസൻസു കൊടുക്കുന്നതിനു ഗവണ്മെന്റ എഴുതി അയയ്ക്കുന്നപക്ഷം അതും ഗവണ്മെന്റിന്റെ നിയന്ത്രണമായി തീരുന്നതാണ്. അതിലേക്കു "ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കുൾപ്പെട്ടും" ഈ റഗുലേഷൻപ്രകാരം രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾക്കുൾപ്പെട്ടും" ലൈസൻസു കൊടുക്കു

ന്ന അധികാരിക്ക ലൈസൻസുകൾ കൊടുക്കാവുന്നതാകുന്നു എന്നാക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. ഇതാണ് ഭേദഗതിയുടെ ഉദ്ദേശം.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കല്ലുവടവും—വ്യവസായവും): ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

മി. കല്ലൂരവംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഭേദഗതിയുടെ ആദ്യത്തെ ഭാഗത്തെ സംബന്ധിച്ചടത്തോളം അതു സ്വീകരിക്കുന്നതിനു എനിക്കു യാതൊരു ആക്ഷേപവുമില്ലാത്തതാകുന്നു. രണ്ടാമത്തതിനെ സംബന്ധിച്ചടത്തോളം എനിക്കു അതു സ്വീകരിക്കാൻ നിവൃത്തിയില്ല. ഈ ബില്ലിലെ പിന്നീടുള്ള വ്യവസ്ഥകളെ പരിശോധിക്കുന്നപക്ഷം ലൈസൻസുകൊടുക്കുന്ന അധികാരികളുടെ തീരുമാനങ്ങൾക്കു മേലായി ഗവൺമെന്റിനു ചില അധികാരങ്ങൾ ഉണ്ടെന്നും ലൈസൻസുകൾ നൽകുന്നതിനെ സംബന്ധിച്ചു ഗവൺമെന്റുതന്നെ ചിലപ്പോൾ ചില നടപടികൾ നടത്താവുന്നതാണെന്നും കാണാവുന്നതാണ്. അതുകൊണ്ടു "ഗവൺമെന്റിന്റെ നിയന്ത്രണം" എന്നുള്ള പദത്തെ "ഗവൺമെന്റിനാൽ രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾ" എന്നാക്കുന്നതിനു പകരം അതുതന്നെ വച്ചുകൊണ്ടിരിക്കയാണ് കൂടുതൽ നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകളുടെ ഉദ്ദേശം ചലനചിത്രപ്രദർശനങ്ങളെ നിയന്ത്രിക്കുന്നതാകുന്നു.

ലൈസൻസുകൾ കൊടുക്കുന്നതിനുള്ള നിയന്ത്രണത്തെ സംബന്ധിച്ചടത്തോളം ഗവൺമെന്റിനു അല്പം സ്വാതന്ത്ര്യം നൽകേണ്ടതാകുന്നു. ഓരോ സംഗതിയിലും ചട്ടങ്ങൾ ഗവൺമെന്റിൽനിന്നും രൂപീകരിക്കപ്പെടണമെന്നു വ്യവസ്ഥചെയ്യു ഗവൺമെന്റിന്റെ അധികാരത്തെ കുറയ്ക്കുന്നതു യാതൊരുവിധത്തിലും ന്യായീകരിക്കത്തക്കതല്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: ലൈസൻസുകൊടുക്കുന്ന അധികാരി ലൈസൻസുകൾ നൽകുന്നതിനെ സംബന്ധിച്ചിട്ടുള്ളതാണോ ഈ ഖണ്ഡം.

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, അതെ, എന്നാൽ അതു ഗവൺമെന്റിന്റെ നിയന്ത്രണത്തിൻകീഴിലായിരിക്കണം. എന്റെ വാദം അതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെസംബന്ധിച്ചടത്തോളം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യരുതോ?

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെ, സാധാരണയായി ... സാധാരണ സംഗതികളിൽ അപ്രകാരം ചെയ്യാൻ പറ്റുകയാണ്. എന്നാൽ പ്രത്യേകസംഗതികളിൽ അപ്രകാരം ചെയ്യാൻപാടില്ല; അതുകൊണ്ടു ഇപ്പോൾ ഇരിക്കുന്നപോലെ വ്യവസ്ഥ മാററണ്ട ആവശ്യമില്ലാത്തതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ ഭേദഗതിക്കു മുൻപുള്ള വ്യവസ്ഥകൾക്കും [illegible] വകുപ്പിലെ വ്യവസ്ഥകൾക്കും ഉൾപ്പെട്ട ലൈസൻസുകൊടുക്കുന്ന അധികാരസ്ഥന ... ... കൊടുക്കാവുന്നതാകുന്നു എന്നു വ്യവസ്ഥചെയ്യുന്നതു ആശാസ്യകരമായിരിക്കയില്ലേ?

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെ സംബന്ധിച്ചടത്തോളം വകുപ്പിലെ പദങ്ങൾ മാററണമെന്നുള്ള മി. നാരായണപിള്ളയുടെ ഭേദഗതി ഞാൻ സ്വീകരിച്ചിട്ടുള്ളതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അപ്രകാരമാണെങ്കിൽ ഇപ്പോഴത്തെ ആക്ഷേപമെന്താണ്?

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ലൈസൻസുകൾ കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനു പൊതുവിൽ ഒരു നിയന്ത്രണാധികാരം ഉണ്ടായിരിക്കണമെന്നും, അതായതു ലൈസൻസ് നൽകുന്ന അധികാരിയുടെ ജോലി നിയന്ത്രിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കണമെന്നതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പ്രസ്തുത ഖണ്ഡം അനുസരിച്ചു അധികാരികൾ [illegible] അവരുടെ നടപടി ക്രമത്തെ നിയന്ത്രിക്കുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവൺമെന്റിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു അധികാരമെന്തുതന്നെ ആയിരുന്നാലും മേൽ പ്രസ്താവിച്ച ഖണ്ഡമനുസരിച്ചു ചട്ടങ്ങളുണ്ടാക്കി പ്രസ്തുത വ്യവസ്ഥയെ പ്രാബല്യത്തിൽ വരുത്തണമെന്നാണ് ഗവൺമെന്റിനോടു നിർദ്ദേശിക്കുന്നത്.

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ലൈസൻസുകളും സർട്ടിഫിക്കറേറുകളും കൊടുക്കുന്നതിനെ സംബന്ധിച്ചു ചട്ടങ്ങൾ പൊതുവായി വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതായുള്ള. നിയന്ത്രണം ചിലപ്പോൾ പ്രത്യേക കേസുകളെ സംബന്ധിക്കുന്നതായിരിക്കാം.

ഡെപ്യൂട്ടിപ്രസിഡന്റ്: [illegible] എന്താണ്. മി. നാരായണപിള്ള അതു പിൻവലിക്കുന്നുവോ?

മി. കെ. കെ. തോമസ് (കോട്ടയം): ഏതു മാതിരി നിയന്ത്രണമാണ് ഗവൺമെന്റു ഉപയോഗപ്പെടുത്തണമെന്നു ആഗ്രഹിക്കുന്നതു?

മി. കല്ലൂരവം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയമത്തിലെ പൊതുവെയുള്ള നയത്തെസംബന്ധിച്ചിടത്തോളംബില്ലിലെ ഖണ്ഡങ്ങളിൽതന്നെ വ്യവസ്ഥചെയ്യുന്നതും ആയതു ഗവൺമെന്റിൽനിന്നും രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾമൂലം അതാതു വ്യവസ്ഥകൾ അനുസരിച്ചുള്ള നിയന്ത്രണത്തിനു പുറമെ നടപ്പിൽ വരുത്തപ്പെടുന്നതും ആകുന്നു. എന്നാൽ പ്രത്യേക സംഗതികൾ ഉണ്ടായേക്കാം. നിലയുള്ളതാകുന്നു. ഇതിനു ഉദാഹരണമായി എല്ലാ ചലനചിത്രപ്രദർശനങ്ങളും ഓട്ടുകെട്ടിടങ്ങളിൽ മാത്രമേ നടത്തപ്പെടാവു എന്നൊരു ചട്ടം കൊണ്ടുവന്നിൽ ഉണ്ടായിരിക്കാവുന്നതാണ്. എന്നാൽ ഒരു പ്രത്യേകസ്ഥലത്തെ സംബന്ധിച്ചിടത്തോളം ഉദാഹരണമായി ഗുരുവായൂരിൽ കൂട്ടങ്ങളെ സംബന്ധിച്ചിടത്തോളം നാലോ അഞ്ചോ ഓലമേഞ്ഞ കെട്ടിടത്തിൽ വച്ചു മാത്രമേ പ്രദർശനം നടത്തപ്പെടാവു എന്നു ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിലും അപ്രകാരമുള്ള കെട്ടിടങ്ങളിൽ മാത്രമേ നടത്തപ്പെടാവു എന്നു ഗവൺമെന്റിനു ആജ്ഞാപിക്കാവുന്നതാകുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): അതെങ്ങനെയാണെന്നുള്ള ന്യായം എന്താണെന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല.

മി. സി. പി. താമസ് (നിയമിക്കപ്പെട്ടമെമ്പർ): ലൈസൻസ് നൽകുന്ന ബോർഡിനാൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു ചിത്രസഞ്ചികയെ ഗവണ്മെന്റിനു ഉപേക്ഷിക്കാമെന്നോ ഒരു പ്രത്യേക ചിത്രസഞ്ചികയെ ബോർഡ് സ്വീകരിക്കണമെന്നു ഗവണ്മെന്റിനു ആജ്ഞാപിക്കാമെന്നോ ഇതിൽ ഉദ്ദേശിച്ചിട്ടുണ്ടോ? അപ്രകാരമുള്ള നിയന്ത്രണത്തെ സംബന്ധിച്ചാണോ മി. കല്ല്യാലംപരമേശ്വരൻപിള്ള പ്രസ്താവിക്കുന്നതു?

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): അതു പിന്നീടുവരുന്ന ഖണ്ഡങ്ങളിൽ അടങ്ങിയിട്ടുണ്ട്. ചിത്രസഞ്ചികയ്ക്കു സാക്ഷിപത്രം നൽകേണ്ടജോലി ബോർഡിന്റെതാണ്. എന്നാൽ അപ്രകാരമുള്ള സാക്ഷിപത്രങ്ങളെ ഗവണ്മെന്റിനു റദ്ദാക്കാവുന്നതും സാക്ഷിപത്രം ബോർഡ് നൽകാതിരുന്നാൽ ഗവണ്മെന്റിൽനിന്നും സാക്ഷിപത്രം കൊടുക്കാവുന്നതും ആകുന്നു. ലൈസൻസുകൾ നൽകുന്നതിനെസംബന്ധിച്ചിടത്തോളം അതിനെപ്പററി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാമെന്നതെന്നെ ഒരു വിധമായ നിയന്ത്രണം ഗവണ്മെന്റിൽനിന്നും നടത്തേണ്ടതായി വരുന്നതാണ്.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ബ്രിട്ടീഷ് ആക്ടിലും മൈസൂർ ആക്ടിലും ഉപയോഗിച്ചിരിക്കുന്ന പദം ഇതുതന്നെയാണോ?

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): അതേ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ വിഷയത്തിലേക്കായി രൂപീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന നിയന്ത്രണത്തിനും കൂടുതലായ നിയന്ത്രണാധികാരം ഗവണ്മെന്റിനു വേണമെന്നാണോ അദ്ദേഹം ആവശ്യപ്പെടുന്നതു്?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർ വക്കീൽ): അതേ, ആവശ്യമെന്നുതോന്നുന്ന പ്രത്യേകസംഗതികളിൽ.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മി. നാരായണപിള്ള ഹാജരാക്കിയിട്ടുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. മി. കല്ല്യാലംപരമേശ്വരൻപിള്ള സ്വീകരിച്ചിട്ടില്ലാത്ത രണ്ടാമത്തെ ഭാഗം സംബന്ധിച്ചിടത്തോളം ചുവടെ പ്രസ്താവിക്കുന്നവയാണു എന്റെ ന്യായങ്ങൾ. ചലന ചിത്രപ്രദർശനങ്ങളെസംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു അനിയന്ത്രണമായ നിയന്ത്രണമുണ്ടായിരിക്കണമെന്നാണു അദ്ദേഹം ആവശ്യപ്പെട്ടതു്. ലൈസൻസുകൾ നൽകുന്ന അധികാരികളുടെയോ ചുമതലയുള്ള സംഘങ്ങളുടെ ഘടനയെ സംബന്ധിച്ചിടത്തോളം റഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ളതാകുന്നു. ചിത്രസഞ്ചികകളെ പരിശോധിച്ചു അവയ്ക്കു സാക്ഷ്യപത്രങ്ങൾ നൽകുന്നതിനെ സംബന്ധിച്ചും അതോടുചേർന്ന എല്ലാ നടപടിക്രമങ്ങളെ സംബന്ധിച്ചും ഗവണ്മെന്റിൽനിന്നും ചട്ടങ്ങളെ രൂപീകരിക്കുന്നതിനും അതിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഏതെങ്കിലും ചലനചിത്രപ്രദർശനത്തെ റഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥകളിൽനിന്നും ഗവണ്മെന്റിനു ഒഴിവാക്കാമെന്നു ൧൨-ാം ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. റഗുലേഷൻപ്രകാരം ഈ അധികാരങ്ങളെല്ലാം ഗവണ്മെന്റിനിരിക്കെ "ഗവണ്മെന്റിന്റെ നിയന്ത്രണത്തിനുവിധേയപ്പെട്ട" എന്നുള്ള വിശാലമായ പദങ്ങൾ ബില്ലിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എനിക്കു മനസ്സിലാകുന്നില്ല. ഇപ്രകാരമുള്ള ഒരു വ്യവസ്ഥ ലൈസൻസ് കൊടുക്കുന്ന അധികാരസ്ഥന്മാരും ഗവണ്മെന്റും തമ്മിൽ അനാവശ്യമായ സ്വരച്ചേർച്ചയില്ലായ്മയ്ക്കു ഇടയായിത്തീരുന്നു. ഏതെങ്കിലും ഒരു സംഘത്തിന്റെ മേൽ ഗവണ്മെന്റിൽനിന്നാകട്ടെ മറേറതെങ്കിലും അധികാരസ്ഥനിൽനിന്നാകട്ടെ ഏതെങ്കിലും വിധത്തിൽ നിയന്ത്രണമുണ്ടായിരിക്കേണ്ടതാകുന്നു. പ്രത്യേകിച്ചും ഒരു റഗുലേഷൻ രൂപീകരിക്കുന്നതിനായി നാം ഏർപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ഏതെല്ലാം തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാമോ അവയെല്ലാം നാം തീർക്കേണ്ടതാകുന്നു. ചട്ടങ്ങൾ ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചു യാതൊരു സംശയത്തിനും ഇടയുണ്ടാകാതിരിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണ്. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ മി. നാരായണപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി. എൻ. വി. ജോസഫ് (മീനച്ചൽ): മി. നാരായണപിള്ളയുടെ ഭേദഗതിയെ ഞാനും പിൻതാങ്ങുന്നു; ഗവണ്മെന്റിൽനിന്നും യാതൊരു നിയന്ത്രണാധികാരവും നടത്തിക്കൂടെന്നാണു അദ്ദേഹം അഭിപ്രായപ്പെടുന്നതു. ഏതു പ്രകാരത്തിൽ ആയിരിക്കണം അധികാരസ്ഥൻ അധികാരത്തെ ഉപയോഗപ്പെടുത്തേണ്ടതു എന്നതിനെപ്പററിയാണു അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുന്നതു. പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു ചട്ടങ്ങളെ അവർ രൂപീകരിക്കണമെന്നും അതിൻപ്രകാരം നിയന്ത്രണാധികാരം ഉപയോഗപ്പെടുത്തണമെന്നുമാണു അദ്ദേഹത്തിന്റെ അഭിപ്രായം. അനിയന്ത്രണമായ നിയന്ത്രണാധികാരം ഗവണ്മെന്റിനു കൊടുക്കുന്നപക്ഷം അവർ അതിനെ അനാവശ്യമായി ഉപയോഗപ്പെടുത്തുന്നതും അതു വളരെ ആപൽക്കരമായിട്ടുള്ളതും ആകുന്നു. അതുകൊണ്ടു ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി. എസ്സ്. പി. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവുംതെക്കു): സർ, ചലനപ്രദർശനങ്ങളെ കാണുന്നതിനായി പോകുന്നവരുടെ രക്ഷയെ പ്രത്യേകം ഉദ്ദേശിച്ചു ചലനചിത്രപ്രദർശനങ്ങളെ ക്രമപ്രകാരം നിയന്ത്രിക്കുന്നതിനും ആക്ഷേപാർഹമായ ചിത്രസഞ്ചികകൾ പൊതുജനങ്ങളുടെ മുമ്പാകെ പ്രദർശിപ്പിക്കപ്പെടാതിരിക്കുന്നതിനും ആണ് പ്രസ്തുതബില്ലിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു പ്രസ്താവിച്ചിരിക്കുന്നു. ഏതെല്ലാമാണ് ക്രമക്കേടായിട്ടുള്ളവയെന്നോ ഏതെല്ലാമാണു ആക്ഷേപാർഹമായിട്ടുള്ളതെന്നോ ബില്ലിൽ യാതൊന്നുംതന്നെ പ്രസ്താവിച്ചുകാണുന്നില്ല. "ക്രമക്കേട്" എന്നുള്ളതിലേക്കും "ആക്ഷേപാർഹം" എന്നുള്ളതിലേക്കും അർത്ഥവിവരണം നൽകിയിട്ടില്ല. അതിനാൽ ഈ അഭിപ്രായപ്പെട്ടിട്ടുള്ള നിയന്ത്രണാധികാരത്തെ ഗവണ്മെന്റിനു നൽകാൻ പാടില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ കല്ല്യാലം പരമേശ്വരൻപിള്ളയുടെ വിമർശനങ്ങളിൽ റഗുലേഷൻ അനുസരിച്ചു ചില അധികാരങ്ങൾ ഗവണ്മെന്റുതന്നെ വച്ചുകൊണ്ടിരിക്കുന്നതാണ്.— ഉദാഹരണമായി ഇനി വരാൻപോകുന്ന ൧൨-ാമതു ഖണ്ഡം—എന്നുള്ള രണ്ടാമത്തെ ഭാഗം സംബന്ധിച്ചിടത്തോളം അതു എന്റെ ഭേദഗതിയിലെ ഒന്നാമത്തെ ഭാഗത്തിൽ ഉൾപ്പെടുന്നതാകുന്നു. എന്തെന്നാൽ ഗവണ്മെന്റു ഏതെല്ലാം അധികാരങ്ങൾതന്നെ വച്ചുകൊണ്ടിരുന്നാലും അവയെല്ലാം ഈ റഗുലേഷനിലെ വ്യവസ്ഥകൾ

കൾ ഉൾപ്പെടുന്നവയായിരിക്കും; എന്തെന്നാൽ റഗുലേഷൻ അനുസരിച്ചാണ് ഗവൺമെന്റിനു പ്രസ്തുത അധികാരങ്ങളെല്ലാം നൽകപ്പെടുന്നത്. എന്റെ ആക്ഷേപത്തിനു സമാധാനമായി, പ്രത്യേകസംഗതികളിൽ ലൈസൻസുകൊടുക്കുന്ന അധികാരസ്ഥൻ ലൈസൻസുകൾ നൽകുന്നതിനു മുമ്പായിട്ട് ഗവൺമെന്റിൽനിന്നും ചില കാര്യങ്ങൾ പ്രവൃത്തിക്കേണ്ടതായിട്ടുള്ള ആവശ്യം നേരിട്ടേക്കുമെന്നു എന്റെ സ്നേഹിതൻ പ്രസ്താവിക്കുന്നു. എന്നാൽ അപ്രകാരമുള്ള അധികാരത്തെ സംബന്ധിച്ചിടത്തോളമോ അപ്രകാരം പ്രവൃത്തിക്കേണ്ടതായ സന്ദർഭങ്ങളെ സംബന്ധിച്ചിടത്തോളമോ എന്റെ സ്നേഹിതനു സമാധാനമായി യാതൊന്നുംതന്നെ പ്രസ്താവിക്കാനില്ല. അതിനാൽ ചലനചിത്രപ്രദർശനങ്ങൾ നടത്തുന്നവരുടെ സ്ഥിതി എപ്പോഴും ആപൽക്കരമായിട്ടുള്ളതുതന്നെ; എന്തെന്നാൽ ചലനചിത്രപ്രദർശനങ്ങൾ നടത്തുന്നവരേയോ അവയുടെ ഉടമസ്ഥന്മാരേയോ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഗവൺമെന്റ കീഴുദ്യോഗസ്ഥൻ തോന്ന്യവാസമായി എന്തെങ്കിലും ഗവൺമെന്റിലേക്കു എഴുതി അയക്കുകയും ഗവൺമെന്റ അതു സ്വീകരിക്കയും ചെയ്താൽ അവർക്കുള്ള ഉറപ്പു എന്താണ്? പ്രദർശനത്തിനായി ലൈസൻസുകൾ കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ലൈസൻസ് നൽകുന്ന അധികാരിക്കു നൽകേണ്ടതായ ഉപവാദങ്ങളെപ്പററിമാത്രമാണ് പ്രസ്തുത ഉപഖണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. ലൈസൻസുകൾ കൊടുക്കുന്ന അധികാരിയെപ്പോലുള്ള ഒരു സംഘത്തിനു രേഖാമൂലമായ ചട്ടങ്ങൾ ഇല്ലാതിരിക്കുന്നസ്ഥിതിയ്ക്കു റഗുലേഷൻമൂലം എന്തു ചെയ്വാൻ കഴിയുമെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. പ്രദർശനഉടമസ്ഥന്മാരാണെന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നവരുടെനേർക്കുള്ള ഗവൺമെന്റിന്റെ അപ്പോഴപ്പോഴത്തെ പെരുമാററം അവർക്കൊരു മാതൃകയായി കരുതപ്പെടാമോ? അതെന്തായിരിക്കുമെന്നു ലൈസൻസ് നൽകുന്ന അധികാരിക്കു മുൻകൂട്ടി മനസ്സിലാക്കാൻ സാധിക്കുന്നതല്ല; അതിനാൽ ലൈസൻസുകൾ നൽകുന്ന അധികാരികൾ ലൈസൻസ് കൊടുക്കുന്നതിനെ സംബന്ധിച്ചു പൊതുവിൽ ഗവൺമെന്റിനുള്ള നിയന്ത്രണാധികാരത്തെപ്പററി പ്രതിപാദിക്കുന്ന പ്രസ്തുത ഖണ്ഡം അതുപോലെതന്നെ വച്ചുകൊണ്ടിരിക്കുന്നതു ലൈസൻസുകൾ നൽകുന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം സുസ്ഥിരമായ ഒരു ഏർപ്പാടുണ്ടാകുന്നതിനു ഒട്ടുംതന്നെ സഹായിക്കുന്നതല്ല. എന്റെ സ്നേഹിതൻ പ്രസ്താവിച്ചതുപോലെ ഇതേവിഷയത്തെ സംബന്ധിച്ചുള്ള ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്ടിലും ഇതുപോലെ ഒരു വ്യവസ്ഥ ഉള്ളതു വാസ്തവംതന്നെ. എന്നാൽ ആ നിയമം ഉണ്ടാക്കിയിട്ടുള്ളതു ഇപ്പോഴത്തെ പരിഷ്കരിച്ച നിയമസഭപ്രചാരത്തിൽ വരുന്നതിനു വളരെ മുൻപാണെന്നുള്ള കാര്യം നാം ഓർക്കേണ്ടതാകുന്നു. വിൽസൺ, ജോൺസ്, മാക്ഷോഗൻ മുതലായ ചില ഉദ്യോഗസ്ഥന്മാരാണ് പ്രത്യേകകമ്മിററിയുടെ റിപ്പോർട്ടിൽ ഒപ്പിട്ടിട്ടുള്ളതായി കാണപ്പെടുന്നതു്. അപ്രകാരമുള്ള എല്ലാ സംഗതികളിലും ഗവൺമെന്റിന്റെ നന്മയെ സൂക്ഷിക്കുന്നതിനും അതിന്റെ പദവിയേയും സ്വാതന്ത്ര്യത്തേയും സംരക്ഷിക്കുന്നതിനുംവേണ്ടി ഏതാനും ചില ഉദ്യോഗസ്ഥന്മാർ പ്രസ്തുത നിയമം ഉണ്ടാക്കുന്നതിൽ പ്രയത്നിച്ചിട്ടുള്ളതായി കാണുന്നു. "ലൈസൻസുകൾ നൽകുന്ന അധികാരികൾ പ്രാദേശിക ഗവൺമെന്റിന്റെ പൊതുവേയുള്ള നിയന്ത്രണത്തിനുൾപ്പെട്ടിരിക്കുന്നതിനു അല്പം ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്" എന്നുംമററും പ്രത്യേകകമ്മിററിയുടെ റിപ്പോർട്ടിൽ അവർ പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രത്യേകകമ്മിററിക്കാർ മനഃപൂർവ്വമായി ചേർത്തിട്ടുള്ളതാണ്. ചലനചിത്രപ്രദർശനങ്ങൾ നടത്തുന്നവരുടെമേൽ ഗവൺമെന്റിൽനിന്നുള്ള നിയന്ത്രണം എപ്പോഴുമുണ്ടായിരിക്കേണ്ടതാണെന്നു പ്രത്യേകകമ്മിററിക്കാർ വിചാരിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ) ബ്രിട്ടീഷ്ഇൻഡ്യയിലെ നിയമസഭയിൽ വാദപ്രതിവാദമുണ്ടായ സമയം യാതൊരുത്തരും യാതൊരു ആക്ഷേപവും പുറപ്പെടുവിച്ചില്ല എന്നുള്ള കാര്യം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരുപക്ഷെ അതു അനേകം മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിച്ചില്ലായിരുന്നിരിക്കാം. ദൃഷ്ടാന്തമായി ബില്ലിലെ പല ഖണ്ഡങ്ങളും സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളിൽ ഇവിടെയുള്ള അനേകം മാന്യന്മാരുടെ ശ്രദ്ധ ചിലപ്പോൾ പതിഞ്ഞിരുന്നില്ലെന്നുവന്നേക്കാം. ഏതായാലും ഈകാര്യത്തെപ്പററി സഭ ആലോചിക്കേണ്ടതാണെന്നു ഞാൻ അപേക്ഷിക്കുന്നു; നിയമവിഷയങ്ങളിൽ കാര്യങ്ങൾ സംശയമായി വച്ചുകൊണ്ടിരിക്കുന്നതു എപ്പോഴും ആപൽക്കരമായിട്ടുള്ളതാകുന്നെന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴത്തെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർ ഈ സഭയെത്തന്നെ ചിലപ്പോൾ ഒരു പ്രത്യേകരീതിയിലാണ് കരുതിവരാറുള്ളതു്.

ഡെപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഈ അഭിപ്രായം പുറപ്പെടുവിച്ചതു ന്യായീകരിക്കത്തക്കതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചിലപ്പോൾ നാം എല്ലാവരും ചില പ്രത്യേകവികാരങ്ങൾക്കു അടിമകളായി പ്രവൃത്തിച്ചുപോകുമെന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചിട്ടുള്ളതിനെ അടിസ്ഥാനമാക്കിയാണ് ഞാൻ പറഞ്ഞതു്, അദ്ധ്യക്ഷൻതന്നെ ഈ അഭിപ്രായം ഉണ്ടായിരിക്കെ——

ഡെപ്യൂട്ടിപ്രസിഡന്റ്: അതു അങ്ങനെ ആയിരിക്കാം; അദ്ധ്യക്ഷന്റെപേരിൽ ഇപ്രകാരമുള്ള കുററാരോപണങ്ങൾ സ്ഥാപിക്കുന്നതു ശരിയായിട്ടുള്ളതല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ധ്യക്ഷൻതന്നെ മുമ്പു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകൾ ന്യായീകരിക്കത്തക്കതല്ലെന്നു നിങ്ങൾ വിചാരിക്കുന്നപക്ഷം ഞാൻ എന്റെ പ്രസ്താവനയെ പിൻവലിക്കാൻ തയ്യാറാണ്. ഞാൻ സമർപ്പിക്കുന്നതായ വിഷയത്തെ സംബന്ധിച്ചിടത്തോളം ക്ലിപ്തമല്ലാത്തതായ ഒരു ആയുധത്തെ ഗവൺമെന്റിനെ ഏൾപ്പിക്കാൻ ഞാൻ തയ്യാറല്ല. അതിനാൽ എന്റെ ഭേദഗതിയെപ്പററി ആലോചിക്കണമെന്നു ആവശ്യപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): എന്റെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ള സമ്മതിച്ചിട്ടുള്ളതിന്മണ്ണം ഇതേപദംതന്നെ ബ്രിട്ടീഷ്ഇൻഡ്യാ ആക്ടിലും മൈസൂർ ആക്ടിലും ഉള്ളതാകുന്നു. അതേപദംതന്നെ ഇവിടേയും ഉപയോഗിക്കുന്നതുമൂലം ഏതെങ്കിലും ഹാനിസംഭവിക്കുമെന്നുള്ളതിനു യാതൊരു ന്യായവും കാണിച്ചിട്ടില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: മൈസൂർ റഗുലേഷൻ പാസ്സാക്കിയതു പുതിയനിയമസഭയോ പഴയ നിയമസഭയോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): എൻറെ സപ്ലം ബർമ്മ സഭയിലാണ് ഇതു പാസ്സാക്കപ്പെട്ടത്. യാതൊരു ഹാനിയും ഇല്ലാതിരിക്കുന്നസ്ഥിതിക്കും യാതൊരു ദൂഷ്യവും ഉണ്ടാകുമെന്നു കാണിച്ചിട്ടില്ലാതിരിക്കുന്നസ്ഥിതിക്കും ഭൂലോകത്തിലെ മററുസ്ഥലങ്ങളിലെ ഇതുപോലെയുള്ള നിയമങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പദംതന്നെ ഉപയോഗപ്പെടുത്തുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഇംഗ്ലീഷ് ആക്ടിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏതാണ്?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): വാദവിഷയമായിരിക്കുന്ന പദം അടങ്ങിയിരിക്കുന്ന ഖണ്ഡംപോലെ അവിടെ വ്യവസ്ഥ ഒന്നുമില്ലാത്തതാകുന്നു.

നമ്മുടെ വകുപ്പിനു തുല്യമായിട്ടുള്ള അവിടത്തെ വകുപ്പു താഴെ പറയുംപ്രകാരമാണ്:—

“സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഇൻ കൗൺസിലിൻെറ റഗുലേഷനുകൾക്കുൾപ്പെട്ടു യഥാക്രമം അതാതു ലൈസൻസുകളിൽ കാണപ്പെടുത്തിയിട്ടുള്ള കരാറുകൾക്കും വ്യവസ്ഥകൾക്കും നിബന്ധനകൾക്കും ഉൾപ്പെട്ടു മേൽ പ്രസ്താവിച്ച സംഗതിക്കായി ലൈസൻസിൽ കാണപ്പെടുത്തിയിട്ടുള്ള സ്ഥലം ഉപയോഗപ്പെടുത്തിക്കൊള്ളുന്നതിനു ഒരു കൌണ്ടികൗൺസിലിനു തങ്ങൾക്കു യുക്തമെന്നുതോന്നുന്ന ആളുകൾക്കു ലൈസൻസുകൾ കൊടുക്കാവുന്നതാണ്.”

ഇപ്രകാരം കൌണ്ടികൗൺസിലിനു വലുതായ അധികാരങ്ങൾ കൊടുത്തിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ: ഇതു വോട്ടിനിടുന്നതിനുമുൻപായി എനിക്കു രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ട്. നാം ഉപയോഗിച്ചിരിക്കുന്നപദം തന്നെ ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്ടിലും ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതാണ് മി. കല്ലൂരം പരമേശ്വരൻപിള്ളയുടെ പ്രധാനമായ ആക്ഷേപം. എന്നാൽ ഞാൻ അതിനെ താഴെപറയുംപ്രകാരം വ്യത്യാസപ്പെടുത്തുന്നു. ഇൻഡ്യാ ഒരു ഭൂഖണ്ഡമാണ്; ചട്ടങ്ങൾ ഉണ്ടാക്കുന്ന അധികാരം ഗവർണർ ജനറൽ ഇൻകൗൺസിലിൽ ആണു സ്ഥിതിചെയ്യുന്നതു. അതിനാൽ എല്ലാപ്രാവിൻസുകൾക്കുംവേണ്ടി ഒരുപോലെ ചട്ടങ്ങളുണ്ടാക്കാൻ ഗവർണർ ജനറൽ ഇൻകൗൺസിലിനു സാധിക്കുന്നതല്ല. ഒരു പ്രാവിൻസിനു യോജിച്ചിരിക്കുന്നതു മറെറാരു പ്രാവിൻസിനു യോജിക്കാതെ വന്നേക്കാം. അതുകൊണ്ടു ഏതെങ്കിലും നിയന്ത്രണാധികാരം പ്രാദേശിക ഗവണ്മെൻറുകൾക്കു കൊടുക്കണമെന്നു അവർ ആവശ്യപ്പെട്ടു. തിരുവിതാംകൂറിൽ അപ്രകാരമുള്ള ഒരു ആവശ്യം നേരിടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതൊരു ചെറിയസംസ്ഥാനമാണ്; ലൈസൻസുകൾ നൽകുന്നകാര്യത്തിൽ ഏതുമാതിരിനിയന്ത്രണമാണുണ്ടായിരിക്കേണ്ടതെന്നു ഗവണ്മെൻറിനു അറിവുണ്ടായിരിക്കേണ്ടതാണ്. ആ നിയന്ത്രണാധികാരം ചട്ടങ്ങളിൽ ഉൾപ്പെട്ടതാകുമെന്നുള്ളതാണ്. മി. നാരായണപിള്ളയുടെ ഒന്നാമത്തെ ഭേദഗതിയും അതായതു “ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു” എന്നുള്ളതിനോടും ചേർക്കാവുന്നതാകുന്നു. റഗുലേഷനും ഗവണ്മെൻറിൽനിന്നും ക്രോഡീകരിക്കപ്പെടാവുന്നതായ ചട്ടങ്ങളും ഗവണ്മെൻറിൽനിന്നും ഉപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്ന നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം മതിയാകുന്നതാണ്. ബില്ലിൽ ഇനിവരാൻപോകുന്ന ഭാഗത്തിൽ ലൈസൻസുകൾ നൽകപ്പെട്ടതിനുശേഷം അവയെ പിൻവലിക്കാനുള്ള അധികാരം അവക്കുണ്ടു; അങ്ങനെയിരിക്കെ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഇൻഡ്യയിലെ നിയമങ്ങളെ അനുകരിക്കേണ്ടതായ അത്യാവശ്യമുണ്ടോ എന്നു എനിക്കു തോന്നുന്നില്ല.

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഡെപ്യൂട്ടിപ്രസിഡൻറിൻെറ അഭിപ്രായത്തെ ആസ്പദമാക്കിയും ഈ സഭയിലെ മററുള്ള മെംബറന്മാരുടെ സംശയങ്ങളെ അടിസ്ഥാനപ്പെടുത്തിയും പ്രസ്തുതപദത്തെ വച്ചുകൊണ്ടിരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല; മി. നാരായണപിള്ളയുടെ ഭേദഗതിയെ ഞാൻ സ്വീകരിക്കാം.

ഭേദഗതി വോട്ടിനിടുകയും പാസ്സാക്കപ്പെടുകയുംചെയ്തു.

ഡെപ്യൂട്ടിപ്രസിഡൻറ: ഭേദപ്പെടുത്തപ്പെട്ട ൨-ാംഖണ്ഡം ബില്ലിലെ ഒരുഭാഗമായി ചേർക്കട്ടെയോ?

൨-ാംഖണ്ഡം ഭേദപ്പെടുത്തിയതുപോലെ ബില്ലിൽ ചേർക്കപ്പെട്ടു.

൩-ാംഖണ്ഡം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൩-ാംഖണ്ഡത്തെ സംബന്ധിച്ചു ആദ്യമായി ഞാൻ നിർദ്ദേശിക്കണമെന്നുദ്ദേശിക്കുന്ന ഭേദഗതി (൧)-ാം ഉപഖണ്ഡം ൩-ാംവരിയെ സംബന്ധിച്ചതാണ്. (൧)-ാം ഉപഖണ്ഡം താഴെ പറയുംപ്രകാരമാണ്:—

“ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കോ റഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും ലൈസൻസിൻെറ നിബന്ധനകൾക്കോ കരാറുകൾക്കോ വിപരീതമായി ഒരു ചലനചിത്രപ്രദർശനയന്ത്രത്തിൻെറ ഉടമസ്ഥനോ അതിൻെറ ചാർജ്വഹിക്കുന്ന ആളോ ആ യന്ത്രത്തെ ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിനു അനുവദിക്കയോ ഒരു സ്ഥലത്തിൻെറ ഉടമസ്ഥനോ പ്രവേശനക്കാരനോ ആ സ്ഥലത്തെ ഉപയോഗിക്കാൻ അനുവദിക്കയോ ചെയ്യുന്നപക്ഷം അയാൾക്കു ആയിരംരൂപവരെയും കുററം തുടർന്നുകൊണ്ടിരിക്കുന്നതായാൽ അപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും കൂടുതലായി നൂറുരൂപവരെയും പിഴശിക്ഷകല്പിക്കാവുന്നതും അയാൾക്കു ലൈസൻസു ഏതെങ്കിലും ഉള്ളപക്ഷം അതു ലൈസൻസുകൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടുവാൻ ഇടയാകുന്നതും ആകുന്നു”.

കുററംചെയ്യുന്ന ആളിനെ ആരാണ് ശിക്ഷിക്കേണ്ടതെന്നുള്ളകാര്യം സ്പഷ്ടമായി കാണപ്പെടുത്തി കാണുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറ: അതു കോടതിയിൽനിന്നും ചെയ്യണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു്. എന്തെന്നാൽ,

“കൂടാതെ ഏതെങ്കിലും ചിത്രസഞ്ചികയെ സംബന്ധിച്ചു ഈ റഗുലേഷൻപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററം ഒരാളുടെമേൽ സ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുററസ്ഥാപനംചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചികയെ ഗവണ്മെൻറിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്”.

എന്നു (൨)-ാം ഉപഖണ്ഡത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "കുറ്റം" എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്. "കുറ്റസ്ഥാപനംചെയ്യുന്ന" എന്നുള്ള പദവും "കോടതി" എന്നുള്ള പദവും ഉപയോഗിച്ചിട്ടുണ്ടല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇനി പ്രസ്താവിക്കാൻ പോകുന്നബുദ്ധിമുട്ടുണ്ടാകുന്നതാണു ലൈസൻസു നൽകുന്ന അധികാരിയുടെ അവസാന ഉത്തരവുകൾക്കു ഉൾപ്പെട്ടഎന്നു മുഴുവൻ ഖണ്ഡത്തെയും വ്യാഖ്യാനിക്കാൻ ഇടയുണ്ട്; അപ്രകാരം ചെയ്യുന്നപക്ഷം ലൈസൻസുകൊടുക്കുന്ന അധികാരിതന്നെ പിഴശിക്ഷയും നൽകുന്നതെന്നു വിചാരിക്കപ്പെടാവുന്നതാണ്. അതിനാൽ പ്രസ്തുത ഖണ്ഡത്തിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം മേൽപ്രസ്താവിച്ച വൈഷമ്യത്തിനിടയുണ്ട്; അതിനാൽ പിഴശിക്ഷ വിധിക്കുന്നതു ഒരു നീതിന്യായക്കോടതി ആയിരിക്കണമെന്നു ക്ലിപ്തപ്പെടുത്തുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതിലേക്കു ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തേണ്ടതാകുന്നു:—

ഉപഖണ്ഡം. (എ) ൨-ാം വരി "അനുസരിക്ക" എന്ന വാക്കിനുശേഷം "അധികാരമുള്ള ഒരു കോടതിയാൽ കുറ്റം സ്ഥാപിക്കപ്പെടുമ്പോൾ" എന്ന വാക്കുകൾ ചേർക്കണം.

ഡെപ്യൂട്ടിപ്രസിഡന്റ്: അല്ലെങ്കിൽ ഒരു മജിസ്ട്രേട്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മജിസ്ട്രേട്ടെന്നോ അല്ലാത്തപക്ഷം ഒരു ക്രിമിനൽ കോടതിയാണെന്നു കാണിക്കുന്ന മറ്റേതെങ്കിലും പദമോ ഉപയോഗിക്കണമെന്നാണ് എന്റെ ഉദ്ദേശം.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതിയെ സ്വീകരിക്കുന്നതിനു എനിക്കു വിരോധമില്ല.

ഭേദഗതിയെ വോട്ടിനിടുകയും പാസ്സാക്കുകയുംചെയ്തു.

ഭേദപ്പെടുത്തപ്പെട്ട ഖണ്ഡത്തെ ബില്ലിൽ ചേർത്തു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൨൦-ാം ഖണ്ഡം സംബന്ധിച്ചുള്ള എന്റെ രണ്ടാമത്തെ ഭേദഗതി താഴെ പറയുംപ്രകാരമാണ്:—

ഉപഖണ്ഡം എ വരി ൻ: "ലൈസൻസു കൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടാൻ ഇടയാകുന്നതും" എന്ന വാക്കുകൾക്കുപകരം "ശിക്ഷിക്കുന്ന കോടതിയാൽ പിൻവലിക്കപ്പെടാൻ ഇടയാകുന്നതും" എന്ന വാക്കുകൾ ചേർക്കണം.

ഈ ഭേദഗതിയെ സംബന്ധിച്ചിടത്തോളം എനിക്കു പ്രസ്താവിക്കാനുള്ളതു ചുവടെ ചേർക്കുന്നു. ഒരു ലൈസൻസിന്റെ വകവയ്ക്കാത്ത ആളിനെ ഒരു നീതിന്യായക്കോടതി ശിക്ഷിക്കുന്നു. അപ്രകാരമിരിക്കെ ഒരു ലൈസൻസിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ ലംഘിക്കുന്നതിനാൽ പ്രസ്തുത ലൈസൻസിനെ റദ്ദാക്കുന്നതിനുള്ള അധികാരം ആ കോടതിക്കുതന്നെ നൽകേണ്ടതല്ലേ? അതാണു രണ്ടാമത്തെ ഭേദഗതി. ലൈസൻസു നൽകുന്ന അധികാരിക്കു ലൈസൻസിനെ പിൻവലിക്കാമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. (എ)-ാം ഉപഖണ്ഡത്തിലൊന്നു മേൽപറഞ്ഞപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നതു; അതിൽ ലൈസൻസു നിബന്ധനകളെ ലംഘിക്കുന്നവിഷയത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. ഗവണ്മെന്റിൽനിന്നും രൂപീകരിക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചു ലൈസൻസു പിൻവലിക്കുന്നതിനുള്ള അധികാരം ലൈസൻസു നൽകുന്ന അധികാരിക്കു കൊടുത്തിരിക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു ലൈസൻസിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം ഒരു കുറ്റം ചെയ്തിട്ടുള്ളതായി ഒരു മജിസ്ട്രേട്ടു വിധിച്ചാൽ പ്രസ്തുത ലൈസൻസിനെ ഉടനടി സസ്പെൻഡു ചെയ്യുന്നതിനും പിൻവലിക്കുന്നതിനുമുള്ള അധികാരം ആ മജിസ്ട്രേട്ടിനു നൽകിയിട്ടില്ലാത്തതാകുന്നു. ഒരു മജിസ്ട്രേട്ടിനാൽ നൽകപ്പെടുന്ന ശിക്ഷ പൂർത്തിയായിരിക്കേണ്ടതല്ലയോ എന്നുള്ള വിഷയമാണു സഭയുടെ ആലോചനക്കായി ഞാൻ കൊണ്ടുവരുന്ന രണ്ടാമത്തെ സംഗതി. റഗുലേഷൻ അനുസരിച്ചു ഗവണ്മെന്റിൽനിന്നും രൂപീകരിക്കപ്പെടുന്നചട്ടങ്ങളിൽ ലൈസൻസു റദ്ദാക്കുന്നതിനു വ്യവസ്ഥചെയ്യാവുന്നതാണ്. ഏതൊരു അധികാരിക്കും അതാതു ലൈസൻസു നൽകുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ അതിനെ റദ്ദാക്കുന്നതിനുള്ള അധികാരവും കൂടി ന്യായമായി കൊടുക്കേണ്ടതാകുന്നു. എന്നാൽ അതിനു ആ വിഷയവുമായി യാതൊരു സംബന്ധവുമില്ലാത്തതും കുറ്റക്കാരനെ പ്രോസിക്യൂട്ടു ചെയ്യുന്നതിനു അധികാരമില്ലാത്തതും ആകുന്നു; അതിനാൽ ലൈസൻസിലെ ചട്ടങ്ങളേയോ നിബന്ധനകളേയോ ലംഘിച്ചാൽ ആ പ്രകാരം പ്രവൃത്തിക്കുന്ന ആളിനെ ശിക്ഷിക്കാൻ അധികാരമുള്ള കോടതിക്കു ഉടനടി ലൈസൻസിനെ സസ്പെൻഡു ചെയ്യുന്നതിനുള്ള അധികാരവും ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകുന്നു. പിന്നീടൊരു സമയത്തു ലൈസൻസു നൽകുന്ന അധികാരികൾ തനിച്ചുകൂടി ലൈസൻസു നൽകുന്ന ബോർഡിന്റെ ഉത്തരവുമൂലമോ പ്രമേയംമൂലമോ ലൈസൻസു പിൻവലിക്കുന്നതിനുപകരം ആ അധികാരം മജിസ്ട്രേട്ടിനു തന്നെ കൊടുക്കുന്നതു നന്നായിരിക്കുന്നതാണ്. കുറ്റസ്ഥാപനത്തെ സംബന്ധിച്ചുള്ള അറിവു അവർക്കു എങ്ങിനെയാണു കിട്ടുന്നതു? ലൈസൻസുകൊടുക്കുന്ന അധികാരി ലൈസൻസിനെ പിൻവലിക്കേണ്ടതാണെന്നു ഈ ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. അവർ അപ്രകാരം പ്രവൃത്തിക്കുന്നില്ലെന്നു വിചാരിക്കുക

ഡെപ്യൂട്ടി പ്രസിഡന്റ്; "പിൻവലിക്കപ്പെടാൻ ഇടയാകുന്നതാണ്" എന്നുള്ളതു "പിൻവലിക്കപ്പെടാവുന്നതാകുന്നു" എന്നുമാത്രമേ അർത്ഥമാകുന്നുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുശരിതന്നെ, അതിനെ സംബന്ധിച്ചുള്ള അറിവു ലൈസൻസു കൊടുക്കുന്ന അധികാരിക്കു എങ്ങിനെ കിട്ടും? എപ്പോഴാണു അവർ അങ്ങിനെ ചെയ്യേണ്ടതു? ഇതെല്ലാം ആലോചിക്കേണ്ടതായ വിഷയങ്ങളാണ്. അപ്രകാരം പ്രവർത്തിക്കുന്നതിനു അവരെ നിർബന്ധിതരാക്കുന്നതെങ്ങനെ? ലൈസൻസുകൊടുക്കുന്ന അധികാരി ലൈസൻസു റദ്ദാക്കിയില്ലെങ്കിൽ അവർ ശിക്ഷിക്കപ്പെടുന്നതിനെപ്പറ്റി യാതൊന്നുംതന്നെ വ്യവസ്ഥചെയ്തിട്ടില്ലാത്തതാകുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ലൈസൻസു റദ്ദാക്കപ്പെടുന്നതിനുള്ള അധികാരം മജിസ്ട്രേട്ടിനുതന്നെ നൽകേണ്ടതാകുന്നു. അതുകൊണ്ടാണ് എന്റെ ഭേദഗതിയെ ഞാൻ ഹാജരാക്കുന്നതു.

ഡെപ്യൂട്ടിപ്രസിഡൻറ: ഭേദഗതിയെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ൪-ാം ഖണ്ഡത്തിലെ ൫-ാം ഉപഖണ്ഡത്തിലുള്ള "നിബന്ധനകൾ" എന്നുള്ള വാക്ക ൬-ാം ഖണ്ഡത്തിൽ ഉപയോഗിച്ചുകാണാത്തതിൻെറ കാരണം എന്താണെന്നു ഞാൻ മി. കല്യാണം പരമേശ്വരൻപിള്ളയോടു ചോദിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നാം പുറപ്പെട്ടാടണോപോകുന്നതു?

മി. എൻ. വി. ജോസഫ് (പറവൂർ): അദ്ധ്യക്ഷൻെറ അനുമതിപ്രകാരം എനിക്കുന്നു നിർദ്ദേശിക്കേണ്ടതായിട്ടുണ്ടു. ൪-ാം ഖണ്ഡത്തിലെ ൫-ാം ഉപഖണ്ഡം താഴെപറയുംപ്രകാരമാണ്.

"ലൈസൻസുകൊടുക്കുന്ന അധികാരിക്ക ഈവകുപ്പിലെ മേല്പറഞ്ഞ വ്യവസ്ഥകൾക്കും ഗവൺമെൻറിൻെറ നിയന്ത്രണത്തിനും ഉൾപ്പെട്ടു തനിക്ക യുക്തമെന്നു തോന്നുന്നതുകൾക്കും താൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ചും കരുതലുകൾക്കുൾപ്പെട്ടും ഈ റഗുലേഷൻപ്രകാരം ലൈസൻസുകൾ കൊടുക്കാവുന്നതാണ്,,

എന്നാൽ ൬-ാം ഖണ്ഡത്തിൽ "നിബന്ധനകൾ" എന്നവാക്ക വിട്ടുപോയതായി കാണുന്നു. "നിബന്ധനകളും വ്യവസ്ഥകളും" എന്ന പദങ്ങളും "വ്യവസ്ഥകളോ കരുതലുകളോ", എന്നുള്ള പദങ്ങളും ഒരുപോലെയുള്ളവയല്ല.

ഡെപ്യൂട്ടിപ്രസിഡൻറ: ഒരേ പദങ്ങൾ തന്നെ ഉപയോഗപ്പെടുത്താമെന്നാണ് ഞാൻ വിചാരിക്കുന്നതു.

മി. എൻ. വി. ജോസഫ് (പറവൂർ): "നിബന്ധനകൾ,, എന്നപദം ചേർത്തില്ലെങ്കിൽ നിബന്ധനകളെലംഘിക്കുന്നതു മൂലിനെ പ്രാസിക്യൂട്ടുചെയ്യുന്നതിനു ബുദ്ധിമുട്ടുണ്ടായേക്കാം.

മിസ്റ്റർ നാരായണപിള്ളയുടെ ഭേദഗതികളെ സംബന്ധിച്ചുടത്തോളം ശിക്ഷനൽകുന്നകോടതിയും ലയിസൻസുനൽകുന്ന അധികാരിയും രണ്ടുഅധികാരസ്ഥന്മാരാണ്. തൻെറ ലയിസൻസിൽ അടങ്ങിയിട്ടുള്ള നിബന്ധനകളെ ഏതെങ്കിലും ലൈസൻസുഉടമസ്ഥൻ ലംഘിക്കുന്നതായാൽ ലയിസൻസുനൽകുന്ന അധികാരിക്ക ലൈസൻസു ഉപേക്ഷിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കേണ്ടതാണ്. അതായതു അയാൾക്ക നിയന്ത്രണാധികാരമുണ്ടായിരിക്കേണ്ടതാണ്.

പ്രസ്തുതഅധികാരം കോടതിയിൽ സ്ഥിതിചെയ്യുന്നപക്ഷം അതു പ്രസ്താവിക്കുന്ന വിധിയിൽ ലയിസൻസുനൽകുന്ന അധികാരി ലയിസൻസു റദ്ദാക്കണമെന്നു ആജ്ഞാപിക്കാവുന്നതാകുന്നു. ഈ അധികാരം കോടതിയിൽ സ്ഥിതിചെയ്യുന്നതായാൽ ലയിസൻസുനൽകുന്ന അധികാരി കോടതിയിൽപോയി ലയിസൻസു റദ്ദാക്കുന്നതിനുള്ള ആജ്ഞ വാങ്ങേണ്ടതായിവരുന്നു. ഈ അധികാരം ലയിസൻസ്നൽകുന്ന അധികാരിയുടെപക്കൽ നിന്നും എടുത്തുകളയുന്നതു ആശാസ്യമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ലയിസൻസ് ഉടമസ്ഥന്മാരെ ശരിയാംവണ്ണം നിയന്ത്രിക്കുന്നതിനായിട്ടു പ്രസ്തുത അധികാരം ലയിസൻസ്നൽകുന്ന അധികാരിയുടെ പക്കൽതന്നെ വച്ചുകൊണ്ടിരിക്കുന്നതു ഉത്തമമാണെന്നാണ് എനിക്കുള്ള അഭിപ്രായം.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ലയിസൻസ് റദ്ദാക്കുന്നതിനുള്ള അധികാരം ക്രിമിനൽകോടതിക്ക നൽകണമെന്നാണ് എൻെറ സ്നേഹിതൻ മിസ്റ്റർ നാരായണപിള്ള നിർദ്ദേശിക്കുന്നതു. ലയിസൻസ് നൽകുന്നഅധികാരി കോടതിയിൽനിന്നും വ്യത്യസ്തപ്പെട്ടതൊന്നായിരിക്കുന്നതിനാൽ ആ അധികാരത്തെ ലയിസൻസ്നൽകുന്ന അധികാരിക്ക തന്നെ കൊടുക്കുന്നതാണ് കൂറെക്കൂടിശരിയായിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ, ലൈസൻസ് കോടതിയിൽനിന്നു റദ്ദാക്കുന്നതായാലും ലയിസൻസ്നൽകുന്ന അധികാരിക്ക ലൈസൻസ് അനുവദിച്ചുകൊടുക്കാവുന്നതാണ്. ലൈസൻസ് അനുവദിച്ചുകൊടുക്കുന്നതിലേക്കുള്ള ഒരു ഉദ്യോഗസ്ഥനാണ് ലയിസൻസ്നൽകുന്ന അധികാരി; ആ സ്ഥിതിക്ക ലൈസൻസ്നൽകേണ്ടതു എപ്പോഴാണെന്നും ലൈസൻസ് റദ്ദാക്കേണ്ടതു എപ്പോഴാണെന്നും അപ്രകാരംചെയ്യേണ്ടതു ഏതെല്ലാം സന്ദർഭങ്ങളിലാണെന്നും അയാൾക്കുകൂടുതൽ നല്ലതിന്മണ്ണം അറിഞ്ഞിരിക്കാൻ സൌകര്യമുണ്ടായിരിക്കുന്നതുമാകുന്നു. അതുകൊണ്ടു ആ അധികാരിതന്നെ പ്രസ്തുതയധികാരവും കൂടെ ഉപയോഗിക്കുന്നതു നല്ലതെന്നാണ് ഞാൻ വിചാരിക്കുന്നതു. എന്തെല്ലാമായാലും കോടതിയുടെ ആജ്ഞ എന്തുതന്നെ ആയിരുന്നാലും വീണ്ടും ലയിസൻസ്നൽകാനധികാരമുള്ള ലൈസൻസ്നൽകുന്നധികാരിയുടെ മേൽ കോടതിക്ക യാതൊരുനിയന്ത്രണവും ഇല്ലാതിരിക്കുന്നടത്തോളംകാലം അതിൻെറ ആജ്ഞയ്ക്ക യാതൊരു ഊർജ്ജിതവും ഇല്ലായിരിക്കുന്നതാണ്. ഇതുപോലെതന്നെ മോട്ടോർവാഹനറഗുലേഷനിലും ൯-ാംവകുപ്പിൽ ഒരുവ്യവസ്ഥയുണ്ടു. അതനുസരിച്ചു ശിക്ഷനൽകുന്ന കോടതിക്ക വണ്ടിഓടിക്കുന്നതിനുള്ള ലൈസൻസ് റദ്ദാക്കുന്നതിനുള്ള അധികാരമില്ലാത്തതാണ്. ലൈസൻസ് ഉടമസ്ഥനെ ഒരുകോടതി ശിക്ഷിക്കയാണെന്നുവരികിലും ലൈസൻസ് റദ്ദാക്കേണ്ടതു ഗവൺമെൻറാണ്. കോടതിയിലെ നടപടിതീരുന്നതുവരെ ലൈസൻസ് സസ്പെൻറുചെയ്യുന്നതിനുള്ള അധികാരം മാത്രമേ ആ റഗുലേഷൻ അനുസരിച്ചു കോടതിക്ക നൽകിയിട്ടുള്ളു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പോലീസ്റഗുലേഷൻ അനുസരിച്ചു ലൈസൻസു കൊടുക്കുന്നതിനോ അതിനെ സസ്പെൻറു ചെയ്യുന്നതിനോ ഏതെങ്കിലും അധികാരം നൽകിയിട്ടുണ്ടോ?

ഡെപ്യൂട്ടി പ്രസിഡൻറ: മോട്ടോർ വാഹന റെഗുലേഷനെ സംബന്ധിച്ചാണ് അദ്ദേഹം പ്രസ്താവിച്ചതു.

മി. എസ്. പി. വിശ്വരൂപപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ലൈസൻസു റദ്ദാക്കുന്നതിനുള്ള അധികാരം പൊലീസു കമ്മീഷണർക്ക നൽകിയിട്ടില്ലയോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ലൈസൻസു റദ്ദാക്കുന്നതിനുള്ള അധികാരം കോടതിക്കില്ലെന്നുമാത്രമേ സഭയെ ധരിപ്പിക്കേണ്ടതായിട്ടുള്ളു. ആ അധികാരം ക്രിമിനൽകോടതിക്ക കൊടുക്കണമെന്നാണ് ഇപ്പോഴത്തെ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നതു. അപ്രകാരമുള്ള ഒരു വ്യവസ്ഥ മോട്ടോർവാഹന റഗുലേഷനിൽ ഇല്ലെന്നാണ് ഞാൻ പറയുന്നതിൻെറ സാരം. ലൈസൻസു റദ്ദാക്കുന്നതിനുള്ള അധികാരം ലൈസൻസു നൽകുന്ന അധികാരിതന്നെ ഉപയോഗപ്പെടുത്തുന്നതു നന്നായിരിക്കുന്നതാണു.

ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം ശിക്ഷ നൾകിയിട്ടുണ്ടെന്നുള്ള വിവരം ക്രിമിനൽകോടതികൾതന്നെ ലൈസൻസിൽ നോട്ടുചെയ്യേണ്ടതാണെന്നു ചട്ടങ്ങളിൽ വ്യവസ്ഥചെയ്യാമെന്നുള്ളതാണ്; അപ്രകാരം ചെയ്യുന്നതായാൽ ലൈസൻസു നൽകുന്ന അധികാരിയുടെ ശ്രദ്ധ അതിൽ പതിയുന്നതും ആവശ്യമുള്ള നടപടി നടത്താവുന്നതും ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഭേദഗതി ആവശ്യമില്ലെന്നാണു എന്റെയും വിശ്വാസം. ഏതെങ്കിലും കുററംചെയ്യുകയാണെങ്കിൽ കുററംചെയ്യുന്നവനെ ശിക്ഷിക്കുന്നതിനു വേണ്ടുവോളം അധികാരം കോടതിയ്ക്കു നൽകിയിട്ടുണ്ട്. ലൈസൻസു റദ്ദാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ലൈസൻസു നൽകുന്ന അധികാരിയുടെ പക്കൽമാത്രമെ അതു സ്ഥിതിചെയ്യാൻ പാടുള്ളു. ലൈസൻസിലുള്ള വ്യവസ്ഥകളെ ലംഘിക്കുന്നപക്ഷം ലൈസൻസു റദ്ദാക്കേണ്ടതു ലൈസൻസു നൽകുന്ന അധികാരിയുടെ പ്രധാനചുമതലയാകുന്നു. പൊതുജനങ്ങളുടെ ആവശ്യങ്ങളേയും എല്ലാത്തരം പൊതുനന്മകളേയും സംരക്ഷിക്കുന്നതിനു അതുധാരാളം മതിയാകുന്നതാണ്. അതുകൊണ്ടു പ്രസ്തുത ഭേദഗതി അത്ര ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു കൂടുതലായി യാതൊന്നുംതന്നെ പ്രസ്താവിക്കാനില്ല.

മി. കുമ്പളം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): എനിക്കും കൂടുതലായി യാതൊന്നും പറയാനില്ല.

ഡെപ്യൂട്ടി പ്രസിഡന്റു: ൨-ാംഖണ്ഡത്തിലുള്ള ആദ്യത്തെ ഭേദഗതി സ്വീകരിക്കപ്പെട്ടതാണ്. രണ്ടാമത്തെ ഭേദഗതി സഭയുടെ വോട്ടിനായിടുന്നു.

അതിന്മണ്ണം ഭേദഗതി വോട്ടിനിട്ടതിൽ പാസ്സാക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചുവടെ ചേർക്കുന്ന ൯-ാം ഖണ്ഡത്തിന്റെ (ഡ)-ാം ഉപഖണ്ഡം എടുത്തുകളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു:—

"കൂടാതെ ഏതെങ്കിലും ചിത്രസഞ്ചികയെസംബന്ധിച്ചു ഈ റഗുലേഷൻപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററം ഒരു ആളുടെമേൽ സ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുററസ്ഥാപനം ചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചിക ഗവർമെന്റിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്."

പൊതുവിൽ ശിക്ഷിച്ചതിന്റെശേഷം ഏതൊരു ചിത്രസഞ്ചികയെസംബന്ധിച്ചാണോ കുററം ചെയ്തിട്ടുള്ളതു ആ ചിത്രസഞ്ചികയെ കണ്ടുകെട്ടുന്നതിനു ശിക്ഷ നൽകുന്ന കോടതിയെ ഈ ഉപഖണ്ഡം അനുസരിച്ചു അധികാരപ്പെടുത്തിയിരിക്കുന്നു. രണ്ടു കാരണങ്ങൾകൊണ്ടു പ്രസ്തുത ഉപഖണ്ഡത്തെ സംബന്ധിച്ചിടത്തോളം എനിക്കു ആക്ഷേപമുണ്ടു. പൊതുവായി പറയുന്നപക്ഷം കണ്ടുകെട്ടുക ശിക്ഷയെ ഞാൻ എതിർക്കുന്നു; എന്തെന്നാൽ ചില നിയമങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള ചില കുററങ്ങൾ ചെയ്യപ്പെടുമ്പോൾ വസ്തുക്കൾ കണ്ടുകെട്ടണമെന്നു തിരുവിതാംകൂറിലെ നിയമങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടെന്നുവരികിലും കുററംചെയ്യുന്ന ആളിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതു ഒരു കഠിനമായ ശിക്ഷയാണെന്നാണു എന്റെ അഭിപ്രായം. അപ്രകാരം ചെയ്യുന്നതായാൽ അയാളെ ശിക്ഷിക്കുന്നതിനേക്കാൾ അയാളുടെ കുഡുംബത്തെയാണു ശിക്ഷിക്കുന്നതു. അതൊരു കഷ്ടമായ ശിക്ഷയല്ലയോ. ഉദാഹരണമായി വനം റഗുലേഷൻ അനുസരിച്ചു ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു തടി കൊണ്ടുപോകുന്നതിനു ഒരു ലൈസൻസുവാങ്ങാൻ വിട്ടുപോയ ഒരുകാരണത്തിന്മേൽ കുററംചെയ്ത ആളിനു തനിക്കു എന്തെല്ലാം ശിക്ഷകൾ നൾകാമോ അവയെല്ലാം നൽകിയതിനു പുറമെ ഏകദേശം ൫,൦൦൦ രൂപയോളം വിലവരുന്ന വസ്തുക്കളെ കണ്ടുകെട്ടാൻ ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടു ആജ്ഞാപിച്ച കേസുകൾ ഉള്ളതായി എനിക്കറിവുണ്ടു.

ഡെപ്യൂട്ടി പ്രസിഡന്റു: ഇവിടെ ഒരു പ്രത്യേക ചിത്രസഞ്ചികയെ മാത്രമേ കണ്ടുകെട്ടുന്നുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതെങ്കിലും ഒരു പ്രത്യേക ചിത്രസഞ്ചികയ്ക്കുള്ള വില എത്രയുമാകാവുന്നതാണ്. അതിനാൽ ശിക്ഷയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുമെന്നാണ് ഞാൻ പറയുന്നതു. അതുസംബന്ധപ്പെട്ട ചിത്രസഞ്ചികയുടെ സ്വഭാവത്തേയും വിലയേയും ആശ്രയിച്ചിരിക്കുന്നതാണ്. സംബന്ധപ്പെട്ട ചിത്രസഞ്ചികയുടെ വില അനുസരിച്ചു ഒരാൾക്കു നൾകപ്പെട്ട ശിക്ഷയും മറെറാരാൾക്കു നൾകപ്പെടുന്ന ശിക്ഷയും തമ്മിൽ വ്യത്യാസമുണ്ടാകാൻ ഇടവരുന്നു. അതുകൊണ്ടു കണ്ടുകെട്ടുന്ന ശിക്ഷയെ പൊതുവിൽ ആകുന്നിടത്തോളം എതിർക്കേണ്ടതാകുന്നു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ചിത്രസഞ്ചികകളുടെ ആഭാസകരമോ രാജദ്രോഹകരമോ ആയിരുന്നാൽ അതിനെ കണ്ടുകെട്ടുകയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരമുള്ള ചിത്രസഞ്ചികയെ സംബന്ധിച്ചിടത്തോളം ലൈസൻസുകൾ കൊടുക്കേണ്ട്. അവയെ തടുക്കാവുന്നതാണ്; അവയെ നശിപ്പിച്ചുകളയാം.

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട മെമ്പർ): ലൈസൻസുകൂടാതെ അവയെ പ്രദർശിപ്പിക്കയാണെങ്കിലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതുമജിസ്ട്രേട്ടാണോ ശിക്ഷിക്കുന്നതു ആ മജിസ്ട്രേട്ടു അതിനെ നശിപ്പിക്കുന്നതാകുന്നു. ചട്ടം അനുസരിച്ചു ലൈസൻസിൽ പ്രസ്താവിച്ചിട്ടുള്ള നിബന്ധനകളെ ലംഘിക്കുന്നതായാൽ യാതൊരുകുററവും ചെയ്യാത്തതായ ചിത്രസഞ്ചികയെ കണ്ടുകെട്ടാവുന്നതാണ്. കണ്ടുകെട്ടുന്ന ശിക്ഷയെ സംബന്ധിച്ചിടത്തോളം എനിക്കുള്ള ആദ്യത്തെ ആക്ഷേപം മേൽപ്രസ്താവിച്ചതാണ്. രണ്ടാമതായി പ്രസ്തുതഖണ്ഡത്തിന്റെ ഘടനയെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ അതു ഒട്ടുംതന്നെ കൃത്യമല്ലാത്തതും അനീതി ആയിട്ടുള്ളതും ആകുന്നു; എന്തെന്നാൽ ആ ചിത്രസഞ്ചിക പ്രദർശനം ചിത്രസഞ്ചിക ഉടമസ്ഥനോ അതല്ല ന്യായമായോ അന്യായമായോ ചിത്രസഞ്ചികയെ കൈവശപ്പെടുത്തിയ മറെറാരാളോ നടത്താവുന്നതാകുന്നു. ഉടമസ്ഥന്റെ പക്കൽനിന്നും ഒരു പാട്ടക്കാരൻ ചിത്രസഞ്ചിക കൈവശം വച്ചുകൊണ്ടിരിക്കുന്നതായി വിചാരിക്കണം; അയാൾ ലൈസൻസിനെ ലംഘിക്കുന്നു. അതിനെസംബന്ധിച്ചു ഒരു കുററം ചെയ്യപ്പെട്ട

അല്ലാത്തപക്ഷം ഒരുകള്ളൻ അതിനെ മോഷ്ടിച്ചു തിരുവിതാംകൂറിന്റെ ഏതെങ്കിലും ഒരുസ്ഥലത്തു കൊണ്ടുപോയി ലൈസൻസു കൊടുക്കുന്ന ബോർഡിന്റെ പക്കൽനിന്നും ഒരു ലൈസൻസുവാങ്ങി പ്രദർശനംനടത്തി ലൈസൻസിലെ വ്യവസ്ഥകളെ അയാൾ പിന്നീടു ലംഘിക്കുന്നതായി വിചാരിക്കുക. പാട്ടക്കാരന്റേയോ കള്ളന്റേയോ മേൽ ക്രിമിനൽകോടതിയിൽ നിന്നും നടപടിനടത്തുകയും ഒടുവിൽ അയാൾ കുററക്കാരനാണെന്നു കാണുകയും ചെയ്യുന്നപക്ഷം ചിത്രസഞ്ചികയെ കണ്ടുകെട്ടുന്നതു പാട്ടക്കാരനേയോ കള്ളനേയോ ശിക്ഷിക്കുന്നതായിരിക്കുമോ? അപ്രകാരം ചെയ്യുന്നപക്ഷം അവർ സന്തോഷിക്കമാത്രമേ ചെയ്യുകയുള്ളു; നഷ്ടം സംഭവിക്കുന്നതു സാധുവായ ഉടമസ്ഥനാകുന്നു.

൧൫-ാംഖണ്ഡം (ഡ)-ാം ഉപഖണ്ഡം താഴെ പറയുംപ്രകാരമാണ്:—

"കൂടാതെ ഏതെങ്കിലും ചിത്രസഞ്ചികയെ സംബന്ധിച്ച് ഈ റഗുലേഷൻപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററം ചെയ്യപ്പെട്ടതായി സ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുററസ്ഥാപനം ചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചിക ഗവർമ്മെന്റിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്."

ഏതെങ്കിലും ഒരു ചിത്രസഞ്ചികയെ സംബന്ധിച്ചിടത്തോളം ഈ റഗുലേഷൻഅനുസരിച്ചു പല ആളുകളെയും ശിക്ഷിക്കാവുന്നതാണ്; "അപ്രകാരമുള്ള ആളുകൾ" എന്നതിൽ ലൈസൻസു നൽകുന്ന അധികാരിയാൽ തങ്ങളുടെ വീടുകളിൽവച്ചു ചിത്രസഞ്ചികകളെ പ്രദർശിപ്പിക്കുന്നതിനായി ലൈസൻസു കൊടുക്കപ്പെടാത്തതായ വീടുകളുടെ ഉടമസ്ഥന്മാരും ഉൾപ്പെടുന്നതാണ്. ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കപ്പെടുന്നതായ ഒരു വീട്ടുടമസ്ഥനെ ആ ചിത്രസഞ്ചികാ പ്രദർശനത്തെ സംബന്ധിച്ചു ലൈസൻസു വാങ്ങാത്തതിനു ഈ റഗുലേഷൻ അനുസരിച്ചു ശിക്ഷിച്ചതായി വിചാരിക്കുക. അയാൾക്കു യാതൊരുവിധമായ അവകാശവുമില്ലാത്തതായ ചിത്രസഞ്ചികയെ കണ്ടുകെട്ടുന്നതു ന്യായമായിട്ടുള്ളതും നീതിയായിട്ടുള്ളതും ആകുമോ? ഇപ്രകാരം സൂക്ഷ്മമല്ലാത്തവയായ പ്രസ്തുത ഉദാഹരണങ്ങൾ (ഡ)-ാം ഉപഖണ്ഡവുമായി സംബന്ധിക്കപ്പെടുമ്പോൾ പ്രസ്തുതറഗുലേഷൻ കുറെക്കൂടി സൂക്ഷ്മമല്ലാതാകയും, വസ്തു കണ്ടുകെട്ടുന്നതിൽവച്ചു യാതൊന്നുംതന്നെ കൂട്ടാക്കാത്ത വാസ്തവത്തിലുള്ള കുററക്കാരൻ യാതൊന്നുംതന്നെ വാസ്തവത്തിൽ സഹിക്കാതെയും വരുന്നു. മേൽപ്പറഞ്ഞ കാരണംകൊണ്ടു ബില്ലിൽനിന്നും പ്രസ്തുത ഉപഖണ്ഡത്തെ എടുത്തുകളയേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു ചിത്രസഞ്ചികയെ സംബന്ധിച്ചു പ്രദർശനം നടത്തപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥനെ ശിക്ഷിക്കാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശിക്ഷിക്കാം; ഏതൊരു ചിത്രസഞ്ചികയെ സംബന്ധിച്ചാണോ തന്റെ ഗൃഹത്തിൽവച്ചു പ്രദർശനംനടത്താൻ അനുവദിച്ചതു ആ ചിത്രസഞ്ചികയെ സംബന്ധിച്ചിടത്തോളം അയാളെ ശിക്ഷിക്കാവുന്നതാണ്. ഒരു ചിത്രസഞ്ചികയെ സംബന്ധിച്ചിടത്തോളം യാതൊരു അവകാശവുമില്ലാത്തതായ ഒരാളിനെ തന്റെ വീട്ടിൽവച്ചു വേറൊരുത്തന്റെ ചിത്രസഞ്ചികയെ ലൈസൻസുകൂടാതെ പ്രദർശിപ്പിക്കുന്നതിനു അനുവദിച്ചുകൊണ്ടു ഉൾപ്പെടുത്തത്തക്കവണ്ണം മജിസ്ട്രേട്ടു പ്രസ്തുത ഉപഖണ്ഡത്തെ വ്യാഖ്യാനിക്കാവുന്നതാകുന്നു. ൧൫-ാംഖണ്ഡം (ഫ)-ാം ഉപഖണ്ഡം താഴെ പറയുംപ്രകാരമാണ്:—

"ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കോ റഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും ലൈസൻസിന്റെ നിബന്ധനകൾക്കോ കരുതലുകൾക്കോ വിപരീതമായി ഒരു ചലനചിത്രപ്രദർശനത്തിന്റെ ഉടമസ്ഥനോ അതിന്റെ ചാർജ്ജുവഹിക്കുന്ന ആളോ ആ യന്ത്രത്തെ ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിനു അനുവദിക്കയോ ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോ പ്രവേശനക്കാരനോ ആ സ്ഥലത്തെ ഉപയോഗിക്കാൻ അനുവദിക്കയോ ചെയ്യുന്നപക്ഷം അയാൾക്കു ആയിരം രൂപാവരെയും കുററം തുടർന്നുകൊണ്ടിരിക്കുന്നതായാൽ അപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഓരോദിവസത്തേക്കും കൂടുതലായി നൂറുരൂപാവരെയും പിഴശിക്ഷിക്കാവുന്നതും അയാൾക്കു ലൈസൻസു ഏതെങ്കിലും ഉള്ളപക്ഷം അതു ലൈസൻസുകൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടാനിടയുള്ളതും ആകുന്നു."

ഇപ്രകാരമുള്ള ഒരുശിക്ഷ ഒരു ചിത്രസഞ്ചികയെ ഏതു ഗൃഹത്തിൽവച്ചാണോ പ്രദർശിപ്പിക്കപ്പെടുന്നതു ആ ഗൃഹത്തിന്റെ ഉടമസ്ഥനു നൽകാവുന്നതാകുന്നു; ആ ചിത്രസഞ്ചികയെ സംബന്ധിച്ചാണു കുററം ചെയ്യപ്പെട്ടിട്ടുള്ളതെന്നും അതിനെ കണ്ടുകെട്ടണമെന്നും മജിസ്ട്രേട്ടിനോടു പ്രാസിക്യൂട്ടു ചെയ്യുന്ന ആളിനു പറയാവുന്നതാണു. ഈ വ്യാഖ്യാനമാണു പ്രസ്തുതവകുപ്പിനു കൊടുക്കുന്നു എന്നുള്ളപക്ഷം—അപ്രകാരം വ്യാഖ്യാനിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല—ഈ ഉപഖണ്ഡപ്രകാരം ചിത്രസഞ്ചികയെ കണ്ടുകെട്ടി അനേകം ആളുകളെ ശിക്ഷിക്കാമെന്നുള്ളതും, മററ അനേകം ആളുകൾ ചെയ്തിട്ടുള്ള കുററങ്ങൾക്കു വാസ്തവത്തിൽ നഷ്ടംസഹിക്കേണ്ടതായ ആൾ ചിത്രസഞ്ചികയുടെ ഉടമസ്ഥനായിരിക്കുമെന്നുള്ളതും ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): രാജദ്രോഹകരമായിട്ടുള്ളവയോ സന്മാർഗ്ഗവിരോധമായുള്ളവയോ ആയ ചിത്രസഞ്ചികകളെ കണ്ടുകെട്ടുന്നതിൽ അദ്ദേഹത്തിനു വല്ല ആക്ഷേപവുമുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനു എനിക്കു യാതൊരു ആക്ഷേപവുമില്ലാത്തതാകുന്നു. വാസ്തവത്തിൽ അപശ്രുതിയുള്ളവയോ അസഭ്യമായവയോ ആയ സാധനങ്ങളെ കണ്ടുകെട്ടുന്നതിനു മാത്രമല്ല അവയെ നശിപ്പിക്കുന്നതിനുംകൂടിയുള്ള വ്യവസ്ഥ ക്രിമിനൽ നടപടിനിയമത്തിൽ ഉള്ളതായി എനിക്കറിയാം. മേൽപ്രസ്താവിച്ച അഭിപ്രായങ്ങളോടുകൂടി ഈ ഭേദഗതിയെ സ്വീകരിക്കണമെന്നു ഞാൻ സഭയോടു ശുപാർശ ചെയ്തുകൊള്ളുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഭേദഗതിയെ ഞാൻ പിൻ താങ്ങുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെപേരിൽ ഇതുപോലെ ഒരു ഭേദഗതിയുള്ളതായി ഞാൻ വിചാരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതെ സർ, അതുകൊണ്ടാണു മിസ്റ്റർ നാരായണപിള്ളയുടെ ഭേദഗതിയെ ഞാനിപ്പോൾ പിൻതാങ്ങുന്നതു.

ഞാൻ ഒരു നിയമശാസ്ത്രജ്ഞൻ അല്ല, നിയമനിർമ്മാണവിഷയത്തിൽ എനിക്കു പറയത്തക്ക യാതൊരുപരിചയവുമില്ല. എന്നാൽ ഈബില്ലിനെപ്പററി പര്യാലോചിക്കുന്നതിനു നിയമിച്ചിരുന്ന പ്രത്യേകകമ്മററിയിൽ ഞാനൊരു അംഗമായിരുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം യാതൊരുപ്രകാരത്തിലും അതിനോടുയോജി

ക്കുന്നതിനു എനിക്കു സാധിച്ചില്ല. സാധാരണയുള്ള ഒരു മനുഷ്യന്റെ നിലയിൽ പ്രസ്തുതബില്ലിലെ ചില വ്യവസ്ഥകൾ—പ്രത്യേകിച്ചും ഈ വ്യവസ്ഥ—വളരെ അസാധാരണയായിട്ടുള്ളവയായി എനിക്കുതോന്നി. വാസ്തവത്തിൽ നമ്മുടെ ബഹുമെമ്പർ ഈ പ്രസ്തുതനിയമത്തിന്റെ കർത്താവു- അതു ബ്രിട്ടീഷ് ഇൻഡ്യയിലുള്ള നിയമത്തിന്റെ ഒരു പകർപ്പുമാത്രമേ ആകുന്നുള്ളു. ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുമുമ്പു പൊതുവിൽ ആദരിച്ചുവന്നിരുന്ന അഭിപ്രായങ്ങളെ ഇപ്പോൾ ത്യജിച്ചിരിക്കയാണു ചെയ്തിരിക്കുന്നത്. എന്തെന്നാൽ നമ്മുടെ ചുററുമുള്ള ലോകം അത്രവേഗത്തിലാണു മുൻപോട്ടുപോകുന്നത്. പിന്നോക്കമുള്ള സംസ്ഥാനത്തിലേക്ക ഒരു പുതനായ നിയമം സൃഷ്ടിക്കയാണു നാം ഇപ്പോൾ ചെയ്യുന്നത്. അതിനാൽ ഇപ്പോഴത്തെ പൊതുജനാഭിപ്രായത്തിനു വിപരീതമായി അതിൽ യാതൊരു വ്യവസ്ഥയും ചേർക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു. ഒരു നിയമത്തിന്റെ ഗുണദോഷങ്ങൾ ഇന്നതെല്ലാമാണെന്നു അതിൽനിന്നും നേരിട്ടുണ്ടാകുന്ന ഫലങ്ങളിൽനിന്നല്ലാ അനുമാനിക്കപ്പെടേണ്ടതു. കുററം, ശിക്ഷ ഇവകളെ സംബന്ധിച്ച ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായങ്ങളിൽ അത്ഭുതകരമായ ഭേദഗതികളിൽനിന്നും അനുമാനിക്കേണ്ടതായിട്ടുണ്ടു. ജനങ്ങളുടെ അഭിപ്രായങ്ങളിൽ വളരെ മാററങ്ങളുണ്ടായിട്ടുണ്ടു. കുററങ്ങൾ ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാകുന്നു എന്നു കണ്ടുപിടിച്ചു അവയെ പരിഹരിക്കുന്നതിനു ശ്രമിക്കുകയാണുവേണ്ടതെന്നാണ് ഇപ്പോഴത്തെ ധ്യേയം. ശിക്ഷാശാസ്ത്രത്തിൽ വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ആ ശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ശിക്ഷയുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ടായിരിക്കണമെന്നു പൊതുജനങ്ങൾ അഭിപ്രായപ്പെടുന്നത്.

ശിക്ഷയെ സംബന്ധിച്ചിടത്തോളം പ്രതികാരംചെയ്യണമെന്നുള്ള അഭിപ്രായം മാറിപ്പോയിരിക്കുന്നു. പ്രതികാരത്തിനു പകരം പരിഷ്കാരംവേണമെന്നാണു ഇപ്പോൾ പൊതുജനങ്ങൾ അഭിപ്രായപ്പെടുന്നതു. സാമുദായികമായ നന്മയ്ക്കു എതിരായി കുററപ്രവൃത്തിചെയ്യുന്നവനെ ഇല്ലായ്മചെയ്യുന്നതിനു പകരം നന്നാക്കുകയാണ് വേണ്ടതു. ദുഷ്പ്രവൃത്തികൾ ചെയ്യാതിരിക്കത്തക്കവണ്ണം അയാൾക്കു മനഃപരിഷ്കാരം നല്കണമെന്നും അയാളെ നന്നാക്കണമെന്നുമാണു ഞാൻ പറയുന്നതിന്റെ അർത്ഥം. അപ്രകാരം മനഃപരിഷ്കാരം സിദ്ധിക്കുന്നതുമൂലം സമുദായത്തിനു ദുഷ്പ്രവൃത്തിചെയ്യണമെന്നുള്ള ആഗ്രഹം അവനു ഇല്ലാതാകുന്നു. പരിഷ്കാരം എന്നുപറയുന്നതിന്റെ അർത്ഥം അതാണു. ശിക്ഷ നൽകുന്നതിന്റെ ഉദ്ദേശം പ്രതികാരംചെയ്യുന്നതിനല്ല പരിഷ്കാരം വരുത്തുന്നതിനാണു എന്നു അഭിപ്രായപ്പെടുന്നതിൽ സഭ എന്നോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ബുദ്ധിപൂർവ്വമായി പ്രവൃത്തിക്കുന്നതല്ലാതെ വൈഷമ്യങ്ങളോടു പെരുമാറരുതു. എക്സിക്യൂട്ടിവ്ശക്തിയെ നിരാവകാശമാക്കാൻ ഈ സഭ ശ്രമിക്കരുതു. എന്റെ അഭിപ്രായം അതാണ്.

ചലനചിത്രപ്രദർശനങ്ങളെ സംബന്ധിച്ചിടത്തോളം— ഞാനൊരു നിയമപണ്ഡിതനല്ലെന്നുള്ളതായും മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടു—പ്രദർശനംമൂലം ശാരീരികമായോ മാനസികമായോ യാതൊരു നഷ്ടവും വാസ്തവത്തിൽ സംഭവിക്കുന്നില്ലെന്നാണു ഞാൻ വിചാരിക്കുന്നതു. ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ദുഷ്ടം ഉണ്ടാകയെന്നു ഭയപ്പെടുന്നതായ ഒന്നുമാത്രമാണു. അതായതു ചില ചിത്രസഞ്ചികകളുടെ പ്രദർശനംമൂലം ജനങ്ങളുടെ മാനസികപരിഷ്കാരത്തിനു ഹാനി സംഭവിച്ചേയ്ക്കുമെന്നോ അഗ്നിബാധനിമിത്തം നഷ്ടം സംഭവിച്ചേയ്ക്കുമെന്നോ നാം ഭയപ്പെടുന്നു. അപ്രകാരമുള്ള ആപത്തുകളെ തടുക്കുന്നതിനായിട്ടു നാം ഇപ്പോൾ ഈ നിയമം പാസ്സാക്കുന്നു. അപ്രകാരമുള്ള ആപത്തുകൾ അപൂർവമായി ചിലപ്പോൾ സംഭവിക്കാമെന്നുള്ളതേയുള്ളു. അതുകൊണ്ടു ചിത്രസഞ്ചികകളെ പ്രദർശിപ്പിക്കുന്ന ഒരാളെ സമുദായത്തിനു ഹാനികരമായ ഒരു പ്രവൃത്തിചെയ്തതിനല്ല ശിക്ഷിക്കാൻ നാം ഉദ്യമിക്കുന്നതു. എന്നാൽ ലൈസൻസു വാങ്ങാൻവിട്ടുപോയ ഏകകാരണത്തെ അടിസ്ഥാനപ്പെടുത്തി ശിക്ഷിക്കുന്നതിനാണു നാം ശ്രമിക്കുന്നതു. അയാളുടെ വസ്തുക്കളെ കണ്ടുകെട്ടാനാണു അതിലേക്ക നിർദ്ദേശിച്ചിരിക്കുന്ന ശിക്ഷ. ക്രൂരമായ ഈ കുററംചെയ്യുന്നതിന് ഇപ്രകാരമുള്ള ഒരു ശിക്ഷവേണമെന്നു നിർദ്ദേശിച്ചിരിക്കുന്നതിൽ നാഗരീകത്തിൽ നമുക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയേയും പൊതുവെ ബുദ്ധിവികാസത്തിൽ നമുക്കുണ്ടായിട്ടുള്ള വളർച്ചയേയും രാഷ്ട്രീയകാര്യങ്ങളിൽ നമുക്കുണ്ടായിട്ടുള്ള ഉണർച്ചയേയും നാം മറന്നുകളയണമെന്നു നമ്മുടെ ബഹുമെമ്പർ നമ്മളോടു ആവശ്യപ്പെടുന്നതായി ഞാൻ വിചാരിക്കുന്നു. നാഗരീകത്തിലും പൊതുവേയുള്ള ബുദ്ധിവികാസത്തിലും നമുക്ക വളരെ അഭിവൃദ്ധിയുണ്ടായിട്ടുള്ള വിവരം മറന്നുകളയുന്നതിനു ഞാൻ തയ്യാറില്ല. അതുകൊണ്ടു ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ജനങ്ങൾക്കുള്ള അഭിപ്രായത്തെ ആദരിക്കേണ്ടതു നമ്മുടെ ചുമതലയാണ്. ശിക്ഷനൽകുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ സംബന്ധിച്ചിടത്തോളം ലാർഡ് ഹാൽഡേയിന്റെ അഭിപ്രായം എന്താണെന്നു സഭയുടെ അനുമതിയോടുകൂടി ഞാൻ വായിക്കുന്നു.—

“ശിക്ഷയിൽനിന്നും ഉണ്ടാകുന്ന ഫലം അതിന്റെ നീതിയെ അറിയുന്നതിലാണു സ്ഥിതിചെയ്യുന്നതു. എന്നാൽ അതിനെ സംബന്ധിച്ചുള്ള നീതി അതിന്റെ വിദ്യാഭ്യാസഫലത്തിൽമാത്രം സ്ഥിതിചെയ്യുന്നതല്ലാതാകുന്നു. ഏതു ന്യായാധിപതിയാണോ ശിക്ഷ നൽകുന്നതു ആ ന്യായാധിപതിയുടെ മനസ്ഥിതി വേർപെട്ട ഒന്നായിരിക്കണം. സമുദായത്തിന്റെ അവകാശങ്ങളേയും എല്ലാ കാര്യങ്ങളേയുംപററി ആലോചിക്കപ്പെടുന്നതിനുള്ള ഒരുവന്റെ അവകാശങ്ങളേയും അദ്ദേഹം ഒരുപോലെ ആലോചിക്കേണ്ടതാണു. പ്രതിശാന്തിയുടേയും പരിഹാരത്തിന്റേയും മനസംസ്കാരത്തിന്റേയും ഉദ്ദേശങ്ങളെ അദ്ദേഹം ഓർമ്മിക്കേണ്ടതാകുന്നു. ശിക്ഷയുടെ അഭ്യസനവിഷയെ സംബന്ധിച്ചിടത്തോളം സാമുദായികജീവിതത്തിൽ വീണ്ടും പ്രവേശിക്കുന്നതിന് ഒരുത്തനെ ത്രാണിയുള്ളവനാക്കിത്തീർക്കാൻ എന്തെങ്കിലും ചെയ്യേണ്ടതാകുന്നു എന്നു മുൻപുള്ളതിനേക്കാൾ കൂടുതലായി ഇപ്പോൾ ജനങ്ങൾ അറിഞ്ഞു തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം സിദ്ധിക്കുന്നതിനു അയാൾക്കു സൗകര്യങ്ങൾ നൽകപ്പെടുന്നു. ഇതത്രെ വലിയ അഭിവൃദ്ധിതന്നെയാണ്. ശിക്ഷനൽകുന്നതു വാസ്തവമായ ഒരു ശിക്ഷയായിരിക്കണമെന്നുള്ള തത്വമായി ഇതിനെ സംക്ഷേപിപ്പിക്കേണ്ടതാകുന്നു. ഇനി വേറൊരു സംഗതികൂടി ആലോചിക്കേണ്ടതായിട്ടുണ്ടു. കുററംചെയ്യുന്നവരുടെ നടത്ത പലവിധത്തിലുള്ളതാണ്; അവരുടെ നടത്തയെ നല്ലവഴികളിൽക്കൂടിവേണം നയിപ്പിക്കേണ്ടതു. സാമ്രാജ്യീകമായ ചികിത്സ ആവശ്യമാണ്. വെറും വേദനമാത്രം കൊടുക്കുന്നതു എന്താണെന്നാണ് തോന്നുന്നതു. കുററംചെയ്യുന്നതു ദോഷംതന്നെ. കുററംചെയ്യുന്ന ആളിന്റെ കഷ്ടതയോടു അതു പ്രവൃത്തിക്കുന്നവന്റെ കഷ്ടതയുംകൂടി ചേർക്കുന്നപക്ഷം ഒരു ദോഷത്തിനു പകരം രണ്ടു ദോഷങ്ങൾ ഉത്ഭവിക്കുന്നു”.

ഇതാണു ലാർഡ് ഹാർഡിഞ്ചിന്റെ അഭിപ്രായം. അല്പകാലത്തിനുമുൻപു ഒരു പ്രാവിൻസിലെ പ്രധാന ഉദ്യോഗസ്ഥൻ എന്നനിലയിൽ ഈ വിഷയത്തെപ്പറ്റി ബംഗാൾ ഗവർണർ സാരഗർഭമായ അഭിപ്രായം പുറപ്പെടുവിക്കുകയുണ്ടായി. ശിക്ഷനൽകുന്ന സംഗതിയിൽ പ്രതികാരത്തിനുപകരം പരിഷ്കാരമാണു വേണ്ടതെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. മേൽ പ്രസ്താവിച്ചവയൊക്കെ പരിഗണിച്ചു അനുവാദം അടങ്ങിയിരിക്കുന്ന ഒരുകഷണം കടലാസുവാങ്ങാൻ വിട്ടുപോയ കുറ്റകാരണത്തിന്മേൽ ഒരുത്തന്റെ വസ്തുക്കളെ നാം കണ്ടുകെട്ടുന്നതു ന്യായീകരിക്കത്തക്കതാണോഎന്നു എന്റെ അനദ്യോഗസ്ഥസ്നേഹിതന്മാരോടു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇത്രയുംമാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു.

സർ, രാജാവിനു എതിരായി യുദ്ധംചെയ്യുന്നതിനും അപ്രകാരമുള്ള യുദ്ധത്തിനായി സാമാനങ്ങൾ ശേഖരിക്കുന്നതിനും ശിക്ഷയായി വസ്തു കണ്ടുകെട്ടുന്നതിനു ശിക്ഷാനിയമത്തിൽ——അതുമായിട്ടു എനിക്കു പരിചയമൊന്നും ഇല്ല——വ്യവസ്ഥ ചെയ്തിട്ടുണ്ടു. ഒരു നടപടിക്രമത്തെ സംബന്ധിച്ചുമാത്രം ഒരുത്തൻ ചെയ്യുന്നതായ കുറ്റവും നാല്പതുലക്ഷം ജനങ്ങളുടെയും സംസ്ഥാനത്തിലെ രാജാവിന്റെയും നേർക്കുള്ള ഒരു കുറ്റവും ഒരുപോലെ വിചാരിക്കേണ്ടതാണോ? ഇതിനുപുറമെ ഒരുത്തന്റെ വസ്തുക്കളെ കണ്ടുകെട്ടുന്നതുകൊണ്ടു അയാളെ മാത്രമല്ല നാം ശിക്ഷിക്കുന്നതു; അയാളുടെ ഭാര്യയേയും കുട്ടികളേയുംകൂടി നാം ശിക്ഷിക്കുന്നു. ശിക്ഷയുടെ ഉദ്ദേശം പരിഷ്കാരമാണെങ്കിൽ യഥാർത്ഥത്തിൽ ഇതു ശിക്ഷയാണോ? അയാളെ പരിഷ്കരിക്കുന്നതിനുപകരം അയാളേയും അയാളുടെ കുടുംബത്തേയും ഇല്ലായ്മചെയ്കയാണ് നാം ചെയ്യുന്നതു. അപ്രകാരം പ്രവൃത്തിക്കുന്നതുകൊണ്ടു ശിക്ഷയുടെ ഉദ്ദേശത്തെ സാദ്ധ്യമാക്കുന്നില്ല.

ഇനി വേറൊരുകാര്യംകൂടി എനിക്കു പ്രസ്താവിക്കാനുണ്ടു. ഇപ്രകാരമുള്ള ഒരു കുറ്റത്തിനു വസ്തുക്കളെ കണ്ടുകെട്ടുന്ന ശിക്ഷ കല്പിച്ചിട്ടുണ്ടെന്നു വരികിലും ഈ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയിൽനിന്നോ എല്ലാ വ്യവസ്ഥകളിൽനിന്നോ തങ്ങൾക്കു ഉചിതമെന്നു തോന്നുന്ന ആരെയെങ്കിലും ഒഴിവാക്കുന്നതിനുള്ള അധികാരം ഗവണ്മെന്റു വച്ചുകൊണ്ടിരിക്കയാണു ചെയ്തിരിക്കുന്നതു. റഗുലേഷൻപ്രകാരമുള്ള കുറ്റം ആരാണോ കുറ്റം ചെയ്യുന്നതു അയാളുടെ വസ്തുക്കളെ കണ്ടുകെട്ടത്തക്കവണ്ണം അത്ര ഗൌരവമായിട്ടുള്ളതാണെന്നു ഈ നിയമകർത്താക്കന്മാർക്കു തോന്നിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമത്തിന്റെ പ്രവർത്തനത്തിൽനിന്നും അവർക്കു ആവശ്യമെന്നു തോന്നുന്ന ആളുകളെ ഒഴിവാക്കാനുള്ള ചുമതല അവർ വഹിക്കുമായിരുന്നോ? മോഷണംഎന്ന കുറ്റം ചെയ്തിട്ടുള്ള ഒരുത്തന്റെ സംഗതിയിൽ ഇപ്രകാരം ഒഴിവാക്കുന്നതിനുള്ള അവകാശം ഇല്ലെന്നുള്ള കാര്യം വാസ്തവത്തിൽ നമുക്കറിയാവുന്നതാണ്. ഇപ്രകാരമിരുന്നാലും മോഷ്ടിക്കുന്നവരുടെ കാര്യത്തിൽ മോഷണംചെയ്യുന്നവന്റെ വസ്തുക്കൾ കണ്ടുകെട്ടണമെന്നു വ്യവസ്ഥചെയ്തിട്ടില്ല. കുലകുറ്റത്തിനുപോലും വസ്തുക്കളുടെ കണ്ടുകെട്ടലല്ല ശിക്ഷയായി വിധിച്ചിരിക്കുന്നതു. സർ, എന്നാൽ ഒരു കാര്യത്തെപ്പറ്റി പറയുന്നതിനു എനിക്കു വളരെ സന്തോഷമുണ്ടു; അതിനെപ്പറ്റി എനിക്കറിയാവുന്നതുപോലെ ചീഫ് സെക്രട്ടറിക്കു അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. ഈയിടക്കാലത്തു ഗവണ്മെന്റിൽനിന്നും വളരെ വിലയുള്ളതായ ഒരു പ്രസ്താവന പരസ്യപ്പെടുത്തിയിട്ടുള്ളതാകുന്നു

....

മി. കല്ലുമഠം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെവിടെയാണു പ്രസ്താവിച്ചിരിക്കുന്നതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൦൦-ാമാണ്ടത്തേക്കുള്ള ക്രിമിനൽ നീതിഭരണത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ ഗവണ്മെന്റു താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു:—

‘‘രണ്ടാമതു പ്രസ്താവിച്ച ഇനത്തിലുള്ള കുറ്റങ്ങളുടെ വർദ്ധന (മിസ്റ്റർ മാധവൻപിള്ള: അതായതു പ്രത്യേകവും പ്രാദേശികവും ആയ നിയമങ്ങളുടെ ഇനത്തിൽ) സംസ്ഥാനത്തിൽ കൂടുതൽ കുറ്റങ്ങൾചെയ്യുന്നുഎന്നുള്ളതിനു ഒരു തെളിവായി വിചാരിക്കപ്പെടാൻ പാടുള്ളതല്ല; എന്തെന്നാൽ പ്രാദേശികവും പ്രത്യേകവുമായ നിയമലംഘനങ്ങൾ അപ്രധാനവും അവ സമുദായത്തിനു എതിരായി ചെയ്യപ്പെടുന്നവയെന്നല്ലാതെ സാക്ഷാൽ കുറ്റങ്ങളായി കരുതപ്പെടാൻ പാടില്ലാത്തതും ആകുന്നു’’.

സർ, മേൽപ്പറഞ്ഞതു പ്രാധാന്യമുള്ള ഒരു പ്രസ്ഥാവനയാകുന്നു; ഇതു ഇപ്പോഴത്തെ പൊതുജനാഭിപ്രായത്തിനു വളരെ മുന്നിട്ടുനില്ക്കുന്നതുകൊണ്ടു എനിക്കു അതിയായ സന്തോഷമുണ്ടു. പ്രത്യേകമായിട്ടുള്ള നിയമങ്ങളെ ലംഘിക്കുന്നതു സമുദായത്തിനു എതിരായി ചെയ്യപ്പെടുന്ന ചില പ്രവൃത്തികൾ മാത്രമാണെന്നു ഗവണ്മെന്റു പ്രസ്ഥാപിച്ചിരിക്കുന്ന സ്ഥിതിക്കു ആ കുറ്റംചെയ്യുന്ന ആളിനു നാഗരീകം സിദ്ധിച്ചിട്ടുള്ള ഒരു സമുദായത്തിലെ അംഗമായിരിക്കുന്നതിനു ആവശ്യം വേണ്ട ഗുണങ്ങൾഇല്ലെന്നു മാത്രമേ അർത്ഥമാകുന്നുള്ളു. അപ്രകാരമുള്ള കുറ്റക്കാരെ കുറ്റംചെയ്യുഎന്നുള്ള മലിനതയിൽനിന്നും ഗവണ്മെന്റു ഒഴിവാക്കിയിട്ടുണ്ടു. അതിനാൽ ഗവണ്മെന്റിൽനിന്നും ഇപ്രകാരമൊരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിയിരിക്കെ കുറ്റകരമല്ലാത്തതും അപ്രധാനവുമായ ഒരു പ്രവൃത്തിയാണെന്നു ഗവണ്മെന്റു പറയുന്ന ഒരു കുറ്റത്തിനു കണ്ടുകെട്ടൽ ശിക്ഷയായി വ്യവസ്ഥ ചെയ്യണമെന്നു ലാമെംബർ നമ്മളോടാവശ്യപ്പെടുന്നതു വളരെ അതിശയമായി എനിക്കു തോന്നുന്നു. ഈ വ്യവസ്ഥ വേണമെന്നു പറയുന്നതു ലാമെംബറുടെ സ്വന്ത ആവശ്യപ്രകാരമോ ഗവണ്മെന്റിന്റെ ആവശ്യമനുസരിച്ചോ എന്നുള്ളതിനെപ്പറ്റി എനിക്കു നിശ്ചയമില്ല. ഇതു ഗവണ്മെന്റിന്റെ ആവശ്യപ്രകാരമാണ് അദ്ദേഹം ഉൾപ്പെടുത്തിയിട്ടുള്ളതെന്നു വരികിൽ ഗവണ്മെന്റിന്റെ നയം സ്ഥിരമായിട്ടുള്ളതല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു; ഗവണ്മെന്റിന്റെ പ്രതിനിധിഎന്നുള്ളനിലയിൽ ലാമെംബർ ഈ വ്യവസ്ഥയെ പിൻവലിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സ്വന്ത ആവശ്യപ്രകാരമാണു ഇപ്രകാരം ചെയ്തിട്ടുള്ളതെന്നുവരികിൽ അദ്ദേഹത്തിന്റെ നിലയും ഗവണ്മെന്റിന്റെ വിലയേറിയ പ്രസ്താവനയും തമ്മിൽ യോജിപ്പിക്കുന്നതിനു അദ്ദേഹം ശ്രമിക്കേണ്ടതാകുന്നു.

മി. എൻ. വി. ജോസഫ് (പറവൂർ): ഒരു ചിത്രസഞ്ചികയുടെ വില സാധാരണയായി എന്തായിരിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതിനു പതിനായിരം രൂപവരെ വില വരുമെന്നാണു പറയപ്പെടുന്നതു്. ഒരു ചിത്രസഞ്ചികയെ സംബന്ധിച്ചുള്ള കുറ്റങ്ങൾക്കു ആയിരം രൂപവരെ പിഴയിട്ടു ശിക്ഷിക്കാമെന്നു കാണുന്നു.

ഇതിനുപുറമെ സിവിൾവ്യവഹാരങ്ങളിൽ അവസ്ഥയുള്ള സല ൫,൦൦൦ രൂപയിൽ കൂടുതലുള്ളപക്ഷം അവയെ മൂന്നു ജഡ്ജിമാർ അടങ്ങിയിട്ടുള്ള ഹൈക്കോർട്ടിലെ ഒരു ഫുൾബെഞ്ചിനു മാത്രമേ വിസ്തരിക്കാൻ പാടു

ുള്ളു. എന്നാൽ ഈ ബില്ലിൽ പതിനായിരമോ പതിനഞ്ചായിരമോ രൂപയിൽ കൂടുതൽ വിലയുള്ള വസ്തുവെ കണ്ടുകെട്ടുന്നതിനു ഒരു മജിസ്ട്രേട്ടിനു അധികാരം നൽകിയിരിക്കുന്നു. ഇതും വിസ്മയനീയമായ ഒരു കാര്യംതന്നെ.

സർ, മേൽപറഞ്ഞ വിമർശനങ്ങളോടുകൂടി ഉപഖണ്ഡത്തെ എടുത്തുകളയണമെന്നുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, ഭേദഗതിയെപ്പറ്റി ഇനി വാദപ്രതിവാദം നടത്തുന്നതിനു മുൻപായി മി. രാമൻമേനവൻ തന്റെ ഭേദഗതിയെ ഹാജരാക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു. ചിത്രസഞ്ചികകളെ കണ്ടുകെട്ടുന്നതു ആക്ഷേപാർഹമാണെന്നാണു ഭേദഗതിയിൽ പ്രസ്താവിച്ചിരിക്കുന്നതു്. ഈ ഭേദഗതികളെല്ലാം ഒന്നായിട്ടു ആലോചിക്കപ്പെടണമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

ഡെപ്യൂട്ടി പ്രസിഡൻറ്: ഈ ഭേദഗതി പാസ്സാക്കപ്പെടുകയാണെങ്കിൽ മി. രാമൻ മേനോന്റെ ഭേദഗതി ആവശ്യമില്ലല്ലോ. ഉപഖണ്ഡം വച്ചുകൊണ്ടിരിക്കയാണെങ്കിൽ മാത്രമേ മി. രാമൻമേനോന്റെ ഭേദഗതി ഹാജരാക്കിട്ടാവശ്യമുള്ളു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ബില്ലിലുള്ള ഖണ്ഡത്തെ വച്ചുകൊണ്ടിരിക്കുന്നതിന് മി. രാമൻ മേനോനു സമ്മതമില്ലാതിരിക്കാമെങ്കിലും അദ്ദേഹം ഭേദപ്പെടുത്തിയതായ ഈ ഖണ്ഡത്തെ വച്ചുകൊണ്ടിരിക്കുന്നതിനു അദ്ദേഹത്തിനു സമ്മതമുണ്ടായിരിക്കാം. മി. നാരായണപിള്ളയുടെ ഭേദഗതി പാസ്സാക്കപ്പെടുന്നപക്ഷം തന്റെ ഭേദഗതി വേണമെന്നു ആഗ്രഹമുണ്ടായിരുന്നാലും മി. രാമൻമേനോന്റെ ഭേദഗതി ഹാജരാക്കാൻ അദ്ദേഹത്തിനു സാധിക്കാതെവരും.

ഡെപ്യൂട്ടിപ്രസിഡൻറ്: ഈ ഭേദഗതി പാസ്സാക്കപ്പെട്ടില്ലെങ്കിൽ മാത്രമേ ആ ഭേദഗതി ഉദിക്കയുള്ളു. അതുകൊണ്ടു ഈ ഭേദഗതിയെപ്പറ്റിയുള്ള തീർച്ചയുടെമേൽ അതിനെപ്പറ്റി നമുക്കാലോചിക്കാവുന്നതാണ്.

ഈ ഭേദഗതിയെപ്പറ്റി കൂടുതൽ മെമ്പറന്മാർക്കു സംസാരിക്കണമെന്നുണ്ടെങ്കിൽ വേറെ മാറ്റിവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. സഭയുടെ അഭിപ്രായംപോലെ ചെയ്യാം.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വക): മി. പി. കെ. നാരായണപിള്ളയേയും മി. മാധവൻപിള്ളയേയും ഞാൻ ബലമായി പിൻതാങ്ങുന്നു.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): മി. പി. കെ. നാരായണപിള്ള നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെ ഞാനും പിൻതാങ്ങുന്നു. ഒരു ദീർഘമായ പ്രസംഗം നടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ലൈസൻസു നൽകുന്ന അധികാരിയാൽ ചുമത്തപ്പെട്ടിട്ടുള്ള ചില നിബന്ധനകളുടെ ലംഘനങ്ങൾപോലും ഈ വകുപ്പനുസരിച്ചു ഒരു ചിത്രസഞ്ചിയുടെ ഉടമസ്ഥനെ ശിക്ഷിക്കാമെന്നുള്ളതിനെ മാത്രം ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: നീതിന്യായകോടതികൾ മുഖേനയെ ചിത്രസഞ്ചികകളെ കണ്ടുകെട്ടാൻ പാടുള്ളു എന്നതിനെ അതാതു ഉടമസ്ഥന്മാരായ കക്ഷിക്കു രാജ്യത്തിലെ ഏറ്റവും ഉയർന്ന കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് അവകാശവും സൌകര്യവും ഉള്ളതാകുന്നു.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ അധികാരത്തെ ഒരു നീതിന്യായ കോടതിക്കു നൽകുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് നാം ഇപ്പോൾ വാദപ്രതിവാദം നടത്തുന്നതു്.

ഡെപ്യൂട്ടിപ്രസിഡൻറ്: ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനല്ല ആ അധികാരം നാം നൽകുന്നതു്; എന്നാൽ ഒരു നീതിന്യായ കോടതിക്കാണ് കൊടുക്കുന്നതു്. അതുകൊണ്ടു രാജ്യത്തിലെ ഏറ്റവും ഉയർന്ന കോടതിയിൽ കേസുകൊണ്ടുപോകുന്നതിനു കക്ഷിക്കു അവകാശവും സൌകര്യവും ലഭിക്കുന്നു എന്നാണു ഞാൻ പ്രസ്താവിച്ചതു്.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഹൈക്കോടതിയിൽ രണ്ടാമതു അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശം ഇല്ലെങ്കിൽ കേസിനെ ഏറ്റവും ഉയർന്ന കോടതിയിൽ കൊണ്ടുപോകയോ കൊണ്ടുപോകാതിരിക്കയോ ചെയ്യാവുന്നതാണ്. ഇതിനും പുറമെ കുറ്റംചെയ്യുന്നവനു് കോടതിക്കു പരമാവധി തുകയായ ൨൦൦൦ രൂപാവരെ പിഴയിടുന്നതിനും അധികാരമുള്ളതാകുന്നു. അതൊരു ഗൌരവതരമായ കുറ്റമാണെങ്കിൽ കോടതിയിൽനിന്നും പരമാവധിതുക തന്നെ പിഴശിക്ഷ വിധിച്ചേക്കാവുന്നതാണ്. കുറ്റംചെയ്യുന്നവനെ സംബന്ധിച്ചിടത്തോളം ആയിരംരൂപാ പിഴശിക്ഷവിധിക്കുന്നതു ഒരു മതിയാകുന്നതായ ശിക്ഷതന്നെയെന്നാണു ഞാൻ കരുതുന്നതു്.

ഡെപ്യൂട്ടി പ്രസിഡൻറ്: കുറ്റംതുടർന്നു ചെയ്യുന്നതിനു നൂറുരൂപ മാത്രമേ പിഴശിക്ഷയുള്ളു.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എന്നാൽ അതു് ഒരു ദിവസത്തേയ്ക്കാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: ഒരുത്തൻ ലൈസൻസുകൂടാതെ ദിവസേന ഒരു ചിത്രസഞ്ചികയെ പ്രദർശിപ്പിക്കയും പൊതുജനങ്ങളിൽനിന്നും ദിവസംതോറും ൫൦൦ രൂപാവീതം പിരിച്ചെടുത്തു ദിവസമൊന്നുക്കു നൂറുരൂപാ വീതം സന്തോഷത്തോടു പിഴ ഒടുക്കുകയും ചെയ്യുന്നു എന്നു വിചാരിക്കുക. എത്ര ദിവസമെങ്കിലും ആ പിഴ ഒടുക്കുന്നതിനു അയാൾക്കു സാധിക്കുന്നതാണ്. അപ്രകാരം സംഭവിക്കുന്നപക്ഷം എന്താണു ചെയ്യേണ്ടതു്.

മി. റ്റി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ആ വിഷയത്തെ സംബന്ധിച്ചിടത്തോളം ലൈസൻസുവാങ്ങാത്തതായ ആ ചെറിയ നടപടിപിശകിനു ദിവസമൊന്നുക്കു നൂറുരൂപാവീതം പിഴകൊടുക്കുന്നതു മതിയായ ഒരു ശിക്ഷയാണെന്നാണ് ഞാൻ വിചാരിക്കുന്നതു്.

ഡെപ്യൂട്ടിപ്രസിഡൻറ്: ഇനിയും സംസാരിക്കാനായി അനേകം ആളുകളുണ്ടെങ്കിൽ സഭയുടെ ഇന്നത്തെ നടപടികൾ നിറുത്തിവച്ചു പിന്നീടു നമുക്കു വാദപ്രതിവാദം തുടരാമെന്നാണ് ഞാൻവിചാരിക്കുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നാളെ അനുദ്യോഗസ്ഥ ദിവസിയാണ്.

ഡെപ്യൂട്ടി പ്രസിഡൻറ്: ശനിയാഴ്ചദിവസം ആവശ്യമുള്ളപക്ഷം ഒന്നോ രണ്ടോ മണിക്കൂർ നേരത്തേക്കു ഉദ്യോഗസ്ഥമേൽചി നടത്താൻ അദ്ധ്യക്ഷനോടു നിങ്ങൾ അപേക്ഷിക്കണം; അതല്ലാത്തപക്ഷം ഈ വിഷയം മുറയ്ക്കു വരുന്നതാണ്.

൫-൩-ന സഭാനടപടികൾ നിറുത്തിവച്ചു.

ടി. പി. രാമസ്വാമയ്യർ, നിയമസഭാസെക്രട്ടറി.

അനുബന്ധം.

ചലനചിത്ര പ്രദർശനബില്ലിനെപ്പററിയുള്ള പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട്.

ചലനചിത്രപ്രദർശനയന്ത്രങ്ങൾ (കിനിമട്ടോഗ്രാഫ്സ്) കൊണ്ടുള്ള പ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനു വ്യവസ്ഥചെയ്യുന്നതുള്ള ബില്ലിനെ പര്യാലോചനയ്ക്കു അയച്ചിരുന്ന പ്രത്യേകകമ്മിററിയിലെ അംഗങ്ങളായി താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ ബില്ലിനെപ്പററി പര്യാലോചിച്ചു ഞങ്ങളാൽ ഭേദപ്പെടുത്തപ്പെട്ട ബില്ലുസഹിതം ഞങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

ഖണ്ഡം. ൪. മുനിസിപ്പൽപ്രദേശങ്ങളിൽ ലൈസൻസുകൊടുക്കുന്ന അധികാരി നഗരസഭാറഗുലേഷൻ അനുസരിച്ചു ഇപ്പോഴും ലൈസൻസുകൾ നൽകിവരുന്ന നഗരസഭകൾതന്നെ ആയിരിക്കണമെന്നാണ ഞങ്ങൾ അഭിപ്രായപ്പെടുന്നതു്. മററുപ്രദേശങ്ങളിൽ ഡിസ്ത്രിക്ട്മജിസ്ത്രേട്ടോ ഗവമെണ്ടു നിയമിക്കാവുന്ന മററുവല്ല അധികാരിയൊ ലൈസൻസുകൊടുക്കുന്ന അധികാരിയായിരിക്കാവുന്നതാണ്. ലൈസൻസുകൊടുക്കുന്ന അധികാരി ആരായിരുന്നാലും ആ അധികാരികൾ ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഈ നിയമത്തിന്റെ ഉദ്ദേശം വിഫലമാക്കപ്പെടുന്നതല്ല. അതുകൊണ്ടു ൪-ാംഖണ്ഡത്തെ താഴെകാണുന്നപ്രകാരം മാററിയിരിക്കുന്നു.

"൪. ഈ റഗുലേഷൻപ്രകാരം ലൈസൻസുകൊടുക്കുന്നതിനു അധികാരമുള്ള അധികൃതന്മാർ (ഇതിനുതാഴെ "ലൈസൻസുകൊടുക്കുന്ന അധികാരി" എന്നുപറയുന്നതാണ്) മുനിസിപ്പൽപ്രദേശങ്ങളിൽ, അതതു നഗരസഭകൾ ആയിരിക്കുന്നതും മററുസ്ഥലങ്ങളിൽ ഡിസ്ത്രിക്ട്മജിസ്ത്രേട്ടോ സർക്കാർഗസററിൽ പരസ്യംമൂലം അതിലേക്കായി ഗവമെണ്ടു നിയമിക്കാവുന്ന മററ അധികാരിയോ ആയിരിക്കുന്നതും ആകുന്നു."

ഖണ്ഡം ൭. സാക്ഷ്യപ്പെടുത്തുന്ന അധികാരസ്ഥസംഘം അനുദ്യോഗസ്ഥന്മാർകൂടി അടങ്ങിയിരിക്കണമെന്നു പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതാണെന്നും തിരുവിതാംകൂർ മുഴുവനിലേക്കും അപ്രകാരമുള്ള ഒരു അധികാരസ്ഥസംഘം മതിയെന്നും ഞങ്ങൾ വിചാരിക്കുന്നു. തദനുസരണം ൭ (എ)-ാംഖണ്ഡത്തിൽ "തങ്ങൾക്കു യുക്തമെന്നു തോന്നുന്നിടത്തോളം അധികാരികളെ" എന്ന വാക്കുകൾക്കുപകരം "ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു ബോർഡു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

൭ (എ)-ാംഖണ്ഡത്തിൽ "അപ്രകാരമുള്ള ഏതെങ്കിലും അധികാരിയുടെ" എന്നതിനു പകരം "ബോർഡിന്റെ" എന്നും ൭ (ബി)-ാംഖണ്ഡത്തിൽ "അപ്രകാരമുള്ള ഏതെങ്കിലും അധികാരിക്കു" എന്നതിനു പകരം "ബോർഡിനു" എന്നും ചേർക്കേണ്ടതാണ്.

ഖണ്ഡം ൭ (ബി) അപ്പീൽ ബോധിപ്പാനുള്ളകാലം തീരുമാനം അറിയിച്ച തിയതിമുതൽക്കല്ലാതെ തീരുമാനതിയതിമുതൽക്കു കണക്കാക്കാൻ പാടില്ലെന്നാണ് ഞങ്ങൾ അഭിപ്രായപ്പെടുന്നതു്. അതുകൊണ്ടു ൨-ാംവരിയിൽ "തീരുമാനത്തീയതി" എന്നതിനുപകരം "അറിയിപ്പു തീയതി" എന്നു ചേർക്കാമെന്നുള്ളതാണ്.

൮ (ബി) (സി) ഖണ്ഡത്തെ വിട്ടുകളയാമെന്നുള്ളതും (ഡി) ഖണ്ഡത്തെ (സി) ഖണ്ഡമായി വീണ്ടും അക്കമിടാമെന്നുള്ളതും ആകുന്നു.

ബില്ലിനെ പുതുക്കിയരൂപത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

കെ. പരമേശ്വരൻപിള്ള

എം. എൻ. പിള്ള

കെ. വി. നടേശയ്യർ

കെ. മാധവൻപിള്ള

ഭിന്നാഭിപ്രായത്തിനധീനപ്പെട്ടു.

എ. കെ. പിള്ള

ഭിന്നാഭിപ്രായം.

ഖണ്ഡം ൩ (ബി) ഇതെടുത്തുകളയണം. ലൈസൻസു വാങ്ങുന്നതിൽ വീഴ്ചവരുത്തുന്ന ആളിനു ശിക്ഷമാത്രമേ നൽകാൻപാടുള്ളു. അയാളുടെ നാശത്തിനു നേരിട്ടു ഹേതുവാകുന്ന യാതൊരു കൃത്യത്തിന്റെയും ഉത്തരവാദിത്വം നിയമനിർമ്മാണസമിതിക്കു കയ്യേൽക്കാൻ സാധിക്കയില്ല. ലൈസൻസു എടുക്കുന്നതിനു വീഴ്ചവരുത്തിയതിനുള്ള കേവലം നിയമപരമായ ഒരു കുററത്തിനു വസ്തു കണ്ടുകെട്ടുന്നശിക്ഷ ക്രൂരവും പ്രതികാരബുദ്ധിയും തീരെ പ്രചാരമില്ലാത്തതും ആണ്. ഇവിടെ പിഴയുടെ തുക ക്ലിപ്തപ്പെടുത്തിയിരിക്കെ കണ്ടുകെട്ടുന്ന വസ്തുവിന്റെ വിലയെസംബന്ധിച്ചു യാതൊരു ക്ലിപ്തവും വരുത്തിയിട്ടില്ല. വസ്തു കണ്ടുകെട്ടുന്നതു ചട്ടത്തിനു വഴിപ്പെടുത്തുന്നതിനാവശ്യമുള്ളതിനെക്കാൾ വളരെ കൂടുതലായ ഒരു ശിക്ഷയാണ്. അതു് ശിക്ഷയേയും അതിന്റെ ആവശ്യകത ഉപയോഗങ്ങൾ എന്നിവയേയും സംബന്ധിച്ചുള്ള നവീനാശയങ്ങൾക്കു തീരെ അനുയോജ്യമായിട്ടുള്ളതും അല്ല. എന്നുമാത്രമല്ല അതു് ജനങ്ങളുടെ രാഷ്ട്രീയബോധത്തിനും ഇക്കാലത്തെ അഭിജ്ഞതയ്ക്കും പുരോഗതിക്കും പ്രതികൂലവുമാണ്.

ഖണ്ഡം ൯. ഇതും എടുത്തുകളയേണ്ടതാണ്. മുഴുവൻനിയമത്തേയും ആകെപ്പാടെ അസാധുവാക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഭരണനിർവഹണത്തിനു് നൽകുന്നതിനാണ് ഈ വകുപ്പു ഉദ്ദേശിക്കുന്നതു്. ഭരണനിർവഹണക്കാർ നിയമസഭയോടു ഉത്തരവാദിത്വമുള്ളവരല്ല. ഭരണനിർവാഹകന്മാർക്കു ഏതു സ്ഥാനത്തുനിന്നു അധികാരം ലഭിക്കുന്നുവോ ആ സ്ഥാനത്തെത്തന്നെ ആ അധികാരം ഉപയോഗപ്പെടുത്തി ദുർബലപ്പെടുത്തുന്നതിനു ഈ ഖണ്ഡം അനുസരിച്ചു അവരെ അധികാരപ്പെടുത്തിയിരിക്കുന്നു. കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണ്. ഒരു നിയമത്തിലെ വ്യവസ്ഥകളെ നടപ്പിൽ വരുത്തുന്നതിനു നിയമിച്ചിട്ടുള്ള യാതൊരു ഏജൻസിയേയും നിർബാധകമായ യുക്തംപോലെ ആ വ്യവസ്ഥകളെ പ്രവൃത്തനത്തിൽ കൊണ്ടുവരുമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു അതിനു അവസാനമായി തീർച്ചചെയ്യാൻ സാധിക്കത്തക്കനിലയിൽ വയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഈ സംഗതിയിൽ അനൌദ്യോഗിക അംഗങ്ങൾ അടങ്ങിയ നിയമസഭ പൊതുജനങ്ങളുടെ സദാചാരത്തെയും രക്ഷയേയും പുരസ്കരിച്ചു ഇത്തരത്തിലുള്ള ഒരു നിയമം ആവശ്യമാണെന്നു് ഗാഢമായി ആലോചിച്ചുതീരുമാനിക്കുകയും തദനുസരിച്ചു ഒരു നിയമം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ സ്വാതന്ത്ര്യസാരമായ ഏതാനുമോ അനേകമോ ആളുകളെ സംബന്ധിച്ചിടത്തോളമെങ്കിലും ആ നിയമത്തെ അസാ

ധ്യവാക്കുന്നതിനു നിയമനിർമ്മാണസമതിയോടു യാതൊരുവിധത്തിലും ഉത്തരവാദിത്വമില്ലാത്ത വളരെ സങ്കുചിതമായ ഒരു ഭരണനിർവ്വഹണസമിതിയെ അനുവദിക്കുന്നതു ന്യായമാണോ? സർവ്വജനവും വ്യവസ്ഥിതവും ആയ പൊതുജനാവശ്യമെന്ന കാരണങ്ങളിന്മേൽ മാത്രമെ സകലരേയും സംബന്ധിക്കുന്നതായി നിയമനിർമ്മാണസമിതി പ്രഖ്യാപനം ചെയ്തിട്ടുള്ള ഒരു റഗുലേഷന്റെ ഏതെങ്കിലുമൊ മുഴുവനുമൊ വ്യവസ്ഥകളുടെ പ്രവർത്തനത്തിൽനിന്നു ആരെയും ഒഴിവാക്കുന്നതിനു അധികാരപ്പെടുത്താൻ പാടുള്ളു. നിയമം ഏർപ്പെടുത്തുന്ന ഒരു സന്ദർഭത്തിൽ ഇപ്രകാരമുള്ള ആവശ്യങ്ങൾ മുൻകൂട്ടി അറിയാമെങ്കിൽ കഴിയുന്നിടത്തോളം അവയ്ക്കു വ്യവസ്ഥ ചെയ്യാവുന്നതാണ്. നിയമഗ്രന്ഥത്തിൽ ഒരു നിയമം വച്ചുകൊണ്ടിരിക്കുകയും അതിനെ യഥാർത്ഥത്തിൽ നിരർത്ഥകമാക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഭരണനിർവ്വാഹകന്മാർക്കു വിട്ടുകൊടുക്കുകയും ചെയ്യുന്നതു നിയമസഭയുടെ നിലയും വിലയും കുറയ്ക്കുന്നതും അതിന്റെ പ്രവൃത്തികളെ ഉപഹാസമാക്കുന്നതും ആകുന്നുവെന്നാണ് എനിക്കു തോന്നുന്നതു. ഭരണനിർവ്വാഹകന്മാർക്കു നിയമനിർമ്മാണസമിതിയുടെമേൽ പരോക്ഷമായ നിയന്ത്രണത്തിനുള്ള മൌനാനുവാദം ആണെന്നുള്ള ധാരണക്കു ഇട വരുത്തുന്നതാണ്.

൧൧൦൧ മകരം ൨൨-ാം. കെ. മാധവൻപിള്ള.

തിരുവിതാംകോട്ടു ചലന ചിത്രപ്രദർശന (കിനിമെട്ടോഗ്രാഫ്) ബില്ല്.

(പ്രത്യേക കമ്മിററി ഭേദപ്പെടുത്തിയതു്.)

(അടിയിൽ വരച്ചിട്ടുള്ള വാക്കുകൾ കമ്മിററി നിർദ്ദേശിച്ച ഭേദഗതികളെ കുറിക്കുന്നു.)

ചലനചിത്ര പ്രദർശന യന്ത്രങ്ങൾ കൊണ്ടുള്ള പ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനു വ്യവസ്ഥ ചെയ്യാനുള്ള ഒരു ബില്ലു.

പീഠിക. ചലന ചിത്രപ്രദർശന യന്ത്രങ്ങൾകൊണ്ടുള്ള പ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനു വ്യവസ്ഥ ചെയ്യേണ്ടതു യുക്തമായിരിക്കകൊണ്ടു, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും. ൧. (൧) ഈ റഗുലേഷനെ "തിരുവിതാംകോട്ടു ചലനചിത്രപ്രദർശന റഗുലേഷൻ" എന്നു വിളിക്കാവുന്നതാണ്.

(൨) ഇതു തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതായിരിക്കും.

(൩) ഇതു -ാംനു- നടപ്പിൽ വരുന്നതാണ്.

അർത്ഥവിവരണം. ൨. വിഷയത്തിനൊ സന്ദർഭത്തിനൊ വിരുദ്ധമായി യാതൊന്നുമില്ലാത്ത പക്ഷം ഈ റഗുലേഷനിൽ;

"ചലനചിത്രപ്രദർശനയന്ത്രം" എന്നതിൽ, ചലനചിത്രങ്ങളെയൊ തുടർച്ചയായിട്ടുള്ള ചലനചിത്രങ്ങളെയൊ പ്രദർശിപ്പിക്കുന്നതിനുള്ള ഏതൊരു ഉപകരണവും ഉൾപ്പെടുന്നതാണ്. "സ്ഥലം" എന്നതിൽ ഒരു വീടോ, കെട്ടിടമൊ, കൂടാരമൊ, ഉരുവൊ ഉൾപ്പെടുന്നതാണ്.

"നിശ്ചയിക്കപ്പെട്ടിട്ടുള്ള" എന്നാൽ ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള എന്നു അർത്ഥമാകുന്നു.

ചലനചിത്രപ്രദർശനങ്ങൾക്കു ലൈസൻസു വേണമെന്നു. ൩. ഈ റഗുലേഷനിൽ മറുപ്രകാരത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതൊഴികെ, യാതൊരാളും, ഈ റഗുലേഷൻപ്രകാരം ലൈസൻസു കൊടുത്തിട്ടുള്ളതല്ലാത്തതായ ഏതെങ്കിലും സ്ഥലത്തൊ, അപ്രകാരമുള്ള ലൈസൻസിലെ ഏതെങ്കിലും നിബന്ധനകളും കരാറുകളും അനുസരിച്ചല്ലാതെയൊ ചലനചിത്രപ്രദർശനയന്ത്രം കൊണ്ടുള്ള ഒരു പ്രദർശനം നടത്താൻ പാടില്ലാത്തതാകുന്നു.

ലൈസൻസുകൊടുക്കുന്ന അധികാരി. ൪. ഈ റഗുലേഷൻപ്രകാരം ലൈസൻസു കൊടുക്കുന്നതിനു അധികാരമുള്ള അധികൃതൻ, (ഇതിനു താഴെ "ലൈസൻസു കൊടുക്കുന്ന അധികാരി" യെന്നു പറയുന്നതാണ്) മുനിസിപ്പൽ പ്രദേശങ്ങളിൽ, അതാതു നഗരസഭകൾ ആയിരിക്കുന്നതും മററു സ്ഥലങ്ങളിൽ ഡിസ്ത്രിക്ട് മജിസ്ത്രേട്ടോ സർക്കാർ ഗസററിൽ പരസ്യംമൂലം അതിലേക്കായി ഗവർമ്മെന്റ നിയമിക്കാവുന്ന മററു അധികാരിയോ ആയിരിക്കുന്നതും ആകുന്നു.

ലൈസൻസു കൊടുക്കുന്ന അധികാരിയുടെ അധികാരങ്ങളുടെ നിയന്ത്രണങ്ങൾ. ൫. (൧) (എ) റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളെ സാരമായി അനുസരിച്ചിട്ടുണ്ടെന്നും,

(ബി) ലൈസൻസു കൊടുക്കേണ്ടതായ സ്ഥലത്തു പ്രദർശനങ്ങൾക്കു സന്നിഹിതരാകുന്ന ആളുകളുടെ രക്ഷക്കുവേണ്ട ഏർപ്പാടുകളെ സംബന്ധിച്ചു മതിയായ മുൻകരുതലുകൾ ചെയ്തിട്ടുണ്ടെന്നും ബോദ്ധ്യം കൊടുക്കാത്തപക്ഷം,

ലൈസൻസു കൊടുക്കുന്ന അധികാരി ഈ റഗുലേഷൻപ്രകാരം ഒരു ലൈസൻസു കൊടുക്കാൻ പാടില്ലാത്തതാകുന്നു.

(൨) പരസ്യമായി പ്രദർശിപ്പിക്കത്തക്കതെന്നു ൭-ാം വകുപ്പിൻപ്രകാരം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനത്താൽ സാക്ഷ്യപ്പെടുത്തിട്ടുള്ളതും പ്രദർശിപ്പിക്കുമ്പോൾ ആ അധികാരസ്ഥാനത്തെ നിശ്ചിതമായ അടയാളം കാണാവുന്നതും അപ്രകാരമുള്ള അടയാളം വച്ചതിന്റെശേഷം യാതൊരുവിധത്തിലും ഭേദപ്പെടുത്തുകയൊ മാററുകയൊ ചെയ്തിട്ടില്ലാത്തതും അല്ലാതെ മററുയാതൊരു ചിത്രസഞ്ചികയും ലൈസൻസുകാരൻ അപ്രകാരമുള്ള സ്ഥലത്തു പ്രദർശിപ്പിക്കുകയൊ പ്രദർശിപ്പിക്കുന്നതിനു അനുവദിക്കുകയൊ ചെയ്യരുതെന്നുള്ള ഒരു നിബന്ധന എല്ലാലൈസൻസിലും ഉൾപ്പെടുത്തേണ്ടതാണ്.

(൩) ലൈസൻസു കൊടുക്കുന്ന അധികാരിക്കു ഈ വകുപ്പിലെ മേൽപറഞ്ഞ വ്യവസ്ഥകൾക്കും ഗവർമ്മെന്റിന്റെ നിയന്ത്രണത്തിനും ഉൾപ്പെട്ടു തനിക്കു യുക്തമെന്നു തോന്നുന്ന ആളുകൾക്കും താൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ചും കരാറുകൾക്കുൾപ്പെട്ടും ഈ റഗുലേഷൻപ്രകാരം ലൈസൻസുകൾ കൊടുക്കാവുന്നതാണ്.

ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ.

൬. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കോ റഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും ലൈസൻസിന്റെ നിബന്ധനകൾക്കോ കരാറുകൾക്കോ വിപരീതമായി ഒരു ചലനചിത്രപ്രദർശനത്തിന്റെ ഉടമസ്ഥനോ അതിന്റെ ചാർജ്വഹിക്കുന്ന ആളോ ആ യന്ത്രത്തെ ഉപയോഗിക്കയോ ഉടമസ്ഥനോ അതിന്റെ ചാർജ്വഹിക്കുന്ന ആളോ ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോ പ്രവേശ ഉപയോഗിക്കുന്നതിനു അനുവദിക്കുകയോ ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോ പ്രവേശ നക്കാരനോ ആ സ്ഥലത്തു ഉപയോഗിക്കാൻ അനുവദിക്കയോ ചെയ്യുന്നപക്ഷം അവർക്കു ആയിരംരൂപാ വരെയും കുറ്റംതുടർന്നുകൊണ്ടിരിക്കുന്നതായാൽ അപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും കൂടുതലായി നൂറു രൂപാവരെയും പിഴ ശിക്ഷ കല്പിക്കാവുന്നതും അവർക്കു ലൈസൻസ് ഏതെങ്കിലും ഉള്ളപക്ഷം അതു ലൈസൻസ്കൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടാൻ ഇടയാകുന്നതും ആകുന്നു.

(൨) കൂടാതെ ഏതെങ്കിലും ചിത്രസഞ്ചികയെ സംബന്ധിച്ച് ഈ റഗുലേഷൻപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റം ഒരാളുടെമേൽ സ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുറ്റസ്ഥാപനംചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചിക ഗവർമ്മേന്റിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്.

ചിത്രസഞ്ചികൾക്കു സാക്ഷ്യപത്രം.

(൧) ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയെന്നു സാക്ഷ്യപ്പെടുത്തുന്നതിനു സർക്കാർ ഗസററിൽ പരസ്യംമൂലം ഗവർമ്മേന്റിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു ബോർഡ് നിയമിക്കാവുന്നതാകുന്നു. ബോർഡിന്റെ സാക്ഷ്യപത്രം അതിൽ വിവരിച്ചിരിക്കുന്ന പ്രദേശത്തു സാധുവായിരിക്കുന്നതാണ്.

(൨) ഒരു ചിത്രസഞ്ചിക പരസ്യമായി പ്രദർശിപ്പിക്കത്തക്കതെന്നു പരിശോധനക്കുശേഷം ബോർഡിനു തോന്നുന്നപക്ഷം ആ അധികാരി പ്രസ്തുത വിവരം കാണിക്കുന്ന ഒരു സാക്ഷ്യപത്രം അതിനു അപേക്ഷിക്കുന്ന ആളിനു കൊടുക്കേണ്ടതും നിശ്ചയിക്കപ്പെട്ടിട്ടുള്ള രീതിയിൽ ചിത്രസഞ്ചികയിൽ അടയാളം വയ്ക്കേണ്ടതുമാകുന്നു.

(൩) ഒരു ചിത്രസഞ്ചിക പരസ്യമായി പ്രദർശിപ്പിക്കത്തക്കതല്ലെന്നു തോന്നുന്നപക്ഷം ആ തീരുമാനം അധികാരി അപേക്ഷകനെ അറിയിക്കേണ്ടതും ഈ സംഗതി പുനരാലോചിക്കണമെന്നു അറിയിപ്പു തീയതിമുതൽ മുപ്പതു ദിവസങ്ങൾക്കകം അപേക്ഷകനു ഗവർമ്മേന്റിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും ഗവർമ്മേന്റിന്റെ തീരുമാനം അവസാനതീർച്ചയായിരിക്കുന്നതുമാകുന്നു.

(൪) കാരണങ്ങൾ രേഖപ്പെടുത്തിയതിനുശേഷം ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനു ഏതെങ്കിലും ചിത്രസഞ്ചികയുടെ സാക്ഷ്യപത്രത്തെ ഗവർമ്മേന്റുത്തരവുണ്ടാകുന്നതുവരെ നിറുത്തിവയ്ക്കാൻ ഉത്തരവു കൊടുക്കാവുന്നതും അപ്രകാരം നിറുത്തിവച്ചിരിക്കുന്നകാലത്തു ആ ചിത്രസഞ്ചിക സാക്ഷ്യപ്പെടുത്താത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കപ്പെടേണ്ടതുമാകുന്നു. ഡിസ്ത്രിക്ട് മജിസ്ത്രേട്ട് തന്റെ ഉത്തരവിന്റെ ഒരു പകർപ്പു ഉടൻതന്നെ ഗവർമ്മേന്റിലേക്കു അയക്കേണ്ടതും ഗവർമ്മേന്റു തങ്ങൾക്കുയുക്തംപോലെ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്റെ ഉത്തരവിനെ റദ്ദാക്കുകയോ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലും ഭാഗത്തോ പ്രസ്തുതസഞ്ചികയെ സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു സർക്കാർ ഗസററിൽ പരസ്യമൂലം ആജ്ഞാപിക്കയോ ചെയ്യാവുന്നതുമാണ്.

(൫) സാക്ഷ്യപ്പെടുത്തിട്ടുള്ള ഒരു ചിത്രസഞ്ചികയെ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലും ഭാഗത്തോ സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു സർക്കാർ ഗസററിൽ പരസ്യംമൂലം ഗവർമ്മേന്റിനു നേരിട്ടുതന്നെ ആജ്ഞാപിക്കാവുന്നതാകുന്നു.

(൬) നാലാം ഉപവകുപ്പിൻപ്രകാരമോ അഞ്ചാം ഉപവകുപ്പിൻപ്രകാരമോ ഉള്ള ഏതെങ്കിലും ഉത്തരവു തൽക്കാലത്തേക്കു സംബന്ധിക്കുന്നതായ ഒരു ചിത്രസഞ്ചികയുടെ പ്രദർശനം അപ്രകാരമുള്ള ഉത്തരവുസംബന്ധിക്കുന്ന പ്രദേശത്തു ൫ (൧)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കു വിപരീതമായ ഒരു പ്രവൃത്തിയായി ഗണിക്കേണ്ടതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം

൭. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾ നടപ്പിൽവരുത്താൻ ഗവർമ്മേന്റിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൨) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യ സ്വഭാവത്തിനു ഹാനിക്കുടാതെയും,

(എ) പൊതുജനരക്ഷക്കുവേണ്ടി ചലന ചിത്രപ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനും,

(ബി) ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയാണെന്നു സാക്ഷ്യപ്പെടുത്താൻ നിയമിച്ചിട്ടുള്ള അധികാരിയുടെ നടപടിയെയും തൽസംബന്ധമായ എല്ലാ സംഗതികളെയും അധികാരികൾ ചുമത്തേണ്ട ഫീസിനേയും സംബന്ധിച്ചും,

(സി) നിശ്ചയിക്കപ്പെടേണ്ടതായി ഈ റഗുലേഷനിൽ പറഞ്ഞിട്ടുള്ള മറ്റെല്ലാ കാര്യങ്ങൾക്കും ഈ വകുപ്പിൻപ്രകാരമുള്ള ചട്ടങ്ങളിൽ വ്യവസ്ഥചെയ്യാവുന്നതാകുന്നു.

(൩) ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തിയാൽ അവയ്ക്കു ഈ റഗുലേഷനിൽ നിയമപ്പെടുത്തിയാൽ എങ്ങിനെയോ അതുപോലെയുള്ള ഊർജ്ജിതമുണ്ടായിരിക്കുന്നതുമാകുന്നു.

ഒഴിവാക്കുന്നതിനുള്ള അധികാരം.

൮. ഗവർമ്മേന്റിനു, തങ്ങൾ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും കരാറുകൾക്കും ഉൾപ്പെട്ട്, രേഖാമൂലമായ ഉത്തരവിനാൽ ഏതെങ്കിലും ചലന ചിത്രപ്രദർശനത്തെയോ ഏതെങ്കിലും തരത്തിലുള്ള ചലന ചിത്രപ്രദർശനങ്ങളെ ഈ റഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥകളിൽനിന്നോ അതിൻപ്രകാരമുള്ള ഏതെങ്കിലും ചട്ടങ്ങളിൽനിന്നോ ഒഴിവാക്കാവുന്നതാകുന്നു.

(൧൦) മേല്പറഞ്ഞ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പണം കൊടുത്തോ മററു പ്രകാരത്തിലോ പൊതുജനങ്ങൾക്കു പ്രവേശനമില്ലാതെ ഒരാളിന്റെ സ്വന്തഗൃഹത്തിൽ നടത്തുന്ന ജനബാഹുല്യമില്ലാത്ത ഏതെങ്കിലും ചലന ചിത്രപ്രദർശനത്തെ ഈ റഗുലേഷനിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതല്ല.

ടി. പി. രാമസുബ്ബയ്യർ,
നിയമപരിഷാ സെക്രട്ടറി.

(A true translation)

T. RAMALINGOM PILLA
Head translator to Government.

തിരുവിതാംകൂർ നിയമസഭ,

രണ്ടാമത്തെ സഭ,

൧൧൨൧-ലെ ഒന്നാം സെഷൻ.

(അഫിഷ്യൽ റിപ്പോർട്ട്),

൧൯൪൬ ഏപ്രിൽ ൨൪-ാംതീയതി ൧൧൨൧ മേടം ൧൧-ാംനു ബുധനാഴ്ച.

നിയമസഭ ൧൧-മണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ കൂടി, ഡിപ്യൂട്ടിപ്രസിഡൻറു അഗ്രാസനാധിപത്യംവഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[സ്റ്റാൻഡിംഗ് ഓർഡർനമ്പർ ൧൨ പ്രകാരം പ്രസിഡൻറു പാസ്സാക്കിയ കല്പന:—

൧. സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള ചോദ്യങ്ങളുടെയും അവയ്ക്കു കൊടുക്കുന്ന മറുപടികളുടെയും അച്ചടിച്ച പകർപ്പുകൾ പ്രസിഡൻറു ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടുമുമ്പായി മേശപ്പുറത്തു വച്ചിരിക്കേണം.

൨. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടികൾ കൊടുക്കുന്നതും താഴെ കൊടുത്തിട്ടുള്ള ക്രമപ്രകാരം ആയിരിക്കേണം.

ഓരോ പ്രശ്നകർത്താവിൻറയും പേർ നമ്പർ ക്രമപ്രകാരം സെക്രട്ടറി വിളിക്കയും അദ്ദേഹത്തിൻറ ചോദ്യങ്ങളുടെ നമ്പർ പ്രസ്താവിക്കയും, ചെയ്തിട്ട് ഗവൺമെൻറിലെ വല്ല ഉപചോദ്യങ്ങളും ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം തൻറസ്ഥാനത്തു എഴുന്നേറ്റുനിൽക്കയും അല്പം സമയം കൊടുക്കേണം. പ്രധാനചോദ്യങ്ങളുടെതന്നെ അവയെ സംബന്ധിച്ച ഉപചോദ്യങ്ങളും ചോദിക്കേണ്ടതാകുന്നു].

വാരിയൂർ ഉപ്പളം.

൨൪൪. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): (എ) വാരിയൂർ ഉപ്പളത്തിൽനിന്നു ആണ്ടുതോറും ൨൫,൦൦൦ രൂപ ആദായം ഉണ്ടാകാൻ ഇടയുണ്ടെന്നു എക്സൈസ്‌കമ്മീഷണർ പറഞ്ഞതിനെസംബന്ധിച്ച് ഒന്നാമത്തെ സഭയുടെ രണ്ടാമത്തെ സെഷൻ പ്രൊസീഡിംഗ്സ് മൂന്നാം വാള്യം ൩൪൯-ാംപുറത്തു മൂന്നാം അദ്ധ്യായം—എക്സൈസ് എന്നുള്ളതും നോക്കുക, ആ ഉപ്പളത്തിൽനിന്നും ൧൦൯൯-ലും ൧൧൦൦-ലും ലഭിച്ചിട്ടുള്ള ആദായം എത്രയാകുന്നെന്നു ഗവൺമെൻറു ദയവായി പറയുമോ?

(ബി) വാരിയൂർ ഉപ്പളം സംബന്ധിച്ച ൧൦൯൯-ലും ൧൧൦൦-ലും എന്തു ചെലവുചെയ്യേണ്ടിവന്നു എന്നു ഗവൺമെൻറു ദയവായി പറയുമോ?

(സി) വാരിയൂർ ഉപ്പളത്തിൻെറ പഴയ ലൈസൻസുകാർക്കു ആകെ കൊടുത്ത വില എന്തായിരുന്നു എന്നു ഗവൺമെൻറു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി):

(എ) ൧൦൯൯ രൂപ ൭൫൦൨

൧൧൦൦ രൂപ ൭൪൫൪

(ബി) ൧,൨൫൨ രൂപയും ൧,൨൦൯ രൂപയും.

(സി) ൨,൭൨൧ രൂപ ൧൨ ചക്രം ൫ കാശ്.

മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): വാരിയൂർ ഉപ്പളത്തിൽ നിന്നു ൧൦൯൯-ലും ൧൧൦൦-ലും കിട്ടിയ ആദായം ൭,൫൦൨ രൂപയും ൭,൪൫൪ രൂപയും ആണെന്നു പറഞ്ഞുവല്ലോ. ഈ ആദായം തിരുവതിത്തു ഉപ്പു വിററതുകൊണ്ടുണ്ടായതോ വേറെ ഇനങ്ങളിൽ വസൂലായതോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): ഇതിനെപ്പററി കൃത്യമായ വിവരം ഇല്ല.

എലത്തൂർ-അച്ചൻപുത്തൂർറോഡ്.

൨൪൫. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): എലത്തൂർ-അച്ചൻപുത്തൂർറോഡ് ഗതാഗതത്തിനു അയോഗ്യമായികിടക്കുന്നതിനാൽ ഈയാണ്ടിലെങ്കിലും അതു നന്നാക്കണമെന്നു ഗവൺമെൻറു ദയവായി എഞ്ചിനീയർഡിപ്പാർട്ടുമെൻറുകാർക്കു കല്പനകൊടുക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറു സെക്രട്ടറി): ഈ ജോലി ആരംഭിച്ചു ഇപ്പോൾ ചെയ്തു വരുന്നു.

ഹനുമാൻനടയിലെ പാലങ്ങൾ.

൨൪൬. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ആര്യങ്കാവിലും സാംപൂർ വടകരയിലും ഉള്ള ജനങ്ങൾ അവിടെ പാലങ്ങൾ ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതുകൊണ്ടു അവിടെ പാലങ്ങൾ പണിവാൻ ഗവൺമെൻറു ദയവായി കല്പിക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറു സെക്രട്ടറി): ഒരു റിപ്പോർട്ടയക്കാൻ ചീഫ എഞ്ചിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

പത്തനാപുരംതാലൂക്കിലെ റോഡുകൾ.

൨൪൭. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): (എ) പത്തനാപുരം താലൂക്കിൽ ഉണ്ടാക്കാൻ വിചാരിക്കുന്ന റോഡുകളുടെ പണി ഉടൻതന്നെ ചെയ്യുതിക്കാൻ പൊതുമരാമത്തുഡിപ്പാർട്ടുമെൻറിനു ഗവൺമെൻറു ദയവായി ആജ്ഞനൽകുമോ?

(ബി) ഇപ്പോൾ വണ്ടിപ്പാതകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ദയവായി റോഡുകൾ ഉണ്ടാക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചോദ്യം അവ്യക്തമാണ്. ഏതു റോഡുകളാണു ആവശ്യമെന്നു വ്യക്തമാക്കിയാൽ ആവശ്യമുള്ള അന്വേഷണം കഴിക്കാൻ ഉത്തരവയക്കും.

പത്തനാപുരംതാലൂക്കിലെ ഗതാഗതമാർഗ്ഗങ്ങൾ.

൨൪൮. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): പത്തനാപുരംതാലൂക്കിലെ പല പകുതികളിലും ഇപ്പോൾ റോഡുകൾ ഇല്ലാത്തതിനാൽ ഒരു സർവ്വേ നടത്തി എല്ലാ പകുതികളിൽനിന്നും താലൂക്കിലെ പ്രധാനസ്ഥലത്തേക്കു വേണ്ടുന്ന റോഡുകൾ ഉണ്ടാക്കാൻ ഏർപ്പാടുകൾ ചെയ്യുന്നതിനു ദയവായി ആവശ്യപ്പെടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഏതു റോഡുകളാണ് ആവശ്യമെന്നു വ്യക്തപ്പെടുത്തിയാൽ ആ പുതിയ റോഡുകൾ ഉണ്ടാക്കുന്നകാര്യം ആലോചിക്കുന്നതാണ്.

പെരുമാൾകുളം നന്ദനം സർക്കാരിലേക്കു എടുക്കുന്ന കാര്യം.

൨൪൯. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): ചെങ്കോട്ട നഗരത്തിൽ പാർക്കാൻ സ്ഥലമില്ലാത്തതിനാൽ വളരെ അസൌകര്യങ്ങൾ ഉള്ളതുകൊണ്ടും പെരുമാൾകുളം നന്ദനവിലങ്ങൾ സർക്കാരിലേക്കു എടുക്കുന്നകാര്യത്തിൽ ഉടമസ്ഥൻ ഇൻജംഗ്ഷനു അപേക്ഷിച്ചിരുന്നതു അയാൾ പിൻവലിച്ചിരിക്കകൊണ്ടും മേൽപ്പടി സ്ഥലങ്ങൾ സർക്കാരിലേക്കെടുക്കാൻ വേണ്ടുന്ന വഴി ഗവണ്മെൻറു ദയവായി എടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇതിൽപ്പെട്ട നിലങ്ങൾ സർക്കാരിലേക്കു എടുക്കുന്നതിനെപ്പറ്റി ൧൧൨൭ ഡിസംബർ ൨൨-നു വീണ്ടും കല്പന അയച്ചപ്രകാരം നടപടി നടന്നുവരുന്നു എന്നു റിപ്പോർട്ടു കിട്ടീട്ടുണ്ട്.

ചെങ്കോട്ടതാലൂക്കിലെ പോറമ്പോക്കുകൾ.

൨൫൦. മി. എസ്. സുബ്രഹ്മണ്യകരയാളർ (പത്തനാപുരവും ചെങ്കോട്ടയും): (എ) സഭയുടെ ൧൧൨൭ നവംബർ ൭-നുലെ യോഗത്തിൽ ചെങ്കോട്ടയിലെ പോറമ്പോക്കുകളെപ്പറ്റി ചോദിച്ച ൩൩-ാം നമ്പർ ചോദ്യത്തിൻെറ മറുപടിസംബന്ധിച്ച ആ മറുപടിയിൽ പ്രസ്താവിച്ച ഗവണ്മെൻറുത്തരവിൻപ്രകാരം റവന്യൂഡിപ്പാർട്ടുമെൻറു സ്വന്തമെ വല്ല നടപടികളും നടത്തീട്ടുണ്ടോ? അതോ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൻെറ ആവശ്യപ്രകാരം അല്പംചില സംഗതികളിൽ മാത്രമേ വല്ലതും പ്രവർത്തിച്ചിട്ടുള്ളോ എന്നു ഗവണ്മെൻറു ദയവായി പറയുമോ?

(ബി) റവന്യൂഡിപ്പാർട്ടുമെൻറു സ്വയമേ ഒന്നും പ്രവർത്തിച്ചിട്ടില്ലെങ്കിൽ പാർവത്യകാർ മുഖാന്തരം ചെങ്കോട്ട തഹശീൽദാർ പോറമ്പോക്കായി കഴിഞ്ഞ കണ്ടെഴുത്തിൽ രജിസ്റ്റർചെയ്തിട്ടില്ലാത്ത വല്ലകാലുകൾ മുതലായവ ഇപ്പോൾ സർക്കാരിൽ നിന്നെടുത്തു പോറമ്പോക്കായി രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ എന്നു കുടിയാന്മാരോടു ആലോചിപ്പാൻ ഗവണ്മെൻറു ഉത്തരവാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ചെങ്കോട്ടതാലൂക്കിലെ എല്ലാ കൃഷിവക കുളങ്ങളുടെയും സംരക്ഷണം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാരുടെ ചുമതലയാകയാലും കാലുകൾ പോറമ്പോക്കായി രജിസ്റ്റർ ചെയ്യുന്നതിനു ഗവണ്മെൻറിലേക്കു വിട്ടുകൊടുക്കാൻ യാതൊന്നും ഇതുവരെ ഒരുങ്ങികാണാത്തതിനാലും റവന്യൂഡിപ്പാർട്ടുമെൻറിനു സ്വയമേ യാതൊന്നും പ്രവർത്തിക്കാൻ ഇടവന്നിട്ടില്ല.

(ബി) കഴിഞ്ഞ കണ്ടെഴുത്തിൽ പോറമ്പോക്കായി രജിസ്റ്റർചെയ്യാത്ത അടുത്ത ഭൂമിയുടമസ്ഥന്മാർക്കു പട്ടയംകൊടുത്തു പോയിട്ടുള്ള കാലുകളുടെയും ഇടവഴികളുടെയും കാര്യത്തിൽ ഗ്രാമഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയതുകൊണ്ടു ഒരു പ്രയോജനവുമില്ല. എന്തെന്നാൽ അങ്ങനെയുള്ള കാര്യങ്ങളിൽ പ്രതിഫലംകൊടുത്തു സ്ഥലം ഗവണ്മെൻറിലേക്കു എടുക്കുന്നകാര്യം സുസാദ്ധ്യമല്ല. ഗവണ്മെൻറിലേക്കു എടുക്കുന്നതു ആവശ്യമാണെന്നു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽവരുന്ന സംഗതികളെപ്പറ്റി അന്വേഷണം കഴിക്കാനേ നിവൃത്തിയുള്ളു. മെമ്പർ പറയുംപ്രകാരം പൊതുവായിട്ടുള്ള അന്വേഷണം പ്രായോഗികമല്ല.

ആയ്ക്കുടി സ്കൂൾകെട്ടിടത്തിൻെറ വില്പന.

൨൫൧. മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): ആയ്ക്കുടി ഗവണ്മെൻറു സ്കൂളിൽ അധഃകൃതവർഗ്ഗക്കാരെ ചേർക്കുന്നതിനെപ്പറ്റി ആയ്ക്കുടിയിലെ ബ്രാഹ്മണർ വിരോധംപറകയാൽ ആ സ്കൂൾ ആ ബ്രാഹ്മണർക്കു വിലയ്ക്കുകൊടുത്തു കാര്യംതീർത്തു എന്നുപറയുന്നതു ശരിയാണോ?

(ബി) കെട്ടിടത്തിനും സ്ഥലത്തിനും സാമാനങ്ങൾക്കും ഉപകരണങ്ങൾക്കുമായി ഗവണ്മെൻറിനു എന്തു ചെലവായിട്ടുണ്ടെന്നും എന്തുവിലയ്ക്കു കൊടുക്കാമെന്നാണു സമ്മതിച്ചിട്ടുള്ളതെന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഒന്നാംഭാഗത്തിൻെറ മറുപടി അല്ല എന്നാണു. ഇപ്പോഴത്തെ സ്കൂൾകെട്ടിടവും സ്ഥലവും ആയ്ക്കുടിഗ്രാമക്കാർക്കു ൪൦൦൦ രൂപായ്ക്കു കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നാണു രണ്ടാം ഭാഗത്തെപ്പറ്റി പറവാനുള്ളത്. എല്ലാ വർഗ്ഗക്കാർക്കും പ്രവേശനമുള്ള ഒരുസ്ഥലത്തു ൪൦൦൦ രൂപായിൽ കവിയാത്ത ഒരുസംഖ്യ ചെലവുചെയ്തു ഒരു പുതിയകെട്ടിടം ഉണ്ടാക്കാൻ ഗവണ്മെൻറു അനുവദിച്ചിട്ടുണ്ട്.

(ബി) ഒന്നാംഭാഗം സംബന്ധിച്ചു സ്ഥലത്തിനും കെട്ടിടത്തിനും ൫൦൦൦ രൂപായും സാമാനങ്ങൾക്കും ഉപകരണങ്ങൾക്കും ൨൭൦ രൂപായും രണ്ടാംഭാഗത്തിൻെറ മറുപടിക്കു (എ) ഭാഗം ചോദ്യത്തിൻെറ രണ്ടാംഭാഗത്തിൻെറ മറുപടി മെമ്പർ നോക്കണം.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): ഈ വില്പന നടന്നുകഴിഞ്ഞോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറു ഉത്തരവു അയച്ചിട്ടുണ്ട്. കയ്മാറ്റം കഴിഞ്ഞോ എന്നു വിവരമില്ല. അതു യഥാർത്ഥമായി ഏല്പിച്ചുകൊടുത്തു എന്നു റിപ്പോർട്ടു കിട്ടീട്ടില്ല.

മി. എൻ. കുമാരൻ (ഗവണ്മെൻറു നിയമനം): സ്കൂൾ ആയ്ക്കുടി ബ്രാഹ്മണർക്കു ഏല്പിച്ചുകൊടുത്തതായി വിവരമില്ലെന്നാണോ സങ്കല്പിക്കേണ്ടത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇപ്പോൾ അതിനെക്കുറിച്ച് ഇവിടെ വിവരമില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ആ സ്കൂളിൽ പ്രവേശനം അനുവദിക്കാത്ത വിദ്യാർത്ഥികളുടെ സ്ഥിതിയെപ്പറ്റി ഗവണ്മെന്റിനു വല്ല വിവരവും ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): സ്കൂൾ യഥാർത്ഥത്തിൽ ഏല്പിച്ചുകൊടുക്കുന്നതുവരെ അവർ അവിടെ ഹാജരാകുന്നതാണിരിക്കും.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): ചില വിദ്യാർത്ഥികളെ ഹാജരാകാൻ സമ്മതിച്ചില്ല. അങ്ങനെയാണല്ലോ പ്രയാസം നേരിട്ടത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആ സംഗതിയെപ്പറ്റി ഗവണ്മെന്റിനു അറിവില്ല.

തോക്കു ലൈസൻസുകൾ.

൨൯൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാട് ഈ താലൂക്കുകളിൽനിന്നു ൧൧൨൧-ലേക്കുള്ള തോക്കുലൈസൻസിനായി ൧൧൨൧ ചിങ്ങം ൩൧-ാം-വരെ വന്നിട്ടുള്ള അപേക്ഷകളുടേയും കന്നി ൩൧-ാം-ക്കു മുമ്പായി കൊടുത്തിട്ടുള്ള ലൈസൻസുകളുടേയും എണ്ണം കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ മേശപ്പുറത്തു വയ്ക്കുമോ?

(ബി) ടി താലൂക്കുകളുടെ ഉൾപ്രദേശങ്ങളിൽ കാട്ടുമൃഗങ്ങൾ മുതലായവകളെ അപേക്ഷിച്ച് കൃഷിക്കാർക്കും അധികം ഉപദ്രവം ചെയ്യുന്ന എന്നുള്ള സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ?

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിൽ കാട്ടുമൃഗങ്ങൾ മുറിവേല്പിക്കയും കൊല്ലുകയും ചെയ്ത ആളുകളുടെ എണ്ണം ഗവണ്മെന്റിനറിയാമോ?

(ഡി) ഉണ്ടെങ്കിൽ (സി) ഭാഗം ചോദ്യത്തിലെ വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(ഇ) തോക്കുകളെപ്പറ്റി ൧൧൨൦-ൽ ഈ സഭ പാസ്സാക്കിയ പ്രമേയത്തിന്നനുസരിച്ച്, കൃഷിക്കും കന്നുകാലികൾക്കും കാട്ടുമൃഗങ്ങളുടെ ഉപദ്രവമുള്ള മലംപ്രദേശങ്ങളിലെ ജനങ്ങൾ ലൈസൻസുകൂടാതെ തോക്കുകൾ ഉപയോഗിച്ചുകൊള്ളുന്നതിനു ഗവണ്മെന്റ ദയവായി അനുവദിക്കുമോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

താലൂക്ക	൧൧൨൧ ചിങ്ങം ൩൧-ാം വരെ വന്ന അപേക്ഷകളുടെ എണ്ണം	൧൧൨൧ കന്നി ൩൧-ാം-ക്കു മുമ്പായി കൊടുത്ത ലൈസൻസുകളുടെ എണ്ണം
മൂവാററുപുഴ	൩൩൧	൩൪
തൊടുപുഴ	൨൩൨	൨൪
കുന്നത്തുനാട്	൧൯൮	൩൧

(ബി), (സി), (ഡി), (ഇ). മറുപടി നിഷേധത്തിലാണ്.

ആയുധറഗുലേഷൻ പ്രകാരമുള്ള ലൈസൻസുകൾ.

൨൯൩. മി. സി. പി. തരകൻ (കുന്നത്തുനാട്): ൧൧൨൧-ലേക്കു ആയുധലൈസൻസിനു അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും ലൈസൻസു കൊടുത്തുവോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു ഗവണ്മെന്റ ദയവായി പറയുമോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഈയാണ്ടു ആയുധലൈസൻസിനു ൪൧൩൧ അപേക്ഷകൾ വന്നതിൽ ൩൮൩൭ അപേക്ഷകളിൻപ്രകാരം ലൈസൻസുകൾ കൊടുത്തു. ൩൯ അപേക്ഷകൾ തള്ളിക്കളഞ്ഞു. ബാക്കി ൨൭൫ അപേക്ഷകൾ അന്വേഷണത്തിൽ ഇരിക്കുന്നു.

തൊടുപുഴ ഒരു മുൻസിപ്പുകോടതിയുടെ സ്ഥാപനം.

൨൯൪. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) തൊടുപുഴ ഒരു മുൻസിപ്പുകോടതി ഗവണ്മെന്റ ദയവായി സ്ഥാപിക്കുമോ?

(ബി) സ്ഥിരമായി ഒരു മുൻസിപ്പുകോടതി സ്ഥാപിക്കുന്ന കാര്യം പ്രയാസമാണെങ്കിൽ പരീക്ഷയായിട്ടെങ്കിലും മൂവാററുപുഴയുള്ള ഒരു മുൻസിഫ്കോടതിയെ തൊടുപുഴക്കു മാററി സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) താലൂക്കു മുഴുവനും അധികാരത്തോടുകൂടി ഒരു മുൻസിഫ് മജിസ്ട്രേട്ടുകോടതി തൊടുപുഴ സ്ഥാപിക്കണമെന്നു ഹൈക്കോടതി ശിപാർശ ചെയ്തിട്ടുണ്ട്. ആ സംഗതി ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ബി) (എ) ഭാഗം മറുപടികൊണ്ടു ഈ ഭാഗത്തിനു മറുപടി ആവശ്യമില്ല.

ഇറക്കുമതിച്ചുങ്കം മടക്കികൊടുക്കുക.

൨൯൫. മി. ടി. കുമാരപിള്ള (കരുനാഗപ്പള്ളി വിളവങ്കോടും): (എ) ൧൧൨൦-ലും ൧൧൨൧-ലും വസൂലാക്കിയിട്ടുള്ള ഇറക്കുമതി ചുങ്കത്തിൽ വല്ലഭാഗവും ചില കമ്പനികൾക്കു മടക്കികൊടുക്കണമെന്നു എക്സൈസ് കമ്മീഷണർ ഗവണ്മെന്റിലേക്കു ശിപാർശ ചെയ്തിട്ടുണ്ടോ?

(ബി) മടക്കികൊടുക്കണമെന്നു ശിപാർശ ചെയ്തിട്ടുള്ള കമ്പനികളുടെ പേരുകളും സംഖ്യകളും ഗവണ്മെന്റ ദയവായി പറയുമോ?

(സി) ഇറക്കുമതി ചുങ്കത്തിൽ ഒരു ഭാഗം മടക്കികൊടുക്കണമെന്നു എക്സൈസ് കമ്മീഷണർ ചെയ്ത ശിപാർശയെപ്പറ്റി മറ്റു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം ചോദിച്ചുവോ?

(ഡി) ഇറക്കുമതിച്ചുങ്കം മടക്കികൊടുക്കാൻ പാടില്ലെന്നു മറ്റു ഉദ്യോഗസ്ഥന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഗതിയിൽ പണം മടക്കികൊടുക്കാൻ ഗവണ്മെന്റ കല്പിച്ചിട്ടുണ്ടോ?

(ഇ) അങ്ങനെ മടക്കിക്കൊടുക്കാൻ കല്പിച്ച കമ്പനികളുടെ പേരുകളും സംഖ്യകളും മേശപ്പുറത്തു വയ്ക്കുമോ?

(എഫ്) എക്സൈസ് കമ്മീഷണർ മുഖാന്തിരം കണ്ടതിന്റെ ഫലമായിട്ടാണോ ഗവൺമെന്റ് അങ്ങിനെ തീരുമാനിച്ചത്? അങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിനു എതിരായി എക്സൈസ് കമ്മീഷണർ പറഞ്ഞ പ്രധാനസംഗതികൾ എന്താണെന്നു ഗവൺമെന്റ് ദയവായി പറയുമോ?

മി. കെ. ജാജ് (ആക്റ്റിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): (എ, ബി, സി, ഡി, എഫ്.) ഗവൺമെന്റും അവരുടെ ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ഇടപാടുകൾ സ്വകാര്യങ്ങളാണ്. പ്രധാനമായിട്ടുള്ളതും പൊതുജനങ്ങൾ അറിയേണ്ടതും ഗവൺമെന്റിന്റെ തീർച്ചയാണ്.

(ഇ) [illegible]-ലും [illegible]-ലും ഗവൺമെന്റു മടക്കിക്കൊടുക്കാൻ കല്പിച്ച സംഖ്യകൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.*

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവൺമെന്റും അവരുടെ ഗവൺമെന്റുദ്യോഗസ്ഥന്മാരും ആയി നടത്തുന്ന എല്ലാ എഴുത്തുകുത്തുകളും രഹസ്യമല്ലായോ?

മി. കെ. ജാജ് (ആക്റ്റിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): അങ്ങനെയാണെന്നാണല്ലോ മറുപടിയിൽ നിന്നും മനസ്സിലാക്കേണ്ടത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മറുപടി വ്യക്തമായില്ല.

മി. കെ. ജാജ് (ആക്റ്റിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): തെളിവായിട്ടുതന്നെ പറഞ്ഞിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്. "ഗവൺമെന്റും അവരുടെ ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ഇടപാടുകൾ സ്വകാര്യങ്ങളാണ്" മറുപടി വ്യക്തമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എനിക്കറിയേണ്ടതു ഗവൺമെന്റിന് ഒട്ടകേറെത്തോയ ഉണ്ടായ—പൊതുജനങ്ങൾക്കുള്ളതായ പണത്തെ—സംബന്ധിച്ച ഗവൺമെന്റും അവരുടെ ഉദ്യോഗസ്ഥന്മാരും നടത്തുന്ന എഴുത്തുകുത്തുകൾ രഹസ്യങ്ങളാണോ എന്നാണ്.

മി. കെ. ജാജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): എഴുത്തുകുത്തു രഹസ്യമാണ്, അതിനെപ്പറ്റിയുള്ള ആർഡർകൾ രഹസ്യമാകയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): സർക്കാർവക്കീലിനോടു എഴുതിച്ചോദിച്ചിട്ടുണ്ടോ എന്നും അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്നും ഉള്ളതു മറുപടി പറയാൻ നിവൃത്തിയില്ലെന്നാണോ പറയുന്നത്?

മി. കെ. ജാജ് (ആക്റ്റിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): നിവൃത്തിയില്ല.

ഇന്ത്യൻ ഭാഷാദ്ധ്യാപകന്മാരുടെ ശമ്പളവും മറ്റും.

[illegible]. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇന്ത്യൻഭാഷകളിൽ ബി. ഏ. യും എം. എ. യും ജയിച്ചിട്ടുള്ളവരുടെ ശമ്പളവും ശമ്പളക്കൂടുതലിനുള്ള വഴികളും സംബന്ധിച്ച വിദ്യാഭ്യാസവകുപ്പിൽ, പ്രത്യേകം കാളേജുകളിൽ, മററു വിഷയങ്ങളിൽ പാസ്സായിട്ടുള്ളവരോടു താരതമ്യപ്പെടുത്തി നോക്കിയാൽ കാണിച്ചുവരുന്ന അനീതിയെ പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): ചോദ്യത്തിലെ സൂചന ശരിയാണെന്ന ഗവൺമെന്റു സമ്മതിക്കുന്നില്ല. കാളേജിലെ നാട്ടുഭാഷാദ്ധ്യാപകന്മാരുടെ ശമ്പളക്രമം ഭേദപ്പെടുത്തുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു.

കാളേജ് പണ്ഡിതന്മാരുടെ ശമ്പളം.

[illegible]. മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): (എ) രണ്ടുകാളേജുകളിലെയും ഭാഷാവകുപ്പൊഴിച്ചുള്ള വകുപ്പുകളിൽ പുതിയ ബി. ഏ. ക്കാരെ [illegible] രൂപാ ശമ്പളത്തിലാണ് നിയമിക്കുന്നതെന്നും ഭാഷാവകുപ്പുകളിൽ നിയമിക്കുന്ന ബി. ഏ. ക്കാർക്ക് [illegible] രൂപാ ശമ്പളമേ കൊടുക്കുന്നുള്ളു എന്നും ഗവൺമെന്റിനറിവുണ്ടോ?

(ബി) കാളേജുകളിലെ ബി. ഏ. ക്കാരായ പണ്ഡിതന്മാരുടേയും ട്യൂട്ടർമാരുടേയും ഡെമൺസ്ട്രേട്ടർമാരുടേയും ശമ്പളം സമമാക്കുന്നതിനെപ്പററി സഭയുടെ കഴിഞ്ഞ ബഡ്ജററ് സെഷനിൽ ദിവാൻ പ്രസിഡെന്റ് ഉറപ്പുപറഞ്ഞപ്രകാരം എന്തുപ്രവർത്തിച്ചു എന്നു ഗവൺമെന്റ് ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): (എ) ഉണ്ട്.

(ബി) വിഷയം മുഴുവനും ആലോചനയിൽ എടുക്കുന്നതിനു മിസ്റ്റർ സ്റ്റീഫെൻസൺ ഒരുക്കമാണെങ്കിൽ ആ അന്വേഷണം നടത്തുന്നതിനു താൻ അദ്ദേഹത്തെ തീർച്ചയായും അധികാരപ്പെടുത്തുമെന്നാണ് പ്രസിഡെന്റ് പറഞ്ഞതു. അതിനപ്പുറമായ ഒരു ഉറപ്പു പ്രെസിഡെന്റ് കൊടുത്തിട്ടില്ല. എങ്കിലും കാളേജുകളിലെ പണ്ഡിതന്മാരുടെ ശമ്പളം പുനസ്സംഘടനം ചെയ്യുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നുണ്ട്.

മി. എൻ. കുമാരൻ (ഗവൺമെന്റു നിയമനം): ബഡ്ജററു യോഗത്തിനുശേഷം ഇക്കാര്യത്തിൽ വിദ്യാഭ്യാസഡയറക്ടർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസെക്രട്ടറി): അവരുടെ ശമ്പളം പരിഷ്കരിക്കുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു.

മി. എൻ. കുമാരൻ (ഗവൺമെന്റുനിയമനം): "വിഷയം മുഴുവനും ആലോചനയിൽ എടുക്കുന്നതിനു മിസ്റ്റർ സ്റ്റീഫെൻസൺ ഒരുക്കമാണെങ്കിൽ ആ അന്വേഷണം നടത്തുന്നതിനു താൻ അദ്ദേഹത്തെ തീർച്ചയായും അധികാരപ്പെടുത്തും എന്നാണു പ്രെസിഡെന്റ് പറഞ്ഞതു" എന്നാകുന്നു മറുപടി. അന്വേഷണം നടത്താൻ കഴികയില്ലെന്നു മിസ്റ്റർ സ്റ്റീഫെൻസൺ പറഞ്ഞുവോ?

* അനുബന്ധം നോക്കുക പുറം [illegible].

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ കാര്യം വിസ്താരപ്പൂർവ്വം ഡയറക്ടർ ... മേലധികാരിയാൽ ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): അന്വേഷണം നടത്തി എന്നാണോ വിചാരിക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഉവ്വ്.

മി. എൻ. കുമാരൻ (ഗവണ്മെന്റ നിയമനം): അന്വേഷണം അവസാനിപ്പിക്കാൻ എത്രകാലം വേണ്ടിവരും?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഉടനെ മറുപടി കിട്ടുമെന്നു പ്രതീക്ഷിക്കുന്നുണ്ട്.

കൊല്ലവും ആലപ്പുഴയും ഡിസ്ട്രിക്ട് കോടതികളിലെ അഡിഷനൽ ബെഞ്ചുകൾ നീക്കി മാവേലിക്കര ഒരു സെഷൻ കോടതി സ്ഥാപിക്കുക.

൭൬൮. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലത്തും ആലപ്പുഴയും ഉള്ള ഡിസ്ട്രിക്ട് കോടതികളിലെ അഡിഷണൽ ബെഞ്ചുകൾ നീക്കി അവയ്ക്കു പകരം മാവേലിക്കര ഒരു സെഷൻ കോടതി ഗവണ്മെന്റ ഉടനെ സ്ഥാപിക്കുമോ? മാവേലിക്കര, കാർത്തികപ്പള്ളി, തിരുവല്ലാ, കുന്നത്തൂർ ഈ താലൂക്കുകളിലും, കരുനാഗപ്പള്ളി താലൂക്കിന്റെ വടക്കുഭാഗത്തും ഉള്ള ആളുകൾക്ക് അതു വളരെ ഉപകാരമായിരിക്കും.

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആലപ്പുഴ കൊല്ലം ഡിസ്ട്രിക്ട് കോടതികളിലെ കുടിശ്ശിക വിചാരിച്ചാൽ അവിടത്തെ രണ്ടു ജഡ്ജിമാരുടെ കോടതികളും വേണമെന്നുവയ്ക്കാൻ നിവൃത്തിയില്ല. ഡിസ്ട്രിക്ട് കോടതിയുള്ള കൊല്ലത്തുനിന്നു നാലു നാഴികമാത്രം ദൂരമുള്ള മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിക്കുന്നതു അഭിലഷണീയമാണെന്നും ഗവണ്മെന്റ വിചാരിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലം ആലപ്പുഴ ഡിസ്ട്രിക്ട് കോടതികളിൽ അധികം കുടിശ്ശിക ഉണ്ടെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ കുടിശ്ശികയിൽ അധികഭാഗവും മാവേലിക്കര ഒരു കോടതി സ്ഥാപിച്ചു അവിടേക്കു അയച്ചുകൊടുക്കാൻ പാടില്ലയോ എന്നു ചോദിച്ചുകൊള്ളുന്നു.

മി. കെ. ജാർജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു സാധിക്കുമായിരിക്കും.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലത്തുനിന്നു നാലു നാഴികമാത്രം ദൂരമുള്ള മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിക്കുന്നതു അഭിലഷണീയമല്ലെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. കോട്ടയത്തുനിന്നു ആലപ്പുഴയ്ക്കു നാലു നാഴികയിൽ കുറച്ചല്ലാതെ ദൂരമുണ്ടോ?

മി. കെ. ജാർജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇതു പ്രധാന ചോദ്യത്തിൽ നിന്നു ഉളവാകുന്ന ഒരു ചോദ്യമല്ല.

ഡെപ്യൂട്ടി പ്രസിഡന്റ: മി. രാമൻമേനോൻ നിങ്ങളുടെ ചോദ്യം മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിക്കുന്നതിനെപ്പറ്റി ആയിരുന്നു. ഡിസ്ട്രിക്ട് കോടതിയുള്ള കൊല്ലത്തുനിന്നു അവിടത്തേക്കു നാലു നാഴിക മാത്രം ദൂരമുള്ളതിനാൽ അവിടെ ഒരു പുതിയ കോടതി സ്ഥാപിക്കുന്നതു അഭിലഷണീയം അല്ലെന്നുമായിരുന്നു മറുപടി. കോട്ടയത്തുനിന്നു ആലപ്പുഴയ്ക്കുള്ള ദൂരം നിങ്ങളുടെ ചോദ്യത്തോടു സംബന്ധമുള്ളതല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു സ്ഥലത്തു ഒന്നിലധികം കോടതികൾ ഉള്ളതിനെക്കാൾ പല സ്ഥലങ്ങളിൽ കോടതികൾ ഉള്ളതല്ലയോ ജനങ്ങൾക്കു ധനസംബന്ധമായും മറ്റും അധികം ഉപകാരപ്രദമെന്നു ഗവണ്മെന്റ ഉടനെ ആലോചിക്കുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): വിശാലമായ ഈ വിഷയത്തെപ്പറ്റി ഇപ്പോൾ ആലോചിക്കാൻ നിവൃത്തിയില്ല. ഇതുമാത്രമല്ല ഇതൊരു പുതിയ ചോദ്യവും ആകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലത്തുനിന്നു നാലു നാഴികമാത്രം ദൂരമുള്ള മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിക്കുന്നതു അഭിലഷണീയമല്ലെന്നാണ് മറുപടി. മറുപടിയിലെ സൂചനനിമിത്തമാണ് ഞാൻ ഈ ഉപചോദ്യം ചോദിക്കുന്നതു?

ഡിപ്യൂട്ടിപ്രസിഡെന്റ: ആയിരിക്കാം. ഇതിനെപ്പറ്റി പിന്നീടു ഒരു പുതിയ ചോദ്യം നിങ്ങൾക്കു ചോദിക്കാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറ്റെ ചോദ്യത്തോടു സംബന്ധമുള്ളതാകയാൽ ഈ ചോദ്യത്തിനു അവകാശമുണ്ട്.

ഡെപ്യൂട്ടി പ്രസിഡന്റ: ഒരു സ്ഥലത്തു ഒന്നിലധികം കോടതികൾ ഉള്ളതിനെക്കാൾ പല സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിക്കയല്ലയോ അഭിലഷണീയം എന്ന ചോദ്യത്തിനു ഗവണ്മെന്റ മറുപടി പറയണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നതു. നിങ്ങളുടെ ചോദ്യത്തിൽനിന്നു ഈ ചോദ്യം ഉളവാകുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

തെങ്ങിൻചക്കര വ്യവസായം.

൭൬൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ചക്കരയുണ്ടാക്കുന്നതിനു മധുരക്കള്ളു ചെത്തുന്നകാര്യത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുകാർ ചെയ്യുന്ന തടസ്സംനിമിത്തം കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര മുതലായി തെങ്ങുകൃഷിയുള്ള താലൂക്കുകളിലെ ജനങ്ങൾക്കു വളരെ നഷ്ടം സംഭവിക്കുന്നു എന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) ഭയങ്കരമായ തെങ്ങുരോഗം വ്യാപിക്കുന്നതുകൊണ്ടു ഈ താലൂക്കിലെ ജനങ്ങൾ ദരിദ്രരായി തീരുന്നു എന്നുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ?

(സി) തെങ്ങിൻചക്കര സുഖപ്രദവും വിലപിടിച്ചതുമായ ഒരു ഭക്ഷണസാധനമാണെന്നും ഗവണ്മെന്റിന്റെ എക്സൈസ് നയംകൊണ്ടു ആ വ്യവസായത്തിനു ഉണ്ടായിട്ടുള്ള തടസ്സം ഈ താലൂക്കുകളിലെ ജനങ്ങളുടെ സുഖത്തിനും ധനത്തിനും ഹാനികരമായി തീർന്നിരിക്കുന്നു എന്നും ഗവണ്മെന്റിനു അറിയാമോ?

(ഡി) തെങ്ങിനു ഇപ്പോൾതന്നെ കരം ചുമത്തി വസൂലാക്കിവരുന്നതുകൊണ്ടു തടസ്സം നീക്കി ചക്കരക്കള്ളു ചെത്തുന്നതിനു ഫീസില്ലാതെ ലൈസൻസ് കൊടുത്തു ആ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറ സെക്രട്ടറി): (എ) തെങ്ങിൻ ചകിരയുണ്ടാക്കാൻ മടൽ കുഴിച്ചിടുന്ന കാര്യത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറ യാതൊരു തടസ്സവും ചെയ്തിട്ടില്ല. ഉത്തമവിശ്വാസമായി അപേക്ഷിക്കുന്ന എല്ലാവർക്കും ലൈസൻസ് കൊടുക്കുന്നുണ്ട്.

(ബി) ഗവണ്മെൻറ അന്വേഷിക്കാം.

(സി) തെങ്ങിൻ ചകിരവ്യവസായം പ്രസ്താവയോഗ്യമായ നിലയിൽ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നു എപ്പോഴും ക്ഷയിച്ചുപോയിട്ടുണ്ടെങ്കിൽ ആ വ്യവസായം ആദായകരമല്ലാത്തതുകൊണ്ടായിരിക്കണം.

(ഡി) മെമ്പർ ഒന്നാംഭാഗം മറുപടി നോക്കണം.

എൻജിനിയർ വകുപ്പിൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുക.

൧൬൦. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാരേയും സിബ്ബന്തികളേയും വെച്ചിട്ടുള്ളതു റോഡ് സംരക്ഷണം മുതലായ പ്രവൃത്തികൾ കൺട്രാക്ടർമാർ മുഖാന്തരം അല്ലാതെ ഡിപ്പാർട്ടുമെൻറ മുഖാന്തരം ചെയ്യുന്നതിനല്ലയോ?

(ബി) ഇപ്പോൾ മിക്ക പ്രവൃത്തികളും കൺട്രാക്ടർമുഖാന്തരം ചെയ്തുവരുന്നതുകൊണ്ടു സിൽബന്തികളുടെ എണ്ണം ചുരുക്കി അതുകൊണ്ടുള്ള ആദായം പ്രവൃത്തികൾക്ക വിനിയോഗിക്കാൻ പാടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) അല്ല. ഡിപ്പാർട്ടുമെൻറ മുഖാന്തിരവും കൺട്രാക്ടർ മുഖാന്തരവും ചെയ്യുന്ന പ്രവൃത്തികളുടെ മേലന്വേഷണത്തിന്നാണ അവരെ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പാടില്ല. കൺട്രാക്ടർമാർമുഖാന്തരം ചെയ്യുന്ന ജോലികൾക്ക മേലന്വേഷണം അധികം ആവശ്യമാണ്.

എൻജിനീയർ ഡിപ്പാർട്ടുമെൻറിൽ അന്വേഷണവകുപ്പും പ്രവൃത്തിവകുപ്പും വേർതിരിക്കുക.

൧൬൧. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ബ്രിട്ടീഷ് ഇൻഡ്യയിലെപ്പോലെ ഒരേമേലധികാരിയുടെ കീഴിലുള്ള അന്വേഷണവകുപ്പും പ്രവൃത്തിവകുപ്പും അധികം കാര്യക്ഷമതയ്ക്കായി വേർതിരിക്കാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

(ബി) പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽ മേലധികാരത്തിനും പ്രവൃത്തിയ്ക്കും മേലന്വേഷണത്തിനും ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം അധികച്ചെലവുകൂടാതെ മേൽപ്രകാരം വേർതിരിക്കുന്നതിനു ആവശ്യത്തിലധികമാണെന്നു ഗവണ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) ഈ കാര്യത്തെപ്പററി ആലോചിക്കാം.

(ബി) മറുപടി നിഷേധത്തിലാണ്.

ജനറൽ ആശുപത്രിയിലെ "പാസ്" ഏർപ്പാട്.

൧൬൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) ജനറൽ ആശുപത്രിയിൽ പാസ്സ് ഏർപ്പാട ഉണ്ടാക്കിട്ടുള്ളതിനെപ്പററി അവക്ക അറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ, അതിൻെറ ഉദ്ദേശം എന്താണ്?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) "പാസ്സ്" ഏർപ്പാടുണ്ടാക്കിയതിൻെറ ഉദ്ദേശം താഴെ കാണുന്നവയാണ്.

(a) ആളുകൾ ചെന്നു രോഗികളെ ഉപദ്രവിക്കാതിരിക്കുന്നതിനു; രോഗികൾക്ക സ്വസ്ഥതകൊടുക്കണമെന്നും ദേഹത്തിനും മനസ്സിനും അസ്വാസ്ഥ്യം കൊടുക്കരുതെന്നും ഉള്ളതു സർവ്വസമ്മതമായിട്ടുള്ള ഒരു ചികിത്സാതത്വമാണ്.

(b) ആസ്പത്രി ഉദ്യോഗസ്ഥന്മാക്ക രോഗികളെ തടസ്ഥംകൂടാതെ പരിശോധിക്കുന്നതിനും പരിചരിക്കുന്നതിനും സൌകര്യത്തിനുംവേണ്ടി.

(c) ആസ്പത്രിസാമാനങ്ങളും രോഗികളുടെ സാമാനങ്ങളും മോഷണംപോകാതിരിപ്പാൻ.

(d) വരാന്തകളിലും മുറികളിലും കാഴ്ചക്കാർ കൂടിനിൽക്കാതിരിക്കാൻ.

(e) ഒരു പൊലീസ്കേസോ യദൃഛാസംഭവകേസോ കൊണ്ടുവരുമ്പോൾ കാഴ്ചക്കാർ വന്നുകൂടാതിരിക്കാൻ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പാസ്സേർപ്പാട നിമിത്തം മരുന്നു കുടിച്ചുവാങ്ങാൻ വരുന്ന രോഗികൾ പുറംമുറിയിൽ കൂടി നിൽക്കേണ്ടിവരുന്നില്ലയോ?

ഡിപ്യൂട്ടിപ്രെസിഡെൻറ: പുറമെത്ത രോഗികളുടെ മുറിയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ.

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അവക്ക പ്രത്യേകവഴിയുണ്ടെന്നു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രത്യേകവഴി ഉണ്ടായിരിക്കാം. ഈ പാസ്സേർപ്പാട നിമിത്തം രോഗികൾക്ക അവരവക്ക ഇഷ്ടമുള്ള ഡോക്ടരിൻെറ അടുക്കൽ ചെല്ലാൻ കഴിയാതെ വരുന്നില്ലയോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല. പ്രധാനവഴി രോഗികൾ കിടക്കുന്ന കെട്ടിടത്തിലേക്കുള്ളതാണ. ആ കെട്ടിടത്തിൽ ആളുകൾ ചെല്ലാതിരിക്കുന്നതിനാണ് പാസ്സേർപ്പാട വെച്ചിട്ടുള്ളത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പാസ്സേർപ്പാടുനിമിത്തം രോഗികൾക്ക അവക്കിഷ്ടമുള്ള ഡോക്ടരുടെ അടുക്കൽ ചെല്ലാൻ കഴിവില്ലാതെ വരുന്നില്ലയോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി); ഇല്ല, പ്രവേശനം കിട്ടിയാൽപിന്നെ ഇഷ്ടമുള്ള ഡോക്ടരുടെ അടുക്കൽ ചെല്ലാം.

കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രിയിൽ പ്രസവകേസുകൾ സ്വീകരിക്കുന്നതിനെപ്പറ്റി.

൨൩൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊല്ലത്തു സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായി വിക്ടോറിയാ ആസ്പത്രി ഉണ്ടായിരിക്കെ അവിടത്തെ ഡിസ്ട്രിക്ട് ആസ്പത്രിയിൽ പ്രസവകേസുകൾ സ്വീകരിക്കാറുണ്ടെന്നുള്ള സംഗതി വാസ്തവമോ എന്നു ഗവർമെന്റു ദയവായി പറയുമോ?

മി. കെ. രാജ് (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രിയിൽ പ്രസവവാർഡു ഇല്ലാത്തതുകൊണ്ടു അവിടെ പ്രസവകേസുകൾ സാധാരണയായി സ്വീകരിക്കാറില്ല. എന്നാൽ കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രി ഡാക്ടരുടെ ശുശ്രൂഷ വേണമെന്നു ആവശ്യപ്പെടുന്ന രോഗികളെ ചിലപ്പോൾ അവിടെ സ്വീകരിക്കാറുണ്ടു.

൧൧൦൧ ഇടവത്തിലെ വെള്ളപ്പൊക്കം നിമിത്തം കൃഷിക്കു സംഭവിച്ച നഷ്ടങ്ങളും പരിഹാരമാർഗ്ഗങ്ങളും.

൨൩൪. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) കഴിഞ്ഞ ഇടവത്തിലെ വെള്ളപ്പൊക്കംനിമിത്തം തിരുവനന്തപുരം ഡിവിഷനിൽ കോദയാർ അണക്കു കീഴിലും അല്ലാതെയും ഉള്ള അനേകായിരം ഏക്കർ നിലങ്ങളിലെ കൃഷി നഷ്ടപ്പെട്ടുപോയി എന്നും അനേക ശതം ഏക്കർ നിലങ്ങൾ മണ്ണുവന്നു മൂടിപ്പോയി എന്നും ഗവർമെന്റിനു അറിവുണ്ടോ?

(ബി) കൃഷി നഷ്ടപ്പെട്ടതു എത്ര ഏക്കർ സ്ഥലത്തെന്നും മണ്ണുവന്നുമൂടിപ്പോയതു എത്രഏക്കർ നിലമെന്നും അവർ കണക്കു ശേഖരിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ തിരുവനന്തപുരം ഡിവിഷനിൽ അങ്ങനെയുള്ള നിലങ്ങളുടെ വിസ്തീർണ്ണം എത്ര?

(ഡി) വിളവുനഷ്ടം വന്നനിലങ്ങളിലെ കന്നിവിളക്കുള്ള കരംഇളവുചെയ്തു കൊടുപ്പാൻ അവർ കല്പിച്ചിട്ടുണ്ടോ?

(ഇ) കരംഇളവുചെയ്തുകൊടുക്കുന്നതിന്നായി അങ്ങനെ വിളനഷ്ടം വന്ന നിലങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാൻ പകുതി ഉദ്യോഗസ്ഥന്മാർക്കും നിലങ്ങളിൽനിന്നു മണ്ണു നീക്കംചെയ്യാൻ വേണ്ടുന്ന പണം കൃഷിവായ്പ കൊടുക്കാൻ താലൂക്കുദ്യോഗസ്ഥന്മാർക്കും ഗവർമെന്റു ദയവായി ഉത്തരവുകൾ അയക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): (എ) ൧൧൦൧-ലെ വെള്ളപ്പൊക്കംനിമിത്തം തിരുവനന്തപുരം ഡിവിഷനിലെ നെടുമങ്ങാട്ടും ചിറയിൻകീഴും ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും നഷ്ടം ഉണ്ടായിട്ടുണ്ടെന്നു ഗവർമെന്റിനു അറിവുണ്ട്.

(ബി) മുതൽ (ഡി) വരെ നഷ്ടത്തിന്റെ സ്വഭാവം വിവരിക്കുന്ന ഒരു റിപ്പോർട്ടു ലാന്റുറെവന്യൂകമ്മീഷണരോടാവശ്യപ്പെട്ടതു കിട്ടി ആലോചനയിൽ ഇരിക്കുന്നു. കരം ഇളവുചെയ്തു കൊടുപ്പാൻ ഇതുവരെ ഉത്തരവുകൊടുത്തിട്ടില്ല. ആകെ എത്രവിസ്തീർണ്ണം ഭൂമിനഷ്ടപ്പെട്ടിട്ടുണ്ടെന്നു പൂർണ്ണവിവരം കിട്ടീട്ടില്ല.

(ഇ) കൃഷിനഷ്ടംവന്ന നിലങ്ങളുടെ ഒരു പട്ടിക തയ്യാറാക്കാൻ ഡിവാൻപേഷ്കാർ തഹശീൽദാരന്മാരോടു ആവശ്യപ്പെട്ടിട്ടുണ്ടു. നിലങ്ങളിൽ നിന്നു മണ്ണു നീക്കംചെയ്യാൻ കൃഷിവായ്പയ്ക്കുള്ള അപേക്ഷകളെപ്പറ്റി റെവന്യൂ ഉദ്യോഗസ്ഥന്മാർ ആലോചിക്കുന്നതാണു.

൧൧൦൧-ൽ കൽക്കുളവും വിളവങ്കോടും താലൂക്കുകളിൽ കരംഇളവുചെയ്യൽ.

൨൩൫. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (എ) ൧൧൦൧ തുലാത്തിലെ മഴകൊണ്ടു കൽക്കുളവും വിളവങ്കോടും താലൂക്കുകളിൽ മടവീണതിനെപ്പറ്റിയും അതുനിമിത്തം കൃഷിക്കാർക്കു സംഭവിച്ച നഷ്ടത്തെപ്പറ്റിയും ഗവർമെന്റു റിപ്പോർട്ടുകൾ ആവശ്യപ്പെടുകയോ കിട്ടുകയോ ചെയ്തിട്ടുണ്ടോ?

(ബി) കൃഷിനഷ്ടപ്പെട്ടുപോയ നിലങ്ങളുടെ കരം ഇളവുചെയ്തുകൊടുക്കാൻ ഗവർമെന്റു ആലോചിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): (എ)യും (ബി)യും-൨൩൪-ാം നമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി മെമ്പർ വായിച്ചുനോക്കണം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സംഗതിക്കു റിപ്പോർട്ടു വന്നിരിക്കുന്നതായി പറയുന്നതു—

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): ഇപ്പോൾ ഞാൻ ൨൩൫-ാം നമ്പർ ചോദ്യത്തിനുമാണു. മെമ്പർ പറയുന്നതു ൨൩൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയെപ്പറ്റിയാണു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൨൩൫-ാം നമ്പർ ചോദ്യത്തിനു മറുപടിയായി ൨൩൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണമെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ അതിനെ സംബന്ധിച്ചു പറയുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): അദ്ദേഹത്തിനു അങ്ങനെ ന്യായമായി ചെയ്യാമോ എന്നു അറിവാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രെസിഡെന്റു: ൨൩൫-ാം നമ്പർ ചോദ്യത്തെ സംബന്ധിച്ചടത്തോളം ഉപചോദ്യം ചോദിപ്പാൻ അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): പാർട്ടു അഞ്ചിൽ കൊടുത്തിട്ടുള്ള മറുപടി നോക്കണം. ൨൩൪-ാം ചോദ്യം അഞ്ചാംഭാഗത്തിന്റെ മറുപടി ഇങ്ങനെയാണ്, വിളനഷ്ടപ്പെട്ടുപോയ നിലങ്ങളുടെ പട്ടികകൾ തയ്യാറാക്കാൻ ഡിവാൻപേഷ്കാർ തഹശീൽദാരന്മാർക്കു ഉത്തരവുകൊടുത്തിട്ടുണ്ടു. ലിസ്റ്റു തയ്യാറായി വന്നാൽ തക്കസമയത്തിൽ ഉപയോഗിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മേടം ൧൫-നു-കു മുമ്പു കരം ഇളവുചെയ്തുകൊടുക്കുന്നലിസ്റ്റ് ജനങ്ങൾക്കു കിട്ടാൻ സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): സാധിക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയാണെങ്കിൽ അവർക്ക് കരം ഇളവുചെയ്തുകൊടുക്കുന്നതു എങ്ങനെയാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): കരം ആദ്യമായി ഒടുക്കേണ്ടതായിവരും, കരം ഇളവുചെയ്യുന്ന കാര്യത്തെസംബന്ധിച്ചു റെവന്യൂകമ്മീഷണരും ഗവർമെന്റുമായിട്ടു എഴുത്തുകുത്തു നടക്കയാണ്, അതിന്റെ അവസാനഫലം അറിയാതെ ഇപ്പോൾ മറുപടി പറവാൻ സാധിക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): കരം ഇളവുചെയ്തുകൊടുക്കാൻ ഉത്തരവുകൊടുക്കുന്നതിനു മുമ്പായി ആ കരം കൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റ സെക്രട്ടറി): അങ്ങിനെ വേണ്ടിവരും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): ഗവന്മെന്റു കരം ഇളവുചെയ്തുകൊടുക്കാൻ ആർ ഹരജി ചെയ്തു കഴിഞ്ഞാൽ പിന്നത്തെ നടപടി എന്താണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റ സെക്രട്ടറി): കൂടുതൽ കൊടുക്കുന്ന കരം മടക്കികൊടുക്കാനുള്ള കല്പനയ്ക്കു വകവച്ചുകൊടുക്കുകയോ ചെയ്യും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): ഇങ്ങനെയുള്ള സംഗതികളിൽ ഗവന്മെന്റ കരം കാര്യം ചെയ്യുന്നതിൽപിന്നീട് അതിനെ സംബന്ധിച്ചു രണ്ടാമതും ഉത്തരവായിട്ടുള്ളതായി ഉണ്ടോ. അറിയാമോ?

ഡിപ്യൂട്ടിപ്രസിഡെന്റ: ആ ചോദ്യത്തിൽനിന്നും ന്യായമായി ഉത്ഭവിക്കുന്നില്ല. ഈ ചോദ്യത്തെ സംബന്ധിച്ച ആ വിവരം കൊടുക്കാൻ കഴികയില്ല.

൧൧൦൮-ൽ കൽക്കുളവും വിളവങ്കോട്ടും താലൂക്കുകളിൽ കരം ഇളവുചെയ്തത്.

൨൩൩. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും). ൧൧൦൮ വൃശ്ചികത്തിലെ വെള്ളപ്പൊക്കം നിമിത്തം കൃഷിനഷ്ടം സംഭവിച്ചതിനു കൽക്കുളവും വിളവങ്കോട്ടും താലൂക്കുകളിലെ ഏതെല്ലാം പകുതികളിൽ ഓരോ പകുതികളിൽ എത്രത്തോളം കരം ഇളവുചെയ്തുകൊടുത്തു എന്നും ഗവന്മെന്റ ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റസെക്രട്ടറി): ൧൧൦൮ വൃശ്ചികത്തിലെ വെള്ളപ്പൊക്കം നിമിത്തം കൃഷിനഷ്ടം സംബന്ധിച്ചു കൽക്കുളം താലൂക്കിൽ ഒരു സംഖ്യയും ഇളവുചെയ്തിട്ടില്ല. വിളവങ്കോട്ടു താലൂക്കിലെ പകുതികളിൽ താഴെകാണുന്നപ്രകാരം കരം ഇളവുചെയ്തു കൊടുത്തിട്ടുണ്ട്.

പകുതികളുടെ പേര്.			ഇളവുചെയ്ത കരം.
വിളവങ്കോട്	...	രൂപാ	൧൭൮
പാക്കോട്	...	...	൩൦
നല്ലൂർ	...	...	൧൨൭
കന്നനൂർ	...	...	൧൭൬
ഏഴുദേശപ്പറ	...	...	൩൧
തെപ്പക്കുളം	...	...	൩
മെദുകുമ്മൽ	...	...	൮൩
കീഴ്കുളം	...	...	൩൪
ആറുദേശപ്പറ	...	...	൮൧
		ആകെ	൭൩൨.

സർവ്വേഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ.

൨൩൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന വിവരങ്ങൾ ഗവന്മെന്റ ദയവായി തരുമോ?

(എ) സർവ്വേ ആഫീസിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം.

(ബി) അവിടെ സ്ഥിരപ്പെട്ടും താല്ക്കാലികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം.

(സി) ഓരോരുത്തരുടെയും ഇപ്പോഴത്തെ ശമ്പളം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റസെക്രട്ടറി): (എ)മുതൽ (സി) വരെ ൧൧൦൮ കുംഭം ൧-നു വരെ തിരുത്തി അച്ചടിപ്പിച്ചിട്ടുള്ള അർദ്ധവർഷ ഉദ്യോഗവിവരപ്പട്ടിക ൨൧-ം ൨൨-ം പുറങ്ങൾ മെമ്പർ വായിച്ചുനോക്കണം.

ഉപ്പളങ്ങളിലെ പ്രവൃത്തിരീതി.

൨൩൮. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോട്ടും): എക്സൈസ്‌സിസ്റ്റം പ്രകാരവും മോഡിഫൈഡ് എക്സൈസ് സിസ്റ്റം പ്രകാരവും ലൈസൻസ് ലഭിച്ചിട്ടുള്ള അളക്കാർ ആണ്ടുതോറും ഗവന്മെന്റിലേക്ക എത്ര ഉപ്പ ഏല്പിക്കണമെന്ന വല്ല നിയമവും ഉണ്ടോ എന്ന ഗവന്മെന്റ ദയവായി പറയുമോ? ഉണ്ടെങ്കിൽ അതെത്രയാണെന്നും പറയുമോ?

(ബി) ഗവന്മെന്റിൽ ഏല്പിച്ചു അധികം വരുന്ന ഉപ്പ വില്ക്കാൻ ലൈസൻസികൾക്ക അനുവാദം ഉണ്ടോ? ഉണ്ടെങ്കിൽ ഒരു മന്നുപ്പിനു ഗവന്മെന്റ് അനുവദിച്ചിട്ടുള്ള വില എന്താണ്? അതിന്മേൽ ഗവന്മെന്റിന് കിട്ടുന്ന തീരുവ എന്താണ്? ലൈസൻസികൾക്ക കിട്ടുന്നത് എന്താണ്?

(സി) ലൈസൻസികൾ ഉടമ്പടിപ്രകാരം അളങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നുണ്ടോ?

(ഡി) മരാമത്തുപ്രവൃത്തികൾ ലൈസൻസുകാർതന്നെ ഉടമ്പടിപ്രകാരം ചെയ്യാത്തപക്ഷം എക്സൈസ് കമ്മിഷണർ അവ ചെയ്യാൻ അധികാരപ്പെടുത്തുന്ന വല്ല ചട്ടവും ഉണ്ടോ? ഉണ്ടെങ്കിൽ ൧൦൯൭ മുതൽ ൧൧൦൮ വരെ ആ അളങ്ങളിൽ ചെയ്തിട്ടുള്ള മരാമത്തുപണികൾ എന്തെല്ലാം, ചെയ്തആണ്ടുകൾ ഏതു. അതിനു ചെലവായ സംഖ്യ എത്ര? ചെലവായ പണം ലൈസൻസികളോട് വസൂലാക്കീട്ടുണ്ടോ?

(ഇ) ൧൧൦൦-ലെ വെള്ളപ്പൊക്കത്താൽ പുത്തളം അളത്തിനു സംഭവിച്ചതും ലൈസൻസികളുടെ ഇടയിൽ യോജിപ്പില്ലാത്തതിനാൽ തീർക്കാതെ കിടക്കുന്ന എന്ന ൧൧൦൭-ലേയും ൧൧൦൬-ലേയും ഡിപ്പാർട്ടുമെന്റുവക റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുള്ളതുമായ കേടുകൾക്ക പരിഹാരമായി ൧൧൦൭-ലും ൧൧൦൬-ലും എക്സൈസ് കമ്മിഷണർ എന്തുമരാമത്തുപണികൾ ചെയ്തുഎന്ന പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): (എ) എക്സൈസ്‌സിസ്റ്റംപ്രകാരമോ മോഡിഫൈഡ് എക്സൈസ് സിസ്റ്റംപ്രകാരമോ അളലൈസൻസികൾ എത്ര ഉപ്പ ഗവന്മെന്റിൽ ആണ്ടുതോറും ഏല്പിക്കണമെന്ന ക്ലിപ്തപ്പെടുത്തുന്ന ഒരു നിയമം ഇല്ല.

(ബി) ഉടമ്പടിപ്രകാരം ഗവൺമെന്റിൽ ഏല്പിക്കേണ്ടുന്ന ഉപ്പു ഏല്പിച്ചശേഷം ബാക്കിയുള്ള ഉപ്പു ഗവൺമെന്റിൽനിന്നു വയ്ക്കുന്ന വിലയിൽ കുറയാതെ ഒരു വിലയ്ക്കു വില്ക്കണമെന്നായി നിബന്ധന തീർത്തശേഷം അളത്തിൽ നിന്നു വില്പനചെയ്യുന്നതിന്നു ലൈസൻസികൾക്കു അനുവാദമുണ്ട്. ഗവൺമെന്റിലേക്കു കിട്ടുന്നതു അതാതുസമയത്തെ നിരക്കനുസരിച്ചു കണക്കാക്കി കിട്ടുന്ന വിലയാണ്. ഇപ്പോഴത്തെ നിരക്കനുസരിച്ച് ബ്രിട്ടീഷ് രൂപ ൧-൩-൦ ം അളത്തിൽ ഉപ്പിന്റെ വില ബ്രിട്ടീഷ് രൂപാ ൧-൧൩-൦-ം ആകുന്നു. ഗീയലകഴിച്ചുള്ള വില ലൈസൻസികൾക്കു കിട്ടും.

(സി) ലൈസൻസികൾ അവരുടെ ഉടമ്പടിപ്രകാരം അളങ്ങളിൽ വേണ്ടുന്ന സംരക്ഷണ പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

(ഡി): ഉണ്ട്. ഡിപ്പാർട്ടുമെന്റിൽനിന്നു ഒന്നും ചെയ്തിട്ടില്ല.

(ഇ) ഡിപ്പാർട്ടുമെന്റിൽനിന്നു യാതൊരു മരാമത്തുപണിയും ചെയ്തിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉപ്പുപാത്തികളിൽനിന്നു ഇത്രമാത്രം ഉപ്പു ഗവൺമെന്റിനെ ഏല്പിക്കണമെന്നുള്ള കരാർ ഏതിന്റെ അടിസ്ഥാനപ്പെടുത്തിയാണു നിശ്ചയിച്ചിട്ടുള്ളതു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ് സെക്രട്ടറി): ഉപ്പുചട്ടങ്ങൾ അനുസരിച്ചാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചട്ടങ്ങളിൽ ഏതുഭാഗത്താണ് പറയുന്നതു?

ഡിപ്യൂട്ടി പ്രെസിഡെന്റ: ലൈസൻസികൾ എത്രഉപ്പു ഏല്പിക്കണമെന്നുള്ളതിനെപ്പറ്റിയാണു ചട്ടങ്ങൾ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവൺമെന്റിലേക്കു ഏല്പിക്കേണ്ട ഉപ്പിനുള്ള കണക്കു നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനം ഏതാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ് സെക്രട്ടറി); ലൈസൻസികൾ സമ്മതിച്ചിട്ടാണ് നിശ്ചയിക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും); ഉദ്യോഗസ്ഥന്മാർ ലൈസൻസിയുമായി ആലോചിച്ചു തമ്മിൽ നിശ്ചയിക്കയോ അതല്ല അതിലേക്കു വല്ലതോതുമുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): അതാതു സന്ദർഭങ്ങളിലുള്ള ആദായം അനുസരിച്ചു ചെയ്യുകയാണു പതിവു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇത്ര ഏക്കർ ഉപ്പുപാത്തിക്കു ഇത്രമാത്രം കൊടുക്കണമെന്നു കണക്കു നിശ്ചയിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ആ വിവരം വരുത്തീട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആദ്യത്തെ (എ) ഭാഗത്തിൽ ചോദിച്ചിരിക്കുന്നതു എന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): അതിൽ ചട്ടം വല്ലതും ഉണ്ടോ എന്നാണു ചോദിക്കുന്നതു. അങ്ങിനത്തെ ചട്ടത്തെ അടിസ്ഥാനമാക്കിയാണു ഉടമ്പടി എഴുതുന്നതു എന്നാകുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചട്ടങ്ങളിൽ അങ്ങിനെ വല്ല വ്യവസ്ഥകളും ചെയ്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ഉടമ്പടി എഴുതണമെന്നു ചട്ടങ്ങളിൽ ഉണ്ട്.

ഈ പദത്തിൽ പ്രസിഡെന്റ അഗ്രാസനസ്ഥനായി.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭാഗം (ഡി) ലൈസൻസികൾ കരാറനുസരിച്ചു ഉപ്പളങ്ങളിൽ വേലനടത്താത്തപക്ഷം അതിലേക്കുള്ള നടപടി എന്താണു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ചട്ടപ്രകാരം എക്സൈസ് കമ്മീഷണർക്കു വേലകൾ നടത്തിക്കാമെന്നുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഭാഗം (ഇ) ൧൦൮൫-ാം വെള്ളപ്പൊക്കങ്ങളിൽ പിന്നീട ൮൬-ലും ൮൭-ലും പുത്തളം ഫാക്ടറിയിൽ ഉള്ള വേലകൾ ലൈസൻസികളുടെ ഐകമത്യക്കുറവിനാൽ നടത്തിയില്ലെന്നു രാജ്യഭരണറിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. ആ വേലകളിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ആ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നിയമം അങ്ങിനെ അനുവദിച്ചിരിക്കുമ്പോൾ അതു ചെയ്യാതിരിക്കാനുള്ള കാരണമെന്താണു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): ചെയ്യാമെന്നേയുള്ളു. ചെയ്യണമെന്നു നിർബന്ധമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ ഫാക്ടറിയിൽ ഇപ്പോഴും വേലകൾ ചെയ്യാതെ കിടക്കയാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെന്റ സെക്രട്ടറി): അതിനെപ്പറ്റി അന്വേഷിക്കണം.

ഉപ്പുവില്പനയിലെ ക്രമക്കേട്.

൨൬൬. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) ൧൦൯൦-ാം ൧൧൦൦-ാമാണ്ടുകളിൽ ഏതാനും ചില ലൈസൻസികളുടെ ഉപ്പു അളത്തിൽ കെട്ടിക്കിടക്കുമ്പോൾ ആ സമയം മററു ലൈസൻസികളുടെ ഉപ്പു വില്ക്കാൻ പാടില്ലെന്നും എക്സൈസ് കമ്മീഷണർ കല്പന അയച്ചിട്ടുണ്ടോ?

(ബി) ഇതിനിടയിൽ ആ ഏജൻസി അധികവിലചോദിക്കയും വസൂലാക്കയും ചെയ്തുവെന്നു ഏതെങ്കിലും കച്ചവടക്കാർ എക്സൈസ് കമ്മീഷണർക്കു ഹർജി കൊടുത്തിട്ടുണ്ടോ?

(സി) അങ്ങനെയുള്ള ആ ഹർജിക്കാരനു താമരക്കുളം അളത്തിൽനിന്നു ഉപ്പുകൊടുക്കുന്നതു നിർത്തലാക്കുവാൻ എക്സൈസ് കമ്മീഷണർ കല്പനയയച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): (എ, ബി, സി) ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി പറവാൻ സാധിക്കയില്ല.

താമരക്കുളം അളത്തിൽ ഉപ്പുവെള്ളത്തിന്റെ കുറവു.

൨൧൦. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൧൦൫ തുലാം ൨൦-നു-ത്തെ യോഗത്തിൽ ൮൯-ാംനമ്പർ ചോദ്യത്തിന്റെ (എ) ഭാഗത്തിനു പറഞ്ഞമറുപടിയിൽ താമരക്കുളം അളത്തിൽ നല്ലഉപ്പുവെള്ളം കുറവാണെന്നു സമ്മതിച്ചിട്ടുണ്ടല്ലോ. അതിനെ സംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവന്മെന്റ ദയവായി പറയുമോ?

(എ) താമരക്കുളം അളത്തിൽ നല്ലഉപ്പുവെള്ളം കുറവാനുള്ള കാരണങ്ങൾ,

(ബി) മണക്കുടിക്കായലിന്റെ ചിലഭാഗങ്ങൾ രെജിസ്റ്റർചെയ്തു കൊടുത്തതിനാൽ കായലിന്റെ വിസ്തീർണ്ണം കുറഞ്ഞതു ഒരുകാരണമാണോ?

(സി) ഉപ്പുകൃഷിക്കു പുതിയസ്ഥലങ്ങൾ രജിസ്റ്റർചെയ്തപ്പോൾ നല്ല ഉപ്പുവെള്ളം കിട്ടുന്നകാര്യത്തെപ്പറ്റി ആലോചിച്ചോ?

(ഡി) നല്ല ഉപ്പുവെള്ളത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റി എക്സൈസ് കമ്മീഷണർ അയച്ചറിപ്പോർട്ടിനെപ്പറ്റി ഗവന്മെന്റ പര്യാലോചിച്ചുവോ? അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രയോജനമുള്ളതായിരിക്കുമെങ്കിൽ അവയെ അടുത്തഭാവിയിൽ പ്രയോഗത്തിൽ കൊണ്ടുവരുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): പഴയാററിൽ നിന്നു ശുദ്ധജലം അനവരതം വന്നു വീഴുന്നതിനാൽ മണക്കുടിക്കായലിൽ സമുദ്രത്തിൽനിന്നു കയറുന്ന ഉപ്പുവെള്ളത്തിന്റെ ക്ഷാരം കുറഞ്ഞുപോകുന്നു.

(ബി) രെജിസ്റ്റർചെയ്തു കൊടുത്തതിന്റെ ഫലമായി കായലിന്റെ വിസ്തീർണ്ണം കുറഞ്ഞുപോയതിനാൽ കായലിൽ അധികം ഉപ്പുവെള്ളം കെട്ടിനിൽക്കാൻ മാർഗ്ഗമില്ലാതെയും വന്നിട്ടുണ്ടു. എന്നിരുന്നാലും ശുദ്ധജലം വരികയില്ലെങ്കിൽ ഇപ്പോഴുള്ള വിസ്തീർണ്ണം ഉപ്പുവെള്ളം ശേഖരിച്ചുനിറുത്തുന്നതിനു മതിയായിട്ടുള്ളതാകുന്നു.

(സി) ഉവ്വ്.

(ഡി) റിപ്പോർട്ടു ഗവന്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പഴയാററിലെ ശുദ്ധജലത്തിനാലാണു നല്ല "ബ്രയിൻ" കിട്ടാത്തതെന്നു പറയുന്നു. അതിനെ തടുക്കാൻ ഇതുവരെ എന്താണ് ചെയ്തിട്ടുള്ളതു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): റിങ്ക്-ചാനൽ വെട്ടിയിട്ടുണ്ടു

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പഴയാററിലെ ശുദ്ധജലംകൊണ്ടുണ്ടാകുന്ന "ബ്രയിൻ" നഷ്ടത്തെതടുക്കാൻ ഗവന്മെന്റിൽനിന്നും എന്തുചെയ്തു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): "ബ്രയിൻ" കിട്ടുന്നതിനു വേറെ ഏർപ്പാടു ചെയ്തിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതിനുമുമ്പു പലഅവസരങ്ങളിൽ "ബ്രയിൻ" കിട്ടുന്നില്ലെന്നു ഗവന്മെന്റ സമ്മതിച്ചിട്ടുള്ളതുകൊണ്ടു അതിനെ പരിഹരിക്കാനായി ചെയ്തിട്ടുള്ള ഏർപ്പാടുകൾ എന്തെല്ലാമാണു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): "ബ്രയിൻ" കൂടുതലായി വർദ്ധിപ്പിക്കാൻ വേണ്ടതു ആലോചിക്കുന്നുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പഴയാററിലുള്ള ശുദ്ധജലത്തിന്റെ ഉപദ്രവം തീർക്കാനായിട്ടു ഇതുവരെ യാതൊന്നും ആലോചിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): അതിനെപ്പറ്റി പ്രത്യേകം അന്വേഷിച്ചിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മണക്കുടിക്കായലിൽ കൂടുതൽസ്ഥലം പതിച്ചുകൊടുത്തതുകൊണ്ടു നല്ല "ബ്രയിൻ" കിട്ടാതെപോകുന്നതിനു സഹായമായിത്തീരുമെന്നു അപ്പോൾ അന്വേഷിക്കുകയോ അറിയുകയോ ചെയ്തിട്ടുണ്ടോ;

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവന്മെന്റ സെക്രട്ടറി): അച്ചടിച്ച മറുപടിയിൽ അതുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): (ബി) ഭാഗത്തെപ്പറ്റിയാണു ചോദിക്കുന്നതു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവന്മെന്റ സെക്രട്ടറി): അതിനുമറുപടി (സി) ഭാഗത്തിൽ ഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനുമുമ്പു (ബി)-യിൽ പറയുന്നതു അങ്ങിനെയല്ല എന്നിക്കു വായിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു വായിക്കാത്തതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവന്മെന്റ സെക്രട്ടറി): ധാരാളംസ്ഥലം മണക്കുടികായലിൽ ഇനിയും ഉണ്ടെന്നാണു തോന്നുന്നതു്. സ്ഥലങ്ങൾ അവിടെ പതിച്ചുകൊടുക്കുന്നതുകൊണ്ടു വലിയദോഷം ഉണ്ടാകയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മണക്കുടികായലിൽ കൂടുതൽസ്ഥലം പതിച്ചുകൊടുത്തതുകൊണ്ടാണ് നല്ല "ബ്രയിൻ" കിട്ടാത്തതെന്നു പറഞ്ഞിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവന്മെന്റ സെക്രട്ടറി): അതിനാലും കുറെ ഉണ്ടെന്നു സമ്മതിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അങ്ങനെ "ബ്രെയിനിന്" ദോഷം വരുമെന്നുള്ള അഭിപ്രായം ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്ന കാലത്തു ഗവണ്മെന്റിനു അറിവില്ലായിരുന്നോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റു സെക്രട്ടറി): ആദ്യ (സി)-യിൽ മറുപടി പറഞ്ഞിട്ടുണ്ട്. വലിയ ദോഷമില്ലെന്നു കണ്ടിട്ടാണ് പതിച്ചുകൊടുത്തതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): മണ്ണെടുക്കയിൽ കൂടുതൽ സ്ഥലങ്ങൾ പതിച്ചുകൊടുത്തതുകൊണ്ടു "ബ്രെയിനിനു" ദോഷമില്ലെന്നാണോ പറയുന്നതു്.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റു സെക്രട്ടറി): അങ്ങനെ പറയുന്നില്ല. വേറെവിധത്തിൽ കണ്ടേയ്ക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അങ്ങനെ ഇപ്പോൾ കണ്ടുവരുന്നതിനെ പരിഹരിക്കാൻ ആലോചിച്ചുവരുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റു സെക്രട്ടറി): അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. വലിയ ദോഷമുണ്ടെന്നു കാണാത്തതുകൊണ്ടാണ് പതിച്ചുകൊടുത്തതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): (ഡി)-ഭാഗത്തിൽ പറയുന്ന റിപ്പോർട്ടനുസരിച്ചുള്ള വേലകൾ എപ്പോൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റു സെക്രട്ടറി): അതിപ്പോൾ പറയുന്നതിനു നിവൃത്തിയില്ല.

ഉപ്പു ശേഖരിക്കുന്നതു്.

൨൭൫. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) ഉപ്പു മുക്കിയതിന്റെ ശേഷം കുടിവാരം കൊടുക്കുന്നതിനെപ്പറ്റി ശ്രീമൂലം പ്രജാസഭയുടെ ൧൨-ാംയോഗത്തിൽ മിസ്റ്റർ സുബ്രഹ്മണ്യകുരയാളുടെ നിവേദനത്തിനു മറുപടിയായി (പ്രൊസീഡിംഗ്സ് ൪ ൫-ാം പുറം) ദിവാൻ ഇങ്ങനെ മറുപടി പറഞ്ഞു. "മുക്കിയശേഷം ഉപ്പുശേഖരിച്ചു സൂക്ഷിക്കുന്നകാര്യം പ്രയാസമുള്ള ഒരു വിഷയമാണ്. ഇതിനെപ്പറ്റി ഒരു വർഷമായി എഴുത്തുകുത്തു നടക്കുന്നു. എക്സൈസ് കമ്മീഷണർ അതിനു വിരോധിയാണ്. ഈ കാര്യത്തിൽ ബ്രിട്ടീഷിലെ നടപടി എന്താണെന്നറിവാൻ ഞാൻ ബ്രിട്ടീഷ് ഗവണ്മെന്റുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയാണ്. ഈ വിഷയം എന്റെ ഗൗരവമായ ആലോചനയിൽ ഇരിക്കുന്നു. ഈ സംഗതി കഴിയുന്നവേഗത്തിൽ തീർച്ചചെയ്യണമെന്നാണ് എന്റെ ആഗ്രഹം" ഈ മറുപടിപ്രകാരം കാര്യം എങ്ങനെയാണ് തീർച്ചയാക്കിയതെന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ബി) ഇക്കാര്യത്തിൽ ബ്രിട്ടീഷ് ഗവണ്മെന്റിലേക്കു അയച്ച എഴുത്തിനു മറുപടി കിട്ടിയോ എന്നു ഗവണ്മെന്റു ദയവായി പറയുമോ? കിട്ടിയെങ്കിൽ ബ്രിട്ടീഷിൻഡ്യയിലെ പതിവു എന്താണ്?

(സി) പുതിയചട്ടങ്ങൾ ഏർപ്പെടുത്തിയ ൧൦൮൪ കുംഭം ൧൬-വരെ എന്തായിരുന്നു നടപടി?

(ഡി) കുടിവാരം കൊടുത്തതു എപ്പോഴാണ്?

(ഇ) ൧൦൮൪ കുംഭം ൧൬-നു മുമ്പായി ഉപ്പു സൂക്ഷിക്കുന്നതിനു അളങ്ങളിൽ വല്ല കെട്ടിടവും ഉണ്ടായിരുന്നോ?

(എഫ്) അവിടെ ഉപ്പു മുക്കുന്നതിനെയും മററും സംബന്ധിച്ചുള്ള നടപടി എന്തായിരുന്നു?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റു സെക്രട്ടറി): (എ) ഉപ്പു സൂക്ഷിക്കാൻ ശേഖരിക്കുന്നതിനുമുമ്പായി മുക്കുന്നതു അപ്രായോഗ്യമാണെന്നു ഗവണ്മെന്റു കരുതുകയാൽ ആ വിഷയത്തെപ്പറ്റിയുള്ള ചട്ടങ്ങൾ ഭേദപ്പെടുത്തിയില്ല.

(ബി) ഉണ്ട്. ബ്രിട്ടീഷിൻഡ്യയിലെ ഇപ്പോഴത്തെ പതിവു തിരുവിതാംകൂറിൽ ഉള്ളതുതന്നെയാണ്.

(സി) ഏകദേശം എത്രയുണ്ടെന്നു നോക്കി കണക്കാക്കിവന്നിരുന്നു.

(ഡി) ഉപ്പു ഗവണ്മെന്റു ഏറെറടുത്തപ്പോൾ കുടിവാരം കൊടുത്തുവന്നു.

(ഇ) ഇല്ലായിരുന്നു.

(എഫ്) ഗവണ്മെന്റിനു ഇതിനെപ്പറ്റി വിവരമില്ല.

ഉപ്പുവില്പനയും ഗവണ്മെന്റിന്റെ ലാഭവും.

൨൭൬. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) ഓരോസ്ഥലത്തും വിൽക്കുന്ന ഉപ്പിന്റെ വിലനിശ്ചയിക്കുന്നതു ഗവണ്മെന്റുതന്നെയാണോ എന്നു ദയവായി പറയുമോ?

(ബി) ഓരോസ്ഥലത്തും വിൽക്കുന്ന ഉപ്പിന്റെ വില നിശ്ചയിക്കുമ്പോൾ ഉദ്യോഗസ്ഥന്മാരുടേയും ഉപ്പു അവിടെ എത്തിക്കുന്നചെലവും ഗവണ്മെന്റു കണക്കാക്കാറുണ്ടോ? ഉണ്ടെങ്കിൽ അതുമാത്രം ഉൾപ്പെടുത്തിയാണോ വിലനിശ്ചയിക്കുന്നതു്?

(സി) "ഉപ്പുവില്പനയ്ക്കുള്ള ചെലവു വസൂലാക്കിയതു" എന്നുള്ള ഇനത്തിൽ ഏതെല്ലാം ചെലവുകളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതും യഥാർത്ഥത്തിൽ ഉൾപ്പെടുത്തുന്നതും എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ഡി) ഈ ഇനത്തിൽ ഗവണ്മെന്റു വല്ലലാഭവും ഉണ്ടാകുന്നുണ്ടോ? ഉണ്ടെങ്കിൽ ആ ലാഭം കണക്കാക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്?

(ഇ) ഈ ഇനത്തിൽ ഗവണ്മെന്റു വല്ലലാഭവും യഥാർത്ഥത്തിൽ ഉണ്ടാക്കിട്ടുണ്ടെങ്കിൽ ൧൦൮൧ മുതൽ ൧൧൦൦ വരെ ഓരോവർഷത്തിലും ഗവണ്മെന്റിനു ലഭിച്ചിട്ടുള്ള സാക്ഷാൽലാഭം എന്താണെന്നു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെന്റുസെക്രട്ടറി): (എ) അളത്തിലും ഡിപ്പോകളിലും ചാഞ്ചികളിലും വിൽക്കുന്ന ഉപ്പിന്റെ വില ഗവണ്മെന്റു തന്നെയാണു നിശ്ചയിക്കുന്നതു്.

(ബി) ഉണ്ട് വിലയിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും സഞ്ചാരപ്പടിയും ഉപ്പിന്റെ വാഹനച്ചെലവും ചില്ലറപ്പണിക്കും അററകുററപ്പണിക്കും ഉള്ള ചെലവും മററു കണ്ടിജൻസ് ചെലവുകളും ഉൾ

പ്പെടും. ഉപ്പുകടത്തുമ്പോഴും സൂക്ഷിക്കുന്നതിലും ഉണ്ടാകുന്ന നഷ്ടവും കണക്കാക്കാം. ഇവയിൽ ചിലയിനം ചെലവുകളും എപ്പോഴും ഒന്നായിരിക്കായ്കയാൽ മേല്പറഞ്ഞ യഥാർത്ഥചെലവുകൾ മാത്രം ഉൾപ്പെടുത്തി വില നിശ്ചയിക്കാൻ സാധിക്കയില്ല.

(സി) (ബി)-യിൽ പറഞ്ഞ ചെലവുകളെല്ലാം ഇതിൽ ഉൾപ്പെടും.

(ഡി) അല്പം വല്ല ലാഭവും ഉണ്ടായേക്കാം. അതൊഴിക്കാൻ സാധിക്കയില്ല. നഷ്ടത്തിനിടവരാത്തവണ്ണമാണ് വില നിശ്ചയിക്കുന്നത്.

(ഇ) മേല്പറഞ്ഞ ചെലവിൽ പല ഇനങ്ങളും ചിലപ്പോഴും പലവിധമായിരിക്കുന്നതിനാൽ ഏതെങ്കിലും വർഷം ചെലവുകഴിച്ചുണ്ടായ ലാഭം എന്താണെന്ന് പറവാൻ സാധിക്കയില്ല. ഉപ്പു നഷ്ടപ്പെട്ടതു എത്രയാണെന്നും പാണ്ടികശാലകളിൽ ഉപ്പില്ലാതെയാകുമ്പോളല്ലാതെ ഉപ്പു [illegible]ത്തിക്കുന്നതിനാൽ തന്നെ നിർണ്ണയിക്കാൻ സാധിക്കയില്ല. വസൂൽസംഖ്യയുടെ മുഴുവനുമാണ് കണക്കിൽ കാണിക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഓരോ ഡിപ്പോവിൽനിന്നും വിൽക്കുന്നതായ ഉപ്പിന്റെ വില ഏതെല്ലാം ചിലവുകൾ ഉൾപ്പെടുത്തിയാണ് നിശ്ചയിക്കുന്നതു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റ സെക്രട്ടറി): (ബി) ഭാഗത്തിൽ പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ചുമട്ടുകൂലിഎന്ന ഇനത്തിൽ വേറെ ഏതെങ്കിലും ഇനംകൂടി ഉൾപ്പെടുത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): സാധാരണ അങ്ങനെ പതിവില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ആ ഇനത്തിൽ എത്രരൂപ ചിലവാകുന്നുണ്ട്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അതിനു ചെലവാകുന്നതു ഈടാക്കുകയാണ് പതിവു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): റിക്കവറീസ് എന്ന ഇനത്തിൽ ഏതെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തിട്ടുള്ളതു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): (ബി) ഭാഗത്തിൽ പറഞ്ഞതെല്ലാം ഉൾപ്പെടുത്തിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതായതു എസ്റ്റാബ്ളിഷ്മെന്റ, ട്രാവലിങ് അലവൻസ്, ട്രാൻസ്പോർട്ടു ചാർജ്ജ്, പെററികൺസ്ട്രക്ഷൻ, റിപ്പയർ, കണ്ടിഞ്ജൻസി ഈ അംശങ്ങളിലും ഉൾപ്പെടുത്തേണ്ട തുകകളും ഓരോന്നിനും എത്രരൂപാ ഈടാക്കിവരുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അതു പ്രത്യേകം നോക്കീട്ടില്ല. നോക്കേണ്ട ആവശ്യവുമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഈ പറഞ്ഞിട്ടുള്ള ചെലവുകളെല്ലാം കഴിച്ചു അതിൽ കൂടുതൽ ലാഭം കിട്ടിവരുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): പ്രത്യേകം പറയാൻ സാധിക്കയില്ല. ഗവർമെന്റ നഷ്ടപ്പെടുന്നില്ലെന്നുമാത്രം പറയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഉദ്ദേശം ഒരുലക്ഷംരൂപായിൽ കൂടുതൽ ലാഭം കിട്ടിവരുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അങ്ങിനെ പറയാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ''ഡെററ് ഫണ്ട്'' എന്ന കാളത്തിൽ [illegible] രൂപാകാണുന്നു. ഈ തുക ഏതാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): എനിക്കു നോട്ടീസ് കിട്ടണം.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതു ഈ ഇനത്തിൽ ഏതെങ്കിലും ഉൾപ്പെടുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): സ്വല്പലാഭത്തിനു സാദ്ധ്യമുള്ളതായിട്ടാണ് (ഡി) ഭാഗത്തിൽ പറയുന്നതു. അതു എത്രയാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അതു ആണ്ടവസാനത്തിലേ നിശ്ചയിക്കാൻ സാധിക്കയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (ഇ) ഭാഗത്തിൽ വേസ്റ്റേജ് എന്നുപറയുന്നതു എത്രയുണ്ടായിരിക്കും?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): അതിന്റെ കണക്കു പ്രത്യേകം വരുത്തിയിട്ടില്ല.

കച്ചവടക്കാർ കൂടുതൽവിലയ്ക്കു ഉപ്പുവിൽക്കുന്നതു.

[illegible]. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) കച്ചവടക്കാർ ഉപ്പു കൂടുതൽ വിലയ്ക്കു വിൽക്കാതിരിക്കാൻ ആരെങ്കിലും മേലന്വേഷണം നടത്തുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതാരാണ്?

(സി) ഉപ്പു കൂടുതൽവിലയ്ക്കു വിൽക്കുന്നതായി എപ്പോഴെങ്കിലും കണ്ടുപിടിച്ചിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതിനെപ്പറ്റി കേസുകൾ ഫയലാക്കീട്ടുണ്ടോ?

(ഇ) ൧൦൯൬ മുതൽ ൧൧൦൦ വരെ അങ്ങനെ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്? അവ എങ്ങനെ തീർച്ചചെയ്തു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവർമെന്റ സെക്രട്ടറി): (എ)-യും (ബി)-യും. ഈ ജോലിക്കു പ്രത്യേകമായി ഒരുദ്യോഗസ്ഥനേയും ചുമതലപ്പെടുത്തീട്ടില്ല.

(സി) മുതൽ (ഇ) വരെ സാൾട്ട് റെഗുലേഷനിലെ അനുസരിച്ചുള്ള ചട്ടങ്ങളിലൊ കടകളിൽ ഉപ്പിന്റെ വില നിയന്ത്രിക്കുന്നതിനു വ്യവസ്ഥയില്ല. ഗവണ്മെന്റു ഡിപ്പോകളിൽനിന്നും അളങ്ങളിൽനിന്നും ആക്കം ഉപ്പു വിലയ്ക്കുകൊടുക്കുന്നതാകകൊണ്ടു അങ്ങനെ ഒരു വ്യവസ്ഥയ്ക്കു ആവശ്യവുമില്ല. കടകളിൽ വിൽക്കുന്നവരുടെ മത്സരംനിമിത്തം വില ന്യായമായിത്തന്നെ ഇരിക്കും. ചില പ്രത്യേക സന്ദർഭങ്ങളിൽ വെള്ളപ്പൊക്കത്താലും മററും ഗതാഗതതടസ്സം ഉണ്ടാകുമ്പോൾ ചില സ്ഥലങ്ങളിൽ വില കൂട്ടാറുണ്ടു. അപ്പോൾ ഡിപ്പാർട്ടുമെൻറിൽ പരാതിയും കിട്ടും. അങ്ങനെ ഉണ്ടാകുമ്പോൾ അവിടെ കച്ചവടക്കാരെ ഉപദേശിച്ചോ തൽക്കാലത്തേക്ക ഡിപ്പോകൾ സ്ഥാപിച്ചോ വില കുറയ്ക്കുന്നതിനു വേണ്ടുന്ന വ്യവസ്ഥ ചെയ്യും. ൧൦൮൪-ൽ തിരുവനന്തപുരം ഡിപ്പൊ നിറുത്തലാക്കിയപ്പോൾ തിരുവനന്തപുരത്തു ഉപ്പിന്റെ വില വർദ്ധിച്ചു. ഡിപ്പൊ വീണ്ടും തുറന്നപ്പോൾ ആ പ്രയാസം തീർന്നുപോയി. ൧൦൯൩-ൽ ഉപ്പിന്റെ തീരുവ വർദ്ധിച്ചപ്പോൾ ചില വടക്കൻ താലൂക്കുകളിൽ ഉപ്പിന്റെ വില അസാധാരണയായി കൂടി. എന്നാൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ കച്ചവടക്കാരെ ഉപദേശിച്ചപ്പോൾ വില കുറയുകയും പരാതി ഇല്ലാതാകുകയും ചെയ്തു. ഇവയെ സംബന്ധിച്ച വിവരം ചുരുക്കമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഡിപ്പോവിൽനിന്നും ഉപ്പു മൊത്തമായി വാങ്ങിയതിൽ പിന്നീടു അവർ വിൽക്കുന്ന വിലയെപ്പററി ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിവരുന്നുണ്ടൊ?

മി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): ജനങ്ങളുടെ പരാതിയുണ്ടാകുന്നപക്ഷം ഡിപ്പാർട്ടുമെൻറിൽനിന്നും അന്വേഷണം നടത്താറുണ്ടു എന്നല്ലാതെ അവരുടെ വില്പന വിലക്കൂടുതലൊ കുറവൊ എന്നുള്ളതിനെപ്പററി അന്വേഷണം നടത്തേണ്ട ആവശ്യമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): കച്ചവടക്കാർ ഡിപ്പോവിൽനിന്നും ഉപ്പു വാങ്ങി ഉൾനാടുകളിൽ കൊണ്ടുപോയി വിൽക്കുന്നതിനു യാതൊരു നിയന്ത്രണാധികാരവുമില്ലെന്നും അതിനെപ്പററി ഗവണ്മെൻറു അന്വേഷിക്കുന്നില്ലെന്നുമാണൊ പറയുന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): അങ്ങനെ നോക്കുന്നപക്ഷം പല കാര്യങ്ങളേയും നിയന്ത്രിക്കേണ്ടിവരും.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): ഉൾനാടുകളിൽ കൂടുതൽ വിലവച്ചു കച്ചവടക്കാർ വിൽക്കുന്നതായി ഏതെങ്കിലും ദൃഷ്ടാന്തം ഗവണ്മെൻറിനു എപ്പോഴെങ്കിലും അറിയാൻ ഇടയായിട്ടുണ്ടൊ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): ഉത്തരത്തിൽ (സി) മുതൽ (ഇ) വരെയുള്ള ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉപ്പിനു കൂടുതൽവിലവച്ചു വന്നിട്ടുള്ള ഏതെങ്കിലും കേസ്സുണ്ടായിട്ടുണ്ടൊ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): കേസെടുത്തിട്ടില്ല.

ബാങ്കുകളിൽ ഗവണ്മെൻറു ഡിപ്പോസിററ്.

൨൧൪. മി. എസ്. പരമേശ്വരൻപിള്ള (വ്യാപാരവും വ്യവസായവും, തൊഴിൽ): (എ) താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമൊ?

(൧) ഗവണ്മെൻറുപണം തങ്ങളുടെ ബാങ്കിൽ നിക്ഷേപിക്കണമെന്നു അപേക്ഷിച്ച ബാങ്കുകളുടെ പേരുകൾ.

(൨) ഗവണ്മെൻറുപണം ഇപ്പോൾ നിക്ഷേപിച്ചിട്ടുള്ള ബാങ്കുകളുടെ പേരുകൾ,

(൩) ഓരോന്നിലും നിക്ഷേപിച്ചിട്ടുള്ള സംഖ്യയും ഡിപ്പോസിററിന്റെ സ്വഭാവവും.

(൪) പണം ഡിപ്പോസിററു ചെയ്ത തീയതി.

(൫) തിരുവിതാംകൂർകാരുടെ ഉടമസ്ഥതയിലും നടത്തിപ്പിലും ഉള്ള, കൃഷിവ്യവസായം, വ്യാപാരം മുതലായ വ്യവസ്ഥകളെ പണംകൊടുത്തു സഹായിക്കണമെന്നു ഗവണ്മെൻറു പണം ഡിപ്പോസിററു ചെയ്തിട്ടുള്ള ബാങ്കുകൾക്കു ഗവണ്മെൻറു ഉപദേശം കൊടുത്തിട്ടുണ്ടൊ?

(ബി) സർക്കാർമുതൽ ഡിപ്പോസിററു ചെയ്യുമ്പോൾ ആ വക ബാങ്കുകളുമായി ചെയ്തിട്ടുള്ള ഉടമ്പടികളുടെ പകർപ്പുകൾ ഗവണ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമൊ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി):

(എ) (൧) ഇൻഡ്യാ സെൻട്രൽബാങ്ക വേറെ അപേക്ഷകൾ ഒന്നുമില്ല.

(൨) (൩) (൪) മെമ്പർ ആവശ്യപ്പെടുന്നവിവരം താഴെ ചേർത്തിരിക്കുന്നു.

ബാങ്കിന്റെ പേര്	നിക്ഷേപസംഖ്യ	നിക്ഷേപിച്ചതു
(൧) ഇൻഡ്യാ ഇമ്പീരിയൽ ബാങ്ക	൧൦ ലക്ഷം ബ്രി. രൂപാ ൧൦൦-ന്നു ൩ പലിശപ്രകാരം ൯ മാസത്തേക്ക	൧൯൩൩ ആഗസ്റ്റ്
(൨) ഇൻഡ്യാ, ആസ്ട്രേലിയാ, ചൈന, മദ്രാസ്, ചാർട്ടേർഡ്ബാങ്ക	൩-൦ ൪ അരശതമാനം പലിശക്കു ൩-൦ ൯-൦ മാസത്തെ അവധിവെച്ചു ൪ ലക്ഷം ബ്രി. രൂപാവീതം രണ്ടുപ്രാവശ്യം	൧൯൩൩ ഡിസംബറും ൧൯൩൩ മാർച്ചും
(൩) മദ്രാസ് നാഷണൽബാങ്ക	൪½ പലിശയ്ക്കു ൩ മാസകാലത്തേക്ക ൨½ ലക്ഷം ബ്രി. രൂപാ	൧൯൩൩ ഡിസംബർ

(൫) ഇല്ല.

(ബി) ബാങ്കുകളുടെ ഡിപ്പോസിററു രസീതികളല്ലാതെ വേറെ ഉടമ്പടികൾ ഒന്നുമില്ല. ഈ രസീതുകളിൽ ഡിപ്പോസിററുസംഖ്യയും അവധിയും പലിശനിരക്കും കൊടുത്തിട്ടുണ്ടു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): നെടുങ്ങാടി ബാങ്കും കൊച്ചിയിലോൺബാങ്കും, ശേഷം സ്വദേശിബാങ്കുകളും പണം അവിടെ ഡിപ്പാസിറ്റചെയ്യണമെന്ന ഗവണ്മെന്റിനോട അപേക്ഷിച്ചത വാസ്തവമല്ലേ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഇൻഡ്യാസെൻട്രൽബാങ്ക ഒഴിച്ച വേറൊരു ബാങ്കും ഡിപ്പാസിറ്റിന അപേക്ഷിച്ചിട്ടില്ല. അത മദ്രാസിലെയാണെന്ന പറഞ്ഞിട്ടുണ്ട്.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ... ഉള്ളതല്ലെന്നാണ ഗവണ്മെന്റ പറഞ്ഞിട്ടുള്ളത.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഈ അപേക്ഷകളെല്ലാം എഫ്. ഡി. യാണ കൈകാര്യം ചെയ്തിട്ടുള്ളത.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ആനറബിൾ മെമ്പർ പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഈ അപേക്ഷകൾ കൊണ്ടുവന്നത എഫ്. ഡി. ആണ. ഇപ്പോഴും എഫ്. ഡി. -യിലാണ.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അത എത്രത്തോളം തൃപ്തികരമാണെന്ന പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അത ഓരോരുത്തരുടെ അഭിപ്രായപ്രകാരമാണ.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഫലങ്ങളുടെ വർക്കിംഗ റിപ്പോർട്ടുകൾ അയച്ച ഗവണ്മെന്റിന്റെ പ്രോത്സാഹനം അപേക്ഷിച്ച ബാങ്കുകളുടെ പേരുകൾ മെമ്പർ പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഇൻഡ്യൻബാങ്ക.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ബാങ്കുകളുടെ പേരുകൾ

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഇൻഡ്യൻ ബാങ്കിനെപ്പറ്റി മാത്രമേ എനിക്ക അറിയാവു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അവർ എഫ്. ഡി.-ക്കുള്ള അവരുടെ റിപ്പോർട്ട അയച്ചുതന്നുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഉണ്ട്.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അത ഒരു രഹസ്യസംഗതിയാണോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അതെ.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അവർ ഗവണ്മെന്റിന്റെ ഡിപ്പോസിറ്റിന അപേക്ഷിച്ചുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഇല്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): എഫ്. ഡി.-ൽ അവർ അപേക്ഷിച്ചുവോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): എഫ്. ഡി.-ൽ അവർ അപേക്ഷിച്ചില്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): എഫ്. ഡി.-ന ഒരു ബാങ്കും അപേക്ഷിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അവർ പ്രോത്സാഹനത്തിനപേക്ഷിച്ചു. അവരുടെ ബാങ്കിൽ പണം ഡിപ്പാസിറ്റചെയ്യണമെന്നില്ല. പ്രോത്സാഹനം കുറെക്കൂടി വിശാലാർത്ഥമുള്ള പദമാണ.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): പ്രോത്സാഹനത്തിൽ ഡിപ്പോസിറ്റിനുള്ള അപേക്ഷയും ഉൾപ്പെടുന്നില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): പ്രത്യേകം അപേക്ഷിച്ചില്ലെങ്കിൽ അതുൾപ്പെടുകയില്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഗവണ്മെന്റവക പണം ഡിപ്പാസിറ്റ ചെയ്തിട്ടുള്ള ബാങ്കുകളുടെ ഉറപ്പിനെപ്പറ്റി അങ്ങനെ ചെയ്യുംമുമ്പ അന്വേഷണം കഴിച്ചിട്ടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): കഴിച്ചിട്ടുണ്ട്.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): വല്ല അന്വേഷണവും കഴിച്ചോ എന്ന പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ആ ബാങ്കുകളുടെ ധനസ്ഥിതിയെപ്പറ്റി ഗവണ്മെന്റിനറിവുണ്ട്.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഗവണ്മെന്റ അന്വേഷണമൊന്നും കഴിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): പണം നിക്ഷേപിക്കുന്നതിനുമുമ്പായി ഗവണ്മെന്റ വേണ്ട അന്വേഷണം കഴിച്ചു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അലയൻസ് ബാങ്ക നശിച്ചതിനെപ്പറ്റി ഗവണ്മെന്റിന അറിവുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അതു പ്രസിദ്ധമായ ഒരു സംഗതിയാണ്.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ആറുമാസക്കാലത്തെ ഡിപ്പാസിറ്റുകൾക്കു ഇൻഡ്യാ, ആസ്ത്രേലിയാ, ചൈനാബാങ്ക് ൩ പലിശയും ഇൻഡ്യാ നാഷണൽബാങ്കു ൨½ പലിശയും കൊടുക്കുന്ന സ്ഥിതിക്കു പിന്നെ ഒരു ഡിപ്പാസിറ്റു നാഷണൽബാങ്കിൽ കൊടുത്തതിനു സംഗതി എന്താണെന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): ഉറപ്പിനുവേണ്ടി പല ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നു.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഇമ്പീരിയൽ ബാങ്കിൽ ൧൦ ലക്ഷംരൂപാ നിക്ഷേപിച്ചിരിക്കെ ചാർട്ടേഡ്ബാങ്കിൽ ൫ ലക്ഷംരൂപാമാത്രം ഡിപ്പാസിറ്റ്ചെയ്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): വിവരം അതാണ്.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): സ്ഥലത്തുള്ള ബാങ്കുകൾ അപേക്ഷിച്ചിട്ടും വിദേശീയർ നടത്തുന്ന ബാങ്കുകളിൽ സർക്കാർപണം നിക്ഷേപിക്കാൻ സംഗതി എന്തെന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അവയ്ക്കു കൂടുതൽ ഉറപ്പുണ്ടെന്നു അറിവുള്ളതുകൊണ്ട്.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഉറപ്പുനോക്കിയല്ലേ ഗവമ്മെന്റു അവയുടെ പണം നിക്ഷേപിക്കുന്നതു്?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): പണം നിക്ഷേപിക്കുമ്പോൾ ഉറപ്പാണു പ്രധാനമായി ആലോചിക്കേണ്ടുന്ന സംഗതി.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): തിരുവിതാംകൂറിൽ ഉറപ്പുള്ള ബാങ്കുകൾ ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): അങ്ങനെ ഞാൻ പറയുന്നില്ല. എത്രത്തോളം എന്നു താരതമ്യപ്പെടുത്തുകയാണ്.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): അയൺസ്ബാങ്ക് നല്ല സ്ഥിതിയിൽ നടന്നുവരുന്ന എന്നാണോ സങ്കല്പിക്കേണ്ടതു്?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): ഇങ്ങനെയുള്ള പണം വിദേശബാങ്കുകളിൽ നിക്ഷേപിക്കുന്നതിനു പകരം കൃഷിവായ്പയും വ്യവസായവായ്പയും കൊടുക്കുന്നതുപോലെ വ്യാപാരവായ്പയായി കൊടുക്കുന്ന കാര്യം ഗവമ്മെന്റു ആലോചിക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവമ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): സർ, ആദ്യത്തെ ചോദ്യത്തിൽനിന്നു ഇങ്ങനെ ഒരു ചോദ്യം ഉപചോദിക്കാൻ അവകാശം ഉണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്. മെമ്പർ ആദ്യം ചോദിച്ച ചോദ്യത്തോടു ഇതിനു ഒരു സംബന്ധവുമില്ല.

മി. എസ്. പിരവിപെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്ക): സർ, ഞാൻ മാപ്പുചോദിച്ചുകൊള്ളുന്നു.

റെസിഡെന്റ മെഡിക്കൽ ആഫീസർ.

൨൭൩. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (എ) തിരുവനന്തപുരം ജനറൽ ആസ്പത്രിയിലെ റെസിഡന്റ മെഡിക്കൽആഫീസർ ജനറൽ ആസ്പത്രിയിൽ ഹാജരായിരിക്കേണ്ടുന്ന സമയം ക്ലിപ്തപ്പെടുത്തി ചട്ടങ്ങൾ ഉണ്ടോ എന്നു ഗവമ്മെന്റു ദയവായി പറയുമോ?

(ബി) അടിയന്തിരമായിനോക്കേണ്ട രോഗികളെയോ മുറിവേറ്റവരെയോ കൊണ്ടുചെല്ലുമ്പോൾ റെസിഡെന്റ മെഡിക്കൽആഫീസർ അവിടെ കണ്ടില്ലെന്നു ഡിപ്പാർട്ടുമെന്റ മേലധികാരിയുടെ അടുക്കൽ പരാതി ചെയ്തിട്ടില്ലേ?

(സി) അങ്ങനെയുള്ള അവസരങ്ങളിൽ ആ ഉദ്യോഗസ്ഥനെ അവിടെ കാണാതിരുന്നതിനു അദ്ദേഹത്തോടു സമാധാനം ചോദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മറുപടി അറിയുന്നതിനായി ചില സമാധാനങ്ങൾ എന്താണെന്നു പറയുമോ?

(ഡി) റെസിഡന്റ മെഡിക്കൽആഫീസർ മേലാൽ അങ്ങനെ ഹാജരില്ലാതെ വരാതിരിപ്പാൻ ഗവമ്മെന്റു വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

(ഇ) ഇപ്പോഴത്തെ റെസിഡന്റ മെഡിക്കൽആഫീസർ ആരാണ്? അദ്ദേഹത്തെ എന്നാണ് ആ ഉദ്യോഗത്തിൽ നിയമിച്ചതു്? അദ്ദേഹത്തെ ആ ഉദ്യോഗത്തിൽ നിയമിച്ചപ്പോൾ ഡർബാർഫിസിഷൻ ആരായിരുന്നു?

മി. കെ. ജോർജ് (ആക്ടിംഗ് ഗവമ്മെന്റ് ചീഫ്സെക്രട്ടറി): (എ) റെസിഡന്റ മെഡിക്കൽ ആഫീസർ ജനറൽആസ്പത്രിയിൽ ൭ മുതൽ ൧൧ വരെയും ൪ മുതൽ ൬ വരെയും ൭ മുതൽ ൯ വരെയുമുള്ളസമയം ഒഴിച്ചു ബാക്കിസമയം തന്റെ സ്ഥലത്തു ഉണ്ടായിരിക്കണമെന്നു വ്യവസ്ഥചെയ്തു ചട്ടമുണ്ട്. ൭ മുതൽ ൯ വരെ അടിയന്തിരകേസ്സുകൾ ഉണ്ടായാൽ നോക്കുന്നതിനു ശേഷം അസിസ്റ്റന്റ മെഡിക്കൽ ആഫീസർമാർ തവണയായി ആസ്പത്രിയിൽ ഹാജരുണ്ടായിരിക്കും.

(ബി) ഡർബാർഫിസിഷൻ ജോലിനോക്കുന്ന സർജന ഒരിക്കൽമാത്രം ഒരു പരാതികിട്ടി. പരാതി കൊടുത്തതു മി. പി. കെ. നാരായണപിള്ള ആയിരുന്നു. ൧൧൦൭ നവംബർ ൩൦-നു അദ്ദേഹത്തിന്റെ ഗുമസ്തന്റെ വിരലിനു കേടുപറ്റി ആസ്പത്രിയിൽ ഉച്ചതിരിഞ്ഞു ൩ മണിക്കു ചെന്നിട്ടു ആരും നോക്കിയില്ലെന്നായിരുന്നു പരാതി.

(സി) റെസിഡൻറ മെഡിക്കൽ ആഫീസരുടെ ഭാഗം തെററില്ലാതിരുന്നതിനാൽ അദ്ദേഹത്തോട സമാധാനം ചോദിച്ചില്ല.

(ഡി) സി-ാംഭാഗം മറുപടികൊണ്ട ഈ ചോദ്യത്തിന്നവകാശമില്ല.

(ഇ) ഇപ്പോഴത്തെ റെസിഡൻറ മെഡിക്കൽആഫീസർ അസിസ്റ്റൻറസർജൻ കെ. ഐ. തോമസാണ. അദ്ദേഹത്തെ ൧൧൦൯ ചിങ്ങം ൧-ാംനു ഉദ്യോഗത്തിൽ നിയമിച്ചു. ഡോക്ടർ പീററർ ലക്ഷ്മണൻ ആയിരുന്നു അന്നത്തെ ഡർബാർഫിസിഷ്യൻ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പകൽ ൧൧ മണിക്കും ൪ മണിക്കുമദ്ധ്യേ അടിയന്തിരകേസായി ആരെയെങ്കിലും കൊണ്ടുചെന്നാൽ അവരെ ഉടനെ ശുശ്രൂഷിച്ചിട്ടാവശ്യമില്ലെന്നാണോ ൧-ാം ഭാഗത്തിന്റെ മറുപടിയിൽനിന്ന ഞാൻ മനസ്സിലാക്കേണ്ടത?

മി. കെ. ജാർജ് (ആക്ടിംഗ് ഗവമെൻറ ചീഫ്സെക്രട്ടറി): ആ സമയം റെസിഡൻറ മെഡിക്കൽആഫീസർ അദ്ദേഹത്തിന്റെ വാസസ്ഥലത്തു ഉണ്ടായിരിക്കും. അദ്ദേഹത്തെ ആളയച്ചുവരുത്താവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെഡിക്കൽആഫീസർ ആ സമയം വാസസ്ഥലത്തു ഉണ്ടായിരിക്കണമെന്നുള്ള ചട്ടം ലംഘിക്കാൻ ഇടയില്ലയോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവമെൻറ ചീഫ്സെക്രട്ടറി): ചോദ്യം മനസ്സിലാകുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ വിവരിച്ചുപറയാം. പകൽ ൯ മുതൽ ൧൧ വരെയും ൪ മുതൽ ൭ വരെയും ഒഴിച്ചുള്ള സമയങ്ങളിൽ റെസിഡൻറ മെഡിക്കൽആഫീസർ അദ്ദേഹത്തിന്റെ വീട്ടിൽ ഉണ്ടായിരിക്കണമെന്നാണ ചട്ടമെന്ന തോന്നുന്നു. അദ്ദേഹം വീട്ടിൽഇരിക്കേണ്ടസമയത്തു ഒരു അടിയന്തിരകേസു വന്നാൽ ആ സമയം അദ്ദേഹം വീട്ടിൽതന്നെ ഇരിക്കണമോ അതോ വേറെ എവിടെയെങ്കിലും പോകാൻ അദ്ദേഹത്തിന സ്വാതന്ത്ര്യംഉണ്ടോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവമെൻറ ചീഫ്സെക്രട്ടറി): അടിയന്തിരകേസു കൊണ്ടുചെന്നാൽ അദ്ദേഹത്തിന ആളയച്ചുവരുത്താം. അദ്ദേഹം വീട്ടിൽതന്നെ ഉണ്ടായിരിക്കുമല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റെസിഡൻറ മെഡിക്കൽആഫീസരുടെ വാസസ്ഥലം ജനറൽ ആശുപത്രിയിൽനിന്ന എത്ര ദൂരത്താണ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവമെൻറ ചീഫ്സെക്രട്ടറി): വളരെ അടുത്താണ. കൃത്യമായ ദൂരം എനിക്കറിഞ്ഞുകൂടാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): റെസിഡൻറ മെഡിക്കൽആഫീസർക്ക ആസ്പത്രികോമ്പൗണ്ടിൽതന്നെ ഒരു സ്ഥിരവാസസ്ഥലം ഉണ്ടാക്കിക്കൊടുക്കുന്നതു അഭിലഷണീയമായിരിക്കും എന്ന ഗവമെൻറ വിചാരിക്കുന്നില്ലേ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവമെൻറ ചീഫ്സെക്രട്ടറി): അങ്ങനെ ഒരാലോചനയുണ്ട.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കിണററിൽവീണ ഒരു പെണ്ണിനെ കൊണ്ടുചെന്ന കാര്യം മലയാളിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു ഗവമെൻറിന്റെ ശ്രദ്ധയ്ക്കു വിഷയമായോ?

പ്രസിഡൻറ: മലയാളിയിൽകണ്ട റിപ്പോർട്ട സത്യമാണെന്ന മെമ്പർ സാക്ഷ്യപ്പെടുത്തുന്നുവോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ റിപ്പോർട്ട ഗവമെൻറിന്റെ ശ്രദ്ധയ്ക്കു വിഷയമായോ എന്നുമാത്രമേ ഞാൻ ചോദിക്കുന്നുള്ളു.

പ്രസിഡൻറ: പത്രങ്ങളിൽ കാണുന്ന റിപ്പോർട്ടുകൾ വാസ്തവമാണെന്ന മെമ്പർ സാക്ഷ്യപ്പെടുത്താത്തപക്ഷം അവയെപ്പററി ചിന്തിപ്പാൻ ഈ സഭയ്ക്കു കാര്യമില്ല. സാക്ഷ്യപ്പെടുത്താത്ത പത്രപ്രസ്താവനകളെപ്പററി ഗവമെൻറ ഗൌനിക്കയില്ല.

ഭൂനികുതി വസൂലാക്കുന്ന ചെലവ.

ചോ. ൭൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഭൂനികുതി വസൂലാക്കുന്നതിന കഴിഞ്ഞ ആറു വർഷമായി ആണ്ടുതോറും എന്തുചെലവുണ്ടായിട്ടുണ്ടെന്ന പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറ സെക്രട്ടറി): ഭൂനികുതി വസൂലാക്കുന്നതിന്റെമാത്രം ചെലവു പ്രത്യേകമായി കാണിക്കുന്ന കണക്കില്ല. ലാൻറ റവന്യൂ ഡിപ്പാർട്ടുമെണ്ടിന്റെ യഥാർത്ഥചെലവു ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുന്ന ബഡ്ജററുകണക്കിൽ കാണാം.

നിശാപള്ളിക്കൂടങ്ങൾ.

ചോ. ൭൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): അക്ഷരജ്ഞാനമില്ലാത്ത പൂർണ്ണപ്രായമുള്ളവരെ പഠിപ്പിക്കുന്ന എത്ര നിശാപള്ളിക്കൂടങ്ങൾക്ക ഗവമെൻറിൽനിന്ന സഹായം ലഭിക്കുന്നുണ്ട?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറ സെക്രട്ടറി): ൨൭ നിശാപള്ളിക്കൂടങ്ങൾ.

തിരുവിതാംകൂർ എക്കണോമിക്ക ജർണലിന്റെ തമിഴ്പതിപ്പ.

ചോ. ൭൮. മി. എം. ശിവതാണുപിള്ള (തോവാള): താഴെകാണുന്ന വിവരങ്ങൾ ഗവമെൻറ പറയുമോ?

(എ) ഗവമെൻറിന്റെ ആജ്ഞപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന എക്കണോമിക്ക ജർണലിന്റെ ഒരു തമിഴ് പതിപ്പുണ്ടോ?

(ബി) അങ്ങനെ ചെയ്യണമെന്ന എക്കണോമിക്ക ഡെവലപ്പ്മെൻറ ബോർഡിന്റെ ശിപാർശ ഉണ്ടായിരുന്നുവോ? ഇല്ലെങ്കിൽ ഗവമെൻറ അങ്ങനെചെയ്യാൻ ആലോചിക്കുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവമെൻറസെക്രട്ടറി): (എ) ഇല്ല.

(ബി) എക്കണോമിക്ക ഡെവലപ്പ്മെൻറ ബോർഡു അതിന്റെ ൧൯൩൫ ജൂലായി ൧൧-ാംനു-ലെ യോഗത്തിൽ തമിഴിൽ ഒരു എക്കണോമിക്ക ജർണൽ പ്രസിദ്ധപ്പെടുത്തുന്നതിന ൭൫൦ രൂപ സഹായധനം കൊടുക്കണമെന്ന ശിപാർശചെയ്തു. മലയാളത്തിൽ എക്കണോമിക്ക ജർണലിന്റെ പ്രസിദ്ധീകരണം സഹായധനം കൊടുത്തു ഒരു സ്വകാര്യകക്ഷിയെ ഏല്പിച്ചു. ബോർഡിന്റെ ശിപാർശ ആലോചനയിൽ എടുക്കുന്നതിനുമുമ്പായി ഈ വ്യവസ്ഥ എങ്ങനെ നടക്കുന്നുഎന്നുനോക്കണമെന്ന തീരുമാനിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): മലയാള എക്കൊണോമിക്ക് ജർണലിന്റെ പ്രസിദ്ധീകരണം സ്വകാര്യകക്ഷിയെ സഹായധനംകൊടുത്തു ഏൽപ്പിച്ചതു എന്നാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): ൧൧൦൮-ൽ ആണെന്നു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): എക്കൊണോമിക്ക് ജർണലിന്റെ പ്രസിദ്ധീകരണം മേലാലും നടത്തിക്കൊണ്ടുപോകണമെന്നു ഗവർമെന്റു ആലോചിക്കുന്നുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): ഉവ്വ്. പ്രസിദ്ധീകരണം വേണ്ടെന്നുവെച്ചിട്ടില്ല. തിരുമുമ്പായി അതെങ്ങനെ നടക്കുന്നു എന്നു പരീക്ഷിക്കാമെന്നു ഗവർമെന്റു അവർക്കു വാഗ്ദാനം ചെയ്തിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): സഹായധനംകൊടുത്തു ആ ജർണൽ മലയാളത്തിൽ പ്രസിദ്ധം ചെയ്യുന്ന വ്യവസ്ഥ തൃപ്തികരമായി ഗവർമെന്റു വിചാരിക്കുന്നുവോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): അതെങ്ങനെ നടക്കുന്നു, പ്രയോജനമുള്ളതാണോ എന്നു നോക്കിക്കൊണ്ടിരിക്കയാണു.

തിരുവിതാംകൂർ എക്കൊണോമിക്ക ജർണലിന്റെ തമിഴ്പതിപ്പു.

൨൬൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്കു): താഴെ പറയുന്ന സംഗതികൾ ഗവർമെന്റു ദയവായി പറയുമോ?

(എ) എക്കൊണോമിക്ക് ഡെവലപ്പ്മെന്റു ബോർഡു തിരുവിതാംകൂർ എക്കൊണോമിക്ക ജർണൽ തമിഴിലും പ്രസിദ്ധപ്പെടുത്തുന്നതിന്റെ ആവശ്യകതയെപ്പററി ചിന്തിച്ചു അതിനെപ്പററി ഗവർമെന്റിലേക്കു ഒരു ശിപാർശചെയ്തു എന്നു പറയുന്നതു ശരിയാണോ?

(ബി) ഉണ്ടെങ്കിൽ അതിനെ തമിഴിലും പ്രസിദ്ധംചെയ്യുന്നതിന്റെ ആവശ്യകതയെപ്പററി ഗവർമെന്റു ആലോചിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവർമെന്റു സെക്രട്ടറി): മേൽ ൨൬൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും തെക്കു): ബി-ഭാഗം മറുപടി സംബന്ധിച്ചു, കാര്യം എത്രനാൾ പരീക്ഷയിൽ വെക്കാൻ വിചാരിക്കുന്നു എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): തീർച്ചയായി പറയാൻ സാധിക്കയില്ല.

ദേവികുളത്തും അളങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു്.

൨൭൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവികുളത്തും തെക്കൻ തിരുവിതാംകൂറിലെ ഉപ്പളങ്ങളിലും എക്സൈസ് കമ്മീഷണർ കീഴുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു എന്തെങ്കിലും തത്വം അനുസരിച്ചാണോ എന്നു ഗവർമെന്റു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവർമെന്റു സെക്രട്ടറി): ദേവികുളത്തും ഉപ്പളം ഡിവിഷനിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യത്തിൽ പ്രത്യേക തത്വമൊന്നുമില്ല. സർവീസിന്റെ ആവശ്യം പ്രമാണിച്ചു നിയമിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവികുളത്തും ഉപ്പളംഡിവിഷനിലും പല തരം പ്രയാസങ്ങൾ നിമിത്തം കീഴുദ്യോഗസ്ഥന്മാർക്കു അധികകാലം താമസിക്കാൻ അനുഗ്രഹമില്ലെന്നുള്ള സംഗതി ഗവർമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവർമെന്റു സെക്രട്ടറി): ചിലർക്കിഷ്ടം ഉണ്ടായിരിക്കാം, ചിലർക്കു ഉണ്ടായിരിക്കയില്ല. അതു ഓരോരുത്തരുടെയും ഇഷ്ടാനിഷ്ടംപോലെയിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അധികം കീഴുദ്യോഗസ്ഥന്മാരും ദേവികുളത്തു ദീർഘകാലം താമസിക്കാറില്ലെന്നുള്ള സംഗതി ഗവർമെന്റിനറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവർമെന്റു സെക്രട്ടറി): ആ സംഗതി ഗവർമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടില്ല.

വലിയതുറയിലെ മദ്യഷാപ്പുകൾ.

൨൭൧. മി. എം. എൻ. പിള്ള (തിരുവനന്തപുരം): വലിയതുറയിലെ നിവാസികൾ അവിടെ ഇപ്പോഴുള്ള കള്ളും ചാരായവും ഷാപ്പുകൾ അവിടെനിന്നു ദൂരസ്ഥലങ്ങളിലേക്കു നീക്കംചെയ്തു കൊടുക്കണമെന്നു എക്സൈസ് കമ്മീഷണരോടു അപേക്ഷിച്ചുവോ? അപേക്ഷിച്ചുവെങ്കിൽ അതിൻപ്രകാരം എന്തു പ്രവർത്തിച്ചു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവർമെന്റു സെക്രട്ടറി): ഉവ്വ്. ൯-ാംനമ്പർ കള്ളുഷാപ്പു വേറൊരു സ്ഥലത്തേക്കു മാററണമെന്നു എക്സൈസ് കമ്മീഷണർക്കു ഒരു ഹർജി കിട്ടി. ആ ഷാപ്പു വിരോധമില്ലാത്ത ഒരു സ്ഥലത്തേക്കു മാററണമെന്നു അദ്ദേഹം ഉത്തരവിടുകയും ചെയ്തു. ൧൧൦൨–൧൧൦൩. വർഷത്തേക്കു ആ ഷാപ്പു നിറുത്തലാക്കുകയും ചെയ്തിട്ടുണ്ടു.

അധഃകൃതവർഗ്ഗക്കാരുടെ സംരക്ഷകൻ.

൨൭൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): അധഃകൃത വർഗ്ഗക്കാരുടെ സംരക്ഷകനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കാൻ നിശ്ചയിക്കയും ആ ഉദ്യോഗത്തിനു പോലീസിൽനിന്നു ഒരു തിയ്യനെ തിരഞ്ഞെടുക്കയുംചെയ്തു എന്നു പറയുന്നതു വാസ്തവമോ?

ബി. വാസ്തവമെങ്കിൽ ആ ഉദ്യോഗത്തിനു ഒരു വിശേഷിച്ചനെ തിരഞ്ഞെടുക്കാനുള്ള കാരണങ്ങൾ പറയുമോ?

മി. കെ. ജാജ് (ആ. ഗവർമെന്റു ചീഫ് സെക്രട്ടറി): (എ)-ഉം (ബി)-ഉം ഓരോ ചോദ്യത്തിനും മറുപടി നിഷേധത്തിലാണ്.

ചീഫ് എൻജിനീയർ ആഫീസിലെ റിക്കാർട്ടുകൾ.

൨൬൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ചീഫ് എൻജിനീയർ ആഫീസിലെ അനേകം റിക്കാർഡുഫയലുകൾ കാണുന്നില്ലെന്നു പറയുന്നതു വാസ്തവമോ എന്നു ഗവൺമെൻറ ദയവായി പറയുമോ?

(ബി) വാസ്തവമാണെങ്കിൽ ഏതുദ്യോഗസ്ഥനാണു ഉത്തരവാദി,

(സി) ഇക്കാര്യത്തിൽ അടിയന്തിരമായി ഒരന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) യും (സി) യും (എ) ഭാഗത്തിൻെറ മറുപടികൊണ്ടു ഈ ചോദ്യങ്ങൾക്കാവശ്യം ഇല്ല.

വൊർക്ക്ഷാപ്പു കമ്മിററിയുടെ റിപ്പോർട്ടു.

൨൬൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം): വൊർക്ക്ഷാപ്പു കമ്മിററിയുടെ റിപ്പോർട്ടിൻമേൽ ഗവൺമെൻറ വല്ല തീർപ്പും കല്പിച്ചോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): തീർപ്പുചെയ്തു, ഉത്തരവുകൾ അയച്ചുവരുന്നു.

മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേററീവ് ബോർഡിൽ ഡോക്ടർ നോബിളിൻെറ നിയമനം.

൨൬൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെഡിക്കൽസർവീസ് അഡ്മിനിസ്ട്രേററീവ് ബോർഡിലെ മെമ്പറായി ഡോക്ടർ നോബിളിനെ നിയമിപ്പാൻ ഗവൺമെൻറിനെ ഉത്സാഹിപ്പിച്ച സംഗതി എന്താണെന്നു ദയവായി പറയുമോ?

(ബി) ഈ സംസ്ഥാനത്തിലെ മെഡിക്കൽ ഉദ്യോഗസ്ഥന്മാരിൽ കാര്യശേഷിയുള്ള ഒരു തിരുവിതാംകൂർകാരനെ കാണാത്തതുകൊണ്ടാണോ ഡോക്ടർ നോബിളിനെ തിരഞ്ഞെടുത്തതു?

മി. കെ. ജാജ് (ആ. ഗവൺമെൻറ ചീഫ്സെക്രട്ടറി): മുഴുവൻ സമയവും വിനിയോഗിക്കേണ്ടാത്ത ആ ഉദ്യോഗത്തിനു ഡോക്ടർ യോഗ്യനാണെന്നു ഗവൺമെൻറിനു തോന്നി.

(ബി) അല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടത്തെ മെഡിക്കൽ സർവീസിൽതന്നെ യോഗ്യന്മാരായ ആളുകൾ ഉണ്ടെന്നു ഗവൺമെൻറ സമ്മതിക്കുന്നസ്ഥിതിക്കു ആ ഉദ്യോഗത്തിനു ഒരു വിദേശിയനെ തിരഞ്ഞെടുത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. കെ. ജാജ് (ആ. ഗവൺമെൻറ ചീഫ്സെക്രട്ടറി): മറുപടിയിൽ അതുണ്ട്. ഡോക്ടർ നോബിൾ അതിനു യോഗ്യനാണെന്നു കണ്ടതുകൊണ്ടു അദ്ദേഹത്തെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കുന്നതു ഗവൺമെൻറിൻെറ യുക്തംപോലെ ചെയ്യാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ആ ഉദ്യോഗത്തിനു പററിയ ആളാണെന്നു വിചാരിപ്പാൻ അദ്ദേഹത്തിനു വല്ല കൂടുതൽ യോഗ്യതകൾ ഉണ്ടോ എന്നു പറയുമോ?

മി. കെ. ജാജ് (ആ. ഗവൺമെൻറ ചീഫ്സെക്രട്ടറി): ആ ഉദ്യോഗത്തിനു ആവശ്യമുള്ള യോഗ്യതകൾ അദ്ദേഹത്തിനുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂടുതൽ യോഗ്യതകൾ ഉണ്ടോ എന്നാണ് എൻെറ ചോദ്യം.

മി. കെ. ജാജ് (ആ. ഗവൺമെൻറ ചീഫ് സെക്രട്ടറി): ആവശ്യമുള്ള യോഗ്യതകൾ ഉണ്ടെന്നാണ് എൻെറ മറുപടി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹിന്ദുക്കളെ ക്രിസ്ത്യാനികളായി മതപരിവൎത്തനം ചെയ്യിക്കുന്ന ജോലിയിലാണു അദ്ദേഹം ഏർപ്പെട്ടിരിക്കുന്നതെന്നു ഗവൺമെൻറിനറിയാമോ?

പ്രെസിഡൻറ: ആ ചോദ്യത്തിനു സംഗതി ഇല്ല. ഡോക്ടർ നോബിളിനെ തിരുവിതാംകൂർ സർവീസിൽ നിയമിച്ചതിനെപ്പററിയായിരുന്നു മെമ്പർ പറഞ്ഞുവന്നതു. ഗവൺമെൻറിൽ അദ്ദേഹത്തിനുള്ള ജോലിയോടു യാതൊരു സംബന്ധവുമില്ലാതെ പുറമെ അദ്ദേഹം ചെയ്യുന്നതിനു മെമ്പറിൻെറ ചോദ്യത്തിനോടു യാതൊരു ബന്ധവുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ എനിക്കൊന്നും പറവാനില്ല.

ജനങ്ങളെ അസ്വാതന്ത്ര്യമായി സ്വാധീനപ്പെടുത്താൻ സൗകര്യമുള്ള ഒരു മുഖ്യസ്ഥാനത്തു അദ്ദേഹത്തെ നിയമിച്ചതിൽ ഗവൺമെൻറ തെററിപ്പോയിയോ എന്നു പറയുമോ?

പ്രെസിഡൻറ: അടിസ്ഥാനരഹിതമായ സംഗതികളാണു മെമ്പർ പ്രസ്താവിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഒരു സ്വാധീനമുള്ള സ്ഥാനത്തല്ലയോ എന്നാണു അറിയേണ്ടതു.

പ്രെസിഡൻറ: അങ്ങനെയല്ല ചോദ്യംചോദിച്ചതു.

കള്ളു ശേഖരിക്കാനുള്ള അവകാശത്തിൻെറ ലേലം.

൨൬൯. മി. സി. പി. തരകൻ (കുന്നത്തുനാട്ടു): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) മരങ്ങളിൽനിന്നു കള്ളു ശേഖരിക്കാനുള്ള അവകാശം ലേലംചെയ്യാൻ വിചാരിക്കുന്നുണ്ടോ?

(ബി) ലേലക്കാരവർക്കും ആ അവകാശം ലേലംചെയ്തിട്ടു ഗവൺമെൻറിനു കിട്ടിയ സംഖ്യ,

(സി) കള്ളു ശേഖരിക്കാനുള്ള അവകാശം ലേലം ചെയ്യുന്നതിനെപ്പററി ജനങ്ങളുടെ ഇടയിൽ വളരെ അസന്തുഷ്ടി ഉണ്ടെന്നു ഗവൺമെൻറിനു അറിവുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ ഗവൺമെൻറ സെക്രട്ടറി): (എ) ഉവ്വ്.

(ബി) രൂപാ ൧,൭൭൦൦.

(സി) കള്ളുശേഖരിക്കാനുള്ള അവകാശം ലേലംചെയ്യുന്നതിനെപ്പററി ചിലർ വിരോധം പറഞ്ഞിട്ടുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്ടു): മൂന്നാം ഉപഭാഗത്തിൻെറ മറുപടിയിൽ, ഏതാനും ആളുകൾ കള്ളു ലേലത്തിനെപ്പററി പരാതിപ്പെട്ടിട്ടുണ്ടെന്നു പറയുന്നു, അതാരാണു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെൻറുസെക്രട്ടറി): കായ്മ്മാനത്തിനു സമീപമുള്ള ആളുകളാണെന്നാണ ഓൎമ്മ.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): അതിനെപ്പററി ഗവണ്മെൻറ അന്വേഷണം നടത്തീട്ടുണ്ടൊ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെൻറുസെക്രട്ടറി): അതിനെപ്പററി ഡയറക്ടരോട റിപ്പോൎട്ടു ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): ഡയറക്ടർകൂടി ഉൾപ്പെട്ടിട്ടുള്ള എക്കണോമിക് ഡെവലപ്പ്മെൻറു ബോർഡിൽനിന്നും കക്കാ ലേലം നിൎത്തണമെന്ന ഐകകണ്ഠ്യമായി ശിപാൎശചെയ്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിങ് ഗവണ്മെൻറുസെക്രട്ടറി): ഒരു പ്രമേയം അയച്ചിട്ടുണ്ട.

ജനറൽ ആശുപത്രി നടപടികളെപ്പററി റിപ്പോൎട്ട.

൨൮൧. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജനറൽ ആശുപത്രി ചാൎജ്ജുകളെപ്പററി ഒരു പ്രത്യേക റിപ്പോൎട്ടുവരുത്താൻ ഗവണ്മെൻറിനു ഉദ്ദേശ്യമുണ്ടാകുമൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെ ഒരു പ്രത്യേകറിപ്പോൎട്ടിൻെറ ആവശ്യകത തെളിയിച്ചിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇക്കാൎയ്യത്തിൽ ഗവണ്മെൻറ ഒരു പ്രാരംഭ അന്വേഷണം നടത്തി അന്വേഷണത്തിനു സംഗതി ഇല്ലെന്നുകണ്ടു എന്നാണോ മറുപടിയിൽനിന്നു ഞാൻ അനുമാനിക്കേണ്ടതു?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): പ്രാരംഭ അന്വേഷണത്തിനു ആവശ്യം കണ്ടില്ല. ആവശ്യം ഉള്ളപ്പോൾ ഗവണ്മെൻറ അന്വേഷണം നടത്തും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെ ഒരു പ്രത്യേക റിപ്പോൎട്ടിൻെറ ആവശ്യകത തെളിയിച്ചിട്ടില്ല" എന്നാണു മറുപടി. എൻെറ ചോദ്യത്തിൽ അതിൻെറ ആവശ്യം തെളിയിച്ചിട്ടില്ല എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജോർജ് (ആക്ടിങ്ഗവണ്മെൻറ ചീഫ്സെക്രട്ടറി): വേറേയും ആരും തെളിയിച്ചിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ചോദ്യത്തോടുകൂടെ അയച്ചിരുന്ന ചോദ്യങ്ങളിൽ അങ്ങനെ ഒരു റിപ്പോൎട്ടിനുള്ള കാരണങ്ങൾ കാണിച്ചിരുന്നുഎന്നും ആ ചോദ്യങ്ങൾ അനുവദിച്ചില്ലെന്നും ചീഫ്സെക്രട്ടറി അറിയുന്നുണ്ടൊ?

പ്രസിഡൻറ: അനുവദിക്കാത്ത ചോദ്യങ്ങളെപ്പററി സംസാരിപ്പാൻ മെമ്പറിനു അവകാശമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജനറൽ ആശുപത്രിയിൽ താമസിച്ചു ചികിത്സിക്കുന്ന രോഗികൾ ഉണ്ടെന്നു ചീഫ്സെക്രട്ടറിക്കു അറിയാമൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): അറിയാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ രോഗികൾക്കു ഗവണ്മെൻറുചെലവിന്മേലാണു ഭക്ഷണം കൊടുക്കുന്നതെന്നും അറിവുള്ളതാണോ?

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉവ്വ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഭക്ഷണപ്പൊരുളുകൾ തൃപ്തികരമാണൊ എന്നും ജനറൽ ആശുപത്രിയിലെ ഭക്ഷണ പദാർത്ഥങ്ങൾ തൃപ്തികരമല്ലെന്നു ഗവണ്മെൻറിൽ പരാതി കിട്ടീട്ടുണ്ടൊ എന്നും പറയുമൊ?

മി. കെ. ജോർജ് (ആക്ടിങ്ഗവണ്മെൻറ ചീഫ്സെക്രട്ടറി): പരാതികൾ കിട്ടീട്ടുള്ളതായി തോന്നുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). ഭക്ഷണ ഉടമ്പടി കുറഞ്ഞസംഖ്യക്കു കർഷാസ് ബോധിപ്പിക്കുന്നവൎക്കാണെന്നു പറയുന്നതു വാസ്തവമാണൊ?

മി. കെ. ജോർജ് (ആക്ടിങ്ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെയായിരിക്കാനാണ സംഗതി.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വാസ്തവമാണൊ വാസ്തവമല്ലയൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): സാധനങ്ങളുടെ ഗുണം നല്ലതാണെങ്കിൽ ഏററവും താണടെൻഡറാണ സ്വീകരിക്കുന്നതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കുറഞ്ഞ സംഖ്യക്കു ടെൻഡറുകൾ ബോധിപ്പിക്കുന്നവർ ചീത്ത ഭക്ഷണസാധനങ്ങൾ കൊടുക്കാൻ ഇടയില്ലയൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട. എന്നാൽ ചീത്തസാധനങ്ങൾ സ്വീകരിക്കാതെ നോക്കാൻ ഗവണ്മെൻറുദ്യോഗസ്ഥന്മാരും ഉണ്ട.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സാധനങ്ങൾ ശരിയായി ഏല്പിക്കുമെന്നു ഉറപ്പുപറവാൻ ഗവണ്മെൻറിനു കഴിയുമൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): പരാതി ഇല്ലാത്തേടത്തോളം അങ്ങനെയായിരിക്കണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആശുപത്രിയിൽ കിടക്കുന്ന രോഗികൾ പുറത്തുവരുമ്പോൾ അവരുടെ ശക്തി ക്ഷയിച്ചിരിക്കുന്നു എന്നുള്ള സംഗതി ഗവണ്മെൻറിനറിയാമൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറിനറിവില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആശുപത്രിയിൽ കൊടുക്കുന്നപാൽ ൧൦൦൦ നാഴിക ദൂരത്തുള്ള സ്വീററ്സെർവാണ്ടിൽ നിന്നു തകരത്തിൽ വരുന്ന പാലാണെന്നു ഗവണ്മെൻറിനറിവുണ്ടൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തകരപ്പാൽ ചീത്തയാണെന്നു ഗവണ്മെൻറിനറിവുണ്ടൊ?

മി. കെ. ജോർജ് (ആക്ടിങ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): തകരപ്പാൽ രോഗബീജം നശിപ്പിച്ചതാണ. ഇവിടെ കിട്ടുന്നപാൽ രോഗബീജം നശിപ്പിക്കാത്തതാകയാൽ അത്രനന്നല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഏല്പിക്കുമ്പോൾ തൃപ്തികരമല്ലെന്നു മെഡിക്കൽ ആഫീസർ പരാതിപറഞ്ഞതായി ഗവണ്മെന്റിനു അറിയാമോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു അതിനെപ്പറ്റി അറിവില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജനറൽ ആസ്പത്രിയിലെ ശുചീകരണ ഏർപ്പാടുകളെപ്പറ്റി അദ്ദേഹത്തിനു വല്ല വിവരവുമുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): വിപരീതമായി ഒരു റിപ്പോർട്ടില്ലാത്തടത്തോളം ശുചീകരണ ഏർപ്പാടുകൾ ശരിയാണെന്നു അനുമാനിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സംഗതിയെപ്പറ്റി അദ്ദേഹത്തിനു വല്ല വിവരവും ഉണ്ടോ എന്നാണു എനിക്കു അറിയേണ്ടതു.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതിനു വിപരീതമായി എനിക്കൊരറിവും ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ജനറൽ ആസ്പത്രിയിൽ ഇപ്പോഴത്തെ ശുചീകരണസ്ഥിതി യഥാർത്ഥത്തിൽ എങ്ങനെയിരിക്കുന്നു എന്നു അദ്ദേഹത്തിനു അറിവുണ്ടോ എന്നാണു എന്റെ ചോദ്യം.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ലാവെറററി (കക്കൂസ്) ഏർപ്പാട്, വാട്ടർക്ലോസറ്റ (മറപ്പുര) ഏർപ്പാടിനെക്കാൾ ചീത്തയാണെന്നു ചീഫ് സെക്രട്ടറിക്കു അറിയാമോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി). എനിക്കറിവില്ല. അതൊരു സാങ്കേതിക സംഗതിയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ശുചീകരണം ഏർപ്പാടുകൾ സംബന്ധിച്ചു ആസ്പത്രിയിൽ കിടക്കുന്ന രോഗികൾക്കു വളരെ ബുദ്ധിമുട്ടും കഷ്ടതയും ഉണ്ടെന്നു ഗവണ്മെന്റിനു അറിവുണ്ടോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗവണ്മെന്റിനു അറിവില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). ഇക്കാര്യത്തിൽ ഒരു അന്വേഷണം കഴിപ്പാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അന്വേഷണം കഴിക്കുന്നതിനു ഗവണ്മെന്റിനു വിരോധമില്ല.

പരസ്പരസഹായസംഘം ഇൻസ്പെക്ടർജോലിക്കു ഈഴവ അപേക്ഷകന്മാർ.

൨൨൨. മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): (എ) ൧൧൦൧ ലെ ബഡ്ജറ്റിൽ അനുവദിച്ച പരസ്പരസഹായസംഘം ഇൻസ്പെക്ടർജോലിക്കു എത്ര ഈഴവ ബി. എ. ക്കാരുടെ അപേക്ഷകൾ രജിസ്ട്രാർക്കു കിട്ടിയിരുന്നു എന്നു പറയുമോ?

(ബി) എത്ര അപേക്ഷകന്മാരെ നിയമിച്ചു.?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി): (എ) ഏഴു.

(ബി) ആരെയുമില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): പരസ്പരസഹായസംഘം രജിസ്ട്രാർ ഇവരിൽ ഒരാളെ എങ്കിലും നിയമിക്കാത്തതു എന്തുകൊണ്ടെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി): ഏഴു ഉദ്യോഗങ്ങൾക്കേ ആളു നിയമിക്കാൻ ഉണ്ടായിരുന്നുള്ളു. മുന്നുകൂട്ടതന്നെ ഇൻസ്പെക്ടർമാരെ മുമ്പുതന്നെ നിയമിച്ചിട്ടുണ്ടായിരുന്നു. അവർക്കു ഉദ്യോഗം കൊടുക്കേണ്ടിയിരുന്നു. പിന്നെ ഉദ്യോഗം കൊടുക്കേണ്ടതായി കൃഷിഡിപ്പാർട്ടുമെന്റു പരീക്ഷാ വിജയികളായി രണ്ടുപേർ ഉണ്ടായിരുന്നു.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റിലേക്കോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി): അതേ, എന്തെന്നാൽ അവർക്കു പരസ്പരസഹായസംഘംജോലിയും അറിയാമായിരുന്നു. പിന്നെയുള്ള രണ്ടു ഉദ്യോഗങ്ങൾക്കു ഒരാളെ ഇലസ്റ്റൻജോലിയിൽനിന്നും ഒരാളെ ഒരു പരസ്പരസഹായസംഘം യൂണിയൻ സൂപ്പർവൈസർജോലിയിൽനിന്നും കയററം കൊടുത്തു നിയമിച്ചു. ഇങ്ങനെ ഈ അപേക്ഷകന്മാർക്കു കൊടുക്കാൻ ഉദ്യോഗം ഉണ്ടായിരുന്നില്ല.

മി. എൻ. കുമാരൻ (ഗവണ്മെന്റു നിയമനം): കൃഷിഡിപ്പാർട്ടുമെന്റിലേക്കു യോഗ്യത സമ്പാദിച്ചവരെ പരസ്പരസഹായസംഘംഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതു എന്തിനാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി): അവരെ പരസ്പരസഹായസംഘംജോലിയും പരിശീലിപ്പിക്കാറുണ്ടു. അവരുടെ പഠിത്തത്തിൽ ഇതൊരു വിഷയമാണ്.

മദ്രാസ് ഹൈക്കോടതി ജഡ്ജിമാരുടെ ശമ്പളം.

൨൨൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മദ്രാസ് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസിന്റെയും പ്യൂണിജഡ്ജിമാരുടേയും ശമ്പളത്തോതിന്റെ പ്രമാണം എന്താണു.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അന്വേഷിക്കുന്നുണ്ടു.

തിരുവനന്തപുരം കടൽപാലം സംബന്ധിച്ച പാണ്ടികശാലകൾ.

൨൨൪. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും തെക്കു): തിരുവനന്തപുരം കടൽപാലം സംബന്ധിച്ചു പാണ്ടികശാലകൾ കെട്ടുന്നപണി എത്രത്തോളമായി എന്നു ഗവണ്മെന്റു ദയവായി പറയുമോ,

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ൧൯൨൫ നവംബർ ൭-ാംതീയതിയിലെ യോഗത്തിൽ ൧൯൦-ാം നമ്പർ ചോദ്യത്തിനു കൊടുത്ത മറുപടി മെമ്പർ വായിച്ചുനോക്കണം. ഇരുമ്പുമേല്പുരയൊഴിച്ചു ശേഷമുള്ള സാമാനങ്ങളെല്ലാം അതിന്റെ ശേഷം ശേഖരിച്ചു കഴിഞ്ഞിരിക്കുന്നു. മൂന്നു പാണ്ടികശാലകളിൽ ഒന്നു മേല്പുരയൊഴിച്ചു ശേഷം പണി പൂർത്തിയായിട്ടുണ്ടു. ഒന്നു പകുതി ആയിട്ടുണ്ടു. പണി ക്രമമായി നടന്നുവരുന്നു എന്നു റിപ്പോർട്ടുകിട്ടിട്ടുണ്ടു.

നിയമസഭയുടെ അനുവാദമോ ഫൈനാൻസ് കമ്മററിയുടെ സമ്മതമോ ലഭിക്കാത്ത ചെലവുകൾ.

[illegible]. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമസഭയുടെ കഴിഞ്ഞ മൂന്നു യോഗങ്ങൾ ന്നശേഷം സഭയുടെയോ ഫൈനാൻസ് കമ്മിററിയുടെ അനുമതികൂടാതെ ഗവണ്മെൻറ ചെലവുചെയ്തിട്ടുള്ള ഇനം സംഖ്യകളുടെ ഒരു ലിസ്റ്റ് ഗവണ്മെൻറ മയ ചായി മേശപ്പുറത്തുവയ്ക്കുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫൈനാൻഷ്യൽസെക്രട്ടറി): ൧൦൮൯-ലെ ൨-ാംനമ്പർ നിയമസഭാറെഗുലേഷൻ എന്നു (ൻ)-ാംവകുപ്പുപ്രകാരം അനുവദിച്ചിട്ടുള്ള ഒരു ലിസ്റ്റ് ൧൧൦൫ ഏപ്രിൽ ൧൭-നു മേശപ്പുറത്തുവച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മേശപ്പുറത്തുവെച്ച പട്ടികയിൽ സഭയുടെ വോട്ടിന്നധീനമല്ലാത്ത ഇനങ്ങളിൽപെട്ട ചെലവുകളും ഉൾപ്പെട്ടമൊ എന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): മേശപ്പുറത്തുവച്ച പട്ടികയെപ്പററി ചോദ്യങ്ങൾ ചോദിക്കാനൊ വാദിക്കാനൊ പാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പട്ടികയെപ്പററി ഞാൻ വാദിക്കയോ അഭിപ്രായംപറകയോ അല്ല ചെയ്യുന്നത്. പട്ടികയിൽ സഭയുടെ വോട്ടിന്നധീനമല്ലാത്ത ചിലവുകളും ഉൾപ്പെട്ടമോ എന്നാണ ഞാൻ ചോദിക്കുന്നത്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): ഉൾപ്പെടുന്നില്ല. അതിൽ ചേർത്തിട്ടുള്ളതു നിയമസഭാറെഗുലേഷൻ എന്നു (ൻ)-ാംവകുപ്പുപ്രകാരം ഗവണ്മെൻറ ചെയ്തിട്ടുള്ള ചെലവുകളാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വോട്ടിന്നധീനമല്ലാത്ത ഇനങ്ങളും ഉൾപ്പെടത്തക്കവണ്ണം എൻെറ ചോദ്യം വിശാലമല്ലെന്നാണോ മെമ്പർ വിചാരിക്കുന്നത്?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): ഇപ്പോഴത്തെ ചോദ്യം എനിക്ക മനസ്സിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യം ആവർത്തിക്കാം. പട്ടികയിൽ സഭയുടെ വോട്ടിന്നധീനമല്ലാത്ത വേറെവല്ല ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറ ഫൈനാൻഷ്യൽ സെക്രട്ടറി): നിയമസഭാറെഗുലേഷൻ എന്നു-(ൻ)-ാം വകുപ്പിൻപ്രകാരമുള്ള ചെലവുകളാണെന്നു പട്ടികയുടെ തലവാചകംകൊണ്ടുതന്നെ കാണാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെനിക്ക മനസ്സിലാകുന്നുണ്ട്. സഭയുടെ വോട്ടിന്നധീനമല്ലാത്ത വേറെ വല്ല ചെലവുകളും ചെയ്തിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടത്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറ ഫൈനാൻഷ്യൽസെക്രട്ടറി): വോട്ടിന്നധീനമല്ലാത്ത ഇനങ്ങളിൽ ചെലവുചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ഇനം ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിങ് ഗവണ്മെൻറഫൈനാൻഷ്യൽസെക്രട്ടറി): അവയെ ഉൾപ്പെടുത്തിട്ടില്ല, ഉൾപ്പെടുത്താൻ പാടുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ആ ചെലവുകൾ എന്താണെന്നറിവാൻ ഈ സഭയ്ക്കു അവസരം കൊടുക്കുമോ?

പ്രസിഡെണ്ട്: വോട്ടിന്നധീനമല്ലാത്ത ചെലവുകളെപ്പററി അറിവാൻ ഈ സഭയ്ക്കു അവകാശമില്ല.

വിദ്യാഭ്യാസക്കമ്മിററി.

[illegible]. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സംസ്ഥാനത്തെ വിദ്യാഭ്യാസകാര്യങ്ങളെ മുഴുവനും സംബന്ധിച്ച ഒരു അന്വേഷണം കഴിപ്പാൻ ഉടൻതന്നെ ഒരു കമ്മിററിയെ നിയമിക്കേണ്ടുന്നതിൻെറ ആവശ്യകതയെപ്പററി ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ൧൧൦൫ ഫെബ്രുവരി ൨൬-ാംനു-ലെ ശ്രീമൂലം പ്രജാസഭയിൽവെച്ച് ദിവാൻ ചെയ്ത പ്രസംഗത്തിൻെറ ൨൬-ാംഖണ്ഡം മെമ്പർ വായിച്ചുനോക്കേണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നടപടി ക്രമത്തെപ്പററി ഒന്നു ചോദിച്ചുകൊള്ളട്ടെ. ഞങ്ങൾക്ക തന്നിട്ടില്ലാത്ത റിപ്പോർട്ടുകളും സ്റ്റേററുമെൻറുകളും അടിസ്ഥാനപ്പെടുത്തി മറുപടി പറയാമോ എന്നു പ്രസിഡൻറ പറയുമോ?

പ്രെസിഡെൻറ: സമാധാനമായിട്ടല്ലാത്ത ഒരു സംഗതിയെപ്പററി പ്രസ്താവിപ്പാൻ നിങ്ങൾക്ക അവകാശമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മറുപടിയിൽ പ്രസ്താവിച്ചതും നാമെമ്പറിൻെറ നിലയിൽ എനിക്ക തന്നിട്ടില്ലാത്തതുമായ ഒരു ആധാരത്തെപ്പററിയാണ ഞാൻ പറയുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): മറുപടിയിൽ പ്രസ്താവിച്ച പ്രജാസഭാപ്രസംഗത്തെപ്പററിയാണ അദ്ദേഹം പറയുന്നത്.

പ്രെസിഡൻറ. പ്രസംഗത്തിൻെറ ഒരുപ്രതി മെമ്പർക്ക കൊടുക്കുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചോദ്യങ്ങളുടെ മറുപടി ഞങ്ങൾക്ക തരുന്നതു പത്തു മിനിട്ടുമാത്രം മുമ്പാണ്. ഈ സമയംകൊണ്ടു ഉപചോദ്യങ്ങൾ തയ്യാറാക്കാൻ അശേഷം നിവൃത്തിയില്ല.

പ്രസിഡെൻറ: അതാണ് ചട്ടം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മറുപടിയിൽ പ്രസ്താവിച്ചതും എനിക്ക തന്നിട്ടില്ലാത്തതുമായ ഒരു രേഖയെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്. ഇതു മുമ്പിൽക്കൂട്ടി തന്നിരുന്നുവെങ്കിൽ എനിക്ക ഉപയോഗിക്കാമായിരുന്നു.

പ്രസിഡന്റ്: അങ്ങനെയാണെങ്കിൽ മിണ്ടാം പറയുന്നതു ശരിയാണ്. എല്ലാവർക്കും അതു കിട്ടിയെന്നു ഞാൻ വിചാരിക്കയും സെക്രട്ടറി സങ്കല്പിക്കയുംചെയ്യുന്നു. എന്തെന്നാൽ അതു സഭവക ലൈബ്രറിയിൽ വച്ചിട്ടും യാതൊരു പ്രസിദ്ധംചെയ്യുകയും ചെയ്തിട്ടുണ്ട്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ലൈബ്രറി മുഴുവനും ഇപ്പോൾ എല്ലാ മെമ്പർമാരുടെയും അധീനത്തിൽ അല്ല.

പ്രസിഡന്റ്: മെമ്പർ പറയുന്നതിൽ വളരെ ന്യായമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം പറഞ്ഞതു ശരിയാണ്. അതൊരു വിഘ്നമാണെന്നു തോന്നുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വേണ്ടതില്ല. ആ പ്രത്യേകഭാഗം സെക്രട്ടറി എന്റെ അറിവിനായി വായിച്ചുകേൾപ്പിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): ഇതാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

"ഒരു വിശാലമായ പുനസ്സംഘടനവ്യവസ്ഥ രൂപീകരിച്ചു സ്വീകരിക്കുന്നതുവരെ ഇപ്പോഴത്തെ വ്യവസ്ഥയെ ലംഘിപ്പിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഞാൻ വിചാരിക്കുന്നില്ല. വിശാലമായ ഒരു വ്യവസ്ഥ ഗൌരവമായി ആലോചിച്ചുണ്ടാക്കുന്നതിനു ഒരു കമ്മിററിയെയോ കാര്യപ്രാപ്തിയുള്ള ആളുകളെയോ നിയമിക്കേണ്ടകാലം ദൂരത്തല്ല"

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അതെന്റെ ചോദ്യത്തിനു മറുപടിയല്ല. എന്റെ ചോദ്യം വീണ്ടും വായിക്കാം. വിദ്യാഭ്യാസകാര്യങ്ങളെപ്പററി മുഴുവനും ആലോചിക്കുന്നതിനു ഒരു കമ്മററിയെ നിയമിക്കാൻ ഗവൺമെന്റ ആലോചിക്കുന്നുണ്ടോ എന്നാണു എന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): വിദ്യാഭ്യാസകാര്യങ്ങളെപ്പററി ഗൌരവമായി ആലോചിക്കുന്നതിനു ഒരു കമ്മിററിയെയോ കാര്യപ്രാപ്തിയുള്ള ആളുകളെയോ നിയമിക്കേണ്ട കാലം ദൂരത്തല്ല എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഇതാണു മറുപടിയായി പറഞ്ഞതു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവൺമെന്റ് വിചാരിക്കുന്നുണ്ടോ എന്നു ഇപ്പോൾ സെക്രട്ടറി പറയുമോ? മറുപടിയായി പറഞ്ഞതു അവ്യക്തമാകുന്നു.

പ്രസിഡന്റ്: വിദ്യാഭ്യാസകാര്യങ്ങളെപ്പററി മുഴുവനും ആലോചിക്കുന്നതിനു ഒരു കമ്മററിയെയൊ-യോ കാര്യപ്രാപ്തിയുള്ള ആളുകളെയൊ കാലതാമസംകൂടാതെ നിയമിക്കുന്നതിനു ഗവൺമെന്റ് തീർച്ചയായി ഉദ്ദേശിക്കുന്നുണ്ടെന്നു സെക്രട്ടറി വായിച്ചതു സ്പഷ്ടമാക്കുന്നുണ്ട്.

നാഗർകോവിൽ പകുതികച്ചേരി.

വന്ദ്യ. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും-വ്യാപാരവും, തെക്കു): നാഗർകോവിൽ പകുതികച്ചേരി ഒഴുകിണശേരി സത്രത്തിൽ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു യാത്രക്കാർ ഇഹ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഗവൺമെന്റ് ദയവായി വേഗം നടപ്പിൽ വരുത്തുമോ?

(എ) അതു സത്രത്തിൽനിന്നു മാററണമെന്നു ൧൯൧൭ നവംബർ ൧൦-ാം ദിവാൻ മിസ്റ്റർ എം. കൃഷ്ണൻനായർ കല്പിച്ച ഉത്തരവുപ്രയോഗത്തിൽ കൊണ്ടുവരിക.

(ബി) ഈ കാര്യം ൧൯൨൭ ഫെബ്രുവരി ൪-ാംത്തെ നിയമസഭായോഗത്തിൽ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നു എങ്കിലും ഇതുവരെയും ആ ഉത്തരവിനെ പ്രാബല്യത്തിൽ കൊണ്ടുവരാത്തതു എന്തുകൊണ്ടു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): നാഗർകോവിൽ പകുതിക്കച്ചേരി ഒഴുകിണശേരി സത്രത്തിൽനിന്നു നീക്കംചെയ്യുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു. കച്ചേരി കോട്ടാർ പുകയിലപ്പാണ്ടികശാലയിലേക്കു മാററിയിടണമെന്നു ൧൯൨൭ മാർച്ചിൽ ഗവൺമെന്റ കല്പിച്ചു. എന്നാൽ ആ സ്ഥലം സുഖമുള്ളതോ മദ്ധ്യസ്ഥാനത്തോ അല്ലാത്തതുകൊണ്ടും ജനങ്ങൾക്കു അസൌകര്യം ഉണ്ടാക്കുന്നതാകകൊണ്ടു കച്ചേരി അവിടേക്കു മാററിയിടുന്നതു അഭിലഷണീയമല്ലെന്നു ലാന്റ്റവന്യൂകമ്മിഷണർ റിപ്പോർട്ടുചെയ്തു. നാഗർകോവിൽ മുനിസിപ്പൽആഫീസിനു സമീപമുള്ള പഴയ പി. ഡബ്ല്യൂ. ഡി. സബ്ഡിവിഷൻ ആഫീസിൽ കച്ചേരി മാററി സ്ഥാപിക്കാമോ എന്നുള്ള കാര്യം ചീഫ്എൻജിനിയരുമായി എഴുത്തുകുത്തിൽ ഇരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും-തെക്കു): ഗവൺമെന്റ ഉത്തരവുകൾ പാസാക്കുന്നതു അന്വേഷണങ്ങൾ കഴിക്കുകയോ റിപ്പോർട്ടുവരുത്തുകയോ ചെയ്തതിന്റെശേഷമോ തോന്നിയതുപോലെയോ എന്നു പറയുമോ?

പ്രസിഡന്റ: ഈ ചോദ്യം നിന്ദാസൂചകമായിട്ടുള്ളതാണ്. അതുകൊണ്ടു അതു ഞാൻ വിരോധിക്കുന്നു. മെമ്പറിന്റെ പ്രസ്താവന ക്രമവിരുദ്ധമായിട്ടുള്ളതാണെന്നുള്ള സംഗതി സഭയുടെ ശ്രദ്ധയിൽ ഞാൻ വിഷയീഭവിപ്പിക്കയുംചെയ്യുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്കു): ഒന്നു ബോധിപ്പിച്ചുകൊള്ളട്ടെ, സർ, ഉത്തരവു പാസാക്കിയതിന്റെ ശേഷം, ആ സ്ഥലം അഭിലഷണീയമല്ലെന്നു റിപ്പോർട്ടുവന്നതിനാൽ ഉത്തരവിൻപ്രകാരം ചെയ്തില്ലെന്നാണു പറയുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): ആദ്യകല്പന ഉണ്ടായതു മുമ്പിലത്തെ ദിവാൻ ആ സ്ഥലം ചെന്നുകണ്ടതിന്റെ ഫലമായിട്ടാണു. വീണ്ടും അന്വേഷണം നടത്തിയപ്പോൾ അതിനെക്കാൾ യോഗ്യമായ ഒരു സ്ഥലം വേണമെന്നുവന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ അവസാനതീർച്ചഎളുപ്പമല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും, തെക്കു): ഗവൺമെന്റ അവരുടെ ആദ്യകല്പന പാസ്സാക്കിയതു സ്ഥലാന്വേഷണത്തിനു ശേഷമാണോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): ആദ്യകല്പനപാസ്സാക്കിയതു മുൻപിലത്തെ ദിവാൻതന്നെപോയി സ്ഥലത്തു അന്വേഷണം കഴിച്ചശേഷമാണു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യാപാരവും തെക്കു): ലാന്റ്റവന്യൂകമ്മിഷണർ ഗവൺമെന്റിലേക്കു റിപ്പോർട്ടു ചെയ്തതു എന്നാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ൧൯൨൫ ജൂലായ ൨-നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മി. പിരവിപ്പെരുമാൾപിള്ളയുടെ ഉപചോദ്യത്തിൻെറ നിന്ദാസൂചകമായ സ്വഭാവത്തെപ്പററി അഗ്രാസനർ പ്രസ്താവിച്ചുവല്ലോ. അക്കാര്യത്തിലേക്കു സഭയുടെ ശ്രദ്ധയെ പ്രത്യേകമായി ക്ഷണിച്ചതുകൊണ്ടു ശേഷം മെമ്പർമാക്കു ആ വിഷയത്തെ സംബന്ധിച്ചു വല്ലതും പ്രസ്താവിപ്പാൻ സ്വാതന്ത്ര്യം ഉണ്ടോ എന്നു പറയുമോ?

പ്രസിഡെൻറു: ഇല്ല.

അനുബന്ധം.

൨൫൫-ാം ചോദ്യത്തിൻെറ മറുപടി നോക്കുക. ൧൦൯൭-ലും ൧൦൯൮-ലും ഈറക്കമതി ചുങ്കം കൊടുക്കാതെ കമ്പനികളുടെ പേരുകൾ കാണിക്കുന്ന പട്ടിക.

നമ്പർ	കമ്പനിയുടെ പേരു	അനുവദിച്ച സംഖ്യ		
൧	മധുരക്കമ്പനി ആലപ്പുഴ	൧൭൦	൦	൦
൨	തിരുവനന്തപുരത്തു മെസ്സേർസ് എൽ. എഫ്. ഫെർണാണ്ടസ് ആൻഡ് സൺസിനുവേണ്ടി മധുരക്കമ്പനി ആലപ്പുഴ	൧൭	൫	൦
൩	മെസ്സേർസ് ഡാറാസ്മെയിൽക്കമ്പനി ആലപ്പുഴ	൯൦൨	൨	൨
൪	തിരുവനന്തപുരത്തു മെസ്സേർസ് എൽ. എഫ്. ഫെർണാണ്ടസ് ആൻഡ് സൺസിനുവേണ്ടി മധുരക്കമ്പനി	൧൩൫	൧൫	൮
൫	മെസ്സേർസ് ഡാറാസ്മെയിൽ കമ്പനി ആലപ്പുഴ	൯൪	൬	൦
൬	മൂന്നാർ സപ്ലൈ അസോസിയേഷൻ	൧൬	൬	൫

പൊതുജനത്തെ സംബന്ധിച്ചുള്ള പ്രമേയങ്ങൾ.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം.

പ്രസിഡെൻറു: മി. സി. പി. തരകൻ അദ്ദേഹത്തിൻെറ പേരിൽ നില്ക്കുന്ന പ്രമേയം ഇപ്പോൾ ഹാജരാക്കാം.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, താഴെ പറയുന്ന പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

“ഗവർമ്മെൻറും ഗ്രാൻറും പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കേവലം മതിയാകാത്തതാകയാൽ താഴെ കാണുന്ന തോതനുസരിച്ചു അവൎക്കു ശമ്പളവും ഗ്രാൻറും കൊടുക്കണമെന്നു ഈ സഭ ഗവർമ്മെൻറിനോടു ശിപാർശ ചെയ്യുന്നു.

(എ) ഗവർമ്മെൻറു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു രൂപാ ൧൫ മുതൽ ൨൦ വരെ കാലമനുസരിച്ചു.

(ബി) ഗവർമ്മെൻറു പ്രൈമറിസ്കൂൾ ൪-ാം ക്ലാസ് ചാർജ്ജുള്ള ഹെഡ്മാസ്റ്റർമാർക്കു രൂപാ ൨൫.

(സി) ഗ്രാൻറു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു രൂപാ ൧൦, ൪-ാം ക്ലാസ്സു ചാർജ്ജുള്ള ഹെഡ്മാസ്റ്റർമാർക്കു രൂപാ ൪ അലവൻസും.

(ഡി) ട്രെയിൻഡ് അദ്ധ്യാപകന്മാർക്കു ഇപ്പോഴത്തെപ്പോലെ തന്നെ പ്രത്യേകശമ്പളവും ഗ്രാൻറും കൊടുക്കണം.

സർ, നമ്മുടെ കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം ലഭിക്കണമെന്നുള്ളതു നമുക്കു എത്രയും പ്രധാനമായിട്ടുള്ള ഒരു ആവശ്യമാണ്. പ്രായേണ മുറിപ്പട്ടിണിക്കാരായ അദ്ധ്യാപകന്മാരെക്കൊണ്ടു നമ്മുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ളതു വളരെ അനാശാസ്യമായ ഒരു സംഗതിയാണ്. വിദ്യാഭ്യാസസംബന്ധമായി അഭിപ്രായം പറയാൻ അർഹതയുള്ള പലമഹാന്മാരും പ്രാഥമിക വിദ്യാഭ്യാസത്തിനായി ശമ്പളം കുറഞ്ഞ അദ്ധ്യാപകന്മാരെ നിയമിക്കുന്നതു വളരെ ദോഷകരമാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു. നമ്മുടെ ഗവർമ്മെൻറിനും ഈ അഭിപ്രായം മിക്കവാറും ബോദ്ധ്യം ഉണ്ടെന്നു പലപ്പോഴും പൂർണ്ണമായിട്ടല്ലെങ്കിലും പ്രത്യക്ഷപ്പെടുത്തിട്ടും ഉണ്ടു. വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന മി. ഹഡ്സൻ ഒരിക്കൽ അതേ അഭിപ്രായത്തെത്തന്നെ ഈ കൌൺസിലിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതുകൊണ്ടു അദ്ധ്യാപകന്മാക്കു ശമ്പളം കൂട്ടേണ്ടതു അത്യാവശ്യമാണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതായി നമുക്കു കാണാം. ഗവർമ്മെൻറിൻെറ ധനസ്ഥിതി അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു അനുവദിക്കുന്നില്ല എന്നു അഭിമാനിക്കുന്നതിൽ വലിയ തെററുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ മി. സ്റ്റീഫൻസൻ ഇതിനെപ്പററി പറഞ്ഞ അവസരത്തിൽ ബ്രിട്ടീഷ് ഇൻഡ്യയിലെ അദ്ധ്യാപകന്മാർക്കു എട്ടുരൂപയാണ് ശമ്പളം കൊടുത്തുവരുന്നതു എന്നു പ്രസ്താവിക്കയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തി അദ്ധ്യാപകന്മാക്കു ശമ്പളം കൂട്ടേണ്ടതു അത്യാവശ്യമില്ല എന്നു അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ മി. സ്റ്റീഫൻസൻ പറഞ്ഞിട്ടുള്ള വിവരം പ്രൊസീഡിംഗ്സിൽ കാണുന്നുണ്ടോ?

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ നോക്കീട്ടില്ല. അതുകൊണ്ടു പറയാൻ നിവൃത്തിയില്ല. മി. സ്റ്റീഫൻസൻ പറഞ്ഞതായി ഞാൻ ഓർക്കുന്നുണ്ടു. ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളക്രമത്തെ സംബന്ധിച്ചു ബ്രിട്ടീഷ് ഇൻഡ്യയിൽ സ്വീകരിച്ചിരിക്കുന്ന നയം എന്താണെന്നോ അതിൻെറ പൂർണ്ണവിവരങ്ങൾ എന്താണെന്നോ ശരിയായി ഗ്രഹിക്കുന്നതിനു മുമ്പായി അതിനെ അടിസ്ഥാനപ്പെടുത്തി യാതൊരു തീരുമാനവും ചെയ്യുവാൻ

നിവൃത്തിയില്ലന്നാണ് എന്റെ അഭിപ്രായം. മേൽ ഉദ്യോഗസ്ഥന്മാർക്കും കീഴ് ഉദ്യോഗസ്ഥന്മാർക്കും ബ്രിട്ടീഷ് ഇൻഡ്യയിൽ അനുവദിച്ചുവരുന്ന ശമ്പളക്രമത്തിന്റെ തോത് [illegible] ആവശ്യമെന്നോ യുക്തമെന്നോ ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സ്ഥിതിഗതികളോട് എത്രയോ സമത്വമുള്ളതും ഇവിടത്തെ അദ്ധ്യാപകന്മാരെ എല്ലാ വിധത്തിലും [illegible] കൊച്ചീരാജ്യത്തിലെ അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന ശമ്പളം ഇവിടത്തേക്കാൾ കൂടുതലാണെന്നുള്ള അറിവു ഗവണ്മെന്റിനും ഉണ്ടായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ [illegible] ഒരു [illegible] ഗവണ്മെന്റ് സ്വീകരിക്കുന്നപക്ഷം അതിനെക്കാൾ കൊച്ചിയിലെ ശമ്പളക്രമം [illegible] തോതായി സ്വീകരിക്കുന്നതിൽ വളരെ അധികം ന്യായമുണ്ടെന്നാണ് എന്റെ പ്രബലമായ അഭിപ്രായം. ഈ സംഗതിയിൽ ഗവണ്മെന്റിന്റെ കോശസ്ഥിതി അനുവദിക്കുന്നില്ല എന്നുള്ള അഭിപ്രായത്തോട് എനിക്കു പൂർണ്ണമായി യോജിക്കാൻ നിവൃത്തിയില്ല. [illegible] ഗവണ്മെന്റിനു ഉദ്ദേശം [illegible] ലക്ഷം രൂപായോളം മിച്ചം ഉള്ളതായി [illegible]. [illegible] ലക്ഷം രൂപായോളം വരുന്ന ഒരു സംഖ്യയും ഗവണ്മെന്റ് സമ്പാദിച്ചിട്ടുണ്ട്. ഈ ആണ്ടിൽ മി. നീലകണ്ഠപ്പിള്ള അതിൽ ഒട്ടും കുറയാത്തതായ ഒരു സംഖ്യ സമ്പാദിക്കുമെന്നാണ് എന്റെ വിശ്വാസം. ഈസ്ഥിതിക്കു എന്റെ പ്രമേയത്തിൽ പറയുന്നപ്രകാരം [illegible] ലക്ഷം രൂപായോട് അടുത്തുവരുന്ന ഒരു സംഖ്യ ചിലവാകുന്നതുകൊണ്ടു നമ്മുടെ ഗവണ്മെന്റ് പാപ്പരായിപ്പോകുമെന്ന [illegible] എനിക്കു തോന്നുന്നില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസ ചിലവു കുറയ്ക്കുന്നതിനു [illegible] ഇപ്പോൾ ഗവണ്മെന്റിൽനിന്നും ചിലവിട്ടുവരുന്ന പല സംഖ്യകളും കുറവു ചെയ്തു [illegible] ഉണ്ടാക്കാൻ സാധിക്കും.

ഇപ്പോൾ പ്രാഥമികവിദ്യാഭ്യാസം ധനമായിട്ടാണല്ലോ [illegible]. ഈ സംസ്ഥാനത്തുള്ള എല്ലാ ആളുകൾക്കും പ്രാഥമികവിദ്യാഭ്യാസം ലഭിക്കുന്നതിനു സൌകര്യമായിരിക്കാം. എങ്കിലും ഫീസുകൊടുക്കാൻ ശക്തിയുള്ള ആളുകളും ഫീസുകൊടുക്കേണ്ടാ എന്ന് ഒരു ഏർപ്പാടുവച്ചിരിക്കുന്നതു ആവശ്യമാണെന്നോ [illegible] ഞാൻ വിചാരിക്കുന്നില്ല. കേവലം [illegible] മാത്രമായിട്ടു പ്രാഥമികവിദ്യാഭ്യാസത്തിനു ഫീസ് വേണ്ട എന്നൊരേർപ്പാടുവച്ചുകൊണ്ടിരിക്കേണ്ടതായ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. പ്രാഥമികവിദ്യാഭ്യാസത്തിനു ഫീസ് കൊടുക്കാൻ മനസ്സും ശേഷിയുമുള്ള ആളുകൾക്കു ഒരു ചെറിയ ഫീസ് ഏർപ്പെടുത്തുന്നതുകൊണ്ടു യാതൊരു ഉപദ്രവവും സങ്കടവും ഉണ്ടാകുന്നതല്ല. ദരിദ്രരായ കുട്ടികൾക്കു യാതൊരു വിധത്തിലും ഉള്ള ഉപദ്രവം ഉണ്ടാകാതിരിക്കുന്നതിനു ആവശ്യമുള്ള നിയമങ്ങൾ ഉണ്ടാക്കുകയും ഫീസുകൊടുക്കാൻ ശക്തിയില്ലെന്നു കുട്ടികളെ സ്കൂളിൽ ചേർക്കാനുള്ള അപേക്ഷയോടുകൂടി എഴുതിവയ്ക്കുന്ന എല്ലാവരെയും ഫീസ് കൊടുക്കേണ്ടതായ ചുമതലയിൽ നിന്നു ഒഴിവാക്കുകയും ചെയ്യുന്നതായാൽ യാതൊരു സങ്കടവുമില്ല. പ്രാഥമികവിദ്യാഭ്യാസത്തിനു മാസത്തിൽ രണ്ടോ നാലോ ചക്രം ഫീസ് കൊടുക്കുന്നതിനു യാതൊരു ആളുകൾ ഉണ്ടാകുന്നതായിരിക്കും.

എല്ലാ വിദ്യാലയങ്ങളിലും തൽക്ഷൽപ് നിർബന്ധിതമായി ഏർപ്പെടുത്തിയാൽ [illegible] യല്ലാത്തതായ ഒരാദായം ഗവണ്മെന്റിനു ഉണ്ടാക്കാൻ സാധിക്കുമെന്നാണു എന്റെ അഭിപ്രായം. ബ്രിട്ടീഷ് ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഇങ്ങനെ നടന്നുവരുന്നതായി [illegible] വായിച്ചിട്ടുണ്ട്. അതു എത്രത്തോളം യഥാർത്ഥമാണെന്നോ അതിനെ സംബന്ധിച്ചു കൂടുതൽ അന്വേഷണം കഴിക്കാതെ സ്വീകരിക്കാമെന്നോ പറയുന്നതിനു എനിക്കു നിശ്ചയമില്ല. എങ്കിലും അതു ഗവണ്മെന്റിന്റെ ആലോചനയ്ക്കു വിഷയമാകുന്നപക്ഷം നിശ്ചയമായിട്ടും കൂടുതൽ ആദായം ഉണ്ടാക്കാൻ സാധിക്കും. ഇപ്പോൾതന്നെ നമ്മുടെ സംസ്ഥാനത്തു ചില സ്കൂളുകളിൽ തൽക്ഷൽപ് നടപ്പുണ്ട്. അതു സംബന്ധിച്ചു പ്രവർത്തിച്ചിട്ടുള്ള [illegible] ഞാൻ ചോദിച്ചതിൽ നല്ലതായ ഒരു സംഖ്യ ആദായം ഉണ്ടാക്കാൻ സാധിക്കുമെന്നു മനസ്സിലായി. അതുകൊണ്ടു ഈ കാര്യത്തിൽ ഗവണ്മെന്റ് ശ്രദ്ധയോടുകൂടി അന്വേഷിക്കുന്നപക്ഷം നല്ല സംഖ്യ ലാഭം ഉണ്ടാകുമെന്നും അതു ഈ വകയ്ക്കു ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

അതിനുംപുറമെ ഈ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾ എല്ലാം ആവശ്യമുണ്ടോ എന്നും അതു ആവശ്യമുള്ളസ്ഥാനങ്ങളിലാണോ എന്നും ഗവണ്മെന്റ് അന്വേഷിക്കേണ്ടതാണ്. അതു [illegible] ഉള്ള ഒരു ഉദ്യോഗസ്ഥനെ രണ്ടോ മൂന്നോ മാസത്തേക്കു നിയമിക്കുന്നപക്ഷം നിശ്ചയമായിട്ടും പല സ്ഥലങ്ങളിലും സ്കൂൾ ആവശ്യമില്ലാ എന്നു കാണുന്നതും ആവശ്യമുള്ള സ്ഥലങ്ങളിലേക്കു മാറ്റിക്കൊടുക്കാൻ സാധിക്കുന്നതും [illegible] കൊണ്ടു ആ ഇനത്തിലും ഗവണ്മെന്റിനു ഒരു ചെറിയ ലാഭം ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതു കൊണ്ടു അതിലേക്കും ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഇങ്ങനെയുള്ള ആദായവർഗ്ഗങ്ങൾ ഒന്നുംതന്നെ ഉണ്ടാകയില്ലാ എന്നിരുന്നാൽതന്നെയും ഞാൻ ഏതുപ്രകാരമെങ്കിലും ഇതുപോലെ അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കാൻ ഗവണ്മെന്റിനു [illegible] ഉണ്ടെന്നും അതുകൊണ്ടു ഗവണ്മെന്റ് പാപ്പരായിപ്പോകും എന്നു ഭയപ്പെടേണ്ട ആവശ്യമില്ലെന്നും അങ്ങനെ ചിലവു ചെയ്വാൻ ശക്തിയില്ലെങ്കിൽ [illegible] ഏതെങ്കിലുംവിധത്തിൽ ആദായം ഉണ്ടാക്കേണ്ടതാണ് ഈ [illegible] എന്നുള്ള ഉറപ്പോടുകൂടി ഈ പ്രമേയത്തെ സഭയുടെ അംഗീകരണത്തിനായി ഞാൻ [illegible].

മി. എം. എൻ. [illegible] പിള്ള (തിരുവനന്തപുരം): സർ, ഈ പ്രമേയത്തെ [illegible] എനിക്കു വളരെ സന്തോഷമുണ്ട്. ഈ പ്രമേയത്തെ [illegible] ആരെങ്കിലും എതിർക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. [illegible] സഭയുടെ [illegible] ഈ വിഷയം വാദത്തിനുവരാത്ത [illegible] ഗവും ഉണ്ടായിരുന്നില്ല. അദ്ധ്യാപകന്മാർ എല്ലാപ്പോഴും [illegible]. എനിക്കു [illegible] ത്തോളം ഒരു വിഷയത്തെപ്പറ്റി എങ്കിലും [illegible] വാദവ്യത്യാസത്തിനു [illegible] ഇല്ല. [illegible] ള്ളിക്കൂടത്തിൽ പോകുന്ന ബാലന്മാരുടെയും ബാലികമാരുടെയും സ്വഭാവവും [illegible] ശമ്പളംകൊടുക്കുന്ന അദ്ധ്യാപകന്മാരെ ആശ്രയിച്ചിരിക്കുന്നു. സ്വന്തങ്ങളായ [illegible] കേവലം ജീവനസ്ഥാപനത്തിനു മാത്രം [illegible] മതിയാകയില്ല. [illegible] ഉള്ള ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കുറവാണെങ്കിലും പലപ്പോഴും സമ്മാനങ്ങളും [illegible] പ്രത്യേകലാഭങ്ങളും ഉണ്ട്. എന്നാൽ അദ്ധ്യാപകന്മാർക്കു കൈക്കൂലി വാങ്ങാൻ വഴിയില്ല. അവരിൽ ഭൂരിപക്ഷവും സത്യസന്ധന്മാരാണ്. [illegible] അവരുടെ

സഹായത്തിനായി പുറപ്പെടാത്തപക്ഷം നാം നമ്മുടെ ധർമ്മം അനുഷ്ഠിക്കയില്ല. മി. തരകൻ അവർക്കു കൊടുക്കണമെന്നുപറയുന്ന ശമ്പളം ഏററവും മിതമായിട്ടുള്ളതാണ്.

അവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ള ആലോചന സർവ്വപ്രധാനവും ഈ സഭമാത്രമല്ല ഈ രാജ്യത്തിലെ സമസ്തജനങ്ങളും അനുമോദിക്കുന്നതുമാകുന്നു. ഈ അപേക്ഷ എത്ര നിഷ്കർഷയായിട്ടുള്ളതാണെന്നു ഈ സഭയുടെനടപടികൾ വായിച്ചുനോക്കിയാൽ അറിയാം. അതുകൊണ്ടു ഈ വിഷയത്തെപ്പററി ദീർഘമായിസംസാരിച്ചിട്ടാവശ്യമില്ല. ഈ പ്രമേയത്തിന്റെ അവസാനം എന്താണെന്നറിയേണ്ടതു ദീർഘവാദംകൊണ്ടല്ല വോട്ടുകളുടെ എണ്ണംകൊണ്ടാണ്. ഉദ്യോഗസ്ഥമെമ്പർമാർ ഈ പ്രമേയത്തെ പ്രതികൂലിക്കയില്ലെന്നു വിശ്വസിക്കുന്നു. സഭയുടെ ഈഭാഗത്തുള്ള മെമ്പർമാർ എല്ലാവരും ഈ പ്രമേയത്തിനനുകൂലമായി വോട്ടുചെയ്യുമെന്നു എനിക്കു നിശ്ചയമുണ്ടു.

ഇനിയും ഹാജരാക്കാൻ പല പ്രധാനപ്രമേയങ്ങൾ ഉള്ളതുകൊണ്ടു എല്ലാവർക്കും അഭിപ്രായൈക്യം ഉള്ള ഈ പ്രമേയത്തെപ്പററി അധികംസംസാരിച്ചു സമയവ്യയംചെയ്‌വാൻ വിചാരിക്കുന്നില്ല.

മി. കെ. കെ. തോമസ് (കോട്ടയം): നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടി ഭാവിയെപ്പററിയുള്ള പ്രത്യാശ വർദ്ധിപ്പിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തിന്റെ ഉദ്ദേശത്തോടു ഞാനും അനുകൂലിക്കുന്നു. തിരുവിതാംകൂറിന്റെ ഇപ്പോഴത്തെസ്ഥിതിയിൽ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ ശക്തികൊണ്ടു ഗണ്യമായ ഒരുസ്ഥാനത്തെയാണ് അർഹിക്കുന്നതു. അവരുടെ പ്രയോജനം രാജ്യത്തിന്റെ അഭിവൃദ്ധിയിൽ അവരുടെപങ്കു അവർമുഖാന്തരം ഉണ്ടാകുന്ന അഭിപ്രായപ്രചാരം എല്ലാററിലും ഉപരിയായി ഉൾനാട്ടിലെ ജനങ്ങളുടെ പരിഷ്കാരത്തിനും ഉന്നതിക്കുമായി അവർചെയ്യുന്ന പ്രവൃത്തിയുടെ പ്രാധാന്യം ഇവയൊന്നും സഭയുടെ ഈഭാഗത്തുള്ളവർ പ്രശംസിച്ചിട്ടാവശ്യമില്ല. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകൻ ഈനാട്ടിലെ ഒഴിച്ചുകൂടാത്ത ഒരു ഉദ്യോഗസ്ഥനാണു. അദ്ദേഹം എല്ലാജനങ്ങൾക്കും പ്രിയപ്പെട്ടവനും മാസം ഏതാനും രൂപ കിട്ടുന്ന ധനികനുമാണ്. അവരുടെ ഭാവിസ്ഥിതി കുറെ പ്രയാസങ്ങളായി നമ്മുടെ സഹതാപത്തിനു പാത്രമായാൽ ജനസാമാന്യം ഈ അഭ്യർത്ഥന ന്യായമാണെന്നു മാത്രമല്ല യഥാർത്ഥവിദ്യാഭ്യാസാഭിവൃദ്ധിക്കു അത്യാവശ്യമാണെന്നുകൂടി വിചാരിക്കുന്നു. അവരുടെ ജീവിതദാരിദ്ര്യത്തിനു അല്പമായിട്ടെങ്കിലും ഒരു പരിഹാരം ഉണ്ടാക്കുന്നതു രാജ്യനന്മയെപ്പററി അല്പമെങ്കിലും ചിന്തയുള്ള ഏതൊരു ഗവണ്മെന്റിന്റെയും പ്രധാനധർമ്മമായി വിചാരിച്ചുവരുന്നു. അവർ എല്ലാവരും തിരുവിതാംകൂർ സ്വദേശികളാകയാൽ അവരുടെ സ്ഥിതി നന്നാക്കുന്നതിനു ചിലവുചെയ്യുന്നപണം ചില വലിയഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലെപ്പോലെ പറന്നു വിദേശങ്ങളിലെ ഐശ്വര്യം വർദ്ധിപ്പിക്കാൻ പോകയില്ല. നമ്മുടെ ഭാവിപൌരന്മാരുടെ ഉപദേഷ്ടാക്കളും അവരുടെ മനസ്സിനെ രൂപപ്പെടുത്തുന്നതിന്റെ വലിയ ഉത്തരവാദിത്വബോധത്തെ പററി അനുഭവമുള്ളവരായി ഉത്സാഹവും മനസ്സും തുഷ്ടിയുംഉള്ള ഒരുവർഗ്ഗം അദ്ധ്യാപകന്മാരെ നാം ഉണ്ടാക്കാത്തപക്ഷം നമ്മുടെ സ്കൂളുകളിൽ പ്രദാനംചെയ്യുന്ന വിദ്യാഭ്യാസം രാജ്യത്തിനു അനുഗ്രഹമായിരിക്കുന്നതിനുപകരം ദുഷിച്ചു ശാപമായിത്തീരും. അതിന്റെ വിശാലത നമുക്കിപ്പോൾ ശരിയായിഗണിക്കാൻ സാധിക്കയില്ല. അവർചോദിക്കുന്നതു ന്യായവും നമ്മുടെ ധർമ്മം സ്പഷ്ടവുമാണ്. എന്നാൽ ചിലപ്രയാസങ്ങളുണ്ടു. ആ പ്രയാസങ്ങളെ വിജയിക്കാൻ നാം മാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

സംസ്ഥാനക്കണക്കുനോക്കിയാൽ വിദ്യാർത്ഥികളായിരിക്കേണ്ടവരിൽ ൨൦ ശതമാനമേ യഥാർത്ഥവിദ്യാർത്ഥികൾ ഉള്ളുവെങ്കിലും തിരുവല്ലാ, മാവേലിക്കര, കോട്ടയം ഈ താലൂക്കുകളിലെ ശതമാനം ൫൫, ൫൦ന്, ൫൦ ഇങ്ങനെയെന്നു ഡിപ്പാർട്ടുമെന്റു കണക്കുകൾകൊണ്ടു കാണുന്നുണ്ടെങ്കിലും നാട്ടുഭാഷാവിദ്യാഭ്യാസം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നവരിൽ ഒരാളല്ലഞാൻ. നാട്ടുഭാഷാ വിദ്യാഭ്യാസത്തിനായി നാം ഇപ്പോൾ ചിലവുചെയ്യുന്ന ൨൦ ലക്ഷംരൂപ മതിയായ ഒരുസംഖ്യയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു ആളൊന്നിനു ൫ അണപ്രകാരമേ ആകുന്നുള്ളു. ആളൊന്നിനു ഇതിലധികം വിദ്യാഭ്യാസത്തിനായി ചിലവിടുന്ന രാജ്യങ്ങളിലെ പൌരന്മാർ ഇവിടത്തെ പൌരന്മാരെക്കാൾ അധികം സമ്പാദനശക്തിയുള്ളതായിട്ടാണ് എപ്പോഴുംകണ്ടുവരുന്നതു. ആളൊന്നിനു ഇതിൽ എത്രയോഅധികംപണം വിദ്യാഭ്യാസത്തിനു ചിലവുചെയ്യുന്നതായ ഇംഗ്ലണ്ടു യുണൈറ്റഡ്സ്റ്റേറ്റ്സ് ന്യൂസിലണ്ട് ജപ്പാൻ എന്നീ രാജ്യങ്ങളിലെ പൌരന്മാർക്കു സമ്പാദനശക്തിയും അതോതുസരിച്ചു അധികമുണ്ടു.

ഈ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപ്രചരണം മാത്രമാണ് അവിടങ്ങളിലെ ഐശ്വര്യാഭിവൃദ്ധിക്കുകാരണം. അവിടങ്ങളിലെ വ്യവസായാഭിവൃദ്ധി വിദ്യാഭ്യാസത്തെ അതു പ്രാഥമികസ്ഥിതിയെ കവിഞ്ഞിട്ടില്ലെങ്കിലും ആശ്രയിച്ചിരിക്കുന്നു എന്നു അവർ ഗ്രഹിക്കയും ചെയ്തിരിക്കുന്നു

അതുകൊണ്ടു നമ്മുടെ പൌരന്മാരുടെ സമ്പാദനശക്തിയെ വർദ്ധിപ്പിക്കണമെങ്കിൽ പ്രാഥമികവിദ്യാഭ്യാസപ്രചരണത്തിനായി നാം അധികംപണം ചിലവുചെയ്യണം. ഇപ്പോൾനാം ആളൊന്നിനുചിലവുചെയ്യുന്ന ൫ അണ അടുത്തഭാവിയിൽ കുറഞ്ഞപക്ഷം ൧൨ അണയായി വർദ്ധിപ്പിക്കുന്നതായിരിക്കണം നമ്മുടെശ്രമം. "ഇതിനുപണമെവിടെ" എന്നൊരു ചോദ്യമുണ്ടാകുമെന്നു എനിക്കറിയാം. "മനസ്സുള്ളേടത്തു മാർഗ്ഗവുമുണ്ടാകും" എന്നുള്ള പഴഞ്ചൊല്ലിനു പ്രത്യക്ഷമായി കാണുന്നതിലധികം അർത്ഥമുണ്ടെന്നു പരിശോധിച്ചാൽ അറിയാം. ഈ സംസ്ഥാനത്തെ നാട്ടുഭാഷാ വിദ്യാഭ്യാസം ഇപ്പോൾ തന്റെ ദീർഘകാലത്തെ സർവീസിൽ ഉത്സാഹത്തിനും കാര്യക്ഷമതയ്ക്കും പ്രസിദ്ധിപ്പെട്ട ഒരാളുടെ അധീനത്തിലും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുതന്നെ ജനസാമാന്യത്തോടുള്ള പരിചയംനിമിത്തം ഇവിടത്തെവിദ്യാഭ്യാസവ്യവസ്ഥകളുടെ അടിസ്ഥാനതത്വങ്ങളെപ്പററി പരിജ്ഞാനമുള്ള ഒരു തിരുവിതാംകൂർഉദ്യോഗസ്ഥന്റെകീഴിലും ആണെന്നുകാണുന്നതു സന്തോഷാവഹംതന്നെ. എന്നാൽ ഇതിലും ഉപരിയായി ഞാൻവിലവെയ്ക്കുന്നതു ഇപ്പോഴത്തെ ഭരണാധികാരിയുടെ ജീവകാരുണ്യവും എല്ലാവർക്കും ജീവിതാരംഭത്തിൽ ഉള്ളതും അതില്ലാതെജനങ്ങളുടെ നന്മയ്ക്കുയാതൊന്നുംചെയ്യാൻ സാധിക്കാത്തതുമായ ഉത്സാഹം ഉദ്യോഗഭരണവും മററും നിമിത്തം അദ്ദേഹത്തിന്റെസംഗതിയിൽ ക്ഷയിച്ചുപോയിട്ടില്ലെന്നുള്ള വസ്തുതയും ആകുന്നു. ഈ ഉദ്ദേശത്തിനാവശ്യമുള്ളപണം ഉണ്ടാക്കുന്നതിനു ചിലമാർഗ്ഗങ്ങൾ ഞാൻനിർദ്ദേശിച്ചുകൊള്ളുന്നു. പ്രൈമറി ക്ലാസുകളിലെ

വിദ്യാർത്ഥികളിൽ കൊടുക്കാൻ കഴിവുള്ളവരോട് [illegible] ഫീസ്സ് [illegible] ഒരു മാർഗ്ഗമാണ്. ഫീസ് കൊടുക്കാൻ നിവൃത്തിയില്ലെന്നു സാക്ഷ്യപ്പെടുത്തുന്നവരുടെ [illegible] ഫീസ് കൊടുക്കുന്നതിൽനിന്നു ഒഴിവാക്കാവുന്നതാണ്. ഫീസ് കൊടുക്കാൻ കഴിവുള്ളവരെയും ഫീസില്ലാതെ പഠിപ്പിക്കേണ്ട ആവശ്യം ഈ നാട്ടിൽ ഇല്ല. വിദ്യാസമ്പന്നരായ [illegible] ഫീസില്ലാതെ [illegible] ഉത്സാഹിപ്പിക്കേണ്ട ആവശ്യം ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. [illegible] ഞാൻ [illegible] ഒരു ഫീസ് [illegible]

[illegible] സ്കൂളുകളിൽ [illegible]

[illegible]

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ): [illegible] ഈ പ്രസ്താവനയോടുകൂടെ [illegible] ഞാൻ [illegible]

[illegible] I-ഉം II-ഉം III-ഉം ക്ലാസ്സുകളിലെ അദ്ധ്യാപകന്മാരുടെ [illegible] I-ഉം II-ഉം III-ഉം ക്ലാസ്സുകളിലെ [illegible]

[illegible] ഈ പ്രമേയം [illegible] ഇക്കാര്യത്തിൽ എനിക്കു പ്രയാസമുണ്ട്. [illegible] പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചാണ്. [illegible] ഈ പ്രമേയത്തിൽ [illegible] മിഡിൽസ്കൂളുകളിലേയും [illegible] (ബി) [illegible] (സി) [illegible] ഗ്രാൻറ് [illegible] ആകെ ചെലവു [illegible] രൂപാ ആയിരിക്കും. [illegible] ആകെ ചെലവു ഏകദേശം [illegible] രൂപാ ആയിരിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു പെൺപള്ളിക്കൂടങ്ങളും ഉൾപ്പെടെയാണോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിങ്ങ്‌വിദ്യാഭ്യാസഡയറക്ടർ): ഞാൻ പറഞ്ഞപ്രകാരം [illegible] പ്രമേയത്തിന്റെ വാചകംകൊണ്ടു അതു വ്യക്തമല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയത്തിന്റെ വാചകത്തെപ്പറ്റിയല്ല, മേലെഴുതിയ കണക്കിനെപ്പറ്റിയാണ് ഞാൻ ചോദിക്കുന്നത്.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): [illegible] ആൺപള്ളിക്കൂടങ്ങളുടെ സംഖ്യ ഏകദേശമാണ്. പെൺപള്ളിക്കൂടങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. പെൺപള്ളിക്കൂടങ്ങളും ഉൾപ്പെടുത്തിയാൽ ചെലവു [illegible] വർദ്ധിക്കും.

മി. സി. പി. [illegible] ([illegible]): [illegible] ഉൾപ്പെടുത്തി പറയാമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ആൺ[illegible] [illegible] സ്കൂളുകളിലെ [illegible] ക്ലാസ്സുകളിൽ [illegible] അദ്ധ്യാപകന്മാരുണ്ട്.

മി. സി. പി. [illegible] ([illegible]): [illegible] പറയേണ്ടത്.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): (1) [illegible] ചെലവു [illegible] [illegible] രൂപയും [illegible] എന്നാണ് ഞാൻ പറഞ്ഞത്. (2) [illegible] അദ്ധ്യാപകന്മാരെ [illegible] (3) [illegible] സ്കൂളുകളിലെ [illegible] ഹെഡ്മാസ്റ്റർമാർ [illegible] സംഖ്യ [illegible]. [illegible] (4) [illegible] [illegible] രൂപ [illegible] [illegible] രൂപ [illegible] വർദ്ധിക്കും. [illegible]

[illegible] അദ്ധ്യാപകന്മാരുടെ [illegible] സർക്കാർ [illegible] ഡിപ്പാർട്ടുമെന്റിൽ [illegible] അദ്ധ്യാപകന്മാർ [illegible] അസൗകര്യം [illegible] സമാധാനമായി [illegible] [illegible] മാത്രം [illegible] മതിയാകും. [illegible] ഗവർമ്മെന്റിനു [illegible] സാധിക്കയില്ല. [illegible] [illegible] സംഗതികളിൽ [illegible] ഉള്ള [illegible] ഞങ്ങൾ [illegible].

മി. എം. ശിവരാമപിള്ള (കോട്ടയം): [illegible] മെമ്പർമാർക്ക് [illegible] മറുപടി [illegible] എന്നു പറയാമോ?

പ്രസിഡന്റ്: [illegible] ക്രമവിരുദ്ധമാണെന്നു ഞാൻ [illegible] [illegible] ആവശ്യമാണ് [illegible] [illegible].

മി. [illegible] ([illegible]): [illegible] എന്ന [illegible]

പ്രസിഡന്റ്: [illegible] [illegible] അനുവദിക്കുന്നില്ല.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): [illegible] പറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ [illegible] [illegible] എനിക്കു [illegible] വർദ്ധിക്കുന്നു [illegible] [illegible].

മി. [illegible] ജോസഫ് ([illegible]): [illegible] സംസാരിക്കാമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ പറഞ്ഞപ്രകാരം ഈ [illegible] [illegible] രൂപാ വേണം. [illegible] അദ്ധ്യാപകന്മാരുടെ ശമ്പളം [illegible] ഹൈസ്കൂളുകളിലെയും [illegible] ശമ്പളം [illegible] ഉണ്ടാകും. [illegible] ഹൈസ്കൂളും അദ്ധ്യാപകന്മാരുടെ ശമ്പളവും [illegible] വർദ്ധിപ്പിക്കേണ്ടിവരും. [illegible] ഞാൻ [illegible] [illegible] ഡിപ്പാർട്ടുമെന്റുകളിൽ [illegible] ശമ്പളം വർദ്ധിപ്പിക്കുന്നതിനെ അപേക്ഷിക്കും. [illegible] അവരുടെ [illegible] നിരാകരിക്കാൻ കഴിയുമെന്നതിനാൽ [illegible] [illegible] ഗവർമ്മെന്റിനു കൂടുതൽ ചെലവു [illegible] രൂപായിൽ എത്രയോ അധികമായിരിക്കും.

മി. എം. ശിവരാമപിള്ള (കോട്ടയം): ആ സംഖ്യ ഉദ്ദേശം എത്രത്തോളം വരുമെന്നു പറയുമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഉദ്ദേശസംഖ്യ പറവാൻ സാധിക്കയില്ല. വിദ്യാഭ്യാസത്തിനായി അധികം പണം ചിലവാക്കാൻ ഗവർമ്മെന്റിനു [illegible] സങ്കല്പിച്ചാൽ തന്നെയും ആ പണം [illegible] ഉപയോഗിക്കേണ്ടതു ഈ ആവശ്യത്തിനായിട്ടാണോ എന്നു നോക്കേണ്ടതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ വേറെയും കാര്യങ്ങൾക്കു പണം ആവശ്യമുണ്ട്. ഉദാഹരണമായി പ്രാഥമികവിദ്യാഭ്യാസം ഇനിയും പ്രചരിപ്പിക്കുന്നതിനു പണം വേണം. നമ്മുടെ സ്കൂളുകളിൽ അധികമധികമായി പ്രവേശനം അപേക്ഷിച്ചുവരുന്ന വിദ്യാർത്ഥികൾക്കു സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും പണം ആവശ്യമുണ്ട്. ഇങ്ങനെ ഉണ്ടാക്കി ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുള്ള സ്കൂളുകളിൽ ആവശ്യമുള്ള സാമഗ്രികൾ സംഭരിക്കുകയും സംരക്ഷിക്കുകയും വേണം. ഇവയെല്ലാം [illegible]

അധികമധികം പണംവേണം. അധികമുള്ള പണം നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം നീക്കിവച്ചാൽ ഞാൻ പറഞ്ഞ മറ്റുകാര്യങ്ങൾക്കു പണമുണ്ടാകയില്ല. ഇവ വിദ്യാഭ്യാസവകുപ്പിലെ ചില ആവശ്യങ്ങൾ മാത്രമാണെന്നു പറയേണ്ടതുമില്ലല്ലോ.

അവസാനമായി എനിക്കു പറവാനുള്ളതു മുപ്പത്തിമൂന്നുവർഷത്തിലധികം അദ്ധ്യാപകനായിരുന്നിട്ടുള്ള എനിക്കു എല്ലാ അദ്ധ്യാപകന്മാരുടെയും പ്രത്യേകമായി താഴ്ന്നപടിയിലുള്ളവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതുപോലെ സന്തോഷപ്രദമായ വേറൊരു സംഗതിയില്ല. ഭാവി പൌരന്മാർക്കു വിദ്യ പ്രദാനംചെയ്യുന്ന ജോലിയിൽ ഇരിക്കുന്നവരുടെ ശമ്പളം അധികമല്ലെന്നുള്ള സംഗതി ഗവൺമെന്റിനു ബോദ്ധ്യമുള്ള ഒരു കാര്യമാണെന്നു ഞാൻ ഗവൺമെന്റിന്റെ പ്രതിനിധിയായി പ്രതിജ്ഞചെയ്തുകൊള്ളുന്നു. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യം അധികവും പണത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ ആവശ്യമുള്ള പണം ഉണ്ടായതിനുശേഷമേ ശമ്പളക്കൂടുതൽ അനുവദിപ്പാൻ ഗവൺമെന്റിനു കഴികയുള്ളു. ഇക്കാര്യത്തെപ്പറ്റി ആലോചിച്ചു വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുവാൻ സാധിക്കുന്ന പണംകൊണ്ടു കഴിവുള്ളടത്തോളമെല്ലാം ചെയ്യുന്നതാണെന്നു ഗവൺമെന്റിനുവേണ്ടി ഞാൻ മെമ്പർമാരോടു പറഞ്ഞുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സഭാമുമ്പാകെയുള്ള പ്രമേയത്തെപ്പറ്റി ഒന്നുരണ്ടുവാക്കു പറവാൻ ആഗ്രഹിക്കുന്നു. ൩൩ വർഷക്കാലം അദ്ധ്യാപകനായിരുന്ന വിദ്യാഭ്യാസഡയറക്ടർ തന്റെ സഹോദരന്മാർക്കു ജീവസന്ധാരണത്തിനു വല്ലതും കൊടുക്കണമെന്നു ആഗ്രഹിക്കുന്നെങ്കിലും അതിനു വേണ്ടുന്നപണമുണ്ടാകാൻ വഴി കാണാത്തതുകൊണ്ടും അതേ സമയംതന്നെ ഈ അദ്ധ്യാപകന്മാർക്കു ശമ്പളംകൊടുക്കുന്നതിനേക്കാൾ അടിയന്തിരമായി നിർവഹിക്കേണ്ട വേറെകാര്യങ്ങൾ ഡിപ്പാർട്ടുമെന്റിൽ ഉണ്ടെന്നുപറയുന്നതുകൊണ്ടും ഞാൻ വളരെ വ്യസനിക്കുന്നു. ഈ അദ്ധ്യാപകന്മാർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നതു, ഞാനും ഒരു അദ്ധ്യാപകനാകകൊണ്ടു ഈ സാധുക്കൾക്കുവേണ്ടി ശാന്തമായി സംസാരിക്കാൻ കഴിയാത്തതിനാൽ വ്യസനിക്കുന്നു. അവർക്കു ജീവനോടുകിടക്കുന്നതിനു അവശ്യംവേണ്ടതു കൊടുക്കണമെന്നല്ലാതെ അതിലധികമെന്നുമല്ല. അവർക്കു കിട്ടുന്ന ശമ്പളം ൫ രൂപായാണെന്നും എന്നാൽ ഇക്കാലത്തു ൫ രൂപ ഒരു ചാക്കരിപോലും വാങ്ങാൻ തികയുകയില്ലെന്നും നമുക്കറിയാമല്ലോ. ഈ അദ്ധ്യാപകന്മാർക്കു അവരുടെ കുടുംബങ്ങളെയും സംരക്ഷിക്കാനുണ്ട്. നിർഭാഗ്യവശാൽ അദ്ധ്യാപകന്മാർക്കു സന്താനസമ്പത്തു അധികവുമാണ് (ചിരി)

ഈ സന്ദർഭത്തിൽ പ്രാഥമികവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി അല്പം പ്രസ്താവിച്ചുകൊള്ളുന്നു. വിദ്യാഭ്യാസവിദഗ്ദ്ധന്മാരെല്ലാവരും ശൈശവകാലത്തിന്റെ പ്രാധാന്യം സമ്മതിച്ചിട്ടുള്ളതാണ്. അക്കാലത്താണല്ലോ സ്വഭാവം രൂപീകരിക്കപ്പെടുന്നതു. അതുകൊണ്ടു ഇക്കാലത്തു അവർക്കു വിദ്യ പ്രദാനംചെയ്യുന്നവരുടെ പ്രാമുഖ്യതയും സർവസമ്മതമാണ്. വേറെവാക്കുകളിൽ പറഞ്ഞാൽ പ്രാഥമികവിദ്യാഭ്യാസവും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരും ഏതുവിദ്യാഭ്യാസ വ്യവസ്ഥയിലും പ്രഥമസ്ഥാനംവഹിക്കുന്നു. ഈ അദ്ധ്യാപകന്മാരുടെ അതൃപ്തി വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കു വിഘാതമായിരിക്കും. രാജ്യക്ഷേമത്തിനു ഇവരുടെ ഗുണത്തെപ്പറ്റി ചിന്തിക്കുന്നതു അത്യന്താപേക്ഷിതമാണ്. എന്നാൽ തിരുവിതാംകൂറിൽ ഈ അദ്ധ്യാപകന്മാർ ഉദ്യോഗവർഗ്ഗത്തിലെ അധഃകൃതജാതിയാണ്. ഏറ്റവും താഴ്ന്നരീതിയിൽ ഉപജീവനംകഴിക്കുന്നതിനുപോലും അവരുടെ ശമ്പളം മതിയാകയില്ല. ഈ സംഗതി ഈ സഭയിലും പുറമെയും അനുദ്യോഗസ്ഥന്മാർ പലപ്പോഴും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെടുത്തിട്ടുള്ളതാണ്.

അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യം ഗവൺമെന്റുതന്നെ ഗ്രഹിച്ചിട്ടുണ്ടെന്നു കാണുന്നതു ആശ്വാസജനകംതന്നെ. എന്നാൽ പണത്തിന്റെ ദൌർല്ലഭ്യംനിമിത്തം ഇക്കാര്യം മനസ്സോടെ അല്ലെങ്കിലും നിറുത്തിവയ്ക്കുകയാണ് ചെയ്യുന്നതു. ഈ അദ്ധ്യാപകന്മാരുടെ സംഖ്യാബലം നോക്കിയാൽ പണത്തിന്റെ പ്രയാസം സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ അതു ഗവൺമെന്റു വിചാരിക്കുമ്പോലെ വലുതല്ല. ഞെരുക്കമറിച്ചാണെന്നുവന്നാലും രാജ്യത്തിലെ ഭാവിപൌരന്മാരെ രൂപപ്പെടുത്തുന്ന ജോലിക്കാർ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരാകയാൽ അവരുടെ കാര്യത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതിൽ നിന്നു ആ പ്രയാസം നമ്മെ വിരമിപ്പിക്കരുതു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ൪ രൂപയിൽനിന്നു ൫ രൂപയാക്കിയതു ൧൦ ൽ വ്യത്യാസത്തിൽ മാത്രമാണല്ലോ? വീണ്ടും ഇതുവേഗം വർദ്ധിപ്പിക്കുന്നതു എന്തിനാണെന്നു ഒരു ചോദ്യമുണ്ടാകാം. ഒരല്പവും കിട്ടാത്തതിനേക്കാൾ അരയപ്പം സ്വീകരിക്കയാണ് നല്ലതെന്നുള്ള പ്രമാണമനുസരിച്ചാണ് അവർ പിറുപിറുക്കാതിരുന്നതു. അവരതുകൊണ്ടു തൃപ്തിപ്പെട്ടതായി അനുമാനിപ്പാൻ പാടില്ല. അതിന്റെശേഷം ഉപജീവച്ചിലവു വർദ്ധിച്ചിട്ടുള്ള സംഗതിയും സ്മരിക്കേണ്ടതാണ്. അവരുടെ ശമ്പളക്കുറവിനെപ്പറ്റി പരക്കെ പരാതിയുണ്ടെന്നു പത്രങ്ങളിൽനിന്നും പ്രസംഗങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാം. അവരുടെ ശമ്പളംകൂട്ടി പ്രത്യാശയ്ക്കു മാർഗ്ഗമുണ്ടാക്കി അവരുടെ സങ്കടങ്ങൾക്കു മാർഗ്ഗമുണ്ടാക്കിയാൽ മാത്രമേ ഈ പരാതിക്കു ശമനം വരത്തുള്ളൂ. ഈ നാട്ടിൽ ശമ്പളസ്കേൽ ഇല്ലല്ലോ. തന്റെ അദ്ധ്യാപകജീവിതകാലത്തു ശമ്പളമല്ലെങ്കിലും കൂട്ടിക്കിട്ടുമെന്നു പ്രത്യാശയ്ക്കു മാർഗ്ഗമില്ലാത്ത അദ്ധ്യാപകന്മാർ വേറൊരു നാട്ടിലുമില്ല. അവർ മിക്കവാറും ൫ രൂപ ശമ്പളത്തിൽ ജീവിതമാരംഭിച്ചു ൫ രൂപ ശമ്പളത്തിൽതന്നെ മരിക്കുന്നു. ശമ്പളത്തിലെന്തെങ്കിലും കൂടുതൽ കൊടുക്കണമെന്നു സ്പഷ്ടമാണ്. ഒരു വർണ്ണാക്ഷര പ്രൈമറിസ്കൂൾ അദ്ധ്യാപകൻ എങ്ങനെയാണ് ഒരു ഗ്രാമത്തിൽ തന്റെ ജീവിതംകഴിക്കുന്നതെന്നന്വേഷിച്ചാൽ അതിനെപ്പറ്റി ലജ്ജതോന്നും. അയാൾ യാചിച്ചോ കടംമേടിച്ചോ ധനികന്മാരുടെ ഔദാര്യത്തെ ആശ്രയിച്ചോ കാലംകഴിക്കുന്നു. ഇങ്ങനെ കുറെക്കാലം കഴിഞ്ഞാൽ ചിലയാൾ വേറെ ആദായമാർഗ്ഗം കണ്ടുപിടിച്ചെന്നുവരാം. ഒരുപക്ഷേ മോഷണംതുടങ്ങാൻ മതി (ചിരി) അങ്ങനെ കേൾക്കാനിടവരുന്നതിനു മുമ്പായി ഈ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ നേർക്കു നാം അല്പം കരുണകാണിക്കുന്നതു ഉത്തമമായിരിക്കും.

ഇതുകൊണ്ടു അവരുടെ ശമ്പളംകൂട്ടി പ്രത്യാശയ്ക്കു വഴിയുണ്ടാക്കിക്കൊടുക്കുന്നതാവശ്യമാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അവരുടെ ഇപ്പോഴത്തെ ശമ്പളം ൫ രൂപ ആകുന്നു. അവർക്കു കാലക്രമേണ ലഭിക്കുന്ന ഒരു സ്കേൽ അനുവദിച്ചാൽ അവർ തൃപ്തിപ്പെടും എന്നു നിശ്ചയമായിപറയാം. ഭാവിയിൽ വല്ലതും കൂട്ടിക്കിട്ടുമല്ലോ എന്നുള്ള പ്രത്യാശനിമിത്തം അവർ അവരുടെ ജോലി ശരിയായി ചെയ്തുകൊള്ളും. ഇ

ച്ചോക്കും അവർക്കു പ്രത്യേകത ഇല്ലാതെ അവരുടെ ഉത്സാഹം കെട്ടുപോയിരിക്കുന്നു. ജീവനധാരണത്തിന്നൊന്നുമില്ലാതെ അവർ ക്ലാസുമുറിയിൽ ഇരുന്നു ജോലിചെയ്യുന്നതെങ്ങനെ? മി. ഹോഡ്സൺ പറഞ്ഞപ്രകാരം അവർ സ്വാതന്ത്ര്യം ഇല്ലാത്ത മനുഷ്യരാണ്. അവരുടെ സ്ഥിതിയിൽതന്നെ അവർ കടക്കാരായും ഇരുന്നാൽ ഉള്ള സ്വാതന്ത്ര്യവും ഇല്ലാതായിപ്പോകും. എന്തെന്നാൽ അവർ പട്ടിണികിടന്നിട്ടു ക്ലാസ്സിൽതന്നെ കിടന്നു മരിച്ചുപോകും.

ഇതിനെ സംബന്ധിച്ചു നമ്മുടെ അടുത്തരാജ്യങ്ങളിൽ എന്താണു ചെയ്യുന്നതെന്നു സഭമുമ്പാകെ പ്രസ്താവിച്ചുകൊള്ളുന്നു. ഏറ്റവും ചെറിയരാജ്യമായ പുതുക്കോട്ടയിൽ ട്രെയിൻചെയ്യാത്ത വെർണാക്കുലർ അദ്ധ്യാപകന്മാരുടെ ശമ്പളം ൧൨½ രൂപായാണു. ലോവർഗ്രേഡ് ട്രെയിനിങ്ങ് കഴിഞ്ഞാലുടനെ, പരീക്ഷയിൽ തോറ്റുപോയാലും അവർക്കു ൧൫ രൂപാ ശമ്പളം കൊടുക്കും. പരീക്ഷ ജയിച്ചാൽ ൨൦ രൂപാ കിട്ടും. അപ്പർഗ്രേഡ് ട്രെയിനിങ്ങ് ആണെങ്കിൽ പരീക്ഷയിൽ തോറ്റവർക്കു ൧൭½ രൂപായും ജയിച്ചവർക്കു ൨൨½ രൂപായുമാണു ശമ്പളം. മൂന്നാംഫാറംവരെ പഠിച്ചവരെ ലോവർഗ്രേഡിലും നാലാംഫാറംവരെ പഠിച്ചവരെ അപ്പർഗ്രേഡിലും അദ്ധ്യാപകന്മാരായിട്ടാണു എടുക്കുന്നതു.

കൊച്ചിയിൽ പോലും മൂന്നാംഗ്രേഡ് അദ്ധ്യാപകന്മാരുണ്ടു. ഒന്നാംഗ്രേഡുകാർക്കു ൨൦ മുതൽ ൨൫ വരെയും രണ്ടാംഗ്രേഡുകാർക്കു ൧൫ മുതൽ ൨൦ വരെയും മൂന്നാംഗ്രേഡുകാർക്കു ൧൫ രൂപായും ആകുന്നു ശമ്പളം.

മൈസൂരിൽ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു ൧൫ മുതൽ ൩൦ രൂപാവരെ ശമ്പളമുണ്ടു. താഴ്ന്നയോഗ്യത ലോവർസെക്കണ്ടറി പരീക്ഷയാണു. എന്നാൽ വലിയ പ്രൈമറിസ്കൂളുകളിൽ (നാട്ടുഭാഷാ എസ്. എസ്. എൽ. സി. ക്കു തുല്യമായ) അപ്പർസെക്കണ്ടറി പരീക്ഷ പാസ്സായവരും അപ്പർസെക്കണ്ടറി ട്രെയിനിങ്ങ് കഴിഞ്ഞവരും ഉണ്ടു. രാജ്യമൊട്ടുക്കു പ്രാഥമികവിദ്യാഭ്യാസം സൌജന്യമാണു.

മദ്രാസിലെ സംഗതി എങ്ങനെയാണോ? അദ്ധ്യാപകന്മാർ കാര്യക്ഷമതയും സാമർത്ഥ്യം പ്രാപിച്ചവരും ട്രെയിൻചെയ്തവരും ആയിരിക്കണം എന്നു വിദ്യാഭ്യാസധുരന്ധരന്മാർ പറയുന്നു. അഞ്ചോ ക്ലാസ്സുമുറികളിലെ ക്ലാസ്സുകളും ഉള്ള സ്കൂളുകളിൽ ഹെഡ്മാസ്റ്റർ സെക്കണ്ടറി ട്രെയിൻഡ് ആയിരിക്കണം. മൂന്നാംഗ്രേഡ് അദ്ധ്യാപകന്മാർ ഉണ്ടു. ട്രെയിൻ ചെയ്യാത്ത എലിമെന്ററി ലോവർഗ്രേഡ് അദ്ധ്യാപകൻ ൧൨ രൂപാ ശമ്പളത്തിൽ ആരംഭിക്കുന്നു. വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളം എട്ടോ ഒൻപതോ രൂപായാണെന്നു വിദ്യാഭ്യാസധുരന്ധരന്മാർ പറഞ്ഞതു മി. സി. പി. തരകനെപ്പോലെ ഞാനും കേട്ടു. എന്നാൽ കൌൺസിൽ പ്രൊസീഡിങ്ങ്സിൽ നോക്കിയപ്പോൾ അതു കണ്ടില്ല. എലിമെന്ററി ഹൈയ്യർഗ്രേഡ് അദ്ധ്യാപകൻ ട്രെയിൻചെയ്തിട്ടില്ലെങ്കിൽ ൨൦-ം ഒന്നാംഗ്രേഡ് അദ്ധ്യാപകൻ ൨൫-ം രൂപാ ശമ്പളം വാങ്ങുന്നു. അദ്ധ്യാപികമാർ ഏതുഗ്രേഡിൽ ആയാലും അവർക്കു ൫ രൂപാ കൂടുതൽ ശമ്പളമുണ്ടു. അവർ ട്രെയിൻചെയ്താൽ ഉടനെ ആണ്ടുതോറും ൧ രൂപാ കൂട്ടിക്കൊണ്ടു ൨൦ രൂപാ മുതൽ ൩൦ രൂപാവരെയും ൨൫-൧-൩൦-ം ൩൫-൧½-൪൦-൧½-൫൦ വരെയും ക്രമപ്രകാരം ശമ്പളം വാങ്ങുന്നു. അതിനുപുറമേ ഹെഡ്മാസ്റ്റർമാർക്കും ഹെഡ്മിസ്ട്രസ്സുമാർക്കും ൨ രൂപാമുതൽ ൫ രൂപാവരെ പ്രത്യേകത്തിൽ അലവൻസും ഉണ്ടു.

പൂനായിൽ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു ൨൦ രൂപാ (കുറഞ്ഞതു) മുതൽ ൩൦ രൂപാ (കൂടിയതു) വരെ ശമ്പളമുണ്ടെന്നു വിദ്യാഭ്യാസധുരന്ധരന്മാർ പറയുന്നു. അവിടെ അദ്ധ്യാപകന്മാർക്കു വേണ്ടുന്ന കുറഞ്ഞയോഗ്യത വെർണാക്കുലർഫൈനൽ പരീക്ഷയും അദ്ധ്യാപികമാർക്കു വേണ്ടുന്ന കുറഞ്ഞയോഗ്യത വെർണാക്കുലർ ഫിഫ്ത്ത്സ്റ്റാണ്ടേർഡ് പരീക്ഷയും ആകുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ കൂടുതൽയോഗ്യത ഒരു ട്രെയിനിങ്ങ്കോളേജിലെ തേർഡ്ഇയർ (മൂന്നാംവർഷം) സെർട്ടിഫിക്കേറ്റാണ്. യോഗ്യതയില്ലാത്ത അദ്ധ്യാപകന്മാർക്കു ൨൦ രൂപായും യോഗ്യതയുണ്ടെങ്കിലും ട്രെയിൻചെയ്തിട്ടില്ലാത്തവർക്കു ൨൫ മുതൽ ൩൦ വരെയും രൂപാ ശമ്പളം കൊടുക്കുന്നു.

പ്രെസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നോമിനേറ്റഡ്): സർ, മി. സി. പി. തരകൻ ഹാജരാക്കിയ പ്രമേയത്തിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു എന്നു പറഞ്ഞിട്ടാവശ്യം ഇല്ല. അരിഷ്ടന്മാരായ ഗ്രാമസ്കൂൾ അദ്ധ്യാപകന്മാരോടു തങ്ങൾക്കു വലിയ അനുകമ്പയുണ്ടെന്നു ഗവണ്മെന്റിന്റെ ഭാഗം പറകയുണ്ടായി. ഈ പരസ്ഥിതി നന്നാക്കിയാൽ തനിക്കു വളരെ തൃപ്തിയുണ്ടാകുമെന്നു മി. കൃഷ്ണസ്വാമി അയ്യർ അദ്ദേഹത്തിന്റെ സ്വന്തംനിലയിലും പ്രസ്താവിച്ചു. എന്നാൽ ഗവണ്മെന്റിനുവേണ്ടി അദ്ദേഹം പറഞ്ഞതു ആ വാക്കിനപ്പുറം ഒന്നും പറവാൻ ഇപ്പോൾ നിവൃത്തിയില്ലെന്നാണു. എല്ലാം പണത്തിനെ ആശ്രയിച്ചിരിക്കുന്നു എന്നു അദ്ദേഹം പറകയായിപ്പറഞ്ഞു. അദ്ധ്യാപകന്മാരുടെസ്ഥിതി നന്നാക്കണമെന്നുള്ള വിഷയത്തെപ്പറ്റി അശേഷം അഭിപ്രായവ്യത്യാസം ഇല്ല. പണമുണ്ടെങ്കിൽ ഗവണ്മെന്റ തീർച്ചയായും ഈ കാര്യം ആലോചനക്കെടുക്കുമെന്നാണു അദ്ദേഹം പറഞ്ഞതു. കാര്യത്തിന്റെ ധനഭാഗത്തെപ്പറ്റി സംസാരിച്ചപ്പോൾ നമുക്കു സ്വാതന്ത്ര്യം അധികവും ഉത്തരവാദിത്വം കുറച്ചും ആണെന്നും അനുദ്യോഗസ്ഥമെമ്പർമാർ ഒരു അപേക്ഷ സ്വീകരിച്ചാലും അതിന്റെ ഭവിഷ്യത്തുക്കൾ എന്തായിരിക്കുമെന്നു ഗവണ്മെന്റു ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു. എന്തെന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അതു വിദ്യാഭ്യാസവകുപ്പിലെ ചെലവുമാത്രമല്ല വർദ്ധിപ്പിക്കുന്നതു വേറെ ചില ഡിപ്പാർട്ടുമെന്റുകളിലെ ചെലവും വർദ്ധിപ്പിക്കുമത്രെ. താണ ഉദ്യോഗങ്ങളിൽ ഇരിക്കുന്നവരുടെ ശമ്പളം കൂട്ടേണ്ടതാണെന്നു അനുദ്യോഗസ്ഥമെമ്പർമാർ ഐകകണ്ഠ്യേന ബോധിപ്പിച്ചിട്ടുള്ളതായി സഭയുടെ മുൻനടപടികളിൽ നിന്നും ഗവണ്മെന്റു ഗ്രഹിച്ചിട്ടുണ്ടായിരിക്കണം. ഇങ്ങനെ വിദ്യാഭ്യാസവകുപ്പിലെയാകട്ടെ മറ്റു ഡിപ്പാർട്ടുമെന്റുകളിലെയാകട്ടെ കീഴുദ്യോഗസ്ഥന്മാരുടെ എല്ലാവരുടേയും ശമ്പളം കൂട്ടണമെന്നു അനുദ്യോഗസ്ഥമെമ്പർമാർ എല്ലാവരും ഗവണ്മെന്റിനോടു അപേക്ഷിക്കയുണ്ടായിട്ടുണ്ടു. പൊതുജനാഭിപ്രായപ്രകാരം ചെയ്യുന്നതിനു പണക്കുറവു നിമിത്തം ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ലായിരിക്കാം. കാര്യം പണത്തെ ആശ്രയിച്ചിരിക്കുന്നു സത്യം. എന്നാൽ പണം ഇല്ലെങ്കിൽ ഉണ്ടാക്കണം. അതിനെന്താമാർഗ്ഗം എന്നാണു പിന്നത്തെ ചോദ്യം. ഇതിന്നാവശ്യമുള്ള പണം എവിടെനിന്നുണ്ടാക്കുമെന്നു ചൂണ്ടിക്കാണിക്കേണ്ടതു അനുദ്യോഗസ്ഥന്മാരുടെ ചുമതലയാണെന്നു—ഉദ്ദേശം അതാണോ എന്നു നിശ്ചയമില്ല. ഗവണ്മെന്റു ഭാഗത്തുനിന്നു പറഞ്ഞു—ഉത്തരവാദിത്വത്തെപ്പറ്റി പറയുമ്പോൾ ഒരു പ്രമാണം

തീരുന്നു. ഞങ്ങൾ ഗവൺമെന്റിനു ഉത്തരവാദികൾ അല്ലെങ്കിൽ, ഗവൺമെന്റിന്റെ നിലയും അതു തന്നെയാണു്. ഗവൺമെന്റിനു ഞങ്ങളോടു ഉത്തരവാദിത്വം ഇല്ലയോ? ഗവൺമെന്റിനു ഞങ്ങളോടു ഉത്തരം പറയേണ്ടുന്ന ചുമതല ഉണ്ടായിരുന്നെങ്കിൽ പണം എവിടെനിന്നുണ്ടാകുമെന്നു പണ്ടേ കണ്ടുപിടിക്കുന്നു. ഈ സഭയിലെ അനുദ്യോഗസ്ഥ മെമ്പർമാരുടെ അധികാരം എത്രയോ ചുരുങ്ങിയതാണെന്നു നിങ്ങൾക്കു അറിയാമല്ലോ. നിർഭാഗ്യവശാൽ ഇന്നുസംഭവിക്കുന്നപോലെ വോട്ടുചെയ്യാൻ പാടില്ലാത്ത ഇനങ്ങളെപ്പററി വിവരങ്ങൾ ചോദിച്ചറിവാൻപോലും അവർക്കു നിവൃത്തിയില്ല. റെഗുലേഷന്റെ പരിമിതികളും അതുപോലുള്ളവ ചൂണ്ടിക്കാണിക്കാനോ ഗവൺമെന്റിന്റെ വരവു ഇന്നവിധം വിനിയോഗിക്കണമെന്നു പറവാനോ പ്രായേണ അത്യന്ത്യം .... ഞങ്ങൾക്കു കഴികയില്ല. ഇതു ഞങ്ങളുടെ കുററമൊന്നുമല്ല ഞങ്ങൾക്കു ഒരു പരിധിയുമില്ല. അതുകൊണ്ടു പ്രായമായ അത്യന്തമെന്ന സാധിപ്പിച്ചു തരുവാൻ ഗവൺമെന്റ ഉത്തമവിശ്വാസത്തോടെ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ബാക്കിയുള്ളവർക്കു എല്ലാവരെയും അനുസരിച്ചു കൂട്ടിക്കൊടുക്കണം അല്ലെങ്കിൽ എത്രഗ്രഡുകൾ ഉണ്ടായിരിക്കണം എന്നു കൃത്യമായി പറവാൻ എന്നാൽ ഇപ്പോൾ സാദ്ധ്യമല്ല. ആ പ്രമേയത്തിൽ പറയുന്നതു നിർണ്ണയിക്കേണ്ട ഒരു സംഗതിയും അല്ലല്ലോ. ഈ കാര്യം മേലാലും ഗവൺമെന്റിന്റെ ഗാഢമായ ചിന്തയ്ക്കു വിഷയമാകും എന്നു വിദ്യാഭ്യാസഡയറക്ടർ ഉറപ്പുപറയുന്നതു ആശ്വാസം തരുന്നു. അദ്ധ്യാപകന്മാരുടെ സങ്കടനിവേദനം വ്യർത്ഥമായിപ്പോയില്ല എന്നു പറയത്തക്കവണ്ണം ഇനിയത്തെ ബഡ്ജററ് തയ്യാറാക്കി ഹാജരാക്കുമ്പോൾ എങ്കിലും അവരുടെ സ്ഥിതി അല്പമെങ്കിലും നന്നായിരിക്കത്തക്കവണ്ണം ഗവൺമെന്റ അവരുടെ അന്വേഷണം വേഗത്തിൽ നടത്തി പൂർത്തിയാക്കണമെന്നു മാത്രം അപേക്ഷിച്ചുകൊള്ളുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മിസ്റ്റർ സി. പി. തരകൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ സന്തോഷസമേതം ഞാൻ അനുകൂലിക്കുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യം ഏററവും പ്രാധാന്യമുള്ളതും ഗവൺമെന്റ അടിയന്തിരമായി തീർപ്പുചെയ്യേണ്ടതുമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ കാര്യത്തെപ്പററി അനുകമ്പയോടെ ആലോചിക്കാമെന്നു ഗവൺമെന്റിനുവേണ്ടി വാഗ്ദാനംചെയ്ത എന്റെ ഗുരു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർക്കു ഞാൻ ഭക്തിപുരസ്സരം നന്ദിപറഞ്ഞുകൊള്ളുന്നു. ഈ ഉറപ്പു പറഞ്ഞതുനിമിത്തം എനിക്കു വളരെ ആശ്വാസം ഉണ്ടു്. എന്നാലും ഈ വിഷയത്തിന്റെ ചില വശങ്ങളെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെടുത്തേണ്ടതുണ്ടെന്നു വിചാരിക്കുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു വല്ലതെല്ലാം ചെയ്തിട്ടുള്ളതായി ഗവൺമെന്റിനു ഒരു ധാരണയുണ്ടെന്നു തോന്നുന്നു. ചരിത്രദൃഷ്ട്യാ അതു അത്ര ശരിയല്ലെന്നു കാണാം. ഇതിനെപ്പററി ഒന്നുരണ്ടു സംഗതികൾ പറയാം. ഈ രാജ്യത്തു ആദ്യം ഗവൺമെന്റു സ്കൂളുകൾ സ്ഥാപിച്ചതു ലക്ഷ്മീബായിറാണി തിരുമനസ്സിലെ ഭരണകാലത്താണെന്നു തോന്നുന്നു. അന്നു താലൂക്കു സ്കൂളുകൾ ഉണ്ടായിരുന്ന ആ സമയം സ്ഥാപിച്ച മററു സ്കൂളുകളിലെയും അദ്ധ്യാപകന്മാർക്കു കൊടുത്തുവന്ന ശമ്പളം കാര്യക്കാരന്മാരുടെയോ തഹശീൽദാരുടെയോ ആഫീസിലെ പ്രധാന ഗുമസ്തന്മാരുടെ ശമ്പളം ആയിരുന്നു. ഇങ്ങനെ കുറേക്കാലം നടന്നു. പിന്നീടു, നമുക്കു ഓർമ്മയായതിനു പിന്നെ, നാം സ്കൂളിൽ പഠിച്ചിരുന്നപ്പോൾ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്റെ കുറഞ്ഞ ശമ്പളം നാല്പത്തൊമ്പതോ അമ്പതോ പണം ആയിരുന്നു. താലൂക്കുകച്ചേരികളിലെ ഗുമസ്തന്മാർക്കും ആ ശമ്പളംതന്നെ കൊടുത്തുവന്നു. ഹെഡ്മാസ്റ്ററുടെ ശമ്പളവും ഹെഡ്ഗുമസ്തന്റെ ശമ്പളവും സമമായിരുന്നു. അദ്ധ്യാപകന്മാരുടെ സ്ഥിതി മേലെപ്പെട്ടിട്ടില്ലെന്നാണു ഞാൻ പറയുന്നതു്, നേരെമറിച്ചു അതു താഴ്ത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇപ്പോൾ താലൂക്കുകച്ചേരിയിലെ ഹെഡ്ഗുമസ്തന്റെയോ ഹെഡ് അക്കൗണ്ടന്റിന്റെയോ ശമ്പളം ൩൦ രൂപായാണു. നാലാംക്ലാസുവരെ പഠിപ്പിക്കുന്ന വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്റെ ശമ്പളം ൧൫ രൂപാ മാത്രവുമാണു്. ചില നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു, അതായതു മിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കു, അധികം ആയതു ഏകദേശം ൨൦ രൂപാ ശമ്പളമുണ്ടെന്നു പറയുമായിരിക്കാം. എന്നാൽ വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം താലൂക്കുകച്ചേരികളിലെ കുറഞ്ഞ ശമ്പളക്കാരുടെ ശമ്പളത്തിൽ കുറവാണു്. അതുകൊണ്ടു ചരിത്രദൃഷ്ട്യാതന്നെ അദ്ധ്യാപകന്മാരോടു ന്യായമായി പ്രവർത്തിക്കയാണെങ്കിൽ മിസ്റ്റർ സി. പി. തരകൻ അഭിപ്രായപ്പെട്ടിട്ടുള്ളതിൽ അധികം ശമ്പളം കൊടുക്കണം. അതിനു ദ്രവ്യമുണ്ടെങ്കിൽ അതു കുറവായിപ്പോയി എന്നുള്ളതാണു സത്യം. പ്രമേയത്തിൽ കാണിച്ചിട്ടുള്ള സംഖ്യ എത്രയോ മിതമാകയാൽ ഗവൺമെന്റ ഉടനെ അനുവദിച്ചുകൊടുക്കുമെന്നു വിശ്വസിക്കുന്നു.

മററു ഡിപ്പാർട്ടുമെന്റുകളിൽ നോക്കിയാലും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സമമാത്രം യോഗ്യതയുള്ളവർ അവരെക്കാൾ അധികം ശമ്പളം വാങ്ങുന്നതായി കാണാം. ഉദാഹരണമായി രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഗുമസ്തന്മാർക്കു ൧൫ മുതൽ ൨൫ വരെ രൂപാ ശമ്പളമുണ്ടു. അതു കുറഞ്ഞശമ്പളമാണു്. കൂടുതൽ ശമ്പളം നാല്പതോ അമ്പതോ രൂപായാണു. രെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഈ ചില ഗുമസ്തന്മാർക്കു പരീക്ഷായോഗ്യത ഒന്നുമില്ല. വിദ്യാഭ്യാസവകുപ്പിൽ പരീക്ഷ ജയിച്ചിരിക്കേണ്ടതു നിർബന്ധമാണു. പരീക്ഷായോഗ്യതയൊന്നുമില്ലാത്തവരെ ഇപ്പോൾ വിദ്യാഭ്യാസവകുപ്പിൽ നിയമിക്കയില്ല. അദ്ധ്യാപകന്മാരുടെ പരീക്ഷാവിജയവും, പിന്നീടു അവർക്കുള്ള ട്രെയിനിങ്ങും, ശാസ്ത്രീയമായും മററും പൂർണ്ണമായി ഉണ്ടാകുന്ന അറിവു അവർക്കുണ്ടായിരിക്കേണ്ട ആവശ്യകതയും നിമിത്തം അവർക്കു യന്ത്രംപോലെ ജോലിചെയ്യുന്ന റെജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ ഗുമസ്തന്മാർക്കു കൊടുക്കുന്ന ശമ്പളത്തെക്കാൾ അധികം ശമ്പളം കൊടുക്കേണ്ടതാണെന്നു സ്പഷ്ടമാണു. അവർ ചെയ്യുന്ന ജോലിയെപ്പററി ആലോചിച്ചാൽ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരോടു ഗവൺമെന്റ നീതിയായി പ്രവൃത്തിക്കുന്നില്ലെന്നു കാണിക്കാൻമാത്രമാണു ഞാൻ ഈ സംഗതികൾ പ്രസ്താവിക്കുന്നതു. ചരിത്രസംബന്ധമായും അവരുടെ സ്ഥിതി നന്നായിട്ടില്ലെന്നു മാത്രമല്ല മററു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടു താരതമ്യപ്പെടുത്തിനോക്കിയാൽ അവരുടെ സ്ഥിതി വഷളായി വഷളായി വരികയാണു ചെയ്യുന്നതു.

ചെലവുസംബന്ധിച്ചു ഭയപ്പെടാൻ കാരണമൊന്നുമില്ലെന്നാണു എന്റെ വിശ്വാസം. ൧൧൦൦-ലെ ഭരണറിപ്പോർട്ടിൻപ്രകാരം ഗവൺമെന്റിനു ൫൦ ലക്ഷം രൂപാ മിച്ചമുള്ളതായി കാണുന്നു. ഈ വർഷവും അങ്ങനെ മിച്ചംവരും. എന്തെന്നാൽ ൧൧൦൦-ൽ വരവിൽ ഉണ്ടായ കൂടുതൽ സ്ഥിരമായിവന്ന ഒരു വരവു

നിമിത്തമല്ല, ഏറിവരുന്ന ചിലവുകളും ഇറക്കുമതിച്ചുങ്കം മുതലായി പലഇനം വരവുകളിൽ ഉള്ള സ്വാഭാവിക കുറവു കൊണ്ടാണു. അതുകൊണ്ടു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞ കണക്കുകൾ തെറ്റപ്പെട്ടിട്ടുള്ളവയല്ല.

വേറൊരു കാരണം പറഞ്ഞതു മററു ചിലരും ഇങ്ങനെ ശമ്പളക്കൂടുതൽ ചോദിക്കുമെന്നാണു. മററു ഡിപ്പാർട്ടുമെൻറുകളിലും ഇതേസ്ഥിതിയിലുള്ള ആളുകൾ ഉണ്ടെങ്കിൽ അവർക്കും ശമ്പളക്കൂടുതൽ കൊടുക്കണം. ഇതേസങ്കടസ്ഥിതിയിൽ ഉള്ള ആളുകൾ മററു ഡിപ്പാർട്ടുമെൻറുകളിൽ വളരെ ചുരുക്കമേ ഉള്ളു എന്നാണു എന്റെ വിശ്വാസം. അങ്ങനെയാണു മുഖ്യമായി ആലോചിക്കേണ്ടതു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യമാണു

മി. കൃഷ്ണസ്വാമി അയ്യർ പറഞ്ഞപ്രകാരം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽതന്നെ വേറെ ചിലവുകൾ ഉണ്ടായിരിക്കാം, ആ വക ചെലവുകൾ ഓരോന്നായി നോക്കിയാൽ ആവശ്യമായിരിക്കാമെങ്കിലും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ആവശ്യങ്ങളോടു ഉപമിച്ചുനോക്കിയാൽ അവയെല്ലാം മോടിച്ചെലവുകളായിട്ട വിചാരിക്കാനേ ഉള്ളു. അതുകൊണ്ടു ഗവണ്മെൻറിന്റെ ശ്രദ്ധ മുഖ്യം പതിയേണ്ടതു അവരുടെ കാര്യത്തിലാണു. ഇപ്പോൾ ആലോചനയിൽ കൊണ്ടുവന്നിട്ടുള്ള ശമ്പളക്കൂടുതൽകൊണ്ടു കാര്യം അവസാനിപ്പിക്കാമെന്നു ഞാൻ പറയുന്നില്ല. താണപടിയിലുള്ള അദ്ധ്യാപകന്മാർക്കെങ്കിലും ശമ്പളക്കൂടുതൽ കൊടുക്കേണ്ടതാണു. ഇതു തൽക്കാലത്തേക്ക ന്യായമായ ഒരു രക്ഷയായിരിക്കണം, ഗവണ്മെൻറു അതുനിമിത്തം സന്തോഷിച്ചു താണപടിയിലുള്ള അതായതു ൧൫ മുതൽ ൨൦ വരെ രൂപാ ശമ്പളം കൊടുക്കണമെന്നു പറയുന്ന അദ്ധ്യാപകന്മാർക്കെങ്കിലും ശമ്പളക്കൂടുതൽ അനുവദിക്കേണ്ടതാണു. അതു ഉടനെതന്നെ ചെയ്യുകയും വേണം. ഇപ്പോൾ കൊടുക്കുന്ന ശമ്പളത്തിൽ കുറഞ്ഞ ശമ്പളത്തിനു അദ്ധ്യാപകന്മാരെ കിട്ടുമെന്നു പറയുമായിരിക്കാം. അതൊന്നും ന്യായമല്ല, അങ്ങനെയൊരു വാദം ഒരു ഗവണ്മെൻറു കൊണ്ടുവരേണ്ടതല്ല. ഉയർന്നതരം ഉദ്യോഗങ്ങൾക്കും കുറഞ്ഞ ശമ്പളത്തിൽ ആളെ കിട്ടും. അതിനെപ്പററി ചോദ്യമില്ല. വിദ്യാഭ്യാസമുള്ള ഗവണ്മെൻറുദ്യോഗസ്ഥന്മാർ താണപടിയിലുള്ളവരായാലും ഉപജീവനത്തിനു വേണ്ടുന്ന ശമ്പളം കൊടുക്കണം.

പ്രെസിഡെൻറു: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതുകൊണ്ടു പ്രമേയത്തെ ഞാൻ ഏററവും പൂർവം അനുകൂലിക്കുന്നു.

മി. സി. പി. തോമസ് (ഗവണ്മെൻറു നിയമനം): മി. സി. പി. തരകൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥിതി നന്നാക്കേണ്ടതാണെന്നു ജനപ്രതിനിധികൾ മാത്രമല്ല, ഗവണ്മെൻറു നിയമിച്ചിട്ടുള്ള പ്രതിനിധികളിൽ ചിലരും ഡിപ്പാർട്ടുമെൻറു മേധാവികളും മററു മെമ്പർമാരും കൂടെ സമ്മതിച്ചുകാണുന്നതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസ ഡയറക്ടർതന്നെ സമ്മതിച്ചപ്രകാരം വാദം ചെലവിടേണ്ടിവരുന്ന പണത്തെ സംബന്ധിച്ചാണു. അതുകൊണ്ടു ഈ കാര്യത്തെപ്പററി ഉത്സാഹമുള്ളവരുടെ ജോലി മുഴുവനും പണത്തെ സംബന്ധിച്ച ഈ വിഷയത്തെയും ഡയറക്ടരുടെ പ്രസംഗത്തിൽ പറഞ്ഞ മററു സംഗതികളെയുംപററി പര്യാലോചിക്കയാകുന്നു. ഇതോടുകൂടെ വിഷയത്തിന്റെ പ്രധാന്യം ഗവണ്മെൻറിനെ ബോധ്യപ്പെടുത്തുന്നതിനു ഒന്നുരണ്ടു സംഗതികൾ ഞാൻ പറഞ്ഞുകൊള്ളുന്നു.

ഇംഗ്ലീഷ് സ്കൂളുകളിൽ വന്നുചേരുന്ന വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസകാലത്തിൽ ആദ്യത്തെ നാലു വർഷക്കാലം നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ കീഴിൽ കഴിക്കുന്നു. അന്നു അവർക്കുണ്ടാകുന്ന മാനസികശീലങ്ങൾ ചീത്തയാണെങ്കിൽ അവയെ ഉന്മൂലനം ചെയ്യുന്നതിനു ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകന്മാർ എത്രതന്നെ പരിശ്രമിച്ചാലും സാധിക്കയില്ലെന്നു പണ്ടുമുതൽ, ഏകദേശം ൨൫ വർഷം, ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകനായിരുന്നിട്ടുള്ള ഞാൻ സാക്ഷീകരിച്ചുകൊള്ളുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്റെ ജോലി താണപടിയിലുള്ളതാണെന്നു പറവാൻ എളുപ്പമാണു. അയാൾ ശിശുക്കളേയാണു പഠിപ്പിക്കുന്നതു. അയാളുടെ സ്കൂൾ ചെന്നുനോക്കിയാൽ അയാളുടെ സ്കൂൾ കെട്ടിടം ഇംഗ്ലീഷ് സ്കൂളുകളുടേയും കാളേജ്കളുടേയും കെട്ടിടങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ നിസ്സാരമാണു. എന്നാൽ പുറമെ കാണുന്ന കാഴ്ചകൊണ്ടു നാമൊന്നും വിധിക്കരുതു. പ്രൈമറി സ്കൂളിൽ ഇടുന്ന അസ്ഥിവാരം മോശമായിപ്പോയാൽ രാജ്യവും നമ്മൾ ഹൈസ്കൂളിലും കാളേജിലും പഠിക്കുമ്പോഴും അവരുടെ ജീവിതകാലം മുഴുവനും വിദ്യാർത്ഥികളും അതിന്റെ ഫലം അനുഭവിക്കാതിരിക്കയില്ല. ഈ ഫലം എന്തായിരിക്കുമെന്നു നമുക്കിപ്പോൾ ഗണിക്കാൻ കഴികയില്ല. അതുകൊണ്ടു നമ്മുടെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിദ്യാർത്ഥിജീവിതത്തിന്റെ ആദ്യത്തെ നാലു വർഷത്തെ പഠിത്തത്തിനുള്ള ചെലവു ചുരുക്കുന്നതു കേവലം ഉന്മാദം ആയിരിക്കും.

ഇതിനെപ്പററി വേറൊരു സംഗതി എനിക്കു പറവാനുള്ളതു ഇതാണു. വിദ്യാഭ്യാസംസംബന്ധിച്ചു നമ്മുടെ രാജ്യം മുന്നണിയിൽ നിൽക്കുന്നു എന്നു നമുക്കു ന്യായമായിത്തന്നെ ഒരു ഗർവം ഉണ്ടു. ഇൻഡ്യയിലും പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇതിനെ സംബന്ധിച്ചു നമുക്കു അഭിമാനമുണ്ടു. എന്നാൽ ആ അഭിമാനത്തിനു കാരണം എന്തു? രാജ്യത്തിലെ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു ഈ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെക്കൊണ്ടു ഒരു നിസ്സാര ശമ്പളത്തിനു വിടുപണി എടുപ്പിക്കാൻ നമുക്കു കഴിയുന്നതുകൊണ്ടത്രേ. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ഈ വിദ്യാഭ്യാസപ്രചാരംകൊണ്ടുള്ള അഭിമാനം സ്വീകരിക്കയും അതിനു ഹേതുഭൂതന്മാരായ ഈ സാധുമനുഷ്യർക്കു ഇത്ര നിസ്സാരമായ ശമ്പളംമാത്രം കൊടുക്കുകയും ചെയ്യുന്നതു ഗവണ്മെൻറിന്റെ ഭാഗം ന്യായമാകുമോ? നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ എണ്ണം വലിയതാണു. അവർ ഈ നാട്ടിലെ എല്ലായിടത്തും ഉണ്ടു. നമ്മുടെ സ്കൂളുകൾ അവർക്കുള്ള ശക്തി അനുദിനം വർദ്ധിച്ചുവരുന്നു. ഗവണ്മെൻറിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്കു ആകർഷിച്ചുകൊണ്ടു വീണ്ടും ചോദിച്ചുകൊള്ളുന്നു. ജനങ്ങളുടെ ഇടയിൽ വലിയ ശക്തിയുള്ള അനേകം ആളുകളെ ജീവിതത്തിൽ അസന്തുഷ്ടിയുള്ളവരായി വിടുന്നതു ബുദ്ധിപൂർവ്വമായ നല്ല നയമാകുമോ? അവരുടെ അസന്തുഷ്ടി ന്യായരഹിതമല്ലെന്നും അവരുടെ ജീവിതം കഴിച്ചുകൂട്ടുന്നതു ഉപജീവനത്തിനുമാത്രംപോലും പോരാത്ത ഒരു ശമ്പളംകൊണ്ടാണെന്നും നാം പ്രത്യേകം സ്മരിക്കേണ്ടതാണു.

"വിദ്യാഭ്യാസച്ചെലവിനെ സംബന്ധിച്ചു മററു ഏതുതരത്തിലും ഒന്നു സാമ്പത്തികമായ ചെലവിനെപ്പററിയോ എത്ര പ്രധാന വാദമുണ്ടായാലും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശ

ബാലാക്കേണ്ടതാണെന്നുള്ള അപേക്ഷയെപ്പോലെ പ്രാധാന്യമുള്ളതാണ്. ഉടനടി ആലോചനയിൽ എടുക്കേണ്ടതായ ആവശ്യമാണെന്നുള്ള ... വേറൊരു സംഗതിയില്ലെന്നു ഞാൻ മേൽപറഞ്ഞ കാരണങ്ങളാൽ ശക്തിയായി വാദിക്കുന്നു. ഇനി മററ മെമ്പർമാർ പ്രസ്താവിക്കാത്ത വേറൊരു കാര്യത്തെപ്പററി അതായതു ഗ്രാൻറസ്കൂളുകളിലെ അദ്ധ്യാപകന്മാരെപ്പററി അല്പം പറഞ്ഞുകൊള്ളുന്നു. ഗവണ്മെൻറ പ്രൈമറിസ്കൂൾ അദ്ധ്യാപകൻെറ സ്ഥിതി പരിതാപകരമാണെങ്കിൽ മാസം ... രൂപാ ശമ്പളമുള്ള അദ്ധ്യാപകൻെറ സ്ഥിതി ... ക്ഷമമാണെങ്കിൽ അതേയോഗ്യതയുള്ളവരും അതേ ജോലി ചെയ്യുന്നവരും എങ്കിലും മിക്ക സംഗതികളിലും മാസം 9 അര രൂപാ കൊണ്ടു ചെലവു കഴിക്കേണ്ടിവരുന്നവരുമായ അദ്ധ്യാപകന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്നു ഞാൻ നിങ്ങളുടെ സങ്കല്പശക്തിക്കു വിട്ടുകൊടുക്കുന്നു.

പ്രസിഡൻറ: ഗ്രാൻറസ്കൂൾ അദ്ധ്യാപകൻ 9 അര രൂപാ കൊണ്ടു ഉപജീവിക്കുന്നു. എന്നു പറഞ്ഞതു എങ്ങനെയാണെന്നു ഈ സഭയുടെ അറിവിനായി കുറെക്കൂടെ വിസ്താരമായി പറവാൻ മെമ്പർക്കു സാധിക്കുമോ?

മി. സി. പി. തോമസ് (ഗവണ്മെൻറ നിയമനം): പലപ്പോഴും അവക്കു ഗവണ്മെൻറിൽനിന്നു കിട്ടുന്ന ഗ്രാൻറിനു അധികമായി കിട്ടുന്നില്ലെന്നു എനിക്കു തോന്നുന്നു. സാധാരണയായി ഗ്രാൻറമാത്രം കിട്ടും. ചില മാനേജർമാർ അല്പം വല്ലതുംകൂട്ടിക്കൊടുക്കും. മിക്കമാനേജരന്മാരും ഗ്രാൻറ മാത്രമേ കൊടുക്കാറുള്ളു.

പ്രസിഡൻറ: അതിനു ഉത്തരവാദികൾ ഗവണ്മെൻറാണോ മാനേജർമാരാണോ?

മി. സി. പി. തോമസ് (ഗവണ്മെൻറനിയമനം): അതിനെപ്പററി ഞാൻ പറവാൻ ഭാവിക്കയാണ്. ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററിയാണു ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു. അവരെപ്പററി മാനേജർമാർക്കു അശേഷം ശ്രദ്ധയില്ല. അവർക്കു കൊടുക്കുന്ന ശമ്പളത്തെ സംബന്ധിച്ചു ഗവണ്മെൻറിനു യാതൊരു ഉത്തരവാദിത്വവും ഇല്ലായ്ക്കും.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കാര്യത്തിൻെറ സ്ഥിതി മെമ്പർ പ്രസ്താവിക്കുംപോലെയാണെങ്കിൽ മാനേജർമാർ ഗവണ്മെൻറിനെ ചതിക്കയല്ലയോ ചെയ്യുന്നതെന്നു മെമ്പർ പറയുമോ?

മി. സി. പി. തോമസ് (ഗവണ്മെൻറനിയമനം): വഞ്ചനപ്രവൃത്തിക്കയാണെങ്കിൽ അതു കണ്ടുപിടിച്ചു അവരെ ശിക്ഷിക്കേണ്ടതു ഗവണ്മെണ്ടിൻെറ ധർമ്മമാണ്. അവരെ ഉത്തരവാദികളാക്കുന്നതിനു റിക്കാർഡൊന്നും കാണുകയില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറനിയമനം): (ഡിപ്യൂട്ടിപ്രസിഡൻറ): ശമ്പളത്തിൽ ഒരു ശതമാനം മാനേജർ കൊടുക്കുന്നില്ലയോ?

മി. സി. പി. തോമസ് (ഗവണ്മെൻറ നിയമനം): ആദ്യം ശമ്പളം ... രൂപായായി നിശ്ചയിച്ചപ്പോൾ ഒരു മാനേജരും ... രൂപായിലധികം കൊടുക്കണമെന്നു നിർബന്ധമില്ലായിരുന്നു. എന്തെന്നാൽ അവർക്കു ഗ്രാൻറ മുഴുവനും കൊടുത്താൽ മതിയെന്നായിരുന്നു അഭിപ്രായം. ഇതു കുറെ വർഷങ്ങൾക്കുമുമ്പായിരുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (അക്ടിംഗ്‌വിദ്യാഭ്യാസ ഡയറക്ടർ): മെമ്പർ പറയുന്ന ഗവണ്മെൻറ് പ്രൊസീഡിംഗ്സ് ഉദ്ധരിക്കാമോ?

മി. സി. പി. തോമസ് (ഗവണ്മെൻറ നിയമനം): ഉദ്ധരിക്കാൻ സാധിക്കയില്ല. പക്ഷേ പതിനഞ്ചു വർഷം മുമ്പാണു അതെനിക്കു നല്ല ഓർമ്മയുണ്ട്. സമയംകിട്ടിയാൽ റിക്കാർഡുകൾ നോക്കിപ്പറയാം. ഏതെങ്കിലും മാനേജരിൻെറ വക്കീലായിട്ടല്ല ഞാൻ ഇവിടെ നിൽക്കുന്നതു. മാനേജരുടെ പ്രവൃത്തി ന്യായമോ അന്യായമോ ആയിരിക്കാം. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററി പറവാൻ മാത്രമാണു ഞാൻ ഇവിടെനിൽക്കുന്നതു. മാനേജർമാരെപ്പററി ഗവണ്മെണ്ടിനു പരാതിയുണ്ടെങ്കിൽ അവരുടെ യുക്തംപോലെ ചെയ്യേണ്ടതാണു. മാനേജർമാരുടെ സ്ഥിതി എന്തായിരുന്നാലും ഈ നാട്ടിലെ ജനങ്ങൾക്കു പ്രാഥമികവിദ്യാഭ്യാസം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെണ്ടു സ്വമേധയായും ആലോചനാപൂർവ്വവും ഏറെറടുത്തിട്ടുണ്ടെന്നാണു എൻെറ വാദം. ജനങ്ങൾ ആവശ്യപ്പെട്ടപ്പോഴെല്ലാം ഉൽകൃഷ്ടവിദ്യാഭ്യാസം നൽകുവാൻ ഗവണ്മെണ്ടു നിർബന്ധിതരല്ലെന്നും പണം ഉണ്ടെങ്കിൽമാത്രമേ ഗവണ്മെണ്ടു അതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കേണ്ടതുള്ളു എന്നും കഴിഞ്ഞ ഭരണകാലത്തു ദിവാൻ പരസ്യമായി പ്രസ്താവിച്ചതു ഞാൻ വെളിപ്പായി ഓർക്കുന്നു. എന്നാൽ പ്രാഥമികവിദ്യാഭ്യാസം ജനങ്ങൾക്കു കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെണ്ടു ഏറെറിട്ടുണ്ട്. ജനങ്ങൾക്കു പ്രാഥമികവിദ്യാഭ്യാസം കൊടുക്കുന്നതിനുള്ള ചുമതല ഗവണ്മെണ്ടു കയ്യേററിട്ടുള്ളടത്തോളം ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽമാത്രം അവരുടെ ശമ്പളത്തിനു ഞങ്ങൾ ഉത്തരവാദികൾ അല്ലെന്നും അതിനുള്ള ഉത്തരവാദികൾ മാനേജർമാർ ആണെന്നും ഗവണ്മെണ്ടിനു പറവാൻ പാടില്ല. ജനങ്ങൾക്കു പ്രാഥമികവിദ്യാഭ്യാസം പ്രദാനം ചെയ്യുന്നവിഷയത്തിൽ ഗവണ്മെണ്ടിൻെറ ജോലിതന്നെയാണു ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരും ചെയ്യുന്നതു. മാനേജർമാർ എന്തൊരുകൂട്ടർ ഇല്ലെന്നിരിക്കട്ടെ ജനങ്ങൾക്കു പ്രാഥമിക വിദ്യാഭ്യാസം പ്രദാനംചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ഗവണ്മെണ്ടിൽ ഇരിക്കുന്നിടത്തോളം ഈ അദ്ധ്യാപകന്മാർക്കു ശമ്പളംകൊടുക്കുന്നതും ഗവണ്മെണ്ടിൻെറ ധർമ്മമല്ലയോ?

പ്രസിഡൻറ: സഭ ഇപ്പോൾ പിരിഞ്ഞു ... മണിക്കു വീണ്ടും കൂടും.

സഭ ... മണിക്കു പിരിഞ്ഞു ... മണിക്കു വീണ്ടും കൂടി.

മി. കല്ലൂർ നാരായണപിള്ള (ചെങ്ങന്നൂരും പത്തനംതിട്ടയും):

സർ, മിസ്റ്റർ തരകൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിൻെറ സാരാംശത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഇപ്പോൾ കേവലം തുച്ഛമായും അവരുടെ ഉപജീവനത്തിനുവേണ്ടുംവിധം തികയാത്ത നിലയിലും ആണിരിക്കുന്നതു. അവർക്കു ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു അത്യാവശ്യവുമാണ്. എന്നാൽ അതിലേക്കു ഏതുപ്രകാരമാണു ഫണ്ടു ഉണ്ടാക്കേണ്ടതു എന്നുള്ള സംഗതിയാണു ആലോചനാവിഷയമായിത്തീർന്നിരിക്കുന്നത്. അദ്ധ്യാപകന്മാർക്കു ശമ്പളം വർദ്ധിപ്പിക്കേണ്ടകാര്യം ആവശ്യമാണെന്നും അത്യാവശ്യമാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു. കുഗ്രാമങ്ങളിൽ സാമാനങ്ങൾക്കു മററും വില വളരെ കുറവാണെങ്കിലും അദ്ധ്യാപകന്മാർ വളരെ ദാരിദ്ര്യമാണ് അനുഭവിക്കുന്നത്. ഒരദ്ധ്യാപകനു സ്കൂളിൽപോകുന്ന അവസരങ്ങളിൽ നല്ലവേഷം ധരിക്കേണ്ടതായിട്ടുണ്ട്. അതിനുതക്കവണ്ണം ധനസ്ഥിതി അവർക്കില്ല. അ-

വിദ്യാർത്ഥികളുടെ മനസ്സാകുന്നതല്ല ആരോഗ്യവാന്മാരായിട്ടു അവരുടെ ശരീരപുഷ്ടിയെ പ്രദർശിപ്പിക്കേണ്ടതായിവരും. എന്നാൽ ആഹാരത്തിനു മാർഗ്ഗമില്ലാത്തതുകൊണ്ടു അതിനും നിവൃത്തിയില്ല. അദ്ധ്യാപകന്മാരുടെ നില ഒരുതരം [illegible]യാണിരിക്കുന്നതു.

ഈ വകക്കു ഫണ്ടു ഏതുപ്രകാരമാണ് ഉണ്ടാക്കേണ്ടതു എന്നതിനെപ്പറ്റി ചിലതു ഞാനും നിർദ്ദേശിക്കാം. ഒന്നും രണ്ടും ക്ലാസുകൾ കൂട്ടിച്ചേർത്തു (ഡബിൾ ഷിഫ്റ്റ് സിസ്റ്റം) നടപ്പിലാക്കുന്ന ഒരു സമ്പ്രദായം ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ആ സിസ്റ്റംകൊണ്ടു ഒന്നും രണ്ടും ക്ലാസുകളിലെ അദ്ധ്യയനം അരമാസത്തിനുള്ളിൽ നടത്തിക്കാൻ കഴിയുമെന്നു കാണുന്നു. ആ ക്രമത്തിനു ഒന്നും രണ്ടും ക്ലാസ് ഒന്നിച്ചുചേർത്തു മൂന്നു ക്ലാസ്സിലെ പഠനംകൊണ്ടു ഇംഗ്ലീഷ് സ്കൂളിൽ പ്രവേശിക്കുന്നതിനു ഒരു വിദ്യാർത്ഥിക്കു സാധിക്കുന്നതാണ്. അങ്ങിനെയാണെങ്കിൽ ൧൨,൦൦൦ അദ്ധ്യാപകന്മാരോളം നമുക്കു കുറയ്ക്കാവുന്നതും ൨൫ രൂപാ ശമ്പളക്രമത്തിനു ഒരുവലിയ സംഖ്യ ലാഭം എടുക്കാവുന്നതുമാകുന്നു.

ഇവിടത്തെ വിദ്യാലയങ്ങൾക്കായി വച്ചിട്ടുയിരിക്കുന്ന കെട്ടിടങ്ങൾ ഉണ്ടാക്കി അനാവശ്യമായും ഉപയോഗിക്കുന്നതു അക്രമമാണ്. ഒരവസരത്തിൽ ക്രിസ്ത്യൻകാളേജ് പ്രൊഫസർ റവറണ്ട് പിറ്റേന്ത്രിക്ക വഞ്ചിയൂർ സ്കൂൾ സന്ദർശിച്ചപ്പോൾ ഈ മാതിരി ഒരു കെട്ടിടം ഇംഗ്ലണ്ടിലാകട്ടെ ഇൻഡ്യയിൽ മറ്റെവിടെയെങ്കിലുമാകട്ടെ കണ്ടിട്ടില്ലാ എന്നാണ് അദ്ദേഹം പറഞ്ഞതു. ഇത്രമാത്രം ഭീമമായ ഒരു സംഖ്യ ചിലവാക്കിയിരിക്കുന്ന ഒരു കെട്ടിടമാണ് അട്ടക്കുളങ്ങര സ്കൂൾ. അതുപോലെ തലവടിയിലും ൫൩,൦൦൦ രൂപാ ചിലവുചെയ്തു ഒരു പള്ളിക്കൂടം കെട്ടിയിട്ടുണ്ട്. ആയിരമോ രണ്ടായിരമോ രൂപാ ചിലവഴിച്ചു വിദ്യാലയങ്ങൾ കെട്ടുന്നപക്ഷം അതിലും ഒരു നല്ലസംഖ്യ നമുക്കു ലാഭം എടുക്കാൻസാധിക്കും.

ഇതിനുംപുറമെ കാളേജിൽ ട്യൂട്ടേഴ്സ് എന്ന കുറെ ഉദ്യോഗസ്ഥന്മാരുണ്ട്. അവരിൽ ചിലരെ കുറയ്ക്കുന്നതുകൊണ്ടു അതിലും ഒരു നല്ലസംഖ്യ ലാഭം എടുക്കാൻസാധിക്കും. കൂടാതെ കാളേജിൽ അലങ്കാരത്തിനായിട്ടു മാത്രം ചില ക്ലാസ്സുകളുണ്ട്. അതായതു ബി. ഏ. ആണേഴ്സ്. നാലൊ അഞ്ചൊ കുട്ടികൾമാത്രമെ ഈ ക്ലാസ്സിൽ പഠിക്കാനുള്ളു. അതിനെ നിറുത്തുന്നപക്ഷം ആ ഇനത്തിലും ഒരു നല്ല സംഖ്യ ലാഭം എടുക്കാൻ സാധിക്കുന്നതാണ്.

ഇതിനുംപുറമെ പ്രൈമറിവിദ്യാഭ്യാസം ചിലവുകൂടാതെ നടക്കത്തക്കവണ്ണം ഉള്ള നിലയിൽ ആക്കുന്നതിനെ ഗവർമ്മെന്റു വിചാരിക്കുന്നതിൽ എനിക്കു ചിലതു പറയാനുണ്ട്. നിർദ്ധനന്മാർക്കു ഫീസ് ഇളവുചെയ്തുകൊടുക്കുകയും അതല്ലാത്ത ആളുകളോടു ഫീസവാങ്ങിക്കുകയുംചെയ്യണം. ചിറയിൻകീഴ് ഇംഗ്ലീഷ്പള്ളിക്കൂടത്തിൽ ഒരു അധഃകൃതവിദ്യാർത്ഥിയുടെ രക്ഷകർത്താവു ഫീസ് ഇളവുചെയ്തുകിട്ടണമെന്നും, ഹെഡ്മാസ്റ്റർ ഫീസ് ഇളവുചെയ്തുപഠിപ്പിക്കാൻ സാധിക്കയില്ല എന്നും തമ്മിൽ തർക്കമായി. ഈ നിലക്കു ഫീസുകൊടുക്കാൻ ത്രാണിയുള്ള കുട്ടികളെ ധർമ്മമായി വിദ്യാഭ്യാസം ചെയ്യിക്കേണ്ട ആവശ്യമില്ല. ഇങ്ങനെകൊടുക്കുന്ന ഫീസു കണക്കാക്കുന്നപക്ഷം നാലുലക്ഷത്തിൽ ചില്വാനം രൂപാ ഗവർമ്മെന്റിനു ലാഭം എടുക്കാവുന്നതിൽ യാതൊരാക്ഷേപവുമില്ല. മൂന്നാംക്ലാസിലേക്കും നാലാംക്ലാസിലേക്കും മാത്രം രണ്ടണവീതം ഫീസ് ഈടാക്കുന്നപക്ഷം ഇപ്പോഴത്തെ വിദ്യാഭ്യാസത്തിനു രണ്ടുലക്ഷംരൂപാ ലാഭം കിട്ടുന്നതാണ്. അദ്ധ്യാപകന്മാർ നമ്മുടെ ഭാവിപൌരന്മാർ ആകേണ്ട കുട്ടികളെ സന്മാർഗ്ഗികമായനിലയിൽ ചരിപ്പിച്ചു ഉന്നതവിദ്യാഭ്യാസത്തിനു തയാറാക്കി കൊടുക്കുന്നവരാണ് എന്നുള്ള സംഗതി ഓർക്കുമ്പോൾ അവരുടെ ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു എത്രയും അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ തരകന്റെ പ്രമേയത്തിന്റെ സാരാംശത്തെ അനുകൂലിക്കുന്നു എന്നു ഞാൻ പറഞ്ഞതിനു ഒന്നു രണ്ടു കാരണങ്ങൾ പറയാനുണ്ട്. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സംഗതിയാണ് അദ്ദേഹത്തിന്റെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു. മിഡിൽസ്കൂളുകളിലുള്ള പ്രൈമറിക്ലാസ്സ് അദ്ധ്യാപകന്മാരുടെ ശമ്പളംകൂട്ടാൻ ഈ പ്രമേയംകൊണ്ടു സാധിക്കുമെന്നുതോന്നുന്നില്ല. ഇതിനെസംബന്ധിച്ചു മിസ്റ്റർ സി. പി. ചെറുകണ്ടപിള്ളയുടെ ഒരു പ്രമേയവുംഉണ്ട്. അതിൽ ഒരു കമ്മിററി ഏർപ്പെടുത്തി അവരുടെ നിർദ്ദേശപ്രകാരം അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നാണ് പറയുന്നതു. ആ പ്രമേയം ഇതിനെക്കാൾ ഉപയോഗപ്രദമായതുകൊണ്ടു മിസ്റ്റർ സി. പി. തരകൻ ഇതിനെ പിൻവലിച്ചു അതിനോടുയോജിക്കുന്നതു നന്നായിരിക്കുമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മിസ്റ്റർ തരകൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ മൂലതത്വത്തോടു ഞാൻ അനുകൂലിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാർക്കു ശമ്പളംകൂട്ടിക്കൊടുക്കേണ്ട സംഗതിയിൽ അഭിപ്രായവ്യത്യാസത്തിനു അവകാശമില്ലാത്തതാണ്. ഈ സംഗതിയെപ്പററി നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചതിനു പറഞ്ഞിട്ടുള്ള മറുപടിയിങ്ങനെയാണ്.

"നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെശമ്പളം പരിഷ്കരിച്ചതു എൻ.വ.ൻ. മാത്രമാണ്. ഇനിയും ആ ശമ്പളം വർദ്ധിപ്പിക്കുന്നതു രാജ്യത്തിലെ വരവിന്മേൽ വലിയഭാരമായിരിക്കും. അതുകൊണ്ടു ആക്കാര്യം ഇനിയും ശമ്പളം വർദ്ധിപ്പിക്കുന്നതിനെപ്പററിയുള്ള ആലോചന മനസ്സാടെയല്ലെങ്കിലും ഗവർമ്മെന്റു തൽക്കാലം നിറുത്തിവയ്ക്കാൻ നിർബന്ധിതരാകുന്നു"

ഈ മറുപടികൊണ്ടു അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതലിന്റെ ആവശ്യമില്ലെന്നു ഗവർമ്മെന്റു പറയുന്നില്ല. ഇവരുടെ ശമ്പളങ്ങളെ തൽക്കാലം കൂട്ടാതിരിക്കുന്നതിനു രണ്ടു കാരണങ്ങളാണ് ഗവർമ്മെന്റു പറഞ്ഞിട്ടുള്ളതു. ഇവരുടെ ശമ്പളങ്ങളെ കൂട്ടിട്ടുള്ളതാണെന്നും, മറെറാന്നു ഇവർക്കു അതിലൊന്നു അടുത്തകാലമായ എൻ.വ.ൻ. അവരുടെശമ്പളങ്ങളെ കൂട്ടിട്ടുള്ളതാണെന്നും, പൊതുമുതലിൽനിന്നും വലുതായ ചിലവിനു ഇടവരുമെന്നുമാണ്. എൻ.വ.ൻ. നട ശമ്പളം കൂട്ടുന്നപക്ഷം പൊതുമുതലിൽനിന്നും വലുതായ ചിലവിനു ഇടവരുമെന്നുമാണ്. എൻ.വ.ൽ നടത്തിയിട്ടുള്ള ഡിപ്പാർട്ടുമെന്റുപരിഷ്കാരങ്ങളിൽ മറെറാഡിപ്പാർട്ടുമെന്റുകളിൽ കൊടുത്തിട്ടുള്ള ശമ്പളക്കൂടുതലുകളോടു സമത്വമായും ന്യായമായും അദ്ധ്യാപകന്മാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിച്ചിരുന്നു എങ്കിൽ അവർ ഇപ്പോൾ ശമ്പളക്കൂടുതലിനു ആവശ്യപ്പെടുകയില്ലായിരുന്നു. സർക്കാർഉദ്യോഗസ്ഥന്മാരിൽ ഏതൊരു ആളുകൾക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ള ഒരു പ്രമേയം ജനപ്രതിനിധികൾ നിയമസഭയിൽ കൊണ്ടുവരണമെങ്കിൽ അതിലേയ്ക്കു എത്രത്തോളം അത്യാവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി അതിൽനിന്നും വ്യക്തമാകുന്നതാണ്.

൧൧൦൨-ൽ നടത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുപരിഷ്കാരങ്ങളിൽ ഹെഡ്മാസ്റ്റർമാരുടെ ശമ്പളം ൫൦-൨ ൧൫൦-ാം രൂപയായി നിശ്ചയിച്ചിരിക്കുന്നു. അതുപോലെതന്നെ ചില അസിസ്റ്റൻറുമാർക്കും ൫൦-൨ ൧൦൦ രൂപവരെ ശമ്പളങ്ങൾ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ അദ്ധ്യാപകന്മാരുടെ ഒടുവിലത്തെ ശമ്പളമായി നിശ്ചയിച്ചിട്ടുള്ളതു രണ്ടാംതരം ഗ്രാഡ്വേറ്റുമാരുടെ ൫൦ രൂപയാണ്. ഡിപ്പാർട്ടുമെൻറു പരിഷ്കാരങ്ങൾ നടത്തി ശമ്പളങ്ങളെ വർദ്ധിപ്പിക്കുമ്പോൾ മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞമാതിരി ഗവൺമെൻറു വേണ്ടപോലെ പര്യാലോചന ചെയ്യേണ്ടതായിരിക്കും എന്നാണ് അങ്ങനെ ചെയ്തിരുന്നു എങ്കിൽ അദ്ധ്യാപകന്മാരെക്കാൾ കൂടുതൽ ശമ്പളം അസിസ്റ്റൻറുമാർക്കും ഹെഡ്മാസ്റ്റർമാർക്കും നിശ്ചയിക്കയില്ലായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. ഇങ്ങനെ അദ്ധ്യാപകന്മാരുടെ നിശ്ചയിച്ചിട്ടുള്ള ശമ്പളത്തെപ്പറ്റി സങ്കടപ്പെടുന്നതിൽ അവരെ ആക്ഷേപിക്കാൻ തരമുണ്ടെന്നു തോന്നുന്നില്ല. സർക്കാർ പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാർക്ക് ഒരു ന്യായമായ ശമ്പളമെങ്കിലും കിട്ടിവരുന്നതായി സമാധാനപ്പെടാം. ഗ്രാൻറുപള്ളിക്കൂടങ്ങളിലുള്ള വാദ്ധ്യാന്മാരുടെ സ്ഥിതി ഇതിനെക്കാൾ കഷ്ടതരമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. പല ഗ്രാൻറുപള്ളിക്കൂടങ്ങളിലും അദ്ധ്യാപകന്മാർക്ക് കടലാസിൽ നിശ്ചയിച്ചിട്ടുള്ള ശമ്പളമുഴുവനും കയ്യിൽ കിട്ടുന്ന തുകയും തമ്മിൽ പല വ്യത്യാസങ്ങളും ഉള്ളതായി അവരിൽ നിന്നുംതന്നെ എനിക്കറിയാനിടയായിട്ടുണ്ട്. ഈ സംഗതി എൻെറ സ്നേഹിതൻ മിസ്റ്റർ താമസ് സമ്മതിച്ചുപറകയും ചെയ്തിരിക്കുന്നു. ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകന്മാരെ സാധാരണ മനുഷ്യരുടെ കൂട്ടത്തിൽ ഗണിക്കേണ്ടതും, അവർക്കു രക്ഷിക്കാൻ കുടുംബങ്ങൾ ഉണ്ടായിരിക്കുമെന്ന് അനുമാനിക്കേണ്ടതും, അവർക്കു കിട്ടുന്നതായ ഈ തുച്ഛമായ തുകകൊണ്ട് എങ്ങിനെ ജീവിതകാലം നയിക്കാൻ സാധിക്കുമെന്നുള്ള സംഗതി ഗവൺമെൻറു ഗാഢമായി ആലോചിക്കേണ്ടതും ആകുന്നു. ഇവരുടെ കഷ്ടതയിൽ ഗവൺമെൻറു പ്രവേശിച്ചു അവരെ രക്ഷിക്കേണ്ടതു അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ക്ലാർക്കിനു എന്തു ശമ്പളമുണ്ട്?

മി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): രണ്ടരപ്പണം മുതൽ മൂന്നരപ്പണംവരെ ഉണ്ട്. അതു സാധാരണ കാലങ്ങളിലാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിക്കുന്നപക്ഷം രാജ്യത്തിൻെറ പൊതുമുതലിൽനിന്നും വലുതായ ഒരു സംഖ്യ ചിലവാകുമെന്നു ഗവൺമെൻറുപറയുന്ന അഭിപ്രായം എത്രയോ പരമാർത്ഥമാണെന്നു സമ്മതിക്കാതെ തരമില്ല. ഇതിലേക്കു സംഖ്യകളായ അദ്ധ്യാപകന്മാർ എങ്ങിനെ ഉത്തരവാദികളായിത്തീരുമെന്നുള്ളത് എനിക്കു മനസ്സിലാകുന്നില്ല. പ്രൈവറ്റുപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളങ്ങൾ മിസ്റ്റർ താമസിൻെറ അഭിപ്രായപ്രകാരം വർദ്ധിപ്പിക്കുന്നപക്ഷം അഞ്ചുലക്ഷംരൂപാ വേണ്ടതായി വരുമെന്നാണ് ആക്ടിംഗ് ഡയറക്ടർ പറയുന്നതു. ഈ സംഗതി ജനപ്രതിനിധികൾ അറിയേണ്ട ആവശ്യമുണ്ടോ എന്നു എനിക്കിപ്പോൾ സംശയം തോന്നിയിരിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ചിലവ് ഇന്നത്തെ നിലയിൽ എത്തുന്നതിനു ഏററവും പ്രധാനമായി സഹായിച്ചിട്ടുള്ളതു എഡ്യൂക്കേഷൻകോഡാണ്. ഇവിടെ നടപ്പാക്കിട്ടുള്ള എഡ്യൂക്കേഷൻ കോഡ് ഈ രാജ്യത്തിനു ചേരുന്നതല്ലെന്നും, അതിനാൽ വന്നുചേരുന്ന ചിലവുകളെ താങ്ങുവാൻ ഈ രാജ്യത്തിൻെറ കോശസ്ഥിതിക്കു ശക്തിയില്ലാതെവരുമെന്നും ആ കാലത്തും അതിനു അടുത്ത കാലങ്ങളിലും ജനപ്രതിനിധികൾ വേണ്ടപോലെ വാദിച്ചിട്ടുണ്ടായിരുന്നു. എഡ്യൂക്കേഷൻകോഡിലെ വ്യവസ്ഥകളുടെ ശരിയായി വായിച്ചു മനസ്സിലാക്കാൻ ജനപ്രതിനിധികൾക്കു ശക്തിയില്ലെന്നാണ് അന്നത്തെ ഗവൺമെൻറു അക്കാലത്തു അഭിപ്രായപ്പെട്ടിട്ടുള്ളത്. അതിൻെറ ഫലം എന്തായിത്തീർന്നു എന്നുള്ളതു അനുഭവംകൊണ്ടുപോലെ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഖജനാവിൽ വന്നുചേർന്നിട്ടുള്ള പണത്തെ ഗവൺമെൻറിൻെറ ഏതാനും ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾക്കു വിപരീതമായി ഉപയോഗിച്ചിട്ടുള്ളതിനെപ്പറ്റി നിയമസഭയിൽ ചോദ്യപ്പെട്ടപ്പോൾ ഗവൺമെൻറും അവരുടെ ഉദ്യോഗസ്ഥന്മാരും നടത്തുന്ന എഴുത്തുകുത്തുകൾ രഹസ്യങ്ങളാണെന്നും അവ ജനപ്രതിനിധികൾ അറിയേണ്ട ആവശ്യമില്ലെന്നുമാണ് മറുപടിയിൽ വിധിച്ചിട്ടുള്ളത്. ഗവൺമെൻറിൻെറ വരവുചിലവുകളുടെ നിലയെപ്പറ്റി ജനപ്രതിനിധികൾ അന്വേഷിച്ചറിഞ്ഞു ഗവൺമെൻറിനെ ഉപദേശിച്ചുകൊണ്ടിരിക്കേണ്ട കടമ അവർക്കുണ്ടെന്നാണ് ഞാൻ കരുതിയിരുന്നത്. എൻെറ ഒരു ചോദ്യത്തിനു ഇന്നലെ ദിവസം കിട്ടിട്ടുള്ള മറുപടിയിൽനിന്നും ആ കടമയും ചുമതലയും ജനപ്രതിനിധികൾക്കില്ലെന്നു വ്യക്തമാക്കിയിരിക്കുന്നു. അതിനാൽ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതലിനു വരാവുന്ന ചിലവുകളെപ്പററി ജനപ്രതിനിധികൾ ഇപ്പോൾ ചിന്തിക്കേണ്ട ആവശ്യമില്ലെന്നു വിചാരിക്കേണ്ടതായി വന്നിരിക്കുന്നു. ഈ അദ്ധ്യാപകന്മാർക്കു ൫൦ വർഷം-ൽ ൫൦ രൂപാ ശമ്പളമുണ്ടായിരുന്നതിനെ ൫൦൫൨-ൽ ൫൫ രൂപയായും ൫൦൯൭-ൽ ൫൭ രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ കാലത്തിനിടയ്ക്കുള്ള ഓരോ ദിവാൻജിമാരുടെയും കാലങ്ങളിൽ പല ഡിപ്പാർട്ടുമെൻറുകളെയും പരിഷ്കരിക്കയും അതിലേയ്ക്കായി പൊതുമുതലിൽനിന്നു ഓരോ ഭീമമായ തുകകൾ അവയുടെ ശമ്പളച്ചിലവുകൾക്കായി വിനിയോഗിക്കയും ചെയ്തിട്ടുണ്ട്. ഓരോ അവസരങ്ങളിലും നടത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുപരിഷ്കാരങ്ങളെ ഓരോന്നായി പരിശോധിക്കുന്നതായാൽ കൂടുതൽശമ്പളമുള്ളവർക്കു വീണ്ടും ശമ്പളക്കൂടുതൽ കൊടുത്തു പ്രോത്സാഹിപ്പിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നതാണ്. ഇങ്ങിനെ നടത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുപരിഷ്കാരങ്ങളിൽ രാജ്യത്തിൻെറ പൊതുമുതലിൽനിന്നു ഉണ്ടാകുന്ന അധികച്ചിലവുകളെപ്പററി സൂക്ഷിച്ചിരുന്നു എങ്കിൽ രണ്ടു കോടി രൂപ വരവുള്ള ഈ രാജ്യത്തു ൫൦ ലക്ഷത്തോളം രൂപാ ശമ്പളച്ചിലവുകൾക്കു വിനിയോഗിക്കേണ്ടതായി വരികയില്ലായിരുന്നു.

രാജ്യത്തിൻെറവരവു അനുരൂപമായവിധം വർദ്ധിച്ചുവരുമ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിക്കാമെന്നു വിചാരിക്കുന്നപക്ഷം ആയതു ഇവിടത്തെസ്ഥിതിക്കു ഒരിക്കലും സാധിക്കുന്നതല്ലാ. ഓരോ കാലങ്ങളിലും രാജ്യത്തിൽ വരുത്തിക്കൂട്ടുന്ന ചിലവുകളെ താങ്ങുന്നതിനു പല വഴികളിലും വരവുകളെ ഉണ്ടാക്കുകയും ആയതിനെ വർദ്ധിപ്പിക്കയും ചെയ്യുന്നനയമാണ് ഇവിടത്തെ ഭരണത്തിൽ പ്രധാനമായി കണ്ടുവരുന്നത്. അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്ന സംഗതിയിലും ഗവൺമെൻറു ഈ നയം സ്വീകരിക്കുന്നതായാൽ ഈ സാധുക്കൾക്കു വലുതായ അനുഗ്രഹമായിത്തീരുന്നതാണ്. ഇന്നത്തെ പബ്ളിക്കുസർവീസിൽ പല കാലങ്ങളായി വന്നുചേർന്നിട്ടുള്ളതും ആവശ്യത്തിൽ കൂടുതലായി വർദ്ധിപ്പിച്ചിട്ടുള്ളതുമായ ശമ്പളച്ചിലവുകളെ കണ്ടു

പിരിച്ചു കുറയ്ക്കുന്നതായാൽ ജനങ്ങളിൽ കൂടുതലായ നികുതിഭാരം ചുമത്താതെയും രാജ്യത്തിന്റെ പൊതുമുതലിൽനിന്നും എടുക്കാതെയും അദ്ധ്യാപകന്മാർക്കു ശമ്പളങ്ങളെ വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഈ വ്യക്തിക്കൂട്ടങ്ങളോടുകൂടി അദ്ധ്യാപകന്മാരുടെ ശമ്പളങ്ങളെ വർദ്ധിപ്പിക്കേണ്ടതു ആവശ്യമാണോ എന്നു നോക്കുന്നതായാൽ അതിലേക്കു അവർ സർവഥാ അർഹന്മാരാണെന്നു തെളിയിക്കാൻ പ്രയാസമില്ലാത്തതാണ്.

രാജ്യത്തിന്റെ ഭാവി അദ്ധ്യാപകന്മാരുടെ കയ്യിലാണ് സ്ഥിതിചെയ്യുന്നതു. ബാലന്മാരുടെ വിദ്യാഭ്യാസത്തിലും അവരുടെ സ്വഭാവഗുണം രൂപീകരിക്കുന്നതിലും ശക്തിയായുള്ള അസ്ഥിവാരം ഇടേണ്ടുന്നതായ സ്ഥലം പ്രാഥമികവിദ്യാലയങ്ങളാണ്. അവിടെ ചെറുപ്പത്തിൽ പഠിക്കുന്ന ബാലന്മാരാണ് ഉത്തമപൗരന്മാരും പൊതുപ്രവർത്തകരും, രാജ്യതന്ത്രജ്ഞന്മാരും, ഭരണകർത്താക്കന്മാരും ആയിത്തീരുന്നതു. അദ്ധ്യാപകന്മാരുടെ അദ്ധ്യയനത്തിൽ ബാലന്മാർക്കു ലഭിക്കുന്ന വിദ്യാഭ്യാസവും സ്വഭാവഗുണവുമാണ് പിന്നീടുള്ള അവരുടെ ജീവിതദശയിൽ സകലവിധമായ ജയാപജയങ്ങൾക്കും കാരണമായിതീരുന്നതു. ഏതു താണതരം ക്ലാസുകളിലേക്കും അദ്ധ്യാപകന്മാർക്കു രാജ്യത്തിന്റെ ശ്രേയസ്കരമായ ഭാവിക്കുവേണ്ടി വേലചെയ്യാനുള്ള ഒരുമാതിരി അവസ്ഥയിൽ സ്ഥിതിചെയ്യുന്നു. ഇന്നത്തെ ബാലന്മാർക്കു അവരുടെ പിന്നീടുള്ള ജീവിതദശയിൽ ബുദ്ധിമാന്മാരായി കാലയാപനംചെയ്യുന്നതിനു യോഗ്യതയുണ്ടാക്കുവാനുള്ള പരിശീലനവും സ്വഭാവഗുണവും സ്കൂൾകെട്ടിടങ്ങളിൽ വച്ചു അവർക്കു കൊടുക്കാനുള്ള കടമകൂടി ഈ അദ്ധ്യാപകന്മാർക്കു നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ കാലത്തെ പട്ടാളക്കാരെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും അദ്ധ്യാപകന്മാരെയാണ് ഭയപ്പെടേണ്ടതെന്നും ഒരു അവസരത്തിൽ Lord Brougham പറഞ്ഞിട്ടുള്ളതു എത്രയോ പരമാർത്ഥമായിട്ടുള്ളതാണ്. ഇത്രയധികം ചുമതലകൾ ഉള്ളവരും ആയതു വഹിച്ചുവരുന്നവരുമായ അദ്ധ്യാപകന്മാർക്കു അനുരൂപമായവിധം ശമ്പളങ്ങൾ കൊടുക്കാൻ ഗവർമ്മെന്റിന്റെ ഇന്നത്തെ ധനസ്ഥിതി അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നിരുന്നാലും ഇന്നത്തെ അദ്ധ്യാപകന്മാർക്കു ഗുമസ്തന്മാരെക്കാൾ എത്രയോ കൂടുതലായ ശമ്പളങ്ങൾ കൊടുക്കേണ്ടതു നാട്ടുഭാഷയുടെ അഭിമാനത്തിനും രാജ്യത്തിന്റെ രക്ഷയ്ക്കും എത്രയോ അത്യാവശ്യമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ലാത്തതാണ്.

മി. സി. പി. തരകന്റെ പ്രമേയത്തിൽ അദ്ധ്യാപകന്മാരുടെ ശമ്പളക്രമങ്ങളെക്കൂടി നിശ്ചയിച്ചിട്ടുള്ള ഭാഗത്തെ അതുപോലെ അനുകൂലിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ ഇവിടെ നിറുത്തട്ടെയോ?

പ്രസിഡന്റ്: വാചകം അവസാനിപ്പിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒരു മിനിട്ടുകൂടെ വേണം സർ,

ഈ പ്രമേയത്തിനടുത്തായിത്തന്നെ മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയുടെ ഒരു പ്രമേയം ഭേദഗതികളോടുകൂടി വരുന്നതാണ്. അതിൽ അദ്ദേഹം പറയുന്നതു അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതലിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററി രൂപീകരിക്കണമെന്നാണ്. അതുപോലെ ഒരു കമ്മിററി ഏർപ്പെടുത്തുകയും അവരുടെ വിചാരണയിൽ അദ്ധ്യാപകന്മാരുടെ ശമ്പളക്രമം എന്തായിരിക്കണമെന്നും അതിലേക്കു പണത്തിനുള്ള വഴികളെ നിർദ്ദേശിക്കുന്നതിനും സാധിക്കുന്നതാണ്. അങ്ങനെയല്ലാതെ ഈ പ്രമേയം കൌൺസിലിൽ പാസായി എന്നിരുന്നാലും അതിനെ ഗവർമ്മെന്റിനു സ്വീകരിക്കാൻ സാധിക്കാത്ത വിഷമവൃത്തങ്ങളിലേക്കു നയിക്കുന്നതിനെക്കാൾ അതിനെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഒരു കമ്മിററിയെ നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു. മിസ്റ്റർ തരകന്റെ പ്രമേയത്തിൽ ഈ ഭേദഗതി വരുത്തുന്നതു യുക്തമായിരിക്കുമെന്നും അങ്ങനെ ഒരു ഭേദഗതി അദ്ദേഹം കൊണ്ടുവരുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്ക): സഭാമുമ്പാകെയുള്ള പ്രമേയത്തിനനുകൂലമായി ഇനിയും വാക്കുകൾ കൊണ്ടു പറവാൻ ഞാൻ ശ്രമിച്ചാൽ അതൊരു അനാവശ്യ പ്രവൃത്തിയായിരിക്കും. ഗവർമ്മെന്റിന്റെ പ്രതിനിധിയും അനുദ്യോഗസ്ഥമെമ്പർമാരും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടണമെന്നുള്ള വിഷയത്തെ വാക്കുകൊണ്ടു മാത്രം സഹായിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഞാനും ഒഴിവായിരിക്കുന്നില്ല. ഇതിനുള്ള വഴികളും മാർഗ്ഗങ്ങളും വാദത്തിൽ വരുമ്പോഴാണു ഭേദഗതികളും ഒഴികഴിവുകളും പറയുന്നതും ചിലർ പിന്നോക്കം പോകുന്നതും. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ ചെയ്യുന്ന ജോലി എക്സൈസോ മെഡിക്കലോ എൻജിനീയറിങ്ങോ മറേറതെങ്കിലുമോ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന ജോലിയെക്കാൾ അധികം പ്രാധാന്യമേറിയതാണ്. രാജ്യത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന ജോലിവഹിക്കുന്നതു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരാണു. മിസ്റ്റർ തോമസ് പറഞ്ഞപ്രകാരം ഈ അദ്ധ്യാപകന്മാരെ വ്യവസായങ്ങളിൽ വിടുത്തു പണിഎടുക്കുന്നവരോടു സമമാക്കുന്നതു കഷ്ടമാണ്. നാട്ടുഭാഷാ വിദ്യാഭ്യാസത്തിന്റെ പ്രാരംഭദശയിൽ ഈ അദ്ധ്യാപകന്മാർ ജുഡിഷ്യൽ മുതലായ വകുപ്പുകളിലെ കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളംതന്നെ വാങ്ങിയിരുന്നു എന്നു മിസ്റ്റർ ജി. രാമൻമേനോൻ പ്രസ്താവിച്ചുവല്ലോ. എന്നാൽ വിധിബലംമൂലം ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നാലും അഞ്ചുംമടങ്ങു വർദ്ധിപ്പിച്ചപ്പോൾ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു ഒന്നും കൂട്ടിക്കൊടുത്തിട്ടില്ല. അധികച്ചെലവിനു പണം ഉണ്ടാക്കുന്നതിനുള്ള പ്രയാസത്തിനു പല പരിഹാരമാർഗ്ഗങ്ങൾ പറഞ്ഞു. അവയെ നിരൂപണം ചെയ്യണമെന്നു വിചാരിക്കുന്നില്ല. മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള ചൂണ്ടിക്കാണിച്ച മാർഗ്ഗമാണ് അഭിനന്ദനീയം എന്നു ഈ സഭ അഭിപ്രായപ്പെടുമെന്നാണ് എന്റെ പ്രത്യാശ. ഈ സഭയിലെ പ്രാതിനിധ്യമുള്ള ഒരു കമ്മിററി ഈ വിഷയത്തെപ്പററി സവിസ്തരമായി ആലോചിച്ചു ഗവർമ്മെന്റിലേക്കു ഒരു റിപ്പോർട്ടു സമർപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ഈ സന്ദർഭത്തിൽ ഗ്രാന്റുസ്കൂളുകളെപ്പററി ഒരു വാക്കുപറവാൻ ആഗ്രഹിക്കുന്നു. ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്മാർ ചില മെമ്പർമാർക്കു സുപരിചിതർ അല്ലെന്നു തോന്നുന്നു. മദ്ധ്യതിരുവിതാംകൂറിൽ ഉള്ള ഞങ്ങൾക്കു അവരുടെ കഷ്ടസ്ഥിതി അറിയാം. ഇക്കാര്യത്തിൽ ഈ സഭയ്ക്കു എന്തോ തെററിദ്ധാരണയുണ്ട്. ആരംഭത്തിൽ ഈ സ്കൂളുകൾ ന്യൂനതകൾ ഉള്ളതായിരുന്നു എന്നു സംശയമില്ല. ചിലപ്പോൾ ചിലർ ഉപജീവനമാർഗ്ഗത്തിനാ

യി ചില മന്ത്രിമാരെ സ്വാധീനപ്പെടുത്തി അവരെ മാനേജർമാരാക്കിവെച്ചു. ചിലപ്പോൾ ചില പുരോഹിതന്മാർ തന്റെ ആശ്രിതന്മാർക്ക് ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിനായി ഗ്രാന്റ് സ്കൂളുകൾ സ്ഥാപിച്ചു. ചിലപ്പോൾ അദ്ധ്യാപകന്മാർ തന്നെ മാനേജർമാരായിട്ടുണ്ട്. ഇങ്ങനെയാണ് ചില ഗ്രാന്റ് സ്കൂളുകൾ ആരംഭിച്ചത്. പ്രജാസഭയുടെ ആദ്യകാലത്തു ഗ്രാന്റ് സ്കൂളുകളെ ഞാൻ കഠിനമായി ആക്ഷേപിച്ചിരുന്നു. എന്നു ഇവിടെയുള്ള ചില സ്നേഹിതന്മാർ സാക്ഷീകരിക്കും. എന്നാൽ ന്യൂനതകൾ തീർന്നുപോയിരിക്കുന്ന ഗ്രാന്റ് സ്കൂളുകൾ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരിക്കുന്നു. ശമ്പളം മെച്ചമല്ല മറ്റെല്ലാസംഗതികളിലും സർക്കാർസ്കൂൾ അദ്ധ്യാപകന്മാരെപ്പോലെതന്നെ ഗണിച്ചാണ് ഗ്രാന്റ് സ്കൂളുകളെ ഗവണ്മെന്റ് ഇൻസ്പെക്ടർമാർ പരിശോധിക്കുന്നതു അവയുടെമേൽ അധികാരം നടത്തുന്നതും. നമ്മുടെ രാജ്യത്തിന്റെ വിദ്യാഭ്യാസം സംബന്ധിച്ചുള്ള ഉൽകൃഷ്ടനിലയ്ക്കു കാരണം അധികവും ഗ്രാന്റ സ്കൂളുകളാണ്. എന്നാൽ സർക്കാരിൽനിന്നു ഗ്രാന്റ സ്കൂളുകളിലെ ഓരോ കുട്ടിക്കും വേണ്ടി ചെലവാകുന്ന പണം ഗവണ്മെന്റ സ്കൂളുകളിലെ ഓരോകുട്ടിക്കും ചെലവാക്കുന്നതിന്റെ അൻപതു ശതമാനം കുറവാണ്. പിന്നെയും ഇപ്പോഴത്തെ ചട്ടപ്രകാരം ഗ്രാന്റ സ്കൂളുകൾക്കു മുൻപു കിട്ടിവന്നിരുന്ന ഫീസ് വസൂലാക്കാൻ അവകാശം നിവൃത്തിയില്ല. മുമ്പു അവർ ഓരോ കുട്ടിയോടും ആണ്ടിൽ രണ്ടും മൂന്നും രൂപാവീതം വസൂലാക്കിവന്നിരുന്നു. ചിലപ്പോൾ അരിക്കും നെല്ലും നാളികേരം മുതലായവയും കിട്ടിവന്നു.

മി. സി. പി. തോമസ് (ഗവണ്മെന്റ നിയമനം): ഗ്രാന്റ് സ്കൂൾ മാനേജർമാർ ഫീസു വസൂലാക്കാൻ പാടില്ലെന്നു വിരോധിച്ചിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വ്യാപാരവും വ്യവസായവും, വടക്കു): അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നതു. ഗ്രാന്റ സ്കൂളുകളിൽ മുമ്പു ഫീസു വസൂലാക്കി അവരുടെ ഗ്രാന്റിനോടു അല്പം ആദായം കൂട്ടുക പതിവായിരുന്നു. ഇപ്പോൾ ഗ്രാന്റസ്കൂളുകൾ കുടിപ്പള്ളിക്കൂടങ്ങളായി ചമയാതെ ഫീസു വസൂലാക്കാൻ പാടില്ല. ഗ്രാന്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു അവരുടെ മുഴുവൻശമ്പളം ഗവണ്മെന്റിൽനിന്നു ഗ്രാന്റായി കൊടുക്കണമെന്നു സർ. സി. പി. രാജഗോപാലാചാരിയുടെ കാലത്തു ഗവണ്മെന്റ് പരസ്യമായി പ്രസ്താവിച്ച സംഗതിയും ഇവിടെ പറഞ്ഞുകൊള്ളുന്നു. ഗവണ്മെന്റ് ഇങ്ങനെ വ്യക്തമായും ഉറപ്പായും പ്രസ്താവിച്ചിട്ടുണ്ടെന്നു വിദ്യാഭ്യാസഡയറക്ടർ സാക്ഷീകരിക്കും എന്നു എനിക്കു നിശ്ചയമുണ്ട്. എന്നാൽ വാഗ്ദാനപ്രകാരം ചെയ്യേണ്ടി വന്നപ്പോൾ ഗവണ്മെന്റിന്റെ ഖജനാവിന്റെ സ്ഥിതിനിമിത്തം ഗ്രാന്റ് അനുവദിച്ചതു ഡിപ്പാർട്ടുമെന്റിലുള്ള അദ്ധ്യാപകന്മാരുടെ ശമ്പളത്തെക്കാൾ കുറവായിരുന്നു. ഗവണ്മെന്റ് മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം 9 രൂപായിൽനിന്നു 10 രൂപാ ആക്കിയപ്പോൾ ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്റെ ശമ്പളം 7 രൂപായായിത്തന്നെ നിലനിന്നു. ഇക്കാര്യത്തെപ്പററി ഞങ്ങളിൽ ചിലർ അന്നത്തെ ദിവാനോടു സംസാരിച്ചപ്പോൾ ഗ്രാന്റ് സ്കൂളുകൾ ജനങ്ങൾക്കു സൌജന്യവിദ്യാഭ്യാസം പ്രദാനംചെയ്യുന്നതിനു ഗവണ്മെന്റിനുള്ള ചുമതലയിലെ ഒരോഹരി വഹിക്കുന്നുണ്ടെന്നു അദ്ദേഹം സമ്മതിച്ചു. മാനേജർമാർ വേണ്ടെന്നുവച്ചിട്ടു അവരുടെ സ്കൂളുകൾ എല്ലാം ഗവണ്മെന്റിൽനിന്നെടുത്തു നടത്തിയാൽ ആരും പരാതിപറകയില്ലെന്നു ഞാൻ ഗവണ്മെന്റിനോടു ഉറപ്പായിപ്പറയുന്നു. മുമ്പിലത്തെ ഭരണാധികാരി ഗവണ്മെന്റിന്റെ നയം ഇന്നതാണെന്നു ഗൌരവമായും വ്യക്തമായും പ്രസ്താവിച്ചശേഷം ഇപ്പോൾ പിന്മാറിപ്പോകാൻ പാടില്ല. കുറ്റം മാനേജർമാരുടേതാണെന്നു ഗവണ്മെന്റിനു പറയാമോ? ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് ഇൻസ്പെക്ടർമാരും ഈ സ്കൂളുകൾ പരിശോധിച്ചു അവയുടെ ഭരണകാര്യങ്ങളിൽ വേണ്ടുവോളം മേലന്വേഷണം ചെയ്യുന്നുണ്ട്. എനിക്കു മാനേജർമാരോടു പ്രത്യേക പ്രതിപത്തിയൊന്നുമില്ല. എന്നാൽ അവരെക്കുറിച്ചു ഒരു സംഗതി പറവാനുണ്ടു. അവരുടെ പരിശ്രമം ഇല്ലായിരുന്നെങ്കിൽ ഇപ്പോഴത്തെ വഴിവിട്ടുള്ള പ്രദേശങ്ങളിലെ സ്കൂളുകൾ ഒന്നും ഉണ്ടാകയില്ലായിരുന്നു. സ്ഥലത്തിനും കെട്ടിടത്തിനും സാമഗ്രികൾക്കും മററും മാനേജർമാർ ഇറക്കീട്ടുള്ള മുതലിന്റെ പലിശയെ കണക്കാക്കിയാൽ സ്കൂളിന്റെ സംരക്ഷണത്തിനു മാനേജർമാർ ഒന്നും ചിലവാക്കുന്നില്ലെന്നു പറവാൻ പാടില്ല. അതുകൊണ്ടു മുഴുവൻശമ്പളം ഗ്രാന്റായി കൊടുക്കണമെന്നു ഗവണ്മെന്റ ആലോചനാപൂർവ്വം ചെയ്തവാഗ്ദാനപ്രകാരം പ്രവർത്തിക്കണമെന്നു പറയുന്നതു ന്യായക്കേടല്ല. കുട്ടികൾക്കും മററുമായി ഒട്ടേറെ പണം വ്യയം ചെയ്യാൻ വിദ്യാഭ്യാസകോർഡു ഇടയാക്കിട്ടുണ്ട്. ആ കോർഡിനെ ആക്ഷേപിച്ച കൂട്ടത്തിൽ ഞാനും ഉണ്ടു. ഇതിപ്പോൾ അതിനെപ്പററി വെളിച്ചിട്ടു ഫലമില്ല. എന്നാൽ ഗവണ്മെന്റിന്റെ നിർബന്ധം നിമിത്തം അവർ ചെയ്യേണ്ടിവന്ന ഈ വ്യയത്തിനു ഗ്രാന്റസ്കൂളുകൾ ഉത്തരവാദികളല്ല. കെട്ടിടംപോലെയുള്ള ഉപകരണങ്ങളിൽ വച്ചിരിക്കുന്ന മുതലിന്റെ പലിശയും പറയേണ്ടതോ—ഗവണ്മെന്റും ജനങ്ങളും കുട്ടികൾക്കായി പണം വ്യയം ചെയ്യാൻ നിർബന്ധിതരായിട്ടുണ്ടു. വ്യയം അധികപ്പോയി എന്നു ഇപ്പോൾ സമ്മതിക്കുന്ന ഈ ചെലവു വെച്ചുകൊടുക്കണമെന്നു ഗ്രാന്റസ്കൂൾ മാനേജർമാർ ആവശ്യപ്പെട്ടാൽ ന്യായമായിരിക്കും. ഒരു കാലത്തു മാനേജർമാർ ആവശ്യമുണ്ടായിരുന്ന ജോലിയാണു ചെയ്തതു. ഇക്കാലത്തു ഗവണ്മെന്റിനു അവരെക്കൊണ്ടു ആവശ്യമില്ലെങ്കിൽ അവർ പൊയ്ക്കൊള്ളട്ടെ. എന്നാൽ ഗവണ്മെന്റ മുമ്പു ചെയ്തിട്ടുള്ള പ്രഖ്യാപനം അനുസരിച്ചും തങ്ങളുടെ ധർമ്മമാണെന്നു ഗവണ്മെന്റ ആലോചനാപൂർവ്വം സ്വീകരിച്ചിട്ടുള്ള ജോലിയുടെ നിർവഹണത്തിൽ, അതായതു ജനസാമാന്യത്തിനു പ്രാഥമിക വിദ്യാഭ്യാസം സൌജന്യമായി നൽകുന്നതിൽ, ഗ്രാന്റസ്കൂളുകൾ ഓഹരിക്കാരാകകൊണ്ടും ഗ്രാന്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അതേ തരത്തിലുള്ള ഗവണ്മെന്റസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനു സമമായി വർദ്ധിപ്പിക്കേണ്ടതാണെന്നും ആ ശമ്പളം മുഴുവനും ഗവണ്മെന്റ വഹിക്കേണ്ടതാണെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സർ, നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തേയും ശാഠിയുണ്ടത്തെയും പററിയുള്ള ഈ പ്രധാന പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യാൻ അവസരം ലഭിച്ചതുകൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു. അദ്ധ്യാപകന്മാരുടെ ജോലിക്കുള്ള പ്രതിഫലം എററവും നിസ്സാരമാണെന്നും ഈ സഭാംഗങ്ങൾക്കും പൊതുജനത്തിനും നല്ലപണ്ണം അറിയാം. അവർക്കു പ്രത്യേകം പ്രാഥമികസ്കൂൾ അദ്ധ്യാപകന്മാർക്കു തുഛമായ ഒരോഹരിയാണു കിട്ടുന്നതു. ഈ അദ്ധ്യാപകന്മാർ രാജ്യത്തിനു വലിയ നന്മയാണു ചെയ്യുന്നതെന്നുള്ള സംഗതി നിഷേധിക്കാനോ അവർ ചെയ്യുന്ന പ്രവൃത്തിയെ ലഘൂകരിക്കാനോ ആർക്കും കഴികയില്ല. ഈ അദ്ധ്യാപകന്മാരുടെ ശമ്പളം എങ്ങനെയാണു വർദ്ധിപ്പിക്കേണ്ടതെന്നു

ള്ളതു വളരെക്കാലമായി അനുദ്യോഗസ്ഥമെമ്പർമാരുടെ ശ്രദ്ധാവിഷയമായിരിക്കുന്നതാണ്. ഈ വിഷയത്തിന്റെ അടിയന്തിരപ്രാധാന്യവും ആലോചിച്ചാൽ ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്. അതുവളരെക്കാലമായി ഗാഢാലോചനയിൽ ഇരിക്കുന്നു. കഴിഞ്ഞ കൗൺസിലിന്റെ കാലത്തു ഈ വിഷയം വാദത്തിനെടുപ്പിക്കാൻ പല പരിശ്രമങ്ങൾ ഉണ്ടായി. ഓരോരോ കാരണവശാൽ അതിനു അവസരംകിട്ടിയില്ല. മലയാളം പാഠ്യപുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനെപ്പറ്റി ഉണ്ടായ വാദപ്രതിവാദത്തിൽ നിന്നു കാണാവുന്നപ്രകാരം ഇവർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനു മുതൽ ഉണ്ടാക്കാനുള്ള മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കാനും ശ്രമങ്ങൾ നടന്നു. ഈ സംഗതി ഗവൺമെന്റിന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാൻ കിട്ടുന്ന അവസരങ്ങളെല്ലാം പ്രയോഗിച്ചു. ഈ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി പൂർണ്ണാഭിപ്രായൈക്യമാണുള്ളതു എന്നു കഴിഞ്ഞ ബഡ്ജറ്റ് യോഗത്തിൽ ബഡ്ജറ്റിനെപ്പറ്റി ഉണ്ടായ വാദപ്രതിവാദത്തിൽ നിന്നും സഭയുടെ ഈ ഭാഗത്തുനിന്നു ചോദിച്ചിട്ടുള്ള ചോദ്യങ്ങളിൽ നിന്നും സ്പഷ്ടമാകുന്നതാണ്. ഈ സഭയിൽ മാത്രമല്ല, ശ്രീമൂലം പ്രജാസഭയിലും ഈ കാര്യം മുമ്പോട്ടു കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ടു നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഇപ്പോൾ വാദപ്രതിവാദം ചെയ്യാൻ അവശേഷം ആവശ്യമില്ല. ആ ആവശ്യം പണ്ടേ പ്രസിദ്ധമായിരിക്കുന്നു. കാലം ചെല്ലുന്തോറും, ഈ ആവശ്യം അധികമധികം അടിയന്തിരമായിവരുന്നു. അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യവും അടിയന്തിരവും ഗവൺമെന്റുതന്നെ സമ്മതിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. ഈ അദ്ധ്യാപകന്മാർ ചെയ്യുന്ന ജോലി ഉൽകൃഷ്ടമാണെന്നു പണ്ടുതന്നെ ഈ സഭാമുമ്പാകെ ഈ നാട്ടിലെ വിദ്യാഭ്യാസമേലധികാരി സംക്ഷേപിച്ചിരിക്കുന്നു. കാര്യനിർവഹണത്തിനുള്ള മാർഗ്ഗത്തെപ്പറ്റി മാത്രമേ തർക്കമുള്ളു. ഈ വിഷയത്തെപ്പറ്റി സൂക്ഷ്മമായി ആലോചിക്കേണ്ടതാണ്. അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം കഴിയുന്ന വേഗത്തിൽ കണ്ടുപിടിക്കേണ്ടതു അത്യാവശ്യമാണ്. നാം വളരെക്കാലമായി നമ്മുടെ സഹതാപം പ്രദർശിപ്പിക്കുന്നു. എന്നാൽ സഹതാപം പ്രദർശിപ്പിച്ചിട്ടു യാതൊരു ഗുണവും ഉണ്ടായിട്ടില്ല. ഇതിനെക്കാൾ അടിയന്തിരമായി പരിഹരിക്കേണ്ട ഒരു സംഗതി വേറെ ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. പഴക്കം ചെന്ന ഈ സങ്കടത്തിനു പരിഹാരമുണ്ടാക്കാൻ ഈ അവസരം പ്രയോഗിക്കുമെന്നു ഞാൻ ഹാർദ്ദമായി വിശ്വസിക്കുന്നു. വിഷയത്തിന്റെ സാമ്പത്തിക വശത്തെപ്പറ്റി സവിസ്തരം വാദപ്രതിവാദം ചെയ്യാൻ സാധിക്കയില്ല. രാജ്യത്തിന്റെ ധനസ്ഥിതി സംബന്ധിച്ചു ഗവൺമെന്റു മെമ്പർമാർക്കുള്ള ഉത്തരവാദിത്വംപോലെതന്നെയുള്ള ഉത്തരവാദിത്വം ശമ്പളം കൂട്ടുന്നതിനെ സംബന്ധിച്ചു സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർക്കും ഉണ്ടു. ഈ സഭയുടെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഫൈനാൻസ്കമ്മിറ്റിയിൽ ഉള്ളതുതന്നെ ഉദ്യോഗസ്ഥമെമ്പർമാരെക്കാൾ അധികം ഉത്തരവാദിത്വം സഭയുടെ ഈ ഭാഗത്തുള്ളവർക്കുണ്ടെന്നതിനു മതിയായ തെളിവാണ്. ഉത്തരവാദിത്വബോധത്തോടുകൂടി ജോലിചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ മഹാരാജാവു തിരുമനസ്സുകൊണ്ടു നമുക്കു [illegible] പ്രവൃത്തി [illegible]. ആ ബോധത്തോടുകൂടെത്തന്നെയാണ [illegible] പങ്കെടുത്തിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജറ്റിന്റെ വരവുഭാഗത്തെപ്പറ്റിയും ചെലവുഭാഗത്തെപ്പറ്റിയും അനുദ്യോഗസ്ഥമെമ്പർമാർ ശരിയായി വിചിന്തനം ചെയ്തിട്ടുണ്ടെന്നു സഭയുടെ റിപ്പോർട്ടിൽനിന്നു കാണാവുന്നതാണ്. സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ വിഷയത്തിന്റെ സാമ്പത്തികവശത്തെപ്പറ്റി ചിന്തിച്ചിട്ടില്ലെന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പ്രസ്താവിച്ചതു കാര്യങ്ങളുടെ പര്യാലോചനയോടുകൂടെ അല്ലായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭയുടെ ഈ ഭാഗത്തുള്ളവർ ആർക്കാണ ഉത്തരവാദികൾ എന്നും ആ ഭാഗത്തുള്ളവർ ആർക്കാണ ഉത്തരവാദികൾ എന്നും മെമ്പർ പറയുമോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഉദ്യോഗക്കാരും ജനങ്ങൾക്കാണ ഉത്തരവാദികൾ.

ഏതായാലും അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനു ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കേണ്ടതു ഏറ്റവും പ്രധാനമായ ഒരു സംഗതിയാണ്. പുതുതായി ഒരു നികുതിയും ചുമത്താൻ പാടില്ല. മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ പ്രമേയം സ്വീകരിച്ചാലുംകൊള്ളാം. നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിച്ചാലുംകൊള്ളാം. ഭൂമിക്കായി കൂടുതൽ കരം ചുമത്തരുതു. ന്യായമായ ഒരു ശമ്പളക്കൂടുതൽ കൊടുക്കുന്നതുകൊണ്ടുണ്ടാകുന്ന ചെലവു വലിയതായിരിക്കും. ആൺകുട്ടികളെ പഠിപ്പിക്കുന്നതിനു ൩൦൦൦ അദ്ധ്യാപകന്മാരും പെൺകുട്ടികളെ പഠിപ്പിക്കുന്നതിനു ൧൦൦ അദ്ധ്യാപികകളും ഉണ്ടു. (ചില ശബ്ദങ്ങൾ: അല്ല, അതിലധികമുണ്ടു). എന്നെ തിരുത്തുന്നതിനും വിരോധമില്ല. സഹായധനംവാങ്ങുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ എണ്ണവും വളരെ വലുതാണ്. അദ്ധ്യാപകന്മാരുടെ എണ്ണം കുറച്ചു ബാക്കിയുള്ളവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു പല മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടു. ഈ മാർഗ്ഗനിർദ്ദേശങ്ങൾകൊണ്ടു വല്ല ഗുണവും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരേ സ്കൂളിൽ പഠിപ്പിക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റിയും എനിക്കു പറവാനുണ്ടു. ഇവയുടെ പ്രയോജനത്തെ ആലോചിച്ചു ഗവൺമെൻറു സമ്മതിക്കുമോ എന്നു എനിക്കു സംശയമാണ്. അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നകാര്യം തീർച്ചയാക്കുമ്പോൾ, ഒരു സങ്കടത്തിനു പരിഹാരം ഉണ്ടാകുമ്പോൾ, മറ്റൊരു സങ്കടം ഉണ്ടാകാതിരിക്കാൻ ഗവൺമെൻറു ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ചെലവു അതിവേഗത്തിൽ വർദ്ധിക്കുന്നു എന്നുള്ളതിനു സംശയമില്ല. കഴിഞ്ഞ യോഗത്തിലും ഫൈനാൻഷ്യൽ സെക്രട്ടറി ആ സംഗതി നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാക്കിയല്ലോ. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്ന കാര്യവും ഉടനെ തീർച്ചചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ ഈ സംഗതികളൊന്നും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽനിന്നു നമ്മെ വിരമിപ്പിക്കരുതു. നമ്മുടെ കുട്ടികളെ അവരുടെ ശൈശവത്തിൽ ഈ അദ്ധ്യാപകന്മാരെയാണല്ലോ ഏല്പിക്കുന്നതു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ പല ചെലവും കുറയ്ക്കുന്നതാണെങ്കിൽ ഉയർന്ന ഗ്രേഡിൽ ഉള്ള അദ്ധ്യാപകന്മാരുടെ ശമ്പളമെ കുറയ്ക്കാവൂ എന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തിന്റെ എല്ലാ വശങ്ങളെപ്പറ്റിയും ആലോചിച്ചശേഷം നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിനുവേണ്ടുന്ന എല്ലാ മാർഗ്ഗങ്ങളും ഉടൻതന്നെ നോക്കേണ്ടതാകുന്നു എന്നു ഞാൻ സംശയംവിനാ അഭിപ്രായപ്പെടുന്നു. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു സഭയുടെ ഈ ഭാഗത്തുള്ളവർ അഭിപ്രായപ്പെട്ടിരിക്കുന്ന അ

വരോടു സഹതാപം പ്രദർശിപ്പിച്ചതുകൊണ്ടുമാത്രം ഫലമൊന്നുമില്ല. ഈ സഹതാപം അനുഭവമാകത്തക്കവണ്ണം രൂപാ ചക്രം കാശായി മാറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈ പ്രമേയത്തിന്നനുകൂലമായി ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതു അനിയന്ത്രിതവും അത്യാവശ്യവുമാണെന്നു ഗവണ്മെന്റു അഭിപ്രായപ്പെടുന്നതോടു ഞാൻ സസന്തോഷം യോജിക്കുന്നുഎന്നു ഞാൻ ആരംഭത്തിലെ പറഞ്ഞുകൊള്ളുന്നു. എന്നാൽ പണത്തിന്റെ പ്രയാസമുണ്ടു. രണ്ടു പ്രധാന കാരണങ്ങളാലാണു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു. ഒരു കാരണം വിദ്യാർത്ഥികൾക്കു തട്ടുന്ന ദോഷമാണു. മറെറാരു കാരണം ഞാൻ അതിനെപ്പററി പറയുമ്പോൾ മനസ്സിലാകും. വിദ്യാർത്ഥികളുടെ സ്വഭാവശുദ്ധീകരണത്തിൽ ഗവണ്മെന്റിനോടു ഒപ്പം തന്നെ അതിലധികമൊ ഉത്തരവാദിത്വം ഉള്ള ഈ അദ്ധ്യാപകന്മാക്കു തുച്ഛമായ ശമ്പളം കൊടുക്കുന്നതിനാലുണ്ടാകുന്ന ദോഷത്തെക്കുറിച്ചാണു ഞാൻ ദോഷമെന്നു പറഞ്ഞതു. ഈ സന്ദർഭത്തിൽ ജനങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെന്റു കാണിക്കുന്ന താല്പര്യത്തിനു ഞാൻ അവരെ അഭിനന്ദിച്ചുകൊള്ളുന്നു. ഒരു സിനിമാ (ചലനചിത്ര) പ്രദർശനത്തിൽ കാണിച്ച ഒരു കഥ എനിക്കിപ്പോൾ ഓർമ്മയിൽവരുന്നു. ഒരു വെള്ളക്കാരൻകുട്ടിയും ഒരു കാപ്പിരിക്കുട്ടിയും ഒന്നിച്ചു പഠിച്ചിരുന്നു. വെള്ളക്കാരൻകുട്ടിയെ കാപ്പിരിയോടു സംസർഗ്ഗം ചെയ്യരുതെന്നു ഉപദേശിച്ചിട്ടുണ്ടായിരുന്നു. എങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും അവൻ അവയെ വകവെക്കാതെ അവൻ പുറത്തുപോയി കാപ്പിരിയുമായി സഖ്യം തുടങ്ങി. അങ്ങനെ ചെയ്യുന്നതുകൊണ്ടു കുട്ടി വഷളായിപ്പോകുമെന്നാണു പറഞ്ഞതു. എന്നാൽ ഇവിടെ അങ്ങനെ സംഭവിക്കാൻ തരമില്ല. തിരുവിതാംകൂറിൽ അദ്ധ്യാപകന്മാരെ ഏല്പിക്കുന്ന കുട്ടികൾക്കു സംഭവിക്കുന്ന ദോഷം എന്തായിരിക്കും. കുറെ മുമ്പുണ്ടായ സംഭവം ഞാൻ ഉദാഹരണമായി പറയാം. കളിച്ചുകൊണ്ടിരുന്ന കുറെ കുട്ടികളോടു ഒരിക്കൽ ഞാൻ സംസാരിച്ചുനിൽക്കുമ്പോൾ ഒരു കുട്ടി ഒരു പ്രത്യേകമാതിരിയിൽ നടക്കുന്നതു എന്താണെന്നു ഞാൻ ചോദിച്ചു. എന്റെ ഗുരു നടക്കുന്നതുപോലെ നടക്കയാണെന്നു ആ കുട്ടി മറുപടി പറഞ്ഞു. എന്നാൽ അവൻ നടന്നതു സാധാരണയാളുകൾ നടക്കുന്നതുപോലെയല്ല ക്ഷീണന്മാരെപ്പോലെയായിരുന്നു. അദ്ധ്യാപകൻ അങ്ങനെയാണു നടക്കുന്നതെന്നു പറഞ്ഞു. ദിവസം പകുതി ഭക്ഷണംമാത്രം കഴിക്കേണ്ടിവരുന്നതുകൊണ്ടാണു ഇങ്ങനെ നടക്കുന്നതെന്നു വാദ്ധ്യാർക്കു അറിയാമായിരുന്നു. അങ്ങനെയാണെങ്കിൽ കാര്യങ്ങളുടെ ഈ സ്ഥിതി നിലനിൽക്കാതിരുന്നാൽകൊള്ളാം. ഈ അദ്ധ്യാപകന്മാരെ പറഞ്ഞയയ്ക്കുകയാണു നല്ലതു. അവരെ ഉദ്യോഗത്തിൽ വച്ചാൽ അവരുടെ ജീവിതം ഈ സ്ഥിതിയിൽ കഴിക്കാൻ ഇട വരരുതു.

ജീവനും ദേഹവും ഒന്നിച്ചുവെച്ചുകൊണ്ടിരിപ്പാൻ വേണ്ട സഹായം ഈ അദ്ധ്യാപകന്മാക്കു ചെയ്തുകൊടുക്കണം. ഇപ്പോൾ നാം കാണുംപ്രകാരം അവരുടെ സ്ഥിതി മഹാ കഷ്ടമാണു. അവരുടെ വിദ്യാദാനജോലിയിൽ പ്രധാനമായം ഏററവും മതസംബന്ധമാണ്. ഈ അദ്ധ്യാപകന്മാക്കുവേണ്ട ഭക്ഷണം കിട്ടുന്നില്ലെന്നുമാത്രമല്ല, ചിലപ്പോൾ അവർ പട്ടിണികിടക്കേണ്ടിവരുന്നു. കാളേജ് പ്രൊഫസർമാക്കു കഷ്ടപ്പാടൊന്നുമില്ല, പരമസുഖമനുഭവിക്കുന്നു. അവരുടെ വഴിനോക്കുക. അവർ പഠിപ്പിക്കുന്ന വിദ്യാർത്ഥികൾ അവരെ വകവെക്കുന്നില്ലെന്നു വിശ്വസിപ്പാൻ സംഗതിയുണ്ടു. ഈ അദ്ധ്യാപകന്മാരുടെ തൽക്കാല സ്ഥിതി ഇതാണു. അവരുടെ സ്ഥിതി അല്പമെങ്കിലും നന്നാക്കുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

രണ്ടാമത്തെ കാരണം ഗ്രഹിക്കുന്നതിനു അന്യരാജ്യങ്ങളിലെ സ്ഥിതി എന്താണെന്നു നോക്കാം. ബങ്കാൾവരെ ഞാൻ പോകുന്നില്ല—അതു പ്രസിഡന്റിനു ഇഷ്ടമില്ലായിരിക്കും—എന്നാൽ ഹൈദ്രബാദ്‌വരെ പോകാം. അവിടത്തെ സ്ഥിതി എന്താണു? സമയം കഴിഞ്ഞുപോയതിനാൽ എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ ഇതിനെപ്പററി സംസാരിക്കാൻ കഴിയാഞ്ഞതുകൊണ്ടു അതിനെപ്പററി പറവാനുള്ള അവസരം എനിക്കു തരണമെന്നു അപേക്ഷിക്കുന്നു. അവിടെ കുറഞ്ഞശമ്പളം ൩൦ മുതൽ ൪൦ വരെ രൂപയാണു. അദ്ധ്യാപകന്റെ കുറഞ്ഞ യോഗ്യത മിഡിൽസ്കൂൾ പരീക്ഷ പാസ്സായിരിക്കണമെന്നാണു. മിഡിൽസ്കൂൾ പാസായി ട്രെയിൻചെയ്ത അദ്ധ്യാപകന്മാക്കു ൩൦ മുതൽ ൩൫ വരെ രൂപാ ശമ്പളംകിട്ടുന്നുണ്ടു. പിന്നെ മിസ്റ്റർ പണിക്കർ ഹൈദ്രാബാദിലെ വിദ്യാഭ്യാസം ഡിപ്യൂട്ടി ഡയറക്ടർ അയച്ച എഴുത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങളുടെ നാട്ടിൽ അദ്ധ്യാപകന്മാക്കു കൊടുക്കുന്ന ശമ്പളക്രമത്തെപ്പററി എനിക്കു അറിവില്ലെങ്കിലും അദ്ധ്യാപകന്മാരുടെ ആരംഭശമ്പളം ൩൦ രൂപായിൽ കുറയരുതെന്നാണ് എന്റെ അഭിപ്രായം". "അദ്ധ്യാപകന്മാരുടെ ശമ്പളക്രമം തീർച്ചയാക്കിയതു വളരെ വാദപ്രതിവാദത്തിനും ആലോചനയ്ക്കും ശേഷമാണു" എന്നും അദ്ദേഹം പറയുന്നു. ഇനിയും നമ്മുടെ രാജ്യത്തെപ്പോലെയുള്ള ബറോഡായിലെ കാര്യം ആലോചിച്ചാൽ അവിടത്തെ അദ്ധ്യാപകന്മാക്കു താണതരം ഇൻസ്പെക്ടരാകാമെന്നു പ്രത്യാശിക്കാം എന്നാണു അവിടത്തെ അധികാരസ്ഥന്മാരുടെ മറുപടി കിട്ടിട്ടുള്ളതു. അവിടത്തെ ശമ്പളക്രമം ഇപ്രകാരമാണു:—

ട്രെയിൻചെയ്യാത്ത അദ്ധ്യാപകന്മാർ ൧൫ മുതൽ ൨൦ വരെ രൂപാ രണ്ടാണ്ടിൽ ഒരു രൂപാ കൂടുതൽ ട്രെയിൻചെയ്ത അദ്ധ്യാപകന്മാർ.

൧-ാം ഗ്രേഡ്—൨൦ മുതൽ ൨൫ രൂപാവരെ.
൨-ാം ഗ്രേഡ്—൨൫ മുതൽ ൩൦ രൂപാവരെ.
സീനിയർ ഗ്രേഡ്—൩൦ രൂപാമുതൽ മേലോട്ടു.

ഇതാണു അവിടത്തെ സ്ഥിതി.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം-ഡിപ്യൂട്ടി പ്രസിഡന്റ്): അവിടത്തെ അദ്ധ്യാപകന്മാരുടെ ശമ്പളം മുഴുവനും ഗവണ്മെന്റു വഹിക്കുന്നുവോ അതോ ഒരംശം പ്രാദേശിക സംഘങ്ങളും മറെറ അംശം ഗവണ്മെന്റും വഹിക്കുന്നുവോ എന്നു മെമ്പർക്കറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): അവക്കു സ്കൂളുകളിൽ നിന്നാണു ശമ്പളംകൊടുക്കുന്നതു. സ്കൂളുകൾ നടത്തുന്നതു പ്രാദേശിക സംഘങ്ങളാണെന്നുവരാം.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറ നിയമനംഡിപ്പ്യൂട്ടിപ്രസിഡൻറ): അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ മൂന്നിൽ രണ്ടോഹരിയിലധികം പ്രാദേശിക സംഘങ്ങളാണ കൊടുക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): അങ്ങനെയായിരുന്നാലും അവിടത്തെ ശമ്പളനിരക്ക ഞാൻ പറഞ്ഞപ്രകാരമാണ. ശമ്പളം കൊടുക്കുന്നതു ഗവണ്മെൻറാണോ ജനങ്ങളാണോ എന്ന ഒരുവിധവും പറവാൻ ഞാൻ ഒരുക്കമില്ല. ശമ്പളം കൂട്ടിയാൽ കാര്യക്ഷമതയും വർദ്ധിക്കും എന്ന സഭയുടെ ഉദ്യോഗസ്ഥഭാഗത്തുനിന്നു വാദം പുറപ്പെടുവിച്ചിട്ടുണ്ടല്ലോ. ഈ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്ക കാര്യക്ഷമത ആവശ്യമില്ലെന്നാണോ ഗവണ്മെൻറിൻെറ അഭിപ്രായം എന്ന ഞാൻ ചോദിക്കുന്നു. ഗവണ്മെൻറിൻെറ മതം അതാണെന്ന ഞാൻ വിശ്വസിക്കയില്ല. കാര്യക്ഷമതയ്ക്കു നല്ല ശമ്പളം ആവശ്യവും കാര്യക്ഷമത ഒഴിച്ചുകൂടാത്തതുമാണെങ്കിൽ കാര്യക്ഷമതയുടെ ആ വ്യാഖ്യാനം ഈ അദ്ധ്യാപകന്മാർക്കും ചേരുന്നതായിരിക്കണം.

പ്രസിഡൻറ: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. എൻ. ഇപ്പൻനമ്പൂതിരി (ജന്മി): സർ, മലയാളംപള്ളിക്കൂടം അദ്ധ്യാപകന്മാർക്ക ഇന്നുള്ള ശമ്പളത്തിൽനിന്ന കൂടുതൽ ശമ്പളം കൊടുക്കണമെന്നുള്ള മിസ്റ്റർ തരകൻെറ പ്രമേയത്തോട ഞാനും യോജിക്കുന്നു. എന്നാൽ മിസ്റ്റർ തരകൻ അഭിപ്രായപ്പെട്ടിട്ടുള്ളതു ൧൫ രൂപാമുതൽ ൨൦ രൂപാവരെയുള്ള സംഖ്യ കൊടുക്കണമെന്നാണ്. ഇന്ന ഇംഗ്ലീഷ്സ്കൂളിൽ താഴ്ന്നതരത്തിൽ ഉള്ള അദ്ധ്യാപകനു ൨൫ രൂപാമുതൽ ൪൦ രൂപാവരെയാണ കൊടുക്കുന്നതു. മലയാളം മാതൃഭാഷയായിരിക്കുന്ന ഈ രാജ്യത്തു മലയാളംതന്നെ എല്ലാവരും ഒരുപോലെ ഉപയോഗിക്കേണ്ടതും അധികം ആവശ്യമുള്ളതുമായ ഈ രാജ്യത്തു മലയാളം പഠിപ്പിക്കുന്ന അദ്ധ്യാപകന്ന് ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകനു കൊടുക്കുന്നതിൽനിന്നും ഒട്ടും കുറയാത്തതായ ഒരു സംഖ്യതന്നെ ശമ്പളമായി കൊടുക്കണമെന്നാണ് എൻെറ അഭിപ്രായം. ഒരവസരത്തിൽ ഗവണ്മെൻറുതന്നെ ഇംഗ്ലീഷും മലയാളവും വ്യത്യാസമായി വിചാരിക്കുന്നില്ലെന്ന പ്രസ്താവിക്കയുണ്ടായി. ആ നിലനോക്കികഴിഞ്ഞാലും മലയാളത്തിനും ഇംഗ്ലീഷിനും അനുവദിച്ചിട്ടുള്ള സംഖ്യകൾക്ക ഭീമമായ വ്യത്യാസമുണ്ടെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. രാജ്യത്തിൻെറ ശോഭനമായ ഭാവിയെ ഉണ്ടാക്കുന്നതിനു കാരണക്കാരായിരിക്കുന്നതു ഈ മലയാളംസ്കൂൾ അദ്ധ്യാപകന്മാരാണ്. അങ്ങനെയുള്ള അദ്ധ്യാപകന്മാർ സ്കൂളിൽ പോയിക്കഴിഞ്ഞാൽ വൈകുന്നേരത്തെ ആഹാരത്തിനു നിവൃത്തിയില്ലല്ലോ എന്നുള്ള വിചാരത്തോടുകൂടെയാണ് പഠിപ്പിക്കുന്നതു. പഠിപ്പിക്കുന്നവർ ഉത്സാഹത്തോടുകൂടി പഠിപ്പിച്ചില്ലെങ്കിൽ അദ്ധ്യേതാക്കൾ വളരെ മോശമായ നിലയിൽവരാതെ സാധിക്കയുള്ളു. അതുകൊണ്ടു ഈ അദ്ധ്യാപകന്മാർക്ക ചിലവിനു മതിയാകത്തക്കതായി ഒരു സംഖ്യ ശമ്പളമായി നൽകേണ്ടതു എത്രയും അത്യാവശ്യമാണ്.

അതുകൂടാതെ ഡയറക്ടർ ഇവിടെ ഒരഭിപ്രായം പറയുകയുണ്ടായി. അതായതു അന്യഡിപ്പാർട്ടുമെൻറിൽ ഉള്ള ആളുകൾക്ക ഇതിൽ കൂടുതലായ ശമ്പളമില്ല എന്നാണ്. എന്നാൽ മററു ഡിപ്പാർട്ടുമെൻറിനെപ്പോലെയല്ല ഈ സ്കൂൾഡിപ്പാർട്ടുമെൻറ എന്ന ഒന്ന ആലോചിച്ചാൽ അറിയാം. മററു ഡിപ്പാർട്ടുമെൻറുകളിൽ ആഫീസ് സംബന്ധിച്ച ചെയ്യേണ്ടതായ മാനസീകജോലികളാണ് ഉള്ളതു. എന്നാൽ അദ്ധ്യാപകന്മാർക്ക മനസ്സുകൊണ്ടും ദേഹംകൊണ്ടും പ്രവർത്തിക്കേണ്ടതായ ജോലികൾ ഉണ്ടു. അതു നോക്കുമ്പോൾ കൂടുതൽ ശ്രമം അദ്ധ്യാപകന്മാർക്ക തന്നെയാണെന്നുള്ളതിൽ സംശയമില്ല.

൩൦ ലക്ഷം രൂപായോളം വരുന്ന ഒരു സംഖ്യയാണ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനുവേണ്ടി ഗവണ്മെൻറ ചിലവിടുന്നതു. ഓരോ ആവശ്യങ്ങൾ വരുമ്പോൾ അതാതിനു ചിലവാക്കുക എന്നേ ഗവണ്മെൻറ വിചാരിക്കുന്നുള്ളു. ആവക ചിലവുകളെ ആവശ്യം, അത്യാവശ്യം, അനാവശ്യം എന്ന മൂന്നായി തരംതിരിക്കേണ്ടതുണ്ടു. അതിൽ അത്യാവശ്യമാണ് പ്രധാനമായിനോക്കേണ്ടതു. നമ്മുടെ രാജ്യത്തു മലയാളഭാഷയാണ് അത്യാവശ്യമായിട്ടുള്ളതു. അതിനെ പിന്നോക്കം നിർത്തിക്കൊണ്ടു അന്യമായ ഒരു ഭാഷയെ ആണ് ഇവിടെ അത്യാവശ്യമായിട്ട സ്വീകരിക്കുന്നതു. ആ നയം ഒട്ടുംതന്നെ നന്നല്ല.

ഏതു നിലയിലും ഇതിനെപ്പററി ഈ കൌൺസിലിൽ പ്രത്യേകം ഗൌനിച്ചു അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിൽ വേണ്ട ജാഗ്രത ചെയ്യണമെന്ന ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മലയാളംസ്കൂൾ വാദ്ധ്യാന്മാർക്ക ആഹാരവിഷയമായിട്ടു വളരെ വിചാരമുള്ളതുകൊണ്ടു ഇംഗ്ലീഷ് പഠിപ്പിക്കുന്ന വാദ്ധ്യാന്മാരെക്കാൾ ബുദ്ധിമുട്ടു ഉളവാക്കുന്നുണ്ടെന്നും അതിനാൽ കൂടുതൽ ശമ്പളം കൊടുക്കണമെന്നുമാണോ അഭിപ്രായം?

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മി): അങ്ങനെതന്നെയാണ് എൻെറ അഭിപ്രായം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): രണ്ടു പ്രമേയങ്ങളും ഒരു വിഷയത്തെ സംബന്ധിച്ചാകയാലും എൻെറ പ്രമേയത്തെ ഭേദംകൂടാതെ അനുകൂലിക്കുമെന്ന പല മെമ്പർമാർ പറഞ്ഞിട്ടുള്ളതുകൊണ്ടും എൻെറ പ്രമേയത്തെ ഇതിനൊരു ഭേദഗതിയായി അവതരിപ്പിക്കാൻ അനുവദിക്കുമോ എന്ന പ്രസിഡൻറ പറയുമോ. രണ്ടിലും വാദങ്ങൾ ഒന്നുതന്നെയായിരിക്കും.

പ്രസിഡൻറ: മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളേ, നിങ്ങളുടെ പ്രമേയം രൂപത്തിലും സാരത്തിലും സഭാമുമ്പാകെയുള്ള പ്രമേയത്തിൽ നിന്ന വ്യത്യസ്തമാണ്. ഒന്നുകാര്യത്തിൻെറ സാരാംശത്തെക്കുറിച്ചും മറേറതു പ്രയോഗമാർഗ്ഗത്തെ സംബന്ധിച്ചും ആകുന്നു. ഒന്ന യന്ത്രത്തെയും മറേറതു നിർമ്മിത വസ്തുവിനെയും സംബന്ധിക്കുന്നു. രണ്ടുംകൂടി സംയോജിപ്പിക്കുന്നതു ശരിയായിരിക്കുമെന്ന തോന്നുന്നില്ല. തരം തീർച്ചയാക്കിയശേഷം നടപടിയെപ്പററി സഭ ചിന്തിക്കുന്നതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ പ്രമേയത്തോട അനുകൂലിക്കുന്നു. മലയാളംസ്കൂൾ അദ്ധ്യാപകന്മാരെപ്പോലെതന്നെ കഷ്ടത അനുഭവിക്കുന്ന ഉദ്യോഗവർഗ്ഗം മറെറാരു ഡിപ്പാർട്ടുമെൻറിലുമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു. അതേതരത്തിൽ ശമ്പളമുള്ള മററു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഉദ്യോഗജീവിതം അവസാനിച്ചു പെൻഷൻപററിയിരിക്കുന്ന നിലയിൽ അദ്ധ്യാപകന്മാരോട തരതമ്യപ്പെടുത്തി നോക്കുന്നപക്ഷം കാര്യം എളുപ്പത്തിൽ മനസ്സിലാകും. ഒരു പകുതി അക്കൌണ്ടൻറോ, പാർവത്യകാരനോ അല്ലെങ്കിൽ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരോ ഉദ്യോഗജീവിതം അവസാനിച്ചു

പെൻഷൻ പററുമ്പോൾ ഒരു വലിയ സമ്പാദ്യം ഉണ്ടാകാൻ സാധിക്കും. എന്നാൽ അദ്ധ്യാപകന്മാരുടെ കഥയാകട്ടെ കുചേലബ്രാഹ്മണനെപ്പോലെ ഉദ്യോഗജീവിതം അവസാനിച്ചാൽ ശിഷ്യന്മാരുടെ പടിവാതൽക്കൽ ചെന്നു അവരുടെ ദാനംകൊണ്ടു കഴിഞ്ഞുകൂടേണ്ടിയിരിക്കുന്നു. ഉദ്യോഗകാലത്തുണ്ടാക്കിയിട്ടുള്ള സമ്പാദ്യവുമില്ല, മററു യാതൊരുവിധമായ വരുമാനവുമില്ല. വല്ല ഔദാര്യശീലന്മാർ ഇവർക്ക് വല്ലതും കൊടുത്താലായി. രാജ്യത്തിന്റെ ശോഭനമായ ഭാവി ബാലന്മാരുടെ മനസംസ്കരണത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു. ആ സംസ്കരണം അദ്ധ്യാപകലോകത്തെയുമാണ് ആശ്രയിച്ചിരിക്കുന്നതു. ആ സ്ഥിതിക്കു ദാരിദ്ര്യവും, അസംതൃപ്തിയുമുള്ളവർ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതു ശരിയായിരിക്കയില്ല. ആ സ്ഥിതിക്കു അവരെ കണ്ടുപഠിക്കുന്ന ബാലന്മാരും ഉത്തമാദർശമുള്ളവരായി വളരാനിടയില്ല. അതുകൊണ്ടു ഇക്കൂട്ടങ്ങൾക്കു വേണ്ടിടത്തോളമെങ്കിലും ഉള്ള ഒരു തുക ശമ്പളമായി കൊടുക്കേണ്ടതത്യാവശ്യമാണ്. ഇപ്പോഴത്തെ ശമ്പളംകൊണ്ടു സ്വദേശംവിട്ടു അന്യദിക്കുകളിൽ താമസിച്ചു ഉപജീവനം കഴിച്ചുകൂട്ടുന്ന അദ്ധ്യാപകന്മാർക്ക് ഒട്ടുംതന്നെ മതിയാകയില്ല. ഗവണ്മെന്റും ഈ വിഷയം പ്രത്യേകം സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

ഇതിലേക്കു ഗവണ്മെന്റിന്റെ കോശസ്ഥിതി അനുവദിക്കുന്നില്ലെന്നു പറയുമായിരിക്കും. അതു ജനപ്രതിനിധികളായ ഞങ്ങൾക്കെല്ലാം ബോധ്യമുള്ള ഒരു സംഗതിയാണ്. അതിലേക്കു ഏതെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതത്യാവശ്യവുമാണ്. ഈ വിഷയത്തിൽ മൂന്നോ നാലോ ലക്ഷം രൂപാ ചിലവുചെയ്യേണ്ടതായി വരും. അതിലേക്കു ന്യായമായ ചില ആദായമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതു ജനപ്രതിനിധികളായ ഞങ്ങളാകുന്നു. എന്നാൽ ആ ആദായമാർഗ്ഗം ജനങ്ങളെ ഒരുപ്രകാരത്തിലും പീഡിപ്പിക്കാത്ത വിധത്തിലായിരിക്കണം. വിദ്യാഭ്യാസം കഴിഞ്ഞു ബാലന്മാർ വെളിയിൽ വരുമ്പോൾ അവർക്കും ഈ ചൂണ്ടിക്കാണിക്കുന്ന ആദായമാർഗ്ഗം ഉപയോഗപ്രദമായിരിക്കണം. എന്റെ ബുദ്ധിയിൽതോന്നുന്ന ഒരു ആദായമാർഗ്ഗത്തെ ഞാനും ചൂണ്ടിക്കാണിക്കാം.

ഈ രാജ്യത്തിൽ കായലും കരിനിലങ്ങളും ഒഴിച്ചു കണക്കാക്കിയാൽ രാജ്യത്തിൽ പകുതിയോളം റിസർവ് വനമായി കിടപ്പുണ്ടു. ഈ റിസർവുകളിൽനിന്നും വലിയ ആദായങ്ങൾ ഒന്നും ലഭിക്കുന്നില്ല. അതുകൊണ്ടു ജനസംഖ്യ കൂടുതലുള്ള സ്ഥലങ്ങളോടു അടുത്തുള്ള റിസർവുകളിൽനിന്നും ഒന്നരലക്ഷം ഏക്കർ വരെ ചെറിയ ചെറിയ ഭാഗങ്ങളായി തിരിച്ചു ലേലംചെയ്തു പതിച്ചുകൊടുക്കണം. അങ്ങനെ ചെയ്താൽ ഭൂമി ഇല്ലാത്ത അനേകം ജനങ്ങൾക്കു ഉപകാരമുണ്ടാകും. അഞ്ചു ഏക്കർ വീതമോ അല്ലെങ്കിൽ പത്തേക്കറിൽ കൂടുതലാകാതെയോ ആ ഭാഗങ്ങൾ തിരിച്ചു ലേലംചെയ്യണം. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഗവണ്മെന്റിനു തീർവ, ലേലവില എന്ന ഇനങ്ങളായി ഒരുകോടി രൂപാ കിട്ടും.

ഈ രാജ്യം കർഷകപ്രധാനമായ ഒരു രാജ്യമാണല്ലോ. ഇവിടെ കൃഷിസ്ഥലങ്ങൾ കുറഞ്ഞുകൊണ്ടാണിരിക്കുന്നതു. കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കേണ്ടതു പരിഷ്കൃതരാജ്യത്തിന്റെ ഒഴിച്ചുകൂടാൻപാടില്ലാത്ത കടമയാണ്. ധനവാന്മാർക്കുമാത്രം പതിച്ചുകൊടുക്കാതെ ദരിദ്രന്മാർക്കു തുണ്ടുതുണ്ടായിട്ടു പതിച്ചുകൊടുക്കുന്നപക്ഷം ഒരു വലിയ സംഖ്യ ആദായമായിട്ടു ഉണ്ടാകാൻ സാധിക്കും, കൃഷിയും വർദ്ധിക്കും.

ഈ വിധം എനിക്കുതോന്നുന്ന ആദായമാർഗ്ഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു മിസ്റ്റർ [illegible] പ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, മിസ്റ്റർ സി. പി. [illegible] ഹാജരാക്കിയ പ്രമേയത്തിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. എന്നാൽ മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞ ഒന്നുരണ്ടു സംഗതികളെപ്പററിമാത്രമേ ഞാൻ സംസാരിക്കാൻ വിചാരിക്കുന്നുള്ളു. പന്ത്രണ്ടു കൊല്ലത്തിനിടയ്ക്കു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം ൭ രൂപയിൽനിന്നു ൧൫ രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നു അദ്ദേഹം സഭാമുമ്പാകെ പ്രസ്താവിച്ചു. ഇതു സത്യമല്ലെന്നുള്ളതിനു സംശയമില്ല. കഴിഞ്ഞ പന്ത്രണ്ടോ പതിനഞ്ചോ വർഷംകൊണ്ടു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്റെ ശമ്പളം ഇരട്ടിയായി വർദ്ധിച്ചു എന്നു ഇതുകൊണ്ടു കാണാം. എന്നാൽ നമ്മുടെ ഉപജീവനത്തിനുള്ള ചെലവു ഇരട്ടിയല്ല മൂന്നിരട്ടിയായിട്ടുണ്ടെന്നു സുപ്രസിദ്ധമാണ്. അരി, വസ്ത്രം മുതലായി ഉപജീവനത്തിനു സാധാരണ ആവശ്യമുള്ള സാധനങ്ങളുടെ വിലയെപ്പററി ആലോചിച്ചാൽ ഇതു വളരെ അധികമാണെന്നു കാണാം. അരിയുടെ വില ൨൦൦ ശതമാനവും ഉണ്ണിച്ചരക്കിന്റെ വില ൩൦൦ ശതമാനവും വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടു ൧൫ രൂപാ ശമ്പളംവാങ്ങുന്ന അദ്ധ്യാപകന്റെ സ്ഥിതി ൭ രൂപാ ശമ്പളം വാങ്ങിയിരുന്നപ്പോഴത്തേതിനെക്കാൾ കഷ്ടതരമാണ്. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞ വേറൊരു സംഗതി നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്റെ ശമ്പളം വർദ്ധിപ്പിച്ചാൽ മററു ഡിപ്പാർട്ടുമെന്റുകളിൽ അതേസ്ഥിതിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും വർദ്ധിപ്പിക്കേണ്ടിവരുമെന്നാണ്. പക്ഷേ അങ്ങനെ വരാം. എന്നാൽ ഈ സ്ഥിതിയിലുള്ളവർ മററു ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടെങ്കിൽ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതൽ കാര്യം ആലോചിക്കുമ്പോൾ ഗവണ്മെന്റ് അവരുടെ കാര്യവും ആലോചിക്കണമായിരുന്നു. എന്നാൽ ഈ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വേറെയും പല പ്രധാന സംഗതികൾ ആലോചിപ്പാനുണ്ട്. മററു ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ എന്നു പറഞ്ഞപ്പോൾ മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ മനസ്സിലാക്കിയ മററു ഡിപ്പാർട്ടുമെന്റുകളിലെ ഗുമസ്തന്മാരുടേയും ശിപായിമാരുടേയും സ്ഥിതിയും നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയും തമ്മിൽ വളരെ അന്തരം ഉണ്ട്. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ സാധാരണയായി ഗ്രാമങ്ങളിലാണ് താമസിക്കുന്നതെന്നും അവിടെ അവർ ഒരു മാന്യനിലയെ പാലിച്ചുപോരേണ്ടതാണെന്നും നാം ഓർക്കണം. അദ്ധ്യേതാക്കളുടെ മുമ്പാകെ വരുമ്പോഴും അവരൊരു മാന്യനിലയിൽ വരേണം; അതിനു ചെലവുണ്ട്. മററു ഡിപ്പാർട്ടുമെന്റുകളിലെ കീഴുദ്യോഗസ്ഥന്മാരുടെ കാര്യം അങ്ങനെയല്ല. അദ്ധ്യാപകന്മാരുടെ സ്ഥിതി പ്രത്യേകമാണ്, അതുകൊണ്ടു അവരുടെ സ്ഥിതിയെപ്പററി ആലോചിക്കുമ്പോൾ ഈ സംഗതിയും പ്രത്യേകമായി ഓർക്കേണ്ടതാകുന്നു. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറഞ്ഞ വേറൊരു സംഗതി അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ വേണ്ടുന്ന പണം ഉണ്ടെങ്കിൽ അതിനുമുമ്പായി അതുകൊണ്ടു നിവർത്തിക്കേണ്ടുന്ന വേറെയും പല പ്രധാന കാര്യങ്ങൾ ഉണ്ടെന്നാണ്. നാട്ടുഭാഷാവിദ്യാഭ്യാസപ്രചരണവും

ഇപ്പോൾ എൻെറ ഓർമ്മയിൽ ഇല്ലാത്ത വേറെ ഒന്നുരണ്ടു കാര്യങ്ങളുമാണ് അദ്ദേഹം ഉദാഹരണമായി പറഞ്ഞതു. നാട്ടുഭാഷാവിദ്യാഭ്യാസപ്രചരണം അടിയന്തിരകാര്യങ്ങളിൽ ഒന്നുതന്നെയാണ്. എന്നാൽ അതൊരു അടിയന്തിരകാര്യമാകകൊണ്ടു, ഇപ്പോഴുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു ശമ്പളംകൂടുതൽ കൊടുക്കുന്നതിനു മുമ്പായി അതു നിവർത്തിക്കണമെന്നില്ല. അക്കാര്യം ഗവൺമെൻറിൻെറ മുമ്പാകെ ആലോചനയ്ക്കു വന്നിട്ടുമില്ല. ആ സംഗതികൾ ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയമായിത്തീരുമ്പോൾ അവയ്ക്കു വേണ്ടിവരുന്ന ചെലവിനു പണമുണ്ടാക്കുന്നതു ഗവൺമെൻറിൻെറ ധർമ്മമാണ്. കോശസ്ഥിതിയെപ്പററിയാണ് അദ്ദേഹം മുഖ്യമായി പറഞ്ഞതെന്നു തോന്നുന്നു. പണത്തെ സംബന്ധിച്ചു ഗവൺമെൻറിൻെറ സ്ഥിതി ഓരോ വ്യക്തികളുടെ സ്ഥിതി അല്ല. വ്യക്തികൾ "പക്ഷേ, തക്കതേ വാ പിളർക്കാവൂ". ഗവൺമെൻറിൻെറ സ്ഥിതി കേവലം വ്യത്യസ്തമാണ്. ഒരു ഗവൺമെൻറു രാജ്യത്തിൻെറ ആവശ്യം എന്താണ് അതിനു എത്ര പണം വേണം എന്നു തിട്ടപ്പെടുത്തി ആ പണം ഉണ്ടാക്കാൻ ഉള്ള വഴി എടുക്കുന്നു. അതാകുന്നു ഒരു പരിഷ്കൃതഗവൺമെൻറിൻെറ ധർമ്മം. അല്ലാതെ "നമുക്കിത്രയേ പണമുള്ളു അതുകൊണ്ടു ആ സംഖ്യക്കുള്ളിൽ ബഡ്ജററു തയ്യാറാക്കണം" എന്നു പറകയല്ല.

ആവശ്യമുള്ള പണം ഉണ്ടാക്കുന്നതിനു പ്രാസംഗികന്മാർ പല മാർഗ്ഗങ്ങൾ നിർദ്ദേശിക്കയുണ്ടായി എന്നാൽ എൻെറ അഭിപ്രായപ്രകാരം അവയെല്ലാം കേവലം അസംബന്ധങ്ങളാണ്. എന്തെന്നാൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ശരിയായി നമ്മെ ഓർമ്മിപ്പിച്ചപ്രകാരം അനുദ്യോഗസ്ഥമെമ്പർമാർക്ക് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ല. ഒരു പരിഷ്കൃതഗവൺമെൻറിൻെറ ആവശ്യങ്ങൾ ഇന്നതെന്നു ചൂണ്ടിക്കാണിച്ചുകൊടുക്കയേ നാം ചെയ്യേണ്ടതുള്ളു. ഒരുകാര്യം ആവശ്യമാണെന്നു നാം ബോദ്ധ്യപ്പെടുത്തിക്കൊടുത്താൽ അതിനുവേണ്ട പണം ഉണ്ടാക്കുന്നതു ഗവൺമെൻറിൻെറ ചുമതലയാണ്. എങ്ങനെയിലും ചെലവു കുറയ്ക്കണമെന്നു പറയുമ്പോൾ ഗവൺമെൻറു അപ്രകാരം ചെയ്യാൻ ഒരുക്കമല്ല. അങ്ങനെയിരിക്കെ പണം ഉണ്ടാക്കേണ്ടതു എങ്ങനെയാണെന്നു നാം ഗവൺമെൻറിനു ചൂണ്ടിക്കാണിച്ചിട്ടാവശ്യം എന്താണ്? അതുകൊണ്ടു നമ്മെ സംബന്ധിച്ചേടത്തോളം ഒരു കാര്യത്തിൻെറ ആവശ്യകത നാം ചൂണ്ടിക്കാണിച്ചാൽമാത്രം മതി. ആ ആവശ്യം നിവർത്തിക്കുന്നതു ഗവൺമെൻറിൻെറ ധർമ്മമാണ്. ഗവൺമെൻറിൻെറ കോശത്തിന്മേൽ, വരവിന്മേലും ചെലവിന്മേലും, നമുക്കു അധികാരം ഉണ്ടായിരുന്നുവെങ്കിൽ പണമുണ്ടാക്കാൻ നമുക്കു മാർഗ്ഗങ്ങൾ ഉണ്ടാക്കാം. ഗവൺമെൻറിൻെറ ധനസമ്പാദനശക്തി ക്ലിപ്തമല്ല. അതു ആവശ്യാനുസാരേണ വർദ്ധിപ്പിക്കാവുന്നതാണ്. ഗവൺമെൻറിനു മനസ്സുമാത്രം ഉണ്ടായിരുന്നെങ്കിൽ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുമാത്രമല്ല, മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞപ്രകാരം പ്രാഥമികവിദ്യാഭ്യാസപ്രചരണം മുതലായ മററു ആവശ്യങ്ങൾക്കും വേണ്ടുന്ന പണം ഉണ്ടാക്കാൻ കഴിയും. ഈ പ്രസ്താവനകളോടുകൂടെ ഞാൻ മിസ്റ്റർ തരകൻെറ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): പ്രസിഡൻറവർകളെ, ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ഞാൻ അങ്ങനെ ചെയ്യുന്നതു സന്തോഷത്തോടുകൂടെയാണെന്നു പറവാൻ തരമില്ല. നേരെമറിച്ചാൽ ഞാൻ മുഷിച്ചിലോടുകൂടെയാണു ഈ പ്രമേയത്തിന്നനുകൂലിച്ചു പ്രസംഗിപ്പാൻ എഴുന്നേൽക്കുന്നതു്. ഈ അല്പകരുണ കാണിക്കുന്നതിനു ഇത്രയധികം സങ്കടപ്രകടനം, ഇത്രയധികം യാചന വേണമെന്നോർക്കുന്നതു എനിക്കു ഗ്രഹിപ്പാൻ കഴിയുന്നില്ല. തങ്ങളുടെ വിദ്യാഭ്യാസനയത്തെപ്പററി ശ്ലാഘിക്കുന്ന, തങ്ങളുടെ വിദ്യാഭ്യാസം സംബന്ധിച്ചു ഉൽകൃഷ്ടസ്ഥാനം നിമിത്തം പ്രശംസിക്കുന്ന, പരിഷ്കൃത ഗവൺമെൻറിനുള്ള അവകാശത്തിനു അധ്യായമായി രാജ്യത്തിലെ വിദ്യാഭ്യാസപ്രചരണത്തെ കരുതുന്ന ഒരു ഗവൺമെൻറു ഇങ്ങനെ സഹതാപമില്ലാതെ വർത്തിക്കുന്നതു ലജ്ജാകരം തന്നെയാണ്. ഈ പ്രമേയത്തെപ്പററി ഗൌരവമായി മൌനം അവലംബിച്ചിരിക്കയായിരുന്നു ഉത്തമമായ അനുകൂലപ്രകടനം. താമസംവിനാ ഗവൺമെൻറിൻെറഭാഗം മെമ്പർ മുമ്പോട്ടുവന്നു ഗവൺമെൻറു ഈ പ്രമേയം സ്വീകരിക്കുന്നു എന്നു പറയേണ്ടതായിരുന്നു. സർ, ആ ഉറപ്പു തരാൻ ഒരു മെമ്പരും മുമ്പോട്ടുവന്നു കണ്ടില്ല. മുൻ പ്രാസംഗികന്മാർ പറഞ്ഞതെല്ലാം ആവർത്തിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. ഗവൺമെൻറിൻെറ കരുണമാത്രമല്ല, അവരുടെ ജീവസന്ധാരണത്തിനുവേണ്ടതുചെയ്തുകൊടുക്കമാത്രമല്ല, ഈ പ്രമേയത്തിൻെറ ഉദ്ദേശം. എന്തെന്നാൽ ഈ രാജ്യത്തു ഉപജീവനത്തിനു ഇവരെക്കാൾ കുറഞ്ഞവരവു മാത്രം ഉള്ളവരായി എത്രയോ ആളുകൾ ഉണ്ടെന്നു എനിക്കറിവുണ്ട്. ഉദ്യോഗസ്ഥന്മാരിൽ ഏററവും പ്രയോജനമുള്ളവരെ പട്ടിണിയിൽനിന്നു രക്ഷിക്ക, മാന്യനിലയിൽ ജീവിതം കഴിക്കുന്നതിനു അത്യാവശ്യമായ ശമ്പളം അവർക്കു കൊടുക്ക, എന്നതു ഒരു സഭയുടെ സ്വഭാവത്തിനു ആവശ്യമാണ്. അതു വിസമ്മതിക്കയെന്നുവന്നാൽ—ഈ പ്രമേയത്തെ എതിർക്കേണ്ടിവന്ന മെമ്പറിനോടു എനിക്കു വളരെ സഹതാപം തോന്നുന്നുണ്ട്—500 രൂപാ ശമ്പളമുള്ള ഡയറക്ടറിൻെറ സ്ഥിതിയിൽ ഇരിക്കുന്ന ഒരാൾ മുമ്പോട്ടുവന്നു "വേണ്ടാ, രാവിലെ മുതൽ വൈകുന്നേരംവരെ വേലചെയ്തു രാജ്യസേവ ചെയ്യുന്ന ഇവർക്കു 5 രൂപാ കൊടുക്കേണ്ടാ" എന്നു പറവാൻ നിർബന്ധിതനായി തീർന്നപ്പോൾ ആ പ്രമേയത്തെ എതിർക്കുന്ന പരബ്രഹ്മത്തിൻെറ മനസ്സിലെ സങ്കടകരവികാരങ്ങൾ എനിക്കു ഊഹിക്കാൻ കഴിയും. ആ മെമ്പറിൻെറ മനഃസ്ഥിതിയെപ്പററി ഞാൻ സഹതപിക്കുന്നു. സർ, ഇതിനെ സങ്കടധർമ്മം അനുഷ്ഠിക്കേണ്ടിവന്ന മെമ്പറിൻെറ മനഃസ്ഥിതിയെപ്പററി ഞാൻ കഴിച്ചിട്ടാവശ്യം ഇല്ല. ഹേമമെസ്തൃക്കും നീതിക്കും മറെറല്ലാററിനെക്കാൾ പ്രാധാന്യമായ ഒരു അപേക്ഷ ഞാൻ കഴിച്ചിട്ടാവശ്യം ഇല്ല. ഒരു മാന്യൻ ഭരണാധികാരിയായിട്ടുള്ള ഗവൺമെൻറിൻെറ സൽബുദ്ധിയോടുമാത്രമല്ല തങ്ങളുടെ മുമ്പാകെ സർ, ഞാൻ ഹൃദയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): സർ, ഈ പ്രമേയത്തെ ഞാൻ അനുമോദിക്കുന്നു. എൻെറ സ്നേഹിതൻ മി. സി. പി. തരകൻ ഹാജരാക്കിയ പ്രമേയത്തിൻെറ തത്വത്തോടു ഞാൻ യോജിക്കുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ പക്ഷം വഹിക്കുന്ന ഒരാളാണു ഞാൻ. ബഡ്ജററു യോഗത്തിൽ ഈ വിഷയത്തെപ്പററി ഞാൻതന്നെ ദീർഘമായി പ്രസംഗിച്ചിട്ടുണ്ട്. അവരെ എല്ലായ്പ്പോഴും പട്ടിണിയിട്ടു പരിക്ഷീണിക്കുന്ന അതുകൊണ്ടു അവരുടെ ശമ്പളവും ഭാവിയെപ്പററിയുള്ള പ്രത്യാശയും കുറച്ചു അധീനരാക്കാതെ വേണ്ടതാണ്. എൻെറ സ്നേഹിതന്മാർ ചില മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. പണമുണ്ടാക്കാൻ എന്തായാലും നന്നാക്കേണ്ടതാണ്. പണം ഉണ്ടാക്കുന്നതു ഗവൺമെൻറിൻെറ ചുമതലയിലും മാർഗ്ഗം ചൂണ്ടിക്കാണിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഏതു മുതലിൽനിന്നാണു ഇതിനു വേണ്ടുന്ന പണം എടുക്കേണ്ടതെന്നു തീർച്ചയാക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു കുടിയാൻെറ ഭാരം കൂട്ടാൻ കഴികയില്ലായിരിക്കും. എന്നാൽ എനിക്കൊരഭിപ്രായം പറവാനുണ്ട്.

മുതാക്കത്തക്കവണ്ണം കരം വർദ്ധിപ്പിക്കാൻ ഗവൺമെണ്ട് ശ്രമിക്കരുതു. ഇതിലേക്കു വേണ്ടുന്ന പണം ഏതു മുതലിൽ നിന്നെടുക്കണമെന്നു നിർണ്ണയിക്കാൻ ഒരു സംഘത്തെ നിയമിക്കയായിരിക്കും ഉത്തമമാർഗ്ഗം. ഇപ്പോഴും ഗവൺമെണ്ട് അവരുടെ ആകെ വരവിൽ അഞ്ചിലൊരോഹരിയായ ൭൦ ലക്ഷം രൂപാ വിദ്യാഭ്യാസം സംബന്ധിച്ചു ചെലവു ചെയ്യുന്നുണ്ടു. കുടിയാന്റെ നിലയിൽനിന്നും നോക്കിയാൽ ചെലവിന്റെ അത്യുച്ചസ്ഥിതിയെ നാം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിൽ കവിയാൻ സാധിക്കയില്ല. പണം ഉണ്ടാക്കുന്നതിനു ചെലവു ചുരുക്കുന്ന കാര്യം ഗവൺമെണ്ടു ആലോചനാവിഷയമാക്കണം. ഇതിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവൺമെണ്ടു ആലോചിക്കുന്നുണ്ടായിരിക്കും. അങ്ങനെയൊരു കമ്മിററിയെ ഉടൻതന്നെ ഏർപ്പെടുത്തി നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതി നന്നാക്കുന്നതിനു എന്തെങ്കിലും ഒരു മാററം ഏതെങ്കിലും വിധത്തിൽ ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഇതാകുന്നു പ്രമേയത്തിന്റെ തത്വം. അതിൽ ഞാൻ യോജിക്കുന്നു. പ്രമേയത്തിൽ കാണിച്ചിരിക്കുന്ന ശമ്പളത്തുകയുടെ കാര്യത്തിൽ ഞാൻ യോജിക്കുന്നില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്നറിവാൻ ആഗ്രഹിക്കുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അതെ ഞാൻ പ്രമേയത്തിനു അനുകൂലമാണ്. ആകെ വരവിൽ എത്ര ശതമാനം വിദ്യാഭ്യാസത്തിനു വേണ്ടി ചെലവാക്കാമെന്നു അതേസമയംതന്നെ തീർച്ചയാക്കണമെന്നു സഭയെ അറിയിക്കണമെന്നു മാത്രം എനിക്കുണ്ടായിരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): സർ, പ്രമേയത്തെപ്പററി അല്പം പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ അതിന്റെ വാചകം ന്യൂനതയുള്ളതാണെന്നൊരാക്ഷേപം സഭയുടെ ഈ ഭാഗത്തുനിന്നുണ്ടായി. അതായതു പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ പ്രാഥമിക സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയെ മാത്രമേ അതു നന്നാക്കുകയുള്ളുവത്രെ. വെർണാക്കുലർ മിഡിൽസ്കൂളുകളിൽ പ്രൈമറിക്ലാസ്സുകൾ ഉണ്ടായിരുന്നാൽ ആ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതി പ്രമേയത്തിന്റെ വ്യാപ്തിയിൽപെടുകയില്ല. വേറൊരു സംഗതി പറവാനുള്ളതു പ്രമേയത്തിന്റെ തത്വത്തെ അനുകൂലിച്ചു ചില മെമ്പർമാർ അതിലെ വിവരണങ്ങളെ സ്വീകരിച്ചില്ലെന്നുള്ളതാണു. ഞാനും ആ അഭിപ്രായക്കാരനാണു. മി. സി. പി. കൊച്ചുകുഞ്ഞുപിള്ളയുടെ പേരിൽ ഒരു പ്രമേയം കാണുന്നുണ്ട്. പല സംഗതികൾകൊണ്ടും ആ പ്രമേയമാണു ഈ സഭ പാസ്സാക്കേണ്ടതെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പല സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം നിശ്ചയിക്കുന്നതു കണക്കുനോക്കി ചെയ്യേണ്ടതാകുന്നു. അതു ചെയ്യേണ്ടതു ഈ വ്യവസ്ഥയുടെ ഫലവും രാജ്യത്തെ മററു സ്കൂളുകളെ അതെങ്ങനെ ബാധിക്കുമെന്നും സൂക്ഷ്മമായി ആലോചിച്ചിട്ടു വേണം. ഈ വിഷയത്തെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കണമെന്നു ചില മെമ്പർമാർ അഭിപ്രായപ്പെട്ടതിനെപ്പററി ഗവൺമെണ്ടിനു എന്തെങ്കിലും പറവാനുണ്ടോ എന്നറിവാൻ ചില മെമ്പർമാർ ആഗ്രഹിക്കുന്നു. ഒരു കമ്മിററിയെ നിയമിക്കണമെന്നുള്ള അഭിപ്രായം ഗവണ്മെന്റു സ്വീകരിക്കുന്നുണ്ടെങ്കിൽ ഈ പ്രമേയം പിൻവലിക്കണമെന്നു അതു ഹാജരാക്കിയ ആളോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയുടെ പ്രമേയത്തെ ഹൃദയപൂർവം അനുകൂലിക്കുന്നു.

പ്രസിഡെന്റ്: നിങ്ങൾ ഈ പ്രമേയത്തിനനുകൂലമാണോ?

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അനുകൂലിക്കുന്നതായ വേറൊരു പ്രമേയം ഉള്ളതുകൊണ്ടു ഈ പ്രമേയം മേലാൽപ്പെടുത്താൻ ആവശ്യമില്ലെന്നാണു ഞാൻ ബോധിപ്പിക്കുന്നതു.

പ്രസിഡെന്റ്: ഇപ്പോൾ സഭാസമക്ഷം ഒരു പ്രമേയം ഇരിക്കുന്നു. മിസ്റ്റർ മാത്യു, നാം അതിനെക്കുറിച്ചാണ് ആലോചിക്കുന്നതു. മെമ്പർമാർ പ്രസംഗിക്കുന്നതു അതിനെ അനുകൂലിച്ചോ, പ്രതികൂലിച്ചോ ഭേദപ്പെടുത്തണമെന്നോ ആകുന്നു. മററപ്രമേയം സംശയസ്ഥിതിയിലാണ് അതു വാദത്തിനു വന്നു എന്നും വന്നില്ലെന്നും വരാം.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഈ പ്രമേയം പിൻവലിക്കണമെന്നു ഹാജരാക്കിയ ആളോടു അപേക്ഷിച്ചുകൊണ്ടാണു ഞാൻ അവസാനിപ്പിച്ചതു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടി പ്രസിഡെന്റ്): ഒന്നാമത്തെ പ്രമേയത്തെപ്പററിയുള്ള വാദം നാം അവസാനിപ്പിച്ചില്ല. വാദം അവസാനിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡെന്റ്: ഈ അഭിപ്രായത്തിനനുകൂലമായിട്ടുള്ളവർ ദയവുചെയ്തു കൈ പൊക്കണം.

മി. സുബ്ബയ്യരെ, വാദം അവസാനിപ്പിപ്പാൻ നിങ്ങളുടെ അഭിപ്രായം സഭ സ്വീകരിച്ചിരിക്കുന്നു.

ഇനി പ്രമേയം ഹാജരാക്കിയ മെമ്പർക്കും ഗവണ്മെന്റു മെമ്പർക്കും സംസാരിപ്പാൻ അവകാശമുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): സർ, തിരുവിതാംകൂറിൽ ഒരു സംഗതിക്കും ഏകദേശമായിട്ടെങ്കിലും ഒരു ഏകാഭിപ്രായം ഉണ്ടാക എന്നുള്ളതു വളരെ അപൂർവമായിട്ടേ കണ്ടുവരാറുള്ളു. പ്രജാസഭയിലായാലും നിയമസഭയിലായാലും വർത്തമാനപത്രങ്ങളിലായാലും പബ്ലിക്ക മീററിങ്ങിൽ ആയാലും ഏതിലായാലും ഈ സംഗതിയെസംബന്ധിച്ചു ഏകാഭിപ്രായമാണുള്ളത്. ഏകാഭിപ്രായമായി സകലഭാഗത്തുനിന്നും പുറപ്പെടുന്ന അഭിപ്രായങ്ങളെ ബഹുമാനമായി സ്വീകരിച്ചു അതനുസരിച്ചു പ്രവൃത്തിക്കയാണുവേണ്ടതു. തി. കൃഷ്ണസ്വാമിഅയ്യർ പണമില്ലെന്ന പഴയ പല്ലവിതന്നെ പാടിത്തുടങ്ങിയതിൽ വളരെ മനസ്താപമുണ്ടു. വഞ്ചിയൂരിൽ തിരുവനന്തപുരത്തുള്ള സകല കുട്ടികളെയും വിളിച്ചുകൂട്ടുന്നതിനായി വലിയ ഒരു കെട്ടിടത്തിനു മൂന്നു ലക്ഷം, അവർ തമ്മിലടിച്ചു തലതല്ലിക്കീറുമ്പോൾ പിരിച്ചുവിടുവാൻ രണ്ടുമൂവായിരം, കോട്ടാറിൽ ഒരു സ്കൂളിനു രണ്ടു ലക്ഷം, ട്രയിനിങ്ങ് കാളേജിനു ആവശ്യമില്ലാത്തതായ ഒരു കെട്ടിടം കെട്ടുന്നതിനു രണ്ടു ലക്ഷം. ഇങ്ങനെ അനാവശ്യമായ സംഗതികൾക്കു ലക്ഷക്കണക്കിനു ചിലവിടുന്നതിനു യാതൊരു മടിയുമില്ലാത്ത ഗവണ്മെന്റു ജനങ്ങളുടെ പ്രതിനിധിയായ ഞങ്ങൾ ഏകാഭിപ്രായം പുറപ്പെടുവിച്ച ഒരു സംഗതിക്കു പണമില്ലെന്നു പറയുന്നതു വളരെ സങ്കടകരമായ ഒരു കാര്യമാണു. പഴയപോലെ മലയാളസ്കൂൾ അദ്ധ്യാപകന്മാരോടു വളരെ സഹതാപം ഉണ്ടെന്നു ഇപ്പോഴും പറയുന്നുണ്ടെങ്കിലും അതു വാക്കിലും ലേഖത്തിലുമാണെന്നു പ്രത്യക്ഷത്തിൽ കാണാവുന്ന

താണ്. ഗവൺമെൻറു പണമില്ലെന്ന് മനഃപൂർവ്വം വിചാരിക്കയും പണം ഉണ്ടാക്കിക്കൊടുക്കണമെന്നുദ്ദേശിക്കയും ചെയ്യുന്നുണ്ടെങ്കിൽ മി. കൃഷ്ണസ്വാമിഅയ്യർ അതിനെപ്പററി ഗാഢമായി ആലോചിക്കാൻ ഒരു കമ്മിററിനിയമിക്കാൻ അഭിപ്രായം പുറപ്പെടുവിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നു. അപ്രകാരം പ്രവൃത്തിക്കുന്നതിനു ഗവൺമെൻറു പ്രതിനിധിയായ അദ്ദേഹത്തിനു മനസ്സുണ്ടാകാത്തതിൽ ഞാൻ മനസ്താപിക്കുന്നു. ജനങ്ങളുടെ ഇടയിൽനിന്നും പുറപ്പെട്ട അഭിപ്രായങ്ങളെല്ലാം ഗവൺമെൻറു ഇത്ര നിസ്സാരമായി പരിഗണിച്ച സ്ഥിതിക്കു സഭയിലെ അനൌദ്യോഗസ്ഥഭാഗത്തെ സാമാജികന്മാർ ശക്തിയായും പൂർണ്ണമായും എന്നെ പിൻതാങ്ങുമെന്നു ഞാൻ വിചാരിക്കുന്നു. എൻറെ പ്രമേയത്തെ ചിലർ അനുകൂലിച്ചു എങ്കിലും ചിലർ അതിനോടു പൂർണ്ണമായി യോജിക്കാൻ നിവൃത്തിയില്ലെന്നു പ്രസ്താവിക്കയുണ്ടായി.

എൻറെ പ്രമേയത്തോടു യോജിക്കാൻ ഒന്നാമതായി നിവൃത്തിയില്ലാത്തതിനെപ്പററി പറഞ്ഞ സംഗതികളിൽ ഒന്നു മിഡിൽസ്കൂളുകളിലുള്ള പ്രൈമറി ക്ലാസ് അദ്ധ്യാപകന്മാരെ ഇതിൽ ഉൾപ്പെടുത്തിട്ടില്ലെന്നുള്ളതാണ്. പ്രൈമറിസ്കൂൾ എന്ന ഒരു വാക്കു ഞാൻ ഉപയോഗിച്ചു എന്നൊരു ടെക്നിക്കൽ അബ്ജക്ഷൻ മി. കൃഷ്ണസ്വാമിഅയ്യർ പറയുകയും ചിലർ അതിനെ പിൻതാങ്ങുകയും ചെയ്തു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെന്നു ഞാൻ ഉപയോഗിച്ച വാക്കിനെ മേൽപറഞ്ഞപ്രകാരം വ്യാഖ്യാനിച്ച മഹാന്മാരുടെ ബുദ്ധി എത്രമാത്രം മഹത്തരമാണെന്നു എനിക്കു സംശയമുണ്ട്. ഗവൺമെൻറിനോടു ശിപാർശ ചെയ്യുന്ന ഒരു പ്രമേയം മാത്രമാണ് ഇതു. അല്ലാതെ ഒരുത്തനെ തൂക്കാനോ അല്ലെങ്കിൽ ഒരുത്തൻെറ വസ്തു അപഹരിക്കാനോ ഉള്ള ഒരു നിയമത്തിലെ വാചകങ്ങളേയും വാക്കുകളേയും തൂക്കിനോക്കുകയല്ല എന്നുള്ളതു എല്ലാ മെമ്പറന്മാരുടേയും മനസ്സിൽ ഉണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നെ എൻറെ പ്രമേയത്തിൽ ഇന്നയിന്ന സംഗതിക്കു പണം ചിലവിടണമെന്നല്ലാതെ പണം ഉണ്ടാക്കാനുള്ള മാർഗ്ഗത്തെപ്പററി നിർദ്ദേശിച്ചിട്ടില്ലെന്നും അതിനു ഒരു കമ്മിററി ഏർപ്പെടുത്തി പണം ഉണ്ടാക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കണമെന്നും അതിനാൽ ഈ പ്രമേയം പിൻവലിക്കണമെന്നും ചിലർ അഭിപ്രായപ്പെടുകയുണ്ടായി. പണം ഉണ്ടാക്കേണ്ടതു ഗവൺമെൻറാണ്. അതിനു ഒരു കമ്മിററിയെ ഏർപ്പെടുത്തേണ്ടതും ഗവൺമെൻറിൻെറ ചുമതലയാണ്. ഈ പ്രമേയം ജനസാമാന്യത്തിൻെറ ആഗ്രഹം ഇന്നതാണെന്നു ഗവൺമെൻറിനെ അറിയിക്കുന്നതാണ്. കമ്മിററിയിലേക്കു ഗവൺമെൻറു നമ്മെക്കൂടി ക്ഷണിക്കുന്നപക്ഷം അപ്പോൾ നമുക്കും ചേർന്നുകൊള്ളാം.

ഇനി ഗ്രാൻറു ഇൻഎയിഡുസ്കൂളിനെപ്പററി ഗവൺമെൻറിനു സ്വല്പം സംശയമുള്ളതായി പറയുകയുണ്ടായി. അതിനെപ്പററി രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്ക് ഇപ്പോൾ ഗവൺമെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറിനും പുറമേ മാനേജർമാർക്കൂടി ഒരു സംഖ്യകൂടി കൊടുക്കാനിരിക്കുന്നതിനുള്ള ചുമതല ഗവൺമെൻറിനില്ലെന്നു ഗവൺമെൻറു വിചാരിക്കുന്നതു തെററാണ്. മാനേജർമാർ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന ശമ്പളം ഏഴരരൂപയാണ്. മാനേജരന്മാരെക്കൊണ്ടു അദ്ധ്യാപകന്മാർക്കു ശമ്പളം മുഴുവനും കൊടുപ്പിക്കേണ്ട ചുമതല ഗവൺമെൻറിനുതന്നെയാണ്. കുന്നത്തുനാട്ടു താലൂക്കിൽ കൂടുതൽ സ്കൂൾ ഉണ്ടാക്കാനായി അന്നു ഡിപ്പൂട്ടി ഡയറക്ടരായിരുന്ന മി. രാമസ്വാമിഅയ്യർ അവിടെവന്നു പല സ്ഥലങ്ങളിലും പൊതുയോഗങ്ങൾ വിളിച്ചുകൂട്ടി. ആ മീററിങ്ങിൽ അദ്ദേഹം പറഞ്ഞതു മലയാളംസ്കൂളിനു ഒരു ഓലക്കെട്ടിടം ഉണ്ടാക്കണം ബഞ്ചിനു പകരം തിണ്ണ, ബോർഡിനു പകരം ചുവരിൽ കുറെ കരിപുരട്ടുക ഇത്രയും മാത്രമേ ചെയ്യേണ്ടുള്ളു. ആറു രൂപായ്ക്കു എത്രവാദ്ധ്യാന്മാരെ വേണമെങ്കിലും ഞാൻ ഉണ്ടാക്കിത്തരാം എന്നാണ്. അങ്ങിനെ അവരെ പ്രോത്സാഹിപ്പിച്ച സംഗതി എനിക്കു നല്ലവണ്ണം അറിയാം. ഇങ്ങനെ അനേകം മാനേജർമാരെ വിളിച്ചുവരുത്തി സ്കൂൾ ഉണ്ടാക്കിയതിൽപിന്നെ ഇപ്പോൾ മാനേജർമാരുടെ തലയിൽ ഭാരം കെട്ടിവച്ചു. ഇപ്രകാരം പ്രവർത്തിക്കയാണെങ്കിൽ ഡയറക്ടർ മിച്ചലിൻെറ കാലത്തുണ്ടായതുപോലെയുള്ള സംഭവങ്ങൾ ഇക്കാലത്തും ഉണ്ടാകുമെന്നും അനേകം സ്കൂളുകൾ അടച്ചുപൂട്ടിയിടേണ്ടിവരുമെന്നും ഉള്ള ബോധം ഗവൺമെൻറിനു ഉണ്ടായിരിക്കേണ്ടതാണ്. എൻറെ പ്രമേയത്തെ എല്ലാവരും അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പ്രസിഡൻറ്: ഈ പ്രമേയത്തിൻെറ വിഷയത്തെപ്പററി ഞാൻ ഗവൺമെൻറിൻെറ പ്രതിനിധിയുടെ നിലയിലും പ്രസിഡൻറിൻെറ നിലയിലും—ഈ രണ്ടു അവസ്ഥകളേയും വേർതിരിക്കാൻകഴിയാത്തതിനെപ്പററി എനിക്കു പശ്ചാത്താപമുണ്ട്—ഇപ്പോൾ സംസാരിക്കാൻ ഭാവിക്കയാണ്. ഈ പ്രമേയം ഗവൺമെൻറിനെ ഈ കാര്യത്തിൽ നിർബന്ധിക്കുന്നതിനായി ഈ സഭയിൽ കൊണ്ടുവരാൻ ആവശ്യം നേരിട്ടതിനെപ്പററിയും വാദത്തിൻെറ ആരംഭത്തിൽതന്നെ ഒരു ഗവൺമെൻറുമെമ്പർ എഴുന്നേററു പ്രമേയത്തെ അങ്ങനെതന്നെ സ്വീകരിക്കുന്നു എന്നു പറയാത്തതിനെപ്പററിയും ഒരു മെമ്പർ ആശ്ചര്യം പ്രദർശിപ്പിക്കയുണ്ടായി. ഈ രണ്ടു സംഗതികളെപ്പററിയും എനിക്കു ഒന്നാമതായി പറവാനുള്ളതു ഗവൺമെൻറിനെ നിർബന്ധിച്ചിട്ടു യാതൊരു ആവശ്യവുമില്ലെന്നാണ്. പ്രമേയത്തിൽ അടങ്ങിക്കിടക്കുന്ന തത്വത്തെ തപ്പിനോക്കിഎടുക്കുന്നതിനും ഗവൺമെൻറിനു ആവശ്യമില്ല. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർതന്നെ പറഞ്ഞതുപോലെ ഈ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ ഗവൺമെൻറിനു മനസ്സും ആഗ്രഹവും ഉണ്ട്. എന്നാൽ ഒരു ഗവൺമെൻറുമെമ്പർ എഴുന്നേററു ഈ പ്രമേയത്തെ അതേനിലയിൽ സ്വീകരിച്ചിരുന്നുഎങ്കിൽ അതിൽ അഭിപ്രായപ്പെട്ടിട്ടുള്ളപ്രകാരംതന്നെയുള്ള ശമ്പളക്കൂടുതൽ വരുന്ന വർഷത്തിൻെറ ആരംഭംമുതൽക്കു കൊടുക്കേണ്ടിവരും. അങ്ങനെയുള്ള ഒരു സ്ഥാനത്തു ഗവൺമെൻറിനു ആലോചന കൂടാതെ പ്രവേശിക്കാൻ പാടില്ല. സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ നടപ്പിൽവരുത്താൻ പ്രയാസമൊന്നുമില്ലാത്ത ഒരു കാര്യമല്ല ഇതു. അലാവുദീൻെറ വിളക്കിന്മേൽ മോതിരം ഉരസ്സുന്നതുപോലെ ഇതു സാദ്ധ്യമല്ല.

മി. കെ. കെ. തോമസ് (കോട്ടയം): ഒരു കമ്മിററിയെ നിയമിക്കണമെന്നുള്ള അഭിപ്രായം ഗവൺമെൻറു സ്വീകരിക്കുമോ എന്നു പറയുമോ?

പ്രസിഡൻറ്. ഞാൻ അതിനെപ്പററി പറയാൻ ഭാവിക്കയാണ്. മി. തോമസ്, ഞാൻ പറയാൻ പോകുന്നതു നിങ്ങൾ മുമ്പിൽക്കൂട്ടി നിരൂപിച്ചുകൂട്ടുന്നു.

പല മാന്യമെമ്പറന്മാരുടെ പ്രസംഗങ്ങൾ ഞാൻ കേട്ടു. ഞാൻ ശ്രദ്ധയോടുകൂടെ കേട്ട രണ്ടു മെമ്പർമാർ ഇതു ഉടനെ നടപ്പിൽവരുത്തണമെന്നും എന്നാൽ കൂടുതൽ കരമൊന്നും ചുമത്തരുതെന്നും പറഞ്ഞു. ഈ സഭയിൽ പലർക്കാലം മെമ്പർമാരായിരുന്ന ഒരാൾ പരിഷ്കാരമുള്ള ഗവൺമെൻറുകൾ ആളും എത്ര ചെലവുണ്ടാകുമെന്നു

കണക്കാക്കിയശേഷം അതിനുവേണ്ടുന്ന പണം ഉണ്ടാക്കുന്നതിനുള്ള വഴികളാലോചിക്കണമെന്നുള്ള പ്രസിദ്ധതത്വം എടുത്തു പ്രസ്താവിച്ചു. എന്നുപറഞ്ഞാൽ യുദ്ധംചെയ്യണം, യുദ്ധത്തിൽ ജയിക്കയോ തോൽക്കയോ ചെയ്തശേഷംമാത്രം യുദ്ധച്ചെലവു കണക്കാക്കണം എന്നാണ്. ഒരിടത്തെ ചെലവു ചുരുക്കി ഈ ചെലവു നിർവഹിക്കണമെന്നു വേറൊരു മെമ്പർ പറഞ്ഞു. ഒരിക്കൽ ഒരു ഐറിഷ്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിനു ഒരു കമ്പിളിയുണ്ടായിരുന്നുള്ളു. ദീർഘകായനായിരുന്നതിനാലും കമ്പിളിക്കു നീളം പോരാത്തതിനാലും അദ്ദേഹത്തിനു കാലു മൂടാൻകഴിയാതെ കാലിന്മേൽ കുളിർകയറി. അതുകൊണ്ടു അദ്ദേഹം പിറ്റെന്നു രാവിലെ എഴുന്നേറ്റു ഒരു കത്രികകൊണ്ടു കമ്പിളിയുടെ മേററത്തുനിന്നു ഒരുമുഴം കമ്പിളി മുറിച്ചെടുത്തു മറേറ അറ്റത്തു തുന്നിപിടിപ്പിച്ചു. ഇങ്ങനെ പണം ഉണ്ടാക്കുന്ന നയം സ്വീകാരയോഗ്യമായി എനിക്കു തോന്നുന്നില്ല. മി. പങ്കനാമേനോൻ പരമേശ്വരൻപിള്ള പറഞ്ഞതു ആകർഷണീയമായി ചില സന്ദർഭങ്ങളിൽ തോന്നാമെങ്കിലും ഈ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചു പ്രതിവർഷം ഉണ്ടാകുന്ന ഈ ചെലവിനു പണം ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുന്ന അതു നടപ്പിൽവരുത്താൻ എനിക്കു മനസ്സുണ്ട്. ഗവൺമെന്റു ഒരുക്കവുമാണ് എന്നു ഉറപ്പുതന്നുകൊള്ളുന്നു. ഒന്നോ രണ്ടോ വർഷത്തേക്കുമാത്രമുള്ള ചെലവായിരുന്നെങ്കിൽ പ്രമേയപ്രകാരംചെയ്യുന്നതിനു ഞാൻ അശേഷം മടിക്കയില്ലായിരുന്നു. എന്നാൽ ഇതു പ്രതിവർഷം ഉണ്ടാകുന്നതുള്ള ഒരു ചെലവാണ്. അതുകൊണ്ടു ആ ചെലവുവഹിക്കാൻ ഒരു ശരിയായ വഴികാണുന്നതുവരെ അങ്ങനെയുള്ള ചെലവു വഹിപ്പിക്കാൻ ഞാൻ ആളല്ല. ഇതിനെ സംബന്ധിച്ചു ഒരു മെമ്പർ മി. ജി. രാമൻമേനോൻ ആണെന്നുതോന്നുന്നു, ഈ ബഡ്ജറ്റിൽ നമുക്കു കുറഞ്ഞപക്ഷം പത്തു ലക്ഷം രൂപ മിച്ചമുണ്ടാകുമെന്നു ഖണ്ഡിച്ചുപറഞ്ഞു. അദ്ദേഹംതന്നെയാണെന്നുതോന്നുന്നു ഇന്നാളൊരിക്കൽ നമ്മുടെ കോശസ്ഥിതി ഭീതിജനകമാണെന്നു ഉറപ്പായി പറഞ്ഞതു. ആളു തെററിപ്പോയിരിക്കാം. എന്നാൽ അദ്ദേഹംതന്നെ ആയിരുന്നു എന്നാണ് എനിക്കു തോന്നുന്നതു. നിങ്ങളോടു ഞാൻ തുറന്നുപറഞ്ഞുകൊള്ളുന്നു, ഈ വർഷത്തെപ്പററി എനിക്കു വളരെ ഭയമുണ്ടു. നിങ്ങൾക്കു അറിയാവുന്നതുപോലെ മാസംതോറും, യഥാർത്ഥത്തിൽ അതിലും കൂടക്കൂടെ എത്രമാത്രം പണം വന്നുകൊണ്ടിരിക്കുന്നു എത്രത്തോളം ചെലവായിക്കൊണ്ടിരിക്കുന്നു എന്നു ഞങ്ങൾ സൂക്ഷ്മതയോടെ പരിശോധിച്ചുകൊണ്ടിരിക്കണം. കഴിഞ്ഞ ഏഴുമാസത്തെ കണക്കുകൾ എന്റെപക്കൽ ഉണ്ട്. അതിൽനിന്നു ചുങ്കത്തെയാണ് കാണുന്നതു. കഴിഞ്ഞവർഷം ഈ സമയത്തെക്കാൾ ഈയാണ്ടിൽ ആദായനികുതി പിരിഞ്ഞുകിട്ടിയതു ൨ ലക്ഷം രൂപ കുറവാണ്. വെള്ളപ്പൊക്കംമൂലം പ്രത്യേകം ഡിപ്പാർട്ടുമെന്റുകളിൽ ഒന്നര ലക്ഷം രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. അനേകം അസാധാരണചെലവുകൾക്കും അധികം പണം വേണ്ടിവന്നിട്ടുണ്ടു. ചുരുക്കമായി പറഞ്ഞാൽ, ഇതുവരെ അനുവദിച്ചിട്ടുള്ള അസാധാരണചെലവുകൾക്കുള്ള സംഖ്യ മൂന്നര ലക്ഷം രൂപയാണ്. പിന്നെ, നമുക്കെല്ലാവർക്കും അറിവുള്ളതുപോലെ നമ്മുടെ അബ്കാരിവരവു കുറഞ്ഞുകുറഞ്ഞുവരികയാണ്. ഭയങ്കരമായ മദ്യപാനം ഉണ്ടായിരുന്ന ഒരു താലൂക്കിൽ ഈ ആണ്ടിൽതന്നെ ൩൭,൦൦൦ രൂപ കുറവുവന്നിട്ടുണ്ട്. നമ്മുടെ അബ്കാരിവരവു കുറഞ്ഞുകുറഞ്ഞുവരേണ്ടതാണെന്നും ഒരുനാൾ അതു ഇല്ലാതാകുമെന്നും നാം ഓർക്കേണ്ടതാണ്. ഇതു ഓർമ്മയിൽവച്ചുകൊണ്ടു കുറവു സംഭവിക്കുമ്പോൾ അതു നികത്താൻ ഞാൻ മാർഗ്ഗം അന്വേഷിക്കയാണ്. കരമൊഴിവിന്റെ തീരുവ ഞാൻ വർദ്ധിപ്പിച്ചതു നിങ്ങൾക്കറിയാമല്ലോ. ഇതുവരെ നിസ്സാരമാക്കിയിരുന്ന അല്പം പുകയിലക്കു നികുതി പുതുതായി ചുമത്തിയതുകൊണ്ടു ൫൦,൦൦൦ മോ ഒരു ലക്ഷമോ അതിൽ അല്പംകൂടുതലോ രൂപ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. ആദായമുണ്ടാക്കാൻ വേറെ വല്ല മാർഗ്ഗവുമുണ്ടോ എന്നു ഞാൻ എന്റെ ഉപദേഷ്ടാക്കളോടുകൂടി സൂക്ഷ്മമായി പരിശോധിച്ചുവരികയാണ്. കാലക്രമേണ ൨൫ ലക്ഷം രൂപ ഉണ്ടാക്കണം, അതു എത്ര എളുപ്പത്തിൽ ചെയ്യുന്നുവോ അത്രയും നന്നായിരിക്കും. നമ്മുടെ വിദ്യാഭ്യാസം സംബന്ധിച്ച ചെലവുകൾക്കും പണം ഉണ്ടാക്കണം. അവയിൽ അപ്രധാനമല്ലാത്ത ഒന്നാണ്—സഭ എന്നെ ബോദ്ധ്യപ്പെടുത്താൻ ഉദ്യമിച്ചിട്ടുള്ളപ്രകാരം എല്ലാററിലും പ്രധാനമായതു—നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കയാകുന്നു.

ഗവൺമെന്റിനു ഈ ആവശ്യം നല്ലവണ്ണം ബോദ്ധ്യമായിട്ടുണ്ടെന്നു ഞാൻ വീണ്ടും പ്രസ്താവിച്ചുകൊള്ളുന്നു. അതു നിവർത്തിക്കാൻ അവർക്കു വളരെ ആഗ്രഹമുണ്ടു. അതു നിവർത്തിക്കണമെന്നുള്ള ഈ പ്രമേയത്തിന്റെ തത്വം സ്വീകരിക്കാൻ അവർ ഒരുക്കവുമാണ്. എന്നാൽ അതിനു വേണ്ടുന്ന പണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ ചെലവിനും വിദ്യാഭ്യാസസംബന്ധിച്ച കൂടുതൽ ചെലവിനും വേണ്ടുന്ന പണം ഉണ്ടാക്കാൻ പുതിയ വഴികളും യഥാർത്ഥമാർഗ്ഗങ്ങളും കണ്ടുപിടിക്കുന്നതിനു ഈ സഭയുടെ ഒരു കമ്മിററിയുടെ സഹായവും എനിക്കു വേണ്ടിയിരിക്കുന്നു. ഈ വ്യവസ്ഥയിന്മേൽ ഞാൻ അതു സ്വീകരിക്കുന്നു. സംഗതി വോട്ടിനുവയ്ക്കണമെന്നു സഭയ്ക്കു ആഗ്രഹമുണ്ടെങ്കിൽ അതു വോട്ടിനിടാൻ ഞാൻ തയ്യാറാണ്.

മി. സി. പി. തരകൻ (കുന്നത്തുനാടു): സർ, ഈ ഉറപ്പിന്മേൽ ഞാൻ പ്രമേയം പിൻവലിക്കുന്നു.

പ്രെസിഡെന്റ: ഗവൺമെന്റിനെ സഹായിക്കാൻ ഒരു കമ്മിററിയെ നിയമിക്കാമെന്നുള്ള ദിവാൻജിയുടെ വാഗ്ദാനം നിങ്ങൾ സ്വീകരിക്കുന്നുവോ? വിദ്യാഭ്യാസംസംബന്ധിച്ചു ഉണ്ടാകാവുന്ന കൂടുതൽ ചെലവിനു യഥാർത്ഥമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ഗവൺമെന്റിനെ സഹായിക്കാൻ മെമ്പർമാരിൽ ചിലരെ തിരഞ്ഞെടുക്കുന്നതിനു ഗവൺമെന്റു നിങ്ങളോടു ആവശ്യപ്പെടുമെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഉവ്വ്. പ്രമേയം പിൻവലിക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

പ്രെസിഡെന്റ: നാളെ പകൽ പതിനൊന്നുമണിവരെ സഭ നിറുത്തിവച്ചിരിക്കുന്നു.

൪—൫൨—ന് സഭ പിരിഞ്ഞു.

ടി. പി. രാമസ്വാമയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂറ് നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

൧൦൯൬-ലെ ഒന്നാമത്തെ യോഗം.

അഫിഷ്യൽ റിപ്പോർട്ട്.

൧൯൨൧ ഏപ്രിൽ ൨൧-ാം
൧൦൯൬ മേടം ൧൦-ാം വ്യാഴം.

മണി പതിനൊന്നടിച്ചു മുപ്പത്തിനാലു മിനിട്ടായപ്പോൾ സഭ വീണ്ടും വിക്ടോറിയാ ജൂബിലിടൌൺഹാളിൽ കൂടി. പ്രസിഡണ്ട് അഗ്രാസനാധിപത്യം വഹിച്ചു.

ചോദ്യങ്ങളും മറുപടികളും.

(൧൨-ാംനംബർ സ്ഥിരഉത്തരവനുസരിച്ചു പ്രസിഡണ്ട് ചെയ്ത ഉത്തരവ്.)

(൧) സഭയുടെ ഓരോ യോഗത്തിലും ചോദിക്കാനുള്ള പ്രശ്നങ്ങളുടേയും അവയ്ക്കുള്ള മറുപടികളുടേയും അച്ചടിച്ച പകർപ്പുകൾ അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു ൧൫ മിനിട്ടിനുമുമ്പായി മെമ്പർമാരുടെ മേശപ്പുറത്തു വയ്ക്കുന്നതാകുന്നു.

(൨) ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി പറയുന്നതും താഴെ വിവരിക്കുന്ന ക്രമത്തിൽ ആയിരിക്കും:—

സെക്രട്ടറി ഓരോ പ്രശ്നകർത്താവിന്റേയും പേരു നമ്പർ ക്രമത്തിനു വിളിക്കുകയും അവരവരുടെ പ്രശ്നങ്ങളുടെ നമ്പർ പ്രസ്താവിക്കയും ചെയ്യണം. അവരിൽ ആർക്കെങ്കിലും ഉപപ്രശ്നങ്ങൾ ചോദിക്കാനുണ്ടെങ്കിൽ അതിനു സൌകര്യം ഉണ്ടാകത്തക്കവണ്ണം പ്രശ്നകർത്താക്കൾ തങ്ങളുടെ സ്ഥാനത്തു എഴുന്നേററുനിൽക്കുന്നതിനു അല്പസമയം അനുവദിക്കേണ്ടതും പ്രശ്നങ്ങളെ സംബന്ധിച്ചു ഉപപ്രശ്നങ്ങൾ അവർക്കു ചോദിക്കാവുന്നതും ആകുന്നു.

വൈക്കത്തു ഒരു മുസാവരിബംഗ്ലാവു കെട്ടുന്നതു്.

൨൯. മിസ്റ്റർ എ. ജെ. ജാൺ (വൈക്കം): വൈക്കത്തു ഒരു മുസാവരിബംഗ്ലാവു അത്യാവശ്യമാണെന്നും ഇപ്പോൾ ഉള്ള കമ്പ്കഷഡ് നിശ്ചയമായും വളരെ ജീർണ്ണസ്ഥിതിയിൽ ഇരിക്കുന്നു എന്നും ശ്രീമൂലം പ്രജാസഭയുടെ ഇരുപത്തിഒന്നാമത്തെ യോഗത്തിൽ ദിവാൻ പറഞ്ഞ മറുപടിയെ സംബന്ധിച്ചു ഒരു മുസാവരി ബംഗ്ലാവു കെട്ടുന്നതിനു ഏതെങ്കിലും നടപടി നടത്തീട്ടുണ്ടോ എന്നു ഗവൺമെണ്ട് സദയം പറയുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെണ്ട് സിക്രട്ടറി): വൈക്കത്തു പുതുതായി ഒരു മുസാവരിബംഗ്ലാവു കെട്ടുന്നതിനു ൧൭,൦൦൦ രൂപ ചെലവാകുമെന്നും അവിടെയുള്ള ക്യാമ്പ്ഷെഡ്ഡിനെ ൫൦൦൦ രൂപ ചെലവാക്കി വിസ്താരപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്യുന്നതിനാൽ യാത്രക്കാരുടെ ആവശ്യം നിർവഹിക്കാവുന്നതാണെന്നും ചീഫ്എഞ്ജിനീയർ ബോധിപ്പിച്ചിരിക്കുന്നു. ഗവൺമെണ്ട് ചീഫ്എഞ്ജിനീയരുടെ അഭിപ്രായത്തെ അംഗീകരിക്കുകയും ഒരു അടങ്കൽ അയക്കുന്നതിനും പണിക്കു ൧൧൦൨-ലെ ബഡ്ജറ്റിൽ പണം നീക്കിവയ്ക്കുന്നതിനും അദ്ദേഹത്തിനോടു ആജ്ഞാപിക്കയും ചെയ്തിട്ടുണ്ട്.

മുനിസിപ്പൽ സഭകളുടെ കീഴിലുള്ള നിയമനങ്ങൾ.

൨൮. മി. ജി. നാരായണപിള്ള (തിരുവല്ലാ): (എ) മുനിസിപ്പൽ പ്രസിഡണ്ടുമാർ ചെയ്യുന്ന നിയമനങ്ങളുടേയും കൊടുക്കുന്ന ശിക്ഷകളുടേയും കാലംതോറുമുള്ള കണക്കുകൾ ഗവണ്മെണ്ടിലേക്കു നിയമേന അവർ അയക്കാറുണ്ടോ എന്നും, ഇല്ലെന്നുവരികിൽ ഒരു കൊല്ലത്തിൽ കൂടുതലായ കാലത്തേക്കു ആ വിവരക്കണക്കുകൾ അയക്കാതിരുന്നിട്ടുള്ള മുനിസിപ്പാലിററികളുടെ കാര്യത്തിൽ വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നും,

(ബി) കഴിഞ്ഞ രണ്ടുകൊല്ലം കാലത്തിനിടയിൽ മുനിസിപ്പാലിററികളിൽ വല്ല ജീവനത്തിനും പിന്നോക്കസമുദായങ്ങളിൽ ഉള്ള വല്ലവരേയും നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എവിടെ എന്നും ഗവണ്മെണ്ട് പറയുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെണ്ടു സിക്രട്ടറി): (എ) ൧൯൧൫ ഒക്ടോബർ ൨൯-നുയിലെ സർക്കാർ ഗസററിൽ ഒന്നാംഭാഗത്തിലെ ൧൨൧-ാം വകുപ്പു പ്രസിദ്ധപ്പെടുത്തീട്ടുള്ളതായ ൧൯൧൫ സെപ്തംബർ ൨൧-നുയിലെ ഡസ്സ്. ൭൯൧/എസ്സ്/൨൧-ാംനമ്പർ ഗവണ്മെൻറാജ്ഞയിൽ ആവിധം കണക്കുകൾ മേലാൽ അയക്കേണ്ട എന്നു ആജ്ഞാപിച്ചിട്ടുണ്ട്; മെംബർ അതു നോക്കിക്കൊള്ളുക.

(ബി) ഉണ്ട്; കുഴിച്ചൽ, പത്മനാഭപുരം, നാഗരുകോവിൽ, ചെങ്കോട്ട, വൈക്കം, ആലപ്പുഴ ഇവിടങ്ങളിൽ.

വിദ്യാഭ്യാസഡിപ്പാർട്ട്മെണ്ടിൽ ഈഴവർ.

൨൯. മി. ആർ. പത്മനാഭൻ (ഗവണ്മെണ്ടു നിയമിച്ച മെമ്പർ): (എ) രാജ്യത്തിലെ വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിരിക്കുന്ന ഈഴവരുടെ സംഖ്യ അല്പതരമായിരിക്കുന്നതിനുള്ള കാരണം എന്തു് എന്നു ഗവണ്മെണ്ടു സദയം പറയുമോ?

(ബി) കഴിഞ്ഞ രണ്ടു ആണ്ടുകളിൽ എത്ര ഈഴവഗ്രാജുവേറ്റുകൾ അദ്ധ്യാപകജോലിക്കായി അപേക്ഷിച്ചിട്ടുണ്ടു എന്നും വാസ്തവത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു എന്നും പറയുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെണ്ടു സിക്രട്ടറി): (എ) യോഗ്യത സിദ്ധിച്ച ഈഴവർ, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനായി താരതമ്യേന അടുത്തകാലത്തുമാത്രമേ അപേക്ഷിക്കാൻ തുടങ്ങീട്ടുള്ളു. ഒഴിവുവരുന്ന ജീവനങ്ങൾക്കു ആളുകളെ നിയമിക്കുന്നതിനു മുമ്പിൽതന്നെ പല ഉദ്യോഗാർത്ഥികളും ജോലിനോക്കിവന്നിട്ടുള്ള ആളുകളെ—പല സംഗതിയിലും അതു ദീർഘമായ കാലത്തേക്കുമായിരുന്നിട്ടുണ്ട്—പ്രധാനമായി ഗണിക്കേണ്ടിയിരുന്നു.

(ബി) ഒരു സ്ത്രീ ഉൾപ്പെടെ ൧൭; ഇവരിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്നുപേരെ അദ്ധ്യാപകജോലിക്കു നിയമിച്ചിട്ടുണ്ട്.

മി. ആർ. പത്മനാഭൻ (ഗവൺമെണ്ട് നിയമിച്ച മെംബർ): ഈ പ്രശ്നത്തിൽ (എ) ഭാഗത്തിനുള്ള മറുപടിയിൽ പ്രയോഗിച്ചിരിക്കുന്ന "താൽക്കാലിക അടുത്തകാലത്തു" എന്നുള്ള പദത്തെ മെംബർ വിവരിച്ചു പറയുമോ? അങ്ങനെയുള്ള അപേക്ഷകനിയമനങ്ങളിൽ ഏതുവും ആദിയായ തീയതി ഏതെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): ഇതു കഴിഞ്ഞ രണ്ടുകൊല്ലത്തെ കാര്യമാണ്. ആ അപേക്ഷകളോ അവയിലെ തീയതിയോ എന്റെ കയ്യശം ഇല്ല.

മി. പത്മനാഭൻ (ഗവൺമെണ്ടു നിയമിച്ച മെംബർ): പ്രശ്നത്തിൽ (ബി) ഭാഗത്തിനുള്ള മറുപടിയുടെ കാര്യത്തിൽ ആ നിയമനങ്ങളുടെ തീയതി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): ആ വിവരവും കയ്യശം ഇല്ല.

മി. ആർ. പത്മനാഭൻ (ഗവൺമെണ്ടുനിയമിച്ച മെംബർ): ചോദ്യങ്ങൾ ഗവൺമെണ്ടിൽ കിട്ടിയതിൽപിന്നീടോ അതിനുമുമ്പിലോ ഈ നിയമനങ്ങൾ നടത്തിയതു എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): ചോദ്യങ്ങൾ കിട്ടിയതു എപ്പോൾ എന്നുകൂടി എനിക്കു അറിഞ്ഞുകൂടാ; അതുകൊണ്ടു ആ തീയതികൾ താരതമ്യപ്പെടുത്തിപ്പറയാൻ എനിക്കു കഴിവില്ലാ.

പുതുതായി അദ്ധ്യാപകന്മാരുടെ നിയമനം.

൨൯൭. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈയിടെ അനുവദിച്ച ഉദ്യോഗങ്ങളിൽ പുതുതായി നിയമിക്കുവാൻ ൧൬ ഗ്രാഡ്യുവേറ്റുവാദ്ധ്യാർമാരുടെ പേരുകൾ വിദ്യാഭ്യാസഡയറക്ടർ അയച്ചിട്ടുണ്ടോ എന്നു ഗവൺമെണ്ട് സദയം പറയുമോ? ഉണ്ടെങ്കിൽ അവരുടെ പേരു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): ഉണ്ട്. ഡയറക്ടർ ശിപാർശചെയ്തിട്ടുള്ള ൧൬ ഗ്രാഡ്യുവേറ്റ് വാദ്ധ്യാന്മാർ താഴെ പേരുപറഞ്ഞിരിക്കുന്നവർ ആകുന്നു.

(൧) സി. ഗണേശയ്യർ ബി. എ.
(൨) ടി. ഗോപാലപിള്ള ബി. എ.
(൩) ജെംസ് സാമുവൽ ബി. എ.
(൪) പി. രാമകൃഷ്ണൻനായർ ബി. എ. (ആണേഴ്സ്)
(൫) കെ. ആർ. രാജരാജവർമ്മ ബി. എ.
(൬) വി. കെ. രാമവർമ്മ തിരുമുൽപാട്ട ബി. എ.
(൭) എ. വീരമണിയയ്യർ ബി. എ. (ആണേഴ്സ് എൽ. റ്റി.
(൮) കെ. സി. തോമസ് ബി. എ. എൽ. റ്റി.
(൯) ജി. പരമേശ്വരയ്യർ ബി. എ. (ആണേഴ്സ്)
(൧൦) ആർ. രാമപ്പൊതുവാൾ ബി. എ.
(൧൧) പി. ജോസഫ് ബി. എ. എല്‍. ടി.
(൧൨) വി. ശിവസാംബയ്യൻ ബി. എ.
(൧൩) പി. എ. ശങ്കരപ്പിള്ള ബി. എ.
(൧൪) സി. ചെറിയാൻ ബി. എ.
(൧൫) എസ്. മോസസ് ബി. എ.
(൧൬) എം. കെ. രാമൻപിള്ള ബി. എ. (ആണേഴ്സ്)

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വിദ്യാഭ്യാസഡയറക്ടരുടെ ശിപാർശയെ ഗവൺമെണ്ട് അനുവദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): ൧, ൯, ൧൨ ഈ മൂന്നുനംബരിൽപെട്ടവരെ ഒഴിച്ചു അനുവദിച്ചിട്ടുണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്തുകാരണത്തിന്മേൽ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): അനുമതിക്കുള്ള കാരണമാണോ അറിയണം എന്നു മെംബർ ആഗ്രഹിക്കുന്നത്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൬ വാദ്ധ്യാന്മാരിൽ ൧൩ പേരെ മാത്രമെ ഗവൺമെണ്ട് അനുവദിച്ചിട്ടുള്ളു എന്നാണോ ഞാൻ ധരിക്കേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): അതേ; അവരെ നിയമിക്കുന്നതിനു കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ അനുവദിച്ചു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ൧൩ പേരും പകരംനോക്കിവന്നിരുന്ന വാദ്ധ്യാർമാരോ അതല്ലാ പുതുതായി നിയമിച്ചവരോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): അതു സംബന്ധമായ വിവരം കയ്യശം ഇല്ല.

സർവെ ഡിപ്പാർട്ട്മെണ്ടിലെ ക്ലാർക്കുമാരുടെ പേരുകളും അവരെ സ്ഥിരപ്പെടുത്തിയ തീയതിയും.

൨൯൮. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൧൯൧൮ സെപ്തംബർ ൨൩-നു-മുതൽ സർവെ ആഫീസിൽ സ്ഥിരപ്പെടുത്തിയ ക്ലാർക്കുമാരുടെയും ഡ്രാഫ്ട്സ്മാൻമാരുടെയും പേരും അവരെ സ്ഥിരപ്പെടുത്തിയ തീയതിയും ഗവൺമെണ്ട് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട വിവരം താഴെ ചേർക്കുന്നു,—

ക്രമനമ്പർ	പേരു	ഉദ്യോഗം	സ്ഥിരപ്പെടുത്തിയ തീയതി.
൧.	വി. ആർ. ഹരിഹരയ്യർ	ക്ലാർക്കു	൧൦൯൪-൫-൧
൨.	എം മുത്തുസ്വാമിപിള്ള	ലിതോഗ്രാഫ്ട്സ്മാൻ	൧൦൯൫-൪-൧
൩.	ടി. ജെ. സുന്ദരയ്യർ	ടി	൧൦൯൫-൬-൧
൪.	പി. കൃഷ്ണൻ ആശാരി	ടി	൧൦൯൫-൧൨-൧
൫.	എസ്സ്. നടേശയ്യർ	കമ്പ്യൂട്ടർഡ്രാഫ്ട്സ്മാൻ	൧൦൯൮-൧൨-൧

സർവെ ഡിപ്പാർട്ട്മെണ്ടിൽ ഹെഡ് സർവേയർ പി. കെ. സുബ്ബയ്യർ.

൨൯൯. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും). (എ) ഹെഡ് സർവേയർ മി. പി. കെ. സുബ്ബയ്യർക്കു ബ്രിട്ടീഷ് സർവെപാർട്ടിയിൽ ഉദ്യോഗം ഉണ്ടായിരുന്നുവോ എന്നും ഉണ്ടായിരുന്നുവെങ്കിൽ എത്രകാലത്തേക്കു എന്നും ഗവൺമെണ്ട് സദയം പറയുമോ?

(ബി) എന്തുകാരണത്താൽ അദ്ദേഹം ആ സർവീസ്വിട്ടു?

(സി) അദ്ദേഹത്തെ എന്നു ജീവനത്തിൽ നിയമിച്ചു, എന്തു ജീവനത്തിൽ, എന്തു ശമ്പളത്തിൽ?

(ഡി) അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ശമ്പളം എന്തു?

(ഇ) കഴിഞ്ഞ ആറുമാസത്തേക്ക അദ്ദേഹം എന്തുജോലി ചെയ്തിരുന്നു?.

(എഫ്) അദ്ദേഹത്തിനു മലയാളം അറിയാമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): (എ) മി. സുബ്ബയ്യർ ൧൦൯൨ മുതൽ ൧൧ കൊല്ലം കാലത്തേക്ക ബ്രിട്ടീഷ് സർവെ ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗത്തിൽ ഇരുന്നിരുന്നു.

(ബി) അദ്ദേഹത്തിന്റെ പ്രമോഷൻ അനേകം അവസരങ്ങളിൽ അവഗണിക്കപ്പെട്ടതുകൊണ്ടു ബ്രിട്ടീഷ്സർവീസിലെ ജീവനം അദ്ദേഹം രാജിവച്ചു.

(സി) നെടുമങ്ങാട്ട റീസർവെചാർട്ടിക്കുള്ള താൽക്കാലികജീവനങ്ങളിൽ മാസം ൧-ക്ക ൩൦ രൂപ വീതം ശമ്പളത്തിൽ ഹെഡ്സർവെയരായി ൧൦൯൦ മകരം ൧൬-നു തിരുവിതാംകോട്ട സർവെഡിപ്പാർട്ട്മെണ്ടിൽ അദ്ദേഹം നിയമിക്കപ്പെട്ടു.

(ഡി) ൧൦-൫/൨-൧൭൦ രൂപാ സ്കെയിലിൽ മാസം ൧-ക്ക ൧൫ രൂപാ.

(ഇ) ൧൧൦൦ മേടത്തിൽ അദ്ദേഹം പുനലൂരിൽ ഹെഡ്സർവെയർ ആയിരുന്നു. അദ്ദേഹം ൧൧൦൦ ഇടവം മിഥുനം ഈ മാസങ്ങളിലും കർക്കടകം ആദ്യത്തെ പകുതിയിലും സർവെആഫീസിൽ ആഫീസ് അസിസ്റ്റന്റായി പകരംജോലിനോക്കി. അതിൽപിന്നീട സ്റ്റോർകണക്കുകളും സർവെ ആഫീസിലെ സ്റ്റോർകീപ്പരുടെ അധീനത്തിൽ ഉള്ള യന്ത്രങ്ങൾ ആഫീസ്സാമാനങ്ങൾ മുതലായവ ഇവയും ശരിയായിരിക്കുന്നുവൊ എന്നു തിട്ടപ്പെടുത്തുവാനായി നിയുക്തനായി. ഇക്കാലത്തിനിടയ്ക്കു അദ്ദേഹം സ്റ്റോറിൽ ഉള്ള തിയോഡൊലൈറ്റുകളെ പരിശോധിക്കയും കേടുതീർക്കേണ്ടവയെ തിരിച്ചുവയ്ക്കയും ചെയ്തു.

(എഫ്) അദ്ദേഹത്തിനു മലയാളം അച്ചടിച്ചതു തടസംവന്നിയെ വായിക്കാൻ കഴിയും. വൃത്തിയായി എഴുതിട്ടുള്ള കയ്യക്ഷരവും വായിക്കാൻ കഴിയും; മലയാളം എഴുതി പരിശീലിച്ചിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): മി. സുബ്ബയ്യർ ബ്രിട്ടീഷ്സർവീസ്വിടുന്നകാലത്തു അവിടത്തെ ശമ്പളം എന്തായിരുന്നു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): അതു അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട.): ബ്രിട്ടീഷ് സർവീസിൽ ന്യായമായ പ്രമോഷൻ കിട്ടാത്തതുകൊണ്ടു അവിടെ രാജിവച്ചു എന്നാണ മറുപടിയിൽ കാണുന്നതു. അങ്ങനെയുള്ള ഒരാളിനു ഇവിടെ ശരിയായ പ്രമോഷൻ കിട്ടും എന്നു വിചാരിക്കാൻ ഉള്ളതു അവകാശം എന്താണ്?.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട് സെക്രട്ടറി): ഇവിടെ വന്നു; ഇവിടെ ഉദ്യോഗം സ്വീകരിച്ചു എന്നേയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇവിടത്തെ സർവീസിൽ ആദ്യം ൩൦ രൂപാ കൊടുക്കയും പിന്നീട ൧൦ രൂപാ മുതൽ ൧൭൦ രൂപാവരെ ഉള്ള ശമ്പളത്തിൽ നിയമിക്കയുമാണോ ചെയ്തിട്ടുള്ളത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): ആദ്യം ടെമ്പ്രറിയായിട്ടു നിയമിച്ചു; കുറെ കാലം കഴിഞ്ഞതിനുശേഷം ൧൦ രൂപ മുതൽ ൧൭൦ രൂപ വരെയുള്ള ശമ്പളം കൊടുത്തു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എത്ര കൊല്ലം കഴിഞ്ഞിട്ടാണ് ൧൦ രൂപ മുതൽ ൧൭൦ രൂപാ വരെയുള്ള ശമ്പളം കൊടുത്തതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട സെക്രട്ടറി): അതു നിശ്ചയമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ബ്രിട്ടീഷ് സർവീസിൽ അദ്ദേഹത്തിനു എത്രരൂപയായിരുന്നു ശമ്പളം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അവിടെ ശരിയായ കയററം കിട്ടാത്തതുകൊണ്ടു രാജിവച്ചു ഇവിടെ വന്നതിനെ വിചാരിച്ചാണോ ൧൭൦ രൂപ ശമ്പളം കൊടുക്കാൻ ഇടയായതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): അങ്ങനെയല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയാണ് ഉത്തരംകൊണ്ടു മനസ്സിലാകേണ്ടതു. അദ്ദേഹത്തെ നിയമിച്ചതിനുശേഷം ഇതുവരെ ഉത്തരത്തിലെ (ഇ) ഭാഗത്തു പറഞ്ഞിട്ടുള്ള ജോലികൾമാത്രമാണോ ചെയ്തിട്ടുള്ളത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): മുൻപത്തെ ജോലി ചെയ്തിട്ടുണ്ടോ എന്നുള്ള വിവരം എഴുതിഅയച്ചു മറുപടി വരുത്തിയതിനുശേഷമേ പറയാൻ നിവൃത്തിയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഉത്തരം (ഇ) ഭാഗത്തു പറയുന്ന ജോലികൾ ചെയ്യുന്നതിനു ൧൭൦ രൂപാ ശമ്പളം ഉള്ള ഒരുദ്യോഗസ്ഥൻ വേണം എന്നു ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): അദ്ദേഹം ഗവൺമെന്റിൽ ഇരിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ്. അപ്പഴപ്പോൾ ഏതെതു ജോലികൾ ചെയ്യേണ്ടതുണ്ടോ അതിനെല്ലാം നിയോഗിക്കാവുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അപ്പോൾ ഗവൺമെന്റുദ്യോഗസ്ഥനായിരുന്നാൽ ഏതു ജോലിക്കും അയക്കാം എന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രട്ടറി): അല്ല, അദ്ദേഹം ഹെഡ്സർവെയരാണ്. എവിടെ എല്ലാം സർവെ സംബന്ധമായ ജോലികൾ ചെയ്യാനുണ്ടോ അവിടെയെല്ലാം അയക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഹെഡ് ആഫീസിൽ വന്നതിൽപിന്നീട അദ്ദേഹത്തെ ചുമതലപ്പെടുത്തിട്ടുള്ള ജോലികൾക്ക ൧൭൦ രൂപ ശമ്പളം ഉള്ള ഉദ്യോഗസ്ഥൻതന്നെ വേണ്ടതാണോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): സംശയമില്ല അങ്ങനെതന്നെയാണ് വേണ്ടത്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): സ്റ്റോർ അക്കൌണ്ട്സ് പരിശോധിക്കുന്നതിനു് ആളെ കൂടെ നിയമിച്ചു എന്നു പറഞ്ഞിരിക്കുന്നു. അതിനു ഇത്ര വലുതായ ശമ്പളമുള്ള ഉദ്യോഗസ്ഥൻ ആവശ്യം ഉണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): സ്റ്റോർകീപ്പർക്കുതന്നെ ൭൦ മുതൽ ൯൦ രൂപ വരെ ശമ്പളം ഉണ്ടു. അയാളുടെ ജോലിയെ പരിശോധിക്കാൻ ഉയർന്ന തരം ഉദ്യോഗസ്ഥൻ തന്നെയാണ് വേണ്ടതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അദ്ദേഹം പുനലൂർ ഹെഡ് സർവേയർ ആയിരുന്നപ്പോലെ പല സ്ഥലങ്ങളിലും ആ ജോലിയിൽ ഇരുന്നിരിക്കും അല്ലേ? ആ അവസരങ്ങളിൽ ജനങ്ങളുമായിട്ടു ഹെഡ്സർവേയർ പെരുമാറേണ്ട ആവശ്യമുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): ആവശ്യം ഉണ്ടാകാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മലയാളത്തിൽ ഒരു ഹർജി വ്യക്തമായി എഴുതിയാൽ മാത്രമേ അദ്ദേഹത്തിനു വായിക്കാൻ സാധിക്കയുള്ളു എന്നു ഉത്തരത്തിൽ പറഞ്ഞുകാണുന്നു. എല്ലാ ആളുകളുടേയും കയ്യക്ഷരം ഒരുപോലെ വൃത്തിയായിരിക്കയില്ല. അങ്ങനെവരുന്ന സന്ദർഭങ്ങളിൽ ഒരു ഹർജി കിട്ടിയാൽ അദ്ദേഹം അതിനെ എന്തു ചെയ്യും?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): അദ്ദേഹം ഹെഡ്സർവേയർ ആയതുകൊണ്ടു കൂടെ സിൽബന്തികൾ ഉണ്ടായിരിക്കും. അവരുടെ സഹായത്തോടുകൂടി മേൽനടപടി നടത്തും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മലയാളം അറിയാവുന്ന ഒരാൾ ആയിരുന്നാൽ ഈ വിഷമത്തിനു ആവശ്യം ഉണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട നിയമിച്ച മെമ്പർ): മലയാളം അറിഞ്ഞിരുന്നാൽ കുറേക്കൂടി നന്നായിരുന്നേനേ. എന്നാൽ ഹെഡ്സർവേയരായിരിക്കാൻ ഉള്ള പൂർണ്ണയോഗ്യതകൾ അദ്ദേഹത്തിനു ഉണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിലേക്കുള്ള ജ്ഞാനം മാത്രം മതിയാകുമെന്നു ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): ഹെഡ് സർവേയർ എന്ന നിലയിൽ മതിയാകും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അദ്ദേഹത്തിനു മലയാളം എഴുതാൻ അറിഞ്ഞുകൂടെന്നു പറഞ്ഞല്ലോ? മലയാളത്തിൽ ഒരു ഹർജി കിട്ടിയാൽ എന്തു നടപടി നടത്താൻ അദ്ദേഹത്തിനു സാധിക്കും?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): അതിനുത്തരം മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിനോടൊന്നിച്ചു അസിസ്റ്റണ്ടു സർവേയരുംകാണും. അവരുടെ സഹായത്തോടുകൂടി വേണ്ട നടപടി നടത്താം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മലയാള പരിജ്ഞാനം ഇല്ലാത്ത ആ ഉദ്യോഗസ്ഥന്റെ കൂടെ മലയാളം അറിയാവുന്ന ആളുകളെ കൂടി കൊണ്ടുപോകേണ്ടതായി വരുന്നില്ലേ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവൺമെണ്ട സെക്രട്ടറി): അതിലേക്കായിട്ടു വേണ്ട, അദ്ദേഹം ഒരു ഹെഡ്സർവേയർ എന്ന നിലയിൽ അദ്ദേഹത്തിനോടുകൂടി ജീവനക്കാർ ഉണ്ടായിരിക്കും.

ലൈസൻസ് ഉള്ള മോട്ടാർവണ്ടികളിൽ സ്ഥലസൌകര്യം.

ന. ൨൦൦. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) യാത്രക്കാർ ഉപയോഗിക്കുന്ന മോട്ടാർ വാഹനങ്ങൾക്കു ആന്തരികമായ നീളവും വീതിയും നിയമപ്രകാരം നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവയുടെ അളവു ഗവൺമെണ്ടു പറയുമോ?

(ബി) അളവിനെ അനുസരിച്ചാണോ യാത്രക്കാരുടെ എണ്ണം നിശ്ചയിക്കുന്നതും ലൈസൻസ് കൊടുക്കുന്നതും?

(സി) അങ്ങനെയാണെങ്കിൽ കയറ്റിക്കൊണ്ടുപോകാൻ ലൈസൻസ് കൊടുത്തിട്ടുള്ള യാത്രക്കാരുടെ എണ്ണം എല്ലാത്തരവും മാറുന്നുണ്ടോ? അങ്ങിനെയാണെന്നുവരികിൽ ഏതുവിധം വാഹനങ്ങൾക്കാണ് അപ്രകാരം ലൈസൻസ് കൊടുക്കുന്നതു എന്നു ഗവൺമെണ്ടു സദയം പറയുമോ?

(ഡി) നിയമത്താൽ വിധിക്കപ്പെട്ടിട്ടുള്ള അളവനുസരിച്ചു പണിയിച്ചിട്ടുള്ള മോട്ടാർ വാഹനങ്ങളിൽ കൊണ്ടുപോകാൻ ലൈസൻസ് കൊടുത്തിട്ടുള്ള യാത്രക്കാരുടെ എണ്ണത്തെസംബന്ധിച്ചു ഉണ്ടാകുന്ന വല്ല മാററത്തേയും കുറിച്ചു മോട്ടാർ വാഹനങ്ങളുടെ ഉടമസ്ഥരേയും പൊതുജനങ്ങളേയും പരസ്യംമൂലം ഗവൺമെണ്ടു അറിയിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി): (എ) പ്രശ്നത്തിന്റെ ഒന്നാമത്തെ ഭാഗത്തിനു മറുപടി നിഷേധം; അതുകൊണ്ടു രണ്ടാംഭാഗത്തിനു സാംഗത്യമില്ല.

(ബി) കൊണ്ടുപോകാൻ ലൈസൻസ് കൊടുക്കുന്ന യാത്രക്കാരുടെ എണ്ണം ഉണ്ടാക്കിയിരിക്കുന്ന സ്ഥലസൌകര്യത്താൽ നിയന്ത്രിതം ആയിരിക്കുന്നു.

(സി) ഇല്ല. പ്രശ്നത്തിന്റെ രണ്ടാംഭാഗത്തിനു സാംഗത്യമില്ല.

(ഡി) ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മോട്ടാർവാഹനങ്ങളിൽ ഉള്ള ഇരിപ്പിടങ്ങളുടെ അളവു നിശ്ചയിക്കുന്നതിനു ചട്ടം ഇല്ല എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. അങ്ങനെയാണെങ്കിൽ (ബി) ഭാഗത്തിൽ പറയുന്ന സംഗതി മനസ്സിലാകുന്നില്ല. അതിൽ ഇരിക്കേണ്ടുന്ന ആളുകളുടെ എണ്ണം നിശ്ചയിക്കുന്നതു അതിൽ ഇരിപ്പിടം തയ്യാർചെയ്തിട്ടുള്ളതുപോലെയല്ലോ എന്നു പറഞ്ഞിരിക്കുന്നു. അതിന്റെ വിസ്താരത്തെ പററി കണക്കും ചെയ്യാത്ത പക്ഷം എങ്ങനെയാണ് അതിൽ ഇരിക്കാനുള്ള ആളുകളുടെ എണ്ണം നിശ്ചയിക്കുന്നതു.

മി. കെ. ജാർജ് (ആ. ഗവൺമെണ്ട ചീഫ് സെക്രട്ടറി): അതെങ്ങനെ നിശ്ചയിക്കാം എന്നുള്ളതിനു ചട്ടങ്ങളുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെ ചട്ടങ്ങളുള്ളപക്ഷം ഒരു ബസ്സിൽ കയറിക്കൽ ൨൯ ആളുകൾക്കു ലൈസൻസ് കൊടുക്കയും പിന്നീടു അതേമാതിരിയിലും അതേ അളവിലും ഉള്ള മറ്റൊരു ബസ്സിൽ ൨൦ ആളുകൾക്കു ലൈസൻസ് കൊടുക്കയും ചെയ്യുന്നതെങ്ങനെയാണെന്നു പറയാമോ?

മി. കെ. ജാർജ് (ആ. ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): അതു പിശകാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെയുള്ള പിശകുകളെ പരിഹരിക്കുന്നതെങ്ങനെയാണെന്നു പറയുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): അതിനു ലൈസൻസിങ്ങ് അധികാരികൾ ഉണ്ട്. മി. പിട്ട് അതു നോക്കി പരിശോധിച്ചു വേണമെങ്കിൽ ലൈസൻസ് കൊടുക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (സി) ഭാഗത്തിനു 'ഇല്ല' എന്നാണു മറുപടി പറഞ്ഞിട്ടുള്ളതു. ഒരേമാതിരിയിലുള്ള ബസ്സുകൾക്കു ഓരോ ആളിനും ഒരേമാതിരിയിൽ ഉള്ള തുകയ്ക്കു ലൈസൻസ് കൊടുത്തിട്ടില്ല എന്നാണോ ഉദ്ദേശിച്ചിട്ടുള്ളതു?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): അങ്ങനെതന്നെയാണു ഉദ്ദേശിച്ചിട്ടുള്ളതു.

കോട്ടയം മുണ്ടക്കയം റോഡിൽ (ലോറി) ചരക്കുവണ്ടികളിൽ യാത്രക്കാർക്കുള്ള സൗകര്യങ്ങളും.

൩൦൪. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും):

(എ) കോട്ടയത്തുനിന്നു മുണ്ടക്കയത്തേക്കുള്ള റോഡിൽ നടപ്പുള്ള ലോറികളിൽ യാത്രക്കാരെ ചരക്കുകളിന്മീതെ ഇരുത്തിക്കൊണ്ടുപോകുന്നതിനു സമ്മതം അവയുടെ ഉടമസ്ഥന്മാർക്കു ഗവണ്മെൻറു കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ചരക്കുകളിന്മീതെ ഇരുത്തിവിടുന്ന ഓരോ യാത്രക്കാരനും ഇത്ര സ്ഥലവിസ്താരം എന്നു വീതിക്കയും ലൈസൻസു കൊടുക്കയും ചെയ്തിരിക്കുന്നതു എത്ര നിരക്കിനെ അനുസരിച്ചാണെന്നു ഗവണ്മെൻറു സദയം പറയുമോ?

(സി) ചരക്കുകളിന്മീതെ യാത്രക്കാരെ ഇരുത്തിക്കൊണ്ടുപോകുന്നതു അവരുടെ രക്ഷയ്ക്കു ഹാനികരം ആണെന്നു ബോദ്ധ്യപ്പെടുത്തുകൊള്ളുന്നതിനു അവസരം ഗവണ്മെൻറിനുണ്ടായിട്ടുണ്ടോ?

(ഡി) ചരക്കുകളിന്മീതെ ഇരുത്തി യാത്രക്കാരെ കൊണ്ടുപോകുന്നതിനാൽ ആപത്തുകൾ സംഭവിച്ചിട്ടുള്ളതായി പോലീസു ഡിപ്പാർട്ടുമെൻറുകളിൽനിന്നു റിപ്പോർട്ടുകൾ കിട്ടീട്ടുണ്ടോ? ഉണ്ടെങ്കിൽ ഇതേവരെ എത്ര റിപ്പോർട്ടുകൾ കിട്ടീട്ടുണ്ടെന്നു ഗവണ്മെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി)

(എ) ലൈസൻസ് കൊടുക്കുന്ന അധികാരസ്ഥൻ ഇതിനു സമ്മതിച്ചിട്ടുണ്ടെന്നു ഗവണ്മെൻറു അറിയുന്നു.

(ബി) ൧ യാത്രക്കാർ — ൧൨൦ പൌണ്ടു സാമാനം.

(സി) ഇല്ല.

(ഡി) ഒരു ആപത്തുമാത്രമേ സംഭവിച്ചിട്ടുള്ളു. അതു വണ്ടി ഓടുമ്പോൾ യാത്രക്കാരൻ വണ്ടിയിൽനിന്നു ചാടിയതുനിമിത്തം ഉണ്ടായിട്ടുള്ളതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതിൽ ഒരു യാത്രക്കാരനു ൧൨൦ പൌണ്ടുചരക്കെന്നു കണക്കാക്കിയിരിക്കുന്നതു. അതുമാത്രം മനസ്സിലാകുന്നില്ല.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ൧൨൦൦ പൌണ്ടു കയറാവുന്ന ഒരു വാഹനം ആണെങ്കിൽ ൧൦ പേരെ അതിൽ കൊണ്ടുപോകാം എന്നു കണക്കാക്കിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ലോറികളിൽ സാമാനം ഇട്ടാൽ അതിനെ തൂക്കി നോക്കി ബാക്കിവരുന്ന കണക്കിനു യാത്രക്കാരെ കയറ്റുകയാണോ ചെയ്യുന്നതു?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു നിശ്ചയം ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മെയിൻ സെൻട്രൽ റോഡിൽ സഞ്ചരിക്കുന്ന മറ്റുള്ള ബസ്സുകളിൽ എല്ലാം ഒരു ആളിനു എത്രവിസ്താരം ഉള്ള ഇരിപ്പിടങ്ങൾ വേണം എന്ന ഒരു നിശ്ചയം ഉണ്ട്. ആ മാതിരി നിശ്ചയങ്ങൾ ഒന്നും ഈ ലോറിയെ സംബന്ധിക്കുക ഇല്ല എന്നാണോ പറയുന്നതു.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു സാധാരണ ലഗേജ് കൊണ്ടുപോകുന്ന വണ്ടിയാണ്. അതുകൊണ്ടു ഈ തോതു അതിനു നിശ്ചയിക്കാവുന്നതല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ൧൨൦൦ പൌണ്ടുതൂക്കമുള്ള ലഗേജ് ഒരു ലോറിയിൽ ഇട്ടാൽ അതിന്റെ പുറമേ വീണ്ടും ആളുകളെക്കൂടി കയറ്റാം എന്നാണോ പറയുന്നതു?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു പാടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിനെ എങ്ങനെ പരിശോധിക്കാൻ സാധിക്കും.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു ഇൻസ്പെക്ടിംഗ് ആഫീസർ ചെയ്യേണ്ട ജോലിയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അവർക്കു അതു നിശ്ചയിക്കാൻ എങ്ങനെ സാധിക്കും.

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): സംശയം ഉണ്ടെങ്കിൽ തൂക്കിനോക്കുകയും ചെയ്യാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പാർട്ട് (സി) ഒരു ആക്സിഡണ്ടു ഉണ്ടെന്നു പറയുന്നു. മെയിൻ സെൻട്രൽ റോഡിൽ സഞ്ചരിക്കുന്ന മാതിരിയുള്ള ബസ്സായിരുന്നാൽ ഇങ്ങനെ സംഭവിക്കുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉണ്ടാകാവുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ലോറിയിൽ ആളുകൾ ഇരുന്നാൽ ചുറ്റും യാതൊരു രക്ഷയും ഇല്ലാതിരിക്കുമ്പോൾ വല്ല വെട്ടുകളിലുംകൂടി ഓടുമ്പോൾ അതിലുള്ള ആളുകൾ തെറിച്ചുവീഴാൻ മാർഗ്ഗമില്ലേ.

മി. കെ. ജാജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി) : അങ്ങനെ ഉണ്ടായിട്ടില്ല എന്നാണല്ലോ പറയുന്നതു?

മി. ടി. കുമാരപിള്ള (കല്ലൂപ്പാറ വിളവങ്കോട്ടം) : അങ്ങനെയുണ്ടാകാൻ എളുപ്പമില്ലല്ലൊ?

മി. കെ. ജാജ്. (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി) : ഇതുവരെ ഉണ്ടായിട്ടിട്ടില്ല.

മി. ടി. കുമാരപിള്ള (കല്ലൂപ്പാറ വിളവങ്കോട്ടം) : ഏതായിരുന്നാലും ജനങ്ങളുടെ രക്ഷയെ പുരസ്കരിച്ചു സാമന്തോപചാരികളിൽ ആളുകളെ കയററാൻപാടില്ലാ എന്നു നിർബന്ധിക്കാൻ ഗവണ്മെന്റ ആലോചിക്കുമോ?

മി. കെ. ജാജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി) : ആലോചിക്കാം.

കൃഷിഡിപ്പാർട്ടുമെന്റിൽ ശമ്പളത്തിന്റെ ചട്ടത്തിൽ ഉള്ള ക്രമക്കേട്.

നം [illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്) : ഡിപ്പാർട്ടുമെന്റിൽ ഒരേവിധം വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരുടെ ആദ്യത്തെ ശമ്പളം പൊതുവെ ഏകരീതിയിൽ ഉള്ളതായിരിക്കെ എന്തു കാരണത്താൽ കൃഷിഡിപ്പാർട്ടുമെന്റ ഭിന്നമായ നയത്തെ അവലംബിക്കുന്നു എന്നു ഗവണ്മെന്റ പറയുമോ?

(ബി) എൽ. ഏജി. പരീക്ഷ ജയിച്ചിട്ടുള്ള കൃഷിഡിപ്പാർട്ടുമെന്റിലെ ഏതാനും ഉദ്യോഗസ്ഥന്മാർക്ക ആദ്യകാലത്തുതന്നെ ൩൦-൫-൪൦ രൂപാ സ്കെയിലിൽ ശമ്പളം കൊടുത്തിരിക്കെ അതിൻപിന്നീട ആ ഡിപ്പാർട്ടുമെന്റിൽ പ്രവേശിച്ച ഉദ്യോഗസ്ഥന്മാരുടെ ആദ്യമായ ശമ്പളത്തെ ൩൦ രൂപായാക്കിക്കുറയ്ക്കുകയും പത്തുകാലത്തെ സർവീസുണ്ടായിരുന്നിട്ടും ഇവർക്ക മററുള്ളവരുടെ പ്രഥമശമ്പളത്തിനു തുല്യമായ ശമ്പളം കൊടുക്കാതിരിക്കയും ചെയ്യുന്നതുകൊണ്ടു സർക്കാരുദ്യോഗസ്ഥന്മാർ നിരാശരായി തീരുകയില്ലയോ എന്നും തന്നിമിത്തം സർക്കാരുദ്യോഗസ്ഥന്റെ കാര്യക്ഷമതയ്ക്കു ഹാനിതട്ടുകയില്ലയോ എന്നും ഗവണ്മെന്റ സദയം പറയുമോ?

(സി) ഈ വിധത്തിലുള്ള അസന്തുഷ്ടി അനുഭവിക്കുന്നവരായി കൃഷിഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും ഒന്നാംഗ്രേഡിലേക്കു കയററംചെയ്യണം എന്നു കൃഷിഡയറക്ടർ ഗവണ്മെന്റിലേക്കു ശിപാർശചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവർ എല്ലാവരും ഉയർന്നതരം ഗ്രേഡിൽ ഉള്ളവരെപ്പോലെയുള്ള വിദ്യാഭ്യാസയോഗ്യതയുള്ളവരാണെന്നു ഇതിൽനിന്നും വ്യക്തമാകുന്നില്ലയോ എന്നു ഗവണ്മെന്റ സദയം പറയുമോ?

മി. കെ. ജാജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി).

(എ) ഒരേഡിപ്പാർട്ടുമെന്റിൽ ഒരേ തുല്യയോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരുടെ ആദ്യശമ്പളം ഒരേവിധത്തിൽ ആയിരിക്കുന്നു എന്നുള്ള ഊഹത്തെ ഗവണ്മെന്റ അംഗീകരിക്കുന്നില്ല. ഒരാൾക്ക കൊടുക്കുന്ന ശമ്പളം ആയാളെ ഏതുദ്യോഗത്തിലേക്കു നിയമിക്കുന്നുവോ അതിനുള്ള ശമ്പളത്തെ ആശ്രയിച്ചിരിക്കുന്നു. ഒരുഡിപ്പാർട്ടുമെന്റിലുള്ള എല്ലാ ഉദ്യോഗങ്ങളും ഒരേവിധം ശമ്പളം ഉള്ള ഒരേ ഗ്രേഡിൽ ചേർന്നവയായിരുന്നാൽ മാത്രമെ ആരംഭത്തിൽ ഒരേവിധം ശമ്പളം കൊടുക്കാൻ കഴിയൂ.

(ബി) നൽകുന്ന ജീവനം തങ്ങൾക്കു വേണ്ടാ എന്നു പറയുവാൻ അവർക്ക സ്വാതന്ത്ര്യം ഉള്ളതുകൊണ്ടു അതൃപ്തിക്കു യാതൊരു കാരണവും ഇല്ല.

(സി) ഉണ്ട്. ഒഴിവില്ലാത്തതുകൊണ്ടു അപ്രകാരം ചെയ്യാൻ കഴിഞ്ഞില്ല. ഈ ആളുകൾക്കുവേണ്ടി പുതിയ ജീവനങ്ങൾ സൃഷ്ടിക്കുന്നതിനു ഗവണ്മെന്റ തയാറായില്ല.

കൃഷിഡിപ്പാർട്ടുമെന്റിലെ സർക്കിൾ ഇൻസ്പെക്ടർമാരും സബ് ഇൻസ്പെക്ടർമാരും.

നം [illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്): (എ) കൃഷിഡിപ്പാർട്ടുമെന്റിൽ ഏതാനും സബ് ഇൻസ്പെക്ടർമാരെ സ്വാതന്ത്ര്യാധികാരത്തോടും കൂടിയും മററു ചിലരെ സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ ആയും നിയമിച്ചിരിക്കുന്നതു അഭിലഷണീയമായ ഒരു നയമാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ എന്നു ഗവണ്മെന്റ് സദയം പറയുമോ?

(ബി) രാജ്യകാര്യത്തിൽ ഐകരൂപ്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ ദൃഷ്ടിയിൽ വച്ചുകൊണ്ടു ഈ രാജ്യത്തെ എല്ലാ ഭാഗങ്ങളിലും സർക്കിൾഇൻസ്പെക്ടർമാരെ നിയമിക്കയും എല്ലാ സബ് ഇൻസ്പെക്ടർമാരേയും അവരുടെ കീഴിൽ ആക്കുകയും ചെയ്യുകയോ അല്ലെങ്കിൽ സർക്കിൾ ഇൻസ്പെക്ടർമാർ എന്നുള്ള ഉദ്യോഗസ്ഥന്മാരെ നിറുത്തിക്കളഞ്ഞതിന്റെശേഷം ശരിയായ വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും ഒരേ ഗ്രേഡിൽ സ്വാതന്ത്ര്യാധികാരത്തോടുകൂടി ൩൦-൫-൪൦ രൂപാ ശമ്പളത്തിൽ നിയമിക്കുകയോ ചെയ്യുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) യും (ബി) യും കൊട്ടാരക്കര സർക്കിൾ എന്നും ആലപ്പുഴ സർക്കിൾ എന്നും രണ്ടു സർക്കിളുകൾ വ്യക്തമായി പരിചരിന്നമായ സ്ഥലസ്ഥിതിയോടുകൂടി രൂപീകരിക്കയും ഈ സർക്കിളുകളിൽ മേലധികാരം വഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക ഡിസ്ട്രിക്റ്റ് ആഫീസർമാരുടെ അധികാരങ്ങൾ കൊടുക്കയും ചെയ്തിട്ടുണ്ടു. രാജ്യത്തിലെ മററുഭാഗങ്ങളിൽ ഉള്ള സ്ഥാപനങ്ങളിൽ മേലധികാരം വഹിക്കുന്ന സബ്ഇൻസ്പെക്ടർമാർ ഇപ്പോൾ ഡയറക്ടരുടെ നേരിട്ടുള്ള നിയന്ത്രണാധികാരത്തിൽ ഇരിക്കുന്നു. ധനസ്ഥിതിപോലെ കൂടുതൽ സർക്കിൾ രൂപീകരിക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നതാകുന്നു.

തിരുവിതാംകോട്ടു കൃഷിഡിപ്പാർട്ടുമെണ്ടിലെ ശമ്പളത്തെ സംബന്ധിച്ചു, മദ്രാസ് കൃഷിശാസ്ത്രവിദ്യാർത്ഥിസംഘത്തിന്റെ [illegible]ന്റെ.

നം [illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്): തിരുവിതാംകോട്ടിലെ കൃഷിഡിപ്പാർട്ടുമെന്റിൽ ശരിയായ വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തെ പുതുക്കുകയും ഐകരൂപ്യമുള്ളതാക്കുകയും ചെയ്യണം എന്നു അപേക്ഷിച്ചുകൊണ്ടു ഒരു തീർപ്പുനിശ്ചയം മദ്രാസ് കൃഷിശാസ്ത്രവിദ്യാർത്ഥികളുടെ സംഘം ഉണ്ടാക്കുകയും അതിനെ ഗവണ്മെന്റിലേക്ക അയക്കയും ചെയ്തിട്ടുണ്ടോ എന്നു ഗവൺമെണ്ടു സദയം പറയുമോ?

മി. പി. എൻ കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെണ്ട് സെക്രട്ടറി): ഉണ്ട്.

കൃഷിഡിപ്പാർട്ടുമെന്റിലെ സബ് ഇൻസ്പെക്ടർമാരുടെ ശമ്പളക്കാര്യം.

നം [illegible]. മി. സി. പി. തരകൻ (കുന്നത്തുനാട്): കൃഷിഡിപ്പാർട്ടുമെന്റിലെ യഥായോഗ്യത സമ്പാദിച്ചിട്ടുള്ള സബ് ഇൻസ്പെക്ടർമാർക്ക കൊടുക്കുന്ന ശമ്പളത്തിനു തുല്യമായോ അതിൽ കുറവായോ ഉള്ള ശമ്പളം ഇത്ര ദീർഘകാലത്തെ സാങ്കേതികശാസ്ത്രം അഭ്യസിച്ചിട്ടുള്ള മററുവല്ല ഇനം ഉദ്യോഗസ്ഥന്മാർക്കും കൊടുത്തുവരുന്നുണ്ടോ എന്നു ഗവണ്മെണ്ട് സദയം പറയുമോ.

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഈ സബ് ഇൻസ്പെക്ടർമാരെപ്പോലെ ശീർഷകാലയത്ത പാഠപരിശീലനം ലഭിച്ചിട്ടുള്ളവരായി മററു ഡിപ്പാർട്ടുമെണ്ടുകളിൽ ഉദ്യോഗസ്ഥന്മാരുണ്ടു. ഫോറസ്റ്റു ഡിപ്പാർട്ടുമെണ്ടിലെ റെയിഞ്ജർമാരും ഡെപ്യൂട്ടിറെയിഞ്ജർമാരും മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ സബ് അസിസ്റ്റണ്ട് സർജന്മാരും പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടിലെ ഓവർസിയർമാരും സബ് ഓവർസിയർമാരും ഇതുപോലെ പരിശീലനം സമ്പാദിച്ചവരാണ്. റെയിഞ്ജർമാർ സബ് അസിസ്റ്റന്റ സർജന്മാർ ഓവർസിയർമാർ ഇവർക്കു കൃഷിവക സബ് ഇൻസ്പെക്ടർമാരുടെ ശമ്പളത്തേക്കാൾ സ്വല്പം കൂടുതലായ ശമ്പളം കിട്ടുന്നുണ്ട്. എന്നാൽ ഡെപ്യൂട്ടി റെയിഞ്ജർമാരുടേയും സബ് ഓവർസിയർമാരുടേയും ശമ്പളം ഇനിയും കുറവാണ്.

കരപ്പുൻപാടി കററിക്കൽ പാതയിൽ നിന്നു പെരിയാററിലേക്കു ഒരു റോഡു വെട്ടിക്കുക.

൩൦൬. മി. സി. പി. തരകൻ (കുന്നത്തുനാടു): കരപ്പുൻപാടികററിക്കൽ പാതയിൽ രണ്ടാമത്തെ മൈലിന്റെ ഒന്നാമത്തെ ഫർലാംഗിൽനിന്നു വടക്കോട്ടായി പെരിയാററിലേക്കു ഒരു പുതിയ റോഡു ഗവണ്മെണ്ട് വെട്ടിക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): പ്രേരിപ്പിക്കത്തക്ക റോഡ് അവിടെ വേണമെന്നു തൽസ്ഥലനിവാസികൾക്കു പ്രത്യേകം താല്പര്യം ഇല്ലാ. അവർക്കു ഇപ്പോൾ ആവശ്യമുള്ളതു കന്നുകാലികൾക്കു മേയാൻപോകുന്നതിനും കാൽനടയായി പോകുന്നവർക്കു നടന്നുപോകുന്നതിനും ഒരു വഴി കിട്ടിയാൽമാത്രം മതിയെന്നു ബോധിപ്പിച്ചിരിക്കുന്നു. ആ വഴി തന്നെ പെരിയാറുവരെ ചെല്ലണമെന്ന് അവർക്കു താല്പര്യം ഇല്ല. അതു പാലമറ്റം കൊടനാട്ടുറോഡിൽ ൭-ാമത്തെ മൈൽവരെ മാത്രം ചെന്നാൽ മതി എന്നും അവർ വിചാരിക്കുന്നു. പ്രസ്തുതമാർഗ്ഗം ഉണ്ടാക്കുന്നതിന് വയലുകൾ കടക്കേണ്ടിയിരിക്കുന്നു. ഈ വയലുകളുടെ ഉടമസ്ഥന്മാർ പൊന്നുംവിലയില്ലാതെ സ്ഥലം വിട്ടുതരുന്ന പക്ഷം ഗവണ്മെണ്ട് ഈ പാത വെട്ടുന്നതുകൊണ്ടാണ് അതിനെ ഒരു പാതയെന്ന നിലയിൽ പരിപാലിച്ചുകൊള്ളുന്നതുമാണ്.

കുടിയാന്മാർ ജന്മികളുടെപേരിൽ എത്ര സമരിക്കേസ് കൊടുത്തിട്ടുണ്ട്.

൩൦൭. മി. സി. എൻ. ഇട്ടുപ്പൻനമ്പൂരി (ജന്മിമെമ്പർ): ൧൦൭൧-ാമാണ്ടത്തെ ൫-ാം റെഗുലേഷൻ അനുസരിച്ചു കുടിയാന്മാരിൽ നിന്നു ജന്മികൾക്കു ലഭിക്കാനുള്ള മിച്ചവാരം പൈമാശിക്കുടിശ്ശിഖ മററു ജന്മിഭോഗങ്ങൾ ഇവ കുടിയാന്മാർ കൊടുക്കാം എന്നു പറഞ്ഞിട്ടും ജന്മിമാർ സ്വീകരിക്കാത്തതിനിമിത്തം എത്ര സമരികേസുകൾ കുടിയാന്മാർ ഈ രാജ്യത്തിലെ ഓരോ മുൻസിഫ്കോടതിയിലും ബോധിപ്പിച്ചിട്ടുണ്ട എന്നു ഗവണ്മെണ്ട് സദയം പറയുമോ?

കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട വിവരം അടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): സ്റ്റേറ്റുമെണ്ടിൽ വിവരിച്ചിരിക്കുന്നതായ സംഖ്യ ൫-ാം റെഗുലേഷൻ പാസായതിന്റെ ശേഷം മുതൽ ഇന്നുവരെയുള്ള സംഖ്യയാണോ?

മി. കെ. ജാജ് (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിനെസംബന്ധിച്ചു നിശ്ചയമില്ല.

മി. സി. എൻ. ഇട്ടുപ്പൻ നമ്പൂതിരി (ജന്മിമെംബർ): അതൊന്നു നിശ്ചയപ്പെടുത്തിത്തരാൻ സാധിക്കുമോ?

മി. കെ. ജാജ് (ആക്ടിംഗ്ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): സാധിക്കും

കുടിയാന്മാരിൽനിന്നു ജന്മിഭോഗം ഈടാക്കാനായി ജന്മിമാർ കൊടുത്തിട്ടുള്ള സിവിൽ വ്യവഹാരങ്ങൾ.

൩൦൮. മി. സി. എൻ. ഇട്ടുപ്പൻ നമ്പൂതിരി (ജന്മിമെംബർ): കുടിയാന്മാരിൽനിന്നു ജന്മിഭോഗം ഈടാക്കാനായും ജന്മികുടിയാൻറെഗുലേഷൻ അനുസരിച്ചു ആധാരം പൊളിച്ചെഴുതുന്നതിനായും ജന്മിമാർ കഴിഞ്ഞ പത്തുകൊല്ലം കാലത്തിനിടയിൽ സിവിൽകോടതികളിൽ ബോധിപ്പിച്ചിട്ടുള്ള വ്യവഹാരങ്ങളുടെ എണ്ണവും ആ അവകാശങ്ങളെ വാദിച്ച് കുടിയന്മാർ ബോധിപ്പിച്ചിട്ടുള്ള പത്രികകളുടെ എണ്ണവും ആ പത്രികയനുസരിച്ചു തീർച്ചയായിട്ടുള്ള കേസുകളുടെ എണ്ണവും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെണ്ട് മേശപ്പുറത്തുവയ്ക്കുമോ?

മി. കെ. ജാർജ് ആ. ഗവണ്മെണ്ടു ചീഫ്സെക്രട്ടറി: മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന ഒരു പട്ടിക † മേശപ്പുറത്തു വച്ചിരിക്കുന്നു.

ഓച്ചിറയിലെ അന്തിച്ചന്ത.

൩൦൯. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): (എ) കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറയിൽ ഉള്ള അന്തിച്ചന്തയിൽ ഇപ്പോഴും വരിപിരിച്ചുവരുന്നുണ്ട് എന്നു ഗവണ്മെണ്ടിനറിയാമോ?

(ബി) ഈ ചന്തയെ ലേലംവിളിച്ചുകൂടാ എന്നു വിരോധിച്ചു ഓച്ചിറയിലും സമീപസ്ഥലങ്ങളിലും ഉള്ള ജനങ്ങളിൽ നിന്നു വല്ല ഹർജിയും ഗവണ്മെണ്ടിനു കിട്ടീട്ടുണ്ടോ?

(സി) ഇക്കാര്യത്തിൽ ഗവണ്മെണ്ടു എന്തുചെയ്വാൻ പോകുന്നു എന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ടു സെക്രട്ടറി):

(എ) ഓച്ചിറയിൽ ഉള്ള രണ്ടു ചന്തകളും കാലത്തു ഏഴു മണിമുതൽ രാത്രി ൯ മണിവരെ നടത്തിവരുന്നു. അതുകൊണ്ടു അവയെ വരിപിരിച്ചുകൂടാ എന്നു വച്ചിട്ടുള്ള അന്തിച്ചന്തകളുടെ കൂട്ടത്തിൽ ഗണിക്കാൻ പാടില്ല. ഓച്ചിറയിൽ ഉള്ള രണ്ടു പബ്ലിക്കു ചന്തകളിലും വരി പിരിക്കാറുണ്ടു എന്നുഗവണ്മെണ്ടിനു അറിയാം.

(ബി) ഇല്ല.

(സി) ൨-ാം ഭാഗത്തിനുള്ള മറുപടിയുടെ ദൃഷ്ട്യാ ഇതു ജനിക്കുന്നില്ല.

സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൊട്ടകൾവാങ്ങൽ ചെയ്യുന്നതിനെസംബന്ധിച്ച നിയമനിർമ്മിതി.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ത്രീകളേയും കുഞ്ഞുങ്ങളേയും കച്ചവടംചെയ്യുന്നതിനെ അമർച്ചചെയ്യുന്നതിനായി ൧൯൨൧-ാം വർഷത്തിനിടയ്ക്കു ജിനീവായിൽ ഒപ്പിട്ടിട്ടുള്ളതായ ഇന്റർ നാഷണൽ കൺവെൻഷനിലെ വകുപ്പുകളെ സംബന്ധിച്ച ഗവണ്മെണ്ടിനു അറിയാമോ?

* അനുബന്ധം I. † അനുബന്ധം II.

(ബി) ആ വകുപ്പുകളെ ഫലത്തിൽ വരുത്തുന്നതിനായി ഇൻഡ്യൻ പീനൽകോഡിനെ ഭേദപ്പെടുത്തിയ വിവരം ഗവൺമെണ്ടിനു അറിയാമോ?

(സി) ഇതേ കാര്യത്തെ സാധിക്കാനായി ബാംബെയിൽ ൧൯൨൩-ലെ ൧൧-ാം ആക്ടായ വ്യഭിചാരനിരോധന ആക്ടും ബംഗാളിൽ ൧൯൨൩-ലെ ൬-ാം നമ്പർ ആക്ടായ ഗർഹ്യകച്ചവടനിരോധന ആക്ടും ഉള്ളതായി ഗവൺമെണ്ടിനു അറിയാമോ.

(ഡി) അവയെപ്പോലെത്തന്നെ പരിഷ്കൃതവും ആയ മാർഗ്ഗത്തിൽ തിരുവിതാംകോട്ടിൽ നിയമം ഉണ്ടാക്കുന്നതിനു ഗവൺമെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): (എ)-യും ബി-യും സി-യും അറിയാം.

(ഡി) നിർദ്ദിഷ്ടമാർഗ്ഗത്തിൽ നിയമം ഉണ്ടാക്കുന്നതിനു യാതൊരു അവിളംബ്യമായ ആവശ്യകതയും ഉണ്ടായിട്ടില്ല. ഭാവിയിൽ ഈ പ്രവൃത്തി ആവശ്യമായി വരുന്നതായാൽ ഈ സംഗതി ദൃഷ്ടിയിൽവച്ചുകൊള്ളുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ചോദ്യത്തിൽ (സി) ഭാഗത്തിനുള്ള മറുപടിയിൽനിന്നു ഞാൻ ധരിക്കേണ്ടതു ആ വിധം നിയമനിർമ്മിതിക്കു ആവശ്യം ഇല്ല എന്നോ അവിളംബ്യമായ ആവശ്യം ഇല്ല എന്നോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അത്ര സൂക്ഷ്മമായ വ്യത്യാസം ഉദ്ദേശിച്ചിട്ടില്ല ആവശ്യമോ അവിളംബ്യമായ ആവശ്യമോ ഇപ്പോൾ തോന്നീട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു ഗവൺമെണ്ടിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ യാതൊരു ആവശ്യകതയും ഗവൺമെണ്ടിനു തോന്നുന്നില്ലാ എന്നു ധരിക്കേണ്ടതാണോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): യാതൊരു അവിളംബ്യമായ ആവശ്യകതയും ഗവൺമെണ്ടിനു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആവശ്യമാണെന്നു ഗവൺമെണ്ടിനു തോന്നുന്നുവോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. ഇപ്പോൾ ഗവൺമെണ്ടിനു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇൻഡ്യാ രാജ്യത്തിൽ നടത്തിവരുന്ന വേശ്യാഗൃഹങ്ങളെ സംബന്ധിച്ചു ഇമ്പീരിയൽ ഗവൺമെണ്ടു വേണ്ടനടപടികൾ നടത്തേണ്ടതു അത്യാവശ്യം ആകുന്നു എന്നു നിർബന്ധമായി വാദിച്ചു പാർലമെണ്ടിലെ ജനസാമാന്യസഭയിൽ പുറപ്പെടുവിച്ചതായ വാദവും ആ പ്രശ്നത്തിനു ഏറൽ വിൻടർടൺ പറഞ്ഞ മറുപടിയും ഗവൺമെണ്ടിനു അറിയാമോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അറിയിപ്പു കിട്ടണം എന്നു ഞാൻ ആവശ്യപ്പെടുന്നു.

സർക്കാർവക തൊഴിൽശാലകൾ കുടികളെ ഏല്പിക്കൽ.

൩൧൪. മി. പരമേശ്വരമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴത്തെ യോഗത്തിൽ [illegible]-മത്തെ ചോദ്യത്തിനു പറഞ്ഞ മറുപടിയിൽനിന്നു വ്യവസായഡിപ്പാർട്ടുമെണ്ട് നടത്തിവരുന്ന എല്ലാ വ്യവസായശാലകളും വലിയ നഷ്ടം വരുത്തുന്നവിധം നടത്തപ്പെട്ടുവരുന്നതായി കാണുന്നതിനാൽ ഗവൺമെണ്ടിനു നഷ്ടത്തെ കുറയ്ക്കാനായി അവയെ ഗവൺമെണ്ടു കുടികളെ ഏല്പിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെണ്ടു സെക്രട്ടറി): പ്രശ്നത്തിൽ പ്രസ്താവിച്ചിരിക്കുന്ന വ്യവസായശാലകൾ പ്രധാനമായി വിദ്യാഭ്യാസശാലകളാണ് ലാഭം നേടണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടത്തപ്പെട്ടുവരുന്ന കച്ചവടസ്ഥാപനങ്ങൾ അല്ല. ആ സ്ഥിതിക്കു അവയ്ക്കായി ചെലവാക്കുന്ന പണം നഷ്ടമായി ഗണിക്കാൻ പാടില്ല. ഈ ശാലകളെ കാര്യക്ഷമമായ രീതിയിൽ നടത്താം എന്നു ഏറ്റുകൊള്ളുവാൻ കുടികൾ നേരിട്ടു വരുന്നതായാൽ അങ്ങനെയുള്ളവരെ അവയെ ഏല്പിക്കുന്ന കാര്യത്തെപ്പറ്റി അപ്പോൾ ഗവൺമെണ്ട് ഗണിക്കുന്നതാണ്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വിദ്യാശാലകളിൽ അഭ്യസിച്ച വിദ്യാർത്ഥികളിൽ പലരും സ്വന്തമായി തൊഴിൽ നടത്തി ഉപജീവനം കഴിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവൺമെണ്ടു സെക്രട്ടറി): ആ വിവരം എഴുതി അയച്ചുവരുത്തീട്ടില്ല.

സർക്കാർവക വാണിജ്യവിദ്യാലയങ്ങൾ.

൩൧൫. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവൺമെണ്ടു നടത്തിവരുന്ന വാണിജ്യവിദ്യാലയങ്ങളെ സംബന്ധിച്ചു താഴെ ചേർത്തിരിക്കുന്ന വിവരങ്ങൾ കാണിക്കുന്നതായ ഒരു പട്ടിക ഗവൺമെണ്ട് മേശപ്പുറത്തു വയ്ക്കുമോ?

(എ) ഓരോ പാഠശാലയുടെയും പേരും കിടപ്പും;

(ബി) ഓരോന്നിലും പഠിപ്പിക്കുന്ന വിഷയങ്ങൾ;

(സി) മേൽനോട്ടത്തിനും വിദ്യാഭ്യാസത്തിനും ഉള്ള ചിലവ്, വാദ്ധ്യാന്മാരുടെ ശമ്പളച്ചെലവ്, കൂലിവേലക്കാർ സാമാനങ്ങൾ മുതലായ ഇതരചെലവ്, ഇവയുൾപ്പെടെ ഓരോ പാഠശാലയ്ക്കും ആണ്ടുതോറും ഉള്ള ശരാശരിച്ചെലവു ഈ തുക മൊത്തമായ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ എന്നു ഗ്രഹിച്ചു്,

(ഡി) അതേ മൂന്നു ആണ്ടുകളിൽ ഓരോന്നിനും ആണ്ടുതോറും ശരാശരി വരവ്;

(ഇ) അതേ മൂന്നു ആണ്ടുകളിൽ ഓരോന്നിലും സർക്കാരിലേക്കു ചിലവുനീക്കി ലാഭമോ ചേതമോ.

(എഫ്) ഓരോന്നിലും മുടക്കിയിരിക്കുന്ന മൂലധനം.

(ജി) ഓരോ വിദ്യാശാലയും ആരംഭിച്ച തീയതി.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവമെണ്ട് സെക്രട്ടറി): (എ) സക്കാരിൽനിന്ന ഒരു വാണിജ്യശാല മാത്രമെ നടത്തുന്നുള്ളു. അതു് അമ്പലപ്പുഴതാലൂക്കിൽ ആലപ്പുഴടൌണിൽ ഉള്ള സക്കാർ വാണിജ്യ വിദ്യാലയം ആണ്.

(ബി) ഈ പാഠശാലയിൽ പഠിപ്പിച്ചുവരുന്ന വിഷയങ്ങൾ.

(൧)	കണക്കെഴുത്തു	(൪)	വാണിജ്യസംബന്ധമായ ഭൂവിവരണം.
(൨)	വാണിജ്യശാസ്ത്രവും വാണിജ്യനടത്തലും	(൫)	ടൈപ്പ്റൈറ്റിങ്ങ്.
(൩)	ബാങ്കിങ്ങും ധനശാസ്ത്രവും.	(൬)	ചുരുക്കെഴുത്തു (പിറ്റ്മാൻറരീതി.)
		(൭)	മലയാളം ചുരുക്കെഴുത്തു.

(സി) കഴിഞ്ഞ മൂന്ന ആണ്ടുകളിലെ ചെലവു് ആവിധു്.

൧൦൯൮-ൽ	൭,൮൩൧ രൂപ.
൧൦൯൯-ൽ	൭,൪൧൦ ടി
൧൧൦൦-ൽ	൬,൮൩൯ ടി

(ഡി) കഴിഞ്ഞ മൂന്ന ആണ്ടുകളിലെ വരവു.

൧൦൯൮-ൽ	൩,൯൬൩ രൂപ.
൧൦൯൯-ൽ	൩,൬൦൩ രൂപ.
൧൧൦൦-ൽ	൩,൨൯൯ രൂപ.

(ഇ) കഴിഞ്ഞ മൂന്ന ആണ്ടുകളിൽ സക്കാരിന വരവിൽകവിഞ്ഞ ചെലവു.

൧൦൯൮-ൽ	൩,൯൦൮ രൂപ.
൧൦൯൯-ൽ	൩,൯൦൭ ടി
൧൧൦൦-ൽ	൨,൬൭൦ ടി

(എഫ്) യാതൊരു മൂലധനവും മുടക്കീട്ടില്ല.

(ജി) പാഠശാല തുടങ്ങിയതു ൧൦൯൭ ചിങ്ങം ൨൨-ാം- ആകുന്നു.

മാവേലിക്കര നഗരത്തിൽ പെൺകുട്ടികൾക്കുള്ള മലയാളം മിഡിൽസ്കൂളുകളിൽ ഒന്നിൽ ഏതാനും ക്ലാസുകൾ നിൎത്തലാക്കിയതു്.

൩൧൩. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): (എ) മാവേലിക്കര നഗരത്തിൽ പെൺകുട്ടികൾക്കുള്ള രണ്ടു സക്കാർ മലയാം മിഡിൽസ്കൂളുകളിലും ൫, ൬, ൭ ഈ ക്ലാസുകളിൽ ഇപ്പോൾ പഠിച്ചുവരുന്ന പെൺകുട്ടികളുടെ എണ്ണം പ്രത്യേകം കാണിക്കുന്നതായ ഒരു പട്ടിക ഗവമെണ്ട് മേശപ്പുറത്തു വയ്ക്കുമൊ?

(ബി) മാവേലിക്കര നഗരത്തിലുള്ള രണ്ടു് സക്കാർ മലയാളം ബാലികാപാഠശാലകളിൽ ഒന്നിൽ ൫, ൬, ൭ ഈ ക്ലാസുകളെ നിറുത്തലാക്കുമൊ?

(സി) മാവേലിക്കരനഗരത്തിൽ മലയാളം ബാലികാപാഠശാലകളിൽ ഒന്നിന നല്ലതായ സക്കാർകെട്ടിടം ഉള്ളസ്ഥിതിക്കു, അവിടെയുള്ള മറെറ ബാലികാപാഠശാലയ്ക്കു ഒരു കെട്ടിടം കെട്ടുന്നവകയ്ക്കായി ഏതാനും കൊല്ലങ്ങൾക്കുമുമ്പു ഗവമെണ്ട് വിലയ്ക്കുവാങ്ങിയ ഭൂമിയെ ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ നടത്തിവരുന്ന മുൻസിഫ് കോൎട്ടിൻെറയും പഞ്ചായത്തുകോൎട്ടിൻെറയും വകയ്ക്കു ഒരു കെട്ടിടം കെട്ടുന്നതിനായി ഗവമെണ്ട ഉപയോഗപ്പെടുത്തുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട് സെക്രട്ടറി): (എ) മെംബർ ആവശ്യപ്പെട്ട വിവരം താഴെ ചേൎത്തിരിക്കുന്നു.

		പുതിയകാവു മലയാളം മിഡിൽസ്കൂളിൽ പെൺകുട്ടികളുടെ എണ്ണം	മാവേലിക്കര മലയാളം മിഡിൽസ്കൂളിൽ പെൺകുട്ടികളുടെ എണ്ണം
ക്ലാസ്	൫	൪൫	൯൯
,,	൬	൧൩	൮
,,	൭	൧൯	൧൪

(ബി) മറുപടി നിഷേധം.

(സി) മാവേലിക്കര മലയാളം ബാലികാപാഠശാല നടത്തിവരുന്ന ഗൃഹം മാവേലിക്കര പെൺപള്ളിക്കൂടത്തിലും പുതിയകാവു പെൺപള്ളിക്കൂടത്തിലും രണ്ടിലുംഉള്ള ക്ലാസുകൾ വച്ചുനടത്തുവാൻ മതിയായ സ്ഥലസൌകൎയ്യം ഉള്ളതല്ല. എന്നുതന്നെയുമല്ല അതിൽ എല്ലാവൎഗ്ഗങ്ങളിലും ഉള്ള ജനങ്ങൾക്കും പ്രവേശിക്കാനും പാടില്ല. രണ്ടുപാഠശാലകളിലും ഉള്ള കുട്ടികൾക്കു സ്ഥലസൌകൎയ്യം ഉണ്ടായിരിക്കത്തക്കവണ്ണം ഒരു നല്ലഗൃഹം കെട്ടുന്നവകയ്ക്കു ഈ സ്ഥലം ആവശ്യം ആകുന്നു.

വെള്ളപ്പൊക്കം നിമിത്തം റോഡുകളിൽ ഉണ്ടായിട്ടുള്ള ഉടപ്പുകൾ.

൩൧൪. മി. എം. ശിവതാണുപിള്ള (അഗസ്തീശ്വരം): (൧) ൧൦൮൭, ൧൦൯൮, ൧൧൦൧ ഈ യാണ്ടുകളിൽ തെക്കൻതിരുവിതാംകോട്ടിൽ ഉണ്ടായിട്ടുള്ള മൂന്നുവലിയ വെള്ളപ്പൊക്കങ്ങളിൽ ശുചീന്ദ്രത്തിനടുത്തു് കന്യാകുമാരിറോഡിലും ഒഴികിന്നിശ്ശേരി മുൻസിപ്പൽ ടോൾഗേററിനടുത്തു മെയിൻസതേൺറോഡിലും, തിരുപ്പതിസാരം റോഡുകളിലും കോതിച്ചപ്പള്ളി അകരത്തിനടുത്തു തേരൂർ ഒഴുകിണശ്ശേരി റോഡുകളിലും ഉടപ്പുകൾ ഉണ്ടായിട്ടുള്ളതായി ഗവമെണ്ടിന അറിയാമോ?

(൨) ഈ വിവരിച്ച സ്ഥലങ്ങളിൽ ഉടപ്പുകൾ വീണ്ടും വീണ്ടും ഉണ്ടാകുന്നതെന്നുള്ള വസ്തുതയെ ഗണിച്ചു മേലാൽ ഉടപ്പുകൾവരാതെ സൂക്ഷിക്കുന്നതിനായി ഈ സ്ഥലങ്ങളിൽ സ്ഥിരമായ ചിറകൾ ഉണ്ടാക്കേണ്ടതു അത്യാവശ്യമാണെന്നുള്ളതിനെക്കുറിച്ചു ഗവമെണ്ട് പൎയ്യാലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട് സെക്രട്ടറി): (൧) അറിയാം. ൧൦൮൭-ൽ അല്ല ൧൦൮൮-ാമാണ്ടും ൧൦൯൮-ാമാണ്ടും ൧൧൦൧-ാമാണ്ടും.

(൩) ശുചീന്ദ്രത്തിനടുത്തു കന്യാകുമാരിറോഡിൽ ബലമായമതിൽ കെട്ടിട്ടുണ്ട്. അവിടെ അടുത്തകാലത്തുതന്നെ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള വഴിയും ഉണ്ടാക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഒഴുകിന്നശേരിക്കടുത്തുള്ള മെയിൻ സതേൺ റോഡിൽ ൧൦൯൭-ാമാണ്ട എന്ന അത്ര പഴയകാലത്തിനു മുമ്പേതന്നെ കൂടുതൽ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള വഴിയും ഉണ്ടാക്കീട്ടുണ്ട്. അതിനെ വിസ്താരപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. തിരുപ്പതിസാരംറോഡിൽ തേരൂർ ചാലിനു കരക്കേയുള്ള ഭാഗങ്ങളിൽ വെള്ളംപോകുന്നവഴികളെ വിസ്താരപ്പെടുത്തുന്നതും വെള്ളപ്പൊക്കത്തിൽ വരുന്ന വെള്ളത്തെ നേരിട്ട പഴയാററിലേക്ക ഒഴിക്കുന്നതിനായി തിരുപ്പതിസാരം കാൽതുടങ്ങുന്നതിനു എതിർ വശത്തിലായി വെള്ളം വെളിയിൽപോകുന്നതിനു ഒരുകാൽവെട്ടുന്നതുമാകുന്നു. തേരൂർ ഒഴുകിന്നശേരി റോഡിൽ കൂടുതൽ വെള്ളം ഒഴുകിപ്പോകുന്നതിലുള്ള മാർഗ്ഗത്തെക്കുറിച്ചു ആലോചിച്ചുവരുന്നു.

തൃശ്ശൂർ കളം ഇറിഗേഷൻ ബ്ലോക്കബോർഡിലേക്ക ൧൦൯൯-ാമാണ്ടത്തെ ചെല്ലാനുള്ളതുക പിരിക്കുന്നതിൽ താമസം.

൩൧൪. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം):

(എ) ൧൦൯൯-ാമാണ്ടത്തെക്ക തൃശ്ശൂർകളം ബ്ലോക്ക്ബോർഡിലേക്ക ചെല്ലാനുള്ളകുടിശിക പിരിച്ചു ബ്ലോക്ക്ബോർഡിലേക്ക അയക്കുന്നകാര്യത്തിൽ റവന്യൂഉദ്യോഗസ്ഥന്മാർ ഉദാസീനരായിരിക്കുന്നവെന്നു ആവലാധിപ്പെട്ടു ആ ബോർഡിലെ പ്രസിഡണ്ട ൧൦൯൯ സെപ്റ്റംബർ ൨൭-ാംനമ്പരിൽ അയച്ചഹർജി ഗവർമ്മെണ്ടിൽ കിട്ടീട്ടുണ്ടോ എന്നും ൧൦൯൯ നവംബർ ൧൯-ാം ഡി ഡിസ് ൧൫൫൪/൧൦൦-ാം നമ്പരിൽ ചീഫ്സിക്രട്ടറിഅയച്ച മെമ്മോറിയൽ പ്രസിഡണ്ടിനു ഗവർമ്മെണ്ട മറുപടിഅയച്ചിട്ടുണ്ടോ എന്നും ഗവർമ്മെണ്ട പറയുമോ.

(ബി) ൧൦൯൯-ാമാണ്ടത്തേക്ക ചിങ്ങം ൩൧നു സർക്കാർരൂപ ൬൭൦ ൧ചക്രം ൧൨കാശു കുടിശിക പിരിയേണ്ടിയിരിക്കുന്നതും അതിലേക്കുള്ള ൧൧൦൦ ചിങ്ങത്തിൽ അഗസ്തീശ്വരം തഹശീൽദാർ അയച്ചിരിക്കുകയും ചെയ്തിരിക്കെ ഒരുകൊല്ലത്തിൽ പരം കാലത്തിനുള്ളിൽ ൧൭൨ രൂപ ൨ ചക്രം ൧൦കാശു മാത്രം പിരിച്ചു ബ്ലോക്ക്ബോർഡിലേക്കു റവന്യുഅധികാരസ്ഥന്മാർ അയക്കാൻ ശക്തരായിരുന്നുള്ളു എന്നു മേല്പറഞ്ഞഹർജിയിൽപ്രസിഡണ്ട പരാതിപറഞ്ഞിട്ടുള്ളതായി ഗവർമ്മെണ്ടിനു അറിയാമോ?

(സി) പ്രസിഡണ്ടിന്റെ പരാതിയെകുറിച്ചു ഗവർമ്മെണ്ട ഏതു നടപടിനടത്തിഎന്നും ൧൦൯൯-ാമാണ്ടത്തെക്ക മുതൽ ബ്ലോക്ക്ബോർഡിലേക്കു ചെല്ലാനുള്ളകുടിശിക പിരിക്കുന്നകാര്യത്തിൽ എന്തു അഭിവൃദ്ധി അതിൽപിന്നീടുണ്ടായിട്ടുണ്ടെന്നും ഗവർമ്മെണ്ട പറയുമോ?

(ഡി) പ്രസിഡണ്ട പരാതിപറഞ്ഞ തീയതിമുതൽ ൧൦൦൧ ജനുവരി ൧൫-ാംവരെ റവന്യുഅധികാരസ്ഥന്മാർ ൧൦൯൯-ാമാണ്ടത്തേയ്ക്കുള്ള കുടിശികയിൽ എന്തുതുകപിരിച്ചു ബ്ലോക്ക്ബോർഡിലേക്ക അയച്ചിട്ടുണ്ടോഎന്നു ഗവർമ്മെണ്ട തിട്ടപ്പെടുത്തിപറയുമോ?

(ഇ) ൧൦൯൯-ാമാണ്ടത്തേയ്ക്കുള്ള കുടിശിക ഒന്നരകൊല്ലംകാലമായി പിരിക്കാതിരിക്കുന്ന സ്ഥിതിക്ക ൧൦൯൯-ാമാണ്ടത്തെ കണക്ക പൂർത്തിയാക്കുന്നതിനു ബ്ലോക്ക്ബോർഡു ഇനിയും എത്രകാലം കാത്തിരിക്കണം എന്നും ൧൦൯൯-ാമാണ്ടത്തെ കുടിശികപിരിച്ചു ബ്ലോക്ക്ബോർഡിലേക്ക അയക്കുവാൻ അഗസ്തീശ്വരം താലൂക്ക തഹശീൽദാർക്ക ഇനിയും എത്രകാലംകൂടി വേണ്ടിവരും എന്നും ഗവർമ്മെണ്ട പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി):

(എ) ഉണ്ട്.

(ബി) അറിയാം.

(സി) റവന്യൂഉദ്യോഗസ്ഥന്മാർ ബോർഡുകാരെ മനഃപൂർവം എല്ലാവിധത്തിലുംസഹായിക്കണമെന്നും അ കുടിശികഉടനെ പിരിച്ചുതീർക്കണമെന്നും വിവരിച്ചു റവന്യൂഉദ്യോഗസ്ഥന്മാർക്ക് നിഷ്കർഷയായ ഉത്തരവുകൾ അയച്ചിട്ടുണ്ട്. ആരംഭത്തിൽ പിരിയേണ്ടുംതുകയും പിരിവും ബാക്കിയും കാണിച്ചു മാസന്തോറും കണക്കവയ്ക്കാൻ ഏർപ്പാടുചെയ്യുകയും സർക്കാർകരത്തിനുള്ള ഡി-സി-ബി കണക്കിനെ പരിശോധിക്കുമ്പോഴേ ഈ കണക്കിനേയും പരിശോധിക്കേണം എന്നു ലാൻഡ്റവന്യൂകമ്മീഷണർക്ക എഴുതിയയക്കയും ചെയ്തിട്ടുണ്ട്.

(ഡി) ൧൭൨ രൂപ ൧൧ ചക്രം ൧൦ കാശു.

(ഇ) ഇക്കാര്യത്തിൽ നിഷ്കർഷയായഉത്തരവു തഹശീൽദാർക്ക കൊടുത്തിട്ടുണ്ട്. കുടിശികതീരെ താമസംകൂടാതെ പിരിക്കുന്നതിനു എല്ലാശ്രമവുംചെയ്തുവരുന്നു. കുടിശിക മുഴുവനും എപ്പോൾ പിരിച്ചുതീരുമെന്നു മുൻകൂട്ടിപറയുന്നതിലേയ്ക്ക് ഗവർമ്മെണ്ട തുനിയുന്നില്ല.

മി. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (ബി) ഭാഗത്തിനുള്ള മറുപടി ശരിയായിട്ടുള്ളതല്ല എന്നും അടച്ചതുക ൪ രൂപ ൧൦ ചക്രം ൧൦ കാശു ആണെന്നും ൧൭൨ രൂപ ൧൪ ചക്രം ൧൦ കാശു അല്ല എന്നും ഞാൻ പറയുന്നതിനെ അടിസ്ഥാനമാക്കി ഗവർമ്മെണ്ട കൂടുതൽവിചാരണ നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുസിക്രട്ടറി): അതിനെക്കുറിച്ചു കൂടുതൽവിചാരണ ഗവർമ്മെണ്ട നടത്തുന്നതാണ്.

൧൧൦൦-ാമാണ്ടത്തേയ്ക്കു തൃശ്ശൂർകളം ഇറിഗേഷൻ ബ്ലോക്ക്ബോർഡിലേയ്ക്കു ചെല്ലാനുള്ള കുടിശിക പിരിക്കൽ.

൩൧൫. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ൧൧൦൦-ാമാണ്ടത്തേക്ക തൃശ്ശൂർകളം ബ്ലോക്ക്ബോർഡിലേക്ക ചെല്ലാനുള്ള കുടിശികയുടെ ഒരുലിസ്റ്റ് അതിലെ പ്രസിഡണ്ടിന്റെ പക്കൽനിന്നു അഗസ്തീശ്വരംതാലൂക്ക തഹശീൽദാർക്ക് കിട്ടീട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ

(i) ആ ലിസ്റ്റിൻപടി പിരിക്കേണ്ടതായ മൊത്തംതുക;

(ii) ലിസ്റ്റ് തഹശീൽദാർക്ക കിട്ടിയതീയതി;

(ബി) നാളതുവരെ ആ കുടിശികയിൽ റവന്യൂ അധികൃതന്മാർ പിരിച്ചതുക;

(സി) നാളതുവരെ ആ പിരിവിൽ ബ്ലോക്ക്ബോർഡിലേക്ക അയച്ചതുക;

ഇവ എന്തെന്നും ഗവർമ്മെണ്ട പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസിക്രട്ടറി): മെംബർപ്രസ്താവിച്ചലിസ്റ്റ് അഗസ്റ്റീശ്വരം തഹശീൽദാർക്ക് കിട്ടീട്ടുണ്ട്. മറ സംഗതികളിൽ ആവശ്യപ്പെട്ടവിവരം താഴെ ചേർക്കുന്നു:—

(i) ൩൩൩ രൂപ ൮൮ ചക്രം ൯ കാശ്.

(ii) ൧൧൦൧ കന്നി ൮൩൩.

(iii) ൧൭൮ രൂപ ൯ ചക്രം ൧൪ കാശ്.

(iv) ൧൩൯ രൂപ ൭ ചക്രം ൮ കാശ്.

കോട്ടയം മുൻസിപ്പാലിറ്റിയിൽ വൈസ്പ്രസിഡണ്ടിനെ തിരഞ്ഞെടുക്കൽ.

൩൧൭. മി. കെ. കെ. താമസ് (കോട്ടയം):

(എ) (i) കോട്ടയം മുൻസിപ്പൽകൌൺസിലിൽ വൈസ്പ്രസിഡണ്ടിന്റെ ഉദ്യോഗം എത്രകാലമായി ഒഴിവായിരിക്കുന്നു എന്നും

(ii) മി. പി. കെ. കുര്യനെ വൈസ്പ്രസിഡണ്ടായി കൌൺസിൽ തെരഞ്ഞെടുത്തിട്ടില്ലയോ എന്നും

(iii) ഈ വിവരം പ്രസിഡണ്ട് ഗവൺമെണ്ടിൽ എഴുതിബോധിപ്പിക്കയും തെരഞ്ഞെടുപ്പിനെ അനുമതിച്ച വിവരം ഗവൺമെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നു അപേക്ഷിക്കയും ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ എന്നും ഗവൺമെണ്ട് പറയുമോ?

(ബി) ഇതിനെക്കുറിച്ചു പ്രസിഡണ്ടിന്റെ പക്കൽനിന്നു വല്ല പ്രബോധകലേഖനവും കിട്ടീട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു?

(സി) ഗവൺമെണ്ടു ഈ തെരഞ്ഞെടുപ്പിനെ അനുവദിച്ചിട്ടുണ്ടോ?

(ഡി) അനുവദിച്ചിട്ടുണ്ടെങ്കിൽ ആവശ്യപ്പെട്ടതുപോലെ വിവരം സർക്കാർഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ?

(ഇ) ഇല്ലെന്നുവരികിൽ വിവരം കഴിയുന്നവേഗത്തിൽ സർക്കാർഗസററിൽ പ്രസിദ്ധപ്പെടുത്തുമോ?

(എഫ്) പ്രസിഡണ്ടു സ്ഥലത്തില്ലാതിരിക്കുമ്പോൾ വൈസ്പ്രസിഡണ്ടിന്റെ അഭാവംകൊണ്ടു മുനിസിപ്പാലിറ്റിയുടെ കാര്യങ്ങൾക്കു ദോഷംവരാനിടയുണ്ടു എന്നു ഗവൺമെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസെക്രട്ടറി): (എ) (i) ൧൯൨൭ ആഗസ്റ്റ് ൨൭-നു- മുതൽ ൧൯൨൮ ജാനുവരി ൨൮-നു-വരെ അഞ്ചു മാസംകാലത്തേക്കു.

(ii) അതേ.

(iii) ഉണ്ട്, തെരഞ്ഞെടുപ്പു കഴിഞ്ഞതിൽപിന്നീടു അന്നു തന്നെ.

(ബി) ഉണ്ട്; രണ്ടു.

(സി) ഉണ്ട്

(ഡി) ഉണ്ട്.

(ഇ) മേല്പറഞ്ഞ (ഡി) ക്കുള്ള മറുപടികൊണ്ടു ഈ ചോദ്യത്തിനു സാംഗത്യമില്ല.

(എഫ്) ഗവൺമെണ്ടിൽനിന്നു നിയമിച്ചിട്ടുള്ളതായി സർക്കാരുദ്യോഗസ്ഥനായ ഒരു സീനിയർ കൌൺസിലർ ഉണ്ട്. പ്രസിഡണ്ടു ഇല്ലാതിരിക്കുന്നകാലത്തു അദ്ദേഹം ആ ജോലി നോക്കേണ്ടതാണ്. അതുകൊണ്ടു കോട്ടയം മുനിസിപ്പൽകൌൺസിലിലെ കാര്യങ്ങൾക്കു ദോഷം നേരിടാൻ ഇടയില്ല.

അഞ്ചൽ മോട്ടോർസർവീസ്.

൩൧൮. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) (i) തിരുവിതാംകോട്ടിൽ അഞ്ചൽമോട്ടോർ സർവീസ് ആദ്യം തുടങ്ങിയതു എവിടെയായിരുന്നെന്നും എപ്പോഴായിരുന്നെന്നും,

(ii) ഇതു തുടങ്ങിയതുമുതൽ നാളതുവരെ ഓരോസ്ഥലങ്ങളിൽ ആ വിധം സർവീസ് നടത്തുന്നതിനു കുത്തകഎടുത്തിട്ടുള്ള ആളുകൾ ആരാണെന്നും,

(iii) ഓരോ കുത്തകയുടെയും കാലാവധിയും ഗവൺമെണ്ടു പറയുമോ?

(ബി) ഈ കുത്തകകളിൽ വീഴ്ചക്കാർ ഉണ്ടായിരുന്നുവോ? ഉണ്ടെങ്കിൽ വീഴ്ചക്കാർ ആര്? അവരുടെ വീഴ്ച എന്തു? ഓരോരുത്തർക്കും കൊടുത്ത ശിക്ഷ എന്തു?

(സി) അഞ്ചൽ മോട്ടോർസർവീസിനുള്ള കുത്തക തൃപ്തികരമായി ഇതുവരെ നടത്തീട്ടുള്ള കുത്തകക്കാരിൽ വല്ലവരും ഇപ്പോൾ കുത്തകക്കായി കൊടുത്തിരിക്കുന്ന കോട്ടയംമുതൽ പറവൂർവരെ അഞ്ചൽ മോട്ടോർ സർവീസിലേക്കു ടെൻഡർ അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ പേരു എന്ത്? അയാളുടെ ടെൻഡർ തുക എന്ത്?

മി. പി എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെണ്ടുസെക്രട്ടറി): (എ) (i) അഞ്ചൽമോട്ടോർസർവീസ് ആദ്യമായി ൧൦൯൭ കുംഭം ൧-നു- നാഗരുകോവിൽ മുതൽ കൊല്ലംവരെ നടപ്പാക്കി.

(ii) (iii) മെംബർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയിരിക്കുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്

(ബി) കോട്ടയംമുതൽ പറവൂർവരെയുള്ള ലൈനിലേക്കു ആദ്യമായി കുത്തകഎടുത്ത ആംഗ്ലോഇൻഡ്യൻ ഇൻഡസ്ട്രിയൽ സിൻഡിക്കേറ്റു വീഴ്ചവരുത്തി. അതുകൊണ്ടു കുത്തക റദ്ദാക്കി മി. പി. എ. എബ്രഹാം ബി. എ. ബി. എൽ.-നു കൊടുത്തു.

തനിക്കു കൂടുതൽതുക കിട്ടണം എന്നും അല്ലെങ്കിൽ കുത്തകയിൽനിന്നു വിടുതൽചെയ്യണം എന്നും മിസ്റ്റർ എബ്രഹാം അപേക്ഷിച്ചു. അയാളെ കുത്തകയിൽനിന്നു വിടുത്തി. അന്നു ഉണ്ടായിരുന്ന റേറ്റിൽ കുത്തക ഏല്ക്കുന്നതിനു ആരും ഇല്ലാതിരുന്നതുകൊണ്ടു അഞ്ചൽമാളക്കാരെ തൽക്കാലത്തേക്കു വീണ്ടും ഏർപ്പെടുത്തി.

(സി) പഴയ കൺട്രാക്ടർമാരിൽ മി. കെ. എം. മാത്തുള്ളമാപ്പിളമാത്രം ഇപ്പോഴത്തെ കുത്തകയ്ക്കു ടെൻഡർ അയച്ചു; അദ്ദേഹത്തിന്റെ ടെൻഡർതുക ൧൦൦൦ രൂപആയിരുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): പാർട്ട് (സി) ഇതിനുമുൻപു അഞ്ചൽ മോട്ടോർ സർവീസ് കമ്മേർഷ്യൽ കാർപ്പറേഷൻകമ്പനിക്കാർ നടത്തിട്ടുള്ളതായി പട്ടികയിൽനിന്നു കാണുന്നു. അവർ കോട്ടയം-പറവൂർ അഞ്ചൽ മോട്ടാർസർവീസിനു ടെണ്ഡർകൊടുത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെണ്ടുസെക്രട്ടറി): പാർട്ട് (സി) യിൽതന്നെ മറുപടി പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അപ്പെൻഡിക്സ് നമ്പർ ൧-൭-മുൻ-ൽ കൊല്ലത്തിനും നാഗർകോവിലിനും കാർപ്പറേഷൻകമ്പനിക്കാർ അഞ്ചൽ സർവീസ് നടത്തിട്ടുള്ളതായി പറയുന്നു. അവർ കൊട്ടയം-പറവൂർ അഞ്ചൽസർവീസിനു ടെണ്ഡർകൊടുത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെണ്ടു സെക്രട്ടറി): ഇല്ലെന്നാണ് മറുപടിപറഞ്ഞിരിക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ൩൨-൨-൨൦-നു കൂടിയ നിയമസഭായോഗത്തിൽ വച്ചു എന്റെ ഒരു ചോദ്യത്തിനു തന്നിട്ടുള്ള മറുപടിയിൽ കാർപ്പറേഷൻകമ്പനിയിൽനിന്നു ൫൦൦ രൂപ ജാമ്യസംഖ്യ ഒർഫീറ്റുകെട്ടുത്തിട്ടുള്ളതായി പറഞ്ഞിട്ടുണ്ടോ? (ചോദ്യം ൧൪൫ ഭാഗം സി).

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെണ്ടുസെക്രട്ടറി): അറിയിപ്പു കിട്ടേണ്ടിയിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അതിനെപ്പറ്റി അന്വേഷിച്ചുപറയാൻ ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെണ്ടുസെക്രട്ടറി): പറയാം.

വില്ലേജ് പഞ്ചായത്തുറഗുലേഷനും ഇറിഗേഷൻ ബ്ലാക്കബോർഡുകളും.

൩൮൯. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): (എ) വില്ലേജ് പഞ്ചായത്തു റെഗുലേഷൻ എന്നുമുതൽ ഉൗജ്ജിതത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നു എന്നു ഗവൺമെണ്ടു സദയം പറയുമോ?

(ബി) വില്ലേജ് പഞ്ചായത്തുകോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു എത്ര എതെല്ലാം സ്ഥലങ്ങളിലാണ്?

(സി) തെക്കൻതിരുവിതാംകോട്ടിൽ വില്ലേജ് പഞ്ചായത്തുകോർട്ടുകൾ സ്ഥാപിക്കുമ്പോൾ അവിടെയുള്ള ഇറിഗേഷൻബ്ലാക് ബോർഡുകളുടെ കൃത്യങ്ങളെക്കൂടി അതാതുസ്ഥലത്തെ വില്ലേജ് പഞ്ചായത്തു കോടതിയെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) ആവിധം ഏർപ്പാടു ഗവൺമെണ്ടു ഉദ്ദേശിക്കുന്നതായാൽ ഇറിഗേഷൻ ബോർഡുകൾക്കു പുതിയ വല്ലകരവും ചുമത്തുന്നതിനുള്ള വല്ല ആവശ്യവും ഇപ്പോൾ ഉണ്ടോ?

(ഇ) ഇപ്പോഴുള്ള ഇറിഗേഷൻ ബ്ലാക്കബോർഡുകളുടെ കാലാവധി എപ്പോൾ അവസാനിക്കുന്നു.

(എഫ്) ഇറിഗേഷൻ ബ്ലാക്ക്ബോർഡിലേക്കു മെമ്പർമാരെ അടുത്തതവണ തെരഞ്ഞെടുക്കുന്ന വിഷയത്തെക്കുറിച്ചു ആലോചിക്കുമ്പോൾ ആവിധം പ്രവൃത്തിയെയും പഞ്ചായത്തുകോർട്ടുകളെ ഏല്പിക്കുന്നതിന്റെ യുക്തതയെക്കുറിച്ചു ഗവൺമെണ്ടു ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): (എ)-യും (ബി)-യും ൧൧൦൦-ാമാണ്ടത്തെ ൭-ാമത്തെ റെഗുലേഷനായ വില്ലേജ് പഞ്ചായത്തു റെഗുലേഷൻ ൩൮-ാം വകുപ്പനുസരിച്ചുള്ള ചട്ടങ്ങൾ, റെഗുലേഷൻ ഉൗജ്ജിതത്തിൽ വരുത്തുംമുമ്പു ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഒരുക്കൂട്ടം ചട്ടങ്ങൾ എഴുതിയുണ്ടാക്കി ഗവൺമെണ്ടിന്റെ അനുമതിക്കായി അയക്കുന്നതിനു അഡിഷനൽ ഹെഡ്സർക്കാർവക്കീലിനോടു ആജ്ഞാപിച്ചിരിക്കുന്നു.

(സി) കാര്യംമുഴുവനും ആലോചനയിലിരിക്കുന്നസ്ഥിതിക്കു ഈ പ്രശ്നത്തിനു മറുപടി പറയുന്നതിനു കാലമായിട്ടില്ല.

(ഡി) എ മുതൽ ഡിവരെയുള്ള ഭാഗങ്ങൾക്കുള്ള മറുപടിനോക്കിയതിൽ ഈ പ്രശ്നത്തിനു സാംഗത്യമില്ല.

(ഇ) ഇപ്പോഴുള്ള ഇറിഗേഷൻബ്ലാക്കബോർഡിന്റെ കാലാവധി ൧൧൦൦-ാമാണ്ടവസാനത്തോടുകൂടി അവസാനിച്ചു.

(എഫ്) ഇല്ല. എ-യും ബി-യും ഭാഗങ്ങൾക്കുള്ള മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ ഇക്കാര്യത്തെ ആലോചിക്കുന്നതാണ്.

കൺസർവൻസി നഗരങ്ങളിൽ സാംക്രമികരോഗങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്.

൩൯൦. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (എ) കൺസർവെൻസി നഗരങ്ങളിലും ഉൾനാടുകളിലും സഞ്ചാരരോഗങ്ങൾ ഉത്ഭവിക്കുന്നതിനെക്കുറിച്ചു എഴുതിബോധിപ്പിക്കാൻ ചുമതലപ്പെട്ടവർ ആരാണെന്നു ഗവൺമെണ്ടു സദയം പറയുമോ?

(ബി) ഈ റിപ്പോർട്ടുകളിന്മേൽ ചെയ്യുന്ന നടപടി എന്ത്? ഇവ വരാതെ നടക്കുവാൻ ഇപ്പോൾസ്വീകരിച്ചിരിക്കുന്ന നിവാരണമാർഗ്ഗങ്ങൾ ഏവ.

(സി) സാംക്രമിക രോഗങ്ങളിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെണ്ടുകളുടെ ഉദ്യോഗസ്ഥന്മാരാര് ഏവ?

മി. കെ. ജാജ് (ആക്റ്റിംഗ് ഗവൺമെണ്ടു ചീഫ്സെക്രട്ടറി). (എ) കൺസർവെൻസി പ്രദേശങ്ങളിൽ സാംക്രമികരോഗങ്ങൾ ഉത്ഭവിക്കുന്നവിവരം കൺസർവെൻസി ഓവർസീയർമാരും മററു ഗ്രാമീണ പ്രദേശങ്ങളിൽ പാർവ്വത്യകാർമാരും എഴുതിബോധിപ്പിക്കുന്നു. റിപ്പാർട്ടുകൾ അതതുസ്ഥലത്തെ സാനിട്ടറി സർക്കിൾ ആഫീസർക്കും മെഡിക്കൽ ആഫീസർക്കും തഹശീൽദാർക്കും സാനിട്ടറി കമ്മീഷണർക്കും അയക്കപ്പെടുന്നു.

(ബി) റിപ്പോർട്ടു കിട്ടിയാൽ സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമുള്ള നിരോധകമാർഗ്ഗങ്ങളും രോഗശമനമാർഗ്ഗങ്ങളും സ്വീകരിക്കുകയോ സ്വീകരിപ്പിക്കുകയോ ചെയ്യുന്നു. സാധാരണമായി ചെയ്തുവരാറുള്ള നിരോധകമാർഗ്ഗങ്ങൾ വിഷൂചികയുടെ കാര്യത്തിൽ ഗൃഹങ്ങളിൽ രോഗബീജങ്ങളെ നശിപ്പിക്കലും, കിണറുകളിലെ വെള്ളംശുചീകരിക്കലും പൊട്ടാസിയം പെർമെൻഗനേറ്റുഗുളികകൾകൊടുക്കലുംരോഗഹാരിയായമരുന്നുകൾ ത്തിവക്കലിനു നടപ്പാക്കലും ആകുന്നു. മസൂരിയുടെ കാര്യത്തിൽ ഗൃഹങ്ങളിൽ വിഷബീജഹരണവും മസൂരികീറി

ഭവക്കേയും ആകുന്നു. ഈ രണ്ടുസംഗതികളിലും ജനങ്ങളുടെ ഇടയിൽ ശുചീകരണത്തെ സംബന്ധിച്ചുള്ള അറിവും പ്രചരിച്ചിരിക്കുന്നുണ്ട്.

(സി) സാംക്രമികരോഗങ്ങൾ പകരാതെ തടുക്കുന്നതിൽ സാനിട്ടറി ഡിപ്പാർട്ടുമെണ്ടും മെഡിക്കൽഡിപ്പാർട്ടുമെണ്ടും റെവന്യൂഡിപ്പാർട്ടുമെണ്ടും ഒരുമിച്ചു പ്രവർത്തിക്കുന്നു.

ചില കൺസർവൻസി നഗരങ്ങളിൽ പൊതുജനാരോഗ്യത്തിനു കമ്മിട്ടി.

൩൨൭. മി. ജി. കുമാരപിള്ള (കരുനാഗപ്പള്ളിയും വിളവങ്കോടും): തെക്കൻതിരുവിതാംകോട്ടിൽ കൺസർവൻസി നഗരങ്ങളിൽ മററു ഗ്രാമീണ പ്രദേശങ്ങളിലും സഞ്ചാരിരോഗം ഉണ്ടാകാതെ തടുക്കുന്നതിനും ജനങ്ങളുടെ ആരോഗ്യത്തിൽ കാര്യക്ഷമമായ നിയന്ത്രണം നടത്തുന്നതിനും നല്ല പാനീയജലം ലഭ്യം അല്ലാത്ത പ്രദേശങ്ങളിൽ കുടിക്കാൻകൊള്ളാവുന്ന വെള്ളം സംഭരിക്കുന്നതിനും വേണ്ട നടപടികൾ നടത്തേണ്ടതിനെ പററി എഴുതിബോധിപ്പിക്കുന്നതിനായി സർക്കാരുദ്യോഗസ്ഥന്മാരും സർക്കാരുദ്യോഗം ഇല്ലാത്തവരും ചേർന്നതായ ഒരു കമ്മിട്ടി നിയമിക്കുവാൻ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെണ്ട് ചീഫ്സെക്രട്ടറി): ജനാരോഗ്യസംബന്ധമായ കാര്യങ്ങളിൽ ഗവൺമെണ്ടിനെ ഉപദേശിക്കുന്നതിനായി സർക്കാരുദ്യോഗസ്ഥന്മാരും ഉദ്യോഗം ഇല്ലാത്തവരും ചേർന്നതായ ആരോഗ്യകമ്മിട്ടികൾ സംഘടിപ്പിക്കുന്ന കാര്യത്തെ ഇതിനു മുമ്പേതന്നെ ഗവണ്മെണ്ട് ശ്രദ്ധിച്ചുവരുന്നുണ്ട്.

ജനാരോഗ്യത്തെപ്പററി പ്രസംഗങ്ങൾ.

൩൨൮. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ജനാരോഗ്യസംബന്ധമായ കാര്യങ്ങളെക്കുറിച്ചു ജനങ്ങളുടെ ഇടയിൽ പ്രസംഗങ്ങൾ നടത്തുന്നതിനായി ഒരു സാനിട്ടറി ആഫീസരെ നിയോഗിച്ചിരിക്കുന്നു എന്നു ൧൧൦൯-ാമാണ്ടത്തെക്കുള്ള രാജ്യഭരണറിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ആ രാജ്യഭരണറിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയ കാലത്തിനും ഈ ഉദ്യോഗസ്ഥൻ പ്രസംഗങ്ങൾ നടത്തിവന്നതിനെ നിറുത്തൽചെയ്ത കാലത്തിനും തമ്മിൽ ഉള്ള അന്തരം എത്രയെന്നു ഗവണ്മെണ്ട് പറയുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവൺമെണ്ട് ചീഫ്സെക്രട്ടറി): സാനിട്ടറി ആഫീസരുടെ പ്രവൃത്തി നിറുത്തലാക്കി ൨ മാസവും ൩ ദിവസവും കഴിഞ്ഞതിൽപിന്നീട് ൧൧൦൯-ാമാണ്ടത്തേക്കുള്ള രാജ്യഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ഉദ്യോഗസ്ഥൻ എത്രകാലത്തേക്ക പ്രസംഗങ്ങൾ നടത്തിക്കൊണ്ടു വിദഗ്ദ്ധമായി ജോലിയിൽ ഇരുന്നിരുന്നു എന്നുള്ള വിവരം അറിയാമോ?

മി. കെ. ജാർജ് (ആ. ഗവണ്മെണ്ട് ചീഫ്സിക്രട്ടറി): ഒരുമാസത്തോളംകാലം.

വസ്തുക്കളുടെ സബ്ഡിവിഷനും കൃഷിക്കുള്ള പ്രതിബന്ധവും.

൩൨൯. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഭൂസ്വത്തുക്കളെ വളരെ ചെറിയഭാഗങ്ങളായി വിഭജിച്ചുവന്നിട്ടുള്ളതും ഇപ്പോൾ വിഭജിച്ചുവരുന്നതും നിമിത്തം ഈ രാജ്യത്തിലെ കൃഷിവ്യവസായത്തിനു ദോഷം സംഭവിച്ചിട്ടുണ്ടെന്നു ഗവണ്മെണ്ടിനു അറിയാമോ? അറിയാം എന്നുവരികിൽ ഈ ദോഷത്തെ പരിഹരിക്കുന്നതിനും ഈ വ്യവസായത്തെ പരിരക്ഷിക്കുന്നതിനും വേണ്ടതായ വല്ല നിർദ്ദേശത്തേയുംപററിഗവണ്മെണ്ട് അടുത്ത ഭാവിയിൽ ശ്രദ്ധിക്കാൻ ഇടയുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): വസ്തുക്കളെ ചെറുതായി വിഭജിക്കുന്നതുകൊണ്ടു രാജ്യത്തിലെ കൃഷിവ്യവസായത്തിൽ ദോഷംതട്ടുന്നതായി ഗവണ്മെണ്ടിനറിവില്ല. മെമ്പർ പ്രസ്താവിച്ചതുപോലെയുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ ഗവണ്മെണ്ട് ശ്രദ്ധിച്ചുവരുന്നില്ല. അടുത്ത ഭാവികാലത്തു ഇതിനെ ശ്രദ്ധിക്കാൻ ഇടയുണ്ടോഎന്നു ഇപ്പോൾ പറയാവുന്ന നിലയിലും ഗവണ്മെണ്ട് ഇരിക്കുന്നില്ല.

൧൧൦൮-ാമാണ്ടു കർക്കടകമാസം നടന്ന സെഷനിൽ ചോദിച്ച പ്രശ്നങ്ങളും അവയ്ക്കു മറുപടിയും

൩൩൦. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) കഴിഞ്ഞ ബഡ്ജെട്ട് സമ്മേളനത്തിൽ എത്ര പ്രശ്നങ്ങൾ മറുപടിപറയാനായി സ്വീകരിച്ചു എന്നും എത്രയ്ക്കു മറുപടി പറഞ്ഞു എന്നും ഗവണ്മെണ്ട് പറയുമോ?

(ബി) മറുപടിപറയാതെ വിട്ടിട്ടുള്ളവയുടെ എണ്ണം കൂടുതൽ ആയിരുന്നാലും കുറവായിരുന്നാലും എന്തുകാരണത്താൽ ഇവയെ വിട്ടേക്കുകയോ വിസ്മരിക്കയോ ചെയ്തുഎന്നു ഗവണ്മെണ്ട് പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സിക്രട്ടറി): (എ) ൨൬൪ പ്രശ്നങ്ങൾ സ്വീകരിച്ചു; അതിൽ ൧൭൩ എണ്ണത്തിനു മറുപടി തയ്യാറാക്കി ഓരോദിവസത്തിലും ചോദിക്കുന്നതായ പ്രശ്നങ്ങളുടേയും മറുപടികളുടേയും ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു: എന്നാൽ മെമ്പർമാരിൽ ചിലർ ഹാജരില്ലാതിരുന്നതുകൊണ്ടു ൧൧൧ എണ്ണംമാത്രമേ പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തിയുള്ളു.

(ബി) ൧൯൩൩ ഏപ്രിൽ ൨൦-നു മിസ്റ്റർ പിറവിപ്പേരുമാൾപിള്ള ചോദിച്ച പ്രശ്നത്തിനു പറഞ്ഞ മറുപടി മെമ്പർ നോക്കിയാൽ, യാതൊരു പ്രശ്നത്തേയും ഗണിക്കാതിരുന്നിട്ടില്ല. എന്നാൽ മതിയായ മറുപടി ലഭ്യം ആകുംമുമ്പേ സമ്മേളനസമാപനം സംഭവിക്കുന്നതുകൊണ്ടു ഏതാനുംപ്രശ്നങ്ങൾ കാലഹരണപ്പെട്ടുപോകയേ നിവൃത്തിയുള്ളു. ഈ പ്രശ്നങ്ങളെ മെമ്പർമാർ വീണ്ടും അയക്കുന്നതായാൽ അവയെ സ്വീകരിച്ചു മറുപടിപറയുന്നുണ്ട്.

സാനിട്ടറി കമ്മിഷണരുടെ ശമ്പളം.

൩൩൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) സാനിട്ടറി കമ്മിഷണർ എന്ന ഉദ്യോഗത്തിനുള്ള ശമ്പളത്തെ ൫൦൦ രൂപായിൽനിന്നു എപ്പോൾ ൭൦൦ രൂപായായികൂട്ടി; അതിനെ എപ്പോൾ ൩൦൦ രൂപായിൽ തുടങ്ങി ൪൦൦ രൂപവരെയുള്ള തോതിൽ കുറച്ചു.

(ബി) ശമ്പളത്തെ ൫൦൦ രൂപായിൽനിന്നു ൭൦൦ രൂപായായി കൂട്ടിയകാലത്തിനും അതിനെ ൩൦൦ രൂപായാക്കികുറച്ച കാലത്തിനും തമ്മിൽ ഉള്ള അന്തരം എത്ര.

മി. കെ. ജാർജ് (ആ. ഗവണ്മെണ്ട് ചീഫ്സിക്രട്ടറി): (എ) അക്കാലത്തു സാനിട്ടറികമ്മിഷണർ ഉദ്യോഗം വഹിച്ചിരുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തെ ൧൧൦൫ കർക്കടകം ൧൫-നു ൫൦൦ രൂപായിൽനിന്നു

൨൮൮ രൂപയാക്കിച്ചുരുക്കി. ഉദ്യോഗത്തിനുള്ള ശമ്പളത്തെ ൧൫൦൦ മകരം ൧൦-നു മുതൽ ൩൦൦ രൂപ-൭൦൦ രൂപയാക്കി സ്ഥിരപ്പെടുത്തി.

(ബി) നാഗർകോവിൽ

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉദ്യോഗത്തിനുള്ള ശമ്പളത്തെ ൫൦൦ രൂപയിൽനിന്നു ൩൦൦ രൂപയായിച്ചുരുക്കിയകാലത്തു സാനിട്ടറികമ്മീഷണരുടെ ജോലികളേയും ഉത്തരവാദങ്ങളേയും വിച്ഛേദമാക്കിയോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ്സിക്രട്ടറി): ഇല്ല. മുമ്പിലത്തേപ്പോലെയുള്ള ജോലികൾ തന്നെ അദ്ദേഹം ചെയ്തുവരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോഴത്തെ ഉദ്യോഗസ്ഥനെ ഈ ഉദ്യോഗത്തിൽ നിയമിച്ചകാലത്തു അവയെ വല്ല തോതിലും ലഘുവാക്കീട്ടുണ്ടോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ്സിക്രട്ടറി): ഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവർന്മെന്റിന്റെ പ്രവൃത്തനങ്ങൾ സർവ്വതോമുഖമായി വർദ്ധിക്കുന്നതിനു അനുരൂപമായി ഈ ഉദ്യോഗസ്ഥന്റെ കൃത്യങ്ങളും ചുമതലകളും വർദ്ധിച്ചുവരുന്നില്ലയോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ്സിക്രട്ടറി): ഗവർന്മെന്റിന്റെ വർദ്ധമാനമായ പ്രവൃത്തനങ്ങൾ സാനിട്ടറി കമ്മീഷണരുടെ പ്രവൃത്തിയെ എങ്ങനെ വർദ്ധിപ്പിക്കും എന്നു ഞാൻ അറിയുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവർന്മെന്റു അപ്രകാരം പറയുവാൻ സന്നദ്ധമാണോ?

പ്രസിഡന്റു: അതു കേവലം അഭിപ്രായവ്യത്യാസം വരാവുന്ന ഒരു സംഗതിയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ ഉദ്യോഗത്തിന്റെ ശമ്പളത്തെ ൫൦൦ രൂപയിൽനിന്നു ൩൦൦ രൂപയായി കുറയ്ക്കുന്നതിനു വല്ല കാരണവും ഉണ്ടായിരുന്നുവോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ്സിക്രട്ടറി): അതു ചിലവു കുറയ്ക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഗവർന്മെന്റു ചെയ്തു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതുപോലെ മററുവല്ല ഉദ്യോഗത്തിന്റെയും ശമ്പളം കുറച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ് സിക്രട്ടറി): ഉണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെംബർ ദയവുണ്ടായി അവയിൽ ഒരു സംഗതി പറയുമോ?

മി. കെ. ജാർജ് (ആ. ഗവർന്മെന്റു ചീഫ്സിക്രട്ടറി: മി. ബ്രൈഡ് കാളേജിൽ ചേർന്നപ്പോൾ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ ശമ്പളം കുറയ്ക്കപ്പെട്ടു. മററുദാഹരണങ്ങളും ഉണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇൻഡ്യാക്കാർ വഹിച്ചുവന്ന ഉദ്യോഗങ്ങളിൽ ഒന്നിനെക്കുറിച്ചു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ആക്ടിംഗ് ഗവർന്മെണ്ടു ചീഫ് സിക്രട്ടറി): എനിക്കു ഇപ്പോൾ പറയാൻ കഴിവില്ല.

സാനിട്ടറി കമ്മീഷണരായിരുന്ന ഡാക്ടർ കൃഷ്ണമൂർത്തിഅയ്യരുടെ ശമ്പളം.

൩൨൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഡാക്ടർ കൃഷ്ണമൂർത്തിഅയ്യരെ സാനിട്ടറികമ്മീഷണരായി നിയമിച്ചകാലത്തു അദ്ദേഹത്തിനു എത്രകാലത്തെ സർവീസ് ഉണ്ടായിരുന്നു എന്നും എന്തു ശമ്പളം ഉണ്ടായിരുന്നു എന്നും ഗവർന്മെണ്ടു പറയുമോ? ഇപ്പോഴത്തെ സാനിട്ടറികമ്മീഷണരുടെ കാര്യത്തിലും ഇതേവിവരങ്ങൾ പറയുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവർന്മെണ്ടു ചീഫ് സിക്രട്ടറി): ഡാക്ടർ കൃഷ്ണമൂർത്തിഅയ്യരെ ആദ്യമായി സാനിട്ടറികമ്മീഷണരായി നിയമിച്ചകാലത്തു അദ്ദേഹം ബ്രിട്ടീഷ്ഗവർന്മെന്റിൽ ൮ കൊല്ലവും ൧ മാസവും ൧൫ ദിവസവും കാലം ഉദ്യോഗത്തിൽ ഇരുന്നിരുന്നു; ബ്രിട്ടീഷ് സർവീസിൽ ഇരുന്നകാലത്തു ശമ്പളം എന്തായിരുന്നു എന്നു അറിയാൻ പാടില്ല. ഇപ്പോഴത്തെ സാനിട്ടറികമ്മീഷണരെ ആ ഉദ്യോഗത്തിൽ നിയമിച്ചപ്പോൾ ൧൮ കൊല്ലവും ൧ മാസവും ൨൭ ദിവസവും കാലത്തെ സർവീസ് ഉണ്ടായിരുന്നു. അക്കാലത്തു അദ്ദേഹത്തിന്റെ ശമ്പളം ൨൩൦ രൂപയായിരുന്നു.

നാട്ടുഭാഷാ പാഠപുസ്തകക്കമ്മിററി.

൩൨൭. മി. എം. ശിവതാണുപിള്ള (തോവാള): (എ) തമിഴിൽ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലേക്കു വല്ല പ്രാതിനിധ്യവും ഉണ്ടോ എന്നു ഗവർന്മെണ്ടു പറയുമോ?

(ബി) നാട്ടുഭാഷാ പാഠപുസ്തകക്കമ്മിററിയിൽ തമിഴിനു മതിയായ പ്രാതിനിധ്യം ഇല്ലെന്നുകാണിച്ചു തമിഴരുടെ പൊതുയോഗങ്ങളിൽ അനേകം വാദങ്ങൾ നടന്നിട്ടുള്ളതായി ഗവർന്മെന്റിനു അറിയാമോ?

(സി) നാട്ടുഭാഷാ പാഠപുസ്തകക്കമ്മിററിയിൽ അധികം തമിഴരായ മെംബർമാരെ നിയമിച്ചിട്ടോ തമിഴിലേക്കു പ്രത്യേകം പാഠപുസ്തകക്കമ്മിററി രൂപിച്ചിട്ടോ ഈ ന്യൂനതയെ നീക്കുവാൻ ഗവർന്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർന്മെണ്ടു സിക്രട്ടറി): (എ) ഉണ്ട്.

(൧) മി. സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ. അദ്ദേഹം മലയാളത്തിൽ എം. എ. പരീക്ഷ ജയിച്ചപ്പോൾ ദ്വിതീയഭാഷ തമിഴായിരുന്നു.

(൨) മി. യു. രാമകൃഷ്ണകുക്കിയ്യായർ ബി. എ., എൽ. ടി. അദ്ദേഹത്തിനു ബി. എ. പരീക്ഷയ്ക്കു ദ്വിതീയഭാഷ തമിഴായിരുന്നു.

(൩) മി. എസ്. എം. സുലൈമാൻ ബി. എ. അദ്ദേഹത്തിനു തമിഴ് അറിയാം.

(ബി) അറിയാം—അവയിൽ ചിലതു്.

(സി) ആവശ്യമില്ല.

നാട്ടുഭാഷാ പാഠപുസ്തകക്കമ്മിററിയിൽ തമിഴരായ മെംബർമാർ.

നം. ൮. മി. എസ്. പി. വി. പെരുമാൾപിള്ള (കല്ക്കുളം തെക്കു): (എ) ൧൧൨൫ ഡിസംബർ മാസത്തിൽ സംഘടിപ്പിച്ച പുതിയ പാഠപുസ്തക കമ്മിററിയിൽ തമിഴ്ഭാഷയ്ക്കു പ്രാതിനിദ്ധ്യം വഹിക്കുന്ന മെംബർമാരുടെ പേരുകളും

(ബി) തമിഴിലേക്കു സബ്കമ്മിററി നിയമിക്കേണ്ട ആവശ്യകത വരുമ്പോൾ അത് എങ്ങനെ ശക്യം ആകും എന്നും

(സി) ഈ രാജ്യത്തു തിരുവനന്തപുരമോ മററുവല്ലേടത്തുമോ വടന്നതായ വല്ല പൊതുജനയോഗത്തിലുംനിന്നു ഇക്കാര്യത്തെപ്പററി വല്ല പരാതിയും ഗവൺമെൻറിനു കിട്ടീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവയിന്മേൽ എന്തു നടപടി നടത്തി എന്നും

ഗവൺമെണ്ടു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): (എ) (ബി) (സി) നം. ൧-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി മെംബർ നോക്കേണ്ടതാകുന്നു. പരാതികളെ ഗവൺമെണ്ടു ആലോചിച്ചുവരുന്നു.

പരീക്ഷകളിൽ വിദ്യാർത്ഥികളുടെ ഹാജരില്ലായ്മ.

നം. ൯. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): (എ) കഴിഞ്ഞ വാർഷികപരീക്ഷകളിൽ ഇംഗ്ലീഷ് പാഠശാലകളിലെ വിദ്യാർത്ഥികൾ രോഗംനിമിത്തം ഹാജരാകാതിരുന്നുവോ എന്നും ഉണ്ടെങ്കിൽ എത്രപേർ എന്നും,

(ബി) മുന്നാണ്ടിൽ അങ്ങനെ വല്ലവരും ഹാജരാകാതിരുന്നിട്ടുണ്ടോ എന്നും,

(സി) അങ്ങനെ ഹാജരാകാതിരുന്നതിനുള്ള കാരണങ്ങളെപ്പററി ഗവൺമെണ്ടു തെരക്കീട്ടുണ്ടോ എന്നും ഗവൺമെണ്ടു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): (എ) ഗവൺമെൻറിനു യാതൊരു അറിവും ഇല്ല.

(ബി) ദീനംനിമിത്തം ചിലർ ഹാജരാകാതിരിക്കാറുണ്ട്.

(സി) (എ)-യും (ബി)-യും ക്ലാസ്സുകൾക്കുള്ള മറുപടികൊണ്ടു ഈ പ്രശ്നത്തിനു സാംഗത്യമില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പബ്ലിക്ക് എക്സാമിനേഷനു ഹാജരാകാത്ത വിദ്യാർത്ഥികളെ സംബന്ധിച്ചാണോ അല്ലാ സുഖക്കേടുനിമിത്തം ഹാജരാകാത്ത വിദ്യാർത്ഥികളെ സംബന്ധിച്ചാണോ ഉത്തരം പറഞ്ഞിരിക്കുന്നതു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): മെമ്പർ ചോദിച്ച ചോദ്യത്തിനാണ് മറുപടി. ചോദ്യത്തിൽ കാണുന്നതു്

"കഴിഞ്ഞ വാർഷികപരീക്ഷകളിൽ ഇംഗ്ലീഷ് പാഠശാലകളിലെ വിദ്യാർത്ഥികൾ രോഗംനിമിത്തം ഹാജരാകാതിരുന്നുവോ എന്നും ഉണ്ടെങ്കിൽ എത്രപേർ എന്നും" എന്നാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇക്കഴിഞ്ഞ പരീക്ഷാകാലത്തു സുഖക്കേടുനിമിത്തം ഹാജരാകാതിരുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഇതിൽപെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഗവൺമെണ്ടു അതിനെസംബന്ധിച്ചു അന്വേഷിച്ചു മറുപടി പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സിക്രട്ടറി): അന്വേഷിക്കാവുന്നതാണ്. എന്നാൽ ഇതിനെപ്പററി പൂർണ്ണമായ കണക്കുകൾ എടുക്കുന്നതു കുറെ പ്രയാസമാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പരീക്ഷയ്ക്കു സുഖക്കേടുനിമിത്തം എത്രകുട്ടികൾ ഹാജരാകാതിരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസിക്രട്ടറി): ഏതുസ്കൂളിൽ

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സ്റ്റേറ്റ് ഒട്ടുക്കു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസിക്രട്ടറി): അതിനു ഒട്ടേറെ എഴുത്തുകുത്തുനടത്തണം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): കുംഭംമീനമാസകാലങ്ങളിൽ പരീക്ഷവച്ചിരിക്കുന്നതുകൊണ്ടു വല്ലതരദോഷമുണ്ടെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസിക്രട്ടറി): ദോഷംകാണേണ്ടതല്ലാം.

ചെങ്ങന്നൂരിൽ ഡിസ്പെൻസറി ഇരിക്കുന്നകെട്ടിടം.

നം. ൰. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട):

(എ) ചെങ്ങന്നൂരിലുള്ള ഡിസ്പെൻസറിസ്ഥലത്തെ ചന്തയ്ക്കടുത്തു ജനനിബിഡതയുള്ളതും സുഖകരമല്ലാത്തതുമായ പ്രദേശത്തു ഒരു ചെറിയകെട്ടിടത്തിൽ നടത്തിവരുന്നഎന്നു ഗവണ്മെണ്ടിനറിയാമോ?

(ബി) ചെങ്ങന്നൂരിൽ ഇംഗ്ലീസ്സ്കൂൾവകക്കു കൂടുതൽകെട്ടിടങ്ങൾ സർക്കാരിൽനിന്നു പണിയിച്ചിട്ടുള്ളതുകൊണ്ടു ആ സ്കൂളിലെക്കായി ഉപയോഗിച്ചുവന്നിരുന്നതായ ശ്രീമൂലംഹാൾ എന്നകെട്ടിടത്തിൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു ഗവണ്മെണ്ടിനു വല്ലആക്ഷേപവുമുണ്ടോ?

മി. കെ. ജോർജ് (ആ ഗവണ്മെണ്ടുചീഫ്സിക്രട്ടറി):

(എ) ചെങ്ങന്നൂരിലുള്ള ഡിസ്പെൻസറിയെ ഇപ്പോഴത്തെകെട്ടിടത്തിൽനിന്നു മാററിസ്ഥാപിക്കുന്നവിഷയം മെഡിക്കൽ സർവീസസിനുള്ള അഡ്മിനിസ്ട്രേററീവു ബോർഡു ആലോചിച്ചുവരുന്നു.

(ബി) ബോർഡിന്റെ റിപ്പോർട്ടിനെ പ്രതീക്ഷിച്ചിരിക്കുന്നു.

ജന്മികുടിയാൻ ബിൽ.

നം. ൧൧. മി. എ. ജെ. ജാൺ (വയ്ക്കം):

(എ) ജന്മികുടിയാൻ ൧-ാംറഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള നക്കൽബില്ലിനെക്കുറിച്ചു കുടിയാന്മാരിൽനിന്നു വല്ലഹർജിയും ഗവണ്മെണ്ടിനു കിട്ടീട്ടുണ്ടോഎന്നു ഗവണ്മെണ്ടു പറയുമോ?

(ബി) ഈ ഹർജികളിന്മേൽ വല്ല നടപടിയും ഗവണ്മെണ്ടു നടത്തീട്ടുണ്ടോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോഎന്നു ഗവണ്മെണ്ടു പറയുമോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി):

(എ) ജന്മികുടിയാൻ നക്കൽബില്ലിനെ ആക്ഷേപിച്ചു കുടിയാന്മാരിൽനിന്നും ജന്മിമാരിൽനിന്നും ഹർജികൾ ഗവണ്മെണ്ടിനു കിട്ടീട്ടുണ്ടു.

(ബി) ഹർജികളെപ്പററി ആലോചിച്ചുവരുന്നു.

മി. എ. ജെ. ജാൺ (വയ്ക്കം): ജന്മികുടിയാൻകമ്മററി തയ്യാറാക്കിയ ബില്ലിനെ എന്തുകൊണ്ടാണു ഗവണ്മെണ്ടു അംഗീകരിച്ചില്ലഎന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): ആ ദശയിൽ യാതൊരുബില്ലും ഗവണ്മെണ്ടു അംഗീകരിക്കാറില്ല.

മി. എ. ജെ. ജാൺ (വയ്ക്കം): ആ നക്കൽബില്ലിനെത്തന്നെ എന്തുകൊണ്ടു ഗവണ്മെണ്ടു ഉപയോഗിക്കാത്തതു എന്തുകൊണ്ടു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): അതും ആ ദശയിൽ ചെയ്യാറില്ല.

മി. എ. ജെ. ജാൺ (വയ്ക്കം): നക്കൽബിൽ അംഗീകരിക്കാതിരുന്നതിനു വിശേഷാൽ കാരണം വല്ലതും ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): നക്കൽബിൽ നിയമസഭയുടെ പര്യാലോചനത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു. യാതൊരുനക്കൽബില്ലും ഗവണ്മെണ്ടു അംഗീകരിക്കാറില്ല.

മി. എ. ജെ. ജാൺ (വയ്ക്കം). ജന്മികുടിയാൻ കമ്മററിക്കായി എന്തു ചിലവായിഎന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): ഞാൻ ഫീസിസംബന്ധമായ ഒരു ആക്ഷേപം പറയാം. ഇതു അനുബന്ധപ്രശ്നമാണോ?

പ്രെസിഡണ്ടു: അതു ഒരു അനുബന്ധപ്രശ്നമല്ല.

മി. എ. ജെ. ജാൺ (വയ്ക്കം): ജന്മിപരസ്വങ്ങളുടെവില കുടിയാന്മാർ കൊടുത്തിട്ടുള്ള അദ്ധ്വാനവും മൂലധനവും മാത്രം നിമിത്തം ഉണ്ടായിട്ടുള്ളതാണെന്നു ഗവണ്മെണ്ടിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): ഇതു ഒരു അനുബന്ധപ്രശ്നമാണോഎന്നു അദ്ധ്യക്ഷൻ പരിശോധിക്കേണ്ടവിഷയമാണു.

പ്രെസിഡണ്ടു: മി. ജാൺ നിങ്ങളുടെ പ്രശ്നം നക്കൽബില്ലിനെക്കുറിച്ചു അറിവു ലഭിക്കാനായി ഉദ്ദേശിച്ചിട്ടുള്ളതാണു. എന്നാൽ നിങ്ങളുടെ അനുബന്ധപ്രശ്നം സംഗതികളുടെ സാരാംശത്തിൽപ്രവേശിക്കുന്നു. അതുകൊണ്ടു അനുബന്ധപ്രശ്നമല്ല.

മി. എ. ജെ. ജാൺ (വയ്ക്കം): ഇപ്പഴത്തെനക്കൽബിലു ഇപ്പോഴും നടപ്പിൽഇരിക്കുന്ന റഗുലേഷനെക്കാളും അധികമായകഷ്ടങ്ങളെയാണു ജനിപ്പിക്കാൻ ഇടയുണ്ടെന്നു ഗവണ്മെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): മുഴുവൻവാദത്തേയും ഗവണ്മെണ്ടു പര്യാലോചിച്ചുവരുന്നുണ്ടു, ഹർജികളും പര്യാലോചിച്ചുവരുന്നുണ്ടു, ഹർജികളെ ആലോചിച്ചുവരുന്നു എന്നു മറുപടിയിലെ (ബി) ഭാഗത്തിൽ പറഞ്ഞിരിക്കുന്നു.

മി. എ. ജെ. ജാൺ (വയ്ക്കം): ഈ റഗുലേഷൻെറ നടത്തിപ്പുകൂടിയാണു അധികംദോഷത്തെ ജനിപ്പിക്കുന്നതെന്നു ഗവണ്മെണ്ടിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): അതു അഭിപ്രായവിഷയമാണു.

മി. എ. ജെ. ജാൺ (വയ്ക്കം): ഗവണ്മെണ്ടു പുതിയബിൽ പ്രയോഗിക്കുന്നതിനു എത്രകാലം വേണ്ടിവരുമെന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രിട്ടറി): അതിനുകാലംവേണ്ടിവരും. ഇപ്പോഴുംയാതൊന്നും എനിക്കുപറയാൻ കഴികയില്ല.

മി. എ. ജെ. ജാൺ (വയ്ക്കം): ഇക്കാര്യത്തിലേക്കായി കഴിഞ്ഞ പത്തുവർഷംകാലമായി കുടിയാന്മാർ പ്രക്ഷോഭിച്ചുവരുന്നുഎന്നു ഗവണ്മെണ്ടിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി): അതേ, രാജ്യത്തിൽ ഏതാനും പ്രക്ഷോഭം ഉണ്ടായിട്ടുണ്ടു.

മി. എ. ജെ. ജാൺ (വയ്ക്കം): ഈ യോഗത്തിൽതന്നെ മറെറാരുബിൽ കൊണ്ടുവരുമോ എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസിക്രട്ടറി); മറെറാരുബില്ലിനെക്കുറിച്ചു വിചാരിക്കുംമുമ്പ ഇപ്പത്തെബില്ലിനെ സഭയിൽ കൊണ്ടുവരുമോ ഇല്ലയോ എന്നു ആദ്യമായി തീർച്ചപ്പെടുത്തണം.

ജന്മികുടിയാൻറഗുലേഷൻ.

൩൩൨. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) ഇപ്പോഴുള്ള ജന്മികുടിയാൻ ബില്ലിനെ ഭേദപ്പെടുത്തുന്നതിനായി വല്ല ബില്ലും ഹാജരാക്കുന്നതിനു ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ എന്നു ഗവണ്മെണ്ടു പറയുമോ?

(ബി) ഇപ്പോഴിരിക്കുന്ന റഗുലേഷനെ ഭേദപ്പെടുത്തുന്നതിനായി ബലമായ പ്രക്ഷോഭണം ഉള്ളതായി ഗവണ്മെണ്ടിനു അറിയാമോ?

(സി) അറിയാമെങ്കിൽ ബിൽ ഹാജരാക്കുന്നതിൽ താമസത്തിനുള്ള കാരണം എന്തു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസെക്രട്ടറി): (എ)-യും (ബി)-യും (സി)-യും ൩൩൧-ാം നമ്പർ പ്രശ്നത്തിനുള്ള മറുപടി മെമ്പർ നോക്കിക്കൊള്ളുക.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജന്മികുടിയാൻ കമ്മിററിയുടെ റിപ്പോർട്ടു എപ്പോൾ അയച്ചു എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ടുസെക്രട്ടറി): ആ വിവരം ഇവിടെ അറിയാൻ ഇടയില്ല. അതു അനുബന്ധപ്രശ്നമാണോ എന്നുള്ളതും സംശയംതന്നെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) റിപ്പോർട്ടിനോടൊന്നിച്ചു ഒരു നക്കൽ ബിൽ സമർപ്പിച്ചിട്ടുണ്ടോ ?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ഉണ്ട്.

മി. ശിവരാമപ്പണിക്കർ (ചേർത്തല): എത്രകാലത്തിനുമുമ്പ ആ നക്കൽബിൽ സമർപ്പിച്ചു.

മി. ടി. പി. രാമസ്വാമി അയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ഇപ്പോൾ എന്റെ കൈവശം തത്സംബന്ധമായ ലേഖനങ്ങൾ ഇല്ല. അതുകൊണ്ടാണ് തീയതി ഇപ്പോൾ പറയാൻ കഴിയാത്തതു. മെമ്പറിനുതന്നെ തീയതി അറിയാമായിരിക്കാം

രാജ്യത്തിലെ ഭരണറിപ്പോർട്ടിലും ഡിപ്പാർട്ടുമെണ്ട് റിപ്പോർട്ടിലും ഉള്ള തുകകൾ.

൫൫൫. മി. ജി. രാമൻമേനവൻ (കാർത്തികപ്പള്ളിയും-മാവേലിക്കരയും): പരസ്പരവ്യത്യാസം വരാതെ കഴിക്കാനായി ഡിപ്പാർട്ടുമെന്റുകളുടെ വാർഷികറിപ്പോർട്ടുകളിൽ കാണുന്ന തുകകളെ രാജ്യഭരണറിപ്പോർട്ടിൽ ഉള്ള തുകകളുമായി ഒത്തുനോക്കി ശരിപ്പെടുത്തുമോ എന്നു മേലാൽ ഉദ്ദേശിച്ചു ഗവർമ്മെണ്ട് ആലോചനചെയ്യുന്നില്ലെങ്കിൽ ആ തുകകളെ ഒത്തുനോക്കി ശരിപ്പെടുത്തുമോ എന്നും ഗവർമ്മെണ്ട് പറയുമോ?

മി. കെ. ജാജ് (ആ. ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി): സംസ്ഥാനം ഒട്ടുക്കുള്ള രാജ്യഭരണറിപ്പോർട്ട് സാധാരണയായി ഓരോ ഡിപ്പാർട്ടുമെണ്ടിലേയും ഉള്ള വാർഷികറിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ക്രോഡീകരിക്കുന്നു. രാജ്യഭരണറിപ്പോർട്ടിൽ വരവുചിലവുകളെ കാണിക്കുന്ന തുകകൾ അക്കൌണ്ടാഫീസിൽ നിന്നും അയക്കുന്ന തുകകളാണ്. അക്കൌണ്ടാഫീസിലെ തുകകൾ അവസാനപരിശോധനയിന്മേൽ പിന്നീടുള്ള തുകകൾ ആകയാൽ ചിലപ്പോൾ ഡിപ്പാർട്ടുമെണ്ടുകളിൽനിന്നു അയക്കുന്ന തുകകളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കാറുണ്ട്. എന്നാൽ ഓരോ കൊല്ലത്തേക്കുള്ള അവസാനക്കണക്കുകൾ രേഖപ്പെടുത്തുന്നതിനുമുമ്പ അവയുടെ തുകകളെ അക്കൌണ്ടാഫീസിലെ തുകകളുമായി ഒത്തുനോക്കി ശരിപ്പെടുത്തിക്കൊള്ളണം എന്നു ഡിപ്പാർട്ടുമെണ്ട് ആഫീസർമാരോടു ആജ്ഞാപിച്ചിട്ടുണ്ട്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): "എന്നാൽ ഓരോ കൊല്ലത്തേക്കുള്ള അവസാനക്കണക്കുകൾ രേഖപ്പെടുത്തുന്നതിനുമുമ്പ അവയുടെ തുകകളെ അക്കൌണ്ടാഫീസിലെ തുകകളുമായി ഒത്തുനോക്കി ശരിപ്പെടുത്തിക്കൊള്ളണമെന്നു ഡിപ്പാർട്ടുമെന്റൽ ആഫീസർമാരോടു ആജ്ഞാപിച്ചിട്ടുണ്ട്" എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഈ ഭരണറിപ്പോർട്ടുകൾ എല്ലാം അച്ചടിക്കുംമുമ്പ ഈ തുകകളെ ഒത്തുനോക്കി ശരിപ്പെടുത്താറുണ്ടോ?

മി. കെ. ജാജ് (ആ. ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി): ചില സംഗതികളിൽ ഒത്തുനോക്കൽ പൂർത്തിയാകാതിരുന്നിരിക്കാം. അപ്പോൾ ഒത്തുനോക്കുന്ന പ്രവൃത്തി നവാവർഷത്തിൽകൂടി നടത്തും.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആരുടെമേൽനോട്ടത്തിൽ ഈ റിപ്പോർട്ടുകൾ അച്ചടിക്കുന്നു.

മി. കെ. ജാജ് (ആ. ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി): ഈ റിപ്പോർട്ടുകൾ ഗവർമ്മെണ്ട് ചുമതലയിൽ അച്ചടിക്കുന്നു

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇതു ഒരു ഗവർമ്മെണ്ടാഫീസറുടെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട് എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ജാജ് (ആ. ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി)- അതു ഗവർമ്മെണ്ട് സെക്രട്ടറിയേട്ടിൽ നടത്തിവരുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒത്തുനോക്കൽ അച്ചടിക്കുന്ന ഉദ്യോഗസ്ഥന്മാരും നടത്തുന്നുണ്ടോ?

മി. കെ. ജാജ് (ആ. ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി): ഇല്ല. അവർക്കു കിട്ടുന്ന തുകകൾക്കു അവർക്കു ഉത്തരവാദം ഇല്ല.

തിരുവിതാംകോട്ടിലെ പ്രജ എന്നതിന്റെ അർത്ഥവിവരണം.

൫൫൬. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). "തിരുവിതാംകോട്ടിലെ പ്രജ" എന്ന പദത്തിന്റെ അർത്ഥവിവരണം എന്തെന്നും അതിൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കുന്നു എന്നും ഗവർമ്മെണ്ട് പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർമ്മെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി), "തിരുവിതാംകോട്ടുപ്രജ" എന്ന പദത്തെ തിരുവിതാംകോട്ടു സർവീസ് റഗുലേഷൻസിൽ ൪൦ (എ) വകുപ്പിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"(എ) തിരുവിതാംകോട്ടിൽ ജനിക്കുകയും തിരുവിതാംകോട്ടിൽ രാജ്യഭാരം ചെയ്യുന്ന രാജാവിന്റെ രാഷ്ട്രീയശാസനത്തെ അനുസരിക്കുകയും ഈ രാജ്യത്തിലെ നിയമങ്ങളാൽ വിധിക്കപ്പെട്ടിട്ടുള്ള ബാദ്ധ്യതകൾക്കു കീഴ്പ്പെട്ടും പൂർണ്ണമായി ആ നിയമങ്ങളുടെ കീഴിലും ആശ്രയിക്കുകയും ചെയ്യുന്നവരും,

(ബി) മററുവല്ല രാജ്യത്തിലേയും രാജാവിന്റെ രാഷ്ട്രീയശാസനത്തെ അനുസരിച്ചു കീഴ്പ്പെട്ടിരുന്നാലും തിരുവിതാംകോട്ടിൽ സ്ഥിരതാമസക്കാരനായിരിക്കുന്ന വല്ലയാളും"

"സ്ഥിരതാമസം" എന്ന പദത്തിനെ ഇതിനുള്ള നോട്ടിൽ വിവരിച്ചിരിക്കുന്നതു ഇപ്രകാരം ആകുന്നു,

പ്രത്യേകമായും താൽക്കാലികമായും ഉള്ള കാര്യത്തിലേക്കു മാത്രമായിട്ടല്ല, മററു വല്ല സ്ഥിരമായ വാസസ്ഥലം സ്വീകരിക്കുന്നതിനു അയാളെ പ്രേരിപ്പിക്കുന്നതായി അപ്രതീക്ഷിതമോ അനിശ്ചിതമോ ആയ വല്ലതും സംഭവിക്കാതിരുന്നാലോ സംഭവിക്കുന്നതുവരെയോ ഏതു സ്ഥലത്തെ തന്റെ സ്ഥിരവാസസ്ഥലമാക്കുന്നതിനുള്ള സ്ഥിരമായ ഉദ്ദേശത്തോടുകൂടി തന്റെയും തന്റെ കുടുംബത്തിന്റെയും വാസസ്ഥലമായി സ്വയമേവ സ്വീകരിക്കുന്നുവോ ആ സ്ഥലം അയാളുടെ ശരിയായ സ്ഥിരവാസസ്ഥലം ആകുന്നു.

"സ്ഥിരവാസസ്ഥലം", എന്നതിന്റെ അർത്ഥവിവരണത്തിന്റെ ഭേദഗതിയെപ്പററി ഗവർമ്മെണ്ടു ആലോചിച്ചുവരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) തിരുവിതാംകോട്ട സപ്ലീമെൻറ് റെഗുലേഷനിലെ ൪ ാം ix വകുപ്പിൽ (i)-ം (ii)-ം ഭാഗങ്ങൾ വ്യാഖ്യാനങ്ങളോ അതല്ല കൈവല്പികങ്ങളോ? അവ ഒരേ കാര്യത്തിനുള്ള രണ്ടു അർത്ഥവിവരണങ്ങളോ അതല്ല അവ ഒരേ അർത്ഥവിവരണത്തിന്റെ അംശങ്ങളോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): ഒന്നാമത്തെ ഭാഗം തിരുവിതാംകോട്ടിൽ ജനിച്ച പ്രജകൾക്കും രണ്ടാമത്തേതു സ്ഥിരതാമസക്കാരായി ചേർച്ച പ്രജകൾക്കും സംബന്ധിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആണ്ടിൽ എട്ടു മാസക്കാലം ഇവിടെ താമസിക്കയും ശേഷം കാലം തന്റെ നാട്ടിലേക്കു മടങ്ങിപ്പോകയും ചെയ്യുന്ന പാലക്കാട്ടുനിന്നോ മംഗലാപുരത്തുനിന്നോ വന്നിട്ടുള്ള ഒരു വക്കീൽ തിരുവിതാംകോട്ടുകാരൻ എന്നോ പരദേശിഎന്നോ ഞാൻ ഈ അർത്ഥവിവരണത്തിൽനിന്നു മനസ്സിലാക്കേണ്ടതു.

മി. എൻ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി): ഈ അർത്ഥവിവരണങ്ങൾക്കു ഏതാനും ഭേദങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയെ ഗവൺമെണ്ടു ആലോചിച്ചുവരുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു തന്നിരിക്കുന്ന മറുപടി അസ്പഷ്ടമാകയാൽ ഞാൻ ചോദ്യങ്ങൾ ചോദിക്കുന്നു. (ii)-ം നമ്പർ അർത്ഥവിവരണം അനുസരിച്ചു അയാൾ തിരുവിതാംകോട്ടുകാരനാണോ അല്ലയോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഫിനാൻഷ്യൽ സെക്രട്ടറി): മറുപടിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു,

"പ്രത്യേകമായും താൽക്കാലികമായും ഉള്ള കാര്യത്തിലേക്കു മാത്രമായിട്ടല്ല. മററു വല്ല സ്ഥിരമായ വാസസ്ഥലം സ്വീകരിക്കുന്നതിനായി അയാളെ പ്രേരിപ്പിക്കുന്നതായി അപ്രതീക്ഷിതമോ അനിശ്ചിതമോ ആയ വല്ലതും സംഭവിക്കാതിരുന്നാലൊ സംഭവിക്കുന്നതുവരെയൊ ഏതു സ്ഥലത്തെ തന്റെ സ്ഥിരവാസസ്ഥലമാക്കുന്നതിനുള്ള സ്ഥിരമായ ഉദ്ദേശത്തോടുകൂടിയും തന്റെയും തന്റെ കുടുംബത്തിന്റെയും വാസസ്ഥലമായി സ്വമേധയാ സ്വീകരിക്കുന്നുവോ ആ സ്ഥലം അയാളുടെ ശരിയായ സ്ഥിരവാസസ്ഥലം ആകുന്നു.

അതാകുന്ന അർത്ഥവിവരണം അനുബന്ധത്തിനുള്ള ഉത്തരം ആ അർത്ഥവിവരണത്തിൽതന്നെയുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരാൾക്കു തിരുവിതാംകോട്ടിനെ തന്റെ സ്ഥിരവാസസ്ഥലമാക്കുന്നതിനു ഉദ്ദേശം ഉണ്ടൊ ഇല്ലയൊ എന്നു പരിശോധിക്കുന്നതിനുള്ള ശരിയായ മാർഗ്ഗം എന്തെന്നു പറഞ്ഞുതരുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി): ഈ അർത്ഥവിവരണം പൂർണ്ണമല്ല അതുകൊണ്ടു അതിനെ ഭേദപ്പെടുത്തുന്നതിനു ഉദ്ദേശിച്ചിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സ്ഥിരവാസം എന്നതിന്റെ അർത്ഥവിവരണത്തിന്റെ ഭേദഗതിയെപ്പററി ഗവൺമെണ്ടു ആലോചിച്ചുവരുന്നു എന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. വല്ല പ്രത്യേകഭേദഗതിയെയുംപററി ഗവൺമെണ്ടു ആലോചിച്ചുവരുന്നുണ്ടോ എന്നും അറിയേണ്ടിയിരിക്കുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): ഈ അർത്ഥവിവരണത്തെ ഭേദപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നു. ഏതാനും ഭേദഗതികൾ ഗവൺമെണ്ടിന്റെ സമക്ഷം ഇരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ആ ഭേദഗതി ഏതാണ്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): യാതൊരു പ്രത്യേകഭേദഗതിയേയുംപററി ഞാൻ പ്രസ്താവിക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു ഭേദഗതി എന്നാണോ നിങ്ങൾ പറയുന്നതു്.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവൺമെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): ഒരു ഭേദഗതി എന്നു മെമ്പർ അർത്ഥമാക്കിക്കൊള്ളാം.

ഈഴവാ റെഗുലേഷൻ ൩൩-ാം വകുപ്പു അനുസരിച്ചുള്ള വിചാരണ.

൩൩൭. മി. എൻ. കുമാരൻ (ഗവൺമെണ്ടു നിയമിച്ചമെമ്പർ): (എ) ഈഴവർ റെഗുലേഷൻ ൩൩-ാം വകുപ്പു അനുസരിച്ചു ഒഴിവാക്കലിനായി ഗവൺമെണ്ടിനു കിട്ടിയിട്ടുള്ള അപേക്ഷകളുടെ കാര്യത്തിൽ റെവന്യൂ ഉദ്യോഗസ്ഥന്മാർ നടത്തിയ വിചാരണ തൃപ്തികരമല്ലാത്ത നിലയിൽ ഉള്ളവയാണെന്നു ഗവൺമെണ്ടിനു അറിയാമോ?

(ബി) ഈ വിചാരണകൾ നടത്തുന്നതിനു പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കയും അദ്ദേഹത്തിന്റെ മാർഗ്ഗദർശനത്തിനായി തൃപ്തികരമായ ഒരുകൂട്ടം ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): (എ) ഇതേവരെ നടത്തിയ വിചാരണകൾ തൃപ്തികരം അല്ലെന്നു ഗവൺമെണ്ടു വിചാരിക്കുന്നില്ല. റെഗുലേഷൻ ൩൩-ാം വകുപ്പു വിചാരണ സമരിയായുള്ളതായിരുന്നാൽ മാത്രംമതി. ഇതു ഹർജികളുടെ സത്യാവസ്ഥയെ പരിശോധിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) ഈ കാര്യത്തെ ഗവൺമെണ്ടു ഇതിനുമുമ്പിലെ ശ്രദ്ധിച്ചുവരുന്നുണ്ട്.

മി. എൻ. കുമാരൻ (ഗവൺമെണ്ടു നിയമിച്ച മെമ്പർ): എത്ര അപേക്ഷകളുടെ കാര്യത്തിൽ വിചാരണപൂർത്തിയായിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): ൫൩൪ ഹർജികളുടെ കാര്യത്തിൽ വിചാരണപൂർത്തിയായിട്ടുണ്ട്. ഈ അപേക്ഷകളിന്മേൽ റിപ്പോർട്ടുകൾ ഗവൺമെണ്ടിനു അയച്ചിട്ടും ഉണ്ട്.

മി. എൻ. കുമാരൻ (ഗവൺമെണ്ടു നിയമിച്ചമെമ്പർ): "വിചാരണ സമരിയായിരുന്നാൽമാത്രം മതി എന്നും ഇതു ഹർജികളുടെ സത്യാവസ്ഥയെ പരിശോധിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും (എ) ഭാഗത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നു. 'സത്യാവസ്ഥ എന്നുള്ള വാക്കിനാൽ അർത്ഥമാക്കുന്നതു ഹർജികൾതന്നെ നിജമായുള്ളതു എന്നോ അവയിൽ അടങ്ങിയിരിക്കുന്ന സംഗതികൾ നിജമായുള്ളതു എന്നോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടുസെക്രട്ടറി): ഞാൻ റെഗുലേഷനിലെ വകുപ്പിലുള്ള ഭാഗത്തെ ആശ്രയിക്കുന്നു. മറുപടി ഈ നിയമസഭ അനുവദിച്ചതായ റെഗുലേഷനിലെ വകുപ്പിന്റെ ഒരു ഉദ്ധാരണമാണ്.

തോവാളത്താലൂക്കിൽ ഉടപ്പുകൾ.

൩൩൬. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): കഴിഞ്ഞ പത്തുകൊല്ലത്തിനിടയിൽ എത്രയെണ്ണം തോവാളത്താലൂക്കിൽ ഉടപ്പുകൾ വീണിട്ടുണ്ട് എന്നും ആ ഉടപ്പുകൾ അടയ്ക്കുന്നവകയ്ക്കു ഈ കാലത്തിനുള്ളിൽ മൊത്തം എന്തുചിലവായി എന്നും ഗവണ്മെന്റു സമയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): തോവാളത്താലൂക്കിൽ കഴിഞ്ഞ പത്തു കൊല്ലത്തിനിടക്കു ൪൦ എണ്ണത്തോളം ഉടപ്പുകൾ വീണിട്ടുള്ളതായി ബോധിപ്പിച്ചിരിക്കുന്നു. അവയെ അടയ്ക്കുന്നവകയ്ക്കു ൮൭, ൯൦൦ രൂപാ ചിലവാക്കിട്ടുണ്ട്.

കരുനാഗപ്പള്ളി കാർത്തികപ്പള്ളി മാവേലിക്കര ഈ താലൂക്കുകളിൽ കരം ഒടുക്കുന്നതിനുള്ള തവണമാസം.

൩൩൭. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മാവേലിക്കര എന്നീ താലൂക്കുകളിൽ വൃശ്ചികം ധനു മാസങ്ങളിൽ കൃഷിക്കാർക്കു ഭൂമിയിൽനിന്നുള്ള വരവു വളരെ കുറവായിരിക്കുന്നു. എന്നുള്ള വസ്തുതയെ ഗണിച്ചു ഈ മാസങ്ങളിൽ ഒടുക്കേണ്ടതായ കരംതവണകളെ ഭൂമിയിൽനിന്നു അധികം ആദായംകിട്ടുന്നതായ മകരം കുംഭം മാസങ്ങളിലേക്കായി ഗവൺമെണ്ടു മാറ്റുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): കന്നിപ്പൂവിലെക്കുള്ള കരം ഒടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന മാസങ്ങളെ മാറ്റേണ്ടവിഷയം ൧൧൦൫ കർക്കടകമാസത്തിൽ നടന്ന നിയമസഭായോഗത്തിൽ കരുനാഗപ്പള്ളി മെമ്പരുടെ പ്രശ്നവിഷയം ആയിരുന്നു. അതിന്മേൽനടത്തിയ വിചാരണയുടെ ഫലമായി കൊല്ലം ഡിവിഷനിൽ ഉള്ള താലൂക്കുകളെ സംബന്ധിച്ചടത്തോളം കന്നിപ്പൂവിനുള്ള കിസ്തുമാസങ്ങളെ തുലാം വൃശ്ചികം മാസങ്ങളിൽനിന്നു ൧൧൦൬-ാമാണ്ടുമുതൽ രണ്ടുകൊല്ലം കാലത്തേക്ക പരീക്ഷാർത്ഥമായി വൃശ്ചികം ധനുമാസങ്ങളിലേക്കു മാറ്റി ൧൧൦൫ മകരം ൨൭-ാം-ഡിസ്സ് ൪൧൯/൨൪ റെവന്യൂ നമ്പരിൽ ഗവണ്മെന്റു ഉത്തരവു പ്രസിദ്ധപ്പെടുത്തി. മേൽപറഞ്ഞ താൽക്കാലിക ഏർപ്പാടിന്റെ പ്രവർത്തനത്തെ പരിശോധിച്ചു വരുന്നു. കൂടുതലായി മറ്റുവല്ല മാറ്റവും നടപ്പാക്കുമെന്നു ഇനിയുള്ള വേണ്ടടത്തോളം പരിശോധിക്കേണ്ടതാകുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൬-ാമാണ്ടു താൽക്കാലിക ഏർപ്പാടു നടപ്പാക്കിയതിൽ പിന്നീടു ഇതിന്റെ ഫലം എന്തായിരുന്നുഎന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി): ഗവൺമെണ്ട് അതു കാത്തുവരുന്നു. ഫലം അറിയാൻ രണ്ടുകൊല്ലം കാത്തിരിക്കണം.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനെക്കുറിച്ചു വല്ല റിപ്പോർട്ടുംകിട്ടീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ടു സെക്രട്ടറി). രണ്ടുകൊല്ലം തികയുമ്പോൾ റിപ്പോർട്ടു വരാൻ ഇടയുണ്ട്.

സാമ്രാജ്യപ്രദർശനം.

൩൩൮. മി. എസ്. ചിറയിൻകീഴ്പ്പത്മനാഭപിള്ള (കുഴിത്തുറ തെക്ക): (൧) തിരുവിതാംകോട്ടിലെ വ്യവസായങ്ങളിൽ സാമ്രാജ്യപ്രദർശനത്തിന്റെ ധനവിഷയകമായ ഫലം എന്തുഎന്നും,

(ii) പ്രദർശനത്തിൽ കാണിച്ച ചരക്കുകളിൽ വല്ലതിനും പുതുതായി ആവശ്യക്കാരൊ വിററഴിക്കാൻ പുതിയസ്ഥലങ്ങളൊ കിട്ടീട്ടുണ്ടൊഎന്നും ഉണ്ടെങ്കിൽ എത്രത്തോളം എന്നും ഗവൺമെണ്ടു പറയുമോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): (i) തിരുവിതാംകോട്ടിൽ ഉണ്ടാക്കുന്ന സാമാനങ്ങൾക്കും വ്യവസായങ്ങൾക്കും ബ്രിട്ടീഷ്സാമ്രാജ്യ പ്രദർശനമൂലം ധനവിഷയകമായി എത്രത്തോളം ഗുണമുണ്ടായിട്ടുണ്ട് എന്നു അറിയുന്നതിനു ഇനിയും കാലമായിട്ടില്ല. തിരുവിതാംകോട്ടിൽ പുതിയവ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഇപ്പോൾ ഉള്ള വ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനും മാർഗ്ഗങ്ങളെന്നുള്ള വസ്തുതയെ പ്രദർശനം വെളിവാക്കീട്ടുണ്ട്.

(ii) ഈ വിഷയത്തെക്കുറിച്ചു യാതൊരു അറിവും ഗവൺമെണ്ടിനു ഇല്ല; ആവശ്യമുള്ള അറിവു ശേഖരിക്കുന്നതു ശക്യവും അല്ല. ബ്രിട്ടീഷ്സാമ്രാജ്യ പ്രദർശനത്തിനു തിരുവിതാംകൂറിലേക്ക സ്പെഷ്യൽആഫീസറായിരുന്ന ഡാക്ടർ കുഞ്ഞൻപിള്ളക്ക പ്രദർശനകാലത്തിനിടയിലും അദ്ദേഹം മടങ്ങിവന്നതിൽ പിന്നീടും തിരുവിതാംകോട്ട വിളവുകളെക്കുറിച്ചു അനേകം അന്വേഷണക്കത്തുകൾ കിട്ടീട്ടുണ്ട്. അവയെ അദ്ദേഹം സംബന്ധപ്പെട്ട കച്ചവടക്കാർക്കും വ്യവസായികൾക്കും അയച്ചിട്ടുംഉണ്ട്.

മി. എസ്. ചിറയിൻകീഴ്പ്പത്മനാഭപിള്ള (കുഴിത്തുറ, തെക്ക): (i)-ാം ഭാഗത്തെ സംബന്ധിച്ചടത്തോളം സാമ്രാജ്യപ്രദർശനം കഴിഞ്ഞതിൽപിന്നീടു എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്നു ചീഫ്സെക്രട്ടറിയുടെപക്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ്. (ആക്റ്റിംഗ് ഗവൺമെണ്ടു ചീഫ്സെക്രട്ടറി): എനിക്കുഅറിഞ്ഞുകൂടാ.

മി. എസ്. ചിറയിൻകീഴ്പ്പത്മനാഭപിള്ള (കുഴിത്തുറ, തെക്ക): പ്രദർശനം കഴിഞ്ഞതിൽപിന്നീടു പോഷിപ്പിക്കപ്പെട്ടതായ ഇപ്പോൾതന്നെയുള്ള വ്യവസായങ്ങളെ?

മി. കെ. ജാർജ് ആക്റ്റിംഗ ഗവൺമെണ്ടു ചീഫ്സെക്രട്ടറി): ബ്രിട്ടീഷ്സാമ്രാജ്യ പ്രദർശനത്തിനുതിരുവിതാംകോട്ടിലെ വ്യവസായങ്ങളിന്മേൽ ഉള്ളഫലത്തെ നിർണ്ണയിക്കുന്നതിനു കാലമായിട്ടില്ല.

മി. എസ്. ചിറയിൻകീഴ്പ്പത്മനാഭപിള്ള (കുഴിത്തുറ തെക്ക): ൩൩൮-ാം നമ്പർ ചോദ്യം (i)-ാം ഭാഗത്തിനുള്ള മറുപടിയിലെ രണ്ടാംവാക്യത്തെ ചീഫ്സെക്രട്ടറി നോക്കുമൊ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെണ്ടു ചീഫ്സെക്രട്ടറി): പുതിയവ്യവസായങ്ങൾ ആരംഭിക്കുന്നതിനു മാർഗ്ഗം ഉണ്ടു എന്നു അതിൽ പറഞ്ഞിരിക്കുന്നു.

മി. എസ്. ചിറയിൻകീഴ്പ്പത്മനാഭപിള്ള (കുഴിത്തുറ, തെക്ക): ആരംഭിച്ച പുതിയവ്യവസായങ്ങൾ ഏവ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവൺമെണ്ടു ചീഫ്സെക്രട്ടറി): തൽസംബന്ധമായി വിവരം എനിക്കു അറിഞ്ഞുകൂടാഎന്നു ഞാൻ മുമ്പിലേപറഞ്ഞു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം, തെക്ക്). ഇപ്പോഴുള്ള വ്യവസായങ്ങളിൽ ഏതിനെയെല്ലാം പോഷിപ്പിച്ചിട്ടുണ്ട്.

മി. കെ. ജോർജ് (ആക്റ്റിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): അറിയിപ്പുകിട്ടണം എന്നാവശ്യപ്പെടുന്നു.

പുകയിലയ്ക്കുള്ളതിന്ന് ആവർഡിപോയിസ് തൂക്കം ഏർപ്പെടുത്തിയതായ വിളംബരം

൩൩൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): കഴിഞ്ഞ ഫെബ്രുവരിമാസത്തിലെ സി. ഒ. ൭/൨൫ ഡി. പി. നമ്പർ പരസ്യം പ്രസിദ്ധപ്പെടുത്തിയതിന്ന് ഗവൺമെന്റിനെ പ്രേരിപ്പിച്ചതായ കാരണങ്ങൾ ഗവൺമെന്റ് പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): പുകയിലക്ക തീരുവ നിർണ്ണയിക്കുന്ന കാര്യത്തിലേക്ക് ൨൫ തോലയെല്ലാത്ത ഡച്ച് റാത്തൽ കച്ചവടക്കാർ പണ്ടകശാലകളിലും ചവുക്കകളിലും ഉപയോഗിച്ചുവന്നിരുന്നു; പുകയിലക്കച്ചവടക്കാരും ലൈസൻസികളും ഒരിക്കലും അത്ര അനുസരിച്ചു പെരുമാറിയിരുന്നില്ല; അവർ കച്ചിക്കാർക്ക് വില്ക്കുകൊടുക്കുന്നകാര്യത്തിൽ ൨൪ ൨/൭ തോലക്കൂടാത്ത ആവർഡിപോയിസ് പൌണ്ട് ഉപയോഗിച്ചുവരിക പതിവായിരുന്നു. ഇപ്രകാരം അവർ ഗവൺമെന്റിനെയും പുകയിലവാങ്ങി ഉപയോഗിക്കുന്നവരേയും വഞ്ചിച്ചു അനർഹമായ ലാഭം സമ്പാദിച്ചുകൊള്ളുകയായിരുന്നു. ഈ പരസ്യം ഇറക്കുമതി ചെയ്യുന്ന ഘട്ടത്തിൽ ഉള്ള തൂക്കത്തെയും വില്പനയ്ക്കു ഉപയോഗിക്കുന്ന തൂക്കത്തെയും ഒന്നുപോലെയാക്കുകയും സർക്കാർ മുതലെടുപ്പിനെ ഗുണപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): തൂക്കവും അളവും സംബന്ധിച്ച റെഗുലേഷൻ അനുസരിച്ച് ഗവൺമെന്റ് എന്തു കാരണത്താൽ ഈ കച്ചവടക്കാരുടെമേൽ നടപടിനടത്തിയില്ല എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): യാതൊരാളും കോർട്ടിൽ ആവലാതി കൊടുത്തില്ല. വല്ല കേസും ഫയലായിരുന്നാൽ ഗവൺമെന്റ് നടപടിനടത്തുമായിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): മറുപടിയിൽ രണ്ടാമത്തെ വാക്യത്തിൽ പറഞ്ഞിരിക്കുന്നതിനെ മെമ്പർ നോക്കണം എന്നു ഞാൻ പറയട്ടേ? പ്രെസിഡെണ്ടിന്റെ അനുജ്ഞനിമിത്തം അതു ഞാൻ വായിച്ചുകേൾപ്പിച്ചുകൂടാ.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): ഈ തൂക്കങ്ങൾ റെഗുലേഷൻ അനുസരിച്ചുള്ളവയല്ല എന്ന വിചാരണനടത്തിയതിൽ പിന്നീടുമാത്രമേ അറിഞ്ഞുള്ളൂ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): അതറിഞ്ഞതിൽ പിന്നീട് ഗവൺമെന്റ് എന്തു കാരണത്താൽ തൂക്കവും അളവും റെഗുലേഷൻ അനുസരിച്ചു നടപടിനടത്തിയില്ല എന്നു അറിയേണ്ടിയിരിക്കുന്നു.

പ്രെസിഡെണ്ട്: തൂക്കവും അളവും റെഗുലേഷൻ അനുസരിച്ചു കുററം യാതൊന്നും ചെയ്തിട്ടില്ല. അതുകൊണ്ടു നടപടിനടത്താൻ ഇടയായില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): ഡച്ചുറാത്തൽ ഉപയോഗിക്കേണ്ടതാണെന്നുള്ള വിവരം ഗവൺമെന്റ് വല്ലപ്പോഴും എങ്കിലും പുകയില ലൈസൻസികളെ അറിയിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് സെക്രട്ടറി): ആ കാര്യത്തെപ്പററി അറിവില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): ലൈസൻസുകാർ ഏതുകാലത്തെങ്കിലും ജനങ്ങളുമായുള്ള അവരുടെ കച്ചവടത്തിൽ ആവർഡുപോയിസ് പൌണ്ട് ഉപയോഗിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): ഓരോ സ്ഥലത്തു അന്വേഷണം നടത്തി ഇതു ഡിപ്പാർട്ടുമെണ്ടുകാർ വെളിപ്പെടുത്തി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): പുകയില ഇന്ന വിലയ്ക്കു വിററുകൊള്ളണം എന്നു ഗവൺമെന്റ് കരാറുചെയ്തിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): പുകയിലയ്ക്കു യാതൊരു വില്പനവിലയും ഗവൺമെന്റ് നിശ്ചയിച്ചിട്ടില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): കച്ചവടക്കാർ വിലകൂട്ടുന്നതായാൽ അവർക്കു കിട്ടുന്ന ലാഭത്തെസംബന്ധിച്ച ഗവൺമെന്റിനുള്ള ഉദ്ദേശ്യം വിഫലമായിപ്പോകും എന്നു ഗവൺമെന്റിനു അറിയാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): പരസ്പരമാത്സര്യത്താൽ വില സ്വയമേവ സാധാരണനിലയിൽ എത്തും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): കച്ചവടക്കാർ പുകയിലയ്ക്കു വിലകൂട്ടുന്നതായാൽ ലാഭത്തെസംബന്ധിച്ച ഗവൺമെന്റിന്റെ ഉദ്ദേശം വിഫലമാവുകയില്ലയോ എന്നാകുന്നു എന്റെ ചോദ്യം.

പ്രസിഡെണ്ട്: ഗവൺമെന്റിന്റെ ഉദ്ദേശ്യം എന്താണെന്നു മെമ്പർ ദയവുചെയ്തു പറയുമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): ഗവൺമെന്റിന്റെ ഉദ്ദേശ്യം മറുപടിയിൽ വിവരിച്ചിരിക്കുന്നു. അതിനെയാണ് ഞാൻ പ്രസ്താവിക്കുന്നതു.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): സർ, എനിക്കു അദ്ദേഹത്തിന്റെ ചോദ്യം മനസ്സിലാകുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക്): ഗവൺമെന്റിന്റെ ഉദ്ദേശ്യങ്ങൾ ൬-ാം വരിയിൽ പറഞ്ഞിരിക്കുന്നു. ഈ ഉദ്ദേശ്യങ്ങൾ വിഫലമാക്കപ്പെടുകയില്ലയോ എന്നാകുന്നു എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെന്റ് സെക്രട്ടറി): ഈ പ്രശ്നം നടപടിക്രമാനുസാരം ആകുന്നുവോ എന്നു നടപടിക്രമസംബന്ധമായ തീർച്ച അറിയേണ്ടിയിരിക്കുന്നു.

പ്രസിഡെണ്ട്: മെമ്പറുടെ ചോദ്യം ദുർഗ്രഹമായിരുന്നു എന്നു ഞാൻ തീർച്ചപ്പെടുത്തുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക): ഗവൺമെണ്ടിന്റെ ഉദ്ദേശ്യങ്ങൾ മറുപടി ൯-ാം വരിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അനുവാദം ഉണ്ടെങ്കിൽ ഞാൻ അതു വായിച്ചു കേൾപ്പിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പരിശിഷ്ടപ്രശ്നങ്ങൾ ചോദിക്കുന്ന മെമ്പർക്കു ചോദ്യങ്ങൾക്കു മറുപടി പറയാൻ അവകാശം ഉണ്ടോ എന്നുള്ള നടപടിക്രമസംബന്ധമായ കാര്യം തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പ്രസിഡെണ്ട്: ഇല്ല; അതുതന്നെയാണു ഞാൻ പറയാൻ ഭാവിച്ചതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക): ഇതു കൂടുതൽ കരംപിരിപ്പാകുമോ അല്ലയോ എന്നു ഗവണ്മെണ്ട് പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെണ്ട് സെക്രട്ടറി): ഇതു കൂടുതൽ കരംപിരിക്കൽ ആയിരിക്കാൻ ഇടയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക): ൨൨ തോലയ്ക്കു കൊടുത്തുവന്നതിനു പകരം ൨൪ തോലയ്ക്കു കൊടുക്കണം എന്നു ആവശ്യപ്പെടുന്നതു കൂടുതൽ കരംപിരിക്കൽ ആവുകയില്ല എന്നാണോ ഞാൻ ധരിക്കേണ്ടതു്.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെണ്ട് സെക്രട്ടറി): ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു കൂടുതൽ കരംപിരിക്കൽ അല്ല. ഇതു ജനങ്ങളെ വഞ്ചിച്ചു കച്ചവടക്കാർ ന്യായരഹിതമായി സമ്പാദിക്കുന്ന ലാഭമത്രെ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക): വില കൂട്ടിയിരിക്കുന്നു എന്നുള്ള വസ്തുതയെ ഗണിച്ചു്, പുതുതായി കരം ചുമത്തുംമുമ്പ സഭയോടു ആലോചിക്കേണ്ടതാകുന്നു എന്നുള്ള ഗവണ്മെണ്ടിന്റെ നീതിയാണെന്നു മെമ്പർക്കു അറിയാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെണ്ട് സെക്രട്ടറി): ഈ പ്രശ്നം ഒരു പരിശിഷ്ടപ്രശ്നമാണോ എന്നുള്ള നടപടിക്രമസംബന്ധമായ കാര്യം തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പ്രസിഡെണ്ട്. അല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടം-തെക്ക): ഈ പുതിയകരം ചുമത്തുംമുമ്പ ഫിനാൻസ് കമ്മിററിയോടു ആലോചിച്ചുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

പ്രസിഡെണ്ട്: മി. പിറവിപ്പെരുമാൾപിള്ളേ, ഫിനാൻസ്കമ്മിററി ചിലവിനെക്കുറിച്ചേ നിരൂപിക്കുന്നുള്ളു. കരം ചുമത്തുന്ന വിഷയത്തെക്കുറിച്ചു നിരൂപിക്കുന്നില്ല.

൧൨ വയസ്സിനും ൨൦ വയസ്സിനും ഇടയ്ക്കുള്ളവരുടെ അക്ഷരജ്ഞാനം.

൯൪൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൨ വയസ്സിനും ൨൦ വയസ്സിനും ഇടയ്ക്കുള്ളവരിൽ തീരെ അക്ഷരജ്ഞാനമില്ലാത്തവർ എത്രയുണ്ട് എന്നു ഗവണ്മെണ്ട് പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരം ലഭ്യമല്ല. എന്നിരിക്കിലും ഒടുവിലത്തെ സെൻസസ്റിപ്പോർട്ടിൽ ൧൨-ാം അദ്ധ്യായത്തിൽ വയസ്സുകണക്കിനും സ്ത്രീപുരുഷജാതിതിരിച്ചും അക്ഷരജ്ഞാനമുള്ളവരുടെ കണക്കു ചേർത്തിട്ടുള്ളതു് മെമ്പർ നോക്കുന്നതായാൽ അതിൽനിന്നു അക്ഷരജ്ഞാനമില്ലാത്തവരുടെ എണ്ണം കണക്കുകൂട്ടി ഗ്രഹിക്കാവുന്നതാണ്.

മരിച്ചുപോയ കരമന ശങ്കരയ്യൻ.

൯൪൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കരമനയിൽ ഒരു തെരുവിൽ ഈയ്യിടെ യാദൃച്ഛികമായി ഉണ്ടായ അഗ്നിബാധയിൽ അകപ്പെട്ടുപോയ ആളുകളെ രക്ഷപ്പെടുത്തുവാനായി ചെയ്ത സാഹസത്തിൽ മി. ശങ്കരയ്യർ എന്നൊരാൾ മരിച്ചുപോയി എന്നുള്ളവിവരം ഗവണ്മെണ്ടിനു അറിയാമോ? അറിയാം എങ്കിൽ അയാളുടെ ഭാര്യയും കുഞ്ഞുങ്ങളും നിസ്സഹായരായിപ്പോയി എന്നു കാണുന്നതിനാൽ അയാളുടെ ധീരതയേയും ആത്മത്യാഗത്തേയും അഭിനന്ദിച്ചു അവർക്കു സാരമായ സഹായം ഗവണ്മെണ്ട് നൽകുമോ?

മി. കെ. ജാജ് (ആ. ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ഗവണ്മെണ്ടിനു അറിഞ്ഞുകൂടാ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പൊലീസ് കമിഷണരിൽനിന്നു റിപ്പോർട്ടു ഗവണ്മെണ്ട് ചോദിച്ചുവരുത്തുമോ?

മി. കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): വരുത്താം.

അനുബന്ധം I.

൯൦൭-ാംനമ്പർ പ്രശ്നത്തിനു മറുപടി നോക്കുക.

മുൻസിഫ് കോടതികളിൽ ജന്മിമാരുടെ പേരിൽ കുടിയന്മാർ പതിച്ചിട്ടുള്ള സമരി വ്യവഹാരങ്ങളുടെ കണക്കു.

കോടതിയുടെ പേര്		വ്യവഹാരങ്ങളുടെ എണ്ണം
നാഗരുകോവിൽ	ഡിസ്ട്രിക്ട്	൨൭
തിരുവനന്തപുരം	,,	൧൨൦
കൊല്ലം	,,	൧൨
ആലപ്പുഴ	,,	൨൪
കോട്ടയം	,,	൫൭
പറവൂർ	,,	൧[illegible]

അനുബന്ധം II.

൩൦൮-ാംനമ്പർ പ്രശ്നത്തിനുള്ള മറുപടി നോക്കുക.

കുടിയാന്മാരിൽനിന്നും കിട്ടേണ്ടതായ ശേഷങ്ങൾക്ക ജന്മിമാർ ബോധിപ്പിച്ചിട്ടുള്ള സിവിൽ വ്യവഹാരങ്ങളുടെ കണക്ക.

കോർട്ടിന്റെ പേര്	കഴിഞ്ഞ ൧൮ കൊല്ലത്തിനിടയിൽ ജന്മിമാർ ബോധിപ്പിച്ച സിവിൽ വ്യവഹാരങ്ങളുടെ എണ്ണം	ഈ അവകാശങ്ങളെ എതിർത്തു കുടിയാന്മാർ ബോധിപ്പിച്ചിട്ടുള്ള പത്രികകളുടെ എണ്ണം	ആ പത്രികകൾ അനുസരിച്ചു വിധിച്ചിട്ടുള്ള കേസുകളുടെ എണ്ണം
൧	൨	൩	൪
നാഗരുകോവിൽ ഡിസ്ത്രിക്ട കോർട്ട്	൮൮൬	൪൯൧	൩൦
തിരുവനന്തപുരം ,,	൩൮൨൦	൨൦൦൬	൧൪൬
കൊല്ലം ,,	൬൦൬൩	൨൯൩൨	൩൨൮
ആലപ്പുഴ ,,	൯൮൧	൭൨൮	൧൯൩
കോട്ടയം ,,	൪൬൭	൨൧൭	൩൪
പറവൂർ ,,	൧൭൦൦	൯൨൦	൯൨

അനുബന്ധം III.

൩൧൮-ാം നമ്പർ പ്രശ്നത്തിനുള്ള മറുപടി നോക്കുക.

അഞ്ചൽ മോട്ടോർസർവീസിനുള്ള കൺട്രാക്ടുകൾക്ക കണക്ക.

കാലാവധി	കൺട്രാക്ടരുടെ പേരു	സ്ഥലങ്ങൾ
൮൯-൭-൧ മുതൽ ൧൦൯൮ മകരംവരെ	ലെമ്പർ കമർഷ്യൽ കാർപ്പൊറേഷൻ കമ്പനി	നാഗരുകോവിലിനും കൊല്ലത്തിനും നടുക്ക
൧൦൯൮-൭-൧ മുതൽ ൧൦൯൯ മകരംവരെ	എ. ശങ്കരമൂർത്തി	തിരുവനന്തപുരത്തിനും നാഗരുകോവിലിനും നടുക്ക
൧൦൯൮-൭-൧ മുതൽ തിരുവനന്തപുരത്തിനും കൊല്ലത്തിനും ഇടയ്ക്കു റയിൽവെയിൽ നടപ്പാകുന്നതുവരെ	ടി	കൊല്ലത്തിനും തിരുവനന്തപുരത്തിനും നടുക്ക
൧൦൯൯-൭-൧ മുതൽ ൯൭ കന്നിവരെ	കെ. ആർ. സുന്ദരമയ്യർ	തിരുവനന്തപുരത്തിനും നാഗരുകോവിലിനും നടുക്ക
൧൦൯൭-൩-൧ മുതൽ ൧൦൯൮ മകരാവസാനംവരെ	ക്രിപ്പൺകമ്പനി	ടി
൧൦൯൮-൭-൧ മുതൽ ൧൧൦൦ മകരം ഒന്നുവരെ	എ. ശങ്കരമൂർത്തി	ടി
൧൧൦൦-൭-൧ മുതൽ ൧൧൦൨ മകരാവസാനംവരെ	ആർ. എസ്. സുബ്രഹ്മണ്യപിള്ള	ടി
൧൦൯൪-൨-൧ മുതൽ ൧൦൯൭ ചിങ്ങം അവസാനംവരെ	എ. ശ്രീനാരായണൻതമ്പി	കൊട്ടാരക്കരയ്ക്കും കോട്ടയത്തിനും നടുക്ക
൧൦൭൭-൨-൧ മുതൽ ൧൦൯൮-൩-൩൦ വരെ	കെ. എം. മാത്തുള്ളമാപ്പിള	ടി
൧൦൯൮-൭-൧ മുതൽ ൧൧൦൦-൩-൩൦-വരെ	ടി	ടി
൧൧൦൦-൭-൧ മുതൽ ൧൧൦൨ മകരാവസാനംവരെ	ടി	ടി
൯൬-൫-൧ മുതൽ ൯൭ വരെ	ആംഗ്ലോ ഇൻഡസ്ട്രിയൽ സിൻഡിക്കേറ്റ്	കോട്ടയത്തിനും പറവൂർക്കും നടുക്ക
൯൬-൭-൨൩ മുതൽ ൯൭ കന്നി അവസാനംവരെ	ടി. എബ്രഹാം ബി. എ., ബി. എൽ.	ടി
൧൧൦൧-൨-൧ മുതൽ ൧൧൦൬ ചിങ്ങം അവസാനംവരെ	കെ. എം. മത്തുള്ളമാപ്പിള	ടി
൧൦൧൪-൧-൧ മുതൽ നാളിതുവരെ	മോട്ടോർ ട്രാൻസ്പോർട്ട് ആൻഡ് ജെനറൽ ഗാറേജ് കമ്പനി ലിമിറ്റെഡ്	കോട്ടയത്തിനും മുണ്ടക്കയത്തിനും നടുക്ക
൯൬-൭-൧ മുതൽ ൯൮ മകരം അവസാനംവരെ	കെ. എം. കുട്ടൻപിള്ള	തിരുവനന്തപുരം അഞ്ചൽ ആഫീസിനും റെയിൽവേസ്റ്റേഷനും നടുക്ക
൯൮-൭-൧ മുതൽ ൧൧൦൦ മകരം അവസാനംവരെ	എ. ശങ്കരമൂർത്തി	ടി
൧൧൦൦-൭-൧ മുതൽ ൧൧൦൨ മകരം അവസാനംവരെ	ആർ എസ്. സുബ്രഹ്മണ്യപിള്ള	ടി

സാമാന്യേന പൊതുവെ താല്പര്യമുള്ള കാര്യങ്ങളെസംബന്ധിച്ച പ്രമേയങ്ങൾ.

വനം ഡിപ്പാർട്ടുമെൻറിൽനിന്നു മുള, കരി മുതലായതു പാസുകൂടാതെ കൊണ്ടുപോവുക.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ താഴെ പറയുന്ന പ്രമേയത്തെ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

"ജനങ്ങളുടെ പേരിൽ പതിവുള്ള ഭൂമികളിൽനിന്നു രാജകീയവൃക്ഷങ്ങൾ ഒഴികെയുള്ള വൃക്ഷങ്ങളും പിറകും മുളയും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഫ്രീപാസ് കൂടാതെ മാററിക്കൊണ്ടുപോകുന്നതിനും ഉപയോഗിക്കുന്നതിനും ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകണം എന്നു ഈ യോഗം ഗവൺമെൻറിനോടു ശിപാർശ ചെയ്യുന്നു."

ഇതാണ് എൻെറ പ്രമേയം. ജനങ്ങൾ താമസിക്കാൻ ഗൃഹങ്ങൾ ഉണ്ടാക്കുന്നതിനു തടി ഒഴിച്ചുകൂടാത്ത സാധനം ആണല്ലോ. അതുപോലെ ഭക്ഷണം പാകംചെയ്യുന്നതിനും വിറകും അത്യാവശ്യംതന്നെയാണ്. മൺവെട്ടി, വാക്കത്തി മുതലായ കൃഷിയായുധങ്ങൾ ഉണ്ടാക്കുന്നതിനു കരിയും അത്യാവശ്യം ആണ്. ഇതെല്ലാം ജീവികൾക്കു വെള്ളവും വായുവുംപോലെ ഈ രാജ്യനിവാസികൾക്കു ഒഴിക്കാൻ സാധിക്കാത്ത സാധനങ്ങൾ ആണ്. പ്രകൃതിദത്തമായി ഈ വക സാധനങ്ങൾ ഇൻഡ്യയുടെ തോട്ടമായ തിരുവിതാംകൂറിൽ ധാരാളം ഉണ്ടു. എന്നാൽ അവയെ യഥേഷ്ടം ഉപയോഗിക്കുന്നതിനു അവയുടെ ഉടമസ്ഥന്മാർക്കു യാതൊരു നിവൃത്തിയും ഇല്ല. അതുകൊണ്ടു ഗവൺമെൻറിനു യാതൊരു ഗുണവും ഇല്ലാ എന്നുമാത്രമല്ല ജനങ്ങൾക്കു ധാരാളം ഉപദ്രവവും ഉണ്ടു. പ്രജാസഭയുടെ ആരംഭകാലം മുതൽക്കുതന്നെ അനേകം മെമ്പർമാർ ഈ സംഗതിയെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആണ്. അതിൽ ചിലരുടെ പേരു ഞാൻ ഇവിടെ എടുത്തുപറയാം. തിരുവിതാംകോട്ടിൻെറ നാനാഭാഗങ്ങളിൽ നിന്നു വന്നിട്ടുള്ള സാമാജികന്മാർ ഇതിനെപ്പററി പ്രതിവാദിച്ചിട്ടുണ്ടു. എൻ. ൦ വൃ-ൽ പത്തനാപുരം മെമ്പർ മിസ്റ്റർ നാരായണൻ പത്മനാഭൻ; എൻ. ൧ ൦-ൽ പത്തനാപുരം മെമ്പർ മിസ്റ്റർ പരമേശ്വരൻപിള്ള; എൻ. ൧ വ-ൽ കൽക്കുളം മെമ്പർ എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ ടി. കുമാരപിള്ള; എൻ. ൧ ൮-ൽ പത്തനാപുരം മെമ്പർ മിസ്റ്റർ പരമേശ്വരൻ പത്മനാഭൻ; ഇവരെല്ലാം ഇതിൻെറ ദോഷങ്ങളെപ്പററി വിവരിച്ചു ഈ ഫ്രീപാസ് ഏർപ്പാടു നിറുത്തിക്കളയണം എന്നുതന്നെ പറയുകയുണ്ടായി. അതിനുശേഷം എൻ. ൧ ൯-ൽ ആ ഫ്രീപാസ് ചട്ടം ഒന്നു ഭേദപ്പെടുത്തി. അപേക്ഷതകൊടുത്തു മൂന്നു മാസത്തിനുള്ളിൽ പാസ് കൊടുക്കണം എന്നായിരുന്നു അതിൽ പറഞ്ഞിരുന്നതു. എന്നിട്ടും വലിയ പ്രയോജനം ഒന്നും ഉണ്ടായിരുന്നില്ല. മൂന്നുമാസത്തിനകം ഫ്രീപാസ് കൊടുക്കണം എന്നുള്ളതിനു മൂന്നു കൊല്ലം കഴിഞ്ഞിട്ടുതന്നെയും ഫ്രീപാസ് കിട്ടാതെയായി. എൻ. ൧ ൯-ൽ വീണ്ടും മുനിസിപ്പാലിററി മെമ്പർ മിസ്റ്റർ പി. എസ്. മത്തായി കം പിള്ള ഫ്രീപാസ് ഏർപ്പാടു നിറുത്തണമെന്നു പറഞ്ഞു. മൂവാററുപുഴ മെമ്പർ ഞാൻതന്നെയും പറഞ്ഞു. എൻ. ൧ ൧-ൽ പത്മനാഭപുരം മുൻസിപ്പാലിററി മെമ്പരും എൻ. വ ൦-ൽ തൊടുപുഴ മെമ്പർ മിസ്റ്റർ ശങ്കരയ്യരും എൻ. വ ൦-ൽ വിളവംകോട്ടു മെമ്പർ മിസ്റ്റർ ആർ. നാരായണപിള്ളയും എൻ. വ ൩-ൽ കൽക്കുളം മെമ്പർ മിസ്റ്റർ അയ്യപ്പൻപിള്ള മാതേവൻപിള്ളയും ഇതിനെപ്പററി പ്രജാസഭയിൽ പ്രസ്താവിച്ചു.

മി. എസ്. പിറവികപത്മനാഭപിള്ള (കൊച്ചുവടം തെക്കു): അതിനെല്ലാം എന്തു മറുപടി പറഞ്ഞു?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നോട്ടുചെയ്തു, ആലോചിക്കാം, എന്നൊക്കെ സാധാരണ പ്രജാസഭയിൽ കിട്ടാറുള്ള മറുപടിതന്നെ കിട്ടി: എൻ. വ ൩-ൽ അയ്യപ്പൻപിള്ള മാതേവൻപിള്ളയാണ് ഫ്രീപാസ്സിനെപ്പററി അവസാനമായി പറഞ്ഞുനിറുത്തിയതു. അദ്ദേഹം പറഞ്ഞിട്ടുള്ള ഭാഗം ഇവിടെ വായിക്കാം.

"സഭയുടെ മുൻ യോഗങ്ങളിൽ സമർപ്പിച്ച നിവേദനങ്ങളുടെ ഫലമായിട്ടു ഫ്രീപാസ് ഏർപ്പാടിനെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായിട്ടു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്ന ഒരു കമ്മിററി ഏർപ്പെടുത്തുന്നതിനു ഗവൺമെൻറു അനുവദിച്ചു എന്നു എനിക്കു അറിയാം. എന്നാൽ കമ്മിററിയിലെ അനുദ്യോഗസ്ഥന്യൂനപക്ഷം നിമിത്തം ഈ കമ്മിററികൊണ്ടു വലിയ പ്രയോജനം ഉണ്ടാകും എന്നു വിചാരിക്കുന്നില്ല. അതുകൊണ്ടു ഫ്രീപാസ് ഏർപ്പാടു നിറുത്തുകതന്നെ വേണം."

എൻ. വ ൩-ൽ കഴിഞ്ഞ യോഗത്തിലേക്കു ഈ ഫ്രീപാസ് നിറുത്തണം എന്നു ഒരു റെസല്യൂഷൻ ഞാൻ അയച്ചു. ഉടനെ ഒരു കമ്മിററി ഏർപ്പെടുത്തി. അനുദ്യോഗസ്ഥന്യൂനപക്ഷമായ ആ കമ്മിററികൊണ്ടു വലിയ പ്രയോജനം ഒന്നും ഉണ്ടാകയില്ല എന്നു ഞങ്ങൾ ശങ്കിച്ചു. അവസാനം അതുപോലെതന്നെ വരികയും ചെയ്തു. ഞാനും ആ കമ്മിററിയിൽ ഒരു മെമ്പർ ആയിരുന്നു. അതിനുശേഷം ആ കമ്മിററി റിപ്പോർട്ടു ഗസററിൽ പ്രസിദ്ധപ്പെടുത്തുകയാകട്ടെ ഈ നിയമസഭയിൽ അയക്കയാകട്ടെ ചെയ്തിട്ടില്ല. ആ റിപ്പോർട്ടു മേശമേൽവയ്ക്കുമോ എന്നെല്ലാം ചോദ്യങ്ങളും ചോദിച്ചു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ കമ്മിററി റിപ്പോർട്ടിന്മേൽ ഗവൺമെൻറു വല്ല ഉത്തരവും പാസായിട്ടുള്ളതായി അറിയാമോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉത്തരവു പാസ്സായതായി അറിവില്ല. എൻ. വ ൪ ഫെബ്രുവരി വ ന്ന-ന്ന-ലെ ഗസററിൽ ഫ്രീപാസ് റൂൾസിനു ഒരു ഭേദഗതി ചേർത്തിട്ടുണ്ടു. അതിൽ കമ്മിററിയുടെ കാര്യമേ പറഞ്ഞിട്ടില്ല. അതിൽ തീയതിയും വച്ചിട്ടില്ല. ഈ ഭേദഗതികൊണ്ടു പ്രയോജനം ഒന്നും ഇല്ല.

ഈ ഫ്രീപാസ് ഏർപ്പാടു ഭീതിക്കൊ പരിഷ്കൃത ഗവൺമെൻറിൻെറ ആദർശത്തിനോ യോജിച്ചതല്ല. ഈ ഫ്രീപാസ് ഏർപ്പാടു റിസർവിൽ കൂടെ തടി ഉണ്ടു എന്നു വിചാരിച്ചു ജനങ്ങൾ അവരുടെ സ്വന്തം പുരയിടങ്ങളിൽനിന്നു തടി കടത്തിക്കൊണ്ടുപോകാൻ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ പാസു വേണമെന്നു പറയുന്നതു ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ബലമായി തടയുന്ന ഒരു സമ്പ്രദായം ആണു. ഫ്രീപാസ് എന്നാണു അതിനു പേരു എന്നു വരികിലും വാസ്തവത്തിൽ ഫ്രീ അല്ലാ എന്നും മിക്കവരും സമ്മതിച്ചു പറയുകതന്നെചെയ്യും. ഈ റൂൾസിനെ ഭേദപ്പെടുത്തിയതിൽ രണ്ടു മാസത്തിനകം ഫ്രീപാസു കൊടുക്കണം എന്നു പറഞ്ഞിട്ടുണ്ടു. മുമ്പു മൂന്നു മാസം എന്നായിരുന്നു. മൂന്നു കൊല്ലം വരെ കാത്തിരിക്കേണ്ടിവന്നിട്ടുണ്ടു. മേലിലും ഫലം അതുതന്നെയായിരിക്കും. എന്നാൽ അവധിക്കകം ഫ്രീപാസു കൊടുത്തില്ലെങ്കിലും തടികൊണ്ടുപോകാം എന്നുണ്ടോ, അതും ഇല്ല.

കെട്ടിടത്തിന്റെ ഭിത്തി കെട്ടീട്ടു മേൽതട്ടിനായി പുരയിടത്തിൽ നിൽക്കുന്ന തടികൊണ്ടുപോരും എന്നുവച്ചാൽ ഫ്റീപാസ് കിട്ടി തടികൊണ്ടുവരുമ്പോഴേക്കും കെട്ടിടം ഇടിഞ്ഞുപോകും. എന്നാൽ ഈ വിഷയത്തിൽ ഉൾനാട്ടുകളിലും ഇടനാട്ടുകളിലും ഉള്ളവർക്കാണു പട്ടണവാസികളെക്കാൾ കഷ്ടതയുള്ളതു. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ പുതുതായി ഏർപ്പെടുത്തിയ ഇനത്തിൽതന്നെ അഞ്ചോ ആറോ ലക്ഷം രൂപാ ഗവൺമെണ്ടിൽനിന്നു ഈടാക്കികാണണം. ഞാൻ പറയുന്നതു സ്വന്തം പുരയിടങ്ങളിൽ ഉള്ള തടികളെക്കൊണ്ടുപോകുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്നു മാത്രമാണ്. നാട്ടിൻപുറങ്ങളിൽ ഉള്ള ചേരിക്കലുകളിൽ പുന്ന, വെൺതേക്ക് മുതലായ വൃക്ഷങ്ങൾ ധാരാളം ഉണ്ടാകുന്നതായികാണാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫ്റീപാസ് സിസ്റ്റം വച്ചുകൊണ്ടിരുന്നാൽ ഗവൺമെന്റിനു വല്ല ആദായവും ഉണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആദായം പൂജ്യമാണ്. എന്നാൽ വാസ്തവത്തിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്ക് ചില്ലറ ആദായം ഇല്ലാതെയുമില്ല. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റു കാണിച്ചിരിക്കുന്ന മുതലെടുപ്പു മുഴുവനും വനവിഭവങ്ങളിൽനിന്നുമാത്രം ഉള്ളതല്ല. കുടികളുടെ പുരയിടങ്ങളിൽ നിൽക്കുന്ന തേക്കുതടികളുടെ വിലകൂടി ഉൾപ്പെടുത്തീട്ടാണ്. അതിൽ പകുതിഭാഗം തിരിയെ കുടികൾക്കു കൊടുക്കാൻ വച്ചിട്ടുണ്ടു. പക്ഷേ ഇതുവരെ കിട്ടീട്ടില്ല. ഏഴു ലക്ഷമോ എട്ടു ലക്ഷമോ രൂപാ ഗവൺമെണ്ടു കുടിവിലയ്ക്കായിട്ടു തിരിച്ചിട്ടുണ്ടു. തേക്കുതടിയുടെ കാര്യത്തിനു ഒരു കമ്മിററി ഏർപ്പെടുത്തി. ഇതുവരെയാതൊന്നും അതനുസരിച്ചു നടത്തീട്ടില്ല. കൌൺസിലിൽ ഒരു കമ്മിററിയെ ഏർപ്പെടുത്തിയാൽ അതിന്റെ റിപ്പോർട്ടു ഇവിടെ വരികയും എൽ. ആർ. എം. കമ്മിററി റിപ്പോർട്ടു വാദപ്രതിവാദം നടത്തിയതുപോലെ നടത്തുകയും ചെയ്തിരുന്നാൽ ഇന്നു ഞാൻ ഈ പ്രമേയം ഇവിടെ കൊണ്ടുവരേണ്ട ആവശ്യം ഉണ്ടാകയില്ലായിരുന്നു. ഉൾനാട്ടുകളിൽ ധാരാളം വൃക്ഷങ്ങൾ ഉണ്ടെങ്കിലും അതുകൊണ്ടുള്ള ഉപയോഗം വിദേശികൾക്കാണ്. മലയോരങ്ങളിൽ ഉണ്ടാകുന്ന ഗവൺമെണ്ടു തടികൾ തോടുകൾവഴി കായലോരത്തു കൊണ്ടുവന്നു താരിപ്പുവിലയിൽ വളരെ കുറച്ചു (അതായതു മൂന്നണയോ നാലണയോ ആയിരിക്കും) വിദേശികൾക്കു കൊടുക്കയാണു ചെയ്യുന്നതു. അതുകൊണ്ടു ഉൾനാട്ടുകളിൽ ഉള്ള സാധുക്കൾക്കു ഡെപ്പോവിൽനിന്നു തടി വാങ്ങാനും നിവൃത്തിയില്ല. എന്നാൽ ജനങ്ങൾക്കു അവരുടെ സ്വന്തം തടി ഉപയോഗിക്കാനും ഫ്റീപാസ് ഏർപ്പാടുനിമിത്തം നിവൃത്തിയില്ല. അങ്ങനെയുള്ള ഒരു വിഷമത്തിലാണു ഉൾനാട്ടുകാർ ഇരിക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സ്വന്തം പുരയിടങ്ങളിൽ ഉള്ള തടികൾ പാസ്കൂടാതെ കൊണ്ടുപോകാൻ അനുവദിക്കുന്ന പക്ഷം ഗവൺമെണ്ടുവക തടികൾ കളവായി കൊണ്ടുപോകാൻ ഇടയില്ലേ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ഇപ്പോളാണു അതിനു കുറെക്കൂടി സൗകര്യമുള്ളതു. ഇപ്പോൾ സ്വന്തം തടികൊണ്ടുപോകുന്നതിനു കായലോരത്തെ ഡെപ്പോയിൽനിന്നു വാങ്ങി തടി കൊണ്ടുവരുന്നതിനും വിഷമം ഉള്ള അവസ്ഥയാണ്. ഈ സ്ഥിതിക്കാണു ഫാറസ്റ്റിൽ ചില്ലറ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഗവൺമെണ്ടുവനത്തിൽനിന്നു തടി സംഭരിക്കുവാൻ പ്രേരിപ്പിക്കുന്നതുമായിവരുമ്പോൾ നീതിവിരുദ്ധമായ മാർഗ്ഗങ്ങളിൽകൂടി ആളുകളെ പ്രേരിപ്പിക്കുന്നതിനു ഇടയായിതീരും. ഗവൺമെണ്ടു ഖജനാവിൽ പണം ഉണ്ട്. പണമുള്ള ജനങ്ങളും ഉണ്ടു. അപ്പോൾ പണമുള്ള ജനങ്ങൾ ഖജനാ പണം മോഷ്ടിച്ചതല്ലാ എന്നു കാണിക്കുന്നതിനു ട്രഷറി ആഫീസരുടെ ഒരു സർട്ടിഫിക്കെററ് വാങ്ങിവേണം പണം എടുത്തു ഉപയോഗിക്കാൻ എന്നു പറയുന്നതു യുക്തിഹീനമല്ലേ? അതുപോലെതന്നെ മോഷണകേസ് കണ്ടുപിടിക്കുന്നതു പോലീസ്കാരാണ്. നെല്ല് അരി മുതലായവ കടകളിൽനിന്നു വാങ്ങുമ്പോൾ പോലീസ്കാരുടെ ഒരു പാസുംകൂടി വേണം എന്നുവച്ചിരുന്നെങ്കിൽ അതു എത്ര സങ്കടകരം ആയിരിക്കും. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നു റബ്ബർ കൃഷി ചെയ്യുന്നുണ്ടു. കുടിയാന്മാരുടെ റബ്ബറിനെല്ലാം ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നു പാസ് വാങ്ങിക്കണം എന്നു പറയുകയാണെങ്കിൽ അതെത്ര അസൌകര്യമായിരിക്കും. കൃഷിഡിപ്പാർട്ടുമെന്റിൽനിന്നു നെൽകൃഷി ചെയ്യുന്നതുകൊണ്ടു ജനങ്ങൾ കൃഷിചെയ്യുന്ന നെല്ലിനും കൃഷിഡിപ്പാർട്ടുമെന്റുകാരുടെ പാസ് വാങ്ങിക്കണം എന്നു പറയുന്നതും യോജിക്കുന്നതാണോ? തടി, മുള മുതലായവ ഈ രാജ്യത്തിലെ പ്രകൃതിവിഭവങ്ങൾ ആണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ പാസ്കൊടുക്കുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥന്മാർ ആരാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫാറസ്റ്റ് ഡിവിഷൻ ആഫീസർമാരാണ്. മെയിൻറോഡിനു പടിഞ്ഞാറു ഭാഗത്തുള്ള സ്ഥലങ്ങളിലെല്ലാം റേഞ്ചർക്കോ തഹശീൽദാർക്കോ പാസുകൊടുക്കുന്നതിനു അധികാരപ്പെടുത്തീട്ടുണ്ടു. ഫ്റീപാസിനു റേഞ്ചിൽ അപേക്ഷകൊടുത്താൽ റേഞ്ചർ പരിശോധിച്ചിട്ടു ഡിവിഷനാഫീസർക്കു എഴുതിഅയക്കും. ഡിവിഷനാഫീസിൽനിന്നു തിരിയെ റേഞ്ചാഫീസിൽവന്നു റേഞ്ചർ തടികിടക്കുന്ന സ്ഥലത്തു പോയി അടിക്ക മുദ്രയടിച്ചശേഷമാണു കക്ഷിക്കു പാസ്കിട്ടുന്നതു. എന്നാൽ [illegible] കല്പിച്ചുവച്ചിട്ടുള്ളതിൽ ചില വൃക്ഷങ്ങളെല്ലാം ഒഴിച്ചിട്ടുണ്ടു. അതായതു കശുമാവു, പുളി മുതലായവ.

മി. പി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പിലാവും ആഞ്ഞിലിയും ഒഴിച്ചിട്ടുണ്ടോ?

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പിലാവുപണ്ടേതന്നെ ഒഴിച്ചാണ് കിടക്കുന്നതു. ആഞ്ഞിലി വിലകൂടുതൽഉള്ള മരങ്ങളാണ്. അതിനേക്കാൾ വിലകുറഞ്ഞ മരങ്ങളാണു മരുതു, വേങ്ങ, വെൺതേക്ക മുതലായവ. ഇതെല്ലാം ചേരിക്കലുകളിൽ ധാരാളം ഉണ്ടാകുന്നവയാണ്. സാധുക്കൾക്കു പുരപണിയുന്നതിനു തടി ആരെങ്കിലും വെറുതെകൊടുക്കയാണെങ്കിൽ അയാൾക്കു ആ തടികൊണ്ടുപോകുന്നതിൽ തടിവിലയുടെ ഇരട്ടിപണം ചിലവുചെയ്യാതെ പാസുകിട്ടാൻ സാധിക്കയുള്ളു. മുളയുടെ കാര്യവും ഇതുപോലെതന്നെയാണ്. കുടിയന്തിരത്തിനു പുരകെട്ടാനുംമററും മുള വളരെ ആവശ്യമാണ്. ഒരാൾ മരിച്ചുപോയെങ്കിൽ അന്തിരത്തിനു പുരകെട്ടുന്നതിനു മുളവേണമെങ്കിൽ മരിക്കുന്നതിനു ആറുമാസത്തിനുമുമ്പേതന്നെ പാസിനു അപേക്ഷിച്ചിരിക്കണം (ചിരി) ഈമാതിരിയുള്ള ദുർഘടങ്ങൾ വളരെയുണ്ടു.

മി. എൻ. കുമാരൻ (ഗവൺമെൻറു നോമിനേറ്റഡ് മെമ്പർ) : ഞാൻ സഭയോടു ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. മലയാളത്തിൽ ചോദിക്കട്ടോ ഇംഗ്ലീഷിൽ ചോദിക്കട്ടോ?

പ്രസിഡണ്ടു. ഇഷ്ടംപോലെ [illegible].

മി. എൻ. [illegible] (ഗവൺമെൻറു നോമിനേറ്റഡ് മെമ്പർ) : [illegible]

മി. [illegible] : [illegible]

മി. [illegible] : [illegible]

മി. [illegible] : [illegible]

[illegible]

[illegible]

[illegible] ചെയ്യണമെന്നു ഞാൻ ഈ പ്രമേയത്തെ [illegible] ഗവൺമെൻറു [illegible] (വർഷം [illegible]) [illegible].

മി. സി. പി. താരൻ ([illegible]) : ഞാൻ ഇതിനെ അനുവദിക്കുന്നു.

മി. [illegible] (കല്ലുവട്ടം [illegible]): സർ, ഗവൺമെൻറിലെ ഓരോ ഡിപ്പാർട്ടുമെൻറിലും ഉള്ള കീഴ്ജീവനക്കാരുടെ [illegible] ഉണ്ടാക്കാൻമാത്രം ഉപകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള [illegible] ഉണ്ട്. മി. കുഞ്ഞിതൊമ്മൻ അത്യാധികം വാഗ്മിതയോടുകൂടി [illegible] പ്രിവൻഷൻ ഡിപ്പാർട്ടുമെൻറിൽ [illegible] ഇരിക്കുന്ന ചട്ടങ്ങളിൽ [illegible] ഡിപ്പാർട്ടുമെൻറിലേയും കീഴ്ജീവനക്കാരുടെ [illegible] കുറിച്ചുപറയുന്നതായാൽ ഈ ചട്ടങ്ങളെ വ്യാജമായി [illegible] പോകുന്ന [illegible] ഇവരുടെ അഭിപ്രായം [illegible] വളരെ പ്രയാസം [illegible] ഞാൻ [illegible]. ഇതിനെപ്പറയുന്നതു കഷ്ടമായിരിക്കാം. അതുകൊണ്ടു പ്രിവൻഷൻ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരുടെ സ്വല്പമായ വരവിനെ വർദ്ധിപ്പിക്കുന്നതായി പ്രയോഗ [illegible] മാത്രം [illegible] ചെയ്യുന്നു. [illegible] ഗവൺമെൻറിൽനിന്നു [illegible] ഇല്ലാതെ [illegible] ചെയ്യാൻ [illegible] കൊണ്ടുപോകാതെ തടയുന്നതിനായി [illegible] സംശയമില്ല. എന്നാൽ എനിക്കു [illegible] ഇതു [illegible] വരുന്നുണ്ട്. [illegible] എനിക്കു [illegible] പ്രിവൻഷൻ [illegible] ഈവിധത്തിൽ [illegible] ചെയ്യുന്നതിനെ തടയുന്നില്ല എന്നാണു എൻെറ അഭിപ്രായം. ഞാൻ ഗവൺമെൻറിൻെറ ഉദ്ദേശത്തെ [illegible] വിവരിക്കുന്നില്ല. ആ ഉദ്ദേശം എന്തുതന്നെയായിരുന്നാലും കാര്യനടപ്പിൽ ഇതു [illegible] ഗുണം [illegible] സകലവിധ [illegible] ഇതു ജനങ്ങളെ [illegible] ചെയ്യുന്നു. അതുകൊണ്ടു പ്രിവൻഷൻ [illegible] എന്നുള്ള മി. കുഞ്ഞിതൊമ്മൻെറ പ്രമേയത്തെ ഞാൻ പൂർണ്ണമനസ്സോടുകൂടി അനുവദിക്കുന്നു.

മി. ജി. രാമൻമേനവൻ (കരുനാഗപ്പള്ളിയും മാവേലിക്കരയും): സർ, മി. കുഞ്ഞിതൊമ്മൻ [illegible] ഞാൻ [illegible]. ഇപ്പോഴും നടപ്പിൽ ഇരിക്കുന്ന ഈ രീതി ഗവൺമെൻറിനു [illegible] യാതൊരു ഗുണവും ചെയ്യുന്നില്ല. ഈ വിവരം മി. മാമ്മൻമാപ്പിള നല്ലവണ്ണം [illegible]. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിലെ കീഴ്ജീവനക്കാരിൽ ചിലർക്കു ന്യായരഹിതമായ [illegible] ഇരിക്കുന്നു. മി. കുഞ്ഞിതൊമ്മൻ [illegible] അവകാശത്തിൻെറ [illegible] ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തുന്നതിനു വലുതായ [illegible] ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സകല [illegible] കാര്യങ്ങളിലും നയം, ഗവൺമെൻറിനു [illegible] ജനങ്ങൾക്കു [illegible]

[illegible]ട്ടം[illegible]ട്ടയിക്കുന്നതായി കാണാം എന്നുള്ളതത്രെ. ഇവിടെ ഗവണ്മെന്റിനു യാതൊരു നഷ്ടവും സംഭവിക്കുന്നില്ല എന്ന ഞാൻ ചൂണ്ടിക്കാണിച്ചുവല്ലോ. [illegible] ഇക്കാര്യങ്ങളിലെല്ലാം മറ്റൊരു [illegible] അംഗീകരിക്കുന്നു. ഓരോരുത്തരും അവനവന്റെ മുതൽ സൂക്ഷിച്ചുകൊള്ളണം എന്നതുപോലെതന്നെ ഗവണ്മെന്റും അവരുടെ മുതൽ സൂക്ഷിച്ചുകൊള്ളണം. അതുകൊണ്ട് വനം ഡിപ്പാർട്ടുമെണ്ട് അവരുടെ വക വൃക്ഷങ്ങളെ സൂക്ഷിച്ചുകൊള്ളണം. അതുകൊണ്ട് ഗവണ്മെന്റിൽനിന്ന് പാസ് വാങ്ങിച്ചില്ലെന്നതിനാൽ തടികൾ എല്ലാം അവരുടെ വകയാണെന്നു ഊഹിക്കുന്നതും ശരിയല്ല. ആ സ്ഥിതിക്ക് ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): ഞാനും മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ അനുകൂലിക്കുന്നു. സംബന്ധപ്പെട്ട അധികൃതരിൽനിന്നു ഫ്രീപാസ് വാങ്ങിക്കുന്നതിൽ ജനങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചു മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിൽ വല്ലതായ ശക്തിയുണ്ട്. അതാതു പ്ലോട്ടിൽ ഫ്രീപാസ് കൊടുക്കാൻ അധികൃതരായ കീഴ്ജീവനക്കാരിൽനിന്ന് എന്നാണ് ഞാൻ പറഞ്ഞതിന്റെ താല്പര്യം. ഒരു പ്രദേശത്തിലെ ഒരറ്റത്തുനിന്ന് ഇവിടെനിന്നും വളരെ ദൂരെയായി കിടക്കുന്ന മറ്റെ അറ്റത്തുപോകുന്നതിലും ജനങ്ങൾ കഷ്ടം അനുഭവിച്ചുവരുന്നു. അവർക്ക് എത്രയോ വിധം നടപടികൾ നടത്തേണ്ടതുണ്ട്. പിന്നീട പാസ് കിട്ടുന്നുള്ളു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ഈ സംഗതി അനേകം തവണ സഭയെ അറിയിച്ചിട്ടുണ്ട്. ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ ഞാൻ വിവരിക്കുന്നില്ല. ഡിപ്പാർട്ടുമെണ്ട് ശ്രദ്ധിച്ചിട്ടുള്ള എല്ലാംകൂടി സർക്കാർ വനങ്ങളിൽനിന്നു തടിയും മറ്റു ചരക്കുകളും കടത്തിക്കൊണ്ടുപോകുന്നതിനെ കണ്ടുപിടിക്കുന്നതിനും കുടിവക വസ്തുക്കളിൽനിന്നു കടത്തിക്കൊണ്ടുപോകുന്ന തടികളിലും ചരക്കുകളിലുംനിന്നു തിരിച്ചറിയാൻ കഴിയുന്നില്ല എന്നുള്ളതാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഇതു ഈ പ്രമേയത്തെ എതിർക്കുന്നവരുടെ ആലോചിക്കേണ്ടതായ ഒരു കാര്യംതന്നെ. ഇതിനെ സംബന്ധിച്ചു ഞാൻ നിർദ്ദേശിക്കുന്നതെന്തെന്നാൽ വനത്തിനടുത്തായി ഡിപ്പാർട്ടുമെണ്ട് കാവൽസ്ഥലങ്ങൾ വച്ചുകൊള്ളുകയും ആവിധം മോഷണം വരാതെ നോക്കിക്കൊള്ളുകയും ചെയ്യണം എന്നുള്ളതത്രെ. അങ്ങനെയായാൽ ജനങ്ങൾ ഫ്രീപാസ് ഇല്ലാതെ അവരുടെ തടി കൊണ്ടുപോകുവാൻ അനുവദിക്കുന്നതിൽ യാതൊരു [illegible]വും ഇല്ല. ഇവിടെ ഞങ്ങളിൽ അനേകംപേർ ബോധിപ്പിച്ചതിന്റെ ഫലമായി ഗവണ്മെണ്ട് ഒരു കമ്മിറ്റിയെ നിയമിച്ചു എന്നും മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ എല്ലാവർക്കും അറിയാം. ഫ്രീപാസ് ഏർപ്പെടുത്തിയതുനിമിത്തം ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ സംബന്ധിച്ചു മി. കുഞ്ഞിത്തൊമ്മനും മി. കുമാരപിള്ളയും ഞാനും ഈ സഭയിൽ ചോദ്യങ്ങൾ ചോദിച്ചിരുന്നു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ കിട്ടിയ മറുപടി ഏറെക്കുറെ ഒഴികഴിവു പറയുന്ന വിധത്തിൽ ആയിരുന്നു. എന്നാൽ ഏതത്സംബന്ധമായ നിവേദനം അത്ര ബലവത്തായിരുന്നതിനാൽ ഏതെങ്കിലും ചെയ്യുന്നതിനു ഗവണ്മെണ്ട് നിർബ്ബന്ധിക്കപ്പെട്ടുപോയി. ഗവണ്മെണ്ട് ചെയ്തതു ഒരു കമ്മിറ്റിയെ നിയമിക്കൽ ആയിരുന്നു. കമ്മിറ്റിയെ നിയമിച്ചതിൽപിന്നീടു ഈ കാര്യത്തിൽ യാതൊന്നുംതന്നെ ഈ സഭയ്ക്കോ ഗവണ്മെന്റിനോ അറിഞ്ഞുകൂടാ. അല്പകാലം കഴിഞ്ഞതിൽപിന്നീടു, അതായതു കമ്മിറ്റിയെ നിയമിച്ചു രണ്ടു കൊല്ലമോ അതിലധികമോ കാലം കഴിഞ്ഞതിൽപിന്നീടു കമ്മിറ്റി നടത്തിയ പ്രവൃത്തിയെക്കുറിച്ചു ചോദ്യങ്ങൾ നടന്നു. തത്സംബന്ധമായി ഏതാനും പ്രശ്നങ്ങൾക്കു ഗവണ്മെണ്ട് മറുപടി പറയേണ്ടിയും ഇരുന്നു. ഒരു പ്രശ്നത്തിനു മറുപടിയായി കമ്മിറ്റി യാതൊരു റിപ്പോർട്ടും അയച്ചില്ല എന്നും ഏതാനും നകൽ ചട്ടങ്ങൾ എഴുതി കമ്മിറ്റിയോഗം കൂട്ടാതെ [illegible] ആളും കമ്മിറ്റിയിലെ മറ്റു മെംബർമാരും ഒപ്പിട്ടു ഗവണ്മെന്റിലേക്ക് അയച്ചിട്ടുണ്ടു എന്നും ഗവണ്മെണ്ടു പറഞ്ഞു. മറ്റൊരു പ്രശ്നത്തിനു മറുപടിയായി ഗവണ്മെണ്ടു പറഞ്ഞതു്, ഈ ചട്ടങ്ങളിന്മേൽ ഗവണ്മെണ്ട് സ്വയമേവ ഏതാനും മാറ്റങ്ങൾ ചെയ്തു അവസാനഉത്തരവു നൽകി എന്നായിരുന്നു. എന്നാൽ ഈ ചട്ടങ്ങളിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഗവണ്മെണ്ട് ചട്ടങ്ങളുടെ പകർപ്പുകൾ ഈ സഭയിലെ മെംബർമാർക്കു അയച്ചുകൊടുക്കുകയോ വഴിക്കുവഴി അയക്കുകയോ ചെയ്യേണ്ടതുപോലെ ചെയ്തിട്ടില്ല. ഗവണ്മെണ്ടു അങ്ങനെ ചെയ്യേണ്ടതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. സത്യം പറയുന്നതായാൽ ആ ചട്ടങ്ങളിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ. ഫ്രീപാസിനെ സംബന്ധിച്ചു ഗുണകരമായ യാതൊരു വ്യവസ്ഥയും ഈ ചട്ടങ്ങളിൽ ഇല്ല എന്നു ആ കമ്മിറ്റിയിലെ ഒരു മെംബർ ആയ മി. കുഞ്ഞിത്തൊമ്മൻ എന്നോടു ഉറപ്പായി പറഞ്ഞു. ഏതായാലും ഈ സംഗതിയെക്കുറിച്ചു ഉണ്ടായിട്ടുള്ള പ്രക്ഷോഭത്തിന്റെ വലിപ്പത്തെയും ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടങ്ങളെയും ഗണിച്ചു ഗവണ്മെണ്ടു ഈ കാര്യത്തിൽ വല്ലതും ചെയ്യേണ്ടതുണ്ട്. ഗവണ്മെന്റിനു ഉണ്ടാകാൻ ഇടയുള്ളതായ എകപ്പിഴ്ത്തി, ഞാൻ കുറെ മുമ്പേ പറഞ്ഞതുപോലെ, വനങ്ങളിൽനിന്നു തടി കൊണ്ടുപോകുന്നതിനെയും കുടിവക വസ്തുക്കളിൽനിന്നു തടി കൊണ്ടുപോകുന്നതിനെയും തിരിച്ചറിയുന്നതിൽ ഡിപ്പാർട്ടുമെന്റിനുള്ള പ്രയാസമാണെന്നു എനിക്കു തോന്നുന്നു. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ ഒരു നിർദ്ദേശം അറിയിക്കാം. വനത്തിനോ സർക്കാർ ഭൂമിക്കോ എത്രയും സമീപത്തായി കാവൽസ്ഥലങ്ങൾ സ്ഥാപിക്കാൻ ഡിപ്പാർട്ടുമെന്റിനോടു ആജ്ഞാപിക്കണം; വനങ്ങളിൽനിന്നു അവിടുത്തെ തടികൾ കൊണ്ടുപോകുന്നതിനെ ശ്രദ്ധിക്കുന്നതിനായി അവിടെ ആളെ ആക്കണം; കുറ്റങ്ങൾ ചെയ്യുന്നവരുടെപേരിൽ കേസ് ഉണ്ടാക്കണം. ഇത്രയും സംക്ഷേപമായി പറഞ്ഞുംകൊണ്ടു മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): മി. കുഞ്ഞിത്തൊമ്മൻ അത്ര യോഗ്യമായി അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു വലിയ സന്തോഷം ഉണ്ട്. തടി കടത്തിക്കൊണ്ടുപോകുന്നതിനിടയുള്ള ഈ പാസിനെ അധിക്ഷേപിച്ചു പറയുന്നതിൽ പൂർവാവസരങ്ങളിൽ ഈ കക്ഷിയിൽ ഉള്ള മെംബർമാർ ഏകാഭിപ്രായക്കാരായിരുന്നു. ഇതു ഫ്രീ പാസ്സ് എന്നും ചെലവില്ലാത്തതല്ലാത്ത ഏതെങ്കിലും കാര്യം ചെയ്യണം എന്ന ജനങ്ങളുടെ അനുഭവം കാണിക്കുന്നു. ഒന്നാമതുതന്നെ ഒരാൾക്കു തന്റെ സ്വന്തം വസ്തുവിൽനിന്നു തന്റെ സ്വന്തംവക തടി മറ്റൊരു പറമ്പിലേക്കു കൊണ്ടുപോകേണ്ടിയിരിക്കയും അങ്ങനെ കൊണ്ടുപോകുന്നതിനു റോഡ് ഉപയോഗിക്കയും ചെയ്താൽ അതു ഇന്ന സർവേ നംബരിൽനിന്നു കൊണ്ടുപോകേണ്ടതാണെന്നു ഒരു സർട്ടിഫിക്കേറ്റ് എത്രയും താണ പകുതി ഉദ്യോഗസ്ഥന്മാരിൽനിന്നു വാങ്ങിക്കേണ്ടിയിരിക്കുന്നു. പകുതി ആഫീസർക്കു

വളരെ ജോലികൾ ചെയ്യാനുള്ളതുകൊണ്ടു് അയാളെ കാണുന്നതിനുള്ള വൈഷമ്യങ്ങൾ അനുഭവിച്ചവർക്ക് അറിയാം. തന്റെ അപേക്ഷ സാധിച്ചുകിട്ടുന്നതിനും ഒരു പ്രത്യേക സർവ്വെ നംബരിലുള്ള തടിയാണെന്നു സർട്ടിഫിക്കററു കിട്ടുന്നതിനുമായി അയാൾക്കു പകുതിയുദ്യോഗസ്ഥന്റെ വരവു കാത്തിരിക്കേണ്ടിയിരിക്കുന്നു. അതിൽ ഒപ്പുകിട്ടിയതിനുപിന്നീടു അയാൾക്കു ഈ രാജ്യത്തിലുള്ള ഏററവും വലിയവനായ ഉദ്യോഗസ്ഥന്റെ അടുക്കൽ ഓടിച്ചെന്നു പണച്ചിലവില്ലാത്ത പാസ് എന്നു വിളിച്ചുവരുന്ന പാസ് കിട്ടുന്നതിനായി അനേകം ദിവസം കാത്തിരിക്കേണ്ടിയിരിക്കുന്നു.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേററർ): മെംബർ പറഞ്ഞതിനെ ഖണ്ഡിക്കട്ടെ. അദ്ദേഹം പഴയ ചട്ടങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നു. ഭേദപ്പെടുത്തിയ ചട്ടങ്ങൾ അദ്ദേഹം അറിഞ്ഞിട്ടില്ലായിരിക്കാം.

മി. കെ. കെ. ഥാമസ് (കോട്ടയം): ഇതു എനിക്കുതന്നെ അനുഭവം ഉള്ള കാര്യമാണു്.

മി. ആർ. ധനുക്കോടിപ്പിള്ള (വനം കൺസർവേറ്റർ): മെംബർ പഴയ ചട്ടങ്ങളെക്കുറിച്ചു പറയുന്നു. ഈ ചട്ടങ്ങളെയും കമ്മററി ഭേദപ്പെടുത്തിയിരിക്കുന്നതു. മററു കക്ഷിയിൽ സംസാരിച്ച മെംബർമാരിൽ മിക്കവരും ഇതു അറിഞ്ഞിട്ടില്ലായിരിക്കാം. അവർ പറഞ്ഞുവന്നതിൽനിന്നു ഞാൻ ഊഹിക്കുന്നതു ഇതാണു.

മി. കെ. കെ. ഥാമസ് (കോട്ടയം): റവന്യൂഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഉള്ള ഏർപ്പാട് അത്രമാത്രമേ മാററിട്ടുള്ളു. വനം ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഉള്ള വൈഷമ്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടു. തടി കടത്തിക്കൊണ്ടുപോകുന്നതിനു പാസ് വേണ്ടിയിരിക്കുന്ന ഏർപ്പാടിനെ ഉടൻതന്നെ നിറുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിച്ചുവരുന്നു എന്നുവരികിലും ഈ രാജ്യത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ, അതായതു കോട്ടയം, ചങ്ങനാശ്ശേരി, ചേർത്തല മുതലായ സ്ഥലങ്ങളിൽ, പാർക്കുന്ന ജനങ്ങൾക്കു അവരുടെ സ്വന്തം ഭൂമിയിൽനിന്നു അവരുടെ സ്വന്തം തടി പുരപണിക്കായി മററായ വസ്തുവിലേക്കു കൊണ്ടുപോകുന്നതിലേക്കു പാസ് കിട്ടുന്നതിനു വലുതായ ഉപദ്രവം അനുഭവിക്കേണ്ടിയിരിക്കുന്നു. ഇതു പ്രാദേശിക-ഭരണത്തെ ഉദ്ദേശത്തെയും അതിനെ അനുസരിച്ചു ഉണ്ടാക്കിട്ടുള്ള ചട്ടങ്ങളെയും അടിസ്ഥാനപ്പെടുത്തിട്ടുള്ളതാകകൊണ്ടു കടത്തുവകയ്ക്കുള്ള പാസ് കളിപ്പാക തടിക്കായി ഉദ്ദേശിച്ചിട്ടുള്ളതാണോ എന്നുള്ള സംശയം ചട്ടങ്ങളെ വായിക്കുന്നതിൽ നിന്നു തോന്നുന്നു. തടി എന്ന പദം അതിൽ വച്ചിരിക്കുന്നു. ചേർത്തലയോ അമ്പലപ്പുഴയോ പോലെയുള്ള കടൽത്തീരപ്രദേശങ്ങളിൽ യാതൊരു വനാവിർത്തവും ചെയ്യുന്നതിനു യാതൊരു ഇടയുമില്ലാതിരിക്കെ ആ വിധം സ്ഥലങ്ങളിൽ ഈ പദത്തെ ഉപയോഗപ്പെടുത്തിവരുന്നു എന്നു വിശ്വസിക്കാൻ കാരണമുണ്ടു. ഈ സ്ഥിതിക്കു ഗവൺമെൻറിനു യാതൊരുവിധ ഗുണവും ഇല്ലാത്തതായി കാണപ്പെട്ടിരിക്കുന്നതും ജനങ്ങൾക്കു ഉപദ്രവജനകമായുള്ളതും ആയ ഈ കടത്തുപാസ് വച്ചുകൊണ്ടിരിക്കുന്നതിനെ ഉടൻതന്നെ നിറുത്തേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഈ പ്രമേയത്തെ അവലംബിക്കുന്നതിൽ വളരെ വലിയസന്തോഷം എനിക്കുണ്ടു.

മി. സി. കേരളവർമ്മകോയിൽതമ്പുരാൻ (ഇടവക): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തോടു എനിക്കു യോജിക്കുന്നതിനു നിവൃത്തിയില്ല. റിസർവ്വ് ഫാറസ്റ്റിൽ കിടക്കുന്ന തടികളുമായി അപഹരിക്കുന്നതുപോലെ സർക്കാർ ഖജനാവിൽ കിടക്കുന്ന പണം അപഹരിക്കാമെന്നുള്ളതു അത്ര എളുപ്പമല്ല. രണ്ടാമതു ഷാപ്പിൽ ഇരിക്കുന്ന സാമാനത്തെപ്പററിപറഞ്ഞു. ആ ഉപമയും ശരിയാണെന്നു എനിക്കു തോന്നുന്നില്ല. റിസർവ്വ് വനങ്ങളിലുള്ള തടികളെ സൂക്ഷിക്കാൻ ഇപ്പോൾ ഉള്ള ശമ്പളക്കാരെക്കൊണ്ടു മതിയാകയില്ല. ആ സ്ഥിതിക്കു ഫ്രീപാസ്സ് ഏർപ്പാടുനിറുത്തി ആളുകൾക്കു ഇഷ്ടംപോലെ തടികൊണ്ടുപോകാം എന്നുവന്നാൽ സർക്കാർതടികളും കളവായി കടത്തിക്കൊണ്ടുപോകുന്നതിനു സാധിക്കുന്നതാണു. ഇടവകക്കാർക്കും അതുനിമിത്തം ബുദ്ധിമുട്ടു ഉണ്ടാകുന്നുണ്ടു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇടവകക്കാരുടെവക വൃക്ഷങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിനു ഇടവക ഉടമസ്ഥന്മാരുടെ പാസ്‌വേണമോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): അതിനിപ്പോൾ പാസുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇടവകവസ്തു ഉടമസ്ഥന്മാരുടെ പാസ്സില്ലാതെ തടികൊണ്ടുപോയാൽ കേസു കൊടുക്കാറുണ്ടോ പറയുന്നതു?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ഇടവക ഉടമസ്ഥന്മാരുടെ പാസില്ലാതെ ഇടവകഭൂമികളിലുള്ള തടികൾ കൊണ്ടുപോകാൻ പാടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇടവകക്കുടിയാന്മാർ ഇതുനിമിത്തം ഉപദ്രവമായിരിക്കുന്നു എന്നു സങ്കടം പറയാറുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ചില സമയങ്ങളിൽ പറയാറുണ്ടു. അങ്ങനെയുള്ള സംഗതിയിൽ അതു ആലോചിക്കുകയും നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കാറുമുണ്ടു. പാസ്സേർപ്പാടു നിർത്താതെകണ്ടു പാസു എളുപ്പത്തിൽ കൊടുക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ ചെയ്തുകൊടുത്താൽ കുറെക്കൂടി നന്നായിരിക്കും എന്നാണു എനിക്കു തോന്നുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇടവകത്തടികൾ കൊണ്ടുപോകുന്നതിനു സർക്കാരിന്റെ പാസു ആവശ്യമില്ലേ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): സർക്കാരിന്റെ പാസു ആവശ്യമില്ല. ഇടവക ഉടമസ്ഥന്മാരുടെ പാസു മതി.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുടിയാനവന്മാർ പാസുകൂടാതെ തടികൊണ്ടുപോയതായി ഇടവകയിൽനിന്നും അവരുടെമേൽ കേസുകൊടുത്തിട്ടുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): അങ്ങനെ കേസുകൊടുത്തിരിക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ മെംബർ കേസുകൊടുത്തിട്ടുണ്ടോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ഇല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇടവകത്തടികൾ കൊണ്ടുപോകുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ പാസുവേണമോ?

മി. സി. കേരളവർമ്മ [illegible] (ഇടവക): ഇടവകസ്ഥലത്തെ സംബന്ധിച്ചിടത്തോളം ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ പാസ് ആവശ്യമില്ല [illegible] പറഞ്ഞു.

ഈ [illegible] ഏർപ്പാടു നിറുത്തിയാൽ ഗവണ്മെന്റു തടികൾ കളവായികൊണ്ടുപോകുന്നതിനു ഇടയാകുന്നതാണ്. [illegible] മാസ്റ്ററെ [illegible] എന്നുള്ള അഭിപ്രായക്കാരോടുകൂടി ഞാൻ മിസ്റ്റർ കുഞ്ഞിരാമൻ [illegible].

മി. [illegible] (ചെങ്ങന്നൂർ): ഈ [illegible] ഗവണ്മെന്റിന്റെ അഭിപ്രായം [illegible] ഒന്നാണോ?

പ്രസിഡണ്ട്: ഈ [illegible] അംഗങ്ങൾ [illegible] എന്നുള്ളതു [illegible] ഞാൻ [illegible].

മി. [illegible] പിള്ള ([illegible]): [illegible] ഗവണ്മെന്റിന്റെ [illegible] തങ്ങൾ [illegible].

മി. [illegible] പിള്ള ([illegible]): [illegible] വരുന്ന [illegible] ഗവണ്മെന്റിന്റെ [illegible] സ്വന്തം [illegible] തടി ഉപയോഗപ്പെടുത്തുന്നതിൽ [illegible] ഡിപ്പാർട്ടുമെന്റു [illegible] പ്രവേശിക്കാറില്ല എന്നു ഇതിനെ സംബന്ധിച്ചു [illegible] ഇപ്പോൾ പറയാൻ എനിക്കു കഴിയും.

[illegible] വസ്തുക്കളിൽ [illegible]. ഈ [illegible] സംബന്ധിച്ചു [illegible] ഞാൻ [illegible]. [illegible] ഗവണ്മെന്റിനു [illegible] എന്നു എനിക്കു അറിഞ്ഞുകൂടാ. [illegible] എല്ലാ [illegible] ചട്ടങ്ങൾ ഉണ്ടു. [illegible] തടിവെട്ടു [illegible] പ്രസിഡൻസിയാണ്. അതു [illegible] ഈ [illegible] ചതുരശ്രമൈൽ വിസ്താരം വരുന്ന [illegible] ഇത് എത്രത്തോളം ആവശ്യമാണെന്നു ഈ സഭയ്ക്കു ഊഹിക്കാൻ കഴിയും.

മി. [illegible] തൊമ്മൻ ([illegible]): കൊച്ചിയിലും ബ്രിട്ടീഷ്മലബാറിലും [illegible] വനത്തിൽനിന്നു [illegible] വനംവകയാണെന്നു തെളിയിക്കേണ്ടതായ ഭാരം വനം ഡിപ്പാർട്ടുമെന്റുകാർക്കാണെന്നു അറിയാമോ?

മി. ആർ. [illegible] പിള്ള (വനംകൺസർവേറ്റർ): തിരുവിതാംകോട്ടിലും അങ്ങനെതന്നെയാണ്.

മി. [illegible] തൊമ്മൻ ([illegible]): തടികൊണ്ടുപോകുന്നതിനു പാസില്ലെന്നല്ലാതെ മറ്റു തെളിവു ഒന്നുമില്ലെങ്കിലും ശിക്ഷിക്കാമോ?

മി. ആർ. [illegible] പിള്ള (വനംകൺസർവേറ്റർ): [illegible] പ്രകാരം തടി എവിടെ [illegible] പാസില്ലാത്തതു [illegible] ഗവണ്മെന്റിന്റേതാണെന്നു വിചാരിക്കേണ്ടതാണ്.

മി. [illegible] തൊമ്മൻ ([illegible]): [illegible] പാസില്ലാതെ കൊണ്ടുപോയാൽ ബ്രിട്ടീഷ്മലബാറിലും [illegible] ഗവണ്മെന്റു [illegible] നിന്നു [illegible] എന്നു തെളിയിച്ചാലല്ലാതെ [illegible] എന്നും അറിയാമോ?

മി. ആർ. [illegible] പിള്ള (വനംകൺസർവേറ്റർ): കൊച്ചിയിലെ സംഗതി എനിക്കറിഞ്ഞുകൂടാ. മലബാറിൽ [illegible].

[illegible] നമുക്കു വേറെയായ പ്രത്യേകമായ വൈഷമ്യങ്ങൾ ഉണ്ടു. [illegible] ഉണ്ട്. [illegible] വലിയ പ്രദേശങ്ങളും ഉണ്ട്. വടക്കൻ താലൂക്കുകളിൽ [illegible] ഒരു [illegible] മറ്റൊരു സ്ഥലത്തേക്കു [illegible] കൊണ്ടുപോകുന്നതിന് സമയം [illegible] തടിമുറിച്ചു [illegible] സാമ്പത്തികത്തിൽ [illegible] അവ [illegible].

മി. [illegible] (കൊല്ലം വടക്കു): ഈ [illegible] നടത്തുന്നതിൽ എത്ര അംശം ഫ്രീപാസ് ഏർപ്പാടിനാൽ നിറുത്തപ്പെട്ടിട്ടുണ്ട് എന്നു വനം കൺസർവേറ്റർക്കു പറയാൻ കഴിയുമോ?

മി. ആർ. [illegible] (വനംകൺസർവേറ്റർ): പകുതിയിലധികം.

മി. [illegible] (കോട്ടയം): എത്ര ഫ്രീപ്പാസുകൾ.

മി. [illegible] പിള്ള ([illegible]): ഞാൻ [illegible] ഒരു [illegible] എഴുന്നു. മെമ്പർ സ്വസ്ഥാനത്തു ഇരിക്കുന്നു (ചിരി).

മി. [illegible] (കോട്ടയം): (സ്വസ്ഥാനത്തു ഇരുന്നതിൽ പിന്നീടു) കോട്ടയം ഡിവിഷനിൽ എത്ര ഫ്രീപ്പാസ് [illegible] എന്നു പറഞ്ഞുതരാമോ?

മി. ആർ. [illegible] പിള്ള (വനംകൺസർവേറ്റർ): രേഖകൾ വരുത്തിയല്ലാതെ ഇതിനു മറുപടി പറയാൻ എനിക്കു കഴിവില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കുടിയക ഭൂമികളെ സംബന്ധിച്ച ഈ ഫ്രീപാസ് ചട്ടങ്ങൾ ജർമ്മനിയിൽ ഉണ്ടായിരിക്കുവാൻ ഇടയുണ്ടോ?

മി. ആർ. [illegible] പിള്ള (വനംകൺസർവേറ്റർ): ജർമ്മനിയിലും സർക്കാർ അല്ലാത്ത വസ്തുവിന്റെ ഉടമകന്മാർ അയൽപക്കത്തുള്ള ഫാറസ്റ്റാഫീസറുടെ പക്കൽനിന്നു പാസ് വാങ്ങേണ്ടതുണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള (കവിയൂർ വടക്ക): ജെർമനിയിൽ സമാചാരത്തിന്റെ മാതൃക കാണിക്കാവുന്ന നിലയിൽ കൺസർവേറ്റർ ഇരിക്കുന്നുവോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ജെർമനിയിൽ ഫോറസ്റ്റ് കേസുകൾ ആറുമാസത്തിൽ കഴിക്കൽ മാത്രമേ വിസ്തരിക്കാറുള്ളു. ഒരു ഫോറസ്റ്റ് മാസ്റ്റർ ആറുകേസുകളോളം കോർട്ടിൽ കൊണ്ടുപോകേണ്ടിയിരിക്കും നമുക്ക ഇവിടെ ആണ്ടിൽ ആയിരത്തിൽപരം കേസുകൾ തീർച്ചചെയ്യുന്നുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): ജർമനിയിൽ ഫ്രീപ്പാസിന അപേക്ഷകൊടുത്താൽ പാസ് കിട്ടുന്നതിന എത്രമാസംവേണം?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): നിശ്ചയമില്ല. നമുക്ക ഇപ്പഴത്തെ പുതിയചട്ടപ്രകാരം രണ്ടുമാസത്തിൽ കൂടുതൽ വേണ്ട.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): രണ്ടുമാസത്തിനകം കിട്ടിയില്ലെങ്കിൽ പിന്നത്തെ നടപടി എന്താണ്?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): രണ്ടുമാസത്തിനകം കിട്ടിയില്ലെങ്കിൽ ഡിവിഷനാഫീസരോട്ട പരാതിപ്പെടാം.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): ജർമനിയിലെ കാര്യമാണ ഞാൻ ചോദിച്ചത്.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതു എനിക്ക അറിഞ്ഞുകൂടാ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വളരെകാലം താമസിച്ചതിൽ പിന്നീട്ട മാത്രമേ ഫ്രീപാസ് കൊടുത്തിട്ടുള്ളതായി ഉദാഹരണങ്ങൾ വനംകൺസർവേറ്ററുടെ പരിശോധനത്തിൽ അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടോ എന്ന് ഞങ്ങൾ ശ്രീമാനിൽനിന്ന അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഞാൻ അതു പറയാൻ ഭാവിക്കുന്നുണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള (കവിയൂർ വടക്ക): ഫ്രീപാസ് നിരുത്തലാക്കിക്കളഞ്ഞാൽ വനംവക കുറ്റങ്ങളിൽ ൫൦ ശതമാനം ൧൦൦ ശതമാനമായി വർദ്ധിക്കുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഞാൻ പ്രസ്താവിച്ചതായ ൫൦ ശതമാനങ്ങൾ തടി വ്യാജമായി കൊണ്ടുപോകയും പാസില്ലാതെ കടത്തിക്കൊണ്ടുപോകയും ചെയ്യുന്നതായ കേസുകൾ മാത്രം ആകുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കവിയൂർ വടക്ക): ൫൦ ശതമാനം വർദ്ധിക്കുമോ എന്ന എനിക്ക അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഫ്രീപ്പാസ് ഏർപ്പാട്ട നിർത്തലാക്കിയാൽ ഈ ശതമാനം എത്രയെന്നില്ലാതെ വർദ്ധിക്കും.

മി. കെ. സി. മാമ്മൻമാപ്പിള (കവിയൂർ വടക്ക): ൧൦൦ ശതമാനത്തിൽ അധികമായി വർദ്ധിക്കുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതുവരെ അധികം കൂടിപ്പോകാം.

മി. തരിയത കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ജർമനിയിലും ഉൾനാട്ടുകാർ കടലോരങ്ങളിലുള്ള ഡെപ്പോവിൽനിന്നുതന്നെ തടിവാങ്ങി ഉൾനാട്ടിലേക്ക കൊണ്ടുപോകണമെന്നുണ്ടോ?

മി. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ജർമനിയിൽ കായൽ ഇല്ല.

മി. തരിയത കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കടൽതീരത്തുള്ള ഡെപ്പോവിൽനിന്നുതന്നെ വാങ്ങണം എന്നുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ജർമനിയിൽ സമുദ്രവുമില്ല.

മി. തരിയത കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ജർമനിയിൽ സമുദ്രം ഉണ്ടെന്നാണല്ലോ കേട്ടിട്ടുള്ളത്.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ). കുറച്ചുമാത്രമേയുള്ളു (ചിരി).

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കമ്മററിയുടെ റിപ്പോർട്ട് എപ്പോൾ ഗവർമെണ്ടിലേക്ക അയച്ചു എന്ന അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ൧൯൫൪ ഫെബ്രുവരി ൨൨-ന്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപ്പോൾ റിപ്പോർട്ട് ചട്ടങ്ങളോടൊന്നിച്ചയച്ചുവല്ലയോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതേ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റിപ്പോർട്ട് നക്കൽ ചട്ടങ്ങളോടൊന്നിച്ച അയച്ചില്ലാ എന്നും കമ്മിറ്റിയുടെ ചട്ടങ്ങളെമാത്രം ഗവർമെണ്ടിലേക്ക അയച്ചു എന്നും ൧൯൫൪ ജനുവരി ൨൫-നു ചോദിച്ച പ്രശ്നത്തിന് മറുപടിയായി ഈ സഭയിൽ ഗവർമെണ്ട പറഞ്ഞിട്ടുണ്ട എന്ന മെമ്പർക്ക അറിയാമോ?

മി. കെ. സി. മാമ്മൻമാപ്പിള (കവിയൂർ വടക്ക): റിപ്പോർട്ടഅയച്ചതിൽ പിന്നീട്ട അതിനെപ്പററി എന്തുചെയ്തുഎന്ന എനിക്ക അറിഞ്ഞുകൂടാഎന്ന കൺസർവേറ്റർ ഇപ്പോൾ പറഞ്ഞു. അദ്ദേഹം ഗവർമെണ്ടിന്റെപേരിലും ഗവർമെണ്ടിനവേണ്ടിയും സംസാരിക്കുന്നുവോ വനംഡിപ്പാർട്ടുമെണ്ടിന്റെ മേലധികാരിയായി സംസാരിക്കുന്നുവോ എന്ന അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): കമ്മിററി ഭേദപ്പെടുത്തിയതായ ചട്ടങ്ങളോടുകൂടി റിപ്പോർട്ട ഗവർമെണ്ടിലേക്ക അയക്കപ്പെട്ടു. ഇവ ഹെഡ്സർക്കാർവക്കീലിന്റെ അഭിപ്രായത്തിനായി അയക്കപ്പെട്ടു. പിന്നീട്ട ഗവർമെണ്ടിന്റെ അനുവാദത്തിന്മേൽ അവസാനമായി പ്രസിദ്ധപ്പെടുത്തപ്പെട്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): കമ്മിറ്റിയുടെ റിപ്പോർട്ട ഈ സഭയിലെ മെമ്പർമാരുടെയും പൊതുജനങ്ങളുടെയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തിട്ടുണ്ടോഎന്ന കൺസർവേറ്റർ നിശ്ചയമായി പറഞ്ഞുതരുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഇല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ സഭയിലെ മെംബർമാരുടെ അറിവിനായിട്ടെങ്കിലും റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തണംഎന്നുള്ള വല്ല ഉദ്ദേശ്യവും ഗവൺമെണ്ടിനു ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഗവൺമെണ്ടു അനുവദിച്ചപടിയുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ ചോദിക്കുന്നതു കമ്മിററിയുടെ ഉപദേശങ്ങളും അതിന്റെ റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തീട്ടുണ്ടോ എന്നും അല്ലെങ്കിൽ ഈ സഭയിലെ മെംബർമാരിൽ ചിലർ കമ്മിററിയിൽ ചേർന്നിരിക്കെ മെംബർമാരുടെ അറിവിലേക്കായിട്ടെങ്കിലും അതു പ്രസിദ്ധപ്പെടുത്തുമോ എന്നാണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ൧൯൨൮ ഫെബ്രുവരി ൨൨-ാംനു ഗവൺമെണ്ടു അവസാനമുത്തരവുകൊടുത്തു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ ഉത്തരവു ഞങ്ങൾക്കെല്ലാം അറിയാം. ഗവൺമെണ്ടിനുവേണ്ടി സംസാരിക്കുന്ന വനംകൺസർവേട്ടരിൽനിന്നു അറിയാൻ ഞാൻ ആവശ്യപ്പെടുന്നതായ ഒരേ വിവരം ഗവൺമെണ്ടു നിയമിച്ചതായ കമ്മിട്ടിയുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തണംഎന്നുള്ള വല്ല ഉദ്ദേശ്യവും ഗവൺമെണ്ടിനു ഉണ്ടോഎന്നുള്ളതാണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ആ സംഗതിക്കു മറുപടിപറയാനുള്ള നിലയിൽ ഞാൻ ഇരിക്കുന്നില്ല. കമ്മിററിയുടെ റിപ്പോർട്ടു ഗവൺമെണ്ടു പ്രസിദ്ധപ്പെടുത്താൻപോകുന്നുവോ ഇല്ലയോ എന്നുള്ളതു മെംബർ ഗവൺമെണ്ടിനോടു ചോദിച്ചറിയാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ പ്രമേയത്തിനു ചുമതലപ്പെട്ട മെംബറിൽനിന്നല്ലാതെ ഈ സഭയിൽ മററാരിൽനിന്നു ഈ വിവരം ഞങ്ങൾക്കറിയാൻകഴിയുംഎന്നു പറഞ്ഞുതരുമോ? ഗവൺമെണ്ടിനുവേണ്ടി ഈ പ്രമേയത്തിനു ചുമതലപ്പെട്ടിരിക്കുന്നതു മെംബർതന്നെയാണോ എന്നുംകൂടി അറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ടു: ഈ പ്രമേയത്തിനു എതിരായി സംസാരിക്കുവാൻ ഗവൺമെണ്ടു അദ്ദേഹത്തിനോടു ആജ്ഞാപിച്ചിട്ടുണ്ടു. റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെണ്ടിന്റെ ഉദ്ദേശം എന്താണെന്നു അദ്ദേഹത്തിനു അറിയാൻപാടില്ല. അതുകൊണ്ടു ആ വിവരം വനംകൺസർവേട്ടർഎന്ന സ്ഥാനത്തിൽ പറയാവുന്നനിലയിൽ അദ്ദേഹം ഇരിക്കുന്നില്ല. റിപ്പോർട്ടിനെ പ്രസിദ്ധപ്പെടുത്താമോ പാടില്ലയോഎന്നുള്ള പ്രശ്നത്തെ കഴിയുന്നവേഗത്തിൽ ഗവൺമെണ്ടു ആലോചനയ്ക്കായി എടുക്കുംഎന്നു മെംബറോടു ഉറപ്പുപറയുവാൻ എനിക്കു കഴിയും.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം—വടക്ക): കൺസർവേട്ടർ ഇപ്പോൾ പ്രസ്താവിച്ചതായ ചട്ടങ്ങളിൽ കമ്മിററിയെക്കുറിച്ചു വല്ല പ്രസ്താവവും ഉണ്ടോ അതല്ല അവ ഗവൺമെണ്ടു നടപ്പാക്കിയതായ ഏതുസംബന്ധമില്ലാത്ത ഒരുകൂട്ടം ചട്ടങ്ങളുമാണോ എന്നു ഞാൻ കൺസർവേട്ടരോടു ചോദിക്കട്ടെ? കമ്മിററിയുടെ ഉപദേശങ്ങളെ ഉൾക്കൊള്ളിച്ചു ഏതാനും ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു എന്നു കൺസർവേട്ടർ ചൂണ്ടിക്കാണിച്ചു. ഈ ചട്ടങ്ങളിൽ കമ്മിട്ടിയെക്കുറിച്ചു വല്ല പ്രസ്താവവും അടങ്ങിയിരിക്കുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ ഗവൺമെണ്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ചട്ടങ്ങൾ അനുവദിക്കാനായി കമ്മിട്ടി ഉപദേശിച്ചിട്ടുള്ള അതേ ചട്ടങ്ങൾതന്നെയാണോ എന്നു ഞാൻ ചോദിക്കട്ടെ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): അതേ; എന്നാൽ മിസ്റ്റർ തരിയതു കുഞ്ഞിത്തൊമ്മൻ വിസമ്മതമായി ഒരു കുറിപ്പു എഴുതീട്ടുണ്ടായിരുന്നു. അതു ഗവൺമെണ്ടു അംഗീകരിച്ചില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം-വടക്ക): കമ്മിററിയുടെ പരിശ്രമത്തിനു മതിയായിടത്തോളം ബഹുമാനം ഗവൺമെണ്ടു കാണിച്ചുവോഎന്നു ഞാൻ ചോദിക്കട്ടെ?

പ്രസിഡണ്ടു: ഇതു അഭിപ്രായസംബന്ധമായ പ്രശ്നമാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ ചട്ടങ്ങളെ ഗവൺമെണ്ടു ഭേദപ്പെടുത്തീട്ടില്ലയോ എന്നു ഞാൻ ചോദിക്കട്ടെ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അവയെ ഭേദപ്പെടുത്തീട്ടില്ല. മി. കുഞ്ഞിത്തൊമ്മനും മി. ഡൊമിനിക് തൊമ്മനും ഭിന്നാഭിപ്രായംഎഴുതിയിരുന്നു. ഗവൺമെണ്ടു ഭൂരിപക്ഷത്തിന്റെ റിപ്പോർട്ടിനെ അംഗീകരിച്ചു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): കുടികളുടെ മരം മുറിച്ചു ഉപയോഗിക്കുന്നതിനും പാസ് വേണംഎന്നുവച്ചിരിക്കുന്നു. അതുകൊണ്ടു വനത്തിലെ തടിമോഷണത്തിനു ഇതു കുറെക്കൂടി സൗകര്യമായിത്തീരുകയില്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ). തീരുന്നതല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ആ കമ്മിററിറിപ്പോർട്ടു കൗൺസിലിൽ അയക്കയോ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയോചെയ്തിട്ടില്ല എന്നറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഗവൺമെണ്ടിൽനിന്നു ചെയ്ത ഏതാനും ഭേദഗതികളോടുകൂടി ചട്ടങ്ങളെ ൧൯൨൮ ഫെബ്രുവരി ൨൨-ാംനു-യിലെ സർക്കാർഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നു ഗവൺമെണ്ടു ഒരു മറുപടിപറഞ്ഞിട്ടുള്ളതായി മെംബർ അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേട്ടർ): ഗവണ്മെണ്ടു ഉപദേശങ്ങളെ അംഗീകരിക്കുകയും

ഭൂരിപക്ഷറിപ്പോർട്ടിനെ അനുവദിക്കയുംചെയ്തു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇപ്പോഴത്തെ സഭാസമക്ഷം ഇരിക്കുന്ന പ്രശ്നത്തിൻെറ തൃപ്തികരമായ തീർച്ചക്ക് ആവശ്യമായ കമ്മററിയുടെ റിപ്പോർട്ട് ഗവൺമെൻറ് മേശപ്പുറത്തുവയ്ക്കുമോ?

പ്രസിഡണ്ട്: ആ സംഗതി ആലോചിക്കുന്നതാണെന്നു ഞാൻ ഇപ്പോൾതന്നെ വിവരിച്ചുപറഞ്ഞു.

മി. വി. സുബ്ബയ്യർ (ഗവൺമെൻറ് നിയമിച്ചമെംബർ-ഡിപ്പുട്ടിപ്രസിഡണ്ട്): കമ്മററിയുടെ ഉപദേശം ൧൧൨൨-ൽ അയച്ചിരിക്കെ ചട്ടങ്ങൾ ൧൧൨൪-ൽ പ്രസിദ്ധപ്പെടുത്തിയതെങ്ങനെ എന്ന മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞവാദത്തെ സംബന്ധിച്ച് കൺസർവേറ്റർക്കു വല്ലതും പറയാനുണ്ടോ എന്നു ഞാൻ ചോദിക്കട്ടെ? റിപ്പോർട്ടിനെ ആലോചിക്കാതെ ഗവൺമെൻറ് അപ്രകാരം ചെയ്യാൻ ഇടയില്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനം-കൺസർവേറ്റർ): ഞാൻ അതുപറയാൻ പോകുന്നു. ചട്ടങ്ങൾ റഗുലേഷനിലെ ആറാംവകുപ്പനുസരിച്ച് കല്പനപ്രകാരം അനുവദിച്ചതാണു. മി. കുഞ്ഞിത്തൊമ്മൻ തീയതിയുടെ കാര്യത്തിൽ തെററുവന്നിട്ടുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കമ്മററിയിലെ ഉദ്യോഗസ്ഥഭൂരിപക്ഷമോ അനുദ്യോഗസ്ഥഭൂരിപക്ഷമോ ഉണ്ടായിരുന്നതു?

മി. ആർ. ധനക്കോടിപ്പിള്ള (വനം-കൺസർവേറ്റർ): കമ്മിററിയിൽ ൪ അനുദ്യോഗസ്ഥന്മാരും ൩ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ അദ്ധ്യക്ഷൻ എന്നനിലയിലോ പ്രീപാസ് കമ്മററിയുടെ സംയോജകനെന്ന നിലയിലൊ കമ്മററികൊടുത്തിട്ടുള്ള റിപ്പോർട്ടിനെപ്പററിയോ ആലോചിക്കേണ്ടതാരുമില്ലെ?

മി. ആർ. ധനക്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതു എൻെറ കടമയല്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കഴിഞ്ഞസഭയിൽ വാദപ്രതിവാദം നടത്തപ്പെട്ട ഒരുപ്രമേയം ആലോചിക്കാതെ നിറുത്തിവച്ചിരിക്കുന്നതു പ്രീപാസ്കമ്മററിയുടെ റിപ്പോർട്ടിനെ പ്രതീക്ഷിച്ചിരിക്കുന്നതുകൊണ്ടാണെന്നു മെംബർക്കറിയാം.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അല്ലാ അതുപോലെയല്ല ആ സംഗതിയെ വീണ്ടും അതേ കമ്മററിക്കു അയച്ചു. ആലോചന മറെറാരു അവസരത്തിലേക്കു നിറുത്തിവച്ചിരിക്കുന്നതായി എനിക്കറിഞ്ഞുകൂട.

കുടികളുടെവക തടികൾക്കു പാസ്കൊടുക്കുന്നതിനെക്കുറിച്ചുള്ള വാസ്തവത്തിൽ ചിലഏർപ്പാടുകളുണ്ടായിരുന്നിട്ടുണ്ട്. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ ൧൦൭൯-ാമാണ്ടിലാണു പരാതി ആദ്യമായിഉണ്ടായതു. അപ്പോൾ വനംഡിപ്പാർട്ടുമെണ്ടു സ്വയമേവ ചട്ടങ്ങൾഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ഇവ ജനങ്ങൾക്കു കഷ്ടതയെ ജനിപ്പിക്കുന്നതായി കാണപ്പെട്ടു. ൧൦൮൪-ാംവർഷത്തിൽ ഒരുകൂട്ടം പുതിയചട്ടങ്ങളുണ്ടാക്കി. എന്നാൽ ഈ ചട്ടങ്ങളും വാസ്തവത്തിൽ വനങ്ങളില്ലാത്തതായ പ്രദേശങ്ങളിൽ ദോഷകരമായി പ്രവർത്തിക്കുന്നതായി അനുഭവത്തിൽ കാണപ്പെട്ടു. പിന്നീടു ഈസഭയിൽ ഏതാനും പ്രശ്നങ്ങൾ ഉണ്ടായതിൻെറ ഫലമായി ഒരിക്കൽകൂടി ഈ സംഗതിയെക്കുറിച്ചു അന്വേഷിക്കുന്നതായി ഒരുകമ്മററി ൧൦൯൨-ാംവർഷം ആരംഭത്തിൽ ഗവൺമെണ്ടു നിയമിച്ചു. ഈ കമ്മററിയിൽ സഭ തിരഞ്ഞെടുത്തതായി നാലുമെംബർമാരും അഞ്ചു ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരിൽ ലാൻഡുറവന്യൂകമ്മീഷണരും സീനിയർ ഡിവിഷൻപേഷ്കാരും മെംബർമാരായിരുന്നു. കമ്മററി ഈവിഷയത്തെ സർവതോമുഖമായി പര്യാലോചിച്ചു മി. കുഞ്ഞിത്തൊമ്മനും മി. ധാമനിക്തൊമ്മനും ഒഴികെ മെംബർമാരിൽ ഭൂരിപക്ഷക്കാരും കുടവകതടിക്കു പാസ്കൊടുക്കുന്ന ഏർപ്പാടു വേണ്ടതുതന്നെ എന്നു അഭിപ്രായപ്പെട്ടു എന്നുമാത്രമല്ല ഇപ്പോൾഉള്ളതായ ചട്ടങ്ങൾ ജനങ്ങൾക്കു ദോഷകരമായി പ്രവർത്തിച്ചിരുന്നതുകൊണ്ടു അവയെ ഭേദപ്പെടുത്തണമെന്നും എല്ലാവരുംസമ്മതിച്ചു. ഇപ്പോൾ സഭാസമക്ഷം പ്രസ്താവിച്ചതുപോലെയുള്ള സംഗതികളേയും ആലോചിച്ചു. ചിലഇനം തടികളെ ചട്ടങ്ങളുടെ പ്രവർത്തനത്തിൽനിന്നു വിടുർത്തണമെന്നു തെക്കൻതിരുവിതാംകോട്ടു മെംബർമാരിൽ ഒരാൾപറഞ്ഞു. അതിനുണ്ടാവും ആഞ്ഞിലിയും കമ്മററിവിടുർത്തി. അതു കുടികൾ അനുഭവിച്ചുവന്നിരുന്നതായ കഷ്ടങ്ങളിൽ പകുതിയോളംഇല്ലാതാക്കി. കമ്മററിയുടെ അറിവിൽകൊണ്ടുവന്നതായ മറെറാരുസംഗതി പാർവത്യകാർ ശരിയാണെന്നു കാണിച്ചുകൊടുക്കുന്ന പടങ്ങളെ സംബന്ധിച്ചായിരുന്നു. ഇന്നവസ്തുവാണെന്നു എളുപ്പത്തിൽ സ്ഥലംഅറിഞ്ഞു നിർണ്ണയിക്കാവുന്ന സംഗതികളിൽ പാർവത്യകാരുടെപക്കൽനിന്നു പടംവേണമെന്നു നിർബന്ധിക്കേണ്ടായെന്നും നിശ്ചയിച്ചു. ഇതുകഷ്ടത്തിൽ മറെറാരംശത്തേയും ഇല്ലാതാക്കി.

മി. കെ. കെ. തോമസ് (കോട്ടയം): പടം ആവശ്യപ്പെടാതിരിക്കുന്ന സംഗതികളിൽ സ്ഥലംനിർണ്ണയിച്ചു വന്നതെങ്ങനെഎന്നു പറഞ്ഞുതരുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): രാജ്യംമുഴുവനേയും അരണ്യപ്രായംഎന്നും അനാരണ്യപ്രായമെന്നും അളന്നുതിരിച്ചു തിരിച്ചു രണ്ടുഭാഗമായി വീതിച്ചിരിക്കുന്നു. ഒരം അതിനുപുറമെ മുള്ളപ്രദേശങ്ങളിൽ റേഞ്ചാഫീസർ ബോദ്ധ്യംവന്നാൽ പാസ്കൊടുക്കുന്നതിനു അദ്ദേഹത്തിനെ അധികാരപ്പെടുത്തീട്ടുണ്ടു. അധികംഎം സംഗതികളിലും താമസത്തിനുള്ള കാരണത്തെ ഇതു കുറവാക്കീട്ടുണ്ടു അതിർത്തിക്കുള്ളിലുള്ള സ്ഥലങ്ങൾക്കു പാർവത്യകാരുടെ സർട്ടിഫിക്കട്ടു ആവശ്യമാണു. എന്നാൽ സ്ഥലം ഇന്നതാണെന്നു റേഞ്ചാഫീസർക്കുതന്നെ നിർണ്ണയിക്കാൻ കഴിയുമെങ്കിൽ ആ സർട്ടിഫിക്കട്ടു വേണ്ടതാണെന്നു നിർബന്ധിക്കയില്ല. സ്ഥലം ഇന്നതാണെന്നു റേഞ്ചാഫീസർക്കു നിർണ്ണയിക്കാൻ കഴിവില്ലെങ്കിൽ അദ്ദേഹംതന്നെ നേരിട്ടു പാർവത്യകാരോടു റിപ്പോർട്ടിനു അപേക്ഷിക്കണം. പഴയചട്ടപ്രകാരം കക്ഷി അപേക്ഷിക്കണമെന്നു വച്ചിരുന്നു; കഴിയുന്നവേഗത്തിൽ വിവരമെഴുതിഅയക്കുവാൻ പാർവത്യകാരൻ കടമപ്പെട്ടിരിക്കുന്നു. മനഃപൂർവം താമസംവരുത്തുന്നപാർവത്യകാരനെ ശിക്ഷിക്കുന്നതാണെന്നു മി. റാബിൻസൺ കമ്മററിയോടു ഉറപ്പുപറഞ്ഞിട്ടുണ്ടു.

മുളയ്ക്കും കരിക്കുമുള്ള പാസിൻെറ കാര്യത്തിൽ പാസ വാങ്ങിക്കുംമുമ്പേ കരി തയാറാക്കി എടുക്കേണ്ടതായ ആവശ്യംഇല്ലായെന്നു തീർച്ചചെയ്തിട്ടുണ്ടു. പാസിനു അപേക്ഷിച്ചിരിക്കുന്ന അളവിൽ കരി അപേക്ഷിതസ്ഥലത്തുണ്ടാകുമെന്നു ഡിവിഷനാഫീസർക്കു ബോദ്ധ്യപ്പെട്ടാൽ പാസ്കൊടുക്കാൻ അദ്ദേഹത്തിനും അധികാരംകൊടു

ത്തിട്ടുണ്ട്. മുമ്പു പാസ്കൊടുക്കുന്ന ഉദ്യോഗസ്ഥൻ ആദ്യം തഹശീൽദാർമാർ ആയിരുന്നു. എന്നാൽ ഇപ്പോൾ പാസ്കൊടുക്കുന്നതിനു റേഞ്ചാഫീസർക്കും അധികാരം കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങളിൽ റേഞ്ചാഫീസർമാർക്ക പാസ്കൊടുക്കാം എന്നു തീർച്ചചെയ്തു. ചില സംഗതികളിൽ അഡീഷണൽ ഫാറസ്റ്റാഫീസർമാർക്ക അപേക്ഷകന്നു പാസ്കൊടുക്കാം. പാസ്കൊടുക്കുന്നതു സംബന്ധിച്ചുള്ള പഴയ ചട്ടങ്ങളെ ഭേദപ്പെടുത്തുകയും വിവരത്തിനു ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു അയക്കയും ചെയ്തിട്ടുണ്ട്. മി. കുഞ്ഞിത്തൊമ്മൻ ഒരു ഭിന്നാഭിപ്രായം എഴുതീട്ടുണ്ട്. പാർശ്വകാരന്മാർ പാസ്കൊടുക്കുന്ന കാര്യത്തിൽ ഏതാനും വൈഷമ്യങ്ങൾ അനുഭവിക്കപ്പെട്ടിട്ടുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ ചട്ടങ്ങൾ പരസ്യപ്പെടുത്തിയതു ഏതുമാസം എത്രാംതീയതിയിലാണ് എന്നു ഗസററിൽ ഉണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): അതു അച്ചടിച്ചിട്ടുണ്ട്;

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) ഗസററിലുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): ഉണ്ടായിരിക്കണം. "ഹജൂർകച്ചേരി, തിരുവനന്തപുരം ൧൦൯൬ ജാനുവരി" എന്നുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു ഗസററിൽ ഇല്ല. ൧൦൯൬ എന്നല്ലാതെ മാസം തീയതി വച്ചിട്ടില്ല. ഇതാ ഗസററ.

(ഗസററ കാണിക്കുന്നു)

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ) മി. കുഞ്ഞിത്തൊമ്മനും മി. ഡാമിനിക്തൊമ്മനും ഭിന്നാഭിപ്രായം ഉള്ളവരായിരുന്നു: അവർ പ്രത്യേകം കുറിച്ചു എഴുതിയയച്ചു. അതിനെ ഭൂരിപക്ഷം മെംബർമാർ അംഗീകരിച്ചില്ല. അവ ൧൦൯൬ ജാനുവരിമാസം മുതൽ ഊർജ്ജിതത്തിൽ വരികയുംചെയ്തു. പുതിയ ചട്ടങ്ങളുടെ പ്രവൃത്തനത്തെപ്പററി താമസക്കാരെക്കുറിച്ചു യാതൊരു പരാതിയും ഈ സഭയിലെ മെംബർമാരിൽ യാതൊരാളും എന്റെ അറിവിൽകൊണ്ടുവന്നിട്ടില്ല. ഈ ചട്ടം ഇപ്പോൾ ഒന്നരക്കൊല്ലം കാലമായി നടപ്പിൽ ഇരിക്കുന്നു. ഈ ചട്ടങ്ങൾ വ്യാജമായി ചരക്കുകൊണ്ടുപോകുന്നതിനും ജനങ്ങൾക്ക പ്രേരകം ആയിരിക്കുന്നു എന്നും പാസ്കൊടുക്കുന്നതിനു നിയുക്തരായ ക്ലാർക്കുകൾ ജനങ്ങളെ പീഡിപ്പിച്ചുവരുന്നു എന്നും മി. മാമ്മൻമാപ്പിള പറയുകയായിരുന്നു പഴയചട്ടത്തിൻപടി അദ്ദേഹത്തിന്റെ നിരൂപണത്തിൽ അല്പം സത്യം ഉണ്ടായിരിക്കാം. ഭേദപ്പെടുത്തിയ ചട്ടങ്ങൾ തൃപ്തികരമായി നടന്നുവരുന്നു. ഈ ചട്ടങ്ങൾ അപേക്ഷകന്മാർക്ക യാതൊരുവിധത്തിലുള്ള ഉപദ്രവവും ഉണ്ടാക്കുന്നില്ല എന്നും എന്റെ അന്വേഷണത്തിൽ ഞാൻ കാണുന്നു. ഡിവിഷണൽആഫീസർമാരിൽനിന്നും ഞാൻ സ്വയമായി അന്വേഷിച്ചതിലും ഇപ്രകാരം അറിവുകിട്ടിയിരിക്കെ മി. മാമ്മൻമാപ്പിളയുടെ നിരൂപണങ്ങൾക്കു എന്തു വിലഞാൻ കല്പിക്കണം എന്നു എനിക്കു അറിഞ്ഞുകൂടാ.

പ്രസിഡെണ്ട്: ഇതു കഷ്ടമായ കാര്യമാണെന്നു പറഞ്ഞു ആരംഭിച്ചുകൊണ്ടു മി. മാമ്മൻമാപ്പിള ഉടൻതന്നെ സഭാസാമാജികരായ ഒരു ദോഷാരോപണംചെയ്യാൻ തുടങ്ങി എന്നു നിങ്ങൾ ഓർമ്മിക്കുന്നുവോ?

മി. കെ. കെ. തോമസ് (കോട്ടയം): പുതിയചട്ടങ്ങൾ ഊർജ്ജിതത്തിൽ വന്നിട്ടു എത്രകാലം ആയി എന്നു പറഞ്ഞുതരുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): ഒന്നരക്കൊല്ലത്തോളം ആയി.

മി. കെ. കെ. തോമസ് (കോട്ടയം): ഫ്രീപാസ്കിട്ടണംഎന്നു എത്ര അപേക്ഷകൾ ഉണ്ടായിരുന്നു എന്നു പറഞ്ഞുതരുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): എനിക്കു അറിഞ്ഞുകൂടാ. പുതിയചട്ടങ്ങൾ വളരെ ശാന്തമായി പ്രവൃത്തിച്ചുവരുന്നു എന്നു ഡിവിഷൻ ഫാറസ്റ്റ്ആഫീസർമാർ എഴുതി ബോധിപ്പിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളുടെ പ്രവൃത്തനത്തെ വളരെ ജാഗ്രതയായി അപേക്ഷിച്ചുകൊണ്ടിരിക്കുന്ന എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ജനങ്ങൾക്കു വല്ല സങ്കടവും നേരിട്ടിട്ടുള്ളതായി യാതൊരു സംഗതിയും പറഞ്ഞിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ റെഗുലേഷന്റെ പ്രവൃത്തനത്തിൽനിന്നു എത്രയാളുകളെ ഒഴിവാക്കീട്ടുണ്ടെന്നു പറഞ്ഞുതരുമോ?

മി. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): എനിക്കു അറിഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ പാസ് കൊടുക്കുന്നയാൾ ഞാൻ അല്ല. ആവശ്യം ആണെങ്കിൽ ഞാൻ ഡിവിഷണൽ ആഫീസർമാരോടു ചോദിക്കാം

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഫ്രീപാസ്കൊടുക്കുന്നതിനെ എത്രകാലത്തേക്കു താമസിപ്പിച്ചുവെക്കാം

മി. ആർ ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): ചട്ടം അനുസരിച്ചു രണ്ടുമാസത്തിലധികം താമസിപ്പിച്ചുകൂടാ. രണ്ടുമാസം ആണ് ഏററവുംകൂടിയ കാലം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) വാസ്തവത്തിൽ ഉള്ള പ്രവൃത്തനത്തിൽ ഒരു ഫ്രീപാസ് കൊടുക്കുന്നതിനു ആവശ്യപ്പെടുന്നതായ സാധാരണകാലം എന്തു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): രണ്ടാഴ്ചവട്ടം ആയിരിക്കാം. അതിൽ കൂടുതലും ആയിരിക്കാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തടിക്കുള്ള പാസ് കൊടുത്തിട്ടുള്ള ഉദ്ദേശകാലാവധി ഏതാണെന്നു മെംബർക്ക പറയാൻ കഴിയുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവെട്ടർ): ആ വിവരം എഴുതിയയച്ചു വരുത്തിയല്ലാതെ എനിക്കു പറയാൻ കഴികയില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടുനിയമിച്ച മെമ്പർ) (ഡിപ്യൂട്ടിപ്രസിഡെണ്ട്): രണ്ടുമാസം കാലത്തിനുള്ളിൽ പാസ് കൊടുത്തില്ലെങ്കിൽ ചെറുദേവാലയങ്ങൾ കെട്ടുന്നതിനുള്ള അപേക്ഷകളുടെ കാര്യത്തിൽ

എന്നപോലെ ഉടമസ്ഥൻ തടി മാററിക്കൊണ്ടുപോകുന്നതിൽ യാതൊരു ആക്ഷേപവും ഗവൺമെണ്ടിനു ഉണ്ടായിരിക്കുന്നതല്ല എന്നു ഒരു വാദം മി. തരിയതു കുഞ്ഞിത്തൊമ്മൻ പറഞ്ഞു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവെട്ടർ): ആ നിർദ്ദേശത്തെ ആ കമ്മിറ്റിയിലെ ഭൂരിപക്ഷം മെമ്പർമാർ അംഗീകരിച്ചില്ല. രണ്ടുമാസം കാലത്തിനുള്ളിൽ ഒരു കക്ഷിക്കു ഫ്റീപാസ് കിട്ടാൻകഴിയും,

മി. വി. സുബ്ബയ്യർ (ഗവൺമെണ്ടുനിയമിച്ചമെമ്പർ), (ഡിപ്പ്യൂട്ടി പ്രസിഡണ്ട്), രണ്ടുമാസം കഴിയുംമുമ്പേ ഫ്റീപാസ് കൊടുക്കയാണെങ്കിൽ ഗവൺമെണ്ടിനു യാതൊരുവിധനഷ്ടവും ഉണ്ടാവുകയില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവെട്ടർ): ഫ്റീപാസ് കിട്ടുന്നകാര്യത്തിൽ വല്ല താമസവുമുണ്ടെന്നുവരികിൽ ആ വസ്തുത ഡിവിഷനൽ ഫാറസ്റ്റാഫീസരേയും കൺസർവേട്ടരേയും അറിയിക്കാവുന്നതാണ്. അതിലേക്കു ചട്ടങ്ങളിൽ വ്യവസ്ഥ ഞങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ അധികാരസ്ഥന്മാരിൽനിന്നു ഒരു പാസ് ഇല്ലാതെതന്നെ ഉടമസ്ഥൻ രണ്ടുമാസം കഴിഞ്ഞിട്ടു തടികൾ മാററിക്കൊണ്ടുപോകുന്ന കാര്യം ആകട്ടെ ഗവൺമെണ്ടു തീർച്ചപ്പെടുത്തേണ്ടതായ സംഗതിയാണ്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും), കമ്മിറ്റിയുടെ ഭൂരിപക്ഷാഭിപ്രായത്തെയോ ന്യൂനപക്ഷാഭിപ്രായത്തെയോ അനുസരിച്ചാണ് പുതിയ ചട്ടങ്ങൾ ഉണ്ടാക്കിട്ടുള്ളത് എന്നു ചട്ടങ്ങളിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): മി. പി. കെ. നാരായണപിള്ളയുടെ ഇതേ ചോദ്യത്തിനു മറുപടിപറഞ്ഞിട്ടുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മരുതു, വെണ്തേക്കു, മുള മുതലായ വൃക്ഷങ്ങൾക്കു പാസ് വേണ്ട എന്നു അനുദ്യോഗസ്ഥമെമ്പർമാർ പ്രത്യേകം ഒരു റിപ്പോർട്ടയക്കു ഉണ്ടായിട്ടില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): കമ്മിററിയുടെ തീരുമാനം ഇങ്ങനെയാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പാസിനപേക്ഷിച്ചാൽ പഴയചട്ടമനുസരിച്ചു മൂന്നു മാസത്തിനുള്ളിൽ പാസ് കൊടുക്കണമെന്നു വ്യവസ്ഥ ഉണ്ടായിരുന്നല്ലോ. ഇപ്പോൾ ഭേദപ്പെടുത്തിയതിനുമുമ്പു അങ്ങനെയാണൊ നടത്തിക്കൊണ്ടിരുന്നതു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അങ്ങനെയായിരിക്കും.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ വ്യവസ്ഥയനുസരിച്ചു ൧൦൦-നു ൩ അപേക്ഷയെങ്കിലും അങ്ങനെ കൊടുത്തിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ) ചിലതിനെല്ലാം എതാനുംകുറച്ചും കുഴപ്പം ഉണ്ടായിരിക്കും.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൦൦-നു ൩ വീതം എങ്കിലും കുഴപ്പം ഇല്ലാത്തതില്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അതു തിട്ടമായി പറയാൻ സാധിക്കയില്ല.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കൌൺസിലിൽ ഇതിനെസംബന്ധിച്ചു ചോദിച്ചതിൽ ശരിയായും മറുപടി കിട്ടിയില്ലെന്നറിയാമൊ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അതു എനിക്കു അറിഞ്ഞുകൂടാ.

ഗവൺമെണ്ടുവക വനങ്ങളെ പരിരക്ഷിക്കേണ്ടതു ഗവൺമെണ്ടിന്റെ കടമ ആണെന്നു ചില മെമ്പർമാർ പറഞ്ഞു. അതു അത്ര ലഘുവായ കാര്യം അല്ല. നമുക്കു ഇവിടെ ൨൫൦൦ ചതുരശ്രമൈൽ വിസ്താരമുള്ള ആരണ്യങ്ങൾ ഉണ്ട്. ൫൦൦ ചതുരശ്രമൈൽ വിസ്താരം പ്രദേശത്തെ കാര്യങ്ങൾ നോക്കുന്നതിനു ഒരു ഉദ്യോഗസ്ഥൻ വീതമെ ഉള്ളു. അത്ര വിശാലമായ സ്ഥലത്തെ കാര്യം മുഴുവനും നോക്കുന്നതിനു പ്രത്യേകിച്ചും വൃക്ഷമായി സാമാനങ്ങൾ കൊണ്ടുപോകുന്നതിനുള്ള സൌകര്യങ്ങൾ അത്ര അസംഖ്യങ്ങൾ ആയിരിക്കെ രാജ്യകൊണ്ടു ശക്യം അല്ല. അപ്രകാരം ഇരിക്കേണ്ടതാണെന്നു മെമ്പർമാർക്കു അഭിപ്രായം ഉണ്ടെന്നുവരികിൽ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂടുതൽ ആയിരിക്കണം. അതായതു ആണ്ടൊന്നുക്കു ൫൦,൦൦൦ രൂപാ കൂടുതൽചിലവുവേണ്ടിവരും. കീഴ്ജീവനക്കാരുടെ എണ്ണത്തെ ഞാൻ സന്തോഷമായി ഇരട്ടിക്കുന്നേയുള്ളു.

മി. സി. പി. തരകൻ (കുന്നത്തുനാട്): സ്വതന്ത്രതടിയെ ചട്ടങ്ങളിൽനിന്നും ഒഴിവാക്കിട്ടില്ലേ.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഉണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ആ വിധം തടി മോഷണംപോയാൽ എങ്ങനെ അറിയും.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഈ ഇനംതടികൾ അധികമായി ഇപ്പോൾ റിസർവ് ഫാറസ്റ്റിൽ ഇല്ല.

മി. സി. പി. തരകൻ (കുന്നത്തുനാട്): കുറച്ചെങ്കിലും ഇല്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അവകളെ മുറിച്ചു മാററുന്നുണ്ട്.

മി. സി. പി. തരകൻ (കുന്നത്തുനാട്): അങ്ങനെയാണെങ്കിൽ ഇതുവരെ ജനങ്ങളുടെ അവകാശത്തെ തടഞ്ഞതിനുകാരണമെന്താണു?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ചില ഇനം വൃക്ഷങ്ങൾ തീരെ ഇല്ലാതെയായിക്കൊള്ളട്ടെ എന്നു വിചാരിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പർ നടപടിക്രമം അനുസരിക്കുന്നുണ്ടോ? ഇതിനുമുമ്പിൽതന്നെ എത്രയോ ചോദ്യങ്ങൾക്കു മറുപടി പറയേണ്ടിയിരിക്കുന്നു.

കൺസർവേറററോടു ഒന്നിച്ചധികം അവസര

പ്രസിഡണ്ട്: ഏതു സമയത്തിൽ അര ഡസൻ ചോദ്യങ്ങൾ ങ്ങളിൽ ചോദിക്കുന്നുണ്ട്. ഭാഗ്യവശാൽ ഇപ്പോൾ മൂന്നു ചോദ്യങ്ങളെ ഉള്ളു. ഇവയിൽ ഏതു ചോദ്യത്തിനാ കിലും അദ്ദേഹത്തിന്റെ യുക്തംപോലെ മറുപടി പറയാം എന്നു ഞാൻ തീർച്ചചെയ്യുന്നു.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഫ്റീപാസ് കൊടുക്കുന്നതിനു പാർവത്യകാരരോടു ഉത്തരവാദം സ്വീകരിക്കുംഎന്നുവരികിൽ എനിക്കു ആ ആജ്ഞാപിക്കാം. ഇക്കാര്യത്തിൽ മി. റാബിൻസൻ ആക്ഷേപം ഒന്നും ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു വളരെ പ്രധാനപ്പെട്ട വ്യവസ്ഥികവാദം ഈ സഭാസമക്ഷം പുറപ്പെടുവിച്ചിരിക്കുന്നു എന്നു ഞാൻ അറിയിക്കുന്നു. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എന്നാൽ അതിന്റെ കാര്യമാത്രഗതത്തെസംബന്ധിച്ചല്ല. ഈ പ്രധാനപ്പെട്ട വ്യവസ്ഥിക വാദത്തിൽ ആണ് എന്റെ പ്രതിഷേധം. ഏർപ്പാടിന്റെ നടത്തിപ്പിനെ പ്രതികൂലമായി ജനങ്ങൾ നിവേദിച്ചിട്ടുകയായിരുന്നു. ആ വിഷയത്തെപ്പറ്റി ഈ സഭയിൽ അനേകം മെംബർ ആക്ഷേപിച്ചുംകൂടുന്നു. ഇതുസംബന്ധമായി വല്ലതും ചെയ്യേണ്ടതു ആവശ്യം ആണെന്നു കണ്ട ഗവൺമെണ്ടു ഒരു കമ്മറ്റിയെ നിയമിച്ചു. ഈ സഭയിലെ പ്രതിനിധികളെ ആ കമ്മറ്റിയിലെ മെംബരായിരിക്കാൻ തെരഞ്ഞെടുത്തു. ആ കമ്മിററി റിപ്പോർട്ടു തയ്യാറാക്കി ഗവൺമെണ്ടിൽ സമർപ്പിച്ചു. ഈസഭയിലെ തെരഞ്ഞെടുക്കപ്പെട്ട മെംബർമാർ തയ്യാറാക്കിയതു ഗവൺമെണ്ടിലേക്കു അയച്ചതും ആയ റിപ്പോർട്ടു ഇന്നതാണെന്നു അറിയുന്നതിനു ഈസഭയിലെ മെംബർമാർക്കു അവകാശം ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു. അവർക്കു ആ അവകാശം ഉണ്ട് എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ആ റിപ്പോർട്ടിനെ ഈ സഭയിലെ മെംബർമാരുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതുവരെ ഈപ്രമേയത്തിന്റെ വാദപ്രതിവാദം മാററിവെക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ഈ സഭയുടെ പ്രതിഷ്ഠയെ പരിരക്ഷിക്കേണ്ടതു ഈ സഭയിലെ ഓരോ ജനനിയുക്തനായ മെംബരുടേയും ധർമ്മം ആകുന്നു. ഇക്കാരണത്തിന്മേൽ ഞാൻ ഈ പ്രമേയത്തെ എതിർക്കയും ഈ പ്രമേയത്തിന്റെ വാദപ്രതിവാദത്തെ മാററിവെക്കാം എന്നു നിർദ്ദേശിക്കയും ചെയ്യുന്നു.

മി. ജെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഏതു ചട്ടം അല്ലെങ്കിൽ സ്ഥിരാജ്ഞ അനുസരിച്ചാണു ഈ പ്രമേയം ഹാജരാക്കപ്പെട്ടിരിക്കുന്നതു എന്നു പറഞ്ഞുതരുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൫൭-ാം നമ്പർ സ്ഥിരാജ്ഞ അതു ഇപ്രകാരം ആകുന്നു.

"വല്ല മീററിങ്ങിനെയോ അതിലെ പ്രവൃത്തിയേയോ നിർത്തിവെക്കാം എന്നാകട്ടെ മറെറാരു നേരത്തേക്കു മാററിവെക്കാം എന്നാകട്ടെ കാര്യപരിപാടിയിൽ പുറമേ, ഇതിനടുത്തുള്ള വിഷയത്തിൽ സഭ പ്രവേശിക്കാം എന്നാകട്ടെ ഉള്ള ഉപക്ഷേപം ഏതുകാലത്തും മുന്നറിയിപ്പില്ലാതെയും ഒരു ഭിന്നമായ വിഷയമായി ഹാജരാക്കാവുന്നതാകുന്നു. എന്നാൽ ഒരു പ്രസംഗത്തെ തടഞ്ഞുകൊണ്ട് ഹാജരാക്കിക്കൂടാ. ഈ ഉപക്ഷേപം അനുവദിക്കപ്പെട്ടാൽ അതനുസരിച്ചു യോഗത്തേയോ യോഗപ്രവൃത്തിയേയോ നിറുത്തിവയ്ക്കയോ മാററിവെക്കയോ ചെയ്യേണ്ടതും അല്ലെങ്കിൽ അനുവദിച്ച ഉപക്ഷേപം കാര്യപരിപാടിയിൽ അടുത്ത വിഷയത്തിലേക്കു സഭ പ്രവേശിക്കണം എന്നുള്ളതായിരുന്നാൽ വാദപ്രതിവാദം നടന്നുവരുന്ന വിഷയം തീർച്ചചെയ്തതായി ഗണിക്കേണ്ടതും ആകുന്നു"

പ്രെസിഡണ്ടു: ഈ സഭയിലെ അനൗദ്യോഗസ്ഥമെംബർമാരും ചേർന്നിരുന്നതായ ഒരു കമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഗവർൺമെണ്ട് നടത്തിയ നടപടികളെ സംബന്ധിച്ച വിവരം അറിയണം എന്നും ആ റിപ്പോർട്ടിനെ പ്രസിദ്ധപ്പെടുത്തണം എന്നും നിർബന്ധിക്കുവാൻ ഈ സഭയ്ക്കു അവകാശം ഉണ്ടോ എന്നുള്ള വാദം ചിറയിൻകീഴിലേക്കുള്ള മെംബർ പുറപ്പെടുവിച്ചിരിക്കുന്നു. ആ വാദത്തെ തീർച്ചചെയ്യുന്നതുവരെ ഇപ്പോഴത്തെ പ്രമേയത്തെക്കുറിച്ചുള്ള വാദപ്രതിവാദം നിറുത്തിവെയ്ക്കണം എന്നും ചിറയിൻകീഴ് മെംബർ ആഗ്രഹിക്കുന്നു. മെംബരുടെ ആഗ്രഹങ്ങളെ സാധിപ്പിക്കാൻ എനിക്കു മനസ്സുണ്ട്. ഇതു ഒരു വ്യവസ്ഥികവിഷയം എന്നാകുന്നു അദ്ദേഹം പറയുന്നതു്. അതിന്റെ ഗുണദോഷങ്ങളെ ആലോചിക്കയും അത്ര പ്രധാനപ്പെട്ടതായ വാദത്തിന്മേൽ എന്റെ മറുപടിയുടെ സ്വഭാവത്തെ രൂപീകരിക്കയും ചെയ്യുന്നതിനു ഏതാനും സമയംവേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു ഈ പ്രമേയത്തിന്റെ വാദപ്രതിവാദം അനിയതമായി നിറുത്തിവെയ്ക്കേണ്ടിയിരിക്കുന്നു. ഈ ഉപക്ഷേപത്തെ ഞാൻ അനുവദിക്കുന്നു.

മി. ജെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഞാൻ ഈ ഉപക്ഷേപത്തെ അനുവദിക്കുന്നു.

പ്രെസിഡെണ്ട്: വാദപ്രതിവാദം നിറുത്തിവെയ്ക്കണം എന്നുള്ള ഉപക്ഷേപത്തെക്കുറിച്ചു സഭയുടെ അഭിപ്രായം അറിയേണ്ടിയിരിക്കുന്നു.

ഉപക്ഷേപം സ്വീകരിക്കപ്പെട്ടു.

സഭ മണി ൧ അടിച്ചു ൪൫ മിനിട്ട് ആയപ്പോൾ പിരിഞ്ഞു.

ലഘുഭക്ഷണംകഴിഞ്ഞു ൩ അടിച്ചു ൧൫ മിനിട്ട് ആയപ്പോൾ സഭായോഗം വീണ്ടും കൂടി.

പ്രെസിഡെണ്ട്: ഒരു പ്രധാനപ്പെട്ട വ്യവസ്ഥികവിഷയം എന്നു ചിറയിൻകീഴ് മെംബർ വിവരിച്ചതായ ഒരു വിഷയത്തെക്കുറിച്ചു, അതായതു ഗവൺമെണ്ടിന്റെ ക്ഷണം അനുസരിച്ചു ഈ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട മെംബർമാരെക്കൂടി ചേർന്നിരുന്ന ഒരു കമ്മററിയുടെ റിപ്പോർട്ട് ഈ സഭയെ അറിയിക്കാതിരിക്കുന്നതിനോ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനോ ഗവൺമെണ്ടിനു സ്വാതന്ത്ര്യം ഉണ്ടോഎന്നുള്ള വിഷയത്തെക്കുറിച്ചു, തീർച്ചചെയ്യുന്നതുവരെ സഭാസമക്ഷം ഉള്ള പ്രമേയത്തിന്റെ വാദപ്രതിവാദങ്ങളെ നിറുത്തിവയ്ക്കണം എന്നുള്ള ഒരു നിശ്ചയം ചിറയിൻകീഴ് മെംബർ സഭ ലഘുഭക്ഷണത്തിനായി പിരിയുന്നതിനു സ്വല്പംമുമ്പു ഹാജരാക്കി. ആ വിഷയത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും എന്റെ തീർച്ചയെ രൂപീകരിക്കുന്നതിനും ഏതാനും സമയംവേണം എന്നു ഞാൻ പറഞ്ഞു. ഈ വിഷയത്തെക്കുറിച്ചുള്ള എന്റെ തീർച്ച പറയാം.

ഞാൻ വിവരിച്ചതുപോലെയുള്ള റിപ്പോർട്ട് അവരുടെ മുൻപാകെ വയ്ക്കണം എന്നു വ്യവസ്ഥികാവകാശമായി ആവശ്യപ്പെടുന്നതിനു ഈ സഭയ്ക്കു അധികാരം ഇല്ല. ഗവൺമെണ്ടിന്റെ അപേക്ഷയിന്മേൽ ജനനിയുക്തന്മാരായ മെംബർമാർ ചേർന്നിരുന്നതായ ഒരു കമ്മററിയുടെ റിപ്പോർട്ട്, അന്വേഷണം നടത്തി ഗവൺമെണ്ടിലേക്കു അയക്കണം എന്നു ഗവൺമെണ്ട് ആവശ്യപ്പെടുന്നതായ മററുവല്ല ഡിപ്പാർട്ടുമെണ്ടു റിപ്പോർട്ടിൽ നിന്നു ഭിന്നമായുള്ളതല്ല. അങ്ങനെയുള്ള കമ്മിററി പറയുന്ന ഉപദേശം അനുസരിച്ചു ഗവൺമെണ്ട് പ്രവർത്തിക്കുന്നുണ്ടോഎന്നുള്ള വിഷയം ഗവൺമെണ്ട് തന്നെ തീർച്ചപ്പെടുത്തേണ്ടതായിട്ടുള്ളതാണ്. ഗവൺമെണ്ട് ആ വിധം റിപ്പോർട്ടിനെ പ്രസിദ്ധപ്പെടുത്തുമോഎന്നുള്ളതും ഇതുപോലെതന്നെ ഗവൺമെണ്ടിന്റെ യുക്താധികാരത്തിൻമാത്രം ഉൾപ്പെട്ട കാര്യം ആണു. അങ്ങനെയുള്ള റിപ്പോർട്ടിനെ ഈ സഭയിൽ സമർപ്പിക്കണം എന്നു അധികാരപൂർവ്വം ആവശ്യപ്പെടുന്നതിനുള്ള വ്യവസ്ഥികാവകാശം ഈ നിയമസഭയുടെ ഘടനവ്യവസ്ഥയനുസരിച്ചു, നിയമസഭഎന്ന നിലയിൽ, ഈ നിയമസഭയ്ക്കു ഇല്ലാഎന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു.

അടുത്തതായി എനിക്കു പറയാനുള്ളതു, ഗവൺമെണ്ട് ഈ റിപ്പോർട്ടിനെ പ്രസിദ്ധപ്പെടുത്തുകയും സഭയിൽ സമർപ്പിക്കയും ചെയ്യുമോ എന്നതിനെപ്പററി, എത്രയും അടുത്ത അവസരത്തിൽ ഗവൺമെണ്ട് ചിന്തിക്കുന്നതാണെന്നു വാദപ്രതിവാദമദ്ധ്യേ ഞാൻ പറഞ്ഞതിനെക്കുറിച്ചു പറയാം. അതും കഴിയുന്നതും അടുത്ത അവസരത്തിൽ ചെയ്യുന്നതാണെന്നു ഞാൻ ആവർത്തിച്ചു പറയുന്നു. എന്റെ തീർച്ച ശരിയായിരിക്കെക്കൊണ്ടും എന്റെ തീർച്ചയെ ഞാൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്നതുകൊണ്ടും ഈ സഭാ ഇഷ്ടംപോലെ ഈ പ്രമേയത്തെക്കുറിച്ചുള്ള വാദപ്രതിവാദം തുടർന്നു നടത്തുകയോ ...-ാംനംബർ സ്ഥിരാജ്ഞയെക്കുറിച്ചു എന്റെ പൂർവ്വഗാമി വ്യാഖ്യാനിച്ചു തീർച്ചചെയ്തിട്ടുള്ളതിൻപ്രകാരം പ്രമേയം സ്വയം നഷ്ടമാകാൻ സമ്മതിക്കയോ ചെയ്യാവുന്നതാകുന്നു.

ഒരു സംഗതികൂടിയുണ്ടു. ഞാൻ ഇന്നലെ പറഞ്ഞതായ ഒരു വ്യാഖ്യാനം ക്രമത്തിലധികം വ്യാപിയായിരിക്കുന്നു എന്നു എന്റെ നിയമപണ്ഡിതൻ എന്നെ അറിയിച്ചിരിക്കുന്നു. അതു പണച്ചിലവിനു അനുവാദാധികാരം സഭയ്ക്കു ഇല്ലാത്തതായ ഇനങ്ങളെക്കുറിച്ചു സഭയ്ക്കു ചോദ്യം ചോദിക്കാൻ പാടില്ലാ എന്നു ഞാൻ ഇന്നലെ പറഞ്ഞിരുന്ന തീർച്ചയാണ്. ചിലവിനു അനുവാദാധികാരം സഭയ്ക്കു ഇല്ലാത്തതായ ഇനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഈ സഭയുടെ വ്യാപ്തിയിൽനിന്നു വ്യക്തമായി ബഹിഷ്കൃതമായ കാര്യങ്ങളുടെ സ്വഭാവത്തിൽ ഉള്ളതല്ലാത്തതായിരുന്നാൽ അങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാൻ സഭയ്ക്കു അവകാശം ഉള്ളതുകൊണ്ടു ആ തീർച്ച പരിച്ഛിന്നമായി നോക്കുന്നതായാൽ ശരിയല്ല എന്നു അദ്ദേഹം എന്നോടു ചൂണ്ടിക്കാണിച്ചു. അതാവിതു എന്റെ തീർച്ചയെ ഈ വാക്കുകൾ ചേർത്തു മാററാനുണ്ടു. ചിലവിനു അനുവാദാധികാരം ഇല്ലാത്ത ഇനങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ സഭയുടെ വ്യാപ്തിയിൽനിന്നു ബഹിഷ്കൃതമായ ഇനങ്ങളുടെ സ്വഭാവം ഉള്ളവയായിരുന്നാൽ അങ്ങനെയുള്ള ചോദ്യങ്ങൾ ഈ സഭ ചോദിച്ചുകൂടാ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ഈ പ്രമേയത്തെപ്പററി വീണ്ടും വാദപ്രതിവാദം ചെയ്യണം എന്നാണ് എന്റെ അഭിപ്രായം.

പ്രെസിഡെണ്ട്: എന്നാൽ വാദപ്രതിവാദം തുടർന്നു നടക്കുന്നതാണ്. ഇനി മററാരും സംസാരിക്കുന്നില്ലാ എന്നാണെങ്കിൽ മി. കുഞ്ഞിത്തൊമ്മൻ നിങ്ങൾക്കു മറുപടിപറയാൻ അവകാശം ഉണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ദേവികുളവും): മി. കുഞ്ഞിത്തൊമ്മൻ ഹാജരാക്കിയ പ്രമേയത്തെ ഞാനും അനുകൂലിക്കുന്നു. വനം ഡിപ്പാർട്ടുമെൻറുകാർ ഫ്രീ പാസ്സുകൊടുക്കണം എന്നുള്ള വ്യവസ്ഥനിമിത്തം ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ മി. കുഞ്ഞിത്തൊമ്മൻ വളരെ യഥാർത്ഥമായി കാണിച്ചു.

അദ്ദേഹത്തിന്റെ പ്രധാനാക്ഷേപം ഫ്രീ പാസ് കിട്ടുന്ന കാര്യത്തിൽ കുഴപ്പംമൂലം ഉള്ള വൈഷമ്യങ്ങളെ സംബന്ധിച്ചുള്ളവയാകുന്നു. ഈ തടികൾ മുതലായവ കടത്തിക്കൊണ്ടുപോകുന്നതിനു പാസ് കൊടുത്തില്ലാ എന്നുവരികിൽ ഗവൺമെണ്ടിന്റെ ആദായത്തിനു വലിയ നഷ്ടം നേരിടും എന്നു ഈ പ്രമേയത്തിനു പ്രതികൂലമായി സംസാരിച്ച മെംബർമാർ പറഞ്ഞു. ഈ വസ്തുക്കളെ കടത്തിക്കൊണ്ടുപോകുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണം ഉണ്ടാക്കിയില്ലെന്നുവരികിൽ ഒഴിച്ചിടപ്പെട്ട വനങ്ങളിൽനിന്നു ജനങ്ങൾ കളവായി തടികൾ കൊണ്ടുപോകാൻ ഇടയാകും എന്നുള്ളതു സത്യംതന്നെ. വളരെ കഷ്ടം ഉണ്ടു എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. ഈ അവസ്ഥകളെയെല്ലാം ചിന്തിച്ചതിൽ മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ പ്രധാനഭാഗത്തെ അതാവിതു, വനം ഡിപ്പാർട്ടുമെണ്ടുകാർ പാസ് കൊടുക്കുന്നതു നിറുത്തൽചെയ്യണം എന്നുള്ള ഭാഗത്തെ സമ്മതിക്കാം എന്നു ഞാൻ വിചാരിക്കുന്നു. സ്ഥലത്തെ പാർവ്വത്യകാരന്മാരോ മററു അധികാരസ്ഥന്മാരോ പാസ് കൊടുക്കുന്നതിനു അധികാരംകൊടുത്താൽ ഗവൺമെണ്ടിന്റെ ആദായത്തെ വളരെ നന്നായി പരിരക്ഷിക്കാവുന്നതാകുന്നു എന്നും അതു ഇപ്പോൾ അനുഭവിച്ചുവരുന്ന കഷ്ടങ്ങളിൽ അധികത്തെയും പരിഹരിക്കും എന്നും ഞാൻ നിർദ്ദേശിക്കുന്നു. ഈ ഏർപ്പാടിനാൽ വനം ഡിപ്പാർട്ടുമെൻറുകാർ പാസ് കൊടുക്കുന്നതിനെ നിറുത്തണം എന്നു മാത്രമേ ആവശ്യപ്പെടുന്നൊള്ളു എന്നുള്ളതുകൊണ്ടു, ഈ പ്രമേയത്തെ അനുമതിക്കുന്നതായാൽ ഗവൺമെണ്ടിനു കഷ്ടമോ സാരമായ നഷ്ടമോ ഉണ്ടായിരിക്കയില്ല എന്നു ഞാൻ വിചാരിക്കുന്നു. ഇതു ഈ സഭയുടെ വാദപ്രതിവാദത്തിന് വിഷയം ആയിരുന്നു. പാസിനു അപേക്ഷകൊടുത്താൽ അതു ലഭിക്കുന്നതിനു വളരെ താമസം നേരിടുന്നു എന്നും ജനങ്ങൾക്കു അനേകം കഷ്ടങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്നു എന്നും ഉള്ളതായ ജനങ്ങളുടെ സങ്കടം വ്യക്തമായി തെളിയിക്കപ്പെട്ടിരിക്കുന്നു. ഈ സങ്കടം ഗവൺമെണ്ടു പരിചിന്തിക്കണം എന്നു ഞാൻ അറിയിക്കുന്നു. ഈ സ്ഥിതിക്കു ഈ കാര്യത്തിൽ ജനങ്ങൾ കാര്യവശാൽ അനുഭവിച്ചുവരുന്ന കഷ്ടങ്ങളെ വർണ്ണിക്കേണ്ടതായ ആവശ്യം ഇല്ല. അതുകൊണ്ടു വനം ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. വനത്തിൽനിന്നു ചരക്കുകൾ വ്യാജമായി കൊണ്ടുപോകുന്നതിനെ ഗവൺമെൻറിന് തടുക്കണം എന്നാണെങ്കിൽ പാർവ്വത്യകാരന്മാരോ മററുവല്ലവരുമോ അധികാരം കൊടുക്കുന്നതായ വ്യവസ്ഥയും ഗവൺമെൻറിനു ചെയ്യാവുന്നതാണ്. വസ്തുവിന്റെ ഉടമസ്ഥൻ തന്റെ വസ്തുവിനെ പരിരക്ഷിക്കാൻ ശ്രമിക്കേണ്ടതാണ് എന്നുള്ള വാദം മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞു. വനങ്ങളുടെ കാര്യത്തിൽ സകലത്തും കാവൽസ്ഥലങ്ങൾ സ്ഥാപിക്കുന്നതു സാദ്ധ്യമായിരിക്കയില്ല എന്നു വനം കൺസർവേറർ പറഞ്ഞതിനെ ഞാനും സമ്മതിക്കുന്നു. ഏതെങ്കിലും വിധത്തിൽ ഉള്ള നിയന്ത്രണം ആവശ്യമാണെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. നിയന്ത്രണം വനം ഡിപ്പാർട്ടുമെൻറിന്റെ കയ്യിൽ വച്ചിരിക്കുന്നതായ മുമ്പത്തെ നടപ്പു വളരെ ദോഷകരമായി കാണപ്പെട്ടിട്ടുണ്ടു എന്നും തോന്നിക്കുന്നു. അതുകൊണ്ടു ആ വിധം ഏർപ്പാടിനെ നിറുത്തേണ്ടതു ആവശ്യമാകുന്നു. ഇത്രയുംപറഞ്ഞു മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ അവലംബിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): ഈ വിഷയത്തെപ്പററി രണ്ടു വാക്കുപറയാൻ ഞാൻ കടപ്പെട്ടിട്ടുണ്ടു. ആ കമ്മിററിയിൽ ഞാനും ഒരു മെംബരായിരുന്നതുകൊണ്ടു ഇതിനെപ്പററി അഭിപ്രായം പറയേണ്ടതു ആവശ്യമാണെന്നു ഞാൻ കരുതുന്നു. എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ, ഫ്രീപാസ് നിമിത്തം ഉണ്ടായിരുന്ന ഉപദ്രവങ്ങളെപ്പററി പറഞ്ഞിട്ടുള്ളതിൽ വളരെ അതിശയോക്തി ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ കമ്മററിയുടെ പ്രവർത്തനഫലമായ പുതിയ റൂൾസ് നടപ്പിൽവന്നതിൽപിന്നീടു അന്നത്തെയും ഇന്നത്തെയും സ്ഥിതികൾക്കു വളരെ വ്യത്യാസം ഉണ്ടെന്നു ധൈര്യമായി പറയാവുന്നതാണ്. ഫ്രീപാസ് റൂൾസ് ജനങ്ങൾക്കു എത്രത്തോളം സങ്കടം ഉണ്ടാക്കിക്കൊണ്ടിരുന്നു എന്നുള്ളതു എന്റെ സ്വന്ത അനുഭവംകൊണ്ടു എനിക്കു നല്ലപോലെ അറിയാവുന്നതാണ്. എന്റെ സ്വന്തവകയ്ക്കു ഒരു കെട്ടിടം പണിചെയ്യുന്ന

തിന കലശേഖരത്തുനിന്നും തടികൾ ശേഖരിക്കുന്ന അതിനുകൂ ഉപയോഗിക്കുന്നതിന് സാധിക്കാത്തവിധം ഫ്റീപാസ് കാലതാമസംവേണ്ടിവന്നു. അതേമാതിരി എന്റെ സ്നേഹിതന്മാരോട പലവിധമായ സങ്കടങ്ങളെപ്പററി എനിക്ക അറിവുള്ളതുകൊണ്ടാണ് അനേകകാലമായിട്ട ഫ്റീപാസിനെപ്പററി പ്രജാസഭയിൽ ഞാൻ വാദിക്കാൻ ഇടയായിട്ടുള്ളതു. ഇങ്ങനെ പല കാലങ്ങളായി ഉണ്ടായിട്ടുള്ള വാദങ്ങളുടെ ഫലമായി നിശ്ചയിച്ചിട്ടുള്ള റൂൾസ്കൾ മുൻ രീതികളേക്കാളും കഷ്ടതരമാക്കിത്തീർക്കയാണ് ചെയ്തിട്ടുള്ളതു. ഈ സംഗതികൾ എല്ലാം ഫാറസ്റ്റ് കമ്മററിയിൽ വേണ്ടപോലെ വാദപ്രതിവാദങ്ങൾ നടത്തി അതിലേക്കു പരിഹാരമാർഗ്ഗങ്ങളും നിശ്ചയിച്ചിട്ടുണ്ടു അതിന്റെ റിപ്പോർട്ട ഗവൺമെൻറിനു സമർപ്പിച്ചിട്ടുള്ളതു. ഫാറസ്റ്റ് കമ്മററിയുടെ റിപ്പോർട്ടിന്റെ ഫലമായി ഉണ്ടായിട്ടുള്ള പുതിയ റൂൾസിൻപ്രകാരം ഫ്റീപാസ് കിട്ടുന്നതിനു ഇപ്പോഴും വല്ല വിഷമങ്ങളും ഉണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം അതിനെ അനന്തരൂപമായവിധം ഭേദപ്പെടുത്തേണ്ടതു ആവശ്യമാണെന്നുള്ളതിൽ ഞാനും പൂർണ്ണമായി യോജിക്കുന്നു. അങ്ങനെയല്ലാതെ ഫ്റീ ഏർപ്പാട ജനങ്ങൾക്ക അസൗകര്യമാണെന്നുള്ള സങ്കല്പത്തോടുകൂടി അതിനെ വേണ്ടെന്നുവയ്ക്കണംഎന്നുള്ള അഭിപ്രായം ഒരിക്കലും സ്വീകാര്യയോഗ്യമായിട്ടുള്ളതല്ല. ഫ്റീപാസ് ഏർപ്പാട ഗവൺമെൻറിനുമാത്രമല്ല ജനങ്ങൾക്കും പ്രയോജനകരമായിട്ടുള്ളതാണ്. ഇവിടെ ൨,൫൦൦ ചതുരശ്രമൈൽ വനം ഉണ്ടെന്നാണ് കൺസർവേറ്റർ പറഞ്ഞിട്ടുള്ളതു. യൂറോപ്യൻ രാജ്യങ്ങളിൽ സ്വീകരിച്ചുപോരുന്നതനുസരിച്ചു നമ്മുടെ രാജ്യത്തു ൧,൯൦൦ ചതുരശ്രമൈലിൽ വനം വേണ്ടിവരും എന്നാണ് തോന്നുന്നതു. യൂറോപ്യൻ രാജ്യങ്ങളിൽ അവർ സ്വീകരിച്ചുപോരുന്ന തോതിന് ൨,൫൦൦ ചതുരശ്രമൈൽ വനത്തിൽനിന്നു പീററ നീക്കിയാൽ ൧,൯൦൦ ചതുരശ്രമൈൽ വരുമോ എന്നുള്ളതു സംശയമാണ്. ആ സ്ഥിതിക്ക ഈ രാജ്യനിവാസികളുടെ അത്യാവശ്യങ്ങൾക്കുവേണ്ടി സൂക്ഷിക്കേണ്ടതായ വനത്തിന്റെ രക്ഷയ്ക്കുള്ള ഫ്റീപാസ് വേണ്ടെന്നുവയ്ക്കുന്നപക്ഷം കാലക്രമംകൊണ്ട നമ്മുടെ വനം നാമാവശേഷമായി പോകുന്നതാണ്. എന്നുമാത്രമല്ല രാജ്യത്തിലുള്ള വനം അതാതുകാലങ്ങളിൽ ജീവിച്ചിരിക്കുന്ന ആളുകൾക്കുമാത്രം ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല. പിന്നീടുണ്ടാകുന്ന സന്തതികളേയുംകൂടി ഉദ്ദേശിച്ചു ഈ വനങ്ങളെ വേണ്ടപോലെ സൂക്ഷിച്ചുവച്ചുകൊണ്ടിരിക്കേണ്ടതു ഗവൺമെൻറിന്റെ പ്രത്യേക കടമയാകുന്നു. ഈ രാജ്യത്തേയ്ക്കു എത്രത്തോളം വനം ആവശ്യമുണ്ടോ അത്രത്തോളം എല്ലാ കാലത്തും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ സൂക്ഷ്മമായ മേൽനോട്ടത്തിൽ ഗവൺമെൻറു വച്ചിരിക്കേണ്ടതാണ്. ജനങ്ങൾ സ്വന്തമായി കൃഷിചെയ്തുണ്ടാക്കുന്ന പണം കൊടുത്തു വാങ്ങിക്കുന്ന വസ്തുവിൽനിന്നു സ്വാതന്ത്ര്യമായി വൃക്ഷങ്ങളെ ഉപയോഗിക്കാൻ പാടില്ലാത്തവിധം ഏർപ്പെടുത്തിയിട്ടുള്ള ഫ്റീപാസ് ഏർപ്പാട ജനങ്ങൾക്ക മനോവേദന ഉണ്ടാക്കുന്നതാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ രാജ്യരക്ഷയും ജനങ്ങളുടെ ആവശ്യങ്ങളും അവരുടെ സന്താനങ്ങളോടുള്ള കടമയും വിചാരിക്കുമ്പോൾ ഫ്റീപാസിനാൽ വരാവുന്ന സ്വല്പ അസൗകര്യങ്ങളെ സഹിക്കേണ്ടതായ കടമ എല്ലാവർക്കും ഉണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു. അതോടുകൂടി ഫ്റീപാസ് റൂൾസിനാൽ ഉപദ്രവകരമായിത്തീർന്നിരിക്കുന്ന ഭാഗങ്ങളെ ഭേദപ്പെടുത്തുന്നതിൽ ആക്ഷേപം ഇല്ലാത്തതാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഫ്റീപാസ് കൊടുക്കുന്നതു ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെൻറുകാർക്ക പാടില്ലയോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ ചുമതല ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെൻറുകാർക്ക കൊടുക്കുന്നപക്ഷം അവരുടെ കയ്യിൽനിന്നു ഫ്റീപാസ് മേടിക്കുന്നതിനു ജനങ്ങൾക്ക അത്ര എളുപ്പമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെൻറിലെ പാർവ്വത്യകാരന്മാർക്ക കാലത്തു ൭ മണി മുതൽ രാത്രി ൧൦ മണിവരെ ധാരാളം ജോലിയുണ്ട്. വനം കിടക്കുന്ന സ്ഥലവും അവരുടെ താമസസ്ഥലവും ആയി വളരെദൂരം ഉണ്ടായിരിക്കും. കൂടാതെ അവർ വളരെ കുറഞ്ഞ ശമ്പളക്കാരുമാണ്. ഈ ശമ്പളക്കാരെ രാജ്യത്തിനു അത്യന്താപേക്ഷിതം ആയിരിക്കുന്ന വനം സൂക്ഷിപ്പുജോലി കൂടി ഏല്പിക്കുന്നതു ഒരിക്കലും ഉചിതമായിതീരുന്നതല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പാസുകൊടുക്കാൻ തഹസീൽദാരെ ഏല്പിച്ചാലോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തഹസീൽദാർ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെ ഏല്പിക്കുന്നതിൽ ആക്ഷേപമില്ലാത്തതുമാണ്, എന്നാൽ ഈ ജോലി തഹസീൽദാരെക്കൊണ്ടു സാധിക്കുന്നതല്ല

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ലാൻഡ്റെവന്യൂക്കാർക്കല്ലേ അതിനു കൂടുതൽ സൗകര്യം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയാണെങ്കിൽ വനംവക മുഴുവനും ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചാൽ ഗവൺമെൻറിനു വലുതായ ലാഭം കിട്ടുന്നതാണ്. സാധിക്കാത്ത കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നതിൽ പ്രയോജനം ഇല്ലാത്തതാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പതിവു ഭൂമികളിൽനിന്നു കരം വാങ്ങിക്കുന്ന റവന്യൂ ഉദ്യോഗസ്ഥന്മാർ കണക്കുകാലങ്ങളിൽ പണം അടയ്ക്കുകയോ അങ്ങനെ കൊടുക്കാത്തപക്ഷം ജപ്തിചെയ്തു കരം ഈടാക്കിഎടുക്കുന്നതിനുള്ള അധികാരം അവരുടെ അധീനത്തിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അതതു സ്ഥലങ്ങളിലുള്ള ഭൂമികളിൽ നില്ക്കുന്ന വൃക്ഷങ്ങളെസംബന്ധിച്ചു പാസുകൊടുക്കുന്നതിൽ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരെക്കാൾ അവയുടെ ഉടമസ്ഥന്മാരേയോ സ്ഥലത്തേയുംപററി കൂടുതലായി അറിഞ്ഞിരിക്കാൻ ഇടയുള്ള റവന്യൂ ഉദ്യോഗസ്ഥന്മാർക്ക സൗകര്യമുണ്ടാകുന്നതു ഗവൺമെൻറിനും ജനങ്ങൾക്കും ഗുണപ്രദമല്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കാവൽസ്ഥലങ്ങളെ സർക്കാർവനങ്ങളുടെ അതിർത്തികളിൽ സ്ഥാപിക്കണംഎന്നു മി. സി. പി. കൊച്ചുകുഞ്ഞുപിള്ള അഭിപ്രായപ്പെട്ടിട്ടുള്ള സംഗതി കമ്മിററിയിൽ വച്ചു പര്യാലോചിക്കയും കൺസർവേറ്റർ സമ്മതിക്കയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ ചെയ്യുന്നതായാൽ കാവൽസ്ഥലങ്ങളുടെ പുറത്തുള്ള സ്ഥലങ്ങളിൽനിന്നു കൊണ്ടുവരുന്ന സാമാനങ്ങൾക്ക മാത്രം ഫ്റീപാസുവച്ചാൽ മതിയാകുന്നതാണ്. ഇങ്ങനെ സാധിച്ചുകിട്ടുന്നപക്ഷം ഫ്റീപാസിൽ ജനങ്ങൾക്കുള്ള സങ്കടത്തിൽ വലുതായ കുറവു വരുന്നതാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കമ്മിററി റിപ്പോർട്ടിനുശേഷം നടപ്പാക്കിയിരിക്കുന്ന ഫ്റീപാസുകൾകൊണ്ടു ജനങ്ങൾക്കു ഇപ്പോൾ പരാതിയുണ്ടോ എന്നുള്ള വിവരം മെമ്പർക്കു അറിയാമോ?

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന റൂൾസിനെ സംബന്ധിച്ചു തെക്കൻ തിരുവിതാംകോട്ടിൽ പരാതികൾ ഉള്ളതായി എനിക്കു കേൾക്കാൻ ഇടയില്ല. തെക്കൻ തിരുവിതാംകോട്ടിൽ ഉള്ള ജനങ്ങളുടെ പരാതികളെ അടിസ്ഥാനമാക്കിയാണ് ഞാൻ പ്രജാസഭയിലും നിയമസഭയിലും അനേകകാലമായി വാദിക്കയും ചോദ്യങ്ങൾ ചോദിക്കയും ചെയ്തിട്ടുള്ളതു. പുതിയ ചട്ടങ്ങൾ വന്നതിൽപിന്നീടു തെക്കൻ തിരുവിതാംകോട്ടിൽ സങ്കടം ഉള്ളതായി അറിയുന്നില്ല. വടക്കൻ തിരുവിതാംകോട്ടിലെ സ്ഥിതി എനിക്കു അറിയാൻ പാടില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൧൦൮-ലെ പ്രജാസഭയിൽ കൽക്കുളം മെമ്പർ ഫ്റീപാസു നിറുത്തൽചെയ്തുതന്നെ വേണം എന്നും എന്നാലേ ഗുണം ഉണ്ടാകൂ എന്നും കമ്മിററിയിൽ അന്വേഷണം നടക്കുന്നകാലത്തു പറയുകയും അതോടുകൂടി തന്നെ കമ്മിററിയിൽ ഭൂരിപക്ഷവും ഉദ്യോഗസ്ഥമെമ്പർമാർ ആകയാൽ അതുകൊണ്ടു സാരമായ ഗുണം ഉണ്ടാകയില്ലെന്നു പ്രസ്താവിച്ചതായി അറിയാമോ?

മി. എം. ശിവതാണുപിള്ള (തോവാള): ഈ സഭാസമക്ഷം സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതും മെമ്പർമാരിൽ ഭൂരിപക്ഷത്തിനു ലഭ്യമായിട്ടുപോലും ഇരിക്കാത്തതും ആയ ഒരു റിപ്പോർട്ടിനെ മെമ്പർ പ്രസ്താവിക്കാമോ എന്നുള്ളരീതി സംബന്ധമായ വാദം ഞാൻ പുറപ്പെടുവിക്കുന്നു.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പ്രസിഡണ്ടു സമ്മതിക്കുമെങ്കിൽ മി. കുഞ്ഞിത്തൊമ്മന്റെ ചോദ്യത്തിനു ഉത്തരം പറയാൻ എനിക്കു ആക്ഷേപം ഇല്ല.

പ്രസിഡണ്ട്. ഈ വിഷയത്തിൽ ചട്ടങ്ങൾ എന്തുപറയുന്നു എന്നു എനിക്കു നോക്കേണ്ടതായുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): വാദംനടക്കുന്ന കാര്യത്തെപ്പററി വിവരം അറിയാനായി ഒരു ചോദ്യം കുഞ്ഞിത്തൊമ്മൻ ചോദിച്ചിട്ടുണ്ട്. ആ ചോദ്യം രീത്യനുസരണം ആണെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): എന്നിരുന്നാലും അതു ഈ സഭയിലെ മെമ്പർമാർക്കു ലഭ്യമല്ലാത്ത ഒരു റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ളതാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): വാദവിഷയമായ സംഗതിയെ സംബന്ധിച്ച വിവരങ്ങൾ വെളിവാക്കുന്നകാര്യത്തിലേക്കു ഒരു മെമ്പർ മറെറാരു മെമ്പറോടു ചോദ്യം ചോദിക്കുമ്പോൾ ഒരു റിപ്പോർട്ടിനെക്കുറിച്ചു പ്രസ്താവിക്കാൻ പാടില്ലാ എന്നു സ്ഥിരാജ്ഞകളിലോ ചട്ടങ്ങളിലോ യാതൊന്നും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇവിടെ പറയുന്ന വിവരം ശരിതന്നെയോ അല്ലയോ എന്നു നമുക്കു എങ്ങനെ അറിയാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു മറെറാരുകാര്യം.

പ്രസിഡണ്ട്. വല്ല രീതിയും ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ നോക്കിപ്പറയാം. അതിനിടക്കു കുഞ്ഞിത്തൊമ്മന്റെ പ്രശ്നത്തിന്റെ പ്രസ്താവത്തിൽ മിസ്റ്റർ കുമാരപിള്ള മറുപടി പറയാം.

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഫ്റീപാസിനെപ്പററി പ്രജാസഭയിൽ വാദപ്രതിവാദങ്ങൾ നടന്നിട്ടുള്ള കാലങ്ങളിലും നിയമസഭയിൽ ചോദിച്ച കാലങ്ങളിലും ശക്തിയായിട്ടുള്ള എന്റെ അഭിപ്രായം ഫ്റീപാസു നിറുത്തണം എന്നായിരുന്നു. അതിനുള്ള കാരണം അത്രത്തോളം ബുദ്ധിമുട്ടു ജനങ്ങൾ അനുഭവിച്ചുവന്നിരുന്നതുകൊണ്ടു മററു സംഗതികളെപ്പററി ഒന്നുംതന്നെ ആലോചിക്കാതെ ബുദ്ധിമുട്ടിനെ മാത്രംഗണിച്ചു എന്റെ അഭിപ്രായം രൂപീകരിച്ചു എന്നുള്ളതാണ്. എന്നാൽ ഫ്റീപാസ്കമ്മിററി ഏർപ്പെടുത്തുകയും അതിൽ ഞാൻ ഒരംഗം ആയിതീരുകയും തിരുവിതാംകോട്ടിന്റെ പല സ്ഥലങ്ങളിലും സഞ്ചരിക്കാൻ ഇടവരികയും ചെയ്തതിന്റെ ഫലമായി തിരുവിതാംകോട്ടിലേക്കു ആവശ്യമായ വനങ്ങൾ സൂക്ഷിക്കേണ്ടതു അത്യാവശ്യമാണെന്നു തോന്നുകയും ആ വനങ്ങളുടെ രക്ഷക്കു ഫ്റീപാസു ഉണ്ടായിരിക്കേണ്ടതു അത്യാവശ്യം ആണെന്നു അപ്പോൾ ബലമായി തോന്നുകയും ചെയ്തതിന്റെ ഫലമായിട്ടാണ് എന്റെ ആദ്യത്തെ അഭിപ്രായത്തിനു ഭേദം വരുത്തിട്ടുള്ളതു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഫ്റീപാസുചട്ടം കൂടാതെ സർക്കാർ വനങ്ങളിലെ തടികളെ രക്ഷിക്കുന്നതിനു ഗവണ്മെണ്ടിനു ഏർപ്പാടുചെയ്യാൻ സാധിക്കയില്ലയോ?

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ രാജ്യത്തു ൨,൫൦൦ ചതുരശ്രമൈൽ റിസർവ്വനം ഉള്ളതിനെ ഇല്ലാതാക്കാൻ ഗവണ്മെണ്ടു വിചാരിക്കുമെന്നു തോന്നുന്നില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതാതുസ്ഥലത്തു കമ്മിററികൂടെ ഉണ്ടായിരുന്നാലോ?

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിലേക്കു അനുരൂപമായ കാലംവരുമ്പോൾ അതിനെപ്പററി ആലോചിച്ചാൽ മതിയാകും. ഇപ്പോൾ അതിനെപ്പററി അഭിപ്രായംപറയാൻ തരം ഇല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൨,൫൦൦ ചതുരശ്രമൈൽ ദൂരം ഉള്ളതിൽ ഒരുഭാഗത്തുകൂടി മാത്രമേ റിസർവിൽനിന്നു തടി കടത്തിക്കൊണ്ടുപോകാൻ ഇടയുള്ളു എന്നും ആ ഭാഗത്തിൽ ഫാറസ്റ്റ്ഗാർഡും അവരുടെ മേലുദ്യോഗസ്ഥന്മാരും നിഷ്കർഷയായി സൂക്ഷിച്ചാൽ വനം ഒരുവിധം പരിരക്ഷിതം ആണെന്നും ഫ്റീപാസ്ചട്ടം ഇരിക്കുന്നതുകൊണ്ടു അതനുസരിച്ചു പൂർണ്ണമായി നടത്താൻ സാധിക്കയില്ല എന്നു കമ്മിററി യോഗംകൂടിയിരിക്കുന്ന അവസരത്തിൽ വാദപ്രതിവാദംനടത്തിയവിവരം മി. കുമാരപിള്ള ഓർക്കുന്നുണ്ടോ?

മി. റ്റി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ചോദ്യം വളരെ ദീർഘമായിരിക്കുന്നു. അതിൽ ഉൾപ്പെട്ടിട്ടുള്ള സംഗതികളെ ഓരോന്നായി പിരിച്ചുപറഞ്ഞാൽ ഉത്തരം പറയേണ്ട കാര്യം ആലോചിക്കാം.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കമ്മിററി മെമ്പർമാരും ഞാനുംകൂടി ആലോചിച്ചു റിപ്പോർട്ടു തയ്യാറാക്കിയതായി പറഞ്ഞു. അതിൽ റിസർവിന്റെ രക്ഷയും അതിന്റെ ഒരുവശം

രക്ഷിച്ചാൽമതി എന്നും ബാക്കി സ്ഥലത്തേക്കു ഇപ്പോഴു ഫ്രീപാസ് കൂടാതെതന്നെ കഴിക്കാം എന്നും വാദംഉണ്ടാ യതായി ഓർക്കുന്നുണ്ടോ ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): കമ്മിററിക്കാർ പല സംഗതികളേയുംപററി പല വാദങ്ങളും നടത്തീട്ടുള്ളതായി അറിയാം. അതുകളെ ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യം ഇല്ല. കമ്മിററിയുടെ അവസാനതീച്ചയായി ഉണ്ടായിട്ടുള്ള റിപ്പോർട്ടിനെപ്പററി മാത്രമേ നോക്കേണ്ട ആവശ്യമുള്ളു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മരുതു, വെൺതേക്കു, മുള ഈ മാതിരിയുള്ള വൃക്ഷങ്ങൾക്കു ഫ്രീപാസ് ഏർപ്പെടുത്താൻ പാടില്ല. അതു സാധുക്കൾക്കു വളരെ അത്യാവശ്യമാണെന്ന് എന്നെപ്പോലെ മി. ബെഞ്ചമിനും തോന്നിയിട്ടുണ്ട്. ഞാനും കമ്മിററിയിൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു കണ്ടിട്ടില്ലേ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ഭിന്നാഭിപ്രായ റിപ്പോർട്ടിനെ ഇപ്പോൾ അന്വേഷിക്കേണ്ട ആവശ്യം ഇല്ല. കമ്മിററിയിൽ വാദപ്രതിവാദങ്ങൾ നടന്നപ്പോൾ പല സംഗതികളും വന്നിരിക്കാം. അതുകളെയെല്ലാം ഇപ്പോൾ ഓർമ്മിക്കേണ്ട കാര്യമില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): ഞാൻ നടപടിക്രമസംബന്ധമായ ഒരു വാദത്തിനായി എഴുന്നേൽക്കുന്നു. റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികളെ ആകട്ടെ കമ്മിററിയിൽനടന്ന സംഗതികളെയാകട്ടെ കുറിച്ചു പ്രത്യേകിച്ചും നമുക്കു റിപ്പോർട്ടു കിട്ടിയിട്ടില്ലാത്തസ്ഥിതിക്കു ഈ സഭയിൽ വാദപ്രതിവാദം നടത്തിക്കൂടാ. അതുകൊണ്ടു റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന സംഗതികളെ കുറിച്ചാകട്ടെ കമ്മിററിയിൽനടന്ന സംഗതിയെകുറിച്ചാകട്ടെ ചോദ്യം മി. കുഞ്ഞിത്തൊമ്മനു മി. കുമാരപിള്ളയോടു ചോദിക്കാൻ പാടുണ്ടോ എന്നുള്ള രീതിവാദം ഞാൻ പുറപ്പെടുവിക്കുന്നു.

പ്രസിഡണ്ട്: . ഇതു മി. ശിവരാമപിള്ള പുറപ്പെടുവിച്ചതായ വാദംതന്നെയാണെന്നു ഞാൻ വിചാരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): ഒരു റിപ്പോർട്ടു ഉണ്ട് എന്നുള്ള സാഗതി അതിൽ എന്തു അടങ്ങിയിരിക്കുന്നു എന്നുള്ള ഗിൽനിന്നാകട്ടെ, കമ്മിററിയിൽ എന്തു നടന്നു എന്നുള്ളതിൽനിന്നാകട്ടെ ഭിന്നമായുള്ളതാണ്.

പ്രസിഡണ്ട്: കമ്മിററിയെക്കുറിച്ചോ റിപ്പോർട്ടിനെക്കുറിച്ചോ പ്രസ്താവിക്കാൻ പാടില്ലാ എന്നല്ലെങ്കിൽ അതിൽ അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ചു തീരെ പാടില്ലതന്നെ. രണ്ടും ഒരേ ആക്ഷേപത്തിനകത്തിൽ വരുന്നു. ഈ വിഷയത്തെക്കുറിച്ചു വല്ല തീർപ്പും ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ അന്വേഷിപ്പിക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഒരു മെംബർ ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നാലും അദ്ദേഹത്തിന്റെ പ്രസംഗത്തിനു കാലാവധി ഇല്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ട്: ഇടയ്ക്കുള്ള വിഘ്നങ്ങൾക്കു പരിഹാരസമയം ഞാൻ സാധാരണയായി വകവച്ചുകൊടുക്കാറുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഫ്രീപാസ് കമ്മിററിയിലെ അംഗം എന്ന നിലയിൽ അമ്പലപ്പുഴ, ചേർത്തല ഈ താലൂക്കുകളിൽ പോയിട്ടുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): പോയിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവിടെയുള്ളവർക്കു ഫ്രീപാസ് വേണമെന്നു അഭിപ്രായമുണ്ടോ ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): അവർക്കു ഉപദ്രവം ഇല്ലാതിരിക്കാൻവേണ്ടിയും വനത്തിന്റെ രക്ഷയ്ക്കുവേണ്ടിയുമാണ് കാവൽസ്ഥലങ്ങൾ സംരക്ഷിതവനങ്ങളുടെ അതിരുകളിൽ മാററണമെന്നും അതിനിപ്പുറമുള്ള സ്ഥലങ്ങളിൽ ഫ്രീപാസ് വേണ്ടെന്നു വയ്ക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നതു്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെയാണോ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): ആ ഭാഗം സൂക്ഷ്മമായി ഞാൻ ഇപ്പോൾ ഓർമ്മിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): റിസർവ് വനം ഇല്ലാത്ത അമ്പലപ്പുഴ മുതലായ ഈ താലൂക്കുകളിൽക്കൂടി ഫ്രീപാസ് ചട്ടം വ്യാപിക്കുന്നതായിട്ടല്ലേ കമ്മിററിയുടെ ഭൂരിപക്ഷറിപ്പോർട്ട്?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): കമ്മിററിയിൽവച്ചു നടത്തീട്ടുള്ള ഓരോരുത്തരുടെയും പ്രസംഗങ്ങളെ ഓർമ്മിക്കാൻ പ്രയാസമാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഫ്രീപാസ് ആവശ്യമാണെന്നിത്രത്തോളം പ്രസംഗിച്ചതും അദ്ദേഹത്തിൽ കമ്മിററിയെ സംബന്ധിക്കുന്നതുമായ ചോദ്യത്തിനു ഉത്തരംപറയാൻ പാടില്ലാ എന്നു പറയുന്നതു കഷ്ടമല്ലേ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): പ്രസിഡണ്ടു മറുപടിപറയാൻ കൂടുതൽ കാലം അനുവദിച്ചുതരും എങ്കിൽ ഞാൻ ചോദ്യങ്ങൾക്കു ഉത്തരംപറയാൻ സന്നദ്ധനാണ്.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ചട്ടങ്ങളുമായി എനിക്കു എന്തോ ബന്ധം ഉണ്ടായിരുന്നു എന്നു മി. ഡനരഷ്യാടിപ്പിള്ള പറഞ്ഞു. ഞാൻ വല്ലതും പ്രവർത്തിച്ചിരിക്കാം. ഞാൻ നല്ലപോലെ ഓർമ്മിക്കുന്നില്ല. ഏതായാലും എനിക്കു ചട്ടങ്ങൾ ഓർമ്മയുണ്ട്. പഴയ ചട്ടങ്ങളെക്കുറിച്ചു വലുതായ സംക്ഷോഭം ഉണ്ടായിരുന്നു. - തന്നിമിത്തം ശ്രീമൂലം പ്രജാസഭയുടെ ഓരോ യോഗത്തിലും പാസ് കൊടുക്കുന്നതിൽ ഉള്ള താമസത്തെയും ജനങ്ങൾക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന സങ്കടത്തെയും കഷ്ടതയെയുംകുറിച്ചു അവർ അവധാതി പറകയായിരുന്നു. അതുകൊണ്ടു ഒരു കമ്മിററി നിയമിക്കപ്പെട്ടു. തല്ഫലമായി ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്ന ചട്ടങ്ങൾ എൻ.ഡ.ര-ാം വർഷത്തിൽ നടപ്പാക്കപ്പെട്ടു.

ഈ ചട്ടങ്ങളിൽ വളരെ മാററങ്ങൾ അടങ്ങിയിരിക്കുന്നു. പ്രധാനമാററം അനേകം തടികളെ ഈ ചട്ടങ്ങളുടെ പ്രവർത്തനത്തിൽനിന്നു വിട്ടുത്തിട്ടുണ്ട് എന്നുള്ളതാണ്. അതുകൊണ്ടു ജനങ്ങൾ പുരപണിക്കും മററു കാര്യങ്ങൾക്കും ഇപ്പോൾ സാധാരണയായി ഉപയോഗിച്ചുവരാറുള്ള തടിയെ ഈ ചട്ടങ്ങളുടെ വ്യാപ്തിയിൽനിന്നു വിട്ടുത്തിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുളകളെക്കുറിച്ചു എന്തുപറയുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): ഞാൻ 'തടി' എന്നാണ് പറഞ്ഞതു. മുള തടിയല്ല.

ഇപ്രകാരം വിട്ടുത്തപ്പെട്ട തടികളുടെ എണ്ണം ൧-ൽ നിന്നു ൫൭ ആയി കൂടീട്ടുണ്ട് എന്നും മി. ധനുഷ്കോടിപ്പിള്ള പറഞ്ഞു. സമയത്തേയും ൩ മാസത്തിൽനിന്നു ൨ മാസമായി കുറച്ചിട്ടുണ്ട്. നടപടിയേയും വളരെ ലഘുവാക്കീട്ടുണ്ട്. നിർണ്ണീതപ്രദേശങ്ങൾക്കു വെളിയിൽ പാസ് കൊടുക്കുന്നതിനു അധികാരം റേഞ്ചാഫീസർക്കു കൊടുത്തിട്ടുണ്ട്. നിർണ്ണീതപ്രദേശങ്ങളിൽ വനങ്ങൾ വളരെ അടുപ്പിച്ചു കിടക്കുന്നുണ്ടു എന്നു ഞാൻ വിചാരിക്കുന്നു. അവിടങ്ങളിൽപോലും ഡിവിഷനൽ ആഫീസർ സാധാരണമായി പാസ് കൊടുക്കുന്നു. എന്നാൽ ഫ്രീപാസ് കൊടുക്കുന്നതിനുള്ള അധികാരം ചില പ്രത്യേക റേഞ്ചാഫീസർക്കും കൊടുക്കാനുള്ള അധികാരം കൺസർവേട്ടർക്കു ഉണ്ടു. തിരുവിതാംകോട്ടിൽ വളരെ വിസ്തീർണ്ണമായി അരണ്യപ്രദേശങ്ങൾ ഉണ്ട് എന്നു നമുക്കു അറിയാവുന്നതു കൊണ്ടു പാസ് കൊടുക്കേണ്ട ആവശ്യമേയില്ല എന്നും ഗവണ്മെണ്ടു അവരുടെ സ്വന്തം വനങ്ങളെ സൂക്ഷ്മ്യമായി നോക്കാൻ പാടില്ലെന്നു പറയുന്നതു അഭിലഷണീയമാണോ എന്നു ഞാൻ ചോദിക്കുന്നു. ൨൫൦൦ ചതുരശ്രമൈലിൽ വിസ്താരമുള്ള വനങ്ങളെ ൨൦൦ ഗാർഡുകളെക്കൊണ്ടു പരിരക്ഷിക്കുന്നതു ശരിയാണോ? ഓരോ വൃക്ഷത്തെയും ഓരോ ഗാർഡുവീതം ഗവണ്മെന്റു വെച്ചുകൊണ്ടിരിക്കണം എന്നു പ്രതീക്ഷിക്കാൻ പാടില്ല. ഗവണ്മെന്റു മാററം ചെയ്യുമ്പോൾ എല്ലാം ഗവണ്മെണ്ടിനെ കഠിനമായി അധിക്ഷേപിക്കുക പതിവുള്ളതായി കാണുന്നു ഞാൻ കണ്ടിരിക്കുന്നു. മി. കുമാരപിള്ള ഈ പുതിയ ചട്ടങ്ങൾ ആവശ്യമാണെന്നു നമ്മോടു ഉറപ്പുപറയുന്നുണ്ടായിരിക്കുന്നു. ഈ ചട്ടങ്ങൾ ഇല്ലാതിരുന്നുവെങ്കിൽ വനപ്രദേശങ്ങളെ രക്ഷിക്കാൻ കഴികയില്ലഎന്നുള്ള വൈഷമ്യം ഉണ്ടാകാം.

മി. കെ. കെ. തോമസ് (കോട്ടയം): തെക്കൻതിരുവിതാംകോട്ടിലെയും വടക്കൻ തിരുവിതാംകോട്ടിലെയും സ്ഥിതികൾ ഒന്നുതന്നെയാണോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടുനിയമിച്ച മെംബർ): (ഡെപ്യൂട്ടിപ്രസിഡണ്ടു) വടക്കൻ തിരുവിതാംകോട്ടിൽ ഫ്രീപാസ് നിർബന്ധമായി വേണ്ടതാണെന്നും വനങ്ങൾ വളരെഅടുപ്പിച്ചു കിടക്കുന്നതായ തെക്കൻ തിരുവിതാംകോട്ടിലെ ചില ഭാഗങ്ങളിലും അതു നിർബന്ധമായി വേണ്ടതാണെന്നും എനിക്കുപറയേണ്ടിയിരിക്കുന്നു

വനം ശീഘ്രമല്ലാതാകുന്ന അപായത്തെക്കുറിച്ചു മി. പി. കെ. നാരായണപിള്ള ചോദിച്ചചോദ്യത്തെസംബന്ധിച്ചുകൊണ്ടു അങ്ങനെ ചില ദൂഷ്യങ്ങളെ ഒഴിവാക്കാവുന്നതാണ്. അവയെല്ലാ നിർണ്ണീതപ്രദേശങ്ങളിൽ അല്പം മാററം ചെയ്യാം. ഇപ്പോഴത്തെ ചട്ടങ്ങൾ അവയുടെ വാക്യരചനയിലും പ്രവർത്തനത്തിലും ഭാവത്തിലും അന്യൂനമാണെന്നു ഞാൻ പറയുന്നേയില്ല. അതിനെക്കുറിച്ചു സ്വല്പംകഴിഞ്ഞുപറയാം. ഇപ്പോൾ ഞാൻ പറയുന്നതു ഈ ചട്ടങ്ങൾ ഉണ്ടായിരിക്കേണ്ടതു അത്യന്താവശ്യം എന്നുള്ളതത്രെ

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരാൾക്കു അയാളുടെ സ്വന്തംവസ്തുവിനെ നിർവ്വിഘ്നമായി ഉപയോഗിക്കുന്നതിനുള്ള അവകാശത്തിൽ മഹത്തായനിയന്ത്രണം ഈ ചട്ടങ്ങൾ വിധിക്കുന്നില്ലയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ചമെംബർ): (ഡെപ്യൂട്ടിപ്രസിഡണ്ടു) മനുഷ്യപ്രകൃതിയെ അതു ഇരിക്കുന്നനിലയിൽ തന്നെ നമുക്കു ചിന്തിക്കാനുണ്ടല്ലോ. ഈ രാജ്യത്തിൽ ഉള്ള ഓരോരുത്തരും ഈ സഭയിലെ ഓരോമെംബറും പോലെ സർക്കാർപണത്തെക്കുറിച്ചു അത്ര നേരുള്ളവരും ചുമതലപ്പെട്ടവരും സ്വാർത്ഥത്യാഗിയും ആയിരിക്കും എന്നു പ്രതീക്ഷിക്കാൻ നമുക്കു കഴിവില്ല. നാം മനുഷ്യപ്രകൃതി അതു ഇരിക്കുന്നനിലയിൽതന്നെ സ്വീകരിക്കണം. പുകയില വ്യാജമായികൊണ്ടുപോകുക, തടിയും മററുസാമാനങ്ങളും വ്യാജമായി കൊണ്ടുപോകുക എന്നുള്ളതു ഓരോസ്ഥലത്തും ഓരോരാജ്യത്തിലും വളരെ സാധാരണം ആകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒരു നിർദ്ദിഷ്ടമായതടി അല്ലെങ്കിൽ വിറകു ഇന്ന വസ്തുവിൽ ഉള്ളതാണെന്നുകാണിച്ചു സ്ഥലത്തെ പാർവത്യകാരന്റെയോ മററുവല്ല ചുമതലപ്പെട്ട സർക്കാരുദ്യോഗസ്ഥന്റെയോ സർട്ടിഫിക്കെട്ട്പോലെയുള്ള അധികൃതമായ വല്ലരേഖയും ഉണ്ടായിരുന്നാൽ പോരയോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടുനിയമിച്ച മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു): ഇക്കാര്യത്തിൽ വനംഡിപ്പാർട്ടുമെന്റ്വേണ്ടതാണോഎന്നും പാസുകൊടുക്കുന്നഏർപ്പാടു റവന്യൂഡിപ്പാർട്ടുമെണ്ടിനെ ഏല്പിക്കരുതോ വനങ്ങളിൽ യാതൊന്നും പ്രവേശിച്ചിട്ടില്ലാതേയും യാതൊരേടത്തും വൃക്ഷങ്ങളെ കുറിച്ചു യാതൊന്നും അറിഞ്ഞുകൂടാതേയുംപാർവ്വത്യകാരെ ഏല്പിക്കണംഎന്നും എന്റെ സ്നേഹിതൻ ആവശ്യപ്പെടുന്നു. എന്നാൽ ഒരുവൃക്ഷം സർക്കാർവനത്തിൽനിന്നു മാററിയതോ കൃഷിവകവസ്തുവിൽനിന്നു മാററിയതോ എന്നു മി. ധനുഷ്കോടിപ്പിള്ളയ്ക്കും അദ്ദേഹത്തിന്റെ ആളുകൾക്കും വളരെഎളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയും.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഈ കൃഷിവകവസ്തുക്കൾക്കു മാത്രംസംബന്ധിക്കുന്നു. അവ ഏതാണെന്നു വനം ഉദ്യോഗസ്ഥന്മാർക്കു അറിയാവുന്നതിനെക്കാൾ അധികം നന്നായി റവന്യൂ ഉദ്യോഗസ്ഥന്മാർക്കു അറിയാം. അതുകൊണ്ടു ഇതിനു വനംഡിപ്പാർട്ടുമെണ്ടുമായിട്ടാകട്ടെ വനംറിസർവുകളുമായിട്ടാകട്ടെ യാതൊരുബന്ധവും ഇല്ലാഎന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടുനിയമിച്ചമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ടു) കൺസർവേട്ടരും അദ്ദേഹത്തിന്റെ ആളുകളും നിർണ്ണീതപ്രദേശങ്ങളുടെ കാര്യത്തിൽ മാത്രമെ ആവശ്യപ്പെടുകയുള്ളു. അതാണ് ഇപ്പോഴത്തെചട്ടങ്ങളിലെ വ്യവസ്ഥഎന്നു ഞാൻവിചാരിക്കുന്നു. അതാണ് എന്റെകാഴ്ചതടി ഇന്നപ്രത്യേകസ്ഥലത്തു സർക്കാർവനംഭൂമിയിൽനിന്നു മാററിയതാണെന്നു പാർവത്യകാരനോ മററുവല്ല റവന്യൂഅധികാരസ്ഥനോ സ

ക്ഷിപ്പെട്ടതായാൽ മതി എന്നാണ് എന്റെ സ്നേഹിതൻ മി. ജോൺ ഫിലിപ്പിന്റെ അഭിപ്രായം. ആ കടിവകാശസ്ഥലത്ത് എത്ര വൃക്ഷങ്ങൾ ഉണ്ട്. അതിൽ വല്ല നിൽക്കുന്ന വൃക്ഷങ്ങൾ എന്നെങ്കിലും ഉണ്ടോ, അതിൽ എത്രയെണ്ണം യഥാസ്ഥലത്തിൽനിന്നു മാറ്റപ്പെട്ടു. സർക്കാർവനങ്ങളിൽനിന്നു വല്ലതും മാറ്റിയിട്ടുണ്ടോ? ഇതെല്ലാം പാട്ടക്കാരൻ അറിയാൻകൂടിയില്ല. യാതൊരു കുടിശ്ശിക ഒന്നും തീരെ ഇല്ലാത്തതോ. ഒരു ഏക്കർസ്ഥലം എനിക്ക് ഉണ്ടായിരിക്കാം. ഞാൻ ൨൦൦൦ ക്യുബിക്കടി തടി മുറിച്ചിരിക്കാം. അങ്ങനെയുള്ള സംഗതികളിൽ എന്റെ അവസ്ഥ ഉള്ളതിനെ കുറിച്ചെന്തോ അറിഞ്ഞുകൂടാ.

മി. തറയിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മുമ്പു ഫാറസ്റ്റ്കാരിൽ ചിലർ കൂപ്പിലെ തടി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഇപ്പോൾ ഡെപ്യൂട്ടി ഡിപ്പാർട്ടുമെന്റിനു സമർപ്പിച്ചിരിക്കുന്നു എന്നറിയാമോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നാമനിർദ്ദേശം ചെയ്ത മെമ്പർ; ഡെപ്യൂട്ടി പ്രസിഡണ്ട്) അറിയാം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) ഫാറസ്റ്റ്കാരെ ഏല്പിച്ചതിനുശേഷം റവന്യൂക്കാരെ ഏല്പിച്ചശേഷം കൂടുതൽ മോഷണം നടക്കുന്നു എന്നു വിചാരിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) അറിഞ്ഞുകൂടാ.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) അതുപോലെ തിരിയെ ഫാറസ്റ്റ്കാരെത്തന്നെ ഏല്പിക്കണമെന്നു വിചാരിക്കുന്നുണ്ടോ?

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) ഇല്ല. എന്റെ സ്നേഹിതനോട് എനിക്കു പറയാവുന്നതായ മറുപടി ഓരോ ഡിപ്പാർട്ടുമെന്റിനും ഓരോതരം ജോലി ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതുമാത്രമാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റ് രാജ്യത്തിലുള്ള വനങ്ങളെ പരിരക്ഷിക്കേണ്ടതായ പ്രവൃത്തി ചെയ്യേണ്ടതുണ്ട്.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) റിസർവ്വുകളെ സംബന്ധിച്ചും റവന്യൂകാര്യങ്ങളും പതിവുഭൂമികളെ സംബന്ധിച്ചു റവന്യൂക്കാർക്കും അധികാരമിരിക്കുന്നതല്ലെ അല്ലയോ?

മി. വി. സുബ്ബയ്യർ ഗവണ്മെന്റുനിയമിച്ചമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട് അയച്ച മി. കുമാരപിള്ള പറഞ്ഞ മറുപടിയാണ് എനിക്കു പറയാനുള്ളതു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തരിശുഭൂമികളുടെ സംരക്ഷണാധികാരം റവന്യൂഡിപ്പാർട്ടുമെന്റിനു കൊടുത്തതുപോലെ പതിവുഭൂമികളിലെ വൃക്ഷങ്ങൾക്കു പാസ്കൊടുക്കുന്നതിനും അവരെ ചുമതലപ്പെടുത്തിക്കൂടെ?

മി. വി. സുബ്ബയ്യർ ഗവണ്മെന്റുനിയമിച്ചമെമ്പർ-ഡെപ്യൂട്ടിപ്രസിഡണ്ട്): പാടില്ലെന്നുതോന്നുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിൽ ഈ പ്രവൃത്തി റവന്യൂഡിപ്പാർട്ടുമെണ്ടിൽ ഏല്പിക്കുന്നതിനെക്കുറിച്ചു യാതൊരു പ്രസ്താവവുമുണ്ടായിട്ടില്ല. ആസ്ഥിതിക്കു പാസ്കൊടുക്കുന്ന പ്രവൃത്തിയെ റവന്യൂഡിപ്പാർട്ടുമെണ്ടിലേക്കു മാററിക്കൊടുക്കുന്നതിനെസംബന്ധിച്ചുള്ള വല്ല വാദപ്രതിവാദവും സംബന്ധപ്പെട്ടതാണോ എന്നു അദ്ധ്യക്ഷനിൽനിന്നു അറിയാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ടു: മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയം വനം ഡിപ്പാർട്ടുമെണ്ടു പാസ്കൊടുക്കേണ്ടതായ ആവശ്യകതയെ നിറുത്തലാക്കണമെന്നുള്ളതിലേക്കു മാത്രം ആയിരിക്കെ തത്സംബന്ധമായുള്ള വാദപ്രതിവാദത്തിൽ ഫ്റീ പാസ കൊടുക്കുന്ന പ്രവൃത്തി വനംഡിപ്പാർട്ടുമെണ്ടിൽനിന്നു റവന്യൂഡിപ്പാർട്ടുമെണ്ടിലേക്കു മാററണമെന്നുള്ള നിർദ്ദേശത്തെക്കുറിച്ചു വാദം നടത്താമൊ എന്നുള്ളവാദം മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പുറപ്പെടുവിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): രീതിവാദത്തെക്കുറിച്ചു പ്രസിഡണ്ടുതീർപ്പുചെയ്യുംമുമ്പെ അതിനെക്കുറിച്ചു ഈ സഭയിലെ മററു മെമ്പർമാർക്കു സംസാരിക്കാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

പ്രസിഡണ്ടു: ഞാൻ അതിനെ സമ്മതിക്കാൻ തയ്യാറുണ്ടു.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയം വനംഡിപ്പാർട്ടുമെണ്ടു പാസ്കൊടുക്കുന്നതിനെ തീരെ നിറുത്തിക്കളയണമെന്നുള്ളതിനെ സംബന്ധിച്ചതാകുന്നു എന്നു എനിക്കു പറയേണ്ടതുണ്ടു. ഫ്റീപാസിനെ തീരെനിറുത്തുന്നതായാൽ അതു രാജ്യത്തിലെ വനങ്ങൾക്കു ദോഷമായിരിക്കുമെന്നുള്ള കാരണത്തിന്മേൽ ചില മെമ്പർമാർ ഈ പ്രമേയത്തിനു ആക്ഷേപം പറഞ്ഞു. ഈ പ്രവൃത്തിയെ റവന്യൂഡിപ്പാർട്ടുമെണ്ടുകാർക്കു മാററിക്കൊടുത്തു ആവശ്യമുള്ള രക്ഷാധികാരികൾ ഉണ്ടാക്കാവുന്നതാണെന്നു ഈ ആക്ഷേപത്തിനു മറുപടി പറയപ്പെട്ടു. അതുകൊണ്ടു ഈ പ്രമേയത്തിനു പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളെ ഗണിക്കുന്നതായാൽ ഇതു വിഷയമായും സംബന്ധപ്പെട്ടതുതന്നെ. പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന അഭിപ്രായത്തിനും ഈ വാദത്തിനും തമ്മിൽ അല്പം അകലം ഉണ്ടായിരിക്കാം. എന്നുവരികിലും ഈ പ്രവൃത്തിയെ റവന്യൂഡിപ്പാർട്ടുമെണ്ടിലേക്കു മാററിക്കൊടുക്കാമെന്നുള്ള നിർദ്ദേശം പ്രമേയത്തിന്റെ വിഷയവുമായ അടുത്തബന്ധം ഉള്ളതുതന്നെ അതുകൊണ്ടു ഈ വാദവുമായി സകല സംബന്ധവും ഉണ്ടു എന്നു ഞാൻ അറിയിക്കുന്നു.

പ്രസിഡണ്ടു: ഇപ്പോൾ ഉള്ളതായ ഏർപ്പാടിനെ നിറുത്തുമ്പോൾ അതിനുപകരം മതിയായ മറെറാരു ഏർപ്പാടു ഉണ്ടാക്കാമോയെന്നുള്ള വാദപ്രതിവാദം ഇപ്പോഴുള്ള ഏർപ്പാടിനെ നിറുത്തലാക്കണം എന്നുള്ള പ്രശ്നത്തിനു സംബന്ധപ്പെട്ടതാണെന്നു എനിക്കുതോന്നുന്നു. ഇപ്പോഴുള്ളതായ ഒരു ഏർപ്പാടിനെ നിറുത്തേണ്ടതാണെന്നു നിങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ അതു സുരക്ഷിതമാണോ എന്നും മതിയായ രക്ഷാവിധികൾ സമ്പാദിക്കാമോ എന്നും നിങ്ങൾ ചിന്തിക്കേണ്ടതുതന്നെ. തത്സംബന്ധമായി പാസ്കൊടുക്കുന്നതിനുള്ള അധികാരത്തെ റവന്യൂഡിപ്പാർട്ടുമെണ്ടിലേക്കു മാററിക്കൊടുക്കുന്ന കാര്യം മതിയായ രക്ഷാവിധിയായിരിക്കാൻ ഇടയുണ്ടോ എന്നു പര്യാലോചിക്കേണ്ടതാകയാൽ ആ കാര്യം പ്രധാനപ്പെട്ടതാകുന്നു. അതുകൊണ്ടു അതുസംബന്ധപ്പെട്ട കാര്യം ആകുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ-ഡെപ്യൂട്ടി പ്രസിഡണ്ടു): ഈ പ്രമേയത്തെ അംഗീകരിച്ചാൽ സ്വാമിൻ, എന്റെ വാദം ഇതാണ്. റിസർവു വനത്തോടു തൊട്ടുകിടക്കുന്ന ഒരു സ്ഥലത്തുനിന്നു തടി ഒരാൾ മാററികൊണ്ടുപോകുന്നതായാൽപോലും പാസ് ആവശ്യപ്പെടുകയില്ല. ഈ സന്ധിക്കു വ്യാജച്ചരക്കുകൊണ്ടുപോകുന്നതിനെ തടുക്കുന്നതെങ്ങനെയാകുന്നു എന്നു ഞാൻ അറിയുന്നില്ല. ഇക്കാരണങ്ങളാൽ പാസ് വേണമെന്നു നിർബന്ധിക്കുക തന്നെ വേണമെന്നുള്ളതിൽ എനിക്കശേഷം സംശയമില്ല.

അടുത്ത പ്രശ്നം ഇപ്പോഴുള്ള ചട്ടങ്ങൾ അന്യായങ്ങളാണോ എന്നും അവയ്ക്കു മാററങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നുവോ എന്നും ഉള്ളതാകുന്നു. അതു നിർണ്ണയിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം അനുഭവങ്ങളെ ആസ്പദമാക്കി അറിയുക തന്നെ. അതിനെക്കുറിച്ചു ഒരു ഹരജിപോലും തനിക്കു കിട്ടീട്ടില്ല എന്നു മി. ധനകോടിപ്പിള്ള പറയുന്നു. അനുഭവങ്ങൾക്കു ഉപദ്രവത്തെ ജനിപ്പിക്കുന്നു എന്നു എനിക്കു അറിഞ്ഞുകൂടാ എന്നു മി. കുമാരപിള്ള പറയുന്നു. വ്യക്തിപരങ്ങളായ കാര്യങ്ങളും കൺസർവേറ്ററുടേയും അധികാരസ്ഥന്മാരുടേയും അറിയിപ്പിൽ കൊണ്ടുവരികയും നമുക്കു ബോദ്ധ്യംവരികയും ചെയ്യാതെ ഫ്രീപാസ് ഏർപ്പാടിനെ തീരെ നിർത്തലാക്കേണ്ടതാകുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല.

ഇപ്പോഴുള്ള ചട്ടങ്ങൾക്കു പകരം മറെറാന്നും ഉണ്ടാക്കണമെന്നു എന്റെ സ്നേഹിതൻ മി. ജോസഫ് പറയുന്നു. പകരമായി ഇവ ഉണ്ടാക്കുന്നതുവരെ ഈ ഫ്രീപാസ് ഏർപ്പാടിനെ മാററുന്നതു അഭികാമ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പാസ് കൊടുക്കുന്ന കാര്യത്തിൽ അമിതമായ ദുർഘടങ്ങൾ ഉണ്ടെന്നു അധികാരസ്ഥന്മാരിൽ ചിലരെ ബോദ്ധ്യപ്പെടുത്തേണ്ടതായിരിക്കുന്നു എന്നും മററു ചില നിയന്ത്രണങ്ങൾ പാസ്സാക്കപ്പെട്ടു ദുർഘടങ്ങൾ ഉണ്ടെങ്കിൽ ആ ദുർഘടങ്ങൾ മാററണമെന്നല്ലാതെ പാസിനുള്ള ആവശ്യകതയെ മാററേണ്ടതല്ലാ എന്നാകുന്നു എന്റെ മറുപടി.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മി. ധനകോടിപ്പിള്ളയും മി. കുമാരപിള്ളയും പറയുന്നതു ഇപ്പോഴത്തെ ഏർപ്പാടുകൊണ്ടു ജനങ്ങൾക്കു സങ്കടം ഇല്ലെന്നാണ്. എന്നാൽ ഞാൻ പറയുന്നതിലും വാസ്തവം ഉണ്ടെന്നു അവിടുന്നു സമ്മതിക്കുമല്ലോ?

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ-ഡെപ്യൂട്ടി പ്രസിഡണ്ടു): മി. കുഞ്ഞിത്തൊമ്മന്റെ വിശ്വാസ്യതയെ ഞാൻ ഒരിക്കലും വിമർശിച്ചില്ല. ഞാൻ പറഞ്ഞതു ഒരു പ്രത്യേക ചട്ടത്തെ ഏതുവിധത്തിലും മാററേണ്ടിയിരിക്കുന്നു എന്നും ചട്ടം തൃപ്തികരമല്ല എന്നും ഏതുവിധത്തിൽ തെളിയിക്കണം എന്നും ഉള്ളതിനെ സംബന്ധിച്ചാകുന്നു. അതാണ് ഈ സഭയുടെ അറിവിൽ പെടുത്തേണ്ടതു. ഏതു തരം ചട്ടങ്ങൾക്കു മാററം ആവശ്യമുണ്ടു. ഞാൻ പറഞ്ഞതുപോലെ ചട്ടങ്ങളിൽ ന്യൂനതയുണ്ടെന്നോ അല്ലെങ്കിൽ അവ തൃപ്തികരമായി നടന്നുവരുന്നില്ല എന്നോ തെളിയിക്കുവാൻ ദൃഷ്ടാന്തങ്ങൾ നമുക്കു ഉണ്ടായിരിക്കണം. ഒരു വീട്ടിൽ മൂട്ടനിറഞ്ഞിരുന്നാൽ അതിനു പരിഹാരമാർഗ്ഗം മൂട്ടയെ മാററുകയാണ്. വീട്ടിനു തീ വെയ്ക്കുന്നതല്ല. ഈ ചട്ടത്തെ ഉദ്യോഗസ്ഥന്മാർ നടത്തിക്കുന്നതിൽ വല്ല ദോഷം ഉണ്ടായിരുന്നാൽ അതിനെ കൺസർവേറ്ററെ അറിയിക്കണം. ആ ന്യൂനത ശരിയാക്കപ്പെട്ടു എന്നു നാം നോക്കികൊള്ളണം. ഫ്രീപാസ് കൊടുക്കുന്ന ഏർപ്പാടിനെ ഇല്ലാതാക്കാൻ നാം ശ്രമിച്ചുകൂടാ; അങ്ങനെ ചെയ്താൽ വനങ്ങൾ തടസമെന്നിയെ നശിപ്പിക്കപ്പെടും. സർക്കാർവനങ്ങൾ സുരക്ഷിതങ്ങൾ ആയിരിക്കുന്നു എന്നു നോക്കേണ്ടതു ഈ സഭയിലെ ഓരോ അംഗത്തിന്റെയും ധർമ്മം ആകുന്നു. അങ്ങനെ ചെയ്യുന്നതു ജനങ്ങളുടെ ഉത്തമഗുണത്തിനു ആവശ്യവും ആകുന്നു. സംഗതി ഇപ്രകാരം ഇരിക്കകൊണ്ടു ഞാൻ ഫ്രീപാസിനെ ഇല്ലാതാക്കുവാൻ അനുകൂലിക്കുമില്ല. ഇപ്രകാരത്തെ ചട്ടങ്ങളിൽ ന്യൂനതകൾ ഉണ്ടായിരിക്കാം. അവയെക്കുറിച്ചു യാതൊന്നും എനിക്കു അറിഞ്ഞുകൂടാ. ഇപ്പോഴത്തെ ചട്ടങ്ങൾ ന്യൂനതകൾ ഉണ്ടെന്നുവരികിൽ ആ ന്യൂനതകളെക്കുറിച്ചു അധികാരസ്ഥന്മാരെ അറിയിക്കണം; അവയെക്കുറിച്ചു അവർ എന്തു പറയുന്നു എന്നും അവർ അവയെ ഏതുവിധത്തിൽ ശരിപ്പെടുത്തും എന്നും നമുക്കു അറിയണം.

മി. കെ. കെ. താമസ് (കോട്ടയം): കടത്തിക്കൊണ്ടുപോകുന്നതിനു പാസ് കൊടുക്കുന്ന ഏർപ്പാടു ഫലവത്തായ നിയന്ത്രണം ആണെന്നു മെംബർ വിചാരിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) ഡെപ്യൂട്ടി പ്രസിഡണ്ടു): അതെ, കഴിവുള്ളിടത്തോളം ഇപ്പോഴും വ്യാജച്ചരക്കുകൾ അധികമായി കൊണ്ടുപോകപ്പെടുന്നുണ്ടു എന്നു എന്റെ സ്നേഹിതന്മാർ ഇവിടെ പറയുമെങ്കിൽ ഇപ്പോഴുള്ള നിയന്ത്രണത്തെ എടുത്തുകളയുന്നതായാൽ ഉള്ള ഫലം എന്തായിരിക്കും എന്നു ഞാൻ ചോദിക്കുന്നു? എന്തുകൊണ്ടെന്നാൽ എല്ലാവർക്കും വ്യാജമായി ചരക്കു കൊണ്ടുപോകുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ നാം മനുഷ്യപ്രകൃതിയെ ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഗ്രഹിക്കേണ്ടതാണ്. ഒരു മര്യാദക്കാരൻപോലും പുറമ്പോക്കിൽ പ്രവേശിക്കാൻ ശ്രമിക്കുന്നു. അതു അയാൾ മര്യാദഹീനൻ ആകകൊണ്ടാണോ? അല്ല; ആവശ്യംഹേതുവായി അയാൾ തന്റെ സ്വന്തം പറമ്പിനെ വിസ്താരപ്പെടുത്തുകയും തന്നിമിത്തം പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ള പുറമ്പോക്കായ സർക്കാർഭൂമിയിൽ അതിക്രമിക്കയും ചെയ്യുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുറമ്പോക്കിൽ പ്രവേശിക്കുന്നതു കുററകരമെന്നു സമ്മതിക്കുന്നതുപോലെ റിസർവിൽ കയറിയാലും കുററകരമാണെന്നു സമ്മതിക്കുന്നുണ്ടല്ലോ? അതു ഗവണ്മെണ്ടിലേക്കു രക്ഷയല്ലേ.

മി. വി. സുബ്ബയ്യർ (ഗവണ്മെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ടു): ഞാൻ ഒരു ഉദാഹരണമായി അതു ചൂണ്ടിക്കാണിച്ചതേയുള്ളു. വനത്തിലുള്ള തടികളെ പരിരക്ഷിക്കുവാൻ വേറെ രക്ഷാമാർഗ്ഗം ഇല്ലാ എന്നുവരികിൽ ഫ്രീപാസ് ഏർപ്പാടു നിറുത്തലാക്കുന്നതു ആപൽക്കരമായിരിക്കും എന്നു ഞാൻ സചിന്തിതമായി വിചാരിക്കുന്നു. വല്ല ദോഷവും ഉണ്ടെന്നുവരികിലും അതു മാററുവാൻ സർവ്വഥാ ശ്രമിക്കുവിൻ. ഡിപ്പാർട്ടുമെണ്ട് സ്വപ്രവൃത്തി ശരിയായി ചെയ്യുന്നില്ലാ എന്നോ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ഫ്രീപാസ് കിട്ടുന്നില്ലാ എന്നോ മററോ ഉണ്ടെങ്കിൽ അപ്പോൾ ജനങ്ങൾ തടി മാററികൊണ്ടുപോകുവാൻ സമ്മതിക്കണം എന്നും അവർ വിവരം ശരിയായ അധികാരസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തണം എന്നും ഉള്ള നിലയിൽ ചട്ടത്തെ ഭേദപ്പെടുത്തേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ അധികാരസ്ഥന്മാർ പാസ് കൊടുക്കുന്നതിൽ

ഉപേക്ഷ കാണിക്കയും അവർ ശരിയായി പാസ്സ് കൊടുക്കുന്നതിൽ ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്നതായാൽ തന്നിമിത്തം കഷ്ടം ജനങ്ങൾ അനുഭവിച്ചുകൂടാ; ആ വിധത്തോളം ചട്ടത്തെ ഭേദപ്പെടുത്തുന്നതിനുകൂടി എനിക്കു ആക്ഷേപം ഇല്ല. എന്നാൽ വനംഡിപ്പാർട്ട്മെണ്ടുകാർ പാസ്സ് കൊടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തണം എന്നുള്ളതിലേക്കു വല്ലവർ ബലവത്തായ ആക്ഷേപം നിശ്ചയമായും എനിക്കു ഉണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സ്വാമിൻ, മി. കുഞ്ഞിത്തൊമ്മന്റെയും അദ്ദേഹത്തിനെ അനുകൂലിച്ചവരുടേയും പ്രസംഗങ്ങൾ ഞാൻ കേട്ടപ്പോൾ ഈ പ്രമേയത്തെ അവലംബിക്കണം എന്നുള്ള ചായ്‌വ് എനിക്കു തോന്നി. എന്നാൽ മി. കുമാരപിള്ളയുടെ വാദം കേട്ടതിൽപിന്നീട് ഈ പ്രമേയത്തെ ഇപ്പോൾ ഈ രൂപത്തിൽ അവലംബിക്കുന്നതിനു എനിക്കു കഴിവില്ലാ എന്നു വ്യസനസമേതം പറയുന്നു. കമ്മിറ്റിയിൽ പ്രതിനിധാനം ചെയ്തും ഈ സഭയിൽ ഇപ്പോൾ ഹാജരായിരിക്കുന്നവരും ആയ രണ്ടു ഉദ്യോഗസ്ഥമെമ്പർമാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുന്നു. അവർ ഗവൺമെന്റിലേക്കു അയച്ചതായ റിപ്പോർട്ട് സഭാസമക്ഷം വച്ചിട്ടില്ലാത്തതുകൊണ്ടു ആ റിപ്പോർട്ടിൽ അവർ പറഞ്ഞിരിക്കാവുന്ന വാദങ്ങളെ നോക്കി അവർ തമ്മിൽ ഉള്ള അഭിപ്രായങ്ങളെക്കുറിച്ചു നിർണ്ണയിക്കാവുന്ന നിലയിൽ നിർഭാഗ്യവശാൽ നാം ഇരിക്കുന്നില്ല. ഏതായാലും ഇപ്പോൾ നമുക്കു ലഭ്യമായ സംഗതികളെ വച്ചുകൊണ്ടു നമുക്കു ഇപ്പോൾ കാര്യം തീർച്ചയാക്കേണ്ടിയിരിക്കുന്നു. സർ, ഇപ്പോഴത്തെ നിരക്കു ഫ്രീപ്പാസ് രീതിയെ നിറുത്തലാക്കുന്നതു ഈ രാജ്യത്തിലെ പൊതുജനത്തിനു ക്ഷേമകരം ആകുമെന്നുള്ള ബോധ്യം എനിക്കു ജനിച്ചിരിക്കുന്നു. എന്നാൽ ഈ ചട്ടങ്ങളുടെ പ്രവർത്തനത്തിൽ ഏതാനും വൈഷമ്യങ്ങൾ ഉള്ളതായി വാദപ്രതിവാദത്തിനിടയ്ക്കു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്; അവയെ മാറ്റുന്നതു ശക്യമാണോ എന്നു ആലോചിക്കേണ്ടതായ ആവശ്യകതയെ ഗവൺമെന്റിനെ അറിയിക്കുവാൻ ഈ അവസരത്തെ ഞാൻ ഉപയോഗിക്കുന്നു. സർ, ഈ സഭയിൽ അറിയിക്കപ്പെട്ടതായ രണ്ടു സർവ്വപ്രധാനകാര്യങ്ങൾ ഒന്നാമതു പാസ്സ് കൊടുക്കുന്നതിനു നിയോഗിക്കപ്പെടേണ്ട ഉദ്യോഗസ്ഥനേയും രണ്ടാമതു ഈ പാസ്സുകൾ കൊടുക്കുന്നതിൽ ജനിക്കുന്ന താമസത്തെയും സംബന്ധിച്ചവ ആകുന്നു.

ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഈ പ്രവൃത്തിയെ അതാതുസ്ഥലത്തെ തഹശീൽദാരെ ഏല്പിക്കാൻ പാടില്ലയോ എന്നു ആലോചിക്കേണ്ടതാകുന്നു. അതു വനംഡിപ്പാർട്ടുമെണ്ടിനും ലാൻഡ് റവന്യൂഡിപ്പാർട്ടുമെണ്ടിനും തമ്മിൽ അനാവശ്യമായ വൈപരീത്യത്തിനും ക്ലേശത്തിനും ഇടയാക്കാം എന്നാകുന്നു എന്റെ സ്വന്തം അഭിപ്രായം. ഒരു ഡിപ്പാർട്ടുമെണ്ടുമാത്രമേ ഉണ്ടായിരിക്കാവൂ എന്നും അധികം ഉചിതമായ ഉദ്യോഗസ്ഥൻ വനംഡിപ്പാർട്ടുമെണ്ടുകാർ തന്നെ എന്നും ആകുന്നു ഇപ്പോഴും എന്റെ വ്യക്തമായ അഭിപ്രായം.

മി. സി. പി. തോമസ് (ഗവൺമെണ്ട് നിയമിച്ച മെമ്പർ): കുടികളുടെ വസ്തുക്കളിൽ നിൽക്കുന്ന മരം പ്രത്യേകം ആളിന്റെ വകയാകകൊണ്ടും ഗവൺമെണ്ടിന്റെ വകയല്ലാത്തതുകൊണ്ടും അങ്ങനെയുള്ള കാര്യത്തിൽ ആ തടി ആയാളുടെ വകയാണെന്നു പാർവ്വത്യകാർ സാക്ഷ്യപ്പെടുത്തുന്നതായിരുന്നാൽ വനംഉദ്യോഗസ്ഥന്മാർ അതിൽ കൂടുതലായി എന്തു ചെയ്യേണ്ടതുണ്ട്?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പുതിയ ചട്ടം അനുസരിച്ചു പാർവ്വത്യകാരുടെ സർട്ടിഫിക്കെട്ട് ആവശ്യം ഇല്ല എന്നു അറിയുന്നു.

താമസത്തിന്റെ കാര്യത്തിൽ അതു കേവലം ചിന്തനീയം തന്നെ. ജനങ്ങളുടെ താല്ക്കാലികസങ്കടങ്ങളെ നിവർത്തിക്കുന്നതിനും മേലാൽ താമസം നേരിടാതിരിക്കത്തക്കവണ്ണം ഉചിതമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനും ഡിപ്പാർട്ട്മെണ്ടിന്റെ മേലധികാരി എന്ന നിലയിൽ കൺസർവേറ്റർ വേണ്ടതു ചെയ്യും എന്നു വിശ്വസിക്കുന്നു.

മി. സി. പി. തോമസ് (ഗവൺമെണ്ട് നിയമിച്ച മെമ്പർ): കുടിയവസ്തുക്കളിൽ നിൽക്കുന്ന തടികൾക്കു പാസ് പാർവ്വത്യകാർ കൊടുക്കുന്നതായാൽ വനരക്ഷയ്ക്കു എന്തു അപായം ഉണ്ടാകും എന്നുള്ളതിനെക്കുറിച്ചു സഭയെ മനസ്സിലാക്കിത്തരുന്നതിനു മെമ്പർക്കു ശക്യമായിരിക്കുമോ? ആ സംഗതി റിസർവ്വ് വനങ്ങളിൽനിന്നു വെട്ടുന്ന തടികൾക്കുള്ള പാസിനെയും കുടിയവസ്തുക്കളിൽ നിൽക്കുന്ന തടികൾക്കുള്ള പാസിനെയും ഭിന്നിച്ചു ചെയ്തു കഴിഞ്ഞപ്പോൾ കുടിയവസ്തുക്കളിൽ നിൽക്കുന്ന തടികളുടെ കാര്യത്തിൽ പാർവ്വത്യകാർ ഫ്രീപാസ് കൊടുക്കുന്നതിനു സമ്മതിക്കുന്നതുകൊണ്ടു എന്തു ദോഷം ഉണ്ടാകും എന്നു മെമ്പർക്കു പറയാൻ കഴിയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): രാജ്യഭരണത്തിൽ ഒരു ശാഖയുടെ പ്രവർത്തനത്തിൽ രണ്ടുവിധം അധികാരസ്ഥന്മാരുടെ നിയന്ത്രണം നടപ്പാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളേയും ഞാൻ നിശ്ചയമായും അപലപിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അധികാരദ്വൈവിധ്യം എങ്ങിനെ സംഭവിക്കുന്നു എന്നു മെമ്പർ ദയവുണ്ടായി വിവരിച്ചുപറയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വൃക്ഷം കുടിയവസ്തുവിൽ ഉള്ളതാണെന്നു പാർവ്വത്യകാർ പറയും. അങ്ങനെയല്ലാ എന്നു വനംഡിപ്പാർട്ട്മെണ്ടുകാർ പറയാവുന്നതാണ്. ഈ വിധം ഇതിന്റെ കാര്യവശാൽ ഉള്ള നടത്തിപ്പിൽ ഭേദങ്ങൾ ഉണ്ടാകാം; പരസ്പരവൈപരീത്യം ജനിക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): പാർവ്വത്യകാരുടെ സർട്ടിഫിക്കറ്റ് അവിവാദനീയം ആണെന്നു ആക്കിയാൽ വല്ല വൈപരീത്യവും ജനിക്കുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): പ്രത്യേകിച്ചും ഇതു പ്രഥമതഃ വനംഡിപ്പാർട്ട്മെണ്ടിനെ സംബന്ധിച്ചതാകകൊണ്ടു ഇതിനെ അവിവാദനീയം ആക്കരുതു എന്നാണ് എന്റെ അഭിപ്രായം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതു പ്രഥമതഃ വനംഡിപ്പാർട്ട്മെണ്ടിനെസംബന്ധിച്ചതാണെന്നുള്ളതു എങ്ങനെയാണെന്നു മെമ്പർ വിവരിച്ചു പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ പ്രശ്നത്തെ അധികം പൂർണ്ണമായി മെമ്പർ തന്നെ ചിന്തിച്ചുകൊള്ളട്ടെ എന്നു ഞാൻ വിട്ടേക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതിന്റെ താല്പര്യം മെമ്പർ ഈ വിഷയത്തെപ്പറ്റി ചിന്തിച്ചിട്ടില്ല എന്നാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എന്നോടു ചോദിക്കുന്നതിനെല്ലാം സമാധാനം പറയാനല്ല ഞാൻ ഇവിടെ ഇരിക്കുന്നതു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റ് നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡെന്റ്) ഈ ചട്ടങ്ങൾ വനം റെഗുലേഷനെ അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കപ്പെട്ടിട്ടുള്ളവയല്ലയോ എന്നു മെമ്പരിൽ നിന്നു അറിയേണ്ടിയിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു പറയാൻ ഞാൻ ഭാവിച്ചതേയുള്ളു. ഈ ചട്ടങ്ങൾ പ്രധാനമായ വനംഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തിയെന്നതെങ്ങനെ എന്നു എന്നോടു ചോദിച്ചതിൽതന്നെ എനിക്കു ആശ്ചര്യംതോന്നി.

വനസംരക്ഷണത്തിന്റെ ഗുണത്തിനുവേണ്ടി ഒരു നിതി നിശ്ചയിക്കാൻ ശ്രമിക്കുമ്പോൾ, വനംഡിപ്പാർട്ടുമെണ്ടുമായി അടുപ്പിച്ചു ബന്ധമുള്ള ഒരു പ്രവൃത്തിയെ ആ ഡിപ്പാർട്ടുമെണ്ടിൽനിന്നെടുത്തു മറ്റൊരു ഡിപ്പാർട്ടുമെണ്ടിലേക്കു മാററിക്കൊടുക്കണം എന്നു പറയുന്നതുതന്നെ വാസ്തവത്തിൽ ആശ്ചര്യകരമായിരിക്കുന്നു.

ഇനി ഗവൺമെണ്ടിന്റെ അറിവിൽ കൊണ്ടുവരുവാനായി മറെറാരു സംഗതികൂടിയുണ്ട്. റിസർവ്വ് വനങ്ങളിൽനിന്നു വളരെ അകന്നിരിക്കുന്ന താലൂക്കുകളുടേയും പ്രദേശങ്ങളുടേയും കാര്യത്തിൽ ഈ ചട്ടത്തെ സംബന്ധിക്കാൻ പാടില്ലയോ എന്നുള്ള പ്രശ്നം ആലോചിക്കാവുന്നതാണെന്നുള്ളതത്രേ. അതു സസൂക്ഷ്മം പര്യാലോചിക്കേണ്ടതായ കാര്യമാകുന്നു. വനങ്ങളിൽനിന്നു വളരെ അകന്നിരിക്കുന്ന താലൂക്കുകളുടേയും പ്രദേശങ്ങളുടേയും കാര്യത്തിൽ ഒരു വ്യത്യാസം ഗവൺമെണ്ടു ഉണ്ടാക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ എതിർക്കുന്നു. മി. കുഞ്ഞിത്തൊമ്മനും മി. കുമാരപിള്ളയും അഭിപ്രായപ്പെട്ടപ്രകാരം റിസർവിനോടുചേർന്ന സ്ഥലത്തെ സംബന്ധിച്ചും പ്രീപാസ് കൊടുക്കുന്ന സംഗതികളിലും എനിക്കും അനുഭവത്തിൽ തന്നെ പലതും അറിയാവുന്നതാണ്. റിസർവിനോടു ചേർന്നിട്ടുള്ള സ്ഥലങ്ങളിൽനിന്നു വൃക്ഷങ്ങളെ കടത്തിക്കൊണ്ടുപോകുന്നതിനു പ്രീപാസ് കിട്ടുന്നതിലുള്ള സങ്കടം രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുമ്പു ജനങ്ങൾ ധാരാളം അനുഭവിച്ചുവന്നതാണ്. മൂന്നുകൊല്ലത്തിനുമുമ്പുവരെ ജനങ്ങൾക്കു അതു വളരെ അസൗകര്യമായിരുന്നു എന്നുള്ളതും സംശയമില്ലാത്തതാണ്. എന്നാൽ പുതിയ റൂൾസിൻപ്രകാരം നടപടി ആരംഭിച്ചതിൽപിന്നെ ആ വക സങ്കടങ്ങൾ വിശേഷം നീങ്ങിയിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം. എന്നാൽ റിസർവിനോടു ചേർന്നുകിടക്കുന്ന സ്ഥലങ്ങളിൽനിന്നു കൊണ്ടുപോകുന്ന വൃക്ഷങ്ങളിൽ പ്രീപാസ് വേണ്ടതു മരുതു, തേമ്പാവു, വേങ്ങ, മരുതു മുതലായതുകൾക്കാണു. ആഞ്ഞിലി പിലാവു മുതലായ തടികൾക്കു ആവശ്യമില്ല. ഈ മാതിരി വൃക്ഷങ്ങൾ റിസർവിനോടുചേർന്ന പുതുതായി പതിച്ചിട്ടുള്ള ചേരിക്കൽ പ്രദേശങ്ങളിൽ മാത്രമേ കാണുന്നൊള്ളു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പഴയ ചേരിക്കൽ ഭാഗങ്ങളിൽ ഈ മാതിരി ഗവൺമെണ്ടു വെൻതേക്കു മുതലായതു കാണുന്നില്ലേ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): റിസർവിനോടു ചേർന്നിട്ടുള്ള സ്ഥലങ്ങളിൽ ഞാൻ കാണുന്നുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ എത്രയുണ്ട്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): റിസർവിനോടുചേർന്നുള്ള ചേരിക്കൽ പതിവുസ്ഥലങ്ങളിലാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മെയിൻറോഡിനടുത്തു റിസർവ്വ് വനങ്ങളില്ലേ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മെയിൻസെൻട്രൽ റോഡിനടുത്തു റിസർവ്വനങ്ങളില്ലാ. മെയിൻറോഡുകളോടുചേർന്നു ആ മാതിരിവൃക്ഷങ്ങൾ കാണുന്നതു അടുത്തകാലത്തു പുതുവലായി പതിച്ചിട്ടുള്ള സ്ഥലങ്ങളിലാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഭൂമികളെ പുരാതനകാലത്തുതന്നെ റിസർവാക്കി എടുത്തിരുന്നു എന്നു എങ്ങനെ അറിയാം?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പുരാതനകാലത്തെ ജനങ്ങൾക്കു പതിച്ചുകൊടുക്കാതെ ഗവൺമെണ്ടിന്റെ അധീനതയിൽവച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും ഉടമസ്ഥാവകാശം ഗവൺമെണ്ടിനുതന്നെ ഇരിക്കുന്നതുകൊണ്ടും അറിയാം. ഈ മാതിരി വൃക്ഷങ്ങളെ പാസ്സുകൂടാതെ കൊണ്ടുപോകരുതെന്നു അനുവദിക്കുന്നപക്ഷം റിസർവിനു ഈ മാതിരിവൃക്ഷങ്ങൾ അടുത്തകാലത്തുതന്നെ ഇല്ലാതാകും എന്നുള്ളതാണ് അനുഭവമായി വരാവുന്നതു. പ്രീപാസ്സുകൂടാതെ തടികൊണ്ടുപോകുവാൻ പാടില്ലഎന്നു നിർബന്ധം ഉണ്ടായിരുന്നിട്ടും ധാരാളം വൃക്ഷങ്ങൾ മോഷണം നടത്തിക്കൊണ്ടുപോകുന്നുണ്ട്.

മി. പി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ സർവപ്രധാനമായ അസൗകര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നില്ലയോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതുകൊണ്ടു മോഷ്ടിക്കണം എന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രീപാസ്സുകൂടാതെ സ്വന്തം തടി ഉപയോഗിക്കാൻ പാടില്ല എന്നുവന്നതുകൊണ്ടാണ് വേറെ ഗത്യന്തരം ഇല്ലാതെ ഇങ്ങനെ ചെയ്യുന്നതു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) മാന്യന്മാർ അങ്ങനെ ചെയ്യുകയില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തടി കിട്ടാതിരിക്കുമ്പോൾ മറെറാവിധത്തിൽ സാധിക്കാത്തതുകൊണ്ടും മാന്യന്മാരല്ലാത്ത ചിലരെങ്കിലും മോഷ്ടിക്കാൻ ഇടയില്ലയോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അങ്ങനെ പല സംഗതികൾക്കും അവസരം ഉണ്ടാക്കികൊടുക്കും.

മി. സി. പി. തരകൻ (കുന്നത്തുനാട്): പ്രീപാസായിട്ടുവച്ചാൽ മാന്യന്മാർ തടി മോഷ്ടിക്കാൻ പോകുമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഏതു വിഷയത്തിലും മന്ത്രിമാർ മോഷ്ടിക്കാൻ ഒരിക്കലും പോകുകയില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനുള്ള അവസരം കൊടുക്കാതിരുന്നാൽ മററുള്ളവരും മോഷണം കുറയ്ക്കുകയില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അവസരം കൊടുത്താൽപോലും പോകുകയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ മുളകറ മുതലായതു കടത്തിക്കൊണ്ടുപോകുവാൻ ഫ്രീപാസ് വേണമോ? വേറെ എന്തെല്ലാം തരികറ ഉണ്ട്?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മേൽപറഞ്ഞ ചരക്കുകളിൽ ഫ്രീപാസിന്റെ ആവശ്യം ചെയ്യുന്നതാണ്; തേമ്പാവു, മരുത്, കമ്പകം മുതലായവ ഈ സംഗതികളിൽ ഉണ്ടായിരിക്കാൻ തരമില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫ്രീപാസ് കൊടുക്കാൻ റവന്യൂക്കാരെ ഏല്പിച്ചാൽ എന്താണു ദോഷം?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): റവന്യൂ ഉദ്യോഗസ്ഥന്മാരാകുമ്പോൾ പാർവത്യകാരനാണ് ഈ കൃത്യം നടത്തേണ്ടതു. എന്നാൽ പാർവത്യകാർ തടിമുറിക്കുന്നതിനു സർട്ടിഫിക്കററുകൊടുക്കുകയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽ നിന്നു മോഷ്ടിച്ചുകൊണ്ടുപോയതാണെന്നു അവർ വാദം പുറപ്പെടുവിക്കയും ചെയ്യുന്നതായിരുന്നാൽ വല്ലാത്ത വിഷമമാണ്. ആ ഡിപ്പാർട്ടുമെന്റും കൂടി ചിലപ്പോൾ വരുന്നതു നല്ലതല്ലല്ലോ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പാസ് കൊടുക്കുന്നതു പാർവത്യകാരുടെ റിപ്പോർട്ടനുസരിച്ചു തഹശീൽദാരന്മാരായിരുന്നാൽ നന്നായിരിക്കയില്ലയോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തഹശീൽദാരന്മാർ പുറമ്പോക്കു വിഷയത്തിൽ ജോലികളിക്കുന്നതുപോലും അവരുടെ ഇതര ജോലിക്രമത്തിനു നിവൃത്തിയില്ലാത്തതാണെന്നു മി. റാബിൻസൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനു പുറമെ ഈ തടിയുടെ ചുമതലകൂടി വഹിക്കുന്നതു ഭാരമേറിയ സംഗതിയാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫോറസ്റ്റുകാരും ഇപ്പോൾ ധാരാളം ജോലിയുള്ളതുകൊണ്ടാണ് റിസർവിൽ മോഷണം നടക്കുന്നതു. ഫ്രീപാസ് നിമിത്തം മോഷണം നടക്കുന്ന സ്ഥലങ്ങളിൽ ഇവരും മററുള്ളവരും കൂടി റിസർവ് വനങ്ങളെ സൂക്ഷിക്കുന്നതായാൽ വളരെ സൌകര്യം ആയിരിക്കയില്ലേ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഫോറസ്റ്റിൽ നിന്നു കൊണ്ടുപോകുന്ന തടികളെ സൂക്ഷിക്കാൻ വേറെ ഒരു ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്താവുന്നതല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഭൂമികളെപ്പററി അന്വേഷിക്കേണ്ടതു റവന്യൂഡിപ്പാർട്ടുമെന്റുകാരുടെ ചുമതലയാണ്. പുറമ്പോക്കും പുതുവലും പതിച്ചുകൊടുക്കുന്നതു അവർ തന്നെയല്ലേ.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): പതിച്ചുകൊടുക്കുന്നതു റെവന്യൂ ഡിപ്പാർട്ടുമെന്റുകാർതന്നെ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ചുമതല റെവന്യൂഡിപ്പാർട്ടുമെന്റുകാർക്കുള്ളതുകൊണ്ടു പാസ് കൊടുക്കുന്നതിനും മററുള്ളവരെക്കാൾ കൂടുതൽ സൌകര്യം ഇവർക്കല്ലേ ഉള്ളതു.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഫോറസ്റ്റുകാരുടെ കൈവശമുള്ള ചേരിക്കുകളെ റെവന്യൂഡിപ്പാർട്ടുമെന്റിലേക്കു കൈവശപ്പെടുത്തശേഷം പതിച്ചുകൊടുക്കുന്നപക്ഷം പാസ് കൊടുക്കുന്ന ചുമതല അവരെ ഏല്പിക്കാവുന്നതല്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): റിസർവുകളിൽ മോഷണം നടക്കാതിരിക്കുന്നതിനു ഫ്രീപാസ് വേണം എന്നുണ്ടോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അതിനു ഫ്രീപാസ് വേണം എന്നില്ല ഫ്രീപാസ് ഏർപ്പെടുത്തിയാൽ മോഷണം വർദ്ധിക്കാൻ കൂടുതൽ സൌകര്യം ഉണ്ടാകുന്നതാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എല്ലാത്തിനെപ്പററിയും കേസെടുക്കാൻ പോലീസിനു അധികാരം നൽകീട്ടുണ്ടു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നു റബ്ബർ കൃഷി നടത്തുന്നില്ലേ? അതുകൊണ്ടു മററുള്ളവരുടെ റബ്ബർ കടത്തിക്കൊണ്ടുപോകാൻ ഫ്രീപാസ് വച്ചിട്ടുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): റബ്ബർ ഒരേ അവസരത്തിൽ ശേഖരിച്ചുകൊണ്ടു പോകുവാൻ സാധിക്കുമോ?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): റിസർവുകളിൽ നിൽക്കുന്ന തടികളെ വെട്ടി നദികളിൽ തള്ളിയാൽ ഒരു രാത്രികൊണ്ടു നാല്പതും അൻപതും നാഴിക ദൂരം കടത്തികളയാവുന്നതാണ്. തടികളെ കടത്തുന്നതുപോലെ അത്ര എളുപ്പമല്ല റബ്ബർ അതു ചുരുങ്ങിയസമയം കൊണ്ടുശേഖരിക്കാവുന്നതോ കടത്തിക്കൊണ്ടു പോകത്തക്കനിലയിൽ ക്ഷണംകൊണ്ടു തയ്യാറാക്കാവുന്നതോ അല്ല.

മി. കെ. കെ. താമസ് (കോട്ടയം): 1 പൌണ്ട് റബ്ബർ ഒരു രാത്രികൊണ്ടു എടുത്തുകൊണ്ടുപോകാൻ സാധിക്കുമോ?

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അത്രയും റബർ ഒരു രാത്രികൊണ്ടു എടുക്കാൻ സാധിക്കും എങ്കിൽ കൊണ്ടുപോകാനും സാധിക്കും.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടം, വടക്ക): എടുത്തുതയ്യാറാക്കിവച്ചിരുന്നതിനെ കൊണ്ടുപോകാൻ സാധിക്കയില്ല.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട), എടുത്തുവച്ചിരുന്നാൽ കടത്തിക്കൊണ്ടുപോകാം.

സർവ്വവനത്തിന്റെ സംരക്ഷണാർത്ഥം ഗൌരവമായി ആലോചിക്കുമ്പോഴും ഈ പ്രമേയത്തെ എതിർക്കാതിരിക്കാൻ എന്റെ മനസ്സു അനുവദിക്കുന്നില്ല. അതിനാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും), ജനങ്ങളുടെ ക്ഷേമത്തേയും സൌകര്യത്തേയും പൊതുവിൽ ജനസാമാന്യത്തിന്റെ സ്വാതന്ത്ര്യവേഗങ്ങളേയും രക്ഷിക്കാനായിട്ടാണ് ഈ പ്രമേയം

ഇവിടെ അവതരിപ്പിച്ചതു. ഗവണ്മെന്റിന്റെ സ്വത്തു സംരക്ഷണത്തിനു ഏതെങ്കിലും ബാധകം ഉണ്ടാകണം എന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല.

ഇപ്പോൾ എന്റെ പ്രമേയത്തെ പ്രതികൂലിച്ചു കൺസർവേട്ടർ സംസാരിക്കയുണ്ടായല്ലോ. അവയ്ക്കു ചില മറുപടികൾ ചുരുക്കിപ്പറയാം. ഒന്നാമതു ഈയിടെ ഒരു ചട്ടങ്ങൾ ഉണ്ടാക്കി. അതുകൊണ്ടു മുമ്പിലത്തേക്കാൾ കൂടുതൽ സൌകര്യം ഉണ്ടാകും എന്നാണ് അദ്ദേഹം പറഞ്ഞതു. അതു ഒരിക്കലും വാസ്തവം അല്ല. സൌകര്യം മുമ്പിലത്തേക്കാൾ കുറയുകയാണ് ചെയ്യുന്നതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. മുൻ അവസരങ്ങളിൽ ഇവിടെ പ്രജാസഭയിൽ ഈ സംഗതിയെപ്പറ്റി തുടർച്ചയായി മെമ്പർമാർ നിവേദനങ്ങൾ സമർപ്പിച്ചതിന്റെ ഫലമായി റൂൾസ് മുൻപു പല തവണകളിൽ ഭേദപ്പെടുത്തിട്ടുള്ളതാണ്. അങ്ങനെ ഭേദപ്പെടുത്തിയതുകൊണ്ടു മുമ്പിലത്തേക്കാൾ വല്ലതും ഉപദ്രവം ഉണ്ടായതുമില്ല. എന്നാൽ റവന്യൂഡിപ്പാർട്ടുമെണ്ടിലെ സർട്ടിഫിക്കറ്റു മേടിക്കുന്നതിനു ഇപ്പോൾ വ്യവസ്ഥയുണ്ട്. എന്നാൽ റേഞ്ചർ എഴുതി റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ നിന്നു പതിവിനെ സംബന്ധിച്ച് രേഖവരുത്തണം എന്നാണ് ഇപ്പഴത്തെ വ്യവസ്ഥ. അതു മുമ്പിലത്തേക്കാൾ ദുഷ്കരമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും, വിളവൻകോടും): ഈ റൂൾസ് നടപ്പാക്കിയതിൽ പിന്നെ പരാതി ഉണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): ഇപ്പോഴും ഉണ്ടു. എന്നാൽ ഈ റൂൾസിനു ശേഷവും കക്ഷികൾക്കു പാസ് കിട്ടുന്നതിനു വളരെ താമസം നേരിടുന്നു എന്നു ഞാൻ കൺസർവേട്ടരോടു പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും, വിളവങ്കോടും): ഇന്നിന്ന കക്ഷികൾക്കു ഇന്നയിന്ന സമയങ്ങളിൽ റെഞ്ചരെ കാണാൻ സാധിച്ചിട്ടില്ല എന്നുള്ളതിനു ദൃഷ്ടാന്തമായി വല്ല സംഗതികളും കൺസർവേട്ടരുടെ അറിവിൽ കൊണ്ടുവന്നിട്ടുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ധാരാളം ജനങ്ങൾ ഉണ്ടു. അവരിൽ പലർക്കും ഈ വിഷയത്തിൽ സങ്കടവും ഉണ്ട്. അവരെ എല്ലാംകൊണ്ടു കൺസർവേട്ടരുടെ അടുക്കൽ ഹാജരായി തെളിവുകൊടുപ്പിക്കുവാൻ ഒരു പ്രതിനിധിയുടെ നിലയിൽ എനിക്കു സാധിക്കയില്ല. പുതിയ റൂൾസിൽ ഇവിടെ ഒഴിവാക്കിട്ടുള്ള മരങ്ങൾ താന്നിയും കശുമാവും മററും ആണ്. പുരപണിമുതലായ വകക്കു ഇവ ഉപയോഗിക്കാറില്ല. തിരുവിതാംകോട്ടിന്റെ വടക്കൻ ഭാഗങ്ങളിൽ, വിശേഷിച്ചും ഉൾനാട്ടുകളിലും മലയോരങ്ങളിലും സാധാരണ മരുതു വെൺതേക്കു ഇവയാണു സാധുക്കൾ ഭവനം പണിയിക്കുന്നതിനു ഉപയോഗിക്കുന്നതു. തേമ്പാവു റമ്പകം ആഞ്ഞിലി മുതലായവ; വഴിയ വിലകൂടാതെ കിട്ടാൻ പ്രയാസമാണ്. അവയെ കൃഷിയായുധങ്ങൾ ഉണ്ടാക്കുന്നതിനും സാധുക്കൾ ഭവനം പണിയിക്കുന്നതിനും അധികം ഉപയോഗിക്കാറില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും, വിളവൻകോടും): ഒഴിച്ചിടപ്പെടാത്തവനങ്ങളിൽ നിന്നു കൃഷിയായുധങ്ങൾക്കു എടുക്കുന്നതിനു വല്ല തടസ്ഥവും ഉണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): വെട്ടിമുറിക്കുന്നതിനു തടസ്ഥമുള്ളതുകൊണ്ടു കൃഷിയുപകരണങ്ങൾ പലതും ഉണ്ടാക്കുവാനും പ്രയാസമായിരിക്കുന്നു.

മി. സി. എൻ. ഇട്ടപ്പൻ നമ്പൂരി (ജന്മി): ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടിലേക്കു ഫ്രീപ്പാസ് അപേക്ഷിക്കുന്നതായാൽ അവർക്കു അങ്ങനെ കൊടുക്കാതിരിപ്പാൻ തക്ക എന്തോ മനഃപൂർവം ഉള്ളതായി പ്രസ്താവിച്ചല്ലോ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): അങ്ങനെ മനഃപൂർവം ഉണ്ടെന്നു പ്രസ്താവിച്ചില്ല.

മി. ഇട്ടപ്പൻ നമ്പൂതിരി (ജന്മി): വനംഡിപ്പാർട്ടുമെണ്ടിൽ നിന്നു തടികൾക്കു പാസ് കൊടുക്കുന്ന വിഷയത്തിൽ വല്ല ചായവും ഉണ്ടെങ്കിൽ പാസ് കൊടുക്കാതിരിക്കുമോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): അഭിപ്രായം ഒന്നും ഇല്ലാ. എങ്കിലും പാസ് കൊടുക്കുന്ന കാര്യത്തിൽ ഫാറസ്റ്റിലെ ചില ചില്ലറ ഉദ്യോഗസ്ഥന്മാർക്കു ചിലഗുണങ്ങൾ ഇല്ലാതെയും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതു റവന്യൂഡിപ്പാർട്ടുമെണ്ടുകാരെ ചുമതലപ്പെടുത്തിയാൽ ജനങ്ങൾക്കു കുറെക്കൂടി സൌകര്യമായിരിക്കയില്ലേ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): അതുകൊണ്ടുതന്നെ അറിയണം. റവന്യൂക്കാരെ ഏല്പിച്ചാൽ കുറെക്കൂടി സൌകര്യം ഉണ്ടാകും.

മി. എം. ശിവതാണുപിള്ള (തോവാള): വനംഡിപ്പാർട്ടുമെണ്ടുകാരെ മെമ്പർക്കു പേടിയുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എനിക്കു ഫാറസ്റ്റു ഡിപ്പാർട്ടുമെണ്ടുകാരെപ്പററിയും പേടിയില്ല. (ചിരി) എന്നാൽ റവന്യൂ ഉദ്യോഗസ്ഥന്മാരാകുന്നെങ്കിൽ അവരെക്കണ്ടു കാര്യം പറയാൻ അധികം സൌകര്യമുണ്ടു. അവർക്കു സ്ഥലവും ആളും അറിയാം. ജനങ്ങളോടു അധികം ഇടപെടുന്നവരാണു അവർ. അവരിലും താണതരം ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്നതുമല്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അപ്പോൾ താണതരം ശമ്പളക്കാർക്കു ശമ്പളക്കൂടുതൽ കൊടുക്കുകയോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിരോധമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഫ്രീപാസ് കൊടുക്കുന്നതിനു റവന്യൂക്കാരെ ചുമതലപ്പെടുത്തിയാൽ മെമ്പറിനു സമ്മതമായിരിക്കുമോ?

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെയായിരുന്നാൽ മററതിനേക്കാൾ ഭേദം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ഒരു അമെണ്ട്മെന്റു കൊണ്ടുവന്നാൽ ഈ നിശ്ചയത്തെ പിൻവലിക്കാൻ തയ്യാറുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വിരോധമില്ല. കുറച്ചെങ്കിലും ജനസങ്കടത്തിനു കുറവുണ്ടാകുമല്ലോ. ഇപ്പോൾ റിസർവ് ഇല്ലാത്ത അമ്പലപ്പുഴ മുതലായ താലൂക്കുകളിലും മുളയ്ക്കുപോലും പാസ്‌വേണം എന്നാണു റൂൾസ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മലകളിലെ മുളയ്ക്കും അമ്പലപ്പുഴയിലെ മുളയ്ക്കും വ്യത്യാസമുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇല്ല, ഒന്നുപോലെതന്നെ. ഇപ്പോഴത്തെ നിയമമനുസരിച്ചാണെങ്കിൽ റിസർവിനു കൂടുതൽ ഉപദ്രവത്തിനെ വഴിയുള്ളു. എന്തെന്നാൽ പുരയിടത്തിലെ തടിയ്ക്കു പാസുകിട്ടുകയുമില്ല. പാസില്ലാതെ കൊണ്ടുപോകുന്നതു കുററകരവുമാണു. ഗവൺമെൻറു തടിവേണമെങ്കിൽ കായലോരത്തെ ഡപ്പോവിൽനിന്നു ഉൾനാടുകളിൽ കൊണ്ടുവരുവാൻ പ്രയാസം. പുരപണിയാതെ നിവൃത്തിയുമില്ല. ഇങ്ങനെ വിഷമിക്കുമ്പോൾ ജനങ്ങൾ എന്തുചെയ്യും? ഞാൻ അധികം പറയുന്നില്ല. ജനക്ഷേമത്തെ ഉദ്ദേശിച്ചുള്ള ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണം എന്നുള്ള അപേക്ഷയോടുകൂടി നിങ്ങളുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. ഞാൻ ചേരയുണ്ടുചെയ്തു കഴിഞ്ഞു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടികൾ തടിമുറിച്ചാൽ ആ വിവരവും കൊണ്ടുപോകുന്നതിനെപ്പററിയുള്ള വിവരവും ഫാറസ്റ്റ് അധികാരികളെ അറിയിച്ചു നോട്ടീസുകൊടുക്കുക; അതുകഴിഞ്ഞു പതിനഞ്ചുദിവസത്തിനകം പാസുതന്നില്ലെങ്കിൽ പിന്നീടു പാസുകൂടാതെ കൊണ്ടുപോകാം എന്നുവച്ചാൽ മതിയാകുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ ഖണ്ഡിതമായ വ്യവസ്ഥ ഏർപ്പെടുത്തിയാലും പറയത്തക്ക ഗുണം ഉണ്ടാകുമെന്നു എനിക്കു അഭിപ്രായമില്ല. പരീക്ഷിച്ചുനോക്കിയാൽ പറയാം. എന്നാൽ ഇപ്പോൾ ഇരിക്കുന്നതിനെക്കാൾ കുറെ ഭേദം.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): സർ, മറെറാരു കക്ഷി പുറപ്പെടുവിച്ചിട്ടുള്ള ഏതാനും സംഗതികളെ വ്യക്തമാക്കുന്നതിനായിട്ടല്ലാതെ ഈ പ്രമേയത്തെക്കുറിച്ചു അധികം ഒന്നും എനിക്കു പറയാനില്ല. നമ്മുടെ കാവൽസ്ഥലങ്ങളെ വനപ്രദേശത്തോട്ടായി മാററി സ്ഥാപിച്ചാൽ സങ്കടത്തിൽ അധികാംശം കുറയും എന്നു മറെറ കക്ഷിയിൽ ഉള്ള ചില മെമ്പർമാർ ചൂണ്ടിക്കാണിച്ചു. ഞങ്ങൾ കഴിയുന്നിടത്തോളം ഇങ്ങനെ ചെയ്തുവരുന്നുണ്ടു എന്നു ഞാൻ ഈ സഭയോടു ഉറപ്പുപറയാം. എന്നാൽ കാവൽസ്ഥലങ്ങൾ വാസ്തവത്തിൽ സ്ഥാപിക്കേണ്ടതു രണ്ടു റോഡുകൾ ചേരുന്ന സ്ഥലത്തായിട്ടാകുന്നു. റോഡുകൾ ഇല്ലാത്തതായ വനങ്ങളിൽ അവയെ മാററി സ്ഥാപിക്കുന്നതു സാദ്ധ്യം ആയിരിക്കയില്ല; എന്തുകൊണ്ടെന്നാൽ റോഡുള്ള സ്ഥലങ്ങളിൽ കൂടി മാത്രമേ വിഭവങ്ങൾ കൊണ്ടുപോകയുള്ളു. പ്രത്യേകിച്ചു മല്യതിരുവിതാംകോട്ടിൽ പുതിയ റോഡുകൾ വെട്ടുന്നതിനു ഗവൺമെൻറു ഉദ്ദേശിക്കുന്നുണ്ടു എന്നു ഡെപ്യൂട്ടറിനെക്കുറിച്ചുള്ള വാദപ്രതിവാദത്തിൽനിന്നു കാണാവുന്നതാണു. ആക്കാര്യം പൂർത്തിയാകുമ്പോൾ കൂടുതൽ കാവൽസ്ഥലങ്ങൾ സ്ഥാപിക്കുന്നതു ശക്യം ആയിരിക്കും.

വിവാദനീയമായ മറെറാരു സംഗതി തഹശീൽദാർക്കും പാർവത്യകാർക്കും പാസുകൊടുക്കുന്നതിനു അധികാരം കൊടുക്കണം എന്നുള്ളതാണു. പാസുകൊടുക്കുന്നതിലേയ്ക്കുള്ള നടപടി മിക്കമെമ്പർമാർക്കും അറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കാം അവർ, തമ്മിൽ ദുരുപയോഗിക്കാനുണ്ടു എന്നുള്ള സംഗതി വിസ്മരിച്ചതു. കുടികളുടെ വക വസ്തുക്കളിൽ ഉള്ള തടികൾക്കു പ്രത്യേകമായ മുദ്ര ഞങ്ങൾ കൊടുക്കുന്നുണ്ടു. ലാൻഡ്‌റവന്യൂ കമ്മിഷണർ, തന്റെ ഡിപ്പാർട്ടുമെൻറിൽ ഉള്ളവരെക്കൊണ്ടു ഇതു ചെയ്യാൻ സമ്മതിക്കും എങ്കിൽ എന്റെ കാര്യംമാത്രം പറയുന്നതായാൽ എനിക്കു യാതൊരു ആക്ഷേപവും ഇല്ല.

നിർദ്ദേശിക്കപ്പെട്ട മറെറാരുകാര്യം, തടിക്കുള്ള ആവശ്യകത അധികം ആയിരിക്കുമ്പോൾ തഹശീൽദാർക്കു അധികാരംകൊടുക്കാതെ പാസുകൊടുക്കുന്നതിനു ഞങ്ങളുടെ ആളുകൾക്കു അധികാരം കൊടുക്കുന്ന എന്നുള്ളതാണു. അധികം തിരക്കു ഉള്ളപ്പോൾ ഞങ്ങൾ ചെയ്തുവരുന്നതു അതുതന്നെയാണു.

ചട്ടങ്ങൾ ഇപ്പോൾ ഇരിക്കുന്നനിലയിൽ അവ വനങ്ങൾ ഇല്ലാത്തതായ അമ്പലപ്പുഴയും ചേർത്തലയും പോലെയുള്ള സ്ഥലങ്ങളിലേക്കും യോജ്യമായിരിക്കുന്നു എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ യാതൊന്നും പറഞ്ഞില്ല. ചോദ്യങ്ങൾ ചോദിച്ചതേ ഉള്ളു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറർ): അങ്ങനെയാണോ? അമ്പലപ്പുഴയേയും ചേർത്തലയേയും വിട്ടുകളയുന്നതു ശക്യം ആയിരുന്നാൽ അവയെ ചട്ടങ്ങളിൽ ഉൾപ്പെടുത്തുകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപേക്ഷ കൊടുത്താൽ രണ്ടുമൂന്നു ആഴ്ചവട്ടത്തിനുള്ളിൽ അപേക്ഷക്കാർക്കു പെർമിറ്റ് കൊടുക്കാൻ തയ്യാറുണ്ടോ എന്നു കൺസർവേറ്ററിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): മറെറ കക്ഷിയിൽ ഉള്ളവർ പറഞ്ഞതായവാദങ്ങളുടെ ഗതിയിൽനിന്നു എനിക്കു തോന്നുന്നതു, ഇപ്പോൾ ഉള്ള നിലയിൽ കാര്യങ്ങൾ ഭേദം നടക്കണമെന്നും ചട്ടങ്ങളെ മാറേറണ്ടതല്ലാ എന്നും ഈ വാദത്തിൽ ചേർന്നിരുന്ന മെമ്പർമാരിൽ മിക്കവർക്കും അഭിപ്രായം ഉണ്ടു എന്നാകുന്നു. കൂടുതലായി വല്ല അസൗകര്യവും മേലാൽ നേരിടുന്നതായാലും ഞങ്ങൾ സന്തോഷപൂർവ്വം അവയെ മാററുന്നതാണു. രണ്ടുമാസത്തെ കാലാവധിയെ മാററണം എന്നു മിസ്റ്റർ പണിക്കർ ആവശ്യപ്പെടുന്നു. ഇപ്പോഴുള്ള ചട്ടങ്ങളിൽ രണ്ടുമാസം അനുവദിക്കണം എന്നു പറഞ്ഞിരിക്കുന്നു. കാര്യവശാൽ അതു എങ്ങനെ പ്രവർത്തിക്കുന്നു എന്നു ഞങ്ങൾക്കു നോക്കേണ്ടിയിരിക്കുന്നു. ഈ ചട്ടം ഒന്നരകൊല്ലത്തോളംകാലമായി നടപ്പിൽ ഇരിക്കുന്നു. ഇതേവരെ എനിക്കു അറിയാവുന്നിടത്തോളം അതു തൃപ്തികരമായി നടന്നുവരുന്നു. അങ്ങനെയാണു എന്റെ ഡിവിഷനൽ ആഫീസർമാർ എന്നെ ധരിപ്പിച്ചിട്ടുള്ളതു. മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ അതിനു വിപരീതമായി പറയുന്നു. എന്നാൽ എന്റെ ഡിവിഷനൽ ആഫീസർ പറയുന്നതിനെ ഞാൻ വിശ്വസിക്കേണ്ടിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിർണ്ണീത കാലാവധിക്കുള്ളിൽ രണ്ടു മാസത്തിനുള്ളിൽപോലും, പെർമിറ്റുകൾ കൊടുക്കാറില്ലാ എന്നു ഈ സഭയിൽ അനേകം പരാതികൾ ഉണ്ടായിരിക്കുന്നസ്ഥിതിക്കു

ഫ്റീപാസിനു അപേക്ഷ കിട്ടിയ ഉടൻതന്നെ അവ കൊടുക്കുന്നതിനു അവിളംബമായ ഏർപ്പാടുകൾ ചെയ്യാൻ അദ്ദേഹം സന്നദ്ധനാണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): വാസ്തവത്തിൽ പരാതിയേയില്ല എന്നുമാത്രം ഞാൻ പറയുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സഭയിൽ പരാതി ഉള്ള സ്ഥിതിക്കു ഫ്റീപാസ് മൂന്നു ആഴ്ചവട്ടത്തിനുള്ളിൽ കൊടുക്കണമെന്നുള്ള നിർദ്ദേശത്തെ അംഗീകരിക്കാൻ അദ്ദേഹം തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അപ്പോൾ പാസ് കൊടുത്തില്ലെങ്കിൽ ഉടമസ്ഥൻ പാസ് കൂടാതെ തടി കൊണ്ടുപോകുന്നതിനു സമ്മതിക്കുവാൻ അദ്ദേഹം തയ്യാറുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതിനുള്ള ആവശ്യകത ജനിക്കുന്നതുവരെ ചട്ടങ്ങൾ മാററാൻ പാടില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മുമ്പിലത്തെ ചട്ടങ്ങൾ ഈ സഭയിൽ ആലോചനയ്ക്കു വരണം എന്നില്ല, എന്നല്ലേ പറഞ്ഞതു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അങ്ങനെ പറഞ്ഞതായി ഓർമ്മയില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ ചട്ടങ്ങൾ ഭേദപ്പെടുത്തണം എന്നു സഭയിൽ പ്രമേയം വരുന്നതുവരെ ഈ ചട്ടങ്ങൾ ശരിയാണെന്നല്ലേ കൺസർവേറ്റർ വിചാരിച്ചിരുന്നതു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ജനങ്ങൾക്കു സങ്കടം ഇല്ല എന്നു വിചാരിച്ചിരുന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൧൦൯-ൽ അല്ലേ ഈ കമ്മിററി ഏർപ്പെടുത്തിയതു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): കമ്മിററിക്കു മുൻപുതന്നെ ഇതു കൌൺസിലിൽ ആലോചനയ്ക്കു വന്നിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിശ്ചിതസമയത്തിനുള്ളിൽ ചട്ടപ്രകാരം ഫ്റീപാസു കൊടുത്തില്ല എന്നുവരികിൽ തടിയെ താമസിപ്പിച്ചുവച്ചതുകൊണ്ടു ജനിച്ച നഷ്ടത്തിനു അവരുടെ പേരിൽ വ്യവഹാരപ്പെടുവാൻ വനം ഡിപ്പാർട്ടുമെൻറാ റെവന്യൂ ഡിപ്പാർട്ടുമെണ്ടോ ഉത്തരവാദിയായിരിക്കുമോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): ഒരു ക്രമമായ പാസ് കൊടുക്കാൻ ഇടയില്ല എന്നുവരികിൽ ഉടൻതന്നെ എന്തുകൊണ്ടു പാസ് കൊടുത്തില്ല എന്നു രണ്ടു മാസത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കേണ്ടതാണെന്നു ചട്ടം ഉണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെ യാതൊന്നും ചെയ്തിട്ടില്ല എന്നുവരികിൽ ഡിപ്പാർട്ടുമെണ്ടിൻെറ പേരിൽ വ്യവഹാരപ്പെടാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): അതേ, വ്യവഹാരപ്പെടാം.

മി. കെ. പരമേശ്വരൻപിള്ള (കൊല്ലം): പാസ് കൊടുക്കുന്നതിനെസംബന്ധിച്ചു വല്ല വാർഷിക കണക്കുകളും കിട്ടാറുണ്ടോ എന്നു കൺസർവേറ്ററിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): യുദ്ധകാലത്തിനിടയ്ക്കു വ്യാജച്ചരക്കു കൊണ്ടുപോകുന്നതായി അധികം പരാതിയുണ്ടായിരുന്നു; അക്കാലത്തു തവണക്കണക്കുകൾ വരുത്തിക്കൊണ്ടിരുന്നു. ഇപ്പോൾ തടിക്കു ആവശ്യക്കാർ ഇല്ല. കച്ചവടവും കുറവായിരിക്കുന്നു. വ്യാജം എന്നതു അധികം ഇല്ല. അതുകൊണ്ടു തവണക്കണക്കുകൾ അയക്കാറില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഫ്റീപാസ് കിട്ടുന്നതിനുള്ള അപേക്ഷകളുടെ തീർച്ചയ്ക്കു ശരാശരി താമസം എന്താണെന്നു വനം കൺസർവേറ്റർ ദയവുണ്ടായി മനസ്സിലാക്കാമോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): അതേ, അങ്ങനെ ചെയ്യാവുന്നതാണ്.

മി. എൻ. കുമാരൻ (ഗവൺമെണ്ടു നിയമിച്ച മെമ്പർ): ഈ ഫ്റീപാസ് ഏർപ്പാടു ഇല്ലാതെതന്നെ, കൊച്ചി ഗവൺമെണ്ടും ബ്രിട്ടീഷ് ഗവൺമെണ്ടും അവരുടെ വനങ്ങളെ എങ്ങനെ ശരിയായി സംരക്ഷിച്ചുവരുന്നു എന്നു കൺസർവേറ്റർ പറയുമോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): കൊച്ചിയിലെക്കാര്യം എനിക്കു അറിഞ്ഞുകൂടാ എന്നു ഞാൻ മുമ്പിലേ പറഞ്ഞുവല്ലോ. എന്നാൽ ഇത്രയുംമാത്രം പറയാം. അവിടെ പിരിവുനീക്കിപ്പിരിവു ആണ്ടിൽ ൪൦,൦൦൦ രൂപ മാത്രം ആകുന്നു. അതു ഈടാക്കുന്നതിൽ അധികം പ്രയാസം അവർക്കില്ല; ഇതു എൻെറ സ്നേഹിതന്മാർ പറയുന്നതിൽനിന്നുമാത്രം ഞാൻ ഗ്രഹിച്ചതാണ്. കൊച്ചിയെക്കുറിച്ചു യാതൊന്നും എനിക്കു അറിഞ്ഞുകൂടാ. ബ്രിട്ടീഷ് മലബാറിൽ ഏകദേശം അവിടെയും ഫ്റീപാസ് കൊടുക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടു.

ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

പ്രമേയത്തെപ്പററി അനുകൂല പ്രതികൂലമായ വോട്ടു നോക്കിയതിൽ അതു തോററുപോയി.

അഭിപ്രായം കൊടുത്തവരുടെ നിലയാവിതു.

അനുകൂലാഭിപ്രായക്കാർ ൧൩.

൧ മി. എ. ജെ. ജാൺ
൨ ,, കെ. ഐ. ജോസഫ്
൩ ,, സി. പി. കൊച്ചുകുഞ്ഞുപിള്ള
൪ ,, തരിയതു കുഞ്ഞിത്തൊമ്മൻ
൫ ,, എക്സ്. ജി. ലോപ്പസ്
൬ ,, കെ. സി. മാമ്മൻമാപ്പിള
൭ ,, ടി. ജെ. മാത്യു
൮ മി. പി. കെ. നാരായണപിള്ള
൯ ,, ജി. രാമൻമേനവൻ
൧൦ ,, കെ. ശിവരാമപ്പണിക്കർ
൧൧ ,, സി. പി. ശങ്കരൻ
൧൨ ,, സി. പി. താമസ്
൧൩ ,, കെ. കെ. താമസ്

പ്രതികൂലാഭിപ്രായക്കാർ ൩൩.

൧ മി. ഐ. സി. ചാക്കോ
൨ ,, ജെ. വി. കുക്ക്
൩ ,, പാറം ഡാനിയൽ
൪ ,, ആർ. ധനുഷ്കോടിപിള്ള
൫ ,, കെ. ജേർജ്
൬ ,, പി. ഹബീബ്മഹമ്മദ്
൭ ,, സി. കേരളവർമ്മ കോയിത്തമ്പുരാൻ
൮ ,, എ. കെ. പിള്ള
൯ ,, ടി. കുമാരപിള്ള
൧൦ ,, പി. എൻ. കൃഷ്ണപിള്ള
൧൧ ,, ആർ. കൃഷ്ണസ്വാമിഅയ്യർ
൧൨ ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൧൩ മി. കല്ലൂർ നാരായണപിള്ള
൧൪ ,, കെ. വി. നടേശയ്യർ
൧൫ ,, കെ. പി. നീലകണ്ഠപ്പിള്ള
൧൬ ,, ആർ. നീലകണ്ഠപ്പിള്ള
൧൭ ,, എം. എൻ. പിള്ള
൧൮ ,, ആർ. പത്മനാഭൻ
൧൯ മി. ജി. പരമേശ്വരൻപിള്ള
൨൦ ,, ചങ്ങനാശ്ശേരി കെ. പരമേശ്വരൻ പിള്ള
൨൧ ,, കയ്യാലം പരമേശ്വരൻപിള്ള
൨൨ ,, എസ്. പിറവിപെരുമാൾപിള്ള
൨൩ ,, ഡബ്ലിയു. എച്ച്. പിട്ട്
൨൪ മിസസ് എം. മന്നൻ ലൂക്കോസ്
൨൫ മി. ടി. പി. രാമസുബ്ബയ്യർ
൨൬ റാവു ബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൨൭ മി. എസ്. സി. എച്ച്. റാബിൻസൺ
൨൮ ,, എം. ശിവതാണുപിള്ള
൨൯ ,, വി. സുബ്ബയ്യർ
൩൦ ,, എസ്. സുബ്രഹ്മണ്യകരയാളർ
൩൧ ,, ... സുബ്രഹ്മണ്യപിള്ള
൩൨ ,, സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി
൩൩ ,, വി. എസ്. സുബ്രഹ്മണ്യയ്യർ

നിഷ്പക്ഷപാതികൾ ൩.

൧ മി. എൻ. കുമാരൻ
൨ ,, കെ. മാധവൻപിള്ള
൩ മി. ജി. നാരായണപിള്ള

ഈ പ്രമേയം പരാജിതം ആണെന്നു പ്രസ്താവിക്കപ്പെട്ടു.

പ്രസിഡണ്ട്: മി. കൊച്ചുകുഞ്ഞുപിള്ളയുടെ പേരിൽ പറഞ്ഞിരിക്കുന്ന പ്രമേയം അദ്ദേഹം ഇപ്പോൾ ഹാജരാക്കുന്നതാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ എന്റെ പ്രമേയത്തിൽ പ്രസ്താവമായ കാര്യത്തിലേക്കു ഒരു കമ്മിററി നിയമിക്കണം എന്നു ഗവൺമെന്റ അംഗീകരിച്ചിരിക്കുന്ന വസ്തുതയെ ഗണിച്ചതിൽ ഞാൻ ഈ പ്രമേയം ഹാജരാക്കണം എന്നു ആവശ്യപ്പെടുന്നില്ല.

പ്രസിഡണ്ട്: ഗവൺമെണ്ടു അംഗീകരിച്ചിട്ടുള്ള നിങ്ങളുടെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതായ അതേ വ്യവസ്ഥകൾ അല്ല. സ്വല്പം വ്യത്യാസമുണ്ടു. നാട്ടുഭാഷാ പാഠശാലകളിലെ അദ്ധ്യാപകന്റെ ശമ്പളത്തെ കൂട്ടുന്നകാര്യത്തിൽ കൂടുതൽ ചെലവു നിർവഹിക്കുന്നതായി ഗവൺമെണ്ടിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയെ വദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഗവൺമെണ്ടു കാണുന്ന ഉടൻതന്നെ അക്കാര്യത്തിൽ ഇന്നലത്തെ പ്രമേയത്തിന്റെ തത്വത്തെ ഗവൺമെണ്ടു അംഗീകരിക്കുന്നു എന്നും ഈ വിശേഷാൽ ചിലവിനുള്ള തുക ലഭിക്കുന്ന മാർഗ്ഗത്തെ നിർണ്ണയിക്കുന്നതിൽ ഒരു കമ്മിററിയെ നിയമിക്കുന്നതാണെന്നും ആ കമ്മിററിയിൽ, മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതാണെന്നും ഈ വിശേഷാൽ ചിലവു നിർവഹിക്കുന്നതിനായി വിശേഷാൽ ധനം എങ്ങനെ ലഭിക്കാം എന്നു നിർദ്ദേശിക്കുന്നതിനും ആയി ഈ സഭയിലെ ഏതാനും മെമ്പർമാർക്കൂടി ചേർന്നിരിക്കുന്നതാണെന്നും ഗവൺമെണ്ടു പറഞ്ഞതായിട്ടാകുന്നു എന്റെ ഓർമ്മ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു കമ്മിററി നിയമിക്കുന്നതായാൽ അതു സർക്കാരിലേക്കുള്ള ആദായോല്പത്തിക്കുള്ള വഴിപ്പിക്കാനായിട്ടാണ് എന്നല്ലാതെ ശമ്പളം കൂട്ടണം എന്നുള്ള പ്രത്യേക കാര്യത്തിനല്ല എന്നാണോ?

പ്രസിഡണ്ട്: സാമാന്യേന രണ്ടിലേക്കും വിശേഷാൽ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കമ്മിററി രാജ്യത്തിലെ മുതലെടുപ്പു വദ്ധിപ്പിക്കേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണമോ രണ്ടിനുംകൂടിയുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണമോ എന്നു അറിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡണ്ട്: രണ്ടിനും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ധ്യാപകന്മാരുടെ ശമ്പളത്തെ കൂട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ ഒരു കമ്മിററി നിയമിക്ക ഉണ്ടായിരിക്കുമോ?

പ്രസിഡണ്ട്: അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടണം എന്നുള്ള നീതിയെ ഗവൺമെണ്ടു അംഗീകരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഗവൺമെണ്ടു നിയമിക്കാൻ പോകുന്ന കമ്മിററിയുടെ കൃത്യങ്ങൾ ഏവ എന്നു പറഞ്ഞുതരുമോ? നാട്ടുഭാഷാപാഠശാലകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെയും ഉൽഗതിയെയും വദ്ധിപ്പിക്കുന്നകാര്യത്തെ പരിശോധിക്കുന്നതിനോ അല്ല.

പ്രസിഡണ്ട്: അതിന്റെ തത്വത്തെ അംഗീകരിച്ചിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതല്ലാ സർ, സംഗതി; ഈ സംഗതി കമ്മിററിയുടെ പര്യാലോചനയായി നിയോഗിക്കുന്നകാര്യങ്ങളുടെകൂട്ടത്തിൽ ഉൾപ്പെടുത്തപ്പെടുമോ എന്നു അറിയാൻ ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡണ്ട്: ഗവൺമെണ്ടു ഒന്നാമതായി ഇന്നലത്തെ പ്രമേയത്തിന്റെ തത്വത്തെ അംഗീകരിച്ചു. രണ്ടാമതു അതിനു കൂടുതൽ ചിലവുവേണ്ടിയിരിക്കുന്നതുകൊണ്ടു ഒരു കമ്മിററിയെ നിയമിക്കണം എന്നും അതിൽ

അനൌദ്യോഗസ്ഥമെമ്പർമാരും ഉണ്ടായിരിക്കുംഎന്നും ആ കമ്മിററി ഈ കൂടുതൽചിലവിനെ വഹിക്കുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കണംഎന്നും മൂന്നാമതു ഈ രണ്ടിന്റെയും അവശ്യോപപത്തിയായോ എത്രത്തോളം ഈ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനായി അവർ കൊടുക്കേണ്ടിയിരിക്കുംഎന്നു അവർ നിശ്ചയിക്കേണ്ടതാണെന്നും ഗവണ്മെന്റു നിശ്ചയിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റു നടത്താൻനിശ്ചയിച്ചിരിക്കുന്നതു പ്രമേയത്തിലെ കാര്യങ്ങളെക്കാൾ അധികം സംഗതികൾ അടങ്ങിയവയായിരിക്കുന്നു.

പ്രസിഡണ്ടു: അതേ, കൂടുതലായിത്തന്നെയിരിക്കുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ ഈ പ്രമേയം ഹാജരാക്കുന്നില്ല.

താഴെ ചേർത്തിരിക്കുന്ന പ്രമേയം പ്രയോഗിക്കപ്പെട്ടില്ല. അതുകൊണ്ടു പിൻവലിച്ചതായി ഗണിക്കപ്പെട്ടിരിക്കുന്നു.

നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെയും ഉൽഗതിയെയും അഭിവൃദ്ധിപ്പെടുത്തുക.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെയും ഉൽഗതിയെയും വർദ്ധിപ്പിക്കണംഎന്നുള്ള വിഷയത്തെ പരിശോധിക്കുന്നതിനായി ഈ സഭയിലെ ഉദ്യോഗസ്ഥമെമ്പർമാരും അനൌദ്യോഗസ്ഥമെമ്പർമാരുംചേർന്നായ ഒരു കമ്മിററിയെ നിയമിക്കേണ്ടതാണെന്നു ഈ സഭ ഗവണ്മെന്റിനോടു ഉപദേശിക്കുന്നു.

തൊഴിലില്ലായ്മയെസംബന്ധിച്ച കമ്മിററി.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവംകോടും): സർ, ഞാൻ താഴെ ചേർത്തിരിക്കുന്ന പ്രമേയം ഹാജരാക്കുന്നു:—

ഈ രാജ്യത്തു തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതിനെ ഗണിച്ചു ഈ ക്ലേശത്തെപ്പററി അന്വേഷിക്കുന്നതിനും ഇതിനു നിവാരണമാർഗ്ഗങ്ങളെക്കുറിച്ചു എഴുതിബോധിപ്പിക്കുന്നതിനുംവേണ്ടി ഒരു കമ്മിററിയെ നിയമിക്കേണ്ടതാണെന്നു ഈ സഭ ഗവണ്മെന്റിനോടു ഉപദേശിക്കുന്നു.

ഈ രാജ്യത്തു തൊഴിലില്ലാത്തവരുടെ സംഖ്യ ഓരോദിവസവും വർദ്ധിച്ചുവരുന്നസംഗതിയിൽ അഭിപ്രായവ്യത്യാസത്തിനു അവകാശം ഉണ്ടെന്നുതോന്നുന്നില്ല. ഇങ്ങനെ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതു രാജ്യത്തിനു ഗുണകരമായോ ക്ഷേമകരമായോ ഉള്ളതല്ല. അതിലേക്കു പരിഹാരമുണ്ടാക്കേണ്ട മാർഗ്ഗങ്ങളെപ്പററി പത്രങ്ങൾ പലവിധമായ അഭിപ്രായം പറഞ്ഞുവരികയുംചെയ്യുന്നു. ഈ അഭിപ്രായഗതികളെ വേണ്ടപോലെ വിമർശിച്ചു അതിലേക്കു അനുരൂപമായ ഒരു പദ്ധതിയെ രൂപീകരിച്ചു നിശ്ചയിക്കുന്നതിനു ഗവണ്മെന്റു തയ്യാറാവാതെയും കഴിഞ്ഞുകൂടുന്നു. തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതിനുള്ള ഓരോ കാരണങ്ങളെയും പരിഹാരമാർഗ്ഗങ്ങളെപ്പററി പറയുമ്പോൾ അതിലേക്കുള്ള ചുമതലകൾ ഓരോ സമുദായങ്ങൾ പറഞ്ഞു ഒഴിഞ്ഞുനിൽക്കുകയാണ് ചെയ്യുന്നതു. ഈ സംഗതിയിൽ ആരും ചുമതലയില്ലാതെയും ചുമതലവഹിക്കാതെയും ഇരിക്കുന്നിടത്തോളംകാലം രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരാനേ തരമുള്ളു.

ഈ സംഗതിയിൽ ഗവണ്മെന്റു സ്വീകരിച്ചുവരുന്ന നയം എന്താണെന്നു ആദ്യമായി നോക്കാം. മററു പരിഷ്കൃതരാജ്യങ്ങളോടൊപ്പം നമ്മുടെ രാജ്യവും പരിഷ്കാരത്തെ പ്രാപിക്കണംഎന്നു ഗവണ്മെന്റു ആഗ്രഹിക്കുന്നു: അതിൽ ആരും ആക്ഷേപിക്കാവുന്നതല്ല. പരിഷ്കാരം വർദ്ധിച്ചുവരുന്നതനുസരിച്ചു രാജ്യത്തിൽ ചിലവു വർദ്ധിച്ചുവരാതെതരമില്ല. അങ്ങനെവരുമ്പോൾ അതിലേക്കുള്ള ചിലവുകളെ താങ്ങിനിൽക്കുന്നതിനു അനുരൂപമായവിധം രാജ്യത്തിന്റെ വരവുകളെ വർദ്ധിപ്പിക്കാതെയും തരമില്ല. അതിലേക്കുള്ള ബദ്ധപ്പാടിൽ ജനങ്ങളുടെ ധനാദായസ്ഥിതിയെപ്പററി അറിയാതെയും അറിവാൻ ശ്രമിക്കാതെയും അവരുടെ നികുതിഭാരങ്ങളെ വർദ്ധിപ്പിച്ചുവന്നിരിക്കുന്നു. ഇങ്ങനെ അനേകകാലമായി ഗവണ്മെന്റു തുടർന്നുവരുന്ന നയത്തിന്റെ ഫലമായിത്തീർന്നിട്ടുള്ളതു ജനങ്ങളുടെ ധനാദായസ്ഥിതി കുറഞ്ഞുവരികയും ഉള്ള തൊഴിലുകളിൽ പ്രവേശിക്കാൻ അവർക്കു തരമില്ലാതെവരികയും ആ കാരണത്താൽ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരികയുമാണ്.

രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനു സാധിക്കുന്നതായ പല ഡിപ്പാർട്ടുമെണ്ടുകളുടെയും സ്ഥിതി പരിശോധിക്കുന്നതായാൽ അവിടെയും ഇതുമാതിരിഗതിയാണ് മുൻപോട്ടുനിൽക്കുന്നതു. ഇവിടത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണ്. ഈ രാജ്യത്തിലെ ദേശകാലാവസ്ഥകൾ കൃഷിത്തൊഴിലിനു ഏററവും യോജിക്കുന്നതുമാണ്. കൃഷിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനുള്ള ചുമതല വഹിച്ചുപോരുന്നതു കൃഷിഡിപ്പാർട്ടുമെണ്ടാണ്. അവരുടെ ഉപദേശങ്ങൾപ്രകാരം പ്രവർത്തിക്കുന്നപക്ഷം കൃഷിത്തൊഴിൽ അഭിവൃദ്ധിയിൽ വരും എന്നുള്ള സംഗതി ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. കൃഷിഡിപ്പാർട്ടുമെണ്ടിലെ ഉപദേശങ്ങളെ അനുകരിച്ചു ജനങ്ങൾ പ്രവർത്തിക്കണം എങ്കിൽ കൃഷിമരാമത്തു, ധനം, പരസ്പരസഹായസംഘം, ഭൂനികുതി, വ്യവസായം ഈ ഡിപ്പാർട്ടുമെണ്ടുകളുടെ സഹായ സഹകരണങ്ങൾ ഒഴിച്ചുകൂടുവാൻ പാടുള്ളതല്ല. ഈ ഡിപ്പാർട്ടുമെണ്ടുകൾ യോജിച്ചും ആലോചിച്ചും സഹകരിച്ചും ജനങ്ങൾക്കു പ്രയോജനമുണ്ടാവാൻ ഇന്നത്തെ സ്ഥിതികളിൽ ഒരിക്കലും സാധിക്കുന്നതല്ല. രാജ്യത്തിൽ കൃഷിയുടെ വിസ്താരത്തെ വർദ്ധിപ്പിക്കുന്നതിനും ആ വഴിയിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനും ഗവണ്മെന്റിൽനിന്നു അനേകകാലമായി ജനങ്ങൾക്കു വേണ്ടപോലെ ഭൂമികൾ പതിച്ചുകൊടുത്തുവരുന്നു. ഇങ്ങനെ ഭൂമികൾ പതിച്ചുവാങ്ങീട്ടുള്ളവരിൽ പലരും അതിൽനിന്നു തടി, വിറകു മുതലായവ മുറിച്ചെടുത്തിട്ടു ആ ഭൂമിയിൽ യാതൊരുകൃഷിയും ചെയ്യാതെ തരിശുഭൂമികളാക്കി ഇട്ടിരിക്കയാണചെയ്യുന്നതു. ഇതിനുള്ള കാരണങ്ങൾ എന്താണെന്നു അന്വേഷിക്കയോ കൃഷിക്കു പ്രതിബന്ധങ്ങളായി നിൽക്കുന്നവയെ കണ്ടുപിടിച്ചു പരിഹരിക്കയോ ചെയ്യുന്നതിനു ഇതുവരെ ആരുംതന്നെ തയ്യാറായിട്ടുള്ളതായി അറിയുന്നില്ല. ഈ രാജ്യത്തു ഓരോ ദിവസവും ജനസംഖ്യ വർദ്ധിച്ചുവരുന്നു. ഇപ്പോൾ അവർ കുടിപാർത്തുവരുന്ന പല സ്ഥലങ്ങളിലും ജനബാഹുല്യത്താൽ കൃഷിസ്ഥലങ്ങൾകിട്ടാതെ വിഷമാവസ്ഥയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു.

ജനങ്ങളുടെ ആവശ്യങ്ങളെ അറിഞ്ഞും അനുസരിച്ചും ഒഴിച്ചിടപ്പെട്ട വനങ്ങളിലും ഒഴിച്ചിടപ്പെടാത്ത വനങ്ങളിലും നിന്നു ഭൂമികൾ കൊടുക്കുന്നതിനു വേണ്ടപോലെ അവ കരുതിവയ്ക്കേണ്ടതായിരിക്കുന്നു. ഈ ഭരണത്തെ ഗണ്യമാക്കാതെ കമ്പനിക്കാർക്കായി തോന്നിയമാതിരി വിദേശീയർക്കു ഭൂമികൾ പതിച്ചുകൊടുക്കാനുള്ള അതിയായ താല്പര്യം കണ്ടുവരുന്നതിന്റെ ഫലം അടുത്ത കാലങ്ങളിൽതന്നെ രാജ്യവും അതിലെ ജനങ്ങളും അനുഭവിക്കേണ്ടതായിവരും എന്നുള്ളതു സംശയം ഇല്ലാത്തതാണു്. തൽക്കാല ആവശ്യങ്ങൾ നിർവഹിക്കാനായി ഇത്തരം വഴികളിൽ രാജ്യത്തിലെ വരവിനെ വർദ്ധിപ്പിക്കുന്ന നയം ദിവസേന പൊൻമുട്ട ഇടുന്ന താറാവിനെ കൊന്നു് മുതലെടുക്കാനുള്ള ശ്രമംപോലെ ആയിത്തീരുന്നതാണു്. രാജ്യത്തിൽ നടക്കുന്ന ഇത്തരം ഭരണനയങ്ങളുടെ ഫലം അനുഭവിച്ചുകൊള്ളുകയല്ലാതെ അതിനെപ്പറ്റി ചോദിപ്പാൻ ജനങ്ങൾക്കു സൗകര്യമില്ല, അവരുടെ പ്രതിപത്തിയ്ക്കു അവകാശമില്ല. ഗവണ്മെണ്ടും അവരുടെ ഉദ്യോഗസ്ഥന്മാരും നടത്തുന്ന എല്ലാ ജോലികളും രഹസ്യങ്ങളാണു്. ഗവണ്മെണ്ടും ജനങ്ങളും സഹകരിച്ചു പ്രവർത്തിക്കാത്ത ഈ സ്ഥിതികൾ രാജ്യത്തിലെ തൊഴിലില്ലാത്തവരുടെ സംഖ്യയെ അപരിമിതമായി വർദ്ധിപ്പിക്കുകയല്ലാതെ എന്തു നിവൃത്തിയാണുണ്ടാകുന്നതു് എന്നു അറിയുന്നില്ല.

ജനങ്ങൾക്കു തൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു വ്യവസായഡിപ്പാർട്ടുമെണ്ട് വേണ്ടപോലെ സഹായിക്കണം എന്നാണു് ജനങ്ങൾ കരുതിപ്പോരുന്നതു്. ജനങ്ങളുടെ തൊഴിലില്ലായ്മയെപ്പറ്റിയോ, ഇവിടത്തെ വ്യവസായങ്ങളെപ്പറ്റിയോ പറയുമ്പോൾ ആ ഡിപ്പാർട്ടുമെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തിട്ടുള്ള പല റിപ്പോർട്ടുകൾക്കും ദീർഘമായ ഒരു പട്ടിക തയ്യാറാക്കി പ്രസംഗിക്കുന്നു. അതോടുകൂടി ബോറിങ്ങ്‌യന്ത്രം, ഒരച്ചിനിരങ്ങിക്കാനുള്ള യന്ത്രം ഇവ നടപ്പിൽ വരുത്തിയിരിക്കുന്നതായും പറയുന്നു. ബോംബെയിൽ പുരോഗമനമുള്ള വ്യവസായഡിപ്പാർട്ടുമെണ്ടുകളുമായി താരതമ്യപ്പെടുത്തി ന്യായീകരിക്കാനായി പറയുന്നു. വ്യവസായഡിപ്പാർട്ടുമെണ്ടിനു പറയുന്ന പ്രമാണങ്ങളെപ്പറ്റി ചോദ്യപ്പെടുമ്പോൾ അതു് ആ ഡിപ്പാർട്ടുമെണ്ടിനു സ്വാതന്ത്ര്യമൊന്നും ഇല്ലാത്തതാണെന്നും സമാധാനം പറഞ്ഞു ഒഴിയാം.

രാജ്യത്തിൽ തൊഴിൽ ഇല്ലാത്തവരുടെ സംഖ്യ വർദ്ധിക്കുന്നതിനു ഇന്നത്തെ വിദ്യാഭ്യാസം വേണ്ടപോലെ സഹായിക്കുന്നുണ്ടെന്നു ഭൂരിപക്ഷം ആളുകളും പറയുന്നു. ഈ വാദമുഖങ്ങളെ വിദ്യാഭ്യാസ ഡൈറക്ടർ ശക്തിയോടുകൂടി എതിർക്കയാണു് ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തു വിദ്യാഭ്യാസത്തിനു ആവശ്യംഉള്ള എല്ലാ സ്ഥലങ്ങളിലും അവ സ്ഥാപിച്ചിട്ടുണ്ടെന്നു അവിടെ പഠിച്ചുവരുന്ന ബാലന്മാരെ അറിവോടെ നിശ്ചയിച്ചിട്ടുള്ള പാഠപദ്ധതികളിൽ പഠിപ്പിച്ചു് അയക്കേണ്ട ജോലിമാത്രമേ തങ്ങൾക്കുള്ളുഎന്നും ജനങ്ങൾക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ട കാര്യത്തെപ്പറ്റി അവർക്കു അന്വേഷിക്കേണ്ട ആവശ്യം ഇല്ല എന്നും വിദ്യാഭ്യാസ ഡൈറക്ടർ വാദിച്ചു സമാധാനപ്പെടുന്നു. ഇതിനുംപുറമെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ൭-ാംക്ലാസ്സുവരെക്കുള്ള ക്ലാസ്സുകളിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിൽനിന്നു ആരേയും ക്ഷണിക്കുന്നില്ലഎന്നും അവർ സ്വയമേവ വന്നു പഠിച്ചുപോകുന്നവർക്കു തൊഴിലില്ലാതെവരുന്നതിനു അവർ ഉത്തരവാദികൾഅല്ല എന്നുംകൂടി പറയുന്നു. ഈ അഭിപ്രായത്തെ സ്വീകരിക്കുന്നതിനും അതിനെ ബഹുമാനിക്കുന്നതിനും ഈ രാജ്യത്തു അധികം ആളുകൾ ഉണ്ടായിരിക്കും എന്നു തോന്നുന്നില്ല.

ഈ രാജ്യത്തു ഇപ്പോൾ ജനങ്ങൾക്കു കിട്ടിവരുന്ന വിദ്യാഭ്യാസത്തെയും അതിന്റെ ഫലമായി തൊഴിൽ ഇല്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുവാനുള്ള സൗകര്യങ്ങളേയുംപറ്റി ഈ അവസരത്തിൽ രണ്ടുവാക്കു പറയേണ്ടതായിരിക്കുന്നു. ൧൦൯൯-ലെ രാജ്യഭരണറിപ്പോർട്ടിൻപ്രകാരം ഈ രാജ്യത്തു ൪,൦൧൦ വിദ്യാലയങ്ങളും അതിൽ ൫ ലക്ഷത്തോളം വിദ്യാർത്ഥികളും പഠിച്ചുവരുന്നതായി കാണുന്നു. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ൪൭,൪൩൩ വിദ്യാർത്ഥികൾ പഠിച്ചുവരുന്നതിൽ കീഴുള്ള ക്ലാസുകളിൽ ൨,൨൭൨-ം സ്കൂൾഫൈനൽ ക്ലാസിൽ ൩,൩൭൯-ം വിദ്യാർത്ഥികളും ഉണ്ടായിരുന്നതായി കാണാം. നാട്ടുഭാഷാവിദ്യാലയങ്ങളിലെ ൭-ാംക്ലാസിൽ ൭,൪൫൩ വിദ്യാർത്ഥികൾ പഠിച്ചുവന്നിരുന്നതായും കാണാം. ഇതിൽ ൨൫ ശതമാനം വിദ്യാർത്ഥികൾ ഓരോവർഷവും പരീക്ഷാവിജയികളായി തീരും എന്നു വിചാരിക്കുന്നപക്ഷം കീഴുള്ളക്ലാസുകളിൽനിന്നും ഇംഗ്ലീഷു പരീക്ഷാവിജയികളായി ൭൨൦-ത്തോളവും സ്കൂൾഫൈനൽ പരീക്ഷാവിജയികളായി ൮൨൦-ത്തോളവും സ്കൂൾ ലീവിങ്ങ് പരീക്ഷാവിജയികളായി ൧൯൦൦-ത്തോളവും ഇങ്ങനെ എല്ലാമായി ൩,൩൯൦-ഓളം വിദ്യാർത്ഥികൾ പരീക്ഷാവിജയികളായി വിദ്യാലയങ്ങളിൽനിന്നു പുറത്തിറങ്ങുന്നുണ്ടു്. ഇതിനുംപുറമെ പരീക്ഷാവിജയികൾ അല്ലാതെ സ്കൂൾകെട്ടിടങ്ങളിൽനിന്നു പുറത്തിറങ്ങുന്നവരുടെ സംഖ്യ ഒരു ഭീമമായ തുകയായിരിക്കുന്നതുമാണു്. ഇന്നു ജനങ്ങൾക്കു കിട്ടിവരുന്ന വിദ്യാഭ്യാസത്തിൽ പരീക്ഷാവിജയികൾക്കു പ്രധാന ഉപജീവനമാർഗ്ഗമായി നിൽക്കുന്നതു സർക്കാർ ഉദ്യോഗങ്ങൾ ആണു്. ഇവിടത്തെ സർക്കാരുദ്യോഗങ്ങളുടെ ആകെത്തുക നോക്കുന്നതായാൽ ഈ പരീക്ഷാവിജയികളിൽ ഒരു ചെറിയ അംശത്തിനുപോലും ഉദ്യോഗങ്ങൾ കൊടുക്കാൻ ഗവണ്മെണ്ടിനു സാധിക്കാത്തവണ്ണം ഏറ്റവും ചുരുക്കമായിരിക്കുന്നതാണു്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി ഈ കൗൺസിലിൽവച്ചു നടന്ന വാദപ്രതിവാദങ്ങളിൽ അന്നത്തെ വിദ്യാഭ്യാസ ഡൈറക്ടർ ഇങ്ങനെ സമാധാനം പറഞ്ഞിരിക്കുന്നു:—

“ഈ വിദ്യാർത്ഥികൾ കൃഷിക്കാർ, ക്ഷൗരകൻ മുതലായ സമുദായങ്ങളിൽനിന്നു വരുന്നു. മലയാളംപള്ളിക്കൂടങ്ങളിൽ അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസം അവർക്കു വല്ല ഗുണവും ചെയ്യുമോഎന്നു ചോദിക്കുന്നതായാൽ അതു അവർക്കു അത്യന്തം ഗുണകരമായിരിക്കും എന്നും നമ്മുടെ പാഠശാലകളിൽ അവർക്കു കിട്ടുന്ന വിദ്യാഭ്യാസം ഹേതുവായി കൃഷിക്കാരൻ അധികം നന്നായി കൃഷിപ്പണി നടത്തും എന്നും ക്ഷൗരകൻ അധികം നന്നായി ക്ഷൗരകവൃത്തി നടത്തും എന്നും, സർ, ഞാൻ പറയുന്നു.”

ഇവിടത്തെ വിദ്യാഭ്യാസഡൈറക്ടർ ഇങ്ങനെ പറഞ്ഞുഎങ്കിലും അതിന്റെ വാസ്തവം എങ്ങനെ നിൽക്കുന്നുഎന്നാണു് ഇനി നോക്കേണ്ടതു്. ഓരോ ജാതിക്കാർക്കും അവരവരുടെ വിദ്യാഭ്യാസ യോഗ്യതകൾ അനുസരിച്ചു ഉദ്യോഗങ്ങൾ വേണം എന്നു അവർ ഗവണ്മെണ്ടിനോടു അപേക്ഷിക്കുന്നു. അതിനെ ഗവണ്മെണ്ട് സ്വീകരിക്കുന്നു. പരീക്ഷാവിജയിയായ ക്ഷൗരകനോ കച്ചവടക്കാരനോ നെയ്ത്തുകാരനോ ജാതിനോക്കി ഉദ്യോഗങ്ങൾ കൊടുക്കാൻ അവരുടെ ഉദ്യോഗസ്ഥന്മാരോടു ആജ്ഞാപിക്കയും ഉദ്യോഗം കൊടുപ്പിക്കയും ചെയ്യുന്നു. വിദ്യാഭ്യാസഡൈറക്ടരുടെ സമയോചിതമായ പ്രസംഗത്തിനും ഓരോജാതിയിലും ഉൾപ്പെട്ട ജന

സാമ്പത്തികാഭിവൃദ്ധിക്കു ഉദ്യോഗങ്ങൾ വേണം എന്നുള്ള തത്വത്തിനും അതിനു അനുരൂപമായ ഗവൺമെണ്ടിന്റെ പ്രവൃത്തിക്കും തമ്മിൽ എന്തു യോജിപ്പാണുള്ളതെന്നു അറിയുന്നില്ല. വിദ്യാഭ്യാസഡയറക്ടരുടെ വാക്കുകൾതന്നെ എത്രത്തോളം ശക്തിയുണ്ടെന്നും അതു എത്രത്തോളം സാധിച്ചുകിട്ടും എന്നും പരിശോധിക്കാം.

ഈ രാജ്യത്തുള്ള പഴയ തൊഴിലുകളിലും പ്രവേശിച്ചിട്ടുള്ളവരുടെ കുട്ടികളിൽ എത്രപേർ ഇന്നത്തെ വിദ്യാഭ്യാസത്തിനു ഇറങ്ങിയിട്ടുണ്ടു എന്നുള്ള കണക്കാണ് ഇനി നോക്കേണ്ടതു്.

കൃഷിക്കാരും വസ്തു ഉടമസ്ഥന്മാരും	...	൨,൪൩,൮൭൧
കച്ചവടക്കാർ	...	൬൩,൧൩൫
കമ്മാളന്മാർ	...	൩,൫൬൯
കപ്പലോട്ടക്കാർ	...	൨,൫൪൧
ദിവസവേല	...	൬,൯൭൨
വള്ളം കെട്ടുന്നവരും ചരക്കു കയറ്റുന്നവരും	...	൪,൦൦൧
വാണിയൻ	...	൫,൩൬൦
ചക്ലാക്കാരി	...	൫,൧൯൯
മരയാശാരിയും മരം അറുക്കുന്നവരും	...	൧,൫൦൯
നെയ്ത്തുകാർ	...	൪,൭൭൦
കയറു പിരിക്കുന്നവർ	...	൬,൨൨൧
തട്ടാൻ	...	൨,൧൯൯
കൊല്ലൻ	...	൨,൩൬൬

ഇങ്ങനെ പല തൊഴിൽക്കാരുടെയും അസംഖ്യം കുട്ടികൾ വിദ്യാഭ്യാസം ചെയ്തുവരുന്നു. ഇവരിൽ പരീക്ഷാവിജയികളായ ചെറുപ്പക്കാർ അവരവരുടെ തൊഴിലുകളിൽ പ്രവേശിക്കും എങ്കിൽ ആ തൊഴിലുകളെ ബുദ്ധിപൂർവം നടത്താൻ അവർക്കു സാധിക്കും എന്നുള്ളതിനു സംശയം ഇല്ലാത്തതാണ്. ഒരു സ്കൂൾഫൈനൽ പരീക്ഷാവിജയിയോ അല്ലാ ഒരു സ്കൂൾലീവിംഗ് പരീക്ഷാവിജയിയോ ആയിരുന്നാൽപോലും കൃഷിക്കു അത്യാവശ്യമായ മൺവെട്ടി എടുത്തു വേലചെയ്യുന്നതിനോ ഒരു ക്ഷുരകന്റെ വേലചെയ്യുന്നതിനോ തയ്യാറുള്ള ദൃഷ്ടാന്തങ്ങൾ എനിക്കു അറിയാൻ ഇടയായിട്ടില്ല, എന്നു മാത്രമല്ല ഇന്നത്തെ വിദ്യാഭ്യാസം കഴിഞ്ഞു സ്കൂൾ കെട്ടിടങ്ങളിൽനിന്നു പുറത്തിറങ്ങുന്നവരെക്കൊണ്ടു പേനാ എടുത്തു വേലചെയ്യാൻ അല്ലാതെ അവരുടെ തൊഴിലുകളിൽ പ്രവേശിച്ചു വേലചെയ്യാൻ അവരുടെ ആരോഗ്യസ്ഥിതി അനുവദിക്കാതെയുമാണ് കണ്ടുവരുന്നതു്. ഇവിടെ ഏറ്റവും പ്രചാരത്തിൽ ഇരുന്നതായ നൂൽനൂല്പ്, ഇന്നത്തെ കട്ടിമെത്തമേലിരുന്നു കിടന്നിൽക്കുന്നതായും ഇന്നും ക്രിയകളും ഉള്ള കുശപ്പുൽമുണ്ടു, കായംകുളത്തു പ്രസിദ്ധിനേടിട്ടുള്ള ഇരുമ്പുവേലകൾ, മുതലായ പല വ്യവസായങ്ങളും നാമാവശേഷമായിത്തീരാൻ ഇടയായി. അതുപോലെതന്നെ ആറൻമുളക്കണ്ണാടി, വാഴപ്പള്ളിയിൽ ഓട്ടുപാത്രങ്ങൾ ഇരണിയലും കോട്ടാറും ഉണ്ടാക്കുന്ന വിശേഷമാതിരിയിലുള്ള കശവുവേലകൾ മുതലായ പല വ്യവസായങ്ങളും അപരിമിതമായ ക്ഷയത്തെ പ്രാപിച്ചുവരികയും ചെയ്യുന്നു.

മി. ഗീവർഗീസ് കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഉൾനാടുകളിൽ ഉള്ളതായ വ്യവസായങ്ങൾ —

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ പ്രസംഗം തീർന്നതിൽപിന്നീടു ചോദ്യങ്ങൾ ചോദിക്കാൻ നിശ്ചയിക്കയും ഉത്തരംപറയാൻ പ്രെസിഡണ്ട് അനുവദിക്കയും ചെയ്യുന്നപക്ഷം അതുകൾക്കു ഞാൻ ഉത്തരംപറയാം. ചോദ്യോത്തരങ്ങൾകൊണ്ടു എനിക്കു അനുവദിച്ചിട്ടുള്ള സമയത്തെ കളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇന്നത്തെ വിദ്യാഭ്യാസവും ഇന്നത്തെ വ്യവസായസ്ഥിതികളും ഇങ്ങനെതന്നെ തുടർന്നുകൊണ്ടിരിക്കുന്നപക്ഷം പഴയ തൊഴിലുകളും ക്ഷയോന്മുഖമായിത്തീരുന്നതിനു തൊഴിലില്ലാത്തവരുടെ സംഖ്യാബാഹുല്യത്തിൽ വർദ്ധിക്കുന്നതിനും ഇടയായിത്തീരും എന്നുള്ളതിനു സംശയം ഇല്ലാത്തതാണ്. ആദായകരമായ തൊഴിലുകളിൽനിന്നു പിൻമാറി ഇന്നത്തെ വിദ്യാഭ്യാസത്തിൽ പരീക്ഷാവിജയികളായിത്തീരുന്നതിനും സർക്കാരുദ്യോഗങ്ങളിൽ പ്രവേശിക്കാനും അവരെ പ്രേരിപ്പിക്കുന്ന സംഗതികളെപ്പറ്റി അന്വേഷിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവിടത്തെ തൊഴിലുകളുടെ കുറവിനെയും അതിനാൽ രാജ്യത്തിനു വന്നുചേർന്നിട്ടുള്ള പരാശ്രയസ്ഥിതിയേയും വിസ്തരിക്കാൻ ശ്രമിക്കുന്നതിനേക്കാൾ ഇൻഡസ്ട്രിയൽ ഇൻഡ്യാ എന്ന മാസികയിൽ മിസ്റ്റർ ഗ്ലിൻബാർലോ എം. ഏ. എഴുതിയിട്ടുള്ള ഒരു ലേഖനത്തിന്റെ ഒരുഭാഗം ഇവിടെ ഉദ്ധരിച്ചാൽ അതിന്റെ പരമാർത്ഥം വ്യക്തമായി ബോദ്ധ്യപ്പെട്ടേക്കുമെന്നാണ്, ആ ഭാഗം ഇങ്ങനെയാണ്,

"വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർ കൂടിക്കിടക്കുന്നതും, ജീവിതരീതി നാട്ടുമ്പുറങ്ങളിലേക്കാൾ കൂടുതലായുള്ളതും സ്വതന്ത്രമായ വേലക്കാരും ഉണ്ടായിരിക്കുന്നതും പോഷിപ്പിക്കപ്പെടാവുന്നതും ഗൃഹങ്ങളും പീടികകളും തെരുവീഥികൾതന്നെയും വിദേശീയ പരിശ്രമത്താൽ ഉണ്ടാക്കപ്പെട്ട സാധനങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നതും ആയ നഗരങ്ങളിലേക്കാകുന്നു. പരിഷ്കൃതരായ പൌരന്മാർ സ്വപ്രവൃത്തികളെ പ്രകടിപ്പിക്കാൻ നിശ്ചയിക്കേണ്ടതു്".

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെംബർ പത്രങ്ങളിൽനിന്നും വായിക്കുന്നതു ന്യായമാണോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇതു വർത്തമാനപത്രത്തിൽനിന്നല്ല. ഇതു സർക്കാർ പ്രസിദ്ധീകരണത്തിൽനിന്നാണ്. അതായതു സ്റ്റേറ്റ്മാന്വൽ മൂന്നാംവാല്യം ൨൬൦ പുറം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതാണ് എന്നു ഞാൻ വിചാരിക്കുന്നു. അതല്ല എന്നു അദ്ദേഹം പറയട്ടേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എനിക്കു അതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. ഈ വാചകം സ്റ്റേറ്റുമാന്വലിൽനിന്നു ഞാൻ എടുത്തിട്ടുള്ളതാണ്.

"അവന്റെ അടുത്തുള്ള വിളക്കു ജെർമനിയിൽ ഉണ്ടാക്കിയതാണ്, ചിമ്മിനി ആസ്ത്രേയായിലും എണ്ണ റഷ്യായിലും വിളക്കുകത്തിക്കുന്ന തീപ്പെട്ടി സ്വീഡനിലോ ജപ്പാനിലോ ഉണ്ടാക്കിയതും ആകുന്നു, പാക്കറ്റിൽ ശബ്ദിക്കുന്ന നാഴികമണി അമേരിക്കയിലും പാക്കറ്റിൽകിടന്നു ശബ്ദിക്കുന്ന ഘടികാരം ജിനീവായിലും

ഉണ്ടാക്കിയതാണ്. മഷിക്കുപ്പിയിൽ ഉള്ള മഷി ലണ്ടനിൽ ഉണ്ടാക്കിയതു; അയാളുടെ പോക്കറ്റിൽ ഉള്ള പെൻസിൽ ബവേറിയാവിൽ ഉണ്ടാക്കിയതു. അവൻ ധരിച്ചിരിക്കുന്ന ഉടുപ്പിനുള്ള വിശിഷ്ടമായ തുണി യാർക്ക്ഷെയറിലും അവന്റെ പാദത്തിൽ ധരിച്ചിരിക്കുന്ന ഷൂസുകൾ ജെർമനിയിലും ഉണ്ടാക്കിയവയത്രെ. അവന്റെ ഭാര്യയുടെ പാവാടയുടെ തുണി വെട്ടിയതായ കത്രിക ജെർമനിയിൽ അല്ലെങ്കിൽ ഷെഫീൽഡിലും പഞ്ഞിത്തുണി മാൻചെസ്റ്ററിലും അതുപോലെ അവൾ തൈയ്ക്കുന്ന ഉപയോഗിച്ച നൂലും സൂചി ബർമിങ്ഹാമിലും അവൾ ധരിച്ചിരിക്കുന്ന റവുക്കയ്ക്കുള്ള പട്ടു ഫ്രാൻസിലും ഉണ്ടാക്കിയവയാകുന്നു. ഈ ലിസ്റ്റ് യാതൊരുകാരണത്താലും പൂർണ്ണമായതല്ല എന്നാൽ ഇൻഡ്യയുടെ പരാശ്രയസ്ഥിതിയെ സൂചിപ്പിക്കുന്നതിനു മതിയായിടത്തോളം ദീർഘമായുള്ളതുതന്നെ."

ഈ പട്ടികയോടുകൂടി ഈയിടെ സ്റ്റേറ്റ്സ്മാൻവഴി മി. നാഗമയ്യാ വെറെ ചിലതുകൂടി ചേർത്തിട്ടുണ്ട്. അവ ഇങ്ങനെയാണ്.

"അവൻ കുടിക്കുന്ന മദ്യവും അവൻ പുകവലിക്കുന്ന ചുരുട്ടും അവന്റെ കൈലേസിൽ തേച്ചിരിക്കുന്ന സുഗന്ധദ്രവ്യവും അവൻ തന്നത്താൻ ക്ഷൗരം ചെയ്യാൻ ഉപയോഗിക്കുന്ന ക്ഷുരകക്കത്തിയും ഇവയെല്ലാം വിദേശീയനിർമ്മിതങ്ങൾ ആണെന്നു അദ്ദേഹം വികടവും ആക്ഷേപഗർഭവും ആയി അദ്ദേഹം ഇവയോടുകൂടി ചേർക്കുക ആയിരുന്നു.

തിരുവിതാംകൂറിനെ സംബന്ധിച്ചു പറയുമ്പോൾ ഈ പട്ടികയിൽ പ്രധാനമായി രണ്ടുമൂന്നുകാര്യങ്ങൾ കൂടിചേർക്കേണ്ടതായുണ്ട്. അതായതു ഇവിടെയുള്ള ജനങ്ങൾക്കു ആഹാരം കഴിച്ചിരിക്കണം എങ്കിൽ ആക്കിയാബ് ബർമ്മാമുതലായ വിദേശങ്ങളിൽനിന്നു അരിയും നെല്ലും വരുത്തണം എന്നും ഈ രാജ്യത്തെ ഭരിക്കുന്നതിനു ആവശ്യമുള്ള ചുമതലപ്പെട്ട ഉദ്യോഗങ്ങൾക്കു വിദേശിയരെ വരുത്തണം എന്നും കൂടി ചേർക്കുന്നതായാൽ ഈ രാജ്യസ്ഥിതിക്കു വളരെ യോജിക്കുന്നതായിരിക്കും. ഒരു രാജ്യം ഇതിലധികം പരാശ്രയസ്ഥിതിയിൽ എത്താനുണ്ടെന്നു തോന്നുന്നില്ല.

രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ കഴിയുംവിധം കുറയ്ക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടതു അത്യാവശ്യമായി തീർന്നിരിക്കുന്നു. ഇതിലേക്കു പലരുടെയും പലമാതിരിയുള്ള അഭിപ്രായങ്ങൾകൊണ്ടു പ്രയോജനകരമായ പരിഹാരമാർഗ്ഗം കിട്ടുന്നതല്ല. രാജ്യക്ഷേമത്തിനു എത്രയോ പ്രധാനമായ ഈ സംഗതിയിൽ പല കാര്യങ്ങളും അന്വേഷിച്ചറിയേണ്ടതായുണ്ട്.

(൧) ഈ രാജ്യത്തിലെ ജനങ്ങൾ വേലചെയ്തുണ്ടാക്കുന്ന പണം ഏതെല്ലാം വഴികളിൽ പുറമെ പോകുന്നു എന്നു കണ്ടുപിടിക്കയും അതിനെ തടുക്കാനുള്ള വഴികളെ വേണ്ടപോലെ പര്യാലോചിച്ചു നിശ്ചയിക്കയും ചെയ്യണം.

(൨) ഈ രാജ്യത്തുനിന്നു ഏതെല്ലാം അസംസ്കൃതസാധനങ്ങൾ എത്രത്രപ്രാവിശ്യം ആണ്ടുതോറും പുറമെ പോകുന്നു എന്നും അവയെ സംസ്കൃതസാധനങ്ങളാക്കി പുറമെ അയക്കാനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം എന്നും നിർദ്ദേശിച്ചു നിശ്ചയിക്കണം.

(൩) ഈ രാജ്യത്തിലെ ജനങ്ങളുടെ ധനാദായനിലയെ സൂക്ഷ്മമായി അറിയുന്നതിനു ഇക്കണോമിക് സർവെ നടത്തണം.

(൪) ഈ രാജ്യത്തു പുരാതനകാലങ്ങളിൽ ഉണ്ടായിരുന്ന തൊഴിലുകൾ എല്ലാം ഇപ്പോഴും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ ഇന്നത്തെനില എന്താണെന്നും മുൻപുണ്ടായിരുന്ന തൊഴിലുകളിൽ വല്ലതും നശിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും അവയെ പുനർജ്ജീവിപ്പിക്കുന്നതിനുള്ളവഴികൾ എന്തെല്ലാം ആണെന്നും കണ്ടുപിടിച്ചു നിശ്ചയിക്കണം.

(൫) ഇവിടെയുള്ള തൊഴിലുകളിൽ ഏതെങ്കിലും ക്ഷയിച്ചുവരുന്നുണ്ടെങ്കിൽ അതിലേക്കുള്ള കാരണങ്ങളെ കണ്ടുപിടിച്ചു പരിഹരിക്കാനുള്ള വഴികളെ നിർദ്ദേശിക്കണം.

(൬) ഇവിടത്തെ ജനങ്ങളുടെ ധനാദായസ്ഥിതിക്കു യോജിക്കുന്നതായ തൊഴിലുകൾ ഏതെല്ലാം ആണെന്നു കണ്ടുപിടിക്കയും അവയെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാനുള്ള വഴികളെ നിശ്ചയിക്കയും ചെയ്യണം.

(൭) ഇന്നത്തെ വിദ്യാഭ്യാസരീതി തൊഴിലില്ലാത്തവരുടെ സംഖ്യയെ വർദ്ധിപ്പിക്കാൻ സഹായിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിലേക്കു എന്താണ് ചെയ്യേണ്ടതെന്നും ആലോചിക്കണം.

(൮) തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനു ഗവൺമെന്റിൽനിന്നു എന്തെല്ലാം ചെയ്യുവാനുണ്ടു എന്നും കൂട്ടായിട്ടു എന്തെല്ലാം ചെയ്യാനുണ്ടെന്നും വേണ്ടപോലെ പരിശോധിച്ചു നിശ്ചയിക്കണം. ഇങ്ങനെയുള്ള പല സംഗതികളേയുംപറ്റി അന്വേഷിച്ചറിഞ്ഞു വിസ്താരമായ ഒരു റിപ്പോർട്ടു ഗവൺമെന്റിനു സമർപ്പിക്കുന്നതിനു ഉദ്യോഗാനുദ്യോഗസ്ഥന്മാർ അടങ്ങിയതായ ഒരു കമ്മിറ്റിയെ നിയമിക്കണം എന്നുള്ള ഈ പ്രമേയത്തെ കൗൺസിലിന്റെ പര്യാലോചനയ്ക്കായി ഹാജരാക്കിക്കൊള്ളുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മുമ്പുണ്ടായിരുന്ന ഓരോ തൊഴിലുകളിലും ഇപ്പോൾ പ്രവേശിക്കുന്നതിനു തൊഴിലാളികളുടെ സന്താനങ്ങൾക്കു ഏതെങ്കിലും തടസ്ഥം ഉണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ കാര്യങ്ങളെപ്പറ്റി അന്വേഷിക്കാനാണ് ഒരു കമ്മറ്റി വേണമെന്നു നിശ്ചയിച്ചതു. മുമ്പുണ്ടായിരുന്ന തൊഴിലുകൾ ആദായകരങ്ങൾ അല്ല എന്നു പലരും തെറ്റിദ്ധരിച്ചാണ് ഗവൺമെന്റുദ്യോഗത്തിനായി ശ്രമിച്ചുവരുന്നതു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഓരോ കാര്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം കമ്മറ്റികളെ ഏർപ്പെടുത്തുന്നതായാൽ കമ്മറ്റികൾ വർദ്ധിക്കയും തന്നിമിത്തം ജനങ്ങൾക്കു പണച്ചെലവും ഉപദ്രവവും ഉണ്ടാകയില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആ കാര്യത്തെപ്പറ്റി എന്റെ പ്രസംഗത്തിൽ വിവരിച്ചിട്ടുണ്ട്. വ്യവസായങ്ങളിൽ ഉപദേശിക്കാൻ ശരിയായ ആളുകൾ ഇല്ലാത്തതുകൊണ്ടാണ് തൊഴിലുകൾ നശിക്കാൻ കാരണമായതു. അതിനെ പരിഹരിക്കാൻ ഒരു കമ്മറ്റി ഏർപ്പെടുത്തുന്നതുകൊണ്ടു ജനങ്ങൾക്കു യാതൊരു ഉപദ്രവവും വരാനില്ല. അതിനെസംബന്ധിച്ചു ഉണ്ടാകുന്ന പണച്ചെലവു ഒരു ദുർവ്യയമായി മററാരും ഗണിക്കുംഎന്നു ഞാൻ വിചാരിക്കുന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആദായകരമായ തൊഴിലിനെ ഉപേക്ഷിക്കാനും തൊഴിൽചെയ്യാൻ മനസ്സില്ലാത്തവരെ നിയമമൂലം തൊഴിൽചെയ്യിക്കാനും സാധിക്കുന്നതാണോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനുത്തരം പറയേണ്ട ആവശ്യം ഇല്ലാത്തതാണ് എന്നിരുന്നാലും എന്റെ സ്നേഹിതന്റെ അറിവിലേക്കായി എന്റെ സ്വന്തം അറിവുള്ള ഒരു കാര്യത്തെ പറയാം. എന്റെ താമസസ്ഥലത്തു നാലഞ്ചു ദിവസത്തിനുമുമ്പെ ഒരു കൊല്ലനും അയാളുടെ മകനും വന്നിരുന്നു. കൊല്ലനോടു ചോദിച്ചതിൽ അയാൾക്കു ൫൦ വയസ്സായി എന്നും അയാൾ കൊല്ലവേലയിൽ ദിവസം ഒന്നര ചക്രം സമ്പാദിക്കുന്നുണ്ടെന്നും പറഞ്ഞു. മകൻ ൪-ാംഫാറംവരെ പഠിച്ചിട്ടുണ്ട്. അവനു ഒരു ഗവമ്മെന്റുദ്യോഗം ഉണ്ടാക്കിക്കൊടുക്കണം എന്നുള്ള അപേക്ഷയുംകൊണ്ടാണ് അയാൾ വന്നിട്ടുള്ളത്. സ്വന്തംതൊഴിൽ ഉപേക്ഷിക്കാനുള്ള കാരണത്തെപ്പററി ചോദിച്ചതിൽ അതിലേക്കു അയാളുടെ മകനു ദേഹശക്തിയില്ലെന്നാണ് സമാധാനം പറഞ്ഞത്. അതുകൊണ്ടു ഗവമ്മെന്റുദ്യോഗം വല്ലതും ഉണ്ടാക്കിക്കൊടുക്കണം എന്നു പറയുകയുണ്ടായി. സ്വന്തതൊഴിലിൽ നല്ല ആദായം കിട്ടുംഎന്നു അനുഭവംകൊണ്ടു ബോദ്ധ്യം ആയിരുന്നിട്ടും ഗവമ്മെന്റുദ്യോഗത്തിനായി ശ്രമിക്കയാണ് ചെയ്തിട്ടുള്ളത്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സാധാരണമായി തന്റെ തൊഴിൽ ഉപേക്ഷിച്ചു ഗവമ്മെന്റുദ്യോഗത്തിൽ പ്രവേശിച്ചു അതിൽനിന്നു പിരിഞ്ഞതിൽപിന്നെ സ്വന്തംതൊഴിലിൽ പ്രവേശിച്ചു അതിൽ നല്ല ആദായം സമ്പാദിച്ചുവരുന്ന ആളുകൾ ഉണ്ടെന്നു മി. കുമാരപിള്ളക്കു അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങനെ ഒരു ചോദ്യം വരുംഎന്നു അറിഞ്ഞിരുന്നില്ല. അതിനാൽ അതിലേക്കു ഉത്തരംപറയാൻ ഉദ്ദേശിക്കുന്നില്ല.

പ്രെസിഡെണ്ട്: നാളെക്കാലത്തു പതിനൊന്നരമണിവരെ ഈ സഭ നമുക്കു ഇപ്പോൾ നിറുത്തിവയ്ക്കാം.

സഭായോഗം വൈകുന്നേരം മണി ൩ അടിച്ചു ൫ മിനിട്ടു ആയപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി, ടി. പി. രാമസ്വാമയ്യർ.

(A true translation.)
T. RAMALINGAM PILLAI,
Ag. *Head Translator to Government.*

തിരുവിതാംകൂർ നിയമനിർമ്മാണസഭ.

ദ്വിതീയസഭ.

൧൧൦൧-ലെ പ്രഥമസമ്മേളനം.

(അഫിഷ്യൽറിപ്പോർട്ട്.)

൧൧൦൧ മേടം ൧൧-൹-ക്ക ൧൯൨൬ ഏപ്രിൽ ൨൩-൹- വെള്ളിയാഴ്ച,

വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ ൧൧ അടിച്ച് ൩൦ മിനിട്ടായപ്പോൾ സഭ വീണ്ടുംകൂടി. പ്രസിഡണ്ട് അഗ്രാസനം വഹിച്ചു.

ചോദ്യങ്ങളും ഉത്തരങ്ങളും.

[൧൨-ാം നമ്പർ സ്റ്റാൻറിംഗ് ആർഡർ അനുസരിച്ച് പ്രസിഡണ്ട് നൽകിയ ഉത്തരവു.]

൧. സഭ സംബന്ധിച്ച യോഗങ്ങളിൽകൊണ്ടു വരാനുള്ള ചോദ്യോത്തരങ്ങളുടെ അച്ചടിച്ച പ്രതികൾ പ്രസിഡണ്ട് അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുന്നതിന ൧൫ മിനിട്ടിന മുമ്പു സഭയിലെ മേശപ്പുറത്തു ഇട്ടിരിക്കുന്നതാണ്.

൨. ചോദ്യങ്ങൾ ചോദിക്കുന്നതും മറുപടി പറയുന്നതും താഴെപ്പറയുംപ്രകാരമായിരിക്കേണ്ടതാണ്:—

ഓരോ പ്രമേയകർത്താവിന്റെയും പേരു നമ്പർകളുടെ ക്രമമനുസരിച്ചു സെക്രട്ടറി വിളിക്കുന്നതും ഏതെങ്കിലും ഉപചോദ്യം ചോദിക്കണമെന്ന അദ്ദേഹം ആഗ്രഹിക്കുന്നു എങ്കിൽ അദ്ദേഹത്തിന തന്റെ സ്ഥാനത്തിൽനിന്നും എഴുനീൽക്കുന്നതിന ന്യായമായി വേണ്ട സമയം അനുവദിക്കുന്നതും ആകുന്നു. ഉപചോദ്യങ്ങൾ അവയെസംബന്ധിക്കുന്ന പ്രധാനചോദ്യങ്ങളുടെ ഇടയ്ക്കുവായിട്ടുതന്നെ ചോദിക്കേണ്ടതാണ്.

തെക്കേക്കരപകുതിക്കരിച്ചുറിക്കു തെക്കുവശത്തുനിന്നുള്ള വില്ലേജ് റോഡിനെ വണ്ടി പോകുന്ന റോഡാക്കിത്തീർക്കേണ്ടതായി.

൩൯൨. മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മാവേലിക്കരത്താലൂക്കിലുൾപ്പെട്ട തെക്കേക്കര പകുതിക്കരിച്ചുറിക്കു തെക്കുവശത്തുനിന്നും ആരംഭിച്ചു നേരെ പടിഞ്ഞാറോട്ടു ഒരു വില്ലേജ് റോഡ് പോകുന്നുണ്ട്. ഈ റോഡ് കായംകുളത്തുനിന്നും തല്ലാരമ്പലത്തേക്കു തെക്കുവടക്കായി കിടക്കുന്ന റോഡിൽചെന്നുചേരുന്നു. പ്രസ്തുത സ്ഥലനിവാസികൾക്കു കൃഷിക്കു ആവശ്യമുള്ള വളങ്ങളും കൃഷിചെയ്തു കിട്ടുന്ന സാധനങ്ങളും കൊണ്ടുപോകുന്നതിന സൌകര്യപ്പെടത്തക്കവണ്ണം ഈ വില്ലേജ് റോഡിനെ വണ്ടിപോകത്തക്ക ഒരു റോഡാക്കിത്തീർക്കുവാൻ ഗവൺമെണ്ടിന ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെണ്ടു സെക്രട്ടറി): അപ്രകാരം ചെയ്യാം. അതിലേക്കു ഒരു അടങ്കൽ തയ്യാറാക്കി അയക്കുവാൻ ചീഫ്എൻജിനീയരോടു ആവശ്യപ്പെടുന്നതാണ്.

നായന്മാർക്കുള്ള സൌജന്യങ്ങൾ.

൨൯൩. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (എ) ൧൯൨൧-ാമാണ്ടത്തെ സെൻസസ്സ് റിപ്പോർട്ടിലെ വ്യവസായ വാണിജ്യപട്ടിക പരിശോധിക്കുന്നതായാൽ ക്രിസ്ത്യാനികൾ, മഹമ്മദീയർ, ചാന്നാന്മാർ, ഈഴവർ, ബ്രാഹ്മണർ എന്നീ ജാതിക്കാരെ അപേക്ഷിച്ചു വ്യവസായവാണിജ്യവിഷയങ്ങളിൽ നായന്മാർ വളരെ പിന്നോക്കമാണ നിൽക്കുന്നതെന്നുള്ള വസ്തുത ഗവൺമെണ്ടിന്റെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ടോ?

(ബി) വ്യവസായംവാണിജ്യം എന്നിവസംബന്ധിച്ചു വിവിധജാതിക്കാർ തമ്മിലുള്ള നില എന്താണെന്നു താരതമ്യേനനിർണ്ണയിക്കുന്നതിന ൧൯൨൧-ലെ സെൻസസ് റിപ്പോർട്ടിന്റെ ൩൯ മുതൽ ൧൦൪ വരെയും ൧൨൨, ൧൨൩, ൪൯ മുതൽ ൭൦ വരെയും വശങ്ങളിൽകൊടുത്തിട്ടുള്ള സ്റ്റേറ്റുമെൻറിനെപ്പറ്റി ആലോചിക്കാൻ ഗവൺമെണ്ടിന ദയവുണ്ടാകുമോ?

വ്യവസായ വാണിജ്യങ്ങളിൽ ചില ജാതിക്കാരുടേയും മതക്കാരുടേയും താരതമ്യേനയുള്ള നിലയെ കാണിക്കുന്ന സ്റ്റേറ്റുമെൻറ.

ജാതിക്കാരുടെ അല്ലെങ്കിൽ മതക്കാരുടെ പേരു	കച്ചവടങ്ങളിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം	വ്യവസായങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ള ജോലിക്കാരുടെ എണ്ണം	വ്യവസായങ്ങളിൽ പരിചയം സിദ്ധിച്ചിട്ടില്ലാത്ത ജോലിക്കാരുടെ എണ്ണം	വ്യവസായവാണിജ്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആകെ എണ്ണം	ആകെയുള്ള ജനസംഖ്യ	ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനം
ക്രിസ്ത്യാനികൾ	൧,൧൬,൨൦൭	൭,൦൦൯	൩,൨൬൩	൧,൨൬,൪൭൯	൧൧,൭൨,൯൩൪	൧൦·൭൮
മഹമ്മദീയർ	൩൭,൪൦൪	൪൯൧	൯൩൪	൩൮,൮൨൯	൨,൭൦,൪൭൮	൧൪·൩൬
ബ്രാഹ്മണർ *	൩,൬൬൦	൩൨	൬	൩,൬൯൮	൬൦,൯൧൧	൬·൦൭
ഈഴവർ	൪൨,൧൩൮	൩,൨൯൧	൩,൪൯൧	൪൮,൮൮൦	൮,൬൯,൮൬൩	൫·൬൨
ചാന്നാന്മാർ	൧൨,൮൧൬	൧,൨൨൬	൧,൯൨൭	൧൫,൯൬൯	൨,൦൦,൮൬൮	൭·൯൫
നായർ	൧൫,൪൯൯	൩൦൧	൧,൬൧൮	൧൬,൯൮൮	൮,൬൮,൪൧൧	൧·൯൬

റിമാർക്ക. * ഇതിനുപുറമെ ബ്രാഹ്മണർക്ക പബ്ലിക്ക സർവീസിൽ സാധാരണയിലധികമായ പ്രാതിനിധ്യം ഉണ്ട്.

(സി) ഇംഗ്ലീഷ് വിദ്യാഭ്യാസം പബ്ലിക്ക് സർവീസിലുള്ള പ്രാതിനിധ്യം എന്നിപ്രകാരമുള്ള ചില പ്രത്യേകസംഗതികളിൽ വളരെ പിറകിൽ നിൽക്കുന്ന പ്രത്യേക ജാതിക്കാർക്കു ചിലപ്രത്യേക സഹായങ്ങൾ ചെയ്യേണ്ടതാണെന്നുള്ള ഗവൺമെണ്ടു നയത്തെ ആസ്പദമാക്കി വ്യവസായ വാണിജ്യങ്ങളെസംബന്ധിച്ച വിദ്യാഭ്യാസ സൌജന്യങ്ങൾ, സഹായധനം, കടംമുതലായ പ്രത്യേകാനുകൂല്യങ്ങൾ നായന്മാർക്കും നൽകുന്നതിൽ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

മി. കെ. ജോർജ് ആക്റ്റിംഗ് ഗവൺമെണ്ടുചീഫ്സെക്രട്ടറി): (എ), (ബി), (സി), സമർപ്പിച്ച വിവരങ്ങളെ ഗവൺമെണ്ടു നോട്ടുചെയ്യുന്നുണ്ട്. സാധാരണവിദ്യാഭ്യാസം പബ്ലിക്ക സർവീസിലുള്ള പ്രാതിനിധ്യം എന്നിവയിൽ അധഃകൃതവർഗ്ഗക്കാർക്കും പിന്നോക്കം നിൽക്കുന്നവർക്കും സൌകര്യവും അവസരവും ശരിയായവിധം ലഭിക്കുന്നില്ലെന്നു കാണുന്നതുകൊണ്ടു അവരുടെ കാര്യത്തിൽ ഗവൺമെണ്ടിനു ഇപ്പോൾ പ്രത്യേകാനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതായിട്ടിരിക്കുന്നു.

ആദ്യമായിട്ടു ഇപ്പോൾ നടപ്പിൽവരുത്തിയിരിക്കുന്ന സാങ്കേതിക വിദ്യാഭ്യാസം, വ്യവസായവിദ്യാലയങ്ങൾക്കുള്ള സഹായധനം വ്യവസായസംബന്ധമായി നൽകിവരുന്ന കടം മുതലായ സംഗതികളിൽ മഹാരാജാവു തിരുമനസ്സിലെ പ്രജാവർഗ്ഗത്തിൽ ഒരു കൂട്ടർക്കും പ്രത്യേകമായ യാതൊരു ആനുകൂല്യവും ഗവൺമെണ്ടിനു കാണിക്കുവാൻ നിവൃത്തിയില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും–കാർത്തികപ്പള്ളിയും): വ്യവസായവാണിജ്യങ്ങളിൽ മുൻ പ്രസ്താവിച്ചതുപോലെയുള്ള സൌകര്യക്കുറവും സന്ദർഭമില്ലായ്മയും നായന്മാരെ സംബന്ധിച്ചും ഉണ്ടായിട്ടുണ്ടെന്നില്ലയോ എന്നു പറയുവാൻ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

മി. കെ. ജോർജ് ആ. ഗവൺമെണ്ടു ചീഫ്സെക്രട്ടറി): അപ്രകാരമുള്ള സൌകര്യക്കുറവിനെയോ സന്ദർഭമില്ലായ്മയെയോ പറ്റി ഗവൺമെണ്ടിനു യാതൊരറിവുമില്ല.

പഞ്ചായത്തുകോടതിയിലെ ജഡ്ജിമാരുടെ നിയമനം.

൩൮൪. മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): (എ) പഞ്ചായത്തുകോടതി ജഡ്ജിമാരായി പ്രത്യേകം ആളുകളെ ഗവൺമെണ്ടു നിയമിക്കുന്നതിൽ സ്വീകരിച്ചുവരുന്ന തോതു, ഏതെങ്കിലുമുണ്ടെങ്കിൽ എന്താണെന്നു പറയുവാൻ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

(ബി) സമുദായപ്രാതിനിധ്യതത്വത്തെമാത്രം അടിസ്ഥാനമാക്കിയാണോ അപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതു എന്നു പറയുവാൻ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

(സി) ഓരോ പഞ്ചായത്തുകോടതിയുടെ അധികാരാതിർത്തിയിലും അധികാരപ്പെടുത്തുന്ന ഒരു തിരഞ്ഞെടുപ്പു സംഘക്കാരാൽ ജഡ്ജിമാരുടെ ആകെ എണ്ണത്തിൽ മൂന്നിൽ രണ്ടു ഭാഗമെങ്കിലും തിരഞ്ഞെടുക്കുവാൻ തക്ക ഏർപ്പാടു ചെയ്യുവാൻ ഗവൺമെണ്ടിനു ഒഴിവുണ്ടാകുമോ?

മി. കെ. ജോർജ്ജ് ആ. ഗവൺമെണ്ടു ചീഫ്സെക്രട്ടറി):

(പഞ്ചായത്തുകോടതി ജഡ്ജിമാരുടെ നിയമനസംഗതിയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന തോതു അതിലേക്കു നിയമിക്കപ്പെടുന്ന ആളുകൾ സ്ഥലസംബന്ധമായ പരിജ്ഞാനം ധാരാളം ഉള്ളവരും ആവശ്യംവേണ്ട വിദ്യാഭ്യാസവും സ്വഭാവഗുണവും ഉള്ളവരും ആയിരിക്കണമെന്നുള്ളതാണ്.

(ബി) അതു മാത്രമല്ല. എന്നാൽ സമുദായപ്രാതിനിധ്യത്തെയും കഴിയുന്നിടത്തോളം ഗണിക്കണമെന്നു ഉദ്ദേശിച്ചിട്ടുണ്ട്.

(സി) ഈ ചോദ്യത്തിനു മറുപടിപറയുവാൻ നല്ലപോലെ ആലോചിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു ഉടനടി ഒരു സമാധാനം പറയുവാൻ നിവൃത്തിയില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ജഡ്ജിമാരെ തെരഞ്ഞെടുപ്പുമൂലമായി നിയമിക്കുന്നതിനു ഗവൺമെണ്ടിനെ സഹായിക്കുന്ന വ്യവസ്ഥ ഗ്രാമപഞ്ചായത്തു റെഗുലേഷനിൽ തന്നെയുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിനറിവുണ്ടോ?

മി. കെ. ജോർജ് (ആ. ഗവൺമെണ്ടു ചീഫ്സെക്രട്ടറി): ആ സംഗതിയെപ്പററി ആവശ്യമുള്ള ചട്ടങ്ങൾ നിർമ്മിക്കുവാൻ ഗവൺമെണ്ടിനെ അധികാരപ്പെടുത്തുന്നതിനെസംബന്ധിച്ച വ്യവസ്ഥ ഗ്രാമപഞ്ചായത്തു റെഗുലേഷനിൽ ഉണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഗ്രാമപഞ്ചായത്തു റെഗുലേഷൻ നടപ്പിൽവന്നിട്ട് ഇപ്പോൾ എത്രകാലമായിട്ടുണ്ടെന്നു പറയുവാൻ ഗവൺമെൻറിനു ഒഴിവുണ്ടാകുമോ?

മി. കെ. ജോർജ് (ആ. ഗവൺമെണ്ടു ചീഫ്സിക്രട്ടറി): ഗ്രാമപഞ്ചായത്തു കോടതികളെ സംബന്ധിച്ച റെഗുലേഷനെപ്പററിയാണ് മെമ്പർ ഉദ്ദേശിക്കുന്നതെന്നു ഞാൻ ഊഹിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതെ.

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ്സിക്രട്ടറി): അതുസംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശം ഇല്ല. അതു അന്വേഷിച്ചു അറിയേണ്ടിയിരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ കോടതികൾ കഴിഞ്ഞ പത്തു സംവത്സരമായി സ്ഥിതിചെയ്തുപോരുന്ന സ്ഥിതിക്കു ജഡ്ജിമാരുടെ തിരഞ്ഞെടുപ്പുസംബന്ധിച്ച റെഗുലേഷനിലെ നിബന്ധനകളെ പ്രയോഗത്തിൽ വരുത്തുന്നതിന്റെ ആവശ്യകതയെപ്പററി ആലോചിക്കുവാൻ ഗവൺമെൻറിനു ഒഴിവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ്സെക്രട്ടറി): ആ നിബന്ധനകൾ ഞാൻ മുമ്പ് പ്രസ്താവിച്ചപോലെ വേണമെങ്കിൽ നടപ്പിൽ വരുത്താവുന്നതുമാത്രമാണ്. അതു നിർബന്ധമായിട്ടുള്ളതല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതുകൊണ്ടുതന്നെയാണ്, കഴിഞ്ഞ പത്തു സംവത്സരമായി ഈ കോടതികൾ സ്ഥിതിചെയ്തുപോരുന്ന സ്ഥിതിക്കു റെഗുലേഷനിലെ നിബന്ധനകൾ അനുസരിച്ചു ജഡ്ജിമാരുടെ സ്ഥാനങ്ങളിൽ ആൾ നിയമിക്കുന്നതു തിരഞ്ഞെടുപ്പുമൂലമായിരിക്കേണ്ടതല്ലയോ എന്ന സംഗതിയെപ്പററി ഗവൺമെണ്ട് ആലോചിക്കുമോ എന്നു അറിവാൻ ഞാൻ ആവശ്യപ്പെടുന്നതു.

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ്സെക്രട്ടറി): ഗവൺമെണ്ട് ആ സംഗതിയെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ആദായനികുതി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): (എ) കച്ചവടക്കാരുടെ കണക്കുകൾ ഒന്നും വേണ്ടതുപോലെ പരിശോധിക്കാതെ, ഇഷ്ടംപോലെ ആദായനികുതി കണക്കാക്കപ്പെടുന്നു എന്നും അതുസംബന്ധിച്ചു അവർ പറയുന്ന ആവലാതികളെപ്പററി ആദായനികുതിവകുപ്പിലെ അധികൃതന്മാർ ശ്രദ്ധിക്കുന്നില്ലെന്നും തത്സംബന്ധമായി അവരുടെ ഇടയിൽ വലുതായ അതൃപ്തിയുണ്ടെന്നുള്ളതും വാസ്തവമാണോ ?

(ബി) ൧൦൯൪-ൽ കച്ചവടത്തിനു സംഭവിച്ചിട്ടുള്ള വലുതായ ഇടിവും, വ്യവസായസംബന്ധമായ പല സംഗതികൾക്കു നേരിട്ട നാശവും, ൧൦൯൯-ൽ കച്ചവടത്തിനും കൈത്തൊഴിലുകൾക്കും നേരിട്ട കുഴപ്പവും, ൧൧൦൦-ൽ വാണിജ്യവ്യവസായങ്ങൾക്കു സംഭവിച്ച പ്രതിബന്ധങ്ങളും മററും ആലോചിക്കുമ്പോൾ തേയില ഒഴിച്ചുള്ള ഇതരഇനങ്ങളിലെ ആദായനികുതിയിൽ ൧൧൦൦-ാമാണ്ടത്തെ ബഡ്ജററ്എസ്റ്റിമേററിൽ "൩൭ ലക്ഷം രൂപ കൂടുതലായി കാണിക്കുവാൻ സാധിച്ചതു എങ്ങനെയാണെന്നു പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ ?

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ് സെക്രട്ടറി): (എ) ഗവൺമെൻറിനു അറിവില്ല.

(ബി) ൧൧൦൦-ാമാണ്ടു വാണിജ്യവ്യവസായങ്ങൾക്കു പ്രതിബന്ധങ്ങൾ ഉണ്ടായിട്ടുള്ളതായി ഗവൺമെണ്ടു ഒരിടത്തും പ്രസ്താവിച്ചിട്ടില്ല. (൧൯൨൪ സെപ്തംബർ ൭-നു കൂടിയ സഭയുടെ യോഗത്തിൽ ൧൭൨-ാം നമ്പർ ചോദ്യപ്രതിവചനത്തിൽ ഗവൺമെണ്ടു പറഞ്ഞിട്ടുള്ള മറുപടി നോക്കുക). തേയില ഒഴിച്ചുള്ള മററു വ്യവസായഇനങ്ങളിൽ ആദായനികുതിസംബന്ധിച്ചു ൧൧൦൦-ാമാണ്ടത്തെ ബഡ്ജററ്എസ്റ്റിമേററിൽ "൩൭ ലക്ഷം രൂപ കൂടുതൽ ഉണ്ടായിരുന്നതായി മെമ്പർ പറയുന്നതു വാസ്തവവുമല്ല. മെമ്പറിൻെറ അഭിപ്രായം ൧൧൦൦-ാമാണ്ടത്തെ പരിഷ്കരിച്ച എസ്റ്റിമേററിനെ ആധാരമാക്കിട്ടുള്ളതാണെന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. എസ്റ്റിമേററിൽ കാണുന്ന കൂടുതൽ കണക്കു ൧൧൦൦-ാമാണ്ടത്തെ ആദ്യത്തെ എട്ടു മാസങ്ങളിൽ അധികമായിട്ടുള്ള വരവിനെ ആധാരമാക്കീട്ടുള്ളതാണ്. എന്നാൽ ആ ആണ്ടത്തെ വാസ്തവമായിട്ടുള്ള വരവ് ൧൦൯൯-ാമാണ്ടത്തെ വരവിനോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ തേയിലവ്യവസായം സംബന്ധിച്ചു മാത്രമുള്ള ആദായനികുതി ഇനത്തിൽ ൧,൨൭,൯൧൮ രൂപ അധികമുണ്ടായിരുന്നതായും തേയില ഒഴിച്ചുള്ള മററു ആദായനികുതിഇനത്തിൽ ൧൭,൭൪൨ രൂപ കുറവായിരുന്നതായും കാണാവുന്നതാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): ൧൧൦൦-ാമാണ്ടത്തെ വാണിജ്യവ്യവസായങ്ങൾക്കു പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നതായി ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചിട്ടില്ലയോ എന്നു മെമ്പർ പറഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ് സെക്രട്ടറി): അതു ൧൦൯൯-ാമാണ്ടു യഥാർത്ഥത്തിൽ ഉണ്ടായിരുന്നതിനെ സംബന്ധിച്ചതുമാത്രമാണ്, അല്ലാതെ ൧൧൦൦-ാമാണ്ടത്തേതല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): ഞാൻ ചോദിക്കുന്നതു അതിനെപ്പററി അവിടെ പ്രസ്താവിച്ചിട്ടുണ്ടോ ഇല്ലയോ എന്നാണ്.

മി. കെ. ജോർജ് (ഗവൺമെണ്ടു ആ. ചീഫ് സെക്രട്ടറി): മെമ്പർ ആ പ്രസംഗം സൂക്ഷ്മമായി വായിച്ചുനോക്കുന്നപക്ഷം അതു ൧൧൦൦-ാമാണ്ടിനെ സംബന്ധിച്ചു പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണെന്നു അദ്ദേഹത്തിനുതന്നെ ബോദ്ധ്യമാകുന്നതാണ്.

അധികമുള്ള തടികളുടെ വിദേശീയവ്യാപാരം.

൩൮൩. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): (എ) കൃഷി, മത്സ്യവ്യവസായഡയറക്ടർ ബ്രിട്ടീഷ്സാമ്രാജ്യപ്രദർശനം സംബന്ധിച്ചു ഇംഗ്ലണ്ടിലായിരുന്നപ്പോൾ നമ്മുടെ രാജ്യത്തിൽ അധികംവരുന്ന തടികളുടെ വില്പനയ്ക്കു ഇംഗ്ലണ്ടിൽ ഏതെങ്കിലും ഒരു വ്യാപാരമാർഗ്ഗം കണ്ടുപിടിക്കുവാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിട്ടുണ്ടായിരുന്നോ?

(ബി) അപ്രകാരം അധികാരപ്പെടുത്തീട്ടുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹം അവിടെ നടത്തിയ അന്വേഷണങ്ങളെസംബന്ധിച്ചു ഏതെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ എന്നും അവ എപ്പോൾ ഈ സഭമുമ്പാകെ വയ്ക്കപ്പെടുമെന്നും ഗവൺമെൻറിനു പറയുവാൻ ദയവുണ്ടാകുമോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ടു സെക്രട്ടറി): (എ) തിരുവിതാംകൂറിലുള്ള തടികളുടെ വില്പനയ്ക്കു ഇംഗ്ലണ്ടിൽ ഒരു വ്യാപാരമാർഗ്ഗം കണ്ടുപിടിക്കുവാൻ കൃഷിമത്സ്യവ്യവസായഡയറക്ടരെ പ്രത്യേകമായി അധികാരപ്പെടുത്തിയിരുന്നില്ല. അദ്ദേഹം തിരുവിതാംകൂർ വിടുന്നതിനു മുമ്പുതന്നെ ഇംഗ്ലണ്ടിലെ വ്യാപാരസ്ഥിതികൾ മനസ്സിലാക്കുന്നതിനും, തടികൾ ഉൾപ്പടെ നമ്മുടെ രാജ്യത്തിലുള്ള സാധനങ്ങളുടെവ്യാപാരം എത്രമാത്രം അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നു അറിയുന്നതിനും അദ്ദേഹത്തോടു ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) ഡയറക്ടർ ഇംഗ്ലണ്ടിലായിരുന്നപ്പോൾ തിരുവിതാംകൂർ തടികൾക്കു എത്രമാത്രം ആവശ്യം അവിടെ ഉണ്ടെന്നു അന്വേഷണം നടത്തിയതിൻെറ ഫലമായി, മെസ്സേഴ്സ് ഫൌവേർഡ്ബ്രദേഴ്സ് കമ്പനിക്കാർ തിരുവിതാംകൂർ തടികൾക്കു മണ്ടനിലെ ഏജൻറന്മാരായിരിക്കുവാൻ സമ്മതിച്ചിരിക്കുന്നു എന്നുള്ള വിവരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. എന്നാൽ കമ്പനിക്കാരുമായി നേരിട്ടുനടത്തിയ അന്വേഷണത്തിൽ അവർക്കു നിർദ്ദിഷ്ടഅളവുകളുള്ള ഒന്നാംതരം ഈട്ടിത്തടികൾ മാത്രമേ ആവശ്യമുള്ളു എന്നു അറിഞ്ഞതുകൊണ്ടും ഇതു ലാഭമുള്ള ഒരു ഏർപ്പാടല്ലെന്നു തോന്നുകയാലും ആ സംഗതി വേണ്ടെന്നുവച്ചു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): പ്രത്യേകമായിട്ടു അധികാരപ്പെടുത്തിട്ടില്ലായിരുന്നെങ്കിലും കൃഷിമത്സ്യവ്യവസായഡയറക്ടരെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നു മെമ്പർ പറയുമോ ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ടു സെക്രട്ടറി): അതുസംബന്ധിച്ചു അദ്ദേഹത്തെ പ്രത്യേകമായി നിയോഗിച്ചിരുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): എൻെറ ചോദ്യം അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നാണ്.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): ഈ ജോലിക്ക അദ്ദേഹത്തിനെ പ്രത്യേകമായി അധികാരപ്പെടുത്തിയിരുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): പ്രത്യേകമായി അധികാരപ്പെടുത്തപ്പെട്ടിരുന്നോ എന്നുള്ള ചോദ്യം നിൽക്കട്ടെ, അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്ന പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): എനിക്ക ചോദ്യം മനസ്സിലാകുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): കൃഷിമത്സ്യവ്യവസായഡയറക്ടർ ബ്രിട്ടീഷ്സാമ്രാജ്യപ്രദർശനം സംബന്ധിച്ച ഇംഗ്ലണ്ടിലായിരുന്നപ്പോൾ നമ്മുടെ രാജ്യത്തിൽ അധികംവരുന്ന തടികളുടെ വില്പനയ്ക്കു ഇംഗ്ലണ്ടിൽ ഏതെങ്കിലും ഒരു വ്യാപാരമാർഗ്ഗം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു അധികാരം നൽകിയിരുന്നോ? എന്നാണ് എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): ആ കാര്യത്തിനു അദ്ദേഹത്തിനെ പ്രത്യേകമായി അധികാരപ്പെടുത്തിയിരുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക). അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): അധികമുള്ള തടികളുടെ വില്പനയ്ക്കു വ്യാപാരമാർഗ്ഗംകൂടി കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനോടു ആവശ്യപ്പെട്ടിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നില്ലെന്നു ഞാൻ മനസ്സിലാക്കട്ടെയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): നിവൃത്തിയുള്ളപക്ഷം നമ്മുടെ തടികളുടെ വില്പനയ്ക്കു വ്യാപാരമാർഗ്ഗംകൂടി കണ്ടുപിടിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നുള്ളതു മറുപടിയിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക): അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നു മറുപടിയിൽനിന്നും വെളിവാകുന്നില്ല.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): അധികാരപ്പെടുത്തുക; ആവശ്യപ്പെടുക ഇവ തമ്മിൽ എന്തു വ്യത്യാസമാണ് മെമ്പർ ഉദ്ദേശിക്കുന്നതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ, തെക്ക) ഈ വാക്കുകൾക്കു തമ്മിൽ വ്യത്യാസം ഉണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നു് മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെണ്ട സെക്രട്ടറി): ഈ സംഗതികളെ അന്വേഷിക്കുവാൻ അദ്ദേഹത്തിനോടു ആവശ്യപ്പെട്ടിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ): അദ്ദേഹത്തിനെ അധികാരപ്പെടുത്തിയിരുന്നോ ഇല്ലയോ എന്നാണ് എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറു സെക്രട്ടറി): എനിക്ക ചോദ്യം മനസ്സിലാകുന്നില്ല. മെമ്പർ ദയവുചെയ്തു വിവരിച്ചു പറയുമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ തെക്ക): കൃഷിഡയറക്ടർ ലണ്ടനിൽ അല്ലാതെ മറ്റെങ്കിലും സ്ഥലത്തെ വ്യാപാരസ്ഥിതിയെപ്പറ്റി അന്വേഷിച്ചു മനസ്സിലാക്കിയോ എന്നു മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറു സെക്രട്ടറി): അദ്ദേഹം ലണ്ടനിൽ അന്വേഷണങ്ങൾ നടത്തി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ തെക്ക): ഇംഗ്ലണ്ടിലെ വ്യാപാരസ്ഥിതികൾ മനസ്സിലാക്കുവാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടിരുന്നു എന്നു മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ടു. ഞാൻ ചോദിക്കുന്നതു നമ്മുടെ അധികമുള്ള തടികളുടെ വില്പനയ്ക്കു ലണ്ടനിൽ ഏതെങ്കിലും ഒരു വ്യാപാരസ്ഥലം കണ്ടുപിടിക്കുവാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിയിരുന്നോ എന്നാണ. എന്റെ ഉപചോദ്യം കൃഷിഡയറക്ടർ ലണ്ടനിൽ അല്ലാതെ ഇംഗ്ലണ്ടിലെ മറ്റെതെങ്കിലും സ്ഥലങ്ങളിലെ വ്യാപാരസ്ഥിതികൾ മനസ്സിലാക്കിയോ എന്നാകുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറു സെക്രട്ടറി): ലണ്ടൻ ഇംഗ്ലണ്ടിന്റെ തലസ്ഥാനനഗരമാകയാൽ ഇംഗ്ലണ്ടിലെ വിവിധവ്യാപാരസ്ഥലങ്ങളെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ അദ്ദേഹം ലണ്ടനിൽ വെച്ചുതന്നെ നടത്തി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ തെക്ക): ലണ്ടൻ ഇംഗ്ലണ്ടിന്റെ തലസ്ഥാനനഗരമാണെന്നു അറിഞ്ഞുകൊണ്ടുതന്നെ, ലണ്ടനൊഴിച്ചു ഇംഗ്ലണ്ടിലെ ഏതെങ്കിലും വ്യാപാരസ്ഥലങ്ങളെപ്പറ്റി അദ്ദേഹം മനസ്സിലാക്കിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറു സെക്രട്ടറി): അദ്ദേഹം ഉൾനാടുകളെപ്പറ്റി അന്വേഷണങ്ങൾ നടത്തിയിട്ടില്ല. ഇംഗ്ലണ്ടിലെ വിവിധവ്യാപാരസ്ഥലങ്ങളുടെ സ്ഥിതികളെപ്പറ്റി ലണ്ടനിൽതന്നെ അദ്ദേഹം അന്വേഷണം നടത്തി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ തെക്ക): നമ്മുടെ രാജ്യത്തിലുള്ള വിഷയേറിയ തടികളെ പേരിനുമാത്രമുള്ള വിലക്കു കൊടുത്തുവരുന്നതു പരിഹരിക്കുന്നതിലേക്കായിട്ടല്ലയോ അവിടെ ഏതെങ്കിലും ഒരു വ്യാപാരസ്ഥലം കണ്ടുപിടിക്കുന്നതിനു അദ്ദേഹത്തിനോടു ആവശ്യപ്പെട്ടിട്ടുള്ളതു.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെൻറു സെക്രട്ടറി): പേരിനുമാത്രമുള്ള വിലയ്ക്കല്ല നാം തടികളെ വിററുവന്നിരുന്നതു.

ശ്രീ. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായങ്ങൾ...): ഈ സംഗതിയെ സംബന്ധിച്ച് ദിവാൻജി അസംബ്ലിയിൽ നൽകിയ അഡ്രസ്സിൽ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെന്റിനെപ്പറ്റി മെംബർക്ക് അറിവുണ്ടോ? ഉണ്ടെങ്കിൽ അതോ, ഇതോ, ശരിയായിട്ടുള്ളതെന്നു മെംബർ പറയുമോ?

ശ്രീ. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെന്റുസെക്രട്ടറി): അതു സംബന്ധിച്ച് എനിക്ക് ഇപ്പോൾ യാതൊരു വിവരവും ഇല്ല. അന്വേഷിച്ചുതന്നെ അറിയേണ്ടതായിരിക്കുന്നു.

തേക്കുഡിപ്പോവകയ്ക്കു വിലയ്ക്കുവാങ്ങിയ ഭൂമി.

നം ൭. ശ്രീ. എസ്. സുബ്രഹ്മണ്യയ്യർ (പത്തനാപുരവും ചെങ്കോട്ടയും): തേക്കു ഫാറസ്റ്റ്ഡിപ്പോവകയ്ക്ക് എത്രയേക്കർ ഭൂമി വിലയ്ക്കുവാങ്ങിച്ചു എന്നും അതിനു എന്തുകൊടുത്തുവെന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ശ്രീ. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെന്റുസെക്രട്ടറി): ൧൦൮൭-ൽ തേക്കുഡിപ്പോവിനായിട്ട് ൨൪.൭൫ ഏക്കർ സ്ഥലം ൩,൬൨൭ രൂപാ ൧൨ ചക്രം ൧ കാശു പ്രതിഫലംകൊടുത്തു വാങ്ങിച്ചു.

പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു സർവീസിൽ നൽകേണ്ടതായ സൗജന്യപൂർവമായ ആനുകൂല്യങ്ങൾ.

നം ൭൮. ശ്രീ. റ്റി. ആർ. പത്മനാഭൻ (ഗവർമെന്റുനിയമനം): (എ) പബ്ലിക്കുസർവീസിൽ പ്രവേശനം അനുവദിക്കപ്പെടാത്ത പക്ഷം വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായത്തിൽപ്പെട്ടവരും ഉദ്യോഗം ലഭിക്കാത്ത പലരായ അനവധി ബി. എ. ക്കാർ ഉണ്ടെന്നുള്ളതു ഗവൺമെന്റിനു അറിയാമോ?

(ബി) (൧) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു പബ്ലിക്കുസർവീസിലേയ്ക്കുള്ള പ്രവേശനത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്നതു ഗവൺമെന്റിന്റെ നയമാണോ എന്നും,

(൨) അപ്രകാരമെങ്കിൽ, എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വിശേഷിച്ചു സെക്രട്ടേറിയറ്റിലും, അതിനോടു ചേർന്ന ആഫീസുകളിലും നിയമനവിഷയത്തിൽ ഈ നയം കൃത്യമായി അനുവർത്തിക്കപ്പെടുന്നുണ്ടോ എന്നും,

(സി) സെക്രട്ടേറിയറ്റിലും അതിനോടു ചേർന്ന ആഫീസിലും പകരക്കാരായിരിക്കുന്നവരുടെ സീനിയാറിറ്റി സർവീസിൽ ആദ്യമായി പ്രവേശിപ്പിച്ചതിനെ ആസ്പദമാക്കി നിശ്ചയിക്കപ്പെടേണ്ടതാണെന്നു ഈയിടെ ഏതെങ്കിലും പുതിയ വ്യവസ്ഥ ഏർപ്പെടുത്തിട്ടുണ്ടോ എന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(സി) പുതിയ വ്യവസ്ഥ സെക്രട്ടേറിയറ്റിലും അതിനോടു ചേർന്ന ആഫീസിലുമുള്ള ഏതെങ്കിലും ക്ലാസ് ഫോർ ഗുമസ്തന്മാരുടെ സീനിയാറിറ്റിയെ സംബന്ധിക്കുന്നുണ്ടോ?

(ഡി) സംസ്ഥാനത്തിലെ പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്കു പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ പ്രതിബന്ധമായി നിൽക്കാത്തവിധം ഈ വ്യവസ്ഥയെ ഭേദപ്പെടുത്താൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ശ്രീ. കെ. ജോർജ് (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി):

(എ) ഉദ്യോഗം ലഭിക്കാത്ത ബി. എ. ക്കാർ ഈ സംസ്ഥാനത്തിൽ ധാരാളം ഉണ്ടെന്നു ഗവൺമെന്റിനു അറിവുണ്ട്. എന്നാൽ അവർ ഏതേതു സമുദായത്തിലുൾപ്പെട്ടവരാണെന്നുള്ള വിവരം അറിവില്ല.

(ബി) (൧) പബ്ലിക്കുസർവീസിൽ ആളുകളെ എടുക്കുന്നവിഷയത്തിൽ ഗവൺമെന്റിന്റെ സർവപ്രധാനമായ ഉദ്ദേശം കാര്യക്ഷമതയായിരിക്കണമെന്നുള്ളതാണ്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിൽനിന്നു കിട്ടുന്ന അപേക്ഷകരെ സംബന്ധിച്ച് കാര്യക്ഷമതയ്ക്കു ഹാനിവരാത്തവിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ളതും ഗവൺമെന്റു സ്വീകരിച്ചിട്ടുള്ള നയം ആകുന്നു.

(൨) ഈ നയം ആചരിച്ചുവരുന്നുണ്ടെന്നു ഗവൺമെന്റ് വിചാരിക്കുന്നു.

(സി) ഉത്തരം അനുകൂലമായതാണ്.

(സി) ഉവ്വ്, അതിനോടു ചേർന്ന ആഫീസിൽ പകരക്കാരായിരിക്കുന്ന രണ്ടു ഗ്രാജുവേറ്റ് ഗുമസ്തന്മാരെയും സെക്രട്ടേറിയറ്റിലെ ഒരു ഗുമസ്തനേയും സംബന്ധിക്കുന്നുണ്ട്.

(ഡി) ആദ്യമായി ഉദ്യോഗത്തിലേക്കു എടുക്കുന്നസന്ദർഭങ്ങളിൽ പ്രത്യേകമായ ആനുകൂല്യങ്ങൾ പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്കു ചെയ്യുന്നതിൽ ഈ വ്യവസ്ഥ പ്രതിബന്ധമായി നിൽക്കുന്നില്ല. അതുകൊണ്ടു നിയമത്തിൽ ഭേദഗതി ചെയ്യേണ്ട ആവശ്യകതയില്ല.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസ് നടത്തേണ്ടതു സംബന്ധിച്ച നടപടി.

നം ൭൯. ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ജനങ്ങൾ കൊണ്ടുവരുന്ന കേസുകൾ ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതികളിൽ മാത്രമേ എടുക്കാൻപാടുള്ളു എന്ന ഏർപ്പാടിനെ ഭേദപ്പെടുത്തി കേസിന്റെ സ്വഭാവമനുസരിച്ച് ഏതു കോടതികളിലും അന്യായം സ്വീകരിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ശ്രീ. കെ. ജോർജ് (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി): ൧൦൮൧-ലെ പോലീസ് റഗുലേഷൻ നാലാംവകുപ്പിൽ വിവരിച്ചിട്ടുള്ള പോലീസുകാരുടെ കുറ്റങ്ങളെമാത്രമേ ഈ നിയമം ബാധിക്കുന്നുള്ളു. ഈ നിയമം നടപ്പിലിരിക്കുന്നതുകൊണ്ടു ഇതുവരെ യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുള്ളതായി അറിവില്ല. കഴമ്പില്ലാത്ത ആവലാതികൾ കീഴ്ക്കോടതികളിൽ വരാതെ സൂക്ഷിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടു ഈ നിയമത്തിൽ ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഗവൺമെന്റ് വിചാരിക്കുന്നില്ല.

മോട്ടോർ അപകടങ്ങൾ.

നം ൮൦. ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): (എ) ൧൧൨൫ കന്നി മാസത്തിനു മുമ്പുള്ള ൬ മാസങ്ങളിൽ സർവീസ് മോട്ടോർവാഹനങ്ങൾ നിമിത്തം ജനങ്ങൾക്കു നേരിട്ടിട്ടുള്ള അപായങ്ങളും മരണവും എത്രയെന്നു പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(ബി) ഇപ്രകാരമുള്ള അപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതെന്നു ഗവൺമെന്റിനു അറിയാമോ?

(സി) ക്രമത്തിലധികമായി ആളുകളെ കയറ്റുന്നതിലും അതിവേഗത്തിൽ ഓടിക്കുന്നതിലും നിന്നു സർവീസ് മോട്ടോർവാഹനങ്ങളെ നിയന്ത്രിക്കുന്നതിനു ആവശ്യമുള്ള ഏർപ്പാടുകൾ ചെയ്യുന്നവിഷയത്തിൽ പോലീസ്കമ്മീഷണരെ പ്രത്യേകം നിർദ്ദേശിക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ഗവൺമെന്റ് ചീഫ്സെക്രട്ടറി):

(എ) മുറിവുകളും മറ്റും ഏറ്റിട്ടുള്ളവർ— ൨൧
മരണം സംഭവിച്ചിട്ടുള്ളവർ— ൮

(ബി) ഉണ്ട്.

(സി) പോലീസ്കമ്മീഷണരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു.

സംസ്ഥാനത്തിലെ ഉദ്യോഗമാന വിഷയത്തിലുള്ള സമുദായ പ്രാതിനിധ്യം.

൩൨൭. മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): (എ) (൧) ഓഡിറ്റോഡിപ്പാർട്ടുമെന്റു മേലധികാരികളും ൧൯൪൮-ലും ൧൯൫൦-ലും നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റിനു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും

(൨) ഉണ്ടെങ്കിൽ ആ സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചുനോക്കി അതിന്മേൽ ഏതെങ്കിലും ഉത്തരവ് ഇട്ടിട്ടുണ്ടോ എന്നും

(൩) ഏതു ഉദ്യോഗസ്ഥന്മാരാണ്, പ്രാതിനിധ്യം തീരെ ലഭിച്ചിട്ടില്ലാത്തതും അല്പ പ്രാതിനിധ്യംമാത്രം ലഭിച്ചിട്ടുള്ള പിന്നോക്ക സമുദായങ്ങൾക്കു ശരിയായ പ്രാതിനിധ്യം നൽകണമെന്നുള്ള ഗവൺമെന്റു നയത്തിനു വിപരീതം പ്രവർത്തിച്ചിട്ടുള്ളവരെന്നും

(൪) അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ സമാധാനം വാങ്ങിച്ചിട്ടുണ്ടോ എന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(ബി) ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിട്ടുള്ള സമാധാനങ്ങളും അതിന്മേൽ ഗവണ്മെന്റു ചെയ്തിട്ടുള്ള ഉത്തരവുകളും മേശപ്പുറത്തിടുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ്സെക്രട്ടറി):

(എ) (൧) ഉണ്ട്. (൨), (൩), (൪) ഉണ്ട്. ഈ വിഷയം സംബന്ധിച്ചു ൧൯൫൦ ഏപ്രിൽ ൨൧-ാംതീയതിയിലെ ആർ. ഡിസ് നമ്പർ ൪൭൮/൫൦/ജി. എ. എന്ന ഗവണ്മെന്റു ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്തു ഇട്ടിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിട്ടുള്ള സമാധാനങ്ങൾ മേശപ്പുറത്തു ഇടേണ്ട ആവശ്യകതയുണ്ടെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും):

(ബി) ഭാഗം സംബന്ധിച്ചു ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിട്ടുള്ള സമാധാനങ്ങൾ ഗവണ്മെന്റു സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ്സെക്രട്ടറി):

എല്ലാ സമാധാനങ്ങളും കിട്ടിട്ടില്ല.

സെക്രട്ടറിയേറ്റിലേക്കും, സെക്രട്ടറിയേറ്റിൽനിന്നും ഉള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം.

൩൨൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): സെക്രട്ടറിയേറ്റിൽനിന്നും എക്സിക്യൂട്ടീവ് വകുപ്പുകളിലേക്കും നേരെമറിച്ചും സിൽബന്തികളെ അന്യോന്യം മാറ്റുന്നതാണെന്ന ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള നയത്തെ അനുസരിച്ചും ൧൯൪൮-ലും ൧൯൫൦-ലും നടന്ന നിയമനിർമ്മാണസഭയിലെ ബഡ്ജറ്റു യോഗത്തിൽ ഇതിനു എതിരായി ചീഫ്സെക്രട്ടറി ഈ നയത്തെ ഗവണ്മെന്റു അംഗീകരിക്കുന്നുഎന്നും ഉടനേ അതു നടപ്പാക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുള്ളതിനെ തുടർന്നും ൧൯൪൯, ൧൯൪൮, ൧൯൫൦, ൧൯൫൧ എന്നീ വർഷങ്ങളിൽ റവന്യൂ, രജിസ്ട്രേഷൻ മുതലായ സാങ്കേതികങ്ങളല്ലാത്ത ഡിപ്പാർട്ടുമെന്റുകൾ എന്നിവയിലേക്കും നേരെമറിച്ചു ജനറൽ റവന്യൂ സെക്രട്ടറിയേറ്റിലേക്കും നിയമിച്ചിട്ടുള്ള സിൽബന്തികളുടെ എണ്ണം എത്രയാണെന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(൨) ഈ വിഷയത്തെ സംബന്ധിച്ചു കഴിഞ്ഞസഭയിലെ വിവിധസമ്മേളനങ്ങളിൽ നടന്നിട്ടുള്ള ചോദ്യോത്തരങ്ങളുടെ എണ്ണം എത്രയാണെന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): (൧) സെക്രട്ടറിയേറ്റിൽനിന്നും എക്സിക്യൂട്ടീവ് ഡിപ്പാർട്ടുമെന്റുകളിലേക്കും നേരെമറിച്ചും പരസ്പരം സിൽബന്തികളെ മാറ്റാമെന്നുള്ള നയത്തെ ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളതു അത്രമാത്രം ശരിയാണെന്നു തോന്നുന്നില്ല. ൧൯൪൮ സെപ്റ്റംബർ മാസത്തിൽ നടന്ന ബഡ്ജറ്റു വാദപ്രതിവാദത്തിൽ സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുടെയും മറ്റു സാങ്കേതികങ്ങളല്ലാത്ത ഡിപ്പാർട്ടുമെന്റുകളിലേയും ജീവനക്കാരുടെ അന്യോന്യമുള്ളമാറ്റം അവരുടെ സ്ഥാനങ്ങളുടെ സ്ഥിരത ആവശ്യമാകുന്നുവരെ സാധിക്കയില്ലെന്നു ചീഫ്സെക്രട്ടറി പ്രസ്താവിച്ചിട്ടുണ്ട്. മെംബർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഏതായാലും മേശപ്പുറത്തു ഇട്ടിട്ടുണ്ട്.

സ്റ്റേഷനറിയും അക്കൗണ്ടുംസെക്ഷനിലെ സൂപ്രണ്ടു.

൩൨൯. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(൧) ഹജൂർ സെക്രട്ടറിയേറ്റിലെ എസ്റ്റാബ്ലിഷ്മെന്റു വകുപ്പു സ്റ്റേഷനറി ഡിപ്പാർട്ടുമെന്റു സൂപ്രണ്ടിന്റെ അധികാരത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള കാരണമോ കാരണങ്ങളോ ഉണ്ടെങ്കിൽ പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(൨) സ്റ്റേഷനറിസൂപ്രണ്ടു സെക്രട്ടറിയേറ്റു സ്റ്റാഫിൽ ഉൾപ്പെട്ട ഒരു മെമ്പർ ആണോ?

(൩) ഹജൂർ സെക്രട്ടറിയേറ്റിലെ എസ്റ്റാബ്ലിഷ്മെന്റു വകുപ്പിന്റെ ചാർജ്ജുവഹിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രത്യേകയോഗ്യതകൾ എന്തെല്ലാമാകുന്നു?

(൪) സെക്രട്ടറിയേറ്റുസ്റ്റാഫിലുള്ള മെമ്പറന്മാരുടെ ഇടയിൽ ഈ നൂതന ഏർപ്പാടു അതൃപ്തിക്കും, അധികമായ മനോവേദനയ്ക്കും ഇടയാക്കീട്ടുണ്ടെന്നും, ദോഷകരവും നാശകരവുമായ ഈ ഏർപ്പാടിന്റെ ഫലത്തെ

പ്പറ്റി വർത്തമാനപത്രങ്ങളും, കഴിഞ്ഞ സഭയിലെ സാമാജികന്മാരും നിരൂപണം ചെയ്തിട്ടുണ്ടെന്നും, ആഫീസ് ഏർപ്പാടുകളുടെ ധ്വംസകന്മാരായിരുന്ന മരിച്ചുപോയ മിസ്റ്റർ പി. ശേഖരമേനോൻ ഈ ഏർപ്പാട് നിർത്തൽ ചെയ്യേണ്ടതാണെന്നും, ഹർജി സമർപ്പണം പണ്ടത്തെപ്പോലെതന്നെ അക്കൌണ്ടൻറുശാഖ ജനറൽ സെക്ഷൻ ചാർജ്ജുവഹിക്കുന്ന സെക്രട്ടറിയുടെ അധികാരത്തിലാക്കേണ്ടതാണെന്ന ബലമായി ശുപാർശ ചെയ്തിട്ടുണ്ടെന്നും ഗവൺമെൻറിനു അറിവുണ്ടോ?

മി. കെ. ജോർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): (൧), (൨), (൩), (൪) ഇപ്പോഴത്തെ ഏർപ്പാടിനു ഭേദപ്പെടുത്തി സെക്രട്ടറിയേറ്റിലെ എസ്റ്റാബ്ലിഷ്മെൻറു ശാഖയെ ഒരു ഗവൺമെൻറു അസിസ്റ്റൻറു സെക്രട്ടറിയുടെ അധികാരത്തിലാക്കുന്നതിനെ സംബന്ധിച്ചു ഗവൺമെൻറു ഈയിടെ ഉത്തരവുകൾ നടപ്പിലാക്കിട്ടുണ്ട്.

കൃഷ്ണപുരം മുൻസിഫ് കോടതി.

൩൫൪. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി):

(൧) കൃഷ്ണപുരം മുൻസിഫ് കോടതിയെ അതിൻെറ ഇപ്പോഴത്തെ സ്ഥലത്തുനിന്നും കായംകുളത്തേയ്ക്കു മാററിയിടുന്നതിനെസംബന്ധിച്ചു ഉത്തരവു ഇട്ടിട്ടുണ്ടോ എന്നും അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിനു ആലോചിക്കുന്നുണ്ടോ എന്നുമുള്ള വിവരം പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(൨) മേൽ ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ ഈ മാററത്തിനെ സംബന്ധിച്ചു ആലോചിക്കുവാനുള്ള കാരണം എന്താണെന്നു ഗവൺമെൻറു ദയവുചെയ്തു പറയുമോ?

(൩) ഈ കോടതി ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കായംകുളത്തുള്ള സ്ഥലത്തേയ്ക്കു മാററിയിടുന്നത് ആ കോടതിയുടെ അധികാരാതിർത്തിയിൽ അധിവസിക്കുന്ന പൊതുജനങ്ങളിൽ ഏറിയഭാഗം പേർക്കും ബുദ്ധിമുട്ടിനു കാരണമായിത്തീരുന്നതാണെന്നുള്ള നിമിത്തം അവരുടെ ഇടയിൽ വലുതായ അതൃപ്തി ഉണ്ടായിട്ടുണ്ടെന്നു ഗവൺമെൻറിനു അറിയാമോ?

(൪) ഇപ്പോൾ കോടതി സ്ഥിതിചെയ്യുന്ന സ്ഥലം വാസ്തവം അന്വേഷിക്കുന്നതായാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആരോഗ്യാനുകൂലവും മദ്ധ്യസ്ഥിതവുമായ ഒന്നായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നും ഈ സ്ഥലത്തു കോടതി ആരംഭിച്ചനടത്തിത്തുടങ്ങിയിട്ടു ഇപ്പോൾ അറുപതു വർഷത്തിൽ കൂടുതൽ കാലമായിട്ടുണ്ടെന്നും ഗവൺമെൻറിനു അറിവുണ്ടോ?

(൫) അതിനുപുറമെ ഇപ്പോൾ മാററിയിടുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കായംകുളത്തെ പുതിയ സ്ഥലം കോടതിയുടെ അധികാരാതിർത്തിയിലുള്ള സ്ഥലങ്ങളിലെല്ലാത്തിലുംവച്ചു ഏററവും അനാരോഗ്യകരമായ ഒന്നാണെന്ന് ഗവൺമെൻറിനു അറിവുണ്ടോ?

(൬) ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ള ഈ മാററത്തെ പ്രതിഷേധിച്ചു കരുനാഗപ്പള്ളി താലൂക്കിലെ ഉത്തരഭാഗങ്ങളിലുള്ള പകുതികളിൽനിന്നും ഗവൺമെൻറിനു ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(൭) ആലോചനയിലിരിക്കുന്ന ഈ മാററത്തെ പ്രതിഷേധിച്ചു, ഇതുസംബന്ധിച്ചു ഉത്തരവു പാസ്സാക്കുന്നസമയം കൃഷ്ണപുരത്തുവച്ചു ഒരു പൊതുജനയോഗം കൂടിയവിവരം ഗവൺമെൻറിനു അറിയാമോ?

(൮) ആ സഭയുടെ തീരുമാനത്തേയും ഉദ്ദേശത്തെസംബന്ധിച്ചും, ദിവാൻജിയെ സന്ദർശിക്കുന്നതിനു ഒരു പ്രത്യേകസംഘക്കാരെ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം കാണിച്ചും ഒരു കമ്പി ഗവൺമെൻറിനു കിട്ടിട്ടുണ്ടോ?

(൯) കമ്പി കിട്ടിയതെപ്പോളാണെന്നു ഗവൺമെൻറു ദയവുചെയ്തു പറയുമോ?

(൧൦) കോടതിയുടെ അധികാരാതിർത്തിയിലുള്ളവരും കരുനാഗപ്പള്ളി താലൂക്കിലെ വടക്കൻപകുതികളിൽ അധിവസിക്കുന്നവരുമായ ജനങ്ങൾ അയച്ചിട്ടുള്ള ഹർജികളിലെ പ്രാർത്ഥനകൾക്കു ഗവൺമെൻറു എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നു എന്നു പറയുമോ?

മി. കെ. ജാർജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): (൧) കൃഷ്ണപുരം മുൻസിഫ് കോടതി കായംകുളത്തേക്കു മാററിയിട്ടതു ൧൧൦൨ ജനുവരിമാസം ൪-ാനുയാകുന്നു.

(൨) ശ്രീമൂലം പ്രജാസഭയുടെ ൨൦-ാം സമ്മേളനത്തിൽ കായംകുളം, കച്ചവടസംഘം മെംബർ മി. പി. കെ. ജോസപ്പിൻെറ നിവേദനത്തിനു നൽകിയ മറുപടിയിൽ ദിവാൻബഹദൂർ ടി. രാഘവയ്യാ പറഞ്ഞിട്ടുള്ള വാഗ്ദാനത്തെ അടിസ്ഥാനമാക്കിയാണ് ഈ മാററം ചെയ്യുവാൻ ഉത്തരവിട്ടിട്ടുള്ളത്. (ഗവൺമെൻറു നടപടിയുടെ ൧൧൩-ാം പുറം നോക്കുക).

(൩), (൪), (൫) മറുപടി പ്രതികൂലരൂപത്തിലാണ്.

(൬), (൭), (൮) സമാധാനം അനുകൂലഭാവത്തിലാണ്.

(൯) ൧൧൦൨ സെപ്റ്റംബർ ൧൦-ാനു കമ്പികിട്ടി.

(൧൦) മെമ്മോറിയൽ സമർപ്പിച്ചവരുടെ പ്രാർത്ഥന അനുവദിക്കാൻ നിവൃത്തിയില്ലാത്തതിൽ ഗവൺമെൻറു വ്യസനിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മറുപടിയിലെ രണ്ടാംഭാഗത്തിനെ സംബന്ധിച്ചിടത്തോളം, മുന്നിരുന്ന ദിവാൻജി വാഗ്ദാനത്തെമാത്രം ആസ്പദമാക്കിയാണോ മാററിയിട്ടിട്ടുള്ളതെന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാർജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): അതിൻെറ ന്യായാന്യായത്തെപ്പററിയും വേണ്ടതുപോലെ ആലോചിച്ചിട്ടുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): കോടതി കായംകുളത്തേക്കു മാററിയിടുന്നതിനു ഗവൺമെൻറിനെ ഉത്സാഹിപ്പിച്ച കാരണങ്ങൾ എന്തെല്ലാമായിരുന്നു എന്നതാണ് എൻെറ ചോദ്യമെന്നു മെമ്പറെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മി. കെ. ജാർജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): ഈ മാററത്തിനു ജനങ്ങൾ ആവശ്യക്കാരാണെന്നു മുൻപിലത്തെ ദിവാൻജിയുടെ വാഗ്ദാനത്തിൽനിന്നു ഗവൺമെൻറിനു നല്ലപോലെ ബോദ്ധ്യമായിട്ടുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ രാഘവയ്യായുടെ വാഗ്ദാനത്തിനു ഏതെങ്കിലും ചില കാരണം ഉണ്ടായിരുന്നിരിക്കണമെന്നു ഞാൻ ഊഹിക്കുന്നതു ശരിയായിരിക്കുമോ എന്തോ? ഈ സംഗതിയെ സംബന്ധിച്ചു അദ്ദേഹത്തിൻെറ വാഗ്ദാനത്തിനു പ്രേരകമായ കാരണങ്ങൾ കുറി മറുപടിയിൽ ഞാൻ ആശിച്ചിട്ടുണ്ട്.

മി. കെ. ജാജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിലേക്കുള്ള പ്രധാനകാരണം പ്രജാസഭയിലെ നിവേദനംതന്നെയാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രജാസഭയിലെ എല്ലാനിവേദനങ്ങളെയും സംബന്ധിച്ചു അവയുടെ കാരണങ്ങളെപ്പററി ഗണിക്കാതെ അവയെ നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ ഇനിയുന്നുണ്ടോ?

മി. കെ. ജാജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ കാരണങ്ങൾ എന്തെല്ലാമെന്നു പറയാമോ?

മി. കെ. ജാജ് (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): നിവേദനങ്ങൾ ന്യായീകരിക്കത്തക്കതാണെന്നു് എവിടെയെല്ലാം കാണപ്പെടുന്നുവോ അവിടെയെല്ലാം അപ്രകാരമുള്ള നിവേദനങ്ങളിലെ അപേക്ഷകളെ ഗവണ്മെൻറ അനുവദിക്കുന്നതാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): കോടതി മാററിയിട്ടുള്ളതുസംബന്ധിച്ചു ഗവണ്മെൻറിനു ആദ്യമായി അറിവുകിട്ടിയതെപ്പോളാണെന്നുള്ളവിവരം മെമ്പർക്കു അറിയാമോ?

മി. കെ. ജാജ് (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): എനിക്കു യാതൊരു അറിവും ഇല്ല. അന്വേഷിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മുന്നിരുന്ന ദിവാൻജിയുടെ വാഗ്ദാനങ്ങളിൽ ഉൾക്കൊള്ളുന്ന കാര്യങ്ങൾ ഏതെങ്കിലുമുണ്ടോ?

മി. കെ. ജാജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിനു് പ്രകൃതപ്രാബല്യത്തോടു സംബന്ധമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

തോവാളച്ചാനൽ നന്നാക്കിയതു്.

[illegible]. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): (എ) തോവാളച്ചാനലിനെ ആശ്രയിച്ചിരിക്കുന്ന നന്വിലങ്ങൾക്കു ആവശ്യമുള്ളിടത്തോളം വെള്ളം ലഭിക്കുന്നില്ലെന്നുള്ള പരാതി എല്ലാക്കൊല്ലത്തിലും ഉണ്ടെന്നും,

(ബി) ആ ചാനലിനെ ആശ്രയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ നന്വിലങ്ങളാക്കിത്തീർക്കാവുന്ന സ്ഥലങ്ങൾ ഇനിയും ധാരാളം ഉണ്ടെന്നും,

(സി) നന്വിലങ്ങളാക്കിത്തീർത്തിട്ടുള്ള ഭൂമികളിൽതന്നെയും ആവശ്യംപോലെ ജലസേചനത്തിനു് വ്യവസ്ഥയില്ലാതിരിക്കുന്നതുകൊണ്ടു സാധാരണജനങ്ങളുടെ ഇടയിൽ പുരയിടങ്ങളായിക്കിടക്കുന്ന സ്ഥലങ്ങളെ നന്വിലങ്ങളാക്കിത്തീർക്കുന്നതിലേക്കുള്ള ഉത്സാഹം കാണപ്പെടുന്നില്ലെന്നും,

(ഡി) ചാനലിൽ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉടവുകളാണു് ആവശ്യംപോലെ വെള്ളംകിട്ടുന്നതിനു സാധിക്കാത്തതിനുള്ള പ്രധാനകാരണമെന്നും,

(ഇ) തോവാളച്ചാനലിന്റെ ഗതിയിൽ ഒരു പ്രത്യേകഭാഗത്തിനിടയിലുള്ള സ്ഥലങ്ങളിലാണു് ഈ ഉടവുകൾ ഉണ്ടാകുന്നതെന്നും ഗവണ്മെൻറിനു അറിവുണ്ടോ?

(എഫ്) ഉടവുകൾ സാധാരണയായി കൂടക്കൂടെ ഉണ്ടായിക്കാണാറുള്ള തോവാളച്ചാനലിന്റെ കരകളെ ബലപ്പെടുത്തി നന്നാക്കുന്നതിന്റെ ആവശ്യകതയെപ്പററി ഗവണ്മെൻറ ദയവുചെയ്തു ആലോചിക്കുമോ? ആണ്ടുതോറും ഉടവുകളെ അടയ്ക്കുന്നതിനു കൂടക്കൂടെ നേരിടുന്ന ചെലവുകളെ [illegible], [illegible] ആദായകരമാകുമോയില്ലയോ എന്നും ആലോചിക്കുവാൻ ഗവണ്മെൻറിനു ദയയുണ്ടാകുമോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഇല്ല. സൌകര്യമുള്ള സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ഭൂമികളെയെല്ലാം നന്വിലങ്ങളാക്കിയാക്കീട്ടുണ്ടു്.

(ഡി) ഇല്ല.

(ഇ) ഇല്ല. ൨൨ മൈലോളം ദൂരംവരുന്ന സ്ഥലങ്ങളിലായി ൪൦ പ്രത്യേകഭാഗങ്ങളിൽ ഉടവുകൾ സംഭവിച്ചിട്ടുണ്ടു്.

(എഫ്) ഉടവുകളെ അടയ്ക്കുന്നതിനു പുറമെ, എവിടെയെല്ലാം ഉടവുകൾ ഉണ്ടാവുകയും, ഉണ്ടായേക്കാമെന്നു സംശയംതോന്നുകയും ചെയ്തിട്ടുണ്ടോ അവിടെയെല്ലാം വേണ്ടതുപോലെ അററകുററം തീർത്തു പരിഷ്കരിച്ചിട്ടുണ്ടു്.

തിരുവിതാംകൂറിലെ മോണസയിററു കമ്പനികൾ.

നം. [illegible]. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം)

(എ) സംസ്ഥാനത്തു ഖനനത്തിലേർപ്പെട്ടിരുന്ന അനേകംമോണസയിററുകമ്പനികൾ ഇപ്പോൾ അപ്രകാരം പ്രവൃത്തി നടത്തുകയാകട്ടെ മോണസയിററു കയററുമതിചെയ്യുകയാകട്ടെ ചെയ്യുന്നില്ലെന്നു കേൾക്കുന്നതു വാസ്തവമാണോ എന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഈ കമ്പനികളെല്ലാം പ്രവൃത്തി നിറുത്തുന്നു കാരണംകൊണ്ടാണെന്നും അപ്രകാരം നിറുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും ഗവണ്മെൻറിനു അറിവുണ്ടോ?

(സി) ഈ കമ്പനികൾ ഉടമ്പടിപ്രകാരം ഗവണ്മെൻറിനു അടയ്ക്കേണ്ടതായ ഏററവുംകുറഞ്ഞതുക മുഴുവൻ കൊടുത്തുപോരുന്നുണ്ടോ? മുടക്കം വരുത്തിയതിൻറശേഷം ഉടമ്പടി നിയമം അനുസരിച്ചു അവർ പ്രവർത്തിക്കാതിരുന്നിട്ടുണ്ടെങ്കിൽ കുടിശ്ശികപ്പണം പിരിച്ചെടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനും, അവരുമായിട്ടുള്ള ഉടമ്പടി അവസാനിപ്പിക്കുന്നതിനും ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറ സെക്രട്ടറി): കമ്പനികൾ മോണസയിററ് എടുക്കുന്നുണ്ടെങ്കിലും അവ കുറെശ്ശെയായി മാത്രമേ കയററുമതി ചെയ്യുന്നുള്ളു.

(ബി) വേലക്കു മുടക്കം ഉണ്ടാകുന്നില്ല. കയററുമതിയിൽ കുറവു കാണുന്നതിനുള്ള കാരണം യൂറോപ്യൻ വ്യാപാരസ്ഥലങ്ങളിൽ മോണസയിററിനുള്ള ആവശ്യം കുറവായി നിന്നിട്ടുള്ളതാകുന്നു.

(സി) തിരുവിതാംകൂർ മിനറൽസ് കമ്പനി കഴിഞ്ഞവർഷം [illegible] അവസാനംവരെയും മെസ്സേഴ്സ് ഹോപ്കിൻ ആൻഡ് വില്യംസ് കമ്പനി (ക്ലിപ്തം) [illegible] അവസാനംവരെയും ഗവൺ

ണ്മെൻറിനു കൊടുക്കേണ്ടതായ തുകകളെല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. ഈ രണ്ടു കമ്പനികളും അവർ അടയ്ക്കേണ്ടതായ തുക കൊടുത്തുതീർക്കുന്നതിനു ഒരു നിശ്ചിതകാലംവരെയുള്ള അവധികിട്ടണമെന്ന അപേക്ഷിച്ചിട്ടുണ്ട്. അതു ആലോചനയിലിരിക്കുന്നതേയുള്ളു. ഈ കാര്യത്തെപ്പററി സാധാരണരീതിയിൽ ചിന്തിക്കുകയേ ഉള്ളു. അതോടുകൂടി ഗവണ്മെൻറിനും കമ്പനികൾക്കും ഗുണകരമായി തീരത്തക്കവണ്ണം വ്യവസായത്തെ നിലനിറുത്തിക്കൊണ്ടുപോകുന്നതിനു തക്കതായ ഒരു പ്രവൃത്തിപദ്ധതി ആലോചിച്ചുണ്ടാക്കണമെന്നും വിചാരിക്കുന്നുണ്ട്. ഉടമ്പടിയുടെ കാലാവധി നവീകരിക്കുന്നതു സംബന്ധിച്ചും ആലോചിക്കുന്നതാണ്. മെസ്സേഴ്സ് ഇ. ജെ. ജോൺ, കെ. ചാണ്ടി എന്നിവരിൽനിന്നും ൧൧൨൨ സെപ്റ്റംബർ ൧൫-നു-യോടു കൂടി അവസാനിക്കുന്ന ആദ്യത്തെ ആറുവർഷത്തിലേക്കും ൧൭,൦൦൦ രൂപാ വരണ്ടതായിട്ടുണ്ട്. ഈ തുക അടയ്ക്കണമെന്നു അവരോടു ആവശ്യപ്പെട്ടിട്ടുണ്ട്. മി. ഇ. ജെ. പിലിപ്പോസിനെസംബന്ധിച്ചിടത്തോളം, അദ്ദേഹം കരണത്തിൽ നിശ്ചയിച്ചിരുന്ന ൪൦൦ ടണ്ണിൽ ൧൨൦ ടൺ കുറവായി ൩൦൧ ടൺ മാത്രമേ എടുത്തിട്ടുള്ളു. നിശ്ചയിച്ചിട്ടുള്ളപിഴ, കുറവുവരുന്ന ഓരോടണ്ണിനും ൩൦ രൂപായാണ്. പാട്ടത്തിനെടുത്തിട്ടുള്ളസ്ഥലത്തു വേല ചെയ്യേണ്ടതെങ്ങനെയെന്നും യോജ്യമായിട്ടല്ലാത്തതുകൊണ്ടു പിഴകൊടുക്കുന്നതിൽനിന്നും തന്നെ ഒഴിവാക്കണമെന്നു അദ്ദേഹം അപേക്ഷിച്ചിട്ടുണ്ട്. ഇതും ആലോചനയിലിരിക്കുന്നതേയുള്ളു.

പോലീസുഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനായുള്ള പ്രാദേശിക കമ്മിററികൾ.

നം ൮൭. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പോലീസു ഡിപ്പാർട്ടുമെൻറിൻെറ പ്രവൃത്തി ജനങ്ങൾക്കു കൂടുതൽ ഉപയോഗകരമാക്കിത്തീർക്കുവാനായി നിശ്ചിതാതിർത്തികൾക്കകത്തുള്ള പോലീസുദ്യോഗസ്ഥന്മാരുടെ ജോലികളെപ്പററി ഗവണ്മെൻറിനു മാസ്സംതോറും റിപ്പോർട്ടുകൾ അയക്കുന്നതിലേക്കായി അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള പ്രാദേശിക കമ്മിററികളെ നിയമിക്കുവാൻ ഗവണ്മെൻറിനു ഭാവമുണ്ടു, കരാമോ?

മി. കെ. ജാർജ് (ആ. ഗവണ്മെന്റുചീഫ്സെക്രട്ടറി): അപ്രകാരമുള്ള കമ്മിററികളുടെ നിയമനം ആവശ്യമുള്ളതാണെന്നോ പ്രവർത്തനയോഗ്യമായിട്ടുള്ളതാണെന്നോ ഗവണ്മെണ്ടു വിചാരിക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും); അതാതു സ്ഥലങ്ങളിലുള്ള യോഗ്യന്മാരായ ജനങ്ങളല്ലയോ സ്ഥലത്തെ പൊലീസിന്റെ ക്രമമായ പ്രവൃത്തിയെപ്പററി ഏററവും കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നവരിൽ പ്രധാനികൾ?

മി. കെ. ജാർജ് (ഗവണ്മെൻറു ആ. ചീഫ്സെക്രട്ടറി): അതു അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കിട്ടുള്ള ഒരു സംഗതിയാകുന്നു.

മിഷൻഅണ.

നം ൮൮. മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം):

(എ) താമരക്കുളം ഗ്രാമത്തിനു സമീപമുള്ള പഴയിവനരിക്കു കുറുകെ ആയി ഇട്ടിട്ടുള്ള മിഷൻ അണ എടുത്തുകളയണമെന്നു കുറെ വർഷങ്ങൾക്കുമുമ്പു ചെയ്തിട്ടുള്ള നിശ്ചയത്തെപ്പററി ഗവണ്മെൻറിനു ഓർമ്മയുണ്ടോ

(ബി) ഓർമ്മയുണ്ടെങ്കിൽ, എപ്പോഴാണ് ആ നിശ്ചയം ചെയ്തതെന്നും, ആ നിശ്ചയമനുസരിച്ചു ഇതുവരെ ആ അണ മാററാത്തതെന്തുകൊണ്ടെന്നും പറയുവാൻ ഭാവമുണ്ടാകുമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ടുസെക്രട്ടറി)

(എ) ഉവ്വ്.

(ബി) മിഷൻ അണ എടുത്തുകളയണമെന്നു തീരുമാനിച്ചതു ൧൦൯൧-ൽ ആകുന്നു. എന്നാൽ അപ്രകാരം അതു ഫലത്തിൽ കൊണ്ടുവരാതെ അതുസംബന്ധിച്ചുള്ള ഉത്തരവു അതേസ്ഥിതിയിൽ ഇട്ടിരിക്കുന്നതിനുള്ള കാരണം അതുനിമിത്തം ടൂപ്പുളത്തിനു സമീപമുള്ള തണ്ണീർക്കായൽ നികന്നുപോകുന്നതിനും ഉപ്പുവെള്ളംവിനു മോഷംനേരിടുന്നതിനും ഇടയാകുമെന്നും അതുകൊണ്ടു ഈ അണ എടുത്തുകളയാൻ പാടില്ലാത്തതാണെന്നുംകാണിച്ചു എക്സൈസ്കമ്മീഷണർ വിപരീതാഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതാകുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം)); പ്രസ്തുത അണ ഉള്ളതുകൊണ്ടു താമരക്കുളംഗ്രാമത്തിന്റെസ്ഥിതി അപായകരമായിട്ടുള്ളതാകുന്നു ഗവണ്മെൻറിനു അറിയാമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ടുസെക്രട്ടറി) ഈ വിവരം നോട്ടുചെയ്തുകൊള്ളാം.

ഹരിപ്പാട്ടിനും കായംകുളത്തിനും മദ്ധ്യേ മുതുകുളത്തു ഒരുസബ്ബ്രജിസ്ട്രാരുടെ ആഫീസ് തുറക്കണം.

നം ൮൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും)

(എ) കായംകുളത്തും ഹരിപ്പാട്ടുമുള്ള സബ്ബ്രജിസ്ട്രാർ ആഫീസുകളിൽ പതിയുന്ന ആധാരങ്ങളുടെ സംഖ്യ, ഈ രണ്ടുസ്ഥലങ്ങളുടേയും ഒത്തമദ്ധ്യത്തിലുള്ള ഒരുസ്ഥലത്തു ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി ഒരു പുതിയ സബ്ബ്രജിസ്ട്രാരുടെ ആഫീസു ആരംഭിക്കത്തക്കവണ്ണം അത്രമാത്രം അധികമായിട്ടുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) ആറാട്ടുപുഴ, ചേപ്പാട്, കീരിക്കാട്, ചിങ്ങോലി മുതലായ പകുതികളെ സംബന്ധിച്ചിടത്തോളം ഒത്തമദ്ധ്യത്തിലാണ് മുതുകുളം പകുതിയുടെ സ്ഥാനം എന്നും ഈ പകുതികളുടേയും മുതുകുളത്തിന്റെയും ആവശ്യത്തെ പുരസ്കരിച്ചു ഒരു പുതിയസബ്രജിസ്ട്രാർ കച്ചേരി അനുവദിക്കാവുന്നതാണെന്നും ഗവണ്മെൻറു അറിവുണ്ടോ?

(സി) കായംകുളം കായലിന്റെ പശ്ചിമഭാഗത്തു സമുദ്രതീരത്തിലായി കിടക്കുന്ന ആറാട്ടുപുഴ പകുതിയിലെ ജനങ്ങളുടെ ക്ഷേമത്തെ ആലോചിക്കുമ്പോൾ ചേപ്പാട്ടുമുതലായ കിഴക്കൻപകുതികളേക്കാൾ മുതുകുളം പകുതിയിൽ സബ്രജിസ്ട്രാർ കച്ചേരി സ്ഥാപിക്കുന്നതാണ് സൌകര്യമെന്നു ഗവണ്മെൻറിനു അറിയാമോ?

(ഡി) കഴിയുന്നതും വേഗത്തിൽ മുതുകുളംപകുതിയിൽ ഒരുസബ്രജിസ്ട്രാറാഫീസു സ്ഥാപിക്കുന്നതിനു ഗവണ്മെൻറിനു ഭാവമുണ്ടാകുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ) ഉവ്വ്. കൂടുതൽജോലിയുള്ള ആഫീസുകളുടെ സഹായത്തിനുവേണ്ടി രജിസ്ട്രേഷൻ സബ്ബ് ഡിസ്ട്രിക്ടുകളുടെ പുനഃസംഘടനത്തിലേക്കായുള്ള ഒരു സ്കീം ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ആലോചനയിൽ ഇരിക്കുന്നു.

(ബി), (സി), (ഡി) എ. ഭാഗത്തിനു കൊടുത്തിട്ടുള്ള സമാധാനത്തിൽനിന്നും ഇവയ്ക്കു മറുപടിപ്രത്യേകം ആവശ്യം കാണുന്നില്ല.

രാജാക്കമംഗലം ഫാക്ടറിയിലെ റിംഗ് ചാനൽ.

നമ്പ്ര ൦. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) :

(എ) ആരംഭത്തിൽ ആശിച്ചിരുന്നതുപോലെ രാജാക്കമംഗലം ഉപ്പളത്തിൽ വെട്ടിയ റിംഗ് ചാനൽവഴിയായി സമുദ്രത്തിൽനിന്നും ഉപ്പുവെള്ളം കയറുന്നതിനു സാധിച്ചിട്ടുണ്ടോ?

(ബി) റിംഗുചാനൽ വെട്ടുന്നതിലേക്കുവേണ്ടിവന്ന ചെലവെന്താണ്?

(സി) റിംഗുചാനൽ വെട്ടണമെന്നു ശുപാർശചെയ്തതാരാണ്?

(ഡി) ആരംഭത്തിൽ ആശിക്കപ്പെട്ടതുപോലെ റിംഗുചാനൽ അത്രമാത്രം ഉപയോഗമുള്ളതായി കാണപ്പെടാത്തതിനുള്ള കാരണം എന്താണെന്നു പറയുവാൻ ഗവമ്മെന്റിനു ദയവുണ്ടാകുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റുസെക്രട്ടറി) :

(എ) റിംഗുചാനൽ സമുദ്രത്തിൽനിന്നും ഉപ്പുവെള്ളം കയറുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. സമീപപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന നിലങ്ങളിൽനിന്നും ഫാക്ടറിയിൽകടന്നുകൊണ്ടിരുന്ന ശുദ്ധജലത്തെ കൊണ്ടുപോകുന്നതിലേക്കായിട്ടാണ് അതുദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(ബി) റിംഗുചാനലിനും അതുസംബന്ധിച്ചുള്ള മററ് വേലകൾക്കും കൂടി ന്‌,വ്വൻ രൂപാ ചെലവായിട്ടുണ്ട്.

(സി) റിംഗുചാനൽ വളരെക്കാലമായി നിലനിന്നുപോരുന്നുണ്ട്. അതു വളരെക്കാലമായിഅററകുററം തീക്കാതെ കിടന്നിരുന്നതിനാൽ എക്സൈസ് കമ്മീഷണരുടെ ശുപാർശയനുസരിച്ചു പബ്ലിക്കുവർക്കു ഡിപ്പാർട്ടുമെന്റിൽനിന്നും പുതുക്കപ്പെട്ടു.

(ഡി) എ ഭാഗത്തിനുള്ള ഉത്തരംകൊണ്ടു ഇതിനു മറുപടിക്കാവകാശം കാണുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) ശുദ്ധജലം വെളിയിൽ കളയുവാനാണെങ്കിൽ റിംഗു ചാനൽ വെട്ടിട്ടുള്ളത് അതനുസരിച്ചു അതിൽ വന്നുചേരുന്ന ശുദ്ധജലം മുഴുവനും വെളിയിൽപോകുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റുസെക്രട്ടറി) : പോകുന്നുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) ശുദ്ധജലം മുഴുവനും പോകുന്നില്ലെന്നു എക്സൈസ കമ്മീഷണർ ഗവമ്മെന്റിലേക്കു റിപ്പോർട്ടു അയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റുസെക്രട്ടറി) : അന്വേഷിച്ചുമാത്രമെ ആ ചോദ്യത്തിനു ഉത്തരംപറയുവാൻനിവൃത്തിയുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) ൻൻ-ലെ വാർഷികറിപ്പോർട്ടിൽ എക്സൈസ് കമ്മീഷണർ അതിനെപ്പററി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റുസെക്രട്ടറി) അതു നോക്കിത്തന്നെ പറയേണ്ടിയിരിക്കുന്നു. ഇപ്പോൾ പറയാൻ സാധിക്കയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) റിംഗുചാനൽ എല്ലാക്കാലത്തും ഉണ്ടായിരുന്നുഎന്നും രണ്ടാമതു എക്സൈസകമ്മീഷണരുടെ ശുപാർശയനുസരിച്ചു നന്നാക്കിയെന്നമാണ് പറയുന്നതു. അതിലേക്കു എന്തുചെലവായി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റ് സെക്രട്ടറി) അററകുററംവേലക്കു എന്തുചെലവാക്കിഎന്നുള്ളതു റിക്കാർഡുനോക്കാതേ പറയാൻ തരമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) റിംഗുചാനൽകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതായകാര്യം പൂത്തിയായി കിട്ടാൻ സാധിച്ചു എന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമ്മെന്റുസെക്രട്ടറി) : സാധിച്ചുവരുന്നില്ലെന്നു ഇതുവരെഅറിഞ്ഞിട്ടില്ല.

ഹൈക്കോടതി ജഡ്ജിമാരുടേയും ഡിപ്പാർട്ടുമെന്റുമേലധികാരികളുടേയും ശമ്പളം.

നമ്പ്ര ൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : ബ്രിട്ടീഷിൻഡ്യയിലൊ മറേറതെങ്കിലും പരിഷ്കൃതാവസ്ഥയിലുള്ള നാട്ടുരാജ്യങ്ങളിലൊ ഒരു ഡിപ്പാർട്ടുമെന്റുമേലധികാരിയെക്കാൾ കുറഞ്ഞശമ്പളം വാങ്ങിക്കുന്ന ഒരു ഹൈക്കോടതി ജഡ്ജി ഉള്ളതായി ഗവമ്മെന്റിനു അറിയാമൊ?

മി. കെ. ജോർജ്ജു ആ. ഗവമ്മെന്റുചീഫ്സെക്രട്ടറി) : ഗവമ്മെന്റിനു അതുസംബന്ധിച്ചു യാതൊരുവിവരവുമില്ല.

തിരുവനന്തപുരത്തുള്ളസക്കാർവക്കീലന്മാർ

നമ്പ്ര ൨. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) :

(എ) തിരുവനന്തപുരത്തുള്ള സക്കാർ വക്കീലന്മാരുടെ സംഖ്യ എത്രയാണ്?

(ബി) ൧൧൦൧-ാമാണ്ടിലെ കഴിഞ്ഞ ഏഴുമാസങ്ങളിലായി ഗവമ്മെന്റുവക യല്ലാതെ ഇവർ മററുതരം കക്ഷികളുടെവകയായി നടത്തീട്ടുള്ള കേസുകളുടെഎണ്ണം എത്രയാണ്?

മി. കെ. ജാർജ് (ആ. ഗവമ്മെന്റ്ചീഫ്സെക്രട്ടറി)

(എ) ഒടുവിലത്തെ സിവിൽലിസ്റ്റ്മെംബർ നോക്കിയാൽ മതിയാകുന്നതാണ്.

(ബി) ഗവമ്മെന്റിനു ഇതിനെപ്പററി യാതൊരു വിവരവുമില്ല.

ഗവമ്മെന്റ്കേസുകൾ നടത്തുന്നതിനു വക്കീലന്മാരുടെനിയമനം.

നമ്പ്ര ൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) :

൧൧൦൦-ാമാണ്ടിലെ റിപ്പോർട്ടിനു വിഷയീഭവിച്ചിട്ടുള്ള കള്ളനാണയം, കള്ളനോട്ടു ഇതുകളെസംബന്ധിച്ചുള്ള ൧൭ കേസുകൾ നടത്തുന്നതിനു പ്രത്യേക വക്കീലന്മാരെ നിയമിക്കേണ്ട ആവശ്യകത യുണ്ടായിരുന്നെന്നു ഗവൺമെന്റിന് തോന്നീട്ടുണ്ടോ?

(ബി) ൧൧൦൦-ാമാണ്ട റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതും, കഠിനതരങ്ങളായ കുററങ്ങളെ സംബന്ധിച്ചുവയുമായ ൧,൩൪൮ കേസുകൾ നടത്തുന്നതിന് പ്രത്യേകവക്കീലന്മാരുടെ നിയമനം അംഗീകരിയ്ക്കാണമെന്ന് ഗവൺമെൻറിന് ബോദ്ധ്യമായിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ആ. ഗവൺമെൻറ് ചീഫ് സെക്രട്ടറി)

(എ) മറുപടി ഇല്ല എന്നാണ്

(ബി) ൧൧൨൦-ാമാണ്ട സെഷ്യൻസുകേസ് നടത്തുന്നതിന് പ്രത്യേകവക്കീലന്മാരെയും നിയമിച്ചിട്ടില്ല. സർക്കാർ വക്കീലന്മാർ നടത്തിയകേസുകൾ.

൩൩൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) (എ) ഗവൺമെൻറിനുവേണ്ടി സർക്കാർവക്കീലന്മാർ ഓരോരുത്തരും നടത്തിട്ടുള്ള കേസുകളിൽ ലഭിച്ചിട്ടുള്ള വിജയത്തിൻെറ ശതമാനം കാണിക്കുന്ന ഒരു സ്റ്റേററ്മെൻറ് തരുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(ബി) ഗവൺമെൻറുവകയല്ലാതെ കക്ഷികളുടെവകയായി അവർ ഓരോരുത്തരും നടത്തിട്ടുള്ളകേസുകളെസംബന്ധിച്ചും ഇതുപോലെയുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക തരുവാനും ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ) ഒരു നിശ്ചിതകാലം നിർദ്ദേശിക്കാത്തപക്ഷം ഈ വിവരങ്ങൾ നൽകുവാൻ ഗവൺമെൻറിനു സാധിക്കുന്നതല്ല.

(ബി) ഗവൺമെൻറിനു യാതൊരുവിവരവുമില്ല.

ഡവല്യൂഷൻ ആഫീസർ.

൩൩൫. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):

(എ) ഡവല്യൂഷൻ ആഫീസർ മിസ്റ്റർ നീലകണ്ഠപ്പിള്ള ഗവൺമെൻറിനു റിപ്പോർട്ടു സമർപ്പിച്ചുകഴിഞ്ഞുവോ?

(ബി) സമർപ്പിച്ചുഎങ്കിൽ ആ റിപ്പോർട്ടിൻെറ ഒരു പ്രതി മേശപ്പുറത്തിടുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

(സി) സംസ്ഥാനത്തിൽ അനുകരിച്ചുപോരുന്ന അക്കൌണ്ടുകളുടെ ഏർപ്പാടു സംസ്ഥാനത്തിലെ വരവും മുതലെടുപ്പും ആഡിററുചെയ്യത്തക്കവിധത്തിലല്ലന്നുകേൾക്കുന്നതു വാസ്തവമാണോ?

(ഡി) സംസ്ഥാനത്തിലെ വരവുകളെ എപ്പോഴെങ്കിലും ആഡിററുചെയ്തിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ആക്ടിങ് ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ) ഡവല്യൂഷൻ ആഫീസർ അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ സമർപ്പിച്ചിട്ടുള്ളതു ഓരോ ഭാഗങ്ങളായിട്ടാണ്. വരവുകളുടെ ആഡിററുസംബന്ധിച്ച അദ്ദേഹത്തിൻെറ റിപ്പോർട്ടു ഇനിയും കിട്ടിട്ടില്ല.

(ബി) റിപ്പോർട്ടുകിട്ടി, അതു പരിശോധിച്ചതിനുശേഷം ഈ സംഗതിയെപ്പററി ആലോചിക്കുന്നതായിരിക്കും.

(സി) ഒരു സെൻട്രൽഏജൻസി, മുതലെടുപ്പുആഡിററുചെയ്യുന്നില്ല. എന്നാൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഏർപ്പാടനുസരിച്ചു ഡിപ്പാർട്ടുമെൻറിലുള്ള കൺട്രോളിംഗ് ഉദ്യോഗസ്ഥന്മാർ മുതലെടുപ്പുമുഴുവനും ഈടാക്കുന്നതിനും അപ്രകാരം ഈടാക്കിയിട്ടുള്ളവയെല്ലാം കണക്കിൽ വരവുവെച്ചു ഗവൺമെൻറുവക ഖജനാവുകളിൽ ഒടുക്കുന്നതിനും ആജ്ഞകൊടുത്തിട്ടുണ്ടു.

(ഡി) അക്കൌണ്ടൻറ ആഫീസിലെ ആഡിററുവകുപ്പിലെ സിബ്ബന്തികൾ അവർ ഓരോ തവണകളിലായി നടത്തുന്ന ആഫീസ് പരിശോധനകളിൽ വരവുകളെ ഭാഗമായോ പൂർണ്ണമായോ പരിശോധിക്കുന്നുണ്ടു.

റവന്യൂഇനത്തിലുള്ള വരവുകളുടെ ആഡിററ്.

൩൩൬. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല):

(എ) ഈ സംസ്ഥാനത്തു റവന്യൂവരവുകളെ ആഡിററുചെയ്യുന്നതിനു ഏതെങ്കിലും ഏർപ്പാടുകൾ ഉണ്ടോ എന്നും,

(ബി) ഇപ്രകാരമുള്ള ഒരു ഏർപ്പാടിൻെറ ആവശ്യകതയെ സൂചിപ്പിച്ചു ഡവല്യൂഷൻ ആഫീസർ ഗവൺമെൻറിനു ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ എന്നും,

(സി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിൻെറ ഒരു പകർപ്പു മേശപ്പുറത്തിടുവാൻ ദയവുണ്ടാകുമോ? എന്നും.

(ഡി) ഈ സംഗതിയെപ്പററി ആലോചിച്ചിട്ടുണ്ടോ എന്നുപറയുവാൻ ഗവൺമെൻറിനു ദയയുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ഗവൺമെൻറ ചീഫ് സെക്രട്ടറി):

(എ) മുതൽ (ഡി) വരെ മി. പി. കെ. നാരായണപിള്ളയുടെ ൩൩൫-ാംനമ്പർ ചോദ്യത്തിനു നൽകിയ ഉത്തരം മെമ്പർ നോക്കേണ്ടതാണ്.

പള്ളിക്കൽ-വെള്ളിനല്ലൂർറോഡ്.

൩൩൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); കർക്കടകം ൨൪-നു നടന്ന സഭയിൽവച്ചു പള്ളിക്കൽ വെള്ളിനല്ലൂർറോഡിനെപ്പററി ചോദിച്ച ൧൮൭-ാംനമ്പർ ചോദ്യത്തിനു നൽകിയ മറുപടിയനുസരിച്ചു ചീഫ് എൻജിനീയരോടു ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ടു കിട്ടിട്ടുണ്ടോഎന്നു പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. സി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇല്ല. ഡിവിഷൻ ആഫീസറുടെ അടുക്കൽനിന്നും ആ വിഷയത്തെസംബന്ധിച്ച വിവരമായ ഒരു റിപ്പോർട്ടുകിട്ടിട്ടുണ്ടെന്നും വീണ്ടും ചില പ്രത്യേകസംഗതികളെ സംബന്ധിച്ച വിവരം അറിയിക്കുന്നതിലേക്കായി അദ്ദേഹം അയച്ച റിപ്പോർട്ടു ഡിവിഷൻ ആഫീസർക്കു തിരിച്ചയച്ചിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

ഒരു അസിസ്റ്റൻറ സെക്രട്ടറിസ്ഥാനത്തിലേക്കുള്ള നിയമനം.

നമ്പർ. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ഹജൂർകച്ചേരിയിൽ ഒരു അസിസ്റ്റൻറ സെക്രട്ടറിയുടെ സ്ഥാനം വേണ്ടെന്നുവയ്ക്കാവുന്നതാണെന്നു ആഫീസ്‌സിസ്റ്റം ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

(ബി) മി. ജ്ഞാനജോഷ്വാ ജോലിയിൽനിന്നും പിരിഞ്ഞപ്പോഴോ മിസ്റ്റർ കെ. ആർ. കൃഷ്ണപിള്ള അസിസ്റ്റൻറ സെക്രട്ടറിയായി പകരം ജോലിനോക്കിയപ്പോഴും ഒരു അസിസ്റ്റൻറസെക്രട്ടറിയുടെ സ്ഥാനത്തു ആരും നിയമിക്കാതെ കിടപ്പുണ്ടായിരുന്നോ?

(സി) ഇപ്പോൾ ആ സ്ഥാനത്തിനു ആരെനിയമിക്കുവാൻ ഗവർമ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ? ആരെ നിയമച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ ആ ആൾ ആരാണ്? എന്നും പറയുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിങ് ഗവർമ്മെൻറ ചീഫ്സെക്രട്ടറി):

(എ) മറുപടി ഇല്ലഎന്നാണ്.

(ബി) ഉണ്ട്.

(സി) ആ ഒഴിവിൽ മി. എൽ. ആർ. സുബ്രഹ്മണ്യയ്യരെ നിയമിച്ചു.

പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിൻെറ ആഫീസിലെ നിയമനങ്ങൾ.

നമ്പർ. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി സ്കൂൾ ഇൻസ്പെക്ട്രസ്സിൻേറയും അവരുടെ അസിസ്റ്റൻറന്മാരുടേയും ആഫീസുകളിൽ എത്ര ഗുമസ്തന്മാരെ നിയമിച്ചിട്ടുണ്ട്?

(ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഗുമസ്താക്കളായും ടൈപ്പിസ്റ്റുകളായും യോഗ്യതയുള്ള എത്ര സ്ത്രീകളെ നിയമിച്ചിട്ടുണ്ട്.

(സി) ഈ കാലങ്ങളിൽ എത്ര സ്ത്രീകൾ ഉദ്യോഗത്തിനായി അപേക്ഷിച്ചിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി):

(എ) മൂന്നുപേരെ സ്ഥിരമായും ഒരാളെ പകരത്തിനും.

(ബി) ഒരുത്തരും ഇല്ല

(സി) ഒരു സ്ത്രീമാത്രം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്തു കാരണത്താലാണ് ആ ഒരു സ്ത്രീയിൽനിന്നുള്ള അപേക്ഷ ഉപേക്ഷിക്കപ്പെട്ടതെന്നു പറയുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറസെക്രട്ടറി): ആ അപേക്ഷ നിരസിച്ചതിനുള്ള കാരണം അന്വേഷിക്കേണ്ടതായിട്ടുണ്ടിരിക്കുന്നു. ഗവർമ്മെൻറിനു അതുസംബന്ധിച്ച ഡയറക്ടരോടു ചോദിക്കേണ്ടതായിട്ടുണ്ട്.

മിസ്റ്റർ എ. ജെ. ലോപ്പസ്.

നമ്പർ ൧൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(൧) മി. എ. ജെ. ലോപ്പസിൻെറ വിദ്യാഭ്യാസയോഗ്യതകൾഎന്തു എന്നും

(൨) ൧൧൦൧ കർക്കടകത്തിൽ അദ്ദേഹത്തിൻെറ ജോലി എന്തായിരുന്നുഎന്നും അപ്പോൾ അദ്ദേഹത്തിൻെറ ശമ്പളംഎന്തായിരുന്നുഎന്നും,

(൩) അതിനുശേഷം അദ്ദേഹത്തിൻെറ ശമ്പളത്തിലും ഉദ്യോഗക്കയററത്തിലും ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ സ്വഭാവംഎന്തെന്നും,

(൪) അദ്ദേഹത്തെ കയററംചെയ്ത സ്ഥാനത്തിനു കൂടുതൽയോഗ്യതയും അവകാശവും ഉണ്ടായിരുന്നില്ലയോഎന്നും പറയുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ആക്ടിങ് ഗവർമ്മെൻറ ചീഫ്സെക്രട്ടറി),

(൧) മി. ലോപ്പസ് ഒരു മെറ്റ്രിക്കുലേററാണ്.

(൨) കഴിഞ്ഞ കർക്കടകത്തിൽ അദ്ദേഹം തിരുവനന്തപുരം പബ്ളിക്ക ലൈബ്രറിയിൽ ൧൫-൭/൨ ൧൦൦-൧൦/൨-൧൫൦ രൂപ സ്കെയിലിൽ ൧൧൦ രൂപ ശമ്പളത്തിൽ ആക്ടിങ് ലൈബ്രറിയൻ ആയിരുന്നു.

(൩) ൧൧൦൧ കന്നിമാസത്തിൽ (൧൯൨൫ സെപ്റ്റംബർ) ലൈബ്രറിയൻെറ സ്ഥാനം സ്ഥിരമായി ഒഴിവുവന്നപ്പോൾ മിസ്റ്റർ ലോപ്പസ്സിനെ ആ സ്ഥാനത്തിൽ സ്ഥിരപ്പെടുത്തി. അദ്ദേഹത്തിനു അപ്പോഴും ബന്ധമുണ്ടായിരുന്ന സെക്രട്ടറിയേട്ടിലെ അദ്ദേഹത്തിൻെറ സ്ഥിരമായ സ്ഥാനത്തിൽ ഇരുന്നിരുന്നുഎങ്കിൽ കയററത്തിനു അവകാശംസിദ്ധിച്ചിരിക്കുമെന്നുള്ളതിനേയും അവിടെ സ്ഥാപ്രണമായിട്ടുള്ള മുറയനുസരിച്ചു കയററംവന്നിട്ടുള്ളതിനേയും ഗണിച്ചു അപ്പോൾ ൧൫൦ രൂപയായി അദ്ദേഹത്തിൻെറ ശമ്പളം വർദ്ധിപ്പിച്ചു. ൧൧൦൨-൨-൨൫ മുതൽ മെഡിക്കൽബോർഡ് ഭരണസമിതിയിലെ സെക്രട്ടറിയായി അദ്ദേഹത്തിനെ നിയമിച്ചു. അദ്ദേഹം അപ്പോൾവാങ്ങിവന്ന ശമ്പളം ആ സ്ഥാനത്തിലേയ്ക്കു അനുവദിച്ചിട്ടുള്ള ൨൦൦-൨൫/൨-൨൫൦ രൂപയായിരുന്നു. അതിനുശേഷം ശമ്പളക്കൂടുതലാകട്ടെ ഉദ്യോഗക്കയററമാകട്ടെ അദ്ദേഹത്തിനു ഉണ്ടായിട്ടില്ല.

(൪) അദ്ദേഹത്തിനെ മെഡിക്കൽബോർഡ്ഭരണസമിതിയിലെ സെക്രട്ടറിയായി നിയമിച്ചതു ആ സ്ഥാനത്തിനു ഏററവും യോഗ്യനായ ഉദ്യോഗസ്ഥൻ അദ്ദേഹമാണ് എന്ന് ഗവർമ്മെൻറിനു തോന്നിയതിനാലാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിനെ നിയമിച്ചപ്പോൾ ഹജൂർ സെക്രട്ടറിയേററിൽ ഈ ഗ്രേഡിലും, ഇതിൽ ഉയർന്നഗ്രേഡിലും ബി. എ. ക്കാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നോ എന്നു അറിയിക്കാമോ?

മി. കെ. ജോർജ്ജ് (ആ. ഗവർമ്മെൻറ ചീഫ്സെക്രട്ടറി): നിയമനം ഏതാണെന്നുപറയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെഡിക്കൽബോർഡിലെ സെക്രട്ടറി.

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉവ്വ് ഈ ഗ്രേഡിലും ഇതിൽ ഉയർന്ന ഗ്രേഡിലും ബി. എ.-ക്കാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ഇദ്ദേഹമാണ് ആ സ്ഥാനത്തേയ്ക്ക് ഏറ്റവും കൂടുതൽ യോഗ്യതയുള്ള ആളെന്നു ഗവണ്മെന്റു നിശ്ചയിച്ചതെങ്ങിനെയെന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ഗവണ്മെന്റിന്റെ അഭിപ്രായത്തെ അനുസരിച്ചിരിക്കുന്നു. ഗവണ്മെന്റു അപ്രകാരമാണു വിചാരിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ ഗ്രേഡിലും അതിലുയർന്ന ഗ്രേഡിലുമുള്ള ബി. എ.-ക്കാരായ ഉദ്യോഗസ്ഥന്മാരെക്കാൾ അദ്ദേഹത്തെ ഉപരിയായിട്ടാകണോ ഗവണ്മെന്റു വിചാരിക്കുന്നതു്?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ പ്രത്യേകനിയമനത്തെ സംബന്ധിച്ചിടത്തോളംമാത്രമാണു ഈ മറുപടി പറഞ്ഞിട്ടുള്ളതു. ഈ ഉപചോദ്യം സാധാരണമായിട്ടുള്ള ഒന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ഗോപാലയ്യങ്കാർ സർവീസിലും ശമ്പളത്തിലും അദ്ദേഹത്തിനു സീനിയരല്ലയോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആ. ചീഫ് സെക്രട്ടറി: ഇതു ഒരു ഉപചോദ്യമാകുന്നതെങ്ങിനെയെന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ടു. അതു ഒരു ഉപചോദ്യമാകുന്നതല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരാളുടെ യോഗ്യതയേയും കൂടുതലായ കാര്യശേഷിയേയും നിർണ്ണയിക്കുന്നതിനു ഗവണ്മെന്റു ഏതെങ്കിലും ഒരു പ്രത്യേക ടെസ്റ്റ് നിശ്ചയിച്ചിട്ടുണ്ടോ? എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രസ്തുത ഉദ്യോഗസ്ഥന്റെ ജോലിയിലുള്ള യഥാർത്ഥപരിചയത്തിൽനിന്നും അവർ അതു അറിയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ഇതിനു മുമ്പുണ്ടായിരുന്ന ഒരു നിയമനകാലങ്ങളിൽ ഈ പ്രത്യേക കാര്യശേഷിയെപ്പറ്റി അറിയാത്തതെന്തുകൊണ്ടാണെന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു ഉത്തരം പറയേണ്ട കാര്യം എനിക്കില്ല.

നിയമനിർമ്മാണസഭയിലേക്കുള്ള നിയമനത്തെ സംബന്ധിച്ച തത്വം.

൩൭൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമസഭയിലേക്കു തിരഞ്ഞെടുപ്പു ഏതു് തത്വമനുസരിച്ചു നടത്തപ്പെടുന്നതെന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പിന്നോക്കം നിൽക്കുന്ന ആളുകളുടെ ആവശ്യങ്ങളെ അറിയിക്കുന്നതിനും, തിരഞ്ഞെടുപ്പുമൂലം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നതിനും സാധിക്കത്തക്കവണ്ണം മെമ്പറന്മാരെ തിരഞ്ഞെടുക്കുകയെന്നാകുന്നു ഗവണ്മെന്റിന്റെ തത്വം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹൈന്ദവസമുദായത്തിൽ തിരഞ്ഞെടുപ്പുനിമിത്തം സഭയിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്കം നിൽക്കുന്നവർ ഉണ്ടോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു സംബന്ധിച്ചുള്ള വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല. അതു അന്വേഷിച്ചു അറിയേണ്ടതായിട്ടാണിരിക്കുന്നതു.

മോട്ടോർ ഇൻസ്പെക്ടർമാരുടെ ത്രാണിയെ നിർണ്ണയിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗ്യതകൾ..

൩൭൨. മി. എസ്. പിറവികപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): ൧൧൦൯ നവംബർ ൨൮-ാം ൹ കൂടിയ നിയമസഭായോഗത്തിലെ ൧൬-ാം നമ്പർ ചോദ്യത്തിന്റെ 'എ' ഭാഗത്തിനു നൽകിയ മറുപടിയനുസരിച്ചു അതായതു മോട്ടോർ ഓടിക്കുന്നതിനുമുൻപു ലൈസൻസുവാങ്ങിച്ചിട്ടില്ലാത്ത ഒരുവൻ അപ്രകാരമുള്ള ഒരു ലൈസൻസിനു അപേക്ഷിക്കുമ്പോൾ മോട്ടോർ ഓടിക്കുന്നതിനുള്ള അവന്റെ സാമർത്ഥ്യത്തെപ്പറ്റി പോലീസുഡിസ്ട്രിക്ട്സൂപ്രണ്ടോ അല്ലെങ്കിൽ പോലീസു അസിസ്റ്റന്റുസൂപ്രണ്ടോ പരിശോധിച്ചു നിശ്ചയിക്കുന്നതാകുന്നു എന്നുള്ളതനുസരിച്ചു—താഴെ കാണുന്ന വിവരങ്ങൾ തരുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) പരിശോധന എന്താണെന്നും ഡ്രൈവരെ പരിശോധിക്കുന്നതെങ്ങിനെയാണെന്നും.

(ബി) എല്ലാ പോലീസു ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരും അസിസ്റ്റന്റു സൂപ്രണ്ടന്മാരും മോട്ടോർ ഓടിക്കുവാൻ അറിവുള്ളവരാണോ എന്നും, അതിലേക്കുള്ള ലൈസൻസു ലഭിച്ചിട്ടുള്ളവരാണോ എന്നും അപ്രകാരം ഉണ്ടെങ്കിൽ അപ്രകാരമുള്ളവരുടെ പേരു ഏതെല്ലാമെന്നും ലൈസൻസു ലഭിച്ചതീയതി എന്നാണെന്നും മോട്ടോർ ഓടിക്കാൻ അറിവില്ലാത്തവരുടെ പേരു ഏതെല്ലാമെന്നും, അപ്രകാരമുള്ളവർ മോട്ടോർ ഓടിക്കുന്നതിനുള്ള ലൈസൻസിനു അപേക്ഷിച്ചിട്ടുള്ളവരുടെ യോഗ്യതയെ പരിശോധിച്ചു അവർക്കു ലൈസൻസുകൾ കൊടുത്തിട്ടുണ്ടോ എന്നും പറയുമോ?

മി. ജോർജ്ജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) അപായംകൂടാതെ മോട്ടോർ ഓടിക്കുന്നതിനുള്ള ത്രാണിയെ സംബന്ധിച്ചതാകുന്നു പരിശോധന. അതു നടത്തപ്പെടുന്നതു പ്രായോഗികമായ പരീക്ഷകൾകൊണ്ടാകുന്നു.

(ബി) ഒന്നാം ചോദ്യത്തിന്റെ ആദ്യഭാഗത്തിനുള്ള മറുപടി ഇല്ല എന്നാകുന്നു. ജനങ്ങൾക്കു യാതൊരു അപകടവും വരാത്തവിധം മോട്ടോർ ഓടിക്കുന്നതിനു ഒരുവൻ സാമർത്ഥ്യമുള്ളവനാണോ എന്നു നിർണ്ണയിക്കുന്നവന് മോട്ടോർ ഓടിക്കുവാനുള്ള പരിചയം ഉണ്ടായിരിക്കണമെന്നില്ല.

(സി) ഈ ചോദ്യത്തിന്റെ ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല.

(ഇ) ടി ഡബ്ല്യു. എച്ച്. പിറവ് ൧൦൧൧-ൽ മോട്ടോർ ഓടിക്കുന്നതിനുള്ള ലൈസൻസു വാങ്ങിട്ടുണ്ട്. അതു ൧൧൦൦ കർക്കടകം ൩൧-ാം ഈ ആവശ്യത്തേക്കായിട്ടു പുതുക്കപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും കൂടെ). ഒന്നാം ഭാഗത്തെ സംബന്ധിച്ചു പ്രായോഗികമായി നടത്തപ്പെടുന്ന പരീക്ഷകളുടെ സ്വഭാവം എന്താണെന്നു അതിനെപ്പററി ഒരു അറിവു എനിക്കുകൂടി ഉണ്ടാകത്തക്കവണ്ണം പറയുവാൻ മെമ്പർക്കു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ആ. ചീഫ്സെക്രട്ടറി): ലൈസൻസിനു അപേക്ഷിച്ചിട്ടുള്ള ആളിനോടു മോട്ടോർ ഓടിക്കുവാൻ ആവശ്യപ്പെടുകയും അയാൾ ശരിയായി ഓടിക്കുന്നുണ്ടോ എന്നു നോക്കുകയും ആകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും കൂടെ): മൂന്നാംഭാഗം സംബന്ധിച്ചു മോട്ടോർ ഓടിക്കുന്നതു പരിശോധിക്കുവാൻ അതു സംബന്ധിച്ച പരിചയം ഉണ്ടായിരിക്കേണ്ടതല്ലയോ എന്നു പറയുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതു ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മോട്ടോർ ഓടിക്കുവാനുള്ള പരിചയംകൂടാതെ ഒരാൾക്കു ശരിയായി മോട്ടോർ ഓടിക്കുവാൻ സാമർത്ഥ്യം ഉണ്ടോ ഇല്ലയോ എന്നു പറയുവാൻ എനിക്കു കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. എസ്. പിറവിപെരുമാൾപിള്ള (വ്യവസായവും, കച്ചവടവും): മോട്ടോർ ഓടിക്കുവാൻ അറിയാവുന്ന ഏതെങ്കിലും എ. എസ്. പി. യോ, ഡി. എസ്. പി. യോ ഉണ്ടോ എന്നു മെമ്പർ പറയുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതുസംബന്ധിച്ചു അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും, വ്യവസായവും): അതുതന്നെയാണ് എന്റെ പ്രധാന ചോദ്യം.

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി); ഉത്തരം ഇല്ല എന്നാണെന്നു ചോദ്യത്തിന്റെ ഒന്നാംഭാഗത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ടു.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും, വ്യവസായവും): അതിനെയല്ല മോട്ടോർ ഓടിക്കുവാൻ പരിചയമുള്ള ഏതെങ്കിലും എ. എസ്. പി. യോ, ഡി. എസ്. പി. യോ ഉണ്ടോ എന്നു ഞാൻ ചോദിക്കുകയുണ്ടായി.

മി. കെ. ജാർജ് ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി); അതുകൊണ്ടുതന്നെയാണ് അതിനെപ്പററി അന്വേഷിക്കേണ്ടതായിരിക്കുന്നു എന്നു ഞാൻ മറുപടി പറഞ്ഞതു്.

ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെയിടയിലുള്ള അഴിമതികൾ.

൩൭൩. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ൧൦൯൮ നവംബർ ൩൧-ാംതിയ സഭയുടെ സമ്മേളനത്തിൽ ൨൩-ാം (൩൭) നമ്പരായി ചോദിച്ച എന്റെ പ്രശ്നത്തിനു നല്കിയ മറുപടിയനുസരിച്ചു ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽ കാണപ്പെടുന്ന പ്രവൃത്തിദൂഷ്യങ്ങളും തെററുകളുംനിമിത്തം ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യത്തെ പരിഹരിക്കുന്നതിനു ഗവണ്മെൻറ ഏതെങ്കിലും ഒരു സ്കീം സ്വീകരിച്ചിട്ടുണ്ടോ എന്നും ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പേരിൽ പൊതുജനങ്ങൾക്കു ഗൌരവതരങ്ങളായ പരാതികളെപ്പററി അന്വേഷണം നടത്തുന്നതിൽ ജനപ്രതിനിധികളെക്കൂടെ ഉൾപ്പെടുത്തേണ്ടതാണെന്നുള്ള അഭിപ്രായം ഗവണ്മെൻറിന് ഇഷ്ടമല്ലെന്നു കാണുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഓരോ കേസുകളെ സംബന്ധിച്ചും വേണ്ടതുപോലെ അന്വേഷണം നടത്തി യോഗ്യതാനുസരണം തീരുമാനിക്കുന്നതല്ലാതെ പ്രത്യേകമായ സ്കീം ഒന്നും ഗവണ്മെൻറിനു ഇല്ല. ചോദ്യത്തിന്റെ ഉത്തരഭാഗം സംബന്ധിച്ചിടത്തോളം, പറയുവാനുള്ള അവരുടെ കാരണങ്ങൾ സാധാരണ നിശ്ചയങ്ങളെയും പ്രായോഗികങ്ങളായ ഗുണങ്ങളേയും അടിസ്ഥാനമാക്കിട്ടുള്ളതാണെന്നാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരിൽ കണ്ടുവരുന്ന പ്രവൃത്തിദൂഷ്യങ്ങളും അഴിമതികളും നിമിത്തം ജനങ്ങളിൽ സാധാരണയായി കാണുന്ന അസ്വാസ്ഥ്യത്തെ പരിഹരിക്കുന്നതിന് ഒരു സാമാന്യ സ്കീം ഉണ്ടായിരിക്കേണ്ടതാണെന്നുള്ള വിചാരം ഗവണ്മെൻറിനുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ് (ആ. ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതുസംബന്ധിച്ചുള്ള ഗവണ്മെൻറിന്റെ അഭിപ്രായമെന്താണെന്നു മറുപടിയിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഈ സ്വല്പസമയത്തിനുള്ളിൽ മറുപടി പറയാൻ നിവൃത്തിയില്ലാത്തവിധം പ്രസ്തുത ഉപചോദ്യം അത്ര വിപുലമാണ്.

ശ്രീമൂലം പ്രജാസഭയിലേക്കുള്ള ദിവാൻജിയുടെ അഡ്രസിൽ നായർ ഉദ്യോഗസ്ഥന്മാരെപ്പററി പ്രസ്താപിക്കാൻ വിട്ടുപോയതു്.

൩൭൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ശ്രീമൂലം പ്രജാസഭയിലെ ൨൨-ാമത്തെ യോഗത്തിൽവച്ചുണ്ടായിട്ടുള്ള ദിവാൻജിയുടെ അഡ്രസ്സിൽ കഴിഞ്ഞ ൧൨ മാസങ്ങളിൽ നിയമിതരായ നായരൊഴിച്ചുള്ളവരായ ഉദ്യോഗസ്ഥന്മാരെപ്പററി പ്രശംസാരൂപമായി പ്രസ്താവിക്കപ്പെട്ടിരിക്കെ, അതേസ്ഥാനവലിപ്പത്തിലും അതേകാലത്തിലും നിയമിക്കപ്പെട്ട ഉയർന്നതരം നായർ ഉദ്യോഗസ്ഥന്മാരെപ്പററി ഒന്നുംതന്നെ പറഞ്ഞുകാണാത്തതെന്തുകൊണ്ടാണെന്ന് പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി). ദിവാൻജിയുടെ അഡ്രസ്സിലെ മൂന്നാംഖണ്ഡികയിൽ കൊടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകൾ ഒരു പരിപൂർണ്ണപട്ടികയാണെന്നു ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരേതരം സ്ഥാനവലിപ്പമുള്ളവരിൽ ചിലരെമാത്രം മററുള്ളവരിൽനിന്നും വേർതിരിച്ചുപറയുവാൻ ഇടയാക്കിയ നയം എന്താണെന്നു പറയുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

പ്രസിഡണ്ട്. ഞാൻ അഗസ്റ്റ് എഴുതിക്കൊണ്ടിരുന്നു രാത്രി വളരെ നേരം ആയപ്പോളായിരുന്നു അപ്പോഴം എനിക്ക ഓൎമ്മിക്കാനിടയായ ചില പേരുകൾ ഉൾപ്പെട്ടതേ എന്നല്ലാതെ പ്രത്യേകമായി ഒരുത്തരെപ്പറ്റി ഒന്നും തന്നെ ഉദ്ദേശിച്ചിട്ടില്ല. അതു് ഓൎമ്മക്കേടുകൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ഞാൻ അദ്ധ്യക്ഷനോടു വളരെ നന്ദിപ്രദശിപ്പിച്ചുകൊള്ളുന്നു. അത്രമാത്രമേ എനിക്കു അറിയേണ്ടതായിട്ടുമുള്ളു.

അഞ്ചുലക്ഷം രൂപായിൽ കവിഞ്ഞുള്ള പൊതുവേലകളുടെ അടങ്കലുകൾ.

നം. ൭൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): അഞ്ചുലക്ഷം രൂപായിൽ കൂടുതൽ അടങ്കൽ ചെലവു വരുന്ന ഏതെങ്കിലും വേലകൾ പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തിവരുന്നതായിട്ടോ നടത്തുവാൻ ഉദ്ദേശിക്കുന്നതായിട്ടോ ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അഞ്ചുലക്ഷം രൂപായിൽ കൂടുതൽ ചെലവുള്ള വേലകളൊന്നും ഇപ്പോൾ നടന്നുവരുന്നില്ല. എന്നാൽ ഇപ്പോൾ ആലോചനയിലിരിക്കുന്ന അപ്രകാരമുള്ള വേല തിരുവനന്തപുരം ജലസംഭരണ സ്കീം ഒന്നുമാത്രമാണ്. ആ വേല എപ്പോൾ ആരംഭിക്കപ്പെടുമെന്ന് പറയുവാൻ ഇപ്പോൾ നിവൃത്തിയുമില്ല.

ചിട്ടികൾ മുതലായ സകല്യപരസ്പരസഹായസംഘങ്ങൾ വഴിയായി ഉണ്ടാകാവുന്ന ഗുണങ്ങൾ.

നം. ൭൬. മി. ജി. രാമൻ മേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): ഇപ്പോൾ പരസ്പരസഹായനിക്ഷേപക സംഘങ്ങൾക്ക കൊടുത്തുവരുന്ന, പരിശോധന, പ്രോത്സാഹനം മുതലായ ഗുണങ്ങൾ അതേ രൂപത്തിൽ ചിട്ടികൾക്കും കരയോഗങ്ങൾക്കും കൂടി ലഭിക്കത്തക്കവണ്ണം അവക്ക അതിന്റെ വ്യാപ്തി വൎദ്ധിപ്പിക്കാവുന്നതല്ലയോ എന്നു പറയുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി): ൫൦൦ രൂപായിൽ കുറഞ്ഞതല്ലാത്ത മുതലുള്ള ചിട്ടികൾ ൧൧൦൦-ാമാണ്ടത്തെ ഒന്നാം റഗുലേഷനാൽ വ്യവസ്ഥാപിതമായ ൧൦൯൮-ലെ മൂന്നാം ചിട്ടിറഗുലേഷൻ അനുസരിച്ചു നടത്തപ്പെടുന്നവയാകുന്നു. ആ റഗുലേഷനിലെ വ്യവസ്ഥപ്രകാരമുള്ള ഗവണ്മെൻറു പരിശോധനയ്ക്കു അവ അധീനമായിട്ടുള്ളവയുമാണ്. കരയോഗങ്ങളുടെ രൂപീകരണത്തേയും ഉദ്ദേശ്യത്തേയും പറ്റി ഗവണ്മെൻറിന് യാതൊരറിവും ഇല്ലാത്തതിനാൽ ഇവ പരസ്പരസഹായ വ്യവസ്ഥയ്ക്കു യോജിച്ചതാണോ എന്ന് നിശ്ചയിക്കുവാൻ സാധിക്കുന്നതല്ല.

മി. ജി. രാമൻ മേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): സ്റ്റാമ്പുഡ്യൂട്ടികൾ, അതുപോലെ ഗവണ്മെൻറിനു കിട്ടേണ്ട മററു ഇനങ്ങൾ എന്നിവയിൽനിന്നു ഒഴിവാകുന്നതായ ചില പ്രത്യേക സൌജന്യങ്ങൾ പരസ്പരസഹായ സംഘങ്ങൾക്ക അനുവദിച്ചിട്ടില്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി): ഉണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): ചിട്ടികൾക്ക അതുപോലെയുള്ള സൌജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി), ഇല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): അപ്രകാരമുള്ള സൌജന്യങ്ങൾ ചിട്ടികൾക്കും അനുവദിക്കാവുന്നതല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി): ചിട്ടികളുടെ നടത്തിപ്പിനെ സംബന്ധിച്ചു വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് ഗവണ്മെൻറിനു ബോദ്ധ്യമായതിനുശേഷം മാത്രമേ ചിട്ടികൾക്ക ഈ സൌജന്യങ്ങൾ അനുവദിക്കാവുന്നതാണോ എന്നു ആലോചിക്കുവാൻ നിവൃത്തിയുള്ളു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): ചിട്ടികൾ എന്നവ ഈ രാജ്യത്തിലുണ്ടായിട്ടുള്ള പരസ്പരസഹായസംഘങ്ങളാണെന്നു ഗവണ്മെൻറിനു അറിവില്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി): ഉണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): ഇപ്പോൾ പരസ്പരസഹായസംഘങ്ങൾക്ക കൊടുത്തുവരുന്ന ഈ സൌജന്യങ്ങൾ ചിട്ടികൾക്കുകൂടി നൽകുന്നതിനു വിരോധം എന്തു ദോഷമാണുണ്ടാകുന്നതു്?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവണ്മെൻറുസെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കേണ്ടതായിട്ടുണ്ട്.

സ്റ്റാമ്പുനിൎമ്മാണശാലയിലെ സൂപ്രണ്ട്, വീട്ടുവേലക്കാരായി നിയോഗിക്കുന്ന ആഫീസ് ശിപായികൾ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) സ്റ്റാമ്പുനിൎമ്മാണശാലാസൂപ്രണ്ടിന്റെ വീട്ടിൽ വേലചെയ്യുന്നതിനായി എത്ര ശിപായിമാരെ അനുവദിച്ചിട്ടുണ്ടെന്നും എത്രപേർ ഇപ്പോൾ അവിടെ യഥാൎത്ഥത്തിൽ വേലചെയ്തുവരുന്നുണ്ടെന്നും,

(ബി) സൂപ്രണ്ടിനും, സ്കൂളിൽ പഠിക്കുന്ന അദ്ദേഹത്തിന്റെ കുട്ടികൾക്കും ഭക്ഷണം കൊണ്ടുപോകുന്നതിനും അവശിഷ്ടങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിനും ഒരു നായർശിപായിയെ നിയോഗിച്ചിട്ടുണ്ടെന്നു കേൾക്കുന്നതു വാസ്തവമാണോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറു ഫിനാൻഷ്യൽസിക്രട്ടറി):

(എ) സ്റ്റാമ്പുനിൎമ്മാണശാലയിലേക്കായിട്ടുള്ള ൩ ശിപായിമാരിൽ ഒരാൾ മുൻപിലത്തെപ്പോലെ ഇപ്പോഴും ഗൃഹാവശ്യങ്ങൾക്കായുള്ള ശിപായിയായി ഗണിക്കപ്പെട്ടുവരുന്നു.

(ബി) മറുപടി 'ഇല്ല' എന്നാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗൃഹാവശ്യങ്ങൾക്കായി വിട്ടുകൊടുക്കപ്പെട്ട ഈ ശിപായിമാർ ചെയ്യേണ്ടതാണെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ജോലികളുടെ സ്വഭാവം എന്താണെന്നു പറയുമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറു ഫിനാൻഷ്യൽസിക്രട്ടറി): അതു ഒരു സാധാരണ ചോദ്യമാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ന്യായത്തിനു ആവശ്യപ്പെടുന്നു. ഒരു ഉദ്യോഗസ്ഥമെംബരോടു ഒരു ഉപചോദ്യം ചോദിക്കുമ്പോൾ അതു ഒരു പൊതുവായ ചോദ്യമാണെങ്കിലും അതിനു മറുപടി പറയേണ്ടതായിട്ടില്ലല്ലോ? എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള ചോദിച്ച ചോദ്യത്തിനു, ഫിനാൻഷ്യൽസിക്രട്ടറി അതു ഒരു പൊതുവായ ചോദ്യമാണെന്നുമാത്രം പറഞ്ഞു മറുപടി കൊടുത്തില്ല.

പ്രസിഡണ്ടു: ഉപചോദ്യംചോദിച്ച മെംബർ ഇരുന്നുകളഞ്ഞു. അതിനെപ്പററി വീണ്ടും തുടരണമെന്നു അദ്ദേഹത്തിനു ആഗ്രഹമില്ലെന്നു വിചാരിച്ചുപോയതാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതു അദ്ദേഹം ആവശ്യപ്പെട്ടില്ല. ശരിതന്നെ. എന്നാൽ മുറപ്രകാരം പൊതുവായിട്ടുള്ള ഒരു ചോദ്യത്തിനു മറുപടി പറയേണ്ടതില്ലയോ എന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ടു: ഉപചോദ്യം ചോദിച്ചമെംബർ, ആ സംഗതിയെപ്പററി വീണ്ടും തുടർന്നു ചോദിക്കുവാൻ അവകാശം ഉണ്ടായിരുന്നിട്ടും ലഭിച്ചഉത്തരംകൊണ്ടു തൃപ്തനായി ഇരിക്കയാണു ചെയ്തതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, അതുശരിതന്നെ. ഞാൻതന്നെ ഒരു പൊതു ചോദ്യംചോദിച്ചു അതിനു മറുപടിപറയുന്നുണ്ടോ ഇല്ലയോഎന്നു പരീക്ഷിച്ചുനോക്കാം.

പ്രസിഡണ്ടു: ശരി, അതുപോലെ പരിശോധനാരൂപത്തിൽ ഒരു ചോദ്യം ചോദിക്കുക.

ഈഴവജനസംഖ്യ.

൩൭൮. മി. എൻ. കുമാരൻ (നിയമിതമെംബർ), താഴെകാട്ടത്തിട്ടുള്ള താലൂക്കുകളിലെ ഈഴവരുടെ ജനസംഖ്യ എത്രയെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തിടുവാൻ ഗവൺമെന്റിനു ദയയുണ്ടാകുമോ?

കൊട്ടാരക്കര	നെടുമങ്ങാടു
പത്തനാപുരം	നെയ്യാററിൻകര
ചെങ്കോട്ട	വിളവങ്കോടു
ചിറയിൻകീഴ്	കൽക്കുളം
തിരുവനന്തപുരം	അഗസ്തീശ്വരം.
കൊല്ലം	തോവാള

മി. കെ. ജോർജ്, (ആ. ഗവൺമെന്റുചീഫ്സിക്രട്ടറി): ൧൯൩൧-ലെ സെൻസസ്റിപ്പോർട്ടിൽ നിന്നും എടുത്തിട്ടുള്ളതും ആവശ്യപ്പെട്ടവിവരങ്ങൾ അടങ്ങിയതുമായ ഒരുസ്റ്റേറ്റുമെന്റു മേശപ്പുറത്തിട്ടിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ളസ്റ്റേറ്റുമെന്റു.

൩൭൯. മി. എൻ. കുമാരൻ (നിയമിതമെംബർ): എക്സൈസ്ഡിപ്പാർട്ടുമെന്റിലുള്ള ഇൻസ്പെക്ടറന്മാരുടെയും, സബ്ഇൻസ്പെക്ടറന്മാരുടെയും പെററിആഫീസറന്മാരുടെയും, ശിപായിമാരുടെയും ജാതിതിരിച്ചുള്ള ഒരുസ്റ്റേറ്റുമെന്റു മേശപ്പുറത്തിടുവാൻ ഗവൺമെന്റിനു ദയയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആ. ഗവൺമെന്റുസിക്രട്ടറി): മെംബർ ആവശ്യപ്പെട്ടവിവരങ്ങൾ അടങ്ങിയ ഒരുസ്റ്റേറ്റുമെന്റു മേശപ്പുറത്തു ഇട്ടിരിക്കുന്നു.

അധഃകൃതവർഗ്ഗക്കാരുടെ സംരക്ഷകനായ മിസ്റ്റർ വൈദ്യലിംഗംപിള്ള.

൩൮൦. മി. എൻ. കുമാരൻ (നിയമിതമെംബർ): അധഃകൃതവർഗ്ഗസംരക്ഷകനായി മിസ്റ്റർ വൈദ്യലിംഗംപിള്ളയെ നിയമിച്ചതെപ്പോൾ?

(ബി) അദ്ദേഹത്തെ ഈ ജോലിയിൽ നിയമിച്ചതീയതിമുതൽ അദ്ദേഹം നിയമിച്ചിട്ടുള്ളപ്രത്യേകജോലികൾ എന്തെല്ലാമെന്നും അവയുടെ സ്വഭാവമെന്തെന്നും അതേകാലത്തിനുള്ളിൽ അദ്ദേഹത്തിന്റെ നിയമനത്തിനു മുമ്പു നടന്നുകൊണ്ടിരുന്നജോലിയോടു താരതമ്യപ്പെടുത്തിപറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി):

(എ) ൧൯൩൪ മാർച്ച് ൨൯-നു.

(ബി) ഇതുവരെ ചെയ്തിട്ടുള്ള ജോലികളെസംബന്ധിച്ചു ഒരു റിപ്പോർട്ടു മി. വൈദ്യലിംഗംപിള്ള സമർപ്പിച്ചിട്ടുണ്ടു. നിയമസഭാ സിക്രട്ടറിയുടെ ആഫീസിൽനിന്നും മെംബറന്മാരുടെ പരിശോധനയ്ക്കു അതു ലഭിക്കുന്നതുമാണു. സർക്കാർഭൂമികളെ പതിച്ചുകൊടുക്കുന്നസംഗതിയിലുള്ള ഒരു റവന്യൂഉദ്യോഗസ്ഥന്റെ കൃത്യത്തെയും ചുമതലകളെയും സംരക്ഷകനായിട്ടുള്ള നിയമനം ബാധിച്ചിട്ടില്ലാത്തതിനാൽ ഒരു പ്രത്യേകകാലത്തിനിടയ്ക്കുള്ള അദ്ദേഹത്തിന്റെ ജോലിയേയും റവന്യൂഉദ്യോഗസ്ഥന്മാരുടെ ജോലികളേയും തമ്മിൽ പ്രയോജനകരമായവിധത്തിൽ താരതമ്യപ്പെടുത്തുന്നതു സാദ്ധ്യമായിട്ടുള്ളതല്ല.

മി. എൻ. കുമാരൻ (നിയമിതമെംബർ): റിപ്പോർട്ടു ഒരു വലിയവാല്യമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): അതു ഒരുവാല്യമല്ലെങ്കിലും വളരെ ദീർഘമായിട്ടുള്ളതാണു.

മി. എൻ. കുമാരൻ (നിയമിതമെംബർ): മററു ഡിപ്പാർട്ടുമെന്റുകളിലെ റിപ്പോർട്ടിന്മേൽ അവരുടെ ജോലിനടത്തിപ്പിനെപ്പററി ഉത്തരവുകൾ ഇടുന്നതുപോലെ അദ്ദേഹത്തിന്റെ റിപ്പോർട്ടുസംബന്ധിച്ചും ഗവൺമെന്റു അപ്രകാരം ചെയ്യുന്നപതിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഉണ്ടു.

മി. എൻ. കുമാരൻ (നിയമിതമെംബർ): അധഃകൃതസംരക്ഷകഡിപ്പാർട്ടുമെന്റിന്റെ കഴിഞ്ഞവർഷം പ്രവർത്തനത്തെസംബന്ധിച്ച റിപ്പോർട്ടിന്മേലും അപ്രകാരമുള്ള ഉത്തരവിട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): മററു ഡിപ്പാർട്ടുമെന്റുകളെപ്പോലെ ആ ഡിപ്പാർട്ടുമെന്റിനു വാർഷികറിപ്പോർട്ടില്ല. ഒരുപ്രത്യേകറിപ്പോർട്ടാണു അദ്ദേഹത്തോടു അയയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതു.

മി. എൻ. കുമാരൻ (നിയമിതമെംബർ): അദ്ദേഹത്തിൽനിന്നും കിട്ടീട്ടുള്ള റിപ്പോർട്ട ഒരു വാർഷികറിപ്പോർട്ടല്ലാ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): മററു ഡിപ്പാർട്ടുമെൻറുകളിൽ നിന്നും സമർപ്പിച്ചിട്ടുള്ളതുപോലെയുള്ള ഒരു വാർഷികറിപ്പോർട്ടല്ലാ അതു. അദ്ദേഹം പ്രത്യേകമായി നിയോഗിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ മാത്രമായതുകൊണ്ടു അദ്ദേഹം ചെയ്തിട്ടുള്ള ജോലികളെ സംബന്ധിച്ചു റിപ്പോർട്ടിനാണു അദ്ദേഹത്തോടു ആവശ്യപ്പെട്ടതു.

മി. എൻ. കുമാരൻ (നിയമിതമെംബർ): ചെയ്തിട്ടുള്ള ജോലികളെപ്പററി അറിയുവാൻ ഏതെങ്കിലും മാർഗ്ഗമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ ആ റിപ്പോർട്ട ലഭിക്കുന്നതാണ്. മെമ്പർക്കു ആവശ്യമെങ്കിൽ അതു പരിശോധിച്ചു നോക്കാവുന്നതാണ്.

മി. എൻ. കുമാരൻ (നിയമിതമെമ്പർ). എനിക്കു റിപ്പോർട്ടുമുഴുവൻ വായിക്കുവാൻ സാധിക്കുമായിരിക്കും. എന്നാൽ പൊതുജനങ്ങൾക്കു അതു അറിയുവാൻ യാതൊരു മാർഗ്ഗവുമില്ല. ജനങ്ങൾക്കു ആ ജോലികൾ സംബന്ധിച്ചു വിവരം എന്തെല്ലാമാണെന്നു അറിയത്തക്കവണ്ണം അതു പ്രസിദ്ധംചെയ്യണമെന്നു ഗവൺമെൻറിൽ നിന്നും ഒരു ആർഡർ പാസ്സാക്കിയാൽ കൊള്ളാമായിരുന്നു.

പ്രസിഡണ്ട്. ആ റിപ്പോർട്ടു പ്രസിദ്ധംചെയ്തുകാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്നതായി ഞാൻ വിചാരിക്കുന്നു. അതു അച്ചടിച്ചു പ്രസിദ്ധംചെയ്യുവാൻ സാധിക്കുമോ എന്നുള്ള കാര്യത്തെപ്പററി ഞാൻ ആലോചിക്കാം. ആ സംഗതിയെപ്പററി ഞാൻതന്നെ ഗൌനിക്കുന്നതാണ്.

പ്രതിപ്രലംകൂടാതെ നാഞ്ചിനാട്ടു പ്രവൃത്തിചെയ്യുന്ന പരസ്പരസഹായ പ്രവൎത്തകന്മാർ.

നം. ൯൧. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തടക്ക): (൧) തോവാള അഗസ്തീശ്വരം ഈ താലൂക്കുകളിലുള്ള പരസ്പരസഹായസംഘങ്ങളുടെ എണ്ണം എത്രയെന്നും,

(൨) നാഞ്ചിനാട്ടിലേക്കു പ്രതിഫലം കൂടാതെ വേലചെയ്യുന്ന ഒരു പരസ്പരസഹായ രൂപീകരണ കൎത്താവിനെ നിയമിക്കേണ്ടതാണെന്നു പരസ്പരസഹായസംഘങ്ങളുടെ രജിസ്ട്രാർ ഈയിടെ ഗവൺമെൻറിനോടു ശുപാർശചെയ്തിട്ടുണ്ടോ എന്നും,

(൩) ശുപാർശചെയ്തിട്ടുള്ള ആളിന്റെയോ ആളുകളുടെയോ പേരു എന്തു എന്നും,

(൪) ശുപാർശയിന്മേൽ ഗവൺമെൻറു പ്രവൎത്തിച്ചിട്ടുള്ളതു എന്തെന്നും,

(൫) അതുസംബന്ധിച്ചു ഉത്തരവൊന്നും ഉണ്ടായിട്ടില്ലെങ്കിൽ തമിഴു താലൂക്കുകളിലെ പരസ്പര സഹായപദ്ധതിയെ ഉദ്ദേശിച്ചു ആ നിയമനത്തെ കഴിയുന്നതും വേഗത്തിൽ അനുവദിക്കുമോ എന്നും പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): (൧) പരസ്പരസഹായസംഘങ്ങളുടെ എണ്ണം തോവാളയിൽ ൧൧൦, അഗസ്തീശ്വരത്തു ൪൪൦ ആകുന്നു.

(൨) ൧൧൨൦ ഏപ്രിൽ ൨൯-ാം- നാഞ്ചിനാട്ടിലേക്കു പ്രതിഫലംകൂടാത്ത ഒരു പരസ്പരസഹായ പ്രവൎത്തകന്റെ നിയമനം അനുവദിക്കപ്പെട്ടു. എന്നാൽ ഇദ്ദേഹം നാഗർകോവിലിൽനിന്നും ഇരണിയലേക്കു താമസം മാററിയപ്പോൾ പരസ്പരസഹായസംഘം രജിസ്ട്രാർ വേറെയൊരാളെ ശുപാർശചെയ്തു.

(൩), (൪), (൫) ശുപാർശയെ സംബന്ധിച്ചു ആലോചിച്ചുവരുന്നതേയുള്ളു. കഴിയുന്നതും വേഗത്തിൽ അതുസംബന്ധിച്ചു ഉത്തരവിടുന്നതാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തടക്ക): എന്റെ ചോദ്യത്തിലെ മൂന്നാംഭാഗത്തിനു മറുപടിപറയാത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്റ്റിംഗ് ഗവൺമെൻറു സെക്രട്ടറി): അതിലേക്കുള്ള മറുപടി ഞാൻ പറഞ്ഞിട്ടുണ്ട്. ശുപാർശയെപ്പററിയുള്ള ആലോചന കഴിഞ്ഞതിനുമുമ്പു ആളുകളുടെ പേരുകൾ പറയുവാൻ നിവൃത്തിയില്ല.

കാൎഷിക പുനഃസംഘടനം.

നം. ൯൨. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): (എ) സംസ്ഥാനത്തിൽ ജനവാസം അധികമുള്ളതും നാട്ടുംപുറങ്ങളായവയുമായ മിക്ക സ്ഥലങ്ങളിലെയും സ്ഥിതി കൃഷിക്കും ഗതാഗതത്തിനും തീരെ സൌകര്യമില്ലാത്തതുകൊണ്ടു മുൻകാലങ്ങളെ അപേക്ഷിച്ചു അവ ഇപ്പോൾ അതൃപ്തികരമായിത്തീർന്നിരിക്കുന്നു എന്നും അതുകൊണ്ടു ആ സ്ഥലവാസികൾ സാമ്പത്തികാവസ്ഥയിൽ നാൾക്കുനാൾ അധോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു,

(ബി) എല്ലാ ശാഖകളിൽനിന്നും ലഭിക്കുന്ന റവന്യൂവിൽ ഒരു നല്ലഭാഗം ഓരോ താലൂക്കിലെയും പ്രത്യേക സ്ഥലങ്ങളിലെ കാൎഷിക പുനഃസംഘടനത്തിലേക്കായി നീക്കിവെച്ചു ഇപ്പോഴുള്ള ഈ നാശകരമായ അവസ്ഥയെ പരിഹരിക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും ഈ വിഷയം ഈ സഭയുടെ ഒരു യോഗത്തിൽ വാദപ്രതിവാദംചെയ്തു വോട്ടിനു ഇടയായിട്ടുള്ള മെംബരുടെ ഒരു പ്രമേയത്തിൽ ഉൾപ്പെട്ടതാണ്.

മി. ജി. രാമമേനവൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): കാൎഷിക പുനഃസംഘടനത്തെ സംബന്ധിച്ചു എന്തെങ്കിലും ഒരു സ്കീം ആലോചനയിലിരിക്കുന്നോ എന്നു പറയുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്. (ആക്റ്റിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): ഇപ്പോൾ ഒന്നും ഇല്ല.

ജനപ്രതിനിധികളുടെ ഉപയോഗത്തിനായി തിരുവനന്തപുരത്തു ഒരു വിശ്രമഗൃഹം പണിയിക്കുക.

നം. ൯൩. മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): പൊതുകാര്യങ്ങൾക്കായി തിരുവനന്തപുരത്തു വന്നു താമസിക്കുന്ന ജനപ്രതിനിധികളുടെയും നിയമസഭാ മെമ്പറന്മാരുടെയും ഉപയോഗത്തിലേക്കായി ഏതാനും ചെറിയ അടുക്കളമുറികളോടും, ശയനമുറികളോടും, മററു സൌകര്യങ്ങളോടും കൂടിയ ഒരു വിശ്രമഗൃഹം പണിയിക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): സംഘം (കൗൺസിൽമെമ്പർ) ത്തിന്റെ പണിപ്രവൃത്തിയിലേക്കു വരുമ്പോൾ ഇതിനെപ്പററി ഓർമ്മിക്കുന്നതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "സംഘത്തിന്റെ പണിപ്രവൃത്തിയിൽ വരുമ്പോൾ ഇതിനെപ്പററി ഓർമ്മിക്കുന്നതാണെന്നു" മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ തൽക്കാലികമായി ഇപ്പോൾ എന്തെങ്കിലും ചെയ്യാൻ പാടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതു സംബന്ധിച്ചു ആലോചിക്കുന്നതായിരിക്കും.

ഏത്തയ്ക്കാ, മരച്ചീനി എന്നിവയെ തിരുവിതാംകൂറിൽനിന്നും കയററുമതിചെയ്യൽ.

നം. വ്യ. മി. സി. പി. തോമസ് (നിയമിതമെമ്പർ): ഇപ്പോൾ ഇവിടെനിന്നും ഏത്തയ്ക്കാ മരച്ചീനി എന്നിവ മററു രാജ്യങ്ങളിലേക്കു കയററുമതിചെയ്യുന്ന രീതിയിൽനിന്നും കൂടുതൽ ആദായകരമായ മാർഗ്ഗം ഏതുരീതിയിലാണെന്നു വ്യവസായഡിപ്പാർട്ടുമെൻറുകാർ മനസ്സിലാക്കീട്ടുണ്ടോ എന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ കഴിയുന്നതുംവേഗത്തിൽ ആവിവരങ്ങൾ പ്രസിദ്ധംചെയ്യുവാൻ ഏർപ്പാടുചെയ്യുമോ?

(സി) ഇല്ലെങ്കിൽ, കഴിയുന്നതുംവേഗം അപ്രകാരമുള്ള ഒരു അന്വേഷണം നടത്തുവാൻ അവരോടു ആജ്ഞാപിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ഉവ്വ്.

(ബി) വ്യവസായഡിപ്പാർട്ടുമെൻറിൽനിന്നും നടത്തീട്ടുള്ള അന്വേഷണങ്ങളുടെ ഫലങ്ങളെ വിവരിക്കുന്ന ചെറുപത്രികകൾ താമസിയാതെ പരസ്യംചെയ്യുന്നതാണ്.

(സി) എ-യും ബി-യും ഭാഗങ്ങൾക്കുള്ള ഉത്തരംകൊണ്ടു ഈ ചോദ്യത്തിനു അവകാശമില്ലാത്തതാണ്.

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഈ അന്വേഷണങ്ങൾ ആരംഭിച്ചതു എപ്പോഴാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി): കൃത്യമായ തീയതി എന്നാണെന്നു പറയുവാൻ എനിക്കു സാധിക്കയില്ല. അതു് കുറച്ചുകാലങ്ങൾക്കു മുമ്പാണ്. ആ അന്വേഷണം ഏകദേശം അവസാനിക്കാറായിട്ടുണ്ട്.

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഉദ്ദേശം ഏതുവർഷത്തിലാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി): ഈ അടുത്തകാലത്തുതന്നെ.

മി. സി. പി. തോമസ് (നിയമിതമെമ്പർ): അതു അഞ്ചുവർഷത്തിനുമുമ്പോ പത്തുവർഷത്തിനു മുമ്പോ?

മി. പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി): ഈ അടുത്തകാലത്തുതന്നെ.

വിദ്യാഭ്യാസഡയറക്ടരാഫീസിൽ ബ്രാഹ്മണർക്കുള്ള കൂടുതൽ പ്രാമാണ്യം.

നം. വ്യ. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ താരതമ്യേന ബ്രാഹ്മണർക്കു കൂടുതൽ പ്രാധാന്യമുള്ളതുകൊണ്ടു മററു സമുദായങ്ങളിലുൾപ്പെട്ട ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങൾ ശരിയായി സംരക്ഷിക്കപ്പെടുന്നില്ലാ എന്നു ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിലും അതിനു അധീനമായിരിക്കുന്ന മററു ആഫീസുകളിലും ബ്രാഹ്മണരായ ഗുമസ്താക്കൾക്കു പ്രാമാണ്യം കാണുന്നതിനുള്ള കാരണങ്ങളെപ്പററി അന്വേഷണം നടത്തുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി):

(എ) മറുപടി 'ഇല്ല' എന്നാണ്.

(ബി) 'എ' ഭാഗത്തിനുള്ള മറുപടിയിൽനിന്നും ഈ ചോദ്യത്തിനു ന്യായം ഉണ്ടാകുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ ആകെയുള്ള ഗുമസ്താക്കളുടെ സംഖ്യ എത്രഎന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): മെമ്പർക്കു സിവിൽലിസ്റ്റ് നോക്കിയാൽ അറിയാവുന്നതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ ആഫീസിൽ ബ്രാഹ്മണരായ ഗുമസ്താക്കൾക്കു പ്രാധാന്യം ഉണ്ടെന്നുള്ളതു വാസ്തവമല്ലയോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി)- അതു ഒരു പുതിയ ചോദ്യമാണ്. "ബ്രാഹ്മണരുടെ താരതമ്യേനയുള്ള പ്രാധാന്യംകൊണ്ടു മററു സമുദായങ്ങളിലുൾപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങൾ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല എന്നു ഗവണ്മെൻറിനു അറിയാമോ എന്നാണ് ആദ്യം ചോദിച്ചചോദ്യം. അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു. പ്രാധാന്യം കൂടുതലുണ്ടോ ഇല്ലയോ എന്നുള്ളതു ഒരു പുതിയ ചോദ്യമാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ബ്രാഹ്മണരുടെ ഒരു വലിയ സംഖ്യ ഉണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ആ വിവരം അറിയേണ്ടതായിട്ടാണിരിക്കുന്നതു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ ഇതോടൊരുമിച്ചു ഇതിനു അനുരൂപമായ ഒരു ചോദ്യംകൂടി അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിനു മറുപടി പറകയുണ്ടായില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): അതുസംബന്ധിച്ചുള്ള വിവരം ഗവണ്മെൻറിനു കിട്ടാത്തതുകൊണ്ടാണ് ആ ചോദ്യത്തിനു ഉത്തരംനൽകാത്തതു.

അക്കൌണ്ടുടെസ്റ്റ് പരീക്ഷ ജയിച്ചിട്ടുള്ളവർക്കുള്ള കൂടുതൽ പ്രാധാന്യം

നം. വ്യ. മി. എം. എൻ. പിള്ള (തിരുവനന്തപുരം): അക്കൌണ്ടുടെസ്റ്റ്പരീക്ഷ ജയിച്ചിട്ടുള്ളവർക്കു ഉദ്യോഗക്കയററം ഇടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അവകാശം നൽകണമെന്നു ഡിപ്പാർട്ടുമെൻറ മേലധികാരികളോടു ഗവണ്മെൻറ നിർബന്ധിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉവ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): 'ഉവ്' എന്നാണ് മറുപടി. വിദ്യാഭ്യാസ ഡയറക്ടരുടെ ആഫീസിൽ ഈയിടെ ഉണ്ടായ രണ്ടു ഒഴിവുകൾ സംബന്ധിച്ചു ആ സ്ഥാനങ്ങളിലേക്കു ശുപാർശ ചെയ്ത ഉദ്യോഗസ്ഥന്മാരുടെ പേരും സർവീസും യോഗ്യതകളും എന്താണെന്നു പറയുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ വിവരം തരുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിനപേക്ഷിച്ച ഉദ്യോഗസ്ഥന്മാരുടെ പേരും സർവീസും പറയുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉദ്യോഗസ്ഥന്മാരുടെ പേരുകൾ എന്താണെന്നു അറിഞ്ഞിട്ടില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അക്കൌണ്ടു ടെസ്റ്റ് പരീക്ഷ സംബന്ധിച്ചു ൧൧൨൨ നവംബർ ൨-ാം൧൧൨൨/൨൨-ാം നമ്പറായി ഒരു ഗവണ്മെന്റു വിജ്ഞാപനം ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനു അറിവുണ്ടോ? നിയമനങ്ങൾ സംബന്ധിച്ചു ഈ വിജ്ഞാപനത്തെ ഊർജ്ജിതമായി നടപ്പിൽ വരുത്താത്തതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു നടപ്പിൽ വരുത്തിയിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ രണ്ടു നിയമനങ്ങൾ സംബന്ധിച്ചു ഗവണ്മെന്റു അന്വേഷണം നടത്തുമോ എന്നു പറയുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അദ്ദേഹം സൂചിപ്പിക്കുന്നതു ഏതു രണ്ടു നിയമനങ്ങളെ സംബന്ധിച്ചാകുന്നു എന്നു പറയുവാൻ മെമ്പറിനു ദയവുണ്ടാകുമോ?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വിദ്യാഭ്യാസ ഡയറക്ടരാഫീസിൽ ൧൬–൩൦ രൂപാ ഗ്രേഡിൽ ഈയിടെ ഉണ്ടായ രണ്ടു ഒഴിവുകൾ രണ്ടൊഴിവുകളും ബ്രാഹ്മണേതരന്മാർക്കുള്ളതായിട്ടാണ് സംഭവിച്ചിട്ടുള്ളതു. എന്നാൽ ഈ രണ്ടൊഴിവുകളിലും ബ്രാഹ്മണരെയാണ് നിയമിച്ചിട്ടുള്ളതു.

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ അന്വേഷണം നടത്താം.

ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റുകളുടെ സമസ്ഥാനീകരണം.

൩൮൭. മി. എം. ശിവതാണുപിള്ള (തോവാള): പ്രത്യേകം മേലധികാരികളാൽ യാതൊരു പരസ്പരസംബന്ധവുമില്ലാതെ ഭരിക്കപ്പെടുന്ന ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പ്രവൃത്തനത്തിൽ പൊതുവെ അതൃപ്തിയാണുള്ളതെന്നു ഗവണ്മെന്റിനു അറിയാമോ? അറിയാമെങ്കിൽ അവയെ ഒരു പൊതുവായ ഭരണത്തിൻ കീഴിലാക്കുവാൻ അവർ ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ചോദ്യം ഈ യോഗത്തിൽ വാദപ്രതിവാദം ചെയ്തു വോട്ടിനിടുവാനുള്ള പ്രമേയത്തിൽ അടങ്ങിയതാകുന്നു. അതിനാൽ ഈ ചോദ്യത്തിനു മറുപടി പറയുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു മറുപടി തരുന്നതിൽനിന്നും ഗവണ്മെന്റിനെ തടുക്കുന്ന അസ്വാധീനതയുടെ സ്വഭാവം എന്താണെന്നു ചീഫ് സെക്രട്ടറിയോടു ചോദിച്ചുകൊള്ളട്ടെയോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ചോദ്യം മുഴുവനും ഇന്നു ഇവിടെ വാദപ്രതിവാദം ചെയ്യുന്നതാണ്. അതുകൊണ്ടു മറുപടി പറയേണ്ട ആവശ്യമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ ചോദ്യം "പ്രത്യേകം മേലധികാരികളാൽ യാതൊരു പരസ്പരസംബന്ധവുമില്ലാതെ ഭരിക്കപ്പെടുന്ന ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പ്രവൃത്തനത്തിൽ പൊതുവെ അതൃപ്തിയാണുള്ളതെന്നു ഗവണ്മെന്റിനു അറിയാമോ" എന്നാണ്. ഗവണ്മെന്റിനു അറിവുണ്ടോ ഇല്ലയോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വാദപ്രതിവാദത്തിനിടയിൽ ഈ സംഗതിയെപ്പറ്റിയും പറയുന്നതാകകൊണ്ടു അതിനെ സംബന്ധിച്ച മറുപടി മുൻകൂട്ടി ആലോചിക്കേണ്ടതില്ല എന്നു ഞാൻ വിചാരിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): അതു എന്റെ ചോദ്യത്തിനു ശരിയായ മറുപടിയാണോ?

പ്രസിഡണ്ട്: ആ മറുപടിയിൽനിന്നും വെളിപ്പെടുന്നതു വാദപ്രതിവാദത്തിൽനിന്നും അതൃപ്തിയുണ്ടോ ഇല്ലയോ എന്നു ഗവണ്മെന്റ് കണ്ടുപിടിക്കും എന്നാണെന്നാണ് എനിക്കു തോന്നുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): അതൃപ്തിയില്ലെന്നു ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടെന്നാണോ ഞാൻ വിചാരിക്കേണ്ടതു.

പ്രസിഡണ്ട്: അല്ല-ഏതെങ്കിലും അതൃപ്തിയുണ്ടെങ്കിൽ അവർ അതു മനസ്സിലാക്കുവാൻ കാത്തിരിക്കുന്നു എന്നാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ മറ്റെവിടെയെങ്കിലും ഏകാധികർത്തൃത്വത്തിൽ ഇരിക്കുന്നതായിട്ടറിവുണ്ടോ എന്നു ഞാൻ ചീഫ് സെക്രട്ടറിയോടു ചോദിക്കട്ടെയോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): മറ്റെവിടെയെങ്കിലും ഡവലപ്പ്മെന്റ് മിനിസ്റ്റർമാർ ഉള്ളതായിട്ടു അദ്ദേഹത്തിനു അറിവുണ്ടോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവർ ഗവണ്മെന്റ് മെമ്പർമാരാകുന്നു. അവർ ഡിപ്പാർട്ടുമെന്റുകളുടെ മേലധികാരികളല്ല. അതുപോലെ ഇവിടെയും ദിവാൻജിയുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): പ്രത്യേക ഡിപ്പാർട്ടുമെന്റുകൾക്കു പ്രത്യേക മേലധികാരികൾ ഉണ്ടോ?

മി. കെ. ജോർജ് (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അവ ഏകാധികാരിയാൽ നിയന്ത്രിക്കപ്പെടുന്നില്ലയോ?

മി. കെ. ജോജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല. എന്നാൽ ധ്വലപ്പുമെൻറ ഡിപ്പാർട്ടുമെൻറിലുള്ള ഗവണ്മെൻറിനായണ് അവ നിയന്ത്രിക്കപ്പെടുന്നത്.

മി. എം. ശിവതാണുപിള്ള (തോവാള): ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു സ്വലപ്പുമെൻറ മിനിസ്റ്റർ ഇല്ലയോ?

മി. കെ. ജോജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം ഈ ധ്വലപ്പുമെൻറ ഡിപ്പാർട്ടുമെൻറുകൾക്കെല്ലാം കൂടിയുള്ള നിയമനിർമ്മാണത്തിന് ഉത്തരവാദിയല്ലയോ?

മി. കെ. ജോജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതെ.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹംതന്നെയല്ലയോ ഡിപ്പാർട്ടുമെൻറിനെ ഭരണവിഷയത്തിലും നയിച്ചുകൊണ്ടുപോകുന്നത്.

മി. കെ. ജോജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അദ്ദേഹം ഭരണാധികാരിയല്ല. എന്നാൽ ധ്വലപ്പുമെൻറ ഡിപ്പാർട്ടുമെൻറുകളുടെ നയത്തെ നിയന്ത്രിച്ചുകൊണ്ടുപോകുന്ന ഒരു ഏജൻസിമാത്രമാണ്. ഭരണം നടത്തുന്നത് ഡിപ്പാർട്ടുമെൻറ മേലധികാരിയാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അപ്രകാരമാണെങ്കിൽ പലതരത്തിലുള്ള തിരുവിതാംകൂറിലെ ധ്വലപ്പുമെൻറ ഡിപ്പാർട്ടുമെൻറുകളെയെല്ലാം ബ്രിട്ടീഷ് ഇൻഡ്യയിലെപ്പോലെ ഒരു പൊതുവായ നിയന്ത്രണാധികാരിയുടെ കീഴിലാക്കുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ?

മി. കെ. ജോജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഈ വിഷയത്തെസംബന്ധിക്കുന്ന പ്രമേയത്തെപ്പററി വാദപ്രതിവാദം ചെയ്യുവാനുള്ളത കാണ്ടു ഈ ചോദ്യത്തിനു മറുപടിപറയുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നില്ലെന്ന് ഞാൻ ആദ്യമേതന്നെ പറഞ്ഞുകഴിഞ്ഞുവല്ലോ.

പുഴുവൽചട്ടങ്ങളെ പുതുക്കുക.

സ്വവൃ. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) ഈ സഭയുടെ കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ പ്രതിജ്ഞ ചെയ്തിരുന്നതനുസരിച്ചു പുഴുവൽചട്ടങ്ങളെ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഇല്ലെങ്കിൽ, ഇനിയും താമസത്തിനു ഇടയാക്കാതെ അതിലേയ്ക്കു വേണ്ടതുചെയ്യുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): (എ)-യും (ബി)-യും ഉണ്ട്. ആ സംഗതി ഭൂനികുതിയും ആദായനികുതിയും ഇനങ്ങളിലെ കമ്മീഷണരുമായിട്ടുള്ള ആലോചനയിൽ ഇരിക്കുന്നു. അദ്ദേഹത്തിൻെറ മറുപടിക്കു കാത്തിരിക്കുകയാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ടൌണിലുള്ള ഭൂമികൾ പതിക്കുന്ന സമയം അവയിൽ ചുമത്തപ്പെടുന്ന കരം വളരെ കൂടുതലായിരിക്കുന്നതുകൊണ്ടു പുഴുവൽചട്ടങ്ങൾ പുതുക്കുന്നതുവരെ അപ്രകാരമുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതുസംബന്ധിച്ചുള്ള നടപടികൾ നിറുത്തിവെയ്ക്കുന്നതിന് ആജ്ഞാപിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതിനിടയ്ക്കു ടൌണിലുള്ള ഭൂമികൾ ഒന്നും പതിച്ചുകൊടുക്കാൻ പാടില്ലെന്നാണ് ഇതിൻെറ അർത്ഥം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപ്രകാരമുള്ള സംഗതികൾ വളരെ ചുരുക്കംമാത്രമായിരിക്കുമെന്നാണ് അതിൻെറ അർത്ഥം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഒരു ഉപചോദ്യമായി ഗണിച്ചു മറുപടിപറയാൻ നിവൃത്തിയില്ലാത്ത ഒരു വിപുലമായ ചോദ്യമാണ് അത്. ആ സംഗതിയെസംബന്ധിച്ചു ഓർമ്മയുണ്ടായിരിക്കുന്നതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മി. പി. കെ. നാരായണപിള്ള വാദിച്ചതുപോലെ ന്യായത്തിനുവേണ്ടി എനിക്കും വാദം ചെയ്യേണ്ടിവന്നിരിക്കുന്നു. അത് ഒരു വിപുലമായ ചോദ്യമാകയാൽ ഒരു ഉപചോദ്യമായി ഗണിച്ചു മറുപടിപറയാൻ നിവൃത്തിയില്ലെന്നു അദ്ദേഹം പറയുന്നു. ഇത് ഒരു വിപുലമായ ചോദ്യമല്ലെന്ന് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. പുഴുവൽചട്ടങ്ങളെ സമീപകാലത്തു പുതുക്കുമെന്നുള്ളതുവരെയും പുതുക്കുന്ന കാലംവരെയും ടൌണിലുള്ള ഭൂമികളെ പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ നിറുത്തിവെയ്ക്കുന്നതിന് ആജ്ഞാപിക്കുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ എന്നുമാത്രമാണ് ഞാൻ അറിവാൻ ആവശ്യപ്പെടുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ടൌണിലുള്ള ഭൂമികളുടെ പതിവു നിറുത്തൽ ചെയ്യുന്നതായാൽ നാം താലൂക്കുകളിൽ അപ്രകാരം നിറുത്തൽചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് അത് ഒരു വിപുലമായ ചോദ്യമാണെന്നു ഞാൻ പറഞ്ഞത്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കിടപ്പുകേസുകളുടെ സൂക്ഷ്മമായ എണ്ണം എത്രയാണെന്നു മെംബർക്കു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ഇപ്പോൾ എനിക്കു അതിനെപ്പററി അറിവില്ല. എന്നാൽ അത് ഒരു വലിയസംഖ്യയാണെന്നു എനിക്കു നിശ്ചയമുണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ടൌണിലുള്ള ഭൂമികൾക്കു പ്രത്യേക സൌജന്യങ്ങൾ നൽകണമെന്നു ഭിവാൻപേഷ്കാരന്മാർ ശുപാർശ ചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ഇല്ല. അവർ ഇപ്പോഴത്തെ ചട്ടങ്ങളെ പ്രയോഗപ്പെടുത്തിവരികയാണ്. ഈ ചട്ടങ്ങളെ നിറുത്തൽചെയ്യുന്നതുവരെ പേഷ്കാരന്മാർ ഇപ്പോഴത്തെ ചട്ടങ്ങളെത്തന്നെയാണ് പ്രയോഗത്തിൽ വരുത്തേണ്ടത്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കരം ഇളവുചെയ്യുവാൻ അനുവദിക്കണമെന്നു പേഷ്കാരന്മാർ ശുപാർശ ചെയ്യുന്നില്ലയോ എന്നു ചോദിച്ചുകൊള്ളട്ടെ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): എല്ലാകേസുകളിലും അപ്രകാരം ചെയ്യുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ചില പ്രത്യേകകേസുകളിൽ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അവർ സാധാരണയായി അപ്രകാരമുള്ള ശുപാർശകൾ ചെയ്യുന്ന പതിവില്ല എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. പ്രത്യേക കേസുകളിൽ അപ്രകാരം ചെയ്യുന്നുണ്ടോഎന്നുള്ളത് അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നത്.

നമ്പൂതിരിബ്രാഹ്മണർക്കായുള്ള പ്രോത്സാഹനം.

൩൮൯. മി. സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മി):

(എ) ആധുനികരീതിയിലുള്ള വിദ്യാഭ്യാസം സംബന്ധിച്ചിടത്തോളം മലയാളബ്രാഹ്മണസമുദായം വളരെ പിന്നോക്കമാണ് നില്ക്കുന്നതെന്നുള്ളവിവരം ഗവൺമെൻറിനു അറിവുണ്ടോഎന്നു പറയുവാൻ ദയവുണ്ടാകുമോ

(ബി) മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, പ്രസ്തുത സമുദായത്തിലുള്ളവരും സർവകലാശാലാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവരും സർക്കാർ ജീവനത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവരും പ്രവേശിച്ചുകഴിഞ്ഞവരുമായ വളരെ ചുരുക്കംപേർ ആകർഷണീയമായവിധത്തിൽ ഉദ്യോഗങ്ങളും ഉദ്യോഗക്കയററങ്ങളും നല്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ

മി. കെ. ജോജ് (ആ. ഗവൺമെൻറ ചീഫ്സെക്രട്ടറി):

(എ) മറുപടി അനുകൂലരൂപത്തിലാണ്,

(ബി) സർക്കാർജീവനത്തിൽ കുറവായിമാത്രം പ്രാതിനിധ്യംവഹിക്കുന്ന ഇതരസമുദായങ്ങളുടെ അവകാശംപോലെ നിയമനവിഷയങ്ങളിൽ അവരുടെ അവകാശങ്ങളേയും ഗണിക്കുന്നതാകുന്നു.

മി. സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മി): മലയാളബ്രാഹ്മണരെ ഇപ്പോൾ കൂടുതലായിട്ടു ഗണിച്ചുവരുന്നു എന്നോ അതോ മേലാൽ ഗണിച്ചുകൊള്ളാമെന്നോ ഉത്തരത്തിൽനിന്നു മനസ്സിലാക്കേണ്ടത്,

മി. കെ. ജോജ് (ആ. ഗവൺമെണ്ടു ചീഫ് സെക്രട്ടറി): ഇനിമേലാൽ കൂടുതലായി ഗണിച്ചുകൊള്ളാമെന്നാണ്.

മി. സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മി): ഇപ്പോൾ ഉദ്യോഗദാനവിഷയത്തിൽ പിന്നോക്കം നില്ക്കുന്നവരായ മലയാളബ്രാഹ്മണർക്കു കൂടുതൽ സഹായം ചെയ്തുകൊള്ളാമെന്നു എൻെറ ചോദ്യത്തിനു ഉത്തരം പറഞ്ഞിട്ടുണ്ട്. യൂണിവേർസിററി ഡിഗ്രിസമ്പാദിച്ചിട്ടുള്ളവർ ഇപ്പോൾ സർവീസിൽ ഉണ്ടോ?

മി. കെ. ജോജ് (ആ. ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു അന്വേഷിച്ചു ഒരു സ്റ്റേററുമെൻറ വരുത്തിയേ പറയാൻ സാധിക്കയുള്ളു.

അനുബന്ധം ൧.

൩൭൧-ാം ചോദ്യത്തിനുള്ള ഉത്തരംനോക്കുക.

തിരുവിതാംകൂർ മഹാറാണി റീജൻറ തിരുമനസ്സിലെ ഗവൺമെൻറ പ്രൊസീഡിംഗ്സ്.

(൧) ൧൦൮൭ ജൂലൈ ൨൨-നു-യിലെ ജെ. ൩൬൭൧-ാം നമ്പർ സർക്കുലർ,

(൨) ൧൦൮൯ ആഗസ്റ്റ് ൧൪-നു-യിലെ ജെ. ൬൯൬൧-ാംനമ്പർ സർക്കുലർ,

(൩) ൧൯൨൦ മാർച്ച് ൧൫-നു-യിലെ പി. ൪൭൧-ാംനമ്പർ സർക്കുലർ വായിച്ചു.

(൪) ൧൯൨൮ ജൂലൈ ൧൮-നു-യിലെ ആർ. ഒ. സി. ൧൧൫/൨൮ സ്റ്റാററിസ്റ്റിക്സും വായിച്ചു.

(൫) ൧൯൨൮ ഒക്ടോബർ ൧൭-നു-യിലെ സ്റ്റാററിസ്റ്റിക്സ് ൨൪-ലെ ആർ. ഒ. സി. ൧൧൫-ാം നമ്പർ സർക്കുലർ,

(൬) ൧൯൨൪—൧൯൩൦ എന്നീ വർഷങ്ങളിൽ ഡിപ്പാർട്ടുമെൻറുകളുടേയും ആഫീസ്സുകളുടേയും മേലധികാരികൾ നടത്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിവിഭാഗമനുസരിച്ചുള്ള കണക്കുകളും,

(൭) പ്രജാസഭയുടെ ഇരുപതാമത്തെ യോഗത്തിൽ സർക്കാർ ജീവനത്തെപ്പററിയുണ്ടായ നിവേദനങ്ങളും അതിലേക്കു ദിവാൻജി നൽകിയ മറുപടിയും വായിച്ചു.

അതിന്മേൽ ൧൯൩൧ ഏപ്രിൽ ൨൭-നു- തിരുവനന്തപുരത്തുവച്ചു R. Dis. ൪൬൨/൩൧/G. A. നമ്പരായിട്ടുണ്ടായ ഉത്തരവ്.

സർക്കാർ ജീവനത്തിലേക്കുള്ള നിയമനം എന്ന വിഷയം കഴിഞ്ഞ കുറേക്കാലമായി നിയമസഭയിലും, പ്രജാസഭയിലും, വർത്തമാനപത്രങ്ങളിലും വാദപ്രതിവാദത്തിനും നിരൂപണത്തിനും വിഷയീഭവിച്ചിട്ടുള്ള ഒന്നാണ്. നിരൂപണങ്ങൾ അടങ്ങുന്ന വ്യവസ്ഥയേയും സമുദായപക്ഷപാതത്തെപ്പററിയുള്ള കുററാരോപണത്തേയും സംബന്ധിച്ചവയും ഡിപ്പാർട്ടുമെണ്ടുകളുടേയും ആഫീസ്സുകളുടേയും മേലധികാരികൾ നടത്തുന്ന നിയമനങ്ങളെ പരാമർശിച്ചുള്ളവയും ആയിരുന്നു, ഇതുസംബന്ധിച്ചു പ്രജാസഭയുടെ കഴിഞ്ഞ യോഗത്തിൽ അനേകം നിവേദനങ്ങൾ ഹാജരാക്കപ്പെട്ടു. പുനഃരൂപീകരണവും, വ്യവക്രമീകരണവും സംബന്ധിച്ചുള്ള മേഖലയിൽ ഗവൺമെണ്ടു ഈ രണ്ടു വർഷങ്ങളിൽ മുഴുകിയിരുന്നതുകൊണ്ടു പ്രസ്താവയോഗ്യമായ കണക്കു വല്ലതും അതുകൊണ്ടു തിരഞ്ഞെടുക്കുകയുണ്ടായിട്ടില്ല. ൧൦൯൫-ാമാണ്ടിലെ പ്രഥമമദ്ധ്യത്തിലെ അവസാനത്തിൽ ശുപാർശ ചെയ്യപ്പെട്ട നിയമനങ്ങളും, ൧൦൯൬-നു ശേഷം ഡിപ്പാർട്ടുമെൻറുകളുടേയും ആഫീസുകളുടേയും മേലധികാരികൾ നടത്തിട്ടുള്ള പ്രാരംഭനിയമനങ്ങളെ സംബന്ധിച്ചു ജാതിവിഭാഗം അനുസരിച്ചു ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേററുമെൻറും അതുകളെ ഉദ്യോഗത്തിലേക്കു നിയമിക്കുന്നതു സംബന്ധിച്ചു ഗവൺമെണ്ടു നിശ്ചയിച്ചിട്ടുള്ള നയത്തെ, ഈ നിയമനങ്ങൾ എത്രമാത്രം അനുസരിക്കുന്നുണ്ടെന്നു നിർണ്ണയിക്കുവാനായി പരിശോധിക്കുന്നതാണെന്ന് അന്ന് പറയുകയുണ്ടായി. ഈ നയത്തെപ്പററി ദിവാൻജി പ്രജാസഭയുടെ ൧൯-ാം, ൨൦-ാം യോഗങ്ങളിൽ സവിസ്തരം പ്രതിപാദിക്കുകയും ചെയ്തു.

ആവശ്യപ്പെട്ട സ്റ്റേററുമെൻറുകളെല്ലാം കിട്ടുകയും അവ നല്ലപോലെ പരിശോധിക്കപ്പെടുകയുംചെയ്തു. ചില പ്രധാനപ്പെട്ട ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കിട്ടിട്ടുള്ള കണക്കുകളിലെ വിജ്ഞേയമായ പ്രധാനകാര്യങ്ങൾ താഴെ കൊടുത്തിട്ടുള്ളപ്രകാരമാകുന്നു.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ്.

(൧) സർക്കാർ ജീവനംസംബന്ധിച്ച പരസ്യത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതും കുറഞ്ഞതോതിലുള്ളതുമായ സാധാരണ യോഗ്യതകൾക്കുപുറമെ, ഈ ഡിപ്പാർട്ടുമെൻറിലേക്കുള്ള പ്രവേശനത്തിനു അപേക്ഷകൻ ഒരു ബി. എ.-ക്കാരനോ അല്ലെങ്കിൽ രജിസ്ട്രേഷൻ എൻട്രൻസ് ടെസ്റ്റ് പരീക്ഷയോ ജയിച്ചിരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്. ആദ്യമായി ൧൦൯൪-ൽ ആരംഭിച്ച ഈ രജിസ്ട്രേഷൻ എൻട്രൻസ് ടെസ്റ്റ് പരീക്ഷയിൽ ഇതുവരെ ആകെ ജയിച്ചിട്ടുള്ളവരുടെ എണ്ണം ൨൭൭ ആകുന്നു. ഇവരിൽ ഇതുവരെ ൮൦ പേർക്കു ഡിപ്പാർട്ടുമെൻറിൽ സ്ഥിരമായ സ്ഥാനം കൊടുത്തിട്ടുണ്ട്. പരീക്ഷ ജയിച്ചിട്ടുള്ളവരുടെയും ഉദ്യോഗം ലഭിച്ചിട്ടുള്ളവരുടെയും ജാതിവിഭാഗം അനുസരിച്ചുള്ള കണക്കാകുന്നു താഴെ കൊടുത്തിട്ടുള്ളത്.

ജാതികൾ	ആകെ എണ്ണം	ആകെയുള്ള നിയമനങ്ങളുടെ എണ്ണം	ആകെ ജയിച്ചിട്ടുള്ളവരുടെ എണ്ണം അനുസരിച്ചു ഉദ്യോഗം കൊടുത്തിട്ടുള്ളവരുടെ ശതമാനം
ബ്രാഹ്മണർ	൨൨	൫	൨൨·൭
നായന്മാർ	൧൭൪	൩൮	൨൧·൮
ക്രിസ്ത്യാനികൾ	൩൪	൧൫	൪൪·൧
ഈഴവർ	൨൬	൮	൩൦·൭
മഹമ്മദീയർ	൭	൪	൫൭·൧
മററു ജാതിക്കാർ	൧൪	൧൦	൭൧·൪
	൨൭൭	൮൦	

(൨) ൧൦൯൮-ലും ൧൦൯൯-ലും രജിസ്ട്രേഷൻഡയറക്ടർ നടത്തിട്ടുള്ള സ്ഥിരമായ നിയമനങ്ങൾ ൧൮ ആണ്. ഈ നിയമനങ്ങളുടെ വിതരണം താഴെ കാണിച്ചിട്ടുള്ള പ്രകാരത്തിലാകുന്നു.

ബ്രാഹ്മണർ	൩	ഈഴവർ	൨
നായന്മാർ	൮	മഹമ്മദീയർ	,,
മററു സവർണ്ണഹിന്ദുക്കൾ	,,	മററുള്ളവർ	,,
ക്രിസ്ത്യാനികൾ	൫		

ഈ സ്ഥിരനിയമനങ്ങൾ നടത്തിയിട്ടുള്ളതു വളരെനാളായി പകരം ജോലിനോക്കിട്ടുള്ളവരിൽനിന്നാകുന്നു. ഈ ൧൮ നിയമനങ്ങളേയും ശമ്പളക്രമമനുസരിച്ചു വിഭാഗിക്കുമ്പോൾ ഉള്ള സ്ഥിതി താഴെ കാണിക്കുന്നതുപോലെയാകുന്നു.

ജാതി	ശമ്പളത്തിലുള്ള നിയമനം			
	൧൫ രൂ.	൨൦ രൂ.	൩൦ രൂ.	ആകെ
ബ്രാഹ്മണർ	൨	൧	...	൩
നായന്മാർ	൬	൧	൧.	൮
ക്രിസ്ത്യാനികൾ	൪	...	൧	൫
ഈഴവർ	൨	...	...	൨
ആകെ	൧൪	൨.	൨	൧൮

ആകപ്പാടെ മുകളിൽ കൊടുത്തിട്ടുള്ള വിതരണം ന്യായമായിട്ടുള്ളതല്ലെന്നു പറയുവാൻ നിവൃത്തിയില്ല.

(൩) അക്കാലത്തു പകരത്തിലേക്കായിട്ടുണ്ടായ ൧൩൦ നിയമനങ്ങളുടെ ജാതിയനുസരിച്ചുള്ള വിതരണം താഴെ കാണുംപ്രകാരമാണ്.

ജാതി	ശമ്പളത്തിലുള്ള നിയമനം					ലഭിക്കുന്ന പരീക്ഷാ വിജയികളുടെ എണ്ണം
	൧൫ രൂ.	൨൦ രൂ.	൨൫ രൂ.	൩൦ രൂ.	ആകെ	
ബ്രാഹ്മണർ	൭	...	...	൧	൮	൨൯
നായന്മാർ	൮൧	൨	൧	...	൮൪	൧൪൦
മററു സവർണ്ണഹിന്ദുക്കൾ	൪	൧	...	...	൫	൫
ക്രിസ്ത്യാനികൾ	൧൨	൨	൧	...	൧൫	൪൩
ഈഴവർ	൧൨	...	...	...	൧൨	൧൭
മഹമ്മദീയർ	൧	൧	...	...	൨	൪
മററു വർഗ്ഗക്കാർ	൪	...	...	...	൪	൭
ആകെ	൧൨൧	൬	൨	൧	൧൩൦	

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പ്രവേശനത്തിനു യോഗ്യതയുള്ളവരായ അപേക്ഷകന്മാർ ക്രിസ്ത്യാനികളിലും, മഹമ്മദീയരിലും, ഈഴവരിലും അപൂർവ്വമായിരുന്നിട്ടും ഈ വർഗ്ഗങ്ങളിൽനിന്നും ഉദ്യോഗം ലഭിക്കാത്തവർക്കു നിയമനത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കാത്തതു എന്തുകൊണ്ടാണെന്നുള്ളതിനു രജിസ്ട്രേഷൻ ഡയറക്ടർ സമാധാനം പറയേണ്ടതാകുന്നു.

ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റ്.

(൪) ഈ ഡിപ്പാർട്ടുമെന്റിൽ (ലാൻഡ് റിക്കാർഡു മെയിന്റനൻസും, സർവേ ഡിപ്പാർട്ടുമെന്റുകളും ഒഴിച്ചു) ൧൦൯൮-ലും ൧൦൯൯-ലും കൂടി ൨൦ സ്ഥിരവും ൨൫൭ പകരവും നിയമനങ്ങൾ ഉണ്ടായിട്ടുണ്ടു. പകരം നിയമിച്ചിട്ടുള്ളവരുടെ ജാതിവിഭാഗം അനുസരിച്ചുള്ള കണക്കു താഴെ കാണിച്ചിരിക്കുന്നു.

	നിയമനങ്ങളുടെ എണ്ണം						
	൧൨ രൂ.	൧൪ രൂ.	൧൫ രൂ.	൨൦ രൂ.	൨൫ രൂ.	൪൦ രൂ.	ആകെ
ബ്രാഹ്മണർ	...	൧൨	൨	൧൩	൧	൧	൨൯
നായന്മാർ	൨	൧൨൦	൧൧	൧൭	൩	...	൧൫൩
മററു സവർണ്ണഹിന്ദുക്കൾ	...	൨൯	൧	൪	൧	...	൩൫
ക്രിസ്ത്യാനികൾ	...	൧൩	൩	൯	...	൧	൨൬
ഈഴവർ	...	൧൦	൧	...	...	...	൧൧
മഹമ്മദീയർ	...	...	...	൧	൧	...	൨
മററു വർഗ്ഗക്കാർ	...	൧	...	...	...	...	൧
ആകെ	൨	൧൮൫	൧൮	൪൪	൬	൨	൨൫൭

താഴെ കൊടുത്തിട്ടുള്ള കണക്കിൽ നിന്നും, ഡിപ്പാർട്ടുമെന്റിൽ വളരെ ചുരുക്കമായിട്ടുമാത്രം പ്രാതിനിധ്യം വഹിക്കുന്ന സമുദായങ്ങളിൽനിന്നും, വളരെ അപേക്ഷകർ ഉണ്ടായിരുന്നിട്ടും കുറച്ചുപേരെമാത്രം എടുത്തിട്ടുള്ളതായി കാണുന്നു. അതിനുള്ള കാരണം എന്താണെന്നു പറയുവാൻ ലാൻഡ് റവന്യൂ കമ്മീഷണരോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

ബ്രാഹ്മണർ	൧൧൦	ഈഴവർ	൭൫
നായന്മാർ	൧൦൪൧	മഹമ്മദീയർ	൪൧
മററു സവർണ്ണ ഹിന്ദുക്കൾ	൧൨൪	മററുവർഗ്ഗക്കാർ	൭൩
ക്രിസ്ത്യാനികൾ	൨൯൧		

തീരെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും സ്വീകരിച്ചിട്ടുള്ളവരുടെ സംഖ്യ വളരെ കു[illegible]ാകുന്നു. വിശേഷിച്ചു തിരുവനന്തപുരം കോട്ടയം ഡിവിഷനുകളിൽ വളരെ ചുരുക്കമാകുന്നു. പകരമായി[illegible]ട്ടു ഈ കാലത്തിനുള്ളിൽ മൊത്തം നടത്തിയ ൨൫൭ നിയമനങ്ങളിൽ ൨൯൧ എണ്ണം ഈ രണ്ടു ഡിവിഷനിലുമാണു നടത്തിയിട്ടുള്ളതു. അവയുടെ വിതരണം താഴെ കാണുംപ്രകാരമാകുന്നു.

	തിരുവനന്തപുരം ഡിവിഷൻ.	കോട്ടയം ഡിവിഷൻ.	ആകെ.
ബ്രാഹ്മണർ	൧൭	൬	൨൨
നായന്മാർ	൮൩	൫൫	൧൩൮
മറ്റുഹിന്ദുക്കൾ	൨൮	൫	൩൩
ക്രിസ്ത്യാനികൾ	൨	൧൪	൧൬
മഹമ്മദീയർ	൧	...	൧
ഈഴവർ	൩	൪	൭
മറ്റു വർഗ്ഗക്കാർ	൧	...	൧
ആകെ	൧൩൫	൮൪	൨൧൯

ഈ കാലത്തുതന്നെ നടത്തിയ ൨൦ സ്ഥിരമായ നിയമനങ്ങളും ഈ രണ്ടു ഡിവിഷനിൽതന്നെയാകുന്നു. അതു താഴെക്കാണുംപ്രകാരമാകുന്നു.

		തിരുവനന്തപുരം ഡിവിഷൻ.	കോട്ടയം ഡിവിഷൻ.	ആകെ.
൧	ബ്രാഹ്മണർ	൩	...	൩
൨	നായന്മാർ	൪	൬	൧൦
൩	മറ്റു സവർണ്ണഹിന്ദുക്കൾ	൪	...	൪
൪	ക്രിസ്ത്യാനികൾ	...	൧	൧
൫	ഈഴവർ	൧	൧	൨
൬	മഹമ്മദീയർ	...	...	...
൭	മറ്റു വർഗ്ഗക്കാർ	...	...	...
	ആകെ	൧൨	൮	൨൦

ആറും ഏഴും വകുപ്പുകളിലുള്ള ഒരുത്തരേയും ഈ കാലങ്ങളിൽ ഡിപ്പാർട്ടുമെന്റിൽ സ്ഥിരമായി നിയമിച്ചിട്ടില്ല. എന്നാൽ നാലും അഞ്ചും വകുപ്പുകളിൽനിന്നും സ്ഥിരമായി നിയമിച്ചിട്ടുള്ളവരുടെ സംഖ്യയും അതിശയനീയമാകുംവണ്ണം അത്രമാത്രം തുച്ഛവുമാകുന്നു.

ഉദ്യോഗദാനവിഷയത്തിൽ, മുകളിൽ കൊടുത്തിട്ടുള്ള കണക്കുകളിൽനിന്നും പ്രത്യക്ഷപ്പെടുന്ന അസമത്വത്തിനു യാതൊരു സമാധാനവും പറഞ്ഞുകാണുന്നില്ല. അഹിന്ദുക്കളിലും അവർണ്ണഹിന്ദുക്കളിലും നിന്നു അപേക്ഷകന്മാരില്ലാതിരുന്നില്ല എന്നു താഴെ കൊടുത്തിട്ടുള്ള കണക്കുകളിൽനിന്നും കാണാവുന്നതാണു.

	തിരുവനന്തപുരം ഡിവിഷൻ.	കോട്ടയം ഡിവിഷൻ.
ക്രിസ്ത്യാനികൾ	൮	൩൯
ഈഴവർ	൪	൪
മഹമ്മദീയർ	...	൭
മറ്റു വർഗ്ഗക്കാർ	൨	൫

ഈ നിയമനങ്ങൾ നടത്തിയ ദിവാൻപേഷ്കാരന്മാരിൽനിന്നും താമസംകൂടാതെതന്നെ സമാധാനങ്ങൾ വാങ്ങിച്ചു സ്വന്തം അഭിപ്രായത്തോടുകൂടി അയക്കേണ്ടതാണെന്നു ലാൻഡുറവന്യൂ കമ്മീഷണരോടു അപേക്ഷിച്ചുകൊള്ളുന്നു.

൫. സർവേയും ലാൻഡു റിക്കാർട്ടുകളും ഡിപ്പാർട്ടുമെന്റുകളിൽ ഈ കാലത്തിനിടയ്ക്കു സ്ഥിരമായ യാതൊരു നിയമനങ്ങളും നടത്തിയിട്ടില്ല. പകരവും താൽക്കാലികവുമായി നടത്തിട്ടുള്ള നിയമനങ്ങൾ ൧൪൬ ആകുന്നു. അവയുടെ വിതരണം താഴെ കാണുംപ്രകാരമാകുന്നു.

	൧൦ രൂപ	൧൨ രൂപ	൧൪ രൂപ	൧൫ രൂപ	൧൭½ രൂപ	൨൦ രൂപ	൨൫ രൂപ	മൊത്തം
ബ്രാഹ്മണർ	...	൧	൩	൨	...	൫	...	൧൧
നായന്മാർ	൧൨	൨	൪൫	൧൮	...	൧൧	൪	൯൨
മറ്റു സവർണ്ണഹിന്ദുക്കൾ	...	...	൩	...	...	൩	...	൬
ക്രിസ്ത്യാനികൾ	൨	൪	൧൬	൫	൧	൩	...	൩൧
ഈഴവർ	൧	൧	൪	...	...	...	...	൬
മഹമ്മദീയർ	...	...	...	...	...	...	...	...
മറ്റുള്ളവർ	...	...	...	...	...	...	...	...
ആകെ	൧൫	൮	൭൧	൨൫	൧	൨൨	൪	൧൪൬

മഹമ്മദീയരിൽ നിന്നു രണ്ടും മറ്റുവർഗ്ഗക്കാരിൽനിന്നു അഞ്ചും അപേക്ഷകൾ ഉണ്ടായിരുന്നിട്ടും അവരിൽ ഒരുത്തരേയും നിയമിച്ചുകാണുന്നില്ല. ഈ നിയമനങ്ങളിൽ സംബന്ധപ്പെട്ടവരായ ഉദ്യോഗസ്ഥന്മാരിൽനിന്നും സമാധാനം വാങ്ങിച്ചു തന്റെ അഭിപ്രായത്തോടുകൂടി അവയെ താമസംകൂടാതെ ലാൻഡുറവന്യൂ കമ്മീഷണർ ഗവർമ്മെന്റിലേക്കു അയച്ചുകൊള്ളേണ്ടതാകുന്നു.

ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റു.

൬. താഴെ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെന്റുകളിൽനിന്നും സ്ഥിരവും പകരവുമായി ഈ ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള വിതരണം വെളിവാകുന്നതാണ്.

	സ്ഥിരമായ നിയമനങ്ങൾ		
	൧൫ രൂപാ	൨൦ രൂപാ	മൊത്തം
ബ്രാഹ്മണർ	൧	...	൧
നായന്മാർ	൯	൩	൧൨
മറ്റുസവർണ്ണഹിന്ദുക്കൾ	൩	൨	൫
ക്രിസ്ത്യാനികൾ	൪	...	൪
ഈഴവർ	൧	൧	൨
മഹമ്മദീയർ	...	...	...
മറ്റുവർഗ്ഗക്കാർ	...	...	...
ആകെ	൧൮	൬	൨൪

	പകരത്തിനുള്ള നിയമനങ്ങൾ					
	൧൫ രൂ.	൧൭½ രൂ.	൧൯ രൂ.	൨൦ രൂ.	൨൫ രൂ.	ആകെ
ബ്രാഹ്മണർ	൩൩	൧	...	൩൬	൫	൭൫
നായന്മാർ	൯൩	...	൭	൪൨	൧	൧൪൧
മറ്റുസവർണ്ണഹിന്ദുക്കൾ	൨൭	...	...	൨൨	...	൪൯
ക്രിസ്ത്യാനികൾ	൪൪	...	൧	൨൩	൩	൭൧
ഈഴവർ	൧൬	...	...	൨	൧	൧൯
മഹമ്മദീയർ	൪	...	...	൨	...	൬
മറ്റുവർഗ്ഗക്കാർ	...	...	...	...	...	...
ആകെ	൨൧൭	൧	൬	൧൨൭	൧൦	൩൬൧

ഗവൺമെന്റു സേവനത്തിൽ വളരെ കുറച്ചു പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിലുള്ള അപേക്ഷകന്മാരെ പകരംഉദ്യോഗങ്ങൾക്കെങ്കിലും എടുക്കാതെ ധാരാളം പ്രാതിനിധ്യംലഭിച്ചിട്ടുള്ള സമുദായങ്ങളിലുള്ളവരെ നിയമിച്ചിട്ടുള്ളതെന്തുകൊണ്ടാണെന്നു അന്വേഷിച്ചു ഗവൺമെന്റിനു ഒരു റിപ്പോർട്ടയക്കുവാൻ ഹൈക്കോടതിയോടു അപേക്ഷിക്കുന്നതായിരിക്കും.

പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെന്റു.

൭. താഴെ ചേർത്തിട്ടുള്ള സ്റ്റേറ്റുമെന്റിൽ കാണുംപ്രകാരം ഈ ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ൪ സ്ഥിരവും ൮൨ പകരവുമായിട്ടുള്ള നിയമനങ്ങളേ ഉണ്ടായിട്ടുള്ളു.

സ്ഥിരമായ നിയമനങ്ങൾ.

	൨൦ രൂ.	൩൫ രൂ.	ആകെ
ബ്രാഹ്മണർ	൧	...	൧
നായന്മാർ	൧	...	൧
മറ്റുസവർണ്ണഹിന്ദുക്കൾ	...	൧	൧
ഈഴവർ	...	...	...
മഹമ്മദീയർ	...	...	...
മറ്റുവർഗ്ഗക്കാർ	൧	...	൧
ആകെ	൩	൧	൪

പകരത്തിനുള്ള നിയമനങ്ങൾ.

	൧൫ രൂ.	൨൦ രൂ.	൨൫ രൂ.	൩൦ രൂ.	ആകെ
ബ്രാഹ്മണർ	൧	൧൪	൫	൧	൨൧
നായന്മാർ	൧	൧൭	൩	൩	൨൪
മറ്റുസവർണ്ണഹിന്ദുക്കൾ	...	൪	൧	...	൫
ക്രിസ്ത്യാനികൾ	൧	൧൪	൨	...	൧൭
ഈഴവർ	...	൩	൭	...	൧൦
മഹമ്മദീയർ	൧	൧	൧	...	൩
മറ്റുവർഗ്ഗക്കാർ	൨	...	...	...	൨
ആകെ	൬	൫൩	൧൯	൪	൮൨

സ്ഥിരമായ നിയമനങ്ങൾ നാലെണ്ണംമാത്രമേ നടന്നിട്ടുള്ളു. അവസംബന്ധിച്ചു യാതൊരഭിപ്രായവും പറയേണ്ടതായിട്ടില്ല. പകരത്തിനുള്ള നിയമനങ്ങൾ സംബന്ധിച്ചിടത്തോളം മഹമ്മദീയരിലും മററുവർഗ്ഗക്കാരിലും ൧൯– ൪– വീതം അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും കൂടുതൽ ആളുകളെ നിയമിക്കാത്തതെന്തുകൊണ്ടെന്നു ചീഫ് എഞ്ചിനീയരോടു ചോദിക്കുന്നതാകുന്നു.

വിദ്യാഭ്യാസം.

൮. ൧൦൯൮– ൧൦൯൯– എന്നീവർഷങ്ങളിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നടന്നിട്ടുള്ള സ്ഥിരനിയമനങ്ങളുടെ എണ്ണം ൨൦൮ ആകുന്നു. അവ താഴെക്കാണുംപ്രകാരം വിവരണം ചെയ്യപ്പെട്ടിരിക്കുന്നു.

സ്ഥിരനിയമനങ്ങൾ.

	൧൨ രൂ.	൧൪ രൂ.	൧൫ രൂ.	൧൮ രൂ.	൨൦ രൂ.	൨൫ രൂ.	൩൦ രൂ.	൪൦ രൂ.	൫൦ രൂ.	ആകെ
ബ്രാഹ്മണർ	...	൬	൧	...	൧	൧	...	൧	൧	൧൧
നായന്മാർ	൩	൭൫	...	൧	൧	൧	...	...	...	൮൧
മററുസവർണ്ണഹിന്ദുക്കൾ	...	൮	൧	...	...	൧	൧	...	...	൧൧
ക്രിസ്ത്യാനികൾ	൨	൬൯	...	൧	൧	...	൧	...	...	൭൪
ഈഴവർ	...	൧൬	...	...	...	...	...	...	...	൧൬
മഹമ്മദീയർ	...	൬	൧	...	...	...	...	...	...	൭
മററുവർഗ്ഗക്കാർ	...	൮	...	...	...	...	...	...	...	൮
ആകെ	൫	൧൮൮	൩	൨	൩	൩	൨	൧	൧	൨൦൮

സ്ഥിരനിയമനങ്ങളുടെ വിതരണങ്ങൾ സംബന്ധിച്ചിടത്തോളം യാതൊരുവ്യത്യാസവും കാണപ്പെടുന്നില്ല. താഴെ കൊടുത്തിട്ടുള്ള കണക്കിൽനിന്നും വെളിവാകുംപ്രകാരം ഈഴവർ, മഹമ്മദീയർ, മററുവർഗ്ഗക്കാർ എന്നിവരടങ്ങിയ സമുദായങ്ങളിൽനിന്നും ധാരാളം അപേക്ഷകന്മാർ ഉണ്ടായിരിക്കെ അവരിൽനിന്നും കൂടുതൽ ആളുകളെ ധാരാളമായി സ്ഥിരനിയമനത്തിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം എന്താണെന്നു മനസ്സിലാകുന്നില്ല.

ബ്രാഹ്മണർ—൧,൦൦൭
നായന്മാർ—൨,൯൮൦
മററുസവർണ്ണഹിന്ദുക്കൾ—൯൨൨
ക്രിസ്ത്യാനികൾ—൧,൭൦൯
ഈഴവർ—൫൦൬
മഹമ്മദീയർ—൧൪൭
മററുവർഗ്ഗക്കാർ—൧൪൪

പകരത്തിനുള്ള നിയമനങ്ങൾ.

	൧൦ രൂ.	൧൨ രൂ.	൧൪ രൂ.	൧൫ രൂ.	൧൮ രൂ.	൨൦ രൂ.	൨൨ രൂ.	൨൫ രൂ.	൨൭ രൂ.	൩൦ രൂ.	൪൦ രൂ.	൫൦ രൂ.	ആകെ
ബ്രാഹ്മണർ	...	൪	൮൦	൧൩	൧൬	൧൬	...	൨൫	൪	൨	...	൨൬	൧൮൬
നായന്മാർ	...	൫൪	൬൬൮	൧൩	൩൨	൧൨	൧൨	൧൪	൫	൧	...	൮	൮൧൯
മററുസവർണ്ണഹിന്ദുക്കൾ	...	൧൧	൧൦൯	൨	൧൬	൪	....	൩	൧	...	...	൪	൧൫൦
ക്രിസ്ത്യാനികൾ	+	൧൬	൧൦൪	൬	൮	൯	൩	൧൦	൧	...	...	൯	൧൬൬
ഈഴവർ	...	൮	൮൭	൧	൮	...	൧	൨	...	...	...	...	൧൦൭
മഹമ്മദീയർ	൧൦	൧	൨൪	...	...	൧	...	൩	...	...	...	...	൩൯
മററുവർഗ്ഗക്കാർ	...	൧	൪൦	൧	൩	...	...	൨	...	...	...	൧	൪൮
ആകെ	൧൦	൯൫	൧൧൧൨	൩൬	൮൩	൪൨	൧൬	൫൯	൧൧	൩	...	൪൮	൧,൫൧൫

ഡിപ്പാർട്ടുമെൻറിൽ കുറവായിട്ടുമാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ളതും തീരെ ലഭിച്ചിട്ടില്ലാത്തതുമായ സമുദായങ്ങളുടെ അവകാശങ്ങളെ വേണ്ടതുപോലെ ഗണിക്കാത്തതിനുള്ള കാരണങ്ങൾ കാണിച്ചുള്ള സമാധാനങ്ങൾ അതാതു ഉദ്യോഗസ്ഥന്മാരിൽനിന്നും വാങ്ങിച്ചു ഗവൺമെൻറിനു അയച്ചുകൊള്ളേണ്ടതാകുന്നു എന്നു ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടരോടു അപേക്ഷിച്ചിട്ടുണ്ട്.

പരസ്പരസഹായ ഡിപ്പാർട്ടുമെൻറ.

൯. ൧൦൯൬-ഉം ൧൦൯൭-ഉം ഈ ഡിപ്പാർട്ടുമെൻറിൽ യാതൊരു സ്ഥിരമായ നിയമനവും നടത്തീട്ടില്ല. ഈ രണ്ടു വർഷങ്ങളിൽ ൧൦ പേരെ പകരത്തിനു നിയമിച്ചിട്ടുണ്ട്. താഴെകൊടുത്തിട്ടുള്ള സമുദായങ്ങളിൽനിന്നു യോഗ്യതയുള്ള അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും ഒരു ഈഴവനൊഴികെ മററാരെയും നിയമിച്ചിട്ടില്ല.

			അപേക്ഷകളുടെ എണ്ണം.
ക്രിസ്ത്യാനികൾ	...	...	൨൦
ഈഴവർ	...	...	൬
മഹമ്മദീയർ	...	...	൩
മററുവർഗ്ഗക്കാർ	...	...	൩

ഇപ്രകാരം ചെയ്യുന്നതെന്തുകൊണ്ടാണെന്നുള്ളതിനു പരസ്പരസഹായസംഘരജിസ്ട്രാർ സമാധാനം പറയേണ്ടതാകുന്നു

എക്സൈസ് ഡിപ്പാർട്ടുമെൻറ.

൧൦. ൧൦൯൬—൧൦൯൭ ഈ വർഷങ്ങളിൽ സ്ഥിരമായി നിയമിച്ചിട്ടുള്ളവരുടെ ആകെ സംഖ്യ ൧൭ ആണ്. ഇതിൽ ൧ ബ്രാഹ്മണനും, ൧൦ നായന്മാരും, ൩ ക്രിസ്ത്യാനികളും, ൨ മഹമ്മദീയരും, ൧ മററുവർഗ്ഗങ്ങളിൽ ഉൾപ്പെട്ടവനും ആകുന്നു. പകരത്തിനു നിയമിച്ച ൭൮ പേരുടെ ജാതിക്രമമനുസരിച്ചുള്ള വിവരം താഴെ കാണിച്ചിരിക്കുംപ്രകാരമാണ്.

ബ്രാഹ്മണർ	൯	ഈഴവർ	൪
നായന്മാർ	൩൭	മഹമ്മദീയർ	൩
മററു സവർണ്ണഹിന്ദുക്കൾ	൭	മററുവർഗ്ഗക്കാർ	൩
ക്രിസ്ത്യാനികൾ	൧൫		

ഈഴവർ, മഹമ്മദീയർ, മററുവർഗ്ഗക്കാർ—എന്നിവരിൽനിന്നും കൂടുതൽ ആളുകളെ എടുക്കാത്തതിനു എക്സൈസ് കമ്മീഷണർ സമാധാനംപറയേണ്ടതാകുന്നു. ഈ സമുദായങ്ങളിൽനിന്നും ഉണ്ടായിരുന്ന അപേക്ഷകളുടെ എണ്ണം യഥാക്രമം ൯൦, ൨൨, ൪൭ ആയിരുന്നു.

സാനിട്ടറി ഡിപ്പാർട്ടുമെൻറ.

൧൧. ൧൦൯൬—൧൦൯൭—എന്നീ വർഷങ്ങളിൽ സ്ഥിരമായി നിയമിച്ചവരുടെ എണ്ണം ൧൨-ഉം താൽക്കാലത്തേക്ക നിയമിച്ചവരുടെ എണ്ണം ൬൨-ഉം ആകുന്നു. ഈ നിയമനങ്ങളെല്ലാം ൨൫ രൂപായിൽ താഴെയാണ്. വിതരണം താഴെക്കാണുംപ്രകാരമാണ്.

	സ്ഥിരമായ നിയമനം.	പകരത്തിനുള്ള നിയമനം.
ബ്രാഹ്മണർ	...	൧
നായന്മാർ	൮	൩൭
മററു സവർണ്ണഹിന്ദുക്കൾ	൨	൫
ക്രിസ്ത്യാനികൾ	൨	൧൪
ഈഴവർ	...	൪
മഹമ്മദീയർ	...	൧
മററുവർഗ്ഗക്കാർ	...	...
	൧൨	൬൨

ഈഴവസമുദായത്തിലും മഹമ്മദീയസമുദായത്തിലുംനിന്നു എടുത്തിട്ടുള്ള ആളുകളുടെ എണ്ണം വളരെ കുറവാണ്. മററുവർഗ്ഗക്കാരിൽനിന്നും ഒരുത്തരുംതന്നെ ഇല്ല. എല്ലാ സാനിട്ടറി സർക്കിൾആഫീസിലും പരിശീലനംസിദ്ധിച്ച വാളൻറിയർമാരുടെ ഒരു ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെന്നും വാക്സിനേട്ടർമാരുടേയും കൺസർവെൻസി ഓവർസീയർമാരുടെയും ഒഴിവുകൾ ഉണ്ടാകുമ്പോൾ അവയിൽ അവരെ നിയമിക്കുകയാണ് പതിവു എന്നും സാനിട്ടറികമ്മീഷണർ പറയുന്നു. ശമ്പളംകൂടാതെ വേലചെയ്യുന്ന വാളൻറിയർമാരെ സ്വീകരിക്കുന്നതിനു ഗവൺമെൻറനുവാദംഉണ്ടോ എന്നു ഞാൻ അറിഞ്ഞിട്ടില്ല. ഈ ഏർപ്പാടു ഗവൺമെൻറ അനുവദിച്ചിട്ടുള്ളതാണോ എന്നും ഈഴവർ, മഹമ്മദീയർ, മററുവർഗ്ഗക്കാർ എന്നിവരുടെ പ്രാതിനിധ്യം സമുദായത്തിൽ കുറവായിക്കാണുന്നതെന്തുകൊണ്ടാണെന്നും സാനിട്ടറികമ്മീഷണർ വിവരിക്കേണ്ടതാകുന്നു.

മററു ഡിപ്പാർട്ടുമെൻറുകൾ.

൧൨. താഴെക്കൊടുത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിൽനിന്നും കിട്ടീട്ടുള്ള സ്റ്റേറ്റുമെൻറുകൾ ആ ക്രമമനുസരിച്ചുതന്നെ താഴെ ചേർത്തിട്ടുണ്ട്.

(൧)	അഞ്ചൽ	(൫)	ദേവസ്വം
(൨)	കൃഷി	(൬)	ഗവൺമെൻറുപ്രസ്സ്
(൩)	അക്കൌണ്ടആഫീസ്	(൭)	മെഡിക്കൽ
(൪)	സെക്രട്ടേറിയററ്	(൮)	പോലീസ്
		(൯)	ഫോറസ്റ്റ്

ഈ സ്റ്റേറ്റുമെൻറുകൾ വിപരീതമായ അഭിപ്രായങ്ങൾക്ക അവകാശംനൽകുന്നില്ല.

(ഉത്തരവിൻപ്രകാരം)

ആർ. കൃഷ്ണപിള്ള,
ഗവൺമെൻറ ചീഫ്സെക്രട്ടറി.

അഞ്ചൽ ഡിപ്പാർട്ടുമെൻറ്.

ജാതി	൧൦൯൮				൧൦൯൯			
	അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം			അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം		
		സ്ഥിരം	പകരം	ആകെ		സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൩൯	...	൧൧	൧൧	൨൫	...	൯	൯
നായന്മാർ	൩൪	൧	൧൦	൧൧	൧൫	൧	൮	൯
മററുസവർണ്ണഹിന്ദു	൭	...	൧	൧	൧	൧	...	൧
ക്രിസ്ത്യാനികൾ	൨൧	...	൮	൮	൬	൨	൨	൪
ഈഴവർ	൬	...	...	...	൨	൩	൧	൪
മഹമ്മദീയർ	൩	...	൧	൧	൨	൧	൧	൨
മററുവർഗ്ഗക്കാർ	൫	...	൧	൧	...	...	...	...
ആകെ	൧൧൫	൧	൩൨	൩൩	൫൦	൮	൨൧	൨൯

കൃഷിയും ഫിഷറിയും ഡിപ്പാർട്ടുമെൻറ്.

ജാതി	൧൦൯൮				൧൦൯൯			
	അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം			അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം		
		സ്ഥിരം	പകരം	ആകെ		സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൧൯	...	൨ (a)	൨	൧൪	...	൧ (ഇ)	൧
നായന്മാർ	൫൭	...	൪ (b)	൪	൩൭	൧ (സി)	൫ (എഫ്)	൬
മററുസവർണ്ണഹിന്ദുക്കൾ	൯	...	...	...	൫	...	൧ (ജി)	൧
ക്രിസ്ത്യാനികൾ	൧൯	...	...	...	൧൩	൨ (ഡി)	൨ (എച്ച്)	൪
ഈഴവർ	൬	...	...	...	൭	...	൨ (ഐ)	൨
മഹമ്മദീയർ	൫	...	...	...	൫	...	...	...
മററുവർഗ്ഗക്കാർ	൬	...	...	...	൫	...	...	...
ആകെ	൧൨൧	...	൬	൬	൮൬	൩	൧൧	൧൪

റിമാർക്ക്—(a) ൩൫ രൂപായിൽ ഒന്ന്. (b) എല്ലാം ൨൦ രൂപായിൽ. (സി) ൨൦ രൂപായിൽ. (ഡി) ൨൫ രൂപായിൽ ഒന്ന്. ൫൦ രൂപായിൽ ഒന്ന്. (ഇ) ൩൫ രൂപായിൽ. (എഫ്) ൩൫ രൂപായിൽ ഒന്ന് ശേഷം എല്ലാം ൨൦ രൂപായിൽ. (ജി) ൨൦ രൂപായിൽ. (എച്ച്) ൨൫ രൂപായിൽ ഒന്ന് ൧൫ രൂപായിൽ ഒന്ന്. (ഐ) ൩൫ രൂപായിൽ ഒന്ന്.

അക്കൗണ്ടു ആഫീസ്.

ജാതി	൧൦൯൮ അപേക്ഷകന്മാരുടെ എണ്ണം	൧൦൯൮ നിയമിച്ചവരുടെ എണ്ണം: സ്ത്രീ	പുരുഷൻ	ആകെ	൧൦൯൯ അപേക്ഷകന്മാരുടെ എണ്ണം	൧൦൯൯ നിയമിച്ചവരുടെ എണ്ണം: സ്ത്രീ	പുരുഷൻ	ആകെ	റിമാർക്ക്: ഗ്രാഡ്യേററ്സ്സിൽ	നാൺ ഗ്രാഡ്യേററ്സ്സിൽ
ബ്രാഹ്മണർ	൩൭	...	൪	൪	൨൦	...	൨	൨	൪	൨
നായന്മാർ	൫൭	...	൫	൫	൭൯	...	൫	൫	൪	൬
മററു സവർണ്ണഹിന്ദുക്കൾ	൧൪	...	൩	൩	൭	...	൪	൪	൫	൨
ക്രിസ്ത്യാനികൾ	൧൩	...	൮	൮	൨൬	...	൫	൫	൬	൭
ഈഴവർ	൧൨	...	൩	൩	൩൧	...	൨	൨	൨	൩
മഹമ്മദീയർ	൮	...	൧	൧	൧൭	...	൩	൩	൨	൩
മററു വർഗ്ഗക്കാർ	൫	...	൨	൨	൩	...	...	...	...	൨
ആകെ	൧൪൬	...	൨൬	൨൬	൧൮൩	...	൨൨	൨൨	൨൩	൨൫

സെക്രട്ടറിയേററ്.

ജാതി	൧൦൯൮ അപേക്ഷകന്മാരുടെ എണ്ണം	൧൦൯൮ നിയമിച്ചവരുടെ എണ്ണം: സ്ത്രീ	പുരുഷൻ	ആകെ	൧൦൯൯ അപേക്ഷകന്മാരുടെ എണ്ണം	൧൦൯൯ നിയമിച്ചവരുടെ എണ്ണം: സ്ത്രീ	പുരുഷൻ	ആകെ	റിമാർക്ക്: ഗ്രാഡ്യേററ്സ്സിൽ	നാൺ ഗ്രാഡ്യേററ്സ്സിൽ
ബ്രാഹ്മണർ	൩൨	൨	൩	൫	൩൦	൧	൫	൬	൩	൮
നായന്മാർ	൪൦	൨	൯	൧൧	൩൯	...	൫	൫	൫	൧൧
മററു സവർണ്ണഹിന്ദുക്കൾ	൧൧	...	൪	൪	൬	...	൧	൧	൩	൨
ക്രിസ്ത്യാനികൾ	൩൮	൨	൩	൫	൧൯	...	൪	൪	൯	...
ഈഴവർ	൧൫	൧	൪	൫	൯	൧	൩	൪	൬	൩
മഹമ്മദീയർ	൭	...	...	...	൧൦	൧	൧	൨	൧	൧
മററു വർഗ്ഗക്കാർ	൧൫	...	൧	൧	൨	...	...	...	...	൧
ആകെ	൧൫൬	൭	൨൪	൩൧	൧൧൫	൩	൧൯	൨൨	൨൭	൨൬

ദേവസ്വം ഡിപ്പാർട്ടുമെന്റ്.

ജാതി	൧൦൯൮ അപേക്ഷക്കാരുടെ എണ്ണം	൧൦൯൮ നിയമിച്ചവരുടെ എണ്ണം: സ്ഥിരം	പകരം	ആകെ	൧൦൯൯ അപേക്ഷക്കാരുടെ എണ്ണം	൧൦൯൯ നിയമിച്ചവരുടെ എണ്ണം: സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൧൪൦	൯	൧൭	൨൬	൧൦൬	...	൧൧	൧൧
നായന്മാർ	൩൪൯	൧൦	൪൪	൫൪	൩൦൬	...	൪൭	൪൭
മറ്റു സവർണ്ണഹിന്ദുക്കൾ	൫൪	൩	൩	൬	൩൪	൧	൭	൮
ക്രിസ്ത്യാനികൾ	...	...	...	...	...		...	...
ഈഴവർ	...	...	...	...	...	...	...	...
മുഹമ്മദീയർ	...	...	...	...	൨	...	...	...
മറ്റു വർഗ്ഗക്കാർ	...	...	...	...	...	...	...	...
ആകെ	൫൪൩	൨൨	൬൪	൮൬	൪൪൮	൧	൬൫	൬൬

റിമാർക്ക—ഭൂരിപക്ഷം നിയമനവും ൩൫ രൂപായിൽ താഴെയാണ്. ൨൫ രൂപായിലോ അതിൽ കൂടുതലോ ആയ സ്ഥിരനിയമനം ആദ്യമായി ആർക്കും കൊടുത്തിട്ടില്ല. ൨൫ രൂപായിൽ കൂടുതലുള്ള പകരത്തിനുള്ള നിയമനങ്ങൾ:—

൨ ഗൃഹസ്ഥാക്കൾ (ബ്രാഹ്മണർ) ൪൦ രൂപ
൧ എസ്റ്റിമേറ്റർ (നായർ) ൩൫ രൂപ
൧ ഗൃഹസ്ഥാ (നായർ) ൩൦ രൂപ
൫ ഗൃഹസ്ഥാക്കൾ (൩ ബ്രാഹ്മണരും ൨ സവർണ്ണഹിന്ദുക്കളും) ൨൫ രൂപ

ഗവർമെന്റ് പ്രസ്സ്.

ജാതി	൧൦൯൮ അപേക്ഷക്കാരുടെ എണ്ണം	൧൦൯൮ നിയമിച്ചവരുടെ എണ്ണം: സ്ഥിരം	പകരം	ആകെ	൧൦൯൯ അപേക്ഷക്കാരുടെ എണ്ണം	൧൦൯൯ നിയമിച്ചവരുടെ എണ്ണം: സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൪	...	൧	൧	൫	...	...	...
നായന്മാർ	൨	...	൨	൨	൧൭	...	൪	൪
മറ്റു സവർണ്ണഹിന്ദുക്കൾ	...	...	...	...	൧൧	...	൩	൩
ക്രിസ്ത്യാനികൾ	൩	...	൨	൨	൮	...	൩	൩
ഈഴവർ	...	...	...	...	൧	...	൧	൧
മുഹമ്മദീയർ	...	...	...	...	...	...	...	...
മറ്റു വർഗ്ഗക്കാർ	...	...	...	...	...	...	...	...
ആകെ	൧൧	...	൬	൬	൪൧	...	൧൧	൧൧

റിമാർക്ക—൨൫ രൂപായിൽ ൧ ബ്രാഹ്മണനും, ൧ നായരും, ൧ ക്രിസ്ത്യാനും ൪൦ രൂപയിൽ ഒരു ക്രിസ്ത്യാനും ഒഴിച്ചു ശേഷമുള്ളവർക്കെല്ലാം ൨൦ രൂപായിൽ കീഴായ ശമ്പളമാകുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെൻറ.

ജാതി	൧൦൯൮				൧൦൯൯			
	അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം			അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം		
		സ്ഥിരം	പകരം	ആകെ		സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	...	...	...	...	...	൧	൩	൪
നായന്മാർ	...	...	൪	൪	...	൪	൪	൮
മറ്റു സവർണ്ണഹിന്ദുക്കൾ	...	...	൩	൩	...	൨	൪	൬
ക്രിസ്ത്യാനികൾ	...	...	൮	൮	...	൮	൧൦	൧൮
ഈഴവർ	...	...	൧	൧	...	൨	൨	൪
മഹമ്മദീയർ	...	...	...	...	...	...	൨	൨
മറ്റു വർഗ്ഗക്കാർ	...	...	...	...	...	...	...	...
ആകെ	...	...	൧൬	൧൬	...	൧൭	൨൫	൪൨

റിമാർക്ക്—൧൦൯൮-ലും ൧൦൯൯-ലുമുള്ള അപേക്ഷകന്മാരുടെ എണ്ണം കൊടുത്തിട്ടില്ല. സർവ്വീസുകളൊഴിച്ചു ശേഷമെല്ലാ നിയമനങ്ങളും ൨൫ രൂപായിൽ താഴെയാണ്. ൧൩ സർവ്വീസുകളുള്ളതിൽ ൭ ക്രിസ്ത്യാനികളും, ൨ നായർസ്ത്രീകളും, ൨ ഈഴവസ്ത്രീകളും, ൨ മറ്റു സവർണ്ണഹിന്ദുക്കളും ആകുന്നു.

പോലീസ് ഡിപ്പാർട്ടുമെൻറ.

ജാതി	൧൦൯൮				൧൦൯൯			
	അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം			അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം		
		സ്ഥിരം	പകരം	ആകെ		സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൧൯	...	൨	൨	൨൫	...	...	...
നായന്മാർ	൬൫	...	൧൧	൧൧	൧൨൦	൩	൪	൭
മറ്റു സവർണ്ണഹിന്ദുക്കൾ	൨	...	൧	൧	൩	...	...	...
ക്രിസ്ത്യാനികൾ	൩൬	...	...	...	൫൬	...	൩	൩
ഈഴവർ	൮	.	...	...	൧൫	...	...	...
മഹമ്മദീയർ	൫	...	...	...	൯	...	...	...
മറ്റു വർഗ്ഗക്കാർ	...	...	...	...	...	...	...	...
ആകെ	൧൩൫	...	൧൪	൧൪	൨൧൮	൩	൭	൧൦

റിമാർക്ക്—എല്ലാ നിയമനങ്ങളും ൨൫ രൂപായിൽ താഴെയാണ്. പകരത്തിനു ൩ പേരെ ൧൫ രൂപാ ശമ്പളത്തിൽ നിയമിച്ചിട്ടുള്ളതിൽ രണ്ടു നായന്മാരും, ഒരു [illegible]ളും ഉൾപ്പെടുന്നു.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ.

ജാതി	൧൦൯൮				൧൦൯൯			
	അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം			അപേക്ഷകന്മാരുടെ എണ്ണം	നിയമിച്ചവരുടെ എണ്ണം		
		സ്ഥിരം	പകരം	ആകെ		സ്ഥിരം	പകരം	ആകെ
ബ്രാഹ്മണർ	൧൭	...	...	...	൪൧	...	൩	൩
നായന്മാർ	൧൩൦	...	...	...	൧൩൫	...	൭	൭
മററു സവർണ്ണഹിന്തുക്കൾ	൩൦	..	...	...	൪൧	....	൨	൨
ക്രിസ്ത്യാനികൾ	൪൯	...	...	..	൭൫	...	൨	൨
ഈഴവർ	൨൦	...	...	...	൧൭	...	൨	൨
മഹമ്മദിയർ	൧൧	...	...	...	൧൭	...	൧	൧
മററു വർഗ്ഗക്കാർ	൧	...	...	...	൨	...	...	...
ആകെ	൨൫൮	...	...	...	൩൨൮	...	....	൧൭

റിമാർക്ക്, [illegible]മാത്രം ൨൫ രൂപായിലും മററുനിയമനങ്ങളെല്ലാം ൨൦ രൂപായിലും അതിനു താഴെയും ആകുന്നു.

അനുബന്ധം II.

൩൫൨-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

സെക്രട്ടറിയേററിൽനിന്നും സ്ഥലംമാററപ്പെട്ട ആളുകളുടെ എണ്ണം കാണിക്കുന്ന സ്റ്റേറമെൻറ.

സ്ഥലംമാററപ്പെട്ട ഡിപ്പാർട്ടുമെൻറിന്റെ പേര്	൧൦൯൭	൧൦൯൮	൧൦൯൯	൧൧൦൦
റവന്യൂ	...	൪	...	൧
മജിസ്റ്റീരിയൽ	൧	൧	൨	൨
എക്സൈസ്	...	...	...	...
രജിസ്ട്രേഷൻ	...	...	...	...
ദേവസ്വം	൬	൧	൧	൧

വെളിയിൽനിന്നും സെക്രട്ടറിയേററിലേക്ക് സ്ഥലംമാററപ്പെട്ട ആളുകളുടെ എണ്ണം കാണിക്കുന്ന സ്റ്റേറമെൻറ.

ഏതുഡിപ്പാർട്ടുമെൻറിൽനിന്നു സ്ഥലം മാററപ്പെട്ടുവോ അതിന്റെ പേര്	൧൦൯൭	൧൦൯൮	൧൦൯൯	൧൧൦൦
റവന്യൂ	൩	൬	൧	൨
അക്കൌണ്ട് ആഫീസ്	൧	...	...	...
കൊട്ടാരം	൧	...	...	...
റായൽ സ്റ്റേബിൾസ്	...	...	൧	...
മജിസ്റ്റീരിയൽ	..	...	...	൧

അനുബന്ധം III.

൩൭൮-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ചില താലൂക്കുകളിൽ ഉള്ള ഈഴവരുടെ ജനസംഖ്യയുടെ സ്റ്റേറമെൻറ.

താലൂക്കുകൾ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
൧. കൊട്ടാരക്കര	൮,൫൯൧	൮,൦൩൧	൧൬,൬൨൨
൨. പത്തനം	൪,൮൫൯	൪,൪൫൪	൯,൩൧൩
൩. ചെങ്കോട്ട	൫൭൫	൩൯൬	൯൭൧
൪. ചിറയിൻകീഴ്	൨൫,൨൬൧	൨൬,൧൬൯	൫൧,൪൩൦
൫. തിരുവനന്തപുരം	൧൨,൨൫൮	൧൨,൧൩൩	൨൪,൩൯൧
൬. കൊല്ലം	൨൨,൧൫൦	൨൨,൧൭൮	൪൪,൩൨൮
൭. നെടുമങ്ങാട്	൬,൬൪൫	൬,൩൯൧	൧൩,൦൩൬
൮. നെയ്യാററിൻകര	൧൧,൨൧൧	൧൧,൪൦൧	൨൨,൬൧൨
൯. വിളവൻകോട്	൧൭൬൩	൧,൬൮൨	൩,൪൪൫
൧൦. കൽക്കുളം	൮൬൨	൮൫൯	൧,൭൨൧
൧൧. അഗസ്തീശ്വരം	൪൯൮	൫൦൭	൧,൦൦൫
൧൨. തോവാള	൪൨൨	൫൦൯	൯൩൧

അനുബന്ധം IV.

൩൬൯-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ൧൧൦൧-൧-൧-നു നിലയനുസരിച്ച് ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള സ്റ്റേറ്റ്മെന്റ്.

ജാതി	ഇൻസ്പെക്ടറന്മാർ	സബ് ഇൻസ്പെക്ടറന്മാർ	ഷെറി ആഫീസറന്മാർ	ശിപായികൾ
ബ്രാഹ്മണർ (മലയാള) ബ്രാഹ്മണർ (മററ)	൧൧	൫	൩൭	൩൦
നാടാർ	...	൧	...	൧
ഈഴവർ	൨	൫	൬	൩൮
കമ്മാളർ	...	...	൨	൩
നായന്മാർ	൨൮	൨൧	൧൫൭	൯൧൬
അധഃകൃതവർഗ്ഗക്കാർ	...	...	൩	൨൦
വെള്ളാളർ	൩	൩	൧൫	൬൪
മററു ഹിന്ദുക്കൾ	൨	...	൧൫	൬൫
മഹമ്മദിയർ	൪	൬	൧൦	൪൫
പ്രൊട്ടസ്റ്റന്റ്സ്	൪	൪	൧൦	൧൩
റോമൻകത്തോലിക്കർ	൨	൮	൧൦	൩൫
ജാക്കോബയിറ്റ്സിറിയൻസ്	...	൮	൭	൫൭
റിഫാറംസ് സിറിയൻസ്	൧	൩	൬	൨൬
റോമോസിറിയൻസ്	...	...	൨	൫
ആകെ	൫൭	൬൪	൨൮൦	൧,൩൧൮

പൊതുജനോപയോഗങ്ങളായ സംഗതികളെ സംബന്ധിച്ച പ്രമേയങ്ങൾ.

നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതൽ

പ്രസിഡണ്ട്. തൊഴിലില്ലായ്മയെസംബന്ധിച്ച് പ്രമേയം ഇടച്ചുയായി വാദപ്രതിവാദത്തിനെടുക്കുന്നതിനുമുമ്പു അദ്ധ്യക്ഷനായിരിക്കുവാൻ ഡെപ്യൂട്ടിപ്രസിഡണ്ടിനു ദയവുണ്ടെങ്കിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷത്തിൽ അനൗദ്യോഗസ്ഥമെമ്പറന്മാർ, നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യത്തെപ്പററി ആലോചിക്കുവാനായിട്ടുള്ള കമ്മിററിയിൽ പ്രവൃത്തിനടത്തുവാൻ, അവരിൽനിന്നുതന്നെ നാലുപേരെ തിരഞ്ഞെടുക്കുന്നതായാൽ അത് എനിക്കു ഏററവും സന്തോഷകരമായിട്ടുള്ളതായിരിക്കും. ഈ തിരഞ്ഞെടുപ്പ് ലഘുഭക്ഷണത്തിനായിട്ടുള്ള വിശ്രമാവസരത്തിലോ അല്ലെങ്കിൽ ഡെപ്യൂട്ടേഷൻ നാഗനാട്ടുബിൽസംബന്ധിച്ച ആലോചന അവസാനിച്ചശേഷം, അതായതു രണ്ടുമണിക്കും ൩ മണിക്കും ഇടയിലോ, അല്ലെങ്കിൽ ൫ മണിക്കു ശേഷമോ നടത്താവുന്നതാണ്.

മി. വി. സബ്ബയ്യർ (നിയമിതമെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്) ഉച്ചയ്ക്ക ൨-൪൫-നും ൩-നും മദ്ധ്യേ ഞങ്ങൾ അതു നടത്തിക്കൊള്ളാം.

പ്രസിഡണ്ട്. തിരഞ്ഞെടുപ്പ് ൨-൪൫-ന്ശേഷം ആരംഭിച്ച് ൩ മണിക്കു അവസാനിക്കുവാൻ ഡെപ്യൂട്ടിപ്രസിഡണ്ട് തയ്യാറായിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള) പ്രീഫാംസ് ഫൂറംസ് കമ്മിററിയുടെ റിപ്പോർട്ട് പ്രസിദ്ധംചെയ്യുന്നതുസംബന്ധിച്ചു നിയമത്തെപ്പററി പ്രതിജ്ഞചെയ്തതു പ്രസിഡണ്ടിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

പ്രസിഡണ്ട്. ആ സംഗതിയെപ്പററി ആലോചിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ട്. തൊഴിലില്ലായ്മയെസംബന്ധിച്ച പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദം നമുക്കു ആരംഭിക്കാം.

തൊഴിലില്ലായ്മയെസംബന്ധിച്ച കമ്മിററി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു. പ്രമേയം അവതരിപ്പിച്ച ബുദ്ധിമാൻ ഏററവും പ്രയാസമേറിയതും രസോൽപ്പാദകവുമായ പ്രദേശത്തിൽകൂടിയാണ് പ്രയാണം ചെയ്തിട്ടുള്ളത്. പ്രധാനങ്ങളായ തത്വങ്ങളും വിവരങ്ങളും ഗ്രഹിക്കുന്നതിലുള്ള സ്വാഭാവികമായസാമർത്ഥ്യംകൊണ്ടു അദ്ദേഹം തൊഴിലില്ലായ്മനിമിത്തം ഉണ്ടാകാവുന്നദോഷങ്ങളെ നമുക്കു കാണിച്ചുതന്നിരിക്കുന്നു. തൊഴിലില്ലായ്മ എല്ലാരാജ്യങ്ങളിലും സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ വിഷമതകളെയും ബുദ്ധിമുട്ടുകളെയും ഉളവാക്കുന്നുണ്ട്. എന്നാൽ തിരുവിതാംകൂറിലെ തൊഴിലില്ലായ്മ പാശ്ചാത്യരാജ്യങ്ങളിലേതിൽനിന്നും വളരെ ഭിന്നമായിട്ടുള്ളതാണ്. ആ രാജ്യങ്ങളിൽ വേല ചെയ്യുന്നതിനു മനസ്സും ശക്തിയും ഉള്ളവർക്കു അവിടങ്ങളിലെ ഭൂമിയുടെയും വേലയുടെയും, ധനത്തിന്റെയും സ്ഥിതിഭേദംകൊണ്ടു വേല കിട്ടുന്നതിന് സാധിക്കാതെവരുന്നുണ്ട്. തിരുവിതാംകൂറിലാകട്ടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്ന രീതിയാണു വേറെയാണ്. ആധുനികമാനവും വിദ്യാഭ്യാസം വർദ്ധിപ്പിച്ചു മേന്മനേടുവാനാകുന്നു ഈ സംസ്ഥാനത്തെ ഗവണ്മെന്റ് ആഗ്രഹിക്കുന്നതു. ഇൻഡ്യയിലെ മററുള്ളഭാഗങ്ങളെക്കാളും കൂടുതലായി ഈ രാജ്യത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപിച്ചുകഴിഞ്ഞു. സംസ്ഥാനത്തിലെ മൊത്തചെലവിൽ ഒരു വലിയതുക ഉയർന്നതരം വിദ്യാഭ്യാസത്തിനായിട്ടു ചെലവു ചെയ്തിട്ടുണ്ട്,

യ്യുവാൻ ഇവിടത്തെ ഗവണ്മെന്റിനു ഭാഗ്യംസിദ്ധിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലം ഗവണ്മെന്റ് ഉദ്യോഗത്തിനായി ജനങ്ങളുടെയിടയിലുണ്ടായിട്ടുള്ള വഴക്കുമാത്രമാണ്. ഇതുനിമിത്തമുണ്ടായിട്ടുള്ള ദോഷഫലം തിരുവിതാംകൂറിലെപ്പോലെ വിസ്താരമേറിയ ഈ ഇൻഡ്യാസാമ്രാജ്യത്തിൽ മറെറാരുസ്ഥലത്തുമില്ല. സർവ്വസാധാരണമായി ത്തീർന്നിരിക്കുന്ന ജീവിതമത്സരത്തോടുകൂടി തന്നെ ഉദ്യോഗസ്ഥാനവിഭാഗത്തിനായിട്ടുള്ള ജാതിവഴക്കും സമുദായമത്സരവും അതിന്റെ ഏററവും നികൃഷ്ടമായരൂപത്തിൽ നിലനിന്നുപോരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും തെക്ക): സമുദായസംബന്ധമായ ഏതെങ്കിലും തൊഴിലില്ലായ്മ ഉണ്ടോഎന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകിഴ്): തൊഴിലില്ലായ്മയുണ്ടെങ്കിൽ അതു ഒരു പ്രത്യേകസമുദായത്തെമാത്രം സംബന്ധിക്കുന്നതായിരിക്കുമോ അതോ അതു് സംസ്ഥാനത്തിലുള്ള എല്ലാ സമുദായങ്ങളേയും ഒന്നുപോലെ സംബന്ധിക്കുന്നതായിരിക്കയില്ലയോ? എന്നുള്ള ചോദ്യം ഞാൻതന്നെ മെമ്പറോടു ചോദിക്കും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും തെക്ക): എന്നോടു മെമ്പർ ചോദ്യംചോദിച്ചതു നിയമത്തിനു വിപരീതമാണെന്നു വ്യസനസമേതം പറഞ്ഞുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സമുദായങ്ങളുടേയും വ്യക്തികളുടേയും അവകാശവാദത്തിനായി വർത്തമാനപ്പത്രങ്ങൾ എത്രമാത്രം സ്ഥലം ചെലവുചെയ്യുന്നു.

മി. കെ. സി. ജോസഫ് (മീനച്ചിലും ദേവികുളവും): വർത്തമാനപ്പത്രറിപ്പോർട്ടുകളെപ്പററി പരാമർശിച്ചുപറയുവാൻ മെമ്പർക്കു അനുവാദമുണ്ടോഎന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതെങ്കിലും പ്രത്യേക വർത്തമാനപ്പത്രങ്ങളിൽനിന്നും ഏതെങ്കിലും പ്രസ്താവങ്ങളെ ഞാൻ പ്രത്യേകമായി എടുത്തിട്ടില്ല. വർത്തമാനപ്പത്രങ്ങളെപ്പററി പൊതുവെമാത്രം ഞാൻ പരാമർശിക്കുന്നു എന്നേ ഉള്ളൂ.

പൊതുജനങ്ങളുടെ മനസ്സു മിക്കവാറും അവസരങ്ങളിലും വളരെ ക്ഷോഭിച്ചുകാണപ്പെടുന്നുണ്ട്. ഇപ്പോഴത്തെസ്ഥിതി ആകപ്പാടെ വളരെ ഭയജനകമായിത്തീർന്നിരിക്കുന്നു. ഗവണ്മെന്റിന്റെ അധികാരത്തിനും ഈ നാട്ടിലെ സമാധാനത്തിനും ഹാനിതട്ടത്തക്കവിധത്തിൽ വല്ല വർഗ്ഗീയവാദങ്ങൾ നടത്തിപ്പോരുന്നതു്.

മിസ്റ്റർ കുമാരപിള്ള നിർദ്ദേശിച്ചതുപോലെ ബിരുദധാരികളും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുമായ യുവാക്കന്മാരുടെ സംഖ്യ ഭയജനകമാകുംവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജോലിയൊന്നുംഇല്ലാതെ അലസന്മാരായി തീർന്നിരിക്കുന്ന ഇവർക്കു ചിലപ്പോൾ കൃത്രിമം പ്രവർത്തിക്കുന്നതിനു വാസനയുണ്ടാകുന്നു. ഈ സംഗതിയെസംബന്ധിച്ചു കൽക്കട്ടാ സർവകലാശാല കമ്മീഷനിലെ മെമ്പർമാർ വളരെ ശക്തിയോടുകൂടി പ്രവർത്തിച്ചുകാണുന്നുണ്ട്. തിരുവിതാംകൂറിലെ ഇന്നത്തെ സ്ഥിതി ബംഗാളിലെ സ്ഥിതിയോടു മിക്കവാറും യോജിച്ചതാണ്. അവരുടെ റിപ്പോർട്ടു ഏകദേശം ഇപ്രകാരമാണ്.

"ബംഗാളിലെ ശേഷിമാന്മാരായ യുവാക്കന്മാരുടെ ഒരു വലിയഭാഗം ശുദ്ധമേ സാഹിത്യപരമായ രീതിയിൽ വിദ്യാഭ്യാസപരിശീലനം ചെയ്തുവരുന്നു എന്നുള്ള അനുമാനത്തെ എതിർക്കുന്നതു പ്രയാസമായിത്തീർന്നിരിക്കുന്നു. ഇൻഡ്യാക്കാരും ഇംഗ്ലീഷുകാരും അടങ്ങിയ എല്ലാഭാഗത്തിൽനിന്നും ലഭിക്കുന്ന തെളിവുകളെ പരിശോധിക്കുന്നതായാൽ അപൂർവം ചിലർ അവരുടെ യോഗ്യതകൾക്കനുസരണമായ പരിപൂർണ്ണപ്രാപ്തിനേടി ഏററവും പ്രാധാന്യമേറിയ സ്ഥാനങ്ങളിൽ പരിശോഭിച്ചുവരുന്നതായും, സർവകലാശാലാബിരുദധാരികളായ എല്ലാവരും പ്രായോഗികമായി ഏതെങ്കിലുംതരത്തിലുള്ള ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതായും കാണാമെന്നു വരികിലും, ബംഗാളിലെ സർവകലാശാലാബിരുദങ്ങൾ സമ്പാദിച്ചവരൊ, കലാശാലാഭാഗതിയുടെ പ്രാരംഭഘട്ടത്തിൽമാത്രം എത്തി ബഹിർഗമനത്തിനുള്ള മാർഗ്ഗം കാണാതേയും യോഗ്യതകൾക്കനുയോജ്യമാംവണ്ണം ഉദ്ദിഷ്ടസ്ഥാനം ലഭിക്കാതേയും കഷ്ടപ്പെടുന്ന ഒട്ടുവളരേപ്പേർ ഉണ്ടെന്നുള്ളതു് വാസ്തവമായ ഒരു കാര്യമാണ്. ഏവംവിധമായ ഫലത്തിലേയ്ക്കു ജനങ്ങളെനയിക്കുന്ന ഒരു ഏർപ്പാടു സാമ്പത്തികമായി നോക്കുന്നതായാൽ വ്യർത്ഥവ്യയത്തിനും, സാമുദായികമായി നോക്കുന്നതായാൽ ആപത്തിനും കാരണമായി തീരുന്നതിനപുറമെ, അവസാനത്തിൽ ബുദ്ധിശക്തിയുടെ ക്ഷയത്തിനും കാരണമായിത്തീരുന്നതാകുന്നു എന്നും സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ശേഷിമാന്മാരായ യുവാക്കന്മാർ, പ്രയാസമേറിയ പരിശീലനം നടത്തിയതിനുശേഷം, ഇപ്രകാരമുള്ള അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നുകാണുമ്പോൾ, അത്യധികം നിരാശന്മാരായിത്തീരുന്നതിനുപുറമെ, സകല രാജ്യങ്ങളിലുമുള്ള അസംതൃപ്തരായജനങ്ങൾ സാധാരണ ചെയ്യുന്നതുപോലെതന്നെ വിശേഷിച്ചും ഇൻഡ്യായിലും അവർ അവരുടെ തൽക്കാലസ്ഥിതിയ്ക്കുള്ള കാരണത്തിനു തങ്ങളുടെ ഗവണ്മെന്റിനെ കുററപ്പെടുത്തുകയുംചെയ്യും. ബംഗാളിൽ ഏതാനും വർഷങ്ങളിലായി കഷ്ടതകൾക്കും ബുദ്ധിമുട്ടിനും കാരണമായിത്തീർന്നുന്ന അരാജകത്വപ്രസ്ഥാനത്തിനുള്ള മുഖ്യകാരണം ആശാഭംഗരായ ഈ കൂട്ടരിൽനിന്നും ലഭിച്ചിട്ടുള്ള സഹായമാണെന്നു ചിലർ വ്യാഖ്യാനിച്ചിട്ടുമുണ്ട്. ഈ പ്രസ്ഥാനം ഇവരിൽനിന്നും അനേകംപേരെ ആകർഷിച്ചിട്ടുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണ്" (൧൯൧൭-൧൯-ലെ കൽക്കട്ടാ സർവകലാശാല കമ്മീഷൻ റിപ്പോർട്ട് വാല്യം ൫ ഭാഗം ൫ പുറങ്ങൾ ൨൨–൨൩).

തിരുവിതാംകൂറിലെ ഇപ്പോഴത്തെസ്ഥിതി, ഈ റിപ്പോർട്ടു സമർപ്പിച്ചകാലത്തു ബംഗാളിൽ വ്യാപിച്ചിരുന്ന സ്ഥിതിയോടു ഏറക്കുറെ സാമ്യമുള്ളതാണ്. ഇതുപോലെ നിരാശന്മാരും വിദ്യാഭ്യാസം സിദ്ധിച്ചവരുമായ ഒരുകൂട്ടം യുവാക്കന്മാർ ഉണ്ടായിരിക്കുന്നതു് ഏതു ഗവണ്മെന്റിനും എപ്പോഴും ഉപദ്രവകാരണമായിത്തീരുന്നതാകുന്നു.

മി. സി. പി. തോമസ് (നിയമിതമെമ്പർ): തിരുവിതാംകൂറിൽ ഈ രീതിയിലുള്ള വിദ്യാഭ്യാസത്തിന് സൌകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഈ സഭതന്നെ ആവശ്യപ്പെട്ടിട്ടുള്ളതു് വാസ്തവമല്ലയോഎന്ന് മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അത് അദ്ദേഹത്തിനുള്ള അറിവായിരിക്കാം, എന്റെ അറിവ് നേരേ വിപരീതമാണ്. പൊതുജനങ്ങൾ ഇപ്പോഴത്തെ വിദ്യാഭ്യാസ വ്യവസ്ഥയെ ആകമാനം നിന്ദിക്കുകയാണ് ചെയ്യുന്നത്.

മി. സി. പി. തോമസ് (നിയമിതമെംബർ): വിദ്യാർത്ഥികൾ തിരുവിതാംകൂറിൽനിന്നും പുറമേപോകാനിടയാകാതിരിക്കത്തക്കവണ്ണം പ്രവേശനം വർദ്ധിപ്പിക്കുവാൻ കാളേജുകളിൽ വേണ്ട സൗകര്യങ്ങൾ ചെയ്യേണ്ടതാണെന്ന് ഈ സഭയും പത്രങ്ങളും ആവശ്യപ്പെട്ടിട്ടുള്ളതായി മെംബർക്ക് അറിവുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില മെംബർമാരുടെ അഭിപ്രായം അപ്രകാരമായിരിക്കാം. ഈ സഭയിലെ മററു മെംബർമാരുടെ അഭിപ്രായത്തിനു ഞാൻ വശംവദനായിരിക്കണമെന്നില്ല. ഞാൻ ബഡ്ജററിനെസംബന്ധിച്ചു ചെയ്ത പ്രസംഗത്തെപ്പററി മെംബർ പരാമർശിക്കുന്നതായാൽ, കഴിയുമെങ്കിൽ കാളേജുവിദ്യാഭ്യാസം കൂടുതൽ ചിലവുള്ളതാക്കിത്തീർക്കണമെന്ന് ഞാൻ നിർബന്ധിച്ചിട്ടുള്ളതായി കാണാവുന്നതാണ്.

മി. സി. പി. തോമസ് (നിയമിതമെംബർ): അതിനെപ്പററി അറിവുണ്ടോ എന്നുമാത്രമാണ് ഞാൻ ചോദിച്ചത്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു അറിവുണ്ട്. ലോകത്തിലെക്കാൾ വെച്ചു കൂടുതൽ രാഷ്ട്രീയത്തിലുള്ളവർ ഒരുക്ക തിരുവിതാംകൂറിലെ ജനങ്ങളാണെന്നുള്ളത് വാസ്തവമാകുന്നു. എന്നാൽ വളരെനാളായി നീണ്ടുനിൽക്കുന്ന തൊഴിലില്ലായ്മ രാഷ്ട്രീയമായ അസ്വാസ്ഥ്യത്തിന് നിശ്ചയമായും കാരണമായിത്തീരുന്നതാണെന്ന് സമ്മതിക്കതന്നെ വേണം. അതുകൊണ്ടു അപ്രകാരമുള്ള സ്ഥിതിനിമിത്തം ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ ഇല്ലായ്മചെയ്യേണ്ടതു ഗവൺമെന്റിന്റെ ചുമതലയാകുന്നു. ഒരു നീട്ടിവയ്ക്കുന്നതേറെ കുഴപ്പം വൈഷമ്യത്തിനു കാരണമായിത്തീരുന്നതുമാണ്.

വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പ്രജകൾക്കെല്ലാവർക്കും സർക്കാരുദ്യോഗം കൊടുക്കുന്നതിന് ഗവൺമെന്റിന് സാധിക്കുന്നതല്ലെന്നുള്ളത് സമ്മതിക്കതന്നെവേണം. യോഗ്യവും ആദായകരവുമായവിധത്തിൽ ജീവിതവൃത്തിക്കുതകുന്ന പുതിയമാർഗ്ഗങ്ങൾ തുറക്കുന്നതുതന്നെയാകുന്നു ഈ ദോഷത്തെ നിവാരണംചെയ്യുന്നതിനുള്ള ഏക ഉപായം. രാജ്യത്തിൽ ഒരിക്കലും അവസാനിക്കാത്തതായ പ്രകൃതിവിഭവങ്ങൾ സ്വീകാരയോഗ്യങ്ങളായി കിടപ്പുണ്ട്. കൃഷിചെയ്യുവാൻ കൊള്ളാവുന്ന അനവധിസ്ഥലങ്ങൾ ഉപയോഗിക്കാതെകിടക്കുന്നുണ്ട്. സംസ്ഥാനത്തിലെ ജലവൈദ്യുതശക്തി ശരിയായി നിയന്ത്രിക്കപ്പെടാതെയും, ധനം യോഗ്യമായ നിക്ഷേപസ്ഥാനം കാണാതെ അങ്ങുമിങ്ങും ചിതറിയുംകിടക്കുന്നു. വിദ്യാസമ്പന്നരായ സ്ത്രീപുരുഷന്മാർക്ക് കാലക്ഷേപത്തിനും സുഖജീവിതത്തിനുമുള്ള വഴി നാം കണ്ടുപിടിക്കാത്തതിലല്ലെങ്കിൽ സാഹിത്യപരമായ വിദ്യാഭ്യാസം ജനങ്ങളുടെ ഭൗതികമായ സുഖത്തിനു കാരണമായിത്തീരുന്നതല്ല. ഈ കാര്യവിവരപ്പട്ടികയിൽ കുറെ താഴെയായി മിസ്റ്റർ ജി. രാമൻമേനവൻ ഒരു പ്രമേയം അവതരിപ്പിക്കുവാൻപോകുന്നു എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആ പ്രമേയം സൂക്ഷ്മമായി വാദപ്രതിവാദംചെയ്തു സഭ സ്വീകരിക്കുന്നപക്ഷം അതുമൂലം തൊഴിലില്ലായ്മയ്ക്കു ഒരു ശരിയായ പരിഹാരമാർഗ്ഗം ഉണ്ടാകുന്നതാണ്. മിസ്റ്റർ മേനവന്റെ പ്രമേയം തിരുവിതാംകൂറിന്റെ വ്യവസായികവും സാമ്പത്തികവുമായ അഭിവൃദ്ധിക്കു ആവശ്യമായുള്ള മാർഗ്ഗങ്ങളെ നിശ്ചിതമായും വെളിപ്പെടുത്തുന്നതാകകൊണ്ടു ഈ പ്രയാസമേറിയ സംഗതിയെസംബന്ധിച്ച് ശക്തിമത്തായി പ്രവർത്തിക്കുന്നതിന് ഗവൺമെന്റിനെ അത് സഹായിക്കുമെന്ന് എനിക്കു നിശ്ചയമുണ്ട്.

മി. എസ്. പറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അദ്ദേഹം ഉദ്ദേശിക്കുന്ന പ്രമേയം ഏതാണെന്ന് പറയുമോ? ഡവലപ്പ്മെന്റ ഡിപ്പാർട്ടുമെന്റുകളുടെ സംഘടനത്തിനായിട്ടുള്ള പ്രമേയമാണോ അത്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ, ആ പ്രമേയംതന്നെ.

മി. എസ്. പറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഡവലപ്പ്മെന്റ ഡിപ്പാർട്ടുമെന്റുകളുടെ സംഘടനം തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുമോ കുറയ്ക്കുമോ ഏതാണു ചെയ്യുന്നത് എന്നു പറയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തൊഴിലില്ലായ്മനിമിത്തം ഇപ്പോൾ ഉണ്ടായിട്ടുള്ള കഷ്ടതയ്ക്കു വലുതായ പരിഹാരം അതുനിമിത്തം ഉണ്ടാകുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. പോൾ ഡാനിയൽ (നിയമിത മെംബർ): തൊഴിലില്ലായ്മ എന്ന വിഷയത്തിന്റെ ഒരു ഭാഗത്തെപ്പററി അല്പം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, തൊഴിലില്ലായ്മ നാൾക്കുനാൾ ഗൗരവതരമായി വർദ്ധിച്ചുകൊണ്ടുതന്നെവരുന്നു. അതു നമ്മുടെ നാട്ടിലെ ജനങ്ങളുടെ സമാധാനത്തേയും തൃപ്തിയേയും ഭഞ്ജിക്കത്തക്കവിധത്തിലുള്ള നിലയെ പ്രാപിച്ചിരിക്കുന്നു. ഇപ്രകാരം പറയുന്നതിൽനിന്നും ഈ അവസ്ഥ തിരുവിതാംകൂറിനെമാത്രം സംബന്ധിക്കുന്നതായി ഞാൻ ഉദ്ദേശിക്കുന്നു എന്നു വിചാരിക്കരുത്. നമ്മുടെ അറിവിൽപ്പെട്ടിടത്തോളം ലക്ഷിണച്ചൻ ധ്യായിലെ സ്ഥിതിയും മിക്കവാറും ഇതുപോലെതന്നെ സങ്കടകരമായിരിക്കുന്നു എന്നു നാം കാണുന്നു. ഇൻഡ്യയെവിട്ടു നമുക്കു ഏററവും അടുത്തുപരിചയമുള്ള ഉൽകൃഷ്ടമായ വിദേശരാജ്യത്തെ—ഞാൻ ഉദ്ദേശിക്കുന്നതു ഇംഗ്ലണ്ടിനെയാണ്—സ്ഥിതിയെന്താണെന്നു പരിശോധിച്ചുനോക്കുന്നതായാൽ അവിടെയും ഈ തൊഴിലില്ലായ്മയെന്നതു രാജ്യത്തിനുമാത്രമല്ല ഭരണാധികാരത്തിനും വലുതായ ഉപദ്രവത്തിനു കാരണമായിട്ടാണിരിക്കുന്നതെന്നു കാണാവുന്നതാണ്. എന്നാൽ ഇംഗ്ലണ്ടിൽ തൊഴിലില്ലായ്മ എന്ന പദം ഏതർത്ഥത്തിൽ ഉപയോഗപ്പെടുത്തിവരുന്നോ അതിൽനിന്നും വ്യത്യാസമായ അർത്ഥത്തിലാണ നാം അതിനെ നമ്മുടെ രാജ്യത്തിൽ ഉപയോഗിക്കുന്നത്. ഏതുവേലകൊടുത്താലും ഉത്സാഹത്തോടും പൂർണ്ണമനസ്സോടും ചെയ്യുവാൻ തയ്യാറായിട്ടുള്ളവരും പ്രാണധാരണത്തിനായി ദിവസംതോറുമോ ആഴ്ചതോറുമോ ലഭിക്കുന്ന കൂലികൊണ്ട് ഏതുതരം ദ്രവ്യവും സമ്പാദിക്കുവാൻ കഴിയില്ലാത്തവരുമായ ആളുകളുടെ തൊഴിലില്ലായ്മയാകുന്നു അവിടെയുള്ളത്. ഇവിടെ വേലചെയ്യുവാൻ മടിയില്ലാത്തവരുമായ ആളുകളുടെ

ിച്ചു, പ്രായംചെന്നവരും കുട്ടികളും ചില പ്രത്യേകം ജോലികൾക്കും ജീവിതമാർഗ്ഗങ്ങൾക്കും പ്രത്യേകമായ മാഹാത്മ്യം കല്പിച്ചുവരുന്നു. അവർക്കുള്ള ദുഃഖവും കളഞ്ഞിട്ട് മുൻപ്രസ്താവിച്ച ജോലികളോ മാർഗ്ഗങ്ങളോ സ്വീകരിക്കുന്നതിനു അവർ വളരെ ശ്രമിക്കുന്നു. ഈ തരത്തിലുള്ള തൊഴിലില്ലായ്മയാണ് ഇവിടെയുള്ളത്. ഇവിടെയുള്ളവർ അവരുടെ കൈകൾക്ക് അഴുക്കുപറ്റുന്ന യാതൊരു വേലയും ചെയ്യുന്നവരല്ല. അതുകൊണ്ട്, തിരുവിതാംകൂറിലെ തൊഴിലില്ലായ്മ പ്രത്യേകസ്വഭാവത്തോടുകൂടിയതാണ്. പ്രമേയം അവതരിപ്പിച്ച ആൾ ഇന്നലെ എത്രയും വാഗ്മിയോടും ശക്തിമത്തായും നിർദ്ദേശിച്ചതുപോലെ നമ്മുടെ രാജ്യത്തിൽ ഒട്ടധികം ഭൂമി കൃഷിചെയ്യപ്പെടാതെ കിടപ്പുണ്ട്. ഒരുകാലത്തു നമ്മുടെ രാജ്യത്തിൽ വളർന്നുകൊണ്ടിരുന്ന കൈത്തൊഴിലുകൾ ഇന്ന് ക്രമേണ കുറഞ്ഞും നാശാവശേഷമായും തീർന്നിരിക്കുന്നു. അവ യുവാക്കന്മാരെ തങ്ങളുടെ രക്ഷയ്ക്കായിക്കൊണ്ട് വിളിക്കുന്നുണ്ടെന്നിരിക്കിലും യുവാക്കന്മാർ നിന്ദാസൂചകമായി തിരസ്കരിച്ചു ചെയ്തു മൗനഭാവത്തോടെ ഗമിക്കുകയാണ് ചെയ്യുന്നത്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ യുവാക്കന്മാരെ ഈ ഉദ്യോഗങ്ങളിലേക്കു നിയോഗിക്കുവാൻ ഗവർമെന്റിനു ഏതെങ്കിലും മാർഗ്ഗങ്ങളുണ്ടോ എന്നു മെംബർ പറയുമോ?

മി. പാൾ ഡാനിയൽ (നിയമിത മെംബർ): എനിക്കു അറിഞ്ഞുകൂടാ.

ഇപ്രകാരം മറ്റ ഏതു രാജ്യത്തേയും ബാധിച്ചിരിക്കുന്ന തൊഴിലില്ലായ്മയെക്കാൾ കുറഞ്ഞതും ഒരുവിധത്തിലും പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ നിവൃത്തിയില്ലാത്തതുമായ ഒന്നാകുന്നു തിരുവിതാംകൂറിലെ തൊഴിലില്ലായ്മ.

നാട്ടിലെ തൊഴിലാളികളിലും ഇതു നാശകരമായ ഒരു വിപരീതഫലത്തെ ഉളവാക്കുന്നില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു. അവർ ധിക്കാരമായും അന്യായമായും കൂലി ചോദിച്ചുവരുന്നു. ചില സ്ഥലങ്ങളിൽ നാലു മണിക്കൂറോ, കൂടിയാൽ അഞ്ചു മണിക്കൂറോമാത്രം വേലചെയ്തതിനുശേഷം ഒരു ദിവസത്തെ കൂലിമുഴുവനും ആവശ്യപ്പെടുന്നു. ദക്ഷിണതിരുവിതാംകൂറിൽ കൂടുതൽ വേലക്കാരെക്കൊണ്ട് വേലയെടുപ്പിക്കുന്ന എന്റെ സ്നേഹിതൻ മിസ്റ്റർ കരയാളർ എന്റെ ഈ അഭിപ്രായത്തിനു സാക്ഷ്യം വഹിക്കുന്നതാണ്.

ഇപ്രകാരമുള്ള സ്ഥിതികൾക്ക് എന്താണ് കാരണമെന്നാലോചിക്കാം. ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസത്തിന്റെ സ്വഭാവമാണ് ഇതിനു കാരണമെന്നു ചിലർ പറയുന്നതുപോലും ഞാൻ കേട്ടിട്ടുണ്ട്. ഇതു വളരെ വാസ്തവമാണെന്നു പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള നമ്മുടെ യുവാക്കന്മാരുടെ ഇന്നത്തെ ഹീനമായ നിലയ്ക്കു, വിദ്യാഭ്യാസകോഡ് ആദ്യമായി നടപ്പിലാക്കിയപ്പോൾ നിർബന്ധമായിത്തീർന്ന ഉടുപ്പുകൾ, തൊപ്പികൾ, ബെഞ്ചുകൾ മുതലായവയോട്, സംബന്ധമുണ്ടെന്നു എനിക്കു തോന്നുന്നു. പക്ഷേ കാര്യശേഷിയെ നിശ്ചയിക്കുന്നതിനു പ്രയോഗിച്ചുവരുന്ന പരീക്ഷാസ്വഭാവവും പരീക്ഷാവിജയത്തിൽ അന്തർഭവിച്ചിരിക്കുന്ന വാഗ്ദാനവും ഇതിനു ഒട്ടധികം ഉത്തരവാദികളാണ്. ആണ്ടുതോറും അനേകം യുവാക്കന്മാർ ബി. എ. ക്കാരാകുകയും, തൊഴിലിൽ പ്രവേശിക്കുന്നതു വിഷമമാണെന്നു കാണുമ്പോൾ അവർ നിയമപരിജ്ഞാനത്തിനായി നടക്കുകയും, ഒടുവിൽ സംസ്ഥാനത്തിലെ എല്ലാ കോടതികളിലെയും വക്കീൽസംഘത്തിലും തൊഴിലില്ലായ്മയുടെ ശക്തിമത്തായ ഒരു രൂപത്തെ അവർ സൃഷ്ടിക്കുകയും ചെയ്യുന്നു. താണതരം പരീക്ഷകളെപ്പറ്റി ചിന്തിക്കുന്നതായാൽ, സർക്കാർ ജീവനത്തിലേക്കുള്ള പ്രവേശനാർഹതയെ നിർണ്ണയിക്കുന്നതിനു രണ്ടു പരീക്ഷകളുണ്ടെന്നു കാണാം. ഒന്ന് ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കേറ്റു പരീക്ഷ അല്ലെങ്കിൽ സ്കൂൾ ഫൈനൽ പരീക്ഷയാകുന്നു. ആ പരീക്ഷയനുസരിച്ചു വർഷംപ്രതി ൧൫൦൦൦-ൽപരം യുവാക്കന്മാർ സർക്കാർ ജീവനത്തിനു യോഗ്യന്മാരാണെന്നു നിശ്ചയിക്കപ്പെടുന്നുണ്ട്. ഇതിനുതാഴെ ഐ. സി. എസ്സിനെക്കാൾ അല്പം താണതരത്തിലുള്ള ടി. സി. എസ്സ്. ഉണ്ട്. ഈ പരീക്ഷയിൽ ജയിച്ചവരായി ഏകദേശം ൨൦൦൦ യുവാക്കന്മാർ സർക്കാർ ജീവനത്തിനു യോഗ്യന്മാരായിത്തീരുന്നുണ്ട്. ഇതിൽനിന്നും ഒരാണ്ടിൽ സംസ്ഥാനത്തിൽ ഇവരെക്കല്ലാവർക്കും ഉദ്യോഗം കൊടുക്കുവാൻ ഏകദേശം ൪൦൦൦ സ്ഥാനങ്ങൾ ഉണ്ടായിരിക്കണമെന്നു കാണാവുന്നതാണ്. എന്നാൽ ഇവരെല്ലാവരും, സർക്കാർ ജീവനത്തിനു യോഗ്യന്മാരാണെന്നു പ്രഖ്യാപനം ചെയ്യപ്പെടുന്നു എങ്കിലും അവരെല്ലാപേരെയും ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നില്ല. ഓരോ സ്ഥാനങ്ങളിലേക്കു അവരെ നിയമിക്കുവാൻ താമസം നേരിടുന്നു. സാധുക്കളായ ഇക്കൂട്ടർ അക്ഷമന്മാരായുംതീരുന്നു. അക്ഷമ ബാഹുല്യത്തിനും ഒടുവിൽ ആശാഭംഗത്തിനും ഇടയായിത്തീരുന്നു. ഇതിനെല്ലാം കാരണം സർക്കാർ ജീവനത്തിനു ആണ്ടുതോറും ആവശ്യമുള്ള ആളുകളുടെ എണ്ണത്തെപ്പറ്റിയുള്ള ഗവർമെന്റിന്റെ കണക്കുകൂട്ടലിന്റെ ന്യൂനതയാണോ? അപ്രകാരമാണെങ്കിൽ വിപത്തിനും വലുതായ ദോഷത്തിനും കാരണമായിട്ടുള്ളത് ഈ തെറ്റായ കണക്കുകൂട്ടലാണ്. ഇപ്രകാരം സംഭവിക്കുമെന്നു ഗവർമെന്റു ഉദ്ദേശിച്ചിട്ടില്ല. അതിനാൽ ഈ തെറ്റിനെ എത്രയും വേഗത്തിൽ പരിഹരിക്കുന്നതാവും അത്യന്തം സംസ്ഥാനത്തിനു നല്ലതുമാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ മുമ്പിരുന്ന ദിവാൻ മിസ്റ്റർ ശങ്കരസുബ്ബയ്യർ ഒരു സന്ദർഭത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഡിപ്പാർട്ടുമെന്റു മേലധികാരികൾ നടത്തുന്ന ഓരോ നിയമനവും ൻ ശത്രുക്കളേയും ഒരു തൃപ്തിഹീനനേയും ഉളവാക്കുന്നതാകുന്നു. ഇത്രയും പറഞ്ഞുകൊണ്ടു മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുകയും, ഈ കാര്യത്തിൽ ഒരു പ്രതിവിധി കണ്ടുപിടിക്കുന്നതിനായി ഇതിൽ തല്പരരായുള്ളവർ അടങ്ങിയ ഒരു ചെറിയ കമ്മിറ്റിയെ ഏർപ്പെടുത്തുന്നതിനു ശുപാർശചെയ്യുകയും ചെയ്തുകൊള്ളുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ടി. സി. എസ്. എന്നാൽ എന്താണെന്നു മെംബർ പറയുമോ?

മി. പാൾ ഡാനിയൽ (നിയമിത മെംബർ): അതിന്റെ അർത്ഥം തിരുവിതാംകൂർ സിവിൽ സർവീസ് എന്നാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): സർ, സാമ്പത്തികമായും സാമുദായികമായുമുള്ള സംഗതികളിൽവച്ചു ഏറ്റവും പ്രധാനമായിട്ടുള്ളതാണ് തൊഴിലില്ലായ്മ. അത് ഒരു അസീമമായ അതിക്രമിച്ചുതുടങ്ങിയിരിക്കുന്നു. നമ്മെ നേരിട്ട ഏതുകാര്യത്തെക്കാളധികം അതു അത്ര പരമാർത്ഥമാകുന്നു. ഗവർമെന്റിനാകട്ടെ ഈ സഭയ്ക്കാകട്ടെ അതിനെ അവഗണിക്കുവാൻ തരമില്ല. ഉപദ്രവകരമായ

ആധിപത്യത്തെ പ്രാപിക്കുന്നതിനുമുമ്പ് അതിനെ തടഞ്ഞില്ലെങ്കിൽ രാജ്യത്തിൽ വിപത്തുനേരിടും. അധ്വാനശേഷിയും ജോലിയില്ലാത്ത ധനികന്മാരേയും അംഗവൈകല്യമുള്ളവരേയും സംബന്ധിച്ചു നമുക്ക് യാതൊന്നും പ്രവർത്തിക്കേണ്ടതായിട്ടില്ല. അവരെ പ്രത്യേകമായി ഗണിച്ചു നമ്മുടെ ആലോചനയിൽനിന്നും തള്ളിക്കളയാവുന്നതാണ്.

നമ്മുടെ ആവശ്യത്തെ പുരസ്കരിച്ചു തൊഴിലില്ലാത്തവരെ മൂന്നുതരമായി ഗണിക്കാവുന്നതാകുന്നു.

(ക) കാര്യവിവരമില്ലാത്തതിനാൽ തൊഴിലിൽ ഏർപ്പെടാത്തവർ.

(ഖ) കാര്യവിവരമുണ്ടായിരുന്നിട്ടും തൊഴിലിൽ ഏർപ്പെടാത്തവർ.

(ഗ) വിദ്യാഭ്യാസം സിദ്ധിച്ചു തൊഴിലിൽ ഏർപ്പെടാതിരിക്കുന്നവർ. തൊഴിലില്ലായ്മയെസംബന്ധിച്ച എല്ലാവിവരങ്ങളും ഗ്രഹിച്ചു അതിന്റെ പരിഹാരത്തിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുവാൻ ഒരു കമ്മറ്റിയെ നിയമിക്കേണ്ടതു എത്രയും ആവശ്യമായിട്ടുള്ളതാണ്.

ഒന്നാമത്തെക്കൂട്ടർ പരിചയമില്ലാത്തതിനാൽ ജോലിയിൽ ഏർപ്പെടാതിരിക്കുന്നവരാണ്. വിറകുവെട്ടുന്നതിനും വെള്ളംകോരുന്നതിനും ചുമടുചുമക്കുന്നതിനും അതുപോലെയുള്ള മറ്റുകാര്യങ്ങൾ ചെയ്യുന്നതിനും മാത്രം പരിചയമുള്ളവരായ അനേകം ആളുകളുണ്ട്. ഈ വർഗത്തിൽ അനാഥക്കുട്ടികൾ ഉണ്ട്. അവർ കൃഷി, ചെടിവളർത്തൽ, കച്ചവടം എന്നതൊഴിലുകളിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നു. കൃഷിസ്ഥലം വർദ്ധിപ്പിക്കുക, ചെടികൾ നടുന്നതിനു കൂടുതൽസ്ഥലം വിട്ടുകൊടുക്കുക, കച്ചവടത്തിന്റെ അഭിവൃദ്ധിക്കു കൂടുതൽസൗകര്യങ്ങൾ ചെയ്തുകൊടുക്കുക മുതലായവ ചെയ്യുന്നതായാൽ കാര്യജ്ഞാനമില്ലാത്ത ഈ കൂട്ടരിൽ അധികംപേർക്കും ജോലികിട്ടുന്നതാണ്. കൂടാതെ കാര്യവിവരമില്ലാത്തവരും തൊഴിലില്ലാത്തവരുമായ ഈ കൂട്ടരെ കാര്യവിവരമുള്ളവരാക്കുന്നതായിരിക്കും, പ്രസ്തുതസംഗതിക്കു പ്രതിവിധി കണ്ടുപിടിക്കുന്നതിനുള്ള ഒരു മാർഗം.

പരിചയമുണ്ടായിരുന്നിട്ടും ജോലിയിൽ ഏർപ്പെടാത്തവരെന്നു ഞാൻപറഞ്ഞതു വ്യവസായികമായ വേലചെയ്യുന്നതിനു പ്രാപ്തിയുള്ളവരും തൊഴിൽകിട്ടാതെയിരിക്കുന്നവരുമായ ആളുകളെ സംബന്ധിച്ചാകുന്നു. ഈ കൂട്ടരുടെസംഖ്യ ഒരിടത്തും കുറവല്ല. അവരുടെസംഖ്യ വർദ്ധിക്കുവാൻ ഇടയുള്ളതും വർദ്ധിക്കേണ്ടതുമാകുന്നു. റെയിൽവേ ഇടുന്നതുമൂലവും തുറമുഖങ്ങൾ പരിഷ്കരിക്കുന്നതുമൂലവും ജലസംബന്ധമായും വിദ്യുച്ഛക്തിസംബന്ധമായും അതുപോലെ മറ്റുതരത്തിലുമുള്ള വേലകൾ നടപ്പിലാക്കുന്നതുമൂലവും അവർക്കു ജോലികിട്ടുന്നതാണ്. ഈ കൂട്ടരുടെ സങ്കടത്തെപ്പറ്റി ഇനിയും ശോചിക്കാറായിട്ടില്ലെന്നാണ് എന്റെ അഭിപ്രായം.

മൂന്നാംതരക്കാരാകുന്നു വിദ്യാഭ്യാസം സിദ്ധിച്ചതിന്റെശേഷം തൊഴിൽകിട്ടാതിരിക്കുന്നവർ. ഞാൻ ഉദ്ദേശിക്കുന്നതു വർണാക്യുലർ സ്കൂൾലീവിങ് സർട്ടിഫിക്കറ്റ്, ഇംഗ്ലീഷ് സ്കൂൾലീവിങ് സർട്ടിഫിക്കറ്റ്, സർവകലാശാലാസർട്ടിഫിക്കറ്റ് എന്നീ സർട്ടിഫിക്കറ്റുകൾ വഹിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ ജനാവലിയെപ്പറ്റിയാകുന്നു. സാമാന്യദൃഷ്ട്യാ അവരുടെകാര്യമാണ് ഇപ്പോൾ ഏറ്റവും പ്രധാനമായി തീർന്നിരിക്കുന്നതു. അവരാണ് അത്യധികം മുറവിളികൂട്ടുന്നതു. പരീക്ഷാവിജയികളുടെ തൊഴിലില്ലായ്മയ്ക്കു പ്രാഥമികമായ ഉത്തരവാദിത്വം വഹിക്കുന്നതു വിദ്യാഭ്യാസവ്യവസ്ഥയുടെ പരിഷ്കാരമാണെന്നു എന്റെ ചോദ്യത്തിനു നൽകിയിട്ടുള്ള മറുപടിയനുസരിച്ചു ഗവണ്മെന്റിനു സമ്മതിക്കേണ്ടിയിരിക്കുന്നു. അതിൽ അവർക്കു ലജ്ജിക്കേണ്ടതായിട്ടാണിരിക്കുന്നതു*

ഭാവിയിൽ ഗുണമുണ്ടാകണമെങ്കിൽ വിദ്യാഭ്യാസരീതി ഭേദപ്പെടുത്തേണ്ടതാകുന്നു. അപ്രകാരം ചെയ്യാത്തപക്ഷം നമ്മുടെപള്ളിക്കൂടങ്ങളും കാളേജുകളും അടയ്ക്കുകയാണു നല്ലതു. ഇന്നത്തെ ബി. ഏ.-ക്കാരനു ഒരു വാദ്ധ്യാരുദ്യോഗമോ ഗുമസ്തപ്പണിയോ കിട്ടിയില്ലെങ്കിൽ സ്വന്തമായി ഒരുകാശുപോലും സമ്പാദിക്കുവാൻ സാധിക്കുന്നതല്ല. ഇതിനെപ്പറ്റി ചിന്തിക്കുവാൻപോലും വിഷമമായിരിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസരീതി ജ്ഞാനാഭിവൃദ്ധിയെമാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. പണം മാത്രം കിട്ടണമെന്നു ആഗ്രഹത്തോടുകൂടി അതിനു പുറപ്പെടുന്നവർ ഭഗ്നാശയന്മാരായി തീരുന്നെങ്കിൽ അതിനു അവരെത്തന്നെയാണ് കുറ്റപ്പെടുത്തേണ്ടതു.

അഭിവൃദ്ധികരമായ റെയിൽവേയും വിദ്യുച്ഛക്തിസംബന്ധമായും ജലസേചനസംബന്ധമായുമുള്ള ഏർപ്പാടുകൾ വിട്ടുകൊടുക്കൽ, കൃഷിചെയ്യാതിരിക്കുന്നതു കുറ്റകരമാക്കിച്ചെയ്യുന്നനിയമം നടപ്പിലാക്കുന്നതു, കച്ചവടസംബന്ധമായും വ്യവസായസംബന്ധമായുമുള്ള വിദ്യാഭ്യാസംകൊണ്ടും ബാങ്കുകളുടെ ഏർപ്പാടുകൊണ്ടും കച്ചവടത്തിനും വിദേശവ്യാപാരത്തിനും കൂടുതൽസൗകര്യങ്ങൾചെയ്ക, തൊഴിലിനുള്ള പുതിയമാർഗങ്ങൾ ആരംഭിക്കുക, പ്രാധാന്യം കുറഞ്ഞ മറ്റുതൊഴിലുകളും കുടിൽവ്യവസായങ്ങളും ഏർപ്പെടുത്തുക, ചെറുതരത്തിലുള്ള വ്യവസായമാർഗങ്ങളിൽ ജനങ്ങൾക്കു പരിചയം വർദ്ധിപ്പിക്കുക, വിദ്യാഭ്യാസരീതി ഭേദപ്പെടുത്തുക, തൊഴിലില്ലാതിരിക്കുന്നവരുടെയിടയിൽ രക്ഷാഭോഗഏർപ്പാടു ആരംഭിക്കുക എന്നിവയാകുന്നു ഇതിലേക്കു എനിക്കിപ്പോൾ തോന്നുന്ന ചില പരിഹാരമാർഗങ്ങൾ.

ഇതിലേയ്ക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ പലപ്രാവശ്യവും ക്ഷണിച്ചിട്ടുണ്ടെന്നുവരികിലും ഇതുവരെ ഗവണ്മെന്റു ഇതുസംബന്ധിച്ചു യാതൊന്നും പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നില്ല. ഏതായാലും നമ്മുടെ സാമുദായികജീവിതത്തിലുള്ള ഈ സങ്കടത്തെ ദിവാൻജിഅവർകൾ മനസ്സിലാക്കുകയും പ്രജാസഭയിലെ അദ്ധ്യക്ഷപ്രസംഗത്തിന്റെ ൭-ാംഖണ്ഡികയിൽ അതിനെപ്പറ്റി പ്രസ്താവിക്കുകയുംചെയ്തുകാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. പരീക്ഷാവിജയികൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു കൂടുതലായി സാധിക്കുന്നതു ഗവണ്മെന്റിനാകുന്നു. തൊഴിലില്ലായ്മയുടെ അതിരിനെ കുറച്ചുകൊണ്ടുവരുന്നതിനു യോജിച്ചകാര്യങ്ങൾ നേരത്തെ വിട്ടുപോകുന്നതല്ലെന്നു ഗവണ്മെന്റു പ്രതിജ്ഞചെയ്തിട്ടുള്ളതിൽ ഞാൻ സന്തോഷിക്കുന്നു. ഇതിലേയ്ക്കു ഒരു കമ്മറ്റിയും അത്യാവശ്യമാണ്. ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): തൊഴിലില്ലായ്മ മറ്റുരാജ്യങ്ങളിൽഎന്നപോലെ തിരുവിതാംകൂറിലും മൂർദ്ധന്യദശയെപ്രാപിച്ചുവരികയാണ്. യാതൊരുകാലക്ഷേപമാർഗവുമില്ലാതെ നിരാഹാരന്മാരായും രോഗബാധിതരായും അർദ്ധനഗ്നരായും കഴിച്ചുകൂട്ടുന്ന ജനങ്ങളുടെസംഖ്യ ഭയങ്കരമാംവണ്ണം വർദ്ധിച്ചുവരുന്നു. ഏതുകുഗ്രാമത്തിൽപ്രവേശിച്ചു പരിശോധിച്ചാലും പരീക്ഷാവിജയികളായും അല്ലാതെയും തൊഴിലി

*സഭാനടപടികൾ—വാല്യം ൮ പുറം ൭൮൫.

ല്ലാതെ അലഞ്ഞുനടക്കുന്ന അസംഖ്യം യുവജനങ്ങളെ യഥേഷ്ടം കാണാവുന്നതാണ്. ശരിയായ കാലക്ഷേപമാർഗ്ഗം ഇല്ലാത്തതുകൊണ്ടു തിരുവിതാംകൂറിൽ ൫൦ ലക്ഷം ജനങ്ങളുള്ളതിൽ ൩൦ ലക്ഷത്തിൽപരം ജനങ്ങളും ഒരുനേരത്തെ ആഹാരമെങ്കിലും തൃപ്തിയായി ഭക്ഷിക്കാൻ നിവൃത്തിയില്ലാത്തവരാണ്. ഇപ്രകാരം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മനിമിത്തം സമുദായമൈത്രിയും രാജ്യസ്നേഹവും ഗാർഹികസുഖവും നാട്ടിൽനിന്നു അസ്തമിച്ചു പോകുന്നു. മോഷണം മുതലായ നിയമലംഘനങ്ങൾ വർദ്ധിച്ചുവരുന്നു. തിരുവിതാംകൂറിൽ ഒരാണ്ടിൽ ഒരാളിന്റെ വരവു ൨൦ രൂപയാണെന്നോർക്കുമ്പോൾ തന്നെ ഇവിടത്തെ ധനോല്പാദനം എത്ര മന്ദഗതിയിലാണെന്നു ഊഹിക്കാമല്ലോ.

മി. കെ. കെ. തോമസ് (കോട്ടയം): തിരുവിതാംകൂറിൽ ഒരാളിന്റെ വരവു ൨൦ രൂപയാണെന്നു എങ്ങനെ മനസ്സിലാക്കി?

മി. പല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ൨൫ ലക്ഷംഏക്കർസ്ഥലമാണു തിരുവിതാംകൂറിൽ കൃഷിയുള്ളതു. ൭ ലക്ഷംഏക്കർ നെൽകൃഷിക്കും ൫ ലക്ഷംഏക്കർ തെങ്ങുകൃഷിക്കും ൩ ലക്ഷംഏക്കർ കപ്പകൃഷിക്കും ൧൦ ലക്ഷംഏക്കർ മററു കൃഷിക്കും ഉപയോഗപ്പെടുത്തുന്നുണ്ടു. ജനസംഖ്യക്കണക്കും ഇതിലെ ആദായവും എടുത്തു വീതിച്ചുനോക്കുമ്പോൾ ഒരാളിന്റെവരവു ൨൦ രൂപയാണെന്നു കാണാം.

൭. വിദ്യാഭ്യാസസമ്പ്രദായം.

ഒന്നാമതായി നമ്മുടെ വിദ്യാഭ്യാസസമ്പ്രദായംതന്നെ ഇതിലേയ്ക്കു ഉത്തരവാദംവഹിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ താണപടിയിലുള്ള ഉദ്യോഗനിർവഹണത്തിനു പ്രാപ്തരാക്കാൻവേണ്ടി വക്കപ്പെട്ട സാഹിത്യപരമായ വിദ്യാഭ്യാസപദ്ധതിയെ അനുകരിച്ചുള്ള ഇവിടത്തെ വിദ്യാഭ്യാസം തൊഴിലില്ലായ്മയെ നിമിഷംപ്രതി വർദ്ധിപ്പിക്കുന്നു. ഈവിദ്യാഭ്യാസസമ്പ്രദായവും പ്രായോഗികജീവിതവും തമ്മിൽ യാതൊരുബന്ധവുമില്ല. ഈതരത്തിലുള്ള വിദ്യാഭ്യാസം സിദ്ധിച്ചവർക്കു സർക്കാർസേവനം, വക്കീൽപണി ഇതല്ലാതെ മറെറാരു ജീവിതപോഷണമാർഗ്ഗവും ലഭിക്കുന്നില്ല. ഈരണ്ടുശാഖകളും പരിമിതമാണു. ആയതുകൊണ്ടു ഈരണ്ടുശാഖകളിലേക്കുള്ള പ്രവേശനനിരക്കു കൂടിവരുന്നു. ഓരോസമുദായത്തിലെ അംഗങ്ങൾക്കും ഭരിപക്ഷം ഉദ്യോഗങ്ങൾ ലഭിക്കണമെന്നുള്ള മോഹം പ്രബലമായിത്തീരുന്നതുകൊണ്ടു സമുദായങ്ങൾ തമ്മിൽ അവശ്യംവേണ്ട സൌഹാർദ്ദനില നഷ്ടപ്പെട്ടുപോകുന്നു. അതിനുംപുറമെ തിരുവിതാംകൂറിൽ ജാതികളും അവാന്തരജാതികളും ഉദ്യോഗങ്ങൾക്കുവേണ്ടി വർദ്ധിച്ചുവരുന്നു. അതുകൊണ്ടാണു ഭരണകാര്യത്തിൽ വിഷമതഗവൺമെൻറിനും കൂടി വരുന്നതു.

൮. വ്യവസായവാണിജ്യങ്ങളുടെ ശുഷ്കനില.

ഇന്നും തിരുവിതാംകൂർ അസംസ്കൃതസാധനങ്ങളുടെ കയററുമതികൊണ്ടു തൃപ്തിപ്പെട്ടുവരുന്നു. വ്യവസായവാണിജ്യപോഷണത്തിനു വേണ്ടതായ യാതൊരുപദ്ധതിയും പ്രായോഗികവിഷയത്തിലും തൃപ്തികരമാംവണ്ണം ഇതേവരെ രൂപീകരിക്കപ്പെട്ടിട്ടില്ല.

൯. കർഷകവൃത്തിയുടെ പരിമിതസ്ഥിതി.

തിരുവിതാംകൂറിൽ തെങ്ങുകൃഷിയൊഴികെ നെൽകൃഷിക്കു ൭ ലക്ഷം ഏക്കറും, മരച്ചീനികൃഷിക്കു ൩ ലക്ഷം ഏക്കറും മററുകൃഷികൾക്കു ഒരു ലക്ഷം ഏക്കറും ഇങ്ങനെ ൧൧ ലക്ഷം ഏക്കർ ഭൂമിയിലാണ് കൃഷിനടത്തിവരുന്നതു്, ഒരു കൃഷിക്കാരനു ൫ ഏക്കർവീതം സ്വന്തമായി കൃഷിചെയ്യാവുന്നക്രമത്തിനു ൨ ലക്ഷം ജനങ്ങൾക്കു കൃഷിത്തൊഴിൽ നടത്തുന്നതിനു സൌകര്യമായി ഭൂമിയേയുള്ളു.

൰. ജനക്കൂട്ടവും ജനങ്ങളും, വ്യവസായ വാണിജ്യതൊഴിൽശാലകളും തമ്മിലുള്ള അകൽച.

ഇപ്പോൾ ഗവൺമെൻറു ജനങ്ങളുടെ പ്രവർത്തനരംഗത്തിൽ പ്രവേശിച്ചു അവരുടെ ജീവിതരീതിയെപ്പററി അന്വേഷിക്കുന്നില്ല. അതുപോലെതന്നെ ഉള്ളിടത്തോളം വ്യവസായവാണിജ്യശാലകളിൽതന്നെ ഗവൺമെൻറിന്റെ നേരിട്ടുള്ള ദൃഷ്ടിയില്ല. വിദ്യാലയങ്ങളും തൊഴിൽശാലകളും തമ്മിൽ പരസ്പരബന്ധവുമില്ല. അതുകൊണ്ടു തൊഴിലുകളെ ക്രമീകരിച്ചു ജനങ്ങൾക്കു കാലയാപനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്നതിനു ഒരു ഏടനയില്ലാതെയാണിരിക്കുന്നതു.

തൊഴിലില്ലായ്മയുടെ പ്രധാനകാരണങ്ങൾ ഇവയാണ്. ഒരു രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളും ശാന്തപരമായജീവിതവും പരിപോഷിപ്പിക്കേണ്ടതു ഭരണാധികാരത്തിന്റെ പ്രഥമധർമ്മമാണ്. നാട്ടിൽ തൊഴിലില്ലായ്മ വർദ്ധിക്കുംതോറും ജനക്ഷേമവും സമാധാനവും നശിച്ചുപോകുന്നതുകൊണ്ടു ഭരണാധികാരത്തിനുതന്നെയും അസ്വസ്ഥതയ്ക്കു കാരണമായിത്തീരുന്നതാണ്. ആയതുകൊണ്ടു തൊഴിലില്ലായ്മയെ ദൂരീകരിക്കേണ്ടതു ഗവൺമെൻറിന്റെ കർത്തവ്യകർമ്മങ്ങളിൽ സർവ്വപ്രധാനങ്ങളായതാണ്.

ആകയാൽ ഈ പ്രമേയത്തെ ഞാനും ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): ഈ സംഗതിയെപ്പററി ഗവൺമെൻറിന്റെ അഭിപ്രായം എന്താണെന്നു അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: മറുപടിപറയുന്നതിനുമുമ്പു ഏതാനും സാമാജികന്മാരുടെ അഭിപ്രായംകൂടി അറിയുവാൻ ഗവൺമെൻറാഗ്രഹിക്കുന്നു.

മി. എൻ. കുമാരൻ (നിയമിത മെംബർ): സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു. ഈ ആലോചനാവിഷയം പ്രാധാന്യമുള്ള ഒന്നാണെന്നുള്ളതിനു സംശയമില്ല. ഈ സംഗതിയെസംബന്ധിച്ചു ഗവൺമെൻറു ഉടനടി ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണെന്നുള്ളതും സ്പഷ്ടമാണ്. മിസ്റ്റർ കുമാരപിള്ള പ്രമേയം അവതരിപ്പിച്ചപ്പോൾ ഗവൺമെൻറിന്റെ ആലോചനയ്ക്കായി ഏതാനും കണക്കുകളെപ്പററി പ്രസ്താവിക്കുകയുണ്ടായി. വർഷംപ്രതി നമ്മുടെ യുവാക്കന്മാരിൽ നാലായിരത്തോളംപേർ അവരുടെ ഉദ്ദേശത്തിനനുസരിച്ചു വിദ്യാഭ്യാസയോഗ്യതകളോടുകൂടി നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും പുറത്തുപോകുന്നതായി നാം കാണുന്നുണ്ട്. ഇപ്രകാരം വിദ്യാഭ്യാസസ്ഥാപനങ്ങൾ വിട്ടുപോകുന്നവർ അവരുടെ കാലക്ഷേപമാർഗ്ഗം നേടുന്നതിനായി ഭൂമിയിൽ വേലചെയ്യുന്നതിനോ, കൈത്തൊഴിൽ സ്വീകരിക്കുന്നതിനോ ആഗ്രഹമുള്ളവരായി നാം കാണുന്നില്ല. എല്ലാവരും മാന്യമായ ഒരു തൊഴിൽ ആവശ്യപ്പെടുന്നു. അതുകൊ

ങ്ങാണ് ഇപ്പോഴത്തെസ്ഥിതി ഇത്ര പ്രയാസമേറിയതായിട്ടും ഈ സംഗതി ഇത്ര വിഷമമുള്ളതായിട്ടും തീർന്നിരിക്കുന്നതു്. തിരുവിതാംകൂറിലും, ദക്ഷിണഇൻഡ്യയിലും കാണുന്നതുപോലെതന്നെ ഉത്തരഇൻഡ്യയിലും ഈ വിഷമം നേരിട്ടിട്ടുണ്ടു്. ഇതേപ്രകാരത്തിലുള്ള ഒരു പ്രമേയം മദ്രാസ് നിയമസഭയിൽ അവതരിപ്പിച്ചതിന്റെ ഫലമായി ഒരു കമ്മിററി ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതായും അതിന്റെ അദ്ധ്യക്ഷനായി നമ്മുടെ ദിവാൻജിമാരിൽ ഒരാളായിരുന്ന മിസ്റ്റർ എം. കൃഷ്ണൻനായരെ നിയമിച്ചിരിക്കുന്നതായും നാം അറിയുന്നു. ആ കമ്മിററി തെളിവുകൾ ശേഖരിക്കുന്നതിനു ആരംഭിച്ചിട്ടുണ്ടോ എന്നു എനിക്കു നല്ല നിശ്ചയമില്ല. എന്നാൽ, ഏതുവിധവും, അടുത്തകാലത്തുതന്നെ അവർ അവരുടെ റിപ്പോർട്ട് സമർപ്പിക്കുമെന്നു നമുക്കു ഉദ്ദേശിക്കാം. അതുകൊണ്ടു ഞാൻ ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നതെന്തെന്നാൽ ഇതു ഇവിടത്തേക്കുമാത്രമുള്ള ഒരു പുതിയ സംഗതിയല്ലെന്നുള്ളതാണ്. നമ്മുടേതിനോടു സദൃശമായ ആലോചന മററുസ്ഥലങ്ങളിലും ഉണ്ടായിട്ടുണ്ടു. പക്ഷേ അവരുടെ നിശ്ചയത്തിനനുസരണമായ ഒരു പരിഹാരമാർഗ്ഗം നമുക്കും ആവശ്യമാണ്. ഈ നിവൃത്തിമാർഗ്ഗം നമ്മുടെ വിദ്യാഭ്യാസരീതിക്കു മാററംചെയ്യുന്നതിലാണ് പ്രധാനമായി സ്ഥിതിചെയ്യുന്നതെന്നു ചില മെമ്പറന്മാർ പറയുകയുണ്ടായി. അതു ശരിയായ പരിഹാരമാർഗ്ഗമാണെന്നോ, അല്ലെങ്കിൽ അവർ ഇപ്പോഴത്തെ സ്ഥിതിയുടെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കീട്ടാണ് അപ്രകാരം അഭിപ്രായപ്പെടുന്നതെന്നോ ഞാൻ വിചാരിക്കുന്നില്ല. ഉദാഹരണത്തിനു ഇപ്പോഴത്തെ നമ്മുടെ എല്ലാ കാളേജുകളും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും, വെർണാക്യുലർ മിഡിൽസ്കൂളുകളും സാങ്കേതികവിദ്യാലയങ്ങളാക്കി ഭേദപ്പെടുത്തപ്പെട്ടു എന്നു വിചാരിക്കുക. അവിടെനിന്നും ചുരുക്കെഴുത്തുകാരും സബ്എൻജിനീയർമാരും എൻജിനീയർമാരും മററുമായി പലതരത്തിൽ ആളുകൾ പുറപ്പെടുമല്ലോ. തൊഴിലില്ലായ്മയ്ക്കു നാം പരിഹാരമാർഗ്ഗം കണ്ടുപിടിച്ചുകഴിഞ്ഞു എന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇവർക്കെല്ലാവർക്കും തൊഴിൽകൊടുക്കുവാൻ സ്ഥലം എവിടെയാണ്? ഒരുതരത്തിലുള്ള തൊഴിലില്ലായ്മയ്ക്കുപകരം വേറെ ഒരുതരം തൊഴിലില്ലായ്മമാത്രമേ അപ്പോഴും നാം കാണുകയുള്ളൂ. അതുകൊണ്ടു ഇതിലേക്കുള്ള പരിഹാരമാർഗ്ഗം വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തെ മാററുന്നതിലല്ലാ പ്രത്യുത പരിശീലനം ഉള്ളവർക്കും ഇല്ലാത്തവർക്കും ഏതെങ്കിലുംതരത്തിലുള്ള വേലയുണ്ടാക്കി തൊഴിൽചെയ്യുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതിലാകുന്നു സ്ഥിതിചെയ്യുന്നതു. അതുകൊണ്ടു നാം ഇതരമാർഗ്ഗങ്ങളെ അന്വേഷിക്കേണ്ടതാകുന്നു. വ്യവസായങ്ങളേയും വ്യാപാരങ്ങളേയും അഭിവൃദ്ധിപ്പെടുത്തുക, നമ്മുടെനാട്ടിലുള്ള അസംസ്കൃത പദാർത്ഥങ്ങളെ ഉപയോഗയോഗ്യമാക്കിത്തീർക്കുക മുതലായവയിലാകുന്നു ഇതിനുള്ള പരിഹാരമാർഗ്ഗം സ്ഥിതിചെയ്യുന്നതെന്നാണ് എനിക്കു തോന്നുന്നതു. ഇന്നത്തെ വിദ്യാഭ്യാസരീതി ഭേദപ്പെടുത്തുന്നതായാൽ നിശ്ചയമായും നമ്മുടെ വിദ്യാഭ്യാസം സിദ്ധിച്ച അധികംപേർക്കും ഏതെങ്കിലും ചില പ്രത്യേക കലകളിലോ തൊഴിലുകളിലോ പരിശീലനം സിദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ അതു അവർക്ക് കാലക്ഷേപമാർഗ്ഗത്തെ നൽകുമെന്നു തോന്നുന്നില്ല. അവരെ ഏറെയെങ്കിലും ജോലികളിൽ നിയമിക്കണം. ഇവരെ നിയമിക്കത്തക്കവണ്ണം മൂലധനം മുടക്കീട്ടുള്ളവരോ വ്യാപാരികളുമായ പ്രഭുക്കന്മാരോ എവിടെയാണുള്ളതു്? അതുകൊണ്ടാണ് അതുനിമിത്തം നാം നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനുള്ള വഴിയുടെ സമീപത്തിലെങ്ങും എത്തുകയില്ലെന്നു ഞാൻ പറയുന്നതു്.

വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്ന സമുദായക്കാരുടേയും കൈത്തൊഴിൽചെയ്തുപജീവനം കഴിക്കുന്നവരുടേയും കുട്ടികൾക്കു സാധാരണ വിദ്യാഭ്യാസം ലഭിക്കുന്നതോടുകൂടി അവർ അവരുടെ പിതാക്കന്മാരുടെ തൊഴിലിൽ ഏർപ്പെടുന്നതിൽ ഇഷ്ടമില്ലാത്തവരായിത്തീരുന്നു എന്നും ഇതുമൂലമാണ് പ്രസ്തുതസംഗതി ഇത്രമാത്രം ഗൌരവതരമായിത്തീർന്നിട്ടുള്ളതെന്നും മിസ്റ്റർ കുമാരപിള്ള ഇന്നലെ പ്രസ്താവിക്കുകയുണ്ടായി. ഇതിലേക്കു അദ്ദേഹം ഒരു കൊല്ലന്റെ ഉദാഹരണമായി പ്രസ്താവിച്ചു. എന്റെ അഭിപ്രായം അവനവനു ഇഷ്ടമുള്ള ഏതുതരം വിദ്യാഭ്യാസവും ചെയ്യുവാൻ എല്ലാവർക്കും അവകാശം ഉണ്ടെന്നാകുന്നു. നമുക്കാകട്ടെ ഗവണ്മെന്റിനാകട്ടെ ഒരു പ്രത്യേകമനുഷ്യൻ ഒരു പ്രത്യേകതരം വിദ്യാഭ്യാസമേ ചെയ്യാൻപാടുള്ളു എന്നു നിർബന്ധിക്കുവാൻ സാധിക്കുന്നതല്ല. അതു അവന്റെ ഇഷ്ടത്തേയും അവന്റെ മാതാപിതാക്കന്മാർ അതിൽനിന്നു എന്തുകിട്ടണമെന്നു ഉദ്ദേശിക്കുന്നോ അതിനേയും ആശ്രയിച്ചിരിക്കും. ഒരു പ്രത്യേകതരം വിദ്യാഭ്യാസത്തിനായി ഒരു വിദ്യാർത്ഥിയെ നിയോഗിക്കുന്നപക്ഷം അതു അവന്റെ ശ്രേയസ്സിനെ സംരക്ഷിക്കുന്നതാണോ എന്നുകൂടി ചിന്തിക്കേണ്ടതാണു. ഒരു കൊല്ലന്റെ മാതാപിതാക്കന്മാർ തങ്ങളുടെ പുത്രൻ ഒരു സർക്കാരുദ്യോഗസ്ഥനായിത്തീരണമെന്നും കഴിയുമെങ്കിൽ അതു പ്രശംസനീയമായ ഒരു ഉദ്ദേശംതന്നെയാണ്. എന്നും വിരകുവെട്ടിയോ വെള്ളംകോരിയോ കഴിച്ചുകൂട്ടണമെന്നു ഇവരെ നിർബന്ധിക്കുവാൻ നമുക്കു സാധിക്കുന്നതല്ല. ആ അവസ്ഥ വളരെക്കാലത്തേക്കുമുമ്പുള്ളതായിരുന്നു, ഇനി അതു തിരിച്ചുവരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു പ്രമേയത്തെസംബന്ധിച്ചിടത്തോളം ഞാൻ ബോധിപ്പിക്കുന്നതെന്തെന്നാൽ ഒരു കമ്മിററിമൂലം വിദ്യാഭ്യാസരീതിയെ ഭേദപ്പെടുത്തുന്നതിനെക്കാൾ ഇതു യുവാക്കന്മാർക്കു തൊഴിൽകൊടുക്കാവുന്ന എല്ലാത്തരം നൂതനമാർഗ്ഗങ്ങളേയും കണ്ടുപിടിക്കണമെന്നാകുന്നു. ഇതു വളരെ വിഷമതയുള്ളതും അതിന്റെ നിവൃത്തി വളരെ പ്രയാസമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. ഇതു കണ്ടുപിടിക്കുന്ന മാർഗ്ഗത്തിനു ചില പ്രത്യേക അഭിജ്ഞന്മാരുടെ ഉപദേശവും സഹായവും പക്ഷേ ആവശ്യപ്പെട്ടെന്നുംവരും. സാധാരണക്കാരായ അനേകംപേർ ഒരു കമ്മിററിയിൽചേർന്നു ആലോചിക്കുന്നതുകൊണ്ടുമാത്രം ഇതിലേയ്ക്കു ശരിയായ ഒരു മാർഗ്ഗം പക്ഷേ കിട്ടിയില്ലെന്നുവന്നേക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അദ്ദേഹം ഉദ്ദേശിക്കുന്ന നൂതനമാർഗ്ഗം എന്താണെന്നു ഒരു ഏകദേശജ്ഞാനം ഉണ്ടാകുവാൻ മെമ്പർ ശ്രമിക്കുമോ?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): പുതിയതൊഴിൽസ്ഥാനങ്ങൾ സൃഷ്ടിക്കണം. അതിലേക്കു മററു സ്ഥലങ്ങളിലെ സ്ഥിതികളെപ്പററി പഠിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിനു ഇംഗ്ലണ്ടിലെ തൊഴിലില്ലായ്മയെപ്പററി പറയാം. അവിടത്തെ വിദ്യാഭ്യാസരീതിയെപ്പററി ഒരുത്തരും കുററംപറയുന്നില്ല. അവിടെ പരിശീലനംസിദ്ധിച്ച തൊഴിലാളികളും അവർക്കു ആവശ്യമായ വേലയുംഉണ്ട്. എന്നിട്ടും തൊഴിലില്ലായ്മ അവിടെയും കാണുന്നു. ഉപജീവനമാർഗ്ഗം അന്വേഷിച്ചു വർക്ക്ഷാപ്പുകളിലോ ഫാക്ടറികളിലോ പോകുവാൻ ഇഷ്ട

മുള്ള എല്ലാവക്കും വേല കൊടുക്കാൻ അവിടെ സൌകര്യങ്ങൾ ഉണ്ടോ എന്നുമാത്രമാണ ചോദിക്കാനുള്ളൂ. നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ബി. എ. ക്കാരെ വിദേശങ്ങളിലെ ജോലികൾക്കയക്കത്തക്കവണ്ണം നമുക്കു സമുദ്രത്തിനു മറുവശം സ്ഥിതിചെയ്യുന്ന സാമ്രാജ്യങ്ങളും മററും സ്വാധീനത്തിലില്ല. എങ്ങിനെയെങ്കിലും ഈ യുവാക്കളെ എല്ലാം ഇവിടെത്തന്നെ തൊഴിലിൽ പ്രവേശിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു. ആണ്ടുതോറും ബി. എ. ക്കാരുടെ ഒരു വലിയസംഖ്യ ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു. തങ്ങളുടെ ഉപജീവനത്തിനായി ഇവരെ എല്ലാപേരേയും ഭൂമിയിൽ കൃഷിചെയ്യുന്നതിനു നിയോഗിക്കാൻ സാധിക്കുമെന്നു വിചാരിച്ചാൽ തന്നെയും അതു അത്ര സാധ്യമായ ഒരു കാര്യമല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ കുമാരൻ ഉദ്ദേശിക്കുന്നതു സർക്കാർജീവനത്തെയാണോ?

മി. എൻ. കുമാരൻ (നിയമിതമെംബർ): നിശ്ചയമായിട്ടുമല്ല സർക്കാർജീവനം. ആവശ്യംപോലെ വ്യാപകമായിത്തീരുന്നതല്ല. അതിനുംപുറമേ പുതിയനിയമനങ്ങൾ ഒന്നുംതന്നെ അനുവദിക്കാതിരിക്കുന്നതിനു വേണ്ടി എല്ലായ്പോഴും വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടുംകൂടി നോക്കിക്കൊണ്ടിരിക്കുവാൻ നിയമസഭയും ഉണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും); മാർഗ്ഗങ്ങൾ ആലോചിച്ചുണ്ടാക്കുന്നതിനും പ്രത്യേകമായ തൊഴിലുകൾക്കുവേണ്ട അപ്രകാരമുള്ള അഭിവൃദ്ധിക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിനും സാധിക്കുന്നതാണോ?

മി. എൻ കുമാരൻ (നിയമിതമെംബർ): കമ്മിററികൾ ഗവൺമെൻറിനു നിർദ്ദേശങ്ങൾ നൽകും. ആ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുവാൻ ഗവൺമെൻറു ജനങ്ങൾക്കു ആവശ്യമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കും.

സർക്കാർഉദ്യോഗം സംബന്ധിച്ചു ഞാൻ ഒരഭിപ്രായം പറയാം. ബഡ്ജററിനെപ്പററിയുള്ള അഭിപ്രായങ്ങളെപ്പററി പര്യാലോചിക്കുമ്പോൾ പരീക്ഷായോഗ്യതകൾ ഒന്നുംതന്നെ വേണമെന്നു നിശ്ചയിച്ചിട്ടില്ലാത്തതും ൫൦,൦൦൦ ത്തിൽ കുറയാത്തവയുമായ സർക്കാരുദ്യോഗങ്ങൾ ഉണ്ടെന്നു കാണാവുന്നതാണ്. കാൺസ്റ്റബിൾമാർ ശിപായികൾ പെററിആഫീസറന്മാർ, അതുപോലെയുള്ള മററനേകം സർക്കാർജീവനങ്ങൾ എന്നിവ ഇതിനു ഉദാഹരണങ്ങളാണ്. വിദ്യാഭ്യാസത്തിനുവേണ്ടി ഒരു വലിയ തുക ചെലവുചെയ്യുന്നതായി വിചാരിക്കുന്ന ഒരു ഗവൺമെൻറു ൫൦,൦൦൦ സ്ഥാനങ്ങൾക്കു യാതൊരു പരീക്ഷായോഗ്യതയുമില്ലാത്ത ആളുകളെ നിയമിക്കുന്നതു ശരിയാണോ? ഇവക്കും ഏതെങ്കിലുംതരത്തിലുള്ള വിദ്യാഭ്യാസയോഗ്യത നിശ്ചയിക്കാത്തതെന്തുകൊണ്ട്? ഏതാനും സ്ഥാനങ്ങൾക്കു മലയാളംപള്ളിക്കൂടങ്ങളിലെ അഞ്ചാംക്ലാസ്സുവരെ എങ്കിലും പഠിച്ചിരിക്കേണ്ടതാണെന്നും നിശ്ചയിക്കേണ്ടതാണ്. മററു ചിലതിനു അതായതു ഒന്നാംഗ്രേഡ് കാൺസ്റ്റബിൾ, ഒടുവിലത്തെ ഗ്രേഡിലുള്ള പെററിആഫീസറന്മാർ, ജുഡീഷ്യൽഡിപ്പാർട്ടുമെൻറിലുള്ള ശിപായികൾ മുതലായവക്കു സ്കൂൾഫൈനൽ പരീക്ഷയും വിദ്യാഭ്യാസയോഗ്യതയായി നിശ്ചയിക്കാവുന്നതാണ്. ഇവരെല്ലാം പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർതന്നെ ആകുന്നു.

മി. ഡബ്ലിയൂ. എച്ച്. പിററ് (പോലീസ്കമ്മീഷണർ): കാൺസ്റ്റബിൾമാരുടെ സ്ഥാനങ്ങളിലേക്കു ഈ യോഗ്യതകളുള്ളവരെ മെംബർ അയച്ചുകൊടുക്കുമോ?

മി. എൻ. കുമാരൻ (നിയമിതമെംബർ): ആ സംഗതി വ്യത്യാസപ്പെട്ടതാണ്. എനിക്കു അവരെ അവിടെ അയക്കാമായിരുന്നു; എന്നാൽ ഇപ്പോൾ ചില ബുദ്ധിമുട്ടുകൾ ഇക്കാര്യത്തിൽ ഉണ്ട്. എന്തുകൊണ്ടെന്നാൽ ഒരു കാൺസ്റ്റബിളായിട്ടു നിയമിക്കേണ്ട ഒരാൾക്കു ഒരു പ്രത്യേകയോഗ്യത മതിയാകുന്നതാണെന്നു കമ്മീഷണർ പ്രസ്താവിച്ചിട്ടില്ല. ഏതെങ്കിലും ചില യോഗ്യതകൾ നിശ്ചയിച്ചാൽ യോഗ്യതയുള്ളവരായ എത്രപേരെ വേണമെങ്കിലും അയച്ചുകൊടുക്കുവാൻ എനിക്കു എളുപ്പത്തിൽ സാധിക്കുന്നതുമാണ്.

മി. ഡബ്ലിയൂ. എച്ച്. പിററ് (പോലീസ്കമ്മീഷണർ): ഈ യോഗ്യതകളോടുകൂടിയ ഏതെങ്കിലും ആളുകൾ കാൺസ്റ്റബിൾഉദ്യോഗത്തിനു അപേക്ഷിക്കുന്നതായി കാണുവാൻ അദ്ദേഹത്തിനു സാധിക്കുമോ?

പ്രസിഡണ്ട്: നിങ്ങൾ ഇന്ന യോഗ്യതകൾ വേണമെന്നു നിശ്ചയിച്ചിട്ടില്ലെന്നു മിസ്റ്റർ കുമാരൻ പറയുന്നു.

മി. എൻ. കുമാരൻ (നിയമിതമെംബർ): അതേ, ഈ സ്കൂൾഫൈനൽപരീക്ഷ ജയിച്ചിട്ടുള്ളവർ കൂടുതൽ മാന്യതയുള്ള സ്ഥാനങ്ങൾ ലഭ്യമല്ലെന്നും മറെറല്ലാ സ്ഥാനങ്ങളിലും പ്രവേശനമില്ലെന്നും കാണുമ്പോൾ ഒന്നാംഗ്രേഡ് കാൺസ്റ്റബിൾസ്ഥാനത്തിനു നിശ്ചയമായും അപേക്ഷിക്കും.

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡിപ്പൂട്ടിപ്രസിഡണ്ട്): അപ്പോൾ വിദ്യാഭ്യാസയോഗ്യതയില്ലാത്തവരും ഉദ്യോഗംകൊടുക്കേണ്ടവരുമായ അവരെപ്പററി മെംബർ ഉദ്ദേശിക്കുന്നതെന്താണ്? അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം അവരെസംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ ഉണ്ടായിരിക്കുന്നതാണല്ലോ.

മി. എൻ. കുമാരൻ (നിയമിതമെംബർ); നാം നമ്മുടെ പൂർവസ്ഥിതിയെവിട്ടു നമ്മുടെ പഴയതൊഴിലിനെ ഉപേക്ഷിക്കുകയാണെന്നു എൻെറ സ്നേഹിതൻ മി. കുമാരപിള്ള പ്രസ്താവിച്ച അഭിപ്രായത്തെമാത്രമേ ഇതിനു മറുപടിയായിട്ടു എനിക്കു പറയുവാനുള്ളൂ. വിദ്യാഭ്യാസംചെയ്തിട്ടില്ലാത്തവരും വിദ്യാലയങ്ങളിൽ പോയി യോഗ്യതസമ്പാദിക്കാൻ

കഴിയാത്തവരുമായ ആളുകളെല്ലാം അവരുടെ പൂർവസ്ഥാനങ്ങളിൽ പ്രവേശിച്ച് തങ്ങളുടെ പിതാക്കന്മാർ അനുവർത്തിച്ചുപോന്ന തൊഴിലിനെ തുടരേണ്ടതാണ്.

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡിപ്പൂട്ടിപ്രസിഡണ്ട്): വിദ്യാഭ്യാസം ലഭിച്ചവർ അവരുടെ തറവാട്ടുതൊഴിലിനെ വിടാതെ തുടരുന്നതല്ലയോ കൂടുതൽ നല്ലതു?

മി. എൻ. കുമാരൻ (നിയമിതമെംബർ): അവർ അതു ഇഷ്ടപ്പെടുന്നുവെങ്കിൽ ഞാൻ അവരെ നിശ്ചയമായിട്ടും വിരോധിക്കുകയില്ല. എന്നാൽ മനുഷ്യർക്കു എളുപ്പത്തിൽമാററാൻ നിവൃത്തിയില്ലാത്ത ചില സ്വഭാവമുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): ഈ സ്വഭാവത്തിനു കാരണം എന്താണെന്ന് മെമ്പർ പറയുമോ?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): അതിനു അനേകം കാരണങ്ങൾ ഉണ്ടായിരിക്കാം. ഒന്നാമതായിട്ട് വളരെ പണം ചെലവായിട്ടുള്ള ഒരു വിദ്യാഭ്യാസമാണ് അവർക്കു ലഭിച്ചിട്ടുള്ളത്. എന്നാലും മാന്യമായ കാലക്ഷേപമാർഗ്ഗമായി കരുതിപ്പോരുന്ന സർക്കാരുദ്യോഗം ലഭിക്കുന്നതിനു അവർ ആശിക്കുന്നുണ്ടെന്ന് അനുഭവത്തിൽനിന്നു നമുക്കു അറിയാം.

മി. കെ. കെ. തോമസ് (കോട്ടയം): സർക്കാരുദ്യോഗത്തിൽനിന്നുകിട്ടുന്ന ശമ്പളവും പുറമേയുള്ള ജോലിയിൽനിന്നുകിട്ടുന്ന ആദായവും തമ്മിൽ താരതമ്യേന എന്തന്തരമാണുള്ളത്?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): കൊള്ളാം. സർക്കാർ ജീവനത്തിൽനിന്നും ഉണ്ടാകുന്ന ധനലാഭത്തെയും പുറമേയുള്ള തൊഴിലുകളിൽനിന്നും ലഭിക്കുന്ന ധനലാഭത്തെയും തമ്മിൽ താരതമ്യപ്പെടുത്തുവാൻ എനിക്കു സാധിക്കുന്നതല്ല. അതിനുള്ള കണക്കുകൾ എന്റെ കൈവശമില്ല.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): രാമൻ തമ്പാൻ എന്നൊരു ബി. എ. ക്കാരൻ ഏഴു വർഷം ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നതിന്റെശേഷം, ജോലി രാജിവെച്ചിട്ടു തന്റെ അച്ഛന്റെ തൊഴിലിൽ പ്രവേശിച്ചതായി മി. കുമാരന് അറിയാമോ?

മി. എൻ. കുമാരൻ (നിയമിതമെമ്പർ): എനിക്കു അറിഞ്ഞുകൂടാ.

മി. വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): ഈ വിവരം ഇന്നലത്തെ 'ഹിന്ദു' പത്രത്തിലുണ്ടായിരുന്നു.

മി. എൻ. കുമാരൻ (നിയമിതമെമ്പർ): നമ്മെ സംബന്ധിച്ചിടത്തോളവും അപ്രകാരമായിരുന്നു എങ്കിൽ നമ്മിൽ അധികംപേരും ഇവിടെ ഇരിക്കുവാൻ അർഹതയുള്ളവരായിരിക്കയില്ല. നാം മററുവല്ലതിനെങ്കിലും ആവശ്യമെന്നാൽ, ഇതുകൊണ്ടു നാം നമ്മുടെ പഴയതൊഴിലിനെത്തന്നെ തുടരണം എന്നുപറയുന്നതു തീരെ അർത്ഥമില്ലാത്തതാകുന്നു. ഏതെങ്കിലും സംഗതിവശാലോ അല്ലെങ്കിൽ ഗവണ്മെന്റു നിർമ്മിക്കുന്ന നിയമങ്ങളാലോ അപ്രകാരം ചെയ്യുന്നതിന് നിർബന്ധിതരായിത്തീരുന്ന നമ്മിൽ അധികംപേരും അവരുടെ പഴയതൊഴിലിലേക്കു മടങ്ങിയേക്കാം. ഭാവിയിൽ തൽക്കാലസ്ഥിതിക്കു അങ്ങനെയാണെങ്കിൽ ഒരു ഭേദഗതിവന്നേക്കാം. ചെലവു അധികം വേണ്ടിവരുന്ന വിദ്യാഭ്യാസം സിദ്ധിക്കുന്നതിനായി കാളേജുകളിലും മററു സ്ഥാപനങ്ങളിലും ഇപ്പോഴത്തെപ്പോലെ അസംഖ്യം വിദ്യാർത്ഥികളെ അയക്കപ്പെടുന്നതുമല്ല. നമുക്കു വിദ്യാഭ്യാസംകൊണ്ടു പ്രയോജനമൊന്നും ലഭിക്കുന്നതല്ലെന്ന് മനസ്സിലാകുന്നതോടുകൂടി, കാളേജ് പ്രവേശനത്തിനായുള്ള തെരക്കും കുറയും. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗത്തെപ്പററി വേണ്ട അന്വേഷണങ്ങൾ ചെയ്തു നിർദ്ദേശങ്ങൾ നൽകാൻ ഒരു കമ്മിററി ഏർപ്പെടുത്തണമെന്നുള്ള മി. കുമാരപിള്ളയുടെ പ്രമേയത്തെ എനിക്കനുകൂലിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ രാജ്യത്തു ഇപ്പോൾ തൊഴിൽചെയ്യാൻ മനസ്സുള്ള ഏവർക്കും തൊഴിൽ ഇല്ലായ്കയില്ല. തൊഴിൽചെയ്യാൻ മനസ്സില്ലാത്തവരെക്കൊണ്ടു തൊഴിൽ ചെയ്യിക്കുവാൻ ഒരു കമ്മിററികൊണ്ടു സാധിക്കുമെന്നു തോന്നുന്നില്ല. അങ്ങിനെയുള്ളവരെ അവരുടെ ആവശ്യങ്ങൾ തന്നെ വേണം തൊഴിൽചെയ്യാൻ ഉത്സാഹമുള്ളവരാക്കിത്തീർക്കുവാൻ. ആവശ്യം സൃഷ്ടിയുടെ മാതാവാകുന്നു എന്നു പഴമൊഴിയുണ്ടല്ലോ. തൊഴിൽചെയ്യാതെ തങ്ങളുടെയോ കുടുംബത്തിന്റെയോ ആവശ്യങ്ങൾ നിർവഹിക്കുവാൻ നിവൃത്തിയില്ലെന്നുവരുമ്പോൾ ആരും ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കാതിരിക്കയില്ല. അതിനുവേണ്ട തൊഴിലുകൾ രാജ്യത്തു ധാരാളം ഉണ്ടുതാനും. രണ്ടു തരക്കാരാണ് ജോലിചെയ്യാതെ കഴിയുന്നത്. ഒരു തരക്കാർ തീരെ ദരിദ്രരും വിദ്യാഭ്യാസമില്ലാത്തവരുമായ ഒരു കൂട്ടരാണ്. അവർ രോഗമോ വാർദ്ധക്യമോ നിമിത്തം ജോലിചെയ്യാൻ നിവൃത്തിയില്ലാത്തവരായ ഭിക്ഷുക്കളോടുചേർന്ന് ഭിക്ഷാടനംചെയ്തു നടക്കുന്നവരാണ്. അവർ രോഗികളാണെന്നു വേഷത്തിൽ നടിക്കുന്നതുകൊണ്ടു ഉദാരന്മാരായ ആളുകൾ ഭിക്ഷനൽകി അവരെയും പോററിവരുന്നു. അവർക്കു വേലചെയ്യാൻ മനസ്സുണ്ടെങ്കിൽ വേലയിലും ധാരാളമുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): തൊഴിൽചെയ്യാൻ മടിയുള്ള ഒരു തരക്കാരെപ്പററി പറഞ്ഞല്ലോ. അവരെപ്പററികേട്ടാൽ കൊള്ളാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആ തരക്കാരെപ്പററിയാണ് പറഞ്ഞതും. എനിക്കു ഏഴു മിനിട്ടേ സംസാരിക്കാൻ അവകാശമുള്ളു. അതുകഴിഞ്ഞു ചോദ്യങ്ങൾ ചോദിച്ചാൽ പ്രസിഡണ്ടു അനുവദിക്കുന്നപക്ഷം ഉത്തരംപറയാം. ൮-ം, ൧൦-ം, ൧൨-ം അണവീതം വേലക്കാരന്റെ

രാജ്യത്തിൽ കാർഷികോദ്യോഗത്തും ഓരോ വേലകൾക്കും കൂലിനിരക്കു വീണിട്ടുണ്ടെന്നു. ഇന്നത്തെ പ്രകൂലിനിരക്കായി തീർന്നിട്ടുണ്ട്. മി. കുമാരപിള്ളതന്നെ ഈവിധം കൂലിനിരക്ക വീണിട്ടുണ്ടെന്നു കാലക്ഷേപംകഴിക്കുന്നതെന്നു വിചാരിക്കുന്ന സംഗതിയിൽ സമ്മതിച്ചിട്ടുണ്ട്. കൂലിവേലയ്ക്കു പോകാതെതന്നെ ആളുകളെങ്കിലും സ്ഥലങ്ങൾ പാട്ടത്തിനെടുത്തിട്ടുള്ളവർക്കും വേലചെയ്യാൻ മനസ്സുണ്ടെങ്കിൽ വേലയില്ലായ്കയില്ല. കൃഷികളിലേർപ്പെട്ടു കാലക്ഷേപംകഴിക്കുവാൻ നിവൃത്തി ഉള്ളവർ കൃഷിയോ, കച്ചവടമോ മറെറന്തെങ്കിലും തൊഴിലുകളോ ചെയ്തു ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു ഓ ത്തിയില്ലാത്തവിധം പല സ്ഥലത്തേയ്ക്കും ഇപ്പോൾ നേരിട്ടിട്ടില്ല. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നു എന്നുള്ളത് വാസ്തവമാണ്. അതുനിമിത്തം കൃഷിക്കാർക്കുള്ള പ്രദേശത്തിന്റെ വിസ്തീർണ്ണം ഇല്ലെന്നുള്ള ബുദ്ധിമുട്ടു ചിലയിടത്തെല്ലാം വർദ്ധിച്ചു ചെയ്യാൻ മനസ്സുള്ളവർക്കും കൃഷിക്കാവശ്യത്തിനു സ്ഥലം ഇല്ലെന്നുള്ള ബുദ്ധിമുട്ടു പൊതുജനങ്ങൾക്കു യാതൊരു പ്രയോജനവുമില്ലാതെ വരുന്നുണ്ട്. അതിനുള്ള പ്രതിവിധി ഗവണ്മെന്റിനോ പൊതുജനങ്ങൾക്കോ ഇതുതന്നെ ജനബാഹുല്യം ഇപ്പോഴിരുന്നപ്രകാരം വിധത്തിൽ റിസർവാക്കിയിട്ടിരിക്കുന്നതും പുറമ്പോക്കായുള്ളതുമായ ലക്ഷ്യങ്ങളോടുകൂടി പ്രദേശത്തെ റിസർവിൽനിന്നും പോലും കൃഷിചെയ്യുകയും കുടിപാർക്കയും ചെയ്യത്തക്കതുമായ ലക്ഷ്യങ്ങളോടുകൂടി പതിച്ചുകൊടുക്കയാകുന്നു. അങ്ങിനെ ഒന്നാ, വിട്ടുതിരിച്ചില്ലാ അംശങ്ങളായി തിരിച്ചു സാധുക്കളായവർക്കു പതിച്ചുകൊടുക്കയാകുന്നു. ജനവാസസ്ഥലങ്ങളോടു സമീപം കിടക്കുന്നവയെ തിരിച്ചു ഒന്നരയേക്കറോ ഏക്കർ സ്ഥലങ്ങൾ രാജ്യത്തെ ജനവാസസ്ഥലങ്ങളോടു സമീപം കിടക്കുന്നവ

കൊടുക്കുന്നതുകൊണ്ടു റിസർവിനു സാരമായ കുറവൊന്നും വരാനില്ല. കയ്യേറ്റക്കാർ സ്ഥലങ്ങൾ അനധികൃതമായി നാം ഗണിക്കുന്ന വർഗ്ഗങ്ങൾക്ക് പതിച്ചുകൊടുക്കാതെയും എല്ലാ വർഗ്ഗങ്ങളിലുംപെട്ട ഭൂസ്വത്തില്ലാത്തവർക്ക അവരെയറിൽ കൂടാത്തതായ ഓരോ അംശങ്ങൾ അതാതുതാലൂക്കിലെ 'മിനിമം' പതിവുകൾക്ക് ശേഷമെല്ലാം പതിവുകളിൽകൂടാത്ത അംശങ്ങളാക്കി ലേലംചെയ്യും പതിച്ചുകൊടുക്കുന്നതായാൽ അതു തൊഴിലില്ലായ്മ നീക്കുന്നതിനും രാജ്യശ്രേയസ്സിനും ഗവണ്മെന്റ കോശപോഷണത്തിനും ഏറ്റവും ഉതകുന്നതായിരിക്കും. ഈ കൃഷിസ്ഥലത്തിനകം കൃഷിചെയ്യണമെന്നുള്ള വ്യവസ്ഥയോടുകൂടി പതിച്ചുകൊടുക്കുന്നതു് അധികം നല്ലതാണ്. ഒന്നരലക്ഷം ഏക്കർ സ്ഥലം ഈവിധം റിസർവിൽനിന്നു ഒഴിവാക്കി പതിച്ചുകൊടുക്കുന്നതായാൽ സാധുക്കൾക്ക ഏതാണ്ടൊരു തരവിക്കു കൂടാതെ കൊടുക്കുന്ന കുറവുകഴിച്ച് ഒന്നരക്കോടി രൂപായോളം ഗവണ്മെന്റിനു തറവിലയും തടിവിലയും കൂടി ലഭിക്കുന്നതായിരിക്കും. മി. കുമാരപിള്ള പറയുന്നതുപോലെ തൊഴിലില്ലായ്മ ഉണ്ടെങ്കിൽ അതിനു ശരിയായ പരിഹാരമാർഗ്ഗം ഇതുതന്നെയാണ്. കൃഷിക്കു താല്പര്യമുണ്ടായിട്ടു് ഭൂമിയില്ലാതെ ബുദ്ധിമുട്ടുന്നവർക്കും കുറെ വിദ്യാഭ്യാസം സിദ്ധിച്ചതിനുശേഷം ഉദ്യോഗസിദ്ധിക്കായി പരിശ്രമിച്ചു നിരാശയോടെ പിന്മാറുന്നവർക്കും ഇങ്ങനെയുള്ള സ്ഥലങ്ങളിൽ മരച്ചീനിയോ തെങ്ങോ കമുകോ റബ്ബറോ കൃഷിചെയ്തു മാനമായി കാലക്ഷേപം ചെയ്യാൻസാധിക്കും.

ഒരിപ്പുരകൂടാതെ തൊഴിൽചെയ്യാതെ നടക്കുന്ന മററനേകംകൂട്ടർ വിദ്യാഭ്യാസം സിദ്ധിച്ചശേഷം ഉദ്യോഗങ്ങൾക്കായി ശ്രമിച്ചുനടക്കുന്നവരാണ്. ഈപ്രകാരമുള്ള ഏതാനും യുവാക്കന്മാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. അവർ ഗവണ്മെന്റുദ്യോഗമാകുന്ന തൊഴിൽചെയ്യണമെന്നുമാത്രം ആശിച്ചു നടക്കുന്നവരാണ്. അല്ലാതെ തൊഴിൽ ഇല്ലാതെ ബുദ്ധിമുട്ടുന്നവരല്ല. കൃഷിമുതലായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു ആവശ്യം അവരെ നിർബന്ധിക്കുന്നതനുസരിച്ചു പലരും ഉദ്യോഗലബ്ധിക്കായിട്ടുള്ള ശ്രമങ്ങളിൽനിന്നും പിരിഞ്ഞു പൂർവികന്മാരുടെ തൊഴിലുകളിലേക്കു പോകുന്നുണ്ട്. ഒരു കമ്മററി ഏർപ്പെടുത്തി ഇവരെസംബന്ധിച്ചു ഒന്നും ചെയ്യേണ്ടതില്ല. കുടിൽ വ്യവസായങ്ങൾക്ക ഇവർ പോകുന്നവരും അല്ല.

മി. കെ. ശിവരാമപണിക്കർ (ചേർത്തല): വലിയ വ്യവസായങ്ങൾനടത്തുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിയാൽ അതിലേക്ക അവർ ഒരുങ്ങുകയില്ലയോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എന്റെ പ്രസംഗംകഴിഞ്ഞിട്ടു മറുപടി പറയാം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): സംഭാഷണത്തിനുശേഷം ചോദ്യംചോദിക്കുവാൻ പ്രസിഡണ്ടു ഞങ്ങളെ അനുവദിക്കുമോ?

പ്രസിഡണ്ട്. സംഭാഷണത്തിനുള്ള സമയം പത്തുമിനിട്ടാണെന്നു ക്ലിപ്തം ചെയ്തിട്ടുണ്ട്. അതിനുശേഷം നിങ്ങൾക്ക ചോദ്യം ചോദിക്കാവുന്നതല്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വലിയ വ്യവസായശാലകൾ ഏർപ്പെടുത്തിനടത്തുവാൻ വേണ്ട മൂലധനവും ഇവക്ക സാധാരണ ഉണ്ടായിരിക്കുകയില്ലാ. ഇവർക്കുപററിയ തൊഴിൽ ഇവരുടെ പൂർവികന്മാരുടെ തൊഴിലായ കൃഷിതന്നെയാണ് ഇവരിൽ അധികംപേരും കൃഷിക്കാരുടെ സന്താനങ്ങളും കൃഷിചെയ്യാൻ കുറച്ചെങ്കിലും സ്ഥലമുള്ളവരുമാണ്. സ്ഥലം ഇല്ലാത്തവർക്ക സ്ഥലം ലഭിപ്പാൻ ഞാൻ മുമ്പുപറഞ്ഞ മാർഗ്ഗം തുറക്കണം. ആ മാർഗ്ഗത്തിൽകൂടി പ്രവർത്തിക്കുന്നതിനു ആവശ്യം അവരെ പ്രേരിപ്പിച്ചുകൊള്ളും. ശ്രീവാഴുംകോടാകുന്ന ഇൻഡ്യയുടെ ഈ ആരാമത്തിൽ എത്രയും ഫലപുഷ്ടിയുള്ള ഒരു വലിയഭാഗം റിസർവിൽ കുടുക്കിയിട്ടിട്ടുള്ളതു രാജ്യത്തിന്റെ ഭാവി ഐശ്വര്യത്തിനായി വേലചെയ്യുവാൻ ഉത്സാഹവും പ്രാപ്തിയുമുള്ള വഞ്ചിരാജ്യത്തിലെ സന്താനങ്ങൾക്ക വീതിച്ചുകൊടുക്കണം. അതാണു തൊഴിൽ വർദ്ധിക്കുവാനുള്ള ഒന്നാംതരംമാർഗ്ഗം അതിനു കമ്മിററി ഏർപ്പെടുത്തി ധനവ്യയം ചെയ്യേണ്ട ആവശ്യമില്ല. ഈ കർഷകരാജ്യത്തെ ഐശ്വര്യ വർദ്ധനക്കും തൊഴിലില്ലായ്മയുടെ പരിഹാരത്തിനും കൃഷി ഭൂമിയിൽനിന്നും കൂടുതൽ വിളവെടുക്കുന്നതിനു കൃഷി പരിഷ്കരിക്കയും കൃഷിസ്ഥലം വർദ്ധിപ്പിക്കയുമാണ് വേണ്ടതു്. ഈ വിഷയത്തിൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ പരിശ്രമംകൊണ്ടു പറയത്തക്ക അഭിവൃദ്ധി ഒന്നും ഉണ്ടായിട്ടില്ലെന്നു പൊതുജനങ്ങൾ സമ്മതിക്കും. മാതൃകാതോട്ടങ്ങൾപോലും നഷ്ടതരമായ കൃഷിയുടെ മാതൃകകൾ ആണെന്നു ഗവർമെന്റു തന്നിട്ടുള്ള മറുപടിയിൽനിന്നു വ്യക്തമാകുന്നുണ്ട്. കൃഷിപരിഷ്കാരം തുടർന്നുവരുന്തോറും വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്ന നെല്ലിന്റെയും അരിയുടേയും തുക വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. പിന്നെ കൃഷിസ്ഥലം വർദ്ധിപ്പിക്കുകയാണ് ഒരു മാർഗ്ഗം ഈ രാജ്യത്തിലെ കായലുകളും ഏതാനും ചില പ്രഭുക്കന്മാരുടെ മാത്രംവകയായ ഇടവക ഭൂമികളും ഒഴിച്ചുകണക്കാക്കുന്നപക്ഷം രാജ്യത്തിന്റെ വിസ്തീർണ്ണതയിൽ പകുതി റിസർവ് വനമാണ്. ജനങ്ങൾക്ക അവരുടെപുരയിടങ്ങളിലുള്ള സാധനങ്ങളെ യഥേഷ്ടം കടത്തിക്കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യത്തെ ചട്ടത്താൽതടഞ്ഞു ഈ രാജ്യത്തെ തടികൾ സമുദ്രതീരത്തുള്ള ഡിപ്പോവിൽ വിദേശികൾക്ക വിൽക്കുന്ന വിലയ്ക്കുപോലും ഉൾനാട്ടുകളിലെ ജനങ്ങൾക്ക ആ നാട്ടുകളിൽ കൊടുക്കാതെയും ജനങ്ങൾക്ക പകുതി അവകാശം നിയമത്താലുള്ള കുടിപ്പുരയിടങ്ങളിലെ തേക്കുതടികളുടെ പകുതി അവകാശം നൽകാതെയും നയിച്ചുവരുന്ന ഫാറസ്റ്റ് ഭരണംകൊണ്ടു പ്രതിവത്സരം ചിലവുകഴിച്ചുള്ള ആദായം പൂജ്യംമാത്രമാണ്. റിസർവ്വ വനത്തിനു പുറത്തുള്ള കുടികളുടെ പുരയിടങ്ങളിലെ തേക്കുതടിയുടെ വിലമാത്രമാണ് ഇപ്പോൾ ആദായമായി ഗണിക്കുന്നതു അതു കുടിവിലവെയാണ്. വനവിലവേറെയില്ലാ. അതിനാൽ റിസർവിൽനിന്നും കുറെ സ്ഥലം വിടുന്നതുകൊണ്ടു റിസർവ്വു നശിക്കുമെന്നോ ആദായം ഇല്ലാതാകുമെന്നോ ഇപ്പോൾ ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. രാജ്യത്തിലെ തൊഴിൽവർദ്ധനക്കും ഐശ്വര്യത്തിനുംവേണ്ടി ഇപ്പോൾചെയ്യേണ്ടതു ഇത്രമാത്രമേയുള്ളൂ. ഇപ്പോൾ ഉള്ള കൃഷിസ്ഥലങ്ങളിൽനിന്നും കൂടുതൽ വിളവുണ്ടാക്കത്തക്ക മാർഗ്ഗങ്ങൾ കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും മനസ്സിലാക്കി കൃഷിക്കാരുടെഇടയിൽ പ്രചരിപ്പിക്കയും ആദായകരങ്ങളായ പുതിയ കൃഷികളും കൃഷി ഉപകരണങ്ങളും രാജ്യത്തു നടപ്പാക്കയും വനത്തിൽനിന്നും ഒന്നരലക്ഷത്തോളം ഏക്കറെങ്കിലും ജനങ്ങൾക്ക ചില്ലറയായി പതിച്ചുകൊടുത്തു കൃഷിസ്ഥലങ്ങളുടെ വിസ്തീർണ്ണതയെ വർദ്ധിപ്പിക്കയുമാണ് വേണ്ടതു്. അല്ലാതെ മിസ്റ്റർ കുമാരപിള്ള പറയുംപ്രകാരം രാജ്യത്തെ പല

ഡിപ്പാർട്ടുമെൻറുകളുടെ കൂട്ടിക്കെട്ടി ഒന്നിൻറയോഴിയും സഹകരണമായി നടക്കാതാക്കിത്തീർക്കുന്നതുകൊണ്ടോ കമ്മിററി ഏർപ്പെട്ടുത്തി ഗവൺമെൻറ പണം ദുർവ്യയം ചെയ്യുന്നതുകൊണ്ടോ ദോഷമല്ലാതെ ഗുണത്തിനൊന്നും വഴികാണുന്നില്ലാ എന്നുള്ള എൻെറ അഭിപ്രായത്തെ ഇവിടെ തുറന്നു പറഞ്ഞുകൊണ്ടു ഞാൻ വിരമിക്കുന്നു.

മി. കെ. എം. ജോസഫ് (മീനച്ചലും ദേവികുളവും): കൃഷിസംബന്ധമായ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇപ്രകാരം ഒരു കമ്മിററി ഏർപ്പെട്ടുത്തിയാൽ ആ കമ്മിററിക്കു സാധിക്കുകയില്ലേ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): തൊഴിലില്ലായ്മയെ പരിഹരിക്കാൻ ഉള്ള ഉദ്ദേശത്തിൽ ഒരു കമ്മിററി രൂപീകരിക്കുന്ന ആവശ്യം ഇല്ല എന്നു അറിച്ചു കൃഷി പരിഷ്കരണത്തിനായി ഒരു കമ്മിററിയെ രൂപീകരിക്കണമെന്നു പറയുന്നപക്ഷം ഞാൻ അതിനെ അനുകൂലിക്കാൻ തയാറാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൃഷിക്കു സ്ഥലം പതിച്ചുകൊടുത്താൽ എല്ലാവരും കൃഷിക്കു പോകുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എല്ലാവരും പോകും, പോകാത്തവരുടെ സംഖ്യ വളരെ കുറച്ചേ ഉള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): രണ്ടാംക്ലാസുകാരെപ്പററി മെമ്പർ പറഞ്ഞിട്ടുണ്ടല്ലോ അതിൽ ആദ്യത്തെ ക്ലാസുകാർ ആരാണ്?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആരോഗ്യത്തോടു ഭിക്ഷുവേഷം കെട്ടി നടക്കുന്നവരും വേല ചെയ്യാൻ ശക്തിയുള്ളവരുമാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങിനെയുള്ളവരുടെ പ്രവൃത്തിയെ മെമ്പർ അനുകൂലിക്കുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ ഉള്ളവരെ തിരിച്ചറിയാൻ പ്രയാസമാണ്. സാധാരണ രോഗികളായ ഭിക്ഷുക്കളോടുകൂടെ അവർ നടക്കുകയാണുള്ളത്. രോഗികളും വേല ചെയ്യാൻ കഴിവില്ലാത്തവരുമായ ആളുകളെ ഒരു സ്ഥാപനമുണ്ടാക്കി അതിൽ താമസിപ്പിക്കുകയും അവർ ഭിക്ഷയെടുത്തു നടക്കുന്നതു കുററകരമാണെന്നു നിയമം ഉണ്ടാക്കുകയും ചെയ്യണം. വ്യാജവേഷംകെട്ടി നടക്കുന്നവരെ ശിക്ഷിക്കണം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൃഷിയിൽനിന്നും കൂടുതൽ ആദായം കിട്ടുന്നില്ലെന്നു മെമ്പർ പറഞ്ഞല്ലോ. അതുപോലെ വ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോൾ ആദായം കിട്ടുന്നില്ലാ എന്നുള്ള വസ്തുത മെമ്പറിനു അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): ഇനി അടുത്ത കാലത്തുണ്ടാകാനും നിവൃത്തിയില്ല. ഇൻഡ്യയിൽതന്നെ വ്യവസായഡിപ്പാർട്ടുമെൻറിൽനിന്നും യാതൊരാദായവും ലഭിക്കുന്നില്ലെന്നു എൻെറ മാന്യസ്നേഹിതൻ വായിക്കയുണ്ടായി. അതിൻെറ ഉപരാജ്യമാണ് തിരുവിതാംകൂർ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൃഷിയുടെകൂടെ വ്യവസായം കൂടെയായിട്ടു വർദ്ധിപ്പിക്കേണ്ടതു തൊഴിലില്ലായ്മക്കു പരിഹാരമായിരിക്കുമെന്നു മെമ്പറിനു അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): അതു ഓരോ രാജ്യത്തെ പരിതഃസ്ഥിതിക്കു ആശ്രയിച്ചിരിക്കും. ഇവിടെ കൃഷിയെ വർദ്ധിപ്പിക്കുകയാണ് വേണ്ടതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൃഷിയും വ്യവസായവും പരസ്പരം ആശ്രയിച്ചാണിരിക്കുന്നതെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനു അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): അതെ. ആശ്രയിച്ചാണിരിക്കുന്നതു. എങ്കിലും ഇതു കർഷകരാജ്യമായതുകൊണ്ടു കൃഷിക്കാണ് പ്രാധാന്യം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വ്യവസായംകൂടാതെ കൃഷി സാധിക്കയില്ല കൃഷികൂടാതെ വ്യവസായം സാധിക്കയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): ഇതു രണ്ടുംകൂടാതെ കച്ചവടത്തിനും സാധിക്കയില്ലാ. (ചിരി)

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ചോദിച്ച ചോദ്യത്തിനു മറുപടി പറകയല്ലാതെ അതിലധികം പറയുന്നതു ശരിയല്ലാ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): അങ്ങിനെ മറുപടിപറയാതെ ഒഴിഞ്ഞുനിൽക്കാനും നിയമത്താൽ എനിക്കു സാധിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്പോൾ മെമ്പർ മറുപടിപറയുന്നില്ലാ എന്നുള്ള വിചാരത്തോടുകൂടി ഞാൻ ഇരിക്കട്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): ഇതിനു മറുപടിപറയേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും–വിളവങ്കോടും): ഈ രാജ്യത്തിൽ ആവശ്യത്തിൽ കൂടുതൽ വനം ഉണ്ടെന്നും അതിൽ ഒന്നരലക്ഷം ഏക്കർ പതിച്ചുകൊടുക്കാമെന്നും അഭിപ്രായം പറഞ്ഞുവല്ലോ. ഈ രാജ്യത്തിൻെറ സ്ഥിതിക്കും വിദേശങ്ങളിൽ സ്വീകരിച്ചുപോരുന്ന തോതിനു അനുകൂലമായും എത്രഏക്കർവനം ആവശ്യമുണ്ടെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനു അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): അതു എൻെറ മാന്യസ്നേഹിതനോടു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും–വിളവങ്കോടും): ഈ രാജ്യത്തെ ആദായം വർദ്ധിപ്പിക്കുന്നതിലേക്കായിട്ടാണൊ വനങ്ങൾ റിസർവാക്കി ഇട്ടിരിക്കുന്നതു?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും–തൊടുപുഴയും): ഈ രാജ്യത്തിൽ വനം ഒഴിച്ചിട്ടിരിക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നും ഇല്ല.

മി. ററി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): വനം ഡിപ്പാർട്ടുമെൻറിൽനിന്നു ധാരാളം ആദായം കിട്ടിയില്ലെങ്കിൽ വനം സംരക്ഷിക്കേണ്ട ആവശ്യമില്ലാഎന്നാണോ മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ അഭിപ്രായം?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെയല്ലാ ഞാൻ പറഞ്ഞതു രാജ്യവാസികൾക്കും ഗവർമെൻറിനും പണസംബന്ധമായ കൂടുതൽ പ്രയോജനം ഈ വനം പതിച്ചുകൊടുക്കുന്നതുകൊണ്ടു ഉണ്ടായിരിക്കുമെന്നാണ്.

മി. എൻ. കുമാരൻ (നിയമിതമെംബർ): കോടിക്കണക്കിനു രൂപയുടെ സംസ്കൃതപദാർത്ഥങ്ങൾ അന്യനാടുകളിൽനിന്നും ഇൻഡ്യയിലേക്കു കൊണ്ടുവരുന്നുഎന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അറിഞ്ഞിട്ടുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പെടെ പല പദാർത്ഥങ്ങളും അന്യനാട്ടിൽനിന്നും ഇവിടെ കൊണ്ടുവരുന്നുണ്ടെന്നു എനിക്കു മനസ്സിലായിട്ടുണ്ടു.

മി. എൻ. കുമാരൻ (നിയമിതമെംബർ): അതിലെ ഭൂരിഭാഗവും ഈ നാട്ടിൽനിന്നും കയററുന്ന അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കി അയച്ചുതരുന്നതാണെന്നും അവയെ നാംതന്നെ സംസ്കരിക്കുന്നപക്ഷം ജനങ്ങൾക്കു ആദായമാർഗ്ഗവും തൊഴിലും വർദ്ധിക്കുമെന്നും അറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു ഒരു നല്ല കാര്യമാണ്. പക്ഷെ കൃഷിപോലെ ഉടനെ നടത്താൻ സാധിക്കയില്ലാ. നെല്ലും അരിയും അധികഭാഗവും വിദേശത്തുനിന്നും വരികയാണല്ലൊ.

മി. എൻ. കുമാരൻ (നിയമിതമെംബർ): ഉടൻതന്നെ കൃഷിയെപ്പോലെ സാധിക്കയില്ലെങ്കിലും ഈ നാട്ടിലെ ഭാവിയേയും ഐശ്വര്യത്തെയുംപ്പററി ചിന്തിക്കേണ്ട ഭാരം നമുക്കു വിശേഷമായിട്ടു ഉണ്ടാകുമെന്നും അതിനു ഈ കമ്മിററികൊണ്ടു പ്രയോജനപ്പെടുമെന്നും ഉണ്ടെങ്കിൽപിന്നെ എന്തുകൊണ്ടു ഈ കമ്മിററിയെ അനുകൂലിക്കാൻ പാടില്ല?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇതിലേക്കുവേണ്ടി ഒരു കമ്മിററി വേണ്ടെന്നാണ് എൻെറ അഭിപ്രായം. കൃഷിയേയൊ വ്യവസായത്തെയൊ അഭിവൃദ്ധിപ്പെടുത്തുന്നതിനു എന്ന നാമധേയത്തിൽ ഒരു കമ്മിററി ഏർപ്പെടുത്തിയാൽ അനുകൂലിക്കുന്നതുകൊണ്ടു യാതൊരു വിരോധവും ഇല്ല എന്നാൽ അതു തൊഴിലില്ലായ്മയുടെ നാമത്തിൽ വേണമല്ലൊ.

മി. എൻ. കുമാരൻ (നിയമിതമെംബർ): ഒരു സംഗതികൊണ്ടു പല കാര്യങ്ങൾക്കും ഗുണമുണ്ടാകും. ഇപ്പോൾ ഉദ്ദേശിക്കുന്ന കമ്മിററികൊണ്ടു കൃഷിപരിഷ്കരണത്തിനും വ്യവസായവർദ്ധനവിനും ഉപയോഗപ്പെടുമെങ്കിൽ ഈ കമ്മിററിയോടു അനുകൂലിച്ചാൽ എന്താക്ഷേപം?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): തൊഴിലില്ലായ്മ ഈ നാട്ടിലുണ്ടെന്നു പറഞ്ഞാൽ വിദേശികൾ ആരും സമ്മതിക്കയില്ല. ഇവിടത്തെ കൂലിക്കാരുടെയിടയിൽ നോക്കുകയാണെങ്കിൽ ധാരാളം വിദേശികൾ ഉണ്ടെന്നുകാണാം. ഇവിടത്തുകാർക്കു ധാരാളം തൊഴിലില്ലാതെ വിദേശികൾ ഇവിടെ തൊഴിലിനായി വരേണ്ട ആവശ്യമില്ലല്ലൊ. അതുകൊണ്ടു തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു എന്ന നാമധേയത്തിൽ ഇവിടെ ഒരു കമ്മിററി ഏർപ്പെടുത്തി പണം ചെലവാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭിക്ഷയെടുക്കുന്നതും ഒരു തൊഴിലായിട്ടു വിചാരിക്കുന്നുണ്ടോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും). വേലചെയ്യാൻ സാധിക്കുന്നവരെ ഭിക്ഷക്കാരായി ഗണിച്ചു അവർക്കു പ്രത്യേകം ഒരു സ്ഥാപനം ഏർപ്പെടുത്തി അവരെ അതിൽ പാർപ്പിക്കണം. ജോലിചെയ്യാമെന്നുള്ളവർ ഭിക്ഷാടനത്തിനിറങ്ങുകയാണെങ്കിൽ അവരെ ശിക്ഷിക്കണം. ഇത്രയെ എനിക്കു ഇതിൽ പറയാനുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചിലർ ആധാരങ്ങളിലും മററും സ്വസ്ഥവൃത്തി എന്നെഴുതിവരുന്നുണ്ടല്ലൊ. അതും ഒരു തൊഴിലാണോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആധാരങ്ങളിൽ അങ്ങനെ വയ്ക്കുന്നുണ്ടെങ്കിലും എന്തെങ്കിലും തൊഴിൽ അവർക്കുണ്ടായിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വിദ്യാഭ്യാസം സിദ്ധിച്ചവരുടെയിടയിലും തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നുണ്ടെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മനറിയാമോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവർ പൂർവികന്മാരുടെ തൊഴിലിനെ അനുകരിക്കാതെ വിദ്യാഭ്യാസം സിദ്ധിച്ചതുകൊണ്ടു ഉദ്യോഗാർത്ഥം അലഞ്ഞുനടക്കുന്നു. അല്ലാതെ തൊഴിലില്ലാഞ്ഞിട്ടല്ല. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർക്കു അവരുടെ സ്ഥിതിയ്ക്കും യോഗ്യതയ്ക്കുമനുസരിച്ചു തൊഴിലിൽ പ്രവേശിക്കാൻ സൌകര്യമുണ്ടു. പല വലിയ കൃഷികളുംചെയ്യാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വലിയകൃഷി ഏതാണ്?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റബ്ബർകൃഷി, മരച്ചീനികൃഷി, ഇതെല്ലാം വലിയകൃഷിയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉദ്ദേശം നാലഞ്ചു ആയിരം രൂപാ ചെലവാക്കി വിദ്യാഭ്യാസംചെയ്യുന്നവർക്കു എത്ര ഏക്കർ സ്ഥലത്തു കൃഷിചെയ്യാനുള്ള യോഗ്യതയുണ്ടു?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു ഓരോരുത്തരുടേയും തൊഴിലിലുള്ള പ്രതിപത്തിയെയും സാമർത്ഥ്യത്തെയും ആശ്രയിച്ചിരിക്കും.

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഞാൻ ഈ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രഥമസംഗതി, മററു രാജ്യങ്ങളിൽ തൊഴിലില്ലായ്മനിമിത്തം ബുദ്ധിമുട്ടനുഭവിക്കുന്നവർ ജോലിചെയ്യുവാൻ പരിചയം ലഭിച്ചിട്ടുള്ള വേലക്കാരാകുന്നു എന്നാണ്. തിരുവിതാംകൂറിൽ ജോലിചെയ്യുവാൻ പരിചയം ഉള്ളവരോ ഇല്ലാത്തവരോ ആയ വേലക്കാരെ കിട്ടുക എന്നുള്ളതു വളരെ പ്രയാസമുള്ളതായിട്ടാണു നാം

കാണുന്നു. പട്ടണങ്ങളിൽ മാത്രമല്ല നാട്ടിൻപുറങ്ങളിലും ഏതുതരംവേലയ്ക്കും നമുക്കു ആവശ്യമുള്ള വേലക്കാരെ കിട്ടുന്നില്ല. നേരേമറിച്ചു വിദ്യാലയങ്ങളിൽനിന്നും വിദ്യാഭ്യാസം സമ്പാദിച്ചിട്ടുള്ളവർക്കു തൊഴിൽ കിട്ടുന്നതിനും പ്രയാസമായിരിക്കുന്നു. ഇവിടെയാണു നമുക്കു വാസ്തവമായ ബുദ്ധിമുട്ടു നേരിടുന്നതു. ഗുമസ്താക്കളുടെ വേലയ്ക്കോ അതുപോലെയുള്ള മററുവേലകൾക്കോ ആവശ്യമുള്ള യോഗ്യത സമ്പാദിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നവർക്കു ഉപയുക്തമാക്കിക്കൊടുക്കുന്നതിനു തക്ക ഉദ്യോഗസ്ഥാനങ്ങൾ മതിയാകുന്നില്ല. അതുകൊണ്ടു ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇക്കാര്യം സംബന്ധിച്ചാണു പ്രധാനമായിട്ടു ആലോചിക്കേണ്ടിയിരിക്കുന്നതു. ഇനി ഒന്നു, ഇവിടത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിനു ഏതോ ഒരു തരത്തിലുള്ള തെററു പററിയിട്ടുണ്ടെന്നും തെളിയുന്നു. ഒരു കാലത്തു, നമ്മുടെ രാജ്യം ഒരു അഭിവൃദ്ധിയോടുകൂടിയ ഒരു പരിഷ്കൃത രാജ്യമാക്കിത്തീർക്കുന്നതിനു ഗവണ്മെന്റുകാര്യങ്ങളോ, മററു ഡിപ്പാർട്ടുമെന്റു കാര്യങ്ങളോ നടത്തുന്നതിനും സാഹിത്യപരമായ വിദ്യാഭ്യാസ-യോഗ്യതകൾ ലഭിച്ച ആളുകളുടെ ആവശ്യകത നേരിട്ടിരുന്നിരിക്കാം. ഇന്നാകട്ടെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴിയായി ആവശ്യത്തിലധികമായ ഇത്തരം ആളുകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു ചെയ്യുന്നതെന്നു നാം കാണുന്നു. എന്തെങ്കിലും പ്രവൃത്തിപരിചയമുള്ള വേലകൾ ചെയ്യേണ്ടവരായ ആളുകളെ ഉൽപ്പാദിപ്പിക്കുകയല്ല നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സർവ്വപ്രധാനമായ ഉദ്ദേശ്യമെന്നു പറയാതെ തരമില്ല. ഇതിനുമുമ്പു വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മിസ്റ്റർ ഹാഡ്സൻ ഒരവസരത്തിൽ അഭിപ്രായപ്പെട്ടതുപോലെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉദ്ദേശ്യം നമ്മുടെ യുവാക്കന്മാർ കാലക്ഷേപത്തിനുള്ള മാർഗ്ഗങ്ങളെ സ്വീകരിക്കുന്നതിനു അവരെ പ്രാപ്തരാക്കിത്തീർക്കുന്നതിനും, എല്ലാപ്രകാരം ഏതുതരം വേലകളും ചെയ്യുന്നതിനോ ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്നതിനോ നമ്മുടെ യുവാക്കന്മാരെ പ്രാപ്തിയുള്ളവരാക്കിത്തീർക്കുകയുമാകുന്നു. എന്നാൽ ഇന്നു വിദ്യാലയങ്ങളിൽ കാളേജുകളിൽനിന്നും പുറത്തേയ്ക്കുവരുന്നവരായ യുവാക്കളിൽ ഈ ഉദ്ദേശം വേണ്ടുംപ്രകാരം ഫലിച്ചിട്ടുണ്ടെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇപ്പോഴുള്ള ദോഷത്തെ പരിഹരിക്കേണ്ടതായിരിക്കുന്നു എന്നാണു എന്റെ അഭിപ്രായം. ഭാവിയിലെങ്കിലും ഇപ്രകാരമുള്ള ദോഷം സംഭവിക്കാതിരിക്കുവാൻ വേണ്ടതു നാം പ്രവർത്തിക്കേണ്ടതാകുന്നു. അതിലേയ്ക്കു നാം ആദ്യമായി ചെയ്യേണ്ടതു ഇപ്പോഴത്തെ വിദ്യാഭ്യാസരീതി പരിഷ്കരിക്കുകയാകുന്നു. വിദ്യാഭ്യാസസംബന്ധമായി ചെയ്യേണ്ട പരിഷ്കാരങ്ങളെപ്പററി ആലോചിക്കുന്നതിനും സാങ്കേതികമായും മററുവിധത്തിലും സംസ്ഥാനത്തിലെ ഇന്നത്തെ സ്ഥിതിക്കു എല്ലാവിധത്തിലും യോജിച്ചതായ പരിഷ്കാരം ചെയ്യുന്നതിനുമായിട്ടു കഴിയുന്നതും വേഗത്തിൽ ഒരു കമ്മററിയെ നിയമിക്കുന്നതിൽ ഇന്നത്തെ ഭരണാധികാരികൾക്കു അനുഗ്രഹമുണ്ടെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. തൊഴിലില്ലായ്മയ്ക്കു പരിഹാരമാർഗ്ഗം അന്വേഷിക്കുവാൻ ഒരു കമ്മററിയുടെ ആവശ്യകതയില്ലെന്നു ഇപ്പോൾ ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. മലപ്രചാരത്തിലോ അല്ലെങ്കിൽ അതിനു വിപരീതമായോ പറയുന്നതു അത്ര എളുപ്പമായിട്ടുള്ളതല്ല. ഇപ്പോഴത്തെ സ്ഥിതികളെപ്പററിയെല്ലാം ആലോചിക്കുമ്പോൾ ഇതിലേയ്ക്കു ഒരു കമ്മററി ഏർപ്പെടുത്തുന്നതുകൊണ്ടു കാര്യസാദ്ധ്യം വല്ലതെയുമുണ്ടാകുമെന്നു ആശിക്കുവാൻ വഴികാണുന്നില്ല. അതുകൊണ്ടു ആദ്യമായി നാം ചെയ്യാനുള്ളതു തിരുവിതാംകൂറിൽ നമുക്കു സിദ്ധിക്കുന്ന വിദ്യാഭ്യാസത്തെ പരിഷ്കരിക്കുകയാകുന്നു. അതുസംബന്ധിച്ചുള്ള കാര്യങ്ങളെപ്പററി വേണ്ടതുപോലെ ആലോചിക്കുന്നതിലേയ്ക്കായി ഒരു കമ്മററിയെ നിയമിക്കുവാൻ ഗവണ്മെന്റു ആലോചിച്ചുവരികയാകുന്നു.

ഓഫീസുകളിൽ കുന്നിക്കൂട്ടമായി ഇറങ്ങി യുവാക്കന്മാർക്കു വേലകിട്ടത്തക്കവണ്ണം പുതിയമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു കൃഷിസംബന്ധമായ പരിഷ്കാരം ചെയ്യുന്നതിനുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും കൃഷിഡിപ്പാർട്ടുമെന്റു യത്നിക്കേണ്ടതാണെന്നു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. നമുക്കു ഒരു കൃഷിഡിപ്പാർട്ടുമെന്റും വ്യവസായഡിപ്പാർട്ടുമെന്റും ഉണ്ടെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണേ. വ്യവസായ ഡയറക്ടറും കൃഷി, ഫിഷറി എന്നിവയുടെ ഡയറക്ടറും നൂതനമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു കഴിവുള്ളിടത്തോളം, വ്യവസായസംബന്ധമായ മാർഗ്ഗങ്ങളിലേയും കൃഷി, ഫിഷറി എന്നീമാർഗ്ഗങ്ങളിലെയും യുവാക്കന്മാർക്കു തൊഴിലുകളേർപ്പെടുത്തുവാൻ വളരെ താല്പര്യം പ്രദർശിപ്പിച്ചുപോരുന്നുണ്ടു. അവർ ഇപ്രകാരമുള്ള ജോലി ചെയ്തുകൊണ്ടിരിക്കുമെന്നുള്ളതിനാൽ ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു പ്രത്യേകപരിചയം സിദ്ധിച്ചിട്ടുള്ളവരുടെ അഭിപ്രായങ്ങളാലും ഉണ്ടാകാവുന്ന സകലഗുണങ്ങളും നമുക്കു ലഭിക്കുന്നതാണെന്നുള്ളതിനു സംശയമില്ല. ഇതുകൂടാതെ രാജ്യത്തിലെ ധനസ്ഥിതിയെ പരിഷ്കരിക്കാനുള്ളമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ഒരു എക്കണോമിക് ഡവലപ്പ്മെന്റുബോർഡു ഉണ്ടു. ഡവലപ്പ്മെന്റുബോർഡു ജോലിനടത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം ഒരു പുതിയകമ്മററിയുടെ ആവശ്യം പ്രത്യേകമായിട്ടുണ്ടെന്നുതോന്നുന്നില്ല. ബോർഡിന്റെ ഇപ്പോഴത്തെ ജോലിനടത്തിപ്പു തൃപ്തികരമല്ലെന്നു തോന്നുന്നതായാൽ ഈ സഭയിലെ മെമ്പറന്മാരുടെ അഭിപ്രായമനുസരിച്ചു ഈ ബോർഡിനെ പരിഷ്കരിക്കുവാൻ ഗവണ്മെന്റിനോടു ആവശ്യപ്പെടാവുന്നതാണു. കൃഷിസംബന്ധമായും വ്യവസായസംബന്ധമായും രണ്ടു പ്രത്യേകഡിപ്പാർട്ടുമെന്റുകളും, രാജ്യത്തിലെ ധനസ്ഥിതിയെ പരിഷ്കരിക്കുവാൻ ഒരു ബോർഡും ഉള്ളിടത്തോളം കാലം ഇപ്പോൾ ഒരു പ്രത്യേകകമ്മററിയുടെ ആവശ്യകതയുണ്ടെന്നു എനിക്കു തോന്നുന്നില്ല. വിശേഷിച്ചും ഈ കമ്മററിയുടെ ഉദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളതു വിദ്യാഭ്യാസരീതി പരിഷ്കരിക്കുകയാകുന്നു. അതിലേയ്ക്കു ഒരു കമ്മററി ഏർപ്പെടുത്തുന്നതാണെന്നു വാഗ്ദാനം ചെയ്തിട്ടുമുണ്ടു. ഈ കാരണത്താലും ഇപ്പോൾ ഒരു പുതിയ കമ്മററി ഏർപ്പെടുത്തേണ്ടതായിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ രാജ്യത്തിൽ വ്യാപാരാഭിവൃദ്ധിയെപ്പററിയുള്ള അന്വേഷണം വ്യവസായഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽപെട്ടതാണോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): വ്യാപാരത്തെ സംബന്ധിച്ചു ബന്ധം ട്രേഡ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനും ഉണ്ടെന്നാണു എനിക്കു തോന്നുന്നതു. ഇപ്പോഴുള്ള കമ്മേർഷ്യൽസ്കൂളുകൾ വ്യവസായഡിപ്പാർട്ടുമെന്റിന്റെ അധീനത്തിലാണു.

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യത്തു തൊഴിലില്ലാത്തവരായി അസംഖ്യം ജനങ്ങൾ ഉണ്ടു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഇതു നിയമത്തിനു വിരോധമാണെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. മെമ്പർ ഇംഗ്ലീഷിൽതന്നെ സംസാരിക്കണമെന്നു സ്റ്റാൻഡിംഗ് ആർഡറിൽ ഒരു നിയമം ഉണ്ടു.

പ്രസിഡണ്ടു: മറിച്ചു പ്രകാരം ചെയ്യുന്നതിനു അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ–

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമസഭാനിബന്ധനകളെ അദ്ധ്യക്ഷനു ഇഷ്ടംപോലെ ഭേദപ്പെടുത്താമോ?

പ്രസിഡണ്ടു: നിയമം "അനുവദിക്കപ്പെട്ടാൽ" എന്നുപറയുന്നു. അതുകൊണ്ടു അനുവദിക്കുന്നതിനുള്ള അധികാരം അതിൽ അടങ്ങിയിട്ടുണ്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ആ പഴയനിയമം പരിശോധിക്കാം.

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ഇത്രവളരെ ആളുകൾ തൊഴിലില്ലാതിരിക്കുന്നസ്ഥിതിക്കു അവർക്കു അനുരൂപമായ തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതു ഈ ഗവണ്മെന്റിന്റെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വളരെ ആളുകൾ..................

പ്രസിഡണ്ട്: നിങ്ങളുടെ സ്വന്തംനിയമത്തെ അദ്ദേഹത്തിനും സംബന്ധിപ്പിക്കുക—(ചിരി).

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ഈ സ്ഥിതിക്കു ശരിയായ ഒരു കമ്മററിയെ ഏർപ്പെടുത്തി തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നു ആലോചിക്കുന്നതിനുള്ളസമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): സർ, ഞാൻ ആ നിർദ്ദിഷ്ടനിയമത്തെപ്പററി പറയട്ടെയോ?

പ്രസിഡണ്ടു: അങ്ങനെ ചെയ്യുക.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ൨൭-ാംനമ്പർ നിയമം ഇപ്രകാരം പറയുന്നു "സഭാസംബന്ധിച്ചകാര്യങ്ങൾ ഇംഗ്ലീഷിൽ നടത്തപ്പെടുന്നതാണ്" എന്നാൽ ഇംഗ്ലീഷിൽ സംസാരിക്കുവാൻകഴിയാത്തവർ മലയാളത്തിലോ തമിഴിലോ സഭയിൽ പ്രസംഗിക്കാവുന്നതാണ്.

മി. കല്ലാപംപരമേശ്വരൻപിള്ള (അഡീഷനാൽഹെഡ്സർക്കാർവക്കീൽ): നിയമം അപ്രകാരംതന്നെയാണുള്ളതിനു സംശയമില്ല. എന്നാൽ അതിന്റെ അർത്ഥം മെംബറന്മാർ ഇംഗ്ലീഷ് സംസാരിക്കുവാൻ സാമർത്ഥ്യമുള്ളവരായിരിക്കണമെന്നാകുന്നു. മെംബർ സാമർത്ഥ്യമുള്ളവനാണോ അല്ലയോ എന്നു നിശ്ചയിക്കേണ്ടതു പ്രസിഡണ്ടാണ്. ഒരു മെംബർ സഭയിൽ മുന്നൊരവസരത്തിൽ ഇംഗ്ലീഷിൽ തന്റെ അഭിപ്രായം പറഞ്ഞിരിക്കാം. ഇംഗ്ലീഷിൽ സംസാരിക്കുവാൻ ശേഷിയുണ്ടെന്നു അദ്ദേഹത്തിനു തോന്നുന്നു എങ്കിൽ അദ്ദേഹത്തിനു അപ്രകാരം ചെയ്യാം. മെംബറിനു സാമർത്ഥ്യമില്ലെന്നു പ്രസിഡണ്ടിനു ബോദ്ധ്യമാകുന്നെങ്കിൽ അദ്ദേഹത്തിനു നല്ലപോലെ സംസാരിക്കുവാൻ അറിയാവുന്ന ഭാഷയിൽ സംസാരിക്കുവാൻ അദ്ദേഹത്തെ അനുവദിക്കാവുന്നതാണ്.

പ്രസിഡണ്ടു: മി. പി. കെ. നാരായണപിള്ളയും മിസ്റ്റർ മാത്യുവും രണ്ടുപേരും ഒരേനിയമത്തെ തന്നെയാകുന്നു ഇവിടെ അനുസരിക്കണമെന്നു അഭിപ്രായപ്പെട്ടതു്. ഇംഗ്ലീഷിൽ സംസാരിക്കാവുന്നവർ മലയാളത്തിൽ അപ്രകാരം ചെയ്യാവുന്നതല്ലെന്നുള്ളതു് ഭേദപ്പെടുത്താൻ പാടില്ലാത്ത ഒരു നിശ്ചിതനടപടിക്രമമാണെങ്കിൽ, ഈ യോഗത്തിലും അതിനുമുമ്പുള്ളി രണ്ടുയോഗത്തിലും അതിനു മുമ്പും നടന്ന അനേകം സംഭാഷണങ്ങൾ ഈ സഭ സ്വീകരിക്കാൻ പാടുള്ളതല്ല. അവയെ അതിനാൽ ഉപേക്ഷിക്കേണ്ടതായിവരുമെന്നു ഞാൻ ഊഹിക്കുന്നു. ഇംഗ്ലീഷിൽ നല്ല പരിജ്ഞാനമുണ്ടെന്നുള്ളതു ഏതു തോതനുസരിച്ചാണു തീർച്ചയാക്കേണ്ടതു്. അതു നിശ്ചയിക്കേണ്ടതാരാകുന്നു. അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതു പ്രയാസമാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള എന്നെ കാണാൻ ഏതുനാളിവരുമ്പോൾ എന്റെ ഏകാന്തമായ പഠനമുറിയിൽവച്ചു ഏററവും ഊർജ്ജിതമായും ഭംഗിയായും ഇംഗ്ലീഷിൽ സംസാരിക്കാറുണ്ടു. എന്നാൽ ഈ സഭയുമ്പാകെ ഇംഗ്ലീഷിൽസംസാരിക്കേണ്ടതായിവരുമ്പോൾ അദ്ദേഹത്തിനു ലജ്ജയും ആത്മവിശ്വാസമില്ലായ്മയും ഉണ്ടായിപ്പോകുന്നു. അതുപോലെതന്നെ എനിക്കും മലയാളത്തിൽ സംഭാഷണം നടത്തുവാൻ സാധിച്ചേക്കും. എന്നാൽ ഈ സഭയിൽ അപ്രകാരം ചെയ്യേണ്ടിവരുമ്പോൾ ഞാൻ അതിനു ശക്തിയില്ലാത്തവനായിത്തീരുന്നു. അതുകൊണ്ടാണ് ഈ സഭയിൽ ഇംഗ്ലീഷിലോ മലയാളത്തിലോ അവരവരുടെ സൗകര്യവും സാമർത്ഥ്യവുംപോലെ സംസാരിക്കാവുന്നതാണെന്നു ഞാൻ പറഞ്ഞതു. ഇംഗ്ലീഷിനെക്കാൾ മലയാളഭാഷയിൽ സംസാരിക്കുന്നതാണ് എളുപ്പം എന്നു വിചാരിക്കുന്നവർക്കു അനുകൂലമായിട്ടുവേണം നാംഎല്ലായ്പ്പോഴും വർത്തിക്കേണ്ടതു. പൊതുവായിട്ടുള്ള സംഭാഷണത്തിനു ആവശ്യമായിട്ടുള്ള ഇംഗ്ലീഷ് പരിജ്ഞാനത്തിന്റെ തോതു എന്താണെന്നു നിശ്ചയിക്കുന്നതു പ്രസിഡണ്ടിന്റെ അഭിപ്രായത്തെ അനുസരിക്കേണ്ടതാണെന്നുള്ള കാരണത്താലാകുന്നു ഒരു മെംബറിനു അനുവാദം നൽകിയതുപോലെ മിസ്റ്റർ കേരളവർമ്മകോയിത്തമ്പുരാനെയും മലയാളത്തിൽ സംസാരിക്കുവാൻ ഞാൻ അനുവദിച്ചതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മെംബറന്മാരുടെ ഇഷ്ടമനുസരിച്ചു അവർ തിരഞ്ഞെടുക്കുന്ന ഭാഷയിൽ സംസാരിച്ചുകൊള്ളത്തക്കവണ്ണം നിയമത്തെ ഭേദപ്പെടുത്തുന്നതല്ലയോ നല്ലതെന്നു പറയുമോ?

മി. കെ. സി. ജോസഫ് (മീനച്ചിലും ദേവികുളവും): അവർക്കു ഇംഗ്ലീഷിൽസംസാരിക്കുവാൻ പ്രാപ്തിയുണ്ടായിരിക്കുന്നിടത്തോളംകാലം നിയമത്തിൽ ഭേദഗതി ചെയ്യേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നിയമത്തിന്റെ അർത്ഥം ഒരിക്കൽ സംഭാഷണത്തിനായി ഇംഗ്ലീഷ്ഭാഷ തിരഞ്ഞെടുത്ത മെംബറിനു മലയാളത്തിലും സംസാരിക്കുവാൻ അനുവാദം നൽകാമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കല്ലാപം പരമേശ്വരൻപിള്ള (അഡിഷനാൽഹെഡ്സർക്കാർവക്കീൽ): ഇംഗ്ലീഷിൽസംസാരിക്കുവാൻ തനിക്കു സാമർത്ഥ്യംപോരാ എന്നു അദ്ദേഹം വിചാരിക്കുന്നു എങ്കിൽ മലയാളത്തിലോ തമിഴിലോ സംസാരിക്കുവാൻ അനുവദിക്കണമെന്നു അദ്ദേഹത്തിനു പ്രസിഡണ്ടിനോടു അപേക്ഷിക്കാവുന്നതാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ ചോദിച്ചതതല്ല. ഏതെങ്കിലും ഒരു മെംബർ ഇംഗ്ലീഷിൽ സംസാരിക്കുവാൻ നിശ്ചയിക്കുകയും ആ ഭാഷയിൽതന്നെ സംസാരിക്കുകയുംചെയ്തതിനുശേഷം മലയാളത്തിൽ സംസാരിക്കുവാൻ അനുവാദം ലഭിക്കണമെന്നു അദ്ധ്യക്ഷനോടു അപേക്ഷിക്കുവാൻ അദ്ദേഹത്തിനു അവകാശമുണ്ടോഎന്നും അദ്ധ്യക്ഷനു അതിനു അനുവാദം നൽകുവാൻ സ്വാതന്ത്ര്യമുണ്ടോ എന്നുമാകുന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നതു.

പ്രസിഡണ്ടു: ഈ സംഗതിയെപ്പററിവാദിക്കുവാൻ ഒരു ദിവസംമുഴുവനും വ്യയംചെയ്യുവാൻ എനിക്കു സമ്മതംതന്നെ(ചിരി) ഏതെങ്കിലുംഒരു മെംബർ ഈ വിഷയംസംബന്ധിച്ചു ഒരു പ്രമേയംകൊണ്ടുവരുന്നപക്ഷം രണ്ടുഭാഷയിലുമായി അതിനെപ്പററിവാദിക്കുവാൻ ഒരു ദിവസം നമുക്കു വിനിയോഗിക്കാം.

മി. വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡപ്യൂട്ടിപ്രസിഡണ്ടു): നിയമത്തെ ഭേദപ്പെടുത്തുവാൻ സഭയ്ക്കു അധികാരമില്ല.

പ്രസിഡണ്ടു: സഭയുടെഅഭിപ്രായം എന്താണെന്നു നാം നിശ്ചയിക്കണം. അതു വാദപ്രതിവാദംകൊണ്ടേ സാധിക്കുകയുമുള്ളു.

മി. വി. സുബ്ബയ്യർ നിയമിതമെംബർ (ഡപ്യൂട്ടിപ്രസിഡണ്ടു): സാധാരണയായി ഏതുഭാഷയിലാണ് താൻ സംസാരിക്കേണ്ടതെന്നു മെംബർ നിശ്ചയിക്കണം. ഒരിക്കൽ ചെയ്ത ആ നിശ്ചയത്തെ അദ്ദേഹത്തിനു മാററാവുന്നതാണോഎന്നു എനിക്കു നിശ്ചയമില്ല. മലയാളത്തിൽ സംസാരിക്കുവാൻ ആരംഭിച്ച മിസ്റ്റർ കുമാരപിള്ള അതിനെ ഒരിക്കലും ഭേദപ്പെടുത്തിയില്ല.

പ്രസിഡണ്ടു: ഇംഗ്ലീഷ്, മലയാളം, തമിഴ് ഭാഷയിൽ ഏതെങ്കിലുംഒന്നു സംഭാഷണത്തിനായി മെംബർമാർ തിരഞ്ഞെടുക്കണമെന്നു ഒരു നിയമമുണ്ടു. ഹിന്ദുസ്ഥാനിയെ വിട്ടുകളഞ്ഞതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരിക്കൽ ഒരു മെമ്പർ മലയാളത്തിൽ സംസാരിച്ചുപോയാൽ എന്നും മലയാളത്തിൽതന്നെ സംസാരിക്കണം. അങ്ങനെയാണെങ്കിൽ ഒരു മെംബർക്കു ഇംഗ്ലീഷ് പഠിക്കുന്നതിനും അതിൽ സമർത്ഥനാകുന്നതിനും സാധിക്കുന്നതല്ല.

മി. വി. സുബ്ബയ്യർ (നിയമിതമെംബർ ഡപ്യൂട്ടിപ്രസിഡണ്ടു): എന്റെ സ്നേഹിതൻ ബഡ്ജററുയോഗത്തിൽ ഇംഗ്ലീഷിലാണ് സംസാരിച്ചതു.

പ്രസിഡണ്ടു: വിശറി എളുപ്പത്തിൽ കറങ്ങുന്നതുപോലെ മലയാളത്തിൽ അദ്ദേഹത്തിന്റെ ശബ്ദവും എളുപ്പത്തിൽ പോകുന്നതാണെന്നു അദ്ദേഹത്തിനു തോന്നുന്നുണ്ടായിരിക്കാം (ചിരി)

മി. സി. കേരളവർമ്മകോയിൽത്തമ്പുരാൻ (ഇടവക): ഈ മാതിരിയുള്ള കമ്മിററികളിൽ സ്വതേ എനിക്കു അധികം വിശ്വാസമില്ല. പണച്ചിലവും ബുദ്ധിമുട്ടും ഉള്ളതല്ലാതെ ഫലമൊന്നും കാണുന്നില്ല. ഇതെല്ലാംകഴിഞ്ഞാൽ അതുകൊണ്ടു വലിയ പ്രയോജനവുമുണ്ടാകുന്നില്ല. ഏതായാലും ഇതിലേക്കു ഒരു കമ്മിററി ഏർപ്പെടുത്തുന്നതിൽ എനിക്കു അധികം വിരോധമില്ല.

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരുമേടും): മലയാളമായിട്ടും ഇവിടെ കേൾക്കുന്നില്ല (ചിരി)

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദയവുചെയ്തു കുറച്ചുകൂടെ ഉറക്കെ പറയണം.

മി. സി. കേരളവർമ്മകോയിൽത്തമ്പുരാൻ (ഇടവക): ഈ രാജ്യത്തോടുസ്നേഹമുള്ളആളുകളെ (സംഗതി നല്ലവണ്ണം പഠിച്ചുമനസ്സിലാക്കീട്ടുള്ള ആളുകളെ) തിരഞ്ഞെടുത്തു പ്രത്യേകം ഒരു കമ്മററിയായിനിയമിച്ചാൽ അതു രാജ്യത്തിനു പൊതുവെ വളരെ ക്ഷേമകരമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. അവിടെ വർഗ്ഗീയമത്സരത്തിനു ഇടയാക്കരുത്. ഒരു കമ്മററി ഏർപ്പെടുത്തുമ്പോൾ ഇന്നജാതിയിലുള്ള ആളുകൾ ഇത്രവേണമെന്നു തുടങ്ങിയുള്ള വഴക്കുകൾക്കുകാരണമായിഭവിക്കാനുംപാടില്ല. ഈ സംഗതിയിൽ ശരിയായ അന്വേഷണം നടത്തേണ്ട ജ്ഞാനമുള്ളവരായിരിക്കണം.

മി. കുമാരപിള്ള ഇന്നലെ പ്രസ്താവിച്ചതിൽ ഒന്നുരണ്ടുഭാഗങ്ങൾ പ്രത്യേകം വളരെ സാരമായിട്ടുള്ളതുണ്ടു. അവയെപ്പററി കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ഒന്നാമതു നമ്മുടെനാട്ടിൽ പുരാതനമായിനടന്നുവന്നിരുന്ന തൊഴിലുകൾക്കിപ്പോൾ ക്ഷയവും ചിലതു തീരെ ഇല്ലാതെയും ആയിത്തീർന്നിട്ടുണ്ടു. ചിലതൊഴിലുകൾ പുരാതനകാലത്തു ഇവിടെ ചെയ്തുവന്നിരുന്നു. അതിനാൽ ഈ കമ്മിററി അങ്ങനെയില്ലാതെയായിത്തീർന്നിട്ടുള്ള തൊഴിലുകളെ കണ്ടുപിടിച്ചു അതു ജനങ്ങളെക്കൊണ്ടു ചെയ്യിക്കുന്നതിനു വേണ്ടുന്ന ഉദ്ദേശങ്ങൾ രൂപീകരിച്ചാൽ നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പഴയകാലത്തു ഇവിടെ അനേകം തൊഴിലുകൾ ചെയ്തുവന്നിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃഷ്ടാന്തം പറയാം. ചിത്രമെഴുത്തിനുള്ള ചായങ്ങൾ ജർമ്മനിയിൽ നിന്നും സീമയിൽനിന്നും വരുത്തിയാണ് ഇപ്പോൾ ഉപയോഗിക്കുന്നതു. പണ്ടു ഈ നാട്ടിലുള്ള ചില വൃക്ഷങ്ങളുടെ കറയെടുത്തു ചില മരുന്നുകളുംചേർത്തു ചായം ഉണ്ടാക്കിക്കൊണ്ടിരുന്നു. ആ ചായംകൊണ്ടെഴുതീട്ടുള്ള പടങ്ങളിൽ ചിലതു ഇന്നും എന്റെ കൈവശമുണ്ടു. നൂറോ ഇരുനൂറോ കൊല്ലമായിട്ടും അതിന്റെ തെളിച്ചത്തിനു യാതൊരു കേടുപാടുമില്ലാതിരിക്കുന്നു. ഇപ്പോൾ അങ്ങിനെ ചായം എടുക്കുന്നതിന് അറിവുള്ളവർ ഉണ്ടോ എന്നുള്ളതും സംശയമാണ്. ഇപ്രകാരം ഈ രാജ്യത്തുള്ള തൊഴിലുകൾ നശിക്കുന്നതു രാജ്യത്തിനും ജനസാമാന്യത്തിനും വലിയ നഷ്ടമാണ്. ഇനിമേലാൽ അങ്ങിനെ വരാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ആരാഞ്ഞറിഞ്ഞു അതിനെ ഈ കമ്മററിക്കാർ പ്രചാരപ്പെടുത്തുന്നതിലും പലപ്രകാരത്തിലും ഗുണമുണ്ടായിരിക്കും. ഈമാതിരിയുള്ള ജോലികൾ ചെയ്യുന്നതാണ് വ്യവസായ ഡിപ്പാർട്ടുമെന്റു ഗവർമെന്റിൽനിന്നും ഏർപ്പെടുത്തിട്ടുള്ളതു. എന്നാൽ അതു സ്ഥാപിച്ചു കുറെക്കാലമായിട്ടും പറയത്തക്ക ഫലപ്രദങ്ങളായ ജോലികളൊന്നും ചെയ്തുതീർത്തിട്ടില്ല. ചില്ലറയായിട്ടു വല്ലതുംചെയ്തിരിക്കാം. ഇപ്പോൾ ആ ഡിപ്പാർട്ടുമെന്റിനെപ്പററിയുള്ള ജനസാമാന്യത്തിന്റെ അഭിപ്രായം അനുകൂലമല്ല. ഇപ്പോൾ അതുകൊണ്ടു ഗുണമില്ലെന്നുമാത്രമല്ല ഇനിയും ആ ഡിപ്പാർട്ടുമെന്റിലേക്കു പണച്ചിലവില്ലാതെ കഴിച്ചുകൊള്ളാമെന്നുകൂടി പൊതുജനങ്ങൾക്കഭിപ്രായമുണ്ടു.

മി. കുമാരപിള്ള നമ്മുടെ തൊഴിലാളികളായിരിക്കുന്ന ആളുകളുടെയിടയിൽ ഉള്ള ഇപ്പോഴത്തെ വിദ്യാഭ്യാസംനിമിത്തം തൊഴിലുകൾക്കു മുടക്കം വരുന്നു എന്നു പറഞ്ഞു. അതൊരു സൂക്ഷ്മമായ ഒരു സംഗതിയാണ്. സാധാരണ മക്കൾക്കു ഇപ്പോഴത്തെ വിദ്യാഭ്യാസ പദ്ധതികൊണ്ടു വലിയ ഗുണമില്ലെങ്കിലും ദോഷമൊന്നുമില്ല. കൊല്ലൻ, ആശാരി, മുതലായവരുടെയിടയിൽ വിദ്യാഭ്യാസം സിദ്ധിക്കുന്നതുനിമിത്തം അവർ സ്വന്തം തൊഴിലിനെ വെറുത്തു ഉദ്യോഗാർത്ഥം അലഞ്ഞുനടക്കുന്നു. ഇന്നലെ മിസ്റ്റർ. കുമാരപിള്ള പറഞ്ഞതുപോലെ അഞ്ചാം ഫാറം പാസ്സായി ചെയ്താൽ മകനെ ഉടുപ്പിന് മാത്രമേ സാധിക്കുകയുള്ളു. ഒടുവിൽ രണ്ടുപേരും പട്ടിണിയാണ്. ഇങ്ങനെയുള്ള തൊഴിലാളികളുടെ യിടയിൽ ഇപ്പോഴത്തെ പദ്ധതിയനുസരിച്ചുള്ള വിദ്യാഭ്യാസം നൽകരുത്. അല്ലാത്തപക്ഷം അവരവരുടെ സ്വന്തം തൊഴിലിനെ സഹായിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം അവർക്കു നൽകണം. നാട്ടിൻപുറങ്ങളിലും മറ്റും കൃഷിക്കു വേലക്കാർ കിട്ടാതെ വളരെ വിഷമിക്കുന്നുണ്ട്. മൺവെട്ടിയെടുത്തു കൃഷിയായുധങ്ങൾ ഉപയോഗിക്കുന്നതിനു കൈ ശീലം തന്നെ വേണം. അവർക്കു ഈ വിദ്യാഭ്യാസം സിദ്ധിക്കുമ്പോൾ സ്വന്തം തൊഴിൽ ചെയ്യുന്നതു കുറച്ചിലാണെന്നു വിചാരിച്ചു ഉദ്യോഗാർത്ഥം അലഞ്ഞു നടക്കയായി. ഒടുവിൽ സർവ്വീസ് കമ്മീഷൻ കൂടിയ കാലത്തു തിരുവിതാംകൂറിൽ ൧൦൦൦-ന് ൭൫ പേർക്കു വിദ്യാഭ്യാസമുണ്ടെന്നു കാണിക്കയല്ലാതെ വിദ്യാഭ്യാസംകൊണ്ടു ഉണ്ടാകേണ്ടതായ ഫലങ്ങളൊന്നും തിരുവിതാംകൂറിനു ലഭിക്കുന്നില്ല. അതുകൊണ്ടു ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി മാറ്റി തിരുവിതാംകൂറിലെ പുരാതന തൊഴിലുകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ചെയ്തു കമ്മിറ്റിക്കാർ ഒരു റിപ്പോർട്ടു സമർപ്പിക്കുകയും അതിനെ വെച്ചുകൊണ്ടു ഗവണ്മെന്റു പ്രവർത്തിക്കയും ചെയ്താൽ രാജ്യത്തിനു ക്ഷേമകരവും തൊഴിലില്ലായ്മയ്ക്കു ഹാനികരവുമായിത്തീരുമെന്നാണ് എന്റെ അഭിപ്രായം. തൊഴിൽ ഇല്ലാതിരുന്നാലും തൊഴിൽ ചെയ്വാൻ പോകാതിരുന്നാലും രണ്ടുപ്രകാരത്തിലും ദോഷം രാജ്യത്തിനുതന്നെയാണ്. ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തോടു പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

മി. ജി. രാമൻ മേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അനുദ്യോഗസ്ഥമെമ്പറന്മാർ ഒരുമിച്ചുകൂടി, പ്രത്യേകം പ്രാതിനിധ്യമുള്ള ഒരു കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുക്കണമെന്നു പ്രസിഡണ്ട് ആവശ്യപ്പെട്ടുള്ള നടപടി നിയമാനുസരണമാണോ എന്നറിഞ്ഞാൽ കൊള്ളാം. ൩൭-ാമത്തെ നിയമം താഴെ കാണും പ്രകാരമാകുന്നു.

“ മാമൂൽ സമ്മേളനത്തിന്റേയും ആരംഭത്തിൽ ദിവാൻജി വേണ്ട കാര്യങ്ങളെപ്പറ്റിയെല്ലാം ആലോചിച്ചതിനുശേഷം സഭയിലെ അനുദ്യോഗസ്ഥ സാമാജികന്മാരുടെ കാര്യങ്ങൾക്കുവേണ്ടി, അതു് പൊതുജനാഭിപ്രായത്തിനു് എത്രമാത്രം അനുകൂലമായിരിക്കുന്നു എന്നുള്ള തന്റെ അഭിപ്രായമനുസരിച്ചു, ആവശ്യമുള്ള ദിവസങ്ങൾ നിശ്ചയിക്കുന്നതാകുന്നു. ഈ ദിവസങ്ങളിൽ ആവക കാര്യങ്ങൾക്കും മററസമയങ്ങളിലെല്ലാം ഗവണ്മെന്റുവക കാര്യങ്ങൾക്കും പ്രാധാന്യമുണ്ടായിരിക്കുന്നതുമാകുന്നു.”

കഴിഞ്ഞമൂന്നു ദിവസവും അനുദ്യോഗസ്ഥകാര്യങ്ങൾക്കായി വിനിയോഗിച്ചിരുന്നു. ഇന്നും കുറെസമയം അനുദ്യോഗസ്ഥ സാമാജികന്മാരെ തിരഞ്ഞെടുക്കുവാനായി വിനിയോഗിക്കുവാനുദ്ദേശിക്കുന്നു.

പ്രസിഡണ്ട്. ഈ സഭകൂടാതിരിക്കുന്ന സന്ദർഭത്തിൽ അതായതു് ലഘുഭക്ഷണാവസരത്തിലോ അല്ലെങ്കിൽ സഭപിരിഞ്ഞതിനുശേഷമോ ആണ് അതു നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതു്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ദിവസം മുഴുവനും ൧൧-മണി മുതൽ ൫ വരെ അനുദ്യോഗസ്ഥകാര്യങ്ങൾക്കായി വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ട്.

പ്രസിഡണ്ട്. ലഘുഭക്ഷണത്തിനായുള്ള വിശ്രമാവസരത്തിൽ സഭ കൂടുന്നതല്ല. ആ അവസരത്തിൽ സഭ പിരിഞ്ഞിരിക്കുന്നതാണ്. അതുകൊണ്ടു അതു് സഭകൂടിയിരിക്കുന്ന സമയമല്ല.

മി. ജി. രാമൻ മേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇതു് ഉദ്യോഗസംബന്ധമായ കാര്യമോ അനുദ്യോഗസ്ഥകാര്യമോ എന്നു് അറിവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്.

പ്രസിഡണ്ട്. അതെങ്ങിനെയാണെങ്കിലും ശരി, ഈ കാര്യം സഭകൂടിയിരിക്കുന്ന സമയത്തിൽ നടത്തുവാനുദ്ദേശിക്കുന്നില്ല.

മി. പി. സുബ്ബയ്യർ (നിയമിതമെമ്പർ): ഇതു ഉദ്യോഗസംബന്ധമോ അനുദ്യോഗസംബന്ധമോ ആയ കാര്യമല്ല. റഗുലേഷൻ അനുസരിക്കുന്നതിനു കൂടുതലായി മറെറാരു കാര്യത്തെയും നിയമം ഉദ്ദേശിക്കുന്നില്ല.

പ്രസിഡണ്ട്. നിയമത്തിനനുസരണമാക്കുവാൻ എന്തുപറയണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്?

മി. ജി. രാമൻ മേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്റെ ഉദ്ദേശം ഈ കമ്മിററി നിയമനം ഒരു ഉദ്യോഗസംബന്ധമായ കാര്യമാണെന്നാകുന്നു.

പ്രസിഡണ്ട്: ചട്ടപ്രകാരം ഈ സഭയ്ക്കു ഈ കമ്മററിയെ നിയമിക്കുവാൻ അവകാശമില്ല. ആകപ്പാടെ നോക്കുന്നതായാൽ കമ്മിററിയെ നിയമിക്കുന്നതു് സഭയുടെ പ്രവൃത്തിയിലുൾപ്പെട്ടതേയല്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ സഭയുടെ സമയത്തിൽ ഒരു ഭാഗവും അതിലേക്കു എടുക്കാവുന്നതല്ല.

പ്രസിഡണ്ട്. സഭയുടെ സമയത്തിനു ഒരുഭാഗവും ഞാൻ ഇതിലേക്കായി കൊടുക്കുന്നില്ല. ഉച്ചയ്ക്കുള്ള വിശ്രമസമയത്തു് നിങ്ങൾ ഇവിടെ ഇല്ലാതിരിക്കുമ്പോൾ അതായതു് രണ്ടുമണിക്കും മൂന്നുമണിക്കും മദ്ധ്യേ നിങ്ങൾ സഭാസംബന്ധിച്ച കാര്യങ്ങൾ ഒന്നും നിങ്ങൾ ചെയ്യുന്നില്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തിരഞ്ഞെടുപ്പു നടത്തപ്പെടുന്നതു് ഉച്ചതിരിഞ്ഞു ൩-൧൫-ന് ആണെന്നാണ് പറയപ്പെട്ടതു.

പ്രസിഡണ്ട്. മൂന്നടിക്കാൻ ൧൫ മിനിട്ടുള്ളപ്പോഴാണ് അല്ലാതെ മൂന്നടിച്ചു ൧൫ മിനിട്ടിനല്ല.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തിരഞ്ഞെടുപ്പു ഉച്ചക്കുള്ള വിശ്രമാവസരത്തിൽ നടക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതു് ശുദ്ധമേ പ്രത്യേകമായ ഒരു കാര്യമാണ്. അതിനു സഭയുമായി യാതൊരു സംബന്ധവുമില്ല.

പ്രസിഡണ്ട്. അതെ.

മി. ജി. രാമൻ മേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്തുദ്ദേശത്തോടുകൂടിയാണ് ഈ കമ്മി

റി ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതെന്നു ഞങ്ങൾ മുന്നറിവു തരേണ്ടതല്ലയോ? അതുസംബന്ധിച്ചു ഒരു പ്രമേയവും അവതരിക്കപ്പെട്ടിട്ടുമില്ല.

പ്രസിഡണ്ട്. ഇന്നത്തെ വാദപ്രതിവാദം മുഴുവനും അതുസംബന്ധിച്ചായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അത് അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു മാത്രമായിരുന്നു. ഞാൻ അറിവാൻ ആഗ്രഹിക്കുന്നത് ഈ കമ്മിറ്റിയുടെ ഉദ്ദേശ്യത്തെപ്പറ്റി ഞങ്ങൾക്കു അറിവുതന്നിരുന്നുവോ എന്നാണ്.

പ്രസിഡണ്ട്. ഒരു ദിവസം മുഴുവനും നടന്ന വാദപ്രതിവാദത്തിൽ അതിനെപ്പറ്റി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കമ്മിറ്റിയുടെ ഉദ്ദേശത്തെപ്പറ്റി പിന്നീടുമാത്രമേ പ്രസ്താവിക്കുവാൻ പാടുള്ളോ അതോ ഇപ്പോൾ പറയാവുന്നതാണോ?

പ്രസിഡണ്ട്. അതിനെപ്പറ്റി പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): നാഞ്ചിനാട്ടുവെള്ളാള ബിൽ ഇന്ന് ആലോചനയ്ക്കെടുക്കുവാൻ ഗവർമെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയുമോ?

പ്രസിഡണ്ട്. ഉവ്വ്, അനൌദ്യോഗിക ദിവസത്തെ ജോലി കഴിഞ്ഞിട്ട്; അഞ്ചുമണിക്കുശേഷം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും). സർ, മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ ഞാനും അനുകൂലിച്ചുകൊള്ളുന്നു. സൂക്ഷ്മമായി നോക്കുന്നതായാൽ 'തൊഴിലില്ലായ്മ' എന്ന ദോഷം ഇവിടെ തീരെ ഇല്ല എന്നു മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞു എങ്കിലും പിന്നീട് അദ്ദേഹം തന്നെ ഉണ്ടെന്നു പറയുവാൻ ഇടയായി. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം അതിനുള്ള പ്രധാന കാരണം ജനങ്ങളുടെ ബുദ്ധിക്കുള്ള പ്രകാരഭേദമാണ്. അതുസംബന്ധിച്ചിടത്തോളം ഞാൻ മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു പൂർണ്ണമായി യോജിക്കുന്നു. ദാരിദ്ര്യം ബാധിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ യാചകന്മാരുടെ കാര്യമാണ് വളരെ സങ്കടമായിത്തീർന്നിരിക്കുന്നതു. വേലചെയ്യാൻ കഴിവുള്ളവരായി അവരിൽ എത്രയോ പേരുണ്ട്. എന്നാൽ വേലചെയ്യുന്നതിലുള്ള വൈമുഖ്യംകൊണ്ടുമാത്രം അവർ യാചകവൃത്തി കൈക്കൊണ്ടിരിക്കുന്നു. ഗവർമെൻറിനു അന്വേഷിക്കാൻ കഴിയുന്ന ഒരു കാര്യമാണ് അത്. ഒരുപക്ഷേ ഒരു കമ്മിററിയെ നിയമിക്കുന്നതായാൽ ആ കമ്മിററിക്കു ഇതിനെപ്പററി അന്വേഷണം നടത്തി അവരുടെ നടപടികളെ ക്രമപ്പെടുത്തത്തക്ക നിയമങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ കഴിയും. ഇതിനേക്കാൾ പ്രധാനപ്പെട്ടതാകുന്നു വിദ്യാഭ്യാസമുള്ളവരുടെ ഇടയിലുള്ള തൊഴിലില്ലായ്മ. അതു നാൾക്കുനാൾ പ്രാധാന്യത്തെ പ്രാപിച്ചുവരുന്നു. ഇന്നത്തെ ഈ സ്ഥിതിക്കു കൂടുതൽ ഉത്തരവാദിത്വം വഹിക്കുന്നതു ഇന്നത്തെ വിദ്യാഭ്യാസരീതിതന്നെയാണെന്നുള്ളതിൽ ആരും സംശയിക്കുമെന്നു തോന്നുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസരീതിയെ ഉടനടി പരിഷ്കരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി അനേകം മെംബറന്മാർ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസരീതിസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തുവാൻ ഒരു കമ്മിററിയെ നിയമിക്കാമെന്നു ഗവർമെൻറും ഒരുവിധം സമ്മതിച്ചിട്ടുണ്ട്. ഗവർമെൻറു അപ്രകാരം സമ്മതിച്ചിട്ടുള്ളതിൽനിന്നുതന്നെ അതിൻെറ ആവശ്യകതയുണ്ടെന്നു തെളിയുന്നു. വിദ്യാഭ്യാസത്തെസംബന്ധിച്ചു ഒരു കമ്മിററി ഏർപ്പെടുത്തുവാൻ ഗവർമെൻറു സമ്മതിച്ചിട്ടുള്ളസ്ഥിതിക്കു തൊഴിലില്ലായ്മസംബന്ധിച്ചു വേറെയൊരു കമ്മിററികൂടി ഏർപ്പെടുത്തുന്നതിനാവശ്യമില്ലെന്നു മിസ്റ്റർ സി. പി. തൊമ്മനും, മിസ്റ്റർ കുഞ്ഞിത്തൊമ്മനും അഭിപ്രായമുള്ളതുപോലെ തോന്നുന്നു. ആ കമ്മിററി 'തൊഴിലില്ലായ്മയെ' സംബന്ധിച്ചു അന്വേഷണം നടത്തി പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ മതിയാകാത്തതുകൊണ്ടു ഞാൻ അവരുടെ അഭിപ്രായത്തിൻെറ അവസാനഭാഗത്തോടു യോജിക്കുന്നില്ല. തൊഴിലില്ലായ്മസംബന്ധിച്ചു അന്വേഷണം നടത്തുവാൻ ഒരു കമ്മിററിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വേറെയൊരു കമ്മിററിയുടെ ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ 'തൊഴിലില്ലായ്മ'യുടെ കാരണത്തെപ്പററിച്ചെയ്യുന്ന അന്വേഷണം വാസ്തവംനോക്കുന്നതായാൽ വിദ്യാഭ്യാസരീതിയുടെ പരിഷ്കാരത്തെയും അനുകൂലിക്കുന്നതാണ്. അതുകൊണ്ടു 'തൊഴിലില്ലായ്മ' സംബന്ധിച്ചു നിയമിക്കുന്ന കമ്മിററി വേറെയൊരു കമ്മിററിയുടെ ആവശ്യകതയെ പരിഹരിക്കുന്നതാണ്. വേറെയൊരുകാര്യം നമുക്കു ആലോചിക്കുവാനുള്ളതു സർക്കാരുദ്യോഗത്തിലേക്കു ആളുകളെ നിയമിക്കുന്നതുസംബന്ധിച്ചാകുന്നു. ഇക്കാലത്തുള്ള പരീക്ഷാവിജയികൾ സാധാരണയായി മററുജോലികളെക്കാൾ സർക്കാർ ഉദ്യോഗത്തിനു ആഗ്രഹമുള്ളവരാകുന്നു. നിയമനം സംബന്ധിച്ചു ഒരു പ്രത്യേകരീതി ഗവർമെൻറിൽനിന്നും നിശ്ചയിക്കയും അതിനെപ്പററി ജനങ്ങൾക്കു അറിവുകൊടുക്കയും ചെയ്യുന്നതായാൽ അതായതു ചില നിശ്ചിതപരീക്ഷായോഗ്യതയുള്ളവരെമാത്രമേ സർക്കാർ ജീവനത്തിൽ നിയമിക്കയുള്ളൂ എന്നു നിർണ്ണയിക്കുന്നതായാൽ ഉദ്യോഗത്തിനുവേണ്ടി മററുള്ളവർ ഡിപ്പാർട്ടുമെൻറു മേലധികാരികളെ ആശ്രയിച്ചുനില്ക്കുകയില്ലായിരുന്നു. ഉദാഹരണത്തിനു പരീക്ഷാഫലങ്ങളിലെ സ്ഥാനക്രമത്തെ പരിഗണിച്ചു കൂടുതൽ യോഗ്യതയും സാമർത്ഥ്യവുമുള്ളവർക്കുമാത്രമേ ഉദ്യോഗം നൽകുകയുള്ളൂ എന്നു ഡിപ്പാർട്ടുമെൻറു മേലധികാരികൾ നിശ്ചയംചെയ്യുന്നതായാൽ മററുള്ളവർ പുറകേ നടന്നു അവരെ ഉപദ്രവിക്കാതെ പൊയ്ക്കൊള്ളുമായിരുന്നു. അതല്ല, സമുദായപ്രാതിനിധ്യം എന്നതൊരു സ്വീകരിച്ചു പ്രവർത്തിക്കുന്നതാണെന്നു ഗവർമെൻറു നിശ്ചയിക്കുന്നതായാൽ അതനുസരിച്ചും കൂടുതൽ ശതമാനം സർക്കാർ ഉദ്യോഗം ലഭിച്ചിട്ടുള്ള സമുദായത്തിലുൾപ്പെട്ടവർ സർക്കാർ ജീവനത്തിനായി ഓടേണ്ട ആവശ്യം നേരിടുകയില്ല. ഗവർമെൻറു ഉദ്യോഗദാനവിഷയത്തിൽ സമുദായപ്രാതിനിധ്യമോ, മറേറതെങ്കിലുമോ, ഒരു തത്വമായി നിശ്ചയിച്ചാലും ശരി; എനിക്കു ഇതുമായിയാതൊരു ബന്ധവുമില്ല. എന്തിനെയായാലും ഒരു നിശ്ചിതതത്വമുണ്ടെങ്കിൽ ഗവർമെൻറുദ്യോഗം കിട്ടിയേക്കുമെന്നുള്ള ആഗ്രഹം എല്ലാപേർക്കും ഉണ്ടാകുവാനിടയില്ലാതിരിക്കുന്നതാണ്. അതല്ലെങ്കിൽ, ഒരു സ്ഥലത്തല്ലെങ്കിൽ മറെറാരു സ്ഥലത്തു അവരുടെ ഭാഗ്യം പരീക്ഷിച്ചുനോക്കുവാൻ അവർക്കു തോന്നുന്നതാണ്. തിരുവിതാംകൂറിനെസംബന്ധിച്ചിടത്തോളം ജനങ്ങൾക്കു ആഗ്രഹിക്കാവുന്നതും കൂടുതൽ സൌകര്യമുള്ളതുമായ തൊഴിൽ കൃഷിയാകുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞതുപോലെ തിരുവിതാംകൂർ, കൃഷിക്കു വളരെ യോജിച്ച ഒരു രാജ്യമാണ്. കൃഷിസ്ഥലങ്ങളെ ശരിയാംവണ്ണം അഭിവൃദ്ധിപ്പെടുത്തുന്നതായാൽ അതു ഗവർമെൻറിൻേറയും ജനങ്ങ

ളുടേയും ഗുണത്തിനു ഒരുപോലെ കാരണമായിത്തീരുന്നതാണ്. വളരെസ്ഥലങ്ങൾ പ്രത്യേകആളുകളുടെപേരിൽ പതിച്ചുകൊടുത്തിട്ടുണ്ട്. ഗവണ്മെൻറു ഈ സ്ഥലങ്ങൾ നേരിട്ടുകണ്ടിട്ടില്ല. അവ ശരിയായി ഉപയോഗപ്പെടുത്തപ്പെടുന്നുണ്ടോ എന്നും ഗവണ്മെൻറിനു അറിവില്ല. കുറച്ചുസ്ഥലംമാത്രമേ ഒരാളുടെപേരിൽ പതിച്ചുകൊടുക്കുവാൻ പാടുള്ളുഎന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുകയുണ്ടായി. അതുസംബന്ധിച്ചു ഞാൻ അദ്ദേഹത്തോടു യോജിക്കുന്നില്ല. ചെറിയ വസ്തുക്കളുടെ ഉടമസ്ഥന്മാരിൽ അധികംപേരും അവരുടെ വസ്തുക്കളെ ശരിയായി സൂക്ഷിക്കുന്നതിൽ താൽപര്യമില്ലാത്തവരായിട്ടാണ കണ്ടുവരുന്നതു. മിക്കവാറും അവർ വിദ്യാഭ്യാസം കുറവായവരും, കാര്യശേഷി കുറഞ്ഞവരും ധനമില്ലാത്തവരും ആയിരിക്കും. വസ്തുക്കളെ ശരിയായി സംരക്ഷിക്കുന്നതിനു ഇതെല്ലാം ആവശ്യവുമാണ്. എന്നാൽ വളരെസ്ഥലം ഒരാളുടെപേരിൽ പതിക്കുന്നതായാൽ മൂലധനമുള്ളവർ ആ സ്ഥലങ്ങളെ കൃഷികാര്യങ്ങൾക്കായി ഉപയോഗിക്കുകയും അതുനിമിത്തം തൊഴിലില്ലാത്ത അനേകം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുന്നതാണ്. മററു വ്യവസായങ്ങളെസംബന്ധിച്ചു ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ രാജ്യത്തിൽ വ്യവസായങ്ങൾ അതിന്റെ പ്രാരംഭഘട്ടത്തിൽ എത്തിയിട്ടേയുള്ളു. രാജ്യത്തിലെ വ്യവസായസ്ഥിതിയെ ഉടനെ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഇപ്പോൾ ജനങ്ങൾക്കു കയ്യേൾക്കാവുന്ന തൊഴിൽ കൃഷിയൊന്നുമാത്രമാകുന്നു. ഒരു കമ്മിററി ഏർപ്പെടുത്തുന്നതായാൽ ആ കമ്മിററി ഇപ്പോഴത്തെ കൃഷിയുടെനിലയെപ്പററിയും, വിദ്യാഭ്യാസരീതിയെപ്പററിയും, സർക്കാരുദ്യോഗങ്ങളെപ്പററിയും പ്രത്യേകം അന്വേഷിച്ചറിയേണ്ടതാകുന്നു. ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: നമുക്കു ഇപ്പോൾ ലഘുഭക്ഷണത്തിനായി പിരിയാം.

വീണ്ടും ൩ മണിക്കു സഭ കൂടുന്നതാണ്.

ഉച്ചയ്ക്കു ൧-൪൫-നു സഭ പിരിയുകയും ൩-൧൫-നു വീണ്ടും കൂടുകയുംചെയ്തു.

നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്കുറവിനെപ്പററി ആലോചിക്കുന്നതിനുള്ള

കമ്മിററി മെംബറന്മാരുടെ തിരഞ്ഞെടുപ്പ്.

പ്രസിഡണ്ട്: ലഘുഭക്ഷണത്തിനായുള്ള വിശ്രമസമയത്തിൽ, നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും മററും കണ്ടുപിടിച്ചു നിർദ്ദേശിക്കുവാനായി, നിയമിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കമ്മിററിയിലേക്കു ഈ സഭയിലെ അനൗദ്യോഗസ്ഥാംഗങ്ങളിൽനിന്നുതന്നെ നാലുപേരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി നടത്തിയ തിരഞ്ഞെടുപ്പിൽ താഴെ കാണുന്ന നാലു മെംബറന്മാരെ തിരഞ്ഞെടുത്തിരിക്കുന്നു.

(൧)	മിസ്റ്റർ കെ. ശിവരാമപ്പണിക്കർ	൨൭	വോട്ടുകൾ
(൨)	,, പി. കെ. നാരായണപിള്ള	൨൧	,,
(൩)	,, കെ. മാധവൻപിള്ള	൧൮	,,
(൪)	,, കെ. ഐ. ജോസഫ്	൧൫	,,

ഇനി നമുക്കു "തൊഴിലില്ലായ്മ" യെസംബന്ധിച്ചു വാദപ്രതിവാദം തുടരാം.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ലഘുഭക്ഷണത്തിനായുള്ള വിശ്രമസമയത്തിനു അല്പം മുമ്പു പ്രാരംഭനടപടികളുടെ ഒരു പ്രതി എന്റെ മേശപ്പുറത്തിട്ടിരുന്നു. ഞാൻ അതെടുത്തു തുറന്നുനോക്കി. എന്നെസംബന്ധിച്ചു പ്രസിഡണ്ടിന്റെ ഒരു റിമാർക്കു ഞാൻ അതിൽ കണ്ടു. അതു ഇപ്രകാരമായിരുന്നു.

"മി. ശിവതാണുപിള്ള ബംഗാളിലെ മിനിസ്റ്റർമാരുടെ ശമ്പളങ്ങളെ വിഴുങ്ങിക്കളഞ്ഞതിനാൽ അദ്ദേഹത്തിനു ക്ഷാമംമുട്ടിപ്പോയി."

ഇപ്രകാരമുള്ള പ്രയോഗരീതികളെ ഞാൻ എത്രയും ശക്തിയോടുകൂടി എതിർക്കുന്നു. ഇതു ഈ സഭയിലെ നടപടിക്കും നിലയ്ക്കും യോജിച്ചതാണോ എന്നുള്ളതിനെസംബന്ധിച്ചു ഒരു നിയമമുണ്ടായിരിക്കേണ്ടതാണെന്നും ഞാൻ ആവശ്യപ്പെടുന്നു. നിയമത്തിനായിട്ടപേക്ഷിക്കുന്നതോടുകൂടി ഈ സഭയുടെ ബഹുമാനത്തെ അവിടുന്നു നിലനിറുത്തേണ്ടതാണെന്നും ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: നിങ്ങൾ പറയുന്നതെന്താണെന്നു മനസ്സിലാക്കുവാൻ എനിക്കുസാധിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇവിടെ ഉപയോഗിച്ചിരിക്കുന്ന പ്രയോഗരീതിയുടെ സ്വഭാവത്തെസംബന്ധിച്ചു എനിക്കു ബലമായ വിപരീതാഭിപ്രായമാണുള്ളത്. ഇതിൽ എനിക്കു വലുതായ വേദനയുണ്ടു. ഒരു പ്രതിനിധിയുടെനിലയിൽ അദ്ധ്യക്ഷന്റെ അഭിപ്രായമനുസരിച്ചു ഈ പ്രയോഗം സഭയുടെ ബഹുമാനത്തിനു യോജിച്ചതാണോഎന്നു തീരുമാനിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡണ്ട്, എന്നെസംബന്ധിച്ചിടത്തോളം മിസ്റ്റർ ശിവതാണുപിള്ളക്കു അതിൽ വിരുദ്ധമായിട്ടോ വിരോധംതോന്നത്തക്കതായിട്ടോ ഞാൻ ഒന്നുംകാണുന്നില്ല. ഇതു ഒരു പഴഞ്ചൊല്ലിൽനിന്നും എടുത്തിട്ടുള്ളതാണ്. അതനുസരിച്ചു ഇതിൽനിന്നും താരതമേന ജനിക്കുന്ന അർത്ഥം കഴുതയെവിഴുങ്ങിയവൻ കൊതുകിനെ ഭയപ്പെടുന്നതുപോലെ അതായതു വലുതായകാര്യങ്ങളെപ്പററിയുള്ള ആലോചനയിൽ തന്റെ മുമ്പിലിരിക്കുന്ന ചെറിയ കാര്യത്തെ ഒരുവൻ അറിയുന്നില്ല എന്നാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അതിൽ അന്തർഭവിച്ചിരിക്കുന്ന അർത്ഥത്തെ സംബന്ധിച്ചു എനിക്കു യാതൊരു ആക്ഷേപവുംഇല്ല. എന്നാൽ അതിന്റെ പ്രയോഗസന്ദർഭത്തെപ്പററി ബലമായ വിരോധാഭിപ്രായമുണ്ട്.

പ്രസിഡണ്ട്, ഞാൻ അപ്രകാരം വിചാരിക്കുന്നതേയില്ല. വിരോധംതോന്നത്തക്കവണ്ണം അതിൽ യാതൊന്നുംഇല്ല. അതു ഒരു അലങ്കാരപ്രയോഗമാണ്. അത്രയുമുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ എന്റെ അഭിപ്രായത്തിൽ അതു വിരോധംജനിപ്പിക്കുന്നതാകുന്നു.

പ്രസിഡണ്ട്. നിങ്ങൾ മനോധൈര്യംകെടുത്ത ആളാണെന്നു ഞാൻ വിചാരിക്കുന്നു. അതിൽ വിരോധം തോന്നത്തക്കവണ്ണം യാതൊന്നുംതന്നെയില്ലെന്നു ഞാൻ നിങ്ങൾക്കു ഉറപ്പുതരുന്നു. അതു ശുദ്ധമേ അലങ്കാരരൂപത്തിലുള്ള ഒരു പ്രയോഗംമാത്രമാണു. എന്റെ അഭിപ്രായത്തിൽ വേദനയുണ്ടാക്കുന്നതോ വിരോധംതോന്നിക്കുന്നതോ ആയി അതിൽ ഒന്നുംതന്നെയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഏർപ്പെടുത്തുവാനുദ്ദേശിച്ചിരിക്കുന്ന കമ്മിററിയിൽ എത്ര ഉദ്യോഗസ്ഥമെംബറന്മാർ ഉണ്ടായിരിക്കുമെന്നു ഞങ്ങളെ അറിയിക്കാമോ?

പ്രസിഡണ്ട്. മൂന്നു ഉദ്യോഗസ്ഥമെംബറന്മാർ.

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): സർ, ഏററവും ഗൌരവമേറിയ ഈ വിഷയത്തെസംബന്ധിച്ചു വളരെ രസകരമായ ഒരു വാദപ്രതിവാദം ഇന്നു കാലത്തു നാം കേട്ടുകഴിഞ്ഞിരിക്കുന്നു. എന്റെ സ്നേഹിതൻ മി. കേശവൻതൊമ്മൻ ഈ രാജ്യത്തിൽ തൊഴിലില്ലായ്മ ഉണ്ടോഎന്നു വളരെ സംശയരൂപത്തിൽ പ്രസ്താവിച്ചുഎങ്കിലും പൊതുവായ അഭിപ്രായം ഉണ്ടെന്നുതന്നെയായിരുന്നു. വേണമെന്നാഗ്രഹമുണ്ടെങ്കിൽ ആളുകൾക്കു തൊഴിൽകിട്ടുന്നതാണെന്നാണു അദ്ദേഹം പറഞ്ഞതു. എനിക്കു അദ്ദേഹത്തോടു യോജിക്കുവാൻ നിവൃത്തിയില്ല. ഈ രാജ്യത്തിൽ തൊഴിലില്ലായ്മയുണ്ടു, എന്നാൽ തൊഴിലില്ലായ്മ തിരുവിതാംകൂറിനുമാത്രം പ്രത്യേകമായിട്ടുള്ളതല്ല. ഗ്രേറ്റ്ബ്രിട്ടനിലും മററു യൂറോപ്യരാജ്യങ്ങളിലും ഇപ്പോൾ പ്രബലമായ തൊഴിലില്ലായ്മ ഉള്ളതായി നാം അറിയുന്നു. ഇന്ത്യയിലെല്ലായിടത്തും തൊഴിലില്ലായ്മ കാണപ്പെടുന്നു. ഏതാനും മെംബറന്മാർ സ്പഷ്ടമായും സംഗ്രഹമായും വിവരിച്ചതുപോലെ ഓരോ രാജ്യങ്ങളിൽ ഓരോപ്രകാരത്തിലാണ് അതു സ്ഥിതിചെയ്തുപോരുന്നതു. ഗ്രേറ്റ്ബ്രിട്ടനിൽ തൊഴിൽ പരിശീലിച്ചിട്ടുള്ളവർക്കാണ് തൊഴിൽകിട്ടാതിരിക്കുന്നതു. ഇൻഡ്യയിൽ പ്രധാനമായി ബംഗാൾ, യുണൈറെറഡ്പ്രാവിൻസസ്, മദ്രാസ് മുതലായ സ്ഥലങ്ങളിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരിലാണു തൊഴിലില്ലായ്മ കാണപ്പെടുന്നതു. ഇതിനുമുമ്പു പ്രസംഗിച്ചവരിൽ ചിലർ സൂചിപ്പിച്ചതുപോലെ ഇതിനു ചരിത്രസംബന്ധമായ കാരണങ്ങൾ ഉണ്ട്. ഇൻഡ്യയിൽ നമുക്കു ഇപ്പോൾ ലഭിക്കുന്ന വിദ്യാഭ്യാസം ആദ്യകാലത്തു ഗുമസ്താക്കളുടെ പരിശീലനത്തിനായി ഉദ്ദേശിക്കപ്പെട്ടിരുന്ന തരത്തിലുള്ളതാണ്. യാതൊരു ഭേദഗതിയുംകൂടാതെ അതു ഇന്നും നിലനിന്നുപോരുന്നു. അതിന്റെ ഫലമായി സർക്കാർജീവനത്തെമാത്രം ആശ്രയിക്കാവുന്ന ലക്ഷക്കണക്കിനു കുട്ടികളെ ബുദ്ധിശക്തിയെസംബന്ധിച്ചുള്ള ശാസ്ത്രീയപരീക്ഷണശാലകളിൽ പരിശീലിപ്പിച്ചു പുറത്തേക്കയക്കപ്പെടുന്നു. ഇപ്രകാരം വിദ്യാഭ്യാസംസിദ്ധിച്ചവരുടെ സംഖ്യ ആവശ്യത്തിൽ എത്രയോ കൂടുതലായിട്ടാണിരിക്കുന്നതു. അതിന്റെ ഫലമായി അവരുടെയിടയിൽ തൊഴിലില്ലായ്മയുണ്ടായിരിക്കുന്നു.

കുറേദിവസംമുമ്പു എന്റെഅടുക്കൽ ഉദ്യോഗത്തിനായിവന്ന ഒരു യുവാവുമായി ഞാൻ സംഭാഷണം ചെയ്യുകയുണ്ടായി. ആ യുവാവിനോടു ഞാൻ ഇപ്രകാരം ചോദിച്ചു "നിങ്ങൾ എന്തിനാണ് ഈ സർക്കാരുദ്യോഗം അന്വേഷിച്ചുനടക്കുന്നതു? നിങ്ങൾ കൃഷിയോ മററു വല്ല തൊഴിലോചെയ്യരുതോ? അയാൾ ഇപ്രകാരം ഉത്തരംപറഞ്ഞു "സർ, നിങ്ങൾ എന്നോടു കൃഷിചെയ്യുവാൻ ആജ്ഞാപിക്കുന്നു. സ്ഥലം എവിടെ? എന്റെ അച്ഛനാണു എന്നെ പഠിപ്പിച്ചതു. എനിക്കുവേണ്ടി അദ്ദേഹത്തിന്റെ പണമെല്ലാം അദ്ദേഹം ചെലവുചെയ്തു. അദ്ദേഹത്തിനു വസ്തുക്കളൊന്നുംഇല്ല. അതിനുപുറമേ കൃഷിസംബന്ധിച്ചജോലികളൊന്നും എന്നെ പരിശീലിപ്പിച്ചിട്ടുമില്ല. കച്ചവടംചെയ്യുന്നതിനും എന്റെപക്കൽ പണംഒന്നുംഇല്ല. അതിലേക്കു എനിക്കു യാതൊരു പരിചയവുമില്ല. എനിക്കു മൂലധനം ഒന്നുമില്ല. കടംവാങ്ങുന്നതിനും നിവൃത്തിയൊന്നുമില്ല. ആ കാരണംകൊണ്ടുതന്നെ മററു തൊഴിലുകളിലും ഏർപ്പെടുവാൻ എനിക്കു സാധിക്കുന്നതല്ല, എനിക്കു ആ തൊഴിലുകളൊന്നിലും ഇഷ്ടവുമില്ല. അതുകൊണ്ടു എനിക്കുള്ള മാർഗ്ഗം സർക്കാർജീവനംമാത്രമാണു" ഇതാണ് ആ യുവാവു പറഞ്ഞ മറുപടി, ജനങ്ങൾക്കു സർക്കാരുദ്യോഗത്തിൽ ഒരു ഭ്രമവുമുണ്ടു. അതു വളരെ ബഹുമാനമുള്ളതാണെന്നാണ് അവരുടെ വിചാരം. സർക്കാർഉദ്യോഗത്തിനു ശമ്പളംകുറവാണെങ്കിലും അതുമൂലമുള്ള വരവിനു ഒരു ഉറപ്പുണ്ടെന്നുള്ള വിചാരവും അവർക്കുണ്ട്. പ്രത്യേകിച്ചു പാവപ്പെട്ടവരുടെകാര്യത്തിൽ വിദ്യാഭ്യാസകാലംകഴിഞ്ഞാൽ മാതാപിതാക്കന്മാരെ ആശ്രയിച്ചിരിക്കരുതെന്നുള്ള വിചാരവും കാണപ്പെടുന്നുണ്ടു. സർക്കാരുദ്യോഗസ്ഥന്മാരുടെ പടിക്കൽ കാത്തുനിന്നും ഒരു സർക്കാരുദ്യോഗം കിട്ടുമോഎന്നു നോക്കുവാൻ അവർ തയ്യാറാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്കു): ആ നിർഭാഗ്യയുവാവു കച്ചവടത്തിൽ വേണ്ട സൌകര്യങ്ങളെല്ലാം കൊടുക്കപ്പെട്ടാൽ തൊഴിലിൽ ഏർപ്പെടുമോ എന്നുപറയുമോ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെണ്ടു ചീഫ്സെക്രട്ടറി): ഈ രാജ്യത്തിൽ തൊഴിലില്ലായ്മ ഉണ്ടോ ഇല്ലയോ എന്നുള്ള പൊതുസംഗതിയെപ്പററിയാണ് ഞാൻ പറയുന്നതു. രാജ്യത്തിൽ 'തൊഴിലില്ലായ്മ' ഉണ്ടെന്നു ഗവൺമെൻറു സമ്മതിക്കുന്നു. പ്രജാസഭയിൽ ദിവാൻജിഅവർകൾ ചെയ്ത ഉപക്രമപ്രസംഗത്തിൽ ഈ സംഗതിയെപ്പററി പ്രത്യേകമായി പ്രസ്താവിക്കുകയും അതിന്റെ പരിഹാരത്തിനായി ഗവൺമെൻറു പ്രവർത്തിക്കുന്നതു ഏതുപ്രകാരത്തിലാണെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതു ഈ സഭയിലെ മെംബർമാർക്കു ഓർമ്മയുണ്ടായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസരീതിയുടെ ദോഷമാണു ഇതിനു കാരണമെന്നു ഒരിക്കൽ സമ്മതിച്ചിട്ടുണ്ടു. അപ്രകാരമുള്ള വിദ്യാഭ്യാസത്തിനെ അഭിവൃദ്ധിപ്പെടുത്തിയതു ഗവൺമെൻറാകയാൽ തൊഴിലില്ലായ്മക്കു ഉത്തരവാദിത്വംവഹിക്കുന്നതും അവർതന്നെയല്ലേ?

മി. കെ. ജോർജ് (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): അതു ചരിത്രസംബന്ധമായ ഒരു സംഗതിയാണ്. ഒരു ദിവസത്തിലെയോ ഒരു വർഷത്തിലെയോ ഫലമല്ല അതു. അനേക ദശവർഷങ്ങളിലെ പ്രവൃത്തിയുടെ ഫലമാകുന്നു അത്. അതു തിരുവിതാംകൂറിനുമാത്രം പ്രത്യേകമായിട്ടുള്ളതല്ല. പക്ഷേ വലിയ വ്യവസായകേന്ദ്രങ്ങളൊഴിച്ചു ഇൻഡ്യയിൽ എല്ലാ സ്ഥലങ്ങളിലും തൊഴിലില്ലായ്മ സ്ഥിതിചെയ്യുന്നുണ്ടെന്നു ഞാൻ കുറച്ചുമുമ്പു പറഞ്ഞു. അതിനാൽ ഇപ്പോഴത്തെ സ്ഥിതിയുടെ ഗൌരവത്തെപ്പററി മനസ്സിലാക്കിയിരിക്കുന്നു എന്നുമാത്രമല്ല അതു സമ്മതിക്കയുംചെയ്തിരിക്കുന്നു. ഇൻഡ്യയിൽ പലഭാഗങ്ങളിലും ഈയിടെ ഇതിനെപ്പററി ആലോചിച്ചു തുടങ്ങിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ കമ്മീഷൻറിപ്പോർട്ടിൽ ഇതിനെപ്പററി പ്രസ്താവിച്ചിട്ടുള്ളതു വായിച്ചതായി ഞാൻ

മുന്നിക്കുന്നു. ബംഗാൾ നിയമസഭയിൽ ഇതിനെപ്പററി ആലോചനയെടുത്തതു ൧൯൨൮-ൽ ആണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനെസംബന്ധിച്ചു അന്വേഷണംനടത്തുവാൻ അവർ ഒരു കമ്മിററി ഏർപ്പെടുത്തി. ൧൯൩൩-ൽ നിയമസഭ ഇതുസംബന്ധിച്ചു വാദപ്രതിവാദം നടത്തുകയുണ്ടായി. മൈസൂരിലെ ദിവാൻജി അവിടത്തെ പ്രതിനിധിസഭയുടെ ഉപക്രമപ്രസംഗത്തിലും എക്കണോമിക് കാൺഫറൻസിലും ഇതുസംബന്ധിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഈയിടെ മദ്രാസിലും ഒരു കമ്മിററി ഏർപ്പെടുത്തുന്നതിനായി ഒരു പ്രമേയം കൊണ്ടുവരികയുണ്ടായി. തിരുവിതാംകൂറിലും ഞാൻ പറഞ്ഞതുപോലെ ഇതിന്റെ വസ്തുതയെപ്പററിയും ഗൗരവത്തെ സംബന്ധിച്ചും മനസ്സിലാക്കിട്ടുണ്ട്.

ഇതു സംബന്ധിച്ചു ഗവർമ്മെന്റ ഒന്നും ചെയ്യുന്നില്ലെന്നു ചില സാമാജികന്മാർ പറയുകയുണ്ടായി. ഈ സ്ഥിതിയെ പരിഷ്കരിക്കുവാൻ ഫലപ്രദമാകുംവണ്ണം എന്തെങ്കിലും ചെയ്യുവാൻ പക്ഷെ അനേകം വർഷങ്ങൾ വേണ്ടിവന്നേക്കാം. പ്രമേയം കൊണ്ടുവന്ന ആൾതന്നെയും ഇതു സമ്മതിച്ചിട്ടുണ്ട്. പരിഷ്കാരങ്ങൾ കൊണ്ടുവരാവുന്ന മാർഗ്ഗങ്ങളെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ കുമാരപിള്ള നിർദ്ദേശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെല്ലാം വളരെക്കാലം വേണ്ടിവരുന്ന തരത്തിലുള്ളതാണ്. ഈ സ്ഥിതിയെ പരിഷ്കരിക്കുവാൻ ഗവർമ്മെന്റ ശക്തിയക്കാത്തതുപോലെ പ്രയത്നിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു. പുതുവൽ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതു വർദ്ധിപ്പിക്കുവാൻ ഗവർമ്മെന്റിനു വളരെ ആഗ്രഹമുണ്ടു. കൃഷിക്കു ഉപയോഗമാകുവാനായി റിസർവ് വനങ്ങളിലുള്ള ചില പ്രദേശങ്ങളിലെ കാടുവെട്ടിത്തെളിക്കുവാൻ ഈയിടെ ഗവർമ്മെന്റ നടപടികൾ നടത്തിട്ടുണ്ടു. കൃഷിയുടെ അഭിവൃദ്ധിക്കായി കൃഷിസംബന്ധിച്ചു ഉപദേശങ്ങൾ ജനങ്ങൾക്കു നൽകുവാൻ കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും ശ്രദ്ധിച്ചു തുടങ്ങിയിരിക്കുന്നു. ജനങ്ങൾക്കു കരിക്കൃഷിച്ചെയ്യുവാനായി സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതുസംബന്ധിച്ചു ചില നിയമങ്ങൾ ഗവർമ്മെന്റിൽനിന്നു പുറപ്പെടുവിച്ചിട്ടുണ്ടു. ഈ വഴിയായിട്ടെല്ലാം തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഗവർമ്മെന്റും പ്രവർത്തിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു. പരസ്പരസഹായം സംബന്ധിച്ചും ജനങ്ങൾക്കു കച്ചവടസൌകര്യങ്ങൾ നൽകുന്നതുസംബന്ധിച്ചും ചെയ്യാൻ കഴിയുന്നതെല്ലാം ഗവർമ്മെന്റ ചെയ്യാതിരിക്കുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ലാൻഡു കോളണൈസേഷൻ സ്കീം സംബന്ധിച്ചുള്ള ഉത്തരവുകൾ പാസ്സാകുന്നതു എപ്പോൾ എന്നു പറയുമോ?

മി. കെ. ജാർജ്ജ് (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): ഏകദേശം രണ്ടുവർഷത്തിനു മുമ്പു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംഗതിയെസംബന്ധിച്ചു അതിനുശേഷം ക്ലിപ്തമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ്ജ് (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): കമ്മിററികൾ ഏർപ്പെടുത്തപ്പെട്ടു. ഇവർ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഏതെങ്കിലും ഒരു ക്ലിപ്തകാലത്തിനകം റിപ്പോർട്ടുകൾ സമർപ്പിക്കണമെന്നു കമ്മിററികളോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): കാലം ക്ലിപ്തംചെയ്തിട്ടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഏതെങ്കിലും കമ്മിററികൾ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): ഇല്ല. എന്നാൽ കഴിയുന്നതുംവേഗത്തിൽ റിപ്പോർട്ടുകൾ സമർപ്പിച്ചുകൊള്ളണമെന്നു അവരെ അറിയിച്ചിട്ടുണ്ടു.

പ്രസിഡന്റ: മി. കൊച്ചുകുഞ്ഞുപിള്ള! ഇതു ഒരു സാധാരണസംഗതിയെക്കുറിച്ചു ചീഫ് സെക്രട്ടറി നടത്തുന്ന ഒരു സാധാരണ പ്രസംഗമാണ്. അദ്ദേഹത്തെ നിങ്ങൾ ഈപ്രകാരം ക്രാസ്സ് ചെയ്യുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി ലാൻഡുകോളണൈസേഷൻ സ്കീം സംബന്ധിച്ചു ഗവർമ്മെന്റ ഉത്തരവുകൾ പാസ്സാക്കിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചു. അതുസംബന്ധിച്ചു എത്രയും വേഗത്തിൽ ചെയ്യാവുന്നതായ യാതൊരു നടപടികളും ചെയ്തിട്ടില്ലെന്നു വെളിപ്പെടുത്തുന്നതിനുവേണ്ടിയാകുന്നു ഞാൻ ഇപ്രകാരം ചോദിക്കുന്നതു.

പ്രസിഡന്റ: ചോദ്യം ചോദിക്കുന്നതിനുള്ള അവകാശത്തെ നിങ്ങൾ ദുഷ്പ്രയോഗത്തിലാക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ജാർജ്ജ് (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): വിദ്യാഭ്യാസരീതിയെ ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിററി സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തെപ്പററിയും ഗവർമ്മെന്റ പറഞ്ഞുകഴിഞ്ഞു. ഇതിൽനിന്നെല്ലാം ഈ ഗൌരവമായ സംഗതി സംബന്ധിച്ചു ഗവർമ്മെന്റിനു പ്രതികൂല ഭാവമില്ലെന്നു സ്പഷ്ടമാകുന്നുണ്ടു.

സർ, ഇവിടെ നടന്നിട്ടുള്ള സംഭാഷണങ്ങളിൽനിന്നും ഇതിനെപ്പററി സംസാരിച്ചവർക്കെല്ലാം തൊഴിലില്ലായ്മയുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നു ഏറെക്കുറെ അറിയാവുന്നതാണു. ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കമ്മിററിയുടെ പ്രവൃത്തികളിൽ ഒന്നു തൊഴിലില്ലായ്മയുള്ള കാരണങ്ങൾ അന്വേഷിച്ചു അറിയുകയാകുന്നു. കാരണങ്ങളെല്ലാം സ്പഷ്ടമായിട്ടുള്ളതാകകൊണ്ടു അതു അന്വേഷിച്ചറിയുന്നതിനു ഒരു കമ്മിററിയുടെ ആവശ്യകതയുണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്റെ സ്നേഹിതൻ മി. കുമാരപിള്ള നിർദ്ദേശിച്ചിട്ടുള്ള പരിഹാരമാർഗ്ഗങ്ങൾ എത്രയും വ്യാപകമായിട്ടുള്ളതാണു. ഉദാഹരണത്തിനു, ഈ കമ്മിററി തൊഴിലില്ലായ്മ സംബന്ധിച്ചു കണക്കുകളെല്ലാം ശേഖരിച്ചു രാജ്യത്തിൽ സാമ്പത്തികമായും വ്യവസായികമായും ഒരു സർവേ നടത്തണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. ഒരു ന്യായമായ കാലാവധിക്കുള്ളിൽ ഈ സഭയിലെ ഏതെങ്കിലും ഒരു കമ്മിററിക്കു ഇത്ര പ്രയാസമേറിയതും സാങ്കേതികവുമായ ജോലികൾ ചെയ്തുതീർക്കുവാൻ സാധിക്കുന്നതാണോ എന്നു എനിക്കു സംശയമുണ്ടു. ഇവ ഓരോന്നിനും അതാതിൽ പ്രത്യേക പരിചയമുള്ള വിദഗ്ദ്ധന്മാർ അത്യാവശ്യമാണ്. ഓരോന്നും പൂർത്തിയാകുന്നതിനു അനേകമാസങ്ങളോ പക്ഷെ അനേകവർഷങ്ങളോ വേണ്ടിവന്നേക്കാവുന്നതാണ്. സാമ്പത്തികമായ സർവേയിൽ, രാജ്യത്തിലെങ്ങും സഞ്ചരിക്കുക, കണക്കുകൾ ശേഖരിക്കുക തെളിവുകൾ സമ്പാദിക്കുക മുതലായവയെല്ലാം ഉൾപ്പെടുന്നുണ്ടു. ഈ പ്രയാസമേറിയ ജോലികളെല്ലാം ഒരു കമ്മിററിയെക്കൊണ്ടു സാധിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. സാമ്പത്തിക സർവേയെപ്പററി സ്വല്പം അറിയാവുന്നവർക്കു വ്യാവസായിക സർവേയെ സംബന്ധിച്ചു യാതൊരറിവുമില്ലായിരിക്കുമെന്നുള്ളതാണു ഇതിനു കാരണം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇൻഡസ്ട്രിയൽ സർവ്വേയും എക്കണോമിക്ക് സർവേയും കമ്മിററിയിൽ നിന്നും നടത്തണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. അതിൻെറ വശങ്ങളും ബുദ്ധിമുട്ടുകളും എനിക്കു നല്ലപോലെ അറിയാം. അതു കമ്മിററിക്കു സാധിക്കുകയുമില്ല. അതിലേക്കുള്ള വഴികൾമാത്രം കമ്മിററി നിർദ്ദേശിക്കുകയും അതനുസരിച്ചു പിന്നീടു നടത്തുകയും ചെയ്യണമെന്നാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു.

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): ഞാൻ അദ്ദേഹം പറഞ്ഞതു തെററിദ്ധരിച്ചുപോയി. ഈ തരം സർവേകളെല്ലാം ഈ കമ്മിററി ചെയ്യണമെന്നു അദ്ദേഹം ആവശ്യപ്പെട്ടതായി ഞാൻ വിചാരിച്ചു. അതു സാധിക്കാത്തതുമാണു.

ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ തൊഴിലില്ലായ്മയ്ക്കുള്ള കാരണങ്ങൾ എല്ലാവർക്കും അറിയാവുന്നതും അതിനാൽ അതിൻെറ അന്വേഷണത്തിനായി ഒരു കമ്മററിയെ ഏർപ്പെടുത്തേണ്ട ആവശ്യകതയില്ലാത്തതുമാകുന്നു എന്നാണു എൻെറ അഭിപ്രായം. ഏറക്കുറെ അതിൻെറ പരിഹാരമാർഗ്ഗങ്ങളും നമുക്കു അറിയാവുന്നതുതന്നെയാണു. പരിഷ്കാരങ്ങൾ ചെയ്യപ്പെടാവുന്നതും ഏതേതു മാർഗ്ഗങ്ങളിൽകൂടിയാണെന്നും നമുക്കു അറിയാം. നമ്മുടെ വ്യവസായങ്ങളെ വിശേഷിച്ചും കുടിൽവ്യവസായങ്ങളെ അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതാണെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ അഭിപ്രായങ്ങളെല്ലാം വളരെ പ്രയോജനകരമായിട്ടുള്ളവതന്നെയാണ്. നമുക്കെല്ലാവർക്കും അതു അറിയാവുന്നതുമാണ്. മുതൽ വർദ്ധിപ്പിക്കുന്നതിനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതായാൽ നമ്മുടെ കച്ചവടത്തെയും വ്യാപാരങ്ങളെയും നമുക്കു അഭിവൃദ്ധിപ്പെടുത്താവുന്നതാണു. ഈ പരിഹാരമാർഗ്ഗങ്ങളെയെല്ലാം പററിയാണ് കമ്മിററിക്ക് നിർദ്ദേശിക്കുവാനുള്ളതെങ്കിൽ ഇൻഡ്യയിലെ മററു ഭാഗങ്ങളിലുള്ള കമ്മിററികൾ ഈ സംഗതികളെപ്പററി പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ പരിഹാരമാർഗ്ഗങ്ങളെയെല്ലാം നടപ്പിൽ കൊണ്ടുവരിക എന്നുള്ളതാണ് ഇനി നിർവഹിക്കേണ്ട കൃത്യം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): വിദ്യാഭ്യാസരീതിയെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മററിയുടെ ആവശ്യമുണ്ടെന്നു മെംബർ വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): അതിലേക്കു ഒരു പ്രത്യേക കമ്മിററിയെ നിയമിക്കുവാൻപോകുന്നു എന്നു പറഞ്ഞുകഴിഞ്ഞു. എന്നാൽ ഈ പ്രമേയം തൊഴിലില്ലായ്മയെപ്പററി അന്വേഷിക്കുന്നതിനായുള്ള ഒരു കമ്മിററിയുടെ നിയമനത്തെ സംബന്ധിച്ചുള്ളതാകുന്നു. അതുകൊണ്ടു എൻെറ അഭിപ്രായം ഇതാണു. കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എല്ലാവർക്കും നല്ലപോലെ അറിയാവുന്നതായിരിക്കെ ഒരു കമ്മിററിക്കു ചെയ്വാൻ കഴിയുന്നതെന്താകുന്നു? കമ്മിററിയുടെ പ്രയത്നം വളരെ ഉപയോഗമുള്ളതായിത്തീരുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു. ജീവിതമത്സരം തൽക്കാലസ്ഥിതിയെ ക്രമേണ മാററിക്കൊള്ളും. ജീവിതമത്സരം നിമിത്തം നേരിടുന്ന അസ്വാസ്ഥ്യസ്ഥിതികളെ പരിഹരിച്ചു അഭിവൃദ്ധിക്കു ആവശ്യമായ സൌകര്യങ്ങൾ നല്കുവാൻമാത്രമേ ഗവൺമെൻറിനു കഴിയുകയുള്ളു. ആദ്യമായി ജനങ്ങൾതന്നെവേണം ഈ പരിഹാരമാർഗ്ഗങ്ങളെ സ്വീകരിക്കേണ്ടതു. ഗവൺമെൻറിനു അവരെ ഇക്കാര്യത്തിൽ നിർബന്ധിക്കുവാൻ സാധിക്കുകയില്ല. ഗവൺമെൻറിനും പൊതുജനങ്ങൾക്കും ഇതുസംബന്ധിച്ചു ചെയ്വാൻ കഴിയുന്നതു തൊഴിലിനുള്ള സൌകര്യങ്ങളെ വർദ്ധിപ്പിക്കുക മാത്രമാണ്.

സർ, ഈ സംഗതിയെപ്പററി ആലോചിക്കുവാൻ സൌകര്യമുള്ള വേറെയൊരു ഭരണസ്ഥാനം ഉണ്ട്, സാമ്പത്തികമാർഗ്ഗങ്ങളുടെ പരിഷ്കരണത്തിനായി സ്ഥിതിചെയ്യുന്ന ധനപര്യാലോചന സംഘത്തിനെപ്പററിയാണു ഞാൻ ഉദ്ദേശിക്കുന്നതു. ഒരു സബ്കമ്മിററിയുടെ സഹായത്തോടുകൂടി ഈ ബോർഡിനു ഈ സംഗതിയെപ്പററി ആലോചനകൾ നടത്താവുന്നതാകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): തൊഴിലിനുള്ള സൌകര്യങ്ങളെ വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറു ഏതെങ്കിലും പദ്ധതി കണ്ടുപിടിച്ചിട്ടുണ്ടോ എന്നു ചീഫ് സെക്രട്ടറി അവർകൾ പറയുമോ?

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയെപ്പററി ഇതുവരെ ആലോചിച്ചിട്ടില്ല. എന്നാൽ ഗവൺമെൻറിൻെറ ആലോചനയ്ക്കായി ഡവലപ്പ്മെൻറു ഡിപ്പാർട്ടുമെണ്ടുകളിൽനിന്നും അനേകം പദ്ധതികൾ അയച്ചുതരപ്പെട്ടിട്ടുണ്ട്. കാലക്രമത്തിൽ പുതിയമാർഗ്ഗങ്ങൾ ആരംഭിക്കുകയും ഉതകുന്ന പരിഹാരം ഉണ്ടാക്കുകയും ചെയ്യും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പുതിയ റയിൽവേ ആരംഭിക്കപ്പെടുമ്പോൾ തിരുവിതാംകൂർകാരെ അതിൽ ഉദ്യോഗത്തിനു നിയമിക്കുമോ എന്നു മെംബർ പറയുമോ?

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): അപ്രകാരം ചെയ്യുന്നതിനു ഗവൺമെൻറു വിചാരിക്കുന്നുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തിരുവനന്തപുരം ചെങ്കോട്ടലയിനിൽ വളരെ കുറച്ചുമാത്രമേ തിരുവിതാംകൂർകാർ ഉള്ളു.

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): ആ ദോഷത്തെയും താമസംകൂടാതെ പരിഹരിക്കുന്നതിനു ഗവൺമെൻറു ഉദ്ദേശിക്കുന്നുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): റയിൽവേലയിനിൽ തിരുവിതാംകൂർകാരെ സ്റ്റേഷൻമാസ്റ്റരായും ഗാർഡുകളായും സിഗ്നലന്മാരായുംമററും നിയമിക്കാവുന്നതാണു. എന്നാൽ ഇപ്രകാരം ചെയ്യപ്പെട്ടുവരുന്നില്ല.

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): താമസംകൂടാതെ ആ ദോഷത്തെയും പരിഹരിക്കണമെന്നു ഗവൺമെൻറു ഉദ്ദേശിക്കുന്നുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പള്ളിക്കൂടം ആരംഭിക്കുവാൻ അവർ ആലോചിക്കുന്നുണ്ടോ?

മി. കെ. ജാർജ്ജ് (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): റയിൽവേ വർക്ക്ഷാപ്പുകൾ ഉള്ള സ്ഥലങ്ങളിൽ മാത്രമേ പള്ളിക്കൂടം ആരംഭിക്കാവൂ.

പ്രസിഡണ്ട്: സിഗ്നലർമാർ, സ്റ്റേഷൻമാസ്റ്റർമാർ, ഗാർഡുകൾ മുതലായവർക്ക ആവശ്യമുള്ള പരിശീലനം പള്ളിക്കൂടങ്ങളിൽ നൽകിവരുന്ന പോലെയല്ല; വർക്കഷാപ്പുകളിൽ പ്രായോഗിക പരിശീലനം മുതലായവ ഇതിലേക്ക ആവശ്യമുണ്ടെന്ന പറഞ്ഞുകൊള്ളട്ടെ

മി എ. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അറിവാൻ ആഗ്രഹിക്കുന്നതു ഇത്രമാത്രമാണ്. റെയിൽവേയിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ അവയിലുള്ള ഉദ്യോഗസ്ഥാനങ്ങളിൽ നിയമിക്കുവാൻ യോഗ്യതയും ശേഷിയുമുള്ള തിരുവിതാംകൂർകാർ ഉണ്ടായിരിക്കണമല്ലോ. അതിലേക്ക പരിശീലനം ആവശ്യവുമാണ്. അതുകൊണ്ടു റെയിൽവേ നടപ്പാക്കുന്നതിനുമുമ്പു ഈ ആവശ്യത്തിലേക്കായി ക്ലാസ്സുകൾ ആരംഭിക്കുവാൻ ഗവണ്മെൻറ തയ്യാറാണോ?

പ്രസിഡണ്ട്: മി. എം. എൻ. പിള്ള, റെയിൽവേഷാപ്പുകളിലെ പ്രായോഗിക പരിശീലനം കൂടാതെയുള്ള യാതൊരു പ്രയോജനവുമില്ലെന്നുള്ളതു സർവസാധാരണമായ അനുഭവമാണ്. ഇതു സ്ഥലത്തുവച്ചുതന്നെയുള്ള പ്രായോഗികമായ പരിശീലനംകൊണ്ടു ലഭിക്കേണ്ടതുമാണ്. റെയിൽവേ നടപ്പാക്കുന്നതു സംബന്ധിച്ചും അതിൻെറ ഭരണംസംബന്ധിച്ചും എന്തെല്ലാം ഏർപ്പാടുകൾ ഗവണ്മെൻറ ചെയ്യുന്നുണ്ടോ അതോടൊത്തുതന്നെ റെയിൽവേസംബന്ധിച്ച ജോലികളിൽ പരിപൂർണ്ണമാകുംവണ്ണം തിരുവിതാംകൂർകാർക്ക് പ്രാതിനിധ്യം നൽകുന്നതിനു നിബന്ധനകൾ ഉണ്ടാക്കുന്നതായിരിക്കുമെന്നു നിങ്ങൾ ഉറപ്പായി വിചാരിച്ചുകൊള്ളുക.

മി. കെ. കെ. തോമസ് (കോട്ടയം): റെയിൽവേയിൽ എത്രപേരെ നിയമിക്കുന്നതാണെന്ന് പറയുമോ?

പ്രസിഡണ്ട്: ഊഹങ്ങളെ ആസ്പദമാക്കി പ്രസ്താവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതുകൊണ്ടു ഒരു കമ്മിററിയുടെ നിയമനം ആവശ്യമുള്ളതാണെന്നു തോന്നുന്നില്ല. ഉപയോഗകരമായ പ്രയോജനം അതിൽനിന്നു ഉണ്ടാകുന്നതല്ല. ആവശ്യമില്ലാത്ത പണച്ചെലവും അസൗകര്യവും ഉണ്ടാകുന്നതാണ്. അതുകൊണ്ടു പ്രമേയകർത്താവു ദയവുചെയ്തു പ്രമേയത്തെ പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു എൻെറ അഭിപ്രായത്തെ ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചീഫ്സെക്രട്ടറിയുടെ അഭിപ്രായം കേട്ടിടത്തോളം ഒരു കമ്മിററിയുടെ ആവശ്യം ഇല്ലെന്നാണ് അദ്ദേഹം വിചാരിക്കുന്നതെന്നു നാം അറിയുന്നു. ഇതിനുപകരമായിട്ടു വേറെ ഏതെങ്കിലും സ്കീം ഗവണ്മെൻറിനുണ്ടോ എന്നുപറയുമോ?

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): എൻെറ അഭിപ്രായം ഇത്രമാത്രമാണ്. ഒരു കമ്മിററിയെ നിയമിക്കുന്നതായാലും ചുരുങ്ങിയകാലംകൊണ്ടു ഇത്രവലിയ ഒരു കാര്യത്തെ സംബന്ധിച്ച പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഇപ്പോൾ കിട്ടീട്ടുള്ള നിർദ്ദേശങ്ങളെ ആസ്പദമാക്കി ഗവണ്മെൻറ ഇതിൻെറ പരിഹാരത്തിനായി പ്രയത്നിക്കേണ്ടതാകുന്നു എന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വിഷയം വളരെ ഗൗരവമുള്ളതാകയാൽ അതിനെ ഇവിടെ വിട്ടുകളയേണ്ടതാണ് എന്നാണോ അങ്ങുന്ന് മനസ്സിലാക്കുന്നതു്?

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറ ഈ സംഗതിയെപ്പററി പ്രവൃത്തിക്കുമ്പോൾ ഇവിടെ നിർദ്ദേശിച്ചിട്ടുള്ള അഭിപ്രായങ്ങളെപ്പററിയും ആലോചിക്കുന്നതാണ്. പ്രജാസഭയുടെ ഉപക്രമപ്രസംഗത്തിൽ ബിരുദംനേടിയവർക്കും തൊഴിലില്ലായ്മയെന്ന സംഗതി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പറഞ്ഞിട്ടുള്ളതു മെമ്പർമാർ ഓർക്കുന്നുണ്ടായിരിക്കും. ഗവണ്മെൻറ ഈ സ്ഥിതിയുടെ ഗൗരവത്തെപ്പററി മനസ്സിലാക്കീട്ടുണ്ടെന്നും അതുസംബന്ധിച്ചു ആലോചനകൾ നടത്തുമ്പോളെല്ലാം ഈ വിചാരം അവരിൽ ശ്രദ്ധയുള്ളതായിരിക്കുമെന്നുള്ളതിനു അതുതന്നെ തെളിവാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സ്ഥിതിക്ക ഒരു പരിഹാരമുണ്ടാക്കുന്നതിനുള്ള ഒരു ശ്രമമാണ് ഈ പ്രമേയം എന്നു ചീഫ്സെക്രട്ടറിക്കറിയാമോ?

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറ അതിനെപ്പററി അപ്രകാരംതന്നെയാണ് ഉദ്ദേശിക്കുന്നതു്. ഞാൻ പറയുന്നതു് ഇത്രമാത്രമാണ്. ഈ പ്രമേയം നമ്മെ വളരെ സഹായിക്കുന്നതല്ല. ഒരു കമ്മിററി നിയമിക്കുന്നതുകൊണ്ടു നമുക്ക വലുതായ ഗുണം ഉണ്ടാകുന്നതല്ല. ഒരു കമ്മിററി വേണമെങ്കിൽ മദ്രാസ് കമ്മിററിയുണ്ട്. ഇവിടത്തെ സ്ഥിതികൾ മിക്കവാറും മദ്രാസിലെ സ്ഥിതിപോലെ തന്നെയാണ്. അവർ അവരുടെ പ്രയത്നങ്ങൾ അവസാനിപ്പിക്കുമ്പോൾ അതിനെ നമ്മുടെ സ്ഥിതികൾക്ക അനുസരണമാകുംവണ്ണം സ്വീകരിച്ചുകൊണ്ടാൽ മതിയാകും.

മി. എസ്. പരമേശ്വരൻപിള്ള (കല്ലുപാലവും വ്യവസായവും, തെക്ക്): ഈ തരം എല്ലാകമ്മിററികളെ സംബന്ധിച്ചും അംഗീകരിക്കപ്പെടുമോ എന്നുപറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നയമവിദ്യാഭ്യാസ കമ്മിററിയെപ്പററിയാണോ അദ്ദേഹം ഉദ്ദേശിക്കുന്നതു്?

പ്രസിഡണ്ട്: ഞാൻ കേട്ടതു് "എല്ലാ കമ്മിററികളും" എന്നാണ്.

മി. സി. പി. തോമസ് (നിയമിതമെമ്പർ): തൊഴിലില്ലായ്മയെ സാരമായവിധത്തിൽ പരിഹരിക്കുന്നതിനു ലാൻഡ് കോളണൈസേഷൻ സ്കീം പ്രയോജനപ്പെടുമെന്ന് ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉവ്വ്, കുറെയിട.

മി. സി. പി. തോമസ് (നിയമിതമെമ്പർ): ആലോചനകളെ പ്രവൃത്തിയിൽ കൊണ്ടുവന്ന് തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഗവണ്മെൻറ ശ്രമിക്കുമോ.

മി. കെ. ജാഞ്ജ് (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു് ഗവണ്മെൻറ നിർവഹിക്കുന്നതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളയുവാക്കന്മാരുടെ ഇടയിൽ തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ടെന്നു എനിക്ക തോന്നുന്നു. അതു്

സമ്മതിക്കാതെ തരമില്ല. ഈ സംഗതിയെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മിററിയെ ഏർപ്പെടുത്തുന്നതായാൽ ഇതിന്റെ പരിഹാരത്തിനു തക്കതായ മാർഗ്ഗങ്ങൾ ഉണ്ടാകുന്നതാണെന്നു എനിക്കു വിശ്വാസമില്ല. അതിനുള്ള കാരണം ഇവയാകുന്നു. ഗവണ്മെന്റു കമ്മിററിയെ നിയമിക്കും. ഇന്നലെ പ്രസിഡണ്ടു പറഞ്ഞതുപോലെ കമ്മിററിനിയമനം, ഗവണ്മെന്റിലാകുന്നു സ്ഥിതിചെയ്യുന്നത്. അതുമാത്രവുമല്ല റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണവും അന്വേഷണങ്ങളുടെ രീതികളും ഈ സഭയുടെയോ ജനപ്രതിനിധികളുടെയോ സ്വാധീനത്തിലായിരിക്കുന്നതല്ല. ഇതിൽനിന്നും സാരമായ ഗുണം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഇതു വളരെ കഠിനമായി ശ്രദ്ധിക്കപ്പെടുന്ന ഒരു സംഗതിയാണ്. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം നാം മിക്കവാറും അന്ധകാരത്തിലകപ്പെട്ടിരിക്കയാണ്. അതുകൊണ്ടു ആരെങ്കിലും ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നതായാൽ അതിനെപ്പററി നല്ലപോലെ അന്വേഷണം നടത്തേണ്ടതു ആവശ്യമാകുന്നു. അതുകൊണ്ടു ഈ മാർഗ്ഗത്തെപ്പററി ഒന്നു പരിശോധിച്ചു നോക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഈ സന്ദർഭത്തിൽ ഞാൻ തൊഴിലില്ലായ്മയുടെ അടിസ്ഥാനമായിട്ടുള്ള കാരണം എന്താണെന്നു് പറയാം. ഏററവും ബുദ്ധിശക്തിയുള്ളവരും വിദ്യാഭ്യാസം സിദ്ധിച്ചവരുമായ നമ്മുടെ രാജ്യത്തിലെ യുവാക്കന്മാർ ഫലപ്രദങ്ങളായ തൊഴിലുകളിൽ പ്രവേശിക്കാതെ സർക്കാരുദ്യോഗത്തിനു മോഹിച്ചു നടക്കുന്നു. രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു അതു സ്വാഭാവികവുമാണ്. അതിനു കാരണം രാജ്യത്തിലെ ജനങ്ങൾ സർക്കാരുദ്യോഗത്തിനു വാസ്തവമല്ലാത്ത വില കല്പിച്ചുപോരുന്നതാണ്. ഗവണ്മെണ്ടിലാണ് ഇതിന്റെ ഉത്തരവാദിത്വം സ്ഥിതിചെയ്യുന്നത്. അതുകൊണ്ടു സർക്കാരുദ്യോഗത്തിനു കല്പിച്ചുപോരുന്ന ഈ വാസ്തവമല്ലാത്ത വിലയെ ജനങ്ങളുടെ ദൃഷ്ടിയിൽ കുറയ്ക്കുവാനായി ഗവണ്മെണ്ടു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നപക്ഷം അതു ഒരു ശരിയായ പരിഹാരമാർഗ്ഗമായിത്തീരുന്നതാകുന്നു. ഇപ്രകാരത്തെ സ്ഥിതിക്കു സർക്കാരുദ്യോഗസ്ഥന്മാരെ അപേക്ഷിച്ചു രാജ്യത്തിനും ഗവണ്മെണ്ടിനും ഒരുപോലെ യഥാർത്ഥമായ പല ഗുണങ്ങളും ചെയ്തുകൊണ്ടിരിക്കുന്നതു വലിയ കച്ചവടക്കാരും കൃഷിക്കാരുമാകുന്നു. എന്നാൽ ജനങ്ങൾ കൂടുതലായി ബഹുമാനിക്കുന്നതു സർക്കാരുദ്യോഗത്തിലിരിക്കുന്ന ഒരു സാധാരണ ഗുമസ്തനെയും ഒരു ശിപായിയെയും ആകുന്നു. ഈ സ്ഥിതിക്കു മാററം വരുത്തുന്നതെങ്ങിനെ? ജനങ്ങളുടെ ഈ മനോഭാവം എങ്ങിനെ മാററാം? അതുകൊണ്ടു ആലോചിക്കേണ്ടതായ വിഷയം ഇപ്പോഴത്തെ ഈ സ്ഥിതിക്കു മാററം വരുത്താവുന്നതെങ്ങിനെയെന്നാണ്. ഗവണ്മെണ്ട് അതു നിർവ്വഹിക്കുവാൻ ശ്രമിക്കുന്നു എങ്കിൽ അതു എളുപ്പത്തിൽ സാധിക്കാവുന്ന ഒരു സംഗതിയാണെന്നു എനിക്കു തോന്നുന്നു. പ്രധാന ഗവണ്മെന്റുദ്യോഗസ്ഥന്മാരും മററോരോ കേന്ദ്രങ്ങളിലുമുള്ള കീഴുദ്യോഗസ്ഥന്മാരും ജനപ്രതിനിധികളോടു ഉത്തരവാദിത്വം വഹിക്കണമെന്നു നിശ്ചയിക്കുന്നതായാൽ ഇപ്പോഴത്തെ ഈ സ്ഥിതിയെ ഉടനടി പരിഹരിക്കാവുന്നതാണ്. സർക്കാരുദ്യോഗത്തിൽ ഇപ്പോൾ വ്യവസ്ഥാപിതമായ ഈ നിരർത്ഥകമായ മതിപ്പു ക്ഷണത്തിൽ നിശ്ശേഷം മറയുകയും കൃഷി, കച്ചവടം, വ്യവസായം മുതലായ ഫലപ്രദങ്ങളായ തൊഴിലുകൾ സർക്കാരുദ്യോഗത്തെപ്പോലെതന്നെയും പലേക്കൂടുതലായിട്ടും യോഗ്യതയുള്ളതാണെന്നു ജനങ്ങൾ മനസ്സിലാക്കുകയും ചെയ്യും. ഗവണ്മെണ്ടു പ്രതിനിധികൾ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഈ സ്ഥിതിയെ പരിഷ്കരിക്കുവാൻ ഗവണ്മെണ്ടു ആഗ്രഹിക്കുന്നു എങ്കിൽ അവർ ആദ്യമായി സ്വീകരിക്കേണ്ടതായ മാർഗ്ഗം രാജ്യത്തിൽ ഉയർന്ന സ്ഥാനങ്ങളിൽ മാത്രമല്ല അധികാരം വഹിക്കുന്ന എല്ലാ താഴ്ന്നസ്ഥാനങ്ങളിലും ഉത്തരവാദിത്വമുള്ള ഭരണവ്യവസ്ഥ ഏർപ്പെടുത്തുകയാകുന്നു. അപ്രകാരം ചെയ്തുകഴിഞ്ഞാൽ ഈ ഗൗരവമായ സംഗതിക്കു പരിഹാരമാർഗ്ഗം എളുപ്പത്തിൽ ഉണ്ടാകാവുന്നതാണ്. കൃഷി, കച്ചവടം മുതലായ തൊഴിലുകളിൽ ഏർപ്പെടണമെന്നു യുവാക്കന്മാരോടു നാം ചെയ്യുന്ന ഉപദേശം അപ്പോൾ ഇപ്പോഴത്തേക്കാൾ ഫലപ്രദമായിത്തീരുന്നതാകുന്നു. കൃഷിയുടേയും കച്ചവടത്തിന്റെയും ഗുണങ്ങളെപ്പററി നമുക്കിപ്പോൾ അവരോടു പ്രസംഗിക്കാമെന്നല്ലാതെ അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. നമ്മുടെ വാക്കുകളിൽ അവർക്കു വിശ്വാസം ഉണ്ടാകുന്നതല്ല. അതുകൊണ്ടു ഈ സംഗതിയെസംബന്ധിച്ചു നാം ആദ്യമായി ചെയ്യേണ്ടതു ഇതാണെന്നാകുന്നു എന്റെ അഭിപ്രായം.

ഇനി ഈ സംഗതിയുടെ പരിഹാരമാർഗ്ഗമായി ഗവണ്മെന്റു നിർദ്ദേശിച്ച ചില മാർഗ്ഗങ്ങളെപ്പററി അല്പം പറയാം. എത്ര വലിയ റയിൽവേ ആരംഭിക്കുന്നതായാലും അതു തൊഴിലില്ലായ്മയെ കുറയ്ക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ അതു കുറേയാളുകൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതോടുകൂടി അനേകംജനങ്ങളെ തൊഴിലില്ലാത്തവരാക്കുകയും ചെയ്യും. ഇപ്പോൾ അനേകം വള്ളക്കാരും, മോട്ടോർ വണ്ടി മുതലായവ ഓടിക്കുന്നവരും മററും ഉണ്ട്. ഇവരിൽ അനേകംപേർ തൊഴിലില്ലാത്തവരായേക്കും. റയിൽവേയിൽ ഉദ്യോഗം കിട്ടാവുന്ന നമ്മുടെ ആളുകളുടെ സംഖ്യയേക്കാൾ വളരെ കൂടുതലായിരിക്കും തൊഴിലില്ലാത്തവരാകുന്നവരുടെ സംഖ്യ എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു പ്രസ്തുതസംഗതി തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു വളരെ ഉതകുന്ന ഒരു മാർഗ്ഗമാണെന്നു ഞാൻ വിചാരിക്കുന്നില്ല. തൊഴിലില്ലായ്മയുടെ ഉപശമനത്തെ ഉദ്ദേശിച്ചു പ്രത്യക്ഷരൂപമായും പ്രമേയരൂപമായും ഈ സഭയിലേക്കു ഞാൻ അയച്ചിട്ടുള്ള [illegible] നിർദ്ദേശം കൃഷിയെ അഭിവൃദ്ധിയിൽ കൊണ്ടുവരണമെന്നുള്ളതാകുന്നു. കർഷകവൃത്തികൊണ്ടു നമുക്കു മാന്യമായി ജീവിക്കാവുന്നതാണെന്നു കാണിച്ചുകൊടുക്കുന്നതായാൽ അതിനു ജനങ്ങളിൽ സന്മാർഗ്ഗികമായ ഒരു ഫലത്തെ ഉൽപാദിപ്പിക്കുവാൻ കഴിയും. പ്രത്യേകപരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരെന്നു അറിയപ്പെടുന്നവരാൽ നടത്തപ്പെടുന്ന കൃഷിത്തോട്ടങ്ങളും വ്യവസായങ്ങളും പരാജയത്തിൽ അവസാനിക്കുന്നതായി കാണപ്പെട്ടാൽ അതു സന്മാർഗ്ഗികമായും വിപരീതമായ ഫലത്തെ ഉളവാക്കും. അതായതു പ്രയത്നങ്ങൾ നഷ്ടത്തിൽ കലാശിക്കുന്നതാണെന്നറിയുമ്പോൾ കൃഷിമുതലായവയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും അതിനു മടിച്ചു തുടങ്ങും. അതുകൊണ്ടു അപ്രകാരം വരാതിരിക്കുവാൻ വേണ്ടതു പ്രവർത്തിക്കേണ്ടതാകുന്നു. കാർഷികാദി നിക്ഷേപപദ്ധതി, പരസ്പരസഹായപദ്ധതി മുതലായവ ശരിയായി നടത്തപ്പെടുന്നതായാൽ തൊഴിലില്ലായ്മയെ കുറയ്ക്കാവുന്നതാണ്. എന്നാൽ ഈ മാർഗ്ഗങ്ങളുടെയെല്ലാം വിജയത്തിനു ആദ്യമായിട്ടുള്ള അടിസ്ഥാനം ഉത്തരവാദിത്വം വഹിക്കുന്ന ഗവണ്മെന്റു ഉണ്ടായിരിക്കണമെന്നുള്ളതാണ്. അല്ലെങ്കിൽ ഇതു പരിഹരിക്കപ്പെടാവുന്നതാണെന്നു തോന്നുന്നില്ല. ഒരു മെമ്പർ ചോദിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു ന്യായമല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു മെമ്പറിനു ചോദ്യം എഴുതിക്കൊടുക്കുന്നതു അനുവദിക്കത്തക്കതാണോ? എന്തുകൊണ്ടെന്നാൽ, ചോദ്യങ്ങൾ വിരോധം ജനിപ്പിക്കത്തക്കതായിരിക്കും.

മി. ആർ. പത്മനാഭൻ (നിയമിതമെമ്പർ): സർ, അദ്ദേഹം എങ്ങിനെ:... ....

പ്രസിഡണ്ട്: മിസ്റ്റർ പത്മനാഭൻ, സൌകര്യംപോലെ മറുപടി പറയത്തക്കവിധത്തിൽ രഹസ്യമായി മറെറാരു മെമ്പറിനോടു ചോദ്യം എഴുതിക്കൊടുക്കുന്നതു ശരിയാണോ എന്നാണ് മി. പി. കെ. നാരായണപിള്ള അറിവാൻ ആഗ്രഹിക്കുന്നതു്. സഭയിലെ സകലകാര്യങ്ങളും പരസ്യമായിട്ടു നടത്തുന്നതുകൊണ്ടു സംബന്ധിച്ച കാര്യങ്ങളുടെ അംശമായി സാമാജികന്മാർ പരസ്പരം എഴുത്തുമൂലം യാതൊന്നും ചെയ്യാൻ പാടില്ലാത്തതാണെന്നാകുന്നു എനിക്കു പറയാനുള്ളതു്.

മി. ആർ. പത്മനാഭൻ (നിയമിതമെമ്പർ): പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കുന്ന ഗവൺമെൻറുള്ള ഇംഗ്ലണ്ടിൽ തൊഴിലില്ലായ്മയുണ്ടെന്നുള്ളതിനു മെമ്പർക്കു പറയാനുള്ള സമാധാനം എന്താകുന്നു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇംഗ്ലണ്ടു ക്രമത്തിലധികം ജനസംഖ്യയുള്ള രാജ്യമാണെന്നാണ് എൻെറ അറിവ്. രാജ്യത്തിൻെറ വിസ്തീർണ്ണത്തോടു താരതമ്യപ്പെടുത്തുമ്പോൾ അവിടെയുള്ള ജനങ്ങളുടെ സംഖ്യ ഏററവും കൂടുതലാണ്. യുദ്ധംനിമിത്തം ഏതാനും വ്യവസായങ്ങൾക്കു ക്ഷീണമുണ്ടായിട്ടുമുണ്ട് ഇതു ആലോച്യമല്ലേ.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസുകമ്മീഷണർ): ഇംഗ്ലണ്ടിലെന്നക്കാൾ തിരുവിതാംകൂറിലാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്നതെന്നു മെമ്പറിനു അറിയാമോ?

പ്രസിഡണ്ട്. യൂറോപ്പിലേക്കും ജനനിബിഡതയുള്ള ബൽജിയം, ഇംഗ്ലണ്ടു ഈ രാജ്യങ്ങളെക്കാൾ ജനനിബിഡതയുള്ള രാജ്യമാണ് തിരുവിതാംകൂർ.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എൻെറ അറിവു നേരെമറിച്ചാണ്.

പ്രസിഡണ്ട്: ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളട്ടെയോ? അദ്ദേഹം നല്ലതുപോലെ ജനങ്ങളെ രണ്ടായിരത്തഞ്ഞൂറു ചതുരശ്രമൈലുകൾക്കായി ഭാഗിക്കുന്നു എന്നു വിചാരിക്കുക. ഏററവും തിങ്ങിപ്പാർക്കുന്ന യൂറോപ്പ്യരാജ്യങ്ങളിലെ (അതു ബൽജിയമോ ഇംഗ്ലണ്ടോ എന്നു എനിക്കു നിശ്ചയമില്ല): ജനസംഖ്യ ചതുരശ്രമൈലൊന്നിനു ൬൦൦ മുതൽ ൭൦൦ വരെയാണെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. എന്നാൽ തിരുവിതാംകൂറിലാകട്ടെ ജനവാസമുള്ള സ്ഥലത്തെ സംബന്ധിച്ചടത്തോളം മാത്രം നോക്കുന്നതായാൽ, ചതുരശ്രമൈലൊന്നിനു ൧൦൦൦-ത്തിൽപരം ജനങ്ങൾ ഉള്ളതായി തിങ്ങൾക്കു കാണാവുന്നതാണ്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും: എനിക്കു പറയുവാനുള്ളതു ഞാൻ ഒരു വാക്കുകൊണ്ടു അവസാനിപ്പിച്ചിട്ടു എന്നോടു ചോദിക്കുന്ന ചോദ്യങ്ങൾക്കു മറുപടിപറയാം. അവസാനമായി എനിക്കു പറയുവാനുള്ളതു ഈ രാജ്യത്തിൽ ഉത്തരവാദിത്വമുള്ള ഗവൺമെൻറു സ്ഥാപിച്ചതിനുശേഷം മാത്രമേ ഈ സംഗതിയുടെ പരിഹാരത്തിനായി ഏതെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സാധിക്കയുള്ളു എന്നാകുന്നു. അതായിരിക്കണം ഇതുസംബന്ധിച്ചു സ്വീകരിക്കപ്പെടുന്ന ഏതു പ്രവൃത്തിയുടേയും അടിസ്ഥാനം. ഒരു കമ്മിററി ഏർപ്പെടുത്തിയാലുംശരി ഗവൺമെണ്ടുതന്നെ ഈ സംഗതി നേരെമറിച്ചു നടത്തിയാലുംശരി, അതായിരിക്കണം പ്രധാനമായി നിർവഹിക്കപ്പെടേണ്ടതു്. ഒരു കമ്മിററി ഏർപ്പെടുത്തുകയും ആ കമ്മിററിക്കു ഈ സംഗതിയെപ്പററി അന്വേഷിക്കുവാൻ കഴിവുണ്ടായിരിക്കുകയും ചെയ്യുമെങ്കിൽ ഈ സംഗതിക്കു പരിഹാരം എളുപ്പത്തിൽ ഉണ്ടാക്കാവുന്നതാണ്. ഒരു കമ്മിററിക്കു ഇപ്രകാരമുള്ള സംഗതികളിൽ വളരെ പ്രയോജനമുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാകുന്നു എൻെറ അഭിപ്രായം. ഉത്തരവാദിത്വമുള്ള ഗവൺമെൻറു സ്ഥാപിക്കേണ്ടതെങ്ങിനെയാണെന്നും അതിനുപുറമേ ഇനിക്കു ഒത്തു് മി. കുഞ്ഞിരാമമേനോൻ നിർദ്ദേശിച്ചതുപോലെ ഒഴിച്ചിടപ്പെട്ട വനങ്ങളിൽനിന്നും കൃഷിക്കായി എത്രമാത്രംസ്ഥലം എടുക്കാവുന്നതാണെന്നും അവർക്കു അന്വേഷിക്കാൻ കഴിയും. ഇപ്രകാരം ഒരു കമ്മററിക്കു ചെയ്യാവുന്ന കാര്യങ്ങളാകുന്നു. ഈ കാര്യങ്ങളിലുള്ള കമ്മിററിയുടെ പ്രവൃത്തികൾമൂലം ഗവൺമെൻറിനു സഹായംസിദ്ധിക്കുകയും ചെയ്യും. ഈ വിഷയം ഏററവും പ്രാധാന്യമുള്ളതാണെന്നും ഇതുസംബന്ധിച്ചു അനേകംകാര്യങ്ങൾ നിർവഹിക്കേണ്ടതായിട്ടുണ്ടെന്നും എനിക്കു തോന്നുന്നതിനാൽ ഞാൻ മി. കുമാരപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. പ്രസിഡണ്ട്, ഈ പ്രമേയത്തെപ്പററി ഞാൻ സംസാരിക്കുവാനുദ്ദേശിക്കുന്നതു പൂർണ്ണമായ അനുകൂലഭാവത്തോടുകൂടിയല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഈ പ്രധാന്യമേറിയ വിഷയത്തെപ്പററി വിശ്വാസപൂർവ്വമായ അഭിപ്രായം പറയുവാൻ ഒരുത്തർക്കും സാധിക്കുന്നതല്ല. ഗവൺമെൻറിൻെറ ശ്രദ്ധ ഈ സംഗതിയിൽ പതിയുന്നുണ്ടെന്നും, വളരെനാളായി ഗവൺമെൻറു ഇതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണെന്നും അതുകൊണ്ടു ഈ പ്രമേയം പിൻവലിക്കണമെന്നും മററും ഏററവും സാമർത്ഥ്യത്തോടുകൂടി ഗവൺമെൻറു മെമ്പർ പറയുകയുണ്ടായി. എന്നാൽ അദ്ദേഹം പ്രസ്താവിച്ചതിൽനിന്നും ഗവൺമെൻറു ഇക്കാര്യത്തിൽ ഏതാനും ചില പ്രവൃത്തികൾ ചെയ്തു എന്നു ഊഹിക്കാൻമാത്രമേ നിവൃത്തിയുള്ളു. ഗവൺമെൻറു ഒരു പ്രത്യേക സംഗതിയെപ്പററി ആലോചിക്കുന്നുണ്ടെന്നുള്ളതു്, ഒരു പ്രമേയംകൊണ്ടുവരാതിരിക്കുന്നതിനോ, അല്ലെങ്കിൽ, കൊണ്ടുവന്നതായ ഒരു പ്രമേയത്തെ പിൻവലിക്കുന്നതിനോ, മതിയായ ന്യായമാകുമെങ്കിൽ ഈ സഭ ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയില്ലെന്നു ഞാൻ ദൃഢമായിപറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ, ഒരു ഉത്തരവാദിത്വമുള്ള ഗവൺമെൻറാണെങ്കിൽ, ആ ഗവൺമെൻറിനെ സംബന്ധിച്ച മെമ്പറന്മാർ അവരുടെമുമ്പാകെ നടക്കുന്ന സംഗതികളെപ്പററി ശ്രദ്ധിക്കുമ്പോൾ ഉത്തരവാദിത്വമുള്ളവരായിരിക്കണം. അതുകൊണ്ടു ഗവൺമെൻറിനെപ്പററി വിശ്വാസക്കുറവുള്ളതുകൊണ്ടല്ല ഞങ്ങൾ ഈ പ്രമേയംകൊണ്ടുവന്നിട്ടുള്ളതു. ഗവൺമെൻറു ചില സംഗതികളെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ടു. ഞങ്ങളും ഗവൺമെൻറിനോടുസഹകരിച്ചുതന്നെ ചിലകാര്യങ്ങൾ ചെയ്യുന്നതിലേക്കു നിശ്ചയം ചെയ്യണമെന്നു ആവശ്യപ്പെ

TRIVANDRUM

ട്ടന്നു. അവർ ചില കാര്യങ്ങളെപ്പറ്റി ആലോചനനടത്തിക്കൊണ്ടിരിക്കുന്നുണ്ടു. അതു വാസ്തവംതന്നെ. എന്നാൽ അവർ അപ്രകാരം ചെയ്യുന്നുണ്ടെന്നും ചെയ്തുകൊണ്ടിരിക്കണമെന്നുമുള്ളതുകൊണ്ടു തൊഴിലില്ലായ്മ എന്ന സംഗതിക്കളെ സംബന്ധിച്ചു ചില പ്രമേയങ്ങൾ കൊണ്ടുവരുന്നതിനു ബാധകമാകുന്നതല്ല. ഇതു വളരെ പ്രധാനമായ ഒരു സംഗതിയാണു. അതുകൊണ്ടു തൊഴിലില്ലായ്മ രാജ്യത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു വിചാരിക്കുന്നതിൽ ഗവൺമെൻറും ഈ സഭാസാമാജികന്മാരും വാസ്തവത്തിൽ ഏകാഭിപ്രായക്കാരാകുന്നു.

തൊഴിലില്ലായ്മ തിരുവിതാംകൂറിൽ സ്ഥിതിചെയ്യുന്നുണ്ടു. അതു തിരുവിതാംകൂറിനു പുറംഭാഗങ്ങളിലും ഉണ്ടു. ഇൻഡ്യമുഴുവനും അതു സ്ഥിതിചെയ്യുന്നു. യുദ്ധത്തിനുശേഷം അതു എല്ലാരാജ്യക്കാരേയും ഒരുപോലെ സംബന്ധിക്കുന്ന ഒരു വിഷയമായിത്തീർന്നിട്ടുണ്ടെന്നുതന്നെ പറയാം. എന്നാൽ രാജ്യങ്ങൾതോറും അതിൻെറ സ്ഥിതികൾക്കു വ്യത്യാസമുണ്ടായിരിക്കും. നമ്മുടെ ഇടയിൽ കണ്ടുവരുന്ന പ്രത്യേകാവസ്ഥകളെപ്പറ്റി ആലോചിച്ചു അതിനു ഏതെങ്കിലും പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ ശ്രമിക്കാം. പൈതൃകമോ അല്ലെങ്കിൽ ജനകപ്പാടയോ, അതിനെ പരിഹരിക്കുവാൻ നമുക്കു സാധിക്കുകയില്ലെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അതിൻെറ പരിഹാരത്തിനായി ഏതെങ്കിലും ഒരുമാർഗ്ഗം, ചുരുങ്ങിയതിലയിലെങ്കിലും, കണ്ടുപിടിക്കുവാൻ നമുക്കു ശ്രമിക്കാം. എന്നാൽ ഗവൺമെൻറു മെമ്പർ പ്രായോഗികമായി യാതൊന്നും നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്ന എന്നു ദിവാൻജി അവർകൾ പ്രജാസഭയിലെ ഉപക്രമപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതിനെമാത്രംനമുക്കു വിശ്വാസത്തിനായി അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അതു മതിയാകുന്നില്ല ഉത്തരവാദിത്വമുള്ളഗവൺമെൻറുപ്രതിജ്ഞകൾ കൊണ്ടു നമുക്കു യാതൊരുപ്രയോജനവുമില്ല. ഞാൻ പ്രതിജ്ഞകളെപ്പറ്റി ബലമായി വിശ്വസിക്കുന്നുമില്ല. ഇംഗ്ലണ്ടിൽ തൊഴിലില്ലായ്മയുണ്ടു. അവിടെ ഉത്തരവാദിത്വമുള്ള ഗവർൺമെൻറു എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം തൊഴിലില്ലായ്മയും കാണും എന്നുപറയുന്നതു കേവലം തെററായ അഭിപ്രായമാണെന്നാണ് എൻെറ അഭിപ്രായം. ഇന്നു നാം, ജാർജ്ജ് ലാൻസ്ബറിയോടോ, അല്ലെങ്കിൽ റാബർട്ട് ടെസ്സമിനോടോ അല്ലെങ്കിൽ ഫിലിപ്പ് സ്നോഡനോടോ ചോദിക്കുന്നതായാൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇംഗ്ലണ്ടിൽ ഉത്തരവാദിത്വമുള്ള ഗവൺമെൻറു ഇല്ലെന്നും ഗവൺമെൻറു അവരോടു ഉത്തരവാദിത്വമുള്ളതായിരുന്നുവെങ്കിൽ തൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മ ഉണ്ടായിരിക്കയില്ലെന്നും അവർ പറയും. എൻെറ മാന്യസ്നേഹിതൻ മി. ജി. രാമമേനവൻെറ അഭിപ്രായം ഉത്തരവാദിത്വമുള്ള ഗവൺമെൻറിൻെറ കുറവാണ് തൊഴിലില്ലായ്മയുണ്ടായിരിക്കുന്നതിനു ഏകമേകകാരണമായിരിക്കുന്നതു എന്നാണെന്നു ഞാൻ വിചാരിക്കുന്നു. ഇവിടെ നമുക്കു എല്ലാം ഒന്നുപോലെതന്നെ ഉത്തരവാദിത്വമുള്ള ഗവൺമെൻറിൻെറ ഛായപോലും നമുക്കു ഇവിടെ ഇല്ല.

കൊള്ളാം, വളരെപ്രധാനവും, പ്രായോഗികവും ഉടനടി ചെയ്യേണ്ടതുമായ ഒരു കാര്യത്തെപ്പററി നാം ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഗവൺമെൻറിനെ കുററപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ കൊണ്ടുവരുന്നതായ ഏതുപദ്ധതിയേയും ധൈര്യസമേതം ആലോചനാവിഷയമാക്കുവാൻ ഗവൺമെൻറു തയ്യാറുണ്ടോ? ദരിദ്രരായ ജനങ്ങളുടെയിടയിൽ തൊഴിലില്ലായ്മ സ്ഥിതിചെയ്യുന്നില്ലെന്നു മി. കുമാരപിള്ള വിസ്തരിച്ചുപറഞ്ഞു. അങ്ങനെയായാലും, തൊഴിലില്ലായ്മ പുലയരുടേയും, പറയരുടേയും തൊഴിലാളിവർഗ്ഗങ്ങളുടേയും ഇടയിൽ ഒരേപ്രകാരത്തിലല്ല കാണപ്പെടുന്നതു എന്നുള്ളതു നിശ്ചയം. എന്നാൽ തൊഴിലില്ലായ്മ സ്ഥിതിചെയ്യുന്നതു പിന്നെ എവിടെയാണ്? അതു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിലാകുന്നു. അവർ ആരാകുന്നു? അവർ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും മധ്യതരത്തിൽപ്പെട്ടവരും ആകുന്നു. അവർ അവരുടെവകയായ വസ്തുക്കളെ എന്തുചെയ്യുന്നു? സ്ഥലങ്ങളിൽ യാതൊരുവേലയും ചെയ്യുവരുന്നില്ല തൊഴിലാളികൾക്കു വേലചെയ്യുവാൻ സ്ഥലങ്ങളില്ല. ഭൂമിമുഴുവനും ധനികന്മാരുടെവകയാണ്. സ്വത്തുക്കളിൽനിന്നും അന്യായമായി കിട്ടുന്നിടത്തോളം പാട്ടംവാങ്ങിക്കുന്ന എന്നുള്ള ബഹുമതിമാത്രമേ അവർആഗ്രഹിക്കുന്നുള്ളു. സ്ഥലങ്ങൾ പാട്ടത്തിനുവാങ്ങി ബുദ്ധിമുട്ടി കൃഷിചെയ്തു അല്പമെങ്കിലുംഫലം ഉളവാകുന്നആളുകളിൽ കരംചുമത്തുന്നതിനുപകരം, ഭൂമികളെയാതൊരു കൃഷിയും ചെയ്യാതെഇട്ടിരിക്കുന്നആളുകളുടെപേരിൽ ശിക്ഷാർഹമായ ഒരുകരം ചുമത്തുക എന്ന ധൈര്യസമേതമായ ഒരുപദ്ധതി നടപ്പിൽവരുത്തുവാൻ ഗവൺമെൻറു തയ്യാറുണ്ടോ? വളരെവസ്തുക്കളുടെ ഉടമസ്ഥന്മാരായിട്ടുള്ളവരെ അലസന്മാരായിട്ടു ഇരുന്നുകൊള്ളുവാൻ ഞങ്ങൾ അനുവദിക്കുന്നു യാതൊരുകൃഷിയും ചെയ്യാതെ ഭൂമികളെവൃഥാഇട്ടിരിക്കുന്നവരിൽ ഒരുപ്രത്യേകമായകരം ചുമത്തുന്നതിനു ഗവൺമെൻറു തയ്യാറാണോ? ഞാൻ അതിനെ കുററകരമായകരം എന്നു വിളിക്കുന്നതിനും മടിക്കുന്നില്ല. വലിയ സ്ഥലവിഭാഗങ്ങളിൽ കൃഷിനടത്തുന്നതു സംബന്ധിച്ചു ഒരു പദ്ധതി സ്വീകരിക്കുന്നതിനു അവർ തയ്യാറാണോ? റബ്ബർകൃഷിതന്നെയെന്നു വിചാരിക്കാം. അനേകംഏക്കർ സ്ഥലം വൃഥാകിടപ്പുണ്ടു. ഗവൺമെൻറുതന്നെ സ്വന്തമായി ഈ സ്ഥലങ്ങളിൽ കൃഷിചെയ്യുവാൻ തയ്യാറാകാത്തതെന്തുകൊണ്ട്? നാം എവിടെയാണ് നാളെപോകാൻ പോകുന്നതെന്നു ഒരുത്തർക്കും അറിയാൻപാടില്ലാത്ത ഒരു സ്ഥിതിയോടാകുന്നു നാം ഇന്നു മല്ലിടുന്നതു. തിരുവിതാംകൂറിൻെറ ഒരു മൂലയിൽ ഇന്നചിലധനികന്മാർ സ്ഥിതിചെയ്യുന്നുണ്ടു. അവർ ഒരു ദിവസംകൊണ്ടു, എന്തിനു, ഒരുമണിക്കൂറുകൊണ്ടു കോടീശ്വരന്മാരായിത്തീർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ എല്ലാചെറിയവസ്തുക്കളേയും ഒരുമിച്ചുവാങ്ങിക്കുന്നതിനു ശക്തിയുള്ളവരാകുന്നു അവർ സ്വല്പംവസ്തുക്കളുള്ള ചെറിയ ആളുകൾ നാളെ വസ്തു ഇല്ലാത്തവരായിത്തീരുന്നതു നാം കാണേണ്ടിവരും. നൂറുരൂപമാത്രം കിട്ടുന്നതായ ഒരു വസ്തുവിനു കോട്ടയം മുതലായസ്ഥലങ്ങളിൽ നമുക്കു വിശ്വാസംവരാത്ത വഹിയാത്തവണ്ണം അനവധിസംഖ്യകൊടുക്കാൻ തയ്യാറായിരിക്കുന്നു. എന്തിനു പലരെപറയുന്നു ആയിരവും, രണ്ടായിരവും വേണ്ടിവന്നാൽ അയ്യായിരം രൂപാപോലും കൊടുക്കുവാൻ അവർ തയ്യാറാണ്.

മി. കെ. കെ. തോമ്മസ് (കോട്ടയം): മെമ്പറിനു ഈ അറിവുകിട്ടിയതു എവിടെനിന്നാണെന്നു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇതു എൻെറ സ്വന്തമായ അറിവാണ്. ഞാൻ അവിടെ പോയിട്ടുണ്ട്. ഒരിക്കലും ആരും കാൻ നിവൃത്തിയില്ലാത്തവിധം വിലകൊടുക്കുവാൻ ആളുകൾ തയാറുള്ളതുകൊണ്ടു അവിടെയുള്ളവർ അവരുടെ വസ്തുക്കളെ വിൽക്കാൻ മോഹിക്കുന്നുണ്ടെന്നു എനിക്കു അറിയാം. നൂറു രൂപ

യൊ മററാ മാത്രം കിട്ടുന്നതായ ഒരേക്കർ സ്ഥലത്തിന് ആയിരം രൂപ ഒരാറം കൊടുത്തു. ഏതാനും മാസങ്ങറംകൂടി നാം ക്ഷമിച്ചിരിക്കുന്നതായാൽ മൂലധനം ധാരാളമുള്ളവർ ചെറിയ സ്ഥലങ്ങളെക്കൂടിയും വിലയ്ക്കുവാങ്ങുവാൻ വരുന്നതു നമുക്കു കാണാം. അതുകൊണ്ടു ഏതു ധൈര്യമുള്ള ഗവണ്മെൻറും പരിഹാരമാർഗ്ഗം ആലോചിച്ചു നിശ്ചയിക്കേണ്ട ഒരു വിഷയമാകുന്നു ഇതു. ഇപ്രകാരം വസ്തുക്കളുടെ വില വർദ്ധിക്കുന്നതിനു ഉത്തരവാദികളും, സാധുക്കളായ വസ്തുഉടമസ്ഥന്മാരെ അവരുടെ വസ്തുക്കളിൽനിന്നും ഓടിക്കുന്നതിനു കാരണഭൂതന്മാരായ ഈ റബ്ബർ കൃഷിക്കാർക്കു പ്രത്യേകമായ യാതൊരു ചെലവുംകൂടാതെ ഭൂമിയിൽനിന്നും ലഭിക്കുന്ന ആദായത്തെ എടുക്കുന്നതിനു ഗവണ്മെൻറു തയാറാണോ? ഇപ്രകാരം സിദ്ധിക്കുന്ന ധനത്തെ ഈ രാജ്യത്തിൻെറ ഗുണത്തിനായി വിനിയോഗിക്കുവാൻ ഗവണ്മെൻറിനു കഴിയുമോ? അതിൽ യാതൊരു വിധത്തിലുള്ള സങ്കടത്തിനും അവകാശമുണ്ടാകുന്നതല്ലെന്നു എനിക്കു വിശ്വാസമുണ്ട്. അവർ അതു സ്വപ്രയത്നംകൊണ്ടു സമ്പാദിച്ചിട്ടുള്ളതല്ലല്ലോ. ഈ മൂലധനനിക്ഷേപകന്മാരിൽനിന്നും ആ വസ്തുക്കളെ വീണ്ടെടുക്കുവാൻ ഗവണ്മെൻറു തയാറാണോ? അവർക്കു അതിലേക്കു തയാറാകുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അതു ഇൻഡ്യയെ പൊതുവെ സംബന്ധിച്ച ഒരു സംഗതിയാണ്. എല്ലാ രാജ്യങ്ങളേയും സംബന്ധിച്ച ഒരു സംഗതിയാണ്. അതു മാത്രമല്ല ബ്രിട്ടീഷുകാരെ സംബന്ധിച്ച ഒരു സംഗതിയാണെന്നുതന്നെ പറയാം. അതുകൊണ്ടു അതിലേക്കു നമ്മുടെ ഗവണ്മെൻറു ഒരുങ്ങുകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു. എന്നാൽ ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതാണ്. വേണമെങ്കിൽ ചെയ്യുകയും ചെയ്യാം. അതു ഉടനടി നിർവ്വഹിക്കേണ്ടതാണ്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇപ്പോഴത്തെ മനഃസ്ഥിതിയെ മാററുന്നതിനായുള്ള ശ്രമമാകുന്നു അത്. ഈ സഭയിൽ വിദ്യാഭ്യാസപരമായ കാര്യങ്ങളെപ്പററി വീണ്ടുംവീണ്ടും അനേക മെമ്പറന്മാർ നിർബന്ധപൂർവ്വം പ്രതിവാദിച്ചിട്ടുണ്ടു. അതു സാധുവായിട്ടുള്ളതുതന്നെ. അതിനു ഈ സംഗതിയോടു എല്ലാവിധത്തിലും ബന്ധവുമുണ്ട്. തൊഴിലില്ലായ്മ നിലനിന്നുപോരുന്നു. എല്ലാവരേയും ഏർപ്പെട്ടതാവുന്ന തൊഴിലിൻെറ അഭാവത്തിനേക്കാറം വേലചെയ്യുന്നതിൽ മനസ്സില്ലായ്മയാണ് കൂടുതലായി കാണുന്നതു. തൊഴിൽ ധാരാളമുണ്ട്. എന്നാൽ മദ്ധ്യതരത്തിലുള്ള ആളുകളിൽ വേലചെയ്യുന്നതിലുള്ള മനസ്സില്ലായ്മ അധികമായിരിക്കുന്നു. അതുകൊണ്ടു അതിനു ഉത്തരവാദിത്വം വഹിക്കുന്നതു വിദ്യാഭ്യാസം ആകുന്നു. ഈ ജനങ്ങളുടെ ഇപ്രകാരമുള്ള 'മനോഭാവത്തെ മാററുന്നതിന് ഗവണ്മെൻറു തയ്യാറാണോ? വിദ്യാഭ്യാസരീതിയെ ഉടനടി ഭേദപ്പെടുത്തുന്നതിനു ഗവണ്മെൻറു തയ്യാറുണ്ടോ? "ഞങ്ങറം ഈ സംഗതിയെപ്പററി മനഃപൂർവമായി ശ്രദ്ധിച്ചുവരികയാണ്. നിങ്ങറം ക്ഷമിച്ചിരിക്കുന്നതായാൽ കഴിയുന്നിടത്തോളം ഞങ്ങറം ഇതിൽ പ്രവർത്തിക്കുന്നതാണ്" എന്നുംമററുമുള്ള പ്രതിജ്ഞകറംകൊണ്ടു യാതൊരു പ്രയോജനവുമില്ല. ചില ഗുണങ്ങറം ചെയ്യുന്നതിനു യത്നിക്കുന്നതുകൊണ്ടാണ് ഗവണ്മെൻറു നിലനിന്നുപോരുന്നതു. ചുരുങ്ങിയവിധത്തിലെങ്കിലും, ഗുണകരങ്ങളായ ചില കാര്യങ്ങറം ചെയ്യുന്നതിനു മനഃപൂർവമായി ശ്രമിക്കുന്നില്ലെങ്കിൽ ഒരു ഗവണ്മെൻറു നിലനിൽക്കുന്നതല്ല. ഞങ്ങറം ഇപ്പോറം ചില കാര്യങ്ങറം നിർദ്ദേശിക്കുകയാകുന്നു ചെയ്യുന്നത്. ആ നിർദ്ദേശങ്ങളെ പ്രായോഗികമായ രീതിയിലാക്കുവാൻ തിരുവിതാംകൂർ ഗവണ്മെൻറിനു ചെയ്യുമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു. ഗവണ്മെൻറിൻെറ നില അതിനു നിവൃത്തിയുള്ള വിധത്തിലല്ലെന്നു ഞാൻ ഭയപ്പെടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഭാവിയിൽ തൊഴിലില്ലായ്മ ഉണ്ടാകാതെയാക്കുവാൻ മെംബർ ഒരു ജനനിയന്ത്രണാധികാരിയാണോഎന്നു അറിഞ്ഞാൽ കൊള്ളാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവണ്മെൻറു ഉടനടി ശ്രദ്ധിക്കേണ്ടതായ ഒരു വിഷയമാണിതു.

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ എൻെറ ചോദ്യത്തിനു ഉത്തരം പറയുമോഎന്നറിവാൻ ഞാൻ ആവശ്യപ്പെടുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ വിശേഷാൽ പരിചയം സിദ്ധിച്ചിട്ടുള്ളവനല്ലെന്നും ആ ചോദ്യത്തിനു ഉത്തരം പറയണമെങ്കിൽ മുൻകൂട്ടി അറിയിക്കേണ്ടതായിരുന്നുവെന്നും ഞാൻ എൻെറ സ്നേഹിതനെ അറിയിച്ചുകൊള്ളുന്നു. (ചിരി).

ഇതാ ഞങ്ങറം ഏതാനും നിർദ്ദേശങ്ങറം സമർപ്പിച്ചിരിക്കുന്നു. ഒരു കമ്മിററി നിയമിക്കേണ്ടതാണെന്നു പറഞ്ഞ് ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നുവെങ്കിൽ അതു ഗവണ്മെൻറു അതിനു പകരമായി പ്രായോഗികമായ ഒരു പദ്ധതിയെപ്പററി പറയാത്തതുകൊണ്ടാണ്. ഗവണ്മെൻറു മുന്നോട്ടുവന്ന് ഇതിനു പകരമായി ഒരു പദ്ധതിയെങ്കിലും നിർദ്ദേശിച്ചിരുന്നുഎങ്കിൽ ഞാൻ നിശ്ചയമായും ഈ പ്രമേയത്തെ എതിർക്കുമായിരുന്നു. എന്നാൽ ഗവണ്മെൻറു ഇതിൽ പ്രവേശിക്കുന്നില്ല. നമുക്കു വഴികാണിച്ചുതരുവാൻ തയ്യാറാകുന്നില്ല. അപ്രകാരം ചെയ്യുന്നതിനു ധൈര്യപ്പെടുന്നതുമില്ല. എന്നാൽ കൊള്ളാം. കമ്മിററിയിൽ നാലോ, അഞ്ചോ, പത്തോ മെംബറന്മാർ ഉണ്ടായിരുന്നുകൊള്ളട്ടെ. അവർ അത്ഭുതാവഹമായതുമല്ലാത്ത ഒരു പദ്ധതിതന്നെ കൊണ്ടുവരട്ടെ. നാം അതിനെപ്പററി ആലോചിക്കുന്നതാണ്. പരിഷ്കരിക്കേണ്ടതു ആവശ്യമാണെന്നു സമ്മതിച്ചിട്ടും ഇപ്പോഴത്തെ സ്ഥിതിയെ ഭേദപ്പെടുത്തുന്നതിനു ഒരു ചെറിയ പദ്ധതിയെങ്കിലും രൂപീകരിക്കുന്നതിനു ഗവണ്മെൻറു തയ്യാറല്ലാത്തതുകൊണ്ടാണല്ലോ നാം അതു ചെയ്യുന്നതു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ഞാൻ അപ്രകാരം ചെയ്യുന്നതു ഇതിൽ വലിയ വിശ്വാസമുണ്ടായിട്ടല്ല. എന്നാൽ, ആദ്യം പറഞ്ഞിട്ടുള്ളതുപോലെ, ആത്മവിശ്വാസം കുറഞ്ഞ ഒരു സ്ഥിതിയാണ് എനിക്കിപ്പോറം ഉള്ളത്.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വളരെ സാധുക്കളായ ജനങ്ങളും, ഉദാഹരണത്തിനു കൃഷിസംബന്ധിച്ച തൊഴിലാളികറം, ഈ രാജ്യത്തിലെ അനേകം ഭാഗങ്ങളിലായിട്ട, ആണ്ടിൽ കൂടുതൽകാലവും, തൊഴിലില്ലായ്മകൊണ്ടു കഷ്ടപ്പെടുന്ന വിവരം മെംബറിനു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉവ്വ്. എനിക്കു അതിനെപ്പററി അറിയാം. എന്നാൽ പ്രമേയം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളുകളുടെ തൊഴിലില്ലായ്മയെപ്പററി പറയുന്നതുപോലെ ആ തരക്കാരുടെ തൊഴിലില്ലായ്മയെപ്പററി പറയുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, ഞാനും മിസ്റ്റർ കുമാരപിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ഈ തൊഴിലില്ലായ്മയെന്ന വിഷയത്തിൻെറ പരിഹാരത്തിനു

യി ചില ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതായി ചീഫ് സെക്രട്ടറി പറഞ്ഞിട്ടുണ്ട്. സർ, ഗവണ്മെന്റു ചില ശ്രമങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. വനങ്ങളിലുള്ള പതിപ്പുപ്രദേശങ്ങൾ തെരഞ്ഞെടുത്തു ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിലേക്കു ഉത്തരവുണ്ടായിട്ടുള്ളതായി ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായി. വീണ്ടും, അദ്ദേഹം ചില സാങ്കേതികവിദ്യാലയങ്ങളെപ്പററിയും മററും പ്രസ്താവിച്ചു. അപ്രകാരമുള്ള ശ്രമങ്ങളെ സംബന്ധിച്ചു എനിക്കു അറിവില്ല. എന്നാൽ ഇപ്രകാരം ഒരു പ്രമേയം കൊണ്ടുവരുന്നതിനു മിസ്റ്റർ കുമാരപിള്ളയെ പ്രേരിപ്പിച്ചിട്ടുള്ളതു്, ഗവണ്മെന്റു ചില പദ്ധതികൾ ആരംഭിക്കുന്നതിനു ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും ഫലിച്ചുകാണാത്തതുകൊണ്ടാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഗവണ്മെന്റു ആരംഭിക്കുന്ന ശ്രമങ്ങളൊന്നും ഫലപ്രദമായി തീരുന്നില്ലെന്നു മാത്രമല്ല, അതു വെളിച്ചത്തിൽ വരുന്നതുമില്ല. ഞാൻ ചില ദൃഷ്ടാന്തങ്ങൾ പറയാം. ഈ പതിപ്പുപ്രദേശങ്ങളെ സംബന്ധിച്ചു കാര്യംതന്നെ ഉദാഹരണത്തിനെടുക്കാം. രണ്ടോ മൂന്നോ വർഷങ്ങൾക്കുമുമ്പു ഇതിലേക്കായിട്ടുതന്നെ തിരഞ്ഞെടുക്കപ്പെട്ട കമ്മിററിക്കാർ ഈ സ്ഥലങ്ങൾ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു, ഇവ പതിച്ചുകൊടുക്കുവാനുള്ള ഉത്തരവു ഇട്ടിട്ടുള്ളതായും എനിക്കറിയാം. എന്നാൽ ഈ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനു ആരംഭിച്ചിട്ടുണ്ടോ എന്നും അല്ലെങ്കിൽ ആവക ജോലി അവസാനിച്ചു കഴിഞ്ഞോ എന്നും എനിക്കറിഞ്ഞുകൂടാ. പതിച്ചുകിട്ടുന്നതിലേക്കായുള്ള അപേക്ഷകളിന്മേൽ അനേകം എണ്ണം നടപടി നടക്കാതെ കിടപ്പുണ്ട്. പിന്നീടു സ്ഥാപനങ്ങളെസംബന്ധിച്ചാണെങ്കിൽ ശ്രീമൂലം സാങ്കേതികസ്ഥാപനം എന്ന പേരിൽ തിരുവനന്തപുരത്തുള്ള ഒരു സാങ്കേതികസ്ഥാപനത്തെപ്പററി എനിക്കു അറിവുണ്ട്. ഈ സ്ഥാപനത്തിൽനിന്നും ജനങ്ങൾക്കു എന്തു ഗുണമാണുണ്ടായിട്ടുള്ളതെന്നറിവാൻ എനിക്കു സാധിച്ചിട്ടില്ല. ഈ രാജ്യത്തിൽ പല സ്ഥലങ്ങളിലായി കൃഷിവിദ്യാലയങ്ങൾ ഏർപ്പെടുത്തണമെന്നു ഗവണ്മെന്റു ഉദ്ദേശിച്ചു. അപ്രകാരം ഉദ്ദേശിച്ചവയിൽ ആലുവായിൽ ആരംഭിച്ചിട്ടുള്ള ഒരു വിദ്യാലയത്തെപ്പററിമാത്രമേ എനിക്കറിവുള്ളു. വേറെയൊരു വിദ്യാലയം കൊട്ടാരക്കര സ്ഥാപിക്കണമെന്നു ആലോചിക്കുകയുണ്ടായി, അതിലേക്കായി ഒരു കെട്ടിടം പണിയിച്ചു. അതു് ഒന്നുരണ്ടു വർഷങ്ങൾക്കു മുമ്പാണെന്നാണ് തോന്നുന്നതു്. എന്നാൽ അവിടെ വിദ്യാലയം ആരംഭിച്ചിട്ടില്ല. ഇനി ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു് ധനപരിപോഷണബോർഡിനെപ്പററിയാണ്. ഇപ്രകാരമുള്ള ഒരു സ്ഥാപനമുണ്ടെന്നു എനിക്കു വളരെക്കാലമായിട്ടു അറിയാം. അനേകം ശുപാർശകൾ ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റിന്റെ അവസാന ഉത്തരവിനായി സമർപ്പിക്കപ്പെട്ടതായിട്ടു് ഗസററിന്റെ വശങ്ങളിൽനിന്നും ഞാൻ വായിക്കുന്നുണ്ട്. കുടിൽവ്യവസായങ്ങളെ സംബന്ധിച്ചും മററു വ്യവസായങ്ങളെസംബന്ധിച്ചുംഉള്ളവ ഇവയിൽപ്പെട്ടവയാണ്. അവയുടെ വിശദമായ വിവരണം ഇപ്പോൾ ഇവിടെ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ആ ശുപാർശകളുടെ ഫലമെന്താണെന്ന് അറിയുവാൻ എനിക്കു സാധിച്ചിട്ടില്ല. ഈ സമിതി അനേകം മീററിംഗുകൾ കൂടുന്നുണ്ടെന്നും അനേകം ശുപാർശകൾ നടത്തുന്നുണ്ടെന്നും ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അവസാനമായി ഗവണ്മെന്റു ചെയ്തിട്ടുള്ളതെന്തു്? ആ ശുപാർശകൾ അനുസരിച്ചു പ്രവർത്തിച്ചിട്ടുള്ളവ എന്തെല്ലാം, അതിൽനിന്നും ജനങ്ങൾക്കു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ എന്തു് --എന്നിവയൊന്നും അറിയുവാൻ എനിക്കു സാധിക്കുന്നില്ല സർ, ഇതാകുന്നു മി. കുമാരപിള്ള ഈ പ്രമേയം കൊണ്ടുവരുവാനുള്ള പ്രധാന കാരണം.

മി. സി. പി. തോമസ് (നിയമിതമെംബർ): ധനപരിപോഷണസംഘത്തിന്റെ ശുപാർശയനുസരിച്ചു ഗവണ്മെന്റു പ്രവർത്തിക്കുന്നില്ലെങ്കിൽ ഈ കമ്മററിയുടെ റിപ്പോർട്ടനുസരിച്ചു പ്രവർത്തിക്കുമെന്നുള്ളതിനു എന്തു നിശ്ചയമാണുള്ളതെന്ന് മെംബർ പറയുമോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അഭിപ്രായത്തിലിരിക്കുന്ന കമ്മിററിയുടെ ശുപാർശയനുസരിച്ചു ഗവണ്മെന്റു പ്രവർത്തിക്കുമോ എന്നുള്ളതല്ല എന്റെ വാദവിഷയം. ഗവണ്മെന്റു ആരംഭിച്ചിട്ടുണ്ടെന്നു നടിക്കുന്ന എല്ലാ പദ്ധതികളും ഫലപ്രദമായിത്തീരുന്നില്ലെന്നും ഗവണ്മെന്റു ചെയ്യുന്നുണ്ടെന്നു ഉദ്ദേശിക്കപ്പെടുന്ന പ്രയത്നങ്ങളൊന്നുകൊണ്ടും ജനങ്ങൾക്കു യാതൊരുപയോഗവും ഉണ്ടാകുന്നില്ലെന്നുമുള്ളതിനാലാണ് ഈ പ്രമേയം കൊണ്ടുവരുവാൻ ഇടയായിട്ടുള്ളതെന്നാണ് എന്റെ വാദം. മി. കുമാരപിള്ള അഭിപ്രായപ്പെട്ടിട്ടുള്ള കമ്മിററിയുടെ പ്രവൃത്തികളെപ്പററിയാകട്ടെ ആ കമ്മററിയുടെ പ്രവൃത്തികളെസംബന്ധിച്ചു വിവരങ്ങളെപ്പററിയാകട്ടെ ഞാൻ പറയുന്നില്ല. ഈ പ്രമേയം കൊണ്ടുവരുന്നതിനു മി. കുമാരപിള്ളയെ പ്രേരിപ്പിച്ച പ്രധാന കാരണം അതാണ്. കാര്യങ്ങളുടെ ഇപ്രകാരമുള്ള സ്ഥിതികളിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കേണ്ടിവന്നിരിക്കുന്നതായി വിശ്വസിക്കുവാൻ ഞാനും നിർബന്ധിതനായിത്തീർന്നിരിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മി. കുമാരപിള്ളയുടെ പ്രമേയത്തെ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഗതി ഇപ്പോൾ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ല): ഞാൻ അതിനെ പിൻതാങ്ങുന്നു.

വാദപ്രതിവാദം മതിയാക്കുന്നതുസംബന്ധിച്ചു മോഷൻ വോട്ടിനിടുകയും അപ്രകാരം ചെയ്യേണ്ടതാണെന്ന് ഭൂരിപക്ഷാഭിപ്രായമനുസരിച്ച് നിശ്ചയിക്കുകയും ചെയ്തു.

മി. കെ. കെ. തോമസ് (കോട്ടയം): ഒരു കമ്മററി നിയമിക്കണമെന്നുള്ള ഈ പ്രമേയത്തിന്റെ തത്വത്തെ ഗവണ്മെന്റു അംഗീകരിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ എന്നു പറയുമോ?

പ്രസിഡണ്ടു: ഒരു കമ്മററി നിയമിക്കണമെന്നുള്ള ഈ പ്രമേയത്തെ സ്വീകരിക്കണമെന്നു ഗവണ്മെന്റു നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ചു പ്രസംഗിക്കുന്ന സാമാജികന്മാരിൽ അധികംപേരുടെയും അഭിപ്രായം അറിയുന്നതിനുള്ള അവസരം ലഭിക്കുന്നതിലേക്കായിട്ടാണ് ഈ വാദപ്രതിവാദം തുടരുവാൻ അനുവദിച്ചതു്. വാദപ്രതിവാദം തുടർന്നുകൊള്ളുന്നതിനനുവദിച്ചതു ഇതുകൊണ്ടുമാത്രമാകുന്നു. ഇപ്പോൾ പ്രമേയകർത്താവിനു സംസാരിക്കുവാൻ അവകാശമുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പ്രമേയത്തെസംബന്ധിച്ചു മറുപടി പറയുന്നതിനു മുമ്പു വലുതായ ഒരു കടമ ഞാൻ നിർവഹിക്കേണ്ടിയിരിക്കുന്നു. അതായതു ഈ പ്രമേയം ഗവണ്മെന്റു സ്വീകരിച്ചതിൽ എനിക്കുള്ള സന്തോഷത്തെ പ്രദർശിപ്പിക്കുകയും എനിക്കുവേണ്ടിയും എന്റെ മാന്യസ്നേഹിതന്മാർക്കുവേണ്ടിയും ഗവണ്മെന്റിനോടു ഹൃദയപൂർവമായ നന്ദിപറയുകയും ചെയ്തുകൊള്ളുന്നു.

പ്രമേയത്തെപ്പററി ഒന്നുരണ്ടു സംഗതികൾമാത്രമെ എനിക്കു മറുപടിയായി പറയുവാനുള്ളു. എൻെറ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതു തിരുവിതാംകൂറിൽ തൊഴിലിൻെറ കുറവില്ലെന്നും, അങ്ങിനെ ഉണ്ടെന്നുകാണുന്നപക്ഷം ആയതു തൊഴിൽചെയ്യാൻ മനസ്സില്ലാത്ത കുററമാണെന്നുമാണ്. തൊഴിലില്ലായ്മയും അതിനാൽ ഉണ്ടാകുന്ന സങ്കടങ്ങളും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും രാവുംപകലും ഒന്നുപോലെ മനോവേദനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഏററവും ഗൗരവമുള്ള സംഗതിയാണ്. എന്നാൽ അതു ഒരു ഗൗരവമുള്ള സംഗതിയല്ലെന്നും, തിരുവിതാംകൂറിൽ തൊഴിലില്ലായ്മയില്ലെന്നും ഉള്ള മനഃസമാധാനം അദ്ദേഹത്തിനു ഉള്ളതിൽ ആശ്ചര്യപ്പെടാതിരിക്കാൻ നിവൃത്തിയില്ല.

ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിലെ ന്യൂനതകൾകൊണ്ടാണ് ഇപ്രകാരം തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതെന്നും അതിലേക്കു ഒരു കമ്മിററി ഗവണ്മെൻറു നിയമിക്കാൻപോകുന്നുവെന്നും അതുകൊണ്ടു എൻെറ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യംകൂടി സാധിക്കാമെന്നും മി. കുഞ്ഞിത്തൊമ്മൻ പറയുകയുണ്ടായി. ഒരുപക്ഷെ എൻെറ പ്രമേയത്തെ ശ്രദ്ധയോടുകൂടി കേൾക്കാത്തതുകൊണ്ടുമാത്രം ഇങ്ങനെ ഒരു അഭിപ്രായം പറഞ്ഞതായിരിക്കാമെന്ന് ഞാൻ വിചാരിക്കുന്നു. സാധുക്കളുടെയിടയിൽ തൊഴിലില്ലാത്തവർ വളരെ കുറവാണ് എന്ന് എൻെറ ചില മാന്യസ്നേഹിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ആ അഭിപ്രായത്തെ ഞാൻ ശക്തിയോടുകൂടെ എതിർക്കുന്നു. ഒരാണ്ടിൽ കുറഞ്ഞതു ൪ മാസം അതായതു ധനു, മകരം, മിഥുനം, കർക്കടകം ഈ മാസങ്ങളിൽ അവർ അനുഭവിക്കുന്ന സങ്കടവും ദാരിദ്ര്യവും പറഞ്ഞറിയിക്കാൻ സാധിക്കുന്നതല്ല. അവരെ സഹായിക്കാനും അവരുടെ കാര്യങ്ങൾ പറയാനും ഇവിടെ ആളില്ലാതിരിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെയുള്ളവർക്കു ഈ കമ്മററികൊണ്ടു സാരമായ പ്രയോജനമുണ്ടാകുമെന്നു മി. കുമാരപിള്ള വിചാരിക്കുന്നുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പ്രയോജനമുണ്ടാകുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണ് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. മറെറാരുസംഗതി എൻെറ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതായതു ഈ നാട്ടിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാണ്. അതു ഒരു ശരിയായ അഭിപ്രായമാണെന്ന് പറയാതിരിക്കുവാൻ നിർവാഹമില്ല. മി. കുഞ്ഞിത്തൊമ്മൻപറയുന്നതു് കൃഷിത്തൊഴിലിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും സാധുക്കളെ സഹായിക്കുന്നതിനുമായി ഗവണ്മെൻറിൽനിന്നും ഭൂമികൾ അവർക്കു പതിച്ചുകൊടുക്കണമെന്നാണ്. ഇങ്ങനെയുള്ള പ്രസംഗങ്ങൾ പല അവസരങ്ങളിലും പല മാന്യന്മാരിൽനിന്ന് എനിക്കു കേൾക്കാൻ ഇടയായിട്ടുണ്ട്. ഈ സംഗതിയിൽ പ്രസംഗങ്ങൾക്കും പ്രവൃത്തികൾക്കും തമ്മിൽ ഒരു യോജിപ്പും ഇല്ലാത്തതാണ് ഞാൻ കണ്ടിട്ടുള്ളത്. സാധുക്കളുടെപേരിൽ ഭൂമികൾ പതിപ്പിക്കുകയും ആ ഭൂമികളെ അവരിൽനിന്നും നിർബന്ധപൂർവം എഴുതിവാങ്ങിക്കുകയും ചെയ്യുന്നതു സാധാരണയാണ്. ഇത്തരം പ്രസംഗങ്ങൾകൊണ്ടു സാധുക്കൾക്കു രക്ഷകിട്ടുന്നതല്ല. ഈ നയത്താൽ അവരുടെ തൊഴിലില്ലായ്മയും ദാരിദ്ര്യവും നീങ്ങുന്നതുമല്ല. കൃഷിവർദ്ധനയെപ്പററി പറയുന്നതായാൽ ആ ഡിപ്പാർട്ടുമെൻറിലേക്കു എത്രതന്നെ പണം അനുവദിച്ചാലും ഇന്നത്തെ രേണരീതിയിൽ വേലചെയ്തുകൊണ്ടിരിക്കയാണെങ്കിൽ യാതൊരു വലുതായ പ്രയോജനവും ഉണ്ടാകുന്നതല്ല. കൃഷിഡയറക്ടർ ഡാക്ടർ കുഞ്ഞൻപിള്ളയുടെ നിർദ്ദേശപ്രകാരം കൃഷിചെയ്യുന്നതിനു ജനങ്ങൾ തയ്യാറാണ്. എന്നാൽ അദ്ദേഹത്തിൻെറ ഉപദേശപ്രകാരം വേലചെയ്യുവാൻ വെള്ളം ശരിപ്പെടുത്തുവാൻ പാടുള്ളതല്ല. വെള്ളമില്ലാതെ കൃഷി ചെയ്യുവാൻ സാധിക്കയില്ല.

കൃഷിചെയ്യുന്നതിനു ആവശ്യപ്പെട്ട വെള്ളത്തിനും ഡാക്ടർ കുഞ്ഞൻപിള്ളയുമായി യാതൊരു ബന്ധവുമല്ല. അതിനെ നിയന്ത്രിക്കാനുള്ള ശക്തിയോ അധികാരസ്വാതന്ത്ര്യമോ അദ്ദേഹത്തിനില്ല. അടുത്തതായി കൃഷിചെയ്യുന്നതിനു അത്യാവശ്യമായി വേണ്ടതു വളമാണ്. പച്ചിലവളം കിട്ടത്തക്കവണ്ണമുള്ള വൃക്ഷങ്ങൾ നാട്ടിൻപുറങ്ങളിൽ വളരെ അപൂർവമായിത്തീർന്നിരിക്കുന്നു. അതു ധാരാളമുള്ളതു വനങ്ങളിലാണ്. അതിനെ സംബന്ധിച്ച ചോദിക്കുമ്പോൾ വലുതായ വാദത്തോടുകൂടി കൺസർവേറർ മുമ്പോട്ടുവരും അതുകൊണ്ടു അതിനു നിവൃത്തിയില്ല. കൃഷിയുടെ സ്ഥിതി ഇങ്ങനെയായി, നാട്ടിൽവിളയിച്ചുണ്ടാക്കുന്ന അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങൾ ആക്കുന്ന ഉപദേശം കിട്ടുന്നതു വ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നുമാണ്. അതിൻെറ പ്രയോജനത്തെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമില്ലാത്തതാണ്.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): വ്യവസായം, കൃഷി, വനംവക എന്നീ ഡിപ്പാർട്ടുമെൻറുകളെ സംഘടനംചെയ്തു, കൃഷി, മത്സ്യവ്യവസായ ഡയറക്ടരുടെ ഭരണത്തിലാക്കണമെന്ന അഭിപ്രായത്തോടു മി. കുമാരപിള്ള യോജിക്കുമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സംഗതിക്കു ഒരു പ്രമേയം തന്നെ വരുന്നതുകൊണ്ടു എൻെറ അഭിപ്രായം അപ്പോൾ പറയാമെന്നാലോചിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിനും കൃഷിഡിപ്പാർട്ടുമെൻറിനും അടുത്ത സംബന്ധമുണ്ടല്ലോ. കൃഷിഭൂമിയുടെ കരം പിരിക്കുന്നതും ഭൂമിപതിച്ചു കൊടുക്കുന്നതും റവന്യൂ ഡിപ്പാർട്ടുമെൻറാണ്. അതിനെയും ഒന്നിച്ചു ചേർക്കരുതേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇനി മറെറാരു സംഗതി എനിക്കു പറവാനുള്ളതു:—

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എൻെറ ചോദ്യത്തിനു മറുപടി പറഞ്ഞില്ലല്ലോ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എപ്പോൾ ചോദ്യത്തിനു ഉത്തരം പറഞ്ഞില്ലയോ അപ്പോൾ ഉത്തരംപറയാൻ സമ്മതമില്ലെന്നു മനസ്സിലാക്കണം. പിന്നെ റയിൽവെ നടപ്പിൽവരുമ്പോൾ തൊഴിലില്ലായ്മയ്ക്കു കുറവുവരുമെന്നുള്ള മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തെപ്പററിയാണ്. അതിനെപ്പററി ഇപ്പോൾ ശരിയായ അഭിപ്രായവും പറയാൻ നിവൃത്തിയില്ലാത്തതാണ്. അദ്ദേഹം അതിനെപ്പററിവേണ്ടതു പഠിച്ചിരിക്കാം. ഈ കൌൺസിലിൽ റയിൽവേയെപ്പററി പറയാൻപാടില്ലെന്നു നിർബന്ധിച്ച്

ട്ടണ്ട, അതുകൊണ്ട റയിൽവേ സംബന്ധിച്ച വേണ്ടപോലെ പഠിക്കാനിടയായിട്ടില്ല. അതിനെ സംബന്ധിച്ചിട്ടുള്ള ഒരു മെമ്മോറാണ്ടം കൌൺസിലിൽവച്ച സാമാജികന്മാക്ക കൊടുത്തിരുന്നതിന്റെ ഉദ്ദേശം എന്താണെന്ന മനസ്സിലാകുന്നില്ല. തന്നത്താനെ വീട്ടിൽവച്ച പഠിക്കാമെന്നല്ലാതെ അതിനെ ഉപയോഗിക്കാൻ സ്ഥലം ഇല്ലാതിരിക്കുന്നു. റയിൽവേ വളരെ പ്രധാനമായ ഒരു സംഗതിയാണ്. തിരുവിതാംകൂർ സംസ്ഥാനത്തു റയിൽവേ നടപ്പാക്കുമ്പോൾ അതിലേക്ക എത്ര രൂപാ ചെലവുവരുമെന്നോ എത്ര പലിശ കൊടുക്കേണ്ടിവരുമെന്നോ അതിലേക്ക തിരുവിതാംകൂർ സംസ്ഥാനത്തിന ശക്തിയുണ്ടോ എന്നോ, അതിലേക്ക സിങ്കിംഗ് ഫണ്ട ഏർപ്പെടുത്തുന്നതിന എണ്ടുതോറും എത്ര രൂപാ നിക്ഷേപിക്കേണ്ടിവരുമെന്നോ, അതിലേക്ക ഇവിടത്തെ ധനസ്ഥിതി അനുവദിക്കുമെന്നോ ഇപ്പോൾ അഭിപ്രായം പറയാൻ ഈ കൌൺസിലിലെ അംഗങ്ങൾക്ക നിവൃത്തിയില്ല. അതിനാൽ മിസ്റ്റർ പി. രാമൻപിള്ളയുടെ അഭിപ്രായത്തെപ്പറ്റി വിമർശിക്കാൻ എനിക്ക അവകാശമുണ്ടോ എന്നതന്നെ സംശയമായിരിക്കുന്നു.

ഇവിടത്തെ വിദ്യാഭ്യാസപദ്ധതിയിലുള്ള ന്യൂനതകളെ പരിഹരിക്കുന്നതിന ഒന്നുരണ്ട ദിവസംപോരാ എന്നാണ് ചീഫ്സെക്രട്ടറി മിസ്റ്റർ ജോർജ്ജ് പറഞ്ഞതു. ഇന്നത്തെ വിദ്യാഭ്യാസനയത്തിന പലവിധമായ ദോഷങ്ങൾ ഉണ്ടെന്നും അതിനാൽ പല ഉപദ്രവങ്ങളും രാജ്യത്തിനുണ്ടാകുന്നുണ്ടെന്നും അനേകകാലമായിട്ട ജനപ്രതിനിധികൾ ഗവൺമെന്റിനെ അറിയിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി ഗവൺമെന്റ അന്വേഷിക്കുകയാകട്ടെ അതിനെ പരിഹരിക്കാൻ വേണ്ടമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയാകട്ടെ ചെയ്യിട്ടില്ലെന്ന വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മ വദ്ധിച്ചുവരുന്നതിനെപ്പറ്റി ഗവൺമെന്റ വേണ്ടപരിഹാരങ്ങൾ ചെയ്തുവരുന്നുണ്ടെന്നാണ് ചീഫ്സെക്രട്ടറി പറയുന്നതു. അതു എന്താണെന്നറിയാൻ തരമില്ല. ലാൻഡ്കാളണൈസേഷൻ സ്കീം നടപ്പാക്കിട്ടുണ്ടെന്നു പറയാം. ഈ സ്കീമിന്റെ പ്രവൃത്തികൾ കണ്ടിടത്തോളം പുറമെയുള്ള ആളുകൾക്ക രാജ്യത്തെ റിപ്പോർട്ട വായിച്ച സന്തോഷിക്കാൻമാത്രം പ്രയോജനപ്പെട്ടുമെന്നല്ലാതെ വാസ്തവമായി അതു പൊതുജനങ്ങൾക്ക പ്രയോജനമുണ്ടോ എന്നുള്ളതു സംശയമാണ്. ഞാനും ലാൻഡ്കാളണൈസേഷൻ കമ്മിറ്റിയിലെ ഒരു മെംബറാണ്. ഞാൻ യാതൊരു ജോലിയുംചെയ്തിട്ടില്ല. അതിലേക്ക എന്നോട ആരും ആവശ്യപ്പെടുകയുംചെയ്തിട്ടില്ല.

സാധുക്കൾക്ക അഞ്ചു ഏക്കർസ്ഥലംവീതം പതിച്ചുകൊടുക്കണമെന്ന അതിൽ പറഞ്ഞിട്ടുണ്ട. ഇങ്ങനെ പതിച്ചുകൊടുത്തിട്ടുള്ള ഭൂമികൾ അവരുടെ കൈവശംതന്നെ ഉണ്ടോ എന്ന ഗവൺമെന്റ അന്വേഷിച്ച നോക്കേണ്ടതാണ്. സാധുക്കളുടെ പേരുപറഞ്ഞു അവക്ക ഭൂമികൾ പതിപ്പിച്ചുകൊടുപ്പിക്കയുംപിന്നീട പണമുള്ളവർ അവരുടെപക്കൽനിന്നും എഴുതിവാങ്ങിക്കയുമാണ് ചെയ്തുവരുന്നതു. ഇന്ന തിരുവിതാംകൂർ ഗവൺമെന്റ ആക്കാണ കൂടുതൽഭൂമി പതിച്ചുകൊടുത്തിട്ടുള്ളതു? മിസ്റ്റർ എ. കെ. പിള്ള പറഞ്ഞതിൽ വളരെ പരമാർത്ഥങ്ങൾ ഉണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തെ ഞാൻ ആദരപൂർവ്വം ബഹുമാനിക്കുന്നു.

മി. തൊമ്മൻ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൨൫ വർഷത്തേക്ക വസ്തു കൈമാററം ചെയ്യാൻപാടില്ലഎന്നുള്ള വ്യവസ്ഥയോടുകൂടി പതിച്ചുകൊടുക്കുന്നതു നന്നായിരിക്കുകയില്ലേ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അങ്ങിനെയുള്ള വ്യവസ്ഥയോടുകൂടിമാത്രം പതിച്ചുകൊടുക്കുന്നതായാൽ അവർ ആ ഭൂമി കൃഷിചെയ്യാതെ വെറുതെ ഇട്ടുഎന്ന വന്നേക്കാം. ഇത്ര കൊല്ലത്തിനകം പതിച്ചുകൊടുത്തഭൂമികളിൽ കൃഷിചെയ്യാത്തപക്ഷം ഭൂമിയെ ഗവൺമെന്റിൽനിന്നും തിരിയെ എടുക്കുന്നതാണ് എന്നുള്ള വ്യവസ്ഥയോടുകൂടി പതിച്ചുകൊടുക്കുന്നപക്ഷം ആ ഭൂമികളെ ആരും തരിശായിടുന്നതല്ല. തിരുവിതാംകൂർസംസ്ഥാനത്തു ആഹാരദൌർലഭ്യം തീരണമെങ്കിൽ സാധുക്കൾക്ക ഭൂമിപതിച്ചുകൊടുത്തു കൃഷിചെയ്യിച്ചേ നിവൃത്തിയുള്ളു. ഈ കമ്മിററി ശരിയായി വേലചെയ്യുന്നതിന പല വിഷമങ്ങളും ഉള്ളതായി എനിക്ക അറിയാം. വളരെവിഷമമുള്ള ഒന്നാണ്. എക്കണോമിക്ക സർവ്വെ നടത്തുന്നതിനുള്ള വിഷമം എനിക്ക നല്ലവണ്ണം അറിയാം. ഇങ്ങനെയുള്ള ജനക്ഷേമകരങ്ങളായ സംഗതികളിൽ ബുദ്ധിമുട്ടുകളെയും വിഷമങ്ങളെയും കരുതി അതിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ ഗവൺമെന്റ ഒരിക്കലും ശ്രമിക്കാൻ പാടില്ലാത്തതാണ്. ജനപ്രതിനിധികൾ ഇത്തരം സംഗതികളെപ്പററി പ്രതിപാദിക്കുമ്പോൾ ഓരോ സമാധാനങ്ങൾകൊണ്ട അവരുടെ വാദങ്ങളെ ഖണ്ഡിക്കാൻ നോക്കുകയല്ല ഗവൺമെന്റ ചെയ്യേണ്ടതു. തൊഴിലില്ലായ്മ ഈ രാജ്യത്തുമാത്രമല്ല ഉള്ളതെന്നും വിദ്യാഭ്യാസപദ്ധതിയുടെ ദോഷമാണെന്നും ഗവൺമെന്റ അതിനെ പരിഹരിക്കുവാൻ ആലോചിച്ചുവരുന്നുണ്ടെന്നും സമാധാനങ്ങൾ പറയുകയും അതിലേക്ക ഒരു കമ്മിററി ആവശ്യമില്ലെന്ന വാദിക്കുകയും ചെയ്യുന്നതു കഷ്ടമായിട്ടുള്ളതാണ്. ഈ സംഗതിക്ക ഒരു കമ്മിററി ഏർപ്പെടുത്തി അതിന്മേലുണ്ടാകുന്ന റിപ്പോർട്ട ഉദ്ദേശിക്കുന്ന നിലയിൽ എത്തിയില്ലെന്നിരുന്നാലും അതിനാൽ ശക്തിയായ പ്രയോജനം ഉണ്ടായിരിക്കുമെന്നുള്ളതിന സംശയമില്ലാത്തതാണ്. കഴിഞ്ഞതവണ നടന്നതായ ശ്രീമൂലംപ്രജാസഭയിൽ അതിലെ പ്രസിഡണ്ടായ ദിവാൻജിഅവർകൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഗവൺമെന്റ പരസ്യമായി സ്വീകരിച്ചിട്ടുള്ളനയം ഒരു സാധാരണ കൃഷിക്കാരനു കൂടുതലായി ഒരു ഉപതൊഴിൽ കൂടെ ഉണ്ടാക്കിക്കൊടുത്തു അവന്റെ ധനസ്ഥിതിയെ പരിഷ്കരിക്കണമെന്നുള്ള ഉദ്ദേശത്തോടെ കുടികളിൽ വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാകുന്നു."

ഇങ്ങനെ ഗവൺമെന്റ ഓരോ അവസരങ്ങളിലും ഭംഗിവാക്ക പറയുന്നതിന അനുരൂപമായവിധം പ്രവർത്തിച്ചിരുന്നുഎങ്കിൽ ഇങ്ങനെ ഒരു പ്രമേയം ഇവിടെകൊണ്ടുവരുവാൻ ഇടവരികയില്ലായിരുന്നു.

വേറെയൊരുവാദം ചീഫ്സെക്രട്ടറിപറയുന്നതു പുറമെയുള്ള രാജ്യങ്ങളിൽ ഈ വിഷയത്തിലേക്കു ഓരോകമ്മിററികൾ ഏർപ്പെടുത്തിട്ടുണ്ടെന്നും അതിലെ തീരുമാനങ്ങൾ അറിഞ്ഞു ഇവിടെ വേണ്ടതു ചെയ്യാമെന്നുമാണ്. ഈ നയം എല്ലാററിലും അനുകരിച്ചിരുന്നാൽ കൊള്ളാമായിരുന്നു. അങ്ങനെയാണെങ്കിൽ മാസ്ഡിലേസ്കമ്മിററി ഇവിടെ ഏർപ്പെടുത്തിട്ടാവശ്യമില്ലായിരുന്നു. പുറമെയുള്ള രാജ്യങ്ങളെക്കാൾ നമ്മുടെ രാജ്യം എല്ലാ സംഗതിയിലും ഭിന്നമുള്ളതാണ്. മററു രാജ്യങ്ങളിൽ ഏർപ്പെടുത്തിട്ടുള്ള കമ്മിററി റിപ്പോർട്ട ഈ രാജ്യത്തിനു അനുയോജ്യമായിത്തീരുന്നതുമല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രാജ്യത്തിന്റെ പല ഭാഗങ്ങളിലും കൃഷിക്ക സൌകര്യമില്ലാത്ത സ്ഥലങ്ങളുണ്ടെന്ന മെംബറിന അറിയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോട്ടും): ധാരാളം ഉണ്ടെന്നറിയാം. കൃഷിക്കു സൌകര്യമില്ലാത്ത സ്ഥലങ്ങളെ സംബന്ധിച്ചു എന്തെല്ലാമാണ് ചെയ്യേണ്ടതെന്നും കമ്മിററിക്കാരെക്കൊണ്ടു റിപ്പോർട്ടിൽ എഴുതിച്ചതിനുശേഷം അവയെ ഓരോന്നായി പരിഹരിക്കണം എന്നതാണ് അതിലേക്കു വേണ്ടതു.

മി. കെ. ജോർജ്ജ് (ഗവർമ്മെന്റ ആക്ടിംഗ് ചീഫ് സെക്രട്ടറി): 'തൊഴിലില്ലായ്മ' ഉണ്ടെന്നുള്ളതിനേയും അതിനെ പരിഹരിക്കേണ്ട ആവശ്യകതയേയും സംബന്ധിച്ചു ഗവർമ്മെന്റ ഈ സഭയിലെ അനൌദ്യോഗസ്ഥവർഗ്ഗത്തോടു യോജിക്കുന്നുണ്ടെന്നുള്ള വിവരം നിങ്ങൾക്കു അറിയാവുന്നതാണ്. ഇതിന്റെ പരിഹാരമാർഗ്ഗം കമ്മിററി നിയമിക്കുന്നതാണോ എന്നുമാത്രമാണ് ആലോചനാവിഷയമായിരുന്നതു. ഞാൻ ആ പ്രമേയത്തെ സ്വീകരിക്കുവാൻ സംശയിച്ചതു ഈ കാരണംകൊണ്ടുമാത്രമാകുന്നു; എന്നാൽ ഇപ്പോൾ വളരെനേരത്തെ വാദപ്രതിവാദത്തിനുശേഷം ഈ സംഗതിയെസംബന്ധിച്ചു ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ ഒരു കമ്മിററി ആവശ്യമാണെന്നുള്ള അഭിപ്രായത്തോടു അനേകംമെമ്പർ യോജിച്ചിരിക്കുന്നതായി കാണപ്പെടുന്നതിനാൽ ഗവർമ്മെന്റ ആ പ്രമേയത്തെ സ്വീകരിക്കുന്നതാകുന്നു. എന്നാൽ ഗവർമ്മെന്റ ആ പ്രമേയത്തെ സ്വീകരിച്ചിരിക്കുന്നു എന്നു പരസ്യമായി പ്രസ്താവിക്കുന്നതിനുമുമ്പു പ്രമേയത്തെസംബന്ധിച്ചു ഇവിടെ ചില അനൌദ്യോഗസ്ഥസാമാജികന്മാർ പ്രകടിപ്പിച്ച ഏതാനും അഭിപ്രായങ്ങൾക്കു മറുപടിയായി ഒന്നു രണ്ടു വാക്കുകൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി മിസ്റ്റർ ജി. രാമൻമേനവന്റെ അഭിപ്രായത്തെപ്പററിത്തന്നെ പറയാം. അദ്ദേഹത്തിന്റെ അഭിപ്രായം തൊഴിലില്ലായ്മ എന്ന വിഷയം രാജ്യഭരണതന്ത്രത്തെസംബന്ധിക്കുന്ന ഒരു സംഗതിയാണെന്നും അല്ലാതെ ധനസംബന്ധമായ ഒന്നല്ലെന്നും ആയിരുന്നു. അതിനെപ്പററി വിമർശിക്കേണ്ട ആവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം അതു ധനസംബന്ധമായ ഒരു സംഗതിതന്നെയാകുന്നു. അതു രാജ്യഭരണതന്ത്രത്തെസംബന്ധിച്ച ഒരു സംഗതിയാണെങ്കിൽ, അദ്ദേഹത്തിന്റെ അഭിപ്രായം ഏതെങ്കിലുംതൃപ്തികരമായ പ്രവൃത്തികൾചെയ്യുന്നതിനുമുമ്പു രാജ്യഭരണസ്ഥിതികളെയാണ് ആദ്യമായി പരിഷ്കരിക്കേണ്ടതെന്നാകുന്നു. അപ്രകാരമാണെങ്കിൽ ഒരു കമ്മിററിയുടെ ആവശ്യമേഇല്ല. അതിനുശേഷം അദ്ദേഹം പ്രസ്താവിച്ചതു യാതൊരു ആദായവും ഇല്ലാത്തവിധത്തിൽ വേലനടത്തിപ്പോരുന്ന കൃഷിത്തോട്ടങ്ങളേയും വ്യവസായസ്ഥാപനങ്ങളേയുംപററിയാകുന്നു. ഒരു വാദപ്രതിവാദത്തിനിടയിൽ അദ്ദേഹം ഈ സംഗതിയെപ്പററിത്തന്നെ ചോദിച്ചിട്ടുണ്ട്. ആ അവസരത്തിൽ ഇവ പരിശോധനാർത്ഥം നടത്തപ്പെടുന്നവമാത്രമാണെന്നും അവയിൽ ആദായങ്ങളൊന്നും ഉദ്ദേശിക്കപ്പെട്ടിട്ടില്ലെന്നും, അദ്ദേഹത്തിന്റെ ആവശ്യമനുസരിച്ചു കൊടുത്തിട്ടുള്ള കണക്കുകൾ ഈ തോട്ടങ്ങളിൽ നടത്തുന്ന വേലകളെമാത്രംസംബന്ധിക്കുന്ന കണക്കുകളല്ലെന്നും വിവരമായി പ്രസ്താവിച്ചിട്ടുണ്ട്, അവ പ്രത്യേകമായി എടുക്കപ്പെടേണ്ടതാണ്. കൊടുത്തിട്ടുള്ള കണക്കുകൾ, പരിശോധനമുഖമായ എല്ലാ വകയിലുമായി തോട്ടത്തിനു വേണ്ടിവരുന്ന ചെലവുകളുടെ മൊത്തത്തുകയാകുന്നു, അല്ലാതെ ഓരോ പ്രത്യേകവേലകളുടേയും കണക്കുകളല്ല. പ്രത്യേകതരം വളം ഉപയോഗിച്ചു ഏതെങ്കിലും ഒരു നിർദ്ദിഷ്ടസ്ഥലത്തു നടത്തിവരുന്ന നെൽകൃഷി തുടങ്ങിയ ഏതെങ്കിലും വേലകൾക്കു വേണ്ടിവരുന്ന ചെലവു എന്താണെന്നും അവ തൃപ്തികരമായഫലം പ്രദാനംചെയ്യുന്നുണ്ടോഎന്നും പ്രത്യേകമായി അറിവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിൽ അതിനു മറുപടിപറയുമായിരുന്നു. കൃഷിത്തോട്ടങ്ങൾ പൊതുജനങ്ങൾക്കു നല്ല മാതൃകയായിത്തീരുന്നുണ്ടെന്നു എനിക്കു അറിയാം. കൊടുക്കപ്പെട്ട കണക്കുകളിൽ കാണിച്ചിട്ടുള്ളതു, പരിശോധന, എസ്റ്റാബ്ലിഷ്മെന്റ മുതലായ ഇനങ്ങളിൽ വേണ്ടിവരുന്ന ചെലവുകൾ ഉൾപ്പെടെ തോട്ടത്തിന്റെ ആകെച്ചിലവാകുന്നു ഇതുപോലെതന്നെയാകുന്നു വ്യവസായസ്ഥാപനങ്ങളെസംബന്ധിച്ച ചെലവുകളും.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതു പരിശോധനയ്ക്കായുള്ള ചെലവിൽ ഉൾപ്പെട്ടതാവുന്നതല്ലയോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആക്ടിംഗ് ഗവർമ്മെന്റ ചീഫ് സെക്രട്ടറി): പരിശോധനാർത്ഥം ഇത്രമാത്രം ചെലവു കൃഷിക്കാർക്കു വേണ്ടിവരുന്നതല്ല. ജനങ്ങളുടെ വിദ്യാഭ്യാസത്തിനായിട്ടു സ്ഥാപിച്ചിട്ടുള്ള ഒരു തോട്ടത്തിൽ വളരെ ചെലവു വേണ്ടിവരുന്ന പരിശോധനാസ്ഥാപനം ഗവർമ്മെന്റിനു ആവശ്യമായിരിക്കുന്നു. പരിശോധനയ്ക്കായിട്ടുള്ള ചെലവു പ്രത്യേകവേലകൾക്കായുള്ള കണക്കിൽ ഉൾപ്പെട്ടതാവുന്നതല്ല. വ്യാപാരസംബന്ധവും സാങ്കേതികവുമായ വിദ്യാലയങ്ങൾ, ഒരു ഫാക്ടറി നടത്തിക്കൊണ്ടുപോകുന്നതെങ്ങിനെയാണെന്നു ലോകർക്കു കാണിച്ചുകൊടുക്കുവാനുള്ള മാതൃകാഫാക്ടറികളായിരിക്കണമെന്നുമാത്രമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു. അവ ആദായകരങ്ങളായ സ്ഥാപനങ്ങളായിരിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് മിസ്റ്റർ രാമൻമേനവൻ ഉദ്ദേശിച്ചിരിക്കുന്നതു തെററാണെന്നു കാണിക്കുവാൻമാത്രമാകുന്നു ഞാൻ ആഗ്രഹിക്കുന്നതു.

മി. കെ. കെ. തോമസ് (കോട്ടയം): ഓരോ സ്ഥാപനങ്ങളുടെയും നടത്തിപ്പിനു വേണ്ടിവന്നിട്ടുള്ള യഥാർത്ഥചെലവു എന്താണെന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആക്ടിംഗ് ഗവർമ്മെന്റ ചീഫ് സെക്രട്ടറി): അതുസംബന്ധിച്ചുള്ള വിവരങ്ങൾ ഒന്നും ഇപ്പോൾ എന്റെ കൈവശം ഇല്ലാത്തസ്ഥിതിക്കു അതിലേക്കുള്ള നിങ്ങളുടെ ആഗ്രഹം സാധിക്കുവാൻ നിവൃത്തികാണുന്നില്ല. മി. രാമൻമേനവന്റെ ചോദ്യത്തിനു മറുപടിയായി കൊടുത്തിട്ടുള്ള കണക്കിൽ, മേൽനോട്ടച്ചെലവുകളുൾപ്പെടെയുള്ള എല്ലാ ചെലവുകളും ഉൾപ്പെട്ടിട്ടുണ്ട്. പിന്നീടു മി. എ. കെ. പിള്ള പ്രസ്താവിച്ചതു ഈ സംഗതിയെപ്പററി ഗവർമ്മെന്റ ആലോചിക്കുന്നുണ്ടെന്നു പറയുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെടുന്നതല്ലെന്നായിരുന്നു. ഞാൻ പ്രസ്താവിച്ച പ്രധാനസംഗതി അതല്ലായിരുന്നു. ഗവർമ്മെന്റ വേണ്ടതെല്ലാം ചെയ്യുന്നസ്ഥിതിക്കു അദ്ദേഹത്തിന്റെ പ്രമേയം പിൻവലിക്കേണ്ടതാണെന്നു ഞാൻ മി. കുമാരപിള്ളയോടു ആവശ്യപ്പെടുകയല്ല ചെയ്തതു. അതിലേക്കു ഞാൻ പുറപ്പെടുവിച്ച ന്യായം അതല്ലായിരുന്നു. നാം ഒരു കമ്മിററി ഏർപ്പെടുത്തുന്നതായാലും നമുക്കു ഇക്കാര്യത്തിൽ വളരെയൊന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്നുള്ളതായിരുന്നു എന്റെ അഭിപ്രായം. ഏതു പദ്ധതിയും നടപ്പിലാക്കുവാൻ ഗവർമ്മെന്റ ധൈര്യസമേതം ഒരുമ്പെടുമോഎന്നു മി. എ. കെ. പിള്ള ചോദിക്കുകയുണ്ടായി. അതിനുപുറമെ ഈ രാജ്യത്തിലുള്ള സ്ഥലങ്ങളെല്ലാം കൃഷിചെയ്യപ്പെടാതിരിക്കുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. ഭൂമികൾ വേലചെയ്യാതിരിക്കുന്നതെത്രമാത്രമാണെന്നു ഞാൻ അറിയുന്നില്ല. ഒരാൾ മദ്ധ്യതിരുവിതാംകൂറിൽ സഞ്ചരിക്കുന്നതായാൽ ഒരു ഇഞ്ചുസ്ഥലംപോലും

കൃഷിചെയ്യപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. ഈ സ്ഥിതിയെപ്പററി പ്രജാസഭയുടെ ഉപക്രമപ്രസംഗത്തിൽ ദിവാൻജി അവർകൾ പ്രസ്താവിച്ചിട്ടുണ്ട്. കൃഷിചെയ്യപ്പെടാതെ കിടപ്പുള്ള സ്ഥലങ്ങൾ എത്രമാത്രം ഉണ്ടെന്നും അപ്രകാരം കിടപ്പുള്ളവയെ തടയുന്നതിനു മാർഗ്ഗങ്ങളുണ്ടോ എന്നും അറിയുന്നതിലേക്കായി ഒരു കണക്കെടുപ്പുകൾ ആവശ്യപ്പെടുന്നുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഭൂമിയിൽ കൂട്ടംകൃഷിചെയ്യുന്നതിനെ ഗവണ്മെൻറു പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉവ്വ്; പുതിയ വളങ്ങൾ ഉപയോഗിച്ചു കൂട്ടംകൃഷി എല്ലാ ജനങ്ങളും നടത്തണമെന്നു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കൂടക്കൂടെ ഉപദേശിക്കുന്നുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വിജയത്തെപ്പററി മറെറാന്നും വിശദമാകുന്നില്ല. അവർ എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതു ഫലത്തിൽ കാണിച്ചുകൊടുക്കപ്പെട്ടതുകൊണ്ടായിരിക്കണം. അതിനു വിപരീതമായി നാം ബർമ്മായിൽനിന്നു നെല്ലും, രംഗൂനിൽനിന്നും മററു സ്ഥലങ്ങളിൽനിന്നു അരിയും വരുത്തിക്കൊണ്ടുമിരിക്കുന്നു.

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഞാൻ മുമ്പു പറഞ്ഞതുപോലെ അതിനു കുറേകാലം കഴിയേണ്ടിവരും. കൃഷിക്കാർ പുതിയരീതിയിൽ കൃഷിചെയ്യുവാൻ തുടങ്ങണം. 'ജനങ്ങളുടെയിടയിൽ യാഥാസ്ഥിതികന്മാരായ ഒട്ടനേകം ആളുകൾ ഉണ്ടായിരിക്കും. അവർ ഡാക്റ്റർ കുഞ്ഞൻപിള്ള പറഞ്ഞതുപോലെ പുതിയരീതികളെ സാവധാനത്തിൽമാത്രമേ സ്വീകരിക്കുന്നുള്ളു. ഭൂവുടമസ്ഥന്മാരുടെ കൈവശം കൃഷിചെയ്യപ്പെടാതെയിരിക്കുന്ന സ്ഥലങ്ങളെസംബന്ധിച്ചു അവരുടെ പ്രവൃത്തി ശിക്ഷായോഗ്യമാണെന്നു സ്ഥാപിക്കുന്ന ഒരു തത്വം ഗവണ്മെൻറു സ്വീകരിക്കുന്നതാണോ എന്നു മി. എ. കെ. പിള്ള പിന്നീടു ചോദിച്ചു. ഗവണ്മെൻറു ആവശ്യപ്പെടുവാൻ ഉദ്ദേശിക്കുന്ന കണക്കിൽനിന്നും കൃഷിചെയ്യപ്പെടാത്ത ഭൂമികൾ ധാരാളമുണ്ടെന്നു കാണുന്നതായാൽ ദിവാൻജിയവർകൾ പ്രജാസഭയുടെ ഉപക്രമപ്രസംഗത്തിൽ പറഞ്ഞതുപോലെ, അതുസംബന്ധിച്ചു വേണ്ട ആലോചന നടത്തുന്നതും ഏതെങ്കിലും നിയമം ഏർപ്പെടുത്തേണ്ടതാണോ എന്നു അന്വേഷിക്കുന്നതുമാകുന്നു. ആവശ്യമുണ്ടെന്നു കാണുന്നതായാൽ അതു ഈ സഭമുമ്പാകെ ഹാജരാക്കപ്പെടുന്നതുമാകുന്നു.

ജനങ്ങളുടെ മനോഗതിക്കു മാററം വരുത്തേണ്ടതാണെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഗവണ്മെൻറു പറയുന്നതും അതുതന്നെയാണ്. തൊഴിൽസംബന്ധിച്ചു നമ്മുടെ യുവാക്കന്മാർക്കുള്ള മനോഗതിക്കു മാററമുണ്ടാകാതെ നിവൃത്തിയില്ല. അവർ എല്ലായ്പോഴും സർക്കാരുദ്യോഗത്തിനായി ആഗ്രഹിച്ചുനടക്കരുതു. ജനങ്ങളുടെ മനഃസ്ഥിതി മാറണം. അതിലേക്കു തിരുവിതാംകൂർ ഗവണ്മെൻറിനെപ്പോലെതന്നെ തിരുവിതാംകൂറിലെ പൊതുജനങ്ങളും ഉത്തരവാദിത്വം വഹിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. അതുസംബന്ധിച്ചു ഗവണ്മെൻറിനു ചെയ്യാവുന്നതു വളരെ കുറച്ചുമാത്രമാകുന്നു. ജനങ്ങളിൽ പ്രമാണികളായിട്ടുള്ളവർ യുവജനങ്ങളോടു അവരുടെ ഉദ്ദേശം തെററാണെന്നു ഉപദേശിക്കുകയും അപ്രകാരം ഒരു പൊതുജനാഭിപ്രായം ഉണ്ടാക്കുകയും ചെയ്യുമ്പോൾ ക്രമേണ ജനങ്ങളുടെ പൊതുമനോഗതിയെ മേലപ്പെടുത്തണമെന്നു എല്ലാവരും പറയുന്നതുപോലെ നമ്മളും പറയുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. അതു മാറേണ്ടതാണ് എന്നാൽ അതു കാലക്രമത്തിലേ മാറുകയുള്ളു. ഈ സംഗതിയുടെ പരിഹാരത്തിനു ജീവിതമത്സരത്തിൻെറ ശക്തിവർദ്ധന സഹായമായിത്തീരുമെന്നു ഞാൻ പറഞ്ഞപ്പോൾ മിസ്റ്റർ കുമാരപിള്ള സങ്കടപ്പെടുകയുണ്ടായി. അപ്രകാരം പറഞ്ഞതിൽനിന്നും ഗവർമ്മെൻറു ഇതുസംബന്ധിച്ചു യാതൊന്നും പ്രവർത്തിക്കാതെ അലസമായിരിക്കുവാൻപോകുന്നതായി ഞാൻ ഉദ്ദേശിച്ചിട്ടില്ല. കാലക്രമത്തിൽ ഈ സംഗതി പരിഹരിക്കപ്പെടേണ്ടതാണ്. ജീവിതമത്സരംനിമിത്തം അതിനു നിശ്ചയമായും പരിഹാരം ഉണ്ടാകും. ഈസംഗതിയിൽ യാതൊന്നും പ്രവർത്തിക്കുകയില്ലെന്നു ഗവർമ്മെൻറു പറഞ്ഞിട്ടില്ല. ഗവർമ്മെൻറു ഇതിനു പ്രതികരമായി യാതൊരു നിർദ്ദേശവും ചെയ്യാത്തതുകൊണ്ടാണ് 'ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചതെന്നു മിസ്റ്റർ എ. കെ. പിള്ള പ്രസ്താവിച്ചു. ഇതു ഒരു പദ്ധതിയാണെന്നു വിചാരിക്കാത്തതുകൊണ്ടും ഈ കമ്മിററി തൊഴില്ലായ്മക്കു പരിഹാരമുണ്ടാക്കുവാൻപോകുന്നവെന്നു അറിയാത്തതുകൊണ്ടുമാകുന്നു ഞാൻ ഒന്നും പറയാത്തതു. അതുമാത്രവുമല്ല തൊഴിലില്ലായ്മയെ തൊഴിൽഉണ്ടാക്കികൊടുത്തു പരിഹരിക്കുന്നതിനെ നിവൃത്തിയുള്ളു. ഒരു കമ്മിററിയെ ഏർപ്പെടുത്തുന്നതു ഇതിനു പ്രതികരമായ ഒരു പദ്ധതിയാകുകയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ നിർദ്ദേശിച്ചതു ഗവർമ്മെൻറിനു പ്രത്യേകമായ പദ്ധതിയൊന്നും ഇല്ലാത്തതുകൊണ്ടു അതിനെപററി ആലോചിക്കുവാൻ ഒരു കമ്മററി ഏർപ്പെടുത്തണമെന്നു മാത്രമായിരുന്നു.

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഗവണ്മെൻറു അതിനെപ്പററി ആലോചിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പരിഹാരമാർഗ്ഗത്തെപ്പററി ഒന്നും പറഞ്ഞില്ല.

മി. കെ. ജോർജ്ജ് (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഞാൻ ഈപ്രകാരമാണ് ഇതിനെപററി മനസ്സിലാക്കിയിരിക്കുന്നതു കമ്മിററി ഇതിനു ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കണം. ഗവണ്മെൻറിൻെറ യത്നങ്ങൾകൊണ്ടൊന്നും ഫലം ഉണ്ടാകുന്നില്ലെന്നു മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയും പറയുന്നു. ചില സ്ഥലങ്ങളിലുള്ള ചതുപ്പുപ്രദേശങ്ങൾ പതിച്ചുകൊടുക്കാതെ കിടക്കുന്നു എന്നു അദ്ദേഹം പ്രസ്താവിച്ചു. സ്ഥലങ്ങൾ സർവേ ചെയ്യേണ്ടതായിട്ടുണ്ട്, അതു ചെയ്തുവരികയാണ്. അതു തീർന്നുടൻ ലേലംചെയ്തോ മററുപ്രകാരത്തിലോ ഈ സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതു സംബന്ധിച്ചു നടപടികൾ ആരംഭിക്കുന്നതാണ്. അതിനുശേഷം അദ്ദേഹം പറഞ്ഞതു സാങ്കേതിക സ്ഥാപനങ്ങളുടേയും കർഷകവിദ്യാലയങ്ങളുടേയും മററുമെല്ലാം പരാജയങ്ങളെപ്പററിയാണ്. കാര്യങ്ങളുടെ ഈ സ്ഥിതികൾക്കെല്ലാം ഗവണ്മെൻറു ഉത്തരവാദിത്വം വഹിക്കുന്നതു എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ജനങ്ങൾ ഈ സ്കൂളുകളിലേക്കു പോകുന്നില്ലെങ്കിൽ ഗവണ്മെൻറിനെയാണോ കുററപ്പെടുത്തേണ്ടതു. ഇക്കാലത്തെ യുവജനങ്ങളുടെ മനഃസ്ഥിതി അതിൽനിന്നും വ്യക്തമാകുന്നുണ്ടു. വിദ്യാലയങ്ങളുണ്ടു എന്നാൽ ആർക്കും അവ ആവശ്യമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളെപ്പറ്റി ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണത്തിനു കൊട്ടാരക്കര ഒരു സ്കൂളും ആരംഭിച്ചിട്ടില്ല.

മി. കെ. ജോർജ്ജ് (ആക്ടിങ്ങ് ഗവർമെന്റുചീഫ്സെക്രട്ടറി): കൊട്ടാരക്കരസ്കൂൾ അധികതാമസംകൂടാതെ ആരംഭിക്കുന്നതാണ്. ആലുവായിലുള്ള വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളുടെ എണ്ണം പ്രോത്സാഹജനകമല്ലെന്നുള്ളതു വാസ്തവമാണെന്നു ഞാൻ വിശ്വസിക്കുന്നു. കൊല്ലത്തുള്ള കാർപ്പെന്ററിവിദ്യാലയവും യാതൊരു വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ടെന്നു തോന്നുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിക്കാത്തതിനു കാരണം ഗവർമെന്റുദ്യോഗംകിട്ടുകയില്ലാത്തതാണെന്നു ചീഫ്സെക്രട്ടറിക്കു അറിയാമോ?

മി. കെ. ജോർജ്ജ് (ആക്ടിംഗ്ഗവർമെന്റുചീഫ്സെക്രട്ടറി): വിദ്യാർത്ഥികൾ ഗവർമെന്റുദ്യോഗം ആവശ്യപ്പെടുന്നതു അധികമായ അദ്ധ്വാനംകൂടാതെതന്നെ അത്യന്തം സുഖമാകുംവണ്ണം കാലക്ഷേപമാർഗ്ഗം നേടാൻകഴിയുന്നതാണെന്നു അവർ വിചാരിക്കയാലാകുന്നു. അപ്രകാരമുള്ള കാലക്ഷേപമാർഗ്ഗത്തെക്കാൾ ചെറുതാണെങ്കിലും ഒരു നിശ്ചിതമായ ശമ്പളമായി കിട്ടുന്നതാണ് നല്ലതെന്നു അവർ വിചാരിക്കുന്നു. നിവൃത്തിയുള്ളിടങ്ങളിലെല്ലാം സാങ്കേതികവിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ ഗവർമെന്റു യത്നിച്ചുവരുന്നുണ്ട്. ജനങ്ങൾ അതു സ്വീകരിക്കാത്തതാണ് ബുദ്ധിമുട്ടായിത്തീർന്നിരിക്കുന്നതു. അതു ഗവർമെന്റിന്റെ കുറ്റമല്ല.

മി. കുമാരപിള്ള മദ്രാസിലെ ചില കമ്മിറ്റികളെപ്പറ്റി പ്രസ്താവിക്കയും അനേകം കമ്മറ്റികളുടെ നിശ്ചയങ്ങളെ അംഗീകരിക്കാതെ ഗവർമെന്റു നിയമവിരുദ്ധമായി ഒരു കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം അപ്രകാരം ചെയ്യാതെ സ്വന്തമായി ഒരു കമ്മിറ്റിയെ നിയമിച്ചതു എന്തുകൊണ്ടാകുന്നു എന്നു ചോദിക്കുകയുംചെയ്തു. വ്യത്യാസം ഇതാകുന്നു. ആ സംഗതിയെസംബന്ധിച്ചിടത്തോളം രണ്ടുസ്ഥലങ്ങളിലെയും സ്ഥിതികൾ ആകപ്പാടെ വ്യത്യാസപ്പെട്ടതാണ്. എന്നാൽ തൊഴിലില്ലായ്മയെസംബന്ധിച്ചിടത്തോളം എന്റെ ആദ്യത്തെ സംഭാഷണത്തിൽ ഞാൻ പറഞ്ഞതുപോലെ തിരുവിതാംകൂറിനും ഇൻഡ്യയിലെ മറ്റുഭാഗങ്ങൾക്കും തമ്മിൽ ഈ സംഗതിയിൽ യോജിപ്പാണുള്ളതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): എനിക്കു ഈ സംഗതിയിലാണ് അഭിപ്രായവ്യത്യാസമുള്ളതു. മറ്റുരാജ്യങ്ങൾക്കും ഈ രാജ്യത്തിനും വളരെ വ്യത്യാസങ്ങളുണ്ടെന്നും അവിടത്തെ കമ്മറ്റിയുടെ നിശ്ചയംകൊണ്ടു ഇവിടത്തെ ആവശ്യങ്ങൾക്കു മതിയാകയില്ലെന്നും നമ്മുടെ കാര്യം അന്വേഷിക്കാൻ പ്രത്യേക ഒരു കമ്മറ്റിതന്നെ വേണമെന്നുമാണ് ഞാൻ അഭിപ്രായപ്പെടുന്നതു.

മി. കെ. ജോർജ്ജ് (ആക്ടിംഗ്ഗവർമെന്റുചീഫ്സെക്രട്ടറി): വ്യത്യാസം വളരെ കുറവാണ്. ഇവിടത്തെ ആവശ്യങ്ങൾ മിക്കവാറും ബംഗാളിലെ ആവശ്യങ്ങൾപോലെതന്നെയാണ്. എങ്ങിനെയായാലും ഈ സഭ ഐകകണ്ഠ്യേന ഈ കമ്മിറ്റി വേണമെന്നു ആഗ്രഹിക്കുന്നതിനാൽ ഒരു കമ്മിറ്റി ഏർപ്പെടുത്തുന്നതാകുന്നു. ഈ പ്രമേയം സ്വീകരിക്കുവാൻ ഗവർമെന്റു തയ്യാറായിരിക്കുന്നു എന്നു ഞാൻ സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. പ്രമേയം എന്തെന്നാൽ:—

"ഈ സംസ്ഥാനത്തിൽ തൊഴിലില്ലാത്തവരുടെസംഖ്യ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു അതിനെപ്പറ്റി വേണ്ട അന്വേഷണങ്ങൾനടത്തി ആ ദോഷത്തെ പരിഹരിക്കുന്നതിനുള്ളമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ഒരു കമ്മറ്റിയെ നിയമിക്കണമെന്നു ഈ സഭ ഗവർമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു".

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭരണസംബന്ധമായസ്ഥിതികൾ ... ...

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു നടപടിക്രമത്തിനു വിരുദ്ധമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡണ്ടു: സഭ ഇപ്പോൾ സാമാജികന്മാരുടെ അധീനത്തിലല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പേരിൽ കാണുന്നതിട്ടുള്ള വെർണാക്കുലർ പാഠപുസ്തകകമ്മിറ്റിയെസംബന്ധിച്ച പ്രമേയം വാദപ്രതിവാദത്തിനെടുക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ക്രമമനുസരിച്ചു, അടുത്ത പ്രമേയം അതല്ല.

പ്രസിഡണ്ട്: പ്രമേയത്തിന്റെ നമ്പർ എത്രയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു എന്നാംനമ്പർ പ്രമേയമാകുന്നു.

പ്രസിഡണ്ട്: ചട്ടപ്രകാരം, വോട്ടിട്ടുകിട്ടുന്ന ക്രമമനുസരിച്ചാണ് പ്രമേയങ്ങളുടെ സ്ഥാനങ്ങൾക്കു പ്രാധാന്യം കല്പിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൨൬-ാംനമ്പർ സ്റ്റാന്റിംഗ് ആർഡർ ഇപ്രകാരം പറയുന്നു:—

"ഏതെങ്കിലും ഒരു സമ്മേളനത്തേയോ അല്ലെങ്കിൽ ഒരു കാര്യത്തേയോ തൽക്കാലം നിർത്തിവയ്ക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യുന്നതു സംബന്ധിച്ചതോ, അല്ലെങ്കിൽ കാര്യനിർവഹണത്തെ സംബന്ധിച്ച സ്റ്റേറ്റുമെന്റിലെ ക്രമമനുസരിച്ചുള്ള സ്ഥാനത്തിനടുത്ത കാര്യത്തിലേക്കു സഭ പ്രവേശിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചതോ ആയ ഒരുപക്ഷേപം മുന്നറിവുകൊടുക്കാതെ ഒരു ഇതരസംഗതിയെന്ന നിലയിൽ ഏതു സമയത്തും കൊണ്ടുവരാവുന്നതാകുന്നു. എന്നാൽ ഒരു പ്രസംഗത്തിനു ബാധകമായി ഇപ്രകാരം വർത്തിക്കാൻ പാടില്ല. ഉപക്ഷേപം നടപ്പിലായെങ്കിൽ, അതനുസരിച്ചു സമ്മേളനമോ അല്ലെങ്കിൽ ആലോചനാവിഷയമോ, നിർത്തിവയ്ക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യാവുന്നതാണ്; കാര്യനിർവഹണത്തെ സംബന്ധിച്ച സ്റ്റേറ്റുമെന്റിലെ ക്രമമനുസരിച്ചുള്ള സ്ഥാനത്തിനടുത്ത കാര്യത്തിലേക്കു സഭ പ്രവേശിക്കുന്നു എന്ന ഉപക്ഷേപമാണ് സഭയിൽ നടപ്പായതെങ്കിൽ, നടന്നുകൊണ്ടിരിക്കുന്ന വാദപ്രതിവാദം തീരുമാനിച്ചുകഴിഞ്ഞതായി വിചാരിക്കപ്പെടുന്നതാകുന്നു".

അതു ഇടയിൽ വരുന്നതായ പ്രമേയങ്ങളെ സംബന്ധിച്ച വാദപ്രതിവാദം തൽക്കാലം നിർത്തിവയ്ക്കുന്നതിനാകുന്നു.

പ്രസിഡണ്ട്: ദയവുചെയ്തു മാന്യമെംബർ അതു വിവരിച്ചുപറയുമോ ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): തേങ്ങാ കയറ്റിന്റെ ക്രമത്തെ ആസ്പദമാക്കിയുള്ള അടുത്ത വിഷയത്തിലേക്ക പ്രവേശിക്കുന്നു എന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള അഭിപ്രായപ്പെടുവാൻ ആവശ്യപ്പെടുന്നു എങ്കിൽ, ഓരോ പ്രമേയം കൊണ്ടുവരുന്നതിനും അദ്ദേഹം അഭിപ്രായപ്പെടുകയും അത് തീരുമാനിക്കപ്പെടുകയുംവേണം. പ്രസ്തുത പ്രമേയത്തിൽ ഒന്നാ എണ്ണുന്നവരെ അദ്ദേഹം അപ്രകാരം ചെയ്തുകൊണ്ടിരിക്കയാണെങ്കിൽ ആ പ്രമേയം നമുക്ക വാദപ്രതിവാദത്തിനെടുക്കാവുന്നതാകുന്നു.

പ്രസിഡണ്ട്: ഒന്നു ചോദിച്ചുകൊള്ളട്ടെ, കാര്യം എന്നതിനു ഒരു വർഗ്ഗത്തിൽപെട്ട കാര്യങ്ങളെന്നോ ഓരോ പ്രമേയം എന്നോ അർത്ഥമാക്കേണ്ടതു?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഓരോ പ്രമേയം എന്ന്.

പ്രസിഡണ്ട്: ഓരോ പ്രമേയവും പ്രത്യേകമായെടുത്തു അവ ഓരോന്നും നിങ്ങളുടെ അഭിപ്രായം അനുസരിച്ചു തീരുമാനിക്കുവാൻ സാധിക്കുമോ എന്നു നോക്കുവാൻ എനിക്കു പൂർണ്ണസമ്മതമാണ്. അടുത്ത കാര്യത്തിലേക്ക കടക്കുന്നതിനുമുമ്പു, സഭാനടപടികളുടെ ഒന്നാം വാല്യത്തിലെ ൧൨൩-ം, ൧൨൪-ം വശങ്ങളിൽ കാണുന്ന നിബന്ധന ഞാൻ വായിക്കാം. ൧൩-ാം നമ്പർ സ്റ്റാന്റിംഗ് ആർഡറിൽ മൂന്നുതരം പ്രമേയങ്ങൾ ഉദ്ദേശിക്കപ്പെടുന്നുണ്ട്. (൧) സഭ പിരിയുന്നതു സംബന്ധിച്ചവ. (൨) വാദപ്രതിവാദം മാററിവയ്ക്കുന്നതു സംബന്ധിച്ചവ. (൩) വാദപ്രതിവാദത്തിനു നിശ്ചയിച്ചിട്ടുള്ളവയിൽ അടുത്ത വിഷയത്തിലേക്ക കടക്കുന്നതു സംബന്ധിച്ചവ. മൂന്നാംതരത്തിലുള്ള പ്രമേയങ്ങളെ സംബന്ധിച്ചിടത്തോളം അപ്രകാരം ചെയ്യപ്പെട്ടാൽ നിയമനിർമ്മാണ നടപടികളിലെ ൧൩-ം നിബന്ധനപ്രകാരം ഒരു വർഷക്കാലത്തേക്ക അവ വീണ്ടും വാദപ്രതിവാദത്തിനായി കൊണ്ടുവരാൻ പാടില്ലാത്തതാകുന്നു.

അതായതു, ഇവിടെ അഭിപ്രായപ്പെട്ടതുപോലെ നാം വാദപ്രതിവാദത്തിനു നിശ്ചയിച്ചിട്ടുള്ളവയിൽ അടുത്ത പ്രമേയത്തിലേക്കു കടന്നു അതു സമ്മതിക്കപ്പെടുന്നുവെങ്കിൽ അതുനിമിത്തം വിട്ടുകളവാൻ ഇടയായ പ്രമേയം ഒരു സംവത്സരകാലത്തേക്ക സഭയിൽ വാദപ്രതിവാദത്തിനു കൊണ്ടുവരുവാൻ സാധിക്കുന്നതല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): പ്രമേയം കൊണ്ടുവന്നാലല്ലാതെ ഉപക്ഷേപം വിട്ടുകളയുവാൻ സാധിക്കുന്നതല്ല.

പ്രസിഡണ്ട്: പ്രമേയം ഹാജരാക്കുന്നതുവരെ ഉപക്ഷേപം ഉണ്ടാകുന്നതല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): "ഞാൻ പ്രമേയം കൊണ്ടുവരുന്നില്ല" എന്നു മെംബർ പറയുന്നതായാൽ ഈ ബുദ്ധിമുട്ട ഇല്ലാതാകും.

പ്രസിഡണ്ട്: ആദ്യത്തെ രണ്ടുതരത്തിലുള്ള പ്രമേയങ്ങളെ സംബന്ധിച്ചു നമുക്ക ആധാരമായിട്ടുള്ളതു മററു സ്ഥലങ്ങളിലെ പരിചയംമാത്രമാകുന്നു. പാർലിമെന്റുകളിലെ പതിവുപ്രകാരം ഒന്നാംതരത്തിലുള്ളതാണ് പ്രമേയമെങ്കിൽ അത് ഉപേക്ഷിക്കപ്പെടുന്നതാകുന്നു. രണ്ടാംതരത്തിലുള്ള പ്രമേയങ്ങളുടെ വിഷയത്തിൽ, പൊതുജനാവശ്യത്തെ പുരസ്കരിച്ചുള്ള ചില കാര്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള വേറെ ഏതെങ്കിലും ഒരു ദിവസം വാദപ്രതിവാദം തുടരുന്നതുമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ഞാൻ പ്രമേയത്തെപ്പററി നിർബന്ധിക്കുന്നില്ല.

പ്രസിഡണ്ട്: എന്നാൽ മിസ്റ്റർ രാമൻമേനവന്റെ പേരിൽ കാണപ്പെടുന്ന പ്രമേയം കൊണ്ടുവരുവാൻ ഞാൻ ആവശ്യപ്പെടാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നമുക്ക ഇനി അഞ്ചു മിനിട്ടുമാത്രമേ സമയമുള്ളു.

പ്രസിഡണ്ട്: ഇന്നു ഉച്ചയ്ക്കു നാം കുറച്ചു താമസിച്ചാണ് ആരംഭിച്ചതു. അതുകൊണ്ടു കുറച്ചു സമയം കൂടെ കൊടുക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നലെ ഉച്ചയ്ക്കു ൧ അടിച്ചു ൪൫ മിനിട്ടായപ്പോൾ സഭ പിരിയുകയും ൩ അടിക്കാൻ ൧൫ മിനിട്ടുള്ളപ്പോൾ സഭ വീണ്ടും കൂടുകയുംചെയ്തു.

പ്രസിഡണ്ട്: നാം പിരിഞ്ഞതു ൨ അടിക്കാൻ ൧൫ മിനിട്ടുള്ളപ്പോഴല്ല. പിന്നെ ൧൧ മിനിട്ടുള്ളപ്പോഴാണ്. എന്റെ സമയമനുസരിച്ചു ൩ അടിക്കാൻ ഉദ്ദേശം ഒൻപതോ പത്തോ മിനിട്ടുള്ളപ്പോഴാണ് സഭ കൂടിയതു. അതനുസരിച്ചു ഒന്നര മിനിട്ടിന്റെ വ്യത്യാസം ഉണ്ട്. അതു നിങ്ങൾക്കു തരുവാൻ ഉദ്ദേശിക്കുന്നുണ്ട്.

താഴെ കാണുന്ന പ്രമേയങ്ങൾ കൊണ്ടുവരപ്പെട്ടില്ല.

ചില ഡെവലപ്പുമെന്റ ഡിപ്പാർട്ടുമെന്റുകളുടെ സംഘടനം.

മി. ജി. രാമൻമേനവൻ;

കൃഷിയും മത്സ്യവ്യവസായവും,

വ്യവസായം, പരസ്പരസഹായസംഘങ്ങൾ, ജായിൻറസ്റ്റോക്ക് കമ്പനികൾ എന്നിവ സംബന്ധിച്ച ഡിപ്പാർട്ടുമെന്റുകളെ ഡിവാൻപേഷ്കാരുടെ ഗ്രേഡുള്ള ഒരു ഉദ്യോഗസ്ഥന്റെ അധികാരത്തിലാക്കി സംഘടിപ്പിക്കേണ്ടതാണെന്നു ഈ സഭ ഗവമെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

കുടിവക സ്ഥലങ്ങളിൽ വളരുന്ന രാജകീയ വൃക്ഷങ്ങൾ.

മി. എസ്. സുബ്രഹ്മണ്യഅയ്യർ (പത്തനംതിട്ട-ചെങ്കോട്ട); ഗവമെന്റിലേക്ക കരം കൊടുത്തുവരുന്നതും പുരയിടങ്ങളിൽ വളരുന്നതും രാജകീയമെന്നു പറഞ്ഞുവരുന്നതുമായ വൃക്ഷങ്ങൾമൂലം ജനങ്ങൾക്ക ധനാദിവ്യയം ഉണ്ടാകുന്നതിനാൽ അവ വസ്തുഉടമസ്ഥന്മാരുടെ സ്വന്തവകയാക്കിത്തീർക്കണമെന്നു ഈ സഭ ഗവമെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

സർക്കാരുദ്യോഗത്തിലേക്കുള്ള കുറഞ്ഞവയസ്സ്.

മി. എസ്. സുബ്രഹ്മണ്യയ്യർ (പത്തനംതിട്ട—[illegible]): 'തൊഴിലില്ലായ്മ'യ്ക്കു ഒരു ഫലപ്രദമായ പരിഹാരമാർഗ്ഗമായിത്തീരുമെന്നു തോന്നുന്നതിനാലും, ഇപ്പോഴത്തെപ്പോലെ ഗവൺമെന്റ് ഉദ്യോഗംതന്നെയാണ് ശരണമെന്നു വിചാരിച്ചിരിക്കുന്ന യുവാക്കന്മാരുടെ മനഃസ്ഥിതിക്കു വ്യത്യാസം ഉണ്ടാകാവുന്നതിനാലും ൨൫ വയസ്സു പൂർത്തിയായ ആളുകളെമാത്രമേ സർക്കാരുദ്യോഗത്തിൽ നിയമിക്കാവൂ എന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

ചില ഡിപ്പാർട്ടുമെന്റുകളിലുള്ള ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വദേശങ്ങളിൽ നിയമിക്കുക.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

ലാൻഡ്‌റവന്യൂ, മെഡിക്കൽ, പോലീസ്, ഫാറസ്റ്റ്, എക്സൈസ്, ജുഡിഷ്യൽ (ക്രിമിനലും സിവിലും) മുതലായ എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരെ അവരവരുടെ സ്വദേശങ്ങളിൽ നിയമിക്കാൻ പാടില്ലെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

തേക്കുവൃക്ഷങ്ങളെസംബന്ധിച്ച കുടിവില വീതിച്ചുകൊടുക്കൽ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

തേക്കുവൃക്ഷങ്ങളെസംബന്ധിച്ച കുടിവിലഇനത്തിൽ ൧൧൦൦ കർക്കടകംവരെ കുടിയവകവസ്തുഉടമസ്ഥന്മാർക്കു ചെല്ലേണ്ടതുകകളെല്ലാം ൧൧൦൨ കർക്കടകമാസാവസാനത്തിനുമുമ്പു കൊടുത്തുതീർക്കണമെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്യുന്നു.

വിദ്യാഭ്യാസംസംബന്ധിച്ച അധഃകൃതവർഗ്ഗക്കാർക്കു
പ്രത്യേകതുക നീക്കിവയ്ക്കുക.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

പുലയർ, പറയർ, മലവേടർ മുതലായ അധഃകൃതവർഗ്ഗക്കാരുടെയിടയിൽ ഇനിയും വിദ്യാഭ്യാസപ്രചാരം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അടുത്ത ൫ വർഷക്കാലത്തേക്കു ആണ്ടുതോറും ബഡ്ജറ്റിൽ ൨ ലക്ഷത്തിൽ കുറയാത്ത ഒരു സംഖ്യ പ്രത്യേകം നീക്കിവയ്ക്കണമെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

സർക്കാർജീവനത്തിലുള്ള സമുദായപ്രാതിനിധ്യം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

ഏതെങ്കിലും ഒഴിവുവന്നിട്ടുള്ള ഉദ്യോഗസ്ഥാനത്തിനു ഒന്നിലധികം സമുദായത്തിൽനിന്നും ആവശ്യമുള്ള പരീക്ഷായോഗ്യതയോടുകൂടിയ അപേക്ഷകന്മാരുണ്ടെങ്കിൽ ജനസംഖ്യയോടുള്ള തോതനുസരിച്ചു ആ ഡിപ്പാർട്ടുമെന്റിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത അപേക്ഷകനെ വേണം ആ സ്ഥാനത്തു നിയമിക്കേണ്ടതെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

കുടിയവകവസ്തുക്കളിൽനിന്നും തേക്കുവൃക്ഷങ്ങളെ ഗവൺമെന്റ
മുറിച്ചുമാറ്റുന്നതിനുമുമ്പു കൊടുക്കേണ്ടകുടിവില.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ:

ഗവൺമെന്റ തേക്കുവൃക്ഷങ്ങളെ കുടിയവകവസ്തുക്കളിൽനിന്നും മുറിച്ചുമാറ്റുമ്പോൾ ആ വസ്തുഉടമസ്ഥന്മാർക്കു കുടിവിലഅവകാശം ഉണ്ടെങ്കിൽ അവർക്കു കുടിവിലഇനമായിട്ടോ പണമായിട്ടോ കൊടുത്തതിനുശേഷംമാത്രമേ അപ്രകാരംചെയ്യാവൂ എന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

എലിമെന്ററി വിദ്യാലയങ്ങളിലും ലോവർഗ്രേഡ് സെക്കൻഡറി
വിദ്യാലയങ്ങളിലുമുള്ള അധ്യയനസമയം.

മി. എ. കെ. പിള്ള:

സർക്കാരും സഹായധനംവാങ്ങുന്നവയുമായ എല്ലാ എലിമെന്ററി വിദ്യാലയങ്ങളിലും ലോവർഗ്രേഡ് സെക്കൻഡറി വിദ്യാലയങ്ങളിലും അധ്യയനസമയം കാലത്തു ൭ മണിക്കും ൧൧ മണിക്കും മദ്ധ്യേ ആക്കണമെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുള്ള കരം.

മി. ജി. രാമൻമേനോൻ: ഈ രാജ്യത്തിൽനിന്നും കയറ്റുമതിചെയ്യുന്ന റബ്ബറിൽ ന്യായമായ നിരക്കനുസരിച്ചു ഒരു കരം ചുമത്തേണ്ടതാണെന്നും ആ ഇനത്തിൽ ഈടാക്കുന്ന തുക ഉത്തരതിരുവിതാംകൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും ഗതാഗതസൌകര്യങ്ങൾക്കായും സുരക്ഷിതവും ഫലപ്രദവുമായ കൃഷിവേലകൾക്കായും, ആ പ്രദേശങ്ങളിലെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കുന്നതുവരെയോ അല്ലെങ്കിൽ ദക്ഷിണതിരുവിതാംകൂറിൽ ഈ ആവശ്യങ്ങൾക്കായി ചെലവുചെയ്തിട്ടുള്ള തുകയോടു താരതമ്യേന തുല്യമായ ഒരു തുക ആ പ്രദേശങ്ങൾക്കായി ചെലവുചെയ്യുന്നതുവരെയോ ഉപയോഗിക്കേണ്ടതാണെന്നും അതിനുശേഷം ആ തുക മറ്റുകാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നും ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

ബാറിൽനിന്നുമുള്ള മജിസ്ട്രേട്ടുമാരുടെ നിയമനം.

മി. കെ. പി. നീലകണ്ഠപ്പിള്ള:

ഇനിമേൽ മജിസ്ട്രേട്ടുമാരിൽ ൧൦ ശതമാനം ബാറിൽനിന്നും നേരിട്ടു നിയമിക്കേണ്ടതാണെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്യുന്നു.

പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്നതിൽ പാഠ്യപുസ്തക
കമ്മിറ്റിക്കുള്ള അധികാരം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): താഴെ കാണുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

വിദ്യാലയങ്ങളിലെ ഉപയോഗത്തിനായി നിശ്ചയിക്കുന്ന പാഠ്യപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിലുള്ള അവസാനാധികാരം സർക്കാരുദ്യോഗസ്ഥന്മാരായ അധികാരികൾക്കല്ല വിദഗ്ദ്ധന്മാർ ടെക്സ്റ്റ്ബുക്കുകമ്മിറ്റിക്കാണ് ഉണ്ടായിരിക്കേണ്ടതെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

ഈ പ്രമേയത്തിന്റെ ആവശ്യം മനസ്സിലാകുന്നതിലേക്കായി വർണാക്കുലർ ടെക്സ്റ്റ്ബുക്ക് കമ്മററി ചെയ്യുന്നതായ ജോലിയുടെ സ്വഭാവം ഞാൻ സ്വല്പം ഇവിടെ വിവരിക്കാം. കമ്മററിക്കു കിട്ടുന്നതും ആലോചനയ്ക്കായി അയച്ചുകൊടുക്കപ്പെടുന്നതും ആയ അനേകം പുസ്തകങ്ങൾ ടെക്സ്റ്റ്ബുക്ക് കമ്മററിക്കാർ പരിശോധിക്കേണ്ടതാകുന്നു. സ്വീകാരയോഗ്യങ്ങളായ പുസ്തകങ്ങളെ സ്വീകാരയോഗ്യങ്ങളല്ലാത്തവയിൽനിന്നും തിരഞ്ഞെടുക്കുകയാകുന്നു ആദ്യത്തെ പ്രവൃത്തി. ൫൦൦ പുസ്തകം കമ്മററിക്കു കിട്ടീട്ടുണ്ടെന്നു വിചാരിക്കുക. ഇവയിൽനിന്നും ൨൦൦ പുസ്തകം സ്വീകരിക്കുമായിരിക്കാം. ശേഷമുള്ള ൩൦൦ പുസ്തകവും സ്വീകാരയോഗ്യമല്ലെന്നുള്ള കാരണത്താൽ ഉപേക്ഷിക്കും. അതിനുശേഷം സ്വീകരിച്ച പുസ്തകങ്ങളെ ഉചിതങ്ങളായ ക്ലാസുകളിലേക്കു തരംതിരിക്കുന്നു. ഈ ഘട്ടത്തിലെത്തിയതിനു ശേഷം പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പുസംബന്ധിച്ച വിഷയത്തിലുള്ള അധികാരവും അവസാനിക്കുന്നു. ശേഷമുള്ള ചുമതലയും ഡിപ്പാർട്ടുമെൻറൽ അധികാരികളെ വിട്ടുകൊടുത്തിരിക്കുന്നു.

മി. സി. പി. തോമസ് (നിയമിതമെമ്പർ): പുസ്തകങ്ങൾ ഏതേതു ക്ലാസുകൾക്കു യോജിച്ചതാണെന്നുള്ളതിനെപ്പററി അവർ എന്തെങ്കിലും പറയുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉവ്വ്. സ്വീകരിക്കപ്പെട്ട പുസ്തകങ്ങൾ ഏതേതു ക്ലാസുകളിലേക്കു ഉപയോഗിക്കാവുന്നവയാണെന്നു അവർ പറയുന്നുണ്ടു. ഉദാഹരണത്തിനു ഈ ൨൦൦ പുസ്തകങ്ങളിൽ ൫൦ പുസ്തകം ൩-ാം ഫാറത്തിനു കൊള്ളാവുന്നതാണെന്നു പറഞ്ഞിരിക്കും. ശേഷമുള്ള ജോലികളെല്ലാം നടക്കുന്നതു ഡിപ്പാർട്ടുമെൻറൽ ആഫീസിലാണു. അതുകൊണ്ടു എന്റെ അഭിപ്രായത്തിൽ പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതുസംബന്ധിച്ച അവസാനഅധികാരം പാഠപുസ്തകക്കമ്മററിക്കില്ലഎന്നാകുന്നു. ടെക്സ്റ്റ്ബുക്കു കമ്മററിയുടെ പൂർവ്വചരിത്രത്തിൽ അന്നത്തെ ദിവാൻ മിസ്റ്റർ കൃഷ്ണൻനായരുടെ രാജ്യഭരണംവരെ പുസ്തകങ്ങൾ തിരഞ്ഞെടുത്തു നിശ്ചയിച്ചു അതനുസരിച്ചുള്ള ഒരു ലിസ്റ്റ് ഗവൺമെൻറിനു അയച്ചുകൊടുത്തുവന്നിരുന്നു. ഗവൺമെൻറു ആ ലിസ്റ്റ് സ്വീകരിക്കുകയും ചെയ്തുവന്നു.

മി. എൻ. കുമാരൻ (നിയമിതമെമ്പർ): മററു പുസ്തകങ്ങൾ സംബന്ധിച്ചിടത്തോളവും ഈ രീതി തന്നെയാണോ സ്വീകരിച്ചിരുന്നതു?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതേ, ഇംഗ്ലീഷ് ടെക്സ്റ്റുകളെ സംബന്ധിച്ചും ഈ രീതിതന്നെയാണു സ്വീകരിച്ചുവന്നതു. ഞാൻ ഈ പ്രമേയം അയച്ചതിനുശേഷം ഏതാ ചില കുഴപ്പം ഉള്ളതായി എനിക്കു അറിയാം. ചട്ടങ്ങളൊക്കെ ഉണ്ടെങ്കിലും മിക്കവാറും ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്കു കമ്മിററിയുടെ ശിപാർശകളെ ഗവർമ്മെണ്ടു സ്വീകരിക്കുകയാണുചെയ്തുവരുന്നതു. മദ്രാസ് സർവകലാശാലയെ നോക്കുന്നതായാൽ ബോർഡ് ഓഫ് സ്റ്റഡീസും അക്കഡെമിക്കു കൌൺസിലുമാണു പുസ്തകങ്ങൾ നിശ്ചയിക്കുന്നതു. സർവകലാശാലയിൽ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ മററാരുമായും സംബന്ധമില്ല. ഞാൻ അറിയിക്കുന്നതു പ്രായോഗികമായ ബുദ്ധിമുട്ടുകൾ ആകുന്നു. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതുസംബന്ധിച്ചു എന്തെങ്കിലും ബന്ധമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെപ്പററി ഞാൻ യാതൊന്നും ഉദ്ദേശിക്കുന്നില്ല. ഞാൻ ഇവിടെ നിർദ്ദേശിക്കുന്നതു ഇത്രമാത്രമാണ്. പണ്ഡിതന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും സംഘമായ പാഠ്യപുസ്തകകമ്മിററിയുടെ ഉപദേശംകൂടാതെ ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാരുടെ ഉപദേശംമാത്രംകൊണ്ടു ഇപ്പോഴത്തെ സ്ഥിതിക്കു ഗവൺമെൻറിനു ഉപയോഗമാകുംവണ്ണം എന്തെങ്കിലും ചെയ്വാൻ സാധിക്കുമെന്നു ഉദ്ദേശിക്കാമോ? എന്റെ അഭിപ്രായത്തിൽ സ്വീകാര്യയോഗ്യമല്ലാത്ത പുസ്തകങ്ങളെ വേർതിരിച്ചു ഉപേക്ഷിക്കുന്നതിനെക്കാൾ അനേകം പുസ്തകങ്ങളിൽനിന്നും നല്ല പുസ്തകങ്ങളെ തിരഞ്ഞെടുക്കുന്നതിലാണു പാഠപുസ്തകകമ്മിററിയോടു പൊതുവായി ആവശ്യപ്പെടേണ്ടതു. എന്തുകൊണ്ടെന്നാൽ നല്ല പുസ്തകങ്ങളെ തരംതിരിക്കുന്നതിലാകുന്നു കൂടുതൽ പ്രയാസം നേരിടുന്നതു. പുസ്തകങ്ങൾക്കുതമ്മിലുള്ള താരതമ്യം കണ്ടുപിടിക്കണമെങ്കിൽ കൂടുതൽ സാമർത്ഥ്യവും കൂടുതൽ പാണ്ഡിത്യവുമുണ്ടായിരുന്നാലേ സാധിക്കുകയുള്ളു. സ്വീകാരയോഗ്യമല്ലാത്തവയെ മററുള്ളവയിൽനിന്നും വേർതിരിക്കുന്നതിനു ഇത്രമാത്രം പ്രയാസം നേരിടുന്നതല്ല. പൂർവ്വപരിചയവും ഇതിനു സഹായിക്കുന്നതാണ്. സർവകലാശാലയിലെ നടപ്പും ഇതിനനുസരണമായിട്ടാണു കാണുന്നതു. അതുകൊണ്ടു പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലും പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുന്നതിലുമുള്ള അവസാന അധികാരം അതേകംപേർചേർന്ന കമ്മിററിക്കു വിട്ടുകൊടുക്കേണ്ടതാണെന്നു ഞാൻ ശുപാർശചെയ്യുന്നു. ഈ കാരണങ്ങൾകൊണ്ടു ഗവൺമെൻറിന്റെ സ്വീകാരത്തിനായി ഞാൻ ഈ പ്രമേയം കൊണ്ടുവന്നുകൊള്ളുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഞാൻ പ്രമേയത്തെ പ്രതികൂലിച്ചുകൊള്ളുന്നു. ടെക്സ്റ്റ ബുക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണുണ്ടായിരിക്കേണ്ടതെന്നു നിശ്ചയംചെയ്യുന്നതിനുമുമ്പു ഇപ്പോഴത്തെ രീതി തൃപ്തികരമായിരിക്കുന്നില്ലയോ എന്നും ഭേദംചെയ്യേണ്ടതാണെന്നു അഭിപ്രായപ്പെടുന്ന രീതി ഇപ്പോഴുള്ളതിനെക്കാൾ അധികം നല്ലതാണോ എന്നും പറയേണ്ടതാകുന്നു. പ്രമേയംകൊണ്ടുവന്ന ആളിനു ഈ രണ്ടു കാര്യങ്ങളിൽ ഒന്നെങ്കിലും ഫലിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ദിവാൻപേഷ്കാർ മി. കൃഷ്ണൻനായരുടെ കാലംവരെ പുസ്തകങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം ടെക്സ്റ്റ്ബുക്കു കമ്മിററിക്കുണ്ടായിരുന്നു എന്നു അദ്ദേഹം പറഞ്ഞതു ശരിയല്ല. ആദ്യകാലം മുതൽക്കു ഇതേവരെയുള്ള ടെക്സ്റ്റ്ബുക്കു കമ്മിററിയെ സംബന്ധിച്ച ചട്ടങ്ങളെല്ലാം ഞാൻ നോക്കിട്ടുണ്ടു. വിദ്യാഭ്യാസഡയറക്ടർ അയച്ചുകൊടുക്കുന്ന പുസ്തകങ്ങളെസംബന്ധിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു മാത്രമേ ടെക്സ്റ്റ്ബുക്കുകമ്മിററിക്കു അധികാരമുള്ളതായി അതിൽകണ്ടിട്ടുള്ളു. അതുതന്നെയാണു വളരെക്കാലമായി നടന്നുവരുന്ന ഏർപ്പാടു. അതായതു അയച്ചുകൊടുക്കുന്ന പുസ്തകങ്ങളെസംബന്ധിച്ചു അവരുടെ അഭിപ്രായം പറയുകയും എതാനും പുസ്തകങ്ങൾ സ്വീകരിച്ചിട്ടുശേഷമുള്ളവ വിദ്യാലയങ്ങളിലെ ഉപയോഗത്തിനു കൊള്ളാത്തവയാകയാൽ ഉപേക്ഷിക്കുകയും ആകുന്നു അവർ ചെയ്തുവന്നതു. എന്നാൽ സ്വീകരിച്ച പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് അയക്കുന്നതോടുകൂടിത്തന്നെ എനിക്കു അറിയാൻസാധിച്ചിട്ടുള്ളിടത്തോളം പാഠപുസ്തകമായി സ്വീകരിക്കുന്നതിനു ശുപാർശ ചെയ്യുന്ന പുസ്തകങ്ങളുടെ ഒരു ലിസ്റ്റും കൂടി അവർ അയക്കുന്നുണ്ടു. ലിസ്റ്റ് കിട്ടിയതിനുശേഷം ഡയറക്ടർ യോഗ്യതയുള്ളവയെന്നു തോന്നുന്നവയും തന്റ

ക്ഷവിദ്യാഭ്യാസമുള്ളവരും ആയ ആളുകളുടെ ഉപദേശം സ്വീകരിക്കുകയും കമ്മിററി ശുപാർശചെയ്തിട്ടുള്ള പുസ്തകങ്ങൾ സ്വീകാര്യങ്ങളാണെന്നു അദ്ദേഹത്തിനു തോന്നുന്നവയെങ്കിൽ അവരുടെ ശുപാർശയെ അദ്ദേഹം സ്വീകരിക്കുന്നതുമാണ്. അതല്ലെങ്കിൽ യോഗ്യമെന്നു തോന്നുന്ന വിധം അവരുടെ ശുപാർശയിൽ ഭേദഗതിചെയ്കയും അതനുസരിച്ചു നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് ഗവൺമെണ്ടിന്റെ സമ്മതം ലഭിച്ചതിനുശേഷം ഗവൺമെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. ൧൦൯൭ മുതൽ ൧൧൦൨ വരെയുള്ള അഞ്ചുവർഷക്കാലം ഒഴിച്ചു മററു കാലങ്ങളിലെല്ലാം ഇതുതന്നെയായിരുന്നു പതിവു. ൧൦൯൭-ൽ അതുവരെ ഇംഗ്ലീഷിനും വെർണാക്കുലറിനുംകൂടി ഒരു ടെക്സ്ററ ബുക്കുകമ്മിററി മാത്രമേ അതുവരെ ഉണ്ടായിരുന്നുള്ളു. പിന്നീടു ഇംഗ്ലീഷ് പുസ്തകങ്ങളെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മിററിയും നാട്ടുഭാഷയിലുള്ള പുസ്തകങ്ങളെപ്പററി ആലോചിക്കുന്നതിനു വേറെയൊരു കമ്മിററിയും ഇങ്ങനെരണ്ടു കമ്മിററികളായി മുൻപറഞ്ഞ കമ്മിററിയെ വേർതിരിക്കപ്പെട്ടു. ഇങ്ങനെയാണ് വെർണാക്കുലർ ടെക്സ്ററബുക്കുകമ്മിററിയുടെ ഉത്ഭവം. അതോടുകൂടിപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന രീതിയിലും ഭേദഗതിചെയ്യപ്പെട്ടു. നിശ്ചയിക്കപ്പെട്ട പുസ്തകങ്ങളുടെ ലിസ്റ്റ് ഗസററിൽ പ്രസിദ്ധംചെയ്തു വന്നിരുന്ന ഏർപ്പാടിനുപകരം ഓരോ ക്ലാസുകളുടേയും ഉപയോഗത്തിനു യോഗ്യമായി സ്വീകരിച്ചിട്ടുള്ള ഏതാനും പുസ്തകങ്ങളുടെ ലിസ്ററു പ്രസിദ്ധം ചെയ്കയും ആ ലിസ്റ്റിൽനിന്നും തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ അവരവരുടെ പള്ളിക്കൂടങ്ങളിൽ ഉപയോഗിച്ചുകൊള്ളുന്നതിനുള്ള സ്വാതന്ത്ര്യം അതാതു പള്ളിക്കൂടം ഹെഡ്മാസ്റ്റന്മാർക്ക് വിട്ടുകൊടുക്കയും ചെയ്യുതാണ് ഈ ഭേദഗതി. ഈ മാററം അന്നത്തെ ഡെപ്യൂട്ടി ഡയറക്ടരുടെ അഭിപ്രായമനുസരിച്ചുമാത്രം ചെയ്യതാണെന്നാണു തോന്നുന്നതു. അന്നു വിദ്യാഭ്യാസഡയറക്ടരായിരുന്ന മിസ്റ്റർ ഹാഡ്സൺ ഇതിനു വിപരീതാഭിപ്രായക്കാരനായിരുന്നു എന്നു കാണുന്നതാണു ഇപ്രകാരം ഉപദേശിക്കുന്നതിനുള്ള കാരണം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പാഠപുസ്തകകമ്മററിയിൽ നിന്നും ലിസ്റ്റ് കിട്ടിയതിനുശേഷം പരിശോധനയ്ക്കായി അദ്ദേഹം ഈ പുസ്തകങ്ങൾ ആർക്കാണ അയച്ചുകൊടുക്കുന്നതെന്നു ഡയറക്ടർ പറയുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർ അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന ആളുകളോടു ആലോചിക്കുന്നതാണ്. തനിക്കു യോഗ്യതയുള്ളവരാണെന്നു തോന്നുന്ന ആരോടും ഈ സംഗതിയെപ്പററി ആലോചിക്കാമെന്നു ഗവണ്മെൻറു ഡയറക്ടരെ അധികാരപ്പെടുത്തിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ടെക്സ്ററബുക്കു കമ്മിററിയിലെമെംബറന്മാർ യോഗ്യതയുള്ളവരല്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ടെക്സ്ററബുക്കു കമ്മിററിയിലില്ലാത്തവരോടും അദ്ദേഹത്തിനു ആലോചിക്കാം?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എന്നാൽ അപ്രകാരമുള്ളവരേയും ടെക്സ്ററബുക്കുകമ്മിററിയിൽ ഉൾപ്പെടുത്താത്തതെന്തു?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): കമ്മിററി ഭരണത്തിനു പ്രയാസമുള്ളതായിത്തീരും.

ഇപ്രകാരം ൧൦൯൭-ൽ ചെയ്ത ഭേദഗതിയനുസരിച്ചു ഹെഡ്മാസ്റ്റർമാർക്കു അവരുടെ പള്ളിക്കൂടത്തിലെ ഉപയോഗത്തിനു നല്ലതെന്നുതോന്നിയ ഏതുപുസ്തകവും ഈ ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സിദ്ധിച്ചു. മി. ഹാഡ്സൺ ഈ മാററത്തിനു തടസ്സംപുറപ്പെടുവിച്ചതിന്റെ ഫലമായി ൧൧൦൨-ൽ ൧൦൯൭-മാണ്ടിനുമുമ്പു നടപ്പിലിരുന്ന ഏർപ്പാടനുസരിച്ചു മൂന്നു വർഷത്തേക്കുള്ള പുസ്തകങ്ങൾ ഒരു വർഷത്തിൽ പ്രസിദ്ധംചെയ്യുക എന്ന വ്യത്യാസത്തോടുകൂടി മാത്രം പഴയപതിവുവീണ്ടും ആരംഭിച്ചു. ഇതാണ ഇതിന്റെ ചരിത്രം. അതുകൊണ്ടു മി. കൃഷ്ണൻനായരുടെ കാലംവരെ പുസ്തകങ്ങൾ നിശ്ചയിക്കുന്നതിൽ ടെക്സ്ററബുക്കു കമ്മിററിക്കുണ്ടായിരുന്ന അധികാരത്തെപ്പററി എന്റെ സ്നേഹിതൻ മി. പി. കെ. നാരായണപിള്ളപറഞ്ഞതു ചരിത്രസംബന്ധമായി ശരിയല്ല.

വീണ്ടും, ൧൦൯൭ വരെയുള്ള കാലങ്ങളിലെ ഫയലുകൾ പരിശോധിച്ചതിൽ ടെക്സ്ററബുക്കുകമ്മിററിക്കു നിയമപ്രകാരം അയച്ചുകൊടുക്കുന്ന പുസ്തകങ്ങളെസംബന്ധിച്ചു റിപ്പോർട്ടുചെയ്വാൻ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു എങ്കിലും അപ്രകാരം ചെയ്യുന്നതിനുപുറമെ തിരഞ്ഞെടുക്കേണ്ടതാണെന്നു ശുപാർശ ചെയ്യുന്ന പുസ്തകങ്ങളുടെ ഒരു ലിസ്റ്റുകൂടി അവർ അയച്ചുകൊണ്ടിരുന്നതായി കാണുന്നുണ്ടു. ആ കാലങ്ങളിൽ അവർ ശുപാർശചെയ്തു വന്നിരുന്ന രീതിയെ പരാമർശിച്ചു ടെക്സ്ററബുക്കു കമ്മററിയെക്കുറിച്ചു അനേകം ബലമായപരാതികൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുതന്നെപ്രജാസഭയിലും ആക്ഷേപങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. പല പ്രസിദ്ധീകരണ കമ്പിനിക്കാരുടെ പരാതിയും ഉണ്ടാകാതിരുന്നിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ പരാതികളൊന്നും ഇല്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഉണ്ടായിരിക്കാം.

പ്രത്യേകിച്ചു ഞാൻ സന്നിഹിതനായിരുന്ന ഒരു പ്രജാസഭായോഗത്തിൽ—ഒന്നാമത്തേയോ രണ്ടാമത്തേയോ യോഗമാണെന്നു തോന്നുന്നു—അവിടെ സംസാരിച്ചുകൊണ്ടിരുന്ന മെംബറന്മാരിൽ ഒരാൾ വാഗ്ധാടിയോടുകൂടി മലയാളത്തിൽ 'ആശ്രിതവാത്സല്യം' ഈശ്വരാരികൾക്കു ഭൂഷണമാണ എന്നാൽ അതു മനുഷ്യരെ സംബന്ധിച്ചു അതു നേരെ വിപരീതമായിട്ടാണ പരിണമിക്കുന്നതു എന്നു പറഞ്ഞതു ഞാൻ നല്ലപോലെ ഓർമ്മിക്കുന്നു. ഈ ഉദാഹരണം ഞാൻ ഇവിടെ പറഞ്ഞതു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വിദ്യാഭ്യാസ ഡയറക്ടർ പറയുന്നതു ഞങ്ങൾക്കു കേൾക്കാൻ വഹിയ.

പ്രസിഡൻറ്: മി. കൃഷ്ണസ്വാമിഅയ്യർ, ആ ഉദാഹരണം ഒരിക്കൽകൂടി പറയുവാൻ ദയവുണ്ടാകുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): 'ആശ്രിതവാത്സല്യം' ഈശ്വരാരികൾക്കാണെങ്കിൽ ഭൂഷണമായിത്തീരുന്നതാണ്. എന്നാൽ മനുഷ്യരെ സംബന്ധിക്കുമ്പോൾ അതു വിപരീതമായിട്ടാണ ചിലപ്പോൾ പരിണമിച്ചുകാണുന്നതു. ഈ ഉദാഹരണം ഞാൻ ഇവിടെ പറയുവാൻ ഇടയായതു് പുസ്തകങ്ങൾ നിശ്ചയിക്കുന്നതിലേയ്ക്കായി ടെക്സ്ററബുക്കു കമ്മിററി ചെയ്യുന്ന ശുപാർശകളുടെ രീതിയെപ്പററി മുടക്കുടെ.

ഉണ്ടാകാവുന്ന പരാതിയുടെ സ്വഭാവം മനസ്സിലാകുവാൻ മാത്രമാണ്. ഈയിടെവരെയുള്ള പതിവു നിശ്ചയിക്കുന്നതിലേക്കുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് ഡയറക്ടർ തയ്യാറാക്കുകയാണ്. ഗവണ്മെൻറിൻറെ അംഗീകാരത്തിനായ അദ്ദേഹം ഈ ലിസ്റ്റ് ഗവണ്മെൻറിനു സമർപ്പിക്കുന്നു. ഗവണ്മെൻറിൻെറ സമ്മതം ലഭിച്ചതിനുശേഷം ഗസററിൽ ആ ലിസ്റ്റ് അദ്ദേഹം പ്രസിദ്ധീകരിക്കുന്നു. കഴിഞ്ഞവർഷത്തിലോ അതിനുമുമ്പിലത്തെ വർഷത്തിലോ, ഏൻറ നാൾ ആണെന്നു തോന്നുന്നു, വിദ്യാഭ്യാസകോഡനുസരിച്ചു നിശ്ചയിക്കപ്പെട്ട പുസ്തകങ്ങളുടെ ലിസ്റ്റ് ഗവണ്മെൻറിൻെറ ആലോചനകൂടാതെ തനിക്കു ഗസററിൽ പ്രസിദ്ധം ചെയ്യുവാൻ അധികാരമുണ്ടെന്നു ഡയറക്ടർ ഗവണ്മെൻറിനെ അറിയിക്കുകയും ഗവണ്മെൻറു അദ്ദേഹത്തിൻെറ അഭിപ്രായത്തെ ശരിവയ്ക്കുകയും ചെയ്തു. അതനുസരിച്ചു ഗവണ്മെൻറു, അവരുടെ അനുവാദംകൂടാതെതന്നെ നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിക്കൊള്ളുവാൻ അദ്ദേഹത്തെ അനുവദിച്ചു.

പ്രസിഡണ്ടു: അനൗദ്യോഗസ്ഥകാര്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു അനൗദ്യോഗസ്ഥവിഷയത്തിൽനിന്നു ഗവണ്മെൻറുവക നിയമസംബന്ധമായ വിഷയത്തിലേയ്ക്കു സഭ ഇപ്പോൾ പ്രവേശിക്കുന്നതാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സമയം കഴിഞ്ഞുപോയതിനാൽ പ്രമേയം വോട്ടിനിടേണ്ടതായിട്ടുണ്ടു. ആലോചനയിലിരിക്കുന്ന എല്ലാ സംഗതികളും വോട്ടിനിടേണ്ടതാകുന്നു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ബഡ്ജററു യോഗത്തിലെ ബഡ്ജററു ഉപക്ഷേപങ്ങളെ സംബന്ധിച്ചുമാത്രമേ അപ്രകാരം ചെയ്യാൻ സാധിക്കുകയുള്ളു.

പ്രസിഡണ്ടു: അതേ.

നിയമനിർമ്മിതി.

നാഞ്ചിനാട്ടു വെള്ളാളബിൽ.

ഖണ്ഡം—൨൩.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സഭയുടെ അനുമതിയോടുകൂടി, നാഞ്ചനാട്ടു വെള്ളാളബില്ലിൽ ചിലഭേദഗതി ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ആ ബിൽ കഴിഞ്ഞസഭ സ്വീകരിച്ചതിനുശേഷം ഈ സഭയിലെ എല്ലാ നാഞ്ചനാട്ടുവെള്ളാള സാമാജികന്മാരും അനുകൂലിക്കുന്ന വിധത്തിൽ ചില മാററങ്ങൾ അതിൽ ചെയ്യുവാൻ എനിക്കു സാധിച്ചിട്ടുണ്ടു. അവയെ ഞാൻ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു.

൨൩-ാം ഖണ്ഡത്തിനുപകരം താഴെ കാണുന്നവ ചേർക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"ഈ അദ്ധ്യായത്തെ സംബന്ധിച്ചേടത്തോളം, ഒരു തറവാട്ടിലെ പുരുഷനോ, തൻെറ തായ്വഴിയിൽപെട്ട യാതൊരംഗവുമില്ലാതെ ഒരു സ്ത്രീയോ മരിച്ചുപോയാൽ, ആ തറവാട്ടിലുള്ള അവൻെറയോ, അവളുടേയോ അവിഭക്തസ്വത്തു അവൻെറയോ അല്ലെങ്കിൽ അവളുടേയോ മരണസമയത്തു നിശ്ചയിക്കപ്പെട്ടപ്രകാരമുള്ള അവൻെറയോ അല്ലെങ്കിൽ അവളുടേയോ സ്വത്തായി ഗണിക്കപ്പെടുന്നതാകുന്നു."

ഈ ഭേദഗതിയെ സംബന്ധിച്ചു വളരെനേരം സംസാരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ഭേദഗതിയുടെ ആവശ്യകതയെപ്പററി വിവരിക്കുന്നതിനായി രണ്ടുവാക്കു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഒരു തറവാട്ടിലെ പുരുഷനോ അല്ലെങ്കിൽ സ്ത്രീയോ ആയ ഒരംഗത്തിൻെറ അവിഭക്തഭാഗം, അവൻെറയോ അല്ലെങ്കിൽ അവളുടേയോ അവകാശികളാൽ അവകാശപ്പെടാവുന്നിടത്തോളം, അവൻെറയോ അല്ലെങ്കിൽ അവളുടേയോ സ്വത്തായി ഗണിക്കപ്പെടുന്നതാകുന്നു എന്നു ൨൩-ാംവകുപ്പിൽനിന്നും കാണാവുന്നതാണ്. എന്നാൽ തറവാട്ടിലെ ഓരോ അംഗത്തിൻെറയും ഭാഗം നിശ്ചയിക്കുന്ന രീതിയെപ്പററിപ്പറയുന്ന ൪൧-ാം ഖണ്ഡം, തറവാട്ടിൽ അപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങളേയും കണക്കാക്കി ഭാഗം നിശ്ചയിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇതു ൨൩-ാംവകുപ്പിലെ വ്യവസ്ഥകൾക്കു പൂർണ്ണമായി യോജിക്കുന്നില്ലെന്നു തോന്നുന്നുണ്ട്. അതിനാലാണ് ഞാൻ ഈ ഭേദഗതികൊണ്ടു വന്നിട്ടുള്ളതു.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാനും ഭേദഗതിയെ അനുകൂലിക്കുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള ഞാൻ അതിനോടു യോജിക്കുന്നു.

പ്രസിഡണ്ടു: സഭ ഈ 'ഭേദഗതി' സ്വീകരിച്ചതായി ഞാൻ വിശ്വസിക്കുന്നു.

ഭേദഗതി സ്വീകരിക്കപ്പെട്ടു.

വകുപ്പു—൩൦.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒന്നാംവരിയിൽ "എല്ലാം" എന്ന വാക്കിനു മുമ്പു താഴെ കാണുന്നവ കൂട്ടിച്ചേർക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.—"അവൻെറയോ അവളുടേയോ മരണസമയത്തു നിശ്ചയിക്കപ്പെട്ടപ്രകാരമുള്ള, ഒരു തറവാട്ടിലെ മരിച്ചുപോയ ഏതെങ്കിലും അംഗത്തിൻെറ അവിഭക്തഭാഗത്തിനു, നാലാം അദ്ധ്യായമനുസരിച്ചുണ്ടാകുന്ന, അവകാശികളുടെ, അവകാശങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതനുസരിച്ചു."

മി. പി. എൻ. കൃഷ്ണപിള്ള (ആ ഗവണ്മെൻറു സെക്രട്ടറി): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാനും ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള: ഞാനും ഭേദഗതിയോടു യോജിക്കുന്നു.

പ്രസിഡണ്ടു: സഭ ഭേദഗതി സ്വീകരിച്ചതായി വിശ്വസിക്കട്ടെയോ?

ഭേദഗതി അനുവദിക്കപ്പെട്ടു.

ഖണ്ഡം—൧൫.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): രണ്ടാമത്തെ വരിയിൽ "തറവാട്ടുവസ്തു" എന്നതിനുപകരം "തറവാട്ടിലെവസ്തുക്കൾ" എന്നു മാററം ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഭേദഗതിനിമിത്തം ഉണ്ടാകുന്ന ഫലം എന്താണെന്നു മെമ്പർ ദയവുചെയ്തു വിവരിക്കാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): വലുതായ പ്രധാനമായിട്ടൊന്നുമില്ല. മേൽ വകുപ്പുകളിൽ 'വസ്തുക്കളെ'ന്നാണു ഉപയോഗിച്ചിരിക്കുന്നതു. എല്ലാം ഒരുപോലെയിരുന്നുകൊള്ളട്ടെ എന്നുദ്ദേശിച്ചു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

മി. എസ്. സുബ്രഹ്മണ്യപിള്ള: ഞാനും അതിനോടു യോജിക്കുന്നു.

ഭേദഗതി അനുവദിക്കപ്പെട്ടു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): താഴെ കൊടുത്തിട്ടുള്ളതു രണ്ടാമത്തെ ക്ലിപ്തത്തിനു ശേഷം ഒരു വിവരണമായി ചേർക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

വിവരണം:—"തറവാട്ടു സ്വത്തു എന്നാൽ നാലാം അദ്ധ്യായം അനുസരിച്ചു, തറവാട്ടിൽ മരിച്ചുപോയ ഏതെങ്കിലും അംഗത്തിന്റെ അവിഭക്തമായ ഭാഗത്തിനു അവകാശികൾ ആരെങ്കിലും ഉണ്ടെങ്കിൽ, അതു നീക്കിയതിനുശേഷം തറവാട്ടിലേക്കു എത്ര സ്വത്തുണ്ടോ അത്രയും സ്വത്തു എന്നാകുന്നു."

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രസിഡണ്ടു: സഭ ഈ ഭേദഗതി സ്വീകരിച്ചുഎന്നു വിശ്വസിക്കട്ടെയോ?

ഭേദഗതി അനുവദിക്കപ്പെട്ടു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ൧൫-ാംഖണ്ഡത്തിലെ (സി) ഉദാഹരണം എടുത്തുകളഞ്ഞിട്ടു (ഡി) ഉദാഹരണത്തെ (സി) ഉദാഹരണമായിട്ടു സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഞാൻ ഭേദഗതിയോടു യോജിക്കുന്നു.

പ്രസിഡണ്ടു: സഭ ഭേദഗതി സ്വീകരിച്ചുവോ?

ഭേദഗതി അനുവദിക്കപ്പെട്ടു.

ഖണ്ഡം—൫.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ൫-ാംഖണ്ഡത്തിൽ ൧-ാം ഉപവകുപ്പിലുള്ള "മേൽ" എന്ന വാക്കിനുശേഷം "൫൫൦൨ ചിങ്ങം ൫-നു" എന്ന വാക്കുകൾ കൂടുതലായി ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവർമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

പ്രസിഡണ്ടു: സഭ അതു സ്വീകരിച്ചതായി വിശ്വസിക്കുന്നു.

ഭേദഗതി അനുവദിച്ചു.

പ്രസിഡണ്ടു: ൨൩, ൧൪, ൧൫, ൫-എന്നീഖണ്ഡങ്ങൾ ഭേദഗതി ചെയ്തതനുസരിച്ചു ബില്ലിന്റെ ഭാഗങ്ങളായിത്തീരുന്നതോ എന്നാണു ചോദ്യം.

പ്രമേയം സ്വീകരിച്ചു. ഭേദഗതി ചെയ്തതുപോലെതന്നെ ൨൩, ൧൪, ൧൫, ൫-എന്നീവകുപ്പുകൾ ബില്ലിന്റെ ഭാഗങ്ങളായി ചേർക്കപ്പെട്ടു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഭേദഗതി ചെയ്യപ്പെട്ടതനുസരിച്ചു ബിൽ അവസാനമായിട്ടു വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവർമെണ്ട് ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

ഉപക്ഷേപം സ്വീകരിക്കപ്പെട്ടു.

പ്രസിഡണ്ടു: സഭ ഇപ്പോൾ പിരിയുന്നതാണ്; ബഡ്ജററ യോഗത്തിനായി സഭ വീണ്ടും കൂടുന്നതാണ്.

വൈകുന്നേരം ൫-൨൫-നു സഭ പിരിഞ്ഞു.

൧൧൨൮ ജനുവരി ൨൩-നു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGOM PILLAI,
Head Translator to Government.

T P L
STOCK VERIFIED
1995

1 തുലാം 17, 1101-ചോദ്യങ്ങളും മറുപടികളും

1 തുലാം 17, 1101-പുതിയ മെമ്പർമാർ

10 തുലാം 17, 1101-ഭൂനികുതി-ഉപധനാഭ്യർത്ഥനകൾ

10 തുലാം 17, 1101-മഹാറാണി റീജൻ്റ് തിരുമനസ്സ് കൊണ്ട് കല്പിച്ചനുവദിച്ച റഗുലേഷനുകൾ

11 തുലാം 17, 1101-ആദായനികുതി-ധനാഭ്യർത്ഥനകൾ

21 തുലാം 17, 1101-എക്സൈസ് ഡിപ്പാർട്ടുമെൻ്റ്-ധനാഭ്യർത്ഥനകൾ

24 തുലാം 17, 1101-നീതിന്യായഭരണം-ധനാഭ്യർത്ഥനകൾ

27 തുലാം 17, 1101-നാഞ്ചിനാട്ടു വെള്ളാള ബിൽ-നിയമനിർമ്മിതി

55 അനുബന്ധം എ-സ്ഥിരം ധനം വക കമ്മിറ്റി മിനിട്സ്

56 അനുബന്ധം ബി-ലെജിസ്ലേറ്റിവ് ഡിപ്പാർട്ടുമെൻ്റ്

64 തുലാം 17, 1101-നാഞ്ചിനാട്ടു വെള്ളാളബിൽ (പ്രത്യേകം കമ്മിറ്റി പുതുക്കിയത്)

71 തുലാം 18, 1101-ചോദ്യങ്ങളും മറുപടികളും

81 അനുബന്ധം

87 തുലാം 18, 1101-നാഞ്ചിനാട്ടു വെള്ളാള ബിൽ

98 തുലാം 18, 1101-തിരുവിതാംകോട്ടു ഖനികളും ഖനിജങ്ങളും

99 തുലാം 18, 1101-ചലച്ചിത്ര പ്രദർശന ബിൽ

102 തുലാം 18, 1101-തിരുവിതാംകോട്ടു കാലഹരണ റഗുലേഷൻ ഭേദഗതി ബിൽ

132 തുലാം 18, 1101-പരിശിഷ്ടാ-ഖനികളെ ക്രമീകരിക്കുന്നതിനും പരിശോധിക്കുന്നതിനും ലോഹങ്ങളും ഖനിജങ്ങളും കണ്ടുപിടിക്കുന്നതിനും വ്യവസായങ്ങളുണ്ടാക്കുന്നതിലേക്കുള്ള ഒരു റഗുലേഷൻ

149 തുലാം 19, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

153 തുലാം 19, 1101-ഉപക്ഷേപം പാസ്സാക്കപ്പെട്ട നാഞ്ചിനാട്ടു വെള്ളാള ബിൽ

154 തുലാം 19, 1101-ഭൂരിക്കാർഡു സംരക്ഷണ പദ്ധതി സംബന്ധിച്ചുള്ള പ്രമേയം-പൊതുവിഷയം

185 തുലാം 20, 1101-പ്രശ്നോത്തരങ്ങൾ

194 തുലാം 20, 1101-നാഞ്ചിനാട്ടു വെള്ളാള ബിൽ-നിയമനിർമ്മാണം

241 തുലാം 21, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

258 തുലാം 21, 1101-ഈഴവ റഗുലേഷൻ ഭേദഗതി ബിൽ-നിയമനിർമ്മാണം

293 തുലാം 22, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

322 തുലാം 22, 1101-തിരുവിതാംകൂർ ഈഴവ റഗുലേഷൻ ഭേദഗതി ബിൽ

365 മേടം 7, 1101-പുതിയ അംഗങ്ങൾ , ചോദ്യോത്തരങ്ങൾ

402 മേടം 7, 1101-ഭൂനികുതി-ഉപധനാഭ്യർത്ഥനകൾ

405 മേടം 7, 1101-സെൻട്രൽ ജയിൽ -ഉപധനാഭ്യർത്ഥനകൾ

411 മേടം 7, 1101-പോലീസ്-ഉപധനാഭ്യർത്ഥനകൾ

412 മേടം 7, 1101-വിദ്യാഭ്യാസം-ഉപധനാഭ്യർത്ഥനകൾ

418 മേടം 7, 1101-കൃഷിയും മത്സ്യവ്യവസായവും-ഉപധനാഭ്യർത്ഥനകൾ

421 മേടം 7, 1101-മെഡിക്കൽ ഡിപ്പാർട്ടുമെൻ്റ്-ഉപധനാഭ്യർത്ഥനകൾ

422 മേടം 7, 1101-ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻ്റുകൾ -ഉപധനാഭ്യർത്ഥനകൾ

425 മേടം 7, 1101-പൊതുമരാമത്തു ഡിപ്പാർട്ടുമെൻ്റ് -ഉപധനാഭ്യർത്ഥനകൾ

432 മേടം 7, 1101-സ്ഥിര ഫിനാൻസ് കമ്മിറ്റിയുടെ നടപടി വിവരം സപ്ലിമെൻ്റ്-ഉപധനാഭ്യർത്ഥനകൾ

435 മേടം 8, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

459 മേടം 8, 1101-പൊതുമരാമത്തു ജോലികൾ-ഉപധനാഭ്യർത്ഥനകൾ

474 മേടം 8, 1101-നാഞ്ചിനാട്ടു വെള്ളാള ബിൽ -നിയമനിർമ്മാണം

480 മേടം 8, 1101-ചലച്ചിത്ര പ്രദർശന ബിൽ -നിയമനിർമ്മാണം

499 മേടം 9, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

521 മേടം 9, 1101-നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്കാരം-പൊതുവുള്ള പ്രമേയം

543 മേടം 10, 1101-ചോദ്യങ്ങളും മറുപടികളും

565 മേടം 10, 1101-വനം ഡിപ്പാർട്ടുമെൻ്റിൽ നിന്നും മുള, കരി മുതലായവ പാസു കൂടാതെ കൊണ്ടു പോവുക-പൊതു താല്പര്യ പ്രമേയം

591 മേടം 10, 1101-തൊഴിലില്ലായ്മയെ സംബന്ധിച്ച കമ്മിറ്റി

597 മേടം 11, 1101-ചോദ്യങ്ങളും ഉത്തരങ്ങളും

617 അനുബന്ധങ്ങൾ